TPL
OCR VERIFIED
1995

തിരുവിതാംകൂർ നിയമനിർമ്മാണസഭ;

ദ്വിതീയ സഭ.

൧൧൦൪-ലെ പ്രഥമ സമ്മേളനം.

(ഔദ്യോഗിക റിപ്പോർട്ടു).

൧൯൨൮ നവംബർ ൨൨ ൧൧൦൪ വൃശ്ചികം ൭ തിങ്കൾ.

ദിവാൻ എം. ഇ. വാട്സ് ബി. എ. ബാരിസ്റ്റർ അററ്ലാ അവർകളുടെ അദ്ധ്യക്ഷതയിൽ വിക്ടോറിയാ ജൂബിലിടൌൺഹാളിൽവച്ചു ഇന്നു കാലത്തു ൧൧ മണിക്കു യോഗനടപടികൾ ആരംഭിച്ചു. മിസ്റ്റർ ടി. വി. ജോസഫ്, മിസ്റ്റർ തയ്യിൽ കുഞ്ഞിത്തൊമ്മൻ, മിസ്റ്റർ എസ്സ്. ജി. ലോപ്പസ് എന്നിവർ ഒഴികെയുള്ള എല്ലാ സാമാജികന്മാരും ഹാജരുണ്ടായിരുന്നു.

പുതിയ മെമ്പർ.

തിരുവിതാംകൂർ നിയമനിർമ്മാണസഭാ തിരഞ്ഞെടുപ്പുചട്ടങ്ങളിൽ ൨൦-ാമത്തെ ചട്ടം അനുസരിച്ചു താഴെപറയുന്ന പുതിയ മെമ്പർ സത്യംചെയ്തു.

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെന്റു ഫിനാൻഷ്യൽ സെക്രട്ടറി):

ചോദ്യോത്തരങ്ങൾ.

വിദ്യാഭ്യാസഡയറക്ടരുടെ ആപ്പീസിലുള്ള ഗുമസ്താക്കളുടെ ജാതിതിരിച്ചുള്ള ഒരു പട്ടിക.

൧. മി: എം. എൻ. പിള്ള (തിരുവനന്തപുരം): വിദ്യാഭ്യാസഡയറക്ടരുടെ ആപ്പീസിൽ സ്ഥിരമായി ജോലിയുള്ള ക്ലാർക്കുകളുടെ ജാതിതിരിച്ചുള്ള ഒരു പട്ടിക മേശപ്പുറത്തു വയ്ക്കുന്നതിനു ഗവണ്മെന്റിനു ദയവുണ്ടാകുമോ?

മി: കെ. ജാർജ്ജ് (ഗവണ്മെന്റു ചീഫ്‌സെക്രട്ടറി): മെമ്പർ ആവശ്യപ്പെടുന്ന പട്ടിക മേശപ്പുറത്തു വച്ചിരിക്കുന്നു. (ഒന്നാം അനുബന്ധം നോക്കുക)

തിരുവനന്തപുരത്തെ പാൽവിതരണം.

൨. മി: എസ്സ്. പിറവിപ്പെരുമാൾപിള്ള (വാണിജ്യവും; വ്യവസായവും തെക്കു): (എ) തിരുവനന്തപുരത്തെ പാൽ വിതരണം യതൊരുപ്രകാരത്തിലും തൃപ്തികരമായിരിക്കുന്നില്ലാ എന്നുള്ള സംഗതി ഗവണ്മെന്റിന്റെ അറിവിൽപ്പെട്ടിട്ടുണ്ടോ?

(ബി) അറിവിൽപെട്ടിട്ടുണ്ടെങ്കിൽ ആ സ്ഥിതിയെ ഭേദപ്പെടുത്തുന്നതിലേക്കു എന്തെങ്കിലും ഗവണ്മെന്റു പ്രവർത്തിച്ചിട്ടുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസെക്രട്ടറി): (എ) ഉണ്ട്.

(ബി) ഈ വിഷയം തിരുവനന്തപുരം നഗരസഭക്കാരുടെ ആലോചനയിൽ ഇരിക്കുക ആണ്.

വെട്ടിയാർ ചാനലിൽ ഒരു ചീപ്പുകെട്ടണം.

മി: ജി. രാമൻമേനോൻ (മാവേലിക്കര-കാർത്തികപ്പള്ളി): തുലാം ഇടവം ഈ മാസങ്ങളിൽ അതികലശലായുണ്ടായി വളരെ നാൾ നിണ്ടുനിൽക്കുന്ന വെള്ളപ്പൊക്കത്തേയും തന്മൂലം ഉണ്ടാകുന്ന കൃഷിനഷ്ടത്തേയും തടയുന്നതിലേക്കു വെട്ടിയാർചാനൽ (൧൧൦൧-ലെ ആയവ്യയക്കണക്കിൽ ഡി. പി. ഡബ്ലിയുവക പുതിയ വേലകളിൽ ൨൧൭-ാമത്തെ ഇനം) മാവേലിക്കരതാലൂക്കിൽവച്ചു കല്ലടയാറുമായി സന്ധിക്കുന്ന സ്ഥലത്തു അടയ്ക്കുന്നതിനും തുറക്കുന്നതിനും സൌകര്യമുള്ള കതകുകളോടുകൂടി ഒരു ചീപ്പു നിർമ്മിക്കുന്നതിലേക്കു വേണ്ട ഏർപ്പാടുകൾ ഗവണ്മെന്റിൽനിന്നും ചെയ്യുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി): ഈ വിഷയത്തിൽ എഞ്ചിനീയറിംഗ്ഡിപ്പാർട്ടുമെന്റുകാരുടെ ശ്രദ്ധ പതിഞ്ഞിട്ടുണ്ടെന്നും ഈ വേലചെയ്തു തീർക്കുന്നതിലേക്കായി ഒരു അടങ്കൽ തയ്യാറാക്കിവരികയാണെന്നും ചീഫ് എഞ്ചിനീയർ റിപ്പോർട്ടുചെയ്തിരിക്കുന്നു.

മിസ്സ്. ഡി. എച്ച്. വാട്ട്സിന്റെ അവധികാര്യം.

൩. മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): (എ) സ്ത്രീകളുടെ കാളേജിലെ ലേഡിപ്രിൻസിപ്പാളായ മിസ്സ്. ഡി. എച്ച്. വാട്ട്സ് എന്തിനായിട്ടാണു അവധി എടുത്തു ഇംഗ്ലണ്ടിലേക്കു പോയതു എന്നും,

(ബി) അവർ തിരിയെ വളരെ വേഗത്തിൽ വന്നുചേരണമെന്നു കേബിൾമൂലം സന്ദേശം അയച്ചിട്ടുണ്ടെന്നു കേൾക്കുന്നതു പരമാർത്ഥംതന്നെയോ? എന്നും

(സി) അതു പരമാർത്ഥം തന്നെയെങ്കിൽ അപ്രകാരം ഒരു കേബിൾസന്ദേശം അയക്കുന്നതിലേക്കു വല്ല പ്രത്യേകകാരണവുമുണ്ടോ? എന്നും

ഗവണ്മെന്റു ദയവായി പറയുമോ?

മി: കെ. ജാർജ്ജ് (ഗവണ്മെന്റു ചീഫ്‌സെക്രട്ടറി): (എ) ഇൻഡ്യക്കു പുറത്തു എവിടെ എങ്കിലുംപോയി സ്ഥലഭേദംകൊണ്ടുള്ള സുഖം എടുക്കുന്നതിനു.

(ബി) അതെ.

(സി) അടുത്ത സ്കൂൾവർഷമായ ൧൯൨൯-൩൦ന്റെ ആരംഭത്തിൽതന്നെ സ്ത്രീകളുടെ കാളേജു ഒന്നാംഗ്രേഡു ആക്കുന്നതിനേയും അവിടെ പുതിയ ക്ലാസുകൾ തുടങ്ങുന്നതിനേയും മററുംപററി അനേകം പ്രധാനകാര്യങ്ങൾ സ്ഥിരം പ്രിൻസിപ്പാളായ മിസ്സ്. ഡി. എച്ച്. വാട്ട്സുമായി ആലോചിക്കേണ്ടതു അത്യന്താപേക്ഷിതമായിട്ടുള്ളതാണെന്നു കാണുകയാൽ ഗവണ്മെന്റിന്റെ അനുമതിയോടുകൂടി വിദ്യാഭ്യാസഡയറക്ടർ ഇപ്രകാരം ഒരു കേബിൾ സന്ദേശം അയക്കാൻ ഇടയായിട്ടുള്ളതാണ്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): കേബിൾ അയച്ച തീയതി അറിഞ്ഞാൽകൊള്ളാം.

G. P. T. 1097. 150 9-8-104.

മി: കെ. ജാർജ്ജ് (ഗവണ്മെൻറ ചീഫ്സെക്രിട്ടറി): ഞാൻ തിയതി ഓർമ്മിക്കുന്നില്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അവർ എടുത്തിട്ടുണ്ടായിരുന്ന അവധി എന്നു അവസാനിച്ചു എന്നു അറിഞ്ഞാൽകൊള്ളാം.

മി: കെ. ജാർജ്ജ് (ഗവണ്മെൻറ ചീഫ്സെക്രിട്ടറി: ആളുതെ അനുവാദപ്രകാരം വരുന്ന ജനുവരിമാസത്തിൽ മാത്രമെ അവധി തീരുകയുള്ളു എന്നാണ എനിക്കു തോന്നുന്നത്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അവധി അവസാനിക്കുന്നതിനു ഉദ്ദേശം എത്ര ദിവസങ്ങൾക്കുമുമ്പു കേബിൾസന്ദേശം അയച്ചു എന്നു മെമ്പറിനു പറവാൻ കഴിയുമൊ?

മി: കെ. ജാർജ്ജ് (ഗവണ്മെൻറ ചീഫ്സെക്രിട്ടറി): രണ്ടുമാസത്തിൽ കൂടുതൽ കാലം മുമ്പു അയച്ചു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അഡ്വാൻസ്സായി പണം വല്ലതും അയച്ചുകൊടുത്തിട്ടുണ്ടൊ എന്നറിഞ്ഞാൽകൊള്ളാം.

മി: കെ. ജാർജ്ജ് (ഗവണ്മെൻറ ചീഫ്സെക്രിട്ടറി): ഉണ്ട്. വഴിയാത്രച്ചെലവിലേക്കുള്ള പണം അഡ്വാൻസ്സായി അയച്ചുകൊടുത്തിട്ടുണ്ട്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): തിരുവിതാംകൂർ സർവീസ്റഗുലേഷൻസ് അനുസരിച്ചു അവർക്കു ഇപ്രകാരം ഒരു അഡ്വാൻസ്സിനു അവകാശം ഉണ്ടൊ എന്നറിഞ്ഞാൽകൊള്ളാം.

മി: കെ. ജാർജ്ജ് (ഗവണ്മെൻറ ചീഫ്സെക്രിട്ടറി): അവർക്കു സഞ്ചാരപ്പടിക്കു അവകാശമുണ്ട്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇപ്രകാരമുള്ള ഒരു അഡ്വാൻസ്സു വാങ്ങുന്നതിനു അവർക്കു അവകാശമുണ്ടൊ?

മി: കെ. ജാർജ്ജ് (ഗവണ്മെൻറ ചീഫ്സിക്രട്ടറി): അഡ്വാൻസ് കൊടുക്കുന്നത് ഗവർമ്മെണ്ടിന്റെ യുക്തം ആണ്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഗവർമ്മെണ്ടിന്റെ ഈ യുക്തം ഉപയോഗിച്ചതായി മറ്റെന്തെങ്കിലും ഉദാഹരണം ഉണ്ടൊ?

മി: കെ. ജാർജ്ജ് (ഗവർമ്മെണ്ടു ചീഫ്സിക്രട്ടറി): യാത്രപോകുന്നതിനു മുമ്പായി അതിലേക്കുള്ള ചിലവ് അഡ്വാൻസായി നൽകിയിട്ടുള്ളതിനു ഉദാഹരണങ്ങൾ വേറെയും ഉണ്ട്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അപ്പോൾ തിരിച്ചു വരുന്നതിലേക്കു വഴിച്ചെലവിനുള്ള പണം അഡ്വാൻസായി അയച്ചു കൊടുത്തിട്ടുള്ളത് ഈ ഒരു ഒററ ആളിന്റെ കാര്യത്തിൽ മാത്രമേ ഉള്ളു?

മി: കെ. ജാർജ്ജ് (ഗവർമ്മെണ്ടു ചീഫ്സിക്രട്ടറി): ഇതിൽ വിശേഷമായി ഒരുപ്രത്യേകത ഒന്നുംഇല്ല. സഞ്ചാരപ്പടി കൊടുക്കുമ്പോൾ അഡ്വാൻസായി കൊടുത്തിട്ടുള്ളതിനെ തട്ടിക്കഴിക്കുന്നതായിരിക്കും.

ജനറൽ ആസ്പത്രിയിൽ ഒരുപ്രസവ വാർഡ് തുടങ്ങണം.

൭. മി: കെ. മാധവൻപിള്ള (തിരുവനന്തപുരം നെടുമങ്ങാട്): ജനറൽ ആസ്പത്രിയിൽ ഒരുപ്രസവവാർഡ് ഏർപ്പെടുത്തുന്നതിലേക്ക് ഗവർമ്മെന്റ് അനുമതിനൽകിയതു എന്നായിരുന്നു എന്നും ഈ ഉത്തരവിനെ നടപ്പിൽ വരുത്തുന്നതിനു ഇത്രവളരെ താമസം നേരിടുന്നതിന്റെ കാരണം എന്തെന്നും ഗവണ്മെൻറ ദയവു ചെയ്തു പറയുമോ?

മി: കെ. ജാർജ്ജ് (ഗവർമ്മെണ്ടു ചീഫ്സിക്രട്ടറി): ജനറൽ ആസ്പത്രിയിലെ സെപ്റ്റിക് വാർഡിനെ പ്രസവമുറിയോടുകൂടിയ ഒരുലൈയിംഗ് ഇൻവാർഡ് ആക്കണമെന്നായി ഉദ്ദേശം മൂന്നു കൊല്ലങ്ങൾക്കു മുമ്പ് ഗവർമ്മേണ്ടു ആലോചിക്കയുണ്ടായി. എന്നാൽ ആ സ്ഥലം മുഴുവൻ തന്നെ സെപ്റ്റിക് രോഗികൾക്കു ആവശ്യമെന്നു കണ്ടതിനാൽ തല്ക്കാലത്തേക്കു ആ അഭിപ്രായത്തെ വേണ്ടെ എന്നുവയ്ക്കുകയാണ ഉണ്ടായതു്. നൂതനമായി ഉണ്ടാക്കിയിട്ടുള്ള രണ്ടു വാർഡുകളും ഉപയോഗിച്ചു തുടങ്ങിയതിനുശേഷം ഇതേപ്പററി വീണ്ടും ആലോചിക്കുന്നതായിരിക്കും.

നിശാപാഠശാലകളെ സംബന്ധിച്ചുള്ള നിയമങ്ങൾ.

൮. മി: കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാട്): ൧൧൨൧ കർക്കടകം ൨൧-ാംനു നടന്നനിയമസഭായോഗത്തിൽവച്ചു ചോദിച്ച ൨൪-ാം നമ്പ്ര ചോദ്യത്തിന്റെ മറുപടിയിൽ പ്രസ്താവിച്ചിട്ടുണ്ടായിരുന്നതനുസരിച്ചു നിശാപാഠശാലകളുടെ നടത്തിപ്പിനെ സംബന്ധിച്ചു പാസാക്കിയിട്ടുള്ള ചട്ടങ്ങളുടെ ഒരു പ്രതി ഈ സഭമുമ്പാകെ ഹാജരാക്കുന്നതിന് ഗവർമ്മേണ്ടിനു ദയവുണ്ടാകുമൊ?

മി: കെ. ജാർജ്ജ് (ഗവർമ്മേണ്ടു ചീഫ്സിക്രട്ടറി): മെമ്പർ ആവശ്യപ്പെടുന്ന ചട്ടങ്ങളുടെ പകർപ്പ് ഇതാ ഹാജരാക്കിയിക്കുന്നു*.

മലയാം പള്ളിക്കൂടങ്ങളിലെ ഏഴാംക്ലാസ് വിദ്യാർത്ഥികൾ.

൯. മി: കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാട്):

(൧) മലയാംപള്ളിക്കൂടങ്ങളിൽ ആകെക്കൂടി ൧൧൨൧-ാമാണ്ടു ഏഴാംക്ലാസിൽ എത്ര വിദ്യാർത്ഥികൾ ഉണ്ടായിരുന്നു?

(൨) അതിൽ എത്ര പേർ പരീക്ഷക്കു ചേർന്നു? പരീക്ഷക്കു ചേർന്നവരിൽ എത്ര പേർ ജയിച്ചു?

(൩) ഏഴാംക്ലാസിൽ ഒരു വർഷം മാത്രം പഠിച്ചിട്ടുള്ളവരിൽ എത്ര ശതമാനം വിദ്യാർത്ഥികൾ വിജയികളായിട്ടുണ്ടു?

---

*രണ്ടാം അനുബന്ധം നോക്കുക.

മി: കെ. ജോർജ്ജ് (ഗവർമ്മേണ്ടു ചീഫ്സിക്രട്ടറി):

(൧) വർഷാരംഭത്തിൽ ൨൦൩൩-ം വർഷാവസാനത്തിൽ ൨൦൨൩-ം വീതം വിദ്യാർത്ഥികൾ ഉണ്ടായിരുന്നു.

(൨) പരീക്ഷക്ക ൪൧൩൯ വിദ്യാർത്ഥികൾ ചേരുകയും അവരിൽ ൧൨൭൩ പേർ ജയിക്കയും ചെയ്തിട്ടുണ്ട്.

(൩) ഇതെ സംബന്ധിച്ചുള്ള വിവരം അന്വേഷണത്തിൽ ഇരിക്കുന്നതേ ഉള്ളു.

മലയാളത്തിലുള്ള തിരുവിതാംകൂർ എക്കണാമിക്ജർണൽ.

൨. മി: എസ്. പിറവിപെരുമാൾപിള്ള (കച്ചവടകൈത്തൊഴിൽ സംഘങ്ങൾ വക തെക്കൻ മെമ്പർ): തിരുവിതാംകൂർ എക്കണോമിക്ജർണൽ എന്ന മാസികയെ മലയാളത്തിൽ പ്രസിദ്ധം ചെയ്യുന്ന വിഷയത്തിൽ ഇപ്പോൾ ഭാരവാഹിത്വം ചെയ്യുന്ന സമിതി ഗവർമ്മേന്റിനു തൃപ്തികരമായവിധത്തിൽ തന്നെ പ്രവർത്തിച്ചു പോരുന്നുണ്ടോ എന്നറിഞ്ഞാൽ കൊള്ളാം.

മി: ടി. പി. രാമസുബ്ബയ്യർ (ഗവർമ്മേണ്ടു സിക്രട്ടറി): അതെ എന്നു തന്നെ മറുപടി പറയേണ്ടിയിരിക്കുന്നു.

മി: എസ്. പിറവിപെരുമാൾപിള്ള (കച്ചവടകൈത്തൊഴിൽ സംഘങ്ങൾ വക തെക്കൻ മെമ്പർ): ഈ മാസികയുടെ മലയാളത്തിലുള്ള പ്രസിദ്ധീകരണം ഗവർമ്മേണ്ടിനു തൃപ്തികരമായിരിക്കുന്നസ്ഥിതിക്ക് ഈ മാസികയെ തമിഴിൽക്കൂടി പ്രസിദ്ധം ചെയ്യണമെന്നു ധനപരിപോഷണബോർഡ് ചെയ്തിട്ടുള്ള ശുപാർശയെപറ്റി ഗൌനിക്കുന്നതിനു ഗവർമ്മേണ്ടിലേക്കു ദയവുണ്ടാകുമൊ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവർമ്മേണ്ടു സിക്രട്ടറി): ശരിയായി നോക്കുന്നപക്ഷം ഈ ചോദ്യം ഒരു സപ്ലിമെൻററി ചോദ്യം ആയി ചോദിക്കുവാൻ പാടുള്ളതല്ലെങ്കിലും ഇതെപറ്റി ഗവർമ്മേണ്ടു ആലോചിക്കുന്നതായിരിക്കും എന്നു പറഞ്ഞുകൊള്ളട്ടെ.

ചാരായക്കുത്തക.

൩. മി: ടി. കുമാരപിള്ള (കൽക്കുളം വിളവങ്കോട്):

൧൧൦൯ മേടം ൯-ാംനു- നടന്ന കൌൺസിൽ യോഗത്തിൽ വച്ചു ൨൦൦-ാം നമ്പ്രായി ഉണ്ടായ ചോദ്യത്തിനു ഗവർമ്മേണ്ടിൽ നിന്നും വാങ്ങിയ മറുപടിയെ ആസ്പദമാക്കി താഴെ പറയുന്ന വിവരങ്ങൾ കൂടി അറിഞ്ഞാൽ കൊള്ളാമെന്നു അഗ്രഹിക്കുന്നു.

(എ) ചാരായക്കുത്തകയ്ക്കുള്ള കാലം ൨ വർഷത്തിൽ നിന്നും ൪ വർഷമായി നീട്ടിയപ്പോൾ ടെൻഡറുകൾ ആവശ്യപ്പെട്ട് പരസ്യം ചെയ്തിട്ടുണ്ടായിരുന്നുവോ?

(ബി) അങ്ങനെ ആവശ്യപ്പെട്ടിരുന്നു എങ്കിൽ തിരുവിതാംകൂർ സ്വദേശികളായ എത്ര പേർ ടെൻഡറുകൾ അയച്ചു? അവരുടെപേരുകൾ ഏതെല്ലാം. ഓരോരുത്തരുടെ ടെൻഡറുകളിൽ യഥാക്രമം എത്ര എത്ര പണം വീതം അവർ നൽകാമെന്നുകാണിച്ചിട്ടുണ്ടായിരുന്നു?

(സി) ടെൻഡറുകൾകൊടുത്ത തിരുവിതാംകൂറുകാരിൽ ആർക്കെങ്കിലും കൺട്രാക്ട് നൽകിയോ? അങ്ങിനെ നൽകിയെങ്കിൽ അവരുടെ പേരും ടെൻഡറുകളിലെ തുകയും എന്താണ്?

(ഡി) ഇപ്പോൾ നാലു വർഷത്തേക്കു കൺട്രാക്ട് നൽകപ്പെട്ടിട്ടുള്ളവരുടെ പേരും അവരുടെ കാൺട്രാക്ട് തുകകളും എന്തു?

(ഇ) ൧൦൯൩-നു ശേഷം കാൺട്രാക്ട് നൽകപ്പെട്ടവരുടെ പേരും അവരുടെ കാൺട്രാക്ട് തുകയും എന്തു്?

(എഫ്) (൧) ൧൦൯൩-നു ശേഷം തിരുവിതാംകൂർകാർ ആരെങ്കിലും ഈ കുത്തകക്കു അപേക്ഷിച്ചിട്ടുണ്ടൊ?

(൨) അപേക്ഷിച്ചിട്ടുണ്ടെങ്കിൽ അവക്ക് കാൺട്രാക്ട് നൽകിയിട്ടുണ്ടൊ? ഇല്ലെങ്കിൽ അങ്ങിനെ നൽകാതിരിപ്പാൻ കാരണമെന്തു്?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സിക്രട്ടറി).

(എ) ഉണ്ടായിരുന്നു.

(ബി) നാഗരുകോവിൽ വടിവീശ്വരത്തു മെസ്സേഴ്സ് ടി. വി. കൃഷ്ണയ്യർ കമ്പനി പട്ടച്ചാരായത്തിനു ഗ്യാലൻ ഒന്നിനു ബ്രിട്ടീഷ് രൂപ ൨ അണ ൩ പൈ ൭-൭ കള്ളിൻ ചാരായത്തിനു ബ്രിട്ടീഷ് രൂപ ൩ അണ ൩-ം വീതം ആയിരുന്നു. അവർ ആവശ്യപ്പെട്ടത്. ദേവികുളത്തേക്കു ആകെ ആണ്ടു ഒന്നുക്ക് ൩൭,൦൦൦ രൂപാ തരാമെന്നു അവർ പറഞ്ഞിരുന്നു.

(സി) ഈ ചോദ്യത്തിൻെറ ഒന്നാംഭാഗത്തിനുള്ള മറുപടി നിഷേധരൂപത്തിൽ ആണ്. ആ സ്ഥിതിക്കു രണ്ടാംഭാഗത്തിൻെറ ആവശ്യമെ ഇല്ലല്ലൊ.

(ഡി) താടാർ എസ്റ്റേററിലെ റിസീവറന്മാരും മാനേജരന്മാരുമായ മെസ്സേഴ്സ് പ്രെസർ ആൻഡ് റാസ്സ്, സി. എ. ൧൧൦൨ മുതൽ ൧൧൦൩വരെയുള്ള കുത്തകയുടെ നിരക്ക് പട്ടച്ചാരായത്തിന് ഗ്യാലൻ ഒന്നിനു ൨ രൂപ ൭ അണ ൩പൈയും കള്ളിൻചാരായത്തിനു ൩ രൂപ ൩ അണയും വീതം ആകുന്നു. ദേവികുളത്തേക്കു മൊത്തമായി ആണ്ടൊന്നുക്കു ൪൦,൦൦൦ രൂപായും ആകുന്നു. ൧൧൦൪ മുതൽ ൧൧൦൭ വരെയുള്ളകാൺട്രാക്ടിൻെറ നിരക്ക് ഈ കുത്തക കാലാവസാനത്തിൽ കരിപ്പട്ടിയുടേയും ചാരായംവാററുന്നതിലേക്കു ആവശ്യമുള്ള ഇതരസാമാനങ്ങളുടെയും നിരക്കു വിലയെ അടിസ്ഥാനമാക്കി നിശ്ചയിക്കുന്നതായിരിക്കും.

(ജി)

ആണ്ട്	കൺട്രാക്റ്റർമാരുടെ പേര്	പട്ടചാരായത്തിനു ഗ്യാലൻ ഒന്നുക്കുള്ള നിരക്ക്			കള്ളിൻചാരായത്തിനു ഗ്യാലൻ ഒന്നുക്കുള്ള നിരക്ക്			ഷാപ്പുകളുടെ ആണ്ടൊന്നുക്കുള്ള നിരക്ക്
		ബ്രി.രൂ.	അണ	പൈ	ബ്രി.രൂ.	അണ	പൈ	സർക്കാർ രൂപ
൧൦൯൬-൯൭	മിസ്റ്റർ പി. ബാലഗുരുസ്വാമിനാടാർ	൨	൫	൧ ൫/൭	൨	൧൦	൧൦ ൨/൭	൩൬,൦൦൦
൧൦൯൮-൯൯	ടി	൨	൬	൬ ൬/൭	൪	൦	൧൦ ൨/൭	൩൬,൦൦൦
൧൧൦൦-൧൦൧	നാടാർ എസ്റ്റേററിലെ റിസീവറന്മാരും മാനേജരന്മാരും ആയമെസ്സേഴ്സ് ഷ്രേസർആൻഡ്റാസ്സ് സി. എ.	൨	൬	൬	൬	൬	൦	൩൬,൫൦൦

(എഫ്) ൨-ഉം ൩-ഉം മുമ്പ് പറഞ്ഞതുപോലെ മിസ്റ്റർ കൃഷ്ണയ്യർ ആൻഡ് കമ്പനിക്കുപുറമെ ൧൧൦൦ മുതൽ ൧൧൦൧ വരെയുള്ള കൺട്രാക്റ്റിന് ചെങ്കോട്ട മെസ്സേഴ്സ് എസ്. സുബ്രഹ്മണ്യക്കരയാളും അദ്ദേഹത്തിന്റെ പുത്രൻ ചട്ടനാഥകരയാളും അപേക്ഷിച്ചിട്ടുണ്ടായിരുന്നു. ശരിയാംവണ്ണം നടത്തിപ്പോരുന്നതിനു വളരെ അധികം പണച്ചിലവുള്ള വളരെ പ്രധാനമായ ഒരു ഉപ്പുകുത്തക മിസ്റ്റർ സുബ്രഹ്മണ്യകരയാളുക്ക് ഉണ്ടായിരുന്നതുകൊണ്ടും ആ സ്ഥിതിക്കു വളരെ പ്രധാന്യമുള്ള മറെറാരു ജോലികൂടി അദ്ദേഹത്തെ ഏല്പിക്കുന്നതും ഭംഗിയായിരിക്കയില്ലെന്നു വിചാരിച്ചും അവക്കു ഈ കുത്തക കൊടുത്തില്ല. കൺട്രാക്റ്റുകൾ നൽകി കഴിഞ്ഞതിനുശേഷം മിസ്റ്റർ സുബ്രഹ്മണ്യകരയാളും പെൻഷൻസ് ലാൻഡ്‌റവന്യൂകമ്മീഷണർ മിസ്റ്റർ കെ. അനന്തനാരായണയ്യരുംകൂടി ഒന്നുചേർന്നു ഒരു അപേക്ഷ അയക്കുകയുണ്ടായി. എന്നാൽ അതു വളരെ താമസിച്ചു പോയതുകൊണ്ടു അതേപ്പററി ഗൌനിക്കയും ചെയ്തില്ല.

പുത്തളം.

൧. ടി. ടി. കുമാരപിള്ള (കൽക്കുളം-വിളവങ്കോട്).

(൧) പുത്തളത്തിനു ആകെ എത്ര ഏക്കർ വിസ്തീർണ്ണം ഉണ്ട്?

(൨) ഇതിൽ ഉപ്പുണ്ടാക്കുന്നതിനു എത്ര ഏക്കർ സ്ഥലത്തേക്കു ലൈസൻസ് നൽകിയിട്ടുണ്ട്?

(൩) (എ) ലൈസൻസ് കൊടുത്തിട്ടുള്ള മുഴുവൻ സ്ഥലത്തും ഇപ്പോൾ ഉപ്പു വിളയിക്കുന്നുണ്ടോ?

(ബി) ഇല്ലെങ്കിൽ എത്ര ഏക്കർ ഭൂമി ഇതിലേക്കു ഉപയോഗിക്കാതെ കിടപ്പുണ്ട്?

(൪) (എ) ഉപ്പു വിളയിക്കുന്നവർക്കു ലൈസൻസ് നൽകപ്പെടാത്തതായി പുത്തളത്തുതരിശു ഭൂമി വല്ലതും കിടപ്പുണ്ടോ?

(ബി) ഉണ്ടെങ്കിൽ അവയ്ക്കു എത്ര ഏക്കർ വിസ്തീർണ്ണം വരും?

(സി) അവയെതരിശായി ഇട്ടേക്കുന്നതിനുള്ള കാരണമെന്ത്?

(൫) (എ) ൧൦൯൭-ൽ ൫൩൪൫൨ മന്നം, ൧൦൯൮-ൽ ൪൮൩൨൦ മന്നം, ൧൦൯൯-ൽ ൨൭൫൬൨ മന്നം, ൧൧൦൦-ൽ ൧൩൩൪൬ മന്നം ഇങ്ങിനെ പുത്തളത്തിൽ വിളയിക്കുന്ന ഉപ്പു ആണ്ടോടാണ്ടു കുറഞ്ഞു വരുന്നതിനുള്ള കാരണം എന്ത്?

(ബി) ഈ കാരണങ്ങൾ എന്തെന്നു കണ്ടുപിടിച്ച് അവയെ പരിഹരിക്കുന്നതിനു ഏതെങ്കിലും മാറ്റമിർദ്ദേശം ചെയ്യണമെന്നു ഗവർമ്മെന്റിൽനിന്നും ആലോചിക്കുന്നുണ്ടോ? അങ്ങിനെ ആലോചിക്കുന്നുണ്ടെങ്കിൽ അതിലേക്കു എന്താണു ചെയ്യാൻ പോകുന്നത് എന്നറിഞ്ഞാൽകൊള്ളാം.

(൬) പഴയകാൽഅടക്കം മിസ്റ്റർ കൃഷ്ണയ്യർ പുതിയ കാൽ തുറക്കുകയും ചെയ്തതിനു മുമ്പ് പാളത്തിലുള്ള കൂടുതൽ ചാലിൽ വല്ല ഉടവുകളും ഉണ്ടാവുകയോ തൻമൂലം പുത്തളത്തു വെള്ളപ്പൊക്കം ഉണ്ടാവുകയോ ചെയ്തിട്ടുണ്ടോ? ഉണ്ടായിട്ടുണ്ടെങ്കിൽ എപ്പോഴാണ് അങ്ങിനെ ഉണ്ടായിട്ടുള്ളതു.

ടി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെന്റ സിക്രട്ടറി).

(൧)-ഉം (൨)-ഉം (൩)-ഉം ചോദ്യങ്ങൾ ൧൧൦൦-ലെ എക്സൈസ് ഡിപ്പാർട്ടുമെന്റിലെ ഭരണറിപ്പോർട്ടിന്റെ ൧൪-ാം അനുബന്ധത്തിലേക്കു മെമ്പറിന്റെ ശ്രദ്ധയെ ആകർഷിച്ചു കൊള്ളുന്നു.

(൪) (എ) ഉണ്ട്.

(ബി) ഉദ്ദേശം അഞ്ചു ഏക്കറോളം വരും.

(സി) ഈസ്ഥലങ്ങളിൽ പാത്തകൾ സ്ഥാപിക്കുന്നതിനുള്ള അനുവാദം കിട്ടണമെന്നായി ലൈസൻസികൾ അപേക്ഷകൾ നൽകിയിട്ടില്ല.

(൫) (എ) ലൈസൻസികളുടെ ഇടയിലുള്ള യോജിപ്പില്ലായ്മയാണ് ഇതിനുകാരണം.

(ബി) വിളവിനെ വർദ്ധിപ്പിക്കുന്നതിലേക്കുള്ള മാറ്റങ്ങൾ ആലോചിച്ചുവരുന്നുണ്ട്. ഇതേസംബന്ധിച്ച എക്സൈസ് ഡിപ്പാർട്ടുമെന്റിലെ ൧൧൦൦-മാണ്ടത്തെ ഭരണറിപ്പോർട്ടിന്റെ ൧൭-ാം പുറത്തേക്ക് മെമ്പറിന്റെ ശ്രദ്ധയേ ആകർഷിച്ചുകൊള്ളുന്നു.

(൬) ഉണ്ടായിട്ടില്ല.

മി. ടി. കുമാരപിള്ള (കൽക്കുളം-വിളവങ്കോട്): ചോദ്യത്തിന്റെ ൮-ാം ഭാഗം (സി) പിരിവു. ലൈസൻസികൾ തരിശായിട്ടു കിടക്കുന്ന സ്ഥലങ്ങളിൽ ഏതെങ്കിലും ഭാഗത്തെ ഉല്പാദിപ്പിക്കുമാക്കിട്ടുണ്ടോ?

മി: ടി. പി. രാമസ്വാമയ്യർ (ഗവന്മെന്റുസിക്രട്ടറി): എക്സൈസു കമ്മീഷണരുമായി ആലോചിക്കാതെ ഇതുസംബന്ധിച്ചു എനിക്കു യാതൊരു മറുപടിയും പറയാൻ നിവൃത്തിയില്ല. തരിശായികിടക്കുന്ന ഭാഗങ്ങളിൽ പാത്തികൾ ഉണ്ടാക്കുന്നതിന് ലൈസൻസികൾ ആരും തന്നെ അനുവാദത്തിന് അപേക്ഷ നൾകിട്ടിയില്ല.

മി: ടി. കുമാരപിള്ള (കൽക്കുളം- വിളവങ്കോട്ട): ലൈസൻസിനു അപേക്ഷിക്കുന്നതിനു മുമ്പ് അവർ ഉപ്പുപാത്തിയാക്കി കൃഷിചെയ്തിട്ടുണ്ടോ?

മി: ടി. പി. രാമസ്വാമയ്യർ (ഗവന്മെന്റുസിക്രട്ടറി): അതും എക്സൈസ്കമ്മീഷണരോട്ട ചോദിച്ചറിയണം.

മി: ടി. കുമാരപിള്ള (കൽക്കുളം-വിളവങ്കോട്ട്): എക്സൈസ് കമ്മീഷണരോട്ട ചോദിച്ചുപറയുമൊ?

മി: ടി. പി. രാമസ്വാമയ്യർ (ഗവന്മെന്റുസിക്രട്ടറി): പറയാം.

മി: ടി. കുമാരപിള്ള (കൽക്കുളം-വിളവങ്കോട്ട്): പാൽക്കുളം സർപ്ലസ്കാൽ അടച്ചു പുതിയകാൽ വെട്ടിയതിൽ പിന്നെ പുത്തളത്തിൽ ഉടപ്പുകൾ ഉണ്ടായിട്ടുണ്ടോ?

മി: ടി. പി. രാമസ്വാമയ്യർ (ഗവന്മെന്റു സിക്രട്ടറി): മറുപടിയിൽ പറഞ്ഞിട്ടുണ്ട്.

മി: ടി. കുമാരപിള്ള (കൽക്കുളം-വിളവങ്കോട്ട്): അതിനു മുമ്പു പുത്തളത്തിൽ ഉടപ്പുകൾ ഉണ്ടായിട്ടുണ്ടോ

മി: ടി. പി. രാമസ്വാമയ്യർ (ഗവന്മെന്റുസിക്രട്ടറി): ഇല്ല.

ചാക്കാരുള്ള ഹോസ്റ്റൽ.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്):

(എ) ചാക്കാരുള്ള ഹോസ്റ്റലിലേക്കായി ൧൦൯൮ മുതൽ ൧൧൦൦ വരെയുള്ള മൂന്നുവർഷങ്ങളിൽ ഓരോ വർഷവും എത്ര രൂപാവീതം ചിലവായിട്ടുണ്ട്?

(ബി) ൧൧൦൧ വൃശ്ചികം ൯-ാംനു- ഹോസ്റ്റലിൽ എത്രവിദ്യാർത്ഥികൾ താമസിക്കുന്നുണ്ടായിരുന്നു?

(സി) ൧൧൦൧ വൃശ്ചികം ൯-ാംനു- ചാക്കാരുള്ള ഹോസ്റ്റലിലെ വിദ്യാർത്ഥികൾ ബഹളം കൂട്ടുന്നതിനുണ്ടായ കാരണം എന്ത്?

(ഡി) ബഹളത്തിന്റെ ഫലമായിഎത്ര വിദ്യാർത്ഥികൾ ഹോസ്റ്റൽവിട്ടുപുറത്തുപോയി?

(ഇ) ൧൧൦൧ ധനു, മകരം, കുംഭം ഈ മാസങ്ങളിൽ ഹോസ്റ്റലിൽ എത്ര വിദ്യാർത്ഥികൾ ഉണ്ടായിരുന്നു?

(എഫ്) ൧൧൦൧ തുലാം, വൃശ്ചികം ഈ മാസങ്ങളിൽ മുറിവാടക ഇനത്തിൽഎത്ര രൂപ പിരിഞ്ഞുകിട്ടിയിട്ടുണ്ട്?

(ജി) ബഹളത്തിനുശേഷം ഉണ്ടായ വിദ്യാർത്ഥികളുടെ എണ്ണക്കുറവിന്റെ ഫലമായി ഗവന്മെന്റിലേക്ക ആകെ എന്തു നഷ്ടംഉണ്ടായിട്ടുണ്ട്.

മി: കെ. ജാർജ് (ഗവർമ്മെണ്ടുചീഫ്സിക്രട്ടറി):

(എ)

വർഷം	ചെലവു രൂ.	ച.	കാ.
൧൦൯൮	൬൭൫൮	൧൯	൧൧
൧൦൯൯	൬൫൩൦	൨൮	൧
൧൧൦൦	൮൦൪൨.	൧൯	൨

(ബി) ൮൨.

(സി) വിദ്യാർത്ഥികളുടെ കൂട്ടത്തിൽ മൂന്നുപേരുടെ ന്യായ രഹിതമായനടപടിയെ സംബന്ധിച്ചു അപ്പോഴത്തെ ഹോസ്റ്റൽ വാർഡൻ ആയിരുന്ന ആൾ വിചാരണ ചെയ്തതിനെ പ്രതികൂലിച്ച് വിദ്യാർത്ഥികളിൽ ശരിപക്ഷക്കാർ ഒന്നുചേർന്നു വാർഡനു വിപരീതമായി പ്രവർത്തിച്ചതിന്റെ ഫലമായിട്ടാണ് ആബഹളം ഉണ്ടാകാൻ ഇടയായതു് എന്നാണു ഇവിടെ റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുള്ളതു്. ഇപ്രകാരം കർശനമായ ഒരു നടപടി നടത്തുന്നതിനു ഇടയാക്കിയതു താഴെ പറയുന്നസംഗതികൾ ആണു്.

(൧) അവർവാർഡനെ നേരെ എതിർക്കുവാൻ തുടങ്ങി.

(൨) ന്യായമായ കാരണത്തിന്മേൽ ഡിസ്മിസ് ചെയ്തു അയച്ച ഒരു അരിവയ്പുകാരനെ വീണ്ടും ജോലിയിൽ പ്രവേശിക്കുന്നതിനു ഈ അഭിപ്രായം ഉള്ളവർ ഹോസ്റ്റലിലെ ഭൂരിപക്ഷം ആയിരുന്നു എന്നുള്ള ഏക കാരണത്താൽ മാത്രം വാർഡനെ നിർബന്ധിക്കുവാനായി അവർ ശ്രമിച്ചു.

(൩) കർശനമായ നടപടിനടത്തുന്നതാണു എന്നു വിവരിച്ചു വിദ്യാർത്ഥികളിൽ ഒരുവനു കൊടുത്തിട്ടുണ്ടായിരുന്ന നോട്ടീസ്അനുസരിച്ചുനടത്തിത്തുടങ്ങിയ നടപടിയെ പിൻവലിക്കണമെന്നു ആവശ്യപ്പെട്ടുകൊണ്ട് അവർ വാർഡനു ന്യായരഹിതമായ ഒരു എഴുത്തു അയച്ചു.

(ഡി) ൬൭.

(ഇ) ൫-ാം ൭-ാം ൨-ാം വീതമായിരുന്നു.

(എഫ്) ൧൭ രൂ- ൧൮ ണ. വീതം ഓരോ മാസവും കിട്ടിയിട്ടുണ്ട്.

(ജി) ഏകദേശം ൭൦൧ രൂപായുടെ നഷ്ടം നേരിട്ടിട്ടുണ്ട്. ഹോസ്റ്റലിൽ ആകെ ൮൭ വിദ്യാർത്ഥികൾക്കു താമസിക്കുന്നതിനുള്ള സൌകര്യം ഉണ്ടെന്നുവരികിലും വർഷാരംഭത്തിൽ അവിടെ താമസിക്കാൻ വരുന്നവർ എല്ലാപേരും ആണ്ടവസാനം വരെ അവിടെ തന്നെ താമസിക്കാറില്ല. ചിലർ വർഷമദ്ധ്യേ ഹോസ്റ്റൽ വിട്ടുപുറമെ എവിടെയെങ്കിലും പോയി താമസിക്കാറുണ്ട്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): എന്റെ ചോദ്യത്തിലെ (ജി) പിരിവിനെ സംബന്ധിച്ചിടത്തോളം മുമ്പു പറഞ്ഞതായ ആ സംഭവം ഉണ്ടായില്ലെങ്കിൽതന്നെയും വിദ്യാർത്ഥികൾ ഹോസ്റ്റൽ വിട്ടുപുറത്തുപോകുമായിരുന്നു എന്നു തന്നെയാണോ ഞാൻ മനസ്സിലാക്കേണ്ടതു്

മി: കെ. ജാർജ്ജ് (ഗവണ്മെണ്ടു ചീഫ് സിക്രട്ടറി): അങ്ങിനെ പറഞ്ഞിട്ടില്ലല്ലോ.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഹോസ്റ്റൽ വിട്ടു പുറത്തു പോയി എന്നു പറഞ്ഞതായ ആ വിദ്യാർത്ഥികളും ഹോസ്റ്റലിൽ ഉണ്ടായ കുഴപ്പത്തിന്റെ ഫലമായി പുറത്തു പോയതാണോ അല്ല സാധാരണയായി പുറമെ പോയി താമസിക്കേണ്ടു എന്നു പറഞ്ഞു പോകയാണോ എന്നറിഞ്ഞാൽ കൊള്ളാം.

മി: കെ. ജാർജ്ജ് (ഗവണ്മെണ്ടു ചീഫ് സെക്രട്ടറി): അവർ ഹോസ്റ്റൽ വിട്ടതു അവിടെയുണ്ടായ കുഴപ്പത്തിന്റെ ഫലമായിട്ടാണ് എന്നു വാർഡൻ വിശദമായിട്ടുണ്ട്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഗവണ്മെണ്ടിനെ നേരിട്ടു ബാധിച്ച ഈ സംഭവത്തിന്റെ ഉത്തരവാദി ആരാണ്?

മി: കെ. ജാർജ്ജ് (ഗവണ്മെണ്ടു ചീഫ് സിക്രട്ടറി): ഹോസ്റ്റൽ വിട്ടുപോയ വിദ്യാർത്ഥികൾ.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): വാർഡന്റെ നയമരഹിതമായ പ്രവൃത്തിയുടെ ഫലമായിട്ടല്ലയോ ഈ സംഭവത്തിന്നു ഇടയായതു്.

മി: കെ. ജാർജ്ജ് (ഗവണ്മെണ്ടു ചീഫ് സെക്രട്ടറി): അതു അദ്ദേഹത്തിന്റെ നയം ഇല്ലായ്മകൊണ്ടാണെന്ന് പറയാൻ പാടില്ല.

മുഹമ്മദീയഡെപ്യൂട്ടേഷൻ.

൭൨. മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): (എ) കഴിഞ്ഞ ഫെബ്രുവരി നടന്നതായ ഒട്ടേവിധത്തെ അതുമൂലയിൽ ഒരു മുഹമ്മദീയസംഘം ഡെപ്യൂട്ടേഷനായി ദിവാൻജിയെ കാണുവാൻ പോയിരുന്നോ?

(ബി) ഈ ഡെപ്യൂട്ടേഷൻ എന്തിനായിട്ടാണ് ദിവാൻജിയെ കാണുവാൻ പോയതു്?

(സി) ഡെപ്യൂട്ടേഷൻ ഒരു മെമ്മോറിയൽ സമർപ്പിക്കയുണ്ടായോ?

(ഡി) ഡെപ്യൂട്ടേഷന്നു ദിവാൻജി നൽകിയ മറുപടി എന്തായിരുന്നു?

(ഇ) ഡെപ്യൂട്ടേഷന്നു നൽകിയ മറുപടിയെ സംബന്ധിച്ചു തനിക്കു തോന്നിയ വല്ലായ്മയെ വെളിപ്പെടുത്തിക്കൊണ്ടു് ആലപ്പുഴ മിസ്റ്റർ പി. എസ്. മുഹമ്മദ് ദിവാൻജിക്ക് ഒരു എഴുത്തു അയച്ചുവോ?

മി: കെ. ജാർജ്ജ് (ഗവണ്മെന്റു ചീഫ് സിക്രട്ടറി): (എ) പോയിരുന്നു.

(ബി) മുസ്ലിം സമുദായക്കാരുടെ ഏതാനും ചില സങ്കടങ്ങളെ ദിവാൻജിയെ ധരിപ്പിക്കാനായിരുന്നു.

(സി) മെമ്മോറിയൽ സമർപ്പിച്ചു.

(ഡി) മുസ്ലിം സമുദായക്കാരുടെ ന്യായമായ അവകാശങ്ങളെപ്പറ്റി ഗൌനിക്കുന്നതായിരിക്കും എന്നായിരുന്നു മറുപടി.

(ഇ) അപ്രകാരം ഒരു എഴുത്തു അയച്ചിട്ടില്ല.

എലഞ്ഞിയിലെ പബ്ലിക് ചന്ത.

൭൩. മി: എ. ജെ. ജാൺ (വൈക്കം): എലഞ്ഞിയിൽ ഒരു പബ്ലിക് ചന്ത സ്ഥാപിക്കണമെന്നു കാണിച്ചു ഗവണ്മെന്റിലേക്കു പൊതുജനങ്ങളുടെ വക ഹർജികൾ വന്നിട്ടുണ്ടോ? വന്നിട്ടുണ്ടെങ്കിൽ ഈ വിഷയത്തിൽ ഗവണ്മെന്റിൽനിന്നും എന്തു പ്രവർത്തിച്ചിട്ടുണ്ട്?

മി. ടി. പി. രാമസ്വാമി അയ്യർ (ഗവണ്മെന്റു സിക്രട്ടറി): മൂവാറ്റുപുഴ താലൂക്കിൽ പിറവം പകുതിയിൽ ഇലഞ്ഞിക്കര നിവാസികളുടെ ഏതാനും ചിലർ പേരിൽ അസ്ഥലത്തു ഒരു പബ്ലിക് ചന്ത തുടങ്ങണമെന്നു കാണിച്ചു ഒരു ഹർജി അയച്ചിട്ടുണ്ടായിരുന്നു. എന്നാൽ ആയതു ഡിവിഷൻ പേഷ്കാരിയും ആരോഗ്യ കമ്മിഷണരുടെ റിപ്പോർട്ടിനായി അദ്ദേഹത്തിന്നു അയച്ചുകൊടുത്തിരിക്കയാണ്.

മി. എ. ജെ. ജാൺ (വൈക്കം): ഹർജിയുടെ തീയതി അറിഞ്ഞാൽ കൊള്ളാം.

മി: ടി. പി. രാമസ്വാമി അയ്യർ (ഗവണ്മെന്റുസെക്രട്ടറി): അതിനു മറുപടി പറവാൻ തല്ക്കാലം നിവൃത്തിയില്ല. ഇതിനെ സംബന്ധിച്ചുള്ള റിപ്പോർട്ടു അപൂർണ്ണമായിരുന്നതിനാൽ പൂർണ്ണമായ വിധത്തിൽ ഒരു റിപ്പോർട്ടു അയക്കണമെന്നു പേഷ്കാരോടു ഡിവിഷൻ ആഫീസർ വീണ്ടും ആവശ്യപ്പെട്ടിരിക്കയാണ്.

ട്രാഫിക് ഇൻസ്പെക്ടർ ഉദ്യോഗം.

൭൪. മി: എം. ശിവതാണുപിള്ള (തോവാള): ൧൧൦൫ മിഥുനം ൧൩-ാനു നടന്ന സഭായോഗത്തിൽ വെച്ച് ട്രാഫിക് ഇൻസ്പെക്ടർ ഉദ്യോഗത്തെ സംബന്ധിച്ചുണ്ടായ ചോദ്യത്തിന്നു ഗവണ്മെന്റു നൽകിയ മറുപടിയെ പുരസ്കരിച്ചു് താഴെ പറയുന്ന സംഗതികൾ അറിഞ്ഞാൽ കൊള്ളാമെന്നു ആഗ്രഹിക്കുന്നു.

(എ) ഇപ്പോൾ ഒഴിവായിരിക്കുന്ന ട്രാഫിക് ഇൻസ്പെക്ടർ ഉദ്യോഗത്തിൽ ആളെ നിയമിക്കണമെന്നു ഉദ്ദേശിക്കുന്നുണ്ടോ?

(ബി) ഉണ്ടെങ്കിൽ തമിഴന്മാർക്ക് പ്രത്യേക പരിഗണന നൽകുമോ?

(സി) ഈ ഉദ്യോഗത്തിന്നു തമിഴന്മാരിൽനിന്നും അപേക്ഷകൾ കിട്ടിയിട്ടുണ്ടോ? കിട്ടിയിട്ടുണ്ടെങ്കിൽ അപേക്ഷകന്മാരുടെ യോഗ്യതകൾ എന്താണ്?

മി: കെ. ജാർജ്ജ് (ഗവണ്മെന്റു ചീഫ് സെക്രട്ടറി): (എ) മറുപടി അനുകൂലരൂപത്തിൽതന്നെയാണ്.

(ബി) തമിഴന്മാർ ഉൾപ്പെടെയുള്ള സകല സമുദായക്കാരുടേയും ന്യായമായ അവകാശങ്ങളെപ്പറ്റി വേണ്ടുവോളം ഗൌനിക്കുന്നതായിരിക്കും.

(സി) മോട്ടോർ എഞ്ചിനീയറിംഗിൽ അല്പം പ്രായോഗിക പരിചയം സിദ്ധിച്ചിട്ടുള്ളവനും എൽ. എം. ഇ. പരീക്ഷാവിജയിയും ആയ ഒരു തമിഴന്റെ അപേക്ഷ കിട്ടിയിട്ടുണ്ട്.

മി: എം. ശിവതാണുപിള്ള (തോവാള): മുൻപറഞ്ഞ അപേക്ഷകനു മോട്ടോർ എഞ്ചിനീയറിംഗിൽ ഏതു തരത്തിലുള്ള പ്രായോഗിക പരിചയം ആണു ഉള്ളതു എന്നറിഞ്ഞാൽ കൊള്ളാം.

മി: കെ. ജാർജ്ജ് (ഗവണ്മെന്റു ചീഫ് സെക്രട്ടറി): അപേക്ഷ നോക്കാതെ എനിക്കു ഈ ചോദ്യത്തിനു മറുപടി പറവാൻ നിവൃത്തിയില്ല.

മി: എം. ശിവതാണുപിള്ള (തോവാള): മോട്ടോർ എഞ്ചിനീയറിംഗിൽ പ്രത്യേകമായി സാധാരണ പരിശീലനം നടത്താറില്ലെന്നു ഗവണ്മെന്റിന്നു അറിവില്ലയോ?

മി: കെ. ജാർജ്ജ് (ഗവണ്മെന്റു ചീഫ് സെക്രട്ടറി): എനിക്കു അറിഞ്ഞുകൂടാ.

മി: എം. ശിവതാണുപിള്ള (തോവാള): പബ്ലിക് സർവീസിൽ, പ്രത്യേകിച്ചും പോലീസ് ഡിപ്പാർട്ടുമെൻറിൽ ആളുകളെ നിയമിക്കുന്ന വിഷയത്തിൽ തമിഴന്മാർക്കു ശരിയായ പ്രാതിനിധ്യം ലഭിച്ചുവരുന്നില്ലെന്നുള്ളതിനെ ഗവണ്മെൻറ സമ്മതിക്കുന്നുണ്ടോ എന്നറിഞ്ഞാൽ കൊള്ളാം.

മി: കെ. ജാർജ്ജ് (ഗവണ്മെൻറ ചീഫ്സെക്രട്ടറി): മുൻ ചോദ്യം ഇങ്ങിനെ ഒരു ചോദ്യത്തിനു ഇടം കൊടുക്കുന്നില്ലാത്തതിനാൽ ഞാൻ ഇപ്പോൾ ഈ ചോദ്യത്തിനു മറുപടി പറവാൻ ഒരുങ്ങുന്നില്ല.

മി: എം. ശിവതാണുപിള്ള (തോവാള): ൧൧൨൧ തുലാം ൧൭-ാനു നടന്ന കൌൺസിൽ യോഗത്തിൽ വച്ചു പോലീസ് ഡിപ്പാർട്ടുമെൻറിൽ ആളുകളെ നിയമിക്കുന്ന വിഷയത്തിൽ തമിഴരുടെ അവകാശങ്ങളെപ്പറ്റിയുണ്ടായ ചോദ്യത്തിനു ഗവണ്മെൻറ നൽകിയ മറുപടിയെ ചീഫ്സെക്രട്ടറി ഒന്നുകൂടി ഓർമ്മയിൽ വരുത്തിയാൽ കൊള്ളാം.

മി: കെ. ജാർജ്ജ് (ഗവണ്മെൻറ ചീഫ്സെക്രട്ടറി): ഇതേപ്പറ്റി ആലോചിക്കേണ്ടതോ ഇതേ സംബന്ധിച്ചുള്ള എൻെറ ഓർമ്മയെ ഒന്നുകൂടി പുതുക്കേണ്ടതോ ആയ ആവശ്യം ഇപ്പോൾ ഉണ്ടെന്നു എനിക്കു തോന്നുന്നില്ല.

മി: എം. ശിവതാണുപിള്ള (തോവാള): ആ ചോദ്യത്തിനു ഗവണ്മെൻറ നൽകിയ മറുപടിയിൽനിന്നും ഗവണ്മെൻറതന്നെ തമിഴരുടെ അവകാശങ്ങളെപ്പറ്റി ശരിയായി ഗൌനിക്കേണ്ടതായിരിക്കുന്നു എന്നു ഒരു പ്രകാരത്തിൽ സമ്മതിക്കുന്നതായി കാണാവുന്നതാണ്.

മി: കെ. ജാർജ്ജ് (ഗവണ്മെൻറ ചീഫ്സെക്രട്ടറി): ആ ചോദ്യമോ അതിലേക്ക് ഗവണ്മെൻറ് നൽകിയ മറുപടിയോ ഇപ്പോൾ എൻെറ കൈവശം ഇല്ല.

മി: എം. ശിവതാണുപിള്ള (തോവാള): എൻെറ ചോദ്യത്തിൻെറ (എ) പിരിവ് ഗവണ്മെൻറിൽനിന്നു ഒരു മറുപടി അതേസംബന്ധിച്ചു പറയുന്നതിലേക്കായി ചോദിക്കപ്പെട്ടിട്ടുള്ളതാണ്. (എ) ഭാഗം ചോദ്യത്തിൽ അടങ്ങിയിട്ടുള്ള സംഗതി ഗവണ്മെൻറിൻെറ ശ്രദ്ധക്കു വിഷയീഭവിച്ചിട്ടില്ലെന്നുതന്നെയാണോ ഞാൻ മനസ്സിലാക്കേണ്ടതു്.

മി: കെ. ജാർജ്ജ് (ഗവണ്മെൻറ ചീഫ്സെക്രട്ടറി): ഇപ്പോൾ ചോദിച്ച ചോദ്യത്തിൻെറ സാംഗത്യം എന്താണെന്ന് എനിക്കു മനസ്സിലാകുന്നില്ല.

മി: എം. ശിവതാണുപിള്ള (തോവാള): (എ) ഭാഗം ചോദ്യത്തിൽ പോലീസ് ഡിപ്പാർട്ടുമെൻറിൽ തമിഴരെ നിയമിക്കേണ്ട ആവശ്യത്തെപ്പറ്റിയാണ് സൂചിപ്പിച്ചിട്ടുള്ളതു്. എൻെറ ചോദ്യത്തിൻെറ (എ) ഭാഗത്തിനു തന്ന മറുപടിയിൽനിന്നും ഇപ്പോൾ ഒഴിവായിരിക്കുന്ന ട്രാഫിക് ഇൻസ്പെക്ടർ ഉദ്യോഗത്തിൽ ആളിനെ നിയമിക്കാൻ തീരുമാനിച്ചിരിക്കുന്നതായി കാണുന്നു. (എ) ഭാഗം ചോദ്യത്തിൽ അടങ്ങിയിട്ടുള്ള സംഗതിയെപ്പറ്റി, ഗവണ്മെൻറുമായി ആലോചിച്ചിട്ടേ ഇല്ലെന്നുതന്നെയാണോ ഞാൻ മനസ്സിലാക്കേണ്ടതു്?

മി: കെ. ജാർജ്ജ് (ഗവണ്മെൻറ ചീഫ് സിക്രട്ടറി): അതെപ്പറ്റി ഗവണ്മെൻറുമായി ആലോചിച്ചു. മറുപടി നൽകിയിട്ടുള്ളതു ചോദ്യത്തിൻെറ (എ) ഭാഗത്തിനു തന്നെയാണ്. അല്ലാതെ അതിൻെറ പീഠികക്കോ മുഖവുരക്കോ അല്ല.

മി: എം. ശിവതാണുപിള്ള (തോവാള): മോട്ടാർ എഞ്ചിനീയറിംഗിലുള്ള പ്രായോഗിക പരിജ്ഞാനത്തെ സംബന്ധിച്ചിടത്തോളം എതു യോഗ്യതയേ ആണ് അത്യന്താപേക്ഷിതമായി നിശ്ചയിക്കുവാൻ പോകുന്നതു എന്നറിഞ്ഞാൽകൊള്ളാം.

മി: കെ. ജാർജ്ജ് (ഗവണ്മെൻറ ചീഫ് സിക്രട്ടറി): അതേപ്പറ്റി ഇനിമേൽ ആലോചിച്ചു തീർച്ചയാക്കേണ്ടതായിട്ടാണ് ഇരിക്കുന്നതു്. ഇന്നാരെ നിയമിക്കണമെന്നുള്ളതിനെ പറ്റി ഇതേവരെ ആലോചിക്കാൻ തുടങ്ങിയിട്ടില്ല.

മി: എം. ശിവതാണുപിള്ള (തോവാള): അങ്ങിനെ നിശ്ചയിക്കാവുന്ന യോഗ്യതയോ അല്ലെങ്കിൽ പ്രായോഗികപരിജ്ഞാനമോ എന്തായിരിക്കുമെന്നു അറിഞ്ഞാൽകൊള്ളാം.

മി: കെ. ജാർജ്ജ് (ഗവണ്മെൻറ ചീഫ് സിക്രട്ടറി): ആവശ്യമായിട്ടുള്ള യോഗ്യത എന്തായിരിക്കണമെന്നുള്ളതിനെ പറ്റി ആരെയാണ് നിയമിക്കേണ്ടതു എന്നാലോചിക്കുന്ന സന്ദർഭത്തിൽ തീർച്ചപ്പെടുത്തുന്നതായിരിക്കും.

പോലീസ് ഇൻസ്പെക്ടരന്മാരുടെ നിയമനം.

൧൭. മി: എം. ശിവതാണുപിള്ള (തോവാള): (എ) താമസിയാതെ നിയമിപ്പാൻ നിശ്ചയിച്ചിട്ടുള്ള പോലീസ് ഇൻസ്പെക്ടരന്മാരുടെ കൂട്ടത്തിൽ തങ്ങൾക്കും ജോലികിട്ടണമെന്നായി ഏതെങ്കിലും തമിഴന്മാരുടെ അപേക്ഷകൾ കിട്ടിയിട്ടുണ്ടോ?

(ബി). കിട്ടിയിട്ടുണ്ടെങ്കിൽ അവരുടെ അവകാശങ്ങളെ പറ്റി അനുഭാവത്തോടുകൂടി ആലോചിക്കുന്നതിനു ദയവുണ്ടാകുമോ?

മി: കെ. ജാർജ്ജ് (ഗവണ്മെൻറ ചീഫ് സിക്രട്ടറി):

(എ), (ബി) ഏതാനും ചില അപേക്ഷകൾ ഗവണ്മെൻറിൽ കിട്ടിയിട്ടുണ്ട്. അവയെപ്പറ്റി വേണ്ടതുപോലെ അവർ ആലോചിക്കയുംചെയ്യു.

മി: എം. ശിവതാണുപിള്ള (തോവാള): ഇനി ആൾ നിയമിക്കാനുള്ള ഒഴിവിലേക്ക് എത്ര അപേക്ഷകൾ വന്നുചേർന്നിട്ടുണ്ടെന്നു അറിഞ്ഞാൽകൊള്ളാം.

മി: കെ. ജാർജ്ജ് (ഗവണ്മെൻറ ചീഫ് സിക്രട്ടറി): എല്ലാ ഒഴിവുകളിലും ആളുകളെ നിയമിച്ചു കഴിഞ്ഞിരിക്കുന്നു. ആകെ നൂററി എഴുപതോളം അപേക്ഷകൾ ഉണ്ടായിരുന്നു എന്നാണ് എനിക്കു തോന്നുന്നതു്.

മി: എം. ശിവതാണുപിള്ള (തോവാള): തമിഴരുടെ എത്ര അപേക്ഷകൾ ഉണ്ടായിരുന്നു എന്നറിഞ്ഞാൽകൊള്ളാം.

മി: കെ. ജാർജ്ജ് (ഗവണ്മെൻറ ചീഫ് സിക്രട്ടറി): അതെപ്പററി എനിക്കു അറിഞ്ഞുകൂടാ.

മി: എം. ശിവതാണുപിള്ള (തോവാള): (എ) ഭാഗം ചോദ്യത്തിനു ഇതിന്റെ മറുപടിയാണു ആവശ്യമായിട്ടുള്ളതു്.

മി: കെ. ജാർജ്ജ് (ഗവണ്മെന്റ ചീഫ് സിക്രട്ടറി): അതിനു മറുപടി പറഞ്ഞു കഴിഞ്ഞുവല്ലൊ.

മി: എം. ശിവതാണുപിള്ള (തോവാള): തമിഴരിൽ നിന്നും എത്ര അപേക്ഷകൾ ഉണ്ടായിരുന്നു എന്നറിഞ്ഞാൽകൊള്ളാം.

മി: കെ. ജാർജ്ജ് (ഗവണ്മെന്റ ചീഫ് സിക്രട്ടറി): എനിക്കു അതിനു മറുപടി പറവാൻ നിവൃത്തിയില്ല.

മി: എം. ശിവതാണുപിള്ള (തോവാള): നാലു അപേക്ഷകൾമാത്രമെ ഉണ്ടായിരുന്നുള്ളു എന്നു ഞാൻ പറയുന്നു, ആയതിനെ ചീഫ് സിക്രട്ടറി സ്വീകരിക്കാൻ തയ്യാറുണ്ടൊ?

മി: എസ്സ്. പിരവികപ്പെരുമാൾപിള്ള (കച്ചവട കൈത്തൊഴിൽ സംഘങ്ങൾ വക തെരഞ്ഞ മെംബർ): വിവരങ്ങൾ ഗ്രഹിക്കാനായി ചോദ്യങ്ങൾ ചോദിക്കാനല്ലാതെ വിവരങ്ങൾ പറഞ്ഞു കൊടുക്കുന്നതിനു മെമ്പറിനു അവകാശമുണ്ടോ എന്നുള്ളതിനെ പററി അഗ്രാസനത്തിൽ നിന്നും ഒരു ഉത്തരവിനു ഞാൻ ആവശ്യപ്പെടുന്നു.

പ്രസിഡന്റ: ഒരിക്കലും പാടുള്ളതല്ല.

മി: കെ. ജാർജ്ജ് (ഗവണ്മെന്റ ചീഫ് സിക്രട്ടറി): മിസ്റ്റർ. ശിവതാണുപിള്ള പറഞ്ഞതിനെ സ്വീകരിക്കുന്നതിൽ എനിക്കു യാതൊരു വിരോധവുമില്ല.

മി: എം. ശിവതാണുപിള്ള (തോവാള): ഒരു തമിഴനെയെങ്കിലും തിരഞ്ഞെടുക്കുകയുണ്ടായൊ എന്നറിഞ്ഞാൽകൊള്ളാം.

മി: കെ. ജാർജ്ജ് (ഗവണ്മെന്റ ചീഫ്സിക്രട്ടറി): ഒരു തമിഴനേയോ ഒരു മലയാളിയേയോ നിയമിച്ചിട്ടുണ്ടോ ഇല്ലയോ എന്നു പറവാൻ എനിക്കു നിവൃത്തിയില്ല.

മി: എം. ശിവതാണുപിള്ള (തോവാള): വെള്ളാളരിൽ ആരെയെങ്കിലും നിയമിച്ചിട്ടുണ്ടൊ എന്നുള്ളതാണ് എനിക്കു അറിയേണ്ടതു്.

മി: കെ. ജാർജ്ജ് (ഗവണ്മെന്റ ചീഫ് സിക്രട്ടറി): ഇല്ല.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): തമിഴൻ എന്നു പറയുന്നതിൽ നിന്നും ചീഫ് സിക്രട്ടറി എന്താണു മനസ്സിലാക്കുന്നതു എന്നറിഞ്ഞാൽകൊള്ളാം.

മി: കെ. ജാർജ്ജ് (ഗവണ്മെന്റ ചീഫ് സിക്രട്ടറി): തമിഴ് സംസാരിക്കുന്നവനും തമിഴ് തന്നെ മാതൃഭാഷയായുള്ളവനും ആയ ഒരുവൻ എന്നാണ് ഞാൻ ആ വാക്കിൽനിന്നും ഗ്രഹിക്കുന്നതു്.

മി: കെ. ഐ. ജോസഫ് (മീനച്ചിൽ ദേവികുളം): മറെറാരു മെമ്പർ ചീഫ് സിക്രട്ടറിയോടു ഉപചോദ്യങ്ങൾ ചോദിച്ചുകൊണ്ടിരിക്കുന്നതിനിടയിൽ മിസ്റ്റർ പി. കെ. നാരായണപിള്ളക്കു അദ്ദേഹത്തോടു എന്തെങ്കിലും ചോദ്യങ്ങൾ ചോദിക്കുന്നതിനു അവകാശമുണ്ടൊ എന്നറിഞ്ഞാൽകൊള്ളാം.

പ്രസിഡന്റ: ഇല്ല.

മി: എം. ശിവതാണുപിള്ള (തോവാള): അപേക്ഷകന്മാരുടെ കൂട്ടത്തിൽ നിന്നും ആളുകളെ തിരഞ്ഞെടുക്കുന്ന വിഷയത്തിൽ ഏതിനെ അടിസ്ഥാനമാക്കിയാണ് പ്രവർത്തിച്ചു വരാറുള്ളതു എന്നറിഞ്ഞാൽ കൊള്ളാം.

മി: കെ. ജാർജ്ജ് (ഗവണ്മെന്റ ചീഫ് സിക്രട്ടറി): ആളുകളെ തെരഞ്ഞെടുക്കുന്നതിലേക്കു ഒരു കമ്മിററിയുണ്ടായിരുന്നു. ആദ്യമായി തിരഞ്ഞെടുക്കപ്പെട്ടവരെ ഈ കമ്മിററി മുമ്പാകെ ഹാജരാകാൻ ഉത്തരവു കൊടുത്തു.

മി: എം. ശിവതാണുപിള്ള (തോവാള): തമിഴന്മാരെ ആരെയെങ്കിലും തിരഞ്ഞെടുത്തുവൊ?

മി: കെ. ജാർജ്ജ് (ഗവണ്മെന്റ ചീഫ്സിക്രട്ടറി): ലിസ്റ്റ് ഇപ്പോൾ എന്റെ കൈവശം ഇല്ല. ഒരാളിനെ തെരഞ്ഞെടുത്തതായിട്ടാണു എനിക്കു തോന്നുന്നതു്.

മി: എം. ശിവതാണുപിള്ള (തോവാള): ഞാൻ ഇപ്പോൾ ചോദിച്ചതായ ഉപചോദ്യങ്ങൾ യഥാർത്ഥത്തിൽ എന്റെ ആദ്യചോദ്യത്തിൽനിന്നും ഉത്ഭവിക്കുന്നവയായ ഉപചോദ്യങ്ങൾ തന്നെയോ എന്നു അഗ്രാസനത്തിൽനിന്നു അറിഞ്ഞാൽ കൊള്ളാമെന്നു ആഗ്രഹിക്കുന്നു.

പ്രസിഡെന്റ്: നിങ്ങൾ ഇപ്പോൾ ചോദിക്കുന്ന ചോദ്യം എന്തെന്നു എനിക്കു മനസ്സിലാകുന്നില്ല. കുറെക്കൂടി വിശദമായി സംസാരിച്ചാൽ കൊള്ളാം.

മി: എം. ശിവതാണുപിള്ള (തോവാള): ചീഫ്സിക്രിട്ടറി പറഞ്ഞ മറുപടി ആദ്യമായി തമിഴരായിട്ടുണ്ടായിരുന്ന അപേക്ഷകന്മാരുടെ എണ്ണം എത്ര എന്നു അറിഞ്ഞുകൂടാ എന്നും രണ്ടാമതായി തമിഴന്മാരിൽ ആരെയെങ്കിലും ലിസ്റ്റിൽ കൊള്ളിച്ചിട്ടുണ്ടായിരുന്നുവൊ ഇല്ലയോ എന്നുള്ളതിനെപ്പററി അദ്ദേഹത്തിനു അറിഞ്ഞുകൂടാ എന്നും ആണല്ലൊ,

പ്രസിഡെന്റ്: ഒരാളിനെ ലിസ്റ്റിൽ കൊള്ളിച്ചിട്ടുണ്ടായിരുന്നു എന്നു ചീഫ് സെക്രിട്ടറി പറഞ്ഞതായിട്ടാണു ഞാൻ മനസ്സിലാക്കിയതു്.

മി: എം. ശിവതാണുപിള്ള (തോവാള): അവസാനം ആയിതിരഞ്ഞെടുത്ത അവസരത്തിൽ ആ ആളിനെ തിരഞ്ഞെടുക്കാതിരുന്നതിന്റെ കാരണം എന്തെന്നറിഞ്ഞാൽ കൊള്ളാം.

മി: കെ. ജാർജ്ജ് (ഗവണ്മെന്റ ചീഫ്സിക്രിട്ടറി): കാരണം എന്തായിരുന്നു എന്നുള്ളതു് ഇവിടെ പ്രസ്താവയോഗ്യമല്ല. തിരഞ്ഞെടുപ്പു കമ്മിററി ഈ സംഗതിയിൽ കഴിയുന്നത്ര ശ്രദ്ധയോടുകൂടി പ്രവർത്തിച്ചിട്ടുണ്ട്. തിരഞ്ഞെടുപ്പിൽ അവർ സ്വീകരിച്ചിരുന്നതായ നയങ്ങളൊ കാരണങ്ങളൊ ഇന്നിന്നവയായിരുന്നു എന്നു ഇപ്പോൾ പറവാൻ സാദ്ധ്യമല്ല.

മി: എം. ശിവതാണുപിള്ള (തോവാള): തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ആളുകൾ ഏതേതു സമുദായങ്ങളിൽ പെട്ടവരാണെന്നു അറിഞ്ഞാൽ കൊള്ളാം.

മി: കെ. ജോർജ്ജ് (ഗവൺമെൻറ് ചീഫ്സിക്രിട്ടറി): ഈ ചോദ്യത്തിനു മറുപടിപറവാൻ എനിക്കു ഇപ്പോൾ നിവൃത്തിയില്ല.

ചെങ്ങന്നൂരെ ഗ്രാൻറ്വൈദ്യൻെറ സ്ഥലംമാററം.

൧൬. മി: ജി. നാരായണപിള്ള (തിരുവല്ല):

(എ) യാതൊരു ഗ്രാൻറ്വൈദ്യനെയും അയാളുടെ ഹിതത്തിനു വിപരീതമായിഒരിടത്തുനിന്നും മറെറാരിടത്തേക്ക് സ്ഥലം മാററുകയില്ല എന്നുള്ള നയത്തെ ഗവൺമെൻറു സ്വീകരിച്ചിട്ടില്ലയോ?

(ബി) അങ്ങനെ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വൈദ്യൻ മി: മാധവക്കുറുപ്പിനെ ചെങ്ങന്നൂർ നിന്നും ചങ്ങനാശ്ശേരിക്കു സ്ഥലം മാററിയതു മുൻപറഞ്ഞ നയത്തിനു യോജിച്ച ഒരു പ്രവൃത്തിയാണൊ?

(സി) ഡിപ്പാർട്ടുമെൻറു സംബന്ധമായൊ ജനങ്ങളിൽ നിന്നൊ മി: കുറുപ്പിൻെറ മേൽ എന്തെങ്കിലും പരാതി ഉണ്ടായിട്ടുണ്ടോ?

(ഡി) മി: കുറുപ്പു ഈ സ്ഥലം മാററത്തെ സംബന്ധിച്ചു അദ്ദേഹത്തിനുണ്ടായിരുന്ന വിപരീതാഭിപ്രായത്തെ പ്രത്യക്ഷപ്പെടുത്തിയിട്ടില്ലയോ?

(ഇ) ചെങ്ങന്നൂർ ഉള്ള വൈദ്യശാല പണിയിക്കുന്നതിനും അതിലേക്കുവേണ്ട സാമഗ്രികൾ സംഭരിക്കുന്നതിനും മററുമായി മി: മാധവക്കുറുപ്പു ഒരു സംഖ്യ ചിലവാക്കിയിട്ടുള്ളതായും ആ സ്ഥലത്തുള്ള ജനങ്ങൾക്കു പൊതുവെ അദ്ദേഹത്തെ സംബന്ധിച്ചു സമ്മതമായിരുന്നതായും ഗവൺമെൻറിനു അറിവില്ലയോ?

(എഫ്) മി: കുറുപ്പിനെ സ്ഥലം മാററുന്നതിനുണ്ടായ കാരണങ്ങൾ എന്താണ്? അദ്ദേഹത്തിൻെറ സ്ഥലംമാററത്തെ പ്രതിക്ഷേപിച്ചുണ്ടായ ഹർജിയെ സംബന്ധിച്ചു ഗവൺമെൻറു എന്തു പ്രവർത്തിച്ചു?

മി: കെ. ജോർജ്ജ് (ഗവൺമെൻറു ചീഫ്സിക്രിട്ടറി):

(എ) ഇപ്രകാരം ഉള്ള യാതൊരു ക്ലിപ്തചട്ടങ്ങളും നടപ്പിൽ വരുത്തിയിട്ടില്ല.

(ബി) (എ) ഭാഗത്തിൻെറ മറുപടിയുടെ നിലക്കു ഈ ചോദ്യത്തിൻെറ ആവശ്യമേ ഇല്ല.

(സി) വൈദ്യശാല നടത്തിപ്പിൽ പറയത്തക്ക ഉൽഗമനം ഒന്നും ഇല്ലെന്നും വൈദ്യശാല സ്ഥാപിച്ചു നടത്തുന്നതിനു ശരിയായ കെട്ടിടം വൈദ്യൻ അവിടെ എങ്ങും ഇല്ല എന്നും വൈദ്യനിൽ പൊതുജനങ്ങൾക്കുണ്ടായിരുന്ന വിശ്വാസം അടിക്കടി കുറഞ്ഞുവന്നുകൊണ്ടിരിക്കുന്നു എന്നും ആയി ആയുർവേദഡയറക്ടർ റിപ്പോർട്ടു ചെയ്യുകയുണ്ടായി.

(ഡി) പിൻഗാമിയെ ചാർജ്ജ് ഏൽപ്പിച്ചതിനുശേഷം വൈദ്യൻ മി: മാധവക്കുറുപ്പ് രണ്ടു മാസത്തെ അവധി എടുക്കുകയും വൈദ്യനെ വീണ്ടും ചെങ്ങന്നൂരേക്കു സ്ഥലം മാററേണ്ടതാണെന്നു കാണിച്ചു ഒരു മെമ്മോറിയൽ സമർപ്പിക്കയും ചെയ്തു.

(ഇ) ഗവൺമെൻറിലേക്കു വൈദ്യൻ മി: മാധവക്കുറുപ്പു സമർപ്പിച്ചിരുന്ന മെമ്മോറിയലിൽ അയാളുടെ വൈദ്യശാലക്കുവേണ്ടി ൩൦൦ രൂപായോളം ചിലവാക്കിയിട്ടുള്ളതായി പ്രസ്താവിച്ചിട്ടുണ്ടായിരുന്നു. ചോദ്യത്തിൻെറ രണ്ടാം ഭാഗത്തെ സംബന്ധിച്ചിടത്തോളം മറുപടി നിഷേധരൂപത്തിൽ തന്നെയാണ്.

(എഫ്) ചോദ്യത്തിൻെറ പ്രഥമഭാഗത്തെ സംബന്ധിച്ചു ഈ നിയമസഭയുടെ കഴിഞ്ഞയോഗത്തിൽ വച്ചു മി: എം. എൻ. പിള്ള ചോദിച്ചിരുന്നതായ ൧൨൭ (ഡി) നമ്പർ നിവേദനത്തിനു ഗവൺമെൻറിൽനിന്നും നൽകിയ മറുപടിയെ നിയമസഭാ നടപടികൾ ൯-ാം വാല്യം ൩-ാം നമ്പർ ൪൬൯-ാം പുറത്തു അച്ചടിച്ചിട്ടുള്ളതിലേക്കു മെമ്പറിൻെറ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു. ആദ്യമായുണ്ടായ ഉത്തരവിനെ ഭേദപ്പെടുത്തുന്നതിനു തക്കതായ കാരണങ്ങൾ യാതൊന്നും ഇല്ലാതിരുന്നതിനാൽ അയാളെവീണ്ടും ചെങ്ങന്നൂരേക്കു സ്ഥലം മാററികിട്ടണമെന്നു കാണിച്ചു കൊടുത്തിരുന്ന അപേക്ഷകളെ തള്ളുകയാണു ചെയ്തത്.

മി: ജി. നാരായണപിള്ള (തിരുവല്ല): (എ) ഭാഗം ചോദ്യത്തിനു പറഞ്ഞമറുപടിയെ സംബന്ധിച്ചു വൈദ്യന്മാരെ അവരുടെ സ്വന്ത അപേക്ഷയിന്മേലോ അല്ലാത്തപക്ഷം ജനങ്ങളുടെ പരാതിയിന്മേലൊ അല്ലാതെ സാധാരണയായി അവരവർ ഇരിക്കുന്നസ്ഥലത്തുനിന്നും സ്ഥലംമാററാൻപാടില്ലാഎന്ന് ൧൦൯൪-ൽ ഒരു ഗവൺമെൻറു പ്രൊസീഡിംഗ്സ് ഉണ്ടായിട്ടുണ്ടൊ എന്നറിഞ്ഞാൽ കൊള്ളാം.

മി: കെ. ജോർജ്ജ് (ഗവൺമെൻറു ചീഫ്സെക്രിട്ടറി): ഇതിനുള്ള മറുപടി (എ) ഭാഗത്തിൽ പറഞ്ഞുകഴിഞ്ഞിരിക്കുന്നതായിട്ടാണ് എനിക്കു തോന്നുന്നതു. നിർബന്ധമായി ഇപ്രകാരം ഒരു ചട്ടം ഇല്ല.

മി: ജി. നാരായണപിള്ള (തിരുവല്ല): അപ്രകാരം ഒരു ഗവൺമെൻറു പ്രൊസീഡിംഗ്സ് ഇല്ല എന്നാണെന്നു ഞാൻ മനസ്സിലാക്കേണ്ടതു്?

മി: കെ. ജോർജ്ജ് (ഗവൺമെൻറു ചീഫ്സിക്രിട്ടറി): അങ്ങനെ തന്നെയാണു ഞാൻ പറഞ്ഞതു്.

മി: ജി. നാരായണപിള്ള (തിരുവല്ല): (ഇ) ഭാഗം ചോദ്യത്തിൻെറ-മറുപടിയെ സംബന്ധിച്ചു ആയുർവ്വേദഡയറക്ടർ എപ്പോഴെങ്കിലും അദ്ദേഹത്തിൻെറ ഇൻസ്പെക്ഷൻ നോട്ടുകളിൽ ഏതിലെങ്കിലും ഈ വൈദ്യനിൽ ജനങ്ങൾക്കുള്ള വിശ്വാസം ക്രമേണ കുറഞ്ഞുവരുന്നതായോ വൈദ്യശാലശരിയായ കെട്ടിടത്തിൽ സ്ഥാപിച്ചിട്ടില്ലെന്നോ അവിടെ വേണ്ടസാമഗ്രികൾ ഒന്നും ഇല്ലെന്നൊ റിമാർക്കുചെയ്യുന്നതിനു ഇടയായിട്ടുണ്ടൊ എന്നറിഞ്ഞാൽ കൊള്ളാം.

മി: കെ. ജോർജ്ജ് (ഗവൺമെൻറു ചീഫ് സിക്രട്ടറി): ഇതെസംബന്ധിച്ചു എനിക്കുയാതൊന്നും അറിഞ്ഞുകൂടാ. മുമ്പ് പറഞ്ഞതായ മറുപടി ഡയറക്ടർ അയച്ചുതന്നിട്ടുള്ള ഒരുറിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തി പറഞ്ഞിട്ടുള്ളതാണ്.

എഴുമററൂർ വിഷവൈദ്യശാലയിലെ വൈദ്യൻെറ ഗ്രാൻറ് വർദ്ധിപ്പിക്കണം.

൧൭. മി: ജി. നാരായണപിള്ള (തിരുവല്ല).

(എ) ഇക്കഴിഞ്ഞ ൧൧൦൦-ാമാണ്ടു് എഴുമററൂർ വിഷവൈദ്യശാലയിൽ എത്രരോഗികളെ ചികിത്സിച്ചു ഭേദമാക്കിയിട്ടുണ്ട്? ആ വൈദ്യശാലയിൽ കിടത്തി ചികിത്സിക്കേണ്ടിവന്നവരിൽ സാധുക്കളായരോഗികളുടെ ഭക്ഷണച്ചിലവിലേക്കായി വൈദ്യൻെറ കയ്യിൽനിന്നും എത്രപണം ചിലവായിട്ടുണ്ട്?

(ബി) ഈ വൈദ്യശാലക്ക മാസംതോറും എത്ര രൂപാവീതം ഗ്രാൻറ് അനുവദിച്ചിട്ടുണ്ട്?

(സി) ആചാരമുറയും പൊതുജനാഭിപ്രായഗതിയും അനുസരിച്ചു നോക്കുന്നപക്ഷം വിഷവൈദ്യന്മാർ ചികിത്സക്ക യാതൊരു പ്രതിഫലവും വാങ്ങാൻ പാടില്ലാത്തതാകുന്നു എന്നുള്ള സംഗതി ഗവണ്മെൻറിനു അറിയാമോ?

(ഡി) വൈദ്യശാലക്ക ഇപ്പോൾ നൽകിവരുന്ന ഗ്രാൻറിനെ ഗവണ്മെൻറിൽനിന്നും വർദ്ധിപ്പിക്കുമോ?

മി: കെ. ജാർജ്ജ് (ഗവണ്മെൻറ ചീഫ് സിക്രട്ടറി): (എ) ൧൧൦൧-ാമാണ്ടു എഴുമറ്റൂർ വിഷവൈദ്യശാലയിൽ ൨൨൩൪ പേരെ ചികിത്സിക്കയും ൨൨൨൩ പേരെ നിശ്ശേഷം ഭേദപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. രോഗികളെ ചികിത്സിക്കുന്നവിഷയത്തിൽ വൈദ്യന എത്ര രൂപാ ചിലവായിട്ടുണ്ടെന്നു പറവാൻ ഈ വൈദ്യശാല ഒരു ഗ്രാൻറ് സ്ഥാപനം ആകയാൽ അതിനെസംബന്ധിച്ചു ഗവണ്മെൻറിനു യാതൊരു ചുമതലയും ഇല്ലാത്തതിനാൽ നിവൃത്തിയില്ല.

(ബി) ൨൦ രൂപ.

(സി) ഇങ്ങിനെ എന്തോ ഒരു ആചാരമുറയുള്ളതായി ഗവണ്മെൻറ കേട്ടിട്ടുണ്ട്. പൊതുജനാഭിപ്രായഗതി വിഷവൈദ്യന്മാർ ചികിത്സക്ക പ്രതിഫലം വാങ്ങുന്നതിനു വിപരീതമായ നിലയിലാണെന്നു ഗവണ്മെൻറിനു അറിവില്ല. പ്രതിഫലം വാങ്ങുന്നതിൽനിന്നും ഗവണ്മെൻറ അവരെ നിരോധിച്ചിട്ടില്ല.

(ഡി) ഉയർന്ന ഗ്രേഡുകളിൽ ഒഴിവുകൾ ഉണ്ടാകുന്ന സന്ദർഭത്തിൽ ഈ വൈദ്യൻെറ അവകാശങ്ങളെപറ്റി ഗണിക്കുന്നതായിരിക്കും.

മദ്രാസിലെ മെഡിക്കലും എഞ്ചിനീയറിംഗും കാളേജുകളിൽ തിരുവിതാംകൂറുകാർക്കുള്ള പ്രവേശനം.

൧൮. മി: സി. പി. താമസ്. (നിയമിതമെമ്പർ):

(എ) മദ്രാസിലെ എഞ്ചിനീയറിംഗും മെഡിക്കലും കാളേജുകളിൽ പ്രത്യേകിച്ചു ഡിഗ്രിക്കോഴ്സിലേക്ക് തിരുവിതാംകൂർകാരായ വിദ്യാർത്ഥികൾക്ക പ്രവേശനം ലഭിക്കുക എന്നുള്ളതു മിക്കവാറും അസാദ്ധ്യം എന്നുള്ള നിലയിൽതന്നെ ഇരിക്കുന്നു എന്നുള്ളവസ്തുത ഗവണ്മെൻറിനു അറിയാമോ?

(ബി) ഇതിലേക്ക ഏതെങ്കിലും ശരിയായ ഒരു പരിഹാരം നിർദ്ദേശിക്കുന്നതിനു ഗവണ്മെൻറിനു ദയവുണ്ടാകുമോ?

മി: കെ. ജാർജ്ജ് (ഗവണ്മെൻറ ചീഫ് സിക്രട്ടറി):

(എ) മദ്രാസിലെ മെഡിക്കലും എഞ്ചിനീയറിംഗും കാളേജുകളിൽ തിരുവിതാംകൂറുകാരായ വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിക്കുന്നവിഷയത്തിൽ വളരെ ബുദ്ധിമുട്ടു നേരിട്ടുകൊണ്ടിരിക്കുന്നതായി ഗവണ്മെൻറിനു അറിയാം.

(ബി) ഇതിനെപ്പറ്റി ആലോചിക്കുന്നതായിരിക്കും

തിരുവല്ലായിൽ ഒരു മജിസ്ത്രേട്ട് കോടതി സ്ഥാപിക്കണം.

൧൯. മി: സി. പി. താമസ് (നിയമിതമെമ്പർ)

(എ) തിരുവല്ലായിൽ ഒരു മജിസ്ത്രേററുകോടതി സ്ഥാപിക്കേണ്ടതാണെന്നു കാണിച്ചു തുടർച്ചയായി അനേകം അപേക്ഷകൾ ഗവണ്മെൻറിനു കിട്ടിയിട്ടുണ്ടോ?

(ബി) കഴിയുന്നതും വേഗത്തിൽ ജനങ്ങളുടെ ഈ സങ്കടനിവൃത്തി വരുത്തുന്നതിനു ഗവണ്മെൻറിനു ദയവുണ്ടാകുമോ?

മി: കെ. ജാർജ്ജ് (ഗവണ്മെൻറ ചീഫ് സിക്രട്ടറി):

(എ) ഉണ്ട്.

(ബി) ഈ സംഗതി ഗവണ്മെൻറിൻെറ ശ്രദ്ധക്ക വിഷയീഭവിച്ചിരിക്കയാണു്.

സവർണ്ണഹിന്ദുക്കളെ ഗവണ്മെൻറ സർവീസിൽ നിയമിക്കുന്നതിനു എതിരായി ഉണ്ടായിട്ടുള്ള സർക്കുലർ ഉത്തരവു്.

൨൦. മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്):

(എ) സവർണ്ണഹിന്ദുക്കളെ ചില ഡിപ്പാർട്ടുമെൻറുകളിൽ നിയമിച്ചുകൂടാ എന്നായി ഏതെങ്കിലും ഡിപ്പാർട്ടുമെൻറ് മേലധികാരികൾക്കു ഗവണ്മെൻറിൽനിന്നും രഹസ്യ ഉത്തരവുകൾ അയച്ചിട്ടുണ്ടോ? അയച്ചിട്ടുണ്ടെന്നുള്ളതു പരമാർത്ഥംതന്നെയെങ്കിൽ ഏതെല്ലാം ഡിപ്പാർട്ടുമെൻറുകളിലേക്കാണു അപ്രകാരം ഉത്തരവുകൾ അയച്ചിട്ടുള്ളതു്? അങ്ങിനെ ഒരു ഉത്തരവു അയക്കുന്നതിനു ഗവണ്മെൻറിനെ പ്രേരിപ്പിച്ചകാരണങ്ങൾ എന്തായിരിക്കാം?

(ബി) ഭിന്നജാതികളിൽപെട്ട ആളുകളെ നിയമിക്കാമെന്നുള്ളതായ ഉദ്യോഗങ്ങളിൽ ആളുകളെ നിയമിക്കുന്നവിഷയത്തിൽ ഓരോരോ സമുദായക്കാർക്കും ഇത്രഭാഗംവീതം നൽകണമെന്നുള്ളതിനെ സംബന്ധിച്ചു എന്തെങ്കിലും ഒരുകണക്ക നിശ്ചയിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ മുൻപറഞ്ഞകണക്കുകളും അപ്രകാരം കണക്കുകൾ നിശ്ചയിക്കുന്നതിനുണ്ടായ കാരണങ്ങളും അടങ്ങിയ ഒരുലിസ്റ്റ് ഈ സമേമ്പാകെ ഹാജരാക്കാമോ?

മി: കെ. ജാർജ്ജ് (ഗവണ്മെൻറ ചീഫ് സിക്രട്ടറി):

(എ)യും (ബി)യും മറുപടികൾ നിഷേധരൂപത്തിൽ ആകുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സവർണ്ണഹിന്ദുക്കൾ ഒഴികെയുള്ള സമുദായക്കാർക്ക് പ്രത്യേകത നൽകേണ്ടതാണെന്നു ഒരു സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ടോ?

മി: കെ. ജാർജ്ജ് (ഗവണ്മെൻറ ചീഫ് സിക്രട്ടറി): അപ്രകാരം ഒരു സർക്കുലർ ഉണ്ടായിട്ടില്ല.

അനുബന്ധം ൧.

(൧-ാംനമ്പ്ര ചോദ്യത്തിന്റെ മറുപടി നോക്കുക)

വിദ്യാഭ്യാസ ഡയറക്ടരുടെ ആപ്പീസിലുള്ള സ്ഥിരം ക്ലെറിക്കൽസ്റ്റാഫിന്റെ ജാതി തിരിച്ചുള്ള ഒരു പട്ടിക.

നമ്പർ	പേര്	ഉദ്യോഗപ്പേര്	ശമ്പളതോതിൽ രൂപാ	ജാതി	റിമാർക്ക്
൧	എ. ജനാർദ്ദനയ്യർ	ഹെഡ് അക്കൌണ്ടന്റു ക്ലാർക്ക്	൭൫-൫-൧൦൦	ബ്രാഹ്മണൻ	
൨	എസ്. രാമലിംഗംഅയ്യർ		ടി	ടി	൬ മാസത്തേക്ക പ്രൊബേഷൻ ഇംഗ്ലീഷ്സ്കൂൾ ഇൻസ്പെക്ടരുടെ ആപ്പീസിൽ സ്ഥിരംഹെഡ്ക്ലാർക്ക്
൩	ജി. നാരായണയ്യർ	ടി	ടി	ടി	൩ വർഷത്തേക്ക പ്രൊബേഷനായി ഡെപ്യൂട്ട്ചെയ്തിരിക്കയാണ്
൪	ജി. നാരായണയ്യർ	ടി	൪൦-൫/൨-൭൦	ടി	൭൫-൫-൧൦൦ രൂപാ ശമ്പളത്തിൽ ക്ലാർക്കായിവേറെ ജോലിനോക്കുന്നു
൫	ആർ. രാമകൃഷ്ണയ്യർ	ടി	ടി	ടി	
൬	എ.സ്. നേശമണി	ടി	ടി	പ്രോട്ടസ്റ്റന്റ് ക്രിസ്ത്യാനി	
൭	കെ. ടി. ജാൺ	ടി	ടി	സിറിയൻ ക്രിസ്ത്യാനി	ഇംഗ്ലീഷ്സ്കൂൾഇൻസ്പെക്ടരുടെ ആപ്പീസിൽ ഹെഡ്ക്ലാർക്കായിമററ ജോലി നോക്കുന്നു
൮	പി. സുബ്രഹ്മണ്യയ്യർ	ടി	൨൫-൫/൩-൪൦	ബ്രാഹ്മണൻ	൪൦-൫/൨-൭൦ രൂപാശമ്പളത്തിൽ ക്ലാർക്കായിമററജോലി നോക്കുന്നു
൯	കെ. ആർ. നാരായണയ്യർ	ടി	ടി	ടി	ടി
൧൦	കെ. ആർ. വിശ്വനാഥസ്വാമി	ടി	ടി	ടി	പെൺപള്ളിക്കൂടം ഇൻസ്പെക്ട്രസ്സിന്റെ ആപ്പീസിൽ വേറെജോലി നോക്കുന്നു
൧൧	ആർ. ജനാർദ്ദനയ്യർ	ടി	ടി	ടി	
൧൨	എ. സീതാരാമയ്യർ	ടി	ടി	ടി	
൧൩	കെ. ശിവരാമകൃഷ്ണയ്യർ	ടി	ടി	ടി	
൧൪	ആർ. ഉമാമഹേശ്വരയ്യർ	ടി	ടി	ടി	
൧൫	വി. എസ്. രാമസ്വാമിഅയ്യർ	ടി	ടി	ടി	
൧൬	കെ. നീലകണ്ഠപ്പിള്ള	ടി	ടി	നായർ	കൃഷിഡയറക്ടരാഫീസിൽ വേറെജോലിയിൽ ഇരിക്കുന്നു
൧൭	എം. ചാക്കൊ	ടി	ടി	സിറിയൻക്രിസ്ത്യാൻ	
൧൮	കെ. രാമചന്ദ്രയ്യർ	ടി	ടി	ബ്രാഹ്മണൻ	
൧൯	പി. എൻ. ഗോവിന്ദപ്പിള്ള	ടി	ടി	നായർ	
൨൦	പി. വി. ഫർനാൻഡസ്	ടൈപ്പിസ്റ്റ്	൨൦-൩/൨-൩൫-൫/൩-൫൦	റോമൻകത്തോലിക്കാക്രിസ്ത്യാനി	
൨൧	ആർ. രംഗരാവു	ടി	ടി	ബ്രാഹ്മണൻ	
൨൨	വി. പത്മനാഭയ്യർ	ടി	ടി	ടി	
൨൩	കെ. കുഞ്ഞൻപിള്ള	ഓവർസീയർ	൫൦-൫-൭൦	നായർ	

രണ്ടാം അനുബന്ധം.

(൬-ാം നമ്പ്ര ചോദ്യത്തിന്റെ മറുപടി നോക്കുക)

പ്രൈവറായി നിശാപാഠശാലകൾ സ്ഥാപിക്കുന്നതിനെയും നടത്തുന്നതിനെയും സംബന്ധിച്ചു ൧൯൨൩ ഡിസെംബർ ൨-ാംനു- ഗവർമ്മെണ്ടിൽനിന്നും പാസാക്കിയ ചട്ടങ്ങൾ.

൧. കൂലിവേല ചെയ്യുന്നതായ ആളുകളുടെ ഉപയോഗത്തിലേക്കായി മററു പള്ളിക്കൂടങ്ങൾക്കു യാതൊരു ഉപദ്രവങ്ങളും നേരിടാത്ത വിധത്തിൽ വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിൽനിന്നും ലഭിക്കാവുന്ന ഗ്രാൻറിന്റെ സഹായത്തോടുകൂടി പ്രൈവറായി നിശാപാഠശാലകൾ ആർക്കും തുടങ്ങാമെന്നുള്ളതാണ്.

൨. നിശാപാഠശാലകൾ വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിലെ മലയാളവകുപ്പിൽ ആൺകുട്ടികളുടെ ശാഖയുടെ മേൽനോട്ടത്തിൽ ആയിരിക്കുമെന്നുള്ളതും അവ സ്ഥാപിക്കപ്പെട്ടിരിക്കുന്ന ഡിസ്ത്രിക്ടിലെ അസിസ്റ്റൻറു ഇൻസ്പെക്ടരുടെ അടുത്ത മേൽനോട്ടത്തിൻ കീഴിൽ ആയിരിക്കുമെന്നുള്ളതും ആകുന്നു.

൩. ഗ്രാൻറു ലഭിപ്പാൻ ആയി നിശാപാഠശാലകൾ സ്ഥാപിക്കുന്നതിനുള്ള അപേക്ഷകൾ നിശ്ചയിക്കപ്പെട്ടിട്ടുള്ള ഫാറത്തിൽ എഴുതി ഏതു ഡിസ്ത്രിക്ടിൽ പാഠശാല സ്ഥാപിക്കണമെന്നുദ്ദേശിക്കുന്നുവോ ആ ഡിസ്ത്രിക്ട് അസിസ്റ്റൻറു ഇൻസ്പെക്ടരുടെ കയ്യിൽ പള്ളിക്കൂടം തുടങ്ങണമെന്നുദ്ദേശിക്കുന്ന തീയതിക്കു മൂന്നുമാസംമുമ്പു കിട്ടത്തക്കവണ്ണം അയച്ചുകൊള്ളേണ്ടതാകുന്നു. ഇവയെ സംബന്ധിച്ചു അസിസ്റ്റൻറു ഇൻസ്പെക്ടരന്മാരുടെ റിപ്പോർട്ടു ലഭിച്ചതിനുമേൽ ഈ അപേക്ഷകളെപ്പററി മലയാളം സ്കൂൾ ഇൻസ്പെക്ടർ അവസാനതീർച്ച ചെയ്യുന്നതാണ്.

൪. വാടകക്കു എടുത്തതോ ഇതിലേക്കായി പ്രത്യേകം ഉണ്ടാക്കിയിട്ടുള്ളതോ ആയ നല്ല കെട്ടിടങ്ങളിലോ അധികൃതന്മാരുടെ അനുവാദമുള്ള പക്ഷം ദിവസപാഠശാലകളിലൊ നിശാപാഠശാലകൾ നടത്താമെന്നുള്ളതാകുന്നു.

൫. നിശാപാഠശാലകളിൽ വേണ്ട ഫർനിച്ചറുകളും തൃപ്തികരമായ വിധത്തിലുള്ള കൃത്യനിർവഹണത്തിന് ആവശ്യമായിട്ടുള്ള ഇതരസാമഗ്രികളും ഇവക്കു പുറമെ നല്ലവയും വേണ്ട പ്രകാരം ഉള്ളവയും ആയ വിളക്കുകളും ഉണ്ടായിരിക്കേണ്ടതാണ്.

൬. ൧൮ വയസ്സിൽ കൂടുതലുള്ള ഏതു പുരുഷനും സ്ത്രീക്കും ഈ പാഠശാലകളിൽ വിദ്യാർത്ഥികളായി പ്രവേശനം നൽകാമെന്നുള്ളതാകുന്നു.

൭. നിശാപാഠശാലാദ്ധ്യാപകന്മാർ ലൈസൻസു വാങ്ങുന്നതിനു വേണ്ട യോഗ്യതയുള്ളവരും ൨൫ വയസ്സിൽ ഒട്ടുംതന്നെ പ്രായം കുറവില്ലാത്തവരും ആയിരിക്കേണ്ടതാണ്. ഡിപ്പാർട്ടുമെൻറു വക പള്ളിക്കൂടങ്ങളിൽ ഉപാദ്ധ്യായന്മാർ ആയിരിക്കുന്നവരെ സ്ഥലത്തെ സ്കൂൾ അസിസ്റ്റൻറു ഇൻസ്പെക്ടരുടെ അനുവാദത്തോടുകൂടിയല്ലാതെ നിശാപാഠശാലകളിലെ ഉപാദ്ധ്യായന്മാരായിരിക്കാൻ അനുവദിക്കാൻ പാടുള്ളതല്ല.

൮. നിശാപാഠശാലകളിലെ ഓരോ ക്ലാസ്സിലും ൨൦-ൽ കുറയാതെയും ൪൦-ൽ കവിയാതെയും വിദ്യാർത്ഥികൾ ഉണ്ടായിരിക്കേണ്ടതാകുന്നു.

൯. ഒരു വർഷത്തിൽ ൧൬൦-ൽ കവിയാതെയുള്ള ദിവസങ്ങളിൽ നിശാപാഠശാലകളിൽ പഠിത്വം ഉണ്ടായിരിക്കേണ്ടതാണ്. ഏതെതു ദിവസങ്ങളിൽ സ്കൂൾ ഉണ്ടായിരിക്കുന്നതാണെന്നുള്ളതിനെപ്പററിയുള്ള ഒരു ലിസ്റ്റ് സ്ഥലവാസികൾക്കു അറിവാക്കി തയ്യാറാക്കി അതാതു സ്കൂളുകളിലെ മാനേജരന്മാർ ഓരോ ആണ്ടിലും പ്രസിദ്ധം ചെയ്യേണ്ടതാകുന്നു. ഞായറാഴ്ചകളിലൊ മററു അംഗീകരിക്കപ്പെട്ടിട്ടുള്ള അവധി ദിവസങ്ങളിലൊ നിശാപാഠശാലകൾ നടത്തപ്പെടുവാൻ പാടുള്ളതല്ല.

൧൦. രാത്രിയിൽ ൭ മണിക്കുമേൽ ൧൦ മണിക്കകമായി ൨ മണിക്കൂറിൽ കുറയാതെയും മൂന്നു മണിക്കൂറിൽ കവിയാതെയും സമയം വിദ്യാഭ്യാസം ചെയ്യിക്കേണ്ടതാകുന്നു.

൧൧. നിശാപാഠശാലകളിലെ പാഠപദ്ധതി അവിടത്തെ വിദ്യാഭ്യാസം രണ്ടു വർഷകാലംകൊണ്ടു പൂർണ്ണമാകത്തക്കവിധത്തിൽ രൂപീകരിക്കേണ്ടതാകുന്നു.

൧൨. വായന, എഴുത്തു, കണക്ക് ഈ വിഷയങ്ങളിൽ പ്രയാസം കുറഞ്ഞ പാഠങ്ങൾ, ചരിത്രസംബന്ധമായി പ്രാധാന്യമുള്ള കഥകൾ, ആരോഗ്യരക്ഷാശാസ്ത്രം, രോഗിശുശ്രൂഷണം ഇവയിലെ പ്രഥമ ഭാഗങ്ങൾ ഇവയായിരിക്കും. നിശാപാഠശാലകളിൽ പഠിപ്പിക്കാനുള്ള വിഷയങ്ങൾ, പാഠപദ്ധതി അസിസ്റ്റൻറു ഇൻസ്പെക്ടരുടെ അംഗീകരണത്തിനായി അയച്ചുകൊടുക്കേണ്ടതാണ്.

൧൩. ഗ്രാൻറിനുള്ള അപേക്ഷകൾ പ്രൈവററ് ഡെ സ്കൂളുകളുടെ ഉപയോഗത്തിലേക്കായി നിശ്ചയിച്ചിട്ടുള്ള ഫാറത്തിൽ പാഠശാലകൾ തുടങ്ങി ൩ മാസത്തിന് ശേഷം അസിസ്റ്റൻറു ഇൻസ്പെക്ടരന്മാർക്കു അയച്ചുകൊടുത്തുകൊള്ളേണ്ടതാകുന്നു.

൧൪. സഹായധനത്തിനുള്ള അപേക്ഷകളിന്മേൽ അസിസ്റ്റൻറു ഇൻസ്പെക്ടരന്മാരുടെ റിപ്പോർട്ടുകളെപ്പററി അവസാനതീർച്ച ചെയ്യുന്നതു മലയാളം സ്കൂൾ ഇൻസ്പെക്ടർ ആയിരിക്കുമെന്നുള്ളതും സഹായധനം താഴെ പറയുന്നക്രമം അനുസരിച്ചു ആയിരിക്കുമെന്നുള്ളതും ആകുന്നു.

(എ) (൧) ഡെ സ്കൂളിൽ ജോലിയുള്ള ഓരോ ഉപാദ്ധ്യായനും ൩ രൂപാ ക്രമം അനുസരിച്ചും

(൨) മററു യാതൊരു ജോലിയും ഇല്ലാത്ത ഉപാദ്ധ്യായനു ൫ രൂപാ ക്രമം അനുസരിച്ചും

(ബി) മാസം ഒന്നുക്കു പതിനഞ്ചോ അതിൽ കൂടുതലൊ രാത്രികളിൽ പാഠശാല നടത്തിയിട്ടുള്ളപക്ഷം അപ്രകാരം ഉള്ള ഓരോ മാസത്തിലും വിളക്കുവയ്പു ചിലവിലേക്കു ഓരോ രൂപാ ക്രമം അനുസരിച്ചും സഹായധനം അനുവദിക്കേണ്ടതാകുന്നു.

പ്രൈവററായി നിശാപാഠശാലകൾ തുടങ്ങുന്നതിലേക്കു അനുവാദത്തിനുള്ള അപേക്ഷ.

൧. മാനേജരുടെ പേരും മേൽവിലാസവും.
൨. സ്കൂളിന്റെ സ്ഥാനം... ... ...കര ... ...പകുതി ... ...താലൂക്ക്.
൩. മററു സ്കൂളുകളെ സംബന്ധിച്ചു ഈ സ്കൂളിന്റെ സ്ഥാനം.
൪. സ്കൂൾ സ്ഥാപിക്കാനുള്ള ആവശ്യം.
൫. സ്കൂൾ എന്നു മുതൽ തുടങ്ങുവാൻ നിശ്ചയിച്ചിരിക്കുന്നു.

൩. സ്കൂളിൽ എല്ലാ ഇനക്കാൎക്കും പ്രവേശനം നൽകുമോ? ഇല്ലെങ്കിൽ ഏതുജനങ്ങൾക്കു പ്രവേശനം നിരോധിക്കുന്നു.

൪. ഏതെങ്കിലും ഒരു പ്രത്യേക ഇനക്കാൎക്കു വേണ്ടിയാണോ സ്കൂൾ തുടങ്ങുന്നതു്? അങ്ങിനെയാണെങ്കിൽ ആൎക്കുവേണ്ടിയാണ്?

൫. പണത്തെ സംബന്ധിച്ചിടത്തോളം സ്കൂളിനെ ശരിയായ രീതിയിൽ നടത്തിക്കൊണ്ടുപോകുന്നതിനു അപേക്ഷകന്മാരുടെ ത്രാണിയെപ്പറ്റി എന്തു ഉറപ്പു നൽകാൻ കഴിയും.

൬. തുടങ്ങുമ്പോൾ ഉണ്ടായിരിക്കുമെന്നുദ്ദേശിക്കുന്ന വിദ്യാൎത്ഥികളുടെ എണ്ണം.

൭. സ്ഥാപനത്തിന്റെ സൌകൎയ്യങ്ങൾ.

സഭമുമ്പാകെ ഹാജരാക്കിയ സ്റ്റേറ്റുമെന്റു.

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവൺമെന്റു ഫിനാൻഷ്യൽ സെക്രട്ടറി): ൧൦൯൭-ലെ രണ്ടാംറെഗുലേഷനായ നിയമസഭാറെഗുലേഷനിലെ ൧൩-ാംവകുപ്പു ൪-ാംഖണ്ഡപ്രകാരം ഗവൺമെണ്ടിൽനിന്നും അധികാരപ്പെടുത്തിയിട്ടുള്ള ചിലവിനെ സംബന്ധിച്ച സ്റ്റേറ്റുമെന്റുനിയമസഭാചട്ടങ്ങളിൽ ൭൫-ാം ചട്ടംഅനുസരിച്ചു ഞാൻ സഭമുമ്പാകെ ഹാജരാക്കിക്കൊള്ളുന്നു.

ഇനം	[illegible]			റിമാൎക്ക്
	രൂപാ	ച.	കാ.	
രണ്ടാംനമ്പ്ര ഡിമാന്റു—വിദ്യാഭ്യാസം.	൩൭൭൩	൧൩	...	തിരുവിതാംകൂർ ബായിസ്കൌട്ട്സ് അസോസിയേഷന്റെ ഹെഡ്ക്വാർട്ടേഴ്സ് കൌൺസിലിനു സിൽബന്തിച്ചെലവിനും ആൎഗ്ഗനൈസിങ്ങ് സ്കൌട്ട്മാസ്റ്ററുടെ ശമ്പളത്തിനും ആയി അനുവദിക്കപ്പെട്ടിട്ടുള്ളതു്.
൩-ാംനമ്പ്രഡിമാൻഡ്—വനം.	൧൪൦൦	...	...	കുടിയാനവന്മാരുടെ പുരയിടങ്ങളിൽനിന്നും മുറിപ്പിച്ചിട്ടുള്ള രാജകീയവൃക്ഷങ്ങളുടെ കുടിവില കൊടുത്തുതീൎക്കുന്നതിനെ സംബന്ധിച്ചുള്ള ജോലിക്കു കൂടുതലായി നിയമിച്ചിട്ടുള്ള താൽക്കാലിക സ്റ്റാഫിനു ൧൧൦൫-ാമാണ്ടു അവസാനംവരെയ്ക്കും കൺസർവെറ്റർആഫീസിലും ഡിവിഷൻഫാറസ്റ്റാഫീസുകളിലും വച്ചുകൊണ്ടിരിക്കുന്നതിലേക്ക്.

പ്രസിഡന്റു്: മെമ്പറന്മാർ നോട്ടീസുനൽകിയിട്ടുള്ള ചോദ്യങ്ങളെ അനുവദിക്കാതിരിക്കുന്നതിനൊ ഭേദപ്പെടുത്തുന്നതിനൊ ഭേദപ്പെടുത്തുന്നതിനായി തിരിയെകൊടുക്കുന്നതിനൊ ഉള്ള അധികാരം പ്രസിഡണ്ടിനു ഉണ്ടൊ ഇല്ലയൊ എന്നുള്ളതിനെപ്പറ്റി അറിയണമെന്നായി മിസ്റ്റർ കെ. ഐ. ജോസഫ് ഈ സഭയുടെ കഴിഞ്ഞ യോഗത്തിൽവച്ചു ആവശ്യപ്പെടുകയും ഈ യോഗത്തിൽവച്ചു അതേസംബന്ധിച്ചു ശരിയായ ഒരു മറുപടി പറയാമെന്നു ഞാൻ പറകയും ചെയ്തിട്ടുണ്ടായിരുന്നല്ലൊ. നിയമസഭാചട്ടങ്ങളിൽ ൧൦-ം ൧൧-ം ചട്ടങ്ങളിൽ വിശദമായി പ്രസ്താവിച്ചിട്ടുള്ളതുപോലെ പ്രസിഡണ്ടിനു ഈ അധികാരം ഉണ്ടെന്നുതന്നെ ഞാൻ ഇപ്പോൾ തീരുമാനിക്കുന്നു.

സപ്ലിമെന്ററി ഗ്രാന്റുകൾക്കുള്ള ഡിമാന്റുകൾ.

ഡിമാന്റ് ൧. പൊതുമരാമത്തുഡിപ്പാർട്ടുമെന്റ്.

മി: കെ. വി. നടേശഅയ്യർ (ചീഫ്എഞ്ചിനീയർ): ആലപ്പുഴ ചേൎത്തലറോഡിൽ ൪-ാമത്തെ മൈൽമുതൽ ൧൫-ാമത്തെ മൈൽവരെയുള്ള റോഡുവെട്ടുന്നതിലേക്കായി ൯-ാംനമ്പ്രഡിമാന്റായ പൊതുമരാമത്തുഡിപ്പാർട്ടുമെണ്ടിലേക്കു ൭,൫൦൦ രൂപായിൽ കവിയാതെയുള്ള ഒരു തുക അനുവദിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

ഗതാഗതസൌകൎയ്യങ്ങളെ സംബന്ധിച്ചിടത്തോളം ചേൎത്തലയുള്ള ജനങ്ങൾ വളരെ ബുദ്ധിമുട്ടിക്കൊണ്ടിരിക്കയാണ്. ചേൎത്തലയുള്ള മണൽപ്രദേശങ്ങളിൽ റോഡുവെട്ടുന്ന വിഷയത്തിൽ അതിലേക്കു ആവശ്യമുള്ള മിക്ക സാമാനങ്ങളും വേമ്പനാട്ടുകായലിന്റെ കിഴക്കേക്കരയിൽനിന്നും കൊണ്ടുവരേണ്ടതായിരിക്കുന്നതുകൊണ്ടു രാജ്യത്തിലുള്ള മറ്റുഭാഗങ്ങളിലേക്കാൾ കൂടുതൽ പണച്ചിലവുവരേണ്ട വരുമെന്നുള്ളതുകൊണ്ടു ആലപ്പുഴയും ചേൎത്തലയും തമ്മിൽ ഒരു തോടുമൂലം ഘടിപ്പിക്കുന്നപക്ഷം ആയതു ജനങ്ങളുടെ ഗതാഗതസംബന്ധമായ ബുദ്ധിമുട്ടുകളെ വളരെ കുറക്കുന്നതായിരിക്കും എന്നു ആദ്യകാലത്തു വിചാരിച്ചിരുന്നു. എന്നാൽ ഈ വേല കുറെ ചെയ്തുകഴിഞ്ഞപ്പോൾ ആലപ്പുഴയും ചേൎത്തലയും തമ്മിൽ ഒരു തോടുകൊണ്ടു ഘടിപ്പിക്കുന്നതിനേക്കാൾ എത്രയോ ചുരുങ്ങിയ ചിലവുകൊണ്ടു ചേൎത്തലതാലൂക്കിൽ മുഴുവനും ഓരോ പ്രദേശങ്ങളിൽനിന്നും മറ്റോരോ ഭാഗങ്ങളിലേക്കു അനേകം റോഡുകൾ വെട്ടുവാൻ സാധിക്കുന്നതാണെന്നു തെളിഞ്ഞു. ഒരു തോടിനെ മണൽപ്രദേശത്തു ഉപയോഗപ്രദമായ വിധത്തിൽ സംരക്ഷിച്ചുകൊണ്ടുപോകുന്നതിനു തന്നെ വളരെ ചെലവു വേണ്ടിവരുമെന്നുള്ളതാകുന്നു. ദിവാൻജിയും, ദിവാൻപേഷ്കാരും ചേൎത്തല താലൂക്കിലെ നിയമസഭാമെമ്പരും ഞാനും കൂടി ഈ തോടു സംബന്ധിച്ചുള്ള വേല ൧൫-ാം ആഗസ്റ്റിനു പരിശോധിക്കുകയുണ്ടായി. ഈ വിഷയത്തെ സംബന്ധിച്ച വേണ്ടവ

പ്രതിവാദം നടത്തിയതിന്റെശേഷം തോടു തീർക്കുന്നതിനായി കൂടുതൽ പണം വ്യയം ചെയ്തിട്ടു കാര്യം ഇല്ലെന്നും റോഡുവെട്ടുന്ന വിഷയത്തിൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണെന്നും തീരുമാനിച്ചു.

ആലപ്പുഴനിന്നും വടക്കോട്ടു മൂന്നുമൈൽദൂരവും, ചേർത്തലനിന്നും തെക്കോട്ടു രണ്ടു മൈൽദൂരവും തോടു തീർന്നിട്ടുണ്ട്. കാലക്രമംകൊണ്ടു ചെറിയ തോടുകൾമൂലം ഇവയെ കായലുമായി ബന്ധിപ്പിക്കയും ചെയ്യും. ചേർത്തല-ആലപ്പുഴതോടിൽ ഇനി ൮ മൈൽദൂരം വെട്ടേണ്ടതായുണ്ട്. അതിലേക്കു ൮ ലക്ഷംരൂപായിൽ കുറയാതെ ചെലവുവരുമെന്നാണു കണക്കുനോക്കിയതിൽ കാണുന്നത്. ആലപ്പുഴ-ചേർത്തലറോഡിനു ആകെ ൧൫ മൈൽ നീളമുള്ളതിൽ ആലപ്പുഴനിന്നും വടക്കോട്ടും ചേർത്തല നിന്നു തെക്കോട്ടും ആയി ൯ മൈൽ റോഡ് ഇപ്പോൾ തീർന്നിട്ടുള്ളതും ഇനി ൪-ാമത്തെ മൈൽമുതൽ ൧൦-ാമത്തെ മൈൽ വരെയുള്ള ൬ മൈൽ ദൂരംമാത്രം റോഡുവെട്ടുവാനുള്ളതും ആകുന്നു. ൪-ാമത്തെ മൈൽ മുതൽ ൮-ാമത്തെ മൈൽവരെ റോഡുവെട്ടുന്നതിലേക്കായി ൧൮൧൦൦ രൂപാക്കുള്ള എസ്റ്റിമേററ അനുവദിച്ചു കിടപ്പുണ്ട്. ബാക്കിയുള്ള ൪ മൈൽദൂരത്തേക്കു ൧൪൦൦൦ രൂപാ വേണ്ടിവരുമെന്നാണു കണക്കാക്കിട്ടുള്ളത്. ഈ ആണ്ടിൽ ഈ ജോലി തുടങ്ങി അവസാനിപ്പിക്കുന്നതിലേക്കു ഉപയോഗിക്കാവുന്നതായി മററിനങ്ങൾക്കു അനുവദിക്കപ്പെട്ടിട്ടുള്ളവകയിൽ ൫൦൦൦ രൂപായുള്ളതായി കാണുന്നുണ്ട്. ചേർത്തലക്കാരായ പ്രജകൾക്കു തോടുകളും റോഡുകളും ഉണ്ടാക്കിക്കൊടുക്കുവാൻ ഇത്രവളരെനാൾ താമസിച്ചിരിക്കുന്നസ്ഥിതിക്കു ഈ ആണ്ടിൽതന്നെ ആലപ്പുഴ-ചേർത്തലറോഡെങ്കിലും തീർത്തുകൊടുക്കേണ്ടതു വളരെ അത്യാവശ്യമായിട്ടുള്ളതാണെന്നാണു ഗവർമ്മെണ്ടിന്റെ അഭിപ്രായം. ഈ വകക്കു ഇനി ൪൭൧൦൦ രൂപാ ബാക്കി വേണ്ടിയിരിക്കുന്നതിനാൽ ആ തുകയെ സപ്ളിമെന്ററിഗ്രാന്റായി അനുവദിക്കണമെന്നു അപേക്ഷിക്കുന്നു.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഈ റോഡിനു ഒരു എസ്റ്റിമേററ തയ്യാറാക്കീട്ടുണ്ടോ എന്നു മിസ്റ്റർ നടേശയ്യരിൽനിന്നും അറിഞ്ഞാൽകൊള്ളാം.

മി: കെ. വി. നടേശയ്യർ (ചീഫ്എഞ്ചിനീയർ): ൪-ാമത്തെ മൈൽ മുതൽ ൮-ാമത്തെ മൈയിൽവരെ റോഡുവെട്ടുന്നതിനു ൧൮൧൦൦ രൂപാക്കുള്ള ഒരു എസ്റ്റിമേററ അനുവദിച്ചിട്ടുള്ളതായി ഞാൻ മുമ്പുതന്നെ പറഞ്ഞുവല്ലോ. ൯ മുതൽ ൧൦ വരെ മൈലിലേക്കു എസ്റ്റിമേററ തയ്യാറാക്കി അയയ്ക്കണമെന്നു ഞാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഒരുമാസത്തിനകം ഞാൻ ആയ്തിനെ ഗവർമ്മെണ്ടിലേക്കു അനുവാദത്തിനായി സമർപ്പിക്കാമെന്നും വിചാരിക്കുന്നു.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഈ റോഡ് തീർന്നുകഴിഞ്ഞാൽ ചേർത്തല ടൌൺവരെയുള്ള ഗതാഗതത്തിനു ഉപയോഗപ്രദമായിരിക്കുമൊ എന്നറിഞ്ഞാൽ കൊള്ളാം.

മി. കെ. വി. നടേശയ്യർ (ചീഫ് എൻജിനീയർ) ഉവ്വ്. ലൈററ് ട്രാഫിക്കിനു ഉപയോഗപ്രദമായിരിക്കും.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല). ലൈററ ട്രാഫിക് എന്നു പറഞ്ഞതുകൊണ്ടു എന്തിനെയാണ് വിവക്ഷിക്കുന്നതു എന്നു ചീഫ് എൻജിനീയർ ദയവുചെയ്തു വിവരിക്കുമൊ?

മി. കെ. വി. നടേശയ്യർ (ചീഫ് എൻജിനീയർ). അതായതു സാധാരണമോട്ടർകാറുകൾക്കും അശ്വാസനകാറുകൾക്കും ഗതാഗതയോഗ്യമായിരിക്കുമെന്നാണു ഞാൻ ഉദ്ദേശിക്കുന്നത്.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): കൊച്ചിയുടെ തെക്കേഅററം വരെ ഈ റോഡിനെ വടക്കോട്ടുനീട്ടുമൊ?

മി. കെ. വി. നടേശയ്യർ (ചീഫ് എൻജിനീയർ). ഉവ്വ്. ചേർത്തലനിന്നും അരൂരേക്കുള്ള റോഡിൽ കല്ലിട്ടുറപ്പിക്കുന്നതിനുള്ള എസ്റ്റിമേററ് അനുവദിച്ചു കിടപ്പുണ്ട്. അതിൽ ആദ്യത്തെ ഭാഗമായ മൂന്നു മൈലൽ ജോലിതുടങ്ങി നടന്നുവരികയാണ്. അരൂർ മുതൽ കുത്തിയതോടുവരെയുള്ള റോഡിന്റെ വേലയുംഈ ആണ്ടിൽതന്നെ ആരംഭിക്കണമെന്നു നിശ്ചയിച്ചിരിക്കയാണ്.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല). അങ്ങിനെയാണെങ്കിൽ ചേർത്തലമുതൽ അരൂർവരെയുള്ള റോഡിലേക്കുള്ള എസ്റ്റിമേററിനെ ഒന്നുകൂടി പരിശോധിച്ചു പുതുക്കുന്നതിന് ദയവുണ്ടാകുമൊ.

മി. കെ. വി. നടേശയ്യർ (ചീഫ് എൻജിനീയർ). ഇപ്പോൾ അനുവദിച്ചിട്ടുള്ള എസ്റ്റിമേററ് ഒരുവണ്ടിപ്പാത ഉണ്ടാക്കുന്നതിലേക്കുമാത്രം കണക്കാക്കിയിട്ടുള്ളതാകുന്നു.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല). ചരലിടുന്നതിന്റെ ഉയരം ൪ ഇഞ്ചു മാത്രമേ ഉള്ളു. വീതി കാർവണ്ടികൾക്കും മററുവണ്ടികൾക്കും പോകുന്നതിനു ഉപയോഗപ്രദമായിരിക്കത്തക്കവണ്ണം ഇല്ല. ഈ കാരണങ്ങളാൽ എസ്റ്റിമേററിനെ ഒന്നുകൂടി പരിശോധിച്ചു പുതുക്കുന്നതിനു ദയവുണ്ടാകുമൊ?

മി. കെ. വി. നടേശയ്യർ (ചീഫ് എൻജിനീയർ). പത്തടി വീതിക്കു ചരൽഇട്ടുറപ്പിക്കണമെന്നാണ് നിശ്ചയിച്ചിട്ടുള്ളത്. ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള എസ്റ്റിമേററ അനുസരിച്ചുള്ള വേല ചെയ്തുതീർന്നതിനുശേഷം മാത്രമേ തലച്ചുമടുവഴി സാമാനങ്ങൾകൊണ്ടു വരുന്നതിനെ നിറുത്തി കാളവണ്ടികളിൽ സാമാനങ്ങൾകൊണ്ടു വരുന്നതിനും വേലയുടെ പ്രാരംഭത്തിനെക്കാൾ കൂടുതൽ ലാഭമായ വിധത്തിൽ ചെയ്തുതീർക്കുന്നതിനും സാധ്യമാകയുള്ളു എന്നുള്ളതുകൊണ്ട് അപ്പോൾ മാത്രമേ കൂടുതൽ ഘനത്തിൽ ചരലിടുവാൻ സാധിക്കയുള്ളു. അപ്പോൾ അങ്ങിനെ ചെയ്കയും ചെയ്യാം.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല). ആലപ്പുഴ-ചേർത്തല റോഡിനുള്ള എസ്റ്റിമേററിൽ റോഡിന്റെ രണ്ടു വശങ്ങളേയും ചെങ്കല്ലുകൾകൊണ്ടു സുരക്ഷിതമാക്കിവെച്ചുള്ളതിലേക്കുള്ള ചെലവുകൂടി ഉൾപ്പെടുത്തിയിട്ടുണ്ടൊ.

മി. കെ. വി. നടേശയ്യർ (ചീഫ് എൻജിനീയർ). ഉണ്ട്. വേണ്ടപ്രകാരത്തിൽ എല്ലാം സുരക്ഷിതമാക്കിച്ചെയ്യുന്നതായിരിക്കും.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല). മഴക്കാലത്തു റോഡിനെ വെള്ളം എടുത്തുകൊണ്ടു പോകുമെന്നു സംശയിക്കേണ്ടിയിരിക്കുന്നില്ലയോ.

മി. കെ. വി. നടേശയ്യർ (ചീഫ് എൻജിനീയർ), റോഡിൽ മണൽകൊണ്ടു ചെയ്തിട്ടുള്ള ഭാഗങ്ങൾ ഒരുപക്ഷെ ഒലിച്ചു പോയേക്കാം. കല്ലിട്ടുറപ്പിച്ചിട്ടുള്ള ഭാഗം ഒരിക്കലും ഒലിച്ചു പോകയില്ല.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല). അരൂർക്കുത്തിയ റോഡിനെ ചീഫ് എൻജിനീയർ സ്ഥലത്തുപോയി പരിശോധിച്ചിട്ടുണ്ടോ.

മി. കെ. വി. നടേശയ്യർ (ചീഫ് എൻജിനീയർ). അരൂർക്കുത്തിയ റോഡിനെ എന്നല്ല മററു റോഡുകളേയും ഞാൻ പരിശോധിച്ചിട്ടുണ്ട്.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല). അവിടത്തെ റോഡിൻെറ സ്ഥിതി തൃപ്തികരമായിട്ടാണൊ തോന്നിയത്.

മി. കെ. വി. നടേശയ്യർ (ചീഫ് എൻജിനീയർ) അതെ തൃപ്തികരമായി തന്നെ കാണപ്പെട്ടു.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല). റോഡ് ഭാരവണ്ടികൾക്കു ഗതാഗതം ചെയ്യുന്നതിനു വളരെ പ്രയാസമായ നിലയിലല്ലയോ കാണപ്പെട്ടത്.

മി. കെ. വി. നടേശയ്യർ (ചീഫ് എൻജിനീയർ) ഭാരവണ്ടികളുടെ ഉപയോഗം ആ സ്ഥലത്തു ക്രമേണ ഉണ്ടായിവരുന്നതേയുള്ളു. ഇതിലേക്കു വളരെ ബുദ്ധിമുട്ടുണ്ടെന്നു കാണുന്ന അവസരത്തിൽ അതിലേക്കു വേണ്ടതു ചെയ്യുന്നതായിരിക്കും.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല). ഇതേവരെ ചെയ്തിട്ടുള്ള പണി തീരെ തൃപ്തികരമായിരിക്കുന്നില്ലെന്നു ജനങ്ങളുടെ ഇടയിൽനിന്നും പരാതികൾ ഉണ്ടായിട്ടില്ലയോ.

മി. കെ. വി. നടേശയ്യർ (ചീഫ് എൻജിനീയർ). ഉണ്ടായിരുന്നു. എന്നാൽ വേലകൾ ശരിയായിട്ടുതന്നെ ചെയ്തുതീർത്തിട്ടുള്ളതായി എക്സിക്യൂട്ടീവ് എൻജിനീയർ റിപ്പോർട്ടു ചെയ്തിട്ടുണ്ട്.

മി. കെ. ശിവരാമപണിക്കർ (ചേർത്തല). തന്നെത്താൻ പോയി നോക്കി അതിനെപ്പററി തീരുമാനിക്കാൻ കഴിവില്ലയോ.

മി. കെ. വി. നടേശയ്യർ (ചീഫ് എൻജിനീയർ). ഇനിയും പരാതി വരുന്നപക്ഷം നിശ്ചയമായും ഞാൻ സ്ഥലത്തുപോയി പരിശോധിക്കുന്നതായിരിക്കും. ഇപ്പോൾ ഏതു സ്ഥിതിയിൽ ഇരിക്കുന്നു എന്നുള്ളതിനെക്കുറിച്ചു റിപ്പോർട്ടു ചെയ്യണമെന്നായി ഞാൻ എക്സിക്യൂട്ടീവ് എൻജിനീയർക്കു എഴുതിയിട്ടുണ്ട്.

മി. കെ. ശിവരാമപണിക്കർ (ചേർത്തല). ചീഫ് എൻജിനീയരുടെ കാർ കൊണ്ടു പൊയ്ക്കൂടയൊ?

മി. കെ. വി. നടേശയ്യർ (ചീഫ് എൻജിനീയർ): ഏതു വഴിയിൽക്കൂടി?

മി. കെ. ശിവരാമപണിക്കർ (ചേർത്തല). ആ സ്ഥലത്തു സാധാരണയായി വരാതിരിക്കുന്നതിനുള്ള കാരണം അതായിരിക്കാമൊ.

മി. കെ. വി. നടേശയ്യർ (ചീഫ് എൻജിനീയർ). യഥാർത്ഥത്തിൽ ആവശ്യമുണ്ടെന്നു കാണുന്നപക്ഷം ഏതുസമയവും സ്ഥലപരിശോധന നടത്താൻ ഞാൻ ഒരുക്കമാണ്. സാധാരണയായി പരിശോധിക്കുന്നുണ്ടോ ഇല്ലയോ എന്നുള്ളതിനെ പററിയല്ല ഇങ്ങിനെയുള്ള സന്ദർഭങ്ങളിൽ ആലോചിക്കേണ്ടതു്.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല). റോഡ് ശരിയായവിധത്തിൽ പണിചെയ്യുന്നുണ്ടോ ഇല്ലയൊ എന്നു നിശ്ചയം വരുത്തുന്നതിലേക്കായി ചീഫ് എൻജിനീയർ ദയവു ചെയ്തു സ്ഥലപരിശോധന നടത്തുമൊ?

മി. കെ. വി. നടേശയ്യർ (ചീഫ് എൻജിനീയർ). കഴിയുന്നിടത്തോളം വേഗത്തിൽ സ്ഥലപരിശോധന നടത്താൻ ശ്രമിക്കാം.

മി. കെ. ശിവരാമപണിക്കർ (ചേർത്തല). റോഡ് പൂർത്തിയാകുന്നതിനു ഇനി എത്രകാലം വേണ്ടിവരും.

മി. കെ. വി. നടേശയ്യർ (ചീഫ് എൻജിനീയർ). റോഡ് മിക്കവാറും തീർന്നിരിക്കുന്നതായിട്ടാണ് എൻെറ അറിവ്.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): കുറെ സ്ഥലംകൂടി ഇനി ഗവൺമെൻറിലേക്കു വാങ്ങേണ്ടതായിരിക്കുന്നു എന്നു അറിയാമൊ?

മി: കെ. വി. നടേശയ്യർ (ചീഫ് എഞ്ചിനീയർ): ഉണ്ടായിരിക്കാം. എനിക്ക് അതേപ്പററി നിശ്ചയം ഇല്ല.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഇതിനെ സംബന്ധിച്ചുള്ള സകല സംഗതികളും വിവരമായി അന്വേഷിച്ചു അറിയുന്നതിനു ചീഫ് എഞ്ചിനീയർക്കു ദയവുണ്ടാകുമൊ?

മി: കെ. വി. നടേശയ്യർ (ചീഫ് എഞ്ചിനീയർ): ഇതിനെസംബന്ധിച്ചു ഒരു റിപ്പോർട്ടു അയക്കാനായി ഞാൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്കു ഇതിനുമുമ്പുതന്നെ എഴുതിയിട്ടുണ്ട്.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): ചേർത്തല താലൂക്കിൽ എവിടേയും ആവശ്യമാകുന്നെന്നു കാണുന്ന സ്ഥലങ്ങളിലെല്ലാം ഭാരവണ്ടി റോഡുകൾ വെട്ടുവാൻ തയ്യാറാകുമോ?

മി: കെ. വി. നടേശയ്യർ (ചീഫ് എഞ്ചിനീയർ): ഞാൻ അങ്ങിനെ ചെയ്യുന്നുണ്ടെന്ന് കഴിഞ്ഞ രണ്ടൊ മൂന്നൊ വർഷങ്ങളിലെ ബഡ്ജററ് എസ്റ്റിമേററ നോക്കിയാൽ ബോദ്ധ്യമാകുമെന്നുള്ളതാകുന്നു.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): പ്രധാന തോടിൻെറ വേല നിറുത്തിവെക്കണമെന്നു ആലോചിച്ചപ്പോൾ കൈത്തോടുകളുടെ ആവശ്യത്തെപ്പററി നിർബന്ധമായി പറഞ്ഞിരുന്നില്ലയോ?

മി: കെ. വി. നടേശയ്യർ (ചീഫ് എഞ്ചിനീയർ): പറഞ്ഞിരുന്നു. രണ്ടു തോടുകളെ സംബന്ധിച്ചു വേല നടന്നുവരികയാണ്. ഒന്നു തണ്ണീർമുക്കത്തിനു സമീപമുള്ള പുത്തൻതോടും മറേറതു ആലപ്പുഴക്കു സമീപമുള്ള മുഡയൻതോടുമാണ്. മഡയൻതോടിനുമാത്രം ൧,൮൦,൦൦൦ രൂപാ ചിലവു വേണ്ടിവരുമെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. കടത്തുതോടുകൾക്കും വളരെ കൂടുതൽ പണച്ചിലവു വേണ്ടിവരുമെന്നുള്ളതാണ്. മററു കടത്തുതോടുകൾ വെട്ടുന്നതിനെപ്പററി ഗവൺമെൻറ ആലോചിച്ചുവരികയാണ് ഇതിലേക്കു വേണ്ട പണം ഇല്ലാത്ത തടസ്സം മാത്രമേയുള്ളു.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഫണ്ടു ഇല്ലാ എന്നുള്ളതു ഒരു താലൂക്കുകാരുടെ അപരിഹാര്യമായ അത്യാവശ്യത്തെപ്പററി മെമ്പർ ഗൌനിക്കാതിരിക്കുന്നതിനു മതിയായ കാരണമാകുമൊ?

മി: കെ. വി. നടേശയ്യർ (ചീഫ് എഞ്ചിനീയർ): ദിവാൻജി കഴിഞ്ഞ ആഗസ്റ്റ് മാസത്തിൽ ആലപ്പുഴ വന്നിരുന്നപ്പോൾ ചെറിയ കടത്തുതോടുകളും വെട്ടിക്കുന്നതായിരിക്കും എന്നു പറഞ്ഞിരുന്നതു മെമ്പറിനും അറിയാമെന്നുള്ളതാണല്ലൊ.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഒരു രാജ്യത്തിന്റെ ഭിന്നപ്രദേശങ്ങളെ റോഡുകളും തോടുകളും കൊണ്ടു ഘടിപ്പിച്ചു ഗതാഗതസൌകര്യങ്ങളെ വർദ്ധിപ്പിക്കുക എന്നുള്ളതു ആ രാജ്യത്തിന്റെ സാമ്പത്തികമായ ഉന്നമനത്തിന്റെ അടിസ്ഥാനക്കല്ലുകൾ ആണെന്നു മെമ്പർ സമ്മതിക്കുന്നോ?

മി: കെ. വി. നടേശയ്യർ (ചീഫ് എഞ്ചിനീയർ): സമ്മതിക്കുന്നു. അതു തർക്കമററ സംഗതിയാണല്ലോ.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): പ്രാഥമികവിദ്യാഭ്യാസത്തേക്കാൾ ഗതാഗതസൌകര്യങ്ങൾ ഉണ്ടാക്കിത്തീർക്കുക എന്നുള്ള ഈ സംഗതി കൂടുതൽ പ്രാധാന്യം ഉള്ള ഒന്നല്ലയോ?

മി: കെ. വി. നടേശയ്യർ (ചീഫ് എഞ്ചിനീയർ): പൊതുമരാമത്തു ഡിപ്പാർട്ടുമെന്റിന്റെ മേലധികാരി എന്ന നിലയിൽ ഞാൻ പറകയാണെങ്കിൽ ഗതാഗതസൌകര്യം ഉണ്ടാക്കിത്തീർക്കുന്നതാണ് ഗവൺമെന്റിന്റെ ഏററവും പ്രധാനപ്പെട്ട ചുമതല എന്നുതന്നെയാണ് എനിക്കു പറവാനുള്ളത്.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): ആ താലൂക്കിന്റെ സാമ്പത്തികമായ ഉന്നമനവിഷയത്തിൽ ചീഫ് എഞ്ചിനീയർ കുറെക്കൂടി ശ്രദ്ധ പതിപ്പിക്കുമോ?

മി: കെ. വി. നടേശയ്യർ (ചീഫ് എഞ്ചിനീയർ): ചേർത്തല താലൂക്കിലുള്ള ഗതാഗതസൌകര്യങ്ങളെ കഴിയുന്നിടത്തോളം വർദ്ധിപ്പിക്കുന്നതിനുള്ള സകല മാർഗ്ഗങ്ങളിലും ഞാൻ പ്രവർത്തിച്ചിട്ടുണ്ടെന്നും ഇപ്പോഴും പ്രവർത്തിക്കുന്നുണ്ടെന്നും ഞാൻ മെമ്പറിനോടു ഉറപ്പായി മുമ്പുതന്നെ പറയുകയുണ്ടായല്ലോ.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല). ചീഫ് എഞ്ചിനീയർ ഈ വിഷയത്തിൽ ഇത്രമാത്രം ശ്രദ്ധ പതിപ്പിക്കുന്നതു അദ്ദേഹത്തിന്റെ ഉദ്യോഗജീവിതത്തിന്റെ അവസാനഘട്ടത്തിൽ മാത്രം ആണെന്നുള്ള സംഗതി കൂടി ഇവിടെ പ്രസ്താവിച്ചുകൊള്ളട്ടെ.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഇപ്പോൾ വെട്ടുവാൻ ഉദ്ദേശിക്കുന്ന റോഡിൽ പഴവീട് മുതൽ കള്ളർകോട്ടവരെയുള്ള റോഡുകൂടി ഉൾപ്പെട്ടിട്ടുണ്ടോ എന്നു ചീഫ് എഞ്ചിനീയറിൽനിന്നും അറിഞ്ഞാൽ കൊള്ളാം.

മി: കെ. വി. നടേശയ്യർ (ചീഫ് എഞ്ചിനീയർ): ഈയിടെ അനുവദിക്കപ്പെട്ടിട്ടുള്ള ഈ റോഡിന്റെ ഒരു ഭാഗമല്ല ഇതു. ഇതു ഈ റോഡുമായി യാതൊരു ബന്ധവുമില്ലാത്തതും ആലപ്പുഴ മറെറാരിടത്തുള്ളതും ആയ ഒരു റോഡ് ആകുന്നു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഇപ്പോഴത്തെ ദിവാൻജി ആ സ്ഥലം പരിശോധിച്ചപ്പോൾ മുൻപറഞ്ഞ റോഡ് ആവശ്യമായിട്ടുള്ളതാണെന്നു അഭിപ്രായപ്പെട്ടിട്ടുള്ള സംഗതി ചീഫ് എഞ്ചിനീയർക്കു അറിവില്ലയോ?

മി: കെ. വി. നടേശയ്യർ (ചീഫ് എഞ്ചിനീയർ): ഉണ്ട്. അതു ആവശ്യമാണെന്നു തന്നെ അദ്ദേഹത്തിനു ബോദ്ധ്യപ്പെട്ടു. അതനുസരിച്ചു ഒരു എസ്റ്റിമേററു തയ്യാറാക്കുകയും ആയതു അനുവദിച്ചുവരികയും ചെയ്തിട്ടുണ്ട്. ഇതിലേക്കുള്ള ഫണ്ടു ഉണ്ടാക്കി അനുവദിച്ചതിനുശേഷം ഈ റോഡിനെ സംബന്ധിച്ചുള്ള ജോലി തുടങ്ങുന്നതായിരിക്കും.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഈ റോഡിന്റെ തെക്കേഅററം എവിടെ ആയിരിക്കും.

മി: കെ. വി. നടേശയ്യർ (ചീഫ് എഞ്ചിനീയർ): തമ്പോളി.

ഇതിനുശേഷം ഈ ഡിമാൻഡു വോട്ടിനു ഇടുകയും പാസാക്കപ്പെടുകയും ചെയ്തു. ഗ്രാൻറു അനുവദിക്കപ്പെട്ടു.

ഡിമാൻഡ് ൨. വിദ്യാഭ്യാസം.

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്റ്റിംഗ് വിദ്യാഭ്യാസഡയറക്ടർ): സർ, [illegible]-ാംനമ്പർ ഡിമാൻഡായ വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിലേക്ക് [illegible] രൂപായിൽ കവിയാത്ത ഒരു തുക സപ്ലിമെന്ററി ഗ്രാൻറായി അനുവദിക്കണമെന്നു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു. ഈ ഗ്രാൻറ് മൂന്നു ഇനങ്ങളുടെ ആവശ്യത്തിലേക്കായിട്ടാണ്.

ഒന്നാമത്തെ ഇനം വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിലേക്കു ഒരു മാന്വൽ തയ്യാറാക്കുന്നതിനുള്ള ചിലവിനുള്ള [illegible] രൂപയാണ്. ഇപ്പോഴത്തെ വിദ്യാഭ്യാസകോഡും ഇൻസ്പെക്ഷൻകോഡും [illegible]-ൽ വിദ്യാഭ്യാസമേലദ്ധ്യക്ഷന്റെ ആപ്പീസ് സ്ഥാപിച്ചു അല്പകാലംകഴിഞ്ഞപ്പോൾ നടപ്പിൽവരുത്തിയവയാണ്, അതിനുശേഷം [illegible] വർഷകാലത്തോളം കഴിഞ്ഞിരിക്കുന്നു. ഇക്കാലത്തിനിടക്ക് കോഡുകളിൽ പല ഭേദഗതികളും വരുത്തണമെന്നായി അനേകം ഉത്തരവുകൾ ഗവൺമെൻറിൽനിന്നും പാസാക്കിയിട്ടുണ്ട്. ചില ഉത്തരവുകളുടെ ഫലമായി യഥാർത്ഥത്തിൽ ഭേദഗതികൾ വരുത്തിയിട്ടുമുണ്ട്. മററുള്ളവയുടെ കാര്യത്തിൽ കോഡുകളിലെ വകുപ്പുകളിൽ ഇന്നിന്ന ഭേദഗതികൾ വരുത്തണമെന്നുകാണിച്ചു ഗവൺമെൻറിൽനിന്നും ഉത്തരവുകൾ പാസാക്കിയിട്ടുണ്ടെന്നുവരികിലും കോഡുകളിൽ ഈ ഭേദഗതികൾ വരുത്തിക്കഴിഞ്ഞിട്ടില്ല. ഇങ്ങിനെയുള്ള ഗവൺമെൻറുത്തരവുകൾ വളരെ അധികം എണ്ണം ഉണ്ട്. സ്കൂളുകളുടെ തരംതിരിപ്പിനെ സംബന്ധിച്ചു വിദ്യാഭ്യാസകോഡിൽ നോക്കുന്നപക്ഷം ലോവർഗ്രേഡ് എന്നും ഹയർഗ്രേഡ് എന്നും ഉള്ള പഴയ നാമധേയങ്ങൾ തന്നെ കാണുന്നതാണ്. ഇപ്പോൾ നടപ്പിലിരിക്കുന്നതു ഈ നാമധേയങ്ങൾ അല്ല. സ്കൂളുകളെ ഇപ്പോൾ പ്രൈമറിസ്കൂൾ, മിഡിൽസ്കൂൾ, ഹൈസ്കൂൾ എന്നിങ്ങനെ മൂന്നു തരങ്ങളായി തിരിച്ചിരിക്കുന്നു. ഗവൺമെൻറുത്തരവനുസരിച്ചു കോഡിൽ ഭേദഗതികൾ വരുത്താതിരുന്നിട്ടുള്ളതിലേക്ക് ഒരു ഉദാഹരണമായിട്ടാണ് ഞാൻ ഇപ്പോൾ ഇതിനെ ഇവിടെ ഉദ്ധരിച്ചതു. ഇതേസ്ഥിതിയിൽ ഉള്ള വേറെയും അനേകവിഷയങ്ങൾ വിദ്യാഭ്യാസകോഡിൽ ഉണ്ട്. വിദ്യാഭ്യാസകോഡിനും ഇൻസ്പെക്ഷൻ കോഡിനും പുറമെ വിദ്യാഭ്യാസഡയറക്ടർ പല സന്ദർഭങ്ങളിലായി കൊടുത്തിട്ടുള്ള സർക്കുലറുകൾ, സ്റ്റാൻഡിംഗ് ആർഡറുകൾ, നോട്ടീസുകൾ മുതലായവയും ഉണ്ട്. ഇവയിൽ പലതും പിന്നീടു മാറിയിട്ടുള്ളവയും ഏതാനംചില സർക്കുലറുകളും സ്റ്റാൻഡിംഗ് ആർഡറുകളും തീരുമാനം ഉപേക്ഷിക്കപ്പെട്ടിട്ടുള്ളതായും ഉണ്ട്.

ഇങ്ങിനെയുള്ള വിവിധകാരണങ്ങളാൽ ഈ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാൎക്കും പ്രൈവറ്റ് സ്കൂളുകളിലെ മാനേജരന്മാൎക്കും ഏതെങ്കിലും ഒരു സംഗതിയെ സംബന്ധിച്ചുള്ള നിയമങ്ങൾ എന്താണെന്നു അറിയുന്നതിനു നിവൃത്തിയില്ലാതെ വളരെ ബുദ്ധിമുട്ടുകൾ നേരിടുന്നതിനു ഇടയാകുന്നുണ്ട്. ഈ ബുദ്ധിമുട്ടിനെ പററി ഏകദേശം ഒരു വൎഷം മുമ്പു ഇംഗ്ലീഷ് സ്കൂൾ ഇൻസ്പെക്ടർ ഡയറക്ടരെ അറിയിക്കയുണ്ടായി. ഇതു മൂലം ഈ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാൎക്കും പ്രൈവറ്റ സ്കൂൾ മാനേജരന്മാൎക്കും യഥാൎത്ഥമായ ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ടെന്നു ഡയറക്ടൎക്കു ബോദ്ധ്യം വന്നതിനാൽ ഗവൺമെന്റിലെ മററു ഡിപ്പാർട്ടുമെന്റുകളെ സംബന്ധിച്ചു ചെയ്തിട്ടുള്ളതു പോലെ ഈ ഡിപ്പാർട്ടുമെന്റിലെ സകല നിയമങ്ങളേയും ഒരു കോഡ് ആക്കി പ്രസിദ്ധം ചെയ്യേണ്ടതിന്റെ ആവശ്യകതയെ ചൂണ്ടിക്കാണിച്ചു ഗവൺമെന്റിലേക്കു എഴുതുകയുണ്ടായി. സാധാരണയുള്ള ആഫീസ് ജോലി തന്നെ വളരെ കുന്നുകൂടിയിരുന്നതിനാൽ അതിന്റെ കൂട്ടത്തിൽ തന്നെ ഈ ജോലിയും കൂടി ചെയ്തു തീൎക്കുന്നതു അസാദ്ധ്യമാണെന്നും അതിനാൽ ഇതിലേക്കു ഒരു പ്രത്യേക ഉദ്യോഗസ്ഥനേയും ആവശ്യമുള്ള സ്റ്റാഫിനേയും നിയമിക്കേണ്ടതാണെന്നും കൂടി അദ്ദേഹം ഗവൺമെന്റിലേക്കു എഴുതിയിട്ടുണ്ടായിരുന്നു. ഇപ്രകാരം ഒരു സ്പെഷ്യൽ ആഫീസറെ നിയമിക്കുന്നപക്ഷം ആഫീസിൽ സാധാരണയായി ജോലി നടത്തിപ്പോരുന്ന ക്രമത്തെ പരിശോധിച്ചു ജോലി കുറെക്കൂടി വേഗത്തിലും കാൎയ്യക്ഷമമായ വിധത്തിലും മേലാൽ നടത്തുന്നതിനുള്ള മാൎഗ്ഗത്തെ പററി അദ്ദേഹത്തിന്റെ അഭിപ്രായം അറിയാമെന്നും കൂടി ഡയറക്ടർ എഴുതിയിരുന്നു. മിസ്റ്റർ സ്റ്റീഫൻസൺ അവധിയിൽ പോകുന്നതിനു അല്പം മുമ്പായിട്ടാണു ഇപ്രകാരം ഗവൺമെന്റിലേക്കു എഴുതിയതു്. അദ്ദേഹം അവധി കഴിഞ്ഞു മടങ്ങിവന്നാൽ ഉടൻ തന്നെ സ്പെഷ്യൽ ആഫീസർ ജോലി തുടങ്ങണമെന്നും അദ്ദേഹത്തിന്റെ മേൽ നോട്ടത്തിലും അഭിപ്രായമനുസരണവും ജോലി നടത്തണമെന്നും ആയിരുന്നു മിസ്റ്റർ സ്റ്റീഫൻസന്റെ അഭിപ്രായം. ഇപ്പോൾ പറഞ്ഞതിൽനിന്നും വിശദമാകുന്നതുപോലെ ഈ സംഗതി വളരെ അടിയന്തിരമായ ഒന്നല്ലാതിരുന്നതിനാൽ ഗവൺമെന്റു ഈ ചിലവിനെ പൊതു ബഡ്ജററ എസ്ററിമേററിൽ ഉൾപ്പെടുത്തിയില്ല. ചിലവിന്റെ കണക്കു സ്പെഷ്യൽ ആഫീസൎക്കു മാസം ഒന്നുക്കു ൨൦൦ രൂപാ വീതം ൧൨ മാസത്തേക്കു ൨൪൦൦ രൂപാ ശമ്പളവും (൨൪൦൦ രൂപായാകയാൽ ഇതു സഭയിൽ വോട്ടു ചെയ്യാൻ പാടുള്ളതല്ല). ൩൦ രൂപാ വീതം ഒരു ക്ലാൎക്കിനും ൨൫ രൂപാ വീതം ഒരു ടൈപ്പിസ്ററിനും അത്രയും കാലത്തേക്കുള്ള ശമ്പളവും ആകുന്നു. (ഇതു ൬൬൦ രൂപാ വരുന്നതിനാൽ സഭയുടെ വോട്ടിനു അൎഹംതന്നെ).

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ):- പ്രസിദ്ധം ചെയ്യുന്നതിലേക്കു വേണ്ടിവരുന്ന കടലാസിന്റെ കാൎയ്യത്തെപ്പററി എന്തുപറയുന്നു?

മി: ആർ. കൃഷ്ണസ്വാമി അയ്യർ (ആക്ടിംഗ് വിദ്യാഭ്യാസ ഡയറക്ടർ): അതു ഹെഡ്ക്വാർട്ടേഴ്സിൽ നിന്നു ആപ്പീസിൽനിന്നും അയച്ചുതരും.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അച്ചടിച്ചിലവുകളോ?

മി: ആർ. കൃഷ്ണസ്വാമി അയ്യർ (ആക്ടിംഗ് വിദ്യാഭ്യാസ ഡയറക്ടർ): അതു ഗവൺമെന്റ പ്രസ്സിൽ ചെയ്യുമെന്നുള്ളതാണ്.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതിലേക്കു ചിലവില്ലയോ?

മി: ആർ. കൃഷ്ണസ്വാമി അയ്യർ (ആക്ടിംഗ് വിദ്യാഭ്യാസ ഡയറക്ടർ): തീൎച്ചയായും വേണം. എന്നാൽ അതിലേക്കു പ്രത്യേകമായി പണം അനുവദിക്കേണ്ട ആവശ്യമില്ലല്ലോ.

അടുത്ത ഇനം സംസ്കൃതകാളേജിലെ വേദശാലസ്ഥാപിച്ചു നടത്തുന്നതിനു ഒരു കെട്ടിടം എടുക്കുന്നതിലേക്കു മാസം ൨൦ രൂപാ വീതം ൨൪൦ രൂപാ വാടക കൊടുക്കുന്നതിലേക്കാണ്. സംസ്കൃതപാഠശാലയിലെ വേദക്ലാസ്സ് ഇപ്പോൾ നടത്തിവരുന്നതു മിത്രാനന്ദപുരത്തുള്ള രണ്ടു ക്ഷേത്രങ്ങളുടെ നാലമ്പലങ്ങളിൽ വച്ചാണു. ഈ ക്ലാസ്സുകൾ നാലമ്പലങ്ങളിൽവച്ചു നടത്തുന്നതു യാതൊരു പ്രകാരത്തിലും ഭംഗിയായിട്ടുള്ളതല്ല എന്നുള്ളതിനെക്കുറിച്ചു എഴുത്തുകുത്തു വളരെകാലമായി നടന്നുകൊണ്ടിരിക്കയാണ്.

മി: എം. ശിവതാണുപിള്ള (തോവാള): ഈ സ്ഥാപനത്തിൽ എല്ലാ ജാതിക്കാൎക്കും പ്രവേശനം നൾകുന്നുണ്ടോ എന്നു ഡയറക്ടരിൽ നിന്നു അറിഞ്ഞാൽകൊള്ളാം.

മി: ആർ. കൃഷ്ണസ്വാമി അയ്യർ (ആക്ടിംഗ് വിദ്യാഭ്യാസ ഡയറക്ടർ) ഇല്ല. ബ്രാഹ്മണൎക്കു മാത്രമേ പ്രവേശനം നൾകുന്നുള്ളു.

മി: എം. ശിവതാണുപിള്ള (തോവാള): ഇപ്രകാരം ബ്രാഹ്മണൎക്കു മാത്രം ഈ സ്ഥാപനത്തിൽ പ്രവേശനം നൾകുന്നതിനുള്ള കാരണം ഈ സ്ഥാപനം നടത്തി വരുന്ന കെട്ടിടത്തിന്റെ പ്രത്യേകതയാണോ അതല്ല സ്മൃതികളിലും ശ്രുതികളിലും അടങ്ങിയിരിക്കുന്ന ശാസനകൾ ആണോ?

മി: ആർ. കൃഷ്ണസ്വാമി അയ്യർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): കുറെ കെട്ടിടത്തിന്റെ വിശേഷം കൊണ്ടും കുറെ വേദാദ്ധ്യയനം ബ്രാഹ്മണൎക്കുമാത്രമേ നൾകാൻ പാടുള്ളു എന്നായി സ്മൃതികളിലുള്ള ശാസനകൾ കൊണ്ടും കൂടിയാണെന്നാണു എനിക്കുതോന്നുന്നതു്.

മി: എം. ശിവതാണുപിള്ള (തോവാള): ഇപ്പോൾ കൂടുതൽ പണം ആവശ്യപ്പെടുന്ന സ്ഥിതിക്കു ഈ ക്ലാസ്സുകളെ മറേറതെങ്കിലും കെട്ടിടത്തിലേക്കു മാററി സ്ഥാപിക്കുവാൻ ആലോചിക്കുന്നില്ലയോ?

മി: ആർ. കൃഷ്ണസ്വാമി അയ്യർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): ഇപ്പോൾ ഈ ക്ലാസ്സുകൾ നടത്തിവരുന്നതായ കെട്ടിടം അതിലേക്കു തീരെ യോജിച്ചതല്ലെന്നു തന്നെ കാണുന്നു. ഇപ്പോൾ കൂടുതൽ പണം ആവശ്യപ്പെടുന്നതു് കൂടുതൽ സൌകൎയ്യമുള്ള സ്ഥലത്തേക്കു ഇതിനെമാററി സ്ഥാപിക്കുന്നതിലേക്കായിട്ടാണ്.

മി: എം. ശിവതാണുപിള്ള (തോവാള): കൂടുതൽ സ്ഥലസൌകൎയ്യം—

മി: ആർ. കൃഷ്ണസ്വാമി അയ്യർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): ദയവുചെയ്തു എനിക്കു പറയുവാനുള്ളതു പറഞ്ഞുതീൎക്കുവാൻ എന്നെ അനുവദിക്കണമെന്നു ഞാൻ മെമ്പറിനോടു അപേക്ഷിച്ചുകൊള്ളുന്നു. മെമ്പർ ചോദിക്കാൻ വിചാരിക്കുന്ന ചില ചോദ്യങ്ങൾക്കുള്ള മറുപടികൾ എന്റെ പ്രസംഗമദ്ധ്യേ ഉണ്ടായി എന്നും വരാവുന്നതാണല്ലോ. അദ്ദേഹത്തിന്റെ സംശയങ്ങൾ എന്റെ പ്രസംഗംകൊണ്ടു തീരുന്നില്ല എന്നുവരികിൽ ഞാൻ പ്രസംഗിച്ചുതീൎന്നതിനുശേഷം അവയെപ്പററി എന്നോടു ചോദിക്കാമെന്നുള്ളതും ആണല്ലോ.

കഴിഞ്ഞ ജൂൺമാസത്തിൽ ഞാൻ സംസ്കൃതകോളേജ് പരിശോധിച്ചപ്പോൾ വേദക്ലാസുകൾ നടത്തിവരുന്ന സ്ഥലങ്ങൾ അതിലേക്ക് ശാസ്ത്രപ്രകാരത്തിലും യോജിച്ചവയല്ലെന്നു ബോദ്ധ്യംവന്നു. ഒന്നാമതായി മേൽക്കൂര പലക തുണവയും പല്ലുകെട്ടിയവയും ആകുന്നു. രണ്ടാമതായി ഈ സ്ഥലങ്ങൾ എപ്പോഴും മുഴുവൻ ഇരുന്നു പഠിക്കുന്നവയാണ്. ഈ കാരണങ്ങളാൽ വിദ്യാർത്ഥികൾ ചൂടുകാലത്തു വെയിലും മഴക്കാലത്തു മഴയും സഹിക്കേണ്ടതായിവരുന്നു. ഇപ്രകാരം ഉള്ള ബുദ്ധിമുട്ടുകൾ അവർക്ക് നേരിട്ടുകൊണ്ടിരിക്കുന്നു എന്ന് വേദാദ്ധ്യാപകന്മാർ എന്നോടു പരാതി പറകയും അവരുടെ പരാതി ശരിയായിട്ടുള്ളതാണെന്നു എന്റെ പരിശോധനയിൽ എനിക്കു ബോദ്ധ്യം വരികയും ചെയ്തു. എനിക്കു തോന്നിയ മറ്റൊരു കാര്യം സംസ്കൃതകോളേജുപ്രിൻസിപ്പാൾ ഒരു സവർണ്ണഹിന്ദു അല്ലാത്തതുകൊണ്ടും ഇംഗ്ലണ്ടിൽപോയി വന്നിട്ടുള്ള ആളും ആയതുകൊണ്ടും ക്ഷേത്രങ്ങളുടെ ഉള്ളിൽവച്ചു നടത്തുന്നവയായ ഈ ക്ലാസുകളെ പരിശോധിക്കാൻ പാടില്ലല്ലോ എന്നുള്ളതായിരുന്നു. അതുകൊണ്ടു വേദക്ലാസുകളെ അവിടെനിന്നും മാറ്റി വലിയ ഒരു കെട്ടിടത്തിൽ സ്ഥാപിക്കേണ്ടതു ആവശ്യമാണെന്ന് പ്രിൻസിപ്പാളിനു തോന്നിയിട്ടില്ലയോ എന്നു ഞാൻ അദ്ദേഹത്തോടു ചോദിച്ചു. ഇതിനെയും മറ്റുചില സംഗതികളേയും സംബന്ധിച്ചു ഞാൻ അദ്ദേഹവുമായി സംസാരിച്ചിട്ട് സംസ്കൃതകോളേജിന്റെ അത്യാവശ്യമായിട്ടുള്ള സംഗതികൾ എന്ന് അദ്ദേഹത്തിനു തോന്നിയിരുന്നവയെക്കുറിച്ച് എനിക്കു എഴുതി അയക്കുവാൻ അദ്ദേഹത്തോടു ഞാൻ ഏർപ്പാടുചെയ്തു. ഇതനുസരിച്ചു അല്പകാലത്തിനുശേഷം വേദക്ലാസുകളെ മാറ്റി സ്ഥാപിക്കേണ്ട ആവശ്യകതയെ ചൂണ്ടിക്കാണിച്ചും ഇപ്പോൾ ഉപയോഗിക്കാതെ വിധത്തിൽ ഗവണ്മെന്റു കെട്ടിടങ്ങൾ ഒന്നുംതന്നെ ഇല്ലാത്തതിനാൽ ഒരു കെട്ടിടത്തെ വാടകയ്ക്ക എടുക്കണമെന്നും അതിലേക്ക് മാസം 50 രൂപ വാടകകൊടുക്കേണ്ടിവരുമെന്നും ശുപാർശചെയ്തും അദ്ദേഹം എനിക്കു എഴുതിയിരുന്നു. ഞാൻ ഈ സംഗതികൾ ഗവണ്മെന്റിനെ ധരിപ്പിച്ചു. ഗവണ്മെന്റിനും ഈ സംഗതി ആവശ്യമെന്നുതന്നെ തോന്നുകയാൽ ഈ പ്രകാരം സപ്ലിമെന്ററിഗ്രാന്റിനു അപേക്ഷിക്കുവാൻ എന്നെ അധികാരപ്പെടുത്തിയിരിക്കയാണ്.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): മിത്രാനന്ദപുരം ക്ഷേത്രാധികാരികൾക്ക ഇപ്പോൾ വാടക വല്ലതും നൽകുന്നുണ്ടോ എന്നറിഞ്ഞാൽ കൊള്ളാം.

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): ഇല്ല.

മി: എം. ശിവതാണുപിള്ള (തോവാള). ഈ ക്ലാസുകളെ മറ്റൊരെങ്കിലും കെട്ടിടത്തിലേക്ക മാറ്റിസ്ഥാപിക്കുമ്പോൾ മറ്റു ജാതി വിദ്യാർത്ഥികൾക്കും പ്രവേശനം നൽകുമോ എന്നറിഞ്ഞാൽകൊള്ളാം.

മി: ആർ കൃഷ്ണസ്വാമിഅയ്യർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): അതേപ്പറ്റി ഇതേവരെ ആലോചിച്ചിട്ടില്ല. ക്ലാസുകളെ മാറ്റിഇടണം എന്നു പറയുന്നത് അവക്ക കുറേക്കൂടി സൗകര്യങ്ങളും ഉണ്ടാക്കിക്കൊടുക്കുന്നതിനും വേദക്ലാസുകളിൽ നടത്തിവരുന്ന അദ്ധ്യയനത്തെ പരിശോധിക്കുന്നതിനുള്ള സൗകര്യം സംസ്കൃതകോളേജുപ്രിൻസിപ്പാളിനു ഉണ്ടാക്കിക്കൊടുക്കുന്നതിനും വേണ്ടിയാകുന്നു. ഇതേവരെ ഈ രണ്ടു സംഗതികളെപ്പറ്റിമാത്രമേ ആലോചിച്ചിട്ടുള്ളു.

മി: എം. ശിവതാണുപിള്ള (തോവാള); ഈ സ്ഥാപനങ്ങൾ ഇപ്പോൾ നടത്തിവരുന്ന കെട്ടിടങ്ങളുടെ പ്രത്യേകതകൊണ്ടാണോ മറ്റു സമുദായാംഗങ്ങളുടെ വിദ്യാർത്ഥികൾക്ക ഈ ക്ലാസിൽ പ്രവേശനം നൽകാതിരിക്കുന്നത് അതല്ല സ്മൃതികളിലും ശ്രുതികളിലും അടങ്ങിയിരിക്കുന്ന ശാസനകൾ കൊണ്ടാണോ? എന്നറിഞ്ഞാൽ കൊള്ളാം.

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിംഗ്‌വിദ്യാഭ്യാസഡയറക്ടർ): ഈ സംഗതിയെപ്പറ്റി ഞാൻ ഇതേവരെ ആലോചിച്ചിട്ടില്ല.

മി: എം. ശിവതാണുപിള്ള (തോവാള): സംസ്കൃതകാളേജിന്റെ ഈ ശാഖയിൽ മറ്റു സമുദായക്കാരായ വിദ്യാർത്ഥികൾക്ക പ്രവേശനം നൽകാതിരിക്കുന്നതിനുള്ള കാരണം എന്തെന്നു എനിക്ക് അറിയണം.

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): എനിക്ക ഇപ്പോൾ ഇതിനു മറുപടി പറവാൻ നിവൃത്തിയില്ല.

മി: എം. ശിവതാണുപിള്ള (തോവാള): ഈ ക്ലാസുകളെ വേറേ ഏതെങ്കിലും കെട്ടിടത്തിലേക്ക് മാറ്റിസ്ഥാപിച്ചാൽ ജാതിഭേദമെന്യെ എല്ലാ ഹിന്ദുക്കൾക്കും പ്രവേശനം നൽകുന്നതായിരിക്കും എന്നും ഡയറക്ടർ പറകയാമോ?

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിംഗ്‌വിദ്യാഭ്യാസഡയറക്ടർ): അങ്ങിനെ ഒരു വാക്കുതരുന്നതിനും തല്ക്കാലം എനിക്ക നിവൃത്തിയില്ല.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാട്): ഇംഗ്ലണ്ടിൽ പോയിവന്നിട്ടുള്ള ഒരാളിനു വേദാദ്ധ്യയനം പരിശോധിക്കാമോ?

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിംഗ്‌വിദ്യാഭ്യാസഡയറക്ടർ): ഇപ്പോൾക്ലാസ്സ്നടത്തിവരുന്നതു ക്ഷേത്രനടയ്ക്കകത്താകയാൽ കെട്ടിടത്തിനുള്ളിൽ പ്രവേശിക്കുന്നതിനുപോലും അദ്ദേഹത്തിനു അവകാശം ഇല്ലല്ലോ.

മി: കെ. ഐ. ജോസഫ് (മീനച്ചിൽ, ദേവികുളം): ക്രിസ്ത്യാനികൾക്കുകൂടി ഈ സ്ഥാപനത്തിൽ പ്രവേശനം നൽകുന്നതിനെപ്പറ്റി ഡയറക്ടർ ആലോചിക്കുമോ?

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): ക്രിസ്ത്യാനികൾ എന്തിനായിട്ടാണ് വേദങ്ങൾ പഠിക്കണം എന്നു ആഗ്രഹിക്കുന്നത്?

മി: കെ. ഐ. ജോസഫ് (മീനച്ചിൽ-ദേവികുളം); വേദാദ്ധ്യയനം ചെയ്യാൻ കൊള്ളാമെന്നു ആശയുള്ള ക്രിസ്ത്യാനികൾക്ക പ്രവേശനം നൽകുന്നതുകൊണ്ട് യാതൊരു ദോഷവും ഉണ്ടാകാൻ ഇടയില്ലെന്നാണ് എനിക്കു തോന്നുന്നത്.

മി: വി. സുബ്ബയ്യർ (നിയമിതമെമ്പർ) (ഡെപ്യൂട്ടിപ്രസിഡണ്ട്): സംസ്കൃതകോളേജിൽ ഇപ്പോൾ ഒരു ക്രിസ്ത്യൻ വിദ്യാർത്ഥി എങ്കിലും ഉണ്ടോ എന്നറിഞ്ഞാൽ കൊള്ളാം.

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ). ഇല്ല.

മി: വി. സുബ്ബയ്യർ (നിയമിതമെമ്പർ) (ഡെപ്യൂട്ടിപ്രെസിഡന്റ്) ക്രിസ്ത്യൻവിദ്യാർത്ഥികൾക്ക ഇപ്പോൾ സംസ്കൃതകോളേജിൽ പ്രവേശനം നൽകുന്നതിനു എന്തെങ്കിലും തടസ്സം ഉണ്ടോഎന്നറിഞ്ഞാൽ കൊള്ളാം.

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ) ഇല്ല. യാതൊരുവിധമായ തടസ്സവും ഇല്ല.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി) ഗ്രാന്റിനുവേണ്ടി വോട്ടുചെയ്യുന്നതിനുമുമ്പായി ഏതുസംഗതിക്കു വേണ്ടി ഗ്രാന്റു ആവശ്യപ്പെടുന്നുവോ ആ സംഗതിയുടെ യഥാർത്ഥ ഉദ്ദേശം എന്താണെന്നു മനസ്സിലാക്കുന്നതിനുള്ള അധികാരം ഞങ്ങൾക്കില്ലയോ?

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ) ചോദ്യം എന്താണെന്നു എനിക്കു ശരിയായി മനസ്സിലായില്ല. കുറെക്കൂടി ഉച്ചത്തിൽ സംസാരിച്ചാൽ കൊള്ളാമെന്നു ഞാൻ മെമ്പറിനോടു അപേക്ഷിക്കുന്നു.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി) അധികാരസ്ഥാനങ്ങളിൽനിന്നും ഗ്രാന്റുവേണം എന്നു ആവശ്യപ്പെടുന്നതിനുമുമ്പായി എന്തു ആവശ്യത്തിലേക്കായിട്ടാണു ആ ഗ്രാന്റു ആവശ്യപ്പെടുന്നതു എന്നുള്ളതിനെപ്പറ്റി ഞങ്ങളോടു പറഞ്ഞു മനസ്സിലാക്കേണ്ട ചുമതല അവർക്കു ഇല്ലയോ? ഈ ക്ലാസുകൾ മാറ്റിസ്ഥാപിച്ചാൽ അവയിൽ പ്രവേശനം ലഭിക്കണമെന്നു ആശിക്കുന്ന സകലആളുകൾക്കും ഈ ക്ലാസുകളിൽ പ്രവേശനം നൽകുമോ എന്നു മിസ്റ്റർ ശിവതാണുപിള്ള ചോദിച്ചചോദ്യം വളരെ സന്ദർഭോചിതം ആയിട്ടുള്ളതുതന്നെയാകുന്നു.

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ) ഈ വിഷയത്തിന്റെ ആ ഭാഗത്തെപ്പറ്റി ആലോചിച്ചിട്ടില്ല എന്നും അതിനെസംബന്ധിച്ചു ഒരുവാക്കു തരുന്നതിനു തൽക്കാലം എനിക്കു നിവൃത്തിയില്ല എന്നും ഞാൻ മറുപടിപറകയും ഉണ്ടായല്ലോ.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി) ഒരുഗ്രാന്റിനു വോട്ടുചെയ്യുന്നതിനു ഞങ്ങളോടു ആവശ്യപ്പെടുന്നതിനുമുമ്പായി അതിലേക്കു ഹേതുഭൂതമായസംഗതിയെസംബന്ധിച്ചു ഒരു കരാർചെയ്യുന്നതിനെങ്കിലും ഞങ്ങൾക്കു അവകാശം ഇല്ലയോ?

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ) ഇതു കൌൺസിൽതന്നെ നിശ്ചയിക്കേണ്ട ഒരു സംഗതിയാകുന്നു.

മി: ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര) എല്ലാ സമുദായക്കാർക്കും പ്രവേശനം അനുവദിച്ചിട്ടുള്ളതായി ഒരു വേദശാഖ സംസ്കൃതകാളേജിൽ ഇല്ലയോ?

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ) ഉണ്ടു്. വേദോച്ചാരണം പഠിപ്പിക്കുന്ന ഈ ക്ലാസുകൾ സ്ഥാപിച്ചുനടത്തുന്നതിനുള്ള സ്ഥലത്തിലേക്കു വേണ്ടിയാണു ഇപ്പോൾ ഈ സപ്ലിമെന്ററി ഗ്രാന്റു ആവശ്യപ്പെടുന്നതു്. ഈ ക്ലാസുകളിൽ ബ്രാഹ്മണർക്കു മാത്രമേ പ്രവേശനം അനുവദിച്ചിട്ടുള്ളു.

മി: സി. പി. തോമസ് (നിയമിതമെമ്പർ) വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിലേക്കു നീക്കിവച്ചിട്ടുള്ള ഫണ്ടിൽനിന്നും ഈ വിഷയത്തിലേക്കു പണം ചിലവുചെയ്യുന്നതിനേക്കാൾ ദേവസ്വം ഡിപ്പാർട്ടുമെന്റിലേക്കു നീക്കിവച്ചിട്ടുള്ള ഫണ്ടിൽനിന്നും ചിലവുചെയ്യുന്നതു കുറെക്കൂടി ആശാസ്യമായിരിക്കയില്ലയോ എന്നുള്ളതിനെപ്പറ്റി ഗവണ്മെന്റു പര്യാലോചിക്കുമോ എന്നു അറിഞ്ഞാൽകൊള്ളാം.

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ) സംസ്കൃതകാളേജിലെ വേദശാഖ എന്നതുതന്നെയല്ല സംസ്കൃതകാളേജിനു മുഴുവൻതന്നെയും ആവശ്യമുള്ള പണം ജനറൽ റവന്യൂവിൽനിന്നും ആണു ഇപ്പോൾ ചിലവാക്കിവരുന്നതു്. ആസ്ഥിതിക്കു വേദക്ലാസുകൾ സ്ഥാപിക്കുന്നതിനുള്ള കെട്ടിടത്തിന്റെ വാടക മാത്രം ദേവസ്വംഫണ്ടിൽനിന്നും ചിലവാക്കണം എന്നുപറയുന്നതിന്റെ കാരണം എന്താണെന്നു എനിക്കു മനസ്സിലാകുന്നില്ല.

മി: എം. ശിവതാണുപിള്ള (തോവാള) വേദാഭ്യസനത്തിനും വേദോച്ചാരണത്തിനും തമ്മിൽ എന്തെങ്കിലും വ്യത്യാസം ഉണ്ടോഎന്നറിഞ്ഞാൽ കൊള്ളാം.

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ) ഈ ചോദ്യത്തിനു മറുപടി പറവാൻ ഇപ്പോൾ എനിക്കു നിവൃത്തിയില്ല.

മി: എം. ശിവതാണുപിള്ള (തോവാള) അറിവിനുവേണ്ടിമാത്രം ഞാൻ ഈ ചോദ്യം ചോദിച്ചു എന്നേയുള്ളു.

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ) അതിനെസംബന്ധിച്ചു ശരിയായ വിവരം പറഞ്ഞുതരാൻ എനിക്കു തൽക്കാലം നിവൃത്തിയില്ലഎന്നു ഞാൻ പറഞ്ഞുകഴിഞ്ഞുവല്ലോ. ഈ വിഷയത്തിൽ എനിക്കു പ്രത്യേക പരിജ്ഞാനം ഒന്നും ഇല്ല.

മി: കെ. ഐ. ജോസഫ് (മീനച്ചിൽ; ദേവികുളം) ചോദിക്കുന്നതായ സകലചോദ്യങ്ങൾക്കും ശരിയായ മറുപടി പറയുന്നതിനുള്ള വിവരങ്ങൾ ഗ്രഹിച്ചുതയ്യാറായി വിദ്യാഭ്യാസഡയറക്ടർ വരുന്നതായ ഏതെങ്കിലും ഒരുകാലംവരെ ഗ്രാന്റിന്റെ ഈ ഇനത്തെ മാറ്റിവക്കുന്നതു അദ്ദേഹത്തിനു സമ്മതംതന്നെയോ എന്നറിഞ്ഞാൽകൊള്ളാം.

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ) ഈ ഡിമാൻഡു മാറ്റിവക്കാൻ എനിക്കു സമ്മതമില്ല.

വടയാർ പ്രൈമറി പെൺപള്ളിക്കൂടത്തിന്റെ മേൽക്കൂര അഴിച്ചു പണിചെയ്യുന്നതിലേക്കു ആവശ്യമുള്ള ൨൮൮൨ രൂപായാണു മൂന്നാമത്തെ ഇനം. കുറെകാലമായി ഈ കെട്ടിടം വളരെ ശോച്യാവസ്ഥയിൽ സ്ഥിതിചെയ്യുകയാണു്. ഏകദേശം ൨൭ വർഷങ്ങൾക്കുമുമ്പു്- അതായതു സ്കൂൾവക ൧൦൮൦- വന്നതിന്റെ ആരംഭത്തിൽ ആണെന്നു തോന്നുന്നു. ഈ കെട്ടിടത്തിന്റെ മേൽക്കൂര താഴെവീണു. അതിന്റെ ഫലമായി കുറെ കാലത്തേക്കു സ്കൂൾ അടുത്തുള്ള ഒരു പള്ളിയുടെ ഒരുഭാഗത്തും പിന്നീടു കുറെക്കാലത്തേക്കു ഒരു പേരാലിന്റെ ചുവട്ടിൽ വച്ചും നടത്തേണ്ടതായിവന്നു. ഇങ്ങിനെയുണ്ടാകാനുള്ള കാരണം ഈ കെട്ടിടം കെട്ടിസൂക്ഷിക്കുന്നതിലേക്കായി ആണ്ടോടാണ്ടു അനുവദിക്കാറുള്ള പണം കുറവായിരുന്നു എന്നുള്ളതാണെന്നാണു തോന്നുന്നതു്. ഗവണ്മെന്റിൽനിന്നു പുരമേച്ചിലിനായി അനുവദിച്ചിരുന്ന ഗ്രാന്റിനെ നെല്ലായും പണമായും ഖജനാക്കളിൽനിന്നും പിരിച്ചെടുക്കുന്ന തുകയാൽ വർദ്ധിപ്പിച്ചു. അങ്ങിനെ വർദ്ധിപ്പിച്ച തുകകൊണ്ടു് പുരമേച്ചിൽ നടത്തുകയായിരുന്നു

ഹെഡ്മാസ്റ്റരോ ഹെഡ്മിസ്ട്രസ്സോ ചെയ്തു പോന്നിരുന്നതു്. പുരയുടെ മേല്ക്കൂര താഴെ വീണപ്പോൾ ഒരു പുതിയ ഹെഡ്മാസ്റ്ററെ അവിടേക്കു നിയോഗിച്ചു. അയാൾ ശേഷിയും ശേമുഷിയും ഉള്ള ഒരുവൻ ആയിരുന്നു. ഞാൻ ചാർജ്ജ് എടുത്തു അല്പകാലം കഴിഞ്ഞു അവിടെ പരിശോധിപ്പാനായി ചെന്നിരുന്നപ്പോൾ മേല്ക്കൂര വീണ്ടും പണിയിച്ചു തീർക്കുന്നതിലേക്കു ആവശ്യമുള്ള മുതൽ, ഓലമുതലായ സാമാനങ്ങൾ ജനങ്ങളിൽനിന്നും ഉണ്ടാക്കിഎടുക്കുക എന്നുള്ളതു വളരെ പ്രയാസം ആയിരിക്കുന്നു എന്ന് അയാൾ എന്നോട്ട് പറഞ്ഞു. ഞാൻ അവരെപ്പറ്റി ശോധിച്ചപ്പോഴും മേല്ക്കൂര തീരെ മോശമായി കാണപ്പെട്ടു. എന്റെ ഇൻസ്പെക്ഷൻ നോട്ടിൽ ഞാൻ അതെപ്പറ്റി റിമാർക്ക് ചെയ്കയും ചെയ്തിട്ടുണ്ടു്. കുറെക്കാലം കഴിഞ്ഞു ഡിപ്പാർട്ടുമെന്റൽ ഓവർസിയർ അവിടേക്ക് നിയോഗിക്കപ്പെട്ടു. സ്കൂളിന്റെ മേല്ക്കൂര ശരിയായി പണിചെയ്യുന്നതിനു ഒരു എസ്റ്റിമേറ്റു തയ്യാറാക്കി അയക്കണമെന്നു അയാളോടു ആവശ്യപ്പെട്ടു. ... രൂപായുടെ ഒരു എസ്റ്റിമേറ്റാണു ഓവർസീയർ തയ്യാറാക്കി അയച്ചുതന്നിട്ടുള്ളതു്.

ഈ സഭയുടെ കഴിഞ്ഞ യോഗത്തിൽവച്ചു മിസ്റ്റർ എ. ജെ. ജാൺ ഈ സ്കൂളിനെ സംബന്ധിച്ചു ചില ചോദ്യങ്ങൾ ഗവൺമെന്റിനോടു ചോദിക്കയുണ്ടായി. കെട്ടിടത്തിന്റെ സ്ഥിതി തീരെ തൃപ്തികരമായിരിക്കുന്നില്ല എന്നും ഉടൻതന്നെ അഴിച്ചു പണിയിക്കേണ്ടതു അത്യാവശ്യമായിരിക്കുന്നു എന്നും ഉള്ള സംഗതികൾ അദ്ദേഹം ആ സന്ദർഭത്തിൽ ഗവൺമെന്റിന്റെ ശ്രദ്ധയ്ക്കു വിഷയീഭവിപ്പിക്കയുണ്ടായി. അപ്പോൾ ഗവൺമെന്റു പറഞ്ഞ മറുപടി അവർ ഇതെപ്പറ്റി ആലോചിക്കുന്നതായിരിക്കും എന്നായിരുന്നു.

ഗവൺമെന്റിൽനിന്നും ഇതിലേക്കു വേണ്ടിവരുന്ന ചിലവിന്റെ ഒരു ഭാഗം നല്കുന്നപക്ഷം ബാക്കി വേണ്ടിവരുന്ന സംഖ്യ ജനങ്ങളിൽനിന്നും പിരിച്ചെടുത്തു അവരെക്കൊണ്ടുതന്നെ ഈ ജോലി നടത്തിക്കുവാൻ സാധിക്കുമോ എന്നു ഞാൻ സ്കൂൾ ഇൻസ്പെക്ട്രസ്സിനോടു ചോദിച്ചു. എന്നാൽ ജനങ്ങൾ ഈ ജോലി കയ്യേൽക്കുകയില്ലെന്നാണു അവർ റിപ്പോർട്ടുചെയ്തതു്. മെയിന്റനൻസ്സിനും കെട്ടിടങ്ങൾ നന്നാക്കുന്നതിനും മറ്റുമായി ഈ കൊല്ലത്തെ ബഡ്ജററു എസ്റ്റിമേറ്റിൻപ്രകാരം അനുവദിച്ചിട്ടുള്ള സംഖ്യ ഈ കൊല്ലത്തിൽതന്നെ സ്കൂളുകളുടെ മെയിന്റനൻസ്സിലേക്കും അവ നന്നാക്കുന്നതിലേക്കും മാത്രമേ മതിയാകയുള്ളു എന്നുള്ളതിനാൽ അതിൽനിന്നും ഇതിലേക്കു ആവശ്യമുള്ള പണം എടുപ്പാൻ സാധിക്കയില്ല.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാട്): അവിടെ സമീപം എവിടെയെങ്കിലും ഗ്രാൻറസ്കൂളുകൾ ഉണ്ടോ എന്നറിഞ്ഞാൽകൊള്ളാം.

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആ: വിദ്യാഭ്യാസഡയറക്ടർ): ഇപ്പോൾ അതെപ്പററി എനിക്കു പറവാൻ നിവൃത്തിയില്ല.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): ചേർത്തല മലയാളംസ്കൂൾ കെട്ടിടം ഇടിഞ്ഞുവീണതായും സ്കൂളിലെ നാലോ അഞ്ചോ വിദ്യാർത്ഥികൾക്കു അതുമൂലം ചില അപകടങ്ങൾ ഉണ്ടായതായും ചേർത്തലക്കാരുടെ ഒരു ഹർജി ഡയറക്ടർക്കു കിട്ടിയിട്ടുണ്ടോ എന്നറിഞ്ഞാൽകൊള്ളാം.

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആ: വിദ്യാഭ്യാസ ഡയറക്ടർ): അതേസംബന്ധിച്ചു എനിക്കു ഒരു ഹർജി കിട്ടി. വേണ്ടതു പ്രവർത്തിച്ചു റിപ്പോർട്ടു ചെയ്യുന്നതിനായി അതിനെ ഞാൻ ഇൻസ്പെക്ടർക്കു അയച്ചുകൊടുത്തിരിക്കയാണ്.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): അതു എപ്പോഴായിരുന്നു.

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആ: വിദ്യാഭ്യാസഡയറക്ടർ): കഴിഞ്ഞ ബഡ്ജററു യോഗകാലം സമീപിച്ചായിരുന്നു.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഇതേവരെ എന്തെങ്കിലും അവസാനറിപ്പോർട്ടു കിട്ടിയോ എന്നറിഞ്ഞാൽ കൊള്ളാം.

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആ. വിദ്യാഭ്യാസഡയറക്ടർ): ഇല്ല.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): റിപ്പോർട്ടു കിട്ടിക്കഴിഞ്ഞാലുടൻ കെട്ടിടത്തിന്റെ മേല്ക്കൂര ശരിയാക്കുമോ എന്നു ഡയറക്ടരിൽനിന്നും അറിഞ്ഞാൽകൊള്ളാം.

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആ. വിദ്യാഭ്യാസഡയറക്ടർ): റിപ്പോർട്ടു കിട്ടിയാലുടൻതന്നെ ഞാൻ വേണ്ടതു പ്രവർത്തിക്കാം.

മി: എം. ജെ. ജാൺ (വൈക്കം): കെട്ടിടത്തിന്റെ ചുവരുകൾക്കു യാതൊരു കേടും ഇല്ലാതെ നന്നായിതന്നെ ഇരിക്കുന്നുവോ എന്നറിഞ്ഞാൽ കൊള്ളാം.

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആ: വിദ്യാഭ്യാസഡയറക്ടർ): നന്നായിതന്നെ ഇരിക്കുന്നു. മേല്ക്കൂരയ്ക്കു മാത്രമേ കേടുള്ളു.

മി: എ. ജെ. ജാൺ (വൈക്കം): ഡിപ്പാർട്ടുമെന്റൽ ഓവർസീയരുടെ അഭിപ്രായവും ഇതുതന്നെയാണോ?

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആ: വിദ്യാഭ്യാസഡയറക്ടർ): അതെ.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): വേറെ ഏതെങ്കിലും സ്കൂൾകെട്ടിടങ്ങൾ ഇടിഞ്ഞുവീണിട്ടുണ്ടോ എന്നു ഡയറക്ടരിൽനിന്നും അറിവാൻ ആഗ്രഹിക്കുന്നു.

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആ. വിദ്യാഭ്യാസഡയറക്ടർ): അനേകം കെട്ടിടങ്ങൾ തീരെ അതൃപ്തികരമായ നിലയിൽ ഇരിക്കുന്നതായും ചിലവ അപായകരമായ നിലയിലിരിക്കുന്നതായും റിപ്പോർട്ടുകൾ കിട്ടിയിട്ടുണ്ടു്. കഴിഞ്ഞ കൊല്ലങ്ങൾക്കു മുമ്പു ജനങ്ങളുടെയിടയിൽ കഴിയുന്നിടത്തോളം വിദ്യാഭ്യാസപ്രചാരം വരുത്തണമെന്നുള്ള ഉദ്ദേശത്തോടുകൂടി ജനങ്ങളെക്കൊണ്ടു വളരെ പണച്ചിലവുകൂടാതെയുള്ള കെട്ടിടങ്ങൾ കെട്ടിച്ചു അവയെ വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിൻ കീഴിൽ എടുക്കുകയുണ്ടായിട്ടുണ്ടു്. ആ നയത്തിന്റെ ഫലമായി നിശ്ശേഷം ബലഹീനമായ അനേകം കെട്ടിടങ്ങളും ഉണ്ടാകുന്നതിനിടയായി.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): പരിശോധന നടത്താതെയാണോ ഈ കെട്ടിടങ്ങളു ഡിപ്പാർട്ടുമെൻറിലേക്ക എടുത്തതു എന്നറിഞ്ഞാൽ കൊള്ളാം.

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആ. വിദ്യാഭ്യാസഡയറക്ടർ): പരിശോധിക്കാതെ ആയിരിക്കാൻ തരമില്ല.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): കെട്ടിടങ്ങളെ ഡിപ്പാർട്ടുമെൻറിൻെറ അധീനതയിൽ എടുത്തപ്പോൾ അവയുടെ സ്ഥിതി മേലധികാരികൾക്ക തൃപ്തികരമായിരുന്നോ?

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആ. വിദ്യാഭ്യാസഡയറക്ടർ): ആ കെട്ടിടങ്ങൾ ഒരു പ്രകാരത്തിൽ അവർക്ക തൃപ്തികരമായിരുന്നിരിക്കണം. അല്പകാലത്തേക്ക നില്ക്കത്തക്ക കെട്ടിടങ്ങൾ ഉണ്ടാക്കുകമാത്രമാണ അന്നവർ ചെയ്തത്. ആ കാലം ഇപ്പോൾ കഴിഞ്ഞിരിക്കയാൽ ഈ സ്കൂൾ കെട്ടിടങ്ങളെ സംബന്ധിച്ചിടത്തോളം ഉത്തരവാദിത്വം ഏറെറടുക്കുന്ന ഗവണ്മെണ്ടു അതൃപ്തികരമായിരിക്കുന്ന എല്ലാ സ്കൂൾകെട്ടിടങ്ങളേയും അഴിച്ചു പണിയിക്കേണ്ട ഒരു നയം തുടരുന്നതിനുള്ള കാലം ആയിരിക്കയാണ്. ഈ സംഗതിയെ സംബന്ധിച്ചു ശീഘ്രമായ ഒരു റിപ്പോർട്ടു ഗവണ്മെൻറിലേക്ക സമർപ്പിക്കണമെന്നു ഞാൻ വിചാരിച്ചിരുന്നു. എന്നാൽ മററ അടിയന്തിരജോലിയിരുന്നതിനാൽ അതു സാധിച്ചില്ല എന്നേ ഉള്ളൂ. ശരിയായ വിധത്തിൽ വല്ലതും ചെയ്യണമെന്നു വിചാരമുള്ളപക്ഷം വർഷംതോറും ലക്ഷം രൂപാവീതം അനേക വർഷങ്ങളിലേക്ക ചിലവിടേണ്ടതായി വരും. ചാണകം ഇട്ടു മെഴുകുന്നതിനു പോലും നിവൃത്തിയില്ലാതെ അത്രമോശമായ നിലയിലുള്ളതറയാണ് ചില സ്കൂളുകൾക്കുള്ളത്. ചില സ്ക്കൂളുകളിൽ ബഞ്ചു മുതലായവയുടെ ദൌർലഭ്യത്താൽ ചില ക്ലാസുകളിലെ വിദ്യാർത്ഥികൾ തറയിൽ ഇരുന്നു പഠിക്കേണ്ടതായി വരികയും തൽഫലമായി പകൽസമയത്തിൽ രാവിലെ വിദ്യാർത്ഥികൾ വരുമ്പോൾ വൃത്തിയായിട്ടുതന്നെ വരുന്നു എങ്കിലും വൈകുന്നേരത്തു തിരിയെ പോകുമ്പോൾ വളരെ വൃത്തികേടായിട്ടുതന്നെ പോകുന്നതിനു ഇടയാകയും ചെയ്യുന്നു. ഇപ്രകാരം സ്കൂൾനടത്തുന്നതുകൊണ്ടു നാം അവരെ വൃത്തികേടായിരിക്കാൻ പഠിപ്പിക്കയാണ് ചെയ്യുന്നത്.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): ഗ്രാൻറസ്കൂളുകളുടെ നിലയും ഇത്ര മോശമായിത്തന്നെയാണോ എന്നു ഡയറക്ടരിൽനിന്നും അറിഞ്ഞാൽ കൊള്ളാം.

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): അവയുടെ കഥ ഇതിലും മോശമാണ്. ഇതിനും പുറമെ പുരയിടം ഇല്ലാത്തതിനാൽ അനേകം സ്കൂളുകളിലെ വിദ്യാർത്ഥികൾ പബ്ലിക് റോഡുകളിൽ മലമൂത്രവിസർജ്ജനം ചെയ്യുന്നതിനു ഇടയാകുന്നു. ഇപ്രകാരം ചെയ്യുന്നതുകൊണ്ട് ശരിയായവിധത്തിലുള്ള നടപടിക്രമത്തിൽ നാം വിദ്യാർത്ഥികൾക്ക പരിശീലനം നൽകുന്നതിനു പകരം അനാശാസ്യമായ നടപടികളിൽ നാം അവരെ പരിശീലിപ്പിക്കയാണ് യഥാർത്ഥത്തിൽ ചെയ്യുന്നത്. ഈ സംഗതികളിൽ കഴിയുന്നതും വേഗത്തിൽ അടിയന്തിരമായി ശ്രദ്ധ പതിപ്പിക്കേണ്ടതാണെന്നു എൻെറ സർക്യൂട്ടുകളുടെ ഇടയിൽ എനിക്കു തോന്നി. എന്നാൽ ഞാൻ മുമ്പു പറഞ്ഞതുപോലെ ഈ വിഷയങ്ങളിൽ എൻെറ ശ്രദ്ധ പതിപ്പിക്കുന്നതിനു എനിക്ക് സാധിച്ചില്ല എന്നേ ഉള്ളൂ.

മി: സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): ഇങ്ങനെയുള്ള സ്കൂളുകളുടെ ഒരു ലിസ്റ്റ് ഡയറക്ടരുടെ കൈവശം ഉണ്ടോ?

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): ഇങ്ങനെയുള്ള സ്കൂളുകളുടെ ഒരു ലിസ്റ്റ് തയ്യാറാക്കി ഇവയുടെ സ്ഥിതിയെ പരിഷ്കരിക്കുന്നതിലേക്കായി ആണ്ടോടാണ്ടു ഒരു വലിയതുക അനുവദിക്കേണ്ടതാണെന്നു ശുപാർശ ചെയ്യുന്നതായ ഒരു റിപ്പോർട്ടോടുകൂടി ഗവണ്മെൻറിലേക്ക അയക്കണമെന്നു ഞാൻ വിചാരിച്ചിരുന്നു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): മേൽക്കൂരകൾ ഇടിഞ്ഞുവീണ് പോകത്തക്ക നിലയിൽ ഇരിക്കുന്നതായി അനേകം സ്കൂളുകൾ ഉണ്ടെന്നുവരികിൽ അങ്ങനെയുള്ള സ്കൂളുകളെ നിവർത്തേണ്ടതു അടിയന്തിരമായ ഒരു അത്യാവശ്യമല്ലയോ?

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): ഇങ്ങനെയുള്ള അററകുററങ്ങൾ തീർക്കുന്നതിനായി വേണ്ടതു ചെയ്യാൻ ഡിപ്പാർട്ടുമെൻറിൽ ഓവർസീയരെ നിയോഗിച്ചിട്ടുണ്ട്.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാടു): ഒരു എഞ്ചിനീയറോ ആ ഡിപ്പാർട്ടുമെൻറിലെ മറേറതെങ്കിലും ഉദ്യോഗസ്ഥനോ ഈ കെട്ടിടങ്ങളെ പരിശോധിക്കുന്നുണ്ടോ?

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): ഇങ്ങനെയുള്ള മിക്കസ്കൂളുകളിലും അല്പമായിവല്ലതും ചെയ്യുന്നപക്ഷം പെട്ടെന്നു വലിയ അപകടം ഒന്നും ഉണ്ടാകാതെ കഴിക്കാമെന്നുള്ളതാണ്.

ആർട്ട്സ്കാളേജ് വിദ്യാർത്ഥികളുടെ ഉപയോഗത്തിലേക്കായി ഒരു ഹോസ്റ്റൽ തുടങ്ങുന്നതിനു ആവശ്യമുള്ള നൂറു രൂപായണ് അടുത്തതു. കൊളീജിയേററഹോസ്റ്റൽ പൂർത്തിയാകാറായതോടുകൂടി തൈക്കാട്ടെ "മാൻഷൻ" കെട്ടിടത്തെ ആർട്ട്സ്കാളേജു വിദ്യാർത്ഥികളുടെ ഉപയോഗത്തിലേക്ക പ്രത്യേകം ഒരു ഹോസ്റ്റലായി മേലും വച്ചുകൊണ്ടിരിക്കണമോ അല്ല ഉടമസ്ഥനു തിരിയെ വിട്ടുകൊടുക്കണമോ എന്നുള്ള സംഗതി തീരുമാനിക്കേണ്ടതായിവന്നു. ഇതനുസരിച്ചു മി: സ്റ്റീഫൻസൺ അവധിയിൽ പോകുന്നതിനു അല്പകാലം മുമ്പായി മുൻപറഞ്ഞ ഉപയോഗത്തിലേക്കായി ഈ കെട്ടിടത്തെ വച്ചുകൊണ്ടിരിക്കേണ്ടതാണെന്നു കാണിച്ചു അദ്ദേഹം ഗവണ്മെൻറിലേക്ക എഴുതുകയുണ്ടായി. ഈ ശുപാർശയെ അനുവദിക്കുന്നതിനു മുമ്പായി പുതുതായി തുറക്കപ്പെട്ട കൊളീജിയേററ് ഹോസ്റ്റലിൽ വേണ്ടുവോളം വിദ്യാർത്ഥികൾ ഉണ്ടാകുമോ എന്നറിയണമെന്നായി ഗവണ്മെൻറ ആവശ്യപ്പെട്ടു. ഓണം അവധികഴിഞ്ഞതോടുകൂടി അവിടെ വിദ്യാർത്ഥികൾ നിറഞ്ഞുകഴിഞ്ഞു. അതിൻെറശേഷം ഞാൻ ആർട്ട്സ്കാളേജുപ്രിൻസിപ്പാളുമായി ആലോചിച്ചു തൈക്കാട്ടെ "മാൻഷൻ" കെട്ടിടത്തിൽ ആർട്ട്സ്കാളേജിൻെറ ഉപയോഗത്തിലേക്കായി ഒരു ഹോസ്റ്റൽ തുടങ്ങേണ്ടതാണെന്നു കാണിച്ചു ഗവണ്മെൻറിലേക്ക വിവരമായി എഴുതി. ഗവണ്മെൻറ എൻെറ ശുപാർശയെ അനുവദിച്ചിരിക്കുന്നതിനാൽ അതിലേക്കുള്ള ഗ്രാൻറ അനുവദിക്കുന്നതിനായി ഞാൻ ഇതാ ഇപ്പോൾ നിങ്ങളോടു അപേക്ഷിക്കുന്നു.

പട്ടാളക്കാരുടെ കവാത്തുമൈതാനത്തിനു എതിരെയുള്ള കൊളീജിയേററു ഹോസ്റ്റൽ തുടങ്ങുന്നതിനു മുമ്പുണ്ടായിരുന്നതുപോലെ ഒരു സവർണ്ണഹിന്ദുഹോസ്റ്റൽ തുടങ്ങണമെന്നാണു ഇപ്പോഴത്തെ അഭിപ്രായം. വൈ. എം.

സി. എ. ഹോസ്റ്റൽ, എൽ. എം. എസ്സ്. ഹോസ്റ്റൽ, പാളയത്തുള്ള കാർമലൈററ ഹോസ്റ്റൽ, തൈക്കാട്ടുള്ള സെൻറ് ജോസഫ് ഹോസ്റ്റൽ ഇത്യാദികളായ അനേകം പ്രൈവററ ഹോസ്റ്റലുകൾ ക്രിസ്ത്യാനികളുടെ വകയായുള്ളതുകൊണ്ട് അവർക്കിപ്പോൾ താമസത്തിനുവേണ്ട സൌകര്യങ്ങളുണ്ട്. ഇതിനു പുറമെ ൧൨ ക്രിസ്ത്യൻ വിദ്യാർത്ഥികൾക്ക് കൊളീജിയേററ ഹോസ്റ്റലിൽ പ്രവേശനം നൽകിയിട്ടും ഉണ്ട്. അതിനാൽ മേൽ പറഞ്ഞ ഹോസ്റ്റലുകളിൽ എല്ലാം ക്രിസ്ത്യാനികൾക്കവേണ്ടവോളം വാസസൌകര്യം ഉണ്ട്. മുസ്ലീംവിദ്യാർത്ഥികൾക്ക മുസ്ലീം ഹോസ്റ്റലിൽ വേണ്ടവോളം വാസസൌകര്യമുണ്ട്. കൊളീജിയേററഹോസ്റ്റലിൽ അവർക്കും പ്രവേശനം അനുവദിച്ചിട്ടുണ്ടെന്നു വരികിലും ഒരു മുസ്ലിം വിദ്യാർത്ഥിപോലും അവിടെ പ്രവേശനം ആവശ്യപ്പെട്ടിട്ടില്ല.

മി: കെ. ഐ. ജോസഫ് (മീനച്ചൽ, ദേവികുളം): ക്രിസ്ത്യൻവിദ്യാർത്ഥികൾക്ക കൂടുതൽസ്ഥലം അനുവദിക്കുന്നപക്ഷം കൂടുതൽവിദ്യാർത്ഥികൾ ഹോസ്റ്റലിലേക്ക വരികയില്ലയോ?

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): ഞാൻ അതേപ്പററി പറവാൻ ഭാവിക്കയാണ്.

മി: കെ. ഐ. ജോസഫ് (മീനച്ചൽ, ദേവികുളം): എല്ലാ കത്തോലിക്കാ വിദ്യാർത്ഥികൾക്കും പ്രവേശനം നൽകത്തക്കവണ്ണം കാർമലൈററ് ഹോസ്റ്റലിൽ അത്രമാത്രം സ്ഥലസൌകര്യം ഉണ്ടോ എന്നറിഞ്ഞാൽകൊള്ളാം.

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിംഗ്‌വിദ്യാഭ്യാസഡയറക്ടർ): ആ ഹോസ്റ്റലിൽ ൪൦ വിദ്യാർത്ഥികളോളം ഉണ്ട്.

മി: കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം): കൂടുതൽ സ്ഥലസൌകര്യം നൽകപ്പെടുന്നപക്ഷം ആ സൌകര്യത്തെ ഉപയോഗപ്പെടുത്തുവാൻ ഒരുക്കമുള്ളവരായി കൂടുതൽ കത്തോലിക്കാവിദ്യാർത്ഥികൾ ഉണ്ടാകുമെന്നുള്ളതാകുന്നു.

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിംഗ്‌വിദ്യാഭ്യാസഡയറക്ടർ): തൈക്കാട്ടെ "മാൻഷൻ"ൽ ഇപ്പോഴുള്ള കെട്ടിടത്തിൽ ൪൦ മുതൽ ൫൦ വരെ വിദ്യാർത്ഥികൾക്ക താമസിക്കുന്നതിനുമാത്രമെ സൌകര്യമുള്ളൂ. അതിനാൽ ഏതേതു സമുദായവിഭാഗങ്ങൾക്കാണ സ്ഥലത്തിന്റെ ആവശ്യം കൂടുതൽ ആയിട്ടുള്ളത് എന്നുള്ളതിനെപ്പററിയാണ് നാം ഇപ്പോൾ ആലോചിക്കവാനുള്ളത്. ഞാൻ മുമ്പു പറഞ്ഞതുപോലെ ക്രിസ്ത്യൻവിദ്യാർത്ഥികൾക്ക കൊളീജിയേററ് ഹോസ്റ്റലും മററനേകം പ്രൈവററ് ഹോസ്റ്റലുകളും ഉണ്ട്.

മി: കെ. ഐ. ജോസഫ് (മീനച്ചൽ ദേവികുളം): കൊളീജിയേററ് ഹോസ്റ്റലിൽ വിദ്യാർത്ഥികൾ നിറഞ്ഞു കഴിഞ്ഞുവൊ?

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിംഗ്‌വിദ്യാഭ്യാസഡയറക്ടർ): ഇപ്പോൾ അവിടെ നിറച്ചു വിദ്യാർത്ഥികൾ ഉണ്ട്.

നേരെമറിച്ചു ഹിന്തുക്കൾക്കാകട്ടെ കൊളീജിയേററ് ഹോസ്റ്റലല്ലാതെ മററയാതൊരു ഹോസ്റ്റലും ഇല്ല. പിന്നെയും കൊളീജിയേററ് ഹോസ്റ്റലിൽ ഈഴവവിദ്യാർത്ഥികൾക്കും പ്രവേശനം അനുവദിക്കപ്പെട്ടിട്ടുണ്ടെന്നു വരികിലും ഇതുവരെ രണ്ടു ഈഴവവിദ്യാർത്ഥികൾ മാത്രമെ അവിടെ ചേർന്നിട്ടുള്ളൂ. ഇപ്പോഴത്തേക്കെങ്കിലും തയ്ക്കാട്ടെ ഹോസ്റ്റലിൽ ഈഴവവിദ്യാർത്ഥികൾക്ക സ്ഥലസൌകര്യം നൽകേണ്ട ആവശ്യമില്ലെന്നു ഇതിൽനിന്നും വിശദമാകുന്നുണ്ടല്ലൊ. "മാൻഷ"നിൽ ഇപ്പോഴുള്ള കെട്ടിടങ്ങളിൽ ൫൦ വിദ്യാർത്ഥികൾക്ക താമസിക്കുന്നതിനുമാത്രമെ സൌകര്യമുള്ളൂ എന്നു ഞാൻ മുമ്പെ പറഞ്ഞുവല്ലൊ. അടുക്കളക്കുപയോഗിക്കാവുന്നവയായി രണ്ടു കെട്ടിടങ്ങൾകൂടിയും ഉള്ളവയെ സവർണ്ണഹിന്തുക്കൾക്ക് സസ്യഭക്ഷകർക്കും മാംസഭക്ഷകർക്കും ആയി രണ്ടു ഭക്ഷണശാലകൾ തുടങ്ങണമെന്നാണ ഇപ്പോൾ ആലോചിച്ചിരിക്കുന്നത്.

ഞാൻ ഇപ്പോൾ ആവശ്യപ്പെടുന്നതായ ഗ്രാൻറ് ജോലിക്കാരുടെ ശമ്പളവും സിൽബന്തിചെലവും തൻ ചെലവും കൂടിച്ചേർന്നുള്ളതാണ്. ജോലിക്കാർ എന്നുപറഞ്ഞതു ൪൦ രൂപാശമ്പളത്തിൽ ഒരു ഡെപ്യൂട്ടിവാർഡനും ൨൫ രൂപാശമ്പളത്തിൽ ൨ ട്യൂട്ടറന്മാരും ൨൫ രൂപാ ശമ്പളത്തിൽ ഒരു മെഡിക്കൽ ആഫീസരും ൨൫ രൂപാശമ്പളത്തിൽ ഒരു സ്റ്റീവാർഡും ൨൦ രൂപാശമ്പളത്തിൽ ഒരു ക്ലാർക്കും ൯ രൂപാശമ്പളത്തിൽ ൨ ശിപായിമാരും ൧൨ രൂപാശമ്പളത്തിൽ ൨ ഹെഡ്കുക്കുകളും ൧൧ രൂപാശമ്പളത്തിൽ ൨ അസിസ്റ്റൻറകുക്കുകളും ൧൦ രൂപാശമ്പളത്തിൽ ഒരു തോട്ടിയും ൯ രൂപാശമ്പളത്തിൽ രണ്ടു തോട്ടക്കാരും ൮ രൂപാശമ്പളത്തിൽ ൨ തൂപ്പുകാരും ആകുന്നു. ഈ മലയാളമാസം ൧൫-ാംനു-മുതൽ ഹോസ്റ്റൽ തുടങ്ങണമെന്നു ഉദ്ദേശിക്കുന്നതുകൊണ്ട് ഉദ്യോഗസ്ഥന്മാരുടെ ശമ്പളത്തിനും സിൽബന്തിച്ചിലവുകൾക്കുമായി ൨൧൦൦ രൂപാ കണക്കാക്കിയിട്ടുണ്ട്. വിളക്കുവെപ്പു ചിലവുകൾ ആഫീസുചിലവുകൾ ഫർനിച്ചർ പാത്രങ്ങൾ മുതലായവ വാങ്ങുന്നതിനുള്ള ചിലവുകൾ തുടങ്ങിയുള്ള ആണ്ടോടാണ്ടു ഉണ്ടാകുന്ന ചിലവുകൾക്കായി ൨൦൩൭ രൂപാ കണക്കാക്കിയിട്ടുണ്ട്. അടുക്കളക്കു ആവശ്യമുള്ള പാത്രങ്ങൾ മുതലായവ വാങ്ങുക തുടങ്ങിയ ചിലവുകൾക്കായി ൩൦൦ രൂപാ കണക്കാക്കിയിട്ടുണ്ട്. എല്ലാം ഇനങ്ങളിലുംകൂടി ൭൩൭ രൂപാ ചിലവുവരുമെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. ഇതിൽ ബഡ്ജററിൽ മാൻഷൻകെട്ടിടത്തിനു വാടകയ്ക്കായി അനുവദിച്ചിട്ടുള്ള തുകയിൽ നിന്നും ൮൧൨ രൂപാ ഇതിലേയ്ക്കു ഉപയോഗിക്കാവുന്നതായി ഉണ്ട്. ബഡ്ജററ് എസ്റ്റിമേററ് അനുവദിച്ചപ്പോൾ ഒരു വർഷത്തേക്കു മുഴുവനും വാടക കൊടുക്കുന്നതിലേക്കായി അതിൽ കൊള്ളിച്ചിട്ടുണ്ടായിരുന്ന തുകമുഴുവനും അനുവദിക്കപ്പെടുകയാണുണ്ടായത്. എന്നാൽ അതിന്റെശേഷം അതിൽനിന്നും ൭൪൦ രൂപാ വേറെ ഒരു ആവശ്യത്തിലേക്കായി ചിലവാക്കി. അതിനാൽ ഇപ്പോൾ ൮൧൨ രൂപാ ബാക്കിയുണ്ട്. ഹോസ്റ്റൽ നടത്തുന്നതിനു ഈ ആണ്ടത്തേയ്ക്കു ആവശ്യമുള്ള മുഴുവൻതുകയിൽനിന്നും മേൽപറഞ്ഞ ൮൧൨ രൂപ കുറയ്ക്കുമ്പോൾ ൬൭൫ രൂപാ വേണ്ടിവരുന്നതായി കാണുന്നു. സപ്ലിമെൻററി ഗ്രാൻറിനായുള്ള എന്റെ അപേക്ഷയിലെ നാലാമത്തെ ഇനം ഇതാകുന്നു. ഈ ഡിമാൻഡിനെ അനുവദിക്കണമെന്നായി ഞാൻ കൌൺസിലിനോടു അപേക്ഷിച്ചുകൊള്ളുന്നു.

മി: കെ. സി. മാമ്മൻമാപ്പിള (കച്ചവടകൈത്തൊഴിൽ സംഘങ്ങൾവക വടക്കൻ മെമ്പർ): ആർട്ട്സ് കാളേജിനെ വേർതിരിച്ചതായ അവസരത്തിൽ ഗവർമ്മെൻറിൽനിന്നും കണക്കാക്കിയിരുന്ന ചിലവിൽ കൂടുതലും

യി ആ കാളേജിലേക്കായി ചിലവാക്കപ്പെട്ടിട്ടുണ്ടോ അല്ല ആ ഉദ്ദേശ്യത്തിന്നുതന്നെ കാര്യങ്ങൾ നടത്തുന്നതിന്ന സാധിച്ചുവോ എന്ന ഡയറക്ടറിൽനിന്നും അറിവാൻ ആഗ്രഹിക്കുന്നു.

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): അതെപ്പറ്റി എനിക്ക ഇപ്പോൾ പറവാൻ നിവൃത്തിയില്ല.

മി: കെ. സി. മാമ്മൻമാപ്പിള (കച്ചവട കൈത്തൊഴിൽ സംഘങ്ങൾ വക വടക്കൻ മെമ്പർ): ഗവൺമെൻറ പ്രസിദ്ധംചെയ്തിരുന്ന വിജ്ഞാപനത്തിൽ കാളേജുകളുടെ വിജയത്തിന്ന അനുകൂലമായി പൊറപ്പെടുവിച്ചിട്ടുണ്ടായിരുന്ന വാക്കുകളിൽ പ്രധാനമായ ഒന്ന കൂടുതലായി യാതൊരു ചിലവും വേണ്ടിവരികയില്ല എന്നുള്ളതായിരുന്നു. ഗവൺമെൻറിന്റെ ഈ ഉദ്ദേശങ്ങൾ പ്രവൃത്തിയിൽ വന്നുവോ എന്ന അറിയേണ്ടിയിരിക്കുന്നു. ഇത വളരെ വാദപ്രതിവാദം കുറയ്ക്കാൻ ഉതകുന്നതും വളരെ പ്രാധാന്യമുള്ളതുമായ ഒരു സംഗതിയാകുന്നു.

മി: ആർ. കൃഷ്ണസ്വാമി അയ്യർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ) ഇപ്പോൾ എനിക്ക അതിനെപ്പറ്റി യാതൊന്നും പറവാൻ നിവൃത്തിയില്ല. മാതാപിതാക്കന്മാരുടെയും രക്ഷകർത്താക്കന്മാരുടെയും കൂടി താമസിക്കാൻ നിവൃത്തിയില്ലാത്തവരായ എല്ലാവിദ്യാർത്ഥികൾക്കും താമസത്തിന്നുള്ള സ്ഥലസൗകര്യം ഉണ്ടാക്കിക്കൊടുക്കേണ്ടതു ഗവൺമെൻറിന്റെ ചുമതലയാണ എന്നുള്ളതു മാത്രമെ എനിക്ക ഇപ്പോൾ പറവാൻ സാധിക്കയുള്ളൂ. ഈ കാളേജുകളെ സർവകലാശാലയോടുകൂടി ചേർത്തപ്പോഴുള്ള ഒരു കരാർ ഇതാണ്. അതിനാൽ കാളേജു വിഭജനത്തിന്റെ കാരണങ്ങൾ എന്തു തന്നെയായിരുന്നാലും ശരി, ചിലവിനെ ഒരു നിശ്ചിതതുകയ്ക്കുള്ളിൽ നിറുത്തിക്കൊള്ളാമെന്ന ഒരു കരാറു ഉണ്ടായിരുന്നാലും ശരി ഇല്ലായിരുന്നാലുംശരി, വേണ്ടിടത്തോളം ഹോസ്റ്റൽ സൗകര്യം ഉണ്ടാക്കിക്കൊടുക്കേണ്ടതു ആവശ്യമായിട്ടുള്ളതാണ്. അപ്രകാരം ചെയ്യാത്ത പക്ഷം കാളേജിനെ സർവകലാശാലയിൽ നിന്നും തള്ളിയേക്കുന്നതിന് ഇടയായേക്കാം.

മി: കെ. സി. മാമ്മൻമാപ്പിള (കച്ചവടകൈത്തൊഴിൽ സംഘങ്ങൾ വക വടക്കൻമെമ്പർ) ഇതുവരെയും ആകുന്നു, സർവകലാശാലയുമായിചേർത്ത കാലത്തുള്ള കരാറുകളെവിട്ടുഞാൻചോദിച്ചചോദ്യത്തിന്നമറുപടിപറയണമെന്നായിഞാൻ ഡയറക്ടരോടു ആവശ്യപ്പെട്ടുകൊള്ളുന്നു.

മി: സുബ്ബയ്യർ (നിയമിതമെമ്പർ) (ഡെപ്യൂട്ടിപ്രസിഡെൻറ്) വാടകയായി എന്തെങ്കിലും ഈടാക്കുന്നുണ്ടോ എന്നറിഞ്ഞാൽകൊള്ളാം.

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിംഗ്വിദ്യാഭ്യാസ ഡയറക്ടർ): മുറിവാടക ഈടാക്കുന്നുണ്ട്.

മി: കെ. സി. മാമ്മൻമാപ്പിള (കച്ചവടകൈത്തൊഴിൽ സംഘങ്ങൾ വക വടക്കൻമെമ്പർ) വാടകയ്ക്ക ഒരു കെട്ടിടം കിട്ടുന്നതിനുള്ള സൗകര്യം ഇല്ലാത്ത പക്ഷം ഒരു പ്രത്യേക കെട്ടിടം ഉണ്ടാക്കേണ്ട ആവശ്യം ഇല്ലയോ.

മി: ആർ കൃഷ്ണസ്വാമിഅയ്യർ (ആക്ടിംഗ് വിദ്യാഭ്യാസ ഡയറക്ടർ): ഉണ്ടാക്കേണ്ടിവരും. ഗവൺമെണ്ടിൽ നിന്നും ഹോസ്റ്റൽസൌകര്യം ഉണ്ടാക്കിക്കൊടുക്കേണ്ടിയിരിക്കുന്നവല്ലൊ.

മി: എ. ജെ. ജാൺ (വൈക്കം); കോളജിന്റെ ഹോസ്റ്റലിൽ എത്ര വിദ്യാർത്ഥികൾക്ക പ്രവേശനം നല്കുന്നതിനുള്ളസൗകര്യം ഉണ്ടെന്നറിഞ്ഞാൽ കൊള്ളാം.

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിംഗ്വിദ്യാഭ്യാസഡയറക്ടർ): ൧൦൦.

മി: എ. ജെ. ജാൺ (വൈക്കം) ഹോസ്റ്റലിൽ നിറച്ചു വിദ്യാർത്ഥികൾ ഉണ്ടോ?

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിംഗ് വിദ്യാഭ്യാസ ഡയറക്ടർ): നിറച്ചുവിദ്യാർത്ഥികൾ ഉണ്ട്.

മി: എ. ജെ. ജാൺ (വൈക്കം) ക്രിസ്ത്യാനികളുടെയോ മററാരുടെയെങ്കിലുമൊ അപേക്ഷകളെ വാർഡൻ തള്ളിയിട്ടുണ്ടോ എന്നറിഞ്ഞാൽ കൊള്ളാം.

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിംഗ്വിദ്യാഭ്യാസ ഡയറക്ടർ) ചിലവിദ്യാർത്ഥികളെ വെയിററിംഗ് ലിസ്റ്റിൽ കൊള്ളിച്ചിരിക്കുന്നതായി വാർഡൻ എന്നെ അറിയിച്ചിട്ടുണ്ട്.

മി: എ. ജെ. ജാൺ (വൈക്കം) ക്രിസ്ത്യാനികൾ, ഈഴവർ മുതലായവരിൽ നിന്നും വന്നിട്ടുള്ള അപേക്ഷകളിൽ എത്രഎണ്ണം തള്ളപ്പെട്ടു എന്നറിഞ്ഞാൽ കൊള്ളാം.

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിംഗ്വിദ്യാഭ്യാസഡയറക്ടർ): ഇതിനെപ്പററി ശരിയായ ഒരു മറുപടി പറയുന്നതിന്ന എനിക്ക ഇപ്പോൾ നിവൃത്തിയില്ല.

മി: കെ. കെ. തോമസ് (കോട്ടയം) എല്ലാഹോസ്റ്റലുകളിലും കൂടി ഇപ്പോൾ താമസിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണവും പുറമെ താമസിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണവും തമ്മിൽ താരതമ്യപ്പെടുത്തിയുള്ള ഒരു കണക്ക അറിഞ്ഞാൽകൊള്ളാം.

മി: ആർ കൃഷ്ണസ്വാമിഅയ്യർ(ആക്ടിംഗ്വിദ്യാഭ്യാസഡയറക്ടർ): അതിനെ സംബന്ധിച്ചുള്ളകണക്കുകൾ എന്റെ കൈവശം ഇപ്പോഴില്ല.

മി: കെ. കെ. താമസ് (കോട്ടയം): ഉദ്ദേശമായി ഒരു കണക്കറിഞ്ഞാൽമതി.

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിംഗ്വിദ്യാഭ്യാസഡയറക്ടർ): കോളിജിന്റെ ഹോസ്റ്റലിൽ ൧൦൦ വിദ്യാർത്ഥികൾ താമസിക്കുന്നുണ്ട്. എൻ. എം. എസ് ഹോസ്റ്റലിൽ നാല്പതോളവും കാർമലൈററ ഹോസ്റ്റലിൽ നല്പതോളവും വൈ. എം. സി. എ. ഹോസ്റ്റലിൽ അൻപതോളവും വിദ്യാർത്ഥികൾ താമസിക്കുന്നുണ്ട്. സർവകലാശാലക്കാർ അവരുടെചട്ടങ്ങളെ നാം കൃത്യമായിഅനുസരിക്കണം എന്ന നമ്മെനിർബന്ധിക്കുന്നപക്ഷം ഒന്നുകിൽ നാം കാളേജുകൾ നിറുത്തേണ്ടതായോ അല്ലാത്തപക്ഷം വേണ്ടിടത്തോളം ഹോസ്റ്റൽ സൌകര്യം വിദ്യാർത്ഥികൾക്ക ഉണ്ടാക്കിക്കൊടുക്കേണ്ടതായോ വരുമെന്നുള്ളതാണ്.

മി: സി. പി. താമസ് (നിയമിതമെമ്പർ): ഭിന്നസമുദായങ്ങളിൽ നിന്നും വരുന്നതായഅപേക്ഷകൾക്ക വാർഡൻ ഒരു രജിസ്റ്റർ വച്ചിട്ടില്ലയൊ എന്നറിഞ്ഞാൽ കൊള്ളാം

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിംഗ്വിദ്യാഭ്യാസഡയറക്ടർ): അതെപററി എനിക്ക ഇപ്പോൾ പറയാൻനിവൃത്തിയില്ല.

മി: സി. പി. താമസ് (നിയമിതമെമ്പർ): മേലാലെങ്കിലും ഇപ്രകാരം ഒരു റിക്കാർഡു, വയ്ക്കുന്നതു് അഭിലഷണീയമായിരിക്കുമെന്ന ഡയറക്ടർ വിചാരിക്കുന്നില്ലയൊ ?

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ) നിശ്ചയമായും അതു ഉദ്ദേശിച്ചാലുണ്ടായതായിട്ടുള്ളതുതന്നെ.

മി: കെ. സി. മാമ്മൻമാപ്പിള (കച്ചവടക്കൈത്തൊഴിൽ സംഘങ്ങൾവക വടക്കൻ മെംബർ) ആർട്ട്സ്കാളേജിൽ പ്രവേശനം നൽകാവുന്നിടത്തോളം വിദ്യാർത്ഥികൾ ഇപ്പോൾ അവിടെ പഠിക്കുന്നുണ്ടോ?

മി: ആർ. കൃഷ്ണസ്വാമി അയ്യർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ) ഇല്ല. കൂടുതൽ വിദ്യാർത്ഥികൾക്ക പ്രവേശനം നൽകുന്നതിനുള്ള സ്ഥലസൌകര്യം ഉണ്ട്. കാളേജു വിഭജനകാലത്തു ൨൦൦ വിദ്യാർത്ഥികൾക്ക പ്രവേശനം നൽകാമെന്നു കണക്കാക്കപ്പെട്ടിരുന്നു. ഇപ്പോൾ ൯൦ വിദ്യാർത്ഥികൾ മാത്രമേ ഉള്ളൂ.

മി: കെ. സി. മാമ്മൻമാപ്പിള (കച്ചവടക്കൈത്തൊഴിൽ സംഘങ്ങൾ വക വടക്കൻ മെമ്പർ): വിദ്യാർത്ഥികളുടെ സംഖ്യ കൂടിവരുന്നോ കുറഞ്ഞുവരുന്നോ?

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിംഗ് വിദ്യാഭ്യാസ ഡയറക്ടർ): കൂടി വരികയാണ്.

മി: എം. ശിവതാണുപിള്ള (തോവാള): സർ! ഞാൻ ഡിമാൻഡിന്റെ രണ്ടാമത്തെ ഇനത്തെ അതായതു സംസ്കൃതകാളേജിലെ വേദശാഖ സ്ഥാപിച്ചു നടത്തുന്നതിനുള്ള കെട്ടിടത്തെ സംബന്ധിച്ചുള്ള ചിലവിനെക്കുറിച്ചുള്ള ഭാഗത്തെ എതിർക്കുന്നു. സർ! ഹിന്ദുസമുദായത്തിൽ പെട്ട എല്ലാ ജാതിക്കാർക്കും ഈ ശാഖയിൽ പ്രവേശനം നൽകുന്നതല്ലെന്നുള്ളതിനെപ്പറ്റി വിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിച്ച വാക്ക എനിക്ക യാതൊരുപ്രകാരത്തിലും ബോദ്ധ്യമായിട്ടില്ല എന്നു ഞാൻ പറയേണ്ടിയിരിക്കുന്നു. പരമാർത്ഥത്തിൽ അതിനെസംബന്ധിച്ചു യാതൊരു വാദവും ഉണ്ടായിരുന്നില്ല. ഈ വകുപ്പിനെ മറ്റൊരു കെട്ടിടത്തിലേക്ക മാററി സ്ഥാപിക്കുമ്പോൾ എങ്കിലും ഹിന്ദുസമുദായത്തിൽ പെട്ട എല്ലാ ജാതിക്കാർക്കും പ്രവേശനം നൽകാമെന്നു ഒരു വാക്ക പറയുന്നതിന്നു പോലും അദ്ദേഹത്തിനു കഴിഞ്ഞിട്ടില്ല. ഹിന്ദുസമുദായത്തിൽ പെട്ട ഇതരജാതിക്കാർ ഈ അദ്ധ്യയനത്തിൽ പങ്കുകൊള്ളുന്നതിനെയും ആ വഴിക്ക വേദങ്ങളെ സംബന്ധിച്ചു ചിലതെല്ലാം പഠിക്കുന്നതിനെയും നിരോധിക്കത്തക്കവണ്ണം ഇവിടത്തെ അദ്ധ്യയനരീതിയിൽ എന്തു വിശേഷവിധിയാണ് ഉള്ളതു എന്നു മനസ്സിലാക്കുവാൻ ഞാൻ കഴിയുന്നതുശ്രമിച്ചു നോക്കി. ഡയറക്ടർ പറഞ്ഞതുപോലെ ഈ ശാഖ ബ്രാഹ്മണസമുദായക്കാർക്ക് വേണ്ടി മാത്രം ഉദ്ദേശിക്കപ്പെട്ടിട്ടുള്ള ഒന്നാണ്. സർ! ബ്രാഹ്മണസമുദായത്തോട് എനിക്ക വളരെ ബഹുമാനം ഉണ്ടെന്നു ഞാൻ ഉറപ്പായി പ്രസ്താവിച്ചുകൊള്ളട്ടെ. എന്നാൽ ഇതരസമുദായങ്ങളോടും എനിക്ക തുല്യമായ ബഹുമാനം ഉണ്ട്. ഈ ശാഖയിൽ നൽകിവരുന്ന അദ്ധ്യയനത്തിന്റെ ഗുണം ഹിന്ദുസമുദായത്തിൽ പെട്ട എല്ലാജാതിക്കാർക്കും ഒരുപോലെ ലഭിക്കുന്നതിനായി ഇപ്പോൾ എങ്കിലും ഈ ശാഖയിൽ അവർക്ക എല്ലാവർക്കും പ്രവേശനം നൽകേണ്ടതാകുന്നു. ഹിന്ദുമതം മലയാളത്തിലുള്ള ഓരോ ഗൃഹത്തെയും ഓരോക്ഷേത്രമാക്കിത്തീർക്കുന്നു എന്നു പറഞ്ഞിട്ടുള്ള പരേതനായ വിവേകാനന്ദസ്വാമികൾ അവർകളുടെ അഭിപ്രായത്തെ അടിസ്ഥാനമാക്കിയാണ് എന്റെ വേദം എന്നെ പഠിപ്പിക്കണം എന്നു ഞാൻ പറയുന്നത്. മനുഷ്യർ തമ്മിൽ തമ്മിൽ വച്ചിട്ടുള്ള വ്യത്യാസങ്ങളെ വേരോടെ നശിപ്പിക്കുന്നതിനുള്ള കാലം അതിക്രമിച്ചിരിക്കയാണ്. ആ സ്ഥിതിക്ക കഴിയുന്ന വേഗത്തിൽ ഈ വ്യത്യാസങ്ങൾ നശിപ്പിച്ചു കാണുന്നതിനായി ഞാൻ ഈ ഡിമാൻഡിനെ എതിർക്കുന്നു.

മി: കെ. ഐ. ജോസഫ് (മീനച്ചൽ; ദേവികുളം): അഹിന്ദുക്കൾക്ക അവിടെ പ്രവേശനം നൽകുന്നതിൽ അദ്ദേഹത്തിനു വിരോധമുണ്ടോ എന്നറിഞ്ഞാൽ കൊള്ളാം.

മി: എം. ശിവതാണുപിള്ള (തോവാള): എനിക്ക യാതൊരു വിരോധവും ഇല്ല. ക്രിസ്ത്യാനികൾ അവരുടെ പ്രാർത്ഥനാസമയങ്ങളിൽ പള്ളികളിൽ സവർണ്ണഹിന്ദുക്കൾക്ക പ്രവേശനം അനുവദിച്ചിട്ടുള്ളതുപോലെ ക്രിസ്ത്യാനികൾക്കു ഇവിടെയും പ്രവേശനം നൽകുന്നതിൽ എനിക്ക യാതൊരുവിരോധവും ഇല്ല.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): വേദാദ്ധ്യയനത്തിനു മുമ്പായി അച്ചം സംസ്കാരത്തിന്റെ ആവശ്യമുണ്ടെന്നു മെമ്പറിനു അറിയാമോ?

മി: എം. ശിവതാണുപിള്ള (തോവാള): പരമാർത്ഥം പറകയാണെങ്കിൽ ഞാൻ തന്നെ അനേകം സംസ്കാരങ്ങളിൽ നിമഗ്നനായിരിക്കയാണ്. ഏതു സംസ്കാരത്തെയാണു ഉദ്ദേശിക്കുന്നതു എന്നു എനിക്ക മനസ്സിലാകുന്നില്ല. വിദ്യാഭ്യാസ ഡയറക്ടർ തന്നെ ഈ ക്ലാസിൽ ബ്രാഹ്മണർക്ക മാത്രമേ പ്രവേശനം അനുവദിക്കപ്പെട്ടിട്ടുള്ളു എന്നു പറയുന്നു. ഞാൻ ഒരു അബ്രാഹ്മണൻ ആയിരിക്കുന്ന സ്ഥിതിക്ക് ഏതു സംസ്കാരത്തെ ഉദ്ദേശിച്ചാണു മിസ്റ്റർ എ. കെ. പിള്ള സംസാരിക്കുന്നതു എന്നു മനസ്സിലാക്കി മറുപടി പറയുന്നതിനു ഈ ക്ലാസിൽ പ്രവേശനം ലഭിച്ചതിൻമേൽ മാത്രമേ സാധിക്കയുള്ളൂ.

മി: കെ. സി. മാമ്മൻമാപ്പിള (കച്ചവടക്കൈത്തൊഴിൽ സംഘങ്ങൾ വക വടക്കൻ മെമ്പർ): സർ! ആർട്ട്സ്കാളേജു വിദ്യാർത്ഥികളുടെ ഉപയോഗത്തിലേക്കായി ഒരു ഹോസ്റ്റൽ തുടങ്ങുന്നതിന് ൩൦,൦൦൦ രൂപായുടെ ഒരു ഗ്രാൻറ് അനുവദിക്കണമെന്നുള്ള ഡിമാൻഡിനെ ഞാൻ പല കാരണങ്ങളാൽ എതിർക്കുന്നു. ഒന്നാമതായി രാജകീയകാളേജു വിഭജനം ചെയ്യുന്നതുകൊണ്ട് ഗണ്യമായ വിധത്തിൽ കൂടുതൽ ചിലവു യാതൊന്നും വേണ്ടിവരികയില്ലെന്നുള്ള സംഗതിയെപ്പറ്റി വളരെ ഉറപ്പായി പറഞ്ഞിട്ടുണ്ടായിരുന്നതായി ഞാൻ വളരെ വിശദമായി ഓർമ്മിക്കുന്നുണ്ട്. ഈ ഡിപ്പാർട്ടുമെൻറ് മേലധികാരി കൌൺസിൽ മുമ്പാകെ ഹാജരായി കൂടുതൽ ഫണ്ട് അനുവദിക്കണമെന്നു ആവശ്യപ്പെട്ടപ്പോൾ മുൻപറഞ്ഞ ഗവർമ്മെന്റ ഉത്തരവിനെ സംബന്ധിച്ചിടത്തോളം ഉള്ള മുഴുവൻ സംഗതികളും ഗ്രഹിക്കാനുള്ള ഒരു പൂർണ്ണാവകാശം ഞങ്ങൾക്കുണ്ടെന്നാണു എനിക്ക തോന്നുന്നത്. ഗവർമ്മെന്റിന്റെ ആദ്യകാലത്തെ കരാറുകളോ ഉദ്ദേശങ്ങളോ എന്തുതന്നെ ആയിരുന്നാലും വിദ്യാഭ്യാസ സംബന്ധമായി അത്യാവശ്യമായിട്ടുള്ള ചിലവുകൾക്ക നാം കൂടുതൽ പണം ചിലവു ചെയ്യുന്നതിനു നിർബന്ധിതരാകുന്നപക്ഷം അപ്രകാരം ചെയ്യേണ്ടതു നമ്മുടെ ചുമതലയാണെന്നു വിദ്യാഭ്യാസഡയറക്ടർ പറകയുണ്ടായല്ലോ. ഞാനും ആ അഭിപ്രായത്തോടു പൂർണ്ണമായി യോജിക്കുന്നു. എന്നാൽ അതേ സമയം തന്നെ ഗവർമ്മെന്റിനു അക്കാലത്തുണ്ടായിരുന്ന ഉദ്ദേശങ്ങൾ അനുസരിച്ചു തന്നെ കാര്യങ്ങൾ നടന്നുവോ ഇല്ലയോ എന്നുള്ളതിനെപ്പററിയും ഞങ്ങളോടു തുറന്നു പറയേണ്ടതു കൌൺസിലിന്റെ നേർക്ക അദ്ദേഹത്തിന്റെ ചുമതലയാണെന്നുള്ളതിനും യാതൊരു സംശയവുമില്ല. അതിനെപ്പററി തുറന്നു പറഞ്ഞതിനുശേഷം പരിതസ്ഥിതികളേയോ അത്യാവശ്യങ്ങളേയോ മററതിനെ എങ്കിലുമോ അടിസ്ഥാനമാക്കി കൂടുതൽ ഫണ്ടിനായി ആവശ്യപ്പെട്ടുകൊള്ളട്ടെ. ഇതു ഡയറക്ടരെ ചൂണ്ടിക്കാണിക്കണമെന്നു ഞാൻ ഉദ്ദേശിക്കുന്ന ഒരു പ്രധാനപ്പെട്ട സംഗതിയാകുന്നു.

രണ്ടാമതായി ഈ ഗ്രാൻറ മൂലം നാം എല്ലാപ്പോഴും വിരോധിച്ചിട്ടുള്ളതും ഓരോ വിഭാഗമോ സമുദായമോ നിവൃത്തിയുള്ളിടത്തോളം കൂടാതെ കഴിക്കണമെന്നു അത്യുൽക്കണ്ഠയോടുകൂടിയിരിക്കുന്നതും ആയ ഒരു അവസ്ഥയെ അതായതു സമുദായങ്ങളോ ജാതികളോ തമ്മിൽ അന്യോന്യം ഉള്ള വ്യത്യാസങ്ങളെ നിലനിറുത്തിപ്പോരുന്നതിനു ശ്രമിക്കയാണു ചെയ്യുന്നതു എന്നുള്ളതു കൊണ്ടും ഞാൻ ഈ ഡിമാൻഡിനെ എതിർക്കുന്നു. ചരിത്ര സംബന്ധമായും സാമുദായികമായും ഉള്ള അനേകകാരണങ്ങളാൽ ഭരണകൂടത്തെ സംബന്ധിക്കുന്ന വിഷയങ്ങളിൽ പോലും ജാതി വ്യത്യാസങ്ങളുടെ അവശിഷ്ടങ്ങൾ ക്ഷീണമായി കിടന്നിരുന്നു എന്നുള്ളതിനു യാതൊരു സംശയവും ഇല്ല. എന്നാൽ ആ വ്യത്യാസങ്ങളെ ഇല്ലാതാക്കുന്നതിനു ഗവണ്മെൻറ മനഃപൂർവ്വമായി പ്രയത്നിക്കയും ചെയ്തിട്ടുണ്ട്. ഇതിനുള്ള ഒരു ഉദാഹരണം സവർണ്ണഹിന്ദുഹോസ്റ്റലിനെ എല്ലാ സമുദായങ്ങൾക്കും ഒരു പോലെ പ്രവേശനം നൽകുന്ന ഒരു ഹോസ്റ്റൽ ആക്കിയതു തന്നെയാകുന്നു. വിദ്യാലയങ്ങളിൽ എല്ലാം തന്നെ ക്രമേണ എല്ലാ സമുദായക്കാർക്കും പ്രവേശനം നൽകിവരുന്നതായും പറയപ്പെടുന്നു. ഇപ്രകാരമുള്ള സ്ഥാപനങ്ങൾ കൊണ്ടുള്ള ഗുണഗണങ്ങളിൽ പങ്കുകൊള്ളുന്നതിനുള്ള ആവശ്യം ഏതാനും ചില സമുദായക്കാർക്കു മാത്രമേ നേരിടുന്നുള്ളു. എന്നുള്ളതിനെ പററി നാം ചിന്തിക്കേണ്ടതായ ആവശ്യമേ ഇല്ല. ഇവിടെ ആലോചിക്കാനുള്ളതു അതെപ്പററിയേ അല്ല. സമുദായങ്ങളുടെ ആത്മാഭിമാനത്തിനു ഉടവു തട്ടുന്നു എന്നും അനാവശ്യമായി സമുദായങ്ങൾ തമ്മിലുള്ള വ്യത്യാസങ്ങളെ നിലനിറുത്തിപ്പോരുന്നു എന്നും ഉള്ളതിൽ മാത്രമേ എനിക്കു വിരോധമുള്ളു. ഒരു അററം പഴുപ്പിച്ചിട്ടുള്ള ഒരു ഇരുമ്പുകമ്പിയെ കയ്യിൽ എടുക്കുന്നതിനു പലവഴികൾ ഉണ്ടെന്നു ഒരു വലിയ തത്വജ്ഞാനി പറഞ്ഞിട്ടുണ്ട്. ചൂടുള്ള അററത്തു പിടിച്ചോ അല്ലെങ്കിൽ തണുത്തിരിക്കുന്ന അററത്തുപിടിച്ചോ അതിനെ എടുക്കാമെന്നുള്ളതാകുന്നു. അതു പോലെതന്നെ വേണ്ടപോലെ ഹോസ്റ്റൽ സൌകര്യം ലഭിച്ചിട്ടില്ലാത്ത ചില സമുദായങ്ങൾക്കു സ്ഥലസൌകര്യം ഉണ്ടാക്കിക്കൊടുക്കേണ്ടതു ആവശ്യമാണെന്നിരുന്നാൽ തന്നെയും അതുമററൊരു പ്രകാരത്തിൽ ചെയ്യേണ്ടതായിരുന്നു എന്നാണു എൻെറ അഭിപ്രായം. ഇങ്ങിനെ ഒരു വർഗ്ഗീയഹോസ്റ്റൽ വച്ചു കൊണ്ടിരിക്കേണ്ടതാണെന്നുള്ള ശുപാർശ് മിസ്റ്റർ കൃഷ്ണസ്വാമിഅയ്യരിൽ നിന്നും ഉണ്ടാകാൻ ഇടയായതിൽ വച്ചു എനിക്കു വളരെ മനസ്താപമുണ്ട്. ഇപ്പോഴത്തെ കൊളീജിയേററ ഹോസ്റ്റൽ ആദ്യകാലത്തു ഒരു സവർണ്ണഹിന്ദുഹോസ്റ്റൽ ആയിരുന്നു എന്നും കുറെ കാലത്തിനു ശേഷം എല്ലാസമുദായങ്ങൾക്കും ഒരു പോലെ പ്രവേശനസ്വാതന്ത്ര്യം ഉള്ള ഒരു ഹോസ്റ്റലായി പരിണമിച്ചു എന്നും ഉള്ളതുകൊണ്ടു പരിതസ്ഥിതികൾക്കു സ്വാഭാവികമായി തന്നെ ഉണ്ടാകുന്ന മാററങ്ങളുടെ ഫലമായി ഇപ്രകാരമുള്ള സംഗതികളും ഉണ്ടാകാൻ ഇടയുണ്ട് എന്നുള്ളതു മാത്രമാണു ഇതിനു അനുകൂലമായി പുറപ്പെടുവിച്ചിട്ടുള്ള ഏക വാദം. ഈ വാദത്തിൽ യാതൊരു യുക്തിയും ഇല്ലെന്നാണു എനിക്കു തോന്നുന്നതു. ഇപ്പോൾ ആവശ്യപ്പെടുന്ന സംഗതി പരിതസ്ഥിതികളുടെ സ്വാഭാവികമായ മാററത്തിനു അനുസരിച്ചു ചെയ്യേണ്ടതായ ഒരു പ്രവൃത്തിയല്ല എന്നാണു ഞങ്ങൾക്കു തോന്നുന്നതു. പിന്നെ എന്തിനായിട്ടാണ് നാം ഇപ്പോൾ അങ്ങിനെ ചെയ്വാൻ പോകുന്നതു. അപേക്ഷകന്മാർ ഉണ്ടെന്നു വരികിൽ യാതൊരു പ്രയാസവും കൂടാതെ പ്രത്യേകം മുറികൾ ഉണ്ടാക്കാവുന്നതാണ് എന്നു നിങ്ങൾ പറയുമായിരിക്കാം. അപേക്ഷകന്മാർ ഉണ്ടോ ഇല്ലയോ എന്നുള്ളതിനെ പററി ആലോചിക്കേണ്ട ആവശ്യമേ ഇല്ല. രാജകീയസയൻസ് കാളേജിനോടു ചേർന്നുള്ള ഹോസ്റ്റലിലെ വാസസൌകര്യങ്ങളെ ഉപയോഗപ്പെടുത്തുന്നതിനു തയ്യാറായവരായി അധികം ഈഴവവിദ്യാർത്ഥികൾ ഇല്ല എന്നുള്ള പരമാർത്ഥം ഡയറക്ടർ തന്നെ സമ്മതിച്ചിട്ടുള്ളതാണല്ലോ. എന്നാൽ ഈ കാരണത്താൽ ഈഴവർക്ക് പ്രവേശനം അനുവദിക്കാതിരിക്കുന്നപക്ഷം അതിനെപ്പററി അവർ പരാതി പറയുന്നു എങ്കിൽ ആയതു അസ്ഥാനത്തിൽ ആകുന്നതല്ലെന്നു മാത്രമല്ല ഈ കൌൺസിലിൽ ഉള്ള ഞങ്ങൾ എല്ലാപേരും അവരെ അനുകൂലിക്കയും ചെയ്യുമെന്നുള്ളതു പരമാർത്ഥമായിട്ടുള്ള ഒരു സംഗതിയാണ്. ഞാൻ ഇപ്പോൾ പറയുന്നതാണെന്നു വിചാരിക്കുന്നതു ഇല്ല. അനാശാസ്യമായ ഏതൊരു അവസ്ഥയെ ഒഴിവില്ലാത്തവണ്ണം മേലാലും വച്ചു കൊണ്ടു പോകണം എന്നു വിചാരിച്ചു ശ്രമം ചെയ്യുന്നവരോ അതിനെ തീരുമാനം തടയേണ്ടതാണെന്നാണു എൻെറ അഭിപ്രായം. ക്രമേണ ആയതിനെ നാം നിശ്ശേഷം നശിപ്പിക്കുന്നതിനു കഴിയുന്നതു ശ്രമിച്ചു കൊണ്ടിരിക്കുന്നതു കൊണ്ടു പ്രത്യേകിച്ചും ഇതിനെ മേലാൽ വച്ചു കൊണ്ടിരിക്കാൻ പാടില്ലാത്തതാണ്. ഈ കാരണങ്ങളാൽ ഞാൻ ഈ ഡിമാൻഡിനെ പ്രബലമായി എതിർക്കുന്നു.

മി: കെ. ശിവരാമപണിക്കർ (ചേർത്തല): മി: മാമ്മൻ മാപ്പിളയുടെ വാദത്തെ സംബന്ധിച്ചിടത്തോളം കാളേജിൽ പ്രവേശനം നൽകിയിട്ടുള്ള വിദ്യാർത്ഥികളുടെ എണ്ണത്തിനു വർദ്ധനയുണ്ടായിട്ടുണ്ടോ എന്നറിഞ്ഞാൽ കൊള്ളാം.

മി: കെ. സി. മാമ്മൻമാപ്പിള (കച്ചവടകൈത്തൊഴിൽ സംഘങ്ങൾ വക വടക്കൻ മെമ്പർ): എനിക്കറിഞ്ഞുകൂടാ. ഡയറക്ടരിൽനിന്നും അതറിഞ്ഞാൽ കൊള്ളാമെന്നു ഞാൻ ആഗ്രഹിക്കുന്നു. ഡയറക്ടരോടു എന്നെ അറിയിക്കണമെന്നായി ഞാൻ ആവശ്യപ്പെട്ട സംഗതിയും ഇതു തന്നെയായിരുന്നു. ഇതാണ് എൻെറ പരാതി. ഈ സംഗതികളെപ്പററി എല്ലാം ഡിമാൻഡിനു ആവശ്യപ്പെട്ട സന്ദർഭത്തിൽ ഡയറക്ടർ വിവരിക്കേണ്ടതായിരുന്നു.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): കാളേജിൽ പ്രവേശനം നൽകിയിട്ടുള്ള വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിച്ചിട്ടുണ്ടെന്നുള്ള സംഗതി മെമ്പറിനു അറിയാമോ എന്നറിഞ്ഞാൽകൊള്ളാം.

മി: കെ. സി. മാമ്മൻമാപ്പിള (കച്ചവടകൈത്തൊഴിൽ സംഘങ്ങൾ വക വടക്കൻമെമ്പർ): എനിക്കറിഞ്ഞുകൂടാ.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല). ഈ രണ്ടു കാളേജുകളിലുമായി ഇപ്പോൾ പ്രവേശനം നൽകിവരുന്ന വിദ്യാർത്ഥികളുടെ എണ്ണം വിഭജനത്തിനു മുമ്പ് സയൻസ് കാളേജിൽ പ്രവേശനം നൽകി വന്നിരുന്നവരുടെ സംഖ്യയോടു മൊക്കവാറും തുല്യമായിട്ടുള്ളതു തന്നെയാണെന്നാണോ മിസ്റ്റർ മാമ്മൻമാപ്പിളയുടെ വിശ്വാസം?

മി. കെ. സി. മാമ്മൻമാപ്പിള (കച്ചവടകൈത്തൊഴിൽ സംഘങ്ങൾ വക വടക്കൻ മെമ്പർ). ഇതിനെ സംബന്ധിച്ചു ഉത്തരവാദിത്വമുള്ള ആരെങ്കിലും പറയുന്ന എന്തിനേയും സ്വീകരിപ്പാൻ ഞാൻ ഒരുക്കമാണ്. എനിക്കു യാതൊന്നും അറിഞ്ഞുകൂടാ.

കാളേജിൽ പ്രവേശനം നൽകിവരുന്ന വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിച്ചു വരുന്നതിനാൽ ഫീസ് വഴിക്കു ഗവണ്മെന്റിലേക്കു കൂടുതൽ ആദായം ഉണ്ടാകുന്നുണ്ടെന്നുള്ള പക്ഷം ആയതു കൂടുതൽ ചിലവിനെ ന്യായീകരിക്കുന്നതിനു ഉപയുക്തമായ ഒരു സംഗതി തന്നെ. ചിലവിൽ വർദ്ധനയുണ്ടായിരിക്കയോ അല്ലെങ്കിൽ ഗവണ്മെന്റിൽ നിന്നും കാളേജ് വിഭജനകാലത്തു പ്രസിദ്ധപ്പെടുത്തിയിരുന്ന വിജ്ഞാപനത്തിൽ പ്രസ്താവിച്ചിരുന്നതിൽ കൂടുതലായ ഒരു തുക ചെലവാക്കേണ്ടിവരികയൊ ചെയ്തിട്ടുണ്ടെങ്കിൽ അതിനെ സംബന്ധിച്ചു കൂടുതൽ ചെലവിനു കാരണമായുള്ള എന്താണെന്നു ഗവണ്മെന്റിൻെറ ആദ്യത്തെ ആലോചനയും ഇപ്പോഴത്തെ ചെലവും തമ്മിൽ ഏതുപ്രകാരം യോജിപ്പിക്കാമെന്നും ഉള്ള സംഗതികളെക്കുറിച്ചു ശരിയായ ഒരു സമാധാനം പറയേണ്ടതാണെന്നാണ് ഞാൻ പറയുന്നതു്. ഇവയെ തമ്മിൽ യാതൊരുപ്രകാരത്തിലും യോജിപ്പിക്കാൻ പാടില്ല എങ്കിൽ നമുക്കു യഥാർത്ഥത്തിൽ ഇപ്പോഴുള്ള സ്ഥിതികളെപ്പറ്റി ആലോചിക്കാം. ഏതെങ്കിലും സംഗതികൾ ചെയ്യണമെന്നോ ചെയ്യേണ്ടാ എന്നോ ഞാൻ പറഞ്ഞില്ല. ഇവയെപ്പറ്റിയുള്ള സമാധാനം മാത്രമാണു എനിക്കു കേൾക്കേണ്ടതു്. ഞാൻ ഡയറക്ടരെ യാതൊരു പ്രകാരത്തിലും കുറ്റപ്പെടുത്തുന്നില്ല. കാളേജ് വിഭജനം നിമിത്തം കൂടുതലായി യാതൊരുവിധ ചിലവുകളും ഉണ്ടാകുന്നതല്ല എന്നു ഗവണ്മെന്റു അക്കാലത്തു പ്രസ്താവിച്ചിരുന്നതായി ഞാൻ നല്ലപോലെ ഓർമ്മിക്കുന്നു എന്നു ഞാൻ പറയുന്നു. ഏതെങ്കിലും തരത്തിൽ കൂടുതലായി പണം ചെലവാക്കേണ്ടതായി വന്നിട്ടുണ്ടെങ്കിൽ യാഥാർത്ഥ്യങ്ങളെപ്പറ്റി തുറന്നുപറഞ്ഞു അതിനുള്ള ശരിയായ സമാധാനം പറയേണ്ടതാണ്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): മെമ്പർ കഴിഞ്ഞ കൊല്ലത്തെ ബഡ്ജററ് വായിച്ചുനോക്കിയിട്ടുണ്ടോ എന്നറിഞ്ഞാൽ കൊള്ളാം.

മി കെ. സി. മാമ്മൻമാപ്പിള (കച്ചവടവും കൈത്തൊഴിൽ സംഘങ്ങളും വക വടക്കൻ മെമ്പർ): അതിലുള്ള ഓരോ സംഗതികളെയും ഞാൻ ഇപ്പോൾ വിശദമായി ഓർമ്മിക്കുന്നില്ല.

റാവുബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ (ആർട്ട്സ് കാളേജ് പ്രിൻസിപ്പാൾ): ഏതൊ ഒരു നിശ്ചിതതുകയെ കവിഞ്ഞുള്ള ചെലവിൻെറ ആവശ്യം നേരിടുകയില്ലെന്നു കാളേജ് വിഭജനകാലത്തു ഗവണ്മെന്റു ഒരു ഉറപ്പു പറഞ്ഞിരുന്നതായി മിസ്റ്റർ മാമ്മൻമാപ്പിള പ്രസ്താവിക്കുന്നതു എന്തിനെ അടിസ്ഥാനമാക്കിയാണെന്നു അറിഞ്ഞാൽ കൊള്ളാം.

മി. കെ. സി. മാമ്മൻമാപ്പിള (കച്ചവടവും കൈത്തൊഴിൽ സംഘങ്ങളും വക വടക്കൻ മെമ്പർ): മിസ്റ്റർ രങ്കസ്വാമി അയ്യങ്കാർ പറയുന്നതു എനിക്കു ശരിയായി കേൾക്കാൻ പാടില്ല.

റാവുബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ (ആർട്ട്സ് കാളേജ് പ്രിൻസിപ്പാൾ): ഏതൊ ഒരു നിശ്ചിതതുകയെ കവിഞ്ഞുള്ള ചിലവിൻെറ ആവശ്യം നേരിടുന്നതല്ലെന്നു കാളേജ് വിഭജനകാലത്തു ഗവണ്മെന്റു ഒരു ഉറപ്പു പറഞ്ഞിരുന്നതായി മിസ്റ്റർ മാമ്മൻമാപ്പിള പ്രസ്താവിക്കയുണ്ടായല്ലൊ. ഇപ്രകാരം ഒരു ഉറപ്പു ഗവണ്മെന്റിൽനിന്നും പറഞ്ഞിട്ടുള്ളതായി പറയുന്നതിനുള്ള അടിസ്ഥാനം എന്താണെന്നറിഞ്ഞാൽ കൊള്ളാം. മിസ്റ്റർ മാമ്മൻമാപ്പിളയുടെ പ്രസംഗമദ്ധ്യേ അദ്ദേഹം ഈ സംഗതിയെപ്പററി അദ്ധ്യക്ഷസഭയിൽ കൂടുതൽ പ്രാവശ്യം ചൂണ്ടിക്കാണിക്കയുണ്ടായി. അദ്ദേഹം ഇപ്രകാരം പ്രസ്താവിച്ചിട്ടുള്ളതു എന്തിനെ അടിസ്ഥാനമാക്കിയാണെന്നു എനിക്കു അറിയേണ്ടിയിരിക്കുന്നു.

മി. കെ. സി. മാമ്മൻമാപ്പിള (കച്ചവടവും കൈത്തൊഴിൽ സംഘങ്ങളും വക വടക്കൻ മെമ്പർ): മുഴുവൻ സംഗതികളെ സംബന്ധിച്ചും ശരിയായ ഒരു വിവരണം ഞാൻ ആവശ്യപ്പെടുന്നു. അപ്രകാരം ഒരു വാഗ്ദാനം ഗവണ്മെന്റിൽനിന്നും ചെയ്തിട്ടുള്ളതായി നല്ലപോലെ ഞാൻ ഓർമ്മിക്കുന്നു എന്നു ഞാൻ പറഞ്ഞു. ഞാൻ പറഞ്ഞിട്ടുള്ളതിനെ ഡയറക്ടർ ശരിയാണെന്നു സമ്മതിക്കയൊ അല്ലെങ്കിൽ നിഷേധിക്കയൊ ചെയ്യേണ്ടതാകുന്നു.

റാവുബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ (ആർട്ട്സ് കാളേജ് പ്രിൻസിപ്പാൾ): മിസ്റ്റർ ശിവരാമപ്പണിക്കർ ചോദിച്ചചോദ്യത്തിനു കാളേജ് വിഭജനത്തിനുശേഷം രണ്ടു കാളേജുകളിലുംകൂടിയുള്ള വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിച്ചുവരുന്നുണ്ടോ എന്നുള്ളതിനെപ്പററി എനിക്കു അറിവില്ല എന്നായി മിസ്റ്റർ മാമ്മൻമാപ്പിള മറുപടിപറഞ്ഞതായ സന്ദർഭത്തിൽ കഴിഞ്ഞ രണ്ടു വർഷങ്ങളായി നിയമസഭാമെമ്പറന്മാരിൽ ഓരോരുത്തർക്കും ഓരോ പ്രതിവർഷം നൽകിവരാറുള്ള രാജ്യഭരണറിപ്പോർട്ടിൻെറ പ്രതികൾ ഒന്നു വായിച്ചു നോക്കുന്നതിനുള്ള സൌകര്യം ഏതെങ്കിലും മിസ്റ്റർ മാമ്മൻമാപ്പിളക്കു ഉണ്ടായിരുന്നൊ എന്നറിഞ്ഞാൽ കൊള്ളാം.

മി: കെ. സി. മാമ്മൻമാപ്പിള (കച്ചവടവും കൈത്തൊഴിൽ സംഘങ്ങളും വക വടക്കൻ മെമ്പർ): ഒന്നാമതായി എനിക്കു പറയാനുള്ളതു ആർട്ട്സ് കാളേജിൽ നടന്ന സംഗതിയെപ്പററി ഞാൻ പറഞ്ഞതേ ഉള്ളു എന്നുള്ളതാണ്. രണ്ടാമതായി പറവാനുള്ളതു ഞാൻ അക്കങ്ങൾ ഓർമ്മയിൽ വച്ചുകൊണ്ടിരിക്കുന്ന വിഷയത്തിൽ ഒരു വിദഗ്ദ്ധൻ അല്ല എന്നുള്ളതാകുന്നു.

റാവുബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ (ആർട്ട്സ് കാളേജ് പ്രിൻസിപ്പാൾ): മിസ്റ്റർ മാമ്മൻമാപ്പിള ഇപ്രകാരം പ്രസ്താവിക്കുന്നതിനുമുമ്പായി രേണറിപ്പോർട്ടിനെ നോക്കി ഓർമ്മയെ ഒന്നുകൂടി പുതുക്കി ആർട്ട്സ് കാളേജിലേക്കുവേണ്ടി പണം കൂടുതലായി ചിലവായിട്ടുണ്ടോ എന്നുള്ളതിനെപ്പററി നിശ്ചയംവരുത്തിയോ എന്നറിഞ്ഞാൽ കൊള്ളാം.

മി: കെ. സി. മാമ്മൻമാപ്പിള (കച്ചവടവും കൈത്തൊഴിൽ സംഘങ്ങളും വക വടക്കൻ മെമ്പർ): എൻെറ ഓർമ്മയെ പുതുക്കുന്നതിനു എന്തു ചെയ്യണമെന്നുള്ളതിനെപ്പററി ഞാൻ എൻെറ സൌകര്യംപോലെ ചെയ്തുകൊള്ളാമെന്നു മാത്രമെ പറവാനുള്ളു.

റാവുബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ (ആർട്ട്സ് കാളേജ് പ്രിൻസിപ്പാൾ): ശരിയായ കണക്കുകൾകൂടാതെ മിസ്റ്റർ മാമ്മൻമാപ്പിള അനേകം സംഗതികളെപ്പററി പ്രസ്താവിക്കയുണ്ടായി. ശരിയായ അടിസ്ഥാനം ഇല്ലാതെ അദ്ദേഹം ഇപ്രകാരം ചെയ്യാൻ പാടുള്ളതല്ലായിരുന്നു.

മി: കെ. സി. മാമ്മൻമാപ്പിള (കച്ചവടവും കൈത്തൊഴിൽ സംഘങ്ങളും വക വടക്കൻ മെമ്പർ): ഇതേപ്പററി ആർക്കെങ്കിലും എന്നോടു പറവാൻ അധികാരമുണ്ടെങ്കിൽ അതു പ്രസിഡന്റിനുമാത്രമാണ്. മെമ്പറിനു എന്നെ പഠിപ്പിക്കുന്നതിനുള്ള അവകാശമൊ അധികാരമൊ ഇല്ല.

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആർട്ട്സ്കാളേജ്പ്രിൻസിപ്പാൾ): ഞാൻ മിസ്റ്റർ മാമ്മൻമാപ്പിളയെ പഠിപ്പിക്കയല്ല. പ്രസ്തുതയോഗ്യതയുള്ളതായ ഒരു മെമ്പർ യാതൊരു അടിസ്ഥാനവും ഇല്ലാതെ ചില പ്രസ്താവങ്ങൾ ചെയ്യുമ്പോൾ എല്ലാ ഉദ്യോഗസ്ഥസാമാജികന്മാർക്കും എന്നുതന്നെയല്ല ഈ സഭയിലുള്ള എല്ലാസാമാജികന്മാർക്കും തന്നെ അതിനെപ്പറ്റിയുള്ള വിവരങ്ങൾ ചോദിച്ചു മനസ്സിലാക്കുന്നതിനുള്ള അവകാശം ഉണ്ടെന്നു പറയുക മാത്രമായിരുന്നു. മിസ്റ്റർ മാമ്മൻമാപ്പിള എന്തിനെ അടിസ്ഥാനമാക്കിയാണ് ഇപ്രകാരം പ്രസ്താവിച്ചിട്ടുള്ളതു എന്നു ചോദിക്കുന്നതിനുള്ള അവകാശം എനിക്കുണ്ട്. പ്രത്യേകിച്ചും വിദ്യാഭ്യാസസംബന്ധമായ വിഷയങ്ങളെക്കുറിച്ചു വളരെ ധാരാളമായിട്ടു സാധാരണയായി സംസാരിക്കയും തത്സംബന്ധമായി വേണ്ടിവരുന്ന കണക്കുകളെ ഉദ്ധരിക്കയും ചെയ്യുന്ന ഒരാളാണെന്നു നമുക്കു എല്ലാപേർക്കും നല്ലപോലെ അറിയാവുന്ന മിസ്റ്റർ മാമ്മൻമാപ്പിളയ്ക്ക് ഈ സന്ദർഭത്തിൽ ഉദ്ധരിക്കാൻ യാതൊരു കണക്കും ഇല്ലെന്നുള്ളതുകൊണ്ടുതന്നെ ഇപ്രകാരം ചോദിക്കുന്നതിനു എനിക്കു കൂടുതൽ അവകാശം ഉണ്ട്.

മി: കെ. സി. മാമ്മൻമാപ്പിള (കച്ചവടകൈത്തൊഴിൽ സംഘങ്ങൾവക വടക്കൻ മെമ്പർ): സർ, ഈ കണക്കുകൾ പറഞ്ഞുതരണമെന്നു ഞാൻ ഡയറക്ടരോടു ആവശ്യപ്പെട്ടിട്ടുണ്ട്. അങ്ങിനെ ഞാൻ ചോദിച്ചിട്ടുള്ളതു എന്റെ അധികാരസീമയിൽ കവിഞ്ഞിട്ടുള്ളതാണെന്നുവരികിൽ പ്രസിഡൻറ് എന്നോടു അതിനെപ്പറ്റി പറയുമല്ലൊ.

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആർട്ട്സ്കാളേജ്പ്രിൻസിപ്പാൾ): ഒരു വാദം പുറപ്പെടുവിച്ചിട്ടു ആ വാദം ന്യായമാണെന്നു സ്ഥാപിക്കുന്നതിനായി ഏതെങ്കിലും ഒരു സംഗതിയെപ്പറ്റി പ്രസ്താവിക്കുന്ന അവസരത്തിൽ അങ്ങിനെ പ്രസ്താവിക്കുന്ന ആൾതന്നെ അറിഞ്ഞു പ്രസ്താവനയിൽ ഉൾപ്പെടുത്തിയിരിക്കേണ്ടതായ സംഗതികളെപ്പറ്റി മറ്റാരെങ്കിലും അയാൾക്കു പറഞ്ഞുകൊടുക്കേണ്ടതാണെന്നാണോ മിസ്റ്റർ മാമ്മൻമാപ്പിളയുടെ അഭിപ്രായം എന്നറിഞ്ഞാൽകൊള്ളാം.

മി: കെ. സി. മാമ്മൻമാപ്പിള (കച്ചവടകൈത്തൊഴിൽ സംഘങ്ങൾവക വടക്കൻ മെമ്പർ): സാധാരണയായി ഇവിടെ അങ്ങിനെയാണല്ലോ നടന്നുവരാറുള്ളത്. വിവരങ്ങൾ അറിവാൻ ചുമതലപ്പെട്ടിട്ടുള്ളവരോട് അവയെപ്പറ്റി പറഞ്ഞുതരണമെന്നായി നാം ആവശ്യപ്പെടുന്നു. അതനുസരിച്ചു ഞാനും പ്രതിപാദ്യവിഷയത്തെപ്പറ്റി എനിക്കു തോന്നിയിരിക്കുന്നതു ശരിയായിട്ടുള്ളതാണോ അല്ലയോ എന്നു പറഞ്ഞുതരണമെന്നായി വിദ്യാഭ്യാസഡയറക്ടരോടു ആവശ്യപ്പെട്ടു എന്നേ ഉള്ളു.

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആർട്ട്സ്കാളേജ് പ്രിൻസിപ്പാൾ): വിവരങ്ങൾ പറഞ്ഞുതരുവാൻ ആവശ്യപ്പെട്ടുകൊണ്ട് മെമ്പർ ചെയ്ത പ്രസംഗമദ്ധ്യേ മെമ്പർതന്നെ ചില വിവരങ്ങൾ പ്രസ്താവിക്കയുണ്ടായില്ലയോ എന്നറിഞ്ഞാൽകൊള്ളാം.

മി: കെ. സി. മാമ്മൻമാപ്പിള (കച്ചവടകൈത്തൊഴിൽ സംഘങ്ങൾവക വടക്കൻ മെമ്പർ): മെമ്പർ പറയുന്നതു എന്താണെന്നു എനിക്കു ശരിയായി മനസ്സിലാകുന്നില്ല.

പ്രസിഡൻറ്: വിവരങ്ങൾ ഗ്രഹിക്കാൻ ആവശ്യപ്പെടുന്ന എന്നുള്ള ഭാവത്തിൽ അതേവിവരങ്ങളെപ്പറ്റി പ്രസ്താവിക്കയാണു നിങ്ങൾ ചെയ്തതു എന്നാണു മിസ്റ്റർ രങ്കസ്വാമിഅയ്യങ്കാർ പറഞ്ഞതു്.

മി: കെ. സി. മാമ്മൻമാപ്പിള (കച്ചവടകൈത്തൊഴിൽ സംഘങ്ങൾവക വടക്കൻമെമ്പർ): ഇതേ നയംതന്നെ മററു മെമ്പറന്മാരും ചിലപ്പോൾ അനുകരിച്ചുവരുന്നുണ്ടെന്നാണു എനിക്കു തോന്നുന്നതു്.

മി: വി. സുബ്ബയ്യർ (നിയമിതമെമ്പർ) (ഡിപ്പ്യൂട്ടിപ്രെസിഡൻറ്): സർ, ഞാൻ ഇന്നുരാവിലെ ഈ ഹാളിൽ പ്രവേശിച്ചപ്പോൾ ഡയറക്ടരുടെ ഈ ഉപക്ഷേപത്തിനു യാതൊരു പ്രതികൂലാഭിപ്രായപ്രകടനവും ഉണ്ടാവുകയില്ലെന്നാണു ഞാൻ വിചാരിച്ചിരുന്നതു. എന്നാൽ എന്റെ സ്നേഹിതന്മാരിൽ രണ്ടുപേർ രണ്ടു ഇനങ്ങളെ ഏതോ കാരണങ്ങളാൽ എതിർക്കുകയുണ്ടായല്ലൊ. ഒന്നാമതായി വേദക്ലാസ്സ് സ്ഥാപിച്ചു നടത്തുന്നവക്കു് കെട്ടിടവാടകക്കു ഗ്രാൻറ് അനുവദിക്കാൻ പാടില്ലെന്നു മി. ശിവതാണുപിള്ള പറഞ്ഞുവല്ലോ. ബ്രാഹ്മണരും അബ്രാഹ്മണരും തമ്മിലുള്ള വ്യത്യാസത്തെ നിലനിറുത്തിപ്പോരുന്നതിനു നാം ഇതുമൂലം ഇടയാകുന്നു എന്നുള്ളതാണ് അദ്ദേഹത്തിന്റെ വാദം. ഒരു ഭാഗത്തെ സംബന്ധിച്ചിടത്തോളം ഞാൻ അദ്ദേഹവുമായി പൂർണ്ണമായി യോജിക്കുന്നു. എന്നാൽ ഈ സ്കൂളിൽ എന്താണു നടന്നുവരുന്നതു് എന്നും ശരിക്കുംഅതിനെ സംബന്ധിച്ചിടത്തോളം ബ്രാഹ്മണരും അബ്രാഹ്മണരും തമ്മിലുള്ള ഏതെങ്കിലും വ്യത്യാസം നിലനിറുത്തിപ്പോന്നിട്ടുണ്ടോ എന്നും ഉള്ള സംഗതികളെ പററി അദ്ദേഹം ശരിയായി മനസ്സിലാക്കിയിട്ടില്ല എന്നുതന്നെ വ്യസനസമേതം പറയേണ്ടിയിരിക്കുന്നു. അതിനെ സംബന്ധിച്ചു മി: ജി. പരമേശ്വരൻപിള്ള മി: ശിവതാണുപിള്ളയോടു ചോദിച്ചതായും തോന്നുന്നു. ഏതു ജനത്തിൽപെട്ട ആളുകൾക്കും പ്രവേശനം അനുവദിക്കപ്പെട്ടിട്ടുള്ളതായ ഒരു സംസ്കൃതകാളേജ് ഉണ്ട്. അവിടെ വേദം, വേദാന്തം, തക്കം, മീമാംസ തുടങ്ങി പഠിക്കേണ്ടതായ സകല ശാഖകളും പഠിപ്പിക്കുന്നും ഉണ്ട്. സർ, കുറെ ദിവസംമുമ്പു ഒരു ആശാരി എന്റെ അടുക്കൽവന്നു അയാൾ ശാസ്ത്രിപരീക്ഷയിൽ ജയിച്ചിട്ടുണ്ടെന്നു പറകയും പള്ളിക്കൂടം ഇൻസ്പെക്ടരോടു അയാളുടെ കാര്യത്തെപ്പററി പറയണമെന്നു ആവശ്യപ്പെടുകയും ചെയ്തു എന്നുള്ള വിവരം ഈ സന്ദർഭത്തിൽ ഇവിടെ പ്രസ്താവിച്ചുകൊള്ളട്ടെ. ഞാൻ പറയുന്നതു ഓരോ ജനത്തിനും ഓരോ സമുദായത്തിനും സംസ്കൃതകാളേജിൽ പ്രവേശനം നൽകിവരുന്നുണ്ടെന്നാണ്

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): വേദോച്ചാരണം സംസ്കൃതകാളേജിൽ അഭ്യസിപ്പിക്കുന്നുണ്ടോ?

മി: വി. സുബ്ബയ്യർ (നിയമിതമെമ്പർ) (ഡെപ്യൂട്ടിപ്രെസിഡൻറ്): ഞാൻ അതിനെപ്പററി പറവാൻ ഭാവിക്കയാണ്.

മററു സമുദായക്കാർക്കു ഒരു കാലത്തു അനുവാദം ലഭിച്ചിട്ടില്ലായിരുന്ന വേദാഭ്യസനം, വേദാന്താഭ്യാസനം ഇവ ഇപ്പോൾ എല്ലാപേർക്കും ചെയ്യാമെന്നായി. ഈ ക്ലാസുകളിൽ എല്ലാപേർക്കും ചേർന്നു പഠിക്കാം. ഏതൊ കുറെ ശക്തിയുണ്ടെന്നു വച്ചിട്ടുള്ള വേദോച്ചാരണം ബ്രാഹ്മണരുടെ മതസംബന്ധമായ ചടങ്ങുകൾക്കു ആവശ്യമുള്ളവയായിരുന്നാലും അല്ലെങ്കിലും ബ്രാഹ്മണർ മാത്രമെ പഠിക്കയുള്ളു എന്നാണ് എനിക്കു തോന്നുന്നതു്; മററുള്ളവർക്കു ഇതു പഠിക്കുവാൻ അനുവാദമില്ലാത്തതുകൊണ്ടല്ല. വേദോച്ചാരണം ചെയ്യുന്നതിനു ഉപയോഗിക്കുന്ന പ്രത്യേകസ്വരം പഠിക്കുന്നതിൽ മററു സമുദായക്കാർ താല്പര്യമില്ലാത്തവരായിരിക്കുന്നതുകൊണ്ടുമാത്രമാണ്.

മി: കെ. കെ. താമസ് (കോട്ടയം): സിറിയാക്ക് മന്ത്രോച്ചാരണം ചെയ്യുന്ന ഒരു ക്രിസ്തീയ പുരോഹിതന് ഗവർമ്മെണ്ടിൽ നിന്നും മാസംതോറും ൫൦ രൂപാവീതം ശമ്പളം കൊടുക്കുന്നതായിരുന്നാൽ ആയതു മി: സുബ്ബയ്യക്കു സമ്മതമായിരിക്കുമോ?

മി: വി. സുബ്ബയ്യർ (നിയമിതമെമ്പർ) (ഡിപ്പ്യൂട്ടിപ്രസിഡെൻറ്): ഗവർമ്മെണ്ട് എത്ര പണമെങ്കിലും ചിലവാക്കിക്കൊള്ളട്ടെ. പല പള്ളിക്കൂടങ്ങൾക്കും പല ആവശ്യങ്ങൾക്കും ഗവർമ്മെണ്ടിൽ നിന്നും പണം ചിലവാക്കിവരുന്നുണ്ടെന്നു തന്നെയാണ് എന്റെ വിശ്വാസം.

മി: കെ. സി. മാമ്മൻ മാപ്പിള (കച്ചവടകൈത്തൊഴിൽ സംഘങ്ങൾ വക വടക്കൻമെമ്പർ): സിറിയാക്ക്മന്ത്രോച്ചാരണം ഈയിടെ തീരെ അതൃപ്തികരമായ നിലയിലാണ് ഇരിക്കുന്നതു എന്നു മെമ്പറിനു അറിവുണ്ടോ? (ചിരി)

മി: വി. സുബ്ബയ്യർ (നിയമിതമെമ്പർ) (ഡെപ്പ്യൂട്ടി പ്രസിഡെൻറ്): എനിക്കറിഞ്ഞുകൂടാ.

മി: കെ. കെ. താമസ് (കോട്ടയം): സംസ്കൃതകാളേജ് പ്രിൻസിപ്പാൾ മന്ത്രോച്ചാരണത്തിൽ വൈദഗ്ദ്ധ്യം സമ്പാദിച്ചിട്ടുള്ള ആൾ ആണോ എന്നു മെമ്പറിൽനിന്നും അറിഞ്ഞാൽകൊള്ളാം.

മി: വി. സുബ്ബയ്യർ (നിയമിതമെമ്പർ) (ഡെപ്പ്യൂട്ടി പ്രസിഡൻറ്): ഒരാൾ ഒരു സ്ഥാപനത്തിന്റെ മേൽനോട്ടം വഹിക്കുന്നു എന്നുള്ളതുകൊണ്ട് ആ സ്ഥാപനത്തിൽ അഭ്യസിപ്പിച്ചുപോരുന്ന ഓരോ വിഷയത്തിലും അയാൾ വൈദഗ്ദ്ധ്യം സമ്പാദിച്ചിട്ടുള്ളവൻ ആയിരിക്കണം എന്നു നിബന്ധം ഇല്ലെന്നുള്ള ഏകകാരണംകൊണ്ടുതന്നെ അദ്ദേഹം മന്ത്രോച്ചാരണത്തിൽവിദഗ്ദ്ധൻ ആയിരിക്കണമെന്നില്ല എന്നാണു എനിക്കു തോന്നുന്നതു. നിർഭാഗ്യമായും മി. കൃഷ്ണസ്വാമി അയ്യർക്കും ഇതിനെ സംബന്ധിച്ചു യാതൊന്നും അറിഞ്ഞുകൂടാ. എന്നിട്ടും രണ്ടുകാളേജുകളുടെ മേൽനോട്ടത്തിനുള്ള അധികാരത്തോടുകൂടി ഡയറക്ടർ ആയിട്ടിരിക്കുന്നുണ്ടല്ലോ.

മി: കെ. ശിവരാമപണിക്കർ (ചേർത്തല): എല്ലാ ബ്രാഹ്മണർക്കും മന്ത്രോച്ചാരണ ക്ലാസിൽ പ്രവേശനം നൽകുമോ എന്നറിഞ്ഞാൽ കൊള്ളാം.

മി: വി. സുബ്ബയ്യർ (നിയമിതമെമ്പർ) (ഡെപ്പ്യൂട്ടി പ്രസിഡെൻറ്): ഒരു പ്രത്യേക പരിശീലനം നടത്തിയിട്ടുള്ളവരും കുറെകാലം പഠിച്ചിട്ടുള്ളവരും ആയ ബ്രാഹ്മണർക്കു മാത്രമേ പ്രവേശനം നൽകുകയുള്ളു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): എനിക്ക്—

മി: കെ. ഐ. ജോസഫ് (മീനച്ചിൽ, ദേവികുളം): കസേരയിൽ ഇരുന്നുകൊണ്ടു ചോദ്യങ്ങൾ ചോദിക്കുന്നതിനു മെംബറന്മാർക്കു അവകാശമുണ്ടോ എന്നുള്ളതിനെപ്പറ്റി അഗ്രാസനത്തിൽനിന്നും ഞാൻ ഒരു ഉത്തരവു ആവശ്യപ്പെടുന്നു.

പ്രസിഡൻറ്: ഇല്ല.

മി: വി. സുബ്ബയ്യർ (നിയമിതമെംബർ) (ഡെപ്പ്യൂട്ടി പ്രസിഡൻറ്): ഞാൻ പറയുന്നതു ഇത്രയും മാത്രമാണ്. വേദശാഖക്കുനാം പണം അനുവദിച്ചിട്ടുണ്ട്. എവിടെവച്ചാണു പഠിപ്പിക്കേണ്ടതു്. പഠിപ്പിക്കുന്നതിനു സ്ഥലസൗകര്യം ഇല്ലാത്തപക്ഷം വാദ്ധ്യാന്മാർ വേലചെയ്യാതെ ശമ്പളം വാങ്ങുന്നതിനു ഇടയാകുമെന്നുള്ളതാണ്. വേദശാഖക്കുവേണ്ടി പണം അനുവദിച്ചിട്ടുള്ളതുകൊണ്ടു നാം ഇങ്ങനെ ഒരു അവസ്ഥയിൽ ആയിരിക്കുന്ന സ്ഥിതിക്കു മാസം ഒന്നുക്കു ൨൦ രൂപാ കൂടി അനുവദിക്കുന്ന വിഷയത്തിൽ നാം വൈമുഖ്യം കാണിക്കുന്നതു എന്തിനാണെന്നു അറിയുന്നില്ല.

മി: കെ. കെ. താമസ് (കോട്ടയം): ൟ ഉപയോഗത്തിലേക്കു ഏററവും യോജിച്ച സ്ഥലം ക്ഷേത്രം അല്ലയോ എന്നറിഞ്ഞാൽകൊള്ളാം.

മി: വി. സുബ്ബയ്യർ (നിയമിത മെംബർ) (ഡെപ്പ്യൂട്ടിപ്രസിഡൻറ്): അതെ. എന്നാൽ വേനൽക്കാലത്തും മഴക്കാലത്തും അവിടെ അസൗകര്യം ആണ്. അതിനാൽ പ്രത്യേകിച്ചും ൟവിഷയത്തിൽ ഗവമെൻറിൽനിന്നും ഏതാനും സംഗതികൾ പ്രവർത്തിച്ചുകഴിഞ്ഞിരിക്കുന്ന സ്ഥിതിക്കു ൟ ചെറിയ തുക അനുവദിക്കുന്നതിൽ ൟ സഭ യാതൊരു വൈമുഖ്യവും കാണിക്കുവാൻ പാടില്ല എന്നാണു എന്റെ അഭിപ്രായം. രാഷ്ട്രീയകാര്യങ്ങളെപ്പററി എല്ലാവരേയുംകാൾ വ്യാപിച്ചു അറിഞ്ഞുകൊണ്ടിരിക്കുന്ന ഒരാളായ മിസ്റ്റർ ശിവതാണുപിള്ള മൈസൂർ ഗവർമ്മെണ്ടു സംസ്കൃതക്ലാസ്സുകളിൽ എല്ലാ സമുദായങ്ങളിൽനിന്നും ഉള്ള വിദ്യാർത്ഥികൾക്കു പ്രവേശനം നൽകുന്നതല്ലെന്നു തീരുമാനിച്ചിട്ടുണ്ടെന്നും നാം അനേക വർഷങ്ങൾക്കു മുമ്പുതന്നെ സകല സമുദായക്കാർക്കും പ്രവേശനം അനുവദിച്ചിരിക്കുന്നു എന്നും ഉള്ള സംഗതികൾ ഗ്രഹിച്ചിരിക്കും എന്നു തന്നെ ഞാൻ ഉറപ്പായി പറഞ്ഞുകൊള്ളുന്നു. ഞാൻ പറഞ്ഞതുപോലെ ഇവിടെ ആശാരി-ശാസ്ത്രിമാരും ആശാരി ഉപാദ്ധ്യായന്മാരും ആശാരി മഹോപാദ്ധ്യായന്മാരും ഉണ്ട്. എന്നാൽ മന്ത്രോച്ചാരണത്തെ സംബന്ധിച്ചിടത്തോളം അവർക്കു യാതൊരു താല്പര്യവും കാണുകയില്ല. വളരെ കുറച്ചുപേർ മാത്രമേ ഇതു പഠിക്കുവാൻ വരികയുള്ളു. അതിലേക്കുവേണ്ടി ഒരു ക്ലാസ്സ് വച്ചിട്ടുണ്ട്. കുറെ ഉപാദ്ധ്യായന്മാരെയും നിയമിച്ചിട്ടുണ്ട്. ഇനി മാസംതോറും ഒരു ചെറിയ തുകയായ ൨൦ രൂപാ മാത്രമെ ആവശ്യമുള്ളു. ഇതിനെ സംബന്ധിച്ചു ൟ സഭ ഇത്രവളരെ ആലോചിപ്പാൻ എന്തുള്ളു എന്നു എനിക്കു മനസ്സിലാകുന്നില്ല.

മി: എം. ശിവതാണുപിള്ള (തോവാള): മററുള്ള സമുദായക്കാർ വേദോച്ചാരണത്തെ സംബന്ധിച്ചു കാര്യമായി വിചാരിക്കുന്നില്ല എന്നു എങ്ങിനെയാണു മെംബർ മനസ്സിലാക്കിയതു എന്നറിഞ്ഞാൽകൊള്ളാം.

മി: വി. സുബ്ബയ്യർ (നിയമിത മെംബർ) (ഡെപ്പ്യൂട്ടിപ്രസിഡൻറ്): ഒന്നാമതായി ൟ തൊഴിലിനു യാതൊരുപ്രകാരേണയും പ്രതിഫലം ലഭിക്കയില്ല എന്നുള്ളതുകൊണ്ടുതന്നെ.

മി: കെ. സി. മാമ്മൻമാപ്പിള (കച്ചവടകൈത്തൊഴിൽ സംഘങ്ങൾ വക വടക്കൻ മെംബർ): കൊൽഹാപ്പൂരിൽ മന്ത്രോച്ചാരണം ചെയ്യുന്ന ഒരു അബ്രാഹ്മണപുരോഹിതൻ ഉള്ളതായി മെംബറിനു അറിയാമോ എന്നറിഞ്ഞാൽ കൊള്ളാം.

മി: വി. സുബ്ബയ്യർ (നിയമിത മെംബർ) (ഡെപ്പ്യൂട്ടിപ്രസിഡൻറ്): എനിക്കറിഞ്ഞുകൂടാ. അവിടെ പൌരോഹിത്യകർമ്മം നടത്തിയാൽ തുഛമായ ഒരു ആദായം മാത്രമേ ലഭിക്കയുള്ളു എന്നുള്ളതിനാൽ അവിടെ ബ്രാഹ്മണർ പൂർണ്ണമായി മാത്രമേ പോകാറുള്ളു.

മി: എം. ശിവതാണുപിള്ള (തോവാള): വേദോച്ചാരണം ചെയ്യുന്നതു എന്തിനു വേണ്ടിയാണെന്നറിഞ്ഞാൽകൊള്ളാം.

മി: വി. സുബ്ബയ്യർ (നിയമിത മെംബർ) (ഡെപ്യൂട്ടിപ്രസിഡണ്ട്): വിശ്വാസമാണു ഇതിൽ കാര്യമായിട്ടുള്ളതു്. മന്ത്രോച്ചാരണംകൊണ്ടു ശരിയായ ഫലം സിദ്ധിക്കണമെന്നുണ്ടെങ്കിൽ മന്ത്രം വൃഥാ വായിച്ചാൽ പോരാ അതിനെ ഒരു പ്രത്യേകസ്വരത്തിൽ ഉച്ചരിക്കുകൂടി ചെയ്യേണ്ടതാണെന്നാണു ചിലരുടെ അഭിപ്രായം. മററു മതങ്ങളിലും ഇതുപോലെതന്നെയാണെന്നാണു എന്റെ അഭിപ്രായം. എന്റെ വിശ്വാസവും ഇങ്ങിനെതന്നെയാണ്.

മി: എം. ശിവതാണുപിള്ള (തോവാള): മററു സമുദായക്കാർക്കു ശ്രമിച്ചുനോക്കുവാൻപോലും പാടില്ലാത്തവിധത്തിൽ ഇതു അത്ര പ്രയാസമായിട്ടുള്ളതാണോ?

മി: വി. സുബ്ബയ്യർ (നിയമിതമെംബർ) (ഡിപ്യൂട്ടിപ്രസിഡണ്ട്): മററു സമുദായക്കാർ ആരെങ്കിലും ഇതിലേക്കു ശ്രമിക്കുമോ എന്നുതന്നെ എനിക്കു സംശയമാണ്.

മി: എം. ശിവതാണുപിള്ള (തോവാള). ഈ വിഷയത്തിലും തിരുവിതാംകൂർ രാജ്യം മററു രാജ്യങ്ങൾക്കു ഒരു ആദർശം ആയിരിക്കുന്നതു നന്നായിരിക്കയില്ലയോ?

മി: വി. സുബ്ബയ്യർ (നിയമിതമെമ്പർ) (ഡെപ്യൂട്ടിപ്രസിഡൻറ്): നിശ്ചയമായും യാതൊരുപ്രകാരേണയും പ്രതിഫലം ലഭിക്കാത്തതും തീരെ രസമില്ലാത്തതും ആയ വേദാഭ്യസനത്തിന്റെ ഈ ഭാഗം ശീലിക്കുവാൻ ആരും തന്നെ ഒരുങ്ങുമെന്നു ഞാൻ വിചാരിക്കുന്നില്ല. അതുകൊണ്ടുതന്നെയായിരിക്കാം ഇതിനെ ഈ നിലയിൽ വിട്ടിരിക്കുന്നതു്. ഇതിനെസംബന്ധിച്ചു ഞാൻ ബലമായി പുറപ്പെടുവിക്കുന്ന വാദം അധ്യാപകന്മാരുടെ ശമ്പളം അനുവദിച്ചിരിക്കുന്ന സ്ഥിതിക്ക് നമുക്കു ഇനി ഇതിൽനിന്നും പിൻവാങ്ങുവാൻപാടില്ല എന്നുള്ളതാകുന്നു. ബഡ്ജററ് യോഗകാലത്തു മിസ്റ്റർ കൃഷ്ണസ്വാമി അയ്യരെയോ തൽസ്ഥാനത്തു മിസ്റ്റർ സ്റ്റീഫൻസൻ ആണെങ്കിൽ അദ്ദേഹത്തെയോ പിടികൂടി ഈ ഇനത്തെ പാടെ വേണ്ട എന്നുവക്കുകയാണ് നാം ചെയ്യേണ്ടതു്. ഉപാദ്ധ്യായന്മാർക്കുള്ള ശമ്പളം അനുവദിച്ചതിനുശേഷം ഈ തുകകൂടി നാം അനുവദിക്കാതിരുന്നാൽ ഉപാദ്ധ്യായന്മാർക്കല്ല വിദ്യാർത്ഥികൾക്കാണ് നാം തന്മൂലം ബുദ്ധിമുട്ടുണ്ടാക്കിത്തീർക്കുന്നതു്. ഈ കാരണങ്ങളാൽ ഈ തുക അനുവദിക്കുന്നതുതന്നെ നന്നായിരിക്കും എന്നാണ് എനിക്കു തോന്നുന്നതു്.

മി: എസ്. പിറവിപെരുമാൾപിള്ള (കച്ചവട കൈത്തൊഴിൽസംഘങ്ങൾവക തെക്കൻ മെമ്പർ): ഈ നിരോധനത്തെ നീക്കിക്കൊടുക്കേണ്ടതാണെന്നു കാണിച്ചു മറേറതെങ്കിലും സമുദായത്തിലെ അംഗങ്ങൾ എപ്പോഴെങ്കിലും ഗവണ്മെന്റിലേക്കു മെമ്മോറിയൽ സമർപ്പിച്ചിട്ടുണ്ടോ എന്നു മെമ്പറിൽനിന്നും അറിഞ്ഞാൽകൊള്ളാം.

മി: വി. സുബ്ബയ്യർ (നിയമിതമെമ്പർ) (ഡെപ്യൂട്ടിപ്രസിഡൻറ്): അതിനെസംബന്ധിച്ചു എനിക്കു യാതൊന്നും അറിഞ്ഞുകൂടാ.

രണ്ടാമത്തേകാര്യം ആർട്ട്സ് കാളേജ് ഹോസ്റ്റലിനെസംബന്ധിച്ചാണല്ലോ. അതിലും ഒരു വലിയ തെററിദ്ധാരണക്കു ഇടയായിട്ടുണ്ട്. പരമാർത്ഥത്തിൽ "വർണ്ണം" എന്നുള്ള വാക്കു ഈ വിഷയവുമായി ഘടിപ്പിച്ചു ഉപയോഗിക്കുന്നതു തീരെ ഭംഗിയായിട്ടുള്ളതല്ല എന്നു പറയുന്നതു ശരിതന്നെ. ഞാൻ ഉദ്യോഗസ്ഥമെമ്പറായിരുന്നകാലത്തു ഈ ഹോസ്റ്റലുകളെ സംബന്ധിച്ചു എന്തെങ്കിലും ഉപക്ഷേപം ഹാജരാക്കപ്പെട്ടിട്ടുള്ള സന്ദർഭങ്ങളിലെല്ലാം അവയെക്കുറിച്ചു ഞാൻ വളരെ ശക്തിയുക്തം വാദിക്കേണ്ടിവന്നിട്ടുള്ളതായി എനിക്കറിയാം. ഈ ഭാഗത്തുള്ള എന്റെ സ്നേഹിതന്മാർക്കു വളരെ ബലമായ എതിർവാദങ്ങളും ഉണ്ടായിരുന്നു. ഇതിനെസംബന്ധിച്ചു എന്തോ തെററിദ്ധാരണയുള്ളതായിട്ടാണ് എന്റെ അഭിപ്രായം. ഈ ഹോസ്റ്റൽ എല്ലാ കാലത്തും ഒരു സവർണ്ണഹിന്ദുഹോസ്റ്റലായിത്തന്നെ ഇരിക്കുന്നതാണെന്നു ഡയറക്ടർ പറഞ്ഞു എന്നു എനിക്കു തോന്നുന്നില്ല. കോളിജിയററ് ഹോസ്റ്റലിനെസംബന്ധിച്ചിടത്തോളം അവിടെ എല്ലാ സമുദായക്കാർക്കും ഒരുപോലെ പ്രവേശനം അനുവദിച്ചിട്ടുണ്ട്. ഡയറക്ടർ പറഞ്ഞതിൽനിന്നും ഞാൻ മനസ്സിലാക്കിയതു ക്രിസ്ത്യാനികൾക്കു മററു ഹോസ്റ്റലുകൾ ധാരാളം ഉള്ളതുകൊണ്ടു അവർക്കു വേണ്ടിടത്തോളം വാസസൗകര്യം ഉണ്ടെന്നാണ്. "വർണ്ണം" എന്ന വാക്കിനു അദ്ദേഹം കൂടുതൽ പ്രാധാന്യം ഒന്നും കല്പിച്ചില്ല. ഈഴവർക്കു പ്രവേശനം നൽകുന്നതിനും ഡയറക്ടർ ഒരുക്കമാണെന്നു അദ്ദേഹം പറഞ്ഞുവല്ലോ. സവർണ്ണഹിന്ദുക്കളെ സംബന്ധിച്ചിടത്തോളം ഹോസ്റ്റൽ സൗകര്യം ഇല്ലാത്തവരായി അനേകം ആളുകൾ ഉണ്ടെന്നാണ് അദ്ദേഹം പറഞ്ഞതു്.

മി: കെ. സി. മാമ്മൻമാപ്പിള (കച്ചവട കൈത്തൊഴിൽ സംഘങ്ങൾവക വടക്കൻ മെമ്പർ): അപ്പോൾ തല്ക്കാലത്തേക്കു അതു ഒരു സവർണ്ണഹിന്ദുഹോസ്റ്റൽ തന്നെയല്ലോ.

മി: വി. സുബ്ബയ്യർ (നിയമിതമെമ്പർ) (ഡെപ്യൂട്ടിപ്രസിഡൻറ്): എനിക്കു അങ്ങിനെതോന്നുന്നില്ല. ഈഴവരുടെ ഉപയോഗത്തിലേക്കു പ്രത്യേകമായി ഒരു അടുക്കള തുടങ്ങുവാൻ ഒരുക്കമാണെന്നു ഡയറക്ടർ പറഞ്ഞതായി എനിക്കു തോന്നുന്നു. അവിടെ സസ്യഭക്ഷണം മാത്രമല്ല മററു ഭക്ഷണങ്ങളും പാകംചെയ്യുന്നതായിരിക്കും എന്നുകൂടി അദ്ദേഹം പറയുന്നു. ഇതുകൊണ്ടും മുമ്പിലത്തെപോലെ ജാതിവ്യത്യാസത്തോടുകൂടിയുള്ള പെരുമാററത്തെ നിറുത്തണം എന്നുവിചാരിച്ചുപോരുന്നതായി തെളിയുന്നുണ്ടല്ലോ. അതിനാൽ മിസ്റ്റർ മാമ്മൻമാപ്പിളക്കു ഇതിനെ സംബന്ധിച്ചു യാതൊരു വിധത്തിലുള്ള ആശങ്കക്കും അവകാശമുണ്ടെന്നു എനിക്കു തോന്നുന്നില്ല.

മി: കെ. സി. മാമ്മൻമാപ്പിള (കച്ചവടകൈത്തൊഴിൽ സംഘങ്ങൾവക വടക്കൻ മെമ്പർ): ജാതിവ്യത്യാസത്തെ പാലിച്ചുകൊണ്ടുപോകുന്നതിൽ മാത്രമെ എനിക്കു പരാതിയുള്ളു.

മി: വി. സുബ്ബയ്യർ (നിയമിതമെമ്പർ) (ഡെപ്യൂട്ടിപ്രസിഡൻറ്): ആ ഹോസ്റ്റലിനെ ഒരു സവർണ്ണഹിന്ദു ഹോസ്റ്റൽഎന്നു പറയാമെന്നു എനിക്കു തോന്നുന്നില്ല. ഒരു ഹോസ്റ്റൽ തുടങ്ങണമെന്നുമാത്രമാണ് ഡയറക്ടർ പറഞ്ഞതു്.

മി: കെ. സി. മാമ്മൻമാപ്പിള (കച്ചവടകൈത്തൊഴിൽ സംഘങ്ങൾ വക വടക്കൻ മെമ്പർ): ഈ ഹോസ്റ്റൽ ഇപ്പോൾ തുടങ്ങുന്നതു സവർണ്ണഹിന്ദുക്കളെ ഉദ്ദേശിച്ചാണെന്നു ഡയറക്ടർ വിശദമായി പറയുകയുണ്ടായി.

മി: വി. സുബ്ബയ്യർ (നിയമിതമെമ്പർ) (ഡെപ്യൂട്ടിപ്രസിഡൻറ്): ഇതിനെ സംബന്ധിച്ചു ആദ്യം ഉണ്ടായിരുന്ന അഭിപ്രായം അങ്ങിനെ ആയിരുന്നിരിക്കാം. എന്നാൽ ഈഴവർക്കുകൂടി പ്രവേശനം നൽകാൻ അദ്ദേഹത്തിന്

ശരിയാണെന്നു പറയുന്ന സ്ഥിതിക്കു നാം ഈ തുക അനുവദിക്കാതിരിക്കുന്നതു എന്തുകൊണ്ടാണെന്നു എനിക്കു മനസ്സിലാകുന്നില്ല. ഈ ഹോസ്റ്റലിനു സവർണ്ണഹിന്ദു ഹോസ്റ്റൽ എന്നല്ല ആർട്ട്സ് കാളേജ് ഹോസ്റ്റൽ എന്നാണ് നാമകരണം ചെയ്‌വാൻ പോകുന്നതു എന്നാണ് എനിക്കു തോന്നുന്നതു്. സർ! ഈ ഹോസ്റ്റൽ അത്യന്താപേക്ഷിതമായിട്ടുള്ളതാണെന്നാണു എന്റെ വിനീതമായ അഭിപ്രായം. ആർട്ട്സ് കാളേജിനു ഇപ്പോൾ ഒരു ഹോസ്റ്റലില്ല, ഗവണ്മെന്റു എന്തോ ഒരുവാക്കു പറഞ്ഞിരുന്നതായി മി: ടമ്മൻമാപ്പിള പറയുന്നു, ഗവണ്മെന്റിൽനിന്നും അങ്ങനെ ഒരു വാക്കു കൊടുത്തിട്ടുള്ളതായി എനിക്കു അറിവില്ല. മി: രങ്കസ്വാമി അയ്യങ്കാർ അതേപ്പററി സംശയിക്കയും ചെയ്യുന്നു. ഏതായാലും ഇതിനെപ്പററിയുള്ള വാദപ്രതിവാദത്തിൽ ഞാനും ഭാഗഭാക്കാകണമെന്നു വിചാരിക്കുന്നില്ല. അക്കാലത്തിനുശേഷം നാം മാത്തമാററിക്സ് (ആണേഴ്സ്) ക്ലാസുകൾ അനുവദിച്ചു. ചിലവു വർദ്ധിച്ചതിനനുസരണമായി വരവും വർദ്ധിച്ചിട്ടുണ്ട്. വിഭജനത്തിനു മുമ്പു കാളേജിൽ അറുനൂറുമുതൽ എണ്ണൂറുവരെ വിദ്യാർത്ഥികൾ ഉണ്ടായിരുന്നു. ഇപ്പോൾ സയൻസ് കാളേജിൽ ൭൦൦-ം ആർട്ട്സ് കാളേജിൽ ൬൦൦-ം വിദ്യാർത്ഥികൾ വീതം ഉണ്ട്. തൽഫലമായി ഫീസ് ഇനത്തിൽ കൂടുതൽ പണം വരവുണ്ട്. വിഭജനംകൊണ്ടു കൂടുതൽ ചിലവു യാതൊന്നും വേണ്ടിവരികയില്ല എന്നു ഗവണ്മെന്റു പറഞ്ഞിട്ടുള്ളതു നമ്മെ ഏതുപ്രകാരത്തിൽ ബന്ധിക്കുമെന്നു എനിക്കറിഞ്ഞുകൂടാ. വിഭജനകാലത്തു ചിലവു വർദ്ധിച്ചിട്ടില്ലായിരിക്കാം. ചിലവിനെ വർദ്ധിപ്പിക്കേണ്ടതു എത്രമാത്രം അടിയന്തിരവും എത്രമാത്രം ആവശ്യവും ആയിരുന്നാലും അപ്രകാരം ചെയ്യുന്നതല്ല എന്നു ഗവണ്മെന്റിൽനിന്നും തീരുമാനിച്ചതായി അതിൽനിന്നും അർത്ഥം ആകുന്നില്ല. അങ്ങിനെയാണെങ്കിൽ നാം മാത്തമാററിക്സ് ആണേഴ്സ് ക്ലാസുകൾ അനുവദിക്കാൻ പാടില്ലായിരുന്നു. ആർട്ട്സ് കാളേജിന്റെ ഉപയോഗത്തിലേക്കു പ്രത്യേകമായി ഒരു ഹോസ്റ്റൽ വേണ്ടതാണെന്നു യൂനിവേഴ്സിററിയും നിർബന്ധിക്കുന്നു. ആർട്ട്സ് കാളേജിൽ നിന്നും പുത്തൻ ഹോസ്റ്റലിലേക്കു വളരെ ദൂരമുണ്ടെന്നും കൊളീജിയററ ഹോസ്റ്റലിൽനിന്നു രാവിലെ ഊണുകഴിഞ്ഞു ആർട്ട്സ് കാളേജിലേക്കു വരുന്നതിനു ഫ, ഫ്ലീ നാഴിക ദൂരത്തേക്കു ഒരു വണ്ടി ഏർപ്പാടു ചെയ്തു അതിനു പ്രത്യേകം കൂലികൊടുക്കുന്നതു വളരെ അസൌകര്യമായിട്ടുള്ളതാണെന്നും ഉള്ള സംഗതികളെ പററി ആർട്ട്സ് കാളേജിൽ പച്ചുനടന്നസഭയിൽ പ്രസ്താവിച്ചിട്ടുണ്ടായിരുന്നതു ആ സഭയിൽ ഹാജരായിരുന്ന എല്ലാപേരും കേട്ടിട്ടുള്ളതാണല്ലോ. ഈ കാരണങ്ങളാൽ അന്നത്തെ പ്രസംഗികന്മാരിൽ വിദ്യാർത്ഥികൾ ആയിരുന്നവർ ആ കാളേജിനു സമീപം ഒരു ഹോസ്റ്റൽ തുടങ്ങേണ്ടതാണെന്നു വളരെ നിർബന്ധമായി പറഞ്ഞു. സയൻസ് കാളേജുകാർക്കു നൾകിവരുന്ന പെരുമാററത്തിനു തുല്യമായ ഒരു പെരുമാററം അവർക്കും നൾകേണ്ടതാണെന്നു പരാതിപറവാനുള്ള പൂർണ്ണാവകാശം അവർക്കുണ്ടെന്നാണു എന്റെ അഭിപ്രായം. ആ സ്ഥിതിക്കു ഈ തരത്തിൽ പെരുമാറേണ്ട ആവശ്യം ഒന്നും ഉണ്ടെന്നു എനിക്കു തോന്നുന്നില്ല. അകസാമാനങ്ങൾക്കും മററു സാമാനങ്ങൾക്കും ഉപയോഗത്തിനുള്ള വാടക ഗവണ്മെന്റിലേക്കു കിട്ടുന്നതാകണമെന്നു ഡയറക്ടർ നിബന്ധനകൾക്കു ഉറപ്പുവരുന്നുണ്ട്. കൊളീജിയററ ഹോസ്റ്റലിലേക്കു അനുവദിക്കപ്പെട്ടിട്ടുള്ള അകസാമാനങ്ങൾതന്നെ ആർട്ട്സ് കാളേജു ഹോസ്റ്റലിലേക്കും അനുവദിക്കപ്പെടും എന്നു ഞാൻ വിശ്വസിക്കുന്നു. ഇത്രയും പറഞ്ഞുകൊണ്ടു ഞാൻ ഈ ഉപക്ഷേപത്തെ ബലമായി പിൻതാങ്ങുന്നു.

മി: കെ. കെ. താമസ് (കോട്ടയം): ഇതിനെ സംബന്ധിച്ചു എനിക്കും അല്പം പറഞ്ഞാൽ കൊള്ളാമെന്നുണ്ട്. ഈ സപ്ലിമെന്ററിഗ്രാന്റിനെ സംബന്ധിച്ചു, പ്രത്യേകിച്ചും വേദക്ലാസിന്റെ ഉച്ചാരണശാഖ സ്ഥാപിച്ചു നടത്തുന്നതിനുള്ള കെട്ടിടവാടകക്കുള്ള ഗ്രാന്റിന്റെ രണ്ടാം ഭാഗത്തെസംബന്ധിച്ചു വളരെ രസകരമായ വിധത്തിൽ ഒരു വാദപ്രതിവാദം നടന്നുകൊണ്ടിരിക്കയാണല്ലോ. ഇതിനെസംബന്ധിച്ചു അനൌദ്യോഗസ്ഥഭാഗത്തുനിന്നും ഉള്ള തടസ്സം വേദക്ലാസിന്റെ ഉച്ചാരണശാഖ സ്ഥാപിച്ചു നടത്തുന്നതിനുള്ള കെട്ടിടവാടകക്കു വേണ്ടിയാതൊരു ചിലവും ഗവണ്മെന്റിൽനിന്നും ചെയ്യേണ്ട ആവശ്യമില്ല എന്നുള്ളതാണ്. ഞാൻ മി: സുബ്ബയ്യരോടു ചോദിച്ച ഒരു ചോദ്യത്തിനു അദ്ദേഹം പറഞ്ഞ മറുപടിയിൽനിന്നും വേദശാഖയുടെയും വേദോച്ചാരണം അഭ്യസിക്കുന്ന അദ്ധ്യേതാക്കളുടേയും നന്മയെ ആസ്പദമാക്കി നോക്കുന്നപക്ഷം ഈ ക്ലാസുകൾ ക്ഷേത്രപരിധികൾക്കുള്ളിൽ വച്ചു നടത്തുന്നതുതന്നെയാണ് കൂടുതൽ നന്നായിരിക്കുന്നതു എന്നു അദ്ദേഹവും മറ്റുവാറും സമ്മതിച്ചതായി വെളിവാകുന്നുണ്ട്. എന്നാൽ ഗവണ്മെന്റു ഈ വിഷയത്തെ സംബന്ധിച്ചു ഏതാനും ദൂരം പ്രവർത്തിച്ചുപോയിക്കഴിഞ്ഞിരിക്കുന്ന സ്ഥിതിക്കു അതിൽനിന്നും പിൻവലിക്കുന്നതു അസാദ്ധ്യമാകയാൽ വേദോച്ചാരണശാഖ സ്ഥാപിച്ചു നടത്തുന്നതിനുള്ള കെട്ടിടവാടകക്കായി മാസം ൨൦ രൂപാ വീതം അനുവദിക്കുന്നതിൽ എനിക്കു യാതൊരു തടസ്സവുമില്ല. ഈ പ്രത്യേക വിഷയം ദേവസ്വവുമായി ബന്ധപ്പെട്ടിട്ടുള്ള ഒന്നാകകൊണ്ടു ഒരു പ്രത്യേക സമുദായത്തിന്റെ നന്മയെ ഉദ്ദേശിച്ചു മാത്രം ചെയ്യുന്നതായ ഈ ചിലവു ജനറൽ റവന്യൂവിൽനിന്നല്ല ദേവസ്വം റവന്യൂവിൽനിന്നാണു ചിലവാക്കേണ്ടതു് എന്നു ഈ സഭയുടെ അനൌദ്യോഗസ്ഥഭാഗത്തുള്ള മെമ്പറന്മാർക്കു ബലമായ ഒരു അഭിപ്രായമുണ്ട്. മൂന്നാമത്തെ ഭാഗത്തെസംബന്ധിച്ചു

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ദേവസ്വം ഫണ്ടു ബ്രാഹ്മണരുടെ വക അല്ല എന്നു മെമ്പറിനറിയാമൊ?

മി: കെ. കെ. താമസ് (കോട്ടയം): വേദാദ്ധ്യയനശാഖ സ്ഥാപിച്ചു നടത്തുന്നതിനുള്ള കെട്ടിടത്തിന്റെ വാടകക്കായി ജനറൽ റവന്യൂവിൽനിന്നും പണം ചിലവാക്കുന്നതിൽ മാത്രമെ എനിക്കു തടസ്സം ഉള്ളു.

മൂന്നാമത്തെ ഭാഗത്തെ അതായതു വടയാർ പെൺപ്രൈമറി സ്കൂളിന്റെ മേൽക്കൂര പുതുക്കുന്നതിനെ സംബന്ധിച്ചു പറകയാണെങ്കിൽ തിരുവിതാംകൂറിൽ ആകെക്കൂടി ൨൦൦൦ മലയാളം പള്ളിക്കൂടങ്ങൾ ഉണ്ടെന്നും ഡയറക്ടർ ഏററുപറഞ്ഞിട്ടുള്ളതിൽനിന്നുതന്നെ ഇവയിൽ മിക്കവയും തീരെ ദുർബ്ബലമായും ഉടൻ നന്നാക്കേണ്ട ആവശ്യത്തോടുകൂടിയ സ്ഥിതിയിലും ഇരിക്കയാണെന്നും മാത്രമാണ് എനിക്കു പറവാനുള്ളതു്. സ്കൂൾ കെട്ടിടങ്ങൾക്കായി ആണ്ടോടാണ്ടു ഒരുലക്ഷം രൂപാവീതം അനുവദിക്കേണ്ടതായിട്ടാണു ഇതിൽനിന്നും വന്നുചേരുന്നതു്. കാര്യങ്ങൾ ഇപ്രകാരംതന്നെ മേലാലും നടക്കുന്നതിനു ഇടയാകുന്നപക്ഷം വിദ്യാഭ്യാസസംബന്ധമായി ഇക്കാലത്തുണ്ടായിക്കൊണ്ടിരിക്കുന്ന കഠിനതരമായ ചിലവിന്റെ സ്ഥിതിക്കു ഈ രാജ്യത്തു വിദ്യാഭ്യാസത്തിനു ഉയർച്ചവരുത്തുന്നതിനു വേണ്ടതെന്തു കാര്യങ്ങൾ ഉണ്ടാക്കിത്തീർക്കുന്നതിലേക്കു വേണ്ടിവരാവുന്ന പണം ഏതുപ്രകാരത്തിൽ ചിലവുചെയ്യുമെന്നു എനിക്കറിഞ്ഞുകൂടാ. വിദ്യാഭ്യാസസംബന്ധമായ ചുമതലയെ ഏറെനടത്തത്തക്ക ശേഷിയും ശ്രേഷ്ഠിയും

ളുള്ള പ്രൈവററ സ്ഥാപനങ്ങൾ ഉള്ള സ്ഥലങ്ങളിലെല്ലാം വിദ്യാഭ്യാസപ്രചാരം ചെയ്യുന്നവിഷയത്തിൽ അപ്രകാരമുള്ള പ്രൈവററ സ്ഥാപനങ്ങളെ ഗവണ്മെൻറിൽനിന്നും പ്രോത്സാഹിപ്പിക്കുന്ന നയത്തെത്തന്നെ കഴിയുന്നേടത്തോളം തുടരുന്നതു നന്നായിരിക്കും.

പരമാർത്ഥം നോക്കുന്നപക്ഷം ഗ്രാമവാസികളുടെ പരിശ്രമത്തിൻെറ ഫലമായിട്ടും ജനങ്ങളിൽനിന്നും പിരിച്ചെടുത്തിട്ടുള്ള പണംകൊണ്ടും കെട്ടിഉണ്ടാക്കിയിട്ടുള്ള ഈ എലിമെൻററിസ്കൂൾ കെട്ടിടങ്ങൾ എല്ലാം ഇനി അഞ്ചോ ആറോ കൊല്ലങ്ങൾ കഴിയുന്നതിനകം പുതുക്കേണ്ടതായി വന്നുചേരുമെന്നുള്ളതാകുന്നു. അതുകൊണ്ടാണു ഈ കെട്ടിടങ്ങളെ മുറക്കു പുതുക്കുകഎന്നുള്ള നയത്തെ ഗവണ്മെൻറിൽനിന്നു സ്വീകരിക്കുന്നതിനു മുമ്പായി പുതുക്കുക എന്ന ജോലി നിർവ്വഹിക്കുന്നതിനു വേണ്ടത്രധനിയുള്ള പ്രൈവററസ്ഥാപനങ്ങളെക്കൊണ്ടു ഈ ജോലി നടത്തിക്കാൻ സാധിക്കുമോ ഇല്ലയോഎന്നു പരിശോധിച്ചു അറിയുന്നതിനുള്ളകാലം വരെ അതിക്രമിച്ചിരിക്കുന്നു എന്നാണു എൻെറ അഭിപ്രായം. ഈ കാരണത്താൽ ഗ്രാൻറിൻെറ ഈഭാഗത്തെ ഞാൻ എതിർക്കുന്നു.

മി: കെ. ഐ. ജോസഫ് (മീനച്ചിൽ-ദേവികുളം) ഗവണ്മെൻറു കാളേജുകളേയും എടുത്തുനടത്തുന്നതിനു ഇപ്രകാരമുള്ള ഏതെങ്കിലും ഒരുസ്ഥാപനം കാണുമോ?

മി: കെ. കെ. തോമസ് (കോട്ടയം): ഈ ചോദ്യത്തിനു ഇപ്പോൾ ഇവിടെ അവസരംകാണുന്നില്ല.

൪-ാ മത്തെഭാഗത്തെസംബന്ധിച്ചിടത്തോളം മിസ്റ്റർ കൃഷ്ണസ്വാമി അയ്യരുടെ പ്രസംഗത്തെ ഞാൻ വളരെ ശ്രദ്ധയോടുകൂടി കേട്ടുകൊണ്ടിരുന്നു എങ്കിലും ഇപ്പോഴത്തെനിലക്കു ഇങ്ങിനെയുള്ള ഒരുഹോസ്റ്റലിൻെറ ആവശ്യകതയെപ്പററി എനിക്കു തീരെ ബോദ്ധ്യമായിട്ടില്ല. ഞാൻ ചോദിച്ച ഒരുചോദ്യത്തിനു മറുപടിയായി വിദ്യാർത്ഥികളിൽ ഏററവും ചെറിയഒരു വിഭാഗത്തിനുമാത്രമേ ഹോസ്റ്റൽ സൌകര്യം ഉള്ളുഎന്നു അദ്ദേഹം പറയുകയുണ്ടായല്ലോ. കാളേജിൽ പഠിക്കുന്ന എല്ലാവിദ്യാർത്ഥികളും ഇപ്പോൾ ഹോസ്റ്റലിൽതന്നെ താമസിച്ചുകൊള്ളണം എന്നു സർവകലാശാല നിർബന്ധിക്കുന്നില്ല. കാലക്രമംകൊണ്ടു സാധിതപ്രായമാക്കേണ്ട ഒരു ആദർശമായി മാത്രമാണു അവർ ഇങ്ങിനെ പറഞ്ഞിട്ടുള്ളതു. ആസ്ഥിതിക്കു ബഡ്ജററ് യോഗത്തിനുമുമ്പായി ഡയറക്ടർ ഈ യോഗത്തിൽവച്ചു ഒരു സപ്ലിമെൻററി ഗ്രാൻറ് ആവശ്യപ്പെട്ടതിനു ഞാൻയാതൊരു ഔചിത്യവുംകാണുന്നില്ല. ഇതിൻെറ അത്യാവശ്യകതയെ വെളിപ്പെടുത്തിയിട്ടില്ല.

പ്രസിഡൻറ്. നിങ്ങളുടെ സമയം തീർന്നിരിക്കുന്നു. റാവുബഹദൂർ

കെ. വി. രങ്കസ്വാമിഅയ്യങ്കാർ(ആർട്ട്സ് കാളേജ്പ്രിൻസിപ്പാൽ): സർ! ഇന്നേദിവസം ഞാൻ വല്ലതും സംസാരിക്കണമെന്നോഞാൻ മേലധികാരിയായിരിക്കുന്നസ്ഥാപനത്തിൻെറആവശ്യത്തിലേക്കായി ഒരുഹോസ്റ്റൽ തുടങ്ങുവാൻവേണ്ടിയുള്ളഗ്രാൻറിലേക്കായികൊണ്ടുവന്നിട്ടുള്ളഉപക്ഷേപത്തെക്കുറിച്ചുഎന്തെങ്കിലും പറയണമെന്നോ ഞാൻ വിചാരിച്ചിരുന്നതല്ല. ഇതിനെസംബന്ധിച്ചുയാതൊരുവിപരീതാഭിപ്രായത്തിനു ഇടയില്ലെന്നും ഇപ്രകാരം ചെയ്യുന്നതുകൊണ്ടു രാജകീയകാളേജിനെ സർവകലാശാലയുമായിചേർക്കുന്നതിനുഅപേക്ഷിക്കയും അതനുസരിച്ചു ചേർക്കുകയുംചെയ്തകാലത്തുരാജകീയകാളേജിൻെറ ഭരണാധികാരിഎന്ന നിലയിൽ ഗവണ്മെൻറു സർവകലാശാലയോടു ചെയ്തിട്ടുള്ളവാഗ്ദാനത്തെ നിറവേററുകമാത്രമേ ചെയ്യുന്നുള്ളുഎന്നും ശരീരസംബന്ധമായോ മാനസികമായോ ഉത്തമമായ പരിസ്ഥിതികളിൽ അല്ലാതെയോ ബന്ധുക്കളുടെയോ രക്ഷകർത്താക്കന്മാരുടെയോ കൂടെയല്ലാതെയോ ശരിയായ മേൽനോട്ടത്തിൻകീഴിൽഅല്ലാതെയോ താമസിച്ചുപഠിച്ചുപോരുന്ന കാളേജിലെ എല്ലാവിദ്യാർത്ഥികൾക്കും താമസത്തിനും മേൽനോട്ടത്തിനും വേണ്ടവിധം സൌകര്യംഉണ്ടാക്കിക്കൊടുക്കേണ്ടതു സർവകലാശാലയുടെകീഴിലുള്ള ഓരോ കാളേജിൻെറയും ചുമതലയാണെന്നായി സർവകലാശാല ആക്ടിൽ അടങ്ങിയിട്ടുള്ള നിയമപ്രകാരം നാം അനുസരിക്കേണ്ടതായ ഒരു നിയമശാസനത്തെ അനുസരിച്ചതായിമാത്രമേ വന്നു ചേരുന്നുള്ള എന്നുമാണു ഞാൻ വിചാരിച്ചിരുന്നതു. എന്നാൽ ഈ സഭയിൽവച്ചു ഈ വിഷയത്തെ സംബന്ധിച്ചുണ്ടായിട്ടുള്ള വാദപ്രതിവാദത്തിൻെറ പോക്കുകൊണ്ടുഞാൻ ഇതിനെ സംബന്ധിച്ചു അല്പം സംസാരിക്കാതെ നിവൃത്തിയില്ലാതായി തീർന്നിരിക്കുന്നുഎന്നു വ്യസനസമേതംപറഞ്ഞുകൊള്ളുന്നു. പ്രത്യേകിച്ചും വാദപ്രതിവാദത്തിനിടക്കു പുറപ്പെട്ടുവിക്കപ്പെട്ടിട്ടുള്ള ഒന്നു രണ്ടു സംഗതികളെ സംബന്ധിച്ചു എനിക്കുനല്ല പോലെ അറിയാമെന്നുള്ളതുകൊണ്ടും ഗ്രാൻറിനെ തടയാൻവേണ്ടിമാത്രം ആ ഭാഗങ്ങൾക്കു അനാവശ്യമായി പ്രാധാന്യം കല്പിക്കാൻ ഇടയായിട്ടുള്ളതുകൊണ്ടും എനിക്കു അല്പം സംസാരിക്കാതെ നിവൃത്തിയില്ല. ഇതിനുപുറമേ അഭിപ്രായവ്യത്യാസത്തിനു ഹേതുഭൂതമായ മൂലകാരണങ്ങളെപ്പററി ഒന്നുകിൽ ശരിയായപ്രസ്താവിൽകൂടി വീക്ഷണംചെയ്യാൻ ഇടയാകാതിരിക്കയോ അല്ലെങ്കിൽഅവയുമായി യാതൊരുവിധബന്ധവുമില്ലാത്തമററു സംഗതികളെ ഇതിനിടയിൽ അനാവശ്യമായി വലിച്ചിഴച്ചുകൊണ്ടുവന്നു അവയെപ്പററിവാദപ്രതിവാദം നടത്തുന്നതിനു ഇടയായതുകൊണ്ടു പ്രധാനസംഗതികളെപ്പററി മറന്നു പോകുന്നതിനുഇടയാകുകയോ ആണു ചെയ്തിട്ടുള്ളതു. പഴയരാജകീയകാളേജ് വിഭജനം ചെയ്തകാലത്തു വിഭജനം മൂലംഉണ്ടാകുന്നചിലവു ഏതോ ഒരുകുറിപ്പുതുകയിൽ കൂടുന്നതല്ലെന്നു ഗവണ്മെൻറു ഒരു വാഗ്ദാനം ചെയ്തിരുന്നുഎന്നും. എന്നാൽ ആർട്ട്സ്കാളേജിൻെറ ആവശ്യത്തിലേക്കായി മുൻപറഞ്ഞ നിശ്ചിത തുകയെ കവിഞ്ഞ ഒരു തുക പലപ്പോഴും ചിലവാക്കേണ്ടി വന്നിട്ടുണ്ടെന്നും ഉള്ളസംഗതികളെ, അവ വാദവിഷയവുമായി യാതൊരു ബന്ധവുമില്ലാത്തവയാണെങ്കിലും, സ്വതസിദ്ധമായ വാക്ചാതുര്യത്തോടും വചോസാമർത്ഥ്യത്തോടുംകൂടി മിസ്റ്റർ മമ്മൻമാപ്പിള വാദവിഷയത്തോടു ചേർത്തുള്ള ആലോചനക്കു വിഷയമാക്കിയതിനെ സംബന്ധിച്ചാണു എനിക്കു പ്രത്യേകിച്ചു പറവാനുള്ളതു. ഈ സംഗതിയെ സംബന്ധിച്ചു പ്രത്യേകം നോക്കുന്നപക്ഷം അതുവാദവിഷയവുമായി യാതൊരു ബന്ധവുമില്ലാത്ത ഒന്നാണെന്നു കാണുന്നതാണെന്നു വരികിലും ഞാൻ ഇതിനെ സംബന്ധിച്ചു അല്പം കഴിഞ്ഞു സംസാരിച്ചുകൊള്ളാം.

ഈ ഗ്രാൻറ് അനുവദിക്കേണ്ടതാണോ അല്ലയോ എന്നുള്ളതിനെപ്പററി ആലോചിക്കുവാൻ തുടങ്ങുമ്പോൾ രണ്ടു സംഗതികളിൽ ഈ സഭയുടെ ശ്രദ്ധപതിഞ്ഞാൽ കൊള്ളാമെന്നു എനിക്കു ആഗ്രഹമുണ്ടു. ഒന്നാമത്തേതു ആർട്ട്സ് കാളേജിലേയും സയൻസ് കാളേജിലേയും വിദ്യാർത്ഥികൾക്കും ഒരുപോലെ താമസിക്കുന്നതിനു അനുവാദം ഉള്ള ഒരു ഗവണ്മെൻറു കാളേജ് ഹോസ്റ്റൽ ഉള്ള സ്ഥിതിക്കു കൂടുതലായി മറെറാരു ഹോസ്റ്റൽകൂടി ഇട

ങ്ങളുടെ ആവശ്യം ഉണ്ടോ എന്നുള്ളതാണ്. രണ്ടാമത്തേതു ഇപ്പോൾ താമസത്തിനുവേണ്ട ഹോസ്റ്റൽ സൌകര്യം ഇല്ലാതെ ബുദ്ധിമുട്ടുന്ന വിദ്യാർത്ഥികളുടെ ആവശ്യത്തിലേക്കായി ഒരു പുതിയ ഹോസ്റ്റൽ തുടങ്ങണം എന്നു തീരുമാനിക്കുന്നപക്ഷം മേൽപറഞ്ഞപ്രകാരം വാസസൌകര്യം ഇല്ലാതെ ബുദ്ധിമുട്ടുന്ന ഭിന്നജാതി വിദ്യാർത്ഥികളുടെ ആവശ്യത്തിന്റെ കൂടുതൽ കുറവനുസരിച്ചു ആ ഹോസ്റ്റലിലുള്ള വാസസൌകര്യത്തെ ഏതു പ്രകാരം ഈ ഭിന്നജാതികളുടെ ഇടയിൽ വിഭജിക്കണം എന്നുള്ളതാകുന്നു. ഈ രണ്ടു് സംഗതികളേയും പററിനമുക്കു പ്രത്യേകം പ്രത്യേകമായി ആലോചിക്കാം.

ഒന്നാമതായി കൂട്ടമായി ഒരു ഹോസ്റ്റൽകൂടി ഉണ്ടായിരിക്കേണ്ടതിന്റെ ആവശ്യകതയെ സംബന്ധിച്ചു എതുകക്ഷികൾ പുറപ്പെടുവിച്ചിട്ടുള്ള വാദങ്ങളുടെ സാരം വിദ്യാർത്ഥികൾക്കു ഹോസ്റ്റൽ സൌകര്യം യാതൊന്നും മേലാലും നൽകാതെ ഇരുന്നാലും സർവകലാശാല ഇതു സംബന്ധിച്ചു യാതൊരു പ്രകാരത്തിലും വിപരീതാഭിപ്രായം പുറപ്പെടുവിക്കാൻ എളുപ്പമില്ലഎന്നുള്ളതുകൊണ്ടു കൂട്ടമായി ഒരു ഹോസ്റ്റൽകൂടി സ്ഥാപിക്കേണ്ടതായ യാതൊരു ആവശ്യവുമില്ല എന്നുള്ളതാണെന്നാണ് ഞാൻ മനസ്സിലാക്കിയിരിക്കുന്നതു്. വിശേഷിച്ചും കാളേജിന്റെ ഭരണകർത്താവ് എന്ന നിലയിൽ നമ്മുടെ വിദ്യാർത്ഥികൾക്കു ഹോസ്റ്റൽ സൌകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കേണ്ടതായിവരുമെങ്കിൽ ചുമത്തിയിട്ടുള്ള ചുമതലതീരെ നിസ്സാരമായ ഒന്നാണെന്നു മിസ്റ്റർ കെ. ടി. തോമസ് പറഞ്ഞതായി ഞാൻ പ്രത്യേകം ഓർമ്മിക്കുന്നു. ഈ സംഗതിയെ സംബന്ധിച്ചു വിദ്യാഭ്യാസഡയറക്ടറുടെ ഒരു പ്രസ്താവനയെ ഉദ്ധരിച്ചു കൂട്ടമായി ഒരു ഹോസ്റ്റലിന്റെ ആവശ്യം ഉണ്ടെങ്കിൽതന്നെ അതു വളരെ അത്യാവശ്യമായി ഒഴിച്ചുകൂടാൻ പാടില്ലാത്തതൊ ആയ ഒന്നല്ല എന്നു മിസ്റ്റർ തോമസ് വാദിക്കയുണ്ടായല്ലൊ. വിദ്യാഭ്യാസഡയറക്ടർ ഈ വിഷയത്തെ സംബന്ധിച്ചിടത്തോളം ഗവൺമെന്റിനുള്ള ചുമതലയെ നിസ്സാരമാക്കി സംസാരിക്കയൊ ഇതുവരെയും നാം നമ്മുടെ വിദ്യാർത്ഥികൾക്കു എല്ലാപേർക്കും വേണ്ടുംവണ്ണം ഉള്ള ഹോസ്റ്റൽ സൌകര്യം ഉണ്ടാക്കിക്കൊടുക്കാതിരുന്നിട്ടുള്ളതിനു സമാധാനം പറയേണ്ടതായ ആവശ്യം നേരിട്ടില്ല എന്നുള്ളതുകൊണ്ടു് മേലാലും നമുക്കു ഇതേനിലയിൽ തന്നെ കഴിഞ്ഞുകൂടിക്കൊള്ളാമെന്നോ സർവകലാശാല അവരുടെ നിയമങ്ങളെ അനുസരിക്കണമെന്നു നമ്മെ നിർബന്ധിക്കയില്ലെന്നൊ പറഞ്ഞതായെ ഞാൻ മനസ്സിലാക്കിയില്ലഎന്നു ആരംഭത്തിൽതന്നെ പറഞ്ഞുകൊള്ളട്ടെ. സർ, ഇങ്ങനെ പുതുതായി ഒരു ഹോസ്റ്റൽ തുടങ്ങുവാൻ ഇത്രതാമസം നേരിട്ടതു എന്തുകൊണ്ടെന്നുള്ളതിനെ സംബന്ധിച്ചേടത്തോളം ഒരു സമാധാനം എന്ന നിലയിൽ അദ്ദേഹം കഴിഞ്ഞ ഘട്ടങ്ങളെ സംബന്ധിച്ചു പറഞ്ഞതായിട്ടാണ് അദ്ദേഹത്തിന്റെ പ്രസംഗത്തിൽനിന്നും എനിക്കു തോന്നിയതു. അല്ലാതെ അദ്ദേഹം ഇപ്പോഴൊ ഭാവിയിലൊ ഉള്ള സംഗതികളെ സംബന്ധിച്ചു യാതൊന്നുംതന്നെ പറകയുണ്ടായില്ല. നമ്മുടെ കാളേജുകളുടെ നേർക്കു കർശനമായ നടപടികൾ നടത്തിയിട്ടില്ല എന്നുള്ളതുകൊണ്ടുതന്നെ സർവകലാശാലക്കാർ അവരുടെ നിയമങ്ങളെ അനുസരിപ്പിക്കുന്നതിൽ വളരെ കണിശത്തോടുകൂടിയിരിക്കുന്നവരല്ല എന്നു തീരുമാനിക്കാമെന്നുള്ളതു വളരെ വിഷമമായിട്ടുള്ള ഒരു സംഗതിയാണ. എന്നാൽ ഹോസ്ററൽ സൌകര്യം ഇപ്പോൾ അത്യാവശ്യമായിട്ടുള്ള വിദ്യാർത്ഥികൾക്കു എല്ലാപേർക്കും ഉണ്ടാക്കിക്കൊടുത്തുകൊള്ളേണ്ടതാണെന്നുള്ള സർവകലാശാല നിയമങ്ങൾ അനുസരിച്ചു നമ്മൾ അപ്രകാരം ഒരു ചുമതല ചുമത്തിയിട്ടില്ലെന്നു പറയുന്നതിനൊ അല്ലാത്തപക്ഷം നമ്മുടെ ചുമതല നാം നിർവഹിക്കാതിരിക്കുന്നതിനെ സർവകലാശാല എല്ലാകാലത്തും അനുവദിച്ചുകൊണ്ടിരിക്കും എന്നുപറയുന്നതിനൊ ഇതു ഒരു ലക്ഷ്യമാകുന്നതാണൊ? അഥവാ ഇപ്രകാരം ഒരു ചുമതലയെ നമ്മിൽ ചുമത്തിയിട്ടില്ല എന്നു വാദിക്കാവുന്നതാണൊ? ഇപ്രകാരം ഉള്ള ഏതെങ്കിലും സംഗതിയെപ്പററി സർവകലാശാല എന്തെങ്കിലും ചോദ്യം ചെയ്യുന്നപക്ഷം ആലോചനക്കു വിഷയമായിട്ടുള്ള കാളേജുകളുടെ മേലധികാരികളുമായിട്ടാണ ആദ്യമായി അവർ ആലോചിക്കുന്നതു് എന്നുള്ള സംഗതികൂടി ഞാൻ ഈ സന്ദർഭത്തിൽ പ്രസ്താവിച്ചുകൊള്ളട്ടെ. കാളേജിലുള്ള എല്ലാവിദ്യാർത്ഥികളും അവരുടെമേൽ വേണ്ടവിധം മേൽനോട്ടം നടത്തുന്നവരായ അവരുടെ മാതാപിതാക്കന്മാരുടെയൊ രക്ഷകർത്താക്കന്മാരുടെയൊ മററുബന്ധുക്കളുടെയൊ കൂടെയൊ അല്ലാത്തപക്ഷം കാളേജിനോടുചേർന്നുള്ളതൊ അല്ലെങ്കിൽ കാളേജ് അധികൃതന്മാരുടെ അംഗീകരണം സിദ്ധിച്ചിട്ടുള്ളതൊ ആയ ഹോസ്ററലുകളിലൊ അല്ലാത്തപക്ഷം കാളേജ്അധികൃതന്മാർ നിശ്ചയിക്കുന്നവിധത്തിലുള്ള പ്രൈവററ് ലാഡ്ജുകളിലൊ താമസിക്കുന്നതിനു വേണ്ട ഏർപ്പാടുകൾ ചെയ്തിട്ടുണ്ടെന്നൊ ഉടൻതന്നെ ചെയ്യുന്നതാണെന്നൊ ആയി ഓരോ കാളേജും അതിനെ സർവകലാശാല അംഗീകരിക്കയൊ അഫിലിയേററചെയ്കയൊ ചെയ്യുന്നതിനുമുമ്പായി സർവകലാശാലയോടു ഉറപ്പുപറയേണ്ടതായ ഒരു ഭാരം സർവകലാശാല നിയമങ്ങളാൽ ഓരോ കാളേജിലും ചുമത്തപ്പെട്ടിട്ടുണ്ട്. കാളേജിൽ പ്രവേശനം നൽകപ്പെട്ട വിദ്യാർത്ഥികളുടെ എണ്ണം അവരിൽ മാതാപിതാക്കന്മാരുടെയൊ ബന്ധുക്കളുടെയൊ മററു രക്ഷകർത്താക്കന്മാരുടെയൊ കൂടെയൊ സ്വന്തം കുടുംബത്തിലൊ ശരിയായ മേൽനോട്ടത്തിൻകീഴിൽ താമസിക്കുന്നവരുടെ എണ്ണം കാളേജിനോടു ചേർന്നുള്ളതൊ കാളേജ് അധികൃതന്മാരുടെ അംഗീകരണം സിദ്ധിച്ചിട്ടുള്ളതൊ ആയ ഹോസ്ററലുകളിൽ താമസിക്കുന്നവരുടെ എണ്ണം എന്നിവക്കുപുറമെ ആദ്യമായി കാളേജ്അധികൃതന്മാരുടെ പൂർണ്ണമായ അംഗീകരണം സിദ്ധിച്ചിട്ടുള്ള വാടകവീടുകളിൽ താമസിക്കുന്നവരുടെ എണ്ണവും രണ്ടാമതായി ശുചീകരണസംബന്ധമായൊ മാനസികമായൊ ഉള്ള കാരണങ്ങളാൽ കാളേജ് അധികൃതന്മാർക്കു നല്ലതെന്നു അഭിപ്രായമില്ലാത്ത വാടകക്കെട്ടിടങ്ങളിൽ താമസിക്കുന്നവരുടെ എണ്ണവുംകൂടി കാണിക്കുന്നതായ ഒരു പട്ടിക വർഷംതോറും ഓരോ കാളേജിലെ പ്രിൻസിപ്പാൾമാരും സർവകലാശാലനിയമങ്ങൾ അനുസരിച്ചു സിൻഡിക്കേററിനു അയച്ചുകൊടുക്കേണ്ടതായുണ്ട്, ഇപ്രകാരം എല്ലാകാളേജുകളിലും നിന്നു കിട്ടുന്ന പട്ടികകളെ എല്ലാം ചേർത്തു ഒരുവലിയപട്ടികയാക്കി ആയതിനെ സർവകലാശാല അധികൃതന്മാർക്കു ആണ്ടോടാണ്ടു സമർപ്പിച്ചുവരുന്നു. കാളേജിൽപഠിക്കുന്ന എല്ലാവിദ്യാർത്ഥികളും ശരിയായ മേൽനോട്ടത്തിൻകീഴിലും വളരെ തൃപ്തികരമായ പരിതസ്ഥിതികളിലും തന്നെ താമസിക്കുന്നതിനു വേണ്ട ഏർപ്പാടുകൾ ചെയ്യണമെന്നായി സർവകലാശാല നിയമങ്ങളാൽ ഓരൊ കാളേജിലും ചുമത്തപ്പെട്ടിട്ടുള്ള ചുമതലയെ ഓരൊ കാളേജും എത്രമാത്രം നിർവഹിച്ചിട്ടുണ്ട് എന്നുള്ള സംഗതിയെപ്പററി അവർ വളരെ ഗൌരവമായി ശ്രദ്ധിക്കാറുണ്ട്. മേൽപറഞ്ഞ പ്രകാരം ഉള്ള ഒരു വാർഷികസ്റേററുമെന്റു തയ്യാറാക്കുന്നതിലേക്കുവേണ്ടി ഒരുവർഷം ഒരു പ്രാവശ്യമെങ്കിലും കാളേജിലുള്ള എല്ലാവിദ്യാർത്ഥികളുടെയും വാസസ്ഥലം കാളേജ് ഭരണാധികാരികൾ പരിശോധിക്കുക എന്ന ഒരു പതിവും നടപ്പിലാക്കിയിട്ടുണ്ട്. ഇങ്ങിനെയുള്ള പരിശോധനയുടെ ഫലമായിട്ടാണ് കാളേജ് അധികൃതന്മാർ നല്ല

...ക്കെ പ്രൈവറ്റ് ഗൃഹങ്ങളേയും ഹോസ്റ്റലുകളേയും അംഗീകരിക്കയും തൃപ്തികരമല്ലെന്നു കാണുന്ന പ്രൈവറ്റ് ഗൃഹങ്ങൾക്കു അംഗീകരണം നിരസിക്കയും ചെയ്യുന്നതു്. സർവകലാശാലക്കു അവസാനമായി അയച്ചു കൊടുക്കുന്ന കണക്കുകൾ ഇപ്രകാരമുള്ള പരിശോധനകളെ അടിസ്ഥാനമാക്കി തയ്യാറാക്കുന്നവയാണ്. ഈ വിഷയത്തിൽ സർവകലാശാലക്കുള്ള ഗൗരവമായ ശ്രദ്ധയെ അവർ ഒരിക്കലും കുറച്ചിട്ടില്ല. ഈ സംഗതിയിൽ ഇതുവരെയുണ്ടായിരുന്നതിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണെന്നും വിദ്യാർത്ഥികളുടെ വാസസ്ഥലപരിശോധനക്കു കഴിയുന്നിടത്തോളം കൂടുതൽ ഏർപ്പാടുകൾ ചെയ്യേണ്ടതാണെന്നും ഉള്ളതാണ് സർവകലാശാലയുടെ അഭിപ്രായഗതി എന്നുള്ളതിനു ലക്ഷ്യമായി എല്ലാ വിദ്യാർത്ഥികളുടെയും വാസസ്ഥലങ്ങൾ കൂടെക്കൂടെ പരിശോധിച്ചുകൊള്ളണമെന്നും അദ്ധ്യാപകസമൂഹത്തിൽപെട്ട ആളുകൾ വേണ്ടപോലെ മേൽനോട്ടം ... വാസസ്ഥലത്തെയും വിദ്യാർത്ഥികളുടെ നടപടിയേയും സംബന്ധിച്ചുള്ള മേൽനോട്ടം മാത്രമല്ല അവരുടെ പഠിപ്പിനെ സംബന്ധിച്ച മേൽനോട്ടം കൂടി—ഉണ്ടായിരിക്കുന്നതിനു വേണ്ട ഏർപ്പാടുകൾ ചെയ്തുകൊള്ളണമെന്നും കാണിച്ചു സർവകലാശാലയുമായി ബന്ധിക്കപ്പെട്ടിട്ടുള്ള എല്ലാ കാളേജുകൾക്കും ഈയിടെ ഒരു സർക്കുലർ അയച്ചിട്ടുണ്ടെന്നുള്ള സംഗതി ഞാൻ ഈ സന്ദർഭത്തിൽ പ്രസ്താവിച്ചുകൊള്ളട്ടെ. ഇപ്രകാരം ഇതിനുമുമ്പു ചെയ്തിട്ടില്ല. എന്നാൽ എനിക്കു മേലധികാരം വഹിക്കുന്നതിനുള്ള ഭാഗ്യം സിദ്ധിച്ചിട്ടുള്ള സ്ഥാപനത്തെ സംബന്ധിച്ചിടത്തോളം മുൻപറഞ്ഞ സർക്കുലർ അയക്കയോ അതിനെപ്പറ്റി ആലോചിക്കപോലുമോ തന്നെയോ ചെയ്യുന്നതിനു ഒന്നരവർഷങ്ങൾക്കു മുമ്പു ഞാനും എന്റെ സഹാദ്ധ്യാപകന്മാരും കൂടി മേൽപറഞ്ഞപ്രകാരം ഉള്ള പരിശോധനകൾ നടത്തണമെന്നു സർവകലാശാല ഇപ്പോൾ എല്ലാ കാളേജുകളും ചെയ്യേണ്ടതാണെന്നു നിർബന്ധിക്കുന്നപ്രകാരം ട്യൂട്ടോറിയൽ സമ്പ്രദായം ഏർപ്പെടുത്തണമെന്നും താനെ തന്നെ തീരുമാനിക്കയും അതനുസരിച്ചു പ്രവർത്തിച്ചുതുടങ്ങുകയും ചെയ്തിട്ടുള്ളതിനാൽ സർവകലാശാലയുടെ മേൽപറഞ്ഞ ഉത്തരവു ഉപയോഗശൂന്യമായി തന്നെ കലാശിച്ചു എന്നു ഈ സഭയിൽ പ്രസ്താവിക്കാൻ ഇടയായതിൽ എനിക്കു അതിയായ സന്തോഷമുണ്ട്. ഞങ്ങൾ മേൽപറഞ്ഞപ്രകാരം ചെയ്ത പരിശോധനത്തിന്റെ ഫലമായി കഴിഞ്ഞ രണ്ടു വർഷകാലമായി അതായതു മിക്കവാറും പഴയ രാജകീയ കാളേജു വിഭജനം ചെയ്തു ആർട്ട്സ് കാളേജ് ആരംഭിച്ച നാൾമുതൽ നാളിതുവരെയും ആർട്ട്സ് കാളേജിലെ വിദ്യാർത്ഥികൾ ഏതു മാതിരിയിൽ താമസിച്ചു പോരുന്നു എന്നുള്ളതിനെ സംബന്ധിച്ചും ഹോസ്റ്റൽ സൗകര്യം ഇല്ലാത്തതിനാൽ അനേകം വിദ്യാർത്ഥികൾ എത്രമാത്രം കഷ്ടപ്പെട്ടു പോരുന്നു എന്നുള്ളതിനെ സംബന്ധിച്ചും വിലയേറിയ അനേകം വിവരങ്ങൾ ശേഖരിച്ചു വയ്ക്കുന്നതിനു ഞങ്ങൾക്കു സാധിച്ചിട്ടുണ്ട്. ഇപ്പോൾ ആവശ്യപ്പെടുന്നതു പോലെ ഒരു ഹോസ്റ്റൽ ഉടനടി ഉണ്ടാക്കേണ്ടതു വളരെ അത്യാവശ്യമാണെന്നു പറയത്തക്കവിധത്തിൽ ആർട്ട്സ് കാളേജിലെ വിദ്യാർത്ഥികൾക്കു അത്രമാത്രം ബുദ്ധിമുട്ടു നേരിട്ടു കൊണ്ടിരിക്കുന്നുണ്ടോ എന്നു ഒരു ചോദ്യം ചോദിക്കയുണ്ടായേക്കാമല്ലോ. കാളേജിൽ ആകെയുള്ള വിദ്യാർത്ഥികളിൽ ൭൦ ശതമാനം പേരോളം യാതൊരു പ്രകാരത്തിലും തൃപ്തികരമായ വാസസൗകര്യങ്ങൾ യാതൊന്നും തന്നെ ഇല്ലാതെ കഷ്ടപ്പെടുന്നു എന്നുള്ളതാണ് ആർട്ട്സ് കാളേജിന്റെ താൽകാലികാവസ്ഥ എന്നു ഞാൻ ഇപ്പോൾ തന്നെ പറഞ്ഞുകൊള്ളുന്നു. ശേഷം ഉള്ള ൩൦ ശതമാനം വിദ്യാർത്ഥികൾ ഒന്നുകിൽ മാതാപിതാക്കന്മാരുടെയോ രക്ഷകർത്താക്കന്മാരുടെയോ കൂടെയോ അല്ലാത്തപക്ഷം ഗവണ്മെന്റു വകയോ കാളേജിനോടു ചേർന്നുള്ളതോ അംഗീകരണം സിദ്ധിച്ചിട്ടുള്ളതോ ആയ ഹോസ്റ്റലുകളിലോ താമസിക്കുന്നവരായതുകൊണ്ടു അവരെ സംബന്ധിച്ചിടത്തോളം ശരിയായ വാസസൗകര്യം ഉണ്ടെന്നു പറയാം. ഗവണ്മെന്റു ഹോസ്റ്റൽ വാടകക്കെട്ടിടത്തിൽ ഇട്ടിരുന്ന കാലത്തു അവിടെ എത്ര വിദ്യാർത്ഥികൾക്കു താമസിക്കുന്നതിനുള്ള സൗകര്യങ്ങൾ ഉണ്ടായിരുന്നുവോ അതിന്റെ രണ്ടിരട്ടി വിദ്യാർത്ഥികൾക്കു താമസിക്കുന്നതിനുള്ള സൗകര്യങ്ങൾ ഉള്ള ഗവണ്മെന്റ് കൊളിജിയേറ്റ് ഹോസ്റ്റൽകെട്ടിടത്തിന്റെ പണി പൂർത്തിയായതിന്റെ ശേഷം ഈയിടെയായിട്ടാണ് ഇപ്പോൾ ഒടുവിൽ പറഞ്ഞ കൂട്ടരുടെ ശതമാനം ഇത്രമാത്രം വർദ്ധിക്കാൻ ഇടയായിട്ടുള്ളതു്. ഇതിനുപുറമെ അല്പകാലങ്ങൾക്കുള്ളിലായി ചില സമുദായസ്നേഹികളുടേയോ ജനക്ഷേമകാംക്ഷികളുടേയോ പൊതുജനക്ഷേമപ്രസക്തിയുടെ ഫലമായി അനേകം പ്രൈവറ്റ് ഹോസ്റ്റലുകൾ തുടങ്ങുന്നതിനു ഇടയായിട്ടുള്ളതിനാൽ കഴിഞ്ഞവർഷത്തിൽ യാതൊരു വാസസൗകര്യവും ഇല്ലാതെ ബുദ്ധിമുട്ടിക്കൊണ്ടിരുന്ന അനേകം വിദ്യാർത്ഥികൾക്കു ഈ ഹോസ്റ്റലുകളിൽ താമസിക്കുന്നതിനു സാധിച്ചിട്ടുണ്ട്. സംഗതികൾ ഇപ്രകാരം എല്ലാം വന്നുചേർന്നിട്ടില്ലായിരുന്നു എങ്കിൽ എന്റെ സ്ഥാപനത്തിലെ വിദ്യാർത്ഥികളിൽ വാസസൗകര്യം ലഭിക്കാത്തവരുടെ എണ്ണം ഇപ്പോഴുള്ളതിനെക്കാൾ എത്രയോ കൂടുതലായിരിക്കുമായിരുന്നു. കാളേജിൽ ആകെയുള്ള വിദ്യാർത്ഥികളുടെ എണ്ണവും വാസസൗകര്യം ഇല്ലാത്തവരുടെ എണ്ണവും തമ്മിലുള്ള താരതമ്യത്തെ മാത്രം അടിസ്ഥാനപ്പെടുത്തി നോക്കുന്നപക്ഷം ഇപ്പോഴത്തെ കണക്കനുസരിച്ചു വാസസൗകര്യം ഇല്ലാത്തവരായി കാണപ്പെടുന്നവരുടെ എണ്ണം തന്നെ എത്രയോ കൂടുതലായിട്ടുള്ളതാണെന്നു ബോദ്ധ്യമാകുന്നതാണ്. അംഗീകരണം ലഭിക്കാത്ത വസതികളിൽ പാർക്കുന്നവരും മററു യാതൊരുമാർഗ്ഗവും ഇല്ലാത്തതുകൊണ്ടുമാത്രം തൃപ്തിയില്ലെന്നുവരികിലും കാളേജു അധികൃതന്മാർ അംഗീകരണം നൽകാൻ നിർബന്ധിതരാക്കപ്പെട്ടിട്ടുള്ള വാസസ്ഥലങ്ങളിൽ പാർക്കുന്നവരും ആയി എന്റെ കാളേജിൽ മാത്രം ഇരുനൂററിഅൻപതോളം വിദ്യാർത്ഥികൾ ഉണ്ട്. ഇപ്പോൾ തുടങ്ങണമെന്നു ആവശ്യപ്പെടുന്ന ഹോസ്റ്റലിൽ താമസിക്കാവുന്ന വിദ്യാർത്ഥികളുടെ ഏററവും കൂടുതലായ എണ്ണം അൻപതോ അറുപതോ മാത്രമാണെന്നുള്ള സംഗതി ആലോചിക്കുമ്പോൾ പ്രത്യേകിച്ചും മുൻപറഞ്ഞ കൂട്ടരുടെ എണ്ണം വളരെ കൂടുതലായിട്ടുള്ളതാണെന്നുള്ളതിനെ സമ്മതിക്കാതെ യാതൊരു നിവൃത്തിയുമില്ല. വീണ്ടും വാസസൗകര്യം ഉണ്ടാക്കിക്കൊടുക്കേണ്ടതു അത്യന്താപേക്ഷിതമായിരിക്കുന്നവരായി ആർട്ട്സ് കാളേജിൽ ആകെ എത്ര വിദ്യാർത്ഥികൾ ഉണ്ടെന്നുള്ളതിനെപ്പററി ആലോചിക്കുന്നതിനു പകരം താരതമ്യേന മററു സമുദായങ്ങളെ അപേക്ഷിച്ചു ഏതേതു സമുദായങ്ങൾക്കാണ് വാസസൗകര്യം ഉണ്ടാക്കിക്കൊടുക്കേണ്ടതു കൂടുതൽ ആവശ്യമായിരിക്കുന്നതു എന്നുള്ളതിനെ കണ്ടുപിടിക്കുന്നതിലേക്കായി വാസസൗകര്യം ഇല്ലാതെ ബുദ്ധിമുട്ടുന്ന വിദ്യാർത്ഥികളുടെ ജാതിതിരിച്ചുള്ള ഒരു കണക്കു നോക്കുന്നപക്ഷം ആയതു കുറേക്കൂടി ശ്രദ്ധേയമായിരിക്കും. അങ്ങിനെ നോക്കുന്നപക്ഷം ക്രിസ്ത്യാനികളുടെ ഇടയിലുള്ള ഓരോ ഉപസമുദായങ്ങളുടെ വകയായി അനേകം ഹോസ്റ്റലുകൾ ഉള്ളവയിൽ എന്റെ കാളേജിലെ വിദ്യാർത്ഥികൾക്കു പ്രവേശനം ലഭിക്കുമെന്നുള്ളതുകൊണ്ടും മുഹമ്മദിയരുടെയും ഈഴവരുടേയും വകയായി ഹോസ്റ്റലുകൾ ഉള്ളതുകൊണ്ടും ഹോസ്റ്റലുകളിലോ മാതാപിതാക്കന്മാ

ളുടേയോ രക്ഷകർത്താക്കന്മാരുടേയോ കൂടെ താമസിക്കുന്നവരായി ഈ സമുദായങ്ങളിൽ പെട്ട വിദ്യാർത്ഥികളുടെ എണ്ണത്തെ അതാതു സമുദായങ്ങളിൽനിന്നും കാളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ ആകെയുള്ള എണ്ണത്തോടു താരതമ്യപ്പെടുത്തി നോക്കുമ്പോൾ കിട്ടുന്ന ശതമാനം ഒട്ടും കൂടുതലായിട്ടുള്ളതല്ലെന്നിരിക്കെ ഹിന്ദുസമുദായത്തെ സംബന്ധിച്ചു മേൽ പറഞ്ഞപ്രകാരമുള്ള ശതമാനകണക്ക് വളരെ കൂടുതലായിട്ടുള്ളതാണെന്നു കാണപ്പെടുന്നതാണ്. ഇതിനുള്ള പ്രത്യക്ഷമായ കാരണം ഇപ്പോൾ ഹിന്ദുപുരുഷവിദ്യാർത്ഥികൾക്ക് പ്രവേശനം അനുവദിച്ചിട്ടുള്ള ഒരു സ്ഥാപനം ഏതാനും വിദ്യാർത്ഥികൾക്കുമാത്രം വാസസൌകര്യം ഉള്ളതും വളരെനാളായി വിദ്യാർത്ഥികളെക്കൊണ്ട് നിറഞ്ഞുകഴിഞ്ഞിട്ടുള്ളതും ആയ ഗവണ്മെണ്ട് കാളേജിലെ ഹോസ്റ്റൽ മാത്രമാണെന്നുള്ളതാകുന്നു. യാതൊരു ഹോസ്റ്റൽ സൌകര്യവും ഇല്ലാത്തവർ എന്നുതന്നെ പറയപ്പെടാവുന്നവരായ മേൽ പറഞ്ഞ വിദ്യാർത്ഥിവിഭാഗങ്ങളുടെ അവകാശങ്ങളെപ്പറ്റിയാണ് പുതിയ ഹോസ്റ്റൽ തുടങ്ങുന്ന അവസരത്തിൽ ഒന്നാമതായി പരിഗണിക്കേണ്ടതു എന്നു ഹോസ്റ്റൽ തുടങ്ങുന്നതിനെ സംബന്ധിച്ചു ആലോചിച്ചപ്പോൾ തീരുമാനിച്ചതിനുള്ള കാരണവും ഇതുതന്നെയാകുന്നു. സവർണ്ണഹിന്ദുക്കളെപ്പോലെയുള്ള ചില സമുദായങ്ങളുടെ നേർക്ക് എന്തോ പ്രത്യേകതയോ പക്ഷപാതമോ കാണിച്ചുവരുന്നതായി ഒരു സൂചനയോ ഒരു പരിഹാസമോ പുറപ്പെടുവിച്ചിരിക്കുന്നസ്ഥിതിക്കു; എന്റെ സ്ഥാപനത്തെസംബന്ധിച്ചിടത്തോളം ഞാനോ എന്റെ സഹാദ്ധ്യാപകന്മാരോ ഏതെങ്കിലും ഒന്നോ രണ്ടോ സമുദായങ്ങളുടെ ആവശ്യത്തിലേക്കു മാത്രമായി ആർട്ട്സ് കാളേജിലേക്കു ഒരു ഹോസ്റ്റൽ തുടങ്ങണമെന്നു യാതൊരു കാലത്തും ആവശ്യപ്പെടുകയോ അതിലേക്കു യാതൊരു വിധത്തിലും ശ്രമിക്കയോ ചെയ്തിട്ടില്ല എന്നുള്ള സംഗതിയെ ഇവിടെ വളരെ ശക്തിയുക്തം പ്രസ്താവിക്കുന്നതിനു എന്നെ അനുവദിക്കണം. എല്ലാ സമുദായക്കാർക്കും ഹോസ്റ്റൽ സൌകര്യം ഉണ്ടാക്കിക്കൊടുക്കണമെന്നും ഇപ്പോൾ എന്റെ സ്ഥാപനത്തിലെ എത്ര വിദ്യാർത്ഥികൾക്കു ഹോസ്റ്റൽ സൌകര്യം ആവശ്യമായിരിക്കുന്നുവോ അത്രപേർക്കും ആയതു ഉണ്ടാക്കിക്കൊടുക്കേണ്ടതാണെന്നും ആണ് ഞങ്ങൾ ആവശ്യപ്പെട്ടിട്ടുള്ളതു്. ആവശ്യമുള്ളിടത്തോളം ഹോസ്റ്റൽസൌകര്യം ഉണ്ടാക്കിക്കൊടുക്കാൻ ഇടയാകുന്നതുവരെ ആവശ്യമുള്ളതിന്റെ ഒരു ഭാഗമെങ്കിലും ഉണ്ടാക്കിക്കൊടുക്കുവാൻ ചെയ്യുന്ന ശ്രമത്തെ അത്ഭുതമായ വാദം പുറപ്പെടുവിച്ചു തടയുന്നതു പ്രായോഗികബുദ്ധിക്കു ഒട്ടും യോജിച്ചതല്ലെന്നു ഞങ്ങൾ മനസ്സിലാക്കി. ഇതിനുപുറമെ എല്ലാസമുദായക്കാർക്കുംകൂടി ഒരു ഹോസ്റ്റൽ തുടങ്ങുന്നതു് സാദ്ധ്യമാണോ അല്ലയോ എന്നുള്ളതിനെപ്പറ്റി ആലോചിക്കണമെങ്കിൽ എല്ലാസമുദായക്കാർക്കും വാസസൌകര്യം കൊടുക്കുന്നതിനു വേണ്ട സ്ഥലം ഉള്ള കെട്ടിടം കിട്ടുമോ എന്നുള്ളതിനെപ്പറ്റിയും ആലോചിക്കേണ്ടിയിരിക്കുന്നു. ഇതിലേക്കു ആ കെട്ടിടത്തിൽ അനേകം മുറികൾ ഉണ്ടായിരിക്കണമെന്നുള്ളതിനും പുറമെ അനേകം പ്രത്യേക അടുക്കളകളും ഊണുകഴിക്കുന്നതിനുള്ള തളങ്ങളും ഉണ്ടായിരിക്കേണ്ടതാണ്.

ഇതിനെസംബന്ധിച്ചു ഒരു മുന്നറിവുതരേണ്ടതു ആവശ്യമാണെന്നു എനിക്കുതോന്നുന്നു. ഇതുവരെ കഴിഞ്ഞുപോയതുപോലെതന്നെ മേലാലും കഴിഞ്ഞുകൊണ്ടുപോകാമെന്നും വാസസൌകര്യമില്ലാത്ത എല്ലാ വിദ്യാർത്ഥികൾക്കും ശരിയായ വാസസൌകര്യം ഉണ്ടാക്കിക്കൊടുത്തുകൊള്ളേണ്ടതാണെന്നു ഓരോ കാളേജിനെയും സർവകലാശാല അവരുടെ നിയമങ്ങൾ വഴിക്കു ശാസിച്ചുകൊണ്ടിരിക്കുന്നതിനെ വകവക്കാതെ കഴിക്കാമെന്നും വിചാരിച്ചിട്ടുള്ളതായി മുമ്പു ഇവിടെ നടന്ന വാദപ്രതിവാദത്തിൽനിന്നും തോന്നുവാൻ ഇടയായതുകൊണ്ടാണ് ഈ മുന്നറിവു തരേണ്ടതു ആവശ്യമായിത്തീർന്നിരിക്കുന്നതു്. കാളേജുകളെ സർവകലാശാല അംഗീകരിച്ച സന്ദർഭങ്ങളിൽ അവ നൽകിയിട്ടുള്ള വാഗ്ദാനങ്ങളെ അവ എത്രമാത്രം നിറവേററുന്നുണ്ടു എന്നുള്ളതിനെപ്പററി പരിശോധിക്കുന്നതിനായി ഒരു എൻക്വയറി കമ്മിഷനെ സർവകലാശാലയിൽ നിന്നും ഏതു സമയവും അയക്കാമെന്നുള്ളതാണ്. അങ്ങിനെയുള്ള ഒരു കമ്മിഷൻ ഇവിടെ വരുന്നപക്ഷം നമ്മുടെ കാളേജിലെ വിദ്യാർത്ഥികൾക്കുള്ള ഹോസ്റ്റൽ സൌകര്യത്തെ സംബന്ധിച്ചു റിപ്പോർട്ടു ചെയ്യുന്നതിനുള്ള അധികാരം അവർക്കുണ്ടായിരിക്കുന്നതാണ്. ഇങ്ങിനെ ഒരു അപകടം ഉണ്ടായേക്കാമെന്നു എന്നു സംശയിക്കാൻമാത്രം വഴിയുള്ളതല്ല. ഈപ്രകാരം ഒരു കമ്മിഷൻ രൂപീകരിക്കേണ്ടതിന്റെ ആവശ്യകതയെ സംബന്ധിച്ചു സർവകലാശാല വക നിർവഹണസംഘങ്ങളിൽവച്ചു, പ്രത്യേകിച്ചും കഴിഞ്ഞ അഞ്ചാറുവർഷങ്ങളായി ഞാൻ ഒരു മെമ്പറായിരുന്നുപോരുന്ന സർവകലാശാലയുടെ എക്സിക്യൂട്ടിവിൽവച്ചു, പലപ്പോഴും ആലോചിക്കുന്നതിനു ഇടയായിട്ടുണ്ടെന്നുള്ള സംഗതിയെ ഞാൻ ഈ സഭ മുമ്പാകെ പ്രസ്താവിക്കുന്നതായിരുന്നാൽ ഒരുപക്ഷെ ഞാൻ ഒരു രഹസ്യത്തെ തുറന്നു പ്രസ്താവിച്ചതായി ആരും വിചാരിക്കയില്ലെന്നു ഞാൻ വിശ്വസിക്കുന്നു. ഓരോ സ്ഥലങ്ങളിൽപോയി സർവകലാശാല അംഗീകരിച്ചിട്ടുള്ള എല്ലാ കാളേജുകളേയും പരിശോധിച്ചു ഈ സ്ഥാപനങ്ങൾ അംഗീകരണകാലത്തു ചെയ്തിട്ടുള്ള പ്രതിജ്ഞയെ എത്രമാത്രം നിറവേററുന്നുണ്ടെന്നു കണ്ടുപിടിക്കുന്നതിലേക്കായി ഒരു കമ്മിഷൻ രൂപീകരിക്കേണ്ടതാണെന്നു ആലോചനയുണ്ടായിട്ടുണ്ടു്. ഇത്തരത്തിൽ ഉള്ള ഒരു കമ്മിഷൻ വന്നു പരിശോധിച്ചതിന്റെ ശേഷം കാളേജുകളെ സർവകലാശാല അംഗീകരിച്ച സന്ദർഭത്തിൽ ചെയ്തിട്ടുള്ള കരാറുകളെ സംബന്ധിച്ചു മേലധികാരികളെ ഓർമ്മിപ്പിക്കയും അംഗീകരണം കഴിഞ്ഞിട്ടു എത്രയോ വർഷങ്ങൾ കഴിഞ്ഞിട്ടും ഇതേവരെ അക്കാലത്തു ചെയ്തിട്ടുണ്ടായിരുന്ന വാഗ്ദാനങ്ങളെ നിറവേററിയിട്ടില്ല എന്നുള്ളതിനെപ്പററി പറകയും ചെയ്താൽ ആയതു ഗവണ്മെൻറിനെപ്പോലെയുള്ള മാനേജുമെൻറുകൾക്കു എത്രമാത്രം ആക്ഷേപഹേതുകം ആയിരിക്കും എന്നു പറയേണ്ട ആവശ്യമില്ലല്ലൊ. സർവകലാശാല നിശ്ചയിച്ചിട്ടുള്ള സ്റ്റാൻഡാർഡ് അനുസരിച്ചു പ്രവർത്തിക്കുന്നതിനു നമുക്കു എത്രയൊ വർഷങ്ങൾ ഉണ്ടായിരുന്നിട്ടും ഈ സംഗതിയിൽ ഇനിയും വേണ്ട ഏർപ്പാടുകൾ ചെയ്യേണ്ടതായിത്തന്നെ ഇരിക്കുന്നു എന്നുള്ളതിനെ നാം ഏററു പറയേണ്ടതായി വരുന്ന പക്ഷം ആയതു വളരെ ആക്ഷേപഹേതുകമായിരിക്കും എന്നു ഞാൻ വീണ്ടും ആവർത്തിച്ചുകൊള്ളുന്നു. ഹോസ്റ്റൽ സൌകര്യങ്ങൾ വേണ്ടിടത്തോളം ഉണ്ടാക്കിക്കൊടുത്തുകൊള്ളാമെന്നായി യൂനിവേഴ്സിററിയുമായി ചെയ്തിട്ടുള്ളതും പ്രവർത്തിക്കുന്നതിനുള്ളകാലം എത്രയൊ മുമ്പുതന്നെ കഴിഞ്ഞുപോയിരിക്കുന്നതും ആയ കരാറിന്റെ ഒരംശം എങ്കിലും നിറവേററാമെന്നു ഗവണ്മെൻറു ഉദ്ദേശിക്കുന്നതു മേൽപറഞ്ഞപ്രകാരം ഉണ്ടാകാൻ ഇടയുള്ള ഒരു ദുരവസ്ഥയെ കാലേകൂട്ടി കണ്ടു അതിലേക്കു ഒരു ഒഴിവുണ്ടാക്കുന്നതിനുമാത്രമാണെന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളതു്. മിസ്റ്റർ കുമ്മസിനു ഹോസ്റ്റലിന്റെ ആവശ്യകതയെ സംബന്ധിച്ചു, തീരെ വിശ്വാസമില്ലാതെ കണ്ടാണിരിക്കുന്നതു്. അ

തിന്റെ ആവശ്യത്തെ സംബന്ധിച്ച തെളിവു വേണമെന്നായും ആവശ്യപ്പെട്ടിരിക്കുന്നു. കാളേജിലുള്ള എല്ലാ വിദ്യാർത്ഥികൾക്കും ഒരുപോലെ വേണ്ടിടത്തോളം ഹോസ്റ്റൽ സൌകര്യം ഉണ്ടാക്കികൊടുക്കേണ്ടതായ ശാസനാരൂപമായ ഒരു ചുമതല നമ്മിൽ ലയിച്ചിട്ടുണ്ടെന്നും നമ്മുടെ വിദ്യാർത്ഥികളിൽ അധികം ഭാഗവും ഹോസ്റ്റൽ സൌകര്യം ഇല്ലാതെ കഴിയുകയാണെന്നും ഉള്ള സംഗതികളെക്കാൾ കൂടുതലായി മിസ്റ്റർ താമസിനു ഹോസ്റ്റലിന്റെ ആവശ്യകതയെ സംബന്ധിച്ച ബോദ്ധ്യം വരുന്നതിനു വേറെ എന്താണ് വേണ്ടതു എന്നു എനിക്കു മനസ്സിലാകുന്നില്ല.

സർ, സർവകലാശാലക്കു നാം നൽകിയിട്ടുള്ള ഒരു വാഗ്ദാനത്തെ നിറവേററുകമാത്രമല്ല നാം ഇതുമൂലം ചെയ്യുന്നതു എന്നുകൂടി പറയാമെന്നുള്ളതാണ്. നിയമംകൊണ്ടു നാം അനുഷ്ഠിക്കേണ്ടതായിവന്നിട്ടുള്ള ഒരുകാര്യം മാത്രംപോലുമല്ല. ഗവണ്മെൻറും ഈ സഭയും ഈ വിഷയത്തെസംബന്ധിച്ചു ആലോചിക്കുന്നതിനു കൂടുതൽ ഗൌരവമായ സംഗതികൾ വേറെയുണ്ട്. ദേഹരക്ഷപോരായ്കയാലോ വേണ്ടവിധം പ്രവർത്തിയാത്തതുകൊണ്ടോ അല്ലാത്തപക്ഷം വേണ്ടപോലെ ശുചീകരണം ഇല്ലാത്തതിനാലോ ഉണ്ടാകുന്നവയാകയാൽ വളരെ എളുപ്പത്തിൽ നിവാരണം ചെയ്യാവുന്നവയായ രോഗങ്ങളും സുഖക്കേടുകളും എല്ലായ്പോഴും ഉണ്ടായിക്കൊണ്ടിരിക്കുന്നവരായി അനേകം വിദ്യാർത്ഥികൾ ഇപ്പോൾ ഇവിടെ ഉണ്ടെന്ന് വാസസ്ഥലപരിശോധനക്കിടയിൽ ഞങ്ങൾ കണ്ടുപിടിച്ചു മനസ്സിലാക്കിയിട്ടുണ്ട്. വേണ്ടിടത്തോളം ഹോസ്റ്റലുകൾ ഉണ്ടായിരുന്നു എങ്കിൽ ഈ രണ്ടുദോഷങ്ങളേയും നമുക്കു തടയാമായിരുന്നു എന്നുമാത്രമല്ല നമ്മുടെ വിദ്യാർത്ഥികൾക്കു കൂടെക്കൂടെ ഉണ്ടായിക്കൊണ്ടിരിക്കുന്നവയും വളരെ സങ്കടപ്പെടുത്തുന്നവയും ആയ ഈ വിധരോഗങ്ങൾക്കു ഇരയാകാതിരിക്കയും ചെയ്യുമായിരുന്നു. കാളേജുകളിൽ വിദ്യാർത്ഥികൾ ചേരണമെന്നായി അവരെ പ്രേരിപ്പിക്കുന്നസന്ദർഭത്തിൽ അവർക്കു സൗഖ്യമായ വിധത്തിൽ താമസിക്കുന്നതിനു വേണ്ടസൗകര്യങ്ങൾ എല്ലാം ചെയ്തുകൊടുക്കുന്നതിനും ദീർഘകാലം സുഖമായി ജീവിക്കുന്നതിനുള്ള വഴികൾ ഉണ്ടാക്കികൊടുക്കുന്നതിനും ഉള്ള ഒരു ചുമതലകൂടി ഈ കാളേജുകൾക്കു ഇല്ലയോ? കാളേജിന്റെ മാനേജുമെൻറ് എന്ന നിലയിൽ ഇപ്രകാരം ഒരു ചുമതല ഗവണ്മെൻറിന് ഇല്ലയോ? വിദ്യാർത്ഥികളെ പരീക്ഷകൾ ജയിപ്പിക്കുന്നതിനും എന്നാൽ അതേസമയം തന്നെ നാം അവരെഅവരുടെ ദേഹരക്ഷക്കു അനുയോജ്യമായ പരിതസ്ഥിതികളിൽ താമസിക്കാൻ ഇടയാകുന്നതുമൂലം കായികമായി യാതൊരു പ്രവൃത്തിയും ചെയ്യുന്നതിനു ത്രാണിയില്ലാത്തവരാക്കി തീർക്കുന്നതിനും വേണ്ടിയാണൊ നാം ഈ സ്ഥാപനത്തെ നടത്തിക്കൊണ്ടു പോകുന്നതു്? ഗവണ്മെൻറു വക സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കു വേണ്ടി ഇങ്ങിനെയുള്ള ചുമതലകൾ നിറവേററണമെന്നു മാത്രമേ ഇക്കാലത്തു് നാം ഗവണ്മെൻറിനോടു ആവശ്യപ്പെടുന്നുള്ളോ? മിസ്റ്റർ മാമ്മൻ മാപ്പിളക്കും അദ്ദേഹത്തിന്റെ സ്നേഹിതന്മാർക്കും പലപ്രകാരേണയും ബന്ധമുള്ളതായ ഏജൻസികളാൽ നടത്തപ്പെടുന്നസ്ഥാപനങ്ങൾപോലെയുള്ള അനേകം പ്രൈവററുസ്ഥാപനങ്ങൾ ഹോസ്റ്റലുകൾ തുടങ്ങുന്നവക്കു ധനസഹായം ചെയ്യണമെന്നു ആവശ്യപ്പെട്ടിട്ടുള്ള സന്ദർഭങ്ങളിൽ, പണം ചിലവു ചെയ്യുന്നതിനൊ വേണ്ടിടത്തോളമൊ അതിൽ കൂടുതലൊ ഗ്രാൻറ് അനുവദിക്കുന്നതിനൊ ഗവണ്മെൻറു എപ്പോഴെങ്കിലും വൈമുഖ്യം പ്രദർശിപ്പിക്കയുണ്ടായിട്ടുണ്ടൊ? ഇങ്ങിനെയുള്ള ഏതെങ്കിലും ഒരു സ്ഥാപനം വക ഹോസ്റ്റലുകൾക്കു ഗ്രാൻറു അനുവദിക്കുന്നതിനു ഗവണ്മെൻറു മടികാണിച്ചതായി എപ്പോഴെങ്കിലും ഒരു പരാതിയുണ്ടായിട്ടുണ്ടൊ? ഇത്തരം ഹോസ്റ്റലുകളുടെ കാര്യത്തിൽ ആ സ്ഥാപനങ്ങളുടെ ചിലവു ഒരു നിശ്ചിതതുകയെ കവിഞ്ഞു പോകുന്നതല്ല എന്നു ഒരു കരാർചെയ്തിട്ടുള്ളതായി വിചാരിച്ചു ആ കരാറിനെ പററിയോ കൂടുതൽഹോസ്റ്റൽ സൌകര്യങ്ങൾ ഉണ്ടാക്കികൊടുക്കുന്നതിലേക്കായി കൂടുതൽഗ്രാൻറ് അനുവദിച്ചു മുമ്പുതന്നെ ഹോസ്റ്റൽ സൌകര്യത്തിനുവേണ്ടി ധാരാളമായി അനുവദിച്ചിട്ടുള്ള പണത്തുകയെ വർദ്ധിപ്പിക്കുന്നതിന്റെ അനൗചിത്യത്തെ പററിയോ മിസ്റ്റർ മാമൻമാപ്പിളയും അദ്ദേഹത്തിന്റെ സ്നേഹിതന്മാരും ഒരു ചോദ്യം എങ്കിലും ചോദിക്കയുണ്ടായിട്ടുണ്ടൊ? ഗവണ്മെൻറു വകസ്ഥാപനങ്ങളുമായി താരതമ്യപ്പെടുത്തിനോക്കുമ്പോൾ വിദ്യാർത്ഥികൾക്കുകൂടുതൽ ഹോസ്റ്റൽ സൗകര്യംഉള്ളവയായ ഇത്തരം സ്ഥാപനങ്ങളെ സഹായിക്കുന്നതു കൊണ്ടു ഗവണ്മെൻറിന്റെ ചുമതല എന്നു ആരും നിസ്സംശയം സമ്മതിക്കുന്നതായ ഒരു കാര്യം അവർ പ്രവർത്തിക്കുന്നു എന്നല്ലാതെ അതിൽ കവിഞ്ഞ് അവർ പ്രവൃത്തിക്കുന്നതായി എപ്പോഴെങ്കിലും പറകയോ സൂചിപ്പിക്കുക എങ്കിലുമൊ ചെയ്തിട്ടുണ്ടൊ?. ആ സ്ഥിതിക്കു ഹോസ്റ്റൽ സൗകര്യങ്ങൾ ഇപ്പോൾ വളരെ കുറവായിരിക്കുന്നു എന്നു നല്ലപോലെഎല്ലാപേർക്കും അറിയാവുന്ന ഗവണ്മെൻറുസ്ഥാപനങ്ങൾക്കു അത്തരത്തിലുള്ള സൗകര്യങ്ങൾ ഉണ്ടാക്കികൊടുക്കാൻ വേണ്ടിയുള്ള പണം അനുവദിക്കുന്നവിഷയത്തിൽ ഈകൗൺസിലിനു അല്പംഅനുഭാവം പ്രദർശിപ്പിച്ചുകൂടയോ എന്നു ഒരുഗവണ്മെൻറു സ്ഥാപനത്തിന്റെ മേലധികാരി എന്നനിലയിൽ ഞാൻചോദിച്ചു കൊള്ളുന്നു. മാനേജരന്മാർ എന്ന നിലയിൽ ഗവണ്മെൻറിനൊ ഈ കൌൺസിലിനൊ നേരിട്ടു യാതൊരു വിധ ചുമതലയും ഇല്ലാത്തതായ ഇതരസ്ഥാപനങ്ങളേക്കാൾ ഇങ്ങിനെയുള്ള ഒരു സ്ഥാപനം കാര്യക്ഷേമമായും ഭംഗിയായും നടത്തുന്നതിനുള്ള ചുമതല നേരിട്ടു ഗവണ്മെൻറിൽ തന്നെ സ്ഥിതിചെയ്യുന്നു എന്നുള്ളതുകൊണ്ടു് ഒരു ഗവർമ്മെണ്ടു സ്ഥാപനത്തിനു വേണ്ടി ഇപ്രകാരം ഒരുചിലവു അനുവദിക്കുന്ന വിഷയത്തിൽ ഈ കൌൺസിലിനു നേരിട്ടുകൂടുതൽ ചുമതല ഉണ്ടെന്നാണ് ഞാൻവാദിക്കുന്നതു്.

മി: കെ. ഐ. ജോസഫ് (മീനച്ചിൽ; ദേവികുളം) കഴിഞ്ഞബഡ്ജററുയോഗത്തിൽവച്ചു ഈസംഗതിയെ പററിആലോചിക്കാതിരുന്നതും എന്തുകൊണ്ടാണെന്നു മിസ്റ്റർ രങ്കസ്വാമിഅയ്യങ്കാരുടെ അടുക്കൽ നിന്നും അറിഞ്ഞാൽ കൊള്ളാം.

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആർട്ട്സ് കാളേജുപ്രിൻസിപ്പാൾ) സർ കഴിഞ്ഞ ആണ്ടത്തെ ബഡ്ജററിനു ഉത്തരവാദി മിസ്റ്റർ രങ്കസ്വാമിഅയ്യങ്കാർ അല്ലെന്നു പറയുന്നതിനു എന്നെ അനുവദിക്കണം. എന്നാൽ ഇക്കാര്യത്തിൽ എന്റെ ഭാഗത്തെ പററിമാത്രം പറയുന്നപക്ഷം എന്റെ കാളേജിനു ഒരു ഹോസ്റ്റൽ ഉണ്ടായിരിക്കേണ്ടതു ആവശ്യമാണെന്നു കണ്ടതിനുശേഷം അതിന്റെ ആവശ്യകതയേയും പ്രാധാന്യത്തേയും പററി അധികാരസ്ഥാനങ്ങളെ ബോദ്ധ്യപ്പെടുത്തിഇങ്ങിനെയൊരുസ്ഥാപനം നടപ്പിൽ വരുത്തുന്നതിനു അവരെ കഴിയുന്നത്ര നിർബന്ധിക്കുന്നവിഷയത്തിൽഞാൻ നിവൃത്തിയുള്ളിടത്തോളം യാതൊരു അമാന്തവും കാണിച്ചിട്ടില്ല എന്നു തന്നെ പറയാം.

മി: കെ. എം. ജോസഫ് (മീനച്ചൽ, ദേവികുളം): ഗവണ്മെന്റ ഈ ഇനത്തെ കഴിഞ്ഞ ബഡ്ജററിൽ ഉൾപ്പെടുത്താഞ്ഞ സ്ഥിതിക്ക ഈ ഡിമാൻഡിനെ മിസ്റ്റർ രങ്കസ്വാമിഅയ്യങ്കാർ ഏതു കാരണങ്ങളാൽ അനുകൂലിക്കുന്നു എന്നറിഞ്ഞാൽ കൊള്ളാം.

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആർട്ട്സ്കാളേജ് പ്രിൻസിപ്പാൽ): സർ ഇതിലേക്കുള്ള സമാധാനം വളരെ ലഘുവായിട്ടുള്ളതാണ്. കഴിഞ്ഞ ബഡ്ജററിൽ ആർട്ട്സ്കാളേജ് ഹോസ്റ്റലിനുള്ള ചിലവുകൂടി കൊള്ളിക്കാതിരിക്കുന്നതിനുള്ള പ്രധാന കാരണം ഇപ്രകാരം ഒരു ഹോസ്റ്റൽ തുടങ്ങേണ്ടതു അത്യന്താപേക്ഷിതമായിട്ടുള്ളതാണെന്നോ തുടങ്ങുന്നതു സാദ്ധ്യമാണെന്നോ ഉള്ള കാര്യങ്ങൾ ഗവണ്മെന്റിനു അക്കാലത്തു പൂർണ്ണമായി ബോദ്ധ്യമായിട്ടില്ലായിരുന്നു എന്നുള്ളതായിരുന്നു എന്നാണ് എനിക്ക തോന്നുന്നത്. ഭണ്ഡാരത്തെ സൂക്ഷിക്കുന്നതിൽ ഗവണ്മെന്റിനു സ്വഭാവേനതന്നെ വളരെ താല്പര്യമുണ്ടായിരിക്കും എന്നുള്ളതാണല്ലൊ. അതിനാൽ അവരുടെവക സ്ഥാപനങ്ങളിൽനിന്നും ഗ്രാൻറുകൾ അപേക്ഷിച്ചുകൊണ്ടുള്ള ശുപാർശകളെപ്പററി സൂക്ഷ്മമായി പര്യാലോചിക്കുന്നതിൽ അവർ ബദ്ധശ്രദ്ധന്മാരായിത്തന്നെയിരിക്കുന്നു. ഗവണ്മെണ്ടു കൂടുതൽ പണം അനാവശ്യമായി ചിലവാക്കുന്നു എന്നോ കാര്യങ്ങളിൽ വേണ്ടപോലെ ശ്രദ്ധ പതിപ്പിക്കുന്നില്ല എന്നോ ഉള്ള കുററങ്ങൾ അവരിൽ ആരോപിക്കാതിരിക്കാൻ അവർ വളരെ ആഗ്രഹിക്കുന്നു. ഇങ്ങിനെയുള്ള ശുപാർശകൾക്ക അനുകൂലമായ ഓരോ സംഗതിയേയും ഇപ്രകാരമുള്ള ശുപാർശകൾ ഈ സഭയിൽ ഹാജരാക്കുന്ന സന്ദർഭങ്ങളിൽ അവയെ അനുകൂലിച്ചു വാദിക്കുന്നതിനു ഗവണ്മെന്റിനു യാതൊരു വൈഷമ്യവുമുണ്ടാകാതിരിക്കുന്നതിനായി കഴിവുള്ളിടത്തോളം വിശദമാക്കണമെന്നും പുതുതായി ആവശ്യപ്പെടുന്ന ഓരോതരം ചിലവിനേയും പ്രവൃത്തിയുള്ളിടത്തോളം പൂർണ്ണമായി സാധൂകരിക്കണമെന്നു ആവശ്യപ്പെടുന്നു. അതിനാൽ ഈ ശുപാർശയെ ഈ സഭമുമ്പാകെ കൊണ്ടുവരുന്നതിനു ഇത്രവളരെ താമസം നേരിടുന്നതിനു രണ്ടു കാരണങ്ങൾ ഉണ്ടെന്നാണ് എന്റെ അഭിപ്രായം. ഒന്നാമതായി ഇപ്രകാരം ഒരു ഹോസ്റ്റൽ അത്യാവശ്യമായിരിക്കയാണെന്നുള്ള സംഗതി ഗവണ്മെന്റിനു ബോദ്ധ്യമാകുന്നതിലേക്കു വേണ്ട വിവരങ്ങൾ അവർക്ക കിട്ടിയിട്ടില്ലായിരുന്നു. ഇതിന്റെ അത്യാവശ്യത്തെപ്പററി ഗവണ്മെണ്ടിനു ഇപ്പോൾ ബോദ്ധ്യം വന്നു കഴിഞ്ഞ സ്ഥിതിക്ക ഇപ്പോൾ വാസസൌകര്യം ഇല്ലാതെ ബുദ്ധിമുട്ടുന്നതായി ഗവണ്മെന്റിനു ബോദ്ധ്യംവന്നിട്ടുള്ള വിദ്യാർത്ഥികളിൽ ഒരു വിഭാഗത്തിനെങ്കിലും അതിൽനിന്നും രക്ഷ നൾകുന്നതിനു ഉപയുക്തമായ വിധത്തിൽ എന്തെങ്കിലും പ്രവർത്തിക്കുന്നതിനു മേലാൽ ഒട്ടുംതന്നെ സമയം കളയണമെന്നു അവർ വിചാരിക്കുന്നില്ല. രണ്ടാമതായി ഇപ്രകാരം ഒരു ഹോസ്റ്റൽ സ്ഥാപിക്കുന്നതിനു ആവശ്യമുള്ള കെട്ടിടം കിട്ടണമെന്നു ഗവണ്മെണ്ടിനു ഉറപ്പുവരുന്നതുവരെ അവർക്ക ഈ സംഗതിയെപ്പററി ആലോചിപ്പാൻ നിവൃത്തിയില്ലാതെയാണ് ഇരുന്നിട്ടുള്ളത്. ഹോസ്റ്റലുകൾ സ്ഥാപിക്കത്തക്ക വിധത്തിൽ വലിപ്പവും സൌകര്യവും ഉള്ളവയും തിരുവനന്തപുരത്തു ഗവണ്മെന്റിനു ലഭിക്കാവുന്നവയുമായ കെട്ടിടങ്ങളുടെ എണ്ണം തുലോം കുറച്ചുമാത്രമേയുള്ളു. ഗവണ്മെന്റ കൊളിജിയേററ ഹോസ്റ്റൽ കെട്ടിടം തീർക്കുന്നതിനു ഇത്രവളരെ കാലം വേണ്ടിവന്ന സ്ഥിതിക്ക മറെറാരു പുതിയ കെട്ടിടം കെട്ടിക്കുന്നതിനെപ്പററി ആലോചിക്കയെ വേണ്ടല്ലൊ. എങ്ങിനെയായാലും ഒരു പുത്തൻ കെട്ടിടം ഉടനെ ഉണ്ടാക്കുക എന്നതു അസാദ്ധ്യംതന്നെയാകുന്നു. ഒരു പുതിയ ഹോസ്റ്റൽ സ്ഥാപിക്കുന്നതിനു, പ്രത്യേകിച്ചും ആർട്ട്സ്കാളേജിന്റെ ആവശ്യത്തിനു ഒരു പുതിയ ഹോസ്റ്റൽ സ്ഥാപിക്കുന്നതിനു ഉപയോഗപ്രദമായ വിധത്തിൽ ഗവണ്മെന്റിനു ലഭിക്കുമായിരുന്ന കെട്ടിടം ഇപ്പോഴത്തെ കൊളിജിയേററ ഹോസ്റ്റൽ മുമ്പു സധേണ്ണ് ഹിന്ദു ഹോസ്റ്റൽ ആയിരുന്ന കാലത്തു സ്ഥാപിച്ചു നടത്തിവന്നിരുന്നതും ആർട്ട്സ്കാളേജിനു സമീപമുള്ളതും ആയ "മാൻഷൻ" കെട്ടിടം മാത്രമായിരുന്നു. ഈ സ്കൂൾ വർഷാരംഭംവരെ അതായതു ബഡ്ജററ ഏർപ്പാടുകൾ പൂർത്തിയായതുവരെ ഈ കെട്ടിടത്തിൽ കൊളിജിയേററ ഹോസ്റ്റൽ സ്ഥാപിച്ചിരിക്കയായിരുന്നു. ഈ സ്കൂൾ വർഷത്തിന്റെ ആരംഭത്തിൽതന്നെയും ഈ കെട്ടിടം ഒഴിഞ്ഞുകിട്ടുമൊ എന്നുള്ളതു സംശയത്തിലായിരുന്നു. കൊളിജിയേററ ഹോസ്റ്റൽവക പുത്തൻ കെട്ടിടത്തിന്റെ വേല ധൃതിയിൽ നടത്തുകയും പൂർത്തിയാക്കപ്പെടുവരെ വളരെ കലശലായി നിർബന്ധിക്കയും ചെയ്തതിനുശേഷം മാത്രമെ മാൻഷൻ കെട്ടിടം ഒഴിച്ചുകിട്ടുവാൻ സാധിച്ചിട്ടുള്ളു. കൊളിജിയേററഹോസ്റ്റൽകെട്ടിടം ഉപയോഗയോഗ്യമായി കിട്ടിയതിനുശേഷം മാത്രമെ അതുവരെ ആ ഹോസ്റ്റൽ നടത്തിപ്പോന്ന "മാൻഷൻ" കെട്ടിടം ഒഴിഞ്ഞുകിട്ടുന്നതിനു ഇടയായുള്ളു. പുതുതായി മറെറാരു ഹോസ്റ്റൽകൂടി തുടങ്ങുന്നതിനുള്ള ശുപാർശയെ അനുവദിക്കുന്നതിനു മുമ്പായി പുത്തനായി കെട്ടിയിട്ടുള്ള കൊളിജിയേററ ഹോസ്റ്റൽ കെട്ടിടത്തിൽ മുമ്പു ഈ ഹോസ്റ്റൽ വാടകക്കെട്ടിടത്തിൽ സ്ഥാപിച്ചുവന്നിരുന്നപ്പോൾ എത്ര വിദ്യാർത്ഥികൾക്ക താമസിക്കുന്നതിനുള്ള സൌകര്യം ഉണ്ടായിരുന്നൊ അതിൽ ഇരട്ടിയിൽകൂടുതൽ വിദ്യാർത്ഥികൾക്ക താമസിക്കുന്നതിനുള്ള സൌകര്യം ഉണ്ടെന്നുള്ള സ്ഥിതിക്ക ശുപാർശയനുസരിച്ചു തുടങ്ങുന്ന പുത്തൻഹോസ്റ്റലിൽ താമസിക്കുന്നതിനു വേണ്ടുവോളം വിദ്യാർത്ഥികളെ ലഭിക്കുമൊ എന്നുള്ള സംഗതി അറിയുവാനും ഗവണ്മെന്റ സ്വഭാവേന ആശിച്ചിരിക്കും. ഈ സ്കൂൾവർഷത്തിന്റെ ആരംഭത്തോടുകൂടി "മാൻഷൻ" കെട്ടിടം ഒഴിഞ്ഞുകിട്ടിയതുവരെ ഈ സംഗതിയെ സംബന്ധിച്ചു ഗവണ്മെണ്ടു ആലോചിക്കാൻ തയ്യാറാകാഞ്ഞതിന്റെ പ്രത്യക്ഷകാരണം ഇതുതന്നെയാണ്. "മാൻഷൻ" കെട്ടിടം ഒഴിഞ്ഞ നാൾ മുതൽ, എന്നല്ല, അതു ഈ സ്കൂൾവർഷത്തിന്റെ ആരംഭം മുതൽ തന്നെ ഒഴിഞ്ഞുകിട്ടുമെന്നു നിശ്ചയമായപ്പോൾ മുതൽപോലും, എന്റെ സ്ഥാപനത്തിന്റെ ആവശ്യത്തിലേക്കായി ഒരു ഹോസ്റ്റൽ തുടങ്ങുന്നതിന് "മാൻഷൻ" കെട്ടിടം ഉപയോഗപ്പെടുത്തണമെന്നായി എന്റെ സ്ഥാപനത്തിന്റെ പ്രതിനിധി എന്ന നിലയിൽ ഞാൻ അധികാരസ്ഥാനങ്ങളോട് നിർബന്ധിച്ചുപോരുന്നുണ്ട്. സംഗതികളുടെ കിടപ്പു ഇപ്രകാരമാണ്.

മി: എം. ശിവതാണുപിള്ള (തോവാള) ഈ ഹോസ്റ്റൽകെട്ടിടത്തിനു അപ്പോഴപ്പോൾ വാടക കൊടുക്കുന്നതിനേക്കാൾ അതിനെ ഗവണ്മെണ്ടിൽനിന്നും വിലക്കുവാങ്ങുന്നതല്ലയോ കുറേക്കൂടി ആശാസ്യമായിരിക്കുന്നത്.

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആർട്ട്സ് കാളേജു പ്രിൻസിപ്പാൽ) ഇതു പണസംബന്ധമായി ആദായം ഉണ്ടോ ഇല്ലയോ എന്നുള്ളകാര്യം ആകയാൽ എനിക്ക അതേപററി യാതൊന്നും പറയേണ്ട ആവശ്യം ഇല്ല. കോട്ടയം, ചങ്ങനാശേരി, ആലുവാ ഈ സ്ഥലങ്ങളിലുള്ള സാഹായിക സ്ഥാപനങ്ങൾക്ക വാസസൌകര്യങ്ങളെ സംബന്ധിച്ചിടത്തോളം ലഭിച്ചുവരുന്നതുപോലെയുള്ള ഔദാര്യപൂർണ്ണമായ പെരുമാററം എന്റെ ചുമതലയിൽ കീഴിലുള്ള വിദ്യാർത്ഥികൾക്ക ലഭിക്കണമെന്നുള്ളതു മാത്രമെ എന്റെ ആലോചനക്ക വിഷയമാകെ

ണ്ടുള്ളു. എന്റെ വിദ്യാർത്ഥികളിൽ, പ്രത്യേകിച്ചും ഹിന്ദുവിദ്യാർത്ഥികളിൽ, ഗവർമ്മെണ്ട കാളേജു ഹോസ്റ്റലിൽ പ്രവേശനം ലഭിച്ചിട്ടുള്ള ൫ ശതമാനത്തോളം പോകെ ശേഷം ഉള്ള ഭൂരിപക്ഷം വിദ്യാർത്ഥികളും ഈ വിഷയത്തിൽ യാതൊരു സഹായവും ഇല്ലാത്തവരാണ്. കൂടാതെ കഴിക്കുവാൻ വളരെ എളുപ്പമുള്ള അനേകം രോഗങ്ങൾ ഈ വിദ്യാർത്ഥികൾക്കു കൂടെക്കൂടെ ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ട്. ഈ സ്ഥിതിക്കു ഞാൻ കയ്യുംകെട്ടി വെറുതെ ഇരുന്നുംകൊണ്ടു സംഗതികൾ മേലാലും ഇതുപോലെതന്നെ നടന്നുകൊണ്ടുപോകുവാൻ അനുവദിക്കുന്നതു വിഹിതമല്ലെന്നു എനിക്കു തോന്നിയിട്ടുണ്ട്. കഴിയുന്നിടത്തോളം വേഗത്തിൽ ഇവരുടെ ആവശ്യത്തിലേക്കായി ഒരു ഹോസ്റ്റൽ തുടങ്ങണമെന്നു ഞാൻ അധികൃതന്മാരോടു ഇടവിടാതെ നിർബന്ധിച്ചുകൊണ്ടിരുന്നതിനുള്ള കാരണം ഇതു തന്നെയാണ്. ഇപ്രകാരം ഒരു ഹോസ്റ്റൽ വാടകക്കെട്ടിടത്തിൽ തുടങ്ങുന്നതിനു സൌകര്യമുണ്ടെന്നു കണ്ടപ്പോൾ മുമ്പു കാളേജുവക ഒരു ഹോസ്റ്റലിന്റെ ആവശ്യത്തിലേക്കായി വാടകക്കു എടുത്തിരുന്ന കെട്ടിടംതന്നെ ആർട്ട്സ് കാളേജുവക ഒരു ഹോസ്റ്റൽ തുടങ്ങുന്നതിലേക്കായി മേലാലും വച്ചുകൊണ്ടിരിക്കണമെന്നായി ഞാൻ മേലധികാരികളെ നിർബന്ധിച്ചു. ഈ കെട്ടിടം ഗവർമ്മെണ്ടിൽനിന്നും വിലക്കു എടുക്കണമെന്നോ അല്ല മേലാലും വാടകക്കു എടുത്തിരുന്നാൽ മതിയോ എന്നുള്ളതിനെപ്പറ്റി ആലോചിക്കേണ്ട ആവശ്യം ഉണ്ടായിരുന്നില്ല. എങ്കിലും ഗവർമ്മെണ്ടിൽനിന്നും അതിനെ വിലക്കു എടുക്കുന്നതു നന്നായിരിക്കും എന്നു ഞാൻ സൂചിപ്പിക്കയുണ്ടായി എന്നുള്ള സംഗതി ഈ സന്ദർഭത്തിൽ പ്രസ്താവിച്ചുകൊള്ളുന്നു.

സർ! സവർണ്ണഹിന്ദുക്കൾക്കുമാത്രമായി ഈ പുതിയ ഹോസ്റ്റൽ തുടങ്ങേണ്ട ആവശ്യം എന്തെന്നും ഈ അപേക്ഷയെ അനുവദിക്കുന്നതുനിമിത്തം സവർണ്ണഹിന്ദുക്കൾക്കു പ്രത്യേകത നൽകുന്ന വിഷയത്തിൽ ഈ കൌൺസിൽ കൂടി ഭാഗഭാക്കാകുന്നതു എന്തിനെന്നും ആയി ഈ സഭയിൽ പുറപ്പെടുവിച്ചിട്ടുള്ള ചോദ്യങ്ങളെപ്പറ്റി അടുത്തതായി ഞാൻ അല്പം പറഞ്ഞുകൊള്ളട്ടെ. ഞാൻ മുൻപു പറഞ്ഞതുപോലെ സാദ്ധ്യമായിട്ടുള്ളതു എന്താണെന്നുള്ളതിനെപ്പറ്റിയാണ് ഈ സന്ദർഭത്തിൽ ആലോചിക്കേണ്ടതു. ഓരോ സമുദായക്കാർക്കും ഓരോ അടുക്കളവീതം എത്ര പ്രത്യേക അടുക്കളകൾക്കു സൌകര്യം ഉണ്ടാകുമെന്നുള്ളതിനെ ആശ്രയിച്ചാണ് ഒരു ഹോസ്റ്റലിൽ പ്രവേശനം അനുവദിക്കപ്പെട്ടാവുന്ന ഭിന്നസമുദായങ്ങളുടെ എണ്ണം സ്ഥിതി ചെയ്യുന്നതു. ഇപ്പോൾ ഹോസ്റ്റൽ സ്ഥാപിക്കാമെന്നു ആലോചിച്ചിരിക്കുന്ന കെട്ടിടത്തിൽ രണ്ടു അടുക്കളകൾ മാത്രമേ ഉള്ളു. അതിനാൽ ഈ അടുക്കളകൾ രണ്ടു സമുദായങ്ങൾക്കോ അല്ലാത്തപക്ഷം ഒരേ അടുക്കളയിൽ പാകം ചെയ്യുന്ന സാധനങ്ങളെ ഭക്ഷിക്കുന്നതിൽ അന്യോന്യം തടസ്സം ഇല്ലാത്ത രണ്ടു സമുദായശ്രേണികൾക്കോ മാത്രമേ ഉപയോഗിക്കാൻ സാധിക്കയുള്ളു. എന്റെ ശുപാർശയെ ഞാൻ ഗവർമ്മെണ്ടിലേക്കു സമർപ്പിച്ച സന്ദർഭത്തിൽ ഈഴവർക്കു കൂടി സൌകര്യം കൊടുക്കുന്നതിലേക്കായി മൂന്നു അടുക്കളകൾ ഒരേ സമയം തുടങ്ങേണ്ടതാണെന്നു ഞാൻ പ്രസ്താവിച്ചിട്ടുണ്ടായിരുന്നു. കെട്ടിടം ഗവർമ്മെണ്ടിന്റെ വക അല്ലാത്തതുകൊണ്ടോ മറ്റൊരാളിന്റെ വകയായതുകൊണ്ടും കൂടുതലായി ആവശ്യമുള്ള അടുക്കളയും അതിലേക്കു വേണ്ട ഭക്ഷണമുറികളും കൂടി ഉണ്ടാക്കിത്തരുന്നതിനു ഉടമസ്ഥൻ സമ്മതിക്കാതിരിക്കുന്നിടത്തോളം കാലം മൂന്നു അടുക്കളകൾ തുടങ്ങാൻ നമുക്കു സാധിക്കുന്നതല്ലല്ലോ. കെട്ടിടം ഗവർമ്മെണ്ടിന്റെ വക ആയിരുന്നു എങ്കിൽ ഈ മൂന്നു അടുക്കളകളും തുടങ്ങുന്നതിനും തന്മൂലം ഈ മൂന്നു സമുദായങ്ങളിൽപെട്ട വിദ്യാർത്ഥികൾക്കു പ്രവേശനം നൽകുന്നതിനും താരതമ്യേന എളുപ്പമായിരുന്നേനെ. നമുക്കു ആവശ്യപ്പെട്ടിടത്തോളം അടുക്കളകൾ കെട്ടിച്ചുതരണമെന്നു ഉടമസ്ഥനെ നമുക്കു യാതൊരു പ്രകാരേണയും നിർബന്ധിക്കുവാൻ അവകാശമില്ല എന്നുള്ളതു വളരെ വിശദമായിട്ടുള്ള ഒരു സംഗതിയാണല്ലോ. കണക്കില്ലാതെ അടുക്കളകളും ഭക്ഷണശാലകളും കെട്ടുന്നതിനു ആ പുരയിടത്തിൽ സ്ഥലവും ഇല്ല. എന്നെ സംബന്ധിച്ചുമാത്രം പറയുന്നപക്ഷം, ആർട്ട്സ് കാളേജിന്റെ ആവശ്യത്തിലേക്കായി ഒരു ഹോസ്റ്റൽ പണികഴിപ്പിച്ചു ജാതിമതവ്യത്യാസമെന്യേ എന്റെ വിദ്യാർത്ഥികളിൽ എല്ലാപേർക്കും പ്രവേശനം അനുവദിക്കാൻ കഴിയുന്നുഎങ്കിൽ അതു എനിക്കു വളരെ സന്തോഷകരമായ ഒരു സംഗതിയായിരിക്കും. എന്നു ഞാൻ ഈ സഭയെ പറഞ്ഞു മനസ്സിലാക്കേണ്ട ആവശ്യംഉണ്ടെന്നു എനിക്കു തോന്നുന്നില്ല. എന്നാൽ ഇതു ഇപ്പോൾ സാദ്ധ്യമായിട്ടുള്ളതല്ല.

സർ, പെട്ടെന്നു ചില സമുദായങ്ങൾക്കുമാത്രം ഹോസ്റ്റൽ സൌകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുകയും മറ്റുള്ള സമുദായങ്ങൾക്കു ഉണ്ടാക്കിക്കൊടുക്കാതിരിക്കയും ചെയ്യുന്നതിനെ സംബന്ധിച്ചു ആലോചിക്കുന്ന സന്ദർഭത്തിൽ ഓർമ്മിക്കേണ്ടതായുള്ള മറ്റൊരു സംഗതി ഈ വാദപ്രതിവാദമദ്ധ്യേ ആലോചിക്കാതെ വിട്ടുപോയിട്ടുണ്ട്. ആദ്യമായി സവർണ്ണഹിന്ദു വിദ്യാർത്ഥികൾക്കു ഒരു ഹോസ്റ്റൽ തുടങ്ങണമെന്നാണു ആലോചിക്കുന്നതെന്നു ഡയറക്ടർ പറഞ്ഞതിൽനിന്നും സവർണ്ണഹിന്ദുക്കൾക്കുമാത്രം അനർഹമായ പ്രത്യേകത പ്രദർശിപ്പിക്കുക എന്നുള്ള തീരെ അനാശാസ്യമായ ഒരു സ്ഥിതിയിലെയ്ക്കു നാം തിരിഞ്ഞുപോകുന്നതായോ ഈ വിഷയത്തിൽ വേണ്ട വിവേചനാശക്തി ഉപയോഗിച്ചിട്ടില്ലാത്തതായോ സൂചിപ്പിക്കുക ഉണ്ടായല്ലോ. ഈ ഹോസ്റ്റലിൽ ക്രിസ്ത്യൻവിദ്യാർത്ഥികൾക്കുകൂടി പ്രവേശനം അനുവദിക്കാൻ പാടില്ലാത്തതു എന്തുകൊണ്ടെന്നു ചോദിക്കയുണ്ടായല്ലോ. വേണ്ടിടത്തോളം അടുക്കളകളും ഭക്ഷണശാലാസൌകര്യങ്ങളും ഉണ്ടായിരുന്നു എങ്കിൽ സാധാരണനിലയ്ക്കു ഞാൻ ഇങ്ങനെ ഒരു ഏർപ്പാടിനെ സന്തോഷസമേതം കൈക്കൊള്ളുമായിരുന്നു. അധികം ഗുണവും എന്റെ സ്ഥാപനത്തിനുതന്നെ ഉണ്ടായിക്കൊണ്ടിരിക്കുന്നതും തിരുവനന്തപുരത്തുള്ള ചില പ്രൈവറ്റ് ഏജൻസികൾ നടത്തിപ്പോരുന്നതും ആയ വർഗ്ഗീയക്രിസ്ത്യൻഹോസ്റ്റലുകൾക്കു ഇപ്പോൾ തുടങ്ങണമെന്നു ആലോചിക്കുന്ന പുതിയ ഹോസ്റ്റലിൽ ക്രിസ്ത്യൻവിദ്യാർത്ഥികൾക്കു പ്രവേശനം അനുവദിക്കുന്നപക്ഷം, ആയതു ഇപ്പോൾ ദോഷത്തെ ചെയ്യുമെന്നുള്ളതുകൊണ്ടാണു ഞാൻ സാധാരണനിലക്കു എന്നുപറഞ്ഞതു. ഗവർമ്മെണ്ടിൽനിന്നും ലഭിക്കുന്ന സഹായത്തോടുകൂടി പ്രൈവറ്റ് ഏജൻസികൾ നടത്തിവരുന്നതായി തിരുവനന്തപുരത്തു ഇപ്പോൾ അനേകം ഹോസ്റ്റലുകൾ ഉണ്ട്. അവയിൽ പലതും ക്രിസ്ത്യൻവിദ്യാർത്ഥികൾക്കു പ്രവേശനം അനുവദിക്കപ്പെട്ടിട്ടുള്ളവയാണ്. ചിലവ ക്രിസ്ത്യാനികളിൽ ചില പ്രത്യേകവിഭാഗങ്ങൾക്കുമാത്രം പ്രവേശനാനുവാദം ഉള്ളവയായും ഉണ്ട്. ഈ ഹോസ്റ്റലുകളിൽ എത്ര വിദ്യാർത്ഥികൾക്കു താമസിക്കുന്നതിനുള്ള സ്ഥലസൌകര്യമുണ്ടോ അത്രയും വിദ്യാർത്ഥികൾ ഇവയിൽ ഇല്ലാതെകണ്ടാണു ഇരിക്കുന്നതു. ഗവർമ്മെണ്ടുഹോസ്റ്റലുകളിൽ താമസിക്കുന്നതിനു ക്രിസ്ത്യൻവിദ്യാർത്ഥികൾക്കു സമ്മതമായിരിക്കയും അവർക്കായി പ്രത്യേകം അടുക്കള തുടങ്ങുന്നതിനു ഉള്ള സൌകര്യം ഉണ്ടായിരിക്കയും ചെയ്യുന്നപക്ഷം അവർക്കു പ്രവേശനം നൽകുന്നവിഷയത്തിൽ ഞങ്ങൾക്കു യാതൊരുവി

രോധവുമില്ല. എന്നാൽ ഗവൺമെന്റിന്റെ സഹായത്തോടുകൂടി നടത്തിപ്പോരുന്ന മുൻപറഞ്ഞ ഹോസ്റ്റലുകളിൽ ഈ വിദ്യാർത്ഥികൾക്ക പ്രവേശനം ലഭിക്കുമെന്നിരിക്കെ നാം ഇപ്രകാരം ചെയ്യുന്നപക്ഷം തൻമൂലം നാം ഈ സാഹായിക ഹോസ്റ്റലുകൾക്കും നമ്മുടെ ക്രിസ്ത്യൻവിദ്യാർത്ഥികളുടെ നന്മക്കുവേണ്ടി ഇത്തരം ഹോസ്റ്റലുകൾ ഇടങ്ങുന്നതിനുള്ള ഔദാര്യബുദ്ധിതോന്നിയ പ്രൈവററ് ഏജൻസികൾക്കും ഒരു വലിയദോഷം ചെയ്യുന്നതായിരിക്കും. ക്രിസ്ത്യൻവിദ്യാർത്ഥികൾക്ക നാം ഒരു ഗവൺമെൻറഹോസ്റ്റൽ ഇടങ്ങുന്നപക്ഷം ഗവൺമെൻറഹോസ്റ്റലും മററ ഹോസ്റ്റലുകളും തമ്മിൽ ഒരുമാതിരി മൽസരം ഉണ്ടാകുന്നതിനു ഇടയാകുമെന്നുള്ളതും ആയതു കൂടാതെ കഴിപ്പാൻ നിവൃത്തിയില്ലാത്തതുമാകുന്നു. ക്രിസ്ത്യാനികളുടെവക പ്രൈവററഹോസ്റ്റലുകളിൽ താമസിക്കുന്ന വിദ്യാർത്ഥികളിൽ മിക്കവരും ഗവൺമെൻറ ഹോസ്റ്റലിലേക്ക പോരുമെന്നുള്ളതു സ്വാഭാവികമാണല്ലൊ. അതിനാൽ നമ്മുടെ വിദ്യാർത്ഥികൾക്ക ആവശ്യമുള്ളിടത്തോളം ഹോസ്റ്റൽ സൌകര്യം ഉണ്ടാക്കികൊടുക്കണം. എന്നുള്ള നമ്മുടെ ചുമതലയുടെ ഒരു അംശം അവരുതന്നെ വഹിച്ചു നമ്മെ സഹായിക്കുന്നവരായ ഈ പ്രൈവററ്സ്ഥാപനങ്ങളിലെ താമസക്കാരുടെ എണ്ണത്തിനു ഗണ്യമായ കുറവുവരുമെന്നുള്ളതാകുന്നു. ഒരു ഹോസ്റ്റൽ നടത്തുന്നതിനുള്ള ചിലവു അവിടെ താമസിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിനു ആസ്പദമായിട്ടാണു ഇരിക്കുന്നതു്. വിദ്യാർത്ഥികളുടെ എണ്ണം കൂടുന്നതനുസരിച്ചു ചിലവു കുറഞ്ഞുവരുമെന്നുള്ളതാകുന്നു. ഏതെങ്കിലും ഒരു ഹോസ്റ്റലിൽ താമസിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം കറയുന്നപക്ഷം ഭാരവാഹികൾകൂടുതൽപണം ചിലവാക്കേണ്ടതായിവരികയും താമസിക്കുന്നവരിൽ ഓരോരുത്തർക്കും വേണ്ടി ചിലവാകുന്ന തുക വർദ്ധിക്കയുംചെയ്യുന്നു. ഇങ്ങനെവരുന്നതു വിദ്യാർത്ഥികൾ കുറഞ്ഞിരുന്നാലും കൂടിയിരുന്നാലും പുറംചിലവുകൾ സാധാരണയായി ഒരുപോലെതന്നെ ഇരിക്കുമെന്നുള്ളതുകൊണ്ടാണ്. ഇതുകൊണ്ടാണു യാതൊരു പ്രൈവററ ഹോസ്റ്റലിനും ഒരു ഗവൺമെൻറഹോസ്റ്റൽ പ്രൈവററഹോസ്റ്റലുകൾക്ക നാശഹേതുകമായ വിധത്തിൽ അവയോടു മൽസരിക്കാൻ ഇടയാകുന്നതിനെ സമബുദ്ധ്യാ വീക്ഷിക്കാൻ കഴിയാതിരിക്കുന്നതു്. ഈ പ്രൈവററ്സ്ഥാപനങ്ങൾ തുടങ്ങിയിട്ടുള്ളതു ഗവൺമെൻറിൽനിന്നും യാതൊരുവിധ മൽസരവും ഉണ്ടാകുമെന്നുള്ള ഭയംകൂടാതെ നടത്താൻ സാധിക്കുമെന്നുള്ള ആശയോടും വിചാരത്തോടും കൂടിയാകുന്നു. പ്രൈവററഹോസ്റ്റലുകളിൽ നിറച്ചു വിദ്യാർത്ഥികൾ ഉണ്ടാകുന്നതിനുമുമ്പായിനമ്മുടെ ഹോസ്റ്റലിൽ ക്രിസ്ത്യൻവിദ്യാർത്ഥികൾക്ക് കൂടി പ്രവേശനം അനുവദിച്ചു ഈ അനുവാദം ഇല്ലായിരുന്നു എങ്കിൽ പ്രൈവററ ഹോസ്റ്റലുകളിൽതന്നെ താമസിക്കുമായിരുന്ന അനേകം വിദ്യാർത്ഥികളെ ഈ പ്രൈവററഹോസ്റ്റലുകളിൽനിന്നും നാം ആകർഷിച്ചു അകററുന്നപക്ഷം ആയതു അവക്ക് വലിയ ആശാഭംഗത്തിനുള്ള ഒരു ഹേതുവും ഒരു വലിയ ശിക്ഷയും ആയിരിക്കുമെന്നുള്ളതാകുന്നു. അതിനാൽ ക്രിസ്ത്യൻവിദ്യാർത്ഥികൾക്ക താമസിക്കുന്നതിനുവേണ്ടിടത്തോളം സൌകര്യം ഈ ഹോസ്റ്റലുകളിൽ ഉള്ളിടത്തോളം കാലം അവയിൽ കുറെ ആളുകളെ അവിടെനിന്നും മാറിതാമസിക്കുന്നതിനു ഇടയാക്കുന്നതുമൂലം ഹോസ്റ്റൽ ഭാരവാഹികൾക്ക ഹോസ്റ്റൽ നടത്തികൊണ്ടുപോകുന്നതിനുള്ള പണച്ചിലവിനെ വർദ്ധിപ്പിക്കുക എന്നുള്ള വിരോധകൃത്യം ചെയ്യുന്നതിനു ഞാൻ ഒരിക്കലും തയ്യാറില്ല. അതിനാൽ എന്റെ കാര്യം മാത്രം പറയുന്നപക്ഷം ക്രിസ്ത്യൻവിദ്യാർത്ഥികൾക്കെന്നല്ല എല്ലാ ജാതിമതങ്ങളിലുമുള്ള വിദ്യാർത്ഥികൾക്കും ഒന്നുപോലെ നമ്മുടെ ഹോസ്റ്റലിൽ പ്രവേശനം നൾകണമെന്നുള്ള അഭിപ്രായത്തോടുകൂടി ഞാൻ എല്ലാസ്സോടും പൂർണ്ണമായിയോജിക്കുന്നവനാണെന്നുവരികിലും എന്റെ കാളേജിലെ വിദ്യാർത്ഥികൾക്കുവേണ്ടി ഹോസ്റ്റൽ സൌകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കേണ്ട വിഷയത്തിൽ നമുക്കുള്ള ഭാരത്തിന്റെ ഒരു പ്രധാന ഭാഗം അവർതന്നെ നിർവ്വഹിച്ചു നമുക്ക സഹായം ചെയ്തുവരുന്നവരായ ഈ പ്രൈവററ ഏജൻസികളുമായുള്ള സ്നേഹബന്ധത്തെ ശിഥിലീഭവിപ്പിക്കുന്നതിനും ഈ പ്രൈവററ ഹോസ്റ്റലുകൾകൊണ്ടുള്ള ഉപയോഗത്തെ കുറക്കുന്നതിനും ഹേതുഭൂതമാകത്തക്കവണ്ണം എന്തെങ്കിലും പ്രവർത്തിച്ച് ഉപകാരത്തിനു പ്രതിഫലമായി അപകാരം ചെയ്യണമെന്നോ ഗുണത്തിനു പ്രതിഫലമായി നന്ദികേടുകാണിക്കണമെന്നോ ഞാൻ ഒരു കാലത്തും പറയുകയില്ല. സർ, ക്രിസ്ത്യാനികൾക്ക വിപരീതമായ നിലയിൽ ഹിന്ദുക്കളേയൊ, അവർണ്ണഹിന്ദുക്കൾക്ക വിപരീതമായനിലയിൽ സവർണ്ണഹിന്ദുക്കളേയൊ അനുകൂലിക്കുന്നതിനുവേണ്ട യാതൊരുന്യായരഹിതമായ ഉദ്ദേശവും ഇപ്പോൾ ഈ സഭമുമ്പാകെ ഹാജരാക്കിയിട്ടുള്ള പ്രമേയത്തിൽ അടങ്ങിയിട്ടില്ല എന്നുള്ളതു ഇപ്പോൾ എല്ലാപേർക്കും ബോദ്ധ്യമായിരിക്കുമെന്നു വിശ്വസിക്കുന്നു. ആർട്ട്സ് കാളേജിനു ഒരു ഹോസ്റ്റൽ സ്ഥാപിക്കേണ്ടതിനെപററിയുള്ള ഈ പ്രമേയത്തെ സംബന്ധിച്ചു ആലോചിച്ചതായ യാതൊരു അവസരത്തിലും ഒരു സമുദായത്തെ മറെറാരു സമുദായത്തിൽനിന്നൊ, സവർണ്ണഹിന്ദുക്കളെ അവർണ്ണഹിന്ദുക്കളിൽനിന്നൊ വ്യത്യാസമായി കരുതുന്നതിനുള്ള ശ്രമം എനിക്കൊ എന്റെ മേലധികാരികൾക്കൊ ഉണ്ടായിരുന്നില്ല. എന്റെ കാര്യംമാത്രം പറകയാണെങ്കിൽ ഈ വിഷയത്തെ സംബന്ധിച്ചിടത്തോളം യാതൊരുകാലത്തും ഒരു സാമുദായികനിലയിൽനിന്നുകൊണ്ടു ഞാൻ ഇതെപ്പററി ആലോചിക്കയുണ്ടായിട്ടില്ല. എന്നു ഈ സഭയോടു ഞാൻ ഉറപ്പായിപറഞ്ഞുകൊള്ളുന്നു. ഈ വിഷയത്തെ സംബന്ധിച്ചുള്ള ആലോചനയിൽ ഞങ്ങൾ അപ്രകാരം ഒരു നില കൈക്കൊണ്ടിട്ടുള്ളതായി സൂചിപ്പിക്കുവാൻ ആരെങ്കിലും ഒരുക്കമുള്ളപക്ഷം അയാളുടെ അയാളുടെ ന്യായരഹിതവും സാധൂകരിക്കാൻ സാധിക്കാത്തതും ആയ സംശയത്തെ ശരിയായ സാക്ഷ്യംകൊടുത്തു തെളിയിക്കണമെന്നായി ഞാൻ ഇതാ ആവശ്യപ്പെട്ടുകൊള്ളുന്നു. (മി: എം. ശിവതാണുപിള്ള: കേൾക്കുക, കേൾക്കുക).

സർ! ഞാൻ എന്റെ പ്രസംഗത്തെ അവസാനിപ്പിക്കുന്നതിനുമുമ്പായി മി: മാമ്മൻമാപ്പിള പ്രസ്താവിച്ചതും ഈ വിഷയത്തെസംബന്ധിച്ചു തീർമാനിക്കുന്നതിനും അതിനും ആയി യാതൊരുബന്ധവും ഇല്ലഎന്നു ഞാൻ മുമ്പുതന്നെ പറഞ്ഞുകഴിഞ്ഞിട്ടുള്ളതും ആയ ഒരു സംഗതിയെ പററികൂടി അല്പം പറയേണ്ടിയിരിക്കുന്നു. പഴയരാജകീയ കാളേജു വിഭജനത്തെ പററിയാണു ഞാൻ ഉദ്ദേശിക്കുന്നതു്. ഈ വിഭജനത്തെയും, ആർട്ട്സ്കാളേജിന്റെ ആവശ്യത്തിലേക്കായി കൂടുതലായി യാതൊരു ചിലവും ഉണ്ടാകയില്ല എന്നായി ഗവൺമെൻറ ചെയ്തിട്ടുള്ളതായി പറയുന്ന ഒരു ഖരാറിനെയും അടിസ്ഥാനപ്പെടുത്തിയാണ് മി: മാമ്മൻമാപ്പിള ആർട്ട്സ്കാളേജിന്റെ ആവശ്യത്തിലേക്ക ഒരു ഹോസ്റ്റൽ ഇടങ്ങുന്നതിനുള്ള ഈ ഗ്രാൻറിനെ എതിർക്കുന്നതിനു മിക്കവാറും ശ്രമം ചെയ്തിട്ടുള്ളതായികാണുന്നതു്. കാളേജുകളെ കാളേജുകൾ എന്നനിലയിൽ നടത്തിക്കൊണ്ടുപോകുന്നതിനു ആവശ്യമുള്ള ഗ്രാൻറിനും വിദ്യാർത്ഥികൾക്ക വേണ്ടിടത്തോളം വാസസൌകര്യം ഉണ്ടാക്കികൊടുക്കണമെന്ന ആവശ്യപ്പെ

ച്ചുന്നതിനും തമ്മിൽ എന്തു ബന്ധമാണുള്ളത്? ആർട്ട്സ് കാളേജിനു ഹോസ്റ്റൽ സൌകര്യം ഉണ്ടാക്കിക്കൊടുക്കണം എന്നു പറയുന്നതിനും വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിച്ചുവന്നതുകൊണ്ടും അപ്രകാരം വർദ്ധിച്ചുവന്ന വിദ്യാർത്ഥികൾക്കു പഴയ കാളേജിൽ വേണ്ട സ്ഥലസൌകര്യം ഇല്ലായിരുന്നതുകൊണ്ടും വളരെ അധികം വിദ്യാർത്ഥികൾ ഉണ്ടായിരുന്നതും അതുതന്നെ ക്രമേണ വർദ്ധിച്ചുവന്നുകൊണ്ടിരുന്നതും ആയ കാളേജിനെ ഒററ സ്ഥാപനമായി നടത്തിക്കൊണ്ടു പോകുന്നതിനുള്ള വൈഷമ്യംകൊണ്ടും ഒരു സ്ഥാപനത്തെ രണ്ടായി വിഭജനം ചെയ്തതിനും തമ്മിൽ എന്തു ബന്ധമാണുള്ളത്? കാളേജു വിഭജനത്തിനും വിദ്യാർത്ഥികൾക്കു ഹോസ്റ്റൽ സൌകര്യം ഉണ്ടാക്കികൊടുക്കുന്നതിനും തമ്മിൽ യാതൊരു ബന്ധവുമില്ല. ഹോസ്റ്റൽ സൌകര്യം ഉണ്ടാക്കിക്കൊടുക്കുന്ന സംഗതിയും ഒരുകാളേജിൽ വിദ്യാർത്ഥികൾക്കും ക്ലാസുകൾക്കും വേണ്ട സൌകര്യം ഉണ്ടാക്കിക്കൊടുക്കണമെന്നോ വിദ്യാർത്ഥികളുടെ എണ്ണത്തിലും പഠിപ്പിക്കുന്ന വിഷയങ്ങളിലും ആവശ്യങ്ങളിലും നാനാപ്രകാരേണയും വദ്ധനതന്നെ ഉണ്ടായിക്കൊണ്ടിരിക്കുന്ന കാളേജുകളിൽ വേണ്ട സ്റ്റാഫും ഉപകാരണങ്ങളും ഉണ്ടാക്കുന്നതിനായി ആവശ്യപ്പെടുന്നപണം വ്യയം ചെയ്യണമെന്നോ പറയുന്നതായ സംഗതിയും തമ്മിൽ വളരെ വ്യത്യാസം ഉള്ളവയാണ്. അറിവിലേക്കായി ചോദ്യം ചോദിക്കുന്ന എന്നുള്ള വ്യാജേന, കാളേജുവിഭജനകാലത്തു ഗവർമ്മെൻറു നൾകിയിരുന്ന കരാറിൽനിന്നും എത്രയോകവിഞ്ഞു ഒരുതുക ആർട്ട്സ് കാളേജിലേക്കു വേണ്ടി ചിലവായികഴിഞ്ഞിരിക്കുന്നു എന്നും ആർട്ട്സ് കാളേജിനു ഒരു ഹോസ്റ്റൽ ഉണ്ടാക്കിക്കൊടുക്കുന്നപക്ഷം ഇപ്പോൾതന്നെ വളരെ വദ്ധിച്ചിരിക്കുന്ന ചിലവു് മേലും ക്രമപ്രവൃദ്ധമായി വദ്ധിക്കുന്നതിനു ഇടയാകുമെന്നും അതുകൊണ്ടു ആർട്ട്സ്കാളേജു ഹോസ്റ്റലിനെ സംബന്ധിച്ചുള്ള ഈ ഗ്രാൻറ് അനുവദിച്ചു് കാളേജു വിഭജനം മൂലം ഉണ്ടായിട്ടുള്ള വദ്ധിച്ചചിലവിനെ മേലാലും വദ്ധിപ്പിക്കുന്നതിനെ യാതൊരുപ്രകാരത്തിലും സാധൂകരിക്കാൻ പാടുള്ളതല്ലെന്നും സാവധാനത്തിൽ നയമായി പറകയാണു മിസ്റ്റർ മാമ്മൻ മാപ്പിള യഥാർത്ഥത്തിൽ ചെയ്തിട്ടുള്ളതു്. ഈ സംഗതിയെപററി ഈ സന്ദർഭത്തിൽ ആലോചിക്കുന്നതിനു എന്തെങ്കിലും ഔചിത്യം ഉണ്ടോ? മി: മാമ്മൻമാപ്പിളയുടെ വാദം ആർട്ട്സ്കാളേജിലെ ചിലവിനെപററിയോ കാളേജു വിഭജനസംബന്ധമായിട്ടുണ്ടായിട്ടുള്ള ചിലവിനെപററിയോ ആർട്ട്സ്കാളേജു ഒരു പ്രത്യേകസ്ഥാപനം ആക്കിയസന്ദർഭത്തിൽ ഗവർമ്മെൻറു നൾകിയതോ നൾകിയതായി വിചാരിക്കപ്പെടുന്നതോ ആയ ഏതെങ്കിലും കരാറിനെപററിയോ ആയിരിക്കുന്നതിനു പകരം കൊളീജിയേററു ഹോസ്റ്റലിൻെറ ചിലവിനെപററിയോ ആ കെട്ടിടത്തിൻെറ സ്ഥലസൌകര്യത്തെസംബന്ധിച്ചോ കൊളിജിയേററു ഹോസ്റ്റൽ കെട്ടിടത്തെസംബന്ധിച്ചുള്ള പദ്ധതി അനുവദിച്ച സന്ദർഭത്തിൽ ആ കെട്ടിടംതീൻ അതിൽ കൊളിജിയേററു ഹോസ്റ്റൽ നടത്തിത്തുടങ്ങിയാൽ പഴയ മഹാരാജാസ് കാളേജിൻെറ ശാഖകളായി തിരുവനന്തപുരത്തുണ്ടായിട്ടുള്ള എല്ലാകൊളീജിയേററു സ്ഥാപനങ്ങളിലേയും വാസസൌകര്യം ഇല്ലാതെ ബുദ്ധിമുട്ടുന്ന എല്ലാവിദ്യാർത്ഥികൾക്കും അതിൽ വാസസൌകര്യം ഉണ്ടായിരിക്കുന്നതാണെന്നു ഏതെങ്കിലും ഒരുകരാർ ചെയ്തയോ ആശനൾകയോ ചെയ്തിട്ടുണ്ടെങ്കിൽ ആയതിനെപററി ആയിരിക്കയും എന്നിട്ട് ഈ കരാറിൻെറ സ്ഥിതിക്കു പഴയ മഹാരാജാസ് കാളേജിൻെറ രണ്ടുശാഖകളിൽ ഒന്നിൻെറ ഉപയോഗത്തിലേക്കായി മറെറാരു ഹോസ്റ്റൽ സ്ഥാപിക്കണമെന്നായികൊണ്ടുവരപ്പെട്ടിട്ടുള്ള ഈ പ്രമേയം തീരെ ന്യായരഹിതമായിരിക്കുന്നു എന്നുപറയുകയും ചെയ്തിരുന്നു എങ്കിൽ ആവാദത്തിൻെറ ഔചിത്യം ഒരുവനു മനസ്സിലാക്കുവാൻ കഴിയുമായിരുന്നു. എന്നാൽ ഇങ്ങിനെയല്ല അദ്ദേഹം ചെയ്തിട്ടുള്ളതു്. ഇപ്പോഴത്തെ ചിന്താവിഷയവുമായി യാതൊരു ബന്ധവുമില്ലാത്തതായ ഒരുസംഗതിയെ അദ്ദേഹം ഇതിനിടയിൽ വലിച്ചിഴച്ചുകൊണ്ടു വന്നിരിക്കുന്നു കാളേജു വിഭജനകാലത്തു ചെയ്തിട്ടുള്ളകരാറുകളെ നിറവേററിയിട്ടുള്ള രീതിയിൽ കഠിനമായ എന്തോ പിശകുവന്നുപോയിട്ടുണ്ടെന്നും ആയതു ഈ സഭയുടെ ഗൌരവതരമായ ശ്രദ്ധക്കു പാത്രീഭവിക്കേണ്ടതാണെന്നു ഒരു സൂചന അദ്ദേഹത്തിൻെറ വാദത്തിൽ അടങ്ങിയിട്ടുണ്ട്. ഉദാഹരണമായി കാളേജു വിഭജനകാലത്തു ഗവർമ്മെൻറിൽനിന്നും നിശ്ചയിച്ചിരുന്നതിൽ കൂടുതലായ ഒരുതുക ആർട്ട്സ്കാളേജിലേക്കുവേണ്ടി ചിലവായിക്കൊണ്ടിരിക്കുന്നുണ്ടെന്നു അദ്ദേഹം സൂചിപ്പിച്ചിട്ടുള്ളതായി എനിക്കു തോന്നുന്നു. ഏതിനെ അടിസ്ഥാനമാക്കിയാണു അദ്ദേഹം ഇപ്രകാരം പറയുന്നതു എന്നു ഞാൻ ചോദിച്ചപ്പോൾ അദ്ദേഹത്തിനു യാതൊന്നിനെയും അടിസ്ഥാനമാക്കിയാണെന്നു പറവാൻ നിവൃത്തിയില്ലാതാണിരുന്നതു്. ഇപ്രകാരം ഒരുകരാർ ഉണ്ടായിരുന്നതായിതന്നെ വിചാരിക്കുന്നപക്ഷവും ചിലവു വദ്ധിച്ചിട്ടുണ്ടെന്നു സൂചിപ്പിക്കുന്നതിൽ ലേശംഎങ്കിലും പരമാർത്ഥം ഉണ്ടോ? ഇപ്പോഴത്തെ വാദപ്രതിവാദത്തിനു വിഷയമായിട്ടുള്ള സംഗതിയുമായി ഇതിനുയാതൊരു ബന്ധവുമില്ലെങ്കിലും എനിക്കു നേരിട്ടറിവുള്ള ഒരു സംഗതിയെക്കുറിച്ചു ഇപ്രകാരം ഒരു പ്രസ്താപം ഉണ്ടാകാൻ ഇടയായിരിക്കുന്നസ്ഥിതിക്കു് കാളേജുവകുപ്പിൻെറ ചിലവു ഒട്ടും വദ്ധിച്ചിട്ടില്ലഎന്നുംനേരെമറിച്ചു കുറയുകപോലും ചെയ്തിട്ടുണ്ടുഎന്നും ഉള്ളസംഗതികൾ ഈ സഭയിൽ പ്രസ്താവിക്കുന്നതിനു എന്നെ അനുവദിക്കുമല്ലോ. കാളേജു വിഭജനത്തിൻെറ ഫലമായി വിദ്യാർത്ഥികളുടെ എണ്ണം വളരെ വളരെ വദ്ധിച്ചിട്ടുണ്ടെന്നുള്ളതിനെപററി ആലോചിക്കുമ്പോൾ പഴയ മഹാരാജാസ് കാളേജിനെ വിഭജനംചെയ്തതിൻെറ ഭാവിഫലത്തെപററി എന്തെല്ലാം അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടായിരുന്നാലും പണ സംബന്ധമായി ആദായം ആണു എന്നുള്ളതിനെപററി യാതൊരു അഭിപ്രായവ്യത്യാസവും ഉണ്ടാകാൻ ഇടയില്ല. ഈ നിമിഷത്തിൽ നോക്കുന്നപക്ഷംഎൻെറ കാളേജിൽ ആൾ ഒന്നുക്കു ഇപ്പോൾ എത്രചിലവായി വരുന്നുവോ ആ തുകയിൽ കുറവായ ഒരു തുക ചെലവാക്കി നടത്തിപ്പോരുന്നതും ഇതേഗ്രേഡ്, സ്വഭാവം, കാലപ്പഴക്കം, വിദ്യാർത്ഥികളുടെ സംഖ്യ ഇവയുള്ളതും ആയ അന്യസ്ഥാപനങ്ങൾ യാതൊന്നും ഈ പ്രസിഡൻസിയിൽ എന്നല്ല ഇൻഡ്യയുടെ മററുഭാഗങ്ങളിൽ പോലും ഇല്ലെന്നു കാണാവുന്നതാണ്. ഇത്തരത്തിലുള്ളസ്ഥാപനങ്ങളിൽ ഇതു തന്നെയാണ് ഏററവും കുറഞ്ഞ ചെലവുകൊണ്ടു നടത്തിപ്പോരുന്ന സ്ഥാപനം എന്നുള്ളതിനു യാതൊരു സംശയവുമില്ല. ഈ സ്ഥാപനത്തിൽ ആളൊന്നിനു ചെലവായിവരുന്നപണം ക്രമേണകുറഞ്ഞുവരികതന്നെയാണ് ചെയ്യുന്നതു്. മററ കാളേജിനെ സംബന്ധിച്ചും ഇങ്ങിനെ തന്നെ പറയാമെന്നാണ് എൻെറ ബോദ്ധ്യം. മിസ്റ്റർ മാമ്മൻമാപ്പിള ഇങ്ങിനെ ഒരു വാദം പുറപ്പെടുവിക്കുന്നതു കേട്ടപ്പോൾ എനിക്കു

വളരെ അത്ഭുതം ആണുണ്ടായത്: വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിലെ വാർഷികഭരണറിപ്പോർട്ടു ശരിയായി വായിച്ചു മനസ്സിലാക്കുന്ന വിഷയത്തിൽ മിസ്റ്റർ മാമ്മൻമാപ്പിളയെക്കാൾ കൂടുതൽ സാമർത്ഥ്യം പ്രദർശിപ്പിച്ചിട്ടുള്ളവർ ആരും തന്നെയില്ല. ഈ റിപ്പോർട്ടുകളിൽനിന്നും ലഭിച്ചിട്ടുള്ള കണക്കുകളുടെ മുക്കും മൂലയും എടുത്തു ഈ സഭയിൽ വാദപ്രതിവാദത്തിനു കൊണ്ടുവരിക എന്നുള്ളതും മിസ്റ്റർ മാമ്മൻ മാപ്പിളയെപ്പോലെ മററാരും തന്നെ അത്ര പ്രാവശ്യം ചെയ്തിട്ടില്ല. ഈ റിപ്പോർട്ടുകളിൽനിന്നും ലഭിച്ചിട്ടുള്ള കണക്കുകൾ എടുത്തു ഉദ്ധരിക്കുന്നതിൽ ഇദ്ദേഹത്തെക്കാൾ കൂടുതൽ താല്പര്യം മററാരും പ്രദർശിപ്പിച്ചിട്ടില്ല. ആ സ്ഥിതിക്കു അദ്ദേഹം ഇപ്പോൾ പുറപ്പെടുവിച്ചിട്ടുള്ള വാദത്തെ സംബന്ധിച്ചിടത്തോളം അദ്ദേഹത്തിനു ഇതുവരെ കിട്ടിക്കൊണ്ടിരുന്നതായ ഭരണറിപ്പോർട്ടിൽനിന്നും നിഷ്പ്രയാസം ഗ്രഹിക്കാമായിരുന്ന വിവരങ്ങൾപോലും ഗ്രഹിക്കുന്നതിനു അദ്ദേഹത്തിനു സാധിച്ചിട്ടില്ലഎന്നും എല്ലാആളുകളിലും വച്ചു അദ്ദേഹം അദ്ദേഹത്തിന്റെ വാദം സ്ഥാപിക്കുവാൻ ആവശ്യമായ വിവരങ്ങളെ സംബന്ധിച്ച് ഭരണറിപ്പോർട്ടു നോക്കിയോ മററു പ്രകാരത്തിലോ ഓർമ്മയെ പുതുക്കേണ്ടതായി വന്നിരിക്കുന്നുഎന്നും ഉള്ളസംഗതികൾ എന്നെ ആശ്ചര്യപരതന്ത്രനാക്കിത്തീർക്കുകയാണ് ചെയ്തത്. ഈ സംഗതിയെ സംബന്ധിച്ചു ഇനിയും അധികം സംസാരിക്കേണ്ട ആവശ്യമുണ്ടെന്നു എനിക്കു തോന്നുന്നില്ല. ഇത്തരത്തിലുള്ള ഒരു വാദത്തിനു എത്രമാത്രംവില കല്പിക്കാമെന്നുള്ളതിനെ സംബന്ധിച്ചു ഈ സഭതന്നെ തീരുമാനിക്കാനുള്ളതാകുന്നു. ഈ സംഗതിയെ പററി ആലോചിക്കുന്ന സന്ദർഭത്തിൽ നമ്മുടെ ശ്രദ്ധക്കു വിഷയീഭവിപ്പിക്കേണ്ട സംഗതികളെ എത്ര നയത്തോടുകൂടി ഒളിവിൽ ആക്കിക്കളഞ്ഞാലും എന്റെ കാളേജിന്റെ ഭരണാധികാരികളിലും കാളേജിന്റെ മാനേജ്മെന്റ് എന്ന നിലയിൽ ഗവമെണ്ടിലും ലയിച്ചിട്ടുള്ളതായ ചുമതല, അതായതു നമ്മുടെ വിദ്യാർത്ഥികൾക്കു വേണ്ട ഹോസ്റ്റൽ സൗകര്യം ഉണ്ടാക്കിക്കൊടുക്കേണ്ട ചുമതല, ഒരു കാളേജിനെ അതിൽവർദ്ധിച്ചു വരുന്ന വിദ്യാർത്ഥികൾക്കു വേണ്ടസ്ഥലസൗകര്യം ഉണ്ടാക്കിക്കൊടുക്കുന്നതിലേക്കായി രണ്ടോ നാലോ ആറോ സ്ഥാപനങ്ങളായി വിഭജനം ചെയ്യുന്നതോ മറിച്ചു ഭരണസംബന്ധമായി ഏതെങ്കിലും ഒരു ലാക്കിനു വേണ്ടി രണ്ടോ അതിലധികമോ സ്ഥാപനങ്ങളെക്കൂട്ടിച്ചേർത്തു ഒന്നാക്കുന്നതോ ആയ സംഗതികളിൽനിന്നു എത്രയോ വ്യത്യാസമായ ഒന്നാണെന്നുള്ള പരമാർത്ഥം ഈ സഭാംഗങ്ങൾക്കു നിഷ്പ്രയാസം മനസ്സിലാക്കാവുന്നതാണെന്നു മാത്രമേ എനിക്കു എന്റെ പ്രസംഗം അവസാനിപ്പിക്കുന്നതിനു മുമ്പായി പറവാനുള്ളു. കാളേജുകൾ സ്ഥാപിക്കുന്നതിൽ യഥാർത്ഥമായുള്ള ഉദ്ദേശങ്ങളെ ഫലപ്രാപ്തിയിൽകൊണ്ടുവരുന്നതിലേക്കായി അവയിൽ പ്രവേശനം നൽകുന്ന വിദ്യാർത്ഥികൾക്ക് ശരിയായ വാസസൗകര്യം ഉണ്ടാക്കിക്കൊടുക്കുന്നവഴിക്ക് ഒരു കാളേജിലെ മാനേജ്മെന്റിനു അതിന്റെനേർക്കും സർവകലാശാലയുടെനേർക്കും നൈയാമികമായോ മററു പ്രകാരത്തിലോ ഉള്ളകടമയെ നിറവേററുന്നതിനെപററിയുള്ള വാദപ്രതിവാദത്തിനും ഏതെങ്കിലും സ്ഥാപനത്തെ വേർതിരിക്കയോ യോജിപ്പിക്കയോ ചെയ്യുന്നതിനും തമ്മിൽ യാതൊരു ബന്ധവുമില്ല.

മി: കെ. ഐ. ജോസഫ് (മീനച്ചൽ, ദേവികുളം). എത്രഹിന്ദുവിദ്യാർത്ഥികളും എത്രഅഹിന്ദുവിദ്യാർത്ഥികളും ഇപ്പോൾ പ്രൈവററലോഡ്ജുകളിൽ താമസിക്കുന്നുണ്ടെന്നു മിസ്റ്റർ രങ്കസ്വാമിഅയ്യങ്കാർക്കറിയാമോ? ഇങ്ങിനെയുള്ള വിദ്യാർത്ഥികളുടെ ഒരു ശതമാനക്കണക്കു പറയുവാൻ അദ്ദേഹത്തിനു സാധിക്കുമോ?

റാവുബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ (ആർട്ട്സ് കാളേജ് പ്രിൻസിപ്പാൾ). ഹിന്ദുവിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം ഒരു ഈഴവഹോസ്റ്റലിൽ താമസിക്കുന്നതായി റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുള്ള രണ്ടു വിദ്യാർത്ഥികളൊഴിച്ചു ഒരു വിദ്യാർത്ഥിപോലും പ്രൈവററു ഹോസ്റ്റലിൽ താമസിക്കുന്നില്ല. ആർട്ട്സ്കാളേജിനു സമീപം അതിന്റെ ഉപയോഗത്തിലേക്കായി പ്രത്യേകം ഒരു ഹോസ്റ്റൽ തുടങ്ങുന്ന സന്ദർഭത്തിൽ ഒഴിഞ്ഞുകൊടുത്തുകൊള്ളണമെന്നുള്ള കരാറിന്മേൽ കൊളീജിയററു ഹോസ്റ്റലിൽ ആകെ ൫൬ വിദ്യാർത്ഥികൾ താമസിക്കുന്നുണ്ട്. ഇവരിൽ ഭൂരിപക്ഷവും ഹിന്ദുക്കൾ ആകുന്നു.

മി. ടി. ജെ. മാത്യു (ചങ്ങനാശേരി; പീരുമേട്). മിസ്റ്റർ രങ്കസ്വാമി അയ്യങ്കാരുടെ ദുഷ്പാശ്ചപത്തനായി തുടങ്ങുന്ന ഹോസ്ററൽ ഒരു സവർണ്ണഹിന്ദുഹോസ്ററൽ ആയിരിക്കണമെന്നായിരുന്നോ എന്നറിഞ്ഞാൽ കൊള്ളാം.

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആർട്ട്സ്കാളേജ് പ്രിൻസിപ്പാൾ). അല്ല.

മി: ടി. ജെ. മാത്യു (ചങ്ങനാശേരിയും പീരുമേടും): പുതിയ ഹോസ്റ്റലിൽ എല്ലാ ജാതിക്കാർക്കും പ്രവേശനം നൽകുന്നതിൽ അദ്ദേഹത്തിനു എന്തെങ്കിലും വിരോധമുണ്ടോ?

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആർട്ട്സ്കാളേജ് പ്രിൻസിപ്പാൾ): ഞാൻ മുമ്പു പറഞ്ഞതുപോലെ ഇപ്പോൾ നടപ്പിലിരിക്കുന്ന ഹോസ്റ്റലുകളുമായി ഉണ്ടായേക്കാൻ ഇടയുള്ള മത്സരവും വേണ്ടിടത്തോളം ഭക്ഷണശാലകളും പാചകശാലകളും ഉണ്ടാക്കുന്നതിലുള്ള ബുദ്ധിമുട്ടും ഒഴികുന്നപക്ഷം എനിക്കുയാതൊരുവിധമായ വിപരീതാഭിപ്രായവും ഇല്ല. ഇപ്പോൾ ഇതിലേക്കു ഉപയോഗപ്പെടുത്തണമെന്നു വിചാരിക്കുന്ന കെട്ടിടത്തിൽ ആകെ ൨൨ അടുക്കളകൾ മാത്രമേ ഉള്ളു.

മി: ടി. ജെ. മാത്യു (ചങ്ങനാശേരി, പീരുമേടു): മിസ്റ്റർ രങ്കസ്വാമി അയ്യങ്കാർ പറഞ്ഞതായ വർഗ്ഗീയ ഹോസ്റ്റലുകളിൽ ആർട്ട്സ്കാളേജിലെ എല്ലാ ക്രിസ്ത്യൻവിദ്യാർത്ഥികളും താമസിച്ചു പോരുന്നില്ല എന്നുള്ളതു അദ്ദേഹത്തിനു അറിയാമോ?

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആർട്ട്സ് കാളേജ് പ്രിൻസിപ്പാൾ): മിസ്റ്റർ രങ്കസ്വാമി അയ്യങ്കാരുടെ ഓരോ വിദ്യാർത്ഥികളും എവിടെ എങ്ങിനെ താമസിക്കുന്നു എന്നുഅറിയേണ്ട ചുമതല അദ്ദേഹത്തിനു ഉള്ളതുകൊണ്ടു ഈ ചോദ്യം ഈ രൂപത്തിൽ ചോദിക്കേണ്ട യാതൊരു ആവശ്യവും ഉണ്ടായിരുന്നില്ല. സർ, ഹോസ്റ്റലുകളിൽ ഇപ്പോൾ താമസിക്കാത്തവരായി ഏതാനും ക്രിസ്ത്യൻവിദ്യാർത്ഥികൾ ഉള്ളതായി എനിക്കറിയാം. എന്നാൽ ഇപ്പോൾ ഉള്ളഹോസ്റ്റലുകളിൽ തന്നെ അവർക്കും കൂടി താമസിക്കുന്നതിനു വേണ്ട സൗകര്യങ്ങൾ ഉള്ളതായും അറിയാം. ചില വിദ്യാർത്ഥികൾ അവരുടെ വർഗ്ഗക്കാരുടെ വക ഹോസ്റ്റലുകളിൽ താമസിക്കാൻപോയിട്ടില്ലാത്തതായും പോയിട്ടുള്ളവരിൽ ചിലർ ഹോസ്റ്റൽഭരണാധികാരികളും അവരും തമ്മിൽ ഉണ്ടായ രസക്കേടിന്റെ ഫലമായി ഹോസ്റ്റൽവിട്ടു പുറത്തുപോകുവാൻ ഇടയായിട്ടുള്ളതായും ഉള്ള ഉദാഹരണങ്ങൾ ഉണ്ട്. ഇങ്ങിനെയുള്ള ചിലകക്ഷികൾ എനിക്കറിയാം. ഇവർതമ്മിലുള്ള രസക്കേടിനെ നീക്കി ഇപ്പോൾ ഈ വിദ്യാർത്ഥി

കൾക്ക താമസിക്കാൻ വേണ്ട സൌകര്യമുള്ളതായ ഹോസ്റ്റലിൽ അവരെ തിരിയെപ്പോയി താമസിക്കുന്നതിനായി പ്രേരിപ്പിക്കുന്നതിന്നു ഞാൻ ശ്രമിച്ചിട്ടും ഉണ്ട്.

മി: ടി. ജെ. മാത്യു (ചങ്ങനാശേരി, പീരുമേട്): ഇപ്പോൾ തുടങ്ങണമെന്നുദ്ദേശിക്കുന്ന ഗവൺമെൻറ ഹോസ്റ്റലിൽ ഇവർക്കു കൂടി പ്രവേശനം അനുവദിക്കുന്നപക്ഷം ഈ ക്രിസ്ത്യൻ വിദ്യാർത്ഥികൾക്ക ഗവൺമെൻറ ഹോസ്റ്റലിൽ കുറെക്കൂടി സൌകര്യമായി താമസിക്കാൻ കഴിയുമെന്നുള്ളതല്ലയോ?

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആർട്ട്സ് കാളേജ് പ്രിൻസിപ്പാൾ): അല്പം മുമ്പു ഞാൻ ഈ സംഗതിയെപ്പററി പ്രതിപാദിച്ചുകൊണ്ടിരുന്നപ്പോൾ ഞാൻ പറഞ്ഞിട്ടുണ്ടായിരുന്നതിലേക്ക മിസ്റ്റർ മാത്യുവിൻെറ ശ്രദ്ധയെ ആകർഷിക്കേണ്ടിയിരിക്കുന്നു. ഞാനും എൻെറ സഹാദ്ധ്യാപകന്മാരും ഈ ഹോസ്റ്റലുകളെ പരിശോധിച്ചിട്ടുണ്ടെന്നും അപ്രകാരം പരിശോധിച്ചതിൻെറ ഫലമായി അവ വളരെ തൃപ്തികരമായ വിധത്തിൽ നടത്തിപ്പോരുന്നതായി തെളിഞ്ഞിട്ടുണ്ടെന്നും അവയെ അംഗീകരിച്ചിട്ടുണ്ടെന്നും ഞാൻ വിശദമായി പറകയുണ്ടായല്ലൊ. ആകയാൽ വിദ്യാർത്ഥികൾക്ക ഈ സാഹായികഹോസ്റ്റലുകളിലെക്കാൾ കൂടുതൽ സൌകര്യമായി ഗവൺമെൻറ ഹോസ്റ്റലിൽ താമസിക്കാൻ സാധിക്കുമൊ എന്നുള്ളതിനെപ്പററി ചിന്തിക്കേണ്ട ആവശ്യമേ ഇല്ല. ഇവരുടെ ഗുണത്തെ ആസ്പദമാക്കിമാത്രം തുടങ്ങപ്പെട്ടിട്ടുള്ളവയും ഇവരുടെ സഹായസഹകരണങ്ങൾ അത്യന്താപേക്ഷിതമായിരിക്കുന്നവയും ആയ പ്രൈവററ ഹോസ്റ്റലുകളിൽ വേണ്ട വാസസൌകര്യങ്ങൾ ഉണ്ടെന്നിരിക്കെ ഗവൺമെൻറ ഹോസ്റ്റലുകളിൽ ഇങ്ങിനെയുള്ള വിദ്യാർത്ഥികൾക്ക വാസസൌകര്യം ഉണ്ടാക്കിക്കൊടുക്കുന്നതിൻെറ ഔചിത്യത്തെപ്പററിയും ഞാൻ സംശയിക്കുന്നുണ്ട്.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): മിസ്റ്റർ രങ്കസ്വാമിഅയ്യങ്കാരുടെ ദീർഘമായ പ്രസംഗത്തെ ഞാൻ ശ്രദ്ധാപൂർവ്വം ശ്രവിച്ചുകൊണ്ടിരിക്കയായിരുന്നു. എന്നാൽ അദ്ദേഹത്തിൻെറ പ്രസംഗത്തിൻെറ അധികംഭാഗവും ഉറന്നിടപ്പെട്ട വാളുകൾ മുട്ടുന്നതു പോലെയാണ എനിക്ക തോന്നിയത്. ഒരു ഹോസ്റ്റൽ തുടങ്ങേണ്ടതിൻെറ ആവശ്യകതയെ സംബന്ധിച്ച ഗൌരവമായ യാതൊരു വിപരീതാഭിപ്രായവും ആരും തന്നെ പുറപ്പെടുവിക്കയുണ്ടായിട്ടില്ല. ഇപ്പോൾ തുടങ്ങുവാൻ പോകുന്ന ഹോസ്റ്റൽ ഒരു വർഗ്ഗീയഹോസ്റ്റലൊ ഒരു സവർണ്ണഹിന്ദുഹോസ്റ്റലൊ ആയിരിക്കണം എന്നു പറഞ്ഞിരിക്കുന്നതിനെ സംബന്ധിച്ചു മാത്രമേ വിപരീതാഭിപ്രായം പുറപ്പെടുവിക്കപ്പെട്ടിട്ടുള്ളു. (മിസ്റ്റർ കെ. സി. മാമ്മൻമാപ്പിള കേൾക്കുക, കേൾക്കുക) അതിനെ ഒരു വർഗ്ഗീയഹോസ്റ്റലാക്കണമെന്നു വിചാരിക്കുന്നില്ല എന്നു പല പ്രാവശ്യവും മറുപടി പറകയും ഉണ്ടായി. പുത്തനായി തുടങ്ങണമെന്നു വിചാരിക്കുന്ന ഹോസ്റ്റൽ കേവലം ആർട്ട്സ് കാളേജിലേക്ക വേണ്ടി മാത്രമുള്ള ഒരു ഹോസ്റ്റൽ ആയിരിക്കണമൊ എന്നുള്ളതിനെ പററിമാത്രമെ നാം ഇപ്പോൾ ഗൌരവമായി ആലോചിക്കേണ്ടതായിട്ടുള്ളു എന്നാണു എൻെറ അഭിപ്രായം. ഇപ്പോഴത്തെ സ്ഥിതിക്ക് ആർട്ട്സ് കാളേജിൻെറ ഉപയോഗത്തിലേക്കായി ഒരു ഹോസ്റ്റൽ തുടങ്ങുന്നതിലേക്കായിട്ടാണ് ഈ അഭ്യർത്ഥന. രണ്ടു കാളേജുകളിലും ഉള്ള എല്ലാവിദ്യാർത്ഥികൾക്കും എല്ലാ ഹോസ്റ്റലുകളിലും പ്രവേശനം അനുവദിക്കണമെന്നാണ് എൻെറ അഭിപ്രായം. ആർട്ട്സ് കാളേജിനും സയൻസ് കാളേജിനും തമ്മിൽ നിസ്സാരമായ കക്ഷിപിണക്കം എന്തോ ധാരാളമായിട്ടുണ്ടെന്നു എനിക്ക തോന്നുന്നു. എനിക്ക അങ്ങിനെ തോന്നുന്നതിനു കാരണങ്ങളും ഇല്ലെന്നില്ല. ഈ കക്ഷിപിണക്കം ഇല്ലാതെയുള്ള ഒററ സംഗതി രണ്ടു കാളേജിലെയും വിദ്യാർത്ഥികൾക്ക ഒരുപോലെ താമസസൌകര്യം ഉള്ള കോളീജിയേററ ഹോസ്റ്റൽ ഒന്നുമാത്രമാണ്. ഈ ഹോസ്റ്റലിനെതന്നെയും ഇനി പല വിഭാഗങ്ങളായി തിരിക്കാൻ പോകുന്നപക്ഷം നാം തീരെ അനാശാസ്യമായ ഒരു സ്ഥിതിയെ മേലും വച്ചു കെട്ടു പൊറുക്കയായിരിക്കും ചെയ്യുന്നതു എന്നാണ എനിക്ക തോന്നുന്നത്. കത്തോലിക്കാവിദ്യാർത്ഥികളെപ്പോലെ മററനേകം സമുദായങ്ങളിൽപെട്ട വിദ്യാർത്ഥികൾ പൊങ്ങോട്ട മുതലായ അവരുടെ കാളേജിൽനിന്നു എത്രയോ മൈൽ അകലം ഉള്ള സ്ഥലങ്ങളിൽ താമസിച്ചു വരുന്നതായും എന്നിട്ടും ഈ കാളേജുകളിൽ വന്നു പഠിക്കുന്നതിന് അവർക്ക വലിയ ബുദ്ധിമുട്ടുകൾ ഒന്നും ഇല്ലാത്തതായും എനിക്കറിയാം. ആ സ്ഥിതിക്ക ആർട്ട്സ് കാളേജിലെ വിദ്യാർത്ഥികൾക്ക താമസിക്കുന്നതിനു വേണ്ടിടത്തോളം സൌകര്യമുള്ള കോളീജിയേററ ഹോസ്റ്റലിൽ താമസിക്കുന്നതിനു വളരെ ബുദ്ധിമുട്ടു നേരിടുന്നു എന്നു പറയുന്നതു എന്തുകൊണ്ടെന്നു എനിക്ക മനസ്സിലാകുന്നില്ല. കോളീജിയേററ ഹോസ്റ്റലിൽ രണ്ടു കാളേജിലെയും വിദ്യാർത്ഥികൾക്ക താമസിക്കുന്നതിന് വേണ്ട സ്ഥലസൌകര്യം ഇല്ലെന്നു കാണുന്നപക്ഷം ആ ഹോസ്റ്റലിലെ വാസസൌകര്യം വർദ്ധിപ്പിക്കണം എന്നു പറയുന്നതിന് അതു ഒരു കാരണമായിരിക്കുന്നതാണ്. കൂടുതൽ ഹോസ്റ്റലുകൾ തുടങ്ങണമെന്നു പറയുന്നതിനും അതു ഒരു കാരണമാണ്. അതു വേറെ സംഗതിയാണല്ലൊ. ആർട്ട്സ് കാളേജിലേക്കവേണ്ടി മാത്രം ഒരു ഹോസ്റ്റൽ തുടങ്ങണമെന്നു പറയുന്നതിനു ഇതു ഒരു കാരണമാകുന്നതല്ല. ഈയിടെ തുടങ്ങിയ കോളീജിയേററ് ഹോസ്റ്റൽ സയൻസ് കാളേജിലേക്കവേണ്ടി മാത്രം ഉള്ള ഹോസ്റ്റൽ അല്ലല്ലൊ. ആ സ്ഥിതിക്ക ആർട്ട്സ് കാളേജിലേക്കവേണ്ടിമാത്രം പ്രത്യേകം ഒരു ഹോസ്റ്റൽ തുടങ്ങേണ്ട ആവശ്യം എന്താണ്?

സർ! സവർണ്ണഹിന്ദുക്കൾ അല്ലാത്ത അനേകം വിദ്യാർത്ഥികൾ കോളീജിയേററഹോസ്റ്റലിൽ താമസിക്കാത്തവരായിട്ടുണ്ടെന്ന് ചൂണ്ടിക്കാണിച്ചുകൊണ്ടു അനേകചോദ്യങ്ങൾ ചോദിക്കയുണ്ടായി. വിദ്യാർത്ഥികളിൽ അധികംപേരും കോളീജിയേററ ഹോസ്റ്റലിൽ താമസിക്കുന്നതിനായി പോകാതിരിക്കുന്നതിൻെറ കാരണം കൂടുതൽ ലാഭത്തിൽ വേണ്ട വാസസൌകര്യം ലഭിക്കുന്ന പ്രൈവററഹോസ്റ്റലുകളെക്കാൾ താരതമ്യേന കോളീജിയേററ് ഹോസ്റ്റലിൽ കൂടുതൽ ചിലവു വേണ്ടിവരുന്നു എന്നുള്ളതാണെന്നു ഞാൻ ഈ സഭയെ ഓർമ്മിപ്പിച്ചുകൊള്ളട്ടെ. അനേകം വിദ്യാർത്ഥികളും ഇവിടെ പ്രവേശനത്തിനു അപേക്ഷിക്കാതെ ഇരിക്കുന്നതിനും പ്രവേശനം ലഭിച്ചിട്ടുള്ളവരിൽ ചിലർ അവിടംവിട്ടു പുറമെ പോയതിനും കാരണം ഇതുതന്നെയാണ്. തുടങ്ങണമെന്നു വിചാരിക്കുന്ന ഹോസ്റ്റൽ സവർണ്ണഹിന്ദുഹോസ്റ്റൽ ആയിരിക്കാൻ പാടില്ല എന്നൊ വർഗ്ഗീയഹോസ്റ്റൽ ആയിരിക്കാൻ പാടില്ല എന്നൊ അല്ല അതു ആർട്ട്സ് കാളേജുഹോസ്റ്റൽ ആയിരിക്കാൻ പാടില്ല എന്നുള്ള സംഗതിയാണ് ഞാൻ അധികാരസ്ഥാനങ്ങളിലെ ശ്രദ്ധക്കായി ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നതു. നമുക്ക ഈ കക്ഷിവഴക്കു കൂടാതെ കഴിക്കാൻ നോക്കാം.

വേദക്ലാസിനെ സംബന്ധിച്ചിടത്തോളം നാം കുറെ ഭാഗം പ്രവർത്തിച്ചുകഴിഞ്ഞുപോയിരിക്കുന്നസ്ഥിതിക്കു കെട്ടിടവാടകക്കുള്ള ഗ്രാന്റിനെ എതിർക്കുന്നതിനുള്ള സമയം ഇതല്ല എന്നാണ് എനിക്കു പറവാനുള്ളത്. നാം ഇപ്പോൾ ഒരു സ്കൂൾവർഷത്തിന്റെ മദ്ധ്യത്തിൽ എത്തിയിരിക്കയാണ്. വേദക്ലാസ് ഇപ്പോഴും നടത്തിപ്പോരികതന്നെ ചെയ്യുന്നു. വാടക കൊടുക്കാൻ തീരുമാനിക്കുന്നു നാം ഇപ്പോൾ പറയുന്നതു വിഹിതം അല്ല. നാം ഇതിൽ പങ്കുചേരാതെ പോയസ്ഥിതിക്കു അന്തസ്സും അഭിമാനവും ഉള്ളപക്ഷം ഇനി അതിൽനിന്നും പിൻവലിക്കാൻ നിവൃത്തിയല്ല എന്നാൽ യുക്തിപൂർവ്വമായ യാതൊരു തടസ്സവും ഈ അഭ്യർത്ഥനയെ സംബന്ധിച്ചിടത്തോളം നമുക്കു പറവാൻ പാടില്ല എന്നാണ് എനിക്കു തോന്നുന്നത്.

മി: കെ. ഐ. ജോസഫ് (മീനച്ചിൽ-ചങ്ങനാശ്ശേരി): മിസ്റ്റർ എ. കെ. പിള്ള ഈ ഡിമാൻഡിനെ എതിർക്കയാണോ അനുകൂലിക്കയാണോ ചെയ്യുന്നത്.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): ഞാൻ അതിനെ അനുകൂലിക്കയാണ് ചെയ്യുന്നത്. ഇവിടെ ഇതിനെ സംബന്ധിച്ച വാദപ്രതിവാദം നടത്തിയിട്ടുള്ള എല്ലാ വാദമുഖങ്ങളും മേലധികാരികളുടെ ശ്രദ്ധയിൽ ഇരിക്കണമെന്നു മാത്രമേ എനിക്കു പറവാനുള്ളു.

മി: എം. ശിവതാണുപിള്ള (തോവാള): സംസ്കൃതകോളേജ് വേദശാഖ സ്ഥാപിച്ചു നടത്തുവാനുള്ള കെട്ടിടത്തിന്റെ വാടകയെ സംബന്ധിച്ചിടത്തോളം നാം ചെയ്തുപോയിട്ടുള്ള ഭാഗം പ്രമാണമനുസരിച്ചു നോക്കുമ്പോൾ തെററായിട്ടുള്ളതാണോ എന്നറിഞ്ഞാൽ കൊള്ളാം.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): നാം ചെയ്തുപോയിട്ടുള്ളതു ശരിയാണോ തെററാണോ എന്നുള്ളതിനെപ്പററി ആലോചിക്കുവാനുള്ള സമയം അല്ല. അതു വേണമായിരുന്നോ ഇല്ലയോ എന്നുള്ളതിനെപ്പററി ആലോചിക്കാനുള്ള സന്ദർഭവും ഇതല്ല. നാം കുറെ ഭാഗം പ്രവർത്തിച്ചുകഴിഞ്ഞു. നമ്മുടെ അന്തസ്സിന്റെയും ആത്മാഭിമാനത്തിന്റെയും രക്ഷക്കുവേണ്ടി അതനുസരിച്ചു മേലും പ്രവർത്തിക്കുക എന്നുള്ള ഏകമാർഗ്ഗമേ ഇനി നമുക്കു ഈ വിഷയത്തിൽ സ്വീകാര്യമായുള്ളു.

മി: എം. ശിവതാണുപിള്ള (തോവാള): പൂർണ്ണമായ അടിസ്ഥാനമാക്കി നോക്കുന്നപക്ഷം മേലധികാരികൾ ഇപ്രകാരം പ്രവർത്തിച്ചതിൽ ഭാഗഭാക്കുകളായ നമ്മൾക്കു ഒരു തെററുപിണഞ്ഞുപോയില്ലയോ എന്നു മിസ്റ്റർ എ. കെ. പിള്ളയിൽനിന്നും അറിവാൻ ആഗ്രഹിക്കുന്നു.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): ഇപ്പോഴത്തെനിലക്കു പ്രവൃത്തിച്ചുപോയിട്ടുള്ളതിന്റെ ഔചിത്യത്തെയോ അനൌചിത്യത്തെയോ പററി ഞാൻ ഒരു തീരുമാനം ചെയ്യേണ്ട ആവശ്യം ഉണ്ടെന്നു എനിക്കു തോന്നുന്നില്ല. നാം കുറെ പ്രവർത്തിച്ചുകഴിഞ്ഞു. ഇനി നമുക്കു അതിൽനിന്നും പിൻതിരിഞ്ഞുപോവാൻ പാടുള്ളതല്ല.

മി: എം. ശിവതാണുപിള്ള (തോവാള): നാം ചെയ്തുപോയതു തെററായിപ്പോയി എന്നു കാണുന്നപക്ഷം അതിനെ ശരിപ്പെടുത്തുന്നതു നന്നായിരിക്കുമെന്നു മിസ്റ്റർ എ. കെ. പിള്ളക്കു തോന്നുന്നില്ലയോ.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): വാദപ്രതിവാദമദ്ധ്യേ കൊണ്ടുവരപ്പെട്ടിട്ടുള്ള എല്ലാ വാദമുഖങ്ങളേയും സംബന്ധിച്ചു വേണ്ടപോലെ ആലോചിക്കണമെന്നായി മേലധികാരികളോടു അപേക്ഷിക്കുന്നതിൽ ഞാനും മിസ്റ്റർ ശിവതാണുപിള്ളയുമായി പൂർണ്ണമായി യോജിക്കുന്നു.

മി: ജി. രാമൻമേനോൻ (മാവേലിക്കര-കാർത്തികപ്പള്ളി): സർ! ഇപ്പോൾ ഈ സഭമുമ്പാകെ ഹാജരാക്കപ്പെട്ടിട്ടുള്ള ഡിമാൻഡിൽ ആറു ഇനങ്ങൾ ഉണ്ട്. അവയിൽ ഒന്നും രണ്ടും നാലും ഇനങ്ങളെ ഞാൻ എതിർക്കുന്നു. ഞാൻ എതിർക്കുന്നതിനുള്ള പ്രധാനകാരണം ലോവർഗ്രേഡ് മലയാംപള്ളിക്കൂടം വാദ്ധ്യാന്മാരുടെയും ശിപായിമാരുടെയും ശമ്പളം വർദ്ധിപ്പിക്കുക എന്നുള്ളതു വളരെ അത്യാവശ്യമായ ഒരു ചിലവിലേക്കായി വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിലേക്കു ഒരുവൻതുക ആവശ്യമായിരിക്കുന്നു എന്നുള്ളതുതന്നെയാകുന്നു. ഈ സ്ഥിതിക്കു ഒഴിച്ചുവക്കാവുന്നതരത്തിൽപെട്ട എല്ലാ ചിലവുകളും തല്ക്കാലത്തേക്കു മാററിവയ്ക്കുകയാണ് വേണ്ടതു്.

ഞാൻ എതിർക്കുന്ന ഒന്നാമത്തെ ഇനം വിദ്യാഭ്യാസ മാനുവൽ തയ്യാറാക്കുന്നതിലേക്കുള്ള പണത്തെ സംബന്ധിച്ചുള്ളതാണ്. ഡയറക്ടർ ഉൾപ്പെടെ വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിൽ അനേകം ഉദ്യോഗസ്ഥന്മാർ ഉള്ളവരിൽ ആരെയെങ്കിലും ഇപ്പോൾ അവരുടെ കീഴിലുള്ള സ്റ്റാഫിനോടുകൂടി ഈ ജോലി ചെയ്യുന്നതിനു നിയോഗിക്കാമെന്നുള്ളതാണ്. ഡാക്ടർ മിച്ചലിന്റെ കാലത്തു വിദ്യാഭ്യാസകോഡ് തയ്യാറാക്കിയതു യാതൊരുവിധത്തിലും കൂടുതലായ ചിലവു കൂടാതെ തന്നെയായിരുന്നു എന്നു ഞാൻ ഓർമ്മിക്കുന്നുണ്ട്. അതുപോലെതന്നെ ഈ മാനുവൽ തയ്യാർചെയ്യുന്നതിനുള്ള ജോലിയും വിദ്യാഭ്യാസ ഡയറക്ടരുടെ ആപ്പീസിലുള്ള സ്റ്റാഫിനെക്കൊണ്ടുതന്നെ നടത്തിക്കുന്നതിൽ യാതൊരു വൈഷമ്യവും നേരിടുകയില്ലെന്നാണ് എന്റെ അഭിപ്രായം.

അടുത്തതായി സംസ്കൃതകാളേജിന്റെ വേദശാഖ സ്ഥാപിച്ചു നടത്തുന്നതിനുള്ള കെട്ടിടത്തിന്റെ വാടകയെസംബന്ധിച്ചു വേദശാഖ നടത്തുന്നതിനു ഈ സഭ അനുവാദം നൽകിയിട്ടുള്ളിടത്തോളംകാലം ആ ജോലി നടത്തിക്കൊണ്ടുപോകുന്നതിനു വേണ്ട സൌകര്യങ്ങളും ഉണ്ടാക്കിക്കൊടുക്കേണ്ടതാണെന്നു പറയുകയുണ്ടായല്ലൊ. എന്റെ മാന്യസ്നേഹിതൻ മിസ്റ്റർ സുബ്ബയ്യർ സംശയിക്കുന്നതുപോലെ വേദശാഖ യാതൊരു വേലയും ചെയ്യാതിരിക്കുന്നതായി എനിക്കു തോന്നുന്നില്ല. വേദശാഖക്കാർ വേണ്ടപോലെ വേല ചെയ്തുകൊണ്ടിരിക്കുന്നതായിട്ടാണ് എനിക്കു തോന്നുന്നതു്. ഏതാനും അസൌകര്യങ്ങൾ ഉണ്ടായിരുന്നാൽതന്നെയും പണം ചിലവാക്കേണ്ടതു കൂടുതൽ ആവശ്യമായിട്ടുള്ള മററിനങ്ങൾ ഉള്ളതുകൊണ്ട് അവർ അവയെ എല്ലാം സഹിക്കതന്നെ ചെയ്യണം. കൂടുതൽ അത്യാവശ്യമായ കാര്യങ്ങൾക്കു പണം ചിലവാക്കേണ്ടതായിരിക്കുമ്പോൾ കേവലം അസൌകര്യം നീക്കുന്നതിലേക്കുവേണ്ടി ചിലവാക്കുന്ന ഓരോകാശും ഒരോ പാപം ആകുന്നു. ഈ ഇനത്തെ ഞാൻ മറെറാരു കാരണംകൊണ്ടും എതിർക്കുന്നു. വേദാഭ്യാസം ചെയ്യുമ്പോൾ മററുള്ളവർ കേൾക്കുമെന്നുള്ളതാണ് പ്രധാന അസൌകര്യം എന്നാണ് മിസ്റ്റർ സുബ്ബയ്യരുടെ പ്രസംഗത്തിൽനിന്നും ഞാൻ മനസ്സിലാക്കിയതു്. കേൾക്കുന്നതിനുള്ള സ്വാതന്ത്ര്യം എല്ലാവർക്കും ഉണ്ടായിരിക്കേണ്ടതാണല്ലൊ. (ചിരി).

മി: വി. സുബ്ബയ്യർ (നിയമിതമെമ്പർ) (ഡെപ്യൂട്ടിപ്രസിഡൻറ്): ഞാൻ ഒരിക്കലും അങ്ങിനെ പറഞ്ഞു എന്നു തോന്നുന്നില്ല.

മി: ജി. രാമൻമേനോൻ (മാവേലിക്കര-കാർത്തികപ്പള്ളി): മററുള്ള ആളുകൾക്ക അവിടെ പ്രവേശനം അനുവദിച്ചിട്ടില്ല. അവക്ക കേറക്കാനും പാടില്ല. മററുള്ളവർ കേറക്കാൻപാടില്ല എന്നു പറയുന്നതിനു മതസംബന്ധമായ എന്തെങ്കിലും പ്രത്യേകകാരണമുണ്ടെന്നുള്ളപക്ഷം ഇതിലേക്കു ഉപയോഗിക്കാവുന്ന പ്രത്യേകഫണ്ട് ഗവണ്മെൻറിൻെറ വശം ഉള്ളതുകൊണ്ട് പബ്ലിക്ഫണ്ടിൽനിന്നും പണം ചിലവാക്കണമെന്നു പറയുന്നതിനു ഇതിനെ ഒരു കാരണമാക്കാൻപാടുള്ളതല്ല എന്നാണു എൻെറ അഭിപ്രായം. ഏതായാലും ഇപ്പോൾ ഇവിടെ അവതരിപ്പിച്ചിരിക്കുന്ന നിലയിൽ ഞാൻ ഈ ഡിമാൻഡിനെ എതിർക്കുന്നു.

വടയാർ പെൺ സ്പെഷ്യൽമറിസ്കൂളിലെ മേൽക്കൂര പുതുക്കുന്നതിനെസംബന്ധിച്ചുള്ള മൂന്നാമത്തെ ഇനം വളരെ അത്യാവശ്യമായുള്ള ഒരു ചിലവാണെന്നാണു ഞാൻ വിചാരിക്കുന്നതു്.

നാലാമത്തെ ഇനവും ഇപ്പോൾ ആവശ്യമില്ലാത്ത ഒന്നാണെന്നാണ് ഞാൻ വിചാരിക്കുന്നതു്. ഒരു കാളേജു ഹോസ്റ്റൽ ഇപ്പോൾ തന്നെ ഉണ്ട്. അതു സയൻസ്കാളേജിലേക്കുവേണ്ടി മാത്രം ഉണ്ടാക്കപ്പെട്ടിട്ടുള്ള ഒന്നല്ലതാനും. അതു രണ്ടു കാളേജു കൂടേയും ഉപയോഗത്തിലേക്കായി ഉണ്ടാക്കപ്പെട്ടിട്ടുള്ള ഒന്നാണ്.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സ്ഥലസൌകര്യക്കുറവിനെപ്പററി എന്തു പറയുന്നു.

മി: ജി. രാമൻമേനോൻ (മാവേലിക്കര, കാർത്തികപ്പള്ളി): അതിനെപ്പററി ഞാൻ പറയാം. വേണ്ടിടത്തോളം സ്ഥലസൌകര്യം ഇല്ലായിരിക്കാം. സാധാരണമായി ധനവാന്മാരുടെ ഇടയിൽനിന്നു മാത്രമേ കാളേജിൽ വിദ്യാഭ്യാസം തുടരുന്നതിനു ആളുകൾ ഉണ്ടാവുകയുള്ളു. കാളേജുവിദ്യാർത്ഥികൾ ധനികന്മാരുടെ രക്ഷാകർത്തൃത്വത്തിൽ ഇരിക്കുന്ന പ്രായമാകകൊണ്ട് അവർതന്നെ ഈ വിദ്യാർത്ഥികൾക്കു ഹോസ്റ്റൽ സൌകര്യം ഉണ്ടാക്കിക്കൊടുക്കേണ്ടതാണ്. അവിടുത്തെ ഗൃഹസ്ഥന്മാർ എല്ലാപേരും ഒന്നുചേർന്നു ഒരു ഹോസ്റ്റൽ തുടങ്ങാമെന്നുള്ളതാണല്ലോ. ഇപ്പോൾ ഇപ്രകാരം ഏതാനും ഒരു ആലോചന ഉണ്ടായിട്ടുള്ളതായും ഞാൻ ഓർമ്മിക്കുന്നുണ്ട്. ഗവണ്മെൻറിൽനിന്നും ഒരു ഗ്രാൻറുകൊടുത്തു അവരെ സഹായിക്കുന്നതിൽ യാതൊരു വിരോധവുമില്ല. ഇപ്പോഴത്തെ കൊളിജിയേററ് ഹോസ്റ്റൽ ആർട്ട്സ് കാളേജിൽനിന്നും വളരെ അകലെയായിപ്പോയി എന്നു മിസ്റ്റർ സുബ്ബയ്യർ പറയുകയുണ്ടായല്ലോ. ആർട്ട്സ് കാളേജിൻെറ ആവശ്യത്തിലേക്കായി മറെറാരു ഹോസ്റ്റൽ തുടങ്ങണമെന്നു പറയുന്നതിനു ഇതു യാതൊരു പ്രകാരത്തിലും ഒരു കാരണമായിത്തീരുന്നതല്ല. വാർഡൻ, പാചകന്മാർ, ഭൃത്യന്മാർ ഇത്യാദിയായുള്ള സകല ആഡംബരങ്ങളോടുംകൂടി ഒരു പുതിയ ഹോസ്റ്റൽ തുടങ്ങുന്നതിനെക്കാൾ കൊളിജിയേററ് ഹോസ്റ്റലിൽനിന്നും ആർട്ട്സ്കാളേജിലേക്കുപോകുന്നതിനു ജഡ്കാവണ്ടികൾ ഗവണ്മെൻറിൽനിന്നും ഏർപ്പാടുചെയ്യുന്നതു കൂടുതൽ ആദായകരമായിരിക്കുന്നതാകുന്നു.

മി: വി. സുബ്ബയ്യർ (നിയമിതമെമ്പർ) (ഡെപ്യൂട്ടിപ്രസിഡൻറ): ഒരു ജഡ്കാക്കു ഒരു മാസത്തേക്കു എന്തുചിലവുവരുമെന്നു മിസ്റ്റർ ജി. രാമൻമേനോനിൽനിന്നും അറിഞ്ഞാൽകൊള്ളാം.

മി: ജി. രാമൻമേനോൻ (മാവേലിക്കര-കാർത്തികപ്പള്ളി): അതു കണക്കാക്കാമെന്നുള്ളതാണ്. അതു എന്തുതന്നെ ആയിരുന്നാലും ജഡ്കാവാടകക്ക് എടുക്കുന്നതിനുവേണ്ടി വരുന്ന ചിലവു് ഒരിക്കലും കെട്ടിടവാടക, വാർഡൻെറ ശമ്പളം മുതലായവയേക്കാൾ കൂടുതൽ ആകുന്നതല്ല. മലയാംപള്ളിക്കൂടങ്ങളിലെ സാധുക്കളായ വാദ്ധ്യാന്മാർക്കും ഈ ഡിപ്പാർട്ടുമെൻറിലെ ശിപായിമാർക്കും ജീവിതായോധനത്തിനു അത്യന്താപേക്ഷിതമായിട്ടുള്ള സാമഗ്രികൾക്കുമാത്രം വേണ്ട ശമ്പളമെങ്കിലും കൊടുക്കുന്നതുവരെ കൂടുതൽ സൌകര്യത്തിനുമാത്രം വേണ്ടിയുള്ള ഇത്തരം ചിലവുകളെ മാററിവയ്ക്കണം എന്നുള്ളതാണ് എൻെറ തടസ്സകാരണങ്ങളിൽ ഏററവും പ്രധാനമായിട്ടുള്ളതു്. അതിനാൽ ഞാൻ മൂന്നാമത്തേതൊഴികെ ബാക്കിയുള്ള എല്ലാ ഡിമാൻഡുകളേയും എതിർക്കുന്നു.

മി: ടി. ജെ. മാത്യു (ചങ്ങനാശേരി, പീരുമേടു): സർ, ഡിമാൻഡിലെ നാലാമത്തെ ഇനത്തെ സംബന്ധിച്ചു എനിക്കു അല്പം പറയേണ്ടതായിട്ടുണ്ട്. തിരുവിതാംകൂറിലെ ഹോസ്റ്റൽ സമ്പ്രദായത്തിൻെറ ചരിത്രം വളരെ രസകരമായ ഒന്നാണ്. ആദ്യകാലങ്ങളിൽ ഹോസ്റ്റലുകളിൽ സവർണ്ണഹിന്ദുക്കൾക്കുമാത്രമേ പ്രവേശനം നൽകിയിരുന്നുള്ളു. വളരെ വളരെ ബുദ്ധിമുട്ടുകയും അനേകം പരാതികൾ കൊടുക്കുകയും ചെയ്തതിനുശേഷം മാത്രമേ ജാതിമതഭേദമെന്യേ തിരുവിതാംകൂറിലുള്ള ആളുകൾക്കു എല്ലാപേക്കും പ്രവേശനസ്വാതന്ത്ര്യം ഉള്ള ഒരു ഹോസ്റ്റൽ തുടങ്ങുന്നതിനു ഗവണ്മെൻറിനു മനസ്സുണ്ടായുള്ളു. അതിനുശേഷം ഇപ്പോൾ ഈ ഇരുപതാം നൂററാണ്ടിൽ നാം പഴയ സമ്പ്രദായത്തെത്തന്നെ സ്വീകരിച്ചു ഈ രാജ്യത്തുള്ള ഏതാനും ചില സമുദായങ്ങൾക്കു മാത്രം പ്രവേശനം അനുവദിക്കുന്നതായ ഒരു ഹോസ്റ്റൽ തുടങ്ങണം എന്നു വിചാരിക്കുന്നതു എന്തിനെന്നറിയുന്നില്ല. ഈ ഇനത്തെ സംബന്ധിച്ചു സഭയിൽ പുറപ്പെടുവിച്ചിട്ടുള്ള പ്രധാന തടസ്ഥം ഒരു ഹോസ്റ്റലിൻെറ ആവശ്യം ഇല്ല എന്നുള്ളതല്ല, അതിൽ സവർണ്ണഹിന്ദുക്കൾക്കു മാത്രം പ്രവേശനം അനുവദിക്കുന്നതു ശരിയല്ല എന്നുള്ളതാണ്. മിസ്റ്റർ കെ. വി. രങ്കസ്വാമി അയ്യങ്കാരുടെ പ്രധാന വാദം ഇപ്പോഴുള്ള ഹോസ്റ്റലിൽതന്നെ മററുള്ളവർ പ്രവേശനം ആവശ്യപ്പെടുന്നില്ല എന്നുള്ളതാണ്. അതു യാതൊരുപ്രകാരത്തിലും ഒരു കാരണമാകുന്നതല്ല. അവക്കു ഒരു ഹോസ്റ്റലിൽ താമസിക്കണമെന്നു ആഗ്രഹം തോന്നുന്നപക്ഷം അതിലേക്കു യാതൊരു തടസ്ഥവും ഉണ്ടായിരിക്കാൻ പാടുള്ളതല്ല.

റാവുബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ (ആർട്ട്സ്കാളേജു പ്രിൻസിപ്പാൾ): സർ, ഹോസ്റ്റലിൽ താമസിക്കുന്നതിനു മററുള്ളവർ ഒരുക്കമില്ലായിരുന്നു എന്നു ഞാൻ ഒരിക്കലും പറഞ്ഞില്ല. നേരെമറിച്ചു യഥാർത്ഥത്തിൽ അവർക്കുകൂടി സൌകര്യം ഉണ്ടാക്കിക്കൊടുക്കണമെന്നു ഞാൻ വാദിക്കയാണു് ചെയ്തിട്ടുള്ളതു്.

മി: ടി. ജെ. മാത്യു (ചങ്ങനാശേരി,-പീരുമേടു). എന്നാൽ അങ്ങിനെ പറഞ്ഞതു വിദ്യാഭ്യാസഡയറക്ടർ ആയിരിക്കാമെന്നു തോന്നുന്നു. മറെറാരു തടസ്സം ക്രിസ്ത്യാനികൾക്കു വേറെ ഹോസ്റ്റൽ സൌകര്യം ഉള്ളതുകൊണ്ടു പുതിയ ഹോസ്റ്റൽ സവർണ്ണഹിന്ദുക്കൾക്കുവേണ്ടി മാത്രം തുടങ്ങാമെന്നുള്ളതാണ്. അതു വിശേഷാൽ ഒരു വാദമാണ്. ഒന്നാമതായി പ്രൈവററു ലോഡ്ജുകളിൽ താമസിക്കുന്നവരായി ക്രിസ്ത്യൻവിദ്യാർത്ഥികൾ ഉണ്ടെന്നും വർഗ്ഗീയഹോസ്റ്റലുകളിൽ വേണ്ടിടത്തോളം സ്ഥലസൌകര്യം ഇല്ലെന്നും മിസ്റ്റർ രങ്കസ്വാമി അയ്യങ്കാർതന്നെ സമ്മതിക്കയുണ്ടായി.

റാവുബഹദൂർ കെ. വി. രംഗസ്വാമി അയ്യങ്കാർ (ആർട്ട്സ് കാളേജു പ്രിൻസിപ്പാൾ): ഇപ്പോഴുള്ള വർഗ്ഗീയഹോസ്റ്റലുകളിൽ വേണ്ടിടത്തോളം സ്ഥലസൌകര്യം അക്കാലത്തുണ്ടായിരുന്നോ എന്നു ഞാൻ മിസ്റ്റർ മാത്യുവിനോടു ചോദിച്ചുകൊള്ളട്ടെ.

മി: ടി. ജെ. മാത്യു (ചങ്ങനാശേരി-പീരുമേടു): എന്തെങ്കിലും ബുദ്ധിമുട്ടുള്ള പക്ഷം ഗവർമ്മെണ്ടുതന്നെ അതിനുള്ള നിവാരണമാർഗ്ഗം കണ്ടുപിടിക്കേണ്ടതാണ്. മാനേജുമെൻറിനും വിദ്യാർത്ഥികൾക്കും തമ്മിൽ എന്തെങ്കിലും അഭിപ്രായവ്യത്യാസം ഉള്ളപക്ഷം വർഗ്ഗീയഹോസ്റ്റലുകളിൽ താമസിക്കണമെന്നു അവരെ നിർബന്ധിക്കുന്നതിനുള്ള അധികാരം ആർക്കുംതന്നെ ഇല്ല. ക്രിസ്തീയഹോസ്റ്റലുകളിലുള്ള വാസസൌകര്യത്തെ ക്രിസ്ത്യൻവിദ്യാർത്ഥികൾ ഉപയോഗപ്പെടുത്താതിരിക്കുന്നതിനു മതസംബന്ധമായി ഗൌരവതരമായ പലകാരണങ്ങളും ഉണ്ട്. ഇതു വെറും അഭിപ്രായവ്യത്യാസംകൊണ്ടുമാത്രം ഉണ്ടായിട്ടുള്ളതല്ല. മൂലതത്വങ്ങളെ അടിസ്ഥാനമാക്കി ഉണ്ടായിട്ടുള്ളവയാണ്.

റാവുബഹദൂർ കെ. വി. രംഗസ്വാമി അയ്യങ്കാർ (ആർട്ട്സ് കാളേജു പ്രിൻസിപ്പാൾ): വിദ്യാർത്ഥികൾ ചിലപ്പോൾ അവരുടെ സ്വന്തവർഗ്ഗക്കാരുടെ ഹോസ്റ്റലുകളിൽ താമസിക്കുന്നതിനും വിസമ്മതിക്കുന്നില്ലയോ എന്നു മെമ്പറിൽനിന്നും അറിഞ്ഞാൽ കൊള്ളാം.

മി: ടി. ജെ. മാത്യു (ചങ്ങനാശേരി, പീരുമേടു): ഇപ്രകാരമുള്ള യാതൊരു കഥയും എന്റെ അറിവിൽ പെട്ടിട്ടില്ല. എന്റെ അറിവുഎത്തിയിടത്തോളം ഒരുവിദ്യാർത്ഥിയും അയാളുടെ വർഗ്ഗത്തിൽപ്പെട്ടവർ നടത്തിപ്പോരുന്ന ഒരു ഹോസ്റ്റലിൽ താമസിക്കുന്നതിൽ വൈമുഖ്യം കാണിച്ചിട്ടില്ല. അഥവാ ആരെങ്കിലും അപ്രകാരം പ്രവർത്തിച്ചിട്ടുണ്ടെങ്കിൽതന്നെ ഇക്കാരണത്താൽ ഗവർമ്മെൻറുഹോസ്റ്റലിൽ ഇങ്ങനെയുള്ള വിദ്യാർത്ഥികൾക്കു പ്രവേശനം നൾകുന്നതല്ല എന്നു പറയുവാൻ പാടുള്ളതല്ല. ഈ വർഗ്ഗീയഹോസ്റ്റലുകൾ കുറച്ചുകൂടി തൃപ്തികരമായ വിധത്തിൽ നടത്തിപ്പോരുന്നതുകൊണ്ടു വിദ്യാർത്ഥികൾക്കു ഈ ഹോസ്റ്റലുകളിൽ താമസിക്കുന്നതു കുറെക്കൂടി ലാഭമായിരിക്കുമെന്നു മിസ്റ്റർ ഏ. കെ. പിള്ള പറഞ്ഞതു ശരിതന്നെയാണ്. അങ്ങിനെയാണെന്നുള്ളപക്ഷം ഇപ്പോൾ തുടങ്ങണമെന്നുദ്ദേശിക്കുന്ന ഗവർമ്മെൻറു ഹോസ്റ്റലിൽ താമസിക്കാൻ വരുമെന്നു ചിലരും ക്രിസ്ത്യൻവിദ്യാർത്ഥികൾ മാത്രമെ ഉണ്ടായിരിക്കയുള്ളു എന്നുള്ളതുകൊണ്ടു സവർണ്ണഹിന്ദുക്കൾക്കു വേണ്ടിടത്തോളം വാസസൌകര്യം ഇവയിൽ ഉണ്ടാകുമെന്നുള്ളതാകുന്നു. ഫലത്തിൽ അതു ഒരു സവർണ്ണഹിന്ദുഹോസ്റ്റൽതന്നെ ആയിരിക്കുമെന്നും ഉള്ളതാണ്. അതു ഒരു സവർണ്ണഹിന്ദുഹോസ്റ്റൽ ആയിരിക്കാൻ പാടില്ല എന്നുള്ളതാണു എന്റെ തടസ്സം. ന്യായപ്രകാരം എല്ലാവർക്കും ഒരുപോലെ പ്രവേശനാനുവാദം ഉണ്ടായിരിക്കേണ്ടതാകുന്നു. ഇതിനുപുറമെ ടൌണിലുള്ള വർഗ്ഗീയഹോസ്റ്റലുകൾ ഗവർമ്മെൻറു ഹോസ്റ്റലിനെപ്പോലെ അത്ര ശരിയായിട്ടുള്ളരീതിയിൽ നടത്തപ്പെടുന്നവയാണെന്നും എനിക്കു തോന്നുന്നില്ല. ഓരോ വിദ്യാർത്ഥിക്കും നിവൃത്തിയുള്ളപക്ഷം ഏറ്റവും നല്ലരീതിയിൽ നടത്തിവരുന്ന ഹോസ്റ്റലിൽ താമസിക്കുന്നതിനുള്ള അവകാശമുണ്ട്. ഹോസ്റ്റലിൽ ഏതെങ്കിലും ഒരു വിഭാഗത്തിനൊ ഒരു സമുദായത്തിനൊ മാത്രമെ പ്രവേശനം നൾകുകയുള്ളു എന്നു പറയുന്നതു വളരെ സങ്കടമായിട്ടുള്ളതാണ്. പഴയ സമ്പ്രദായത്തിലേക്കുതന്നെ വീണ്ടും തിരിഞ്ഞു നീതി എന്നതിന്റെ മൂലതത്വങ്ങൾക്കു വിരുദ്ധമായിട്ടുള്ളതും പോരാത്തതാണെന്നു തെളിഞ്ഞിട്ടുള്ളതും ആയ ഒരു ഏർപ്പാടിനെ നിലനിറുത്തിക്കൊണ്ടുപോകുന്നതിനു ഗവർമ്മെണ്ടു ശ്രമിക്കയില്ലെന്നുതന്നെ ഞാൻ വിശ്വസിക്കുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): വിദ്യാഭ്യാസഡയറക്ടർ കൂടുതൽ ഫണ്ടു ആവശ്യപ്പെട്ടുകൊണ്ടുവന്നിട്ടുള്ള ഡിമാൻഡിനെ സംബന്ധിച്ചിടത്തോളം രണ്ടു ഇനങ്ങളിൽ അതായതു ആർട്ട്സ്കാളേജിനോടുചേർന്നു ഒരു ഹോസ്റ്റൽ തുടങ്ങണമെന്നുള്ളതും സംസ്കൃതകാളേജിലെ വേദശാഖയെ സംബന്ധിച്ചുള്ളതും ആയ ഇനങ്ങളിൽ ആണ് ഈ സഭയുടെ ശ്രദ്ധപ്രധാനമായി പതിഞ്ഞു കാണുന്നതു്. ഒന്നാമത്തെ ഇനത്തെ എതിർത്തിട്ടുള്ളതിൽ പ്രധാനി മിസ്റ്റർ മാമ്മൻമാപ്പിളയാണെന്നും അങ്ങിനെ എതിർത്തിട്ടുള്ളതു രണ്ടു കാരണങ്ങളാൽ ആണെന്നും ഈ സഭക്കു നല്ലപോലെ അറിയാവുന്നതാണല്ലോ. ഹോസ്റ്റലിനുള്ള ഡിമാൻഡിനെ എതിർക്കുന്നതിനു ആദ്യമായി മിസ്റ്റർ മാമ്മൻമാപ്പിള കൊണ്ടുവന്നിട്ടുള്ള കാരണം അദ്ദേഹം ആവശ്യപ്പെട്ട വിവരങ്ങൾ പറഞ്ഞുകൊടുക്കുന്നതിനു മിസ്റ്റർ കൃഷ്ണസ്വാമിഅയ്യർക്കു സാധിച്ചിട്ടില്ല എന്നുള്ളതാണ്. ആർട്ട്സ് കാളേജിനെ സയൻസുകാളേജിൽനിന്നും വേർതിരിച്ചസന്ദർഭത്തിൽ ഗവർമ്മെൻറു ഒരു വിജ്ഞാപനം പ്രസിദ്ധം ചെയ്തതായും അതിൽ, അദ്ദേഹത്തിന്റെ ഓർമ്മഅനുസരിച്ചു, വിഭജനം സംബന്ധിച്ചുണ്ടാകുന്ന ചിലവുകളെ ഏതൊ ക്ലിപ്തപരിധികളിൽ നിറുത്തുന്നതാണെന്നു ഗവർമ്മെൻറു ഏറ്റിരുന്നതായി പ്രസ്താവിച്ചിരുന്നു എന്നും അദ്ദേഹം ചൂണ്ടിക്കാണിക്കയുണ്ടായല്ലൊ. സംഗതികളുടെ നിലഎങ്ങിനെയെല്ലാമാണെന്നു അദ്ദേഹത്തിനു തന്നെ നിശ്ചയമില്ലായിരുന്നു എങ്കിലും ഗവർമ്മെൻറു ചെയ്തിട്ടുള്ളതായി പറയുന്ന കരാറിനെ സംബന്ധിച്ചു മിസ്റ്റർ മാമ്മൻമാപ്പിളയുടെ രംഗത്തിൽതന്നെ സംശയത്തോടുകൂടിയാണ് തുടങ്ങിയതു്. അങ്ങിനെ ഇരിക്കവെ അതിനെപ്പറ്റി നിശ്ചയംവരുത്തുന്നതിനായി മിസ്റ്റർ കൃഷ്ണസ്വാമിഅയ്യരോടു് വിവരങ്ങൾ ചോദിക്കയും അവയെപ്പറ്റി പറഞ്ഞുകൊടുക്കുവാൻ മിസ്റ്റർ കൃഷ്ണസ്വാമിഅയ്യർ ഒരുക്കമില്ലെന്നു കാണുകയും ചെയ്തപ്പോൾ നേരെ അദ്ദേഹം ഡിമാൻഡിനെ എതിർക്കുവാൻ തുടങ്ങി. മിസ്റ്റർ മാമ്മൻമാപ്പിള അദ്ദേഹത്തിന്റെ വാദത്തെ ഇതിൽനിന്നും ആണ് തുടങ്ങിയതു്. മിസ്റ്റർ മാമ്മൻമാപ്പിളയുടെ ഓർമ്മക്കും സംശയങ്ങൾക്കും ശരിയായ വല്ലഅടിസ്ഥാനവും ഉണ്ടോ എന്നുള്ളതിനെ പറ്റിയാണ് ഒന്നാമതായി ഇപ്പോൾ ചിന്തിക്കേണ്ടതു്. ആർട്ട്സ്കാളേജിനെ സയൻസ് കാളേജിൽനിന്നും വേർതിരിച്ചതിനുശേഷം പല ബഡ്ജറ്റുകളെ സംബന്ധിച്ചും ഈ സഭയിൽവച്ചു വാദപ്രതിവാദം നടത്തുകയുണ്ടായിട്ടുണ്ട്. മിസ്റ്റർ മാമ്മൻമാപ്പിളക്കു കണക്കിൽ പ്രത്യേകം സൂക്ഷ്മതയുള്ളതുകൊണ്ടു് അദ്ദേഹം അനാവശ്യമായ യാതൊരിനം ചെലവിനേയും എതിർക്കാതെ വിടുകയില്ലഎന്നു എനിക്കു നല്ലനിശ്ചയം ഉണ്ട്. കഴിഞ്ഞകർക്കടകമാസത്തെയോഗത്തിൽ വച്ചു തന്നെ നിയമവിഷയകക്കമ്മിറ്റിയെ സംബന്ധിച്ചുള്ള തൊഴികകശേഷം ബഡ്ജറ്റിനെ മുഴുവനും മിസ്റ്റർ മാമ്മൻമാപ്പിള അനുകൂലിക്കയുമുണ്ടായതു്.

മി. കെ. സി. മാമ്മൻമാപ്പിള (കച്ചവടക്കൈത്തൊഴിൽ സംഘങ്ങൾവക വടക്കൻ മെമ്പർ): സർ, എനിക്കു അല്പം ഒരു സമാധാനം പറയാനുണ്ട്. മുഴുവൻ ബഡ്ജറ്റിനേയും ഞാൻ അനുവദിക്കയുണ്ടായില്ല. ഞാൻ രണ്ടു ഉപാക്ഷേപങ്ങൾ അയച്ചിട്ടുണ്ടായിരുന്നു. എന്നാൽ സമയം ഇല്ലായിരുന്നതിനാൽ അവയെപ്പറ്റി വാദപ്രതിവാദം നടത്തുന്നതിനു ഇടയായില്ലെന്നേ ഉള്ളു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ). മിസ്റ്റർ മാമ്മൻമാപ്പിള അയച്ചിരുന്ന ഉപക്ഷേപങ്ങളെപ്പററി എനിക്ക അറിയാൻ പാടില്ലായിരുന്നു. വിഭജനകാലത്തു ഗവൺമെണ്ട് പ്രസിദ്ധംചെയ്തിട്ടുണ്ടായിരുന്ന വിജ്ഞാപനത്തിൽ പ്രസ്താവിച്ചിട്ടുണ്ടായിരുന്നതായി പറയുന്നകരാറിനെ ലംഘിച്ചിട്ടുള്ളതായി തന്നെ വാദത്തിനു വേണ്ടിസമ്മതിക്കുന്നപക്ഷവും ഈ വിഷയത്തെ സംബന്ധിച്ച ആലോചിക്കുന്ന സന്ദർഭത്തിൽ ഈ സംഗതിക്കു എന്തു സ്ഥാനമാണുള്ളതു എന്നാണു ഞാൻ ചോദിക്കുന്നതു്. ഇപ്പോഴത്തെ വാദപ്രതിവാദത്തിനു വിഷയമായിട്ടുള്ള ചിലവു സാധൂകരിക്കത്തക്കതാണൊ അല്ലയോ എന്നുള്ളതിനെപ്പററി മാത്രമാണ് ഇപ്പോൾ ആലോചിക്കാനുള്ളതു, മിസ്റ്റർ മാമ്മൻമാപ്പിള ആ ഭാഗത്തെപ്പററി ആലോചിക്കയേ ഇല്ല. സംഗതിയെപ്പററിശരിയായ അറിവു ഇല്ലാത്തതുകൊണ്ടു് മിസ്റ്റർ മാമ്മൻമാപ്പിളക്കു തന്നെ നല്ലനിശ്ചയമില്ലാത്തതായ ഒരു കരാറു ലംഘനത്തിനു നാം ഇരകളായി തീർന്നിരിക്കുന്നതുകൊണ്ടും അദ്ദേഹം ആവശ്യപ്പെടുന്ന സംഗതി പറഞ്ഞു കൊടുക്കുന്നതിനു വിദ്യാഭ്യാസഡയറക്ടർ ഒരുക്കമുള്ള ഒരു നിലയിൽ അല്ലാത്തതുകൊണ്ടും ഈ ഡിമാൻഡിനെ എതിർക്കണമെന്നാണ് മിസ്റ്റർ മാമ്മൻമാപ്പിളയുടെ അഭിപ്രായം. ഈ വാദത്തിനു എന്തെങ്കിലും യുക്തി ഉണ്ടോ എന്നും നമ്മുടെ ആലോചനക്കു വിഷയമായിട്ടുള്ള സംഗതിക്കും ഇതിനും തമ്മിൽ എന്തെങ്കിലും ബന്ധം ഉണ്ടോഎന്നും ഉള്ള കാര്യങ്ങളെപ്പററി ഈ സഭതന്നെ തീരുമാനിച്ചു കൊള്ളുന്നതിനായി ഞാൻ വിട്ടിരിക്കുന്നു.

രണ്ടാമത്തെ വാദം കുറെക്കൂടി തത്വജ്ഞാനപരമായതാണ്. ജാതിവ്യത്യാസങ്ങളെയൊ, സമുദായങ്ങൾതമ്മിലുള്ള ഉരസലുകളെയൊ, ഇത്തരത്തിലുള്ളമററുദൂഷ്യങ്ങളെയൊ വച്ചുകൊണ്ടിരിക്കുന്നതിൽ അദ്ദേഹം വലിയവിപരീതാഭിപ്രായക്കാരനാണ്, അതുകൊണ്ടു യഥാർത്ഥത്തിൽ സവർണ്ണഹിന്ദുക്കൾക്കുവേണ്ടി ഒരു ഹോസ്റ്റൽ തുടങ്ങണമെന്നു ഡയറക്ടർ ശുപാർശ ചെയ്യുമ്പോൾ ആ മാതിരി മററുള്ളവരുടെ അന്തസ്സിനു വലിയ ഒരു ഉടവായിത്തീരുന്നതിനാൽ അതിനെ എതിർക്കേണ്ടതായിതന്നെയിരിക്കുന്നു- സർ, ഈപ്രമേയത്തിന്റെ ആദ്യഭാഗവും അവസാനഭാഗവും തമ്മിൽ പൂർവാപരവിരുദ്ധമായിരിക്കുന്നു. അതിന്റെ കാരണം സമുദായങ്ങൾതമ്മിലുള്ള വ്യത്യാസങ്ങളെ യാതൊരുപ്രകാരത്തിലും അനുവദിച്ചുകൊടുക്കുന്ന ആളല്ല മിസ്റ്റർ മാമ്മൻമാപ്പിള എന്നുള്ളതാണ്. ഡയറക്ടറുടെ പ്രമേയത്തിൽ അടങ്ങിയിരിക്കുന്ന സാമുദായികവ്യത്യാസം അദ്ദേഹത്തെ വല്ലാതെ പീഡിപ്പിക്കുന്നതായി അദ്ദേഹം ഒടുവിൽപറയുന്നു. അതുകൊണ്ടു അദ്ദേഹം എതിർക്കുന്നു ആകപ്പാടെനോക്കുന്നപക്ഷം ഏതിനെ അടിസ്ഥാനമാക്കിയാണു അദ്ദേഹം വാദം തുടങ്ങിട്ടുള്ളതു്? സമുദായങ്ങൾ തമ്മിലുള്ള വ്യത്യാസങ്ങളെപ്പററി ആലോചിക്കുവാൻ ഒരുക്കമില്ലാഎന്നു അദ്ദേഹം പറയുന്നുണ്ട്. എന്നാൽ അതു് അദ്ദേഹത്തെ പീഡിപ്പിക്കുന്നതുകൊണ്ടു അദ്ദേഹം അതിനെ എതിർത്തു. സർ, അദ്ദേഹത്തിന്റെ കാരണങ്ങളും തീരുമാനങ്ങളും ഭിന്നമാർഗ്ഗങ്ങളിൽക്കൂടിപ്പോയിപ്പോകുന്നു എന്നു ഞാൻ താഴ്മയായി ബോധിപ്പിച്ചുകൊള്ളുന്നു. മിസ്റ്റർ മാമ്മൻമാപ്പിള ആദ്യമായി പറഞ്ഞുതുടങ്ങിയതുപോലെ, അതായതു ജാതിവ്യത്യാസങ്ങളെ ഒരിക്കലും പരിഗണിക്കാതിരിക്കണം എന്നുള്ളതിനെ, ആദ്യം ശരിയായിട്ടുള്ള ഒരു പ്രമേയം ആകയാൽ, ഞാൻ സ്വീകരിക്കാൻ തയ്യാറാണ്. ഈ സംഗതിയിൽ സമുദായങ്ങൾ തമ്മിലുള്ള വ്യത്യാസങ്ങളെപ്പററി ആലോചിക്കാതെ സവർണ്ണഹിന്ദുഹോസ്റ്റൽ അനുവദിക്കാൻ പാടുണ്ടോ ഇല്ലയോ എന്നുള്ളതിനെപ്പററി മി: മാമ്മൻമാപ്പിളതന്നെ പറയട്ടെ. അദ്ദേഹത്തിന്റെ അവസാനതീരുമാനങ്ങൾ സാമുദായികവിചാരങ്ങളിൽ മുങ്ങിമറിഞ്ഞിട്ടുള്ളവയാണെന്നുള്ളതാണ് അദ്ദേഹത്തിന്റെ വാദത്തിൽ ഞാൻ കാണുന്ന ഒരു പിശക്. സർ, എന്നെ സംബന്ധിച്ചിടത്തോളം പറയുന്നപക്ഷം സാമുദായികനിലയിൽനിന്നു കൊണ്ടു വീക്ഷിക്കാവുന്ന ഒരു സംഗതി അല്ല ഇതു്. ആർട്ട്സ്കാളേജു മേലാലും സർവകലാശാലയുടെ അധീനതയിൽ തന്നെ നടത്തിക്കൊണ്ടുപോകണമെന്നു വിചാരമുള്ളപക്ഷം സർവകലാശാല റെഗുലേഷൻ അനുസരിച്ചു ആ കാളേജിലേക്കുവേണ്ടി ചെയ്യാതിരിക്കുവാൻ യാതൊരുനിവൃത്തിയുമില്ലാത്തതും നിയമത്താൽ നിർബന്ധിതമായിട്ടുള്ളതും ആയ ഒരു ആവശ്യമാണ് ഇതു്. വിദ്യാർത്ഥികൾക്കു ഹോസ്റ്റൽ സൌകര്യം ഉണ്ടാക്കിക്കൊടുക്കാതെതരമില്ല. ഈ സൌകര്യം ആർട്ട്സ്കാളേജ്‌വിദ്യാർത്ഥികളിൽ ഭൂരിപക്ഷം ആളുകൾക്കും നൽകേണ്ടതല്ലയോഎന്നും അല്ലാതെ പ്രധാനമായി സവർണ്ണഹിന്ദുവിദ്യാർത്ഥികൾക്കുവേണ്ടിയാണ് ഈ ഹോസ്റ്റൽ ഇപ്പോൾ തുടങ്ങുന്നതു് എന്നുള്ള കാരണത്താൽ മററുള്ളവർക്കു ഈ സൌകര്യം നിരസിക്കണമെന്നുണ്ടോ എന്നുള്ള സംഗതികളെപ്പററിയാണു ഇവിടെ ഇപ്പോൾ ആലോചിക്കേണ്ടതു്. ചുരുക്കി പറയുന്നപക്ഷം ഇങ്ങിനെയാണു വന്നുചേരുന്നതു്, മററു സമുദായങ്ങളിൽ പെട്ടവരൊ മററുജാതികളിൽപെട്ടവരൊ ആയ വിദ്യാർത്ഥികൾ ഉണ്ടെങ്കിൽ അവർക്ക് ഹോസ്ററൽ സൌകര്യമുണ്ടാക്കിക്കൊടുക്കേണ്ട ആവശ്യമില്ല എന്നു ഞാൻ സൂചിപ്പിക്കുന്നതായി ആരും ധരിച്ചേക്കരുതു് (മി: ടി. ജെ. മാത്യു കേൾക്കുക, കേൾക്കുക.) അതു സാധിക്കാനുള്ള വഴി ഒരു സമുദായത്തിനു വേണ്ടി ചെയ്യാൻ പോകുന്നതിനെ എതിർക്കുക എന്നുള്ളതല്ല മററു സമുദായങ്ങൾക്കും ഇതുപോലെ ചെയ്തുകൊടുക്കണമെന്നു ആവശ്യപ്പെടുകയാണു വേണ്ടതു്. മി: മാമ്മൻമാപ്പിള വാദത്തെ നേരെമറിച്ചാണു കൊണ്ടുപോകുന്നതു്. മി: മാമ്മൻമാപ്പിള ആവശ്യപ്പെടുന്നതുപോലെ ഒരു ഹോസ്ററൽ നടപ്പിൽവരുത്തുന്നതിനു സാധിക്കുന്നതിനുമുമ്പായി സർവകലാശാല ഇടപെടുന്നതിനും ഹോസ്ററലിന്റെ ആവശ്യംതന്നെ ഇല്ലാതെവരുന്നതിനും ഇടയായേക്കാമെന്നുള്ളതാകുന്നു. അതിനാൽ ഈ ഡിമാൻഡിനെ എതിർത്തവരിൽ പ്രധാനിയുടെ വാദങ്ങൾ ശരിയായിട്ടുള്ളവയല്ല.

മി: ടി. ജെ. മാത്യു (ചങ്ങനാശ്ശേരി-പീരുമേട്): ഇപ്പോൾ ആലോചിച്ചുവരുന്ന ഹോസ്ററലിൽ അവർണ്ണഹിന്ദുക്കൾക്കുകൂടി പ്രവേശനം നൽകുന്നതു മെമ്പറിനു സമ്മതം തന്നെയൊ?

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സ്ഥലസൌകര്യമുള്ളപക്ഷം അവർക്കും പ്രവേശനം നൽകുന്നതിൽ യാതൊരു വിരോധവുമില്ല, വിദ്യാർത്ഥികൾക്കെന്നല്ല വിദ്യാർത്ഥികൾ ആകണമെന്നുദ്ദേശിക്കുന്നവർക്കുകൂടി പ്രവേശനം നൽകുന്നതിൽ യാതൊരുവിരോധവും ഇല്ല. അതുകൊണ്ടു സമുദായങ്ങൾതമ്മിൽ അസ്വാരസ്യം ഇല്ലെന്നു പ്രസംഗിച്ചിട്ടു നമ്മുടെ പ്രവൃത്തിമൂലം അതുണ്ടെന്നും അതിനെ ഒളിച്ചുവച്ചിരിക്ക മാത്രമാണു ചെയ്യുന്നതെന്നും വെളിപ്പെടുത്താതിരിക്കയല്ലയോ നല്ലതു്.

മിത്രാനന്ദപുരം ക്ഷേത്രത്തിൽവച്ചു വേദാധ്യയനം ചെയ്യുന്നതിനെ സംബന്ധിച്ചുള്ള രണ്ടാമത്തെ ഇനമാണു ഇനിയുള്ളതു്. നാം ഒരു പ്രത്യേകമാർഗ്ഗം സ്വീകരിച്ചുപ്രവർത്തിക്കാൻ തുടങ്ങിക്കഴിഞ്ഞിരിക്കുന്ന ഈ സന്ദർഭത്തിൽ ഈ ഡിമാൻഡിനെ എതിർക്കുന്നതുകൊണ്ടു യാതൊരുപ്രയോജനവും ഇല്ലാ എന്നു എന്റെ

സ്നേഹിതൻ മിസ്റ്റർ എ. കെ. പിള്ള ചൂണ്ടിക്കാണിക്കയുണ്ടായല്ലോ. മിസ്റ്റർ ശിവതാണുപിള്ളയുടെ ഭേദഗതിയെ ഞാൻ അനുമോദിക്കുന്നു. വേദോച്ചാരണം ചെയ്യുന്നതു് ഒരു സ്വരപ്രധാനമായ കാര്യമാണ്. ആ സ്ഥിതിക്കു് ഇങ്ങിനെ ഒരു പദ്ധതി സ്വീകരിക്കുന്നതിനു ഞാൻ എത്രമാത്രം അവജ്ഞയുള്ളവനായിരുന്നാലും മററുള്ള പരിഷ്കൃതി ഈ യശസ്സിൽ പങ്കുകൊള്ളുവാൻ അനുവദിക്കുന്നതിൽ മിസ്ററർ ശിവതാണുപിള്ള പ്രദർശിപ്പിക്കുന്ന തൃഷ്ണയെ ഞാൻ അനുമോദിക്കതന്നെ ചെയ്യുന്നു. യാതൊരു മനുഷ്യർക്കും പ്രവേശനം അനുവദിക്കപ്പെട്ടിട്ടില്ലാത്ത മിത്രാനന്ദപുരം ക്ഷേത്രത്തിൽ വച്ചാണു ഇപ്പോൾ ഈ വേദോച്ചാരണം നടന്നുവരുന്നതു്. പ്രിൻസിപ്പാളിനുപോലും അവിടെ പ്രവേശനം അനുവദിച്ചിട്ടില്ല. മിത്രാനന്ദപുരം ക്ഷേത്രത്തിൽനിന്നു ഇതിനെ മാററുന്നതു നിമിത്തം പുത്തനായി ഇതിനെ സ്ഥാപിക്കുന്ന വളപ്പിനകത്തു പ്രവേശിക്കുന്നവർക്കെങ്കിലും മന്ത്രോച്ചാരണം കേൾക്കാൻ ഇടയാകുകയാണു ചെയ്യുന്നതു്. മന്ത്രോച്ചാരണം ചെയ്യുക എന്നുള്ളതു വിശ്ലേഷമായിനടത്താൻ നിവൃത്തിയുള്ളതല്ലല്ലോ. ഈ ഒരു പഴുതില്ലാത്തസ്ഥലത്തുവച്ചു നടത്താൻ നിവൃത്തിയില്ല. അതിനാൽ ആ പുരയിടത്തിൽ പ്രവേശിക്കുന്ന ഏവനും ഇതിൻെറ പ്രത്യേകതരത്തിലുള്ള സ്വരവിശേഷം ആകർഷണീയമായിട്ടുള്ളതാണോ അല്ലയോ എന്നു തീരുമാനിക്കാമെന്നുള്ളതാകുന്നു. അതു ആകർഷണീയമായിതോന്നുന്നപക്ഷം അയാൾക്കും അതു പഠിക്കണമെന്നു ആവശ്യപ്പെടാവുന്നതാണ്. നേരെമറിച്ചു ഇതിൽ വിരസതയാണു തോന്നുന്നതു എങ്കിൽ അയാൾക്കു യാതൊരു ശ്രമവും ഇല്ലാതാകുന്നതിനും ഇടയാകുന്നതാണ്. വേദോച്ചാരണം ഒരുവനു കേൾക്കാൻ ഇടയാകുന്നപക്ഷം അയാൾക്കു അതിനെ അനുസരിക്കയെങ്കിലും ചെയ്യാമല്ലോ. എന്നാൽ ഇപ്പോഴാകട്ടെ ഈ ശാഖയുടെ മേൽനോട്ടം നടത്തുന്ന ആളിനുപോലും ഇതു നടത്തുന്ന സ്ഥലത്തു പ്രവേശിക്കാൻ പാടില്ലാതാണു ഇരിക്കുന്നതു്. ഈ ഡിമാൻഡ് നാം അനുവദിക്കാതിരിക്കുന്നതിൻെറ ഫലം എന്തായിരിക്കും എന്നുള്ളതുകൂടി ഞാൻ ഈ സഭയുടെ ശ്രദ്ധക്കു വിഷയീഭവിപ്പിച്ചുകൊള്ളട്ടെ. ഈ ഡിമാൻഡ് അനുവദിക്കാതിരിക്കുന്നപക്ഷം വേദാധ്യയനം നടത്തുന്നതിനുള്ള ബഡ്ജററ് അനുവദിച്ചിട്ടുള്ളതുകൊണ്ടു ഇപ്പോഴത്തെപ്പോലെതന്നെ മേലാലും മിത്രാനന്ദപുരം ക്ഷേത്രത്തിൽവച്ചുതന്നെ ഇതു നടന്നുകൊണ്ടിരിക്കും. മിത്രാനന്ദപുരം ക്ഷേത്രത്തിൽവച്ചുതന്നെ മന്ത്രോച്ചാരണം നടത്തിക്കൊണ്ടിരിക്കും. അപ്പോൾ ആലോചിക്കേണ്ടതു മിത്രാനന്ദപുരം ക്ഷേത്രത്തിൽവച്ചു വേദോച്ചാരണംചെയ്യുന്നതോ മററുവല്ലസ്ഥലത്തും വച്ചു വേദോച്ചാരണം ചെയ്യുന്നതോ ഏതാണു നിങ്ങൾക്കു സ്വീകാര്യമായിട്ടുള്ളതു എന്നുള്ളതിനെ പററിയാണ്.

മി: ജി. രാമൻമേനോൻ (മാവേലിക്കര-കാർത്തികപ്പള്ളി): സംസ്കൃതകാളേജിൽവച്ചു ഇതു നടത്തിക്കൂടയോ?

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): മറെറതെങ്കിലും സ്ഥലത്തു വച്ചു എന്നാണു ഞാൻ പറഞ്ഞതു്. സംസ്കൃതകാളേജുതന്നെ ഒരു വാടകക്കെട്ടിടത്തിലാണു നടത്തിവരുന്നതു്. നമുക്കു പ്രവേശിച്ചു അവിടെ നടത്തിവരുന്നതു എന്തെല്ലാമെന്നു നോക്കിമനസ്സിലാക്കുന്നതിനെങ്കിലും സൌകര്യമുള്ള ഒരു വാടകക്കെട്ടിടത്തിൽ വച്ചു വേദാധ്യയനം നടത്തണമെന്നുള്ളതാണ്. സർ! എൻെറ അഭിപ്രായം പറകയാണെങ്കിൽ ഞാൻ ഒടുവിൽ പറഞ്ഞതിനെ സ്വീകരിച്ചു മാസംതോറും ഗവണ്മെൻറു ആവശ്യപ്പെടുന്ന ൧.൦ രൂപായും അനുവദിച്ചുകൊടുക്കുന്നതിൽ യാതൊരു വിഘ്നതവും കാണിക്കയില്ല. ഇത്രയും പറഞ്ഞുകൊണ്ടു ഞാൻ എൻെറ ആസനത്തെ വീണ്ടും സ്വീകരിച്ചുകൊള്ളുന്നു.

ലഘുഭക്ഷണത്തിനായി സഭ ഉച്ചതിരിഞ്ഞു ൧-മണിക്കു പിരിഞ്ഞു. ൨ മണിക്കുവീണ്ടും യോഗനടപടികൾ ആരംഭിച്ചു.

പ്രസിഡെൻറ്: ഇപ്പോൾ ഞാൻ ൨-ാം നമ്പ്ര് ഡിമാൻഡിനെ വോട്ടിനു ഇടുന്നതായിരിക്കും.

മി: സി. പി. തരകൻ (കുന്നത്തുനാടു): സർ! എനിക്കു അല്പം പറവാനുണ്ടു്.

പ്രസിഡെൻറ്. ഇപ്പോൾതന്നെ നേരം വളരെ താമസിച്ചുപോയതായിട്ടാണു എനിക്കു തോന്നുന്നതു്. ഡയറക്ടർ മറുപടിപറയുന്നതിനു വേണ്ടി മാത്രം കാത്തിരിക്കയാണ്.

മി: സി. പി. തരകൻ (കുന്നത്തുനാട്): ഞങ്ങൾക്കു സംസാരിക്കുന്നതിനു വളരെ കുറച്ചു സമയം മാത്രമേ ഉണ്ടായിരുന്നുള്ളു. മി: നാരായണപിള്ള അദ്ദേഹത്തിൻെറ പ്രസംഗം അവസാനിപ്പിച്ചു ഉടൻ തന്നെ നാം ലഘുഭക്ഷണത്തിനായി പിരിഞ്ഞു.

പ്രസിഡെൻറ്: ഇനിയുംവേണമെങ്കിലും നിങ്ങൾക്കു സംസാരിക്കാം. എന്നാൽ മററുജോലികൾ എല്ലാം മാററിവയ്ക്കേണ്ടിവരുമെന്നേ ഉള്ളു.

മി: സി. പി. തരകൻ (കുന്നത്തുനാട്): സർ! ഇവിടെ വാദപ്രതിവാദത്തിനിടയായ വിഷയങ്ങളിൽ ഒന്നിനെ സംബന്ധിച്ചു രണ്ടു വാക്കു പറയണമെന്നു വിചാരിക്കുന്നു. അതു ഹോസ്റ്റലിനെ സംബന്ധിച്ചാണ്. എതിരാളിയുടെ യുക്തിവാദത്തെ നേരെഖണ്ഡിക്കാൻ നിവൃത്തിയില്ലാതെ വരുമ്പോൾ അദ്ദേഹം ഉദ്ദേശിക്കാത്തതോ വിചാരിക്കാത്തതോ ആയ സംഗതികളെ തിരിച്ചും മറിച്ചും വ്യാഖ്യാനിച്ചു ഖണ്ഡിക്കയെന്നുള്ളതു ചില താർക്കികന്മാർ സ്വീകരിച്ചുവരുന്ന ഒരു നയമാണ്. ഞാൻ ഇതുവരെയുള്ള സംഗതികൾ കേട്ടതിൽ അങ്ങനെ ഒരാഗ്രഹം ചിലർക്കു ഉണ്ടായതല്ലയോ എന്നു സംശയിക്കുന്നു. കാളേജിനോടു അനുബന്ധിച്ചു ഹോസ്റ്റൽ ആവശ്യമില്ലെന്നുള്ള തത്വത്തെ സ്ഥാപിക്കാൻ മിസ്റ്റർ മാമ്മൻമാപ്പിള ശ്രമിച്ചു എന്നുള്ള ഭാവത്തിലാണ് ചില മഹാന്മാർ മറുപടിപറഞ്ഞതു്. കാളേജിനോടു അനുബന്ധിച്ചു ഹോസ്റ്റൽ ആവശ്യമാണെന്നുള്ളതത്വം ധാരാളം മനസ്സിലാക്കുകയും ആ വഴിയിൽ ധാരാളം പ്രവർത്തിക്കയും ചെയ്തുകൊണ്ടിരിക്കുന്ന ഒരാളാണ് മി: മാമ്മൻമാപ്പിള എന്നു എനിക്കു അദ്ദേഹവുമായുള്ള പരിചയംകൊണ്ടു അറിയാം. ആ തത്വത്തെപ്പററി അദ്ദേഹത്തെ ആരും മനസ്സിലാക്കേണ്ട ആവശ്യമുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. അദ്ദേഹം അങ്ങനെ ഒരു തത്വം ഇവിടെ സ്ഥാപിച്ചതായി ഞാൻ ഓർക്കുന്നുമില്ല. ഹോസ്റ്റൽ ആവശ്യമാണെന്നിരുന്നാൽതന്നെയും അതൊരു പ്രത്യേകം ജാതിക്കാർക്കുമാത്രമായി നിർമ്മിക്കേണ്ട ആവശ്യമില്ലെന്നുള്ളതിനെ സ്ഥാപിക്കാനാണ് മി: മാമ്മൻമാപ്പിള ശ്രമിച്ചിട്ടുള്ളതു്. ആ ഭാഗത്തെ സംബന്ധിച്ചു മി: എ. കെ. പിള്ള പ്രസ്താവിച്ച അഭിപ്രായത്തോടു ഞാൻ പൂർണ്ണമായി യോജിക്കുന്നു. ഹോസ്റ്റലിൽ താമസിക്കാതെ പ്രൈവററ വീടുകളിൽ ധാരാളംകുട്ടികൾ താമസിക്കുന്നുണ്ടെങ്കിൽ അവർക്കു് ഹോസ്റ്റൽ ഉണ്ടാക്കിക്കൊടുക്കേണ്ടതു ഗവണ്മെൻറിൻെറ കടമയാണ്. എന്നാൽ അതു ആർട്ട്സ്കാളേജിലെ വിദ്യാ

ത്ഥികൾക്കുമാത്രമായിട്ടോ, പ്രത്യേകമൊരു ജാതിക്കാക്ക് മാത്രമായിട്ടോ ഉപയോഗിക്കാൻ പാടില്ല. അപ്രകാരം ഒരു ഹോസ്റ്റൽ മുമ്പു നടന്നുകൊണ്ടിരുന്നു. അങ്ങിനെ ഒന്ന് ആവശ്യമല്ലെന്നുള്ള അഭിപ്രായം ഈ സഭയിൽ പ്രബലപ്പെടുകയും മെമ്പറന്മാർ ശക്തിയായി പ്രസ്താവിക്കയും ചെയ്തതിന്റെ ഫലമായിട്ടാണ് ഇവിടെ മററൊരു ഹോസ്റ്റൽ ഉണ്ടാകയും എല്ലാജാതിക്കാർക്കും പ്രവേശനം അനുവദിക്കയും ചെയ്തത്. ഈ നിലയിൽ നിന്നും പഴയരീതിയിലേക്കുതന്നെ വീണ്ടും പോകണമെന്നുള്ള അഭിപ്രായത്തോട് എനിക്കു യോജിക്കാൻ അശേഷം നിവൃത്തിയില്ല. മി: മാമ്മൻ മാപ്പിള ഉൾപ്പെട്ട ഒരു കമ്മിറ്റി സമിതിയാൽ നടത്തപ്പെട്ടുവരുന്ന ഒരു കാളേജു ഹോസ്റ്റലിനു ഗ്രാൻറ് കൊടുക്കുന്നകാര്യത്തിൽ ഗവണ്മെന്റു ഫണ്ട് വിചാരിച്ചില്ലഎന്നും അതിനാൽ ഈ സവർണ്ണ ഹോസ്റ്റലിന്റെ കാര്യത്തിൽ നിന്നും പണം അനുവദിക്കേണ്ടതാണെന്നും ഇവിടെ ചിലർപ്രസ്താവിച്ചു. മി: മാമ്മൻമാപ്പിള ഉൾപ്പെട്ട കമ്മിറ്റിസമിതിയാൽ നടത്തപ്പെട്ടുവരുന്ന കാളേജിനു ഗവണ്മെൻറിൽനിന്നും കൊടുത്തുവരുന്ന ഗ്രാൻറിന്റെ അളവിനെ സംബന്ധിച്ചു ഇപ്പോൾ വാദപ്രതിവാദം ചെയ്യേണ്ടആവശ്യം ഇല്ല. എന്നാൽ അതിൽ ഒരു സംഗതി എനിക്കു പറയേണ്ടതായിട്ടുണ്ട്. മി: മാമ്മൻമാപ്പിള ഉൾപ്പെട്ട കമ്മിറ്റി സമിതിയാൽ നടത്തപ്പെട്ടുവരുന്ന കാളേജു ഹോസ്റ്റലിനു ഗവണ്മെന്റിൽനിന്നും ഗ്രാൻറ് കൊടുക്കാൻ വിചാരിച്ചിട്ടുണ്ടെങ്കിൽ അതു എല്ലാജാതിക്കാർക്കും ഒരുപോലെ പ്രവേശനം ഉള്ള കാളേജും ഹോസ്റ്റലും ആയെന്നും അതിന് ആർക്കും വിപരീതാഭിപ്രായമുണ്ടാകാൻ നിവൃത്തിയില്ലന്നുമാണ് എനിക്കു പറയുവാനുള്ളത്.

മി: കെ. ശിവരാമപണിക്കർ (ചേർത്തല) ആലുവാ കാളേജു ഹോസ്റ്റലിൽ ഭിന്നജാതി വിദ്യാർത്ഥികൾക്കു പ്രത്യേകം പ്രത്യേകം അടുക്കളകൾഇല്ലയോഎന്നു മെമ്പറിൽനിന്നും അറിഞ്ഞാൽകൊള്ളാം.

മി: സി. പി. തരകൻ (കുന്നത്തുനാട്) ഉണ്ട് മി: ശിവരാമപണിക്കർ പറയുന്നതുപോലെ ഓരോ ജാതിക്കാർക്കും പ്രത്യേകം പ്രത്യേകം പാചകശാലകൾ ഉണ്ടാക്കിക്കൊടുക്കുന്നതുകൊണ്ടും യാതൊരു വിരോധവുമില്ല.

മി: കെ. ശിവരാമപണിക്കർ (ചേർത്തല) മസ്റ്റർ അയ്യങ്കാർ (ക്ഷമിക്കണം. മി: രങ്കസ്വാമിഅയ്യങ്കാർ എന്നാണു പറയേണ്ടിയിരുന്നത്) എല്ലാജാതി വിദ്യാർത്ഥികൾക്കും ഈ ഹോസ്റ്റലിൽ പ്രവേശനം നൽകുന്നതിനു യാതൊരു വിരോധവുമില്ലെന്നും പ്രത്യേകം പ്രത്യേകം പാചകശാലകളും ഭക്ഷണശാലകളും ഉണ്ടായിരിക്കേണ്ട ആവശ്യം മാത്രമാണ് ഉള്ളതുഎന്നും പറഞ്ഞു. മി: തരകൻ കേട്ടില്ലയോ എന്നറിഞ്ഞാൽ കൊള്ളാം.

മി: സി. പി. തരകൻ (കുന്നത്തുനാട്) അതിനെസംബന്ധിച്ചും എനിക്കു സ്വല്പംകൂടി പറയാനുണ്ട്. പ്രത്യേകം കെട്ടിടത്തിൽ ഹോസ്റ്റൽ ഇട്ടു നടത്തിക്കൊണ്ടിരുന്ന സന്ദർഭത്തിൽ അവിടെ എല്ലാവർക്കും പ്രവേശനം അനുവദിക്കണമെന്ന വിഷയം വാദപ്രതിവാദം നടന്നപ്പോൾ ആ കെട്ടിടത്തിന്റെ ഉടമസ്ഥനു എന്തോ തടസ്സമുള്ളതായിപ്രസ്താവിച്ചതായി പ്രൊസിഡിംഗ്സിൽകാണുന്നു. ഇപ്പോഴും അതുപോലെ തടസ്സമുള്ള ഉടമസ്ഥന്മാരുടെ കെട്ടിടത്തിൽ ഇങ്ങിനെയുള്ള സ്ഥാപനം നടത്താൻ പാടില്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്) സാമുദായിക ഹോസ്റ്റലുകൾക്കു നൽകിവരുന്ന എല്ലാ ഗ്രാൻറുകളും നിറുത്തണമെന്നാണോ മെമ്പറുടെ അഭിപ്രായം എന്നറിഞ്ഞാൽ കൊള്ളാം.

മി: സി. പി. തരകൻ (കുന്നത്തുനാട്) ഞാൻ അങ്ങിനെ പറഞ്ഞില്ലല്ലോ.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്) നിങ്ങൾ അങ്ങിനെ ചെയ്യുമോഎന്നാണു ചോദ്യം.

മി: സി. പി. തരകൻ (കുന്നത്തുനാട്) എല്ലാജാതിക്കാർക്കും പ്രവേശനം ഉണ്ടായിരിക്കണം.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്) സമുദായംനോക്കി ഒരുജാതിക്കാർക്ക് ഹോസ്റ്റൽ ഗ്രാൻറ് കൊടുക്കുന്നതു നല്ലതല്ലെന്നാണോ?

മി: സി. പി. തരകൻ (കുന്നത്തുനാട്) ഗ്രാൻറ്കൊടുക്കുന്നകാര്യം വേറെ.

മി: കെ. ഐ. ജോസഫ് (മീനച്ചിൽ; ദേവികുളം) ഡിമാൻഡിന്റെ ലക്ഷ്യത്തെഇനം രൂപീകരിച്ചിട്ടുള്ളതു യാതൊരുപ്രകാരത്തിലും വിപരീതാഭിപ്രായത്തിനു വഴികൊടുക്കാത്ത നിലയിലാണ് എന്നും ഇവിടെ നടത്തിയിട്ടുള്ള വാദപ്രതിവാദം മുഴുവനും വാദവിഷയവുമായി യാതൊരു ബന്ധവുമില്ലാത്ത സംഗതികളെപ്പററിയാണെന്നും ഉള്ളപരമാർത്ഥങ്ങൾ സഭയെ ചൂണ്ടിക്കാണിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു. മിസ്റ്റർ കൃഷ്ണസ്വാമിഅയ്യർതന്നെയാണ് ഈ വാദപ്രതിവാദം അനാവശ്യമായി തുടങ്ങുന്നതിനുള്ളകാരണം. നാലാമത്തെ ഇനം ഇങ്ങിനെയാണ്.

"ആർട്ട്സ്കാളേജ് വിദ്യാർത്ഥികളുടെ ഉപയോഗത്തിലേക്കു ഒരു ഹോസ്റ്റൽ തുടങ്ങുന്നതിനു —രൂപാ ....".

ഈ ഡിമാൻഡിൽ സവർണ്ണഹിന്ദുഹോസ്റ്റൽ എന്നോ മററോ യാതൊന്നും തന്നെ പ്രസ്താവിച്ചിട്ടില്ല. ആ സ്ഥിതിക്കു ഈ ഡിമാൻഡ് ഹാജരാക്കിക്കഴിഞ്ഞതിനു ശേഷം ഉടൻ തന്നെ മിസ്റ്റർ കൃഷ്ണസ്വാമിഅയ്യർ ഇരുന്നാൽ മാത്രം മതിയായിരുന്നു. ഇപ്പോൾ വാദപ്രതിവാദം തുടങ്ങിക്കഴിഞ്ഞിരിക്കുന്ന സ്ഥിതിക്കു സവർണ്ണഹിന്ദുക്കൾ അല്ലാത്തുള്ള സമുദായങ്ങളിൽ പെട്ട മെമ്പറന്മാർ പറയുന്ന അഭിപ്രായങ്ങളെ കൂടി ഗവമെൻറിൽ നിന്നും ശ്രദ്ധയോടുകൂടി കേട്ടുഹോസ്റ്റൽ തുടങ്ങുന്ന അവസരത്തിൽ വേണ്ടതുപോലെ പ്രവർത്തിക്കുമെന്നു വിശ്വസിക്കുന്നു. ഇപ്പോൾ ആലോചനക്കു വിഷയമായിരിക്കുന്ന സംഗതി വളരെ ലഘുവായ ഒന്നായതുകൊണ്ടു ഈ വാദപ്രതിവാദത്തെ ദീർഘിപ്പിച്ചുകൊണ്ടു പോകേണ്ട യാതൊരു ആവശ്യവുമില്ല എന്നാണ് എന്റെ അഭിപ്രായം. രണ്ടാംനമ്പർ ഇനത്തെ സംബന്ധിച്ചും ഇപ്പോൾ വാദപ്രതിവാദത്തെ ദീർഘിപ്പിക്കേണ്ട ആവശ്യമുണ്ടെന്നു എനിക്കുതോന്നുന്നില്ല. അടുത്ത ആണ്ടത്തെ ബഡ്ജററിനെപ്പററി ആലോചിക്കുമ്പോൾ ഇതെപ്പററിയും ആലോചിച്ചാൽമതിയാകുമെന്നുള്ളതാണ്. ....ർ, ഇതു കേവലം ഒരു വർഗ്ഗീയവിഷയം ആയതുകൊണ്ടും ഇങ്ങിനെയുള്ള വർഗ്ഗീയവിഷയങ്ങളുടെ ചുമതലദേവസ്വം ഡിപ്പാർട്ടുമെൻറിനു ആയതുകൊണ്ടും മേലാൽ ഈ സ്ഥാപനത്തിലേക്കു വേണ്ട ചെലവു ദേവസ്വം ഫണ്ടിൽ നിന്നും എടുക്കുന്നതു ഗവമെൻറിനെ സംബന്ധിച്ചിടത്തോളം ബുദ്ധിപൂർവമായ ഒരു പ്രവൃത്തിയായിരിക്കും എന്നു മാത്രം സൂചിപ്പിക്കണമെന്നേ ഞാൻ വിചാരിക്കുന്നുള്ളു.

മി: സി. പി. തോമസ് (നിർദ്ദിഷ്ടമെമ്പർ): ആർട്ട്സ്കാളേജു ഹോസ്റ്റലിലേക്കുള്ള ഡിമാൻഡിനെ പററി ഞാൻ ആദ്യമായി അല്പം പറഞ്ഞുകൊള്ളട്ടെ. ഹോസ്റ്റൽ തുടങ്ങുന്നതിനെപ്പററി മാത്രം പറകയാണെങ്കിൽ കൌൺസിലിൽ യാതൊരു വിപരീതാഭിപ്രായവും പുറപ്പെടുവിക്കപ്പെട്ടിട്ടില്ല. മുമ്പു പലരും പറഞ്ഞിട്ടുള്ളതു

പോലെ വിപരീതാഭിപ്രായം പ്രകടിപ്പിക്കപ്പെട്ടിട്ടുള്ളതു ഈ ഹോസ്റ്റലിനെ സവർണ്ണഹിന്ദുക്കൾക്കു മാത്രമായി ഒഴിച്ചിടണം എന്നു പറഞ്ഞതിനെ പററി മാത്രമാണ്. പ്രൈവററു കാളേജുകൾക്കു നല്കിവരുന്ന ഗ്രാൻറുകളെ സംബന്ധിച്ചു റാവു ബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ പറയുകയുണ്ടായല്ലൊ. ഇങ്ങിനെയുള്ള കാളേജുകൾക്കു ഗ്രാൻറു അനുവദിക്കുന്ന വിഷയത്തിൽ ഗവണ്മെൻറു യാതൊരു ലോഭവും കാണിച്ചിട്ടില്ലാത്ത സ്ഥിതിക്കു ആർട്ട്സ് കാളേജ് ഹോസ്റ്റലിനുവേണ്ട പണം ചിലവു ചെയ്യുന്നതിൽ ഗവണ്മെൻറു യാതൊരു മടിയും കാണിക്കാൻ പാടില്ലഎന്നും പറഞ്ഞുവല്ലൊ.

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആർട്ട്സ് കാളേജ് പ്രിൻസിപ്പാൾ): ഇതിനുള്ള സമാധാനം പറഞ്ഞുകൊള്ളട്ടെ. ഹോസ്റ്റൽഏർപ്പാടുള്ളതോ, അഥവാ ഗവണ്മെൻറു കാളേജുകളെക്കാൾ കൂടുതൽ ആയ വിധത്തിൽ ഹോസ്റ്റൽഏർപ്പാടുകൾ ഉള്ളതോ ആയ പ്രൈവററു കാളേജുകൾക്കും ഗ്രാൻറു അനുവദിക്കപ്പെട്ടിട്ടുണ്ടു എന്നാണ് ഞാൻ പറഞ്ഞതു്. ആ സ്ഥിതിക്കു ഗവണ്മെൻറു കാളേജുകൾ യഥാർത്ഥത്തിൽ അവക്കു ഈ വിഷയത്തിലുള്ള കുറവുകളെ പരിഹരിക്കാൻ വേണ്ടി മുന്നോട്ടു വന്നു ഏതെങ്കിലും ഒരു ഏർപ്പാടു ചെയ്തു കൊടുക്കണമെന്നു ആവശ്യപ്പെടുന്ന സന്ദർഭത്തിൽ യാതൊരു വിധമായ തടസ്സവും പ്രത്യേകിച്ചും പ്രൈവററുഹോസ്റ്റലുകൾക്കു ഗ്രാൻറു അനുവദിച്ചതിനെ സന്തോഷപുരസ്സരം സ്വീകരിച്ച ആളുകളിൽ നിന്നും ഉണ്ടാകാൻ പാടുള്ളതല്ലല്ലൊ.

മി: സി. പി. താമസ് (നിയമിതമെമ്പർ): ഇതിനെ സംബന്ധിച്ചു എനിക്കു പറവാനുള്ളതു വിദ്യാഭ്യാസ സംബന്ധമായ സ്ഥാപനങ്ങൾക്കു വേണ്ടി ഗവണ്മെൻറു പണം ചിലവാക്കുന്നതു അതിലേക്കു ആവശ്യമുള്ള ഫണ്ടു കിട്ടുന്നതിനുള്ള വഴിയുണ്ടോ ഇല്ലയോ എന്നുള്ളതിനെപ്പററി മാത്രം അടിസ്ഥാനമാക്കി ഇരിക്കണമെന്നുള്ളതു മാത്രമാകുന്നു. പ്രൈവററു കാളേജ് ഹോസ്റ്റലുകൾക്കു ഗ്രാൻറു അനുവദിക്കുന്നതിനെപ്പററി പറയുന്നപക്ഷം പ്രൈവററു സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം വിദ്യാർത്ഥികളിൽ ആളൊന്നുക്കു ഗവണ്മെൻറിൽ നിന്നും ചിലവാക്കുന്ന ആകെത്തുക ഗവണ്മെൻറു സ്ഥാപനങ്ങളിൽ ആളൊന്നുക്കു ചിലവാകുന്ന ആകെത്തുകയെക്കാൾ എത്രയോ കുറവാണ് എന്നുള്ളതു സ്മരണീയമാണ്. അതിനാൽ നാം

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആർട്ട്സ് കാളേജ് പ്രിൻസിപ്പാൾ): അവ എങ്ങിനെ കുറവായിരിക്കുന്നു എന്നുള്ളതിലേക്കു മി: താമസ് കണക്കു കാണിക്കാമൊ? ഗവണ്മെൻറു ഹോസ്റ്റലുകളിലേയും പ്രൈവററു ഹോസ്റ്റലുകളിലേയും സൂക്ഷ്മമായ കണക്കുകൾ പറഞ്ഞു പ്രൈവററു സ്ഥാപനങ്ങളിൽ ആൾ ഒന്നുക്കു ഉള്ള ചിലവു ഗവണ്മെൻറു സ്ഥാപനങ്ങളിൽ ഉള്ളതിനെക്കാൾ കുറവാണ് എന്നു സ്ഥാപിക്കാമൊ?

മി: സി. പി. താമസ് (നിയമിതമെമ്പർ): ആ സ്ഥാപനത്തെ സംബന്ധിച്ചു മൊത്തമായി ഗവണ്മെൻറിൽനിന്നും ചിലവാകുന്ന തുകയെ സംബന്ധിച്ചാണു ഞാൻ പറഞ്ഞതു. കണക്കുകൾ എടുത്തു പറയുന്നതിനു തൽക്കാലം എനിക്കു നിവൃത്തിയില്ല.

അതിനാൽ പ്രൈവററു സ്ഥാപനങ്ങൾക്കു ഗവണ്മെൻറിൽ നിന്നും നല്കിവരുന്ന ഗ്രാൻറുകളെ ഗവണ്മെൻറു സ്ഥാപനങ്ങൾക്കായി അനുവദിക്കുന്നപണത്തോടു താരതമ്യപ്പെടുത്തിനോക്കുമ്പോൾ ഈ ഭാഗം കൂടി നമ്മുടെ ഓർമ്മയിൽ ഇരിക്കേണ്ടതാകുന്നു.

സർ! ഇപ്പോഴത്തെ നിലക്കു സവർണ്ണഹിന്ദുക്കളുടെ പ്രത്യേക ഉപയോഗത്തിലേക്കായി ഒരു ഹോസ്റ്റൽ ഇടേണ്ട പ്രത്യേക ആവശ്യം ഉണ്ടെന്നു ഈ സഭയെ ബോദ്ധ്യപ്പെടുത്തുന്നതിനായി ചില വാദങ്ങൾ കൊണ്ടുവരപ്പെട്ടിട്ടുണ്ടല്ലൊ. ഇങ്ങിനെ സാമാന്യമായി ഒന്നു പറഞ്ഞു എന്നല്ലാതെ സവർണ്ണഹിന്ദുക്കൾ അല്ലാത്ത വിദ്യാർത്ഥികളിലും അല്ലാതെ മററവിദ്യാർത്ഥികളിലും എത്ര എത്ര ആളുകൾക്കു ഹോസ്റ്റൽ സൗകര്യം ഉണ്ടെന്നുള്ളതിനെ കാണിക്കുന്നതിനുള്ള കണക്കുകൾ യാതൊന്നും തന്നെ എടുത്തുപറയുകയുണ്ടായില്ല എന്നു വ്യസനസമേതം പറയേണ്ടിയിരിക്കുന്നു.

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആർട്ട്സ് കാളേജുപ്രിൻസിപ്പാൾ) ആ സമയത്തു ചോദ്യം ചോദിച്ചു കണക്കുകൾ കാണിക്കണമെന്നു ആവശ്യപ്പെടാഞ്ഞതെന്തു? എന്റെ അടുക്കൽ ചോദിച്ചിരുന്നുവെങ്കിൽ ഞാൻ കണക്കുകൾ ബോദ്ധ്യപ്പെടുത്താമായിരുന്നല്ലൊ.

മി: സി. പി. താമസ് (നിയമിത മെമ്പർ): ക്രിസ്ത്യാനികൾക്കു അവരുടെ വർഗ്ഗീയ ഹോസ്റ്റലുകൾ ഉള്ളതുകൊണ്ടും ആ ഹോസ്റ്റലുകളിൽ ഇനിയും ഒഴിവുകൾ ഉള്ളതുകൊണ്ടും ഗവണ്മെൻറുഹോസ്റ്റലിൽ ഇവക്കു പ്രവേശനം അനുവദിക്കുന്നതിനെക്കാൾ ആശാസ്യമായിട്ടുള്ളതു് ഈ ഹോസ്റ്റലുകളിൽ പ്രവേശിപ്പിക്കുന്നതിനു അവരെ ഉദ്യമിപ്പിക്കുന്നതായിരിക്കും എന്നാണ് ഇവിടെ പുറപ്പെടുവിക്കപ്പെട്ടിട്ടുള്ള മറെറാരു വാദം. ഇതു സ്വീകാരയോഗ്യമായ പ്രമേയം അല്ല. മി: മാത്യു പറഞ്ഞതുപോലെ പ്രൈവററ് ഹോസ്റ്റലുകൾ ഗവണ്മെൻറു ഹോസ്റ്റലുകളെ പോലെ അതൃപ്തികരമായ വിധത്തിലൊ ആകർഷണീയമായ രീതിയിലൊ നടത്തപ്പെടുന്നവയാണെന്നു ആശിക്കാൻ വകയില്ല. ആകയാൽ ഗവണ്മെൻറുഹോസ്റ്റലുകളിൽ ചിലവിടേണ്ടിവരുന്ന കൂടുതൽ പണം ചിലവിടുന്നതിനു നിവൃത്തിയുള്ള വിദ്യാർത്ഥികൾ അവയിൽതന്നെ പോയിതാമസിക്കമെന്നുള്ളതാണ്. ഏതെങ്കിലും വിദ്യാർത്ഥിയുടെ അടുക്കൽ അയാളുടെ വർഗ്ഗക്കാരുടെ വക ഹോസ്റ്റൽ കൊണ്ടു തൃപ്തിപ്പെട്ടുകൊള്ളണമെന്നും ഗവണ്മെൻറു ഹോസ്റ്റലിലേക്കു വരരുതെന്നും ഗവണ്മെൻറിൽ നിന്നും പറയുന്നപക്ഷം അതു ഒരിക്കലും ശോഭിയായിട്ടുള്ളതാണഎന്നു എനിക്കു തോന്നുന്നില്ല. സാമാന്യജനങ്ങളുടെ പരിശ്രമശീലത്തെ പ്രയോജനശൂന്യമാക്കിചെയ്യരുതെന്നും പ്രൈവററുഹോസ്റ്റലുകൾ തുടങ്ങിയിട്ടുള്ള മാനേജരന്മാർ ഗവണ്മെൻറു വക ഹോസ്റ്റലുകൾ അവരുമായി മത്സരിക്കാൻ ഇടയാക്കുന്നവഴിക്കു ബുദ്ധിമുട്ടുകൾ അനുഭവിക്കാൻ ഇടയാക്കരുതെന്നും മററും പറഞ്ഞതിൽ ഞാൻഹാർദ്ദമായി അനുമോദിക്കുന്നു. അതു സ്വീകാരയോഗ്യമായ ഒരു നല്ല പ്രമാണം ആണ്. എന്നാൽ ഇതിനെ വളരെ ദീർഘിപ്പിച്ചു കൊണ്ടുപോകുവാൻ പാടുള്ളതാണെന്നു എനിക്കു തോന്നുന്നില്ല. ഗവണ്മെൻറു വിദ്യാഭ്യാസ സ്ഥാപനങ്ങളും പ്രൈവററു വിദ്യാഭ്യാസ സ്ഥാപനങ്ങളും തമ്മിൽ യാതൊരു വിധത്തിലും ന്യായരഹിതമായ മത്സരത്തിനു ഇടകൊടുക്കരുതു്. സകലവിധ ഹോസ്റ്റലുകളെയും ഒരുപോലെ ബന്ധിക്കുന്നതായ ഏതാനും നിയമങ്ങൾ നടപ്പാക്കുന്നപക്ഷം ഇപ്രകാരമുള്ള അനാശാസ്യമായ മത്സരങ്ങൾക്കു ഇടയാക്കാതെ കഴിക്കാവുന്നതാണെന്നാണ് എനിക്കു തോന്നുന്നതു്. ഇതിനും പുറമെ ഗവണ്മെൻറു ഹോസ്റ്റലിൽ ഒരു വിദ്യാർത്ഥിക്കു എങ്കിലും താമസിക്കുന്നതിനുള്ള സൗകര്യം ഒഴിഞ്ഞു കിടപ്പുള്ളിടത്തോളം കാലം യാതൊരു വിദ്യാർത്ഥിയോടും അയാളുടെ വർഗ്ഗക്കാരുടെ വക ഹോസ്റ്റലുകളിൽ താമസിച്ചു കൊള്ളണം എന്നു പറയുന്നതു ശരിയല്ല.

...യർ പള്ളിക്കൂടത്തിന്റെ കാര്യത്തെക്കുറിച്ച് ആ സ്കൂൾ കെട്ടിടത്തെ സംബന്ധിച്ചും എന്നുള്ളതിൽ എനിക്കു യാതൊരു വിപരീതാഭിപ്രായവും ഇല്ല. എന്നാൽ ഈ വക സംഗതികളെ സംബന്ധിച്ച് എന്തെങ്കിലും ഒരു സർവ്വസാധാരണമായ പ്രമാണം രൂപീകരിക്കേണ്ടതു ആവശ്യമാണെന്നുള്ള കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നുകൊള്ളുന്നു. ഏതായാലും ഒരു പ്രത്യേകസ്ഥലത്തുള്ള ഒരു പ്രത്യേക പള്ളിക്കൂടത്തിന്റെ ആവശ്യങ്ങളെ വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റോ ആ സ്ഥലവാസികളായ ജനങ്ങളോ പണിപ്പെട്ട ഗവണ്മെന്റിന്റെ ശ്രദ്ധയ്ക്കു വിഷയമാക്കിയതിന്റെ ഫലമായി ആ സ്കൂളിനെ പറ്റി ഗവണ്മെന്റു പ്രത്യേകം ആലോചിച്ചു വേണ്ടതു പ്രവർത്തിക്കാൻ ഇടയായി എന്നും എന്നാൽ അതേസ്ഥിതിയിലുള്ള മറ്റനേകം സ്ഥാപനങ്ങളെ സംബന്ധിച്ചു ഗവണ്മെന്റു യാതൊന്നും പ്രവർത്തിക്കുന്നില്ല എന്നും വന്നുചേരുവാൻ ഇടയാകരുത്. ഒരു സ്ഥലത്തുള്ള സ്കൂളിനും മറ്റൊരു സ്ഥലത്തുള്ള സ്കൂളിനും തമ്മിൽ യാതൊരു വ്യത്യാസവും വിചാരിക്കാതെ മൊത്തത്തിൽ ഗവണ്മെന്റിൽ നിന്നു ഇംഗ്ലീഷ് സ്കൂൾ കെട്ടിടങ്ങളെ സംബന്ധിച്ചു ഇന്നതു ചെയ്യുന്നതായിരിക്കും, മലയാളം സ്കൂൾ കെട്ടിടങ്ങളെ സംബന്ധിച്ചു ഇന്നതു ചെയ്യുന്നതായിരിക്കും മിഡിൽസ്കൂൾ കെട്ടിടങ്ങളെ സംബന്ധിച്ചു ഇന്നതു ചെയ്യുന്നതായിരിക്കും, പ്രൈമറിസ്കൂൾ കെട്ടിടങ്ങളെ സംബന്ധിച്ചു ഇന്നതു ചെയ്യുന്നതായിരിക്കും, എന്നുള്ള സംഗതികളെക്കുറിച്ചു ഒരു പൊതു പ്രമാണം രൂപീകരിക്കണം. എന്നാണു ഞാൻ ഗവണ്മെന്റിനോടു അപേക്ഷിച്ചുകൊള്ളുന്നതു. ചില ആളുകളുടെ സങ്കടങ്ങളെ പറ്റി അവർക്കു ഗവണ്മെന്റിനെ ധരിപ്പിക്കാൻ ഇടയാകുന്നു എന്നുള്ളതു കൊണ്ടു മാത്രം ചില സ്ഥാപനങ്ങൾക്കു ഗവണ്മെന്റിൽ നിന്നും സഹായം ലഭിക്കാൻ ഇടയാകുന്നു എന്നും അങ്ങിനെ ധരിപ്പിക്കാൻ സാധിക്കാത്തവർക്കു ഗവണ്മെന്റിൽ നിന്നും സഹായം ലഭിക്കുന്നില്ലെന്നും വന്നുചേരുന്നതിനിടയാകരുതു. ഒരേതരത്തിൽപെട്ട സ്കൂളുകൾക്കു ഗവണ്മെന്റിൽനിന്നും കെട്ടിടം പണിയിപ്പിക്കുന്ന ചിലവിന്റെ ഇന്ന അംശത്തെ ചിലവാക്കുന്നതായിരിക്കും എന്നുള്ളതിനെ സംബന്ധിച്ചു ഒരു പൊതു പ്രമാണം രൂപീകരിക്കേണ്ടതാണ്. ഓരോ സ്ഥലത്തുള്ള സ്കൂളിനെ സംബന്ധിച്ചും ഈ നിയമം അനുസരിച്ചുതന്നെ നിവൃത്തിയുള്ളിടത്തോളം പ്രവർത്തിക്കണം.

വേദാധ്യയനം സംബന്ധിച്ചിടത്തോളം കൌൺസിലിന്റെ അഭിപ്രായം വേദാധ്യയനത്തിനു ചിലവാക്കുന്ന പണം പബ്ലിക് റവന്യൂവിൽനിന്നും ചിലവാക്കിക്കൂടാ എന്നും ദേവസ്വം ഫണ്ടിൽനിന്നും ചിലവാക്കേണ്ടതാണ് എന്നും ആണെന്നാണ് എനിക്കു തോന്നുന്നതു. വേദം ഉൾപ്പെടെയുള്ള സംസ്കൃത സാഹിത്യത്തിനു മതപരിഷ്കാരം ചെയ്യുന്ന വിഷയത്തിൽ വലിയ പ്രാധാന്യം ഉള്ളതിനാൽ സംസ്കൃത കാളേജിനും സംസ്കൃത കാളേജിൽവച്ചു വേദങ്ങൾ പഠിപ്പിക്കുന്നതിനും വേണ്ടിയുള്ള ചിലവു പബ്ലിക് റവന്യൂവിൽനിന്നും വ്യയം ചെയ്യുന്നതു ന്യായംതന്നെ. എന്നു വരികിലും കേവലം മതസംബന്ധമായ ഒരു പ്രവൃത്തിയായ വേദപാരായണത്തിനുവേണ്ടി പബ്ലിക് റവന്യൂവിൽനിന്നും പണം ചിലവാക്കേണ്ട യാതൊരു ആവശ്യവും ഇല്ല.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ദേവസ്വം ഡിപ്പാർട്ടുമെന്റിൽനിന്നും ചിലവാക്കണം എന്നു പറയുന്നതു എന്തുകൊണ്ടാണെന്നറിഞ്ഞാൽ കൊള്ളാം.

മി: സി. പി. താമസ് (നിയമിതമെമ്പർ): ഹിന്ദുക്കളുടെ മതസംബന്ധമായ സ്ഥാപനങ്ങളുടെ മേൽനോട്ടം നടത്തുന്നതു ആ ഡിപ്പാർട്ടുമെന്റ് ആണെന്നു വച്ചിട്ടുള്ളതുകൊണ്ടുതന്നെ.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ആദ്യമായി അവയുടെ നടത്തിപ്പിലേക്കായി നൽകപ്പെട്ടിട്ടുള്ള ധനത്തേയും അവയെ ഇന്നപ്രകാരം ചിലവാക്കണമെന്നായി നൽകപ്പെട്ടിട്ടുള്ള കുറിപ്പുകളേയും വകവയ്ക്കാതിരിക്കുവാൻ ആ ഡിപ്പാർട്ടുമെന്റിനു അധികാരമുണ്ടോ?

പ്രസിഡന്റ്: മിസ്റ്റർ താമസ് ദേവസ്വം ഡിപ്പാർട്ടുമെന്റു ഇന്നതു ചെയ്യണം അല്ലെങ്കിൽ ഇന്നതു ചെയ്തുകൂടാ എന്നു പറയുന്നതിനുള്ള അധികാരം നിങ്ങൾക്കില്ല. അതു കൌൺസിലിന്റെ അധികാരസീമയിൽ ഉൾപ്പെടാത്ത ഒരു വിഷയം ആകുന്നു.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): മറ്റു ജാതികളിൽപെട്ട ആളുകൾക്കു പ്രവേശനം അനുവദിക്കാത്തതായ വിദ്യാഭ്യാസസംബന്ധമായ മറ്റു സ്ഥാപനങ്ങളെപറ്റി മിസ്റ്റർ താമസിന് അറിവില്ലയോ എന്നറിഞ്ഞാൽകൊള്ളാം. തിരുമലവിലാസം സ്കൂളിൽ അന്യജാതി വിദ്യാർത്ഥികൾക്കു പ്രവേശനം അനുവദിച്ചിട്ടുണ്ടോ?

മി: സി. പി. താമസ് (നിയമിതമെമ്പർ): മറ്റുജാതി വിദ്യാർത്ഥികൾക്കു പ്രവേശനം അനുവദിച്ചുകൂടാ എന്നു ഒരു നിയമം ഉള്ളതായി എനിക്കു തോന്നുന്നില്ല.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഈ സ്കൂളിൽ അന്യജാതി വിദ്യാർത്ഥികൾ ഇപ്പോൾ പഠിക്കുന്നുണ്ടോ?

മി: സി. പി. താമസ് (നിയമിതമെമ്പർ): അവർക്കു പ്രവേശനം നൽകിക്കൂടാ എന്നു ഒരു നിയമം ഇപ്പോൾ ഉള്ളതായി എനിക്കു തോന്നുന്നില്ല.

മി: ആർ. കൃഷ്ണസ്വാമി അയ്യർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): സർ, ൪-ാമത്തെ ഇനത്തെ സംബന്ധിച്ചു മെമ്പറന്മാർ പറഞ്ഞതിനു മറുപടിയായി എനിക്കു ഒന്നു രണ്ടു സംഗതികൾമാത്രമേ പറവാനുള്ളു. അച്ചടിച്ചിട്ടുള്ള കടലാസിൽ ൪-ാമത്തെ ഇനം ആർട്ട്സ് കാളേജ് വിദ്യാർത്ഥികളുടെ ഉപയോഗത്തിലേക്കായി ഒരു ഹോസ്റ്റൽ തുടങ്ങുന്നതിലേക്കു എന്നു പ്രസ്താവിച്ചിരിക്കവെ അവിടെ ഒരു സവർണ്ണ ഹിന്ദുഹോസ്റ്റൽ സ്ഥാപിക്കുന്നതിലേക്കായിട്ടാണ് ഈ ഇനം ആവശ്യപ്പെടുന്നതു എന്നു ഞാൻ പറഞ്ഞതിനാൽ ഈ വാദപ്രതിവാദം തുടങ്ങുന്നതിനുള്ള മുഴുവൻ ഉത്തരവാദിത്വവും എന്നിൽ ആണ് സ്ഥിതിചെയ്യുന്നതു എന്നു മിസ്റ്റർ കെ. ഐ. ജോസഫ് പറയുകയുണ്ടായല്ലോ. ഞാൻ അങ്ങിനെ പറഞ്ഞിട്ടില്ലായിരുന്നു എന്നും ആർട്ട്സ് കാളേജിലെ വിദ്യാർത്ഥികളുടെ ആവശ്യത്തിലേക്കായി ഒരു ഹോസ്റ്റൽ തുടങ്ങുന്നതിനുള്ള ഈ ഗ്രാന്റിനെ കൌൺസിൽ അനുവദിച്ചു എന്നും വിചാരിക്കുക. അപ്പോൾ ഈ ഹോസ്റ്റൽ ഉടൻതന്നെ എല്ലാസമുദായങ്ങളിൽപെട്ട വിദ്യാർത്ഥികൾക്കും ഒരുപോലെ പ്രവേശനാനുവാദം ഉള്ള ഒന്നാണെന്നുള്ള ബോദ്ധ്യത്തോടുകൂടി ഈ കൌൺസിലിലുള്ള എല്ലാമെമ്പറന്മാരും പോകുന്നതിനു ഇടയാകുമായിരുന്നു. അങ്ങിനെവരുമ്പോൾ ഇതിനെസംബന്ധിച്ചുള്ള സകല സംഗതികളും ഞാൻ കൌൺസിലിൽ പ്രസ്താവിച്ചില്ല എന്നൊരു അപരാധം എന്നിൽ ആരോപിക്കുന്നതിനു ഇടയാകുമായിരുന്നു. ഇപ്പോൾ തുടങ്ങണമെന്നു വിചാരിക്കുന്ന ഹോസ്റ്റൽ തൽക്കാലത്തേക്കു ഒരു സവർണ്ണഹിന്ദുഹോസ്റ്റൽ ആയി തുടങ്ങുന്നതെന്നു മാത്രമേ ഉദ്ദേശിച്ചിട്ടുള്ളു എന്നായി ഞാൻ പറഞ്ഞതിനു എനിക്കുള്ള സമാധാനം ഇതുതന്നെയാണ്.

മി: കെ. എം. ജോസഫ് (മീനച്ചിൽ-മെമ്പർ): അച്ചടിച്ച കടലാസിൽ ഇപ്രകാരം പ്രസ്താവിക്കുന്നതിന്റെ കാരണം എന്തായിരുന്നു എന്നറിഞ്ഞാൽ കൊള്ളാം.

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): എനിക്കറിഞ്ഞുകൂടാ. അപ്രകാരം പ്രസ്താവിക്കേണ്ട ആവശ്യം ഉണ്ടെന്നു വിചാരിച്ചിരുന്നില്ലായിരിക്കാം. എന്റെ പ്രസംഗത്തിൽ എനിക്കു പറവാനുള്ള എല്ലാ സംഗതികളേയും ചുരുക്കി അച്ചടിച്ച കടലാസിൽ പ്രസ്താവിച്ചിരിക്കേണ്ട ആവശ്യം ഉണ്ടെന്നു എനിക്കു തോന്നുന്നില്ല.

ഇപ്പോൾ തുടങ്ങേണമെന്നു വിചാരിക്കുന്ന ഹോസ്റ്റൽ ഒരു സവർണ്ണഹിന്ദുഹോസ്റ്റൽ ആയിട്ടാണ് ഇരിക്കുവാൻ പോകുന്നതു എന്നുള്ള കാരണത്തിന്മേലാണ് ഈ ഇനത്തെ പ്രധാനമായി എതിർത്തിട്ടുള്ളത്. മിസ്റ്റർ രാമസ്വാമി അയ്യങ്കാർ മുമ്പു പറഞ്ഞതുപോലെ സവർണ്ണഹിന്ദുഹോസ്റ്റൽ കെട്ടിടത്തിൽ ആകെ രണ്ടു അടുക്കളകൾ മാത്രമേ ഉള്ളു. രണ്ടു അടുക്കളകൾമാത്രം ഉള്ള സ്ഥിതിക്കു രണ്ടു ഭക്ഷണശാലകൾ മാത്രമേ തുടങ്ങുവാൻ നിവൃത്തിയുള്ളു. ആ ഹോസ്റ്റലിൽ ഏതു രണ്ടു ഭക്ഷണശാലകളാണു തുടങ്ങേണ്ടതു എന്നുള്ളതിനെപ്പററിയാണു പിന്നെ ചിന്തിക്കേണ്ടതു. ഈ സംഗതിയെ സംബന്ധിച്ചു എനിക്കു ഒരു കാര്യംകൂടി പറവാനുണ്ട്. അതായതു സവർണ്ണഹിന്ദുക്കളെക്കാൾ ഒട്ടുംതന്നെ കുറവല്ലാത്തവിധത്തിൽ ക്രിസ്ത്യാനികളും മററുള്ള സമുദായങ്ങളിൽപെട്ട ആളുകളെ അവരുടെ മെസ്സുകളിൽ പ്രവേശിപ്പിക്കുന്നതിൽ വിപരീതാഭിപ്രായക്കാരാണെന്നുള്ളതാണ്. കൊളീജിയേററ് ഹോസ്റ്റലിൽ ആദ്യകാലത്തു ഒരു ഈഴവ വിദ്യാർത്ഥിപോലും പ്രവേശനം ആവശ്യപ്പെട്ടില്ല. ഹോസ്റ്റൽ തുടങ്ങി ഏതാനും ആഴ്ചകൾ കഴിഞ്ഞശേഷം ഒരു ഈഴവവിദ്യാർത്ഥി പ്രവേശനത്തിനു അപേക്ഷിച്ചു. ഒരു വിദ്യാർത്ഥിക്കുവേണ്ടി ഒരു പ്രത്യേക ഭക്ഷണശാല തുടങ്ങുക എന്നുള്ളതു തീരെ പ്രായോഗികമല്ലാത്ത ഒരു സംഗതിയാകയാൽ ക്രിസ്ത്യാനികൾ ഈ വിദ്യാർത്ഥിയെക്കൂടി അവരുടെ ഭക്ഷണശാലയിൽ ചേർത്തുകൊള്ളാമെന്നു സമ്മതിച്ചതിനുശേഷം മാത്രമേ ആ വിദ്യാർത്ഥിക്കു പ്രവേശനം നൽകിയുള്ളു. കുറെനാളത്തേക്കു ആ വിദ്യാർത്ഥി ക്രിസ്ത്യൻമെസ്സിൽതന്നെ ഭക്ഷണംകഴിച്ചുപോന്നു. കുറെ കഴിഞ്ഞപ്പോൾ വേറെ ഒരു ഈഴവവിദ്യാർത്ഥികൂടി പ്രവേശനം ആവശ്യപ്പെട്ടു.

പ്രസിഡൻറ്: അഭിപ്രായവ്യത്യാസം ഉള്ള സംഗതികളെപ്പററിമാത്രം സംസാരിച്ചാൽ മതിയല്ലോ.

മി: ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): സർ, ഞാൻ അപ്രകാരം ചെയ്യുന്നതായിട്ടാണ് എന്റെ വിചാരം. ഇതു വളരെ ബന്ധമുള്ള ഒരു സംഗതിയാണ്.

രണ്ടാമതു ഒരു ഈഴവ വിദ്യാർത്ഥികൂടി പ്രവേശനത്തിനു അപേക്ഷിച്ചു. ആ സമയം ക്രിസ്ത്യൻ ഭക്ഷണശാലയിലെ വിദ്യാർത്ഥികൾ ഈ രണ്ടാമത്തെ വിദ്യാർത്ഥിയെ അവരുടെ ഭക്ഷണശാലയിൽ സ്വീകരിക്കുന്നതിൽ വിസമ്മതിക്കയാണുണ്ടായതു. തൽഫലമായി ഈ രണ്ടു ഈഴവ വിദ്യാർത്ഥികളുംചേർന്നു പ്രത്യേകമായി അവരുടെ വക ഒരു ഭക്ഷണശാല തുടങ്ങേണ്ടതായി വന്നുചേർന്നു. സവർണ്ണഹിന്ദുസമുദായങ്ങളിൽപെട്ട വിദ്യാർത്ഥികളെപോലെതന്നെ ക്രിസ്ത്യാനികളും മററ സമുദായക്കാരെ അവരുടെ ഭക്ഷണശാലയിൽ പ്രവേശിപ്പിക്കുന്നതിൽ വൈമനസ്യം ഉള്ളവരാണെന്നു തെളിയിക്കുന്നതിനുവേണ്ടിയാണു ഞാൻ ഇപ്പോൾ ഇതിനെപ്പററി ഇവിടെ പ്രസ്താപിക്കുന്നതു. ആ സ്ഥിതിക്കു ഇവിടെ ഒരു ക്രിസ്ത്യൻ ഭക്ഷണശാല തുടങ്ങുന്നപക്ഷം സവർണ്ണഹിന്ദുക്കൾക്കോ അല്ലെങ്കിൽ ഈഴവർക്കോ അല്ലെങ്കിൽ മറേറതെങ്കിലും സമുദായത്തിലെ അംഗങ്ങൾക്കോ ആർക്കെങ്കിലും ഒരു കൂട്ടർക്കുവേണ്ടി ഒരു ഭക്ഷണശാലകൂടിമാത്രം തുടങ്ങുന്നതിനെ നിവൃത്തിയുള്ളു. ഞാൻ മുമ്പു പറഞ്ഞതുപോലെ കൊളീജിയേററ് ഹോസ്റ്റലിൽ ഒരു ഈഴവ ഭക്ഷണശാലയ്ക്കു സ്ഥലം ഒഴിച്ചിട്ടിട്ടുണ്ട്. അതിൽ ആകെ ൨൦ വിദ്യാർത്ഥികൾക്കു സൌകര്യം ഉണ്ടെന്നുവരികിലും ഇപ്പോൾ ആകെ രണ്ടു വിദ്യാർത്ഥികൾ മാത്രമാണുള്ളതു. അതുകൊണ്ടു ഏതുപ്രകാരം നോക്കിയാലും ഇപ്പോഴത്തേക്കെങ്കിലും കൊളീജിയേററ് ഹോസ്റ്റലിലോ അല്ലെങ്കിൽ വേറെ എവിടെഎങ്കിലുമോ ഈഴവർക്കുവേണ്ടി മറെറാരു ഭക്ഷണശാല തുടങ്ങേണ്ട ആവശ്യം ഇല്ലെന്നുള്ളതു വിശദമാകുന്നുണ്ടല്ലോ. ക്രിസ്ത്യൻവിദ്യാർത്ഥികളുടെ കാര്യം പറകയാണെങ്കിൽ കൊളീജിയേററ് ഹോസ്റ്റലിൽ താമസക്കാരായി ആകെ ൩൭ വിദ്യാർത്ഥികളുണ്ട്. അനേകം പ്രൈവററ് സഹായിക ഹോസ്റ്റലുകളും ഉണ്ട്. വൈ. എം. സി. എ. ഹോസ്റ്റൽ കാർമ്മലൈററ ഹോസ്റ്റൽ, സെൻറ് ജാർജ്ജസ് ഹോസ്റ്റൽ, എൽ. എം. എസ്. ഹോസ്റ്റൽ ഈ ഹോസ്റ്റലുകൾ എല്ലാം ഉണ്ട്. വൈ. എം. സി. എ. ഹോസ്റ്റലിനു ൧൦൦ രൂപായും കാർമ്മലൈററ് ഹോസ്റ്റലിനു ൨൫൦ രൂപായും, എൽ. എം. എസ്. ഹോസ്റ്റലിനു ൪൦൦ രൂപായും, സെൻറ് ജാർജ്ജസ് ഹോസ്റ്റലിനു ൨൦൦ രൂപായും വീതം ഗ്രാൻറ ലഭിച്ചുവരുന്നുണ്ട്. കഴിഞ്ഞവർഷത്തിൽ അവർക്കു നൽകിവന്ന ഗ്രാൻറുകൾ ഈ തുകകൾ ആണ്. ഈ എല്ലാ ഹോസ്റ്റലുകളിലും ഗവർമ്മെൻറ ഹോസ്റ്റലിലുംകൂടി ൨൦൦-ൽ കുറയാതെ വിദ്യാർത്ഥികൾ താമസിക്കുന്നുണ്ടെന്നാണു എനിക്കു തോന്നുന്നതു. അപ്പോൾ നേരിട്ടു ഗവർമ്മെൻറ ഹോസ്റ്റലിലോ ഗ്രാൻറുമൂലം പ്രൈവററ ഹോസ്റ്റലുകളിലോ ആയി ഗവർമ്മെൻറിൽനിന്നും ഹോസ്റ്റൽ സൌകര്യം ഉണ്ടാക്കിക്കൊടുത്തിട്ടുള്ളവരായി ആകെ ഇരുനൂറോളം ക്രിസ്ത്യൻ വിദ്യാർത്ഥികൾ ഉണ്ട്. ആ സ്ഥിതിക്കു ഇപ്പോഴത്തെനിലക്കു തുടങ്ങുവാൻ നിവൃത്തിയുള്ള രണ്ടു ഭക്ഷണശാലകളും ഏതു സമുദായങ്ങൾക്കു ഉപയോഗപ്പെടുത്തണം എന്നുള്ളതിനെ പററിയായിരുന്നു ആലോചിക്കേണ്ടിയിരുന്നതു. ഈ രണ്ടു അടുക്കളകളെയും സവർണ്ണഹിന്ദുക്കൾക്കുതന്നെ, ഒന്നു സസ്യഭുക്കുകൾക്കും മറെറാന്നു മററുള്ളവർക്കും, വിട്ടുകൊടുക്കേണ്ടതാണെന്നു മിസ്റ്റർ സ്റ്റീഫൻസൺ ശുപാർശചെയ്തു. സംഗതികളുടെ കിടപ്പു ഇങ്ങനെയെല്ലാം ആകയാൽ ഇതിനെക്കാൾ നല്ലതായ ഒരുമാർഗ്ഗം സ്വീകരിക്കേണ്ടതായിട്ടുണ്ടായിരുന്നു എന്നു എനിക്കു തോന്നുന്നില്ല.

പബ്ലിക്സർവ്വീസിൽ സമുദായ പ്രാതിനിധ്യം ഉണ്ടായിരിക്കേണ്ടതു അത്യാവശ്യമാണെന്നു ഈ കൌൺസിലിനു വളരെ നിർബന്ധമുണ്ടല്ലോ. 'പബ്ലിക് സർവീസിൽ വേണ്ടപോലെ പ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്ത സമുദായങ്ങൾക്കു കഴിയുന്നതു പ്രോത്സാഹനം നൽകേണ്ടതാണെന്നു' അവർ ആവശ്യപ്പെടുന്നും ഉണ്ട്. ആ സ്ഥിതിക്കു ഹോസ്റ്റൽ സൌകര്യം ഉണ്ടാക്കിക്കൊടുക്കുന്നതിനെ സംബന്ധിച്ചും അതേ പ്രമാണത്തെതന്നെ അവർ സ്വീകരിക്കാതിരിക്കുന്നതു എന്തുകൊണ്ടെന്നറിയുന്നില്ല. സവർണ്ണഹിന്ദുക്കൾക്കു ഗവർമ്മെണ്ടിൽനിന്നും നേരിട്ടോ അല്ലാതെയോ നൽകിവരുന്ന ഹോസ്റ്റൽ സൌകര്യം അവരുടെ എണ്ണവുമായിതാരതമ്യപ്പെടുത്തി നോക്കുമ്പോൾ തുലോം തുച്ഛമായ നിലയിലാണ് ഇരിക്കുന്നതു. അതിനാൽ പുതിയ ഹോസ്റ്റലിൽ ഇവർക്കു പ്രത്യേകത നൽകാൻ പാടില്ലെന്നു പറയുന്നതിന്റെ കാരണം എന്തെന്നു എനിക്കു മനസ്സിലാകുന്നില്ല. എനിക്കു ഇത്രയും മാത്രമേ പറയുവാനുള്ളു.

മി. കെ. ഗോപാലമേനോൻ (ചേർത്തല; കാർത്തികപ്പള്ളി) ഇപ്പോഴുള്ള കൌൺസിൽ ചേംബർ ഹോസ്റ്റലായിട്ട് കൂട്ടിൽ സ്ഥലസൌകര്യം ഉണ്ടാക്കിയാൽ മതിയാകുന്നതല്ലയോ എന്ന മെമ്പരിൽനിന്നും അറിഞ്ഞാൽ കൊള്ളാം.

മി. ആർ. കൃഷ്ണസ്വാമി അയ്യർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ) അതിനു നിവൃത്തിയില്ല.

പ്രസിഡെൻറ്: ഈ ഗ്രാൻറിനെ സഭയിൽ വോട്ടിനു ഇടുന്നതിനു മുമ്പായി, സവർണ്ണഹിന്ദുക്കൾക്കു പ്രത്യേകം നൽകുന്നതിൻെറ ആശാസ്യതയേയോ ആവശ്യത്തേയോ സംബന്ധിച്ചു മി. കൃഷ്ണസ്വാമി അയ്യർ പറഞ്ഞതു കേവലം അദ്ദേഹത്തിൻെറ സ്വന്ത അഭിപ്രായം മാത്രമായിരുന്നു എന്നുള്ള സംഗതികൂടി പ്രസ്താവിക്കണമെന്നു വിചാരിക്കുന്നു.

ഡിമാൻഡ് സഭയിൽ വോട്ടിനിടപ്പെടുകയും പാസാക്കപ്പെടുകയും ചെയ്തു.

ഗ്രാൻറ് അനുവദിക്കപ്പെട്ടു.

൯-ാം നമ്പ്ര ഡിമാൻഡ — ആദായനികുതി.

മി. എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മിഷണർ) സർ! ആദായനികുതി വകുപ്പിലേക്കു ൩൧൨൦ രൂപാ കൂടി കൂടുതൽ ഗ്രാൻറായി അനുവദിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു. തിരുവനന്തപുരത്തും ആലപ്പുഴയും ഉള്ള ഡിവിഷൻ അസിസ്റ്റൻറന്മാരുടെ ആപ്പീസുകളിൽ ൧൧൦൨ ധനു ൧-ാംനു മുതൽ അവിടെയുള്ള ആദായനികുതി സംബന്ധിച്ച ജോലി ചെയ്യുന്നതിനായി നിയമിക്കണമെന്നു വിചാരിക്കുന്ന ൩൦-൪൦/൨-൭൦ വരെ ശമ്പളത്തിലുള്ള രണ്ടു ഗുമസ്താക്കളുടെ ശമ്പളച്ചിലവിലേക്കാണു ഈ തുക ആവശ്യപ്പെട്ടിരിക്കുന്നതു്. ഇപ്പോഴുള്ള സ്റ്റാഫ് തീരെ മതിയാകുന്നില്ല എന്നു അനുഭവംകൊണ്ടു മനസ്സിലാകുന്നതിനു ഇടയായിട്ടുള്ളതും ഗവൺമെൻറു റവന്യൂവിൻെറ രക്ഷക്കു വേണ്ടി കൂടുതലായി. അല്പം ചില ആളുകളെക്കൂടി നിയമിക്കേണ്ടതു അത്യാവശ്യമായി തീർന്നിരിക്കുന്നതും ആകുന്നു. ഡിവിഷൻ അസിസ്റ്റൻറന്മാരുടെ ആപ്പീസുകളിൽ ഗുമസ്താക്കളായി താഴെ പറയുന്നവർ മാത്രമേ ഉള്ളു.

൩൦ — ൪൦ വരെ രൂപാ ശമ്പളത്തിൽ ഹെഡ്ക്ലാർക്ക്-൧.
൨൫ — ൩൦ വരെ രൂപാ ശമ്പളത്തിൽ ഗുമസ്താ-൧.
൨൦ — ൨൫ വരെ രൂപാ ശമ്പളത്തിൽ ഗുമസ്താക്കൾ-൨.
൨൦ — ൨൫ വരെ രൂപാ ശമ്പളത്തിൽ ടൈപ്പിസ്റ്റ്-൧.
൧൫ രൂപാ ശമ്പളത്തിൽ കാപ്പിസ്റ്റുമാർ-൨.

ഈ ആപ്പീസുകളിൽ ഉള്ള റവന്യൂവും മജിസ്ട്രേരിയലും ജോലികൾതന്നെ തൃപ്തികരമായ വിധത്തിൽ ചെയ്തു തീർക്കുന്നതിനു ഇവരെക്കൊണ്ടു തീരെ മതിയാകുന്നില്ല എന്നു കണ്ടിരിക്കുന്നു. ൧൧൦൪-ാമാണ്ടു ആരംഭത്തിൽ റവന്യൂ ഡിപ്പാർട്ടുമെൻറു പരിഷ്കരിച്ചപ്പോൾ ആന്നു് സിൽബന്തികൾ മേൽപറഞ്ഞ പ്രകാരം ആയിരിക്കണം എന്നു നിശ്ചയിച്ചതു്. അതിനു ശേഷം ദിവാൻ പേഷ്കാരന്മാരുടെ ആപ്പീസുകളിൽ ജോലി വളരെ കൂടുതൽ ആയിരിക്കുന്നു എന്നുള്ള സംഗതി ഗവൺമെൻറിൻെറ ദൃഷ്ടിക്കു വിഷയീഭവിപ്പിക്കപ്പെട്ടു. ൧൧൦൨ സെപ്റ്റംബറിൽ നടത്തിയ ഒരു കാൺഫറൻസിൻെറ ഫലമായി റവന്യൂ സംബന്ധമായും ഭരണസംബന്ധമായും പേഷ്കാരന്മാർക്കുള്ള ജോലികളിൽ ചിലതു ഡിവിഷൻ അസിസ്റ്റൻറന്മാർക്കു വിട്ടുകൊടുക്കുന്നതു നന്നായിരിക്കും എന്നു ഗവൺമെൻറിനു തോന്നി. ഇതനുസരിച്ചു ഡിവിഷൻ അസിസ്റ്റൻറന്മാർക്കു വിട്ടുകൊടുക്കപ്പെട്ട അധികാരങ്ങളുടേയും ചുമതലകളുടെയും ഒരു ലിസ്റ്റ് ൧൯൨൭ മാർച്ച് ൩൧ ഏപ്രിൽ ൭-ാംനു ഉണ്ടായ ൨൩൯ ഡിസ് ൩൧൭ റവന്യൂ എന്ന നമ്പ്ര് ഗവൺമെൻറു ഉത്തരവിൽ കാണുന്നതാണ്. ഡിവിഷൻ അസിസ്റ്റൻറന്മാർ ചെയ്തു തീർക്കേണ്ടതായ ജോലി ഇപ്പോൾ അവർക്കു നൽകിയിട്ടുള്ള സിൽബന്തികളെക്കൊണ്ടു നടത്തിച്ചുകൊണ്ടുപോകുവാൻ വളരെ പ്രയാസമായിരിക്കുന്നു എന്നു അവർ വലിയ പരാതി പറഞ്ഞുവരുന്നുണ്ട്. തിരുവനന്തപുരത്തും ആലപ്പുഴയും ആദായനികുതി സംബന്ധമായ ജോലി വളരെ കൂടുതലായതുകൊണ്ടു് ഈ സ്ഥലങ്ങളിലുള്ള ഡിവിഷൻ അസിസ്റ്റൻറന്മാരുടെ ആപ്പീസുകളിൽ ആണു് ഏററവും കൂടുതൽ ജോലിയുള്ളതു് എന്നായി കണ്ടുപിടിച്ചിട്ടുണ്ട്. ൨൦ മുതൽ ൩൦ വരെയോ അല്ലെങ്കിൽ ൨൫ മുതൽ ൩൦ വരെയോ ശമ്പളസ്കെയിലുള്ള ഒരു ഗുമസ്തനെയാണു ഇപ്പോൾ ഡിവിഷൻ അസിസ്റ്റൻറന്മാരുടെ ആപ്പീസുകളിലുള്ള ആദായനികുതി സംബന്ധമായ ജോലികൾ ചുമതലപ്പെടുത്തിയിട്ടുള്ളതു്. ഡിവിഷൻ അസിസ്റ്റൻറന്മാരുടെ ആപ്പീസുകളിൽ ഇപ്പോഴുള്ള സ്റ്റാഫ് തന്നെ വളരെ കൂടുതൽ ജോലി ചെയ്തുകൊണ്ടിരിക്കയാണ്. അതിനാൽ വേണ്ടപോലുള്ള സഹായം ഇല്ലാതെ വളരെ ബുദ്ധിമുട്ടുന്നുണ്ട്. നികുതി ചുമത്തപ്പെട്ടവരുടെ എണ്ണം ഏററവും കൂടുതൽ ആയിരിക്കുന്നതു് തിരുവനന്തപുരം ഡിവിഷൻ അസിസ്റ്റൻറിൻെറ ആപ്പീസിൽ ആകുന്നു. ൧൧൦൦-ൽ ൩൬൨൦, ൧൧൦൧-ൽ ൩൦൧൦ വീതം നികുതി ചുമത്തപ്പെട്ടവർ ഉണ്ടായിരുന്നു. അടുത്തതായി നികുതിചുമത്തൽ കൂടുതൽ ഉള്ളതു ആലപ്പുഴ ഡിവിഷൻ അസിസ്റ്റൻറിൻെറ ആപ്പീസിൽ ആണ്. അവിടെ ൧൧൦൦-ൽ ൯൨൩൭-ം ൧൧൦൧-ൽ ൨൫൩൦ വീതം അസെസ്സികൾ ഉണ്ടായിരുന്നു. അസെസ്സ് ചെയ്യുന്നതിനെ സംബന്ധിച്ചുള്ള ജോലിക്കു പുറമെ ഡിവിഷൻ അസിസ്റ്റൻറന്മാർക്കു അവരുടെ കീഴിലുള്ള കളക്ടറന്മാർ അസെസ്സു ചെയ്തിട്ടുള്ളവയെ സംബന്ധിച്ചുള്ള അപ്പീലുകൾ കേട്ടു് തീർമാനിക്കേണ്ടതായ ജോലിയും കൂടിയുണ്ട്. മററുസ്ഥലങ്ങളിലുള്ള ഡിവിഷൻ അസിസ്റ്റൻറന്മാർ ൩൦൦൦ രൂപാ മുതൽ ൧൦,൦൦൦ രൂപാവരെയുള്ള ആദായത്തെ മാത്രം അസെസ്സു ചെയ്താൽ മതിയെന്നിരിക്കെ, തിരുവനന്തപുരത്തും ആലപ്പുഴയും ഉള്ള ഡിവിഷൻഅസിസ്റ്റൻറന്മാർ ഇതിനും പുറമെ ഈ പട്ടണങ്ങളിൽ ൧൦,൦൦൦ രൂപാവരെയുള്ള അസെസ്സികളെ അസെസ്സു ചെയ്യേണ്ടതായ ജോലികൂടിയുണ്ട്. ഇത്തരത്തിലുള്ള വിവിധജോലികളും നിർവഹിക്കാൻ ചുമതലപ്പെട്ട ഒരു ഉദ്യോഗസ്ഥൻ അദ്ദേഹത്തിനു നൽകപ്പെട്ടിട്ടുള്ള അധികാരങ്ങളെ ശരിയായും ന്യായമായും ഉപയോഗിക്കണമെങ്കിൽ ആയതിന് അദ്ദേഹത്തിൻെറ ഗുമസ്ഥന്മാരിൽനിന്നും ശരിയായിട്ടുള്ള സഹായം ലഭിക്കുന്നു എങ്കിൽ മാത്രമേ സാധിക്കയുള്ളു എന്നുള്ള സംഗതി ഞാൻ പ്രത്യേകം എടുത്തു പറയേണ്ട ആവശ്യം യാതൊന്നും തന്നെ ഇല്ലല്ലോ. ഇപ്പോഴുള്ള സ്റ്റാഫിനും പുറമെ ആലപ്പുഴയും തിരുവനന്തപുരത്തും ഉള്ള ഡിവിഷൻഅസിസ്റ്റൻറന്മാരുടെ ആഫീസുകളിൽ ആദായനികുതി സംബന്ധമായുള്ള ജോലി ചെയ്യുന്നതിനായി ശേഷിയുള്ള ഓരോ ഗുമസ്ഥന്മാർകൂടി ഉണ്ടായിരിക്കേണ്ടതു വളരെ അത്യാവശ്യമാണെന്നു എനിക്കു നല്ലപോലെ ബോദ്ധ്യം വന്നിട്ടുണ്ട്. ആദായനികുതി സ്റ്റേറ്റുമെൻറുകൾ ഒത്തുനോക്കുന്നതിലും കണക്കുകൾ പരിശോധിക്ക

ന്നതിലും കാര്യമായ സഹായം ഡിവിഷൻ അസിസ്റ്റൻറന്മാർക്കു ലഭിക്കുന്നതിലേക്കായി കണക്കുകൾ ആഡിററു ചെയ്യുന്നതിലും ബുക്ക് കീപ്പിംഗിലും നല്ല പരിജ്ഞാനം ഉള്ള ഓരോ ആളുകളെ ൪൦-൫/൨-൭൦ എന്നുള്ള ശമ്പളസ്കെയിലിൽ ഗുമസ്താക്കളായി മേൽ പറഞ്ഞ ഓരോ ആഫീസിലും നിയമിക്കണമെന്നാണു ഇപ്പോൾ അപേക്ഷിക്കുന്നതു്. മററു ഇനങ്ങളിൽ ധാരാളം ജോലി ചെയ്തു തീർക്കുവാനുള്ളതുകൊണ്ടു ഹെഡ് ക്ലാർക്കന്മാർക്കു ഇപ്പോഴുള്ള സ്റ്റാഫിനെയാതൊരു പ്രകാരത്തിലും കൂടുതൽ ജോലി ഏല്പിക്കാൻ തരമില്ല. ആദായനികുതി സംബന്ധിച്ച ജോലി ഗവണ്മെൻറിന്റെയും പൊതുജനങ്ങളുടെയും രക്ഷയെ ഒരുപോലെ ബന്ധിക്കുന്ന ഒന്നാണെന്നുള്ളതുകൊണ്ടു ഈ ജോലിക്കു ഇരുപതോ ഇരുപത്തഞ്ചോ രൂപാ ശമ്പളമുള്ള ഒരു കുറഞ്ഞ ക്ലാർക്കിനെ ചുമതലപ്പെടുത്തുന്നതു ഒട്ടുംതന്നെ ആശാസ്യമായിരിക്കയില്ലെന്നു ഞാൻ പറയുന്നതിനോടു ഈ സഭ യോജിക്കുമെന്നു തന്നെ ഞാൻ വിശ്വസിക്കുന്നു. ആഫീസിലുള്ള റവന്യൂവും മജിസ്റ്റീരിയലും ജോലികളുടെ മേൽനോട്ടത്തിൽ തന്നെ ധാരാളം ജോലിയുള്ളതുകൊണ്ടു ഇപ്പോഴത്തെ ഹെഡ് ക്ലാർക്കിനു ആദായനികുതി സംബന്ധിച്ചുള്ള കാര്യങ്ങളിലൊട്ടും തന്നെ ശ്രദ്ധപതിപ്പിക്കാൻ കഴിയുന്നില്ല.

൧൧൦൭-ധനു ൧-ാംനു- മുതൽ രണ്ടു ഗുമസ്താക്കളെ നിയമിക്കാൻ വേണ്ടിയുള്ള ൫൯൦ രൂപാ മാത്രമേ ഞാൻ ഇപ്പോൾ ആവശ്യപ്പെടുന്നുള്ളു. ഈ കൂടുതൽ ഗ്രാൻറിനെ അനുവദിക്കണമെന്നു ഞാൻ സഭയോടു അപേക്ഷിക്കുന്നു.

പ്രസിഡൻറ്. സഭ ഇതിനെ അംഗീകരിക്കുന്നതായി ഞാൻ വിചാരിച്ചുകൊള്ളട്ടയോ?

ഗ്രാൻറ് അനുവദിക്കപ്പെട്ടു.

ഡിമാൻഡ് ൧൪-പോലീസ്.

മി. ആർ. കെ. കൃഷ്ണപിള്ള (ആക്ടിംഗ് പോലീസ് കമ്മിഷണർ). സർ, ൧൪-ാം നമ്പർ ഡിമാൻഡായ പോലീസിനു ൧൯൭൭ രൂപായിൽ കവിയാതുള്ള ഒരു ഗ്രാൻറ് അനുവദിക്കണമെന്നു ഞാൻ ആവശ്യപ്പെടുന്നു. ഇതു ആകെ രണ്ടിനങ്ങൾക്കായിട്ടാകുന്നു. ഒന്നാമത്തേതു കൂടുതലായി ഒരു ട്രാഫിക് ഇൻസ്പെക്ടറെക്കൂടി നിയമിക്കുന്നതിലേക്കു ആവശ്യമുള്ള ൭൧ രൂപായും മറേറതു പൂജപ്പുര ഔട്ട്പോസ്റ്റ് സ്റ്റേഷനെ ചാർജിംഗ് സ്റ്റേഷൻ ആക്കുന്നതിലേക്കു ആവശ്യമുള്ള ൧൯൦൪ രൂപായും ആകുന്നു. ഇപ്പോൾ ഒരു ട്രാഫിക് ഇൻസ്പെക്ടർമാത്രമേ ഉള്ളു. മോട്ടോർ ട്രാഫിക് പെട്ടെന്നു വളരെ വർദ്ധിച്ചതു നിമിത്തം അപ്പോൾ ഉണ്ടായിരുന്ന ഒരു ഇൻസ്പെക്ടർക്കു തൽസംബന്ധമായ ജോലി മുഴുവൻ ശരിയായി ചെയ്തുതീർക്കുവാൻ സാധിക്കാതെ വന്നതിനാൽ ഈ കൌൺസിലിന്റെ കഴിഞ്ഞ യോഗത്തിൽവച്ചു കൂടുതലായി ഒരു ഇൻസ്പെക്ടറെക്കൂടി നിയമിക്കുന്നതിനു അനുവദിക്കയുണ്ടായല്ലോ. ആ ഉദ്യോഗത്തിൽ ആളിനെ നിയമിക്കുന്നതിനു മുമ്പായി കാര്യസ്ഥിതികൾക്കു മാററങ്ങൾവന്നു ചേരുകയാൽ സ്റ്റാഫിനെ വീണ്ടും വർദ്ധിപ്പിക്കേണ്ട ആവശ്യം നേരിട്ടിരിക്കുന്നു. ആ കാരണങ്ങൾ താഴെ പറയുന്നവയാണ്. (൧) മോട്ടോർബസ്സുകളെ സംബന്ധിച്ചു നടത്തിവരുന്ന ആറുമാസപരിശോധന ഏർപ്പാടിൽ ഉള്ള കുറവുകൾ (൨) ഗവണ്മെൻറിലേക്കു നേരിടുന്ന റവന്യൂനഷ്ടം. (൩) മോട്ടോർ പരിശോധകന്മാർ പോലീസുഡിപ്പാർട്ടുമെൻറിൽ ഉള്ളവർ അല്ലാത്തതുകൊണ്ടു മോട്ടോർട്രാഫിക്കിനെ പരിപാലനം നടത്തിക്കൊണ്ടുപോകുന്ന കാര്യത്തിൽ ഉത്തരവാദിയായ പോലീസുകമ്മിഷണർക്കു അവരുടെമേൽ യാതൊരു നിയന്ത്രണാധികാരവും ഇല്ലെന്നുള്ളതു്. (൪) രണ്ടു ഇൻസ്പെക്ടർമാർമാത്രം ഉള്ളപക്ഷം അവരുടെ അധികാരസീമയെ നിർണ്ണയിക്കുന്നതിനായി മൂന്നു പോലീസുഡിസ്ത്രിക്ടുകൾ ഉള്ളവയെ രണ്ടായി ഭാഗിക്കേണ്ട ആവശ്യം ഇവയെല്ലാററിലും പ്രധാനമായി. (൫) ഈ ജോലി ശരിയായി ചെയ്തുതീർക്കുന്നതിനു രണ്ടു ഇൻസ്പെക്ടറന്മാർ പോരാ എന്നുള്ളതു്.

കഴിഞ്ഞയോഗത്തിൽ വച്ചു ഈ വിഷയത്തെപ്പററി സംസാരിച്ച ഈ സഭയിലെ മെമ്പറന്മാർ തന്നെ സ്റ്റാഫിനെ വർദ്ധിപ്പിക്കേണ്ടതും കൂടുതൽനിയന്ത്രണം ഉണ്ടായിരിക്കേണ്ടതും ആവശ്യമായിട്ടുള്ളതാണെന്നുള്ള സംഗതി ബോദ്ധ്യമായിട്ടുള്ളതുകൊണ്ടു ഒടുവിലത്തെ കാരണത്തെസംബന്ധിച്ചുള്ള എന്റെ ജോലി വളരെ ലഘൂകരിക്കപ്പെട്ടിട്ടുള്ളതിനാൽ അതേസംബന്ധിച്ചു കൌൺസിലിനെ ബോദ്ധ്യപ്പെടുത്താൻ ഞാൻ ശ്രമിക്കേണ്ട ആവശ്യമില്ലല്ലോ. അതിനാൽ മുൻപറഞ്ഞവയിൽ ൧ മുതൽ ൪ വരെ സംഗതികളെ സംബന്ധിച്ചുമാത്രം സംസാരിക്കാം. ഇപ്പോഴത്തെ പരിശോധന ഏർപ്പാടിലുള്ള കുറവുകളെയും ഗവണ്മെൻറിലേക്കു റവന്യൂനഷ്ടം നേരിടുന്നതിനെയും പററി താഴെപറയുംപ്രകാരം വിവരിക്കാമെന്നുള്ളതാകുന്നു. ഇപ്പോൾ ൧൪ പരിശോധകന്മാർ ഉള്ളവരിൽ ൩ പേർ അനുദ്യോഗസ്ഥന്മാരും ശേഷം ൧൧ പേർ ഉദ്യോഗസ്ഥന്മാരും ആകുന്നു. ഉദ്യോഗസ്ഥന്മാർ പൊതുമരാമത്തു ഡിപ്പാർട്ടുമെൻറിൽനിന്നും ചീഫ്എൻജിനിയരാൽ തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ചില എൻജിനിയറന്മാരാണ്. അനുദ്യോഗസ്ഥന്മാർ മെസേഴ്സ് ഹാരിസൻസ് ആൻഡ് ക്രാസ്ഫീൽഡ്സ്, ഡാറാ ഇണ്ടിയയിൽ തുടങ്ങിയുള്ള ചില പ്രസിദ്ധകമ്പനികളിലെ എഞ്ചിനീയറന്മാരാണു. ഉദ്യോഗസ്ഥാംഗങ്ങൾക്കു പരിശോധനഫീസിൽ പകുതി മാത്രമേ കിട്ടുന്നുള്ളു. അനുദ്യോഗസ്ഥാംഗങ്ങൾക്കാകട്ടെ മുഴുവൻഫീസും കിട്ടുന്നു. പരിശോധനയ്ക്കു നിശ്ചയിച്ചിട്ടുള്ള ഫീസ്, പരിശോധന ഒന്നിനു, ഒരു ടണ്ണോ അതിൽ കുറവോ ഉള്ള ബസ്സുകൾക്കു ൧൫ രൂപാവീതവും ഒരു ടണ്ണിൽ കൂടുതൽ ഉള്ള ബസ്സുകൾക്കും ലാറികൾക്കും ൨൦ രൂപാവീതവും ആകുന്നു. ഓരോ ബസ്സും ആണ്ടിൽ ൨ പ്രാവശ്യംവീതം പരിശോധിക്കണം. ഒരു ടണ്ണും അതിൽ കുറവും ആയി ൩൫൪ ബസ്സുകളും ഒരു ടണ്ണിൽ കൂടുതൽ ഉള്ളവയായി ൨൦൬ ബസ്സുകളും ലാറികളും ആണ് ആകെ ഇപ്പോൾ ഉള്ളതു്. അതിനാൽ ഇവയുടെ പരിശോധനഫീസ് ആണ്ടിൽ ൨൦൧൪൦ രൂപായോളം ആകുന്നുണ്ട്. കഴിഞ്ഞ ആണ്ടിൽ ചില ബസ്സുകൾ ഓടിക്കാതെ കിടപ്പിൽ ആയിരുന്നതുകൊണ്ടു തുല്യമായി ഈ തുകതന്നെ വരികയില്ല എന്നേയുള്ളു.

മി: എസ്. പിററിപെരുമാൾപിള്ള (കച്ചവടതൊഴിൽ സംഘങ്ങൾവക തെക്കൻ മെമ്പർ) ൧൧൦൫-ലും, ൧൧൦൬-ലും ഓടിക്കാതെ ഇരുന്നിട്ടുള്ള ബസ്സുകളുടെ എണ്ണം എത്രഎന്നു മെമ്പറിൽനിന്നും അറിഞ്ഞാൽകൊള്ളാം.

മി: ആർ, കെ, കൃഷ്ണപിള്ള (ആക്ടിംഗ്പോലീസ്കമ്മിഷണർ): കൃത്യമായിട്ടുള്ള എണ്ണം പറവാൻ എനിക്കു ഇപ്പോൾ നിവൃത്തിയില്ല.

ഗവണ്മെൻറിനു ഇപ്പോൾ ഈ തുകയിൽ മൂന്നുപകുതിയിൽ കുറവായ ഒരുഭാഗം മാത്രമേ ലഭിക്കുന്നുള്ളു. ഒരു ഡിപ്പാർട്ടുമെന്റൽ ഏജൻസിയെ ഈ പരിശോധനയ്ക്കായി നിയമിക്കുന്നതായിരുന്നാൽ ഈ മുഴുവൻതുക

യും ഗവണ്മെന്റിലേക്കു റവന്യൂവായി ലഭിക്കുമെന്നുള്ളതാണ്. ബസ്സുടമസ്ഥന്മാർ അവരോടു മമതയായി പെരുമാറുന്ന പരിശോധകന്മാരുടെ അടുക്കൽ മാത്രമേ ബസ് പരിശോധനയ്ക്കായി കൊണ്ടുപോകയുള്ളൂ എന്നുള്ളതുകൊണ്ടു ഇപ്പോൾ പരിശോധകന്മാരിൽ ചിലർക്കു മാത്രമേ പരിശോധനയ്ക്കായി ബസ്സുകൾ കിട്ടാറുള്ളൂ. പരിശോധകന്മാർ ഫീസിന്റെ ഒരു അംശം എടുക്കുവാൻ അനുവദിക്കുന്നിടത്തോളംകാലം ഇതു മറുപ്രകാരത്തിൽ വരുവാനും തരമില്ല. പരിശോധനകളിൽ കണിശക്കുറവു സർവസാധാരണമായി വരുന്നതുമാകുന്നു. ഈ പരിശോധകന്മാർ വെറും മെക്കാനിക്കൽ എഞ്ചിനീയറന്മാർ മാത്രം ആയതുകൊണ്ടു മോട്ടോർ യന്ത്രസംബന്ധമായ അറിവു അവർക്കുണ്ടായിരിക്കാൻ തരമില്ല. ആ സ്ഥിതിക്കു ഈ പരിശോധനകൾ നടത്തുന്നതിനുള്ള ത്രാണിതന്നെ അവർക്കുണ്ടോ എന്നു എനിക്കു സംശയമാണ്. ഇപ്രകാരം ഇപ്പോൾ പരിശോധനകൾ തൃപ്തികരം അല്ലാതെ ഇരിക്കയും ഗവണ്മെന്റിന്റെ റവന്യൂ നഷ്ടപ്പെടുകയും ചെയ്യുന്നു.

മി: എസ്. പിറവിപെരുമാൾപിള്ള (കച്ചവടക്കൈത്തൊഴിൽ സംഘങ്ങൾ വക തെക്കൻ മെമ്പർ): ഇപ്പോൾ ബസ്സുകൾ പരിശോധിക്കുന്ന ഏജൻസിയുടെ യോഗ്യത എന്താണെന്നറിഞ്ഞാൽ കൊള്ളാം.

മി: ആർ. കെ. കൃഷ്ണപിള്ള (ആക്ടിംഗ് പോലീസ് കമ്മീഷണർ): അവരിൽ മിക്കവരും മെക്കാനിക്കൽ എഞ്ചിനീയറന്മാരാണ്. ഈ യോഗ്യത മതിയാകുമെന്നു എനിക്കു തോന്നുന്നില്ല.

മി: എസ്. പിറവിപെരുമാൾപിള്ള (കച്ചവടക്കൈത്തൊഴിൽ സംഘങ്ങൾ വക തെക്കൻ മെമ്പർ): മെക്കാനിക്കൽ എഞ്ചിനീയറിംഗിനു പുറമെ എന്തു യോഗ്യതയാണു ആവശ്യമുള്ളതു എന്നറിഞ്ഞാൽ കൊള്ളാം.

മി: ആർ. കെ. കൃഷ്ണപിള്ള (ആക്ടിംഗ് പോലീസ് കമ്മീഷണർ): മോട്ടോർ യന്ത്രങ്ങളെ സംബന്ധിച്ചു പ്രത്യേകപരിജ്ഞാനം ഉണ്ടായിരിക്കേണ്ടതാണ്. ഈ പരിജ്ഞാനം സാധാരണയായി എല്ലാ മെക്കാനിക്കൽ എഞ്ചിനീയറന്മാർക്കും ഉണ്ടായിരിക്കയില്ല.

മി: എസ്. പിറവിപെരുമാൾപിള്ള (കച്ചവടക്കൈത്തൊഴിൽ സംഘങ്ങൾ വക തെക്കൻ മെമ്പർ): ഇപ്പോൾ പരിശോധന നടത്തുവാൻ അധികാരപ്പെടുത്തപ്പെട്ടിട്ടുള്ളവർ പ്രത്യേകപരിജ്ഞാനം ഉള്ളവർ അല്ലെന്നാണോ ഞാൻ മനസ്സിലാക്കേണ്ടതു?

മി: ആർ. കെ. കൃഷ്ണപിള്ള (ആ: പോലീസ് കമ്മീഷണർ): ഇതിലേക്കു എഞ്ചിനീയറന്മാരെ തിരഞ്ഞെടുത്തു ശുപാർശ ചെയ്തതു ചീഫ് എഞ്ചിനീയർ ആയതുകൊണ്ടു ഈ ചോദ്യത്തിനു ഉത്തരം പറയേണ്ടതു അദ്ദേഹം ആണ്.

പരിശോധകന്മാരുടെ മേലുള്ള മേലധികാരത്തെ സംബന്ധിച്ചാണു അടുത്തതായി ആലോചിക്കാനുള്ളതു. പരിശോധന നടത്തി സർട്ടിഫിക്കേറ്റു കൊടുത്തു കഴിഞ്ഞാൽ ഉടൻതന്നെ പരിശോധകന്റെ ചുമതല അവസാനിക്കുന്നു. പരിശോധന കഴിഞ്ഞ ഉടൻതന്നെ ബസ്സുകൾക്കു വല്ല അപകടവും സംഭവിക്കുന്നപക്ഷവും പരിശോധകന്മാരോടു സമാധാനം ചോദിക്കാൻ നിവൃത്തിയില്ല. നേരെ മറിച്ചു ഒരു ഡിപ്പാർട്ടുമെന്റൽ ഏജൻസി ഈ പരിശോധന നടത്തുകയും ആ ഏജൻസി ഓരോ ഡിസ്ട്രിക്ട് സൂപ്രണ്ടിന്റെയും കീഴിൽ ആയിരിക്കയും ചെയ്യുന്നു എങ്കിൽ ഡിസ്ട്രിക്ട് സൂപ്രണ്ടിനു പരിശോധകനോടു ഉടൻതന്നെ ഇതേപ്പറ്റി സമാധാനം ചോദിക്കയും അയാളെ വേണ്ടപോലെ ശിക്ഷിക്കയും ചെയ്യാമെന്നുള്ളതാണ്. ഇതോടുകൂടി പരിശോധകന്മാർക്കു മേലാൽ പരിശോധനഫീസിന്റെ യാതൊരു അംശവും കിട്ടുകയില്ല എന്നുകൂടി വരുമ്പോൾ പരിശോധനകൾ ശരിയായിതന്നെ നടത്തപ്പെടുമെന്നുള്ളതാകുന്നു.

പോലീസ് ഡിസ്ട്രിക്ടുകളെ രണ്ടായി തിരിച്ചു ഓരോ ഇൻസ്പെക്ടറെയും ഈ രണ്ടു ഡിസ്ട്രിക്ട് സൂപ്രണ്ടന്മാരുടെ കീഴിൽ നിയമിക്കുന്നതുകൊണ്ടു നാം കാര്യക്ഷമതയെ വളരെ കുറയ്ക്കുകയാണു ചെയ്യുന്നതു എന്നുള്ളതിനെ തെളിയിക്കുവാൻ വലിയ വാദം ഒന്നുംതന്നെ ആവശ്യം ഇല്ല. ഓരോ ഡിസ്ട്രിക്ടിലും ഓരോ ട്രാഫിക് ഇൻസ്പെക്ടർ ഉണ്ടായിരിക്കണം. ഇൻസ്പെക്ടറന്മാരുടെ എണ്ണം മൂന്നാക്കി വർദ്ധിപ്പിക്കണം എന്നു ആവശ്യപ്പെട്ടിരിക്കുന്നതിന്റെ കാരണങ്ങൾ മേൽ പറഞ്ഞവയാണ്. ബസ്സുകളെ പരിശോധിക്കുന്നതിനും അതിലേക്കുള്ള മുഴുവൻ ഫീസും ഗവണ്മെന്റിലേക്കു അടക്കുന്നതിനും മോട്ടോർ ട്രാഫിക്കിനെ നിയന്ത്രിക്കുന്നതിനും ക്രമീകരിക്കുന്നതിനും ആയി മോട്ടോർട്രാഫിക് ഉള്ള റോഡുകളിൽകൂടി സഞ്ചരിക്കുന്നതിനും അവരോടു ആവശ്യപ്പെടുന്നതായിരിക്കും. അതിനാൽ ഇതിലേക്കു തെരഞ്ഞെടുക്കുന്ന ആളുകൾക്കു വേണ്ട യോഗ്യതകൾ ഉണ്ടായിരിക്കേണ്ടതാണെന്നും ഗവണ്മെന്റിന്റെ ഉദ്ദേശ്യവും അതുതന്നെയാണെന്നും വന്നുചേരുന്നതാണല്ലോ.

ഇതിലേക്കുള്ള വഴികളെയും മാർഗ്ഗങ്ങളെയും സംബന്ധിച്ചാണല്ലോ അടുത്തതായി ആലോചിക്കേണ്ടതു. ഇപ്പോഴുള്ള ഇൻസ്പെക്ടറന്മാരുടെ എണ്ണത്തിനുപുറമെതന്നെ ഒരു മൂന്നു ഇൻസ്പെക്ടറന്മാരെയും കൂടുതലായി നിയമിക്കുന്നപക്ഷവും ഇപ്പോഴത്തെ ശുപാർശപ്രകാരം ഉള്ള ഏർപ്പാടുകൾ നടപ്പിൽ വരുത്തുന്നപക്ഷം നമുക്കു ലഭിക്കുന്ന തുക ഇവരുടെ ശമ്പളച്ചിലവിലേക്കു ആവശ്യമുള്ളതിൽ കൂടുതലായിരിക്കുമെന്നു ഞാൻ മുമ്പുതന്നെ പറഞ്ഞുവല്ലോ. എന്നാൽ ഇപ്പോൾ അങ്ങിനെ കൂടുതലായി നിയമിക്കേണ്ട ആവശ്യം ഇല്ല. റിസർവ് പോലീസ് അസിസ്റ്റന്റ് ഇൻസ്പെക്ടറുടെ ഉദ്യോഗം ഇപ്പോൾ ഒഴിവായിരിക്കയാണ്. മൂന്നാമത്തെ ഇൻസ്പെക്ടറെ ഈ ഒഴിവിൽ നിയമിക്കാമെന്നുള്ളതാകുന്നു. കൂടുതലായി ആവശ്യമുള്ള തുക മാസം ഒന്നുക്കു ൫൦ രൂപാ ക്രമത്തിനുള്ള ഡ്യൂട്ടി അലവൻസ് മാത്രമാണ്. ഈ കൊല്ലത്തിൽ ഇനിയുള്ള ൭ മാസത്തേക്കു രണ്ടു ഇൻസ്പെക്ടറന്മാർക്കു ൭൦൦ രൂപാമാത്രമേ ആവശ്യമുള്ളൂ. ഡ്യൂട്ടി അലവൻസ് വകക്കും ശിപായിമാരുടെ ശമ്പളംവകക്കും ആയി [illegible] രൂപാ ഇപ്പോൾതന്നെ അനുവദിച്ചുകിടപ്പുണ്ട്. കൂടുതലായി ആവശ്യമുള്ള തുക ൫൦ രൂപ മാത്രമാണ്. ഈ തുക അനുവദിക്കണമെന്നു ഞാൻ കൌൺസിലിനോടു അപേക്ഷിച്ചുകൊള്ളുന്നു.

മി: എസ്. പിറവിപെരുമാൾപിള്ള (കച്ചവടക്കൈത്തൊഴിൽ സംഘങ്ങൾ വക തെക്കൻ മെമ്പർ): മോട്ടോർകാറുകളും ബസ്സുകളും പരിശോധിക്കുന്നതിനു വേണ്ട പരിജ്ഞാനം ഇൻസ്പെക്ടറന്മാർക്കു ഇല്ലാതിരിക്കുന്നപക്ഷം പോലീസ് കമ്മീഷണർക്കു മേലധികാരം ഉണ്ടെന്നുള്ളതുകൊണ്ടുമാത്രം ഇപ്പോൾ ഉള്ള വൈഷമ്യം നീങ്ങുന്നതാണോ?

മി: ആർ. കെ. കൃഷ്ണപിള്ള (ആ: പോലീസ് കമ്മീഷണർ): ഞാൻ ഇതേ സംബന്ധിച്ചു വേണ്ടപോലെ ആലോചിച്ചു നോക്കിയതിൽ ഇപ്പോൾ ആലോചിച്ചിരിക്കുന്ന ഏർപ്പാടുകൊണ്ടു കാര്യങ്ങൾ വളരെ ഭംഗിയായി നടക്കുമെന്നുതന്നെയാണു എന്റെ വിശ്വാസം.

അടുത്തതായി പൂജപ്പുര ഔട്ട്പോസ്റ്റ്സ്റ്റേഷനെ ചാർജ്ജിംഗ്സ്റ്റേഷൻ ആക്കുന്നതിനെ സംബന്ധിച്ചു പറയാം. പൂജപ്പുര ഒരു ചാർജ്ജിംഗ്സ്റ്റേഷൻ ഉണ്ടായിരിക്കേണ്ട ആവശ്യം നേരിട്ടിട്ടു പലരെ നാളായി. ൧൲൱൦-ൽ പോലും അപ്പോഴത്തെ തിരുവനന്തപുരം ഡിസ്ട്രിക്ട്സൂപ്രണ്ടു അവിടെ ഒരു ചാർജ്ജിംഗ്സ്റ്റേഷൻ സ്ഥാപിക്കണമെന്നു ശുപാർശചെയ്കയുണ്ടായി. ഡിസ്ട്രിക്ട്സൂപ്രണ്ടു, പോലീസ കമ്മിഷണർ, ഡിസ്ട്രിക്ട് മജിസ്ട്രേട്ട് ഇവർ തമ്മിൽ ഇതു സംബന്ധിച്ചു എഴുത്തുകുത്തു നടന്നുകൊണ്ടിരിക്കയായിരുന്നു. ഒരു ചാർജ്ജിംഗ് സ്റ്റേഷൻ ആവശ്യമാണെന്നുള്ളതിൽ എല്ലാപേരുടേയും അഭിപ്രായം ഒരുപോലെ അനുകൂലമായിത്തന്നെ ഇരുന്നു. എന്നാൽ ഇതു സംബന്ധിച്ചുള്ള മുഴുവൻ ഏർപ്പാടുകളും നടപ്പിൽവരുത്തുന്നതിനുമുമ്പായി ൧൲൱൧-ൽ പ്രജാസഭയുടെ ൧൰-ാമത്തെ യോഗത്തിലെ മെമ്പറായിരുന്ന മിസ്റ്റർ എം. സി. നാരായണപിള്ള വട്ടിയൂർക്കാവിൽ ഉള്ള ജനങ്ങളുടെ സൌകര്യത്തിനുവേണ്ടി കഴക്കൂട്ടം സ്റ്റേഷൻ അവിടെനിന്നു ശിയാരത്തേക്കു മാററണമെന്നു ആവശ്യപ്പെട്ടു. ഇതുസംബന്ധിച്ചു ഡിസ്ട്രിക്ട് സൂപ്രണ്ടിന്റെ അഭിപ്രായം അറിയണമെന്നു ആവശ്യപ്പെട്ടു. അദ്ദേഹത്തിന്റെ അഭിപ്രായം സ്റ്റേഷൻ ശിയാരത്തേക്കു മാററുന്നതുകൊണ്ട് വട്ടിയൂർക്കാവുകാരുടെ ബുദ്ധിമുട്ടുകളിൽ ഒരംശത്തിനുമാത്രമേ പരിഹാരം ഉണ്ടാവുകയുള്ളു എന്നും മററുള്ള അസൌകര്യങ്ങൾ ഇപ്പോഴത്തെപ്പോലെതന്നെ ഇരിക്കുമെന്നും പൂജപ്പുര ഒരു ചാർജ്ജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നപക്ഷം എല്ലാകുഴപ്പങ്ങളും നീങ്ങുന്നതായിരിക്കും എന്നും ആയിരുന്നു. ഇതിനുള്ള കാരണങ്ങൾ താഴെപറയുന്നവയാണ്. (൧) പൂജപ്പുരക്കു പ്രധാന്യം കൂടിവരുന്നതും ടൌണിന്റെ വിസ്തീർണ്ണം ആ വഴിക്ക് അധികമായി വന്നതും (൨) വട്ടിയൂർക്കാവുകാർ ടൌണിലുള്ള പലസ്റ്റേഷനും കടന്നു ൫ മൈൽ ദൂരംനടന്നു കഴക്കൂട്ടത്തുപോയി പരാതികൾ ബോധിപ്പിക്കുന്നതിൽ അവർക്കു നേരിട്ടുകൊണ്ടിരിക്കുന്ന അസൌകര്യങ്ങൾ; (൩) ടൌണിലുള്ള ചില ഇൻസ്പെക്ടരന്മാരുടേയും കഴക്കൂട്ടം ഇൻസ്പെക്ടരുടേയും ജോലി ഒരുവിധം ഭംഗിയായി നടത്തിക്കൊണ്ടുപോകാവുന്നതിൽ കവിഞ്ഞുള്ളതാകയാൽ അവരുടെ ജോലികുറയേണ്ട ആവശ്യം— എന്നിവയാകുന്നു.

ഇപ്പോഴത്തെ ശുപാർശനുസരിച്ചു പ്രവർത്തിക്കുന്നപക്ഷം ഈ കുറവുകളെയെല്ലാം പരിഹരിക്കാമെന്നുള്ളതാണ്. ആ സ്റ്റേഷനിലേക്കു ഇപ്പോൾ ആവശ്യമുള്ളതിൽ ഏററവും കുറഞ്ഞ സിൽബന്തികളെമാത്രമേ ഞാൻ ആവശ്യപ്പെടുന്നുള്ളു. ഈ ആണ്ടിൽ ധനുമാസംമുതല്ക്കുള്ള ൭ മാസത്തേക്കു ൧൰൦ രൂപാ അനുവദിക്കണമെന്നു ഞാൻ കൌൺസിലിനോടു അപേക്ഷിച്ചുകൊള്ളുന്നു.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരം—നെടുമങ്ങാട്) പൂജപ്പുര ഔട്ട് പോസ്റ്റ്സ്റ്റേഷനെ ശിയാരത്തേക്കുമാററുന്നതു നന്നായിരിക്കുമെന്നു നിങ്ങൾക്കു തോന്നുന്നുണ്ടോ?

മി: ആർ. കെ. കൃഷ്ണപിള്ള (ആക്ടിംഗ് പോലീസ് കമ്മിഷണർ) ആ ഔട്ട് പോസ്റ്റ് സ്റ്റേഷനെ ഇപ്പോൾ തുടങ്ങണമെന്നുദ്ദേശിക്കുന്ന ചാർജ്ജിംഗ് സ്റ്റേഷനുമായി യോജിപ്പിക്കുന്നതായിരിക്കും.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരം—നെടുമങ്ങാട്) ശിയാരത്തു ഒരെണ്ണം സ്ഥാപിക്കുന്നതിനെ സംബന്ധിച്ചു നിങ്ങൾ ആലോചിക്കുമൊ?

മി: ആർ. കെ. കൃഷ്ണപിള്ള (ആക്ടിംഗ് പോലീസ് കമ്മിഷണർ) അതിന്റെ ഗുണദോഷങ്ങളെപ്പററി പ്രത്യേകമായി ആലോചിച്ചു തീരുമാനിക്കേണ്ടതായിട്ടാണു ഇരിക്കുന്നതു്.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരം; നെടുമങ്ങാട്) ദയവുചെയ്തു നിങ്ങൾ അതിനെപ്പററി ആലോചിക്കുമൊ?

മി: ആർ. കെ. കൃഷ്ണപിള്ള (ആക്ടിംഗ് പോലീസ് കമ്മിഷണർ) ഞാൻ അതിനെപ്പററി ആലോചിക്കാം.

മി: എസ്. ചിറവിളെ പെരുമാൾപിള്ള (കച്ചവടകൈത്തൊഴിൽ സംഘങ്ങൾവക തെക്കൻമെമ്പർ) സർ; മോട്ടോർബസ്സുകളുടെ എണ്ണം വളരെ വർദ്ധിച്ചിട്ടുണ്ടെന്നും ഇതിനെസംബന്ധിച്ചു ശരിയായ നിയന്ത്രണം ഉണ്ടായിരിക്കേണ്ടതു ആവശ്യമാണെന്നും പൊതുജനങ്ങളുടെ രക്ഷയെപ്പററി ശ്രദ്ധിക്കേണ്ടതു ആവശ്യമാണെന്നും ആകയാൽ ഇപ്പോഴുള്ള ട്രാഫിക് ഇൻസ്പെക്ടരന്മാരുടെ എണ്ണം വർദ്ധിപ്പിക്കേണ്ടതു ആവശ്യമായിരിക്കുന്നു എന്നും എന്റെ സ്നേഹിതൻ മിസ്റ്റർ കൃഷ്ണപിള്ള പറയുകയുണ്ടായല്ലോ. ശരിയായവിധത്തിൽ എന്നല്ല ഫലപ്രദമായവിധത്തിൽ ഉള്ളനിയന്ത്രണം ആവശ്യമായിരിക്കുന്നു എന്നുള്ളതും പൊതുജനങ്ങളുടെ രക്ഷയെ ശ്രദ്ധാപൂർവ്വം കാത്തുകൊണ്ടുപോകേണ്ടതാണെന്നുള്ളതും പരമാർത്ഥംതന്നെ. യഥാർത്ഥം നോക്കുന്നപക്ഷം ഈ ഡിപ്പാർട്ടുമെന്റിന്റെ പ്രഥമചുമതല ജനങ്ങളുടെ രക്ഷയെ പാലിക്കുക എന്നുള്ളതാണല്ലോ. മോട്ടോർ ട്രാഫിക്കിനെ നിയന്ത്രിക്കുന്നതിനും പൊതുജനങ്ങളുടെ രക്ഷയെ സുദൃഢമാക്കുന്നതിനും വേണ്ടി ഒരു ട്രാഫിക് ഇൻസ്പെക്ടരെ നിയമിക്കാൻ അനുവദിച്ചിട്ടു ഇപ്പോൾ പത്തുവർഷത്തോളം ആയി എന്നാണ് എന്റെ ഓർമ്മ. സർ; എന്നാൽ ട്രാഫിക് ഇൻസ്പെക്ടർ എന്നൊരു ഉദ്യോഗം പുതുതായി സൃഷ്ടിച്ചതിന്റെ ശേഷം മോട്ടോർ ബസ്സുകളെ ശരിയാംവണ്ണം നിയന്ത്രിച്ചുവരുന്നുണ്ടോ? പൊതുജനങ്ങളുടെ രക്ഷ സുദൃഢമാക്കിയിരിക്കയാണോ? അവരുടെ ജീവനു യാതൊരു അപായവും വരാതെ വേണ്ടപോലെ സൂക്ഷിക്കുന്നുണ്ടോ? ഞാൻ ശക്തിമത്തായും യാതൊരു എതിർവാദവും ഉണ്ടാകുകയില്ലെന്നുള്ള ധൈര്യത്തോടുകൂടിയും ഇല്ല എന്നു മറുപടിപറഞ്ഞുകൊള്ളുന്നു. എന്തുകൊണ്ടു എന്നു നിങ്ങൾ ചോദിക്കുമായിരിക്കാം. തീകെടുത്തുന്നതിനുള്ള യന്ത്രം വാങ്ങുന്നതിനുള്ള പണം അനുവദിച്ചതുകൊണ്ടുമാത്രം തീകെടുത്തുവാൻ സാധിക്കുകയില്ലെന്നാണു എനിക്കു ഇതിനുമറുപടിയായി പറവാനുള്ളതു്. അതിലേക്കു ചുമതലപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥൻ തീകെടുത്തുവാൻ ഉപയോഗമുള്ളയന്ത്രംതന്നെ വാങ്ങണം. അല്ലാതെ കാഴ്ചയിൽ തീകെടുത്തുന്നതിനു ഉപയോഗമുള്ളതാണെന്നു തോന്നാവുന്നവയും എന്നാൽ യഥാർത്ഥത്തിൽ അതിനു യാതൊരുപ്രകാരത്തിലും ഉപയോഗം ഇല്ലാത്തവയും ആയ ഏതെങ്കിലും യന്ത്രങ്ങൾ വാങ്ങിയാൽപോരാ. സർ; ട്രാഫിക് ഇൻസ്പെക്ടരന്മാരുടെ എണ്ണംവർദ്ധിപ്പിച്ചതുകൊണ്ടുമാത്രം ശരിയായവിധത്തിലും പ്രയോജനകരമായവിധത്തിലും മോട്ടോർ ബസ്സുകളെ നിയന്ത്രിക്കുന്നതിനൊ അപകട സംഭവങ്ങളെ കുറക്കുന്നതിനൊ പൊതുജനങ്ങളുടെ ജീവനെയും സ്വത്തിനെയും സുരക്ഷിതമാക്കിച്ചെയ്യുന്നതിനൊ സാധിക്കുന്നതല്ല എന്നും നേരെമറിച്ചു തത്സംബന്ധമായ ജോലി അറിയാവുന്നവരും വേണ്ടയോഗ്യതയുള്ളവരും ശേഷിമാന്മാരും ആയ ആളുകളെ നിയമിച്ചു എങ്കിൽ മാത്രമേ ഇവയെല്ലാം സാധിക്കയുള്ളു എന്നും ആണു ഞാൻ പറയുന്നതു്. ഈയിടെ അതായതു കഴിഞ്ഞ ബഡ്ജററ് യോഗത്തിൽ വച്ചു കൂടുതലായി ഒരു ട്രാഫിക് ഇൻസ്പെക്ടരെക്കൂടി നാം അനുവദിക്കയുണ്ടായല്ലോ. സർ; മോട്ടോർ ട്രാഫിക്കിന്റെ ക്രമീകരണവും മോട്ടോർ വാഹനങ്ങളുടെ നിയന്ത്രണവും വളരെ തൃപ്തികരമായ നിലയിൽ ഇരിക്കുന്നില്ല എന്നു എന്റെ

സ്നേഹിതൻ മിസ്റ്റർ കൃഷ്ണപിള്ള കഴിഞ്ഞ ബഡ്ജററ് യോഗത്തിൽ വച്ചു സമ്മതിച്ചു എന്നുമാത്രമല്ല ഇപ്പോഴും സമ്മതിക്കുന്നുമുണ്ടു. സർ; നിയമനത്തിനുള്ള അനുവാദം വാങ്ങിഎന്നല്ലാതെ മറ്റുയാതൊന്നും പ്രവർത്തിച്ചുകാണുന്നില്ലാത്തതിനാൽ ഈ സംഗതിയെപററി ഈ ഹാളിൽവച്ചു പ്രസംഗിച്ച സന്ദർഭത്തിൽ അദ്ദേഹത്തിനുണ്ടായിരുന്ന ഉശിരും ശുഷ്കാന്തിയും വെളിയിൽ ഇറങ്ങിയപ്പോൾ അദ്ദേഹത്തെ വിട്ടുമാറിപ്പോയതായിരുന്നെ വിചാരിക്കേണ്ടിയിരിക്കുന്നു. ഈ ഉദ്യോഗത്തിൽ ഇതുവരെ ആളെനിയമിച്ചിട്ടില്ല. സർ! മോട്ടോർമെക്കാനിസത്തെ സംബന്ധിച്ച പ്രായോഗികപരിജ്ഞാനവും വേണ്ട ഇതരയോഗ്യതകളും ത്രാണിയും ഉള്ള അപേക്ഷകന്മാരുടെ അഭാവംനിമിത്തമാണോ ഇതുവരെ ആളെനിയമിക്കാത്തതെന്നു് എന്നു ഞാൻ ചോദിച്ചുകൊള്ളുന്നു. ഇതുസംബന്ധിച്ചു കമ്മീഷണർ നമ്മെ പറഞ്ഞു മനസ്സിലാക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. കൂടുതലായി ഒരു ട്രാഫിക് ഇൻസ്പെക്ടരെ കൂടി നിയമിക്കുന്നതിനുള്ള ഫണ്ട് നമ്മുടെ സ്നേഹിതൻ മിസ്റ്റർ കൃഷ്ണപിള്ള ആവശ്യപ്പെടുന്നു. അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ഇതിന്റെ ആവശ്യകതയെപററി അദ്ദേഹം വിശദമായി വർണ്ണിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ അഭിപ്രായത്തോടു ഞാൻ പൂർണ്ണമായിയോജിക്കയും ചെയ്യുന്നു. സർ; ബസ് ഉടമസ്ഥന്മാരുടെ ന്യായരഹിതമായ പ്രവൃത്തികൾ ധാരാളമുണ്ട്. വേണ്ടപോലെയും ശക്തിമത്തായുമുള്ള മേൽനോട്ടം ഇല്ലാത്തപക്ഷം ജീവദാനം ഉത്തരവാദിത്വബോധം ഇല്ലാത്തവരും എന്നാൽ യാതൊരുപ്രകാരത്തിലുംകൂടാതെ കഴിക്കാൻ നിവൃത്തിയില്ലാത്തവരും ആയ ബസ്സുടമസ്ഥന്മാരെ നിയന്ത്രിക്കുക എന്നുള്ളതു് തീരെ അസാധ്യമായിട്ടുള്ളതാകുന്നു. ഇപ്പോൾ ബസ്സുകളെ പരിശോധിക്കയും പൊതുജനങ്ങൾക്കു സഞ്ചാരത്തിനുള്ള വാഹനങ്ങൾ എന്നനിലയിൽ അവയെ ഉപയോഗിക്കുന്നതിനുള്ള പെർമിററുകൾ കൊടുക്കയും ചെയ്യുന്ന സമ്പ്രദായം വേണ്ടമാതിരിയിലല്ല. ബസ്സുകളെ ആറുമാസത്തിൽ ഒരിക്കൽവീതം പരിശോധിക്കുന്നു. ആസമയം അവ പബ്ലിക് റോഡിൽ ഉപയോഗയോഗ്യമാണെന്നു കാണുകയും ചെയ്യുന്നു. അവിടെ അതു അവസാനിക്കുന്നു. അടുത്തപരിശോധനക്കു മുമ്പുള്ള കാലത്തെ ഈ ബസ്സുകളുടെ അവസ്ഥ, പ്രത്യേകിച്ചും അവയുടെ യന്ത്രങ്ങളുടെ അവസ്ഥ, കേവലം നിന്ദാവഹമായിട്ടുള്ളതാണെന്നേ പറവാനുള്ളു. നിർമ്മാണത്തിലുള്ള തകരാറുകളുടെ ഫലമായി ഉടൻതന്നെ മരണം ഉണ്ടാകത്തക്കവിധത്തിലുള്ള അപകടങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നതായി അനേകം ഉദാഹരണങ്ങൾ എടുത്തു പറയാമെന്നുള്ളതാകുന്നു. എന്നാൽ ഇതിനെസംബന്ധിച്ചു ട്രാഫിക് ഡിപ്പാർട്ട്മെൻറ് എന്തുചെയ്യുന്നു? ആരെയും കുററപ്പെടുത്തണം എന്നുള്ള ഉദ്ദേശം ഇല്ലെങ്കിലും നേരെപറയുന്നപക്ഷം അവർക്ക് എന്തുചെയ്വാൻ കഴിയും? വളരെ വേഗത്തിൽ പോകുന്ന ഒരു വാഹനത്തിനു അത്യന്താപേക്ഷിതമായിട്ടുള്ള ബ്രേക്ക് ഉപയോഗശൂന്യമായിപോയിരിക്കുന്നു എന്നുള്ളകാരണത്തിന്മേൽ ൧൧൦൦, ൧൧൦൧, ൧൧൦൨, ഈ വർഷങ്ങളിൽ ഒരു ബസ്സിന്റെ എങ്കിലും പെർമിററ് എടുത്തുകളയണമെന്നായി ട്രാഫിക് ഡിപ്പാർട്ട്മെൻറ് ശുപാർശചെയ്തിട്ടുള്ളതായി ഒരു ഒററ ഉദാഹരണമെങ്കിലും പോലീസ് കമ്മീഷണർ എന്നോട് പറയാമോ? എന്നാലും ബ്രേക്കുകൾ ഇടുന്ന സന്ദർഭത്തിൽ അവ പിടിക്കാതിരിക്കുന്നതുനിമിത്തം ഉടനടി മരണംസംഭവിക്കുന്നതിനുള്ളതിലേക്കു ധാരാളം ഉദാഹരണങ്ങൾ ഉണ്ട്. സർ, അതിനാൽ ഞാൻപറയുന്നതു കേവലം ട്രാഫിക് ഇൻസ്പെക്ടറന്മാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതുകൊണ്ടുമാത്രം യാതൊരുപ്രയോജനവും ഇല്ലഎന്നും മോട്ടോർയന്ത്രങ്ങളെ സംബന്ധിച്ചു ശരിയായ അറിവുള്ളവരും മോട്ടോർ വർക്ക്ഷാപ്പുകളിൽ ജോലിചെയ്തു ഈ വിഷയത്തിൽ പ്രായോഗികപരിജ്ഞാനം സിദ്ധിച്ചിട്ടുള്ളവരും വേണ്ട യോഗ്യതയുള്ളവരും ആയ മെക്കാനിക്കൽ എഞ്ചിനിയറന്മാരെ നിയമിക്കേണ്ടതാണെന്നും ആകുന്നു. സർ ഇത്രയും പറഞ്ഞുകൊണ്ടു ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നു.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): സർ, കൂടുതലായി ഒരു ട്രാഫിക് ഇൻസ്പെക്ടരെക്കൂടി നിയമിക്കുന്നതിനുള്ള ഈ ഡിമാൻഡിനെ ഇപ്പോഴത്തെ ട്രാഫിക് നിയന്ത്രണം യാതൊരു പ്രകാരത്തിലും തൃപ്തികരമായിരിക്കുന്നില്ല എന്നുള്ള പരമാർത്ഥം മേലധികാരികൾക്കു ബോദ്ധ്യം വന്നിരിക്കുന്നു എന്നുള്ളതിന്റെ ഒരു സൂചനയായി കരുതാമെന്നുള്ള പക്ഷം ഇങ്ങനെ ബോദ്ധ്യം വന്നിട്ടുള്ളതു ഒട്ടുംതന്നെ നേരത്തെയായിപ്പോയിട്ടില്ല എന്നു ഞാൻ പറഞ്ഞുകൊള്ളുന്നു. യാതൊരു വീണ്ടുവിചാരവുമില്ലാതെ കണ്ടമാനം മോട്ടോർ വാഹനങ്ങൾ ഓടിക്കുന്നതുകൊണ്ടു് ഉണ്ടാകുന്ന അപകടവും ഉപദ്രവവും ജനസമുദായത്തിനു മൊത്തമായിതന്നെ ഒരു വലിയ ഭയഹേതുകമായി തീർന്നിരിക്കയാണെന്നു നമുക്കറിയാമല്ലോ. ഈ ഭയഹേതു വളരെ വർദ്ധിച്ചിട്ടുണ്ടെന്നു മാത്രമല്ല ഇപ്പോഴും വർദ്ധിച്ചുകൊണ്ടുതന്നെവരുന്നും ഉണ്ട്. അതിനാൽ അതിനെ നിറുത്തേണ്ടതു എത്രയും അത്യാവശ്യമായിതീർന്നിരിക്കുന്നു എന്നു ഞാൻ പറഞ്ഞുകൊള്ളുന്നു. ഇതിനെ നിറുത്തുന്നതിനുള്ള മാർഗ്ഗം എന്തെന്നു ആലോചിക്കാം. ട്രാഫിക്കു റെഗുലേററും മോട്ടോർ എക്സാമിനറും ഒരാൾ ആയിരുന്നാൽ സാധിക്കുമെന്നു പോലീസ് കമ്മീഷണർ സൂചിപ്പിക്കയുണ്ടായല്ലോ. അദ്ദേഹത്തിന്റെ സൂചന മോട്ടോർമെക്കാനിക്കും ട്രാഫിക് റെഗുലേററും ഒരേ ആൾതന്നെ ആയിരിക്കണമെന്നാണ്. അദ്ദേഹം നമ്മെ കണക്കുകൾകാണിച്ചു ബോദ്ധ്യപ്പെടുത്തിയിട്ടുണ്ട്. ഇപ്പോൾ മോട്ടോർബസ്സുകളുടെ പരിശോധന നടത്തുന്നതു ൧൮ പേരും ട്രാഫിക്കിനെ ക്രമീകരിക്കുന്നതു ഒരാളും ആണെന്നു അദ്ദേഹം പറയുന്നു. ആകയാൽ ഇപ്പോൾ ഈ ജോലിചെയ്യുന്നത് ൧൨ ആളുകൾ ആണ്. ലാഭത്തേയും കാര്യക്ഷമതയേയും അടിസ്ഥാനമാക്കി പോലീസ്കമ്മീഷണർ സൂചിപ്പിക്കുന്നതു ൧൨ പേർചേന്നു ചെയ്തുവരുന്നതായ ഈ ജോലിയെ മൂന്നു ഇൻസ്പെക്ടറന്മാരെ ഏൽപിക്കാമെന്നാണ്. സർ, മേലധികാരികളെ സംബന്ധിച്ചിടത്തോളം ഇതു ഒരു അഭിലഷണീയമായ മനോഭാവം തന്നെ എന്നുള്ളതിനു യാതൊരു സംശയവുമില്ല. ഗവൺമെൻറിനു് വേണ്ടി ഒരു ഉദ്യോഗസ്ഥൻ മുന്നോട്ടുവന്നു ൧൨ പേർക്കുപകരം എനിക്കു മൂന്നു ആളുകളെതന്നാൽമതി. കൂടുതൽ റവന്യൂകാണിച്ചുതരാം. ജോലിയും കൂടുതൽ കാര്യക്ഷമതയോടുകൂടി നടത്തപ്പെടുന്നതായിരിക്കും'' എന്നു ഒരു സമ്മതം ആകെ ആവശ്യപ്പെടുന്നതു ഒരു പക്ഷെ ഇതു ആദ്യമായിരിക്കാം. സർ, ഗവൺമെൻറിനേയും ബുദ്ധിമാനായ പോലീസുകമ്മീഷണരെയും ഞാൻ ഹാർദ്ദവമായി അനുമോദിക്കുന്നു. ൧൨ ആളുകൾക്കുപോലും തൃപ്തികരമായി ചെയ്വാൻ സാധിക്കാത്ത ഈ ജോലിയെ ൩ ആളുകൾക്കു കുറെക്കൂടി ഭംഗിയായ വിധത്തിൽ ചെയ്വാൻ കഴിയുമെന്നു അദ്ദേഹം യഥാർത്ഥത്തിൽ വിശ്വസിക്കുന്നുണ്ടോ എന്നു ഞാൻ വളരെ ഗൗരവമായി ചോദിച്ചുകൊള്ളുന്നു. എനിക്കു അതിൽ വളരെ സംശയമുണ്ട്. സർ! മൂന്നുപേരു അവർക്കു ചെയ്തുതീർക്കാവുന്നതിൽ എത്രയോ മടങ്ങ് കൂടുതൽജോലി ഏൽപ്പിക്കുന്നതുകൊണ്ടു ജോലി കൂടുതൽ അതൃപ്തികരമായിതീരുകയേ ഉള്ളു എന്നാണ് എന്റെ സംശയം.

മി: എം. ശിവതാണുപിള്ള (തോവാള): ഈ ജോലിക്കു നിയമിതരായിട്ടുള്ള ഏഴു ആളുകളിൽ ഏഴു പേർക്കു യാതൊരുത്തരോടും ഉത്തരവാദിത്വം ചെയ്യേണ്ട ആവശ്യമില്ല എന്നു പോലീസ്കമ്മീഷണർ പറഞ്ഞതു മി: എ. കെ. പിള്ള കേട്ടില്ലയോ എന്നു അദ്ദേഹത്തിൽ നിന്നും അറിഞ്ഞാൽകൊള്ളാം.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): ഉത്തരവാദിത്വത്തെ സംബന്ധിച്ചു ഞാൻ അല്പം കൂടി കഴിഞ്ഞു സംസാരിച്ചുകൊള്ളാം.

ഏഴു ആളുകൾക്കു തീരെ തൃപ്തികരമായ വിധത്തിൽ ചെയ്യാൻ സാധിക്കാത്ത ഈ ജോലിയെ ൩ ആളുകൾക്കു കൂടുതൽ തൃപ്തികരമായും കാര്യക്ഷമതയോടുകൂടിയും ചെയ്യാൻ സാധിക്കും എന്നാണ് പോലീസുകമ്മീഷണർ സൂചിപ്പിച്ചതു്. ബസ്സുകളുടേയും മററുമോട്ടോർ വാഹനങ്ങളുടേയും എണ്ണം വളരെ വർദ്ധിച്ചിട്ടുണ്ടെന്നും അതിനാൽ ഈ ഏഴു ആളുകൾക്കു അവയെ തൃപ്തികരമായവിധത്തിൽ പരിശോധിക്കുവാൻ സാധിക്കുന്നില്ല എന്നും പറഞ്ഞുവല്ലോ. എന്നാൽ മൂന്നുപേർക്കു ഇവയെ പരിശോധിക്കുവാൻ സാധിക്കുമോ? മേലാലും ബസ്സുകളുടെ എണ്ണം വർദ്ധിച്ചുകൊണ്ടുതന്നെ ഇരിക്കുമെന്നുള്ളപക്ഷം എങ്ങനെയാണു ഏഴു പേർക്കു തൃപ്തികരമായി ചെയ്യാൻ സാധിക്കാത്ത ഈ ജോലിയെ മൂന്നു പേരെ ഏല്പിക്കുന്നതു്? ഒരാളിനു ഈ ഗതാഗതത്തെ ക്രമപ്പെടുത്തിക്കൊണ്ടു പോകുവാൻ സാധിക്കയില്ലെന്നു കണ്ടിരിക്കുന്നു. അതുകൊണ്ടു കൂട്ടത്തിൽ ഒരു ട്രാഫിക് ഇൻസ്പെക്ടറെ കൂടി നിയമിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുകയും കഴിഞ്ഞ ആണ്ടിൽ ആയതു അനുവദിക്കയും ചെയ്തു. പോലീസ് കമ്മീഷണർ ഇപ്പോൾ ഒരാളെക്കൂടി ആവശ്യപ്പെടുന്നു. ഗതാഗതത്തെ ക്രമപ്പെടുത്തുന്നതിലേക്കുമാത്രം മൂന്നു പേരെങ്കിലും കൂടിയേ തീരൂ എന്നാണു എൻെറ താഴ്മയായ അഭിപ്രായം. ബസ്സുകളെ പരിശോധിക്കുന്നതിനു പ്രത്യേകമായി കുറെ വിദഗ്ദ്ധന്മാരും വേണം. ഈ രണ്ടു കാര്യങ്ങളും ഒരിക്കലും ഒന്നായിയോജിപ്പിച്ചുകൂട. ഗതാഗതം ക്രമീകരിക്കുന്ന ആളിനു പരിശോധന ശരിയായിട്ടുണ്ടോ ഇല്ലയോ എന്നു പരിശോധിക്കുന്നതിനുള്ള അധികാരം ഉണ്ടായിരിക്കണം. ഒരേ ആൾതന്നെ ബസ്സുകൾ പരിശോധിക്കുന്നതിനും ബസ്സ് ഗതാഗതം ക്രമപ്പെടുത്തുന്നതിനും നിയമിതനാകുന്നപക്ഷം ആയതു അനാശാസ്യമായ നടപടികൾക്കു ഇടയാകുന്നതാണ്. മോട്ടോർ ഗതാഗതത്തിൻെറ ചാർജ്ജ് നേരിട്ടുവഹിക്കുന്ന ഉദ്യോഗസ്ഥനു ഇപ്പോൾ ബസ്സുകൾ പരിശോധിക്കാൻ ചുമതലപ്പെട്ടവരായ ഏഴു ആളുകളുടെമേൽ യാതൊരു അധികാരവും ഇല്ലെന്നു പോലീസ്കമ്മീഷണർ പറയുന്നു. ഡിപ്പാർട്ടുമെൻറിനുള്ളിൽതന്നെ വല്ല ഏർപ്പാടുകളും ചെയ്തു ഈ സംഗതിയെ വളരെ എളുപ്പത്തിൽ ശരിപ്പെടുത്താമെന്നുള്ളതാണ്. പരിശോധകന്മാരുടെ നടപടി ക്രമീകരിക്കുന്നതിനായി ഒരു ബില്ലോ അതുപോലെ മററെന്തെങ്കിലുമോ നടപ്പിൽ വരുത്താമെന്നുള്ളതാകുന്നു. പരിശോധനകൾ ശരിയാംവണ്ണം നിർവഹിക്കാത്തപക്ഷം അവരെ പ്രാസിക്യൂട്ട് ചെയ്യുന്നതാണെന്നു ഒരു നിബന്ധന ഏർപ്പെടുത്താമെന്നുള്ളതാണ്. ഒരു എഞ്ചിനീയർ ഒരു ബസ് പരിശോധിച്ചു. അതു സവാരിക്കു യോഗ്യമായനിലയിൽ തന്നെ ഇരിക്കുന്നു എന്നു സർട്ടിഫിക്കേററ് കൊടുക്കയും അടുത്തദിവസം തന്നെ ബസ്സിനു എന്തെങ്കിലും അപകടം പററുകയും ചെയ്യുന്നപക്ഷം ബസ്സിലെ ഡ്രൈവറെയും അതു പരിശോധിച്ച ആളിനേയും പ്രാസിക്യൂട്ടു ഉത്തരവാദികൾ ആക്കണം. അനേകം ആളുകൾ ചെയ്യുന്നതായ ഒരു ജോലിയെ ഒരാളോടു ചെയ്യുവാൻ പറഞ്ഞു യാതൊരു ജോലിയും ആ ആളിനു തൃപ്തികരമായി ചെയ്യുന്നതിനു സാധിക്കാതെ ആക്കിത്തീർക്കുന്നതിനെക്കാൾ നല്ലതു ഇങ്ങനെ കർശനമായ ഒരു നിയമം നടപ്പിൽ വരുത്തുന്നതല്ലയോ? പരീക്ഷാർത്ഥം ഇങ്ങനെ ഒന്നു ചെയ്തു അതിൻെറ ഫലം എന്തായിരിക്കുമെന്നുകണ്ടുപിടിക്കണമെന്നാണു പോലീസ്കമ്മീഷണരുടെ താല്പര്യം എന്നു വരികിൽ അങ്ങനെ ചെയ്തുകൊള്ളുന്നതിനു അദ്ദേഹത്തെ അനുവദിക്കുന്നതിൽ ഞങ്ങൾക്കു യാതൊരു വിരോധവും ഇല്ല. എന്നാൽ പ്രവർത്തിച്ചു നോക്കുന്നതിനു മുമ്പുതന്നെ ഇന്നതാണു സംഭവിക്കാൻപോകുന്നതു എന്നു നമുക്കെല്ലാപേർക്കും അറിയാമെന്നുള്ള സ്ഥിതിക്കു ഇപ്രകാരമുള്ള പരീക്ഷകൾക്കായി നമ്മുടെ പണവും സമയവും വ്യയം ചെയ്യുന്നതു യുക്തമാണോ? ഗതാഗതത്തെ ക്രമപ്പെടുത്തുന്നതിനു ഇൻസ്പെക്ടറന്മാർ വേണം. ബസ്സുകളുടെ പരിശോധനക്കു പ്രത്യേകം ഏർപ്പാടു വേറെ ചെയ്യണം. കോട്ടയം, കൊല്ലം, നാഗർകോവിൽ, തിരുവനന്തപുരം ഈ സ്ഥലങ്ങൾപോലെ സൌകര്യം ഉള്ളവയും പ്രധാനപ്പെട്ടവയും ആയ ഏതാനും കേന്ദ്രസ്ഥലങ്ങൾ തെരഞ്ഞെടുത്തു അവിടങ്ങളിൽ ബസ്സ് പരിശോധിക്കുന്നതിനായി ഔദ്യോഗിക എഞ്ചിനീയരന്മാരെ നിയമിച്ചു ആക്കണം എന്നാണ് എൻെറ അഭിപ്രായം. ഈ എഞ്ചിനീയരന്മാർ ഈ ജോലിക്കുമാത്രം നിയമിതരായിട്ടുള്ളവരോ അല്ലാത്തപക്ഷം ക്ലിപ്തസമയങ്ങളിൽ മാത്രം പരിശോധന നടത്തുന്നവരോ ആയിരിക്കുന്നതിൽ വിരോധമില്ല. പരിശോധനഫീസിൻെറ ഒരു അംശം ഇപ്പോൾ നൽകിവരുന്നതിനു പകരം ഇവർക്കു ഒരു നിശ്ചിതഡ്യൂട്ടി അലവൻസ് കൊടുക്കണം. പരിശോധനഫീസിൻെറ ഒരു അംശം കിട്ടുമെന്നുള്ളപ്പോൾ മാത്രമാണ് കഴിയുന്നിടത്തോളം കൂടുതൽ ബസ്സുകൾ പരിശോധിക്കണമെന്നു ഉള്ള ആശ തോന്നുന്നതു്; കൈക്കൂലിക്കും മററു അനാശാസ്യമായ നടപടികൾക്കും ഇടയാകുന്നതും അതുകൊണ്ടാണ്. ചില പരിശോധകന്മാർ മോട്ടോർ ഉടമസ്ഥന്മാരോടു കൂടുതൽ ദയവുള്ളവരായിരിക്കുന്നതിൻെറ കാരണവും ഇതുതന്നെയാണ്. അതിനാൽ ഇവർക്കു നൽകിവരുന്ന അലവൻസ് ഒരു നിശ്ചിതസംഖ്യ ആക്കണം. അപ്പോൾ ഒരുത്തനു ഒരു ദിവസം മടിതോന്നുന്നു എങ്കിൽ അന്നു പരിശോധനക്കായി കൊണ്ടുചെല്ലുന്ന ബസ്സിനെ ഇപ്പോഴത്തെ മാതിരി വല്ലവണ്ണവും ഒന്നു പരിശോധിച്ചുവിടുന്നതിനു പകരം അതിൻെറ ഉടമസ്ഥനോടു് അന്നു ബസ്സ് തിരിയെ കൊണ്ടുപോകണമെന്നും കുറെക്കൂടി സൌകര്യമുള്ള വേറൊരു ദിവസം കൊണ്ടുവരണമെന്നും ആവശ്യപ്പെടുന്നതിനു നിർബന്ധിതനാകുമെന്നുള്ളതാണ്. ഇങ്ങനെ ഒരു ഏർപ്പാടു നടപ്പിൽ വരുത്തുന്നപക്ഷം പരിശോധകന്മാർ കൂടുതൽ ദയവുള്ളവരായി തീരുന്നതല്ല. നേരേ മറിച്ചു പൊതുജനങ്ങളോടും ഗവൺമെൻറിനോടും അവർക്കുള്ള ഉത്തരവാദിത്വത്തെ സംബന്ധിച്ചു ശരിയായബോധമുള്ളവരും നല്ലസ്വഭാവവും സത്യബോധവും ഉള്ളവരും ആയ ആളുകളെ ഉദ്യോഗങ്ങളിൽ നിയമിക്കുന്നപക്ഷം അവർ ഇപ്പോഴത്തെതിനെക്കാൾ കൂടുതൽ കർശനമായിട്ടല്ലയോ പ്രവർത്തിക്കുമെന്നുള്ളതായിരിക്കും. നമുക്കു സത്യബോധമുള്ള ആളുകളെതന്നെ കിട്ടുമെന്നു നല്ല നിശ്ചയമുള്ളപക്ഷം ബസ്സുകളെപരിശോധിക്കുന്ന ജോലി അവരെ ഏല്പിക്കാമെന്നുള്ളതാണ്. ഗതാഗതത്തിൻെറ ക്രമീകരണം നടത്തുന്നതു അവശ്യം പോലീസ് ഇൻസ്പെക്ടറന്മാർതന്നെ ആയിരിക്കണം.

ഈ സംഗതിയുടെ മറെറാരുവശംകൂടി ആലോചിക്കേണ്ടതായുണ്ടു്. ട്രാഫിക് ഇൻസ്പെക്ടറന്മാരെ പോലീസ് ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാരിൽ ഒരു പ്രത്യേക ജാതി ഉദ്യോഗസ്ഥന്മാരായി കരുതുന്നപക്ഷം സർവ്വീസിലുള്ള മറെറതെങ്കിലും തുറകളിലേക്കു കയററം കിട്ടുന്നതിനു അവർക്കു വല്ല മാർഗ്ഗവും ഉണ്ടോ? അവർ സർവ്വീ

സിൽ ഇരിക്കുന്നിടത്തോളം കാലം ട്രാഫിക് ഇൻസ്പെക്ടറന്മാർ ആയി തന്നെ ഇരുന്നു കഴിച്ചുകൂട്ടേണ്ടതായി വരും. അതു വളരെ പരിതാപകരമായ ഒരു സ്ഥിതിതന്നെയാണ്. കുറേക്കൂടി കഴിഞ്ഞു "ഇപ്പോഴത്തെ ഏർപ്പാടു പരിക്ഷിച്ചുനോക്കിയതിൽ ജോലി ശരിയായി നടക്കുന്നില്ല എന്നു കണ്ടിരിക്കുന്നതിനാൽ കാര്യക്ഷമമായ ജോലിനടത്തിപ്പിനായി ട്രാഫിക് ഇൻസ്പെക്ടറന്മാരുടെ എണ്ണം വർദ്ധിപ്പിക്കേണ്ടതായിരിക്കുന്നു" എന്നു പോലീസ് കമ്മീഷണർ പറയുമെന്നാണു എന്റെ അഭിപ്രായം. മുൻകൂട്ടി ഇപ്രകാരം വരുമെന്നു കണ്ടു ഇപ്പോൾതന്നെ അതിലേക്കു വേണ്ട ഏർപ്പാടുകൾ ചെയ്യുന്നതു നന്നായിരിക്കുമെന്നാണ് എന്റെ അഭിപ്രായം. ഗതാഗതത്തെ നിയന്ത്രിക്കുന്നതിനു കൂടുതൽ ആളുകൾ ഉണ്ടായിരിക്കണം. എന്നാൽ ഈ ആളുകൾ നല്ല സ്വഭാവവും കൂടുതൽ ഉത്തരവാദിത്വബോധവും ഉള്ളവർ ആയിരിക്കണം. കൂടുതൽ കർശനമായ നിയമങ്ങളും ഉണ്ടായിരിക്കണം. ടിക്കററുകൾ കൂടാതെ മോട്ടോർ ബസ്സുകളിൽ സഞ്ചരിക്കുന്നവരായി അനേകം പോലീസ് ഇൻസ്പെക്ടറന്മാരെ എനിക്കറിയാം. സാധാരണയായി ഒരു പോലീസ് ഇൻസ്പെക്ടർ ഒരു ബസ്സിൽ ഏതെങ്കിലും ഒരു സ്ഥലത്തേക്കു തനിക്കു പോകണമെന്നു പറയുന്നു. കൺട്രാക്ടർ ഉടൻ താഴെ ഇറങ്ങി മുൻബഞ്ചിൽതന്നെ ഇൻസ്പെക്ടർക്കു ഇരിക്കാനായി സ്ഥലം ഒഴിഞ്ഞുകൊടുക്കുന്നു. പണം ആവശ്യപ്പെടുന്നും ഇല്ല. ഇങ്ങനെ ചെയ്യുന്നതുകൊണ്ടു ബസ്സുടമസ്ഥന്മാർക്കു ഇൻസ്പെക്ടർക്കു കടപ്പാടു വന്നുചേരുന്നു. തന്മൂലം ചട്ടങ്ങളെ ശരിയായി അനുഷ്ഠിക്കുന്നവിഷയത്തിൽ ബസ്സുടമസ്ഥന് ജാഗ്രത കുറഞ്ഞും വരുന്നു. ഇങ്ങിനെയുള്ള അനേകം ഉദാഹരണങ്ങൾ എനിക്കറിയാം. ഇപ്രകാരമുള്ള അനാശാസ്യനടപടിയുടെ മറെറാരു ഉദാഹരണം ഞാൻ പറയാം. ബസ്സുകൾ ഓടിക്കുന്നതിനുള്ള വേഗത്തിനു ഒരു കണക്കു നിശ്ചയിച്ചിട്ടുള്ളതായി നമുക്കു എല്ലാവർക്കും അറിയാമല്ലോ. ഈ കണക്കനുസരിച്ചുതന്നെ എല്ലായ്പോഴും ബസ് ഓടിക്കുന്നതായിരുന്നാൽ അതു വലിയ ചിലവിനു കാരണമായിത്തീരുമെന്നു ബസ്സുടമസ്ഥന്മാർക്കു അറിയാം. അതിനാൽ അവർ അതിർകവിഞ്ഞുള്ള വേഗത്തിൽ ബസ് വിട്ടുപോയി പരിശോധന ചെയ്യുന്ന സ്റ്റേഷൻ ഒരു മൈൽ ദൂരെ എത്തുമ്പോൾ അവിടെ ബസ് നിറുത്തുന്നു. ഇങ്ങിനെ ചെയ്യുന്ന ചില സന്ദർഭങ്ങളിൽ പോലീസ് ഇൻസ്പെക്ടർകൂടി ബസ്സിന്റെ അടുക്കൽ ഉണ്ടായിരിക്കും. എന്നാലും ഇതെസംബന്ധിച്ചു ഇൻസ്പെക്ടർ ഡ്രൈവരോടു യാതൊന്നും ചോദിക്കയില്ല. "ഇവിടെ നിറുത്തുന്നതു് എന്തിനാണ്? സ്വാതന്ത്ര്യമായി നമുക്കു നടക്കുന്നതിനു കൂടുതൽ സൌകര്യമുള്ള ടൌണിൽ ചെന്നു നിൽക്കുന്നതല്ലയോ നല്ലതു്" എന്നു ഞാൻ ഡ്രൈവരോടു ഒന്നുരണ്ടുസന്ദർഭങ്ങളിൽ ചോദിച്ചിട്ടുണ്ട്. കണക്കിൽകവിഞ്ഞുള്ള വേഗത്തിൽ വണ്ടിവിട്ടുപോയതിലേക്കു ഡ്രൈവറെ ശിക്ഷിക്കേണ്ടതു തന്റെ ചുമതലയാണെന്നു ഈ സമയം അത്രയും ബസ്സിന്റെ അടുക്കൽ നിന്നിരുന്ന ഇൻസ്പെക്ടർക്കു് തോന്നിയില്ല.

മി: ആർ. കെ. കൃഷ്ണപിള്ള (ആക്റ്റിംഗ് പോലീസ് കമ്മീഷണർ): ടിക്കററ്കൂടാതെ പോലീസ് ഇൻസ്പെക്ടറന്മാർ മോട്ടോർബസ്സുകളിൽ സഞ്ചരിച്ചുവരുന്നതായി ഏതെങ്കിലും പ്രത്യേക ഉദാഹരണങ്ങൾ മിസ്റ്റർ എ. കെ. പിള്ള പോലീസ് കമ്മീഷണരുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ടോ.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ടിക്കററ്കൂടാതെ ന്യായരഹിതമായി ഇപ്രകാരം സഞ്ചരിച്ചിട്ടുള്ള ഒരു ഇൻസ്പെക്ടരുടെ പേരു മിസ്റ്റർ എ. കെ. പിള്ളക്കു പറയാൻ കഴിയുമോ.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): പേരുകൾ ഞാൻ പോലീസ് കമ്മീഷണർക്കു എഴുതിഅയച്ചുകൊടുത്തുകൊള്ളാം. ഒന്നോ രണ്ടോ ആളുകളുടെ പേരുകൾ അറിയുന്നതിനു മിസ്റ്റർ നാരായണപിള്ള ഇത്രവളരെ ജിജ്ഞാസ പ്രകടിപ്പിക്കുന്നതു എന്തിനാണ്? അനേകം പോലീസ് ഇൻസ്പെക്ടർമാർ ടിക്കററുകൂടാതെ സഞ്ചരിക്കുന്നതു ഞാൻ കണ്ടിട്ടുണ്ട്. അതിൽനിന്നും പോലീസ് ഇൻസ്പെക്ടർമാർക്ക് ടിക്കററുകൂടാതെ സഞ്ചരിക്കുന്നതിനുള്ള അധികാരവും അവകാശവും ഉണ്ടെന്നു ഞാൻ അല്പകാലം മുമ്പുവരെ ധരിച്ചുകൊണ്ടിരിക്കയായിരുന്നു. ഇതു സർവസാധാരണമായിട്ടുള്ള ഒരു സംഭവമാണ്. ഒരു പോലീസ് ഇൻസ്പെക്ടർ ബസിന്റെ അടുക്കൽവന്നു ഏതെങ്കിലും ഒരു സ്ഥലത്തേക്കു അദ്ദേഹത്തിനു പോകണം എന്നു മേലധികാരം ഉള്ള ഒരുവന്റെ നിലയിൽ ഡ്രൈവരോടു പറയുന്നു. കൺട്രാക്ടർ ഉടൻതന്നെ അദ്ദേഹത്തിനായി മുൻബഞ്ചിൽ ഒരു സ്ഥലം ഒഴിച്ചുകൊടുക്കുന്നു. മററുള്ളവർക്കെന്നപോലെ ഇവർക്കും വഴിയാത്രക്കാരുടെ നിലമാത്രമെയുള്ളു എന്നു ന്യായമായും ശരിയായും പ്രവർത്തിക്കുന്നപക്ഷം ഇവരും ടിക്കററുവാങ്ങേണ്ടവരാണെന്നും ഞാൻ മനസ്സിലാക്കിയിട്ടു വളരെ കുറച്ചുകാലം മാത്രമെ ആയുള്ളു. ഈ സംഗതികളെപ്പററി യാതൊന്നും ഒരു പക്ഷെ അറിഞ്ഞിരിക്കാൻ ഇടയില്ലാത്ത വരാവുന്ന മേലധികാരികളെ ഈ സംഗതികൾ ഗ്രഹിപ്പിക്കണമെന്നും കൂടുതൽ സ്വഭാവഗുണം ഉള്ളവരും ഇങ്ങിനെ കപടമായ മാർഗ്ഗങ്ങളിൽ ഉൾപ്പെടാത്തവരും ആയ ആളുകളെ നിയമിക്കേണ്ടതാണെന്നു മനസ്സിലാക്കണമെന്നും മാത്രമാണ് ഞാൻ ഇപ്പോൾ ഇത്രയും പറഞ്ഞതിൽ എനിക്കുള്ള ഉദ്ദേശം. കൂടുതൽ ഉത്തരവാദിത്വബോധവും ആത്മാഭിമാനവും ഉള്ള ആളുകളെ ആണു നമുക്കു ആവശ്യം ഉള്ളതു്. ബസ്പരിശോധകനും ഗതാഗതനിയന്ത്രകനും ഒരിക്കലും ഒരാൾ ആയിരിക്കാൻ പാടില്ല. അങ്ങിനെ ഒന്നായിരുന്നാൽ ജോലി ഒരിക്കലും ശരിയായി നടത്താൻ സാധിക്കുമെന്നു എനിക്കുതോന്നുന്നില്ല.

മി: ആർ. കെ. കൃഷ്ണപിള്ള (ആക്റ്റിംഗ് പോലീസ് കമ്മീഷണർ): സർ, ഹെഡ് പരിശോധകന്മാർ ഇപ്പോൾ നടത്തിവരുന്ന ബസ്പരിശോധന മൂന്നു ആളുകളെക്കൊണ്ടു നടത്തുക എന്നുള്ളതു അസാദ്ധ്യമാണെന്നു മിസ്റ്റർ എ. കെ. പിള്ളക്കു അഭിപ്രായമുള്ളതായി തോന്നുന്നു. സർ, അനേകംപേരും ബസ്സുകളെ വളരെ കർശനമായ വിധത്തിൽ പരിശോധിക്കുന്നവരായതുകൊണ്ടു ഇപ്പോഴുള്ള എല്ലാ പരിശോധകന്മാരുടെയും അടുക്കൽ ബസ്സുകളെ പരിശോധനക്കായിക്കൊണ്ടു ചെല്ലാറില്ല എന്നു മുമ്പുതന്നെ ഞാൻ പറഞ്ഞുവല്ലോ. യഥാർത്ഥത്തിൽ ഇപ്പോൾ നാലോ അഞ്ചോ പരിശോധകന്മാർ മാത്രമേ പരിശോധനജോലി നടത്തുന്നുള്ളു. മററുള്ളവർ, ഞാൻമുമ്പു പറഞ്ഞതുപോലെ, വളരെ കണിശക്കാർ ആയതുകൊണ്ടു അവർക്ക് പരിശോധനക്കായി യാതൊരുബസ്സും കിട്ടുന്നില്ല. ആകയാൽ ഇപ്പോൾ നാലോ അഞ്ചോ പേർ മാത്രമാണു ഈ ജോലി മുഴുവനും ചെയ്യുന്നതു്. ആ സ്ഥിതിക്കു ഈ മൂന്നു പരിശോധകന്മാർക്ക് ആ ജോലി ചെയ്വാൻ സാധിക്കയില്ലെന്നു പറയുന്നതു എന്തുകൊണ്ടെന്നു എനിക്കു മനസ്സിലാകുന്നില്ല. ഈ ജോലിമുഴുവനും ഈ മൂന്നു ഇൻസ്പെക്ടറന്മാർക്കു തൃപ്തികരമായി ചെയ്തുതീർക്കുവാൻ സാധിക്കുമെന്നാണു എന്റെ പൂർണ്ണമായവിശ്വാസം. ഇൻസ്പെക്ടരന്മാരുടെ എണ്ണം കുറവാണെന്നു അനുഭവംകൊണ്ടു കാണുന്നപക്ഷം അവരുടെ എണ്ണം വർദ്ധിക്കേണ്ടിവരുമെന്നുള്ളതിനു യാതൊരു സംശയവുമില്ല. അതിലേക്കു നാം വേണ്ട ഏർപ്പാടുകൾ ചെയ്യേണ്ടതായിവരും. അതിന്റെശേഷം അവരുടെ എണ്ണത്തെ അല്പമായി

വർദ്ധിപ്പിക്കാമെന്നുള്ളതാണല്ലോ. ആരംഭത്തിൽ ഇപ്പോൾ മൂന്നുപേർ ഉണ്ടായിരുന്നാൽ മതിയാകുമെന്നാണ് എന്റെ അഭിപ്രായം.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): അസിസ്റ്റൻറ് പരിശോധകന്മാർ മററു യാതൊരു ജോലിയും ഇല്ലാത്തവരാണോ എന്നറിഞ്ഞാൽ കൊള്ളാം.

മി: ആർ. കെ. കൃഷ്ണപിള്ള (ആക്ടിംഗ് പോലീസ് കമ്മീഷണർ): അല്ല, അവർക്കു കമ്പനികളിൽ മററു ജോലികൾ ഉണ്ട്.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): കമ്പനികളിലെ ജോലികൾ കഴിഞ്ഞുള്ള ഒഴിവുസമയങ്ങളെ മാത്രം അവർ ബസ്സ് പരിശോധനക്കായി വിനിയോഗിക്കുന്നു എന്നാണോ ഞാൻ മനസ്സിലാക്കേണ്ടതു്?

മി: ആർ. കെ. കൃഷ്ണപിള്ള (ആക്ടിംഗ് പോലീസ് കമ്മീഷണർ): അതെ. അത്രയേ ഉള്ളു.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): ആ സ്ഥിതിക്കു മൂന്നു പേർക്കു ഇവരുടെ ജോലി ചെയ്തുതീർക്കുവാൻ സാധിക്കയില്ലയോ?

മി: ആർ. കെ. കൃഷ്ണപിള്ള (ആക്ടിംഗ് പോലീസ് കമ്മീഷണർ): എനിക്കു അങ്ങിനെയാണ് തോന്നുന്നതു്.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): പരിശോധന എന്നുള്ളതിൽ ഡ്രൈവറന്മാരുടെ ത്രാണിയെ പററി പരീക്ഷിക്കുക എന്നുള്ളതു കൂടി ഉൾപ്പെടുന്നുണ്ടോ?

മി: ആർ. കെ. കൃഷ്ണപിള്ള (ആക്ടിംഗ് പോലീസ് കമ്മീഷണർ): ഇപ്പോൾ ഡ്രൈവറന്മാരെ പരീക്ഷിക്കുന്നതു പോലീസ് ഡിസ്ട്രിക്ട് സൂപ്രണ്ടന്മാരും അസിസ്റ്റൻറ് സൂപ്രണ്ടന്മാരും ആണ്. മേലാൽ ഈ ജോലിയും ഈ ഇൻസ്പെക്ടറന്മാരെ ഏല്പിക്കാമെന്നുള്ളതാണ്.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഡ്രൈവറന്മാരുടെ ത്രാണി പരിശോധിക്കുന്നതിനും അവർ എപ്പോഴും സുബോധത്തോടുകൂടി തന്നെ ഇരിക്കുന്നുണ്ടോ എന്നുള്ളതിനെപ്പററി സൂക്ഷിച്ചു അറിയുന്നതിനും ഇപ്പോൾ യാതൊരു ഏർപ്പാടും ഇല്ലയോ?

മി: ആർ. കെ. കൃഷ്ണപിള്ള (ആക്ടിംഗ് പോലീസ് കമ്മീഷണർ): അവരെ പരിശോധിക്കുന്നതും നിയന്ത്രിക്കുന്നതും പോലീസ് ഡിസ്ട്രിക്ട് സൂപ്രണ്ടന്മാരും അസിസ്റ്റൻറ് സൂപ്രണ്ടന്മാരും ആകുന്നു.

൩ാം പരിശോധകന്മാരെ പ്രാസിക്യൂട്ട ചെയ്യണമെന്നു മി: എ. കെ. പിള്ള പറയുന്നു. ആ അഭിപ്രായം സ്വീകാരയോഗ്യമാണെന്നു എനിക്കുതോന്നുന്നില്ല. ൨ാം രണ്ടു ചുമതലകളും ഒരാളിൽ ലയിപ്പിക്കുന്നതിനെ സംബന്ധിച്ചും ഇതുപോലെ തന്നെ ചെയ്യാമെന്നുള്ളതാണ്. യോജിപ്പിച്ചു വേല നടത്തുന്നതു ശരിയാകുന്നില്ല എന്നു കാണുന്നപക്ഷം ഇവയെ രണ്ടായി പിരിച്ചു പരിശോധനക്കും ഗതാഗത നിയന്ത്രണത്തിനും പ്രത്യേകം പ്രത്യേകം ഇൻസ്പെക്ടറന്മാരെ നിയമിക്കാമെന്നുള്ളതാണല്ലോ. എങ്ങിനെയായാലും അതെല്ലാം അനുഭവം കൊണ്ടറിഞ്ഞതിനുമേൽ മാത്രം ക്രമപ്പെടുത്തി ചെയ്യാവുന്നതാണ്.

പ്രസിഡൻറ്: ഈ ഗ്രാൻറിനെ സഭ അനുവദിക്കുന്നതായി ഞാൻ വിശ്വസിക്കുന്നു.

ഗ്രാൻറ് അനുവദിക്കപ്പെട്ടു.

ഡിമാൻഡ് ൧൮. കൃഷിമത്സ്യവ്യവസായം.

ഡാക്ടർ. എൻ. കഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായഡയറക്ററർ): സർ, ൧൮-ാംനമ്പർ ഡിമാൻഡായ കൃഷിമത്സ്യവ്യവസായത്തിലേക്ക് ൭൦൦ രൂപായിൽ കവിയാതെയുള്ള ഒരു സപ്ലിമെൻററി ഗ്രാൻറ് അനുവദിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു. പ്രൈവററ് ഭൂമികളിൽ ഉപപാദനങ്ങൾ നടത്തുന്നതിനു ഫീൽഡുമെനിനെ നിയമിക്കുന്നതിനായിട്ടാണ് ഈ ഗ്രാൻറിനു അപേക്ഷിച്ചിരിക്കുന്നതിന്റെ ഉദ്ദേശം. അവർക്കു ഓരോരുത്തർക്കും മാസം തോറും ൯൦ രൂപാ ശമ്പളവും ൰ രൂപാ പടിയും കൊടുക്കണം. ഈ കണക്കനുസരിച്ചു ഒരു മാസത്തേക്കു ൧൦൦ രൂപായും ഈ വർഷത്തിൽ ഇനിയുള്ള ൭ മാസത്തേക്കു ൭൦൦ രൂപായും വേണ്ടിവരുന്നു. ഈ തുകയാണ് ഞാൻ ഇപ്പോൾ ആവശ്യപ്പെടുന്നതു്.

സഹത്രസംശയം ഉള്ളവനും മാമൂലിനെ ഭേദപ്പെടുത്തുന്നതിൽ തീരെ സമ്മതമില്ലാത്തവനും ആയ കൃഷിക്കാരനെ കൃഷി ചെയ്യുന്നതിനുള്ള പരിഷ്കരിച്ച സമ്പ്രദായങ്ങളുടെ ഔന്നത്യത്തെപ്പററി ബോദ്ധ്യപ്പെടുത്തുന്നതിനുള്ള ഉത്തമമായ മാർഗ്ഗം അയാളുടെ സ്വന്ത ഭൂമിയിൽ തന്നെ ആ സമ്പ്രദായങ്ങളെ പ്രയോഗിച്ചു അവയുടെ ഗുണങ്ങളെ കാണിച്ചു കൊടുക്കുക എന്നുള്ളതാണെന്നു എല്ലാപേരും സമ്മതിക്കുന്ന ഒരു സംഗതിയാണല്ലോ. രാജകീയ കാർഷിക കമ്മീഷൻ മുമ്പാകെ കൊടുക്കപ്പെട്ട തെളിവിൽ ഈ സംഗതി വളരെ വിശദീകരിക്കപ്പെട്ടിട്ടുണ്ട്. മദ്രാസ് കൃഷിഡയറക്ടർ കൊടുത്ത മൊഴിയിൽ ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നതിനേക്കാൾ കൂടുതൽ ആയി ഉപപാദനങ്ങൾ നടത്തേണ്ടതിന്റെ ആവശ്യകതയെ പററി വളരെ ബലമായി പ്രസ്താവിച്ചിട്ടുണ്ട്. മദ്രാസിൽ അല്പകാലം മുമ്പു വരെ അര ഏക്കർ മുതൽ രണ്ടു ഏക്കർ വരെ മാത്രം വിസ്തീർണ്ണം ഉള്ള ചെറിയ പ്ലാട്ടുകളിൽ ഉപപാദനങ്ങൾ നടത്തിക്കൊണ്ടിരുന്നു. ഡയറക്ടറുടെ ഇപ്പോഴത്തെ അഭിപ്രായം ഈ സമ്പ്രദായം മാററി ൫ മുതൽ ൧൦ വരെ ഏക്കർ വിസ്തീർണ്ണം ഉള്ള വലിയ പ്ലാട്ടുകളിൽ ഉപപാദനങ്ങൾ നടത്തേണ്ടതു ആവശ്യമാണു എന്നാകുന്നു. സർ തിരുവിതാംകൂറിൽ വളരെക്കാലമായി കൃഷി ഡിപ്പാർട്ടുമെൻറ് ചെറിയ പ്ലാട്ടുകളിൽ ഉപപാദനങ്ങൾ നടത്തിവരികയാണ്. ഇപ്രകാരം രാജ്യത്തിന്റെ നാനാഭാഗങ്ങളിലായി നടത്തപ്പെട്ടിട്ടുള്ള ഉപപാദനങ്ങളുടെ ഫലമായിട്ടാണ് ഫെർട്ടിലൈസർസ്, വിത്തുകൾ, പരിഷ്കരിച്ചകലപ്പകൾ ഇവയെ ആളുകൾ വളരെ കൂടുതലായി ആവശ്യപ്പെട്ടു തുടങ്ങിയിരിക്കുന്നതു എന്നു ഞാൻ പറഞ്ഞുകൊള്ളുന്നു. ഉദാഹരണമായി കൃഷിക്കു വളങ്ങൾ ഉപയോഗിക്കുന്ന വിഷയത്തിൽ കർഷകന്മാർ ഇപ്പോൾ വളരെ ശ്രദ്ധയുള്ളവരായിരിക്കുന്നതായി എനിക്കറിയാം. അതാതു സ്ഥലങ്ങളിൽ ലഭിക്കുന്ന വളങ്ങൾ വാങ്ങി ധാരാളമായി ഉപയോഗപ്പെടുത്തിവരുന്നുണ്ട്; കൃത്രിമഫെർട്ടിലൈസെഴ്സും ധാരാളമായി രാജ്യത്തിൽ ഇറക്കുമതി ചെയ്തുവരുന്നുണ്ട്. ഈയിടെ കർഷകന്മാരിൽ പ്രധാനിയായുള്ള ഒരാൾ കോയമ്പത്തൂരുള്ള സ്റ്റെയിൻസ് കമ്പനിക്കാർ ഉണ്ടാക്കിവരുന്ന വളങ്ങളെ വാങ്ങിവില്ക്കുന്നതിനുള്ള ഏജൻസികരസ്ഥമാക്കുകയും വളരെ വളത്തിനു ആർഡറുകൾ അദ്ദേഹത്തിനു ലഭിക്കയും ചെയ്തിട്ടുണ്ട്. കൃഷിഡിപ്പാർട്ടുമെൻറ് നാളതുവരെയും നടത്തിയിട്ടുള്ള ഉപപാദന ജോലിയുടെ

പ്രത്യക്ഷഫലമായിട്ടുണ്ട്. ഠം വളങ്ങൾക്ക ഇത്രവളരെ ആവശ്യം നേരിടുന്നതിനും അവയെ ഉപയോഗിക്കുന്നതിനു ജനങ്ങളിൽ ആശ ഉണ്ടാകുന്നതിനും ഇടയായിട്ടുള്ളതു എന്നാണ് ഞാൻ പറയുന്നതു്.

ഉപപാദനങ്ങൾ നടത്തിവരുന്ന പ്ലാട്ടുകളുടെ വിസ്തീർണ്ണം വളരെ കുറവായതുകൊണ്ടു അവയുടെ ഫലങ്ങളിൽ നിന്നും സാർവത്രികമായ തത്വങ്ങളെ വ്യവസ്ഥാപിക്കുന്നതു ശരിയായിരിക്കാൻ ഇടയില്ലഎന്നു ഒരു ആക്ഷേപം ഠം ഉപപാദനങ്ങളെ സംബന്ധിച്ചു പറവാൻ ഇടയുണ്ട്.

അതിനാൽ ൫ മുതൽ ഫ ഠ വരെ ഏക്കർ വിസ്തീർണ്ണമുള്ള പ്ലാട്ടുകളിൽ ഉപപാദനങ്ങൾ നടത്തണമെന്നു ആലോചിച്ചിരിക്കയാണ്: ഈ ഉപപാദനങ്ങൾ ഒന്നോ രണ്ടോ താലൂക്കുകളിൽ മാത്രം തൽക്കാലം നടത്തുന്നമെന്നും അതിലേക്കായി ഈ നാലു ഫീൽഡ്മെന്നിനെയും ഈ താലൂക്കുകളിൽ നിയമിക്കണമെന്നും ആലോചിച്ചിരിക്കുന്നു. ൫ ഏക്കറിൽ കുറയാതെ വിസ്തീർണ്ണമുള്ള പ്ലാട്ടുകളിൽ രണ്ടു ഉപപാദനങ്ങളിൽ കവിയാതെ നടത്തണമെന്നു ഇവരിൽ ഓരോരുത്തരോടും ആജ്ഞാപിക്കുന്നതായിരിക്കും: കൃഷിസംബന്ധമായ ഓരോ പ്രവൃത്തിയേയും അവർ പരിശോധിച്ചു എല്ലാം വേണ്ടപോലെ വേണ്ടകാലത്തു ചെയ്യിക്കണം. അങ്ങിനെ ചെയ്യുന്നതുകൊണ്ടു ഒരു നിശ്ചിതവിസ്തീർണ്ണത്തിനുള്ളിൽ നാം നമ്മുടെ ശ്രദ്ധപതിപ്പിക്കുന്നതിനിടയാകുമെന്നുള്ളതും കൃഷിക്കാർക്കു കൂടുതൽ വിശ്വാസം തോന്നത്തക്ക വിധത്തിലുള്ള ഫലങ്ങൾ കിട്ടുമെന്നുള്ളതും ആകുന്നു. ഈ ആളുകളെ മൂന്നുവർഷത്തേക്കു ഒന്നോ രണ്ടോ താലൂക്കുകളിൽ വച്ചുകൊണ്ടിരിക്കണമെന്നും അതിനു ശേഷം മററു താലൂക്കുകളിലേക്കു മാററണമെന്നുമാണു ഞാൻ ഇപ്പോൾ വിചാരിക്കുന്നതു്. ഇപ്രകാരം ചെയ്യുന്നതുകൊണ്ടു ഠം ഉപപാദനങ്ങളെക്കൂടുതൽ ഉപയോഗപ്രദമാക്കിച്ചെയ്യുവാൻ സാധിക്കുമെന്നുള്ളതാണ്. ആകയാൽ ഈ അണ്ടത്തേക്കു ഒരു ചെറിയ ഗ്രാൻറായ ഈ ൧൦൦ രൂപാ ഠംസഭ അനുവദിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

മി: വി. സുബ്ബയ്യർ (നിയമിതമെമ്പർ) (ഡെപ്യൂട്ടിപ്രസിഡൻറ്): ഡയറക്ടരുടെ കണക്കനുസരിച്ചു തിരുവിതാംകൂറിലുള്ള ജനങ്ങളെഎല്ലാം ന ഠ വർഷകാലംകൊണ്ടുപഠിപ്പിക്കാമെന്നാണോ അദ്ദേഹം വിചാരിക്കുന്നതുഎന്നറിഞ്ഞാൽകൊള്ളാം.

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായഡയറക്ടർ): ൪ പേരെമാത്രം അനുവദിക്കുന്നപക്ഷം ന ഠ വർഷമോ അതിൽക്കൂടുതലോ വേണ്ടിവന്നേക്കുമെന്നുള്ളതു നിശ്ചയംതന്നെ. എന്നാൽ പരീക്ഷാർത്ഥം ഒരു താലൂക്കിൽ ഉപപാദനങ്ങൾ തുടങ്ങണമെന്നാണു എന്റെ അഭിപ്രായം.

മി: എ. ജെ. ജാൺ (വൈക്കം): ജോലി ഏതു താലൂക്കിൽ ആണു ആദ്യമായി തുടങ്ങുവാൻ പോകുന്നതു്?

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായഡയറക്ടർ): എവിടെയാണു തുടങ്ങേണ്ടതു എന്നു ഞാൻ ഇതേവരെ തീരുമാനിച്ചിട്ടില്ല. മിക്കവാറും തെക്കൻതിരുവിതാംകൂറിലുള്ള ഏതെങ്കിലും ഒരു താലൂക്കിൽ ആയിരിക്കും.

മി: എം. ശിവതാണുപിള്ള (തോവാള): കേൾക്കുക കേൾക്കുക.

മി: വി. സുബ്ബയ്യർ (നിയമിതമെമ്പർ) (ഡെപ്യൂട്ടിപ്രസിഡൻറ്): ഏതെങ്കിലും ഒരു സ്ഥലത്തുള്ള ആളുകൾ ഈ വകക്കു വേണ്ടിവരുന്നചിലവിൽ പകുതി ചിലവു അവരുടെ കയ്യിൽനിന്നും ചിലവാക്കാൻ തയ്യാറാകുന്നപക്ഷം ഈ ഫീൽഡ്മെന്നിനെ അവിടേക്കയക്കാൻ ഡയറക്ടർ ഒരുക്കമാണോ?

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായഡയറക്ടർ): പൂർണ്ണമനസ്സോടുകൂടി ഞാൻ അങ്ങിനെ ചെയ്യുന്നതിനു ഒരുക്കമാണ്.

മി: വി. സുബ്ബയ്യർ (നിയമിതമെമ്പർ) (ഡെപ്യൂട്ടിപ്രസിഡൻറ്): സർ ഡാക്ടർ കുഞ്ഞൻപിള്ളയുടെ ഉപക്ഷേപത്തെ ഞാൻ ബലമായി പിന്താങ്ങിക്കൊള്ളുന്നു. ഇതിലേക്കു വളരെ കൂടുതൽ കാലം അദ്ദേഹം ആവശ്യപ്പെടുന്നതായി എനിക്കു സംശയംതോന്നുന്നു. അദ്ദേഹത്തിന്റെ കണക്കനുസരിച്ചു തിരുവിതാംകൂറിലുള്ള ജനങ്ങളെ മുഴുവനും ഇതു പഠിപ്പിക്കുന്നതിന് ന ഠ വർഷം വേണ്ടിവരുന്നു. ഇതു വളരെ ദീർഘമായ ഒരുകാലം തന്നെയാണ്. ഏതെങ്കിലും ഒരു താലൂക്കിൽ ഒരു പ്രത്യേകസ്ഥലത്തുള്ള ആളുകൾ ഈ ഫീൽഡ്മെന്നിനെ നിയമിക്കുന്നതിനു വേണ്ടിവരുന്നതിൽ പകുതിച്ചിലവു അവരുടെകയ്യിൽ നിന്നും കൊടുക്കാൻ ഒരുങ്ങുന്നപക്ഷം ആ സ്ഥലത്തു ഒരാളിനെ നിയമിക്കുന്നതു നന്നായിരിക്കയില്ലയോ എന്നുള്ളതിനെപ്പററി ഡയറക്ടർ ആലോചിച്ചാൽകൊള്ളാമെന്നു ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു. അങ്ങിനെ ചെയ്യുന്നപക്ഷം കൂടുതൽ ആളുകളെ നിയമിക്കുന്നതിനു ആയതു ഒരു മാർഗ്ഗമായിരിക്കുമെന്നുള്ളതും അനേകം സ്ഥലങ്ങളിൽ ഉള്ള ആളുകൾക്കു ഒരേസമയത്തു ഈ സംഗതി മനസ്സിലാക്കാൻ ഇടയാകുമെന്നുള്ളതും ആകുന്നു.

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായഡയറക്ടർ): മെമ്പർ പറയുന്നതു എനിക്കു ശരിയായി മനസ്സിലാകുന്നില്ല.

മി: വി. സുബ്ബയ്യർ (നിയമിതമെമ്പർ) (ഡെപ്യൂട്ടിപ്രസിഡൻറ്): ഏതെങ്കിലും ഒരു സ്ഥലത്തുള്ള ആളുകൾ ഒരു ഫീൽഡ്മാനിന്റെ ശമ്പളത്തിൽ പകുതി പണം ചിലവുചെയ്‌വാൻ തയ്യാറാകുന്നപക്ഷം ഒരു ആളെ അവിടെ നിയമിക്കാൻ ഡയറക്ടർ ഒരുക്കമാണോ?

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായഡയറക്ടർ): സർ സന്തോഷസമേതം ഞാൻ അപ്രകാരം ചെയ്യാമെന്നുള്ളതാണ്. ഇതു ഞാൻ മുമ്പുതന്നെ പറഞ്ഞുവല്ലോ.

മി: കെ. കെ. താമസ് (കോട്ടയം): ഡയറക്ടറിൽനിന്നും—

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സർ, ഇപ്പോൾ ഈ ചോദ്യം ചോദിക്കുന്നതിനു മെമ്പറിനു അധികാരമുണ്ടോ?

പ്രസിഡൻറ്: മിസ്റ്റർ താമസ് ഡാക്ടർ കുഞ്ഞൻപിള്ള അദ്ദേഹത്തിന്റെ ആസനത്തെ വീണ്ടും സ്വീകരിച്ചിട്ടില്ലാത്തതുകൊണ്ടു നിങ്ങളുടെ പ്രവൃത്തിനിയമാനുസൃതമായിട്ടുള്ളതല്ല.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സർ, ഇതു സംബന്ധമായ ജോലികൾ ആദ്യമായി മിക്കവാറും തെക്കൻതിരുവിതാംകൂറിൽ തുടങ്ങുന്നതായിരിക്കും എന്നു ഡാക്ടർ കുഞ്ഞൻപിള്ള പറഞ്ഞിട്ടുള്ളതിനെ സംബന്ധിച്ചു എനിക്കു അല്പമായ വിപരീതാഭിപ്രായം ഉള്ളതിനെ പ്രകടിപ്പിച്ചുകൊള്ളട്ടെ. ഉപപാദനങ്ങ

ൾ ഏററവും ബുദ്ധിമുട്ടകരമായ സ്ഥലങ്ങളിൽ നടത്തുക എന്നുള്ളതു ഒരു നല്ലനയംതന്നെ. എന്നാൽ ആ ത ത്വത്തെ പുരസ്കരിച്ചു ഇവിടെ ഡയറക്ടർ പ്രവൃത്തിക്കാൻപാടില്ലാത്തതാണ്. ജനങ്ങളിൽ ഭൂരിപക്ഷവും കൃഷി ചെയ്യുന്നവരായിട്ടുള്ള സ്ഥലങ്ങളെ അദ്ദേഹം ആദ്യമായി തിരഞ്ഞെടുക്കണം. ഈ തത്വമനുസരിച്ചു നോക്കുന്ന പക്ഷം ദക്ഷിണതിരുവിതാംകൂറിനു ഈ ഡിപ്പാർട്ടുമെൻറിന്മേൽ ഒരു അവകാശം ഉണ്ടെന്നു കാണുന്നപക്ഷം ദ ക്ഷിണതിരുവിതാംകൂറുകാരെ പ്രോത്സാഹിപ്പിക്കുന്നതിൽ യാതൊരു വിരോധവും ഇല്ല.

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായഡയറക്ടർ): സർ ദക്ഷിണതിരുവിതാംകൂറിൽ ജോലി തുടങ്ങുവാൻ പോകുന്നു എന്നു ഞാൻ പറഞ്ഞില്ല. അവിടെ തുടങ്ങിയേക്കാം എന്നേ ഞാൻ പറ ഞ്ഞുള്ളു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): തുടങ്ങിയേക്കാം എന്നു പറയുന്നതു തുടങ്ങണം എന്നായ തീരാമെന്നുള്ളതാണല്ലോ. സ്ഥലസംബന്ധമായ ഒരു പ്രധാന സംഗതി ഡയറക്ടരുടെ ശ്രദ്ധയിൽ കൊണ്ടുവരണ മെന്നുമാത്രമേ ഞാൻ വിചാരിക്കുന്നുള്ളു. അതു തിരുവല്ലാ, കാർത്തികപ്പള്ളി, കോട്ടയം, ചങ്ങനാശേരി ഈ താലൂക്കുകളുടെ ഏതാനുംഭാഗവും അമ്പലപ്പുഴ താലൂക്കിന്റെ മിക്ക ഭാഗങ്ങളും ഉൾപ്പെടെയുള്ള കുട്ടനാട്ടിന്റെ കാര്യംതന്നെയാകുന്നു. ഈ സ്ഥലം ഒരു വലിയ കൃഷിസ്ഥലം ആകുന്നു. ആ ഭാഗത്തേക്കു വിദ്യാസമ്പ ന്നനായ ഡയറക്ടരുടെ ശ്രദ്ധ പോകാത്തപക്ഷം ഈ മുഴുവൻ പദ്ധതിയും പ്രായോഗികമാക്കാൻപാടില്ലാത്ത തായി തീരുമെന്നാണു ഞങ്ങളുടെ അഭിപ്രായം. ഇത്രയും പറഞ്ഞുകൊണ്ടു ഞാൻ ഈ ഗ്രാൻറിനെ പിന്താ ങ്ങികൊള്ളുന്നു.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): ചേർത്തലതാലൂക്കിനെ കൂടി മെമ്പർ ഇതിൽ ചേർക്കുമോ എന്ന റിഞ്ഞാൽകൊള്ളാം.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): മററു താലൂക്കുകളിലെപ്പോലെ ചേർത്തലതാലൂക്കിൽ പു ഞ്ചകൃഷിയില്ലല്ലോ.

മി: കെ. ഐ. ജോസഫ് (മീനച്ചിൽ ദേവികുളം): സർ ഇപ്പോൾ പറഞ്ഞതിനു അടിസ്ഥാനമാ യിട്ടുള്ള പ്രമാണത്തോടു ഞാൻ യോജിക്കുന്നു. എന്നാൽ അല്പം വിപരീതാഭിപ്രായം ഉള്ളതിനെ പ്രകടിപ്പിച്ചു കൊള്ളട്ടെ. ഇപ്പോൾ ചെയ്‌വാൻ പോകുന്ന പ്രവൃത്തിയുടെ വിജയകരമായ പര്യവസാനത്തിൽ ഡയറക്ടർക്കു നല്ല വിശ്വാസം ഉണ്ടെന്നുള്ളപക്ഷം ഏതാനും ചില താലൂക്കുകളെ തിരഞ്ഞെടുക്കേണ്ട ആവശ്യം എന്തെന്നു എ നിക്കു മനസ്സിലാകുന്നില്ല. എല്ലാ താലൂക്കുകാർക്കും ഈ സംഗതിയിൽ താല്പര്യം ജനിക്കേണ്ടതും എല്ലാപേർക്കും ഇതിൽനിന്നും ഗുണഫലം സിദ്ധിക്കേണ്ടതും ആവശ്യമായിട്ടുള്ളതാണല്ലൊ. ആ സ്ഥിതിക്കു മിസ്റ്റർ സുബ്ബയ്യർ പറഞ്ഞതുപോലെ എല്ലാ താലൂക്കുകളിലും ഈ ജോലി തുടങ്ങണമെന്നു ഞാൻ ഡാക്ടർ കുഞ്ഞൻപിള്ളയോടു അ പേക്ഷിച്ചുകൊള്ളുന്നു. ഏതെങ്കിലും താലൂക്കുകാർ ഇതിലേക്കു കാര്യമായ എന്തെങ്കിലും സഹായം ചെയ്‌വാൻ ഒരുക്കമുള്ളവരായികാണുന്നപക്ഷം ജനങ്ങളുടെ താദൃശ പരിശ്രമശീലത്തെ പ്രോത്സാഹിപ്പിക്കുന്നതിനു ഡാക്ടർ കുഞ്ഞൻപിള്ള ഒരുക്കമായിരിക്കണമെന്നുകൂടി ഞാൻ സൂചിപ്പിച്ചുകൊള്ളുന്നു. ഇത്രയും പറഞ്ഞുകൊണ്ടു ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായഡയറക്ടർ): സർ, കൂടുതൽ ഫണ്ടു ഉണ്ടാകുമ്പോ ൾ കൂടുതൽ ആളുകളെ നിയമിക്കുന്നതിനു ഞാൻ എല്ലായ്പോഴും ഒരുക്കമാണെന്നും ഈ സഭ മുമ്പാകെ കൂടുത ൽ ഫണ്ടിനായി ഞാൻ ആവശ്യപ്പെടുമ്പോൾ ആയതിനെ ഈ സഭ അനുവദിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു എന്നും മാത്രമേ എനിക്കു മിസ്റ്റർ ജോസഫ് പറഞ്ഞതിനു മറുപടിയായി പറവാനുള്ളു.

പ്രസിഡൻറ: ഈ ഗ്രാൻറിനെ സഭ അനുവദിക്കുന്നതായി വിചാരിക്കട്ടെയോ?

ഗ്രാൻറ് അനുവദിക്കപ്പെട്ടു.

ഡിമാൻഡ് ൧൯. വ്യവസായം.

മി: ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): ൧൯-ാം നമ്പ്ര ഡിമാൻഡായ വ്യവസായത്തിലേക്കു ൯൦൦ രൂപായിൽ കവിയാതെയുള്ള ഒരു ഗ്രാൻറ് അനുവദിക്കണമെന്നായി ഞാൻ അപേക്ഷിക്കുന്നു. ആ ലപ്പുഴ ഗവണ്മെൻറുസ്കൂൾ ഓഫ് കാമേഴ്സിന്റെ ഉപയോഗത്തിലേക്കായി ഒരു ഹോസ്റ്റൽ തുടങ്ങുന്നതിനായി ട്ടാണ് ഈ തുക ആവശ്യപ്പെടുന്നതു്. ഈ സ്കൂൾ തിരുവിതാംകൂറിൽ ഇത്തരത്തിലുള്ള ഏകസ്ഥാപനം ആ ണ് എന്നുള്ളതുകൊണ്ടു തിരുവിതാംകൂറിന്റെ നാനാഭാഗങ്ങളിൽനിന്നും വിദ്യാർത്ഥികൾ ഇവിടെ പഠിക്കാനായി വരുന്നുണ്ടു്. ആലപ്പുഴ പ്രൈവററ് ഹോസ്റ്റലുകൾ വളരെ ചുരുക്കമായി മാത്രമേ ഉള്ളു. അതിനാൽ വിദ്യാ ർത്ഥികൾക്കു താമസത്തിനു വളരെ ബുദ്ധിമുട്ടുകൾ നേരിടുന്നു. ആലപ്പുഴ താമസത്തിനു സൌകര്യം വളരെ കു റവാണെന്നു അവർ ഹെഡ്മാസ്റ്ററോടും പരാതിപറഞ്ഞുകൊണ്ടിരിക്കയാണ്. ഇതിലേക്കായി സ്കൂളിനോടുതൊ ട്ടു ഒരു ഹോസ്റ്റൽ തുടങ്ങണമെന്നു ഗവണ്മെൻറ ഉദ്ദേശിക്കുന്നു. പല ഇനങ്ങളിലായിട്ടാണു ഈ ൯൦൦ രൂപാ ആവശ്യപ്പെട്ടിട്ടുള്ളതു്.

	രൂപാ
വാടക	൪൫൦
വേലക്കാർ	൩൦
വിളക്കുവയ്പു ചിലവുകൾ	൯൦
കൺസർവൻസി ചിലവ്	൫൨
ഉപ്പുകൂലി	൫൨.
പലവക ചിലവുകൾ	൩൯

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഈ സ്കൂളിൽ നടത്തിവരുന്ന ജോലിയുടെ സമ്പ്രദായം മെമ്പ ർ ഒന്നു വർണ്ണിക്കാമൊ?

മി: ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): ബുക്ക്കീപ്പിംഗ്, ടൈപ്പിംഗ്, ഷാർട്ട്ഹാൻഡ് ഇത്യാ ദിയായ വിഷയങ്ങളിൽ പരിശീലനം നൽകിവരുന്നു.

മി: വി. സുബ്ബയ്യർ (നിയമിതമെമ്പർ) (ഡെപ്യൂട്ടിപ്രസിഡന്റ്): ഈ സ്കൂളിൽ ആകെ എത്ര വിദ്യാർത്ഥികൾ ഉണ്ട്?

മി: ഐ. സി. ചാക്കൊ (വ്യവസായഡയറക്ടർ): കഴിഞ്ഞ വർഷാവസാനത്തിൽ ൧൩൫ വിദ്യാർത്ഥികൾ ഉണ്ടായിരുന്നു. കൂടുതൽ സ്ഥലസൗകര്യമുള്ളപക്ഷം കൂടുതൽ വിദ്യാർത്ഥികൾ വരുമെന്നുള്ളതാണ്.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഈ രാജ്യവാസികളുടെ ആവശ്യങ്ങൾക്കായി ഇത്തരത്തിലുള്ള പ്രൈവററ് സ്കൂളുകൾ ഉണ്ടൊ എന്നറിഞ്ഞാൽകൊള്ളാം.

മി: ഐ. സി. ചാക്കൊ (വ്യവസായ ഡയറക്ടർ): ഏതാനും ചില പ്രൈവററ് സ്കൂളുകൾ ഉണ്ട്. എന്നാൽ അവയൊന്നും ആലപ്പുഴയുള്ള ഗവണ്മെൻറ സ്കൂൾ ആഫ് കാമേഴ്സ് പോലെ നന്നായി നടത്തപ്പെടുന്നവയല്ല.

മി: എൻ. കുമാരൻ (നിയമിതമെംബർ) ഹോസ്റ്റലിൽ എത്ര വിദ്യാർത്ഥികൾക്കു വാസ സൌകര്യം ഉണ്ടാക്കികൊടുക്കുവാനുദ്ദേശിക്കുന്നു എന്നറിഞ്ഞാൽ കൊള്ളാം.

മി: ഐ. സി. ചാക്കൊ. (വ്യവസായ ഡയറക്ടർ) ൪൰ വിദ്യാർത്ഥികൾക്ക്.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല) ൧൩൫ വിദ്യാർത്ഥികൾ ഉള്ളവരിൽ ൪൰ പേർക്ക് മാത്രം ഹോസ്റ്റൽ സൌകര്യം ഉണ്ടാക്കികൊടുക്കാൻ പോകുന്നു എന്നാണൊ ഡയറക്ടർ പറയുന്നത്?

മി: ഐ. സി. ചാക്കൊ (വ്യവസായ ഡയറക്ടർ) ആവശ്യമെന്നു കാണുന്നപക്ഷം കുറെ കൂടി വലുതായ ഒരു ഹോസ്റ്റൽ തുടങ്ങുന്നതിനു കൂടുതലായ ഒരു ഗ്രാൻറിനു ഞാൻ ഈ സഭ മുമ്പാകെ ആവശ്യപ്പെട്ടുകൊള്ളാം.

മി: കെ. സി. മാമ്മൻ മാപ്പിള (കച്ചവടകൈത്തൊഴിൽ സംഘങ്ങൾ വക വടക്കൻ മെമ്പർ) ഈ സ്കൂൾ തുടങ്ങിയപ്പോൾ തന്നെ ഇതു എത്രമാത്രം ഉപയോഗപ്രദമായിത്തീരുമെന്നുള്ളതിനെയും ജനങ്ങൾ ഇതിനെ ഏതുപ്രകാരത്തിൽ സ്വീകരിക്കുമെന്നുള്ളതിനെയും സംബന്ധിച്ചു എനിക്കു വലുതായ സംശയം ഉണ്ടായിരുന്നു. ആലപ്പുഴടൌണിന്റെയും പ്രത്യേകിച്ചു ഈ സ്കൂളിന്റെയും സ്ഥിതിഗതികളെപ്പററി വളരെ നാളായി എനിക്കു അറിയാമെന്നുള്ള സ്ഥിതിക്ക് സ്കൂളിനെ സംബന്ധിച്ചു നല്ലപോലെ അറിയാൻ പാടില്ലാത്ത മെമ്പറന്മാരോടു ഈ സ്കൂൾ വളരെ ജനസമ്മതമുള്ള ഒരു സ്ഥാപനമായി തീർന്നിട്ടുണ്ടെന്നും യാതൊരു തൊഴിലും ഇല്ലാതെ ഉഴലുന്ന അനേകം സ്കൂൾഫൈനൽ വിദ്യാർത്ഥികൾക്കു ഈ സ്ഥാപനം ഒരു രക്ഷാകേന്ദ്രമായി തീർന്നിട്ടുണ്ടെന്നും അവിടത്തെ അദ്ധ്യയനരീതി വളരെ തൃപ്തികരവും പ്രായോഗികവും ആയിരിക്കുന്നു എന്നും ഉള്ള സംഗതികൾ പറഞ്ഞുകൊള്ളട്ടെ. ഈ സ്കൂളിൽ പഠിച്ചിട്ടുള്ള ചിലരെ ഞാൻതന്നെ ജോലിയിൽ നിയമിച്ചിട്ടുണ്ട് സാധാരണയായി നാം നമ്മുടെ കമ്പനികളിൽ ക്ലാർക്കുകളായിനിയമിക്കാറുള്ള യാതൊരു പരിശീലനവും ഇല്ലാത്ത വരായ ആളുകളെക്കാൾ ഇവർ എത്രയോ മെച്ചമാണെന്നു എനിക്കു അനുഭവപ്പെട്ടിട്ടുണ്ട്. ആലപ്പുഴതീരവാസിയോഗ്യമല്ലാത്ത ഒരു ടൌൺ ആണെന്നുള്ള വസ്തുത ഈ സഭയിലുള്ള എല്ലാപേർക്കും ഒരുപക്ഷെ അറിയാമായിരിക്കുമല്ലൊ. തിരുവിതാംകൂറിൽ മുമ്പു ദിവാൻജിയായിരുന്ന സർ. പി. രാജഗോപാലാചാരിയോടു ഒരു യൂറോപ്യൻ ഒരിക്കൽ പറഞ്ഞിട്ടുള്ളതുപോലെ ആലപ്പുഴ അതിന്റെ ശുചീകരണത്തെ സംബന്ധിച്ചിടത്തോളം നോക്കുന്നപക്ഷം ഏതൊരു പരിഷ്കൃതരാജ്യത്തിനും ആക്ഷേപത്തിനു കാരണമായിട്ടുള്ള ഒരു സ്ഥലം ആകുന്നു. അതിനാൽ ഈ സ്കൂളിൽ ചേർന്നു പഠിക്കുവാനായിവരുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിന്റെ കൂടുതലിനെ അടിസ്ഥാനമാക്കി നോക്കുന്നപക്ഷം ഈ ഹോസ്റ്റൽ അവിടെ ഒരു അനുഗ്രഹം ആയിരിക്കും എന്നുള്ളതിനു യാതൊരു സംശയവും ഇല്ല. വിദ്യാർത്ഥികൾക്കു ഇപ്പോൾ വളരെ ബുദ്ധിമുട്ടുകൾ നേരിട്ടുകൊണ്ടിരിക്കുന്നതായി എനിക്കറിയാം.

ഒരു ഹോസ്ററൽ മതിയാകുമൊ എന്നു മി: പണിക്കർ ചോദിക്കയുണ്ടായി. ഒന്നുമില്ലാതിരിക്കുന്നതിനെക്കാൾ വല്ലതും ഉണ്ടായിരിക്കുന്നതാണ് നന്നു എന്നുള്ള പ്രമാണത്തെ അടിസ്ഥാനപ്പെടുത്തി നോക്കുന്നപക്ഷം ഇതു മതിയാകുമെന്നു കാണാവുന്നതാണ്. ഡയറക്ടർ ആദ്യമായിതന്നെ കുറെക്കൂടി വലിയ ഒരു ഗ്രാൻറ് ആവശ്യപ്പെട്ടിരുന്നു എങ്കിൽ ഈ സഭക്കു ഭയം തോന്നുന്നതിനും ഗ്രാൻറു നിരസിക്കുന്നതിനും ഇടയാകുമായിരുന്നേനെ. കുറഞ്ഞതോതിൽ ഡയറക്ടർ തുടങ്ങിയ ഹോസ്റ്റൽ വളരെ ഉപയോഗമുള്ളതായി കാണപ്പെടുന്നു എന്നു അദ്ദേഹം പറകയും അതുകൊണ്ടുള്ള ഉപയോഗത്തെ സംബന്ധിച്ചു ഈ സഭക്ക് വിശ്വാസം തോന്നുകയും ചെയ്യുന്ന അവസരത്തിൽ കൂടുതൽ പണം വേണമെന്നായി ആവശ്യപ്പെടാമെന്നുള്ളതാണല്ലൊ. ഡയറക്ടരുടെ ഈ ഡിമാൻസിനെ പിൻതാങ്ങുന്നതിൽ എനിക്കു അതിയായസന്തോഷമുണ്ട്.

മി: ഏ. കെ. പിള്ള (കരുനാഗപ്പള്ളി) സർ, നമ്മുടെ കുട്ടികളുടെ വിദ്യാഭ്യാസവിഷയത്തിൽ എത്രതന്നെ പണം ചിലവാക്കുന്നതായിരുന്നാലും ആ വിഷയത്തിൽ ഞാൻ ഒരു പ്രതിരോധിയായി നിൽക്കുകയില്ല. എന്നാൽ ഹോസ്റ്റൽ എന്നുള്ളതു ഒരു പാഠശാല സ്ഥാപനത്തെപ്പോലെയുള്ള ഒന്നാണ്. ആലപ്പുഴയുള്ള സ്കൂൾ ആഫ് കാമേഴ്സ് തൊഴിൽ പരിശീലിപ്പിക്കുന്നതിനുള്ള ഒരു വിദ്യാലയം ആകുന്നു. പലതരത്തിലുള്ള ആളുകളും ഈ സ്കൂളിൽ ചേരുമെന്നാണ് എനിക്കു തോന്നുന്നത്. വിദ്യാർത്ഥികൾ ജോലിയുള്ളവരും ആയിരിക്കാം. ഇങ്ങിനെയുള്ളവർക്ക് താമസത്തിനുള്ള സൌകര്യം ഉണ്ടാക്കികൊടുക്കേണ്ടതു അത്രതന്നെ ആവശ്യം ഉള്ളതാണെന്നു എനിക്കുതോന്നുന്നില്ല. ഏററവും നല്ലതരത്തിലുള്ള വിദ്യാഭ്യാസം അവർക്കു നൾകേണ്ടതു ഗവണ്മെന്റിൽ നിന്നും അവശ്യം ചെയ്യേണ്ടതുതന്നെയായിരിക്കാം. അതിലേക്കു ആവശ്യമുള്ളിടത്തോളം പണം ചിലവാക്കികൊള്ളട്ടെ എന്നാൽ ഒരു കാളേജു ഹോസ്റ്റലിലേക്കു ചിലവാക്കുന്നതുപോലെയുള്ള പണം അവിടെ ചിലവാക്കാൻ പാടില്ല. കാളേജു ഹോസ്റ്റലിനെ സംബന്ധിച്ചിടത്തോളം സർവകലാശാലയിലെ റെസിഡൻഷിയൽ ജീവിതത്തെ അടിസ്ഥാനമാക്കിയാണ് അപ്രകാരം ചെയ്യുന്നത്. എല്ലായ്പ്പോഴും അതേസംബന്ധിച്ചുള്ള ആദർശവും ആഗ്രഹവും ഒരു സർവകലാശാല ഒരു കാളേജ് ഒരു പരീക്ഷാബോർഡ് മുതലായവ ഉണ്ടായിരിക്കണം എന്നുള്ളതാണ്. ആ ആദർശത്തെ പ്രാപിക്കണമെന്നു വിചാരിച്ചാണ് ഇപ്രകാരം ഉള്ള ഏർപ്പാടുകൾ നാം ചെയ്യുന്നത്, എന്നാൽ ആലപ്പുഴ സ്കൂൾ ആഫ് കാമേഴ്സിനെ സംബന്ധിച്ചിടത്തോളം ഇപ്രകാരം ഒന്നും പറയാനില്ല.. വിദ്യാർത്ഥികൾക്കു വേണ്ടി, പ്രത്യേകിച്ചും ആലപ്പുഴ വാസയോഗ്യമല്ലെന്നും തൃപ്തികരമായിട്ടുള്ള നിലയിലല്ലെന്നും മി: മാമ്മൻമാപ്പിള പറയുന്ന സ്ഥിതിക്ക്, എത്ര പണമെങ്കിലും ചിലവാക്കുന്ന വിഷയത്തിൽ ഞാൻ വിരോധിയായി നിൽക്കണമെന്നു വിചാരിക്കുന്നില്ല. വിദ്യാർത്ഥികൾക്കു വേണ്ട വാസ സൗകര്യം ഉണ്ടാക്കികൊടുക്കുന്നതിനു

വേണ്ടമാർഗ്ഗങ്ങൾ കണ്ടുപിടിക്കാനായി കുറെ പണം ഗവർമ്മെന്റിൽ നിന്നും വ്യയം ചെയ്യുന്നതു നന്നായിരിക്കും എന്നാണ് എനിക്കു തോന്നുന്നത്. ഇങ്ങിനെ ഗവർമ്മെണ്ടിന് വിദ്യാർത്ഥികളെ സഹായിക്കാമെന്നുള്ളതാണ്. അല്ലാതെ വളരെ പണം ചിലവുചെയ്തു ഹോസ്റ്റലുകൾ ഉണ്ടാക്കികൊടുക്കുകയൊ മററൊ ചെയ്യാൻ പാടുള്ളതല്ല. ഈ പ്രകാരത്തിൽ, ഞാൻ ഈ ഡിമാൻഡുമായി യോജിക്കുന്നില്ല.

മി: ഐ. സി. ചാക്കൊ (വ്യവസായഡയറക്ടർ) സർ, മി: എ. കെ. പിള്ള പറഞ്ഞതിനെ ഞാൻ ശരിയായി കേട്ടില്ല. ഗവർമ്മെണ്ടുസ്റ്റാഫ് ആഫീസേഴ്സിന്റെ ഉപയോഗത്തിലേക്കായി ഒരു ഹോസ്റ്റൽ തുടങ്ങുന്നതിനു ഏതെങ്കിലും പ്രൈവററ ഏജൻസിയെ പ്രേരിപ്പിക്കണം എന്നാണ് മി: എ. കെ. പിള്ള പറഞ്ഞതു എന്നു എനിക്കു തോന്നുന്നു.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി) ഞാൻ അങ്ങിനെ പറഞ്ഞില്ല.

മി: ഐ. സി. ചാക്കൊ (വ്യവസായഡയറക്ടർ) യഥാർത്ഥത്തിൽ ഞാൻ പറഞ്ഞിട്ടുള്ളതും അതിൽകൂടുതലായി യാതൊന്നും ഇല്ല. നാം ഒരു പ്രൈവററ ഏജൻസിയോടു ഒരു ഹോസ്റ്റൽ തുടങ്ങണമെന്നു ആവശ്യപ്പെട്ടുന്നപക്ഷം അതിലേക്കു വേണ്ടി അയാൾ ചെലവാക്കുന്ന തുകയുടെ ഒരു അംശം നാം കൊടുക്കേണ്ടതായിവരുമെന്നുള്ളതാണ്. ഇവിടെ ഇത്രമാത്രം ചെയ്യണമെന്നേ ഞാൻ ഉദ്ദേശിക്കുന്നുള്ളു. ഒരു വീടു ആണ്ടിൽ ൪൨൦൦ രൂപാ വാടകക്കു എടുക്കണമെന്നു വിചാരിക്കുന്നു. മുറിവാടക വിദ്യാർത്ഥികൾ കൊടുക്കണമെന്നുള്ളതും ആകുന്നു.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല) ഇപ്പോൾ ആവശ്യപ്പെടുന്നതു ൧൨ മാസത്തേക്കൊ അല്ല ഈ ആണ്ടിൽ ശിഷ്ടമുള്ള മാസങ്ങളിലേക്കൊ എന്നറിഞ്ഞാൽ കൊള്ളാം.

മി: ഐ. സി. ചാക്കൊ (വ്യവസായ ഡയറക്ടർ) ഇതു ഒരു വർഷത്തേക്കാണ് എന്നാൽ ഹോസ്റ്റൽ ഈ വർഷത്തിൽതന്നെ തുടങ്ങുമെന്നുള്ളതുകൊണ്ടു മുഴുവൻതുകയും ഈ ആണ്ടത്തേക്കു വേണ്ടിവരികയില്ല. സാധാരണമുറികളിൽ വിളക്കുവയ്പ്പിനും കെട്ടിടം സൂക്ഷിക്കുന്നതിനുള്ള ഒരു വേലക്കാരനും മലം മാററുന്നതിനും വേണ്ടിവരുന്നചിലവു മാത്രമെ നാം ഇപ്പോൾ നൽകുന്നുള്ളു. ഭക്ഷണത്തിനുള്ള ഏർപ്പാടുകൾ മുഴുവനും വിദ്യാർത്ഥികൾ തന്നെ ചെയ്തുകൊള്ളണമെന്നുള്ളതാണ്. അതിനാൽ ഇതിലേക്കുവേണ്ടി ഗവർമ്മെണ്ടിൽ നിന്നും വളരെ ഒന്നും നഷ്ടപ്പെടാൻ ഇടയില്ല. ഈ സഭ ഈ ഗ്രാൻറിനെ അനുവദിക്കുമെന്നു വിശ്വസിക്കുന്നു.

പ്രസിഡൻറ്. ഈ സഭ ഈ ഗ്രാൻറിനെ അനുവദിക്കുന്നതായി ഞാൻ വിശ്വസിക്കുന്നു.

ഗ്രാൻറു അനുവദിക്കപ്പെട്ടു.

ഡിമാൻഡ് ൧൭. മെഡിക്കൽവകുപ്പ്

മിസ്സസ്സ് എം. പുന്നൻലൂക്കോസ് (സീനിയർസർജ്ജൻ, സ്ത്രീകൾക്കുള്ള മെഡിക്കൽ സർവീസ്): സർ, ൧൭-ാം നമ്പർ ഡിമാൻഡായ മെഡിക്കൽ ഡിപ്പാർട്ടുമെൻറിലേക്കു ൨൬൧൨ രൂപായിൽ കവിയാതെയുള്ള ഒരു ഗ്രാൻറു അനുവദിക്കണമെന്നായി ഞാൻ അപേക്ഷിക്കുന്നു. കഴിഞ്ഞ ഉദ്ദേശം ൪൦ വർഷങ്ങളോളമായി എല്ലാവർഷങ്ങളിലും ഇടവമാസം മുതൽ കന്നിമാസംവരെ അഞ്ചുമാസക്കാലത്തേക്കു നെയ്യാററിൻകര താലൂക്കിൽ പെരുങ്കടവിളയിൽ താൽക്കാലികമായി ജ്വരചികിത്സക്കുള്ള ഒരു ഡിസ്പെൻസറി നടത്തിപ്പോരികപതിവുണ്ടായിരുന്നു. ജനങ്ങൾ പലപ്പോഴും പരാതിപറഞ്ഞതിന്റെ ഫലമായും ജനങ്ങൾ ഇതിലേക്കുവേണ്ട കെട്ടിടവും സാമാനങ്ങളും ഉണ്ടാക്കിക്കൊടുപ്പാൻ തയ്യാറായിരുന്നതുകൊണ്ടും ൧൧൦൨ തുലാം ഒന്നാംതീയതിമുതൽ അവിടെ സ്ഥിരമായി ഒരു ഡിസ്പെൻസറിസ്ഥാപിക്കുന്നതിനു ഗവർമ്മെണ്ടുഅനുവദിച്ചു. ഡിസ്പെൻസറി താല്ക്കാലികം ആയിരുന്നകാലത്തു അവിടെ ൫൦ രൂപാശമ്പളത്തിൽ ഒരു സബ് അസിസ്റ്റൻറ് സർജ്ജനും ൨൪ രൂപാശമ്പളത്തിൽ ഒരു കമ്പൗണ്ടറും മാത്രമാണുണ്ടായിരുന്നതു. ഇത്രയും ആളുകളെക്കൊണ്ടു മാത്രം ഈ ഡിസ്പെൻസറി നടത്തുന്നതു അസാദ്ധ്യമാകയാൽ ഈ ഗ്രാൻറു അനുവദിക്കുന്നപക്ഷം ൨൦ രൂപാശമ്പളത്തിൽ ഒരു സൂതികർമ്മിണിയേയും ൯ രൂപാശമ്പളത്തിൽ ഒരു ശിപായിയേയും ൮ രൂപാശമ്പളത്തിൽ ഒരുതൂപ്പുകാരനേയും നിയമിക്കണമെന്നു ഉദ്ദേശിച്ചിരിക്കയാണ്. ഈ ആണ്ടിൽ ബാക്കിയുള്ള ൭ മാസത്തേക്കു ഇതിലേക്കു ൨൬൧൨ രൂപാ കൂടുതലായിവേണ്ടിയിരിക്കുന്നു. ഈ സ്ഥിതിക്കു വളരെ അത്യാവശ്യമായിട്ടുള്ളതാണെന്നുള്ളതുകൊണ്ടു ഈ തുക അനുവദിക്കുന്നതിൽ ഈ സഭക്കു യാതൊരു വിരോധവും ഉണ്ടായിരിക്കയില്ലെന്നു ഞാൻ വിശ്വസിക്കുന്നു.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): ആറുകൂററിലുണ്ടായിരുന്ന ആസ്പത്രിയെ തൈക്കാട്ടുശേരിക്കു മാററിസ്ഥാപിക്കണമെന്നു ഒരു ആലോചനയുണ്ടായിരുന്നോ എന്നു മെംബറിൽനിന്നും അറിഞ്ഞാൽകൊള്ളാം.

മിസ്സസ്സ് എം. പുന്നൻ ലൂക്കോസ് (സീനിയർസർജ്ജൻ; വിമെൻസ് മെഡിക്കൽ സർവീസ്): സർ; ആ ചോദ്യം ഈ സന്ദർഭത്തിൽ അസ്ഥാനത്താണ്.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): അതുസന്ദർഭോചിതമാണെന്നുതന്നെ എനിക്കു തോന്നുന്നു. പ്രതിപാദ്യവിഷയം ഒരു ആസ്പത്രിയെ സംബന്ധിച്ചതാണല്ലൊ.

മിസ്സസ്സ് എം. പുന്നൻ ലൂക്കോസ് (സീനിയർ സർജ്ജൻ; വിമെൻസ് മെഡിക്കൽ സർവീസ്): ഈ ഗ്രാൻറ് നെയ്യാററിൻകര താലൂക്കിൽ ഒരു ഡിസ്പെൻസറി സ്ഥാപിക്കുന്നതിനു വേണ്ടിയാണ്.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): നാം ഓരോ സംഗതികളെപ്പററി വാദപ്രതിവാദം ചെയ്യുന്നതു താലൂക്കുകളായി തരം തിരിച്ചല്ലല്ലൊ. നാം ഓരോ വിഷയങ്ങളെ പററിസംസാരിക്കുമ്പോൾ ഏതു താലൂക്കിനെ സംബന്ധിക്കുന്നതായിരുന്നാലും അതിനെപററി വേണ്ടവാദപ്രതിവാദങ്ങൾ നടത്തുന്നു. ഇപ്പോഴത്തെ പ്രതിപാദ്യവിഷയം മെഡിക്കൽ ഡിപ്പാർട്ടുമെൻറുമായി ബന്ധപ്പെട്ടിട്ടുള്ള ഒന്നാണെന്നാണ് എനിക്കു തോന്നുന്നതു. അതിനാൽ തൈക്കാട്ടുശേരി ആസ്പത്രിയെ മാററി സ്ഥാപിക്കുന്നതിനുള്ള ആലോചന ഉണ്ടായിരുന്നോ എന്നറിയുന്നതിനായി ഞാൻ ചോദിച്ചു എന്നു മാത്രമേ ഉള്ളു.

മിസ്സസ്സ് എം. പുന്നൻലൂക്കോസ് (സീനിയർ സർജ്ജൻ, വിമെൻസ്മെഡിക്കൽ സർവീസ്); ഈ സമ്മേളനത്തിൽവച്ചു തന്നെ മിസ്റ്റർ ശിവരാമപ്പണിക്കർ ഈ ചോദ്യം ചോദിക്കയുണ്ടായിട്ടുണ്ട്. താമസിയാതെ ആ

നിവേദനത്തിന മറുപടി പറയുന്നതായിരിക്കം എന്നാണ എനിക്ക് തോന്നുന്നത്. ഈ ഗ്രാൻറ് തെക്കേക്കോട്ടശ്ശേരി ആസ്പത്രിയുമായി യാതൊരു പ്രകാരത്തിലും ബന്ധമുള്ള തല്ല.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): ആസ്പത്രിയെ തെക്കോട്ടശേരിക്ക മാററുകയില്ലഎന്ന മെമ്പറിന്ന ഉറപ്പു പറവാൻ കഴിയുമൊ?

മിസ്സസ്സ് എം. പുന്നൻ ലൂക്കോസ് (സീനിയർ സർജൻ, വിമെൻസ് മെഡിക്കൽ സർവീസസ്): അങ്ങിനെ ഒരു ഉറപ്പ് പറവാൻ എനിക്ക നിവൃത്തിയില്ല.

ഡിമാൻഡ് സഭയിൽ വോട്ടിനിടുകയും പാസാക്കപ്പെടുകയും ചെയ്തു.

ഗ്രാൻറ് അനുവദിക്കപ്പെട്ടു.

ഡിമാൻസ് ൪൬ കെമിക്കൽ എക്സാമിനരും, ആയുർവേദവും ശുചീകരണവും.

മി: ടി. പി. രാമസ്വാമി (ഗവൺമെൻറ സിക്രട്ടറി): സർ, ൪൬-ാം നമ്പ്ര ഡിമാൻഡായ കെമിക്കൽഎക്സാമിനർ, ആയുർവേദം, ശുചീകരണം ഇവക്ക ൪൮൧൮ രൂപായിൽ കവിയാതെയുള്ള ഒരു തുക അനുവദിക്കണമെന്ന ഞാൻ അപേക്ഷിക്കുന്നു. ൪൩ സ്ഥലങ്ങളിൽ പുത്തനായി കൺസർവൻസിസ്റ്റേഷൻ തുടങ്ങേണ്ടതിനാണ് ഈ ഡിമാൻഡ് അവശ്യപ്പെട്ടിരിക്കുന്നത്. സാധാരണയായി ഒരു കൺസർവൻസി സ്റ്റേഷനിൽ ഒരു കൺസർവൻസി ഓവർസീയരും ഏതാനും തൂപ്പുകാരും ഉണ്ടായിരിക്കുന്നതാണ്. ഞാൻ അടുത്തുതന്നെ പേർ പറയാൻ പോകുന്നതായ ഈ ൪൩ സ്ഥലങ്ങളിലും ഓരോ വാക്സിനേറററമാർ ഉണ്ട്. ഈ സ്ഥലങ്ങളിൽ തൂപ്പുകാരെ മാത്രം നിയമിച്ചാൽ മതിയാകുമെന്നുള്ളതാണ്. സ്ഥലങ്ങളും നിയമിക്കണമെന്നുദ്ദേശിക്കുന്ന തൂപ്പുകാരുടെ എണ്ണവും താഴെ കാണിക്കുന്നു. തോവാളതാലൂക്കിൽ തിരുപ്പതിസാരത്തു രണ്ടു തൂപ്പുകാർ; നെയ്യാററിൻകര താലൂക്കിൽ പൂവാററു രണ്ടു തൂപ്പുകാർ; നെയ്യാററിൻകര താലൂക്കിൽ നേമത്തു ഒരുതൂപ്പുകാരൻ; നെടുമങ്ങാട്ടുതാലൂക്കിൽ കാട്ടാക്കട ഒരു തൂപ്പുകാരൻ; ചിറയിൻകീഴ് താലൂക്കിൽ കിളിമാന്തൂർ രണ്ടുതൂപ്പുകാർ; ചെങ്കോട്ടത്താലൂക്കിൽ എരുത്തുരും ശിവനല്ലൂരും; രണ്ടുതൂപ്പുകാർ; തിരുവല്ലാതാലൂക്കിൽ ചെങ്ങന്നൂർ മൂന്നുതൂപ്പുകാർ; തിരുവല്ലാതാലൂക്കിൽ കോഴഞ്ചേരിയിൽ രണ്ടുതൂപ്പുകാർ; മൂവാററുപുഴതാലൂക്കിൽ പിറവത്തു രണ്ടുതൂപ്പുകാർ; ചങ്ങനാശേരിതാലൂക്കിൽ പൊൻകുന്നത്തു രണ്ടുതൂപ്പുകാർ; പീരുമേടുതാലൂക്കിൽ കുട്ടിക്കാനത്തു രണ്ടു തൂപ്പുകാർ; മീനച്ചൽ താലൂക്കിൽ കുറവിലങ്ങാട്ട് ഒരു തൂപ്പുകാരൻ മൂവാററുപുഴതാലൂക്കിൽ കോതമംഗലത്തു രണ്ടു തൂപ്പുകാർ; മൂവാററുപുഴ താലൂക്കിൽ തൊടുപുഴ രണ്ടു തൂപ്പുകാർ. മാസംതോറും ഉള്ള ആകെ ചെലവ് ൨൨൮ രൂപായും ആണ്ടിനാൽ ചെലവ് ൨൭൦൦ രൂപായും വരുന്നു. ഇപ്പോൾ ആവശ്യപ്പെടുന്ന ൪൮൧൮ രൂപാ ൪൪൦൨-ൽ ബാക്കിയുള്ള ൭ മാസത്തേക്കാണ്. ഒരു തൂപ്പുകാരന്റെ ശമ്പളം മാസം ഒന്നുക്ക ൭ രൂപായാണ്. ഈ സ്ഥലങ്ങൾ തീരെ വാസയോഗ്യമല്ലാത്തവയാണ്. അവയെ നല്ലസ്ഥിതിയിൽ വച്ചു കൊണ്ടുപോകുന്നതിനായിട്ടാണ ഈ ഗ്രാൻറ് ആവശ്യപ്പെട്ടിരിക്കുന്നത്. ഇതിനെ സഭ അനുവദിക്കുമെന്ന ഞാൻ വിശ്വസിക്കുന്നു.

പ്രസിഡൻറ്: സഭ ഈ ഗ്രാൻറിനെ അനുവദിക്കുന്നുവോ,

ഗ്രാൻറ് അനുവദിക്കപ്പെട്ടു.

ഡിമാൻഡ് ൫൦ ശാസ്ത്രീയവും, പലവകയും ഡിപ്പാർട്ടുമെൻറുകൾ.

മി: കെ. ജാർജ്ജ് (ഗവൺമെൻറ ചീഫ് സിക്രട്ടറി): സർ! ൫൦-ാം നമ്പ്ര ഡിമാൻഡായ ശാസ്ത്രീയവും പലവകയും ഡിപ്പാർട്ടുമെൻറുകളിലേക്ക ൪൦൮ രൂപായിൽ കവിയാതെയുള്ള ഒരു ഗ്രാൻറ് അനുവദിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു. അച്ചടിച്ച ലിസ്ററിൽ കാണിച്ചിട്ടുള്ളതു പോലെ ഇതു മാസം ഒന്നുക്ക് ൪൮ രൂപാശമ്പളത്തിൽ ഗവൺമെണ്ടു ഫോട്ടോഗ്രാഫരുടെ ആപ്പീസിൽ ഒരു ക്ലാർക്കിനെ നിയമിക്കുന്നതിനായിട്ടാണ്. ഗവൺമെണ്ടു ഫോട്ടോഗ്രാഫരുടെ ആപ്പീസിൽ ഇപ്പോൾ ക്ലാർക്കുകളേ ഇല്ല. ഒരു അസിസ്ററൻറ് ഫോട്ടോഗ്രാഫരും ഒരു അസിസ്ററൻറ് മെക്കാനിക്കും മാത്രമേ ഉള്ളു. രണ്ടുപേരും സാങ്കേതികപരിജ്ഞാനം മാത്രം ഉള്ളവരാകുന്നു. വിദ്യാഭ്യാസയോഗ്യതകൾ യാതൊന്നും ഇവക്കില്ല. എഴുത്തുകുത്തുകൾ മുതലായ ആപ്പീസ് ജോലികൾ ഒരു ക്ലാർക്കിന്റെ സഹായം കൂടാതെ നടത്താൻ സാധിക്കയില്ലഎന്ന ഗവൺമെൻറ ഫോട്ടോഗ്രാഫർ റിപ്പോർട്ടു ചെയ്തിട്ടുണ്ട്. അദ്ദേഹത്തിന്റെ ആപ്പീസ് ചെറുതുതന്നെ, അവിടെയുള്ള എഴുത്തുകുത്തുകളും കുറച്ചു മാത്രമേ ഉള്ളുഎന്നുള്ളതും പരമാർത്ഥംതന്നെ. എന്നാലും ആവശ്യമുള്ള എല്ലാകണക്കുകളും രജിസ്ററുകളും വയ്ക്കാതെയും കൂടാതെ കഴികയില്ലല്ലൊ. അല്പം ചിലഎഴുത്തുകുത്തുകളും ഉണ്ട്. എഴുത്തുകൾ അയക്കേണ്ടിവരുന്നസന്ദർഭങ്ങളിൽ അവയുടെ പകർപ്പുകൾ ആപ്പീസിൽ സൂക്ഷിക്കേണ്ടതായും ഉണ്ട്. ബില്ലുകൾ തയ്യാറാക്കിപ്പണം വാങ്ങേണ്ട ജോലിയും ഉണ്ട്. ഇതിനെല്ലാം ഒരു ക്ലാർക്കിന്റെ സഹായം അത്യന്താപേക്ഷിതമായിട്ടുള്ളതാകുന്നു. അസിസ്ററൻറ് ഫോട്ടോഗ്രാഫർക്കും മെക്കാനിക്കിനും ആപ്പീസ് സംബന്ധമായി യാതൊന്നും അറിയാൻ പാടില്ല എന്നുള്ളതിനാൽ ഗവൺമെൻറ ഫോട്ടോഗ്രാഫർ അല്പകാലത്തേക്കെങ്കിലും അവധിയിൽ പോകുന്ന സന്ദർഭങ്ങളിൽ അദ്ദേഹത്തിന്റെ ആപ്പീസിലെ ജോലികൾ നോക്കുന്നതിന് ആരും തന്നെ ഇല്ലഎന്നും കൂടി അദ്ദേഹം റിപ്പോർട്ടിൽ പ്രസ്താവിച്ചിട്ടുണ്ട്.

മി: കെ. ഐ. ജോസഫ് (മീനച്ചിൽ-ദേവികുളം): ഇത്രയും കാലം അദ്ദേഹം ഈ ജോലികൾ എങ്ങിനെയാണ് നടത്തിപ്പോന്നത്?

മി: കെ. ജാർജ്ജ് (ഗവൺമെൻറ ചീഫ് സിക്രട്ടറി): എല്ലാ ജോലികളും അദ്ദേഹം തന്നെ ചെയ്തുപോന്നിരുന്നു. എഴുത്തുകൾ എഴുതുകയും അവയുടെ പകർപ്പ് എടുക്കുകയും അദ്ദേഹം തന്നെ ചെയ്യേണ്ടിയിരുന്നു.

മി: എസ്. പിറവിപെരുമാൾപിള്ള (കച്ചവടകൈത്തൊഴിൽ സംഘങ്ങൾവക തെക്കൻ മെമ്പർ): അദ്ദേഹത്തിനു ഒരു വർഷത്തിൽ എത്ര എഴുത്തുകൾ എഴുതേണ്ടിവരും എന്നറിഞ്ഞാൽ കൊള്ളാം.

മി: കെ. ജാർജ്ജ് (ഗവൺമെൻറ ചീഫ് സിക്രട്ടറി): എനിക്ക അതു ഇപ്പോൾ പറവാൻ നിവൃത്തിയില്ല. ഇയിടെ ഒരു ഗവൺമെണ്ടു ആർഡർ ഉണ്ടായതിന്റെ ഫലമായി അദ്ദേഹത്തിന്റെ ജോലികളെ വർദ്ധിപ്പിച്ചിട്ടുണ്ട്: ആ ഉത്തരവ് അനുസരിച്ചു ഗവൺമെൻറവക മണികൾ, കൊട്ടാരം വകയും മററു സ്ഥാപനങ്ങൾ വകയും ആയ മണികൾ പിയാനോകൾ, മുതലായവയുടെ ചാർജ്ജ് കൂടി അദ്ദേഹം തന്നെ വഹിക്കേണ്ടതായിട്ടാണ ഇരിക്കുന്നത്.

മി: കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം). ഉദ്ദേശം എത്രമാത്രം ജോലി വർദ്ധിച്ചിരിക്കും?

മി: കെ. ജാർജ്ജ് (ചീഫ് സിക്രട്ടറി): ജോലിചെയ്യുന്നതിനു ഇപ്പോൾ ആരും തന്നെ ഇല്ല. കൂടുതലായി ജോലിയുണ്ടായിട്ടുണ്ടോ എന്നുള്ളതിനെപററിയല്ല ഇവിടെ ആലോചിക്കാനുള്ളത്. അദ്ദേഹത്തിൻെറ സിൽബന്തികളുടെ ശമ്പളം വാങ്ങിക്കേണ്ടതായുണ്ട്; അദ്ദേഹത്തിൻെറ തഞ്ചെലവു കണക്കുകൾ എഴുതി സൂക്ഷിക്കേണ്ടതായും ഉണ്ട്. ഈ ജോലിയെല്ലാം ഇപ്പോൾ അദ്ദേഹം തന്നെയാണ് ചെയ്യുന്നതു്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): എഴുതുവാനും വായിക്കാനും അറിയാവുന്ന ഫോട്ടഗ്രാഫറന്മാരെ കിട്ടാൻ വളരെ പ്രയാസമാണോ?

മി: കെ. ജാർജ്ജ് (ഗവർമ്മെൻറു ചീഫ് സിക്രട്ടറി). ഈ ജോലികളിൽ ഇപ്പോൾ തന്നെ ആളുകൾ നിയമിതരാട്ടുണ്ടല്ലോ.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അസിസ്ററൻറിൻെറ ശമ്പളം എന്താണ്?

മി: കെ. ജാർജ്ജ് (ഗവർമ്മെണ്ടു ചീഫ് സിക്രട്ടറി): അസിസ്ററൻറ് ഫോട്ടോഗ്രാഫർക്ക് ൨൦ മുതൽ ൩൦ വരെ രൂപ ശമ്പളവും മെക്കാനിക്കിന് ൧൫ രൂപ ശമ്പളവും ഉണ്ട്. ഇപ്പോൾ ആവശ്യപ്പെട്ടിരിക്കുന്ന ഡിമാൻഡ് വളരെ ചെറിയ ഒരു തുക മാത്രമാണ്. എഴുത്തു ജോലികൾ ചെയ്യുന്നതിനു ഏതെങ്കിലും ഒരാൾവേണമല്ലോ. ഈ ഡിമാൻഡ് അനുവദിക്കണമെന്നു ഞാൻ സഭയോടു അഭ്യർത്ഥിച്ചുകൊള്ളുന്നു.

മി: എൻ. കുമാരൻ (നിയമിതമെമ്പർ): ഈ ക്ലാക്കിനു ഒരു മാസത്തിൽ അഞ്ചു ദിവസം എങ്കിലും ചെയ്യുന്നതിനുള്ള ജോലികാണുമോ?

മി: കെ. ജാർജ്ജ് (ഗവർമ്മെണ്ടു ചീഫ് സിക്രട്ടറി): ഓരോ ദിവസവും അല്പം ജോലി വീതം കാണും. ഒരു മാസം ൫ ദിവസത്തേക്കു മാത്രം ആയിരിക്കണം എന്നു നിർബന്ധമില്ല.

മി: കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം): ഞാൻ ഈ ഉപക്ഷേപത്തെ എതിർക്കുന്നു. കഴിഞ്ഞ അനേകവർഷങ്ങളായി ഈ ജോലികൾ എല്ലാം അദ്ദേഹംതന്നെ നിർവ്വഹിച്ചു പോന്നിരുന്നതായി സമ്മതിക്കുന്നുണ്ടല്ലോ. ഇതിൻെറ യഥാർത്ഥമായ ആവശ്യം ഉള്ളതായി ചീഫ് സിക്രട്ടറി തെളിയിച്ചിട്ടും ഇല്ല.

മി: പി. കെ. നാരായണപ്പിള്ള (അമ്പലപ്പുഴ): ഞാൻ ഡിമാൻഡിനെ അനുകൂലിക്കുന്നു. പക്ഷെ മി. ജാർജ്ജ് പറഞ്ഞിട്ടുള്ള കാരണങ്ങൾ കൊണ്ടല്ല. ജോലിയില്ലാതെ ഉഴലുന്നവർക്കു ഇത്രത്തോളമെങ്കിലും ഒരു രക്ഷാമാർഗ്ഗം ലഭിക്കുമല്ലോ എന്നുള്ളതുകൊണ്ടാണ്. ഞാൻ ഇതിനെ അനുകൂലിക്കുന്നു.

പ്രസിഡൻറു: ഈ ഡിമാൻഡിനെ ഞാൻ സഭയുടെ വോട്ടിനായി ഇടുന്നു.

ഉപക്ഷേപം പാസാക്കപ്പെടുകയും ഗ്രാൻറു അനുവദിക്കപ്പെടുകയുംചെയ്തു.

ഡിമാൻഡ് ൨൩. പലവക ഇനങ്ങൾ.

മി: കെ. ജാർജ്ജ് (ഗവർമ്മെണ്ടു ചീഫ് സിക്രട്ടറി) സർ! ൨൩-ാം നമ്പ്ര ഡിമാൻഡായ പലവക ഇനങ്ങൾക്കു ൩൦൦൦ രൂപായിൽ കവിയാതെയുള്ള ഒരു തുക അനുവദിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു. തൊഴിലില്ലായ്മക്കമ്മിററിയെ സംബന്ധിച്ചുള്ള ചിലവുകൾക്കായിട്ടാണു ഈ പണം ആവശ്യപെട്ടിട്ടുള്ളതു്.

മി: കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം): ഇതു ജോലി ഇല്ലാത്തവർക്കു ജോലി കൊടുത്തു അവർക്ക് ശമ്പളം കൊടുക്കുന്നതിനാണോ?

മി: കെ. ജാർജ്ജ് (ഗവർമ്മെണ്ടു ചീഫ് സിക്രട്ടറി) ഞാൻ വിവരമായി പറയാം. ഈ സഭയുടെ തീരുമാനം അനുസരിച്ചു തൊഴിലില്ലായ്മക്കമ്മിററി കുറെക്കാലം മുമ്പു രൂപീകരിക്കപ്പെട്ടിട്ടുള്ളതാണ്. ഈ കമ്മിററിയുടെ ജോലി നടത്തിപ്പിലേക്കായി സിൽബന്തികളോ ഫണ്ടുകളോ യാതൊന്നും തന്നെ ഇതേവരെ അതിനു നൽകിയിട്ടില്ല.

മി: ടി. ജെ. മാത്യു (ചങ്ങനാശേരി-പീരുമേട്): കമ്മിററി അതിൻെറ ജോലി തുടങ്ങിക്കഴിഞ്ഞുവോ?

മി: കെ. ജാർജ്ജ് (ഗവർമ്മെണ്ടു ചീഫ് സിക്രട്ടറി): കമ്മിററിയുടെ ഒരു യോഗം നടന്നുകഴിഞ്ഞതായിട്ടാണു എൻെറ വിശ്വാസം. ആഫീസ് നടത്തിപ്പിലേക്കായി മാസം ൧-ക്ക് ൧൨൫ രൂപാ ശമ്പളത്തിൽ ഒരു സിക്രട്ടറിയേയും രണ്ടു ക്ലാക്കുകളേയും കുറെ ശിപായിമാരെയും നിയമിക്കണമെന്നു കമ്മിററിയുടെ അഗ്രാസനാധിപതി എന്ന നിലയിൽ മി: ചന്ദ്രശേഖരൻ ആവശ്യപ്പെട്ടിരിക്കുന്നു. ഇതു കൂടാതെ ഇതിലെ അംഗങ്ങളുടെ സഞ്ചാരപ്പടിക്കും തൻചിലവുകൾക്കും ആയി ൨൦൦൦ രൂപാ കൂടി വേണമെന്നു ആവശ്യപ്പെട്ടിട്ടുണ്ട്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): പ്രസിഡൻറിൻെറ കൂപാൾയിൽ ഗവർമ്മെണ്ട് എന്തെങ്കിലും ഭേദഗതിവരുത്തിയോ?

മി: കെ. ജാർജ്ജ് (ഗവർമ്മെണ്ടു ചീഫ് സിക്രട്ടറി): ഈ ഡിമാൻഡുകൾ എല്ലാംകൂടി ൩൧൨൫ രൂപാകളായിരുന്നു, ഒരു വർഷകാലത്തിൽ കുറയാതെ ജോലിചെയ്യേണ്ടിവരുമെന്നായിരുന്നു പ്രസിഡൻറിൻെറ അഭിപ്രായം. പ്രസിഡൻറിൻെറ കൂപാശയെപ്പററി ഗവർമ്മെണ്ടു നല്ലപോലെ ആലോചിച്ചുനോക്കി ഇപ്പോൾ സഭമുമ്പാകെ ഹാജരാക്കിയിട്ടുള്ള ഡിമാൻഡ് ൩൦൦൦ രൂപായുടെ ഗ്രാൻറ് അനുവദിക്കണം എന്നാകുന്നു. സ്റ്റാഫിനും സഞ്ചാരപ്പടിക്കും തൻചിലവുകൾക്കും ആയി ആവശ്യപ്പെട്ടിരുന്ന തുക വളരെ കൂടുതലാണെന്നു ഗവർമ്മെണ്ടിനുതോന്നുകയും ൩൦൦൦ രൂപാ അനുവദിച്ചു കമ്മിററിക്കു വേണ്ടിവരുന്ന ചിലവുകൾ കമ്മിററിയുമായി ആലോചിച്ചു ചെയ്യണമെന്നു പ്രസിഡൻറിനോടു ആജ്ഞാപിക്കാമെന്നായി തീരുമാനിക്കുകയും ചെയ്തിരിക്കയാണ്. ഒരു വർഷം വളരെ ദീർഘകാലം ആണെന്നു ഗവർമ്മെണ്ടിനു തോന്നുന്നതിനാൽ ഈ ജോലി ൯ മാസകാലംകൊണ്ടു ചെയ്തുതീർക്കണമെന്നു പ്രസിഡൻറിനോടു ആവശ്യപ്പെടുന്നതായിരിക്കും. അതായതു വെക്കേഷൻെറ അവസാനംവരെ കാണും. അതുകൊണ്ടാണ് ൩൦൦൦ രൂപ ഇപ്പോൾ ആവശ്യപ്പെട്ടിരിക്കുന്നതു്. ഇതിൽ സിൽബന്തി ചിലവുകൾക്കും സഞ്ചാരപ്പടിക്കും തൻചിലവിനും ഉള്ള ചിലവുകളും ഉൾപ്പെടുത്തിയിട്ടുണ്ട്. പണം ചിലവാക്കുന്നതു കമ്മിററിയുമായി ആലോചിച്ചിട്ടായിരിക്കും. ഒരുപക്ഷെ ഇപ്പോൾ നാം കാമെന്നുദ്ദേശിക്കുന്ന ഗ്രാൻറ് പോരാതെവരുന്നതാം. എന്നാൽ ഇതുകൊണ്ടു കാര്യം നടത്തുന്നതിനു കമ്മിററിക്കു സാധിക്കുമെന്നാണ് എൻെറ വിശ്വാസം. ഈ ഡിമാൻഡിനെ അനുവദിക്കുന്നതിൽ കൌൺസിലിനു യാതൊരു വിരോധവും ഉണ്ടായിരിക്കയില്ലെന്നു ഞാൻ വിശ്വസിക്കുന്നു.

മി: എം. കെ. പിള്ള (കരുനാഗപ്പള്ളി) സർ! ഈ ഡിമാൻഡിനെ ഈ സഭയിൽ ഹാജരാക്കിയ സന്ദർഭത്തിൽനിന്നും മി: ജാർജ്ജ് പുറപ്പെടുവിച്ചിട്ടുള്ള വാദത്തിന്റെ ഫോക്കിൽനിന്നും തോന്നിയില്ലായ്മ കമ്മിററി എന്നുള്ള ഒരു ആവശ്യസംഗതിയാണെന്നാണ ഞാൻ മനസ്സിലാക്കുന്നത്; പ്രസിഡന്റ് മി: ചന്ദ്രശേഖരനാണ്. അദ്ദേഹം ൩൦൦൦ രൂപാ ആവശ്യപ്പെട്ടിട്ടുണ്ട്, ആ പണം കമ്മിററിയുമായി ആലോചിച്ചുമാത്രമെ ചിലവാക്കയുള്ളു. ഇത് അത്യവസാനം രഹസ്യമയമായ ഒരു സംഗതിയായിരിക്കുന്നു. കമ്മിററി പ്രസിഡന്റ് കുറെ പണം ആവശ്യപ്പെട്ടിരിക്കുന്നു. ന്യായമായി പ്രവർത്തിക്കുന്നതായിരുന്നാൽ ഈ പണം ഏതു പ്രകാരത്തിലാണ ചിലവാക്കാൻപോകുന്നതു എന്നു നമ്മെ പറഞ്ഞു മനസിലാക്കേണ്ട ചുമതല ഗവർമ്മെണ്ടു മെമ്പറിനു ഉണ്ടെന്നാണ് എനിക്കു തോന്നുന്നതു്. കമ്മിററിക്കു എന്തെല്ലാം വിഷയങ്ങളെപ്പററി പ്രതിപാദിക്കാനുള്ള അധികാരം നൽകിയിട്ടുണ്ട്? അവർ രാജ്യത്തിന്റെ ഒരുഭാഗത്തുനിന്നും മറെറാരു ഭാഗത്തേക്കു സഞ്ചരിക്കാൻ പോകുന്നോ? പൊതുജനങ്ങളുടെവക പണം ചിലവാക്കുന്നതിനു അനുവദിക്കുന്നതിനു മുമ്പായി കമ്മിററി ചെയ്യാൻപോകുന്ന ജോലിയുടെ സംക്ഷിപ്തമായ ഒരു അറിവെങ്കിലും നമുക്ക് ഉണ്ടായിരിക്കേണ്ടതു് ആവശ്യം ആകുന്നു. ജനങ്ങൾക്കു ഗുണപ്രദമായ വിധത്തിൽ ഈ പണത്തെ വ്യയം ചെയ്യാൻ പോകുകയാണെന്നു നമുക്കു ബോദ്ധ്യംവരുന്നപക്ഷം ൩൦൦൦ രൂപാതന്നെ അനുവദിക്കുന്നതിനും നമുക്കു യാതൊരു വിരോധവും ഇല്ല. മി: ചന്ദ്രശേഖരനോ അധികാരികളിൽ മററാരെങ്കിലുമൊ കാര്യക്ഷമതയോടുകൂടി ഈ ജോലി നടത്തുന്നതിനു ൩൦൦൦ രൂപായുണ്ടെങ്കിൽമാത്രമെ സാധിക്കയുള്ളു എന്നു പറയുന്ന പക്ഷം ആ തുക അനുവദിക്കാൻ നാം മടിക്കുന്നതെന്തിന്? നാം ഒരുവിധം കണിശത്തോടുകൂടി പ്രവർത്തിക്കണം. ചെയ്യാൻപോകുന്ന ജോലിയെ സംബന്ധിച്ചും ചോദിക്കുന്ന പണത്തിന്റെ ആവശ്യകതയെ സംബന്ധിച്ചും നമുക്കു ബോദ്ധ്യം വരണം. ഇതാ ഒരു കമ്മിററി രൂപീകരിച്ചിരിക്കുന്നു. പ്രസിഡന്റ് കുറെ പണം ആവശ്യപ്പെട്ടിരിക്കുന്നു. ഇതിന്റെ മൂലതത്വങ്ങളെ സംബന്ധിച്ചു ആരാഞ്ഞറിയാതെ ഈ പണം അനുവദിക്കുന്നപക്ഷം ആയതു നമ്മുടെ വീട്ടുകാര്യംപോലെ ആയിപ്പോകുമെന്നുള്ളതാകുന്നു. ഈ സഭയിലെ മെമ്പറന്മാരെ സംബന്ധിച്ചിടത്തോളം അല്പംകൂടി വില കല്പിക്കേണ്ടതാണ്. ഈ കമ്മിററി രാജ്യം മുഴുവനും ചുററി സഞ്ചരിക്കുന്ന ഒന്നാകണോ അതല്ല തെളിവ് ശേഖരിക്കുന്നതിലേക്കുള്ള ഒന്നാകണൊ എന്നറിയണം. പുറമെ നിന്നും വിദഗ്ദ്ധന്മാരെ ക്ഷണിച്ചുവരുത്തുവാൻ ഇവർ ഭാവമുണ്ടൊ? സഞ്ചരപ്പടിയെ ഇവർ ഏതു പ്രകാരത്തിൽ വിനിയോഗിക്കാൻ പോകുന്നു? നാം ഈ തുക അനുവദിക്കണമെങ്കിൽ അതിലേക്കു വേണ്ട ന്യായം ഉണ്ടായിരിക്കേണ്ടതാണല്ലൊ. ഉദ്യോഗസ്ഥമെമ്പറന്മാർ ആവശ്യപ്പെടുന്ന ഡിമാൻഡുകൾ "അനുവദിക്കുന്നു" അല്ലെങ്കിൽ "അനുവദിക്കുന്നില്ല" എന്നുള്ള മറുപടി പറവാനായിട്ടു മാത്രമല്ലല്ലൊ നാം ഇവിടെ വന്നിട്ടുള്ളതു്. പ്രസിഡന്റ ഈ തുക ആവശ്യപ്പെട്ടിരിക്കുന്നു എന്നുള്ളതുകൊണ്ടു മാത്രം നാം അതിനെ അനുവദിക്കാൻ പാടുള്ളതല്ല. ഈ ഇനത്തെ സംബന്ധിച്ചു മാത്രമല്ല ഞാൻ ഇപ്രകാരം പറയുന്നതു്. മുൻപുള്ള ഇനങ്ങളേയും ഒരുപോലെ ബന്ധിക്കുന്നതാണ്. ഇതെല്ലാം വിശ്വാസത്തെ അടിസ്ഥാനമാക്കിയുള്ളതാണെന്നാണ് എന്റെ ബോദ്ധ്യം.

പ്രസിഡന്റ. ഇതെസംബന്ധിച്ചു മറേറതെങ്കിലും മെംബർ സംസാരിക്കണമെന്നു വിചാരിക്കുന്നുണ്ടൊ?

മി: കെ. ജാർജ്ജ് (ഗവർമ്മെണ്ട ചീഫ് സെക്രിട്ടറി): സർ, മിസ്റ്റർ ചന്ദ്രശേഖരൻ ൩൦൦൦ രൂപാ ആവശ്യപ്പെട്ടു എന്നുള്ളതും ഗവർമ്മെണ്ട ഇപ്പോൾ ഈ കൌൺസിലിൽ ൨൦൦൦ രൂപാ മാത്രമെ ആവശ്യപ്പെടുന്നുള്ളു എന്നുള്ളതും പരമാർത്ഥംതന്നെ. ഗവർമ്മെണ്ട ഈ ഡിമാൻഡിനെ ഫിനാൻസ് കമ്മിററിയിൽ വാദപ്രതിവാദത്തിനു കൊണ്ടുവന്നപ്പോൾ ആ കമ്മിററി പ്രസിഡന്റിന്റെ ഈ എസ്റ്റിമേററ വളരെക്കൂടിപ്പോയി എന്നുകണ്ടു അതിനെ ൨൦൦൦ രൂപായാക്കികുറച്ചു ഈ തുക കമ്മിററിയുമായി ആലോചിച്ചതിനുമേൽ മാത്രം പ്രസിഡന്റിനു ചിലവാക്കുന്നതിനു സ്വാതന്ത്ര്യം ഉണ്ടായിരിക്കത്തക്കവണ്ണം വ്യവസ്ഥചെയ്യണമെന്നു അഭിപ്രായപ്പെട്ടതുകൊണ്ടു മാത്രമാണ് ഇങ്ങിനെവരുന്നതിനിടയായതു്.

ഈ കമ്മിററി നടത്താനുള്ള ജോലിയെപ്പററി ഇതു ഏതു ഗവർമ്മെണ്ട ആഡർഅനുസരിച്ചു രൂപീകരിക്കപ്പെട്ടുവൊ ആ ആർഡറിൽ പൂർണ്ണമായി വിവരിച്ചിട്ടുണ്ട്. കൂടുതൽ സംഗതികൾ അറിയണമെങ്കിൽ പ്രസിഡന്റിന്റെ ശുപാർശകൾ ഗവർമ്മെണ്ടിനു ലഭിച്ചെങ്കിൽ മാത്രമെ സാധിക്കയുള്ളു അതിനുശേഷം മാത്രമെ ഈ കമ്മിററി സഞ്ചരിക്കേണ്ടതായി വരുമൊ എന്നും ഏതെങ്കിലും തെളിവുകൾ ശേഖരിക്കുമൊ എന്നും ഉള്ള സംഗതികളെ സംബന്ധിച്ചു തീരുമാനമായ മറുപടിപറയുന്നതിനു ഗവർമ്മെണ്ടിനു സാധിക്കയുള്ളു. ഇപ്പോൾ ആ ചോദ്യത്തിനു ശരിയായ മറുപടി പറവാൻ നിവൃത്തിയില്ല. കമ്മിററി ഒരിക്കൽ മാത്രമെ കൂടിയുള്ളു. ചോദ്യങ്ങളുടെ ഒരു പട്ടിക തയ്യാറാക്കിയതിനുമേൽ മാത്രം ജോലി തുടങ്ങണമെന്നാണ അവർ ആലോചിട്ടുള്ളതു്.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): കമ്മിററിയിൽനിന്നും യാതൊരു പദ്ധതിയും സമർപ്പിക്കാതെയാണു ഈ മൂവായിരം രൂപയും ആവശ്യപ്പെട്ടിട്ടുള്ളതു എന്നാണൊ ഞാൻ മനസ്സിലാക്കേണ്ടതു്?

മി: കെ. ജാർജ്ജ് (ഗവർമ്മെണ്ട ചീഫ് സെക്രിട്ടറി): പ്രസിഡന്റ ഒരു നക്കൽ പദ്ധതി തയ്യാറാക്കി ഒരു എസ്റ്റാബ്ലിഷ്മെന്റ വേണം എന്നു അദ്ദേഹം ആവശ്യപ്പെട്ടിരുന്നു. കമ്മിററിയുടെ മുഴുവൻ ജോലിയേയും പരിപൂർണ്ണമായി അദ്ദേഹം വിവരിച്ചിരുന്നില്ല. ആരംഭത്തിൽ ഒരു ആപ്പീസ് രൂപീകരിക്കേണ്ടിയിരിക്കുന്നു. അതിലേക്കു അദ്ദേഹത്തിനു ഒരു സ്ക്രിട്ടറിയും ക്ലാർക്കുകളും ആപ്പീസ് സാമാനങ്ങളും വേണമെന്നായി അദ്ദേഹം ആവശ്യപ്പെട്ടിരിക്കുന്നു.

മി: കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം): മിസ്റ്റർ ചന്ദ്രശേഖരന്റെ റിപ്പോർട്ടു രഹസ്യ റിപ്പോർട്ടാകണൊ?

മി: കെ. ജാർജ്ജ് (ഗവർമ്മെണ്ട ചീഫ്സെക്രട്ടറി): ആ റിപ്പോർട്ടിൽ രഹസ്യമായിട്ടുള്ള യാതൊരുസംഗതിയും ഇല്ല.

മി: കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം): ഈ സഭയുടെ അറിവിലേക്കായി പ്രതിപാദ്യവിഷയവുമായി ബന്ധമുള്ള റിപ്പോർട്ടിലെ ഭാഗങ്ങളെ വായിച്ചുകേൾപ്പിക്കുന്നതിനു ചീഫ്സിക്രട്ടറിക്കു വല്ല വിരോധവുമുണ്ടൊ?

മി: കെ. ജാർജ്ജ് (ഗവർമ്മെണ്ട ചീഫ് സിക്രട്ടറി): റിപ്പോർട്ടിന്റെ ചുരുക്കം ഞാൻ മുമ്പുതന്നെ പറഞ്ഞു. പ്രതിപാദ്യവിഷയവുമായി ബന്ധമുള്ള ഭാഗങ്ങൾ ഇവയാണ്.

"ഈ കമ്മിററി ആരാഞ്ഞറിയുവാൻ നിശ്ചയിച്ചിട്ടുള്ള സംഗതി വളരെ പ്രയാസവും വിവിധരൂപവും ഉള്ള ഒന്നാണെന്ന എല്ലാവരും സമ്മതിച്ചിട്ടുള്ളതാകുന്നു. ഈ സംഗതിക്ക നാനാമുഖങ്ങൾ ഉണ്ടെന്നും ഇരു രാജ്യത്തിന്റെ വിദ്യാഭ്യാസസംബന്ധമായും സാമുദായികമായും ധനസംബന്ധമായും ഉള്ള നിലയെ ബലമായി ആശ്രയിച്ചിരിക്കുന്ന ഒന്നാണെന്നും ഉള്ള പരമാർത്ഥങ്ങൾ ഇതേപ്പററി ഒരു നിമിഷനേരമെങ്കിലും ആലോചിക്കുന്ന ഏവനും ബോദ്ധ്യമാകുന്നതാണ്. ഈ വിഷയത്തിന്റെ സ്വഭാവം, വിസ്തീർണ്ണം, കാരണങ്ങൾ, പ്രതിവിധികൾ ഇവയെപ്പററി ക്ലിപ്തക്ഷമമായ വിധത്തിൽ ആരാഞ്ഞറിയണമെന്നുള്ളപക്ഷം വളരെ കണക്കുകളും മററു സംഗതികളും ശേഖരിക്കേണ്ടതായി വരുന്നതാണ്. അതിലേക്കായി ഗവണ്മെന്റിലെ പല ഡിപ്പാർട്ടുമെന്റുകളുമായി പലപ്പോഴും എഴുത്തുകുത്തുകൾ നടത്തേണ്ടതായി വരുമെന്നുള്ളതാണ്. ബാങ്കുകളുമായും ജോലികൾ നടത്തുന്ന കമ്പനികളുമായും, കച്ചവടക്കമ്പനികളുമായും എന്നുവേണ്ട വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ള ആളുകളെക്കൊണ്ടു ജോലി ചെയ്യിക്കുന്ന എല്ലാ ഏജൻസികളുമായും ഇതിനും പുറമെ മദ്രാസിലെ തൊഴിലില്ലായ്മക്കമ്മിററിയുമായും എഴുത്തുകുത്തുകൾ നടത്തേണ്ടതായി വരുമെന്നുള്ളതാണ്. ഇങ്ങിനെ ലഭിക്കുന്ന വിവരങ്ങളെ തിട്ടപ്പെടുത്തി കമ്മിററിക്ക അപ്പോഴപ്പോൾ നോക്കി മനസ്സിലാക്കുന്നതിന്ന സൌകര്യമായിരിക്കത്തക്ക വിധത്തിൽ തയ്യാർചെയ്തുവെക്കണം. ഉദ്യോഗസ്ഥന്മാർക്കും അനുദ്യോഗസ്ഥന്മാർക്കും എന്നുവേണ്ട കമ്മിററിയുടെ അഭിപ്രായത്തിൽ ഈ സംഗതിയെസംബന്ധിച്ച ഏതെങ്കിലും വിവരങ്ങൾ അറിയാവുന്നവരാണെന്നു തോന്നുന്ന എല്ലാ ആളുകൾക്കും തൊഴിലില്ലായ്മയെ സംബന്ധിച്ച ഒരു ചോദ്യപ്പട്ടിക തയ്യാറാക്കി അയച്ചുകൊടുക്കണമെന്നാണ വിചാരിക്കുന്നത്. ഇവക്കുകിട്ടുന്ന മറുപടികളെ അവ ൨൦൦, ൩൦൦ എണ്ണം കാണും. തരംതിരിച്ചു പട്ടിക തയ്യാറാക്കുന്നതു മറെറാരു പ്രധാനപ്പെട്ട ജോലിയാണ്. കാളേജിലെ പ്രൊഫസർ എന്ന നിലയിലും പബ്ളിക്ക ലൈബ്രറിയിലെ സെക്രട്ടറി എന്ന നിലയിലും എനിക്കുള്ള സാധാരണ ജോലികൾക്ക പുറമെയാണ ഞാൻ ഈ കമ്മിററി സംബന്ധിച്ചുള്ള ജോലികൾ ചെയ്യേണ്ടതു എന്നുള്ളതു ഈ സന്ദർഭത്തിൽ സ്മരണീയമാണ്. ഇതിനുംപുറമെ ഈ കമ്മിററി സംബന്ധമായ ജോലികൾക്കായി ചിലവാക്കാൻ എനിക്ക ലഭിക്കുന്ന സമയത്തിന്റെ അധികംഭാഗവും ഇതിനെ സംബന്ധിച്ചു ലഭിക്കാൻ ഇടയുള്ള പുസ്തകങ്ങൾ വായിച്ചു പഠിക്കുന്നതിന്ന ചിലവായിപ്പോകുമെന്നുള്ളതാണ്. മററു കമ്മിററി പ്രസിഡന്റന്മാരെപ്പോലെ ഞാൻ ഒരു ഡിപ്പാർട്ടുമെന്റു മേധാവി അല്ലാത്തതുകൊണ്ടു കമ്മിററിയുടെ ജോലിക്കു അല്പമെങ്കിലും വിനിയോഗിക്കുന്നതിലേക്ക എന്റെ കീഴിൽ ഒരു സ്റ്റാഫ് ഇല്ല എന്നുള്ളതും ഇവിടെ പ്രസ്താവിച്ചുകൊള്ളട്ടെ.

"മേൽപറഞ്ഞ കാരണങ്ങളാൽ ഇതിൽ ഉണ്ടാകാവുന്ന പല ഇനം ജോലികളെയും നടത്തുന്നതിന്ന എഴുത്തു വിഷയത്തിൽ വിദഗ്ദ്ധതയോടുകൂടിയ സഹായം എനിക്ക ചെയ്തുതരുന്നതിന്നശേഷിയുള്ളവനായി ഫ ൨ ൫ രൂപാ ശമ്പളത്തിൽ ഒരു ഹെഡ്ഗ്രേഡ് ഒന്നാംക്ലാസ്സ് ക്ലാർക്കിനെ നിയമിക്കണമെന്ന ഞാൻ വിചാരിക്കുന്നു. അദ്ദേഹം കമ്മിററിയുടെ സിക്രട്ടറിയുടെജോലികൾകൂടി നിർവഹിക്കുന്നതായിരിക്കും. ആ ഉദ്യോഗസ്ഥന്റെപേരും സിക്രട്ടറി എന്നുതന്നെ ആയിരിക്കുന്നതാണ്. മദ്രാസിലെ തൊഴിലില്ലായ്മക്കമ്മിററിയിൽ പ്രൊവിൻഷ്യൽ സിവിൽസർവീസിലുള്ള ഒരു ഉദ്യോഗസ്ഥനെ മുഴുവൻസമയവും വിനിയോഗിക്കാവുന്ന സിക്രട്ടറിയായി നിയമിച്ചിട്ടുണ്ടെന്നാണഎന്റെ അറിവു. നമ്മുടെ കമ്മിററിയിലെ മെമ്പറന്മാർ ഉദ്യോഗസ്ഥന്മാരും അനുദ്യോഗസ്ഥന്മാരും ഒരുപോലെ ധാരാളം ജോലിത്തിരക്കുള്ളവരായതുകൊണ്ടു അവരിൽ ഒരാളിന്റെ മേൽ സിക്രട്ടറിയുടെ ജോലികൂടി ചുമത്തുന്നതു വിഹിതമായിരിക്കയില്ല. കമ്മിററിയുടെ പ്രധാനജോലികളിൽ ഒന്നു അപേക്ഷ അനുസരിച്ചു അവരുടെ മുമ്പാകെ ഹാജരാകുന്ന ആളുകളുടെ മൊഴി വാങ്ങുന്നതും ആവശ്യമെന്നു കാണുന്നപക്ഷം അന്യസ്ഥലങ്ങളിൽ സഞ്ചരിച്ചു പ്രധാന സ്ഥലങ്ങളിൽനിന്നു തെളിവു ശേഖരിക്കുന്നതും ആകുന്നു. കമ്മിററിയുടെ പ്രൊസീഡിംഗ്സിന്റെ സംപൂർണ്ണമായ റിപ്പോർട്ടുകൾ തയ്യാർചെയ്യുന്നതിലേക്കായി ഒരു ചുരുക്കെഴുത്തു റിപ്പോർട്ടറെ ഗ്രാഡ്യുവെററായികണ്ടാൽ നന്നായിരിക്കും— ൭൦ രൂപാ ശമ്പളത്തിൽ നിയമിക്കേണ്ടതും ആവശ്യമായിരിക്കുന്നു.

"൪൦ രൂപാ ശമ്പളത്തിൽ ഒരു ടൈപ്പിസ്റ്റ്ക്ലാർക്കും അതേ ശമ്പളത്തിൽ മറെറാരു ക്ലാർക്കും ന ൫ ൦ രൂപാ ശമ്പളത്തിൽ ൪ ശിപായിമാരുംകൂടി ഉണ്ടായിരിക്കേണ്ടതാകുന്നു.

"ഇതു കണക്കനുസരിച്ചുള്ള സ്റ്റാഫ് താഴെപറയുംപ്രകാരം ആയിരിക്കും.

(എ) "തൊഴിലില്ലായ്മക്കമ്മിററി സിക്രട്ടറി" എന്ന അഭിധാനത്തിൽ മാസം ഒന്നുക്ക ഫ ൨ ൫ രൂപാ ശമ്പളത്തിൽ ഒരു ഹയർഗ്രേഡ് ഒന്നാംക്ലാസ് ക്ലാർക്ക്.

(ബി) മാസംഒന്നുക്ക ൭൦ രൂപാ ശമ്പളത്തിൽ ഒരു ചുരുക്കെഴുത്തു റിപ്പോർട്ടർ

(സി) മാസം ഒന്നുക്ക ൪൦ രൂപാ ശമ്പളത്തിൽ രണ്ടുക്ലാർക്കുകൾ (അവരിൽ ഒരാൾ ടൈപ്പിസ്റ്റ് ക്ലാർക്കായിരിക്കും).

(ഡി) മാസംഒന്നുക്ക ൯ രൂപാ ശമ്പളത്തിൽ ൪ ശിപായിമാർ.

സഞ്ചാരപ്പടിക്ക ൨,൦൦൦ രൂപായോളവും തപാൽചിലവിനും, സാമാനങ്ങൾക്കും, ആഫീസ് ചിലവുകൾക്കും ആയി ൩൦൦ രൂപായോളവും വേണ്ടിവരുമെന്ന അദ്ദേഹം കുറെക്കൂടി കഴിഞ്ഞതിനശേഷം അഭിപ്രായപ്പെടുകയുണ്ടായി.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്). ഗ്രാൻറ് അനുവദിച്ചു കഴിഞ്ഞാലുടൻ തന്നെ കമ്മിററിജോലി തുടങ്ങുന്നതിന്ന തയ്യാറാണൊ?

മി: കെ. ജാർജ്ജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): അങ്ങിനെയാണ എനിക്ക തോന്നുന്നതു. കമ്മിററി ഒരിക്കൽകൂടികഴിഞ്ഞിരിക്കുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): കമ്മിററി സഞ്ചരിക്കേണ്ടതായുണ്ടൊ?

മി: കെ. ജാർജ്ജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): അതേപ്പററി ഇതുവരെ തീരുമാനിച്ചിട്ടില്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സഞ്ചാരപ്പടി ആവശ്യപ്പെട്ടിരിക്കുന്നതിനെ പററി എന്തുപറയുന്നു?

മി: കെ. ജാർജ്ജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): സഞ്ചാരപ്പടിക്ക പണം ആവശ്യമുണ്ടോ ഇല്ലയോ എന്നുള്ളതിനെപ്പററി കമ്മിററി ഒന്നോ രണ്ടോ പ്രാവശ്യം കൂടിയതിനുമേൽ തീരുമാനിക്കുന്നതായിരിക്കും.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതിനു പണം അനുവദിക്കുന്നപക്ഷവും പ്രസിഡണ്ടിന്നു സഞ്ചരിക്കാൻ സാധിക്കുമൊ?

മി: കെ. ജാർജ് (ഗവർമ്മെന്റുചീഫ് സെക്രട്ടറി): വെക്കേഷൻകാലത്തു അദ്ദേഹത്തിനു സഞ്ചരിക്കാമല്ലോ.

മി: കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം): സിക്രട്ടറിക്കു കൊടുക്കേണ്ട ശമ്പളം എന്താണെന്നുള്ളതിനെ സംബന്ധിച്ചു ഗവർമ്മെന്റിനു വല്ല രൂപവും ഉണ്ടോ?

മി: കെ. ജാർജ് (ചീഫ് സെക്രട്ടറി): ഇപ്പോഴും ഗവർമ്മെന്റ അതിനെസംബന്ധിച്ചു യാതൊന്നും തീരുമാനിച്ചിട്ടില്ല. അതിനെസംബന്ധിച്ചു കമ്മിററിയുമായി ആലോചിച്ചു പ്രസിഡന്റ തീരുമാനിച്ചുകൊള്ളണമെന്നുള്ളതാണ്.

പ്രസിഡന്റ്: മിസ്റ്റർ ഏ. കെ. പിള്ള അദ്ദേഹത്തിന്റെ വിപരീതാഭിപ്രായത്തെ നിർബന്ധമായി അവതരിപ്പിക്കണമെന്നു വിചാരിക്കുന്നില്ലെന്നു ഞാൻ വിശ്വസിക്കുന്നു. ഈ സഭ ഈ ഡിമാൻഡിനെ അനുവദിക്കുന്നതായും ഞാൻ വിശ്വസിക്കുന്നു.

ഗ്രാന്റ് അനുവദിക്കപ്പെട്ടു.

പ്രസിഡന്റ്: ഈ സഭ ഇപ്പോഴും പിരിഞ്ഞു നാളെ രാവിലെ ൧൧ മണിക്കു വീണ്ടും കൂടുന്നതായിരിക്കും.

വൈകുന്നേരം ൫-൧൦-നു സഭപിരിഞ്ഞു.

ടി. പി. രാമസുബ്ബയ്യർ,
നിയമസഭാസിക്രട്ടറി.

(A true translation) T. RAMALINGAM PILLAI,
Head Translator to Government.

അനുബന്ധം

൧൧൦൨-ലെ സ്ററാൻഡിംഗ് ഫിനാൻസ് കമ്മിററിയുടെ മിനിററുകൾ.

൧൯൨൬ നവംബർ ൧൫-ാംനു തിങ്കളാഴ്ച.

നിയമസഭയിലെ സ്ററാൻഡിംഗ്ഫിനാൻസ് കമ്മിററിയുടെ ൧൧൦൨-ലെ ഒന്നാമത്തെ യോഗം ഹജൂർകച്ചേരിയിൽ ദിവാൻജിയുടെ മുറിയിൽവച്ചു ൧൯൨൬ നവംബർ ൧൫-ാംനു തിങ്കളാഴ്ച ഉച്ചക്കു ഒരുമണിക്കു കൂടി.

താഴെപറയുന്ന മെമ്പറന്മാർ ഹാജരുണ്ടായിരുന്നു.

എം. ഇ. വാട്ട്സ്, എസ്ക്വയർ, ബി. ഏ. ബാരിസ്റ്റർ അററ്ലാ, ദിവാൻ; പ്രസിഡന്റ്.
പി. കെ. നാരായണപിള്ള എസ്ക്വയർ, ബി. ഏ., ബി. എൽ.
എം. ശിവതാണുപിള്ള എസ്ക്വയർ.
ജി. പരമേശ്വരൻപിള്ള എസ്ക്വയർ, ബി. ഏ., ബി. എൽ.
കെ. ജാർജ് എസ്ക്വയർ ബി. എ.
കെ. എൻ. രാമസുബ്ബയ്യർ എസ്ക്വയർ ബി. ഏ., ബി. എൽ.
ടി. പി. രാമസുബ്ബയ്യർ എസ്ക്വയർ ബി. ഏ. സംയോജകൻ.

൧. ആലപ്പുഴ സ്കൂൾ ഓഫ് കാമേഴ്സിലെ വിദ്യാർത്ഥികളുടെ ഉപയോഗത്തിലേക്കായി ആണ്ടൊന്നുക്കു ൬൦൦ രൂപാ ചിലവിൽ ഒരു ഹോസ്റ്റൽ തുടങ്ങണമെന്നുള്ള ശുപാർശയെപ്പററി കമ്മിററി ആലോചിച്ചു അംഗീകരിച്ചു.

൨. വിദ്യാഭ്യാസമനുവൽ തയ്യാർചെയ്യുന്നതിനായി ഒരു സ്പെഷ്യൽ ആഫീസരേയും സ്റ്റാഫിനേയും ൬ മാസകാലത്തേക്കു നിയമിക്കണമെന്നും അതിലേക്കായി ൧൧൦൨-ലെ വിദ്യാഭ്യാസബഡ്ജററിൽ ൧൬൫൦ രൂപ അനുവദിക്കണമെന്നും ഉണ്ടായിരുന്ന ശുപാർശയെ കമ്മിററി അംഗീകരിച്ചു. ൧൬൫൦ രൂപായുടെ ചിലവുവിവരം താഴെ കാണിക്കുന്നപ്രകാരമാകുന്നു.

	രൂപ
മാസം ഒന്നുക്കു ൨൦൦ രൂപാക്രമത്തിൽ സ്പെഷ്യൽ ആഫീസരുടെ ശമ്പളം	൧൨൦൦
മാസം ഒന്നുക്കു ൫൦ രൂപാശമ്പളത്തിൽ ഒരു ക്ലാർക്കിന്റെ ശമ്പളം	൩൦൦
മാസം ഒന്നുക്കു ൨൫ രൂപാശമ്പളത്തിൽ ഒരു ടൈപ്പിസ്റ്റിന്റെ ശമ്പളം	൧൫൦
ആകെ	൧൬൫൦

൩. സംസ്കൃതകാളേജിലെ വേദശാല സ്ഥാപിക്കുന്നതിനു ഒരു കെട്ടിടം മാസം ൨൦ രൂപാക്രമത്തിനു വാടകയ്ക്കു എടുക്കുന്നതിനെ സംബന്ധിച്ചുള്ള ശുപാർശയെ സംബന്ധിച്ചു വാദപ്രതിവാദം നടന്നു. ഭൂരിപക്ഷവും ഈ ശുപാർശയെ അംഗീകരിച്ചു. സംസ്കൃതകാളേജിന്റെ വേദശാലയിൽ കണ്ടുവരുന്ന ജാതിസംബന്ധമായോ മതസംബന്ധമായോ ഉള്ള നിരോധം പ്രമാണങ്ങൾപ്രകാരം നോക്കുന്നപക്ഷം ന്യായമല്ല എന്നുള്ള കാരണത്താൽ മിസ്റ്റർ ശിവതാണുപിള്ള ഇതിനു വിപരീതാഭിപ്രായക്കാരനായിരുന്നു. ഇതിലേക്കുവേണ്ടി സപ്ളിമെന്ററി ഗ്രാന്റായി ൧൪൦ രൂപാ ൧൧൦൨-ലെ ബഡ്ജററിൽ അനുവദിക്കുന്നതിനും കമ്മിററി സമ്മതിച്ചു.

൪. ആണ്ടൊന്നുക്കു ൨൭൦൦ രൂപാചിലവിൽ തിരുപ്പതിസാരം, പുളക്കട, പൂവാർ, നേമം, കാട്ടാക്കട, കിളിമാനൂർ, ഇടപ്പള്ളിരം ശിവനല്ലൂരം, ചെങ്ങന്നൂർ, കോഴഞ്ചേരി, പിറവം, പൊൻകുന്നം, അരൂമായി, കരവുള്ളാട്ട, അങ്കമാലി, കോതമംഗലം, കൂത്താട്ടുകുളം ഈ ൧൭ സ്ഥലങ്ങളിൽ കൺസർവെൻസിസ്റ്റേഷൻ തുടങ്ങു

ണമെന്നുള്ള ശുപാർശയെ കമ്മിററി അംഗീകരിച്ചു. ഇതിലേക്ക ൧൧൦൨ ധനു ൧-ാംനു മുതൽ ആവശ്യമുള്ള ൧൭൬൭ രൂപാ ൧൧൦൨-ലെ ബഡ്ജററിൽ അനുവദിക്കുന്നതിനും കമ്മിററി സമ്മതിച്ചു. ഈ സ്ഥലങ്ങൾ വാക്സിനേഷൻ ഡെയിപ്പുകൾ ആണ്. പുതുതായി ശിപ്പന്മാരെ മാത്രമേ നിയമിക്കണമെന്നു വിചാരിക്കുന്നുള്ളു. ഓരോ സ്റ്റേഷനിലും ഉള്ള വാക്സിനേറർ ഈ ശിപ്പന്മാരുടെ മേലധികാരം വഹിക്കുന്നതായിരിക്കും.

൫. വൈക്കത്തു വടയാററുള്ള പെൺ പ്രൈമറിസ്കൂൾ കെട്ടിടത്തിന്റെ മേൽക്കൂര പുതുക്കുന്നതിലേക്കായി ൧൧൦൨-ലെ വിദ്യാഭ്യാസബഡ്ജററിൽ ൧൪൪൨ രൂപാ കൂടുതലായി അനുവദിക്കണമെന്നുണ്ടായിരുന്ന ശുപാർശയെ കമ്മിററി അംഗീകരിച്ചു.

൬. ഗവണ്മെന്റഫോട്ടോഗ്രാഫരുടെ ആഫീസിൽ ൧൧൦൨ ധനു ൧-ാംനു മുതൽ മാസംഒന്നുക്ക ൧൫ രൂപാ ശമ്പളത്തിൽ ഒരു ക്ലാർക്കിനെ നിയമിക്കുന്നതിനും ഇതിലേക്കായി സപ്ലിമെന്ററിഗ്രാന്റായി ൧൧൦൨-ലെ ബഡ്ജററിൽ അനുവദിക്കുന്നതിനും ആയി ഉണ്ടായിരുന്ന ശുപാർശയെ കമ്മിററി അംഗീകരിച്ചു.

൭. തിരുവനന്തപുരത്തും ആലപ്പുഴയും ഉള്ള ഡിവിഷൻ അസിസ്റ്റൻറന്മാരുടെ ആഫീസുകളിൽ ആമേയ നികുതിസംബന്ധമായജോലിചെയ്യുന്നതിനു ൪൦-൫/൨-൬൦ രൂപാശമ്പളത്തിൽ ഓരോഗുമസ്തന്മാരെ ൧൧൦൨ ധനു ൧-ാംനു മുതൽ നിയമിക്കണമെന്നും അതിലേക്കായി ൫൬൦ രൂപാ കൂടുതലായി അനുവദിക്കണമെന്നും ഉണ്ടായിരുന്ന ശുപാർശയെ കമ്മിററി അംഗീകരിച്ചു.

൮. ൧൧൦൨-ൽ ആലപ്പുഴ-ചേർത്തലറോഡിൽ ൪-ാമത്തെ മൈൽ മുതൽ ൧൨-ാമത്തെ മൈൽവരെയുള്ള വേലചെയ്യു ആകെ ൧൮ മൈൽ നീളമുള്ള ആ റോഡിനെ പൂർത്തിയാക്കുന്നതിനായി ൧൧൦൨-ലെ പൊതുമരാമത്തു ബഡ്ജററിൽ ൪൬൨൦൦ രൂപാ കൂടുതലായി അനുവദിക്കണമെന്നുണ്ടായ ശുപാർശയെ കമ്മിററി അംഗീകരിച്ചു.

൯. പെരുങ്കടവിളെ ൧൧൦൨-ൽ തുടങ്ങിയ ആസ്പത്രിയിൽ മാസംഒന്നുക്ക ൨൦-൧-൨൫-൩൦ രൂപാ ശമ്പളത്തിൽ ഒരു സൂതികർമ്മിണിയെയും ൯-൧/൩-൧൧ രൂപാ ശമ്പളത്തിൽ ഒരു ശിപായിയെയും ൫ രൂപാ ശമ്പളത്തിൽ ഒരു തൂപ്പുകാരനേയും കൂടുതലായി നിയമിക്കുന്നതിനും ൧൧൦൨ ധനു ൧-ാംനു മുതൽ ഇതിലേക്ക ആവശ്യമുള്ള ൨൬൩ രൂപാ ൧൧൦൨-ലെ മെഡിക്കൽ ബഡ്ജററിൽ കൂടുതലായി അനുവദിക്കണമെന്നും ഉള്ള ശുപാർശയേയും കമ്മിററി അംഗീകരിച്ചു.

൧൦. അരയന്മാരുടെ ആവശ്യത്തിലേക്കായി ആലപ്പുഴ ഒരു ടെക്നിക്കൽ ഫിഷറിസ്കൂൾ താഴെ പറയുന്ന സിൽബന്തികളോടു കൂടി തുടങ്ങണമെന്നുള്ള ശുപാർശയേ കമ്മിററി അംഗീകരിച്ചു.

൨൫—൫/൨—൪൫ രൂപാ ശമ്പളത്തിൽ ഒരു ഹെഡ്മാസ്റ്റർ.

൧൫—൧/൨—൨൦ രൂപാ ശമ്പളത്തിൽ ഒരു അസിസ്റ്റന്റ ഇൻസ്പെക്ടർ.

൨൦—൧/൨—൩൦ രൂപാ ശമ്പളത്തിൽ സാങ്കേതികവിഷയങ്ങൾ പഠിപ്പിക്കുന്നതിനുള്ള ഒരു ഇൻസ്ട്രക്ടർ.

ഇതിലേക്ക ഹെഡ്മാസ്റ്ററായും സാങ്കേതിക വിഷയങ്ങൾ പഠിപ്പിക്കുന്നതിനുള്ള ഇൻസ്ട്രക്ടർ ആയും നിയമിക്കുവാൻ രണ്ടു ആളുകളെ തിരഞ്ഞെടുത്തു ഹെഡ്മാസ്റ്റർ ആയി നിയമിക്കുവാൻ വിചാരിക്കുന്ന ആളിനെ മാസം ഒന്നുക്ക ൨൫ രൂപാ അലവൻസും കൊടുത്തു പരിശീലനത്തിനായി ഒരു വർഷത്തേക്ക കോഴിക്കോട്ടേക്കും ഇൻസ്ട്രക്ടർ ആയി നിയമിക്കുവാൻ വിചാരിക്കുന്ന ആളിനെ മാസം ഒന്നുക്ക ൨൦ രൂപാ അലവൻസ് കൊടുത്തു ഒരു വർഷത്തെ പരിശീലനത്തിനായി മദ്രാസിലേക്കും ആദ്യമായി അയക്കണമെന്നും ശുപാർശചെയ്തിരുന്നു. ഈ ശുപാർശകളെ കമ്മിററി അംഗീകരിച്ചു.

ഹെഡ്മാസ്റ്ററുടെയും ഇൻസ്ട്രക്ടരുടെയും പരിശീലനം കഴിഞ്ഞതിനു മേൽമാത്രമേ സ്കൂൾ തുടങ്ങുവാൻ നിവൃത്തിയുള്ളു എന്നുള്ളതുകൊണ്ടു സ്കൂൾ ൧൧൦൩-ൽമാത്രമേ തുടങ്ങുകയുള്ളു. എന്നാൽ അവരെ ഈയാണ്ടിൽതന്നെ പരിശീലനത്തിനു അയക്കണമെന്നുള്ളതാകുന്നു. ഈയാണ്ടിൽ ഇവരുടെ പരിശീലനത്തിലേക്കായി ആവശ്യമുള്ള പണം ൧൧൦൨-ൽ കൃഷിമത്സ്യ വ്യവസായഡിപ്പാർട്ടുമെന്റിലേക്ക അനുവദിച്ചിട്ടുള്ളതിൽ മിച്ചം വരുന്നതിൽ നിന്നും ചിലവാക്കാവുന്നതും ൧൧൦൩-ൽ ആവശ്യമുള്ള ഫണ്ടു ആ ആണ്ടത്തെ ബഡ്ജററിൽ അനുവദിക്കണമെന്നുള്ളതും ആകുന്നു.

൧൧. നെല്ലു, തെങ്ങു, മരച്ചീനി, കരിമ്പു, ആദിയായ പ്രധാനപ്പെട്ട സാമാനങ്ങൾ കൃഷി ചെയ്യുന്ന കുടിയാനവന്മാരുടെ ഭൂമിയിൽ ഉപപാഠങ്ങൾ നടത്തുന്നതിലേക്കായി മാസം ഒന്നുക്ക ൨൦ രൂപാ ശമ്പളവും ൫ രൂപാ ഒന്നിച്ചുള്ള സഞ്ചാരപ്പടിയും ഉള്ള ൪ ഫീൽഡ്മേനിനെ ൩ വർഷത്തേക്ക താൽക്കാലികമായി കൃഷിഡിപ്പാർട്ടുമെന്റിൽ നിയമിക്കണമെന്നുള്ള ശുപാർശയെ കമ്മിററി അംഗീകരിച്ചു. ഇതിലേക്കായി ൧൧൦൨-ാമാണ്ടത്തെ ആ ഡിപ്പാർട്ടുമെന്റിലെ ബഡ്ജററിൽ ൭൦൦ രൂപാ കൂടുതലായി അനുവദിക്കുന്നതിനും കമ്മിററി സമ്മതിച്ചു.

൧൨. മൂന്നു പോലീസ് ഡിസ്ത്രിക്ടിലും ഓരോ ഇൻസ്പെക്ടർ വീതം ഉണ്ടായിരിക്കുന്നതിലേക്കായി കൂടുതലായി ഒരു ട്രാഫിക് ഇൻസ്പെക്ടരെ കൂടി നിയമിക്കുന്നതിനും ആ ഉദ്യോഗങ്ങളിൽ മെക്കാനിക്കൽ എഞ്ചിനീയറിങ്ങിൽ വേണ്ടയോഗ്യതയുള്ള ആളുകളെ തന്നെ നിയമിക്കേണ്ടതാണെന്നും ആയി ഉണ്ടായിരുന്ന ശുപാർശയെ കമ്മിററി അംഗീകരിച്ചു. ഈ ഇൻസ്പെക്ടരും ഒരു മൂന്നാംഗ്രേഡ് ഇൻസ്പെക്ടർ അതായതു ൩൦ മുതൽ ൪൦ വരെ ശമ്പളവും മാസം ഒന്നുക്ക ൫൦ രൂപാ ഡ്യൂട്ടി അലവൻസും ഉള്ള ഇൻസ്പെക്ടർ ആയി തന്നെ ഇരിക്കുന്നതാകുന്നു. മൂന്നു ട്രാഫിക് ഇൻസ്പെക്ടറന്മാരിൽ ഒരുത്തനും ശിപായി ഉണ്ടായിരിക്കുന്നതല്ല. ബസ്സുകളെ ഉദ്യോഗസ്ഥന്മാരും അനുദ്യോഗസ്ഥന്മാരും ആയ പരിശോധകന്മാർ പരിശോധിച്ചു വരുന്ന ഏർപ്പാടുമേലാൽ നിറുത്തപ്പെടുന്നതായിരിക്കും. ട്രാഫിക് ഇൻസ്പെക്ടറന്മാർക്ക ഈ ജോലി ചെയ്യുന്നതിനു വേണ്ട യോഗ്യതകൂടി ഉണ്ടായിരിക്കണമെന്നുള്ളതാണല്ലോ. ഒരു കൂടുതൽ ഇൻസ്പെക്ടറേയും ൧൧൦൨-ലെ ബഡ്ജററിൽ അനുവദിച്ചിട്ടുള്ള ഒരു ഇൻസ്പെക്ടറെയും ൧൧൦൨ ധനു ൧-ാംനു മുതൽ നിയമിക്കുന്നതായിരിക്കും. പാലസ് ഗാർഡുഇൻസ്പെക്ടറുടെ ഒഴിവിൽ ഒരാളിനെയും റിസർവ്വ് ഇൻസ്പെക്ടരുടെ ഒഴിവിൽ മററ ആളിനെയും നിയമിക്കുന്നതായിരിക്കും. ഇതിലേക്ക ൧൧൦൨-ൽ കൂടുതലായി ആവശ്യമുള്ള തുക ഈ ആണ്ടിൽ ബാക്കിയുള്ള ൭ മാസത്തേക്ക മാസം ഒന്നുക്ക ൫൦ രൂപാ ക്രമത്തിനു ൧൦൦ രൂപാ വരുന്ന ഡ്യൂട്ടി അലവൻസ് മാത്രമാകുന്നു.

ഇതിൽ ൧൧൦൮-ലെ ബഡ്ജററിൽ ഇപ്പോൾതന്നെ ൩൪൯ രൂപാ അനുവദിച്ചു കിടപ്പുണ്ട്. അതിനാൽ യഥാർത്ഥത്തിൽ ഇപ്പോൾ ൧൧൦൮-ലേക്കു ആവശ്യമുള്ള തുക ൫൧ രൂപാ മാത്രമാകുന്നു. ഈ ശുപാർശകളെ കമ്മിററിഅംഗീകരിച്ചു.

൧൩. പൂജപ്പുര ഔട്ട്പോസ്ററ്സ്റ്റേഷനെ ഒരു ചാർജിംഗ്സ്റേറഷൻ ആകുന്നതിനും അതിലേക്കായി താഴെപ്പറയുന്ന സിൽബന്തികളെ നിയമിക്കുന്നതിനും ഉള്ള ശുപാർശയെ കമ്മിററി അംഗീകരിച്ചു.

൧൦൦-൫-൧൮൫ രൂപ ശമ്പളത്തിൽ ഒരു ൮-ാം ഗ്രേഡ് ഇൻസ്പെക്ററർ.

മാസംഒന്നുക്കു ൧൭ രൂപ ശമ്പളത്തിൽ ൮ മൂന്നാംഗ്രേഡ് ഹെഡ്കാൺസ്ററബിൾമാർ.

മാസം ഒന്നുക്കു ൧൧ രൂപ ശമ്പളത്തിൽ ൩ മൂന്നാം ഗ്രേഡ്കാൺസ്ററബിൾമാർ.

മാസം ഒന്നുക്കു ൧൦ രൂപ ശമ്പളത്തിൽ ൭, ൪-ാം ഗ്രേഡ് കാൺസ്ററബിൾമാർ.

൧൧൦൮-ൽ ബാക്കിയുള്ള ൭ മാസത്തേക്കു ഇതിനായി ആവശ്യമുള്ള ൧൯൦൪ രൂപയെ കൂടുതലായിഅനുവദിക്കുന്നതിനും കമ്മിററിസമ്മതിച്ചു.

൧൪. തൊഴിലില്ലായ്മക്കമ്മിററിപ്രസിഡൻറു ചെയ്തിട്ടുണ്ടായിരുന്ന ശുപാർശകളെ സംബന്ധിച്ചു കമ്മിററി പിന്നീടു ആലോചിച്ചു. പ്രസിഡൻറു ആവശ്യപ്പെട്ടിരുന്ന തുക വളരെ കൂടുതലാണെന്നു കമ്മിററിക്കു തോന്നി. ഓരോഇനം ചിലവുകളെ സംബന്ധിച്ചും സൂക്ഷ്മമായി പര്യാലോചിച്ചതിൻെറ ശേഷം, പ്രത്യേകിച്ചും സിൽബന്തികൾക്കു വേണ്ടിയുള്ള ചിലവിനെ പററി ആലോചിച്ചു നോക്കിയതിൻെറ ശേഷം ൭ മാസത്തേക്കു മൊത്തത്തുകയായി ൩൦൦൦ രൂപ അനുവദിക്കാമെന്നും ഈ തുക കമ്മിററിയുടെ തീരുമാനംഅനുസരിച്ചു ചിലവാക്കേണ്ടതാണു എന്നുംതീരുമാനിച്ചു.

൧൫. ആർട്സ്കാളേജു വിദ്യാർത്ഥികളുടെ ആവശ്യത്തിലേക്കായി തൈയ്ക്കാട്ടു "മാൻഷൻ" കെട്ടിടത്തിൽ ൧൧൦൮ വൃശ്ചികം ൧൫-ാംനു- മുതൽ ഒരു ഹൊസ്ററൽ തുടങ്ങണമെന്നും ൧൧൦൮-ൽ ബാക്കിയുള്ള ൭ ½ മാസത്തേക്കു ഠരം വകക്കായി അവശ്യമുള്ള ൩൯൮൫ രൂപ അനുവദിക്കണമെന്നും ഉള്ള ശുപാർശകളെകമ്മിററി അംഗീകരിച്ചു.

കമ്മിററി വൈകുന്നേരം൮-൫നു പിരിഞ്ഞു.

ററി. പി. രാമസുബ്ബയ്യർ,
സംയോജകൻ,

ഹജൂർകച്ചേരി തിരുവനന്തപുരം,
൧൯൩൩-നവംബർ ൮-൭-നു-

സ്റ്റാൻഡിംഗ്ഫിനാൻസ്കമ്മിററി.

(A true translation.)

T. Ramalingam Pillai,
Head Translator to Government.

തിരുവിതാംകൂർ നിയമസഭ

രണ്ടാമത്തെസഭ

൧൧൦൪-ൽ ഒന്നാമത്തേയോഗം.

അഫിഷ്യൽ റിപ്പോർട്ട്.

൧൧൦൪ വൃശ്ചികം ൫-ാംനു-ക്കു ശരിയായ ൧൯൨൮ നവംബർ ൨൦-ാംനു- ചൊവ്വാഴ്ച.

വിക്ടോറിയാ ജൂബിലിടൌൺഹാളിൽ പകൽ ൧൧-൩൦ മണിക്കു സഭ വീണ്ടും യോഗംകൂടി. ഡിപ്യൂട്ടിപ്രസിഡെൻറ് മ. രാ. രാ. വി. സുബ്ബയ്യർ അവർകൾ ബി. എ., ബി: എൽ., അഗ്രാസനാധിപത്യം വഹിച്ചു. സാമാജികന്മാർ എല്ലാവരും ഹാജരുണ്ടായിരുന്നു.

ചോദ്യങ്ങളും ഉത്തരങ്ങളും

അക്കൌണ്ട് ആഫീസ്.

൨. മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): അക്കൌണ്ട് ആഫീസിനെസംബന്ധിച്ചു താഴെപറയുന്ന വിവരങ്ങൾ ഗവൺമെൻറ ദയവായി പറയുമോ?

(എ) ആഫീസിൽ പത്തുവർഷംമുമ്പു ഉണ്ടായിരുന്നതും ഇപ്പോൾ ഉള്ളതുമായ പല വിഭാഗങ്ങൾ, ഓരോ വിഭാഗത്തിലേയും ഉദ്യോഗസ്ഥന്മാരുടെ എണ്ണം, ഓരോ വിഭാഗത്തിലേയും ജോലിയുടെ സ്വഭാവം എന്തെന്നും ആ ജോലി എത്ര ഉണ്ടെന്നും.

(ബി) ഏതെങ്കിലും വിഭാഗത്തിലെ ജോലിയുടെ വലിപ്പം കഴിഞ്ഞ ഇരുപതുവർഷത്തിൽ അധികാരവികേന്ദ്രീകരണംകൊണ്ടോ മററു വല്ല കാരണങ്ങൾകൊണ്ടോ കുറഞ്ഞിട്ടുണ്ടോ?

(സി) ബി. ഭാഗത്തിൻെറ മറുപടി ഉവ്വ് എന്നാണെങ്കിൽ, ആ കുറവുണ്ടായ വിഭാഗങ്ങളുടെ പേരുകളും, ജോലിയുടെ കുറവും എത്ര എന്നും ഉദ്യോഗസ്ഥന്മാരുടെ എണ്ണത്തിൽ കുറവുണ്ടെങ്കിൽ എത്രയെന്നും?

(ഡി) കഴിഞ്ഞ ൨൦ വർഷത്തിനുള്ളിൽ അക്കൌണ്ട് ആഫീസിൻെറ ഇൻഷൂറൻസ് വിഭാഗത്തിൽ വല്ല ജോലിക്കുറവും ഉണ്ടായിട്ടുണ്ടോ?

(ഇ) ഡി ഭാഗത്തിൻെറ മറുപടി ഉവ്വ് എന്നാണെങ്കിൽ ആ കുറവനുസരിച്ചു ആ വകുപ്പിലെ ഉദ്യോഗസ്ഥന്മാരുടെ എണ്ണവും കുറഞ്ഞിട്ടുണ്ടോ?

മി: കെ. എൻ. രാമസ്വാമയ്യർ (ഗവൺമെൻറ് ഫൈനാൻഷ്യൽസെക്രട്ടറി): (എ) അക്കൌണ്ടാഫീസിലെ ഓരോ വിഭാഗത്തിലും ൧൦൯൪ ചിങ്ങം ൧-ാംനു-യും ൧൧൦൪ ചിങ്ങം ൧-ാംനു-യും ഉണ്ടായിരുന്ന സൂപ്രണ്ടന്മാരുടെയും ഗുമസ്തന്മാരുടെയും എണ്ണം കാണിക്കുന്ന ഒരു പട്ടിക * മേശപ്പുറത്തു വെച്ചിരിക്കുന്നു.

ജോലിയുടെ സ്വഭാവം പൊതുക്കമായി പട്ടികയിൽ കാണിച്ചിട്ടുണ്ട്. ഓരോ വ്യക്തിയും ചെയ്യുന്ന പലതരം ജോലികൾ എത്രത്തോളം ഉണ്ടെന്നു ശരിയായി കാണിക്കാൻ പ്രയാസമാണ്. ഏതെങ്കിലും പ്രത്യേകജോലിയുടെ വിവരങ്ങൾ കൊടുക്കാൻ കഴിയും.

(ബി) മറുപടി നിഷേധത്തിലാണ്.

(സി) ഈ ചോദ്യത്തിനു കാരണമില്ല.

(ഡി) ഇടപാടുകളുടെ ആകത്തുക (വരവും ചെലവും) ൧൦൮൦-ൽ ൩൭,൨൪൩ രൂപാ ആയിരുന്നു. ഇപ്പോൾ അതു ൭൬,൭൨൪ രൂപായാണ്. ഈ ജോലിക്കു പ്രത്യേക ഗുമസ്തൻ ഇല്ല. ആഡിററ്ജോലി ആഡിററർ മററു ജോലിയോടുകൂടെ ചെയ്യുന്നു. അപ്രകാരംതന്നെ ഈ മുതലിൻെറ ഭരണം (ഇതു ഫൈനാൻസു ഡിപ്പാർട്ടുമെൻറ ഭരമേററതു ൧൦൯൭-മേടത്തിലാണ്) സംബന്ധിച്ചുള്ള എഴുത്തുകുത്തുകൾ ഒരു ഗുമസ്തൻ വേറെ ജോലികളോടുകൂടെ ചെയ്യുന്നു.

(ഇ) ഈ ചോദ്യത്തിനു കാരണമില്ല.

കരംകൊടുക്കുന്നവരുടെ ജാതിവിവരം പട്ടിക.

൨൨. മി: ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): റോമൻകത്തോലിക്ക് ക്രിസ്ത്യാനികൾ, മററു ക്രിസ്ത്യാനികൾ, മഹമ്മദീയർ, നായന്മാർ, നാഞ്ചിനാട്ടുവെള്ളാളർ, മലയാളബ്രാഹ്മണർ, പരദേശബ്രാഹ്മണർ, മററു സവർണ്ണഹിന്തുക്കൾ, ഈഴവർ, കമ്മാളർ, മററു അവർണ്ണഹിന്തുക്കൾ, ഭൂതാരാധനക്കാർ, യൂദന്മാർ, മററുവർഗ്ഗക്കാർ ഇങ്ങനെ ഈ രാജ്യത്തുള്ള ഓരോ സമുദായങ്ങളും കൊടുക്കുന്ന ആകെ ഭൂനികുതിയും അതിൻെറ ശതമാനവും കാണിക്കുന്ന ഒരു പട്ടിക ഗവൺമെൻറ ദയവായി മേശപ്പുറത്തു വയ്ക്കുമോ?

മി: ടി. പി. രാമസ്വാമയ്യർ (ഗവൺമെൻറസെക്രട്ടറി): ആവശ്യപ്പെട്ട വിവരം കയ്യശം ഇല്ലാത്തതുകൊണ്ടും അതു ശേഖരിക്കുന്നതിനു വളരെ അദ്ധ്വാനം വേണ്ടതുകൊണ്ടും മറുപടി നിഷേധത്തിലാണ്.

മി: ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): കൊച്ചി നിയമസഭയിലെ ഒരു സാമാജികൻെറ ചോദ്യത്തിനു മറുപടിയായി കൊച്ചീഗവൺമെൻറ ഇങ്ങനെ ഒരു പട്ടിക തയ്യാറാക്കിക്കൊടുത്തവിവരം ഗവൺമെൻറിനു അറിവുണ്ടോ?

മി: ടി. പി. രാമസ്വാമയ്യർ (ഗവൺമെൻറസെക്രട്ടറി): ഗവൺമെൻറിനു അറിവില്ല.

മി: ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): രാജ്യത്തിലെ പല സമുദായങ്ങളുടെ പ്രധാന അംഗങ്ങൾ അവരവരുടെ സമുദായങ്ങൾക്കു സർക്കാർ ഉദ്യോഗത്തിൽ ശരിയായ പ്രാതിനിധ്യം ലഭിക്കാനുള്ള അവകാശങ്ങൾ ശക്തിയായി വാദിച്ചുവരുന്ന സംഗതി ഗവൺമെൻറിനു അറിയാമോ?

മി: ടി. പി. രാമസ്വാമയ്യർ (ഗവൺമെൻറസെക്രട്ടറി): ഉവ്വ്, ഗവൺമെൻറിനറിയാം.

---

* അനുബന്ധം ൧ നോക്കുക. പുറം ൫൩ മുതൽ ൫൭ വരെ.

G. P. T. 1098.150.4-9-104. B

മി: ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): കാര്യം അങ്ങനെയിരിക്കെ ആവശ്യപ്പെട്ടപ്രകാരമുള്ള ഒരു പട്ടിക തയ്യാറാക്കുന്നതു അഭിലഷണീയമല്ലേ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെൻറു സെക്രട്ടറി): ഇങ്ങനെ ഒരു പട്ടിക തയ്യാറാക്കുന്നതിനു അത്യധികമായ അദ്ധ്വാനം വേണം.

മി: ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): വിവരങ്ങൾ തണ്ടപ്പേരിൽനിന്നു ശേഖരിക്കാൻ കഴികയില്ലയോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെൻറു സെക്രട്ടറി): പട്ടികയിലെ വിവരങ്ങൾ എടുക്കുന്നതിനു അടിസ്ഥാനമാക്കേണ്ടതു തണ്ടപ്പേരായിരിക്കും. എന്നാൽ ഓരോ കൈവശക്കാരൻെറയും ജാതിവിവരം അതിൽ ഇല്ല. അതുകൊണ്ടു ഓരോ തണ്ടപ്പേരുകാരൻെറയും ജാതിവിവരം അറിയുന്നതിനു വിസ്താരമായ ഒരന്വേഷണം ആവശ്യമായിവരും. അതിനു ഒട്ടുവളരെ ചെലവും അദ്ധ്വാനവും സമയവും വേണ്ടിവരും.

പെരുമ്പാവൂരിൽ കിണറുകുഴിക്കുന്ന കാര്യം.

൨൩. മി: സി. പി. തരകൻ (കുന്നത്തുനാട്): പെരുമ്പാവൂരിൽ കിണറുകൾ കുഴിക്കുന്നകാര്യത്തിൽ എന്തെല്ലാം ഏർപ്പാടുകൾ ചെയ്തിട്ടുണ്ടെന്നും ജോലി ആരംഭിക്കാൻ എപ്പോൾ സാധിക്കുമെന്നും ഗവർണ്മെൻറു ദയവായി പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെൻറു സെക്രട്ടറി): ഇതിനെ സംബന്ധിച്ച കാര്യങ്ങൾ ഗവർണ്മെൻറിൻെറ ആലോചനയിൽ ഇരിക്കുന്നു.

പെരിയാർനദിയിലെ പാലം.

൨൪. മി: സി. പി. തരകൻ (കുന്നത്തുനാട്): പെരിയാററിൽ ആലുവാ കടത്തുകടവിൽ ഒരു പാലം പണിചെയ്യണമെന്നുള്ള ആലോചനപ്രകാരം അതിനുവേണ്ടുന്ന എസ്റ്റിമേററ് ചീഫ് എൻജിനീയർ ഗവർണ്മെൻറിലേക്കു സമർപ്പിച്ചോ എന്നും ഉണ്ടെങ്കിൽ എപ്പോൾ സമർപ്പിച്ചു എന്നും ഗവർണ്മെൻറു ദയവായി പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെൻറു സെക്രട്ടറി): എസ്റ്റിമേററു തയ്യാറാക്കിവരുന്നു എന്നു ചീഫ് എൻജിനീയർ റിപ്പോർട്ടുചെയ്തിരിക്കുന്നു.

പുതുപ്പള്ളി-പുതുശ്ശേരിറോഡ്.

൨൫. മി: ടി. ജെ. മാത്യു (ചങ്ങനാശേരിയും പീരുമേടും): താഴെപറയുന്ന സംഗതികൾ ഗവർണ്മെൻറു ദയവായി പറയുമോ?

(എ) പുതുപ്പള്ളി-പുതുശേരിറോഡു നന്നാക്കുന്നതിനു ൧൧൦൧-ാമാണ്ടത്തെ ബഡ്ജററിൽ അനുവദിച്ചിരുന്ന സംഖ്യയിൽ വല്ലതും ചെലവാക്കിയോ, ഉണ്ടെങ്കിൽ എത്ര?

(ബി) ഈയാണ്ടത്തെ ബഡ്ജററിൽ ഈ റോഡിന്നായി അനുവദിച്ചിട്ടുള്ള സംഖ്യ ഈയാണ്ടിൽതന്നെ ചെലവുചെയ്യണമെന്നു എൻജിനീയർ വകുപ്പുകാരോടു ആജ്ഞാപിക്കുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെൻറു സെക്രട്ടറി): (എ) ഉണ്ട്, ൨൯ രൂപ?

(ബി) ആ പണിക്കായി ബഡ്ജററിൽ അനുവദിച്ചിട്ടുള്ള സംഖ്യ മുഴുവനും ഈയാണ്ടിൽതന്നെ ചെലവാക്കണമെന്നു ചീഫ് എൻജിനീയർക്കു ഉപദേശംകൊടുത്തിട്ടുണ്ട്.

മി: ടി. ജെ. മാത്യു (ചങ്ങനാശേരിയും പീരുമേടും). ൧൧൦൧-ാമാണ്ടു അനുവദിച്ചിരുന്ന ആകെ സംഖ്യ എത്രയാണെന്നു പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെൻറു സെക്രട്ടറി): അഞ്ഞൂറുരൂപാ

മി: ടി. ജെ. മാത്യു (ചങ്ങനാശേരിയും പീരുമേടും): ഇത്ര ചുരുങ്ങിയ ഒരു സംഖ്യമാത്രം ചെലവുചെയ്‌വാൻ സംഗതി എന്താണെന്നു പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെൻറു സെക്രട്ടറി): എസ്റ്റിമേററ് അനുവദിച്ചതു ൧൧൦൧ ഇടവം അവസാനത്തിലായിരുന്നു. ആയാണ്ടിൽ പിന്നീടുള്ള കാലത്തിനുള്ളിൽ ജോലി മുഴുവനും ചെയ്‌വാൻ കഴിവുണ്ടായിരുന്നില്ല.

ഗവർണ്മെൻറുദ്യോഗങ്ങളിൽ സാമുദായികപ്രാതിനിധ്യം.

൨൬. മി: ടി. ജെ. മാത്യു (ചങ്ങനാശേരിയും പീരുമേടും): നിയമസഭാ പ്രൊസീഡിംഗ്സ് എട്ടാം പുസ്തകം ൬൦-ം ൬൧-ം ഭാഗങ്ങളിൽ പ്രസിദ്ധംചെയ്തിട്ടുള്ള ൩൫൧-ാം നമ്പർ ചോദ്യവും അതിൻെറ മറുപടിയും സംബന്ധിച്ച താഴെപറയുന്ന സംഗതികൾ ഗവർണ്മെൻറു ദയവായി പറയുമോ?

(എ) ഇക്കാര്യം സംബന്ധിച്ച ഉദ്യോഗസ്ഥന്മാർ എല്ലാവരുടെയും സമാധാനം കിട്ടിയോ?

(ബി) ആ സമാധാനങ്ങൾ ഗവർണ്മെൻറു പരിശോധിച്ചുവോ?

(സി) ഇക്കാര്യത്തിൽ എന്തു നടപടികൾ നടത്തി?

മി: കെ. ജാല്ക്കു് (ഗവർണ്മെൻറ് ചീഫ് സെക്രട്ടറി): (എ) അധികപക്ഷം ഉദ്യോഗസ്ഥന്മാരുടെയും സമാധാനം കിട്ടി.

(ബി) ഉവ്വ്.

(സി) ഡിപ്പാർട്ടുമെൻറു മേലധികാരികൾക്കു ആവശ്യമുള്ള ഉപദേശങ്ങൾ കൊടുത്തിട്ടുണ്ട്.

മി: ടി. ജെ. മാത്യു (ചങ്ങനാശേരിയും പീരുമേടും): എത്ര ഉദ്യോഗസ്ഥന്മാർ സമാധാനം കൊടുക്കാൻ ഇനിയും ബാക്കിയുണ്ടെന്നു പറയുമോ.

മി: കെ. ജാല്ക്കു് (ഗവർണ്മെൻറു ചീഫ്സെക്രട്ടറി): സമാധാനം അയക്കാൻ എത്ര ഉദ്യോഗസ്ഥന്മാർ ബാക്കിഉണ്ടെന്നു കൃത്യമായി പറവാൻ സാധിക്കയില്ല. അധികമാളുകളും സമാധാനം സമർപ്പിച്ചു. ചുരുക്കം ചിലരേ അങ്ങനെ അയക്കാനുള്ളു.

മി: ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): ഉവ്വ്. അതുതന്നെയാണു അച്ചടിച്ച മറുപടിയിൽ പറഞ്ഞിട്ടുള്ളതു. ഭൂരിപക്ഷം ആളുകൾ സമാധാനം സമർപ്പിച്ചിട്ടുണ്ടെന്നു അവിടെ പറഞ്ഞിരിക്കുന്നു. മററുള്ളവരെ വീണ്ടും ഓർമ്മപ്പെടുത്തിട്ടുണ്ടോ എന്നു പറയുമോ?

മി: കെ. ജാജജ് (ഗവണ്മെൻറ ചീഫ്സെക്രട്ടറി): ഉവ്വ്.

മി: ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): ഓർമ്മക്കുറുകൾ അയച്ചിട്ടും അവർ ഇതുവരെ സമാധാനം സമർപ്പിച്ചിട്ടില്ലെന്നാണോ ഞാൻ മനസ്സിലാക്കേണ്ടതു.

മി: കെ. ജാജജ് (ഗവണ്മെൻറ ചീഫ്സെക്രട്ടറി): അവരുടെ സമാധാനം താമസിയാതെകിട്ടും.

വൈക്കം നഗരത്തിൽ മലിനജലച്ചാലുകൾ.

൨൭. മി: എ. ജെ. ജാൺ (വൈക്കം): വൈക്കം നഗരത്തിലെ മലിനജലം ഒഴുകിപ്പോകാൻ ചെയ്തിട്ടുള്ള വ്യവസ്ഥകൾ ഏററവും അതൃപ്തികരമായ സ്ഥിതിയിൽ കിടക്കുന്നുഎന്നു ഗവണ്മെൻറിനു അറിയാമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ സെക്രട്ടറി): വൈക്കം നഗരത്തിലെ മലിനജലം ഒഴുകിപ്പോകാൻ ചെയ്തിട്ടുള്ള ഏർപ്പാടുകൾ ആശിക്കാവുന്നേടത്തോളം തൃപ്തികരസ്ഥിതിയിലല്ലെന്നു ഗവണ്മെൻറിന്നറിയാം.

മി: എ. ജെ. ജാൺ (വൈക്കം): വൈക്കത്തെ ജലം ഒഴുകിപ്പോകാനുള്ള തോടുകൾ വളരെ അശുചിയായി കിടക്കുന്നു എന്നു സാനിറററി കമ്മീഷണർ റിപ്പോർട്ടുചെയ്തിട്ടുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ സെക്രട്ടറി): ഇല്ല.

മി: എ. ജെ. ജാൺ (വൈക്കം): വൈക്കത്തെ മെഡിക്കൽ ഉദ്യോഗസ്ഥൻ അതിനെപ്പററി റിപ്പോർട്ടു ചെയ്തിട്ടുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറസെക്രട്ടറി): ഇല്ല. വൈക്കം മുനിസിപ്പൽസഭ പ്രെസിഡെൻറും ചീഫ് എൻജിനീയരും അതിനെപ്പററി റിപ്പോർട്ടുചെയ്തിട്ടുണ്ട്.

മി: എ. ജെ. ജാൺ (വൈക്കം): വൈക്കത്തെ തോടുകൾ നന്നാക്കുന്നതിനു ഗവണ്മെൻറ എന്തു നടപടികൾ നടത്തിഎന്നു പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ സെക്രട്ടറി): നടപടികൾ ക്രമമായി നടത്തിവരുന്നു. കണിയാന്തോടു കുഴിച്ചു വീതിവരുത്തുന്നകാര്യം പൊതുമരാമത്തുകാർ ആലോചനയ്ക്കെടുത്തു് ൫൦൦൦ രൂപയുടെ ഒരു എസ്റ്റിമേററ അനുവദിക്കയും ചെയ്തിട്ടുണ്ട്. വേറെ രണ്ടു ജോലികൾക്കും, അതായതു വള്ളയിൽതോടിനും നീരുമൺതോടിനും ഈയാണ്ടത്തെ ബഡ്ജററിൽ ൨൦൦൦ രൂപായും ൨൫൦൦ രൂപായും യഥാക്രമം അനുവദിച്ചിട്ടുണ്ടു. ഇങ്ങനെ ഈകാര്യത്തിൽ ക്രമമായി ഓരോന്നു പ്രവൎത്തിച്ചുവരുന്നു.

മി: എ. ജെ. ജാൺ (വൈക്കം): കണിയാന്തോടു ശരിയായിട്ടാണോ വെട്ടിയിരിക്കുന്നതെന്നു പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ സെക്രട്ടറി): ആ ചോദ്യത്തിനു മറുപടി പറവാൻ എനിക്കുസാധിക്കയില്ല.

മി: എ. ജെ. ജാൺ (വൈക്കം): കണിയാന്തോടു ഇപ്പോഴുണ്ടാക്കുന്നവിധത്തിലായിരുന്നാൽ അതിൽക്കൂടെ വെള്ളം ഒഴുകിപ്പോയ്ക്കൊള്ളുമോ എന്നു പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ സെക്രട്ടറി): ഇങ്ങിനെയുള്ള വിവരങ്ങളെപ്പററി എനിക്കു മറുപടിപറവാൻ സാധിക്കയില്ല.

മി: എ. ജെ. ജാൺ (വൈക്കം): കണിയാന്തോടു വീതി വരുത്തിയതുകൊണ്ടു വൈക്കം താലൂക്കിലെവെള്ളം ഒഴുകിപ്പോകുന്ന കാര്യത്തിൽ വല്ല ഗുണവും ഉണ്ടാകുമോ എന്നു പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ സെക്രട്ടറി: ഉവ്വ്, കുറച്ചൊക്കെ.

ചങ്ങനാശ്ശേരി-ആലപ്പുഴത്തോട്.

൨൮. മി: ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): താഴെ പറയുന്ന കാര്യങ്ങൾ ഗവണ്മെൻറ ദയവായി പറയുമോ?

(എ) ചങ്ങനാശ്ശേരിയിൽ നിന്നു ആലപ്പുഴയ്ക്കുള്ള ആററുവഴികൾ ചില തോടുകൾ വെട്ടിക്കൂട്ടിച്ചേർക്കുന്നതിനു ആവശ്യപ്പെട്ട പ്രകാരം എസ്റ്റിമേററും പ്ലാനും ചീഫ്എൻജിനീയർ സമൎപ്പിച്ചോ?

(ബി) ഈ ആവശ്യാർത്ഥം വെട്ടേണ്ടുന്ന തോടിനു എത്ര നീളം ഉണ്ടായിരിക്കും?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ സെക്രട്ടറി): (എ) ചീഫ്എൻജിനീയർ എസ്റ്റിമേററും പ്ലാനും സമർപ്പിച്ചു. ആപണിയിൽ താല്പര്യമുള്ള ആളുകൾ പ്രതിഫലം കൂടാതെയൊ കുറഞ്ഞ പ്രതിഫലത്തിന്മേലോ ആവശ്യമുള്ള നിലങ്ങൾ തരുമോ എന്നു അന്വേഷിക്കുന്നതിനും നിലം സൎക്കാരിലേക്കു എടുക്കുന്നതിനു എത്ര ചെലവു വരുമെന്നു റിപ്പോർട്ടു ചെയ്യുന്നതിനും ഭൂനികുതി കമ്മിഷണരോടു ആജ്ഞാപിച്ചിട്ടുണ്ട്.

(ബി) വെട്ടാനുള്ള തോടിന്റെ ആകെ നീളം ൨൮൦൦൦ ലിംക്സ് അല്ലെങ്കിൽ രണ്ടു നാഴിക രണ്ടുഫർലോങ്ങ് ആകുന്നു.

കുട്ടപ്പുഴത്തോട്.

൨൯. മി: ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): നിയമസഭാ പ്രൊസീഡിംഗ്സ് എട്ടാം പുസ്തകം ൧൨൪-ം ൧൨൫-ം പുറങ്ങളിൽ പ്രസിദ്ധപ്പെടുത്തിട്ടുള്ള എന്റെ ൨൩൫-ാം നമ്പർ ചോദ്യം സംബന്ധിച്ചു താഴെ പറയുന്ന സംഗതികൾ ഗവണ്മെൻറ ദയവായി പറയുമോ?

(എ) സ്പെഷ്യൽ നാവിഗേഷൻ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടുകിട്ടിയോ?

(ബി) കുട്ടപ്പുഴത്തോടുവെട്ടുന്ന കാര്യത്തിൽ റിപ്പോർട്ടിൽ വല്ല ആലോചനയും ഉണ്ടോ?

(സി) ആ തോടുവെട്ടുന്നകാര്യം സാധിക്കാവുന്ന ഒരു കാര്യമാണെന്നു സ്പെഷ്യൽ നാവിഗേഷൻ ഉദ്യോഗസ്ഥൻ വിചാരിക്കുന്നുണ്ടോ.

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ സെക്രട്ടറി): (എ)-യും (ബി)-യും (സി)-യും, ഉവ്വ്.

നാഗമ്പാടം പാലം.

൩൦. മി. ടി. ജെ. മാത്യു (ചങ്ങനാശേരിയും പീരുമേടും): താഴെ പറയുന്ന സംഗതികൾ ഗവൺമെൻറു ദയവായി പറയുമോ?

(എ) കോട്ടയം നഗരത്തിലുള്ള നാഗമ്പാടം പാലത്തിൻെറ ഇപ്പോഴത്തെ സ്ഥിതിയെപ്പററി ഗവൺമെൻറിന്നറിവുണ്ടോ?

(ബി) പാലത്തിൻെറ പാതി വീതിയിൽ മാത്രം പലക ഇട്ടിട്ടുള്ളതുകൊണ്ടു പൊതുജനങ്ങൾക്കുള്ള ആപത്തും ഉപദ്രവവും അവക്ക് അറിയാമോ?

(സി) നാഗമ്പാടം പാലത്തിൻെറ കാൎയ്യത്തിൽ ഈ വിചിത്ര രീതി സ്വീകരിക്കാൻ കാരണമെന്തു?

(ഡി) ബാക്കി പാതിയിലും പലക ഇടുന്നതിന്നു ചീഫ് എൻജിനീയർ എസ്റ്റിമേററു സമൎപ്പിക്കയോ ആ എസ്റ്റിമേററു അനുവദിക്കയോ ചെയ്തിട്ടുണ്ടോ?

(ഇ) പാലത്തിൻെറ വീതിമുഴുവനും പലകയിടുന്ന ജോലി വേഗം തീക്കുന്നതിന്നു പൊതുമരാമത്തുകാൎക്കു കല്പനകൊടുക്കുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറു സെക്രട്ടറി): (എ) മറുപടി ഉണ്ടു് എന്നാണ്.

(ബി) ഉണ്ടു.

(സി) ആ പണിനടത്തിയപ്പോൾ ഇരുമ്പു സാമാനങ്ങൾക്കുണ്ടായിരുന്ന അമിതവില നിമിത്തംവന്ന വൻചിലവു കുറയ്ക്കുന്നതിന്നു.

(ഡി) ഉണ്ടു്. ആ പണിക്ക ൧൦൩൯൦ രൂപാ അനുവദിച്ചിട്ടുണ്ടു്.

(ഇ) ഉണ്ടു്.

മി: ടി. ജെ. മാത്യു (ചങ്ങനാശേരിയും പീരുമേടും): ഈ പണി ഈയാണ്ടിൽതന്നെ നടത്തണമെന്നു ചീഫ്എൻജിനീയരോടു ഗവൺമെൻറു ആജ്ഞാപിച്ചിട്ടുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറു സെക്രട്ടറി): ഉണ്ടു്.

ചങ്ങനാശേരിമുനിസിപ്പാലിററി.

൩൧. മി: ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം):

(൧) കഴിഞ്ഞയാണ്ടിൽ ചങ്ങനാശ്ശേരി മുനിസിപ്പൽ സഭ മുനിസിപ്പൽ അതൃത്തിക്കുള്ളിൽ ഉള്ള റോഡുകൾ നനയ്ക്കുന്നതിന്നു മുനിസിപ്പാലിററിവക പണം ചെലവു ചെയ്തു എന്നു ഗവൺമെൻറിന്നറിയാമോ?

(൨) റോഡു നനയ്ക്കുന്നതിന്നു ചെലവായ തുക, എത്ര മൈൽ നീളം റോഡുനനച്ചു, റോഡുകളുടെ വിവരണം, നനച്ച ചില റോഡുകൾ സാധാരണയായി വണ്ടി സഞ്ചാരം ഇല്ലാത്തവയായിരുന്നോ എന്നുമുള്ള വിവരങ്ങൾ കാണിക്കുന്ന ഒരു പട്ടിക ഗവൺമെൻറു അന്വേഷണം കഴിച്ചറിഞ്ഞു തെയ്യാറാക്കി മേശപ്പുറത്തുവെക്കുമോ?

(൩) ആ മുനിസിപ്പാലിററി സ്കാവെഞ്ചിങ്ങ് (തോട്ടി) ഏൎപ്പാടു നടപ്പിൽ വരുത്തിട്ടുണ്ടോ എന്നു ഗവൺമെൻറു ദയവായിപറയുമോ?

(൪) ചങ്ങനാശേരിച്ചന്തയുടെ ശുചീകരണം അശേഷം തൃപ്തികരമല്ലെന്നു ഗവൺമെൻറിന്നറിയാമോ?

(൫) ചങ്ങനാശേരിച്ചന്തയുടെ ശുചീകരണസ്ഥിതിയെപ്പററി സാനിററി കമ്മിഷണരുടെയോ മുനിസിപ്പൽ സഭയുടെയോ ഒരു റിപ്പോർട്ടു വരുത്തി മേശപ്പുറത്തുവെക്കുമോ?

(൬) ചന്തയെ അതിൻെറ ശുചീകരണകാൎയ്യത്തിൽ മുനിസിപ്പാലിററി കേവലം ഉപേക്ഷിച്ചിട്ടിരിക്കുന്നതിനെപ്പററി മി: ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (എം. എൽ. സി) മുനിസിപ്പാൽ പ്രെസിഡെൻറിന്നു അയച്ച എഴുത്തിൻെറ സംഗതിയിൽ മുനിസിപ്പൽ സഭ എന്തു നടപടികൾ നടത്തി എന്നു ഗവൺമെൻറു ദയവായി ഒരന്വേഷണം നടത്തുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറു സെക്രട്ടറി): (൧) ഉണ്ടു്.

(൨) ൧൧൦൧-ാമാണ്ടു ൩൧൩ രൂപാ ൨൦ ചക്രം ൧൨ കാശു ചെലവാക്കി കണക്ക, പൂൎത്തിയാക്കീട്ടില്ല.

നാലുമൈൽ നീളമുള്ള താഴെപ്പറയുന്ന റോഡുകളാണു നനച്ചതു.

൧) വാഴൂർ റോഡ് ചന്തക്കടവിൽനിന്നു പാറയിൽ പള്ളിവരെ.

(൨) എം. സി. റോഡു മാട്ടുമ്മേൽമുതൽ എൻ. എസ്. എസ്. ഹൈസ്കൂൾ ഗേയിററു വരെ.

(൩) ചന്തക്കടവുമുതൽ മുനിസിപ്പൽ ആഫീസുവരെയുള്ള (തെക്കെ) റോഡ്.

ഈ റോഡുകൾ സാധാരണയായി വണ്ടി സഞ്ചാരം ഉള്ളതാണെന്നു റിപ്പോട്ടു കിട്ടീട്ടുണ്ടു്.

(൩) ഇല്ല.

(൪) മുനിസിപ്പൽ ചന്തയുടെ ശുചീകരണസ്ഥിതി തൃപ്തികരമാണെന്നു പ്രെസിഡെൻറു റിപ്പോർട്ടുചെയ്തിരിക്കുന്നു.

(൫) ഇക്കാൎയ്യത്തിൽ റിപ്പോർട്ടു ചെയ്‌വാൻ മുനിസിപ്പാലിററിയോടും സാനിട്ടേരികമ്മിഷണരോടും ഗവൺമെൻറു ആജ്ഞാപിച്ചിട്ടുണ്ട്. ആ നഗരത്തിൽ മലിനജലം ഒഴുകിപ്പോകാൻ ഉണ്ടാക്കേണ്ടുന്ന വ്യവസ്ഥയെപ്പററിയും സ്കാവെഞ്ചിങ് ഏൎപ്പാടു നടപ്പിൽ വരുത്തുന്നതിനെപ്പററിയും അന്വേഷണം കഴിപ്പാൻ മുനിസിപ്പൽ സഭനിയമിച്ചിട്ടുള്ള സബ് കമ്മിട്ടികളുടെ റിപ്പോട്ടുകൾ പ്രെസിഡെൻറു വായനം ചെയ്തിട്ടുള്ളതിനെ ഗവൺമെൻറു പ്രതീക്ഷിച്ചിരിക്കുന്നു.

(൬) ചന്തയുടെ ശുചീകരണകാൎയ്യത്തിൽ മിസ്റ്റർ ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള പറയുംപ്രകാരം മുനിസിപ്പൽ സഭയുടെ ഭാഗത്തു യാതൊരുപേക്ഷയും ഇല്ലെന്നും നഗരശുചീകരണം ഉത്തമമാക്കാൻ സഭ വേണ്ടതെല്ലാം ചെയ്യുന്നുണ്ടെന്നും പ്രെസിഡെൻറു റിപ്പോട്ടാക്കിയിരിക്കുന്നു.

മി: ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): അഞ്ചാംഭാഗം മറുപടി സംബന്ധിച്ചു അതിനെപ്പററി കിട്ടിയ റിപ്പോട്ടുകൾ ഗവൺമെൻറു ദയവായി മേശപ്പുറത്തുവെക്കുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): റിപ്പോർട്ടുകൾ ഇതുവരെ കിട്ടീട്ടില്ല. റിപ്പോർട്ടു കിട്ടിയശേഷം അതു ഗവണ്മെൻറു ആദ്യം വായിച്ചുനോക്കണം. റിപ്പോർട്ടുകൾ മേലുപുറത്തു വെക്കണമോ എന്നു അപ്പോൾ ആലോചിക്കാം.

മി: ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): മേൽപറഞ്ഞ സബ്കമ്മിററികളെ നിയമിച്ചതു എപ്പോഴാണെന്നു പറയാമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): മെംബർ പറയുന്നതു കേൾക്കുന്നില്ല.

മി: ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): മറുപടിയിൽ പറഞ്ഞ സബ്കമ്മിററികളെ നിയമിച്ചതു എപ്പോഴാണെന്നു പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): മെംബർ പ്രെസിഡെൻറിനു എഴുതയച്ചതിനു കുറ മുമ്പാണ് അവരെ നിയമിച്ചതു്.

മി: ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): എത്ര മുമ്പാണ്?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): ആ വിവരം കൃത്യമായി പറവാൻസാധിക്കയില്ല.

മി: ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): സബ്കമ്മിററികളുടെ റിപ്പോർട്ടുകൾ മുനിസിപ്പാലിററിയിൽ കിട്ടിയതു് എപ്പോഴാണ്?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): അതെല്ലാം പറവാൻ സാധിക്കയില്ല. അതിനെ പററി ഗവണ്മെൻറു പ്രെസിഡെൻറിനോടു ചോദിക്കും.

തിരുവനന്തപുരം ജലസംഭരണപ്രവൃത്തി സംബന്ധിച്ച മിസ്റ്റർ മാഡെലിയുടെ നിയമനം.

൩൨. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): തിരുവനന്തപുരം നഗരത്തിൽ ജലസംഭരണം ചെയ്യുന്നതിനെപ്പററി മിസ്റ്റർ മാഡെലിയുടെ വിദഗ്ദ്ധാഭിപ്രായം വാങ്ങുവാൻ വിചാരിക്കുന്നതു എന്തു ഉടമ്പടിമേലാണെന്നു ഗവണ്മെൻറു ദയവായി പറയുമോ?

മി: കെ. ജാർജ് (ഗവണ്മെൻറു ചീഫ് സെക്രട്ടറി): ഒരു വ്യവസ്ഥയെപ്പററി മിസ്റ്റർ മാഡെലിയുടെ വിദഗ്ദ്ധാഭിപ്രായം എടുക്കയും പ്രതിഫലം കൊടുക്കയും ചെയ്തു കഴിഞ്ഞിരിക്കുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഗവണ്മെൻറും മിസ്റ്റർ മാഡെലിയും തമ്മിൽ വല്ല ഉടമ്പടിയും ഉണ്ടായിരുന്നോ?

മി: കെ. ജാർജ് (ഗവണ്മെൻറു ചീഫ്സെക്രട്ടറി): അദ്ദേഹത്തിൻെറ സഹായം ആവശ്യപ്പെട്ടുകൊണ്ടു ഗവണ്മെൻറു എഴുതയക്കയും ജോലി ചെയ്യാമെന്നു സമ്മതിച്ചും നിബന്ധനകൾ എന്തെല്ലാമെന്നു വിവരിച്ചും അദ്ദേഹത്തിൻെറ മറുപടി കിട്ടുകയും ചെയ്തിട്ടുണ്ടു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അദ്ദേഹവുമായി ഉണ്ടായ ഉടമ്പടിയിലെ നിബന്ധനകൾ എന്തെല്ലാമെന്നു പറവാനാണ് ഞാൻ ആവശ്യപ്പെട്ടതു്.

മി: കെ. ജാർജ് (ഗവണ്മെൻറു ചീഫ് സെക്രട്ടറി): അദ്ദേഹത്തിൻെറ വിദഗ്ദ്ധാഭിപ്രായം വാങ്ങാൻ വിചാരിക്കുന്നതു എന്തെല്ലാം വ്യവസ്ഥകളോടുകൂടിയാണെന്നായിരുന്നു മെംബർ ചോദിച്ചതു്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ കാര്യത്തിൽ പൂർണ്ണവിവരം ഞങ്ങൾക്കില്ലായിരുന്നു. അതുകൊണ്ടാണു ചോദ്യം ആരൂപത്തിൽ ചോദിച്ചതു്.

മി: കെ. ജാർജ് (ഗവണ്മെൻറു ചീഫ് സെക്രട്ടറി): ഗവണ്മെൻറു അദ്ദേഹത്തിൻെറ വിദഗ്ദ്ധാഭിപ്രായം ഇനിക്കൂടെ എടുക്കാൻ പോകുന്നു എന്നാണു മെംബറിൻെറ ധാരണ എന്നു ഗവണ്മെൻറു വിചാരിച്ചു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): മിസ്ററർ മാഡെലിയുടെ വിദഗ്ദ്ധാഭിപ്രായം ചോദിച്ചപ്പോൾ അദ്ദേഹവുമായി വല്ല കരാറും ചെയ്തിരുന്നുവോ

മി: കെ. ജാർജ് (ഗവണ്മെൻറു ചീഫ് സെക്രട്ടറി): അതിനു മുമ്പു പറഞ്ഞുവല്ലോ. ഗവണ്മെൻറു അദ്ദേഹത്തിൻെറ സഹായം ചോദിച്ചു വ്യവസ്ഥകൾ എന്തെല്ലാമെന്നു കാണിച്ചു അദ്ദേഹം മറുപടിയും അയച്ചു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അദ്ദേഹം ആവശ്യപ്പെട്ട വ്യവസ്ഥകൾ ഗവണ്മെൻറു ദയവായി മേശപ്പുറത്തു വെക്കുമോ?

മി: കെ. ജാർജ് (ഗവർമെൻറു ചീഫ് സെക്രട്ടറി): മെംബർക്കു വേണമെന്നുണ്ടെങ്കിൽ ഇപ്പോൾ തന്നെ പറയാം.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഉള്ള് നിബന്ധനകൾ എന്തെല്ലാമെന്നു അറിവാൻ ആഗ്രഹമുണ്ട്.

മി: കെ. ജാർജ് (ഗവർമെൻറു ചീഫ് സെക്രട്ടറി): പണസംബന്ധമായ വ്യവസ്ഥകൾ അറിവാനാണ് മെംബർ ആവശ്യപ്പെടുന്നതെന്നു ഊഹിക്കുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): തിരുവനന്തപുരം നഗരത്തിലേക്കാവശ്യമുള്ള ജലം സംഭരിക്കാൻ അദ്ദേഹത്തിനു സാധ്യമായി വന്നില്ല എങ്കിൽ, തിരുവിതാംകൂർ ഗവണ്മെൻറിനു അദ്ദേഹത്തിൻമേൽ വല്ല പിടിയും ഉണ്ടോ എന്നാണു എനിക്കു അറിയേണ്ടതു്.

മി: കെ. ജാർജ് (ഗവണ്മെൻറു ചീഫ്സെക്രട്ടറി): തിരുവനന്തപുരം പട്ടണത്തിൽ വെള്ളം സംഭരിച്ചു തരാമെന്നു മിസ്റ്റർ മാഡെലി ഏറെറടുത്തിട്ടില്ല. ജലസംഭരണ വ്യവസ്ഥ ഉണ്ടാക്കുന്നതിനെപ്പററി ഒരു റിപ്പോർട്ടു തയാറാക്കണമെന്നു മാത്രമേ അദ്ദേഹത്തോടു ആവശ്യപ്പെട്ടിട്ടുള്ളു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അദ്ദേഹത്തിനു ആകെ കൊടുത്ത സംഖ്യ എത്രയാണെന്നു പറയുമോ?

മി: കെ. ജാർജ് (ഗവണ്മെൻറു ചീഫ്സെക്രട്ടറി): [illegible] രൂപ.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): പ്രധാന നിബന്ധനകൾ എന്തെല്ലാമെന്നു പറയുമോ?

മി: കെ. ജാർജ് (ഗവണ്മെൻറു ചീഫ്സെക്രട്ടറി): ജലസംഭരണ വ്യവസ്ഥയെ സംബന്ധിച്ചു മിസ്റ്റർ ബാനർജി സമർപ്പിച്ച റിപ്പോർട്ടു പരിശോധിച്ചു് അദ്ദേഹം ഒരു റിപ്പോർട്ടു സമർപ്പിക്കണമെന്നായിരുന്നു. സ

ങ്ങാപ്പട്ടിക്ക പുറമെ ദിവസമൊന്നുക്ക ൧൧൦൧ ഉറുപ്പികവീതം റിപ്പോർട്ടുതയ്യാറാക്കുന്നതിനു വേണ്ടിവരുന്ന ഓരോരോ ണിക്കുറിനും ൨൫ ഉറുപ്പികവീതം കൊടുക്കണമെന്നു അദ്ദേഹവും ആവശ്യപ്പെട്ടു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): മിസ്റ്റർ ബാനർജി സമർപ്പിച്ചറിപ്പോർട്ടു പരിശോധിക്കണമെന്നു മാത്രമാണു മിസ്റ്റർ മാഡെലിയോടു ആവശ്യപ്പെട്ടതെന്നാണോ ഞാൻ മനസ്സിലാക്കേണ്ടതു്?

മി: കെ. ജാർജ്ജ് (ഗവണ്മെൻറു ചീഫ്സെക്രട്ടറി): മിസ്റ്റർ ബാനർജിയുടെ റിപ്പോർട്ടു പരിശോധിക്കാനും അതിനെ സംബന്ധിച്ചു വല്ല സൂചനകൾ കൊടുപ്പാനോ ഭേദങ്ങൾ ഉണ്ടാക്കാനോ ആവശ്യം കണ്ടാൽ അങ്ങനെ ചെയ്യാനും സ്ഥലപരിശോധനകഴിച്ചു ജലസംഭരണ വ്യവസ്ഥ നടപ്പിൽ വരുത്തുന്നതിനു മാർഗ്ഗങ്ങൾ കണ്ടുപിടിക്കാനും അദ്ദേഹത്തോടു് ആവശ്യപ്പെട്ടിരുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അദ്ദേഹം മിസ്റ്റർ ബാനർജിയുടെ റിപ്പോർട്ടിൽ വല്ല ഭേദങ്ങളോ വരുത്തുകയോ അതിൽ വല്ലതും കൂട്ടതലായി ചേർക്കയോ ചെയ്തിട്ടുണ്ടോ?

മി: കെ. ജാർജ്ജ് (ഗവണ്മെൻറു ചീഫ്സെക്രട്ടറി): മിസ്റ്റർ മാഡെലിയുടെ റിപ്പോർട്ടു ഗവണ്മെൻറു ഇതുവരെ പരിശോധിച്ചിട്ടില്ല. അതു പരിശോധിച്ചശേഷമേ എന്തെല്ലാം ഭേദങ്ങൾ ചെയ്തിട്ടുണ്ടെന്നു നിർണ്ണയിക്കാൻ സാധിക്കയുള്ളു.

സ്റ്റേഷണറി സാമാനങ്ങൾ തിട്ടപ്പെടുത്തുക.

൩൩. മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): താഴെപറയുന്ന സംഗതികൾ ഗവണ്മെൻറു ദയവായി പറയുമോ?

(എ) ഗവണ്മെൻറു വകയായി വാങ്ങുന്നപലതരം സ്റ്റേഷണറി സാമാനങ്ങളുടെ കണക്കു നോക്കി തിട്ടപ്പെടുത്തണമെന്നു ഒരാലോചന വല്ലപ്പോഴും ഉണ്ടായിരുന്നോ?

(ബി) മറുപടി ഉണ്ടു് എന്നാണെങ്കിൽ ആ ആലോചന ഇപ്പോൾ ഏതു നിലയിൽ ഇരിക്കുന്നു?

മി: കെ. ജാർജ്ജ് (ഗവണ്മെൻറു ചീഫ്സെക്രട്ടറി):

(എ) മറുപടി ഉണ്ടു് എന്നാണ്.

(ബി) ഇതിനായി ഒരാളെ നിയമിക്കണം.

പുരുഷഡോക്ടർമാരും പ്രസവകേസുകളും.

൩൪. മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും):

(എ) ആൺമെഡിക്കൽ ഉദ്യോഗസ്ഥന്മാർ ൧൧൦൧-ൽ നടത്തിയ പ്രസവകേസുകളുടെ എണ്ണം ഗവണ്മെൻറു ദയവായി പറയുമോ?

(ബി) ചെറുപ്പക്കാരായ ആൺ മെഡിക്കൽ ഉദ്യോഗസ്ഥന്മാർക്കു പ്രസവകേസുകൾ നടത്തുന്നതിനു പരിശീലനവും സാമർത്ഥ്യവും പ്രാപിക്കുന്നതിനു വല്ല സൌകര്യങ്ങളും ഉണ്ടാക്കിട്ടുണ്ടോ?

മി: കെ. ജാർജ്ജ് (ഗവണ്മെൻറു ചീഫ്സെക്രട്ടറി): (എ) ൧൧൦൧-ൽ പ്രയാസമുള്ള പ്രസവകേസുകൾ ആൺമെഡിക്കൽ ഉദ്യോഗസ്ഥന്മാർ നടത്തിയതിൻെറ എണ്ണം.

ആസ്പത്രികളിൽ	൩൪൩
പുറമെ	൭൯൧

(ബി) അങ്ങനെയുള്ള സൌകര്യങ്ങൾ ഉണ്ടാകത്തക്കവണ്ണം ഏർപ്പാടുകൾ ചെയ്യുന്നകാര്യം ആലോചനയിൽ ഇരിക്കുന്നു.

സാധുക്കളായ ഗർഭിണികൾക്കു സഹായം.

൩൫. മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): ഗവണ്മെൻറ് താഴെപറയുന്ന വിവരങ്ങൾ ദയവായിപറയുമോ?

(എ) ൧൧൦൧-മാണ്ടു പ്രസവത്തിന്നായിആസ്പത്രികളിൽ പൂർണ്ണഗർഭിണികളായി ചേർക്കപ്പെട്ടിട്ടു "അര ഭക്ഷണവും" "കാൽ ഭക്ഷണവും" തോതിൻപ്രകാരം ഭക്ഷണം കൊടുക്കപ്പെട്ടിട്ടുള്ള സ്ത്രീകളുടെ എണ്ണം.

(ബി) പ്രസവത്തിന്നായി വന്നു താമസിച്ചകാലത്തോ പ്രസവത്തിന്നു ശേഷമോ ഭക്ഷണം കൊടുത്തിട്ടില്ലാത്ത സ്ത്രീകളുടെ എണ്ണം.

മി: കെ. ജാർജ്ജ് (ഗവണ്മെൻറ് ചീഫ്സെക്രട്ടറി): (എ) യും (ബി)യും സാധുസ്ത്രീകൾക്കു ആസ്പത്രിയിൽ താമസിക്കുമ്പോൾ ആവശ്യമുള്ള ഭക്ഷണം കൊടുത്തുവരുന്നു. ആവശ്യപ്പെട്ട കണക്കു കൊണ്ടുള്ള പ്രയോജനം അതുതയ്യാറാക്കുന്നതിൻെറ അദ്ധ്വാനത്തിന്നു അനുരൂപമല്ലെന്നു ഗവണ്മെൻറ് വിചാരിക്കുന്നു.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): പ്രസവത്തിന്നായി വന്നുതാമസിച്ച സ്ത്രീകൾക്കെല്ലാം "കാൽഭക്ഷണമൊ അരഭക്ഷണമൊ" കൊടുത്തിരുന്നില്ല എന്നു ചീഫ്സെക്രട്ടറിക്കു ഉറപ്പു പറവാൻ കഴിയുമൊ?

മി: കെ. ജാർജ്ജ് (ഗവണ്മെൻറ് ചീഫ്സെക്രട്ടറി): മെഡിക്കൽസെർവീസസ് അഡ്മിനിസ്ട്രേറ്റിവ് ബോർഡിൻെറ റിപ്പോർട്ടിൻപ്രകാരമാണു ഞാൻ മറുപടിപറഞ്ഞതു്.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): പ്രസവത്തിന്നായിവന്നു താമസിച്ച സ്ത്രീകളിൽ ആക്കും തന്നെ വേണ്ടിടത്തോളം ഭക്ഷണം കിട്ടാതിരുന്നിട്ടില്ല എന്നു ഗവണ്മെൻറിനു ഉറപ്പുപറവാൻ കഴിയുമൊ എന്നു പറയുമൊ?

മി: കെ. ജാർജ്ജ് (ഗവണ്മെൻറ ചീഫ്സെക്രട്ടറി): ബോർഡിൽനിന്നു കിട്ടിയതിലധികം വിവരം ഗവണ്മെൻറിനില്ല.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): ൧൧൦൧-മാണ്ടു പ്രസവത്തിനായി ആസ്പത്രികളിൽ ചേർക്കപ്പെട്ടിട്ടുള്ള സ്ത്രീകളുടെ എണ്ണത്തെപ്പററിയുള്ള വിവരം വരുത്താൻ ഗവണ്മെൻറിനു ദയവുണ്ടാകുമോ?

മി: കെ. ജാർജ്ജ് (ഗവണ്മെൻറ ചീഫ്സെക്രട്ടറി): ഉണ്ടു്.

നിലങ്ങൾ തോട്ടങ്ങളാക്കുക.

൩൬. മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാട്ടും): ൧൦൯൬-ാമാണ്ടുമുതൽ ൧൧൦൧-ാമാണ്ടു വരെയുള്ള ആറുവർഷത്തിൽ തിരുവനന്തപുരം താലൂക്കിലെ വസ്തു ഉടമസ്ഥന്മാർ അവരുടെനിലങ്ങൾ എത്രത്തോളം തോട്ടങ്ങളാക്കിട്ടുണ്ടെന്നും അങ്ങനെ മാററം വരുത്തുന്നതിനു അറിയാവുന്നടത്തോളമുള്ള കാരണങ്ങളും ഗവണ്മെണ്ടു ദയവായി പറയുമൊ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസെക്രട്ടറി): ആവശ്യപ്പെട്ടവിവരം കിട്ടുവാൻ വഴിയില്ല.

തിരുവിതാംകൂറിലെ കുടിയാന്മാരുടെ കടം.

൩൭. മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാട്ടും): തിരുവിതാംകൂറിലെ കുടിയാന്മാർക്കു വെറുംകടമായും പണയത്തിന്മേലും എത്രത്തോളം കടം ഉണ്ടെന്നറിവാൻ ഗവണ്മെൻറിനു വല്ല വിവരവും ഉണ്ടൊ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): മറുപടി നിഷേധത്തിലാണ്.

വിദ്യാഭ്യാസവകുപ്പിലെ സ്ത്രീഗ്രാഡ്വേററുകൾ.

൩൮. മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാട്ടും): താഴെപറയുന്ന വിവരങ്ങൾ ഗവണ്മെൻറു ദയവായി പറയുമൊ?

(എ) വിദ്യാഭ്യാസവകുപ്പിൽ ഇപ്പോൾ ഉദ്യോഗമുള്ള സ്ത്രീ ഗ്രാഡ്വേററുകളുടെ എണ്ണം

(ബി) അവരിൽ ഹിന്ദുക്കളുടെ എണ്ണം

(സി) നാഞ്ചിനാട്ടു വെള്ളാളസമുദായത്തിൽനിന്നു ഇദംപ്രഥമമായി ബി. എ. (ഓണേഴ്സ്) ജയിച്ച സ്ത്രീ വല്ല ഉദ്യോഗത്തിനും അപേക്ഷിച്ചിട്ടുണ്ടൊ?

(ഡി) ഉണ്ടെങ്കിൽ ആ ഹർജി എന്തുചെയ്തു?

മി: കെ. ജാർജ് (ഗവണ്മെണ്ടു ചീഫ് സെക്രട്ടറി):

(എ)	സ്ഥിരം	൨൮
	ആക്ടിംഗ്	൩
(ബി)	സ്ഥിരം	൫
	ആക്ടിംഗ്	൨

(സി) നാഞ്ചിനാട്ടുവെള്ളാളസമുദായത്തിൽ പെട്ട ശ്രീമതി പി. എസ്. ചെല്ലമ്മ ബി. ഏ. (ഓണേഴ്സ്) മഹാരാജാവുതിരുമനസ്സിലെ സ്ത്രീകളുടെ കോളേജിലൊ ഡിപ്പാർട്ടുമെൻറുവക ഏതെങ്കിലും പെൺകുട്ടികളുടെ ഹൈസ്കൂളിലൊ ഒരു ഉദ്യോഗം കിട്ടണമെന്നു അപേക്ഷിച്ചിട്ടുണ്ടെന്നു വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ടു ചെയ്തിരിക്കുന്നു.

(ഡി) ഉദ്യോഗത്തിനുള്ള അപേക്ഷകൾ രജിസ്റ്റർചെയ്തിട്ടുണ്ടെന്നും ഒഴിവുണ്ടാകുമ്പോൾ അവയെ ആലോചനയ്ക്കു എടുക്കുമെന്നും ഡയറക്ടർ റിപ്പോർട്ടുചെയ്തിരിക്കുന്നു. എന്നാൽ ഹർജിക്കാരിയെ ഏതെങ്കിലും ഗേൾസ് ഇംഗ്ലീഷ്സ്കൂളിൽ നിയമിക്കുന്ന കാര്യം മുമ്പു ആക്ട്ചെയ്തിട്ടുള്ളവരും ഇപ്പോൾ ഉദ്യോഗം ഇല്ലാത്തവരുമായ സ്ത്രീ ഗ്രാഡ്വേററുകൾക്ക ഉദ്യോഗങ്ങൾ കൊടുത്തശേഷമെ ആലോചിക്കാൻ നിവൃത്തിയുള്ളുഎന്നും കൂടി അദ്ദേഹം പറഞ്ഞിട്ടുണ്ട്.

വെല്ലൂർ മിഷ്യനറി മെഡിക്കൽ സ്കൂളിനു ഗ്രാൻറ്.

൩൯. മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാട്ടും): വെല്ലൂരിലെ മിഷ്യനറിമെഡിക്കൽസ്കൂളിനു കൊടുക്കുന്ന ൫൦൦ രൂപ ആണ്ടുവീതം ഗ്രാൻറിനെ സംബന്ധിച്ചു മദ്രാസ സംസ്ഥാനത്തിലുള്ള ഗവണ്മെൻറ് മെഡിക്കൽവിദ്യാലയങ്ങളെ വിട്ടിട്ടു ഈ സ്കൂൾതന്നെ തിരഞ്ഞെടുത്തു ഗ്രാൻറുകൊടുക്കുന്നതിനു കാരണമെന്താണെന്നു ഗവണ്മെൻറു ദയവായി പറയുമൊ?

മി: കെ. ജാർജ് (ഗവണ്മെൻറു ചീഫ്സെക്രട്ടറി): തിരുവിതാംകൂറിൽനിന്നു അനേകംവിദ്യാർത്ഥിനികൾ ആ സ്കൂളിൽ ചേർന്നു പഠിച്ചുവരുന്നതുകൊണ്ടാണു ആ സ്കൂൾ തിരഞ്ഞെടുത്തതു. ൧൯൨൮–൨൯-ാം കൊല്ലാവസാനംവരെ ആ സ്കൂളിനു മദ്രാസ്ഗവണ്മെൻറിൽനിന്നു ആണ്ടുതോറും ൨൫൦ രൂപാ ആണ്ടുവീതം ഗ്രാൻറു അനുവദിച്ചു വന്നിരുന്നു. എന്നാൽ ചെലവു കുറയ്ക്കുന്നതിനായി സംസ്ഥാനത്തിനുപുറമെ നിന്നു വരുന്ന വിദ്യാർത്ഥിനികളെ സംബന്ധിച്ചു ആ ഗ്രാൻറുനിറുത്തിക്കളകയും വിദ്യാർത്ഥിനികൾ ഏതുരാജ്യക്കാരൊ ആ രാജ്യത്തെ ഗവണ്മെൻറുകളോടാണു അവരെ സംബന്ധിച്ചു ധനസഹായം ചോദിക്കേണ്ടതെന്നു അഭിപ്രായപ്പെടുകയുംചെയ്തു. തിരുവിതാംകൂറിൽനിന്നു കുറഞ്ഞപക്ഷം രണ്ടുവിദ്യാർത്ഥിനികളെ അവിടെ പഠിപ്പിക്കണമെന്നുള്ള നിശ്ചയത്തോടുകൂടെ ഇങ്ങനെ നാലുവർഷത്തേക്ക ൫൦൦ രൂപാ ആണ്ടുവീതം ഗ്രാൻറ് അനുവദിക്കുന്നതിനിടയായി.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാട്ടും): മദ്രാസ്ഗവണ്മെൻറു കൊടുത്തുവന്ന ആണ്ടുവീതം ഗ്രാൻറ് നിർത്തലാക്കിയതു മദ്രാസിൽ ലേഡിവില്ലിങ്ഡ്ടൺ മെഡിക്കൽസ്കൂൾ ആരംഭിച്ച ശേഷമാണൊ?

മി: കെ. ജാർജ് (ഗവണ്മെൻറ് ചീഫ് സെക്രട്ടറി)- നിറുത്തലാക്കിയതു ൧൯൨൫-ലാണ്.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാട്ടും): ലേഡിവില്ലിങ്ഡ്ടൺ മെഡിക്കൽസ്കൂൾ ആരംഭിച്ചതു എന്നാണ്?

മി: കെ. ജാർജ് (ഗവണ്മെൻറ് ചീഫ്സെക്രട്ടറി): എനിക്കറിവില്ല.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാട്ടും): മദ്രാസ്ഗവണ്മെൻറ് ആണ്ടുവീതം ഗ്രാൻറു നിറുത്തലാക്കിയപ്പോൾ തിരുവിതാംകൂർഗവണ്മെൻറും അതു നിറുത്തലാക്കാഞ്ഞതു എന്തുകൊണ്ടാണെന്നു പറയുമൊ?

മി: കെ. ജാർജ് (ഗവണ്മെൻറ് ചീഫ്സെക്രട്ടറി): അനേകം തിരുവിതാംകൂർ വിദ്യാർത്ഥിനികൾ അവിടെ പഠിക്കുന്നതുകൊണ്ടു ഗ്രാൻറുകൊടുത്തു കൊണ്ടിരിക്കാൻ തിരുവിതാംകൂർ ഗവണ്മെൻറ് നിശ്ചയിച്ചു.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): മദ്രാസ് സംസ്ഥാനത്തിൽ നൂറിൽപരം തിരുവിതാംകൂർകാർ വൈദ്യ വിദ്യാഭ്യാസം ചെയ്തുവരുന്നുണ്ടെന്ന് ചീഫ് സെക്രട്ടറിക്ക അറിവുണ്ടോ?

മി: കെ. ജാർജ് (ഗവൺമെൻറ ചീഫ്സെക്രട്ടറി) സ്ത്രീകളോ?

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): അല്ല, സ്ത്രീകൾ മാത്രമല്ല.

മി: കെ. ജാർജ് (ഗവൺമെൻറ ചീഫ്സെക്രട്ടറി): ഈ ഗ്രാൻറ സ്ത്രീകളെ ഉദ്ദേശിച്ചാണ. വൈദ്യവിദ്യാഭ്യാസത്തിനപോകുന്ന സ്ത്രീകൾ ചുരുക്കമാണല്ലോ.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): വേഡിപില്ലിങ്ടൺ മെഡിക്കൽ സ്കൂളിൽ ഏകദേശം ഇരുപതു വിദ്യാർത്ഥിനികൾ ഉണ്ടെന്ന ചീഫ്സെക്രട്ടറിക്ക അറിവുണ്ടോ?

മി: കെ. ജാർജ് (ഗവൺമെൻറ ചീഫ് സെക്രട്ടറി): അതൊരു ഗവൺമെൻറസ്കൂൾ ആകുന്നു. പ്രസ്താവം സഹായധനംവാങ്ങുന്ന സ്കൂളുകളെ സംബന്ധിച്ചാണ.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഇങ്ങനെ ഗ്രാൻറകൊടുത്ത ദൃഷ്ടാന്തങ്ങൾ ഉണ്ടോ?

മി: കെ. ജാർജ് (ഗവൺമെൻറ ചീഫ്സെക്രട്ടറി): ഉണ്ട്. ഇതു ഇദംപ്രഥമമായികൊടുത്തതല്ല.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): മദ്രാസിലെ ഗവൺമെൻറ സ്ഥാപനത്തിൽനിന്ന ഇങ്ങനെ സഹായം തിരുവിതാംകൂർ ഗവൺമെൻറിനോടു ചോദിച്ചിട്ടുണ്ടോ?

മി: കെ. ജാർജ് (ഗവൺമെൻറ ചീഫ്സെക്രട്ടറി): ഇല്ല.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): ഇങ്ങനെ ആവർത്തിതം സഹായധനം കൊടുത്തിട്ടുള്ള വേറൊരു സ്ഥാപനത്തിൻെറ പേര ചീഫ്സെക്രട്ടറി പറയുമോ?

മി: കെ. ജാർജ് (ഗവൺമെൻറ ചീഫ്സെക്രട്ടറി): ബോംബേയിൽ ഒരു സാങ്കേതികസ്കൂളിന ഇങ്ങനെ ഗ്രാൻറകൊടുത്തുവരുന്നുണ്ട.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): മദ്രാസ്സംസ്ഥാനത്തിൽ ഇങ്ങനെ ഗ്രാൻറകൊടുക്കുന്ന വെറെവല്ല സ്ഥാപനവും ഉണ്ടോ?

മി: കെ. ജാർജ് (ഗവൺമെൻറ ചീഫ്സെക്രട്ടറി): മദ്രാസ്സംസ്ഥാനത്തിൽ ഇങ്ങനെ ഗ്രാൻറവാങ്ങുന്ന സ്ഥാപനം ഇതുമാത്രമേയുള്ളു എന്നതോന്നുന്നു.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): ഇതൊരു മിഷ്യൻസ്ഥാപനമല്ലയോ?

മി: കെ. ജാർജ് (ഗവൺമെൻറ ചീഫ്സെക്രട്ടറി): അതേ.

പെൺപള്ളിക്കൂടങ്ങൾക്കുള്ള ഗ്രാൻറ്.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): താഴെപറയുന്നവിവരങ്ങൾ ഗവൺമെൻറ ദയവായിതരുമോ?

(എ) ഗവൺമെൻറിൽനിന്നും ഗ്രാൻറുവാങ്ങുന്ന പെൺപള്ളിക്കൂടങ്ങളുടെ എണ്ണം

(ബി) ഈ പള്ളിക്കൂടങ്ങളുടെ മാനേജർമാരിൽ എത്രപേരാണ സ്ത്രീകൾ

മി: കെ. ജാർജ് (ഗവൺമെൻറ ചീഫ്സെക്രട്ടറി): മെമ്പർ ആവശ്യപ്പെട്ടവിവരങ്ങൾ താഴെ ചേർത്തിരിക്കുന്നു.

സ്കൂളിൻെറതരം	സഹായംവാങ്ങുന്നവയുടെ എണ്ണം	സ്ത്രീകൾ മാനേജരായിട്ടുള്ളവയുടെ എണ്ണം	റിമാർക്കുകൾ
൧. പെൺകുട്ടികളുടെ ഇംഗ്ലീഷ് സ്കൂൾ	൨൦	൧൧	ഈ അക്കങ്ങൾ ൧൧൦൧-ാമാണ്ടത്തേതാകുന്നു.
൨. പെൺകുട്ടികളുടെ സ്പെഷ്യൽ സ്കൂൾ	൧൯	൧൪	
൩. പെൺകുട്ടികളുടെ മലയാളം സ്കൂൾ	൧൭൯	൩൬	

റവന്യൂവക ഡിസ്സ്. നമ്പർ ൧൩൪ ൨/൯൯ ഗവൺമെൻറുത്തരവു.

൪൧. മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): സഭയുടെ ൧൧൦൧ കർക്കടകം ൨൭-ാംനു-ലെ യോഗത്തിൽ ചോദിച്ച ൩൪-ാംനമ്പർ ചോദ്യത്തിൻെറ മറുപടിയെ സംബന്ധിച്ചു, ൧൯൦൨ ഡിസംബർ ൨൭-ാംനു-ത്തെ റവന്യൂവക ഡിസ് നമ്പർ. ൧൩൪ ൨/൯൯ ഗവൺമെൻറുത്തരവിൻെറ ഒരുപകർപ്പു ഗവൺമെൻറ ദയവായി മേശപ്പുറത്തു വെക്കുമോ?

മി: സി. പി. രാമസ്വാമി അയ്യർ (ഗവൺമെൻറ സെക്രട്ടറി): ൧൯൦൨ ഡിസംബർ ൨൭-ാംനു-ത്തെ റവന്യൂവക ഡിസ് നമ്പർ. ൧൩൪ ൨/൯൯ ഗവൺമെൻറുത്തരവിൻെറ ഒരുപകർപ്പു മേശപ്പുറത്തുവെച്ചിരിക്കുന്നു.*

പാലോടുമുതൽ വാമനപുരംവരെയുള്ള ഗതാഗതമാർഗ്ഗങ്ങൾ.

൪൨. മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): നെടുമങ്ങാട്ടുതാലൂക്കിലെ പാലോടുമുതലായ സ്ഥലങ്ങളിൽനിന്ന തിരുവനന്തപുരത്തേക്കാമറവും മരച്ചീനിയും മററ ഉൽപന്നങ്ങളും വണ്ടിയി

* അനുബന്ധം ൨ നോക്കുക. പുറം ൧൧൫.

ൽ കൊണ്ടുപോകുന്നതിനുള്ള ചെലവിന്റെ അധികത്വം വിചാരിച്ചു പാഴക്കാട്ടിനും വാമനപുരത്തിനും മദ്ധ്യേനലിയൂടെ ചാലുതിരിച്ചോ വേറെവല്ലവിധത്തിലോ വള്ളത്തിൽ സഞ്ചരിക്കാൻ ഒരു ജലമാർഗ്ഗം ഉണ്ടാക്കാൻ സാധിക്കുമോ എന്നു ഒരു റിപ്പോർട്ടുവരുത്തി മേശപ്പുറത്തു ദയവായി വെക്കുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി): ഈ കാര്യം അന്വേഷണം കഴിക്കേണ്ടതാകുന്നു. ചിഫ് എൻജിനീയരോടു ആലോചിക്കും.

സക്കാർ ലൈഫ് ഇൻഷുറൻസ്

൭൩. മി: എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്ക): അനുദ്യോഗസ്ഥപ്രജകളുടെ ലൈഫ് ഇൻഷുറൻസ് വ്യവസ്ഥ ഇപ്പോൾ ഏതുനിലയിൽ ഇരിക്കുന്നു എന്നു ഗവണ്മെന്റു ദയവായി പറയുമോ?

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെന്റു ഫൈനാൻഷ്യൽ സെക്രട്ടറി): ഇപ്പോഴും ആലോചനയിൽ ഇരിക്കുന്നു.

മി: എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും തെക്ക്): ഈ സംഗതി എത്രകാലമായി ഗവണ്മെന്റിന്റെ ആലോചനയിൽ ഇരിക്കുന്നു എന്നു മെമ്പർ പറയുമോ?

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെന്റു ഫൈനാൻഷ്യൽ സെക്രട്ടറി): ഏകദേശം രണ്ടുമൂന്നു വഷമായി

മി: എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്ക): ആലോചന കഴിഞ്ഞു തീച്ചയാക്കുന്നതിനു എത്രകാലംകൂടെ വേണ്ടിവരും?

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെന്റു ഫൈനാൻഷ്യൽ സെക്രട്ടറി): മൂന്നുമാസത്തിനുള്ളിൽ ആലോചന അവസാനിക്കും.

ഗവണ്മെന്റു പണം മുടക്കീട്ടുള്ള ബാങ്കുകളിൽനിന്നു കച്ചവടക്കാക്കു ധനസഹായം.

൭൪. മി: എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്ക്): ൧൧൦൭ ഫെബ്രുവരി ൨൪-ാംനു-ത്തെ സഭായോഗത്തിൽ വെച്ചു ൨൨-ാം നംബർ ചോദ്യത്തിന്റെ മൂന്നാം ഭാഗത്തിനു പറഞ്ഞമറുപടി സംബന്ധിച്ചു, സക്കാർ മുതൽ മുടക്കീട്ടുള്ള ബാങ്കുകളിൽനിന്നു ഇവിടത്തെ കച്ചവടക്കാക്കു ധനസഹായം ചെയ്യുന്ന സംഗതിയെപ്പററി ഇതുവരെയായിട്ടും ആ ബാങ്കുകൾക്കു ഉപദേശം കൊടുക്കാത്തതു എന്തുകൊണ്ടാണെന്നു ഗവണ്മെന്റു ദയവായി പറയുമോ?

മി: കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെന്റു ഫൈനാൻഷ്യൽ സെക്രട്ടറി): അധികം വരുന്ന മുതൽ ബാങ്കുകളിൽ നിക്ഷേപിക്കുന്നതിനു മുമ്പായി ഭരംകാര്യത്തിൽ ൧൦൨-ൽ പ്രസ്താവിച്ച പ്രകാരമുള്ള ഒരു നിബന്ധന ഉണ്ടാക്കാൻ പാടുണ്ടെന്നു ഗവണ്മെന്റു വിചാരിക്കുന്നില്ല. സ്റ്റേററ് എയിഡെഡ് ബാങ്കു (ഗവണ്മെന്റു സഹായത്തോടുകൂടി നടത്തുന്ന ബാങ്കു) ജോലി ആരംഭിച്ചാൽ പിന്നെ ഇവിടെയുള്ള കച്ചവടക്കാക്കു ഇപ്പോഴത്തേതിൽ കൂടുതലായി ബാങ്കിങ്ങ് സൌകര്യങ്ങൾ ഉണ്ടാകുമെന്നു പ്രതീക്ഷിച്ചിരിക്കുന്നു.

പാമ്പൂരിവായ്ക്കാൽ.

൭൫. മി: ടി. കുമാരപിള്ള (കല്ക്കുളവും വിളവങ്കോടും):

(൧) കൽകുളം താലൂക്കിൽ വാഴവച്ചഭാഗത്തിനും കൊല്ലച്ചലിനും മദ്ധ്യേയുള്ള പാമ്പൂരിവായ്ക്കാലിന്റെ നീളം എന്തു്?

(൨) ഭരം തോടുസംബന്ധിച്ചു എത്ര ഏക്കർനിലം കൃഷിചെയ്യുന്നുണ്ടു്?

(൩) ഇതിൽ എത്ര ഏക്കർ സ്ഥലത്തു അഴുകിച്ചേതം ഉണ്ടാകാറുണ്ടു്?

(൪) ൧൧൦൧-ഇടവത്തിലെ മഴ നിമിത്തം ഭരം തോടിന്റെ കരയിൽ എത്ര സ്ഥലത്തു മടവീഴുകയുണ്ടായി എന്നു ഗവണ്മെന്റു ദയവായി പറയുമോ?

(൫). മടവീണനിമിത്തം കൃഷിക്കുണ്ടായ നഷ്ടത്തിന്റെ വല്ല കണക്കും ഗവണ്മെന്റിനു കിട്ടീട്ടുണ്ടോ? ഉണ്ടെങ്കിൽ നഷ്ടം എത്രയാണെന്നു പറയുമോ?

(൬) പാമ്പൂരിവായ്ക്കാലിൽ മടവീഴുകനിമിത്തം അഴുകിച്ചേതംവന്ന കൃഷിക്കാക്കു കരം ഇളവുചെയ്തുകൊടുക്കാൻ ഗവർമെന്റു ആലോചിക്കുന്നുണ്ടോ?

(൭) പാമ്പൂരിവായ്ക്കാൽവഴി ൧൦൯൭ വൃശ്ചികത്തിലെ വെള്ളപ്പൊക്കം നിമിത്തം ഉണ്ടായ അഴുകിച്ചേതത്തിനു കരം ഇളവു ചെയ്തു കൊടുത്തിരുന്നുവോ? ചെയ്തിരുന്നുവെങ്കിൽ, ഇളവുചെയ്തു കൊടുത്ത ആകെ സംഖ്യ എത്രയാണെന്നു ഗവർണ്മെന്റു ദയവായി പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവർമെന്റു സെക്രട്ടറി):

(൧) ൧൦½ മൈൽ

(൨) ഉദ്ദേശം ൩൨൫ ഏക്കർ.

(൩) ൧൦൦ ഏക്കർ സ്ഥലത്തു വെള്ളം കെട്ടിനിന്നു ചിലപ്പോൾ നഷ്ടം സംഭവിക്കാറുണ്ട്.

(൪) ൫൧.

(൫) ഉദ്ദേശം ൨൨൦൭ ഏക്കർ നിലത്തു അഴുകിച്ചേതം നിമിത്തം ൫,൧൦൭ രൂപ ൨൧ ചക്രവും മടവീണതു നിമിത്തം ൧൫൪൪ ഏക്കർ നിലത്തു ൭,൭൨൫ രൂപയും നഷ്ടം വന്നതായി റിപ്പോർട്ട് കിട്ടീട്ടുണ്ട്

(൬) കൽകുളം താലൂക്കിലെ അഴുകിച്ചേതത്തിനു കരമിളവു ചെയ്തു കൊടുപ്പാൻ കരമിളവുചട്ടങ്ങളിൽ വ്യവസ്ഥചെയ്തിട്ടില്ല.

(൭) മറുപടി നിഷേധത്തിലാണ്.

മി: ടി. കുമാരപിള്ള (കൽകുളവും വിളവങ്കോടും): ൫-ാംഭാഗം ഇതിൽ occasional loss(ചിലപ്പോൾ നഷ്ടം എന്നു പറഞ്ഞിരിക്കുന്നതിന്റെ അത്ഥം എന്താണ്?

മി: ടി. പി. രാമസുബ്ബയ്യർ (ഗവർമെന്റു സെക്രട്ടറി): വല്ലപ്പോഴും ഉണ്ടാകുന്ന നഷ്ടം.

മി: ടി. കുമാരപിള്ള (കൽകുളവും വിളവങ്കോടും): അതായതു നാലോ അഞ്ചോ കൊല്ലത്തിൽ ഒരിക്കൽ എന്നാണോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവർമെൻറ സെക്രട്ടറി): അങ്ങിനെ ക്ലിപ്തമായിട്ടു പറവാൻ നിവൃത്തിയില്ല.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവൻകോടും): ആണ്ടിൽ രണ്ടു പൂവുള്ളതിൽ എല്ലാ ആണ്ടിലും ഒരു പൂവിൽ അഴുകിച്ചേതം വന്നാൽ അതിനു എങ്ങിനെയാണു പറയേണ്ടതു്.

മി: ടി. പി. രാമസുബ്ബയ്യർ (ഗവർമെൻറ സെക്രട്ടറി): "annually" അല്ലെങ്കിൽ ആണ്ടുതോറും എന്നു പറയണം.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ആണ്ടിൽ ഒരു പൂവെങ്കിലും അഴുകിച്ചേതം ഉണ്ടായിക്കൊണ്ടിരുന്ന ഒരു സ്ഥലത്തെപ്പററി അങ്ങിനെ പറയാത്തതെന്താണ്.

മി: ടി. പി. രാമസുബ്ബയ്യർ (ഗവർമെൻറ സെക്രട്ടറി): ആണ്ടുതോറും ഉണ്ടെന്നു പറഞ്ഞിട്ടില്ല.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ഒരു സ്ഥലത്തു ആണ്ടുതോറും അഴുകിച്ചേതം ഇല്ലെന്നുള്ള അറിവു ഗവർമെൻറിനു എങ്ങനെ കിട്ടി?

മി: ടി. പി. രാമസുബ്ബയ്യർ (ഗവർമെൻറ സെക്രട്ടറി): ഭൂനികുതി കമ്മീഷണർ മുഖാന്തരം.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ഏഴാംഭാഗം. കൽക്കുളം താലൂക്കിനെ അഴുകിച്ചേതത്തിൽ ഉൾപ്പെടുത്താതിരുന്നതിനു കാരണമെന്താണ്?

മി: ടി. പി. രാമസുബ്ബയ്യർ (ഗവർമെൻറ സെക്രട്ടറി): ഇളവു ചെയ്തു കൊടുക്കുന്നതിനെ സംബന്ധിച്ചുള്ള ചട്ടങ്ങളിൽ അഴുകിച്ചേതത്തിനു കരം ഇളവു ചെയ്തു കൊടുക്കുന്നതിനു വ്യവസ്ഥയില്ല, അങ്ങിനെ പതിവുമില്ല.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): അതു എപ്പോൾ മുതൽക്കാണ്?

മി: ടി. പി. രാമസുബ്ബയ്യർ (ഗവർമെൻറ സെക്രട്ടറി): ഇപ്പോഴത്തെ ചട്ടത്തിലും ഇല്ല, മുമ്പലത്തെ ചട്ടത്തിലും ഇല്ല.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): അഴുകിച്ചേതം വന്നാൽ കരം കുറയ്ക്കേണ്ട ആവശ്യം ഇല്ലെന്നാണോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവർമെൻറ സെക്രട്ടറി): പ്രത്യേകം കാരണം വല്ലതും ഉണ്ടായിരുന്നാൽ കരം ഇളവു ചെയ്തു കൊടുക്കും.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): അങ്ങനെയുള്ള കാരണം എന്താണ്?

മി: ടി. പി. രാമസുബ്ബയ്യർ (ഗവർമെൻറ സെക്രട്ടറി): ൯൯-ലെ വെള്ളപ്പൊക്കം പോലെയുള്ള സംഭവങ്ങൾ.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): അങ്ങനെയുള്ള സംഭവത്തിനു പാന്നൂരിവായ്ക്കാൽ ബാങ്കിലുള്ള നിലങ്ങൾക്കു കരം ഇളവു ചെയ്തു കൊടുത്തിട്ടുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവർമെൻറ സെക്രട്ടറി): ഇല്ലെന്നാണു മറുപടിയിൽ പറഞ്ഞിട്ടുള്ളതു. അപൂർവ്വ സംഭവങ്ങൾക്കു വകവെച്ചു കൊടുക്കാറുണ്ടു് എന്നേയുള്ളു.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): അങ്ങിനെ പറഞ്ഞിരിക്കുന്ന അപൂർവ്വസംഭവങ്ങളിൽ അഴുകിച്ചേതം വകവച്ചു കൊടുക്കുന്നമെന്നു ഗവൺമെൻറ സമ്മതിച്ചിരിക്കുന്ന സ്ഥിതിക്കു പാന്നൂരിവായ്ക്കാൽ ബാങ്കിലെ നിലങ്ങൾക്കു അപ്രകാരം വകവച്ചു കൊടുക്കാതിരിക്കുന്നതിനുള്ള കാരണം എന്തു്.

മി: ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറ സെക്രട്ടറി): അതിനു പ്രത്യേകകാരണം ഉണ്ടെന്നു ഭൂനികുതി കമ്മീഷണർ ഗവൺമെൻറിനെ അറിയിച്ചിട്ടില്ല.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): അതിനു കൃഷിക്കാർ ഉത്തരവാദികളാകുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറ സിക്രട്ടറി): അതാതു ഡിപ്പാർട്ടുമെൻറു മേലധികാരികൾ എഴുതിയയക്കുന്നതനുസരിച്ചു അനുവദിക്കും. അങ്ങിനെയാണല്ലോ പതിവു്.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ൯൯-വൃശ്ചികത്തിലെ വെള്ളപ്പൊക്കത്തിൽ പാന്നൂരി വായ്ക്കാൽ ബാങ്കിൽ അഴുകിച്ചേതം വന്നിട്ടുണ്ടെന്നു കമ്മീഷണർ ഗവൺമെൻറിനെ അറിയിച്ചിട്ടുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറ സെക്രട്ടറി): ഇപ്പോൾ നിശ്ചയമായിട്ടു പറയാൻ നിവൃത്തിയില്ല.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ഇനി മേലെങ്കിലും ഈ അഴുകിച്ചേതം വകവച്ചു കൊടുക്കുന്നതിനെപ്പററി ഗവൺമെൻറ ആലോചിക്കുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറ സെക്രട്ടറി): കരമിളവു ചട്ടത്തിൽ ഇതിലേക്കു ഒരു വ്യവസ്ഥയില്ലാതിരിക്കുന്നിടത്തോളം കാലം ഓരോ സംഗതിയും പ്രത്യേകം ആലോചിച്ചു അതിന്റെ ന്യായാന്യായങ്ങളനുസരിച്ചു ചെയ്യാമെന്നല്ലാതെ ക്ലിപ്തമായിട്ടു ഒരേർപ്പാടു ചെയ്വാൻ സാധിക്കയില്ല.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ഈ സംഗതിയെ പററി ഗവൺമെൻറ അന്വേഷിക്കാത്തതുകൊണ്ടാണ് ഈ ചട്ടങ്ങളിൽ ഭേദഗതി ചെയ്യാമോ എന്നു ചോദിച്ചതു്?

മി: ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറ സെക്രട്ടറി): ഇങ്ങിനെയുള്ള അവസരങ്ങളിൽ ജനങ്ങൾ ഹർജികൊടുക്കും, അതിന്മേൽ വിചാരണ നടത്തി ന്യായമുണ്ടെങ്കിൽ അനുവദിക്കും, ഇല്ലെങ്കിൽ നിഷേധിക്കും.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): എവിടെയാണ് ഹർജി കൊടുക്കേണ്ടതു്?

മി: ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറ സെക്രട്ടറി): തഹശീൽദാർ മുതൽ ദിവാൻജിവരെ കൊടുക്കാം.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): എല്ലാവർക്കും കൊടുക്കണോ? തഹശീൽദാർക്കും പേഷ്കാർക്കും കമ്മീഷണർക്കും ഹർജി കൊടുത്തിട്ടുള്ള സംഗതികളിൽ വിചാരണ നടത്തുകയോ അഴുകിച്ചേതം വകവച്ചു കൊടുക്കയോ ചെയ്തിട്ടുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറ സെക്രട്ടറി): എല്ലാ സ്ഥലത്തും ഹർജികൊടുത്താൽ അഴുകിച്ചേതം വകവച്ചു തരാമെന്നു ഞാൻ പറഞ്ഞില്ലല്ലോ

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): പാന്നൂരിവായ്ക്കാലിനെപ്പററി ആ കാലത്തും അധികാരസ്ഥാനങ്ങളിൽ ഹർജികൾ കൊടുത്തിട്ടുണ്ടോ?

മി: ടി. പി. രാമസ്വാമയ്യർ (ഗവണ്മെന്റ സെക്രട്ടറി): മുമ്പെ ചോദിച്ചു. ഇല്ലെന്ന മറുപടി പറഞ്ഞു കഴിഞ്ഞു.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ഇങ്ങിനെയുള്ള അപൂർവകാലങ്ങളിൽ അഴുകിച്ചേത്തം വകവച്ചു കൊടുത്തതായി വല്ല ദൃഷ്ടാന്തങ്ങളുമുണ്ടോ?

മി: ടി. പി. രാമസ്വാമയ്യർ (ഗവണ്മെന്റ സെക്രട്ടറി): മൂന്നു നാലു കൊല്ലത്തിനുമുമ്പു പടിഞ്ഞാറെ കല്ലടയിൽ അഴുകിച്ചേത്തം വകവച്ചു കൊടുത്തതായി ഓർമ്മിക്കുന്നുണ്ട്.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും); അതിന്റെ പ്രത്യേകകാരണം എന്താണെന്നു പറയുമൊ?

മി: ടി. പി. രാമസ്വാമയ്യർ (ഗവണ്മെന്റ സെക്രട്ടറി): അതു റിക്കാർഡുനോക്കിവേണംപറയാൻ.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): അമ്പലപ്പുഴ താലൂക്കിൽ അഴുകിച്ചേത്തം വകവച്ചു കൊടുക്കാറുണ്ടോ?

മി: ടി. പി. രാമസ്വാമയ്യർ (ഗവണ്മെന്റ സെക്രട്ടറി): നിശ്ചയമായിട്ടു പറയാൻ നിവൃത്തിഇല്ല.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ഈ സംഗതിയെ പറ്റി ഗവണ്മെന്റ ശ്രദ്ധിക്കുകയും പരീക്ഷണരൂപമായിട്ടു വേണ്ട ആലോചനകൾ നടത്തുമോ?

മി: ടി. പി. രാമസ്വാമയ്യർ (ഗവണ്മെന്റ സെക്രട്ടറി): ഇപ്പോഴത്തെ നടത്തിപ്പിനെപ്പറ്റി മറുപടി പറഞ്ഞിട്ടുണ്ട്. കൂടുതലായിട്ടു എന്താണ് വേണ്ടതെന്നു മനസ്സിലാകുന്നില്ല.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): അതു പോരാ, ഇപ്പോഴത്തെ നടപ്പനുസരിച്ചു അഴുകിച്ചേത്തം ഉണ്ടാകുന്ന സ്ഥലങ്ങളിൽ കരം കുറച്ചെഴുതി കൊടുക്കാൻ ഇടയില്ല എന്നുള്ളതു ജനങ്ങൾക്കു സങ്കടമാകയാൽ അതിനെപ്പറ്റി വേണ്ട പര്യാലോചനകൾ ചെയ്യുന്നതിനു ഗവണ്മെന്റ ആലോചിക്കുമോ?

മി: ടി. പി. രാമസ്വാമയ്യർ (ഗവണ്മെന്റ് സെക്രട്ടറി): ആലോചിക്കാം.

മി: ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ധർമിളവു ചട്ടങ്ങൾ അതനുസരിച്ചു വേണ്ടഭേദഗതി ചെയ്യുമോ?

മി: ടി. പി. രാമസ്വാമയ്യർ (ഗവണ്മെന്റ് സെക്രട്ടറി): അതിനെപ്പറ്റി ലാന്റ്റവന്യൂ കമ്മീഷണരെക്കൂടി എഴുതിഅയച്ചു അന്വേഷിക്കാം.

ഒഫീഷ്യൽറിസീവർമാരുടെ അധികാരം കൂട്ടുക.

൭൬. മി: എസ്. പിരവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്ക): ഇൻസോൾവെൻസികേസുകൾ എളുപ്പത്തിൽ തീക്കണമെന്നുള്ള ഉദ്ദേശത്തോടു കൂടെ ഒഫീഷ്യൽ റിസീവർമാരുടെ അധികാരങ്ങൾ വർദ്ധിപ്പിക്കാൻ ആലോചിക്കുന്നുണ്ടൊ എന്നു ഗവണ്മെന്റ് ദയവായി പറയുമൊ?

മി: കെ. ജാർജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി): ഇൻസോൾവൻസി റഗുലേഷൻ പ്രകാരം പാസ്സാക്കിയ ചട്ടങ്ങൾ ഭേദപ്പെടുത്താൻ ആവശ്യമുണ്ടൊ എന്നുള്ള കാര്യം ഹൈക്കോടതിയുടെ ആലോചനയിൽ ഇരിക്കുന്നു.

പിറവത്തു ഒരു ആസ്പത്രിയുടെ സ്ഥാപനം.

൭൭. മി: എ. ജെ. ജാൺ (വൈക്കം): പിറവത്തു ഒരു ആസ്പത്രി സ്ഥാപിക്കുന്നതിനെപ്പറ്റി ഡർബാർഫിസിഷ്യൻ ചെയ്ത ശിപാർശയെ സംബന്ധിച്ചു ഗവണ്മെന്റ് എന്തു പ്രവർത്തിച്ചു എന്നു ദയവായി പറയുമോ?

മി: കെ. ജാർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ഈ ആലോചന തൽക്കാലം നിറുത്തിവക്കണമെന്നു ഗവണ്മെന്റ് ഉത്തരവായി.

മി: എ. ജെ. ജാൺ (വൈക്കം): പിറവത്തു ആസ്പത്രിസ്ഥാപിക്കണമെന്നു ഡർബാർഫിസിഷ്യൻ ശിപാർശചെയ്തതു എപ്പോഴാണെന്നു ചീഫ്സെക്രട്ടറിപറയുമോ?

മി: കെ. ജാർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ആ വിവരം ഇപ്പോൾ എന്റെ പക്കൽ ഇല്ല.

മി: എ. ജെ. ജാൺ (വൈക്കം): ഈ ശിപാർശയ്ക്കു ശേഷം എത്ര ആസ്പത്രികൾ സ്ഥാപിച്ചിട്ടുണ്ടെന്നു പറയുമോ?

മി: കെ. ജാർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ഈയാണ്ടിൽ മൂന്നെണ്ണം, സ്ഥാപിച്ചു.

മി: എ. ജെ. ജാൺ (വൈക്കം): പിറവത്തു നിന്നു അടുത്ത ആസ്പത്രിയിലേക്കു എത്ര ദൂരമുണ്ടെന്നു പറയുമോ?

മി: കെ. ജാർജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി): അതിനെപ്പറ്റി എന്നേക്കാൾ അധികം അറിവു മെമ്പർക്കുണ്ടായിരിക്കണം.

മി: എ. ജെ. ജാൺ (വൈക്കം): പിറവത്തുനിന്നു അടുത്ത ആസ്പത്രിയിലേക്കു എത്ര ദൂരമുണ്ടെന്ന് ഗവണ്മെന്റിനു അറിവുണ്ടോ?

മി: കെ. ജാർജ് (ഗവണ്മെന്റ ചീഫ്സെക്രട്ടറി): എനിക്കിപ്പോൾ പറവാൻ സാധിക്കയില്ല.

മി: എ. ജെ. ജാൺ (വൈക്കം): ഈ കാര്യം ഗവണ്മെന്റ നിറുത്തിവച്ചതിനു കാരണം എന്താണെന്നു പറയുമൊ?

മി: കെ. ജാർജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി): പണമില്ലാത്തതുകൊണ്ടു.

മി: എ. ജെ. ജാൺ (വൈക്കം): കഴിഞ്ഞ അഞ്ചോ പത്തോ വർഷങ്ങൾക്കുള്ളിൽ കോട്ടയം ഡിവിഷനിൽ പുതുതായി സ്ഥാപിച്ച ആസ്പത്രികളുടെ എണ്ണം പറയുമൊ?

മി: കെ. ജാർജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി): കഴിഞ്ഞ പത്തുവർഷത്തെ കടലാസ്സുകൾ പരിശോധിക്കണം. അതിനാൽ ഇപ്പോൾ പറയാൻ കഴികയില്ല.

മുട്ടുചിറയിൽ ഒരു ആസ്പത്രി സ്ഥാപനം.

൭൮. മി: എ. ജെ. ജാൺ (വൈക്കം): (എ) വൈക്കം താലൂക്കിൽ മുട്ടുചിറ എന്നസ്ഥലത്തു ഒരു ആസ്പത്രി സ്ഥാപിക്കണമെന്നു മെഡിക്കൽ സർവീസസ് അഡ്മിനിസ്ട്രേട്ടിവ് ബോർഡ് ശിപാർശചെയ്തിട്ടുണ്ടോ?

(൨) മറുപടി ഉവ്വ് എന്നാണെങ്കിൽ മുട്ടച്ചിറയിൽ ഒരു സ്ഥാപിക്കാൻ ഗവൺമെന്റിനു ദയവുണ്ടാകുമൊ?

മി: കെ. ജാർജ് (ഗവൺമെൻറു ചീഫ്സെക്രട്ടറി): (൧) ഇല്ല. ഈ വിഷയത്തെപ്പററി ബോർഡ് ആലോചിച്ചു മുട്ടച്ചിറ ഒരു ആസ്പത്രി ആവശ്യമില്ലെന്നു അഭിപ്രായപ്പെട്ടു. സ്ഥലം കൊറവിളങ്ങാടോടു അടുത്താണു. കൊറവിളങ്ങാടു ഒരു മദ്ധ്യസ്ഥാനവും ജനബാഹുല്യമുള്ളതും ആകയാൽ അവിടേയാണു ഒരുപുതിയ ആസ്പത്രി ആവശ്യമെന്നു അവർക്കുതോന്നി.

(൨) ഒന്നാംഭാഗത്തിന്റെ മറുപടികൊണ്ടു ഈ ചോദ്യത്തിനു സംഗതിയില്ല.

പാലങ്കടവുമുതൽ തലയോലപ്പറമ്പുവരെ ഒരു വണ്ടിപ്പാത ഉണ്ടാക്കുക

൪൯. മി: എ. ജെ. ജാൺ (വൈക്കം): (൧) ൧൧൦൧ ഇടവം ൨൨-ാംനു-ത്തെ യോഗത്തിൽവെച്ചു ചോദിച്ച ൧൨-ാംനമ്പർ ചോദ്യത്തിന്റെ മറുപടിയെ സംബന്ധിച്ചു പാലങ്കടവുമുതൽ തലയോലപ്പറമ്പുവരെ ഒരു റോഡുണ്ടാക്കുന്ന കാര്യത്തിൽ ഗവൺമെൻറു വല്ല നടപടിയും നടത്തീട്ടുണ്ടോ എന്നു പറയുമൊ?

(൨) ശരിയായ ഒരു റോഡില്ലാത്തതുകൊണ്ടു ജനങ്ങൾ വളരെ നഷ്ടവും പ്രയാസവും അനുഭവിക്കുന്നുണ്ടെന്നു ഗവൺമെൻറിനു അറിവുണ്ടോ?

(൩) ആ റോഡ് ഉടൻതന്നെ ഉണ്ടാക്കണമെന്നു ഗവൺമെൻറ് ഉത്തരവയയ്ക്കുമൊ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറ്സെക്രട്ടറി): ഇതിനു ഒരു എസ്റ്റിമെററു ആവശ്യപ്പെടുകയും അതു തയ്യാറാക്കുകയും ചെയ്തിരിക്കുന്നു. എസ്റ്റിമേററ് ഇപ്പോൾ ചീഫ്എഞ്ചിനീയരുടെ പരിശോധനയിൽ ഇരിക്കുന്നു.

(൨) മറുപടി ഉവ്വ് എന്നാണ്.

(൩) പണമില്ലാത്തതുകൊണ്ടു ജോലി ഉടൻതന്നെ ചെയ്യാൻ സാധിക്കയില്ല. വരുന്നവാണ്ടത്തെ ബഡ്ജററു തയ്യാറാക്കുമ്പോൾ ഇതിനെപ്പററിയും ആലോചിക്കും.

മി: എ. ജെ. ജാൺ (വയ്ക്കം): എസ്റ്റിമേററ് ചീഫ്എൻജിനീയരുടെപക്കൽ എത്തിയതു എപ്പോഴാണെന്നു മെമ്പർ പറയുമൊ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറു സെക്രട്ടറി): അതിപ്പോൾ ചീഫ്സെക്രട്ടറിയുടെ പക്കൽ ഇരിക്കുന്നു. അദ്ദേഹത്തിനു കിട്ടിയതു എപ്പോഴാണെന്നു പറയാൻ സാധിക്കയില്ല.

മി: എ. ജെ. ജാൺ (വയ്ക്കം): എസ്റ്റിമേററിൻപ്രകാരം ഈ ജോലിക്കു ആകെച്ചിലവു എന്താണെന്നു പറയുമൊ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറു സെക്രട്ടറി): ഡിവിഷൻ ആഫീസരുടെ എസ്റ്റിമേററ് ൧൩൦൦ രൂപയാണ്. അതിനെപ്പററി ചീഫ്എൻജിനീയർ ഇപ്പോൾ ആലോചിച്ചുവരുന്നു.

പൊടിയാടിയിൽ നിന്നു നീരേററുപുറത്തേക്കു ഒരു റോഡുണ്ടാക്കുന്ന കാര്യം.

൫൦. മി: ജി. നാരായണപിള്ള (തിരുവല്ല): താഴെപ്പറയുന്ന സംഗതികൾ ഗവൺമെൻറു ദയവായി പറയുമൊ?

(എ) പൊടിയാടിയിൽനിന്നു നീരേററുപുറത്തേക്കു ഒരു റോഡുവെട്ടിയാൽ തിരുവല്ലായും അമ്പലപ്പുഴയും താലൂക്കുകൾ തമ്മിലുള്ള ഗതാഗതസൌകര്യം വളരെ വർദ്ധിക്കുന്നതാണെന്നു ഗവൺമെൻറിനു അറിയാമോ?

(ബി) ഈ റോഡ് വെട്ടുന്നതിനെസംബന്ധിച്ചു ജനങ്ങളുടെ അപേക്ഷകൾ തുടർച്ചയായി ഉണ്ടായിട്ടില്ലയൊ?

(സി) ഇക്കാര്യത്തിൽ ഗവൺമെൻറു ഇതുവരെ എന്തെങ്കിലും നടപടി നടത്തീട്ടുണ്ടൊ?

(ഡി) ഇല്ലെങ്കിൽ ആ റോഡുണ്ടാക്കുന്നതിനു വേണ്ട നടപടികൾ ഉടനെ നടത്തുമൊ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറു സെക്രട്ടറി):

(എ) ഉവ്വ്.

(ബി) ഉവ്വ്.

(സി)-യും (ഡി)-യും ഒരു എസ്റ്റിമേററു അനുവദിക്കയും അതിനായി ഈ ആണ്ടത്തെബഡ്ജററിൽ പണം കൊള്ളിച്ചു ഈ ആണ്ടിൽ[illegible] പ[illegible] ആരംഭിക്കണമെന്നു ചീഫ്എഞ്ചിനീയരോടു ആജ്ഞാപിക്കയും ചെയ്തിട്ടുണ്ട്.

അനുബന്ധം ൧.

൨൧-ാംനമ്പർ ചോദ്യത്തിന്റെ മറുപടി നോക്കുക.

അക്കൌണ്ടാഫീസിലെ സിൽബന്തികഠം.

൧൦൯൨ ചിങ്ങം ൧-ാംനു-ത്തെ പ്രകാരം				൧൧൦൨ ചിങ്ങം ൧-ാംനു-ത്തെ പ്രകാരം			
സെക്ഷൻ	ജോലിവിവരം	സൂപ്രണ്ടന്മാർ	ആഡിറ്റർമാരും ഗുമസ്തന്മാരും	സെക്ഷൻ	ജോലിവിവരം	സൂപ്രണ്ടന്മാർ	ആഡിറ്റർമാരും ഗുമസ്തന്മാരും
൧ ഖജനാകണക്കു പരിശോധനയും സെക്ഷൻ എം.	നാൺഗസറ്റഡ് സിൽബന്തികളുടെ കണക്കുപരിശോധന ഡിപ്പോസിറ്റ് (റവന്യൂ ജുഡിഷ്യലും പെർസണലും) റെമിറ്റൻസ് (ഖജനായും പലവകയും) സംസ്ഥാനാതിഥികഠം, കൊട്ടാരം, മററു അഡ്വാൻസുകഠം സസ്പെൻസ് മുതലായ കണക്കുകഠം തെയ്യാറാക്കുകയും പരിശോധിക്കയും അക്കൌണ്ടുകോഡ്, ഖജനാ നടപടി മുതലായ സാധാരണ വിഷയങ്ങഠം. ഖജനാവക ഇനം തിരിച്ചകണക്കു.	൧	൧൦	൧ ഖജനാകണക്കു പരിശോധനയും സെക്ഷൻ	ഡിപ്പാസിററു എടുത്തുകളഞ്ഞ തിരുവനന്തപുരത്തെ ചില ചെലവുകളുടെ മുൻകൂട്ടിയുള്ള പരിശോധനക്കുട്ടി, വേറെ സാരമായ ഭേദഗതിയില്ല.	൧	൯
൨ സെക്ഷൻ 'എ'	തിരുവനന്തപുരം ഖജനാവു കൊല്ലം ഖജനാവു ആലപ്പുഴ ഖജനാവും ബാങ്കും വക കണക്കുകളുടെ പരിശോധനയും ഇനംതിരിച്ച കണക്കുകഠം തയ്യാറാക്കുകയും	൧	൯	൨ സെക്ഷൻ "എ"	കൊല്ലം ഖജനാവു, ദേവികുളം ഖജനാവു, ബാങ്കു ഈവക കണക്കുകളുടെ പരിശോധനയും ഇനംതിരിച്ച കണക്കുകഠം തയ്യാറാക്കുകയും	൧	൯
൩ സെക്ഷൻ 'ബി'	കല്ക്കുളം ഖജനാവു, കോട്ടയം ഖജനാവു, ഈവക കണക്കുകളുടെ പരിശോധനയും ഇനംതിരിച്ചുള്ള കണക്കുകഠം തെയ്യാറാക്കുകയും	൧	൯	൩ സെക്ഷൻ "ബി"	തിരുവനന്തപുരവും കോട്ടയവും ഖജനാവുകഠം വക കണക്കുകളുടെ പരിശോധനയും ഇനംതിരിച്ചുള്ള കണക്കുകഠം തെയ്യാറാക്കുകയും	൧	൧൨
൪ സെക്ഷൻ 'സി'	വനം ഡിപ്പാർട്ടുമെന്റു, പബ്ളിക്ക്‌വൊർക്ക്സ് ഡിപ്പാർട്ടുമെന്റു, അഞ്ചൽ ഹുണ്ടികഠം ഈവക കണക്കുകളുടെ പരിശോധന	൧	൧൪	൪ ഡി. എ പി. എ. സെക്ഷൻ	ഡിപ്പാർട്ടുമെന്റൽ കണക്കുകഠം, വനംവക കണക്കുകഠം, ദേവസ്വം ഉൾപ്പെടെ പബ്ളിക് വൊർക്ക്സ് കണക്കുകഠം ഹുണ്ടികണക്കുകഠം പ്രി-ആഡിററ് തിരുവനന്തപുരത്തെ ചെലവുകളിൽ ചില ഭാഗങ്ങളുടെ പ്രി-ആഡിററ	൧	൧൭
൫ ഗസററഡ് ആഡിററും പെൻഷ്യനും വകുപ്പു	ഗസററഡ് ഉദ്യോഗസ്ഥന്മാരുടെ ശമ്പളവും അലവൻസും ആഡിററ്, അവധി, അലവൻസ് മുതലായതിനെപ്പററി വ്യക്തിപരമായ റിപ്പോർട്ടു. എല്ലാതരത്തിലും ഗ്രേഡിലും അനുവദിച്ചിട്ടുള്ളതും, ഉള്ളതും കാണിക്കുന്ന സ്റ്റേൽ രജിസ്റ്റർവെക്കുക.			൫ ഗസററഡ് ആഡിററും പെൻഷ്യനും വകുപ്പ്	ജോലിയുടെ സ്വഭാവത്തിൽ സാരമായ മാററമൊന്നുമില്ല.	൧	൧൨

൧൦൯൨ ചിങ്ങം ൧-ാംനു-ലത്തെ പ്രകാരം				൧൧൦൨ ചിങ്ങം ൧-ാംനു-ലത്തെ പ്രകാരം			
സെക്ഷൻ	ജോലിവിവരം	സൂപ്രണ്ടുമാർ	ആഡിററർമാരും ക്ലാർക്കുമാരും	സെക്ഷൻ	ജോലിവിവരം	സൂപ്രണ്ടുമാർ	ആഡിററർമാരും ക്ലാർക്കുമാരും
	സർവീസ്റഗുലേഷൻ അനുസരിച്ചുള്ള സാധാരണ വിഷയങ്ങളും സിവിൽ ലിസ്ററും ഹിസ്റ്ററി ഓഫ് സർവ്വീസും പ്രസിദ്ധീകരണം. പെൻഷൻ പരിശോധനയും റിപ്പോർട്ടും പെൻഷ്യൻ (സിവിലും മിലിറററിയും) കൊടുക്കുക, പേമെൻറ് ഓർഡർ, തിരുവനന്തപുരത്തുള്ള പെൻഷൻകാരുടെ പെൻഷൻ ആഡിററും കൊടുക്കയും	൧	൧൧				
൩. ബുക്ക് സെക്ഷൻ	സംസ്ഥാനസംബന്ധമായ കണക്കുകൾ തെയ്യാറാക്കുക ബഡ്ജററ്, റിസോർസ്, അഞ്ചികമുതലിൻെറ നിക്ഷേപം പലിശ, കടമിനങ്ങൾ, ധർമ്മസ്ഥാപനങ്ങൾ, ലൈഫ് ഇൻഷുറൻസ്, സേവിങ്സ്ബാങ്ക, അന്യരാജ്യങ്ങളുമായുള്ള ഏടവാടുകൾ ഇവ സംബന്ധമായ കണക്കുകൾ തെയ്യാറാക്കുക	൧	൧൩	൩ ബുക്ക് സെക്ഷൻ	ജോലിയുടെ സ്വഭാവത്തിൽ സാരമായ മാററമൊന്നുമില്ല	൧	൧൦
൭. ഔട്ട്സൈഡ് ആഡിററ സെക്ഷൻ	ടൌൺ ഇംപ്രൂവ്മെൻറ കമ്മിററികൾ വക കണക്ക പരിശോധന പല സ്ഥാപനങ്ങളുടെയും കണക്കുകൾ സ്ഥലത്തുപോയി പരിശോധിക്കുക, ലഞ്ചാവുകൾ പബ്ലിക്കവർക്സും ഫോറസ്റ്റ് ഡിവിഷണലും ആഫീസുകളും മററു സ്ഥാപനങ്ങളും പരിശോധിക്കുക	൧	൩	൭ (എ) ഡിപ്പോസിററും ഫണ്ടും സെക്ഷൻ ൭ (ബി) പരിശോധന വകുപ്പ്	ഡിപ്പോസിററും ഫണ്ടുകളും ദേവസ്വം കണക്കുകളും പരിശോധനയും, മുൻസിപ്പാലും മററും ഫണ്ടുകളും പരിശോധനയും ഡിപ്പോസിററുകൾ (റെവന്യൂ, ജുഡിഷ്യൽ, പെർസണൽ) തിരുവനന്തപുരം നഗരത്തിലും പുറം പ്രദേശങ്ങളിലും സ്ഥലത്തു പോയി പരിശോധന ഇൻസ്പെക്ഷൻ നോട്ടുകൾ തീർച്ചചെയ്യ	൧ ...	൧൦ ൨
൨. പ്രീ ആഡിററ സെക്ഷൻ	തിരുവനന്തപുരം പട്ടണത്തിലുള്ള ആഫീസ് സിൽബന്തികൾ പ്രീ ആഡിററും പണം കൊടുക്കയും തിരുവിതാംകൂറിന പുറമെ കൊടുക്കേണ്ട പണം (ചെക്ക്, ഡ്രാഫ്ററ മുതലായവ മുഖാന്തിരം) കൊടുക്കൽ	൧	൨	൨ പ്രീ ആഡിററ് സെക്ഷൻ	ഈ വകുപ്പിൽ ഇപ്പോൾ പണം കൊടുക്കുന്നതിനെ സംബന്ധിച്ചുള്ള ജോലി മാത്രമെയുള്ളു	...	൪

൧൦൯൨ ചിങ്ങം ൧-ാംനു-ലത്തെ പ്രകാരം				൧൧൦൨ ചിങ്ങം ൧-ാംനു-ലത്തെ പ്രകാരം			
സെക്ഷൻ	ജോലിവിവരം	സൂപ്രണ്ടന്മാർ	അഡിറർമാരും ഗുമസ്തന്മാരും	സെക്ഷൻ	ജോലിവിവരം	സൂപ്രണ്ടന്മാർ	അഡിറർമാരും ഗുമസ്തന്മാരും
൯. ജെനറൽ സെക്ഷൻ	സാധാരണ ജോലികൾ ഇതിൽവരുന്ന എഴുത്തുകളും അയക്കുന്ന എഴുത്തുകളും വാങ്ങുക, അയക്കുക, രെജിസ്റ്റർചെയ്യു റിപ്പോർട്ടുകൾ എഴുതുക. പരിശോധന നോട്ടുകൾ അസ്സൽ എഴുതുക, കീഴ്ജീവനക്കാരുടെ ജോലിനിർണ്ണയം, കണ്ടിജൻറ ചെലവു, ഇവ ഉൾപ്പെടും റിക്കാർഡു വകുപ്പ്	...	൧൭	൯. ജെനറൽ സെക്ഷൻ	ജോലിയുടെ സ്വഭാവത്തിൽ മാററമൊന്നുമില്ല	...	൧൪
൧൦. ഫൈനാൻഷ്യൽ സെക്ഷൻ	കോശസംബന്ധമായ സെക്രട്ടേറിയററ് ജോലി ഇതിൽ ലൈഫ് ഇൻഷൂറൻസ്, കോഡുകളിൽ മാററങ്ങൾ, ചട്ടം സംബന്ധിച്ച ജോലികൾ, സ്റ്റാമ്പുകൾ സ്റ്റാമ്പുശാലയും സെൻട്രൽ ഡിപ്പോയും) ഗവണ്മെൻറവക കടം ഇവയെല്ലാം ഉൾപ്പെടും	...	൭	൧൦. ഫൈനാൻഷ്യൽ സെക്ഷൻ	കോശസംബന്ധമായ സെക്രട്ടേറിയററ് ജോലി	൧	൩
	ആകെ	൨	൧൦൦		ആകെ	൨	൧൨൨*

* സേവിങ്ങ്സ്ബാങ്കുജോലി വർദ്ധനവുനിമിത്തം ഈയാണ്ടു (൧൧൦൨) മുതൽ കൂട്ടത്തിലായി നിയമിച്ചിട്ടുള്ള ൪ ഗുമസ്തന്മാരെ ഇതിൽ ഉൾപ്പെടുത്തിട്ടില്ല. കൂട്ടത്തിലായി കാണുന്ന ൨൨ പേരെ നിയമിച്ചതു സേവിങ്ങ്സ്. ബാങ്കുജോലി (൨) ഔട്ട്സൈഡ് ആഡിററ് പരിശോധനയും മുനിസിപ്പാൽ കണക്കു പരിശോധനയും (൩) പബ്ലിക്ക്കടം (൧) ആഡിററ് സാധാരണജോലിയും (൧൬) ഇവ സംബന്ധിച്ച ജോലി വർദ്ധനവുനിമിത്തമാകുന്നു.

അനുബന്ധം ൨.

൪൧-ാം നമ്പർ ചോദ്യത്തിന്റെ മറുപടിനോക്കുക.

ഭൂനികുതിയും ആദായനികുതിയും കമ്മീഷണർക്കു ഗവണ്മെൻറ ചീഫ്സെക്രട്ടറി അയച്ച ൧൦൯൨ ഡിസംബർ ൨-ാംനു-ലത്തെ ഡിസ്നമ്പർ ൧൩൪ ൨/൨൬ റവന്യൂ എഴുത്തിന്റെ പകർപ്പു.

കരം പിരിവു റെഗുലേഷൻ പ്രകാരം കരം പിരിക്കുന്നതിനു സ്ഥാവരജംഗമ വസ്തുക്കളുടെമേൽ നടപടി നടത്തുന്നതു ഏതുക്രമം അനുസരിച്ചു വേണമെന്നു ചോദിക്കുന്നതായ നിങ്ങളുടെ ൧൦൨൬ സെപ്റ്റംബർ ൧൨-ാംനു-ലത്തെ ആർ. ഒ. സി. നമ്പർ ൬൦൦/൨൬ എൽ. ആർ. എഴുത്തുകിട്ടി. ൧൦൯൭-ലെ ൧൬-ാം നമ്പർ ഭേദഗതി റെഗുലേഷനെ സംബന്ധിച്ച ഈ സംഗതിയും ആലോചനാവിഷയം ആയിരുന്നു. അഡിഷണൽ ഹെഡ്സർക്കാർ വക്കീലിന്റെ അഭിപ്രായം താഴെ വിവരിക്കും പ്രകാരമായിരുന്നു. അതു ഗവണ്മെൻറ സ്വീകരിക്കയും ചെയ്തു:—

"വസ്തുക്കൾ ജപ്തിചെയ്യുന്നതിനുള്ള അധികാരത്തെ സംബന്ധിച്ചു ജംഗമങ്ങളുടെ നേരെയോ സ്ഥാവരവസ്തുക്കളുടെ നേരെയോ യുക്തംപോലെ നടപടികൾ നടത്തുന്നതിനു റെവന്യൂ അധികാരസ്ഥന്മാർക്കു റെഗുലേഷൻ അനുവാദം കൊടുത്തിരിക്കുന്നു. ആദ്യം ജംഗമങ്ങളുടെ മേൽ നടപടി നടത്തണമെന്നു വ്യവസ്ഥയില്ല. മദ്രാസ് ആക്ട് ൫-ാം വകുപ്പുപ്രകാരം യുക്തംപോലെ പ്രവർത്തിക്കാൻ റെവന്യൂ ഉദ്യോഗസ്ഥനു കൊടുത്തിട്ടുള്ള അനുവാദം ഈ റെഗുലേഷൻ ൫-ാംവകുപ്പും കൊടുക്കുന്നുണ്ടു. അതുകൊണ്ടു ഈ സംഗതിയിൽ ഭേദഗതിക്കാവശ്യമില്ല".

൨. മുമ്പുള്ളതുകളുടെമേൽ പ്രസ്താവിച്ച അഭിപ്രായം ഗവണ്മെൻറ സ്വീകരിക്കുന്നു. ഉദ്യോഗസ്ഥന്മാരുടെ അറിവിനും നടപടിക്കുമായി ഇതിന്നനുസരിച്ചു ഉത്തരവുകൾ അയക്കണമെന്നു അപേക്ഷിക്കുന്നു.

നിയമനിർമ്മാണം.

തിരുവിതാംകൂർ ചലനചിത്രപ്രദർശനബിൽ.

ഡിപ്പ്യൂട്ടിപ്രെസിഡെന്റ്: ചലനചിത്രപ്രദർശനബില്ലിനെപ്പററിയുള്ള നമ്മുടെ ആലോചന നമുക്കിപ്പോൾ വീണ്ടും തുടരാം.

മി: കല്ലാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): സർ, നാം ആലോചിച്ചിരുന്നതു ൧൭-ാം വകുപ്പിന്റെ ൨-ാം ഉപവകുപ്പിനെപ്പററിയായിരുന്നു. ആ വകുപ്പു വിട്ടുകളയണമെന്നു മിസ്റ്റർ പി. കെ. നാരായണപിള്ള ഒരു ഭേദഗതി പ്രമേയം ഹാജരാക്കുകയും ചെയ്തിരുന്നു. ആ പ്രമേയത്തെ മിസ്റ്റർ മാധവൻപിള്ളയും മിസ്റ്റർ മാമ്മൻമാപ്പിളയും മിസ്റ്റർ മാത്യുവും അനുകൂലിക്കയും ചെയ്തിരുന്നു. ആ പ്രമേയത്തെ ഞാൻ പ്രതികൂലിക്കയും അതിനുള്ള കാരണങ്ങൾ ചുരുക്കമായി പ്രസ്താവിക്കയും ചെയ്തുകൊള്ളുന്നു.

വിട്ടുകളയണമെന്നു പറയുന്ന ഉപവകുപ്പു ഇപ്രകാരമാണ്.

“ഏതെങ്കിലും ചിത്രസഞ്ചികയെ സംബന്ധിച്ച ഈ റെഗുലേഷൻ പ്രകാരം ശിക്ഷിക്കാവുന്ന ഒരു കുററം ഒരാളുടെമേൽ സ്ഥാപിക്കപ്പെട്ടുന്നപക്ഷം അപ്രകാരം കുററസ്ഥാപനം ചെയ്യുന്ന കോടതിക്കു ആ ചിത്രസഞ്ചിക ഗവര്‍മ്മെന്റിലേക്കു കണ്ടുകെട്ടുന്നതിനും ആജ്ഞാപിക്കാവുന്നതാണ്.”

ഈ വകുപ്പിലെ പദപ്രയോഗം നോക്കിയാൽ അതിന്റെ ഉദ്ദേശം ശിക്ഷിക്കുന്ന കോടതിക്കു കുററംചെയ്യുന്നതിനുപയോഗിച്ച ചിത്രസഞ്ചികയെ യുക്തംപോലെ കണ്ടുകെട്ടുന്നതിനുള്ള അധികാരം കൊടുക്കയാണ് എന്നു കാണാം. വേറെ വാക്കുകളിൽ പറഞ്ഞാൽ ആ സഞ്ചികയെക്കൊണ്ടു അതേ മാതിരി കുററം വീണ്ടും ചെയ്യാതിരിക്കത്തക്കവണ്ണം അതിനെ കുററക്കാരന്റെ കയ്യിൽ നിന്നു എടുത്തുകളയാനുള്ള കൃത്യസ്വാതന്ത്ര്യം മജിസ്ട്രേട്ടിനു ഉണ്ടായിരിക്കണമെന്നാണ്. ബിൽ ഹാജരാക്കിയ സമയം പ്രസ്താവിച്ചപ്രകാരം ബില്ലിന്റെ പ്രധാനഉദ്ദേശം പ്രദർശിപ്പിക്കാൻ അയോഗ്യമായ ചിത്രങ്ങളുടെ പ്രദർശനം തടയുന്നതിനും-

മി: എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും, വ്യവസായവും, തെക്ക): ഒരു ചിത്ര സഞ്ചികയെ ഉണ്ടാക്കുന്നതിനു എന്തുചെലവുവരുമെന്നു ബാമെമ്പർക്കു വല്ലവിവരവും ഉണ്ടോ എന്നു പറയുമൊ?

മി: കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർ വക്കീൽ): ഉവ്വ്. എത്രയെന്നു അറിയാമെന്നു വിചാരിക്കുന്നു.

മി: എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്ക്): ഒരു ചിത്രസഞ്ചിക ഉണ്ടാക്കുന്നതിനു ഏററവും കുറഞ്ഞചെലവു എന്താണെന്നു പറയുമോ?

മി: കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർവക്കീൽ): സാധാരണയായി ഉദ്ദേശം ൫൦൦൦൦ രൂപവരും. ഞാൻ പറഞ്ഞുവന്നപ്രകാരം ഈ ബില്ലിന്റെ ഉദ്ദേശം ആക്ഷേപകരമായ ചിത്രങ്ങളുടെ പ്രദർശനം തടുക്കയും പ്രദർശനത്തിനു യോഗ്യമല്ലാത്തസ്ഥലങ്ങളിൽ പ്രദർശനങ്ങൾ നടത്തുന്നതു തടുക്കയും ആകുന്നു. ആദ്യത്തെ സംഗതി ജനങ്ങളുടെസന്മാർഗ്ഗത്തെ കരുതിയും രണ്ടാമത്തേതു അവരുടെ പ്രാണരക്ഷയെ ഉദ്ദേശിച്ചും ആകുന്നു. ആക്ഷേപകരമായ ചിത്രസഞ്ചികയെ പ്രദർശിപ്പിക്കുന്നവനു ഒന്നാമത്തെദിവസത്തേക്കു ൫൦൦൦ രൂപയോളവും പിന്നീടു ഓരോദിവസത്തേക്കും ൫൦൦ രൂപയോളവും വരാവുന്ന പിഴകല്പിക്കാമെന്നാണു ബില്ലിൽ വ്യവസ്ഥചെയ്തിട്ടുള്ളതു. ഈ ശിക്ഷയുടെ ഉദ്ദേശം വീണ്ടും കുററംചെയ്യാൻ ഇടവരരുതെന്നാണു. ഈ ഉദ്ദേശംതന്നെ, മജിസ്ട്രേട്ടിനു യുക്തമെന്നു തോന്നുന്നപക്ഷം, കുററക്കാരന്റെ കയ്യിൽനിന്നു കുററംചെയ്യാൻ പ്രയോഗിച്ച ആയുധവും എടുത്തുകളയേണ്ടതാണെന്നു നമ്മെ ബോധ്യപ്പെടുത്തുന്നു.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): ഒരാൾ ആത്മഹത്യ ചെയ്വാൻ കൂടക്കൂടെ ശ്രമിച്ചതുകൊണ്ടു ശിക്ഷയായിട്ടു അവന്റെ ജീവനെത്തന്നെ എടുത്തുകളയാമോ?

മി: കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): അതു ശരിയായ ഒരു സാദൃശ്യം അല്ല. അവന്റെകയ്യിൽനിന്നു കത്തിയോ മററു ആയുധമോ എടുത്തുകളയാം. അതും ഒരു സാദൃശ്യം അല്ല. എന്തെന്നാൽ ഇവിടെ ചിത്രസഞ്ചികയെഎടുത്തുകളയുന്നതു ആസഞ്ചികതന്നെയാണു കുററം എന്നുള്ളതുകൊണ്ടും അതെടുത്തുകളഞ്ഞാൽ കുററംചെയ്വാൻ സാധിക്കയില്ലെന്നുള്ളതുകൊണ്ടും ആകുന്നു. ചിത്രസഞ്ചികയെ എടുത്തുകളയുന്നതു ഗവര്‍മ്മെന്റിനു ലാഭംവരുത്തണമെന്നോ കുററക്കാരനെ നഷ്ടപ്പെടുത്തണമെന്നോ വിചാരിച്ചല്ല. അവൻ വീണ്ടും ആകുററംചെയ്യാതിരിക്കാൻ മാത്രമാണു. കുററം ചെയ്യുന്നതായാൽ പിഴകൊടുക്കാൻ ഇടയാകുന്നതിന് പുറമേ ചിത്രസഞ്ചികകളുടെ നഷ്ടപ്പെട്ടേക്കാമെന്നുള്ള ഈകുററത്തെ തടുക്കുന്നതിനു ഒരു മാർഗ്ഗമായിരിക്കുമെന്നുള്ളതിനും സംശയമില്ല.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): ക്രിമിനാൽ നീതിഭരണത്തെപ്പററി ഗവര്‍മ്മെന്റു പാസ്സാക്കിട്ടുള്ള ഉത്തരവുകൾ അദ്ദേഹം വായിക്കുമോ?

മി: കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർവക്കീൽ): അവ ഇപ്പോൾ എന്റെ കൈവശം ഇല്ല.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഇപ്പോൾ വായിക്കണമെന്നു ഞാൻ ആവശ്യപ്പെടുന്നില്ല. ഉത്തരവുകൾ അദ്ദേഹം വായിച്ചിട്ടുണ്ടോ?

മി: കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): ഉവ്വ്, ഞാൻ വായിച്ചിട്ടുണ്ടു.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): പ്രത്യേകമായും ഓരോപ്രദേശങ്ങളെ സംബന്ധിച്ചുമുള്ള നിയമങ്ങളുടെ ലംഘനം സാമുദായികവിരുദ്ധമായ പ്രവൃത്തികളാണെന്നല്ലാതെ കുററങ്ങളല്ലെന്നും അവ സാങ്കേതികാപരാധങ്ങൾമാത്രമാണെന്നും അവയിൽ പറഞ്ഞിട്ടില്ലേ?

മി: കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർവക്കീൽ): ഉണ്ടായിരിക്കാം. എന്നാൽ അതിനു ഈ വിഷയത്തോടുസംബന്ധമൊന്നുമില്ല. സാമുദായികവിരുദ്ധപ്രവൃത്തികളായാലും, കുററങ്ങളായാലും, ദുർമ്മാർഗ്ഗപ്രവൃത്തികളായാലും ആക്ഷേപകരമായ ചിത്രസഞ്ചികയുടെ പ്രദർശനം തടുക്കേണ്ടതാണു.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ആ ഉദ്ദേശത്തിന്മേൽ പതിനായിരം രൂപാ വിലയുള്ളതുതൽ എടുത്തുകളകയോ?

മി: കല്ല്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): അതെ, അങ്ങനെചെയ്യാൻ ആവശ്യം നേരിടുകയോ ചെയ്യാതെ, നിവൃത്തിയില്ലെന്നുവരികയോ ചെയ്താൽ.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും). വസ്തു കണ്ടുകെട്ടണമെന്നു നിബന്ധന ചെയ്തിട്ടുള്ള വേറൊരുകുററം പറയുമോ?

മി: കല്ല്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർവക്കീൽ). സാധാരണയായി വസ്തുകണ്ടുകെട്ടുകയോ? അതെ, ഞാൻഒന്നു ഓർമ്മിക്കുന്നു. ഗവൺമെൻറിനു വിരോധമായി യുദ്ധംചെയ്യുക. എന്നാൽ ഇവിടെ കണ്ടുകെട്ടുന്നതു ആ അർത്ഥത്തിലല്ല. ആക്ഷേപകരമായസാധനത്തെ, കുററംചെയ്യാൻ ഉപയോഗിക്കുന്നസാധനത്തെ, നീക്കംചെയ്യുന്നുഎന്നുമാത്രമേ ഇവിടെ അർത്ഥമുള്ളു.

മി: എ. കെ.പിള്ള (കരുനാഗപ്പള്ളി): ഒരു സ്ഥലത്തു അവിടത്തെ പരിസരസ്ഥിതികൾനോക്കിയാൽ ആക്ഷേപകരമായ ഒരു ചിത്രസഞ്ചിക പരിസരസ്ഥിതികൾ വ്യത്യസ്തമായിരിക്കുന്ന വേറൊരുസ്ഥലത്തു; ആക്ഷേപകരമല്ലായിരിക്കും എന്നുവരാൻ പാടില്ലയോ? അതുകൊണ്ടു കണ്ടുകെട്ടുന്നകാര്യം നിർബന്ധമാക്കാൻ ആവശ്യമില്ല.

മി. കല്ല്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർവക്കീൽ): നിർബ്ബന്ധമാക്കിട്ടില്ല. കോടതിക്കു യുക്തംപോലെചെയ്യാം. മജിസ്ട്രേട്ടു എല്ലാകേസിലും കണ്ടുകെട്ടണമെന്നു നിർബന്ധമില്ല. അങ്ങനെ ചെയ്യുന്നതു യുക്തമെന്നു തോന്നുന്നസംഗതിയിൽമാത്രമേ ചെയ്യുകയുള്ളു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ചിത്രസഞ്ചിക തിരുവിതാംകൂറിൽ കണ്ടുകെട്ടിയാൽ അതിൻെറ ഉടമസ്ഥനു അതു തിരുവിതാംകൂറിനു പുറമേ എവിടെയെങ്കിലും പ്രദർശിപ്പിക്കാൻ കഴിയുമോ?

മി: കല്ല്യാലംപരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ), അതേ ചിത്രസഞ്ചിക വേറൊരുസ്ഥലത്തു പ്രദർശിപ്പിക്കാൻ കിട്ടുകയില്ല.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും). ഈ സാങ്കേതികക്കുററം ഗവൺമെൻറിനോടു യുദ്ധംചെയ്യുന്നതുപോലെ കഠിനമായിട്ടാണോ വിചാരിക്കേണ്ടതു?

മി: കല്ല്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർവക്കീൽ): അല്ല. അതിനെപ്പററി അങ്ങനെ വിചാരിക്കുന്നില്ല. ഈ കുററത്തിനുള്ള ശിക്ഷ പിഴയും യുക്തമെന്നു തോന്നുന്നസംഗതിയിൽ ചിത്രസഞ്ചികയുടെ കണ്ടുകെട്ടും മാത്രമാണു. അല്ലാതെ, ഗവൺമെൻറിനോടു യുദ്ധംചെയ്യുന്നകാര്യത്തിലെപ്പോലെ, കുററക്കാരൻെറ സ്വത്തെല്ലാം കണ്ടുകെട്ടുകയില്ല.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും). ശിക്ഷയുടെ ഉദ്ദേശം എന്താണു?

മി: കല്ല്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർവക്കീൽ); ശിക്ഷനിശ്ചയിച്ചിട്ടുള്ളതു കുററം ചെയ്യാതിരിപ്പാനും ചെയ്യുന്നവനെ നന്നാക്കാനുമാകുന്നു.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): നിരോധകശിക്ഷായെന്നു പറഞ്ഞാൽ എന്താണ്?

മി: കല്ല്യാലം പരമേശ്വരൻപിള്ള (അഡീഷണൽഹെഡ്സർക്കാർവക്കീൽ): മനുഷ്യരെ കുററം ചെയ്യുന്നതിൽനിന്നു തടസ്സപ്പെടുത്തുന്നതാകുന്നു.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): അപ്പോൾ ഒരാളെ ശിക്ഷിക്കുന്നതു എങ്ങനെയാണ്?

മി: കല്ല്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): ഒരർത്ഥത്തിൽ ശിക്ഷ ഒരാളുടെനേർക്കു ചെയ്യുന്നദ്രോഹമാണു എന്നാൽ അതു നിയമാനുസാരം ആകുന്നു.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): സമുദായപ്രതികൂലമായ ഒരു പ്രവൃത്തിചെയ്യുന്ന ഒരാളെ യഥാർത്ഥത്തിൽ ദ്രോഹിക്കയൊ നശിപ്പിക്കയോ ചെയ്യുന്നുണ്ടോ?

മി: കല്ല്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): അങ്ങനെ ചെയ്യുണ്ടിവരും. പിഴയിടുന്നതിനു. മെമ്പർ വിരോധം പറയുന്നില്ല, എന്നാൽ അതും ദ്രോഹമാണ്, ഇവയൊന്നും ഇക്കാര്യത്തോടു സംബന്ധമുള്ളതല്ല.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): ഒരുവൻെറ സ്വത്തു എടുത്തുകളയുന്നതിനാൽ അവൻെറ അവകാശികളെയും പിൻഗാമികളെയും കൂടെ ശിക്ഷിക്കുന്നില്ലേ?

മി: കല്ല്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ):. ഒരുവൻെറ സ്വത്തു എടുത്തുകളഞ്ഞാൽ അവൻെറ അവകാശികൾക്കു സങ്കടം ഉണ്ടാകാം.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): നിങ്ങൾ പറയുന്നശിക്ഷ അവൻെറ അവകാശികളെയും പിൻഗാമികളെയും ബാധിക്കുന്നില്ലേ?

മി: കല്ല്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): ഉണ്ടെന്നും ഇല്ലെന്നും വരാം. എന്നാൽ ഞാൻ പറഞ്ഞപ്രകാരം ഇതൊന്നും കാര്യത്തോടുസംബന്ധമുള്ളതല്ല. കുററം ചെയ്യാൻ ഉപ

യോഗിച്ചതും കുററം ചെയ്യാൻമാത്രം ഉപയോഗമുള്ളതുമായ വസ്തുവിനെ മാത്രമേ എടുത്തുകളവാൻ ആലോചനയുള്ളു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): (ഇരുന്നിടത്തുനിന്നു എഴുന്നേൽക്കാതെ സംസാരിക്കുന്നു:—

ഡിപ്യൂട്ടിപ്രസിഡന്റ്: മി: പി. കെ. നാരായണപിള്ള, നിങ്ങൾക്കുവല്ലതും ചോദിക്കാനുണ്ടെങ്കിൽ ദയവുചെയ്തു എഴുന്നേററു നിന്നു ചോദിക്കണം.

മി: ടി. ജെ. മാത്യു (ചങ്ങനാശേരിയും-തിരുമേട്ടം): ഈ വകുപ്പുപ്രകാരം കണ്ടുകെട്ടുന്നതു ആക്ഷേപകരമായ ചിത്രസഞ്ചികകളെ മാത്രമെയുള്ളോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): ആക്ഷേപയോഗ്യമായ ചിത്രസഞ്ചികകളും പ്രദർശനം ആക്ഷേപകരമായിരിക്കുന്ന സ്ഥലത്തു പ്രദർശിപ്പിക്കുന്ന ചിത്രസഞ്ചികകളും-അതായതു യാതൊരാളേയും ശിക്ഷിക്കുന്നതിനു കാരണമായ ചിത്രസഞ്ചികകൾ.

മി: സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): ആക്ഷേപയോഗ്യമായ ചിത്രസഞ്ചികകളെയെല്ലാം കണ്ടുകെട്ടീട്ടാവശ്യം ഉണ്ടോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): ഒരിക്കലുമില്ല. ഒരു ചിത്രസഞ്ചികകണ്ടുകെട്ടുന്നതു മജിസ്ട്രേട്ടിന്റെ യുക്തംപോലെയാണ്.

മി: സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): കണ്ടുകെട്ടുന്നതിന്റെ ഉദ്ദേശം എന്താണ്?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): ഞാൻ അതു പറഞ്ഞുകഴിഞ്ഞു.

മി: കെ. ഐ. ജോസഫ് (മീനച്ചലും-ദേവികുളവും): അതു കണ്ടുകെട്ടുന്നതിനു മജിസ്ട്രേട്ടിനുവേറൊരാളോട്ടു കല്പിക്കാമോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): ഇല്ല. പാടില്ല.

ചിത്രസഞ്ചിക അസഭ്യമോ ആഭാസമൊ ആണെന്നു വിചാരിക്കുക. അപ്പോൾ അതു കണ്ടുകെട്ടാൻ കോടതിക്കു അധികാരം ഉണ്ടായിരിക്കേണ്ടതല്ലയോ? ഇനിയും പ്രദർശനം നടത്തരുതാത്ത ഒരു സ്ഥലത്തു ഒരാൾ പ്രദർശനം നടത്തുന്നു എന്നു വിചാരിക്കുക. ഒന്നാമത്തെ ദിവസത്തിനുള്ള ശിക്ഷ ൫൦൦൦ രൂപായിൽ കൂടുതലായിരിക്കാൻ പാടില്ല. പിന്നീടു ഓരോദിവസത്തിനുമുള്ള ശിക്ഷ ൫൦൦ രൂപായോളംവരാം എന്നേയുള്ളു. ഒരാൾ ദിനമ്പ്രതി പിഴകൊടുക്കാൻ ഒരുങ്ങിക്കൊണ്ടു പ്രദർശനം നടത്താൻ നിശ്ചയിച്ചാൽ നിയമപ്രകാരം പ്രവർത്തിച്ചുകാര്യം സാദ്ധ്യമാക്കുന്നതു എങ്ങനെ? ഒരാൾ ആക്ഷേപകരമായ ഒരു ചിത്രസഞ്ചിക പ്രദർശിപ്പിച്ചു ദിനമ്പ്രതി ൧൦൦ രൂപാ സമ്പാദിക്കുന്നുണ്ടെങ്കിൽ അയാൾക്കു ദിനമ്പ്രതി ൫൦൦ രൂപാ പിഴകൊടുക്കുന്നതിനു പ്രയാസമുണ്ടാകയില്ല. ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ, ഒരാൾ നിയമത്തെ ധിക്കരിക്കുമ്പോൾ, ഒരു കുററം വീണ്ടുംവീണ്ടും ചെയ്തുകൊണ്ടിരിക്കുമ്പോൾ, "നിങ്ങൾ ഇങ്ങനെ വീണ്ടും വീണ്ടും കുററംചെയ്യാതിരിപ്പാൻ ചിത്രസഞ്ചികയെത്തന്നെ ഞാൻ കണ്ടുകെട്ടുന്നു" എന്നു പറവാൻ മജിസ്ട്രേട്ടിനു കഴിവുണ്ടായിരിക്കേണ്ടതാകുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതു നിരോധിക്കുവാൻ പാടില്ലേ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): ഒരു പ്രദർശനം തടസ്സം ചെയ്യുന്നതിനു ബില്ലിൽ വകുപ്പില്ല. പ്രദർശനം നടത്തുന്നതു വിരോധിക്കാവുന്ന സ്ഥലത്തല്ലെങ്കിൽ, തീപിടിക്കാനോ രോഗം ഉണ്ടാകാനൊ ഇടയുള്ള സ്ഥലത്തല്ലെങ്കിൽ പ്രദർശകനു അവിടെ ദിനമ്പ്രതി ൧൦൦ രൂപാ സമ്പാദിക്കാൻ കഴിയുമെങ്കിൽ അവനു ദിനമ്പ്രതി ൫൦൦ രൂപാ പിഴ കൊടുത്തുകൊണ്ടിരിക്കാൻ കഴിയുന്നതാണ്. ഇങ്ങനെ യാണെങ്കിൽ കുററം വീണ്ടുംവീണ്ടും ചെയ്യാതെതടസ്സം ചെയ്യുന്നതു എങ്ങനെയാണ്?

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഒരു മനുഷ്യൻ കുററം ചെയ്തുകൊണ്ടിരുന്നാൽ പിഴയിടുമെന്നു ഉത്തരവു പാസ്സാക്കാമെങ്കിൽ അവൻ അതു വീണ്ടും വീണ്ടും ചെയ്യാതെ തടയുന്നതിനു നിയമമില്ലേ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): ഉള്ളതായി എനിക്കു തോന്നുന്നില്ല, ഞാൻ ഇപ്പോൾ വേണമെന്നു വാദിക്കുന്ന ഒരു വ്യവസ്ഥയല്ലാതെ-

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): അങ്ങനെ ഒരു വ്യവസ്ഥയില്ലേ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): ഉണ്ട്.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): മെമ്പർ പറഞ്ഞതു ഒരു ചിത്രസഞ്ചിക കണ്ടുകെട്ടുന്നതു അതു പ്രദർശിപ്പിക്കാൻ അയോഗ്യമായിരുന്നാലാണെന്നൊ അതൊ അതിന്റെ ഉടമസ്ഥൻ അതിനെ ചട്ടങ്ങൾക്കു പ്രതികൂലമായി പ്രദർശിപ്പിച്ചാലാണെന്നൊ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സർക്കാർവക്കീൽ): ചിത്രസഞ്ചിക് ആക്ഷേപയോഗ്യമായിരിക്കാം, അല്ലെങ്കിൽ പ്രദർശിപ്പിക്കുന്നതിനു വിരോധമുള്ള സ്ഥലത്തു അതു പ്രദർശിപ്പിച്ചു എന്നു വരാം.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഇങ്ങനെചിത്രസഞ്ചിക ആക്ഷേപകരമായിരുന്നാൽ മാത്രമല്ല, പ്രദർശനം വിരോധമായിരിക്കുന്ന സ്ഥലത്തു പ്രദർശിപ്പിച്ചാലും കണ്ടുകെട്ടും?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽഹെഡ്സർക്കാർവക്കീൽ): ഉണ്ട് കണ്ടുകെട്ടാം, എന്നാൽ കണ്ടുകെട്ടണമെന്ന നിർബന്ധമില്ല.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഇങ്ങനെ ചെയ്യുന്നതിനാൽ ഉടമസ്ഥൻെറ സ്വത്തുമുഴുവനും എടുത്തുകളയുന്നില്ലയോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): ഇല്ല. ആ പ്രത്യേകസ്വത്തല്ലാതെ മുഴുവൻസ്വത്തും എടുക്കുന്നില്ല.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): ചിത്രസഞ്ചിക മുഴുവനും എടുക്കുമല്ലൊ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): ഉണ്ട് ആ പ്രത്യേക ചിത്രസഞ്ചിക.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): അങ്ങനെയായാൽ ആ മനുഷ്യനെ കേവലം നശിപ്പിക്കയല്ലയൊ ചെയ്യുന്നതു്.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): അല്ല നശിപ്പിക്കയല്ല ആ മനുഷ്യൻ കുററം ചെയ്യാതെ തടസ്സം ചെയ്കമാത്രമാണു ഉദ്ദേശം.

ഡിപ്പ്യൂട്ടിപ്രെസിഡൻറ്: മി: ശിവരാമപ്പണിക്കരെ, നിങ്ങൾഅദ്ദേഹത്തോടു വാദംചെയ്കയാണൊ ചെയ്യുന്നതു്? അതു ചട്ടപ്രകാരം അനുവദിക്കാൻ പാടില്ല. നിങ്ങൾക്കു ചോദ്യം ചോദിക്കാനെ പാടുള്ളു.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): അദ്ദേഹത്തിൻെറ ഉദ്ദേശം അയാളെ നശിപ്പിക്കണമെന്നൊ ശിക്ഷിക്കണമെന്നുമാത്രമൊ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): കുററംചെയ്യുന്നതു തടസ്സം ചെയ്യാനും കരുതിക്കൂട്ടി കുററംചെയ്യുന്നതിനു ഒരു ശിക്ഷകൂടി കൊടുക്കാനും

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): അതിൻെറ അർത്ഥം അയാൾ കേവലം നശിച്ചുപോകുമെന്നല്ലേ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): അല്ല. അങ്ങനെ സംഭവിച്ചാൽ അതിനു നിവൃത്തിയില്ല. കുററംചെയ്യാതെ തടസ്സംചെയ്യാൻ ഒരു വഴിവേണം, അതാണു ഈ ബില്ലുകൊണ്ടു സഭ സാധിക്കാൻ ഉദ്ദേശിക്കുന്നതു്.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): അതു തന്നെയാണു ഞാൻആദ്യംചോദിച്ച ചോദ്യത്തിൻെറ ഉദ്ദേശം. പ്രദർശകനു ഒന്നൊ രണ്ടൊ പ്രാവശ്യം പിഴയിട്ടശേഷം വീണ്ടും ആ കുററംചെയ്യാതെ തടസ്സം ചെയ്യാൻ നിയമമൊന്നുമില്ലെ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർ വക്കീൽ): ഇല്ല, അങ്ങനെയൊരു നിയമമില്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ നിയമം പാസാക്കിയാൽ നാം അയാളെ നിസ്സഹായി ആക്കിത്തീർക്കുകയില്ലെ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): ഇല്ല കുററംചെയ്യാൻ നിവൃത്തിയില്ലാതാക്കുകയേയുള്ളു.

മി: സി. പി. തോമസ് (ഗവൺമെൻറുനിയമനം): മജിസ്ത്രേട്ടു കണ്ടുകെട്ടുന്നതു ആപ്രത്യേക ചിത്രസഞ്ചികയൊ എല്ലാ ചിത്രസഞ്ചികകളുമൊ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): കുററത്തിനു കാരണമായ ചിത്രസഞ്ചിക മാത്രം.

കണ്ടുകെട്ടാനുള്ള ഉത്തരവു കുടുംബക്കാരൻെറ കുടുംബത്തെത്തന്നെ നശിപ്പിക്കുമെന്നു ഇവിടെ പറയുകയുണ്ടായി. കുററംചെയ്യുന്നതു വിരോധിക്കേണ്ടതാണെന്നും എന്നാൽ കുററക്കാരൻെറ കുടുംബം അവൻ കുററംചെയ്തുണ്ടാക്കുന്ന ആദായംകൊണ്ടു ഉപജീവിച്ചുകൊള്ളണമെന്നും നാം പറയാത്തപക്ഷം ഇങ്ങനെ സംഭവിക്കയില്ല. ഇങ്ങനെയുള്ള കുററം വീണ്ടുംവീണ്ടും ചെയ്യാൻ ഇടവരരുതെന്നാണു സഭയുടെ ആഗ്രഹം എന്നു എനിക്കു നിശ്ചയമുണ്ടു്. അയാൾ വീണ്ടും വീണ്ടും കുററംനടത്തി ആദായമുണ്ടാക്കി തൻെറ കുടുംബത്തെ സംരക്ഷിച്ചുകൊള്ളട്ടെ എന്നു ഈ സഭ ആഗ്രഹിക്കുമൊ? വേറെ വാക്കുകളിൽ പറഞ്ഞാൽ അയാൾക്കു പോററി വളർത്താൻ ഒരു കുടുംബമുള്ളതുകൊണ്ടു അയാൾ കുററം ചെയ്യുന്നതു ന്യായമായിരിക്കുമൊ?

മി: ജി. പരമേശ്വരൻപിള്ള (നെയ്യാററിങ്കര): കുററം വീണ്ടും ചെയ്യുന്നതിനു ഓരോ ദിവസത്തേക്കും നിശ്ചയിച്ചിട്ടുള്ള പിഴയുടെ സംഖ്യ നിരോധകമാകത്തക്കവണ്ണം വർദ്ധിപ്പിച്ചാൽ മതിയാകയില്ലയോ എന്നു ലാ മെമ്പർ പറയുമൊ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): അതു് ഒരു അഭിപ്രായസംഗതിയാണ്. സംഖ്യ ൫൦൦൦ രൂപയായി വർദ്ധിപ്പിച്ചാൽ മതിയാകുമെന്നു ഒരാൾ വിചാരിക്കാം. വേറൊരാൾ ൨൦൦൦൦ രൂപയായിവർദ്ധിപ്പിക്കണമെന്നു പറയും. എന്നാൽ അക്കാര്യത്തിലും കുടുംബത്തെ നശിപ്പിക്കുമെന്നുള്ള വാദം പറപ്പെടും. ഞാൻ മുമ്പു പറഞ്ഞപ്രകാരം മജിസ്ത്രേട്ടു കണ്ടുകെട്ടണമെന്നു നിർബന്ധമില്ല. വേറൊരുവിധത്തിലും കുററം തടയുവാൻ നിവൃത്തിയില്ലെന്നു കാണുമ്പോൾ മാത്രമേ അദ്ദേഹം അതു കണ്ടുകെട്ടാൻ ഉത്തരവിടൂ. നിയമലംഘനമായ ഓരോ പ്രദർശനത്തിനും അദ്ദേഹം കുററക്കാരനെ ശിക്ഷിക്കണമെന്നു നിർബന്ധമാണ്, എന്നാൽ എല്ലാകേസിലും ചിത്രസഞ്ചിക കണ്ടുകെട്ടണമെന്നു നിർബന്ധമില്ല. ഒരുവൻ മുൻകരുതലോടും അറിവോടുംകൂടെ ആക്ഷേപകരമായ ഒരു ചിത്രസഞ്ചികയെ വീണ്ടുംവീണ്ടും പ്രദർശിപ്പിക്കയൊ അല്ലെങ്കിൽ വിരോധിക്കപ്പെട്ടിട്ടുള്ള സ്ഥലത്തു വീണ്ടുംവീണ്ടും പ്രദർശനം നടത്തുകയൊ ചെയ്യുമ്പോൾമാത്രമേ മജിസ്ത്രേട്ടു ചിത്രസഞ്ചിക കണ്ടുകെട്ടണമെന്നു ഉത്തരവിടാൻ ഇടയുള്ളു. അങ്ങനെയിരിക്കെ എന്താണു വിരോധം?

മി: എസ്. ചിറവിള്ളപ്പുരമാടംപിള്ള (വ്യാപാരവും വ്യവസായവും, തെക്ക): വിരോധമുള്ള സ്ഥലത്തു പ്രദർശനം നടത്തിയാൽ ചിത്രസഞ്ചിക കണ്ടുകെട്ടണമെന്നു റെഗുലേഷനിൽ വ്യവസ്ഥയില്ലേ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): ഇല്ല, അങ്ങനെ വ്യവസ്ഥയില്ല. തക്കതായ ഒരു സംഗതിയിൽ കണ്ടുകെട്ടാം എന്നേയുള്ളൂ.

മി: കെ. ഐ. ജോസഫ് (മീനച്ചലും-ദേവികുളവും): ഇന്നയിന്നസന്ദർഭങ്ങളിൽ മാത്രമേ മജിസ്ട്രേട്ടന്മാർ ഈ അധികാരം പ്രയോഗിക്കാൻ പാടുള്ളൂ എന്നു പ്രത്യേകമായി പറകയല്ലേ ഉത്തമം?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): ഈ അധികാരം ഇതിലധികം വ്യക്തമായി ചുരുക്കുന്നതു അഭിലഷണീയമോ പ്രായോഗികമോ ആണെന്നു ഞാൻ വിചാരിക്കുന്നില്ല

മി: കെ. ഐ. ജോസഫ് (മീനച്ചലും-ദേവികുളവും): വകുപ്പിന്റെ ഇപ്പോഴത്തെ നിലയിൽ ഒരു സാങ്കേതികകുറ്റത്തിനുപോലും കോടതിക്കു ചിത്രസഞ്ചികകണ്ടുകെട്ടാൻ പാടില്ലേ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർ വക്കീൽ): ഉണ്ട്, കേവലം ഒരു സാങ്കേതികകുറ്റത്തിനു ആയിരം രൂപ പിഴയിടാവുന്നതുപോലെ ഇതും ചെയ്യാം. എന്നാൽ അതു സംഭവിക്കയില്ല കോടതി അതിന്റെ വിവേകബുദ്ധി പ്രയോഗിക്കും.

മി. കെ. ഐ. ജോസഫ് (മീനച്ചലും-ദേവികുളവും): ഏതെല്ലാം സന്ദർഭങ്ങളിൽ കോടതി അതിന്റെ വിവേകബുദ്ധി പ്രയോഗിക്കണം എന്നു ഈ സഭതന്നെ വ്യക്തമാക്കിപ്പറകയല്ലേ ഉത്തമം എന്നു ലാ മെംബറോടു ചോദിച്ചുകൊള്ളുന്നു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർ വക്കീൽ): ആക്ഷേപകരമായ ചിത്രങ്ങളുടെ പ്രദർശനവും വിരോധമുള്ള സ്ഥലങ്ങളിൽ പ്രദർശനങ്ങൾ നടത്തുന്നതും വിരോധിക്കേണ്ടതാണെന്നുള്ള എന്റെ അഭിപ്രായത്തെ സഭ അനുകൂലിക്കുന്നു എങ്കിൽ കണ്ടുകെട്ടുന്നതിനെപ്പററിയുള്ള വ്യവസ്ഥ ഇപ്പോഴത്തേതിലധികം വ്യക്തമാക്കാൻ ആവശ്യമുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല.

ഞാൻ പറഞ്ഞപ്രകാരം നമ്മുടെ പ്രധാനോദ്ദേശം കുററം നിരോധിക്കയാണ്. ചിത്രസഞ്ചികനു സഭ്യമോ ആഭാസമോ രാജദ്രോഹകരമോ ആണെന്നു വിചാരിക്കുക, ചിത്രസഞ്ചിക പ്രദർശിപ്പിക്കാൻ പാടില്ലെന്നു പറകയും സാക്ഷ്യപത്രം കൊടുക്കാതിരിക്കയും ചെയ്യാനെ ഉദ്യോഗസ്ഥന്മാരും അനുദ്യോഗസ്ഥന്മാരും അടങ്ങിയബോർഡിനു അധികാരമുള്ളൂ. ചിത്രസഞ്ചികയുടെ പ്രദർശനം തടയുവാൻ അവർക്കു കഴിയുകയില്ല. ചിത്രസഞ്ചികയുടെ പ്രദർശനം തടയുവാൻ കഴിവില്ലാതെ അതു പ്രദർശിപ്പിക്കാൻ പാടില്ലെന്നുമാത്രം ബോർഡു പറഞ്ഞതുകൊണ്ടു യാതൊരു ഗുണവുമില്ല, പിഴ കൊടുത്തശേഷവും ആദായം ഉണ്ടാകുമെന്നാണ് കുററക്കാരന്റെ വിചാരം എങ്കിൽ നൂറുരൂപ പിഴയിട്ടതുകൊണ്ടു മതിയാകയില്ല, അതുകൊണ്ടു നിയമവും ബോർഡിന്റെ കല്പനയും നടപ്പിൽ വരണമെങ്കിൽ കുററം ചെയ്യുന്നതിനുള്ള ആയുധമായ ചിത്രസഞ്ചികകൾ കണ്ടുകെട്ടുന്നതിനു മജിസ്ട്രേട്ടിന്നു എന്തെങ്കിലും അധികാരം ഉണ്ടായിരിക്കണം. ആ അധികാരം തക്കതായ കേസുകളിൽ ഉപയോഗിക്കാവുന്നതായിരിക്കണം.

മി: ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): കുററക്കാരൻ വീണ്ടും ചെയ്യുന്ന കുററത്തെ സംബന്ധിച്ചല്ലാതെ അവന്റെ ആദ്യകുററത്തെ സംബന്ധിച്ചു മജിസ്ട്രേട്ടിനു ഈ അധികാരം ഉണ്ടായിരിക്കരുതെന്നാണ് മിസ്റ്റർ ജോസഫ് പറഞ്ഞതെന്നു ലാ മെംബറെ അറിയിച്ചുകൊള്ളുന്നു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): ആ അഭിപ്രായത്തെ ഞാൻ അനുമോദിക്കുന്നു. എന്നാൽ ആദ്യത്തെകുററം സംബന്ധിച്ചുതന്നെ ചിത്രസഞ്ചിക ചിലപ്പോൾ കണ്ടുകെട്ടേണ്ടിവരുന്നതാം എന്നു എനിക്കു തോന്നുന്നു. ഒരു കേസിൽ ചിത്രസഞ്ചിക ആഭാസമാണെന്നും പ്രദർശിപ്പിക്കാൻ പാടില്ലെന്നുംബോർഡു പ്രത്യേകമായി പ്രസ്താവിച്ചു എന്നിരിക്കട്ടെ. അതിനു വിപരീതമായി ഉടമസ്ഥൻ അതിനെ പ്രദർശിപ്പിക്കുന്നു. അങ്ങനെയിരിക്കുമ്പോൾ ആദ്യത്തെ കുററത്തിനുതന്നെ ആ ചിത്രസഞ്ചിക കണ്ടുകെട്ടുന്നതിനു വല്ല തെററും ഉണ്ടോ?

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ശിക്ഷാനിയമപ്രകാരമുള്ള കുററങ്ങളെ സംബന്ധിച്ചുള്ള ആക്ഷേപയോഗ്യമായ സാധനങ്ങളെ നശിപ്പിക്കുന്നതിനു ക്രിമിനൽ നടപടിയിൽ വ്യവസ്ഥചെയ്തിട്ടില്ലേ എന്നു ലാ മെംബർ പറയുമോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): അതു ശിക്ഷാനിയമപ്രകാരമുള്ള കുററങ്ങളെ സംബന്ധിച്ചാണ് ഈ ബില്ലിൻപ്രകാരമുള്ളവയെ സംബന്ധിച്ചല്ല.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതു അസത്യമാണെങ്കിൽ

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർ വക്കീൽ): അതു ഓരോ കേസിന്റെയും പരിതസ്ഥിതികളെ ആശ്രയിച്ചിരിക്കും.

മി: ടി. ജെ. മാത്യു (ചങ്ങനാശേരിയും-പീരുമേടും): അങ്ങനെയുള്ള കേസുകൾക്കു പ്രത്യേകനിബന്ധനയുണ്ടാക്കാൻ പാടില്ലേ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർ വക്കീൽ): അസഭ്യത ഒരു കാരണം മാത്രമാണ്. വേറെയും കാരണങ്ങൾ ഉണ്ടാകാം. ഏതെങ്കിലും മതത്തെ നിന്ദ്യമോ വെറുക്കത്തക്കതോ ആക്കുന്ന ഒരു ചിത്രസഞ്ചികയെതന്നെ ഉദാഹരണമായി എടുക്കാം.

മി: ടി. ജെ. മാത്യു (ചങ്ങനാശേരിയും പീരുമേടും): അങ്ങനെയുള്ളവയെ സംബന്ധിച്ചുംനിബന്ധനകൾ ഉണ്ടാക്കാൻ പാടില്ലേ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർ വക്കീൽ): ഇങ്ങനെയുള്ള സംഗതികളെയെല്ലാം വിവരിക്കുന്നതു പ്രായോഗികമോ സാദ്ധ്യമോ അല്ല. ഒരു യുദ്ധം നടക്കുന്നു എന്നിരിക്കട്ടെ. അപ്പോൾ ജനങ്ങളെ സൈന്യത്തിൽ ചേരാതിരിക്കാൻ ഉദ്യോഗിപ്പിക്കയൊ സ്വരാജ്യത്തെ നിന്ദ്യമാക്കുകയൊ ശത്രുക്കളുടെ പക്ഷത്തെ ശ്ലാഘിക്കയൊ ചെയ്യുന്ന ഒരു ചിത്രസഞ്ചികയുടെ പ്രദർശനത്തെപ്പററി ആലോചിക്കുക. അങ്ങനെയുള്ള ചിത്രസഞ്ചികകളെ ബോർഡ് തീർച്ചയായിട്ടും സാക്ഷ്യപ്പെടുത്തുകയില്ല. എന്നാൽ അങ്ങനെയുണ്ടാകാവുന്ന എല്ലാകേസുകളെപ്പററിയും മുൻകൂട്ടി ഊഹിപ്പാൻ അസാദ്ധ്യമാണ്.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): അവ പ്രത്യേകസന്ദർഭങ്ങളല്ലേ? അവയെ സംബന്ധിച്ച പ്രത്യേക നിബന്ധനകൾ ഉണ്ടാക്കരുതോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): ഈ ബില്ലിൽ പ്രത്യേക വ്യവസ്ഥകൾ ഉണ്ടാക്കാൻ പാടില്ല. അതുകൊണ്ടാണ മജിസ്ട്രേട്ടന്മാർക്ക യുക്തംപോലെ ചെയ്യാമെന്ന വ്യവസ്ഥ ചെയ്തിരിക്കുന്നത്.

മി: എസ്സ്. പിറവിപ്പെരുമാൾപിള്ള (പ്രാപാരവും വ്യവസായവും, തെക്ക): ഏതെങ്കിലും അശ്ലീലമായ പുസ്തകമോ ലഘുലേഖയോ പത്രമോ പടമോ ചിത്രമോ പ്രതിമയോ വിൽക്കുകയോ വിതരണം ചെയ്കയോ വില്പനയ്ക്കായോ കൂലിക്ക കൊടുക്കാനായോ പ്രദർശിപ്പിക്കുന്നതിനായോ വരുത്തുകയോ അച്ചടിക്കയോ ചെയ്യുന്നതിന തിരുവിതാംകൂർ ശിക്ഷാനിയമം ൨൯൦-ാം വകുപ്പിൽ ശിക്ഷകല്പിച്ചിട്ടില്ലയോ എന്നും ആ ശിക്ഷ മതിയാകയില്ലയോ എന്നും പറയുമോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ). അതു ശിക്ഷാനിയമത്തിൽ ഉണ്ടാക്കിയിട്ടുള്ള ഒരു പ്രത്യേക കേസിന്റെ ദൃഷ്ടാന്തമാണ. വേറേ തരം കേസുകളും ഉണ്ടാകാം. അതു കൊണ്ടാണ ഈ ബിൽ നാം പാസ്സാക്കുന്നതു.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): ശിക്ഷിച്ച ശേഷം വീണ്ടും മോഷണം ചെയ്യുന്ന ആളോടു നിയമം എന്താണ ചെയ്വാൻ പോകുന്നത്.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): അയാൾക്ക കൂടുതൽ ശിക്ഷ നൽകാവുന്നതാണ്.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): അവന്റെ വസ്തുക്കൾ മുഴുവനും കണ്ടു കെട്ടുന്നതിന നിയമത്തിൽവ്യവസ്ഥയുണ്ടോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): ഇല്ല. ഇവിടെയും സ്വത്തെല്ലാം കണ്ടു കെട്ടാൻ വ്യവസ്ഥചെയ്യുന്നില്ല. ആ പ്രത്യേക ചിത്രസഞ്ചിക മാത്രമേ കണ്ടു കെട്ടുകയുള്ളു.

ചിത്രസഞ്ചികയുടെ ഉടമസ്ഥന്റെ കുടുംബം കഷ്ടത്തിലാകുമെന്നുള്ള വാദത്തെപ്പറ്റി ഇങ്ങനെയൊരു വ്യവസ്ഥയുണ്ടാക്കുന്നതിനാൽ നാം അവർക്കൊരു ഗുണം ചെയ്കയാണെന്നാകുന്നു എന്റെ വിശ്വാസം. കുററം ചെയ്വാൻ ഒരുങ്ങിപ്പുറപ്പെടുന്ന ഒരുത്തന്റെ പക്കലാണ ചിത്രസഞ്ചികയുള്ളതെന്ന വന്നാൽ അവനു കുററം ചെയ്തുകൊണ്ടു തന്നെയിരിക്കാൻ പരീക്ഷയുണ്ടാകും. ഇങ്ങനെയാകുമ്പോൾ കുടുംബസംരക്ഷണത്തിനുള്ള പണമെല്ലാം പിഴയായി കൊടുക്കേണ്ടിവരും. അതു കൊണ്ടു ചിത്രസഞ്ചിക എടുത്തു കളഞ്ഞാൽ കുററക്കാരന്റെ ന്യായമായിട്ടുള്ളതും കുടുംബസംരക്ഷണത്തിനാവശ്യമുള്ളതുമായ മുതൽ നാം രക്ഷിക്കയാണ ചെയ്യുന്നത്. ഇതൊരു സൽപ്രവൃത്തിതന്നെയാണ്. ഇതിനും പുറമെ ഒരു കുടുംബം ഉപജീവനം കഴിക്കുന്നതു ന്യായമായ ആദായം കൊണ്ടായിരിക്കണം, കുററം ചെയ്തുണ്ടാക്കുന്ന ആദായം കൊണ്ടല്ല.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): ഈ വ്യവസ്ഥ ബ്രിട്ടീഷ്ഇൻഡ്യയിലെ ആക്ടിൽനിന്നു പകർത്തിയതല്ലേ എന്നു ബ: മെമ്പർ പറയുമോ?

മി: കയ്യാലം പരമേശ്വരൻ പിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): അതേ.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): ആ ആക്ടിനു എത്ര പഴക്കമുണ്ട്?

മി: കയ്യാലം പരമേശ്വരൻ പിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): അതു പാസ്സായതു ൧൯൨൭-ൽ ആണെന്നു തോന്നുന്നു. അതു കൊണ്ടു അതിനിപ്പോൾ എട്ടു വർഷത്തെ പഴക്കമുണ്ടാകുന്നു.

ഇതിന്നനുരൂപമായി മൈസൂരിലും പുതുക്കോട്ടയിലുമുള്ള നിയമങ്ങളിലും ഇങ്ങനെയുള്ള വ്യവസ്ഥകൾ ഉണ്ട്. ഈ വ്യവസ്ഥകൊണ്ടു ആ രാജ്യങ്ങളിൽ വല്ല കഷ്ടനഷ്ടങ്ങളും ഉണ്ടായതായി കാണുന്നില്ല. എന്തെന്നാൽ ഇവിടത്തെപ്പോലെ അവിടങ്ങളിലും മജിസ്ട്രേട്ടിന്റെ യുക്തംപോലെ ചെയ്യാമെന്നാണ വെച്ചിട്ടുള്ളത്.

മി: ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): ലൈസൻസ് ദുർബലപ്പെടുത്തിയാൽ പോരായോ എന്നു പറയുമോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): ലൈസൻസ് ദുർബലപ്പെടുത്തിയ ശേഷവും, എന്നു വേണ്ടാ ലൈസൻസു ഇല്ലാതെ തന്നെയും, ഉടമസ്ഥൻ ചിത്രസഞ്ചികയുടെ പ്രദർശനം നടത്തുകയോ നടത്തിക്കൊണ്ടിരിക്കയോ ചെയ്താൽ എന്താണ ചെയ്ക?

ഡിപ്യൂട്ടിപ്രെസിഡെൻറ്: അനുവദിച്ചിട്ടില്ലാത്ത സ്ഥലങ്ങളിലും പ്രദർശനം നടത്തി എന്നു വരാം.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): അതേ. അവൻ ഒരു പിഴകൊടുത്താൽ മതിയാകുമല്ലൊ. പിഴ നിസ്സാരവുമായിരിക്കും. കുററം ചെയ്യുന്നതു തടുക്കാൻ നിവൃത്തിയില്ലെങ്കിൽ ലൈസൻസു ദുർബലപ്പെടുത്തിയതുകൊണ്ടു പ്രയോജനം എന്താണ്?

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഒരു മനുഷ്യനെ മോഷണത്തിന ശിക്ഷിച്ചശേഷം അവൻ വീണ്ടും മോഷണം ചെയ്താൽ, ശിക്ഷാനിയമത്തിലെ വ്യവസ്ഥകൾ കൊണ്ടു എന്താണ പ്രയോജനം? ഇതൊരു ന്യായമായ വാദമാണോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): അക്കാര്യത്തിൽ കുററക്കാരനെ തടവിലാക്കുകയല്ലാതെ അതിലധികമൊന്നും ചെയ്വാൻ നിവൃത്തിയില്ല. ഇവിടെ ആ നിവൃത്തിയുണ്ട്. ആക്ഷേപത്തിനിടയായ ചിത്രസഞ്ചിക എടുത്തു കളഞ്ഞാൽ കുററം നടത്താൻ കേവലം വഴിയില്ലാതാകും. അതുകൊണ്ടു അതൊരു സാദൃശ്യമല്ല.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): മോട്ടാർ കാറുകൾ ലൈസൻസില്ലാതെ ഓടിച്ചാൽ അവയെ കണ്ടുകെട്ടാൻ നിയമമുണ്ടോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർവക്കീൽ): ഉണ്ടെന്നും വരാം ഇല്ലെന്നും വരാം. മോട്ടോർകാറുകളെ സംബന്ധിച്ചുള്ള നിബന്ധനകളെപ്പററിയല്ല നാം ഇപ്പോൾ ചിന്തിക്കുന്നത്.

നമ്മുടെ ആലോചന ആക്ഷേപയോഗ്യമെന്നു വിധിച്ചതും ഒരു നിർദ്ദിഷ്ടസ്ഥലത്തു പ്രദർശിപ്പിക്കാൻ പാടില്ലെന്നു കല്പിച്ചതുമായ ചിത്രസഞ്ചികയെപ്പററി ആകുന്നു; അതു മോട്ടോർ കാറിനു സമമല്ല. കുററം ചെയ്യുന്നതെന്നും ചെയ്യാതെ തടസ്സം ചെയ്യേണ്ടതാണെന്നും ഈ സഭ പറയുകയാണെങ്കിൽ ആ ചിത്രസഞ്ചികകുററം ചെയ്‌വാനുപയോഗിക്കാൻ ആർക്കും കിട്ടരുതെന്നു കല്പിക്കാൻ കോടതിക്കു അധികാരം കൊടുക്കരുതെന്നു പറവാൻ യാതൊരു ന്യായവും ഇല്ല. കണ്ടുകെട്ടുന്നതിന്റെ ഉദ്ദേശം അതാണ്. അതു ഫലപ്രദമായ നിരോധനവും കുററത്തിൽ നിന്നു വിരമിപ്പിക്കുന്നതും ആകുന്നു.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): വസ്തു കണ്ടുകെട്ടുന്നതിനു അനന്തരമായി കുളമുകുററം വീണ്ടും വീണ്ടും ചെയ്യുന്നതിനു കാഠിന്യമുള്ള ശിക്ഷ എന്താണ്?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): കൂടുതൽ ശിക്ഷ ഏർപ്പെടുത്താമെന്നു തോന്നുന്നു.

ഇക്കാര്യത്തിൽ ഒരു പ്രയാസം നേരിട്ടിട്ടുള്ളതു ചിത്രസഞ്ചിക കണ്ടുകെട്ടുന്നതും ശിക്ഷാനിയമപ്രകാരം ഒരുവന്റെ മുതൽ കണ്ടുകെട്ടുന്നതും സമമാണെന്നുള്ള ഒരു തെററിദ്ധാരണയാണ്. ശിക്ഷാനിയമത്തിലെ അർത്ഥത്തിൽ ഇതൊരു കണ്ടുകെട്ടലേ അല്ല. ഇവിടെ കണ്ടുകെട്ടുന്നതു ന്യായവിരുദ്ധവും നിയമവിരുദ്ധവുമായ ലാഭം ഉണ്ടാക്കാൻ ഉപയോഗിക്കുന്ന ആയുധമായ ഒരു പ്രത്യേക ചിത്രസഞ്ചികയെ കുററക്കാരന്റെ കയ്യിൽനിന്നു എടുത്തുകളകയാകുന്നു. അല്ലാതെ ഒരു കുടുംബത്തിന്റെ ന്യായമായ ഉപജീവനമാർഗ്ഗമായ വസ്തുക്കളെ കണ്ടുകെട്ടുകയല്ല.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): പതിനായിരം രൂപയിൽ കൂടുതൽ വിലയുള്ള ഈ വസ്തുകൊണ്ടു ഗവണ്മെന്റു എന്തുചെയ്യാനാണ് പോകുന്നതെന്നു പറയുമോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): അതിനെപ്പററി ബില്ലിൽ പ്രത്യേകമായി വ്യവസ്ഥ ചെയ്തിട്ടില്ല. എന്തുചെയ്യണമെന്നു സമയോചിതം പറയാവുന്നതാണ്. ചിത്രസഞ്ചിക കണ്ടുകെട്ടണമെന്നു മാത്രമേ ഇപ്പോഴും ബില്ലിൽ പ്രസ്താവിച്ചിട്ടുള്ളു.

മി: കെ. ഐ. ജോസഫ് (മീനച്ചിലും-ദേവികുളവും): ഈ അധികാരം മജിസ്ട്രേട്ടുകോടതിക്കു കൊടുക്കുന്നതിനേക്കാൾ നല്ലതു സെഷൻകോടതിക്കോ ഹൈക്കോടതിക്കോ കൊടുക്കുകയല്ലേ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): ആകാമെന്നും അല്ലെന്നും വരാം. എന്നാൽ അങ്ങനെയൊരു ഭേദഗതിപ്രമേയം സഭാമുമ്പാകെ ഇല്ല.

ഡിപ്പ്യൂട്ടിപ്രെസിഡന്റ്: അധികാരം മജിസ്ട്രേട്ടിനു കൊടുത്താലും കക്ഷിക്കു സെഷൻകോടതിയിലൊ ഹൈക്കോടതിയിലൊ അപ്പീൽ കൊടുക്കാവുന്നതാണ്.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): അതെ. അതു സമ്മതിച്ചാൽ കണ്ടുകെട്ടാനുള്ള അധികാരം മജിസ്ട്രേട്ടിനും കൊടുക്കാം.

മി: സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): വനം റെഗുലേഷൻപോലെയുള്ള മററു റെഗുലേഷൻപ്രകാരം മുതൽ കണ്ടുകെട്ടുന്നതിനെപ്പററിയുള്ള നിയമം ഈ റെഗുലേഷനും ബാധകമല്ലേ?

ഡിപ്പ്യൂട്ടിപ്രെസിഡന്റ്: ആ നിയമം ഈ റെഗുലേഷനെ ബാധിക്കുന്നതല്ല.

മി: സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): ഒരു ചിത്രസഞ്ചികയുടെ ഉടമസ്ഥൻ അതിനെ മൂന്നാമതൊരുവനു കൂലിക്കു കൊടുക്കയും, അവൻ കുററം നടത്തുകയും ചെയ്താൽ ചിത്രസഞ്ചിക കണ്ടുകെട്ടുന്നതു ഉടമസ്ഥനു വലിയ സങ്കടകാരണമായിരിക്കയില്ലേ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): സങ്കടവും സങ്കടമില്ലായ്മയും ഓരോ കേസിന്റെയും സന്ദർഭംപോലെയിരിക്കും. ചിത്രസഞ്ചിക ആക്ഷേപയോഗ്യമാണെന്നു ഉടമസ്ഥൻ അറിഞ്ഞിരിക്കയോ അറിഞ്ഞിരിക്കേണ്ടതായിരുന്നു എന്നു വരികയോ ചെയ്താൽ അതു ഒരിക്കലും സങ്കടകാരണമായിരിക്കയില്ല. മജിസ്ട്രേട്ടു ഉത്തരവിടുന്നതിനുമുമ്പ ഇതെല്ലാം ആലോചിക്കും. അതുകൊണ്ടാണ് അധികാരം യുക്തംപോലെ പ്രയോഗിക്കാമെന്നു വച്ചിരിക്കുന്നത്. ആ അധികാരം നടത്തണമെന്നു നിർബന്ധമില്ല. ഈ സഭ ആലോചിക്കേണ്ടസംഗതി ആക്ഷേപകരമായ പ്രദർശനമൊ അതിന്റെ തുടർച്ചയൊ നിരോധിക്കേണ്ടതല്ലയോ എന്നാണ്. ആക്ഷേപകരമായ പ്രദർശനം അനുവദിക്കാൻ പാടില്ലെന്നു വിചാരിക്കുന്നതിൽ സഭ എന്നോടു യോജിക്കുന്നുണ്ടെങ്കിൽ, ബില്ലിൽ പ്രസ്താവിച്ചപ്രകാരം യുക്തംപോലെ പ്രയോഗിക്കാവുന്ന അധികാരം മജിസ്ട്രേട്ടിനു കൊടുക്കേണ്ടതാണെന്നു എനിക്കു തോന്നുന്നു.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഇവിടെ പ്രദർശിപ്പിക്കുന്ന മിക്ക ചിത്രസഞ്ചികകളും കൂലിക്കുവാങ്ങുന്നവയാണെന്നും പ്രദർശിപ്പിക്കുന്നവരുടെ സ്വന്തമുതലല്ലെന്നും ലാ മെമ്പർക്കു അറിവുണ്ടോ എന്നു പറയുമൊ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): സാധാരണയായി അങ്ങനെ തന്നെയാണ്. എന്നാൽ ഒരു ചിത്രസഞ്ചിക കൂലിക്കുവാങ്ങിയതാണെന്നുള്ളസംഗതി അതിന്റെ ആക്ഷേപയോഗ്യതയെ കുറയ്ക്കുയില്ല. എങ്കിലും അതാണു സങ്കടമെങ്കിൽ മജിസ്ട്രേട്ടിനോടു ബോധിപ്പിക്കാവുന്നതാണ്. അങ്ങനെയുള്ള കേസുകളിൽ ചിത്രസഞ്ചികയെ മജിസ്ട്രേട്ടു കണ്ടുകെട്ടുകയില്ല.

ഡിപ്പ്യൂട്ടിപ്രെസിഡന്റ്: ആരെങ്കിലും സംസാരിക്കാൻ ആഗ്രഹിക്കുന്നുണ്ടോ?

മി: ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): വാദവിഷയമായ വ്യവസ്ഥ ചലനചിത്രപ്രദർശകർക്കു, പ്രത്യേകം തിരുവിതാംകൂറിൽ, വലിയ സങ്കടത്തിനു കാരണമായിത്തീരുമെന്നു എനിക്കു തോന്നുന്നു. നമ്മുടെ പട്ടണങ്ങളിൽ ഒരിടത്തും സ്ഥിരമായ ചലനചിത്രപ്രദർശനശാലകളോ മന്ദിരങ്ങളൊ ഇല്ല. വേനൽക്കാലത്തു വല്ലപ്പോഴും സഞ്ചാരിയായ ഒരു പ്രദർശകൻ വന്നു ചിത്രസഞ്ചികകളുടെ പ്രദർശനം നടത്താറെയുള്ളു. തിരുവിതാംകൂറിനുപുറമെ ഒരു സ്ഥലത്തു പ്രദർശിപ്പിച്ചിട്ടുള്ള ചിത്രങ്ങളായിരിക്കാം ഇവിടെ പ്രദർശിപ്പിക്കുന്നത്. ഏതെങ്കിലും ഒരു ചിത്രസഞ്ചിക ആക്ഷേപയോഗ്യമാണെന്നോ ജനരുചിക്കു പററിയതല്ലെന്നോ ഒരു ഓരോ കേക്കായ മജിസ്ട്രേട്ടു വിചാരിച്ചേക്കാം.

ഡിപ്യൂട്ടിപ്രെസിഡെൻറ: ഒരു ചിത്രസഞ്ചിക ആക്ഷേപയോഗ്യമാണോ എന്നു തീർച്ചയാക്കുന്നതു ഒരു ബോർഡാണ്, മജിസ്ട്രേട്ടല്ല.

മി: ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): എന്നാൽ മേറ്റഷകക്കായ ബോർഡും മജിസ്ട്രേട്ടും ചിത്രസഞ്ചിക പൊതുജനാഭിരുചിക്കു ഹാനികരമാണെന്നു വിചാരിച്ചേക്കാം എന്നു പറഞ്ഞുകൊള്ളുന്നു. അപ്പോൾ ലാമെമ്പരുടെ അഭിപ്രായപ്രകാരം തന്നെ ൫൦,൦൦൦ രൂപ ചെലവുചെയ്തുണ്ടാക്കിയ ചിത്രസഞ്ചിക ഉടമസ്ഥനു നഷ്ടംവരും. അതൊരു വലിയ സങ്കടംതന്നെയായിരിക്കുമെന്നാണു എൻെറ വിചാരം. തിരുവിതാംകൂറിൽ അനേകം ചലനചിത്രപ്രദർശനശാലകൾ ഉണ്ടായിരിക്കയും അവിടെ അസഭ്യമായ ചലനചിത്രങ്ങൾ പ്രദർശിപ്പിക്കുന്നതു പതിവായിതീരുകയും ചെയ്തു എന്നു വന്നാൽ ഇങ്ങനെ ഒരു കഠിനവ്യവസ്ഥ നിയമത്തിൽ ഉണ്ടാക്കുന്നതു ന്യായമായിരിക്കും. അങ്ങനെയൊരാവശ്യം ഇവിടെ ഉണ്ടായിട്ടില്ല. ഈ നിയമംസഭ്യാരപ്രദർശകന്മാർക്കു വലിയൊരു ഭാരമായിതീരും. ഈ നിയമപ്രകാരം ഒരു കുററം ചെയ്യുന്നതുകൊണ്ടു വിലയേറിയ ചിത്രസഞ്ചികകളെ അവരുടെപക്കൽനിന്നു എടുത്തുകളയുന്നതു കഷ്ടംതന്നെ ആയിരിക്കും.

ഡിപ്യൂട്ടിപ്രെസിഡൻറ: നൂറുരൂപാ പ്രായശ്ചിത്തംകൊടുത്തും പ്രദർശനം നടത്താൻ ഒരുങ്ങിവരുന്ന സഞ്ചാരപ്രദർശകരെ തടുക്കുന്നതു എങ്ങനെയാണ്?

മി: ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): മനുഷ്യസ്വഭാവം അത്ര വഷളാണെന്നു ഞാൻ വിചാരിക്കുന്നില്ല.

ഡെപ്യൂട്ടി പ്രെസിഡെൻറ: അവനു ദിനംപ്രതി അഞ്ഞൂറു രൂപ വരവുണ്ടെങ്കിൽ നൂറു രൂപാ പിഴ കൊടുക്കാൻ മടിയുണ്ടാകയില്ല. അതുകൊണ്ട് ഒരു സാധാരണവിചാരശക്തിയുള്ള ഒരു മനുഷ്യനെ കുററം ചെയ്യാതെ വിരമിപ്പിക്കയാൻ ഈ ശിക്ഷ മാത്രം മതിയാകുമെന്നു ഞാൻ വിചാരിക്കുന്നില്ല.

മി: ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): അങ്ങനെയുള്ള ഒരു മനുഷ്യനെ ശിക്ഷിക്കാൻ വേണ്ടുന്ന വ്യവസ്ഥകൾ ശിക്ഷാനിയമത്തിൽതന്നെ ഉണ്ടല്ലൊ. അവൻ കുററം ഉടനെ ചെയ്തുകൊണ്ടിരുന്നാൽ അവൻെറ ലൈസൻസുതന്നെ ദുർബലപ്പെടുത്താം.

ഡെപ്യൂട്ടിപ്രെസിഡെൻറ: അവൻ അങ്ങനെ ചെയ്യുവെങ്കിലോ?

മി: ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): അങ്ങനെ ഒരു സംഭവം എപ്പോഴെങ്കിലും ഉണ്ടാകുമെന്നു ഞാൻ വിചാരിക്കുന്നില്ല. ലൈസൻസു ദുർബലപ്പെട്ടുപോകാൻ ഇടയുണ്ടെന്നു അറിഞ്ഞുംകൊണ്ടു പ്രദർശനം നടത്തുവാൻ തക്ക ബുദ്ധിഹീനൻ ഉണ്ടാകയില്ല. ശിക്ഷയുണ്ടായിട്ടും ലൈസൻസു ദുർബലപ്പെടുത്തിയിട്ടും ആരെങ്കിലും കുററം ചെയ്തുകൊണ്ടിരുന്നാൽ അവർക്കു ബുദ്ധിഭ്രമം ഉണ്ടെന്നു വേണം വിചാരിക്കാൻ. അവരെ വല്ല ഭ്രാന്താസ്പത്രിയിലും പിടിച്ചാക്കുകയാണു വേണ്ടതു. ഇങ്ങനെയുള്ള കാര്യങ്ങളിൽ ശിക്ഷ മാത്രം മതിയെന്നാണു എനിക്കു തോന്നുന്നതു്. വളരെ വിലയുള്ള ചിത്രസഞ്ചിക കണ്ടുകെട്ടുന്നതു വളരെ കഠിനമായ ശിക്ഷയായിപ്പോയി.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും—നെടുമങ്ങാടും): പരിചയം കൊണ്ടുണ്ടാകുന്ന അറിവിൻപ്രകാരം നിയമം ഭേദപ്പെടുത്താൻ പാടില്ലെ?

മി: ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): ഉവ്വ്, തീർച്ചയായിട്ടും; അതുകൊണ്ടു ഭേദഗതിപ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു.

മി: ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): ഭേദഗതിപ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. അതിനു ഈ കാര്യത്തെ സംബന്ധിച്ചു ഒരു പ്രത്യേകസംഗതി ഗവർമ്മെൻറിൻെറയും മാമെമ്പറിൻെറയും ശ്രദ്ധയ്ക്കു വിഷയീഭവിപ്പിക്കാൻ ആഗ്രഹിക്കുന്നു. ഈ ചിത്രസഞ്ചികകൾ നിർമ്മിക്കുന്നതു അന്യദിക്കുകളിലാണു. തിരുവിതാംകൂറിലേക്കു അയയ്ക്കുന്നതിനു മുമ്പായി അവിടെ ആവശ്യമുള്ള പരിശോധനയും കഴിക്കുന്നുണ്ടെന്നു എനിക്കു നിശ്ചയമുണ്ടു. തിരുവിതാംകൂറിൽ പ്രദർശിപ്പിക്കുന്നതിനായിട്ടു പ്രത്യേകം ആക്ഷേപയോഗ്യമായ ചിത്രസഞ്ചിക ആരെങ്കിലും ഉണ്ടാക്കിച്ചു വരുത്താൻ ഒരുമ്പെടാത്തപക്ഷം ചലനചിത്രപ്രദർശനത്താൽ ഈ രാജ്യത്തിൽ വലിയ ആപത്തിനു സംഗതിയുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. അങ്ങനെയൊരു ശങ്കതന്നെ കേവലം അസംബന്ധമാണു. ചിലർ വിദേശങ്ങളിൽനിന്നുവന്നു ഇവിടെ ചിത്രങ്ങൾ പ്രദർശിപ്പിക്കയും ചില തിരുവിതാംകൂർകാർ പ്രദർശനത്തിനു ചിത്രസഞ്ചികകൾ കൂലിക്കു വരുത്തുകയും ആണു പതിവെന്നു നാം അനുഭവംകൊണ്ടു അറിഞ്ഞിട്ടുള്ളതാണ്. അങ്ങനെയുള്ളപ്പോൾ മിസ്റ്റർ. പരമേശ്വരൻപിള്ള പറഞ്ഞ പ്രകാരമുള്ള ഭയത്തിനു കാരണമില്ല.

റാവുബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ (ആർട്ട്സ് കാളേജ് പ്രിൻസിപ്പാൽ): തിരുവിതാംകൂറിനു പുറമെ ലൈസൻസു കിട്ടാത്ത ചിത്രസഞ്ചികകൾ തിരുവിതാംകൂറിൽ കൊണ്ടുവരാൻ പാടില്ലയെം എന്നു മി: പരമേശ്വരൻപിള്ള പറയുമൊ?

മി: ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): ഉവ്വ്, അതുകൊണ്ടു തന്നെയാണ് വിദേശികൾ ആക്ഷേപകരമായ ചിത്രങ്ങൾ ഉണ്ടാക്കി അവിടെ ലൈസൻസു കിട്ടാതെ തിരുവിതാംകൂറിൽ കച്ചവടം ചെയ്യാമെന്നു വെച്ചു ഇവിടെയ്ക്കു കയററി അയക്കാത്തപക്ഷം, ഇങ്ങനെയൊരു വ്യവസ്ഥയുണ്ടാക്കിട്ടാവശ്യം ഇല്ലെന്നു ഞാൻ പറഞ്ഞതു്. ന്യായമായി ഉണ്ടാകാവുന്ന സന്ദർഭങ്ങൾക്കു നിയമം ഉണ്ടാക്കേണ്ടതുള്ളു. ആക്ഷേപയോഗ്യമായ ചിത്രസഞ്ചികകൾ ഉണ്ടാക്കി ലോകത്തിൻെറ ഏതുമൂലയിലാണു അവയെ കൊണ്ടുകൂട്ടാൻ നിയമമില്ലാത്തതെന്നു നോക്കിപ്പിടിച്ചു അവിടേക്കു ആ വക സഞ്ചികകളെ കടത്തിവിടാൻ ആളുകൾ ഉണ്ടാകുമെന്നു വിചാരിക്കുന്നതു യുക്തിക്കു ചേർന്നതാണോ? അതിനെപ്പററി യാതൊരു ശങ്കയും കൂടാതെ ആ കാര്യം നമ്മുടെ ചിന്തയിൽ നിന്നു തള്ളിക്കളയാമെന്നാണു എൻെറ അഭിപ്രായം. ഞാൻ മുൻപു പ്രസ്താവിച്ച പ്രകാരം തിരുവിതാംകൂറിൽ പ്രദർശിപ്പിക്കുന്ന ചിത്രസഞ്ചികകൾ സാധാരണയായി ബ്രിട്ടീഷ് ഇൻഡ്യയിലും മററും ശരിയായ പരിശോധനയ്ക്കു ശേഷം പ്രദർശിപ്പിച്ചിട്ടുള്ളവയായിരിക്കാം. മി. കെ. ഐ. ജോസഫ് പറഞ്ഞപ്രകാരം അന്യദിക്കുകളിൽ ആക്ഷേപകരമല്ലാത്ത ചിത്രസഞ്ചികകൾ തിരുവിതാംകൂറിൽ ആക്ഷേപകരമാണെന്നുവരാം. അങ്ങനെ വരുമ്പോൾ എന്താണു നിവൃത്തിമാർഗ്ഗം? ആ സംഗതി നാം മററവരെ നോട്ടീസുമൂലം അറിയിക്കണം. അതു തിരുവിതാംകൂറിൽ ശിക്ഷായോഗ്യമാണെന്നു നമുക്കു ശരിയായ അറിവുണ്ടായിരിക്കണം. അവൻ അതി

വിടെ പ്രദർശിപ്പിച്ച കുററം ചെയ്കയും, വീണ്ടും ആ കുററം ചെയ്വാൻ വിചാരമില്ലാതിരിക്കയും ചെയ്യുമ്പോൾ കണ്ടുകെട്ടുന്ന കഠിനശിക്ഷ കല്പിച്ചിട്ടാവശ്യമില്ല.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): അങ്ങനെയുള്ള കാര്യങ്ങളിൽ മജിസ്ത്രേട്ട അപ്രകാരം വിധിക്കയില്ല.

മി: ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): മജിസ്ത്രേട്ടിനു രണ്ടു വിധത്തിലും ചെയ്യാം, താണതരം മജിസ്ത്രേട്ടന്മാരെ ശങ്കിക്കേണ്ടതാണെന്നു നമുക്കു അനുഭവംകൊണ്ടു അറികയും ചെയ്യാമല്ലോ.

ഡെപ്യൂട്ടി പ്രെസിഡെൻറ: ഉയർന്നതരം മജിസ്ത്രേട്ടന്മാരെക്കൊണ്ടുള്ള രക്ഷയില്ലയോ?

മി: ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): ഈ വിഷയത്തെ സംബന്ധിച്ചു ഏററവും ഉയർന്നതരം കോടതി ഒന്നാംക്ലാസ്സ് മജിസ്ത്രേട്ടാണല്ലോ.

ഡിപ്യൂട്ടി പ്രെസിഡെൻറ: പുനഃശ്ശോധനാധികാരമുള്ള ഹൈക്കോടതിയില്ലയോ?

മി: ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): ക്രമക്കേടുകൾ ഉള്ളപ്പോഴല്ലാതെ പുനശ്ശോധനാധികാരം ഇല്ല. അങ്ങനെയുണ്ടെങ്കിൽതന്നെയും മജിസ്ത്രേട്ട യുക്തിന്യായമായും നിയമപ്രകാരവും പ്രയോഗിച്ചു എന്നും അതിൽ തങ്ങൾ പ്രവേശിച്ചിട്ടാവശ്യമില്ലെന്നും പറഞ്ഞേക്കാം.

മി: ടി: ജെ. മാത്യു (ചങ്ങനാശ്ശേരിയും-പീരുമേടും): ശിക്ഷിക്കപ്പെട്ടവനു അപ്പീൽകൊടുക്കാൻ കഴിവില്ലാത്തവനാണെന്നു വരികില്ലേ?

മി: ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): ആ സംഗതിയും ആലോചിക്കുന്നുണ്ട്.

ഡിപ്യൂട്ടിപ്രസിഡെൻറ: മിസ്റ്റർ പരമേശ്വരൻപിള്ളേ, അവൻ കുററം വീണ്ടും ചെയ്താൽ മാത്രമേ ഇങ്ങനെ ഒരു വ്യവസ്ഥ ആവശ്യമുള്ളുഎന്നും ഇതു ആവശ്യമാണെന്നു കാണുമ്പോൾ നിയമം ഭേദപ്പെടുത്താമല്ലോ എന്നും ആകുന്നു നിങ്ങളുടെ വാദം അല്ലേ?

മി: ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): അതേ, എന്നാൽ ചലന ചിത്ര പ്രദർശകൻ ന്യായം വിട്ടുപ്രവർത്തിക്കുമെന്നു ഉടൻതന്നെ സങ്കല്പിച്ചുകൊണ്ടു കണ്ടുകെട്ടാൻ വ്യവസ്ഥയുണ്ടാക്കുന്നതു അപകടകരമായ ചലനചിത്രപ്രദർശനത്തെപ്പററി കേട്ടുകേൾവിപോലും ഇല്ലാത്ത തിരുവിതാംകൂറിൽ പ്രത്യേകമായി അതിരുകടന്ന ഒരു പ്രവൃത്തിയാണ്.

മി: എം. ശിവതാണുപിള്ള (തോവാള): സർ, ഞാൻ ഭേദഗതി പ്രമേയത്തെ അനുകൂലിക്കുന്നു. ഇങ്ങനെയൊരു വ്യവസ്ഥ ബ്രിട്ടീഷ് ഇൻഡ്യയിലും ഉണ്ടെന്നുള്ള വിചാരം തൻെറമനസ്സിൽനിന്നു കളഞ്ഞാൽ ലാമെംബർ ഇങ്ങനെയൊരു ഭേദഗതി ആവശ്യമാണെന്നു എളുപ്പത്തിൽ സമ്മതിക്കുമെന്നാണ് എൻെറവിശ്വാസം. ഞാൻ അവിടത്തെ നിയമസഭയിലെ ഒരു സാമാജികൻ ആയിരുന്നെങ്കിൽ ലാമെംബർ ഭേദഗതിപ്രമേയത്തെ ഇത്ര കഠിനമായി എതിർത്തതിൻെറ കാരണം ഗ്രഹിക്കാൻ കഴിഞ്ഞേനേ. എന്നാൽ ബ്രിട്ടീഷ്ഇൻഡ്യയിൽ ഉണ്ടാകാവുന്ന പരിതഃസ്ഥിതികൾ ഇവിടെ ഒരിക്കലും ഉണ്ടാകയില്ല. അവിടെ സമുദായ വഴക്കുകളെ പററിയും കക്ഷിപിണക്കങ്ങളെ പററിയും നാം പലപ്പോഴും കേൾക്കാറുണ്ട്, അങ്ങനെ തന്നെ മേൽകോയ്മയും തുർക്കിയും തമ്മിൽ യുദ്ധം ഉണ്ടാകുമെന്നു കിംവദന്തികളും പലപ്പോഴും കേൾക്കാറുണ്ട്. ഇങ്ങനെയുള്ള സംഗതികൾ തങ്ങൾ അനുസരിക്കേണ്ട ഗവർമ്മെൻറിൻെറ നേരെ വെറുപ്പുണ്ടാക്കാൻ ഇടയുണ്ട്. അവിടെ തുർക്കികൾ വെള്ളക്കാരുടെ കഴുത്തിൽ പിടിച്ചു ഞെക്കുന്നതായി ഒരു ചിത്രം പ്രദർശിപ്പിക്കുന്നതു ആക്ഷേപയോഗ്യമായിതീരുന്ന സന്ദർഭങ്ങൾ പെട്ടെന്നുണ്ടാകാം. ഇങ്ങനെയുള്ളതുവേറൊരു ദിക്കിലുള്ള മഹമ്മദീയരുടെ ഇടയിൽ ചിലപ്പോൾ രസകരമായേക്കാം. അപ്രകാരം തന്നെ വേറൊരു ഉദാഹരണം പറയാം. മഹാനായ ഒരു വെള്ളക്കാരൻെറ ഒരു മകൻ ഒരു കാപ്പിരിയുടെയൊ കറുത്ത മനുഷ്യൻെറയൊ കൂടെകളിക്കുന്നതായി ഒരു ചിത്രം പ്രദർശിപ്പിക്കുന്നതു രാജ്യം ഭരിക്കുന്ന വെള്ളക്കാരെ നിന്ദിക്കയാണെന്നു വിചാരിച്ചേക്കാം. തങ്ങളുടെമാനം രക്ഷിക്കാൻ വിചാരിക്കുന്നവർക്കു ഇതു ഹിതകരമല്ലായിരിക്കും. ബ്രിട്ടീഷ് ഇൻഡ്യയിൽ ഇങ്ങനെയൊരു വ്യവസ്ഥ ഉണ്ടാക്കിയതു ഒരു ഉദ്ദേശത്തോടു കൂടെയാണെന്നു എനിക്കു ഗ്രഹിപ്പാൻ കഴിയും. എന്നാൽ ഇവിടെ അതിന്നൊരു സമാധാനം ഇല്ല. എന്തെന്നാൽ ഈജിപ്ററിൽ യുദ്ധം ഉണ്ടായാലും ഇംഗ്ലീഷ്കാരും തുർക്കികളും തമ്മിൽ യുദ്ധം നടന്നുകൊണ്ടിരുന്നാലും മിസ്റ്റർ ഹബീബ് മഹമ്മദ് എന്നോടു സ്നേഹത്തിൽ തന്നെ വർത്തിക്കുമെന്നാണു എൻെറവിശ്വാസം. ബ്രിട്ടീഷ്ഇൻഡ്യയിലെ പോലെ മതസംബന്ധമായ കലാപം ഇവിടെ ഒരിക്കലും ഉണ്ടായിട്ടില്ല. ബ്രിട്ടീഷ്ഇൻഡ്യൻ ആക്ടിലെ വ്യവസ്ഥഉണ്ടാക്കിയപ്പോൾ ചിന്തയിലുണ്ടായിരുന്ന ചില ഉദാഹരണങ്ങൾ ഇവയാണ്. അങ്ങിനെയൊരാവശ്യം ഇവിടെയില്ല. ആവശ്യം നേരിടുമ്പോൾ നമുക്കു ആ വ്യവസ്ഥയും ഉണ്ടാക്കാമല്ലോ. ഇപ്പോൾ തിരുവിതാംകൂറിൽ ചലന ചിത്ര സഞ്ചികകൾ നിർമ്മിക്കുന്നില്ല. എന്നുമാത്രമല്ല, മിസ്റ്റർ ജി. പരമേശ്വരൻപിള്ള പറഞ്ഞപ്രകാരം, തിരുവിതാംകൂറിൽ പ്രദർശിപ്പിക്കുന്ന ചിത്രസഞ്ചികകൾ വേറെ എവിടെയെങ്കിലും പരിശോധന കഴിഞ്ഞവയാണ്. ഇങ്ങനെയിരിക്കെ ബ്രിട്ടീഷ് ഇൻഡ്യൻ ആക്ടിൽ ഇങ്ങനെയൊരുവ്യവസ്ഥയുണ്ടെന്നുള്ള സംഗതി ലാമെംബർ വിസ്മരിച്ചാൽ അദ്ദേഹത്തിൻെറ വാദത്തിൻെറ ശക്തിവളരെ കുറഞ്ഞുപോകും. അതുകൊണ്ടു സന്തോഷത്തോടുകൂടെ ഞാൻ ഭേദഗതിപ്രമേയത്തെ അനുകൂലിച്ചുകൊള്ളുന്നു.

മി: കെ. ഐ. ജോസഫ് (മീനച്ചലും-ദേവികുളവും): സർ, ഒരു ഉപവകുപ്പു ശിക്ഷിക്കുന്നകോടതിക്കു അനാവശ്യമായ വലിയ അധികാരങ്ങൾ കൊടുക്കുന്നു. ഒരു മനുഷ്യൻെറയും അവൻെറ കുടുംബത്തിൻെറയും ഉപജീവനമാർഗ്ഗമായ ഒരു ചിത്രസഞ്ചിക കണ്ടുകെട്ടുന്ന അധികാരം അതിനു തക്കതായ വലിയ കേസുകളിൽ മാത്രം പ്രയോഗിക്കേണ്ടതാകുന്നു. അതുകൊണ്ടു ആ വക കേസുകൾ ഏതെല്ലാമെന്നു പ്രത്യേകമായിപറയേണ്ടതാകുന്നു. ഇപ്പോഴത്തെസ്ഥിതിയിൽ ഒരു സാങ്കേതികമായ കുററത്തിനുപോലും ശിക്ഷിക്കുന്ന കോടതിക്കു കണ്ടുകെട്ടാനുള്ള അധികാരം പ്രയോഗിക്കാം. ശിക്ഷിക്കുന്ന കോടതിക്കു കണ്ടുകെട്ടാനുള്ള അധികാരം കൊടുക്കേണ്ടതാണെന്നു സമ്മതിച്ചാലും അതു പ്രത്യേകം സന്ദർഭങ്ങളിൽ മാത്രമേ പ്രയോഗിക്കാവു. ആ പ്രത്യേക സന്ദർഭങ്ങൾ ഏതുവയാണെന്നു റെഗുലേഷനിൽ തന്നെ വിവരിക്കയും വേണം. അല്ലെങ്കിൽ നമ്മുടെ മജിസ്ത്രേട്ടന്മാർ പെട്ടെന്നുണ്ടാകുന്ന വൈരാഗ്യം നിമിത്തം തെററിപോകാനൊ പ്രദർശകന്മാരുടെ നേരെനിഷ്കരുണമായ ഉത്തരവു

പാസാക്കാറായ ഇടയുണ്ട്. അതുകൊണ്ടു ഏതെല്ലാം സംഗതികളിലാണ് കണ്ടുകെട്ടാവുന്നതെന്നു വ്യക്തമായി വിവരിക്കേണ്ടിയിരിക്കുന്നു. കുററം തുടൎന്നുകൊണ്ടിരിക്കയോ അല്ലെങ്കിൽ ശിക്ഷിച്ചിട്ടും ശിക്ഷ ഏററവൻ കുററം ചെയ്യുകയോ ചെയ്യുന്ന സന്ദൎഭങ്ങളിൽ ഇങ്ങനെയൊരു ഭയങ്കരമായ പിഴ കല്പിക്കുന്നതു ന്യായമായിരിക്കാം. എന്നാൽ ഉപവകുപ്പിനെ അതിന്റെ ഇപ്പോഴത്തെ സ്ഥിതിയിൽ ഞാൻ സ്വീകരിക്കരുതാത്തതാകുന്നു. കണ്ടുകിട്ടേണ്ടുന്ന സന്ദൎഭങ്ങൾ ഏതൊക്കെയാണെന്നു വ്യക്തമായി വിചാരിച്ചശേഷമേ ബഹുമെമ്പരിന്റെ വാദങ്ങളെപ്പററി ചിന്തിക്കേണ്ടതുള്ളു.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): സർ, ഈ വിഷയത്തെസംബന്ധിച്ച് നിയമപരിജ്ഞാനമുള്ള ആളുകളുടെ അനുകൂലമായും പ്രതികൂലമായും ഉള്ള വാദങ്ങൾ കേട്ട ശേഷം, ഈ ഉപവകുപ്പിനെപ്പററിയുള്ള വിരോധം പ്രസ്താവത്തിലെ കണ്ടുകെട്ടുവ്യവസ്ഥ കുററക്കാരന്റെ ശിക്ഷ അധികമാക്കാനുള്ള ഒരു മാൎഗ്ഗമാണെന്നുള്ള തെററിദ്ധാരണ നിമിത്തം ഉണ്ടായിട്ടുള്ളതാണെന്നു നിയമജ്ഞനല്ലാത്ത എനിക്കു തോന്നുന്നു: വേറൊരുവിധത്തിലാണ് ഞാൻ ഇതിനെ കരുതുന്നതു്. ലൈസൻസ് കൊടുക്കാൻ പാടില്ലാത്ത ചിത്രസഞ്ചികയാണ് കുററത്തിനു കാരണം, അല്ലെങ്കിൽ എപ്പോൾ പ്രയോഗത്തിൽ കൊണ്ടുവരുന്നോ അപ്പോൾ കുററത്തിനു കാരണമായി തീരുന്നസാധനം എന്നു പറയാം. ലൈസൻസില്ലാത്ത മോട്ടോർകാർ കണ്ടുകെട്ടുമോ എന്നു എന്റെ സ്നേഹിതൻ മിസ്റ്റർ ശിവരാമപ്പണിക്കർ ചോദിക്കയുണ്ടായി. എന്നാൽ ലൈസൻസ് കൊടുക്കാൻപാടില്ലാത്തവിധം കേടുവന്നുകിടക്കുന്ന ഒരു മോട്ടോർകാർ ഓടിച്ചാൽ അതു കണ്ടുകെട്ടാം.

മി: കെ. ശിവരാമപ്പണിക്കർ (ചേൎത്തല): ഏതു റെഗുലേഷൻപ്രകാരമാണ് അങ്ങനെ ചെയ്യാവുന്നതെന്നു മെമ്പർ പറയുമോ?

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): റെഗുലേഷനെപ്പററി ഞാൻ കേവലം അജ്ഞനാണെന്നു സമ്മതിച്ചുകൊള്ളുന്നു. ലൈസൻസിനു അപേക്ഷിച്ചാലും അതിന്റെ കേടുകളുടെ സ്ഥിതി ആലോചിച്ചാൽ ലൈസൻസ് കൊടുക്കാൻ പാടില്ലാത്തവിധം കേടുവന്നിട്ടുള്ള ഒരു മോട്ടോർകാറിനെപ്പററി സങ്കല്പിപ്പാൻ കഴികയില്ലയോ?

മി: എം. ശിവതാണുപിള്ള (തോവാള): ശരിയായ ബ്രേക്ക് മുതലായതു് ഇല്ലാതെ കേടുവന്നുകിടക്കുന്ന മോട്ടോർകാർ കണ്ടുകെട്ടുന്നതിനു മിസ്റ്റർ എ. കെ. പിള്ളയ്ക്കു വിരോധമുണ്ടോ?

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): ഒരു മോട്ടോർകാർ ഓടിക്കാൻ അനുവദിക്കുന്നതു് യാത്രക്കാൎക്കും കാൽനടയായി സഞ്ചരിക്കുന്നവൎക്കും ആപൽക്കരമാണെങ്കിൽ ആ മോട്ടോർകാറിനു ഗവൺമെന്റു ലൈസൻസ് കൊടുക്കയില്ല. പ്രദൎശിപ്പിക്കുന്നതിനു വിരോധമുള്ള ചിത്രസഞ്ചികയ്ക്കു അധികാരസ്ഥന്മാർ ലൈസൻസ് കൊടുക്കുമെന്നു വിചാരിപ്പാൻ സംഗതിയില്ല.

മി: കെ. ശിവരാമപ്പണിക്കർ (ചേൎത്തല): ചിത്രസഞ്ചിക പ്രദൎശിപ്പിക്കാൻ അയോഗ്യമാണെന്നുള്ള പക്ഷമേ കണ്ടുകെട്ടുകയുള്ളു എന്നാണോ മെമ്പർ പറയുന്നതു്.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): അതേ

മി: കെ. ശിവരാമപ്പണിക്കർ (ചേൎത്തല): ബഹുമെമ്പർ പറഞ്ഞതിൽനിന്നു ഞാൻ ഗ്രഹിച്ചപ്രകാരം, ചിത്രസഞ്ചികകൾ കണ്ടുകെട്ടുന്നതു ഇങ്ങനെയുള്ളവയെമാത്രമല്ലാ, വേറെകേസുകളിലും കണ്ടുകെട്ടാം. അതായതു ലൈസൻസില്ലാതെ പ്രദൎശിപ്പിക്കുന്ന കുററം ഉടമസ്ഥൻ രണ്ടാമതു ചെയ്യുമ്പോഴും ലൈസൻസ് കൊടുക്കുന്നതിനു വിരോധമില്ലാത്തവയാണെങ്കിലും വിരോധമുള്ള സ്ഥലങ്ങളിൽ പ്രദൎശനം നടത്തുമ്പോഴും ചിത്രസഞ്ചികകളെ കണ്ടുകെട്ടാം.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): എനിക്കു ശരിയായി മനസ്സിലാകുന്നില്ല.

മി: കെ. ശിവരാമപ്പണിക്കർ (ചേൎത്തല): ലൈസൻസ് കൊടുക്കാൻപാടില്ലാത്ത സ്ഥലങ്ങളിൽ പ്രദൎശിപ്പിക്കുന്ന ചിത്രസഞ്ചികകളേയും കണ്ടുകെട്ടാമെന്നാണ് ഞാൻ പറയുന്നതിന്റെ സാരം.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി); വിരോധമുള്ളതായി വിചാരിക്കപ്പെടുന്ന ചിത്രസഞ്ചികകളെ കണ്ടുകെട്ടാനാണ് ഇവിടെ വ്യവസ്ഥ ചെയ്തിട്ടുള്ളതു്.

മി: ടി. ജെ. മാത്യൂ (ചങ്ങനാശ്ശേരിയും പീരുമേടും): വകുപ്പുതന്നെ മിസ്റ്റർ എ. കെ. പിള്ള ഒരിക്കൽകൂടെ വായിച്ചുനോക്കുമോ?

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): പിഴയായി നൂറുരൂപാ കൂടുതൽ ചുമത്തുന്നതിനു ഇപ്പോഴുള്ള വ്യവസ്ഥയെപ്പററി വളരെ തെററിദ്ധാരണ ഉണ്ടായിട്ടുണ്ട്. ചിത്രസഞ്ചികപണം ഉണ്ടാക്കുന്നതിനുള്ള ഒരു സാധനമാണെന്നു നാം ഓൎമ്മിക്കേണ്ടതാണ്. വിരോധിക്കപ്പെട്ട ചിത്രങ്ങളെ, ലാഭംകരുതി, പ്രദൎശിപ്പിക്കാൻ ചിലർ ചെയ്തിട്ടുള്ള യത്നത്തിന്റെ ഉദാഹരണങ്ങൾ എടുത്തുപറവാൻ എനിക്കു കഴിയും. ഇൻഡ്യയെസംബന്ധിച്ച ഒരു ചിത്രസഞ്ചിക കേപ്പ്ടൌണിൽ പ്രദൎശിപ്പിക്കയുണ്ടായി: ഒരു ഇൻഡ്യൻസ്ത്രീയെ അവളുടെ ഭൎത്താവ് പ്രഹരിക്കുന്നതായിരുന്നു വിഷയം, അവിടെയുള്ള വെള്ളക്കാൎക്കു ആ ചിത്രം രസകരമായിരുന്നു എന്നാൽ ഇൻഡ്യക്കാർ അതിനെപ്പററി മുറവിളികൂട്ടി. ഒടുവിൽ മജിസ്ട്രേട്ട് അതിന്റെ പ്രദൎശനം വിരോധിച്ചു. ആ ചിത്രത്തിന്റെ സ്വഭാവംകൊണ്ടുതന്നെ അതിന്റെ പരസ്യപ്രദൎശനം ആക്ഷേപയോഗ്യമായിരുന്നെങ്കിലും അതു വീണ്ടും പ്രദൎശിപ്പിച്ചിരുന്നു എങ്കിൽ ഉടമസ്ഥനു നിശ്ചയമായി വളരെ പണം കിട്ടിയേനെ. അതുകൊണ്ടു നൂറുരൂപാ പിഴ നിസ്സാരമാണെന്നും കുററം ചെയ്യുന്നതിൽ നിന്നു വിരമിപ്പിക്കാൻ മതിയായതല്ലെന്നുമാണ് ഞാൻ പറയുന്നതു്. പദത്തിന്റെ സാധാരണ അൎത്ഥത്തിൽ അതൊരു ശിക്ഷയല്ല. ചട്ടലംഘനത്തിനാണു നാം ഒരാളെ ശിക്ഷിക്കുന്നതു. ചിത്രസഞ്ചിക വീണ്ടും പ്രദൎശിപ്പിച്ചാൽ അവനു ആയിരത്തിൽപരം രൂപാ കിട്ടിയെന്നുവരാം.

മി: കെ. ശിവരാമപ്പണിക്കർ (ചേൎത്തല): പിഴസംഖ്യ, അഞ്ഞൂറുരൂപായായി വൎദ്ധിപ്പിച്ചാൽ അദ്ദേഹം തൃപ്തനാകുമോ?

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): ഇല്ല.

മി: കെ. ശിവരാമപ്പണിക്കർ (ചേൎത്തല): അവന്റെ ആദായം മുഴുവനും കണ്ടുകെട്ടിയാൽ അദ്ദേഹം തൃപ്തനാകുമോ?

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): അല്ല, അതല്ല എന്റെ വാദം. കുററം ചെയ്യാൻ ഉപയോഗിച്ച സാ-

ധനംതന്നെ പ്രദർശിപ്പിക്കാൻ അനുവാദംകൊടുക്കരുത്. യഥാർത്ഥകുററമായിത്തീരുന്ന കുററംചെയ്യാനുള്ള കഴിവുതന്നെഎടുത്തുകളയേണ്ടതാണ്.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഒരുത്തനുജീവൻഉള്ളതുകൊണ്ടും മരിക്കാൻഭയമില്ലാത്തതുകൊണ്ടും ഒരു പറമ്പിൽ കയ്യേററംചെയ്താൽ അവൻവീണ്ടും അങ്ങനെകയ്യേററംചെയ്യാതിരിക്കുന്നതിനു അവന്റെ ജീവനെത്തന്നേ എടുത്തുകളയുമോ (ചിരി)

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): കയ്യേററംനിമിത്തം മററുള്ളവരുടെ ജീവഹാനി വരുവാൻ ഇടയുണ്ടെങ്കിൽ തീർച്ചയായിട്ടും കയ്യേററക്കാരനെ ജീവനോടുവച്ചേക്കാൻ കൊള്ളുകയില്ല. ഇങ്ങനെയുള്ളസംഗതികളിലെല്ലാം ഭൂരിപക്ഷത്തിന്റെ ഗുണമാണുനാം നോക്കേണ്ടതു. ഭയ അസ്ഥാനത്തിലായിഭവിക്കുന്ന അസാധാരണകാര്യങ്ങളിലൊന്നാണു ഇതു- ചിത്രസഞ്ചികകളുടെ പ്രദർശനത്തിനു വലിയതും അഗോചരവും ആയ ഒരു സ്വാധീനശക്തിയുണ്ടു. അതു ജനങ്ങളെ സന്മാർഗ്ഗത്തിലേക്കുകൊണ്ടുവരുന്നതിനും ദുർമ്മാർഗ്ഗികളാക്കിത്തീർക്കുന്നതിനും ഉപയോഗിക്കാം. അതുകൊണ്ടു ചിത്രങ്ങളുടെ ദുരുപയോഗം നിവാരണംചെയ്യുന്നതിനു വ്യവസ്ഥകൾ ഉണ്ടാക്കി നാം ജനങ്ങളുടെ സന്മാർഗ്ഗശുദ്ധിയെ സംരക്ഷിക്കേണ്ടതാണു. അതിനാൽ ഈ വ്യവസ്ഥ അത്യാവശ്യമാണു. മിസ്റ്റർ ചങ്ങനാശ്ശേരി പരമേശ്വരൻപിള്ള ഈ വ്യവസ്ഥയ്ക്കു പ്രതികൂലമായിരിക്കുന്നതു പ്രധാനമായി അദ്ദേഹത്തിനു നമ്മുടെ നീതിന്യായകോടതികളിൽ വിശ്വാസം ഇല്ലാത്തതുകൊണ്ടാണു.

മി: എം. ശിവതാണുപിള്ള (തോവാള): അദ്ദേഹം ഇപ്പോൾകൊണ്ടുവരുന്ന വാദങ്ങൾ ഉത്തമാനപ്പത്രറെഗുലേഷനു അനുകൂലമായി ചാമ്പർ കൊണ്ടുവന്നവാദങ്ങൾക്കു സമമല്ലയോ എന്നുപറയുമോ?

ഡിപ്പ്യൂട്ടിപ്രെസിഡെൻറ. ആക്ഷേപം അനുവദിക്കാൻ പാടില്ല. അതിനോടു നമുക്കിപ്പോൾ യാതൊരു കാര്യവുമില്ല.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി). ഈ റെഗുലേഷനാകട്ടെ എന്നുവേണ്ടാ ഏതെങ്കിലും റെഗുലേഷൻ ആകട്ടെ ദുരുപയോഗംചെയ്യാൻ കഴിയുമെന്നുള്ളസംഗതി ഞാൻ നിഷേധിക്കുന്നില്ല. സമുദായഗുണത്തിനു ആവശ്യമുള്ള വ്യവസ്ഥകൾ ഉണ്ടാക്കാതിരിക്കാൻ അതൊരുകാരണമല്ല. ഏതുദ്യോഗസ്ഥനും തന്റെ അധികാരം ദുരുപയോഗം ചെയ്യുഎന്നുവരാം. അതിനു നിവാരണമാർഗ്ഗങ്ങൾ വേറെയുണ്ടു. നാം ഉത്തമമായ എന്തുവ്യവസ്ഥയാണുണ്ടാക്കേണ്ടതു എന്നാണു ഇപ്പോഴത്തെ ചോദ്യം. ആക്ഷേപകരമായ ഒരു ചിത്രസഞ്ചികയുടെ ഉടമസ്ഥനു അതിനെ വീണ്ടും പ്രദർശിപ്പിപ്പാൻ നാം അവസരംകൊടുത്താൽ, ശിക്ഷയ്ക്കു പാത്രവാനാകുമെന്നാണെങ്കിലും, ശിക്ഷയുടെ ഭയത്തെക്കാൾ അധികം അവന്റെ ലാഭേച്ഛഅവനെ പ്രേരിപ്പിക്കുമെന്നാണു എന്റെ ദൃഢമായ അഭിപ്രായം. അവൻകഴിയുന്നെടത്തോളം പണമുണ്ടാക്കാൻ നോക്കുകയല്ലാതെ ന്യായപ്രമാണത്തിന്റെ പിഴയെ അവൻ സാരമാക്കുകയില്ല.

വസ്തുക്കളും അതിന്മേലുള്ള അവകാശവാദങ്ങളും അനന്തരം ഈ വാദത്തിൽ ഉൾപ്പെടുത്തിക്കൊണ്ടുവന്നു ആക്ഷേപകരമായ ചിത്രസഞ്ചികൾ വസ്തുവായി ഗണിക്കുന്നതുതന്നെ എങ്ങനെയാണെന്നു എനിക്കു മനസ്സിലാകുന്നില്ല. അവ ആക്ഷേപയോഗ്യമാണെന്നു തീർച്ചയാക്കിയാൽപിന്നെ പണമായി വിലയില്ലാത്ത കള്ളനാണയങ്ങൾപോലെയാണു. അവ അനുഭവയോഗ്യമല്ല, ഒരു ചിത്രസഞ്ചിക ആക്ഷേപകരമാണെന്നും പ്രദർശിപ്പിപ്പാൻ പാടില്ലെന്നും പ്രഖ്യാപനംചെയ്തശേഷം ഉടമസ്ഥൻ അതിനെ വെച്ചുകൊള്ളുവാൻ അനുവദിക്കുന്നതു കള്ളനാണയം കൈവശത്തിൽഉള്ള ഒരുവൻ സൌകര്യംപോലെ ഉപയോഗിക്കാൻ അതിനെ വെച്ചുകൊള്ളാൻ അനുവദിക്കുന്നതുപോലെയാണു. അങ്ങനെയുള്ള ഒരുകാര്യത്തിൽ കുററക്കാരനെ ശിക്ഷിക്കുന്നതുഎന്തിനു? നിയമം ലംഘിച്ചതിനും കള്ളനാണയങ്ങൾ ഉപയോഗിച്ചതിനുമാണല്ലോ ശിക്ഷിക്കുന്നതു. ശിക്ഷിക്കുന്നതിന്റെ ഉദ്ദേശംതന്നേ കള്ളനാണയങ്ങൾ ഉപയോഗിക്കരുതെന്നാണു. അപ്രകാരംതന്നെ ഒരു ചിത്രസഞ്ചിക ആക്ഷേപയോഗ്യമാണെന്നും ആരും അതു ഉപയോഗിക്കാൻ പാടില്ലെന്നും നാം പ്രഖ്യാപനംചെയ്യുന്നനിമിഷത്തിൽ അതിനു വസ്തുവിന്റെ സ്വഭാവംപോകയും വിലയില്ലാത്തതായി തീരുകയുംചെയ്യുന്നു.

മി: കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): എല്ലാകേസുകളിലും കണ്ടുകെട്ടുന്നതിനാണോ ആക്ഷേപയോഗ്യമായ ചിത്രസഞ്ചികകൾമാത്രം കണ്ടുകെട്ടുന്നതിനാണോ മിസ്റ്റർ എ. കെ. പിള്ളഅനുകൂലം ലൈസൻസ് എടുക്കാതിരിക്കുകമൂലമായ സാങ്കേതികകേസുകളിലും കണ്ടുകെട്ടുന്നതിനു അദ്ദേഹം അനുകൂലമാണോ? ഇപ്പോഴത്തെ മാതിരിയിൽ ഉപവകുപ്പുമുഴുവനും വായിച്ചുനോക്കാൻ എന്റെ സ്നേഹിതനോടു അപേക്ഷിച്ചുകൊള്ളുന്നു.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഉപവകുപ്പു ഇങ്ങനെയാണു.

ഏതെങ്കിലും ചിത്രസഞ്ചികയെസംബന്ധിച്ച ഈ റെഗുലേഷൻപ്രകാരം ശിക്ഷിക്കാവുന്ന ഒരുകുററം ഒരാളുടെ മേൽസ്ഥാപിക്കപ്പെടുന്നപക്ഷം അപ്രകാരം കുററസ്ഥാപനം ചെയ്യുന്നകോടതിക്കു ആചിത്രസഞ്ചിക ഗവൺമെൻറിലേക്കു കണ്ടുകെട്ടുന്നതിനും ആജ്ഞാപിക്കാവുന്നതാണ്.

മി: ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും). അദ്ദേഹം ഉപവകുപ്പുമാത്രമേ വായിക്കുന്നുള്ളു.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി). ഭേദഗതിപ്രമേയം ഉപവകുപ്പിനെമാത്രം സംബന്ധിച്ചാണു. അതുകൊണ്ടു എന്റെ ശ്രദ്ധ അതിൽമാത്രമേ വെച്ചിട്ടുള്ളു.

മി: കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): രണ്ടാം ഉപവകുപ്പിൻപ്രകാരം കണ്ടുകെട്ടുന്നതു ഒന്നാം ഉപവകുപ്പിൻപ്രകാരമുള്ള കുററങ്ങൾക്കും സംബന്ധിക്കുന്നതാണെന്നുള്ളസംഗതി എന്റെ സ്നേഹിതൻ മിസ്റ്റർ എ. കെ. പിള്ളയുടെ ദൃഷ്ടിയിൽ കൊണ്ടുവന്നുകൊള്ളുന്നു. അതിങ്ങനെയാണു.

"ഈ റെഗുലേഷനിലെ വ്യവസ്ഥകൾക്കോ അതിൻപ്രകാരമുള്ള ചട്ടങ്ങൾക്കോ റെഗുലേഷൻപ്രകാരം കൊടുത്തിട്ടുള്ള ഏതെങ്കിലും ലൈസൻസിന്റെ നിബന്ധനകൾക്കോ കരുതലുകൾക്കോ വിപരീതമായി ഒരു ചലനചിത്രപ്രദർശനയന്ത്രത്തിന്റെ ഉടമസ്ഥനോ അതിന്റെ ചാർജ്ജ് വഹിക്കുന്ന ആളോ ആയന്ത്രത്തെ ഉപയോഗിക്കയോ ഉപയോഗിക്കുന്നതിനു അനുവദിക്കയോ ഒരുസ്ഥലത്തിന്റെ ഉടമസ്ഥനോ പ്രവേശനക്കാരനോ ആസ്ഥലത്തെ ഉപയോഗിക്കാൻ അനുവദിക്കയോ ചെയ്യുന്നപക്ഷം അയാൾക്കു ആയിരം രൂപവരെയും കുററം ഉണ്ടാ-

കൊണ്ടിരിക്കുന്നതായാൽ അപ്രകാരം തുടർന്നുകൊണ്ടിരിക്കുന്ന ഓരോ ദിവസത്തേക്കും കൂടുതലായി നൂറുരൂപവരെയും പിഴശിക്ഷ കല്പിക്കാവുന്നതും അയാൾക്ക ലൈസൻസ് ഏതെങ്കിലും ഉള്ളപക്ഷം അതു ലൈസൻസുകൊടുക്കുന്ന അധികാരിയാൽ പിൻവലിക്കപ്പെടാനിടയാകുന്നതും ആകുന്നു.

കൂടാതെ ഏതെങ്കിലും ചിത്രസഞ്ചികയെ സംബന്ധിച്ചു ഈ റഗുലേഷൻ പ്രകാരം ശിക്ഷിക്കാവുന്ന ഒരു കുററം ഒരാളുടെമേൽ സ്ഥാപിക്കപ്പെടുന്നപക്ഷം അപ്രകാരം കുററസ്ഥാപനം ചെയ്യുന്ന കോടതിക്കു ആ ചിത്രസഞ്ചിക ഗവണ്മെൻറിലേക്കു കണ്ടുകെട്ടുന്നതിനു ആജ്ഞാപിക്കാവുന്നതാണ്."

ഒരു നിസ്സാരമായ സാങ്കേതിക കുററത്തിനും ചിത്രസഞ്ചിക കണ്ടുകെട്ടുന്നകാര്യത്തിൽ താൻ അനുകൂലിയാണോ എന്നു മി: എ. കെ. പിള്ള പറയുമോ?

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): അങ്ങനെയുള്ള കാര്യത്തിൽ ഞാൻ ഒരുനാളും അനുകൂലിക്കയില്ല.

മി: കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): അങ്ങനെയിരിക്കെ ഏതെല്ലാം സന്ദർഭങ്ങളിലാണു കണ്ടുകെട്ടാൻ കല്പിക്കാവുന്നതു എന്നു വ്യക്തമാക്കി പ്രസ്താവിക്കയല്ലെ ഉത്തമം?

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): ആ സംഗതി ആലോചിക്കേണ്ടതു ലാ മെമ്പർ ആണു. കണ്ടുകെട്ടുന്നതിനുള്ള വ്യവസ്ഥ കേവലം എടുത്തുകളയണമെന്നേ എനിക്കു വാദമുള്ളു. ന്യായമായ വല്ല ഭേദവും വരുത്താൻ കഴിയുമെങ്കിൽ, അതു വരുത്തുന്നതിനു എനിക്കു വിരോധമില്ല.

മി: കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): മി: രാമൻമേനോൻ സൂചിപ്പിച്ച ഭേദഗതി സ്വീകരിക്കാൻ ലാമെമ്പർക്കു മനസ്സില്ലാത്തപക്ഷം ഉപവകുപ്പിനെ ഇപ്പോഴുള്ള നിലയിൽ മി: എ. കെ. പിള്ള അനുകൂലിക്കുമോ?

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): അദ്ദേഹത്തിൻെറ ഭേദഗതിപ്രമേയം സ്വീകരിക്കണമെന്നു ലാമെമ്പരോടു ഞാൻ എന്നാൽ കഴിവുള്ളടത്തോളം ശക്തിയോടെ പ്രതിവാദിക്കും. എങ്കിലും "കണ്ടുകെട്ടുന്നു" എന്നുള്ള പദം വിട്ടുകളഞ്ഞിട്ടു അതിനുപകരം വേറെ ഉത്തരവു പാസ്സാക്കുന്നതുവരെ ആക്ഷേപത്തിൽപെട്ട ചിത്ര സഞ്ചികയെ കോടതിയിൽ "സൂക്ഷിക്കും" എന്നു ചേർക്കുന്നതിൻെറ അഭിലഷണീയതയെ ഞാൻ ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു. രാജാവിൻെറനേർക്കു അതൃപ്തിജനിപ്പിക്കും എന്നുള്ള കാരണത്താൽ ഒരുകാലത്തു ആക്ഷേപകരമായി ഗണിക്കപ്പെടാവുന്ന ചിത്ര സഞ്ചികകളുടെ ദൃഷ്ടാന്തങ്ങൾ പറവാനുണ്ട്. ആ ചിത്രസഞ്ചികകൾതന്നെ പിന്നൊരുകാലത്തു ആക്ഷേപയോഗ്യമല്ലെന്നു വരാമെന്നു മാത്രമല്ല, സ്വരാജ്യത്തിനു വേണ്ടി കഷ്ടതകൾ സഹിക്കാൻ ഒരുക്കമുള്ള മഹാന്മാരുടെ ദൃഷ്ടാന്തങ്ങൾ കാണിച്ചു ജനങ്ങൾക്കു മഹാശയങ്ങൾ പ്രദാനംചെയ്‌വാൻ ഉതകുന്നതായുംവരാം. ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ വിരോധമുള്ള സഞ്ചികകൾ വിരോധം തീർന്നശേഷം അവയുടെ ഉടമസ്ഥൻ വെച്ചുകൊള്ളുവാൻ അനുവദിക്കുന്നതു തീർച്ചയായിട്ടും അഭിലഷണീയമായിരിക്കും. ഇക്കാരണത്താലാകുന്നു ചിത്ര സഞ്ചികയെ കണ്ടുകെട്ടുന്നതിനുപകരം വേറെ ഉത്തരവുകൾ പാസ്സാക്കുന്നതുവരെ കോടതിയിൽ സൂക്ഷിക്കാൻ അധികാരപ്പെടുത്തണമെന്നു ഞാൻ പറഞ്ഞത്.

മി: എസ്. പിറവിപ്പുരമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്കു): എൻെറ സ്നേഹിതൻ മി: എ. കെ. പിള്ള ഒരു ഭേദഗതികൊണ്ടു വരികയാണോ ചെയ്യുന്നത്?

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): അല്ല ബിൽ ഹാജരാക്കിയ ലാ മെമ്പറിൻെറ ആലോചനക്കായി ഇങ്ങനെ സൂചിപ്പിച്ചു എന്നേയുള്ളു. ഇക്കാര്യത്തിൽ ഭയ കാണിക്കുന്നതു അസ്ഥാനത്തിലായിപ്പോകുമെന്നുള്ളതുകൊണ്ടു ഈ വ്യവസ്ഥയിൽ അടങ്ങിയിരിക്കുന്ന തത്വം ഞാൻ സ്വീകരിക്കുന്നു. പൊതുജനങ്ങളുടെ സന്മാർഗ്ഗത്തെ നാം സംരക്ഷിക്കേണ്ടതാണു. ഒരു മനുഷ്യൻെറ പ്രവൃത്തി ജനങ്ങളുടെ സന്മാർഗ്ഗത്തെ ദുഷിപ്പിക്കാൻ ഇടയുള്ളതാണെങ്കിൽ അവൻെറ സ്വന്തം സന്മാർഗ്ഗപാലനത്തിനുവേണ്ടിയും പൊതുജനങ്ങളുടെ സന്മാർഗ്ഗരക്ഷയ്ക്കുവേണ്ടിയും അവൻ തൻെറ തൊഴിൽ തുടരാതെ തടസ്സംചെയ്യേണ്ടതാണു. ഒരു മനുഷ്യൻെറയൊ അല്പം ചിലരുടെയൊ ലാഭത്തേക്കാൾ നാം അധികം സൂക്ഷ്മതയോടെ നോക്കേണ്ടതു അധികം ആളുകളുടെ സന്മാർഗ്ഗത്തെയാണു. അതുകൊണ്ടു ഉപവകുപ്പിൻെറ തത്വം മുഴുവനമേ നാം സ്വീകരിക്കേണ്ടതാണെന്നു ഞാൻ പറഞ്ഞുകൊള്ളുന്നു. ചിത്രസഞ്ചികയെ കണ്ടുകെട്ടുന്നതിനു പകരം രണ്ടാമതുകല്പനവരെ അതിനെവച്ചു സൂക്ഷിക്കാൻ കോടതിക്കു അധികാരം കൊടുക്കേണ്ടതാണു. ഒരു പ്രത്യേകകാലത്തു ആക്ഷേപയോഗ്യമായി ഗണിക്കപ്പെടാവുന്ന ചിത്രസഞ്ചിക എല്ലാകാലത്തും എല്ലാ സന്ദർഭങ്ങളിലും ആക്ഷേപയോഗ്യമായിരിക്കണമെന്നില്ല. ഇതാകുന്നു എൻെറ സൂചനയ്ക്കു കാരണം.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): സർ, ശാസ്ത്രജ്ഞനല്ലാത്ത എനിക്കു വിരോധിക്കപ്പെട്ട സ്ഥലങ്ങളിൽ സഞ്ചരിക്കാൻ ഭയമുണ്ട്. എങ്കിലും ഭേദഗതിക്കനുകൂലമായി ഒന്നുരണ്ടുവാക്കു പറയാൻ ആശിക്കുന്നു. ഇപ്പോഴത്തെ വ്യവസ്ഥപ്രകാരം ലൈസൻസില്ലാത്തതൊ ലൈസൻസു കൊടുപ്പാൻപാടില്ലാത്തതൊ ആയ ചിത്രസഞ്ചികകൾ മാത്രമെ കണ്ടുകെട്ടാൻപാടുള്ളു എന്നൊരു തെററിദ്ധാരണയിന്മേലാണു എൻെറ സ്നേഹിതൻ മി: എ. കെ. പിള്ള അഭിപ്രായം പറഞ്ഞതെന്നു തോന്നുന്നു. എന്നാൽ വാസ്തവം അങ്ങനെയാണെന്നു ഉപവകുപ്പാലൊ മെമ്പരുടെ വ്യാഖ്യാനമൊ എനിക്കു ബോധ്യംവരുത്തുന്നില്ല.

മി: ടി. ജെ. മാത്യു (ചങ്ങനാശേരിയും പീരുമേടും): മി: എ. കെ. പിള്ളയുടെ അറിവിന്നായി മി: ശിവരാമപ്പണിക്കർ ദയവായി ആറാംവകുപ്പു വായിച്ചുകേൾപ്പിക്കുമൊ?

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): മി: എ. കെ. പിള്ളയുടെ അറിവിന്നായി ഞാൻ എന്തിനാണു അതു വായിച്ചുകേൾപ്പിക്കുന്നതു അതിനു ഞാനൊരു ആവശ്യവും കാണുന്നില്ല.

ബില്ലിലെ വ്യവസ്ഥപ്രകാരം വേറെ കാരണങ്ങളാലും ചിത്രസഞ്ചികകൾ കണ്ടുകെട്ടാവുന്നതാണു. ശിക്ഷയുടെ ഉദ്ദേശം ലംഘനക്കാരനെ കുററം ചെയ്യുന്നതിൽനിന്നു തടുക്കുന്നതിനാണു. ലോകം ഇത്രത്തോളം പരിഷ്കാരം പ്രാപിച്ചിട്ടുള്ള ഇക്കാലത്തു ഒരു കുററത്തിനു ശിക്ഷ അനുഭവിച്ചശേഷം വീണ്ടും ആ കുററം ചെയ്യാൻ തുനിയുന്ന അധമന്മാർ ഉണ്ടെന്നു സങ്കല്പിപ്പാൻ പ്രയാസമാണു.

ഡിപ്യൂട്ടിപ്രസിഡൻറ: കുററക്കാർ വീണ്ടും കുററം ചെയ്യുന്നതു സാധാരണ സംഭവമാണല്ലോ.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): മനുഷ്യരുടെ സൽഗുണത്തിൽ വിശ്വാസമുള്ള എൻെറ സ്നേഹിതൻ മിസ്റ്റർ എ. കെ. പിള്ള കുററക്കാരൻ ഒരു കുററത്തിനു ശിക്ഷ അനുഭവിച്ചശേഷം വീണ്ടും ആ കുററം ചെയ്വാൻ ഇടയുണ്ടെന്നു പറയുമെന്നു ഞാൻ വിചാരിച്ചിരുന്നില്ല.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): എല്ലാ സാധാരണമനുഷ്യരുടെയും ഉള്ളിൽ നന്മയുടെ ബീജം ഉണ്ടെന്നാണ് എൻെറ വിശ്വാസം എന്നു എൻെറ സ്നേഹിതനോടു പറഞ്ഞുകൊള്ളുന്നു. എന്നാൽ ഇവിടെ പറഞ്ഞതു നിയമവിപരീതവും സന്മാർഗ്ഗവിരുദ്ധവുമായ മാർഗ്ഗത്തൂടെ പണമുണ്ടാക്കാൻ ആഗ്രഹിക്കുന്ന അസാധാരണമനുഷ്യൻെറ കാര്യമാണ്.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): പണം ഉണ്ടാക്കുന്നതിൽ അസാധാരണത്വം ഒന്നുമില്ല. സാധാരണതന്നെയാണ്.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): കുററക്കാരൻ നിയമവിപരീതവും സന്മാർഗ്ഗവിരുദ്ധവുമായ മാർഗ്ഗത്തിൽ പണമുണ്ടാക്കുന്നവനെന്നു ഞാൻ പ്രത്യേകമായി പറഞ്ഞകാര്യം ഞാൻ എൻെറ സ്നേഹിതനെ ഓർമ്മിപ്പിച്ചുകൊള്ളുന്നു.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): അവൻ പണമുണ്ടാക്കുന്നതു നിയമത്തിനു വിപരീതമായിട്ടല്ല. ഏതെങ്കിലും പ്രത്യേക ചിത്രസഞ്ചിക പ്രദർശിപ്പിച്ചു പണമുണ്ടാക്കുന്നതു നിയമവിരുദ്ധമായിരിക്കും എന്നു അവൻെറ ദൃഷ്ടിയിൽ ഒരിക്കൽ പെടുത്തിയാൽ, അവൻ ശിക്ഷ ഭയന്നു പിന്നോക്കം മാറും. എന്നു മാത്രമല്ല അവൻ വീണ്ടും കുററം ചെയ്താൽ അതിനു പിഴയിടാമെന്നു വേറൊരു വ്യവസ്ഥയുണ്ടല്ലോ. ഇങ്ങനെയെല്ലാമുണ്ടായിട്ടും അവൻ വീണ്ടും കുററം ചെയ്താൽ അവനെ ഒരു നീതിന്യായക്കോടതിയിൽ വിസ്തരിച്ചു, അവൻ കുററം ചെയ്തിട്ടുണ്ടെങ്കിൽ, ശിക്ഷിക്കുന്നതുവരെ ചിത്രസഞ്ചിക എടുത്തു ഗവണ്മെൻറധീനത്തിൽ വയ്ക്കാവുന്നതാകുന്നു.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): ചിത്രസഞ്ചിക ഉപയോഗിച്ചു പണമുണ്ടാക്കാനുള്ള മോഹം ദേഹപീഡയെക്കാളും പിഴശിക്ഷയെക്കാളും പ്രേരണാശക്തിയുള്ളതായിരിക്കും എന്നു പറഞ്ഞുകൊള്ളട്ടെയോ?

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഇക്കാര്യത്തിൽ ഞാൻ മിസ്റ്റർ എ. കെ. പിള്ളയോടു യോജിക്കുന്നില്ല.

ഡിപ്യൂട്ടിപ്രസിഡൻറ: അതാണു രക്ഷ (ചിരി).

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): പതിനായിരങ്ങളുമായി രൂപാ മുടക്കീട്ടുള്ള ഒരു മനുഷ്യൻ തൻെറ സ്വാഭിമാനത്തെ കരുതാതിരിക്കയോ കുറെ രൂപ മോഹിച്ചു അതിനെ നഷ്ടപ്പെടുത്തുകയോ ചെയ്വാൻ സംഗതിയില്ല. അതുകൊണ്ടു എൻെറ അഭിപ്രായത്തിൽ ശിക്ഷനിമിത്തം ഉണ്ടാകുന്ന വേദനയ്ക്കു കുറെ പണമുണ്ടാക്കാനുള്ള മോഹത്തെക്കാൾ ശക്തിയുണ്ടായിരിക്കും എന്നാണ്. അതുകൊണ്ടു ആക്കാര്യത്തിൽ ഞാൻ മിസ്റ്റർ എ. കെ. പിള്ളയോടു യോജിക്കുന്നില്ല. അതുകൊണ്ടു സാധാരണ ബുദ്ധിക്കനുസരിച്ചു നിയമശാസ്ത്രജ്ഞനല്ലായ്കയാൽ വല്ലതും ഉറപ്പായി പറവാൻ എനിക്കു ഭയമാണ്. കണ്ടുകെട്ടുന്നതു ഒരു കഠിനശിക്ഷയായിപ്പോയി എന്നു ഞാൻ പറഞ്ഞുകൊള്ളുന്നു. ചിത്രസഞ്ചിക കുററക്കാരൻെറ സ്വന്തമായിരിക്കാം. അല്ലെങ്കിൽ അവൻെറ കാലം കഴിഞ്ഞാൽ അവൻെറ മക്കൾക്കു അനുഭവിപ്പാൻ അവകാശമുള്ളതായിരിക്കാം; ആകയാൽ കണ്ടുകെട്ടുന്നതിനാൽ നാം കുററക്കാരനെ മാത്രമല്ല അവൻെറ കുടുംബത്തെയും നഷ്ടപ്പെടുത്തുന്നു. ഇതു വളരെ കഠിനമാണ്. വെനീസിലെ വ്യാപാരിയുടെകഥയിൽ തൻെറ സ്വത്തു എടുത്തുകളയുന്നതിനാൽ ഗവണ്മെൻറു തൻെറ ജീവനെത്തന്നെ എടുത്തുകളയുകയാകുന്നു ചെയ്യുന്നതു എന്നു ഷൈലോക്ക് പറഞ്ഞതു ഈ സന്ദർഭത്തിൽ എൻെറ ഓർമ്മയിൽ വരുന്നു. അവൻ പറഞ്ഞതു അതിശയോക്തിയല്ല, ഒരുത്തൻെറ മുതൽ കണ്ടുകെട്ടുന്നതു മഹാ സങ്കടംതന്നെയാണ്; പരിഷ്കാരവും ധർമ്മതല്പരതയും ഉള്ള നമ്മുടെ ഗവണ്മെൻറിനു പ്രത്യേകമായി അതു ചേരുന്നതല്ല. കാര്യത്തിൻെറ ഒരു വശംകൂടെ നോക്കി ഉപവകുപ്പിനെ ഭേദപ്പെടുത്തേണ്ടതല്ലയോ എന്നു നാം ആലോചിക്കേണ്ടതാകുന്നു എന്നു ഞാൻ വിചാരിക്കുന്നു.

മി: എം. ശിവതാണുപിള്ള (തോവാള): വസ്തുവിൻെറ ഉടമസ്ഥതയും അതിന്മേലുള്ള മററു അവകാശങ്ങളും ഒരു നിയമസഭ സംരക്ഷിക്കേണ്ടതാകുന്നു, അല്ലെങ്കിൽ മജിസ്ട്രേട്ടിൻെറ യുക്തിക്കു വിട്ടുകൊടുക്കേണ്ടതാകുന്നു എന്നാണോ മിസ്റ്റർ ശിവരാമപ്പണിക്കർ പറഞ്ഞതിൽനിന്നു ഗ്രഹിക്കേണ്ടത്?

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): വസ്തുവിന്മേലുള്ള അവകാശങ്ങൾ നിയമസഭ വൈരാഗ്യത്തോടെ സംരക്ഷിക്കേണ്ടതും മജിസ്ട്രേട്ടന്മാർ അവരുടെ യുക്തിപ്രകാരം പ്രവർത്തിപ്പാൻ വേണ്ടുന്ന വ്യവസ്ഥകൾ ഉണ്ടാക്കേണ്ടതും ആകുന്നു.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): ആക്ഷേപയോഗ്യമായതിനാൽ കണ്ടുകെട്ടുന്ന വസ്തു, വിലയുള്ള വസ്തുവായി ഉപയോഗിക്കാൻ പാടില്ലാത്തതുകൊണ്ടു ഒരു മുതലായി ഗണിക്കാവുന്നതല്ലാത്തതിനാൽ വസ്തുവിന്മേലുള്ള അവകാശങ്ങൾ വൈരാഗ്യത്തോടെ സംരക്ഷിക്കേണ്ടതാണെന്നു ഷൈലോക്ക പറഞ്ഞതിനെ അസ്ഥാനപ്പെടുത്തി എൻെറ സ്നേഹിതൻ പറഞ്ഞപ്പോൾ അദ്ദേഹം വാദവിഷയത്തെ പ്രമാണമാക്കി വാദിക്കയായിരുന്നു എന്നു അദ്ദേഹത്തോടു ഞാൻ പറഞ്ഞുകൊള്ളുന്നു.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഞാൻ മിസ്റ്റർ ശിവതാണുപിള്ളയുടെ ചോദ്യത്തിനു മറുപടി പറയുക മാത്രമായിരുന്നു. എങ്കിലും കണ്ടുകെട്ടുന്നതിനെപ്പററി തനിക്കുള്ള അഭിപ്രായം ഭേദപ്പെടുത്തേണ്ടതാണെന്നു ഞാൻ മിസ്റ്റർ എ. കെ. പിള്ളയെ ഓർമ്മപ്പെടുത്തിക്കൊള്ളുന്നു. ബില്ലിലെ വ്യവസ്ഥപ്രകാരം ചിത്രസഞ്ചിക കണ്ടുകെട്ടാവുന്നതു അതു ആക്ഷേപയോഗ്യമായിരിക്കുമ്പോൾ മാത്രമല്ല, ആക്ഷേപത്തിനു കാരണമില്ലാത്തപ്പോഴും അതായതു അതു യഥാർത്ഥത്തിൽ ഉപയോഗിക്കാവുന്ന മുതലായിരിക്കുമ്പോഴും അതിനെ കണ്ടുകെട്ടാവുന്നതാകുന്നു.

മി: കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): മിസ്റ്റർ ശിവരാമപ്പണിക്കർക്കു വിരോധമുള്ളതു എല്ലാ സംഗതികളിലും കണ്ടുകെട്ടുന്നതിനെപ്പററിയാണോ അതോ ചിത്രസഞ്ചികകൾതന്നെ ആക്ഷേപയോഗ്യമായിരിക്കുമ്പോൾ അവയെ കണ്ടുകെട്ടുന്നതിനു അദ്ദേഹത്തിനു വിരോധമില്ലയോ?

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): ചിത്രസഞ്ചികതന്നെ ആക്ഷേപയോഗ്യമായിരിക്കുമ്പോഴും അവയെ ഈ നാട്ടിലേക്കു കളവായി കടത്തിക്കൊണ്ടു വന്നതായാലും അവയെ തീർച്ചയായും കണ്ടുകെട്ടണം, എന്നാൽ ലൈസൻസ് എടുക്കാതിരിക്കയോ ഈ റഗുലേഷൻ പ്രകാരമുള്ള നിബന്ധനകൾ വല്ലതും അനുസരിക്കാതിരിക്കയോ മാത്രമാണു കുററമെങ്കിൽ ചിത്രസഞ്ചികകളെ ഗവണ്മെൻറിൻെറ അധീനത്തിൽ എടുത്തു കുററക്കാരനെ വിസ്തരിച്ചു ശിക്ഷിക്കുന്നതുവരെ സൂക്ഷിക്കയാണു വേണ്ടതെന്നു ഞാൻ വിചാരിക്കുന്നു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സർ, ഭേദഗതി പ്രമേയത്തെപ്പററിയുള്ള വാദപ്രതിവാദം അതി ദീർഘമായിരുന്നു എന്നാൽ വാദത്തിൻെറ ദൈർഘ്യം നിമിത്തം പലതരം തെററിദ്ധാരണകൾ വാദത്തിൽ കടന്നുകൂടിയെന്നു എനിക്കു തോന്നുന്നു. ലാ മെമ്പറിൻെറ വിശദമായി പറഞ്ഞ മറുപടിയിൽബില്ലിലെ ഇപ്പോഴത്തെ വ്യവസ്ഥപ്രകാരം ആക്ഷേപയോഗ്യമായ ചിത്രസഞ്ചികകളും ആക്ഷേപത്തിനു സംഗതിയില്ലാത്ത ചിത്രസഞ്ചികകളും കണ്ടുകെട്ടാവുന്നതാണെന്നു അദ്ദേഹം സമ്മതിക്കുന്നു. ആക്ഷേപത്തിനു സംഗതിയില്ലാത്ത സഞ്ചികകളെ വിരോധമുള്ള സ്ഥലങ്ങളിൽ പ്രദർശിപ്പിച്ചാൽ അവയെയും കണ്ടുകെട്ടാവുന്നതാകുന്നു. ഈ വ്യവസ്ഥയ്ക്കുള്ള ന്യായം എനിക്കു മനസ്സിലാകുന്നില്ല. സ്ഥലം വിരോധമുള്ളതാണെങ്കിൽ സ്ഥലത്തെയും കണ്ടുകെട്ടാത്തതു എന്തുകൊണ്ടു (ചിരി)? ചിത്രസഞ്ചികകണ്ടുകെട്ടുന്നതു എന്തിനു?

മി: കല്ലൂർ പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): ഇങ്ങനെയുള്ള കാര്യങ്ങളിൽ കെട്ടിടം പൂട്ടിയിടണമെന്നുള്ള ഒരു വ്യവസ്ഥ ഉണ്ടാക്കുന്നതിനു മിസ്റ്റർ നാരായണപിള്ള അനുകൂലമാണോ?

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതിപ്പോൾ സഭാമുമ്പാകെയുള്ള ഒരു സംഗതിയല്ല. ഞാനിപ്പോൾ എൻെറ സ്നേഹിതൻെറ വാദങ്ങളെ പരിശോധിച്ചു അവ എത്രത്തോളം ന്യായമാണെന്നു നോക്കുകയാണ്. എൻെറ സ്നേഹിതൻ പറയുന്നതു ഇങ്ങനെയാണ്. ചിത്രസഞ്ചികകൾ ആക്ഷേപയോഗ്യമല്ലായിരുന്നാലും അങ്ങനെയുള്ള ചിത്രസഞ്ചികകളെ യുക്തംപോലെ കണ്ടുകെട്ടാനുള്ള അധികാരം ഈ രാജ്യത്തെ മജിസ്ത്രേട്ടന്മാർക്കു കൊടുക്കുക. ഇങ്ങനെയൊരു വ്യവസ്ഥ ഉണ്ടായിരുന്നാൽ മജിസ്ത്രേട്ടന്മാർ പ്രദർശനം നടത്തുന്ന ആളെ കണ്ടിട്ടു ബോദ്ധ്യമായില്ല എന്നു വന്നാൽ ആ കാരണംകൊണ്ടു അവൻ പ്രദർശിപ്പിക്കുന്ന സഞ്ചികയെ കണ്ടുകെട്ടാൻ കല്പിച്ചു എന്നു വരാം. ഈ വ്യവസ്ഥ അതിവിശാലവും ആലോചിക്കേണ്ടുന്ന യഥാർത്ഥസംഗതിയോടു സംബന്ധമില്ലാത്തതും ആകുന്നു. ബില്ലിലെ ഇപ്പോഴത്തെ വ്യവസ്ഥയ്ക്കു അനുകൂലമായി എൻെറ സ്നേഹിതൻ ലാമെമ്പർ വാദിച്ചതുതന്നെ എനിക്കു ആശ്ചര്യമായിരിക്കുന്നു. അതുകൊണ്ടു വിഷയത്തിൻെറ ആവശ്യകതയെപ്പററി ഗവണ്മെൻറു മെമ്പറിൻെറ വാദം നിലനിറുത്താൻ കഴിയാത്തതാണെന്നു കാണിപ്പാൻ ഞാൻ ഇതിലധികം വാദിച്ചിട്ടാവശ്യം ഇല്ല.

ബില്ലിൻെറ ൩ (എ)-ാം ഉപവകുപ്പിലേക്കു എൻെറ സ്നേഹിതൻ മിസ്റ്റർ എ. കെ. പിള്ളയുടെ ശ്രദ്ധയെ മിസ്റ്റർ കെ. ഐ. ജോസഫ് ആകർഷിച്ചു എങ്കിലും ലാ മെമ്പർക്കു അനുകൂലമായി വാദിച്ചപ്പോൾ അദ്ദേഹത്തിനു വിഷയത്തിൻെറ ഈ വശത്തെപ്പററി ഒന്നും പറയാനുണ്ടായിരുന്നില്ല. ലൈസൻസുള്ളതാണെന്നുള്ള ഉത്തമവിശ്വാസത്തോടുകൂടെയാണെങ്കിലും തൻെറ ഭവനത്തിൽ ചിത്രപ്രദർശനം നടത്തുവാൻ അനുവദിക്കുന്ന ഒരാളെ ശിക്ഷിക്കാൻ ആ ഉപവകുപ്പിൽ വ്യവസ്ഥചെയ്തിട്ടുണ്ട്. ഇങ്ങനെ ഒരു വീട്ടുടമസ്ഥൻെറമേൽ തൻെറ ഭവനത്തിൽ ഒരു പ്രദർശനം നടത്തിയതിനെ സംബന്ധിച്ചു നടപടി നടത്തുമ്പോൾ പ്രദർശിപ്പിച്ച ചിത്രസഞ്ചികയെ സംബന്ധിച്ചും നടപടി നടത്താൻ മജിസ്ത്രേട്ടിനു അധികാരമുണ്ട്. ഇതിനെ സംബന്ധിച്ചു ഒരു കഥ എൻെറ സ്മരണയിൽ വരുന്നു. ഒരു കാളയെ മോഷ്ടിച്ചതിനു ഒരുത്തനെ ഒരു മജിസ്ത്രേട്ടു വിസ്തരിച്ചിരുന്നു. പ്രതിയെ വിസ്തരിച്ചപ്പോൾ താൻ ഒരു കയറല്ലാതെ കാളയെ മോഷ്ടിച്ചില്ല എന്നു അവൻ പറഞ്ഞു. അവനെ പിന്നെയും വിസ്തരിച്ചപ്പോൾ കയറിൻെറ മറേറ അററത്തു ഒരു കാളയെ കെട്ടിയിട്ടുണ്ടായിരുന്നു എന്നു പ്രത്യക്ഷപ്പെട്ടു. (ചിരി) ഈ കേസും അതിനോടു തുല്യമാണ്. തെററായിട്ടോ ശരിയായിട്ടോ തൻെറ ഭവനത്തിൽ പ്രദർശനം നടത്താൻ അനുവദിച്ച ഒരാളെപിടിച്ചു ഒരു മജിസ്ത്രേട്ടു ഇങ്ങനെ പറഞ്ഞു എന്നുവരാം. "ഇതാ ഈ മനുഷ്യൻ അവൻെറ വീട്ടിൽ ഒരു ചിത്രസഞ്ചിക പ്രദർശിപ്പിക്കാൻ സഹായിച്ചതായി കാണുന്നു. ഏതായാലും ചിത്രസഞ്ചികയില്ലാതെ പ്രദർശനം നടത്താൻ കഴിവില്ലാത്തതുകൊണ്ടു ചിത്രസഞ്ചികയാണു കുററത്തിനു കാരണം എന്നുള്ളതിനു സംശയമില്ല. അതുകൊണ്ടു അതും കണ്ടുകെട്ടണം". ഇങ്ങനെയുള്ള വാദം ഒരുനാളും ന്യായമായിരിക്കയില്ലെന്നു ഞാൻ ബോധിപ്പിച്ചുകൊള്ളുന്നു.

മി: കല്ലൂർ പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): മിസ്റ്റർ പി. കെ. നാരായണപിള്ളയ്ക്കു വിരോധമുള്ളതു വിരോധമില്ലാത്ത ചിത്രസഞ്ചികകൾ വിരോധമുള്ള സ്ഥലത്തു പ്രദർശിപ്പിച്ചാൽ കണ്ടുകെട്ടുന്നതിനോ അതോ ആക്ഷേപയോഗ്യമോ സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതോ ആയ സഞ്ചികകളും കണ്ടുകെട്ടുന്നതിനും അദ്ദേഹത്തിനു വിരോധമുണ്ടോ എന്നറിവാൻ ആഗ്രഹിക്കുന്നു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഞാൻ എൻെറ വാദം പൂർത്തിയാക്കിക്കൊണ്ടു വരുന്നതേയുള്ളു. എൻെറ സ്നേഹിതൻ ക്ഷമയോടെ കേൾക്കട്ടെ, വിഷയത്തിൻെറ ആദ്യഭാഗത്തെപ്പററി ഞാൻ ഉടനെ പറയാം.

സ്വഭാവംകൊണ്ടുതന്നെ ആക്ഷേപയോഗ്യമായ ചിത്രസഞ്ചികകളുടെ കാര്യം ആദ്യം ആലോചിക്കാം. ഇതിനെ സംബന്ധിച്ചാണു ലാമെമ്പർക്കു അനുകൂലമായി എൻെറ സ്നേഹിതൻ മിസ്റ്റർ എ. കെ. പിള്ളയ്ക്കു അധികം പറവാനുണ്ടായിരുന്നതു്. നീതിമാനായ ഒരു ജഡ്ജിയെപ്പോലെ അദ്ദേഹം ഔദാര്യവും പക്ഷപാതവും ഇല്ലായ്മ ചെയ്യുന്നതിനു ഈ സഭ തങ്ങളാൽ കഴിയുന്നതെല്ലാം ചെയ്യണമെന്നു പറഞ്ഞു. ഇക്കാര്യത്തിൽ മിസ്റ്റർ എ. കെ. പിള്ളയോടു എനിക്കു വഴക്കൊന്നുമില്ല. തിരുവിതാംകൂറിലെ ക്രിമിനൽ നിയമത്തെപ്പററി ആലോചിക്കുമ്പോൾ ഈ വാദമെല്ലാം അസ്ഥാനത്തിലല്ലയോ എന്നാണു ചോദ്യം. ഇതാണ് ഈ കാര്യത്തിൽ എൻെറ താഴ്മയായ അഭിപ്രായം. ദുഷ്ടമോ അസഭ്യമോ ആഭാസമോ ആയ ചിത്രസഞ്ചികയുടെ പ്രദർശനം ഒരു മഹാപാതകമാണെന്നും കഴിയുന്നവേഗത്തിൽ നിറുത്തൽ ചെയ്യേണ്ടതാണെന്നും സമ്മതിച്ചാലും ഈ രാജ്യത്തെ ക്രിമിനൽനിയമത്തിൽ അതിനു നിവൃത്തിമാർഗ്ഗം ഇല്ലയോ?

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): അങ്ങനെയൊരുവ്യവസ്ഥ ഇപ്പോൾതന്നെയുണ്ടെങ്കിൽ ഈ ബില്ലിൽ അങ്ങനെയൊരു വ്യവസ്ഥയുണ്ടാക്കുന്നതു എങ്ങനെയാണു സങ്കടമായിതീരുന്നതെന്നു പറയുമോ?

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): മി: എ. കെ. പിള്ളയുടെ അറിവിന്നായി ആ കാര്യത്തെപ്പററി ഞാൻ സംസാരിക്കാൻ ഭാവിക്കയാണു.. അസഭ്യമായ ചിത്രസഞ്ചികകൾ "മുതലായി" ഗണിക്കാൻ പാടില്ലെന്നു എൻെറ സ്നേഹിതൻ മിസ്റ്റർ എ. കെ. പിള്ള വൈരാഗ്യത്തോടെ വാദിച്ചു. "കണ്ടുകെട്ടുക" എന്നപദത്തെ തെററിദ്ധരിക്കകൊണ്ടാണു അങ്ങനെ വാദിച്ചതു എന്നുവിചാരിക്കുന്നു. ബില്ലിൽ "കണ്ടുകെട്ടുക എന്നപദം പ്രയോഗിച്ചതുതന്നെ അതൊരു മുതലാണെന്നു ഗവണ്മെൻറു വിചാരിക്കുന്നു എന്നു മതിയാംവണ്ണം തെളിയിക്കുന്നു. അതുകേവലം വിലയില്ലാത്തതാണെങ്കിൽ അതു കണ്ടുകെട്ടുന്നതിൻെറ ആവശ്യം എന്താണ്? കണ്ടുകെട്ടുന്നതിനു വ്യവസ്ഥയുണ്ടാക്കിയ ഗവണ്മെൻറിൻെറ നിലഎന്താണെന്നു കാണിക്കുകമാത്രമാണ് ഞാൻ ചെയ്യുന്നതു. അതിനെ കയ്യാശപ്പെടുത്തി ഗവണ്മെൻറിൻെറ വരവോടു ചേർക്കുന്നു എന്നല്ല അതിൻെറ അർത്ഥം. അതുവിലയുള്ളമുതൽ അല്ലെങ്കിൽ അതു നിയമപ്രകാരം തങ്ങളുടെ മുതലാക്കാൻ ഗവണ്മെൻറു ശ്രമിക്കുന്നതു എന്തിനു? അതെനിക്കു മനസ്സിലാകുന്നില്ല. നേരെമറിച്ചു അസഭ്യമോ ആക്ഷേപാർഹമോ ആയ വസ്തുക്കളെപ്പററി ക്രിമിനൽ നടപടിനിയമത്തിൽ ഉള്ള വ്യവസ്ഥ ഉത്തമവ്യവസ്ഥയാണ്. ചിത്രങ്ങൾ പുസ്തകങ്ങൾ മുതലായ അസഭ്യസാധനങ്ങൾ ക്രിമിനൽ കോടതിമുമ്പാകെ ഹാജരാക്കുമ്പോൾ വിചാരണചെയ്യുന്ന മജിസ്ട്രേട്ടു അതിനെ കണ്ടുകെട്ടരുതു നശിപ്പിക്കണമെന്നാണ് അതിൽ പറഞ്ഞിട്ടുള്ളതു. അതെനിക്കു ഗ്രഹിക്കാം. ഒരു ചിത്രസഞ്ചിക തിരുവിതാംകൂറിൽ എവിടെയെങ്കിലും പൂർണ്ണം പ്രചരിപ്പിക്കാതെയെങ്കിലും പ്രദർശിപ്പിച്ചുഎന്നു അഭിപ്രായപ്പെടുകയും അതുകേവലം അസഭ്യമാണെന്നും ജനങ്ങളുടെ സന്മാർഗ്ഗം ആലോചിച്ചു അതിനെസംബന്ധിച്ചു നിഷ്കരുണം നടപടി നടത്തേണ്ടതാണെന്നു വിചാരണയിൽ ബോദ്ധ്യപ്പെടുകയും ചെയ്താൽ ശിക്ഷപ്രകാരം പ്രവർത്തിക്കുന്നതിനു ക്രിമിനൽ നടപടി നിയമത്തിൽ ഇപ്പോൾതന്നെ വ്യവസ്ഥയുണ്ടു. അതുകൊണ്ടു അവസാനത്തിൽ ലേലത്തിൽ വില്ക്കുന്നതിനായി ചിത്രസഞ്ചികയെ കണ്ടുകെട്ടി ഗവണ്മെൻറിലേക്കു എടുക്കുന്നതിനുപകരം ഉടനടി അതിനെ നശിപ്പിക്കയാണ് ഉത്തമം. ക്രിമിനൽ നടപടിനിയമത്തിൽ ഇങ്ങനെയൊരു വ്യവസ്ഥയുണ്ടായിരിക്കയും വിസ്താരം ക്രിമിനൽ നടപടിനിയമം അനുസരിച്ചായിരിക്കുംഎന്നു എൻെറ സ്നേഹിതൻ ചാരമമ്പര്‍ സമ്മതിക്കയും ചെയ്യുന്നേടത്തോളം

ഡിപ്യൂട്ടിപ്രസിഡെൻറു: ക്രിമിനൽ നടപടിനിയമത്തിലെ വകുപ്പേതാണെന്നു പറയുമോ?

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഒരുവകുപ്പുള്ളതായി എനിക്കു ഓർമ്മയുണ്ടു. സംശയമുണ്ടെങ്കിൽ വകുപ്പു ഞാൻ നോക്കിഎടുക്കാം.

ഡിപ്യൂട്ടിപ്രെസിഡെൻറു: എന്തുവാക്കുകളാണു ഉപയോഗിച്ചിരിക്കുന്നതുഎന്നു ശരിയായി അറിവാൻ ദയവുചെയ്തു അതു നോക്കിഎടുക്കുമോ? നിങ്ങൾ പറഞ്ഞവാക്കുകൾ അവിടെ ഉപയോഗിച്ചിട്ടുള്ളതായി ഞാൻ ഓർക്കുന്നില്ല.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതുകൊണ്ടു ഞാൻ ബോധിപ്പിക്കുന്നതു—

മി: കല്യാണപരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): ചിത്രസഞ്ചിക കോടതിയിൽ ഹാജരാക്കുന്നില്ലെങ്കിലോ? ഹാജരാക്കിയെങ്കിൽമാത്രമല്ലേ പറഞ്ഞതെല്ലാം സാദ്ധ്യമായിവരു?

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): എന്നാൽ മജിസ്ട്രേട്ടിനു കണ്ടുകെട്ടാൻ കഴിയുന്നതു എങ്ങനെയാണു. കണ്ടുകെട്ടുകഎന്നുള്ള പദംതന്നെ ഹാജരാക്കണംഎന്നു സൂചിപ്പിക്കുന്നുണ്ടല്ലോ. അല്ലെങ്കിൽ കണ്ടുകെട്ടുകയല്ല.

മി: കല്യാണപരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർവക്കീൽ): എന്തുകൊണ്ടു? ചിത്രസഞ്ചിക കോടതിമുമ്പാകെ ഇല്ലെങ്കിലും അതുകണ്ടുകെട്ടാൻ കല്പിക്കാവുന്നതാണ്. വിസ്താരത്തിനു ചിത്രസഞ്ചികകൾ ഹാജരാക്കണമെന്നുതന്നെ ആവശ്യമില്ല.

മി: എസ്സ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്ക്): ഒരു ചിത്രസഞ്ചിക ആക്ഷേപയോഗ്യമാണോ അല്ലയോ എന്നു തീർച്ചയാക്കുന്നതു ബോർഡാണു. കോടതിയല്ല, എന്നു മെമ്പർക്കു അറിവുണ്ടോ?

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അവസാനമായി തീർച്ചയാക്കുന്നതു കോടതിയാണ്. ബില്ലിലെ വ്യവസ്ഥയെ അനുകൂലിക്കുന്നതിനായി ഈ സഭയിൽ കേവലം അതിശയോക്തിയായി വർണ്ണിച്ചഎല്ലാ ദോഷങ്ങളെയും നിവാരണം ചെയ്യുന്നതിനു അസഭ്യസാധനങ്ങളെ സംബന്ധിച്ചു ഇപ്പോൾ തന്നെയുള്ള നിയമം മതിയാകുമെന്നു ഞാൻ ബോധിപ്പിച്ചുകൊള്ളുന്നു. ഒരു ചിത്രസഞ്ചികയെ ഒരിക്കലും കണ്ടുകെട്ടരുതു, വിസ്താരം കഴിഞ്ഞ ശേഷം ഗവണ്മെൻറിൻെറ യാതൊരുദ്യോഗസ്ഥനും അതു കാണാൻ അവസരം ഉണ്ടാകരുതു, അതിനെ ഉടൻ തന്നെ നശിപ്പിച്ചു കളയണം എന്നാണു എൻെറ വാദം. എന്നാൽ മിസ്റ്റർ എ. കെ. പിള്ള അഭിപ്രായപ്പെടുന്നതു് ചിത്രസഞ്ചികയെ പിന്നീടു ആക്കിയാലും, കൊടുക്കാതെകണ്ടും രണ്ടോ മൂന്നോ വർഷം ഗവണ്മെൻറിൻെറ കയ്വശത്തിൽ സൂക്ഷിക്കണമെന്നാണു ഇതു കേവലം സ്വീകാര്യമല്ല. അതു ഇപ്പോഴുള്ള നിയമത്തിനു വിപരീതമായിരിക്കും. അസഭ്യസാധനങ്ങളെ ഉടൻ തന്നെ നശിപ്പിക്കണമെന്നാണല്ലോ ആ നിയമം.

ഡിപ്യൂട്ടിപ്രെസിഡെൻറ്: നിങ്ങൾ പറയുന്നതു അസഭ്യസാധനങ്ങളെപ്പററിയാണ്. ഒരു കാലത്തു ആക്ഷേപയോഗ്യമായ ചിത്രസഞ്ചിക പിന്നൊരു കാലത്തു ആക്ഷേപയോഗ്യമല്ലെന്നുവരാം.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അസഭ്യമായ ഒരു ചിത്രസഞ്ചികയ്ക്കു എൻെറ അനുകമ്പയ്ക്കു അവകാശമില്ലെന്നും കോടതി അതിനെ ഉടൻ തന്നെ നശിപ്പിക്കേണ്ടതാണെന്നും ആകുന്നു എൻെറ വാദം.

എൻെറ പ്രമേയത്തിനു പ്രതികൂലമായി വാദിച്ചവർ ഞാൻ പ്രസ്താവിച്ച പല സംഗതികൾക്കും മറുപടി പറഞ്ഞില്ലെന്നു കാണുന്നു. ഇക്കാലത്തു ക്രിമിനൽ നിയമപ്രകാരമുള്ള മരണക്രമം ശിക്ഷയെ കുററത്തിനു അനുരൂപമാക്കുകയാകുന്നു. അതു ക്രിമിനൽ നിയമത്തെ സംബന്ധിച്ചുള്ള പ്രയാസമേറിയ സംഗതികളിൽ ഒന്നാ

ണ്. ഇവിടെ ചെയ്യുന്ന പരിഷ്കാരം എന്താണ്? ലൈസൻസില്ലാത്ത സ്ഥലത്തു ഒരു ചിത്രസഞ്ചികയെ പ്രദർശിപ്പിക്കയോ ലൈസൻസില്ലാത്ത ഒരു ചിത്ര സഞ്ചികയെ എവിടെയെങ്കിലും പ്രദർശിപ്പിക്കയോ ആകുന്നു കുററം. തിരുവിതാംകൂറിൽ ഒരു ചലനചിത്രപ്രദർശകന്റെ ശരാശരി വരവു ഉദ്ദേശം ഇരുനൂറു മുതൽ മുന്നൂറു രൂപാ വരെയാണ്. എന്റെ സ്നേഹിതന്റെ ഭയം അവനു ആയിരം രൂപാ കിട്ടുമെന്നാണ്. ഇതു കേവലം അസംഭവ്യമാണ്. ഇരുനൂറു രൂപാ കിട്ടുന്നതിനു അവൻ ഒട്ടു വളരെ പണം ചെലവാക്കണം. ആയിരം രൂപാ പിഴയുണ്ടായേക്കാമെന്നൊരു ഭയവും എപ്പോഴുമുണ്ടായിരിക്കും. ഇതിനും പുറമെ പതിനായിരം രൂപാ വിലയുള്ള മുതൽ കണ്ടുകെട്ടിപ്പോകാനും ഇടയുണ്ട്. കേസു മുൻസിപ്പുകോടതിയിലാണെങ്കിൽ മുൻസിപ്പിനു അതു വിസ്തരിച്ചു വിധിപറവാൻ അധികാരമില്ല. ഇതു കേവലം അസഹ്യവും നീതീകരിക്കാൻ പാടില്ലാത്തതും ആണെന്നു ഞാൻ ബോധിപ്പിച്ചുകൊള്ളുന്നു. ഇങ്ങനെയുള്ള കേസുകൾ എടുത്തു വിസ്തരിച്ചു പതിനായിരം രൂപാ വിലയുള്ള മുതലിനെപ്പററി വിധികല്പിപ്പാൻ പോകുന്നതു ഒരു മൂന്നാംക്ലാസ്സോ രണ്ടാംക്ലാസ്സോ മജിസ്ട്രേട്ടാണ്.

മി: ജി. പരമേശ്വരൻ പിള്ള (നെയ്യാററിൻകര): ഒരു ചിത്ര സഞ്ചിക ബ്രിട്ടീഷ്ഇൻഡ്യയിൽ ലൈസൻസ് കിട്ടീട്ടുള്ളതാണെന്നും വല്ല സാങ്കേതിക വിഴുപ്പു്കൊണ്ടു അതിവിടെ സാക്ഷ്യപ്പെടുത്തി കൊടുക്കുന്നില്ലെന്നും ഇരിക്കട്ടെ. ഈ വ്യവസ്ഥ അതിന്നു ബാധകമല്ലയോ?

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ആ സംഗതി ഞാൻ പ്രസ്താവിച്ചതാണ്. സാധാരണ ഇവിടെ വരുന്നതു ചിത്രസഞ്ചിക കൂലിയ്ക്കു വാങ്ങിയവനാണ്. ഉടമസ്ഥൻ ബോംബെയിലോ മദ്രാസ്സിലോ ആയിരിക്കാം. ബ്രിട്ടീഷ് ഇൻഡ്യയിലെയോ മറേറതെങ്കിലും പ്രദേശത്തെയോ സന്മാർഗ്ഗാഭിപ്രായപ്രകാരം ചിത്രസഞ്ചിക അവിടെ ലൈസൻസ് ലഭിച്ചതായിരിക്കാം. ഉത്തമവിശ്വാസമായി അതു തിരുവിതാംകൂറിലെ ഒരാൾക്കു കൂലിക്കു കൊടുത്തു എന്നുവരാം. ആ ചിത്രസഞ്ചിക പ്രദർശിപ്പിക്കുന്നതിന്റെ സന്മാർഗ്ഗചിത്രത്തെപ്പററി ലൈസൻസ് കൊടുക്കുന്ന ബോർഡിനു വിപരീതാഭിപ്രായമാണുള്ളതെന്നും വരാം. അതുകൊണ്ടു അവർ ലൈസൻസ് കൊടുക്കുന്നില്ല. എത്ര ആളെ അവൻ പ്രസാദിപ്പിക്കണം. ഒന്നാമതായി ലൈസൻസ് കൊടുക്കേണ്ടുന്ന ബോർഡു, പിന്നെ വിസ്തരിക്കുന്ന മജിസ്ട്രേട്ടു, പിന്നെ പോലീസുദ്യോഗസ്ഥൻ, മോട്ടോർ വാഹനങ്ങളെപ്പററി ഇന്നലെ പറഞ്ഞപ്പോൾ പോലീസ് ഇൻസ്പെക്ടർമാർ ഉപായത്തിൽ സഞ്ചരിക്കുന്നതുപോലെ—

ഡിപ്യൂട്ടിപ്രസിഡന്റ്: ബോർഡും അങ്ങനെ ചെയ്യുമെന്നാണോ നിങ്ങൾ ശങ്കിക്കുന്നതു?

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതു പ്രദർശനം നടന്നതിന്റെ ശേഷമാണ്. ഈ പ്രയാസങ്ങളെല്ലാം അങ്ങനെയാണ്. ഇതിനെല്ലാം നിവൃത്തിമാർഗ്ഗമായി മജിസ്ട്രേട്ടു, ഒരു മജിസ്ട്രേട്ടുതന്നെയല്ലോ (ചിരി) എന്നാണ് എന്റെ സ്നേഹിതൻ ഉറപ്പുപറഞ്ഞതു. ഒരു മജിസ്ട്രേട്ടിനു തന്റെ യുക്തംപോലെ ചെയ്യാൻ അധികാരം കൊടുക്കുന്നതിനു എന്തിനാണ് നാം മടിക്കുന്നതു?

മി: ഏ. കെ. പിള്ള (കരുനാഗപ്പള്ളി): ചിത്ര സഞ്ചികയും കൊണ്ടുവരുന്ന ആളെക്കാൾ അധികം ഒരു മജിസ്ട്രേട്ടിനെ വിശ്വസിക്കാൻ മിസ്റ്റർ പി. കെ. നാരായണപിള്ള ഒരുക്കമില്ലയോ എന്നു പറയാമോ?

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഞാൻ ആരെയും വിശ്വസിക്കാൻ ഒരുക്കമില്ല. (ചിരി) ഗൗരവമായ വല്ല സംഗതിയും ഇല്ലാതെ ഒരു ചലനചിത്രപ്രദർശകനെയാകട്ടെ ഒരു മജിസ്ട്രേട്ടിനെയാകട്ടെ ഞാൻ വിശ്വസിക്കയില്ല.

സർ, മജിസ്ട്രേട്ടു എന്ന പദം എന്റെ സ്നേഹിതൻ വാഗ്വൈഭവത്തോടെയാണു ഉച്ചരിച്ചതു. തിരുവിതാംകൂറിൽ അദ്ദേഹം തെററുണ്ടാകാത്ത ഒരു ഉദ്യോഗസ്ഥൻ ആണെന്നാകുന്നു അതുകൊണ്ടു സൂചിപ്പിച്ചതു. എങ്കിലും ഈ സഭയിൽ അനുദ്യോഗസ്ഥമെമ്പർമാർ മജിസ്ട്രേട്ടന്മാരുടെ നിയമനത്തെപ്പററി വളരെ പരാതിപറഞ്ഞിട്ടുള്ളതാണ്. പല കേസുകളിൽ മജിസ്ട്രേട്ടന്മാർ മുതൽ കണ്ടുകെട്ടീട്ടുണ്ട്. ഒരു കാര്യത്തിൽ ഒരു പ്രിപാസ്സ് ഉണ്ടായിരുന്നില്ല എന്നുള്ള യാദൃച്ഛികമായ കാരണത്താൽ ൫൦൦൦ രൂപാ വിലയുള്ള മുതൽ കണ്ടുകെട്ടിക്കളഞ്ഞു. അവധികഴിഞ്ഞുപോയതിനാൽ ആ മനുഷ്യനു നൂറുരൂപാ പിഴകല്പിക്കയും ഏകദേശം ൫൦൦൦ രൂപാ വിലവരുന്ന മുതലും ഒരു വസ്തുവും കണ്ടുകെട്ടുകയും ചെയ്തു. ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ പുനഃശോധനയ്ക്കു എടുപ്പിക്കാനുള്ള അവകാശം ഉപയോഗിക്കയും ജഡ്ജിമാർ എല്ലാവരും ഐകമത്യമായി അഭിപ്രായം പറകയും ചെയ്തു. പിന്നീടു അയാൾ ഡിസ്ട്രിക്ട്കോടതിയിൽ ഒരു വ്യവഹാരം കൊണ്ടുവരികയും അവനനുകൂലമായി ജഡ്ജി ഒരു വിധികൊടുക്കയും ചെയ്തു. എന്നാൽ പിന്നീടു എന്തോ അജ്ഞാതകാരണങ്ങളാൽ അതു ദുർബലപ്പെടുത്തിക്കളഞ്ഞു.

മി: എം. ശിവതാണുപിള്ള (തോവാള): മൂന്നാംക്ലാസ്സ് മജിസ്ട്രേട്ടന്മാരെപ്പററി ലാ മെമ്പർ പറഞ്ഞതു, അതായതു എക്സൈസ് കേസുകളിൽ അവർ ഇപ്പോഴത്തേതിൽ അധികം വിവേചനാശക്തി ഉപയോഗിക്കേണ്ടതാണെന്നു പറഞ്ഞതു മെമ്പറിന്റെ സ്മരണയിൽ കൊണ്ടുവരട്ടെയോ?

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഡിപ്പാർട്ടുമെന്റുവക രഹസ്യോപദേശങ്ങൾപ്രകാരമാണു അവർ പ്രവർത്തിക്കുന്നതു്. അങ്ങനെയാണു ജനങ്ങൾ പറയുന്നതു്.

മി: എം. ശിവതാണുപിള്ള (തോവാള): നീതിന്യായങ്ങളെ ഉദ്ദേശിച്ചാണു ലാ മെമ്പർ അതു പറഞ്ഞതു്.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): എന്റെ സ്നേഹിതൻ ഉറപ്പുപറയുന്നതുകൊണ്ടു ഞാൻ അതു വിശ്വസിക്കുന്നു. ഞാൻ അതു ഓർക്കുന്നില്ല.

ക്രിമിനൽ നടപടിനിയമത്തിലെ വ്യവസ്ഥ ഇങ്ങനെയാണ്.

൫൧൭. ഏതെങ്കിലും ക്രിമിനൽകോടതിയിൽ ഒരു അന്വേഷണമോ വിസ്താരമോ കഴിയുമ്പോൾ ആ കോടതിമുമ്പാകെ ഹാജരാക്കപ്പെട്ടിട്ടുള്ളതും അതുസംബന്ധിച്ചു കുററം നടത്തി എന്നു കാണുന്നതോ കുററം നടത്തി എന്നു പറയപ്പെടുന്നതോ അല്ലെങ്കിൽ കുററം നടത്താൻ ഉപയോഗിച്ചതോ ആയ ആധാരത്തെയോ വസ്തുവിനെയോ എന്തു ചെയ്യണമെന്നു ആ കോടതിക്കു യുക്തമെന്നുതോന്നുന്നപ്രകാരം കല്പിക്കാവുന്നതാണ്.

ഒരു സെഷൻകോടതി അങ്ങനെ കല്പിക്കയും ആ കോടതി ഉദ്യോഗസ്ഥന്മാർ മുഖാന്തരം സ്വത്തിനു അവകാശിയായ ആളിനു ഏല്പിച്ചുകൊടുക്കാൻ കഴിയാതിരിക്കയും ചെയ്യുമ്പോൾ കോടതിയുടെ കല്പനപ്രകാരം ഡിസ്ട്രിക്ട്മജിസ്ട്രേട്ടു പ്രവർത്തിക്കണമെന്നു കല്പിക്കാവുന്നതാകുന്നു.

അപ്പീലുള്ള ഒരു കേസിൽ ഈ വകുപ്പിൻപ്രകാരം ഒരു ഉത്തരവിട്ടാൽ ആ ഉത്തരവു (വസ്തു ജീവനുള്ളതോ എളുപ്പത്തിൽ നശിച്ചുപോകുന്നതോ അല്ലാത്തപ്പോൾ) അപ്പീലവധി കഴിയുന്നതുവരെയൊ അപ്പീൽ കൊടുത്തിട്ടുണ്ടെങ്കിൽ ആ അപ്പീലിന്റെ തീർച്ചവരെയോ പ്രബലതയിൽ കൊണ്ടുവരാൻ പാടില്ലാത്തതാകുന്നു.

൫൧൭. ശിക്ഷാനിയമം ൩൮൦-ാം വകുപ്പോ, ൩൮൧-ാം വകുപ്പോ, ൪൦൮-ാം വകുപ്പോ ൪൦൯-ാം വകുപ്പോ പ്രകാരം ഒരാളെ ശിക്ഷിച്ചാൽ ശിക്ഷയ്ക്കു ഹേതുവായതും കോടതിയുടെ അധീനത്തിലൊ ശിക്ഷിക്കപ്പെട്ടവന്റെ കൈവശത്തിലോ അധീനത്തിലൊ ഇരിക്കുന്നതും ആയ എല്ലാ പ്രതിഫലത്തെയും നശിപ്പിച്ചുകളയണമെന്നു കോടതിക്കു കല്പിക്കാവുന്നതാകുന്നു.

അപ്രകാരംതന്നെ ശിക്ഷാനിയമം ൪൧൦-ാം വകുപ്പോ, ൪൧൧-ാംവകുപ്പോ, ൪൧൨-ാംവകുപ്പോ ൪൧൩-ാംവകുപ്പോപ്രകാരം ഒരാളെ ശിക്ഷിച്ചാൽ ശിക്ഷയ്ക്കു ഹേതുവായ ലക്ഷണത്തെയോ പ്രതീയത്തെയോ ഔഷധത്തെയോ നശിപ്പിച്ചുകളയണമെന്നു കോടതിക്കു കല്പിക്കാവുന്നതാകുന്നു.

അതുകൊണ്ടു അതുമതി. അസഭ്യമായ കാര്യങ്ങൾ പ്രദർശിപ്പിച്ചാൽ ഈ നിയമപ്രകാരം പ്രവർത്തിക്കാം. ഇക്കാര്യത്തിൽ അങ്ങനെ ചെയ്യുന്നതിനു തടസ്സമൊന്നുമില്ല. ഇതിനെപ്പറ്റി സംശയമുണ്ടെങ്കിൽ ഈ റെഗുലേഷൻപ്രകാരം ഉള്ളതെല്ലാം ഉൾപ്പെടത്തക്കവണ്ണം നമ്മുടെ ക്രിമിനൽനടപടിനിയമത്തെ ഭേദപ്പെടുത്താവുന്നതാകുന്നു. ഇവയെല്ലാം ൩-ാംവകുപ്പിന്റെ ഒന്നാം ഉപവകുപ്പിൽ കൂട്ടിച്ചേർത്തിട്ടുള്ളതുകൊണ്ടു എല്ലാം ന്യായരഹിതവും നിശ്ചയമില്ലാത്തതും ആകുന്നു എന്നാണ് ഞാൻ ബോധിപ്പിക്കുന്നതു. ഈ കേസുകളിലെല്ലാം കണ്ടുകെട്ടാമെന്നു രണ്ടാം ഉപവകുപ്പിൽ പറഞ്ഞിരിക്കുന്നു. മജിസ്ട്രേട്ടിന്റെ യുക്തി ആശ്രയിക്കാൻ കൊള്ളാത്ത ബലഹീനവസ്തുവാകുന്നു. അതുകൊണ്ടു രക്ഷാമാർഗ്ഗം ഒന്നുമില്ലാതെ ഇപ്പോഴുള്ള വകുപ്പു പാസ്സാക്കുകയും എത്രത്തോളം കൈ എത്തിപ്പിടിച്ചുകെട്ടുകണമെന്നുള്ളകാര്യം വിസ്തരിക്കുന്ന മജിസ്ട്രേട്ടിന്റെ യുക്തിക്കു വിട്ടുകൊടുക്കയും ചെയ്യുന്നതിനാൽ എത്ര വലിയ സങ്കടമുണ്ടാകുമെന്നുള്ള സംഗതി ഈ സഭ ആലോചിക്കണമെന്നു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു. ചിലകാര്യങ്ങളിൽ കണ്ടുകെട്ടുകയും ചിലകാര്യങ്ങളിൽ കണ്ടുകെട്ടാതിരിക്കയും ചെയ്യാതിരിക്കുന്നതിനാൽ മജിസ്ട്രേട്ടിന്റെ നടപടിയിൽ ആക്ഷേപയോഗ്യമായ വ്യത്യാസവും കാണാനിടവരുന്നതാണ്. ഇതും വളരെ അനുചിതം ആകുന്നു. അതുകൊണ്ടു വാദവിഷയമായ വകുപ്പിനെപ്പറ്റി നമുക്കു അനുകൂലഭാവം ഉണ്ടാകുമായെങ്കിലും നാം അതിനു പ്രതികൂലമായി വോട്ടുചെയ്യേണ്ടതും ആകുന്നു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): സർ, ഈ വകുപ്പിനെപ്പറ്റിയുള്ള വാദപ്രതിവാദത്തിൽ നിന്നു വ്യക്തമായിട്ടുള്ളപ്രകാരം, രണ്ടുതരം ചിത്രസഞ്ചികകളെയാണു കണ്ടുകെട്ടാവുന്നതു. ഒന്നു ബോർഡോ വേറെ അധികാരസ്ഥന്മാരൊ ആക്ഷേപയോഗ്യമാണെന്നുപറഞ്ഞു സാക്ഷ്യപ്പെടുത്താത്ത ചിത്രസഞ്ചികകൾ. രണ്ടാമത്തേതു വിരോധിക്കപ്പെട്ടിട്ടുള്ള സ്ഥലങ്ങളിൽ പ്രദർശിപ്പിക്കുന്ന ചിത്രസഞ്ചികകൾ. ഒന്നാമത്തെതരം ചിത്രസഞ്ചികകളെ സംബന്ധിച്ച ഈ വ്യവസ്ഥയെക്കുറിച്ചു ഈ സഭയ്ക്കു യഥാർത്ഥത്തിൽ വലിയവിരോധമുള്ളതായി തോന്നുന്നില്ല. അതിനെസംബന്ധിച്ചു കഴിഞ്ഞ വാദപ്രതിവാദസമയം മിസ്റ്റർ നാരായണപിള്ളതന്നെ അതിനെ കണ്ടുകെട്ടേണ്ടതാണെന്നു സമ്മതിച്ചു. എന്നാൽ ഇന്നു അദ്ദേഹം വിരോധം പറയുന്നതു ചിത്രസഞ്ചിക നശിപ്പിക്കാൻ ക്രിമിനൽനടപടിനിയമത്തിൽതന്നെ വ്യവസ്ഥയുണ്ടല്ലോ എന്നാണു. തങ്ങളുടെ ആജ്ഞാനുസരണം നശിപ്പിക്കുന്നതിനെ സംബന്ധിച്ചുള്ള വ്യവസ്ഥ ഇവിടെ വായിച്ചുകേൾപ്പിച്ചു. അതിൽ പറയുന്നതു ശിക്ഷാനിയമപ്രകാരം ഒരാളെ ശിക്ഷിച്ചാൽ ക്രിമിനൽ നടപടിനിയമത്തിൽ നശിപ്പിക്കുന്നതിനെപ്പറ്റിയുള്ള നിബന്ധനകൾ ബാധകമായിരിക്കും എന്നാണു. അങ്ങനെയിരിക്കെ ഈ ബില്ലിൽ ഇങ്ങനെയൊരു വ്യവസ്ഥ വച്ചുകൊണ്ടിരിക്കുന്നതിനു എന്താണുവിരോധം? ആക്ഷേപയോഗ്യമായ സാധനങ്ങൾ നശിപ്പിക്കുന്നതിനു ഇപ്പോൾതന്നെ വ്യവസ്ഥയുണ്ടല്ലോ എന്നാണു എന്റെ സ്നേഹിതന്റെ വാദം. അങ്ങനെയാണെങ്കിൽ ഈ വ്യവസ്ഥ ഇരട്ടിപ്പായിപ്പോയി എന്നുള്ള സാങ്കേതികവിരോധം മാത്രമേയുള്ളു.

ഡെപ്യൂട്ടിപ്രസിഡന്റ്: അവിടെ നശിപ്പിക്കാൻ അനുവദിച്ചിട്ടുള്ളതു ആക്ഷേപയോഗ്യമായ ചിത്രസഞ്ചികകളെ മാത്രമാണെന്നാകുന്നു അദ്ദേഹം പറയുന്നതു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): അതു വേറൊരു സംഗതിയാണ്. ശിക്ഷാനിയമപ്രകാരം ശിക്ഷിക്കുമ്പോൾമാത്രമെ നശിപ്പിക്കണമെന്നു കല്പിപ്പാൻ പാടുള്ളു. രണ്ടാമതു ആ വ്യവസ്ഥ അസഭ്യപ്രസിദ്ധീകരണങ്ങളെ സംബന്ധിച്ചാണു. ചിത്രസഞ്ചികകളുടെ കാര്യത്തിൽ വിരോധകാരണം അസഭ്യംതന്നെ ആയിരിക്കണമെന്നില്ല. വേറെ പല കാരണങ്ങൾ ഉണ്ടാകാം. ആ സഞ്ചികകളെ എല്ലാം അപ്പോഴപ്പോൾ പ്രദർശിപ്പിപ്പാൻ അനുവദിക്കണമൊ? അതുകൊണ്ടു ക്രിമിനൽനടപടിനിയമത്തിലെ വ്യവസ്ഥ ഈ വ്യവസ്ഥയിൽ ഉൾപ്പെടുന്ന എല്ലാ സംഗതികളിലും യോജിക്കുന്നതല്ല.

മി: ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിങ്കര): ഒരു ചിത്രസഞ്ചിക ലൈസൻസു ലഭിച്ചതാണെന്നിരിക്കട്ടെ, ഓർമ്മക്കേടുനിമിത്തം അതു സാക്ഷ്യപ്പെടുത്താൻ വിട്ടുപോയി. മജിസ്ട്രേട്ടിനു അതു കണ്ടുകെട്ടാൻ കല്പിക്കാൻ പാടില്ലയൊ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): അതുവേറെഎവിടെയെങ്കിലും ലൈസൻസ് കൊടുത്തതായിരിക്കാം. എന്നാൽ തിരുവിതാംകൂറിൽ നിയമിച്ചിട്ടുള്ള ബോർഡിന്റെ സാക്ഷ്യപത്രം ആവശ്യമാണ്. ഉദാഹരണമായി ഒരു ഹിന്ദുസ്ത്രീയെ അവളുടെ ഭർത്താവു പ്രഹരിക്കുന്ന ചിത്രത്തിന്റെ കാര്യം മിസ്റ്റർ എ. കെ. പിള്ള പറഞ്ഞുവല്ലൊ. ആഫ്രിക്കയെ പോലുള്ള ഒരുസ്ഥലത്തു അതു അനുവദിച്ചായിരിക്കാം. ഹിന്ദുക്കൾ നിവസിക്കുന്ന ഒരു സ്ഥലത്തു അതനുവദിക്കുമോ? അപ്രകാരം തന്നെ ഒരു സ്ഥലത്തു ഒരു ചിത്ര സഞ്ചിക ആക്ഷേപയോഗ്യമായി ഗണിക്കപ്പെട്ടില്ലെന്നുവരാം. എന്നാലും തിരുവിതാംകൂറിൽ അതു ആക്ഷേപയോഗ്യമായി വിചാരിച്ചേക്കാം.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ക്രിമിനൽ നടപടിനിയമം ൫൧൭-ാം വകുപ്പു അദ്ദേഹം വായിച്ചുനോക്കുമോ?

"ഏതെങ്കിലും ക്രിമിനൽ കോടതിയിൽ ഒരു അന്വേഷണമോ വിസ്താരമോ കഴിയുമ്പോൾ ആ കോടതി മുമ്പാകെ ഹാജരാക്കപ്പെട്ടിട്ടുള്ളതും അതിസംബന്ധിച്ചു കുറ്റംനടത്തി എന്നോ കുറ്റം നടത്താൻ ഉപയോഗിച്ചു എന്നോ കാണുന്നതുമായ ആധാരത്തെയൊ വസ്തുവെയൊ എന്തുചെയ്യണമെന്നു ആ കോടതിക്കുയുക്തമെന്നു തോന്നുന്ന പ്രകാരംകല്പിക്കാവുന്നതാണു".

ഇതു സാക്ഷ്യപ്പെടുത്തീട്ടില്ലാത്ത ചിത്രസഞ്ചികകൾ ഉൾപ്പെടത്തക്കവണ്ണം വിശാലമാകുന്നു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ) :എന്നാൽ ചിത്രസഞ്ചിക കോടതിയിൽ ഹാജരാക്കിയിരിക്കണം. ഈ ബില്ലനുസരിച്ചുള്ള വിചാരണയ്ക്കു അതു ഹാജരാക്കണമെന്നില്ല. ആവശ്യമില്ലാത്തതുകൊണ്ടു കോടതിയിൽ ഹാജരാക്കിയിട്ടില്ലാത്ത ചിത്രസഞ്ചികയുടെ കാര്യത്തിൽ കോടതി എന്താണു ചെയ്യുക? ക്രിമിനൽ നടപടിനിയമത്തിൽ ഒരു വ്യവസ്ഥയുള്ളതുകൊണ്ടു ഈ വകുപ്പിനു എന്താണു വിരോധം? അദ്ദേഹത്തിന്റെ വിരോധം വ്യവസ്ഥ ആവർത്തിച്ചുപോയി എന്നുള്ള സാങ്കേതിക വിരോധമാണ്. ആ വിരോധം യഥാർത്ഥത്തിൽ ഒരു വിരോധം അല്ല. എന്നുമാത്രമല്ല ക്രിമിനൽ നടപടിനിയമത്തിലെ വ്യവസ്ഥയിൽ ഉൾപ്പെടാത്ത കേസുകൾ ഉണ്ടാകാം. സാക്ഷ്യപ്പെടുത്താത്ത ചിത്രസഞ്ചികകളെ സംബന്ധിച്ചു അവയെ കണ്ടുകെട്ടാൻ ഒരു വ്യവസ്ഥ വേണമെന്നു അനേകം ഉദ്യോഗസ്ഥന്മാർ അഭിപ്രായമുണ്ടെന്നാണു ഞാൻ വിചാരിച്ചത്.

മി: കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): ഇങ്ങനെ വിശാലമായ ഒരു കൃത്യസ്വാതന്ത്ര്യം മജിസ്ട്രേട്ടന്മാർക്ക അനുവദിക്കുന്നകാര്യത്തിൽ തങ്ങൾക്കു വിശ്വാസമില്ലെന്നു അനേകം ഉദ്യോഗസ്ഥമെമ്പർമാർ പ്രസ്താവിച്ചിരുന്നില്ലയോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അമ്പലപ്പുഴ): ആ പ്രസ്താവനപ്രകാരം പ്രവർത്തിക്കുകയാണെങ്കിൽ മജിസ്ട്രേട്ടന്മാർക്കു യാതൊരു അധികാരവും കൊടുക്കാൻ പാടില്ലെന്നാണു എനിക്കുതോന്നുന്നത്. പിഴയിടാൻ നാം അധികാരം കൊടുക്കുന്നു. പിഴമജിസ്ട്രേട്ടിന്റെ യുക്തംപോലെ ആയിരം രൂപാ വരെ ആകാം. അതിനു വിരോധം ആരും പറയുന്നില്ല. ഒരു രാത്രിയിലെ പ്രദർശനത്തിനു ലൈസൻസ് വാങ്ങിയില്ല എന്നുള്ളഒരു സാങ്കേതിക കുറ്റത്തിനു ഒരു മജിസ്ട്രേട്ടു പ്രദർശകനു കൂടിയതുകയായ ആയിരം രൂപാ പിഴയിട്ടുമെന്നു സങ്കല്പിക്കാമോ? ഒരു മജിസ്ട്രേട്ടിനെ വിശ്വസിക്കാൻ പാടില്ലെന്നു ഈ സഭയ്ക്കു അഭിപ്രായമുണ്ടെങ്കിൽ ബില്ലിലെ ഈ വ്യവസ്ഥപോലും എടുത്തുകളയേണ്ടതാണ്. അദ്ദേഹത്തെ വിശ്വസിക്കാം. അദ്ദേഹത്തിനു മേലധികാരികളും ഉണ്ട്. അങ്ങിനെയിരിക്കെ ചിത്രസഞ്ചികകളെ കണ്ടുകെട്ടുന്നകാര്യത്തിലും മജിസ്ട്രേട്ടിനു കുറെ കൃത്യസ്വാതന്ത്ര്യം അനുവദിച്ചുകൂടാത്തതെന്താണ്? ചിത്രസഞ്ചികയെ കുറെക്കാലം കൈവശത്തിൽ വെച്ചുപിന്നീടുണ്ടാകുന്ന സന്ദർഭാനുസരണം പ്രവർത്തിക്കണമെന്നു മിസ്റ്റർ എ. കെ. പിള്ള പറഞ്ഞ അഭിപ്രായം ആലോചനായോഗ്യം ആകുന്നു. എന്നാൽ അങ്ങനെയൊരു ഭേദഗതിപ്രമേയം സമർപ്പിതമാകുന്നില്ല. എന്നാൽ സഭ അനുവദിച്ചാൽ അങ്ങനെയൊരു ഭേദഗതിപ്രമേയം ബിൽമൂന്നാമതു ആലോചനക്കെടുക്കുന്നസമയം ഞാൻ ഹാജരാക്കിക്കൊള്ളാം. എന്നാൽ ഒരു ചിത്രസഞ്ചികയുടെ പ്രദർശനം ഭാവിയിൽ പല്ലപ്പോഴും ആക്ഷേപയോഗ്യമല്ലാതെ വന്നേക്കാമെന്നും അപ്പോൾ ഉടമസ്ഥനു മടക്കികൊടുക്കാമെന്നും ഉള്ള സംഗതി ഈ വ്യവസ്ഥ ബില്ലിൽ നിന്നും വിട്ടുകളയുന്നതിനു കാരണമല്ല.

മി: കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): മിസ്റ്റർ രാമൻ മേനോന്റെ ഭേദഗതിപ്രമേയത്തിൽ അടങ്ങിയിരിക്കുന്ന തത്വം സ്വീകരിക്കാൻ ലാ മെമ്പർ തെയ്യാറുണ്ടോ എന്നു പറയുമോ?

ഡിപ്യൂട്ടിപ്രെസിഡെന്റ്: ആ ഭേദഗതി പ്രായോഗികമല്ല. അതു സഭ സ്വീകരിക്കുമെന്നു എനിക്കുതോന്നുന്നില്ല.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): സർ, ഈ പ്രമേയം സഭയുടെ വോട്ടിനിടുമ്പോൾ പ്രമേയത്തെ ആക്ഷേപയോഗ്യമായ ചിത്രസഞ്ചികകളെ പ്രദർശിപ്പിക്കുന്നതിനെ സംബന്ധിച്ചു ഒന്നും വിരോധമുള്ള സ്ഥലത്തു ചിത്രസഞ്ചികകളുടെ പ്രദർശനം നടത്തുന്നതിനെ സംബന്ധിച്ചു ഒന്നും ഇങ്ങനെ രണ്ടായി ഭാഗിച്ചു പ്രത്യേകം പ്രത്യേകം വോട്ടിനിടണമെന്നു അപേക്ഷിക്കുന്നു.

ഡിപ്യൂട്ടിപ്രെസിഡെന്റ്: അങ്ങനെ ചെയ്യാൻ പാടുണ്ടെന്നു തോന്നുന്നില്ല. പ്രമേയം സഭ സ്വീകരിക്കുമെങ്കിൽ ബില്ലിന്റെ മൂന്നാമത്തെ വായനസമയം ഒരു ഭേദഗതി പ്രമേയം നിങ്ങൾ ഹാജരാക്കുകയാണ് ഉത്തമം.

മി: കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): ഭേദഗതി പ്രമേയത്തിൽ അടങ്ങിയിരിക്കുന്ന തത്വം സ്വീകരിപ്പാൻ ലാ മെമ്പർക്ക മനസ്സുണ്ടോ?

ഡിപ്യൂട്ടി പ്രെസിഡെന്റ്: ആ ചോദ്യത്തിനു യാതൊരു കാരണവുമില്ല.

ഭേദഗതിപ്രമേയം വോട്ടിട്ടാറെ സ്വീകരിക്കപ്പെട്ടു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ആളെണ്ണി വോട്ടെടുക്കണമെന്നു അപേക്ഷിക്കുന്നു.

ആളെണ്ണി വോട്ടെടുത്തതിൽ താഴെകാണിച്ച പ്രകാരം കണ്ടു.

അനുകൂലം ൨൮.

൧.	മിസ്റ്റർ.	കെ. ഐ. ജോസഫ്	൧൫.	മിസ്റ്റർ	എ. ജെ. ജോൺ
൨.	,,	എൻ. വി. ജോസഫ്	൧൬.	,,	ആർ. പത്മനാഭൻ
൩.	,,	സി. കേരളവർമ്മകോയിൽതമ്പുരാൻ	൧൭.	,,	ജി. പരമേശ്വരൻപിള്ള
൪.	,,	സി. പി. കൊച്ചുകുഞ്ഞുപിള്ള	൧൮.	,,	ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള
൫.	,,	എൻ. കുമാരൻ	൧൯.	,,	എസ്. പിറവിപ്പെരുമാൾപിള്ള
൬.	,,	ടി. കുമാരപിള്ള	൨൦.	,,	ജി. രാമൻമേനോൻ
൭.	,,	തയ്യിലുകണ്ടിത്തറോമ്മൻ	൨൧.	,,	കെ. ശിവരാമപ്പണിക്കർ
൮.	,,	എക്സ്. ജി. പൊപ്പെസ്	൨൨.	,,	എം. ശിവതാണുപിള്ള
൯.	,,	കെ. മാധവൻപിള്ള	൨൩.	,,	എസ്. സുബ്രഹ്മണ്യകരയാളർ
൧൦.	,,	കെ. സി. മാമ്മൻമാപ്പിള	൨൪.	,,	എം. സുബ്രഹ്മണ്യപിള്ള
൧൧.	,,	ടി. ജെ. മാത്യു	൨൫.	,,	സി. പി. തരകൻ
൧൨.	,,	ജി. നാരായണപിള്ള	൨൬.	,,	സി. പി. തോമസ്
൧൩.	,,	പി. കെ. നാരായണപിള്ള	൨൭.	,,	കെ. കെ. തോമസ്
൧൪.	,,	കെ. പി. നീലകണ്ഠപ്പിള്ള	൨൮.	,,	സി. എൻ. ഉപ്പൻനമ്പൂതിരി.

പ്രതികൂലം ൧൭.

൧.	മിസ്റ്റർ.	ഐ. സി. ചാക്കോ	൧൦.	മിസ്റ്റർ കയ്യാലം പരമേശ്വരൻപിള്ള	
൨.	,,	ആർ. ധനക്കോടിപ്പിള്ള	൧൧.	മിസ്സസ്. എം. പുന്നൻലൂക്കോസ്	
൩.	,,	കെ. ജോർജ്	൧൨.	മിസ്റ്റർ.	കെ. എൻ. രാമസുബ്ബയ്യർ
൪.	,,	എ. കെ. പിള്ള	൧൩.	,,	ജി. പി. രാമസുബ്ബയ്യർ
൫.	,,	ആർ. കെ. കൃഷ്ണപിള്ള	൧൪.	റാവുബഹദൂർ	കെ. വി. രംഗസ്വാമിഅയ്യങ്കാർ
൬.	,,	ആർ. കൃഷ്ണസ്വാമിഅയ്യർ	൧൫.	മിസ്റ്റർ.	എസ്സ്. സി. എച്ച്. റോബിൻസൺ
൭.	ഡോക്ടർ.	എൻ. കുഞ്ഞൻപിള്ള	൧൬.	,,	വി. എസ്സ്. സുബ്രഹ്മണ്യഅയ്യർ
൮.	മിസ്റ്റർ.	കെ. പി. നടേശഅയ്യർ	൧൭.	,,	എ. ജെ. വാൻറോസ്സ്
൯.	,,	എം. എൻ. പിള്ള			

നിഷ്പക്ഷം ൧.

മി: പാറംധാനിയേൽ:

ഭേദഗതി പ്രമേയം സ്വീകരിച്ചതായി പ്രഖ്യാപനം ചെയ്യപ്പെട്ടു.

ഡിപ്യൂട്ടിപ്രെസിഡെൻറ്: അടുത്തുള്ള രണ്ടു ഭേദഗതി പ്രമേയങ്ങളും ആവശ്യമില്ലാത്തതായി തീർന്നിരിക്കുന്നു. ഭേദപ്പെടുത്തിയ പ്രകാരം ൩-ാം വകുപ്പു ബില്ലിനോടു ചേർക്കണമോ എന്നാണ് ചോദ്യം.

പ്രമേയം സ്വീകരിക്കയും ൩-ാം വകുപ്പു ഭേദപ്പെടുത്തിയപ്രകാരം ബില്ലിൻെറ ഒരു ഭാഗമായി ചേർക്കയും ചെയ്തു.

താഴെ കാണുന്ന ഭേദഗതി പ്രമേയങ്ങളുടെ വിഷയം ഇതു തന്നെ ആയിരുന്നതിനാൽ ഹാജരാക്കിയില്ല.

മി: കെ. മാധവൻപിള്ള

ഉപവകുപ്പു (൨): ഈ ഉപവകുപ്പു വിട്ടുകളയണം.

മി: ജി. രാമൻമേനോൻ:

ഉപവകുപ്പു (൨): വരി ൩-ചിത്രസഞ്ചിക എന്ന പദത്തിനു ശേഷം "അസഭ്യമോ, രാജദ്രോഹമോ, പ്രശ്നം ആപൽകരമോ ആയി കണ്ടാൽ" എന്നവാക്കുകൾ ചേർക്കണം.

വകുപ്പ് ൭.

മി: എസ്സ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, ഒകെ): സർ, താഴെ പറയുന്ന ഭേദഗതി പ്രമേയം ഞാൻ ഹാജരാക്കിക്കൊള്ളുന്നു.

ഒന്നാം ഉപവകുപ്പിൽ മൂന്നാമത്തെ വരിയിൽ "ഉദ്യോഗസ്ഥന്മാർ" എന്ന വാക്കുകൾക്കു പകരം "ഭൂരിപക്ഷം അനുദ്യോഗസ്ഥന്മാർ അടങ്ങിയ" എന്ന വാക്കുകൾ ചേർക്കണം.

ഭേദപ്പെടുത്തിയപ്രകാരം വകുപ്പു ഇപ്രകാരം ആയിരിക്കും.

"ചിത്രസഞ്ചികകൾ പരിശോധിച്ചു പരസ്യമായി പ്രദർശിപ്പിക്കത്തക്കവയെന്നു സാക്ഷ്യപ്പെടുത്തുന്നതിനു സർക്കാർ ഗസററിൽ പരസ്യം മൂലം ഗവണ്മെൻറിനു ഭൂരിപക്ഷം അനുദ്യോഗസ്ഥന്മാർ അടങ്ങിയ ഒരു ബോർഡു നിയമിക്കാവുന്നതാകുന്നു. അപ്രകാരമുള്ള ഏതെങ്കിലും ബോർഡിൻെറ സാക്ഷ്യപത്രം അതിൽ വിവരിച്ചിരിക്കുന്നപ്രദേശത്തു സാധുവായിരിക്കുന്നതാണ്"

സർ, ഞാൻ ഈ ഭേദഗതിപ്രമേയം ഹാജരാക്കുന്നതു ഈബിൽ ജനങ്ങളുടെ സ്വാതന്ത്ര്യത്തെ സങ്കോചിപ്പിച്ചുകളയുന്നുഎന്നു വിചാരിക്കുന്നതുകൊണ്ടാണു. പ്രദർശിപ്പിക്കാൻ ലൈസൻസ് വാങ്ങാതെ ആരും ഒരു ചലനചിത്രപ്രദർശനം നടത്തരുതെന്നാണു ഈ ബില്ലിൻെറ ഉദ്ദേശം. ഈ ഉപവകുപ്പിൽ ഉപയോഗിച്ചിട്ടുള്ള "പ്രദർശിപ്പിക്കത്തക്കവ" എന്നപദത്തിനു ബില്ലിൽ ഒരിടത്തും ഒരു വ്യാഖ്യാനം കൊടുത്തിട്ടില്ല. പ്രദർശിപ്പിക്കത്തക്കവ എന്നു ഒരാൾക്കുതോന്നുന്നതു പ്രദർശിപ്പിക്കത്തക്കവയല്ലെന്നു വേറൊരാൾക്കു തോന്നാം. അതുകൊണ്ടു ഈ കാര്യത്തിൽ വളരെ ചാപല്യം കാണിക്കപ്പെടുന്നതിനിടയുണ്ടെന്നു ഞാൻ ശങ്കിക്കുന്നു ബോർഡിൽ ഒരു അനുദ്യോഗസ്ഥ ഭൂരിപക്ഷം ഉണ്ടായിരിക്കുന്നതു ആധുനികാഭിപ്രായങ്ങൾക്കു അനുസരണവും ബോർഡിൻെറ തീർച്ചകൾ തൃപ്തിപ്പെടുന്നതും ആകുന്നു. ഇക്കാരണങ്ങളാൽ എൻെറ ഭേദഗതിപ്രമേയം ഹാജരാക്കിക്കൊള്ളുന്നു.

മി: സി. പി. ചെറിയാൻകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഞാൻ പ്രമേയത്തെ അനുകൂലിക്കുന്നു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): ഞാൻ പ്രമേയത്തെ പ്രതികൂലിക്കുന്നു. ബോർഡിൽ അനുദ്യോഗസ്ഥന്മാരും ഉദ്യോഗസ്ഥന്മാരും ഉണ്ടായിരിക്കണമെന്നു വകുപ്പിൽ ഇപ്പോൾതന്നെ വ്യവസ്ഥചെയ്തിട്ടുണ്ട്. ആവശ്യമെന്നു തോന്നുന്നപക്ഷം ഗവണ്മെൻറിനുതന്നെ ഒരു അനുദ്യോഗസ്ഥ ഭൂരിപക്ഷത്തെ നിയമിക്കാവുന്നതാണ്. അതുമതിയെന്നാണ് ഞാൻവിചാരിക്കുന്നതു.

ഡിപ്യൂട്ടിപ്രെസിഡെൻറ: ഈകാര്യം ഗവണ്മെൻറ യുക്തംപോലെചെയ്യുന്നതിനു വിട്ടുകൊടുക്കാൻ അദ്ദേഹത്തിനു മനസ്സില്ല.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ). അതു ഞാൻ ഗ്രഹിച്ചു. ഇതു ആർക്കെങ്കിലും വല്ല രാഷ്ട്രീയഅവകാശങ്ങളും കൊടുക്കുന്നതുപോലെയുള്ള ഒരുകാര്യമല്ല. ഗവണ്മെൻറിൻെറയും ഉദ്യോഗസ്ഥന്മാരുടെയും ഗുണവിചാരം അന്യോന്യം വിരുദ്ധമായിരുന്നെന്നു ഭയപ്പെടാൻ സംഗതിയില്ല. നമുക്കു വേണ്ടതു വൈദഗ്ദ്ധ്യവും ഒരു ചിത്രസഞ്ചികയെ പരിശോധിച്ചു പ്രദർശിപ്പിക്കത്തക്കതാഎന്നു സാക്ഷ്യപ്പെടുത്തുന്നതിൽ പരിചയവും ആകുന്നു. ഇക്കാര്യത്തിൽ അഭിപ്രായവ്യത്യാസംവരാൻ കാരണമൊന്നും ഞാൻ കാണുന്നില്ല. ബോർഡിൽ സാമാജികനായിരിക്കുന്നതിനു വേണ്ടിയ യോഗ്യത ചിത്രസഞ്ചിക പ്രദർശിപ്പിക്കത്തക്കതോ അല്ലയോഎന്നു തീർച്ചചെയ്യാൻ പരിചയവും അറിവുംമാത്രമാണ്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഒരു ചിത്രസഞ്ചിക അസഭ്യമോ എന്നു തീർച്ചയാക്കാൻ വൈദഗ്ദ്ധ്യം വേണമോഎന്നു പറയുമോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർവക്കീൽ): അതു ബോർഡിന്റെ ജോലികളിൽ ഒന്നുമാത്രമാകുന്നു. പരിചയംകൊണ്ടുമാത്രം നിർവഹിക്കാവുന്ന വേറെജോലികളും ഉണ്ട്. ഇൻഡ്യയിൽ ചിത്രസഞ്ചികകളുടെ ഗുണദോഷപരിശോധന അതൃപ്തികരമായിരിക്കുന്നതു ഇൻഡ്യയിൽ ആജോലിചെയ്യുന്നതു ഇംഗ്ലണ്ടിലെപ്പോലെ പരിചയമുള്ളവരല്ലാത്തതിനാലാണെന്നു വിക്കൻറർട്ടൻ പ്രഭു കാമൺസ് സഭയിൽ പറഞ്ഞ മറുപടി ഞാൻ ഈ സഭയുടെ ഓർമ്മയിൽ കൊണ്ടുവന്നുകൊള്ളുന്നു. അതുകൊണ്ടു ഉദ്യോഗസ്ഥന്മാരോ അനുദ്യോഗസ്ഥന്മാരോ എന്നുള്ള വാദമില്ല. അറിവും പരിചയവുമുള്ളവർ, ഒരു ചിത്രസഞ്ചിക പ്രദർശിപ്പിക്കത്തക്കതോ അല്ലയോ എന്നു തീർച്ചയാക്കാൻ കഴിവുള്ളവർ ആരാണുള്ളതു എന്നാണു ചോദ്യം.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഗവർമെൻറ സർവീസിൽ വേണ്ടപോലെ വിദഗ്ദ്ധന്മാർ ഉണ്ടോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർവക്കീൽ): ഉണ്ടെന്നോ ഇല്ലെന്നോ ഞാൻ പറയുന്നില്ല. ഉദ്യോഗസ്ഥന്മാരിൽനിന്നാകട്ടെ അനുദ്യോഗസ്ഥന്മാരിൽനിന്നാകട്ടെ യോഗ്യന്മാരെ തിരഞ്ഞെടുക്കുന്ന കാര്യം ഗവണ്മെൻറിനു വിട്ടുകൊടുക്കേണ്ടതാണ്.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): നിയമം ഉണ്ടാക്കുമ്പോൾ ഒരുകാര്യം യുക്തംപോലെ ചെയ്വാൻ അനുവദിക്കുന്നതു എന്തിനു? കാര്യം സ്പഷ്ടമാക്കുന്നതിന്നെന്താ വിരോധം?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): ഉദ്യോഗസ്ഥന്മാർ ബോർഡ് സാമാജികന്മാരാകുമ്പോൾ അവർ സാധാരണ പൌരന്മാരുടെ നിലയിലാണു ഒരു ചിത്രസഞ്ചികപ്രദർശിപ്പിക്കത്തക്കതോ അല്ലയോ എന്നു തീർച്ചചെയ്യുന്നതു. അനുദ്യോഗസ്ഥന്മാർ എന്നപദം ചേർത്തതുതന്നെ സിലക്ട്കമ്മിററിയിൽ ചില മെമ്പർമാരുടെ അഭിപ്രായപ്രകാരമാണ്.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ബോർഡ് ഗവണ്മെൻറിന്റെ അധികാരത്തിൻ കീഴല്ലയോ?

ഡിപ്യൂട്ടിപ്രസിഡെൻറ. എന്തധികാരം?

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): ബോർഡിന്റെ വാദപ്രതിവാദങ്ങളിൽ രാഷ്ട്രീയവിഷയങ്ങൾക്കു പ്രവേശനം ഉണ്ടാകാതിരിക്കാൻ ഇടയില്ല.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർവക്കീൽ): അസംഭവ്യമല്ലെങ്കിലും അതിനിടയില്ല. സംഭവ്യകാര്യങ്ങൾക്കെല്ലാം നിയമം ഉണ്ടാക്കാൻ പാടുള്ളു. അനുദ്യോഗസ്ഥഭൂരിപക്ഷം വേണമെന്നുള്ള വാദത്തിനു ഇടംകൊടുത്താൽ ബോർഡിന്റെ സ്ഥാപനത്തിൽ സാമുദായിക പ്രാതിനിധ്യവും വേണമെന്നും വാദം ഉണ്ടാകാം. ബോർഡിനെ അങ്ങനെ രൂപീകരിക്കാൻ കഴിയുന്നതല്ല.

മി: കെ. കെ. തോമസ് (കോട്ടയം): ഉദ്യോഗസ്ഥൻ കമ്മിററിയുടെ ജോലിനിർവഹിക്കുന്നതു ഒരു സാധാരണ പൌരന്റെ നിലയിലാണെന്നു ലാമെമ്പർ പറഞ്ഞതു് എല്ലാ കമ്മിററികൾക്കും സംബന്ധിക്കുന്നതാണോ എന്നു പറയുമോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): സൂത്രലംഘനങ്ങൾ ഉണ്ടാകാം.

മി: സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ബോർഡിൽ ഭൂരിപക്ഷം ഉദ്യോഗസ്ഥന്മാരായിരിക്കണമെന്നാണോ ഗവണ്മെൻറിന്റെ ഉദ്ദേശം?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): ഗവണ്മെൻറ അങ്ങനെ ഒരു നിശ്ചയം ഉണ്ടാക്കിട്ടില്ല. കാര്യക്ഷമതയുള്ള ഒരു കമ്മിററി വേണമെന്നാണുള്ളതു്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അനുദ്യോഗസ്ഥമെമ്പർമാർ മാത്രമുള്ള ഒരു ബോർഡു ഉണ്ടാക്കുന്നതിൻ ലാമെമ്പർക്കു വിരോധം ഉണ്ടോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): ബില്ലിൽ ഇപ്പോഴുള്ള വ്യവസ്ഥപ്രകാരം ഉദ്യോഗസ്ഥന്മാരും അനുദ്യോഗസ്ഥന്മാരും ഉണ്ടായിരിക്കണമെന്നുള്ളതേ അതിനു വിരോധമുള്ളു.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): ലൈസൻസുകൊടുക്കുന്ന ബോർഡിനു തിരുവിതാംകൂർ മുഴുക്കെ അധികാരം ഉണ്ടായിരിക്കുമെന്നു വിചാരിക്കുന്നു. അങ്ങനെയായാൽ അധികം അനുദ്യോഗസ്ഥവിദഗ്ദ്ധന്മാരെ കിട്ടുന്നതിനു പ്രയാസം എന്താണ്?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): ഗവണ്മെൻറിന്റെ അധികാരത്തിനു തടസ്സം ഉണ്ടാക്കരുതെന്നു മാത്രമേ എനിക്കു പറവാനുള്ളു. മദ്രാസ്സിലെ ബോർഡിലെ അഞ്ചുസാമാജികന്മാരിൽ മൂന്നു അനുദ്യോഗസ്ഥന്മാരായിരുന്നു.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): അതൊരു പ്രമാണമായി എടുക്കാഞ്ഞതു എന്തുകൊണ്ടാണ്?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): ഗവണ്മെൻറ കഴിവുള്ളേടത്തോളം അനുദ്യോഗസ്ഥന്മാരെ നിയമിക്കും. എന്നാലും അവരുടെ കൃത്യസ്വാതന്ത്ര്യത്തിനു ഭംഗം വരുത്താൻപാടില്ല. ഇതാണ എന്റെ വാദം.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): നിയമനിർമ്മാണത്തിൽ ഇങ്ങനെ പ്രവർത്തിക്കുന്നതിനാൽ അനുദ്യോഗസ്ഥാഭിപ്രായം ലഭിക്കുന്നതിനുള്ള അവസരം ഇല്ലായ്മചെയ്യുകയല്ലയോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): അതെങ്ങിനെയാണ്? അല്ല

മി: എസ്. പിരപ്പിൻകോട്ടുരാമൻപിള്ള (വ്യാപാരവും വ്യവസായവും, തെക്കു): സർ, ലാമെമ്പറിന്റെ വാദങ്ങൾ എന്നെ ബോദ്ധ്യപ്പെടുത്തിട്ടില്ലെങ്കിലും സഭയുടെ ഒരു ഭാഗത്തുള്ളവർക്കു ഒരു ഭേദഗതിപ്രമേയത്തിൽ താല്പര്യം കാണാത്തതിനാൽ ഞാൻ പ്രമേയത്തെ പിൻവലിച്ചുകൊള്ളുന്നു.

മി: സി. പി. തരകൻ (കുന്നത്തുനാടു): പിൻവലിക്കുന്നതിൻ ഞാൻ വിരോധം പറയുന്നു.

പിൻവലിക്കാനുള്ള പ്രമേയം വോട്ടുചെയ്തതിൽ അനുവദിക്കപ്പെട്ടു.

മി: ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): താഴെപ്പറയുന്ന ഭേദഗതിപ്രമേയം ഞാൻ ഹാജരാക്കുന്നു.

ഒന്നാം ഉപവകുപ്പിന്റെശേഷം താഴെ കാണിച്ചിരിക്കുന്ന ഉപവകുപ്പു ചേർക്കയും ശേഷം ഉപവകുപ്പുകൾക്കു പുതിയ നമ്പർ കൊടുക്കയും വേണം.

(എ) ഒരു ചിത്രസഞ്ചിക പ്രദർശിപ്പിക്കുന്നതിനു ആഗ്രഹിക്കുന്ന യാതൊരാൾക്കും ആ ചിത്രസഞ്ചിക ഉണ്ടാക്കി പരിശോധനയ്ക്കു ഹാജരാക്കുന്നതിനുമുമ്പായി, ആ ചിത്രസഞ്ചികകൊണ്ടു പ്രദർശിപ്പിക്കാൻ ഉദ്ദേശിച്ചിരിക്കുന്ന ചിത്രങ്ങളെ ബോർഡിന്റെ മുമ്പാകെ ഹാജരാക്കാവുന്നതും ആ ചിത്രങ്ങളെ ബോർഡ് സാക്ഷ്യപ്പെടുത്തിയാൽ പിന്നീടു ആ ചിത്രങ്ങളെ സഞ്ചികയാക്കി ഹാജരാക്കുമ്പോൾ ആ സഞ്ചികകൊണ്ടു പ്രദർശിപ്പിക്കുന്ന ചിത്രങ്ങൾ ആദ്യം സാക്ഷ്യപ്പെടുത്തിയ ചിത്രങ്ങളിൽനിന്നു കാര്യമായവിധത്തിൽ വ്യത്യസ്തപ്പെട്ടിരിക്കയോ സഞ്ചിക ഉണ്ടാക്കാൻ ഉപയോഗിച്ചിട്ടുള്ള സാധനസാമഗ്രികൾ ആപൽക്കരമായി ഇരിക്കയോ ചെയ്യാത്തപക്ഷം ബോർഡ് ആ സഞ്ചികയെ സാക്ഷ്യപ്പെടുത്തേണ്ടതും ആകുന്നു.

ഒരു ചിത്രസഞ്ചിക ഉണ്ടാക്കുന്നതു പലപ്പോഴും വളരെ ചെലവുള്ള ഒരു കാര്യമാണെന്നു ഇവിടെ പ്രസ്താവനയിൽ വന്നിട്ടുണ്ട്. സഞ്ചികയുടെ ചെലവു ൫൦,൦൦൦ രൂപാവരെയും വരാം. അതുകൊണ്ടു ഈ ജോലിയിൽ ഏർപ്പെട്ടിരിക്കുന്നവരുടെ രക്ഷയ്ക്കുവേണ്ടിയാണു ഈ ഭേദഗതിപ്രമേയം ഹാജരാക്കീട്ടുള്ളതു്. ലൈസൻസു കൊടുക്കേണ്ടുന്ന അധികാരസ്ഥന്മാരുടെ മുമ്പാകെ ചിത്രങ്ങളുടെ മുൻപകർപ്പുകൾ ഹാജരാക്കാൻ കഴിയുമായിരിക്കും. ചിത്രങ്ങളുടെ പകർപ്പുകൾ എന്നു ഞാൻ പറഞ്ഞതിന്റെ അർത്ഥം ചായമിട്ട ചിത്രങ്ങൾ എന്നല്ല. എന്നാൽ ചിത്രങ്ങളുടെ സ്വഭാവം കാണിക്കുന്നതിനുള്ള രൂപങ്ങളാണ്. ആ ചിത്രങ്ങളുടെ രൂപങ്ങളും ബോർഡു സ്വീകരിച്ചാൽ ചിത്രസഞ്ചികകളെയും സ്വീകരിക്കുന്നതിനു അവർ നിർബന്ധിതരായിരിക്കേണം.

ഡിപ്പ്യൂട്ടിപ്രസിഡൻറ്: ചിത്രസഞ്ചികകൾ തിരുവിതാംകൂറിൽ ഉണ്ടാക്കുന്നുണ്ടോ?

മി: ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): എനിക്കു അറിവില്ല. അക്കാര്യത്തിൽ ഞാൻ വിദഗ്ദ്ധനല്ല. തിരുവിതാംകൂറിലും ചിത്രസഞ്ചികകൾ ഉണ്ടാക്കുന്നുണ്ടെന്നു കേട്ടിട്ടുണ്ട്.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): ചിത്രസഞ്ചികകൾ ഉണ്ടാക്കുന്നതു പടങ്ങളിൽനിന്നാണോ?

മി: ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): പടങ്ങളിൽനിന്നാണെന്നു കൃത്യമായി പറവാൻ പാടില്ല. എന്നാൽ പടങ്ങൾ അനുസരിച്ചാണു ഉണ്ടാക്കുന്നതു; അങ്ങനെയാണു എനിക്കു മനസ്സിലായിട്ടുള്ളതു്. ഒരു ചിത്രസഞ്ചികയുടെ നിർമ്മാണത്തിനായി ഫോട്ടോ (ഛായാപടം) എടുക്കുന്നതിൽ കാളീയമർദ്ദനം കാണിക്കുന്നതിനു ഒരു മാനേജർ തന്റെ നാലഞ്ചുവയസ്സുപ്രായമുള്ള തന്റെ പുത്രിയെ ഉപയോഗിച്ചതായി കേട്ടിട്ടുണ്ട്. അതിനാലുണ്ടായ മനഃക്ഷോഭംനിമിത്തം ഏതാണ്ടു പത്തുദിവസംകഴിഞ്ഞപ്പോൾ ആ പെൺകുട്ടി മരിച്ചുപോയത്രെ. അതുകൊണ്ടു ഒരു ചിത്രസഞ്ചിക ഉണ്ടാക്കുന്നതിനു എത്ര ചെലവും എത്ര ബുദ്ധിമുട്ടും സങ്കടവും ഉണ്ടാകാമെന്നു കാണാവുന്നതാണ്. ചിത്രസഞ്ചികയുടെ മുൻപടങ്ങൾ ഹാജരാക്കുന്നതിനു ഉടമസ്ഥനു അനുവാദമുണ്ടായിരിക്കണം. ചിത്രസഞ്ചികകൾ ഉണ്ടാക്കി ഹാജരാക്കുമ്പോൾ ബോർഡിനു ലൈസൻസുകൊടുക്കയില്ലെന്നു പറവാൻ സ്വാതന്ത്ര്യം ഉണ്ടായിരിക്കരുത്. ഛായാപടങ്ങൾ എടുത്തതിൽ ഒരുത്തന്റെ പുത്രി നഷ്ടപ്പെട്ടുപോയ ഉദാഹരണത്തിൽനിന്നു തിരുവിതാംകൂറിൽതന്നെയും ചിത്രസഞ്ചികകൾ ഉണ്ടാക്കാൻ ഏതാണ്ടൊക്കെ ചെയ്തുവരുന്നുണ്ടെന്നു നമുക്കു ഏവർക്കും ഗ്രഹിക്കാം. ബോർഡു ചിത്രസഞ്ചിക സ്വീകരിക്കുമോ ഇല്ലയോ എന്നു ഉടമസ്ഥൻ മുൻകൂട്ടി അറിഞ്ഞിരുന്നാൽ അവനു ഏകദേശം പതിനായിരംരൂപാ നഷ്ടംവരാതെ കഴിക്കാൻ കഴിയും. ചലനചിത്രപ്രദർശകന്മാർക്കു അനാവശ്യനഷ്ടം വരാതെയിരിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി ഞാൻ ഈ ഭേദഗതി പ്രമേയത്തെ ഹാജരാക്കിക്കൊള്ളുന്നു.

ഡിപ്പ്യൂട്ടിപ്രസിഡൻറ്: ഈ പ്രമേയത്തെ പിൻതാങ്ങാൻ ആരുമില്ല. അതുകൊണ്ടു പ്രമേയം തള്ളപ്പെട്ടുപോകുന്നു.

മി: എസ്. പിറവിപെരുമാൾപിള്ള (വ്യാപാരവും വ്യവസായവും തെക്ക്): സർ, ഞാൻ താഴെ കാണിച്ച ഭേദഗതി പ്രമേയം ഹാജരാക്കുന്നു.

രണ്ടാം ഉപവകുപ്പു ഒന്നാംവരിയിൽ "ഒരു ചിത്രസഞ്ചിക പരസ്യമായി പ്രദർശിപ്പിക്കത്തക്കതെന്നു" എന്ന പദങ്ങൾക്കുപകരം "ഒരു ചിത്രസഞ്ചികയുടെ പ്രദർശനം തിരുവിതാംകൂർ ശിക്ഷാനിയമപ്രകാരം ശിക്ഷിക്കത്തക്കതല്ലെന്നു" എന്ന പദങ്ങൾ ചേർക്കണം.

സർ, കാര്യകാരണവിവരണത്തിൽ ഈ ബില്ലിന്റെ ഉദ്ദേശം അസഭ്യമോ ആക്ഷേപയോഗ്യമോ ആയ ചിത്രസഞ്ചികകളുടെ പ്രദർശനം തടുക്കുകയാണെന്നു പറഞ്ഞിരിക്കുന്നു. എന്നാൽ റെഗുലേഷന്റെ നടത്തിപ്പിനു ഏതാണു അസഭ്യമോ ആക്ഷേപയോഗ്യമോ എന്നു കാണിപ്പാൻ ബില്ലിൽ ഒന്നുമില്ല. ബില്ലിന്റെ ഇപ്പോഴത്തെ നിലയിൽ അധികാരസ്ഥന്മാർക്കു ചിത്രസഞ്ചികകളുടെ പരിശോധനയിൽ തോന്നിയതുപോലെ പ്രവർത്തിക്കുന്നതിനു എഴുതാത്ത ഒരു ചെക്കു കൊടുക്കുന്നതിനു സമമാകുന്നു. അതിനാലാണു ഈ ഭേദഗതിപ്രമേയം കൊണ്ടുവന്നിട്ടുള്ളതു്. ബോർഡ് അനുസരിക്കേണ്ട പ്രമാണം എന്തായിരിക്കണമെന്നു ഒരുവിശാലമായ വിധത്തിൽ ക്ലിപ്തിച്ചിരിക്കുന്നു. ചിത്രസഞ്ചികയുടെ പ്രദർശനം ശിക്ഷാനിയമപ്രകാരം ഒരു കുറ്റമാണെന്നു വരാത്തപക്ഷം അതിന്റെ പ്രദർശനം ബോർഡ് വിരോധിക്കരുത്. മതത്തെ സംബന്ധിച്ചും രാജാവിനെ സംബന്ധിച്ചും സമുദായങ്ങളെ സംബന്ധിച്ചും ഉള്ള കുറ്റങ്ങളെല്ലാം ശിക്ഷാനിയമത്തിൽ വിവരിച്ചിട്ടുണ്ട്. യാതൊരു തടസ്സവുംകൂടാതെ തങ്ങളുടെ മുൻവിധിപ്രകാരവും പക്ഷംപിടിച്ചു തന്നിഷ്ടപ്രകാരവും പ്രവർത്തിപ്പാൻ ബോർഡിനെ അനുവദിക്കരുത്. എല്ലാവർക്കും അറിയാവുന്ന പ്രമാണങ്ങൾ അനുസരിച്ചുവേണം ബോർഡു പ്രവർത്തിക്കുന്നതു്. അല്ലാത്തപക്ഷം ബോർഡിനു രസിക്കാത്ത ചിത്രസഞ്ചികകളെ നിരസിച്ചു ഈ ബിൽ സങ്കടകാരണമായിതീരാൻ ഇടയുണ്ട്. ഞാൻ ഒരു ഉദാഹരണം പറയാം. മുമ്പൊരിക്കൽ ഒരു കറുത്തകാപ്പിരി വെളുത്ത ജോൺസനെ ഗുസ്തിയിൽ തോല്പിക്കുന്നതായി കാണിച്ച ഒരു ചിത്രത്തിന്റെ പ്രദർശനം വിരോധിക്കയുണ്ടായത്രെ. മററു ചിലരുടെ ധീരത

യെ പരസ്യമാക്കുന്ന ചിത്രസഞ്ചികകളുടെ പ്രദർശനം ധാരാളമായി അനുവദിക്കുമ്പോൾ കുറെ കാപ്പിരിയുടെ ധീരത കാണിക്കുന്ന ചിത്രസഞ്ചികയെ വിരോധിച്ചതു അനീതിയാണ്. ഇതിലും മററു ദൃഷ്ടാന്തങ്ങളിലും കാണുന്നപ്രകാരം നിസ്സാരകാരണങ്ങളാൽ ചിത്രസഞ്ചികകളെ വിരോധിക്കാൻ ഇട വരുത്തരുതെന്നുവെച്ചാണു ഈ ഭേദഗതിപ്രമേയം കൊണ്ടുവന്നിട്ടുള്ളതു്. ഞാൻ പറയുന്ന ഭേദഗതികൊണ്ടു എന്തെല്ലാമാണു അവശ്യവും കൊള്ളരുതാത്തതുമെന്നു സ്പഷ്ടമാകും.

ഈ വാക്കുകളോടുകൂടെ എൻെറ പ്രമേയത്തെ സഭയുടെ സ്വീകരണത്തിനായി ഹാജരാക്കുന്നു.

മി: എം. ശിവതാണുപിള്ള (തോവാള): ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർ വക്കീൽ): ഞാൻ പ്രതികൂലിക്കുന്നു. ഭേദഗതി വരുത്തിയാൽ ഈ നിയമംകൊണ്ടു നിരോധിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള ആക്ഷേപയോഗ്യമായ ചിത്രസഞ്ചികകളെല്ലാം ഉൾപ്പെടുകയില്ല. നിരോധിക്കാൻ വിചാരിക്കുന്ന കുററങ്ങൾ ശിക്ഷാനിയമപ്രകാരം ശിക്ഷിക്കാവുന്ന കുററങ്ങൾ മാത്രമായാൽ ഇങ്ങനെയൊരു പ്രത്യേകനിയമം ഉണ്ടാക്കീട്ടാവശ്യം ഇല്ല. ഞാൻ ആരംഭത്തിൽ തന്നെ വിവരിച്ച പ്രകാരം അയോഗ്യമായ ചിത്രസഞ്ചികകളുടെ പ്രദർശനം നിരോധിക്കയാണ് ഈ പ്രത്യേകനിയമത്തിൻെറ ഉദ്ദേശം. ഈ നിയമംകൊണ്ടു ശിക്ഷായോഗ്യമാക്കാൻ വിചാരിച്ചിട്ടുള്ള എല്ലാ കുററങ്ങളും ശിക്ഷാനിയമപ്രകാരം ശിക്ഷിക്കാവുന്ന കുററങ്ങളായിരിക്കണമെന്നില്ല. അങ്ങനെ അല്ലതാനും. ശിക്ഷാനിയമപ്രകാരം മററേതെങ്കിലും നിയമപ്രകാരമോ ശിക്ഷായോഗ്യമല്ലാത്തതും എങ്കിലും പ്രദർശിപ്പിക്കാൻ അയോഗ്യവും ആയ പലതരം ചിത്രസഞ്ചികകളെ നമുക്കു എളുപ്പത്തിൽ സങ്കല്പിപ്പാൻ കഴിയും. യുവാക്കന്മാരുടെ സന്മാർഗ്ഗത്തെ ദുഷിപ്പിക്കുന്നതോ ഒരു സമുദായത്തിൻെറ മതത്തിനു വിരുദ്ധമായതോ, കുററങ്ങൾ ചെയ്യുവാൻ പ്രേരിപ്പിക്കുന്നതോ, കവർച്ചയോ കലശലോ കൊലയോ ചെയ്യുന്നതിനു നല്ല പ്രത്യേകമാതിരിയും കാണിക്കുന്നതോ ആയ ചിത്രസഞ്ചികകൾ പ്രദർശിപ്പിക്കത്തക്കവയല്ലായിരിക്കാം എങ്കിലും അവയുടെ പ്രദർശനം ശിക്ഷാനിയമപ്രകാരം ശിക്ഷിക്കാവുന്നതല്ല. നാം നിർമ്മിക്കുന്ന ബോർഡിൽ അനുദ്യോഗസ്ഥപ്രാതിനിധ്യം ധാരാളം ഉണ്ടാകും. ഒരു ചിത്രസഞ്ചിക പ്രദർശിപ്പിക്കത്തക്കതോ അല്ലയോ എന്നു അവർക്കു പറവാൻ കഴിയും. ശിക്ഷാനിയമപ്രകാരം പ്രദർശനത്തിനു ശിക്ഷിക്കാവുന്ന ചിത്രസഞ്ചികകളെ മാത്രമേ നിരോധിക്കേണ്ടതുള്ളു എന്നു നാം പറഞ്ഞാൽ നാം ബോർഡിൻെറ കൃത്യസ്വാതന്ത്ര്യത്തെ സങ്കോചിപ്പിക്കയും ഈ നിയമത്തിൻെറ ഉദ്ദേശത്തിനു വിപരീതമായി പ്രവർത്തിക്കയും ആയിരിക്കും. ഭയപ്പെടാൻ യാതൊരു കാരണവുമില്ല. ബോർഡിൽ അനുദ്യോഗസ്ഥസാമാജികന്മാർ ഉണ്ടാകും, അവരായിരിക്കും ചിത്രസഞ്ചികകൾ പ്രദർശിപ്പിക്കത്തക്കവയോ അല്ലയോ എന്നു തീർച്ചയാക്കുന്നതു. അതുകൊണ്ടു ഈ ഭേദഗതി പ്രമേയം സ്വീകരിക്കാൻ പാടില്ലെന്നു ഞാൻ വിചാരിക്കുന്നു. ഇൻഡ്യയിൽ മററു പ്രദേശങ്ങളിലെ നിയമങ്ങളിലും ഇങ്ങനെയാണ് പദങ്ങൾ പ്രയോഗിച്ചിട്ടുള്ളതെന്നു അറിവാൻ ഈ സഭയ്ക്കു താല്പര്യം ഉണ്ടായിരിക്കുമെന്നു വിചാരിക്കുന്നു.

മി: എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും തെക്ക്): ഭേദഗതിപ്രമേയം ഞാൻ പിൻവലിക്കുന്നു.

പ്രമേയം സഭയുടെ അനുവാദപ്രകാരം പിൻവലിച്ചു.

മി: എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും തെക്ക്): സർ, താഴെപറയുന്ന ഭേദഗതിപ്രമേയം ഞാൻ ഹാജരാക്കുന്നു.

മൂന്നാം ഉപവകുപ്പിൻെറ ഒന്നാംവരിയിൽ അധികാരി എന്നപദത്തിനു പകരം ബോർഡ് എന്നു ചേർക്കണം.

മി: എം. ശിവതാണുപിള്ള (തോവാള): ഞാൻ പിൻതാങ്ങുന്നു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർ വക്കീൽ): ഭേദഗതി ഞാൻ സ്വീകരിക്കുന്നു.

ഭേദഗതിപ്രമേയം സഭ സ്വീകരിച്ചു.

മി. എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്ക്): ഞാൻ താഴെപറയുന്ന ഭേദഗതിപ്രമേയം ഹാജരാക്കുന്നു.

മൂന്നാം ഉപവകുപ്പു മൂന്നാംവരിയിൽ ഗവൺമെൻറ എന്നപദത്തിനുപകരം ഹൈക്കോടതി" എന്നപദം ചേർക്കണം.

ആരെങ്കിലും ഒരു ചലനചിത്ര സഞ്ചികയാൽ എന്തെങ്കിലും ഒരു ചിത്രം പ്രദർശിപ്പിക്കാൻ ആഗ്രഹിച്ചാൽ ആ ചിത്രം പ്രദർശിപ്പിക്കത്തക്കതാണെന്നു ബോർഡിൻെറ സാക്ഷ്യപത്രം വാങ്ങേണ്ടതാണെന്നാകുന്നു ഒരു ബില്ലിൽ നിർദ്ദേശിച്ചിട്ടുള്ളതു്. ഇതു വ്യക്തികളുടെ സ്വാതന്ത്ര്യത്തെ സങ്കോചിപ്പിക്കയാണെന്നു പ്രത്യക്ഷമാകയാൽ സൂക്ഷ്മതയോടെ പരിശോധിക്കേണ്ടതാകുന്നു, ബോർഡിൻെറ തീർച്ചയെ ഗവൺമെൻറിനു പുനരാലോചന ചെയ്യാമെന്നു ബില്ലിൽ വ്യവസ്ഥചെയ്തിട്ടുണ്ട്. ബോർഡിൽ ഒരു അനുദ്യോഗസ്ഥഭൂരിപക്ഷം വേണമെന്നുള്ള പ്രമേയത്തെ ഒരു മെമ്പർ എതിർത്തതുകൊണ്ടു ഒരു ഉദ്യോഗസ്ഥഭൂരിപക്ഷം ഉണ്ടാകാനാണ് സംഗതി എന്നു അനുമാനിക്കാം. അതുകൊണ്ടു ഗവൺമെൻറിൻെറ തീർച്ച അവസാന തീർച്ചയായിരിക്കും എന്നുള്ള വ്യവസ്ഥ ഭേദപ്പെടുത്തേണ്ടതാണ്. പുനരാലോചന ചെയ്യുന്നതു ഗവൺമെൻറല്ല ഹൈക്കോടതി ആയിരിക്കണം എന്നാണു എൻെറ ഭേദഗതി. ഇങ്ങനെയുള്ള കാര്യങ്ങൾ നിയമശാസ്ത്രാനുസരണം വിസ്തരിക്കേണ്ടതാകയാൽ അതു ഹൈക്കോടതി ചെയ്യുന്നതാണ് ഉത്തമം. ഭൂമിസംരക്ഷണ റഗുലേഷൻപ്രകാരം പേഷ്കാരന്മാരുടെ തീർച്ചകൾ പുനരാലോചന ചെയ്യുന്നതിനു തൊടുക്കുന്ന ഹർജികൾ ഗവൺമെൻറ എങ്ങനെയാണ് തീർക്കുന്നതെന്നു നമുക്കു അനുഭവംകൊണ്ടു അറിയാമല്ലോ.

ഡിപ്യൂട്ടിപ്രസിഡെൻറ: ഗവൺമെൻറിനു വിരോധമായി ഇങ്ങനെ കുററവാക്കു പറവാൻ നിങ്ങൾക്കു അവകാശമുണ്ടെന്നു തോന്നുന്നില്ല.

മി: എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്ക്). ഞാൻ കാര്യമാണ് പറഞ്ഞതു്.

ഡിപ്പ്യൂട്ടിപ്രസിഡെൻറ്: കുത്തുവാക്കുപറവാൻ പാടില്ല.

മി. എസ്. പിറവിപ്പെരുമാറാംപിള്ള (വ്യാപാരവും വ്യവസായവും, തെക്ക്): ഒരുവാക്കു കുത്തുമാണ്.

ഡിപ്പ്യൂട്ടിപ്രസിഡെൻറ്: വാക്കു അതേ സമയംതന്നെ കുത്തുവാക്കായിരിക്കയില്ല.

മി. എസ്. പിറവിപ്പെരുമാറാംപിള്ള (വ്യാപാരവും വ്യവസായവും, തെക്ക്): പ്രജകളുടെ സ്വാതന്ത്ര്യത്തിനു കുറവു വരുത്തുന്ന സംഗതികളിൽ അവസാനതീർച്ച് ഒരു നീതിന്യായക്കോടതിയുടെതായിരിക്കണമെന്നാണ് പ്രമാണമായിരുന്നിട്ടുള്ളതും ഇരിക്കേണ്ടതും. നിയമം വ്യാഖ്യാനം കൊടുത്തിട്ടില്ലാത്ത ഒരു വാക്കിനെ വ്യാഖ്യാനിക്കുന്നതു ഒരു വലിയ അധികാരമാണ്. പരിചയംകൊണ്ടും ക്ഷമയോടെ ശ്രദ്ധിക്കുന്നതുകൊണ്ടും മാത്രം ലഭിക്കുന്ന നീതിന്യായപരിശീലനം എക്സിക്യൂട്ടിവ് ഉദ്യോഗസ്ഥന്മാർക്ക്, അവർ എത്രതന്നെ ബുദ്ധിമാന്മാരായിരുന്നാലും ഉണ്ടായിരിക്കുമെന്നു പ്രതീക്ഷിക്കുന്നതു സാഹസമാണ്. അതുകൊണ്ടു ബോർഡിൻെറ തീർച്ചയിന്മേലുള്ള അപ്പീൽ ഹൈക്കോടതിയിലേക്കു ആയിരിക്കണമെന്നാണ് എൻെറ അഭിപ്രായം. ഈ പ്രസ്താവനകളോടുകൂടെ ഈ ഭേദഗതിപ്രമേയം ഞാൻ ഹാജരാക്കിക്കൊള്ളുന്നു.

മി. എം. ശിവതാണുപിള്ള (തോവാള): ഞാൻ അനുകൂലിക്കുന്നു.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർ വക്കീൽ): ഈ ഭേദഗതിപ്രമേയം ഞാൻ എതിർക്കുന്നു. ഒരു ചിത്രസഞ്ചിക പ്രദർശിപ്പിക്കാൻ യോഗ്യമോ അല്ലയോ എന്നുള്ളതു ഒരു നീതിന്യായക്കോടതിയുടെ തീർച്ചയ്ക്കുള്ളതാണെന്നു പറവാൻ പാടില്ല. സിവിലും ക്രിമിനലും കേസുകളിൽ തെളിവെടുത്തുകാണും തീർച്ചയാക്കുന്നതു പോലെയല്ല ബോർഡു തീർച്ചയാക്കുന്നതു. തങ്ങളുടെ ബുദ്ധിയിലും അറിവിലും പെട്ടതുപോലെ അവർ തീർച്ചയാക്കും. ഒരു ചിത്രസഞ്ചിക യോഗ്യമൊ അയോഗ്യമൊ എന്നു ഹൈക്കോടതി പറയണമെങ്കിൽ അതിനുള്ള സാമഗ്രികൾ അവരുടെ മുമ്പാകെ ഹാജരാക്കണം. അതു ക്രമപ്രകാരം തെളിവ് ഹാജരാക്കുകയാണ്.

മി. എസ്; പിറവിപ്പെരുമാറാംപിള്ള (വ്യാപാരവും വ്യവസായവും, തെക്ക്): ഗവണ്മെൻറ എങ്ങനെയാണു തീർച്ചയാക്കുന്നതു?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർ വക്കീൽ): ഗവണ്മെൻറിന് എക്സിക്യൂട്ടീവ് അധികാരമുള്ളതുകൊണ്ടു ആവശ്യമുള്ള വിവരം ശേഖരിക്കയോ കൊടുക്കയോ വരുത്തുകയോ ചെയ്യാം. ഈ മാർഗ്ഗങ്ങൾ ഹൈക്കോടതിക്കു സ്വീകരിക്കാൻ പാടില്ല.

മി: എം. ശിവതാണുപിള്ള (തോവാള): അങ്ങനെയുള്ള വിവരങ്ങൾ ഹൈക്കോടതി മുമ്പാകെ ഹാജരാക്കാൻ പാടില്ലയോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർ വക്കീൽ): പാടില്ല. പാടുണ്ടെങ്കിൽതന്നെയും ഒരു ചിത്രസഞ്ചികസാക്ഷ്യപ്പെടുത്തുന്നതിനു വളരെ കാലതാമസവും ചെലവും വേണ്ടിവരും. ഇതിനുപുറമെ (പ്രദർശിപ്പിക്കാൻ) "യോഗ്യം" എന്നുള്ള പദത്തിനു ബില്ലിൽ വ്യാഖ്യാനം കൊടുത്തിട്ടില്ല, ഏതാണ് യോഗ്യം ഏതാണ് അയോഗ്യം എന്നു തീർച്ചയാക്കേണ്ടതു ബോർഡാണ്. ഏതാണ് യോഗ്യം ഏതാണ് അയോഗ്യം എന്നുപറയുന്നതിനു ചട്ടങ്ങൾ ഏർപ്പെടുത്താതെ ഹൈക്കോടതിക്കുവല്ലതും പറവാൻകഴിവുണ്ടാകുന്നതു എങ്ങനെയാണ്? അതുകൊണ്ടു ബോർഡിൻെറ തീർച്ചകളിന്മേൽ ഹൈക്കോടതിക്കു അപ്പീലധികാരം ഉണ്ടായിരിക്കണമെന്നു പറയുന്നതു പ്രായോഗികമല്ല. കാര്യം തീർച്ചയാക്കാനുള്ള സാമഗ്രികൾ അവർക്കുണ്ടാകയില്ല. സാമഗ്രികൾ ഉണ്ടായാൽതന്നെയും വളരെ കാലതാമസവും ചെലവും ഉണ്ടാകും. ആ താമസവും ചെലവും സഹിക്കാൻ പ്രദർശകന്മാർക്കു തന്നെ മനസ്സുണ്ടാകയില്ല. അപ്പീൽ തീർച്ചയാക്കേണ്ടതു ഗവണ്മെൻറുതന്നെയാണെന്ന് എനിക്കു തോന്നുന്നു. മൈസൂരിലും പുതുക്കോട്ടയിലും ബ്രിട്ടീഷ ഇൻഡ്യയിൽ മററു സ്ഥലങ്ങളിലും അപ്പീൽ കേൾക്കാൻ അധികാരമുള്ളതു ഗവർമെൻറിനാണ്"

മി: എസ്. പിറവിപ്പെരുമാറാംപിള്ള (വ്യാപാരവും വ്യവസായവും, തെക്ക്): എൻെറ ഭേദഗതിപ്രമേയം പിൻവലിച്ചുകൊള്ളുന്നു.

പ്രമേയം സഭയുടെ അനുവാദപ്രകാരം പിൻവലിച്ചു.

താഴെപറയുന്ന ഭേദഗതി പ്രമെയം ഹാജരാക്കിയില്ല

മി: എസ്. പിറവിപ്പെരുമാറാംപിള്ള:—

നാലാം ഉപവകുപ്പ് "പ്രദർശിപ്പിക്കാൻ അയോഗ്യമെന്നു പ്രഖ്യാപനംചെയ്ത ചിത്രസഞ്ചികയുടെ ഉടമസ്ഥനു അങ്ങനെ പ്രഖ്യാപനം ചെയ്ത തിയതിമുതൽ മുപ്പതു ദിവസങ്ങൾക്കുള്ളിൽകാര്യം പുനരാലോചന ചെയ്യണമെന്നു ഹൈക്കോടതിയിൽഅപ്പീൽബോധിപ്പിക്കാവുന്നതും ഹൈക്കോടതിയുടെതീർച്ചഅവസാനതീർച്ചയായിരിക്കുന്നതും ആകുന്നു" എന്നവാക്കുകൾ അവസാനത്തിൽ ചേർക്കണം,

മി: എസ്. പിറവിപ്പെരുമാറാംപിള്ള (വ്യാപാരവും, വ്യവസായവും, തെക്ക്): താഴെപറയുന്ന ഭേദഗതിപ്രമേയം ഞാൻ ഹാജരാക്കിക്കൊള്ളുന്നു 'അഞ്ചാം ഉപവകുപ്പ്-ഈ ഉപവകുപ്പ് എടുത്തുകളയണം.

സർ, താഴെപറയുന്ന കാരണങ്ങളാൽ ഈ ഉപവകുപ്പ് അനാവശ്യമാണെന്നു എനിക്കുതോന്നുന്നു.

ഏഴാംവകുപ്പിലെ നിബന്ധനപ്രകാരം നമുക്കു ഒരു ബോർഡുണ്ട്. പ്രദർശിപ്പിക്കത്തക്ക ചിത്രസഞ്ചികകളെ ആ ബോർഡു സാക്ഷ്യപ്പെടുത്തും. ബോർഡു ഒരു തീർച്ചചെയ്താൽ ചിത്രസഞ്ചിക സാക്ഷ്യപ്പെടുത്താതെ തള്ളിയ കക്ഷിക്കു ബോർഡിൻെറ തീർച്ചയിന്മേൽ അപ്പീൽ ബോധിപ്പിക്കാവുന്നതാകുന്നു. ഇതാണു മൂന്നാം ഉപവകുപ്പിലെ വ്യവസ്ഥ. ഇപ്രകാരം തന്നെ ബോർഡിൻെറ തീർച്ചയ്ക്കു ശേഷം നാലാം ഉപവകുപ്പുപ്രകാരം ഗവണ്മെൻറിൻെറ പ്രതിനിധിയായിഡിസ്ട്രിക്ട്മജിസ്ട്രേട്ടിനു ബോർഡുകൊടുത്ത സാക്ഷ്യപത്രം നിറുത്തിവെക്കാം. ഗവണ്മെൻറിനു അദ്ദേഹത്തിൻെറ കല്പനയെ ദുർബലപ്പെടുത്തുകയൊ ചിത്രസഞ്ചിക സാക്ഷ്യപത്രം ലഭിക്കാത്തതായി ഗണിക്കണമെന്നു കല്പിക്കയോ ചെയ്യാം. ഇങ്ങനെ തനിക്കു പ്രതികൂലമായി ബോർഡിൻെറ തീർച്ചയിന്മേൽ കക്ഷിക്കു അപ്പീലവകാശവും ബോർഡിൻെറ സാക്ഷ്യപത്രം ആവശ്യമെന്നുതോന്നുന്നപക്ഷം നിറുത്തിവെക്കുന്നതിനു ഡിസ്ട്രിക്ട്മജിസ്ട്രേട്ടിനു അധികാരവും ഉണ്ട്. ഡിസ്ട്രിക്ടുമജിസ്ട്രേട്ടു ഒരു സാക്ഷ്യപത്രം നിറുത്തിവെച്ചാൽ തൻെറ നിറുത്തിവെക്കുന്ന കല്പനയുടെ പകർപ്പു ഗവണ്മെൻറിലേക്കു അയക്കേണ്ടതും ഗവണ്മെൻറ അദ്ദേ

ഹത്തിന്റെ കല്പനയായ ദുർബലപ്പെടുത്തുകയോ സ്ഥിരപ്പെടുത്തുകയോ ചെയ്യാവുന്നതും ആകുന്നു. ഇങ്ങനെ ഇരുഭാഗത്തേക്കാനിവൃത്തിമാർഗ്ഗം ഉണ്ട്. അങ്ങനെയായിരിക്കെ, ഈ ഉപവകുപ്പു വെച്ചുകൊണ്ടിരിക്കുന്നതിന്റെ ആവശ്യം എനിക്കു മനസ്സിലാകുന്നില്ല. ഇങ്ങനെയൊരു വകുപ്പു ബ്രിട്ടീഷ് ഇൻഡ്യൻ ആക്ടിൽ ഉണ്ട്, നേരുതന്നെ. എന്നാൽ ഈ ഉപവകുപ്പു ആദ്യത്തെ ബില്ലിൽ ഉണ്ടായിരുന്നില്ല. എന്നാൽ അവിടത്തെ ബില്ലിനെപ്പററി ആലോചിച്ച സിലക്റ്റ് കമ്മിററി ഈ വകുപ്പു കൂട്ടിച്ചേർത്തു. ഇങ്ങനെ അവർ ചേർത്തതിനുള്ള കാരണം അവരുടെ റിപ്പോർട്ടിന്റെ ഏഴാം വകുപ്പിൽ സ്പഷ്ടമായി കാണിച്ചിട്ടുണ്ട്. അതു ഞാൻ വായിച്ചുകേൾപ്പിക്കാം.

"ഏഴാം വകുപ്പുപ്രകാരം നിയമിക്കുന്ന അധികാരസ്ഥന്മാരുടെ സാക്ഷ്യപത്രങ്ങൾ സാധാരണയായി ഇൻഡ്യ മുഴുവനും പ്രാബല്യമുള്ളതായിരിക്കുമെന്നു ഞങ്ങൾ ഗ്രഹിക്കുന്നു. എന്നാൽ ഇൻഡ്യയിൽ പലപ്രദേശങ്ങളിലും പ്രദർശനം വിരോധമില്ലാത്ത ചിത്രസഞ്ചികൾ മററു ചില പ്രദേശങ്ങളിൽ അവിടത്തെ സ്ഥിതിനോക്കിയാൽ പ്രദർശനം വിരോധമായി വരുന്നതാനിടയുണ്ടെന്നു ഞങ്ങളുടെ ദൃഷ്ടിയിൽ പെട്ടിരിക്കുന്നു. അതുകൊണ്ടു ഒരു സാക്ഷ്യപത്രത്തിന്റെ പ്രാബല്യം തദ്ദേശ ഗവർണ്മെന്റുകൾക്കു തങ്ങളുടെ സംസ്ഥാനങ്ങളിലൊ അവയുടെ ഏതെങ്കിലും ഭാഗങ്ങളിലൊ നിറുത്തിവെക്കാൻ അധികാരം കൊടുക്കുന്നതിനു ഇങ്ങനെയൊരു വകുപ്പു ചേർത്തിരിക്കുന്നു.

സർ, ബ്രിട്ടീഷ് ഇൻഡ്യയിൽ അനേകം തദ്ദേശ ഗവർണ്മെന്റുകൾ ഉണ്ട്. ഒരു സംസ്ഥാനത്തു പ്രദർശിപ്പിക്കാൻ വിരോധമില്ലാത്ത ചിത്രസഞ്ചികകളുടെ പ്രദർശനം വേറൊരു സംസ്ഥാനത്തു വിരോധമുള്ളതായിരിപ്പാൻ ഇടയുണ്ട്. അതുകൊണ്ടു പൊതുവേയുള്ള ഒരു സെൻട്രൽ ബോർഡുണ്ടാക്കുന്നതും ഇൻഡ്യയൊട്ടുക്കു പ്രാബല്യമുള്ളതുമായ സാക്ഷ്യപത്രപ്രകാരമുള്ള പ്രദർശനം നിയന്ത്രണം ചെയ്യുന്നതിനു ഓരോ സംസ്ഥാനഗവർണ്മെന്റിനും അധികാരമുണ്ടായിരിക്കേണ്ടതു ആവശ്യമാണ്. എന്നാൽ തിരുവിതാംകൂർ ഇൻഡ്യയെപ്പോലെ ഒരു ഭൂഖണ്ഡം അല്ല, അവിടത്തെ ഒരു സംസ്ഥാനത്തോളം വലിപ്പമുള്ളതല്ല. എന്റെ സ്നേഹിതൻ മിസ്റ്റർ പരമേശ്വരൻപിള്ള ഈ ഉപവകുപ്പു വെച്ചുകൊണ്ടിരിക്കുന്നതിനു കാരണമായി ഏതെങ്കിലും പ്രത്യേകസ്ഥലത്തു ഒരു പ്രത്യേക ചിത്രസഞ്ചികയുടെ പ്രദർശനം ഒരു പ്രത്യേക സമുദായത്തെ ക്ഷോഭിപ്പിക്കുന്നതാണെന്നു വല്ല സംഘമോ സമൂഹമോ പരാതിപ്പെട്ടാൽ വേണ്ടുന്ന നടപടികൾ നടത്തുന്നതിനു ഈ വകുപ്പു ഗവർണ്മെന്റിനു ഉപയോഗമുള്ളതായിരിക്കുമെന്നു പറയുമായിരിക്കാം. അങ്ങനെയായിരുന്നാലും വല്ല ആളോ സംഘമോ ഇങ്ങനെ ഏതു കക്ഷിയെ കൂടാതെ ഒരു പരാതികൊണ്ടുവന്നാൽ ഗവർണ്മെന്റു വല്ല നടപടിയും നടത്തുമോ? അന്വേഷണം കഴിച്ചു തൃപ്തിപ്പെടാതെ ഗവർണ്മെന്റു ഒരു ഉത്തരവു പാസ്സാക്കുമെന്നു എനിക്കു സങ്കല്പിപ്പാൻ കഴിയുന്നില്ല. സാധാരണയായി കാര്യം ഡിസ്ട്രിക്റ്റ് മജിസ്ട്രേട്ടിന്നയച്ചു അദ്ദേഹത്തിന്റെ റിപ്പോർട്ടു വരുത്തും. കീഴുദ്യോഗസ്ഥന്മാർ കൊടുക്കുന്ന വിവരത്തിന്മേലാണ് ഗവർണ്മെന്റു നടപടികൾ നടത്തുക. അതുകൊണ്ടു ഈ വകുപ്പില്ലെങ്കിലും ഗവർണ്മെന്റിനു ഡിസ്ട്രിക്റ്റ് മജിസ്ട്രേട്ടു മുഖാന്തരം ബോർഡു സാക്ഷ്യപ്പെടുത്തിയ ഒരു ചിത്രസഞ്ചികയുടെ പ്രദർശനം വിരോധിക്കാവുന്നതാണ്. അതുകൊണ്ടു ഈ ഉപവകുപ്പു വെച്ചുകൊണ്ടിരുന്നിട്ടു അശേഷം പ്രയോജനമില്ലെന്നും അതു നീക്കിക്കളയേണ്ടതാണെന്നും ഞാൻ വിചാരിക്കുന്നു.

മി: എം. ശിവതാണുപിള്ള (തോവാള): ഞാൻ ഭേദഗതിപ്രമേയത്തെ അനുകൂലിക്കുന്നു. ഈ ഉപവകുപ്പു എടുത്തുകളയുന്നതിനു പ്രമേയകർത്താവു മതിയായകാരണം കാണിച്ചിരിക്കുന്നു എന്നു എനിക്കു ബോധ്യമായിരിക്കുന്നു. ബ്രിട്ടീഷ് ഇൻഡ്യയിലെ പരിതസ്ഥിതികൾ ഇവിടത്തെ പരിതസ്ഥിതികൾ അല്ലെന്നും ബ്രിട്ടീഷ് ഇൻഡ്യയിൽ ഈ വ്യവസ്ഥയുണ്ടാക്കുന്നതിനു കാരണമായി പറയുന്ന വാദങ്ങൾ ഇവിടെ പററുന്നതല്ലെന്നും അദ്ദേഹം സ്പഷ്ടമായി തെളിയിച്ചിരിക്കുന്നു. ഇൻഡ്യാഖണ്ഡത്തിൽ പല ആചാരങ്ങളുള്ള അനേക വർഗ്ഗക്കാരുണ്ട്. എന്നാൽ നമ്മുടെ രാജ്യത്തെ ബ്രിട്ടീഷ് ഇൻഡ്യയിലെ ഒരു ഡിസ്ട്രിക്റ്റിനു സമമായിട്ടേ വിചാരിപ്പാൻ തരമുള്ളു. നമ്മുടെ ആചാരങ്ങൾ ബ്രിട്ടീഷ് ഇൻഡ്യയിലെ പലതരം ജനങ്ങളുടെ ആചാരങ്ങൾപോലെ വൈപരീത്യമുള്ളവയുമല്ല. ബ്രിട്ടീഷ് ഇൻഡ്യൻ ആക്ടിൽ ഇങ്ങനെയൊരു വ്യവസ്ഥയുള്ളതുകൊണ്ടു മാത്രം നമ്മുടെ ബില്ലിലും അങ്ങനെ ഒന്നു ഉണ്ടായിരിക്കണമെന്നുള്ള വാദം ഞാൻ സ്വീകരിക്കുന്നില്ല. അതുകൊണ്ടു മി: പിറവിപ്പെരുമാൾപിള്ള കൊണ്ടുവന്നിട്ടുള്ള വാദങ്ങളുടെ ബലം ലാമെമ്പർ സമ്മതിക്കുമെന്നു വിശ്വസിക്കുന്നു.

(മി: പി. കെ. നാരായണപിള്ള-കേൾക്കുവിൻ, കേൾക്കുവിൻ.)

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർ വക്കീൽ): ഈ വ്യവസ്ഥക്കെതിരായി കൊണ്ടുവന്നിട്ടുള്ള പ്രധാനവാദം അതുകൊണ്ടാവശ്യം ഇല്ലെന്നുള്ളതാണ്. അതു ബില്ലിൽ കിടന്നതുകൊണ്ടു വല്ല ദോഷവും ഉണ്ടെന്നു എന്റെ സ്നേഹിതനു ഒരു വാദമുള്ളതായി അറിയുന്നില്ല.

മി: എം. ശിവതാണുപിള്ള (തോവാള): ഈ വ്യവസ്ഥ അനാവശ്യമാണെന്നു മി: പിറവിപ്പെരുമാൾപിള്ള സ്പഷ്ടമായി പ്രസ്താവിച്ചതാണെന്നു ലാമെമ്പരോടു പറഞ്ഞുകൊള്ളുന്നു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർവക്കീൽ): ഉവ്വ്. അതുതന്നെയാണു ഞാനും പറയുന്നതു. ഈ വ്യവസ്ഥ അനാവശ്യമാണെന്നു മാത്രമേ അദ്ദേഹം പറഞ്ഞുള്ളു. ബില്ലിൽ ഈ വ്യവസ്ഥ കിടന്നതുകൊണ്ടു എന്തെങ്കിലും ദോഷം ഉണ്ടെന്നു അദ്ദേഹം പറഞ്ഞില്ല. ഡിസ്ട്രിക്റ്റ് മജിസ്ട്രേട്ടിന്റെ റിപ്പോർട്ടിന്മേൽ സാക്ഷ്യപത്രങ്ങൾ ദുർബലപ്പെടുത്തുവാനുള്ള അധികാരം നാലാം ഉപവകുപ്പു ഗവർണ്മെന്റിനു നല്കുന്നുണ്ടെന്നുള്ള കാര്യം സ്മരിക്കേണ്ടതാണ്.

മി: എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്കു): ഈ വ്യവസ്ഥ അനാവശ്യമാണെന്നു ലാമെമ്പർക്കുതന്നെ തോന്നുന്നില്ലയോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർവക്കീൽ): ഇല്ല, ഞാൻ അങ്ങനെ വിചാരിക്കുന്നില്ല. എന്തെന്നാൽ നാലാം ഉപവകുപ്പുപ്രകാരം നടപടി നടത്തുന്നതിനു ഗവർണ്മെന്റു ഡിസ്ട്രിക്റ്റ് മജിസ്ട്രേട്ടിന്റെ റിപ്പോർട്ടിന്നായി കാത്തിരിക്കയും അതിനെ ആശ്രയിക്കയുംവേണം. ഏതെങ്കിലും ഒരു ചിത്രസഞ്ചിക വിരോധമില്ലാത്തതാണെന്നു ഡിസ്ട്രിക്റ്റ് മജിസ്ട്രേട്ടു അഭിപ്രായക്കാരനായേക്കാം.

മി: എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്കു): അന്നേരം സാക്ഷ്യപത്രം ദുർബലപ്പെടുത്തിട്ടാവശ്യം ഇല്ലല്ലോ.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർവക്കീൽ): ഗവണ്മെൻറിനു വേറെ മാർഗ്ഗങ്ങളിൽക്കൂടെ വിവരങ്ങൾ വരുത്തുകയും ചിത്രസഞ്ചിക ആക്ഷേപയോഗ്യമാണെന്നു അഭിപ്രായപ്പെടുകയും ചെയ്യാം. അങ്ങനെ വരുമ്പോൾ നാലാം ഉപവകുപ്പുപ്രകാരം ഗവണ്മെൻറിനു നടപടി നടത്താൻ സാധിക്കയില്ല.

നാലാം ഉപവകുപ്പു ഇങ്ങനെയാണ്. "കാരണങ്ങൾ രേഖപ്പെടുത്തിയതിനുശേഷം ഡിസ്ട്രിക്ട് മജിസ്ട്രേട്ടിനു ഏതെങ്കിലും ചിത്രസഞ്ചികയുടെ സാക്ഷ്യപത്രത്തെ ഗവണ്മെൻറുത്തരവുണ്ടാകുന്നതുവരെ നിറുത്തിവയ്ക്കാൻ ഉത്തരവുകൊടുക്കാവുന്നതും അപ്രകാരം നിറുത്തിവെച്ചിരിക്കുന്ന കാലത്തു ആ ചിത്രസഞ്ചിക സാക്ഷ്യപ്പെടുത്തിട്ടില്ലാത്ത ഒരു ചിത്രസഞ്ചികയായി ഗണിക്കപ്പെടേണ്ടതുമാകുന്നു. ഡിസ്ട്രിക്ട് മജിസ്ട്രേട്ടു തന്റെ ഉത്തരവിന്റെ ഒരു പകർപ്പു ഉടൻതന്നെ ഗവണ്മെൻറിലേക്കു അയയ്ക്കേണ്ടതും ഗവണ്മെൻറു തങ്ങളുടെ സ്വന്തംപോലെ ഡിസ്ട്രിക്ട് മജിസ്ട്രേട്ടിന്റെ ഉത്തരവിനെ റദ്ദാക്കുകയോ തിരുവിതാംകൂറിൽ മുഴുവനുമോ ഏതെങ്കിലും ഭാഗത്തോ പ്രസ്തുത സഞ്ചികയെ സാക്ഷ്യപ്പെടുത്തിട്ടില്ലാത്ത ഒരു ചിത്രസഞ്ചികയായി ഗണിക്കേണ്ടതാണെന്നു സർക്കാർ ഗസററിൽ പരസ്യംമൂലം ആജ്ഞാപിക്കയോ ചെയ്യാവുന്നതുമാണ്."

ഗവണ്മെൻറിനു വിശ്വാസയോഗ്യമായ അറിവു വേറെ മാർഗ്ഗങ്ങളിൽക്കൂടെ ഉദാഹരണമായി പോലീസ് കമ്മീഷണർ മുഖാന്തരം കിട്ടിയാലും, നടപടി നടത്തുന്നതിനു ഗവണ്മെൻറു ഡിസ്ട്രിക്ട് മജിസ്ട്രേട്ടിന്റെ റിപ്പോർട്ടിനായി കാത്തിരിക്കയും അതിനെ ആശ്രയിക്കയും വേണമെന്നു ഇതിൽനിന്നു സ്പഷ്ടമാകുന്നു.

മി: എം. ശിവതാണുപിള്ള (തോവാള): ഒരു ചിത്രസഞ്ചിക ആക്ഷേപയോഗ്യമാണെന്നുള്ള അറിവു ഗവണ്മെൻറിനു എപ്പോഴെങ്കിലും കിട്ടിയാൽ അന്വേഷണം കഴിക്കയും സങ്കടമുള്ള കക്ഷിയുടെ വാദം കേൾക്കയും ചിത്രസഞ്ചിക ആക്ഷേപയോഗ്യമാണെന്നും സാക്ഷ്യപത്രം ഇല്ലാത്തതായി ഗണിക്കത്തക്കതാണെന്നും കല്പിക്കയും ചെയ്യേണ്ടതു ഗവണ്മെൻറിന്റെ ധർമ്മമല്ലയോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർവക്കീൽ): അഞ്ചാം ഉപവകുപ്പു ഗവണ്മെൻറിന്റെ അന്വേഷണത്തെ വിരോധിക്കുന്നില്ല. അഞ്ചാം ഉപവകുപ്പിന്റെ ഉദ്ദേശം ഗവണ്മെൻറിനു സ്വമേധയായിട്ടും ഡിസ്ട്രിക്ട് മജിസ്ട്രേട്ടിന്റെ സഹായംകൂടാതെയും അദ്ദേഹം മുഖാന്തരമല്ലാതെയും നടപടി നടത്താൻ കഴിവുണ്ടാകണമെന്നാണ്.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ആ ഉദ്ദേശനിവൃത്തിക്കു മൂന്നാം ഉപവകുപ്പുപോരയോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർവക്കീൽ): പോരാ, സർ. മൂന്നാം ഉപവകുപ്പു സ്വീകരിക്കയും തന്മൂലം ബോർഡു സാക്ഷ്യപത്രം നിഷേധിക്കുന്നകാര്യങ്ങളിൽ അപ്പീൽ സ്വീകരിച്ചു തീർച്ചചെയ്യുന്നതിനുള്ള അധികാരം ഗവണ്മെൻറിനു കൊടുക്കയും ചെയ്തിരിക്കുന്നു. അങ്ങനെയാകയാൽ ഗവണ്മെൻറിനു സ്വമേധയായി നടപടികൾ നടത്തുന്നതിനും ബോർഡു സാക്ഷ്യപത്രം കൊടുത്തിട്ടുള്ള ചിത്രസഞ്ചികകൾ സാക്ഷ്യപത്രം ലഭിക്കാത്തവയാണെന്നു കല്പിക്കുന്നതിനും അധികാരമുണ്ടായിരിക്കേണ്ടതു ന്യായമാണ്. എന്നാൽ നാലാം ഉപവകുപ്പിൻപ്രകാരം എല്ലാകാര്യത്തിലും സ്വമേധയായി നടപടി നടത്തുന്നതിനോ സാക്ഷ്യപത്രം കൊടുക്കുന്ന ബോർഡിന്മേൽ അപ്പീലധികാരം നടത്തുന്നതിനോ ഗവണ്മെൻറിനു കഴിവില്ല. എന്തെന്നാൽ നാലാം ഉപവകുപ്പിൻപ്രകാരമുള്ള നടപടികൾ ഡിസ്ട്രിക്ട് മജിസ്ട്രേട്ടു മുഖാന്തരമാണ് നടത്തേണ്ടതു്.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): അങ്ങനെ ചെയ്യുന്നതുകൊണ്ടുള്ള ദോഷം എന്താണെന്നു പറയുമോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർ വക്കീൽ): ഞാൻ മുമ്പു പ്രസ്താവിച്ചപ്രകാരം ഡിസ്ട്രിക്ട് മജിസ്ട്രേട്ടു ഇടപെട്ടെന്നോ ഇടപെട്ടില്ലെന്നോ വരാം. എന്നുമാത്രമല്ല ഒരു ചിത്രസഞ്ചിക ഡിസ്ട്രിക്ട് മജിസ്ട്രേട്ടിന്റെ അഭിപ്രായത്തിൽ ആക്ഷേപയോഗ്യമല്ലെന്നും വരാം. അങ്ങനെയുള്ള സന്ദർഭങ്ങളിൽ ഡിസ്ട്രിക്ട് മജിസ്ട്രേട്ടുമുഖാന്തരംമാത്രവും ഡിസ്ട്രിക്ട് മജിസ്ട്രേട്ടിന്റെ അനുകൂല്യം ഉണ്ടെങ്കിൽമാത്രവുമേ ഗവണ്മെൻറിനു നടപടിനടത്താൻ പാടുള്ളു എന്നുപറഞ്ഞു അവരുടെ അധികാരത്തെ ചുരുക്കിക്കളയുന്നതു ശരിയല്ല.

മി: എം. ശിവതാണുപിള്ള (തോവാള): ഡിസ്ട്രിക്ട് മജിസ്ട്രേട്ടിന്റെ റിപ്പോർട്ടിന്മേലോ തുല്യസ്ഥാനത്തുള്ള വേറെ ഏതെങ്കിലും ഉദ്യോഗസ്ഥന്റെ റിപ്പോർട്ടിന്മേലോ നടപടി നടത്തത്തക്കവണ്ണം ഈ വ്യവസ്ഥയെ ഭേദപ്പെടുത്താൻ പാടില്ലയോ? ഇങ്ങനെ ഉള്ള ഉദ്യോഗസ്ഥന്മാർ മുഖാന്തരംമാത്രമേ ഗവണ്മെൻറിനു അറിവുകിട്ടാൻ ഇടയുള്ളു. അതുകൊണ്ടു മററുദ്യോഗസ്ഥന്മാരുടെ റിപ്പോർട്ടിന്മേലും നടപടിനടത്താൻ ഗവണ്മെൻറിനെ അധികാരപ്പെടുത്തിയാൽ മതിയാകും.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): അങ്ങനെയൊരു ഭേദഗതി പ്രമേയം സഭമുമ്പാകെ ഇല്ല. നാലാംവകുപ്പു പാസ്സാക്കിക്കഴിഞ്ഞിരിക്കുന്നു. ഞാൻ മുമ്പു പ്രസ്താവിച്ചപ്രകാരം ഡിസ്ട്രിക്ട് മജിസ്ട്രേട്ടിന്റെ റിപ്പോർട്ടിന്മേൽമാത്രമേ ഗവണ്മെൻറിനു നാലാം ഉപവകുപ്പുപ്രകാരം നടപടിനടത്താൻ പാടുള്ളു. സ്വയമായിട്ടോ മററുദ്യോഗസ്ഥന്മാരുടെ റിപ്പോർട്ടിന്മേലോ ഡിസ്ട്രിക്ട് മജിസ്ട്രേട്ടിനു വിപരീതമായിട്ടോ ഗവണ്മെൻറിനു നടപടിനടത്താൻ പാടില്ല.

മി: എം. ശിവതാണുപിള്ള (തോവാള): ഈ ഉപവകുപ്പുള്ളപ്പോൾ നാലാം ഉപവകുപ്പു അനാവശ്യം അല്ലയോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): അല്ല, എന്തെന്നാൽ സ്ഥലത്തുള്ളയാളും പലപ്പോഴും ആദ്യം അറിവുകിട്ടുന്നയാളും ആയ ഡിസ്ട്രിക്ട് മജിസ്ട്രേട്ടിനെ നടപടിനടത്താൻ അധികാരപ്പെടുത്തുകയാണു നാലാം ഉപവകുപ്പിന്റെ ഉദ്ദേശം. ഒരു ചിത്രസഞ്ചിക ആക്ഷേപയോഗ്യമാണെന്നു കണ്ടാലുടനെ അദ്ദേഹം നടപടി നടത്തേണ്ടതാണ്. അതുകൊണ്ടു നാലാം ഉപവകുപ്പു അനാവശ്യം അല്ല.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ). ഡിസ്ട്രിക്ട് മജിസ്ട്രേട്ടും ഈ റെഗുലേഷൻപ്രകാരം നിയമിക്കപ്പെടുന്ന ബോർഡും തമ്മിൽ യോജിക്കാതെവരുമ്പോൾ ഡിസ്ട്രിക്ട് മജിസ്ട്രേട്ടിനു വേണ്ടപ്രകാരം പ്രവർത്തിക്കണമെന്നുള്ളതിനു ഗവണ്മെൻറിലേക്കു ഒരു റിപ്പോർട്ടു സമർപ്പിച്ചു ബോർഡിന്റെ അഭിപ്രായം നിറുത്തിവെയ്ക്കാവുന്നതാണ്.

ഡിപ്യൂട്ടിപ്രസിഡണ്ട്: നാലാം ഉപവകുപ്പിനു ഭേദഗതി പ്രമേയം ഇല്ലല്ലോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): ഗവണ്മെന്റിനു അപ്പീൽ കേട്ടു തീർച്ചചെയ്യുന്നതിനുള്ള അധികാരം കൊടുത്തിരിക്കുന്ന അവസ്ഥയ്ക്കു ഗവണ്മെന്റിനു സ്വയമായി നടപടിയെടുത്തു നടത്തുന്നതിനുള്ള സ്വാതന്ത്ര്യം എടുത്തുകളയുന്നതു ശരിയല്ലെന്നു എനിക്കു തോന്നുന്നു. ആ ഉദ്ദേശത്തോടുകൂടെ മാത്രമാകുന്നു അഞ്ചാംവകുപ്പിലെ വ്യവസ്ഥ ഉണ്ടാക്കിട്ടുള്ളത്.

സഭ ഉച്ചതിരിഞ്ഞ് ൧-൨ ൩൦-മണിക്കു ഭക്ഷണത്തിനായി പിരികയും ൨-൪൦-മണിക്കു വീണ്ടും കൂടുകയും ചെയ്തു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സർ, ഈ ഉപവകുപ്പു വിട്ടുകളയേണ്ടതാണെന്നുള്ള അഭിപ്രായത്തോടു ഞാനും യോജിക്കുന്നു. ബ്രിട്ടീഷിൻഡ്യയിൽ ഇങ്ങനെയൊരു വ്യവസ്ഥയുണ്ടാകുവാനുള്ള കാരണം മിസ്റ്റർ പിറവിപെരുമാൾപിള്ളയുടെ പ്രസംഗം സ്പഷ്ടമാക്കിയിരിക്കുന്നു. ബ്രിട്ടീഷിൻഡ്യൻ ആക്ടിൽ ഇങ്ങനെയൊരു വകുപ്പു ചേർക്കാൻ സംഗതിയാക്കിയ സന്ദർഭങ്ങൾ നമ്മെ സംബന്ധിച്ചിടത്തോളം ഈ രാജ്യത്തില്ല.

ഡിപ്യൂട്ടിപ്രസിഡണ്ട്: അവിടെ എല്ലാകാരണങ്ങളും പ്രസ്താവിച്ചിട്ടുണ്ടെന്നു വിചാരിക്കാമോ?

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഒരു കാരണം പ്രത്യേകമായി പറഞ്ഞിരിക്കുമ്പോൾ വകുപ്പിന്റെ ആവശ്യത്തെപ്പററിയുള്ള ആലോചനയിൽ ആ കാരണത്തെപ്പററിമാത്രം ആലോചിച്ചാൽ മതിയാകും. അതുകൊണ്ടു നമ്മെസംബന്ധിച്ചിടത്തോളം അഞ്ചാംഉപവകുപ്പ് അനാവശ്യമാണെന്നുള്ള വാദം ശക്തിയേറിയതാകുന്നു. ഗവണ്മെന്റിനു ചില അധികാരങ്ങൾ നൽകുന്നതും ഉപവകുപ്പിൽതന്നെ സംഭവിക്കാവുന്ന ഏതു സന്ദർഭത്തിലും ഉപയോഗിപ്പാൻ മതിയായ അധികാരങ്ങൾ ഉണ്ട്. അതുകൊണ്ടു എന്റെ സ്നേഹിതൻ ഹാജരാക്കിട്ടുള്ള ഭേദഗതി പ്രമേയത്തെ ഞാൻ സന്തോഷത്തോടെ അനുകൂലിക്കുന്നു.

മി: കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): അഞ്ചാം ഉപവകുപ്പു ബില്ലിൽഉള്ളപ്രകാരംതന്നെ നിറുത്തുന്നതിനു ഞാൻ യാതൊരുവിരോധവും കാണുന്നില്ല. അതിലടങ്ങിയ തത്വം നാം സ്വീകരിച്ചുകഴിഞ്ഞിരിക്കുന്നു. നാലാംഉപവകുപ്പിലെ വ്യവസ്ഥയെ നാം വിശാലമാക്കുന്നതേയുള്ളു. നാലാം ഉപവകുപ്പുപ്രകാരം ഗവണ്മെന്റിനു ചില അധികാരങ്ങൾ കൊടുത്തിട്ടുണ്ട്. ഡിസ്ട്രിക്ട്മജിസ്ട്രേട്ട നടപടി ആരംഭിച്ചാൽ ഗവണ്മെന്റിനു ഒരു ചിത്രസഞ്ചികയുടെ സാക്ഷ്യപത്രം റദ്ദാക്കാം. അങ്ങനെഇരിക്കെ ഡിസ്ട്രിക്ട്മജിസ്ട്രേട്ടിന്റെ സഹായംകൂടാതെ അവരുടെ അധികാരം സ്വയമേവ നടത്തുവാൻ അനുവദിക്കാതിരിക്കാൻ ഞാൻ യാതൊരു കാരണവും കാണുന്നില്ല. അതുകൊണ്ടു പ്രമേയത്തെ ഞാൻപ്രതികൂലിക്കുന്നു.

മി: എസ്. പിറവിപെരുമാൾപിള്ള (വ്യാപാരവും വ്യവസായവും തെക്ക്): സർ, ഈ ഉപവകുപ്പു അനാവശ്യമാണെന്നു കാണിപ്പാനുള്ള കാരണങ്ങൾ ഞാൻ പറഞ്ഞുകഴിഞ്ഞിരിക്കുന്നു. ഒരു ചിത്രസഞ്ചിക പ്രദർശിപ്പിക്കാൻ പാടില്ലെന്നു ഗവണ്മെന്റു വിചാരിക്കുന്നപക്ഷം അതിനുവേണ്ട നിവൃത്തിമാർഗ്ഗം നാലാംഉപവകുപ്പിൽ ഉണ്ട്.

ഡിപ്യൂട്ടിപ്രസിഡണ്ട്: നാലാംഉപവകുപ്പുപ്രകാരം ഡിസ്ട്രിക്ട്മജിസ്ട്രേട്ടിന്റെ റിപ്പോർട്ടുകിട്ടുന്നതുവരെ ഗവണ്മെന്റു കാത്തിരിക്കണം.

മി: എസ്. പിറവിപെരുമാൾപിള്ള (വ്യാപാരവും വ്യവസായവും തെക്ക്): ഒരു ചിത്രസഞ്ചിക ആക്ഷേപയോഗ്യമാണെന്നുള്ള അറിവു എക്സൈസ് കമ്മീഷണരിൽ നിന്നോ വിദ്യാഭ്യാസഡയറക്ടരിൽ നിന്നോ വേറെ വല്ല ഉദ്യോഗസ്ഥനിൽ നിന്നോ ആണു കിട്ടുന്നതെങ്കിൽ കാര്യം അന്വേഷണത്തിനായി ഡിസ്ട്രിക്ട്മജിസ്ട്രേട്ടിനു അയക്കുകയും അദ്ദേഹത്തിന്റെ റിപ്പോർട്ടു വരുത്തി ഉത്തരവിടുകയും ചെയ്യാവുന്നതാകുന്നു.

ഡിപ്യൂട്ടിപ്രെസിഡെണ്ട്: ഗവണ്മെന്റിനു ആവശ്യമുള്ള വിവരം ഉണ്ടായിരിക്കയും കാര്യം പരമാർത്ഥമാണെന്നു ബോദ്ധ്യപ്പെട്ടിരിക്കയും ചെയ്താൽ, ഡിസ്ട്രിക്ട്മജിസ്ട്രേട്ടിന്റെ റിപ്പോർട്ടിനായി കാത്തിരിക്കേണ്ടുന്ന ആവശ്യം എന്താണ്?

മി: എസ്. പിറവിപെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്ക്): ആക്ഷേപയോഗ്യമായ ചിത്രസഞ്ചികകളുടെ പ്രദർശനം വിരോധിക്കാൻ ഗവണ്മെന്റിനു അധികാരമുണ്ടായിരിക്കണമെന്നുള്ളതാണ് ആവശ്യം. ആ അധികാരം ഗവണ്മെന്റിനു നാലാം ഉപവകുപ്പു പ്രകാരം ഉണ്ട്. ഡിസ്ട്രിക്ട്മജിസ്ട്രേട്ടിന്റെ റിപ്പോർട്ടിന്നായി കാത്തിരുന്നു അതു കിട്ടിയശേഷം ഉത്തരവിടുന്നതുകൊണ്ടു എന്താണ് ദോഷം വരാനുള്ളത്?

ഡിപ്യൂട്ടിപ്രെസിഡെണ്ട്: ഒരു ഉദാഹരണം പറയാം. ഒരു ദിവസം ഒരു യുദ്ധം പ്രഖ്യാപനം ചെയ്യപ്പെട്ടു എന്നിരിക്കട്ടെ. അതുവരെ പ്രദർശനം വിരോധമില്ലാതിരുന്ന ഒരു ചിത്ര സഞ്ചിക യുദ്ധപ്രഖ്യാപനത്തിനുശേഷം വിരോധമുള്ളതായി തീർന്നേക്കാം. ഇങ്ങനെയുള്ള അടിയന്തിരകാര്യങ്ങളിൽ ഡിസ്ട്രിക്ട്മജിസ്ട്രേട്ടിന്റെ റിപ്പോർട്ടു വരുന്നതു വരെ കാത്തിരിക്കുന്നതു അഭിലഷണീയമാണോ?

മി: എസ്. പിറവിപെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്ക്): സർ, മുൻപുതന്നെ പ്രസ്താവിച്ച പ്രകാരം, ഇങ്ങനെയുള്ള പ്രയാസങ്ങൾ ബ്രിട്ടീഷ് ഇൻഡ്യയെപോലെയുള്ള ഭൂഖണ്ഡത്തിലല്ലാതെ നമ്മുടെ രാജ്യത്തെപ്പോലെയുള്ള ചെറിയരാജ്യങ്ങളിൽ ഉണ്ടാകയില്ല. അങ്ങനെയൊരു അടിയന്തിരകാര്യം ഉണ്ടാകുന്ന ക്ഷണത്തിൽ തന്നെ ഗവണ്മെന്റിനു ഡിസ്ട്രിക്ട്മജിസ്ട്രേട്ടിന്റെ റിപ്പോർട്ടു വരുത്തി ആവശ്യമുള്ള ഉത്തരവു പാസ്സാക്കാവുന്നതാണ്. അതുകൊണ്ടു ഈ വ്യവസ്ഥ കേവലം അനാവശ്യമാണെന്നു ബോധിപ്പിക്കയും എന്റെ പ്രമേയം ആലോചിക്കണമെന്നു നിർബന്ധിക്കയും ചെയ്തുകൊള്ളുന്നു.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): ഈ വ്യവസ്ഥ കൊണ്ടു വല്ലദോഷവും ഉണ്ടെന്നു ഇപ്പോഴും മിസ്റ്റർ പിറവിപെരുമാൾപിള്ള പറയുന്നില്ല. അതുഅനാവശ്യമാണെന്നും വേണ്ട നടപടികൾ നാലാം ഉപവകുപ്പു പ്രകാരം നടത്താമെന്നും മാത്രമാണ് അദ്ദേഹം പറയുന്നത്. നാലാം

ഉപവകുപ്പു പ്രകാരം ഗവണ്മെന്റ് നടപടി നടത്തുന്നതിനു മുമ്പായി ചിത്രസഞ്ചികയുടെ സാക്ഷ്യപത്രം ഡിസ്ട്രിക്ട് മജിസ്ട്രേട്ടു നിറുത്തിവെച്ചിരിക്കണമെന്നുള്ളതു ആവശ്യമാണ്. അഞ്ചാം ഉപവകുപ്പു പ്രകാരം സാക്ഷ്യപത്രം നിറുത്തിവെച്ചിരിക്കണമെന്നില്ല. ഒരു ചിത്ര സഞ്ചിക ആക്ഷേപയോഗ്യമാണെന്നു ബോർഡ് കല്പിക്കുമ്പോൾ മാത്രമേ സങ്കടമുള്ള കക്ഷി ഗവണ്മെന്റിൽ അപ്പീൽ ബോധിപ്പിക്കയുള്ളു. ഒരു ചിത്ര സഞ്ചിക ആക്ഷേപയോഗ്യമല്ലെന്നു ബോർഡ് കല്പിച്ചാൽ ഗവണ്മെന്റിലേക്കു അപ്പീൽ ഇല്ല. ഗവണ്മെന്റിനു വല്ല നടപടിയും നടത്തണമെന്നുണ്ടായിരുന്നാൽ ഡിസ്ട്രിക്ട്മജിസ്ട്രേട്ടിന്റെ റിപ്പോർട്ടിന്നായി കാത്തിരിക്കണം. അഞ്ചാം ഉപവകുപ്പു പ്രകാരം ചിത്രസഞ്ചികയുടെ സാക്ഷ്യപത്രം നിറുത്തിവെച്ചിരിക്കണം എന്നില്ല.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഗവണ്മെന്റിനു ഒരു റിപ്പോർട്ട് സമർപ്പിക്കണമെന്നു ഡിസ്ട്രിക്ട്മജിസ്ട്രേട്ടിനോടു ആജ്ഞാപിക്കാൻ പാടില്ലയോ?

മി: കല്ല്യാംപം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർ വക്കീൽ): നാലാം ഉപവകുപ്പ് പ്രകാരം ഡിസ്ട്രിക്ട് മജിസ്ട്രേട്ടു സാക്ഷ്യപത്രം നിറുത്തി വെച്ചതിനു ശേഷമേ ഗവണ്മെന്റിനു നടപടി നടത്താവു.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഡിസ്ട്രിക്ട്മജിസ്ട്രേട്ടിനു സ്വയമേവ നടപടി നടത്താം. നാലാം ഉപവകുപ്പുപ്രകാരം അദ്ദേഹത്തിന്റെ റിപ്പോർട്ടു വരുത്താൻ ഗവണ്മെന്റിനു അധികാരമുണ്ട്.

മി: കല്ല്യാംപം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർ വക്കീൽ): ചിത്രസഞ്ചികയിൽ ആക്ഷേപയോഗ്യമായി ഡിസ്ട്രിക്ട്മജിസ്ട്രേട്ടു ഒന്നും കണ്ടില്ലെന്നു വരാം. എന്നാൽ അതു ആക്ഷേപയോഗ്യമാണെന്നു വിശ്വാസ്യവും ബോദ്ധ്യപ്പെടുത്തുന്നതുമായ അറിവു ഗവണ്മെന്റിനു വേറെ മാർഗ്ഗങ്ങളിൽ കൂടി കിട്ടിയെന്നും വരാം. ഇങ്ങനെയുള്ള കാര്യങ്ങളിലും ഡിസ്ട്രിക്ട് മജിസ്ട്രേട്ടു സാക്ഷ്യപത്രം നിറുത്തിവെച്ചിട്ടു റിപ്പോർട്ടു സമർപ്പിക്കുന്നതുവരെ ഗവണ്മെന്റു കാത്തിരിക്കേണ്ടിവരും. എന്നു മാത്രമല്ല വല്ല നടപടിയും നടത്തണമെന്നു ഡിസ്ട്രിക്ട്മജിസ്ട്രേട്ടു വിചാരിച്ചാലും അദ്ദേഹത്തിനു സാക്ഷ്യപത്രം തൽക്കാലത്തേക്കു നിറുത്തിവയ്ക്കാനേ സാധിക്കയുള്ളു. അതൊരു താൽക്കാലിക നിവൃത്തിമാത്രമാണ്. ഗവണ്മെന്റു ആക്ഷേപയോഗ്യമായി വിചാരിക്കുന്ന ഒരു ചിത്രസഞ്ചികയുടെ പ്രദർശനം ശാശ്വതമായി വിരോധിക്കണമെന്നു ഗവണ്മെന്റു വിചാരിച്ചാൽ ഡിസ്ട്രിക്ട്മജിസ്ട്രേട്ടു അതിനെ നിറുത്തിവെച്ചിട്ടു ഒരു റിപ്പോർട്ടു സമർപ്പിക്കാതെ അങ്ങനെ ചെയ്യാൻ അവരെ അധികാരപ്പെടുത്തുന്ന യാതൊരു വ്യവസ്ഥയും ഇല്ല. അതിന്റെ ശേഷമേ ഗവണ്മെന്റിനു വല്ല കല്പനയും പാസ്സാക്കാൻ കഴികയുള്ളു. ഗവണ്മെന്റിനെ അങ്ങനെ ശക്തിഹീനമാക്കണമെന്നു നിങ്ങൾക്കു ആഗ്രഹമുണ്ടോ?

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഗവണ്മെന്റു സ്വയമേവ നടത്താൻ വിചാരിക്കുന്ന നടപടി എന്തു തരത്തിലുള്ളതാണ്?

മി: കല്ല്യാംപം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർ വക്കീൽ): ചിത്രസഞ്ചിക പ്രദർശിപ്പിക്കത്തക്കതല്ലെന്നു അവർക്കു പ്രഖ്യാപനം ചെയ്യാം. അഞ്ചാം ഉപവകുപ്പു ഇങ്ങനെയാണ്.

"സാക്ഷ്യപ്പെടുത്തിട്ടുള്ള ഒരു ചിത്രസഞ്ചികയെ തിരുവിതാംകൂറിൽ മുഴുവനുമോ ഏതെങ്കിലും ഭാഗത്തോ സാക്ഷ്യപ്പെടുത്തിട്ടില്ലാത്ത ഒരു ചിത്രസഞ്ചികയായി ഗണിക്കേണ്ടതാണെന്നു സർക്കാർ ഗസെറ്റിൽ പരസ്യംമൂലം ഗവണ്മെന്റിനു നേരിട്ടുതന്നെ ആജ്ഞാപിക്കാവുന്നതാകുന്നു."

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): സാക്ഷ്യപത്രം റദ്ദാക്കുന്നതും നിറുത്തിവയ്ക്കുന്നതും യഥാർത്ഥത്തിൽ ഒന്നുതന്നെയാണ്.

മി: കല്ല്യാംപം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): റദ്ദാക്കുന്നതു സ്ഥിരവും നിറുത്തിവയ്ക്കുന്നതു താൽക്കാലികവും ആകുന്നു. നിറുത്തിവെക്കുന്നതു ഡിസ്ട്രിക്ട്മജിസ്ട്രേട്ട് തല്ക്കാലത്തേക്കു പാസ്സാക്കുന്ന ഒരു കല്പനയാണ്. ഒരു സാക്ഷ്യപത്രം നിറുത്തിവെക്കുന്നതിന്നാവശ്യമുണ്ടെന്നു വിചാരിക്കാതെ ഡിസ്ട്രിക്ട്മജിസ്ട്രേട്ട് ഒരു റിപ്പോർട്ടു സമർപ്പിക്കമാത്രം ചെയ്താൽ നാലാം ഉപവകുപ്പിൻപ്രകാരം ഗവണ്മെന്റിനു യാതൊരു നടപടിയും നടത്താൻ പാടില്ല. അങ്ങനെയുള്ള സന്ദർഭങ്ങളിൽ നാലാം ഉപവകുപ്പു നിഷ്പ്രയോജനമാകുന്നു.

മി: കെ മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): അഞ്ചാം ഉപവകുപ്പു പാസ്സാക്കിയാൽ വ്യത്യസ്ത പന്ഥാക്കളിൽകൂടി പ്രവർത്തിക്കുന്ന രണ്ടു അധികാരസ്ഥന്മാർ ഉണ്ടാകുമെന്നാണ് എന്റെ പക്ഷം.

മി: കല്ല്യാംപം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): ഇല്ല. ഒരിക്കലുമില്ല. നേരെമറിച്ചു, നടപടി നടത്തണമെന്നു ഗവണ്മെന്റു വിചാരിക്കുന്ന എല്ലാക്കാര്യങ്ങളിലും നടപടിനടത്തുന്നതിനുമുമ്പായി ഗവണ്മെന്റു ഡിസ്ട്രിക്ട്മജിസ്ട്രേട്ടിനോടു സാക്ഷ്യപത്രം നിറുത്തിവച്ചു റിപ്പോർട്ടുസമർപ്പിക്കാൻ ആജ്ഞാപിക്കണമെന്നുവരുന്നതു അസംബന്ധമാണ്.

മി: എസ്. പി. രവിപ്പുരുമാറുപിള്ള (വ്യാപാരവും വ്യവസായവും, തെക്കു): എല്ലാകാര്യങ്ങളിലും ഡിസ്ട്രിക്ട്മജിസ്ട്രേട്ടു സാക്ഷ്യപത്രം നിറുത്തിവെക്കണമെന്നില്ല. അദ്ദേഹത്തിനു അതിനെ നിറുത്തിവെക്കയോ നിറുത്തിവെക്കാതിരിക്കയോ ചെയ്യാം. "കാരണങ്ങൾ രേഖപ്പെടുത്തിയശേഷം ഡിസ്ട്രിക്ട്മജിസ്ട്രേട്ടിനു ... ... ഉത്തരവുകൊടുക്കാവുന്നതും" എന്നാണു വകുപ്പിൽ പറഞ്ഞിട്ടുള്ളതു അല്ലാതെ "ഡിസ്ട്രിക്ട്മജിസ്ട്രേട്ടു......ഉത്തരവുകൊടുക്കേണ്ടതും" എന്നല്ല. അതുകൊണ്ടു സാക്ഷ്യപത്രം നിറുത്തിവയ്ക്കാതെതന്നെ അദ്ദേഹത്തിനു ഗവണ്മെന്റിലേക്കു റിപ്പോർട്ടുസമർപ്പിക്കാം. അദ്ദേഹത്തിന്റെ റിപ്പോർട്ടു വിശ്വാസ്യമല്ലെങ്കിൽ വേറെ ഏതുവഴിയിൽക്കൂടെയാണു ഗവണ്മെന്റു വിശ്വാസ്യവും ബോദ്ധ്യം വരുത്തുന്നതുമായ വിവരം വരുത്താൻ പോകുന്നതെന്നു എനിക്കു മനസ്സിലാകുന്നില്ല.

മി. കല്ല്യാംപം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): നാലാം ഉപവകുപ്പിൽ ഇപ്രകാരമാണു പറഞ്ഞിരിക്കുന്നതു.

"കാരണങ്ങൾ രേഖപ്പെടുത്തിയതിനുശേഷം ഡിസ്ട്രിക്ട്മജിസ്ട്രേട്ടിനു ഏതെങ്കിലും ചിത്രസഞ്ചികയുടെ സാക്ഷ്യപത്രത്തെ ഗവണ്മെന്റുത്തരവുണ്ടാകുന്നതുവരെ നിറുത്തിവയ്ക്കാൻ ഉത്തരവുകൊടുക്കാവുന്നതും അപ്രകാരം

നിറുത്തിവച്ചിരിക്കുന്ന കാലത്തു ആ ചിത്രസഞ്ചിക സാക്ഷ്യപ്പെടുത്തിട്ടില്ലാത്ത ഒരു ചിത്രസഞ്ചികയായി ഗണിക്കപ്പെടേണ്ടതുമാകുന്നു. ഡിസ്ത്രിക്ട്മജിസ്ത്രേട്ടന്റെ ഉത്തരവിന്റെ ഒരു പകർപ്പു ഉടൻതന്നെ ഗവൺമെന്റിലേക്കു അയക്കേണ്ടതും ഗവൺമെന്റു തങ്ങളുടെ യുക്തംപോലെ ഡിസ്ത്രിക്ട്മജിസ്ത്രേട്ടിന്റെ ഉത്തരവിനെ റദ്ദാക്കുകയോ തിരുവിതാംകൂറിൽ മുഴുവനുമോ ഏതെങ്കിലുംഭാഗത്തോ പ്രസ്തുത സഞ്ചികയെ സാക്ഷ്യപ്പെടുത്തിട്ടില്ലാത്ത ഒരു ചിത്രസഞ്ചികയായി ഗണിക്കേണ്ടതാണെന്നു സർക്കാർ ഗസററിൽ പരസ്യംമൂലം ആജ്ഞാപിക്കയോ ചെയ്യാവുന്നതുമാണ്."

ഗവൺമെന്റിലേയ്ക്കു അയക്കേണ്ടുന്ന ഉത്തരവു നിറുത്തിവെച്ച ഉത്തരവാണ്. ആ ഉത്തരവുകിട്ടിയശേഷമാണ് ഗവൺമെന്റു നടപടിനടത്തുന്നതു. അതുകൊണ്ടു ഡിസ്ത്രിക്ട്മജിസ്ത്രേട്ടനടപടി നടത്താതിരിക്കയോ അല്ലെങ്കിൽ അദ്ദേഹത്തിന്റെ നടപടി നിറുത്തിവയ്ക്കപോലും വരാതിരിക്കയോ ചെയ്യുമ്പോൾ ഗവൺമെന്റിനു യാതൊരു നടപടിയും നടത്താൻ കഴിവില്ല. ഇതു അഭിലഷണീയമല്ല. അതുകൊണ്ടു അഞ്ചാം ഉപവകുപ്പു അത്യാവശ്യമാണ്.

ഭേദഗതിപ്രമേയം വോട്ടിനുവെച്ചതിൽ തള്ളപ്പെട്ടുപോയി.

മി: എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, വടക്കു): ആളെണ്ണി വോട്ടെടുക്കണമെന്നു ഞാൻ ആവശ്യപ്പെടുന്നു.

ആളെണ്ണി വോട്ടെടുത്തതിൽ താഴെ കാണിച്ചപ്രകാരം കണ്ടു.

അനുകൂലം ൧൧.

൧ മിസ്റ്റർ സി. പി. കൊച്ചുകുഞ്ഞുപിള്ള
൨ ,, എ. കെ. പിള്ള
൩ ,, ടി. കുമാരപിള്ള
൪ ,, കെ. മാധവൻപിള്ള
൫ ,, പി. കെ. നാരായണപിള്ള
൬ ,, കെ. പി. നീലകണ്ഠപ്പിള്ള
൭ മിസ്റ്റർ ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള
൮ ,, എസ്. പിറവിപ്പെരുമാൾപിള്ള
൯ ,, ജി. രാമൻമേനോൻ
൧൦ ,, എം. ശിവതാണുപിള്ള
൧൧ ,, എം. സുബ്രഹ്മണ്യപിള്ള

പ്രതികൂലം ൨൫.

൧ മിസ്റ്റർ ഐ. സി. ചാക്കോ
൨ ,, പാൾ ഡാനിയൽ
൩ ,, ആർ. ധനക്കോടിപിള്ള
൪ ,, കെ. ജോർജ്ജ്
൫ ,, ഹബീബ്മഹോമ്മദ്
൬ ,, എ. ജെ. ജോൺ
൭ ,, കെ. ഐ. ജോസഫ്
൮ ,, ആർ. കൃഷ്ണസ്വാമിഅയ്യർ
൯ ,, ആർ. കെ. കൃഷ്ണപിള്ള
൧൦ ,, എൻ. കുമാരൻ
൧൧ ഡോക്ടർ എൻ. കുഞ്ഞൻപിള്ള
൧൨ മിസ്റ്റർ എക്സ്. ജി. ലോപ്പെസ്
൧൩ മിസ്സസ് എം. പുന്നൻ ലൂക്കോസ്
൧൪ മിസ്റ്റർ ടി. ജെ. മാത്യു
൧൫ ,, കല്ലൂർ നാരായണപിള്ള
൧൬ ,, കെ. വി. നടേശയ്യർ
൧൭ ,, കയ്യാലം പരമേശ്വരൻപിള്ള
൧൮ ,, ടി. പി. രാമസുബ്ബയ്യർ
൧൯ ,, കെ. എൻ. രാമസുബ്ബയ്യർ
൨൦ റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ
൨൧ മിസ്റ്റർ എസ്. സി. എച്ച്. റോബിൻസൺ
൨൨ ,, കെ. ശിവരാമപ്പണിക്കർ
൨൩ ,, വി. എസ്. സുബ്രഹ്മണ്യയ്യർ.
൨൪ ,, കെ. കെ. തോമസ്
൨൫ ,, സി. പി. തരകൻ

ഏഴാം ഉപവകുപ്പു ഭേദപ്പെടുത്തിയപ്രകാരം വോട്ടിനുവച്ചതിൽ സ്വീകരിക്കപ്പെട്ടു.

വകുപ്പു ഭേദപ്പെടുത്തിയപ്രകാരം ബില്ലിനോടുചേർത്തു.

വകുപ്പ് ൮.

മി: സി. പി. തരകൻ (കുന്നത്തുനാടു): സർ, താഴെ പറയുന്നതു ൮-ാംവകുപ്പിനു ക്ലാസ്സായി ചേർക്കണമെന്നു ഞാൻ ഒരു പ്രമേയം ഹാജരാക്കുന്നു.

"എന്നാൽ ഈ വകുപ്പിൻപ്രകാരം ഉണ്ടാക്കുന്ന ചട്ടങ്ങൾ, പ്രസിദ്ധപ്പെടുത്തുന്നതിനു മുമ്പായി തിരുവിതാംകൂർ നിയമസഭ നിയമിക്കുന്ന ഒരു ചട്ടകമ്മിററിയാൽ പരിശോധിക്കപ്പെടേണ്ടതാകുന്നു".

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർ വക്കീൽ): സർ, ഈ പ്രമേയത്തിന്റെ കാര്യത്തിൽ നടപടി സംബന്ധിച്ചു എനിക്കൊന്നു പറവാനുണ്ട്. നിയമസഭയിൽ ഒരു ചട്ടകമ്മിററി നിയമിക്കണമെന്നാകുന്നു അതിന്റെ ഉദ്ദേശം. അങ്ങനെയൊരു നടപടിക്കു നിയമസഭാറെഗുലേഷനിലാകട്ടെ ചട്ടങ്ങളിലാകട്ടെ സ്റ്റാണ്ടിംഗ് ഓർഡേഴ്സിലാകട്ടെ വ്യവസ്ഥ ഒന്നും കാണുന്നില്ല. പ്രമേയം സ്വീകരിക്കയാണെങ്കിൽ ഈ സഭ ഒരു റൂൾ കമ്മിററിയെ നിയമിക്കേണ്ടിവരും. ഈ സഭയുടെ സ്ഥാപനത്തെപ്പററിയും ജോലികളെപ്പററിയും ഉള്ള വിഷയങ്ങൾ ഈ സഭയുടെ ആലോചനാവിഷയമാക്കാൻ പാടില്ലാത്തതുകൊണ്ടു ഈ സഭയ്ക്കു അതിനു അധികാരം ഇല്ല.

ഡിപ്യൂട്ടിപ്രെസിഡന്റു: പ്രമേയം നടപടി ക്രമത്തിനു വിരുദ്ധമാണ്. പ്രമേയം വേറെ വല്ല രൂപത്തിലും ഹാജരാക്കിയാൽ നന്നായിരിക്കും മി: തരകൻ—

മി: സി. പി. തരകൻ (കുന്നത്തുനാടു): "തിരുവിതാംകൂർ നിയമസഭ നിയമിക്കുന്ന എന്ന വാക്കുകൾ വിട്ടുകളഞ്ഞിട്ടു അവയ്ക്കുപകരം "ഉദ്യോഗസ്ഥന്മാരും അനുദ്യോഗസ്ഥന്മാരും അടങ്ങിയ" എന്ന വാക്കുകൾ ചേർക്കാം.

ഡിപ്യൂട്ടിപ്രെസിഡന്റു: ചട്ടക്കമ്മിററിയെ നിയമിക്കുന്നതു ആരാണു?

മി: സി. പി. തരകൻ (കുന്നത്തുനാടു): ഗവർണ്മെന്റു.

ഡിപ്ല്യൂട്ടിപ്രെസിഡെൻറ: കമ്മിററി എത്ര നാറം ജോലി ചെയ്യണം. വേറെ പല സംഗതികളും ആലോചിക്കാനുണ്ട്. നിങ്ങളുടെ പ്രമേയം നടപടിക്രമം അനുസരിച്ചാണെന്നു തോന്നുന്നില്ല മി. തരകൻ.

മി. സി. പി. തരകൻ (കുന്നത്തുനാട്ട): എന്നാൽ എൻെറ പ്രമേയത്തെ ഇങ്ങനെ ഭേദപ്പെടുത്താം.

"എന്നാൽ ഈ വകുപ്പിൻപ്രകാരം ഉണ്ടാക്കുന്ന ചട്ടങ്ങറം പ്രസിദ്ധപ്പെടുത്തുന്നതിനു മുമ്പായി തിരുവിതാംകൂർ നിയമസഭയാൽ പരിശോധിക്കപ്പെടേണ്ടതാകുന്നു."

ഡിപ്ല്യൂട്ടിപ്രെസിഡെൻറ: ഇതിനു വല്ല വിരോധവുമുണ്ടോ മി: കയ്യാലം പരമേശ്വരൻപിള്ള?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): ഇതിനും വിരോധമുണ്ട്. സർ, നിയമസഭാറെഗുലേഷനും ചട്ടങ്ങളും സ്റ്റാണ്ടിംഗ് ഓർഡേഴ്സും പ്രകാരം നിയമസഭയുടെ ജോലികറം എന്തെല്ലാമാണെന്നു ക്ലിപ്തപ്പെടുത്തിട്ടുണ്ട്, ഒന്നു ബില്ലുകറം പാസ്സാക്കുക, ഒന്നു പ്രമേയങ്ങറം പാസ്സാക്കുക, വേറൊന്നു ഗവണ്മെൻറിനോട്ട ചോദ്യങ്ങറം ചോദിക്കുക, നാലാമതു ബഡ്ജററു നിരൂപണം ചെയ്തു അനുവദിക്കുക. നിയമസഭയുടെ ജോലികറം ഇവ മാത്രമാണ്. പരിശോധന എന്നുവച്ചാൽ ശിപാർശപ്രമേയങ്ങറം പാസ്സാക്കുക എന്ന അത്ഥത്തിൽനിന്നു വ്യത്യസ്തമാണെങ്കിൽ, ഗവണ്മെൻറ പാസ്സാക്കുന്ന ചട്ടങ്ങളുടെ പരിശോധന ഈ ജോലികളിലൊന്നിലും ഉറംപ്പെടുകയില്ല. തങ്ങളുടെ ക്ലിപ്തജോലികളോട്ട വേറെ ജോലികറം കൂട്ടുവാൻ നമുക്കു അധികാരമില്ല. അതുകൊണ്ടു ഈ പ്രമേയത്തെ ഞാൻ പ്രതികൂലിക്കുന്നു.

ഡിപ്ല്യൂട്ടി പ്രെസിഡെൻറ: നിങ്ങളുടെ രണ്ടാമത്തെ പ്രമേയവും അസ്ഥാനഗഹിതമാകുന്നു, മിസ്റ്റർ തരകൻ

മി: ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): "പരിശോധന" എന്ന പദത്തിൻെറ അത്ഥം വ്യക്തമാക്കാനുണ്ട്. ചട്ടങ്ങളെ ഭേദപ്പെടുത്താൻ നമുക്കു അവകാശം ഇല്ല, വായിച്ചുനോക്കാനേയുള്ള എന്നു പിന്നാരിയ്ക്കൽ പറഞ്ഞുഎന്നുവരാം.

ഡിപ്ല്യൂട്ടി പ്രെസിഡെൻറ: ഇപ്പോഴത്തെനിലയിൽ നിങ്ങളുടെ പ്രമേയം നടപടി ക്രമത്തിനു വിരുദ്ധമാകുന്നു മി: തരകൻ.

മി: സി. പി. തരകൻ (കുന്നത്തുനാട്ട): എൻെറ പ്രമേയം ഭേദപ്പെടുത്താൻ അനുവദിക്കണമെന്നു അപേക്ഷിക്കുന്നു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): പ്രമേയം ഹാജരാക്കുന്നതിനുമുമ്പു അതിനെ ഭേദപ്പെടുത്താമോ?

ഡിപ്ല്യൂട്ടിപ്രെസിഡെൻറ: സഭാമുമ്പാകെ ഇപ്പോറം യാതൊരു പ്രമേയവും ഇല്ല. അദ്ദേഹത്തിൻെറ പ്രമേയം, അതിൻെറ ഇപ്പോഴത്തെ രൂപത്തിൽ നടപടിക്രമത്തിനു വിരുദ്ധമാണെന്നു ഞാൻ തീച്ചപ്പെടുത്തുകയാണല്ലൊ.

മി: സി. പി. തരകൻ (കുന്നത്തുനാട്ട): ഒരു പുതിയപ്രമേയം ഹാജരാക്കാൻ അനുവാദം ചോദിച്ചുകൊള്ളുന്നു.

മി: ജി. പരമേശ്വരൻപിള്ള (നെയ്യാററിങ്കര): അഗ്രാസനസ്ഥൻെറ തീച്ച മി: സി. പി. തരകൻെറ രണ്ടാമത്തെ പ്രമേയത്തെ സംബന്ധിച്ചോ പ്രവൃത്തിവിവരപട്ടികയിൽ കാണിച്ചിട്ടുള്ള പ്രമേയത്തെ സംബന്ധിച്ചോ എന്നു പറയുമോ?

ഡിപ്ല്യൂട്ടിപ്രെസിഡെൻറ: പ്രവൃത്തിവിവരപ്പട്ടികയിൽ കാണിച്ചിട്ടുള്ള പ്രമേയത്തെ സംബന്ധിച്ചാണു.

മി: സി. പി. തരകൻ (കുന്നത്തുനാട്ട): എനിക്കൊരു പുതിയ പ്രമേയം ഹാജരാക്കാൻ അനുവാദമുണ്ടോ?

ഡിപ്ല്യൂട്ടിപ്രെസിഡെൻറ: അനുവാദം തരാമോ തരാൻ പാടില്ലയോ എന്നു തീച്ചയാക്കുന്നതിനുമുമ്പു പ്രമേയം എന്താണെന്നു അറിയണം.

മി: സി. പി. തരകൻ (കുന്നത്തുനാട്ട): ഞാൻ ഇപ്പോറം ഹാജരാക്കാൻ അനുവാദം ചോദിക്കുന്ന പ്രമേയം ഇങ്ങനെയാണ്.

"എന്നാൽ ഈ വകുപ്പുപ്രകാരം ഉണ്ടാക്കുന്ന ചട്ടങ്ങറം പ്രസിദ്ധപ്പെടുത്തുന്നതിനു മുമ്പു ഒരു ഔദ്യോഗിക പ്രമേയത്തിൻെറ രൂപത്തിൽ സഭയിൽകൊണ്ടുവരികയും സഭ അതിനെ സ്വീകരിക്കുകയുംവേണം"

ഡിപ്ല്യൂട്ടി പ്രെസിഡെൻറ: അതു സഭയുടെ അധികാരത്തിൽ കവിഞ്ഞതാണെന്നു തോന്നുന്നു. ഉത്തമമായിട്ടുള്ള മാഗ്ഗം വകുപ്പിനെ ഇപ്പോഴത്തെ രൂപത്തിൽതന്നെ സ്വീകരിക്കയും വേറൊരു അവസരത്തിൽ ഇങ്ങനെയൊരു പ്രമേയം കൊണ്ടുവരികയും ആകുന്നു.

മി: ജി. പരമേശ്വരൻപിള്ള (നെയ്യാററിങ്കര): ഡിപ്ല്യൂട്ടിപ്രെസിഡെൻറ ഇപ്പോറംചെയ്യുന്നതീച്ച ഭേദപ്പെടുത്താൻ പാടില്ലാത്ത ഒരുതീച്ചയല്ലെന്നു വിശ്വസിക്കുന്നു.

ഡിപ്ല്യൂട്ടിപ്രെസിഡെൻറ: അല്ലല്ല. അദ്ദേഹം കൊണ്ടുവന്നിട്ടുള്ള പ്രമേയം ശരിയായരൂപത്തിലല്ലായ്കയാൽ അക്കാര്യം ഇപ്പോറം ചിന്താവിഷയം ആക്കേണ്ടതില്ലെന്നേയുള്ളു.

ബില്ലിൻെറ എട്ടാംവകുപ്പു ബില്ലിൻെറ ഭാഗമായി സ്വീകരിക്കണമോ എന്നു ചോദിക്കയും അനുവദിക്കയും ചെയ്തു.

വകുപ്പുബില്ലിനോട്ട ചേത്തു.

വകുപ്പ ൯

താഴെപറയുന്നപ്രമേയം ഹാജരാക്കിയില്ല.

മി: എസ്. പിറവിപ്പെരുമാറംപിള്ള.

"ഒമ്പതാം വകുപ്പ വിട്ടുകളയണം"

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും). ബില്ലിൻെറ ഒമ്പതാംവകുപ്പ വിട്ടുകളയണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

സർ, ഈ ബില്ലിനെസംബന്ധിച്ചു ഞാൻ ചെയ്യുന്നപ്രസ്താവനകറം ബില്ലിൽ അടങ്ങിയിരിക്കുന്ന തത്വത്തെ സംബന്ധിച്ചു മാത്രമാകുന്നു. ഈ വകുപ്പ സിലെക്ട്കമ്മിററിയിൽ ആലോചനയ്ക്കുവന്നപ്പോറം അവിടത്തെ

ആലോചനയുടെഫലമായി പുറപ്പെടുന്നതു നിയമസഭ പാസാക്കുന്ന ഒരു നിയമമല്ലായിരിക്കും എന്നാൽ ഗവണ്മെന്റിന്റെ ഒരു കല്പനയായിരിക്കും എന്നു എനിക്കു തോന്നുകയും അതിവിടെ തുറന്നുപ്രസ്താവിച്ചുകൊള്ളുകയും ചെയ്യുന്നു. ഇതു ഏകദേശം പത്തുവകുപ്പുകൾമാത്രമുള്ള ഒരു ചെറിയബില്ലാകുന്നു. അവയിൽ ചിലതു വിവരണങ്ങളാകുന്നു. പ്രാധാന്യമുള്ളവകുപ്പുകൾ മൂന്നാലെണ്ണമുള്ളൂ. ഇവയിൽ ഒന്നു ശിക്ഷയെസംബന്ധിച്ചതാണ്. ഈ വകുപ്പിൽ ലൈസൻസ് വാങ്ങാത്ത സാങ്കേതികകുറ്റത്തിനു വസ്തുക്കണ്ടുകെട്ടുന്നതിനുള്ള വ്യവസ്ഥയുണ്ടാക്കി പണ്ടത്തെ സ്വേച്ഛാധിപത്യം പുനർജ്ജീവിപ്പിക്കാൻ ഒരുശ്രമം ചെയ്തിരുന്നു. ഭാഗ്യവശാൽ ആ വ്യവസ്ഥ ഈ സഭ എടുത്തുകളഞ്ഞു. പിന്നത്തെ പ്രധാനവകുപ്പു സാക്ഷ്യപത്രംകൊടുക്കുന്ന ബോർഡുകളെ സംബന്ധിച്ചാണ്. ഇവിടെയും ഗവണ്മെന്റിന്റെ സ്വേച്ഛാധിപത്യം പ്രത്യക്ഷപ്പെടുന്നുണ്ട്. സാക്ഷ്യപത്രം കൊടുക്കുന്ന അധികാരത്തെപ്പറ്റിയുള്ള വകുപ്പിൽ ആ അധികാരം ഗവണ്മെന്റിന്റെ അധീനത്തിലായിരിക്കുമെന്നാണ് വെച്ചിട്ടുള്ളതു. ഈ എല്ലാ അധികാരങ്ങൾക്കു പുറമേയും മേലാലും ബഹുമെമ്പർ ഇപ്പോൾ ആവശ്യപ്പെടുന്നതു ബില്ലിന്റെ ഓരോവകുപ്പിൽനിന്നും ഒഴിവാക്കാനുള്ള അധികാരമാണ്. അതായതു അദ്ദേഹം പഴയകാര്യത്തെ പുതിയവേഷത്തിൽ കൊണ്ടുവരുന്നു. ഈ സ്വേച്ഛാധിപത്യത്തെ നിയമാനുവാദത്തോടുകൂടി സിംഹാസനാരോഹണംചെയ്യിക്കാൻ ഒരു ശ്രമം മാത്രമാണെന്നാകുന്നു എനിക്കുതോന്നുന്നതു. അനുദ്യോഗസ്ഥാഭിപ്രായത്തെ എതിർക്കുന്നതിനു ബഹുമെമ്പർ വളരെ ഉത്സാഹമുള്ളവനായിരുന്നു എന്നു സമ്മതിക്കേണ്ടിയിരിക്കുന്നു. അദ്ദേഹത്തിന്റെ ശീഘ്രവും തർക്കശാസ്ത്രാനുസരണവും ശക്തിയുള്ളതുമായ വാദത്തെ തടുക്കാൻ പ്രയാസംതന്നെ ആയിരുന്നു. അദ്ദേഹത്തിന്റെ നിയമപാണ്ഡിത്യം അതിശയനീയമാണ്. അങ്ങനെയിരിക്കെ സംഗതികൾ നവംനവമായി പരിഷ്കൃതഗതിയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ബ്രിട്ടീഷ് ഇൻഡ്യയിൽ പ്രാചീനകാലമെന്നു ഗണിക്കേണ്ടിയിരിക്കുന്ന ഒരുസമയത്തു പാസ്സാക്കിയതും പഴക്കം ചെന്നുപോയതുമായ ഒരുനിയമത്തിലെ ഒരു വ്യവസ്ഥയെ ആധുനിക തിരുവിതാംകൂറിലെ നിയമപുസ്തകത്തിൽ പകർത്തിവെക്കാൻ അദ്ദേഹം ശ്രമിച്ചുകാണുന്നതു വളരെ ഇച്ഛാഭംഗത്തിനു ഹേതുവാണ്. ബ്രിട്ടീഷ് ഇൻഡ്യയിലെ പരിഷ്കാരത്തിനു മുൻകാലങ്ങളിലുള്ള പ്രമാണങ്ങളെയും പാരമ്പര്യങ്ങളെയും ബഹുമെമ്പർ ഇത്രഅധികം ആശ്രയിക്കുന്നതു എന്തുകൊണ്ടാണെന്നു എനിക്കു മനസ്സിലാകുന്നില്ല. അഭിവൃദ്ധികരമായ നിയമനിർമ്മാണത്തിനു യാതൊരു സഹായവും ചെയ്വാൻ കഴിയാത്ത മൃതകാലമാണല്ലോ ആ കഴിഞ്ഞുപോയകാലം. ബില്ലിന്റെ വകുപ്പുകളിൽനിന്നു ഒഴിവാക്കാനുള്ള ഈ പൊതുവെയുള്ള അധികാരത്തെപറ്റി ഔദ്യോഗികമനസ്സിൽ എന്താണുള്ളതെന്നു ചികഞ്ഞുനോക്കി ഏതെല്ലാം വ്യവസ്ഥകളാണോ—

ഡിപ്യൂട്ടിപ്രെസിഡെന്റ: അങ്ങനെ ചികഞ്ഞുനോക്കാൻ പരിചയക്കുറവില്ലല്ലോ (ചിരി)

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): എങ്ങനെയായാലും, താങ്കളുടെ അനുവാദത്തോടുകൂടെ, ബില്ലിലെ ഏതെല്ലാം വ്യവസ്ഥകളെ സംബന്ധിച്ചാണ് ഒഴിവാക്കാനുള്ള അധികാരം ബഹുമെമ്പർ ആവശ്യപ്പെടുന്നതെന്നും അവ എത്രത്തോളം പ്രയോജനമുള്ളതാണെന്നും ഉദ്ദേശമെന്താണെന്നും പരിശോധിച്ചുനോക്കാം. ഞാൻ അല്പംമുമ്പു പ്രസ്താവിച്ചപ്രകാരം വ്യവസ്ഥകളിൽ ചിലതു വിവരണങ്ങളാണ്; ആവശ്യപ്പെടുന്ന അധികാരം അവയെ സംബന്ധിച്ചാണെന്നു എനിക്കു തോന്നുന്നില്ല. സാക്ഷ്യപത്രംകൊടുക്കുന്ന ബോർഡുകളിന്മേൽ ഗവണ്മെന്റിനുള്ള അധികാരം കുറയ്ക്കാൻ അദ്ദേഹത്തിനു ആഗ്രഹമുണ്ടെന്നും ഞാൻ വിചാരിക്കുന്നില്ല. ഇതിൽനിന്നു അനുമാനിക്കേണ്ടതു ആവശ്യപ്പെടുന്ന അധികാരങ്ങൾ ലൈസൻസുകൊടുക്കുന്നതും അതിനു ഫീസു വസൂലാക്കുന്നതുമായുള്ള അധികാരത്തെ സംബന്ധിച്ചാണെന്നുവേണം വിചാരിക്കാൻ. ഒഴിവാക്കാനുള്ള അധികാരം ഗവണ്മെന്റിനില്ലെങ്കിൽ എന്താണു സംഭവിക്കാനുള്ളതെന്നു നോക്കാം. ഏതുതരം ചലനചിത്രപ്രദർശനങ്ങൾക്കും വ്യത്യാസംകൂടാതെ ഫീസു വസൂലാക്കും. ഗവണ്മെന്റിനു ഈ അധികാരം ഇല്ലാഞ്ഞാൽ ഈ ഒരു ആപത്തുമാത്രമേ ഞാൻ ആലോചിച്ചിട്ടു കാണുന്നുള്ളു. ഗവണ്മെന്റിനു ഇങ്ങനെയൊരു അധികാരം എന്തിനാണ്? എന്തിനാണു ഏതെങ്കിലും ചലനചിത്രപ്രദർശകനെ ഫീസുകൊടുക്കുന്നതിൽനിന്നു മുടക്കുന്നതു? കരം ചുമത്തുന്നതിനുള്ള എല്ലാനിയമങ്ങളും പ്രകാരവും കൊടുക്കാൻ കഴിവുള്ളവനോടാണ് കൊടുക്കാൻ ആജ്ഞാപിക്കേണ്ടതു. ചലനചിത്രപ്രദർശകൻ അതുകൊടുക്കാൻ ബാദ്ധ്യസ്ഥനാണോ എന്നല്ലാ അവനതുകൊടുക്കാൻ കഴിവുണ്ടോ എന്നാണ് ആലോചിക്കേണ്ടതു. അങ്ങനെയുള്ളവനെ ഒഴിവാക്കുന്നതെന്തിനു? അതും സ്വേച്ഛപ്രകാരം അധികാരം പ്രയോഗിച്ചിട്ടു? ഒരു കരം ചുമത്തുന്നതിനെപ്പറ്റി നിബന്ധനകൾ ഉണ്ടാക്കുന്നെങ്കിൽ ആ കരം വിട്ടുകൊടുക്കുന്നതിനെസംബന്ധിച്ചു കൂടുതൽ നിബന്ധനകൾ ഉണ്ടാക്കേണ്ടതാണ്. അവന്റെ പക്കൽനിന്നു എടുക്കുന്നതിനെ മാത്രം നോക്കിയാൽ പോരാ അവന്റെ കീശയിൽ എന്താണ് ബാക്കിയുള്ളതെന്നും നോക്കണം. ബാക്കികുറെ അധികം കാണും. നിയമപ്രകാരവും ധർമ്മപ്രകാരവും ന്യായപ്രകാരവും സർക്കാരിലേക്കു വരേണ്ടുന്ന കരം വേണ്ടാ എന്നു, സ്വേച്ഛപ്രകാരം പറവാൻ യാതൊരു അധികാരസ്ഥനും അധികാരമുണ്ടായിരിക്കരുതെന്നാണു എന്റെ വാദം. സംഖ്യ എത്രകുറവായിരുന്നാലും ഇങ്ങനെചെയ്യുന്നവക്ക് ഉത്തരവാദിത്വം വളരെയാണ്. രാജ്യത്തിന്റെ മുതലെടുപ്പിലേക്കു അതിൽ ഒരോഹരികൊടുക്കാൻ ആജ്ഞാപിക്കപ്പെടുന്നതു ഒരു പദവിയായി വിചാരിക്കേണ്ടതാകുന്നു എന്നാണ് വേറൊരുസംഗതി എനിക്കു പറവാനുള്ളതു. അതിനാൽ ഒരു പൌരന്റെ ബാദ്ധ്യതകളെപ്പറ്റി ബോധമുണ്ടാകുന്നു. ഈ പദവിയിന്മേലാണ് വരണാധികാരം സ്ഥാപിക്കപ്പെട്ടിട്ടുള്ളതെന്നു പറഞ്ഞാൽ അതിശയോക്തിയല്ല. ഓരോ ഖജനാവിലേക്കുകൊടുക്കുന്ന സംഖ്യയാണ് സാധാരണ തോതു. തന്റെ പൌരചുമതലകളെ വഹിക്കുന്നതിൽനിന്നു ഒഴിഞ്ഞുകൂടുവാൻ ഒരാളെ അനുവദിക്കുന്നതെന്തിനു?

ഇതിനുംപുറമേ മേലാൽ ചലനചിത്രപ്രദർശനങ്ങൾ നടത്തുന്നതു ഈ റഗുലേഷനിലെ വ്യവസ്ഥകൾ അനുസരിച്ചായിരിക്കും. പ്രദർശനങ്ങൾ അധികവും നടത്തുന്നതു മുനിസിപ്പാലിററികളിലും ആയിരിക്കും. മുനിസിപ്പൽ സഭകൾ ഈ പ്രദർശനങ്ങൾക്കു ഫീസു വസൂലാക്കിവരുന്നുണ്ട്. അവർ അങ്ങനെചെയ്യുന്നതു മുനിസിപ്പൽ റെഗുലേഷനു അനുസരിച്ചാണോ? അങ്ങിനെയാണെങ്കിൽ നിയമപ്രകാരം അവർക്കുള്ള അവകാശം ഈ വിധത്തിൽ ഉപായേന എടുത്തുകളവാൻ എന്റെ സ്നേഹിതനു എന്താണ് ന്യായം? മുനിസിപ്പൽ സഭകളുടെ ഈ അവകാശത്തെപ്പറ്റി ബില്ലിൽ യാതൊരു പ്രസ്താവനയും ഇല്ല. മുനിസിപ്പൽ സഭകൾക്കുള്ള അവകാശത്തെ ധ്വംസനംചെയ്യത്തക്കവണ്ണം ആകുന്നതാണ്. ഈ ബില്ലിൻപ്രകാരം ഗവണ്മെന്റ എടുക്കുന്ന അധികാരം ഉപയോഗിക്കു

തിരിക്കയില്ല. വേറൊരുകാര്യത്തെ സംബന്ധിച്ചു ഡിപ്പ്യൂട്ടിപ്രസിഡെൻറുതന്നെ ഇന്നാളൊരുദിവസം പറഞ്ഞപ്രകാരം ഒരു അവകാശം ഉപയോഗിക്കാതിരുന്നാൽ പാരമ്പര്യം കൊണ്ടു ആ അവകാശം നശിച്ചുപോകുന്നിടയുണ്ട്. നിയമപ്രകാരം സിദ്ധിച്ച ഒരധികാരം നഷ്ടപ്പെട്ടുപോകാതിരിപ്പാൻ ഗവണ്മെൻറു വഴിഎടുക്കാതിരിക്കയില്ലെന്നു നിശ്ചയമാണ്. അതുകൊണ്ടു ഈ വകുപ്പിൻപ്രകാരം ഗവണ്മെൻറിനു ലഭിക്കുന്നഅധികാരം ഉപയോഗത്തിൽവരുത്തി പ്രബലപ്പെടുത്തുമെന്നുവേണം വിചാരിക്കാൻ.

ഗവണ്മെൻറിനു ഈ അധികാരം ആവശ്യമാണെന്നു സമ്മതിച്ചാൽ തന്നേയും ആ അധികാരത്തിന്റെ ഉത്തരവാദിത്വം ഗവണ്മെൻറു വഹിക്കാൻപോകുന്നതു എങ്ങനെയാണെന്നു ഞാൻ ചോദിച്ചുകൊള്ളുന്നു. നിസ്സാരമാക്കാനോ വലുതാക്കിപ്പറവാനോ കഴിയാത്തവണ്ണം ഗൗരവവും ഭീമവുമായ ഉത്തരവാദിത്വഭാരം വഹിക്കാൻ കഴിയുന്നതിലധികം ഗവണ്മെൻറിനുണ്ടെന്നാണ് പരക്കെയുള്ളബോധം. അതു ശരിയാണെന്ന് ഞാനും വിശ്വസിക്കുന്നു. സാവകാശത്തിലും ഗൗരവമായിട്ടും ആലോചിക്കേണ്ടതായ അനവധി നവീനവിഷയങ്ങൾ നാലു ഭാഗത്തുനിന്നും തിക്കിത്തിരക്കി വരുന്നതിനെപ്പററി ആലോചിപ്പാൻ വേണ്ട സമയവും സൗകര്യവും ഗവണ്മെൻറിനു ലഭിക്കുന്നില്ലെന്നാണ് ഇപ്പോഴത്തെ പരാതി. ഗവണ്മെൻറ് അവനിമിത്തം ഉഴന്നുപോകുന്നു എന്നാണ് പറയുന്നതു. ഗവണ്മെൻറിന്റെ അനവധി ഭരണകൃത്യങ്ങൾ ഒരു മനസ്സ് പലവഴികളിൽകൂടി പകരുന്നതാകുന്നു. അതു വല്ല ക്ഷീണത്തിന്റെ ലക്ഷണങ്ങൾ ഇല്ലെങ്കിൽ ആശ്ചര്യമായിരിക്കും. ശക്തികൾ ഉപയോഗിക്കാതെ കെട്ടിപ്പിടിപ്പിക്കുന്നതു ശരിയാണോ? ശക്തികൾ മന്ദമായിപ്പോകരുത് എന്ന് നിങ്ങൾ പറകയും അതേസമയംതന്നെ ഇങ്ങനെയുള്ള ഒരാലോചനയെ അനുകൂലിക്കയും ചെയ്യാമോ? നാം അങ്ങിനെ ചെയ്യരുത്. നേരേമറിച്ചു ഗവണ്മെൻറിനു ജോലിയില്ലാതെ ദിവസങ്ങൾ കഴിയുന്നസമയം അധികമുണ്ടെന്നു മെമ്പർ പറയുമെങ്കിൽ ആ വാദം ഞാൻ പിൻവലിച്ചുകൊള്ളാം. എന്നാൽ ഗവണ്മെൻറിന്റെ സമയം മുഴുവനും ജോലിത്തിരക്കുള്ളതാണെന്നു അദ്ദേഹം സമ്മതിക്കുമെങ്കിൽ ഈ അധികാരം ഗവണ്മെൻറിനു കൊടുക്കണമെന്നു അദ്ദേഹം ശഠിക്കരുതാത്തതാകുന്നു. എന്തെന്നാൽ അങ്ങനെ ചെയ്യുകയാണെങ്കിൽ ഈ അധികാരം ഉദ്യോഗസ്ഥന്മാരുടെ അധികാരമായി പരിണമിക്കും എന്നുള്ളതിനു സംശയമില്ല. വേറൊരു സംഗതി എനിക്ക് ശക്തിയായി വാദിക്കാനുള്ളതു ഇപ്പോൾ സഭയോടു ആവശ്യപ്പെടുന്നതു കഴിവാക്കുന്ന കാര്യത്തിൽ ഗവണ്മെൻറിനു യാതൊരുനിയന്ത്രണവും കൂടാതെ സ്വേച്ഛപ്രകാരം പ്രയോഗിക്കാനുള്ള ഒരു അധികാരമാണെന്നുള്ളതാണ്. അതായതു ഈ സഭ യാതൊരുനിബന്ധനയോ ക്ലിപ്തമോ കൂടാതെ തങ്ങളെത്തന്നെ ഏല്പിച്ചുകൊടുക്കണം എന്നാകുന്നു. ഗവണ്മെൻറിനു ഈ സഭയോടു ഉത്തരവാദിത്വംപോലെയൊന്നുമില്ല. അങ്ങനെയുള്ളപ്പോൾ ആർക്കെങ്കിലും ഒരധികാരം കൊടുത്താൽ അതു പിൻവലിക്കാവുന്നതായിരിക്കണം. എന്നാണ് സാധാരണബുദ്ധിക്ക് തോന്നുന്നതു എന്നാൽ ഇവിടെ കൊടുക്കുന്നഅധികാരം പിൻവലിക്കാനുള്ള അവകാശം സഭക്കു വെച്ചിട്ടില്ല. അതുകൊണ്ടു ഗവണ്മെൻറിനു അധികാരം കൊടുത്തുകഴിഞ്ഞാൽ പിന്നെ അവർ പറയുന്നതെല്ലാം ശരിവെയ്ക്കണം. റെഗുലേഷന്റെ വ്യവസ്ഥകളിൽനിന്നു എല്ലാവരെയുമോ ആരെയെങ്കിലുമോ ഒഴിവാക്കാനാണ് ഭാവമെങ്കിൽ ഈ റെഗുലേഷൻ ദുർബ്ബലപ്പെടുത്തി നിയമപുസ്തകത്തെ വിരൂപമാക്കാൻ വെച്ചുകൊണ്ടിരിക്കയായിരിക്കും അക്കാര്യത്തിൽ എനിക്കൊരു കക്ഷിയായിരിക്കാൻ കഴികയില്ല. യാതൊരുനിർബന്ധവും കൂടാതെ അധികാരം കൊടുക്കുന്നതു എല്ലായ്പോഴും തെററാണ്. കൊടുക്കുന്നഅധികാരം എത്രത്തോളം പ്രയോഗിക്കാമെന്നു സൂക്ഷ്മമായും വ്യക്തമായും വിവരിച്ചിരിക്കേണ്ടുന്നതാകുന്നു. എന്റെ അഭിപ്രായത്തിൽ അവ നീതിന്യായകോടതികൾക്ക പരിശോധിക്കാവുന്നതും വ്യാഖ്യാനിക്കാവുന്നതും ആയിരിക്കണം. കോടതികൾക്ക പരിശോധനാധികാരം കൊടുക്കാതെ നിയമങ്ങൾ ഉണ്ടാക്കുന്നതു കേവലം മൌഢ്യമാണ്. ഈ സ്വേച്ഛാധിപത്യം ആവശ്യപ്പെടുന്നതു രാജ്യത്തിൽ സമാധാനപാലനത്തിനുവേണ്ടിയോ ഭരണസൌകര്യത്തിനുവേണ്ടിയോ ആണെന്നു വാദമില്ല. വ്യക്തികളോ സമുദായങ്ങളോ കൊണ്ടുവരുന്ന അപേക്ഷകളെ തീർച്ചചെയ്യുന്നതിനു മാത്രമാണ് ഒരു യുക്താപേക്ഷ പ്രവർത്തിക്കാനുള്ള അധികാരം ചോദിക്കുന്നതു. ഒരു ചലനചിത്രപ്രദർശകൻ ഒരു സ്വേച്ഛാധിപത്യത്തിന്റെ ഗുണങ്ങൾ അനുഭവിക്കയും വേറൊരുവനു അവ ലഭിക്കാതിരിക്കയും ചെയ്യും. പക്ഷപാതം പലതരത്തിൽ പെരുമാറും. അതുതെററാണെന്നു പറയേണ്ടല്ലോ?

ഒരു സംഗതികൂടെ പറയാനുണ്ട്. തിരുവിതാംകൂർകാരായനാം നിയമങ്ങളെ അനുസരിക്കുന്നവരും സമാധാനപ്രിയരും ക്രമമുള്ളവരും സങ്കടങ്ങൾ ഉണ്ടായാൽ നിയമമാർഗ്ഗേണമാത്രം നിവൃത്തിനേടുന്നവരുമായ ജനങ്ങൾ ആകുന്നു എന്നു താങ്കൾക്കറിയാമല്ലോ. ഇതു അവരുടെ രാഷ്ട്രീയബോധം കൊണ്ടും പരിശീലനം നിമിത്തവും ആകുന്നു. അവരുടെ മനസ്സുതന്നെ നിയമങ്ങൾക്കനുകൂലമാണ്, നീതിന്യായങ്ങളെ അവർ ആരാധിക്കയും ചെയ്യുന്നു. ന്യായാധിപന്മാരേയും കോടതികളേയും അവക്കുവളരെ ബഹുമാനമാണു. ഈ സഭയിൽതന്നെ ഞങ്ങൾ എത്ര അനുസരണയുള്ളവരും താങ്കളുടെ തീർച്ചകളെ എത്രആദരവോടുകൂടെ കൈക്കൊള്ളുന്നു എന്നും താങ്കൾ കണ്ടറിഞ്ഞിട്ടുള്ളതാണല്ലോ. തിരുവിതാംകൂറിലെ എത്രയും ഇരുട്ടടഞ്ഞപ്രദേശത്തുചെന്നാലും അക്ഷരജ്ഞാനവും വിദ്യാഭ്യാസവും ഇല്ലാത്തവരുടെ ഇടയിൽ സഞ്ചരിച്ചാലും ഏതെങ്കിലും കാര്യത്തിൽ കഠിനമായ വിസമ്മതം പ്രദർശിപ്പിക്കുന്നതിനു ഉപയോഗിച്ചു കേൾക്കുന്ന പദം ''ഇതുന്യായമല്ല'' എന്നായിരിക്കും. നിയമപ്രതിപത്തി നമ്മുടെ മനസ്സിന്റെ ഒരു ഭാഗമായിതീർന്നിട്ടുണ്ട് ഭാഗ്യവശാൽ നാം ജീവിക്കുന്നതു നിയമത്തിന്റെ ഭരണത്തിൻ കീഴിലാണ്. നിയമലംഘനത്തിന്നല്ലാതെ തിരുവിതാംകൂറിലാർക്കും ശരീരസംബന്ധമായോ വസ്തുസംബന്ധമായോ കഷ്ടപ്പാടില്ല. നിയമാനുസരണമായിട്ടല്ലാതെ തിരുവിതാംകൂർകാരുടെ ഒരിഞ്ചുസ്ഥലം അവരിൽനിന്നു എടുത്തുകളകയില്ല. നിയമപ്രകാരം വസൂലാക്കാവുന്നകരമല്ലാതെ അവരോടു ചോദിക്കാറില്ല. അതുകൊണ്ടു നാം നിയമത്തിന്റെ ഭരണത്തിൻ കീഴിലാണ് ജീവിക്കുന്നതു. അവിടെഞങ്ങൾ ഭാഗ്യവും തൃപ്തിയും അനുഭവിക്കയും ചെയ്യുന്നു. ഈ വകുപ്പിൽ അടങ്ങിയിരിക്കുന്ന തത്വം, ഞാൻ മുൻപു പറഞ്ഞപ്രകാരം നിയമത്തിന്റെ ഭരണത്തിനുപകരം സ്വേച്ഛാധിപത്യത്തെ ആരോപണം ചെയ്കയാണു. ഞാൻ അതിനു വിരോധം പറയുന്നു. നമുക്കതിനു അനുകൂലിക്കാൻ പാടില്ല. യുക്തംപോലെ ചെയ്വാൻ സ്വാതന്ത്ര്യം ഉള്ളെടത്തൊക്കെയും സ്വേച്ഛാധിപത്യം ഉണ്ടു. ഇതു നിഷേധിപ്പാൻ കഴിയാത്തസംഗതിയാണ്. ആരോ ഒരാൾ ബ്രൈസ്പ്രഭു ആണെന്നുതോന്നുന്നു. പറഞ്ഞപ്രകാരം സ്വേച്ഛാധിപത്യത്തിനു അർഹനായിരിക്കണമെങ്കിൽ പുണ്യാത്മാവായിരിക്കണം. അധികാരം ദുരുപയോഗം ചെയ്യാതിരിക്കയില്ല. ഒരാൾക്ക അധികാരം കൊടുത്താൽ അതിനെ

ശരിയായിഉപയോഗിക്കുമെന്നു നിശ്ചയമില്ലെങ്കിൽ ആയാൾക്കു അധികാരം കൊടുക്കാൻ പാടില്ല. ശരിയായിഉപയോഗിക്കുമെന്ന ഉറപ്പില്ലാതെതന്നു അധികാരം പ്രദാനം ചെയ്യരുതു.

കാര്യത്തിന്റെ ഒരുവശം കൂടെ സഭാമുമ്പാകെ എടുത്തുകാണിക്കാനുണ്ട്. ഒരു പൊതുവായുള്ള നയം എന്നനിലയിൽ നോക്കിയാലും യുക്തംപോലെ ചെയ്‌വാനുള്ള സർവസ്വാതന്ത്ര്യാധികാരം കൊടുക്കുന്നകാര്യം ഉത്സാഹിപ്പിക്കരുതാത്തതാകുന്നു. ജനങ്ങളുടെ ക്ഷേമമാണ് ഒരു നയം സ്വീകരിക്കുന്നതിന്റെ ഉദ്ദേശമെങ്കിൽ ഇങ്ങനെയുള്ള കൃത്യസ്വാതന്ത്ര്യം അതിന്റെ അഭിവൃദ്ധിക്കു അനുകൂലമല്ല. തിരുവിതാംകൂറിലെ ജനങ്ങൾ സൂക്ഷ്മബോധമുള്ളവരും നീതിയും അനീതിയും വിവേചിച്ചറിവാൻ കഴിവുള്ളവരും ആകുന്നു. സാധാരണ തോതിൽ നിന്നു വ്യതിചലിച്ചുകണ്ടാൽ അതു ഗൌരവകാര്യങ്ങളായിവർദ്ധിപ്പിക്കപ്പെടുത്തുകയും പത്രപംക്തികൾ ആക്ഷേപങ്ങൾകൊണ്ടു നിറക്കുകയും ചെയ്യും. വർഗ്ഗീയമത്സരവും സാമുദായികസ്പർദ്ധയും കാരണമാക്കിത്തീർത്തു കലഹവും അതൃപ്തിയും ഉണ്ടാക്കിത്തീർക്കുകയുംചെയ്യും. ഒരു ന്യായാധിപതി ഒരു പ്രത്യേക അധമവർഗ്ഗത്തിൽ പ്പെട്ട ആളല്ലെങ്കിൽ ആരും അദ്ദേഹത്തിന്റെ അടുക്കൽ സേവയ്ക്കുപോകാറില്ലെന്നു താങ്കൾക്കറിയാമല്ലോ. എങ്കിലും എക്സിക്യൂട്ടീവ് ഉദ്യോഗസ്ഥന്മാരുടെ അടുക്കൽ പരാതിയും അപേക്ഷകളും കൊണ്ടു അനവധിയാളുകൾ ചെന്നുകൂടിഅവരെ മുഷിപ്പിക്കാറുണ്ട്. ഇതിനുകാരണം അവർക്കുള്ള കൃത്യസ്വാതന്ത്ര്യം ആകുന്നു. ഒരാൾക്കതൃപ്തി ആകുമ്പോൾ വേറൊരാൾക്കതൃപ്തികരമാകുന്നു. ഉദ്യോഗസ്ഥന്മാരുടെവിധികൾക്കു സമുദായസ്നേഹമോ വർഗ്ഗീയസ്പർദ്ധയോ കാരണമാക്കിപ്പറകയും അവരുടെ പ്രവൃത്തികളെപ്പറ്റിയുള്ള ആക്ഷേപങ്ങൾ അവരുടെമേലത്തെ വികടമാക്കുകയും അവരുടെസ്പർദ്ധയും വിരോധവും വർദ്ധിക്കയുംചെയ്യും. ജനങ്ങളുടെ സമാധാനവും തൃപ്തിയും സമുദായങ്ങൾതമ്മിൽ ഉള്ള സ്നേഹവും ഐക്യവും ആലോചിച്ചാലും രാജ്യത്തിന്റെഅഭിവൃദ്ധി ആലോചിച്ചാലും നിയമാനുമതിയോടുകൂടെ എക്സിക്യൂട്ടീവ് ഉദ്യോഗസ്ഥന്മാർക്കു കൃത്യസ്വാതന്ത്ര്യം അനുവദിക്കാതിരിക്കേണ്ടതു അത്യാവശ്യമാകുന്നു.

മി: എസ്. [illegible]പിള്ള (വ്യാപാരവും വ്യവസായവും, [illegible]): ഭേദഗതി പ്രമേയത്തെ ഞാൻപിൻതാങ്ങുന്നു.

ഡിപ്പ്യൂട്ടി പ്രെസിഡന്റ്: നിങ്ങൾക്കെന്തെങ്കിലും പറവാനുണ്ടോ, മിസ്റ്റർ നാരായണപിള്ളേ?

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): എന്റെ വാദങ്ങൾ എന്താണെന്നു ഇപ്പോൾ തന്നെ പറയണമോ, സർ ലാമെമ്പരുടെ മറുപടി കേട്ടശേഷം സംസാരിച്ചാൽ കൊള്ളാമെന്നു ആഗ്രഹമുണ്ട്.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്ഡ് സക്കാർ വക്കീൽ): സർ, ഈ വ്യവസ്ഥയുടെ ഉദ്ദേശം എതിരാളികൾ ശരിയായി ഗ്രഹിച്ചിട്ടില്ലെന്നു ഞാൻ ശങ്കിക്കുന്നു. ബില്ലിൽ ഈ വ്യവസ്ഥചേർത്തതു ഗവണ്മെന്റിന്റെ സ്വേച്ഛാപ്രഭുത്വം പ്രബലപ്പെടുത്താനോ സ്വേച്ഛപ്രകാരം ആരെയെങ്കിലും ഫീസ്കൊടുക്കുന്നതിൽ നിന്നു ഒഴിവാക്കാനുള്ള കൃത്യസ്വാതന്ത്ര്യം ഉണ്ടാക്കുവാനോ അങ്ങനെ വേറെ ഏതെങ്കിലും ഉദ്ദേശത്തോടു കൂടിയോ അല്ലെന്നു ഞാൻ അവരോടു ഉറപ്പായി പറഞ്ഞുകൊള്ളുന്നു. ഈ സഭ പാസ്സാക്കിക്കഴിഞ്ഞ വകുപ്പുകളിൽ നിന്നുചില സന്ദർഭങ്ങളിൽ ചലന ചിത്രപ്രദർശനം കേവലം വിരോധിച്ചിരിക്കയാണെന്നു കാണാം.

മൂന്നാം വകുപ്പു ഇങ്ങനെയാണ്;—

"ഈ റെഗുലേഷനിൽ മറ്റു പ്രകാരത്തിൽ വ്യവസ്ഥചെയ്തിട്ടുള്ള തൊഴികെ യാതൊരാളും ഈ റെഗുലേഷൻ പ്രകാരം ലൈസൻസ് കൊടുത്തിട്ടുള്ളതല്ലാത്തതായ ഏതെങ്കിലും സ്ഥലത്തോ അപ്രകാരമുള്ള ലൈസൻസിലെ ഏതെങ്കിലും നിബന്ധനകളും കരുതലുകളും അനുസരിച്ചല്ലാതെയോ ചലന ചിത്രപ്രദർശനയന്ത്രം കൊണ്ടുള്ള ഒരു പ്രദർശനം നടത്താൻപാടില്ലാത്തതാകുന്നു".

ലൈസൻസു കൊടുത്തിട്ടുള്ള സ്ഥലത്തല്ലാതെ പ്രദർശനം പാടില്ലെന്നു കേവലംവിരോധിച്ചിട്ടുള്ളതായി ഇതിൽ നിന്നു കാണാവുന്നതാണ്. ഇതു ചിലപ്പോൾ ജനങ്ങൾക്കു സങ്കടകാരണമായി തീരാം. പല സന്ദർഭങ്ങളിലും അതിനാൽ അവരുടെ പ്രവൃത്തി സ്വാതന്ത്ര്യത്തിനു അനാവശ്യമായി ഭംഗം വരുത്തി എന്നും വരാം.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): ഇതു മുൻകൂട്ടികരുതി ആ വകുപ്പിൽ തന്നെ വേണ്ട വ്യവസ്ഥചെയ്യാത്തതു എന്തു കൊണ്ടാണ്?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്ഡ് സക്കാർ വക്കീൽ) : അതിനെപ്പറ്റി പറഞ്ഞുകൊള്ളാം. ഒരു വിവാഹ അടിയന്തിരമോ, സ്വകാര്യവിരുന്നോ അങ്ങനെയുള്ള മറ്റു വല്ല ആകസ്മിക സംഭവമോ ഉണ്ടെന്നിരിക്കട്ടെ. അപ്പോൾ ഒരു പ്രദർശനം നടത്തുന്നതിനു ലൈസൻസ് എടുക്കാൻ ആവശ്യമുണ്ടോ? അല്ലെങ്കിൽ ഒരു വിദ്യാർത്ഥി സംഘത്തിന്റെ യോഗത്തിൽ ചലനചിത്രപ്രദർശനം നടത്തണം. അവർ അതിന്നായിലൈസൻസ് വാങ്ങാൻ ആവശ്യമുണ്ടോ?

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): അതിനെ സംബന്ധിച്ച വേണ്ട അധികാരം പത്താംവകുപ്പിൽ ഉണ്ടല്ലോ.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്ഡ് സക്കാർ വക്കീൽ): പത്താം വകുപ്പ് ഇങ്ങനെയാണ്:—

"മേൽ പറഞ്ഞ വകുപ്പുകളിൽ എന്തു തന്നെ അടങ്ങിയിരുന്നാലും പണം കൊടുത്തോ മറ്റു പ്രകാരത്തിലോ പൊതുജനങ്ങൾക്കു പ്രവേശനമില്ലാതെ, ഒരാളിന്റെ സ്വന്തഗൃഹത്തിൽ നടത്തുന്ന അന്യമല്ലാത്ത ഏതെങ്കിലും ചലനചിത്രപ്രദർശനത്തെ ഈ റെഗുലേഷനിലെ വ്യവസ്ഥകൾ സംബന്ധിക്കുന്നതല്ല".

ഈ വകുപ്പു കൊണ്ടു ഒഴിവാക്കിട്ടുള്ളതു പൊതുജനങ്ങൾക്കു പ്രവേശനമില്ലാത്ത ഒരാളിന്റെ സ്വന്തഗൃഹത്തിൽ നടത്തുന്ന പ്രദർശനങ്ങളെയാണ്. ഈ വകുപ്പു ഒഴിവാക്കുന്ന ഒരു വകുപ്പുതന്നെയാണെന്നുള്ളതിനു സംശയമില്ല. എന്നാൽ പൊതുജനങ്ങൾക്കു പ്രവേശനമുള്ള പ്രദർശനങ്ങളെ ചിലപ്പോൾ ഒഴിവാക്കേണ്ടതായി വരാം.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): അങ്ങനെയാണെങ്കിൽ കാര്യം "പൊതുജനങ്ങൾ" എന്നപദത്തിന്റെഅർത്ഥത്തെ, ഉദാഹരണമായി ഒരു വിവാഹാവസരത്തിൽപ്രവേശനം ലഭിക്കുന്നവർ "പൊതുജനമോ" എന്നതിനെ, ആശ്രയിച്ചിരിക്കും.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർ വക്കീൽ): ഒരു വിദ്യാഭ്യാസസ്ഥാപനത്തിനു ക്ഷണിക്കപ്പെടുന്നവർ പൊതുജനത്തിൽപ്പെട്ടവരാണെന്നുള്ളതിനെപ്പറ്റി തർക്കമുണ്ടാകുമെന്നു എനിക്കു തോന്നുന്നില്ല. പൊതുജനമെന്ന പദത്തിന്റെ സാധാരണ അർത്ഥത്തിൽ പോലും അവർ കുട്ടിബോധങ്ങളല്ലെങ്കിൽ പൊതുജനത്തിൽ ഉൾപ്പെടും.

അതുവിട്ടിട്ടു ഒരു വിദ്യാലയത്തിന്റെ ദൃഷ്ടാന്തം എടുക്കുക. അവിടത്തെ വിദ്യാർത്ഥികൾ പൊതുജനത്തിൽപെട്ടവരാണെന്നുള്ളതിനു സംശയമില്ല. വിദ്യാലയത്തിലെ അധികാരസ്ഥന്മാർ ഒരു പ്രദർശനം നടത്താൻ ആഗ്രഹിക്കുന്നു. ഉടനെതന്നെ അവർ ലൈസൻസു കൊടുക്കുന്ന അധികാരിയുടെ അടുക്കൽപോയി സ്കൂൾ കെട്ടിടത്തിൽ പ്രദർശനം നടത്താൻ ലൈസൻസിനപേക്ഷിച്ചു വാങ്ങണം. അതു അവർക്കു സങ്കടമല്ലയോ? എന്തെന്നാൽ അവർക്കു ആണ്ടിൽ ഒന്നോ രണ്ടോ പ്രാവശ്യമേ പ്രദർശനം നടത്തേണ്ടാവശ്യമുള്ളു. ഈ സന്ദർഭത്തിൽ ലൈസൻസു വാങ്ങാൻ അവരെ നിർബന്ധിക്കുന്നതു ന്യായമാണോ?

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): എന്നാൽനിയമം വ്യക്തമാക്കാത്തതു എന്തുകൊണ്ട്? ഈ ബില്ലിൽതന്നെ ചേർക്കാത്തതു എന്തുകൊണ്ട്.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർവക്കീൽ): പൊതുജനത്തിനു ഒരു നിവൃത്തിമാർഗ്ഗം ഉണ്ടായിരിക്കണമെന്നതിനു ഇങ്ങനെയൊരു വകുപ്പു ആവശ്യമാണെന്നു ഗവണ്മെന്റു വിചാരിക്കയും അതുകൊണ്ടു ഈ വകുപ്പു സഭാമുമ്പാകെ ഹാജരാക്കുകയും ചെയ്തിരിക്കുന്നു. നിഷ്കർഷയുള്ള ഒരു ബിൽ പാസ്സാക്കിയാൽ ജനങ്ങൾക്കു സങ്കടകാരണമായി തീർന്നേക്കും എന്നു ഗവണ്മെന്റു വിചാരിച്ചു.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): എന്നാൽ വ്യവസ്ഥകളുടെ നിഷ്കർഷ കുറച്ചുണ്ടാക്കാത്തതു എന്തുകൊണ്ട്?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർവക്കീൽ): അതുതന്നെയാണ് ഏതുതരം ചിത്രസഞ്ചികയേയും ഒഴിവാക്കുന്നതിനു ഒരു വ്യവസ്ഥവേണമെന്നു ഗവണ്മെന്റു വിചാരിക്കുന്നത്. ഉദാഹരണമായി ബ്രിട്ടീഷ് പരിശോധനബോർഡോ ബോംബേ പരിശോധനബോർഡോ സാക്ഷ്യപ്പെടുത്തിയ ഒരു ചിത്രസഞ്ചികയെ ഇവിടത്തെ ബോർഡു പരിശോധിച്ചിട്ടാവശ്യം ഉണ്ടാകയില്ല. ആ ചിത്രസഞ്ചികയെ സംബന്ധിച്ചു തിരുവിതാംകൂറിൽ ഒരു സാക്ഷിപത്രം വാങ്ങാൻ ആവശ്യമുണ്ടായിരിക്കയില്ല. അങ്ങനെയുള്ള ചിത്രസഞ്ചികകളെ ഗവണ്മെന്റുതന്നെ ഒഴിവാക്കുമായിരിക്കും. അങ്ങനെയുള്ളപ്പോൾ ആ ചിത്രസഞ്ചികകളേയും ഗവണ്മെന്റു ഒഴിവാക്കുന്നതു അഭിലഷണീയമായിരിക്കും. വീണ്ടും, ഒരു ചിത്രസഞ്ചിക പൊതുജനങ്ങളുടെ മുമ്പാകെ പ്രദർശിപ്പിക്കാത്തതല്ലെങ്കിലും സ്വകാര്യമായി കുറെ പേർ കൂടുന്നിടത്തു പ്രദർശിപ്പിക്കുന്നതിനു വിരോധമില്ലായിരിക്കും.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): ഇവയെല്ലാം ബോർഡിന്റെ മനസ്സിൽ തോന്നാനിടയുള്ള അഭിപ്രായങ്ങളാണോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർവക്കീൽ): അല്ല, അതിനാലാണ് ഈ അധികാരം നാം ഗവണ്മെന്റിനു കൊടുക്കുന്നതു.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): ഒഴിവാക്കുന്നതിനുള്ള സന്ദർഭങ്ങൾ സൂക്ഷ്മമായി വിവരിക്കണം.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർവക്കീൽ): എല്ലാസന്ദർഭങ്ങളും വിവരിക്കാൻ സാധിക്കയില്ല. എന്നാൽ ഒഴിവാക്കേണ്ടുന്ന സന്ദർഭങ്ങൾ ഉണ്ടാകാം.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): ബിൽ അപ്പോൾ ഭേദപ്പെടുത്താമല്ലോ.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർവക്കീൽ): നിയമം പാസ്സാക്കുന്നതുവരെ ആവശ്യം നിലനിന്നില്ലെന്നുവരാം. അതുകൊണ്ടു ജനങ്ങൾക്കു സങ്കടമുണ്ടാകാം. സന്ദർഭങ്ങൾ എല്ലാം വിവരിക്കാൻ സാധിക്കയില്ല. ഞാൻ ചില ദൃഷ്ടാന്തങ്ങൾ പറഞ്ഞു എന്നെയുള്ളു.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): ലൈസൻസു എടുക്കാൻ അവരോടു ആജ്ഞാപിക്കുന്നതുകൊണ്ടുള്ള ദോഷം എന്താണ്?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർവക്കീൽ): അവർ ഒരു രാത്രിമാത്രമേ പ്രദർശനം നടത്താൻ വിചാരിക്കുന്നുള്ളു. സംവത്സരംമുഴുവനും ക്രമമായി നടത്താൻ വിചാരിക്കുന്നില്ല എന്നുവരാം. ഒരു സ്കൂളിന്റെ അധികാരസ്ഥന്മാർ വല്ലപ്പോഴും ഒരിക്കൽ ഒരു പ്രദർശനം നടത്തണമെന്നു വിചാരിച്ചാൽ അവർ ആ സ്കൂൾകെട്ടിടം ഒരു ചലനചിത്രപ്രദർശനശാലയാക്കി ലൈസൻസു വാങ്ങണമെ?

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ആവക കാര്യങ്ങളിൽ ചലനചിത്രപ്രദർശനത്തിന്റെ ഉടമസ്ഥനൊ പ്രദർശകനൊ ഉണ്ടായിരിക്കയില്ലയൊ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർവക്കീൽ): ലൈസൻസു കൊടുക്കുന്നതു കെട്ടിടത്തിനാണ്, ചിത്രസഞ്ചികയ്ക്കല്ല. ആദ്യമായി സ്ഥലത്തിനു ലൈസൻസുകൊടുക്കണം. പിന്നെ ചിത്രസഞ്ചികയ്ക്കു സാക്ഷ്യപത്രം കൊടുക്കണം. ആദ്യത്തേതിനെസംബന്ധിച്ചു ഒരു താൽക്കാലിക അഭിയന്തിരത്തിനു പ്രദർശനം നടത്താൻ ലൈസൻസുവാങ്ങണമെന്നു ഉടമസ്ഥനോട് ആജ്ഞാപിക്കുന്നതു ചിലപ്പോൾ കഷ്ടമായിരിക്കും. ചിത്രസഞ്ചികകളുടെ കാര്യത്തിൽ വൈദ്യവിദ്യാർത്ഥികൾക്കു രസകരമായിരിക്കാവുന്ന ചിത്രങ്ങളെപ്പറ്റി ആലോചിക്കുക. പൊതുജനങ്ങളെ സംബന്ധിച്ചിടത്തോളം അവ അസഭ്യമൊ ആഭാസമൊ ആയിരിക്കാം. എന്നാൽ വൈദ്യന്മാർക്കു അവയെ കാണുന്നതു പ്രയോജനകരമായിരിക്കും. അങ്ങനെയുള്ള കാര്യങ്ങളിൽ അവയെ ഒഴിവാക്കണമെന്നു ഗവണ്മെന്റിനു അഭിപ്രായമുണ്ടാകാം. അതുകൊണ്ടു അങ്ങനെ ചിത്രസഞ്ചികകളേയും ഒഴിവാക്കാൻ ഗവണ്മെന്റിനു അധികാരമുണ്ടായിരിക്കണം. എന്നുവേണ്ട ബില്ലിലെ വ്യവസ്ഥകളുടെ നിഷ്കർഷനിമിത്തം പൊതുജനങ്ങളുടെ സ്വാതന്ത്ര്യത്തിനു അനാവശ്യമായ വിഘാതമുണ്ടായേക്കാം എന്നു ഗവണ്മെന്റിനു ഭയമുണ്ട്. അതിനൊരു നിവൃത്തിമാർഗ്ഗമായിട്ടാണു ഈ വകുപ്പു ചേർത്തിട്ടുള്ളത്. അല്ലാതെ ഈ സ-

ചെയ്യുന്ന നിയമത്തെ നിഷ്പ്രയോജനമാക്കണമെന്നു അവർക്കു യാതൊരുദ്ദേശവുമില്ല. ഇതുകൊണ്ടു്, ഗവൺമെന്റിനു വല്ല ദൂഷ്യവും വരുത്തിക്കൊള്ളാമെന്നു ഗവൺമെന്റിനു വിചാരമില്ല. എന്നാൽ ജനസാമാന്യത്തിന്റെ പ്രവൃത്തി സ്വാതന്ത്ര്യം മാത്രമാണു് ഉദ്ദേശിച്ചിട്ടുള്ളതു്.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): നിങ്ങൾ അതു പറഞ്ഞില്ലല്ലോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): ബിൽ ഹാജരാക്കിയപ്പോൾ ഞാൻ അതു പ്രസ്താവിച്ചിട്ടുണ്ടെന്നു തോന്നുന്നു.

ഡിപ്യൂട്ടിപ്രെസിഡെൻറു്: നിങ്ങൾക്കു വല്ലതും പറയാനുണ്ടോ മിസ്റ്റർ നാരായണപിള്ള?

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഉണ്ടു്. ഈ ഭേദഗതിപ്രമേയത്തെപ്പറ്റി അല്പംകൂടെ പറവാൻ ബാക്കിയുണ്ടു്. മാന്യമെമ്പർമാരുടെ പ്രസംഗം കേട്ടതിൽ, ഒന്നാമത്തെ വകുപ്പു ആവശ്യത്തിലധികം വിശാലമായിപ്പോയി എന്നു അദ്ദേഹം തന്നെ സമ്മതിക്കുന്നതായി കാണുന്നു. ആ വകുപ്പു വായിച്ചുനോക്കീട്ട ഈ പ്രമേയം ഹാജരാക്കിയ എന്റെ സ്നേഹിതൻ മിസ്റ്റർ മാധവൻപിള്ളയുടെ ഭയമെല്ലാം അടിസ്ഥാനരഹിതമല്ലെന്നു കാണുന്നു. ഭാഷയുടെ അർത്ഥം അങ്ങനെയാണെങ്കിലും അദ്ദേഹം പറഞ്ഞ സംഗതികൾ ഗവൺമെന്റിന്റെ ഉദ്ദേശത്തിൽനിന്നു എത്രയോ അകലെയാണെന്നു പറഞ്ഞുകൊണ്ടു മിസ്റ്റർ പരമേശ്വരൻപിള്ള അതിനെ നീതീകരിക്കുന്നു. നിയമനിർമ്മാണത്തിൽ ഒരു പ്രധാനസംഗതി ഉപയോഗിച്ചിട്ടുള്ള ഭാഷ ഉദ്ദേശം ശരിയായി ഗ്രഹിക്കത്തക്കതായിരിക്കണമെന്നുള്ളതാണു്. അതിനെസംബന്ധിച്ചു ഒഴിവാക്കേണ്ടതായ ചില സന്ദർഭങ്ങൾ ഗവൺമെന്റിന്റെ മനസ്സിൽ ഉണ്ടെന്നും അതുനിമിത്തം ഈ നിയമത്തിലെ വ്യവസ്ഥകൾ അവസരംപോലെ നിഷ്പ്രയോജനമാക്കേണ്ടിവരുമെന്നുമാണു് മിസ്റ്റർ പരമേശ്വരൻപിള്ള പറയുന്നതു്. എന്നാൽ ന്യായമായ സംഗതികളെ ഒഴിവാക്കാനായി ഉണ്ടാക്കീട്ടുള്ള ഈ വ്യവസ്ഥയിൽ അർത്ഥലക്ഷണമില്ലാത്ത സംഗതികളുടെ നാശങ്ങൾ അതേവിധം പ്രാപിപ്പാനിടയുണ്ടു്. യഥാർത്ഥസ്ഥിതി ഇപ്പോൾ ഇങ്ങനെയാണു വന്നുകൂടിയിരിക്കുന്നതു്. പ്രജകളുടെ നിയന്ത്രണത്തിന്നായി ഒരു നിയമം ഉണ്ടാക്കുന്ന ഗവൺമെന്റു ഇങ്ങനെയാണു പറയുന്നതു് "പ്രജകൾക്കുവേണ്ടി ഞങ്ങൾ ഉണ്ടാക്കുന്ന നിയമം ഞങ്ങളുടെ പ്രവൃത്തികളെ നിയന്ത്രണം ചെയ്യാൻ ഞങ്ങൾ സമ്മതിക്കയില്ല. നിയമങ്ങൾ ഞങ്ങൾക്കു ബാധകമല്ല" ഈ വകുപ്പു പാസ്സാക്കാൻ ശ്രമിക്കുന്ന ഗവൺമെന്റിന്റെ പ്രാരംഭനില ഇതാണ്. ഒന്നാം വകുപ്പു ഇപ്പോഴുള്ളപ്രകാരം ഗവൺമെന്റിനു അനാവശ്യമായ ഒരു ചിത്രം പ്രദർശിപ്പിപ്പാൻ അനുവാദം കൊടുക്കും, മിസ്റ്റർ പരമേശ്വരൻപിള്ളയുടെ അഭിപ്രായപ്രകാരം അങ്ങനെയുള്ള ചിത്രങ്ങളുടെ പ്രദർശനം ഈ റെഗുലേഷനിൽനിന്നു അവശ്യം ഒഴിവാക്കേണ്ടിവരുന്നതാണ്. ദൈവമൂർത്തികളുടെ ഉദാഹരണമാണല്ലോ മിസ്റ്റർ കയ്യാലം പരമേശ്വരൻപിള്ള പറഞ്ഞതു്. എന്നാൽ അതു ഗവൺമെന്റും വൈദ്യവിദ്യാർത്ഥികളും തമ്മിലുള്ള ഒരു സംഗതി ഇടപാടായിരിക്കുന്നിടത്തോളം ഗവൺമെന്റിന്റെ അനുഗ്രഹത്തെ നിയന്ത്രണം ചെയ്യുന്നതിനു യാതൊന്നുമില്ല. ഈ ആനുകൂല്യം ഗവൺമെന്റിനു മറ്റുള്ളവർക്കും കൊടുക്കാം. അവർ, പൊതുജനങ്ങൾ കാണത്തക്കവിധത്തിൽ അവർക്കു ഏർപ്പെടുവാൻ അവസരം കൊടുക്കാതെ, റെഗുലേഷൻ വകവെക്കാതിരിക്കാൻ സംഗതികളുണ്ടെന്നു ഗവൺമെന്റിനെ എങ്ങിനെയെങ്കിലും ബോദ്ധ്യപ്പെടുത്തിയാൽമതി. പൊതുജനം യാതൊന്നും അറികയില്ല. പലതും ശരിയാണെന്നു ഗവൺമെന്റിനു തോന്നിയേക്കാം. ഈ ഒന്നാം വകുപ്പുകൊണ്ടു സാദ്ധ്യമായിവരുന്നതു രണ്ടുതരം പക്ഷപാതപ്രദർശനമാണു് ഉണ്ടാകുകയാണു്. ഒരുതരക്കാർ റെഗുലേഷന്റെ അധീനത്തിലും മറ്റൊരുതരക്കാർ റെഗുലേഷനെ ഗണ്യമാക്കാതെ ഗവൺമെന്റിനെ തൃപ്തിപ്പെടുത്താൻമാത്രം നോക്കുന്നവരും. സ്വീകരിപ്പിക്കുന്ന ഈ വ്യത്യാസം ഗവൺമെന്റിന്റെ ഇഷ്ടമായിരുന്നാലും പലതരം കുഴപ്പങ്ങൾ ഉണ്ടാകാൻ ഇടയുണ്ടു്. എല്ലാനിയമങ്ങളുടെയും അടിസ്ഥാനം എല്ലാമനുഷ്യരും വ്യക്തികളും സമന്മാരായിരിക്കണം എന്നുള്ളതാണു്. ഇവിടെ അസമത്വം അനുവദിക്കയില്ല. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം അവരുടെ നില പൊതുജനങ്ങളുടെ രക്ഷയ്ക്കും സന്മാർഗ്ഗത്തിനും മര്യാദക്കും വേണ്ടി അവർ നിർമ്മിക്കുന്ന നിയമത്തെ അവർ അനുസരിക്കാൻ ഭാവമില്ലെന്നാണ്. പൊതുജനങ്ങൾ ഇതിനെ ഗുണകരമായ ഒരു നിയമമായി അംഗീകരിക്കുമോ എന്നും നിയമസഭയുടെ ഗുണത്തിലുള്ള വിശ്വാസത്തെ നിയമകർത്താവു അധഃപതിപ്പിക്കയില്ലയോ എന്നും എനിക്കു സംശയമുണ്ടു്. ഒരു പാലം പണിയിട്ടു അതിന്മേൽക്കൂടി താൻ കടന്നുപോകയില്ലെന്നു പറയുന്ന ഒരു എൻജിനീയറോടു ഇതിനെ സാദൃശ്യപ്പെടുത്താം. അങ്ങനെയല്ലാതെ വേറെ ആരെങ്കിലും ആ പാലം കയറി കടന്നുപോകുമോ? അതുകൊണ്ടു ഈ വ്യവസ്ഥ ഉപേക്ഷിക്കേണ്ടതുതന്നെയാണു്. ഇതിന്റെ ഫലം തിരുവിതാംകൂറിൽ രണ്ടുതരം പ്രജകളെ സൃഷ്ടിക്കയായിരിക്കും. ഒരു തരക്കാർ നിയമം അനുസരിക്കാൻ മനസ്സുള്ളവർ, മറ്റെതരക്കാർ ന്യായമായ മാർഗ്ഗങ്ങളിൽക്കൂടെയോ അന്യായമായ മാർഗ്ഗങ്ങളിൽക്കൂടെയോ ആ നിയമത്തിൽനിന്നു ഒഴിഞ്ഞുകളവാൻ ആഗ്രഹിക്കുന്നവർ.

ഡിപ്യൂട്ടിപ്രെസിഡെൻറു: അതു കുറെ അതിശയോക്തി ആയിപ്പോയി.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): എങ്ങനെയാണു്, സർ? ഇവയെല്ലാം സംഭവ്യമാണെന്നാണ് എന്റെ വിചാരം. രണ്ടുതരം പ്രജകൾ ഉത്ഭവിക്കും, നിയമത്തിനുതന്നെ ഒരു ഭിന്നതവരും, എന്തെന്നാൽ നിയമം തങ്ങളുടെ പ്രവൃത്തികളെ നിയന്ത്രണം ചെയ്യുന്നില്ലെന്നാണല്ലോ ഗവൺമെന്റു പറയുന്നതു്. സൃഷ്ടിക്കാൻപോകുന്ന ബോർഡിനു അതു ഒരു നല്ല പാഠമായിരിക്കും. പ്രദർശനം നടത്തുവാൻ ആഗ്രഹിക്കുന്ന ഏവനും ബോർഡിനെ അവഗണിച്ചു, ലൈസൻസുകൊടുപ്പാൻ ഗവൺമെന്റിനു സ്വാതന്ത്ര്യം ഉണ്ടു്. ഓരോ പ്രത്യേകസന്ദർഭങ്ങളിൽ ഉദാഹരണമായി സ്കൂളുകൾസംബന്ധിച്ചോ വ്യാഖ്യാനസംബന്ധിച്ചോ മാത്രം കൊടുക്കുന്നു എന്നുള്ള ഭാവത്തിൽ, റെഗുലേഷനെ നിഷ്പ്രയോജനം ആക്കുകയായിരിക്കും ഇതിന്റെ പരിണാമം. ഒഴിവാക്കാനുള്ള അധികാരം ദുരുപയോഗം ചെയ്യാൻ ഇടയുണ്ടു്. ഒരു വിവാഹസംബന്ധിച്ചു ഒരു പ്രദർശനം നടത്തുവാൻ ഗവൺമെന്റു അനുവദിക്കുന്നു എന്നിരിക്കട്ടെ, അനുവാദം ലഭിക്കുന്നവർ ആ അവസരം പൊതുജനങ്ങളുടെ മുമ്പാകെയും പ്രദർശിപ്പിക്കുന്നതിനുപയോഗിച്ചു ലാഭമുണ്ടാക്കാൻ നോക്കി എന്നുവരാം. അതിനെപ്പറ്റി ആർക്കും ചോദ്യം ചെയ്‌വാൻ അവകാശമില്ല. ഇങ്ങനെയിരിക്കുന്നതിനാൽ ചില താല്ക്കാലിക പ്രദർശനങ്ങളെ ഒഴിവാക്കാനുള്ള അവസരങ്ങൾ ഉണ്ടാക്കേണമെങ്കിലും അവയെ പ്രത്യേകമായി വിവരിക്കയും തെളിവായിക്കാണിക്കയും വ്യവസ്ഥപ്പെടുത്തുകയും ചെയ്യേണ്ടതാകുന്നു. ഗവൺമെന്റിനു ബാധകമല്ലാത്തതും അവരുടെ പ്രീതിസമ്പാദിക്കുന്നവരെ ഒഴിവാക്കി അതിന്റെ ബാദ്ധ്യതയിൽനിന്നു വിമുക്തരാക്കുന്നതും ആയ ഇങ്ങനെയുള്ള ഉറപ്പില്ലാത്ത ഒരു നിയമം നിയമസഭയെപ്പോലെയുള്ള ഒരു സംഘത്തിനു സ്വീകാര്യമായിരിക്കുന്നകാര്യം പ്രയാസമാണു്.

ഉദ്ദേശം വേറെയാണെന്നും, ആവശ്യപ്പെട്ടാൽ നിവൃത്തികൊടുക്കാൻ ഗവണ്മെന്റിനെ പ്രാപ്തിപ്പെടുത്തുന്ന ഒരു വ്യവസ്ഥമാത്രമാണെന്നും അനുദ്യോഗസ്ഥമെമ്പർമാർ അതിനെപ്പററി പരിഭ്രമിച്ചിട്ടാവശ്യമില്ലെന്നും ഉദ്യോഗസ്ഥഭാഗത്തുനിന്ന സമാധാനം പറയുന്നുണ്ടെങ്കിലും ഇതു ആവശ്യമാണെന്നു എനിക്ക ബോദ്ധ്യമായിട്ടില്ല. ഈ വ്യവസ്ഥ ആക്ഷേപയോഗ്യമാണെന്നു തന്നെയാണ എന്റെ വാദം. ഛാ മെമ്പറിന്റെ വ്യാഖ്യാനം ഒരു കോടതി മുമ്പാകെ ഉദ്ധരിക്കാൻ കൊള്ളുകയില്ല. അതു അദ്ദേഹത്തിന്റെ സ്വകാര്യ അഭിപ്രായമാണ. അദ്ദേഹം നാളെ ഒരു ജഡ്ജി ആയാൽ ഈ സഭയിൽ അദ്ദേഹം പറയുന്ന അഭിപ്രായം അദ്ദേഹംതന്നെ സ്വീകരിക്കയില്ല. വകുപ്പ എന്താണെന്നുമാത്രമേ ആലോചിക്കേണ്ടതുള്ളു എന്നു അദ്ദേഹംതന്നെ പറയും. കാര്യത്തിന്റെ ഈ സ്വഭാവം നോക്കുമ്പോൾ ഗവണ്മെന്റ അനഭിലഷണീയകാര്യങ്ങൾ ചെയ്യുകയില്ല എന്നുള്ള സമാധാനം ഈ നിയമസഭയെ ആശ്വസിപ്പിക്കുന്നതല്ല

മി: വി. എസ്. സുബ്രഹ്മണ്യഅയ്യർ (ഹെഡ്സർക്കാർവക്കീൽ): ഈമാതിരി നിയമത്തിൽനിന്നു ഒഴിവാക്കാനുള്ള അധികാരം കൊടുക്കുന്ന വേറെ റെഗുലേഷൻ ഇല്ലേ?

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഉണ്ടു, നിയമപുസ്തകത്തിൽ ചില റെഗുലേഷൻ ഉണ്ടു. അവ ഈ സഭാമുമ്പാകെ വരുമ്പോൾ അവയെ ശക്തിയോടെ എതിർക്കുന്നതു ഞങ്ങളുടെ ധർമ്മമായിരിക്കും.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): മററ റെഗുലേഷനിൽ ഇങ്ങനെ ഒരു വകുപ്പുള്ള സംഗതി ഒരു പ്രമാണമായി സ്വീകരിക്കാൻ കാരണമാണോ?

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അല്ല, വിഷയത്തിന്റെ ആലോചനയ്ക്കായി പ്രത്യേകം നിയമിച്ചിട്ടുള്ള ബോർഡിന്റെ തീർപ്പുകളെ അവഗണിക്കാൻ ഗവണ്മെന്റിനു അധികാരം കൊടുക്കുന്ന ഈ കരിനവ്യവസ്ഥ കേവലം അന്യായമാണ.

മി: വി. എസ്. സുബ്രഹ്മണ്യയ്യർ (ഹെഡ്സർക്കാർവക്കീൽ): ഗവണ്മെന്റിനു അപ്പീൽ അധികാരം കൊടുക്കുന്നതായ ഒരു വകുപ്പ ഈ സഭ പാസ്സാക്കിയില്ലയോ?

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ആ വ്യവസ്ഥ വ്യത്യസ്തമാണ. അപ്പീൽ വരുമ്പോൾ ഗവണ്മെന്റ എങ്ങനെയെങ്കിലും കാര്യം തീർച്ചയാക്കിക്കൊള്ളട്ടെ. എന്നാൽ ഈ വകുപ്പിലെ വ്യവസ്ഥ ഏതെങ്കിലും ചലച്ചിത്രപ്രദർശനങ്ങളെയോ മറേറതെങ്കിലും പ്രദർശനങ്ങളെയോ ഈ റഗുലേഷനിലെ ഏതെങ്കിലും വ്യവസ്ഥയിൽ നിന്നു ഗവണ്മെന്റിനു ഒഴിവാക്കാമെന്നാണ. അങ്ങനെയാണെങ്കിൽ ഈ റെഗുലേഷന്റെ ആവശ്യമെന്താണ? ഗവണ്മെന്റിനോടു അപേക്ഷിച്ചാൽ മതിയാകുമല്ലോ.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഒരു നിയമം പാസ്സാക്കിയാൽ അതു കുറച്ചെങ്കിലും അക്കാലത്തെ അഭിപ്രായങ്ങൾക്ക യോജിച്ചതായിരിക്കേണ്ടയോ?

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതാണു നിയമനിർമ്മാണത്തെപ്പററിയുള്ള ഒരു പ്രമാണം. എന്നാൽ നമുക്ക അറിയാവുന്നിടത്തോളം പൊതുജനാഭിപ്രായം ഇവിടെ ഗണ്യമാക്കീട്ടില്ല.

ഇക്കാരണങ്ങളാൽ മിസ്റ്റർ മാധവൻപിള്ളയുടെ പ്രമേയത്തെ അനുകൂലിക്കുന്നതിനും മിസ്റ്റർ പരമേശ്വരൻപിള്ളയുടെ എതിരഭിപ്രായത്തെ പ്രതികൂലിക്കുന്നതിനും എനിക്കു വളരെ സന്തോഷമുണ്ട്.

മി: ജി. പരമേശ്വരൻപിള്ള (നെയ്യാററിങ്കര): ഈ വകുപ്പ വിട്ടുകളയാൻ കൊണ്ടുവന്നിട്ടുള്ള ഈ ഭേദഗതി പ്രമേയത്തെ അനുകൂലിക്കാൻ കഴിയാത്തതിൽ എനിക്ക വ്യസനമുണ്ട്. ഈ നിയമത്താൽ പ്രജകളുടെമേൽ ചുമത്തിയിട്ടുള്ള നിരോധന നിബന്ധനകളിൽനിന്ന അവരെ ഒഴിവാക്കുന്നതിനായുള്ള ഈ വ്യവസ്ഥ ഗുണകരമായ ഒരു വ്യവസ്ഥയാണെന്നു എനിക്ക തോന്നുന്നു. വേറെ വാക്കുകൾ ഉപയോഗിച്ചുപറഞ്ഞാൽ അതു പ്രജകൾക്ക അനുകൂലമാണെന്നും അവരുടെ അവകാശങ്ങൾക്ക ഹാനികരമല്ലെന്നും ഞാൻ വിചാരിക്കുന്നു. ഈ റെഗുലേഷൻ പ്രജകളുടെ ചില അവകാശങ്ങളെ സ്വാതന്ത്ര്യമായി ഉപയോഗിക്കുന്ന കാര്യത്തിൽ ചില തടസ്സങ്ങളും നിബന്ധനകളും ഉണ്ടാക്കുന്ന ഒരു നിയമമാകുന്നു.

മി: പി. കെ നാരായണപിള്ള (അമ്പലപ്പുഴ): പ്രജകളുടെ സ്വാതന്ത്ര്യത്തെ കരുതി ശിക്ഷാനിയമത്തിൽനിന്നു ചില ആളുകളെ ഒഴിവാക്കാൻ ഗവണ്മെന്റിനു അധികാരം കൊടുക്കുന്നതിനു എന്റെ സ്നേഹിതനു മനസ്സുണ്ടോ?

മി: ജി. പരമേശ്വരൻപിള്ള (നെയ്യാററിങ്കര): എന്റെ സ്നേഹിതന്റെ ചോദ്യത്തിനു എന്നാൽ കഴിവുള്ളപോലെ ഒരു മറുപടി പറവാൻ ഞാൻ പിന്നീടു ശ്രമിച്ചുകൊള്ളാം. ലൈസൻസുകൾ കൊടുക്കുന്നതിനെപ്പററിയും കരത്തെസംബന്ധിച്ചും ഇതുപോലെയുള്ള ചില പ്രത്യേകനിയമങ്ങളിലെ വ്യവസ്ഥകളെപററി ഈ ഭേദഗതിക്കനുകൂലിച്ച എന്റെ സ്നേഹിതന്മാർക്ക അറിവുണ്ടായിരിക്കുമല്ലോ. മുനിസിപ്പൽ റെഗുലേഷൻതന്നെ ഒരു ഉദാഹരണമായി എടുത്തുപറയാം.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): മുനിസിപ്പൽ റെഗുലേഷൻ ഈ സഭയാണോ പാസ്സാക്കിയത്?

മി: ജി പരമേശ്വരൻപിള്ള (നെയ്യാററിങ്കര): അതേ, തിരുവിതാംകൂർ നിയമസഭയാണ അതു പാസ്സാക്കിയത്?

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതിന്റെ ഇപ്പോഴത്തെ സംഘടനപ്രകാരമോ?

മി: ജി. പരമേശ്വരൻപിള്ള (നെയ്യാററിങ്കര): ഒരേനിയമസഭയ്ക്കു എല്ലാ നിയമങ്ങളും പാസ്സാക്കാൻ കഴിയുമെന്നു വിചാരിക്കുന്നതു മൌഢ്യമാണ.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): വേറൊരു നിയമം പാസ്സാക്കീട്ടുള്ളതുകൊണ്ടു ഇപ്പോൾ ഈ നിയമത്തെ അനുകൂലിക്കുന്നതിൽനിന്നു അദ്ദേഹത്തെ ഒഴിവാക്കുമോ?

മി: ജി. പരമേശ്വരൻപിള്ള (നെയ്യാററിങ്കര): അനുദ്യോഗസ്ഥമെമ്പർമാർക്കെല്ലാവർക്കും അവരവർക്ക തോന്നുന്നപോലെ അഭിപ്രായംപറവാൻ സ്വാതന്ത്ര്യം ഉണ്ടു. ഈ ഭേദഗതിപ്രമേയത്തെ എതിർക്കേണ്ടതാണെന്നാകുന്നു എന്റെ ബോധം.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): മുമ്പു പാസ്സാക്കിട്ടുള്ള ഒരു നിയമത്തിൽ ഇതിനെപ്പോലെതന്നെ ഒരു വ്യവസ്ഥയുള്ളതുകൊണ്ടാണോ?

മി: ജി. പരമേശ്വരൻപിള്ള (നെയ്യാററിങ്കര): എൻെറ പ്രസംഗം തുടരാൻ അനുവദിക്കാനും വേണ്ടും ക്ഷമ എൻെറ സ്നേഹിതരേണ്ടായിരിക്കുമെന്നു വിശ്വസിക്കുന്നു. അതിൻെറശേഷം ഒരനുമാനം ഉണ്ടാക്കിക്കൊള്ളട്ടെ. ചില പ്രത്യേക കാരണങ്ങളാൽ ചില ചലനചിത്രപ്രദർശനങ്ങളെ ഈ റെഗുലേഷൻെറ വ്യവസ്ഥകളിൽ നിന്നു ഒഴിവാക്കാൻ തങ്ങൾ ഒരുക്കമാണെന്നു ഗവമെൻറ പറയുന്നു.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): ഒരുദാഹരണം പറയുമോ?

മി: ജി. പരമേശ്വരൻപിള്ള (നെയ്യാററിങ്കര): മിസ്റ്റർ കയ്യാലം പരമേശ്വരൻപിള്ള ശരിയായി പ്രസ്താവിച്ചപ്രകാരം ബ്രിട്ടീഷ് ഇൻഡ്യയിലെ അധികാരസ്ഥന്മാർ സാക്ഷ്യപ്പെടുത്തി ലൈസൻസു കൊടുത്തിട്ടുള്ള ചിത്രസഞ്ചികകൾ ഉണ്ടാകാം. അങ്ങനെയുള്ള ചിത്രസഞ്ചികകളെ സാക്ഷ്യപ്പെടുത്തുന്നതിനെ സംബന്ധിച്ചു ഈ റെഗുലേഷനിലെ വ്യവസ്ഥകൾ അനുസരിച്ചുള്ള നടപടികളെല്ലാം നടത്തിട്ടാവശ്യംഇല്ല. വീണ്ടും ഉത്സവങ്ങൾ സംബന്ധിച്ചു തല്ക്കാലപ്രദർശനങ്ങൾ ഉണ്ടാകാം. ശ്രീകൃഷ്ണൻെറ ജനനം സംബന്ധിച്ചും മററുമുള്ള പ്രദർശനപരമ്പരകളെപ്പററി തിരുവനന്തപുരം നഗരത്തിലെ ആളുകൾക്കു അറിവില്ലാതില്ല. അങ്ങനെയുള്ള അവസരങ്ങളിൽ ആ വക പ്രദർശനങ്ങൾ നടത്താൻ ചിലക്കു അനുഗ്രഹമുണ്ടാകാം. അങ്ങനെയുള്ള കാര്യങ്ങളിൽ ഈ റെഗുലേഷനിലെ നിബന്ധനകളെല്ലാം അനുസരിക്കാൻ അവരെ നിർബന്ധിച്ചിട്ടാവശ്യംഇല്ല. അവർ ഫീസു കൊടുക്കേണ്ടിവരുമെന്നു എൻെറ സ്നേഹിതന്മാക്ക് അറിവുണ്ടാകുമല്ലോ. അങ്ങനെ ഫീസുകൊടുക്കുന്നതിൽ നിന്നു ഗവമെൻറ ഈ വകുപ്പനുസരിച്ചു ചിലരെ ഒഴിവാക്കാനിടയുണ്ടെന്നു മിസ്റ്റർ മാധവൻപിള്ള സൂചിപ്പിച്ചതു ഞാനും സമ്മതിക്കുന്നു. ഇതു ഗുണകരമായ ഒരു വ്യവസ്ഥയാണു. എന്തെന്നാൽ എല്ലാസന്ദർഭത്തിലും ഫീസുകൊടുക്കാൻ നിർബന്ധിക്കേണ്ടതല്ല. മതസംബന്ധമായോ വിദ്യാഭ്യാസസംബന്ധമായോഉള്ള പ്രദർശനങ്ങൾ സൌജന്യമായിരിക്കേണ്ടതാകുന്നു. അവയെസംബന്ധിച്ചു അനാവശ്യനിബന്ധനകൾ ഉണ്ടായിരിക്കരുതു.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): അങ്ങനെയുള്ളകാര്യങ്ങൾ മുനിസിപ്പാലിററി ചെയ്യുന്നില്ലേ?

മി: ജി. പരമേശ്വരൻപിള്ള (നെയ്യാററിങ്കര): അവക്കു അതിന്നു അധികാരംഉണ്ടു അവർ ഒഴിവാക്കീട്ടുമുണ്ടു. അതിനെസംബന്ധിച്ചു മുനിസിപ്പാൽ റെഗുലേഷനിൽ ഉള്ളവകുപ്പു ഞാൻ വായിച്ചുകേൾപ്പിക്കാം.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇതു ലൈസൻസുകൊടുക്കുന്ന ബോർഡു ചെയ്യുകയില്ലയോ?

മി: ജി. പരമേശ്വരൻപിള്ള (നെയ്യാററിങ്കര): ലൈസൻസു കൊടുക്കുന്നബോർഡില്ല. സാക്ഷ്യപത്രം കൊടുക്കുന്ന ബോർഡാണുള്ളതു. ബോർഡ് സാക്ഷ്യപത്രം കൊടുക്കും. ഇതിനെസംബന്ധിച്ചു മുനിസിപ്പൽ റെഗുലേഷനിലും ഇങ്ങനെ ഒരു വ്യവസ്ഥയുണ്ടു.

ഇങ്ങനെയൊരു നിയമം പാസ്സാക്കുന്നതിന്നു അടിസ്ഥാനമായ തത്വം ഈ സഭ വിസ്മരിക്കരുതു. ജനങ്ങളുടെ സന്മാർഗ്ഗത്തിന്നു ഹാനികരമായവിധത്തിൽ വിവേകമില്ലാതെ ചലനചിത്രപ്രദർശനങ്ങൾനടത്തുന്നതു നിറുത്തൽ ചെയ്യേണ്ടതാണെന്നു വിചാരിക്കയാലാണു നാം ഈ ബിൽ ഹാജരാക്കാൻ അനുവദിച്ചതു. ഈ ഉദ്ദേശത്തോടുകൂടെയാണു അവർ പ്രദർശനങ്ങളെ ക്രമപ്പെടുത്തിട്ടുള്ളതു. അങ്ങനെയുള്ള നിബന്ധനകൾ ആവശ്യമുള്ളേടത്താകെ ഉണ്ടാക്കുന്നതാണു. അതു ആവശ്യമില്ലായിരുന്നെങ്കിൽ ഗവമെൻറ നിബന്ധനകൾ ഉണ്ടാക്കുകയില്ലായിരുന്നു. നിരോധകനിബന്ധനകൾ കഴിവുള്ളേടത്തോളം ലഘുവായിരിക്കണം. ഈ സഭ അവയെ കഴിവുള്ളേടത്തോളം കഠിനമാക്കരുതു. ഗവമെൻറപോലും സ്വീകരിക്കാൻ ഒരുക്കമില്ലാത്ത ഒരുനിലയെ ഈ സഭ അവലംബിക്കുന്നതു ബുദ്ധിപൂർവ്വകമായിരിക്കയില്ല.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): വകുപ്പിലെ പദപ്രയോഗത്തിൽനിന്നു ഗവമെൻറിൻെറ സദുദ്ദേശങ്ങളെല്ലാം മെമ്പർ കണ്ടുപിടിച്ചതു എങ്ങനെയാണെന്നു പറയുമോ?

മി: ജി. പരമേശ്വരൻപിള്ള (നെയ്യാററിങ്കര): ഒഴിവാക്കാൻ അധികാരമില്ലാതെ ഗവമെൻറ ഒഴിവാക്കുന്നതു എങ്ങനെയാണു? അവക്കു ഈ അധികാരം കൊടുത്തില്ലെങ്കിൽ പൊതുജനങ്ങൾക്കു അതൊരു ഉപദ്രവമായിരിക്കും.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): എന്തുപദ്രവമാണു ഉണ്ടാകാൻ ഇടയുള്ളതു?

മി: ജി. പരമേശ്വരൻപിള്ള (നെയ്യാററിങ്കര). രക്ഷാമാർഗ്ഗമായ ഒരുവകുപ്പില്ലാതെ വ്യവസ്ഥകളുടെ അക്ഷരപ്രകാരമുള്ള പ്രയോഗം തീച്ചയായിട്ടും ജനങ്ങളുടെ ഗുണത്തിന്നു വിപരീതമായിരിക്കും.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): ഗവമെൻറിന്നു അവയെ വിചരിച്ചു ചട്ടങ്ങൾ ഉണ്ടാക്കിക്കൂടയോ?

മി: ജി. പരമേശ്വരൻപിള്ള (നെയ്യാററിങ്കര): അതുകൊണ്ടുതന്നെയാണു ഗവമെൻറ ഈ വ്യവസ്ഥവേണമെന്നാവശ്യപ്പെടുന്നതു. ചിലആളുകളെയൊ ചിലപ്രദർശനങ്ങളെയൊ ഒഴിവാക്കാൻ അവരെ അധികാരപ്പെടുത്തുന്ന വ്യക്തമായ ഒരുവകുപ്പില്ലെങ്കിൽ ഗവമെൻറിന്നു അവരെ ഒഴിവാക്കുവാൻ കഴികയില്ല. ചട്ടങ്ങൾ ഏല്പെടുത്താൻ കഴിവുണ്ടാകുന്നതിന്നുതന്നെയാണു അവർ ഈ വ്യവസ്ഥവേണമെന്നു ആവശ്യപ്പെടുന്നതു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഒൻപതാംവകുപ്പിൽ ചട്ടങ്ങളെപ്പററി ഒന്നും പറയുന്നില്ലല്ലോ.

മി: ജി. പരമേശ്വരൻപിള്ള (നെയ്യാററിങ്കര): ചട്ടങ്ങളുണ്ടാക്കാൻ അവരെ അധികാരപ്പെടുത്തുന്നതായ വ്യവസ്ഥ റെഗുലേഷനിൽ തന്നെഉണ്ടു. ചട്ടങ്ങളുടെ വിഷയത്തെപ്പററി നിയമത്തിന്നു പ്രത്യേകവ്യവസ്ഥഉണ്ടായിരിക്കണം. ചട്ടങ്ങളുണ്ടാക്കാൻ ഗവമെൻറിനെ അധികാരപ്പെടുത്തുന്ന ഒരുവ്യവസ്ഥയാകുന്നു ഇതു. ഈ വ്യവസ്ഥയില്ലാതെ അവക്കു യാതൊന്നും ചെയ്യാൻ കഴികയില്ല. തങ്ങളുടെപക്ഷത്തിന്നു അനുകൂലമായ ഒരുസംഗതിയെ സഭയുടെ ഈ ഭാഗം പ്രതികൂലിക്കുന്നതു എനിക്കു ആശ്ചര്യജനകമായിരിക്കുന്നു.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി). ഈ കാര്യങ്ങളെല്ലാം പത്താംവകുപ്പിൽ അടങ്ങീട്ടുണ്ടെന്നു മി: ജി. പരമേശ്വരൻപിള്ള കാണുന്നില്ലയോ?

മി: ജി. പരമേശ്വരൻപിള്ള (നെയ്യാററിങ്കര): പത്താംവകുപ്പ് ഒരു പ്രത്യേകദൃഷ്ടാന്തത്തെപ്പററിയാണ്, പത്താംവകുപ്പ് ഇപ്രകാരമാണ്.

"മേൽപറഞ്ഞവകുപ്പുകളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും പണംകൊടുത്തോമററുപ്രകാരത്തിലോ പൊതുജനങ്ങൾക്കു പ്രവേശനമില്ലാതെ, ഒരാളിന്റെ സ്വന്തഗൃഹത്തിൽ നടത്തുന്ന അസഭ്യമല്ലാത്ത ഏതെങ്കിലും ചലനചിത്രപ്രദർശനത്തെ ഈ റെഗുലേഷനിലെ വ്യവസ്ഥകൾ സംബന്ധിക്കുന്നതല്ല".

ഞാൻ ഉദാഹരണമായി പറഞ്ഞ ഉത്സവങ്ങളും വിദ്യാഭ്യാസസംബന്ധമായ പ്രദർശനങ്ങളും ഈ വകുപ്പിന്റെ വ്യാപ്തിയിൽ ഉൾപ്പെടുന്നില്ല. അതു ഒരുപ്രത്യേകഉദാഹരണത്തെപ്പററിയാണ്. ഈ വകുപ്പു പൊതുജനത്തിനു ദോഷകരമായി പരിണമിക്കുന്നതു എങ്ങനെയാണെന്നു ഞാൻ സഭയോടു ചോദിച്ചുകൊള്ളുന്നു. തങ്ങളുടെ അവകാശം സ്വാതന്ത്ര്യമായി ഉപയോഗിക്കുന്നതിനെ റെഗുലേഷൻ നിരോധിക്കുന്നു. ഒഴിവാക്കേണ്ടുന്നസന്ദർഭങ്ങൾ ഉണ്ടാകുമ്പോൾ ഒഴിവാക്കിക്കൊടുക്കുന്നതു അഭിലഷണീയം ആയിരിക്കും.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഒരു അസഭ്യമായ ചിത്രസഞ്ചികയെ പ്രദർശിപ്പിക്കുവാൻ ഗവണ്മെന്റു അനുവദിച്ചെങ്കിലോ?

മി: ജി. പരമേശ്വരൻപിള്ള (നെയ്യാററിങ്കര): അങ്ങനെ അനുവദിക്കത്തക്കവണ്ണം ന്യായബോധമില്ലാത്ത ഒരു ഗവണ്മെന്റു ഉണ്ടാകയില്ല. ഗവണ്മെന്റ് എന്താണെന്നു എനിക്കറിയാം. അത്ര അധമമായി പ്രവർത്തിക്കാൻ ഒരുക്കമുള്ള ഒരുഗവണ്മെന്റു ഉണ്ടാകയില്ലെന്നു എനിക്കു നിശ്ചയമുണ്ടു.

മി: കണ്ണമ്പ്രം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർവക്കീൽ): അപ്പോൾ ഈ വകുപ്പിനെ ദുർബ്ബലപ്പെടുത്താനോ ഭേദപ്പെടുത്താനോ ഒരുബിൽ കൊണ്ടുവരുവാൻ ഏതെങ്കിലും മെമ്പറിനു പാടില്ലയോ?

മി: ജി. പരമേശ്വരൻപിള്ള (നെയ്യാററിങ്കര). ഉണ്ട്—

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഈ സഭ എല്ലായ്പോഴും സുബോധമുള്ളതായിരിക്കുമെന്നു ആരാണു ഉറപ്പു തരുന്നത്?

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): ഡാൿബിൽ ഹാജരാക്കാൻ മിസ്റ്റർ ചങ്ങനാശ്ശേരി പരമേശ്വരൻപിള്ള ശ്രമിച്ചപ്പോൾ എന്താണ് സംഭവിച്ചത്?

മി: ജി. പരമേശ്വരൻപിള്ള (നെയ്യാററിങ്കര): അതിന്നിവിടെ എന്താണു സംബന്ധമെന്നു എനിക്കു മനസ്സിലാകുന്നില്ല.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): ഒരു ബില്ലിലെ ഏതു വ്യവസ്ഥയും റദ്ദാക്കുവാൻ ഒരു മെമ്പറിനു കഴിയുമെന്നു മി: ജി. പരമേശ്വരൻപിള്ള പറകയുണ്ടായി.

മി: ജി. പരമേശ്വരൻപിള്ള (നെയ്യാററിങ്കര): മി: ചങ്ങനാശ്ശേരി പരമേശ്വരൻപിള്ളയുടെ അപേക്ഷയ്ക്കു കാരണങ്ങൾ വേറെ ആയിരുന്നിരിക്കണം. ഗവണ്മെന്റു ആ കാര്യം തീർച്ചയാക്കിയ പ്രകാരം തീർച്ചയാക്കാൻ അവർക്കു കാരണങ്ങൾ ഉണ്ടായിരുന്നിരിക്കാം. എനിക്കു അതിനെപ്പററി അറിവില്ല.

ഡിപ്യൂട്ടിപ്രെസിഡെന്റു: അതു പൊതുമുതലെടുപ്പിനെ സംബന്ധിക്കുന്ന ഒരു കാര്യമാണെങ്കിൽ ഗവണ്മെന്റിന്റെ അനുമതിവേണം.

മി: ജി. പരമേശ്വരൻപിള്ള (നെയ്യാററിങ്കര): ഇതു തീർച്ചയായിട്ടും മുതലെടുപ്പു സംബന്ധമായോ ഭോകശസംബന്ധമായിട്ടോ ഉള്ള ഒരു റെഗുലേഷൻ അല്ല. ചില ചിത്രസഞ്ചികകളുടെ പ്രദർശനം നിയന്ത്രണം ചെയ്യാനായിട്ടാണു ഈ റെഗുലേഷൻ കൊണ്ടുവന്നിട്ടുള്ളതു. ഇൻഡ്യയുടെ മററുഭാഗങ്ങളിൽ ഉള്ള ഇതുപോലെയുള്ള നിയമങ്ങളിൽ ഒഴിവാക്കുന്നതിനുള്ള വ്യവസ്ഥയുണ്ടു. വകുപ്പിന്റെ വ്യാപ്തിയെപ്പററി ഒരു തെററിദ്ധാരണനിമിത്തമാണു ഈ വിരോധം ഉണ്ടായിട്ടുള്ളതെന്നു എനിക്കു തോന്നുന്നു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ബില്ലിലെ മുൻവ്യവസ്ഥകൾ സുഖപ്രദമാണോ എന്നും പൊതുജനത്തിന്റെ നന്മയെ ഉദ്ദേശിച്ചുണ്ടാക്കിട്ടുള്ളവയാണോ എന്നും അറിവാൻ ആഗ്രഹിക്കുന്നു.

മി: ജി. പരമേശ്വരൻപിള്ള (നെയ്യാററിങ്കര): ഞാൻ റെഗുലേഷനെ മുഴുവനെയാണു ആലോചനയ്ക്കെടുക്കുന്നത്. ഓരോവകുപ്പിനെയും പ്രത്യേകം പ്രത്യേകം നോക്കുന്നില്ല.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): മുമ്പുള്ള വകുപ്പുകൾ ആവശ്യമാണോ എന്നാണു എന്റെ ചോദ്യം.

മി: ജി. പരമേശ്വരൻപിള്ള (നെയ്യാററിങ്കര): അതേ. ഈ വകുപ്പു നിമിത്തം അവ പൊതുജനങ്ങൾക്കു അനുകൂലമാണു. ഒഴിവാക്കാനുള്ള ഈ വകുപ്പില്ലെങ്കിൽ അവ പൊതുജനങ്ങൾക്കു പ്രതികൂലമായിരിക്കും. ചട്ടങ്ങൾ നിഷ്ഠൂരമായി പ്രയോഗിക്കുന്നതിൽ ജനങ്ങൾക്കുണ്ടാകാവുന്ന വൈഷമ്യത്തിൽ അധികഭാഗവും ഒഴിവാക്കാനുള്ള ഈ വകുപ്പുകൊണ്ടു തീർന്നുപോകും.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): മുമ്പുള്ള വകുപ്പുകൾ കൊണ്ടു വല്ല ആവശ്യവും ഉണ്ടോ?

മി: ജി. പരമേശ്വരൻപിള്ള (നെയ്യാററിങ്കര): അതു മറുപടി ആവശ്യമുള്ള ഒരു ചോദ്യമല്ല. എന്തെന്നാൽ റെഗുലേഷൻ മുഴുവനോടെ നോക്കിയാൽ സ്വീകാര്യമാണോ അല്ലയോ എന്നായിരിക്കണം ചോദ്യം.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഈ വ്യവസ്ഥ ഗുണപ്രദമാണെങ്കിൽ, ആ ഏക വ്യവസ്ഥകൊണ്ടു അതായതു തങ്ങളുടെ ഇഷ്ടംപോലെ ആർക്കെങ്കിലും ലൈസൻസ് കൊടുപ്പാൻ ഗവണ്മെന്റിനു സ്വാതന്ത്ര്യം ഉണ്ടെന്നുള്ള ഏക വകുപ്പുകൊണ്ടു അദ്ദേഹം തൃപ്തിപ്പെടുമോ?

മി: ജി. പരമേശ്വരൻപിള്ള (നെയ്യാററിങ്കര): അതു യോഗ്യമായ നിയമം ആയിരിക്കയില്ല.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതുമാത്രമേ വിരോധം ഉള്ളോ?

മി: ജി. പരമേശ്വരൻപിള്ള (നെയ്യാററിങ്കര): വേറെയും ഉണ്ട്. മുമ്പുള്ള വ്യവസ്ഥകളെപ്പററിയുള്ള വാദപ്രതിവാദം കഴിഞ്ഞുപോയി. കഴിഞ്ഞതിനെപ്പററി ഇനി ചിന്തിക്കേണ്ടാ. ഈ വകുപ്പു മുഴുവൻ റെഗുലേഷനെ രക്ഷപ്പെടുത്തുന്ന ഒരു വകുപ്പാണെന്നും അതിനെ വിട്ടുകളയുന്നതു വളരെ ബുദ്ധിമോശം ആയിരിക്കുമെന്നും ഞാൻ വിചാരിക്കുന്നു.

മി: [illegible]: ധാരാവിഷയമായ വകുപ്പുകളുണ്ടെങ്കിൽ ശേഷം വ്യവസ്ഥകളെ നിഷ്കൃഷ്ടമായി [illegible] ലംഘിക്കുന്നതിൽ നിന്ന ഗവർമ്മെന്റിനെ നിരോധിപ്പിക്കാൻ വല്ലതും ഉണ്ടോ?

മി: ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): മെമ്പർ പറയുന്നതു ഞാൻ ശരിയായി ഗ്രഹിച്ചു എങ്കിൽ അദ്ദേഹത്തിന്റെ വാദം ഒന്നാം വകുപ്പുപ്രകാരം നടപടി നടത്തണമെന്നു ആവശ്യമായിവരുമ്പോഴെല്ലാം ഗവർമ്മെന്റു നടപടി നടത്തുകയില്ല എന്നാകുന്നു. പ്രയോഗിക്കേണ്ടുന്ന അവസരം വരുമ്പോൾ പ്രയോഗിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടെ തന്നെയാണ ഈ വകുപ്പു ചേർത്തതെന്നു ഞാൻ വിചാരിക്കുന്നു.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): ഒരു ഭാഗം എന്നുള്ള ഉദ്ദേശ്യം മെമ്പർ കൃത്യസ്വാതന്ത്ര്യത്തിന്റെ മരണം അംഗീകരിക്കുമോ? നിയമത്തിന്റെ മരണം അനുകൂലിക്കുമോ?

മി: ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): ഈ പ്രത്യേക വകുപ്പിന്റെ യോഗ്യായോഗ്യതകളെ പറ്റി ചർച്ചചെയ്യുന്ന കാര്യത്തിൽ ഈ പ്രസ്താവം അധിവിശാലമായിപ്പോയിരിക്കുന്നു. എന്റെ വിചാരത്തിൽ നിയമത്തിന്റെ മരണമെന്നോ [illegible] മറ്റുമുള്ളതു അതിനെപ്പറ്റി അഭിപ്രായവ്യത്യാസം ഉണ്ടാകുമെന്നു ഞാൻ വിചാരിക്കുന്നില്ല.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): ചില കാര്യങ്ങളിൽ ചട്ടങ്ങളെ ഗവർമ്മെന്റു അയവാക്കുന്നുണ്ടെന്നാണോ മെമ്പർ വിചാരിക്കുന്നതു?

മി: ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): അതേ. ചട്ടങ്ങളെ അയവാക്കുന്നതു ന്യായമായിരിക്കുമ്പോൾ അവയെ അയവാക്കുകതന്നെ വേണം.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): ജനങ്ങളുടെ രക്ഷയാണ ഈ റെഗുലേഷന്റെ ഉദ്ദേശം എന്നു മെമ്പർ സമ്മതിക്കുന്നുണ്ടോ?

മി: ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): അതു ജനങ്ങളുടെ രക്ഷയ്ക്കുമാത്രമല്ല, ജനങ്ങളുടെ സന്മാർഗ്ഗപാലനത്തിനും മററു ഉദ്ദേശങ്ങളോടു കൂടിയും ആകുന്നു. ഉത്സാഹത്തിനും വികാസത്തിനും അനുകൂലമായി ചട്ടങ്ങളെ ഗവർമ്മെന്റ അയവാക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): റെഗുലേഷൻ ജനങ്ങളുടെ രക്ഷയ്ക്കായിട്ടുള്ളതാണെന്നു അദ്ദേഹം സമ്മതിക്കുന്ന അവസ്ഥയ്ക്കു അതിൽനിന്നു ഒഴിവാക്കേണ്ടുന്ന ആവശ്യം എന്താണ്?

മി: ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): ഒഴിവാക്കാൻ യഥാർത്ഥമായിയോഗ്യതയുള്ളവർ ഉണ്ടാകാം.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): അങ്ങനെ യഥാർത്ഥത്തിൽ യോഗ്യതയുള്ളവർ വളരെയുണ്ടോ?

മി: ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): വളരെ ഉണ്ട്. മിസ്റ്റർ ശിവരാമപ്പണിക്കരുടെ സ്ഥിതിയിൽ ഉള്ള ഒരാൾക്കു അതിനെപ്പററി നല്ല അറിവുണ്ടായിരിക്കേണ്ടതാണ്.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഈ റെഗുലേഷന്റെ ഉദ്ദേശം എന്താണെന്നു പറയുമോ?

മി: ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): ഈ റെഗുലേഷന്റെ ഉദ്ദേശങ്ങളും കാരണങ്ങളും വിവരിക്കുന്നതിനുള്ള കാലം കഴിഞ്ഞുപോയിരിക്കുന്നു.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): ഗവർമ്മെന്റിനു കൊടുക്കുന്ന അധികാരങ്ങളിൽ കൃത്യസ്വാതന്ത്ര്യം സ്വേച്ഛാപ്രഭുത്വം ആയിപ്പോകരുതെന്നാണ എന്റെ വിശ്വാസം.

മി: ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): തീർച്ചയായിട്ടും അതു പൊതുവെ സ്വീകാര്യവും വിശിഷ്ടവുമായ തത്വങ്ങളെ അനുസരിച്ചായിരിക്കും.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): കൃത്യസ്വാതന്ത്ര്യത്തിനു എന്തു അതിരാണ നിങ്ങൾ കല്പിച്ചിട്ടുള്ളതു?

മി: ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): അതു ഇനിമേലാൽ തീർച്ചയാക്കേണ്ടുന്ന ഒരു സംഗതിയാണെന്നു ഞാൻ വിചാരിക്കുന്നു. ആ വിഷയം സമഗ്രമായി ആലോചനയ്ക്കില്ല.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): അതിരുകല്പിക്കാഞ്ഞാൽ അധികാരം സ്വേച്ഛപ്രകാരം പ്രയോഗിക്കയില്ലയോ?

മി: ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): സ്വേച്ഛാനുസാരമായിട്ടു അതിൽ യാതൊന്നും ഇല്ല.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): സ്വേച്ഛാനുസാരം പ്രവർത്തിക്കുന്നതിനെ തടുക്കുന്നതിനു നിങ്ങൾ എന്തതിരാണ നിശ്ചയിച്ചിട്ടുള്ളതു?

മി: ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): ന്യായമാണെന്നു വിചാരിക്കപ്പെടുന്നവയല്ലാതെ അതിരൊന്നുമില്ല.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): നിങ്ങൾ മനുഷ്യപ്രകൃതിയിന്മേൽ ആശ്രയിക്കയാണോ?

മി: ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): എന്തെല്ലാമാണ ഒഴിവാക്കേണ്ടതെന്നു മേലാൽ പ്രഖ്യാപനം ചെയ്യുന്ന അധികാരസ്ഥന്മാരുടെ ന്യായബോധത്തിന്മേൽ ഞാൻ ആശ്രയിക്കുന്നു. ചട്ടങ്ങൾ ഏറ്റെടുത്തി അവയെ അനുസരിച്ചാണ് അതു തീർച്ചയാക്കേണ്ടതു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഓരോ വ്യക്തികളെ സംബന്ധിച്ചു ഉത്തരവുകൾ പാസ്സാക്കി ഈ അധികാരം പ്രയോഗിച്ചുകൂടയോ?

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): ഗവർമ്മെന്റു തങ്ങളുടെ മുമ്പാകെ വയ്ക്കുന്ന ചില തത്വങ്ങളെ അനുസരിച്ചായിരിക്കും ഓരോ വ്യക്തികളെ സംബന്ധിച്ചു ഉത്തരവുകൾ പാസ്സാക്കുന്നതു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അങ്ങനെയെവിടെയാണ വ്യവസ്ഥ ചെയ്തിട്ടുള്ളതു?

മി: ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): വ്യവസ്ഥയുടെ ആവശ്യം എന്താണ്? ഇങ്ങനെയുള്ള ഒരു നിയമത്തിൽ ഒരു പ്രത്യേകസംഗതിയെക്കുറിച്ചു പറയുന്നതും എങ്ങനെയാണ്? കാര്യസംബന്ധമുള്ള ഒരാൾ അങ്ങനെ ആവശ്യപ്പെടുമെന്നു ഞാൻ വിചാരിക്കുന്നില്ല.

മി: എൻ. ശിവരാമപിള്ള (ചേർത്തല): മെംബർ ഈ അഭിപ്രായം സ്വീകരിക്കാനുള്ള ഹേതു, ഗവർമ്മെന്റിൽ അദ്ദേഹത്തിനുള്ള പൂർണ്ണവിശ്വാസമാണോ എന്നു പറയുമോ?

മി: ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): തീർച്ചയായിട്ടും അല്ല, അതിനെക്കാൾ വലിയ കാരണമുണ്ടു.

മി: ജി. രാമൻമേനോൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): സർ, മി: മാധവൻപിള്ള ഹാജരാക്കിയ ഭേദഗതിപ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. ഞാൻ അങ്ങനെ ചെയ്യുന്നതു നിയമനിർമ്മാണത്തിനും രാഷ്ട്രീയനയത്തിനും അടിസ്ഥാനമായിരിക്കേണ്ട ചില പ്രധാന തത്വങ്ങളേയും കാര്യത്തിന്റെ ഔചിത്യത്തെയുംപറ്റി ആലോചിച്ചിട്ടാകുന്നു. ഇതിനെപ്പറ്റിയുള്ള തത്വങ്ങളിൽ ഒന്നാമത്തേതു അഭിപ്രായത്തോടുകൂടി മി: പി. കെ. നാരായണപിള്ള ചോദിച്ച ഒരു ചോദ്യത്തിൽ സൂചിപ്പിച്ച ഒന്നാകുന്നു. നിയമനിർമ്മാണത്തിന്റെ ഉദ്ദേശം ഗവർമ്മെന്റിനു യഥേഷ്ടം പ്രവർത്തിപ്പാൻ സർവ്വാധികാരം കൊടുക്കുകയാണെങ്കിൽ ഈ നിയമസഭയെക്കൊണ്ടുള്ള ആഡംബരവും, ഉദാഹരണം പറകയാണെങ്കിൽ ഈ റെഗുലേഷനിലെ പ്രത്യേകനിബന്ധനകളും, അനാവശ്യമാകുന്നു. ഈ അനേകവകുപ്പുകൾക്കുപകരം ഒരൊററവ്യവസ്ഥ മതിയാകുമായിരുന്നു, ഒമ്പതാം വകുപ്പിനു പകരം ബില്ലിന്റെ പ്രാരംഭഭാഗംകഴിഞ്ഞു ഒന്നാംവകുപ്പിൽതന്നെ "ഈ സംസ്ഥാനത്തിൽ ചലനചിത്രപ്രദർശനങ്ങൾക്കു ലൈസൻസു കൊടുപ്പാനും അവയെ നിയന്ത്രണം ചെയ്വാനും വേണ്ടതെല്ലാം പ്രവർത്തിപ്പാൻ ഗവർമ്മെന്റിനെ ഇതിനാൽ അധികാരപ്പെടുത്തിയിരിക്കുന്നു" എന്നു പറഞ്ഞാൽ മതിയാകും. ആ ഒരു വകുപ്പുമാത്രം മതിയായിരുന്നേനെ. എല്ലാ പരിഷ്കൃതരാജ്യങ്ങളിലും അർദ്ധപരിഷ്കൃതരാജ്യങ്ങളിലും നിയമസഭകൾ ഉള്ളേടത്തെല്ലാം നിയമനിർമ്മാണത്തിന്റെ ഉദ്ദേശം സംഗതികൾ വ്യക്തമാക്കുകയും ജനങ്ങളുടെ നടപ്പിനായി ക്ലിപ്തമായ ചട്ടങ്ങൾ ഉണ്ടാക്കുകയും ആ ചട്ടങ്ങൾ അധികാരസ്ഥന്മാർക്കും ബാധകമാക്കുകയും ആകുന്നു. പ്രജകളുടെ സ്വാതന്ത്ര്യത്തെ പാലിപ്പാനും അവരുടെ ക്ഷേമത്തെ വർദ്ധിപ്പിക്കാനും ആഗ്രഹിക്കുന്ന പരിഷ്കൃതരാജ്യത്തിലെയാകട്ടെ അർദ്ധപരിഷ്കൃതരാജ്യത്തിലെയാകട്ടെ ഗവർമ്മെന്റു അനുസരിക്കുന്ന പ്രഥമതത്വം ഗവർമ്മെന്റുദ്യോഗസ്ഥന്മാരും നിയമത്തിനു അധീനരായിരിക്കണം എന്നുള്ളതാകുന്നു. അവർ നിയമത്തെ അനുസരിക്കേണ്ടാത്തവർ ആകുന്നു എന്നു തങ്ങളെത്തന്നെ കരുതുവാൻ പാടില്ല. ഗവർമ്മെന്റിന്റെ ആന്തരം നിഷ്കളങ്കമാണെന്നു, നിഷ്കളങ്കമെന്നുമാത്രമല്ല പൊതുജനത്തിന്റെ ഗുണോൽക്കർഷമാണെന്നു ഇവിടെ പ്രസ്താവിക്കയുണ്ടായി. അങ്ങനെ ആയിരിക്കാം. ചരിത്രം പരിശോധിച്ചാൽ തങ്ങളുടെ ഉദ്ദേശം പൊതുജനത്തിന്റെ ഗുണത്തിനു വിപരീതമാണെന്നു ഇതുവരെ ഏതെങ്കിലും ഒരു ഗവർമ്മെന്റു പറഞ്ഞിട്ടുള്ളതായി കാണുകയില്ല. പൊതുജനങ്ങളുടെ ഗുണം എന്നുപറഞ്ഞുകൊണ്ടു എല്ലാ ഗവർമ്മെന്റുകൾക്കും സ്വേച്ഛാനുസരണം പ്രവർത്തിപ്പാനുള്ള അധികാരം അവകാശപ്പെടുന്നുണ്ട്. അതുകൊണ്ടു തങ്ങൾക്കു വല്ല പ്രത്യേകവ്യവസ്ഥപ്രകാരം സ്വേച്ഛാനുസാരം പ്രവർത്തിപ്പാൻ അധികാരം കൊടുത്താൽ ആ അധികാരത്തെ ദുരുപയോഗം ചെയ്യുകയില്ല എന്നു ഗവർമ്മെന്റു പറഞ്ഞാൽ ആ വാദം നിയമകർത്താക്കളുടെ നിലയിൽ നമുക്കു സ്വീകരിപ്പാൻ പാടില്ല. ക്ലിപ്തമായ ചട്ടങ്ങൾ നാം ഏർപ്പെടുത്തേണ്ടതാണ്. അതാകുന്നു നമ്മുടെ ധർമ്മം—ഞാൻ ഈ കാരണങ്ങളാൽ പ്രമേയത്തെ അനുകൂലിക്കുന്നു.

ചിലതരം പ്രദർശനങ്ങളെ പലപ്പോഴും ഒഴിവാക്കേണ്ടിവരുമെന്നു പരിചയംകൊണ്ടു അറിയാമെന്നു മി: കല്യാണം പരമേശ്വരൻപിള്ള പറകയുണ്ടായി. അങ്ങനെ ആവശ്യമുണ്ടാകയില്ലെന്നു ഞാൻ ബോധിപ്പിക്കുന്നു. ഇങ്ങനെയുള്ള കേസുകളെ സംബന്ധിച്ചു റെഗുലേഷനിൽതന്നെ വ്യവസ്ഥയുണ്ട്. അദ്ദേഹം പറഞ്ഞ ഉദാഹരണങ്ങൾ വിദ്യാഭ്യാസം സംബന്ധിച്ചും വൈദ്യവിദ്യാലയങ്ങൾ സംബന്ധിച്ചും വിവാഹാഘോഷങ്ങൾ സംബന്ധിച്ചും ഉള്ള പ്രദർശനങ്ങൾ ആണ്. ഏഴാം വകുപ്പിന്റെ ഒന്നാം ഉപവകുപ്പു ഇങ്ങനെയാണ്"

"ചിത്രസഞ്ചികകൾ പരിശോധിച്ചു പരസ്യമായി പ്രദർശിപ്പിക്കത്തക്കവയെന്നു സാക്ഷ്യപ്പെടുത്തുന്നതിനു സർക്കാർ ഗസററിൽ പരസ്യം മൂലം ഗവർമ്മെന്റിനു തങ്ങൾക്കു യുക്തമെന്നു തോന്നുന്നിടത്തോളം ഉദ്യോഗസ്ഥന്മാരും അനുദ്യോഗസ്ഥന്മാരും അടങ്ങിയ ഒരു ബോർഡിനെ നിയമിക്കാവുന്നതാകുന്നു. അപ്രകാരമുള്ള ഏതെങ്കിലും ബോർഡിന്റെ സാക്ഷ്യപത്രം അതിൽ വിവരിച്ചിരിക്കുന്ന പ്രദേശത്തു സാധുവായിരിക്കുന്നതാണ്".

വിദ്യാഭ്യാസസംബന്ധമായോ വൈദ്യസംബന്ധമായോ വിവാഹം സംബന്ധിച്ചോ പ്രദർശനം നടത്തുന്നതിനു ആഗ്രഹിക്കുന്നവർ ബോർഡിനോടു അപേക്ഷിക്കയേവേണ്ടു. ഈ കാര്യങ്ങളൊക്കെ ബോർഡിനു തീർച്ചയാക്കാവുന്നതും ആവശ്യം കണ്ടാൽ ഗവർമ്മെന്റിലേക്കു അയക്കാവുന്നതും ആകുന്നു.

കാര്യനടപ്പിനുവേണ്ടിയും ഇങ്ങനെയൊരു അധികാരം ഗവർമ്മെന്റിനു കൊടുക്കുന്നതിനു യാതൊരാവശ്യവും കാണുന്നില്ല. എന്റെ സ്നേഹിതൻ മിസ്റ്റർ പി. കെ. നാരായണപിള്ള അതിസാമർത്ഥ്യത്തോടെ തെളിയിച്ച പ്രകാരം ഗവർമ്മെന്റു ഒരു നിയമം നടപ്പിൽ വരുത്തിട്ടു അതിലെ വ്യവസ്ഥകളെ അവർ തന്നെ അഗണ്യമാക്കുന്നതു ജനങ്ങളുടെ നീതിബോധത്തിനു ഹാനികരമായിരിക്കും. ഗവർമ്മെന്റു ഒരു ശക്തി എന്നുള്ള നിലയിൽ ദുഷ്ടശക്തികൾക്കു അധീനമല്ലായിരിക്കാം, എന്നാൽ ഗവർമ്മെന്റു ഒരു ഉദ്യോഗസ്ഥസമൂഹം എന്ന നിലയിൽ മനുഷ്യരുടെ ബലഹീനതകൾക്കെല്ലാം അധീനമാണെന്നും നമുക്കു അറിയാവുന്നതാണ്. സേവകന്മാരും ഉപായികളും അവരെ തെററിച്ചു എന്നുവരാം. അതുകൊണ്ടു ഒരു നിയമം നാമുണ്ടാക്കുമ്പോൾ വേണ്ട കരുതലുകളും ചെയ്യേണ്ടതാകുന്നു. ഗവർമ്മെന്റു മനുഷ്യരുടെ ഒരു സ്ഥാപനമാണ്, അതൊരു മനുഷ്യസ്ഥാപനമാണു എന്നു ഗണിച്ചു അതിനു അമാനുഷശക്തികൾ സങ്കല്പിക്കരുതു. ഗവർമ്മെന്റിനു ക്ലിപ്തപ്പെടുത്തിയ അധികാരങ്ങൾ മാത്രമേ കൊടുക്കാവൂ. ചിലചലനചിത്ര പ്രദർശകന്മാർക്കും ഉടമസ്ഥന്മാർക്കും ഗവർമ്മെന്റു ഉദ്യോഗസ്ഥന്മാരുടെ പ്രീതിസമ്പാദിച്ചുകൊണ്ടു മററു ചലന ചിത്രകമ്പനികളെ ദ്രോഹിക്കാൻകഴിയും, അതു ന്യായമല്ല. എല്ലാചലന ചിത്ര പ്രദർശകക്കമ്പനികളും ഒരേനിയമത്തിനു അധീനരായിരിക്കേണം, എന്നു മിസ്റ്റർ പി. കെ. നാരായണപിള്ള പ്രസ്താവിച്ചതു ശരിയാണ്. അതുകൊണ്ടു ഈ വ്യവസ്ഥ ജനങ്ങളുടേടയുംചലനചിത്രപ്രദർശക

നാട്ടിന്റെ യോഗക്ഷേമത്തിനു ഹാനികരമാകുന്നു. അവർ അതാതുസമയത്തെ ഗവർമ്മെണ്ടുദ്യോഗസ്ഥന്മാരുടെ പ്രീതി എങ്ങനെയെങ്കിലും സമ്പാദിച്ച് അവരിൽനിന്നു പല ആനുകൂല്യങ്ങളും സമ്പാദിക്കാൻ ശ്രമിക്കാതിരിക്കയില്ല. ഇതെല്ലാം നമുക്കു അനുഭവസിദ്ധമാണു. പൊതുജനങ്ങളുടെ ദോഷവും ചില പ്രത്യേക ആളുകൾക്കു ഗുണവും ആയ പല കാര്യങ്ങൾ ഗവർമ്മെണ്ടുദ്യോഗസ്ഥന്മാർ ചെയ്യാറുണ്ടു. ഇങ്ങനെയൊരു ചിട്ടയായ വ്യവസ്ഥ നിയമമാക്കുന്നതിനു മുമ്പു നാം ഈ സംഗതികളെല്ലാം ആലോചിക്കണം. ഈ കാരണങ്ങളാൽ ഞാൻ പ്രമേയത്തെ അനുകൂലിക്കുന്നു.

ടി. കെ. സി. മാമ്മൻമാപ്പിള്ള (വ്യാപാരവും വ്യവസായവും, വടക്കു): സർ, ഈ വ്യവസ്ഥയുള്ളതുകൊണ്ടു നാം ഇപ്പോൾ നിർമ്മിക്കുന്ന നിയമം മുഴുവനും കേവലം നിഷ്പ്രയോജനമാക്കത്തക്കവണ്ണമുള്ള അധികാരം ഗവർമ്മെണ്ടിനു ഉണ്ടാകുമോ എന്നും ഗവർമ്മെണ്ടിനു ഒരു രേഖാമൂലം ഒരു ചപല ചിത്തപ്രദർശനം ഈ റെഗുലേഷന്റെ എല്ലാ വ്യവസ്ഥകളിൽ നിന്നും ഈ നിയമം അനുസരിച്ചുണ്ടാകുന്ന ചട്ടങ്ങളിൽ നിന്നു ഒഴിവാക്കാൻ കഴിയുമോ എന്നും ലാമെമ്പർ അദ്ദേഹത്തിനു കഴിയുമെങ്കിൽ പറഞ്ഞുകേട്ടാൽ കൊള്ളാമായിരുന്നു. ഇപ്പോൾ നാം പാസ്സാക്കുന്ന നിയമത്തെ മുഴുവനും നിരർത്ഥകമാക്കുവാനുള്ള പൂർണ്ണ അധികാരം ഈ വകുപ്പു ഗവർമ്മെണ്ടിന്റെ എക്സിക്യൂട്ടീവ് ഉദ്യോഗസ്ഥന്മാർക്കു നൽകുന്നുണ്ടു എന്നു ഞാൻ പറയുന്നതു ശരിയാണോ? ലാമെമ്പർ എന്റെ സംശയം തീർത്തുതരണമെന്നു ആഗ്രഹിക്കുന്നു.

ഡിപ്യൂട്ടിപ്രസിഡണ്ടു: അദ്ദേഹത്തിനു ഇപ്പോൾ മറുപടി പറയാൻ പാടില്ല.

ടി. കെ. സി. മാമ്മൻമാപ്പിള്ള (വ്യാപാരവും വ്യവസായവും, വടക്കു): അദ്ദേഹത്തിനു എന്റെ സംശയം തീർക്കാൻ കഴിയുമെങ്കിൽ അദ്ദേഹം പറയുന്നതു കേൾപ്പാൻ ആഗ്രഹമുണ്ടു. ഏതായാലും ഈ വകുപ്പു ഞാൻ സൂക്ഷ്മതയോടെ വായിച്ചുനോക്കിയതിൽ ഇപ്പോൾ നാം പാസ്സാക്കുന്ന നിയമത്തെ മുഴുവനും നിരർത്ഥകമാക്കാനുള്ള പൂർണ്ണസ്വാതന്ത്ര്യം ഗവർമ്മെണ്ടുദ്യോഗസ്ഥന്മാർക്കു അതുകൊടുക്കുന്നുണ്ടെന്നു ഞാൻ മനസ്സിലാക്കുന്നു. (ടി. പി. കെ. നാരായണപിള്ള, ഹിയർ, ഹിയർ). ഈ കൃത്യസ്വാതന്ത്ര്യത്തെ ഗവർമ്മെണ്ടു ഉപയോഗിക്കയില്ലായിരിക്കും എന്നുള്ള കാര്യം വിട്ടു ഇങ്ങനെയുള്ള ഒരു അധികാരം ഈ വകുപ്പു ഗവർമ്മെണ്ടിനു കൊടുക്കുന്നുണ്ടു എന്നുള്ള എന്റെ സങ്കല്പം ശരിയാണെങ്കിൽ, ഈ വകുപ്പുണ്ടായിരിക്കുന്നതിന്റെ ആവശ്യകതയുള്ള ഫലം ഇങ്ങനെയുള്ള അധികാരം ഗവർമ്മെണ്ടിനു കൊടുക്കുകയാണെങ്കിൽ, ഇങ്ങനെയൊരു റെഗുലേഷൻ പാസ്സാക്കുന്നതിന്റെ ആവശ്യം എനിക്കു മനസ്സിലാകുന്നില്ല. ഗവർമ്മെണ്ടിനു ഇപ്പോൾ തന്നെ എല്ലാ അധികാരങ്ങളും ഉണ്ടു. പരിഷ്കാരം പ്രാപിച്ചുവരുന്ന എല്ലാ ഗവർമ്മെണ്ടുകളും ഉത്തരവാദിത്വമില്ലാത്ത എല്ലാ അധികാരത്തെയും ഉപേക്ഷിച്ചിട്ടു സ്വമനസ്സാലെ നിയമാനുസാരമായ നിയന്ത്രണത്തിനു തങ്ങളെത്തന്നെ അധീനരാക്കുകയാണു ഇപ്പോൾ ചെയ്തുവരുന്നതു. ഈ ഗവർമ്മെണ്ടും ഒരു പരിഷ്കൃത ഗവർമ്മെണ്ടാകയാൽ ദിനംപ്രതി തങ്ങളുടെ അധികാരത്തെ അധികമധികം നിയന്ത്രണം ചെയ്തുകാണുന്നതു സന്തോഷത്തിനു കാരണമാണു. ഇവിടെ ഈ വ്യവസ്ഥയുടെ ഉദ്ദേശം ഞാൻ സങ്കല്പിക്കുന്നതായാൽ ഗവർമ്മെണ്ടു ഒരു കൈകൊണ്ടു ദാനം ചെയ്യുന്നതു മറ്റെകൈകൊണ്ടു എടുത്തുകളയുകയാണ് ചെയ്യുന്നതു്. ഈ സംഗതിയിൽ ലാമെമ്പർ നമ്മുടെ സംശയം തീർത്തുതരുമെന്നു വിശ്വസിക്കുന്നു. ഇങ്ങനെയുള്ള അധികാരം പ്രയോഗിക്കാൻ ആവശ്യമുള്ള ചില സന്ദർഭങ്ങൾ ഉണ്ടായേക്കാം. മിസ്റ്റർ രാമൻമേനോൻ പ്രസ്താവിച്ചപ്രകാരം രണ്ടോ മൂന്നോ പ്രദർശകന്മാരിൽ ഒരാൾ ഗവർമ്മെണ്ടിന്റെ പ്രീതിയിലും മറ്റവർ രാഷ്ട്രീയകാരണത്താലൊ മറ്റുവല്ലകാരണത്താലോ ഗവർമ്മെണ്ടിന്റെ അപ്രീതിയിലും ഇരിക്കുന്നവരായിരിക്കാം; ഒരാളെ അക്രമമായി അനുകൂലിക്കയും മറ്റവരെ അന്യായമായി ന്യായമായ കാരണങ്ങൾകൂടാതെ നഷ്ടപ്പെടുത്തുകയും ചെയ്യാൻ ഈ വകുപ്പുമൂലം ഗവർമ്മെണ്ടിനു ഒരവകാശം സിദ്ധിക്കുന്നുണ്ടോ? ഗവർമ്മെണ്ടിന്റെ എക്സിക്യൂട്ടീവ് ഉദ്യോഗസ്ഥന്മാർ എല്ലായ്പോഴും ന്യൂനതകളില്ലാത്തവരായിരിക്കുമെന്നു നാം സങ്കല്പിക്കരുതു്. മനുഷ്യസ്വഭാവം നമുക്കറിയാവുന്നപ്രകാരം ഉള്ളതായിരിക്കെ, ഉദ്യോഗസ്ഥന്മാർക്കു തങ്ങളുടെ അധികാരം സ്വേച്ഛാനുസാരം ഉപയോഗിക്കാൻ നിർബന്ധിക്കുന്ന പരീക്ഷകൾ അവർക്കുണ്ടായി എന്നുവരാം. അതുകൊണ്ടു ഈ വകുപ്പു റെഗുലേഷനിൽ വച്ചുകൊണ്ടിരിക്കുന്നതിനു അനുകൂലിക്കാൻ ഞാൻ നിവൃത്തികാണുന്നില്ല.

ടി. എ. കെ. പിള്ള (കരുനാഗപ്പള്ളി): സർ, ഈ വകുപ്പിനെ അനുകൂലിക്കാൻ മിസ്റ്റർ ജി. പരമേശ്വരൻപിള്ള അവർകൾ പ്രസ്താവിച്ച കാരണങ്ങൾ അദ്ദേഹത്തെ തൃപ്തിപ്പെടുത്തിയതുപോലെ എന്നെയും തൃപ്തിപ്പെടുത്തിയിരുന്നെങ്കിൽ കൊള്ളാമെന്നു എനിക്കു ആഗ്രഹമുണ്ടു്. എന്നാൽ അതിനു നിവൃത്തികാണാത്തതിനാൽ വ്യസനിക്കുന്നു. എക്സിക്യൂട്ടിവ് ഗവർമ്മെണ്ടു നിയമസഭയുടെ കീഴിലായിരിക്കുമെങ്കിൽ അവർക്കു എത്രയെങ്കിലും അധികാരം കൊടുക്കുന്നതിനു ഞാൻ വിസമ്മതിക്കയില്ല. എന്നാൽ നമ്മളിവിടെയുള്ള ഗവർമ്മെണ്ടു സ്വാതന്ത്ര്യമുള്ള ഒരു ഗവർമ്മെണ്ടല്ല. നമ്മുടെ ഗവർമ്മെണ്ടുദ്യോഗസ്ഥന്മാർക്കു രാജ്യത്തിനു പുറമെനിന്നു ശിപാർശകൾ കിട്ടിയെന്നുവരാം. ഏതുഭാഗത്തെ വാദത്തിൽതന്നെ സൂചിപ്പിച്ചപ്രകാരം ബ്രിട്ടീഷ് ഇൻഡ്യയിൽ തങ്ങളുടെ ചിത്രസംബന്ധികൾക്കു സാക്ഷ്യപത്രം സമ്പാദിച്ചിട്ടു ഇവിടെവന്നു സൌജന്യമായി അനുവാദം എളുപ്പത്തിൽ സമ്പാദിപ്പാൻ കഴിവുള്ള ചലനചിത്രപ്രദർശകന്മാർ ഉണ്ടാകാം. വലിയ ഒരു ഉദ്യോഗസ്ഥനോടൊ ദിവാൻ ബഹദൂർ ടി. രാഘവയ്യായൊ, സർ. പി. രാജഗോപാലാചാരിയരെയൊ, സർ. മേഡ്ഹണ്ടറെയൊപോലെയുള്ള ആളുകളുടെ ശിപാർശക്കത്തുകൾ വാങ്ങിക്കൊണ്ടു ഇവിടെയുള്ള ഉദ്യോഗസ്ഥന്മാരുടെ അടുക്കൽ സൌജന്യമായി അനുവാദം കൊടുക്കണമെന്നുള്ള അപേക്ഷയോടുകൂടെ അവർ വരുന്നതായി എനിക്കു സങ്കല്പിക്കാൻ കഴിയും. അതുകൊണ്ടു ഗവർമ്മെണ്ടിനു സ്വാതന്ത്ര്യമായി പ്രവർത്തിപ്പാൻ അധികാരം കൊടുക്കുന്ന കാര്യത്തിൽ ഈ സംഗതികളെല്ലാം നാം ആലോചിക്കേണ്ടതാണ്. ഇപ്പോഴത്തെ സ്ഥിതിയിൽ എക്സിക്യൂട്ടീവ് ഉദ്യോഗസ്ഥന്മാർ രാജ്യത്തിനു പുറമെയുള്ള ശക്തികളുടെ ആജ്ഞാനുവർത്തികൾ ആയിരിക്കും. ഇതാണു സംഭവിക്കാവുന്ന ആപത്തു. എക്സിക്യൂട്ടീവ് ഉദ്യോഗസ്ഥന്മാർ ഈ സഭയുടെ അധികാരത്തിൻകീഴിൽ ആയിരുന്നെങ്കിൽ യജമാനൻ തന്റെ ദാസൻ ശക്തനും യോഗ്യനും ആയിരിക്കണമെന്നു ആഗ്രഹിക്കുന്നതുപോലെ ഗവർമ്മെണ്ടു എത്രയെങ്കിലും ശക്തിയുള്ളതായിരിക്കുന്നതിനു എനിക്കു വിരോധമില്ല. ഇതാകുന്നു എന്റെ നില.

എന്റെ സ്നേഹിതൻ മിസ്റ്റർ ജി. പരമേശ്വരൻപിള്ള പറഞ്ഞതുസംബന്ധിച്ചു നാം ആലോചിക്കേണ്ടതാവശ്യമാണ്. ചലനചിത്രപ്രദർശനംകൊണ്ടു സന്മാർഗ്ഗം പഠിപ്പിക്കാമെന്നു അദ്ദേഹം പറയുകയുണ്ടായി. വിദ്യാഭ്യാസം പ്രചരിപ്പിക്കുന്നതിനു അവയെ ഉപയോഗിക്കാം. എന്നാൽ അതിനു എന്റെ ഭേദഗതികളിൽ സൂചിപ്പിച്ചുള്ളപോലെ പത്താംവകുപ്പു ഭേദപ്പെടുത്തിയാൽ മതിയാകും. ഒന്നാംവകുപ്പിനെ അനുകൂലിപ്പാൻ എനിക്കു നിവൃത്തിയില്ല. പത്താംവകുപ്പു ഇങ്ങനെ ചേർക്കപ്പെടുന്നതാം.

“മേൽപറഞ്ഞ വകുപ്പുകളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും പണംകൊടുത്തോ കൊടുക്കാതെയോ പൊതുജനങ്ങൾക്കു പ്രവേശനമില്ലാതെ ഒരാളുടെ സ്വന്തഗൃഹത്തിലോ വിദ്യാലയങ്ങളോടു സംബന്ധിച്ചോ നടത്തുന്ന ആദായകരമല്ലാത്ത ഏതെങ്കിലും ചലനചിത്രപ്രദർശനത്തെ ഈ റെഗുലേഷനിലെ വ്യവസ്ഥകൾ സംബന്ധിക്കുന്നതല്ല”.

ഈ റെഗുലേഷന്റെ മൂന്നാമത്തെ വായനയിൽ ഇങ്ങനെയുള്ള ഭേദഗതി ഹാജരാക്കുമ്പോൾ ഈ രണ്ടുവകുപ്പുകളും ഒന്നായി കൂട്ടിച്ചേർക്കാമെന്നു എനിക്കു തോന്നുന്നു. മുൻവകുപ്പുകളെ സംബന്ധിച്ചു വളരെ വാദമുഖങ്ങൾ കേട്ടശേഷം അവയെല്ലാം അംഗീകരിക്കാൻ ഗവണ്മെന്റിനു അധികാരമുണ്ടായിരിക്കണം എന്നുപറയുന്നതു ശരിയല്ല. മിസ്റ്റർ രാമൻമേനോനും മറ്റും പറഞ്ഞപ്രകാരം ഇങ്ങനെ ചെയ്യുന്നതിനാൽ നിയമനിർമ്മാണം നിരർത്ഥകമായിത്തീരും. നാം ഒരു നിയമം ഉണ്ടാക്കുമ്പോൾ ഗവണ്മെന്റും അതിനെ അനുസരിക്കേണ്ടതായിട്ടാണു വരുന്നതു. ഗവണ്മെന്റ് നിയമത്തിനതീതമായിരിക്കാൻ ശ്രമിക്കയാണെന്നു എന്റെ സ്നേഹിതൻ മിസ്റ്റർ ജി. രാമൻമേനോൻ പറഞ്ഞതിനോടു ഞാൻ യോജിക്കുന്നില്ല. അതുകൊണ്ടാണു അത്യാവശ്യം വരുമ്പോൾ ഈ അസാധാരണ അധികാരം പ്രയോഗിക്കാൻ അനുവാദം കൊടുക്കണമെന്നു ലാമെമ്പർ ആവശ്യപ്പെട്ടതു. പ്രജകളുടെ ക്ഷേമമത്രെ ഗവണ്മെന്റിന്റെ മനസ്സിലുള്ളതെന്നു ലാമെമ്പർ ഉറപ്പുപറഞ്ഞതു ഞാൻ സ്വീകരിക്കുന്നു. ഒന്നു വിസ്മരിക്കരുതു. നാം നിയമം ഉണ്ടാക്കുന്നതു ഈ ഗവണ്മെന്റിനോ ഈ ലാമെമ്പർക്കോ അല്ല, വരുവാനുള്ള ഗവണ്മെന്റുകൾക്കുംകൂടെയാണ്. അതിനാൽ വിഷയങ്ങളെ അതാതിന്റെ യോഗ്യതായോഗ്യതകളനുസരിച്ചു ആലോചിക്കണം. അതുകൊണ്ടു മിസ്റ്റർ ജി. പരമേശ്വരൻപിള്ള പറഞ്ഞതും ഉൾപ്പെടെ അഞ്ചാം പത്താംവകുപ്പിനെ വിശദമാക്കണമെന്നും ഈ വകുപ്പു കേവലം വിട്ടുകളയണമെന്നും ആകുന്നു ഞാൻ പറയുന്നതു. അതുകൊണ്ടു ഈ വകുപ്പു വിട്ടുകളയണമെന്നുള്ള പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു.

മി: എം. ശിവതാണുപിള്ള (തോവാള): മിസ്റ്റർ ജി. പരമേശ്വരൻപിള്ള ഈ ഭേദഗതിപ്രമേയത്തിൽ ഇത്ര അസാധാരണനിലയെ അവലംബിച്ചിരുന്നില്ലെങ്കിൽ ഞാൻ ഇപ്പോൾ സംസാരിക്കാൻ എഴുന്നേൽക്കയില്ലായിരുന്നു. ഒരു പ്രത്യേകനിലയിൽനിന്നാണു ഈ വിഷയത്തെ താൻ വീക്ഷിക്കുന്നതു എന്നു പറവാൻ അദ്ദേഹത്തെ പ്രേരിപ്പിച്ച മനസ്ഥിതിയാകുന്നു അദ്ദേഹത്തിന്റെ ഈ അഭിപ്രായത്തിനാസ്ഥാനം എന്നു ഞാൻ വിചാരിക്കുന്നു. സഭമുമ്പാകെ ആലോചനയ്ക്കു കൊണ്ടുവന്നിട്ടുള്ള ചില വ്യവസ്ഥകളെ വിചിന്തനംചെയ്തു ബില്ലിൽ അടങ്ങിയതും ഇതുവരെ പാസ്സാക്കിയതുമായ വ്യവസ്ഥകൾ പൊതുജനത്തിനു സങ്കടകാരണമായിരിക്കുമെന്നുള്ളതു യഥാർത്ഥമാണെന്നു അദ്ദേഹം സമ്മതിക്കയും എന്നാൽ റെഗുലേഷനിൽനിന്നു രക്ഷപ്പെടാൻ അവസാനത്തിൽ ലാമെമ്പർ ചേർത്തിട്ടുള്ള ഈ മാർഗ്ഗം ഉചിതമായിട്ടുണ്ടെന്നുപറകയും ചെയ്യുന്നു. ഇതാണു അദ്ദേഹത്തിന്റെ അഭിപ്രായം.

മി: ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): ഞാൻപറഞ്ഞതു മെമ്പർ ശരിയായി ഗ്രഹിച്ചു എന്നു തോന്നുന്നില്ല.

മി: എം. ശിവതാണുപിള്ള (തോവാള): ഈ വ്യവസ്ഥകളിൽ പലതും പൊതുജനത്തിനു ഉപദ്രവമായിരിക്കുമെന്നു അദ്ദേഹം സമ്മതിച്ചു. വിട്ടുകളയണമെന്നുപറയുന്ന ഈ വ്യവസ്ഥയുടെ ഉദ്ദേശം റെഗുലേഷനിലെ വ്യവസ്ഥകളിൽനിന്നു ഒഴിവാക്കേണ്ടതായിട്ടുള്ളവരെ ഒഴിവാക്കാൻ ഗവണ്മെന്റിനെ അധികാരപ്പെടുത്തുകയാണെന്നു, മിസ്റ്റർ ജി. പരമേശ്വരൻപിള്ള പറഞ്ഞതു ഞാൻ ശരിയായി ഗ്രഹിച്ചിട്ടുണ്ടെങ്കിൽ, ഇതാകുന്നു അദ്ദേഹത്തിന്റെ അഭിപ്രായം. ഗവണ്മെന്റിന്റെ ഉദ്ദേശത്തിൽ തനിക്കു പൂർണ്ണവിശ്വാസമുണ്ടെന്നു അദ്ദേഹം പറയുന്നു. ഗവണ്മെന്റ് എന്താണെന്നു അദ്ദേഹം ശരിയായി ഗ്രഹിച്ചിട്ടില്ലെന്നു തോന്നുന്നു. ഗവണ്മെന്റ് എന്നുവച്ചാൽ നിയമസഭയുടെ ഉദ്ദേശങ്ങളെ അഭിവൃദ്ധിമാർഗ്ഗത്തിൽ കൂടെ നടത്തുന്നതിനുള്ള ഉദ്യോഗസ്ഥന്മാരുടെ ഒരു സംഘമാണെന്നാകുന്നു ഞാൻ മനസ്സിലാക്കുന്നതു. ഗവണ്മെന്റ് എന്നപദം ഒരു പ്രത്യേകആളെ സൂചിപ്പിക്കുന്നതായി ഞാൻ ഗ്രഹിക്കുന്നില്ല. നിയമസഭയുടെ മുമ്പാകെ ആലോചനയ്ക്കുവിഷയീഭവിപ്പിച്ചിട്ടു അവർ പാസ്സാക്കുന്ന നിയമങ്ങളിലും ചട്ടങ്ങളിലും അടങ്ങിയിരിക്കുന്ന തത്വങ്ങളെ നിർവഹിക്കുന്നതിനുള്ള ഒരു യന്ത്രമായിട്ടാണ് ഞാൻ ഗവണ്മെന്റിനെ കരുതുന്നതു. തത്വങ്ങൾ എന്താകണമെന്നു നിയമസഭ പറയും, ആ തത്വങ്ങൾ അനുസരിച്ചു നിയമം നടത്തിക്കൊണ്ടുപോകുന്നതാണ് ഗവണ്മെന്റിന്റെ ചുമതല. തന്റെ അഭിപ്രായം സ്ഥാപിക്കുന്ന കാര്യത്തിൽ എന്റെ സ്നേഹിതൻ ഈ വകുപ്പിന്റെ ഉദ്ദേശം വിസ്മരിച്ചുകളഞ്ഞു. ഇതിനെ സംബന്ധിച്ചു നാം ബ്രിട്ടീഷ് ഇൻഡ്യയിലെ ആക്ടിനെ അനുകരിക്കയാണെന്നുള്ള സംഗതി നാം സ്മരിക്കേണ്ടിയിരിക്കുന്നു. നിയമനിർമ്മാണാധികാരത്തെ ബ്രിട്ടീഷ്കാർ മറ്റെല്ലാററിനെയുംകാൾ അധികം ബഹുമാനിക്കുന്നു എന്നാണ് ഞാൻ ഗ്രഹിക്കുന്നതു.

ഡിപ്പ്യൂട്ടിപ്രസിഡെന്റ്: നിങ്ങൾ സംഗതി വിട്ടു അന്യകാര്യങ്ങളിൽ പ്രവേശിക്കുന്നു. അതു അനുവദിക്കാൻ പാടില്ല.

മി: എം. ശിവതാണുപിള്ള (തോവാള): നാം അനുകരിക്കയാണെങ്കിൽ ശരിയായി അനുകരിക്കണം. ബ്രിട്ടീഷ് ഇൻഡ്യയിലെ ജനങ്ങൾ പ്രമാണവിധികളെയും നിയമസഭയുടെ ശരിയായ അധികാരത്തെയും നമ്മെക്കാൾ അധികം ബഹുമാനിക്കുന്നു. ഗവണ്മെന്റിനെ നിയന്ത്രണം ചെയ്യുന്നതിനു പ്രമേയവിഷയമായ മാറ്റം അത്യാവശ്യമാകുന്നു. അതുകൊണ്ടു മിസ്റ്റർ മാധവൻപിള്ളയുടെ പ്രമേയത്തെ ഞാൻ സന്തോഷത്തോടെ അനുകൂലിച്ചുകൊള്ളുന്നു.

റാവുബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ (ആർട്സ് കാളേജ് പ്രിൻസിപ്പാൾ): സഭ പിരിയുന്നതു എപ്പോഴാണെന്നു പറയുമോ?

ഡിപ്പ്യൂട്ടിപ്രെസിഡൻറ്: സഭയ്ക്കു വിരോധമില്ലെങ്കിൽ ഈ ബിൽ മുഴുവനും തീർക്കണമെന്നു ഞാൻ വിചാരിക്കുന്നു.

മി: എസ്. കുമാരൻ (ഗവണ്മെൻറു നിയമനം): കുറെ നേരം കൂടെയിരുന്നു അതു തീർത്തുകളയാം.

മി: ചങ്ങനാശ്ശേരി പരമേശ്വരൻപിള്ള (കൊല്ലം): ഇരുപക്ഷത്തിനും അനുകൂലമായി പലതും പറയാവുന്ന സംഗതികളിൽ ഒന്നാണു ഇതു. ഈ വകുപ്പു ആദ്യം ഞാൻ വായിച്ചപ്പോൾ അതു അതിവിശാലമായിപ്പോയി എന്നും അതിന്റെ ഫലം എളുപ്പത്തിൽ ദുരുപയോഗം ചെയ്തു പോകാൻ ഇടയുള്ള കൃത്യസ്വാതന്ത്ര്യം ഗവണ്മെൻറിനു കൊടുക്കയായിരിക്കും എന്നും എനിക്കു തോന്നി. വകുപ്പിന്റെ ഇപ്പോഴത്തെ രൂപത്തിൽ വ്യാഖ്യാനം ഒന്നും കൂടാതെ വേറെ ആരെങ്കിലും വായിച്ചാൽ അവർക്കും ഇങ്ങനെ തന്നെ തോന്നുമെന്നു ഞാൻ വിചാരിക്കുന്നു. ഈ വകുപ്പു ചേർത്തതു എന്തിനാണെന്നു കാണിപ്പാൻ ഉദ്ദേശകാരണ വിവരണത്തിൽ ഒന്നുമില്ല. ഈ വകുപ്പിനെപ്പററി സിലെക്ട് കമ്മിററിയിൽ യാതൊരു വാദവും ഉണ്ടായില്ല. ചില കാരണങ്ങളാൽ ഈ വകുപ്പു വിട്ടുകളയേണ്ടതാണെന്നു കാണിച്ചു മിസ്റ്റർ മാധവൻ പിള്ള എഴുതിയ ഒരു കുറിപ്പു മാത്രം ഉണ്ടായിരുന്നു. ഇങ്ങനെയൊരു ബിൽ സാമ്രാജ്യനിയമസഭയിൽ ഹാജരാക്കിയപ്പോൾ സർ വില്യംവിൻസെൻറു ചെയ്ത പ്രസംഗം എന്റെ സ്നേഹിതൻ മിസ്റ്റർ പിറവിപ്പെരുമാൾപിള്ള വക്കീൽ തന്നതു വായിച്ചപ്പോൾ മാത്രമേ ഈ വകുപ്പിന്റെ ഉദ്ദേശം ഗവണ്മെൻറിനു സർവാധികാരം കൊടുക്കാനല്ല വിവാഹഘോഷങ്ങൾ ഉത്സവങ്ങൾ മുതലായ ചില സന്ദർഭങ്ങളിൽ ചില പ്രദർശനങ്ങളെ ബില്ലിലെ ചില വ്യവസ്ഥകളിൽ നിന്നു ഒഴിവാക്കാൻ മാത്രമാണെന്നു എനിക്കു മനസ്സിലായുള്ളു. എന്നാൽ വകുപ്പിന്റെ അർത്ഥം ഗ്രഹിക്കേണ്ടതു ഗവണ്മെൻറിന്റെ ഉദ്ദേശത്തിൽ നിന്നോ മെമ്പർ പറയുന്നതിൽ നിന്നോ അല്ല, അതിൽ പ്രയോഗിച്ചിട്ടുള്ള വാക്കുകളുടെ സാധാരണാർത്ഥം നോക്കിയാണ്. നിയമസഭയിലെ വാദപ്രതിവാദം വകുപ്പിനെ വ്യാഖ്യാനിക്കാൻ ഉപയോഗിച്ചുകൂടാ എന്നുള്ളതു എല്ലാവരും സമ്മതിച്ചിട്ടുള്ള ഒരു നിയമതത്വം ആകുന്നു. അതു കൊണ്ടു തെററിദ്ധാരണകൾ ഉണ്ടാകുമെന്നുള്ളതിനു സംശയമില്ല. എന്നാൽ എല്ലാ പ്രദർശനങ്ങൾക്കും ബാധകമായ കഠിന വ്യവസ്ഥകൾ അടങ്ങിയ ഒരു നിയമം പാസ്സാക്കുമ്പോൾ സർവില്യം വിൻസെൻറിന്റെ പ്രസംഗത്തിൽ പ്രസ്താവിച്ചതു പോലെയുള്ള പ്രദർശനങ്ങളെ ഒഴിവാക്കാൻ ഗവണ്മെൻറിനു ചില അധികാരങ്ങൾ ഉണ്ടായിരിക്കേണ്ടതു ആവശ്യമാണ്. അതു കൊണ്ടു ഈ വകുപ്പുപ്രകാരമുള്ള അധികാരം ദുരുപയോഗം ചെയ്യാതിരിപ്പാൻ അതിൽ പ്രത്യേക ഭേദഗതികൾ ചേർത്തു അതിനെ വ്യക്തമാക്കേണ്ടതാവശ്യമാണെന്നു എനിക്കു തോന്നുന്നു. ഈ വകുപ്പു പ്രയോഗിക്കേണ്ടതു ഇന്നയിന്ന സന്ദർഭങ്ങളിലാണെന്നും അതിൽ വല്ല സൂചനകളും കൊടുത്താൽ എതിർഭാഗത്തെ വിരോധം നീങ്ങിപ്പോകുമെന്നും ഞാൻ വിചാരിക്കുന്നു. എന്നാൽ വകുപ്പിന്റെ ഇപ്പോഴത്തെ സ്ഥിതിയിൽ തന്നെ അതു ഉപയോഗിക്കേണ്ടതു ഏതുതരം പ്രദർശനങ്ങളെ സംബന്ധിച്ചാണെന്നു യാതൊരു ലക്ഷ്യവും ഇല്ലാതെ വിട്ടേച്ചാൽ അതു തെററിദ്ധരിക്കുന്നതിനും ദുരുപയോഗം ചെയ്യുന്നതിനും ഇടയുണ്ട്.

ഈ വകുപ്പു പക്ഷഭേദം കാണിപ്പാനും വർഗ്ഗങ്ങൾ തമ്മിൽ സ്പർദ്ധ നിക്ഷേപിക്കുന്ന വ്യത്യാസം കാണിപ്പാനും ഉപയോഗിച്ചേക്കാൻ ഇടയുണ്ട്. ഇങ്ങനെയുള്ള പ്രയാസം നേരിടാതെയിരിപ്പാൻ മുന്നോട്ടു നല്ല ഭേദഗതികൾ ചേർക്കയാണു ഉത്തമം. അതു കൊണ്ടു ഗവണ്മെൻറിന്റെ ഗുണത്തിനു വേണ്ടിയും പൊതുജനങ്ങളുടെ ഗുണത്തിനു വേണ്ടിയും ഈ വകുപ്പു പ്രയോഗിക്കേണ്ടുന്ന സന്ദർഭങ്ങൾ ഇന്നിന്നവയാണെന്നു കാണിക്കുന്ന ഭേദഗതികൾ ചേർത്തു അതിനെ ഭേദപ്പെടുത്തേണ്ടതാണെന്നു എനിക്കു തോന്നുന്നു. ഇങ്ങനെ ചെയ്താൽ വിരോധങ്ങൾ മിക്കവാറും തീർന്നുപോകും. കാര്യത്തിന്റെ ഈ സ്വഭാവത്തിലേക്കു ഗവണ്മെൻറിന്റെ ശ്രദ്ധയെ ഞാൻ ക്ഷണിച്ചുകൊള്ളുന്നു. ഇങ്ങനെ പറയുന്നതിനാൽ ഭേദഗതിപ്രമേയത്തെ ഞാൻ അനുകൂലിക്കയോ പ്രതികൂലിക്കയോ ചെയ്യുന്നില്ല.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): ബോംബേയിലെ പരിശോധകബോർഡിന്റെയോ അങ്ങനെ അധികാരമുള്ള വേറെ ബോർഡിന്റെയോ സാക്ഷ്യപത്രം സിദ്ധിച്ചിട്ടുള്ള ചിത്രസഞ്ചികകളെ ഗവണ്മെൻറു ഒഴിവാക്കുന്നതിനെ പററി മെമ്പർ എന്താണ് പറയുന്നതു്.

മി: ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): അങ്ങനെയുള്ള ചിത്രസഞ്ചികകളെ ഒഴിവാക്കുന്നതിനു എനിക്കു വിരോധമില്ല.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): പ്രദർശനം നടത്തുന്ന സ്ഥലങ്ങളെ സംബന്ധിച്ചു പൊതുജനങ്ങളുടെ രക്ഷയെ പാലിക്കുന്നതു എങ്ങനെ? ഇതും ആലോചിക്കേണ്ടുന്ന ഒരു കാര്യമാണ്.

മി: ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): അതും കാണിക്കാം. കഴിയുമെങ്കിൽ ചില ഉദാഹരണങ്ങൾ ചേർക്കാം.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): ഈ ഭേദഗതികൾ പത്താം വകുപ്പിൽ വരുത്തിയാൽ പോരേ?

മി: ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): ഈ ഭേദഗതികൾ വരുത്തുന്നതു ഏതു വകുപ്പിലായാലും വേണ്ടതില്ല.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): നേരെ വകുപ്പിൽ ചില പ്രത്യേക ചിത്രസഞ്ചികകളെ ഒഴിവാക്കാൻ നാം ഗവണ്മെൻറിനു അധികാരം കൊടുക്കുന്നു. ഇന്ന സന്ദർഭങ്ങളിൽ ചിത്രസഞ്ചികകളെ ഒഴിവാക്കാമെന്നു പറയുന്നതു പത്താം വകുപ്പിലാണ്. അതു കൊണ്ടാണ് ഈ ഭേദഗതികൾ പത്താം വകുപ്പിൽ വരുത്താമെന്നു ഞാൻ പറയുന്നതു.

ഡിപ്പ്യൂട്ടിപ്രെസിഡെൻറ്: അതു ഭാവിയെ സംബന്ധിച്ചിടത്തോളം ശരിയാക്കാവുന്ന ഒരു ചില്ലറക്കാര്യമാണ്.

മി: കെ. പി. നീലകണ്ഠപ്പിള്ള (പിറവിൻകീഴ്): ഈ നിയമം പൊതുജനത്തിന്റെ ഗുണത്തിന്നായിട്ടുള്ളതാണെന്നായിരുന്നു ഇതുവരെ എന്റെ അഭിപ്രായം. എന്നാൽ ഈ വ്യവസ്ഥ എന്റെ അഭിപ്രായത്തെ കീഴ്മേൽ മറിച്ചിരിക്കുന്നു. ഇപ്പോൾ എന്റെ അഭിപ്രായം ഈ നിയമത്തിന്റെ ഉദ്ദേശം മേലാൽ പ്രദർശനങ്ങൾ നടത്തുന്നകാര്യത്തിൽ ചില വ്യക്തികളെ സഹായിക്കയും ചില വ്യക്തികളെ നിരോധിക്കയും ആണെ

നാകുന്നു. ബില്ലിന്റെ ഉദ്ദേശം ഞാൻ ശരിയായി ഗ്രഹിച്ചിട്ടുണ്ടെങ്കിൽ ഈ വ്യവസ്ഥ ബില്ലിനെ വേരോടെ പറിച്ചുകളയുന്നു. ഗവൺമെൻറിന്റെ നീതിബോധത്തിൽ തനിക്കു പൂർണ്ണവിശ്വാസമുണ്ടെന്നും അതു കൊണ്ടു ഗവൺമെൻറിനു ഈ വക അധികാരങ്ങൾ കൊടുക്കുന്നതു കൊണ്ടു ദോഷമൊന്നും വരാനില്ലെന്നും മിസ്റ്റർ ജി. പരമേശ്വരൻപിള്ള പറകയുണ്ടായി.

മി: ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിങ്കര): ഞാൻ അങ്ങനെ പറഞ്ഞില്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): എന്നാൽ മെമ്പർക്കു ഗവൺമെൻറിന്റെ നീതിബോധത്തിൽ വിശ്വാസമില്ലായിരിക്കും.

മി: ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിങ്കര): ഞാൻ രണ്ടും പറയുന്നില്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇപ്പോഴത്തെ ഗവൺമെൻറു അങ്ങനെയുള്ള അധികാരത്തെ ദുരുപയോഗം ചെയ്കയില്ലെന്നാണ് എന്റെയും വിചാരം. എന്നാൽ ഇപ്പോഴത്തെ ഗവൺമെൻറാകുന്ന ഉദ്യോഗസ്ഥന്മാർ ശാശ്വതമായി നമുക്കുണ്ടായിരിക്കുമെന്നു ഉറപ്പില്ലല്ലോ. നാളെ ഗവൺമെൻറു തങ്ങളുടെ നയം മുഴുപ്പെടുത്തിയെന്നു വരാം. ഈ വ്യവസ്ഥവ്യാഖ്യാനിക്കയോ പ്രായോഗത്തിൽകൊണ്ടുവരികയോ ചെയ്യുന്നതു അപ്പോഴായിരിക്കും. അപ്പോൾ അവർ അവരുടെ ഭാവം മാറുകയും ഈ വ്യവസ്ഥ ഉള്ളകാലത്തോളം ആ ഭാവം അനുസരിച്ചു പ്രവൃത്തിക്കയും ചെയ്യും. ഓരോ സംഗതികൾ വരുമ്പോൾ അവരുടെയുക്തംപോലെ പ്രയോഗിക്കാവുന്ന ഈ അധികാരം ഗവൺമെൻറിനു കൊടുക്കരുതെന്നു ഞാൻ പറഞ്ഞുകൊള്ളുന്നു.

രണ്ടാമതായി വേറൊരു സംഗതി ആലോചിക്കാനുണ്ട്. ഈ വിഷയത്തിനു അടിസ്ഥാനമായി പറയുന്ന പൊതുജനങ്ങളുടെ രക്ഷയ്ക്കുണ്ടാകാവുന്നതായി ഈ വ്യവസ്ഥയ്ക്കു അനുകൂലമായി മിസ്റ്റർ ജി. പരമേശ്വരൻപിള്ള കൊണ്ടുവന്നവാദങ്ങളിൽ ഒന്നു ഈ സഭമുമ്പു പാസ്സാക്കിയിട്ടുള്ള നിയമങ്ങളിലും ഇതുപോലെയുള്ള വ്യവസ്ഥകൾ ഉണ്ടെന്നാണ്. ഇതുപോലെയുള്ള വ്യവസ്ഥ ഈ സഭ പാസ്സാക്കീട്ടുള്ള വേറെ നിയമങ്ങളിൽ ഉണ്ടായിരുന്നാലും മെമ്പർമാർക്കു അതു ബാധകമാണെന്നു ഞാൻ വിചാരിക്കുന്നില്ല. ഈ വകുപ്പുവെച്ചു കൊണ്ടിരിക്കുന്നതിനു മിസ്റ്റർ പരമേശ്വരൻപിള്ള അതൊരുവാദമായി കൊണ്ടുവരികയാണെങ്കിൽ അതെനിക്കു ബോധ്യമാകുന്നില്ല; അതൊരുവാദം അല്ലെന്നാണു ഞാൻ പറയുന്നതു. എന്തുപറഞ്ഞാലും വകുപ്പിൽ ഉപയോഗിച്ചിരിക്കുന്ന ഭാഷ അനുവദിക്കുന്നിടത്തോളം ഉപയോഗിക്കാവുന്ന വലിയ അധികാരമാണ് ഈ വ്യവസ്ഥഗവൺമെൻറിനു കൊടുക്കുന്നതു. ഈ വകുപ്പു കൊടുക്കുന്ന അധികാരത്തെ ഗവൺമെൻറു ദുരുപയോഗം ചെയ്കയില്ലെന്നു നമുക്കു വിശ്വസിക്കാൻ നിവൃത്തിയില്ല. നാം നിയമം ഉണ്ടാക്കുമ്പോൾ ഗവർമെൻറിനു അതിരില്ലാത്ത അധികാരം കൊടുക്കുന്ന കാര്യത്തിൽ പ്രത്യേകമായി എല്ലാമുൻകരുതലുകളും ചെയ്യേണ്ടതാകുന്നു. ഞാൻ ബോധിപ്പിക്കുന്നതു ഇപ്പോഴത്തെ നിലയിൽ ഈ വ്യവസ്ഥ ഗവർമെൻറിനു ഒട്ടുവളരെ അധികാരം കൊടുക്കുന്നുണ്ടെന്നും ആ അധികാരത്തെ അവർ എപ്പോഴും ന്യായമായി ഉപയോഗിക്കുമെന്നു നാം അറിയുന്നില്ലെന്നും ആകുന്നു. അതുകൊണ്ടു ഈ വ്യവസ്ഥ വിട്ടുകളയണമെന്നാണ് എന്റെ അഭിപ്രായം.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): എനിക്കു കൂടുതലായി അധികമൊന്നും പറവാനില്ല. എല്ലായിടത്തും മനുഷ്യരുടെ ശ്രമം സ്വേച്ഛാനുസാരം പ്രവൃത്തിപ്പാനുള്ള അധികാരത്തിൽനിന്നു ഒഴിഞ്ഞു കിട്ടുവാനാണെന്നു തോന്നുന്നു.

മി: വി. എസ്. സുബ്രഹ്മണ്യയ്യർ (ഹെഡ് സർക്കാർ വക്കീൽ): എല്ലാ ചട്ടങ്ങൾക്കും ലംഘനങ്ങൾ ഉണ്ട്.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): അതെനിക്കറിയാം. ഇപ്പോൾ ഈ സഭയോടു ആവശ്യപ്പെടുന്നതു ജനങ്ങളെ സ്വേച്ഛാനുസാരമായ ഭരണത്തിനു അധീനരാക്കണമെന്നാണ്. എന്നാൽ സ്വേച്ഛാനുസാരമായഭരണം അസാദ്ധ്യവും അതിനു ജനങ്ങളോടു ഉത്തരവാദിത്വം ഉള്ള ഒരു നിയമസഭ സഹായിക്കരുതാത്തതുമാകുന്നു എന്നു എനിക്കു തോന്നുന്നു. എന്റെ സ്നേഹിതൻ മിസ്റ്റർ ജി. പരമേശ്വരൻപിള്ള തന്റെ അഭിപ്രായത്തോടു യോജിക്കാത്തവർ സാങ്കേതികം തെറ്റിദ്ധരിച്ചിരിക്കുന്നുഎന്നു പറഞ്ഞു കൊണ്ടാണ് ആരംഭിച്ചതു. എന്നാൽ ഈ സഭാമുമ്പാകെ അദ്ദേഹം കോരിച്ചൊരിഞ്ഞ ജ്ഞാനമുത്തുകളൊന്നും പെറുക്കി എടുക്കാൻ എനിക്കു കഴിഞ്ഞില്ല. ഞാൻ കേട്ടതിൽനിന്നു എനിക്കു തോന്നിയതു എന്റെ ഭാഗത്തുള്ളതിനെക്കാൾ അധികം തെറ്റിദ്ധാരണ അദ്ദേഹത്തിന്റെ ഭാഗത്താണുള്ളതെന്നാകുന്നു. ഈ വകുപ്പിന്റെ ഉദ്ദേശം ചരക്കുവിൽപ്പനക്കാരുടെ ഗുണമാണെന്നു അദ്ദേഹം പറയുന്നു. എല്ലാനിയമത്തിന്റെയും ഉദ്ദേശം പൊതുജനങ്ങളുടെ ഗുണമാണെന്നും ഓരോവ്യക്തികളുടെ ഗുണത്തിനെതിരാണെന്നുമാകുന്നു ഞാൻ വിചാരിച്ചതു. ഒഴിവാക്കാനുള്ള അധികാരം പൊതുജനങ്ങളുടെഗുണത്തിനെതിരും വ്യക്തികളുടെ ഗുണത്തിനനുകൂലവും ആകുന്നു. ഇത്രത്തോളം മിസ്റ്റർ ജി. പരമേശ്വരൻപിള്ളയുടെ നില അബദ്ധമാണ്. വകുപ്പുകളുടെ പ്രാബല്യം ഓരോന്നോരോന്നായി നിറുത്തിവെച്ചു നിയമം മുഴുവനും നിരർത്ഥകവും നിഷ്പ്രയോജനവും ആക്കാൻ ഗവർമെൻറിനു കഴിയുമെന്നാണ് ഈ വകുപ്പിനെപ്പറ്റി ഞാൻ വീണ്ടും പറയുന്നതു. ഇങ്ങനെയൊരു നിയമം അത്യാവശ്യമാണെന്നായിരുന്നു ആ മെമ്പറിനു ആദ്യം ഉണ്ടായിരുന്ന അഭിപ്രായം. എന്നാൽ ഇപ്പോൾ അദ്ദേഹത്തെ വിഷമിപ്പിക്കുന്നതു റെഗുലേഷന്റെ വ്യാപ്തിയിൽനിന്നു ഒഴിവാക്കാനുള്ള അധികാരം സമ്പാദിക്കുന്നതു എങ്ങനെയാണെന്നുള്ള സംഗതിയാകുന്നു. അതൊരു കൌതുകസ്ഥാനമാണെന്നേ പറയാനുള്ളു. ഈ വകുപ്പുറെഗുലേഷനിൽവച്ചു കൊണ്ടിരുന്നാൽ റെഗുലേഷൻ മുഴുവനും വ്യർത്ഥമായി കലാശിക്കുമെന്നുള്ളതിനു സംശയമില്ല.

മി: കല്ലാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർ വക്കീൽ): ഈ വകുപ്പുപ്രകാരം ഗവർമെൻറിനു കൊടുക്കണമെന്നു പറയുന്ന അധികാരം ഗവർമെൻറിനുവല്ല അവകാശവും സ്ഥാപിപ്പാനൊ സ്വാതന്ത്ര്യമായി വല്ലതും പ്രവൃത്തിപ്പാനൊ അല്ലെന്നു ഈ സഭയോടു ഞാൻ വീണ്ടും ഉറപ്പുപറഞ്ഞു കൊള്ളുന്നു. മുൻവകുപ്പുകളാൽ ചുരുങ്ങിപ്പോയ സ്വാതന്ത്ര്യത്തെ ജനങ്ങൾക്കു വീണ്ടും വിസ്തൃതമാക്കി കൊടുക്കാൻ കഴിവുണ്ടാകണമെന്നു മാത്രമാണ് ഈ വകുപ്പിന്റെ ഉദ്ദേശം.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): പാസ്സാക്കിയ മുൻവകുപ്പുകൾ പൊതുജനങ്ങളുടെ രക്ഷയെ ഉദ്ദേശിച്ചല്ലയോ?

മി: കല്ലാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർ വക്കീൽ): അതേ.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ). ൭ം വകുപ്പ് ഓരോ വ്യക്തികളുടെ അവകാശങ്ങൾക്കെല്ലായോ അനുകൂലമായിട്ടുള്ളതു?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ). അങ്ങനെ വേണമെന്നില്ല. ബില്ലിന്റെ മററു വകുപ്പുകളുടെ കാഠിന്യം നിമിത്തം, പൊതുജനങ്ങൾക്കു അനാവശ്യവും ഒഴിക്കാവുന്നതുമായ സങ്കടം ഉണ്ടാകുന്ന സന്ദർഭങ്ങളിൽ ഉണ്ടായേക്കാമെന്നു ഗവർമെന്റിനു ശങ്കയുണ്ട്. അതുകൊണ്ട് ചലനചിത്രങ്ങൾ ന്യായമായി ഉപയോഗിക്കുന്നതിനു ജനങ്ങൾക്കു സ്വാതന്ത്ര്യം കൊടുക്കത്തക്കവണ്ണം തക്കതായ സന്ദർഭങ്ങളിൽ അവയുടെ കാഠിന്യം കുറച്ചു കൊടുക്കുന്നതു അഭിലഷണീയമായിരിക്കുമെന്നു ഗവർമെന്റു വിചാരിച്ചു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ). ൭ം വകുപ്പ് ജനങ്ങളുടെ രക്ഷയെ കുറച്ചുകളകയില്ലയോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): അശേഷമില്ല. ജനങ്ങൾ തങ്ങളുടെ ന്യായമായ അവകാശങ്ങളെ പ്രയോഗിക്കുന്നതിനു തടസ്സം ഉണ്ടാകരുതെന്നു കരുതിയാണ് ൭ം വകുപ്പു ചേർത്തിട്ടുള്ളതു. ബ്രിട്ടീഷ് ഇൻഡ്യയിലെയും, മൈസൂറിലെയും പുതുക്കോട്ടയിലെയും നിയമങ്ങളിൽ ൭ം വകുപ്പു ഉണ്ട്. ഒഴിവാക്കേണ്ടുന്ന കേസുകൾ ഏതെല്ലാംമെന്നു വിവരിപ്പാൻ കഴിവുണ്ടായിരുന്നെങ്കിൽ അങ്ങനെ ചെയ്യുന്നതിനു ഗവണ്മെന്റിനു യാതൊരു വിരോധവുമില്ല. ഇങ്ങനെ ഒരു വ്യവസ്ഥ സാമ്രാജ്യനിയമസഭയിൽ സർ വില്യം വിൻസെൻറ് ഹാജരാക്കിയിരുന്നതായി മിസ്റ്റർ ചങ്ങനാശ്ശേരി പരമേശ്വരൻപിള്ള പറഞ്ഞുവല്ലോ. ഒഴിവാക്കേണ്ടുന്ന കേസുകൾ ഏതെല്ലാമെന്നു വിചാരിപ്പാൻ അവർക്കു കഴിഞ്ഞില്ല. ഒഴിവാക്കേണ്ടുന്ന കേസുകളെയെല്ലാം വിവരിക്കാൻ കഴിയുമായിരുന്നെങ്കിൽ നന്നായിരുന്നേനെ എന്നു ഞാൻ സമ്മതിക്കുന്നു. അതു സാധ്യമല്ലെന്നുള്ള വിരോധമേ എനിക്കു പറവാനുള്ളു. മിസ്റ്റർ ചങ്ങനാശ്ശേരി പരമേശ്വരൻപിള്ളയ്ക്കോ വേറെ ഏതെങ്കിലും മെമ്പറിനോ പ്രായോഗികമായ സൂചനകൾ വല്ലതും തരാനുണ്ടെങ്കിൽ അവയെ ഞാൻ സന്തോഷത്തോടെ സ്വീകരിക്കാം. ഈ വകുപ്പ് ഗവണ്മെന്റിന്റെ വല്ല അവകാശസ്ഥാപനത്തിനോ സ്വാതന്ത്ര്യമായി വല്ലതും പ്രവർത്തിക്കുന്നതിനോ അല്ല ചേർത്തിട്ടുള്ളതെന്നു ഞാൻ ഒരിക്കൽക്കൂടെ ഉറപ്പുപറഞ്ഞുകൊള്ളുന്നു.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): മാമെമ്പർ ഇപ്പോൾ പറഞ്ഞ സമാധാനത്തിനു അനുസരണമായി വകുപ്പിലെ വാചകം ഭേദപ്പെടുത്താൻ അദ്ദേഹത്തിനു മനസ്സുണ്ടോ എന്നു പറയുമോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): വേറെ വല്ല വാചകവും പറഞ്ഞാൽ അതിനെപ്പററി ആലോചിക്കാൻ എനിക്കു പൂർണ്ണമനസ്സാണു. വിവാഹം മുതലായ അവസരങ്ങളിൽ സല്ലാപരസത്തിനുള്ള പ്രദർശനങ്ങളെ ഒഴിവാക്കണമെന്നുമാത്രമാണു വകുപ്പിന്റെ ഉദ്ദേശം. ഈ വകുപ്പ് ഈ ബില്ലിൽ ചേർത്തതിന്റെ ഉദ്ദേശം, മിസ്റ്റർ ചങ്ങനാശ്ശേരി പരമേശ്വരൻപിള്ള പറഞ്ഞപ്രകാരം ബ്രിട്ടീഷ് ഇൻഡ്യയിലെ ആക്റ്റിൽ ഇതേമാതിരി ഒരു വകുപ്പു ചേർത്തതിനുള്ള ഉദ്ദേശം തന്നെയാണ്.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഇൻഡ്യാസാമ്രാജ്യത്തിലെ സ്ഥിതികളും തിരുവിതാംകൂറിലെ സ്ഥിതികളും സമമാണോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): ആ സാമാന്യചോദ്യത്തിനു ഇപ്പോൾ കാരണമില്ല.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): എന്നാൽ അദ്ദേഹം അവിടെ പാസ്സാക്കിയ നിയമത്തിലെ വകുപ്പിനെ ആശ്രയിച്ചതെന്തിനു?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): മിസ്റ്റർ ചങ്ങനാശ്ശേരി പരമേശ്വരൻപിള്ള പറഞ്ഞപ്രകാരം സാമ്രാജ്യനിയമസഭയിൽ ഇങ്ങനെയൊരുവകുപ്പു ചേർത്തതിനുള്ള ഉദ്ദേശം തന്നെയാണ് നമ്മുടെ ഉദ്ദേശമെന്നും ഇന്നയിന്ന സന്ദർഭങ്ങളിലാണ് ഒഴിവുകൊടുക്കേണ്ടതെന്നു വിവരിപ്പാൻ അവർക്കും പ്രയാസവും അപ്രായോഗികവും ആയിരുന്നു എന്നും കാണിക്കുക മാത്രമാണു ഞാൻ ചെയ്യുന്നതു.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): അനുകരണത്തിന്നായി ചില ഉദാഹരണങ്ങളെങ്കിലും കൊടുപ്പാൻ സാധ്യമായിരിക്കണമെന്നു മിസ്റ്റർ ചങ്ങനാശ്ശേരി പരമേശ്വരൻപിള്ള പറഞ്ഞില്ലയോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): ആയിരിക്കാം. എന്നാൽ അതു പൂർണ്ണമായിരിക്കയില്ല. എന്റെ അഭിപ്രായത്തിൽ അതു അപ്രായോഗികവും ആകുന്നു. നമുക്കു സ്വീകരിക്കാവുന്ന ഉത്തമമാർഗ്ഗം ഗവണ്മെന്റു തങ്ങളുടെ അധികാരം സ്വകാര്യ ആഘോഷങ്ങൾ സംബന്ധിച്ചേ ഉപയോഗിക്കൂ എന്നും അധികാരം ദുരുപയോഗം ചെയ്കയില്ലെന്നും പ്രതീക്ഷിച്ചുകൊണ്ടു ഇപ്പോൾ ചെയ്തിട്ടുള്ളമാതിരി പൊതുവായി പറകയാകുന്നു.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): വകുപ്പ് ഇപ്പോഴത്തെ മാതിരിയിൽ ഗവണ്മെന്റിനു ഉണ്ടെന്നു അദ്ദേഹം പറയുന്ന ഉദ്ദേശം കാണിക്കുന്നുണ്ടോ എന്നു മാമെമ്പർ പറയുമോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): ഉണ്ട്. വകുപ്പിന്റെ അർത്ഥം ഗ്രഹിച്ചിട്ടുള്ളവരായി ചിലരെങ്കിലും സഭയുടെ എതിർഭാഗത്തുണ്ടെന്നു അറിയുന്നതിനാൽ ഞാൻ സന്തോഷിക്കുന്നു. വകുപ്പ് അർത്ഥപുഷ്ടി ഉള്ളതല്ലെന്നും ഗവണ്മെന്റിന്റെ ഉദ്ദേശം പൂർണ്ണമായും വ്യക്തമായും കാണിക്കുന്നില്ലെന്നും മാത്രമേ അവർ പറഞ്ഞുള്ളു. ഈ വകുപ്പുതന്നെയാണ് ബ്രിട്ടീഷ് ഇൻഡ്യയിലും മൈസൂരിലും പുതുക്കോട്ടയിലും പ്രയോഗിച്ചുകാണുന്നതു. വകുപ്പ് ദോഷകരമല്ലെന്നു മാത്രമല്ല, അത്യാവശ്യമാണു. അല്ലെങ്കിൽ ജനങ്ങളുടെ സ്വാതന്ത്ര്യത്തിനു തടസ്സമായിരിക്കും.

മി: ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): ഈ വകുപ്പ് ഈ ബില്ലിന്റെ വ്യാപ്തിയിൽനിന്നു ഏതെങ്കിലും ചലനചിത്രപ്രദർശനശാലകളെ ഒഴിവാക്കാൻ ഗവണ്മെന്റിനു അധികാരം കൊടുക്കുന്നുണ്ടോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): ഇല്ല. അതല്ല വകുപ്പിന്റെ ഉദ്ദേശം.

മി: ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): വകുപ്പിന്റെ ഉദ്ദേശത്തെപ്പററിയല്ല ഞാൻ പറയുന്നതു. വകുപ്പ് ഇപ്പോൾ അതിൽ ഉപയോഗിച്ചിരിക്കുന്ന വാചകം നോക്കിയാൽ ബില്ലിലെ വ്യവസ്ഥകളിൽനി

ന്നു എന്നതെങ്കിലും ചലനചിത്രപ്രദർശനശാലയെ ഒഴിവാക്കാൻ ഗവൺമെന്റിനു അധികാരം കൊടുക്കുന്നുണ്ടോ എന്നാണ് എനിക്കു അറിയേണ്ടത്.

മി: കല്ല്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്‌സർക്കാർവക്കീൽ): ഇല്ലെന്നാണ് എനിക്കു തോന്നുന്നത്. എന്നാൽ ഒരു നിയമവും നിയമജ്ഞന്മാരുടെ പരിശോധനയിൽ ന്യൂനതയില്ലാത്തതായിരിക്കയില്ലല്ലോ.

മി: ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): ഈ വകുപ്പിനെ മെമ്പർ ഇങ്ങനെയാണ് വ്യാഖ്യാനിക്കുന്നതെങ്കിൽ അതിനെ ഇപ്പോഴത്തേക്കാൾ വ്യക്തമാക്കുകയല്ലേ ഉത്തമം?

മി: കല്ല്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്‌സർക്കാർവക്കീൽ): ഒഴിവാക്കേണ്ടുന്ന കേസുകൾ ഏതെല്ലാമെന്നു വിവരിക്കുന്നതു സാദ്ധ്യമല്ല. അതുകൊണ്ടാണ് വകുപ്പിൽ ഇങ്ങനെ പൊതുവായി പറഞ്ഞിരിക്കുന്നത്.

മി: ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): വിവാഹാഘോഷങ്ങൾ മുതലായി അങ്ങനെയുള്ള ചില അവസരങ്ങൾ ഉദാഹരണങ്ങളായി പറയാമെല്ലോ.

മി: കല്ല്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്‌സർക്കാർവക്കീൽ): അവസരങ്ങളുടെ പട്ടിക പൂർണ്ണമായിരിക്കയില്ല. വകുപ്പു ഇപ്പോഴത്തെപ്പോലെതന്നെ അവ്യക്തമായിരിക്കയും ചെയ്യും.

മി: കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): ഈ നിയമത്തിലെ വ്യവസ്ഥകളിൽനിന്നു ഒഴിവാക്കുന്നതു അതിനെ സംബന്ധിച്ചുണ്ടാകുന്ന നിയമങ്ങൾക്കു അനുസരണമായിട്ടാണോ അതോ ഗവൺമെന്റിന്റെ ഇഷ്ടംപോലെ ആയിരിക്കുമോ?

മി: കല്ല്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്‌സർക്കാർവക്കീൽ): വകുപ്പു ഇപ്പോൾ ഉള്ളപ്രകാരം, ഒഴിവാക്കുന്നതു വല്ല ചട്ടങ്ങളും അനുസരിച്ചു പാടുള്ളു എന്നില്ല. എന്നാൽ കഴിവുള്ളേടത്തോളം വ്യക്തമായ ചട്ടങ്ങൾ ഇതിനെസംബന്ധിച്ചു ഉണ്ടാക്കുന്നതുകൊണ്ടു ദോഷമൊന്നും വരാനില്ല.

മി: കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): ഇന്നയിന്ന സംഗതികളിൽ ഒഴിവാക്കേണമെന്നു വ്യക്തീകരിച്ചു ചട്ടങ്ങൾ ഉണ്ടാക്കാമെന്നു ലാ മെമ്പർ സഭയോടു ഉറപ്പുപറയുമോ?

മി: കല്ല്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്‌സർക്കാർവക്കീൽ): അതിനെപ്പറ്റി ആലോചിക്കാം. എന്നാലും ആവശ്യം നേരിടുമ്പോൾ വ്യക്തികളെ ഒഴിവാക്കുന്നതുകൊണ്ടു വല്ല ദോഷവും വരുമെന്നു ഞാൻ വിചാരിക്കുന്നില്ല.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ചട്ടങ്ങൾ പാസ്സാക്കുന്നതു ഈ സമ്മേളനാന്തരം ആയിരിക്കുമോ?

മി: കല്ല്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്‌സർക്കാർവക്കീൽ): ഇല്ല. ഈ സംഗതിയെപ്പറ്റി ഞാൻ മുമ്പുതന്നെ പറഞ്ഞതായി തോന്നുന്നു.

ഭേദഗതിപ്രമേയത്തെപ്പറ്റി വോട്ടിട്ടതിൽ അതു തള്ളിപ്പോയി.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ആളെണ്ണി വോട്ടെടുക്കണമെന്നു ഞാൻ ആവശ്യപ്പെടുന്നു.

ആളെണ്ണിയതിൽ താഴെചേർത്തപ്രകാരം കണ്ടു.

അനുകൂലം ൧൨.

൧.	മിസ്റ്റർ	എ. കെ. പിള്ള	൭.	,,	പി. കെ. നാരായണപിള്ള
൨.	,,	സി. പി. കൊച്ചുകുഞ്ഞുപിള്ള	൮.	,,	കെ. പി. നീലകണ്ഠപ്പിള്ള
൩.	,,	ടി. കുമാരപിള്ള	൯.	,,	ജി. രാമൻമേനോൻ
൪.	,,	കെ. മാധവൻപിള്ള	൧൦.	,,	കെ. ശിവരാമപ്പണിക്കർ
൫.	,,	കെ. സി. മാമ്മൻമാപ്പിള്ള	൧൧.	,,	എം. ശിവതാണുപിള്ള
൬.	,,	കിള്ളൂർ നാരായണപിള്ള	൧൨.	,,	എൻ. സുബ്രഹ്മണ്യകരയാളർ

പ്രതികൂലം ൨൬.

൧.	മിസ്റ്റർ.	ഐ. സി. ചാക്കോ	൧൫.	മിസ്റ്റർ.	ആർ. പത്മനാഭൻ
൨.	,,	പാംഡാനിയൽ	൧൬.	,,	ജി. പരമേശ്വരൻപിള്ള
൩.	,,	ആർ. ധനക്കോടിപ്പിള്ള	൧൭.	,,	കല്ല്യാലംപരമേശ്വരൻപിള്ള
൪.	,,	കെ. ജേക്ക്	൧൮.	,,	കെ. എൻ. രാമസുബ്ബയ്യർ
൫.	,,	ഹബീബ്മുഹമ്മദ്	൧൯.	,,	ടി. പി. രാമസുബ്ബയ്യർ
൬.	,,	എ. ജെ. ജോൺ	൨൦.	,,	റാവുബഹദൂർ, കെ. വി. രങ്കസ്വാമി അയ്യങ്കാർ
൭.	,,	കെ. ഐ. ജോസഫ്			
൮.	,,	സി. കേരളവർമ്മകോയിൽത്തമ്പുരാൻ	൨൧.	,,	എം. സുബ്രഹ്മണ്യയ്യർ
൯.	,,	ആർ. കൃഷ്ണസ്വാമിഅയ്യർ	൨൨.	,,	എസ്. സി. എച്ച്. റോബിൻസൺ
൧൦.	,,	ആർ. കെ. കൃഷ്ണപിള്ള	൨൩.	,,	വി. എസ്. സുബ്രഹ്മണ്യയ്യർ
൧൧.	,,	എൻ. കുമാരൻ	൨൪.	,,	സി. പി. തരകൻ.
൧൨.	,,	ഡാക്ടർ എൻ. കുഞ്ഞൻപിള്ള	൨൫.	,,	തയ്യിൽ കുഞ്ഞിത്തൊമ്മൻ
൧൩.	,,	മിസ്സസ് എം. പുന്നൻലൂക്കോസ്	൨൬.	,,	എ. ജെ. വാൻറോസ്സ്.
൧൪.	,,	കെ. വി. പടേശയ്യർ			

നിഷ്പക്ഷം ൪.

൧.	മിസ്റ്റർ	എച്ച്. ജി. മെക്കൻസ്	൩.	മിസ്റ്റർ	ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള
൨.	,,	ടി. ജെ. മാത്യു	൪.	,,	എസ്. പിരപ്പൻകോട്ടമാധവൻപിള്ള

ഭേദഗതിപ്രമേയം തള്ളപ്പെട്ടുപോയതായി പ്രസ്താവിക്കപ്പെട്ടു.

താഴെപ്പറയുന്ന പ്രമേയങ്ങൾ അതേ വിഷയത്തെപ്പറ്റി ആയിരുന്നതിനാൽ ഹാജരാക്കിയില്ല.

മി: ജി. രാമൻമേനോൻ:

ഈ വകുപ്പ് വിട്ടുകളയണം.

മി: പി. കെ. നാരായണപിള്ള:-

ഈ വകുപ്പ് വിട്ടുകളയുകയും പിന്നീടുള്ള വകുപ്പുകൾക്കു പുതിയനമ്പർ കൊടുക്കുകയുംവേണം.

ഡിപ്യൂട്ടിപ്രെസിഡെൻറ: ഒമ്പതാംവകുപ്പ് ബില്ലിൻെറ ഭാഗമായിച്ചേക്കണമോ എന്നാണ് ചോദ്യം.

വകുപ്പ് ബില്ലോടുചേർത്തു

വകുപ്പ് ൧൦.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഞാൻ താഴെപറയുന്നപ്രമേയം ഹാജരാക്കുന്നു.

പത്താംവകുപ്പ് രണ്ടാംവരിയിൽ "അസഭ്യമല്ലാത്ത" എന്നവാക്കുകൾ വിട്ടുകളയണം.

പൊതുജനങ്ങൾക്കു പ്രവേശനമില്ലാത്ത സ്വന്ത ഗൃഹങ്ങളിൽ നടത്തുന്ന ചലനചിത്രപ്രദർശനങ്ങളെ സംബന്ധിച്ചു ഗവൺമെൻറിനു വല്ല പ്രത്യേകതയും ഉണ്ടോ എന്ന അറിവാനായിട്ടാണ് ഞാൻ ഈ ഭേദഗതി പ്രമേയം ഹാജരാക്കുന്നത്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഞാൻ അനുകൂലിക്കുന്നു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർവക്കീൽ): ഓരോരുത്തരുടെ ഗൃഹങ്ങളിൽ നടക്കുന്ന രഹസ്യങ്ങളെ ഒററുനോക്കുവാൻ ഗവൺമെൻറിനു നിശ്ചയമായും ആഗ്രഹമില്ല. എങ്കിലും അസഭ്യമായചിത്രങ്ങൾ അവിടെ പ്രദർശിപ്പിക്കപ്പെടണമെന്നും അവർ ആഗ്രഹിക്കുന്നില്ല.

ഭേദഗതിപ്രമേയം വോട്ടിനുവെച്ചതിൽ തള്ളപ്പെട്ടുപോയി.

താഴെപ്പറയുന്ന പ്രമേയങ്ങൾ ഹാജരാക്കിയില്ല.

മിസ്റ്റർ പി. കെ. നാരായണപിള്ള.

മൂന്നാംവരിയിൽ 'given' എന്നവാക്കിനുപകരം 'held' എന്നവാക്കുചേർക്കണം.

മി: പി. കെ. നാരായണപിള്ള:-

താഴെക്കാണുന്നതു അവസാനവകുപ്പായി ചേർക്കണം.

ഈ റെഗുലേഷൻ പ്രകാരമുള്ള വിസ്താരങ്ങളും, വിധികളും, ശിക്ഷകളും, ഉത്തരവുകളും ക്രിമിനൽ നടപടിനിയമത്തിലെ വ്യവസ്ഥകൾക്കനുസാരമായിരിക്കണം.

ഡിപ്യൂട്ടിപ്രെസിഡെൻറ: പത്താംവകുപ്പ് ബില്ലിൻെറ ഭാഗമായിചേർക്കണമോ എന്നാണ് ചോദ്യം.

വകുപ്പ് ബില്ലിനോടുചേർത്തു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർവക്കീൽ): സർ, ചലനചിത്രപ്രദർശനബിൽ ഭേദപ്പെടുത്തിയപ്രകാരം ഇനിയൊരു യോഗത്തിൽ വായിച്ചു പാസ്സാക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

മി: ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറ് സെക്രട്ടറി): ഞാൻ അനുകൂലിക്കുന്നു.

അഭിപ്രായം സ്വീകരിക്കപ്പെട്ടു.

വൈകുന്നേരം ൫.൨൫ മണിക്കു പിറേറദിവസം കാലത്തു ൧൧.൩൦ മണിക്കു വീണ്ടും കൂടണമെന്നുള്ള നിശ്ചയത്തോടുകൂടെ, സഭ പിരിഞ്ഞു.

ടി. പി. രാമസുബ്ബയ്യർ,
നിയമസഭാസെക്രട്ടറി.

(A true translation.)

T. RAMALINGAM PILLAI,
Head Translator to Government.

തിരുവിതാംകോട്ടു നിയമസഭ.

രണ്ടാമത്തെസഭ.

൧൧൦൬-ാമാണ്ടിലെ ഒന്നാംയോഗം.

അഫിഷ്യൽറിപ്പോർട്ട്.

൧൯൩൦ നവംബർ ൧൯-ാം൹/൧൧൦൬ വൃശ്ചികം ൪-ാം൹ ബുധനാഴ്ച.

സഭ ഉച്ചയ്ക്കു ൧൨ അടിച്ചപ്പോൾ വിക്ടോറിയാ ജൂബിലിടൌൺഹാളിൽ വീണ്ടുംകൂടി. മ. രാ. രാ. വി. സുബ്ബയ്യർഅവർകൾ ബി. എ., ബി. എൽ. അഗ്രാസനംവഹിച്ചു. മി. എൻ. വി. ജോസഫ് ഒഴികെ മറ്റെല്ലാ മെംബർമാരും ഹാജരായിരുന്നു.

ചോദ്യങ്ങളും മറുപടികളും.

കോതയാർ പ്രാജക്ടിൽ ഉൾപ്പെട്ടതീട്ടുള്ള കുളങ്ങൾക്കു നിശ്ചയിച്ചിട്ടുള്ള കരം കുറയ്ക്കൽ.

൩൧. മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും):

(൧) കോതയാർപ്രാജക്ടിൽ ഉൾപ്പെട്ടതീട്ടുള്ള കുളങ്ങൾക്കു നിശ്ചയിച്ചിട്ടുള്ള കരത്തിൽ അവയെ ലേലത്തിൽ വിൽക്കുകയോ പതിച്ചു കൊടുക്കുകയോ ചെയ്തതിൽ പിന്നീടു ഏതെങ്കിലും കുറവു വരുത്തീട്ടുണ്ടോ?

(൨) ഉണ്ടെന്നാണെങ്കിൽ,

(എ) അങ്ങനെയുള്ള കുളങ്ങൾകിടക്കുന്നതാലൂക്കും പകുതിയും.

(ബി) കുളത്തിന്റെപേരും.

(സി) കുളത്തിന്റെവിസ്താരവും.

(ഡി) ലേലംചെയ്കയോ പതിച്ചുകൊടുക്കുകയോ ചെയ്തകാലത്തു നിശ്ചയിച്ചിരുന്നകരവും.

(ഇ) ലേലംചെയ്കയോ പതിച്ചുകൊടുക്കുകയോ ചെയ്തപ്പോൾ ഓരോകുളത്തിലും നിന്നു ഈടായതുകയും.

(എഫ്) ഓരോകുളത്തിനും ചുമത്തിയിരുന്ന കരത്തിൽ വരുത്തിയ കുറവിന്റെതുകയും.

(ജി) കുറച്ചതിൽപിന്നീടു ഓരോകുളത്തിനും ഇപ്പോൾ ചുമത്തിയിരിക്കുന്ന കരവും കാണിക്കുന്ന ഒരു സ്റ്റേറ്റുമെൻറു മേശപ്പുറത്തുവയ്ക്കുമോ?

മി. ടി. പി. രാമസ്വാമിഅയ്യർ (ഗവർണ്മെണ്ടുസെക്രട്ടറി): (൧) മറുപടി അനുസരണരൂപത്തിൽ ആകുന്നു.

(൨) മെംബർ ആവശ്യപ്പെടുന്ന വിവരങ്ങൾ അടങ്ങിയ ഒരു പട്ടിക* മേശപ്പുറത്തു വച്ചിരിക്കുന്നു.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): അനുബന്ധം ഒന്നിൻപ്രകാരം കുളങ്ങൾ ലേലത്തിൽ വിററതിൽപിന്നീടു കരം കുറച്ചിരിക്കുന്നതുകൊണ്ടു കോതയാർ വേലകളിൽഉള്ള ആകത്തുകയിൽനിന്നു കുളങ്ങൾ വിൽക്കുന്ന ആദായം കാക്കണമെന്നുള്ള സിദ്ധാന്തവും അതിന്റെകണക്കും ശരിയായിരിക്കുമൊ?

മി. ടി. പി. രാമസ്വാമിഅയ്യർ (ഗവർണ്മെണ്ടുസെക്രട്ടറി): ശരിയാകും. കരം കോതയാർ പ്രാജക്ടിലെക്കല്ല പോകുന്നതു, റെവന്യൂ ഡിപ്പാർട്ടുമെൻറിലേക്കാണു.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ഒരുകുളത്തിനു ൩൦ ഏക്കർ ൨൫ സെൻറുണ്ടു. അതിനു ൭൩൪ രൂപയാണു ലേലത്തിൽ കിട്ടിയതു. ആ കാലത്തിൽ ൩൧ രൂപ കരം ഉണ്ടായിരുന്നു. അതിനുശേഷം ൭ രൂപ ൪ ചക്രം ൪ കാശായി കരംകുറച്ചിരിക്കുന്നു. ഈ കുറഞ്ഞകരത്തിൽ ആ കുളം ലേലത്തിൽ വിളിച്ചിരുന്നുഎങ്കിൽ അതിലേക്കു കൂടുതൽരൂപ കിട്ടുമായിരുന്നില്ലേ?

മി. ടി. പി. രാമസ്വാമിഅയ്യർ (ഗവർണ്മെണ്ടുസെക്രട്ടറി): സ്വല്പംകൂടി കിട്ടുമായിരിക്കാം.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): കോതയാർ പ്രാജക്ടിലേക്കു ഉണ്ടാക്കിട്ടുള്ള കണക്കുകളിലും ഇപ്രകാരംതന്നെയാണോ കണക്കാക്കീട്ടുള്ളതു?

മി. ടി. പി. രാമസ്വാമിഅയ്യർ (ഗവർണ്മെണ്ടുസെക്രട്ടറി): അതേ.

ഹൈക്കോർട്ടിൽ ഡെപ്യൂട്ടിരെജിസ്ത്രാർജോലിക്കു ആൾ നിയമിക്കുന്നതു.

൩൨. മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും):

(എ) (i) മി. സി. കെ. മാത്തന്റെ ഒഴിവിലാണൊ ഹൈക്കോടതി രെജിസ്ത്രാർ മി. പി. എസ്. കുപ്പുസ്വാമിഅയ്യരെ മുൻസിപ്പായി നിയമിച്ചതുഎന്നും.

(ii) ആ ഒഴിവു എപ്പോൾ ഉണ്ടായി എന്നും.

(iii) ഹെഡ്സർക്കാർ വക്കീലാഫീസിലെ ഹെഡ്ക്ലാർക്കായ മി. നാരായണയ്യരെ ഡെപ്യൂട്ടിരെജിസ്ത്രാരായി നിയമിച്ചതുഎപ്പോൾ എന്നും.

(iv) മി. നാരായണയ്യരെ ഡെപ്യൂട്ടിരെജിസ്ത്രാരായി നിയമിച്ചകാലത്തു ആ ഉദ്യോഗം ഒഴിവായിരുന്നുവൊ എന്നും.

(ബി) ഡെപ്യൂട്ടിരെജിസ്ത്രാർ ഉദ്യോഗത്തിനു വേണ്ടതായ പരീക്ഷായോഗ്യതയും മററു യോഗ്യതകളും ഏവ എന്നും.

(സി) ഡെപ്യൂട്ടിരെജിസ്ത്രാർ ഉദ്യോഗത്തിനു അപേക്ഷിച്ചിട്ടുള്ളവരുടെഇടയിൽ യോഗ്യതയുള്ളവരുടെ പേരു, ഉദ്യോഗപ്പേരു, ശമ്പളം, സ്ഥലം, സെർവീസ്, വയസ്സു ഇവ കാണിക്കുന്ന ഒരുപട്ടിക മേശപ്പുറത്തു ഗവർണ്മെണ്ടു വയ്ക്കുമോഎന്നും.

---

* ൧-ാംനമ്പർ അനുബന്ധം നോക്കുക.

(ഡി) (i) ഹെഡ്സർക്കാർവക്കീൽ ആഫീസിലെ സൂപ്രണ്ടായ മി. എൻ. നീലകണ്ഠപ്പിള്ള ഡെപ്യൂട്ടിരജിസ്ട്രാർ ഉദ്യോഗത്തിനു ഒരു അപേക്ഷകൻ ആയിരുന്നുവോ എന്നും,

(ii) അങ്ങനെയാണെങ്കിൽ മാസന്തോറും ൧൨൫ രൂപ ശമ്പളത്തിൽ ഇരിക്കുന്ന സൂപ്രണ്ടിനെനിയമിക്കുന്നതിനുപകരം അതേ ആഫീസിൽ ൧൦൦ രൂപ ശമ്പളത്തിൽ ഉള്ള ഹെഡ്ക്ലാർക്കായ മി. നാരായണയ്യരെ നിയമിച്ചതിനുള്ള കാരണങ്ങൾ എന്തെന്നും,

(ഇ) (i) ഹെഡ്സർക്കാർവക്കീൽ ആഫീസിലെ ജീവനക്കാർക്ക് ജുഡിഷ്യൽഡിപ്പാർട്ടുമെണ്ടിൽ ഉദ്യോഗങ്ങൾ കൊടുക്കുന്നതായാൽ ആ ആഫീസിൽ ഉദ്യോഗങ്ങൾക്കു ആളാക്കുന്നതിനുള്ള അധികാരം ഹൈക്കോടതിക്കു ഉണ്ടായിരിക്കേണ്ടതാണെന്നു ഹൈക്കോടതിയിലെ ഫുൾബെഞ്ച് ഒരിക്കൽ തീർച്ച ചെയ്തിട്ടുണ്ടോ എന്നും,

(ii) ഉണ്ടെങ്കിൽ എപ്പോൾഎന്നും,

(iii) ആ ഫുൾബെഞ്ചിലെ ജഡ്ജിമാർഏവരായിരുന്നുഎന്നും,

(എഫ്) (i) അങ്ങനെയുള്ള ഫുൾബെഞ്ച്വിധി ഉണ്ടായിട്ടുണ്ടെങ്കിൽ ആ വിധിഅനുസരിച്ചാണോ മി. നാരായണയ്യരെ ഡെപ്യൂട്ടിരജിസ്ട്രാരായി നിയമിക്കണം എന്നു ചീഫ്ജസ്റ്റീസ് ഗവർണ്മെണ്ടിനോടു ശിപാർശ ചെയ്തിട്ടുള്ളത് എന്നും,

(ii) ആ വിധിയനുസരിച്ചു ഹെഡ്സർക്കാർവക്കീലാഫീസിൽ ഉദ്യോഗത്തിനു ആളെ ആക്കുന്നതിനുള്ള അധികാരം ഇപ്പോൾ ഹൈക്കോടതിക്കു ഉണ്ടോഎന്നും,

(iii) ഇല്ലെന്നുവരുകിൽ ആ വിധിക്കു വിപരീതമായി ചീഫ്ജസ്റ്റീസ് ശിപാർശചെയ്യുന്നതിനു കാരണം എന്തെന്നും,

(ജി) (i) ഹെഡ്സർക്കാർവക്കീൽ ആഫീസിലെ സൂപ്രണ്ടായ മി. നീലകണ്ഠപ്പിള്ളക്കു ജുഡിഷ്യൽഡിപ്പാർട്ടുമെണ്ടിൽ ഒരു ഉദ്യോഗം കൊടുക്കേണ്ടതാണെന്നു ഹെഡ്സർക്കാർവക്കീൽ ആയിരുന്ന മി. അനന്തരായർ ശിപാർശചെയ്തിട്ടുണ്ടോ എന്നും,

(ii) അങ്ങനെയാണെങ്കിൽ എപ്പോൾ എന്തു ഉദ്യോഗംഎന്നും,

ഗവർണ്മെണ്ടു സദയംപറയുമോ?

മി. കെ. ജാർജ് (ഗവർണ്മെണ്ടുചീഫ്സെക്രട്ടറി): എ. (i) അതെ.

(ii) മി. സി. കെ. മാത്തനെ ദിവാൻപേഷ്കാരും ഡിസ്ട്രിക്ട്മജിസ്ട്രേട്ടുമായി സ്ഥിരപ്പെടുത്തിയ നിമിത്തം ഉണ്ടായഒഴിവിൽ ഹൈക്കോർട്ടു ഡെപ്യൂട്ടിരജിസ്ട്രാർ ആയിരുന്ന മി. പി. എസ്. കുപ്പുസ്വാമിഅയ്യരെ സ്ഥിരം മുൻസിഫ്ഫായി നിയമിച്ചതായ ൧൧൦൮ മേടം ൭-നുയിലെ ആർ. ഒ. സി. നമ്പർ ൭/൧൧൦/ജുഡിഷ്യൽ നംബർ ഗവർണ്മെണ്ടുത്തരവു കൊടുത്തതുമുതൽ.

(iii) മി. നാരായണയ്യരെ ഹൈക്കോടതി ഡെപ്യൂട്ടിരജിസ്ട്രാരായി നിയമിക്കുന്നതിനുള്ള അനുവാദം ൧൧൦൮ ജൂൺ ൭-നുയിലെ ആർ. ഒ. സി. ൨൨൭/൧൧൦ ജുഡിഷ്യൽ നംബർ ഉത്തരവിൽ നൽകപ്പെട്ടു.

(iv) ഡെപ്യൂട്ടിരജിസ്ട്രാർ മി. കുപ്പുസ്വാമിഅയ്യരെ ഒരു സ്ഥിരംമുൻസിഫ്ഫായി നിയമിക്കുന്നതിനു ൧൧൦൮ മേടം ൭-നുയിലെ ആർ. ഒ. സി. നമ്പർ ൭/൧൧൦ ജുഡിഷ്യൽ നംബർ ഗവർണ്മെണ്ടിൽ ഉത്തരവിൽ തന്നെ അനുവാദം നൽകപ്പെട്ടിട്ടുണ്ടായിരുന്നു.

(ബി) അദ്ദേഹം ഒരുഗ്രാഡ്യുവേററായിരിക്കണം.

(സി) രണ്ടു അപേക്ഷകന്മാരെയും പററിയുള്ള ഒരുപട്ടിക* മേശപ്പുറത്തു വച്ചിരിക്കുന്നു.

(സി) (i) അതെ.

(ii) മിസ്റ്റർ നാരായണയ്യർ, സർക്കാർവക്കീൽ ആഫീസിലേക്കു സ്ഥലംമാറുന്നതിനുമുമ്പു ൩൩ കൊല്ലം കാലത്തേക്കു ഹൈക്കോടതിയിൽ ഒരുക്ലാർക്കായിരുന്നു. അങ്ങനെഅദ്ദേഹത്തിനു ഹൈക്കോടതിയിലെ ജോലിയെപ്പററി പരിചയംഉണ്ടായിട്ടുണ്ടു. മിസ്റ്റർ നീലകണ്ഠപ്പിള്ളക്കു അങ്ങനെഒരുപരിചയം ഉണ്ടായിരുന്നില്ല. രണ്ടുമത്തേപ്പറഞ്ഞയാൾക്കു ആദ്യംപറഞ്ഞയാളിനെക്കാൾ വയസ്സുംകൂടുതൽഉണ്ടു.

(ഇ) (i) ഇല്ല.

(ii)-ഉം (iii)-ഉം എഫ് (i) മുതൽ (iii) വരെയും ഇ (i) നുള്ള മറുപടിയെ അപേക്ഷിച്ചു ഈ പ്രശ്നങ്ങൾ ജനിക്കുന്നില്ല.

ജി-(i) അതെ.

(ii) ൧൧൦൭ ആവണി ൧൦-നു; ഒരുമുൻസിഫ്ഫിനുപകരം,

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): അനുബന്ധം ൧൦ കാളം ൭ ഇതിൽ മിസ്റ്റർ നാരായണയ്യരുടെ വയസ്സു പറഞ്ഞിട്ടില്ല; അതു എങ്ങനെ എന്നറിയേണ്ടിയിരിക്കുന്നു.

മി. കെ. ജാർജ് (ഗവർണ്മെണ്ടു ചീഫ്സെക്രട്ടറി): അദ്ദേഹംഇപ്പോഴ്ണേ ഗസററഡ് ആഫീസർആയതു, അതുകൊണ്ടു വിവരംചോദിച്ചു പറഞ്ഞിട്ടില്ല.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും) ഈ ചോദ്യം അയച്ചിട്ടു എത്രകാലംആയിരിക്കും?

മി. കെ. ജാർജ് (ഗവർണ്മെണ്ടു ചീഫ്സിക്രട്ടറി): അതുനിശ്ചയമില്ല.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ഈ ചോദ്യംഅയച്ചിട്ടു ഉദ്ദേശം ആറുമാസത്തിനുമേലായി എന്നുതോന്നുന്നു. മിസ്റ്റർ നാരായണയ്യർക്കു ൧൯ വർഷസർവീസായി എന്നുമറുപടിയിൽ നിന്നുകാണുന്നു. ഈ കാലത്തിനിടയ്ക്കു അദ്ദേഹം ജനിച്ചതീയതി ഗവർണ്മെണ്ടിനു അറിഞ്ഞുകൂടാഎന്നാണോപറയുന്നതു?

മി. കെ. ജാർജ് (ഗവർണ്മെണ്ടു ചീഫ്സെക്രട്ടറി): സർവീസ്ബുക്കിൽ വയസ്സുകാണും; ഗസററഡ് ആഫീസർ ആയതിനുമേലേ സിവിൽലിസ്റ്റിൽ വരികയുള്ളു.

* II-ാം അനുബന്ധംനോക്കുക.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ഡി (ii) ഭാഗം ഇതിൽ അവസാനഭാഗത്തു "രണ്ടാമതു പറഞ്ഞയാൾക്ക ആദ്യം പറഞ്ഞയാളിനേക്കാൾ വയസ്സു കൂടുതൽ ഉണ്ടു്" എന്നു പറഞ്ഞിരിക്കുന്നു. വയസ്സു നിശ്ചയമില്ലാതെ ഈ അറിവു ഗവർന്മെണ്ടിനു എങ്ങനെ കിട്ടി?

മി. കെ. ജാൎജ് (ഗവർന്മെണ്ടു ചീഫ്സെക്രട്ടറി): ശരിയായ വയസ്സു നിശ്ചയിക്കാൻ നിവൃത്തിയില്ല എന്നാണു പറഞ്ഞതു.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): രണ്ടാമതു പറഞ്ഞയാൾക്കു ആദ്യം പറഞ്ഞയാളിനേക്കാൾ വയസ്സു കൂടുതൽ ഉണ്ടു് എന്നു എങ്ങനെ നിശ്ചയിച്ചു.

മി. കെ. ജാൎജ് (ഗവർന്മെണ്ടു ചീഫ്സെക്രട്ടറി): രണ്ടു പേരെയും കണ്ടിട്ടുണ്ടു (ചിരി)

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ഗവർന്മെന്റുദ്യോഗസ്ഥന്മാരുടെ വയസ്സു കണ്ടുപിടിക്കാനും നിശ്ചയിക്കത്തക്ക ശക്തിയുള്ള ഉദ്യോഗസ്ഥന്മാർ ഉണ്ടോ?

മി. കെ. ജാൎജ് (ഗവർന്മെണ്ടു ചീഫ്സെക്രട്ടറി): എല്ലാ ആളുകൾക്കും ഒരുവിധം അറിയാം.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): നിയമസഭയിൽ ചോദ്യങ്ങൾ ചോദിക്കുന്നതു കാര്യമായി ഉദ്ദേശിച്ചറിയുന്ന ഉത്തരങ്ങൾ കിട്ടണമെന്നുള്ള വിചാരത്തിൽ അല്ല, ശരിയായ മറുപടി കിട്ടണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു. അപ്രകാരം വേണ്ടപോലെ അന്വേഷിച്ചറിഞ്ഞു ശരിയായ ഒരു മറുപടി പറയുമോ?

മി. കെ. ജാൎജ് (ഗവർന്മെണ്ടു ചീഫ്സെക്രട്ടറി): അതിനെപ്പറ്റി അന്വേഷിച്ചു് മറുപടി പറയാം.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): കാഴ്ചയിൽ തന്നെ പലപ്രായക്കാർക്കും പലതരത്തിൽ ഉള്ള വയസ്സുകൾ തോന്നുമെന്നുള്ള സംഗതി ഗവർന്മെണ്ടിനു അറിയാമോ?

മി. കെ. ജാൎജ് (ഗവർന്മെണ്ടു ചീഫ്സെക്രട്ടറി): എങ്കിലും ഒരുവിധം നിശ്ചയിക്കാം.

ഹൈക്കോടതിയിലെ ഡെപ്യൂട്ടിരെജിസ്ട്രാർ.

(൭൩) മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): (എ) മിസ്റ്റർ എൻ. നാരായണയ്യരെ തൽസ്ഥാനത്തിൽ നിയമിക്കുന്നതിനു ഡെപ്യൂട്ടിരെജിസ്ട്രാർ സ്ഥാനം എപ്പോൾ എങ്ങനെ ഒഴിവുവന്നു എന്നും,

(ബി) ആ സ്ഥാനത്തേക്ക മി: എൻ. നാരായണയ്യരെ നിയമിക്കണം എന്നു ഒന്നാംജഡ്ജി മിസ്റ്റർ ചാട്ഫീൽഡു എപ്പോൾ ശുപാർശ ചെയ്തു എന്നും,

(സി) ശുപാർശചെയ്ത തിയതിയിൽ ഡെപ്യൂട്ടിരെജിസ്ട്രാർസ്ഥാനം ഒഴിവുവന്നിരുന്നുവൊ എന്നും അങ്ങനെ അല്ലെങ്കിൽ ശരിയായ കാലത്തിനു ശുപാർശചെയ്യുന്നതിനു ഒന്നാംജഡ്ജിക്ക വല്ല പ്രത്യേകകാരണവും ഉണ്ടായിരുന്നുവൊ എന്നും,

(ഡി) ഡെപ്യൂട്ടിരെജിസ്ട്രാർ സ്ഥാനത്തേക്ക ഹെഡ്സർക്കാർവക്കീൽ ആഫീസിൽനിന്നും അപേക്ഷിച്ചിരുന്നവരുടെ പേരുകളും അവരുടെ യോഗ്യതകളും സർവ്വീസും ശമ്പളവും എന്തെന്നും, ഗവർന്മെണ്ടു സദയം പറയുമൊ?

മി. കെ. ജാൎജ് (ഗവർന്മെണ്ടു ചീഫ്സെക്രട്ടറി): (എ) ൧൬-ാം നമ്പർ ചോദ്യത്തിന്റെ (എ) (i)-ാം ഭാഗത്തിനുള്ള മറുപടി മെമ്പർ നോക്കികൊള്ളുക.

(ബി) മിസ്റ്റർ കുപ്പുസ്വാമി അയ്യരെ ഒരു സ്ഥിരം മുൻസിഫായി നിയമിക്കണമെന്നു ശുപാർശചെയ്ത ഹൈക്കോടതിരെജിസ്ട്രാർ ൧൦൯൬ മാൎച്ച് ൨൭-നു അയച്ച ൭൩൦/സി. ൧൫ നമ്പ്ര കത്തിനെതുടൎന്നുള്ള ൧൦൯൬ ഏപ്രിൽ ൨൮-നു-ലെ ഒന്നാംജഡ്ജിയുടെ ഡി. ഒ. വിൽ ശുപാർശചെയ്യപ്പെട്ടു.

(സി) ഇല്ല. എന്നാൽ ഹൈക്കോടതി ചെയ്തിട്ടുള്ള നിർദ്ദേശങ്ങളെ ഗവർന്മെണ്ടു അനുവദിക്കുന്നപക്ഷം ഒഴിവുണ്ടാകുമെന്നുള്ളതിനെ ഗണിച്ചു് ശുപാർശചെയ്യപ്പെട്ടു.

(ഡി) മെമ്പർ ൧൬-ാം നമ്പർ ചോദ്യത്തിന്റെ (സി) ഭാഗത്തിനുള്ള മറുപടി നോക്കികൊള്ളുക.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): (സി) ഭാഗത്തെ സംബന്ധിച്ചിടത്തോളം ആഫീസിൽ വ്യക്തമായ ഏതെങ്കിലും ഒരു ഒഴിവുണ്ടാകുന്നതിനു മുമ്പിൽ മി: നാരായണയ്യരെ ശുപാർശചെയ്യാൻ ഏതെങ്കിലും പ്രത്യേകകാരണം ഉണ്ടായിരുന്നുവൊ?

മി. കെ. ജാൎജ് (ഗവർന്മെണ്ടു ചീഫ്സെക്രട്ടറി): അസൽ ഒഴിവിനെ സംബന്ധിച്ചു് കത്തയച്ചതിൽപിന്നീടു അടുത്തുതന്നെ അതിനെതുടൎന്നുള്ള ഏർപ്പാടുകൾക്കായി ഡിപാർട്മെണ്ടു മേലധികാരികൾ ശിപാർശ അയക്കുന്നതു പതിവാണു്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ ഉദ്യോഗത്തിനു മി: എൻ. നീലകണ്ഠപ്പിള്ളയെ ശിപാർശ ചെയ്യാതിരുന്നതിനു വല്ല കാരണവും ഡിപാർട്മെണ്ടൽ മേലധികാരിക്കുണ്ടോ?

മി. കെ. ജാൎജ് (ഗവർന്മെണ്ടു ചീഫ്സെക്രട്ടറി): അദ്ദേഹം എന്തുകൊണ്ടു് ശിപാർശ ചെയ്തില്ല എന്നു എനിക്കു പറയാൻ കഴിയുകയില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അദ്ദേഹം സർവീസിലും ശമ്പളത്തിലും കൂടിയ ആളാണെന്നു ൧൬-ാം അനുബന്ധത്തിൽ ചേർത്തിരിക്കുന്ന ലിസ്റ്റിൽനിന്നു വ്യക്തമാകുന്നില്ലല്ലോ.

മി. കെ. ജാൎജ് (ഗവർന്മെണ്ടു ചീഫ്സെക്രട്ടറി): അദ്ദേഹം മറ്റൊരു ഡിപാർട്മെണ്ടിൽ ആണു്; ചീഫ്ജസ്റ്റിസ് ശുപാർശചെയ്ത മനുഷ്യനെ അദ്ദേഹത്തിനു അറിയാം.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്) ഇതിൽ പറഞ്ഞിരിക്കുന്നവയല്ലാതെ മറ്റു കാരണങ്ങൾ കൊണ്ടാണൊ?

മി. കെ. ജാൎജ് (ഗവർന്മെണ്ടു ചീഫ്സെക്രട്ടറി): എനിക്കു അറിഞ്ഞുകൂട.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): മുൻചോദ്യത്തിലെ (ഡി) ഭാഗത്തിനുള്ള മറുപടിയിൽ മി: നീലകണ്ഠപ്പിള്ള മറ്റെയാളിനേക്കാൾ അധികം വയസ്സു കൂടിയ ആളാണെന്നു പറഞ്ഞിരിക്കുന്നു.

ഡെപ്യൂട്ടിപ്രസിഡെണ്ടു. അതു മറ്റൊരു ചോദ്യത്തിനുള്ള മറുപടിയാണു്. തത്സംബന്ധമായി ഒരു ഉപപ്രശ്നം നിങ്ങൾ ചോദിച്ചുകൂടാ. നിങ്ങളുടെ പ്രശ്നത്തിനുള്ള മറുപടിയെ സംബന്ധിച്ചു് മാത്രമെ നിങ്ങൾക്കു ഉപചോദ്യം ചോദിക്കാവു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): എന്നാൽ ൧൨-ാംനംബർചോദ്യത്തിന്റെ (സി) ഭാഗത്തിനുള്ള മറുപടി മെമ്പർ നോക്കിയെങ്കിൽ എന്നു എന്റെ ചോദ്യത്തിനുള്ള മറുപടിയിൽ (ഡി) ഭാഗത്തിൽ ഒരംശത്തിൽ പറഞ്ഞിരിക്കുന്നു. അതുകൊണ്ടു ഒരു ഉപപ്രശ്നം ചോദിക്കാൻ എനിക്കു അവകാശം ഉണ്ടു.

ഡെപ്യൂട്ടിപ്രസിഡണ്ട്. അതു (സി) ഭാഗത്തെസംബന്ധിച്ചു മാത്രമേയുള്ളു. (ഡി) ഭാഗത്തെസംബന്ധിച്ചില്ല.

വ്യവസായശാലകളും വ്യവസായസഹായധനങ്ങളും.

൬൮. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ൧൧൦൯-മുതൽ ൧൧൧൨-വരെ സർക്കാരിൽനിന്നു സഹായധനം കൊടുത്തിട്ടുള്ളവയായ വ്യവസായശാലകളുടെ ഒരുപട്ടിക അവയുടെ ഉടമസ്ഥന്മാരുടെ പേരോടുകൂടി ഗവർമ്മെണ്ടു സംഭരിച്ചുതരുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെണ്ട്സെക്രട്ടറി): സഹായം കൊടുത്തിട്ടുള്ള വ്യവസായശാലകളുടെ ഒരുപട്ടിക* മാനേജർമാരുടെ പേരോടുകൂടി മേശപ്പുറത്തു വച്ചിരിക്കുന്നു.

മാഞ്ഞാലികുളത്തിനടുത്തുനിന്നു മലംവണ്ടികൾ വേറെസ്ഥലത്തേക്കുമാററുക.

൬൯. മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും, തെക്കു): കിഴക്കേക്കോട്ടവാതിൽനിന്നു ഹജൂർകച്ചേരിക്കുപോകുന്ന റോഡിൽ മാഞ്ഞാലികുളത്തിന്റെ പടിഞ്ഞാറേക്കരയിൽ മലംവണ്ടികൾ നിറുത്തുന്നതിനായി കെട്ടിയിരിക്കുന്ന പുരയെ മാററുന്നതിനെസംബന്ധിച്ചു ശ്രീമൂലംപ്രജാസഭയുടെ ഇരുപത്തിരണ്ടാമത്തെ യോഗത്തിൽ ബോധിപ്പിച്ചിരുന്ന നിവേദനത്തിനു ദിവാൻ പറഞ്ഞതായ മറുപടിയിൽ മുൻസിപ്പാലിററിവക മലംവണ്ടി നിറുത്തുന്ന പുരയുടെ കാര്യവും പരിശോധിക്കാനായി വച്ചിരിക്കുന്നു എന്നു പറഞ്ഞിട്ടുള്ളതിനെസംബന്ധിച്ചു

(എ) ഈ കുളം അനേകംജനങ്ങൾ കുളിക്കാനായി ഉപയോഗിച്ചുവരുന്നുഎന്നും

(ബി) ഈ സ്ഥലം ജനങ്ങൾ അധിവസിക്കുന്ന ഗൃഹങ്ങൾകൊണ്ടു നിറഞ്ഞതാണെന്നും

(സി) മലംവണ്ടി നിറുത്തുന്നതിനായുള്ള പുരകെട്ടിയിരിക്കുന്ന കുളത്തിന്റെ പടിഞ്ഞാറെക്കരകൂടെ പോകുന്നറോഡ് തന്നെ ഉള്ളതാകയാൽ ആ റോഡിൽകൂടി വിദ്യാർത്ഥികൾ രാവിലേയും വൈകുന്നേരവും കച്ചേരിക്കും കോടതിക്കും പോകുന്നജനങ്ങൾ മററുസമയങ്ങളിലും ദിവസേന ഗതാഗതം ചെയ്തുവരുന്നു എന്നുംഗവർമ്മെണ്ടിനു അറിയാമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെണ്ടുചീഫ്സെക്രട്ടറി): (എ) യും (ബി) യും (സി) യും അറിയാം.

മി. സി. പിറവിപെരുമാൾപിള്ള (കച്ചവടവും വ്യവസായവും, തെക്കു): ഈ പുരയെ ആ സ്ഥാനത്തുനിന്നു മാററിക്കുന്നതിനു ആലോചിക്കുവാൻ ഗവർമ്മെണ്ടിനു ദയവുണ്ടാകുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെണ്ട്സെക്രട്ടറി): അതു ഇപ്പോൾ മലംവണ്ടികൾനിറുത്തുന്നസ്ഥലമായി ഉപയോഗിച്ചുവരാറില്ല. അതിനെ പുത്തൻചന്ത സാനിട്ടറി ആഫീസരുടെ ആഫീസായി ഉപയോഗിക്കണംഎന്നു മുൻസിപ്പൽകൌൺസിൽ ആലോചിച്ചുവരുന്നു. ആവിധം ആശേഷം അങ്ങനെ പെട്ടാവുന്നതാണു.

അക്കൌണ്ടാഫീസിൽ ബാലന്മാരായ ശിപായിമാരെ തെരഞ്ഞെടുക്കൽ.

൭൦. മി. എ. ജെ. ജാൺ (വൈക്കം)

(എ) അക്കൌണ്ടാഫീസിൽ നിയമിച്ചിട്ടുള്ള ബാലന്മാരായ ശിപായിമാരുടെപട്ടിക ജാതിവിവരം തിരിച്ചു മേശപ്പുറത്തു വയ്ക്കുമോ?

(ബി) അപേക്ഷകന്മാരിൽ പുലയബാലന്മാർ ഉണ്ടായിരുന്നുവോ എന്നും അവരിൽ വല്ലയാളേയും നിയമിച്ചിട്ടുണ്ടോഎന്നും ഇല്ലെങ്കിൽ അതിനുള്ള കാരണം എന്തെന്നും ഗവർമ്മെണ്ടു സദയംപറയുമോ?

മി. കെ. എൻ. രാമസ്വാമ്യയ്യർ (ഗവർമ്മെണ്ടു ഫിനാൻഷ്യൽസെക്രട്ടറി): അക്കൌണ്ടാഫീസിൽ ബാലന്മാരായ ശിപായിമാരെ ഇതേവരെ നിയമിച്ചിട്ടില്ല. ഉദ്യോഗത്തിൽ ജീവനത്തിനായി ഏതാനംബാലന്മാരെ തെരഞ്ഞെടുക്കേണ്ടതാണെന്നും അപേക്ഷകന്മാർഹാജരാകണം എന്നും പരസ്യംപ്രസിദ്ധപ്പെടുത്തി. അങ്ങനെ ഹാജരായവരുടെ കൂട്ടത്തിൽ യാതൊരു പുലയബാലനും ഇല്ലായിരുന്നു. ബാലന്മാരിൽ അത്യന്തംസമർത്ഥന്മാരെ തെരഞ്ഞെടുത്തു. ഒരുപുലയൻ അപേക്ഷിച്ചിരുന്നു. പക്ഷെ അയാൾ പരസ്യത്തിൽ ആവശ്യപ്പെട്ടിരുന്നതുപോലെ ഹാജരായിരുന്നില്ല. അയാൾ ബാലനോ പ്രായംചെന്നയാളോ എന്നുള്ള വിവരവും ഇല്ല.

റിഫാറംഡ്സിറിയൻ എന്നപേരിനെ മാർതോമാസിറിയൻഎന്നു മാററുക.

൭൧. മി. സി. പി. തോമസ് (ഗവർമ്മെണ്ടുനിയമിച്ചമെംബർ): ഇപ്പോൾ സർക്കാർ രേഖകളിൽ 'റിഫാറംഡ് സിറിയൻ' എന്നു ഉപയോഗിച്ചുവരുന്ന സമുദായപ്പേരിനെ ആ സമുദായം അംഗീകരിച്ചിരിക്കുന്നതായ "മാർതോമാസിറിയൻ" എന്നു ഗവർമ്മെണ്ടു ദയവുചെയ്തുമാററുമോ.

മി. കെ. ജാർജ് (ഗവർമ്മെണ്ടു ചീഫ്സെക്രട്ടറി): ഗവർമ്മെണ്ടുരേഖകളിൽ സാധാരണമായി ഉപയോഗിച്ചുവരുന്ന പേരു മാർതോമാസിറിയൻ എന്നാണല്ലോ.

ഇംഗ്ലീഷ്സ്കൂളുകളിൽ ചുരുക്കെഴുത്തും ടൈപ്പ്റൈററിങ്ങും ഐച്ഛികവിഷയങ്ങളായി നടപ്പാക്കുക.

൭൨. മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട):

(എ) ഇംഗ്ലീഷ്സ്കൂൾലീവിംഗ് പരീക്ഷയ്ക്കു ഐച്ഛികവിഷയങ്ങളായി, ചുരുക്കെഴുത്തു ടൈപ്പ്റൈററിങ്ങുമുതലായവ വിദ്യാഭ്യാസകോഡനുസരിച്ചു ഉൾപ്പെടുത്തിട്ടുള്ളതായി ഗവർമ്മെണ്ടിനു അറിയാമോ?

(ബി) ഈവിഷയങ്ങളെ ഡിപ്പാർട്ടുമെന്റൽ സ്കൂളുകളിൽ വല്ലതിലും പാഠപദ്ധതിയുടെകൂട്ടത്തിൽ ഗവർമ്മെണ്ടു ഉൾപ്പെടുത്തുകയും ഈവിഷയങ്ങൾ പഠിക്കുവാൻ വേണ്ടവ്യവസ്ഥകൾ ചെയ്യുകയും ചെയ്തിട്ടുണ്ടോഎന്നു ഗവർമ്മെണ്ട് സദയം പറയുമോ?

---

* (III) അനുബന്ധം നോക്കുക.

(ഡ) അടുത്താണ്ടുമുതൽ ഈ വിഷയങ്ങൾ ഉൾപ്പെടുത്തുവാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ എന്നു ഗവൺമെൻറ് സദയം പറയുമോ?

മി. കെ. ജാര്‍ജ് (ഗവൺമെൻറ് ചീഫ് സെക്രട്ടറി): (എ) ടൈപ്പ്റൈറ്റിംഗ്, കമ്മർഷ്യൽ പ്രാക്ടീസ് ആഫീസ് കറസ്പാണ്ടൻസ് പ്രാക്ടീസ് ഇവ ഐച്ഛികവിഷയങ്ങളായി ഉൾപ്പെടുത്തിട്ടുണ്ട്. ഷാർട്ട്ഹാൻഡ് ഉൾപ്പെടുത്തിട്ടില്ല.

(ബി) ഇല്ല.

(ഡ) മതിയായിടത്തോളം എണ്ണം വിദ്യാർത്ഥികൾ ഈ വിഷയങ്ങളെ ഐച്ഛികവിഷയങ്ങളായി സ്വീകരിക്കുമ്പോൾ ഇതിനെക്കുറിച്ചു ആലോചിക്കുന്നതാണ്.

മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): മലയാളം ഷാർട്ട്ഹാൻഡ് സ്കൂളുകളിൽ ഐച്ഛികവിഷയമായി എടുത്തു പഠിപ്പിക്കണമെന്നു അതു കണ്ടുപിടിച്ച മി. ചണ്ടോല ഗവൺമെൻറിനോടു അപേക്ഷിച്ചിട്ടുണ്ടോ?

മി. കെ. ജാര്‍ജ് (ഗവൺമെൻറ് ചീഫ് സെക്രട്ടറി): അപേക്ഷിച്ചിട്ടുണ്ടോ എന്നു നിശ്ചയമില്ല.

മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): മി. ഹാഡ്സൺ ഡയറക്ടരായിരുന്നകാലത്തു മലയാളം ഷാർട്ട്ഹാൻഡ് സ്കൂളുകളിൽ പഠിപ്പിക്കുന്ന വിഷയത്തെസംബന്ധിച്ചു അനുകൂലമായ മറുപടി ഗവൺമെൻറിനു അയച്ചിട്ടുണ്ടോ?

മി. കെ. ജാര്‍ജ് (ഗവൺമെൻറ് ചീഫ് സെക്രട്ടറി): അറിഞ്ഞുകൂട.

മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): ബ്രിട്ടീഷ് ഇൻഡ്യയിൽ തമിഴ് ഷാർട്ടുഹാൻഡ് സ്കൂളുകളിൽ ഐച്ഛികമായി പഠിപ്പിച്ചുവരുന്നുണ്ടെന്നുള്ള വിവരം ഗവൺമെൻറിനറിയാമോ?

മി. കെ. ജാര്‍ജ് (ഗവൺമെൻറ് ചീഫ് സെക്രട്ടറി): നിശ്ചയമില്ല.

മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): ഗവൺമെൻറ് ഇംഗ്ലീഷ് സ്കൂളുകൾ ഉള്ള പലസ്ഥലങ്ങളിലും കമ്മെർഷ്യൽ സബ്ജെക്ട് പഠിപ്പിക്കുന്നതിനു പ്രൈവററ് ഇൻസ്റ്റിറ്റ്യൂഷൻ ഏർപ്പെടുത്തിട്ടുള്ളതായി ഗവൺമെൻറിനു അറിയാമോ?

മി. കെ. ജാര്‍ജ് (ഗവൺമെൻറ് ചീഫ് സെക്രട്ടറി): ചിലസ്ഥലങ്ങളിൽ കാണും.

മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): ഇംഗ്ലീഷ് സ്കൂളുകളിൽ കമ്മർഷ്യൽ സബ്ജെക്ട് ഐച്ഛികമായി എടുക്കാൻ മനസ്സുള്ള കുട്ടികളുടെ ഒരു ലിസ്റ്റ് വരുത്താമോ?

മി. കെ. ജാര്‍ജ് (ഗവൺമെൻറ് ചീഫ് സെക്രട്ടറി): വരുത്താം.

മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): കൂടുതൽ കുട്ടികൾ പഠിക്കുന്നതിനു തയ്യാറുണ്ടായിരുന്നാൽ അതു പഠിപ്പിക്കുന്നതിനു ഏർപ്പാടുചെയ്യുമോ?

മി. കെ. ജാര്‍ജ് (ഗവൺമെൻറ് ചീഫ് സെക്രട്ടറി): അതു ആലോചിക്കാം.

നായർറെഗുലേഷൻ അനുസരിച്ചു മദ്ധ്യസ്ഥരെ നിയമിക്കൽ.

൫൬. മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): ൧൧൦൦-ാമാണ്ടത്തെ ൨-ാം റെഗുലേഷൻ ആയ നായർറെഗുലേഷൻ അനുസരിച്ചുള്ള കുട്ടങ്ങൾപ്രകാരം മദ്ധ്യസ്ഥരെ നിയമിച്ചിട്ടുണ്ടോ എന്നു ഗവൺമെൻറ് സദയംപറയുമോ? നിയമിച്ചിട്ടില്ലെങ്കിൽ താമസത്തിനുള്ള കാരണത്തെക്കുറിച്ചു ഗവൺമെൻറ് അന്വേഷിക്കുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറ് സെക്രട്ടറി): പത്തൊൻപതു കോടതികൾക്കുള്ള ലിസ്റ്റ് ഗസററിൽ ഇതിനുമുൻപു പ്രസിദ്ധപ്പെടുത്തിട്ടുണ്ട്. മററു കോർട്ടുകൾക്കുള്ള ലിസ്റ്റ് അനുവദിച്ചു വേഗത്തിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്.

മലബാർ ആഡ്വൊക്കേറ്റ് പത്രത്തിന്മേൽ നടപടി.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ൧൧൦൫ കർക്കടകം ൨൯-ാം- നടന്ന സഭായോഗത്തിൽ ഞാൻ ചോദിച്ച പ്രശ്നത്തിനുള്ള മറുപടിയെസംബന്ധിച്ചു മലബാർ ആഡ്വൊക്കേറ്റ് പത്രത്തിന്റെപേരിൽ നടപടിനടത്തേണ്ട പ്രശ്നത്തെ ഗവൺമെൻറു പര്യാലോചിച്ചിട്ടുണ്ടോ എന്നു സദയംപറയുമോ?

മി. കെ. ജാര്‍ജ് (ഗവൺമെൻറ് ചീഫ് സെക്രട്ടറി): ഈ സംഗതി ഗവൺമെൻറു പര്യാലോചിച്ചുവരുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ലേഖനം പത്രത്തിൽ പ്രസിദ്ധപ്പെടുത്തിട്ടു എത്രകാലമായി എന്നു പറയുമോ?

മി. കെ. ജാര്‍ജ് (ഗവൺമെൻറ് ചീഫ് സെക്രട്ടറി): മൂന്നുനാലു മാസത്തോളം.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ സംഗതിയെക്കുറിച്ചു ഗവൺമെൻറ് നിയമഡിപ്പാർട്ടുമെൻറിലേക്കു എഴുതിയയച്ചിട്ടുണ്ടോ എന്നു പറഞ്ഞുതരുമോ?

മി. കെ. ജാര്‍ജ് (ഗവൺമെൻറ് ചീഫ് സെക്രട്ടറി): ഗവൺമെൻറിനും ലീഗൽ ഡിപ്പാർട്ടുമെൻറിനും തമ്മിലുള്ള ആലോചനകൾ അപ്രകാശ്യമായുള്ളവയാണ്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ആലോചനകൾ അറിയണം എന്നു ഞാൻ ആവശ്യപ്പെടുന്നില്ല. എന്നാൽ ഇതിനു കാലാവധിയുണ്ട്; അതുകഴിഞ്ഞതിൽപിന്നീടു യാതൊരു നടപടിയും ഗവൺമെൻറു നടത്തിക്കൂട.

മി. കെ. ജാര്‍ജ് (ഗവൺമെൻറ് ചീഫ് സെക്രട്ടറി): കാലഹരണം എന്താണ്?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സഭയുടെ ആകക്ഷ്യയിൽ വിദഗ്ദ്ധന്മാർ ഉള്ളതുകൊണ്ട് എത്രകാലത്തേക്കു എന്നു എനിക്കു അറിയേണ്ടിയിരിക്കുന്നു.

മി. കെ. ജാര്‍ജ് (ഗവൺമെൻറ് ചീഫ് സെക്രട്ടറി): അദ്ദേഹം കാലഹരണത്തെക്കുറിച്ചു പ്രസ്താവിക്കുന്നതുകൊണ്ടു എത്രകാലംഎന്നു അറിയാൻ ഞാൻ ആവശ്യപ്പെടുന്നു.

ഡെപ്യൂട്ടി പ്രസിഡൻറ്. ഏതിനുള്ള കാലഹരണം?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): നടപടിനടത്താൻ കാലഹരണം.

ഡെപ്യൂട്ടി പ്രസിഡൻറ്. ഏതിന്മേൽ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അപകീർത്തികരമോ രാജദ്രോഹകരമോ ആയുള്ള ലേഖനത്തെക്കുറിച്ച്.

ഡെപ്യൂട്ടിപ്രസിഡണ്ട്. ഏതു് അപകീർത്തികരമായുള്ളതു്?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഏതാണു് ആളുകൾക്കു അപകീർത്തികരമായുള്ളതു്

കൊട്ടാരക്കര പ്രൈമറിസ്കൂൾ.

ന്യൂ ൧. മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും)

(൧) (എ) കൊട്ടാരക്കര ടൗണിൽ ഉള്ള പ്രൈമറിസ്കൂളിൽ ഇപ്പോൾ എത്രകുട്ടികൾ പഠിച്ചുവരുന്നു എന്നും

(ബി) ആ പാഠശാലയിൽ എത്ര ഡിവിഷനും എത്ര വാദ്ധ്യാർമാരും ഉണ്ടു് എന്നും

(സി) ഒരാണ്ടത്തേക്കു തൽച്ചെലവുവകക്കു എന്തുതുക അനുവദിച്ചിട്ടുണ്ടു് എന്നും

(ഡി) എത്രയും കുറഞ്ഞ വിദ്യാർത്ഥികൾ ഉള്ളതായ ഡിപ്പാർട്ടുമെൻറൽ പ്രൈമറിസ്കൂൾ ഏതാണെന്നും അതിലേക്കു എന്തു കണ്ടിജൻസി അനുവദിച്ചിട്ടുണ്ടു എന്നും

(ഇ) കൊട്ടാരക്കര പ്രൈമറിസ്കൂളിനു കൂടുതൽ തുക അനുവദിക്കുവാൻ ഗവൺമെൻറിനു ദയവുണ്ടാകുമോ എന്നും ഗവൺമെൻറു സദയംപറയുമോ?

(൨) ഈ രാജ്യത്തിലെ ഡിപ്പാർട്ടുമെൻറൽ മലയാളം പള്ളിക്കൂടങ്ങൾക്കു തൽചെലവിനുള്ള തുക അനുവദിക്കുന്നതിൽ അനുവർത്തിക്കുന്ന നീതി ഏതാണെന്നും ഗവൺമെൻറു സദയംപറയുമോ?

മി. കെ. ജാർജ് (ഗവൺമെൻറു ചീഫ് സെക്രട്ടറി) (൧) (എ) ൭൩൭.

(ബി) ൧൮-ം ൧൬-ം.

(സി) ൩൦ രൂപ.

(ഡി) വഴിച്ചാൽപ്രൈമറിസ്കൂൾ മാസം ൧ക്കു ൧ രൂപാ.

(ഇ) ഇല്ല.

(൨) പത്തോ കൂടുതലോ എണ്ണം ക്ലാസുഡിവിഷൻ ഉള്ളതായ ഡിപ്പാർട്ടുമെൻറൽ മിഡിൽസ്കൂളുകൾക്കു മാസം ഒന്നുക്കു ൩ രൂപാവീതവും പത്തിനു കുറവായുള്ളവയ്ക്കു ൨ രൂപാവീതവും നാലോ അധികമോ ക്ലാസുഡിവിഷൻ ഉള്ള ഡിപ്പാർട്ടുമെൻറൽ പ്രൈമറിസ്കൂളുകൾക്കു ൨ രൂപാവീതവും നാലിൽകുറവായുള്ളവയ്ക്കു ൧ രൂപാവീതവും ആയി സ്ഥിരമായ തൽചെലവുതുക കൊടുക്കുന്നതാണ് ഇപ്പോൾ അനുവർത്തിച്ചുവരുന്ന നയം.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): മാസംതോറും ൩ രൂപാ എന്നുള്ള ചെറിയതുകയിൽനിന്നു ഏതെല്ലാം ഇനങ്ങൾക്കു ചിലവാക്കേണ്ടതുണ്ടു എന്നു ഗവൺമെൻറു വിവരിച്ചു പറയുമോ?

മി. കെ. ജാർജ് (ഗവൺമെൻറു ചീഫ് സെക്രട്ടറി): പ്രധാനമായി ലേഖനസാമഗ്രികൾ ചാക്ക്, പെൺപള്ളിക്കൂടം ആണെങ്കിൽ സൂചികളും മററു ചില്ലറസാമാനങ്ങളും.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ൭൩൭ വിദ്യാർത്ഥികൾ ഉള്ളതായ ൧൮ ക്ലാസുകൾ പഠിപ്പിക്കുന്ന ൧൬ വാദ്ധ്യാർമാർക്ക് ചാക്ക് വാങ്ങിക്കുന്നതിനു ചിലവു എന്തു വേണ്ടിവരുംഎന്നു അദ്ദേഹം ദയവുചെയ്തു പറയുമോ?

മി. കെ. ജാർജ് (ഗവൺമെൻറു ചീഫ് സെക്രട്ടറി): എത്രയുണ്ടു ചാക്കുകൾ വേണ്ടിവരുംഎന്നു ക്ലിപ്തമായിപറയാൻ എനിക്കു കഴിയുകയില്ല; ചാക്കിനു വില കുറവാണ്; എന്നാൽ അതിനു വില എന്താണെന്നു എനിക്കുപറയാൻ കഴിയുകയില്ല.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഉദ്ദേശവില?

മി. കെ. ജാർജ് (ഗവൺമെൻറു ചീഫ് സെക്രട്ടറി): ഞാൻ അന്വേഷിച്ചുപറയാം.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ൧൮ ക്ലാസ്മുറികൾ തൂക്കുന്നവകക്കു ഒരു വേലക്കാരനു മാസം ഒന്നുക്കു എന്തു ചിലവാകും?

മി. കെ. ജാർജ് (ഗവൺമെൻറു ചീഫ് സെക്രട്ടറി): അതു സ്ഥലത്തിൻെറ യോഗ്യതഅനുസരിച്ചും കൂലിക്രമംഅനുസരിച്ചും വ്യത്യാസപ്പെട്ടിരിക്കും. ചിലർ ശമ്പളംഇല്ലാതേയും പണിഎടുക്കും.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): എത്രയും കുറഞ്ഞതുക പറഞ്ഞാൽ മതിയാകും.

മി. കെ. ജാർജ് (ഗവൺമെൻറു ചീഫ് സെക്രട്ടറി): ഒരു രൂപാക്കു ജോലിചെയ്യുമായിരിക്കാം.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ദിവസേന ൧൮ ക്ലാസുകൾ തൂക്കുന്നതിനു മാസം ൧-ക്കു ഒരു രൂപയോ?

മി. കെ. ജാർജ് (ഗവൺമെൻറു ചീഫ് സെക്രട്ടറി): അതേ.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): പേനയും കടലാസും വാങ്ങിക്കാൻ എന്തു വേണ്ടിവരും?

മി. കെ. ജാർജ് (ഗവൺമെൻറു ചീഫ് സെക്രട്ടറി): അതു എനിക്കു ഇപ്പോൾ പറയാൻ കഴിവില്ല. ഏതായാലും ഈ ക്രമത്തിനാണ് തൽചെലവുതുക അനുവദിച്ചിട്ടുള്ളതു്. ആ പാഠശാലകളിൽനിന്നു യാതൊരു പരാതിയും വന്നിട്ടുംഇല്ല.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയുംകുന്നത്തൂരും): പള്ളിക്കൂടം അധികാരസ്ഥന്മാരിൽ നിന്നുതന്നെ ഈ വിഷയത്തെക്കുറിച്ചു എഴുത്തുകുത്തു നടന്നുവരുന്നുണ്ടു എന്നു ഞാൻ മെംബരെ അറിയിക്കട്ടേയോ?

മി. കെ. ജാർജ് (ഗവൺമെൻറു ചീഫ് സെക്രട്ടറി): എന്നാൽ അതു ഗവൺമെൻറിൽ എത്തിട്ടില്ല.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഞാൻ പറഞ്ഞതിൻെറ ദൃഷ്ടിയിൽവച്ചുകൊണ്ടു ഗവൺമെൻറു ഇക്കാര്യത്തെക്കുറിച്ചും ആലോചിക്കുമോ?

മി. കെ. ജാർജ് (ഗവൺമെൻറു ചീഫ് സെക്രട്ടറി): ഡിപ്പാർട്ട്മെണ്ടു മേധാവിയുണ്ടു്; അതു ആവശ്യം എന്നുകണ്ടാൽ അദ്ദേഹം വേണ്ടതു ഉപദേശിക്കും.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): പാഠങ്ങൾ ഇല്ലാത്തതുകൊണ്ടും ശരിയായി മുഴുവനാക്കാത്തതുകൊണ്ടും മററും ആ പാഠശാലയിലെ വിദ്യാർത്ഥികൾ കഷ്ടം അനുഭവിക്കുന്നുഎന്നു ഗവണ്മെന്റിനു അറിയാമോ?

ഡെപ്യൂട്ടി പ്രെസിഡെണ്ട്: നിങ്ങൾ പ്രസ്താവിക്കുന്നസ്കൂൾ ഏതാണ്?

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): കൊട്ടാരക്കരയിലെ പ്രൈമറിസ്കൂൾ.

മി. കെ. ജാർജ് (ഗവണ്മെന്റു ചീഫ് സെക്രട്ടറി). അവർ കഷ്ടം അനുഭവിക്കുന്നുഎന്നു ഗവണ്മെന്റിനു അറിഞ്ഞുകൂടാ.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഗവണ്മെന്റു അന്വേഷിക്കുമോ?

മി. കെ. ജാർജ് (ഗവണ്മെന്റു ചീഫ് സെക്രട്ടറി): ആ ഡിപാർട്ടുമെണ്ട് മേലധികാരി പ്രഥമമായി നടപടിനടത്തേണ്ടതായ കാര്യം ആണ്.

ഡെപ്യൂട്ടി പ്രെസിഡെണ്ട്: മിസ്റ്റർ കൊച്ചുകുഞ്ഞുപിള്ള? നിങ്ങൾ ആദ്യമായി ഇതിനെക്കുറിച്ചു മേലധികൃതരോടു പറയുന്നതാണു നല്ലതു.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഇൻസ്പെക്ടരുടെയൊ ഹെഡ്മാസ്റ്ററുടെയൊ പക്കൽനിന്നു റിപ്പോർട്ട് കിട്ടീട്ടുണ്ടോ എന്നു മേലധികൃതരോടു ഗവണ്മെന്റു ചോദിക്കുമോ?

മി. കെ. ജാർജ് (ഗവണ്മെന്റു ചീഫ് സെക്രട്ടറി): ഗവണ്മെന്റിൽനിന്നു ആദ്യമായിത്തന്നെ വേണ്ടതു പ്രവർത്തിക്കത്തക്കവണ്ണം ഈക്കാര്യം അത്ര പ്രധാനപ്പെട്ടതാണെന്നു ഗവണ്മെന്റു വിചാരിക്കുന്നില്ല.

ട്രാഫിക് ഇൻസ്പെക്ടരുടെ ഉദ്യോഗത്തിനു ആളാക്കരെ.

[illegible]. മി. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും, തെക്ക):

(എ) ഈയിടെ അനുവദിച്ചതായ ട്രാഫിക് ഇൻസ്പെക്ടർ ഉദ്യോഗത്തിനു വാസ്തവത്തിനു ആളാക്കികഴിഞ്ഞുവോ എന്നും,

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ടുഎന്നും,

(സി) ഈ ഉദ്യോഗത്തിനു യോഗ്യതയുള്ളവർ അപേക്ഷിച്ചിട്ടുണ്ടായിരുന്നുവോ എന്നും,

(ഡി) മോട്ടാർഎൻജിനിരിങ്ങിൽ പരിചയംസിദ്ധിച്ചിട്ടുള്ളവരും മോട്ടാർവെർക്ക്ഷാപ്പുകളിൽ ജോലിചെയ്തിട്ടുള്ളവരുംആയ യോഗ്യതസിദ്ധിച്ച മെക്കാനിക്കൽഎൻജിനിയരെ നിയമിക്കുന്നതായാൽ മോട്ടാർവാഹനങ്ങൾക്കും പണിയിൽ ഉള്ള ന്യൂനതനിമിത്തം യാദൃഛികമരണങ്ങൾസംഭവിക്കുന്നതിനെ കുറയ്ക്കുവാൻ കഴിയുന്നതും കുറയ്ക്കാം എന്നുള്ളതുകൊണ്ടു അങ്ങനെയുള്ള ഒരു എഞ്ചിനീയരെ കഴിയുന്നതും വേഗത്തിൽ ഗവണ്മെന്റു നിയമിക്കുമോ എന്നും,

ഗവണ്മെന്റു സദയം പറയുമോ?

മി. കെ. ജാർജ് (ഗവണ്മെന്റു ചീഫ് സെക്രട്ടറി): (എ)-യും (ബി)-യും (ഡി)-യും ഈ ഉദ്യോഗത്തിനു ആളാക്കുന്നവകയ്ക്കു പോലീസ് കമ്മിഷണർ അയച്ചിരിക്കുന്ന നിർദ്ദേശങ്ങൾ ഗവണ്മെന്റിന്റെ ആലോചനയിൽ ഇരിക്കുന്നു.

(സി) ഉണ്ട്.

യുനാനി വൈദ്യശാലകൾക്കു സഹായധനം.

[illegible]. മി. പി. ഹബീബ് മഹമ്മദ് (ഗവണ്മെന്റു നിയമിച്ച മെമ്പർ):

(എ) യുനാനി വൈദ്യശാലകൾക്കു സഹായധനത്തിനായി വല്ല അപേക്ഷയും ഗവണ്മെന്റിൽ കിട്ടീട്ടുണ്ടോ എന്നും

(ബി) ഉണ്ടെങ്കിൽ എത്ര അപേക്ഷകൾ ഉണ്ടെന്നും,

(സി) അവയെക്കുറിച്ചു എന്തു നടപടിനടത്തി എന്നും,

ഗവണ്മെന്റു സദയം പറയുമോ?

മി. കെ. ജാർജ് (ഗവണ്മെന്റു ചീഫ് സെക്രട്ടറി): (എ)-യും (ബി)-ം [illegible] ചിങ്ങം [illegible]-നുയിലും [illegible] സെപ്റ്റംബർ [illegible]-നുയിലും ആയി രണ്ടു അപേക്ഷകൾ തിരുവനന്തപുരത്തു പാളയത്തിൽ യുനാനിവൈദ്യൻ ആയ മിസ്റ്റർ സയ്യദ് അബ്ദുല്ലാസാഹിബ് സഹായധനത്തിനായി അപേക്ഷിച്ചതു കിട്ടീട്ടുണ്ട്.

(സി) അദ്ദേഹത്തിന്റെ ആദ്യത്തെ അപേക്ഷയെ തള്ളി; രണ്ടാമത്തെ അപേക്ഷ ഗവണ്മെണ്ട് ആലോചിച്ചുവരുന്നു.

ടോൾ കുറയ്ക്കൽ.

[illegible]. മി. കെ. കെ. താമസ് (കോട്ടയം): നിയമസഭാ പ്രൊസീഡിംഗ്സ് [illegible]-ാം വാല്യത്തിൽ [illegible] മുതൽ [illegible] വരെ വശങ്ങളിൽ അച്ചടിച്ചിട്ടുള്ള ടോളുകൾ കുറയ്ക്കുന്നതിനുള്ള എന്റെ ഉപക്ഷേപത്തെ സംബന്ധിച്ച്,

(എ) അക്കാര്യത്തിൽ ഗവണ്മെണ്ട് എന്തുനടപടി നടത്തിഎന്നും,

(ബി) യാതൊരു നടപടിയും നടത്തീട്ടില്ലെങ്കിൽ പ്രമേയം അനുസരിച്ചു ഗവണ്മെണ്ട് പ്രവർത്തിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നും,

(സി) (ബി)-ഖണ്ഡത്തിൽ മറുപടി അനുസരണരൂപത്തിൽ ആണെങ്കിൽ ഏതാണ്ടുമുതൽ അപ്രകാരം ചെയ്യാൻ ഉദ്ദേശിക്കുന്നുഎന്നും ഗവണ്മെണ്ട് സദയം പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെണ്ട് സെക്രട്ടറി): (എ)-യും (ബി)-യും (സി)-യും ഈ വിഷയത്തെ ഗവണ്മെന്റു പര്യാലോചിച്ചു. [illegible]-ാമാണ്ടത്തേക്കു ടോൾകോൺട്രാക്ട് ലേലത്തിൽ വിൽക്കേണ്ടകാര്യം ആലോചനയ്ക്കായി വരുന്നകാലത്തു ഈസംഗതിയെ ആലോചിക്കാംഎന്നു തീർച്ചചെയ്തിരിക്കുന്നു.

മി. കെ. കെ. താമസ് (കോട്ടയം): ടോൾ ലേലത്തിൽ വിൽക്കുന്നകാര്യം ഏതുമാസത്തിൽ ആലോചിക്കുംഎന്നു പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെണ്ട് സെക്രട്ടറി): ആണ്ടവസാനത്തിൽ ഏതാനും മാസത്തിനു മുമ്പായി.

മി. കെ. കെ. താമസ് (കോട്ടയം): ഇക്കാര്യം ആലോചിക്കുന്നതായ ശരിയായതീയതി പറഞ്ഞുതരുമോ?

മി. ടി. പി. രാമസ്വാമയ്യർ (ഗവണ്മെണ്ട് സെക്രട്ടറി): ഇതിന്റെ വിവരമായ സംഗതികൾ നോക്കേണ്ടതു ചീഫ് എൻജിനീർ ആണ്. അദ്ദേഹം ആവശ്യമുള്ള പരസ്യം പ്രസിദ്ധപ്പെടുത്തും. അതിനുമുമ്പിൽ അക്കാര്യം ഗവണ്മെണ്ടിന്റെ അനുമതിക്കായി വരും. .

മി. കെ. കെ. താമസ് (കോട്ടയം): സഭയുടെ അഭിപ്രായത്തെ ഗവണ്മെണ്ട് അംഗീകരിക്കയും ബഹുമാനിക്കയും ചെയ്യേണ്ടതല്ലേ ഈ സഭയ്ക്കുള്ള അവകാശം ആണെന്നു ഗവണ്മെണ്ട് സമ്മതിക്കുന്നുണ്ടോ എന്നു അറിയേണ്ടിയിരിക്കുന്നു.

മി. ടി. പി. രാമസ്വാമയ്യർ (ഗവണ്മെണ്ട് സെക്രട്ടറി): ഈ സംഗതിയെ അടുത്തുവന്ന ബഡ്ജറ്റ് സമയം ആലോചിക്കുന്നതായി ഗവണ്മെണ്ട് തീർച്ചപ്പെടുത്തിയിരിക്കുന്നു എന്നു മറുപടിയിൽനിന്നു കാണാമല്ലോ.

മി. കെ. കെ. താമസ് (കോട്ടയം): സംഗതി ആലോചനയിൽ ഇരിക്കുന്നു എന്നുമാത്രമേ മറുപടി കാണിക്കുന്നുള്ളു.

മി. ടി. പി. രാമസ്വാമയ്യർ (ഗവണ്മെണ്ട് സെക്രട്ടറി): ഇക്കാര്യത്തെക്കുറിച്ചു ചീഫ് എൻജിനിയർ നിർദ്ദേശങ്ങൾ കൊടുക്കുന്നതായിരിക്കും. അടുത്തകൊല്ലം ബഡ്ജറ്റിൽ വിൽക്കുമ്പോൾ ഇക്കാര്യം ഗവണ്മെണ്ടിന്റെ ആലോചനയ്ക്കായിവരും.

മി. കെ. കെ. താമസ് (കോട്ടയം): ഈ സഭയുടെ അഭിപ്രായത്തെ അനുസരിക്കേണ്ടതാകുന്നു എന്നുള്ളതു വിധ്യനുസരണമായ അവകാശമാണോ എന്നാകുന്നു എന്റെ പ്രശ്നം.

മി. ടി. പി. രാമസ്വാമയ്യർ (ഗവണ്മെണ്ട് സെക്രട്ടറി): അവയ്ക്കു വേണ്ടപോലെ ആദരവു കാണിക്കുന്നതാണ്. എല്ലാസംഗതികളിലും അവയെ അംഗീകരിക്കാൻ പാടില്ല; ഈ സഭയുടെ തീർപ്പുനിശ്ചയങ്ങൾ കേവലം ഉപദേശരൂപങ്ങൾ ആകുന്നു. എന്നുതന്നെയുമല്ല പ്രസ്തുതോപക്ഷേപം ഒരുരൂപ കുറക്കുന്നതിനായുള്ള അഭിപ്രായ പ്രകടനരൂപത്തിൽ ഉള്ളതാണ്; ആയുക ബഡ്ജറ്റിൽ കുറയ്ക്കുകയും ചെയ്തു.

ദിവാന്റെ പരിശോധനക്കുറിപ്പുകൾ.

൩൭. മി. എം. എൻ. പിള്ള (തിരുവനന്തപുരം): (എ) ദിവാൻജി കച്ചേരികളോ മറ്റുസ്ഥാപനങ്ങളോ പരിശോധിക്കുമ്പോൾ പരിശോധനയിൽകണ്ട വിവരങ്ങൾ എഴുതിവയ്ക്കുകയും അവയെ സംബന്ധപ്പെട്ട ആളുകൾക്കെല്ലാം അയയ്ക്കുകയുംചെയ്യുക പതിവില്ലയോ എന്നും,

(ബി) കഴിഞ്ഞയോഗത്തിൽ എന്റെ പ്രശ്നത്തിനുള്ള മറുപടിയിൽ പറഞ്ഞിരുന്നതുപോലെ മിസ്റ്റർ എം. ഇ. വാട്സ് നടത്തിട്ടുള്ള പരിശോധനകളെ സംബന്ധിച്ചു അങ്ങനെയുള്ള വല്ലകുറിപ്പുകളും അദ്ദേഹം എഴുതിവച്ചിട്ടുണ്ടോഎന്നും ഉണ്ടെങ്കിൽ അവയെ മേശപ്പുറത്തു വയ്ക്കുമോഎന്നും ഗവണ്മെണ്ട് സദയം പറയുമോ?

മി. കെ. ജാജ് (ഗവണ്മെണ്ട് ചീഫ്സെക്രട്ടറി): (എ) ഉണ്ട്.

(ബി) ഉണ്ട്. ആകുറിപ്പുകൾ മേശപ്പുറത്തു വയ്ക്കാൻ പാടില്ല.

മിസ്. ഡി. എച്ച്. വാട്സിനെ തിരിയെ വിളിച്ചുവരുത്തിയത്.

൩൮. മി. എം. എൻ. പിള്ള (തിരുവനന്തപുരം): (എ) അവധിയിൽ ഇംഗ്ലണ്ടിൽ താമസിക്കുന്ന സ്ത്രീകൾക്കുള്ള കാളേജിലെ ലേഡിപ്രിൻസിപ്പൽ മിസ്. ഡി. എച്ച്. വാട്സ് ബാക്കിയുള്ള അവധികാലത്തെ റദ്ദ്ചെയ്തു ഉടൻതന്നെ ജോലിയിൽ പ്രവേശിച്ചുകൊള്ളണം എന്നു അവരോടു ആവശ്യപ്പെട്ടിട്ടുണ്ടോ എന്നും,

(ബി) അവർ തിരിച്ചുവരുന്നതിനു യാത്രച്ചിലവിനായി വല്ലപണവും അവർക്കു കൊടുത്തിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ എത്രയെന്നും ഗവണ്മെന്റ സദയം പറയുമോ?

മി. കെ. ജാജ് (ഗവണ്മെണ്ട ചീഫ്സെക്രട്ടറി): (എ) ഉണ്ട്.

(ബി) ഉണ്ട്. തിരുവിതാംകോട്ടു സർവീസ്റഗുലേഷൻസു ൭ ഖണ്ഡം വകുപ്പനുസരിച്ചു അവർക്കു ആനുകൂല്യമുണ്ടോ അതിനു ഷൂകകേടം ഇല്ല്യമായതുക മുൻപേറായി കൊടുത്തിട്ടുണ്ട്.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): യാത്രച്ചിലവിനായി മിസ് വാട്സിനു കൊടുത്തിട്ടുള്ള തുക ശരിയായി എന്താണെന്നു പറയുമോ?

മി. കെ. ജാജ് (ഗവണ്മെന്റ ചീഫ്സെക്രട്ടറി): ൧൦൦ പവൻ മുൻപേറായി കൊടുത്തു.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): വല്ല ഉദ്യോഗസ്ഥനും അവധിയിൽ ഇരിക്കുന്നകാലത്തു യാത്രച്ചിലവിനു അവകാശം ഉണ്ടോഎന്നു അറിയേണ്ടിയിരിക്കുന്നു.

മി. കെ. ജാജ് (ഗവണ്മെന്റ ചീഫ്സെക്രട്ടറി): ഒരു ഉദ്യോഗസ്ഥൻ അവധിയിൽ ഇരിക്കുമ്പോൾ അയാളെവിളിച്ചു ജോലിക്കു വരുത്തുന്നതായാൽ സർവീസ്റഗുലേഷൻ ൭ ഖണ്ഡം വകുപ്പനുസരിച്ചു യാത്രച്ചിലവു ലഭിക്കാൻ അയാൾക്കു അവകാശം ഉണ്ട്.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): മിസ് വാട്സിനെ അവധിയിൽനിന്നു തിരിയെ വരുത്തിയില്ലാ എന്നുവരികിൽ എത്രദിവസത്തെ വ്യത്യാസം ഉണ്ടായിരിക്കും?

മി. കെ. ജാജ് (ഗവണ്മെന്റ ചീഫ്സെക്രട്ടറി): രണ്ടുമാസത്തോളം ഉണ്ടായിരിക്കും അതിൽ കുറവായിരിക്കയില്ല.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): ഉദ്യോഗസ്ഥന്മാർ അവധിയിൽ ഇരുന്നിരുന്നകാലത്തുതിരിച്ചുവരുത്തിയതായി ഇതിനുമുമ്പിൽ വല്ല ഉദാഹരണവും ഉണ്ടോ?

മി. കെ. ജാജ് (ഗവണ്മെന്റ ചീഫ്സെക്രട്ടറി): ഉദാഹരണങ്ങൾ ഉണ്ടായിരിക്കണം. ആ സംഗതിയെപ്പറ്റി വിവരങ്ങൾ ഞങ്ങൾ സംഗ്രഹിച്ചുവരുന്നു.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): ഒരു ഉദ്യോഗസ്ഥൻ ഇംഗ്ലണ്ടിൽ താമസിച്ചിരുന്നകാലത്തു തിരിയെവരുത്തിയതായി ഉദാഹരണം ഉണ്ടോ?

മി. കെ. ജാജ് (ഗവണ്മെന്റ ചീഫ്സെക്രട്ടറി): അങ്ങനെയുള്ള ഉദാഹരണം എനിക്കു അറിഞ്ഞുകൂടാ. ആവശ്യങ്ങൾ ഉണ്ടാകുമ്പോൾമാത്രം ഗവണ്മെന്റ ഉദ്യോഗസ്ഥന്മാരെ വിളിച്ചുവരുത്തും.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): ലേഡിപ്രിൻസിപ്പൽ ഇംഗ്ലണ്ടിലേക്ക പോയകാലത്തു സ്ത്രീകൾക്കുള്ള കാളേജിനെ ഒന്നാംഗ്രേഡ് കാളേജ് ആക്കുന്നതിനു വല്ല നിർദ്ദേശവും ഉണ്ടായിരുന്നുവോ എന്ന അറിയേണ്ടിയിരിക്കുന്നു.

മി. കെ. ജാർജ് (ഗവമ്മെന്റ ചീഫ്സെക്രട്ടറി): പ്രാരംഭനിർദ്ദേശം മാത്രമേ ഉണ്ടായിരുന്നുള്ളു. നിർദ്ദേശം പ്രാഥമികദശയിൽ ആയിരുന്നു.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): ലേഡിപ്രിൻസിപ്പാളിനെ മടക്കിവരുത്തേണ്ടിയിരുന്നതായ അത്യാവശ്യം എന്താണെന്ന അറിയേണ്ടിയിരിക്കുന്നു.

മി. കെ. ജാർജ് (ഗവമ്മെന്റ ചീഫ് സെക്രട്ടറി): ഉദ്ദിഷ്ടമായ ഒന്നാംഗ്രേഡ് കാളേജിൽ സ്ഥലസൗകര്യത്തെ സംബന്ധിച്ചും ബി. എ. ക്ലാസിൽ പഠിപ്പിക്കേണ്ടതായ വിഷയങ്ങളെ സംബന്ധിച്ചും രണ്ടാമത്തെ ഗ്രൂപ്പ ആരംഭിക്കുന്നതിനെ സംബന്ധിച്ചും കാളേജിനെ ഒന്നാംഗ്രേഡായി ഉയർത്തുന്ന കാര്യത്തിൽ മററനേകം വിവരമായ കാര്യങ്ങളെക്കുറിച്ചും വിദ്യാഭ്യാസഡൈറക്ടർക്ക അവരുമായി ആലോചിക്കേണ്ടിയിരുന്നു.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): ഈ പ്രശ്നങ്ങൾ ഉണ്ടാകുന്നതാണെന്ന അവർ ഇംഗ്ലണ്ടിലേക്ക പോയതിനു വളരെ മുമ്പുതന്നെ ഡയറക്ടർക്ക അറിയാൻ പാടില്ലാതിരുന്നുവോ എന്നു അറിയേണ്ടിയിരിക്കുന്നു.

മി. കെ. ജാർജ് (ഗവമ്മെന്റ ചീഫ് സെക്രട്ടറി): ലേഡിപ്രിൻസിപ്പൽ ഇംഗ്ലണ്ടിലേക്ക പോയകാലത്തു ഈ കാര്യം ആലോചനയ്ക്കായി വന്നില്ല.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): ലേഡിപ്രിൻസിപ്പാളിനു എഴുതയച്ചു ആവശ്യമുള്ള വിവരങ്ങൾ എഴുതിവരുത്തുന്നതിൽ വിദ്യാഭ്യാസഡയറക്ടർക്ക വല്ല വൈഷമ്യവും ഉണ്ടായിരുന്നുവോ?

മി. കെ. ജാർജ് (ഗവമ്മെന്റ ചീഫ് സെക്രട്ടറി): അതിനു സമയം ഇല്ലായിരുന്നു.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): ഈക്കാര്യത്തിൽ വേണ്ട വിവരം പറഞ്ഞുകൊടുക്കുവാൻ ആക്ടിംഗ് പ്രിൻസിപ്പാളിനു തന്നെ സാമർത്ഥ്യം ഇല്ലാതിരുന്നുവോ എന്നു അറിയേണ്ടിയിരിക്കുന്നു.

മി. കെ. ജാർജ് (ഗവമ്മെന്റ ചീഫ് സെക്രട്ടറി): സ്ഥിരം പ്രിൻസിപ്പാളിന്റെ അഭിപ്രായത്തിനു പ്രാധാന്യം നൽകേണ്ടതിനാലും വിഷയങ്ങൾ നടപ്പാക്കി കാളേജിനെ ഒന്നാംഗ്രേഡായി ഉയർത്തിയതിൽപിന്നീടു ആ വിദ്യാലയം നടത്തിക്കേണ്ടതു അവർ ആകകൊണ്ടും അവരിൽനിന്നു മറുപടി വരുത്തുന്നതു അധികം നല്ലതാണെന്നു വിചാരിച്ചു.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): ഈ കാളേജിനെ ഒന്നാംഗ്രേഡ് കാളേജായി ഉയർത്തണമെന്നുള്ള പ്രാരംഭാഭിപ്രായം ജനിച്ചതു ലേഡിപ്രിൻസിപ്പാളിൽനിന്നോ വിദ്യാഭ്യാസഡയറക്ടരിൽനിന്നോ എന്നു അറിയേണ്ടിയിരിക്കുന്നു.

മി. കെ. ജാർജ് (ഗവമ്മെന്റ ചീഫ് സെക്രട്ടറി): എനിക്ക പറയാൻ കഴിയുകയില്ല. ഗവമ്മെന്റ ഡിപ്പാർട്ടുമെന്റ മേലധികാരികളുടെ ഉപദേശത്തിന്മേൽ പ്രവർത്തിക്കുന്നു.

എക്സിക്യൂട്ടീവ് എൻജിനീയർമാരായി കയററംകിട്ടുന്നതിനു കാര്യക്ഷമതാരൂപമായ വിഘ്നം.

൩൭. മി. എം. എൻ. പിള്ള (തിരുവനന്തപുരം): (൧) അസിസ്റ്റന്റ എഞ്ചിനീയരുടെ ഗ്രേഡിൽനിന്നു എക്സിക്യൂട്ടീവ് എഞ്ചിനീയരുടെ സ്ഥാനത്തേക്ക കയററംകിട്ടുന്നതിനു കാര്യക്ഷമതാരൂപമായ തടസ്സം പൊതുമരാമത്തു ഡിപ്പാർട്ടുമെന്റിൽ ഉണ്ടോ എന്നും അങ്ങനെയുള്ള തടസ്സം ഇല്ലാ എന്നുവരികിൽ അപ്രകാരം ഒരു തടസ്സം ഗവമ്മെന്റ ഉണ്ടാക്കുമോ എന്നും ഗവമ്മെന്റ ദയവു പറയുമോ?

(൨) പൊതുമരാമത്തു ഡിപ്പാർട്ടുമെന്റ നടത്തിയ പണികൾ വിജയകരമല്ലാതിരിക്കുമ്പോൾ ആ പണികൾ രൂപിപ്പിക്കയോ നടത്തുകയോ ചെയ്തതായ ഉദ്യോഗസ്ഥരിൽ ഉത്തരവാദിത്വം വല്ലതും ഉണ്ടെങ്കിൽ അതു ഏതാണെന്നു സ്ഥിരപ്പെടുത്തത്തക്കവണ്ണം രൂപീകരണത്തിലൊ പണിനടത്തലിലൊ ഉള്ള ന്യൂനതകൾ നിമിത്തം ആ പണി മോശമായതാണോ എന്നു പരിശോധിക്കുവാനായി എന്തു അന്വേഷണം നടത്താറുണ്ട്?

(൩) ൧൦൯൧ മുതൽ ൧൧൦൦ വരെയുള്ള പത്തു കൊല്ലങ്ങൾക്കിടയിൽ വിജയകരമാകാത്ത ൧൦൦൦ രൂപയും അതിൽ കൂടുതലും ചിലവുള്ള പണികളുടെ ലിസ്റ്റും അവയെ രൂപീകരിക്കയും നടത്തുകയും ചെയ്ത എഞ്ചിനീയർമാരുടെ പേരും ഗവമ്മെന്റ ദയവു നൽകുകയും വല്ല സംഗതിയിലും ഉത്തരവാദം ആ പണി രൂപീകരിക്കയോ നടത്തിക്കയോ ചെയ്ത ഉദ്യോഗസ്ഥന്റെപേരിൽ സ്ഥാപിച്ചിട്ടുണ്ടോ എന്നു പറയുകയും ചെയ്യുമോ?

(൪) കയററം കൊടുക്കുന്നതിനായി ഉദ്ദിഷ്ടരായ ഉദ്യോഗസ്ഥന്മാരുടെ പ്രവൃത്തിവിശേഷങ്ങളെ ഗവമ്മെന്റ ദയവു പരിശോധിക്കയും അവർ രൂപീകരിക്കയോ നടത്തിക്കയോ ചെയ്തിട്ടുള്ളതായി ൧൦൦൦ രൂപയും കൂടുതലും ചിലവായിട്ടുള്ള പണികളിൽ വിജയകരമാകാതെയിരുന്നിട്ടുണ്ടോ എന്നു നോക്കുകയും ചെയ്യുമോ? അങ്ങനെ ഉണ്ടെങ്കിൽ ആ ഉദ്യോഗസ്ഥന്മാരെ സ്ഥിരപ്പെടുത്തുംമുമ്പെ ഇപ്രകാരം സംഭവിക്കുന്നതിനുള്ള കാരണത്തെക്കുറിച്ചു പൂർണ്ണമായ അന്വേഷണം ഗവമ്മെന്റ നടത്തുമോ?

മി. കെ. ജാർജ് (ഗവമ്മെന്റ ചീഫ് സെക്രട്ടറി): (൧) കാര്യക്ഷമതാരൂപമായ തടസ്സം എന്നതിനു സാധാരണമായുള്ള അർത്ഥം നിയമരൂപത്തിൽ ക്രമേണ ശമ്പളക്കൂടുതൽ ഉള്ള സംഗതികളിൽ ഒരു പ്രത്യേകദശയിൽ നിശ്ചയിച്ചിരിക്കുന്ന തടസ്സം എന്നാകുന്നു. ആ ദശകഴിഞ്ഞാൽ കാര്യക്ഷമതയില്ലാത്ത ഉദ്യോഗസ്ഥനു അയാളുടെ ശമ്പളക്കൂടുതൽ കിട്ടുന്നതല്ല. അങ്ങനെയുള്ള തടസ്സം താണതരം ജീവനത്തിൽനിന്നു ഉയർന്നതരം ജീവനത്തിലേക്ക കയററംകൊടുക്കുന്ന കാര്യത്തിൽ സംബന്ധിക്കാൻ ഇടയില്ല. എന്നുവരികിലും അസിസ്റ്റന്റ എഞ്ചിനീയർമാർക്ക എക്സിക്യൂട്ടീവ് എഞ്ചിനീയർമാരായി കയററംകൊടുക്കുന്നതിൽ കാര്യക്ഷമതയെ ആലോചിക്കാറുണ്ടോ എന്നാകുന്നു മെമ്പരുടെ പ്രശ്നത്തിന്റെ താല്പര്യം എന്നുവരികിൽ അതിനു മറുപടി അനുസരണരൂപത്തിൽ ആകുന്നു.

(൨) പണികൾക്കു തരക്കേടു സംഭവിക്കുമ്പോൾ കാരണങ്ങളെ അന്വേഷിക്കാറുണ്ട്. അതിൽ ദുഷ്കരണത്തിലോ പണിനടത്തിക്കലിലൊ ന്യൂനതവല്ലതും ഉണ്ടെങ്കിൽ അതിന്റെ ഉത്തരവാദം സ്ഥാപിക്കുമ്പോൾ ആലോചിക്കാറുണ്ട്.

(൩) കാലം വളരെ ദീർഘമാകകൊണ്ടു റിക്കാർഡുകൾ പരിശോധിക്കുന്നതിൽ അമിതമായ അധ്വാനം ചെയ്തതിൽപിന്നിട്ട മാത്രമെ ലിസ്റ്റ് തയാറാക്കാൻ കഴിയു. അതിലേക്കു വേണ്ടിവരുന്ന സമയത്തിനും അധ്വാനത്തിനും തക്ക ഉപയോഗം പരിശോധനകൊണ്ടു സിദ്ധിക്കുന്നതല്ല.

(൪) ഉദ്യോഗക്കയറ്റത്തിനു ശുപാർശചെയ്യുംമുമ്പെ ഓരോ ഉദ്യോഗസ്ഥന്റേയും ഉദ്യോഗസംബന്ധിച്ച ചരിത്രത്തെ ആലോചിക്കാറുണ്ട്. വേലകൾക്കു ദോഷം വല്ലതുംഉണ്ടെങ്കിൽ അവയെ അപ്പഴപ്പോൾ അന്വേഷിച്ചുവരുന്നു. വല്ല നഷ്ടവും ഉദ്യോഗസ്ഥന്റെ വീഴ്ചനിമിത്തം ഉണ്ടായതാണെന്നു കാണപ്പെട്ടാൽ അതിനെ അതേസമയത്തുതന്നെ അയാളുടെപേരിൽ രേഖപ്പെടുത്തിവെക്കയും പ്രമോഷന്റെ കാര്യം ആലോചിക്കുമ്പോൾ അതിനെ പരിശോധിക്കയും ചെയ്യാറുണ്ട്.

കരുനാഗപ്പള്ളിതാലൂക്കിൽ വണ്ടിപോകാവുന്നറോഡുകൾ.

സ്റ്റേ. മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): (൧) കായൽക്കരയിൽനിന്നു ഉൾനാട്ടിലുള്ള പ്രധാനപ്പെട്ടറോഡുകളിലേക്കു കിഴക്കുപടിഞ്ഞാറായി വണ്ടിപോകുന്നറോഡുകൾ ഇല്ലാത്തതുനിമിത്തം ഉരം കൃഷിവിളവുകൾ മുതലായവ കടത്തിക്കൊണ്ടുപോകുന്നകാര്യത്തിൽ വലുതായ കഷ്ടനഷ്ടങ്ങൾ കരുനാഗപ്പള്ളിതാലൂക്കിലും മാവേലിക്കരതാലൂക്കിലെ വടക്കുപടിഞ്ഞാറൻഭാഗങ്ങളിലും ഉള്ള ജനങ്ങൾ അനുഭവിച്ചുവരുന്നു എന്നു ഗവന്മെന്റിനു അറിയാമൊ?

(൨) കായൽക്കരയിൽനിന്നു കിഴക്കോട്ടു കൃഷ്ണപുരംവരെ കരുനാഗപ്പള്ളിതാലൂക്കിൽ പുതുപ്പള്ളിപകുതിയിൽ ഒരു വണ്ടിപോകത്തക്കറോഡ് എങ്കിലും ഉണ്ടാക്കുന്നതിനു നടത്തിയ നടപടി എന്താണെന്നു ഗവന്മെണ്ട് പറയുമോ? ഇതു കിഴക്കോട്ടും വടക്കോട്ടും തെക്കോട്ടുംപോകുന്ന പ്രധാനപ്പെട്ട റോഡുകളോടുകൂടി ചേരുന്നു.

(൩) രണ്ടാംഭാഗത്തിൽ പ്രസ്താവിച്ചിരിക്കുന്ന റോഡുവെട്ടുന്നതിനു ചിലവിനു ൧൧൦൦-ാമാണ്ടത്തെയും ൧൧൦൧-ാമാണ്ടത്തേയും ബഡ്ജറ്റിൽ തുക അനുവദിച്ചിരുന്നു എന്നു വരികിലും ൧൧൦൨-ാമാണ്ടത്തേക്കുള്ള പൊതുമരാമത്തുഡിപ്പാർട്ടുമെന്റിലെ ബഡ്ജറ്റിൽ എന്തുകൊണ്ടു തുക അനുവദിച്ചിട്ടില്ലാ എന്നും ഇതേവരെ ഈ റോഡിൽ പണി നടത്താത്തതു എന്തുകൊണ്ടെന്നും ഗവന്മെന്റു ദയവായി പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവന്മെന്റുസെക്രട്ടറി): (൧) പ്രസ്താവിച്ചതുപോലെയുള്ള റോഡുകൾ ആവശ്യമാണെന്നു ഗവന്മെന്റിനു അറിയാം. ഈ സ്ഥലങ്ങളെ സുപ്രവേശങ്ങൾ ആക്കുവാൻ രണ്ടു റോഡുകൾ പണിചെയ്തുവരുന്നുണ്ടു.

(൨) ആലുമ്പീടികമുതൽ ഓച്ചിറവരെയുള്ളറോഡ് നിർദ്ദിഷ്ടമാർഗ്ഗത്തിന്റെ ഗതിയിൽ ഉള്ളതാണെന്നും അതിൽനിന്നു വളരെ അകലെയല്ലാ എന്നുംഉള്ള വസ്തുതയെ പരിഗണിച്ചതിൽ ആവശ്യപ്പെട്ട ഭൂമികൾ വിലകൂടാതെ വിട്ടുതന്നിട്ടൊ അല്ലെങ്കിൽ നാമമാത്രമായ വിലയ്ക്കു തന്നിട്ടൊ സഹകരിക്കുന്നതിനായി സ്ഥലത്തെ ജനങ്ങൾ സന്നദ്ധരായി വരുമ്പോൾമാത്രം പണിചെയ്യാൻ സ്വീകരിക്കേണ്ടതായി ആ സ്ഥലത്തേക്കുമാത്രം ഉപയോഗമുള്ളതായ ഒരു റോഡ് ആയിട്ടുമാത്രമെ പ്രസ്തുതറോഡിനെ ഗവന്മെണ്ട് കരുതിയുള്ളു.

(൩) ഈ റോഡ്കൊണ്ടു ഗുണപ്പെടുന്നവരായ ജനങ്ങൾക്കു ഇതിൽ താല്പര്യം ഇല്ലാ എന്നു സ്ഥലത്തെ ഉദ്യോഗസ്ഥന്മാരിൽനിന്നു അറികയാൽ സംഗതി നിറുത്തിവയ്ക്കപ്പെട്ടു.

മി. ജി. രാമൻമേനോൻ (കാർത്തികപ്പള്ളിയും മാവേലിക്കരയും): പ്രശ്നത്തിന്റെ മേല്പറഞ്ഞ ഭാഗത്തിന്റെ കാര്യത്തിൽ ആലുമ്പീടിക ഓച്ചിററോഡു പുതുപ്പള്ളിപകുതിയിൽ അല്ലാ എന്നും മററൊരു പകുതിയിൽ ആണെന്നും ഗവന്മെന്റിനു അറിയാമെ എന്നു അറിയേണ്ടിയിരിക്കുന്നു.

മി. ടി. പി. രാമസുബ്ബയ്യർ (ഗവന്മെണ്ട്സെക്രട്ടറി): അതുകൊണ്ടു തരക്കേടില്ല. അതു തൊട്ടുകിടക്കുന്ന രണ്ടുപകുതികളിൽകൂടിപോകുന്നറോഡു ആണ്.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): റോഡു ആ പകുതികളിൽകൂടിപോകുന്നുണ്ടോ എന്നു ഗവന്മെന്റു ദയവായി അന്വേഷിക്കുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവന്മെണ്ട്സെക്രട്ടറി): മെമ്പർക്കുതന്നെ ആ വിവരം അറിയാം എന്നു തോന്നുന്നു.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): വെളിവരുന്ന രണ്ടു റോഡ്കളുടെ ഇടയ്ക്കുള്ള ദൂരം മിക്ക സ്ഥലങ്ങളിലും രണ്ടു മൈൽ ആണൊ എന്നു ഗവന്മെണ്ട് ദയവായി അന്വേഷിക്കുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവന്മെണ്ട്സെക്രട്ടറി): ഈ റോഡിൽനിന്നു തെക്കു ഒരു മൈലിനുള്ളിൽ ആണെന്നു ചീഫ്എൻജിനീയർ പറയുന്നു.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): സ്ഥലത്തെ ജനങ്ങൾ സഹകരിക്കാൻ സന്നദ്ധരായി വരുമ്പോൾ മാത്രം പണി തുടങ്ങേണ്ടതായ സ്ഥലനിവാസികൾക്കുമാത്രം ആവശ്യംഉള്ള റോഡ് ആകുന്നു പുതുപ്പള്ളിക്കും കൃഷ്ണപുരത്തിനും നടുക്കുള്ളറോഡ് എന്നു ഗവന്മെന്റു എങ്ങനെ നിർണ്ണയിച്ചു എന്നു പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവന്മെണ്ട്സെക്രട്ടറി): ഇതു താലൂക്കു ഒട്ടുക്കുള്ളവർക്കു ഉപയോഗമുള്ളറോഡ് അല്ല. മററസഞ്ചാരമാർഗ്ഗങ്ങൾ ഉണ്ടു. അതുകൊണ്ടു ആ റോഡിന്റെ പ്രാധാന്യം കുറവാകുന്നു. ജനങ്ങൾ സഹായിക്കാൻ സന്നദ്ധരാകുന്നതുവരെ ഈ റോഡ് സ്വല്പോപയോഗം ആണെന്നു ഗവന്മെന്റു നിർണ്ണയിച്ചിട്ടുണ്ട്.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): പുതുപ്പള്ളി—കൃഷ്ണപുരംറോഡ് മെട്ടൽ റോഡിൽചേരുന്നു എന്നും എന്നാൽ ആലുമ്പീടിക ഓച്ചിററോഡ് അതുകളെ കിഴക്കോട്ടുപോകുന്നില്ല എന്നും മെമ്പർക്കു അറിയാമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ സെക്രട്ടറി): ശരിയാം.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഈ റോഡിനാൽ ഗുണപ്പെടേണ്ട ജനങ്ങൾക്ക ഇക്കാര്യത്തിൽ താല്പര്യം ഇല്ല എന്ന സ്ഥലത്തെ ഉദ്യോഗസ്ഥന്മാരിൽനിന്ന അറിഞ്ഞുകൊണ്ട ഈ വിഷയം നിർത്തിവച്ചിരിക്കുന്നു" എന്ന പ്രശ്നത്തിന്റെ (ബി)-ാം ഭാഗത്തിനു പറഞ്ഞ മറുപടിയെസംബന്ധിച്ച് സംബന്ധപ്പെട്ട സ്ഥലം ഉദ്യോഗസ്ഥന്മാർ ആരാണെന്ന ഗവണ്മെന്റ സദയം പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ സെക്രട്ടറി): റിവന്യു പൊതുമരാമത്തു എന്നീ ഡിപ്പാർട്ടുമെണ്ടുകളിലെ ഉദ്യോഗസ്ഥന്മാർ

വള്ളക്കാർക്ക ലൈസൻസ്ഫീസ്.

൯. മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): നാടൻവഞ്ചികൾക്ക ലൈസൻസ്ഫീസിനെ കുറക്കണം എന്നും ഫീസ് ഇപ്പോൾ ഒരാണ്ടേക്കുള്ളത ഒരുമിച്ചായി കൊടുത്തുവരുന്നതിനു പകരം ആണ്ടിൽ രണ്ടു തവണ കൊടുക്കുന്നതിനു അനുവദിക്കണം എന്നും അപേക്ഷിച്ചു തിരുവിതാംകോട്ടെ വള്ളക്കാരുടെ സംഘത്തിനുവേണ്ടി ബോധിപ്പിച്ച ഹർജിയിന്മേൽ എന്തു നടപടി നടത്തി എന്ന ഗവണ്മെണ്ടു സദയം പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ സെക്രട്ടറി): ആ ഹർജിയെക്കുറിച്ച ചീഫ് എൻജിനീയരോടു ചോദിച്ചതിൽ അവരുടെ അപേക്ഷകൾ നല്കുന്നതു സാധ്യമല്ലാ എന്ന ബോധിപ്പിച്ചിരിക്കുന്നു. അദ്ദേഹത്തിന്റെ അഭിപ്രായത്തിനോട ഗവണ്മെന്റ യോജിക്കുന്നു.

കൊല്ലത്തിനും തിരുവനന്തപുരത്തിനും ഇടയ്ക്കുള്ള ജലസഞ്ചാരമാർഗ്ഗങ്ങളുടെ ആഴംകൂട്ടുക.

൧൦. മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): കൊല്ലത്തിനും തിരുവനന്തപുരത്തിനും ഇടയ്ക്കുള്ള ജലസഞ്ചാരമാർഗ്ഗത്തിനു ആഴം കുറവായിരിക്കുന്നതുനിമിത്തം വള്ളക്കാർക്കും കച്ചവടക്കാർക്കും കഷ്ടവും സമയനഷ്ടവും ധനനഷ്ടവും ജനിക്കുന്നതുകൊണ്ട അതിലെ ഭാഗങ്ങളുടെ ആഴം കൂട്ടണം എന്ന അപേക്ഷിച്ചു തിരുവിതാംകോട്ടെ വള്ളക്കാരുടെ സംഘത്തിനുവേണ്ടി ബോധിപ്പിച്ച ഹർജിയിന്മേൽ എന്തു നടപടി നടത്തി എന്ന ഗവണ്മെന്റ സദയം പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ സെക്രട്ടറി): ഈ ഹർജിയെക്കുറിച്ച ചീഫ് എൻജിനിയരോടു ചോദിച്ചതിൽ തോട്ടുവഴിയുള്ള സഞ്ചാരമാർഗ്ഗത്തെ വള്ളം സുഗമമായി പോകത്തക്കസ്ഥിതിയിൽ ആക്കി സൂക്ഷിച്ചു കൊള്ളുന്നതിനു നിർദ്ദേശങ്ങൾ അയച്ചിട്ടുള്ളതായി അദ്ദേഹം ബോധിപ്പിച്ചിരിക്കുന്നു.

മോട്ടോർബസ്സുകൾ പരിശോധിക്കുന്നതിനുള്ള ഉദ്യോഗസ്ഥന്മാർക്ക വേണ്ട യോഗ്യതകൾ.

൧൧. മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്ക): (എ) മോട്ടോർബസ്സുകളുടെ ഘടനാസംബന്ധമായ യോഗ്യതയെ പരിശോധിക്കുന്നതിനും അവയെ വാടകക്കായി ഓടിക്കുന്നതിനും കൊടുക്കുന്ന പെർമിറ്റുകൾക്ക അടിസ്ഥാനമായ സർട്ടിഫിക്കെട്ടുകൾ കൊടുക്കുന്നതിനും നിയമിച്ചിട്ടുള്ള ആളുകളുടെ പേരും,

(ബി) ഓരോരുത്തരുടെ യോഗ്യതകളും,

(സി) അവരെ നിയമിച്ചകാലത്തു മോട്ടോർ യന്ത്രഘടനാവിഷയത്തിൽ വല്ല വിശേഷാൽ അഭ്യസനവും ഉണ്ടായിരുന്നിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ എവിടെ എത്രകാലത്തേയ്ക്കു എന്നും,

(ഡി) അവരെ നിയമിച്ചകാലത്തു മോട്ടോർ യന്ത്രഘടനാവിഷയത്തിൽ പ്രായോഗികമായ വല്ല പരിചയവും അവർക്ക ഉണ്ടായിരുന്നുവോ എന്നും,

(ഇ) അവർ വല്ല മോട്ടോർ വർക്ക്ഷാപ്പിലും പണിചെയ്തിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ എത്രകാലത്തേക്കെന്നും എവിടെ എന്നും,

(എഫ്) (i) മോട്ടോർബസ്സു ഇൻസ്പെക്ടരുടെ ഉദ്യോഗം നിറുത്തലാക്കിയതിൽപിന്നീട മോട്ടോർബസ്സുകളുടെ ഘടനാസംബന്ധമായ യോഗ്യത പരിശോധിക്കുവാൻ നിയമിക്കപ്പെടുന്നതിൽ അപേക്ഷിച്ചിട്ടുള്ള ആളുകളുടെ പേരും,

(ii) അവരിൽ ഓരോരുത്തർക്കും ഉള്ള യോഗ്യതയും,

(iii) അപേക്ഷകാലത്തു മോട്ടോർ യന്ത്രഘടനാവിഷയത്തിൽ ഓരോരുത്തർക്കും ഉണ്ടായിരുന്ന പ്രായോഗികമായ പരിചയത്തിന്റെ കാലവും,

(iv) അപേക്ഷിച്ചകാലത്തു അവർ സർക്കാർജീവനത്തിൽ വല്ല സ്ഥിരമായതിലും ഇരുന്നിരുന്നുവോ എന്നും ഉണ്ടെങ്കിൽ എവിടെ എന്തുദ്യോഗം ആണെന്നും,

ഗവണ്മെന്റ സദയം പറയുമോ?

മി. കെ. ജാർജ് (ഗവണ്മെന്റ ചീഫ്സെക്രട്ടറി): (എ) മുതൽ (എഫ്) വരെ ഇപ്പോൾ മോട്ടോർബസ്സുകളുടെ പരീക്ഷകന്മാരായി ജോലി നടത്തുന്നവരുടെ പേരും അവരുടെ യോഗ്യതാവിവരവും കാണിക്കുന്ന ഒരു ലിസ്റ്റ് * മേശപ്പുറത്തു വച്ചിരിക്കുന്നു. ഇപ്പോൾ ൧൧ പരീക്ഷകന്മാർ ഉണ്ടു എന്നും അവരിൽ ൧൧ പേർ സർക്കാരുദ്യോഗസ്ഥന്മാരും ൩ പേർ ഉദ്യോഗം ഇല്ലാത്തവരും ആണെന്നും അതിൽനിന്ന കാണുന്നതാണ്. സർക്കാരുദ്യോഗസ്ഥരായ പരീക്ഷകന്മാർ ചീഫ് എൻജിനീയരുടേയും സർക്കാരുദ്യോഗമില്ലാത്തവരെ കൊല്ലത്തെ ഹാരിസൺക്രാസ്ഫീൽഡ് കമ്പനിയുടേയും ആലപ്പുഴയിലെ ഡാറാഇസ്മയിൽകമ്പനിയുടേയും കോട്ടയത്തെ മോട്ടോർ ട്രാൻസ്പോർട്ട എമ്പറിയൽ റെയിൽവെ കമ്പനിയുടേയും ശുപാർശയിന്മേൽ തെരഞ്ഞെടുത്തു. വേണ്ട യോഗ്യതയുള്ള ട്രാഫിക് ഇൻസ്പെക്ടർമാരെ ഇവരുടെ സ്ഥാനത്തു നിയമിക്കുന്നതിനുള്ള നിർദ്ദേശം ഗവണ്മെന്റ ആലോചിച്ചുവരുന്നു.

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്ക): എന്റെ ചോദ്യത്തിൽ ബി, ഡി, ഇ, എഫ്. എന്നീ ഭാഗങ്ങൾക്ക മറുപടി പറഞ്ഞിട്ടില്ല.

മി. കെ. ജാർജ് (ഗവണ്മെന്റ ചീഫ് സെക്രട്ടറി): ഈ ഏർപ്പാടു മുഴുവനും മാറ്റാൻ നിശ്ചയിച്ചിരിക്കുന്നതിനാൽ പൂർണ്ണമായ വിവരം മുഴുവനും ഈ സഭാസമക്ഷം സമർപ്പിച്ചിരിക്കുന്നു.

---

* IV. അനുബന്ധം നോക്കുക.

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്ക): എന്നാൽ മേല്പറഞ്ഞ ഭാഗങ്ങൾ മറുപടി ഇതിൽ ഇല്ല. (സി), (ഡി), (ഇ), (എഫ്) ഈ ഭാഗങ്ങളിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾക്കു വിവരം ഞാൻ ആവശ്യപ്പെട്ടു; അതു മറുപടി പറഞ്ഞിട്ടുംഇല്ല.

മി. കെ. ജാർജ് (ഗവൺമെൻറു ചീഫ് സെക്രട്ടറി): ഈ ഭാഗങ്ങളെ പ്രത്യേകം തിരിച്ചു മറുപടി പറഞ്ഞിട്ടില്ല. എന്നാൽ ലഭ്യമായ വിവരം മുഴുവനും സഭാസമക്ഷം ഉണ്ടു.

കോട്ടയം—കുമിളി റോഡിൽ ൭-ാമത്തെ മൈൽ മുതൽ തെങ്ങനാൽവരെയുള്ള
റോഡിന്റെ സംരക്ഷണം.

൧൨. മി. ടി. ജെ. മാത്യു (ചങ്ങനാശേരിയും പീരുമേടും): (എ) കോട്ടയം—കുമിളി റോഡിൽ ൭-ാമത്തെ മൈലിൽനിന്നു തെങ്ങനാലിലേക്കുള്ള റോഡിന്റെ സംരക്ഷണത്തിനു ൧൧൦൧-ാമാണ്ടത്തെ ബഡ്ജറ്റിൽ വല്ല വ്യവസ്ഥയും ചെയ്തിരുന്നുവോ എന്നും,

(ബി) ഉണ്ടെങ്കിൽ അക്കാര്യത്തിലേക്കു എത്രതുക ചിലവാക്കി എന്നും,

(സി) ആ റോഡിന്റെ സംരക്ഷണത്തിനു ൧൧൦൨-ാമാണ്ടത്തെ ബഡ്ജറ്റിൽ വല്ല വ്യവസ്ഥയും ചെയ്തിട്ടുണ്ടോ എന്നും,

(ഡി) പൊതുമരാമത്തു ഡിപ്പാർട്ടുമെന്റിൽ വല്ല ചുമതലപ്പെട്ട ഉദ്യോഗസ്ഥനും ഈ റോഡു കണ്ടിട്ടുണ്ടോ എന്നും,

(ഇ) ഈ റോഡിന്റെ അവസ്ഥ, പ്രത്യേകിച്ചും മൂന്നാമത്തെ മൈൽ ആയ എരമല്ലൂരിനു അപ്പുറം ഉള്ള ഭാഗം, വളരെ ചീത്തയായിരിക്കുന്ന വിവരം ഗവണ്മെന്റിനു അറിയാമോ എന്നും, ഗവൺമെൻറു സദയം പറയുമോ?

മി. ടി. പി രാമസുബ്ബയ്യർ (ഗവൺമെൻറു സെക്രട്ടറി): (എ) ഉണ്ട്.

(ബി) ൩൨ രൂപ.

(സി) ഉണ്ടു. ഈ റോഡിനു ചിലവു തോതിനെ ഈ ആണ്ടു മുതൽ ഉയർത്തിയിരിക്കുന്നു.

(ഡി) ഡിവിഷൻ ആഫീസരും സബ്ഡിവിഷൻ ആഫീസരും രണ്ടുപേരും, സെക്ഷൻ ആഫീസർക്കു പുറമെ ഈ റോഡിനെ സന്ദർശിച്ചിട്ടുണ്ട്.

(ഇ) ഈ റോഡ് നല്ലസ്ഥിതിയിൽ ഇരിക്കുന്നു എന്നും പുതുപ്പള്ളിയിൽ കരകോരിയിട്ടിരിക്കുന്ന സ്ഥലത്തു വെള്ളപ്പൊക്കം നിമിത്തം വന്ന വിശേഷാൽ കേടുപാടുകളെ ഇപ്പോൾ തീർത്തുവരുന്നതുകൊണ്ടു അതൊഴികെ ഈ റോഡ് വണ്ടിപോകത്തക്ക സ്ഥിതിയിൽ ഇരിക്കുന്നുഎന്നും ബോധിപ്പിച്ചിരിക്കുന്നു.

(പ്രസിഡന്റു ൧൨ അടിച്ചു ൨൭ മിനിട്ടു ആയപ്പോൾ അഗ്രാസനം വഹിച്ചു.)

മി. ടി. ജെ. മാത്യു (ചങ്ങനാശേരിയും പീരുമേടും): പ്രശ്നത്തിൽ (സി) ഭാഗത്തിന്റെ മറുപടിയെ സംബന്ധിച്ചു റോഡിൽ ഒരു മൈൽ ദൂരത്തിൽ മൊത്തം സംരക്ഷണച്ചിലവു എന്താണെന്നു പറഞ്ഞുതരുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറുസെക്രട്ടറി): മൈൽ ഒന്നുക്കു ൧൦൦ രൂപ; ഈയിടെ ഇതിനെ ൮൦ രൂപയിൽ നിന്നു ൧൦൦ രൂപയാക്കി.

മി. ടി. ജെ. മാത്യു (ചങ്ങനാശേരിയും പീരുമേടും): പ്രശ്നത്തിൽ (ഇ) ഭാഗത്തെ സംബന്ധിച്ചു കരകോരിയസ്ഥലത്തു വിശേഷാൽ അററകുററപ്പണികൾ എപ്പോൾ തുടങ്ങിഎന്നു പറഞ്ഞുതരുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറു സെക്രട്ടറി): ഈ പണി ഈയാണ്ടു തീരേണ്ടതാണ്.

മി. ടി. ജെ. മാത്യു (ചങ്ങനാശേരിയും പീരുമേടും): പണി വാസ്തവത്തിൽ തുടങ്ങീട്ടുണ്ടോ എന്നു പറഞ്ഞുതരുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറു സെക്രട്ടറി): പണി വാസ്തവത്തിൽ തുടങ്ങിയിട്ടുണ്ടോ എന്നു പറയുവാൻ എനിക്കു കഴിവില്ല. എന്നാൽ പണിക്കു ൧൦൦൦ രൂപായ്ക്കു ചിലവിനു അനുവദിച്ചിട്ടുണ്ടു.

കാഞ്ഞിരപ്പള്ളി-ഈരാററുപേട്ടറോഡ്.

൧൩. മി. ടി. ജെ. മാത്യു (ചങ്ങനാശേരിയും പീരുമേടും): (എ) കാഞ്ഞിരപ്പള്ളി-ഈരാററുപേട്ടറോഡ് വണ്ടിപോകത്തക്കസ്ഥിതിയിൽ ഇരിക്കുന്നുണ്ടോ എന്നും,

(ബി) ൧൧൦൦-ലൊ ൧൧൦൧-ലൊ ഈ റോഡിൽ വല്ലകേടുപാടുപണിയും തീർത്തിട്ടുണ്ടോ എന്നും,

(സി) ഈ റോഡിൽ കരിങ്കല്ലു ഇട്ടു ഉറപ്പിക്കാൻ പാടില്ലയോ എന്നും ഗവൺമെൻറു ആലോചിക്കുമോ എന്നും, ഗവൺമെൻറു സദയം പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറു സെക്രട്ടറി): (എ) അതേ.

(ബി) ഉണ്ട്. ൧൧൦൧-ാമാണ്ടുമുതൽ ഈ റോഡിനുള്ള സംരക്ഷണച്ചിലവിനെ മൈൽ ൧-ക്കു ൧൩൦ രൂപയായി കൂട്ടിയിരിക്കുന്നു.

(സി) ഈ റോഡിൽ ൪ മൈൽദൂരം ഇപ്പോൾ കരിങ്കല്ലിട്ടുറപ്പിച്ചിട്ടുണ്ട്. ഈ റോഡ് മുഴുവനേയും നന്നാക്കുകയും വീണ്ടും കരിങ്കല്ലു ഇട്ടുറപ്പിക്കയും ചെയ്യേണ്ടകാര്യം ആലോചിച്ചുവരുന്നു.

മി. ടി. ജെ. മാത്യു (ചങ്ങനാശേരിയും-പത്തനംതിട്ടയും): "നാലുമൈൽദൂരം ഇപ്പഴേ കരിങ്കല്ലു ഇട്ടുറപ്പിച്ചിട്ടുണ്ട്. ഈ റോഡു മുഴുവനേയും നന്നാക്കുകയും വീണ്ടും കരിങ്കല്ലു ഇട്ടുറപ്പിക്കയും ചെയ്യേണ്ടകാര്യം ആലോചിച്ചുവരുന്നു." എന്നു (സി) ഭാഗത്തിനു പറഞ്ഞ മറുപടിയെസംബന്ധിച്ചു ഈ നാലുമൈൽദൂരം എപ്പോൾ കരിങ്കല്ലിട്ടുറപ്പിച്ചു എന്നു പറഞ്ഞുതരുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറു സെക്രട്ടറി): ഏതാണ്ടു കരിങ്കല്ലിട്ടുറപ്പിച്ചു എന്നു ശരിയായി പറയാൻ എനിക്കു കഴികയില്ല. അവ ഇപ്പോൾ കരിങ്കല്ലിട്ടുറപ്പിച്ചിരിക്കുന്ന റോഡുകളാണ്.

കോട്ടയത്തിനും ഏററുമാനൂരിനും മദ്ധ്യേ മെയിൻ സെൻട്രൽ റോഡിന്റെ നിരപ്പു ഏതാനുംസ്ഥലങ്ങളിൽ പൊക്കുക.

൯൮. മി. ടി. ജെ. മാത്യു (ചങ്ങനാശേരിയും-പീരുമേടും): (എ) നാഗമ്പടത്തും നിചിമങ്കലത്തും വെള്ളപ്പൊക്കക്കാലത്തു റോഡിലെ ഏതാനും ഭാഗങ്ങളിൽ വെള്ളം കയറിയിരിക്കയില്ലയൊ എന്നും,

(ബി) മേല്പറഞ്ഞ സ്ഥലങ്ങളിൽ എത്രദൂരം സാധാരണമായി വെള്ളത്തിനടിയിൽ ആയിരിക്കും എന്നും,

(സി) റോഡിലെ ആ ഭാഗങ്ങളിൽ വെള്ളം കയറിയിരിക്കുമ്പോൾ ഗതാഗതം തൽക്കാലത്തേക്ക നിറുത്തിവയ്ക്കേണ്ടിവരികയില്ലയോ എന്നും,

(ഡി) മേല്പറഞ്ഞ രണ്ടു സ്ഥലങ്ങളിലും റോഡിന്റെ മീതെ ഒഴുകിപ്പോകുന്ന വെള്ളപ്പൊക്കം റോഡിൽ ഉടപ്പുകൾ ഉണ്ടാക്കുന്നില്ലയൊ എന്നും,

(ഇ) ഈ ഉടപ്പുകൾ നന്നാക്കുന്നതിനായി ആണ്ടുതോറും പണം ചിലവുചെയ്യാറില്ലയൊ എന്നും,

(എഫ്) ഈ രണ്ടു സ്ഥലങ്ങളിലും റോഡിന്റെ നിരപ്പിനെ പൊക്കുകയും വെള്ളം ഒഴുകിപ്പോകുന്നതിന കലുങ്കുകൾ കെട്ടുകയും ചെയ്തു്, ഗതാഗത തടസ്സവും ധനനഷ്ടവും ഇല്ലാതെ കഴിക്കാൻപാടില്ലയോ എന്നും, ഗവണ്മെന്റു സദയം പറയുമൊ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി) (എ) ഉണ്ട്. വലിയ വെള്ളപ്പൊക്കത്തിൽ

(ബി) ൨൦൦ മുതൽ ൨൫൦ അടിവരെ.

(സി) ഉടപ്പുകൾ ഉണ്ടാകുന്നതുവരെ വേണ്ടാ.

(ഡി) ചില അവസരങ്ങളിൽമാത്രമേ ഉടപ്പുകൾ ഉണ്ടാകാറുള്ളു.

(ഇ) ആണ്ടുതോറും ഇല്ലാ.

(എഫ്) വെള്ളം കയറിനിൽക്കാവുന്നതും വലിയ വെള്ളപ്പൊക്കത്തിൽ വെള്ളംപൊങ്ങി മറുകരയിൽ ഒഴുകുന്നതും ആയ താണകരകളെ പൊക്കുന്ന വിഷയം ആലോചിച്ചുവരുന്നു.

നെടുംകുന്നം—അട്ടക്കുളം റോഡു.

൯൯. മി. ടി. ജെ. മാത്യു (ചങ്ങനാശേരിയും-പീരുമേടും): (എ) നെടുംകുന്നംമുതൽ അട്ടക്കുളംവരെയുള്ള റോഡിന്റെ സംരക്ഷണത്തിന വല്ല തുകയും ചിലവു ചെയ്തുവരുന്നുണ്ടോ എന്നും,

(ബി) ടി റോഡു അററകുററംതീർത്തിട്ടു എത്രകാലമായി എന്നും,

(സി) ൧൧൦൦-ാമാണ്ടിലൊ ൧൧൦൧-ാമാണ്ടിലൊ ഈ റോഡിന്റെ സംരക്ഷണത്തിനായി വല്ലതുകയും ഉപയോഗപ്പെടുത്തിട്ടുണ്ടോ എന്നും,

(ഡി) ഈ റോഡിൽ ആവശ്യമുള്ള പാലങ്ങളും കലുങ്കുകളും താമസിയാതെ കെട്ടിത്തീർക്കുമോ എന്നും, ഗവണ്മെന്റു സദയം പറയുമൊ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി): (എ) ഉണ്ട്. ഈ റോഡിനു മൈൽ ൧-ക്ക ൫൦ രൂപാവീതം സംരക്ഷണച്ചിലവുണ്ട്.

(ബി-യും, (സി)-യും ഈ റോഡിനെ ൧൧൦൦-ാമാണ്ടു ൨൧൫ രൂപാ ചിലവാക്കി കേടുപാടു തീർത്തു.

(സി) ഈ റോഡിൽ ആവശ്യമുള്ള പാലങ്ങളും കലുങ്കുകളും കെട്ടുന്നവകയ്ക്കു എസ്റ്റിമേററ് അയക്കുവാൻ ചീഫ് എഞ്ജിനീയരോടു ആജ്ഞാപിച്ചിരിക്കുന്നു.

മി. ടി. ജെ. മാത്യു (ചങ്ങനാശേരിയും-പീരുമേടും): (ബി) യും (സി) യും ഭാഗങ്ങളെ സംബന്ധിച്ച് ൧൧൦൧-ാമാണ്ടു യാതൊരു തുകയും ചിലവാക്കാത്തതിനു കാരണം പറയുമൊ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി): റോഡിൽ ൧൧൦൦-ാമാണ്ടു ൨൧൫ രൂപ ചിലവാക്കി അററകുററംതീർത്തു ആ വിവരം അവിടെ പറഞ്ഞിട്ടുണ്ട്.

മി. ടി. ജെ. മാത്യു (ചങ്ങനാശേരിയും-പീരുമേടും): ആണ്ടുതോറും കേടുപാടു തീർക്കാറില്ലയൊ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി): ഇതു ൧൧൦൦-ാമാണ്ടത്തെ വിശേഷാൽ കേടുപാടു തീർക്കലാണ്.

മി. ടി. ജെ. മാത്യു (ചങ്ങനാശേരിയും-പീരുമേടും): ആണ്ടുതോറും കേടുപാടു തീർക്കാറില്ലയൊ? ൧൧൦൦-ാമാണ്ടത്തെ കേടുപാടു തീർക്കലിനായി ൨൧൫ രൂപ ചിലവാക്കിഎന്നാകുന്നു മറുപടി.

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി): അതു സംരക്ഷണച്ചിലവിൽനിന്നല്ല. സംരക്ഷണത്തിനായി അനുവദിക്കുന്ന തുകയെ ചില്ലറ അററകുററത്തിനായി ഉപയോഗപ്പെടുത്തുകയാണ്.

കാഞ്ഞിരപ്പള്ളി—തമ്പലക്കാട്ടറോഡ്.

൱. മി. ടി. ജെ. മാത്യു (ചങ്ങനാശേരിയും-പീരുമേടും): (എ) കാഞ്ഞിരപ്പള്ളിമുതൽ തമ്പലക്കാട്ടുവരെയുള്ള റോഡ് പൊതുമരാമത്തു ഡിപ്പാർട്ടുമെണ്ടിനാൽ സംരക്ഷിക്കപ്പെടുന്നുണ്ടോ എന്നും,

(ബി) മേല്പടി റോഡിനെ വണ്ടിപോകത്തക്ക റോഡാക്കുന്നതിനായി അടങ്കൽ അയക്കുവാൻ ഗവണ്മെന്റ് എഴുതിയയച്ചിട്ടുണ്ടൊഎന്നും,

(സി) റോഡിന്റെ ദൂരവും അതിനെ വണ്ടിപോകത്തക്ക നിലയിൽ ആക്കുന്നതിനുവേണ്ട ചിലവും എന്തെന്നും, ഗവർമ്മെണ്ട് സദയം പറയുമൊ?

മി. ടി. പി രാമസുബ്ബയ്യർ (ഗവർമ്മെണ്ടു ചീഫ് സെക്രട്ടറി):

(എ) ഉണ്ടു.

(ബി) ഇല്ല.

(സി) റോഡിനു ഏഴു മൈൽ നീളം ഉണ്ടു. ഇതിൽ കോട്ടയം-കുമിളിറോഡിന്റെ അററത്തുനിന്നു മൂന്നു മൈൽദൂരം വണ്ടിപോകുന്ന സ്ഥിതിയിൽ ഇരിക്കുന്നതായി ബോധിപ്പിച്ചിരിക്കുന്നു. ശേഷം ഉള്ള ഭാഗം അണ്ടയോറും സംരക്ഷണക്കുറവുകയിൽനിന്നു അല്പമല്പമായി വണ്ടിപോകാവുന്നനിലയിൽ ആക്കപ്പെട്ടുവരുന്നു.

ഡിപാർട്ട്മെണ്ടൽ പരീക്ഷകളിൽനിന്നു ഒഴിവാക്കൽ.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): ൪൫ വയസിനുമേൽ പ്രായം ഉള്ള യാതൊരു ഉദ്യോഗസ്ഥനും ഡിപാർട്ട്മെണ്ടൽപരീക്ഷ ജയിക്കണം എന്നു നിർബന്ധിക്കരുതു എന്നു ഗവർമ്മെണ്ടു സദയം ആജ്ഞാപിക്കുമൊ?

മി. കെ. ജാജ് (ഗവർമ്മെണ്ടു ചീഫ് സെക്രട്ടറി): ഇക്കാര്യം ആലോചിക്കുന്നതാണ്.

മോട്ടോർവണ്ടികൾക്കു ടോൾഗേററുകളിൽ തീരുവ സ്ഥിരപ്പെടുത്തൽ.

൧൭. മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും-വ്യവസായവും തെക്കു): പൊതുമരാമത്തു ഡിപാർട്ട്മെണ്ടുവക ടോൾഗേററുകളിലും ഓരോ തരത്തിലുള്ള മോട്ടോർവാഹനങ്ങൾക്കു കൊടുക്കേണ്ടതായ ടോളിന്റെ ക്രമം നിശ്ചയിക്കുന്നതിൽ അംഗീകരിച്ചിരിക്കുന്ന തത്വം ഏതാണെന്നു ഗവർമ്മെണ്ടു സദയം പറയുമൊ?

മി. കെ. ജാജ് (ഗവർമ്മെണ്ട് ചീഫ് സെക്രട്ടറി): പൊതുമരാമത്തു ഡിപാർട്ട്മെണ്ടിലെ ടോളിന്റെ കാര്യത്തിൽ അംഗീകരിച്ചിരിക്കുന്ന തത്വമാകട്ടെ റോഡുകൾ ഉപയോഗിക്കുന്നവർ അവയെ ഉപയോഗിക്കുന്ന ക്രമത്തിനും തന്നിമിത്തം റോഡുകൾക്കുണ്ടാകുന്ന ചേതവാരത്തിനും അനുരൂപമായി റോഡിന്റെ സംരക്ഷണത്തിനു ഒരു ഓഹരി അവർ കൊടുക്കണം എന്നാകുന്നു. മോട്ടോർവാഹനങ്ങൾ ഈ റോഡുകളെ അധികം തവണ ഉപയോഗിക്കയും മററിനം വാഹനങ്ങളെക്കാൾ അധികം ദോഷം റോഡുകൾക്കു വരുത്തുകയും ചെയ്യുന്നു. അതുകൊണ്ടു അവശ്യം ഭാവിയായി മോട്ടോർവണ്ടികൾക്കു ചുമത്തുന്ന ടോളിന്റെ നിരക്കു കൂടുതൽ ആയിരിക്കുന്നു. നഗരസംബന്ധമായ കാര്യങ്ങൾക്കു മുതൽ ഉണ്ടാക്കേണ്ട കാര്യത്തിലേക്കായി നഗരസഭകൾ ടോൾഗേററുകൾ സ്ഥാപിക്കുന്നു.

കുടികളുടെവക റോഡുകളെ സംബന്ധിക്കുന്ന ചട്ടങ്ങൾ നടത്തിക്കൽ.

൧൮. മി. കുമാരപിള്ള (കൽക്കുളവും-വിളവങ്കോടും): (എ) കുടികളുടെവക റോഡുകളെ സംബന്ധിക്കുന്ന ചട്ടങ്ങൾ ഗവർമ്മെണ്ടു അനുവദിച്ചു പ്രസിദ്ധപ്പെടുത്തിയതിൽപിന്നിട്ടു തദനുസരണം രൂപീകരിക്കപ്പെട്ട സംഘങ്ങളുടെ എത്ര സെക്രട്ടറിമാർ റോഡുകൾ വെട്ടുന്നതിനു അപേക്ഷകൾ അയച്ചിട്ടുണ്ട്.

(ബി) ആവിധം അപേക്ഷകളിന്മേൽ എത്രമൈൽദൂരം റോഡുകൾ വെട്ടുകയും ഗവർമ്മെണ്ടു അവയെ കയ്യേൽക്കയും ചെയ്തിട്ടുണ്ട്.

(സി) ജനങ്ങൾ ഒരു റോഡു വെട്ടുന്നതിനായി അപേക്ഷിക്കുമ്പോൾ ഇതു കുടികളുടെവക റോഡുകൾ എന്ന ഇനത്തിൽ ചേരുന്നുഎന്നു നിർണ്ണയിക്കുന്ന ചുമതല ഇപ്പോൾ ആരിൽ ഇരിക്കുന്നു.

(ഡി) കുടികളുടെവക റോഡുകളിൽ ഉൾപ്പെടുത്തേണ്ടതായ റോഡുകളുടെ സ്വഭാവം എന്തായിരിക്കണം എന്നു പരിച്ഛേദിക്കുവാൻ വല്ല ചട്ടവും ഗവർമ്മെണ്ടു ഉണ്ടാക്കിട്ടുണ്ടൊ?

(ഇ) അകന്ന സ്ഥലങ്ങളിലെ ജനങ്ങളുടെ ഉപയോഗത്തിനായി റോഡുകൾ വെട്ടേണ്ടതിലേക്കു പല പ്രദേശങ്ങളിലെ ജനങ്ങൾ കൂട്ടമായിചേർന്നു ഹർജി അയക്കുമ്പോൾ ആ റോഡുകളെ കുടികളുടെവക റോഡുകളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തുകയും സ്ഥലത്തെ ജനങ്ങൾ വസ്തു വിട്ടുകൊടുക്കണംഎന്നും റോഡുകൾ വെട്ടിക്കൊള്ളണമെന്നും നിർബന്ധിക്കയും ചെയ്തുവരുന്നതായി വല്ല സംഗതിയും ഗവർമ്മെണ്ടു അറിഞ്ഞിട്ടുണ്ടൊ? ഇല്ലെങ്കിൽ ഗവർമ്മെണ്ടു ദയവുചെയ്തു അന്വേഷിക്കുമൊ?

(എഫ്) ഇപ്പോൾ ഊർജിതത്തിൽ ഇരിക്കുന്ന കുടികളുടെവക റോഡുകളെ സംബന്ധിച്ച ചട്ടങ്ങളെ ഭേദപ്പെടുത്തുന്നതിനുള്ള നക്കൽചട്ടങ്ങൾ ജനങ്ങളുടെ സമ്മതത്തിനായി പ്രസിദ്ധപ്പെടുത്തുന്നതാണെന്നു ചീഫ് എഞ്ജിനീയർ നിയമസഭയിൽ പറഞ്ഞിരുന്നുവല്ലോ അവ തയ്യാറായിട്ടുണ്ടൊ? ഉണ്ടെങ്കിൽ അവയെ എപ്പോൾ പ്രസിദ്ധപ്പെടുത്തും എന്നു ഗവർമ്മെണ്ടു സദയം പറയുമൊ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെണ്ട് സെക്രട്ടറി): (എ) ഒരുത്തരും ഇല്ല.

(ബി) എ-ാംഭാഗത്തിനുള്ള മറുപടികൊണ്ടു ഇതു ഉത്ഭവിക്കുന്നില്ല.

(സി) ഗവർമ്മെണ്ടിൽ

(ഡി) മറുപടി നിഷേധരൂപത്തിൽ ആണ്. ഓരോ കാര്യവും അതാതിന്റെ യോഗ്യതപോലെ തീർച്ച ചെയ്യുന്നതാണ്.

(ഇ) ഒന്നാംഭാഗത്തിനു മറുപടി നിഷേധരൂപത്തിലാണ്. അന്വേഷണം നടത്തുന്നതാണ്.

(എഫ്) പുതുക്കിയ ചട്ടങ്ങളെ ഗവർമ്മെണ്ട് ആലോചിച്ചുവരുന്നു. അവയെ ജനതാഭിപ്രായപ്രകടനത്തിനായി പ്രസിദ്ധപ്പെടുത്തുന്നതാണ്.

മി. ടി. കുമാരപിള്ള (കൽക്കുളവും—വിളവങ്കോടും): റോഡുവെട്ടി കിട്ടണമെന്നു പലരും അപേക്ഷിച്ചിട്ടുള്ളതിനു കുടികളുടെവക റോഡാണു അവർ സ്ഥലം വിട്ടുകൊടുക്കണമെന്നു നോട്ടീസുകൊടുത്തിട്ടുള്ള സംഗതികളെല്ലാം ഗവർമ്മെണ്ടിന്റെ അറിവോടുകൂടിയാണൊ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെണ്ട്സെക്രട്ടറി): ചട്ടങ്ങൾകൊണ്ടു കാണാമല്ലൊ.

മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവങ്കോടും): പലർക്കും ഇങ്ങനെ മറുപടി കൊടുത്തിട്ടുണ്ട്. അതെല്ലാം ഗവർമ്മെണ്ടിന്റെ അറിവോടുകൂടിയാണോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെണ്ട്സെക്രട്ടറി): എല്ലാ സംഗതികളും എങ്ങനെയാണെന്നു ഇപ്പോൾ പറയാൻ നിവൃത്തിയില്ല. പ്രത്യേകമായിട്ടു ഒരു റോഡിനെപ്പററി ചോദിക്കയാണെങ്കിൽ അന്വേഷിച്ചു പറയാം. പൊതുവെ ചട്ടപ്രകാരം റോഡ് വെട്ടിത്തരണമെന്നു അപേക്ഷ വന്നാൽ ഗവർമ്മെണ്ടിനെ അറിയിക്കണമെന്നുണ്ട്.

മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവങ്കോടും): കളിയിക്കാവിള-അണ്ടുകോട് എന്ന റോഡിനുള്ള അപേക്ഷയ്ക്കു ഇങ്ങനെ മറുപടി കൊടുത്തതു ഗവർമെൻറിൻെറ അറിവോടുകൂടിയാണോ.

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമെൻറ സിക്രട്ടറി): ചീഫ്എൻജിനിയരോടു ചോദിച്ചു മറുപടി പറയാം.

ഉദ്യോഗസ്ഥന്മാരുടെ ഇടയിൽ സീനിയാരിട്ടി (ജ്യേഷ്ഠ്യം) നിശ്ചയിക്കൽ.

൮൦. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഒരു പ്രത്യേകഗ്രേഡിൽ ഉള്ള ഉദ്യോഗസ്ഥന്മാരുടെ ഇടയിൽ സീനിയാരിട്ടി നിർണ്ണയിക്കുന്നതു ആ ഗ്രേഡിൽ അവരെ സ്ഥിരപ്പെടുത്തിയ തീയതിമുതൽക്കാണോ എന്നു ഗവർമെൻറ ദയവായി പറയുമോ?

മി. കെ. ജാർജ്ജ് (ഗവർമെൻറ ചീഫ്സെക്രട്ടറി): ൧൧൨൫ നവംബർ ൩-ാം- നടന്നതായ നിയമസഭായോഗത്തിൽ മിസ്റ്റർ എൻ. രാമകൃഷ്ണപിള്ള ചോദിച്ചതായ ൮൩-ാംനമ്പർ പ്രശ്നത്തിനു പറഞ്ഞ മറുപടി മെമ്പർ നോക്കിക്കൊൾക (നിയമസഭാപ്രൊസീഡിംഗ്സ് ൪-ാംവാല്യം ൩൩൪-ാം പുറം നോക്കുക).

മുട്ടത്തോളപുരം തോട്.

൮൧. മി. എ. ജെ. ജാൺ (വൈക്കം): (എ) മുട്ടത്തോളപുരത്തുനിന്നു ആലപ്പുറം, ഇലഞ്ഞി, പെരുമ്പടവൂർ, മുളക്കുളം ഇവവഴി ഒഴുകുന്ന തോട് മണൽകൂടി മൂടിയിരിക്കുന്നു എന്നും തന്നിമിത്തം അയൽവസ്തുക്കളിൽ കൃഷിക്കു വലിയ ദോഷം തട്ടിവരുന്നു എന്നും ഗവർമെൻറിനു അറിയാമോ?

(ബി) ഈ തോടിനെ വേണ്ടവിധം നന്നാക്കുവാൻ ഗവർമെൻറ ദയവായി ആജ്ഞാപിക്കുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമെൻറ സെക്രട്ടറി): (എ) ഗവർമെൻറിനു അറിഞ്ഞുകൂടാ.

(ബി) ചീഫ്എൻജിനിയരിൽനിന്നും റിപ്പോർട്ടു വരുത്തുന്നതാണ്.

സബ്‌രെജിസ്ട്രാർകച്ചേരികളുടെ അധികാരാതിർത്തി.

൮൨. മി. എ. ജെ. ജാൺ (വൈക്കം): സബ്‌രജിസ്ട്രാർമാരുടെ കച്ചേരികളുടെ അധികാരാതിർത്തിയെ സംബന്ധിച്ചുള്ള ൧൧൨൫ അക്ടോബർ ൧൫-ാം-യിലെ പരസ്യത്തിൻെറ കാര്യത്തിൽ മാഞ്ഞൂർപകുതി ഏതു സബ്‌രജിസ്ട്രാരുടെ കച്ചേരിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു എന്നു ഗവർമെൻറ ദയവായി പറയുമോ?

മി. കെ. ജാർജ്ജ് (ഗവർമെൻറ ചീഫ്സെക്രട്ടറി): മാഞ്ഞൂർപകുതിയെ കടുത്തുരുത്തി സബ്‌രജിസ്ട്രാർആഫീസിൻെറ അധികാരാതിർത്തിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. (൧൧൨൫ നവംബർ ൨-ാം- സർക്കാർ ഗസറ്റിൽ രജിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറവക ഭാഗത്തിൽ ൪൩-ാംപുറത്തു പ്രസിദ്ധപ്പെടുത്തിട്ടുള്ള പരസ്യം നോക്കുക.

സെക്ഷൻ ആഫീസർ മിസ്റ്റർ ആർ. പത്മനാഭയ്യർ.

൮൩. മി. എം. ശിവതാണുപിള്ള (തോവാള): (എ) നാഗരുകോവിലിൽ ഇരിക്കുന്ന സെക്ഷൻ ആഫീസർ മിസ്റ്റർ പത്മനാഭയ്യരെ സ്ഥലംമാററണമെന്നു ഏതെങ്കിലുംപരാതി ഗവർമെൻറിനു കിട്ടീട്ടുണ്ടോ എന്നും,

(ബി) ആ സെക്ഷൻ ആഫീസരെ സ്ഥലംമാററണം എന്നു ഡിവിഷൻ ആഫീസർ ശുപാർശചെയ്തുവോ എന്നും,

(സി) എത്രകാലം അദ്ദേഹം അദ്ദേഹത്തിൻെറ സ്വദേശമായ അവിടെ ജോലിയിൽ ഇരിക്കുന്നു എന്നും ഗവർമെൻറ ദയവായി പറയുമോ?

മി. കെ. ജാർജ്ജ് (ഗവർമെൻറ ചീഫ്സെക്രട്ടറി): (എ) ഇല്ല.

(ബി) ഡിപ്പാർട്ടുമെൻറൽ ഉദ്യോഗസ്ഥന്മാർതമ്മിൽ അവരുടെകീഴിലുള്ള ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ചു നടത്തുന്ന എഴുത്തുകുത്തുകൾ അപ്രകാശ്യമായുള്ളവയാണ്; അവയെ വെളിപ്പെടുത്തിക്കൂടാ.

(സി) അദ്ദേഹം ഇപ്പോഴത്തെ സ്ഥലമായ നാഗരുകോവിലിൽ ൧൧൨൪ ഇടവം ൨൭-ാം- മുതൽ ജോലിയിൽ ഇരിക്കുന്നു. നാഗരുകോവിൽ അദ്ദേഹത്തിൻെറ സ്വദേശം അല്ലെന്നു ബോധിപ്പിച്ചിരിക്കുന്നു.

൧൧൨൫ കന്നിമാസത്തിൽ മിസ്റ്റർ നടേശയ്യരുടെ അവധികാലത്തുള്ള ഉദ്യോഗസംബന്ധമായ ഏർപ്പാട്.

൮൪. മി. എം. ശിവതാണുപിള്ള (തോവാള): (എ) ചീഫ്എൻജിനിയർ കന്നിമാസത്തിൽ അവധിയിൽ ഇരുന്ന കാലത്തു അദ്ദേഹത്തിൻെറ ഒപ്പോടുകൂടിയും എന്നാൽ തീയതിവയ്ക്കാതെയും ചീഫ്എൻജിനിയരുടെ ആഫീസിൽനിന്നു ഉത്തരവുകൾ അയച്ചിരുന്നു എന്നുള്ളതു സത്യം ആണോ എന്നും,

(ബി) അങ്ങനെയാണെങ്കിൽ ആ ഉത്തരവുകൾ അദ്ദേഹം അവധിയിൽ ഇരുന്ന കാലത്തു നൽകിയവയാണോ എന്നും എന്തുകൊണ്ടു തീയതി വച്ചിരുന്നില്ല എന്നും,

(സി) അദ്ദേഹത്തിൻെറ അവധികാലത്തു കാര്യംവിചാരിക്കുന്നതിനു പേർസണൽ അസിസ്റ്റൻറിനു പകരം ഏററവും അടുത്ത സീനിയർ ആഫീസറിനെ നിയമിക്കാത്തതു എന്തുകൊണ്ടാണെന്നും,

(ഡി) ചീഫ്എൻജിനിയർ അവധിയിൽ ഇരുന്നകാലത്തു കീഴുദ്യോഗസ്ഥന്മാരെ സ്ഥലംമാററുന്നതിനു പേർസണൽ അസിസ്റ്റൻറു ഉത്തരവു കൊടുത്തിട്ടുണ്ടോ എന്നും, ഗവർമെണ്ടു ദയവായി പറയുമോ?

മി. കെ. ജാർജ്ജ് (ഗവർമെൻറ ചീഫ്സെക്രട്ടറി): (എ) അല്ല.

(ബി) ഏല്ലാടുള്ള മറുപടിയിൽനിന്നു ഈ സംഗതി ഉത്ഭവിക്കുന്നില്ല എന്നു മനസ്സിലാക്കാം.

(സി) ആവശ്യപ്പെട്ട അവധികാലം ചുരുക്കമായിരുന്നതിനാൽ ജോലിയുടെ സൗകര്യം കരുതി അപ്പോൾ ഉള്ള ഏർപ്പാടുകളെ മാററുന്നതു അനഭിലഷണീയം എന്നു വിചാരിച്ചു.

(ഡി) ഉണ്ടു.

ജോലിയുടെ അത്യാവശ്യംനിമിത്തം സബ്‌രജിസ്ട്രാർമാരുടെ നിയമനം.

൮൫. മി. എം. ജെ. ജാൺ (വൈക്കം): (എ) (എ) ഇപ്പോഴത്തെ രെജിസ്ട്രേഷൻ ഡയറക്ടർ ഓരോ സമുദായത്തിൽനിന്നു നിയമിച്ചിട്ടുള്ള സബ്‌രജിസ്ട്രാർമാരുടെ എണ്ണം കാണിക്കുന്ന പട്ടികയും,

(ബി) ഇപ്പോഴത്തെ ഡയറക്ടർ ഡിപ്പാർട്ട്മെൻറിൽനിന്നു നിയമിച്ചിട്ടുള്ള സബ്‌രജിസ്ട്രാർമാരുടെ എണ്ണം ജാതിതിരിച്ചു കാണിക്കുന്നപട്ടികയും മേശപ്പുറത്തു ഗവർമെണ്ടു ദയവായി വയ്ക്കുമോ?

(സി) സുറിയാനിക്കാരും ലത്തീൻകാരും ഉൾപ്പെടെ യോഗ്യതയുള്ള റോമൻകത്തോലിക്കരിൽനിന്നു എത്ര അപേക്ഷകൾകിട്ടിയിരുന്നുഎന്നും അവരിൽനിന്നും എത്രപേരെ നിയമിച്ചിട്ടുണ്ടുഎന്നും സദയം ഗവർമ്മെണ്ടു പറയുമോ?

മി. കെ. ജാർജ് (ഗവർമ്മെണ്ടു ചീഫ്സെക്രട്ടറി): (എ) വിവരം കാണിക്കുന്ന ഒരു പട്ടിക മേശപ്പുറത്തു വച്ചിരിക്കുന്നു.

(ബി) എല്ലാ സബ്‌രെജിസ്ട്രാർമാരെയും ഡിപ്പാർട്ടുമെണ്ടിൽനിന്നുതന്നെയാണ് നിയമിച്ചിട്ടുള്ളതു.

(സി) സുറിയാനികൾ ഉൾപ്പെടെ റോമൻകത്തോലിക്കരിൽനിന്നു ൪൦ അപേക്ഷകൾ കിട്ടി. രെജിസ്ട്രേഷൻടെസ്റ്റ് ഹയർഗ്രേഡ് പാസ്സായിട്ടുള്ളവരേയും ഡിപ്പാർട്ടുമെണ്ടിൽ ഏതാനുംകാലം ജോലിനോക്കീട്ടുള്ളവരേയും മാത്രമേ സബ്‌രെജിസ്ട്രാരായി നേരിട്ടു നിയമിക്കയുള്ളു എന്നുള്ളതുകൊണ്ടു അവരാരേയും നിയമിച്ചില്ല; എന്നാൽ അവരിൽ നാലുപേരെ ക്ലാർക്കുജീവനത്തിൽ എടുത്തു. മൂന്നുപേരെ ക്ലാർക്കുമാരായും ഒരാളെ പ്രൊബേഷനറി സബ്‌രെജിസ്ട്രാരായും എടുത്തു.

മി. എ. ജെ. ജാൺ (വൈക്കം): സബ്‌രെജിസ്ട്രാർമാരുടെ ഇടയിൽ എത്ര കത്തോലിക്കരാണ് ഉണ്ട് എന്നു പറഞ്ഞുതരാമോ?

മി. കെ. ജാർജ് (ഗവർമ്മെണ്ടു ചീഫ്സെക്രട്ടറി): ആ വിവരം ഇവിടെയില്ല.

മി. എ. ജെ. ജാൺ (വൈക്കം): എന്റെ പ്രശ്നം ഇപ്രകാരമാണ്.

"ഇപ്പോഴത്തെ രജിസ്ട്രേഷൻ ഡയറക്ടർ ഓരോ സമുദായത്തിൽനിന്നും നിയമിച്ചിട്ടുള്ള സബ്‌രജിസ്ട്രാർമാരുടെ എണ്ണം കാണിക്കുന്ന പട്ടിക ഗവർമ്മെണ്ടു സദയം മേശപ്പുറത്തുവയ്ക്കുമോ?"

എന്റെ പ്രശ്നത്തിന്റെ ആ ഭാഗത്തിനു വല്ല മറുപടിയും പറഞ്ഞിട്ടുണ്ടോ എന്നു അറിയേണ്ടിയിരിക്കുന്നു.

മി. കെ. ജാർജ് (ഗവർമ്മെണ്ടു ചീഫ്സെക്രട്ടറി): ഒരു പട്ടിക മേശപ്പുറത്തുവച്ചിട്ടുണ്ട്.

മി. എ. ജെ. ജാൺ (വൈക്കം): കത്തോലിക്കരുടെ എണ്ണം പ്രത്യേകം തിരിച്ചുകാണിക്കാത്തതു എന്തുകൊണ്ടുഎന്നു അറിയേണ്ടിയിരിക്കുന്നു.

മി. കെ. ജാർജ് (ഗവർമ്മെണ്ടു ചീഫ്സെക്രട്ടറി): ആ വിവരം കിട്ടീട്ടില്ല.

മി. എ. ജെ. ജാൺ (വൈക്കം): എന്റെ ചോദ്യം രജിസ്ട്രേഷൻഡയറക്ടർ മനസ്സിലാക്കീട്ടില്ല എന്നു ഞാൻ ധരിച്ചുകൊള്ളട്ടെയൊ?

മി. കെ. ജാർജ് (ഗവർമ്മെണ്ടു ചീഫ്സെക്രട്ടറി). ആദ്യമായിത്തന്നെ ഒരാളെ ഡിപ്പാർട്ടുമെണ്ടിൽ നിയമിക്കുന്നതിനു സമ്മതിച്ചിട്ടുണ്ട്. എന്നാൽ ആദ്യമായിത്തന്നെ സബ്‌രെജിസ്ട്രാരായി നിയമനം ഉണ്ടായിട്ടില്ല.

മി. എ. ജെ. ജാൺ (വൈക്കം): അങ്ങനെ വേണമെന്നു ചട്ടമൊ ആജ്ഞയോ ഉണ്ടോ?

മി. കെ. ജാർജ് (ഗവർമ്മെണ്ടു ചീഫ്സെക്രട്ടറി): ആ മറുപടിയിൽ വിവരിച്ചിട്ടുണ്ട്. ഒരാളെ സബ്‌രെജിസ്ട്രാരായി നിയമിക്കുംമുമ്പെ ചില പരീക്ഷകൾ ജയിക്കാനുണ്ട്.

മി. എ. ജെ. ജാൺ (വൈക്കം): ഈ പരീക്ഷകൾ ജയിക്കണമെന്നു നിർദ്ദേശിച്ചിട്ടുള്ള സർക്കുലരുടെ തീയതി പറഞ്ഞുതരാമോ?

മി. കെ. ജാർജ് (ഗവർമ്മെണ്ടു ചീഫ്സെക്രട്ടറി): ആ വിവരം ഇപ്പോൾ എന്റെ കൈവശം ഇല്ല.

മി. എ. ജെ. ജാൺ (വൈക്കം): ഈ പരീക്ഷകൾ ജയിച്ചിട്ടുള്ള വല്ല കത്തോലിക്കരും സബ്‌രെജിസ്ട്രാർ ഉദ്യോഗത്തിനു അപേക്ഷിച്ചിട്ടുണ്ടോ?

മി. കെ. ജാർജ് (ഗവർമ്മെണ്ടു ചീഫ്സെക്രട്ടറി): ആ വിവരം ഗവർമ്മെണ്ടിനു അറിഞ്ഞുകൂടാ.

കൃഷ്ണപുരം സബ്‌രെജിസ്ട്രാരുടെ അധികാരാതിർത്തി.

൨൬൯. മി. രാമമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): (എ) മാവേലിക്കരതാലൂക്കിൽ വള്ളിക്കുന്നംപകുതിക്കുള്ള രജിസ്ട്രേഷൻഅധികാരത്തെ കൃഷ്ണപുരത്തെ സബ്‌രെജിസ്ട്രാരിൽനിന്നു നൂറനാട്ടുസബ്‌രെജിസ്ട്രാർക്കു മാറ്റിക്കൊടുക്കാൻ ആജ്ഞാപിച്ചിട്ടുണ്ടോഎന്നും,

(ബി) കൃഷ്ണപുരത്തെസബ്‌രെജിസ്ട്രാർആഫീസിൽ നിന്നു വള്ളിക്കുന്നംപകുതിയുടെ പലഭാഗങ്ങൾക്കും ഉള്ള എത്രയും കൂടുതലായ ദൂരവും എത്രയും കുറവായ ദൂരവും ൪ മൈലോളവും ൨ മൈലോളവുംമാത്രമെ ഉള്ളൂ എന്നിരിക്കെ നൂറനാട്ടു സബ്‌രെജിസ്ട്രാരുടെ ആഫീസിൽനിന്നു അവ യഥാക്രമം ൧൧ മൈലും ൬ മൈലും ആണെന്നു ഗവർമ്മെണ്ടിനു അറിയാമൊഎന്നും,

(സി) വള്ളിക്കുന്നംപകുതിയെ മാവേലിക്കരയിലെ മുൻസിപ്പുകോർട്ടിന്റെയും പോലീസ് സ്റ്റേഷന്റെയും അതിർത്തിയിൽനിന്നും കൃഷ്ണപുരം മുൻസിപ്പുകോർട്ടിന്റെയും കായംകുളം പോലീസ് സ്റ്റേഷന്റെയും അധികാരാതിർത്തിയിലേക്കു മാററികിട്ടണംഎന്നു അപേക്ഷിച്ചുകൊണ്ടു വള്ളിക്കുന്നംപകുതിയിലെ ജനങ്ങൾ ഗവർമ്മെണ്ടിലേക്കു ഹർജികൊടുത്തും അവരുടെ പ്രതിനിധിമുഖേനയും പ്രക്ഷോഭണം നടത്തിവന്നിട്ടുണ്ടുഎന്നും എന്നാൽ ആ പകുതിയിലെ രെജിസ്ട്രേഷൻ അധികാരത്തെ നൂറനാട്ടു സബ്‌രജിസ്ട്രാർക്കു മാററികൊടുക്കണമെന്നു ആ പകുതിയിലെ യാതൊരു നിവാസിയും ഗവർമ്മെണ്ടിലേക്കൊ ഗവർമ്മെണ്ടുദ്യോഗസ്ഥന്മാർക്കൊ ഹർജികൊടുത്തിട്ടില്ലെന്നും ഗവർമ്മെണ്ടിനു അറിയാമോ എന്നും,

(ഡി) രെജിസ്ട്രേഷൻഅധികാരത്തെ മാററിയിരിക്കുന്നതിനെ റദ്ദാക്കണംഎന്നു പ്രാർത്ഥിച്ചുകൊണ്ടു വള്ളിക്കുന്നത്തിലെ ജനങ്ങൾ അയച്ച ഹർജികളെക്കുറിച്ചു എന്തു നടപടിനടത്തിഎന്നും,

(ഇ) വള്ളിക്കുന്നംപകുതിയുടെ രെജിസ്ട്രേഷൻഅധികാരത്തെ മടക്കി കൃഷ്ണപുരം സബ്‌രെജിസ്ട്രാർക്കു കൊടുക്കുമൊഎന്നും ഗവർമ്മെണ്ടു സദയം പറയുമോ?

മി. കെ. ജാർജ് (ഗവർമ്മെണ്ടു ചീഫ്സെക്രട്ടറി): (എ) ഉണ്ട്.

(ബി) വള്ളിക്കുന്നംപകുതിയിലെ ഒരററത്തേക്കു കൃഷ്ണപുരത്തിൽനിന്നു എത്രയും കുറഞ്ഞ ദൂരം രണ്ടു മൈൽആയിരിക്കാം. എന്നാൽ മറെറഅററത്തുനിന്നു എത്രയും അകന്ന ദൂരം നിങ്ങൾ പറഞ്ഞതുപോലെ

* V അനുബന്ധം നോക്കുക.

ടമെൽഅല്ല. ഈ പകുതിയുടെ മിക്കഭാഗവും കൃഷ്ണപുരത്തിനോടു സമീപിച്ചിരിക്കുന്നതിനേക്കാൾ അധികമായി നൂറനാട്ടിനു സമീപിച്ചിരിക്കുന്നു. ഈ പകുതിയിലെ പടിഞ്ഞാറെയററത്തു പാർക്കുന്നവർക്കൊഴികെ അധികാരമാറ്റം ഭൂരിപക്ഷം നിവാസികൾക്കും സൌകര്യപ്രദമാണ്.

(സി) (ഡി) (ഇ) ചില ഹർജികൾ കിട്ടീട്ടുണ്ട്. അനുഭവിക്കുന്നതായി വാദിക്കുന്ന ക്ലേശങ്ങളെ കുറയ്ക്കണം എന്നുള്ള ഉദ്ദേശത്തോടുകൂടി അധികാരാതിർത്തിയിൽ വല്ല മാററവും പ്രയോജനകരമായി വരുത്താമോ എന്നു ആലോചിക്കുവാൻ ഗവണ്മെൻറു ഉദ്ദേശിക്കുന്നു.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): (ബി) ഭാഗത്തിനുള്ള മറുപടിയിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു.

"ഈ പകുതിയുടെ മിക്കഭാഗവും കൃഷ്ണപുരത്തോടു സമീപിച്ചിരിക്കുന്നതിനേക്കാൾ അധികമായി നൂറനാട്ടിനു സമീപിച്ചിരിക്കുന്നു. ഈ പകുതിയിലെ പടിഞ്ഞാറെയററത്തു പാർക്കുന്നവർക്കൊഴികെ ഭൂരിപക്ഷം നിവാസികൾക്കും ഈ മാററം സൌകര്യപ്രദമാണ്"

എന്നു പറഞ്ഞിരിക്കുന്നതിനെസംബന്ധിച്ചു ഈവിധം അധികാരാതിർത്തി മാററണംഎന്നു ആ പകുതിയിലെ ജനങ്ങളിൽ വല്ലവരും അപേക്ഷിച്ചിട്ടുണ്ടോ എന്നു അറിയേണ്ടിയിരിക്കുന്നു.

മി. കെ. ജാർജ് (ഗവണ്മെൻറു ചീഫ് സെക്രട്ടറി): ഉണ്ട്. പകുതിയിലെ ഏതുഭാഗത്തുനിന്നാണു ഹർജികൾ വന്നിട്ടുള്ളതു എന്നു ഞങ്ങൾക്കു അറിയാൻ പാടില്ല എന്നുവരികിലും ജനങ്ങളിൽനിന്നു ഹർജികൾ ഞങ്ങൾക്കു കിട്ടീട്ടുണ്ട്.

മാവേലിക്കര നഗരത്തിന്റെ കിഴക്കുള്ള ശ്മശാനം.

൨൭. മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): മാവേലിക്കര നഗരത്തിന്റെ കിഴക്കെഅതിർത്തിക്കടുത്തുള്ളതും മാവേലിക്കര ആശുപത്രിയിൽനിന്നു ശവങ്ങൾ അടക്കംചെയ്യുന്നതിനു ഉപയോഗിച്ചുവരുന്നതും ൧൯൨൭ അക്ടോബർ ൨൮-ാം നു- ൧-ാംനംബർ പരസ്യത്തിൽ ൧൮-ാംനംബർആയി ചേർത്തിട്ടുള്ള എന്റെ പ്രശ്നത്തിൽ പ്രസ്താവിച്ചിരുന്നതുംആയ ശ്മശാനത്തിനുചുററും മതിൽകെട്ടി അടയ്ക്കുന്നതിനു അതിന്റെ ശുചീകരണത്തിനും അതിനെസുരക്ഷിതമായി പരിപാലിക്കുന്നതിനും എന്തു പ്രവൃത്തി ഗവണ്മെൻറു ചെയ്തുഎന്നു സദയാ പറയുമോ?

മി. കെ. ജാർജ് (ഗവണ്മെൻറു ചീഫ് സെക്രട്ടറി): ഇക്കാര്യം മെഡിക്കൽ സർവീസസ് അഡ്മിനിസ്ത്രേട്ടീവ്ബോർഡുമായി എഴുത്തുകുത്തിൽ ഇരിക്കുന്നു.

സബ്‌രജിസ്ത്രാർ കച്ചേരികളിൽ ആധാരം രജിസ്തരാക്കൽ.

൨൮. മി. ജി. നാരായണപിള്ള (തിരുവല്ലാ): (എ) രജിസ്തർചെയ്യാനായി ഹാജരാക്കുന്ന ആധാരങ്ങൾ അനേകങ്ങളും രജിസ്തർകച്ചേരിയിൽനിന്നു അതേദിവസംതന്നെ മടക്കികൊടുക്കാറില്ലാ എന്നു ഗവണ്മെൻറിനു അറിയാമോഎന്നും,

(ബി) ഓരോദിവസവുംഎത്ര ആധാരം രജിസ്തരാക്കാൻ കഴിയുമോ അത്രയുംഎണ്ണം മാത്രമേ സ്വീകരിക്കാവുഎന്നു സബ്‌രജിസ്ത്രാർമാരോടു ആജ്ഞാപിച്ചിട്ടില്ലയോ എന്നും,

(സി) അങ്ങനെയുണ്ടെങ്കിൽ ഒരു സബ്‌രജിസ്ത്രാർ ഓരോദിവസവും സ്വീകരിക്കേണ്ടതായ ആധാരങ്ങളുടെഎണ്ണം ഇത്രഎന്നു നിർണ്ണയിക്കുന്നതിനുള്ള ലക്ഷണം എന്തെന്നും,

(ഡി) ഒരു സബ്‌രജിസ്ത്രാർആഫീസിലെ ഒരു ക്ലാർക്കു ദിവസേന പകർത്തി എഴുതേണ്ട വശങ്ങളുടെ എണ്ണത്തിനു അതിരുണ്ടോ എന്നും,

(ഇ) സബ്‌രജിസ്ത്രാർ ആഫീസുകളിൽനിന്നു ഡിസ്ത്രിക്ട്‌രജിസ്ത്രാർമാർക്കു അയക്കുന്ന ആധാരങ്ങളുടെ സൂചീപത്രങ്ങളുടെ പകർപ്പുകളെ എന്തുവിധം ഉപയോഗിച്ചുവരുന്നു എന്നും,

ഗവണ്മെൻറു സദയംപറയുമോ?

മി. കെ. ജാർജ് (ഗവണ്മെൻറു ചീഫ് സെക്രട്ടറി): (എ) ഗവണ്മെൻറിനു അറിഞ്ഞുകൂടാ.

(ബി) ഓരോദിവസവും അംഗീകരിക്കേണ്ട ആധാരങ്ങളുടെ എണ്ണത്തിനു യാതൊരു ക്ലിപ്തവും ആജ്ഞാപിച്ചിട്ടില്ല. അതേദിവസംതന്നെ പ്രാരംഭവിചാരണ പൂർത്തിയാക്കാവുന്നിടത്തോളം എണ്ണം ആധാരങ്ങൾ സബ്‌രജിസ്ത്രാർമാർ അംഗീകരിക്കണംഎന്നു പ്രതീക്ഷിച്ചിരിക്കുന്നു.

(ഡി) ആവിധം ക്ലിപ്തംഇല്ല.

(ഇ) ഡിസ്ത്രിക്ട് രജിസ്ത്രാർ ആഫീസുകളിൽ പരിശോധനകഴിഞ്ഞതിൽപിന്നീടു അവയെ സെൻട്രൽറിക്കാർഡ്സ് ആഫീസിൽ ഡ്യൂപ്ലിക്കേറ്റായി സൂക്ഷിച്ചുവരുന്നു.

ആദായനികുതികൊടുക്കുന്നവരുടെ ജാതിവിവരംതിരിച്ചുള്ള പട്ടിക.

൨൯. മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): ൧൦൯൯ മുതൽ ൧൧൦൧ വരെ കഴിഞ്ഞമൂന്നുകൊല്ലങ്ങൾക്കിടയിൽ ആദായനികുതികൊടുത്തവരുടെ ജാതിതിരിച്ചുള്ള ഒരു പട്ടിക ഗവണ്മെൻറു സദയം മേശപ്പുറത്തു വയ്ക്കുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): മെംബർ ആവശ്യപ്പെടുന്ന വിവരം ആദായനികുതി കലക്ടർമാരുടെ ആഫീസുകളിൽ ലഭ്യമായ റിക്കാർഡുകളിൽനിന്നു ശേഖരിക്കുന്നതു ശക്യമല്ല.

അത്രക്കററിയിൽ ആശുപത്രി.

മി. ശിവരാമപ്പണിക്കർ (ചേർത്തല): (എ) അത്രക്കററിയിൽ ഉള്ള ആശുപത്രിയെ തൈക്കാട്ടുശേരിക്കു മാററിയിടുന്നതിനു ആലോചനയുണ്ടോ എന്നും,

(ബി) തങ്ങളുടെ ഇടയിൽനിന്നു ആശുപത്രി എടുത്തുകളയരുതുഎന്നു അപേക്ഷിച്ചുകൊണ്ടു അത്രക്കററിയിലും സമീപസ്ഥലങ്ങളിലുംഉള്ള ജനങ്ങളിൽനിന്നു ഹർജികൾ ഗവണ്മെൻറിനു കിട്ടീട്ടുണ്ടോ എന്നും,

(സി) (i) ചേർത്തലയിലെ ആശുപത്രിക്കു തൈക്കാട്ടുശേരിയിൽനിന്നു ൫ മൈലും വൈക്കത്തെ ആശുപത്രിക്കു മൂന്നു മൈലും ദൂരമേയുള്ളു എന്നും,

(ii) അരൂക്കുറ്റി ചേർത്തലയിൽനിന്നു പതിമൂന്നു മൈലും വൈക്കത്തുനിന്നു പത്തു മൈലും അകലെ ആണെന്നും,

(iii) ഈ ആശുപത്രി അരൂർ, പെരുമ്പളം (ദ്വീപം) അരൂക്കുറ്റി തൃച്ചാററുകുളം പാണാവള്ളി എന്നീ ദിക്കുകളിലെ ജനങ്ങളുടെ ആവശ്യങ്ങളെ സാധിപ്പിക്കുന്നു എന്നും,

(iv) അരൂക്കുററി സംസ്ഥാനത്തിന്റെ അതിർത്തിയിലാകയാൽ അതിന്റെ പ്രാധാന്യവും ഗവണ്മെന്റിനു അറിയാമോ എന്നും, ഗവണ്മെന്റു സദയം പറയുമോ?

മി. കെ. ജാർജ് (ഗവണ്മെന്റു ചീഫ് സെക്രട്ടറി): (എ) ആശുപത്രിയെ അരൂക്കുററിയിൽനിന്നു തൈക്കാട്ടുശേരിക്കു മാററുവാൻ ആലോചന ഇപ്പോൾ ഇല്ല.

(ബി)-യും (സി)-യും (എ) ഭാഗത്തിനുള്ള മറുപടിയിൽനിന്നു ഈ പ്രശ്നങ്ങൾ ഉത്ഭവിക്കുന്നില്ല എന്നു കാണാം.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): (എ) ഭാഗത്തിനുള്ള മറുപടിയിൽനിന്നു കുറെകാലം കഴിഞ്ഞു അരൂക്കുററിയിൽനിന്നു ആശുപത്രി മാററുന്നതായിരിക്കും എന്നു ഞാൻ മനസിലാക്കട്ടെയോ?

മി. കെ. ജാർജ് (ഗവർണ്മെണ്ടു ചീഫ് സെക്രട്ടറി): അതു പോലെയൊന്നും ഞങ്ങൾക്കു തീർച്ചപ്പെടുത്തി മുൻകൂട്ടി പറയാൻ കഴിയുകയില്ല. ആ അഡ്മിനിസ്ട്രേറ്റിവ് ബോർഡിന്റെ ശുപാർശയെ ആശ്രയിച്ചിരിക്കുന്നു, അതിനെക്കുറിച്ചു അവർ വല്ല ഉപദേശവും അയക്കുന്നതായാൽ ഈ പ്രശ്നം ആലോചനക്കായി എടുക്കുന്നതാണ്.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ആശുപത്രിക്കു ആവശ്യം തൈക്കാട്ടുശേരിയെക്കാൾ അരൂക്കുററിയിൽ ആണെന്നു ഗവർണ്മെണ്ടിനു ബോദ്ധ്യം വന്നിട്ടുണ്ടോ?

മി. കെ. ജാർജ് (ഗവർണ്മെണ്ടു ചീഫ് സെക്രട്ടറി): ഈ സ്ഥലങ്ങളുടെ യോഗ്യതകളുടെ താരതമ്യവിവേചനം ഗവർണ്മെണ്ടു നടത്തിട്ടില്ല.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഗവർണ്മെണ്ട് ഇക്കാര്യത്തെ അന്വേഷിക്കുമോ?

മി. കെ. ജാർജ് (ഗവർണ്മെണ്ട് ചീഫ് സെക്രട്ടറി): ഇപ്പോൾ അന്വേഷിക്കേണ്ട ആവശ്യം ഇല്ല.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ആവശ്യം ജനിക്കുമ്പോൾ ഗവർണ്മെണ്ട് ഈ കാര്യത്തെക്കുറിച്ചു അന്വേഷിക്കുമൊ എന്നു പറയുമോ?

മി. കെ. ജാർജ് (ഗവർണ്മെണ്ട് ചീഫ് സെക്രട്ടറി): അങ്ങനെ ചെയ്യാം.

അനുബന്ധം 1.

൫൧-ാംനമ്പർ ചോദ്യത്തിനുള്ള മറുപടിനോക്കുക.

പതിച്ചു കൊടുത്തതായി കോതയാർ പ്രാജക്ടിൽ ഉൾപ്പെട്ട ചില കുളങ്ങളുടെ കരംസംബന്ധിച്ചുള്ള വിവരം കാണിക്കുന്ന പട്ടിക

ക്രമനംബർ	താലൂക്കിന്റെപേർ	പകുതിയുടെ പേർ	ലേലത്തിൽ വിററതോ പതിച്ചുകൊടുത്തതോ ആയ കുളത്തിന്റെ പേരു	കുളത്തിന്റെ വിസ്താരം		ലേലംചെയ്തതോ പതിച്ചു കൊടുക്കുകയോ ചെയ്യുംമുമ്പു ചുമത്തിയിരുന്ന കരം			ലേലത്തിൽ വില്ക്കുകയോ പതിച്ചുകൊടുക്കുകയോ ചെയ്തതിനെ നിന്നുണ്ടായ തുക			ചുമത്തിയിരുന്ന കരത്തിൻവരുത്തിയ കുറവു			കുറച്ചതിൽ പിന്നീടു ചുമത്തിയകരത്തിന്റെ തുക		
				ഏ.	സെ.	രൂ.	ച.	കാ.	രൂ.	ച.	കാ.	രൂ.	ച.	കാ.	രൂ.	ച.	കാ.
൧		കന്യാകുമാരി	കണ്ണാൻകുളം	൨൦	൮൩	൫൫൧	൨൦	൦	൭൬൮൪	൨൩	൦	൪൬൪	൧൪	൧൧	൮൫	൫	൫
൨		ഷി	വിനായകർപുത്തേരി	൨൦	൮൧	൫൫൧	൫	൧	൮൪൭൩	൧൮	൮	൪൬൪	൨	൩	൮൭	൨	൧൪
൩	അഗസ്തീശ്വരം	തേരൂർ	ശവയാർകുളം	൩൪	൮൮	൮൮൮	൨൭	൫	൨൦൪൨൩	൮	൮	൭൭൭	൨൩	൧൪	൧൨൧	൩	൭
൪		ഷി	ത്രിവിക്രമനേരികുളം	൨൮	൩൦	൭൨൧	൭	൧൦	൧൯൪൨൩	൬	൦	൬൩൧	൩	൨	൯൦	൪	൮
൫		പരിവീശ്വരം	കൊടത്താൻകുളം	൩൪	൩൩	൮൭൪	൨൬	൧൨	൬൫൬൪൧	൬	൧൦	൭൬൫	൧൬	൬	൧൦൯	൧൦	൬
൬		നാഗരുകോവിൽ	ഷി	൧	൯൬	൪൯	൨൬	൧൦	൮൫൫൦	൦	൦	൪൩	൧൯	൧൧	൬	൬	൧൫
൭	കൽക്കുളം	തിരുവിതാംകോട്ട	കിടാച്ചികുളം	൨	൬൫	൫൬	൫	൭	൩൦൫൩	൧൬	൦	൫൪	൨	൦	൧	൨൫	൭

അനുബന്ധം II.

൫൨-ാംനമ്പർചോദ്യത്തിന്റെ മറുപടി നോക്കുക,

ഹൈക്കോർട്ടുഡെപ്യൂട്ടി രജിസ്ത്രാർ ഉദ്യോഗത്തിനുള്ള അപേക്ഷകന്മാരുടെ ലിസ്റ്റ്.

പേരു	ഉദ്യോഗപ്പേരു	ശമ്പളം രൂപ	സർവീസു	വയസ്സ്
മി: എം. നീലകണ്ഠപ്പിള്ള ബി. ഏ. ബി. എൽ.	ഹെഡ്സർക്കാർ വക്കീൽ ആഫീസു സൂപ്രേണ്ടു	൧൨൫	ഏകദേശം ൧൩കൊല്ലം	൧൦൫൩-൭-൨൦-നു ജനിച്ചു സിവിൽലിസ്റ്റ് ൭൦-ാംവശം.
മി. എൻ. നാരായണയ്യർ ബി. ഏ. ബി. എൽ.	ഹെഡ്സർക്കാർവക്കീൽ ആഫീസു ഹെഡ്ക്ലാർക്ക	൧൦൦	ഏകദേശം ൧൮കൊല്ലം	പറഞ്ഞിട്ടില്ല.

അനുബന്ധം III.

൫൪-ാംനമ്പർ ചോദ്യത്തിനുള്ള മറുപടി നോക്കുക,

സഹായധനം വാങ്ങുന്ന വ്യവസായപാഠശാലകളുടെലിസ്റ്റ്.

നമ്പർ	പാഠശാലയുടെ പേർ	താലൂക്ക	മാനേജരുടെ പേർ
൧	ഭഗവതിവിലാസം നെയ്ത്തുപാഠശാല, കന്യാകുമാരി	അഗസ്തീശ്വരം	മിസ്റ്റർ പി. കൃഷ്ണയ്യർ
൨	ശ്രീകൃഷ്ണവിലാസം നെയ്ത്തുപാഠശാല വടശേരി	ടി	,, ആർ. സുബ്രഹ്മണ്യം
൩	പുത്തളം ആർഫനെജ് വ്യവസായപാഠശാല	ടി	റെവ: എസ്. വേദമണി
൪	നെയ്യൂർനെയ്ത്തു ഇൻസ്റ്റിറ്റ്യൂട്ട	കൽക്കുളം	മിസ്റ്റർ പി. കൃഷ്ണപിള്ള
൫	ജിസസ്സെക്രഡ് ഹാർട് നെയ്ത്തുപാഠശാല	വിളവങ്കോട	റെവ: ഫാദർ ഇഗ്നേഷിയസ
൬	വൈ. എം. സി. എ. വ്യവസായപ്പാഠശാല മാർത്താണ്ഡം	ടി	മിസ്റ്റർ പി. യേശുദാസ്
൭	പരിശുദ്ധവക്കൽ നെയ്ത്തുപാഠശാല	നെയ്യാറ്റിൻകര	,, മോസസ് ഇസ്രേൽ
൮	തിരുപ്പുറം ടി	ടി	,, എം. ജോസഫ്
൯	ചാതിനെ ടി	ടി	,, പി. ആർ. വില്യം
൧൦	കൊടിങ്കര ടി	ടി	,, എ. ആൻ. ഡ്രൈസു
൧൧	ശ്രീ വേലായുധവിലാസം നെയ്ത്തുപാഠശാല അരുമാനൂർ	ടി	,, കെ. വേലായുധപ്പണിക്കർ
൧൨	ചെമ്പൂർനെയ്ത്തുപാഠശാല	ടി	,, എ. ജഗന്നാഥൻ
൧൩	സെൻറജോസഫ്നെയ്ത്തുപാഠശാല പുല്ലുവള	ടി	,, എം. ഏലിയാസ്റോച്ച്
൧൪	മലയിൻകീഴ് ശ്രീകൃഷ്ണവിലാസം നെയ്ത്തുപാഠശാല	ടി	,, കെ. പത്മനാഭപിള്ള
൧൫	മുളയ്ക്കോട്ട നെയ്ത്തുപാഠശാല	ടി	,, ബി. നല്ലതമ്പി
൧൬	സെൻറജോസഫ് വ്യവസായപാഠശാല വഴിയതുറ	തിരുവനന്തപുരം	,, എം. സി. പെരേര
൧൭	ആർ. ടി. ഡ്രായിംങ്ങും പെയിൻറിംഗുപാഠശാല	ടി	,, കെ. പത്മനാഭൻതമ്പി

അനുബന്ധം III. (തുടച്ച)

	പാഠശാലയുടെ പേർ	താലൂക്ക	മാനേജരുടെ പേർ
൧൮	ശ്രീരാമവിലാസം നെയ്ത്തുപാഠശാല, കല്ലത്തൂർ	തിരുവനന്തപുരം	മിസ്റ്റർ പി. നാരായണൻ
൧൯	ശ്രീകൃഷ്ണവിലാസം നെയ്ത്തുപാഠശാല, നെടുമങ്ങാട	നെടുമങ്ങാട	,, എ. കൃഷ്ണപിള്ള
൨൦	ആററിങ്ങൽ വീവിംഗ് ഇൻസ്റ്റിറ്റ്യൂട്ട്	ചിറയിൻകീഴ്	,, എസ്. അനന്തകൃഷ്ണയ്യർ
൨൧	ഭഗവതിവിലാസം നെയ്ത്തുപാഠശാല	ടി	,, കെ. ശിവശങ്കരപ്പിള്ള
൨൨	ഷൺമുഖവിലാസം നെയ്ത്തുപാഠശാല, കീഴാററിങ്ങൽ	ടി	,, എം. ശങ്കരപ്പിള്ള
൨൩	കവലയൂർ ശ്രീകൃഷ്ണവിലാസം നെയ്ത്തുപാഠശാല	ടി	,, എൻ. വേലുപ്പിള്ള
൨൪	ശിവഗിരി ശ്രീനാരായണവിലാസം നെയ്ത്തുപാഠശാല, വക്കല	ടി	,, ആർ. സി. പത്മം
൨൫	ശ്രീകൃഷ്ണവിലാസം ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്, പരവൂർ, കൊല്ലം	കൊല്ലം	,, എസ്. കൃഷ്ണൻ
൨൬	മങ്ങാട്ട നെയ്ത്തുപാഠശാല	ടി	,, കൃഷ്ണൻ ആശാരി
൨൭	പെരുമ്പുഴ നെയ്ത്തുപാഠശാല	ടി	,, കെ. ശങ്കരപ്പിള്ള
൨൮	നാസറത്ത് ആർഫനേജ് നെയ്ത്തുപാഠശാല	ടി	റെവ. മദർ പാളീന
൨൯	തഴവാ ആദിത്യവിലാസം പായ് നെയ്ത്തുപാഠശാല	കരുനാഗപ്പള്ളി	മിസ്റ്റർ എ. പത്മനാഭൻനായർ
൩൦	ഓച്ചിറ വ്യവസായപാഠശാല	ടി	൧൫ മെംബർമാർചേർന്ന ഒരു കമ്മിററി
൩൧	ഓണാട്ടുകര നെയ്ത്തുപാഠശാല	മാവേലിക്കര	മിസ്റ്റർ എൻ. രാമൻപിള്ള
൩൨	ഇരവപാ നെയ്ത്തുപാഠശാല, പള്ളിക്കൽ	ടി	,, പി. നാരായണൻഉണ്ണിത്താൻ
൩൩	പള്ളിക്കൽ നെയ്ത്തുപാഠശാല	ടി	,, പി. എൻ. പപ്പുപിള്ള
൩൪	വള്ളിക്കോട്ടം ദേവീവിലാസം ടെക്നിക്കൽ സ്കൂൾ	ടി	,, ജി. നാരായണൻഉണ്ണിത്താൻ
൩൫	ചെന്നിത്തല നെയ്ത്തുപാഠശാല	ടി	,, കെ. എൻ. പത്മനാഭപിള്ള
൩൬	ശങ്കരവിലാസം പെരുമ്പ വ്യവസായപാഠശാല, വെട്ടിക്കവല	കൊട്ടാരക്കര	,, എൻ. കേശവപിള്ള
൩൭	ഗോവിന്ദവിലാസം നെയ്ത്തുപാഠശാല	കുന്നത്തൂർ	,, എൻ. ഗോപാലൻഉണ്ണിത്താൻ
൩൮	സേതു പാർവതിവിലാസം നെയ്ത്തുപാഠശാല, ആലപ്പുഴ	അമ്പലപ്പുഴ	,, എൻ. വേലായുധമേനവൻ
൩൯	സി. എം. എസ്. നെയ്ത്തുപാഠശാല	തിരുവല്ലാ	റെവ. ഡബ്ലിയു. ഫണ്ട്
൪൦	തുരുത്തിക്കാട്ട നെയ്ത്തുപാഠശാല	ടി	മിസ്റ്റർ നാരായണപിള്ള [ക്കർ
൪൧	മുളക്കുഴ പത്മോദയം നെയ്ത്തുപാഠശാല	ടി	,, മൂസ്സത് എസ്. പത്മനാഭപണി
൪൨	തിരുവല്ലാ വ്യവസായപാഠശാല	ടി	,, കെ. എം. മാമ്മൻമാപ്പിള
൪൩	സി. എം. എസ്. വ്യവസായപാഠശാല, കുമ്പനാടം	ചങ്ങനാശേരി	,, എ. എൻ. കുഞ്ഞനാൻ
൪൪	സെൻതോമസ് വ്യവസായപാഠശാല, വാഴപ്പള്ളി	ടി	ബ്ര. ജെക്കബ്
൪൫	ദേവീവിലാസം ടെക്നിക്കൽപാഠശാല, വാഴപ്പള്ളി	ടി	മിസ്റ്റർ എൻ. ഗോവിന്ദമേനവൻ
൪൬	തിരുവെങ്കടപുരം നെയ്ത്തുപാഠശാല	ടി	,, എ. മാധവൻപിള്ള
൪൭	തുറവൂർ നെയ്ത്തുപാഠശാല	ചേർത്തല	,, കെ. ജി. പത്മനാഭപിള്ള
൪൮	തയ്ക്കാട്ടുശേരി കയറവ്യവസായപാഠശാല	ടി	,, ബി. കുഞ്ഞവിരാതരകൻ
൪൯	ഉഴവാ ഭഗവതിവിലാസം നെയ്ത്തുപാഠശാല	ടി	,, കെ. ഗോപാലമേനവൻ
൫൦	സി. എം. എസ്. വ്യവസായപാഠശാല, കോട്ടയം	കോട്ടയം	റെവ. ജി. കെ. ബെഞ്ചമിൻ
൫൧	ചിങ്ങവനം വ്യവസായപാഠശാല, കോട്ടയം	ടി	മിസ്റ്റർ കേളൻ യോഹന്നാൻ
൫൨	കുമാരവിലാസം നെയ്ത്തുപാഠശാല കുമരകം	ടി	,, എം. എൻ. നാരായണമേനവൻ
൫൩	പാമ്പാടി നെയ്ത്തുപാഠശാല	ടി	,, കുഞ്ചർ
൫൪	പുന്നത്തും പഞ്ചസാരവ്യവസായപാഠശാല, ഏറ്റുമാനൂർ	ടി	,, കെ. ഗോവിന്ദപ്പിള്ള

അനുബന്ധം IV.

൭൧-ാം നംബർ ചോദ്യത്തിനുള്ള മറുപടി നോക്കുക.

മോട്ടോർബസ് പരിശോധകന്മാരുടെ ലിസ്റ്റ്

	പേർ	യോഗ്യതകൾ
൧	എച്ച്. ഇ. പാരെട്ട്, എക്സിക്യൂട്ടീവ് എഞ്ചിനീയർ, വർക്ക്ഷാപ്പും സ്റ്റോറും ഡിവിഷൻ, തിരുവനന്തപുരം	എ. എം. ഐ. എം. ഇ.
൨	വി. അരുണാചലം അയ്യർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, കോട്ടയം	ബി. എ., ബി. ഇ., എം. ഇ.
൩	എം. പി. മാണി, എക്സിക്യൂട്ടീവ് എഞ്ചിനീയർ, തിരുവനന്തപുരം	ബി. ഇ., എം. ഇ.
൪	എ. സ്. എസ്. കൃഷ്ണയ്യങ്കാർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, ആലുവാ	ബി. എ., ബി. ഇ. എം. ഇ.
൫	പി. ഹരിഹരയ്യർ, ചീഫ് എഞ്ചിനീയരുടെ പെർസണൽ അസിസ്റ്റന്റ്	ബി. എ., ബി. ഇ., എം. ഇ.
൬	എം. എസ്. ഉരസ്വാമി അയ്യങ്കാർ, അസിസ്റ്റന്റ് എഞ്ചിനീയർ, മൂന്നാർ	ബി. എ., ബി. ഇ., എം. ഇ.
൭	എം. എൻ. പരമേശ്വരക്കുറുപ്പ്, അസിസ്റ്റന്റ് എഞ്ചിനീയർ, ആററിങ്ങൽ	എൽ. എം. ഇ., എ. എം. ഐ. എം. ഇ.
൮	എസ് ശേഷയ്യർ, അസിസ്റ്റന്റ് എഞ്ചിനീയർ, മൂവാററുപുഴ	ബി. എ., ബി. ഇ., എം. ഇ.
൯	കെ. രാജരാജവർമ്മ, അസിസ്റ്റന്റ് എഞ്ചിനീയർ, നാഗരുകോവിൽ	ബി. ഇ. എം. ഇ.
൧൦	എസ്. രാമചന്ദ്രൻ, ആക്ടിംഗ് ഇൻഡസ്ട്രിയൽ എഞ്ചിനീയരും ബായ്ലർ ഇൻസ്പെക്ടരും	ബി. ഇ. എം. ഇ.
൧൧	ജി. കൃഷ്ണപിള്ള, സബ് എഞ്ചിനീയർ, വർക്കഷാപ്പും സ്റ്റോറും ഡിവിഷൻ	
൧൨	എസ്. പെക്കോവർ, എഞ്ചിനീയർ, മോട്ടോർട്രാൻസ്പോർട്ടും എ. യിരിയൻ റൊപ്പുവെയും കമ്പനി, കോട്ടയം	
൧൩	ജെ. ഫ്രാങ്ക്ളിൻ, എഞ്ചിനീയർ, ഹാരിസൺസ് ആൻഡ് ക്രാസ്ഫീൽഡ് കമ്പനി, കൊല്ലം	
൧൪	ആലപ്പുഴ ഡാററാസ്സയിൻ കമ്പനിയിലെ എഞ്ചിനീയർ	

അനുബന്ധം V.

൮൪-ാം നംബർ ചോദ്യത്തിനുള്ള മറുപടി നോക്കുക.

ഇപ്പോഴത്തെ ഡയറക്ടർ നിയമിച്ച സബ്‌രജിസ്ട്രാർമാരുടെ എണ്ണം കാണിക്കുന്ന സ്റ്റേറ്റ്മെണ്ട്.

	സ്ഥിരം	തൽക്കാലം	പകരം
നായർ	൪	൧	...
ബ്രാഹ്മണർ	൨	൨	...
ക്രിസ്ത്യാനികൾ	൩	൧	൨
ഈഴവർ	...	൧	...
മഹമ്മദീയർ	...	...	...
മററുസവർണ്ണഹിന്ദുക്കൾ	൨	...	...
വെള്ളാളർ	൧	...	...

വാദപ്രതിവാദത്തെ മാററിവെക്കുന്നതിനുള്ള ഉപക്ഷേപം.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർ, ഈ സഭയുടെ പ്രവൃത്തിയെ മാററിവെക്കണം എന്നു ഞാൻ അഭിപ്രായപ്പെടുന്നു.

പ്രെസിഡെണ്ട്: ചിറയിൻകീഴ്മെംബർ അയച്ചിട്ടുള്ള ഒരു അറിയിപ്പു ഇതാ എനിക്കു കിട്ടിയിരിക്കുന്നു. ഒരു വിദേശികമ്പനിയുടെ പേരിൽ—ഏതോ ഒരു യൂറോപ്യൻ കമ്പനിയുടെപേരിൽ—അധികം വ്യക്തമായി പറയാം ഒരു ഇംഗ്ലീഷ്കമ്പനിയുടെ പേരിൽ വലിയ വിസ്തീർണ്ണതയിലുള്ള പുതുവൽ ഭൂമിപതിച്ചു കൊടുക്കാനുള്ള ആലോചന എന്നതായ അത്യാവശ്യമായി പൊതുജനപ്രധാനമായ ഒരു നിശ്ചിതകാര്യത്തെക്കുറിച്ചു വാദപ്രതിവാദം നടത്തുന്നതിലേക്കായി ഈ സഭയുടെ പ്രവൃത്തിയെ നിറുത്തിവെക്കണം എന്നു അഭിപ്രായപ്പെടുവാൻ അനുവാദം ഈ അറിയിപ്പിൽ അദ്ദേഹം അപേക്ഷിക്കുന്നു. മി. നീലകണ്ഠപ്പിള്ള ഇപ്രകാരം പറയുന്നു:—

"ഒന്നോ രണ്ടരയോ ലക്ഷം ഏക്കർ എന്ന അത്യധികമായ വിസ്തീർണ്ണപ്രദേശത്തെ ഒരു വിദേശി യൂറോപ്യൻ കമ്പനിക്കു പതിച്ചുകൊടുക്കുന്നതു, വർദ്ധമാനമായ ജനതതിയും പ്രവൃദ്ധമായ തൊഴിലില്ലായ്മയും ആകുന്ന ഗൗരവമായ പ്രശ്നങ്ങളുമായി ഇപ്പോൾ അഭിമുഖീകരിച്ചിരിക്കുന്ന ഈ രാജ്യത്തിലെ ജനങ്ങളെ ജീവഹാനികരമായി ബാധിക്കുന്നതായ ഈ രാജ്യത്തിലെ ശാശ്വതമായ ധനോൽപാദനസ്ഥാനങ്ങളെ അന്യാധീനപ്പെടുത്തുകയാകുന്നു. ഈ വർത്തമാനം ജനങ്ങളുടെ മനസ്സിൽ വലുതായ സംഭ്രമത്തെ ജനിപ്പിച്ചിരിക്കുന്നു. ഗവർന്മെണ്ടു ഇക്കാര്യത്തിൽ ഗൂഢപ്രവൃത്തികളും കമ്പനിയുമായി ഗൂഢാലോചനകളും നടത്തിവരുന്നു. ഈ മഹാജനസഭയുടെ ഗുണദോഷങ്ങളെ പ്രതിപാദിക്കയും ഇക്കാര്യത്തിൽ ജനാഭിപ്രായം വെളിവാക്കിയും ചെയ്തിരുന്നെങ്കിൽ ഗവർന്മെണ്ടു നടത്തിയ നടപടിയെ നിറുത്തുന്നതിനു അശക്തമായി തീരുന്ന വിധത്തിൽ ഒരു ദശയിൽ എത്തത്തക്കവണ്ണം ഗവർന്മെണ്ടു അമിതമായ ധൃതഗതിയിൽ ഇക്കാര്യത്തെ മുന്നോട്ടു തള്ളിക്കൊണ്ടുപോകുന്നു. ദിവാൻ മിസ്റ്റർ വാട്ട്സ് അവധിയിൽ ഇംഗ്ലണ്ടിലേക്കു പോയതിനു സ്വല്പംമുൻപായി ഈ പുത്തൻവസ്തുക്കളെ വിദേശികമ്പനിക്കു പതിച്ചുകൊടുക്കുന്നതിനുള്ള നിർദ്ദേശത്തെപ്പററി സംസാരം ഉണ്ടായിരുന്നു. ഈ പ്രസ്താവം ഈ രാജ്യത്തിൽ വലുതായ ക്ഷോഭത്തെ ജനിപ്പിച്ചതുകൊണ്ടു അതിനെ പ്രതിഷേധിക്കുന്നതു യുക്തമാണെന്നു മിസ്റ്റർ വാട്ട്സ്തന്നെയും വിചാരിച്ചു, ഇംഗ്ലണ്ടിൽ പോയതിൽപിന്നീടു മിസ്റ്റർ വാട്ട്സ് കമ്പനിയിലെ അധികാരസ്ഥന്മാരെ സന്ദർശിച്ചതായും ആധുനിക വിദ്രോഹത്തിന്റെ ആ സാക്ഷണഫലം ആണെന്നും കാണുന്നു. ജനതയുടെ ഇടയിലുള്ള ആശങ്കയെ നീക്കത്തക്കവണ്ണം ഈ സംഗതികളെക്കുറിച്ചു വിവരം വ്യക്തമായി വെളിവാക്കണമെന്നാകുന്നു ഈ അത്യാവശ്യമായ ഉപക്ഷേപത്തിന്റെ ഉദ്ദേശ്യം."

ഇക്കാരണത്താൽ ജനതയുടെ ഇടയിലുള്ള ആശങ്കയെ മാററുന്നതിലേക്കു ഇക്കാര്യങ്ങളെക്കുറിച്ചുള്ള വിവരം വ്യക്തമായി വെളിവാക്കിക്കുന്നതിലേക്കായി ഈ ഉപക്ഷേപം അദ്ദേഹം അവതരിപ്പിച്ചിരിക്കുന്നു.

ആദ്യമായിതന്നെ എനിക്കു പറവാനുള്ളതു സഭയുടെ പ്രവൃത്തിയെ നിറുത്തിവെയ്ക്കുന്നതിനായുള്ള ഉപക്ഷേപത്തിനു നിയമാവലി ചട്ടങ്ങളിലുള്ള വ്യവസ്ഥ വിവരങ്ങൾ അറിയുന്നതിനുള്ള മാർഗ്ഗമല്ല എന്നുള്ളതാണു. വിവരങ്ങൾ അറിയുന്നതിനുള്ള മാർഗ്ഗം പ്രശ്നങ്ങൾ ആണു. ഏതായാലും അതിനെ തടങ്കൽ ചെയ്യുന്നില്ല. ഞങ്ങൾ സ്വല്പമായിട്ടു സാങ്കേതികകാര്യങ്ങളുടെ പിന്നാലെ ശരണം പ്രാപിച്ചു നില്ക്കാൻ പോകുന്നില്ല. മി. നീലകണ്ഠപ്പിള്ളയോടു മാത്രമല്ല ഈ സഭയിലുള്ള മറെറാരാളോടും പുറമെയുള്ള അനേകം ജനങ്ങളോടും ലഭ്യമായ സകലവിവരവും പറയുന്നതിനു എനിക്കു പൂർണ്ണമനസ്സുണ്ടു. രാജ്യകാര്യവിചാരത്തിൽ നേരിട്ടു ബന്ധമുള്ളവരുടെ ഇടയിൽ ഏതെങ്കിലും പ്രച്ഛന്നമായ ഉദ്ദേശവും ഇരിക്കുന്നതോ അവരുടെയിടയിൽ യാതൊരു ഗൂഢവ്യവഹാരങ്ങളോ അപ്രകാശ്യ ശ്രമങ്ങളോ ഇല്ല. എന്നുതന്നെയുമല്ല ഇക്കാര്യം ധനപരിശോധന ബോർഡിന്റെ അഭിപ്രായത്തിനായി അയക്കുകയും അവർ ഇതിന്മേൽ അഭിപ്രായം പറയുകയും ചെയ്തിട്ടുണ്ടു, എന്നു ഞാൻ അറിയിക്കുന്നു. ഈ സംഗതിയെക്കുറിച്ചു ബോർഡിൽ ചെല്ലുമ്പോഴെന്നെ ഏതദ്സംബന്ധമായി ആലോചനകളെക്കുറിച്ചു അന്നത്തെ ബോർഡ്ഗവസ്ഥയും ധുരന്ധരനും സമചിത്തനും ആയ ഈ സഭയിലെ അനേകം സാമാജികന്മാരുടെ ശ്രദ്ധമായ ഹിതോപദേശം ഞാൻ സമ്പാദിച്ചിട്ടുണ്ടു. ആലോചനകളെ വിവരിച്ചു ഇപ്പോൾ ഞാൻ ബോധിപ്പിക്കാം. ഇതിന്റെ പൂർവ്വചരിത്രം ഇതാണു. തിരുവിതാംകോട്ടുകാരനായ ഒരു ധന്യപുരുഷൻ ഒരു ഇംഗ്ലീഷ്കമ്പനിക്കു ഒരുലക്ഷത്തോളം ഏക്കർ വിസ്താരമുള്ളഭൂമി തീറായികൊടുക്കണമെന്നു ഗവർണ്മെന്റിനോടു ചോദിച്ചു. ഇദ്ദേഹം ഇൻഡ്യാക്കാരനായ ഒരുവർത്തകന്റെ പങ്കാളിയായി പ്രവർത്തിക്കുന്നു എന്നു ഞാൻ അറിയുന്നു. ഈ നിർദ്ദേശത്തെ ഞാൻ ഉപേക്ഷിച്ചു എന്ന് മുമ്പെ ഒരു വർഷം ... അതു ദീർഘകാലത്തിനുമുമ്പുതന്നെ ആ അപേക്ഷയ്ക്കു മറുപടിയായി ചീഫ്സെക്രട്ടറി ഇപ്രകാരം എഴുതിഅയച്ചു.

നിർദ്ദിഷ്ടരൂപത്തിൽ സർവ്വസ്വാതന്ത്ര്യാവകാശം നൽകുവാൻ ഇപ്പോൾ ഉപദിഷ്ടമായ നിലയിൽ, ഗവർണ്മെണ്ടിനു സാദ്ധ്യം അല്ല എന്നു ഗവർണ്മെന്റു പ്രസ്താവിക്കുന്നതായി നിങ്ങളുടെ അപേക്ഷയ്ക്കു മറുപടിയായി പറയണമെന്നു ഞാൻ ആജ്ഞാപ്പെട്ടവൻ ആയിരിക്കുന്നു. എന്നുവരികിലും അതിരതിരിച്ചു പ്രത്യേകിച്ചു പറയുന്ന പ്രദേശങ്ങൾ പതിച്ചുകൊടുക്കുന്നതിനു തരിശുഭൂമികൾ പതിച്ചുകൊടുക്കുന്നതിനുള്ള ചട്ടങ്ങൾ അനുസരിച്ചുള്ള അപേക്ഷകളെ സ്വീകരിക്കാൻ ഗവർന്മെണ്ടു സന്നദ്ധം ആയിരിക്കുന്നു. അവ വൃക്ഷങ്ങൾ നിറഞ്ഞുകാണുന്നവസ്ഥയിലാണെങ്കിൽ തടികളുടെ വിലയും ഉപയോഗവും നോക്കേണ്ടതായുണ്ടു.

"എന്നുതന്നെയുമല്ല ആവശ്യത്തെ അടിസ്ഥാനമാക്കി ഉചിതമായ വിധം നിർണ്ണയിക്കുവാൻ ശക്തമാകത്തക്കവണ്ണം പ്രസ്തുത പ്രദേശത്തിന്റെ ലഭ്യതയെക്കുറിച്ചു മതിയായിടത്തോളം പ്രസിദ്ധീകരണം ഇതേവരെ കൊടുത്തിട്ടുമില്ല".

നിങ്ങൾ ഭൂപടത്തിൽ നോക്കുക പ്രസ്തുതപ്രദേശം അനന്വിഷ്ടമായ ഭാഗമായി അടയാളപ്പെടുത്തിയിരിക്കുന്നു, ഒന്നും എഴുതിയിട്ടില്ലാത്തസ്ഥലം ആണു. നിങ്ങൾ പീരുമേട്ടിലേക്കുചെന്നു എട്ടുപത്തുമൈയിൽ ദൂരത്തേക്കു പെരിയാർ തടാകത്തോളം യാത്രചെയ്യുന്നതായാൽ സാംപ്‌ക്രീക് എന്നു വിളിക്കപ്പെടുന്ന ഒരു സ്ഥലത്തു ഒടുവിൽ ചെന്നെത്തും. അവിടെ അനേകംമൈയിലുകൾ നടന്നുപോയാൽ ഒരുതടത്തു എത്താം. അവിടെ രാത്രി താമസിക്കാനായി കൂടാരം അടിക്കണം. പിറേറദിവസം എഴുതിറേറ മൈയിൽകൂടി അനേകം മൈയിലുകൾ നടന്നുചെല്ലുമ്പോൾ പമ്പയാററിൽചെന്നെത്തും. ആ പ്രദേശത്തു യാതൊരുതരത്തിലും റോഡോ പാതയോ തീരെ ഇല്ല. ആനയോ മറെറാ നടന്നുപോയ പാതമാത്രമേ കാണുകയുള്ളു. ആ പാതകളിൽകൂടിയാണ്ടന്നാൽ മുളകൾ തിങ്ങിവളർന്നിരിക്കുന്ന കാടുകളിലും പിന്നീടു മററുസ്ഥലങ്ങളിൽ അനേകംമൈയിലുകളും നിബിഡമായി വൃക്ഷങ്ങൾ നിറഞ്ഞ വനങ്ങളിലും കഴുത്തോളംപൊക്കത്തിൽ പുല്ലു വളർന്നിരിക്കുന്ന പ്രദേശങ്ങളിലുംകൂടി നടന്നുചെല്ലണം. ഇതാണു പ്രസ്തുതസ്ഥലത്തിന്റെ പ്രകൃതി. ഇതു തേയിലയോമറേറാ കൃഷിചെയ്യാൻ കൊള്ളുന്നതാണോഎന്നു എനിക്കു അറിഞ്ഞുകൂടാ. അതെല്ലാം ഇനി അന്വേഷിച്ചു അറിയേണ്ടിയിരിക്കുന്നു.

അപേക്ഷയെ ഉപേക്ഷിച്ചിരിക്കുന്നതായി ചീഫ്സെക്രട്ടറി തെല്ലറഞ്ഞ കത്തു അയച്ചു സ്വല്പകാലംകഴിഞ്ഞപ്പോൾ അത്യാവശ്യമായ സ്വന്തംകാര്യത്തിലേക്കായി എനിക്കു ഇംഗ്ലണ്ടിൽപോകേണ്ടിവന്നു. ഞാൻ അവിടെ താമസിച്ചിരുന്നകാലത്തു തേയിലകൃഷിയിലും തേയിലക്കച്ചവടത്തിലും ഏർപ്പെട്ടിരിക്കുന്ന ഒരുവലി

ഷ്കമ്പനിയിലെ നേതൃസംഘത്തിലെ അദ്ധ്യക്ഷൻ എന്നെ സന്ദർശിക്കാനായിവന്നു. തേയില കൃഷിചെയ്യുന്നതിനു തിരുവിതാംകോട്ടിൽ വസ്തു സമ്പാദിക്കാൻ അവരുടെകമ്പനിക്കു ഇടയാകുമോ എന്നുള്ളപ്രശ്നം അദ്ദേഹംപുറപ്പെടുവിച്ചു. തിരുവിതാംകോട്ടിലെ ജനങ്ങൾക്കു ഈ ഉദ്യമത്തിൽ പങ്കുകൊള്ളുന്നതിനും കിട്ടുന്നലാഭത്തിൽ അവർക്കും ഓഹരികിട്ടത്തക്കവണ്ണം ആ വസ്തുക്കളിൽ ബാദ്ധ്യത അവർക്കുണ്ടായിരിക്കുന്നതിനും വേണ്ടഏർപ്പാടുകൾ ചെയ്താൽ അല്ലാതെ ഇവിടെ വേണ്ടുമ്പാതം ഭൂമി അവർക്കു പതിക്കാൻ ഞാൻ സമ്മതിക്കുകയില്ല എന്നു നേരിട്ടു സ്പഷ്ടമായി അദ്ദേഹത്തിനോടുപറഞ്ഞു. അതിന്മേൽ ഞാൻ പറഞ്ഞവിധത്തിൽ ഒരുനിർദ്ദേശം എഴുതിയുണ്ടാക്കുമോഎന്നു അദ്ദേഹം എന്നോടുചോദിച്ചു. അപ്രകാരം ചെയ്യാൻ ഞാൻ അനുവദിച്ചു. ഫെബ്രുവരി ൨൯-നു അദ്ദേഹം എനിക്കു ഒരു കത്തു് അയച്ചു. അതു് എനിക്കു ആഗസ്റ്റ്മാസത്തിൽ ഇവിടെവച്ചുകിട്ടി. ആ കത്തിൽ അദ്ദേഹം ഇപ്രകാരം പറയുന്നു.

"വിശാലമായ തോതിൽ തേയില ഉണ്ടാക്കുന്നതിൽ ഉള്ള ഗുണത്തിൽ തിരുവിതാംകോട്ടു രാജ്യത്തിലെ സ്വല്പ ധനികരായ ഉടമസ്ഥർക്കും പങ്കുകൊള്ളത്തക്കവണ്ണം ഒരു പദ്ധതി സജ്ജീകരിക്കാൻ ഞങ്ങൾ ശ്രമിക്കണം എന്നുള്ള നിങ്ങളുടെ നിർദ്ദേശത്തെ ഞങ്ങൾ സശ്രദ്ധം പര്യാലോചിച്ചു.

'കൃഷിചെയ്യുന്ന സാധാരണ സംഘങ്ങൾ അവരുടെ സ്വന്തം ഗുണത്തിലേക്കായ്മാത്രം മൂലധനം ചിലവാക്കുന്നവരാകയാൽ അങ്ങിനെയുള്ള പദ്ധതിക്കു ആവിധം ഒരു നയം വിപരീതം ആകുന്നു.

"എന്നുവരികിലും ഞങ്ങളുടെ സംഘം കേവലം കൃഷിക്കാർമാത്രം അല്ല. ഇൻഡ്യയിൽ തേയില വിതരണംചെയ്യുന്നതിലും വില്ക്കുന്നതിലും വലുതായ ബാദ്ധ്യതയുള്ളവരും ആകുന്നു. അതുകൊണ്ടു ഈ പദ്ധതി കൃഷിക്കുപറ്റിയ പ്രദേശങ്ങളെ വനങ്ങളിൽനിന്നു തുറന്നുവിടുന്നതിലും തിരുവിതാംകോട്ടിൽ തേയിലവ്യവസായത്തിൽ താൽപര്യത്തെ ഉജ്ജീവിക്കുന്നതിലും ആ രാജ്യത്തിനുള്ളിൽതന്നെ തേയില ഉപയോഗിക്കലിനെ പ്രേരിപ്പിക്കുന്നതിടയാക്കുന്നതിനുതന്നെയും ഇതു ഇടയാക്കും എന്നുള്ള കാരണത്തിന്മേൽ ഞങ്ങൾ ഈ അഭിപ്രായത്തെ സ്വീകരിക്കയും ചെയ്യുന്നു.

"സ്വല്പ ധനികരായ വസ്തുഉടമസ്ഥന്മാരുടെ സംഗതിയിൽ അത്യന്തം ഗുണകരമായിരിക്കാൻ ഇടയുണ്ട് എന്നു ഞങ്ങൾ വിചാരിക്കുന്ന വിധത്തിൽ ഈ പ്രശ്നത്തിനു ഞങ്ങൾ ആദ്യമായി ഒരു രൂപം ഉണ്ടാക്കയും നിങ്ങൾ പറഞ്ഞ നിർദ്ദേശങ്ങളെ സാധിപ്പിക്കയും ചെയ്തിരിക്കുന്നു".

അവരുടെ സാമാന്യ നിർദ്ദേശങ്ങളുടെ ബാഹ്യരൂപം ഇതാകുന്നു. ഇതിലും സ്വല്പംകൂടി വിവരിച്ചുപറയാം. ലഭ്യമായതേയില കൃഷിപ്രദേശങ്ങളെ ആയിരം ഏക്കർ വീതമുള്ള ഏകമാനങ്ങളായി വിഭജിക്കണം. ആ ഓരോ ഏകമാനഭാഗത്തിലും ഒരു തേയിലപാകശാല ഉണ്ടാക്കുന്നതിനു ഏതാനുംഭാഗം ഉപയോഗപ്പെടുത്തണം. ഇക്കാര്യത്തിൽ ധനപരിപാലനബോർഡിലെ അദ്ധ്യക്ഷനു ഞാൻ അയച്ച ഒരു കത്തു് ഞാൻ നിങ്ങളെ വായിച്ചു കേൾപ്പിക്കാം:—

" * * കൃഷിചെയ്തുണ്ടാക്കയും കൈകാര്യംചെയ്കയും ഉപയോഗയുക്തമാക്കയും ചെയ്യപ്പെടുന്ന അസംസ്കൃതസാധനങ്ങളുടെ അളവു അധികം ആയിരിക്കുന്തോറും സംസ്കരിക്കപ്പെട്ട സാധനത്തിന്റെ ഓരോ ഏകമാനവും ഉണ്ടാക്കുന്നതിനുള്ള ചിലവു കുറഞ്ഞിരിക്കും എന്നു അനുഭവസ്ഥരും കച്ചവടത്തിൽ നോട്ടം ഉള്ളവരും ആയ മെമ്പർമാരോടു ഞാൻ വിവരിച്ചുപറയേണ്ട ആവശ്യമില്ല. അതായതു ൨൦൦ ഏക്കർ സ്ഥലത്തു വിളയുന്ന വിളവിനെ സജ്ജം ആക്കുന്നതിനുള്ള ചിലവു 'എക്സ്' ആയിരുന്നാൽ ൮൦൦ ഏക്കർ സ്ഥലത്തു വിളയുന്ന വിളവിനെ സജ്ജമാക്കുന്നതിനുള്ള ചിലവു, ഫാക്ടറിച്ചിലവുകളെ ഗണിക്കുമ്പോൾ എക്സും അതിനു മൂന്നിലൊരു അംശവും ആയിരിക്കും".

അതുകൊണ്ടു ആദ്യത്തെച്ചിലവിനേയും വിളയിക്കലിനുള്ള ചിലവിനേയും കുറവാക്കി വച്ചിരിക്കുന്നതിലേക്കു അനേകം ഏക്കർ വിസ്താരമുള്ള ഭൂമിയും വിളവുകിട്ടുംഎന്നുള്ള ഉറപ്പും ആവശ്യം ആകുന്നു. അങ്ങിനെ ഇല്ലാതിരുന്നാൽ ഓരോ റാത്തൽ തേയിലയുടെ വില, മത്സരക്കച്ചവടത്തിന്റെ പരിധിക്കുപുറമെ അതിനെ തള്ളത്തക്കവണ്ണം വളരെ വർദ്ധിച്ചുപോകും.

ഇതിലെ അഭിപ്രായം ഇതാകുന്നു. ആയിരം ഏക്കർ ഉള്ള ഓരോ ഏകമാനപ്രദേശത്തിലും കമ്പനിക്കു ൨൦൦ ഏക്കർ സ്ഥലം സ്വന്തമായി ഉണ്ടായിരിക്കും. ബാക്കിയുള്ള ൮൦൦ ഏക്കർ പ്രദേശത്തെയും മേലാൽ നിശ്ചയിക്കുന്ന വിധത്തിൽ ചെറിയ ചെറിയ ഖണ്ഡങ്ങളായി വിഭജിക്കയും അവയിൽ ഓരോന്നിനേയും നമ്മുടെ നാട്ടിൽ ഉള്ള ചെറിയതരം വസ്തുഉടമസ്ഥന്മാർക്കു കിട്ടുകയും ചെയ്യും. ഈ ൧൦൦൦ ഏക്കർ പ്രദേശത്തും വിളയിക്കുന്നതായ തേയിലയെ പാകപ്പെടുത്തത്തക്കവണ്ണം വലുതായ ഒരു ഫാക്ടറി (പാകശാല) തങ്ങളുടെവക ൨൦൦ ഏക്കർ പ്രദേശത്തിനുള്ളിൽ കമ്പനി സ്ഥാപിക്കും: ചെറിയ വസ്തുഉടമസ്ഥന്മാർക്കു തേയിലവിത്തു കൊടുക്കും: തേയിലകൃഷിയുടെ പ്രാരംഭദശയിൽ കമ്പനിയുടെ പരിചയത്തിൽനിന്നുള്ള ഗുണവും അവർക്കു ഉണ്ടായിരിക്കും. ചെറിയവിസ്താരത്തിൽ ഉള്ള ഭൂമികളിൽ തേയില ഉണ്ടായിത്തുടങ്ങുന്നതുവരെ കമ്പനി ഈ ചെറിയ വസ്തുവുടമസ്ഥരെ പണംകൊടുത്തു സഹായിക്കും: ഇല പറിക്കാനുള്ള കാലം വരുമ്പോൾ ചെറിയ വസ്തുവുടമസ്ഥനുവേണ്ടി തേയില പാകംചെയ്യുന്നതിനു കമ്പനി ഏറ്റുകൊള്ളും; പാകപ്പെടുത്തിയതിൽ പിന്നീടു വസ്തുവുടമസ്ഥൻതന്നെ ആ തേയിലഎടുത്തുകൊണ്ടു അയാളുടെ ഇഷ്ടംപോലെയുള്ള സ്ഥലത്തു വില്ക്കാവുന്നതാണ്. അല്ലെങ്കിൽ കമ്പനി അവന്റെ പക്കൽനിന്നു അതു വിലയ്ക്കുകൊള്ളുകയോ അയാൾക്കുവേണ്ടി ഇംഗ്ലണ്ടിൽ ലേലത്തിൽ വില്പിക്കുന്നതിനായി അവിടേയ്ക്കു അയക്കുകയോ ചെയ്യും. ഇവയെല്ലാം ഇനിമേൽ തീർച്ചചെയ്യേണ്ടതായ വിവരസംഗതികൾ ആണ്.

എനിക്കു പറയാനുള്ളതിന്റെ സാരാംശം ഇതാകുന്നു. ആദ്യമായിത്തന്നെ, ഉള്ളസ്ഥലം തേയിലകൃഷിക്കു പറ്റിയതാണോഎന്നു നമുക്കു അറിവാൻ പാടില്ലാത്തതുകൊണ്ടു ആ ഭൂമികൾ എവിടെഎന്നു നാം കണ്ടറിയണം. അതുകൊണ്ടു ഈ പന്നിയാറിന്റെ ഉത്പത്തിസ്ഥാനത്തിനുള്ള പ്രദേശത്തിൽചെന്നു പരിശോധിക്കുന്നതിനും അവ തേയിലകൃഷിക്കു പറ്റിയ ഭൂമികളാണോഎന്നു നോക്കുന്നതിനും ആയി ഒരുകൂട്ടം സർവേക്കാരെ അയക്കണംഎന്നു ഞാൻ വിചാരിക്കുന്നു: സർവേക്കാരുടെ പരിശോധനത്തിന്റെ ഫലം അറിയാനായി നാം കാത്തിരിക്കേണ്ടിയിരിക്കുന്നു. അതുവരെ എന്താണ് നാം കച്ചവടം ചെയ്യേണ്ടതു എന്നു നമുക്കു അറിഞ്ഞുകൂടാ;

കമ്പനിയോടു 'ഉണ്ടു' അല്ലെങ്കിൽ 'ഇല്ല' എന്നു പറയുന്നതിനൊ ഞങ്ങൾ കരാറുചെയ്യാൻ സന്നദ്ധരായിരിക്കുന്നു എന്നു പറയുന്നതിലേയ്ക്കു തന്നെയൊ ഉള്ള നിലയിൽ നാം ഇരിക്കുന്നുമില്ല.

ഈ പദ്ധതിയെക്കുറിച്ചു അഭിപ്രായം പറയാനായി ധനപരിപോഷണബോർഡിൽ അയച്ചതിൽ അവർ താഴെ പറയുംപ്രകാരം പ്രമേയം അനുവദിച്ചു. ഈ പ്രമേയത്തിന്റെ പ്രയോക്താവു ഖാൻസാഹിബ് എം. കെ. കാദർപിള്ളയും അനുവാദകൻ മിസ്റ്റർ സി. പി. മേനോനും ആയിരുന്നു.

"ചെറിയതരം വസ്തുവുടമസ്ഥന്മാർ തേയിലകൃഷി നടത്തുന്നതിനെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ആവശ്യകത ഈ സംഘത്തിനു ബോദ്ധ്യംവന്നിരിക്കുന്നു. ....കമ്പനിക്കാർ നിർദ്ദേശിച്ച പദ്ധതിയുടെ സാമാന്യനീതികളെ പരിശോധനാർത്ഥം അനുവദിക്കയും ചെയ്യുന്നു. എന്നുവരികിലും ഈ പദ്ധതിയുടെ പൂർണ്ണവിവരങ്ങളെ ഒരു വിശേഷാൽ യോഗത്തിൽ സൂക്ഷ്മാലോചന നിർണ്ണയം ചെയ്തു തീർച്ചപ്പെടുത്തുകയും അതിലേയ്ക്കു തേയില വ്യവസായം നടത്തി പരിചയം ഉള്ളവരായ ഏതാനും തിരുവിതാംകോട്ടുകാരെക്കൂടി മെമ്പർമാരായി ചേർക്കുക ചെയ്യണം എന്നുകൂടി ഈ സംഘം വിചാരിക്കുന്നു.

ഏതായാലും ഈ പദ്ധതിയുടെ പര്യാലോചനം വാസ്തവത്തിൽ തിരുവിതാംകോട്ടുകാരുടെ പേരിൽ തേയിലകൃഷിക്കായി സ്ഥലം പതിച്ചുകൊടുക്കുന്നതിനു പ്രതിബന്ധം ആകരുത്". ഭൂരിപക്ഷക്കാരാൽ അനുമതിക്കപ്പെട്ടു, തിരുവിതാംകോട്ടിലെ വസ്തുക്കളെ വിദേശിയരുടെ പേരിൽ പതിച്ചുകൊടുത്തുകൂടാ എന്നുള്ള കാരണത്തിന്മേൽ ഡാക്ടർ മാധവൻപിള്ള മാത്രം വിപരീതമായി അഭിപ്രായം പറഞ്ഞു.

വസ്തുക്കൾ വിദേശികളുടെ പേരിൽ പതിച്ചുകൊടുത്തുകൂടാ എന്നുള്ള ഡാക്ടർ മാധവൻപിള്ളയുടെ ആക്ഷേപത്തെക്കുറിച്ചാകട്ടെ വിദേശികൾക്കു സ്ഥലം പതിച്ചുകൊടുക്കുന്നതിനുള്ള നിർദ്ദേശമേയില്ല എന്നു ഞാൻ അദ്ദേഹത്തിനോടു ഉറപ്പുപറഞ്ഞുകൊള്ളുന്നു. ഭാഗ്യവശാൽ തിരുവിതാംകോട്ടു രാജ്യം ഒരു നൂററിച്ചില്വാനം കൊല്ലങ്ങൾക്കു മുമ്പേതന്നെ ബ്രിട്ടീഷ് സാമ്രാജ്യവുമായി ചേർക്കപ്പെട്ടിരിക്കുന്നു. ഏക രാഷ്ട്രീയവൃക്ഷം രണ്ടുവിധത്തിലുള്ള പൌരത്വത്തെ ജനിപ്പിക്കുന്നതു ശക്യം അല്ല. തിരുവിതാംകോട്ടിലെ ജനങ്ങൾ ഭൂലോകം ഒട്ടുക്കു ബ്രിട്ടീഷ് സാമ്രാജ്യത്തിലെ പ്രജകൾ ആകുന്നു. തൽകാരണത്താൽ ഇവർ ബ്രിട്ടീഷ് സാമ്രാജ്യത്തിലെ മററു അംഗങ്ങളോടുകൂടി ഭ്രാതൃപൌരന്മാരും ആണ്, അതുകൊണ്ടു ബ്രിട്ടീഷ് സാമ്രാജ്യത്തിൽ സർവത്ര പൌരത്വാവകാശങ്ങളിൽ പങ്കുകൊള്ളുന്നതിൽ നിന്നു തിരുവിതാംകോട്ടുകാരെ വിടുത്തിക്കൂടാ എന്നുള്ളതുപോലെതന്നെ സമുദ്രത്തിനപ്പുറം അധിവസിക്കുന്ന ആ ഭ്രാതൃപൌരന്മാരെയും തിരുവിതാംകോട്ടിൽ പൌരത്വാവകാശങ്ങളിൽ പങ്കുകൊള്ളുന്നതിൽ നിന്നു വിടുത്തിക്കൂടാ. അതുകൊണ്ടു ബ്രിട്ടീഷ് പ്രജകൾ ഡാക്ടർ മാധവൻപിള്ള വിചാരിക്കുന്നതുപോലെയുള്ള അർത്ഥത്തിൽ തിരുവിതാംകോട്ടിൽ വിദേശിയർ അല്ല. തിരുവിതാംകോട്ടിനോടു ഈ അപേക്ഷകൾ ചെയ്തിട്ടുള്ളതു ഒരു ഇംഗ്ലീഷ്കമ്പനിയാണ്.

തിരുവിതാംകോട്ടിനു പുറമെനിന്നു വരുന്ന മൂലധനം ആവശ്യം ഇല്ല എന്നു ഒരു ആക്ഷേപം പുറപ്പെടുവിക്കപ്പെട്ടു എന്നു തോന്നുന്നു. ആവിധം ആക്ഷേപം പറയുന്നവരോടു എനിക്കു പറവാനുള്ളതു യുദ്ധത്തിനുമുമ്പിൽ ഉള്ള ജർമ്മനിയുടെയൊ അർജൻറയിൻ രാജ്യത്തിന്റെയൊ മെക്സിക്കോവിലേയൊ മററു അനേകം ദേശങ്ങളുടെയൊ ചരിത്രം പഠിക്കണം എന്നാകുന്നു. വെളിയിൽ ഉള്ള ജനങ്ങൾ തിരുവിതാംകോട്ടിന്റെ പോഷണത്തിനായി ആ രാജ്യത്തിൽ അവരുടെ പണം മുടക്കുവാൻ സമ്മതമുള്ളവരായിരുന്നാൽ തിരുവിതാംകോട്ടുകാർ അതിനെ ഒരു വലിയ പ്രശംസയായും നമ്മുടെ രാജ്യത്തിലുള്ള വിശ്വാസം കാണിക്കുന്നതായും നല്ലതും സുരക്ഷിതവും സുസ്ഥിരവും ആയ ഗവർമ്മെൻറാണുള്ള വസ്തുതയേയും ഈ രാജ്യത്തിന്റെയും അതിലെ ജനങ്ങളുടെയും ആർജ്ജവബുദ്ധിയേയും അംഗീകരിക്കുന്നതായും ഗ്രഹിക്കേണ്ടതാകുന്നു. ഈ രാജ്യത്തിലെ ഉൽപന്നങ്ങളെ പോഷിപ്പിക്കാൻ ഈ രാജ്യത്തിൽതന്നെ മതിയായ മൂലധനം ഇല്ലാത്തതുകൊണ്ടു ഈ രാജ്യത്തിൽ വന്നെത്തുന്നതായ ഓരോ പവനും ഈ രാജ്യം ഉപചാരപൂർവം സ്വീകരിക്കേണ്ടതാണ്".

ഇവ എന്റെ സാമാന്യനിരൂപണങ്ങൾ ആകുന്നു. മിസ്റ്റർ നീലകണ്ഠപ്പിള്ള ഇന്നു പുറപ്പെടുവിച്ചതായ പ്രത്യേകസംഗതിക്കാകട്ടെ ഈ നിർദ്ദേശം ഇപ്പോൾ കേവലം സംഭാഷണരൂപത്തിൽ ഇരിക്കുന്നേയുള്ളു എന്നുള്ളതത്രെ. ഒരു അഭിപ്രായം പറയുന്നതിനൊ മേൽ നടപടി നടത്തുന്നതിനുപോലുമൊ മതിയായ അടിസ്ഥാനങ്ങൾ ഇല്ല. അതുകൊണ്ടു സഭാകാര്യങ്ങൾ മാററിവെക്കേണ്ടതായ ആവശ്യമൊ പൊതുകാര്യമായ അത്യാവശ്യമൊ ഇല്ല. മിസ്റ്റർ കെ. പി. നീലകണ്ഠപ്പിള്ളയും അദ്ദേഹത്തിനെപ്പോലെ അഭിപ്രായം ഉള്ളവരും ആവശ്യപ്പെട്ടിടത്തോളം വിവരം ഞാൻ നൽകീട്ടുണ്ടു എന്നു അവർ സമ്മതിക്കും എന്നു ഞാൻ വിശ്വസിക്കുന്നു. ഇക്കാര്യത്തിൽ ഗൌരവ അത്യാവശ്യം ഇല്ലാത്തതുകൊണ്ടു അത്യാവശ്യമായി പൊതുജനപ്രാധാന്യമുള്ള ഒരു കാര്യത്തിന്റെ വാദപ്രതിവാദത്തിലേക്കായി ഈ സഭയിലെ കാര്യങ്ങളെ നിറുത്തിവെക്കുന്നതിനു സമ്മതിക്കുന്നതായ ചട്ടങ്ങളിലെ വ്യവസ്ഥയെ പ്രയോഗിക്കുന്നതിനു നീതീകരണം ഞാൻ കാണുന്നില്ല. അതുകൊണ്ടു ഈ ഉപക്ഷേപം ഹാജരാക്കുവാൻ മിസ്റ്റർ നീലകണ്ഠപ്പിള്ളക്കു അനുമതി കൊടുക്കാൻ എനിക്കു കഴിവില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): തൽക്കാലത്തേക്കു ഞാൻ സമാധാനംകേട്ടു തൃപ്തിപ്പെടുന്നു.

പ്രസിഡണ്ടു: സമയമാകുമ്പോൾ-ഇതിലേക്കു ഏതാനുംമാസം കഴിയേണ്ടിവരും എന്നു ഞാൻ ശങ്കിക്കുന്നു-തിരുവിതാംകോട്ടിലെ പൊതുജനപ്രതിനിധികളെ സാദ്ധ്യമായ സകല വിവരവും അറിയിക്കുന്നതാണെന്നു, മി. നീലകണ്ഠപ്പിള്ള, ഞാൻ നിങ്ങളോടു ഉറപ്പുപറയുന്നു.

മി. ജി. പരമേശ്വരൻപിള്ള (കേൾക്കുക കേൾക്കുക).

തിരുവിതാംകോട്ടു ഗവർമ്മെൻറ ഗൂഢപ്രവൃത്തികളിൽ വിശ്വസിക്കുന്നില്ല. തത്തുല്യമായിത്തന്നെ ഗൃഹോപരിഭാഗത്തു കയറി ഉൽഘോഷിച്ചുകൊണ്ടു സ്വപ്രവൃത്തികൾ നടത്തുന്നതിലും അവർ വിശ്വസിക്കുന്നില്ല.

നാം ഇപ്പോൾ ഇന്നത്തെ കാര്യം തുടർന്നു നടത്താം.

നിയമനിർമ്മിതി.

തിരുവിതാംകോട്ടു നമ്പൂതിരിബിൽ.

മി. സി. എൻ. ഇട്ടപ്പൻ നമ്പൂതിരി (ജന്മിമാർ): സർ, നമ്പൂതിരിമാരുടെ കുടുംബഭരണത്തെ നിയന്ത്രിക്കുന്നതിനും അനന്തിരവന്മാരുടെ അവകാശങ്ങളെ ക്രമപ്പെടുത്തുന്നതിനും ഉള്ള ഒരു ബിൽ അവതരിപ്പിക്കു

വാൻ ഞാൻ ഈ സഭയുടെ അനുവാദത്തിനു അപേക്ഷിച്ചുകൊള്ളുന്നു. ഞാൻ ഹാജരാക്കാൻ ഉദ്ദേശിക്കുന്ന ബിൽ നമ്പൂതിരി തറവാടുകളുടെ ഭരണത്തെ നന്നാക്കി വ്യവസ്ഥപ്പെടുത്തുവാനും കാരണവന്മാരുടേയും ഇല്ലക്കാരുടേയും അധികാരാവകാശങ്ങളെ നിശ്ചയിച്ചു നിയന്ത്രിക്കയും പിൻതുടർച്ചയെപ്പറ്റി വിവരിക്കയും ചെയ്വാൻ ഉദ്ദേശിക്കപ്പെട്ടിരിക്കുന്നു. നമ്പൂരിസമുദായത്തിന്റെ പ്രാതിനിധ്യം വഹിക്കുന്ന നമ്പൂതിരി യോഗക്ഷേമമഹാസഭ ഈവക തത്വങ്ങളെ സാമാന്യമായി സ്വീകരിച്ചുകൊണ്ടു ഒരു ബിൽ രൂപീകരിക്കാൻ ശ്രമിക്കയും എന്നോടു ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. കാലസ്ഥിതിക്കും സമുദായത്തിന്റെ സത്വരമായ പുരോഗതിക്കും ഈവിധം ഒരു നിയന്ത്രണം നമ്പൂതിരവാടുകൾക്കു അത്യന്താവശ്യകരമാകുന്നെന്നാണു എന്റെ അഭിപ്രായം. സമുദായത്തിലെ പ്രാമാണികന്മാരായ അംഗങ്ങളിൽ പലരും ഈവിധം അഭിപ്രായം പുറപ്പെടുവിച്ചിട്ടും ഉണ്ട്. എന്റെ അന്വേഷണത്തിലും അറിവിലും ബില്ലിന്റെ ആവിർഭാവത്തെ സമുദായം അക്ഷമയോടെ കാത്തുകൊണ്ടിരിക്കയാണ് ചെയ്യുന്നതു്.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): സർ, ബിൽ അവതരിപ്പിക്കുന്നതിനുള്ള അനുവാദത്തിനു വിപരീതാഭിപ്രായം ഉണ്ടായാൽ മാത്രമേ വിവരണമായ പ്രവചനം ആവശ്യപ്പെടുന്നുള്ളു എന്നു ഞാൻ ചൂണ്ടിക്കാണിക്കട്ടെയോ?

പ്രസിഡണ്ടു: അതേ മിസ്റ്റർ തുപ്പൻനമ്പൂതിരി തുടൎന്നു പറഞ്ഞുകൊള്ളട്ടെ.

മി. സി. എൻ. തുപ്പൻനമ്പൂതിരി (ജന്മിമാർ). തറവാട്ടു ഭരണത്തിൽ കാരണവന്മാൎക്കുള്ള അനിയന്ത്രിതമായ അധികാരാവകാശങ്ങൾ മൂലം നമ്പൂതിരി തറവാടുകൾ പ്രായേണ ക്ഷയിച്ചുകൊണ്ടാണ് ഇരിക്കുന്നതു്. ഇല്ലക്കാരുടെ അധികാരാവകാശങ്ങളെ കാരണവന്മാർ സ്വയമായി ഇന്നു അനുവദിച്ചുകൊടുക്കാറില്ല. ഇതുനിമിത്തം ഛിദ്രവും വ്യവഹാരങ്ങളും ആവിർഭവിച്ചിട്ടുള്ള ഇല്ലങ്ങൾ ഇന്നു അവിടെ കാണ്മാനുണ്ട്. അവ്യവസ്ഥിതമായ തറവാട്ടുഭരണംമൂലം അംഗങ്ങളിൽ ഉണ്ടാകേണ്ട പരസ്പരവിശ്വാസവും സഹകരണബോധവും നശിച്ചുവരുന്നു. ഇതിനെ തടഞ്ഞു ഐകമത്യക്ഷേമമായ കൂട്ടുകുടുംബത്തിൽ കാരണവന്മാരേയും അനന്തിരവന്മാരേയും പരസ്പരം സഹകരണബുദ്ധിയോടെ ജീവിപ്പാൻ പര്യാപ്തമായ വ്യവസ്ഥകളെ ഉറപ്പിക്കയാകുന്നു ഈ ബില്ലുകൊണ്ടുദ്ദേശിക്കപ്പെടുന്നതു്. ആദായവിഹിതം അംഗങ്ങൾക്കു അനുഭവിപ്പാറാക്കുന്നതിലും പിൻതുടർച്ചാവകാശത്തെ ഉറപ്പിക്കുന്നതിലും ബില്ലിൽ ചിലവകുപ്പുകൾ അടങ്ങീട്ടുണ്ട്.

ഇപ്പറഞ്ഞ സാമാന്യതത്വങ്ങൾ അടങ്ങീട്ടുള്ള ബില്ലിനെ ഈസഭയുടെ ആലോചനയ്ക്കായി അവതരിപ്പിക്കുവാൻ ഞാൻ അനുവാദം ചോദിച്ചുകൊള്ളുന്നു.

മി. സി. പി. തരകൻ (കുന്നത്തുനാടു): ഞാൻ ഇതിനെ പിൻതാങ്ങുന്നു.

തിരുവിതാംകോട്ടു നമ്പൂതിരിബിൽ ഹാജരാക്കുവാൻ അനുവാദം സഭ മിസ്റ്റർ തുപ്പൻനമ്പൂതിരിക്ക് നൽകുന്നുണ്ടോ എന്നുള്ള പ്രശ്നത്തെക്കുറിച്ചു സഭയുടെ അനുകൂലപ്രതികൂലവോട്ടും നോക്കി അതു അനുവദിക്കപ്പെട്ടു.

നായർറെഗുലേഷനെ ഭേദപ്പെടുത്തുന്നതിനുള്ള ബിൽ.

മി. ടി. രാമൻമേനോൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): സ്വാമിൻ, ൧൧൦൦-ാമാണ്ടത്തെ ൨-ാം റെഗുലേഷൻ ആയ നായർറെഗുലേഷനെ ഭേദപ്പെടുത്തുന്നതിനു ഒരു ബിൽ ഹാജരാക്കുന്നതിനു അനുവാദം കിട്ടണംഎന്നു ഞാൻ അപേക്ഷിക്കുന്നു. ഈ റെഗുലേഷൻ നടപ്പിലായിട്ടു ഇപ്പോൾ ഒരു കൊല്ലവും മൂന്നുമാസവും കാലം കഴിഞ്ഞിരിക്കുന്നു; റെഗുലേഷൻ അനുവദിച്ചിട്ടു ഒരുകൊല്ലവും ഏഴുമാസം കാലവും കഴിഞ്ഞിട്ടുണ്ടു. ഈ റെഗുലേഷനിൽ ഏതാനും ഭേദഗതികൾ ഹാജരാക്കുന്നതിനു അനുവാദത്തിനായി ഞാൻ അപേക്ഷിക്കുന്നതിൽ മഹാറാണി റീജൻറ തിരുമനസ്സിലേക്കും ഗവൺമെൻറിലേക്കും മുമ്പിലത്തെ നിയമസഭയിലെ മെമ്പർമാരുടെ നേർക്കും, ൧൧൦൦-ാമാണ്ടത്തെ ൨-ാമത്തെ റെഗുലേഷൻ ആയ നായർറെഗുലേഷൻ നടപ്പാക്കിയവൎക്കായി എന്റെ നിയോജകമണ്ഡലത്തിനുവേണ്ടി എന്റെ ഹാർദ്ദമായ കൃതജ്ഞതയെ അറിയിക്കേണ്ടതു പ്രഥമതഃ എന്റെ ധൎമ്മം ആണെന്നു എനിക്കു ബോദ്ധ്യപ്പെട്ടിരിക്കുന്നു. ഈ റെഗുലേഷനിൽ ഏതാനുംമാററങ്ങൾ വരുത്തുന്നതിനു അനുവാദത്തിനായുള്ള എന്റെ ഉപക്ഷേപം ഏതൽസംബന്ധമായി മുമ്പിലത്തെ സാമാജികന്മാർ ചെയ്തിട്ടുള്ള സാരവത്തും ഗുണകരവും ആയ പ്രവൃത്തിയെ അഭിനന്ദിക്കുന്നതായ എന്റെ ദൃഢമായ അഭിപ്രായത്തെ യാതൊരുവിധത്തിലും ബാധിക്കുന്നില്ല എന്നു പൂർണ്ണമായി സ്പഷ്ടം ആകണംഎന്നു ഞാൻ ആഗ്രഹിക്കുന്നു. മരുമക്കത്തായം എന്നാൽ പ്രാധാന്യേന സ്വല്പം സ്വല്പമായി അനുഭവത്തിൽനിന്നു കൂടുതൽനന്മ ഉണ്ടാക്കുകയാണ്. എന്റെ ഭേദഗതികൾ എന്റെ നിയോജകമണ്ഡലത്തിലെ ചിലമഹാന്മാരും ഇപ്പോഴത്തെ റെഗുലേഷനിലെ വകുപ്പുകളിൽ മൂന്നുവകുപ്പുകളാൽ ഉണ്ടായതായ കഷ്ടങ്ങളെക്കുറിച്ചു നേരിട്ടു സ്വാനുഭവം സിദ്ധിച്ചവരായ മററുള്ളവരും എന്നോടു നിർബന്ധമായി പറഞ്ഞിട്ടുള്ള ഏതാനുംകാര്യങ്ങളെ മാത്രം സംബന്ധിക്കുന്നവയാണ്.—ഈ കഷ്ടങ്ങൾ ഞാനും നേരിട്ടു അറിഞ്ഞിട്ടുണ്ട്; എന്നുതന്നെയുമല്ല ഈ റെഗുലേഷനിലെ പ്രധാനവ്യവസ്ഥകളെ രൂപീകരിക്കുന്നതിലും പരിരക്ഷിക്കുന്നതിലും പ്രധാന കാരണഭൂതരായിരുന്ന സാമാജികന്മാർ ബില്ലിലെ മൗലങ്ങളായ സിദ്ധാന്തങ്ങളിൽ ചിലവയ്ക്കു ഏതാനും സ്ഥലങ്ങളിൽനിന്നു ഉണ്ടായിരുന്ന വിഘ്നങ്ങളാൽ സ്വപ്രവൃത്തിയിൽ വളരെഅധികം പ്രതിബന്ധിക്കപ്പെട്ടിരുന്നതുകൊണ്ടു ബില്ലിന്റെ അനുവാദകന്മാർ പ്രധാന സിദ്ധാന്തങ്ങളെമാത്രം ശ്രദ്ധിക്കയും സമയമില്ലായ്മയാലും ബിൽ സഭയാൽ അനുവദിക്കപ്പെടാതെ പോകാൻ ഇടയായേക്കുമോ എന്നുള്ള ഭീതിയാലും അനേകം ഭേദഗതികൾ അവർ ഉപേക്ഷിക്കയും ചെയ്യേണ്ടിവന്നു. ഈ അവസ്ഥയിൽ റെഗുലേഷൻ ഏതാനും ഭേദഗതികൾ ആവശ്യപ്പെടുന്നതായ നിലയിൽ ഇരിക്കുന്നു എന്നുള്ളതിൽ ആശ്ചര്യപ്പെടാനില്ല. ഞാൻ ഇപ്പോൾ നിർദ്ദേശിക്കുന്നമാററങ്ങൾ പുത്തനല്ല. ബിൽ നിയമസഭയുടെ പര്യാലോചനയിൽ ഇരുന്നകാലത്തുകൊല്ലത്തുകൂടിയതായ സമസ്തകേരളീയ നായർസമാജത്താൽ ബില്ലിൽ ആവശ്യംഉള്ള മാററങ്ങൾ നിർദ്ദേശിക്കുന്നതിനായി നിയുക്തമായ കമ്മിറ്റിയുടെ റിപ്പോർട്ടിൽ ഇവ ഉൾപ്പെടുത്തിട്ടും ഉണ്ടായിരുന്നു. ഞാൻ മുൻപറഞ്ഞതുപോലെ തൽക്കാലാവശ്യങ്ങൾ നിമിത്തവും എതിർവാദത്തിന്റെയും വിരോധത്തിന്റെയും നിർബന്ധംനിമിത്തവും ഈസഭയിൽ ബില്ലിനെ അനുവദിച്ചവർ ബില്ലിൽ എല്ലാ ഭേദഗതികളേയും നിർബന്ധിച്ചു ഉൾപ്പെടുത്തുന്നതിനു ശക്തരായിരുന്നില്ല.

ഞാൻ നിർദ്ദേശിക്കുന്ന മാററങ്ങളെ ഇപ്പോൾ ഞാൻ ചുരുക്കത്തിൽ വിവരിക്കാം. ഒന്നാമത്തെ ഭേദഗതി ഇതാകുന്നു:—

൧൧൦൦-ാമാണ്ടത്തെ ൨-ാമത്തെ റെഗുലേഷൻ ആയ തിരുവിതാംകോട്ട നായർ റെഗുലേഷനിൽ ൩-ാം വകുപ്പിലെ ൨-ാം ഉപവകുപ്പിൽ വസ്ത്രം എന്നവാക്കുകഴിഞ്ഞു "രജിസ്റ്റർചെയ്ത പ്രമാണത്താൽ സാക്ഷീകരിക്കപ്പെട്ടിട്ടുള്ള കക്ഷികളുടെ ഉഭയസമ്മതത്താലൊ" എന്നുചേർക്കണം.

"൩-ാം ഉപവകുപ്പു ഇപ്രകാരം ആണ്":—രക്തസംബന്ധത്താലും ചാർച്ചയാലും നിഷിദ്ധമല്ലാത്തപക്ഷം,

(i) ഒരു നായർപുരുഷനുമായൊ,

(ii) ജനസമ്മതമായ സമുദായാചാരവും നടപ്പും അനുസരിച്ചു ദാമ്പത്യബന്ധം അനുവദിച്ചിട്ടുള്ള നായർഅല്ലാത്ത പുരുഷനുമായൊ,

പുരുഷൻ സ്ത്രീക്കു വസ്ത്രംകൊടുത്തു പരസ്യമായി നടത്തുന്നതായ ഒരു നായർസ്ത്രീയുടെ ദാമ്പത്യബന്ധം, ൧൧൦൪-ാമാണ്ടത്തെ ൨-ാം റെഗുലേഷൻ നടപ്പിൽവന്ന തീയതിക്കുമുമ്പ നാട്ടുനടപ്പുപ്രകാരം നടത്തിട്ടുള്ളതും ആ തീയതിയിൽ നിലനിൽക്കുന്നതും ആയതോ, അല്ലെങ്കിൽ ആ തീയതിക്കുപിന്നീടു അതിനെ നടത്തുന്നതായാലും, നിയമസംബന്ധമായ എല്ലാകാര്യങ്ങൾക്കും ഒരു സാധുവായ വിവാഹം ആയി ഗണിക്കപ്പെടുന്നതാകുന്നു."

ഇതാകുന്നു ഇപ്പോഴത്തെ നിലയിൽ ഉള്ളവകുപ്പു. ഭേദഗതിയുടെ ഉദ്ദേശം രെജിസ്റ്റർചെയ്ത ഒരു പ്രമാണത്താൽ സാക്ഷീകരിക്കപ്പെട്ടിട്ടുള്ള ഉഭയസമ്മതത്താൽ ആഘോഷിക്കപ്പെടുന്ന വിവാഹങ്ങളേയും സാധുവായ വിവാഹങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തുന്നതിനായിട്ടാകുന്നു. ഈ ഭേദഗതിയുടെ പ്രകൃതത്തെ പര്യാലോചിക്കുന്നതിൽ ചില തെററിദ്ധാരണകൾ വരാതെ കാത്തുകൊള്ളണം. ഈ ഭേദഗതി അനുചിതവും അനഭിലഷണീയവും ആയ വിവാഹങ്ങളെ പ്രോത്സാഹിപ്പിക്കാൻ ഇടയാക്കുംഎന്നു പറയുന്നു. അനുചിതവും അനഭിലഷണീയവുംആയ വിവാഹങ്ങൾ നായർസമുദായത്തിലും മററുസമുദായങ്ങളിലും നടക്കുകതന്നെ ചെയ്യുന്നു. താദൃശവിവാഹങ്ങളുടെ എണ്ണം യാതൊരുകാരണത്താലും ഉദ്ദിഷ്ടഭേദഗതിയാൽ വർദ്ധിക്കപ്പെടുകയില്ല. നേരെമറിച്ചു ഇതു വിവാഹങ്ങളിൽ ഏതാനും ചിലവമഎങ്കിലും വെളിപ്പാട്ടിത്തമായി ഉപേക്ഷിച്ചുപോകാതെയും വിശ്വസ്തയും ശുദ്ധബുദ്ധികളും ആയ സ്ത്രീകൾക്കു ദോഷംവരുത്താതെയും തടുക്കുന്നേയുള്ളു എന്നതുമാത്രമല്ല രെജിസ്റ്റർചെയ്ത പ്രമാണം അനുസരിച്ചു നടത്തപ്പെടുന്ന വിവാഹങ്ങളെ നിയമാനുസൃതങ്ങൾ ആക്കുന്നതായാൽ അതു അനഭിലഷണീയങ്ങൾ ആയ വിവാഹങ്ങളെ നിരുത്സാഹപ്പെടുത്തുന്ന കാര്യത്തിൽ സമുദായം നടത്തിവരുന്ന നിയന്ത്രണത്തെ ചുവടോടെ നശിപ്പിക്കും എന്നു പറയപ്പെടുന്നു. ഇക്കാര്യത്തിൽ നടത്താവുന്നതായ സകല സാമുദായിക നിയന്ത്രണങ്ങളേയും ഈ റെഗുലേഷനാൽ സുരക്ഷിതങ്ങൾ ആക്കിട്ടുണ്ടുഎന്നു ഞാൻ അറിയിക്കുന്നു. ഈ രക്ഷാവിധികൾ ഉദ്ദിഷ്ടഭേദഗതിയാൽ യാതൊരുവിധത്തിലും കുറയ്ക്കപ്പെടുകയില്ല; വല്ലതും ഭവിക്കുന്നതായാൽ അതു ബലപ്പെടുത്തുകയെയുള്ളു. എന്നാൽ സമ്പത്തും അധികാരശക്തിയും കുറഞ്ഞവരായ സമീപസ്ഥന്മാരുടെ വിവാഹങ്ങളിൽ ഏതാനും സ്വാർത്ഥപരായണരും സങ്കുചിതബുദ്ധികളും ആയ കരണാധന്മാർ നടത്തിവരുന്ന ഏതാനും അനീതിയായ നിയന്ത്രണങ്ങൾ ഈ ഭേദഗതിയാൽ വിഫലമാകാൻ ഇടയുണ്ടാകും. ഇതു യാതൊരു കാരണത്താലും ദോഷവും അല്ല. സ്വപ്രയത്നത്താൽ കാലംകഴിക്കുന്നവരും കരണാധന്മാരുടെ അടുത്തുകൂടി സേവപിടിക്കാൻ മനസ്സില്ലാത്തവരായ സ്വതന്ത്രബുദ്ധികൾക്കു ഇതു വലിയ അനുഗ്രഹം ആയിരിക്കും.

രെജിസ്റ്റർചെയ്ത ആധാരത്തിൻപേരിലുള്ള വിവാഹത്തിനു ആറു രൂപയോളം മാത്രമെ ചിലവുള്ളു. എന്നാൽ കരണാധന്മാരുടെ സഹായത്തോടുകൂടി നടത്തുന്ന വിവാഹത്തിനു ദരിദ്രരായ ദമ്പതികൾക്കുപോലും കുറഞ്ഞതു ൱ രൂപയോളം ചിലവാകും. ആ സ്ഥിതിക്കു ഒരു രെജിസ്റ്റർചെയ്ത പ്രമാണത്താൽ സാക്ഷീകരിക്കപ്പെട്ടതും പരസ്പരസമ്മതത്താൽ യോജിക്കപ്പെട്ടതുമായ വിവാഹങ്ങളെ നിയമാനുസൃതംആക്കുന്നതിൽ ഈ വിചാരവും നമ്മെ ബലമായി പ്രേരിപ്പിക്കേണ്ടതത്രേ.

ഈ ഭേദഗതി വിവാഹകാര്യങ്ങളിൽ കരണാധന്മാരുടെ അക്രമമായ അധികാരശക്തിയെ നിരുത്സാഹപ്പെടുത്തുകയും കുറയ്ക്കുകയും ചെയ്യും. ജീവശാസ്ത്രത്തിന്റെയും സമുദായശാസ്ത്രത്തിന്റെയും ദൃഷ്ട്യാ അത്യന്തം ഗുണകരങ്ങളായ വിവാഹങ്ങൾ അന്യന്മാരുടെ മനസ്സുകളെ തൃപ്തിപ്പെടുത്തേണ്ടതായ ആവശ്യം ഇല്ലാതെതന്നെ ദമ്പതികൾ സ്വയമേവ അനിയന്ത്രിതമായി നിശ്ചയിച്ചുറയ്ക്കുന്നവ ആകുന്നു.

ഭിന്നജാതിക്കാരോ ഭിന്നസമുദായങ്ങളോ തമ്മിൽഉള്ള വിവാഹങ്ങൾ ഈ ഭേദഗതിയാൽ നിയമാനുസൃതംആക്കപ്പെടുംഎന്നു ശങ്കിക്കപ്പെടാം. അപ്രകാരം സംഭവിക്കയില്ല. ഭിന്നസമുദായങ്ങളോ ഭിന്നജാതികളോ തമ്മിൽഉള്ള വിവാഹങ്ങൾ സുസമ്മതങ്ങൾ ആയ സാമുദായികാചാരത്തിനും നടപ്പിനും വിരുദ്ധംആണെങ്കിൽ ഈ ഭേദഗതിയാൽ നിയമാനുസൃതംആയി ഭവിക്കയില്ല. താദൃശവിവാഹങ്ങൾ നടക്കാതിരിക്കുന്നതിനുള്ള രക്ഷാവിധികൾ ഈ ഭേദഗതിയാൽ അഭേദ്യമായി വിട്ടിരിക്കുന്നു.

രെജിസ്റ്റർആധാരത്താൽ സാക്ഷീകരിക്കപ്പെട്ട ദമ്പതികളുടെ പരസ്പരസമ്മതത്താൽ ആഘോഷിക്കപ്പെടുന്ന വിവാഹങ്ങൾ നായന്മാരുടേയും മററു മരുമക്കത്തായസമുദായങ്ങളുടേയും ഇടയിൽ വളരെ സാധാരണമാണു. എന്റെ കരയിൽതന്നെയും, അതിനു ഒരു ചതുരശ്രമൈൽ വിസ്താരമെയുള്ളു നായന്മാരുടെഇടയിൽമാത്രം ആ വിധം നാലു വിവാഹങ്ങൾ, അവയെക്കുറിച്ചു യാതൊന്നും ഞാൻ പ്രത്യേകമായി തിരക്കാതെതന്നെ എന്റെ അറിവിൽ വന്നിട്ടുണ്ടു. എന്റെ അറിവിൽപ്പെടാതെ മററു ചിലവയും ഉണ്ടായിരിക്കാനിടയുണ്ടു. എന്റെ കരയിൽ മററു സമുദായക്കാരുടെഇടയിലും ആ വിധം വിവാഹങ്ങൾ നടന്നതായി ഞാൻ അറിഞ്ഞിട്ടുണ്ടു. തിരുവിതാംകോട്ടിൽ ൪൫൦ പകുതികൾഉണ്ടു. ഓരോ പകുതിയിലും ശരാശരി ൫ കരവീതം ഉണ്ടായിരിക്കാം. ഓരോ കരയിൽ ഈവിധം വിവാഹങ്ങൾ നാലു എണ്ണംവീതം ഉണ്ടായിരുന്നാൽപോലും താദൃശവിവാഹങ്ങളുടെ മൊത്തംഎണ്ണം ൯,൦൦൦ ആയിരിക്കും. ഈ എല്ലാ വിവാഹങ്ങളേയും അവസരംജനിക്കുമ്പോൾ അസാധുവെന്നോ അപ്രമാണംഎന്നോ വിധിക്കുന്നതായ ആപത്തിൽ തള്ളുന്നതു സമുദായത്തിനു നിശ്ചയമായും വളരെ ഗൗരവമായ കാര്യംആയിരിക്കും. ഏറ്റവും സംബന്ധമായി ഓർമ്മിക്കേണ്ടതായ മറെറാരുകാര്യം ഇതാണു. വിവാഹത്തിന്റെ സാധുതയേയോ അസാധുതയേയോകുറിച്ചുള്ള തീർച്ചയില്ലായ്മ ദമ്പതികളിൽ ഒരാളുടെ മരണത്താൽ വിവാഹബന്ധം പിരിയുന്നതോടുകൂടി അവസാനിക്കപോലും ചെയ്യുന്നില്ല. കുഞ്ഞുങ്ങൾ ജാരജർആണെ

ന്ന പോരുകേൾക്കാൻ ഇടയാകും. നായന്മാരുടെ ഇടയിൽ ജനസാമാന്യം പ്രസ്തുതവിവാഹങ്ങളെ ശരിയായുള്ളവയായി ഗണിക്കുന്നുണ്ട് എന്നാകുന്നു എന്റെ സ്വന്താനുഭവം. താദൃശവിവാഹങ്ങൾ പുത്തൻ റെഗുലേഷൻ അനുസരിച്ച് കോടതികളാൽ അസാധുവായി നിശ്ചയിക്കപ്പെടാൻ ഇടയുണ്ട് എന്നു നല്ല വിദ്യാഭ്യാസം ഉള്ളവരും മാന്യസ്ഥിതിയിൽ ഇരിക്കുന്നവരുമായ ചില മഹാന്മാരോടു പറഞ്ഞതിൽ അവർക്കു വിസ്മയവും ഭീതിയും ജനിച്ചു. ഈ വിധം വിവാഹങ്ങളെ സംബന്ധപ്പെട്ട കക്ഷികൾ കരയോഗങ്ങളെ അറിയിച്ചതിൽ ആ യോഗങ്ങൾ അവയെ സമ്മതിക്കയും അവരുടെ പുസ്തകങ്ങളിൽ രജിസ്റ്റർ ചെയ്കയും ചെയ്തിട്ടുള്ള വസ്തുതയും എനിക്കു അറിയാം.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): എതിർവാദം ഉള്ളപ്പോൾ മാത്രമേ പ്രസംഗം ആവശ്യമുള്ളു എന്നു സ്റ്റാൻഡിങ്ങ് ആർഡർ നം. ൦-ാംവകുപ്പിൽ പറഞ്ഞിരിക്കുന്ന വിവരം സർ, നിങ്ങളെ അറിയിക്കട്ടെ?

മി. ജി. രാമൻമേനോൻ (ചാവക്കാടും കാർത്തികപ്പള്ളിയും): എനിക്കു കേട്ടുകൂട.

പ്രസിഡണ്ട്: എതിർവാദംഉള്ള സംഗതികളിൽമാത്രമേ പ്രസംഗം ആവശ്യമായുള്ളു എന്നു വിധിക്കുന്നതായ നം. ൦-ാംനമ്പർ സ്റ്റാൻഡിങ് ആർഡറിനെ മിസ്റ്റർ എ. കെ. പിള്ളയുടെ ശ്രദ്ധയിൽപ്പെടുത്തിക്കുന്നു. നിങ്ങളുടെ കാര്യത്തിൽ വിരോധാഭിപ്രായംഇല്ല.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): എതിർവാദംഉണ്ട്.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): വല്ലയാളും ബിൽ ഹാജരാക്കുവാൻ അനുമതിക്കു ചോദിക്കുമ്പോൾ വിരോധാഭിപ്രായംവരും എന്നു അദ്ദേഹം മുൻകൂട്ടി നിശ്ചയിക്കണംഎന്നു ഞാൻ വിചാരിക്കുന്നില്ല.

ഈ വകുപ്പു ഇപ്രകാരംആണ്.

"അനുമതിക്കുള്ള ഉപക്ഷേപത്തിനു വിരോധാഭിപ്രായം പറയുന്നതായാൽ പ്രസിഡണ്ട് അനുവാദം കൊടുക്കുന്നതു യുക്തംആണെന്നു വിചാരിക്കുന്നകാലത്തു പ്രയോക്താവായ മെംബരും വിരോധംപറയുന്ന മെംബരും വിവരണരൂപത്തിൽ സംഗ്രഹമായ പ്രസംഗംനടത്തുവാൻ അനുവദിച്ചതിൽപിന്നിട്ടു കൂടുതലായ വാദപ്രതിവാദം ഇല്ലാതെ ആ പ്രശ്നത്തെക്കുറിച്ചു സഭയുടെ അനുകൂലപ്രതികൂലഭാവം ഗ്രഹിക്കാം.

പ്രസിഡണ്ട്: അതിനെ ഒഴിച്ചുകളഞ്ഞിട്ടില്ല.

മി. കെ. കെ. താമസ് (കോട്ടയം): സർ, മററൊരു നടപടിക്കായും നിയമസഭാറെഗുലേഷൻഅനുസരിച്ചുള്ള ചട്ടങ്ങളിൽ നം. ൦ (൧)-ാമത്തെ ചട്ടത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു:—

"ഗവർമെണ്ടിനുവേണ്ടി പ്രവർത്തിക്കുന്ന മെംബർഅല്ലാത്ത വല്ല മെംബരും ഒരു ബിൽ അവതരിപ്പിക്കുന്നതിനു അനുമതിക്കായി അപേക്ഷിക്കുവാൻ ആഗ്രഹിക്കുന്നുഎങ്കിൽ അയാൾ തന്റെ ഉദ്ദേശത്തെക്കുറിച്ചു അറിയിപ്പുകൊടുക്കയും ആ അറിയിപ്പിനോടൊന്നിച്ചു ബില്ലിന്റെ ഒരു പ്രതിയും ഉദ്ദേശകാരണങ്ങളുടെ പൂർണ്ണവിവരണവും സമർപ്പിക്കയുംചെയ്യേണ്ടതാകുന്നു"

വാസ്തവംപറയുന്നതായാൽ ബില്ലിന്റെ ഒരു പ്രതി ഞങ്ങൾക്കു കിട്ടീട്ടില്ല, ഉദ്ദേശകാരണങ്ങൾ ഞങ്ങൾക്കു അറിയാനുംപാടില്ല.

പ്രസിഡണ്ട്: അദ്ദേഹം അതു് ഗവർമെണ്ടിനു അയക്കേണ്ടിയിരിക്കുന്നു.

മി. കെ. കെ. താമസ് (കോട്ടയം): അങ്ങനെ അതിൽ പറഞ്ഞിട്ടില്ല. അനുവദിക്കേണ്ടതു സഭയാണ്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സർ, ഈ വിഷയത്തിൽ നിങ്ങളുടെ തീർച്ച പ്രസ്താവിക്കുംമുമ്പെ മററു മെംബർമാരിൽ ചിലരും അതിനെക്കുറിച്ചു സംസാരിക്കുവാൻ ആഗ്രഹിക്കുന്നു.

പ്രസിഡണ്ട്: അവർ നടപടികാര്യത്തെക്കുറിച്ചു സംസാരിക്കുവാൻ ഞാൻ സമ്മതിക്കുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സർ, മിസ്റ്റർ താമസ് പുറപ്പെടുവിച്ച നടപടിക്രമത്തെ സംബന്ധിച്ചു വാദത്തെക്കുറിച്ചു ഏതാനും നിരൂപണങ്ങൾചെയ്യണം എന്നു ഞാൻ ആഗ്രഹിക്കുന്നു. അദ്ദേഹം പുറപ്പെടുവിച്ച ആക്ഷേപം സാധുവായതാണെന്നാകുന്നു എന്റെ അഭിപ്രായം. നിയമസഭാചട്ടങ്ങളിൽ നം. ൦ (൧)-ാമത്തെ ചട്ടത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു:—

ഗവർമെൻറിനുവേണ്ടി പ്രവർത്തിക്കുന്ന മെംബർ അല്ലാത്ത വല്ല മെംബരും ഒരു ബിൽ ഹാജരാക്കുന്നതിനു അനുമതിക്കു അപേക്ഷിക്കുവാൻ ആഗ്രഹിക്കുന്നുഎങ്കിൽ അയാൾ തന്റെ ഉദ്ദേശത്തെകുറിച്ചു അറിയിപ്പുകൊടുക്കയും ആ അറിയിപ്പിനോടൊന്നിച്ചു ബില്ലിന്റെ ഒരു പ്രതിയും ഉദ്ദേശകാര്യങ്ങളുടെ പൂർണ്ണവിവരണവും സമർപ്പിക്കയും ചെയ്യേണ്ടതാകുന്നു".

ബില്ലിന്റെ പകർപ്പു ആർക്കു അയക്കണംഎന്നു ആ ചട്ടത്തിൽ വിവരിച്ചിട്ടില്ല. എന്നാൽ ഇജ്ജ നിയമസഭയുടെ നടപടിയെ ക്രമപ്പെടുത്തുന്നതിനുള്ള ചട്ടങ്ങളിൽ ഉൾപ്പെട്ടിരിക്കകൊണ്ടു സഭയിൽ ഉപയോഗിക്കുന്നതിനായി സഭയുടെ പ്രസിഡണ്ടിനു അയക്കണം എന്നുതന്നെ ഊഹിക്കേണ്ടിയിരിക്കുന്നുഎന്നുള്ളതുവ്യക്തംആകുന്നു. ബില്ലിന്റെ പ്രതി സഭയിലെ സാമാജികന്മാർക്കു അയച്ചുകൊടുക്കണംഎന്നു ചട്ടം ഉദ്ദേശിക്കുന്നതായും ഞാൻ നിർദ്ദേശിക്കുകൂടിചെയ്യുന്നു. ഇക്കാര്യത്തിൽ അടുത്തുള്ള ചട്ടത്തെയും ഏതൽസംബന്ധമായി വ്യാഖ്യാനിക്കാവുന്നതാണ് നം. ൦-മത്തെ ചട്ടത്തിൽ (൩)-മത്തെ ഉപചട്ടത്തിനു ഇപ്രകാരം പറഞ്ഞിരിക്കുന്നു:—

"ഒരു ബിൽ തിരുവിതാംകോട്ടു നിയമസഭാറെഗുലേഷൻ അനുസരിച്ചു അനുമതി ആവശ്യപ്പെടുന്നതോ അല്ലയോ എന്നുള്ളവല്ല പ്രശ്നവും ജനിക്കുമ്പോൾ, ആ പ്രശ്നത്തെ ദിവാൻജിയുടെ തീർപ്പിനായി അയക്കേണ്ടതും ആ പ്രശ്നത്തിന്മേൽ അദ്ദേഹത്തിന്റെ തീർപ്പു അവസാനമായി ഇരിക്കുന്നതുംആകുന്നു."

അതുകൊണ്ടു നം. ഉപചട്ടത്തിൽ സഭയിൽ ബിൽ അവതരിപ്പിക്കുന്നതിൽ വല്ല എതിർവാദവും ഉണ്ടാകാമെന്നുള്ള കഥയും ൩-മത്തെ ഉപചട്ടത്തിൽ ഉദ്ദേശിച്ചിരിക്കുന്നു. ഒരു ബില്ലിനെ വായിക്കാൻ ശക്തനാകാതെ അതിനു വല്ല ആക്ഷേപവും പുറപ്പെടുവിക്കാൻ ഈ സഭയിലെ വല്ല സാമാജികനും ശക്തിയുണ്ടായിരിക്കും എന്നു പ്രതീക്ഷിക്കാവുന്നതാണോ? അതുകൊണ്ടു ഒന്നാമത്തെ ഉപചട്ടത്തെയും മൂന്നാമത്തെ ഉപചട്ടത്തെയും ഒന്നിച്ചുചേർത്തു വായിച്ചുനോക്കുമ്പോൾ ഗ്രഹിക്കേണ്ടതായ ഉദ്ദേശം ഒരു ബിൽ അവതരിപ്പിക്കുവാൻ അനുമതിക്കായി അപേക്ഷിക്കുന്ന മെംബർ അങ്ങനെ ചെയ്യുന്നതിനുമുൻപായി ബില്ലിന്റെ പ്രതി മെംബർമാർക്കു അയക്കണംഎന്നു ചട്ടങ്ങൾ ഉദ്ദേശിക്കുന്നു എന്നാകുന്നു. ഈ സ്ഥിതിക്കു മിസ്റ്റർ താമസിന്റെ ആക്ഷേപത്തിനു ഏ

താനം ശക്തിയുണ്ട്. ചട്ടങ്ങളെ ഗസററിൽ പ്രസിദ്ധപ്പെടുത്തണമെന്നും മററുമുള്ളവയെ നിർബന്ധമാക്കുന്നതായ ചട്ടങ്ങളുണ്ട് എന്നുള്ളതിനു സംശയമില്ല. അതു വെളിയിലുള്ളവർക്കു അറിയാനായി ബില്ലിനെ പ്രസിദ്ധപ്പെടുത്തേണ്ട സംഗതിയാണ്. അതു ഈ വ്യവസ്ഥയിൽനിന്നു ഭിന്നവും ദൂരസ്ഥവും ആയിട്ടുള്ളതാണ്. ഈ വകുപ്പുകൾ ബില്ലിനെ സഭയ്ക്കു അയക്കണമെന്നു നിർബന്ധിക്കുന്നു. അതിനെ മെമ്പർമാർക്കു അയക്കണമെന്നുള്ളതും അതിൽ അവശ്യമായി അന്തർഭവിച്ചിരിക്കുന്നു. സഭയിലെ സാമാജികന്മാർക്കു അതു അയച്ചുകൊടുത്തിരുന്നാൽ അല്ലാതെ ബിൽ ഹാജരാക്കുന്നതിനെസംബന്ധിച്ചു യാതൊരു ആക്ഷേപവും പറയാൻ ഞങ്ങൾ ശക്തരായിരിക്കുന്നില്ല. ഈ സ്ഥിതിക്കു മിസ്റ്റർ തോമസ് പുറപ്പെടുവിച്ച ആക്ഷേപത്തിനു എന്തോ ശക്തിയുണ്ടെന്നു ഞാൻ വിചാരിക്കുന്നു.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): നടപടിസംബന്ധമായ വാദത്തെക്കുറിച്ചു ഏതാനും വാക്കുകൾ പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. നം (൭) ചട്ടത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു.

"ഗവർമ്മെന്റിനുവേണ്ടി പ്രവർത്തിക്കുന്ന മെമ്പർ അല്ലാതെയുള്ള മെമ്പർമാർ ഒരു ബിൽ പ്രയോഗിക്കുന്നതിനു അനുമതിക്കായി അപേക്ഷിക്കുവാൻ ആഗ്രഹിക്കുന്നു എങ്കിൽ അയാൾ തന്റെ ഉദ്ദേശത്തെക്കുറിച്ചു അറിയിപ്പുകൊടുക്കയും ആ അറിയിപ്പിനോടൊന്നിച്ചു ബില്ലിന്റെ ഒരു പ്രതിയും ഉദ്ദേശകാരണങ്ങളുടെ പൂർണ്ണവിവരണവും സമർപ്പിക്കയും ചെയ്യേണ്ടതാകുന്നു."

ഞാൻ അപ്രകാരം ചെയ്തിട്ടുണ്ട്. ഞാൻ സെക്രട്ടറിക്കു അറിയിപ്പുകൊടുത്തു ഉദ്ദേശകാര്യങ്ങളുടെ പൂർണ്ണമായവിവരണത്തോടുകൂടി ബില്ലിന്റെ പ്രതിയും ഞാൻ അയച്ചിട്ടുണ്ട്. മെമ്പർമാർക്കു ബിൽ അയച്ചുകൊടുത്തിട്ടില്ലാഎന്നു ഞാൻ സമ്മതിക്കുന്നു. അപ്രകാരം ചെയ്വാൻ എന്നെ അധികാരപ്പെടുത്തിട്ടില്ലന്നു, അങ്ങനെ ചെയ്യേണ്ടതു സെക്രട്ടറിയാണ്. ഈ ദശയിൽ ബില്ലിനെ എല്ലാവർക്കും അയച്ചുകൊടുക്കാൻ സെക്രട്ടറി കടമപ്പെട്ടിരിക്കുന്നുഎന്നു ഞാൻ പറയുന്നില്ല. ഇപ്പോഴത്തെ എന്റെ ഉപക്ഷേപം ബിൽ അവതരിപ്പിക്കാൻ അനുമതിക്കായുള്ള ഉപക്ഷേപംമാത്രം ആണെന്നു ഓർമ്മിക്കേണ്ടതാണ്. അതുകൊണ്ടു ബില്ലിന്റെ ഒരു പ്രതി മുമ്പിൽകൂട്ടി മെമ്പർമാർക്കു അയച്ചുകൊടുക്കണമെന്നുള്ളതു പ്രധാനമല്ലാ എന്നു ഞാൻ വിചാരിക്കുന്നു. അപ്രകാരം ചെയ്യാത്തതുകൊണ്ടു ഭേദഗതികളുടെ പ്രകൃതത്തെ ധരിക്കാതെ യാതൊരു വിരോധാഭിപ്രായത്തിനും ഇടയാകാതെ വല്ല തെററിദ്ധാരണകളും ഉണ്ടെങ്കിൽ അവയെ നീക്കുന്നതിനായിമാത്രം ബില്ലിലെ പ്രധാനപ്പെട്ട വ്യവസ്ഥകളെ വിവരിച്ചുപറയുവാൻ ഞാൻ ശ്രമിക്കുകയായിരുന്നു. അതുകൊണ്ടു ചട്ടങ്ങൾപ്രകാരം ഈ ഉപക്ഷേപം പൂർണ്ണമായി നടപടിക്രമംഅനുസരിച്ചുള്ളതാണെന്നു ഞാൻ വിചാരിക്കുന്നു.

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും-തെക്ക): സർ ൨൦-ാംനമ്പർ സ്റ്റാന്റിങ്ങ് ആർഡറിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു.

"തിരുവിതാംകൂർ നിയമസഭാറഗുലേഷൻ അനുസരിച്ചുള്ള ചട്ടങ്ങളിൽ ൨൦-ാമത്തെ ചട്ടം അനുസരിച്ചു ഒരു ബിൽ പ്രസിദ്ധപ്പെടുത്തിയിരിക്കുമ്പോൾ ബില്ലിന്റെയും ഉദ്ദേശകാര്യവിവരണത്തിന്റെയും ഒരു പകർപ്പു ഓരോ മെമ്പർക്കും അയക്കേണ്ടതാകുന്നു."

മി. വി. സുബ്ബയ്യർ (ഗവർമ്മെന്റു നിയമിച്ച മെമ്പർ) (ഡെപ്യൂട്ടി പ്രസിഡണ്ട്): അതു പ്രസിദ്ധപ്പെടുത്തിയതിൽപിന്നീടുമാത്രം ആണ്.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): ൧൦–ാംനമ്പർ സ്റ്റാന്റിങ്ങ് ആർഡറിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു.

"ചട്ടങ്ങൾ അനുസരിച്ചോ സ്റ്റാന്റിങ്ങ് ആർഡർഅനുസരിച്ചോ ആവശ്യപ്പെട്ടിട്ടുള്ള ഓരോ അറിയിപ്പും രേഖാമൂലം സെക്രട്ടറിയുടെപേർക്കും അറിയിപ്പുകൊടുക്കുന്ന മെമ്പർ ഒപ്പിട്ടു കൊടുക്കേണ്ടതും ഞായറാഴ്ചയോ പൊതുഒഴിവുദിവസമോ ഒഴികെ ഓരോദിവസവും കാലത്തു ൧൧ മണിമുതൽ വൈകുന്നേരം ൫ മണിവരെ ഇക്കാര്യത്തിലേക്കായി തുറന്നുവച്ചിരിക്കുന്നതായ സഭയുടെ ആഫീസിൽ ഏല്പിച്ചുകൊടുക്കേണ്ടതും ആകുന്നു."

നം ൭–ാം ചട്ടംഅനുസരിച്ചുള്ള ഈ അറിയിപ്പും ൧൦–ാംനമ്പർ സ്റ്റാന്റിങ്ങ് ആർഡറിൽ ഉൾപ്പെട്ടിരിക്കുന്നു. മിസ്റ്റർ രാമൻമേനോൻ മുറയ്ക്കുള്ള രൂപത്തിൽ സെക്രട്ടറിക്കു അറിയിപ്പുകൊടുത്തിട്ടുള്ളതുകൊണ്ടു അതു സ്റ്റാന്റിങ്ങ് ആർഡർഅനുസരിച്ചുള്ള മതിയായ അറിയിപ്പു ആണെന്നു ഞാൻ വിചാരിക്കുന്നു.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർ വക്കീൽ): സർ, ബില്ലിനെ സഭയ്ക്കു അയച്ചുകൊടുക്കേണ്ടതാണു എന്നു മിസ്റ്റർ നാരായണപിള്ള പറഞ്ഞ വാദത്തിനു യാതൊരുവിധമായ പ്രമാണവും ഇല്ല. മി. കെ. ഐ. ജോസഫ് ചൂണ്ടിക്കാണിച്ചതുപോലെ ഒരു ബിൽ അവതരിപ്പിക്കുന്നതിനു അനുവാദത്തിനായുള്ള ഉപക്ഷേപത്തെക്കുറിച്ചുള്ള അറിയിപ്പു മറെറല്ലാഅറിയിപ്പുകളുടേയും കാര്യത്തിൽ എന്നപോലെ സെക്രട്ടറിക്കുകൊടുക്കേണ്ടതാണ്, സഭയ്ക്കല്ല.
ഇക്കാര്യത്തിൽ അതു ചെയ്തിട്ടുണ്ട് അറിയിപ്പിനോടൊന്നിച്ചു ബില്ലിനു ഒരു പ്രതിയും അയച്ചിട്ടുണ്ട്. അതുകൊണ്ടു ബില്ലിനെ മെമ്പർമാർക്കു അയച്ചുകൊടുത്തിട്ടുണ്ടായിരിക്കണം എന്നു പറയുന്നതിനു കാരണം ഇല്ല. പ്രസിദ്ധപ്പെടുത്തിയതിൽപിന്നീടുമാത്രമേ അങ്ങനെ ചെയ്യേണ്ടിയുള്ളു എന്നു ൨൦-ാംനമ്പർ സ്റ്റാന്റിംഗ് ഉത്തരവു വ്യക്തമാക്കുന്നു.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ബിൽ പ്രയോഗിക്കുന്നതിനുള്ള സമ്മതത്തെ എതിർക്കുവാൻ മെമ്പർമാർക്കു അധികാരം ഉണ്ടോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർ വക്കീൽ)ഉണ്ട്.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): നമ്പൂതിരിബില്ലിന്റെ കാര്യത്തിൽ പ്രസിദ്ധപ്പെടുത്തണം എന്നും മെമ്പർമാർക്കു അയച്ചുകൊടുക്കണം എന്നും ഉള്ള ഈ മാർഗ്ഗം സ്വീകരിക്കപ്പെട്ടുവോ എന്നു അറിയേണ്ടിയിരിക്കുന്നു.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർ വക്കീൽ). ഇല്ല. ബില്ലിന്റെ പ്രതികൾ മെമ്പർമാർക്കു അയച്ചുകൊടുക്കയോ പ്രസിദ്ധപ്പെടുത്തുകയോ ചെയ്തിട്ടില്ല.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): അറിയിപ്പിനുള്ള ആവശ്യകത സാധിക്കപ്പെട്ടിരിക്കുന്നു എന്നു ഞാൻ വിചാരിക്കുന്നു. ഈസ്ഥിതിക്കു വിവരണമായ പ്രസംഗംനടത്തുന്നതിലും ഭേദഗതിയുടെ പൂർണ്ണമായ പ

ചകം സഭയിൽ വായിച്ചുകേൾപ്പിക്കുന്നതിലും മി. രാമൻമേനോന്റെ പ്രവൃത്തി പൂർണ്ണമായിശരിയായിട്ടുള്ളതുമാകുന്നു. അതുകൊണ്ടു ൩൦-ാമതു ചട്ടത്തെ പ്രസിഡെന്റ ശ്രദ്ധിക്കണം എന്നു ഞാൻ പറഞ്ഞതു ശരിയല്ല. മെംബർമാരുടെഇടയിൽ ബിൽ അയച്ചിട്ടില്ലാ എന്നുള്ള കാരണത്താൽ ബില്ലിനെ അവതരിപ്പിക്കുന്നതിനു അനുമതികിട്ടണം എന്നുള്ള മി. രാമൻമേനോന്റെ ഉപക്ഷേപം സ്വീകാര്യമാകാതെ തീരുമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

പ്രസിഡണ്ട്:—ഈനടന്ന നടപടിക്രമത്തെ സംബന്ധിച്ച വാദത്തെക്കുറിച്ചു എന്റെ തീർച്ച എന്തെന്നാൽ മി. രാമൻമേനോന്റെകാര്യത്തിൽ ആവശ്യപ്പെട്ട സംഗതികൾ സാധിക്കപ്പെട്ടിട്ടുണ്ടു എന്നാകുന്നു: പ്രകാരാന്തരേണ പറയുന്നതായാൽ ബില്ലിന്റെ ഒരു പ്രതി സെക്രട്ടറിക്കു അയക്കണം, ബില്ലിനെ അവതരിപ്പിക്കാമോ പാടില്ലയോ എന്നു തരണസംബന്ധമായ കാരണങ്ങളാൽ പര്യാലോചിക്കുന്നതിനായി സെക്രട്ടറി അതിനെ പ്രസിഡണ്ടിനു സമർപ്പിക്കണം. ഇത്രമാത്രമെ ആവശ്യമുള്ളൂ. ഈ ദശയിൽ ബില്ലിനെ മെംബർമാർക്കു അയക്കേണ്ട ആവശ്യം ഇല്ല. മി. രാമൻമേനോൻ, നിങ്ങളുടെ പ്രസംഗം തുടർന്നു നടത്താം.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഈസ്ഥിതിക്കു എതിർകക്ഷിഭാഗങ്ങൾ അപ്രമാണങ്ങൾ എന്നോ അസാധുവെന്നോ നിശ്ചയിക്കുന്നതു വളരെ ദ്രോഹകരവും സമുദായാനുചിതവും അശാസ്ത്രീയവും ആയിരിക്കും എന്നു എനിക്കു തോന്നുന്നു. ഈവിഷയത്തിൽ സമുദായത്തിന്റെ ന്യായമായ ബോധത്താൽ അംഗീകരിക്കപ്പെട്ടിട്ടുള്ളതിനെ നിയമം സ്വീകരിക്കണം; ചെറുപ്പക്കാർ കുടുംബങ്ങളിലെയോ സമുദായങ്ങളിലെയോ ഉള്ള പ്രായംചെന്നവരുമായ ആലോചിക്കാതെ വിവാഹത്തിൽ പ്രവേശിക്കുന്നതിനു ഈ ഭേദഗതി ഉത്സാഹിപ്പിക്കും എന്നു പറയുമായിരിക്കാം. ആവിധം ചെറുപ്പക്കാർ എല്ലാ സമുദായങ്ങളിലും ഉണ്ട്. അവരുടെ പ്രവൃത്തി ഓരോ സംഗതിയുടെ അവസ്ഥാഭേദങ്ങൾ അനുസരിച്ചു ശരിയോ തെറ്റോ ആയിരിക്കാം. പ്രായംചെന്നവരുടെ സമ്മതംഇല്ലാതെ വിവാഹംനടത്തുന്നതിനുള്ള സൌകര്യങ്ങൾ അങ്ങനെയുള്ളവർക്കു ഇപ്പോഴും ഉണ്ട്. അവർ അങ്ങനെ വിവാഹംനടത്തിവരുന്നും ഉണ്ട്. സർക്കാർ കച്ചേരിയിൽ പോവുകയും നല്ല അന്തസ്സും പഠിത്തവും ഉള്ള ഒരു സർക്കാരുദ്യോഗസ്ഥന്റെമുമ്പാകെ തങ്ങളുടെ സമ്മതത്തെ രേഖപ്പെടുത്തുകയും ചെയ്യേണ്ടിയിരിക്കുന്നതിനാൽ രെജിസ്റ്റർചെയ്ത പ്രമാണംമൂലം വിവാഹത്തിനായി തീർച്ചപ്പെടുത്തുന്നതായാൽ അവർക്കു ഗുണദോഷാലോചനയ്ക്കുള്ള അവസരവും ഈ ഭേദഗതിനൽകുന്നു. കേവലം വസ്ത്രംകൊടുത്തു നടത്തുന്ന വിവാഹത്തേക്കാൾ രെജിസ്റ്റർചെയ്ത പ്രമാണത്താൽ സാക്ഷീകൃതമായ പരസ്പരസമ്മതത്താൽ ആഘോഷിക്കപ്പെടുന്ന വിവാഹങ്ങൾ അക്രമമായ അധികാരശക്തിനിമിത്തം നടത്തപ്പെടുന്ന വിവാഹങ്ങളെ കൂടുതലായി വിഫലമാക്കാനിടയുണ്ടാകും.

നായന്മാരുടെഇടയിൽ ശരിയായ വിവാഹത്തിനു യാതൊരു പ്രത്യേകവിധത്തിൽ മതസംബന്ധമായ ചടങ്ങുകളും ആവശ്യം ഇല്ല. മതദൃഷ്ട്യാനോക്കിയാലും മറ്റെതു ദൃഷ്ട്യാനോക്കിയാലും വിവാഹങ്ങളെ അംഘ്യമായി ഗണിക്കപ്പെടുന്നതിനെ യാതൊരുവിധത്തിലും പ്രസ്തുതഭേദഗതി തടുക്കുന്നില്ല. അതു അഭിപ്രായസംബന്ധമായ കാര്യം ആണ്. അതുസംബന്ധപ്പെട്ട കക്ഷികളുടെ നടത്തയെ ആശ്രയിച്ചിരിക്കും.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല). ഞാൻ നടപടിസംബന്ധമായ ഒരു വാദത്തിനായി എഴുനേൽക്കുന്നു. അപേക്ഷിതമായ അനുവാദത്തിനു വിരോധം ഉണ്ടായാൽമാത്രമെ ഈ ദശയിൽ ഒരു പ്രസംഗം പ്രതീക്ഷിക്കപ്പെടുന്നതായി ൩൦-ാംനമ്പർ സ്റ്റാൻറിംഗ് ആർഡറിൽ നിർദ്ദേശിച്ചിട്ടുള്ളൂ. ഇതേവരെ ഉപക്ഷേപത്തെ വിരോധിച്ചിട്ടില്ല അതുകൊണ്ടു പ്രസംഗം ആവശ്യംഇല്ല.

പ്രസിഡെന്റ.—മി. ശിവരാമപ്പണിക്കർ, അങ്ങനെതന്നെ വേണം എന്നില്ല. ബിൽ അവതരിപ്പിക്കുന്നതിനു ആവശ്യപ്പെട്ടതായ കാരണങ്ങൾ മി. രാമൻമേനോനു പറയാനുണ്ട്.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല). മെംബർ പ്രസംഗംചെയ്യണം എന്നു ൩൦-ാംനമ്പർ സ്റ്റാൻറിംഗ് ആർഡർ ആജ്ഞാപിക്കുന്നില്ല. അതിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു.

“അനുമതിക്കുള്ള ഉപക്ഷേപത്തിൽ വിരുദ്ധാഭിപ്രായംവരുന്നതായാൽ പ്രസിഡെന്റ, അനുവാദംകൊടുക്കുന്നതു യുക്തമെന്നു വിചാരിക്കുന്നകാര്യത്തിൽ പ്രയോക്താവായ മെംബറും വിവരണരൂപത്തിൽ സംഗ്രഹമായപ്രസംഗം നടത്തുന്നതിനു അനുവദിച്ചതിൽപിന്നീടു, കൂടുതലായി വാദപ്രതിവാദം ഇല്ലാതെ ആ പ്രശ്നത്തെക്കുറിച്ചു സഭയുടെ അനുകൂലപ്രതികൂലാഭിപ്രായം ഗ്രഹിക്കാം.”

പ്രസിഡണ്ട്. വിരുദ്ധാഭിപ്രായം ഉണ്ടായിരുന്നാൽ അങ്ങനെചെയ്യേണ്ടതായിരിക്കും. മെംബർമാർ സ്വാനുമതികാട്ടുന്നതിനുമുമ്പെ തങ്ങൾ അനുവദിക്കാൻപോകുന്നതു എന്താകുന്നു എന്നറിയാൻ ഉൽക്കണ്ഠയുള്ളവരായിരിക്കുന്നതായി നാം ഊഹിച്ചുകൊള്ളേണ്ടതാകുന്നു.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും) ഓരോവ്യക്തിക്കും ന്യായമായ സ്വാതന്ത്ര്യം ഈവിഷയത്തിൽ എങ്കിലും സമ്മതിക്കേണ്ടതാകുന്നു. വിവാഹകാര്യത്തിൽ യാതൊരു മതസംബന്ധമായ ചടങ്ങും ആവശ്യമുള്ളതായി നായർറെഗുലേഷൻ അംഗീകരിക്കുന്നില്ല. അതുകൊണ്ടു മതസംബന്ധമായ ചടങ്ങുകളുടെ പര്യാലോചനയാകട്ടെ നായന്മാരുടെഇടയിലെ വിവാഹം ഒരു മതസംസ്കാരം ആണോ എന്നുള്ള പ്രശ്നം ആകട്ടെ പ്രസ്തുതഭേദഗതിയെ ആലോചിക്കുന്നതിൽ സംബന്ധപ്പെട്ട വാദം അല്ല. വിവാഹത്തിൽ പവിത്രവും, നീതിയുക്തവും, ആചാരവെള്ളും, ധർമ്മവും ആയ കാര്യം ദമ്പതികളുടെ പരസ്പര സമ്മതം ആണെന്നും ആ സമ്മതത്തെ വെളിപ്പെടുത്തുന്നതിനു ആവശ്യം ഉള്ള ആചാരങ്ങൾ എന്തുതന്നെയായിരുന്നാലും വേണ്ടില്ല എന്നും എനിക്കു തോന്നുന്നു. നായന്മാരുടെ വിവാഹങ്ങളിൽ റെഗുലേഷനാലും സമുദായാചാരത്താലും നടപ്പിനാലും പൂർണ്ണമായ മതസംബന്ധമായ സ്വാതന്ത്ര്യം അനുവദിച്ചിരിക്കുന്നു. ആ സമുദായത്തിന്റെ ന്യായവും ഇപ്പോൾ ഉള്ളതും ആയ സ്വാതന്ത്ര്യത്തെ ഗ്രഹിക്കുവാൻ ബുദ്ധിക്കു സ്ഥിരതയുള്ള യാതൊരാളും ശരിയായി ആലോചിച്ചാൽ സമ്മതിക്കയില്ല.

ഇനി രണ്ടാമത്തെ ഭേദഗതിയെക്കുറിച്ചു പറയാം. ആ ഭേദഗതി “മേൽപ്പടി റെഗുലേഷനിലെ ൩൯-ാം വകുപ്പിനെ വിട്ടേക്കണം” എന്നാകുന്നു.

൧൧൦൦-മാണ്ടത്തെ രണ്ടാമത്തെ റെഗുലേഷനിലെ ൩൯-ാമത്തെ വകുപ്പു ഇപ്രകാരം ആകുന്നു.

"ഒരു തറവാട്ടിൽ പ്രായപൂർത്തി വന്നതായി ഒരംഗംമാത്രം ഉണ്ടായിരിക്കയും മററല്ലാപേരും മൈനർകളായിരിക്കുകയും ചെയ്യുമ്പോൾ, പ്രായപൂർത്തിവന്ന അംഗത്തിനു മൈനറുകളിൽനിന്നു ഭാഗംപിരിയുവാൻ അവകാശം ഉണ്ടായിരിക്കുന്നതല്ല"—

ഒരു തറവാട്ടിൽ പ്രായംചെന്ന ഒരാൾമാത്രം ഉണ്ടായിരിക്കെ അയാൾ തറവാട്ടിലെ മൈനർമാരിൽനിന്നുപിരിഞ്ഞു ഭാഗം വാങ്ങിക്കുന്നതിനെ അശക്തമാക്കുന്നതായ റെഗുലേഷനിലെ ൩൯-ാമത്തെ വകുപ്പു അനാവശ്യവും പ്രായംചെന്ന ആ അംഗത്തിന്റെ നേർക്കു അയുക്തവുമാണ്. എന്നുതന്നെയുമല്ല മൈനർമാരുടെ ഗുണത്തിനും പ്രാതികൂല്യവും ആപൽക്കരവുമാകുന്നു. ഒരു തറവാട്ടിൽ പ്രായംചെന്നതായി ഒരാൾമാത്രം ഉണ്ടായിരിക്കയും തറവാട്ടുസ്വത്തിൽ അയാൾക്കുള്ള ഓഹരിയെ മൈനർമാരുടെ ഓഹരിയിൽനിന്നു പിരിച്ചു വിഭജിച്ചെടുത്തുകൊള്ളുന്നതിനു സമ്മതിക്കയും ചെയ്യുന്നതായാലും മൈനർമാരുടെ ന്യായമായ ഗുണങ്ങളെ, പരിരക്ഷിക്കേണ്ടതു സാദ്ധ്യമായിരിക്കുന്നിടത്തോളം ആ പരിരക്ഷണത്തിനു നിയമത്തിലെയും ധർമ്മശാസ്ത്രത്തിലെയും സാമാന്യ വ്യവസ്ഥകൾ പൂർണ്ണമായി പര്യാപ്തങ്ങൾ ആണ്. രക്ഷകന്മാരുടേയും രക്ഷിതാക്കളുടേയും ബാദ്ധ്യതകൾ ഒരിക്കലും പരസ്പരവിരുദ്ധങ്ങൾ ആയിരിക്കരുതു എന്നുള്ളതു ധർമ്മശാസ്ത്രത്തിലെ മൂലതത്വം ആകുന്നു. ൩൯-ം വകുപ്പിനാൽ ഉദ്ദേശിക്കപ്പെട്ടിരിക്കുന്ന കാര്യങ്ങളിൽ, ആ വകുപ്പിനെ വച്ചുകൊണ്ടിരിക്കുന്നതായാൽ, മൈനർമാരുടെ ബാദ്ധ്യതകളും രക്ഷകന്മാരുടെ ബാദ്ധ്യതകളും പരസ്പരം വിരുദ്ധങ്ങൾ ആയിരിക്കുന്നു. താദൃശാവസ്ഥ ധർമ്മശാസ്ത്രത്തിലെയും സാമാന്യബുദ്ധിയുടേയും സകല മൂലതത്വങ്ങൾക്കും നിശ്ചയമായും വിരുദ്ധങ്ങൾ അത്രേ

ഇനി മൂന്നാമത്തെ ഭേദഗതിയെക്കുറിച്ചു പറയാം.

"മേൽപ്പടി റെഗുലേഷനിലെ ൩൯-ാമത്തെ വകുപ്പിൽ താഴെ ചേർത്തിരിക്കുന്ന വിവരണം ചേർക്കണം:—

വിവരണം:—ഭാഗത്തിനു അവകാശപ്പെടാൻ അർഹതയുള്ള തറവാട്ടിലെ ഒരു പ്രത്യേക അംഗത്തെയോ അംഗങ്ങളേയോ സംബന്ധിച്ചിടത്തോളം ഈ വകുപ്പിൽ "ഭാഗം" എന്ന പദത്തിൽ, മററുള്ളവരിൽനിന്നു തറവാട്ടുവസ്തുവിൽ തന്റെ ഓഹരിയെ വാസ്തവത്തിൽ അല്ലെങ്കിൽ ഭേദരൂപമായി തിരിച്ചുവയ്ക്കുന്നതുമാത്രം അല്ല, തറവാട്ടുവസ്തുവിൽ തനിക്കുള്ള അവകാശത്തെ മററുള്ളവരിൽനിന്നു ഭിന്നവും പിരിഞ്ഞതുമായി ഗണിക്കുന്നതിനുള്ള ഉദ്ദേശത്തെ അയാൾ അല്ലെങ്കിൽ അവർ അനന്യഥാ ഗ്രഹണീയമായി കാണിക്കുന്ന വല്ല നടപടിയും കൂടി എന്നു അർത്ഥമാകുന്നതും അവ ഉൾപ്പെട്ടിരിക്കുന്നതും ആകുന്നു."

൩൯-ം വകുപ്പു ഇപ്രകാരം ആണ്:—ഭാഗിക്കുന്നതുവരെ തറവാട്ടിലെ ഓരംഗത്തിനും വിധിനടത്തി എടുക്കത്തക്കവണ്ണം നിശ്ചിതമായ ഒരു ഓഹരി തറവാട്ടുമുതലിൽ ഉള്ളതായി ഗണിക്കപ്പെട്ടുവാനൊ, അപ്രകാരമുള്ള അംഗത്തിനു ആ മുതലിൽ കൈമാററം ചെയ്യാവുന്നതോ പിന്തുടച്ചയ്ക്കു തക്കതോ ആയ യാതൊരവകാശവും ഉള്ളതായി വിചാരിക്കുവാനൊ പാടില്ലാത്തതാകുന്നു.

ഈ വകുപ്പിൽ ചേർക്കുവാൻ ഞാൻ ആഗ്രഹിക്കുന്ന വിവരണം അതിൽ പ്രധാനപ്പെട്ടതും ആവശ്യമുള്ളതുമാണ്. ൩൯-ാമത്തെ വകുപ്പിൽ കാണുന്ന "ഭാഗം" എന്ന പദത്തെ വ്യാഖ്യാനിക്കേണ്ടതു ആവശ്യം ആണ്. അങ്ങനെ ചെയ്തില്ലെങ്കിൽ ഓരോ ജഡ്ജിയും ൩൯-ാമത്തെ വകുപ്പിനെ ഓരോവിധം വ്യാഖ്യാനിക്കാൻ ഇടയാകും. ഉദാഹരണം പറയാം: വസ്തു വിഭജിക്കുവാൻ. വ്യവഹാരപ്പെട്ടുകയോ അറിയിപ്പുകൊടുക്കുകയോ അല്ലെങ്കിൽ തറവാട്ടുവസ്തുവിൽ തനിക്കുള്ള അവകാശത്തെയും ബാദ്ധ്യതയേയും ഒരു ക്ലിപ്തദിവസംമുതൽ തന്റെ പ്രത്യേകസ്വത്തായി താൻ ഗണിക്കുന്നുഎന്ന് താൻ വിചാരിക്കുന്നതായി വിവരിച്ച ഒരു ആധാരം രെജിസ്റ്ററാക്കുകയോ ചെയ്യുന്ന ഒരു നായരുടെ ഭാര്യയ്ക്കും കുഞ്ഞുങ്ങൾക്കും തറവാട്ടുസ്വത്തിൽ അയാളുടെ ഓഹരി ലഭിക്കുവാൻ അധികാരം ഉണ്ടൊ എന്നുള്ള വാദം സമർത്ഥന്മാരായ നിതിശാസ്ത്രജ്ഞന്മാരുടെ ഇടയിൽപോലും ഇപ്പോൾ സന്ദിഗ്ദ്ധവിഷയമായിരിക്കുന്നു. അതുപോലെയുള്ള ഏർപ്പാടുകൾ വല്ല നായർ പുരുഷന്റെയോ നായർ സ്ത്രീയുടെയൊ കടങ്ങളെ സംബന്ധിച്ചു ക്രമഭംഗതാവകാശത്തെ സംബന്ധിച്ചും ഉണ്ടാകാം. ഒരാൾക്കു ഭാഗത്തിനു അവകാശപ്പെടാൻ അധികാരം ഉണ്ടായിരിക്കുമ്പോൾ തറവാട്ടുസ്വത്തിൽ തന്റെ ഓഹരിയെ മററുള്ളവരിൽ നിന്നു പിരിച്ചുകിട്ടണം എന്നുള്ള തന്റെ ഉദ്ദേശത്തെ വല്ലതരത്തിലും തെളിവായി കാണിക്കുന്ന വല്ലയാളും തന്റെ ഓഹരിയെ മററുള്ളവരിൽനിന്നു വാസ്തവത്തിൽ നിന്നു ഭാഗിച്ചിട്ടുള്ളതായി നിയമാനുസരണം ഗണിക്കേണ്ടതാകുന്നു എന്നത്രേ നിയമത്തിന്റേയും ധർമ്മശാസ്ത്രത്തിന്റേയും മൂലതത്വം. ൩൯-ാമത്തെ വകുപ്പിൽ ചേർക്കാൻ ഉദ്ദേശിച്ചിരിക്കുന്ന വിവരണം ഈ സംഗതിയെ വ്യക്തമാക്കാനായി ഉദ്ദേശിച്ചിട്ടുള്ളതാകുന്നു.

അവസാനമായി പറയുന്നതെന്തെന്നാൽ ഈ എല്ലാ ഭേദഗതികളും റെഗുലേഷന്റെ പ്രവർത്തനത്തിൽനിന്നു കാര്യവശാൽ ജനിച്ച അനുഭവങ്ങളാൽ ആവശ്യമായിവന്നിരിക്കുന്നു എന്നുള്ളതത്രേ. രെജിസ്റ്റർചെയ്ത ആധാരങ്ങളാൽ സാക്ഷീകരിക്കപ്പെട്ട വിവാഹങ്ങളെ സംബന്ധിച്ചുള്ള വ്യവഹാരങ്ങൾ സിവിലും ക്രിമിനലും കീഴ്ക്കോടതികളിൽ ഉണ്ടായിട്ടുണ്ട്. അവയെ ഓരോ ജഡ്ജിയും ഓരോ മജിസ്ട്രേട്ടും ഭിന്നവിധങ്ങളിൽ തീർച്ചയാക്കിട്ടും ഉണ്ട്. സാധുജനങ്ങൾക്കു അവയെക്കുറിച്ചു ഹൈക്കോടതിയിൽ ബോധിപ്പിക്കാൻ ശക്തിയുംഇല്ല. അങ്ങനെ ബോധിപ്പിക്കുന്നതായാലും മററുകാര്യങ്ങളിൽ നമുക്കു അനുഭവം ആയിട്ടുള്ളതുപോലെ നിയമത്തിന്റെ ഇപ്പോഴത്തെ സ്ഥിതിക്കു മററു അവസരങ്ങളായാൽ ഓരോ ജഡ്ജിമാർ ഓരോ കാലത്തു ഓരോവിധം തീർച്ചപറയാൻ ഇടയുണ്ട്. അതുകൊണ്ടു ഈ വകത്തെ ധർമ്മശാസ്ത്രത്തിന്റെയും സമുദായശാസ്ത്രത്തിന്റെയും മൂലതത്വങ്ങൾക്കു അനുയോജ്യമായി വ്യക്തവും നിശ്ചിതവും ആക്കേണ്ടതു നിയമകർത്താക്കളുടെ ധർമ്മം ആകുന്നു. ഒരു നീതിന്യായക്കോടതി അപ്രകാരം ചെയ്യാൻ സ്വാതന്ത്ര്യവും ഉള്ളതൊ അധികാരം ഉള്ളതോ അല്ല.

റെഗുലേഷൻ ൩൯-ാം വകുപ്പനുസരിച്ചുള്ള കേസുകളും കീഴ്ക്കോടതികളിൽ വന്നിട്ടുണ്ട്. ഈ വാദത്തെക്കുറിച്ചു വല്ലവിധവും വല്ലകോടതിയും ഇതുവരെ നിശ്ചയിച്ചിട്ടുള്ളതായി എനിക്കു അറിഞ്ഞുകൂട. നീതിന്യായക്കോടതികൾ ഇക്കാര്യത്തിൽ വല്ലതും അസംബന്ധംകണ്ടുപിടിക്കുന്നതിനു പകരം വിശാലമായും ശാസ്ത്രീയമായും ചിന്തിച്ചു ഇക്കാര്യത്തെ കഴിയുന്നവേഗത്തിൽ പര്യാലോചിക്കേണ്ടതു ഗവർമ്മെണ്ടിന്റെ ധർമ്മം ആകുന്നു. ഈ ഭേദഗതികളെ പര്യാലോചിക്കേണ്ടവിധത്തിൽ പര്യാലോചിക്കുവാൻ ഞാൻ മുമ്പിൽ പ്രസ്താവിച്ചതുപോലെ അവർ സ്വതന്ത്രരായ അധികാരമുള്ളവരോ അല്ലാത്തതുകൊണ്ടു അവർക്കു തെററുവരാനെ ഇടയുള്ളു. അവർ പലപ്പോഴും അശാസ്ത്രീയങ്ങളും തന്മൂലം സമുദായത്തിനും രാജ്യത്തിനും ദോഷകരങ്ങളും ആയ മാർഗ്ഗങ്ങളാലും മുറകളാലും ബന്ധിക്കപ്പെട്ടിരിക്കുന്നു. താദൃശന്യൂനതകളെ ഗുണകരവും ഫലവത്തും ആയവിധത്തിൽ പരിഹരിക്കുന്നതിനുള്ള സ്വാ

തന്ത്ര്യവും അധികാരവും നിയമനിർമ്മാതാക്കൾക്ക മാത്രമേയുള്ളു. നാം ഒരു നിമിഷനേരത്തേക്കപോലും ഈ ഉത്തരവാദിത്വത്തെ ഒഴിച്ചുകളയരുത്. നിയമം ഇപ്പോഴത്തെനിലയിൽ ഇരിക്കുന്ന ഓരോനിമിഷവും സമുദായത്തിനും രാജ്യത്തിനു ഒട്ടുക്ക അഗണ്യേയമായ ദോഷം ചെയ്യപ്പെട്ടുവരുന്നു.

നമ്പൂതിരിവകപ്പിനെ സംബന്ധിച്ചുള്ള വല്ലകേസും കോടതിയിൽ ചെന്നിട്ടുള്ളതായി എനിക്കറിവില്ല. ഈ വ്യവസ്ഥയുടെ പ്രകൃതിനിർമ്മിതതന്നെയാണോ. എന്നാൽ ചിലസംഗതികളിൽ മൈനർകൾക്കും പ്രായംചെന്ന അംഗങ്ങൾക്കും ഉർഷ്ടങ്ങളും നഷ്ടങ്ങളും ഉണ്ടായിട്ടുണ്ട്. അങ്ങനെയുള്ള മൈനരുകളിൽ താത്പര്യമുള്ള ചിലആളുകൾ ചിലസംഗതികളിൽ വാസ്തവത്തിൽ ഉണ്ടായിട്ടുള്ള ദോഷങ്ങളെ എന്നോട് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. നമ്പൂതിരിവകപ്പിന്റെ വ്യാപ്തിയിൽ വരുന്ന കുടുംബങ്ങളുടെ എണ്ണം ചുരുക്കം ആയിരിക്കാം. സ്വപ്രവൃത്തിയാൽ ഉണ്ടായിട്ടുള്ളതായ ഒരു ന്യൂനതയേയോ ആപത്തിനേയോ ശമിപ്പിക്കുന്നതിൽ നിമിഷംപോലും നിയമനിർമ്മാതാക്കൾ താമസിക്കുന്നതിനു അളുകാരണം ആവുകയില്ല. അതു അനേകം നിർദ്ദോഷികളായ ജനങ്ങൾക്ക മരണബാധയോളം ദോഷജനകമായിരിക്കാം. ഭേദഗതികൾ എല്ലാം വളരെ പ്രധാനപ്പെട്ടവയാണു്. അവയെ പര്യാലോചിച്ചു തീർപ്പുചെയ്യേണ്ടതു ആവശ്യമാകുന്നു. അതുകൊണ്ടു ഈ ബിൽ അവതരിപ്പിക്കാൻ അനുവാദം കഴിയുന്നവേഗത്തിൽ നൽകണംഎന്നു ഞാൻ അപേക്ഷിക്കുന്നു.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഞാൻ ഈ ഉപക്ഷേപം അനുവദിക്കുന്നു.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): നായർറഗുലേഷനെ ഭേദപ്പെടുത്തുന്നതിനുള്ള ഒരു ബിൽ അവതരിപ്പിക്കുന്നതിനു അനുവാദത്തിനായി മി. രാമൻമേനോൻ പുറപ്പെടുവിച്ച ഉപക്ഷേപത്തെ ഞാൻ ബലമായി എതിർക്കുന്നു. അദ്ദേഹം ഇതിനുമുമ്പിലെ പറഞ്ഞതുപോലെ ഈ സഭ നായർറഗുലേഷൻ അനുവദിച്ചിട്ടു ഒരുകൊല്ലത്തോളമേയായുള്ളു. പലഭേദഗതികളായി വളരെ ഗുരുതരമായിട്ടു ഏതായാലും ഞാൻ വിചാരിക്കുന്നു. ഈ സഭ ഗുണദോഷവിവേചനം ചെയ്തതായ ആ നിയമം നടപ്പിൽവന്നതിനുശേഷം പിന്നീടു അത്ര അധികം വേഗത്തിൽ അതിനെ ഭേദപ്പെടുത്തുന്നതിനുള്ള ഒരു ബിൽ ഈ സഭയിൽ കൊണ്ടുവരാൻ അപേക്ഷിച്ചതിൽ എനിക്കു നിശ്ചയമായും വിസ്മയം തോന്നുന്നു. എന്റെ സ്നേഹിതൻ ഇപ്പോൾ അവതരിപ്പിക്കണംഎന്നു അപേക്ഷിക്കുന്ന ഭേദഗതികൾ എല്ലാം മുമ്പിലത്തെ സഭായോഗത്തിൽ പര്യാലോചിക്കയും യോഗ്യതാനുസരണം തീർച്ചയാക്കയും ചെയ്തിട്ടുണ്ട്. നായർറഗുലേഷനിൽ ഇപ്പോൾ അംഗീകൃതമായ വ്യവസ്ഥകളെ അസ്ഥിരപ്പെടുത്തുന്നതിനുള്ള മി. രാമൻമേനോന്റെ പരിശ്രമങ്ങൾക്കായി അദ്ദേഹത്തിനു നായർസമുദായം നിശ്ചയമായും നന്ദിപറയില്ലഎന്നു എനിക്കുതോന്നുന്നു. ഒരു സമുദായത്തിന്റെ വേണ്ടതായ സാമുദായികനിയമത്തിനു സ്ഥിരതയും ഉറപ്പും ഉണ്ടായിരിക്കേണ്ടതാകുന്നു എന്നുകൂടി പറയേണ്ടിയിരിക്കുന്നു. നിയമസഭയുടെ ഇടയ്ക്കിടെയുള്ള സെഷനുകളിലെ ഓരോ മെംബരുടേയും മനോഭാവത്തിനും യോജിച്ചതായ മാററങ്ങൾക്ക അവയെ കീഴ്പ്പെടുത്തരുത്. വിശേഷിച്ചും ഈ സമുദായത്തിലെ വിവാഹത്തേയും സ്വത്തിനേയും സംബന്ധിക്കുന്ന അവകാശങ്ങളെ ബാധിക്കുന്നതുകൊണ്ടു ഇവയെ ഈവിധം നിസ്സാരമായ പ്രതിപാദിച്ചു തള്ളിക്കൂടാ എന്നുള്ളതു അത്യാവശ്യം ആകുന്നു. അങ്ങനെയുള്ള ഭേദഗതിവല്ലതും സമുദായത്തിനു സംശയംവിനാ ഗുണകരമാണെന്നും തെളിയിക്കപ്പെട്ടാൽ അല്ലാതെ ഈ സഭയിലെ യാതൊരുമെമ്പരും ഇതിലേക്കായിചെയ്യുന്ന ഏതുശ്രമത്തേയും ഞാൻ കഠിനമായി ആക്ഷേപിക്കുന്നു. ഒരു ഭേദഗതി വേണ്ടതാണെന്നു വ്യക്തമായ പൊതുജനാവശ്യം ഉണ്ടായാലല്ലാതെ നിയമത്തെ ഭേദപ്പെടുത്തുന്നതിനു അത്യല്പമായ നടപടിപോലും ഈ നിയമനിർമ്മാതാക്കൾ ചെയ്തുകൂടാ. ബിൽ അവതരിപ്പിക്കുന്നതിനു അനുവാദം പതിവനുസരിച്ചു നൽകുവുന്നതാണെന്നു വരികിലും ഒരുസമുദായത്തിന്റെ സാമുദായിക നിയമങ്ങളെ ബാധിക്കുന്നുഎന്നുള്ള കാരണത്തിന്മേൽ ഞാൻ ഈ നില അവലംബിക്കുന്നു. ഇപ്പോഴുള്ള നായർറഗുലേഷൻ നടപ്പായികഴിഞ്ഞു ഇത്ര അടുത്തകാലത്തു നായർറഗുലേഷനെ ഭേദപ്പെടുത്തുന്നതിനു ഒരു ബിൽ ഹാജരാക്കുന്നതിനു അനുവാദം കൊടുക്കുന്നതായാൽ ഫലം നാശകരവും ആപല്ക്കരവും ആയിരിക്കുമെന്നു ഞാൻ ശങ്കിക്കുന്നു. അതുകൊണ്ടു ഈ ദശയിൽ ഈ സഭയിൽ ഈ നിയമം കൊണ്ടുവരുന്നതിനെ ഞാൻ ബലമായി എതിർക്കുന്നു.

മി. എം. ശിവതാണുപിള്ള (തോവാള): നായർസമുദായത്തിന്റെ ഇടയിൽ ഉള്ള വിവാഹത്തിനു മതസംബന്ധമായ രൂപമില്ലയെന്നു മി. രാമൻമേനോന്റെ നിരൂപണത്തെക്കുറിച്ചു മി. പരമേശ്വരൻപിള്ളയുടെ അഭിപ്രായം എന്താണെന്നു പറഞ്ഞുതരുമോ?

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): റഗുലേഷനിലെ യാതൊരു വ്യവസ്ഥയുടെയും യോഗ്യതകളെ പര്യാലോചിക്കേണ്ടതായ ദശ ഇതല്ല. ഈവിധത്തിലുള്ള ഒരുബിൽ കൊണ്ടുവരുന്നതിനു യാതൊരു ആവശ്യകതയും തീരെ കാണിച്ചിട്ടില്ലഎന്നു ഞാൻപറയുന്നു. നായർറഗുലേഷനിലെ സകലവ്യവസ്ഥകളുടെയും ഗുണങ്ങളെ ഇതിനുമുൻപിലത്തെ പൂർണ്ണമായി പര്യാലോചിച്ചുകഴിഞ്ഞിട്ടുണ്ട്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സംസാരിക്കാനായി എഴുനീല്ക്കുന്നു.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): നം ..ാംനമ്പർ സ്റ്റാൻഡിംഗ് ആർഡർ അനുസരിച്ചു ഒരുമെമ്പർക്കേ സംസാരിക്കാവൂ. ഒരുമെമ്പർ മാത്രമേ ഉപക്ഷേപത്തെ എതിർക്കാൻ പാടുള്ളു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഈ സ്റ്റാൻഡിംഗ് ആർഡറിനു ആ അർത്ഥമുണ്ടോ?

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഉണ്ടു.

മി. വി. സുബ്ബയ്യർ (ഗവൺമെന്റുനിയമിച്ചമെമ്പർ—ഡിപ്യൂട്ടിപ്രസിഡണ്ടു). ഉപക്ഷേപത്തെപ്പററിയുള്ള ഗുണദോഷപ്രതിപാദനം എല്ലാ മെംബർമാരും ചെയ്യുന്നതിനു അനുവദിക്കാമെന്നു ഞാൻ വിചാരിക്കുന്നില്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): പ്രയോക്താവിന്റേയും എതിർവാദക്കാരന്റേയും വാദങ്ങൾ കേട്ടതിൽപിന്നീടു പ്രസിഡന്റ മെംബർമാരുടെ അനുകൂലപ്രതികൂലഭാഗങ്ങൾ നിർണ്ണയിക്കാം. ഇക്കാര്യം തീർപ്പുചെയ്യുന്നതിനുള്ള പൂർണ്ണാധികാരം പ്രസിഡന്റിനാകുന്നു. പ്രസിഡന്റിനു ഒരു പ്രത്യേകമാർഗ്ഗം അവലംബിക്കാം. എന്നാൽ അങ്ങനെ ചെയ്യുന്നതു പ്രസിഡന്റ ആ നിലയിൽതന്നെ വിന്നേതീരു എന്നു അർത്ഥമാകുന്നില്ല.

പ്രസിഡന്റ്: ബിൽ ഹാജരാക്കുന്നതിനു അനുകൂലമായുള്ളവർ ദയവുചെയ്തു കൈപൊക്കുമോ? ഉദ്യോഗസ്ഥരായ മെംബർമാർ സ്വന്തമനസ്സുപോലെ വോട്ചെയ്യാം.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): സർ, എനിക്ക മറുപടി പറയാൻ അവകാശമില്ലയോ?

പ്രസിഡൻറ്: ഇല്ല.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): എതിർവാദത്തിനു ശേഷവും ഒരു ബിൽ അവതരിപ്പിക്കുവാൻ അനുവാദത്തിനുള്ള ഉപക്ഷേപത്തിനു എതിർവാദമുണ്ടാകുന്നതായാൽ ഹാജരാകുന്ന മെംബർമാരുടേയും പ്രമേയത്തെ എതിർക്കുന്ന മെംബർമാരുടേയും വാദങ്ങൾ കേട്ടതിൽപിന്നിട്ട പ്രസിഡണ്ട് ആ ഉപക്ഷേപം വോട്ടിനിടാം. എതിർവാദത്തിനുശേഷം പ്രയോക്താവിനെ സംസാരിക്കാൻ സമ്മതിക്കേണ്ടതല്ലയോ?

പ്രസിഡൻറ്: എന്നാൽ ഇക്കാര്യത്തിൽ പൂർണ്ണമായും പ്രസിഡൻറിൻെറ യുക്താനുസാരം പോലെ ചെയ്യാം.

ഈ സംഗതി വോട്ടിനിട്ടതിൽ തള്ളപ്പെട്ടുപോയി.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): സർ, ആളുകളുടെ പേര് അറിയണമെന്നു ഞാൻ ആവശ്യപ്പെടുന്നു.

ആളുകളുടെ പേരുകൾ താഴെപ്പറയുന്നവരെ കാണുന്നു.

അനുകൂലിച്ചവർ ൬.

൧	മിസ്റ്റർ	ആർ. ധനകോടിപ്പിള്ള
൨	,,	കെ. ജാർജ്
൩	,,	കെ. ഐ. ജോസഫ്
൪	മിസ്റ്റർ	എ. കെ. പിള്ള
൫	,,	ജി. രാമൻമേനോൻ
൬	,,	വി. എസ്സ്. സുബ്രഹ്മണ്യയ്യർ

പ്രതികൂലിച്ചവർ ൧൮.

൧	മിസ്റ്റർ	സി. പി. കൊച്ചുകുഞ്ഞുപിള്ള
൨	,,	ആർ. കെ. കൃഷ്ണപിള്ള
൩	ഡാക്ടർ	എൻ. കുഞ്ഞൻപിള്ള
൪	മിസ്റ്റർ	ടി. കുമാരപിള്ള
൫	,,	എസ്സ്. ജി. ചോപ്പ് സ്
൬	,,	കെ. മാധവൻപിള്ള
൭	,,	പി. ഹബീബ് മുഹമ്മദ്
൮	,,	കെ. സി. മാപ്പിളമാപ്പിള
൯	മിസ്റ്റർ	ജി. നാരായണപിള്ള
൧൦	,,	കല്ലൂർ നാരായണപിള്ള
൧൧	,,	പി. കെ. നാരായണപിള്ള
൧൨	,,	എം. എൻ. പിള്ള
൧൩	,,	ജി. പരമേശ്വരൻപിള്ള
൧൪	,,	ചങ്ങനാശേരി പരമേശ്വരൻപിള്ള
൧൫	റാവുബഹദൂർ,	കെ. വി. രംഗസ്വാമിഅയ്യങ്കാർ
൧൬	മിസ്റ്റർ	കെ. ശിവരാമപണിക്കർ

നിഷ്പക്ഷവാദികൾ ൨൫.

൧	മിസ്റ്റർ	ഐ. സി. ചാക്കോ
൨	,,	പോൾ ഡാനിയൽ
൩	,,	എ. ജെ. ജാൺ
൪	,,	സി. കേരളവർമ്മ കോയിത്തമ്പുരാൻ
൫	,,	ആർ. കൃഷ്ണസ്വാമിഅയ്യർ
൬	,,	എൻ. കുമാരൻ
൭	മിസ്സസ്	എം. പുന്നൻ ലൂക്കോസ്
൮	മിസ്റ്റർ	ടി. ജെ. മാത്യു
൯	,,	കെ. വി. നടേശഅയ്യർ
൧൦	,,	ആർ. പത്മനാഭൻ
൧൧	,,	കല്ലറ പരമേശ്വരൻപിള്ള
൧൨	,,	എസ്സ്. പിറവിപെരുമാൾപിള്ള
൧൩	മിസ്റ്റർ	കെ. എൻ. രാമസുബ്ബയ്യർ
൧൪	,,	ടി. പി. രാമസുബ്ബയ്യർ
൧൫	,,	എസ്. സി. എച്ച്. റാബിൻസൺ
൧൬	,,	ശിവതാണുപിള്ള
൧൭	,,	വി. സുബ്ബയ്യർ
൧൮	,,	എം. സുബ്രഹ്മണ്യപിള്ള
൧൯	,,	എസ്സ്. സുബ്രഹ്മണ്യകരയാളർ
൨൦	,,	സി. പി. തരകൻ
൨൧	,,	സി. പി. താമസ്
൨൨	,,	കെ. കെ. താമസ്
൨൩	,,	സി. എൻ. ഉപ്പൻനമ്പൂതിരി
൨൪	,,	എ. ജെ. വാൻറാസ്

ഈ ഉപക്ഷേപം തള്ളപ്പെട്ടതായി പ്രഖ്യാപനം ചെയ്യപ്പെട്ടു.

മി. പി. സുബ്ബയ്യർ (ഗവൺമെണ്ടു നിയമിച്ച മെംബർ) (ഡെപ്യൂട്ടി പ്രസിഡണ്ട്): നിഷ്പക്ഷവാദികൾ ജയിച്ചു എന്നു എനിക്കു തോന്നുന്നു. (ചിരി)

മണി ഒന്നടിച്ചു അൻപത്തഞ്ചു മിനിട്ടായപ്പോൾ പ്രസിഡണ്ട് സഭവിട്ടുപോയി. ഡെപ്യൂട്ടി പ്രസിഡൻറ് അഗ്രാസനം വഹിച്ചു.

സ്റ്റാൻഡിംഗ് ആർഡറിനു ഭേദഗതി.

ഡെപ്യൂട്ടിപ്രസിഡൻറ്: മിസ്റ്റർ പിറവിപ്പെരുമാൾപിള്ള, പ്രത്യേകകമ്മിറ്റിയുടെ റിപ്പോർട്ടു നിങ്ങൾ സമർപ്പിക്കുകയും അതിനെ പര്യാലോചിക്കണമെന്നു അപേക്ഷിക്കുകയും ചെയ്യാം.

മി. എസ്സ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും, തെക്ക): സർ, (ബി) നമ്പർ സ്റ്റാൻഡിംഗ് ആർഡറിനു ഞാൻ കൊണ്ടുവന്ന ഭേദഗതിയെക്കുറിച്ചു പ്രത്യേകകമ്മിറ്റിയുടെ റിപ്പോർട്ട് ഞാൻ സമർപ്പിക്കുകയും അതിനെ ആലോചനക്കായി സ്വീകരിക്കണമെന്നു അഭിപ്രായപ്പെടുകയും ചെയ്യുന്നു.

മി. ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): ഞാൻ അതിനെ പിൻതാങ്ങുന്നു.

ഡെപ്യൂട്ടിപ്രസിഡൻറ്: യാതൊരു മെംബരും യാതൊരു ഭേദഗതിയും അയച്ചിട്ടില്ലെന്നു തോന്നുന്നു. പ്രത്യേകകമ്മിറ്റി നിശ്ചയിച്ച ഭേദഗതിയെ സഭ സ്വീകരിക്കുന്നു എന്നു ഞാൻ ഗ്രഹിക്കുന്നു.

പ്രത്യേകകമ്മിറ്റി നിശ്ചയിച്ച ഭേദഗതി സഭയിൽ അംഗീകരിക്കപ്പെട്ടു.

സാമാന്യമായി പൊതുജനങ്ങൾക്കു താല്പര്യമുള്ള കാര്യങ്ങളെക്കുറിച്ചുള്ള പ്രമേയങ്ങൾ.

സർക്കാർ സത്രങ്ങളെ എല്ലാ വർഗ്ഗക്കാർക്കും പ്രവേശ്യമാക്കുക.

മി. എ. ജെ. ജാൺ (തെവക്കം): ഞാൻ താഴെ ചേർക്കുന്ന പ്രമേയം അവതരിപ്പിക്കുന്നു:—

"എല്ലാ സർക്കാർ സത്രങ്ങളേയും ഈ രാജ്യത്തിലെ എല്ലാ പ്രജകൾക്കും പ്രവേശ്യമാക്കണമെന്നു ഈ സഭ ഗവൺമെൻറിനോടു ഉപദേശിക്കുന്നു."

ഗവൺമെൻറവകയും ഗവൺമെണ്ടു പരിപാലിച്ചുവരുന്നതും ആയ അനേകം സത്രങ്ങൾ തിരുവിതാംകോട്ടിൽ ഉണ്ടു. ഈ സത്രങ്ങൾ ഉണ്ടാക്കിയതിന്റെ ഉദ്ദേശ്യം വഴിയാത്രക്കാർക്കു സൌകര്യം നൽകുന്നതായിട്ടാകുന്നു. ഈ ഉദ്ദേശ്യത്തോടുകൂടി ഈ സത്രങ്ങൾ എല്ലാ നഗരങ്ങളിലും വലിയ കച്ചവടസ്ഥലങ്ങളിലും കെട്ടപ്പെട്ടിരിക്കുന്നു. തിരുവിതാംകോട്ടിൽ അനേകം സത്രങ്ങൾ ഉണ്ടെന്നുവരികിലും ഇവയിൽ ചിലതു സകലജനങ്ങൾക്കും പ്രവേശ്യങ്ങളല്ല. അവ ഉൽകൃഷ്ടജാതിയിലുള്ള ഹിന്തുക്കൾക്കു മാത്രമെ പ്രവേശ്യങ്ങളായിരിക്കുന്നുള്ളു. തിരുവിതാംകോട്ടിൽ ഉൽകൃഷ്ടജാതി ഹിന്തുക്കളായി എട്ടുലക്ഷം ജനങ്ങളേ ഉള്ളു. മറ്റു ജാതിക്കാരാകട്ടെ മുപ്പത്തിരണ്ടു ലക്ഷം ജനങ്ങളുണ്ടു.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): എല്ലാജാതിക്കാർക്കും പ്രവേശ്യങ്ങളല്ലാത്തതായി എത്ര സത്രങ്ങൾ തിരുവിതാംകോട്ടിൽ ഉണ്ടു എന്നു എന്നോടു പറഞ്ഞുതരുമോ?

മി. എ. ജെ. ജാൺ (വൈക്കം): പന്ത്രണ്ടു എണ്ണത്തോളം ഉണ്ട് എന്നാണു എന്റെ അറിവ്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സംസ്ഥാനം ഒട്ടുക്കു സത്രങ്ങളുടെ മൊത്തം എണ്ണം എത്ര്?

മി. എ. ജെ. ജാൺ (വൈക്കം): എനിക്കറിഞ്ഞുകൂടാ. എന്റെ പ്രമേയം ഇപ്പോൾ ഇരിക്കുന്നനിലക്കു, സംസ്ഥാനത്തിൽ സകലജാതി ജനങ്ങൾക്കും പ്രവേശ്യങ്ങളല്ലാത്ത സത്രങ്ങൾ മാത്രമെ സംബന്ധിക്കുന്നുള്ളു.

ഡെപ്യൂട്ടി പ്രസിഡണ്ടു: യാതൊരുത്തർക്കും പ്രവേശ്യമല്ലാത്ത സത്രങ്ങൾ ഇല്ലയോ?

മി. എ. ജെ. ജാൺ (വൈക്കം): അങ്ങനെയുള്ള വല്ല സത്രങ്ങളും ഉള്ളതായി എനിക്കറിഞ്ഞുകൂടാ. സർക്കാർ മുതൽകൊണ്ടു പരിപാലിക്കപ്പെട്ടുവരുന്നതായ സർക്കാർ സത്രങ്ങളേക്കുറിച്ചുമാത്രമെ ഞാൻ സംസാരിക്കുന്നുള്ളു. ഈ സത്രങ്ങൾ ആരംഭിച്ചകാലത്തു അവയുടെ പ്രതിഷ്ഠാതാക്കൾ വളരെ ധർമ്മബുദ്ധിയാൽ പ്രേരിതരായിരുന്നിരിക്കാം. ജാതിമതഭേദമെന്യേ സകല പാന്ഥന്മാരുടേയും ഗുണത്തിനും സൌകര്യത്തിനുമായി ഈ സത്രങ്ങളെ അവർ നിശ്ചയമായും ഉദ്ദേശിച്ചിരിക്കണം.

മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): ക്ഷേത്രംവക പുറമ്പോക്കിലുള്ള സത്രങ്ങളേയും മെംബർ പ്രമേയത്തിന്റെ വ്യാപ്തിയിൽ ഉൾപ്പെടുത്തിട്ടുണ്ടോ?

മി. എ. ജെ. ജാൺ (വൈക്കം): ഗവൺമെണ്ടിനു ഉടമസ്ഥാവകാശം ഉള്ളതും ഗവൺമെണ്ടുവക പണം കൊണ്ടുസംരക്ഷിക്കുന്നതുമായ എല്ലാ സത്രങ്ങളേയും ഉൾപ്പെടുത്തണമെന്നാണു ഞാൻ വിചാരിക്കുന്നത്.

ഡെപ്യൂട്ടി പ്രസിഡണ്ടു: പ്രമേയം ഇരിക്കുന്ന നിലക്കു എല്ലാ സത്രങ്ങൾക്കും അതു സംബന്ധിക്കുന്നു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): മി. ജാൺ പ്രസ്താവിച്ചതായ ഏഴു സത്രങ്ങളുടെ പേരു അദ്ദേഹം ദയവുചെയ്തു പറയുമോ?

മി. എ. ജെ. ജാൺ (വൈക്കം): ഈ പന്ത്രണ്ടു സത്രങ്ങൾ കന്യാകുമാരി, ശുചീന്ദ്രം, തക്കല, കുഴിത്തുറ, നെയ്യാറ്റിൻകര, നെടുമങ്ങാടു, തിരുവനന്തപുരം റെയിൽവെസത്രം, ആറന്മുള, പറവൂർ, വൈക്കം, ഇവയിലുള്ളതും മറ്റു രണ്ടു സ്ഥലങ്ങളിലും ഉള്ളവയാകുന്നു.

മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): തിരുവനന്തപുരം റയിൽവെസത്രം മഹാരാജാവുതിരുമനസ്സിലെ സ്വന്തംപണംകൊണ്ടു കെട്ടിട്ടുള്ളതാണെന്നു മെംബർക്കറിയാമോ?

മി. എ. ജെ. ജാൺ (വൈക്കം). അതു പിന്നീടു ഗവൺമെൻറിനു വിട്ടുകൊടുത്തു എന്നാണു എന്റെ അറിവ്.

മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): ആ അറിവു ശരിയാണോ എന്നു അന്വേഷിച്ചിട്ടുണ്ടോ?

മി. എ. ജെ. ജാൺ (വൈക്കം): കഴിവുള്ളടത്തോളം അന്വേഷിച്ചിട്ടുണ്ടു.

മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): തിരുവല്ല, ശുചീന്ദ്രം ഈ രണ്ടു സത്രങ്ങളും ക്ഷേത്രം പുറമ്പോക്കിൽ ഉള്ളതാണെന്നറിയാമോ?

മി. എ. ജെ. ജാൺ (വൈക്കം): അതു അന്വേഷിക്കേണ്ട ആവശ്യമില്ല. ഗവൺമെണ്ടുവക പണം കൊണ്ടു സംരക്ഷിക്കുന്നു എന്നറിയാം.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): നെയ്യാറ്റിൻകര സത്രത്തിൽ എല്ലാ ജാതിമതസ്ഥന്മാർക്കും പ്രവേശനമുണ്ടെന്നറിയാമോ?

മി. കെ. ഐ. ജോസഫ് (മീനച്ചിലും മൂവാറ്റുപുഴയും): മി. പരമേശ്വരൻപിള്ളക്കു മലയാളത്തിൽ ചോദ്യംചോദിക്കാൻ അധികാരമെന്തു എന്നു അറിയിക്കേണ്ടിയിരിക്കുന്നു.

ഡെപ്യൂട്ടി പ്രസിഡണ്ടു: മി. പരമേശ്വരൻപിള്ളേ നിങ്ങൾ പ്രവർത്തിച്ചതു നടപടിക്രമം അനുസരിച്ചല്ല.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): ചട്ടംഅനുസരിച്ചു നടക്കുന്നതിനായി ഞാൻ പ്രശ്നത്തെ തർജിമചെയ്തു പറയാം. നെയ്യാറ്റിൻകര സത്രം ഉൽകൃഷ്ടജാതി ഹിന്തുക്കൾ മാത്രമല്ല മറ്റു സമുദായത്തിലുള്ള ജനങ്ങളും ഉപയോഗിച്ചുവരുന്നുണ്ടെന്നു മി. ജാണിനറിയാമോ?

മി. എ. ജെ. ജാൺ (വൈക്കം): ഈ പ്രശ്നത്തിനു എന്റെ മറുപടി ഇതാകുന്നു. ഈ സത്രങ്ങളെ അഹിന്തുക്കളും ഉൽകൃഷ്ടരല്ലാത്ത ഹിന്തുക്കളും ഉപയോഗിക്കുവാൻ അധികാരപ്പെടുത്തിയിരിക്കുന്നതായി യാതൊരു പരസ്യവും യാതൊരേടത്തും പ്രസിദ്ധപ്പെടുത്തിട്ടില്ല. ഈ സത്രത്തിൽ വല്ലതിലും പ്രവേശനം വേണമെന്നു വല്ല അഹിന്തുവോ ഉൽകൃഷ്ടജാതിയല്ലാത്ത ഹിന്തുവോ പ്രവേശനത്തിനായി ചെല്ലുമ്പോൾ അവരെ ഉൽകൃഷ്ടജാതി ഹിന്തുക്കൾക്കുമാത്രമെ ഉപയോഗിക്കാവു എന്നു പറഞ്ഞുകൊണ്ടു വിചാരിപ്പുകാരൻ അവർ സത്രത്തിൽ പ്രവേശിക്കുന്നതിനെ തടയുന്നുണ്ടു. അങ്ങിനെ എഴുതിവന്നിട്ടുള്ളതായി വല്ല രേഖകളും അയാളോടു ഞങ്ങൾ ആവശ്യപ്പെടുമ്പോൾ സത്രങ്ങൾ ഉൽകൃഷ്ടജാതി ഹിന്തുക്കളുടെ ഉപയോഗത്തിനായി മാത്രമെ ഉദ്ദേശിക്കപ്പെട്ടിരിക്കുന്നുള്ളു എന്നുള്ള വിചാരത്തിനു യാതൊരു രേഖയും തനിക്കുയില്ല എന്നു അയാൾ പറയുന്നു.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): നെയ്യാറ്റിൻകര സത്രം എല്ലാവർക്കും പ്രവേശ്യമല്ല എന്നു അദ്ദേഹം പറഞ്ഞതു ഏതിനെ അടിസ്ഥാനപ്പെടുത്തിയാണെന്നു എനിക്കു പറഞ്ഞുതരുമോ?

മി. എ. ജെ. ജാൺ (വൈക്കം): ഞാൻ പറഞ്ഞ സംഗതികൾ നെയ്യാറ്റിൻകര സത്രത്തിനെ പ്രത്യേകമായി സംബന്ധിക്കുന്നവയല്ല; ഈ എല്ലാസത്രങ്ങളെക്കുറിച്ചുമാകുന്നു.

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): ഈ സത്രം എല്ലാ ജനങ്ങളും ഉപയോഗിച്ചുവരുന്നുണ്ടെന്നു മി. ജാണിനു അറിയാമോ?

മി. ഏ. ജെ. ജാൺ (വൈക്കം): എന്റെ അറിവു അങ്ങനെയല്ല.

മനുഷ്യർ തമ്മിൽ യാതൊരുവിധ വ്യത്യാസവും കണക്കാക്കാതെ സകലവിധ പൊതുജനങ്ങൾക്കും വസിക്കാൻ സൗകര്യപ്പെടുത്തുന്നതിനായിട്ടാണ് ഈ സത്രങ്ങളുടെ പ്രതിഷ്ഠാപകന്മാരുടെ പരമമായ ഉദ്ദേശ്യം എന്നുള്ളത് സ്പഷ്ടമാണെന്നാകുന്നു എന്റെ പക്ഷം. എന്നുതന്നെയുമല്ല ഈ സത്രങ്ങളെ സർക്കാർ മുതലിൽനിന്നു സംരക്ഷിക്കുന്നതിനാൽ അവയെ ഏതാനും സമുദായക്കാർക്കു മാത്രം പ്രവേശ്യമാക്കുന്നതു നീതീകരിക്കത്തക്കതല്ല. ഈ സത്രങ്ങളുടെ പരിപാലനത്തിനായി വളരെ വലിയ തുക ചിലവിട്ടുവരുന്നതായി ഈ ആണ്ടത്തേക്കുള്ള ബജറ്റിൽനിന്നു കാണാവുന്നതാണ്. ഈ ഉദ്ദേശ്യത്തോടുകൂടിയാണ് ആ ഭവനങ്ങൾ നിർമ്മിച്ചിട്ടുള്ളതെന്നു സകലരും സമ്മതിക്കുമെന്നു ഞാൻ വിചാരിക്കുന്നു. ഈ സ്ഥിതിക്കു തിരുവിതാംകൂറിൽ ഓരോ പൗരനും ഈ സത്രങ്ങൾ ഉപയോഗിക്കുന്നതിനു അവകാശമുണ്ട്. അനേകം സത്രങ്ങളെ സകലവിധ സമുദായക്കാർക്കും പ്രവേശ്യമാക്കിട്ടുള്ളതായി എനിക്കറിയാം. അതുകൊണ്ടു ചില സത്രങ്ങളെ ഏതാനും ജാതിക്കാർക്കു മാത്രം പ്രവേശ്യം ആക്കിയിരിക്കുന്നതിലുള്ള യുക്തി മനസ്സിലാക്കുവാൻ എനിക്കു കഴിയുന്നില്ല. ജനങ്ങളുടെ ഒരു വിഭാഗത്തിന്റെ മനോഭാവങ്ങളെ ആദരിക്കുന്നതിലേക്കായി ഈ സത്രങ്ങളിൽ ചിലതിനെ എല്ലാ ജാതിക്കാർക്കും പ്രവേശ്യങ്ങളാക്കിട്ടില്ല എന്ന യുക്തിവാദം പുറപ്പെടുവിക്കപ്പെട്ടേക്കാം. അതു നല്ല വാദമാണെന്നു ഞാൻ വിചാരിക്കുന്നില്ല. എന്തുകൊണ്ടെന്നാൽ അതു യുക്തിയാൽ അവലംബിതമായ മനോഭാവമല്ല. യുക്തിയെ ആധാരമാക്കിട്ടുള്ള മനോഭാവമാണെന്നുവരികിൽ അപ്പോൾ അതു എനിക്കു മനസ്സിലാക്കാൻ കഴിയും.

ഡെപ്യൂട്ടി പ്രസിഡണ്ട്: മനോഭാവം യുക്തിയെ ആധാരപ്പെടുത്തിയിരിക്കുന്നതെങ്ങനെ? (ചിരി)

മി. ഏ. ജെ. ജാൺ (വൈക്കം): മനോഭാവത്തിനു ആധാരം യുക്തിയായിരിക്കണം.

എന്റെ പ്രമേയത്തെപ്പറ്റി പറയാവുന്നതായ രണ്ടാമത്തെ ആക്ഷേപം ഈ സത്രങ്ങൾ ക്ഷേത്രങ്ങൾക്കു സമീപമായിരിക്കുന്നതുകൊണ്ടു അവയെ സകലവിധജനങ്ങൾക്കും പ്രവേശ്യമാക്കിക്കൂടാ എന്നാകുന്നു. ഈ യുക്തിവാദത്തിനു സ്വൽപ്പകാലത്തിനു മുമ്പേ വല്ല ശക്തിയുമുണ്ടായിരിക്കാം. എന്നാൽ ക്ഷേത്രങ്ങൾക്കും കൊട്ടാരങ്ങൾക്കും ചുറ്റുമുള്ള റോഡുകളെയെല്ലാം സകലജാതിക്കാർക്കും പ്രവേശ്യമാക്കിയിരിക്കുന്ന ഇക്കാലത്തു അതിനു ശക്തിയില്ല

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): ശുചീന്ദ്രം ക്ഷേത്രത്തിനു ചുറ്റുമുള്ള റോഡിനെ എല്ലാവർക്കും പ്രവേശ്യമാക്കിയിരിക്കുന്നതായി മെമ്പർക്കു നല്ല നിശ്ചയമുണ്ടോ?

മി. ഏ. ജെ. ജാൺ (വൈക്കം): അതു ഒരു വ്യത്യാസമായിരിക്കാം. ആ ഒരു വ്യത്യാസം മാത്രമേയുള്ളു എന്നു എനിക്കു തോന്നുന്നു. എല്ലാ പബ്ലിക് റോഡുകളെയും പ്രവേശ്യമാക്കിട്ടുണ്ടെന്നു ഞാൻ വിചാരിക്കുന്നു.

ഇനി പറയുന്നതായ മൂന്നാമത്തെ ആക്ഷേപം ഈ സത്രങ്ങളിൽ പാകശാലകൾ ഇല്ലെന്നുള്ളതാണ്. ഈ സത്രങ്ങളിൽ പാകശാലകൾ സകലജാതിജനങ്ങളുടെയും ആവശ്യങ്ങളെ സാധിപ്പിക്കുന്നതിനു മതിയാകുന്നില്ലെന്നുവരികിൽ എത്രതന്നെ ചിലവുവരുന്നതായാലും കൂടുതൽ പാകശാലകൾ പണിയിക്കുകയും ജനങ്ങളുടെ ന്യായമായ ആവശ്യങ്ങളെ സാധിപ്പിക്കുകയും ചെയ്യേണ്ടതു ഗവർമെണ്ടിന്റെ കടമയാകുന്നു. ഇക്കാര്യത്തിലേക്കായി പണച്ചിലവിലേക്കാവശ്യപ്പെട്ടുകൊണ്ടു ഗവർമെണ്ടു ഈ സഭയോടു അപേക്ഷിക്കുന്നപക്ഷം യാതൊരു എതിർവാദവും ഇല്ലാതെ ഈ സഭ അനുവദിക്കുമെന്നു എനിക്കു നിശ്ചയമുണ്ട്.

ഈ പ്രശ്നത്തോടുകൂടി എന്റെ പ്രമേയത്തെ സഭ സ്വീകരിക്കണമെന്ന് ഞാൻ ഉപദേശിക്കുന്നു.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ക്ഷേത്രവളപ്പുകളിൽ ഇരിക്കുന്നതായ സത്രങ്ങളുടെ കാര്യത്തിലും അവ പൊതുമുതലിൽനിന്ന് സംരക്ഷിക്കപ്പെട്ടുവരുന്നു എന്നുള്ള ഏകകാരണത്തിന്മേൽ അവയെ സകലജാതിക്കാർക്കും പ്രവേശ്യമാക്കണം എന്നു മി. ജാൺ നിർബന്ധിക്കുന്നുണ്ടോ എന്നു അദ്ദേഹത്തിൽനിന്നു എനിക്കു അറിയേണ്ടിയിരിക്കുന്നു.

മി. ഏ. ജെ. ജാൺ (വൈക്കം): "ക്ഷേത്രവളപ്പുകൾക്കുള്ളിൽ" എന്നുള്ള പദത്താൽ അദ്ദേഹം അർത്ഥമാക്കുന്നതെന്ത് എന്നു അദ്ദേഹം ദയവുണ്ടായി വിവരിച്ചുപറയുമെങ്കിൽ ആ പ്രശ്നത്തിനു മറുപടി ഞാൻ പറയാം.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ക്ഷേത്രം സ്ഥാപിച്ചിരിക്കുന്നതായ പറമ്പുകളും ക്ഷേത്രത്തിനു സമീപത്തുള്ളതായ മററു പറമ്പുകളും എന്ന് ഞാൻ അർത്ഥമാക്കുന്നു.

മി. ഏ. ജെ. ജാൺ (വൈക്കം): അങ്ങിനെയുള്ള സത്രങ്ങൾ സർക്കാർമുതലിൽനിന്ന് സംരക്ഷിക്കപ്പെട്ടുവരുന്നപക്ഷം അവയും എന്റെ പ്രമേയത്തിൽ ഉൾപ്പെടുന്നു എന്ന് അതിന്റെ വാചകത്തിൽനിന്ന് വ്യക്തമാകുന്നു.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ക്ഷേത്രവളപ്പുകൾക്കുള്ളിലുള്ള സത്രങ്ങളെ സകലജാതിജനങ്ങൾക്കും പ്രവേശ്യമാക്കുമ്പോൾ അതു ഹിന്ദുക്കളുടെ മതാചാരങ്ങളെ പുണ്ണാക്കുമെന്നു അദ്ദേഹം വിചാരിക്കുന്നുണ്ടോ? അദ്ദേഹം ഒരു അഹിന്ദുവാകയാൽ ഹിന്ദുക്ഷേത്രത്തിൽ പ്രവേശിക്കുന്നതിനു ഒരു അവസരമായി അദ്ദേഹം ഇതിനെ മനഃപൂർവം സ്വീകരിക്കുമോ?

മി. ഏ. ജെ. ജാൺ (വൈക്കം): നിശ്ചയമായും ഇല്ല. അതു എന്റെ അഭിപ്രായമേ അല്ല. അതിനു ഈ പ്രശ്നവുമായി യാതൊരു ബന്ധവുമില്ല.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഒരു അഹിന്ദു ക്ഷേത്രവളപ്പിനുള്ളിൽ പ്രവേശിക്കുന്നതിനുള്ള ഒരു അവസരമായി സ്വീകരിക്കുന്നതിനു ആ അഹിന്ദുവിനെ പ്രോത്സാഹിപ്പിക്കുന്നതായ വിചാരം ഈ പ്രമേയത്തിൽ അന്തർഭവിച്ചിരിക്കുന്നില്ലയോ?

മി. ഏ. ജെ. ജാൺ (വൈക്കം): അതു ഒരു സാങ്കല്പികമായ പ്രശ്നമാകുന്നു. അതുകൊണ്ടു അതിനു മറുപടി പറയാൻ ഞാൻ സന്നദ്ധനല്ല.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): അതു ഏതുവിധത്തിൽ സാങ്കല്പികമാണെന്നു എനിക്കു പറഞ്ഞുതരുമോ?

മി. ഏ. ജെ. ജാൺ (വൈക്കം): സത്രപ്രവേശനം ഹിന്ദുക്ഷേത്രപ്രവേശനമായേതീരൂ എന്നുള്ളതായി യാതൊരു സത്രവും ഇപ്പോൾ ഞാൻ അറിഞ്ഞിട്ടില്ല. അപ്രകാരമുള്ള സത്രത്തിനു ഒരു ഉദാഹരണം മി. ശിവരാമപ്പണിക്കർ ദയവുചെയ്തു പറഞ്ഞുതരുമെങ്കിൽ ആ പ്രത്യേകസത്രത്തെക്കുറിച്ചു അദ്ദേഹത്തിന്റെ പ്രശ്നത്തിനു മറുപടി അപ്പോൾ എനിക്കു പറയാൻകഴിയും.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഏതാനും സത്രങ്ങൾ ക്ഷേത്രങ്ങളുടെ ഉള്ളിലായൊ വളരെ സമീപത്തായൊ സ്ഥിതിചെയ്യുന്നതായി പ്രശ്നങ്ങൾമൂലം മെമ്പർമാരിൽ ചിലർ അദ്ദേഹത്തിനെ അറിയിച്ചിട്ടുള്ളതായി അദ്ദേഹം കേട്ടില്ലയൊ? ഉദാഹരണമായി ചേർത്തലയിൽ ഒരു സത്രമുണ്ട്; അതു ക്ഷേത്രമതിലിനു വളരെ സമീപത്തായി സ്ഥിതിചെയ്യുന്നു.

മി. ഏ. ജെ. ജാൺ (വൈക്കം): സത്രങ്ങൾ ആക്ഷേപണീയങ്ങളായ സ്ഥലങ്ങളിൽ സ്ഥിതിചെയ്യുന്നതായാൽ അവയെ സകലജാതിജനങ്ങൾക്കും പ്രവേശ്യങ്ങളായ നിരാക്ഷേപണീയങ്ങളായ സ്ഥാനങ്ങളിലേയ്ക്കു മാററിപ്രതിഷ്ഠിക്കണംഎന്നാകുന്നു എന്റെ അഭിപ്രായം.

മി. ഏ. കെ. പിള്ള (കരുനാഗപ്പള്ളി): മി. ജാണിനു വല്ല ആക്ഷേപവും

ഡെപ്യൂട്ടിപ്രസിഡെണ്ട്: അദ്ദേഹം ആസനത്തിൽ ഇരുന്നുകഴിഞ്ഞിരിക്കുന്നു.

മി. ഏ. കെ. പിള്ള (കരുനാഗപ്പള്ളി): എന്നാൽ അദ്ദേഹം ചോദ്യങ്ങൾക്കു മറുപടിപറഞ്ഞുവരുന്നു.

ഡെപ്യൂട്ടിപ്രസിഡെണ്ട്: ആകട്ടെ, എനിക്കു വിരോധമൊന്നുമില്ല.

മി. ഏ. കെ. പിള്ള (കരുനാഗപ്പള്ളി): സത്രങ്ങളിൽ താമസിക്കുന്ന ഓരോ ദിവസത്തിനു പാന്ഥരിൽനിന്നു ഒരു ചെറിയ തുക ഫീസായി പിരിക്കുന്നതിൽ വല്ല ആക്ഷേപവും മിസ്റ്റർ ജാണിനു ഉണ്ടോഎന്നു അറിയേണ്ടിയിരിക്കുന്നു.

മി. ഏ. ജെ. ജാൺ (വൈക്കം): അതു അത്യാവശ്യമാകുന്നു എന്നു ഗവർന്മെണ്ടു കാണുന്നതായാൽ അപ്രകാരം ചെയ്യുന്നതിൽ യാതൊരാക്ഷേപവും എനിക്കില്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): വൈക്കത്തെ സത്രം പൊതുജനങ്ങളിൽ എല്ലാ ശാഖക്കാർക്കും പ്രവേശ്യംആണോഎന്നു എനിക്കു പറഞ്ഞുതരുമോ?

മി. ഏ. ജെ. ജാൺ (വൈക്കം): അല്ല; അതു എല്ലാവർക്കും പ്രവേശ്യമല്ല.

മി. പി. ഹബീബ്മഹമ്മദ് (ഗവർന്മെണ്ടു നിയമിച്ച മെമ്പർ): ഞാൻ ഈ പ്രമേയത്തെ അനുവദിക്കുന്നു.

സഭ ലഘുഭക്ഷണത്തിനായി ൧ മണിഅടിച്ചു ൧൦ മിനുട്ടായപ്പോൾ പിരിഞ്ഞു. ൨ മണിക്കു വീണ്ടും യോഗംകൂടി.

മി. എൻ. കുമാരൻ (ഗവർന്മെണ്ടു നിയമിച്ച മെമ്പർ): ഉദ്യോഗസ്ഥമെമ്പരുടെ വാദംകേൾക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.

മി. കെ. ജാജ് (ഗവർന്മെണ്ടു ചീഫ്സെക്രട്ടറി): സർ, എല്ലാ സത്രങ്ങളേയും എല്ലാ സമുദായക്കാർക്കും പ്രവേശ്യംആക്കണമെന്നുള്ള പ്രശ്നം പഴക്കമേറിയതാണ്. ഇതിനെക്കുറിച്ചു ശ്രീമൂലംപ്രജാസഭയുടെ അഷ്ടമയോഗത്തിൽ ഗവർന്മെണ്ടു നിയമിച്ച ഒരു മെമ്പർ നിവേദനംചെയ്തു: തൽഫലമായി ഒരു ഗവർന്മെണ്ടാജ്ഞ നൽകപ്പെട്ടു; അതിൽ ൨൧ സത്രങ്ങൾ പേരുപറഞ്ഞ് അവയെ പ്രവേശ്യമാക്കാവുന്നതാണെന്നു ഗവർന്മെണ്ടു തീരുമാനിച്ചു. ഈ സംഗതിയെപ്പററിയുള്ള വാദം എന്നിട്ടും തീർന്നില്ല. അതിൽപിന്നീടു എല്ലാ സത്രങ്ങളേയും എല്ലാ വർഗ്ഗക്കാർക്കും തുറന്നുവിട്ടേക്കണംഎന്നു അപേക്ഷിച്ചുകൊണ്ടു ഒരു പ്രമേയം ൧൧൦൨-ാം വർഷത്തിൽ നിയമസഭയിൽ ഒരു മെമ്പർ കൊണ്ടുവന്നു. എന്നാൽ അതിനെ വാദത്തിനായി സ്വീകരിക്കാൻ ഇടയായില്ല. എന്നുവരികിലും എത്രയധികം സത്രങ്ങളെ തുറന്നുവിടാമൊ അത്രയധികം തുറന്നുവിടുന്നതിനു വേണ്ട നടപടി ഗവർന്മെണ്ടു നടത്തി.

൧൦൯൬-ാംവർഷത്തിലെ ഗവർന്മെണ്ടാജ്ഞയിൽ ൨൧ സത്രങ്ങൾ പ്രവേശ്യങ്ങൾ ആക്കാവുന്നതാണെന്നു ഗവർന്മെണ്ടു വിവരിച്ചു പറഞ്ഞിരുന്നു. എന്നാൽ ആ പ്രശ്നത്തെ വീണ്ടും പര്യാലോചിച്ചതിൽ അവയിൽ ൧൬ എണ്ണത്തെമാത്രമെ പ്രവേശ്യമാക്കാവൂ എന്നു ഗവർന്മെണ്ടു കണ്ടു.

മി. ഏ. ജെ. ജാൺ (വൈക്കം): എല്ലാ ജാതിക്കാർക്കും തുറന്നുവിട്ടതായ ൧൬ സത്രങ്ങളുടെ പേരു പറഞ്ഞുതരുമോ?

മി. കെ. ജാജ് (ഗവർന്മെണ്ട് ചീഫ്സെക്രട്ടറി): പേരുഎന്റെകൈവശംഉണ്ട്. എല്ലാവർക്കുംതുറന്നുവച്ചിട്ടുള്ള സത്രങ്ങളുടെ പേരുമെമ്പർക്കു അറിയണമോ?

മി. ഏ. ജെ. ജാൺ (വൈക്കം): അതേ, ൧൦൯൬-ലും ൧൧൦൨-ലും.

മി. കെ. ജാജ് (ഗവർന്മെണ്ട് ചീഫ്സെക്രട്ടറി): ൧൧൦൨-ൽ നാലുസത്രങ്ങൾകൂടി തുറന്നുകൊടുക്കപ്പെട്ടു. ഇപ്രകാരം ഇപ്പോൾഎല്ലാവർക്കും പ്രവേശ്യങ്ങളായി ൨൦ സത്രങ്ങൾഉണ്ടു. അവ കഴക്കൂട്ടം, നെയ്യാററിൻകര, നെടുമങ്ങാടു, വാമനപുരം, പാലോടു, കല്ലറ, മടത്തറ, ആയൂർ, എരുമക്കുഴി, കൊല്ലംറയിൽവേസത്രം, കൊല്ലത്തുശാലയിൽസത്രം, പൊൻകുന്നം, കോട്ടയം, പാമ്പാടി, കുത്താട്ടുകുളം, മൂവാററുപുഴ, തൊടുപുഴ, ദേവികുളം, കച്ചേരിസത്രം, ആലുവാ, കടയത്തൂർതാവളംസത്രം ഇവയാകുന്നു.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഈ പേരുകൾ ഗസററിൽ പ്രസിദ്ധപ്പെടുത്തിട്ടുണ്ടോ എന്നുപറയുമൊ?

മി. കെ. ജാജ് (ഗവർന്മെണ്ടു ചീഫ്സിക്രട്ടറി): അവയെയെല്ലാം ഒരേകാലത്തല്ല പ്രവേശ്യമാക്കിയതു. അവയെ തുറന്നുകൊടുത്തപ്പോഴെല്ലാം പരസ്യംപ്രസിദ്ധപ്പെടുത്തിയിട്ടുണ്ടായിരിക്കണം. ചിലതിന്റെകാര്യത്തിൽ പരസ്യംപ്രസിദ്ധപ്പെടുത്തിയിട്ടില്ലായിരിക്കാം. എന്നുഞാൻ ശങ്കിക്കുന്നു. എന്നാൽ അവഎല്ലാംജാതിക്കാർക്കും തുറന്നുകൊടുത്തിട്ടുള്ളതായി റിക്കാർഡുകളിൽ നിന്നുകാണുന്നു. ൧൦൯൬-ലെ ഗവർന്മെണ്ടാജ്ഞയിലെ വ്യവസ്ഥയനുസരിച്ചു കൂടുതൽപാകശാലകൾ ഉണ്ടാക്കിയതിന്റെശേഷം കൂടുതലായി ഏതാനും സത്രങ്ങളേയും തുറന്നുകൊടുത്തിട്ടുണ്ട്.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): വീണ്ടും പരിശോധിച്ചതിനുശേഷം പിന്നീടു ഏതാനും സത്രങ്ങളെ എല്ലാജാതിക്കാർക്കും വിട്ടുകൊടുക്കാതിരിക്കുന്നതിനു ഗവൺമെന്റിനെ പ്രേരിപ്പിച്ച കാരണങ്ങൾ എന്താണെന്ന് ചീഫ് സെക്രട്ടറി പറയുമോ?

മി. കെ. ജാർജ് (ഗവൺമെന്റു ചീഫ് സെക്രട്ടറി): ക്ഷേത്രങ്ങളുടെ സാമീപ്യംനിമിത്തം അത്ര സത്രങ്ങളെ തുറന്നുകൊടുത്തിട്ടില്ല. മറ്റെ ആറു സത്രങ്ങളുടെ കാര്യത്തിൽ അവയിൽ കച്ചേരികളും പാഠശാലകളും നടത്തിവരുന്നതായ മറ്റു കാര്യങ്ങൾക്കു ഉപയോഗിച്ചുവരുന്നതായി കാണപ്പെട്ടു. ഒരു സത്രം വഴിയിൽനിന്നും അകന്നുള്ള യിലാകയാൽ ആർക്കും ആവശ്യമില്ല. അതുകൊണ്ടു ആ സത്രത്തിനെ നിറുത്തിക്കളയേണ്ടതാണെന്നു വിചാരിച്ചു.

മി. ഏ. ജെ. ജാൺ (വയ്ക്കം): എല്ലാപേർക്കും വിട്ടുകൊടുത്തിട്ടില്ലാത്ത സത്രങ്ങളുടെ പേരു ഗവൺമെന്റു പറഞ്ഞുതരുമോ?

ഡെപ്യൂട്ടിപ്രസിഡന്റ്: മി: ജാർജ്, എല്ലാപേരുകളും നിങ്ങൾ വായിച്ചു തീർന്നുവോ?

മി. കെ. ജാർജ് (ഗവൺമെന്റു ചീഫ് സിക്രട്ടറി): അതെ. ഞാൻ പറഞ്ഞതിന്, രാജ്യത്തിൽ ആകെ അൻപത്തിരണ്ടു സത്രങ്ങളുണ്ട്. അവയിൽ ന്നു എണ്ണം ഇപ്പോൾ സത്രമായിട്ടല്ല കച്ചേരിയോ പാഠശാലയോ ആയി ഉപയോഗിച്ചുവരുന്നതുകൊണ്ടു അവയെ വിട്ടേക്കണം. ശേഷമുള്ളവയിൽ ൨൦ എണ്ണം ഇതിനുമുൻപിലെ എല്ലാപേർക്കുമായി തുറന്നുകൊടുത്തിട്ടുണ്ട്. അമ്പലപ്പുഴയിലും, കുമിളിയിലും പ്രത്യേകം പാകശാല ആവശ്യമില്ലെന്നു ലാൻഡ്റവന്യൂകമിഷണർ ബോധിപ്പിച്ചിരിക്കുന്നു. ഇവയെ ഉടൻതന്നെ എല്ലാപേർക്കുമായി തുറന്നുകൊടുക്കുന്നതാണ്. പത്മനാഭപുരം, ഇരണിയൽ, ചവറ, കരുനാഗപ്പള്ളി, മൂന്നാർ, മറയൂർ എന്നീ ആറു സ്ഥലങ്ങളിലുള്ള സത്രങ്ങളെ കൂടുതൽ പാകശാല ഉണ്ടാക്കിയതിൽ പിന്നീടു എല്ലാപേർക്കുമായി തുറന്നു കൊടുക്കാവുന്നതാണ്. ഇതാകുന്നു ഇപ്പോൾ ഈ സത്രങ്ങളുടെ നില. ഇപ്പോൾ ഞാൻ പ്രസ്താവിച്ചതായ ആറു സത്രങ്ങൾക്കും കൂടുതൽ പാകശാല ഉണ്ടാക്കുവാൻ നടപടി നടത്തുന്നതിന് യാതൊരു ആക്ഷേപവും ഗവൺമെന്റിനില്ല. ഇപ്രകാരം ൧൨ സത്രങ്ങൾ എല്ലാജാതിക്കാർക്കും തുറന്നുകൊടുക്കാതെ കിടക്കുന്നു. ഇവയെ എല്ലാജാതിക്കാർക്കുമായി തുറന്നുകൊടുക്കുന്നതു ഗവൺമെന്റിനു സാധ്യമല്ല എന്നു ഞാൻ വ്യസനസമേതം പറയുന്നു.

മി. ഇ. കെ. താമസ് (കോട്ടയം): ഇപ്പോൾ സത്രങ്ങൾ ക്ഷേത്രസമീപങ്ങളിൽ ഇരിക്കുന്ന സ്ഥലങ്ങളിൽ കൂടുതൽ സത്രങ്ങൾ ഉണ്ടാക്കുവാൻ ഗവൺമെന്റു സന്നദ്ധമാണോ എന്നു പറയുമോ?

മി. കെ. ജാർജ് (ഗവൺമെന്റു ചീഫ് സെക്രട്ടറി): അതാതു സ്ഥലങ്ങളിലെ ആവശ്യങ്ങളെ ആശ്രയിച്ചിരിക്കും. ഈ ൧൨ സത്രങ്ങളും ക്ഷേത്രങ്ങൾക്ക വളരെ അടുപ്പിച്ചിരിക്കുന്നതുകൊണ്ടു ഇവയെ തുറന്നുകൊടുപ്പാൻ പാടുള്ളതല്ല.

മി. ഏ. ജെ. ജാൺ (വൈക്കം): ഈ ൧൨ സത്രങ്ങളുടെ പേരുകൾ പറഞ്ഞുതരുമോ?

മി. കെ. ജാർജ് (ഗവൺമെന്റു ചീഫ്സെക്രട്ടറി): അവയാവിതു തോവാള, തിരുപ്പതിസാരം, തൃപ്പാപ്പി കന്യാകുമാരി, ശുചീന്ദ്രം, തിരുവട്ടാർ, പുത്തൻതെരുവുസത്രം, ചാക്കയിൽവെസത്രം. ഈ ഗവൺമെന്റുവകസത്രമല്ല ഇതു ചെല്ലംവകയിൽനിന്ന് നാടുനീങ്ങിയ മഹാരാജാവു തിരുമനസ്സിലെ ചിലവുകൊണ്ടു കെട്ടിച്ചിട്ടുള്ളതാണ്.

മി. കെ. സി. മാമ്മൻമാപ്പിള (കച്ചവടവും വ്യവസായവും, വടക്ക്): അതു ക്ഷേത്രത്തിനടുത്താണോ?

മി. കെ. ജാർജ് (ഗവൺമെന്റു ചീഫ് സെക്രട്ടറി): അതു ഗവൺമെന്റുവക സത്രമല്ല ഗവൺമെന്റിൽനിന്നും അതിനെ പരിപാലിക്കുന്നുമില്ല.

മി. കെ. സി. മാമ്മൻമാപ്പിള (കച്ചവടവും വ്യവസായവും, വടക്ക): പിന്നെ അതിനെ പരിപാലിക്കുന്നതാര്?

മി. കെ. ജാർജ് (ഗവൺമെന്റു ചീഫ് സെക്രട്ടറി): പണിവകഡിപ്പാർട്ടുമെണ്ട്.

മറ്റുള്ളവ ആറന്മുള, പള്ളിക്കൽ, മരുതംകുളങ്ങര, തിരുവല്ല, പള്ളിപ്പുറത്തുശ്ശേരി, വൈക്കം, ഏറ്റുമാനൂർ ആലുവാ, കോഴ, കാലടി.

മി. ഏ. ജെ. ജാൺ (വൈക്കം): ക്ഷേത്രസാമീപ്യമെന്നാൽ അർത്ഥമെന്തു എന്നു പറഞ്ഞുതരുമോ?

മി. കെ. ജാർജ് (ഗവൺമെന്റു ചീഫ് സെക്രട്ടറി): ക്ഷേത്രത്തിൽനിന്നും ദൂരം എന്താണെന്നു എനിക്കു ശരിയായി പറയുവാൻ കഴിയുകയില്ല. സാമീപ്യമെന്നാൽ അടുത്തു എന്നർത്ഥം.

മി. കെ. സി. മാമ്മൻമാപ്പിള (കച്ചവടവും വ്യവസായവും, വടക്ക): പള്ളിപ്പുറത്തുശ്ശേരി സത്രത്തിൽനിന്നു പുറം രണ്ടുമൈൽ ദൂരത്തിനുള്ളിലായി യാതൊരു ക്ഷേത്രവും ഇല്ലാ എന്നു ചീഫ് സെക്രട്ടറിക്കറിയാമോ?

മി. കെ. ജാർജ് (ഗവൺമെന്റു ചീഫ് സെക്രട്ടറി): ക്ഷേത്രസാമീപ്യം പ്രധാനകാരണമെന്നു ഞാൻ പറഞ്ഞു. മറ്റു കാരണങ്ങളും ഉണ്ട്.

മി. കെ. സി. മാമ്മൻമാപ്പിള (കച്ചവടവും വ്യവസായവും, വടക്ക): അതു പുഴയരുകിൽ മറ്റും പാർത്തുവരുന്നതായ ഒരു ചെറിയ കെട്ടിടമാണെന്നു ഞാൻ ചീഫ്സെക്രട്ടറിയോടു പറയട്ടെയോ?

മി. കെ. ജാർജ് (ഗവൺമെന്റു ചീഫ് സെക്രട്ടറി): ഇതിനെ പാചികശാല ആവശ്യമില്ലെന്നും അടച്ചുകളയാമെന്നും ലാൻഡ്റവന്യൂകമ്മിഷണർ ഇപ്പോൾ എഴുതിഅയച്ചിരിക്കുന്നു.

മി. ടി. ജെ. മാത്യു (ചങ്ങനാശേരി-പീരുമേട്): കോഴയിലെ സത്രം തുറന്നുകൊടുക്കാത്തതു ക്ഷേത്രസാമീപ്യമെന്ന കാരണത്താലാണോ എന്ന് അറിയേണ്ടിയിരിക്കുന്നു.

മി. കെ. ജാർജ് (ഗവൺമെന്റു ചീഫ് സെക്രട്ടറി): അതു ഒരു ക്ഷേത്രത്തിനടുത്താണെന്നു ബോധിപ്പിച്ചിരിക്കുന്നു.

മി. ടി. ജെ. മാത്യു (ചങ്ങനാശേരി-പീരുമേട്): കഴിഞ്ഞതവണ നിയമസഭ മെംബർമാരെ തിരഞ്ഞെടുത്തസമയം സമ്മതിദായകന്മാർ വോട്ടുചെയ്തതു അവിടെവെച്ചാണെന്നു ചീഫ്സിക്രട്ടറിക്കു അറിയാമോ?

മി. കെ. ജാർജ് (ഗവൺമെന്റു ചീഫ് സെക്രട്ടറി). എനിക്കറിഞ്ഞുകൂടാ.

മി. കെ. സി. മാമ്മൻമാപ്പിള (കച്ചവടവും വ്യവസായവും വടക്ക): മി: ടി. ജെ. മാത്യു—

ഡെപ്യൂട്ടിപ്രസിഡണ്ട്: മെംബർമാർ തമ്മിൽ തമ്മിൽ സംസാരിക്കാൻ സമ്മതിക്കാമെന്ന് എനിക്കു തോന്നുന്നില്ല.

മി. കെ. ഐ. ജോസഫ് (മീനച്ചിലും-ദേവികുളവും): കോഴഞ്ചേരിയിലെ സത്രത്തിനടുത്തുള്ള ക്ഷേത്രം ഏതാണെന്നു പറഞ്ഞുതരുമോ?

മി. കെ. ജോർജ് (ഗവർമ്മെന്റുചീഫ്‌സെക്രട്ടറി): ആ ഒരു ക്ഷേത്രത്തിനടുത്താണെന്ന് ബോധിപ്പിച്ചിരിക്കുന്നു.

മി. കെ. ഐ. ജോസഫ് (മീനച്ചിലും-ദേവികുളവും): ഉള്ളതായിപ്പറയുന്ന ആ ക്ഷേത്രത്തിനും സത്രത്തിനും തമ്മിൽ ദൂരമെത്ര?

മി. കെ. ജോർജ് (ഗവർമ്മെന്റുചീഫ്‌സെക്രട്ടറി): എനിക്കറിഞ്ഞുകൂടാ.

മി. ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): കോഴഞ്ചേരിസത്രം മെയിൻസെൻട്രൽ റോഡിന്റെ അരികത്താണെന്ന് ചീഫ്‌സെക്രട്ടറിക്കറിയാമോ?

മി. കെ. ജോർജ് (ഗവർമ്മെന്റുചീഫ്‌സെക്രട്ടറി): ഞാൻ ആ വഴി പോയിട്ടില്ല.

മി. ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): അതിനു സമീപത്തു യാതൊരു ക്ഷേത്രവും ഇല്ലെന്ന് ഞാൻ ചീഫ്‌സെക്രട്ടറിയോടു പറയട്ടെയോ?

മി. കെ. ജോർജ് (ഗവർമ്മെന്റുചീഫ്‌സെക്രട്ടറി): ഞാൻ ഈ കാര്യത്തെക്കുറിച്ചു പറയുന്നതു് ഡിപ്പാർട്ടുമെന്റുരേഖകളിൽനിന്നു് എനിക്കു കിട്ടുന്ന അറിവിനെ അവലംബിച്ചാകുന്നു. ഞാൻ മുമ്പിൽ പറഞ്ഞതുപോലെ ഈ സത്രങ്ങൾ [illegible] സ്ഥാപിക്കപ്പെട്ടിരിക്കുന്നതു് ക്ഷേത്രസാമീപ്യം നിമിത്തമാണ്. പല ഉള്ളതുമായ സത്രങ്ങൾ യാത്രക്കാർക്കു പോകാൻ ആവശ്യമില്ലാത്തതായ സാധാരണ മാർഗ്ഗങ്ങളിൽനിന്നു വെളിയിൽ കിടക്കുന്ന ചില സത്രങ്ങളുണ്ട്. ഇവയുടെ കാര്യത്തിൽ ഉത്തമമാർഗ്ഗം ഇവയെ തീരെ അടച്ചുകളയുകയോ മറ്റുകാര്യങ്ങൾക്കു ഉചിതമാണെന്നു കാണുന്നപക്ഷം ഉപയോഗിക്കയോ ചെയ്യുന്നതത്രേ.

മി. കെ. ഐ. ജോസഫ് (മീനച്ചിലും-ദേവികുളവും): സാമീപ്യം എന്നപദത്താൽ ഉദ്ദേശിക്കപ്പെട്ടിരിക്കുന്ന എത്രയും കവിഞ്ഞദൂരമെന്താണ്?

മി. കെ. ജോർജ് (ഗവർമ്മെന്റുചീഫ്‌സെക്രട്ടറി): അതു മെമ്പർക്കുതന്നെ കണക്കുകൂട്ടിക്കൊള്ളാം.

മി. കെ. ഐ. ജോസഫ് (മീനച്ചിലും-ദേവികുളവും): അതു എന്റെ ചോദ്യത്തിനു മറുപടിയല്ല. ഏതുസംഗതിയിൽ ഒരു സത്രം ക്ഷേത്രത്തിനു സമീപത്തിരിക്കുന്നു എന്നു പറയാവുന്നതാണ് എന്നാകുന്നു എന്റെ പ്രശ്നം. ഒരു സത്രം ക്ഷേത്രത്തിൽനിന്നു രണ്ടുമൈയിൽ അകലെ ആണെന്നിരിക്കട്ടെ. അതു ക്ഷേത്രത്തിനടുത്താണെന്നു ചീഫ്‌സെക്രട്ടറി വിചാരിക്കുന്നുവോ?

മി. കെ. ജോർജ് (ഗവർമ്മെന്റുചീഫ്‌സെക്രട്ടറി): ക്ഷേത്രത്തിനു സാമീപ്യം എന്നാൽ എന്താണെന്നു എല്ലാപേർക്കും അറിയാം.

മി. കെ. ഐ. ജോസഫ് (മീനച്ചിലും-ദേവികുളവും): ഇക്കാര്യത്തിൽ എത്രയും കൂടിയദൂരം എന്താകുന്നു? ഇതു് ഒരു മൈലോ രണ്ടുമൈലോ കൂടുതലോ അതോ എത്രനാഴിക ഗജമോ ഉണ്ടോ?

മി. കെ. ജോർജ് (ഗവർമ്മെന്റുചീഫ്‌സെക്രട്ടറി): എനിക്കു പറയാൻ കഴിയുകയില്ല. ഈ സത്രങ്ങൾ പൊതുവെ വഴിയാത്രക്കാരുടെ ഉപയോഗത്തിനായി കെട്ടിട്ടുള്ളതാണെന്നു മി. എ. ജെ. ജാൺ പറഞ്ഞു. അതു് മുഴുവനും ശരിയല്ല എന്നു എനിക്കു തോന്നുന്നു. ഈ സത്രങ്ങൾ മിക്കവയും ഹിന്ദുക്ഷേത്രങ്ങൾക്കു സമീപമായിരിക്കുന്നു എന്നുള്ള വസ്തുതതന്നെ അവ ആദ്യമായി ആ ക്ഷേത്രങ്ങളിൽ ദർശനത്തിനായി ചെല്ലുന്ന ഹിന്ദുക്കൾക്കായി ഉദ്ദേശിച്ചിട്ടുള്ളതായി തെളിയിക്കുന്നു.

മി. കെ. ഐ. ജോസഫ് (മീനച്ചിലും-ദേവികുളവും): അക്കാലങ്ങളിൽ ആ ക്ഷേത്രങ്ങളിലേക്കുപോകുന്ന ഹിന്ദുക്കളാകുന്നു വഴിയാത്രക്കാരായി അധികമുണ്ടായിരുന്നതെന്നും അക്കാരണത്താൽ ക്ഷേത്രങ്ങൾക്കു സമീപത്തായി എന്നുള്ളതു് സംഭാവ്യമല്ലയോ?

മി. കെ. ജോർജ് (ഗവർമ്മെന്റുചീഫ്‌സെക്രട്ടറി): അതുകൊണ്ടുതന്നെയാണ് സത്രങ്ങൾ ആദ്യമായി ഹിന്ദുവഴിയാത്രക്കാർക്കു വേണ്ടി കെട്ടിയതായി ഉദ്ദേശിച്ചിട്ടുള്ളതാണെന്നു ഞാൻ പറഞ്ഞതു്.

മി. കെ. ഐ. ജോസഫ് (മീനച്ചിലും-ദേവികുളവും): വഴിയാത്രക്കാർ അധികംപേരും ആ ക്ഷേത്രങ്ങളിലേക്കു പോകുന്നവരായിരുന്നിരിക്കാം. അക്കാരണത്താൽ സത്രങ്ങൾ ക്ഷേത്രസമീപങ്ങളിൽ കെട്ടുവാൻ ഇടയായിരുന്നിരിക്കാം എന്നിരിക്കിലും ഇപ്പോൾ സ്ഥിതിഭേദങ്ങൾ മാറിയിരിക്കുന്നതുകൊണ്ടും മറ്റുവഴിയാത്രക്കാർ ഉള്ളതുകൊണ്ടും ഹിന്ദുക്കളല്ലാത്ത പാന്ഥന്മാരുടെ സൌകര്യത്തിലേക്കു വ്യവസ്ഥചെയ്യേണ്ടതു് ആവശ്യമാണെന്നു ഗവർമ്മെന്റു വിചാരിക്കുന്നില്ലയോ? എന്നാകുന്നു എന്റെ പ്രശ്നം.

മി. കെ. ജോർജ് (ഗവർമ്മെന്റുസെക്രട്ടറി): നേരെമറിച്ചു വഴിയാത്രയ്ക്കു ഇപ്പോൾ ഉള്ള സൌകര്യംനിമിത്തം ആവശ്യകത മുമ്പിലത്തെക്കാൾ ഇപ്പോൾ വളരെ കുറവായിരിക്കുന്നു എന്നു ഞാൻ പറയാം. ക്ഷേത്രങ്ങളിൽ തൊഴാൻപോകുന്നവർ ഒഴിച്ചു വളരെ ചുരുക്കം ജനങ്ങൾക്കുമാത്രമേ സത്രങ്ങളിൽ താമസിക്കേണ്ടിയിരിക്കുന്നുള്ളു. മറ്റുള്ളവർക്ക് വസ്തുതപറയുന്നതായാൽ അവരുടെ ഇഷ്ടംപോലെ എല്ലാസ്ഥലത്തേക്കും പോയി അന്നുതന്നെ മടങ്ങിവരാവുന്നതാണ്. ഈ സ്ഥിതിക്കു മുമ്പിലത്തെപ്പോലെ അത്രഅധികം ഉണ്ടായിരിക്കേണ്ട ആവശ്യകത ഇപ്പോൾ വളരെ കുറവാകുന്നു. സത്രങ്ങൾ പൊതുജനങ്ങൾക്കായി ഉദ്ദേശിക്കപ്പെട്ടവയാകുന്നു എന്നു മി. ജാൺ പറഞ്ഞിരിക്കുന്നതു ഞാൻ മുമ്പിൽ പറഞ്ഞിരിക്കുന്നതുപോലെ തെറ്റാകുന്നു.

മി. കെ. ജെ. താമസ് (കോട്ടയം): ചീഫ്‌സെക്രട്ടറി പറയുന്നതു കേവലം ഊഹമോ അതല്ല അതിലേക്കു വല്ല തെളിവുമുണ്ടോ എന്നറിയേണ്ടിയിരിക്കുന്നു.

മി. കെ. ജോർജ് (ഗവർമ്മെന്റുചീഫ്‌സെക്രട്ടറി): ആ അഭിപ്രായം ഞാൻ പറഞ്ഞതിനു കാരണങ്ങൾ ഞാൻ മുമ്പിലെ പറഞ്ഞു. അതായതു അവയിൽ മിക്കവയും ക്ഷേത്രസമീപത്തു എന്നുള്ളതത്രേ.

മി. കെ. ജെ. താമസ് (കോട്ടയം): അതു കേവലം ഊഹമാണല്ലോ; വല്ല തെളിവുമുണ്ടോ?

മി. കെ. ജോർജ് (ഗവർമ്മെന്റുചീഫ്‌സെക്രട്ടറി): ഈ പുരാതനസംഗതിയുടേയും ചരിത്രം എന്റെ കൈവശമില്ല. എന്നാൽ ഞാൻ പറഞ്ഞതു സത്യത്തിനു വളരെ അടുത്തിരിക്കും.

മി. കെ. ഐ. ജോസഫ് (മീനച്ചിലും-ദേവികുളവും): ഈ സത്രങ്ങൾ ഹിന്ദുപാന്ഥന്മാർക്കുമാത്രമായി ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാണ് എന്നു പറഞ്ഞതു ഔദ്യോഗികപക്ഷത്തുനിന്നുള്ള ഒരു പ്രസ്താവമാണോ എന്നറിയേണ്ടിയിരിക്കുന്നു.

മി. കെ. ജാർജ് (ഗവണ്മെന്റ ചീഫ്സെക്രട്ടറി): മി. ജാണിന്റെ വാദം തെററാണെന്നു ഞാൻ വാദിക്കുന്നു.

മി. കെ. ഐ. ജോസഫ് (മീനച്ചിലും-ദേവികുളവും): അങ്ങേടെ അഭിപ്രായം കേവലം സ്വന്തമാണോ?

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഒരു സംഗതി ചീഫ്സെക്രട്ടറി പറഞ്ഞുതരുമോ?

ഡെപ്യൂട്ടിപ്രസിഡൻറ: മി. ജോസഫിന്റെ ചോദ്യത്തിനു മറുപടി അദ്ദേഹം പറഞ്ഞിട്ടില്ല.

മി. കെ. ജാർജ് (ഗവണ്മെന്റ ചീഫ്സെക്രട്ടറി): ഞാൻ ഒരു വിധിത്രമായ അഭിപ്രായം പറഞ്ഞിട്ടില്ല.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): ഇതു ഗവണ്മെന്റിന്റെ ഉദ്യോഗനിലയിലുള്ള പ്രസ്താവനയോ മി. ജാർജിന്റെ സ്വന്തഅഭിപ്രായമോ?

മി. കെ. ജാർജ് (ഗവണ്മെന്റ ചീഫ്സെക്രട്ടറി): മെമ്പറുടെ ഇഷ്ടംപോലെ ഏതു വിധത്തിലെങ്കിലും സ്വീകരിച്ചുകൊള്ളാം.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): സത്രങ്ങളിൽപോകുന്ന ജനങ്ങളുടെ ഉദ്ദേശം ക്ഷേത്രസന്ദർശനമാണോ?

മി. കെ. ജാർജ് (ഗവണ്മെന്റ ചീഫ്സെക്രട്ടറി): അതാണെന്റെ അനുമാനം.

മി. സി. പി. തോമസ് (ഗവണ്മെന്റ നിയമിച്ച മെമ്പർ): ഈ സത്രങ്ങൾ ക്ഷേത്രങ്ങൾക്ക സമീപത്തിരിക്കുന്നു എന്നുള്ള വസ്തുത പൂർവകാലങ്ങളിൽ ജനങ്ങൾ യാത്രചെയ്തുവന്നതു ക്ഷേത്രദർശനത്തിനായിമാത്രമാണ് എന്നുള്ള സംഗതിയെ കാരണമായി പറയാമോ എന്നു ചീഫ്സെക്രട്ടറി പറയുന്നുണ്ടോ.

മി. കെ. ജാർജ് (ഗവണ്മെന്റ ചീഫ്സെക്രട്ടറി): അതു തന്നെയാണു ഞാൻ പറഞ്ഞതു്. യാത്രക്കാരായ പൊതുജനങ്ങൾക്കായി ഉദ്ദേശിക്കപ്പെട്ടവയാണെന്നു മി. ജാൺ പറഞ്ഞു, എന്നാൽ അവ ഹിന്ദുക്കൾ ക്ഷേത്രദർശനത്തിനുപോകുന്നവർക്കായി ഉദ്ദേശിക്കപ്പെട്ടവയാണെന്നു ഞാൻ വാദിക്കുന്നു.

മി. സി. പി. തോമസ് (ഗവണ്മെന്റ നിയമിച്ച മെമ്പർ): മററുള്ളവർ എവിടെ പോകും?

മി. കെ. ജാർജ് (ഗവണ്മെന്റ ചീഫ്സെക്രട്ടറി): അഹിന്ദുക്കളും അവർണ്ണഹിന്ദുക്കളും ഇതിനുമുമ്പും തിരുവിതാംകോട്ടിൽ അധിവസിച്ചുതന്നെയിരുന്നു. അവരും യാത്രചെയ്തിട്ടുണ്ടായിരിക്കണം. (മി. ജി. പരമേശ്വരൻപിള്ള. കേൾക്കുക, കേൾക്കുക) അതുകൊണ്ടു് ക്ഷേത്രസമീപങ്ങളിലുള്ള സത്രങ്ങളെ എല്ലാപേർക്കും തുറന്നിടാൻ പാടില്ലെന്നു് ഗവണ്മെന്റ വ്യസനിക്കുന്നു. പാന്ഥന്മാർക്ക് സൗകര്യങ്ങൾ നൽകുന്നതിനു ആവശ്യമുള്ളതെല്ലാം ഗവണ്മെന്റ ചെയ്തുവരുന്നുണ്ടു്. ക്യാമ്പുഷെഡ്ഡുകൾ ഉണ്ടു്, മുസാവരിബംഗ്ലാവുകൾ ഉണ്ടു്, ഈ ആക്ഷേപം ഇല്ലാത്തസ്ഥലങ്ങളിൽ സത്രങ്ങൾതന്നെ അനേകം തുറന്നുകൊടുത്തിട്ടുണ്ടു്. അവർണ്ണഹിന്ദുക്കളുടെ ഉപയോഗത്തിനായി പ്രത്യേകം പാകശാലകൾ ഉണ്ടാക്കിയതിൽ പിന്നീട ഏതാനും സത്രങ്ങളെ തുറന്നുകൊടുക്കാനും ഗവണ്മെന്റ സന്നദ്ധമായിരിക്കുന്നു.

മി. എ. ജെ. ജാൺ (വൈക്കം): സത്രങ്ങൾ ഇരിക്കുന്ന പറമ്പുകളിൽ അവർണ്ണഹിന്ദുക്കൾക്കു പ്രവേശിക്കാമെന്നുവരുകിൽ അങ്ങനെയുള്ള സത്രങ്ങളെ അവർക്കായി തുറന്നുകൊടുക്കുമോ എന്നു അറിയേണ്ടിയിരിക്കുന്നു.

മി. കെ. ജാർജ് (ഗവണ്മെന്റ ചീഫ്സെക്രട്ടറി): ഓരോസംഗതിയേയും അതാതിന്റെ യോഗ്യതക്കനുസരിച്ചു ആലോചിക്കാനേയുള്ളു.

മി. എ. ജെ. ജാൺ (വൈക്കം): ഉദാഹരണമായി വൈക്കത്തെ സത്രമിരിക്കുന്നു. അതു നിൽക്കുന്ന പറമ്പിൽ അവർണ്ണഹിന്ദുക്കളെ കാണാവുന്നതാണു്.

മി. കെ. ജാർജ് (ഗവണ്മെന്റ ചീഫ്സെക്രട്ടറി): ഇത്രത്തോളം പറയാൻ ഞാൻ സന്നദ്ധനാണു്. ഇപ്പോൾ പ്രത്യേകിച്ചു വെച്ചിരിക്കുന്ന സത്രങ്ങളുടെ കാര്യത്തിൽ അവയിൽ എത്രത്തോളം എണ്ണത്തെ യാതൊരു ആക്ഷേപവുംകൂടാതെ തുറന്നുവിട്ടുകൊടുക്കാൻ കഴിയും എന്നുള്ളതിനെക്കുറിച്ചു വീണ്ടും പരിശോധന നടത്തുവാൻ ഗവണ്മെന്റ സന്നദ്ധമാണു്.

മി. കെ. സി. മാമ്മൻമാപ്പിള (കച്ചവടവും വ്യവസായവും, വടക്ക്): സർ, ഇപ്പോൾ കുറേ സത്രങ്ങളെ മഹാരാണിറീജന്റ തിരുമനസ്സിലെ പ്രജകളിൽ എല്ലാവർഗ്ഗക്കാരും ഉപയോഗിക്കുന്നതിൽനിന്നു ഒഴിവാക്കിയിരിക്കുന്നതുകൊണ്ടു് ഇപ്പോൾ പ്രായോഗികമായിട്ടുള്ള അസൗകര്യമില്ലെന്നു് ഞാൻ സമ്മതിക്കുന്നു. എന്നാൽ ഇപ്പോഴും ഇതിനുമുമ്പിലും എനിക്കുള്ള പ്രധാന ആക്ഷേപം ഈ ഏർപ്പാടു യാതൊരുത്തർക്കും അനുരൂപമായ യാതൊരു ഗുണവും ഉണ്ടാക്കാതെതന്നെ അനാവശ്യമായ അസുഖവും അസന്തുഷ്ടിയും ജനിപ്പിക്കുന്നതായ ഒരുവിധം വിഷമമായ വ്യത്യാസത്തെ ആചരിക്കുന്നു എന്നുള്ളതത്രെ. സമുദായങ്ങൾ തമ്മിലുള്ള വ്യത്യാസങ്ങളേയും വൈരകാരണങ്ങളേയും ശക്യമായ സകല മാർഗ്ഗങ്ങളിലും മാറേറണ്ടതാണെന്നു തിരുമനസ്സിലെ പ്രജകളിൽ പരിഷ്കൃതമനസ്സരായ സകലവിഭാഗങ്ങളിലുംപെട്ടവരും ഇപ്പോൾ സമ്മതിച്ചിരിക്കുന്നു. ഏതാനും സത്രങ്ങളെ പ്രത്യേകമായി ഒഴിച്ചുവച്ചിരിക്കുന്നു എന്നുള്ള അവസ്ഥതന്നെയും ഏതാനുംവർഗ്ഗക്കാർക്ക് മനഃപീഡയും അസന്തുഷ്ടിയും വാസ്തവത്തിൽ ജനിപ്പിക്കുന്നുണ്ടു്, ഈ അസന്തുഷ്ടിയുടെ സ്വഭാവത്തേയും പരിമാണത്തേയും ഈ നാട്ടിലെ ഉൽകൃഷ്ടജാതിഹിന്ദുക്കൾ ശരിയായവിധം മനസ്സിലാക്കിയിട്ടുണ്ടോ എന്നു ഞാൻ അറിയുന്നില്ല, ആ വസ്തുത മാത്രം അവർ അറിഞ്ഞിരിക്കയും അവയിൽനിന്നു യാതൊരുസാരമായ ഗുണവും വാസ്തവത്തിൽ ജനിക്കാനില്ലെന്നു അവർ മനസ്സിലാക്കയും ചെയ്യുന്നതായാൽ ഈ വിഷമമായ വ്യത്യാസങ്ങളെ അവസാനിപ്പിക്കുന്നതിനു ശക്യമായ സകലമാർഗ്ഗങ്ങളും ഗവണ്മെണ്ട് സ്വീകരിക്കേണ്ടതാണെന്നു് അവർ സമ്മതിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

ഡെപ്യൂട്ടിപ്രസിഡെണ്ടു: അവയെ അടക്കുന്നതു നല്ലതു എന്നാണോ നിങ്ങൾ പറയുന്നതിന്റെ താല്പര്യം?

മി. കെ. സി. മാമ്മൻമാപ്പിള (കച്ചവടവും വ്യവസായവും, വടക്ക): അതെ സത്രങ്ങൾക്ക വാസ്തവത്തിൽ ആവശ്യകത ഇല്ലെന്നുവരുകിൽ അവയെ മററുവല്ല കാര്യങ്ങൾക്കായി ഉപയോഗിക്കയോ അവയെ നിർ

ത്തിക്കളകയോ ചെയ്യുന്നതു ഉത്തമം എന്നു ഞാൻ പറയാം. അതിനു ഒരു ഉദാഹരണം പറയാം. ദിവാൻബഹദൂർ രാഘവയ്യാ, കൊച്ചി ദിവാൻ ആയ സർ, ടി. വിജയരാഘവാചാരി, അന്നു കൊല്ലം ദിവാൻപേഷ്കാർ ആയിരുന്ന ഇപ്പോഴത്തെ ദേവസ്വം കമ്മീഷണർ മിസ്റ്റർ ആർ. കൃഷ്ണപിള്ള ഇവർ പള്ളാത്തുരുത്തിസത്രം ഒരിക്കൽ സന്ദർശിച്ച അവസരത്തിൽ ഞാനും അവിടെ ചെല്ലാൻ ഇടയായി. അപ്പോൾ അതിന്റെ ഉപയോഗിതയെ പറ്റി ദിവാൻ തഹശിൽദാരോടു ചോദിച്ചു. അതിനു തീരെ ആവശ്യം ഇല്ലാ എന്നു അദ്ദേഹം മറുപടി പറഞ്ഞു. അതിനെ പൊളിച്ചു കളയാത്തതു എന്തുകൊണ്ടു എന്നു അപ്പോൾ മിസ്റ്റർ രാഘവയ്യാ ചോദിച്ചു: അതിനെ കൊട്ടാരം എന്നു വിളിച്ചുവരുന്നതായി അദ്ദേഹം പറഞ്ഞു. ഒരു കൊട്ടാരത്തിനെ പൊളിക്കുന്നതു അയുക്തം ആണെന്നു മിസ്റ്റർ രാഘവയ്യാ പറഞ്ഞു. സർക്കാർ എഴുത്തുകുത്തിൽ അതിനെ കൊട്ടാരം ആണെന്നു പറയുന്നില്ലെന്നു സർ, ടി. വിജയരാഘവാചാരി പറഞ്ഞു. അപ്പോൾ ആ സത്രത്തെ പൊളിച്ചുകളയുന്നതിനു മിസ്റ്റർ രാഘവയ്യാ മിസ്റ്റർ കൃഷ്ണപിള്ളയോടു ആജ്ഞാപിച്ചു എന്നു തോന്നുന്നു. രാജകുടുംബത്തിൽ ഉള്ളവർ പാർത്തു വരാറില്ലാത്തതും അങ്ങനെ ഉപയോഗിക്കാൻ ഇടയില്ലാത്തതും എന്നാൽ കൊട്ടാരങ്ങൾ എന്നു വിളിക്കപ്പെട്ടുവരുന്നതും ആയി അനേകം സത്രങ്ങൾ ഉണ്ടു എന്നു ഞാൻ അറിഞ്ഞു. റയിൽവേയോ മോട്ടാർബോട്ടുകളോ മോട്ടാർകാറുകളോ ഇല്ലാതിരുന്നതായ പണ്ടത്തെകാലത്തു മഹാരാജാതിരുമനസ്സിലെ അവിടെ താമസിച്ചുവന്നിരുന്നതുകൊണ്ടു കൊട്ടാരം എന്നു ഈ പള്ളാത്തുരുത്തിസത്രത്തിനെ വിളിച്ചുവന്നതായിരിക്കാം. തിരുമനസ്സിലെ അപൂർവം ഉപയോഗിച്ചുവന്നതുകൊണ്ടു അതിനെ കൊട്ടാരമെന്നു വിളിച്ചിരിക്കാം. എന്നാൽ മഹാരാജാവു തിരുമനസ്സുകൊണ്ടു അവിടെ ഒരിക്കലും ഇറങ്ങി താമസിച്ചിട്ടില്ല എന്നു അപ്പോൾ പറഞ്ഞു. വാസ്തവത്തിൽ സത്രങ്ങൾ ഉള്ളതും കൊട്ടാരങ്ങൾ എന്നു വിളിച്ചുവരുന്നതും ആയ മററു കെട്ടിടങ്ങളും ഉണ്ടായിരിക്കാം. ആ കെട്ടിടത്തെ കരിച്ചു വല്ലതും പ്രവർത്തിക്കുന്നതു ധർമ്മസങ്കടമായിട്ടുള്ളതാകയാൽ അതിനെ കൊട്ടാരമെന്നു വിളിച്ചുകൂടാ എന്നു ദിവാൻജി വ്യക്തമായി അഭിപ്രായപ്പെട്ടു പറഞ്ഞു. ഇപ്രകാരം കൊട്ടാരമെന്നു വിളിച്ചുവരുന്ന സ്ഥലങ്ങളെ രാജകുടുംബത്തിലെ അംഗങ്ങൾ തീരെ ഉപയോഗിക്കാതിരിക്കുകയോ അവരുടെ പാർപ്പിനായി ഉദ്ദേശിച്ചിട്ടില്ലാതിരിക്കുകയോ ചെയ്യുന്നപക്ഷം അപേക്ഷിയങ്ങളായ തടസ്സങ്ങൾ ഇല്ലെന്നുവരികിൽ കൊട്ടാരങ്ങൾ എന്നു വിളിച്ചുവരുന്ന അവയെയും എല്ലാവരുടെയും ഉപയോഗത്തിനായി തുറന്നിടേണ്ടതാണ്. രാജകുടുംബത്തിലെ അംഗങ്ങളിൽ വല്ലവരെങ്കിലും താൽക്കാലികമായോ ദീർഘകാലത്തേക്കോ വസതിക്കായി ഈ കെട്ടിടങ്ങളിൽ ഏതെങ്കിലും എപ്പോഴെങ്കിലും ആവശ്യപ്പെടുന്നു എന്നു വരികിൽ അവയെ എല്ലാവർക്കുമായി തുറന്നിടണമെന്നു യാതൊരു മെമ്പറും പറയുകയില്ല. പള്ളാത്തുരുത്തിസത്രം അപ്പോലെ അനേകം ജാതിയിൽ മററു കെട്ടിടങ്ങളും ഉണ്ടെന്നുവരികിൽ അവയെ എല്ലാവർക്കും ഉപയോഗമുള്ളതാക്കിത്തീർക്കുന്നതിനു വല്ലതും ചെയ്യേണ്ടതാകുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതു വാസ്തവത്തിൽ കൊട്ടാരം ... ആണോ?

മി. കെ. സി. മാമ്മൻമാപ്പിള (കച്ചവടവും-... വ്യവസായവും, വടക്ക): ഞാൻ അവിടെ ചെല്ലാൻ ഇടയായപ്പോൾ നടന്ന സംഭാഷണത്തെ ഞാൻ പറഞ്ഞതേയുള്ളു. അതു അവിടെ കൊട്ടാരമെന്നു വിളിച്ചുവരുന്നതായി ദിവാൻജിയോടു പറഞ്ഞു. എന്നാൽ ഇപ്പോൾ അവിടെ സദാ പുഴയോരം കാണുന്നുണ്ട്.

ഈ സംഗതികളിലെല്ലാം ഗവർന്മെന്റു ചെയ്യേണ്ടതു വല്ലിടത്തും സത്രങ്ങൾ വല്ല ആവശ്യമുണ്ടോ എന്നു അറിയേണ്ടതാണോ എന്നു ഞാൻ വിചാരിക്കുന്നു. വല്ല സത്രങ്ങളും ക്ഷേത്രവളപ്പിൽ ഉണ്ടെങ്കിൽ അവയെ എല്ലാജാതിക്കാർക്കും തുറന്നുവിടണമെന്നു ഞാൻ ആവശ്യപ്പെടുന്നില്ല. എന്നാൽ അങ്ങിനെ ആണെങ്കിൽ അവയെ മററു കാര്യങ്ങൾക്കായി ഉപയോഗിച്ചുകൊള്ളട്ടെ, അല്ലെങ്കിൽ പള്ളാത്തുരുത്തി സത്രത്തെപ്പോലെ പൊളിച്ചുകളയട്ടെ.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): പൊളിച്ചുകളയുന്നതു ഒരുവിധം പാതകമല്ലയോ?

മി. കെ. സി. മാമ്മൻമാപ്പിള (കച്ചവടവും വ്യവസായവും വടക്ക): അവയിൽ വല്ലതും ദേശചരിത്രസംബന്ധമായോ ശില്പശാസ്ത്രസംബന്ധമായോ ഉപയോഗമുള്ളതാണെന്നുവരികിൽ സർവഥാ അവയെ സംരക്ഷിക്കണം. എന്നാൽ മിസ്റ്റർ ശിവരാമപ്പണിക്കർ ആ സത്രത്തെ പരിശോധിക്കയാണെങ്കിൽ അതു ദേശചരിത്രസംബന്ധമായോ ശില്പശാസ്ത്രസംബന്ധമായോ യാതൊരു പ്രാധാന്യവും ഉള്ളതല്ല എന്നും അതു വല്ലതരം വേഗത്തിൽ താഴെ പൊളിഞ്ഞുവീഴുമെന്നും അദ്ദേഹം കാണും. ദേശചരിത്രസംബന്ധമായി പ്രാധാന്യമുള്ള വല്ല സത്രങ്ങളും ഉണ്ടെന്നുവരികിൽ സർവഥാ അവയെ സംരക്ഷിക്കുകയും അക്കാര്യത്തിലേക്കായി കൂടുതൽ പണം ചിലവാക്കുകയും ചെയ്യൂ. എന്നാൽ വല്ലസ്ഥലത്തെങ്കിലും പ്രാധാന്യം സംബന്ധിക്കപ്പെട്ടിട്ടില്ലാതിരിക്കുകയും എന്നാൽ നാം എല്ലാവരും അവസാനിപ്പിച്ചുകാണുവാൻ ആഗ്രഹിക്കുന്നതായ അവസ്ഥയെ ശാശ്വതമാക്കുവാനായി അവ അവിടെ നിൽക്കുന്നതിനു സമ്മതിക്കുകയും ചെയ്യുമ്പോൾ ആ പ്രശ്നം മുഴുവനെയും ഭിന്നദൃഷ്ട്യാ നോക്കുകയും കഴിയുന്നടത്തോളം പൊതുവെ പാന്ഥന്മാരുടെ ഉപയോഗത്തിനു പ്രത്യേകിച്ചും മോട്ടാർകാറുകളും, റയിൽവേകളും, മോട്ടാർബോട്ടുകളും ഉള്ളതായ ആധുനികകാലത്തു അവ വാസ്തവത്തിൽ ആവശ്യമില്ലെന്നുവരികിൽ, അവയെ അപ്രകാരം ഉപയോഗിക്കാൻ പാടില്ലെന്നുവരികിൽ, പള്ളാത്തുരുത്തിസത്രത്തിന്റെ കാര്യത്തിൽ നിർദ്ദേശിച്ചതുപോലെ ഗവർന്മെന്റു അവയെ മററു കാര്യങ്ങൾക്കായി ഉപയോഗിക്കുകയോ പൊളിച്ചുകളകയോ അല്ലെങ്കിൽ എന്റെ ഒരു സ്നേഹിതൻ ഉദ്ദേശിച്ചതുപോലെ ദേവസ്വം ഡിപ്പാർട്ടുമെന്റിലേക്ക അവയെ വിട്ടുകൊടുക്കുകയോ ചെയ്യേണ്ടതു അത്യന്താഭിലഷണീയമാകുന്നു. ഏതുവിധത്തിലെങ്കിലും അസുഖത്തിനുള്ള കാരണത്തെ എത്രയും അടുത്തതായ അവസരത്തിൽ മാറേറണ്ടതാകുന്നു. ശാശ്വതമായ മനോവേദനയ്ക്കുള്ള ഉത്പത്തിസ്ഥാനമായി അവയെ വെച്ചുകൊണ്ടിരിക്കണം എന്നാവശ്യപ്പെടുന്നവർ ആരുംതന്നെയില്ല. ആറന്മുള സത്രത്തെ തുറന്നുകൊടുക്കുവാനായി ആജ്ഞാപിച്ചപ്പോൾ കോഴയിൽ ഒരു മുസാവരിബംഗ്ലാവു ഉണ്ടെന്നും അതുകൊണ്ടു ഇതിനെ പൊതുജനങ്ങൾക്കായി തുറന്നുകൊടുക്കേണ്ട ആവശ്യം ഇല്ലായെന്നും ഉള്ള കാരണത്തിന്മേൽ അന്നത്തെ കൊല്ലം ദിവാൻപേഷ്കാർ അതിനെ പ്രത്യേകമാക്കിവെച്ചിരുന്നു. ഏതായാലും ഈ സത്രം വ്യക്തമായും ക്ഷേത്രവളപ്പിനുള്ളിലാണെന്നു ബോധിപ്പിച്ചിട്ടുള്ളതായി ഞാൻ ഓർമ്മിക്കുന്നില്ല. മുസാവരിബംഗ്ലാവിലേക്കു പോകുന്നവർ താഴ്ന്നശമ്പളമുള്ള സർക്കാർ ഉദ്യോഗസ്ഥന്മാരായിരുന്നാലും ദിവസമൊന്നുക്കു ഒരു രൂപാവീതം വാടകകൊടുക്കണം എന്നും എന്നാൽ സത്രത്തിലേക്കു പോകുന്നവർ യാതൊന്നും കൊടുക്കേണ്ടതില്ലെന്നു അക്കാലത്തു ഞാനറിയാനിടയായി.

ചാക്കമ്പോയിൽ പരസ്യത്തിന്റെ കാര്യത്തിലാകട്ടെ ആ സത്രത്തിനും വല്ല ക്ഷേത്രത്തിനും തമ്മിൽ വല്ല ബന്ധവും ഉണ്ടോ എന്ന് എനിക്കറിഞ്ഞുകൂടാ. അതു പൊതുമുതലിൽനിന്നു സംരക്ഷിക്കപ്പെടുന്നില്ലെന്ന് ചീഫ്സെക്രട്ടറി പറഞ്ഞു. എന്നാൽ അക്കാര്യത്തിന്റെ അന്തരങ്ങളും ബാഹ്യങ്ങളും എനിക്കറിഞ്ഞുകൂടാ. എന്നാൽ ആ സ്ഥലം തിരുമനസ്സിലെ പ്രജകളിൽ സകല വർഗ്ഗക്കാർക്കും അത്യന്തം ഉപയോഗപ്രദമായിരിക്കുന്ന സ്ഥലമാകുന്നു. എന്നാൽ സംഗതിയെ മഹാറാണിറീജന്റെ തിരുമനസ്സിനെ ശരിയാകുംവണ്ണം ധരിപ്പിക്കുന്നതായാൽ അതിനെ പൊതുജനങ്ങൾക്കു പ്രവേശ്യമാക്കുന്നതിനു ആവശ്യമുള്ള നടപടികൾ സന്തോഷപൂർവം നടത്തപ്പെടും എന്നാകുന്നു എന്റെ വിശ്വാസം.

ക്ഷേത്രസമീപങ്ങളിലിരിക്കുന്ന സത്രങ്ങളെ സംബന്ധിച്ചും ഒരു സംഗതി ഞാൻ പറയാം. ഈ സ്ഥാപനങ്ങളിൽ ഒരുകൂട്ടക്കാരുടെ വകയാകുന്നു എന്നുള്ള കാരണത്തെ മാത്രം അടിസ്ഥാനമാക്കി അവർക്കു ഈ കാര്യത്തിൽ യാതൊന്നും ചെയ്യാൻ കഴികയില്ല എന്നു ഗവർമ്മെന്റ പറഞ്ഞുകൂടാ. നാമെല്ലാവരും മഹാറാണിറീജന്റെ തിരുമനസ്സിലെ പ്രജകളാകകൊണ്ടു എല്ലാവരോടും ഒരുപോലെ പെരുമാറേണ്ടതാണ്. ഏതെങ്കിലും വർഗ്ഗക്കാരുടെ കാര്യത്തിൽ തിരുമനസ്സിലെ ഗവർമ്മെന്റ് അധികമായി ശ്രദ്ധിച്ചുവരുന്നു എന്നുള്ള വസ്തുതയെ ഉയർത്തിപ്പറയേണ്ട ആവശ്യമില്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): പാഠത്തിനിടയ്ക്കു രാജകുടുംബത്തിലെ അംഗങ്ങളെക്കുറിച്ചു അദ്ദേഹം പ്രസ്താവിക്കുന്നതു രീത്യനുസരണമാണോ?

ഡെപ്യൂട്ടിപ്രസിഡണ്ട്: ശരിക്കുനോക്കിയാൽ അല്ല.

മി. കെ. സി. മാമ്മൻമാപ്പിള (കച്ചവടവും, വ്യവസായവും, വടക്ക): അതുകൊണ്ടു ഈ പ്രശ്നത്തെ ചീഫ്സെക്രട്ടറി വീക്ഷിക്കുന്നതുപോലെ നോക്കിക്കൂടാ എന്നാണ് ഞാൻ പറയുന്നതു. ഉൽകൃഷ്ടജാതിക്കാരുടെമാത്രം ഉപയോഗത്തിനായി ഒഴിച്ചിട്ടിട്ടുള്ള സത്രങ്ങൾ പലതും ശരിയായവിധം പരിപാലിക്കപ്പെട്ടുവരുന്നില്ല. സത്രങ്ങളിൽ മിക്കതും പൊതുമുതലിൽനിന്നു സംരക്ഷിക്കപ്പെട്ടുവരുന്നവയെങ്കിലും അവ ശരിയായി വയ്ക്കപ്പെടാത്തതുനിമിത്തം അനേകം പാന്ഥന്മാർ മുസാവരിബംഗ്ലാവിൽ ചെല്ലുന്നതു നല്ലതു എന്നു വിചാരിക്കുന്നു. ആവശ്യപ്പെടുന്ന ചിലവു എത്രതന്നെയായിരുന്നാലും ശാശ്വതമായ ഉപദ്രവത്തിനും പരസ്പരവൈരത്തിനും ഉള്ള ഈ ഉല്പത്തിസ്ഥാനം ഭാവിയിൽ യാതൊരു ദീർഘമായ കാലത്തേക്കും ഈ രാജ്യത്തിൽവച്ചുകൊണ്ടിരിക്കാൻ സമ്മതിക്കാതെ നോക്കുന്നതിന് വേണ്ട നടപടികളും ഗവർമ്മെന്റ ഉടൻതന്നെ നടത്തേണ്ടതാകുന്നു.

മി. എൻ. കുമാരൻ (ഗവർമ്മെന്റുനിയമിച്ചമെമ്പർ): സർ, സത്രങ്ങളെ തുറന്നുവിടുന്നതിനുള്ള ഈ പ്രശ്നം വളരെ ലഘുവായ ഒന്നാണെന്നു ഞാൻ വിചാരിക്കുന്നു. ചീഫ്സെക്രട്ടറി പറഞ്ഞതുപോലെ തിരുവിതാംകൂറിലുള്ള സത്രങ്ങളെ അനേകം തരങ്ങളായി വിഭജിക്കാവുന്നതാണ്. ഇവയിൽ ചിലവയെ ഇതിനു മുമ്പിലേ എല്ലാവർക്കും തുറന്നുവിട്ടുകഴിഞ്ഞിരിക്കുന്നു. മറ്റുള്ളവയെ ഒരിക്കലും എല്ലാവർക്കും തുറന്നുകൊടുക്കാൻ പാടുള്ളതല്ല. സത്രങ്ങളല്ലാത്തവയും ചിലതുണ്ടു. വളരെവേഗത്തിൽ എല്ലാജാതിക്കാർക്കും തുറന്നുകൊടുക്കപ്പെടാവുന്നതായി ഇനിയും ചിലതുണ്ടു.

ക്ഷേത്രത്തിനു വളരെസമീപത്തിലിരിക്കുന്ന സത്രങ്ങളുടെ കാര്യത്തെക്കുറിച്ചു ഇനിപറയാം. ഈ വശത്തെ വീണ്ടും പരിശോധിക്കുന്നതാണെന്നും അവ തീരെ ക്ഷേത്രത്തിനടുത്തുതന്നെ കിടക്കുന്നു എന്നുള്ള വസ്തുതയെ ഒരിക്കൽകൂടി പരിഗണിച്ചറിയുന്നതാണെന്നും അവയെ പൊതുജനങ്ങൾക്കായി തുറന്നുകൊടുക്കാമോ എന്നുള്ളവസ്തുതയെയും വീണ്ടും പരിശോധിച്ചുനോക്കുന്നതാണെന്നും ഉള്ള ഉറപ്പു ചീഫ്സെക്രട്ടറി നൽകുന്നു. ഇതിനെപ്പറ്റി ഒന്നുരണ്ടുവാക്കുകൾ എനിക്കു പറയാനുണ്ടു. എല്ലാവർക്കുമായി വിട്ടുകൊടുക്കുന്നതിലേക്കു കൂടുതൽ പാകശാലകൾമാത്രം ഉണ്ടാക്കിയാൽ മതിയെന്നുള്ള നിലയുള്ള ഒരുകൂട്ടം സത്രങ്ങൾ ഉണ്ടു. ഈ താമസം തീരെ അനാവശ്യമാകുന്നു എന്നാകുന്നു എന്റെ അഭിപ്രായം. സത്രങ്ങളിൽ പ്രവേശിക്കണം എന്നുമാത്രമേ ഞങ്ങൾ ആവശ്യപ്പെടുന്നുള്ളു. ഉൽകൃഷ്ടജാതിയല്ലാത്ത ഹിന്തുക്കളേയോ അഹിന്തുക്കളേയോ മുറികളിൽ പ്രവേശിക്കുന്നതിനു മുൻപായി ഈ വ്യവസ്ഥ ഉണ്ടായിരുന്നേതീരൂ എന്നു നിർബന്ധമില്ല. എനിക്കു കാണാൻ കഴിയാവുന്നിടത്തോളം ക്ഷേത്രങ്ങൾക്കു സമീപത്തുള്ളതും എന്നാൽ ക്ഷേത്രത്തിനുള്ളിൽ സ്ഥിതിചെയ്യാതിരിക്കുന്നതും ആയ സത്രങ്ങളെ എല്ലാം എല്ലാജാതിക്കാർക്കും എന്തുകാരണത്താൽ തുറന്നു വിട്ടുകൂടാ എന്നുള്ളതിനു കാരണം കാണുന്നില്ല. ഇപ്പോഴുള്ള പാകശാലകളിൽ മതിയായിടത്തോളം സ്ഥലമില്ലെന്നിരിക്കിൽ ആ പാകശാലകളിൽ പ്രവേശിക്കുന്നതു ആക്ഷേപണീയമോ അവരെ പാകശാലകളിൽ പ്രവേശിപ്പിക്കേണ്ട. അവർ അവരുടെ ആഹാരം വെളിയിൽവച്ചു കഴിക്കാവുന്നതാണ്. ഉൽകൃഷ്ടജാതി ഹിന്തുക്കൾക്കുള്ള പാകശാലകളിൽ ആഹാരംചെയ്യുന്ന പാന്ഥന്മാർക്കു യാതൊരുവിധമായ ഉപദ്രവവും അതു ജനിപ്പിച്ച രീതി എന്നില്ല.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ക്ഷേത്രങ്ങൾക്കു വളരെ അടുത്തു സ്ഥിതിചെയ്യുന്നസത്രങ്ങളിൽ അഹിന്തുക്കളും പ്രവേശിക്കണം എന്നാകുന്നു അദ്ദേഹം ആവശ്യപ്പെടുന്നതു.

മി. എൻ. കുമാരൻ (ഗവർമ്മെന്റുനിയമിച്ചമെമ്പർ): എല്ലാജാതിക്കാർക്കും ആ വിധം സത്രങ്ങളെ തുറന്നുകൊടുക്കണമെന്നു ഞാൻ ആവശ്യപ്പെടുന്നില്ല. ആ വിധം സത്രങ്ങളെ തുറന്നുകൊടുക്കാമോ പാടില്ലയോ എന്നുള്ള പ്രശ്നത്തെക്കുറിച്ചു പുതുതായി അന്വേഷണം നടത്താമെന്നു ചീഫ്സെക്രട്ടറി നമ്മോടു ഉറപ്പുപറഞ്ഞു. അതു സത്രങ്ങളിൽ മറ്റൊരു തരത്തെ സൃഷ്ടിക്കാം. ഞാൻ പറഞ്ഞതുപോലെ സത്രങ്ങളെ അല്ലെങ്കിൽ സത്രങ്ങളായി ഉപയോഗിച്ചുവരുന്ന സ്ഥലങ്ങളെ ഉടൻതന്നെ എല്ലാജാതിക്കാർക്കും തുറന്നുകൊടുക്കാവുന്നതാണ് എന്നാകുന്നു. ഗവർമ്മെന്റിൽനിന്നും പാകശാലകൾ ഉണ്ടാക്കുന്നതുവരെ കാത്തിരിക്കണമെന്നില്ല. ആഹാരം പാകംചെയ്യുന്ന കാര്യത്തിലേക്കോ ഊണുകഴിക്കുന്ന കാര്യത്തിലേക്കോ ആയി നാം അവിടെ എപ്പോഴും താമസിക്കുന്നില്ല. ഒരു പ്രത്യേകസത്രത്തിൽ മതിയായിടത്തോളം പാകശാലകൾ ഇല്ല എന്നുള്ള ലഘുവായ കാരണത്തിന്മേൽ അവയെ എല്ലാജാതിക്കാർക്കും തുറന്നുവയ്ക്കാതിരിക്കുന്നതു, അതു തീരെ ബലമില്ലാത്ത ഒരു കാരണമാകുന്നു. ഈ പ്രശ്നത്തിന്റെ ഈ ഭാഗം ഗവർമ്മെന്റ പര്യാലോചിക്കണമെന്നു ഞാൻ ആശംസിക്കുന്നു.

മി. കെ. ഐ. ജോസഫ് (മീനച്ചലും ദേവികുളവും) : ഈ ഉപക്ഷേപത്തെ എതിൎക്കുന്നതിനു ചീഫ് സെക്രട്ടറി പറഞ്ഞതായ കാരണം സത്രങ്ങൾ ക്ഷേത്രസമീപങ്ങളിൽ ഇരിക്കുന്നു എന്നുള്ളതാകുന്നു. എത്ര അടുക്കയായിരുന്നാൽ തീണ്ടലാവുകയില്ല എന്നു അദ്ദേഹത്തിനോടു ചോദിച്ചപ്പോൾ അദ്ദേഹം അതിനു മറുപടി പറയാവുന്ന നിലയിൽ ഇരുന്നില്ല. വല്ല സമുദായത്തിന്റെയോ ആളിന്റെയോ ധൎമ്മബോധങ്ങളേയോ വികാരങ്ങളേയോ വ്രണപ്പെടുത്തത്തക്കവണ്ണം യാതൊന്നും പറയണമെന്നു ഞാൻ ആവശ്യപ്പെടുന്നില്ല. ഈ സഭയിലെ സാമാജികന്മാർ ഗൌരവമായി ആലോചിക്കേണ്ടതായ പ്രധാനപ്രശ്നം ഈ സ്ഥാപനങ്ങളെ മേലും വച്ചുകൊണ്ടിരിക്കുന്നതുനിമിത്തം പരിരക്ഷിക്കപ്പെട്ടുവരുന്നതായ സമുദായങ്ങൾ തമ്മിലുള്ള അനാവശ്യമായ വ്യത്യാസത്തെ സംബന്ധിച്ചാകുന്നു. ഏതു സമുദായത്തിന്റെയും ധൎമ്മബോധങ്ങളെ ബഹുമാനിക്കുന്നതിൽ യാതൊരു ആക്ഷേപവും എനിക്കില്ല. എന്നാൽ പൊതുമുതലിൽനിന്നും സംരക്ഷിക്കപ്പെട്ടുവരുന്ന ഈ സത്രങ്ങളെ എല്ലാവൎഗ്ഗക്കാൎക്കും തുറന്നുവിടേണ്ടതാണെന്നു പൊതുജനങ്ങൾ ആവശ്യപ്പെടുന്നതായാൽ ധൎമ്മബോധസംബന്ധമായ പ്രശ്നങ്ങളെ യാതൊരുതരം വാദമായി ഉപയോഗിച്ചുകൂടാ. ഈ ബലമില്ലാത്ത കാരണങ്ങളെ ആശ്രയിക്കാൻ ഗവൎമ്മെന്റു ശ്രമിച്ചുകൂടാ. ഈ സത്രങ്ങളിൽ അനേകങ്ങൾ പ്രായോഗികമായി യാതൊരു പ്രയോഗവും ഇല്ലാത്തതാണെന്നും അക്കാരണത്താൽ അവയെ അടച്ചുകളയാവുന്നതാണെന്നും മി. ജോർജ് പറഞ്ഞു. നിരുപയോഗങ്ങളായ സത്രങ്ങളെ അടയ്ക്കുന്നതിനു യാതൊരു ആക്ഷേപവും ജനങ്ങൾ പറയുകയുമില്ല, പറഞ്ഞുകൂടാതാനും. ക്ഷേത്രസമീപങ്ങളിലുള്ള സത്രങ്ങളുടെ കാൎയ്യത്തിൽ എന്റെ നിൎദ്ദേശമെന്തെന്നാൽ അവയെ ക്ഷേത്രാധികാരികൾ സൂക്ഷിച്ചു പരിപാലിക്കത്തക്കവണ്ണം അവരുടെ ഭരണത്തിൽ ഗവൎമ്മെന്റു വിട്ടുകൊടുത്തേക്കണം എന്നാകുന്നു. ഇതിലേക്ക യാതൊരു ആക്ഷേപവും യാതൊരുത്തരും പറയുകയുമില്ല. മറ്റുള്ള സത്രങ്ങളുടെ കാൎയ്യത്തിൽ എല്ലാവൎഗ്ഗക്കാരും ഉപയോഗിക്കുന്നതിനു വേണ്ട സൌകൎയ്യം എല്ലാം നൽകേണ്ടതാകുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ) ഇദ്ദേഹം ഈ വിവാദത്തിൽ ക്ഷേത്രങ്ങളെ ഉൾപ്പെടുത്തുന്നതു രീത്യനുസരണമാണോ?

ഡെപ്യൂട്ടിപ്രസിഡണ്ടു. അദ്ദേഹം ദേവസ്വങ്ങളെ സംബന്ധിച്ച യാതൊരു കാൎയ്യങ്ങളും വാദപ്രതിവാദം ചെയ്യുന്നില്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ) : ദേവസ്വം അധികാരസ്ഥന്മാർ എന്നെല്ലാം അദ്ദേഹം നിൎദ്ദേശിക്ക ആയിരുന്നു.

ഡെപ്യൂട്ടിപ്രസിഡണ്ടു:—ദേവസ്വങ്ങളെ സംബന്ധിക്കുന്നതോ ബാധിക്കുന്നതോ ആയ വല്ല സംഗതിയും എന്നാകുന്നു റഗുലേഷനിലെ പദങ്ങൾ.

മി. കെ. ഐ. ജോസഫ് (മീനച്ചലും ദേവികുളവും) : അങ്ങിനെയുള്ള സത്രങ്ങളെ എല്ലാം എല്ലാവൎഗ്ഗക്കാൎക്കും തുറന്നുകൊടുക്കുന്നതിനു കഴിയുന്നതും അടുത്ത അവസരത്തെ ഗവൎമ്മെന്റു സ്വീകരിക്കുന്നതാകുന്നു എന്നു മി. ജാർജ് അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ അവസാനഭാഗത്തിൽ പറയുകയുണ്ടായി. ഈ കാൎയ്യത്തിൽ ഗവൎമ്മെന്റു സ്വീകരിച്ചിട്ടുള്ള തത്വത്തെ ഞാൻ പൂൎണ്ണമായി അഭിനന്ദിക്കുന്നു. മൂലതത്വത്തെ ഗവൎമ്മെന്റു അംഗീകരിച്ചിരിക്കുന്നതുകൊണ്ടു മി. ജാൺ ഈ ഉപക്ഷേപം വോട്ടിനിടുന്ന കാൎയ്യത്തിൽ നിൎബന്ധിക്കുന്നതു ആവശ്യമാണെന്നു ഞാൻ വിചാരിക്കുന്നില്ല.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും) : സത്രങ്ങൾ എല്ലാവൎഗ്ഗക്കാൎക്കും പ്രവേശനയോഗ്യമാക്കി തീൎക്കണമെന്നുള്ള പ്രമേയത്തെ ഞാൻ ബലമായി പിൻതാങ്ങുന്നു. അതിനു തടസ്ഥമായി പറയുന്ന പ്രധാനകാരണങ്ങൾ ചില സത്രങ്ങൾ ക്ഷേത്രങ്ങളുടെ സമീപത്തിലിരിക്കുന്നു എന്നു, ചിലതിൽ പ്രത്യേകം കിച്ചൻ ഇല്ലെന്നും ഉള്ളതാണെല്ലോ. സവൎണ്ണഹിന്ദുക്കൾക്ക ഇപ്പോൾ ഉള്ള കിച്ചൻ പോരാ വേറേ വേണമെന്നുണ്ടെങ്കിൽ അങ്ങിനെ ഒരു കിച്ചൻ പ്രത്യേകം കെട്ടുന്നതുകൊണ്ടു യാതൊരു വിരോധവുമില്ല. (ചിരി) ഇപ്പോൾ ഉള്ളതു എല്ലാജാതിക്കാൎക്കും വിട്ടുകൊടുക്കയും കാസ്റ്റ്ഹിന്ദുക്കൾക്ക പ്രത്യേകം കിച്ചൻ ഉടനെ കെട്ടിക്കൊടുക്കയും ചെയ്താൽ മതി.

മി. എം. ശിവതാണുപിള്ള (തോവാള) : എന്റെ മാന്യസ്നേഹിതനായ മി. കുഞ്ഞുതൊമ്മൻ കിച്ചനില്ലാതെതന്നെ കന്യാകുമാരിസത്രത്തിൽ പ്രവേശിച്ചിട്ടുണ്ടോ?

മി. തയ്യിൽകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും) : ഞാൻ കിച്ചനോടുകൂടിയും പ്രവേശിച്ചിട്ടില്ല. കിച്ചൻ ഇല്ലാതെയും പ്രവേശിച്ചിട്ടില്ല. (ചിരി) അതുകൊണ്ടു അടുത്ത കൌൺസിലിൽ തന്നെ സവൎണ്ണൎക്ക കിച്ചനുവേണ്ടി ഒരു സപ്ലിമെന്ററി ഗ്രാന്റു കൊണ്ടുവന്നാൽ ഉടനെ അനുവദിച്ചുതരാം (ചിരി). ഇപ്പോഴുള്ള സത്രങ്ങൾ ഉടൻതന്നെ എല്ലാവൎക്കും പ്രവേശനയോഗ്യമാക്കിത്തീൎക്കണം. മതസംബന്ധമായ ആചാരങ്ങൾക്ക അൽപംതന്നെ യാതൊരു വിഘ്നവും വരുത്താതെവേണം സത്രം തുറന്നുകൊടുക്കാൻ. ക്ഷേത്രമതിൽക്കെട്ടിനുള്ളിൽ സത്രങ്ങൾ ഉണ്ടെങ്കിൽ അതു സവൎണ്ണർതന്നെ ഉപയോഗപ്പെടുത്തിക്കൊള്ളട്ടെ. എന്നാൽ പുറത്തുള്ളതു എല്ലാവൎക്കും ഉള്ളതായിരിക്കണം. പണ്ടത്തെ പ്പോൾ ജീവിതവൃത്തിക്ക ദേശസഞ്ചാരം അത്യന്താവശ്യമായിതീൎന്നിട്ടുണ്ടു. രാജ്യത്തിന്റെ പലഭാഗങ്ങളിലും സഞ്ചരിക്കുന്നതിനു എല്ലാവൎക്കും ആവശ്യം നേരിട്ടുകൊണ്ടിരിക്കുന്ന ഈ കാലത്തു സത്രങ്ങളിൽ എല്ലാവൎഗ്ഗക്കാൎക്കും പ്രവേശനം അനുവദിച്ചില്ലെങ്കിൽ വളരെകഷ്ടപ്പെടും. സ്വജനങ്ങളോ മിത്രങ്ങളോ ഇല്ലാത്ത ആളുകൾ അന്യദേശങ്ങളിൽ പോകുമ്പോൾ താമസിക്കാൻ സത്രം ആവശ്യമാണു. അല്ലെങ്കിൽ വളരെകഷ്ടപ്പെടുകതന്നെ ചെയ്യും. ഞാനും വളരെ കഷ്ടപ്പെട്ടിട്ടുണ്ടു. അതുകൊണ്ടു ഞാൻ മേൽപ്രസ്താവിച്ചതുപോലെ കിച്ചൻ സവൎണ്ണഹിന്ദുക്കൾക്ക വേറെ കെട്ടിക്കൊള്ളുകയും ക്ഷേത്രമതിൽക്കെട്ടിനുള്ളിൽ ഉള്ള സത്രങ്ങൾ സവൎണ്ണൎക്കായിവച്ചുകൊള്ളുകയും ചെയ്തുകൊണ്ടു ക്ഷേത്രമതിലിനുപുറത്തുള്ള എല്ലാ സത്രങ്ങളിലും സകലജനങ്ങൾക്കും പ്രവേശനം അനുവദിക്കയും ചെയ്യണം.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ) : സത്രത്തിൽ താമസിക്കാത്ത ആളുകളേയും നിൎബന്ധിച്ചു താമസിപ്പിക്കണമെന്നുണ്ടോ?

മി. തയ്യിൽകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും) : ഇങ്ങനെയുള്ള ഗൌരവമേറിയ ചോദ്യങ്ങൾക്ക ഞാൻ ആലോചിച്ചു വഴിയെ മറുപടി പറഞ്ഞുകൊള്ളാം (ചിരി) ഇത്രയും പ്രസ്താവിച്ചുകൊണ്ടു ഞാൻ ഈ പ്രമേയത്തെ ബലമായി പിൻതാങ്ങിക്കൊള്ളുന്നു.

മി. കെ. ശിവരാമപ്പണിക്കർ (ചേൎത്തല) സർ,—സഭയുടെ സമാന്യാഭിപ്രായത്തെ അളന്നറിയാൻ എനിക്ക സാധിച്ചിട്ടുള്ളിടത്തോളം ഞാൻ ധരിച്ചിട്ടുള്ളതു ഇപ്രകാരമാണു. ഈ പ്രമേയം കൊണ്ടുവന്നിട്ടുള്ള

വഴിക്ക് യാത്രക്കാർക്കു ഒരു പ്രത്യേകസ്ഥലമുണ്ടു താമസിക്കുവാൻ വല്ല ആവശ്യകതയോ ദുർഘടമോ ഉള്ളതായി കാണുന്നില്ല, എന്നാൽ ഒരു ജാതിക്കും മറ്റൊരു ജാതിക്കും തമ്മിലുള്ള വ്യത്യാസങ്ങളെ ഇപ്പോഴും പരിപാലിച്ചുകൊണ്ടിരിക്കുന്നതിനാലുണ്ടായ സങ്കടംനിമിത്തം ആകുന്നു.

മി. കെ. സി. മാമ്മൻമാപ്പിള (കല്ലുവടവും വ്യവസായവും വടക്ക) : ചില സത്രങ്ങൾ അടച്ചിരിക്കുന്നതുനിമിത്തം പല ബുദ്ധിമുട്ടുകൾ മി. കുഞ്ഞിത്തൊമ്മൻ അനുഭവിച്ചിട്ടുണ്ട്. എന്നു അദ്ദേഹം ഇപ്പോൾ തന്നെ പറഞ്ഞതു മി. ശിവരാമപ്പണിക്കർ കേട്ടില്ലയോ എന്നു ഞാൻ അദ്ദേഹത്തിനോടു ചോദിക്കട്ടെയോ?

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഞാൻ സഭയുടെ സാമാന്യാഭിപ്രായത്തെക്കുറിച്ചു മാത്രമേ സംസാരിച്ചുള്ളു.

മി. കെ. സി. മാമ്മൻമാപ്പിള (കല്ലുവടവും, വ്യവസായവും, വടക്ക): സഭയുടെ ഈ ഭാഗത്തുനിന്നു ഇതേവരെ ഒന്നു രണ്ടാളുകളെ സംസാരിച്ചിട്ടുള്ളു. അതിൽനിന്നു അദ്ദേഹത്തിന്റെ അനുമാനം സാധുവാകുന്നതെങ്ങിനെ?

മി. കെ. ശിവരാമപണിക്കർ (ചേർത്തല): ഞാൻ ശരിയായി കേട്ടിട്ടുണ്ടു എന്നു വരികിൽ എന്റെ പൂജ്യചോദ്യൻ ഈ പ്രമേയത്തിനു അനുകൂലമായി സംസാരിച്ചതുതന്നെയും ഒരു ജാതിക്കും മറ്റൊരു ജാതിക്കും തമ്മിലുള്ള അനാശാസ്യമായ വ്യത്യാസങ്ങൾ നിമിത്തമാകുന്നു എന്നു അദ്ദേഹം പറഞ്ഞതായി ഞാൻ കേട്ടു എന്നു വിചാരിക്കുന്നു. ക്ഷേത്ര സമീപങ്ങളിലുള്ള സത്രങ്ങളുടെ കാര്യത്തെക്കുറിച്ചു ഇതിൽ സംബന്ധിപ്പിക്കയേ വേണ്ട എന്നു ആ ആളുകൾ സമ്മതിക്കുന്നതായാൽ അതു ഞങ്ങൾക്കു തരുന്നതായ ഉദാരമായ സൌജന്യമായിരിക്കും നിശ്ചയം തന്നെ. ഞങ്ങൾ നിശ്ചയമായും അവരുടെ അഭിപ്രായത്തിന്റെയും അനുമാനത്തിന്റെയും വിശാലതയെ വാസ്തവത്തിൽ അഭിനന്ദിക്കയും ചെയ്യുന്നു എന്നുതന്നെയുമല്ല ഇതിൽ സ്വല്പംകൂടി കവിഞ്ഞു ഞാൻ പറയാം. ക്ഷേത്രസമീപമുള്ള സത്രങ്ങളിൽ പ്രത്യേകം പാചകശാലകൾ ഉണ്ടാക്കുന്നതായാൽ അവയെ എല്ലാ ഹിന്ദുക്കൾക്കും തുറന്നുകൊടുക്കാവുന്നതാണ്.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): ഹിന്ദുക്കളെ സംബന്ധിച്ചു മാത്രമുള്ള ആ വ്യത്യാസം സംരക്ഷിക്കപ്പെടേണ്ടതിന്റെ ആവശ്യം എന്നോടു പറഞ്ഞുതരുമോ?

മി. കെ. ശിവരാമപണിക്കർ (ചേർത്തല): മതസംബന്ധമായ ശങ്കകൾ നിമിത്തം മററു മതക്കാരും, മിസ്റ്റർ ജോസഫ്തന്നെയെന്നിരിക്കട്ടെ, അതിൽ പ്രവേശിക്കുന്നതിൽ യാതൊരാക്ഷേപവും എനിക്കില്ല. അന്യമതത്തെ അപമാനിക്കുന്നതിനും മററു വിധത്തിൽ അതിനെ ദുരുപയോഗപ്പെടുത്തുന്നതിനും അവർ മോഹിതരായിത്തീരും എന്നുള്ള ഭീതി നിമിത്തമാകുന്നു സത്രങ്ങളെ എല്ലാ ജാതികൾക്കും തുറന്നുകൊടുക്കണം എന്നുള്ള അഭിപ്രായത്തെ ഞാൻ ആക്ഷേപിക്കുന്നതു. താൻ ഒരു ഹിന്ദുവാണെന്നും ക്ഷേത്രപ്രാന്തങ്ങളിലും അതിനു ചുററും അനുഷ്ഠിച്ചുവരുന്ന ഹിന്ദു ആചാരങ്ങൾക്കും ആദർശങ്ങൾക്കും യാതൊരുവിധത്തിലുള്ള അനാദരവും കൂടാതെ തന്നെ ഹിന്ദുക്കളുടെ അഭിപ്രായങ്ങളെ താൻ ബഹുമാനിക്കും എന്നും താൻ ഒരു ഹിന്ദുവാണെന്നു ഉള്ളതിനെ കാണിക്കാൻ എന്നപോലെ നെററിയിൽ ഭസ്മവും ധരിച്ചു ക്രിസ്ത്യാനികൾ തൃശ്ശിനാപ്പള്ളിയിലും ബ്രിട്ടീഷ് ഇൻഡ്യയിലും മററു സ്ഥലങ്ങളിലും ക്ഷേത്രത്തിൽ പ്രവേശിക്കുന്നതിനെ കാണുന്നതിനു എനിക്കു ഇടയായിട്ടുണ്ട്. അങ്ങനെയൊരു ഉറപ്പുകൊടുക്കുന്നതായാൽ ഈ സത്രങ്ങളെ എല്ലാം തുറന്നുകൊടുക്കുന്നതിൽ എന്നെ സംബന്ധിച്ചിടത്തോളവും യാതൊരു ആക്ഷേപവും എനിക്കില്ല.

മി. എ. ജെ. ജാൺ (വൈക്കം): അഹിന്ദുക്കൾ ക്ഷേത്രങ്ങൾക്കും സത്രങ്ങൾക്കും വളരെ അടുപ്പിച്ചു പോകുന്നതിനു അനുവദിക്കാമെങ്കിൽ അവർക്കു സത്രങ്ങളെ തുറന്നു കൊടുക്കുന്നതിൽ വല്ല ആക്ഷേപവും ഉണ്ടോ എന്നു ഞാൻ മെമ്പരോടു ചോദിക്കട്ടെയോ?

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ആ കാരണത്തിന്മേൽതന്നെ ഞാൻ അതിനെ എതിർക്കും. ഇതേവരെ അവരെ സത്രങ്ങളിൽ പ്രവേശിപ്പിക്കാൻ അനുവദിച്ചിട്ടില്ല. അതുകൊണ്ടു അവർ അവയിൽ പ്രവേശിക്കാൻ സമ്മതിച്ചുകൂടാ

ഏതെങ്കിലും സത്രങ്ങളെ പൊളിച്ചുകളയുന്ന കാര്യത്തിൽ ഓരോ സത്രത്തെയും സംബന്ധിച്ചു ഒരു ചരിത്രം ഉണ്ടായിരിക്കുന്ന കാലത്തോളം ആ അഭിപ്രായം ഞാൻ സമ്മതിക്കയില്ല. ആ കെട്ടിടങ്ങളെ പൊളിച്ചുകളയുന്നതിനു ഞാൻ സമ്മതിക്കയില്ല.

മി. എ. ജെ. ജാൺ (വൈക്കം): സത്രം ക്ഷേത്രങ്ങൾക്കു പുറമെയിരിക്കുകയാണെങ്കിൽ അഹിന്ദുക്കളെ പ്രവേശിപ്പിക്കുന്നതിൽ വല്ല ആക്ഷേപവും അദ്ദേഹത്തിനുണ്ടോ എന്നു അറിയേണ്ടിയിരിക്കുന്നു.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): അതു മററൊരു കാര്യം. ഞാൻ ക്ഷേത്രസമീപങ്ങളിൽ സ്ഥിതിചെയ്യുന്ന സത്രങ്ങളെക്കുറിച്ചു സംസാരിക്കുന്നില്ല, ആ സ്ഥാപനവും മിസ്റ്റർ ജഡ്ജ് പറഞ്ഞതുപോലെ മതകാര്യങ്ങൾക്കായി ഉദ്ദേശിക്കപ്പെട്ടിട്ടുള്ളവയല്ലാ എന്നുവരികിൽ ക്ഷേത്രദർശനത്തിനായി ചെല്ലുന്ന യാത്രക്കാരുടെ താമസത്തിനായി മാത്രം എന്നിരിക്കട്ടെ, എനിക്കു യാതൊരു ആക്ഷേപവും ഇല്ല: ഞാൻ എന്റെ സ്വന്തം അഭിമതം പറഞ്ഞുകഴിഞ്ഞു, അഹിന്ദുക്കൾ മതസംബന്ധമായ ആചാരങ്ങളെ ദുരുപയോഗപ്പെടുത്തുകയില്ല എന്നു ഒരു ഉറപ്പുതരും എന്നു വരികിൽ അവർ ക്ഷേത്രങ്ങളിൽ പ്രവേശിക്കുന്നതിനെ ഒരിക്കലും തടുക്കയില്ല. എന്നാൽ ഈ രാജ്യത്തിൽ ഹിന്ദുക്കളുടെ സാമാന്യബോധം നേരെ വിപരീതം ആണ്. ഈ ഉറപ്പുതരുന്നവരികിൽ ഈ പ്രമേയത്തെ അനുകൂലിക്കുന്നതിൽ യാതൊരു ആക്ഷേപവും എനിക്കില്ല.

മി. എ. ജെ. ജാൺ (വൈക്കം): മതകാര്യങ്ങൾ എന്നു പറഞ്ഞതിനു അദ്ദേഹം കല്പിച്ചിരിക്കുന്ന അർത്ഥമെന്തെന്നു പറഞ്ഞുതരുമോ?

മി. കെ. ശിവരാമപണിക്കർ (ചേർത്തല): മി. ജഡ്ജ് വിവരിച്ചുപറഞ്ഞതുപോലെ ക്ഷേത്രദർശനത്തിനായി ചെല്ലുന്ന വഴിയാത്രക്കാർ അതിനുവേണ്ടി അവിടെ ചെന്നു പാർക്കുക എന്നു അർത്ഥം ആകുന്നു. ഇതാണു മതകാര്യങ്ങൾ എന്നതിനു ഞാൻ വിചാരിക്കുന്ന അർത്ഥം.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): സത്രം ക്ഷേത്രത്തിന്റെ വെളിയിൽ ഉള്ള പറമ്പിൽ ആണെന്നുവരികിൽ അതിനെ തുറന്നുകൊടുക്കുന്നതിൽ വല്ല ആക്ഷേപവും അദ്ദേഹത്തിനു ഉണ്ടോ?

ഡെപ്യൂട്ടിപ്രസിഡണ്ടു: അതിനു മറുപടി ഇതിനു മുമ്പിലെ അദ്ദേഹം പറഞ്ഞുകഴിഞ്ഞു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സർ, സത്രം സംബന്ധമായ ഈ വാദപ്രതിവാദത്തിൽ ഏതാനും വ്യക്തമായ നിരീക്ഷണങ്ങൾ ദൃഷ്ടിയിൽ പെട്ടിട്ടില്ല എന്നു തോന്നുന്നു. സത്രങ്ങളെ എല്ലാ ജാതിക്കാർക്കും തുറന്നുകൊടുക്കേണ്ടതാണ് എന്നു ആവശ്യപ്പെടുന്ന പ്രമേയം മഹാറാണി റീജന്റ് തിരുമനസ്സിലെ എല്ലാ പ്രജകളുടെയും അവകാശസമത്വത്തിന്മേൽ ഉള്ള വിളംബരത്തിന്റെ വാദത്തെ അടിസ്ഥാനപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഒടുവിലത്തെ ജനസംഖ്യ കണക്കുപ്രകാരം ഈ രാജ്യത്തിൽ നാല്പതുലക്ഷം ജനങ്ങൾ ഉള്ളതിൽ എല്ലാവർക്കും ഈ രാജ്യത്തിലെ സത്രങ്ങളെ ഉപയോഗിക്കുന്നതിനു അവകാശമുണ്ടോ എന്നുള്ള പ്രശ്നം എനിക്കു കാണാവുന്നിടത്തോളം പ്രകൃത്യാ ഈ വാദസംബന്ധമായി ജനിക്കുന്നു. അതിനെ അടിസ്ഥാനപ്പെടുത്തി കണക്കു നോക്കുന്നതായാൽ ഒരു ഓരോരുത്തർക്കും . . . . ക്രമം അനുഭവിച്ചുകൊടുക്കാം എന്നുള്ള പ്രശ്നം ഇക്കാര്യത്തിലേക്കു സംബന്ധപ്പെട്ടതായി വരും എന്നു ഞാൻ വിചാരിക്കുന്നു. (ചിരി) ഈ ദൃഷ്ട്യാ നോക്കുന്നതായാൽ സത്രങ്ങളിൽ അധിവസിക്കുന്നതിനുള്ള കാലത്തെ മിനിട്ടുകളായും സെക്കൻഡുകളായും ക്രമപ്പെടുത്തേണ്ടിയിരിക്കും നിശ്ചയം തന്നെ. ഒരു സ്ഥലത്തു ഒരു സത്രത്തിനുള്ളിൽ ഓരോരുത്തർക്കു ഒരു മിനിട്ടുപോലും ഇരിക്കാൻ അവകാശം ഇല്ല എന്നു വരുന്നതാം. ആ സ്ഥിതിക്കു ഒരു സത്രത്തെ ദീർഘകാലമായി ഉപയോഗിക്കുന്ന കാര്യത്തിൽ ആ ആക്ഷേപം എന്തു കാരണത്താൽ പുറപ്പെടുവിക്കപ്പെട്ടിട്ടില്ല. അതു ആലോചനാർഹമായ ഒരു പ്രശ്നമാണെന്നു എനിക്കു തോന്നുന്നു.

മി. കെ. സി. ജോസഫ് (മീനച്ചിലും ദേവികുളവും): അദ്ദേഹം ഈ വാദം നേരംപോക്കായിട്ടോ കാര്യമായിട്ടോ പുറപ്പെടുവിക്കുന്നതു എന്നു ഞാൻ മെമ്പരോടു ചോദിക്കട്ടെയോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഞാൻ പറഞ്ഞതായ അടിസ്ഥാനത്തിൽനിന്നും പുറപ്പെടുന്നതായാൽ ന്യായമായി ചെന്നെത്തുന്ന അനുമാനം ഇതാകുന്നു. നേരമ്പോക്കാണോ എന്തോ, വളരെ കാര്യമായിട്ടാണു ഞാൻ പറഞ്ഞിട്ടുള്ളതു്. അതിനെ ധരിക്കുന്നതിനുള്ള മനോഭാവം ഓരോരുത്തർക്കു ഇല്ലാ എന്നും വരാം. (ചിരി).

ഈ പ്രശ്നത്തെ എന്തു കാരണത്താൽ ആ മാർഗ്ഗത്തിൽ വീക്ഷിച്ചില്ല എന്നു ഞാൻ ചോദിക്കുന്നതു ആ അടിസ്ഥാനത്തിന്മേൽ മാത്രമാകുന്നു. എന്റെ പരാതി അതുമാത്രമേയുള്ളു. ഈ പ്രമേയത്തെ ആ അടിസ്ഥാനത്തിന്മേലും നാം എന്തുകൊണ്ടു ആലോചിച്ചുകൂടാ എന്നു അതിന്റെ പ്രയോക്താവു എന്നോടു വിവരിച്ചുപറയുമെങ്കിൽ ഞാൻ അദ്ദേഹത്തിനോടു കടപ്പെട്ടവനായിരിക്കും. സഭ വിവരമായി ധരിക്കുന്നതിലേക്കുവേണ്ടി മാത്രമാകുന്നു സഭയുടെ പര്യാലോചനക്കായി ഈ സംഗതി ഞാൻ അറിയിക്കുന്നതു്.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): സർ, ഇക്കാര്യത്തെക്കുറിച്ചു ഗവണ്മെന്റിന്റെ നില വളരെ വ്യക്തമാണെന്നു തോന്നുന്നു. മഹാറാണി റീജന്റ് തിരുമനസ്സിലെ എല്ലാ പ്രജകൾക്കും സത്രങ്ങളെ നിയമേന തുറന്നുകൊടുക്കാവുന്നതാണെന്നും തുറന്നുകൊടുക്കേണ്ടതാണെന്നും പറയാൻ ഗവർമെന്റിനു ശക്തിയില്ല. ക്ഷേത്രസാമീപ്യം എന്നുള്ള കാരണത്താൽ തുറന്നുകൊടുപ്പാൻ പാടില്ലാത്തവയായി ഏതാനും സത്രങ്ങൾ ഉണ്ടെന്നു ചൂണ്ടിക്കാണിക്കപ്പെട്ടു. അവയെ സംബന്ധിച്ചിടത്തോളം അവയെ ആ സ്ഥിതിയിൽ വെച്ചേക്കണം എന്നത്രെ ഈ സഭയുടെ സാമാന്യാഭിപ്രായമെന്നു തോന്നുന്നു. ഈ സത്രങ്ങൾ സമുദായസംഘട്ടനത്തിനു ഇടയാക്കുമെന്നും ഈ രാജ്യത്തിലെ വിവിധസമുദായങ്ങളുടെ ഇടയിൽ വൈരത്തിനു കാരണീഭൂതമായിരിക്കും എന്നു ഈ സഭയുടെ ഈ ഭാഗത്തുള്ള ഏതാനും മെമ്പർമാർ പറയുകയും ചെയ്തു. സത്രങ്ങളും വിദ്യാർത്ഥിമന്ദിരങ്ങളുമല്ല വാസ്തവകാരണം എന്നു ഞാൻ പറഞ്ഞുകൊള്ളുന്നു. ഇതു തെറ്റായ ഒരു ധാരണയാണെന്നു ഞാൻ ശങ്കിക്കുന്നു. സമുദായങ്ങൾ തമ്മിൽ വൈരം ഉണ്ടെന്നുവരുകിൽ അതു ഉദ്യോഗമാർഗ്ഗവിഷയത്തിലല്ലാതെ മറ്റൊരു കാരണത്താലുമല്ല. ഇപ്രകാരം ഇരിക്കുന്നതു കാര്യം തന്നെ. അതുകൊണ്ടു ഈ സത്രങ്ങളെ പൊളിച്ചുകളയാമെന്നോ മററു കാര്യങ്ങൾക്കായി ഉപയോഗപ്പെടുത്തിക്കൊള്ളാമെന്നോ ഉള്ള അഭിപ്രായത്തെ എനിക്കു അനുമതിക്കുവാൻ കഴിയുകയില്ല. തെറ്റായോ ശരിയായോ ചീഫ്സെക്രട്ടറി പറയുംപോലെ സത്രങ്ങൾ ക്ഷേത്രസമീപത്തിലായി കെട്ടപ്പെട്ടു. ഇതു ക്ഷേത്രങ്ങളിൽ തൊഴാൻവരുന്നവരുടെ ആവശ്യത്തെക്കരുതി ആയിരിക്കാം. വാസ്തവമായി ചീഫ് സെക്രട്ടറി പറഞ്ഞതുപോലെ ഈ സത്രങ്ങളെ ഇതേവരെ എല്ലാ ജാതിക്കാർക്കും തുറന്നുകൊടുത്തിട്ടില്ല. എല്ലാ ഉൽകൃഷ്ടജാതിഹിന്ദുക്കൾക്കുപോലും പ്രവേശനമില്ല. ഈ കാര്യത്തിൽ ചീഫ് സെക്രട്ടറി അവലംബിച്ചിരിക്കുന്ന അഭിപ്രായം ഇതാണെന്നു തോന്നുന്നു. സത്രങ്ങളുടെ ഉത്ഭവസ്ഥിതിയെക്കുറിച്ചോ അവ ഉണ്ടായിരിക്കുന്നതിനുള്ള അവകാശത്തെക്കുറിച്ചോ ചോദിച്ചിട്ടു ഉപയോഗമില്ല. അവ പൊതുമുതലിൽ നിന്നും സംരക്ഷിക്കപ്പെട്ടുവരുന്നുഎന്നും അങ്ങിനെയുള്ള ഒരു വ്യത്യാസം പരിപാലിച്ചുകൂടാഎന്നും നിർദ്ദേശിക്കപ്പെട്ടു. ഈ സത്രങ്ങളെ ദേവസ്വം അധികാരികളെ ഏല്പിക്കേണ്ടതാണെന്നും നിർദ്ദേശിക്കപ്പെട്ടു. ഈവാദം ആധുനികകാലത്തു ഗൗരവമായി പുറപ്പെടുവിക്കപ്പെട്ടിട്ടുള്ളതാണോ എന്നു ഞാൻ ചോദിക്കട്ടെയോ? ആവാദം പുറപ്പെടുവിച്ച മാന്യന്മാരെല്ലാവരും ക്ഷേത്രങ്ങൾക്കു ചേർന്നുള്ളവയെല്ലാം അവയെ തിരിയെ ഏല്പിച്ചിട്ടുണ്ട് എന്നു വിശ്വസിക്കുന്നുണ്ടോ?

മി. എം. ശിവതാണുപിള്ള (തോവാള): ഉണ്ട് എന്നു ഞാൻ മെമ്പരോടു ഉറപ്പുപറയട്ടെയോ?

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): ആവിധം ഉറപ്പുതരുന്നതിനു എനിക്കു വിശ്വാസമുള്ളവരിൽ അത്യന്തം അപ്രാപ്തനായുള്ളതു മി. ശിവതാണുപിള്ളയാണെന്നു ഞാൻ കരുതുന്നു. ക്ഷേത്രകാര്യങ്ങൾക്കോ ക്ഷേത്രങ്ങൾസംബന്ധിച്ച സത്രങ്ങൾക്കോ പൊതുമുതലുകളെ ഉപയോഗിച്ചുവരുന്നിടത്തോളം ആ മുതലുകളുടെ കാര്യത്തിൽ യാതൊരുവ്യത്യാസവുംഇല്ല എന്നും, അക്കാര്യത്തെ സംബന്ധിച്ചു യാതൊരു വ്യത്യാസവും ഇപ്പോൾ ഉണ്ടാക്കേണ്ട ആവശ്യംഇല്ലഎന്നും, എനിക്കു നിശ്ചയമുണ്ടു. ഒരു പ്രത്യേകസ്ഥലത്തു ആവിധം സത്രങ്ങൾഇല്ലാത്തതുനിമിത്തം വല്ലയാളും വല്ല വാസ്തവമായ സങ്കടവും അനുഭവിക്കുന്നുണ്ടോ എന്നാകുന്നു സഭാസമക്ഷം വാസ്തവത്തിൽ ആലോചനാവിഷയം എന്നുവരുകിൽ ചീഫ് സെക്രട്ടറി പറഞ്ഞതുപോലെ സത്രങ്ങൾസ്ഥാപിക്കുന്നതിൽഉള്ള ആവശ്യകത ഉണ്ടെന്നു വരുകിൽ അപ്പോൾ ആ ആവശ്യകതയെ ഗവണ്മെന്റു ഉടനടി ശ്രദ്ധിക്കുന്നതായിരിക്കും. ഇതാകുന്നു നാം ആലോചിക്കേണ്ടുന്നസംഗതി. ഇപ്പോഴുള്ള സത്രങ്ങളെ പൊളിച്ചുകളയണം എന്നുള്ളതല്ല. ഈ സത്രങ്ങളെ എല്ലാ ജാതിക്കാർക്കും തുറന്നുവിടുന്നതിനു ശക്യമായ സകല ശ്രമവും ചെയ്യുന്നതാണെന്നു ഗവണ്മെന്റു നമ്മോടു ഉറപ്പുപറഞ്ഞിരിക്കുമ്പോൾ, ക്ഷേത്രസമീപസ്ഥങ്ങളായ സത്രങ്ങളുടെ

കാൎയ്യത്തിൽപോലും സാമീപ്യംനിമിത്തം വാസ്തവമോ ഊഹാമാത്രമോ ആയിട്ടുള്ള അവകാശഹാനികളെ മാററണം എന്നുള്ള ഉദ്ദേശത്തോടുകൂടി അന്വേഷണം നടത്തുന്നതാണെന്നു ഗവൎമ്മെണ്ടു കൂട്ടത്തിലായി ഉറപ്പുതന്നിരിക്കുമ്പോൾ നാം ഗവൎമ്മെണ്ടു പറഞ്ഞതിനെ അംഗീകരിക്കയും അതിലേക്കായി ഗവൎമ്മെണ്ടിനോടു നന്ദിയുള്ളവരായിരിക്കയും ചെയ്യേണ്ടതാകുന്നു. ഈ സ്ഥിതിക്കു ഗവൎമ്മെണ്ടിന്റെ നിലയെ തൃപ്തികരമാംവണ്ണം വിവരിച്ചിട്ടുണ്ടു എന്നും ഈ ഉപക്ഷേപത്തിന്റെ കാൎയ്യത്തിൽ ഇതിലധികം നാം നിൎബ്ബന്ധിക്കേണ്ട ആവശ്യം ഇല്ലഎന്നും എനിക്കു തോന്നുന്നു.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാൎത്തികപ്പള്ളിയും): സർ, മിസ്റ്റർ ജാണിന്റെ ഉപക്ഷേപം സൎക്കാർ സത്രങ്ങൾക്കുമാത്രമേ സംബന്ധിക്കുന്നൊള്ളു എന്നു ഞാൻ കാണുന്നു. എല്ലാ സൎക്കാർ സത്രങ്ങളേയും എല്ലാ ജാതിക്കാൎക്കും തുറന്നുവിട്ടേക്കണം എന്നുള്ള പ്രാൎത്ഥന വളരെ ന്യായമായതാകുന്നു. ഇതിന്റെ തത്വത്തെ ഗവൎമ്മെണ്ടു അംഗീകരിച്ചിട്ടുണ്ടു എന്നും ഞാൻ വിചാരിക്കുന്നു. അതുകൊണ്ടു എന്തെങ്കിലും വിഷമം എന്തിനായിട്ടു ഉണ്ടാകണം എന്നു ഞാൻ അറിയുന്നില്ല. ഇതു സംബന്ധമായി ഒരു കാൎയ്യം വാസ്തവമാണു്. ഏതാനം സത്രങ്ങൾ എല്ലാ ജാതിക്കാൎക്കും പ്രവേശ്യമായ സ്ഥലങ്ങളിൽ സ്ഥിതിചെയ്യുന്നില്ല. ആ സത്രങ്ങൾ സൎക്കാർ സത്രങ്ങൾ അല്ലാഎന്നു ഞാൻ കരുതുന്നു. ഒരു സത്രം സൎക്കാർ വകയോ അല്ലയോ എന്നുള്ളതു കാൎയ്യങ്ങളുടെ സ്ഥിതിപോലെ തീൎച്ചപ്പെടുത്തേണ്ടതാണു്. വല്ല സത്രവും ക്ഷേത്രംവകയാണെന്നുവരികിൽ അതിനെ ആ ഡിപാൎട്ടുമെണ്ടു സംരക്ഷിക്കത്തക്കവണ്ണം ദേവസ്വം ഡിപാൎട്ടുമെണ്ടിനെ ഏല്പിക്കണം. സൎക്കാർ ദേവസ്വങ്ങളെ സംബന്ധിച്ചിടത്തോളം ഈ അപേക്ഷ ന്യായമാണു്. അതിനെ ഗവൎമ്മെണ്ടു സാധിപ്പിക്കേണ്ടതുംതന്നെ.

രാജകുടുംബത്തിൽ ഉള്ളവർ സ്വന്തം ധനം ചിലവാക്കി ധൎമ്മമായി വിട്ടുകൊടുത്ത മററുചില സത്രങ്ങൾ ഉണ്ടായിരിക്കാം. അവ സൎക്കാർസത്രങ്ങൾ അല്ല. ഇവ ഈ പ്രമേയത്തിൽ ഉൾപ്പെടുന്നവയും അല്ല.

ഇപ്പോൾ ഉള്ള സത്രങ്ങളെയെല്ലാം എല്ലാജാതിക്കാൎക്കുമായി വിട്ടുകൊടുക്കയും ഉൽകൃഷ്ടജാതി ഹിന്തുക്കൾക്കുമാത്രമായി മററു സത്രങ്ങൾ കെട്ടുകയും ചെയ്യേണ്ടതാണു് എന്നു മിസ്റ്റർ കുഞ്ഞിരാമൻ വാദിച്ചു. ഇതു സംബന്ധമായി എനിക്കു പറയാനുള്ളതു ഓരോ വൎഗ്ഗക്കാൎക്കും പ്രത്യേകമായി വേറെ വേറെ സത്രങ്ങൾ ഉണ്ടാക്കിക്കൊടുക്കുന്ന പ്രവൃത്തി ഗവൎമ്മെണ്ടു സ്വയം ഏറെറടുക്കുന്നതായാൽ അതു അസാദ്ധ്യമായിത്തീരും എന്നു എനിക്കു തോന്നുന്നു എന്നുള്ളതത്രേ. അങ്ങനെ ചെയ്യുകയാണെങ്കിൽ ഏതുകാലത്തുതന്നെ അവയ്ക്കു എല്ലാംകൂടി വ്യവസ്ഥ ചെയ്യേണ്ടിവരും. ഉൽകൃഷ്ടജാതി ഹിന്തുക്കൾ ദീൎഘകാലമായി അനുഭവിച്ചുവരുന്നതായ ഒരവകാശം അവൎക്കില്ലാതാകുന്നതു കഷ്ടംതന്നെ. ഈ സ്വാതന്ത്ര്യാവകാശത്തെ അവരിൽനിന്നു എടുത്തുകളയുകയും ഇപ്പോൾ അവയായി പരിചയിച്ചിട്ടില്ലാത്ത ജനങ്ങൾക്കു അവയെ വിട്ടുകൊടുക്കയും ചെയ്യുന്നതു അനുചിതം ആണെന്നു ഞാൻ വിചാരിക്കുന്നു.

മി. പി. കെ. നാരായണപിള്ള പുറപ്പെടുവിച്ച സംഗതികളെ അദ്ദേഹത്തിന്റെ വാദം സ്വീകാൎയ്യമല്ല. (ചിരി) സത്രങ്ങൾ വഴിയാത്രക്കാൎക്കായി ഉദ്ദേശിച്ചിട്ടുള്ളതാണു്. തിരുവിതാംകോട്ടിലുള്ള നാല്പതുലക്ഷം ജനങ്ങളും ആണ്ടിൽ ഒരിക്കൽവീതമെങ്കിലും ഈ സത്രങ്ങളിൽപോയി താമസിക്കാൻ ഇടയില്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഇവൎക്കെല്ലാവൎക്കും സത്രങ്ങളിൽ ഓരോന്നിലുംചെന്നു താമസിക്കാൻ അവകാശമുണ്ടല്ലോ?

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാൎത്തികപ്പള്ളിയും): ഓരോ ആളിന്റെയും അവകാശങ്ങളെ വീതിച്ചുകൊടുക്കുന്നതിനെപ്പററി ആലോചിക്കേണ്ടതില്ല. സത്രത്തിൽ ഇത്രദിവസത്തിൽ അധികം താമസിച്ചുകൂടാ എന്നു ചട്ടമുണ്ടു്. ആദ്യംവരുന്നവൎക്കു ആദ്യം കൊടുക്കുക എന്നുള്ള ചട്ടത്തിൻപടിയാണു് നാം പോകേണ്ടതു. താമസിച്ചുവരുന്നവരെ സത്രത്തിൽ സ്ഥലമുള്ളതുപോലെ ചേൎത്തുകൊള്ളും. ഈ വാക്കുകളോടുകൂടി ഈ ഉപക്ഷേപത്തെ ഞാൻ ഹാൎദ്ദമായി അനുകൂലിക്കുന്നു.

മി. ഏ. കെ. പിള്ള (കരുനാഗപ്പള്ളി): ഈ ഉപക്ഷേപത്തെ അനുകൂലിക്കാനായി എഴുന്നേൽക്കേണ്ടിവരുന്നതുതന്നെ കഷ്ടമായിട്ടുള്ളതാണു്. സൎക്കാർ സ്ഥാപനങ്ങളെ പൊതുജനങ്ങളുടെ ഉപയോഗത്തിനായി വിട്ടുകൊടുക്കണം എന്നുള്ള നിലവിളി ഇന്നുതുടങ്ങിയതല്ല. സത്രങ്ങളെസംബന്ധിച്ചു ആരംഭിച്ചതുമല്ല. ഇതു ആദ്യം കച്ചേരികളുടെ കാൎയ്യത്തിൽ ആരംഭിച്ചു. പിന്നീടു പള്ളിക്കൂടങ്ങൾക്കായി; പിന്നീടു റോഡുകൾക്കായി; ഈ നിലവിളികൾ എല്ലാം ഒരു മൌലികമായ നിലവിളിയുടെ പ്രതിദ്ധ്വനിയല്ലാതെ മറെറാന്നുമല്ല. അതായതു ഒരു ജാതിക്കും മറെറാരുജാതിക്കും തമ്മിലുള്ള വിഷമമായ വ്യത്യാസം വളൎന്നുവന്നിട്ടുണ്ടു; വളൎന്നുവരികയും ചെയ്യുന്നു. അതിനെ നിവൎത്തൽചെയ്യേണ്ടതുമാകുന്നു. ബുദ്ധിമാന്മാരായ മെമ്പൎമാർ എഴുനീററുനിന്നുകൊണ്ടു ഈ ഉപക്ഷേപത്തെ എതിൎക്കുന്നതിനു അവരുടെ ബുദ്ധിശക്തിയെ ഉപയോഗിക്കുന്നതായികാണുന്നതിൽ ഞാൻ വിസ്മയപ്പെടുന്നു. (മി. ജോസഫ് കേൾക്കുക, കേൾക്കുക) എഴുനീററുനിന്നു ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നതു വളരെ സങ്കടകരവും എന്നാൽ വളരെ ആവശ്യവും ആയ ഒരു ധൎമ്മമാകുന്നു എന്നു എനിക്കു ബോദ്ധ്യപ്പെടുന്നു.

മി. കെ. ശിവരാമപണിക്കർ (ചേൎത്തല): എന്തുകൊണ്ടാണു സങ്കടകരമായ ധൎമ്മമെന്നു പറഞ്ഞതു്?

മി. ഏ. കെ. പിള്ള (കരുനാഗപ്പള്ളി): എന്തുകൊണ്ടെന്നാൽ ഒരു ചിരസ്ഥായിയായ നിലവിളിയുടെ കേവലപ്രതിദ്ധ്വനിയായ ഏതാദൃശ ഉപക്ഷേപത്തെ എതിൎക്കുന്നതായ ഈ സഭയിലെ മെമ്പൎമാരുടെ ദുഃഖകരമായകാഴ്ചയെ കാണുന്നതിനു എനിക്കു ലജ്ജതോന്നുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അദ്ദേഹത്തിനു ഒരു പൂൎവ്വാവസരത്തിൽ ഈ സഭയിലെ മെമ്പരായിരിക്കുന്നതു ലജ്ജാവഹമാണെന്നു തോന്നിട്ടില്ലയോ?

മി. ഏ. കെ. പിള്ള (കരുനാഗപ്പള്ളി): ഈ തത്വത്തെ നാം അംഗീകരിക്കുന്നതായാൽ ഇതിൽ രണ്ടു സംഗതികൾ ഉൾപ്പെടുന്നു. ഒരു വൎഗ്ഗത്തിനും മറെറാരു വൎഗ്ഗത്തിനും തമ്മിലുള്ള ദുസ്സഹമായ വ്യത്യാസത്തെ നിവൎത്തിക്കൽ ഇതിൽ ഉൾപ്പെടുന്നു. സത്രങ്ങളിൽ പുതിയ സൌകൎയ്യങ്ങൾ സൃഷ്ടിക്കലും ഇതിൽ ഉൾപ്പെടുന്നു. സത്രമെന്നുള്ളതു വഴിയാത്രക്കാൎക്കു സൌകൎയ്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുന്ന സ്ഥലമായി. സത്രങ്ങൾ കെട്ടിയവരുടെ ഉദ്ദേശം എന്തുതന്നെയായിരുന്നിരുന്നാലും ആ ഉദ്ദേശങ്ങളെ നാം ആലോചിക്കേണ്ടാവശ്യമില്ല. വാൎസെയിൽസു നഗരത്തിലുള്ള അരമന രാജാക്കന്മാൎക്കും രാജ്ഞിമാൎക്കും വാസസ്ഥലമായി ഉത്സവകാലത്തു ഉദ്ദേശിക്കപ്പെട്ടിട്ട

ള്ളതാകുന്നു. എന്നാൽ ഇപ്പോൾ അവ ഒരു കൌതുകാഗാരമായി ഉപയോഗപ്പെടുത്തിവരുന്നു. മരുമക്കത്തായം വസ്തു ഉത്സവകാലത്തു അനന്തിരവർ അനുഭവിക്കാനായി ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാണ്. എന്നാൽ അവയെ പുത്രന്മാരും അനുഭവിക്കാം എന്ന ഒരു നിയമം ഈ സഭയാകുന്നു അനുവദിച്ചിട്ടുള്ളതു്. ഈ കെട്ടിടംതന്നെയും ആദ്യമായി കെട്ടിയകാലത്തു ഇപ്പോൾ ഉപയോഗിച്ചുവരുന്നതിൽനിന്നു ഭിന്നമായ ഒരു കാര്യത്തിൽ ഉപയോഗിക്കാൻ ഉദ്ദേശിക്കപ്പെട്ടിരിക്കാം. അതുകൊണ്ടു ഈ സത്രങ്ങൾ കെട്ടിയവരുടെ മൂലോദ്ദേശ്യങ്ങളെ നാം ആലോചിക്കേണ്ട ആവശ്യമില്ല. നാം ഇപ്പോൾ ആലോചിക്കേണ്ടതു് അവയെ ഇപ്പോൾ എങ്ങിനെ പരിപാലിച്ചുവരുന്നുവെന്നും അവ നിലനിൽക്കുന്നതിനുള്ള കാരണം എന്തെന്നും ആകുന്നു.

മി. എം. ശിവതാണുപിള്ള (തോവാള): ഒരു മരുമക്കത്തായ കുടുംബത്തിന്റെ വല്ല അയൽപക്കക്കാരനും തറവാട്ടുവസ്തു വിഭാഗത്തിൽ പങ്കുകൊള്ളുന്നതിന് സമ്മതിക്കപ്പെടുന്നുണ്ടോ എന്നറിയേണ്ടിയിരിക്കുന്നു.

മി. ഏ. കെ. പിള്ള (കരുനാഗപ്പള്ളി): ആ കാര്യത്തിന്റെ സൂക്ഷ്മവിവരങ്ങളെ പറഞ്ഞുകേൾപ്പിക്കാനായി എന്നെ വലിച്ചിടരുതേ. ജനങ്ങളുടെ ശരിയായ ഉദ്ദേശങ്ങളെ വിഫലമാക്കീട്ടില്ലെങ്കിൽ ഭേദപ്പെടുത്തീട്ടുണ്ട് എന്നു കാണിക്കാനായിമാത്രം ഞാൻ ഈ ഉദാഹരണം പറഞ്ഞു. സത്രങ്ങൾ ആദ്യകാലത്തു് രാജാക്കന്മാർ ക്ഷേത്രസമീപങ്ങളിൽ കെട്ടിച്ചു എന്നും അപ്രകാരം ചെയ്തതു് തീർത്ഥയാത്രക്കാർക്കു അവയുടെ ആവശ്യകത അത്യധികമാണെന്ന് അവർ വിചാരിച്ചതുകൊണ്ടും ഈ ജനങ്ങളുടെ സുഖങ്ങളെ അവർ അധികമായി ഗണിച്ചതുകൊണ്ടും ആകുന്നു. എന്നാൽ ഇപ്പോൾ സംഗതികൾ മാറിപ്പോയി. ഹിന്ദുക്കൾക്കുമാത്രമല്ല യാത്രാസൌകര്യങ്ങൾ വേണ്ടിയിരിക്കുന്നതു്, യാത്രചെയ്യുന്ന മററുജനങ്ങൾക്കും അതു വേണ്ടിയിരിക്കുന്നു. ഒരു നഗരത്തിലായിരുന്നാൽ സസ്യഭുക്കോ മാംസഭുക്കോ ആയിരിക്കുന്നതനുസരിച്ചു തനിക്കു അത്യന്തം ഇഷ്ടമുള്ള വിടുതിസ്ഥലത്തേക്കു ഓരോരുത്തനും ചെല്ലാം. പുറമേയുള്ള സ്ഥലങ്ങളുടെ കഥ അങ്ങിനെയല്ല. ഇവിടങ്ങളിൽ ഹിന്ദുക്കളല്ലാത്ത ജനങ്ങൾക്കു കൂടുതൽ സൌകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കേണ്ടതാണ്. എന്നുമാത്രമല്ല മററുള്ള സമുദായങ്ങൾക്കു അനുവദിച്ചിട്ടില്ലാത്ത ഒരു സ്വാതന്ത്ര്യം ഒരു പ്രത്യേകസമുദായത്തിനു അനുവദിക്കുന്നതു് വിശിഷ്യ സകല പൌരന്മാരുടേയും പൊതുസ്വത്തായ ഒരു രാജ്യത്തിന്റെ മുതലിനെ ചിലവുചെയ്തു് അപ്രകാരം ചെയ്യുന്നതായാൽ അതു് അനുചിതമാകുന്നു. വല്ലസമുദായവും സമുദായപ്രാതിനിധ്യത്തിനായി അപേക്ഷിക്കുന്നേടമെല്ലാം രാജ്യത്തെ വേറെ വേറെയുള്ള മുറികളായി വിഭജിക്കേണ്ടതല്ല എന്നു പറയുന്നു. അതേനോട്ടത്തോടുകൂടിതന്നെ ഈ പ്രശ്നത്തേയും വീക്ഷിക്കേണ്ടതാകുന്നു. സർക്കാർ പണത്തെ സകല സമുദായങ്ങളുടേയും ഗുണത്തിനായി ചിലവാക്കാം.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): സർക്കാർ ധനങ്ങളെ ഹിന്ദുക്ഷേത്രങ്ങളുടെ പരിപാലനത്തിനായി ഉപയോഗപ്പെടുത്താമോ എന്നു പറഞ്ഞുതരുമോ?

മി. ഏ. കെ. പിള്ള (കരുനാഗപ്പള്ളി): ഹിന്ദുക്ഷേത്രങ്ങളെ സംബന്ധിച്ച് ഗവർണ്മെന്റിന്റെ നില ശരിയായി എന്താണെന്നു എനിക്കറിഞ്ഞുകൂടാ. ഗവർണ്മെന്റു ഈ ക്ഷേത്രങ്ങളുടെ ട്രസ്റ്റികൾ എന്നോ രക്ഷകന്മാർ എന്നോ, അഫീഷ്യൽ റിസീവരെപ്പോലെ മറേറാ ആണെന്നോ ചിലപ്പോൾ പറയുന്നു. ഹിന്ദുക്കൾ ഒരു ഏകാംഗയോഗസംഘമായി സ്വയംരൂപീകരിക്കയും ഒരു നിയതപദ്ധതിയോടുകൂടി മുന്നോട്ടുവരികയും ക്ഷേത്രകാര്യവിചാരമാകുന്ന ചുമതലയെ വഹിക്കുന്ന നിലയിലായിരിക്കുകയും ചെയ്യുമ്പോൾ അവർ ഈ ക്ഷേത്രങ്ങളുടെ ചുമതലയേയും ഭരണത്തേയും തങ്ങളെ ഏല്പിക്കുന്നതിനു ഗവണ്മെന്റിനെ പ്രേരിപ്പിക്കുന്നതിനു ശക്തരായിരിക്കും. എന്നാൽ ഇപ്പോൾ ക്ഷേത്രങ്ങളുടെ കാര്യവിചാരം ഗവർണ്മെന്റു നടത്തുന്നു. രാജ്യത്തിലെ ധനത്തെ ക്ഷേത്രങ്ങൾക്കായി ചിലവാക്കുന്നതോ അതല്ല ക്ഷേത്രധനങ്ങളെ ഗവണ്മെന്റു ഉപയോഗപ്പെടുത്തുന്നതോ എന്നു് എനിക്കറിഞ്ഞുകൂടാ. രണ്ടാമത്തേതാണ് സംഗതിയെന്നു തോന്നുന്നു.

മി. എം. ശിവതാണുപിള്ള (തോവാള): ദേവസ്വംമുതലിനെ ഭിന്നീകരിക്കാൻ സമ്മതിക്കാതിരിക്കത്തക്കവണ്ണം നോക്കേണ്ടതു് ട്രസ്റ്റിയുടെ ധർമ്മമല്ലയോ?

ഡെപ്യൂട്ടി പ്രസിഡന്റ്.—അതു് പ്രസ്തുതവാദത്തിനു തീരെ സംബന്ധമില്ലാത്തതാകുന്നു.

മി. ഏ. കെ. പിള്ള (കരുനാഗപ്പള്ളി): വിവാദത്തിനു തീരെ സംബന്ധമില്ലാത്തതുതന്നെ.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ദേവസ്വംകാര്യങ്ങളെത്തന്നെയും ഇവിടെ വലിച്ചിടാമോ എന്നു എനിക്കു അറിയേണ്ടിയിരിക്കുന്നു.

മി. ഏ. കെ. പിള്ള (കരുനാഗപ്പള്ളി): ഞാൻ ദേവസ്വങ്ങളെക്കുറിച്ചു സംസാരിക്കുന്നില്ല. ഞാൻ സത്രങ്ങൾക്കും ക്ഷേത്രങ്ങൾക്കും തമ്മിലുള്ള ബന്ധത്തെ കാണിക്കുന്നതേയുള്ളു. അത്രത്തോളംമാത്രമേ ഞാൻ ദേവസ്വത്തിനെക്കുറിച്ചു സംസാരിക്കുന്നുള്ളു.

മുൻകാലത്തു ക്ഷേത്രസമീപങ്ങളിൽ ആയി പാഠശാലകൾ ഉണ്ടായിരുന്നു; ക്ഷേത്രസ്വത്തിൽനിന്നു പണിയിച്ചിട്ടുള്ള പള്ളിക്കൂടങ്ങളും ഉണ്ടായിരുന്നു എന്നുവരികിലും അവയ്ക്കു സർക്കാരിൽനിന്നു അംഗീകരണവും ധനസഹായവും വേണ്ടിവന്നപ്പോൾ അവയെ ഈ രാജ്യത്തിലെ എല്ലാ പ്രജകൾക്കും തുറന്നുകൊടുക്കേണ്ടിവന്നു.

ജനങ്ങൾക്കും നീതിസിദ്ധാന്തങ്ങൾക്കും ഉള്ള പ്രാധാന്യത്തെക്കാൾ കൂടുതൽ പ്രാധാന്യം അങ്ങുമിങ്ങും ഇരിക്കുന്ന കെട്ടിടങ്ങൾക്കു നിങ്ങൾ കല്പിച്ചുവരുന്നതായി ഞാൻ ശങ്കിക്കുന്നു. ക്ഷേത്രസമീപത്തായി ഒന്നുരണ്ടു സത്രങ്ങൾ ഉണ്ടായിരിക്കാം. ആ ചുരുക്കം സത്രങ്ങൾക്കു സകലർക്കുമായി തുറന്നുകൊടുക്കേണ്ട നിലയിൽ നാം ഇരിക്കുന്നില്ലാ എന്നുവരികിൽ ഈ കെട്ടിടങ്ങളെ നാം മററുകാര്യങ്ങൾക്കായി ഉപയോഗിച്ചുകൊണ്ടു സത്രങ്ങൾക്കായി മററു കെട്ടിടങ്ങളെ തെരഞ്ഞെടുക്കാൻ നമുക്കു കഴിയും. അല്ലെങ്കിൽ നീതിസിദ്ധാന്തത്തെക്കരുതി ഈ കെട്ടിടങ്ങളെ ഉപേക്ഷിക്കുന്നതിലും വലുതായ ദോഷം ഇല്ല.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): ക്ഷേത്രത്തിൽ കെട്ടിടംമാത്രമല്ലാ വേറെ ചിലതുംകൂടി ഉണ്ടു എന്നു ഞാൻ എന്റെ സ്നേഹിതനോടു ചൂണ്ടിക്കാണിക്കട്ടെയോ?

മി. ഏ. കെ. പിള്ള (കരുനാഗപ്പള്ളി): ക്ഷേത്രങ്ങളുടെകാര്യത്തിൽ നിങ്ങൾ ഇത്രഭീരുവായിരിക്കുന്നതെന്തിനു? ഞാൻ അതിഭക്തനായ ഹിന്ദുവാണ്. ഈ ക്ഷേത്രങ്ങൾ സ്വയമേവ സൂക്ഷിച്ചുകൊള്ളും എന്നു ഞാൻ ആ നിലയിൽ പറയുന്നു. ക്ഷേത്രം പരിശുദ്ധമാണെന്നും അതിൽ ഈശ്വരൻ ഉണ്ടെന്നുംവരികിൽ യാതൊരുത്തനും ക്ഷേത്രങ്ങളെ കാത്തുരക്ഷിക്കേണ്ടതായ ആവശ്യമില്ല. അകത്തുള്ള ഈശ്വരൻ ക്ഷേത്രത്തെ അധികം നന്നായി സൂക്ഷിച്ചുകൊള്ളും.

നിങ്ങളും മഹാമനസ്കതയും വിശാലബുദ്ധിയും പ്രകടിപ്പിക്കുന്നതിനു ഈ അവസരത്തെ ഉപയോഗിക്കയും ഈ പ്രമേയത്തെ പൂൎണ്ണമനസ്സോടുകൂടി അനുകൂലിക്കയും ചെയ്യണം എന്നു ഞാൻ നിങ്ങളോടു പ്രാൎത്ഥിക്കുന്നു. നിങ്ങൾ ഈ പ്രമേയത്തെ പ്രതികൂലിക്കുന്നപക്ഷം നിങ്ങൾ ഒരാൾക്കും മറ്റൊരാൾക്കും തമ്മിൽ അസമമായ വ്യത്യാസത്തേയും വൎഗ്ഗീയവൈരത്തേയും വീണ്ടും ശാശ്വതമാക്കുന്നു. അതുകൊണ്ടു ഈ ഉപക്ഷേപത്തെ പ്രതികൂലിക്കുന്നതിനായി വാദങ്ങളെ സൃഷ്ടിക്കുന്നതിൽ നിങ്ങളുടെ ബുദ്ധിശക്തിയെ ഉപയോഗപ്പെടുത്തരുത് എന്നും ഇതിനെ വിമനസ്കതയില്ലാതെ അനുകൂലിക്കുന്നതിനു പൎയ്യാപ്തമായ വിശാലഹൃദയരായിരിക്കണം എന്നും ഞാൻ നിങ്ങളോടു പ്രാൎത്ഥിക്കുന്നു.

മി. എം. ശിവതാണുപിള്ള (തോവാള). സർ, ഈ അവസരത്തിൽ സംസാരിക്കണം എന്നു ഞാൻ ഉദ്ദേശിച്ചിരുന്നില്ല. മി. ഏ. കെ. പിള്ള വെളിവാക്കിപ്പറഞ്ഞ മനോഭാവങ്ങൾ എന്റെ ഇപ്പോഴത്തെ സംഭാഷണത്തിനു പ്രധാനകാരണഭൂതം ആണ്. ജനതാവകാശസാമ്യത്തെ അതിക്രമിക്കുമ്പോൾ എല്ലാം മി. ഏ. കെ. പിള്ളയ്ക്കുണ്ടാകുന്ന മാതിരിയിൽ ഉള്ള കോപാഗ്നി എനിക്കും ഉണ്ടാകുന്നു. എന്നാൽ പ്രസ്തുതസംഗതിയിൽ എന്റെ സ്നേഹിതൻ മി. ഏ. കെ. പിള്ളയുടെ നിരൂപണങ്ങൾ നിമിത്തം ആ അഗ്നി യാതൊരു ഗൌരവമായ ശക്തിയും എന്നിൽ ഉണ്ടാക്കിയില്ല. അദ്ദേഹം അത്രവേഗത്തിൽ പൂൎവ്വാപരവിരുദ്ധമായി സംസാരിക്കുന്നതെന്തെന്നു അദ്ദേഹം സംസാരിക്കുന്നതിനിടയ്ക്കു ഞാൻ ആശ്ചൎയ്യപ്പെടുകയായിരുന്നു. സംസ്കൃത കാളേജിൽ വേദാദ്ധ്യയനം ചെയ്യുന്ന ഒരു കെട്ടിടത്തിനു പണം അനുവദിക്കുന്നതിനെക്കുറിച്ചു വാദം നടന്നതിനിടയിൽ നാം നീതിസിദ്ധാന്തത്തെ വിസ്മരിക്കരുതു എന്നും നാം സംഗതിയുടെ സാരാംശത്തിൽ പ്രവേശിച്ചുകൂടാ എന്നും നാം ഇതുവേണോ എന്നു തീൎച്ചപ്പെടുത്തിക്കഴിഞ്ഞിരിക്കുന്നസ്ഥിതിക്കു അതു തെറ്റായിചെയ്തുപോയിരുന്നാലും അതിനെ നടക്കപ്പെടുത്തിയേ മതിയാകൂ എന്നും അദ്ദേഹം ഇതേ സഭാശാലയിൽ ഇന്നലെ കാലത്തു ഉഗ്രതയോടുകൂടി വാദിക്കയായിരുന്നു.

മി. ഏ. കെ. പിള്ള (കരുനാഗപ്പള്ളി). എന്റെ സ്നേഹിതന്റെ വാഗ്മിതായുക്തമായ പ്രസംഗത്തിന്റെ മാദ്ധ്യേ വിഘ്നപ്പെടുത്തുന്നതിനു ഞാൻ ആഗ്രഹിക്കുന്നില്ലെന്നുവരികിലും ഞാൻ പറഞ്ഞതിന്റെ വിവരണമായി സംസാരിക്കാൻ അനുവദിക്കണെ: ആ കാൎയ്യം നാം നിശ്ചയിച്ചുകഴിഞ്ഞതിൽ നാം ചെയ്തതു ശരിയായിരുന്നാലും തെറ്റായിരുന്നാലും അതു നാം പ്രവൎത്തിച്ചിരിക്കുന്ന സ്ഥിതിക്കു വാദം നമ്മുടെ അഭിമാനത്തെ സംബന്ധിച്ച പ്രശ്നംമാത്രമേ ആകുന്നുള്ളു എന്നത്രേ ഞാൻ പറഞ്ഞതു.

മി. എം. ശിവതാണുപിള്ള (തോവാള): സർ, എന്റെ വാഗ്മിതയാൽ എന്റെ സ്നേഹിതൻ മതിമറന്നുപോയി എന്നും അതുകൊണ്ടു ഞാൻ പറഞ്ഞതിനെ മനസ്സിലാക്കിയില്ലഎന്നും ഞാൻ ശങ്കിക്കുന്നു. (ചിരി) ഒരിക്കൽ ഒരു കാൎയ്യം അനുവദിച്ചുകഴിഞ്ഞാൽ അങ്ങനെചെയ്തതിൽ നാം തെററു പ്രവൎത്തിച്ചിരുന്നാലും അതിൽ വിരുദ്ധമായി നാം പ്രവൎത്തിച്ചുകൂടാഎന്നു അദ്ദേഹം ഇന്നലെ വാദിച്ചതായിട്ടാണെന്നാണ് ഞാനും പറയുന്നതു. അതിന്റെ നീതിസിദ്ധാന്തത്തിന്റെ ഗുണദോഷത്തെ പൎയ്യാലോചിക്കുവാൻ നമുക്കു അവകാശംഇല്ലഎന്നാകുന്നു അദ്ദേഹത്തിന്റെ വാദം. നാം ഒരു കരാർ തെററായി ചെയ്തുപോയിരുന്നാൽ അതിനെ നാം നിൎവ്വഹിക്കേണ്ടതേയുള്ളു. എന്നാൽ അദ്ദേഹം ഇപ്പോൾ പറയുന്നതെന്തു? പ്രസ്തുതകാൎയ്യത്തിൽ ആ മതം അവലംബിക്കുവാൻ അദ്ദേഹം ഒരുക്കമില്ല. തെററായിരുന്നാലും ശരിയായിരുന്നാലും ഈ സത്രങ്ങളെ പ്രത്യേക സമുദായങ്ങൾമാത്രമേ ഉപയോഗിച്ചുവരുന്നുള്ളു. ഈ സത്രങ്ങൾ പൊതുമുതലിൽനിന്നു സംരക്ഷിക്കപ്പെട്ടുവരുന്നുണ്ടു. എന്നാൽ കഴിഞ്ഞ അനേകം കൊല്ലങ്ങളായി നാം അപ്രകാരംചെയ്തുവരുന്നുണ്ടു. പ്രസ്തുത പ്രത്യേകസമുദായങ്ങൾമാത്രമേ ഈ സത്രങ്ങളെക്കൊണ്ടുള്ള ഗുണം കഴിഞ്ഞ ഏതാനും കൊല്ലങ്ങളായി അനുഭവിച്ചുവരുന്നുള്ളു. ഈ തരത്തെ ഇക്കാൎയ്യത്തിൽ വിസ്മരിക്കയും അവർമാത്രം ഈ സത്രങ്ങളെ ഉപയോഗിക്കുന്നതിനും അനുവദിക്കയും എന്തുകൊണ്ടു ചെയ്തുകൂടാ. ഇക്കാൎയ്യത്തിൽമാത്രം നാം സാരാംശത്തിൽ പ്രവേശിക്കുന്നതെന്തിന്? എന്റെ സ്നേഹിതൻ ഈ പക്ഷത്തെ ഇന്നു തീരെ മറന്നുപോയി എന്നു ഞാൻ ശങ്കിക്കുന്നു. അദ്ദേഹത്തിന്റെ നിലവിളത്തെ പൂൎവ്വാപരവിരുദ്ധമായിരിക്കകൊണ്ടു അദ്ദേഹത്തിന്റെ ഉത്തമമായ വേഷപ്പകൎച്ചയിൽ ഞാൻ വാസ്തവത്തിൽ വിസ്മയപ്പെട്ടിരിക്കുന്നു (ചിരി)

സൎക്കാർ മുതൽകൊണ്ടു സംരക്ഷിക്കപ്പെട്ടുവരുന്ന സകല സ്ഥാപനങ്ങളേയും ജാതിമതഭേദമെന്നിയെ സകല വൎഗ്ഗക്കാൎക്കും തുറന്നുകൊടുക്കുന്നതിൽ എന്നെസംബന്ധിച്ചിടത്തോളം യാതൊരുവിധമായ ആക്ഷേപവും എനിക്കു ഇല്ല. എന്നാൽ ചീഫ്സെക്രട്ടറി ചൂണ്ടിക്കാണിച്ചതുപോലെ പൂൎവ്വകാലംമുതൽക്കേ ഒരു പ്രത്യേകകാൎയ്യം ഉള്ളതായി ചില പ്രത്യേകസ്ഥാപനങ്ങൾഉണ്ടു. ഇതുവരെ സകല സമുദായക്കാൎക്കും തുറന്നുകൊടുത്തിട്ടില്ലാത്ത ഏതാനും സത്രങ്ങളുടെ കാൎയ്യത്തെ ഇവിടെ നടക്കുന്നതായ വാദപ്രതിവാദത്തെ അനുസരിച്ചു ഗവൎമ്മെണ്ടു ഗൌരവമായി ആലോചിക്കുന്നതാണ് എന്നു ചീഫ്സെക്രട്ടറി നമ്മോടു ഉറപ്പുപറഞ്ഞുകഴിഞ്ഞിരിക്കുന്നു. പ്രത്യേകവൎഗ്ഗക്കാൎക്കായുള്ള താദൃശസ്ഥാപനങ്ങളെ എല്ലാ വൎഗ്ഗക്കാൎക്കും പ്രവേശ്യമാക്കണം എന്നാകുന്നു എന്റെ സ്വന്തം അഭിപ്രായം. എന്നാൽ ഇവിടെ നാം ക്ഷേത്രസമീപസ്ഥങ്ങളായ സത്രങ്ങളെക്കുറിച്ചു പ്രതിപാദിക്കുന്നു. ഈ സത്രങ്ങൾ ഉത്സവകാലത്തു ക്ഷേത്രദൎശനത്തിനായി വരുന്ന തീൎത്ഥയാത്രക്കാരുടെ ഉപയോഗത്തിനായി ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാണെന്നുള്ളതു വ്യക്തംതന്നെ. ക്ഷേത്രദൎശനത്തിനുവേണ്ടി യാത്രചെയ്യുന്ന ഹിന്ദുതീൎത്ഥയാത്രക്കാൎക്കുമാത്രമേ പൂൎവ്വകാലങ്ങളിൽ സത്രങ്ങൾ ആവശ്യപ്പെട്ടിരുന്നുള്ളു എന്നും വരാം. താദൃശസത്രങ്ങളെ സകല ജാതിക്കാൎക്കും തുറന്നുവിടുന്നതിൽ എനിക്കു യാതൊരു ആക്ഷേപവും ഇല്ല എന്നും പറഞ്ഞുകഴിഞ്ഞുവല്ലൊ. എന്നാൽ ഞാൻ ഒരു മതപ്രതിപത്തിയുള്ള ഹിന്ദുവാകയാൽ അഹിന്ദുക്കളുടെ മതങ്ങളെക്കുറിച്ചു എനിക്കുള്ള ബഹുമാനംപോലെതന്നെ അവൎക്കും എന്റെ മതത്തിനോടു ബഹുമാനം തോന്നണമെന്നു പറയുന്നതിനു എനിക്കു സകലവിധാവകാശവുംഉണ്ടു. ഹിന്ദുക്ഷേത്രസമീപങ്ങളിൽ സ്ഥിതിചെയ്യുന്ന സത്രങ്ങളിൽപോലും പ്രവേശനം ലഭിക്കുന്നതിൽ പ്രത്യേകതാല്പൎയ്യം കാണിക്കുന്ന അഹിന്ദുക്കൾ അവരുടെ അവകാശത്തെ യുക്തിയുക്തമായ വല്ല സംഗതിയിലും അടിസ്ഥാനപ്പെടുത്തി വാദിക്കുന്നില്ലഎന്നും ഹിന്ദുക്കളുടെ മതാഭിമാനങ്ങളെ വ്രണപ്പെടുത്തുവാനായിമാത്രം തങ്ങളുടെ അവകാശങ്ങളെപ്പററി നിൎബന്ധിച്ചുവരുന്നുഎന്നും ഊഹിക്കുവാൻ കാരണം ഞാൻ കാണുന്നസ്ഥിതിക്കു ഒരു മതപ്രതിപത്തിയുള്ള ഹിന്ദുവാണെന്നുള്ള നിലയിൽ എന്റെ മതത്തിന്റെ കാൎയ്യത്തെ സ്വ

ക്ഷിതമാക്കി നിവൃത്തിപ്പാൻ ഞാൻ ബാദ്ധ്യപ്പെട്ടവനായിരിക്കുന്നുഎന്നു ഞാൻ വിചാരിക്കുന്നു. ഞാൻ എന്റെ സ്നേഹിതൻ മിസ്റ്റർ ജോണിന്റെ മതത്തേയും മതബോധങ്ങളേയും ബഹുമാനിക്കുന്നതുപോലെതന്നെ അദ്ദേഹം എന്റെ മതത്തേയും മതബോധങ്ങളേയും ബഹുമാനിക്കുന്നുണ്ട് എന്നു എനിക്കു അദ്ദേഹം ഉറപ്പുതരുന്നു എങ്കിൽ ഈ ഉപക്ഷേപത്തെ ഈ സഭ അംഗീകരിക്കണമെന്നു ഉപദേശിക്കുന്നതിൽ ആക്ഷേപം എനിക്കു തീരെ ഇല്ല

മി. എ. ജെ. ജാൻ (വൈക്കം): പ്രമേയത്തിന്റെ നീതിസിദ്ധാന്തത്തിനു യാതൊരു ബലവത്തായ ആക്ഷേപവും സഭയുടെ ഈ ഭാഗത്തുനിന്നും യാതൊരാളും പുറപ്പെടുവിച്ചിട്ടില്ലഎന്നു എനിക്കു സന്തോഷംതന്നെ. സഭയുടെ മറ്റെ കക്ഷിയിൽനിന്നു ഉത്ഭവിച്ചിട്ടുള്ള ഏക ആക്ഷേപം ഏതാനും സത്രങ്ങൾ ക്ഷേത്രസമീപത്തായിരിക്കുന്നു എന്നും അങ്ങനെയുള്ള സത്രങ്ങളെ ഇപ്പോൾ തുറന്നുകൊടുക്കാൻപാടില്ലഎന്നും ആകുന്നു. എന്നാൽ ആ തരം സത്രങ്ങൾക്കും ക്ഷേത്രങ്ങൾക്കും തമ്മിൽ ഉള്ള ദൂരത്തെക്കുറിച്ചു യാതൊരു നിശ്ചിതമായ അറിവും ഗവർമ്മെണ്ടു തന്നിട്ടില്ല. ക്ഷേത്രങ്ങളിൽനിന്നു ഇത്ര ദൂരത്തിലുള്ള സത്രങ്ങളെ തുറന്നുകൊടുക്കാൻപാടില്ലാഎന്നു ചീഫ് സെക്രട്ടറി പറഞ്ഞിരുന്നാൽ അപ്പോൾ അതു എനിക്കു മനസ്സിലാക്കാൻകഴിയും. എന്നാൽ ഒരു സത്രം ക്ഷേത്രത്തിൽനിന്നു ഒന്നോ രണ്ടോ മൈൽ അകലെയായിട്ടായിരുന്നാലും അതു ക്ഷേത്രത്തിന്റെ സമീപത്താണെന്നും അതുകൊണ്ടു അതിനെ എല്ലാ ജാതിക്കാർക്കുംആയി തുറന്നുകൊടുക്കാൻ ഇടയില്ലാഎന്നും ഗവർമ്മെണ്ടിനു ഇപ്പഴത്തെ നിലയ്ക്കു പറയാൻ കഴിയും.

മി. പി. കെ. നാരായണപിള്ളക്കു തോന്നീട്ടുള്ള സംശയത്തെസംബന്ധിച്ചിടത്തോളം യാതൊരുകാലത്തും ഈ രാജ്യത്തിൽഉള്ള നാല്പതു ലക്ഷം ജനങ്ങളും രാജ്യംചുററി സഞ്ചരിക്കുമെന്നും സത്രങ്ങളെ ഉപയോഗിക്കാൻ ആവശ്യപ്പെടുംഎന്നും എനിക്കു ഊഹിക്കാൻ ശക്തിയില്ലഎന്നേ എനിക്കു പറയാൻ കഴിവുള്ളു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഒരു പ്രത്യേകദിവസത്തിൽ നാലായിരം ജനങ്ങൾ യാത്രചെയ്കയും ഒരു പ്രത്യേകസ്ഥലത്തു താമസിക്കയുംചെയ്യു എന്നു വിചാരിക്കുക. അവക്കു സ്ഥലവിലാസം ഉണ്ടാക്കിക്കൊടുക്കേണ്ട കഥയായ ക്രമപ്പെടുത്തേണ്ടതെങ്ങനെ? അതു പര്യാലോചിക്കേണ്ടതായ കാര്യം അല്ലയോ?

മി. എ. ജെ. ജാൻ (വൈക്കം): അപ്രകാരംഉള്ള അസാധാരണമായ കാര്യം ജനിക്കുമ്പോൾ ആ സംഗതിയെപ്പററി ഈ സഭതന്നെ വിശദീകരിക്കേണ്ടതായ കാലം അപ്പോൾ വരുമായിരിക്കും.

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): ശുചീന്ദ്രത്തു ഉത്സവകാലത്തു അവിടെ വന്നുകൂടുന്നതായ തീർത്ഥയാത്രക്കാരുടെ എണ്ണത്തെക്കുറിച്ചു വല്ല വിവരവും മെമ്പർക്കു ഉണ്ടോ എന്ന് എനിക്കു അറിയേണ്ടിയിരിക്കുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അല്ലെങ്കിൽ അഷ്ടമിക്കാലത്തു വൈക്കത്താവട്ടെ.

മി. എ. ജെ. ജാൻ (വൈക്കം): ഈ കാര്യങ്ങളിൽ ഇപ്പോൾതന്നെയും അഹിന്ദുക്കളുടെ അഭാവത്തിങ്കലും അതു അപരിച്ഛേദ്യമായ സംഗതിയായിതന്നെകിടക്കുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സത്രങ്ങളെ എല്ലാ ജാതിക്കാർക്കുംആയി തുറന്നുകൊടുത്താൽ ഈ പ്രശ്നം വിശദീകരിപ്പാൻ അധികം ദുഷ്കരമായി വരികയില്ലയോ?

മി. എ. ജെ. ജാൻ (വൈക്കം): ഇപ്പോൾതന്നെയും ഇതു ദുഷ്കരമായ വിഷയമായിരിക്കുന്നു. ഇത്രയും പറഞ്ഞു ഈ ഉപക്ഷേപത്തെ ഞാൻ നിർബന്ധമായി കൊണ്ടുവരുന്നു.

മി. കെ. ജാർജ് (ഗവർമ്മെണ്ടുചീഫ്സെക്രട്ടറി): സർ, വാദപ്രതിവാദം കാര്യങ്ങളെ വളരെ വിശദീകരിക്കാവുന്നനിലയിൽ ആക്കീട്ടുള്ളതായി കാണുന്നില്ല. ഗവർമ്മെണ്ടിന്റെനിലയെ എന്റെ പൂർവ്വപ്രസംഗത്തിൽ ഞാൻവിവരിച്ചുപറഞ്ഞു: ഞാൻ സത്രങ്ങളെ അനേകംഇനങ്ങളായി തരംതിരിച്ചു: അതാവിതു സത്രങ്ങൾഎന്നു വിളിക്കപ്പെടുന്നതും എന്നാൽ ഇപ്പോൾ സത്രം അല്ലാത്തവയായിരിക്കുന്നതും ആയ കെട്ടിടങ്ങൾ; ഇപ്പോഴേ സകലക്കും പ്രവേശ്യങ്ങളായസത്രങ്ങൾ; മുന്നമേ ആവശ്യമുള്ള കൂടുതൽകെട്ടിടങ്ങൾ പണിയിച്ചതിൽപിന്നീട എല്ലാവർഗ്ഗക്കാർക്കുംആയി തുറന്നുകൊടുക്കാവുന്നവ; ഒടുവിലത്തെ ഇനം ക്ഷേത്രസാമീപ്യംനിമിത്തം ദുഷ്പ്രവേശംആയിതന്നെ കിടക്കേണ്ടതായ സത്രങ്ങൾ. ആദ്യത്തെമൂന്നു ഇനങ്ങളെക്കുറിച്ചു വിവാദം ഉണ്ടായിരിക്കാനെ ഇടയില്ലഎന്നു എനിക്കു തോന്നുന്നു. ഒടുവിലത്തെഇനത്തിൽ ഉള്ള സത്രങ്ങളെമാത്രമെ സകലക്കും തുറന്നുകൊടുക്കാമെന്നു ഗവർമ്മെണ്ടിനു ഏററുകൊള്ളുവാൻ കഴിവില്ലാതിരിക്കുന്നു. ഈസത്രങ്ങൾ ക്ഷേത്രദർശനത്തിനായി പോകുന്ന ഹിന്ദുയാത്രക്കാർക്കായി ഉദ്ദേശിക്കപ്പെട്ടതായിരിക്കണം എന്നുള്ളതുവ്യക്തംതന്നെ: ഇക്കാലങ്ങളിൽ മററുകാര്യങ്ങൾക്കായും ഈസ്ഥലങ്ങളിൽ പോകുന്ന യാത്രക്കാർ ഉണ്ടായിരിക്കാംഎന്നു ഞാൻ സമ്മതിക്കുന്നു. സംശയംഇല്ല. എന്നാൽ ഉത്പത്തികാലത്തെ ഉദ്ദേശം ക്ഷേത്രദർശനത്തിനായി ചെല്ലുന്ന ഹിന്ദുയാത്രക്കാർക്കു താമസത്തിനായി ഉണ്ടാക്കീട്ടുള്ളതാണെന്നു ഞാൻ വിശ്വസിക്കുന്നു. എന്നുമാത്രമല്ല ഈസത്രങ്ങളിൽ ചിലവ സർക്കാർ ചിലവിന്മേൽ കെട്ടപ്പെട്ടിട്ടുള്ളതായിരിക്കാനെ ഇടയില്ലഎന്നുകൂടി ഞാൻപറയാം. അങ്ങനെയുള്ള പ്രതിഷ്ഠകളുടെ ഉദ്ദേശം ക്ഷേത്ര ദർശനത്തിനായി ആസ്ഥലത്തുചെല്ലുന്ന ഹിന്ദുയാത്രക്കാരുടെ ഉപയോഗത്തിനായിമാത്രം ഈസത്രങ്ങൾ തുറന്നുകൊടുക്കേണ്ടതാണെന്നു ആയിരിക്കാം. അതുകൊണ്ടു താദൃശസത്രങ്ങളെ തുറന്നുവിടുന്നകാര്യം വളരെ ഗൌരവപ്പെട്ടതാണു. ഏതായാലും എന്റെ പ്രഥമപ്രസംഗത്തിൽ ഞാൻ പറഞ്ഞതുപോലെ ഈപ്രശ്നത്തെ വീണ്ടും പരിശോധിക്കുന്നതിനും ഈ സത്രങ്ങളിൽ വല്ലതിനേയും സകലവർഗ്ഗക്കാർക്കും തുറന്നുകൊടുക്കാൻ പാടില്ലയോഎന്നു നോക്കുന്നതിനും ഗവർമ്മെണ്ടു സന്നദ്ധമാണ്. ചിലവയെഎല്ലാസമുദായക്കാരും ഉപയോഗിക്കുന്നതു ആക്ഷേപണീയംഅല്ലാഎന്നു വരത്തക്കവണ്ണം അവയിൽചിലതു ക്ഷേത്രങ്ങൾക്കു അത്ര സമീപത്തായിരിക്കുന്നില്ല എന്നും,

മി. എം. ശിവതാണുപിള്ള (തോവാള): സർക്കീട്ടുപോകുന്ന ഗവർമ്മെണ്ടുദ്യോഗസ്ഥന്മാർക്കു മററുയാത്രക്കാരെ അപേക്ഷിച്ചു ഉപയോഗത്തിനു പ്രഥമാവകാശം കൊടുത്തുവരുന്ന സത്രങ്ങളുടെ കാര്യത്തെ മെമ്പർസഭയും ആലോചിക്കുമോ എന്നു അറിയേണ്ടിയിരിക്കുന്നു.

മി. കെ. ജാർജ് (ഗവർമ്മെണ്ടുചീഫ്സിക്രട്ടറി): അതുതീരെ ഭിന്നമായകാര്യമാണു.

ഡെപ്യൂട്ടിപ്രസിഡണ്ടു: ഇപ്പോഴത്തെ വാദപ്രതിവാദത്തിൽ അതു എങ്ങനെജനിക്കുന്നുഎന്നു ഞാൻ അറിയുന്നില്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സകലർക്കും അവകാശസമത്വം ഉണ്ടെന്നുള്ള വാദം അനുസരിച്ചു ഇതു സർ, ജനിക്കുക എന്നാകുന്നു (ചിരി)

ഡെപ്യൂട്ടിപ്രസിഡണ്ടു: അതു ജനിക്കുന്നു എന്നു ഞാൻ വിചാരിക്കുന്നില്ല.

മി. കെ. ജാർജ് (ഗവർമ്മെണ്ടു ചീഫ് സിക്രട്ടറി): മി. മാമ്മൻമാപ്പിള തിരുവനന്തപുരത്തുള്ള റെയിൽവേ സത്രത്തെക്കുറിച്ചു പ്രസ്താവിച്ചു: ഇക്കാര്യത്തിൽ അദ്ദേഹത്തിന്റെ മിഥ്യാബോധത്തെ എനിക്കു വിലപ്പെടുത്തി അകറ്റേണ്ടിയിരിക്കുന്നു: തിരുവനന്തപുരത്തെ റെയിൽവേസത്രം നാടുനീങ്ങിയ വലിയതമ്പുരാൻ തിരുമനസ്സിലെ ചെല്ലംവകപണംകൊണ്ടു പണിയിച്ചതാണ്. അതു ഉത്കൃഷ്ടജാതി ഹിന്ദുക്കൾക്കുമാത്രമെ ഉപയോഗിക്കാവൂ എന്നു അവിടുന്നു പ്രത്യേകം കല്പിച്ചിട്ടുണ്ടു. അതു ഗവർമ്മെണ്ടുസത്രം അല്ല അതുകൊണ്ടു അക്കാര്യത്തിൽ ഗവർമ്മെണ്ടിനു ഒന്നും ചെയ്യുവാൻ തരം ഇല്ല.

മി. എൻ. കമാരൻ (ഗവർമ്മെണ്ടുനിയമിച്ചമെമ്പർ): തിരുവനന്തപുരത്തു റെയിൽവെ സ്റ്റേഷനുസമീപത്തായി അവർണ്ണഹിന്ദുക്കൾക്കു ഒരുസത്രത്തിന്റെ ആവശ്യം ഉണ്ടു എന്നു ഗവർമ്മെണ്ടിനു അറിയാമോ എന്നു അറിയേണ്ടിയിരിക്കുന്നു.

മി. കെ. ജാർജ് (ഗവർമ്മെണ്ടു ചീഫ് സെക്രട്ടറി): അവിടെ കൂടുതലായി സത്രമൊ ധർമ്മശാലയോ വേണമെന്നു വല്ല ഹർജിയോ അപേക്ഷയൊ ഗവർമ്മെണ്ടിൽ കിട്ടീട്ടുള്ളതായി ഞാൻ ഓർമ്മിക്കുന്നില്ല.

മി. എൻ. കമാരൻ (ഗവർമ്മെണ്ടുനിയമിച്ചമെമ്പർ): അവർണ്ണഹിന്ദുക്കൾക്കു ഒരുസത്രം അവിടെ പണിയിക്കാമെന്നു ഗവർമ്മെണ്ടു ഈ സഭയിൽ വാഗ്ദാനം ചെയ്തിട്ടില്ലയോ?

മി. കെ. ജാർജ് (ഗവർമ്മെണ്ടു ചീഫ് സെക്രട്ടറി): എനിക്കു അറിഞ്ഞുകൂട.

ഡെപ്യൂട്ടിപ്രസിഡണ്ടു: അതിന്റെ ആവശ്യകത ഉണ്ടായിട്ടില്ലായിരിക്കാം.

മി. കെ. ജാർജ് (ഗവർമ്മെണ്ടു ചീഫ് സെക്രട്ടറി): റെയിൽവേയെ നഗരമദ്ധ്യത്തോളം നീട്ടുന്നതിനും റെയിൽസ്റ്റേഷൻ കെട്ടുന്നതിനും ഉദ്ദേശിക്കുന്നു. അവിടെ സകലവർഗ്ഗങ്ങളിലും ഉള്ള ജനങ്ങൾക്കും താമസിക്കുന്നതിനു പുരകൾ ഉണ്ടാക്കുന്നതായിരിക്കും.

മി. എൻ. കമാരൻ (ഗവർമ്മെണ്ടുനിയമിച്ചമെമ്പർ): റെയിൽവെ നീട്ടുവാൻ ആലോചിക്കുന്നുണ്ടെന്നതിനെക്കുറിച്ചു വാക്കു പറഞ്ഞിരുന്നു.

മി. കെ. ജാർജ് (ഗവർമ്മെണ്ടു ചീഫ് സെക്രട്ടറി): അസമമായ വ്യത്യാസത്തിനുള്ള നിലവിളി വർദ്ധിച്ചുവരുന്നു എന്നു മി. ഏ. കെ. പിള്ളയവർകൾ പറഞ്ഞു എന്നു തോന്നുന്നു. അദ്ദേഹം കച്ചേരികളിലും പാഠശാലകളിലും പ്രവേശിക്കുന്നതിൽ ഉള്ള ദുർഘടത്തെക്കുറിച്ചു സംസാരിച്ചു.

മി. ഏ. കെ. പിള്ള (കരുനാഗപ്പള്ളി): നിലവിളി അസമമായ വ്യത്യാസം നടന്നുകൊണ്ടേയിരിക്കണം എന്നല്ല അതിനെ നിറുത്തിക്കളയണം എന്നാകുന്നു.

മി. കെ. ജാർജ് (ഗവർമ്മെണ്ടു ചീഫ് സെക്രട്ടറി): അദ്ദേഹത്തിന്റെ വാദം അസമമായ വ്യത്യാസം വർദ്ധിച്ചുവരുന്നു എന്നാണെന്നു ഞാൻ വിചാരിച്ചു.

മി. ഏ. കെ. പിള്ള (കരുനാഗപ്പള്ളി): ഞാൻ അങ്ങനെ പറഞ്ഞിരുന്നില്ല. അസമമായ വ്യത്യാസത്തെ നശിപ്പിക്കുന്നതിനുള്ള നിലവിളി ആരംഭിക്കപ്പെട്ടു എന്നും അതു നടന്നുവരുന്നു എന്നും ആ നിലവിളിയാണു നാം ഇപ്പോഴും കേട്ടുവരുന്നതെന്നും പറഞ്ഞു.

മി. കെ. ജാർജ് (ഗവർമ്മെണ്ടു ചീഫ് സെക്രട്ടറി): സർ, ഇക്കാര്യത്തെക്കുറിച്ചു ഗവർമ്മെണ്ടിന്റെ നിലയെ ഞാൻ വ്യക്തമായി വിവരിച്ചിട്ടുള്ളതുകൊണ്ടു ഇതിൽ കൂടുതലായി ഒന്നും എനിക്കു പറയാനില്ല.

മി. ഏ. ജെ. ജാൻ (വടക്കൻ): ക്ഷേത്രസമീപങ്ങളിൽ ഉള്ള സത്രങ്ങളെ എല്ലാജാതിക്കാർക്കും തുറന്നുകൊടുക്കുന്നതിനുള്ള അഭിലഷണീയതയെ ഗവർമ്മെണ്ടു പര്യാലോചിക്കുമൊ?

മി. കെ. ജാർജ് (ഗവർമ്മെണ്ടു ചീഫ് സെക്രട്ടറി): കൂടുതൽ സത്രങ്ങളെ തുറന്നുകൊടുക്കുന്ന വിഷയത്തെ ഗവർമ്മെണ്ടു പരിശോധിച്ചു നോക്കുന്നതാണെന്നു ഞാൻ ഇതിനുമുമ്പിലെ പറഞ്ഞുകഴിഞ്ഞു.

മി. ടി. ജെ. മാത്യു (ചങ്ങനാശ്ശേരിയും പീരുമേടും): ഓരോന്നിനേയും കുറിച്ചു ഗവർമ്മെണ്ടു അന്വേഷിക്കുമൊ?

മി. കെ. ജാർജ് (ഗവർമ്മെണ്ടു ചീഫ് സെക്രട്ടറി): ഓരോസത്രത്തിന്റെയും വിവരമായ സംഗതികളെ അന്വേഷിച്ചല്ലാതെ ഞങ്ങൾക്കു അതുചെയ്യുന്നതു സാദ്ധ്യമല്ല.

മി. എൻ. കമാരൻ (ഗവർമ്മെണ്ടു നിയമിച്ചമെമ്പർ): കൂടുതൽ പാകശാലകൾ പണിയിച്ചതിൽ പിന്നീടു എല്ലാജാതിക്കാർക്കും തുറന്നുകൊടുക്കാവുന്നതായി ഏതാനും സത്രങ്ങൾ ഉണ്ടു എന്നു ചീഫ്സെക്രട്ടറി പറഞ്ഞു. അവയെ ഉടൻതന്നെ തുറന്നുകൊടുക്കുന്നതു സാദ്ധ്യമല്ലയോ എന്നു അദ്ദേഹം പറഞ്ഞുതരുമൊ?

മി. കെ. ജാർജ് (ഗവർമ്മെണ്ടു ചീഫ് സെക്രട്ടറി): പാടില്ല. അതു സ്വീകാര്യമല്ലാത്ത അവസ്ഥയാണ്. എന്തുകൊണ്ടെന്നാൽ ഉത്കൃഷ്ടജാതിഹിന്ദുക്കൾ ഈ സത്രങ്ങളെ ഉപയോഗിക്കുന്നതായ സ്വാതന്ത്ര്യം ദീർഘകാലമായി അനുഭവിച്ചുവന്നിരിക്കുന്നു. ഉത്കൃഷ്ടജാതിയല്ലാത്ത ഹിന്ദുക്കൾക്കു പ്രത്യേകമായി പാകശാലകൾ ഉണ്ടാക്കാതെ കാര്യങ്ങൾ നടത്തിക്കുന്നതു പ്രയാസം ആയിരിക്കും എന്നു എനിക്കു തോന്നുന്നു. എന്തുകൊണ്ടെന്നാൽ ഒരേ പാകശാലമാത്രം ഉള്ളതായ ഒരുസത്രത്തിൽ ഒരു ഉൽകൃഷ്ടജാതി ഹിന്ദുവും അവർണ്ണഹിന്ദു അല്ലെങ്കിൽ ക്രിസ്ത്യനും ചെല്ലുന്നതായാൽ ഉൽകൃഷ്ടജാതിഹിന്ദുവൊ അവർണ്ണഹിന്ദുവൊ ആ പാകശാലയെ ഉപയോഗിക്കുന്നതിനെ ക്രമപ്പെടുത്തുന്നതു വലിയ പ്രയാസം ആയിരിക്കും.

മി. എൻ. കമാരൻ (ഗവർമ്മെണ്ടു നിയമിച്ചമെമ്പർ): അവർണ്ണഹിന്ദുക്കൾ പാകശാലയിലേയ്ക്കു ചെല്ലുന്നില്ല എന്നുവരാം.

മി. കെ. ജാർജ് (ഗവർമ്മെണ്ടു ചീഫ് സെക്രട്ടറി): അവർക്കുകൂടെ ഭൃത്യന്മാർക്കു പാകശാലയിൽ ചെന്നതിനെ ഉപയോഗിക്കേണ്ടിയിരിക്കാം. ആ സ്ഥിതിക്കു ഒരു അടുക്കളയേയുള്ള എന്നിരുന്നാൽ ഉൽകൃഷ്ടഹിന്ദുക്കളും അവർണ്ണഹിന്ദുക്കളും രണ്ടുപേരും കൂടി അതു ഉപയോഗിക്കാൻ പാടില്ലാത്തതുകൊണ്ടു മറ്റുസത്രങ്ങളെ എല്ലാജാതിക്കാർക്കുമായി തുറന്നുകൊടുക്കുന്നതിനു മുമ്പെ അവകളിൽ നാം ഉണ്ടാക്കീട്ടുള്ളതുപോലെ കൂടുതൽ പാകശാലകൾ ഉണ്ടാക്കേണ്ടതു ആവശ്യപ്പെടുന്നതായിരിക്കും അധികം നല്ല ശമീകരണം എന്നു ഞാൻ വിചാരിക്കുന്നു.

മി. സി. പി. താമസ് (ഗവർൺമെണ്ടു നിയമിച്ചമെംബർ): ഈ പ്രശ്നത്തെ വീണ്ടും പരിശോധിക്കാൻ അടുത്തുതന്നെ ഗവർൺമെണ്ടു നടപടികൾ നടത്തുമൊ.?

മി. എം. ശിവതാണുപിള്ള (തോവാള): ഞാൻ ഒരു മറുപടികാര്യത്തിനായി എഴുന്നേല്ക്കുന്നു. ചീഫ്സെക്രട്ടറിയല്ലു സഭയിൽ ഇപ്പോഴത്തെ പ്രധാനപ്രാസംഗകൻ എന്നിരിക്കുന്ന സ്ഥിതിക്കു—

ഡെപ്യൂട്ടിപ്രസിഡന്റ്: അദ്ദേഹം സ്വസ്ഥാനത്തു ഇരുന്നില്ല.

മി. കെ. ജോർജ് (ഗവർൺമെണ്ടു ചീഫ് സെക്രട്ടറി): അതുതന്നെയാണ് ഞാൻ പറയുന്നതു്.

മി. ഏ. ജെ. ജാൺ (വൈക്കം): ഓരോസത്രത്തിന്റേയും സംഗതിയെ വെവ്വേറായി പര്യാലോചിക്കുന്നതാണെന്നും തൃപ്തമായി തീർച്ചപ്പെടുത്തുന്നതാണെന്നും ചീഫ്സെക്രട്ടറി ഉറപ്പുപറഞ്ഞിരിക്കുന്നതുകൊണ്ടു ഞാൻ ഈ പ്രമേയത്തെ പിൻവലിക്കുന്നു.

പ്രമേയം സഭയുടെ അനുമതിപ്രകാരം പിൻവലിക്കപ്പെട്ടു.

മി. ഏ. കെ. പിള്ള (കരുനാഗപ്പള്ളി): ഇന്നു വൈകിയാണ് തുടങ്ങിയതു എന്നുള്ളതുകൊണ്ടു സമയം ഇനി കൂട്ടിത്തരുമൊ എന്നു എനിക്കു അറിയേണ്ടിയിരിക്കുന്നു.

ഡെപ്യൂട്ടിപ്രെസിഡെണ്ടു: ഇതുമുഴുവനും സഭയുടെ തീർച്ചയനുസരിച്ചു ഇരിക്കും. പ്രമേയങ്ങളുടെ പര്യാലോചനം ഇപ്പോൾ അവസാനിക്കയില്ലതന്നെ.

അദ്ധ്യാപകന്മാരെ മലയാളം പള്ളിക്കൂടങ്ങളിൽനിന്നു ഇംഗ്ലീഷ്സ്കൂളുകളിലേക്കു മാററുന്നതു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സർ, താഴെ ചേർക്കുന്ന പ്രമേയം ഞാൻ ഹാജരാക്കുന്നു.

നാട്ടുഭാഷാപാഠശാലകളിലും ഇംഗ്ലീഷ്പാഠശാലകളിലും ഉള്ള അദ്ധ്യാപകന്മാർ തുല്യയോഗ്യതയുള്ളവരായിരുന്നാലും അവരുടെ ശമ്പളത്തിലും മേൽഗതിയിലും ഇപ്പോൾ ഉള്ള അസാമ്യത്തെ ഗണിച്ചു ഇംഗ്ലീഷ്സ്കൂളുകളിൽ ഉണ്ടാകുന്ന ഒഴിവുകൾക്കു നാട്ടുഭാഷാപാഠശാലകളിൽ നിന്നു യോഗ്യതസിദ്ധിച്ച അദ്ധ്യാപകന്മാരെ ഇംഗ്ലീഷ്സ്കൂളിലേക്കുമാററി ആ ഒഴിവുകളെ പൂരിപ്പിക്കുന്നതിനു ഗവർൺമെണ്ടിനു മനസ്സുണ്ടാകണം എന്നു ഈ സഭ ഗവർൺമെണ്ടിനോടു ഉപദേശിക്കുന്നു.

മി. എം. ശിവതാണുപിള്ള (തോവാള): സർ, എന്റെ സ്നേഹിതന്റെ പ്രമേയം നടപടിക്രമം അനുസരിച്ചല്ല. എന്തുകൊണ്ടെന്നാൽ 'നാട്ടുഭാഷാപള്ളിക്കൂടങ്ങളിലും ഇംഗ്ലീഷ് പള്ളിക്കൂടങ്ങളിലും ഉള്ള അദ്ധ്യാപകന്മാർ തുല്യയോഗ്യതയുള്ളവരായിരുന്നാലും അവരുടെ ശമ്പളത്തിലും മേൽഗതിയിലും ഇപ്പോൾ ഉള്ളതായ അസാമ്യത്തെ ഗണിച്ച്' എന്നതു തർക്കവാദസംഗതിയാകുന്നു. ഇതുപോലുള്ള പ്രമേയങ്ങൾ സമ്മതിക്കപ്പെട്ടിരുന്നില്ല. പ്രമേയങ്ങളെ അംഗീകരിക്കുന്നതിൽ ഉള്ള അസാമ്യത്തെ ഗണിച്ച് ഇതു നടപടിക്രമം അനുസരിച്ചാണൊ എന്നു തീർപ്പുകിട്ടണം എന്നു അപേക്ഷിക്കുന്നു. അനേകം പ്രമേയങ്ങളെ സമ്മതിക്കാതിരുന്നിട്ടുണ്ടു എന്നു അദ്ധ്യക്ഷന്റെ അറിവിലേക്കായി ഞാൻ പറഞ്ഞുകൊള്ളുന്നു.

ഡെപ്യൂട്ടിപ്രസിഡെണ്ട്: അതു ഒരു കാരണം ആയിരിക്കാം. അതുമിഷ്ടം യുക്തിവാദരൂപത്തിലുള്ളതും ആയിരുന്നാൽ അതു അനുവദിക്കാൻ പാടില്ല.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): അതു ഉദ്ദേശപ്രമേയത്തിന്റെ പരിധിയെ കാണിക്കുന്നതേയുള്ളു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സഭാസമക്ഷം ഉള്ള പ്രമേയം നാട്ടുഭാഷാ പള്ളിക്കൂടങ്ങളിൽ നിയമിക്കപ്പെട്ടിരിക്കുന്നവരും ഇംഗ്ലീഷ്സ്കൂൾലീവിങ് സെർട്ടിഫിക്കേട്ട് ഉള്ളവരാണെന്നു ഞാൻ ധരിച്ചിട്ടുള്ളവരും ആയ ചില അദ്ധ്യാപകന്മാരെ സംബന്ധിച്ചതാണു. ഈ അദ്ധ്യാപകന്മാർക്കെല്ലാം കൊടുത്തുവരുന്ന ശമ്പളം ശരാശരി ൧൫ രൂപയാണ്. മറെറാരുകാര്യം അവർ ശിക്ഷാക്രമം അഭ്യസിച്ചിട്ടുണ്ട് എന്നുള്ള യോഗ്യത പോലും അവരുടെ വിധിയെ മാററുന്നില്ലാ എന്നതത്രേ. എന്നാൽ ഇംഗ്ലീഷ് സ്കൂളുകളിൽ നിയമിക്കപ്പെട്ടിരിക്കുന്ന ഇംഗ്ലീഷ്സ്കൂൾലീവിങ് പരീക്ഷ ജയിച്ചവർക്കു ആകട്ടെ ശരാശരി ൨൫ മുതൽ ൩൦ രൂപവരെ ശമ്പളം കിട്ടുന്നുണ്ട്. ആ ഘട്ടം കഴിഞ്ഞാൽ ൩൦ രൂപമുതൽ ൭൦ രൂപവരെയുള്ള കാര്യക്ഷമതാദേശയും ഉള്ളതായി പറയുന്നു. ഒരാൾ നാട്ടുഭാഷാപള്ളിക്കൂടത്തിൽ ഉദ്യോഗത്തിനു നിയമിക്കാൻ ഇടയായി എന്നുള്ള കാരണത്താൽമാത്രം അങ്ങിനെയുള്ളയാളുടെ കാര്യത്തിൽ ൧൫ രൂപയിൽ കൂടുതൽ ശമ്പളം അയാൾക്കു ലഭിക്കേണ്ടതില്ല എന്നും എന്നാൽ ഇംഗ്ലീഷ്സ്കൂളുകളിൽ ഉള്ള അയാളുടെ ഭ്രാതാക്കൾ ഭിന്നപരിസരം ഹേതുവായി അയാളെ നിയമിച്ചതു ഇന്നലെയായിരുന്നാലും ൭൦ രൂപവരെ ശമ്പളം കൂടുന്നതായാൽ ഗതിയോടുകൂടി ൨൫ രൂപാമുതൽ ൫൦ വരെയുള്ള ശമ്പളം അയാൾക്കു കൊടുക്കണം എന്നുമുള്ള അനൗചിത്യത്തെക്കുറിച്ച് ഈ സഭയെ ബോദ്ധ്യപ്പെടുത്തുന്നതിനു കാര്യങ്ങളുടെ ഒരു വിവരണം പൂർണ്ണമായി മതിയാകുന്നതാണ്. ഏതു ഉദ്ദേശാവസ്ഥ ഈ സമ്പ്രദായത്തിൽ മാത്രം ഉള്ള ആത്യന്തികമായ അനീതിയെ കാണിക്കുന്നു എന്നു ഞാൻ അറിയിക്കുന്നു.

ഡെപ്യൂട്ടിപ്രസിഡണ്ടു: ഇതു മററു ഡിപ്പാർട്ടുമെന്റുകളിലും ഇല്ലയോ?.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): മററു ഡിപ്പാർട്ടുമെന്റുകളിൽ അത്ര തീക്ഷ്ണമായ വ്യത്യാസങ്ങൾ ഉണ്ടൊ എന്നു എനിക്കു അറിഞ്ഞുകൂടാ. ഇതു ഇവിടെ ഒരേ ഡിപ്പാർട്ടുമെന്റിൽതന്നെ ഉണ്ടായിരിക്കുന്നു. ഇവിടെ ഈ വ്യത്യാസം മാത്രമേയുള്ളു. ഈ നിർഭാഗ്യവാന്മാരായ അദ്ധ്യാപകന്മാരുടെ ജോലിയുടെ മേൽനോട്ടം നടത്തുന്നതു മിസ്റ്റർ ചെറിയാൻ ആണ് എന്നിരിക്കെ അവരുടെ ഭാഗ്യവാന്മാരായ ഭ്രാതാക്കൾ മിസ്റ്റർ കുക്കില്ലായാരുടെ കീഴിൽ ആണ്. അന്ത്യമായി ഇരുവരും മിസ്റ്റർ കൃഷ്ണസ്വാമി അയ്യരുടെ കീഴിൽ പ്രവൃത്തി എടുക്കുന്നു. ഈ മേൽനോട്ടത്തിൽ ഉള്ള വ്യത്യാസംനിമിത്തം ഒരു അദ്ധ്യാപകന്റെ സേവനകാലദൈർഘ്യമൊ ശിക്ഷാക്രമപരിശീലനമൊ പ്രതിഭാവിശേഷമൊ എന്തുതന്നെയായിരുന്നാലും അയാൾക്കു ൧൫ രൂപാ ശമ്പളമേ കിട്ടാവു എന്നുള്ളതാണെങ്കിൽ ഈ ഏർപ്പാടിൽ വളരെ ഉചിച്ചതായ വല്ലതും ഉണ്ടു എന്നു ഞാൻ അറിയിക്കുന്നു. അതുകൊണ്ടു ഇംഗ്ലീഷ്പാഠശാലകളിൽ വരുന്നഒഴിവുകളുടെ കാര്യത്തിൽ കഴിയുന്നിടത്തോളവും ഉദ്യോഗത്തിൽ മുമ്പിലെ നിയമിക്കപ്പെട്ടിരിക്കുന്ന അദ്ധ്യാപകന്മാർക്കു വിശേഷിച്ചും മലയാളം ശാഖയിലുള്ളവർക്കു പ്രാഥമ്യം നൽകണം എന്നു ഞാൻ നിർദ്ദേശിക്കുന്നു. ഞാനും ഒരിക്കൽ ഒരു അദ്ധ്യാപകൻ ആയിരുന്നു. എനിക്കു ഈ അവസ്ഥയെനല്ലപോലെയും.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സർക്കാർ വക്കീൽ): അദ്ദേഹം മലയാളം പള്ളിക്കൂടത്തിൽ ആയിരുന്നുവൊ?

ഡെപ്യൂട്ടിപ്രസിഡണ്ട്: നിങ്ങൾ അവിടെ വളരെക്കാലം കിടന്നു ബുദ്ധിമുട്ടിയില്ലല്ലോ.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഞാൻ ഈ രാജ്യത്തിലുള്ള അത്യന്തം ഉന്നതമായ വിദ്യാലയങ്ങളിൽ ഒന്നിൽ ഇംഗ്ലീഷ്ഡിപ്പാർട്ടുമെൻറിൽ ഇരുന്നിരുന്നു.

മി. ശിവരാമപ്പണിക്കർ (ചേർത്തല): അദ്ദേഹം ഇംഗ്ലീഷൊ മലയാളമൊ പഠിപ്പിച്ചുകൊണ്ടിരുന്നതു എന്നു അറിയേണ്ടിയിരിക്കുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഞാൻ രണ്ടും പഠിപ്പിച്ചിരുന്നു (ചിരി)

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഈ രണ്ടു ഭാഷകളും പഠിപ്പിക്കുന്നതിൽ ശമ്പളക്കാര്യത്തിൽ വല്ല അസാമ്യവും ഉണ്ടായിരിക്കണം എന്നു അദ്ദേഹത്തിനു ബോധ്യം വന്നിട്ടുണ്ടോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): വല്ല അസാമ്യവും ഉണ്ടായിരിക്കേണ്ടതാണോ എന്നുഞാൻ ഒരിക്കലും വിചാരിച്ചിട്ടില്ല. അതുതന്നെയുമല്ല രസായനശാസ്ത്രം മുതലായ മററു ശാഖകളിൽ എനിക്കു യോഗ്യതകൾ ഉണ്ടായിരുന്നിട്ടും ഞാൻ മലയാളത്തിൽ കൂടുതൽ യോഗ്യതയുള്ളവനായിരുന്നതുകൊണ്ടു അവിടവിടെ ഞാൻ അവഗണിക്കപ്പെട്ടിട്ടുള്ളതായി വിചാരിക്കേണ്ടതായ അവസരങ്ങളും ഉണ്ടായിട്ടുണ്ട്. ഇപ്രകാരമുള്ള വ്യത്യാസങ്ങൾ പിഴപ്പോൾ എല്ലാം സംഭവിക്കുന്നു. തന്നിമിത്തം ജനിക്കുന്ന ഈരാകംഗത്തിൻെറ ശക്തിയേയും ഫലത്തേയും എനിക്കു വളരെ നല്ലപോലെ സാക്ഷീകരിക്കാനും കഴിയും. അതുകൊണ്ടു പശ്ചാദ്ദോചനം അത്യാവശ്യമാണെന്നു ഉച്ചത്തിൽ വിളിച്ചുപറയുന്ന ഒരു സംഗതി ഇതാണു എന്നു ഞാൻ മനഃപൂർവം പറയുന്നു. ഈ ഏർപ്പാടു വളരെ ചീത്ത ഏർപ്പാടാണെന്നു സർ, ഞാൻ അറിയിക്കുന്നു. വാസ്തവത്തിൽ ഉള്ള അദ്ധ്യാപകന്മാരുടെ ഇടയിൽ ഒരുവിധം ജാതിവ്യത്യാസത്തെ സൃഷ്ടിക്കുന്നു. മലയാളം പള്ളിക്കൂടം അദ്ധ്യാപകന്മാർ ഇംഗ്ലീഷ്സ്കൂൾ അദ്ധ്യാപകന്മാരെ അപേക്ഷിച്ചു താന്ന നിലയിൽ ഉള്ളവരാകയാൽ സർവ്വഥാ അവർ ജാതിഭ്രഷ്ടരായി ഗണിക്കപ്പെട്ടുവരുന്നു. ഈ രാജ്യത്തിൽ വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിൽ ഉള്ള ജീവനക്കാരുടെ ഇടയിൽ ജാതി ഏർപ്പാടിൻെറ സൃഷ്ടിയെ ഞാൻ സമ്മതിക്കുന്നില്ലാത്തതുകൊണ്ടു ഈ ഏർപ്പാടിനു എതിരായി ഞാൻ മല്ലിടുന്നുഎന്നു ഞാൻ അറിയിക്കുന്നു. അതിനാൽ ഈ പ്രമേയത്തെ ഈ സഭ അംഗീകരിക്കണം എന്നു വിനയപൂർവം ഞാൻ നിർബന്ധിക്കുന്നു.

മി. കല്ലാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർ വക്കീൽ): മലയാളം പള്ളിക്കൂടത്തിൽ ഉള്ള അദ്ധ്യാപകന്മാർ ഇംഗ്ലീഷ്സ്കൂളുകളിൽ ഇംഗ്ലീഷ് പഠിപ്പിക്കുവാൻ യോഗ്യതയുള്ളവരാണോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അവരുടെ യോഗ്യതകൾ ഒന്നുതന്നെയാണെന്നു ഞാൻ പറഞ്ഞു. മലയാളം പള്ളിക്കൂടങ്ങളിൽ ആ അദ്ധ്യാപകന്മാരുടെ പ്രവൃത്തി അവിടങ്ങളിൽ ഇംഗ്ലീഷ്ഭാഷ പഠിപ്പിക്കുകയാണ്.

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): ഇംഗ്ലീഷ്മിഡിൽസ്കൂളുകളിൽ ഇംഗ്ലീഷ്ഭാഷ ഒഴികെ മററു വിഷയങ്ങൾ പഠിപ്പിക്കുന്നതു മലയാളത്തിൽ ആണോ എന്നു മിസ്റ്റർ പി. കെ. നാരായണപിള്ളയുടെ പക്കൽനിന്നു അറിയേണ്ടിയിരിക്കുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അങ്ങനെതന്നെയാണ്.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): മേലാൽ പുതുതായിവരുന്ന ഒഴിവുകൾക്കു നാട്ടുഭാഷാ പള്ളിക്കൂടങ്ങളിൽ ഉള്ള ഈ അദ്ധ്യാപകന്മാർക്കു പ്രാധാന്യംകൊടുത്തു അവരെ നിയമിക്കേണ്ടതാണ്എന്നോ അതല്ല, ആ ഒഴിവുകളിൽ ഒരു വീതം അവർക്കു കൊടുത്താൽ മതി എന്നു അദ്ദേഹം വിചാരിക്കുന്നുവോ എന്നു അദ്ദേഹത്തിങ്കൽനിന്നു അറിയേണ്ടിയിരിക്കുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): എനിക്കു അറിയാവുന്നിടത്തോളം ഞാൻ ഇതിനെ വല്ല ഓഹരിക്കായി നിയന്ത്രിക്കയില്ല. എൻെറ അഭിപ്രായം സാദ്ധ്യമായുള്ളേടങ്ങളിൽ എല്ലാം ഇവർക്കു പ്രാധാന്യം നൽകണം എന്നാണ്.

മി. സി. പി. തരകൻ (കുന്നത്തുനാട്): ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നു.

മി. ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): സർ, ഈ ഉപക്ഷേപത്തിനു ആധാരമായി എന്തു വാദം മി. പി. കെ. നാരായണപിള്ള പ്രയോഗിക്കും എന്നു അറിയാനായി ഞാൻ കാത്തിരിക്കയായിരുന്നു. എന്നാൽ ഇംഗ്ലീഷ്സ്കൂളുകളിലും നാട്ടുഭാഷാപാഠശാലകളിലും അണ്ടർ ഗ്രാഡ്വേററുകളായ അദ്ധ്യാപകന്മാർക്കു കൊടുത്തുവരുന്ന ശമ്പളക്രമത്തിൽ ഉള്ള വ്യത്യാസത്തെ ചൂണ്ടിക്കാണിച്ചുകൊണ്ടുമാത്രം അദ്ദേഹം തൃപ്തിപ്പെട്ടു.

ഡെപ്യൂട്ടിപ്രസിഡൻറ്. അല്പംകൂടി അധികം ഉച്ചത്തിൽ സംസാരിക്കണേ.

മി. ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): ഇംഗ്ലീഷ്സ്കൂളുകളിലും നാട്ടുഭാഷാപള്ളിക്കൂടങ്ങളിലും ഉള്ള അണ്ടർ ഗ്രാഡ്വേററ് അദ്ധ്യാപകന്മാർക്കു കൊടുത്തുവരുന്ന ശമ്പളക്രമത്തിൽ ഉള്ള വ്യത്യാസത്തെ പറയുകമാത്രം ചെയ്യുന്നതിനപ്പുറമെ അദ്ദേഹത്തിൻെറ പ്രമേയത്തിനു അവലംബമായി വല്ല കാരണവും മിസ്റ്റർ പി. കെ. നാരായണപിള്ള പറയും എന്നു ഞാൻ പ്രതീക്ഷിച്ചിരുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): തെളിയിക്കുന്നതിനുള്ള ബാദ്ധ്യതയെ എതിർ കക്ഷിയിലേക്കു തള്ളുവാനായി അതു മതിയാകും എന്നു ഞാൻ വിചാരിച്ചു.

മി. ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ). ഒരേ യോഗ്യതയുള്ള സ്കൂളുകൾക്കു ഭിന്നക്രമത്തിൽ ഉള്ള ശമ്പളം രണ്ടു ഇനം സ്കൂളുകളിൽ കൊടുക്കുന്നു ആയി അദ്ദേഹം പറഞ്ഞു. അതു ശരിതന്നെ. ഒരേ യോഗ്യതയുള്ള ആളുകൾക്കു നാനാവിധപണികൾക്കും ഒരേക്രമത്തിൽ ശമ്പളംകിട്ടുന്നുണ്ടോ ഉദാഹരണംപറയാം. നാട്ടുഭാഷാപള്ളിക്കൂടങ്ങളിൽ ഗ്രാഡ്വേട്ടർമാർഉണ്ടു അവർക്കു 50 രൂപാ ശമ്പളമെ കൊടുക്കുന്നുള്ളു. ഇതു ഗവർണ്മെൻറ് സ്ക്രൂൾലീവിങ് സർട്ടിഫിക്കേട് ധാരകന്മാരായ 3-ാം ക്ലാസ് അദ്ധ്യാപകന്മാർ കൊടുക്കുന്ന ശമ്പളംആണ്. അങ്ങനെവന്നതു മററു ഉദ്യോഗവും കിട്ടാൻ ഇടയാകാത്ത ഏതാനും ഗ്രാഡ്വേട്ടുമാർ പട്ടിണികിടക്കാതെ കഴിക്കുന്നതിനായി ഇത്രാനശമ്പളം സ്വീകരിക്കുന്നതുകൊണ്ടാണ്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): എനിക്ക—

മി. ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): എൻെറ വാദത്തെ വിസ്തരിച്ചുപറയുന്നതിനു സമ്മതിക്കു; ദയവുണ്ടായി നിങ്ങളുടെ പ്രശ്നത്തെ എൻെറ പ്രസംഗത്തിൻെറ അവസാനത്തിലേക്കു

മാററിവയ്ക്കുന്നു. ഞാൻ സ്ഥാപിക്കാൻ ശ്രമിക്കുന്ന സംഗതി ശമ്പളം ആശ്രയിച്ചിരിക്കുന്നതു ജോലിക്കാരുടെ യോഗ്യതയെയല്ല എന്നാൽ അവർ ചെയ്യാൻ ഉള്ള പ്രവൃത്തിയുടെ സ്വഭാവത്തെയാണ് എന്നാണ്. നാട്ടുഭാഷാപള്ളിക്കൂടങ്ങളിൽ അണ്ടർഗ്രാഡ്യുവെട്ടുകളെ നിയമിച്ചിരിക്കുന്നതു, ഇംഗ്ലീഷ്ഭാഷാ ഐച്ഛികവിഷയമായി പഠിപ്പിക്കുന്നതിനായിട്ടു ൮-ം ൯-ം ൰-ം ക്ലാസുകളിലെ അദ്ധ്യാപകന്മാരെ അനുവദിച്ചിരിക്കുന്ന ശമ്പളക്രമത്തിൽ ആണു. ൮-ം ൯-ം ൰-ം ക്ലാസുകളിൽ പഠിപ്പിക്കേണ്ടതായ ഇംഗ്ലീഷ്ഭാഷയുടെ തോതു, പാഠപുസ്തകങ്ങൾ ഒന്നുതന്നെയായിരുന്നാലും, ഇംഗ്ലീഷ്സ്കൂളുകളിൽ ഇവക്കു സമമായ ക്ലാസുകളിൽ ഉള്ളതുപോലെയല്ല.

എനിക്കു പറയാനുള്ള മറെറാരു സംഗതി ഇംഗ്ലീഷ് സ്കൂളുകളിലും നാട്ടുഭാഷാ പള്ളിക്കൂടങ്ങളിലും ഉള്ള അണ്ടർഗ്രാഡ്യുവെട്ടുമാർ ഒരേ സർട്ടിഫിക്കെട്ട് അതായതു, ഇംഗ്ലീഷ് സ്കൂൾലീവിങ്ങ് സെർട്ടിഫിക്കെട്ട് സിദ്ധിച്ചിട്ടുള്ളവർ ആണെന്നു വരികിലും അവരെല്ലാം ഒരേതോതിൽ യോഗ്യതയുള്ളവർ അല്ല എന്നാണ്. രണ്ടുമൂന്നു കൊല്ലങ്ങൾക്കുമുൻപെവരെ എല്ലാ ഇംഗ്ലീഷ് സെക്കണ്ടറി സ്കൂൾലീവിങ്ങ സർട്ടിഫിക്കെട്ട് സിദ്ധിച്ചിട്ടുള്ളവർക്കും ഗ്രാഡ്യുവെട്ടുമാർക്കും ഉദ്യോഗം ലഭിക്കുന്നതിനു സാധിച്ചു. ഉദ്യോഗം അന്വേഷിച്ചു നടക്കുകയും അതു ലഭിക്കാൻ ശക്തരാകാതിരിക്കയും ചെയ്യുന്നവരായി അനേകം അണ്ടർ ഗ്രാഡ്യുവെട്ടുകളും ഗ്രാഡ്യുവെട്ടുകളും ഉള്ളതു ഇപ്പോഴേ ഉള്ളു. രണ്ടുമൂന്നു കൊല്ലങ്ങൾക്കുമുമ്പുവരെ ഇംഗ്ലീഷ് സ്കൂൾലീവിങ്ങ് സെർട്ടിഫിക്കെട്ട് ഉള്ളവർ ഇംഗ്ലീഷ് സ്കൂളുകളിലും മലയാം പള്ളിക്കൂടങ്ങളിലും രണ്ടിലും ഉദ്യോഗത്തിനു അപേക്ഷിക്കുക പതിവായിരുന്നു. അധികം യോഗ്യതയുള്ള സർട്ടിഫിക്കെട്ടുള്ളവരെ ഇംഗ്ലീഷ് സ്കൂളുകളിൽ സാധാരണമായി നിയമിച്ചുവന്നിരുന്നു. അങ്ങനെ നിയമിക്കപ്പെടാത്തവർമാത്രമേ മലയാംപള്ളിക്കൂടങ്ങളിൽ ഉദ്യോഗം സ്വീകരിച്ചുള്ളു.

മി. കെ. കെ. താമസ് (കോട്ടയം) ഇംഗ്ലീഷ് വിദ്യാഭ്യാസ ഡിപാർട്ട്മെണ്ടിലേക്കു നിശ്ചയിച്ചിട്ടുള്ള യോഗ്യതയുടെ തോതു എന്താകുന്നു.

മി. ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിംങ്ങ് വിദ്യാഭ്യാസ ഡയറക്ടർ): നിശ്ചയിച്ചിരിക്കുന്ന വിദ്യാഭ്യാസയോഗ്യത രണ്ടുതരം സ്കൂളുകൾക്കും ഒന്നുതന്നെ എന്നാൽ ആളുകളെ എടുക്കുന്നതിൽ അധികം നല്ലതരത്തിൽ ഉള്ളവരെ ഇംഗ്ലീഷ് സ്കൂളുകളിൽ ചേർക്കുന്നു.

മി. കെ. കെ. താമസ് (കോട്ടയം): മലയാളം പള്ളിക്കൂടങ്ങളിൽ ഉള്ള എല്ലാ അദ്ധ്യാപകന്മാരുടേയും ഇടയിൽ ഇംഗ്ലീഷ് സ്കൂൾ അദ്ധ്യാപകന്മാരോളം സമർത്ഥരായി അനേകംപേർ ഇല്ല എന്നു ഞങ്ങളോടു ഉറപ്പു പറയുന്നനിലയിൽ ഡയറക്ടർ ഇരിക്കുന്നുണ്ടോ?

മി. ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിംങ്ങ് വിദ്യാഭ്യാസ ഡയറക്ടർ): മലയാം പള്ളിക്കൂടങ്ങളിൽ ഉള്ള ഓരോ അണ്ടർഗ്രാഡ്യുവെട്ട് അദ്ധ്യാപകനും ഇംഗ്ലീഷ് സ്കൂളുകളിലെ ഓരോ അണ്ടർഗ്രാഡ്യുവെട്ട് അദ്ധ്യാപകനേക്കാളും സാമർത്ഥ്യം കുറഞ്ഞവരാണെന്നു ഞാൻ പറയുന്നില്ല. എന്നാൽ ഈ സംഗതി വളരെ അധികംതവണ പര്യാലോചനത്തിനായി ധരിപ്പിച്ചിട്ടുണ്ടെന്നും ഇംഗ്ലീഷ് സ്കൂളിൽ ഉള്ള അണ്ടർഗ്രാഡ്യുവെട്ട് അദ്ധ്യാപകന്മാരുടെ സാമർത്ഥ്യത്തിന്റെ സാമാന്യനില നാട്ടുഭാഷാ പള്ളിക്കൂടത്തിൽ ഉള്ള ഒരു അണ്ടർഗ്രാഡ്യുവെട്ട് അദ്ധ്യാപകന്റെ സാമർത്ഥ്യത്തിന്റെ സാമാന്യനിലയെക്കാൾ വളരെ കൂടുതൽ ആണെന്നുള്ള കാരണം അങ്ങനെയുള്ള ഓരോ അവസരത്തിലും ഡയറക്ടർ വാദിച്ചിട്ടുള്ളതായും എന്റെ ആഫീസിൽ ഉള്ള റിക്കാർഡുകളിൽനിന്നു ഞാൻ കാണുന്നു.

മി. കെ. കെ. താമസ് (കോട്ടയം): ഈ വ്യത്യാസം ഇംഗ്ലീഷ് പാഠശാലയിലെ അണ്ടർഗ്രാഡ്യുവെട്ട് അദ്ധ്യാപകൻ അതിൽപിന്നീടു സമ്പാദിച്ച സാമർത്ഥ്യംനിമിത്തം ഉണ്ടായതല്ലയോ?

മി. ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിംങ്ങ് വിദ്യാഭ്യാസ ഡയറക്ടർ): പബ്ലിക് പരീക്ഷയിൽ ലഭിച്ച മാർക്കുകളിൽനിന്നു വിവേചിച്ചുനോക്കുന്നതായാൽ ഇംഗ്ലീഷ് സ്കൂളുകൾക്കു നിയമിക്കപ്പെടുന്ന അപേക്ഷകരുടെ സാമാന്യസാമർത്ഥ്യനില മലയാംപള്ളിക്കൂടങ്ങളിലേക്കു നിയമിക്കപ്പെടുന്നവരുടെതിനേക്കാൾ വളരെ കൂടിയതാണ്.

മി. കെ. ജെ. ജോസഫ് (മീനച്ചിലും ദേവികുളവും): ഇംഗ്ലീഷ് സ്കൂളുകളിൽ ഉള്ള എല്ലാവർക്കും മലയാംപള്ളിക്കൂടങ്ങളിൽ ഉള്ള എല്ലാവരേയും അപേക്ഷിച്ചു അധികം മാർക്കുകൾ കിട്ടീട്ടുണ്ടെന്നു ഡയറക്ടർ പറയുന്നുണ്ടോ?

ഡെപ്യൂട്ടി പ്രെസിഡെണ്ട്: ആ പ്രശ്നത്തിനു മറുപടി ഇതിനുമുമ്പിലെ അദ്ദേഹം പറഞ്ഞുകഴിഞ്ഞു.

മി. ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിംങ്ങ് വിദ്യാഭ്യാസ ഡയറക്ടർ): ഞാൻ അങ്ങനെ പറയുന്നില്ലാ എന്നു ഇതിനുമുമ്പിലെ ഞാൻ പറഞ്ഞുകഴിഞ്ഞു. ഈ സഭാസമക്ഷം ആവിധം പറയുന്നതിനു ശക്തനാകത്തക്കവണ്ണം ഓരോ സർട്ടിഫിക്കട്ടിനേയും ഞാൻ പരിശോധിച്ചിട്ടില്ല. ഞാൻ പറഞ്ഞതു ഞാൻ റിക്കാർഡുകളിൽനിന്നു കാണുന്നതിനെയാണ്. ഈ പ്രശ്നം ഗവർമെന്റിന്റെ സമക്ഷംവരുന്നതു ഇതു ആദ്യത്തെ തവണയല്ല. ഈ പ്രശ്നത്തെക്കുറിച്ചു നിവേദനങ്ങൾ ശ്രീമൂലംപ്രജാസഭയിൽ കൊണ്ടുവന്നു; നിയമസഭയിൽ ഇതിനെപ്പററി പ്രശ്നങ്ങൾ ചെയ്യപ്പെട്ടു. ഇവയ്ക്കു മറുപടിയായി പറഞ്ഞിട്ടുള്ള കാരണങ്ങളിൽ ഒന്നു ഞാൻ പറഞ്ഞതാണെന്നു ഞാൻ കാണുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഇക്കാരണം പ്രജാസഭയിൽ പറഞ്ഞിട്ടുണ്ടോ?

മി. ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിംങ്ങ് വിദ്യാഭ്യാസ ഡയറക്ടർ): ഇല്ല, നിവേദനങ്ങൾ അറിയിച്ചതിൽപിന്നീടു അവയെ അഭിപ്രായത്തിനായി ഡയറക്ടർക്കു അയക്കുന്നു. അപ്രകാരമുള്ള നിവേദനങ്ങളിന്മേൽ ഡയറക്ടരുടെ അഭിപ്രായത്തിനായി ഗവർമെന്റു അയക്കുന്ന അപേക്ഷകൾക്കുള്ള മറുപടിയിൽ ഈ സംഗതി ഉദ്ധരിച്ചുപറഞ്ഞിരിക്കുന്നതായി ഞാൻ കാണുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഡയറക്ടർ ശ്രീമൂലം പ്രജാസഭയിലെ പ്രൊസീഡിംഗ്സ് വായിച്ചിട്ടുണ്ടോ എന്നു എനിക്കു അറിയേണ്ടിയിരിക്കുന്നു. തിരുവല്ലാ വക്കീൽ മിസ്റ്റർ മാമ്മൻ ഹാജരാക്കിയ രേഖകളാൽ താല്പര്യവാദം അസാധുവാണെന്നു തെളിയിക്കപ്പെട്ടിട്ടുള്ളതായി അദ്ദേഹത്തിനു അറിയാമോ എന്നു എനിക്കു അറിയേണ്ടിയിരിക്കുന്നു.

മി. ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിംങ്ങ് വിദ്യാഭ്യാസ ഡയറക്ടർ): ഇംഗ്ലീഷ് സ്കൂളുകളിൽ ഉള്ള ഓരോ അണ്ടർഗ്രാഡ്യുവെട്ട് അദ്ധ്യാപകനും മലയാം പള്ളിക്കൂടങ്ങളിലെ ഓരോ അണ്ടർഗ്രാഡ്യുവെട്ട് അദ്ധ്യാപകനേക്കാളും യോഗ്യതകൂടിയാളാണെന്നു ഞാൻ പറയുന്നില്ല

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): മാർക്കുകളെ എപ്രകാരമെങ്കിലും താരതമ്യപ്പെടുത്തിനോക്കീട്ടുണ്ടോ?

മി. ആർ. കൃഷ്ണസ്വാമി അയ്യർ (ആക്ടിങ്ങ് വിദ്യാഭ്യാസ ഡയറക്ടർ): ആ വിധം താരതമ്യപ്പെടുത്തിനോക്കീട്ടുണ്ടായിരിക്കണം, അല്ലാത്തപക്ഷം ഈ പ്രസ്താവം സർക്കാർറിക്കാർഡുകളിൽ സ്ഥാനം പിടിച്ചിരിക്കയില്ല.

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്ത്വീശ്വരം): ഒരു ഇംഗ്ലീഷ് സ്കൂൾലീവിങ്ങ് സർട്ടിഫിക്കേട്ടുകിട്ടീട്ടുള്ള ആളും ആദ്യമായി ഇംഗ്ലീഷ്സ്കൂൾ ഇൻസ്പെക്ടറാപ്പീസിൽ പിന്നീട്ട മലയാളംപള്ളിക്കൂടം ഇൻസ്പെക്ടരോടും ജോലിക്കായി അപേക്ഷിക്കുന്നു എന്നു ഡയറക്ടർ വിചാരിക്കുന്നുവോ?

മി. ആർ. കൃഷ്ണസ്വാമി അയ്യർ (ആക്ടിംഗ് വിദ്യാഭ്യാസ ഡൈറക്ടർ): ഇംഗ്ലീഷ്സ്കൂളുകളിൽ ജോലികിട്ടാത്തവർ മാത്രമേ മലയാളംപള്ളിക്കൂടങ്ങളിൽ ജോലിക്കു അപേക്ഷിക്കുന്നുള്ളു.

മി. കെ. സി. മാമ്മൻമാപ്പിള (കച്ചവടവും വ്യവസായവും-വടക്ക): ആ പ്രസ്താവം വസ്തുതകളെ സസൂക്ഷ്മം പരിശോധിക്കാതെ സാമാന്യ ധാരണയെ അടിസ്ഥാനപ്പെടുത്തീട്ടുള്ളതല്ലയോ?

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): രണ്ടുസ്കൂളുകൾക്കും ആളുകളെ എടുക്കുന്നതിനു യോഗ്യതാപരിധി ഒന്നുതന്നെയാ എന്നു ഡയറക്ടരിൽനിന്നു എനിക്കു അറിയേണ്ടിയിരിക്കുന്നു. ഇംഗ്ലീഷ്സ്കൂളുകളിൽ ജോലികിട്ടാത്തവർ മലയാളംപള്ളിക്കൂടങ്ങളിൽ പോകുന്നു എന്നു അദ്ദേഹം പറഞ്ഞു. ഉദ്യോഗങ്ങൾക്കു അപേക്ഷകന്മാരിൽ ഇംഗ്ലീഷ്സ്കൂൾ ഇൻസ്പെക്ടർ തെരഞ്ഞെടുക്കുന്നു എന്നും നിരസിക്കപ്പെട്ടവർ മലയാളംപള്ളിക്കൂടങ്ങളിൽ ചേരുന്നതിനു അപേക്ഷിക്കുന്നു എന്നും അദ്ദേഹം പറഞ്ഞു. തള്ളിക്കളഞ്ഞവരെ മലയാളംപള്ളിക്കൂടം ഇൻസ്പെക്ടർ സ്വീകരിക്കാമോ?

മി. ആർ. കൃഷ്ണസ്വാമി അയ്യർ (ആക്ടിംഗ് വിദ്യാഭ്യാസ ഡയറക്ടർ): ഇംഗ്ലീഷ് പാഠശാലയിൽ കൊടുക്കുന്ന ശമ്പളം മലയാളംപള്ളിക്കൂടത്തിലെ ശമ്പളത്തെക്കാൾ കൂടുതൽ ആയതുകൊണ്ടു, ഒരു ഇംഗ്ലീഷ് സ്കൂൾലീവിങ് സർട്ടിഫിക്കേട്ട് സിദ്ധിച്ചിട്ടുള്ള ആളും ആദ്യമായി ഇംഗ്ലീഷ്സ്കൂളിൽ ജോലികിട്ടുന്നതിനായി നോക്കും എന്നും അവിടെ ജോലി കിട്ടിയില്ലെങ്കിൽ മാത്രമേ മലയാളംപള്ളിക്കൂടത്തിൽ ജോലിക്കായി ശ്രമിക്കുകയുള്ളു എന്നും സാധാരണ നടപ്പാണെന്നു ഞാൻ മനസ്സിലാക്കുന്നു.

മി. എം. ശിവതാണുപിള്ള (തോവാള): ഡൈറക്ടർ എനിക്കു—

ഡെപ്യൂട്ടിപ്രസിഡെണ്ട്: അദ്ദേഹത്തിന്റെ വാക്കുകളെ വിഘ്നപ്പെടുത്താതെ, മിസ്റ്റർ ശിവതാണുപിള്ള, അവ കേൾക്കട്ടെ; അല്ലാത്തപക്ഷം അദ്ദേഹത്തിന്റെ വാക്കുകളെ തുടരുന്നതിനു നിങ്ങൾ സമ്മതിക്കയില്ല.

മി. എം. ശിവതാണുപിള്ള (തോവാള): അദ്ദേഹത്തിനോടു ഒരു ചോദ്യമേ എനിക്കു ചോദിക്കേണ്ടിയുള്ളു. ആ അപേക്ഷകന്മാർക്കു ഇംഗ്ലീഷ് സ്കൂളുകളിൽ ജീവനം കിട്ടാതെപോയതു അവർക്കു യോഗ്യതക്കുറവു നിമിത്തമാണെന്നും ഒഴിവില്ലായ്മനിമിത്തം അല്ലാ എന്നും ഞാൻ ധരിക്കട്ടെയോ?

മി. ആർ. കൃഷ്ണസ്വാമി അയ്യർ (ആക്ടിംഗ് വിദ്യാഭ്യാസ ഡൈറക്ടർ): ഒരുനൂറു അപേക്ഷകന്മാരും ഇരുപതു ഒഴിവുകളും ഉണ്ടു എന്നുവിചാരിക്കുക. അപേക്ഷകന്മാരിൽവച്ചു അത്യന്തം യോഗ്യതയുള്ളവരായ ഇരുപതുപേരെ മാത്രമേ എടുക്കുകയുള്ളു. മററുള്ള എൺപതുപേരെയും ഉപേക്ഷിക്കും.

എനിക്കു പറയേണ്ടതായ മറെറാരു സംഗതി ഇതാകുന്നു. സർട്ടിഫിക്കേറ്റിലെ യോഗ്യത പ്രകാരത്തിൽ ഒരുപോലെ തന്നെയായിരുന്നാലും ഇംഗ്ലീഷ്സ്കൂളിലെ പരിതസ്ഥിതികളിൽനിന്നു തീരെ ഭിന്നമായ പരിതസ്ഥിതികളോടുകൂടിയ ഒരു മലയാളംപള്ളിക്കൂടത്തിൽ ഏതാനും കൊല്ലങ്ങളായി ഒരു അദ്ധ്യാപകൻ ഇരിക്കുന്നു എന്നുള്ള വസ്തുതതന്നെ മലയാളംപള്ളിക്കൂടത്തിലെ അദ്ധ്യാപകന്റെ കാര്യക്ഷമത ഏതായാലും ഇംഗ്ലീഷ് സാഹിത്യം പഠിപ്പിക്കുന്ന കാര്യത്തിലേക്കു ഇംഗ്ലീഷ്സ്കൂളിലെ അദ്ധ്യാപകന്റെ യോഗ്യതയേക്കാൾ കുറഞ്ഞതായിരിക്കും.

ഇംഗ്ലീഷ് സ്കൂളുകളിൽ ഒഴിവുവരുമ്പോൾ മലയാളംപള്ളിക്കൂടങ്ങളിലും ഇംഗ്ലീഷ്പാഠശാലകളിലും രണ്ടിലുംചേർത്തു മുമ്പിനാലെ നിയമിക്കപ്പെട്ടിട്ടുള്ള അദ്ധ്യാപകന്മാരെ ആ ഒഴിവിലേക്കു നിയമിക്കുന്നതു ഇക്കാരണങ്ങളാൽ സാദ്ധ്യമല്ല. എന്തുകൊണ്ടെന്നാൽ, മുമ്പിനാലെ നിയമിക്കപ്പെട്ട അദ്ധ്യാപകൻ ആദ്യകാലത്തുതന്നെ താന്നതരം സർട്ടിഫിക്കേട് ഉള്ള ആളായി ഇരുന്നിരിക്കാം. അനേകം കൊല്ലം മലയാളംപള്ളിക്കൂടങ്ങളിൽ അയാൾ പണിചെയ്തിരിക്കുന്ന എന്നുള്ളവസ്തുതയിൽ അയാൾ താരതമ്യേന ശേഷികുറഞ്ഞവനായി ഭവിച്ചിരിക്കാം. അനേകം ആളുകൾ ഇംഗ്ലീഷ് പഠിച്ചിരിക്കാം എന്നുവരികിലും അവരിൽ ചിലർ ആ ഭാഷയിൽ സംസാരിക്കാൻ സാദ്ധ്യമില്ലാത്തതായ നാട്ടുമ്പുറങ്ങളിൽ ഏതാനുംകാലം ജീവിച്ചിരിക്കുന്നതായാൽ ഇംഗ്ലീഷ്ഭാഷയിൽ അവർക്കുള്ള ജ്ഞാനത്തെന്നെയും തുരുമ്പുപിടിച്ചുപോകുന്നതായി നമുക്കെല്ലാവർക്കും അറിയാമല്ലോ. ഇതുപ്രകാരംതന്നെ ഒരു മലയാളംപള്ളിക്കൂടത്തിലെ പരിതസ്ഥിതി സകല അദ്ധ്യാപകന്മാരും ഇംഗ്ലീഷ്ജ്ഞാനം ഉള്ളവരായിരിക്കുന്നതായ ഇംഗ്ലീഷ്സ്കൂളിലെ പരിതസ്ഥിതിയെക്കാൾ ഇംഗ്ലീഷ്ഭാഷയിൽ ഉള്ള അയാളുടെ ജ്ഞാനത്തെ വർദ്ധിപ്പിക്കുന്നതിനു ആനുകൂല്യ കുറവുള്ളതായിരിക്കും. ഈ രണ്ടുകാരണങ്ങളാലും ഇംഗ്ലീഷ് സ്കൂളുകളിൽ ഉണ്ടാകുന്ന ഒഴിവുകൾക്കു മലയാളംപള്ളിക്കൂടങ്ങളിലും ഇംഗ്ലീഷ്സ്കൂളുകളിലും നിന്നും സർവീസ് അധികംകൂടിയ അദ്ധ്യാപകന്മാരെ നിയമിക്കേണ്ടതാകുന്നു എന്നുള്ള നിർദ്ദേശത്തെ അംഗീകരിക്കുന്നതിനു സാദ്ധ്യമല്ല. ആവിധം നടപടി ഇംഗ്ലീഷ് സ്കൂളുകളിലെ കാര്യക്ഷമതയ്ക്കു ഉപകരിക്കയില്ല. അപ്രകാരം ധൈര്യത്തോടുകൂടി എനിക്കു പറയാൻ കഴിയും എന്നു ഞാൻ വിശ്വസിക്കുന്നു. മുന്നുകൊല്ലത്തിനോളംമുമ്പെ, ശ്രീമൂലം പ്രജാസഭയുടെ പന്ത്രണ്ടാമത്തെ യോഗത്തിൽ ആരംഭത്തിൽതന്നെ, ഇതേവിഷയത്തെക്കുറിച്ചുതന്നെ നിവേദനം ചെയ്യപ്പെട്ടു എന്നും അതിന്മേൽ ഗവർൺമെണ്ടു ഇപ്രകാരം ഉത്തരവുചെയ്തു എന്നും ഞാൻ സഭയെ അറിയിക്കുന്നു. അതാവിതു,

"ഇംഗ്ലീഷ് സ്കൂളുകളിലെ അദ്ധ്യാപകന്മാരുടെ ശമ്പളം മലയാളംപള്ളിക്കൂടങ്ങളിൽ ഉള്ളതിനെക്കാൾ അവശ്യം കൂടുതൽ ആയിത്തന്നെ ഇരിക്കണം എന്നുതന്നെയുമല്ല സെക്കണ്ഡറി സ്കൂൾലീവിങ് സർട്ടിഫിക്കേട് പരീക്ഷ ജയിച്ചവരിൽ കൂടുതൽ യോഗ്യതയുള്ളവരെയാണു സാധാരണമായി ഇംഗ്ലീഷ്സ്കൂളുകളിൽ നിയമിച്ചുവ

ഷനറല്. എന്നുവരികിലും മലയാളംപള്ളിക്കൂടങ്ങളിലെ സെക്കണ്ടറി സ്കൂൾ സർട്ടിഫിക്കേട്ട് പരീക്ഷ ജയിച്ചിട്ടുള്ളവരിൽ കൂടുതൽ യോഗ്യതയുള്ളവരെ ഇംഗ്ലീഷ് സ്കൂളുകളിലേക്ക മാററുന്നതാകുന്നു. ആവശ്യം ഉള്ള മാററങ്ങൾക്ക യോഗ്യതയുള്ള അദ്ധ്യാപകന്മാരുടെ ഒരു ലിസ്റ്റ് അയയ്ക്കുവാൻ മലയാളംപള്ളിക്കൂടം ഇൻസ്പെക്ടർക്ക് വേണ്ടനിർദ്ദേശം നൽകുവാൻ ആക്ടിംഗ് വിദ്യാഭ്യാസ ഡൈറെക്ടരോട്ട ആവശ്യപ്പെട്ടിരിക്കുന്നു."

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): മെമ്പർ ഏതിൽനിന്ന വായിക്കുന്നുഎന്നു അറിയേണ്ടിയിരിക്കുന്നു.

മി. ആർ. കൃഷ്ണസ്വാമി അയ്യർ (ആക്ടിംഗ് വിദ്യാഭ്യാസ ഡൈറെക്ടർ): ഒരു ഗവർൺമെണ്ടുത്തരവിൽ നിന്ന്.

മി. സി. പി. തോമസ് (ഗവർൺമെണ്ടു നിയമിച്ചമെമ്പർ): ആ സർക്കുലർ ഒരിക്കൽക്കൂടി ഒകൾക്കേണ്ടിയിരിക്കുന്നു.

മി. ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിംഗ് വിദ്യാഭ്യാസ ഡൈറെക്ടർ): "ഇംഗ്ലീഷ് സ്കൂളുകളിലെ അദ്ധ്യാപകന്മാരുടെ ശമ്പളം മലയാളംപള്ളിക്കൂടങ്ങളിൽ ഉള്ളതിനേക്കാൾ അവശ്യം കൂടുതൽ ആയിത്തന്നെയിരിക്കണം എന്നുതന്നെയുമല്ല സെക്കണ്ടറി സ്കൂൾലീവിങ്ങ് സർട്ടിഫിക്കേട്ട് പരീക്ഷ ജയിച്ചിട്ടുള്ളവരിൽ കൂടുതൽ യോഗ്യതയുള്ളവരെയാണ് സാധാരണമായി ഇംഗ്ലീഷ്സ്കൂളുകളിൽ നിയമിച്ചുവരുന്നത്. എന്നുവരികിലും മലയാളംപള്ളിക്കൂടങ്ങളിലെ സെക്കണ്ടറി സ്കൂൾലീവിങ്ങ്പരീക്ഷ ജയിച്ചിട്ടുള്ള അദ്ധ്യാപകന്മാരിൽ കൂടുതൽ യോഗ്യതയുള്ളവരെ ഇംഗ്ലീഷ് സ്കൂളുകളിലേക്ക മാററുന്നതാകുന്നു. ആവശ്യപ്പെട്ട മാററങ്ങൾക്കായി യോഗ്യതയുള്ള അദ്ധ്യാപകന്മാരുടെ ഒരു ലിസ്റ്റ് അയക്കുവാൻ മലയാളംപള്ളിക്കൂടം ഇൻസ്പെക്ടർക്കവേണ്ട നിർദ്ദേശം നൽകുവാൻ ആക്ടിംഗ വിദ്യാഭ്യാസഡയറെക്ടരോട്ട ആവശ്യപ്പെട്ടിരിക്കുന്നു".

ഈ ഗവർൺമെണ്ടുത്തരവനുസരിച്ചു മലയാളം പള്ളിക്കൂടം ഇൻസ്പെക്ടർ ഒരു ലിസ്റ്റ് അയച്ചു; തൽഫലമായി കഴിഞ്ഞ പാഠശാലാവർഷത്തിൽ ഫെബ്രുവരി ൧-ാം വർഷത്തിൽ മൂന്നാം അദ്ധ്യാപകന്മാരെ മാററീട്ടുണ്ട്.

മി. സി. പി. തോമസ് (ഗവർൺമെണ്ട് നിയമിച്ച മെമ്പർ): എത്ര അദ്ധ്യാപകന്മാരെ മാററംകിട്ടി എന്നുപറഞ്ഞുതരുമോ?

മി. ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിംഗ് വിദ്യാഭ്യാസഡയറെക്ടർ) മൂന്നുപേരെ.

മി. സി. പി. തോമസ് (ഗവർൺമെണ്ട് നിയമിച്ചമെമ്പർ): ലിസ്റ്റിൽ എത്രപേരെ ഉൾപ്പെടുത്തിയിരുന്നു.

മി. ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിംഗ്വിദ്യാഭ്യാസഡയറെക്ടർ): ശരിയായ എണ്ണം അറിഞ്ഞുകൂടാ. ൨൫ എണ്ണത്തോളം ഇരിക്കാം.

മി. കെ. ഐ. ജോസഫ് (മീനച്ചിലും—ദേവികുളവും): ആകെയുണ്ടു മൊത്തം എത്ര പേരെ നിയമിച്ചു.

മി. ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിംഗ്വിദ്യാഭ്യാസഡയറെക്ടർ): ഒന്നാമതായി ആരെയും നിയമിച്ചിട്ടില്ല—എന്റെ അത്യന്തം ശക്തിമത്തായ വാദം ഞാൻ പറയാൻ പോകുന്നതത്രെയുള്ള. (ചിരി) ഇംഗ്ലീഷ്പാഠശാലകളിൽ താണക്ലാസുകളിൽ വിദ്യാർത്ഥികളുടെ എണ്ണം ആണ്ടോടാണ്ടു കുറഞ്ഞുവരുന്നു. ൧൧൦൫ ചിങ്ങം ൧-നു വരെ വിദ്യാർത്ഥികൾ ഉണ്ടായിരുന്നിരിക്കെ ൧൧൦൬ ചിങ്ങത്തിൽ ൭൭൦൨ വിദ്യാർത്ഥികളെ ഉണ്ടായിരുന്നുള്ളു. ഇപ്രകാരം ഒരാണ്ടിൽ ൩൫൫ വിദ്യാർത്ഥികൾ കുറവായി. ഓരോ ക്ലാസിലെ ഓരോ ഡിവിഷനിലും എത്രയുംകൂടിയാൽ ൩൫ പേരെ ചേർക്കണം എന്നു ഗവർൺമെണ്ട് നിശ്ചയിച്ചിരിക്കുന്നു. ൩൫൫-നെ ൩൫ കൊണ്ടു ഹരിച്ചാൽ ൧൦ കിട്ടുന്നു. അതുകൊണ്ടു ഈയാണ്ടിൽ തലേയാണ്ടിലെ അപേക്ഷിച്ചു ആവശ്യമുള്ള അദ്ധ്യാപകന്മാരുടെ എണ്ണം ൧൦ കുറവായിരിക്കണം. ഈ കുറവു കഴിഞ്ഞാണ്ടല്ലാ ആദ്യമായി തുടങ്ങിയതു; രണ്ടു മൂന്നു കൊല്ലത്തിനുമുമ്പ തുടങ്ങിയതാണ് അതുകൊണ്ടു കഴിഞ്ഞരണ്ടുമൂന്നുകൊല്ലങ്ങളായി പുതിയതായി യാതൊരു അണ്ടർ ഗ്രാഡ്യുവെററുകളേയും ഞങ്ങൾ ഇംഗ്ലീഷ്സ്കൂളുകളിൽ നിയമിച്ചിട്ടില്ല. അതുതന്നെയുമല്ല ഇതിനുമുമ്പിൽ ഇംഗ്ലീഷ്സ്കൂളുകളിൽ പകരം നോക്കിവന്നിരുന്ന അനേകം അണ്ടർഗ്രാഡ്യുവെററുകൾക്ക ഇപ്പോൾ യാതൊരു ജോലിയും ഇല്ലാത്തതും ഇരിക്കുന്നു. ഇപ്രകാരം ൫ കൊല്ലത്തോളം പകരം ജോലി നോക്കിവന്നിട്ടുള്ളവരായി മൂപ്പതോളം അദ്ധ്യാപകന്മാർ ഉണ്ട്. ഇംഗ്ലീഷ്സ്കൂളുകളിലും മലയാളം പള്ളിക്കൂടങ്ങളിലും അണ്ടർഗ്രാഡ്യുവേറ്റ് അദ്ധ്യാപകന്മാരെ നിയമിക്കുന്ന ഭിന്ന അധികാരസ്ഥന്മാർ പരസ്പരം ഐകമത്യത്തോടുകൂടി യാതൊരു ശ്രമവും ചെയ്യാതെ സ്വതന്ത്രമായി നിയമനങ്ങൾ നടത്തിവരുന്നു. ഇങ്ങനെ ചെയ്യുന്നതു ന്യായമായിരുന്നാലും തെററായിരുന്നാലും വസ്തുത ഇങ്ങനെയാണ്. ഇംഗ്ലീഷ്സ്കൂളുകളിൽ അണ്ടർഗ്രാഡ്യുവേട്ട അദ്ധ്യാപകന്മാരെ ഇംഗ്ലീഷ് സ്കൂൾ ഇൻസ്പെക്ടരുടെ ശിപാർശയിന്മേൽ ഡയറെക്ടർ നിയമിക്കുന്നു. എന്നാൽ മലയാളം പള്ളിക്കൂടങ്ങളിൽ അണ്ടർഗ്രാഡ്യുവേട്ട് അദ്ധ്യാപകന്മാരെ മലയാളം പള്ളിക്കൂടം ഇൻസ്പെക്ടർ നിയമിക്കുന്നു. ഇതിന്റെ ഫലമായി ഇംഗ്ലീഷ്സ്കൂളുകളിൽ പകരം നോക്കിവന്ന അണ്ടർഗ്രാഡ്യുവേട്ടുകൾ അനേകം പേർ ഉണ്ടു. അവർ യാതൊരു ജോലിയും ഇല്ലാത്തതും ഇരിക്കുന്നു അതുകൊണ്ടു ഇതിൽ കാര്യനടപ്പിൽ വലിയ ഞെരുക്കം ഉണ്ട്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അങ്ങനെയാണെങ്കിൽ ഇവരെ മലയാളംപള്ളിക്കൂടങ്ങളിൽഎന്തുകൊണ്ടാണു നിയമിക്കാത്തതു.

മി. ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിംഗ്വിദ്യാഭ്യാസഡയറെക്ടർ): ഇവരെമലയാളം പള്ളിക്കൂടങ്ങളിൽ നയമിക്കാനായി ഒരു ഉത്തരവു ഞാൻ ഈയിടെ മിസ്റ്റർ ചെറിയാന് അയച്ചു. അങ്ങനെ ചെയ്യുന്നതിൽ അല്പം വിസമ്മതം കാണിച്ചു ഒരു മറുപടി അദ്ദേഹം അയച്ചു. തന്റെ നിയമനാധികാരത്തെ കുറയ്ക്കുന്നതു യാതൊരുദ്യോഗസ്ഥനും ഇഷ്ടമായിരിക്കയില്ല. ഇതു സ്വാഭാവികം തന്നെയല്ലാ.

ഇംഗ്ലീഷ്പള്ളിക്കൂടങ്ങളിലുള്ള അദ്ധ്യാപകന്മാരേയും മലയാളം പള്ളിക്കൂടങ്ങളിലുള്ളവരേയും തമ്മിൽ തമ്മിൽ മാററുന്ന കാര്യം സാധിപ്പിക്കുന്നതായാൽ നിയമനങ്ങളെ ഏകീകരിക്കുന്നതിനു അധികം സമ-

യം ഡയറക്ടർക്ക് ചിലവാക്കേണ്ടിവരും. അണ്ടർഗ്രാഡ്വേറ്റുമാരെ നിയമിക്കുന്ന അധികാരം ഡയറക്ടറുടെ കയ്യിൽതന്നെ വച്ചുകൊണ്ടിരിക്കേണ്ടതു ആവശ്യമായി തിരുകക്കൂടി ചെയ്യും. രണ്ടാമതു പറഞ്ഞതുതന്നെയായിരിക്കും മുഖ്യമായ മാർഗ്ഗം എന്നായാലും ഞാൻ സ്ഥാപിക്കാൻ ശ്രമിക്കുന്നതെന്തെന്നാൽ മിസ്റ്റർ നാരായണപിള്ളയുടെ പ്രമേയത്തെ അംഗീകരിക്കുന്നതു പകരം ജോലിനോക്കിവരുന്ന ഈ അദ്ധ്യാപകന്മാർക്കു വലുതായ സങ്കടകരമായിതീരും എന്നുള്ള കാരണത്താൽ അതു സ്വീകരിച്ചുകൂടാ എന്നാണ്. അനേകം അദ്ധ്യാപകന്മാർ ഇപ്പോഴും പകരം ജോലി നോക്കിവരുന്നു. അവരിൽ ചിലർ ആറു കൊല്ലത്തോളം കാലം ജോലി നോക്കിയവർ ഉണ്ടു.

ഇതിനെതിരായി ഒരു കാര്യംകൂടി ആലോചിക്കാനുണ്ടു. നാട്ടുഭാഷാ പള്ളിക്കൂടങ്ങളിൽ ഉള്ള അണ്ടർഗ്രാഡ്വേറ്റ് അദ്ധ്യാപകന്മാരിൽ അനേകംപേർ കേവലം നാട്ടുഭാഷാ യോഗ്യതമാത്രം ഉള്ളവരെ നിയമിക്കാവുന്നതായ ൪൫ രൂപാ ശമ്പളം ഉള്ള ജീവനങ്ങൾക്കു ആദ്യമായി നിയമിക്കപ്പെട്ടവരാണ്. ശരിയായ ഒഴിവു ഉണ്ടാകുമ്പോൾ അവരെ ൪൫ രൂപാ ശമ്പളത്തിൽ നിയമിച്ചു ൪, ൫, ൬ ഈ ക്ലാസ്സുകളിൽ ഇംഗ്ലീഷ് പഠിപ്പിക്കുവാൻ ആജ്ഞാപിക്കുന്നു. അതുകൊണ്ടു അങ്ങനെയുള്ള അദ്ധ്യാപകന്മാരുടെ മൊത്തം ജീവിതകാലത്തിൽ ചെറിയ അംശംമാത്രമേ ഇംഗ്ലീഷ് അദ്ധ്യാപകന്മാരായി വിനിയോഗിക്കപ്പെടുന്നുള്ളു എന്നുവരുന്നു. ഈ സ്ഥിതിക്കു നാട്ടുഭാഷാ പള്ളിക്കൂടത്തിൽ അപ്രകാരമുള്ള ഒരു അദ്ധ്യാപകന്റെ മൊത്തം ജീവനകാലം ഇംഗ്ലീഷ് സ്കൂളിൽ പകരം നോക്കുന്ന അദ്ധ്യാപകന്റെ ജീവനകാലത്തെക്കാൾ കൂടുതൽ ആണെന്നുള്ള കാരണത്തെ അടിസ്ഥാനമാക്കി ആദ്യത്തെ അദ്ധ്യാപകനെ രണ്ടാമത്തെ അദ്ധ്യാപകനെക്കാൾ ശ്രേഷ്ഠൻ ആക്കണമെന്നു വിധിക്കുന്നതു ഉചിതമാണോ? നാട്ടുഭാഷാപാഠശാലകളിൽ ഉള്ള അണ്ടർഗ്രാഡ്വേറ്റുകൾക്കു ന്യായം ചെയ്തു കൊടുക്കണം എന്നുള്ള മോഹത്തിൽ ഇംഗ്ലീഷ് സ്കൂളുകളിൽ ഉള്ള അവരുടെ ഭ്രാതാക്കന്മാരുടെ നേർക്കു ഈ സഭ അനുചിതമായി വർത്തിച്ചുകൂടാ. രണ്ടാമത്തെ കൂട്ടരിൽ ചിലർ ആറുകൊല്ലം കാലത്തോളം ജോലിനോക്കുന്നവർ ആണ്. എന്നുതന്നെയുമല്ല അവരിൽ അനേകംപേർ ഇംഗ്ലീഷ് സ്കൂളിൽ ജോലി നോക്കിവന്നു ഇപ്പോൾ ജോലി ഇല്ലാത്തവരായിരിക്കുന്നു. ഈ പ്രമേയത്തെ അംഗീകരിക്കുന്നതായാൽ ഇവർക്കു ജീവനം കിട്ടുന്നതിനുള്ള സംഭാവ്യത ദൂരസ്ഥമായിതീരും. ഇതിനുള്ള ശരിയായ ഉപശാന്തി എനിക്കു തോന്നുന്നതു മലയാളം പള്ളിക്കൂടങ്ങളിൽ ഉള്ള അദ്ധ്യാപകന്മാരുടെ ശമ്പളം കൂട്ടുകയും അങ്ങനെ ചെയ്തു ഇംഗ്ലീഷ് സ്കൂളുകളിലും മലയാളം പള്ളിക്കൂടങ്ങളിലും ഉള്ള അണ്ടർഗ്രാഡ്വേറ്റ് അദ്ധ്യാപകന്മാരുടെ ശമ്പളത്തിൽ ഇപ്പോൾ ഉള്ള വ്യത്യാസത്തെ കുറയ്ക്കുകയും ചെയ്യുകയാണ്. ഇക്കാര്യത്തിലേക്കു ഒരു കമ്മിറ്റിയെ നിയമിച്ചിട്ടുണ്ടെന്നും പ്രയോക്താവു ആ കമ്മിറ്റിയിലെ ഒരു അംഗമാണെന്നും സഭയ്ക്കു അറിയാമല്ലോ.

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): ഇംഗ്ലീഷ് സ്കൂളുകളിലെ അദ്ധ്യാപകന്മാരുടെ ശമ്പളം കുറയ്ക്കുന്നതിൽ അദ്ദേഹം അനുകൂലിയാകുമോ?

മി. ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്റ്റിംഗ് വിദ്യാഭ്യാസഡയറക്ടർ): കമ്മിറ്റിയോടു ഉപദേശിക്കാൻ ആവശ്യപ്പെട്ടിട്ടുള്ള പ്രശ്നങ്ങളിൽ അതു ഉൾപ്പെടുത്തിയിട്ടുണ്ടെന്നു എനിക്കു തോന്നുന്നില്ല. മറെറാരു വസ്തുത പറയാം. മലയാളംപള്ളിക്കൂടങ്ങളിൽ ഉള്ള അണ്ടർ ഗ്രാഡ്വേറ്റ് അദ്ധ്യാപകന്മാർക്കു ആ സ്കൂളിൽതന്നെ ഉയർന്നതരത്തിൽ ഉള്ള അനേകം ജീവനങ്ങൾ ലഭ്യമായുണ്ട്. ഇംഗ്ലീഷ്ഭാഷ നിർബന്ധമായി പഠിപ്പിക്കുന്ന സ്കൂളുകളിൽ ആയി ൪൫ ഹെഡ്മാസ്റ്റർമാരുടെ ഉദ്യോഗങ്ങൾ ഉണ്ട്. അവയ്ക്കു ൭൦ രൂപ ശമ്പളം ഉണ്ട്. ആ സ്കൂളുകളിൽതന്നെ ൨൫ അസിസ്റ്റന്റന്മാരുടെ ഉദ്യോഗങ്ങൾ ഉണ്ട്. അവയ്ക്കു ഇംഗ്ലീഷ് സ്കൂളുകളിലുള്ള അണ്ടർഗ്രാഡ്വേറ്റുകളെപ്പോലെ ൨൫ മുതൽ ൪൫ രൂപവരെ സ്കേലിൽ ശമ്പളം ഉണ്ട്.

മി. കെ. കെ. താമസ് (കോട്ടയം): ഒരു മലയാംപള്ളിക്കൂടം അദ്ധ്യാപകൻ ൭൦ രൂപ ശമ്പളത്തിൽ എത്തുന്നതിനു എത്ര കൊല്ലം വേണ്ടിവരും?

മി. ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്റ്റിംഗ് വിദ്യാഭ്യാസഡയറക്ടർ): എനിക്കു അറിഞ്ഞുകൂടാ. ഇംഗ്ലീഷ് നിർബന്ധവിഷയമായി പഠിപ്പിച്ചുവരുന്ന നാട്ടുഭാഷാ പാഠശാലകളിൽ ൨൫ രൂപ മുതൽ ൭൦ രൂപവരെ സ്കേലിൽ ശമ്പളം വാങ്ങിക്കുന്നവരായി ൪൫ അണ്ടർഗ്രാഡ്വേറ്റ് അദ്ധ്യാപകന്മാരും ൭൦ രൂപ ശമ്പളം ഉള്ള ൭ ഹെഡ്മാസ്റ്റർമാരും ഉണ്ട്. ഇതിനുപുറമെ ൪൦ രൂപയോ ൩൫ രൂപയോ ശമ്പളത്തോടുകൂടി നാട്ടുഭാഷാ മിഡിൽസ്കൂളുകളിൽ ൪൪ ഹെഡ്മാസ്റ്റർമാരും ഉണ്ട്. ഇവയും നാട്ടുഭാഷാ പാഠശാലകളിലെ അണ്ടർഗ്രാഡ്വേറ്റ് അദ്ധ്യാപകന്മാർക്കു ലഭ്യമാകുന്നു. ഇവർക്കു ഇവരുടെ പാഠശാലകളിൽതന്നെ അനേകം ഉയർന്നതരം ഉദ്യോഗങ്ങളിൽ പ്രവേശിക്കുന്നതിനുള്ള വഴിയുണ്ടെന്നു ഈ സഭയ്ക്കു കാണാവുന്നതാണ്. ഇതു അപര്യാപ്തം എന്നു ഗണിക്കുന്നതായാൽ ശരിയായ ഉപശമനം ഞാൻ മുമ്പിൽ പറഞ്ഞതുപോലെ അവരുടെ ശമ്പളത്തെ കൂട്ടുകയത്രേ. ഇങ്ങനെ ചെയ്യുന്നതിനുപകരം സീനിയോറിററിമാത്രം പരിഗണിച്ചു ഇംഗ്ലീഷ് സ്കൂളുകളിലേക്കു അവരെ മാററണം എന്നുവരികിൽ തൽഫലമായി ഞാൻ മുമ്പിൽ ചൂണ്ടിക്കാണിച്ചതുപോലെ ഇംഗ്ലീഷ് സ്കൂളുകളിലെ കാര്യക്ഷമത കുറഞ്ഞുപോകും എന്നുതന്നെയുമല്ല ഇംഗ്ലീഷ് സ്കൂളുകളിൽ പകരം നോക്കിവരുന്നവരോ വന്നിരുന്നവരോ ആയ അസംഖ്യം എണ്ണം അണ്ടർഗ്രാഡ്വേറ്റ് അദ്ധ്യാപകന്മാരോടു ചെയ്യുന്ന ഒരനീതിയുമായിരിക്കും.

മി. കെ. കെ. താമസ് (കോട്ടയം): മലയാളം സ്കൂൾലീവിംഗ് സർട്ടിഫിക്കേട്ട് പരീക്ഷ ജയിച്ചവരെ അപേക്ഷിച്ചു ഇംഗ്ലീഷ് സ്കൂൾലീവിംഗ് പരീക്ഷ ജയിച്ചവരെ ശ്രേഷ്ഠമായി ഗണിക്കുമോ?

മി. ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്റ്റിംഗ് വിദ്യാഭ്യാസഡയറക്ടർ): ൨൫ മുതൽ ൭൦ രൂപവരെ സ്കേൽ ഉള്ള ഉദ്യോഗങ്ങൾ മലയാംപള്ളിക്കൂടങ്ങളിൽ ഒഴിവുവരുമ്പോൾ അവയ്ക്കു കയററംകൊടുക്കാതിരിക്കുന്നതിൽ യാതൊരു യുക്തിയും ഇല്ല.

മി. കെ. കെ. താമസ് (കോട്ടയം): ഹെഡ്മാസ്റ്റർമാരുടെ ഉദ്യോഗം ഒഴിവുവരുമ്പോൾ ഇവർക്കു മുന്നവകാശം നൽകുന്നുണ്ടോ?

മി. ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്റ്റിംഗ് വിദ്യാഭ്യാസഡയറക്ടർ): അപ്രകാരമുള്ള ഒഴിവുവരുമ്പോൾ സ്വല്പം പ്രാഗത്ഭ്യം കൊടുത്തിട്ടുണ്ടെന്നു തോന്നുന്നു.

മി. ടി. ജെ. മാത്തു (ചങ്ങനാശ്ശേരിയും പീരുമേടും): ഇപ്പോഴത്തെ പതിവു ഇതാണോ?

മി. ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): അപ്രകാരമാണെന്നു നിശ്ചയമായി പറയാൻ കഴികയില്ല.

മി. സി. പി. താമസ് (ഗവൎമ്മെന്റു നിയമിച്ച മെംബർ): അവൎക്കു തന്നിയെതന്നെ ഉദ്യോഗകയററം കിട്ടുന്നില്ലെങ്കിൽ അവൎക്കു മറുസ്ഥലത്തേക്കു മാററംകൊടുക്കാത്തതു എന്തുകൊണ്ടു ?

മി. ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): ഇംഗ്ലീഷ് പള്ളിക്കൂടങ്ങളിലേക്കു അനുവദിച്ചിട്ടുള്ള അനേകം ഉദ്യോഗങ്ങൾ ഇപ്പോൾ ആവശ്യത്തിലധികം ആണെന്നു കണ്ടിരിക്കകൊണ്ടു അവയ്ക്കു ആരെ നിയമിച്ചിട്ടില്ല എന്നു ഞാൻ ആദ്യമേ പറഞ്ഞുവല്ലൊ.

ഇംഗ്ലീഷ് പള്ളിക്കൂടങ്ങളിൽ ഒഴിവുകൾക്കു ആളാക്കുന്നതിനു കാലംവരുമ്പോൾ നാട്ടുഭാഷാ പാഠശാലകളിൽ ഉള്ള അണ്ടർഗ്രാഡ്യുവേട് അദ്ധ്യാപകന്മാരുടെ അവകാശങ്ങളെ വേണ്ടപോലെ ആലോചിക്കുന്നതാണെന്നും കാൎയ്യക്ഷമതയ്ക്കു ഹാനിവരുത്താതെയും ഇംഗ്ലീഷ് പള്ളിക്കൂടങ്ങളിൽ പകരംനോക്കിവരുന്ന അദ്ധ്യാപകന്മാരുടെനേൎക്കു അന്യായമായി പെരുമാറാതെയും അവരെ നിയമിക്കുന്നതാണെന്നും ഞാൻ ഈ സഭയോടു ഉറപ്പുപറഞ്ഞുകൊണ്ടു ഈ പ്രസംഗം അവസാനിപ്പിക്കുന്നു.

ഡെപ്യൂട്ടിപ്രസിഡൻറ്: നാളെ പകൽ പതിനൊന്നര മണിക്കു യോഗം കൂടുന്നതിനായി നമുക്കു ഇപ്പോൾ പിരിയാം.

സഭായോഗം വൈകുന്നേരം മണി ൫ അടിച്ചു ൰൫ മിനിട്ടായപ്പോൾ പിരിഞ്ഞു.

ജി. പി. രാമസുബ്ബയ്യർ,
നിയമസഭാ സെക്രട്ടറി.

(A true translation)

T. RAMALINGAM PILLAI,
Head Translator to Government.

തിരുവിതാംകൂർ നിയമസഭ.

ദ്വിതീയസഭ.

൧൧൦൫-ലെ പ്രഥമസമ്മേളനം.

൧൯൨൯ നവംബർ ൨൬-നു, ൧൧൦൫ വൃശ്ചികം ൧൧-നു ചൊവ്വാഴ്ച.

(അഫിഷ്യൽ റിപ്പോർട്ട്.)

വിക്ടോറിയാ ജൂബിലി ടൌൺഹാളിൽ ൧൧ അടിച്ചു ൩൫ മിനിട്ടായപ്പോൾ ഡെപ്യൂട്ടിപ്രസിഡണ്ട് മ. രാ. രാ. ശ്രീ. വി. സുബ്ബയ്യർ ബി. എ., ബി. എൽ. അവർകളുടെ അദ്ധ്യക്ഷതയിൽ സഭ വീണ്ടും കൂടി. മിസ്റ്റർ എക്സ്. ജി. പോപ്പസ്, മിസ്റ്റർ എൻ. വി. ജോസഫ് എന്നീ മെമ്പരന്മാർ ഒഴികെ ശേഷം മെമ്പരന്മാരെല്ലാം ഹാജരുണ്ടായിരുന്നു.

ചോദ്യങ്ങളും ഉത്തരങ്ങളും.

വൈക്കംതാലൂക്കിൽ അധഃകൃതവർഗ്ഗങ്ങളിലെ അംഗങ്ങൾക്കായിക്കൊടുത്തുള്ള ഭൂമിപതിവു.

൯൧. മി. എ. ജെ. ജോൺ (വൈക്കം): താഴെക്കാണുന്ന സംഗതികളെ സംബന്ധിച്ച വിവരങ്ങൾ അടങ്ങിയ ഒരു സ്റ്റേറ്റുമെൻറ മേശപ്പുറത്തിടുവാൻ ഗവമെണ്ടിനു ദയവുണ്ടാകുമോ?

(എ) അധഃസ്ഥിതർക്ക പതിച്ചുകൊടുക്കുന്നതിനായി അതിരു തിരിച്ചിട്ടുള്ള ഭൂമികൾ പതിച്ചുകിട്ടുന്നതിലേക്കുവേണ്ടി വൈക്കംതാലൂക്കിലുള്ള അധഃകൃതവർഗ്ഗക്കാരിൽനിന്നും ലഭിച്ചിട്ടുള്ള അപേക്ഷകളുടെ എണ്ണം.

(ബി) അതിലേക്ക അനുവാദം നൽകീട്ടുള്ള അപേക്ഷകളുടെ എണ്ണം.

(സി) ഉപേക്ഷിക്കപ്പെട്ട അപേക്ഷകളുടെ എണ്ണവും, ഉപേക്ഷിക്കുന്നതിനുള്ള കാരണങ്ങളും.

(ഡി) നടപടി നടത്താത്ത ഇപ്പോൾ കിടപ്പുള്ള അപേക്ഷകളുടെ എണ്ണം.

മി. ടി. പി. രാമസുബ്ബയ്യർ (ഗവമെണ്ട സെക്രട്ടറി):

(എ) മുതൽ (ഡി) വരെ. മെമ്പർ ആവശ്യപ്പെട്ടിട്ടുള്ള ൧൦൮൯ മുതൽ ൧൧൦൧ വരെയുള്ള വിവരങ്ങൾ അടങ്ങിയ രണ്ടു സ്റ്റേറ്റുമെൻറ മേശപ്പുറത്തിട്ടിരിക്കുന്നു. ഈ സ്റ്റേറ്റുമെൻറുകളിൽ അധഃകൃതവർഗ്ഗക്കാർക്കായി തിരിച്ചിടപ്പെട്ടിട്ടുള്ളവ കൂടാതെയുള്ള ഭൂമികളെ സംബന്ധിച്ച അപേക്ഷകളുടെ വിവരങ്ങളും അടങ്ങീട്ടുണ്ട്. അതിരു തിരിച്ചിട്ടിട്ടുള്ള ഭൂമികൾക്കുമാത്രമായിട്ടുള്ള അപേക്ഷകളെ സംബന്ധിച്ച കണക്ക ഇപ്പോൾ കിട്ടുന്ന പ്രയാസമാണ്.

മി. എ. ജെ. ജോൺ (വൈക്കം): അധഃകൃതവർഗ്ഗങ്ങൾക്കായി തിരിച്ചിടപ്പെട്ട ഭൂമികളിൽ ഏതെങ്കിലും മറ്റ് ആളുകൾക്കായി പതിച്ചുകൊടുത്തിട്ടുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവമെണ്ട സെക്രട്ടറി): അതുസംബന്ധിച്ചുള്ള വിവരം ചോദിച്ചറിയേണ്ടതായിട്ടാണിരിക്കുന്നതു്.

മി. എ. ജെ. ജോൺ (വൈക്കം): അധഃകൃതവർഗ്ഗക്കാർക്ക പതിച്ചുകൊടുക്കുവാനായി അതിരു തിരിച്ചിട്ടുള്ള ഭൂമികളേതെല്ലാമെന്നു കാണിക്കുന്ന ഏതെങ്കിലും പ്രത്യേക രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടുണ്ടോ എന്നു പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവമെണ്ട സെക്രട്ടറി): ഇല്ല. അധഃകൃതവർഗ്ഗങ്ങളിൽനിന്നും കിട്ടുന്ന അപേക്ഷകളെ സംബന്ധിച്ച ഹർജികൾ പതിക്കുന്നതിനുള്ള രജിസ്റ്ററിൽ വരവുവയ്ക്കുമ്പോൾ 'ഡി' എന്നൊരു അക്ഷരം കൂടുതലായി ചേർക്കാറുപതിവുണ്ട്. ഇപ്രകാരം വിവരം എളുപ്പത്തിൽ ശേഖരിക്കാൻ സാധിക്കുന്നതാണ്. പ്രത്യേകം രജിസ്റ്റർ ഒന്നും സൂക്ഷിച്ചിട്ടില്ല.

ദിവാൻജിയുടെ ഉപയോഗത്തിനായി പുതിയ മോട്ടോർക്കാർ വാങ്ങിയതു്.

൯൨. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്):

(എ) ദിവാൻജിയുടെ ഉപയോഗത്തിനുവേണ്ടി ഒരു പുതിയ കാർ വരുത്തിട്ടുള്ളതു യഥാർത്ഥമാണോ? എന്നും,

(ബി) വാസ്തവമാണെങ്കിൽ അതിൻെറ വില എന്തു്? എന്നും,

(സി) ഇപ്പോഴത്തെ ദിവാൻജിയുടെ ഉപയോഗത്തിനായി ൧൧൦൧-ൽ ഒരു കാർ വാങ്ങിച്ചിട്ടുണ്ടോ? എന്നും,

(ഡി) ഇത്രയും ചുരുങ്ങിയ കാലത്തിൽ ഇത്രത്തോളം വിലയുള്ള കാർ ദിവാൻജിയുടെ ഉപയോഗത്തിനായി വരുത്തുന്നതിനു ഏതെങ്കിലും കാരണമുണ്ടോ? എന്നും,

(ഇ) ൧൧൦൧-ൽ ദിവാൻജിയുടെ ഉപയോഗത്തിനായി വരുത്തിയ കാർ ഉപയോഗയോഗ്യമായ സ്ഥിതിയിൽതന്നെയാണോ ഇരിക്കുന്നതെന്നും പറയുവാൻ ഗവമെണ്ടിനു ദയവുണ്ടാകുമോ?

മി. കെ. ജോർജ് (ഗവമെണ്ട ചീഫ് സെക്രട്ടറി):

(എ) ഉവ്വ്.

(ബി) പാക്കിങ്ങിനും, ഇൻഷ്വറൻസിനും, കൊണ്ടുവരുന്നതിനും ചെലവായതുൾപ്പെടെ ൧൧൯൨ പവൻ ൨ ഷി. ൨ പെ. വിലയായിട്ടുണ്ട്.

(സി) ഉവ്വ്.

(ഡി) മുൻദിവാൻമാരെപ്പോലെ ഇപ്പോഴത്തെ ദിവാൻജിക്കും സ്വന്തഉപയോഗത്തിനായി രണ്ടു കാർ വാങ്ങിക്കുവാൻ അവകാശമുണ്ട്.

(ഇ) ഉവ്വ്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ദിവാൻജിയെ നിയമിച്ച അവസരത്തിൽ അദ്ദേഹവും ഗവണ്മെന്റും തമ്മിൽ, ഒരു കാർ വാങ്ങിക്കുവാനുള്ള അവകാശം ദിവാനു സ്ഥാപിക്കുന്ന, ഏതെങ്കിലും ഉടമ്പടി ഉണ്ടായിട്ടുണ്ടോ എന്നു എന്നെ അറിയിക്കുമോ?

മി. കെ. ജോർജ് (ഗവണ്മെന്റ ചീഫ് സെക്രട്ടറി): ധാരണ അപ്രകാരമാണ്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഉടമ്പടിയിൽ അതു പ്രസ്താവിച്ചിട്ടുണ്ടോ?

മി. കെ. ജോർജ് (ഗവണ്മെന്റ ചീഫ് സെക്രട്ടറി): അതാകുന്നു ധാരണ.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതു് ഉടമ്പടിയെ അതിക്രമിച്ചിട്ടുള്ളതോ അല്ലെങ്കിൽ ഉടമ്പടിയിൽ ഉള്ളതുതന്നെയാണോ അതു്.

മി. കെ. ജോർജ് (ഗവണ്മെന്റ ചീഫ് സെക്രട്ടറി): അതു് ഉടമ്പടിക്കുള്ളിൽ വരുന്നതാകുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇതിനുമുമ്പു ഏതെങ്കിലും ഒരു ദിവാൻജി ഇതുപോലെ ഇത്രമാത്രം വിലക്കൂടുതലുള്ള കാർ വരുത്തീട്ടുണ്ടോ?

മി. കെ. ജോർജ് (ഗവണ്മെന്റ ചീഫ് സെക്രട്ടറി): ഇല്ല.

പോലീസ് ഉദ്യോഗസ്ഥന്മാരെ പ്രാസിക്യൂട്ട ചെയ്യുന്നതിനു അനുവാദം
കിട്ടുന്നതിലേക്കായിട്ടുള്ള അപേക്ഷകൾ.

൯൩. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്):

(എ) പോലീസ് ഉദ്യോഗസ്ഥന്മാരെ പ്രാസിക്യൂട്ട ചെയ്യുന്നതിന് അനുവാദം അഭ്യർത്ഥിക്കുന്നവയായി ജനങ്ങളിൽനിന്നും ഗവണ്മെന്റിനു കിട്ടീട്ടുള്ള അപേക്ഷകളുടെ എണ്ണം എത്ര? എന്നും,

(ബി) അനുവാദം കൊടുത്തിട്ടുള്ള അപേക്ഷകൾ എത്ര? എന്നും,

(സി) കാരണങ്ങൾ കാണിച്ചു തള്ളപ്പെട്ടിട്ടുള്ള അപേക്ഷകൾ എത്ര? എന്നും പറയുവാൻ ഗവണ്മെന്റിനു ദയവുണ്ടാകുമോ?

മി. കെ. ജോർജ് (ഗവണ്മെന്റ ചീഫ് സെക്രട്ടറി):

(എ) കഴിഞ്ഞ നാലു വർഷങ്ങളിൽ കിട്ടീട്ടുള്ള അപേക്ഷകൾ—൧൭.

(ബി) അനുവാദം കൊടുത്തിട്ടുള്ളവ—ഒന്നുമില്ല.

(സി) ൧൧ കേസുകളിൽ ആരോപിക്കപ്പെട്ടിട്ടുള്ള കുററങ്ങൾ വ്യാജമാണെന്നു കാണുകയാൽ അനുവാദം ഉപേക്ഷിക്കപ്പെട്ടു. വേറെ ഒന്നിൽ അപേക്ഷക്കാരൻതന്നെ ആവലാതി പിൻവലിച്ചു. ശേഷമുള്ളവ അന്വേഷണത്തിൽ ഇരിക്കുകയാകുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): മറുപടിയിലെ (സി) ഭാഗത്തെ സംബന്ധിച്ചിടത്തോളം, അപേക്ഷകൾ തള്ളുന്നതിനുമുമ്പു് അവയിൽ സംബന്ധിച്ചിട്ടുള്ള ആളുകളിൽനിന്നും ഏതെങ്കിലും തെളിവുകൾ എടുത്തിട്ടുണ്ടോ?

മി. കെ. ജോർജ് (ഗവണ്മെന്റ ചീഫ് സെക്രട്ടറി): അന്വേഷണം നടത്തിയതിനുശേഷം മാത്രമായിരിക്കണം ഇവ തള്ളപ്പെട്ടിട്ടുള്ളതു്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ അപേക്ഷകളിൽ അനേകം അപേക്ഷകൾ വക്കീൽമുഖാന്തിരം ഗവണ്മെന്റിനെ അറിയിച്ചിട്ടുള്ളവയാണ്. വക്കീലന്മാർ പറഞ്ഞിട്ടുള്ളതാണോ കേട്ടിട്ടുള്ളതു്, അതോ മററതെങ്കിലും തെളിവുകൾ എടുത്തിട്ടുണ്ടോ എന്നു എനിക്കു അറിഞ്ഞാൽകൊള്ളാം.

മി. കെ. ജോർജ് (ഗവണ്മെന്റ ചീഫ് സെക്രട്ടറി): ഗവണ്മെന്റ നേരിട്ടു് അന്വേഷണങ്ങൾ നടത്തിട്ടില്ല. അന്വേഷണങ്ങൾ നടത്തിട്ടുള്ളതു് പോലീസ് ഡിപ്പാർട്ടുമെന്റിലെ ഉയർന്ന ഉദ്യോഗസ്ഥന്മാരാണ്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അപേക്ഷകന്മാരുടെ അഭിപ്രായങ്ങൾ ചോദിച്ചറിയാതെ അപേക്ഷകൾ തള്ളുന്നതു് അവയെ സംബന്ധിച്ച ആളുകൾക്കു സങ്കടകരമല്ലയോ?

മി. കെ. ജോർജ് (ഗവണ്മെന്റ ചീഫ് സെക്രട്ടറി): അന്വേഷണങ്ങൾ നടത്തിട്ടുണ്ടു്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അവ എക്സ്പാർട്ടിയായിട്ടുള്ള അന്വേഷണങ്ങളാണോ?

മി. കെ. ജോർജ് (ഗവണ്മെന്റ ചീഫ് സെക്രട്ടറി): അപ്രകാരമാണെന്നു ഞാൻ പറയുന്നില്ല. കക്ഷികളുടെ അഭിപ്രായങ്ങൾ സ്ഥലത്തുവച്ചുതന്നെ ചോദിച്ചറിഞ്ഞിട്ടുണ്ടു്.

സ്ത്രീകൾക്കായിട്ടുള്ള കാളേജിലെ ഹോസ്റ്റൽ.

൯൪. മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും):

(൧) ൧൧൦൧ കർക്കടകം ൨൩-നു നടന്ന യോഗത്തിലെ മീററിംഗിൽ ചോദിച്ച ഒന്നാംനമ്പർ ചോദ്യത്തിനു കിട്ടിയ മറുപടിയെസംബന്ധിച്ച വിമൻസ്കാളേജു ഹോസ്റ്റലിന്റെ പരിസരസ്ഥലങ്ങളിലെ ആരോഗ്യസ്ഥിതിയെപ്പററി പ്രസ്താവിക്കുന്ന ഒരു റിപ്പോർട്ടു കിട്ടീട്ടുണ്ടോ എന്നു ഗവണ്മെന്റ ദയവുചെയ്തു പറയുമോ?

(൨) അപ്രകാരം ഒരു റിപ്പോർട്ടു കിട്ടീട്ടുണ്ടെങ്കിൽ, അതു ദയവുചെയ്തു മേശപ്പുറത്തിടുകയോ അല്ലെങ്കിൽ അതിലെ സാരാംശം എന്താണെന്നു പറയുകയോ ചെയ്യുമോ?

(൩) കാളേജിന്റെ സമീപസ്ഥലങ്ങളിലുള്ള ഏതെങ്കിലും യോഗ്യമായ കെട്ടിടത്തിലേയ്ക്കു് ഹോസ്റ്റൽ മാററിസ്ഥാപിക്കുന്നതിലേയ്ക്കു വേണ്ട ഏർപ്പാടുകൾ ചെയ്യുവാൻ ഗവണ്മെന്റിനു ദയവുണ്ടാകുമോ?

മി. കെ. ജോർജ് (ഗവണ്മെന്റ ചീഫ് സെക്രട്ടറി):

(൧) ഉണ്ടു്.

(൨) ഹോസ്റ്റലിന്റെ ചുററുമുള്ള ജലനിർഗ്ഗമനമാർഗ്ഗങ്ങളെ നികത്താതിരിക്കുന്നതുകൊണ്ടു ആരോഗ്യസ്ഥിതിയ്ക്കു വലുതായ ഹാനിയുണ്ടാകുന്നുണ്ടെന്നും, അതുസംബന്ധിച്ചു വേണ്ട പ്രവൃത്തികളെല്ലാം ചെയ്യേണ്ടതാണെന്നും, നിയതകാലങ്ങളിൽ വെള്ളം ഒലിച്ചുപോയി വൃത്തിയാകത്തക്കവണ്ണം അതു മൂടപ്പെടേണ്ടതാണെന്നും റിപ്പോർട്ടു കിട്ടീട്ടുണ്ടു്. അടുത്തു തോട്ടുകിടക്കുന്ന ഹൈസ്കൂൾ കാമ്പൌണ്ടിൽനിന്നും വർഷകാലങ്ങളിൽ ഒലിച്ചുവരുന്ന വെള്ളം കെട്ടിനിൽക്കുന്നതിൽനിന്നും കൊതുകുകളുടെ ശല്യം ഉണ്ടാകുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ടു്.

(൩) ആ സംഗതിയെപ്പററി ആലോചിച്ചുവരുന്നുണ്ടു്.

ഉദ്യോഗസ്ഥന്മാരുടെ സ്ഥലമാറ്റം.

൯൭. മി. എസ്സ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും, തെക്ക):

(എ) കഴിഞ്ഞ ൧൧൨൯ മുതൽ ൧൧൩൧ വരെയുള്ള മൂന്നുവർഷങ്ങളിലായി താൽക്കാലികമായിട്ടോ അല്ലെങ്കിൽ സ്ഥിരമായിട്ടോ ഒരു ഡിപ്പാർട്ടുമെൻറിൽനിന്നും മറ്റൊരുഡിപ്പാർട്ടുമെൻറിലേയ്ക്കു സ്ഥലംമാററിട്ടുള്ള, ൧൩൦-ക അതിൽ കൂടുതലോ ശമ്പളം വാങ്ങിക്കുന്ന ഉദ്യോഗസ്ഥന്മാരുടെ പേരുകൾ ഏതെല്ലാം? എന്നും,

(ബി) പൊലീസു ഡിസ്ത്രിക്ട് സൂപ്രണ്ടിന്റെ ഗ്രേഡിലും, സ്ഥാനക്രമത്തിലുമുള്ള ഉദ്യോഗസ്ഥന്മാരുടെ പേരുകൾ അവരുടെ സീനിയാറിററി ക്രമമനുസരിച്ച് ഏതെല്ലാമെന്നും പറയുവാൻ ഗവണ്മെൻറിനു ദയവുണ്ടാകുമോ?

മി. കെ. ജാർജ് (ഗവണ്മെൻറ ചീഫ് സെക്രട്ടറി):

(എ) ഒരു ഡിപ്പാർട്ടുമെൻറിൽനിന്നും മറെറാരു ഡിപ്പാർട്ടുമെൻറിലേയ്ക്കു സ്ഥലംമാററിട്ടുള്ള ഉദ്യോഗസ്ഥന്മാരുടെ പേരുകളടങ്ങിയ ഒരു സ്റ്റേററുമെൻറ മേശപ്പുറത്തിട്ടിരിക്കുന്നു.

(ബി) ൧൧൩൦ ചിങ്ങംവരെ ശരിപ്പെടുത്തിട്ടുള്ള "സിവിൽലിസ്റ്റിന്റെ" ഒന്നാംഭാഗം നോക്കേണ്ടതാകുന്നു.

മി. എസ്സ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും, തെക്ക):

(ബി) ഉദ്യോഗംസംബന്ധിച്ചിടത്തോളം പൊലീസു ഡിസ്ത്രിക്ട് സൂപ്രണ്ടിന്റെ ഗ്രേഡിലും സ്ഥാനക്രമത്തിലുമുള്ള ഉദ്യോഗസ്ഥരുടെ പേരുകൾ സിവിൽലിസ്റ്റിലെ ഒന്നാംഭാഗത്തു കൊടുത്തിട്ടുള്ളതു പൂർണ്ണമായിട്ടുണ്ടോ എന്നു പറയുവാൻ ഗവണ്മെൻറിനു ദയവുണ്ടാകുമോ?

മി. കെ. ജാർജ് (ഗവണ്മെൻറ ചീഫ് സെക്രട്ടറി): ഡിസ്ത്രിക്ട് സൂപ്രണ്ടന്മാരായ മൂന്നുപേരുടേയുംപേരുകൾ സിവിൽലിസ്റ്റിൽ കൊടുത്തിട്ടുണ്ട്.

മി. എസ്സ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും, തെക്ക): ഞാൻ ആവശ്യപ്പെട്ടതു് പൊലീസ് ഡിസ്ത്രിക്ട് സൂപ്രണ്ടന്മാരുടെ ഗ്രേഡിലും, സ്ഥാനക്രമത്തിലുമുള്ള ഉദ്യോഗസ്ഥന്മാരുടെ പേരുകളാകുന്നു. അതിലേയ്ക്കു കിട്ടിയമറുപടി സിവിൽലിസ്റ്റിലെ ഒന്നാംഭാഗം നോക്കിക്കൊള്ളണം എന്നാണ്. അതിൽ എല്ലാപേരുകളും ഉൾപ്പെടുത്തിയിട്ടുണ്ടോ എന്നു അറിയാനാണ് ഞാൻ ആവശ്യപ്പെടുന്നതു്.

മി. കെ. ജാർജ് (ഗവണ്മെൻറ ചീഫ് സെക്രട്ടറി): എല്ലാവരേയും ഉൾപ്പെടുത്തിയിട്ടുണ്ടോ? എന്നുള്ളതിനു എന്തർത്ഥമാണ് അദ്ദേഹം കല്പിക്കുന്നതു്.

മി. എസ്സ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും, തെക്ക): എല്ലാ ഉദ്യോഗസ്ഥന്മാരുടേയുംപേരു അതിലുണ്ടോ എന്നാണ്.

മി. കെ. ജാർജ് (ഗവണ്മെൻറ ചീഫ് സെക്രട്ടറി); സിവിൽലിസ്റ്റിൽ മൂന്നുസ്ഥിരഉദ്യോഗസ്ഥന്മാരുടേയും ഒരു ആക്ടിംഗ് ഉദ്യോഗസ്ഥൻേറയും പേർ കൊടുത്തിട്ടുണ്ട്.

മി. എസ്സ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും, തെക്ക): സിവിൽലിസ്റ്റിലെ ഒന്നാം പുറത്തു കൊടുത്തിട്ടുള്ള ഉദ്യോഗസ്ഥന്മാരെക്കൂടാതെ, ഡിസ്ത്രിക്ട് സൂപ്രണ്ടന്മാരുടെ ഗ്രേഡിലും സ്ഥാനക്രമത്തിലുമുള്ള വേറെ ഏതെങ്കിലും ഉദ്യോഗസ്ഥന്മാർ ഉണ്ടോ?

മി. കെ. ജാർജ് (ഗവണ്മെൻറ ചീഫ് സെക്രട്ടറി): പ്രസ്തുത സിവിൽലിസ്റ്റിൽ കൊടുത്തിട്ടുള്ളതു് ൧൧൩൦ ചിങ്ങം ൧-നു-ഉള്ള ഉദ്യോഗസ്ഥന്മാരുടെ പേരുകൾ ആകുന്നു.

മി. എസ്സ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും, തെക്ക): ആ തീയതിയിൽ മറ്റെതെങ്കിലും ഉദ്യോഗസ്ഥന്മാർ ഉണ്ടായിരുന്നോ?

മി. കെ. ജാർജ് (ഗവണ്മെൻറ ചീഫ് സെക്രട്ടറി): ഇല്ല.

മി. എസ്സ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും, തെക്ക): പരസ്പരസഹായസംഘങ്ങളുടെരജിസ്ത്രാരും, പൊലീസ് ഡിസ്ത്രിക്ട് സൂപ്രണ്ടിന്റെ ഗ്രേഡിലും സ്ഥാനക്രമത്തിലുമുള്ള ഉദ്യോഗസ്ഥനല്ലയോ?

മി. കെ. ജോർജ് (ഗവണ്മെൻറ ചീഫ് സെക്രട്ടറി): ആദ്യം അദ്ദേഹവും ലിസ്റ്റിൽ ഉണ്ടായിരുന്നു; എന്നാൽ ഇപ്പോൾ അദ്ദേഹം പൊലീസു ഉദ്യോഗസ്ഥന്മാരുടെ സംസ്ഥാപനത്തിലുൾപ്പെടുന്നില്ല.

മി. എസ്സ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്ക): സിവിൽലിസ്റ്റിൽ ആകാലത്തു അദ്ദേഹത്തിന്റെപേരു പൊലീസു ഡിസ്ത്രിക്ട് സൂപ്രണ്ടന്മാരുടെ ഗ്രേഡിലും, സ്ഥാനക്രമത്തിലും ഉൾപ്പെടുത്തിയിരുന്നുവോ?

മി. കെ. ജാർജ് (ഗവണ്മെൻറ ചീഫ് സെക്രട്ടറി): ഡിസ്ത്രിക്ട് സൂപ്രണ്ടന്മാരുടെ ഗ്രേഡിൽ അദ്ദേഹം ഉൾപ്പെട്ടിരുന്നപ്പോൾ അദ്ദേഹത്തിന്റെപേരും നിശ്ചയമായിട്ടും അതിൽ ഉണ്ടായിരുന്നിരിക്കണമല്ലോ?

മി. എസ്സ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്ക): എന്റെ ചോദ്യം, പൊലീസ് ഡിസ്ത്രിക്ട് സൂപ്രണ്ടന്മാരുടെ ഗ്രേഡിലും സ്ഥാനക്രമത്തിലുമുള്ള എല്ലാ ഉദ്യോഗസ്ഥന്മാരുടേയും പേരുകളെ സംബന്ധിച്ചവിവരം ലഭിക്കണമെന്നാകുന്നു.

ഡെപ്യൂട്ടിപ്രസിഡണ്ട്: മററു ഡിപ്പാർട്ടുമെൻറിലുള്ള ഉദ്യോഗസ്ഥന്മാരുടേയും പേരുകൾ നിങ്ങൾ ആവശ്യപ്പെടുന്നുണ്ടോ?

മി. എസ്സ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും, തെക്ക): നിശ്ചയമായിട്ടും, സാർ, ഞാൻ ഒരു പ്രത്യേക ഡിപ്പാർട്ടുമെൻറിനേയും എന്റെ ചോദ്യത്തിൽ നിർദ്ദേശിച്ചിട്ടില്ല. പൊലീസ് ഡിസ്ത്രിക്ട്സൂപ്രണ്ടന്മാരുടെ ഗ്രേഡിലും സ്ഥാനക്രമത്തിലുമുള്ള എല്ലാ ഉദ്യോഗസ്ഥന്മാരുടേയും പേരുകൾ ആകുന്നു ഞാൻ ആവശ്യപ്പെട്ടതു്.

മി. കെ. ജോർജ് (ഗവണ്മെൻറ ചീഫ് സെക്രട്ടറി): പരസ്പരസഹായസംഘം രജിസ്ത്രാർ ആ സംസ്ഥാപനത്തിൽ ഉൾപ്പെട്ടിട്ടില്ലെങ്കിലും അദ്ദേഹം പൊലീസു ഡിസ്ത്രിക്ട് സൂപ്രണ്ടന്മാരുടെ ഗ്രേഡിലും സ്ഥാനക്രമത്തിലും തന്നെയാകുന്നു.

മി. എസ്സ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്ക): അദ്ദേഹവും ഈ നിലയിലുള്ള ഒരു ഉദ്യോഗസ്ഥൻ ആണോ എന്നു് അറിയാൻ എനിക്കു ആഗ്രഹമുണ്ട്.

മി. കെ. ജോർജ് (ഗവർണ്മെന്റു ചീഫ് സെക്രട്ടറി): ഇല്ല. അദ്ദേഹത്തിനെ ഈ നിലയിൽ ഗണിച്ചിട്ടില്ല.

മി. എസ്സ്. ചിറവിളപ്പുത്തൻമാധവൻപിള്ള (കച്ചവടവും വ്യവസായവും, തെക്ക): അപ്പോൾ എന്നോടുനോക്കിത്തുള്ളവൻ പറഞ്ഞ ൫-ാം പദം, എല്ലാവരുടേയും പേരുകൾ ഉൾപ്പെട്ടിട്ടില്ലാത്തതുകൊണ്ടു അപൂർണ്ണമായിട്ടുള്ളതാണ്.

മി. കെ. ജോർജ് (ഗവർണ്മെന്റു ചീഫ് സെക്രട്ടറി). എല്ലാ ഉദ്യോഗസ്ഥന്മാരുടേയും പേരുകൾ അവിടെ കൊടുത്തിട്ടുണ്ട്.

മി. എസ്സ് ചിറവിളപ്പുത്തൻമാധവൻപിള്ള (കച്ചവടവും വ്യവസായവും, തെക്ക): ഇല്ല. സർ. പൊലീസ് ഡിസ്ട്രിക്ട് സൂപ്രണ്ടന്മാരുടെ ഗ്രേഡിലും സ്ഥാനക്രമത്തിലുമുള്ള എല്ലാ ഉദ്യോഗസ്ഥന്മാരുടേയും പേരുകൾ ഞാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

ഡെപ്യൂട്ടി പ്രസിഡണ്ട്: നിങ്ങളുടെ ഉദ്ദേശം വ്യക്തമാകുന്നില്ല.

ദർബാർഫിസിഷ്യന്റെ പരിശോധനാജോലി.

൪൩. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്):

(എ) (എ) ൧൧൨൦-ൽ ദർബാർഫിസിഷ്യന്റെ അധികാരത്തിലുണ്ടായിരുന്ന പലപ്രകാരത്തിലുള്ള ഏതെല്ലാം സ്ഥാപനങ്ങൾ അദ്ദേഹം പരിശോധിച്ചിട്ടുണ്ടെന്നും,

(ബി) ഓരോ സ്ഥാപനവും പരിശോധിച്ചതു ഏതു തീയതിയിലാണെന്നും,

(സി) ഗവർണ്മെന്റിലേയ്ക്കു സമർപ്പിച്ചിട്ടുള്ള പരിശോധനാറിപ്പോർട്ടുകളുടെ സംഖ്യ എത്രയെന്നും,

(ഡി) ഈ റിപ്പോർട്ടുകൾ ഗവർണ്മെന്റിലേയ്ക്കു സമർപ്പിച്ചതു ഏതു തീയതികളിലാണെന്നും,

(ഇ) ദർബാർഫിസിഷ്യന്റെ കൃത്യം വഹിച്ചുകൊണ്ടിരിക്കെ ൧൧൨൦-ൽ അദ്ദേഹം ക്യാമ്പിൽ ഇരുന്നിട്ടുള്ള ദിവസങ്ങൾ എത്രയെന്നും,

(എഫ്) ദർബാർഫിസിഷ്യന്റെ കൃത്യം വഹിച്ചുകൊണ്ടിരിക്കെ, അദ്ദേഹം ചിറയിൻകീഴ്, കോട്ടയം, പുതുപ്പള്ളി എന്നീ സ്ഥലങ്ങളിൽ എത്രദിവസം താമസിച്ചിട്ടുണ്ടെന്നും ഉള്ള വിവരങ്ങളുടെ ഒരു പട്ടിക തരുവാൻ ഗവർണ്മെന്റിനു ദയവുണ്ടാകുമോ?

(ജി) ഈ പരിശോധനാവസരങ്ങളിൽ, ആ സ്ഥാപനങ്ങളിലുള്ള രോഗികളേയും അവരുടെ ചികിത്സയെ സംബന്ധിച്ച കണക്കുകളും നോട്ടുകളും പരിശോധിക്കുകയും അവരുടെസംഖ്യ ശരിയാണോ എന്നു നോക്കുകയും ചെയ്തിട്ടുണ്ടോ എന്നും അപ്രകാരം നടത്തിയ പരിശോധനകളുടെ ഫലങ്ങൾ എല്ലാം ഗവർണ്മെന്റിലേക്കു സമർപ്പിച്ച റിപ്പോർട്ടുകളിൽ സംയോജിപ്പിച്ചിട്ടുണ്ടോ എന്നും പറയുന്നതിനു ഗവർണ്മെന്റിനു ദയവുണ്ടാകുമോ?

മി. കെ. ജോർജ് (ഗവർണ്മെന്റു ചീഫ്സെക്രട്ടറി):

(എ) (എ)യും (ബി)യും (ഡി)യും ആവശ്യപ്പെട്ട വിവരങ്ങൾഅടങ്ങിയ ഒരു ലിസ്റ്റ് മേശപ്പുറത്തിട്ടിരിക്കുന്നു.

(സി) ൬൧.

(ഇ) ആറ്റിങ്ങൽ, വർക്കല, കൊല്ലം, നാഗർകോവിൽ, പീരുമേട് എന്നീ സ്ഥലങ്ങളിൽ കൊട്ടാരം സംബന്ധിച്ച ജോലിയായിരിക്കയുള്ള ദിവസങ്ങൾ ൩൧.

(എഫ്) ചിറയിൻകീഴ്—ചിറയിൻകീഴിനും വർക്കലകൊട്ടാരത്തിനും മദ്ധ്യേ ൨ ദിവസം. കോട്ടയവും പുതുപ്പള്ളിയും—ആഫീസ്സംബന്ധമായ ജോലിനോക്കുന്നതിനു ൧൯ ദിവസം. വടക്കൻസർക്ക്യൂട്ടിൽ പ്രധാനതാമസസ്ഥലം കോട്ടയമായിരുന്നു. ഏതാനുംദിവസം പുതുപ്പള്ളിയിലും താമസിച്ചിട്ടുണ്ടു. ഈ സ്ഥലത്തിനു കോട്ടയത്തുനിന്നും ൩ മൈൽമാത്രം ദൂരമായതുകൊണ്ടു പുതുപ്പള്ളിയിൽ എത്ര ദിവസം താമസിച്ചു എന്നു ക്ളിപ്തമായി പറവാൻസാധിക്കുന്നതല്ല.

(ജി) രോഗികളേയും രോഗാതുരരായവരെ സംബന്ധിച്ച നോട്ടുകളേയും പരിശോധിക്കുകയും സ്ഥാപനങ്ങളിലെ തൊഴിൽസംബന്ധമായ ജോലികളെപ്പററിയുള്ള അഭിപ്രായങ്ങൾ ആവശ്യമുള്ളതുപോലെ റിപ്പോർട്ടുകളിൽ രേഖപ്പെടുത്തുകയുംചെയ്തിട്ടുണ്ട്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഉപചോദ്യം (സി)യും (ഡി)യും; ഭാഗങ്ങൾസംബന്ധിച്ചു ഗവർണ്മെന്റിനു സമർപ്പിച്ച ഈ റിപ്പോർട്ടുകളോടൊന്നിച്ചയച്ച ലററുകളുടെ നമ്പരും തീയതിയും ഏതെല്ലാമെന്നുപറയുവാൻ മെമ്പർക്കു ദയവുണ്ടാകുമോ?

മി. കെ. ജോർജ് (ഗവർണ്മെന്റു ചീഫ്സെക്രട്ടറി): ഇപ്പോൾ ആ വിവരങ്ങൾ പറവാൻ നിവൃത്തിയില്ല; ശേഖരിക്കേണ്ടതായിട്ടാണിരിക്കുന്നതു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഉപചോദ്യം (എഫ്) ഭാഗത്തെസംബന്ധിച്ച് ദർബാർഫിസിഷ്യൻ പുതുപ്പള്ളിയിൽ താമസിച്ച ദിവസങ്ങളുടെ എണ്ണം ഏകദേശം എത്രയെന്ന് മെമ്പർ എന്നെ അറിയിക്കുമോ?

മി. കെ. ജോർജ് (ഗവർണ്മെന്റു ചീഫ്സെക്രട്ടറി): അതിനുള്ള ഉത്തരം അവിടെത്തന്നെയുണ്ട്.

തിരുവനന്തപുരം കടൗണിലെ മലംമാററുക.

൪൧. മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും):

(എ) തിരുവനന്തപുരം മുൻസിപ്പൽകൌൺസിലിൽനിന്നും മലം നീക്കംചെയ്യുന്ന ആവശ്യത്തെ പുരസ്കരിച്ചു രണ്ടു മോട്ടോർ ലോറികൾ വാങ്ങിക്കേണ്ടതാണെന്നുകാണിച്ച് നിർദ്ദേശങ്ങൾ ഗവർണ്മെന്റിനു കിട്ടിയിട്ടുണ്ടോഎന്നും ഉണ്ടെങ്കിൽ അതു കിട്ടിയ തീയതി എന്നാണെന്നും അതിന്മേൽ നടത്തിയ നടപടികൾ എന്താണെന്നും പറയുവാൻ ഗവർണ്മെന്റിനു ദയവുണ്ടാകുമോ?

(ബി) കടൗണിലെ ആവശ്യങ്ങൾക്കു ഇപ്പോഴുള്ള തൊട്ടികൾ മതിയാവുന്നതാണോഎന്നും, അമേധ്യമെടുത്തു നീക്കംചെയ്തു വ്യവസ്ഥാപിക്കുന്നതിൽ ഏതെങ്കിലും പരിഷ്കാരങ്ങൾ പ്രസ്തുതവർഷത്തിൽ പ്രയോഗത്തിൽ കൊണ്ടുവന്നിട്ടുണ്ടോഎന്നും കാണിക്കുന്ന ഒരു റിപ്പോർട്ടു ചോദിച്ചുവരുത്തി മേശപ്പുറത്തിടുവാൻ ദയവുണ്ടാകുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെന്റ സെക്രട്ടറി):

(എ) ഉണ്ട്. ൧൧൨൫ ആഗസ്റ്റ് മാസം ൩-ാം൹. സ്കീമിന്റെ സാമ്പത്തികവശത്തെപ്പറ്റിയുള്ള കൂടുതൽ വിവരങ്ങൾ അറിയുന്നതിന കൌൺസിലിനോട ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) ആ സംഗതിയെസംബന്ധിച്ച തിരുവനന്തപുരം മുനിസിപ്പൽ കൌൺസിൽ പ്രസിഡണ്ടിന്റെ റിപ്പോർട്ടിന്റെ ഒരു പകർപ്പ് മേശപ്പുറത്തിട്ടിരിക്കുന്നു.

നിലയ്ക്കാമുക്ക്—കോഴിത്തോട്ടം റോഡ്.

൯൮. മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും):

(എ) (എ) നിലയ്ക്കാമുക്കിൽനിന്നും കോഴിത്തോട്ടം വരെ ഒരു റോഡില്ലാത്തതുനിമിത്തം സ്ഥലത്തെ ജനങ്ങൾക്കും കച്ചവടക്കാർക്കും വളരെ കഷ്ടപ്പാടുണ്ടെന്നും,

(ബി) മഴക്കാലത്ത് ഒരു പാലം ഇല്ലാത്തതിനാൽ അവർക്ക് വളരെ അസൗകര്യങ്ങളും ബുദ്ധിമുട്ടുകളും ഉണ്ടാകുന്നുണ്ടെന്നും ഗവർമ്മെന്റിനു അറിയാമോ?

(2) മറുപടി പ്രതികൂലമല്ലെങ്കിൽ ആ സംഗതിയെപ്പറ്റി അന്വേഷണങ്ങൾ നടത്തി, അവരുടെ സങ്കടപരിഹാരത്തിനാവശ്യമുള്ള കാര്യങ്ങൾ കൂട്ടി പ്രവർത്തിക്കുവാൻ ഗവർമ്മെന്റിനു ദയവുണ്ടാകുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെന്റ സെക്രട്ടറി): ൧ഉം ൨ഉം ഗവർമ്മെന്റിനു അതിനെപ്പറ്റി യാതൊരറിവുമില്ല. അതുസംബന്ധിച്ച അന്വേഷണങ്ങൾ നടത്തുന്നതാണ്.

നാഗർകോവിലിലെ ഡിസ്റ്റിലറി കൺട്രാക്ട്.

൯൯. മി. എം. ശിവതാണുപിള്ള (തോവാള):

(എ) നാഗർകോവിൽ ഡിസ്റ്റിലറിയിലെ ഇപ്പോഴത്തെ കൺട്രാക്ടർ ആരാണെന്നും,

(ബി) അദ്ദേഹം തിരുവിതാംകൂർകാരനാണോ എന്നും അദ്ദേഹം മേല്പ്രസ്താവിച്ച ഡിസ്റ്റിലറിയിലെ കൺട്രാക്ടരായിട്ട് ഇപ്പോൾ എത്രകാലമായിട്ടുണ്ടെന്നും,

(സി) ൧൧൦൧-ലോ ൧൧൦൨-ലോ മേല്പറഞ്ഞ ഡിസ്റ്റിലറിയിലെ കൺട്രാക്ടർക്ക് എതിരായി വേറെ ഏതെങ്കിലും കൺട്രാക്ടർമാർ ഉണ്ടായിരുന്നോ എന്നും ഉണ്ടായിരുന്നു എങ്കിൽ അവർ ആരായിരുന്നു എന്നും അവരുടെ അപേക്ഷകളെപ്പറ്റി തീർച്ചചെയ്തത് എങ്ങിനെയെന്നും,

(ഡി) അതുസംബന്ധിച്ചുള്ള നടപടികൾ ലേലംമൂലമാണോ അതോ രഹസ്യമായ സന്ധിസംഭാഷണം മൂലമാണോ നിർവ്വഹിക്കപ്പെട്ടതെന്നും,

(ഇ) ഇപ്പോഴത്തെ കൺട്രാക്ടർക്ക ഗവർമ്മെന്റിൽനിന്നും ഏതെങ്കിലും തുക വായ്പ കൊടുത്തിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ എത്രയെന്നും എപ്പോൾ എന്നും,

(എഫ്) അപ്രകാരം കടം കൊടുക്കുന്നതിനുമുമ്പ് അദ്ദേഹത്തിന്റെ ധനസ്ഥിതിയെപ്പറ്റി ഗവർമ്മെന്റ അന്വേഷണം നടത്തിയിട്ടുണ്ടോ എന്നും പറയുവാൻ ഗവർമ്മെന്റിനു ദയവുണ്ടാകുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെന്റ സെക്രട്ടറി):

(എ) നാടാർ എസ്റ്റേറ്റിലെ റിസീവർമാരും മാനേജർമാരും.

(ബി) ചോദ്യത്തിലെ ആദ്യഭാഗത്തിനുള്ള ഉത്തരം പ്രതിഷേധരൂപത്തിലാണ്. ൧൧൦൦ ആരംഭം മുതൽ

(സി) ൧൧൦൦-ലേക്ക പ്രത്യേകമായ കൺട്രാക്ട് ഉണ്ടായിരുന്നില്ല. ൧൧൦൧ മുതൽ ആരംഭിക്കുന്ന രണ്ടു വർഷത്തിലേക്കുള്ള കാൺട്രാക്ടിനെസംബന്ധിച്ച വിവരത്തിനു ൧൧൦൨ നവംബർ ൨൨-ാം൹ മിസ്റ്റർ ടി. കുമാരപിള്ള ചോദിച്ച ൯൦-ാം നമ്പർ ചോദ്യത്തിനു കൊടുത്തിട്ടുള്ള (ഡി) ഭാഗം ഉത്തരം മെമ്പർ നോക്കേണ്ടതാകുന്നു. അതിൽ പ്രസ്താവിച്ചിട്ടുള്ള ആളുകൾക്കുപുറമെ തിരുവിതാംകൂർ ഷുഗർ കമ്പനി മാനേജിംഗ് ഏജന്റന്മാരും അപേക്ഷിച്ചിട്ടുണ്ടായിരുന്നു. അവരുടെ നിരക്കുകൾ സ്വീകരിക്കപ്പെട്ട ടെൻഡററുടെ നിരക്കിനേക്കാൾ കൂടുതലായിരുന്നതിനാൽ അവരുടെ അപേക്ഷകൾ തിരസ്കരിക്കപ്പെട്ടു.

(ഡി) ഗവർമ്മെന്റ സാധാരണ പരസ്യംമൂലം ടെൻഡറന്മാരെ ക്ഷണിക്കുകയാണ് ചെയ്തത്.

(ഇ) ചോദ്യത്തിലെ ആദ്യഭാഗത്തിനുള്ള മറുപടി നിഷേധരൂപത്തിലാണ്. അതുകൊണ്ട രണ്ടാംഭാഗത്തിനു അവകാശം ഉണ്ടാകുന്നില്ല.

(എഫ്) 'ഇ' ഭാഗത്തിനുള്ള ഉത്തരം നോക്കുന്നതായാൽ ഈ കാര്യം ഉത്ഭവിക്കുന്നില്ല.

മി. എം. ശിവതാണുപിള്ള (തോവാള): നാടാന്മാരുടെ എസ്റ്റേറ്റിലെ റിസീവർമാരും മാനേജർമാരും ആയി ഇവിടെ പ്രസ്താവിച്ച ആളുകളുടെ പേരുകൾ എന്തെല്ലാമാണെന്ന എന്നെ അറിയിക്കുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെന്റ സെക്രട്ടറി): പ്രേസറും റോസ്സ് സി. ഐ. ഇ.

മി. എം. ശിവതാണുപിള്ള (തോവാള): കൺട്രാക്ടറന്മാരായ നാടർസ് എസ്റ്റേറ്റ റിസീവർമാർക്കും മാനേജർമാർക്കും കൺട്രാക്ട് കൊടുക്കുന്നതിനുമുമ്പ അവരുടെ ധനസ്ഥിതിയെപ്പറ്റിയോ മറ്റൊ ഗവർമ്മെന്റ അന്വേഷിക്കയുണ്ടായോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെന്റ സെക്രട്ടറി): ഉണ്ട്. ഗവർമ്മെന്റിനു അവരുടെ ധനസ്ഥിതിയെപ്പറ്റി തൃപ്തി തോന്നിട്ടുണ്ട്.

മി. എം. ശിവതാണുപിള്ള (തോവാള): ഈ കൺട്രാക്ടറന്മാരുടെ കാര്യത്തിൽ ഏതെങ്കിലും അപരാധങ്ങൾ ഉണ്ടെങ്കിൽ അതിനു ഉത്തരവാദിയാകുന്നതാരാണ്?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെന്റ സെക്രട്ടറി): ആ ചോദ്യം കല്പിതമായിട്ടുള്ളതാണ്.

മി. എം. ശിവതാണുപിള്ള (തോവാള): ഈ കൺട്രാക്ടിലുള്ള ഏതു ദോഷത്തിനും റിസീവർമാരും മാനേജർമാരും ഉത്തരവാദികളാണോ?

ഡെപ്യൂട്ടിപ്രസിഡണ്ട്: ഇതു നിയമസംബന്ധമായ ഒരു ചോദ്യമാണ്. അതുസംബന്ധിച്ചുള്ള അഭിപ്രായം വക്കീലന്മാരിൽനിന്നും അറിയേണ്ടതാകുന്നു.

മി. എം. ശിവതാണുപിള്ള (തോവാള): ഈ കൺട്രാക്ടറന്മാർ എത്രകാലമായി ഈ കൺട്രാക്ട് തന്നെ നടത്തിവരുന്നുവെന്ന് എന്നെ അറിയിക്കുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെന്റ സെക്രട്ടറി): അതു പറഞ്ഞിട്ടുണ്ട്. ഈ കൺട്രാക്ട് ൧൧൨൭ മുതൽ ആരംഭിക്കുന്നു.

മി. എം. ശിവതാണുപിള്ള (തോവാള): ൧൧൨൭-നുമുമ്പ് ഈ കൺട്രാക്ട് അവർക്കു കൊടുത്തിട്ടില്ലെന്നു ഞാൻ ധരിച്ചുകൊള്ളട്ടയോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെന്റ സെക്രട്ടറി): ഇപ്പോഴത്തെ കൺട്രാക്ട് അവർക്കു കൊടുക്കുന്നതു ൧൧൨൭-ൽ മാത്രമാകുന്നു.

മി. എം. ശിവതാണുപിള്ള (തോവാള): അവർ കൺട്രാക്ട് എടുത്തിട്ടുള്ളതു ആദ്യമായിട്ട് ഇപ്പോളാണോ എന്ന് എന്നെ അറിയിക്കുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെന്റ സെക്രട്ടറി): അല്ല.

മി. എം. ശിവതാണുപിള്ള (തോവാള): അവർ എത്രകാലമായി ഈ കൺട്രാക്ട് നടത്തിക്കൊണ്ടിരിക്കുന്നുവെന്ന് എന്നെ അറിയിക്കുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെന്റ സെക്രട്ടറി): ഇപ്പോൾ അതു സംബന്ധിച്ചുള്ള വിവരം സാധിനത്തിലില്ല.

മി. എം. ശിവതാണുപിള്ള (തോവാള): ഈ കൺട്രാക്ടറന്മാരാണ് കൺട്രാക്ടിൽ കുറഞ്ഞ തുകയ്ക്കു വിളിച്ചെടുത്തതെന്ന് ഞാൻ മനസ്സിലാക്കാമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെന്റ സെക്രട്ടറി): ഉത്തരം മറുപടിപറഞ്ഞിട്ടുണ്ട്.

മി. എം. ശിവതാണുപിള്ള (തോവാള): ഒരു വിദേശിയനെ അപേക്ഷിച്ചു ഒരു നാട്ടുകാരനെ കൂടുതലായി സ്വീകരിക്കേണ്ടതാണെന്നുള്ള അഭിപ്രായം ഗവർണ്മെന്റിനുണ്ടോ എന്ന് എന്നെ അറിയിക്കുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെന്റ സെക്രട്ടറി): അതു അഭിപ്രായത്തെ സംബന്ധിച്ച ഒരു സംഗതിയാണ്. അതിനെ ഒരു സ്വയമേ ഉള്ള ചോദ്യമായോ ഉപചോദ്യമായോ ഗണിച്ചു മറുപടി പറയുവാൻ സാധിക്കുന്നതല്ല.

മി. എം. ശിവതാണുപിള്ള (തോവാള): തിരുവിതാംകൂർ പഞ്ചസാരക്കമ്പനി ക്ലിപ്തം മാനേജിംഗ് ഏജന്റും, മെസ്സേർസ് കുണ്ണയ്യർ ആൻഡ് കമ്പനിയും നൽകിയ റേറ്റ്സ് എന്താണെന്ന് എന്നെ അറിയിക്കാമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെന്റ സെക്രട്ടറി): വാറ്റാത്ത ചാരായത്തിന് മെസ്സേർസ് കുണ്ണയ്യർ കമ്പനി കൊടുക്കാമെന്നു പറഞ്ഞ നിരക്ക് ഗ്യാലൻ ഒന്നിന് ൨ ബ്രി. രൂ. ൧൦ അണയും, തിരുവിതാംകൂർ പഞ്ചസാരക്കമ്പനി ക്ലിപ്തം മാനേജിംഗ് ഏജന്റ കൊടുക്കാമെന്നു പറഞ്ഞതു ഗ്യാലൻ ഒന്നിനു ൨ ബ്രി. രൂപ ൩ അണ ൭ പൈസയും ആകുന്നു. വാറ്റിയ ചാരായത്തിനു മെസ്സേർസ് കുണ്ണയ്യർ ആൻഡ് കമ്പനിക്കാർ കൊടുക്കാൻ നിശ്ചയിച്ച നിരക്ക് ഗ്യാലൻ ഒന്നിനു ൩ ബ്രി. രൂപ ൩ അണയും, തിരുവിതാംകൂർ പഞ്ചസാരക്കമ്പനി ക്ലിപ്തം മാനേജിംഗ് ഏജണ്ടന്മാർ ഗ്യാലനൊന്നിന് ൩ ബ്രി. രൂപയും ൧ അണയും ആകുന്നു.

മി. എം. ശിവതാണുപിള്ള (തോവാള): ഇപ്പോഴത്തെ കൺട്രാക്റ്റർ മേടം വിളിച്ചെടുത്തിട്ടുള്ളതു എങ്ങിനെയാണ്?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെന്റ സെക്രട്ടറി): നിരക്കു ൧൦ ൨ രൂപ ൭ അണ ൩ പൈസയും; ൭ രൂപ ൫ അണയും ആകുന്നു.

വാറ്റു ചാരായം, വാറ്റാത്ത ചാരായത്തിന്റെ കൺട്രാക്ടിനോടുകൂടി പോകേണ്ടതു ആവശ്യമാകുന്നു.

മി. എം. ശിവതാണുപിള്ള (തോവാള): തിരുവിതാംകൂർ പഞ്ചസാരക്കമ്പനി ക്ലിപ്തം മാനേജിംഗ് ഏജന്റന്മാർ; മെസ്സേർസ് കുണ്ണയ്യർ ആൻഡ് കമ്പിനി, പ്രേസർ ആൻഡ് റോസ് എന്നിവക്കു പുറമേ മററു കൺട്രാക്ടറന്മാർ ആരും ഇല്ലായിരുന്നുവോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെന്റ സെക്രട്ടറി): മെസ്സേർസ് കുണ്ണയ്യർ ആൻഡ് കമ്പിനി, തിരുവിതാംകൂർ പഞ്ചസാരക്കമ്പനി ക്ലിപ്തം, മാനേജിംഗ് ഏജന്റസ്; പ്രേസർ ആൻഡ് റാസ്, സി. എ. എന്നീ മൂന്നു ടെൻഡറന്മാർമാത്രമേ കൺട്രാക്ടിനുണ്ടായിരുന്നുള്ളു.

മി. എം. ശിവതാണുപിള്ള (തോവാള): നാടാർ എസ്റ്റേററിലെ റിസീവർമാരിൽ നിന്നും മാനേജർമാരിൽ നിന്നും ഏതെങ്കിലും ജാമ്യമുറുക ഈടാക്കീട്ടുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെന്റ സെക്രട്ടറി): ആ ചോദ്യത്തിന് ഇവിടെ അവകാശമില്ലെന്ന് ഞാൻ അറിയിച്ചുകൊള്ളുന്നു. എന്നാലും ഒരു ഉടമ്പടി എഴുതിവെപ്പിച്ചിട്ടുണ്ടെന്ന് ഞാൻ പറഞ്ഞുകൊള്ളട്ടെ. ആ ഉടമ്പടി എന്റെ കൈവശം ഇല്ല അതുകൊണ്ടു ഇപ്പോൾ ആ ചോദ്യത്തിനു ഉത്തരം പറയുന്നതിനു എനിക്കു സാധിക്കുന്നതല്ല.

ഡെപ്യൂട്ടിപ്രസിഡണ്ട്: ഇപ്പോൾ ആ ചോദ്യത്തിനു മറുപടിപറയത്തക്ക സ്ഥിതി മെംബർക്ക് ഇല്ല. അതിനു പുറമേ അതിന് അവകാശവും ഉണ്ടാകുന്നില്ല.

മി. എം. ശിവതാണുപിള്ള (തോവാള): ജാമ്യത്തെപ്പററി ആ ചോദ്യത്തിൽ ഒന്നുംതന്നെ പറഞ്ഞിട്ടില്ല.

മി. എം. ശിവതാണുപിള്ള (തോവാള): നാടാർ എസ്റ്റേററിലെ റിസീവർമാരും, മാനേജർമാരും അവരുടെ ഭാഗത്തിലുള്ള മോഷത്തിനു ഉത്തരവാദികളായിത്തീരുന്നതാണെന്നുള്ള അഭിപ്രായം ഗവർണ്മെന്റിനുണ്ടോ എന്ന് എനിക്കു അറിഞ്ഞാൽ കൊള്ളാം.

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെന്റ സെക്രട്ടറി): വ്യവസ്ഥിതമായ നിയമമനുസരിച്ചു അഭിപ്രായപ്രകടനത്തിനായിട്ടാവശ്യപ്പെടാവുന്നതല്ലെന്ന് ഞാൻ പറഞ്ഞിട്ടുണ്ട്.

ശുചീന്ദ്രംസെക്ഷനിലെ ജലസേചനം സംബന്ധിച്ച ഉദ്യോഗസ്ഥന്മാരുടെ വാസസ്ഥലം.

൫൦൦. മി. എം. ശിവതാണുപിള്ള (തോവാള):

(എ) അഗസ്തീശ്വരം താലൂക്കിലെ കൃഷീവലന്മാരിൽ ഏതാനും ആളുകൾ, ശുചീന്ദ്രംസെക്ഷനിലെ ഇറിഗേഷനിലെ ഇറിഗേഷൻ ആഫീസരുടെ താമസം ശുചീന്ദ്രത്തുള്ള നിരോധിക്കപ്പെട്ട അതിർത്തിക്കകത്താകയാൽ, അദ്ദേഹത്തെ സന്ദർശിക്കുന്ന സംഗതിയിൽ അനുഭവിച്ചുപോരുന്ന ബുദ്ധിമുട്ടിനെപ്പറ്റി അറിവുണ്ടോ എന്നും.

(ബി) "ട്രാവൻകൂർടൈമ്സ്" എന്ന പത്രത്തിൽ ഇതു സംബന്ധിച്ച് എഴുതിയിരുന്ന ലേഖനം ശ്രദ്ധിച്ചുവോ എന്നും ആ ബുദ്ധിമുട്ടിനെ പരിഹരിക്കുവാനായി എന്തെങ്കിലും ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നും പറയുവാൻ ഗവർണ്മെന്റിനു ദയവുണ്ടാകുമോ?

മി. കെ. ജോർജ്ജ് (ഗവർണ്മെന്റുചീഫ്സെക്രട്ടറി): (എ). ഇല്ല. സെക്ഷൻ ആഫീസ് സ്ഥാപിച്ചിട്ടുള്ളത് നാഗരുകോവിൽനിന്നും കന്യാകുമാരിയിലേക്കു പോകുന്ന രാജപാതയുടെ പാർശ്വത്തിലുള്ള ഒരു വാടകക്കെട്ടിടത്തിലാണ്. അവിടെ എല്ലാ ജനങ്ങൾക്കും പ്രവേശിക്കാവുന്നതുമാകുന്നു.

(ബി) മറുപടി നിഷേധരൂപത്തിലാണ്.

മി. എം. ശിവതാണുപിള്ള (തോവാള): അഗസ്തീശ്വരം താലൂക്കിൽ ശുചീന്ദ്രംസെക്ഷനിലുള്ള കൃഷിക്കാർ ജലസേചനം സംബന്ധിച്ച കാര്യങ്ങൾക്കായി സെക്ഷൻആഫീസരെ കൂടക്കൂടെ കാണേണ്ടതായിട്ടുണ്ടെന്നുള്ള വിവരം ഗവർണ്മെന്റിനു അറിയാമോ എന്ന് എന്നെ അറിയിക്കുമോ?

മി. ജോർജ്ജ് (ഗവർണ്മെന്റുചീഫ്സെക്രട്ടറി): അപ്രകാരമായിരിക്കാം.

മി. എം. ശിവതാണുപിള്ള (തോവാള): കൃഷിക്കാരിൽ ഏതാനും പേർക്കു പ്രവേശിക്കുവാൻ അനുവാദം ഇല്ലാത്ത ശുചീന്ദ്ര ഗ്രാമത്തിലാണ് സെക്ഷനാഫീസരുടെ വാസസ്ഥലം എന്നുള്ള വിവരം ഗവർണ്മെന്റിനു അറിവുണ്ടോ എന്ന് എന്നെ അറിയിക്കുമോ?

മി. കെ. ജോർജ് (ഗവർണ്മെന്റു ചീഫ്സെക്രട്ടറി): എന്നാൽ അദ്ദേഹത്തിന്റെ ആഫീസ് ഗ്രാമത്തിനു വെളിയിലാണ് അദ്ദേഹം വെച്ചുകൊണ്ടിരിക്കുന്നതു. കൃഷിക്കാർ അദ്ദേഹത്തെ അവിടെ ചെന്നു കാണാവുന്നതാണ്.

മി. എം. ശിവതാണുപിള്ള (തോവാള): സെക്ഷൻ ആഫീസർ ആഫീസിൽ എല്ലായ്പോഴും കാണപ്പെടേണ്ടതാണെന്നാണോ ഞാൻ മനസ്സിലാക്കേണ്ടതു?

മി. കെ. ജോർജ്ജ് (ഗവർണ്മെന്റു ചീഫ്സെക്രട്ടറി): എല്ലായ്പോഴും കാണണമെന്നില്ല. അദ്ദേഹം ആഫീസുനടത്തുമ്പോൾ കൃഷിക്കാർ അദ്ദേഹത്തെ കാണുവാൻ പോകണം.

മി. എം. ശിവതാണുപിള്ള (തോവാള): കൃഷിക്കാർക്കു സെക്ഷനാഫീസരെ കാണേണ്ടതായ ആവശ്യം നേരിട്ടപ്പോൾ അദ്ദേഹത്തെ കാണ്മാൻ സാധിക്കുന്നില്ലെന്നുള്ള പരാതി കൃഷിക്കാർ ചീഫ് എൻജിനീയർക്കു കൊടുത്തിട്ടുണ്ടോ?

മി. കെ. ജോർജ്ജ് (ഗവർണ്മെന്റു ചീഫ്സെക്രട്ടറി): ആ ചോദ്യം ഒരു ഉപചോദ്യം ആകുന്നതല്ല.

മി. എം. ശിവതാണുപിള്ള (തോവാള): സർ, ഈ ചോദ്യത്തിനു അവകാശമുണ്ടാകുന്നില്ലെന്ന് മെമ്പർക്കു സ്വന്തമായി അഭിപ്രായപ്പെടാവുന്നതാണോ എന്ന് വ്യവസ്ഥിതമായ ഒരു നിയമം നിർമ്മിക്കേണ്ടതാണെന്ന് ഞാൻ നിങ്ങളോടു ആവശ്യപ്പെട്ടുകൊള്ളുന്നു.

ഡെപ്യൂട്ടിപ്രസിഡണ്ടു: അദ്ദേഹം ആവശ്യപ്പെടുന്നതു വ്യവസ്ഥിതമായ നടപടി ക്രമത്തിനാണ്. ആ ചോദ്യത്തിനു അവകാശം ഉണ്ടാകുന്നില്ല.

മി. എം. ശിവതാണുപിള്ള (തോവാള): കൃഷിക്കാരുടെ സങ്കടത്തെ സംബന്ധിച്ചു "ട്രാവൻകൂർ ടൈമ്സിൽ" പ്രസിദ്ധംചെയ്തിരുന്ന ലേഖനത്തെപ്പറ്റി ഗവർണ്മെന്റു ശ്രദ്ധിച്ചുവോ എന്ന് എന്നെ അറിയിക്കുമോ?

മി. കെ. ജോർജ്ജ് (ഗവർണ്മെന്റുചീഫ്സെക്രട്ടറി): (ബി) ഭാഗത്തിനു നൽകിയ മറുപടിയിൽ ആ സംഗതിക്കു സമാധാനം പറഞ്ഞിട്ടുണ്ടു.

മി. എം. ശിവതാണുപിള്ള (തോവാള): ഗവർണ്മെന്റ് ട്രാവൻകൂർടൈംസ് വരുത്തുന്നുണ്ടോ എന്ന് എന്നെ അറിയിക്കുമോ?

മി. കെ. ജോർജ്ജ് (ഗവർണ്മെന്റുചീഫ്സെക്രട്ടറി): ഇപ്പോൾ അതിനെപ്പറ്റി പറയുവാൻ എനിക്കു സാധിക്കുന്നതല്ല.

മി. എം. ശിവതാണുപിള്ള (തോവാള): കൃഷിക്കാർക്കു പ്രവേശിച്ചു അദ്ദേഹത്തെ ചെന്നു കാണത്തക്കവണ്ണം ഗ്രാമത്തിനു വെളിയിലുള്ള ഏതെങ്കിലും ഒരു സ്ഥലത്തു താമസം മാററുവാനെങ്കിലും ഗവർണ്മെന്റുസെക്ഷനാഫീസരെ നിർദ്ദേശിക്കുമോ?

മി. കെ. ജോർജ്ജ് (ഗവർണ്മെന്റു ചീഫ് സെക്രട്ടറി): എനിക്കു അതു ഏറ്റേൽക്കുവാൻ കഴിയുകയില്ല.

മി. എം. ശിവതാണുപിള്ള (തോവാള): ഈ സെക്ഷൻ ആഫീസർ എല്ലായ്പോഴും സെക്ഷൻ ആഫീസിൽ കാണപ്പെടുന്നതാണ് എന്നുള്ളതിനു ഗവർണ്മെന്റു ദയവുചെയ്തു ഏർപ്പെടുത്തുമോ എന്നു എന്നെ അറിയിക്കുമോ?

ഡെപ്യൂട്ടിപ്രസിഡണ്ട്: ആ ചോദ്യത്തിനു മറുപടിപറഞ്ഞുകഴിഞ്ഞു. സെക്ഷൻ ആഫീസർക്കു ആഫീസിൽ എല്ലായ്പോഴും ഉണ്ടായിരിക്കുവാൻ കഴിയുന്നതല്ല. അദ്ദേഹം ആഫീസുസമയങ്ങളിൽ മാത്രം ആഫീസിൽ ഉണ്ടായിരിക്കുന്നതാണ്.

മി. എം. ശിവതാണുപിള്ള (തോവാള): കൃഷിക്കാർക്കു സെക്ഷനാഫീസരുടെ ആവശ്യകത പെട്ടെന്നവ ഉണ്ടാകാവുന്നതായ സന്ദർഭങ്ങളെപ്പറ്റി ഗവർണ്മെന്റിനു ഊഹിക്കുവാൻ കഴിയുന്നതല്ലയോ എന്ന് എന്നെ അറിയിക്കുമോ?

ഡപ്യൂട്ടിപ്രസിഡണ്ട്: മററുകാര്യങ്ങളേയും ഇതിന്പുറമേ ഇവിടെ പ്രസ്താവിക്കുവാൻ നിങ്ങൾ വിചാരിക്കുന്നതായിതോന്നുന്നു. അവ ഇവിടെ പ്രസ്താവയോഗ്യങ്ങളാണോഎന്നു എനിക്കു അറിഞ്ഞുകൂടാ.

മി. എം. ശിവതാണുപിള്ള (തോവാള): വാസ്തവം ആലോചിക്കുന്നതാണെങ്കിൽ

ഡപ്യൂട്ടിപ്രസിഡണ്ട്: സെക്ഷനാഫീസർ താമസിക്കുന്നതെവിടെയാകണമെന്നും, മറെറാരുസ്ഥലത്തു മാറി താമസിക്കുവാൻ അദ്ദേഹത്തോടു ആജ്ഞാപിക്കുമോയെന്നും ഉള്ള സംഗതികളെപ്പററിയാണ് നിങ്ങൾ മറുപടി ആവശ്യപ്പെടുന്നതു്.

മി. എം. ശിവതാണുപിള്ള (തോവാള): സർ, ഇതു് സെക്ഷൻആഫീസർ ഒരു നിർദ്ദിഷ്ടസ്ഥലത്തു താമസിക്കുന്നതുനിമിത്തം ഉണ്ടാകുന്നതായ സങ്കടങ്ങളെ പരിഹരിക്കുന്നതിനുമാത്രമാകുന്നു.

ഡപ്യൂട്ടിപ്രസിഡണ്ട്: അതു ഇവിടെ ഒരു ഉപചോദ്യമായിത്തീരുന്നതല്ല.

മി. എം. ശിവതാണുപിള്ള (തോവാള): ഉപചോദ്യത്തിനു അവകാശമില്ലെങ്കിൽ ഞാൻ അതിനെപ്പററി നിർബന്ധിക്കുവാൻ ആഗ്രഹിക്കുന്നില്ല. കൃഷിക്കാർക്കു സെക്ഷനാഫീസരെ കാണേണ്ടതായ അത്യാവശ്യം നേരിടുന്ന അനേകം അവസരങ്ങളെപ്പററി ഗവണ്മെൻറിനു ഊഹിക്കുവാൻ കഴിയുകയില്ലയോ?

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്കു): ഇതു് വ്യവസ്ഥിതമായ നടപടിക്രമത്തിനു വിപരീതമാണെന്നു ഞാൻ അഭിപ്രായപ്പെടുന്നു. മെംബർ ഒരു പ്രസംഗമാണ് നടത്തുന്നതു്.

മി. എം. ശിവതാണുപിള്ള (തോവാള): നിലങ്ങളുടെ ജലസേചനംസംബന്ധിച്ചു് കൃഷിക്കാർക്കു സെക്ഷനാഫീസരുടെ ആവശ്യകത അപരിഹാര്യമായിത്തീരുന്ന ഒരു സന്ദർഭത്തെപ്പററി ഗവണ്മെൻറിനു ഊഹിക്കുവാൻ കഴിയുന്നതല്ലയോ? ജനതയിൽ ചില വർഗ്ഗങ്ങൾക്കു പ്രവേശനം നിരോധിക്കപ്പെട്ടിരിക്കുന്ന ഗ്രാമത്തിൽ താമസമായതുകൊണ്ടു അദ്ദേഹം എപ്പോഴും സെക്ഷനാഫീസിൽ ഉണ്ടായിരിക്കുന്നതുമല്ല.

ഡപ്യൂട്ടിപ്രസിഡണ്ട്: ഗവണ്മെൻറിനു അപ്രകാരമുള്ള ഒരു അവസ്ഥയെപ്പററി ഊഹിക്കുവാൻ കഴിയുന്നതാണ്; എന്നാൽ അതനുസരിച്ചു പ്രവർത്തിക്കുവാൻ എല്ലായ്പോഴും സാധിക്കുന്നതല്ല. അതിനുംപുറമെ, അതു് സ്വാഭാവികവുമല്ല.

മി. എം. ശിവതാണുപിള്ള (തോവാള): സംഭവങ്ങളുടെ സാധാരണ ഗതികൾക്കിടയിൽ പ്രകൃത്യാതന്നെ അപ്രകാരമുള്ള അവസ്ഥകൾ ഉണ്ടാകാവുന്നതല്ലേ?

ഡപ്യൂട്ടിപ്രസിഡണ്ട്: കൃഷിക്കാർക്കു ന്യായമായമാർഗ്ഗം ആ സംഗതിയെപ്പററി ഗവണ്മെൻറിനെ ധരിപ്പിച്ചു സങ്കടപരിഹാരത്തിനു ആവശ്യപ്പെടുന്നതായിരിക്കും.

മി. എം. ശിവതാണുപിള്ള (തോവാള): എന്നാൽ ഇതു വളരെനാളായി നിലനിന്നുപോരുന്ന ഒരു സങ്കടമാണ്; പക്ഷേ, ഇതുസംബന്ധിച്ചു ജനങ്ങൾ അനുഭവിക്കുന്ന കഷ്ടതകളെപ്പററി ഗവണ്മെൻറിനു യാതൊരറിവും ഇല്ലായിരിക്കാം.

ഡപ്യൂട്ടിപ്രസിഡണ്ട്: അപ്രകാരമുള്ള സങ്കടം ജനങ്ങൾക്കുള്ളതായി തനിക്കു യാതൊരുഅറിവും ഇല്ലെന്നു് ചീഫ്സെക്രട്ടറി പറയുന്നു.

(പകൽ ൧൧ അടിച്ചു് ൫ മിനിട്ടായപ്പോൾ പ്രസിഡണ്ട് വന്നുചേരുകയും ആദ്ധ്യക്ഷം സ്വീകരിക്കുകയും ചെയ്തു).

ഗഞ്ചാ വാങ്ങിക്കുന്നതിനായിട്ടുള്ള ഉദ്യോഗസ്ഥന്മാരുടെ നിയോജനം.

൧൦൧. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്):

(എ) ൧൦൯൬ മുതൽ ൧൧൦൧ വരെയുള്ള കഴിഞ്ഞ ൫ വർഷങ്ങളിൽ ഗഞ്ചാ വാങ്ങിക്കുന്നതിലേയ്ക്കായി ബ്രിട്ടീഷ്ഇൻഡ്യയിലേയ്ക്കു നിയോഗിച്ചിട്ടുള്ള ആളുകളുടെ പേരോ, പേരുകളോ ഏതെന്നും,

(ബി) അതിലേക്കായി ബ്രിട്ടീഷ്ഇൻഡ്യയിലേക്കു അയക്കപ്പെട്ടപ്പോൾ, അപ്രകാരം നിയോഗിക്കപ്പെട്ടവരുടെ തിരുവിതാംകൂറിലുള്ള ഉദ്യോഗസ്ഥാനം എവിടെയായിരുന്നുഎന്നും,

(സി) അപ്രകാരം നിയോഗിക്കപ്പെട്ടവർ സഞ്ചാരപ്പടിക്കു് അവകാശപ്പെടുവാൻ അനുവദിക്കപ്പെട്ട സ്ഥലമോ അല്ലെങ്കിൽ സ്ഥലങ്ങളോ ഏതെന്നും,

(ഡി) മദ്ധ്യതിരുവിതാംകൂറിലും ഉത്തരതിരുവിതാംകൂറിലും നിയമിക്കപ്പെട്ടിരുന്നവർ ആദ്യമായി തിരുവനന്തപുരത്തേക്കു വരുന്നതിനും അതിനുശേഷം ബ്രിട്ടീഷ്ഇൻഡ്യയിലേയ്ക്കു പോകുന്നതിനും ആജ്ഞാപിക്കപ്പെടുകയും തന്നിമിത്തം അവർക്കു തിരുവനന്തപുരത്തുനിന്നും പുറപ്പെടുന്നതിനും വീണ്ടും തിരുവനന്തപുരത്തേക്കു മടങ്ങുന്നതിനും സഞ്ചാരപ്പടി അവകാശപ്പെടുവാൻ സാദ്ധ്യമായിത്തീരുകയും ചെയ്യുന്നതിനു ഏതെങ്കിലും ദൃഷ്ടാന്തങ്ങൾ ഉണ്ടോഎന്നും,

(ഇ) (ഡി) ചോദ്യത്തിനുള്ള മറുപടി അനുകൂലമായിട്ടാണെങ്കിൽ അപ്രകാരമുള്ള ദൃഷ്ടാന്തങ്ങളുടെ എണ്ണവും അതിലേക്കുള്ള കാരണവും എന്തെന്നും,

(എഫ്) ഒരേ ആളിനെയോ അല്ലെങ്കിൽ ഉദ്യോഗസ്ഥനേയോതന്നെ തുടർച്ചയായി നിയോഗിച്ചിരുന്നുവോഎന്നും അതിലേക്കുള്ള കാരണം എന്തെന്നും പറയുവാൻ ഗവണ്മെൻറിനു ദയവുണ്ടാകുമോ?

മി. ടി. പി. രാമസ്വാമയ്യർ (ഗവണ്മെൻറുസെക്രട്ടറി):

(എ) ൧. എക്സൈസ്ഇൻസ്പെക്ടർ മി. കെ. കേശവപിള്ള
൨. ടി മി. എസ്. ശങ്കരപ്പിള്ള
൩. ടി മി. മാതേവൻപിള്ള
൪. അസിസ്റ്റൻറ എക്സൈസ്കമ്മീഷണർ മി. കെ. ഗോവിന്ദപ്പിള്ള.

൬.	എക്സൈസ് ഇൻസ്പെക്ടർ	മി. എൻ. എസ്. നാരായണപിള്ള
൭.	ടി	ടി
൮.	ടി	ടി
൯.	ടി	ടി
൧൦.	ടി	മി. ശിവശങ്കരപ്പിള്ള
൧൦.	ടി	ടി
൧൧.	ടി	മി. എൻ. എസ്. നാരായണപിള്ള
൧൨.	ടി	മി. സി. ഗോപാലപിള്ള
൧൩.	ടി	മി. എൻ. എസ്. നാരായണപിള്ള

(ബി)യും, (സി)യും:

(൧)	ആലപ്പുഴ	(൮)	തിരുവല്ല
(൨)	[illegible]	(൯)	തിരുവനന്തപുരം
(൩)	ചെങ്കോട്ട	(൧൦)	തിരുവനന്തപുരം
(൪)	താമരക്കുളം	(൧൧)	തിരുവല്ല
(൫)	തിരുവനന്തപുരം	(൧൨)	കൊല്ലം
(൬)	തിരുവല്ല	(൧൩)	തിരുവല്ല
(൭)	തിരുവല്ല		

(ഡി) ഉണ്ട്.

(ഇ) നിയോഗിക്കുവാനായി തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥന്മാരെ, എക്സൈസ് കമ്മീഷണർ ആഫീസിലേക്ക്, ഗഞ്ചാ സംഭരിച്ചുവച്ചിട്ടുള്ള സ്ഥലങ്ങളിലെ ലൈസൻസുവാങ്ങിയിട്ടുള്ളവരിൽനിന്നു വാങ്ങിച്ചുകൊണ്ടുവരുന്നതിനു ആവശ്യമുള്ള പണം വാങ്ങിക്കുന്നതിനും, അതുസംബന്ധിച്ചുള്ള മററുകാര്യങ്ങളെപ്പററിയും ഗഞ്ചാവിൻറവില, തരംമുതലായവയെ സംബന്ധിച്ചും ഉപദേശം സ്വീകരിക്കുന്നതിനുമായി വിളിച്ചുവരുത്തുക പതിവാണ്. ആ ഉദ്യോഗസ്ഥൻ സർക്കാർ ആവശ്യംപ്രമാണിച്ചു തിരുവനന്തപുരത്തേക്കു പോകുന്നതുകൊണ്ടു മുറപ്രകാരമുള്ള സഞ്ചാരപ്പടി വാങ്ങിക്കുന്നു.

(എഫ്) ഡിപ്പാർട്ടുമെൻറു മേലധികാരികളുടെ അഭിപ്രായപ്രകാരമുള്ള ഒരു സംഗതിയാകുന്നതു്. അനേകവർഷങ്ങളിലേക്കു ഇടച്ചയായി ഒരു ഉദ്യോഗസ്ഥനേയും നിയമിച്ചിട്ടില്ലെന്നും, ഇൻസ്പെക്ടർ മി. എൻ. എസ്. നാരായണപിള്ളയെ ഇടച്ചയായി നാലുസന്ദർഭങ്ങളിൽ തിരഞ്ഞെടുത്തിട്ടുള്ളതു്, അദ്ദേഹം വിശ്വാസയോഗ്യനും നല്ലതരം ഗഞ്ചാ തിരഞ്ഞെടുക്കുവാനുള്ള സാമർത്ഥ്യമുള്ളവനും ആയതുകൊണ്ടും സഹായവിലയ്ക്കു നല്ലതരംഗഞ്ചാ തിരഞ്ഞെടുത്തു വാങ്ങിക്കുന്നതിന് പരിചയവും വിശ്വാസയോഗ്യതയും ഉള്ളവരെ ആവശ്യമുള്ളതുകൊണ്ടും ആകുന്നെന്ന് റിപ്പോർട്ടു കിട്ടിട്ടുണ്ടു്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): എൻറ ചോദ്യത്തിലെ (ഡി) ഭാഗത്തിനു നൽകിയ ഉത്തരത്തെസംബന്ധിച്ചു, തിരുവനന്തപുരത്തു എക്സൈസ് ഉദ്യോഗസ്ഥന്മാർ ഉള്ളപ്പോൾ ദക്ഷിണ തിരുവിതാംകൂറിലുള്ള ഉദ്യോഗസ്ഥന്മാരെ തിരുവനന്തപുരത്തേക്കു വിളിച്ചുവരുത്തി. ബ്രിട്ടീഷ് ഇൻഡ്യയിലേക്കും തിരികെ തിരുവനന്തപുരത്തേക്കും വീണ്ടും ദക്ഷിണതിരുവിതാംകൂറിലേക്കും നിയോഗിച്ചു ഈ യാത്രകൾക്കെല്ലാം സഞ്ചാരപ്പടി അനുവദിക്കപ്പെടുവാൻ ഇടയാക്കുന്നതുനിമിത്തം അനാവശ്യമായ കൂടുതൽ ചെലവിനു കാരണമാക്കുകയല്ലയോ ചെയ്യുന്നതു എന്ന് ഗവർണ്മെൻറു എന്നെ അറിയിക്കുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെൻറുസെക്രട്ടറി): ഈ സംഗതിയെസംബന്ധിച്ചു (ഇ) ഭാഗത്തിനു നൽകിയ മറുപടിയിൽ പറഞ്ഞിട്ടുള്ളതിനേയും ഇതുനിമിത്തം ഉണ്ടാകുന്നതാണെന്ന് ആ സന്ദർഭത്തിൽ പറഞ്ഞിട്ടുള്ള ഗുണങ്ങളേയും ആലോചിക്കുമ്പോൾ ഈ ചെലവു അനാവശ്യമായിട്ടുള്ളതാണെന്നു ഗവർണ്മെൻറു വിചാരിക്കുന്നില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ചോദ്യത്തിലെ (എഫ്) ഭാഗത്തിൻറ മറുപടിയെസംബന്ധിച്ചു, എക്സൈസ്ഡിപ്പാർട്ടുമെൻറു മുഴുവനിലുമായി മി. എൻ. എസ്. നാരായണപിള്ള മാത്രമെ ഗവർണ്മെൻറിൻറ അഭിപ്രായത്തിൽ വിശ്വസിക്കത്തക്ക ഉദ്യോഗസ്ഥനായിട്ടുള്ളോ എന്ന് എന്നെ അറിയിക്കുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെൻറുസെക്രട്ടറി): അദ്ദേഹംമാത്രമല്ല തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥനെന്നു ലിസ്റ്റിൽനിന്നും കാണാവുന്നതാണ്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഒരു പ്രത്യേക ഉദ്യോഗസ്ഥനെത്തന്നെ അനേകപ്രാവശ്യം ഇടച്ചയായി നിയോഗിക്കുന്നതിനു ഗവർണ്മെൻറിനെ പ്രേരിപ്പിച്ച പ്രത്യേകകാരണം എന്താണെന്നു എന്നെ അറിയിക്കുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെൻറുസെക്രട്ടറി): (എഫ്) ഭാഗത്തിനുള്ള മറുപടിയിൽ അതിനുള്ള കാരണം എന്താണെന്നു പ്രസ്താവിച്ചിട്ടുണ്ടു്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): വിശ്വാസയോഗ്യരായ എക്സൈസ്ഇൻസ്പെക്ടറന്മാർ തിരുവനന്തപുരത്തു ഇല്ലെന്നാണോ ഗവർണ്മെൻറു വിശ്വസിക്കുന്നതെന്നു എന്നെ അറിയിക്കുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെൻറുസെക്രട്ടറി): അല്ല അതിൽനിന്നും അപ്രകാരം അർത്ഥമാകുന്നില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): തിരുവനന്തപുരത്തുള്ള എക്സൈസ് ഉദ്യോഗസ്ഥന്മാരിൽ ആരെയെങ്കിലും ഒരാളെ നിയോഗിക്കുന്നതിലുള്ള പ്രതിബന്ധമെന്താണെന്നു എന്നെ അറിയിക്കുമോ? അപ്രകാരം ചെയ്യുന്നതായാൽ ഗവർണ്മെൻറിനു ഒരു പണിയുളുക്ക ലഭിക്കാവുന്നതാണു.

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെൻറുസെക്രട്ടറി): അദ്ദേഹത്തെ തിരഞ്ഞെടുത്തതു അദ്ദേഹം ആ ജോലി ചെയ്യുന്നതിനു പ്രാപ്തനാണെന്നു കാണുകയാലാണു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): മററുള്ള ഉദ്യോഗസ്ഥന്മാർ അപ്രാപ്തന്മാരാണെന്നാണോ ഗവർണ്മെൻറു വിചാരിക്കുന്നതു?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെന്റുസിക്രട്ടറി): അതിൽനിന്നും മററു ഉദ്യോഗസ്ഥന്മാർ അപ്രാപ്തന്മാരാണെന്നു അർത്ഥമാകുന്നതല്ല. ഗഞ്ചാവാങ്ങിക്കുന്നതിനു മി. നാരായണപിള്ള പ്രാപ്തിയുള്ളവനാണെന്നു കാണുകയാലാണു അദ്ദേഹത്തിനെ അയച്ചതു. ഏതാനും വർഷങ്ങളിൽ അദ്ദേഹത്തെ അയച്ചു. അതിനുശേഷം മററുള്ളവരെ തിരഞ്ഞെടുത്തു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അനാവശ്യമായ ചെലവുകൾക്കു ഇടകൊടുക്കാതിരിക്കുന്നതിലേക്കായി തിരുവനന്തപുരത്തുള്ള സമർത്ഥനും വിശ്വാസയോഗ്യനുമായ ഒരാളെ നിയമിക്കുന്നകാര്യത്തെപ്പററി ആലോചിക്കുവാൻ ഗവർണ്മെന്റു ഒരുങ്ങുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെന്റുസെക്രട്ടറി): ഗഞ്ചാവും കറുപ്പും വാങ്ങിക്കുന്നതുമാത്രമല്ല ആ ഉദ്യോഗസ്ഥൻ ചെയ്യേണ്ടതായിട്ടുള്ള ജോലി. അയാൾക്കു മററുജോലികളും ചെയ്യേണ്ടതായിട്ടുണ്ട്. ഇക്കാരണത്താൽ ഒരാളെത്തന്നെ ഒരേസ്ഥാനത്തിൽ എല്ലാക്കാലത്തേക്കുമായി ഗവർണ്മെന്റിനു നിയമിക്കുവാൻ സാധിക്കുന്നതല്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഗഞ്ചാ വാങ്ങിക്കുന്നകിലേക്കു ഏതെങ്കിലും പ്രത്യേകമായ വൈദഗ്ദ്ധ്യം ആവശ്യമുണ്ടോ എന്നു എന്നെ അറിയിക്കുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെന്റുസിക്രട്ടറി): ചോദ്യത്തിലെ (എഫ്) ഭാഗത്തിനുള്ള മറുപടിയാൽ അതിനെപ്പററിയെല്ലാം വിവരിച്ചിട്ടുണ്ട്.

"നവശക്തി"യുടെപേരിലുള്ള കേസ്.

൧൦൧. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്):

(എ) നവശക്തിയിൽ പ്രസിദ്ധീകരിച്ചിരുന്ന ഒരു ലേഖനത്തെപ്പററി ഏതെങ്കിലും നടപടി നടത്തിയോ എന്നും അപ്രകാരം ചെയ്തിട്ടുണ്ടെങ്കിൽ എന്തു നടപടിയെന്നും ഏതുലേഖനത്തെ സംബന്ധിച്ചാണെന്നും അപ്രകാരം നടപടിനടത്തുവാനുള്ള കാരണം എന്താണെന്നും,

(ബി) ആ ലേഖനം പ്രസിദ്ധംചെയ്തതിനു ക്ഷമായാചനം ചെയ്യേണ്ടതാണെന്നു ആ പത്രത്തെ ഗവർണ്മെണ്ടു നിർബന്ധിച്ചുവോ എന്നും ആ പത്രം ക്ഷമായാചനം ചെയ്തുവോ എന്നും പറയുവാൻ ഗവർണ്മെന്റിനു ഒരുവുണ്ടാകുമോ?

മി. കെ. ജാജ് (ഗവർണ്മെന്റുചീഫ്സെക്രട്ടറി):

(എ) ൧൧൦൧ മിഥുനം ൧൫-നു യിലെ നവശക്തിയുടെ പ്രതിയിൽ പ്രസിദ്ധപ്പെടുത്തിയിരുന്ന "മിവാട്ട്സു്വരുന്നോ" എന്നു തലക്കെട്ടോടുകൂടിയ മുഖലേഖനം ൧൧൦൧ ൭-ാംറഗുലേഷൻ ൭-ാംവകുപ്പു ൧-ാം ഉപവകുപ്പിലെ നിബന്ധനയനുസരിച്ചു കുററകരമാണെന്നു ബോദ്ധ്യംവന്നതിനാൽ ആ പത്രത്തിന്റെ പ്രിന്ററേയും പ്രസാധകനേയും ഗവർണ്മെണ്ടിൽനിന്നും താക്കീതുചെയ്യുകയുണ്ടായി.

(ബി) ക്ഷമയാചനംചെയ്യുന്നതിനു നിർബന്ധിക്കുവാൻ ഗവർണ്മെന്റിനു നിവൃത്തിയില്ല. പത്രത്തിന്റെ പിന്നീടുള്ള ഒരു ലക്കത്തിൽ വിരോധജനകമായ ലേഖനം പ്രസിദ്ധീകരിക്കുവാനിടയായതിനെ സംബന്ധിച്ചു ഒരു പശ്ചാത്താപപ്രകടനം പ്രസിദ്ധംചെയ്തു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്). ചോദ്യത്തിലെ (ബി) ഭാഗത്തിനു നൽകിയ മറുപടി സംബന്ധിച്ചു പത്രത്തിനെ താക്കീതുചെയ്തതുകൊണ്ടാണോ അതു ക്ഷമായാചനം ചെയ്തതെന്നു എന്നെ അറിയിക്കുമോ?

മി. കെ. ജാജ് (ഗവർണ്മെന്റുചീഫ്സെക്രട്ടറി): അങ്ങനെ ആയിരിക്കാം.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇവിടെ പ്രസ്താവിച്ചപ്രകാരം മുഖപ്രസംഗത്തിൽ പത്രം ചെയ്തിട്ടുള്ള കുററം എന്താണു?

മി. കെ. ജാജ് (ഗവർണ്മെന്റുചീഫ്സെക്രട്ടറി): മെമ്പറുടെ ശ്രദ്ധയെ ഞാൻ (എ) ഭാഗത്തിനുള്ള മറുപടിയിലേക്കു ക്ഷണിച്ചുകൊള്ളുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ആ ലേഖനം ദ്വേഷ്യത്തിനു കാരണമായിട്ടുള്ളതാണോ എന്നു അറിവാൻ ഞാൻ ആഗ്രഹിക്കുന്നു.

മി. കെ. ജാജ് (ഗവർണ്മെന്റുചീഫ്സെക്രട്ടറി): കൊടുത്തിട്ടുള്ള മറുപടിയിൽനിന്നും അതു നല്ലപോലെ വെളിപ്പെടുന്നുണ്ടു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): പത്രത്തെ പ്രോസിക്യൂട്ടുചെയ്യാഞ്ഞതു എന്തുകൊണ്ടെന്നു എന്നെ അറിയിക്കുമോ?

മി. കെ. ജാജ് (ഗവർണ്മെന്റുചീഫ്സെക്രട്ടറി): ആ കേസുസംബന്ധിച്ചു ഉദാരമായിട്ടു ആലോചിക്കുവാനെ ഗവർണ്മെന്റു ഉദ്ദേശിച്ചുള്ളു. അല്ലാതെ പരമാധികാരം ഉപയോഗിക്കുവാൻ ഗവർണ്മെന്റു വിചാരിച്ചില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഒരു പത്രം ഉച്ഛീർത്തികരമായ ലേഖനങ്ങൾ പ്രസിദ്ധംചെയ്താലും ഗവർണ്മെന്റു അതുസംബന്ധിച്ചു ഉദാരമായി വിചാരിക്കുന്നതല്ലാതെ അതിനെ പ്രോസിക്യൂട്ടുചെയ്യുന്നതിനു ഒരുമ്പെടുകയില്ലെന്നാണോ ഞാൻ മനസ്സിലാക്കേണ്ടതു?

മി. കെ. ജാജ് (ഗവർണ്മെന്റുചീഫ്സെക്രട്ടറി): എന്റെ മറുപടി അപ്രകാരമുള്ള ഒരു സാധാരണ പ്രസ്താവത്തിനു അവകാശം നൽകുന്നില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ആ ലേഖനം പ്രസിദ്ധീകരിച്ചതുകൊണ്ടു ആ പത്രം ഒരു കുററംചെയ്തതായിട്ടല്ലയോ ഗവർണ്മെന്റു വിചാരിച്ചിട്ടുള്ളതു?

മി. കെ. ജാജ് (ഗവർണ്മെന്റുചീഫ്സെക്രട്ടറി): ആ വിവരം (എ) ഭാഗത്തിനുള്ള മറുപടിയിൽനിന്നും ലഭിക്കുന്നതാണു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഗവർണ്മെന്റു ആ പത്രത്തെ താക്കീതുചെയ്തതിൽനിന്നും ആ പത്രം കുററംപ്രവർത്തിച്ചിട്ടുണ്ടെന്നു സമ്മതിക്കുന്നതായി തെളിയുന്നില്ലയോ?

മി. കെ. ജാജ് (ഗവർണ്മെന്റുചീഫ്സെക്രട്ടറി): ഉണ്ട്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): പിന്നെ, എന്തുകൊണ്ടാണു ഗവർണ്മെന്റു ആ പത്രത്തെ ശിക്ഷിക്കാത്തതു?

മി. കെ. ജാജ് (ഗവണ്മെൻറ ചീഫ്സെക്രട്ടറി): ആ ചോദ്യത്തിനു ഞാൻ ഉത്തരംപറഞ്ഞുകഴിഞ്ഞു. എല്ലാകാര്യങ്ങൾക്കും ശിക്ഷനടപടിക്കുന്നനയംതന്നെ സ്വീകരിക്കണമെന്നു നിർബന്ധമില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ചില നിർദ്ദിഷ്ടകാര്യങ്ങളിൽമാത്രം പ്രാസിക്യൂഷൻ സ്വീകരിക്കേണ്ടതാണെന്നും മററു ചിലതു സംബന്ധിച്ച് അപ്രകാരം ചെയ്യേണ്ടതില്ലെന്നും ഉള്ളതിലേക്ക് ഏതെങ്കിലും വ്യവസ്ഥിതമായ നിയമം ഗവണ്മെൻറിൽനിന്നും നിർമ്മിച്ചിട്ടുണ്ടോ?

മി. കെ. ജാജ് (ഗവണ്മെൻറ ചീഫ്സെക്രട്ടറി): ഇല്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതുകൊണ്ടു ആസംഗതി ഗവണ്മെൻറിൻെറ അഭിപ്രായത്തെ മാത്രം അനുസരിച്ചിട്ടുള്ളവയാണു അല്ലേ?

മി. കെ. ജാജ് (ഗവണ്മെൻറ ചീഫ്സെക്രട്ടറി): അതേ.

സർക്കാർജീവനത്തിൽ പ്രാതിനിധ്യംവഹിക്കുന്ന സമുദായങ്ങൾക്കു തമ്മിലുള്ളസംബന്ധം.

൨൦൩. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്):

(എ) മേൽകോട്ടത്തിട്ടുള്ള അധികാരത്തിലുള്ള ഉദ്യോഗസ്ഥന്മാരുടെ മൊത്തം നിയമനങ്ങളോടു ൨൦൦ രൂപയും അതിൽക്കൂടുതലും ശമ്പളമുള്ള ഉദ്യോഗസ്ഥന്മാരുടെ സംഖ്യയ്ക്കു താരതമ്യേനയുള്ള സംബന്ധമെന്തെന്നും രാജ്യത്തിലെ മൊത്തം ജനസംഖ്യയോടു അപ്രകാരമുള്ള ഓരോസമുദായത്തിലേയും ജനസംഖ്യയ്ക്കു താരതമ്യേനയുള്ള സംബന്ധമെന്തെന്നും,

(ബി) ആകെയുള്ള നിയമനങ്ങളുടെ സംഖ്യയോടു ൨൦൦ രൂപയും കൂടുതലും വാങ്ങിക്കുന്ന ഹിന്ദു, ക്രിസ്ത്യൻ, മഹമ്മദൻ മുതലായ ഉദ്യോഗസ്ഥന്മാരുടെ സംഖ്യയ്ക്കു താരതമ്യേനയുള്ള സംബന്ധമെന്തെന്നും മൊത്തം ജനസംഖ്യയോടു ഹിന്ദു, ക്രിസ്ത്യൻ, മഹമ്മദൻ എന്നീ സമുദായങ്ങളിലെ ജനസംഖ്യയ്ക്കു താരതമ്യേനയുള്ള സംബന്ധമെന്തെന്നും കാണിക്കുന്ന ഒരു സ്റ്റേറ്റുമെൻറ തരുവാൻ ഗവണ്മെൻറിനു ദയവുണ്ടാകുമോ?

മി. കെ. ജാജ് ഗവണ്മെൻറ (ചീഫ്സെക്രട്ടറി):

(എ) ആവശ്യപ്പെട്ടിട്ടുള്ള സ്റ്റേറ്റുമെൻറുകൾ തയ്യാറാക്കുന്നതിലേക്കു വേണ്ടിവരുന്ന സമയവുംവേലയും അതിൽനിന്നും ഉണ്ടാകാവുന്നതായ ഗുണത്തോടു താരതമ്യപ്പെടുത്തിനോക്കുമ്പോൾ തീരെ നിസ്സാരമാണെന്നുകാണുന്നതുകൊണ്ടു അപ്രകാരമുള്ള സ്റ്റേറ്റുമെൻറുകൾ തയ്യാറാക്കണമെന്നു ഗവണ്മെൻറ വിചാരിക്കുന്നില്ല.

(ബി) ൨൦൦ രൂപയും അതിൽക്കൂടുതലും ശമ്പളംപററുന്ന ഹിന്ദു, ക്രിസ്ത്യൻ മഹമ്മദൻ എന്നീ ഉദ്യോഗസ്ഥന്മാരുടെ സംഖ്യ സിവിൽലിസ്റ്റ്നോക്കി മെമ്പർക്കു അറിയാവുന്നതാകുന്നു. കഴിഞ്ഞ കാനേഷുമാരിക്കണക്ക് അനുസരിച്ചുള്ള ജനസംഖ്യയെവച്ചു കണക്കുകൂട്ടി നോക്കുന്നതായാൽ അവയുടെ പരസ്പരസംബന്ധവും മനസ്സിലാക്കാവുന്നതാണ്.

കൊല്ലംതാലൂക്കിലെ പരവൂർപകുതിയിൽ ഒരു സബ്‌രജിസ്ട്രാർകച്ചേരിയുടെ ഉൽഘാടനം.

൨൦൪. മി. എസ്. പിറവിലപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും തൊഴിൽ):

(എ) രണ്ടുവർഷംമുമ്പു പരവൂർപകുതിയിൽ ഒരു സബ്‌രജിസ്ട്രാർകച്ചേരി ആരംഭിക്കുന്നതുസംബന്ധിച്ചു ഗവണ്മെൻറ അനുവാദംഉണ്ടായിട്ടുള്ളതു വാസ്തവമാണോ?

(ബി) അപ്രകാരം അനുവദിച്ചിട്ടുണ്ടെങ്കിൽ ഇതുവരെ അതു ആരംഭിക്കാതിരിക്കുന്നതിനുള്ള കാരണം എന്തെന്നുപറയുവാൻ ഗവണ്മെൻറിനു ദയവുണ്ടാകുമോ?

(സി) ഈഴവ റഗുലേഷനും, നായർ റഗുലേഷനും നിയമമായതിനുശേഷം, ഇവിടെ ഒരു സബ്‌രജിസ്ട്രാർകച്ചേരിയുടെ ആവശ്യം പൂർവ്വാധികമായിട്ടുണ്ടെന്ന് ഗവർണ്മെൻറിനു അറിവുണ്ടോ?

(ഡി) മേൽപ്പറഞ്ഞ കാരണങ്ങളെ ആലോചിച്ച് കഴിയുന്നതും വേഗത്തിൽ അവിടെ ഒരു സബ്‌രജിസ്ട്രാർകച്ചേരി ആരംഭിക്കുന്നതിന് ഗവർണ്മെൻറിനു ദയവുണ്ടാകുമോ?

മി. കെ. ജാജ് (ഗവർണ്മെൻറ ചീഫ് സെക്രട്ടറി): എ, ബി പരവൂർപകുതിയിൽ പുതിയ ആഫീസുകളൊന്നും ആരംഭിക്കുവാൻ ഗവർണ്മെൻറ അനുവദിച്ചിട്ടില്ല. എന്നാൽ ഇപ്പോൾ നെടുങ്ങോലത്തു സ്ഥാപിച്ചിരിക്കുന്ന ചാത്തന്നൂർആഫീസ് പണ്ടു മജിസ്ട്രേട്ടുകോടതിക്ക് ഉപയോഗിച്ചിരുന്ന കെട്ടിടത്തിലേക്കു മാററിയിട്ടുകൊള്ളുന്നതിനു ആജ്ഞാപിച്ചിട്ടുണ്ട്. ആ കെട്ടിടത്തെസംബന്ധിച്ച അററകുററപ്പണികൾ തീർന്നിട്ടില്ലാത്തതിനാൽ മാററിയിടുന്ന കാര്യം നടപ്പിലാക്കീട്ടില്ല.

സി, ഡി പരീക്ഷണാർത്ഥം അഞ്ചു പുതിയ സബ്‌രജിസ്ട്രാർകച്ചേരികൾ ആരംഭിച്ചുകൊള്ളുന്നതിനും, ഈഴവ റഗുലേഷനും, നായർ റഗുലേഷനും നടപ്പിലായതുസംബന്ധിച്ച് പ്രമാണങ്ങളുടെ സംഖ്യ വർദ്ധിച്ചിട്ടുണ്ടെന്നു റിപ്പോർട്ടുകിട്ടിയതനുസരിച്ചു രജിസ്ട്രേഷൻ സബ്‌ഡിസ്ട്രിക്ടുകളെ വീണ്ടും വിഭജനംചെയ്യുന്നതിനും ഗവണ്മെൻറ ഈയിടെ അനുവദിച്ചിട്ടുണ്ട്. തക്കതായ ആവശ്യമുണ്ടെന്നു തെളിയിക്കാതിരിക്കുന്നിടത്തോളംകാലം അവയുടെ എണ്ണം വർദ്ധിപ്പിക്കുവാൻ പാടില്ലാത്തതുമാകുന്നു.

ബാലരാമപുരത്തു ആരംഭിക്കുന്നതാണെന്നു പരസ്യംചെയ്തിട്ടുള്ള സബ്‌രജിസ്ട്രാർകച്ചേരിയുടെ മാററം.

൨൦൫. മി. എസ്. പിറവിലപ്പെരുമാൾപിള്ള (കച്ചവടവും—വ്യവസായവും): (എ) ബാലരാമപുരത്തു ആരംഭിക്കുവാൻ ഉദ്ദേശിച്ചിരിക്കുന്ന സബ്‌രജിസ്ട്രാർകച്ചേരിയെ സംബന്ധിച്ചു ൧൧൦൭ തുലാം ൩൧-നു-യിലെ ഗസററിൽ പ്രസിദ്ധംചെയ്തിട്ടുള്ള ൨൩ ജുഡിഷ്യൽ ആർ. ഒ. സി. നമ്പർ ൪൦൦-ാംനമ്പർ പരസ്യം അനുസരിച്ച്,

(എ) ഈ കച്ചേരി ബാലരാമപുരത്തു ആരംഭിക്കുന്നതിനു പകരം പണവിളക്കോളിലാക്കുന്നതിനു രജിസ്ട്രേഷൻ ഡയറക്ടർ ഏർപ്പാടുകൾ ചെയ്തിട്ടുണ്ടെന്നറിയുന്നതു വാസ്തവമാണോഎന്നും,

(ബി) ബാലരാമപുരത്തുനിന്നും ഈ കച്ചേരി മാററിക്കിട്ടുന്നതിലേക്കായി ദിവാൻജിയുടെ അടുക്കൽ ചെന്നു പ്രാർത്ഥിച്ച നിവേദകസംഘത്തോടു, വേണ്ടപോലെയുള്ള ആലോചനകളും വിമർശനങ്ങളും കഴിഞ്ഞതിനുശേഷം മാത്രമാണ് ബാലരാമപുരത്തുതന്നെ അതു സ്ഥാപിക്കുന്നതിനു ഗവർണ്മെൻറ അനുവദിച്ചിട്ടുള്ളതെന്നും അതിനാൽ അവരുടെ അപേക്ഷപ്രകാരം തനിക്കു യാതൊന്നും ചെയ്യാവുന്നതല്ലെന്നും അതുസംബന്ധിച്ചു ആവശ്യമുള്ള പരസ്യങ്ങളെല്ലാം പ്രസിദ്ധപ്പെടുത്തിക്കഴിഞ്ഞുഎന്നും രജിസ്ട്രേഷൻഡയറക്ടർ മറുപടിപറഞ്ഞിട്ടുണ്ടോ എന്നും,

(സി) ബാലരാമപുരം പ്രാധാന്യത്തിൽ അഭിവൃദ്ധിയെ പ്രാപിച്ചുവരുന്ന ഒരു കച്ചവടകേന്ദ്രമാണെന്നും, അവിടെ പോലീസുസ്റ്റേഷൻ, അഞ്ചലാഫീസു മുതലായ പൊതുസ്ഥാപനങ്ങൾ സ്ഥിതിചെയ്യുന്നുണ്ടെന്നു അറിവുണ്ടോ എന്നും,

(ഡി) ബാലരാമപുരത്തുവെച്ചുകൂടിയ ഒരു പൊതുയോഗത്തിൽനിന്നും അവിടെനിന്നും ഈ കച്ചേരി മാററുന്നതിനെ പ്രതിഷേധിച്ചു ഒരു പ്രമേയം കിട്ടീട്ടുണ്ടോ എന്നും,

(ഇ) ബാലരാമപുരം, കോട്ടുകാൽ, തിരുവല്ലം മുതലായ സ്ഥലങ്ങളിലെ ജനങ്ങൾ, പണവും വിലപിടിച്ച സാധനങ്ങളുംകൊണ്ടു ഈ കച്ചേരിക്കുപോകുന്ന തങ്ങൾക്കു, പോലീസ്സ്റ്റേഷൻ, അഞ്ചലാഫീസ് മുതലായവയൊന്നും ഇല്ലാത്ത പണവിളക്കോട്ടിനുപകരം ഈ കച്ചേരി ബാലരാമപുരത്തു സ്ഥാപിക്കുന്നതാണ് കൂടുതൽ സൌകര്യവും രക്ഷയും എന്നുള്ള വാസ്തവം ഗവർന്മെൻറിൻെറ ശ്രദ്ധയ്ക്കു വിഷയീഭവിപ്പിച്ചിട്ടുണ്ടോ എന്നും പറയുവാൻ ഗവർന്മെൻറിനു ദയവുണ്ടാകുമോ?

(൨) ഒന്നാം ചോദ്യം (എ) ഭാഗത്തിനുള്ള മറുപടി അനുകൂലമാണെങ്കിൽ, ഗവർന്മെൻറു ഉത്തരവുകൾക്കും പരസ്യത്തിനും വിപരീതമായി ഈ അന്യദേശത്തിൽ പണവിളക്കോട്ടുമേയ്ക്കു കച്ചേരി മാററിയിടുവാൻ തീർച്ചയ്ക്കു രജിസ്ട്രേഷൻ ഡയറക്ടരെ പ്രേരിപ്പിച്ച കാരണങ്ങൾ എന്താണെന്നു ഗവർന്മെൻറു ദയവുചെയ്തു പറയുമോ?

മി. കെ. ജാർജ്ജ് (ഗവർന്മെൻറു ചീഫ് സെക്രട്ടറി):

(൧) (എ) അത്യാവശ്യമെന്നു ഉപയോഗപ്പെടുത്തണമെന്നു ഉദ്ദേശിക്കപ്പെട്ടിരുന്ന കോട്ടുകാൽ, തിരുവല്ലം എന്നീ പകുതികൾക്കു സൌകര്യമായ സ്ഥലവും, ഏററവും മദ്ധ്യസ്ഥിതവും ആയ വെങ്ങാനൂരാണ് ഈ കച്ചേരി സ്ഥാപിച്ചിട്ടുള്ളതു്. (൧) ബി മുതൽ ഡി വരെയും (൨)-ഉം: (൧) (എ) ഭാഗത്തിനു നൽകിയ മറുപടികൊണ്ടു ഇവയ്ക്കു അവകാശം ഉണ്ടാകുന്നില്ല. ൧. (ഇ) ഇപ്പോഴത്തെ സ്ഥാനം സ്വീകാര്യമാണെന്നു് സമ്മതിക്കുന്നതിനു മുമ്പുതന്നെ, അതു സംബന്ധിച്ച നിവേദനങ്ങൾ കിട്ടുകയും അവയെപ്പററി വേണ്ടതുപോലെ ആലോചിക്കുകയും ചെയ്തിട്ടുണ്ടു.

ഈഴവ സബ് രജിസ്ട്രാരന്മാർ.

൧൦൬. മി. ആർ. പത്മനാഭൻ (നിയമിതമെംബർ):

൧. (എ) സർക്കാർ ഉദ്യോഗത്തിൽ ഇപ്പോഴുള്ള ഈഴവ സബ് രജിസ്ട്രാരന്മാരുടെ സംഖ്യ എത്ര എന്നും,

(ബി) അവർ ഓരോരുത്തരേയും നിയമിച്ച തീയതി ഏതു എന്നും, പറയുവാൻ ഗവർന്മെൻറിനു ദയവുണ്ടാകുമോ?

(൨) കഴിഞ്ഞ ൨൦ വർഷങ്ങളിലായി സബ് രജിസ്ട്രാരന്മാരായിട്ടുള്ള നിയമനത്തിനു അപേക്ഷിച്ചിട്ടുള്ള ബി. ഏ. ക്കാരായ ഈഴവരുടെ എണ്ണം എത്രയാണെന്നു കാണിക്കുന്ന ഒരു ലിസ്റ്റ് മേശപ്പുറത്തിടുവാൻ ഗവർന്മെൻറിനു ദയവുണ്ടാകുമോ?

മി. കെ. ജാർജ്ജ് (ഗവർന്മെൻറു ചീഫ്സെക്രട്ടറി):

൧. (എ) മൂന്നു. (ബി) യഥാക്രമം ൧൦൯൨ ധനു ൧൯-ാം-യും, ൧൦൯൩ മീനം ൨൧-ാം-യും, ൧൧൦൧ ഇടവം ൧൯-ാം-യും ആകുന്നു.

(൨) ഇതുവരെ ദീർഘകാലങ്ങളിലേയ്ക്കു അപേക്ഷകൾ സൂക്ഷിച്ചുവെയ്ക്കുക പതിവില്ലാത്തതിനാൽ വിവരം ലഭിക്കുന്നതല്ല.

മി. ആർ. പത്മനാഭൻ (നിയമിതമെംബർ): മറുപടിയിലെ (ബി) ഭാഗം സംബന്ധിച്ചു, കഴിഞ്ഞ മൂന്നോ, നാലോ വർഷങ്ങളിലെങ്കിലും സബ് രജിസ്ട്രാർ ഉദ്യോഗത്തിനു അപേക്ഷിച്ചിട്ടുള്ള ബി. എ. ക്കാരായ ഈഴവർ എത്രപേർ ഉണ്ടെന്നു എന്നു അറിയിക്കുമോ?

മി. കെ. ജാർജ്ജ് (ഗവർന്മെൻറു ചീഫ് സെക്രട്ടറി): ആ വിവരം ഇവിടെ ഇല്ല. മെംബർ കഴിഞ്ഞ ഇരുപതുവർഷക്കാലങ്ങളിലെ വിവരം അറിയുവാൻ ആവശ്യപ്പെട്ടതുകൊണ്ടു അതു ലഭിക്കുന്നതല്ലെന്നു പറയുവാൻ ഇടയായി. എന്നാൽ അദ്ദേഹം ഇപ്പോൾ കഴിഞ്ഞ മൂന്നോ നാലോ വർഷങ്ങളിലെ വിവരത്തിനുമാത്രം ആവശ്യപ്പെടുന്നതുകൊണ്ടു മെംബർക്കു അപ്രകാരം ആഗ്രഹമുണ്ടെങ്കിൽ അതു സംബന്ധിച്ച വിവരങ്ങൾക്കു ഗവർന്മെൻറു ആവശ്യപ്പെടുന്നതാകുന്നു.

തറിവലകളുടേയും, ചൈനാവലകളുടേയും ഉടമസ്ഥന്മാർക്കുള്ള സമ്മതിദാനാവകാശം.

൧൦൭. മിസ്റ്റർ കെ. ശിവരാമപ്പണിക്കർ (ചേർത്തല):

(എ) തറിവലകൾ, ചൈനാവലകൾ മുതലായ പ്രതിഷ്ഠിതയന്ത്രങ്ങൾക്കു കരം നിശ്ചയിച്ചിട്ടുണ്ടോ എന്നും,

(ബി) ഈ ഇനത്തിൽനിന്നും ആണ്ടതോറുമുള്ള കരം എന്തെന്നും,

(സി) ആണ്ടിൽ അഞ്ചു രൂപയും അതിൽകൂടുതലും വാടകകൊടുക്കുന്ന ഇപ്രകാരമുള്ള വലകളുടെ ഉടമസ്ഥന്മാർ എത്രപേരുണ്ടെന്നും,

(ഡി) അവരെ സമ്മതിദായകന്മാരുടെ ലിസ്റ്റിൽ ഉൾപ്പെടുത്താത്തതു എന്തുകൊണ്ടെന്നും,

(ഇ) വലയുടമസ്ഥന്മാരിൽ യോഗ്യതയുള്ള പ്രാപ്തന്മാരെ വോട്ടർമാരായി ലിസ്റ്റിൽ ചേർക്കേണ്ടതാണെന്നു കാണിച്ചു ഒരു നിവേദനം കിട്ടീട്ടുണ്ടോ എന്നും, ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി നടത്തിട്ടുണ്ടെന്നും,

(എഫ്) വലയുടമസ്ഥന്മാരിൽ യോഗ്യതയുള്ളവർക്കും വോട്ടുചെയ്യുന്നതിനുള്ള അധികാരം ഉണ്ടെന്നു പ്രഖ്യാപനം ചെയ്യുമോ എന്നും, പറയുവാൻ ഗവർന്മെൻറിനു ദയവുണ്ടാകുമോ?

മി. റ്റി. പി. രാമസ്വാമയ്യർ (ഗവർന്മെൻറു സെക്രട്ടറി):

(എ) മറുപടി അനുകൂലമായിട്ടാകുന്നു.

(ബി) പ്രതിഷ്ഠിതയന്ത്രങ്ങളിൽനിന്നും ൧൧൦൧-ാമാണ്ടു കിട്ടീട്ടുള്ള കരം ൬൭,൧൮൭ രൂപ ൨൪ ചക്രം ആകുന്നു.

(സി) [illegible].

(ഡി) നടപ്പിലിരിക്കുന്ന നിയമസഭാ നിയോജകനിയമമനുസരിച്ച് അവർക്ക് സമ്മതിദാനത്തിന് അവകാശമില്ലാത്തതാകുന്നു.

(ഇ) ഉവ്വ്. ൧൧൨൫ ജാനുവരി ൨൩-ാംതിയതിയിലെ ൧൧൨൫ ലെജിസ് ഡി, ഡിസ്സ്, ൨൭൨-ാംനമ്പർ ഗവർമ്മെന്റ ഉത്തരവിൽ, ഈ സംഗതിസംബന്ധിച്ച് അഭിപ്രായം ചോദിച്ചിട്ടുള്ള പറവൂർ മുനിസിപ്പൽകൌൺസിൽ പ്രസിഡണ്ടിനോട്, പരിഷ്കരിച്ച തിരഞ്ഞെടുപ്പുനിയമങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടെന്നും അതു സംബന്ധിച്ചുള്ള ലിസ്റ്റുകൾ അച്ചടിച്ചുവരുന്നതിനാൽ ഇപ്പോൾ അതിനെപ്പററി ആലോചിക്കാൻ നിവൃത്തിയില്ലെന്നും അറിയിച്ചിട്ടുണ്ട്.

(എഫ്) നിയമസഭ സംബന്ധിച്ച തിരഞ്ഞെടുപ്പുനിയമങ്ങൾ വീണ്ടും പരിഷ്കരിക്കുന്ന അവസരത്തിൽ ഈ സംഗതിയെപ്പററി ആലോചിക്കുന്നതാകുന്നു.

അതിരമ്പുഴ പോലീസും, മഹമ്മദിയരെ ക്രിസ്തുമതത്തിലേക്ക് പരിവത്തനം ചെയ്തതായിട്ടുള്ള

പ്രസ്താവവും.

൫൦൪. മി. പി. ഹബീബ് മഹമ്മദ് (നിയമിതമെംബർ): (എ) ചില മഹമ്മദീയരെ ക്രിസ്തുമതത്തിലേക്ക് നിർബന്ധിച്ച് പരിവർത്തനംചെയ്യിച്ച് എന്നുള്ള പ്രസ്താവത്തെസംബന്ധിച്ച് അതിരമ്പുഴപ്പോലീസിന്റെ നയം ആശാസ്യമല്ലെന്നുള്ളതിലേക്ക് ഏതെങ്കിലും മഹമ്മദീയ സമുദായത്തിൽനിന്നും പരാതിയായിട്ടുള്ള പ്രമേയത്തിന്റെ പകർപ്പോ അല്ലെങ്കിൽ ഏതെങ്കിലും മഹമ്മദീയ പൊതുസംഘത്തിൽനിന്നുള്ള ഹർജിയോ, അല്ലെങ്കിൽ മറേറതെങ്കിലും നിവേദനങ്ങളോ കിട്ടിട്ടുണ്ടോ എന്നും,

(ബി) ഉണ്ടെങ്കിൽ ആ സംഗതിയെപ്പററി അന്വേഷണം നടത്തിട്ടുണ്ടോ എന്നും പറയുവാൻ ഗവണ്മെൻറിനു ദയവുണ്ടാകുമോ?

മി. കെ. ജാർജ്ജ് (ഗവണ്മെൻറ ചീഫ്സെക്രട്ടറി): (എ) മറുപടി അനുകൂലമായിട്ടാകുന്നു.

(ബി) ഉവ്വ്. കോട്ടയം ഡിസ്ട്രിക്ട്മജിസ്ട്രേട്ടിന്റെയും ആക്റ്റിംഗ് പോലീസകമ്മീഷണരുടെയും ഏതാണ്ടുള്ള അന്വേഷണത്തെസംബന്ധിച്ച റിപ്പോർട്ടിന്റെ ഒരു പകർപ്പ മേശപ്പുറത്തിരിക്കുന്നു.

മി. പി. ഹബീബ് മഹമ്മദ് (നിയമിതമെംബർ): മേശപ്പുറത്തു വെച്ചിട്ടുള്ള അനുബന്ധത്തെ സംബന്ധിച്ച് മിസ്റ്റർ ഹബീബ് അയച്ചിട്ടുള്ളതായി പ്രസ്താവിക്കുന്ന എഴുത്തു ആരുടെ മേൽവിലാസത്തിലാണ് അയച്ചിട്ടുള്ളതെന്നു എന്നെ അറിയിക്കുമോ?

മി. കെ. ജാർജ്ജ് (ഗവണ്മെൻറ ചീഫ്സെക്രട്ടറി): എനിക്കു പറയുവാൻ സാധിക്കുകയില്ല.

മി. പി. ഹബീബ്മഹമ്മദ് (നിയമിതമെംബർ): ആ സംഗതിസംബന്ധിച്ച വിവരത്തിനു ദയവുചെയ്യു ആവശ്യപ്പെടുമോ?

മി. കെ. ജാർജ്ജ് (ഗവണ്മെൻറ ചീഫ്സെക്രട്ടറി): അതു അത്രമാത്രം പ്രധാനമാണെന്നു മെംബർ വിചാരിക്കുന്നപക്ഷം അപ്രകാരംചെയ്യാം.

മി. പി. ഹബീബ്മഹമ്മദ് (നിയമിതമെംബർ): അനുബന്ധത്തിൽചേർത്തിട്ടുള്ള ആ സ്റ്റേറ്റുമെന്റ വ്യാജമാകയാൽ എത്രയും നിഷേധാർഹമാകുന്നു എന്നു ഞാൻ ഗവണ്മെൻറിനെ അറിയിക്കട്ടെയോ?

മി. കെ. ജാർജ്ജ് (ഗവണ്മെൻറ ചീഫ്സെക്രട്ടറി): അതു പോലീസ്കമ്മീഷണർ സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിന്റെ ഒരു ഭാഗമാകയാലാണ് പ്രസിദ്ധീകരിച്ചിട്ടുള്ളത്.

മി. പി. ഹബീബ്മഹമ്മദ് (നിയമിതമെംബർ): അന്വേഷണംനടത്തിയ പോലീസു ഉദ്യോഗസ്ഥന്മാരോട് അവരുടെ സ്റ്റേറ്റുമെന്റിനെ സാധൂകരിക്കുവാൻ ഗവണ്മെന്റ ദയവുചെയ്തു ആവശ്യപ്പെടുമോ?

മി. കെ. ജാർജ്ജ് (ഗവണ്മെൻറ ചീഫ്സെക്രട്ടറി): ആ സംഗതിയെപ്പററി അന്വേഷണംനടത്തി റിപ്പോർട്ടുചെയ്യുന്നതിനു ഗവണ്മെൻറ പോലീസ്കമ്മീഷണരോടു ആവശ്യപ്പെടുന്നതാണ്.

മി. പി. ഹബീബ്മഹമ്മദ് (നിയമിതമെംബർ): ഏതെല്ലാംസ്ഥലങ്ങളിലാണ് ഇതിനെസംബന്ധിച്ച് അനേകം പ്രതിഷേധയോഗങ്ങൾ നടത്തപ്പെട്ടതെന്നു എന്നെ അറിയിക്കാമോ?

മി. കെ. ജാർജ്ജ് (ഗവണ്മെൻറ ചീഫ്സെക്രട്ടറി): ആവിവരം ഇപ്പോൾ ലഭ്യമല്ല.

മി. പി. ഹബീബ്മഹമ്മദ് (നിയമിതമെംബർ): റിപ്പോർട്ടിൽ മൂന്നു സംഘങ്ങളെപ്പററി മാത്രമേ പ്രസ്താവിച്ചിട്ടുള്ളു. മറേറതെങ്കിലും സ്ഥലങ്ങളിൽ മീററിംഗ് കൂടിട്ടുണ്ടോ എന്നു എന്നെ അറിയിക്കാമോ?

മി. കെ. ജാർജ്ജ് (ഗവണ്മെൻറ ചീഫ്സെക്രട്ടറി): ആ വിവരം ഒന്നും ഇവിടെ ഇല്ല. മെംബർക്കു ആഗ്രഹമുണ്ടെങ്കിൽ ഗവണ്മെൻറ ആ വിവരങ്ങൾക്കു ആവശ്യപ്പെടുന്നതാണ്.

തിരുവനന്തപുരം വില്ലേജുപഞ്ചായത്തുകോടതിയിൽ ഒരു ഗുമസ്തന്റെ സ്ഥാനത്തിനു

ആളെ നിയമിക്കൽ.

൫൦൫. മി. പി. ഹബീബ്മഹമ്മദ് (നിയമിതമെംബർ): (എ) ൧൧൨൫-ാമാണ്ടു തിരുവനന്തപുരം വില്ലേജ് പഞ്ചായത്തുകോടതിയിലെ ഒരു ഗുമസ്തന്റെ സ്ഥാനത്തിനു അപേക്ഷിച്ച പരീക്ഷായോഗ്യതയുള്ള മഹമ്മദീയരുടെ സംഖ്യ എത്രയെന്നും,

(ബി) ഈയിടെ ഉണ്ടായ ഒരു ഒഴിവിൽ നിയമിക്കുന്നതിലേക്കു തിരഞ്ഞെടുത്ത അപേക്ഷകൻ വില്ലേജ് പഞ്ചായത്തുകോടതി പ്രസിഡണ്ടിന്റെ അനന്തിരവനാകുന്നുവെന്നുള്ളതു വാസ്തവമാണോ എന്നും,

(സി) അയാളുടെ പരീക്ഷായോഗ്യതകൾ എന്തെന്നും ഏതെങ്കിലും മുൻ അവസരങ്ങളിൽ അയാൾ തിരുവിതാംകൂർ സർവീസിൽ ഇരുന്നിട്ടുണ്ടോ എന്നും പറയുവാൻ ഗവണ്മെൻറിനു ദയവുണ്ടാകുമോ?

മി. കെ. ജാർജ്ജ് (ഗവണ്മെൻറ ചീഫ്സെക്രട്ടറി): (എ) ഒന്നുമില്ല.

(ബി) മറുപടി അനുകൂലമായിട്ടാണ്.

(സി) കാളേജു പ്രവേശനത്തിനു അർഹതസിദ്ധിച്ചിട്ടുള്ള ഒരു എസ്. എസ്. എൽ. സി. സർട്ടിഫിക്കേററ അയാൾക്കു ഉള്ളതിനുപുറമേ ഷാർട്ട്ഹാൻഡിലും ടൈപ്പ്റൈററിംഗിലും അയാൾക്കു ഒരുവിധം നല്ല പരിജ്ഞാനം ഉണ്ട്. അയാൾ തിരുവനന്തപുരം വില്ലേജ്പഞ്ചായത്തുകോടതിയിലും ബെഞ്ചുമജിസ്ട്രേട്ടു കോടതിയിലും ഒരു ഗുമസ്തനായി പകരംജോലി നോക്കിട്ടുണ്ട്.

മി. പി. ഹബീബ്മഹമ്മദ് (നിയമിതമെംബർ): ഏതെങ്കിലും മഹമ്മദിയൻ അപേക്ഷിച്ചിട്ടുണ്ടായിരുന്നോ എന്നു എന്നെ അറിയിക്കാമോ?

മി. കെ. ജാർജ് (ഗവണ്മെൻറ ചീഫ്സെക്രട്ടറി): ഗ്രമസ്ഥാൻസ്ഥാനത്തിലേക്ക ആരും അപേക്ഷിച്ചിട്ടില്ല.

മി. പി. ഹബീബ്മഹമ്മദ് (നിയമിതമെംബർ): സി. പി. റിവ്യൂസംബന്ധിച്ച ഈ പ്രസ്തുത അപേക്ഷകന്റെ നിയമനത്തിന ഗവൺമെൻറ അനുവദിച്ചിട്ടുണ്ടോ എന്ന എന്നെ അറിയിക്കാമോ? ഈ നിയമനം നടത്തിട്ടുള്ളത ഗവർണ്മെൻറിന്റെ സമ്മതത്തോടുകൂടിയാണോ?

മി. കെ. ജാർജ് (ഗവണ്മെൻറ ചീഫ്സെക്രട്ടറി): പഞ്ചായത്തുകോടതി പ്രസിഡണ്ട അനുവാദത്തിന ചോദിക്കുകയും അതു കൊടുക്കുകയുംചെയ്തു.

കയററുമതിചെയ്യുന്ന കൊപ്രായ്ക്കുള്ള ചുങ്കം.

൧൧൦. ഈ സമാധാനപടികളുടെ സ്ഥാപനചേർപ്പ് ഭവനം-പുറത്തു കൊപ്രാ ഇറക്കുമതിചെയ്യുന്നതിനുള്ള കരം കുറവുചെയ്യണമെന്നതിലേക്ക അച്ചടിച്ചുചേർത്തിട്ടുള്ള എന്റെ ഉപക്ഷേപത്തിന നൽകിയ മറുപടിസംബന്ധിച്ച എക്സൈസ്കമ്മീഷണരുടെ റിപ്പോർട്ടിന്മേൽ എന്തുനടപടിയാണ് നടത്തിട്ടുള്ളതെന്നു പറയുവാൻ ഗവണ്മെൻറിന ദയവുണ്ടാകുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ സെക്രട്ടറി): ആ സംഗതി ഗവൺമെൻറിന്റെ ആലോചനയിലിരിക്കയാകുന്നു.

ദിവാൻ മിസ്റ്റർ എം. ഇ. വാട്സിന്റെ ഇംഗ്ലണ്ടിലേക്കുള്ള സഞ്ചാരം.

൧൧൧. മി. എം. എൻ. പിള്ള (തിരുവനന്തപുരം): (എ) ദിവാൻ മിസ്റ്റർ എം. ഇ. വാട്സ്, ഈ പ്രാവശ്യം ഇംഗ്ലണ്ടിലേയ്ക്കുപോയത രാജ്യസംബന്ധമായ ഏതെങ്കിലും കാര്യങ്ങളെപ്പററി നടപടിനടത്തുന്നതിനാണോ എന്നും അപ്രകാരമാണെങ്കിൽ ആ കാര്യം എന്തായിരുന്നു എന്നും,

(ബി) മിസ്റ്റർ എം. ഇ. വാട്സ് ഇംഗ്ലണ്ടിലേയ്ക്കും ഇംഗ്ലണ്ടിൽനിന്നു മടങ്ങി ഇങ്ങോട്ടുമുള്ള അദ്ദേഹത്തിന്റെ യാത്രയ്ക്ക ഏതെങ്കിലും അലവൻസ് വാങ്ങിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ അപ്രകാരം, വാങ്ങിച്ചിട്ടുള്ള തുക എത്രതന്നും ഈ അലവൻസു കൊടുത്തതെന്തുകൊണ്ടാണെന്നും

(സി) ലണ്ടനിൽനിന്നും പ്രസിദ്ധീകരിക്കുന്ന 'സൺഡേ ടൈംസ്' എന്ന പത്രത്തിൽ മിസ്റ്റർ വാട്സിന്റെ ഇംഗ്ലണ്ടിലേയ്ക്കുള്ള യാത്രയുടെ ഉദ്ദേശത്തെ വിവരിക്കുന്ന ഒരു ലേഖനം ഉണ്ടായിരുന്നതു അവരുടെ ശ്രദ്ധയ്ക്ക വിഷയീഭവിച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ, ആ പ്രസ്താവത്തിൽ എന്തെങ്കിലും വാസ്തവമുണ്ടോ എന്നും പറയുവാൻ ഗവൺമെൻറിന ദയവുണ്ടാകുമോ?

മി. കെ. ജാർജ് (ഗവണ്മെൻറ ചീഫ്സെക്രട്ടറി): (എ)-യും (ബി)-യും മറുപടികൾ നിഷേധരൂപത്തിലാണ്.

(സി) 'സൺഡേടൈംസി'ൽ അപ്രകാരം ഒരു ലേഖനം ഗവൺമെൻറ കണ്ടിട്ടില്ല. എന്നാൽ ലണ്ടൻ 'ഡെയിലി എക്സ്പ്രസ്സി'ലുണ്ടായിരുന്ന "ലോകവാർത്താ ലേഖകന്റെ ലേഖനത്തിലുള്ള ഒരു ഭാഗം അവരുടെ ശ്രദ്ധയെ ആകർഷിച്ചിട്ടുണ്ട്. ആ പ്രസ്താവം സത്യവുമല്ല.

അവധിയിലായിരുന്ന ചീഫ്എൻജിനീയരുടെ അഭാവത്തിലുള്ള ഏർപ്പാട്.

൧൧൨. മി. എം. എൻ. പിള്ള (തിരുവനന്തപുരം): (എ) ചീഫ്എൻജിനീയർ അവധിയിലായിരുന്നപ്പോൾ അദ്ദേഹത്തിന്റെ ജോലികൾ നോക്കുവാൻ ഒരു അസിസ്റ്റൻറ എൻജിനീയരെ ചാർജ്‌വഹിക്കുവാൻ നിയോഗിച്ചുകൊണ്ടിരുന്നോ എന്നും,

(ബി) അപ്രകാരംചെയ്തത ചീഫ്എൻജിനീയരുടെ ശുപാർശയനുസരിച്ചാണോ എന്നും,

(സി) ഈ അസിസ്റ്റൻറ എൻജിനീയർ ആ കാലങ്ങളിൽ കാഷ്വൽ അവധി അനുഭവിക്കുകയും ട്രാവലിംഗ് അലവൻസുബില്ലുകൾ പാസ്സാക്കുകയും ചെയ്തിട്ടുണ്ടോ എന്നും പറയുവാൻ ഗവൺമെൻറിന ദയവുണ്ടാകുമോ?

മി. കെ. ജാർജ് (ഗവണ്മെൻറ ചീഫ്സെക്രട്ടറി): (എ) മി. എം. ശിവതാണുപിള്ളയുടെ ൧൦൮-ാം നമ്പർ ചോദ്യത്തിലെ (ബി) ഭാഗത്തിന നൽകിയ മറുപടിയിലേക്ക മെമ്പരുടെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു.

(ബി) ഇല്ല. (സി) ഉണ്ട്.

പരീക്ഷക ബോർഡിലേക്കുള്ള മെംബറന്മാരുടെ തെരഞ്ഞെടുപ്പ്.

൧൧൩. മി. എം. എൻ. പിള്ള (തിരുവനന്തപുരം). (എ) സ്കൂൾ ഫൈനൽ പരീക്ഷസംബന്ധിച്ച പരീക്ഷക ബോർഡിലെ മെമ്പറന്മാരുടെ തെരഞ്ഞെടുപ്പ എന്ത് അടിസ്ഥാനത്തിന്മേലാണെന്നും,

(ബി) പരീക്ഷയ്ക്കുള്ള എല്ലാ പ്രധാനവിഷയങ്ങളേയും പ്രതിനിധീകരിക്കുവാൻ മെമ്പറന്മാരുണ്ടോ എന്നും, ഉണ്ടെങ്കിൽ എല്ലാമെമ്പറന്മാരുടെ പേരുകളും, അവർ പ്രാതിനിധ്യംവഹിക്കുന്ന വിവിധവിഷയങ്ങളും അടങ്ങിയ ഒരു ലിസ്റ്റ് മേശപ്പുറത്തു വയ്ക്കുമോ എന്നും,

(സി) തിരുവനന്തപുരം ആർട്ട്സ് കാളേജുപോലുള്ള ഒരു പ്രധാന സ്ഥാപനത്തിൽനിന്നും ആരെയും തിരഞ്ഞെടുത്തിട്ടില്ലാത്തതെന്തുകൊണ്ടാണെന്നും, പറയുവാൻ ഗവൺമെൻറിന ദയവുണ്ടാകുമോ?

മി. കെ. ജാർജ് (ഗവണ്മെൻറ ചീഫ്സെക്രട്ടറി): മൂന്നുപ്രധാന പരിശോധകഉദ്യോഗസ്ഥന്മാരും മററു ആറുമെമ്പറന്മാരും അടങ്ങിയതാകുന്നു പരീക്ഷകന്മാരുടെ ബോർഡ്. അവരിൽ ഒരാൾ ബോർഡ് ചെയർമാനായിരിക്കുന്നതാണ്. ഈ ആറുമെമ്പറന്മാരേയും തിരഞ്ഞെടുക്കുന്നതു്, വിവിധവിഷയങ്ങൾക്ക യഥായോഗ്യമായ പ്രാതിനിധ്യം ഉണ്ടാവത്തക്കവണ്ണവും, നിയമിക്കപ്പെടുന്ന ജോലികൾ ചെയ്യുന്നതിന പ്രാപ്തിയുള്ള ആളുകളാണോ എന്ന നോക്കിയും കാളേജ് പ്രൊഫസറന്മാർ, ഹൈസ്കൂൾ ഹെഡ്മാസ്റ്ററന്മാർ, മററു വിദ്യാഭ്യാസ വിദഗ്ദ്ധന്മാർ എന്നിവരുടെ ഇടയിൽ നിന്നാകുന്നു.

(ബി) ഉണ്ട്. മെമ്പറന്മാരും അവർ പ്രാതിനിധ്യം വഹിക്കുന്ന വിഷയങ്ങളും താഴെ കാണിച്ചിരിക്കുന്നവയാകുന്നു:—

ചെയർമാൻ—(൧) മി. സി. വി. ചന്ദ്രശേഖരൻ, എം. എ., (ഓക്സൺ) ചരിത്രവും, ഇംഗ്ലീഷും.

മെമ്പറന്മാർ—(൧) മി. എസ്. രാമകൃഷ്ണയ്യർ, എം. എ.,—ഫിസിക്സ്, കെമിസ്റ്റ്രി, മാത്തമാറ്റിക്സ്.
(൨) മി. എ. എം. വർക്കി, എം. എ. എൽ. ടി.—ഇംഗ്ലീഷ്.
(൩) മി. കെ. ആർ. കൃഷ്ണപിള്ള, ബി. എ., ബി. എൽ.,—സംസ്കൃതവും മലയാളവും
(൪) മി. കെ. പി. കൃഷ്ണമേനോൻ, ബി. എ., എൽ. ടി.—ഗണിതശാസ്ത്രം.
(൫) മി. ടി. ലക്ഷ്മണൻപിള്ള. ബി. എ.,—തമിഴ്,

ഉദ്യോഗസ്ഥരല്ലാത്ത മെമ്പറന്മാർ.

(൬) മി. ഒ. എം. ചെറിയാൻ, ബി. എ.. എൽ. ടി.—വി. എസ്. എൽ. സി., വി. എച്ച്. എന്നീ പരീക്ഷകൾക്കുള്ള എല്ലാവിഷയങ്ങളും.

(൭) മി. യു. രാമകൃഷ്ണക്കിണി, ബി. എ., എൽ. ടി.—ഇ. എസ്. എൽ. സി. പരീക്ഷയ്ക്കുള്ള എല്ലാവിഷയങ്ങളും.

(൮) മിസ്. ഇ. സി. ക്രാസ്റ്റോ, എം. എ., എൽ. ടി.—ഇംഗ്ലീഷ്, ഫ്രഞ്ച്, മുതലായവ.

(സി) ബോർഡിൽ സംസ്ഥാനത്തുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളേയും പ്രതിനിധീകരിക്കുക പ്രായോഗികമായിട്ടുള്ളതല്ല.

നായന്മാർക്ക കച്ചവടം, വ്യവസായം എന്നിവയിലുള്ള പ്രോത്സാഹനം.

൧൧൪. മി. ജി. രാമൻമേനോൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): (൧) ൧൧൨൩ ഏപ്രിൽ ൨൭-ാം നു ൧൧൮-ാം നമ്പർ ചോദ്യത്തിനു കൊടുത്ത മറുപടിസംബന്ധിച്ചു, ഈ കാലംവരെ പ്രബലമായി നടപ്പിൽ ഇരുന്നിരുന്നതും, ഇപ്പോഴും ഏകദേശം നടപ്പിൽതന്നെ ഇരിക്കുന്നതുമായ തറവാട്ടുകളുടെ അവിഭാജ്യനിയമംകോടതികൾക്ക അധീനമായിത്തീർന്ന കാരണത്താൽ നായന്മാർക്ക് പൊതുവെ ആളോഹരിയുള്ള സാമ്പത്തികസ്ഥിതിയൊന്നുമില്ലാതായതിനാലും, മുൻകാലങ്ങളിൽ നിർബന്ധിത സൈന്യസേവനം നായന്മാർ ചെയ്യേണ്ടിയിരുന്നതിനാലും, അനാദികാലംമുതൽക്കേ അവർക്ക സർക്കാർജീവനക്കാരായും കട്ടോരം വേലക്കാരായും ജോലിചെയ്യേണ്ടിയിരുന്നതിനാലും, കച്ചവടം, കൈത്തൊഴിൽ, മുതലായവകളിൽ പ്രവർത്തിക്കുന്നതിനു വേണ്ട വേളും ശേഷിയും സന്ദർഭവും ഇല്ലാതായതുനിമിത്തം അവർക്ക മുഴുകിമുട്ടുവാനിടയായിട്ടില്ലയോ എന്നു പറയുവാൻ ഗവണ്മെന്റിനു ദയവുണ്ടാകുമോ?

(൨) മേൽപ്രസ്താവിച്ച സംഗതികളാൽ കച്ചവടം വ്യവസായം എന്നിവകളിൽ നായന്മാർക്ക പ്രത്യേകപ്രോത്സാഹനം നൽകുന്ന കാര്യത്തെപ്പററി പുനരാലോചന ചെയ്യുവാൻ ഗവണ്മെന്റിനു ദയവുണ്ടാകുമോ?

മി. കെ. ജാർജ് (ഗവണ്മെന്റ ചീഫ്സെക്രട്ടറി): (൧)-ഉം, (൨)-ഉം ചോദ്യങ്ങൾ നിഷേധമായിട്ടാകുന്നു.

പോർട്ട് സാൾട്ട് ഡിപ്പോവിലെ ഉപ്പുവില്പന.

൧൧൫. മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും-വ്യവസായവും): (എ) ൧൧൨൩ ഒക്ടോബർ ൨-നു-യിലെ 'തിരുവനന്തപുരം ഡെയിലിന്യൂസ്' പത്രത്തിൽ "പോർട്ട സാൾട്ട് ഡിപ്പോവിലെ ഉപ്പുവില്പന" എന്ന തലക്കെട്ടിൽ പ്രസിദ്ധംചെയ്തു കാണപ്പെട്ട ഒരു ലേഖനം ശ്രദ്ധാവിഷയമായിത്തീർന്നിട്ടുണ്ടോ എന്നും,

(ബി) തിരുവനന്തപുരം പോർട്ട് സാൾട്ട് ഡിപ്പോവിൽനിന്നും ൧൧൨൧ ചിങ്ങം ൧-നു മുതൽ കന്നി ൧൬-നു വരെ ഉപ്പുവിലയ്ക്കു കൊടുത്തിട്ടുള്ള ആളുകളുടെ പേരുകളെന്തെല്ലാമെന്നും ഓരോരുത്തർക്കു വിററിട്ടുള്ള ഉപ്പിന്റെ അളവു എത്രയെന്നും,

(സി) ൧൧൨൦ ചിങ്ങം ൧-നു-മുതൽ കന്നി ൧൬-നു-വരെ തിരുവനന്തപുരം പോർട്ട് സാൾട്ട് ഡിപ്പോവിൽനിന്നും ഉപ്പു വിലയ്ക്കുകൊടുത്തിട്ടുള്ള ആളുകളുടെ പേരുകൾ എന്തെല്ലാമെന്നും ഓരോരുത്തർക്കു വിററിട്ടുള്ളതു എത്രമാത്രമെന്നും പറയുവാൻ ഗവണ്മെന്റിനു ദയവുണ്ടാകുമോ?

മി. റ്റി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ സെക്രട്ടറി): (എ) മറുപടി അനുകൂലമായിട്ടാകുന്നു.

(ബി)

പേരു	അളവ്	
ഉസ്മാൻ, വള്ളക്കടവു	൨,൨൦൦	മന്ന്
അബ്ദുള്ളസേട്ടു, ചാല	൧൦൦	ടി
സെൻട്രൽജയിൽ അധികാരികൾ	൧൩	ടി
സെയിത്കണ്ണു, വള്ളക്കടവു	൪൦൦	ടി
അബ്ദുള്ളസേട്ടു, ടി	൨൦൦	ടി

(സി)

പേരു	അളവു	
സെൻട്രൽജയിൽ	൧൩	ടി
അഗ്രശാല	൩൩	ടി
മത്സ്യം ഉണക്കുന്നസ്ഥലം	൨൦൦	ടി

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും-വ്യവസായവും—തുടർ): (ബി)-യും (സി)-യും ചോദ്യങ്ങൾക്കുള്ള മറുപടിയിൽനിന്നും ൧൧൨൧ ചിങ്ങം ൧-നു-മുതൽ കന്നി ൧൬-നു-വരെ ൨൮൧൩ മന്നു ഉപ്പു വിററിരിക്കെ ൧൧൨൦-ാമാണ്ടു ഇതേ തീയതികൾക്കുമുള്ള ദിവസങ്ങളിൽ ൩൧൨ മന്ന് മാത്രമേ വിററതായിട്ടു കാണുന്നുള്ളു. ഉപ്പുവില്പനയിൽ ഇത്രവലിയ ഒരുകുറവു ഉണ്ടാകുവാനുള്ള കാരണം എന്തെന്നു ഗവർമ്മെന്റ എന്നെ അറിയിക്കുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെന്റ സെക്രട്ടറി): സർ, വാസ്തവം പറയുന്നതായാൽ അതിനെ ഒരു ഉപചോദ്യമായിട്ടു ഗണിക്കുവാൻ വഴികാണുന്നില്ല. ഇവിടെ അതുസംബന്ധിച്ച വിവരം ഒന്നുമില്ല. മെമ്പർ ആഗ്രഹിക്കുന്നുവെങ്കിൽ ആവിവരം അയച്ചുതരണമെന്നു ആവശ്യപ്പെടുവാൻ ഗവർമ്മെന്റിനു യാതൊരു പ്രതിബന്ധവുമില്ല.

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും-വ്യവസായവും-തുടർ): ഉപ്പുഗുദാനും മണ്ണുംമററു മലിനപദാർത്ഥങ്ങളും കൊണ്ടു നിറഞ്ഞിരിക്കുന്നു എന്നു കാണിച്ചു കച്ചവടക്കാർ ഒരു ഹർജി അയച്ചിട്ടുണ്ടെന്നു ഗവർമ്മെന്റിനു അറിയാമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർൺമെൻറു സെക്രട്ടറി): അവർ അതു എപ്പോൾ ആർക്ക് അയച്ചു?

മി. എസ്. പരമേശ്വരൻപിള്ള (കച്ചവടവും വ്യവസായവും-തെക്ക): അവർ അതു എക്സൈസ കമ്മീഷണർക്ക അയച്ചതു ൧൧൦൧ കർക്കടകത്തിലാണെന്നാണ എനിക്ക തോന്നുന്നതു.

മി. ടി. പി. രാമസുബ്ബയ്യർ (ഗവർൺമെൻറു സെക്രട്ടറി): ചോദ്യത്തിൽനിന്നും അതിനും അവകാശം ഉണ്ടാകുന്നില്ല. ആ വിവരം ചോദിച്ചറിയേണ്ടതായിട്ടാണിരിക്കുന്നതു.

മി. എസ്. പരമേശ്വരൻപിള്ള (കച്ചവടവും വ്യവസായവും): എൻെറ പ്രസ്താവമായി ഇതിനെ മെമ്പർ സ്വീകരിക്കുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർൺമെൻറു സെക്രട്ടറി): അതു സാധ്യമല്ല. അതുസംബന്ധിച്ച ഒരു പുതിയ പ്രശ്നം മെമ്പർ അയയ്ക്കേണ്ടതാകുന്നു.

൧൦൯൭, ൧൦൯൮, ൧൦൯൯ എന്നീവർഷങ്ങളിൽ ശക്തിവിലാസം വകയ്ക്കു വേണ്ടിവന്നിട്ടുള്ള കൂടുതൽ ചെലവുകളുടെ വിവരം.

൧൧൩. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ൧൦൯൭, ൧൦൯൮, ൧൦൯൯ ഈ വർഷങ്ങളിൽ ശക്തിവിലാസത്തിലേക്ക വേണ്ടിവന്നിട്ടുള്ള കൂടുതൽചെലവുകളുടെ വിവരങ്ങൾ കാണിക്കുന്ന ഒരു സ്റ്റേറ്റുമെൻറു മേശപ്പുറത്തിടുവാൻ ഗവർമ്മെൻറിനു ദയവുണ്ടാകുമോ?

മി. കെ. ജോർജ് (ഗവർമ്മെൻറു ചീഫ്സെക്രട്ടറി):

പി. ഡബ്ലിയു.	൧൦൯൭	൧൦൯൮	൧൦൯൯
	രൂ.	രൂ.	രൂ.
ചുവരുകൾ ചായമടിക്കാൻ	൨൭൫	...	...
കുളിപ്പുരയ്ക്കു കതകു ഇടുന്നതിനും വിലങ്ങേയുള്ള ചുവരു മാററുന്നതിനും	൩൩	...	...
ആർ. സി. ടാങ്കിൽ പമ്പും, പൈപ്പിങ്ങും വയ്ക്കുന്നതിനു	൧൮൧൩	൧൫൦	...
ബഹിർഗ്രഹങ്ങളുടെ അററകുററങ്ങൾ തീർക്കുന്നതിനു	൨൫൫	...	...
പരിസരങ്ങൾ നിരപ്പുവരുത്തുവാൻ	൧൨൩	...	...
പ്രൈവററു സെക്രട്ടറിയുടെ ആഫീസുകെട്ടിടം സംബന്ധിച്ച വേലകൾക്ക	൩൦൧	...	...
കരിങ്കല്ലുകൊണ്ടുള്ള കാമ്പൗണ്ടു ചുവരിനു	൨൯൦൭	...	...
മരാമത്തു.			
വഞ്ചിപ്പുരയുടെ അററകുററപ്പണിക്ക്	...	൫൪	൧൧൭
നാലുകെട്ടിനു സമീപമുള്ള മുറിയുടെ അററകുററപ്പണിക്ക	...	൨൮൩	...
കാവൽമുറിയിലെ തറ പുതുക്കുവാൻ	...	...	൧൫൨
ചുവരുകൾ വെള്ളയടിക്കുവാൻ	...	...	൧൪൧൩
കതകു കട്ടളം, വിരിപ്പ പലകളും പുതുക്കുവാൻ	...	...	൧൪൨൫
	൫,൩൪൦	൪൮൭	൩൧൦൭

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ശക്തിവിലാസത്തിലേക്കുള്ള ചെലവുകൾ പി. ഡബ്ലിയു ഡി. ബഡ്ജററിൽനിന്നൊ അല്ലെങ്കിൽ മറേറതെങ്കിലും ബഡ്ജററിൽനിന്നൊ ചിലവാക്കിയതു എന്നു എന്നെ അറിയിക്കുമൊ?

മി. കെ. ജോർജ് (ഗവർമ്മെൻറു ചീഫ്സെക്രട്ടറി): അധികവും മരാമത്തിനത്തിൽ നിന്നും കുറെയൊക്കെ പി. ഡബ്ലിയു. ഡി. ഇനത്തിൽനിന്നും ആകുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ശക്തിവിലാസം സംബന്ധിച്ച ചെലവുകളെ കാണിക്കുന്ന ലിസ്റ്റ് പി. ഡബ്ലിയു. ഡി. ഇനത്തിൽനിന്നും മരാമത്തു ഇനത്തിൽനിന്നും ഉള്ള ചെലവുകളിൽ ഉൾപ്പെടുന്നതേതെന്നാണൊ ഞാൻ മനസ്സിലാക്കേണ്ടതു.

മി. കെ. ജോർജ് (ഗവർമ്മെൻറു ചീഫ്സെക്രട്ടറി): മറുപടിയിൽ ഒരു സ്ഥലത്തു പി. ഡബ്ലിയു. എന്നും മറെറാരു ഭാഗത്തു മരാമത്തു എന്നും എഴുതിയിരിക്കുന്നതിൽനിന്നും മെമ്പർക്ക ഇതു മനസ്സിലാക്കാവുന്നതാകുന്നു.

൧൧൦൦ മാണ്ടു ശക്തിവിലാസംവകക്ക ചെലവായിട്ടുള്ള കൂടുതൽ ചെലവുകളുടെ

വിവരങ്ങൾ.

൧൧൭. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ശക്തിവിലാസത്തിൽ ൧൧൦൦ മീനം ൧൩-ാം മുതൽ പുതിയ പണികൾക്കും പുതിയ സാമാനങ്ങൾക്കുമായി ചെലവുചെയ്തിട്ടുള്ള കൂടുതൽ ചെലവുകളുടെ വിവരങ്ങൾ തരുവാൻ ഗവർമ്മെൻറിനു ദയവുണ്ടാകുമൊ?

മി. കെ. ജാർജ് (ഗവണ്മെൻറ് ചീഫ്സെക്രട്ടറി):

	൧൧൦൦	൧൧൦൧	൧൧൦൨
	രൂ.	രൂ.	രൂ.
(എ) തോട്ടത്തിൽ വച്ചും ഇടുന്നതിനുള്ള ചെടികൾ	൪൭൬	...	...
പുതിയ കളിസ്ഥലവും, മറപ്പുരകളും	൧൭൧	൪൫൮൮	൧൭൮
അടുക്കളയിലുള്ള ഭേദഗതികൾ	൧൪൯	...	...
കക്കൂടാലിസ്ഥാനം, കോഴിക്കൂട്, തറാവിനുള്ള കൂട്	...	൬൧൩	...
	൭൯൬	൫,൨൦൧	൧൭൮
(ബി) സാമഗ്രികൾ	...	൯൬൫	൫൧

ചേർത്തല ഇംഗ്ലീഷ് ഹൈസ്കൂൾ.

൧൧൮. മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല):

(എ) ചേർത്തല ഇംഗ്ലീഷ് ഹൈസ്കൂളിലേക്കു ഒരു സ്ഥിരം ഹെഡ്മാസ്റ്ററെ നിയമിച്ചിട്ടുണ്ടോ എന്നും,

(ബി) ആ സ്കൂളിലേക്കു കൂടുതൽ ട്രെയിൻഡ് ബി. എ.-ക്കാരെ അയച്ചുകൊടുക്കണമെന്നു കാണിച്ചു ചേർത്തല നിവാസികൾ ഒരു മെമ്മോറിയൽ ദിവാൻജിക്കു കൊടുത്തിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ അതിലേക്കു എന്തുനടപടി നടത്തിട്ടുണ്ടെന്നും,

(സി) ചേർത്തല ഇംഗ്ലീഷ് ഹൈസ്കൂളിൽ ഇപ്പോൾ ശിക്ഷാക്രമപരിശീലനം സിദ്ധിച്ച എത്ര ബി. എ.-ക്കാരുണ്ടെന്നും,

(ഡി) ഈ വർഷം (൧൯൨൬-൨൭) ആ സ്കൂളിലേക്കു കൂടുതൽ ട്രെയിൻഡ് ബി. എ.-ക്കാരെ അയക്കുവാൻ അവർ ഏർപ്പാടു ചെയ്യുമോ എന്നും,

(ഇ) ചില ബി. എ.-ക്കാരെ ചേർത്തല ഇംഗ്ലീഷ് ഹൈസ്കൂളിലേക്കു അയച്ചിട്ടുള്ളതു ഒരുതരം ശിക്ഷയായിട്ടാണെന്നു പറയുന്നതു വാസ്തവമാണോ എന്നും, പറയുവാൻ ഗവണ്മെൻറിനു ദയവുണ്ടാകുമോ?

മി. കെ. ജാർജ് (ഗവണ്മെൻറു ചീഫ്സെക്രട്ടറി):

(എ) ഇല്ല.

(ബി) കഴിഞ്ഞ രണ്ടു സ്കൂൾവർഷക്കാലങ്ങളിൽ ഒന്നുമില്ല.

(സി) നാലു.

(ഡി) ഇപ്പോൾ ആ സ്കൂളിലേക്കു കൂടുതൽ ട്രെയിൻഡ് ബി. എ.-ക്കാരുടെ ആവശ്യമുള്ളതായി തോന്നുന്നില്ലെന്നു് റിപ്പോർട്ടു കിട്ടിട്ടുണ്ട്.

(ഇ) മറുപടി പ്രതികൂലമായിട്ടാണ്.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): (എ) ഭാഗം സംബന്ധിച്ച്, ഹെഡ്മാസ്റ്ററുടെ സ്ഥാനം അവിടെ ഒഴിവായതു എപ്പോളാണെന്നു എന്നെ അറിയിക്കാമോ?

മി. കെ. ജാർജ് (ഗവണ്മെൻറു ചീഫ്സെക്രട്ടറി): ൧൧൦൧ വൃശ്ചികം ൨൦-നു.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ആ സ്ഥാനത്തിലേക്കു ഇതുവരെയും ആളെ നിയമിക്കാത്തതു എന്തുകൊണ്ടാണെന്നു എന്നെ അറിയിക്കാമോ?

മി. കെ. ജാർജ് (ഗവണ്മെൻറു ചീഫ്സെക്രട്ടറി): ഹെഡ്മാസ്റ്ററുടെ ജോലികൾ സീനിയർ അദ്ധ്യാപകൻ നോക്കിവരുന്നുണ്ട്.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): അവിടെ ഒരു സ്ഥിരം ഹെഡ്മാസ്റ്ററെ നിയമിക്കാത്തതുകൊണ്ട് സ്കൂളിലെ ഡിസിപ്ലിൻ നാൾക്കുനാൾ ദോഷമായിത്തീരുന്നുണ്ടെന്നു ചേർത്തല നിവാസികൾ പരാതി ബോധിപ്പിച്ചിട്ടുള്ള വിവരം ഗവണ്മെൻറിനു അറിയാമോ?

മി. കെ. ജാർജ് (ഗവണ്മെൻറു ചീഫ്സെക്രട്ടറി): ആ വിവരം നോട്ടുചെയ്തുകൊള്ളുന്നു.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): എന്റെ ചോദ്യത്തിലെ (ബി) ഭാഗത്തിനു കിട്ടിയ മറുപടിയെന്താണെന്നു മനസ്സിലാക്കുവാൻ എനിക്കു സാധിക്കുന്നില്ല. അതിനു ഒരു വിവരണം ആവശ്യമാണ്.

മി. കെ. ജാർജ് (ഗവണ്മെൻറു ചീഫ്സെക്രട്ടറി): അദ്ദേഹത്തിന്റെ ചോദ്യം "ആ സ്കൂളിലേയ്ക്കു കൂടുതൽ ട്രെയിൻഡ് ബി. എ.-ക്കാരെ നിയമിക്കേണ്ടതാണെന്നു കാണിച്ചു ചേർത്തലനിവാസികൾ ദിവാൻജിക്കു ഒരു പ്രാർത്ഥനാപത്രം കൊടുത്തിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ അതുസംബന്ധിച്ചു എന്തു നടപടി നടത്തിട്ടുണ്ടെന്നും" ആയിരുന്നു. അതിലേക്കു എന്റെ മറുപടി "കഴിഞ്ഞ രണ്ടു വർഷങ്ങൾക്കിടയിൽ ഒന്നുമില്ല" എന്നും ആയിരുന്നു.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): കഴിഞ്ഞപ്രാവശ്യം ദിവാൻ ചേർത്തല സന്ദർശിച്ചപ്പോൾ ആ സ്ഥലത്തുള്ള ജനങ്ങൾ ആ സ്കൂളിലേക്കു കൂടുതൽ ട്രെയിൻഡ് ബി. എ.-ക്കാരെ നിയമിച്ചുകിട്ടണമെന്നു പ്രാർത്ഥിക്കുന്ന ഒരു മെമ്മോറിയൽ സമർപ്പിച്ചിട്ടുണ്ടെന്നുള്ള വസ്തുത ഗവണ്മെൻറിനു അറിവുണ്ടോ?

മി. കെ. ജാർജ് (ഗവണ്മെൻറു ചീഫ്സിക്രട്ടറി): അതു അങ്ങനെ ആയിരിക്കാം.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ആ സംഗതിയെപ്പറ്റി പുനരാലോചന ചെയ്യുവാൻ ഗവണ്മെൻറിനു ദയവുണ്ടാകുമോ?

മി. കെ. ജാർജ് (ഗവണ്മെൻറു ചീഫ്സിക്രട്ടറി): ഉണ്ട്.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): (ഡി) ഭാഗത്തിനുള്ള മറുപടി സംബന്ധിച്ച്, സമീപത്തിലുള്ള വൈക്കം സ്കൂളിലെ ട്രെയിൻഡ് ബി. എ.-ക്കാരുടെ എണ്ണം എത്രയാണെന്നു എന്നെ അറിയിക്കാമോ?

മി. കെ. ജാർജ് (ഗവണ്മെൻറു ചീഫ്സെക്രട്ടറി): ഇപ്പോൾ ഗവണ്മെൻറിനു അതിനെപ്പറ്റിയാതൊരു വിവരവുമില്ല.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഓരോ സ്കൂളിലും നിയമിക്കേണ്ട ട്രയിൻഡ് ബി. എ-ക്കാർ ഇത്രയായിരിക്കണമെന്നുള്ളതിനു ഏതെങ്കിലും ഒരു ശതമാനം ഗവർണ്മെന്റ് ക്ലിപ്തം ചെയ്തിട്ടുണ്ടോ?

മി. കെ. ജോർജ് (ഗവർണ്മെന്റ് ചീഫ്സെക്രട്ടറി): ഇല്ല. അതുസംബന്ധിച്ച് ക്ലിപ്തമായ ഒരു നിയമവും ഇല്ല.

ജലനിർഗ്ഗമനത്തിനായി പാൽക്കുളത്തു് അധികമുണ്ടായിരുന്ന തോട്.

൧൧൯൫. മി. എം. ശിവതാണുപിള്ള (തോവാള): ൧൧൨൦ നവംബർ ൬-നു കൂടിയ സഭയിലെ സമ്മേളനത്തിൽ ചോദിച്ച ൧൦-ാം നമ്പർ സി. ചോദ്യത്തിനു കൊടുത്ത മറുപടിസംബന്ധിച്ച്, പാൽക്കുളത്തു് ജലനിർഗ്ഗമനത്തിനായി അധികമുണ്ടായിരുന്ന ആദ്യകാലത്തെ തോട് വീണ്ടും ഉദ്ധരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നു പറയുവാൻ ഗവർണ്മെന്റിനു ദയവുണ്ടാകുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെന്റ് സെക്രട്ടറി): ആ സംഗതിയെപ്പറ്റി അവസാനമായി തീർച്ചചെയ്തിട്ടില്ല. അതുകൊണ്ടു് ചോദ്യത്തിലെ രണ്ടാംഭാഗത്തിനു അവകാശം കാണുന്നില്ല.

മി. എം. ശിവതാണുപിള്ള (തോവാള): ആ സംഗതി ഗവർണ്മെന്റു തീരുമാനം ഉണ്ടാകാതെ കിടപ്പായിട്ട് എത്രകാലമായി എന്ന് എന്നെ അറിയിക്കാമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെന്റ് സെക്രട്ടറി): മിസ്റ്റർ എസ്. സുബ്രഹ്മണ്യ കരയാളരുടെ ചോദ്യോത്തരത്തിന്റെ ഫലമായി, ആ സംഗതി ൧൧൨൦-ൽ ൬൯-ാം നമ്പർ ഗൌരവമായ ആലോചനയ്ക്കു വിഷയമായിത്തീർന്നു. അതിനുശേഷം ആ സംഗതിയെപ്പറ്റി എഴുത്തുകുത്തു് നടന്നുകൊണ്ടിരിക്കുന്നുണ്ട്.

മി. എം. ശിവതാണുപിള്ള (തോവാള): ഈ ആദ്യമുണ്ടായിരുന്ന കുടുതലായ തോട് ൧൦൮൬-നു മുമ്പ് അടയ്ക്കപ്പെട്ടു എന്നുള്ള വിവരം ഗവർണ്മെന്റിനു അറിയാമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെന്റ് സെക്രട്ടറി): എനിക്കു ഒരു അറിവും ഇല്ല.

മി. എം. ശിവതാണുപിള്ള (തോവാള): ഈ തോട് അടയ്ക്കുകളഞ്ഞതു സംബന്ധിച്ച ൧൦൮൬-ൽ ഗവർണ്മെന്റിനു ആവലാതികൾ കിട്ടിട്ടില്ലയോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെന്റ് സെക്രട്ടറി): ആ ചോദ്യത്തിനും എനിക്കു ഉത്തരം പറയുവാൻ സാധിക്കുകയില്ല.

മി. എം. ശിവതാണുപിള്ള (തോവാള): ൧൧൨൦-ൽ മിസ്റ്റർ കരയാളരുടെ വാദവിഷയം ഗവർണ്മെന്റിന് ലഭിച്ചപ്പോൾമാത്രമാണ് ഈ സംഗതി ആലോചനാവിഷയമായി തീർന്നത് എന്നാണോ ഞാൻ മനസ്സിലാക്കേണ്ടതു്?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെന്റ് സെക്രട്ടറി): ൧൧൨൦ നവംബർ മാസത്തിൽ ആ സംഗതി ഗൌരവമായ ആലോചനയ്ക്കു് വിഷയമായിത്തീർന്നു എന്നും ഇപ്പോഴും അതിനെപ്പറ്റി എഴുത്തുകുത്തു നടക്കുന്നുണ്ടെന്നും ഞാൻ പറഞ്ഞുകഴിഞ്ഞു.

മി. എം. ശിവതാണുപിള്ള (തോവാള): ഈ തോട് അടച്ചിട്ടു മറ്റു ഒന്നുംകൂടി വേറെയൊരു തോട് തുറക്കുന്നതുകൊണ്ടു് യാതൊരു പ്രയോജനവും ഉണ്ടാകുന്നതല്ലെന്നായിരുന്നു ചീഫ് എൻജിനീയരുടെ അഭിപ്രായം എന്നു ഗവർണ്മെന്റിന് അറിവുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെന്റ് സെക്രട്ടറി): ഉണ്ട്. അദ്ദേഹം അങ്ങനെ റിപ്പോർട്ടു ചെയ്തിട്ടുണ്ട്. ആ സംഗതിയും ആലോചനയിലിരിക്കുന്നുണ്ട്.

മി. എം. ശിവതാണുപിള്ള (തോവാള): ആ സംഗതിയെപ്പറ്റി അവസാനമായി ഒരു തീരുമാനം ചെയ്യുവാൻ ഗവർണ്മെന്റിനു് എപ്പോൾ ദയവുണ്ടാകുമെന്ന് എന്നെ അറിയിക്കാമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെന്റ് സെക്രട്ടറി): ഇപ്പോൾ ആ സംഗതിയെപ്പറ്റി ഊർജ്ജിതമായി ആലോചിച്ചു വരുന്നുണ്ട്. എപ്പോൾ അതു തീരുമാനിക്കപ്പെടുമെന്നു പറയുവാൻ എനിക്കു സാധിക്കുന്നതല്ല.

മി. എം. ശിവതാണുപിള്ള (തോവാള): ൧൦-ാം നമ്പർ (സി) ചോദ്യത്തിൽ പ്രസ്താവിച്ചിട്ടുള്ള മറ്റു വശങ്ങളുംകൂടിയുള്ള തോട് വെട്ടിത്തുറക്കുവാൻ ഗവർണ്മെന്റ് അധികാരപ്പെടുത്തിട്ടുണ്ടോ എന്ന് എന്നെ അറിയിക്കാമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെന്റ് സെക്രട്ടറി): ഉണ്ട്.

മി. എം. ശിവതാണുപിള്ള (തോവാള): മറുവശങ്ങളുള്ള തോട് തുറക്കുന്നതിന് അധികാരപ്പെടുത്തിയ തോടിന്റെ അതിന്റെ പരിമാണങ്ങളെ സംബന്ധിച്ച ഏതെങ്കിലും നിർദ്ദേശങ്ങൾ നൽകിട്ടുണ്ടോ എന്ന് എന്നെ അറിയിക്കാമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെന്റ് സെക്രട്ടറി): അതു സവിസ്താരമായ വിവരണത്തെ സംബന്ധിച്ച ഒരു സംഗതിയാണ്. ഇപ്പോൾ നിശ്ചിതമായ ഏതെങ്കിലും മറുപടി പറയുവാൻ എനിക്ക് സാധിക്കുന്നതല്ല.

മി. എം. ശിവതാണുപിള്ള (തോവാള), മറുവശങ്ങളുടെ ചാനൽ തുറക്കുവാൻ അധികാരപ്പെടുത്തിയ തോടിനു് കൂടുതലുള്ള പഴയചാനൽ അടയ്ക്കുന്നതിനും ഗവർണ്മെന്റ് അധികാരപ്പെടുത്തിട്ടുണ്ടോ എന്ന് എന്നെ അറിയിക്കാമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെന്റ് സെക്രട്ടറി): മറുവശങ്ങളുടെ ചാനൽ തുറക്കുന്നതിനുള്ള അധികാരം നൽകിയ തോടു കൂടിത്തന്നെ അധികമുള്ള പഴയചാനൽ അടയ്ക്കുന്നതിനുള്ള അധികാരവും കൊടുത്തിരിക്കണമെന്നാണ് എനിക്കു തോന്നുന്നതു്. അതിനെപ്പറ്റി ഇപ്പോൾ എനിക്കു നിശ്ചയമായ അറിവില്ല. എക്സിക്യൂട്ടിവ് കമ്മിഷണരോട് ചോദിച്ചും റിക്കാർട്ടുകൾ നോക്കിയും അതു നിശ്ചയിക്കേണ്ടതായിട്ടാണിരിക്കുന്നതു.

മി. എം. ശിവതാണുപിള്ള (തോവാള): അന്ന് കൂടുതൽ ചാനലുകളായിരുന്ന സ്ഥലങ്ങളെല്ലാം ഇന്ന് ഉപ്പളങ്ങളായിത്തീർന്നിരിക്കുന്നു എന്നുള്ള വിവരം ഗവർണ്മെന്റിന് അറിയാമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെന്റ് സെക്രട്ടറി): ഉണ്ട്.

മി. എം. ശിവതാണുപിള്ള (തോവാള): ഈ സ്ഥലങ്ങളെ ഉപ്പളങ്ങളാക്കിക്കൊള്ളുവാൻ ഗവർണ്മെന്റു് അധികാരപ്പെടുത്തിട്ടുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെന്റ് സെക്രട്ടറി): ഇപ്പോൾ അതിനെപ്പറ്റി പറയുവാൻ എനിക്കു സാധിക്കുന്നതല്ല.

മി. എം. ശിവതാണുപിള്ള (തോവാള): ഈ സ്ഥലങ്ങളിൽ ഉപ്പു വിളയിച്ചുകൊള്ളുവാൻ ലൈസൻസു കൊടുത്തിട്ടുണ്ടോ എന്നു് എന്നെ അറിയിക്കുമോ?

മി. ടി. പി. രാമസ്വാമിയ്യർ (ഗവർൺമെൻറുസെക്രട്ടറി): അത് എക്സൈസ് കമ്മീഷണരോടു ചോദിച്ചറിയേണ്ടതായിട്ടാണിരിക്കുന്നതു്. എനിക്കു അതിനെപ്പറ്റി ഇപ്പോൾ നിശ്ചിതമായ അറിവൊന്നുമില്ല.

മി. എം. ശിവതാണുപിള്ള (തോവാള): ഇവിടെ ഉപ്പു് വിളയിക്കുന്നതിന് അനുവാദം സിദ്ധിച്ചിട്ടുള്ള ലൈസൻസുകാരനമായി ഏതെങ്കിലും ഉടമ്പടികളിൽ ഏർപ്പെട്ടിട്ടുണ്ടോ?

മി. ടി. പി. രാമസ്വാമിയ്യർ (ഗവർൺമെൻറുസെക്രട്ടറി): ഈ ചോദ്യം മുൻചോദ്യത്തിൻെറ ഒരു ഭാഗമാകുന്നതേയുള്ളൂ, അതിനു മറുപടി പറഞ്ഞിട്ടുണ്ടു്.

മി. എം. ശിവതാണുപിള്ള (തോവാള): എൻെറ മെമ്പർ ചോദിച്ച ൧൦-ാംനമ്പർ ചോദ്യത്തിൻെറ (സി) ഭാഗത്തിനുള്ള മറുപടിയിൽ ആ സംഗതി ആലോചനയിൽ ഇരിക്കുന്നു എന്നും കഴിയുന്നതും വേഗത്തിൽ തീരുമാനം ചെയ്യുന്നതാണെന്നും ഗവർൺമെൻറു പറഞ്ഞിട്ടുണ്ടു്. ഇപ്പോൾ ആ സംഗതിയെപ്പറ്റി ഗവർൺമെൻറു തീരുമാനം ചെയ്യുമോ?

മി. ടി. പി. രാമസ്വാമിയ്യർ (ഗവർൺമെൻറുസെക്രട്ടറി): ആ സംഗതി ഇപ്പോഴും ഗവർൺമെൻറിൻെറ ആലോചനയിൽതന്നെയാണിരിക്കുന്നതു. വേഗത്തിൽ ഒരു തീരുമാനം ഉണ്ടാകുമെന്നു് ഗവർൺമെൻറു വിശ്വസിക്കുന്നുണ്ടു്.

ദിവാൻജിമാരുടെ ഉപയോഗത്തിനായി മോട്ടോർകാറുകൾ വാങ്ങിക്കൽ.

൧൨൦. മി. ടി. കുമാരപിള്ള (കൽക്കുളവും വിളവൻകോടും): ൧൦൯൯-മുതൽ ൧൧൦൬ അവസാനംവരെ തിരുവിതാംകൂർ ദിവാൻജിമാരായിരുന്ന ഓരോരുത്തരുടേയും ഉപയോഗത്തിനായി വാങ്ങിച്ചിട്ടുള്ള മോട്ടോർകാറുകളെ സംബന്ധിച്ചു താഴെക്കാണുന്ന വിവരങ്ങൾ തരുവാൻ ഗവർൺമെൻറിനു ദയവുണ്ടാകുമോ?

(എ) ഓരോ ദിവാൻജിയുടേയും കാലത്തിൽ വാങ്ങിട്ടുള്ള കാറുകളുടെ എണ്ണം, പേരുകൾ, വില.

(ബി) ഓരോകാറും ഉപയോഗപ്പെടുത്തിവന്നകാലം.

(സി) ഓരോദിവാൻജിയുടേയും കാലത്തിൽ വന്നിട്ടുള്ള കാറുകളുടെ എണ്ണവും ആ വില്പനകൾമൂലം ഇടയായിട്ടുള്ള നഷ്ടവും.

(ഡി) വാങ്ങിയവിലയ്ക്കും വിററവിലയ്ക്കും തമ്മിലുള്ള വ്യത്യാസം.

(ഇ) ൧൦൯൯ മുതൽ ൧൧൦൬ അവസാനംവരെ ഈ കാറുകളുടെ അററകുററപ്പണിക്കു ആണ്ടുതോറും ചെലവായിട്ടുള്ളതുക.

(എഫ്) ഈ സ്റ്റേററു കാറുകളിൽനിന്നും ഗവർൺമെൻറിനു ആണ്ടുതോറും കിട്ടിട്ടുള്ള ആദായം.

മി. കെ. ജാർജ് (ഗവർൺമെൻറു ചീഫ്സെക്രട്ടറി): മെമ്പർ ആവശ്യപ്പെട്ട വിവരങ്ങൾ അടങ്ങിയ സ്റ്റേറ്റുമെൻറുകൾ മേശപ്പുറത്തു ഇട്ടിരിക്കുന്നു.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവൻകോടും). ഇപ്പോൾ ദിവാൻജിയവർകളുടെ ആവശ്യത്തിനു എത്രകാറുകൾ ഉണ്ടു്?

മി. കെ. ജാർജ് (ഗവർൺമെൻറു ചീഫ്സെക്രട്ടറി): രണ്ടുകാറുകൾ ഉണ്ടു.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവൻകോടും): അവ ഏതെല്ലാമാണു്?

മി. കെ. ജാർജ് (ഗവർൺമെൻറു ചീഫ്സെക്രട്ടറി). ഫിയററ് ഡെയിംലർ ഇവ രണ്ടുമാണു്.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവൻകോടും): ൧൧൦൦ വൃശ്ചികത്തിൽ വാങ്ങിട്ടുള്ള ഡഡ്ജ്കാർ ഇതിവിധംതന്നെ ഉപയോഗത്തിലിരിക്കയാണോ?

മി. കെ. ജാർജ് (ഗവർൺമെൻറു ചീഫ്സെക്രട്ടറി): അല്ല.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവൻകോടും): അതു ആരുപയോഗിക്കുന്നു?

മി. കെ. ജാർജ് (ഗവർൺമെൻറു ചീഫ്സെക്രട്ടറി): തൽക്കാലം പ്രത്യേകം ഉപയോഗത്തിനായി കൊട്ടാരത്തിൽ അയച്ചിരിക്കയാണു്. സാധാരണമായി സ്റ്റേററുഗസ്റ്റ് വന്നാൽ ഉപയോഗിക്കാറുണ്ടു്.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവൻകോടും): ഈ വൃശ്ചികത്തിൽ വാങ്ങിയ ഓവർലൻറുകാറല്ലേ സ്റ്റേററുഗസ്ററിനു ഉപയോഗിക്കുന്നതു?

മി. കെ. ജാർജ് (ഗവർൺമെൻറുചീഫ്സെക്രട്ടറി): അതു വിററു കഴിഞ്ഞു.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവൻകോടും): ഡെയിംലർ കാറിനു പവനായിട്ടാണോ രൂപാവിൽനിന്നും ചെലവെഴുതിട്ടുള്ളതു?

മി. കെ. ജാർജ് (ഗവർൺമെൻറു ചീഫ്സെക്രട്ടറി): പവനായിട്ടാണയച്ചതു.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവൻകോടും): ഇവിടത്തെ കണക്കിലും അങ്ങനെയാണോ?

മി. കെ. ജാർജ് (ഗവർൺമെൻറു ചീഫ്സെക്രട്ടറി): ഇവിടത്തെ കണക്കെല്ലാം സർക്കാർരൂപയാണല്ലോ?

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവൻകോടും): അതു എത്രരൂപയാണു്?

മി. കെ. ജാർജ (ഗവർൺമെൻറു ചീഫ്സെക്രട്ടറി): പതിനായിരത്തിൽ ചില്വാനം.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവൻകോടും): ഏതിനത്തിലാണു് ഈ രൂപാ ചെലവെഴുതിട്ടുള്ളതു്?

മി. കെ. ജാർജ് (ഗവർൺമെൻറു ചീഫ്സെക്രട്ടറി). "ഭരണസംബന്ധമായ ചെലവു" എന്ന ഇനത്തിൽ.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവൻകോടും): ആ ഇനത്തിൽനിന്നും ഇതിനുമുമ്പു് ദിവാൻജിമാരുടെ ആവശ്യത്തിന് കാറുകൾ വാങ്ങിട്ടുണ്ടോ?

മി. കെ. ജാർജ് (ഗവർൺമെൻറു ചീഫ്സെക്രട്ടറി): ആ ഇനത്തിൽ ചെലവെഴുതി കാറുകൾ വാങ്ങിക്കുന്നതു്, അതു് ദിവാൻജി ഉപയോഗിക്കുന്നുണ്ടു്.

മി. ടി കുമാരപിള്ള (കൽക്കുളവും വിളവൻകോടും): അങ്ങനെ ഏതെങ്കിലും ദൃഷ്ടാന്തം പറയാമോ?

മി. കെ. ജാർജ് (ഗവർൺമെൻറു ചീഫ്സെക്രട്ടറി): രജിസ്ററു നോക്കിയാൽ കാണാമെല്ലോ.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവൻകോടും): അങ്ങനെ വാങ്ങിച്ചതു് ഏതുകാറാണെന്നു് പറയാമോ?

മി. കെ. ജാർജ് (ഗവർൺമെൻറ ചീഫ്സെക്രട്ടറി): അതിപ്പോൾ പറയാൻ നിവൃത്തിയില്ല.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവൻകോടും): "ഭരണസംബന്ധമായ ചെലവു" എന്നഇനത്തിൽ നിന്നും ചെലവാക്കീട്ടുണ്ടോ?

മി. കെ. ജാർജ് (ഗവർൺമെൻറ ചീഫ്സെക്രട്ടറി): ഉണ്ടെന്നല്ലേ പറഞ്ഞതു?

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവൻകോടും): അതു ഏതാണ്ടിയാണെന്ന് പറവാൻ സാധിക്കുമോ?

മി. കെ. ജാർജ് (ഗവർൺമെൻറ ചീഫ്സെക്രട്ടറി): പറയാൻനിവൃത്തിയില്ല.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവൻകോടും): ഏതുദിവാൻജിയുടെ കാലത്താണ് വാങ്ങിയതെന്നു പറയാമോ?

മി. കെ. ജാർജ് (ഗവർൺമെൻറ ചീഫ്സെക്രട്ടറി): അതും ഇപ്പോൾ പറയാൻനിവൃത്തിയില്ല.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവൻകോടും): ഈ വണ്ടികൾ എല്ലാം ദിവാൻജിയുടെ ഉപയോഗത്തിൽ ഇരിക്കയാണോ?

മി. കെ. ജാർജ് (ഗവർൺമെൻറ ചീഫ്സെക്രട്ടറി): അതെ ചിലപ്പോൾ സ്റ്റേറ്റഗസ്റ്റ വരുമ്പോൾ അവരുടെ ആവശ്യത്തിനും കൊടുക്കാറുണ്ടു.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവൻകോടും): അതിന് ൧൧൦൦ വൃശ്ചികത്തിൽ വാങ്ങിയകാറല്ലേ?

മി. കെ. ജാർജ് (ഗവർൺമെൻറ ചീഫ്സെക്രട്ടറി): ബഹുമാനപ്പെട്ടതിഥികൾ വരുമ്പോൾ അതുകൊള്ളാതെവരും.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവൻകോടും): ഇതിനുമുമ്പു ദിവാൻജിയുടെകാറാണോ സ്റ്റേറ്റഗസ്റ്റിനു കൊടുത്തിട്ടുള്ളതു?

മി. കെ. ജാർജ് (ഗവർൺമെൻറ ചീഫ്സെക്രട്ടറി): ചിലപ്പോൾ ദിവാൻജിയുടെ കാറും ഉപയോഗിക്കും.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവൻകോടും): ആ കാലത്തു ൨൦൦൦ രൂപാകൊടുത്തു വാങ്ങിയകാർ ഉണ്ടായിരുന്നോ?

മി. കെ. ജാർജ് (ഗവർൺമെൻറ ചീഫ്സെക്രട്ടറി): ഇല്ല.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവൻകോടും); അതുവരെ ദിവാൻജിയുടെകാർ സ്റ്റേറ്റഗസ്റ്റിന് കൊടുത്തിട്ടില്ലേ?

മി. കെ. ജാർജ് ഗവർൺമെൻറ ചീഫ്സെക്രട്ടറി: ആ സമയത്തു ഉള്ളതിൽ നല്ലകാർ കൊടുത്തയക്കും.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവൻകോടും): ഈ കാറിൻെറ ചെലവു എവിടെനിന്നാണു സാധിക്കുന്നതു?

മി. കെ. ജാർജ് (ഗവർൺമെൻറ ചീഫ്സെക്രട്ടറി): ഗവർൺമെൻറിൽനിന്നും പെട്രോൾചെലവുവഹിച്ചുകൊണ്ടു സക്കീട്ടുപടിയിൽനിന്നും മൈലിനു ൪ അണാവീതം കുറയ്ക്കും.

പ്രൈവറ്റുസെക്രട്ടറിയുടെ ആഫീസു ചെലവുകളും ധർമ്മച്ചെലവുകളും.

൧൨൧. മി. ടി. കുമാരപിള്ള (കൽക്കുളവും വിളവൻകോടും): ൧൦൯൭ മുതൽ ൧൧൦൧ അവസാനംവരെ പ്രൈവറ്റുസെക്രട്ടറിയുടെ ആഫീസു ചെലവുകളും ധർമ്മച്ചെലവുകളും എന്ന ഇനത്തിൽ ആണ്ടുതോറുമുള്ള ബഡ്ജറ്റ വിഭജനങ്ങളും വാസ്തവത്തിൽ ചെലവാകുന്ന തുകകളും എന്താണെന്നു പറയുവാൻ ഗവർൺമെൻറിനു മനസ്സുണ്ടാകുമോ?

മി. കെ. ജാർജ് (ഗവർൺമെൻറ ചീഫ്സെക്രട്ടറി): മെമ്പർ ആവശ്യപ്പെട്ട വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

വർഷം	പ്രൈവറ്റ്സെക്രട്ടറിയുടെ ആഫീസു ചെലവുകൾ		ധർമ്മച്ചെലവുകൾ	
	ബഡ്ജറ്റ വിഭജനങ്ങൾ	വാസ്തവമായ ചെലവു	ബഡ്ജറ്റ വിഭജനങ്ങൾ	വാസ്തവമായചെലവ്
	രൂ.	രൂ.	രൂ.	രൂ.
൧൦൯൭	൨,൫൦൦	൩,൦൦൦	൩൦൦	൩൧൨
൧൦൯൮	൨,൫൦൦	൨,൪൫൯	൩൦൦	൫൬൯
൧൦൯൯	൨,൫൦൦	൪,൨൪൪	൩൦൦	൩൩൨
൧൧൦൦	൨,൫൦൦	൧,൩൨൩	൩൦൦	൫൯൯
൧൧൦൧	൨,൫൦൦	൧,൮൨൩	൩൦൦	൩൨൪

ഭക്തിവിലാസത്തിലെ മരാമത്തുവേലകൾ.

൧൨൨. മി. ടി. കുമാരപിള്ള (കൽക്കുളവും വിളവൻകോടും): ൧൦൯൭ മുതൽ ൧൧൦൧ അവസാനംവരെ "കെട്ടിടവും സംരക്ഷണവും, പ്രത്യേക അററകുററപ്പണികൾ പുതിയ കെട്ടിടങ്ങൾ" എന്നീ ഇനങ്ങളിൽ ആണ്ടുതോറും ബഡ്ജററിൽചെയ്തിട്ടുള്ള വിഭജനങ്ങളും വാസ്തവത്തിൽ ചെലവായിട്ടുള്ള തുകകളും എത്രയെന്നുപറയുവാൻ ഗവർൺമെൻറിനു മനസ്സുണ്ടാകുമോ?

മി. കെ. ജാർജ് (ഗവൺമെൻറു ചീഫ്സെക്രട്ടറി) : മെംബർ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ താഴെകൊടുത്തിരിക്കുന്നു.

വർഷം	കെട്ടിടംവകയ്ക്കു നീക്കിവച്ചിട്ടുള്ളതുക	സംരക്ഷണച്ചെലവു്	ഭേദഗതികൾ അററകുററങ്ങൾ	പുതിയകെട്ടിടങ്ങൾ
	രൂ.	രൂ.	രൂ.	രൂ
൧൦൯൭	൯,൦൦൦	൮,൬൩൨	൫൮൬	൧,൮൪൫
൧൦൯൮	൮,൦൦൦	൭,൯൯൬	൩൨൭	൧൫൦
൧൦൯൯	൮,൦൦൦	൭,൩൯൫	൩,൦൬൦	...
൧൧൦൦	൮,൦൦൦	൮,൦൧൪	൬൫൭	൬൪൭
൧൧൦൧	൮,൦൦൦	൮,൦൮൮	൫,൦൬൧	൫,൨൦൧

ബഡ്ജററു വിഭജനങ്ങൾ കെട്ടിടങ്ങളുടെ സംരക്ഷണം സംബന്ധിച്ച വേലകൾക്കുമാത്രമേ ചെയ്തിട്ടുള്ള "കെട്ടിടവും സംരക്ഷണവും" എന്ന ശീർഷകത്തിൽ പന്തവിലാസവും ഉൾപ്പെടുന്നതാകുന്നു.

അവധിയിൽനിന്നുള്ള ഉദ്യോഗസ്ഥന്മാരെ തിരികെ വിളിക്കുക.

൧൨൩. മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവൻകോടും) :

(എ) അനുവദിച്ചിട്ടുള്ള അവധി അവസാനിക്കുന്നതിനുമുമ്പു ജോലിയിൽ പ്രവേശിക്കുവാൻ ആജ്ഞാപിച്ചിട്ടുള്ള സർക്കാർ ജീവനത്തിലെ ഉദ്യോഗസ്ഥന്മാർക്കു സഞ്ചാരപ്പടിയും ബാററായും കൊടുക്കുന്നതുണ്ടോ എന്നും,

(ബി) (൧) ൧൧൦൧—ലോ, ൧൧൦൨—ൽ ഇതുവരെയോ അപ്രകാരമുള്ളതിനു ഏതെങ്കിലും ദൃഷ്ടാന്തങ്ങൾ ഉണ്ടായിട്ടുണ്ടോ എന്നും,

(൨) ഉണ്ടെങ്കിൽ, ഓരോന്നിലും റദ്ദുചെയ്തിട്ടുള്ള അവധിയുടെ കാലം എത്രയെന്നും,

(സി) അപ്രകാരമുള്ള ഓരോന്നിലും സഞ്ചാരപ്പടിയായിട്ടും ബാററായായിട്ടും ഗവർൺമെൻറു ചെലവു ചെയ്തിട്ടുള്ളതും ചെലവുചെയ്യുന്നതുമായ തുക എന്തെന്നും, പറയുവാൻ ഗവർൺമെൻറിനു ദയവുണ്ടാകുമോ?

മി. കെ. ജാർജ് (ഗവർൺമെൻറു ചീഫ്സെക്രട്ടറി) :

(എ) ഇപ്രകാരമുള്ള സംഗതികളിൽ സഞ്ചാരപ്പടിയെപ്പററി നിർദ്ദേശിക്കുന്നസർവീസ റെഗുലേഷനിലെ ൪൮൩-ാംവകുപ്പു മെംബർ നോക്കിക്കൊള്ളേണ്ടതാകുന്നു.

(ബി) യും (സി) യും. ഗസററഡുഉദ്യോഗസ്ഥന്മാരെ സംബന്ധിച്ചുള്ള വിവരം അക്കൗണ്ടാഫീസരിൽനിന്നും ആകുന്നു ശേഖരിച്ചുവരുന്നതു. ഗസററഡ് സ്റ്റാഫിൽ ഉൾപ്പെടാത്തവരെ സംബന്ധിച്ചവിവരങ്ങൾ ലഭ്യമല്ല.

കറപ്പിൻേറയും കഞ്ചാവിൻേറയും വിലകൾ.

൧൨൪. മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവൻകോടും) : തിരുവിതാംകൂറിലും ബ്രിട്ടീഷ് ഇൻഡ്യയിലും കറപ്പും കഞ്ചാവും തോലാ ഒന്നിനു എന്തു വിലവച്ചാണ് ജനങ്ങൾക്കു വിററുവരുന്നതെന്നു പറയുവാൻ ഗവർൺമെൻറിനു ദയവുണ്ടാകുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർൺമെൻറുസെക്രട്ടറി) : തിരുവിതാംകൂറിലും മദ്രാസ്പ്രസിഡൻസിയിലും കറപ്പും കഞ്ചാവും വിനിയോഗിക്കുന്ന ആളുകൾക്കു അവ വിൽക്കപ്പെടുന്നവില താഴെകൊടുത്തിട്ടുള്ള സ്റ്റേറുമെൻറിൽ കാണിച്ചിരിക്കുന്നു.

	തോലാഒന്നിനു കറപ്പിൻെറവില	തോലാ ഒന്നിനുകഞ്ചാവിൻെറവില
തിരുവിതാംകൂർ.	൧൧൦൧-ൽ ൧ രൂപാ ൪ അണ മുതൽ ൧ രൂപാ ൧൨ അണവരെ.	൧൧൦൧—ൽ ൮ രൂ. മുതൽ ൧൨ രൂ. വരെ.
മദ്രാസ്പ്രസിഡൻസി.	൧൯൨൫-൧൯൨൬-ൽ ൧ രൂപാ മുതൽ ൩ രൂപാവരെ.	൧൯൨൫-൧൯൨൬-ൽ ൭ ണ മുതൽ ൧ രൂപാവരെ.

ബാലരാമപുരത്തുള്ള കറപ്പും കഞ്ചാവും ഷാപ്പുകൾ.

൧൨൫. മി. ടി. കുമാരപിള്ള (കൽക്കുളവും—വിളവങ്കോടും) : ൧൧൦൦, ൧൧൦൧ എന്നീരണ്ടുവർഷങ്ങളിൽ ബാലരാമപുരത്തുള്ള കറപ്പും കഞ്ചാവും കടകളിൽനിന്നും എത്രമാത്രം കറപ്പും കഞ്ചാവും വിററുവരുന്നു എന്നും അതിൽനിന്നുള്ള റെൻറൽ എന്തെന്നും പറയുവാൻ ഗവർൺമെൻറിനു ദയവുണ്ടാകുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർൺമെൻറു സെക്രട്ടറി) : മെംബർ ആവശ്യപ്പെട്ടവിവരം താഴെ കാണുന്നസ്റ്റേറുമെൻറിൽ അടങ്ങിയിരിക്കുന്നു.

വർഷം	റെൻറൽ	ചെലവു്	
	രൂ.	കറപ്പ് സീയറുകൾ	കഞ്ചാവ്സീയറുകൾ
൧൧൦൦	൯൦൦	൧൨	൮൨
൧൧൦൧	൮൫൦	൧൭½	൧൨൧

മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവൻകോടും) : ൧൧൦൦-ാമാണ്ടത്തെ ൯൦൦ രൂപാ ആയിരിക്കുമ്പോൾ വിററിട്ടുള്ള കറപ്പും കഞ്ചാവിനേയുംകാൾ കൂടുതൽ വിററിരിക്കുമ്പോൾ ൧൧൦൧-ൽ ൪൫൦ രൂപാ ആയതെങ്ങനെ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെന്റു സെക്രട്ടറി) : അതു പിന്നീടെ അറിയാൻ സാധിക്കയുള്ള വെങ്കിലുംസമയത്തു ൪൫൦ രൂപയ്ക്കുകൊടുത്തു.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവൻകോടും) : ഒരു ഷാപ്പിൽ സാധാരണ ചിലവായിരിക്കുന്നതിനേക്കാൾ കറപ്പുംകഞ്ചാവും കൂടുതൽകൊടുക്കുന്നതു ഏതിനാൽ കാരണമാണെന്നു ഗവർമ്മെന്റിനറിയാമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെന്റുസെക്രട്ടറി) : ഫലത്തിൽ അങ്ങിനെ കാണുമായിരിക്കാം എങ്കിലും കൊടുക്കുന്നകാലത്തു ഇതുചെലവാകും എന്നു അറിഞ്ഞിട്ടല്ലല്ലോ കൊടുക്കുന്നതു.

മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവൻകോടും) : ഇപ്പോൾ രണ്ടു എത്രരൂപയായിരുന്നാലും ആവശ്യപ്പെടുന്ന കറപ്പും കഞ്ചാവും കൊടുക്കാമെന്നാണോ പറയുന്നതു?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെന്റുസെക്രട്ടറി) : അല്ല.

മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവൻകോടും) : ഈ ആണ്ടിൽ ആവശ്യപ്പെടുന്ന തുകയ്ക്കുള്ളതും കറപ്പും കഞ്ചാവും വിൽക്കാൻ കൊടുക്കുന്നുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെന്റുസെക്രട്ടറി) : വിൽക്കുന്നതിനു ചട്ടങ്ങളുണ്ടു. അതനുസരിച്ചുകൊടുക്കയുമുള്ളു.

മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവൻകോടും) : ൪൫൦ രൂപായ്ക്കു ലേലംചെയ്ത ഒരു ഷാപ്പിൽ ആവശ്യപ്പെടുന്നമാതിരി എത്രയും കറപ്പും കഞ്ചാവും കൊടുക്കുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെന്റു സെക്രട്ടറി) : ആവശ്യപ്പെടുന്നിടത്തോളം കൊടുക്കും അതിൽകൂടുതൽ കൊടുക്കുകയില്ല.

മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവൻകോടും) : ആവശ്യപ്പെടുന്നതുപോലെ കൊടുക്കുന്നതിൽ വിരോധമില്ലെന്നാണോ പറയുന്നതു?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെന്റുസെക്രട്ടറി) : വിലയെപ്പററിയാണോ ചോദിക്കുന്നതു.

മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവൻകോടും) : ൧൧൦൧-ൽ ൪൫൦ രൂപായ്ക്കു ലേലംകൊടുത്തു. ആ ഷാപ്പുകാരൻ അതിനനുസരിച്ചതല്ലാത്ത അളവിൽനിന്നും കറപ്പും കഞ്ചാവും കൂടുതലായിട്ടു ആവശ്യപ്പെട്ടാൽ ആളുകൾക്കു കറപ്പുംകഞ്ചാവും കൊടുക്കാമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെന്റുസെക്രട്ടറി) : ജനങ്ങൾക്കു കൂടുതൽ ആവശ്യമുണ്ടെന്നു കാണുന്നസമയത്തു, എക്സൈസ് കമ്മീഷണരുടെ ഉത്തരവിൻപ്രകാരം കൊടുക്കും.

മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവൻകോടും) : അങ്ങിനെകൊടുക്കാമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെന്റുസെക്രട്ടറി) : കൊടുക്കാം.

മൂവാററുപുഴത്താലൂക്കിലുള്ള ഭൂമികളിലെ കാടൊഴിക്കൽ.

൧൨൨. മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും) :

(എ) മൂവാററുപുഴ വനമൊഴിവാക്കൽ കമ്മററിയിലെ ഭൂരിപക്ഷം അനൌദ്യോഗസ്ഥമെമ്പറന്മാർ കമ്മററിയിലെ കാര്യമർശിക്കുന്നിടം കമ്മററിയിലെ റിപ്പോർട്ടിൽ പ്രസ്താവിച്ചിട്ടുള്ള സ്ഥലങ്ങൾക്കുപുറമെ പതിച്ചുകൊടുക്കാവുന്ന ഭൂമികളുടെ ഒരു പ്രത്യേകലിസ്റ്റ് സമർപ്പിച്ചിട്ടുണ്ടോ എന്നും,

(ബി) ആ ലിസ്ററു പ്രസിദ്ധം ചെയ്യുമോ എന്നും,

(സി) ആ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള ഭൂമികളെ സംബന്ധിച്ചുള്ള അവരുടെ തീരുമാനം എന്തെന്നു പറയുവാൻ ഗവർമ്മെണ്ടിനു ദയവുണ്ടാകുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെന്റു സെക്രട്ടറി): (എ) കമ്മിററി സമർപ്പിച്ചിട്ടുള്ള ലിസ്റ്റിനു പുറമെ യാതൊരു ലിസ്റ്റും കിട്ടീട്ടില്ല. എന്നാൽ റിപ്പോർട്ടിന്റെ ചുവട്ടിൽ കമ്മിററിയിലെ മൂന്നു അനൌദ്യോഗസ്ഥമെമ്പർമാർ ഒപ്പിട്ടിട്ടുള്ള ഒരു നോട്ടു ചേർത്തിട്ടുണ്ടു. അതിൽ കമ്മിററി സമർപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്താവിച്ചിട്ടുള്ളവകൂടാതെ കണ്ണംകുളമ്പു, ഈഞ്ചത്തൊട്ടു, കനൽചേരികണ്ടം എന്നിവ ഉൾപ്പെടെ അഞ്ചു ഭാഗങ്ങൾകൂടെ അവർ പരിശോധിച്ചിട്ടുള്ളതായി കാണിച്ചിരിക്കുന്നു,

(ബി) (എ) ഭാഗത്തിനു പറഞ്ഞിട്ടുള്ള മറുപടികാണ്ടു ഈ ചോദ്യത്തിനു അവകാശം കാണുന്നില്ല.

(സി) പ്രസ്താവത്തിനു വിഷയിഭവിച്ചിട്ടുള്ള ഭൂമികൾ തൊടുപുഴ താലൂക്കിൽ ഉൾപ്പെട്ടതാകയാലും ആ താലൂക്ക അതിന്റെ പ്രവൃത്തി സീമയിൽ ഉൾപ്പെട്ടതല്ലായ്കയാലും മൂവാററുപുഴത്താലൂക്കുകമ്മിററി അവയെ ആലോചനാവിഷയമാക്കിയല്ല, ഈ ഭൂമികളെ സംബന്ധിച്ചു യാതൊരു ഉത്തരവുകൾക്കും ആവശ്യപ്പെട്ടിട്ടില്ലായ്കയാൽ ഗവർമ്മെന്റു ഇവയെപ്പററി ഉത്തരവുകൾ ഒന്നും പാസ്സാക്കീട്ടില്ല.

എക്സൈസ് ഡിപ്പാർട്ടുമെന്റിലെ നിയമനങ്ങളുടെ ജാതിതിരിച്ചുള്ള സ്റ്റേറുമെന്റു.

൧൨൩. മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ (൧൦൯൭—൧൧൦൧) എക്സൈസ് ഡിപ്പാർട്ടുമെന്റിൽ നടത്തിട്ടുള്ള നിയമനങ്ങളുടെ ജാതിതിരിച്ചുള്ള ഒരു സ്റ്റേറുമെന്റു മേശപ്പുറത്തിടുവാൻ ഗവർമ്മെന്റിനു ദയവുണ്ടാകുമോ?

മി. കെ. ജോർജ്ജ് (ഗവർമ്മെന്റു ചീഫ് സെക്രട്ടറി): കഴിഞ്ഞ അഞ്ചുവർഷങ്ങളിൽ എക്സൈസ് ഡിപ്പാർട്ടുമെന്റിൽ നടത്തിട്ടുള്ള നിയമനങ്ങളുടെ ഒരു സ്റ്റേറുമെന്റു മേശപ്പുറത്തു ഇട്ടിട്ടുണ്ടു. ഡിവിഷൻ ചാർജ്ജുവഹിക്കുന്ന ഉദ്യോഗസ്ഥന്മാർ നടത്തിട്ടുള്ള നിയമനങ്ങളുടെ എണ്ണത്തെ സംബന്ധിച്ച വിവരം ഇപ്പോൾ ലഭ്യമല്ല.

പ്രാദേശികവികല്പം.

൧൨൪. മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും—തൊടുപുഴയും): (എ) ആശുപത്രികൾ, പൊതുസ്ഥാപനങ്ങൾ, പൊതുജനാരാധനസ്ഥലങ്ങൾ എന്നിവയിൽനിന്നും ഒരു നിർദ്ദിഷ്ടദൂരത്തിൽ മാത്രമേ മദ്യഷാപ്പുകളെ സ്ഥാപിക്കുവാൻ പാടുള്ളു എന്നുള്ളതിലേക്കു ഇപ്പോൾ ഏതെങ്കിലും നിയമം ഉണ്ടോ എന്നും,

(ബി) ഉണ്ടെങ്കിൽ ആ നിർദ്ദിഷ്ടദൂരം എന്തു എന്നും,

(സി) മൂവാററുപുഴ, തൊടുപുഴ എന്നീ താലൂക്കുകളിൽ സ്കൂളുകൾ, പൊതുസ്ഥാപനങ്ങൾ, ആശുപത്രികൾ, ആരാധനസ്ഥലങ്ങൾ മുതലായവയിൽനിന്നും ഒന്നര ഫർലാംഗിൽ കുറഞ്ഞ ദൂരത്തിൽ അനേകം മദ്യഷാപ്പുകൾ സ്ഥാപിച്ചിട്ടുണ്ടെന്ന ഗവർമ്മെൻറിന അറിയാമോ?

(ഡി) അപ്രകാരമുള്ള സ്ഥാപനങ്ങളിൽനിന്നും ചുരുങ്ങിയപക്ഷം രണ്ടു ഫർലാംഗ് എങ്കിലും ആ ഷാപ്പുകളെ മാററി സ്ഥാപിക്കുന്നതിന വേണ്ടതായ ഉത്തരവുകൾ നൽകുമോ? എന്നും പറയുവാൻ ഗവർമ്മെൻറിന ദയവുണ്ടാകുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെൻറുസെക്രട്ടറി): (എ) യും, (ബി) യും ചന്ത, പള്ളിക്കൂടം, പൊതുജനാരാധനസ്ഥലം എന്നിപ്രകാരം പൊതുജനങ്ങൾ കൂടുന്ന സ്ഥലങ്ങളിൽനിന്നും രണ്ട് ഫർലാംഗിനുള്ളിലുള്ള സ്ഥലങ്ങളിൽ ചാരായഷാപ്പുകളോ കള്ളുഷാപ്പുകളോ സ്ഥാപിക്കപ്പെടാൻ പാടില്ലെന്നുള്ളതിന ഡിപ്പാർട്ടുമെൻറലായ ഒരു സർക്കുലർ ഉണ്ട്. എന്നാൽ പട്ടണങ്ങളിൽ ഈ സർക്കുലർ അനുസരിച്ചുള്ള വ്യവസ്ഥകളെ നിർബന്ധപൂർവം നടപ്പിലാക്കുന്നതിൽ പല ബുദ്ധിമുട്ടുകളും നേരിട്ടുകാണുന്നുണ്ട്.

(സി) മറുപടി 'ഇല്ല' എന്നാകുന്നു.

(ഡി) സിവ്യത്തിലുള്ളിടത്തെല്ലാം ഡിപ്പാർട്ടുമെൻറൽ സർക്കുലർ നടപ്പിൽ വരുത്തുന്നുണ്ട്. എന്നാൽ ചില സംഗതികളിൽ, സൌകര്യമായ [illegible] കിട്ടുന്നതിനുള്ള ബുദ്ധിമുട്ടുകൊണ്ടു സർക്കുലർ അനുസരിച്ചു നിർബന്ധപൂർവം പ്രവർത്തിക്കുവാൻ എല്ലായ്പോഴും സാധ്യമല്ലാതെ വരുന്നുണ്ട്.

അക്കൌണ്ടുടെസ്റ്റ് ചട്ടങ്ങളെ നടപ്പിൽ കൊണ്ടുവരിക.

൬൨൯. മി. എം. എൻ. പിള്ള (തിരുവനന്തപുരം): (എ) അക്കൌണ്ടു ടെസ്റ്റ് പരീക്ഷ സംബന്ധിച്ചുള്ള വ്യവസ്ഥകളെ വിദ്യാഭ്യാസഡയറക്ടർ ഈയിടെ നൽകിയ മിക്കവാറും ഉദ്യോഗക്കയററങ്ങളിൽ അവഗണിച്ചിട്ടുണ്ടെന്നുള്ള വിവരം ഗവർമ്മെൻറിന അറിയാമോ?

(ബി) അക്കൌണ്ടുടെസ്റ്റ് പരീക്ഷ പാസ്സായിട്ടുള്ളവർ അവരുടെ അവകാശങ്ങളെപ്പററി വിദ്യാഭ്യാസഡയറക്ടർക്ക് നിവേദനം നൽകിയിരിക്കെ അതിനെപ്പററി ഗൌനിക്കാതെ ആ പരീക്ഷ ജയിച്ചിട്ടില്ലാത്തവർക്ക് ഉദ്യോഗക്കയററം കൊടുത്തിട്ടുള്ള വിവരം ഗവർമ്മെൻറിന അറിയാമോ?

മി. കെ. ജാർജ്ജ് (ഗവർമ്മെൻറു ചീഫ് സെക്രട്ടറി): എ-ഉം ബി-ഉം വിദ്യാഭ്യാസഡയറക്ടർ വ്യവസ്ഥകളെ അവഗണിച്ചിട്ടില്ല. എന്നാൽ ഉദ്യോഗക്കയററം കൊടുക്കുന്ന കാര്യത്തിൽ അക്കൌണ്ടു ടെസ്റ്റ് പരീക്ഷാവിജയത്തെപ്പററി പ്രസ്താവിച്ചുകൂടാതെ ജോലികളിലുള്ള പരിചയം തുടങ്ങിയ മററു യോഗ്യതകളേയും ആലോചിക്കേണ്ടതായിട്ടുണ്ട്.

മലയാളം ടൈപ്പുറൈറ്റർ.

൬൩൦. മി. എം. എൻ. പിള്ള (തിരുവനന്തപുരം): (എ) ഈ രാജ്യത്തുതന്നെ ഒരു മലയാളം ടൈപ്പുറൈറ്റർ യന്ത്രം ഉണ്ടാക്കുന്നതിലേക്ക് ഉത്തരവുകൊടുത്തിട്ടുണ്ടോ എന്നും,

(ബി) ഉണ്ടെങ്കിൽ ആ വേല എവിടെ നടത്തിവരുന്നു എന്നും യന്ത്രം സംബന്ധിച്ചുള്ള വേല പൂർത്തിയാകുന്നതിന എത്രകാലം വേണ്ടിവരുമെന്നും പറയുവാൻ ഗവർമ്മെൻറിന ദയവുണ്ടാകുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെൻറുസെക്രട്ടറി): (എ) മലയാളം ടൈപ്പുറൈറ്റർ ഉണ്ടാക്കുന്നതിന ഗവർമ്മെൻറിൽനിന്നും ആജ്ഞ നൽകീട്ടില്ല. എന്നാൽ ആലപ്പുഴ കമേർഷ്യൽസ്കൂളിലെ ഷാർട്ടുഹാൻഡ് ഇൻസ്ട്രക്ടർ മിസ്റ്റർ എൻ. എസ്. പണ്ടാല പരീക്ഷണാർത്ഥം ഒരു ടൈപ്പുറൈറ്റിംഗ് യന്ത്രം ഉണ്ടാക്കുന്നുണ്ട്. അദ്ദേഹത്തിന്റെ ഉദ്യമത്തിൽ ഗവർമ്മെൻറും അദ്ദേഹത്തെ സഹായിക്കുന്നുണ്ട്.

(ബി) എ-ാംഭാഗത്തിനുള്ള മറുപടിയിൽനിന്നും ഈ ചോദ്യത്തിന അവകാശമുണ്ടാകുന്നില്ല.

വിദ്യാഭ്യാസഡയറക്ടരുടെ ആഫീസിൽ അനുവദിച്ചിട്ടുള്ള കൂടുതൽ സ്ഥാനങ്ങൾക്കുള്ള അപേക്ഷകന്മാരെ സംബന്ധിച്ച വിവരങ്ങൾ.

൬൩൧. മി. എം. എൻ. പിള്ള (തിരുവനന്തപുരം): (എ) വിദ്യാഭ്യാസഡയറക്ടരുടെ ആഫീസിൽ ഈയിടെ അനുവദിച്ച അഞ്ചു കൂടുതൽസ്ഥാനങ്ങളെ സംബന്ധിച്ചു ഡിപ്പാർട്ടുമെൻറിൽനിന്നും പുറമെനിന്നും ആ സ്ഥാനങ്ങൾക്ക് അപേക്ഷിച്ചവരുടെ പേരുകൾ, സർവീസ്, പരീക്ഷായോഗ്യതകൾ എന്നിവയടങ്ങിയ ജാതിതിരിച്ചുള്ള ഒരു സ്റ്റേറുമെൻറും ആ ഒഴിവുകളിൽ നിയമിച്ച ആളുകളെ സംബന്ധിച്ചു അതേരീതിയിലുള്ള ഒരു സ്റ്റേറുമെൻറും തരുവാൻ ഗവർമ്മെൻറിന ദയവുണ്ടാകുമോ?

(ബി) പ്രസ്തുത ഒഴിവുകളിൽ ആളുകളെ നിയമിക്കുന്ന കാര്യത്തിൽ ഏതെങ്കിലും നയം ഗവർമ്മെൻറ അനുവർത്തിച്ചിട്ടുണ്ടോ എന്നും, ഉണ്ടെങ്കിൽ അത് എന്തെന്നും പറയുമോ?

മി. കെ. ജാർജ്ജ് (ഗവർമ്മെൻറ ചീഫ്സെക്രട്ടറി): (എ) ഡിപ്പാർട്ടുമെൻറിലുള്ള ആളുകൾ ഉദ്യോഗക്കയററത്തിന അപേക്ഷിക്കുന്നതു സാധാരണമല്ല. ഡിപ്പാർട്ടുമെൻറിൽ അന്യാപേക്ഷകന്മാരായിട്ടുള്ള അപേക്ഷകന്മാരുടെ ഒരു സ്റ്റേറുമെൻറ മേശപ്പുറത്തു വച്ചിരിക്കുന്നു. പുറമേനിന്നുള്ള അപേക്ഷകന്മാരെ സംബന്ധിച്ചു അവരെപ്പററിയുള്ള വിവരങ്ങൾക്ക് ആവശ്യപ്പെടുന്നതു അതു സംബന്ധിച്ചുള്ള സ്റ്റേറുമെൻറ തയ്യാർചെയ്യുന്നതിലേക്ക് ആവശ്യമുള്ള പ്രയത്നങ്ങളേയും അതിന്റെ ഉപയോഗത്തോടു താരതമ്യപ്പെടുത്തിനോക്കുമ്പോൾ നിസ്സാരമായിട്ടുള്ളതാകയാൽ ആവശ്യമാണെന്ന ഗവർമ്മെൻറ വിചാരിക്കുന്നില്ല. നിയമിച്ച ആളുകളെ സംബന്ധിച്ചു മെമ്പർ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ അടങ്ങിയ ഒരു സ്റ്റേറുമെൻറ മേശപ്പുറത്തിട്ടിരിക്കുന്നു.

(ബി) ഉണ്ട്. ഒഴിവുകളിൽ ആളുകളെ നിയമിക്കുന്നതിൽ സീനിയാറിട്ടിയും യോഗ്യതയും വേണ്ടപോലെ ആലോചിച്ചിട്ടുണ്ട്.

മി. ജി. വി. സുബ്രഹ്മണ്യയ്യരുടെ പേരിലുള്ള ദോഷാരോപണങ്ങൾ.

൬൩൨. മി. എം. എൻ. പിള്ള (തിരുവനന്തപുരം): (എ) തിരുവനന്തപുരം കിഴക്കേ സബ്ഡിവിഷൻ, സബ്ഡിവിഷൻ ആഫീസർ, മി. ജി. വി. സുബ്രഹ്മണ്യയ്യരുടെ ഉദ്യോഗസംബന്ധമായ ക്രമക്കേടുകളെപ്പററി ആ സബ്ഡിവിഷനിലെ കണ്ട്രാക്ടറന്മാരിൽ ഏകദേശം മുപ്പത്തിരണ്ടുപേർകൂടി അയച്ചിട്ടുള്ള ഹർജികൾ കിട്ടീട്ടുണ്ടോ എന്നും,

(ബി) ആ സംഗതിസംബന്ധിച്ചു ഏതെങ്കിലും അന്വേഷണങ്ങൾ നടത്തുവാൻ ഏർപ്പാടുചെയ്തിട്ടുണ്ടോ എന്നും; ഉണ്ടെങ്കിൽ അതിന്റെ ഫലം എന്തെന്നും, ഇല്ലെങ്കിൽ എന്തുകൊണ്ടാകുന്നെന്നും,

(സി) കൺട്രാക്ടറന്മാരിൽനിന്നും മി. ജി. വി. സുബ്രഹ്മണ്യയ്യാ കൈക്കൂലി വാങ്ങിയെന്നും കമ്മിഷൻ ആവശ്യപ്പെട്ടതായി അവർ പരാതിപ്പെട്ടിട്ടുള്ളതു വാസ്തവമാണോ എന്നും, വാസ്തവമാണെങ്കിൽ അപ്രകാരമുള്ള ദോഷാരോപണത്തിന്റെ വാസ്തവം അറിയുന്നതിലേക്കായി ഗവർമ്മെന്റു അന്വേഷണം നടത്തിയോ എന്നും, ഇല്ലെങ്കിൽ എന്തുകൊണ്ടാകുന്നെന്നും,

(ഡി) ചില കൺട്രാക്ടറന്മാർ അവരുടെ സങ്കടങ്ങളെപ്പററി വിശേഷിച്ചും അവരോടു മി. ജി. വി. സുബ്രഹ്മണ്യയ്യാ ആവശ്യപ്പെട്ട കമ്മിഷനെപ്പററി ഗവർമ്മെന്റു ചീഫ്സെക്രട്ടറിയെ നേരിട്ടു അറിയിച്ചിട്ടുണ്ടെന്നുള്ളതു വാസ്തവമാണോ എന്നും,

(ഇ) (൧) ശ്രീമൂലം പ്രജാസഭയുടെ കഴിഞ്ഞ സമ്മേളനത്തിൽ നെയ്യാററിൻകര മെമ്പരായ മിസ്റ്റർ എൻ. കെ. പത്മനാഭപിള്ള കൺട്രാക്ടറന്മാരുടെ നേൎക്കുള്ള ഈ ഉദ്യോഗസ്ഥന്റെ ഔദ്യോഗികമായ ക്രമക്കേടുകളെപ്പററി പ്രസ്താവിച്ചിട്ടില്ലയോ എന്നും,

(൨) ഈ നിവേദനത്തെ അടിസ്ഥാനമാക്കി ഏതെങ്കിലും നടപടിനടത്തിട്ടുണ്ടോ എന്നും, ഉണ്ടെങ്കിൽ അതിന്റെഫലം എന്തെന്നും,

(എഫ്) ഈ കൺട്രാക്ടറന്മാർ അവരുടെ സങ്കടങ്ങളെ ചീഫ് എൻജിനീയരെ അറിയിച്ചിട്ടുണ്ടോ എന്നും,

(ജി) (൧) ചീഫ് എൻജിനീയർ മിസ്റ്റർ ജി. വി. സുബ്രഹ്മണ്യയ്യായുടെ സമാധാനം വാങ്ങിട്ടുണ്ടോ എന്നും,

(൨) അദ്ദേഹം മിസ്റ്റർ ജി. വി. സുബ്രഹ്മണ്യയ്യരുടെ അടുത്ത മേലധികാരിയായ എക്സിക്യൂട്ടീവ് എൻജിനീയരുടെ അഭിപ്രായവും റിമാൎക്കുകളും ആവശ്യപ്പെട്ടിട്ടുണ്ടോ എന്നും,

(൩) ഉണ്ടെങ്കിൽ മിസ്റ്റർ ജി. വി. സുബ്രഹ്മണ്യയ്യായുടെ സമാധാനവും, എക്സിക്യൂട്ടീവ് എൻജിനീയരുടെ റിമാൎക്കുകളും മേശപ്പുറത്തിടുവാൻ ഗവർമ്മെന്റിനു ദയവുണ്ടാകുമോ എന്നും,

(൪) ഇല്ലെങ്കിൽ, ചീഫ് എൻജിനീയർ അപ്രകാരം ചെയ്യാഞ്ഞതെന്തുകൊണ്ടാണെന്നും,

(എച്ച്) തന്റെ കീഴ്ഉദ്യോഗസ്ഥനായ മി. ജി. വി. സുബ്രഹ്മണ്യയ്യായെ ചീഫ്എൻജിനീയർ സഹായിക്കയാണ് ചെയ്യുന്നതെന്നു കൺട്രാക്ടറന്മാർ ഗവർമ്മെന്റിനോടു പരാതിപറഞ്ഞിട്ടുണ്ടോ എന്നും, പറയുവാൻ ഗവർമ്മെന്റിനു ദയവുണ്ടാകുമോ?

മി. കെ. ജാർജ് (ഗവർമ്മെന്റു ചീഫ് സെക്രട്ടറി).

(എ) കിഴക്കേ സബ്ഡിവിഷനിലെ സബ്ഡിവിഷനാഫീസരായ മി. ജി. വി. സുബ്രഹ്മണ്യയ്യായുടെ പേരിൽ ഔദ്യോഗികമായ ചില ക്രമക്കേടുകളെ ആധാരമാക്കി ദോഷാരോപണം ചെയ്തിട്ടുള്ള ഹർജികൾ ആ സബ്ഡിവിഷനിലെ ചില കൺട്രാക്ടറന്മാരിൽനിന്നും കിട്ടിട്ടുണ്ട്.

(ബി) ഉണ്ട്. അന്വേഷണംനടത്തിയതു സംബന്ധിച്ചുള്ള ചീഫ് എൻജിനീയരുടെ റിപ്പോർട്ടു കിട്ടിട്ടുണ്ട്. അതു ഗവർമ്മെന്റിന്റെ ആലോചനയിലിരിക്കുകയാകുന്നു.

(സി) ഇതിനെപ്പററി ഒരു ദോഷാരോപണം നാലു കൺട്രാക്ടറന്മാർ അയച്ച ഹർജിയിൽ കാണുന്നുണ്ട്.

(ഡി) ആരെല്ലാം, എപ്പോൾ എന്തു ഉദ്ദേശത്തോടുകൂടി ചീഫ് സെക്രട്ടറിയെ സന്ദർശിച്ചു എന്നു പറയുവാൻ ഗവർമ്മെന്റിനു നിവൃത്തിയില്ല.

(ഇ) (൧) ഉണ്ട്

(൨) ബി. ഭാഗത്തിനുള്ള മറുപടി മെമ്പർ നോക്കേണ്ടതാകുന്നു.

(എഫ്) ഉണ്ട്.

(ജി) (൧) ഉണ്ട്. (൨) മറുപടി നിഷേധരൂപത്തിലാണ്.

(൩) കീഴ് ഉദ്യോഗസ്ഥന്മാരെപ്പററിയുള്ള ഡിപ്പാർട്ടുമെന്റു അധികാരികളുടെ റിപ്പോർട്ടുകൾ രഹസ്യമായിട്ടുള്ളതാകുന്നു.

(൪) ഈ പ്രത്യേകകേസിൽ അതു ആവശ്യമില്ലെന്നാകുന്നു തന്റെ അഭിപ്രായം എന്നു ചീഫ് എൻജിനീയർ പറയുന്നു.

(എച്ച്) ഉണ്ട്. ഹർജിയിൽ അപ്രകാരമുള്ള ദോഷാരോപണമുണ്ട്.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): കൺട്രാക്ടർ തന്റെ ഹർജി ഹാജരാക്കിയ തീയതി എന്നെന്നു അറിയിക്കുമോ?

മി. കെ. ജാർജ് (ഗവർമ്മെന്റു ചീഫ് സെക്രട്ടറി): ൧൯൨൩ ജനുവരി ൨൯-നു.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): അതായതു ഇപ്പോൾ മിക്കവാറും ൧൧ മാസം ആയിരിക്കുന്നു.

മി. കെ. ജാർജ് (ഗവർമ്മെന്റു ചീഫ് സെക്രട്ടറി): അതെ.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): ചീഫ് എൻജിനീയർ അന്വേഷണംനടത്തിയ തീയതി എന്നെന്നു അറിയിക്കുമോ?

മി. കെ. ജാർജ് (ഗവർമ്മെന്റു ചീഫ് സെക്രട്ടറി): അതു എഴുത്തുകുത്തിലിരിക്കുകയാകുന്നു.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): ഉദ്ദേശം ഏതു തീയതിയിലാണെന്നോ അല്ലെങ്കിൽ പെററിഷൻ ഹാജരാക്കി എത്രമാസം കഴിഞ്ഞിട്ടാണെന്നോ മാത്രം എനിക്കു അറിഞ്ഞാൽമതി. തന്റെ അന്വേഷണഫലങ്ങളെ ചീഫ് എൻജിനീയർ ഗവർമ്മെന്റിനു അയച്ചുകൊടുത്തതു എന്നാണെന്നു പറഞ്ഞാൽ ഞാൻ തൃപ്തിപ്പെട്ടുകൊള്ളാം.

മി. കെ. ജാർജ് (ഗവർമ്മെന്റു ചീഫ് സെക്രട്ടറി): ൧൯൨൩ ജൂലൈമാസം ൨൧-നു.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): ആ ഉദ്യോഗസ്ഥൻ കൈക്കൂലിചോദിക്കുന്നതായി കുററപ്പെടുത്തുന്ന ഹർജി വെച്ചുതാമസിപ്പിക്കുവാനുള്ള കാരണം എന്തായിരുന്നു.

മി. കെ. ജാർജ് (ഗവർമ്മെന്റു ചീഫ് സെക്രട്ടറി): അന്വേഷണം നടത്തുന്നതിനു സമയം ആവശ്യമുണ്ട്.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): ഗവണ്മെന്റിനു ഹർജി അയയ്ക്കുന്നതിനുമുമ്പു കണ്ട്രാക്ടർമാർ ചീഫ് എഞ്ചിനീയരുടെ അടുക്കൽ ഹർജി ഹാജരാക്കിയോ?

മി. കെ. ജാർജ് (ഗവണ്മെന്റ ചീഫ് സെക്രട്ടറി): ആ വിവരം (എ) ഭാഗത്തിനുള്ള മറുപടിയിൽ കൊടുത്തിട്ടുണ്ട്.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): അദ്ദേഹം ഹർജിയെപ്പറ്റി ഏതെങ്കിലും അന്വേഷണം നടത്തിയോ?

മി. കെ. ജാർജ് (ഗവണ്മെന്റ ചീഫ് സെക്രട്ടറി): നടത്തിയിരിക്കാം.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): ഗവണ്മെന്റിനു സമർപ്പിച്ച ഹർജി അദ്ദേഹത്തിനു അയച്ചുകൊടുത്തതിനുശേഷം മാത്രമാണോ ചീഫ് എഞ്ചിനീയർ അന്വേഷണം നടത്തിയതു് എന്നു എന്നെ അറിയിക്കാമോ?

മി. കെ. ജാർജ് (ഗവണ്മെന്റ ചീഫ് സെക്രട്ടറി): സവിസ്തരമായ ഒരു അന്വേഷണം അതിനുശേഷം മാത്രമാണ് നടത്തിയതു്.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): അതിനുമുമ്പു അദ്ദേഹം ഏതെങ്കിലും അന്വേഷണം നടത്തിട്ടുണ്ടോ?

മി. കെ. ജാർജ് (ഗവണ്മെന്റ ചീഫ് സെക്രട്ടറി): മുറപ്രകാരമുള്ള അന്വേഷണം അദ്ദേഹം നടത്തിയില്ല; എന്നാൽ ഹർജിയിൽ പ്രസ്താവിച്ചിട്ടുള്ള ദോഷാരോപണങ്ങളുടെ പരമാർത്ഥത്തെപ്പറ്റി അദ്ദേഹം ആരാഞ്ഞറിഞ്ഞിട്ടുണ്ട്.

മി. എം. എൻ. പിള്ള (തിരുവനന്തപുരം). ചീഫ് എഞ്ചിനീയർക്കും ഗവണ്മെന്റിനും എത്ര ഹർജികൾ അയച്ചിട്ടുണ്ടെന്നു എന്നെ അറിയിക്കാമോ?

മി. കെ. ജാർജ് (ഗവണ്മെന്റ ചീഫ് സെക്രട്ടറി): എനിക്കു അതിനെപ്പറ്റി അറിവില്ല.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): ഒരു ഉദ്യോഗസ്ഥൻ ഒരു ശതമാനം കമ്മീഷൻ തരണമെന്നു ശഠിക്കുന്നതായി കണ്ട്രാക്ടർമാർ ദോഷാരോപണം ചെയ്യുമ്പോൾ ഉടനടി അന്വേഷണം നടത്തി അതിന്റെ വാസ്തവം കണ്ടുപിടിക്കേണ്ടതു ചീഫ് എഞ്ചിനീയരുടെ ധർമ്മമല്ലയോ?

മി. കെ. ജാർജ് (ഗവണ്മെന്റ ചീഫ് സെക്രട്ടറി): ഗവണ്മെന്റിനു അയച്ച ഹർജിയിൽ പ്രതിപാദിക്കപ്പെട്ടിരുന്നതു നാലുപേരായാണ്. ആ പ്രതിപാദനത്തെ അടിസ്ഥാനമാക്കി ചീഫ് എഞ്ചിനീയർ വിവരം എഴുതി അയച്ചു. അതിനുശേഷം അന്വേഷണം നടത്തുകയും ചെയ്തു.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): ചീഫ് എഞ്ചിനീയർക്കു കൊടുത്ത ഹർജിയിലും ഈ കാര്യങ്ങളെല്ലാം പ്രതിപാദിച്ചിരുന്നു എന്നുള്ളതു വാസ്തവമല്ലയോ?

മി. കെ. ജാർജ് (ഗവണ്മെന്റ ചീഫ് സെക്രട്ടറി): അതു അദ്ദേഹത്തിനാണ് അയച്ചുകൊടുത്തതു്. അതിൽ പ്രതിപാദിച്ചിട്ടുള്ള കാര്യം എനിക്കു അറിഞ്ഞുകൂടാ.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): തങ്ങളുടെ ബില്ലുകളിൽ ഒരു ശതമാനം കമ്മീഷൻ കൊടുക്കണമെന്നു സബ്ഡിവിഷൻ ആഫീസർ മിസ്റ്റർ ജി. വി. സുബ്രഹ്മണ്യയ്യർ ആവശ്യപ്പെടുന്നതായി കാണിച്ചു അവർ ഒരു ഹർജി ബോധിപ്പിച്ചിട്ടില്ലയോ എന്നു ഒരു അന്വേഷണം നടത്തുവാൻ ഗവണ്മെന്റിനു ദയവുണ്ടാകുമോ? അങ്ങിനെ അയച്ചിട്ടുണ്ടെങ്കിൽ, ഉടനടി ഒരു അന്വേഷണം നടത്തി വാസ്തവം കണ്ടുപിടിക്കേണ്ടതു ഗവണ്മെന്റിന്റെ ധർമ്മമല്ലയോ?

മി. കെ. ജാർജ് (ഗവണ്മെന്റ ചീഫ് സെക്രട്ടറി): ഗവണ്മെന്റിലേയ്ക്കു അയച്ച ഹർജിയിൽ അതേ സംഗതിതന്നെ പ്രസ്താവിച്ചിട്ടുള്ളതുകൊണ്ടും, അതിനെപ്പറ്റി അന്വേഷിച്ചിട്ടുള്ളതുകൊണ്ടും അതു് ആവശ്യമില്ലാത്തതാണ്.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): അന്വേഷണത്തിന്റെ ഫലം എന്താണെന്നു എന്നെ അറിയിക്കാമോ?

മി. കെ. ജാർജ് (ഗവണ്മെന്റ ചീഫ് സെക്രട്ടറി): അദ്ദേഹം ഗവണ്മെന്റിലേയ്ക്കു ഒരു റിപ്പോർട്ടു അയച്ചിട്ടുണ്ട്, അതു ആലോചനയിലിരിക്കുന്നുണ്ട്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അവസാനഭാഗം ഞാൻ നല്ലപോലെ കേട്ടില്ല. "ആലോചനയിലിരിക്കുന്നു" എന്നോ "അപൂർണ്ണമെന്നോ" ആയിരുന്നോ പറഞ്ഞതു്?

മി. കെ. ജാർജ് (ഗവണ്മെന്റ ചീഫ് സെക്രട്ടറി): ആലോചനയിലിരിക്കുന്നു.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): കണ്ട്രാക്ടർമാർ എല്ലാവരും ഒന്നുചേർന്നു ഈ സംഗതിയെപ്പറ്റി ചീഫ് സെക്രട്ടറിയെ നേരിട്ടു അറിയിച്ചുവോ എന്നു എന്നെ അറിയിക്കാമോ?

മി. കെ. ജാർജ് (ഗവണ്മെന്റ ചീഫ് സെക്രട്ടറി): അതിനു ഇവിടെ മറുപടി പറഞ്ഞിട്ടുണ്ട്. എന്നെ കാണാൻ വരുന്നവർ ആരെല്ലാമാണെന്നും എപ്പോളാണെന്നും, അവർ പറയുന്നതു എന്താണെന്നും എനിക്കു ഓർക്കാൻ സാധിക്കുന്നതല്ല.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): കണ്ട്രാക്ടർമാർ ചീഫ് എഞ്ചിനീയർക്കു ഹർജി കൊടുത്തപ്പോൾ അദ്ദേഹം ഏതെങ്കിലും റിപ്പോർട്ടിനു എക്സിക്യൂട്ടീവ് എഞ്ചിനീയരോടു ആവശ്യപ്പെട്ടുവോ?

മി. കെ. ജാർജ് (ഗവണ്മെന്റ ചീഫ് സെക്രട്ടറി): ആ ചോദ്യത്തിനു മറുപടി പറഞ്ഞുകഴിഞ്ഞു; മറുപടി നിഷേധരൂപത്തിലായിരുന്നു.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): അദ്ദേഹം അപ്രകാരം ചെയ്യാത്തതിനുള്ള കാരണം എന്താണെന്നു പറയാമോ? എക്സിക്യൂട്ടീവ് എഞ്ചിനീയർ സബ്ഡിവിഷൻ ആഫീസരുടെ അടുത്ത മേലധികാരിയാകുന്നു. ആ സ്ഥിതിയ്ക്കു സംഗതിയെപ്പറ്റി അറിവുള്ള ശരിയായ ആൾ അദ്ദേഹമല്ലയോ?

മി. കെ. ജാർജ് (ഗവണ്മെന്റ ചീഫ് സെക്രട്ടറി): ഡിപ്പാർട്ടുമെന്റു മേലധികാരികൾക്കു അവരുടെ കീഴിലുള്ള ഏതു ഉദ്യോഗസ്ഥനെപ്പറ്റിയും നേരിട്ടു അന്വേഷണം നടത്തുന്നതിനു അധികാരമുണ്ട്. അതിനുംപുറമെ ഇതു ഒരാളെ പ്രത്യേകം സംബന്ധിക്കുന്ന സംഗതിയുമാണ്.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): ചീഫ് എൻജിനീയർ ഇതിനെപ്പററി ഏതെങ്കിലും എക്സിക്യൂട്ടീവ് എൻജിനീയരോട ചോദിച്ചിട്ടുണ്ടോ?

മി. കെ. ജാർജ് (ഗവണ്മെൻറ ചീഫ്സെക്രട്ടറി): അദ്ദേഹം ചില കടലാസുകളും റിക്കാർട്ടുകളും ആവശ്യപ്പെട്ടിട്ടുണ്ട്. കൂടുതൽ വിവരങ്ങൾ എന്തെങ്കിലും അദ്ദേഹം ആവശ്യപ്പെട്ടിട്ടുണ്ടോ എന്ന എനിക്ക അറിഞ്ഞുകൂടാ.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): എക്സിക്യൂട്ടീവ് എൻജിനീയരും സബ് ഡിവിഷൻ ആഫീസരും തമ്മിൽ എപ്പോഴെല്ലാം പിണക്കങ്ങൾ ഉണ്ടാകാറുണ്ടെന്ന ഗവണ്മെൻറിന അറിയാമോ?

മി. കെ. ജാർജ്ജ് (ഗവണ്മെൻറ ചീഫ്സെക്രട്ടറി): ഇല്ല.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): സബ് ഡിവിഷൻ ആഫീസർക്ക വിരോധമായി എക്സിക്യൂട്ടീവ് എൻജിനീയർ റിപ്പോർട്ടുകൾ അയച്ചിട്ടില്ലയോ?

മി. കെ. ജാർജ്ജ് (ഗവണ്മെൻറ ചീഫ്സെക്രട്ടറി): അപ്രകാരമുള്ള റിപ്പോർട്ടുകളൊന്നും ഗവണ്മെൻറിൻെറ പക്കൽ ഇല്ല.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): മിക്കവാറും എല്ലാ എക്സിക്യൂട്ടീവ് എൻജിനീയർമാരും ഈ സബ് ഡിവിഷൻ ആഫീസരെപ്പററി വിപരീതമായി അഭിപ്രായപ്പെട്ടിട്ടുണ്ടെന്നുള്ളതു വാസ്തവമല്ലയോ?

മി. കെ. ജാർജ്ജ് (ഗവണ്മെൻറ ചീഫ്സെക്രട്ടറി): ആ ചോദ്യത്തിന മറുപടിയായി ഉണ്ടെന്നോ ഇല്ലെന്നോ പറയുവാൻ ഗവണ്മെൻറിന യാതൊരു റിക്കാർട്ടുകളും ഇല്ല.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): ഈ സബ് ഡിവിഷൻആഫീസരുടെ പേരിൽ അനേകം പരാതികൾ ഉണ്ടായിരുന്നതായി ഗവണ്മെൻറിന അറിവുണ്ടോ?

മി. കെ. ജാർജ്ജ് (ഗവണ്മെൻറ ചീഫ്സെക്രട്ടറി): ഇല്ല.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): കഴിഞ്ഞ ഒപ്പോയ്സ്വര ഇദ്ദേഹം ഗർഡറുകളെ സംബന്ധിച്ചു ഈ സബ് ഡിവിഷനാഫീസരുടെ പേരിൽ ഒരു പരാതി ഉണ്ടായിരുന്നതായി ഗവണ്മെൻറിന അറിവുണ്ടോ?

മി. കെ. ജാർജ്ജ് (ഗവണ്മെൻറ ചീഫ് സെക്രട്ടറി): അതു ഉപചോദ്യമാണെന്നു ഞാൻ വിചാരിക്കുന്നില്ല.

ഹൈക്കോടതിയിലെ ഡപ്യൂട്ടി സബ് രജിസ്ട്രാർ.

൧൩൩. മി. എം. എൻ. പിള്ള (തിരുവനന്തപുരം):

(എ) ഹൈക്കോടതിയിലെ ഡെപ്യൂട്ടി സബ് രജിസ്ട്രാരായിരുന്ന മി. കപ്പസ്വാമിഅയ്യരെ സ്ഥിരം ട്രൻസിപ്പായി നിയമിച്ചതു എന്നാണെന്നും,

(ബി) മിസ്റ്റർ എൻ. നാരായണയ്യരെ ഡെപ്യൂട്ടി രജിസ്ട്രാരായി നിയമിക്കുവാൻ ചീഫ് ജസ്റ്റിസ ശുപാർശചെയ്തതു എന്നാണെന്നും,

(സി) മിസ്റ്റർ ചാററ്ഫീൽഡ് അവധിയിൽ തിരുവനന്തപുരം വിട്ടുപോയതു എന്നാണെന്നും,

(ഡി) ഡെപ്യൂട്ടി രജിസ്ട്രാർ, ഹൈക്കോടതി മാനേജർ എന്നീ രണ്ടു സ്ഥാനങ്ങളിൽ ഏതെങ്കിലും ഒന്നു നിറുത്തൽചെയ്യേണ്ടതാണെന്നു സാലറിക്കമ്മററിക്കാർ ശുപാർശചെയ്തിട്ടില്ലയോ എന്നും,

(ഇ) ഡെപ്യൂട്ടി രജിസ്ട്രാരുടെ സ്ഥാനം വേണ്ടെന്നുവയ്ക്കാവുന്നതാണെന്നു അഫിഷ്യേററിംഗ് ചീഫ് ജസ്റ്റിസ് ശുപാർശചെയ്തിട്ടുണ്ടോ, എന്നും, പറയുവാൻ ഗവണ്മെൻറിന ദയവുണ്ടാകുമോ?

മി. കെ. ജാർജ്ജ് (ഗവണ്മെൻറ ചീഫ്സെക്രട്ടറി): (എ) ൧൩൦-ാംനമ്പർ ചോദ്യത്തിലെ (എ) ഭാഗത്തിനുള്ള മറുപടി മെംബർ നോക്കേണ്ടതാകുന്നു.

(ബി) ൧൯൨൭ ഏപ്രിൽ ൨൭-ാം.

(സി) ഗവണ്മെൻറിനു അതിനെപ്പററി യാതൊരറിവുമില്ല. ൧൯൨൭-ലെ മദ്ധ്യവേനൽ ഒഴിവിനെ തുടർന്ന ൧൯൨൭ ജൂൺ ൭-ാം മുതൽ മിസ്റ്റർ ചാററ്ഫീൽഡിനു അവധി അനുവദിച്ചു.

(ഡി) ഉവ്വ്.

(ഇ) ഡെപ്യൂട്ടി രജിസ്ട്രാരുടെ സ്ഥാനം നിറുത്തൽചെയ്തു അതോടുകൂടിത്തന്നെ ഹൈക്കോടതിയിൽ ൭൫-൫-൧൦൦ രൂപായ്ക്കു ഒരു ഹെഡ് അക്കൌണ്ടൻറും, ൪൦-൫/൨-൭൦ രൂപായ്ക്കു ഒരു ക്ലാർക്കും, ൧൫-൧-൨൫ രൂപായ്ക്കു ഒരു അററൻഡറും, നിയമിക്കുന്നതിനും ഇപ്പോഴിരിക്കുന്ന ആഫീസ അററൻഡരുടെ ശമ്പളം ൧൫ രൂപായിൽനിന്നും ൧൦-൧-൨൦ രൂപയായി വർദ്ധിപ്പിക്കുന്നതിനും ആക്ടിംഗ് ചീഫ് ജസ്റ്റീസ് അഭിപ്രായപ്പെട്ടു. എന്നാൽ അതിനെ തുടർന്ന അദ്ദേഹം തൻെറ ശുപാർശയെ ലഘൂകരിക്കുകയും ആസ്ഥാനങ്ങൾക്കു ആളെ നിയമിക്കുന്നതു മൂന്നുമാസകാലത്തേക്കു നീക്കിവെയ്ക്കണമെന്നു അഭിപ്രായപ്പെടുകയുംചെയ്തു.

൧൯൨൦-ാം ൧൯൨൭-ാം മദ്ധ്യെയുള്ള വർഷങ്ങളിൽ സൃഷ്ടിക്കപ്പെട്ടവയും നിറുത്തൽചെയ്തവയും ആയ നിയമനങ്ങൾ.

൧൩൪. മി. എ. ജെ. ജാൺ (വൈക്കം): (എ) ൧൯൨൦-ാം ൧൯൨൭-ാം മദ്ധ്യെ സൃഷ്ടിച്ച ൫൦ രൂപയും അതിൽ കൂടുതലും ശമ്പളമുള്ള പുതിയ നിയമനങ്ങളും ഓരോന്നിൻെറ ശമ്പളക്രമങ്ങളും അടങ്ങിയ ഒരു സ്റ്റേററുമെൻറ മേശപ്പുറത്തിടുവാൻ ഗവണ്മെൻറിന ദയവുണ്ടാകുമോ?

(ബി) അപ്രകാരമുള്ള ഏതെങ്കിലും സ്ഥാനങ്ങൾ അവർ നിറുത്തൽചെയ്തിട്ടുണ്ടോ എന്നും പറയുവാൻ ഗവണ്മെൻറിന ദയവുണ്ടാകുമോ?

മി. കെ. ജാർജ്ജ് (ഗവണ്മെൻറ ചീഫ് സെക്രട്ടറി): (എ)-ം (ബി)-ം. കഴിഞ്ഞ വർഷങ്ങളിൽ (൧൯൨൦-൧൯൨൭) ൫൦ രൂപയും അതിൽകൂടുതലും ശമ്പളമുള്ള പുതിയ നിയമനങ്ങളെ കാണിക്കുന്ന ഒന്നും, അതേകാലങ്ങളിൽ നിറുത്തൽചെയ്ത നിയമങ്ങളെ കാണിക്കുന്ന വേറെയൊന്നും ഇങ്ങനെ രണ്ടു സ്റ്റേററുമെൻറുകൾ മേശപ്പുറത്തിട്ടിരിക്കുന്നു.

നാഗർകോവിൽ മുൻസിപ്പാലിററിയിൽ ഒരു സൂപ്പർവൈസരുടെ നിയമനം.

൧൩൫. മി. എം. ശിവതാണുപിള്ള (തോവാള): (എ) നാഗർകോവിൽ മുൻസിപ്പാലിററിയിൽ ഏതെങ്കിലും സൂപ്പർവൈസരെ നിയമിച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ, അയാളുടെ ശമ്പളവും പരീക്ഷായോഗ്യതയും, ജാതിയും എന്താണെന്നും

(ബി) ആ സ്ഥാനത്തിനു അപേക്ഷകളയക്കുവാൻ ആവശ്യപ്പെട്ടുകയോ അല്ലെങ്കിൽ ആ ഒഴിവിനെപ്പററി പത്രങ്ങളിൽ പ്രസിദ്ധംചെയ്യുകയോ ചെയ്തിരുന്നുവോ എന്നും,

(സി) ആ സ്ഥാനത്തിലേക്കു ഇപ്പോഠം നിയമിച്ചിട്ടുള്ള ആഠം, മിസ്റ്റർ ചിതംബരതാണു നിയമിക്കപ്പെട്ട സന്ദർഭത്തിൽ മുൻസിപ്പൽ ചെയർമാന് അപേക്ഷകഠം അയച്ചിട്ടുള്ളവരുടെ ലിസ്റ്റിൽ ഉഠംപ്പെട്ടിരുന്നുവോ എന്നും,

(ഡി) ഇല്ലെങ്കിൽ, ആ മുൻ ലിസ്റ്റിൽനിന്നും ആളിനെ തിരഞ്ഞെടുക്കാഞ്ഞതു എന്തുകൊണ്ടാണെന്നും പറയുവാൻ ഗവണ്മെൻറിനു ദയവുണ്ടാകുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): (എ) മറുപടി നിഷേധരൂപത്തിലാണ്.

(ബി)യും, (സി)യും, (ഡി)യും. 'എ' ഭാഗത്തിനുള്ള മറുപടിയോടു ഈ ചോദ്യങ്ങഠംക്കു അവകാശമുണ്ടാകുന്നില്ല.

മി. എം. ശിവതാണുപിള്ള (തോവാള): കഴിഞ്ഞ ബഡ്ജററു സെഷ്യനിൽ നാഗരുകോവിൽ മുൻസിപ്പാലിററിയിലേക്കു അടുത്ത വർഷം ആദ്യം അതായതു ഈ വർഷം ആരംഭത്തിൽ ഒരു സൂപ്രവൈസരെ നിയമിക്കുന്നതാണെന്നു പറഞ്ഞിട്ടുള്ളതു ഗവണ്മെൻറിനു അറിവുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): പറഞ്ഞിട്ടുണ്ടായിരിക്കാം.

മി. എം. ശിവതാണുപിള്ള (തോവാള): നാഗരുകോവിൽ മുൻസിപ്പാലിററിയിലെ പൊതുവേലകഠം സംബന്ധിച്ചു ഉദ്ദേശം ൪൦൦൦-ത്തിനും ൬൦൦൦-ത്തിനും മദ്ധ്യേ രൂപാ ആ മുൻസിപ്പാലിററി ചെലവുചെയ്തിട്ടുണ്ടെന്നു ഗവണ്മെൻറിനു അറിയാമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): കഴിഞ്ഞ ഒന്നു രണ്ടു വർഷങ്ങളിൽ അപ്രകാരം ഉണ്ടായിരിക്കാം.

മി. എം. ശിവതാണുപിള്ള (തോവാള): നാഗരുകോവിൽ മുൻസിപ്പാലിററിയിൽ ഒരു സൂപ്രവൈസരെ നിയമിക്കേണ്ടതു ആവശ്യമാണെന്നു ഗവണ്മെൻറു വിചാരിക്കുന്നില്ലയോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): മുൻസിപ്പൽകൌൺസിലിൽനിന്നും ആ സംഗതി മുഴുവനുംതന്നെ ആ കൌൺസിലിൽ പാസ്സായ ഒരു പ്രമേയത്തിൻെറ ഫലമായി ഗവണ്മെൻറിൽ സമർപ്പിച്ചിട്ടുണ്ടു. അതിനെപ്പററി ആലോചന നടന്നുവരുന്നുണ്ടു.

മി. എം. ശിവതാണുപിള്ള (തോവാള): ആ മറുപടി അനുസരിച്ചു, ഉടനെ ഒരു ആഫീസരെ നിയമിക്കുവാൻ ഗവണ്മെൻറിനു ദയവുണ്ടാകുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): ഇല്ല. കാര്യങ്ങളുടെ ക്രമമായ ഗതിയനുസരിച്ചു മാത്രമെ അതു ചെയ്യുവാൻ സാധിക്കയുള്ളു.

മി. എം. ശിവതാണുപിള്ള (തോവാള): അടുത്തവർഷം ആദ്യം അതായതു ഈ വർഷത്തിൻെറ ആരംഭത്തിൽ ഒരു സൂപ്രവൈസരെ നിയമിക്കുന്നതാണെന്നു കഴിഞ്ഞ ബഡ്ജററു സെഷ്യനിൽ പറഞ്ഞിട്ടുള്ള മറുപടിയനുസരിച്ചു, ഇതുകാലത്തോളം ആ നിയമനം നടത്തീട്ടില്ലാത്ത സ്ഥിതിക്കു, അതു ചെയ്തുകൊള്ളുന്നതിനു മുൻസിപ്പാലിററിക്കു നിർദ്ദേശം നൽകുവാൻ ഗവണ്മെൻറിനു ദയവുണ്ടാകുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): നാഗർകോവിൽ മുൻസിപ്പാലിററിയിലെ പൊതുവേലകളെ പരിശോധിക്കുവാൻ ഒരു ഓവർസീയരെ നിയമിക്കുന്ന വിഷയത്തെപ്പററി ആലോചന നടന്നുവരികയാണ്. ആ വിഷയം തീരുമാനംചെയ്തതിനുശേഷം ഒരു ആഫീസരെ നിയമിക്കുന്നതാകുന്നു.

നാഗരുകോവിൽ മുൻസിപ്പാലിററിയിലെ ധനസ്ഥിതി,

പൊതുവേലകഠം മുതലായവ സംബന്ധിച്ച സ്റ്റാൻഡിംഗ് കമ്മിററികഠം.

൧൯൨൩ മി. എം. ശിവതാണുപിള്ള (തോവാള): (എ) ധനസ്ഥിതി, പൊതുവേലകഠം എന്നിവയോ ആരോഗ്യ പരിശോധനയോ നാഗരുകോവിൽ മുൻസിപ്പാലിററിയിൽ ഏതെങ്കിലും സ്റ്റാൻഡിംഗ് കമ്മിററിയുണ്ടോ എന്നും,

(ബി) ഇല്ലെങ്കിൽ, അപ്രകാരമുള്ള കമ്മിററി ഏർപ്പെടുത്തുന്നതിനു കമ്മിററിക്കു നിർദ്ദേശങ്ങഠം നൽകുമോ എന്നും പറയുവാൻ ഗവണ്മെൻറിനു ദയവുണ്ടാകുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): (എ) മറുപടി നിഷേധരൂപത്തിലാണ്.

(ബി) മുൻസിപ്പൽറഗുലേഷൻ ൨൭-ാം സെക്ഷൻ (൧) അനുസരിച്ചു അവരുടെയിടയിൽനിന്നു തന്നെ ആവശ്യമുണ്ടാകുന്ന കാലങ്ങളിലെല്ലാം അവരുടെ അഭിപ്രായത്തിൽ യോഗ്യതയുള്ളവരെന്നു തോന്നുന്ന മെംബറന്മാരുഠംപ്പെട്ട സബ് കമ്മിററികളെ നിയമിക്കുന്നതിനു സഭയ്ക്കു അധികാരമുള്ളതിനാൽ ഗവണ്മെൻറു അപ്രകാരംചെയ്യുന്നതിനു ഉദ്ദേശിക്കുന്നില്ല.

മി. എം. ശിവതാണുപിള്ള (തോവാള): മുൻസിപ്പൽ സമാജങ്ങളിൽ സാധാരണയായി ഫിനാൻസു കമ്മിററിയും, ആരോഗ്യസംരക്ഷണ കമ്മിററിയും, പൊതുവേലകഠംസംബന്ധിച്ച കമ്മിററിയും നിയമിക്കപ്പെടുന്നുണ്ടെന്നു ഗവണ്മെൻറിനു അറിയാമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): അതിനെപ്പററി ഒന്നുംതന്നെ എനിക്കു പറയുവാൻ സാധിക്കുന്നതല്ല.

മി. എം. ശിവതാണുപിള്ള (തോവാള): നാഗരുകോവിൽ മുൻസിപ്പാലിററിയിൽ ഒരു വലിയ തുക ചെലവാക്കിവരുന്ന സ്ഥിതിക്കു നിയമസഭയിലെന്നപോലെ ഒരു ഫിനാൻസുകമ്മററിയെ നിയമിക്കേണ്ടതു ആവശ്യമാണെന്നു ഗവണ്മെൻറു വിചാരിക്കുന്നില്ലയോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസെക്രട്ടറി): അതു വേണമെന്നില്ല. മുൻസിപ്പൽ കൌൺസിൽ മെംബറന്മാരിൽനിന്നും ഏതു ഘട്ടത്തിലും സബ്കമ്മററികഠം രൂപീകരിക്കാവുന്നതാകുന്നു.

മി. എം. ശിവതാണുപിള്ള (തോവാള): മുൻസിപ്പാലിററിയുടെ ക്ഷേമത്തെ ഉദ്ദേശിച്ചു അവർ വിചാരിക്കുന്നതുപോലെയുള്ള കാര്യങ്ങഠംചെയ്യുന്നതിനു മുൻസിപ്പാലിററികളെ നിർദ്ദേശിക്കുവാനുള്ള അധികാരം മുൻസിപ്പൽ റഗുലേഷനനുസരിച്ചു ഗവണ്മെൻറിനില്ലയോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസെക്രട്ടറി); ഉണ്ട്. അതിലേക്കുപറ്റിയ നിയമങ്ങളുണ്ട്.

മി. എം. ശിവതാണുപിള്ള (തോവാള); ഈ കമ്മററികളുടെ നിയമനം ആ ഇനത്തിൽ വരുന്നില്ലയോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസെക്രട്ടറി); ഗവണ്മെൻറിനു അതു ചെയ്യുന്നതിനു അവകാശമുണ്ടോ എന്നുള്ളതിനെപ്പററിയല്ല ചോദ്യം. അതു ആവശ്യമാണെന്നു തോന്നുന്നതായാൽ മുൻസിപ്പൽകൌൺസിൽ അതുസംബന്ധിച്ചു ഗവണ്മെൻറിനോടു ചോദിക്കേണ്ടതാകുന്നു.

മി. എം. ശിവതാണുപിള്ള (തോവാള); മുൻസിപ്പാലിററിയുടെ ക്ഷമതയെ പുരസ്കരിച്ചു അതിന്റെ ഭരണത്തെ ഗവണ്മെൻറു പരീക്ഷിച്ചുകൊണ്ടിരിക്കുന്നില്ലയോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസെക്രട്ടറി); ഉണ്ട്.

മി. എം. ശിവതാണുപിള്ള (തോവാള); അപ്രകാരമുള്ള കമ്മിററികൾ ആവശ്യമാണെന്നു ഗവണ്മെൻറിനു തോന്നുന്നില്ലയോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസെക്രട്ടറി); അതു ആവശ്യമാണെന്നു ഗവണ്മെൻറിനു തോന്നീട്ടില്ല.

സർ, ഒൻപതാമത്തെ സ്റ്റാൻഡിംഗ് ആർഡർ അനുസരിച്ചു എല്ലാ സാമാജികന്മാരും ആദ്യത്തെ മണിക്കൂർ ചോദ്യങ്ങൾക്കു മറുപടി പറയുന്നതിനായി വിനിയോഗിക്കുന്നതായിരിക്കും. ഇപ്പോൾ ഒരു മണിക്കൂർ കഴിഞ്ഞിരിക്കുന്നു. അതിനാൽ ബാക്കി ചോദ്യങ്ങൾ തന്നെ തുടരണമോ എന്നുള്ളതുസംബന്ധിച്ചു അനുവാദത്തിനായി ഞാൻ സവിനയം അപേക്ഷിച്ചുകൊള്ളുന്നു.

പ്രസിഡണ്ട്. ഇനി എത്ര ചോദ്യങ്ങൾകൂടിയുണ്ട്.

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസെക്രട്ടറി); പത്തു ചോദ്യങ്ങൾകൂടിയുണ്ട്.

പ്രസിഡണ്ട്. അവകൂടി കഴിഞ്ഞുകൊള്ളട്ടെ.

തിരുവിതാംകൂർകാർക്കു സിദ്ധിച്ചിട്ടുള്ള അവകാശപത്രം.

൧൨൭. മി. സി. പി. തോമസ് (നിയമിതമെംബർ). (എ) സ്വതന്ത്രനിർമ്മാണങ്ങളും രൂപകല്പിതങ്ങളും സംബന്ധിച്ച റെഗുലേഷൻ പാസ്സായതിനുശേഷം തിരുവിതാംകൂർകാർക്കു സിദ്ധിച്ചിട്ടുള്ള അവകാശങ്ങളുടെ ഒരു ലിസ്റ്റ് ഓരോ അവകാശത്തിന്റെയും സ്വഭാവം ഉപയോഗം എന്നിവസംബന്ധിച്ചു വിവരണങ്ങളോടുകൂടി മേശപ്പുറത്തുവയ്ക്കുവാൻ ഗവണ്മെൻറിനു ദയവുണ്ടാകുമോ?

(ബി) ഈ അവകാശങ്ങളിൽ ഏതെങ്കിലും കണ്ടുപിടിച്ചവർക്കു അവയ്ക്കു പ്രചാരംവരുത്തുവാൻ സാധിക്കത്തക്കവണ്ണം ഗവണ്മെൻറു ഏതെങ്കിലും സഹായം നൽകീട്ടുണ്ടോ?

(സി) ഇല്ലെങ്കിൽ അപ്രകാരം ചെയ്യുന്നതു ആശാസ്യമായിട്ടുള്ളതാണോ എന്നു ആലോചിക്കുവാൻ ഗവണ്മെൻറിനു ദയവുണ്ടാകയില്ലയോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി); മെംബർ ആവശ്യപ്പെട്ട വിവരങ്ങളടങ്ങിയ ഒരു സ്റ്റേററുമെൻറു മേശപ്പുറത്തു വച്ചിരിക്കുന്നു.

൧-ാം, ൩-ാം, ൭൯-ലെ ൨൬-ാംനമ്പർ അവകാശപത്രം അനുവദിച്ചുകിട്ടിയ ആളൊഴിച്ചു മററാരും യാതൊരു സഹായത്തിനും അപേക്ഷിച്ചിട്ടില്ല. ഈ ഒന്നിൽമാത്രം ഗവണ്മെൻറു അതിന്റെ [illegible] പ്രചാരം സിദ്ധിക്കുന്നതിനു ആവശ്യമുള്ള സൌകര്യങ്ങളെല്ലാം ചെയ്തുകൊടുത്തിട്ടുണ്ട്. ഇതുകൂടാതെ വ്യവസായസംബന്ധമായ കടങ്ങൾ ഈ അവകാശപത്രം ലഭിച്ചിട്ടുള്ളവർക്കു അവയുടെ പ്രയത്നത്തെ ക്രമപ്പെടുത്തുന്ന വ്യവസ്ഥകൾക്കു ഉൾപ്പെട്ടു ഉപയോഗപ്പെടുത്താവുന്നതുമാകുന്നു.

മി. സി. പി. തോമസ് (നിയമിതമെംബർ); ഒരു പേറെൻറുകാരൻമാത്രം ഏതെങ്കിലും സഹായത്തിനായിട്ടു അപേക്ഷിച്ചിട്ടുള്ളതു എന്തുകൊണ്ടാണെന്നു ഗവണ്മെൻറിനറിയാമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി); അവർ അപേക്ഷിക്കാത്തതു എന്തുകൊണ്ടാണെന്നു അവരോടുതന്നെ ചോദിക്കണം.

മി. സി. പി. തോമസ് (നിയമിതമെംബർ); അതിനുള്ള കാരണമെന്താണെന്നുള്ളതിനെപ്പററി ഗവണ്മെൻറിനു ഏതെങ്കിലും അറിവുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി); ഗവണ്മെൻറിനു യാതൊരറിവുമില്ല.

മി. സി. പി. തോമസ് (നിയമിതമെംബർ); വ്യവസ്ഥയനുസരിച്ചു അവകാശംസിദ്ധിച്ചിട്ടുള്ള ആൾക്കു കടത്തിനു അപേക്ഷിക്കാൻപാടില്ലയോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി); വ്യവസ്ഥകളിൽ പ്രത്യേക അവകാശം സിദ്ധിച്ചിട്ടുള്ളവരെപ്പററി ക്ലിപ്തമായി ഒന്നും പറഞ്ഞിട്ടില്ല.

മി. സി. പി. തോമസ് (നിയമിതമെംബർ); കടത്തിനായി അവർക്കു അപേക്ഷിക്കാവുന്നതാണെന്നു അവർക്കു അറിയാൻ പാടില്ലാത്തതായിരിക്കും. അതിനു കാരണമെന്നു ഗവണ്മെൻറു വിചാരിക്കുന്നുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി); വ്യവസ്ഥകളിൽ പ്രത്യേകമായി പ്രസ്താവിച്ചിട്ടുള്ള സംഗതികൾക്കാണ് കടം അനുവദിക്കുന്നത്.

മി. സി. പി. തോമസ് (നിയമിതമെംബർ); അവകാശം സിദ്ധിച്ചിട്ടുള്ളവർക്കുള്ള കടവും ഈ സംഗതിയിൽ ഉൾപ്പെടുന്നതാണെന്നു ഗവണ്മെൻറു വിചാരിക്കുന്നുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി); ആ വ്യവസ്ഥകളിൽ ചിലതു അപ്രകാരമുള്ള കടങ്ങളെ സംബന്ധിക്കാവുന്നതാണ്.

മി. സി. പി. തോമസ് (നിയമിതമെംബർ); അപ്രകാരമുള്ള കടങ്ങൾ വാങ്ങിക്കുന്നതിനുള്ള സൌകര്യങ്ങൾ ഉണ്ടെന്നു അവകാശം സിദ്ധിച്ചവർക്കു മനസ്സിലാകത്തക്കവണ്ണം നിയമങ്ങളെ വ്യക്തമാക്കുവാൻ ഗവണ്മെൻറിനു ദയവുണ്ടാകുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി); അതിനു ആവശ്യമുണ്ടെന്നു ഗവണ്മെൻറു വിചാരിക്കുന്നില്ല.

വ്യാപാരവിഷയത്തിലുള്ള ധനത്തിന്റെ കുറവും കച്ചവടസംബന്ധമായ കടംകൊടുക്കലും.

൩൩൭. മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും-തെക്ക): (എ) (എ) (എ) കഴിഞ്ഞ മൂന്നു വർഷങ്ങളിലധികം കാലത്തേക്ക രാജ്യത്തിലെങ്ങും ധനസംബന്ധമായ വ്യാപാരം വളരെ കുറവായിരുന്നു എന്നും, (ബി) ൧൯൪൭ മുതൽ ൧൯൫൦ വരെയുള്ള മൂന്നു വർഷങ്ങളിൽ ഒരു വാരത്തിലെങ്കിലും രാജ്യമൊട്ടുക്ക കച്ചവടത്തിനു അഭിവൃദ്ധിയുണ്ടായിട്ടില്ലെന്നും, പറയുന്നതു വാസ്തവമാണോ എന്നും,

(ബി) വാസ്തവമാണെങ്കിൽ കച്ചവടത്തെ അഭിവൃദ്ധിപ്പെടുത്തുവാൻ ഗവൺമെന്റു പ്രവർത്തിച്ചിട്ടുള്ളതു എന്താണെന്നും പറയുവാൻ ഗവൺമെന്റിനു ദയവുണ്ടാകുമോ?

(സി) ധനവ്യാപാരത്തിലുള്ള ഇപ്പോഴത്തെ കുറവിനെ ലഘൂകരിക്കുന്നതിനും വാണിജ്യത്തെ അഭിവൃദ്ധിപ്പെടുത്തുന്നതിനുമായി കൃഷികാര്യങ്ങൾക്കും വ്യവസായങ്ങൾക്കും ഇപ്പോൾ അനുവദിച്ചിട്ടുള്ള കടങ്ങൾപോലെ തന്നെ കച്ചവടകാര്യങ്ങൾക്കും കടം കൊടുക്കുന്നതിനെപ്പറ്റി ആലോചിക്കുവാൻ ഗവൺമെന്റിനു ദയവുണ്ടാകുമോ?

മി. കെ. എൻ. രാമസുബ്ബയ്യർ (ഗവൺമെന്റ ധനകാര്യദർശി): (എ) (എ), ൧൯൪൭ മുതൽ ൧൯൫൦ വരെയുള്ള വർഷങ്ങളിൽ ആണ്ടുതോറും അയച്ചിട്ടുള്ള 'സീസൺ' റിപ്പോർട്ടുകളിൽനിന്നും പല സ്ഥലങ്ങളിൽ പല കാലങ്ങളിലായി പ്രസ്തുത വർഷം ധനവ്യാപാരം കുറവായിരുന്നു എന്നും കച്ചവടത്തിനു മന്ദഗതിയാണെന്നും കാണുന്നുണ്ട്. എന്നാൽ കച്ചവടത്തിന്റെ മൊത്തമായ മൂല്യം വർഷംപ്രതി വർദ്ധനയാണ് കാണിക്കുന്നത്.

(എ) (ബി)-ം, (സി)-ം ധനവ്യാപാരത്തിന്റെ കുറവും കച്ചവടത്തിന്റെ മന്ദഗതിയും ലോകമഹാകാരണങ്ങളെ ആശ്രയിച്ചിരിക്കുന്നു. ഈ സംസ്ഥാനത്തിൽ അപ്രകാരമുള്ള കുറവു കച്ചവട സാധാരണമായ അപകർഷമോ ഇപ്പോൾ ഇല്ല. ഗവൺമെന്റിന്റെ ചില സഹായത്തോടും സൌജന്യത്തോടുംകൂടി തിരുവിതാംകൂറിലെ സ്റ്റേറ്റ് എയിഡഡ് ബാങ്ക് ക്ലിപ്തം എന്നപേരിൽ ഒരു ബാങ്കു രജിസ്റ്റർചെയ്തിട്ടുണ്ട്. അല്പകാലത്തിനുള്ളിൽ ബാങ്കുപ്രവർത്തി ആരംഭിക്കുന്നതുമാണ്. വ്യാപാരസംബന്ധമായ കടങ്ങൾ കൊടുക്കുന്നതു ബാങ്കിന്റെ പ്രവർത്തികളിൽ ഉൾപ്പെട്ടതാകുന്നു. ആ സ്ഥിതിക്ക അപ്രകാരമുള്ള കടങ്ങൾ കൊടുക്കുന്നതു [illegible] ഒരു പ്രവൃത്തിയാണെന്നു ഗവൺമെന്റു വിചാരിക്കുന്നില്ല.

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും-തെക്ക): ചോദ്യത്തിലെ (എ) (എ) ഭാഗത്തിനു നൽകിയ മറുപടി സംബന്ധിച്ച ഫിനാൻഷ്യൽസെക്രട്ടറി കഴിഞ്ഞ ആണ്ടുകളിലെ ഗസററിൽ കൊടുത്തിട്ടുള്ള സീസൺറിപ്പോർട്ടു പരിശോധിച്ചുവോ എന്നുപറയുവാൻ അദ്ദേഹത്തിനു ദയയുണ്ടാകുമോ?

മി. കെ. എൻ. രാമസുബ്ബയ്യർ (ഫിനാൻഷ്യൽ സിക്രട്ടറി): ഉവ്വ്. ഞാൻ അതു പരിശോധിച്ചിട്ടുണ്ട്.

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും-തെക്ക): ധനവ്യാപാരം കുറവായും കച്ചവടം മന്ദഗതിയിലുമാണെന്നു അതിൽ പറഞ്ഞിട്ടുണ്ടോ എന്നു അദ്ദേഹം എന്നെ അറിയിക്കുമോ?

മി. കെ. എൻ. രാമസുബ്ബയ്യർ (ഗവൺമെന്റ ഫിനാൻഷ്യൽസെക്രട്ടറി): പല തീയതികളിൽ ചില പ്രത്യേക സ്ഥലങ്ങളിലെ ധനവ്യാപാരം കുറവായോ മറപ്രകാരത്തിലായോ ഇരുന്നു എന്നു പ്രസ്താവിക്കുന്ന അനേകം റിപ്പോർട്ടുകൾ ഉണ്ട്. മറുപടിയിൽ പ്രസ്താവിച്ചിട്ടുള്ളതു വാസ്തവംതന്നെയാകുന്നു.

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും-തെക്ക). തിരുവിതാംകൂറിൽ എല്ലായിടത്തും ധനവ്യാപാരം വളരെ കുറവായിത്തന്നെ ഇരിക്കുന്നു എന്നു അദ്ദേഹം റിപ്പോർട്ടിൽനിന്നും മനസ്സിലാക്കിയൊ?

മി. കെ. എൻ. രാമസുബ്ബയ്യർ (ഗവൺമെന്റ ഫിനാൻഷ്യൽസെക്രട്ടറി): ഇവിടെയും വിവിധസ്ഥലങ്ങളിലും പല തീയതികളിലുമായി അതു കാണിക്കപ്പെട്ടിരിക്കുന്നു. ഇപ്പോൾ അപ്രകാരമുള്ള കുറവില്ലെന്നു മറുപടിയിൽ പ്രസ്താവിക്കുന്നുണ്ട്. മറുപടിയുടെ അടുത്ത ഭാഗത്തിൽ വാസ്തവം നോക്കുന്നതായാൽ കച്ചവടം അക്കാലത്തെ കുറവിനെയല്ല വർദ്ധനയെയാണു കാണിക്കുന്നത്.

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും): ഗസററിൽ പ്രസിദ്ധപ്പെടുത്തിട്ടുള്ള സ്റ്റേറ്റുമെന്റു ശരിയാണെന്നാണൊ ഞാൻ മനസ്സിലാക്കേണ്ടതു?

മി. കെ. എൻ. രാമസുബ്ബയ്യർ (ഗവൺമെന്റ ഫിനാൻഷ്യൽസെക്രട്ടറി): സർ, ആ സംഗതിയെ സംബന്ധിച്ച സൂക്ഷ്മമായിട്ടുള്ള ബെറോമെട്രിക്കണക്കുകൾ ഞങ്ങൾക്കില്ല. കച്ചവടത്തിന്റെ സാധാരണസ്ഥിതി എന്താണെന്നുള്ളതു അഭിപ്രായത്തെമാത്രം അടിസ്ഥാനമാക്കി നിശ്ചയിച്ചിട്ടുള്ള സംഗതിയാകുന്നു.

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും): ഗസററിൽ കൊടുത്തിട്ടുള്ള സ്റ്റേറ്റുമെന്റു ശരിയാണോ എന്നറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

മി. കെ. എൻ. രാമസുബ്ബയ്യർ (ഗവൺമെന്റ ഫിനാൻഷ്യൽസെക്രട്ടറി): കച്ചവടത്തിന്റെ അഭിവൃദ്ധിയെപ്പററി ഗസററിൽ പ്രസിദ്ധപ്പെടുത്തിട്ടുള്ള സ്റ്റേറ്റുമെന്റു സത്യവും യഥാർത്ഥവും അതു പ്രസിദ്ധപ്പെടുത്തിട്ടുള്ള കണക്കുകളെ അടിസ്ഥാനപ്പെടുത്തിട്ടുള്ളതുമാകുന്നു.

ഭക്തിവിലാസത്തു അററകുററപ്പണികൾക്കും മററുമായി ചെലവുചെയ്തിട്ടുള്ള തുക.

൩൩൮. മി. എം. എൻ. പിള്ള (തിരുവനന്തപുരം): (എ) മി. എം. ഇ. വാട്ട്സിനെ ദിവാൻജിയായി നിയമിച്ചതിനുശേഷം ഇതുവരെ അററകുററം തീർക്കുന്നതിനും പരിഷ്കരിക്കുന്നതിനുമായി ഭക്തിവിലാസത്തു ചെലവുചെയ്തിട്ടുള്ള തുക എന്തെന്നും,

(ബി) മി. എം. കൃഷ്ണൻനായരുടെയും, മി. ടി. രാഘവയ്യായുടെയുംകാലത്തു അപ്രകാരം ചെലവുചെയ്തിട്ടുള്ള തുക എന്തെന്നും,

(സി) മി. എം. ഇ. വാട്ട്സിനെ ദിവാൻജിയായി നിയമിച്ചതിനുശേഷം ഭക്തിവിലാസത്തെ ഉപയോഗത്തിനായി വാങ്ങിച്ചിട്ടുള്ള മോട്ടോർകാറുകൾക്കായി ചെലവുചെയ്തിട്ടുള്ള തുക എന്തെന്നും വാങ്ങിയ മോട്ടോർകാറുകൾ എത്രയെന്നും അവ സംബന്ധിച്ച [illegible] ചെലവാക്കിട്ടുള്ള പണം എത്രയെന്നും പറയുവാൻ ഗവൺമെന്റിനു ദയവുണ്ടാകുമോ?

മി. കെ. ജാജ് (ഗവർണ്മെന്റു ചീഫ്സെക്രിട്ടറി): (എ) ൨൦,൩൦൫ രൂപാ.

(ബി) മി. കൃഷ്ണൻനായരുടെ കാലത്തു ൧൮,൯൩൨ രൂപായും മി. ടി. രാഘവയ്യായുടെകാലത്തു ൫൬,൨൮൦ രൂപായും ആകുന്നു. ഈ സംഖ്യകൾ അതാതുകാലങ്ങളിൽ പത്മവിലാസത്തെ ചെലവും ഉൾപ്പെട്ടതാകുന്നു.

(സി) ൧൫,൪൦൪ രൂപാ വിലവരുന്ന രണ്ടു കാറുകൾ.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): ൨൦,൩൦൫ രൂപാ ചെലവായിട്ടുള്ളതു എത്ര മാസങ്ങളിലായിട്ടാണെന്നു എന്നെ അറിയിക്കുമോ?

മി. കെ. ജാജ് (ഗവർണ്മെന്റു ചീഫ്സെക്രട്ടറി): ഏകദേശം ൯ മാസമോ അല്ലെങ്കിൽ ഒരു വർഷമോ ആയിരിക്കുമെന്നു ഞാൻ വിചാരിക്കുന്നു.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): മി. എം. ഇ. വാട്ട്സ് തിരുവിതാംകൂർ ദിവാനായിവരുന്നതിനുമുമ്പു അടുത്തകാലത്തു നടത്തപ്പെട്ട അററകുററപ്പണികളും ഇതിൽ ഉൾപ്പെട്ടിട്ടുണ്ടോ?

മി. കെ. ജാജ് (ഗവർണ്മെന്റു ചീഫ്സെക്രിട്ടറി): ഇല്ല.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): പത്മവിലാസത്തിൽ ചെയ്തിട്ടുള്ള അററകുററപ്പണികളും ഈ തുകയിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നു എന്നെ അറിയിക്കുമോ?

മി. കെ. ജാജ് (ഗവർണ്മെന്റു ചീഫ്സെക്രിട്ടറി): അതിനെപ്പററി മറുപടിയിൽ പറഞ്ഞിട്ടുണ്ട്.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): മി. എം. കൃഷ്ണൻനായരുടെ ഏഴു വർഷക്കാലങ്ങളിൽ ചെലവുചെയ്തിട്ടുള്ള തുകയാണോ ൧൮,൯൩൨ രൂപാ കാണിക്കുന്നതു എന്നു എന്നെ അറിയിക്കാമോ?

മി. കെ. ജാജ് (ഗവർണ്മെന്റു ചീഫ്സെക്രിട്ടറി): അതെ. എന്നാൽ പ്രധാനമായ അററകുററങ്ങൾ യഥാകാലങ്ങളിൽ മാത്രമെ ചെയ്യപ്പെട്ടിട്ടുള്ളു.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): രണ്ടു കാറുകൾക്ക ൧൫,൪൦൪ രൂപാ ചെലവായതായി പറയുകയുണ്ടായി. തിരുവിതാംകൂർപോലെ ഒരു ചെറിയ രാജ്യത്തിലെ ദിവാൻജിക്കു ഇത്ര വളരെ ചെലവുവരുന്ന രണ്ടു കാറുകൾ വാങ്ങിക്കുന്നതു അധികച്ചെലവാണെന്നു ഗവർണ്മെന്റു വിചാരിക്കുന്നില്ലയോ?

മി. കെ. ജാജ് (ഗവർണ്മെന്റു ചീഫ്സെക്രിട്ടറി): ഗവർണ്മെന്റു അപ്രകാരം വിചാരിക്കുന്നില്ല. കൂടുതൽ വിലകൂടിയതല്ലാത്ത കാറുകൾ വില കുറഞ്ഞവയെക്കാൾ കൂടുതൽ കാലം ഉപയോഗിക്കാവുന്നതാകുന്നു.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): അങ്ങനെയായാൽ വർഷംപ്രതി ഗവർണ്മെന്റു രണ്ടും മൂന്നും പ്രാവശ്യം കാറുവാങ്ങിക്കുന്നതെന്തിനാണ്?

മി. കെ. ജാജ് (ഗവർണ്മെന്റു ചീഫ്സെക്രിട്ടറി): ആവശ്യമുള്ളപ്പോൾ മാത്രമെ ഞങ്ങൾ കാറു വാങ്ങിക്കുന്നുള്ളു.

'സിററിസൺ' പത്രത്തിൽ യാചകന്മാരെപ്പററി എഴുതിയ ലേഖനം.

൧൪൦. മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്ക): യാചകന്മാരെ സംബന്ധിച്ചുള്ള നമ്മുടെ വേല' എന്ന തലവാചകത്തിൽ ൧൧൧൫ സെപ്തംബർ ൨൭-ാം-യിലെ സിററിസൺ പത്രത്തിൽ പ്രസിദ്ധംചെയ്തു കാണപ്പെട്ട കത്തു ഗവർണ്മെന്റിന്റെ ശ്രദ്ധയ്ക്കു വിഷയീഭവിച്ചിട്ടുണ്ടോ?

മി. കെ. ജാജ് (ഗവർണ്മെന്റു ചീഫ്സെക്രിട്ടറി): ഉണ്ട്.

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്ക): എന്തു നടപടിയാണ് ഗവർണ്മെന്റു നടത്തീട്ടുള്ളതെന്നു എന്നെ അറിയിക്കുമോ?

മി. കെ. ജാജ് (ഗവർണ്മെന്റു ചീഫ്സെക്രിട്ടറി): അതിനു മറുപടി പറയുവാൻ നിവൃത്തിയില്ല. ഗവർണ്മെന്റു ആ എഴുത്തു പരിശോധിച്ചുവൊ എന്നാണ് ചോദ്യം. അവർ അതു ചെയ്തു എന്നു പറഞ്ഞിട്ടുണ്ട്.

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്ക): ഗവർണ്മെന്റു ഏതെങ്കിലും നടപടി നടത്തിട്ടുണ്ടോ എന്നു എനിക്കു അറിഞ്ഞാൽകൊള്ളാം.

മി. കെ. ജാജ് (ഗവർണ്മെന്റു ചീഫ്സെക്രിട്ടറി): ഗവർണ്മെന്റു യാതൊരു നടപടിയും നടത്തീട്ടില്ല.

ലാൻറവന്യൂഡിപ്പാർട്ടുമെന്റിലെ സർവേപരിശീലനവും നിയമനങ്ങളും.

൧൪൧. മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): (എ) ലാൻഡുറവന്യൂഡിപ്പാർട്ടുമെന്റിലെ നിയമനങ്ങൾക്കു സർവേ ട്രെയിനിംഗ് അത്യാവശ്യമായ യോഗ്യതയാണെന്നു നിയമം ഏർപ്പെടുത്തിട്ടുണ്ടോ എന്നും,

(ബി) റവന്യൂഡിപ്പാർട്ടുമെന്റിൽ വേണ്ടപോലും പ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്ത അഹിന്ദുക്കളും അവർണ്ണഹിന്ദുക്കളും അധിവസിച്ചുപോരുന്ന കോട്ടയം താലൂക്കിനു ഉത്തരഭാഗങ്ങളിൽ കിടക്കുന്ന താലൂക്കുകളിലെ ജനങ്ങൾക്കു സർവേട്രെയിനിംഗിനു ആവശ്യമുള്ള സൌകര്യങ്ങളൊന്നും ഇപ്പോൾ ഇല്ലെന്നുള്ള വിവരം ഗവർണ്മെന്റിനു അറിവുണ്ടോ എന്നും പറയുവാൻ ഗവർണ്മെന്റിനു ദയവുണ്ടാകുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെന്റുസെക്രിട്ടറി): (എ) ഉണ്ട്. സർവേട്രെയിനിംഗ് യോഗ്യതയായി നിശ്ചയിച്ചിട്ടുള്ള നിയമനങ്ങൾ ഏതെല്ലാമെന്നു സർക്കാർജീവനത്തെസംബന്ധിച്ച പരസ്യത്തിൽ കൊടുത്തിട്ടുണ്ട്.

(ബി) മറുപടി നിഷേധരൂപത്തിലാകുന്നു. കോട്ടയത്തുള്ള സർവെസ്കൂൾ ഉത്തരതിരുവിതാംകൂറിനും ഉപയോഗപ്പെടണമെന്നാണു ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): കോട്ടയം സർവേസ്കൂളിനു ഇപ്പോൾ ചെലവുകഴിച്ചു ആദായമൊ നഷ്ടമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെന്റുസെക്രിട്ടറി): സ്വല്പം ആദായമുണ്ട്.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): വടക്കു ഒരു സർവേസ്കൂൾ സ്ഥാപിച്ചുതരണം എന്നു ചോദിക്കുന്നതിൽ നഷ്ടംവരുമെന്നുള്ള ഉദ്ദേശത്തിലാണോ ഗവർണ്മെന്റു ആലോചിക്കാത്തതു?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെന്റുസെക്രിട്ടറി): ആവശ്യം അനുസരിച്ചാണു സ്കൂൾ സ്ഥാപിക്കേണ്ടത്.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): വടക്ക ഒരു സർവെസ്കൂൾ സ്ഥാപിക്കുന്നുവന്നല്ലേ?

മി. സി. പി. രാമസ്വാമയ്യർ (ഗവർമ്മെൻറ സെക്രട്ടറി): സ്ഥാപിച്ചാൽ കുസൃതികളുമായി വരാം. എന്നാൽ സ്കൂളിൽ പഠിപ്പ് ആറു വാരത്തേക്കമാത്രമേയുള്ളു.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ആറുവാരത്തെ പഠിത്തം കഴിഞ്ഞാൽപിന്നെയും പുതിയ ആളുകൾക്ക ചേരാമല്ലോ. ആറു വാരത്തേക്കുള്ള എങ്കിലും വടക്ക ഒരു സ്കൂൾ സ്ഥാപിച്ചുകൂടയോ?

മി. സി. പി. രാമസ്വാമയ്യർ (ഗവർമ്മെൻറ സെക്രട്ടറി): കോട്ടയത്തു ഇപ്പോൾ ഒരു സ്കൂൾ ഉള്ളതുകൊണ്ടു അവിടെവന്നു പഠിക്കാമല്ലോ?

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും, തൊടുപുഴയും): പറവൂർ മുതലായ വടക്കൻ താലൂക്കുകളിൽനിന്നും കോട്ടയം വളരെ ദൂരെയാണല്ലോ. അതിൻെറ പരിഹാരത്തിനായി പറവൂർ, കുന്നത്തുനാട്ടു, മൂവാററുപുഴ മുതലായ സ്ഥലങ്ങളിൽ കോട്ടയത്തെ ടെമ്പററി സർവെസ്കൂൾ ഏതാനും മാസങ്ങൾക്ക മാററി സ്ഥാപിക്കരുതേ?

മി. സി. പി. രാമസ്വാമയ്യർ (ഗവർമ്മെൻറ സെക്രട്ടറി): തൽക്കാലം മാററുന്നതിനു കെട്ടിടം മുതലായ കൂടുതൽ ചിലവു വരും, അതു നഷ്ടമാണു. കോട്ടയത്തു കെട്ടിടം ഉണ്ടായിരുന്നതുകൊണ്ടാണു നഷ്ടം വരാത്തതു.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ഇപ്പോൾ മൂവാററുപുഴ ഒരു സത്രം ഉണ്ടു. അവിടെ ചിലപ്പോൾ അഡിഷനൽ മുൻസിഫ്കോടതിയും, മററും ഇരുന്നുനടത്താറുണ്ടു. അവിടെ മാററരുതോ? യാത്രക്കാർക്ക അടുത്തു വേറെ മുസാവരിയുമുണ്ടു.

മി. സി. പി. രാമസ്വാമയ്യർ (ഗവർമ്മെൻറ സെക്രട്ടറി): മൂവാററുപുഴമാത്രം മതിയാകുമോ?

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ആദ്യം മൂവാററുപുഴ സ്ഥാപിക്കണം (ചിരി). അതുകഴിഞ്ഞിട്ടു വേറെ സ്ഥലങ്ങളിൽ സ്ഥലം അന്വേഷിച്ചാൽ മതിയല്ലോ, കോട്ടയത്തെ സർവെസ്കൂളിനു ബാധമില്ലാതെ നഷ്ടമില്ലാതിരിക്കുന്ന സ്ഥിതിയ്ക്കു വടക്ക ഏതെങ്കിലും ഒരു താലൂക്കിൽ ഏതാനുംകാലത്തേക്കെങ്കിലും ഒരു സർവെസ്കൂൾ നടത്തുന്നതിനു ഗവർമ്മെൻറിനു വിരോധമെന്താണ്?

മി. സി. പി. രാമസ്വാമയ്യർ (ഗവർമ്മെൻറ സെക്രട്ടറി): കോട്ടയത്തു കെട്ടിടം ഉണ്ടായിരുന്നതുകൊണ്ടാണു ഒരു ചെറിയ ആദായം ഉണ്ടായിട്ടുള്ളതു.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): സ്വല്പം നഷ്ടംവന്നാലും സർവേജ്ഞാനം ജനങ്ങൾക്ക ആവശ്യമാണല്ലോ. സ്വല്പം നഷ്ടം സഹിച്ചും വടക്ക ഒരു സ്കൂൾ ഏർപ്പെടുത്താൻ ഗവർമ്മെൻറിനു ദയവുണ്ടാകുമോ?

മി. സി. പി. രാമസ്വാമയ്യർ (ഗവർമ്മെൻറ സെക്രട്ടറി): ആ കാര്യം ആലോചിക്കാം.

റോമോ സിറിയൻസ് എന്ന സംജ്ഞാപദത്തിൻെറ മാററം.

൧൪൨. മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): സിറിയൻ ആചാരപ്രകാരമുള്ള റോമൻകത്തോലിക്കരെപ്പററിയുള്ള നിവേദനത്തിനു നൽകിയ മറുപടിയിൽ ഉപയോഗിച്ച "റോമോസിറിയൻസു" എന്ന അഭിധാനത്തിനു പകരം 'സിറിയൻ കത്തോലിക്കർ' എന്നോ 'റോമൻകത്തോലിക്ക് സിറിയൻസു' എന്നോ ഉപയോഗിക്കുവാൻ ഗവർമ്മെൻറിനു ദയവുണ്ടാകുമോ?

മി. കെ. ജാജ് (ഗവർമ്മെൻറ ചീഫ് സെക്രട്ടറി): റോമൻകത്തോലിക്ക് മതത്തിലുൾപ്പെട്ട സിറിയൻ ക്രിസ്ത്യാനികളെ മെമ്പറുടെ അഭിപ്രായപ്രകാരം ഇനിമേലാൽ 'റോമൻകത്തോലിക്ക് സിറിയൻസ്' എന്നു വിളിക്കുവാൻ ഗവർമ്മെൻറിനു യാതൊരു വിരോധവുമില്ല.

"പൌരപ്രഭ"യുടെ എഡിററർ മിസ്റ്റർ ഇസഡ്. എം. പാരററിൻെറ പേരിലുള്ള നിരോധന ഉത്തരവു.

൧൪൩. മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): (൧) 'പൌരപ്രഭാ'പത്രാധിപർ മിസ്റ്റർ ഇസഡ്. എം. പാരററു, കോട്ടയം ഡിസ്ത്രിക്റ്റിൽ യാതൊരു പ്രസംഗവും നടത്തിക്കൂടെന്നു ആ ഡിവിഷനിലെ ഡിസ്ത്രിക്റ്റ മജിസ്ട്രേട്ടു ഒരു ഉത്തരവുമൂലം വിരോധിച്ചിട്ടുള്ള വിവരം ഗവർമ്മെൻറിനു അറിയാമോ എന്നും,

(൨) ചാരായക്കടകളുടെ മുമ്പിൽവച്ചു മദ്യപാനികളെ തടയുന്നതു നിയമവിരോധമാണെന്നു ആ ഉത്തരവിൽ വിവരിച്ചിട്ടുള്ളതായി ഗവർമ്മെൻറിനു അറിവുണ്ടോ എന്നും,

(൩) മിസ്റ്റർ ഇസഡ്. എം. പാരററു അഭിപ്രായപ്പെട്ടിട്ടുള്ളതിൻപ്രകാരം മദ്യപാനികളെ തടയുന്നതു, ന്യായവിരുദ്ധമായിട്ടുള്ളതോ, സാഹസപ്രവൃത്തികൾക്ക ഇടയാക്കാത്തതും സമാധാനപരവും ആയിട്ടുള്ളതോ എന്നു അധികാരികൾ പരസ്യമായി അന്വേഷണം ചെയ്തിട്ടുണ്ടോ എന്നും,

(൪) മിസ്റ്റർ പാരററിനു, അദ്ദേഹത്തിൻെറ പ്രസംഗസ്വാതന്ത്ര്യം നിഷേധിക്കുന്നതിനു മുമ്പു, തൻെറ പ്രവൃത്തിയെപ്പററി വിവരിക്കുന്നതിനോ അല്ലെങ്കിൽ തൻെറ അവസ്ഥയെ പരിപാലിക്കുന്നതിനോ അധികാരികൾ അവസരം അദ്ദേഹത്തിനു നൽകിട്ടുണ്ടോ എന്നും,

(൫) അനന്തരമായോ ആസന്നമായോ ഉണ്ടായേക്കുമെന്നും ഉണ്ടാകാനിടയുണ്ടെന്നും കാണപ്പെട്ട ഏതെങ്കിലും സമാധാനഭംഗത്തെ തടയുന്നതിലേക്കായിട്ടാണോ ഈ നിരോധ ഉത്തരവിൻെറ ഉദ്ദേശമെന്നും,

(൬) ഈ ഉത്തരവു കൃത്യമായ ഏതെങ്കിലും സ്ഥലത്തെയോ കാലത്തെയോ ക്ലിപ്തമാക്കീട്ടുണ്ടോ എന്നും,

(൭) നിരോധനഉത്തരവു പുറപ്പെട്ടതിനുശേഷമോ അതിനുമുമ്പോ ഏതെങ്കിലും സമാധാനഭംഗം ഉണ്ടായിട്ടുണ്ടോ എന്നും,

(൮) ഗവർമ്മെൻറിൽനിന്നും നേരിട്ടുനടത്തീട്ടുള്ള അന്വേഷണങ്ങളെ ആധാരമാക്കി ഈ ഉത്തരവിനെപ്പററി ആലോചിക്കുന്നതാണോ എന്നും,

(൯) മദ്യപാനികളെ തടയുന്നതു നിയമവിരോധമായിട്ടുള്ളതാണെന്നു പ്രഖ്യാപനംചെയ്യുന്ന ഏതെങ്കിലും വ്യവസ്ഥകളോ റഗുലേഷനോ ഉണ്ടോ എന്നും,

(ഞ) ആ ഉത്തരവു സമ്പന്തമായി ആധാരമാക്കിയിരിക്കുന്ന ഡി. എസ്. പി.യുടെ റിപ്പോർട്ടിന്റെ ഒരു പ്രതിയും, ഡിസ്ട്രിക്ട് മജിസ്ട്രേട്ടിന്റെ നിരോധനഉത്തരവിന്റെ ഒരു പ്രതിയും, മേശപ്പുറത്തുവയ്ക്കുവാൻ ഗവണ്മെന്റിനു ദയവുണ്ടാകുമോ?

മി. കെ. ജാർജ്ജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): (ക) ഉവ്വ്, ക്രിമിനൽ പ്രൊസീജിയർ കോഡിലെ 144-ാം വകുപ്പനുസരിച്ചുള്ള ഉത്തരവ്.

(ഖ) ഉവ്വ്. നിയമവിരോധത്തിന്റെ ഒരു വകഭേദമായി.

(ഗ) കോട്ടയം ഡിസ്ട്രിക്ട് മജിസ്ട്രേട്ടും, പൊലീസ് ഡിസ്ട്രിക്ട് സൂപ്രണ്ടും നേരിട്ട് അന്വേഷണങ്ങൾ നടത്തുകയും, മിസ്റ്റർ ഇസഡ്. എം. പാറേറ നിർദ്ദേശിച്ചിട്ടുള്ളതിൻപ്രകാരം മദ്യപാനികളെ തടയുന്നതു ന്യായവിരുദ്ധമാണെന്നു അവർക്ക് ബോദ്ധ്യമാവുകയും ചെയ്തിട്ടുണ്ട്.

(ഘ) ഇല്ല. ഈ പ്രകാരമുള്ള ഒരു ഉത്തരവു പുറപ്പെടുവിക്കുന്നതിനു മുമ്പായി ആ വിധത്തിൽ ചെയ്യേണ്ടത് ആവശ്യമാണെന്നു നിയമം നിഷ്കർഷിക്കുന്നില്ല. ഉടനടി നടപടി നടത്തേണ്ടത് ആവശ്യമായിരുന്നു.

(ങ) ഉവ്വ്.

(ച) ആ ഉത്തരവു കോട്ടയം ഡിസ്ട്രിക്ടിനെമാത്രം ബാധിക്കുന്നതും ഏഴു ദിവസത്തേക്കുമാത്രം നിയമപ്രകാരമായി പ്രാബല്യം വഹിക്കുന്നതും ആയിരുന്നു.

(ഛ) ഇല്ല. മിസ്റ്റർ പാറേറ ഉത്തരവിനെ അനുസരിക്കയാൽ സമാധാനലംഘനത്തിനൊന്നും ഇടയായതില്ല.

(ജ) ഈ പ്രകാരമുള്ള ഒരു ഉത്തരവു പുറപ്പെടുവിക്കേണ്ടതിന്റെ ആവശ്യകതയെപ്പററി സ്ഥലത്തുള്ള ഉദ്യോഗസ്ഥന്മാരെല്ലാം തൃപ്തന്മാരായിട്ടുള്ളതിനാൽ ആ സംഗതിസംബന്ധിച്ചു കൂട്ടമായി എന്തെങ്കിലും നടപടി നടത്തേണ്ടതാണെന്നു ഗവണ്മെന്റ് വിചാരിക്കുന്നില്ല.

(ഝ) ഏതെങ്കിലും ഒരു പ്രത്യേകമായ പിക്കററിംഗ് നിയമാനുസരണമായിട്ടുള്ളതോ, നിയമവിരോധമോ എന്നുള്ള സംഗതി അവ ഓരോന്നിന്റെയും സന്ദർഭങ്ങളെ ആശ്രയിച്ചിരിക്കുന്നതാണ്.

(ഞ) റിപ്പോർട്ടിന്റേയും ഉത്തരവിന്റെയും പ്രതികൾ മേശപ്പുറത്തുവച്ചിരിക്കുന്നു.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): നിശ്ശബ്ദത്തിന്റെ മറപിടിയിൽനിന്നും, ചാരായക്കടകളുടെ മുമ്പിൽവെച്ചുള്ള യഥാക്രമമായിട്ടുള്ള വെറും പിക്കററിംഗ് ന്യായവിരോധമായിട്ടുള്ളതാണെന്നു ഗവണ്മെന്റ് ഗണിക്കുന്നതാണോ എന്നു എന്നെ അറിയിക്കുമോ?

മി. കെ. ജാർജ്ജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): യഥാക്രമമായിട്ടുള്ള വെറും പിക്കററിംഗ് എന്നുവെച്ചാൽ എന്താണെന്നു എനിക്കു മനസ്സിലാകുന്നില്ല.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): വെറും പിക്കററിംഗ് എന്നാൽ യഥാക്രമമായ സന്ദർഭങ്ങളിൽ മാത്രം നടത്തപ്പെടുന്നതു എന്നു അർത്ഥമാക്കണമെന്നു ഞാൻ ഉദ്ദേശിച്ചിട്ടുള്ളു.

മി. കെ. ജാർജ്ജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): യഥാക്രമമായ സന്ദർഭങ്ങൾ എന്നതിനാൽ ഉദ്ദേശിച്ചിട്ടുള്ളതു എന്താണെന്നു എനിക്കു മനസ്സിലാകുന്നില്ല.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): സാധാരണയായി മനസ്സിലാക്കപ്പെടുന്ന അർത്ഥത്തിലുള്ള പിക്കററിംഗ് എന്നാണ്.

മി. കെ. ജാർജ്ജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): അതു യഥാർത്ഥരൂപമായ ഒരു അനുശാസനം മാത്രമാണെങ്കിൽ, അതിൽ ന്യായവിരോധമായ യാതൊരു പ്രവൃത്തിയും ഇല്ല.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): പിക്കററിംഗ് എന്നാൽ എന്താണെന്നു മെമ്പർ എന്നു മനസ്സിലാക്കുമോ?

മി. കെ. ജാർജ്ജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ഞാൻ അതിനെപ്പററി മെമ്പറിനോടു വിവരിക്കുന്നതിനേക്കാൾ നല്ലവണ്ണം മെമ്പർക്ക് എന്നോടു വിവരിക്കാൻ കഴിയും.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): പിക്കററിംഗ് എന്നാൽ മദ്യപാനംമൂലം ഉണ്ടാകുന്നതായ നാശത്തെപ്പററി വിവരിക്കുവാൻ ചാരായഷാപ്പുകളുടെ മുമ്പിൽ ആളുകളെ നിറുത്തുകയാകുന്നു.

മി. കെ. ജാർജ്ജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): അതു ഒരു ബോധനം മാത്രമാകുന്നു, എന്നാൽ പ്രസ്തുതസംഗതിയിൽ സംഭവിച്ചിട്ടുള്ളതു അതല്ല.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): അതു വേറൊരു വിധത്തിലായിരിക്കാം.

മി. കെ. ജാർജ്ജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ഇവിടെ കാല്പനികമായ ഒരു വാദത്തിന്റെ ആവശ്യമൊന്നുമില്ല.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): അങ്ങനെയാണെങ്കിൽ, "ചാരായഷാപ്പുകളുടെ മുൻവശം പിക്കററിംഗ് നടത്തുന്നതും, മറവിധേയമായുള്ള ന്യായവിരുദ്ധമായ പ്രവൃത്തികൾ ചെയ്യുന്നതിനും ജനങ്ങളെ പ്രേരിപ്പിക്കുന്ന പ്രസംഗങ്ങൾ നിങ്ങൾ നടത്തുന്നു" എന്നു പറയുന്ന ഡിസ്ട്രിക്ട് മജിസ്ട്രേട്ടിന്റെ ഉത്തരവു ജനങ്ങളെ അന്യഥാഗ്രഹണത്തിനു ഇടയാക്കുന്നതല്ലയോ എന്നും, അവിടെ വിമർശിക്കപ്പെട്ട പിക്കററിംഗ് നിയമവിരുദ്ധമാണെന്നു അദ്ദേഹം വിചാരിക്കുന്നില്ലെന്നും ചീഫ് സെക്രട്ടറി വിചാരിക്കുന്നില്ലയോ?

മി. കെ. ജാർജ്ജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി):— അതിന്റെ തീവ്രമായ സമരംകൊണ്ടു അതു ന്യായാനുസരണമല്ലായിരുന്നു എന്നാകുന്നു ഡിസ്ട്രിക്ട് മജിസ്ട്രേട്ടിന്റെ അഭിപ്രായം.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഡിസ്ട്രിക്ട് മജിസ്ട്രേട്ടിന്റെ ഉത്തരവിൽ പറയുന്നതു "നിങ്ങൾ ചാരായഷാപ്പുകളുടെ മുമ്പിൽവച്ചു ജനങ്ങളെ പ്രകോപിപ്പിക്കുവാനും മറുവിധത്തിൽ നിയമവിരോധമായി പ്രവർത്തിപ്പിക്കുവാനും തക്കവണ്ണം പ്രസംഗങ്ങൾ നടത്തുന്നു" എന്നാകുന്നു. പിക്കററിംഗ് ന്യായവിരുദ്ധമായിട്ടുള്ളതാണെന്നു നമ്മെ മനസ്സിലാക്കുവാനാണ് ഡിസ്ട്രിക്ട് മജിസ്ട്രേട്ട് മനഃപൂർവ്വം ഉദ്ദേശിക്കുന്നതു എന്നാണോ ഞാൻ ധരിക്കേണ്ടത്?

മി. കെ. ജാർജ് (ഗവർണ്മെന്റു ചീഫ് സെക്രിട്ടറി): പിക്കറ്റിംഗ് ന്യായാനുസാരമോ ന്യായവിരുദ്ധമോ ആയിരുന്നുള്ളതിനെപ്പററി അദ്ദേഹം ഒന്നുംതന്നെ അഭിപ്രായം പ്രകടിപ്പിക്കുന്നില്ല. അദ്ദേഹം പറയുന്നതു അവിടെ നടന്നുകൊണ്ടിരുന്ന പ്രത്യേകമായ പിക്കറ്റിംഗിനെപ്പററി മാത്രമാണ്.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ചീഫ് സെക്രിട്ടറി ഫ-ാംനമ്പർ അനുബന്ധം വായിച്ചുനോക്കുകയും, റിപ്പോർട്ടു തയ്യാറാക്കിയിട്ടുള്ളതിൽ കാണുന്ന പിക്കറ്റിംഗ് അഭിപ്രായത്തെ അദ്ദേഹം പ്രത്യേകമായി സൂക്ഷിക്കുകയും ചെയ്തിട്ടുണ്ടോ? അതിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു—"ഈ ഡിവിഷനിൽ, മീനച്ചിൽ, കോട്ടയം, ചങ്ങനാശ്ശേരി മുതലായ സ്ഥലങ്ങളിൽ മദ്യവർജ്ജനസംഘക്കാർ എന്നു പറയപ്പെടുന്ന അനേകം ആളുകൾ പല സ്ഥലത്തും അബ്കാരിഷാപ്പുകളുടെ മുമ്പിൽ പിക്കറ്റുചെയ്യുന്നതിനു വളരെ ശക്തിമത്തായി വേലചെയ്തു എന്നു" തുടങ്ങി.

വീണ്ടും രണ്ടാംപേജിൽ ഇങ്ങനെ ഒരു പ്രസ്താവനയും നാം കാണുന്നു.

"സമീപസ്ഥലങ്ങളിലും മദ്യവർജ്ജനവാളണ്ടിയറന്മാർ എന്നു പറഞ്ഞു യാതൊരു തൊഴിലും കാലക്ഷേപമാർഗ്ഗവും ഇല്ലാത്ത ഏതാനും ആളുകൾ"

മി. കെ. ജാർജ് (ഗവർണ്മെന്റു ചീഫ് സെക്രിട്ടറി): അവിടെ കണ്ടതു അദ്ദേഹം പറയുന്നു.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): അപ്രകാരം വിവരിക്കപ്പെട്ട ഒരു സംഘത്തിലെ പ്രസിഡണ്ടു ഈ സഭയിലെ ഒരു ബഹുമാനപ്പെട്ട മെംബറാണെന്നു ചീഫ് സെക്രിട്ടറിക്കു അറിയാമോ?

മി. കെ. ജാർജ് (ഗവർണ്മെന്റു ചീഫ് സെക്രിട്ടറി): ആയിരിക്കാം. എന്നാൽ അവരിൽ ബലം ഉപയോഗിച്ച ആളുകളെ മാത്രമേ റിപ്പോർട്ടു സംബന്ധിക്കുന്നുള്ളു.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): എന്നാൽ അതിലെ പദങ്ങൾ സംബന്ധിക്കുന്നതു പൊതുവായിട്ടാണ്—"സമീപസ്ഥലങ്ങളിലും മദ്യവർജ്ജനവാളണ്ടിയറന്മാർ എന്നുപറഞ്ഞു യാതൊരു തൊഴിലും കാലക്ഷേപമാർഗ്ഗവും ഇല്ലാത്ത ഏതാനും ആളുകൾ"

മി. കെ. ജാർജ് (ഗവർണ്മെന്റു ചീഫ് സെക്രിട്ടറി): പദങ്ങൾ "എന്നു പറഞ്ഞു" എന്നാകുന്നു. അവ വാളണ്ടിയറന്മാർ എന്നതിനോടു പ്രസ്താവത്തിൽ ചേർക്കേണ്ടതല്ലായിരിക്കാം.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): മദ്യവർജ്ജനവാളണ്ടിയറന്മാർ എന്നു പറഞ്ഞു യാതൊരു തൊഴിലും കാലക്ഷേപമാർഗ്ഗവും ഇല്ലാത്ത ഏതാനും ആളുകൾ" (ഈ ആളുകളെയെല്ലാം അപ്രകാരം വിവരിക്കത്തക്കവണ്ണം എല്ലാവരേയും സംബന്ധിക്കുന്ന ഒരു സ്റ്റേറ്റുമെന്റാണ് അദ്ദേഹം കൊടുത്തിട്ടുള്ളതെന്നു ഇതിൽനിന്നും തെളിയുന്നുണ്ട്.

മി. കെ. ജാർജ് (ഗവർണ്മെന്റു ചീഫ് സെക്രിട്ടറി): "എന്നു പറഞ്ഞു" എന്നതിൽനിന്നും, യഥാർത്ഥ മദ്യവർജ്ജനവാളണ്ടിയറന്മാരെയല്ല, അദ്ദേഹം ഉദ്ദേശിക്കുന്നതു ആ വിധത്തിൽ കാണപ്പെടുന്നവരെ മാത്രമായിരിക്കാം അദ്ദേഹം ഉദ്ദേശിച്ചിട്ടുള്ളത്.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): അതിനുശേഷം മൂന്നാം ഖണ്ഡികയിൽ, "ഇപ്രകാരമുള്ള കാരണങ്ങളുടെ പ്രേരണയുടെ ഫലമായി എന്നുതന്നെ ഒരു പിക്കറ്റിംഗ് ക്രിയയായി നാം കാണുന്നു" എന്നു പ്രസ്താവിച്ചിട്ടുള്ളതായി നിങ്ങൾക്കു കാണാം.

മി. കെ. ജാർജ് (ഗവർണ്മെന്റു ചീഫ് സെക്രിട്ടറി): ആ സ്ഥലത്തെ അപ്പോഴത്തെസ്ഥിതി അത്യന്തം രൂക്ഷമായിരുന്നു. അതുമാത്രമാണ് അവിടെ വിവരിച്ചിട്ടുള്ളത്.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഈ പ്രസ്ഥാനം അനാശാസ്യമായ അവസ്ഥകളിൽ ആരംഭിക്കപ്പെട്ടതെങ്ങിനെയെന്നും ഇപ്രകാരമുള്ള കാരണങ്ങൾക്കായി യോഗങ്ങൾ കൂടിയതെങ്ങിനെയെന്നും അദ്ദേഹം വിവരിച്ചു പറഞ്ഞിട്ടുണ്ട്. അതിലേക്കു നമുക്കാവുന്ന ഒരേ അർത്ഥം—

പ്രസിഡണ്ട്: നിങ്ങൾക്കു ചോദ്യംചോദിക്കുകമാത്രമല്ലാതെ പ്രസംഗംചെയ്‌വാൻ പാടുള്ളതെന്നു എനിക്കു തോന്നുന്നില്ല.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): സർ, ഞാൻ അതിലേക്കു നിങ്ങളോടു മാപ്പുചോദിച്ചുകൊള്ളുന്നു. എന്റെ സ്നേഹിതൻ ആ റിപ്പോർട്ടു വായിച്ചിട്ടുള്ളതായി തോന്നുന്നില്ല. അതുകൊണ്ട്—

മി. കെ. ജാർജ് (ഗവർണ്മെന്റു ചീഫ് സെക്രിട്ടറി): ഞാൻ ആ റിപ്പോർട്ടു വായിച്ചിട്ടുണ്ട്.

പ്രസിഡണ്ട്: മി. എ. കെ. പിള്ള, അഭിപ്രായപ്രകടനത്തിനായി നിങ്ങൾക്കു ആവശ്യപ്പെടാവുന്നതല്ല. അതിനുപുറമെ കല്പിതങ്ങളായ ചോദ്യങ്ങളും നിങ്ങൾ ചോദിക്കാൻ പാടില്ല. വക്രങ്ങളല്ലാത്ത ചോദ്യങ്ങൾമാത്രം നിങ്ങൾക്കു ചീഫ് സെക്രിട്ടറിയോടു ചോദിക്കാവുന്നതാകുന്നു. നിങ്ങൾ വാദത്തിനു ഒരുമ്പെടരുത്.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): നൂററ-ാംപേജു, മൂന്നാംഖണ്ഡികയിൽ, ഉദ്ദേശജനകമായ ഭാഷ ഉപയോഗിച്ചതാം, പോലീസുകാരുടെ റിപ്പോർട്ടിൻപ്രകാരം മിസ്റ്റർ പാരററ്റു, സെക്രട്ടറിയാണെന്നു പ്രസ്താവിച്ചിട്ടുണ്ട്. അതിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു—

"ഈ റിപ്പോർട്ടുവായനകഴിഞ്ഞ ഉടൻ അതിനോടുകൂടി ഡാക്ടർ ഇസഗ്. എം. പാരട്ട് പ്രസംഗിക്കുകയും അതിൽ എല്ലാ സ്ഥലങ്ങളിലും പിക്കറ്റിംഗ് ശക്തിമത്തായി നടത്തണമെന്നുപറഞ്ഞു ജനങ്ങളെ ഇളക്കുകയും അതിലേയ്ക്കു ഗവർണ്മെന്റും സർക്കാർ ഉദ്യോഗസ്ഥന്മാരും സഹായികളാണെന്നു ജനങ്ങളെ തെററിദ്ധരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. സെക്രട്ടറിയുടെ റിപ്പോർട്ടുവായനയിലുള്ള തെററിനെപ്പററിയും, വാളണ്ടിയറന്മാരും സെക്രട്ടറിയും ഇതിലെ ചില പ്രധാന പ്രവർത്തകന്മാരും പിക്കററിംഗ് എന്ന വാക്കിന്റെ അർത്ഥത്തെ തെററിദ്ധരിപ്പിച്ചാണ് ഇപ്പോൾ"

മി. കെ. ജാർജ് (ഗവർണ്മെന്റു ചീഫ് സെക്രിട്ടറി): അതിനുശേഷം, അതു കൂടുതൽ ശക്തിയോടുകൂടി നടത്തപ്പെടുന്നതാണെന്നു മി. പാരെട്ട അദ്ദേഹത്തോടു ഉറപ്പുകൊടുത്തിട്ടുള്ളതായി ഡി. എസ്. പി. പറയുന്നു.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): വ്യവസ്ഥിതമായ പിക്കറ്റിംഗ് എന്നുമാത്രമേ അതിനു അർത്ഥമുള്ളു.

മി. കെ. ജാർജ് (ഗവർണ്മെന്റു ചീഫ് സെക്രിട്ടറി): അതിനു അതിൽ കൂടുതൽ അർത്ഥമുണ്ടായിരിക്കാം.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): 'ശക്തി' യെന്നതിന് "ബഹുസ്ഥ" എന്നാണ് അർത്ഥം എന്നു കരുതുന്നുവോ അദ്ദേഹം മനസ്സിലാക്കുന്നത്?

മി. ജെ. ജാർജ് (ഗവന്മെന്റു ചീഫ് സെക്രട്ടറി): ജനങ്ങളുടെ മനസ്ഥിതി ശുദ്ധമായിരിക്കുമ്പോൾ അതിന്റെ അർത്ഥം അതുതന്നെയായിരിക്കുന്നതാണ്.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): എന്നാൽ റിപ്പോർട്ടിൽ അതിനെപ്പററി ഒന്നും പറഞ്ഞിട്ടില്ല. ഓർഡർ പാസ്സായശേഷം ... മി. ... കൂടിയതു ... ആകുന്നു. ഈ ... ഏതെങ്കിലുംമോ ... സംഭവങ്ങൾ നടന്നിട്ടുണ്ടോ എന്നും അപ്രകാരം നടന്നിട്ടില്ലെങ്കിൽ ... സമാധാനലംഘനം ഉണ്ടാകാനിടയുണ്ടെന്നു അവർ ഉദ്ദേശിക്കുന്നതെന്തിനെന്നും എന്തു അറിയിക്കുമോ?

മി. കെ. ജാർജ് (ഗവന്മെന്റു ചീഫ് സെക്രട്ടറി): പിക്കററിംഗ് നടന്നുകൊണ്ടിരിക്കുന്ന സ്ഥലത്തെ ജനങ്ങളുടെ മനസ്ഥിതിയെയാണ് അതു ... രിക്കുന്നതു്.

പ്രസിഡണ്ട്: അഭിപ്രായപ്രകടനത്തിനായി നിങ്ങൾക്കു അനുഗ്രഹിക്കാൻ പാടില്ല; വിവരങ്ങൾക്കുമാത്രം ആവശ്യപ്പെടാവുന്നതാണ്

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഗവന്മെന്റിന്റെ അഭിപ്രായത്തിൽ പിക്കററിംഗ് നടത്താവുന്നതാണോ അല്ലയോ എന്നു എനിക്കു അറിഞ്ഞാൽകൊള്ളാം.

മി. കെ. ജാർജ് (ഗവന്മെന്റു ചീഫ് സെക്രട്ടറി): ഒരു പ്രത്യേക സംഗതിയായ പിക്കററിംഗിനെ സംബന്ധിച്ച ചോദ്യത്തിനു മറുപടിയായി ഒരു സർവ്വസാധാരണമായ സംഗതിയെപ്പററി ഗവന്മെന്റിനുള്ള മറുപടി പറയാവുന്നതല്ല.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): നാളെയൊരുകാലത്തു, എനിക്കുതന്നെ ഈ സംഗതിയിൽ പ്രവർത്തിക്കേണ്ടതായി വരാവുന്നതാകയാൽ അതുസംബന്ധിച്ച എന്റെ അവസ്ഥ എന്തായിരിക്കുമെന്നു എനിക്കു കൃത്യമായിട്ട അറിയേണ്ടതായിട്ടുണ്ട്. നിയമപരിധിയെ അതിക്രമിക്കണമെന്നു ഞാൻ ഉദ്ദേശിക്കുന്നില്ലാത്തതിനാൽ പൊതുവായ ഗുണത്തെ ഉദ്ദേശിച്ചു ഞാൻ ഈ ചോദ്യം ചോദിച്ചിട്ടുള്ളതാണ്.

പ്രസിഡണ്ട്: മി. എ. കെ. പിള്ളേ? അവകാശമുള്ള ഉപചോദ്യങ്ങൾ മാത്രമല്ല നിങ്ങൾ ചോദിക്കുന്നതു്. നിങ്ങൾക്കു നിയമം മുഴുവനും വിവരിച്ചു പറഞ്ഞുതരുന്ന ചീഫ് സെക്രട്ടറി നിങ്ങളുടെ നിയമോപദേശകനായിരിക്കണമെന്നു നിങ്ങൾ ഉദ്ദേശിക്കുന്നു. അദ്ദേഹത്തിനു നിങ്ങളുടെ നിയമോപദേശകനായിരിക്കുവാൻ സാധിക്കുമെന്നു എനിക്കു തോന്നുന്നില്ല.

മെഡിക്കൽ ഡിപ്പാർട്ടുമെന്റിലെ ൫൦ രൂപയും അതിൽ കൂടുതലും ശമ്പളമുള്ള ഉദ്യോഗസ്ഥന്മാരുടെ

ജാതിതിരിച്ചുള്ള സ്റ്റേറ്റുമെന്റ്.

൧൪൪. മി. എ. എൻ. പിള്ള (തിരുവനന്തപുരം): മെഡിക്കൽ ഡിപ്പാർട്ടുമെന്റിലെ ൫൦ രൂപയും അതിൽ കൂടുതലും ശമ്പളം പറ്റുന്ന ഉദ്യോഗസ്ഥന്മാരുടെ ജാതിതിരിച്ചുള്ള ഒരു സ്റ്റേറ്റുമെന്റു മേശപ്പുറത്തുവയ്ക്കുവാൻ
ഗവന്മെന്റിനു മനസ്സുണ്ടാകുമോ?

മി. കെ. ജാർജ് (ഗവന്മെന്റു ചീഫ് സെക്രട്ടറി):

(൧) ഹിന്ദുക്കൾ.

൧.	മലയാളബ്രാഹ്മണർ	൧
൨.	മററുബ്രാഹ്മണർ	൧൩
൩.	മലയാളക്ഷത്രിയർ	൧
൪.	നായന്മാർ	൩൦
൫.	വെള്ളാളർ	൫
൬.	ഈഴവർ	൫
൭.	മററുഹിന്ദുക്കൾ	൩

(൨) മുസൽമാന്മാർ.

(൩) ക്രിസ്ത്യാനികൾ.

൧.	പ്രോട്ടസ്റ്റന്റസ്	൨൧
൨.	റോമൻകത്തോലിക്കർ	൧൬
൩.	സിറിയന്മാർ	
	(എ) ജാക്കോബൈററ്സ്	൮
	(ബി) മാർത്തോമ്മാ	൧൭
	(സി) റോമൻകത്തോലിക്ക് സിറിയൻസ്	

(൪) മററുള്ളവർ.

വിദ്യാലയങ്ങളിലേക്കു നിശ്ചയിച്ചിട്ടുള്ള പാഠ്യപുസ്തകങ്ങൾ.

൧൪൫. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്):

(എ) പാഠ്യപുസ്തകകമ്മിററി അംഗീകരിച്ചിട്ടുള്ള പുസ്തകങ്ങളിൽനിന്നും തിരഞ്ഞെടുത്തു നിശ്ചയിക്കുന്നതിനുള്ള അധികാരം വിദ്യാഭ്യാസഡയറക്ടർക്കാണോ കൊടുത്തിട്ടുള്ളതെന്നും, അപ്രകാരം നിശ്ചയിച്ചിട്ടുള്ള പുസ്തകങ്ങളുടെ ലിസ്റ്റ ഗവന്മെന്റിന്റെ അറിവിലേക്കായി അയക്കപ്പെടുന്നുണ്ടോ എന്നും,

(ബി) അപ്രകാരം അയച്ചിട്ടുള്ള പുസ്തകങ്ങളുടെ ലിസ്റ്റിൽ ഗവന്മെന്റിൽനിന്നും ഭേദഗതികളിൽ ഭേദഗതിചെയ്യിട്ടുണ്ടോ എന്നുള്ളതിനു് ഏതെങ്കിലും ഉദ്ദേശ്യം ഉണ്ടോ എന്നും,

(സി) ഡയറക്ടർ പതിവിൻപ്രകാരം ഈ ആണ്ടിലും നിശ്ചയിച്ചിട്ടുള്ള പുസ്തകങ്ങളുടെ ലിസ്റ്റ ഗവൺമെന്റുഗസററിൽ പ്രസിദ്ധംചെയ്യുവാൻ ഗവൺമെന്റ അനുവാദത്തിനുവേണ്ടി അയച്ചുവോ എന്നും, ആ ലിസ്റ്റിന്റെ പ്രസിദ്ധീകരണം നിറുത്തിവെയ്ക്കുന്നതിനു ദിവാൻജിയാഫീസിൽനിന്നു, ഉടനടി അനുസരിക്കുവാനുള്ള ഉത്തരവു അയച്ചുവോ എന്നും,

(ഡി) അതിനെത്തുടർന്നു ദിവാൻജി അദ്ദേഹം ആവശ്യപ്പെട്ടുപോലെ ആ ലിസ്റ്റ് വീണ്ടും പരിശോധിക്കാൻ ഡയറക്ടറോടു ആവശ്യപ്പെട്ടു എന്നുള്ളതു വാസ്തവമാണോ എന്നും,

(ഇ) ഡയറക്ടരുടെ ആദ്യത്തെ ലിസ്റ്റിൽ ബി. വി. ബുക്കുഡിപ്പോക്കാർ പ്രസിദ്ധംചെയ്തിട്ടുള്ള വ്യാകരണം, വൃത്തം, അലങ്കാരം എന്നിവയെ സംബന്ധിക്കുന്ന പുസ്തകങ്ങൾക്കു പകരമായി മററു ചില പുസ്തകങ്ങൾ ഉണ്ടായിരിക്കെ, രണ്ടാമത്തെ ലിസ്റ്റിൽ ആ ചില പുസ്തകങ്ങളല്ലാതെ പകരത്തിനു മററു പുസ്തകങ്ങൾ ഉൾപ്പെടുത്തിയിരുന്നു എന്നുള്ളതു വാസ്തവമാണോ എന്നും,

(എഫ്) മിസ്റ്റർ തോമസ്പോളിന്റെ കമ്പനി അദ്ദേഹത്തിന്റെ പ്രസിദ്ധീകരണമായ പുസ്തകങ്ങൾ ആദ്യത്തെ ലിസ്റ്റിൽ വളരെ കുറവായിരിക്കെ രണ്ടാമത്തെ ലിസ്റ്റിൽ അദ്ദേഹത്തിന്റേതായുള്ള അനേകം പുസ്തകങ്ങൾ നിശ്ചയിക്കപ്പെട്ടിരുന്നു എന്നുള്ളതു വാസ്തവം തന്നെയാണോ എന്നും,

(ജി) പാഠ്യപുസ്തകങ്ങളെ സംബന്ധിച്ച ലിസ്റ്റിന്റെ പ്രസിദ്ധീകരണം നിറുത്തിവെയ്ക്കുന്നതിനു ദിവാൻജി നിർബന്ധമായ ഉത്തരവു അയക്കുന്നതിനു മുമ്പു മിസ്റ്റർ തോമസ്പോൾ ദിവാൻജിയെ പൊൻമുടിയിൽ ചെന്നു കണ്ടുവോ എന്നും,

(എച്ച്) മിസ്റ്റർ തോമസ്പോൾ ഇപ്പോൾ വെസ്റ്റേൺസ്റ്റാറിന്റെ മാനേജിംഗ് പ്രൊപ്രൈറ്റർ അല്ലയോ എന്നും പറയുവാൻ ഗവൺമെന്റിനു ദയവുണ്ടാകുമോ?

മി. കെ. ജാർജ് (ഗവൺമെന്റ ചീഫ്സെക്രട്ടറി):

(എ) അതെ; എന്നാൽ ആ ഏതുഘട്ടത്തിലും ഏതുമാർഗ്ഗത്തിലും ഗവൺമെന്റിനു യുക്തമെന്നു തോന്നുന്ന നടപടികൾക്കു എല്ലായ്പോഴും അധീനമായിരിക്കുന്നതാണ്. ഗവൺമെന്റിനാൽ ആവശ്യപ്പെട്ടിട്ടുള്ള സന്ദർഭങ്ങളിലല്ലാതെ ലിസ്റ്റ ഗവൺമെന്റിനു അയച്ചുകൊടുത്തിട്ടില്ല.

(ബി) ഉവ്വ്.

(സി) മുതൽ (എഫ്) വരെ, രാജ്യഭരണാദ്ധ്യക്ഷന്മാരും ഉദ്യോഗസ്ഥന്മാരും തമ്മിലുള്ള ആലോചനകൾ രഹസ്യമായിട്ടുള്ളതാകയാൽ പരസ്യപ്പെടുത്തുവാൻ നിവൃത്തിയില്ല.

(ജി) ആര്? എപ്പോൾ? എന്തുദ്ദേശത്തോടുകൂടി ദിവാൻജിയെ സന്ദർശിക്കുന്നു എന്നു പറയുവാൻ ഗവൺമെന്റ തയ്യാറില്ല.

(എച്ച്) മെമ്പർക്കുതന്നെ അന്വേഷിച്ചറിയാവുന്നതാകുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): "ആവശ്യപ്പെട്ടപ്പോളൊഴിച്ചു" എന്നുള്ള (എ) ഭാഗത്തിനു പറഞ്ഞ മറുപടിസംബന്ധിച്ചു, [illegible] ശേഷം ഏതെങ്കിലും ദിവാൻജി ലിസ്റ്റിനു ആവശ്യപ്പെട്ടിട്ടുണ്ടോ എന്നു പറയുവാൻ ഗവൺമെന്റിനു ദയവുണ്ടാകുമോ?

മി. കെ. ജാർജ് (ഗവൺമെന്റ ചീഫ്സെക്രട്ടറി): ആ ചോദ്യത്തിനു മറുപടി പറയുംമുമ്പു തത്സംബന്ധിച്ച റിക്കാർട്ടുകൾ എനിക്കു നോക്കേണ്ടതായിരിക്കുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ചോദ്യത്തിലെ (സി) ഭാഗത്തിനു മറുപടി പറഞ്ഞിട്ടില്ലാ.

മി. കെ. ജാർജ് (ഗവൺമെന്റ ചീഫ്സെക്രട്ടറി): (സി) മുതൽ (എഫ്) വരെയുള്ള ഭാഗങ്ങളിലെ മറുപടിയിൽ അതു അടങ്ങിയിട്ടുണ്ടു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): രാജ്യഭരണാദ്ധ്യക്ഷന്മാരും ഉദ്യോഗസ്ഥന്മാരും തമ്മിലുള്ള ആലോചനകൾ രഹസ്യമായിട്ടുള്ളതാകയാൽ പരസ്യപ്പെടുത്തുവാൻ നിവൃത്തികാണുന്നില്ലെന്നാണ് മറുപടിയിൽ പറഞ്ഞിരിക്കുന്നതു. എന്റെ ചോദ്യം ആദ്യത്തെ ലിസ്റ്റിനേയും രണ്ടാമത്തെ ലിസ്റ്റിനേയും സംബന്ധിച്ചതായിരുന്നു.

മി. കെ. ജാർജ് (ഗവൺമെന്റ ചീഫ്സെക്രട്ടറി): മറുപടി ആദ്യത്തെ ലിസ്റ്റിനേയോ അവസാന ലിസ്റ്റിനേയോ പററി പ്രസ്താവിക്കുന്നില്ല, അവസാനലിസ്റ്റാണ പ്രസിദ്ധപ്പെടുത്തിട്ടുള്ളതു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ആദ്യത്തെ ലിസ്റ്റ പ്രസിദ്ധംചെയ്യുവാൻ അവർ ഉദ്ദേശിക്കാത്തതു എന്തുകൊണ്ടെന്നു എന്നെ അറിയിക്കാമോ?

മി. കെ. ജാർജ് (ഗവൺമെന്റ ചീഫ്സെക്രട്ടറി): അതു ഒരു ഗവൺമെന്റുദ്യോഗസ്ഥനുമായുള്ള ആലോചനയുടെ ഭാഗമായതുകൊണ്ടു, അതു പ്രസിദ്ധംചെയ്യണമെന്നു അവർ വിചാരിക്കുന്നില്ല.

ഡർബാർഫിസിഷ്യൻസ്ഥാനത്തിനു ഡാക്ടർ രാമൻതമ്പിക്കുള്ള അവകാശങ്ങൾ.

൧൩൩. മി. എം. എൻ. പിള്ള (തിരുവനന്തപുരം):

(എ) ഡർബാർഫിസിഷ്യൻസ്ഥാനത്തിനു ഇനിയും ആളെ നിയമിക്കാതിരിക്കുന്നതു എന്തുകൊണ്ടാണെന്നും, സ്ഥിരമായ ഏർപ്പാടുകൾ ചെയ്യുന്നതിനുള്ള താമസത്തിനു കാരണമെന്താണെന്നും പറയുവാൻ ഗവൺമെന്റിനു ദയവുണ്ടാകുമോ?

(ബി) ഡാക്ടർ കെ. രാമൻതമ്പിയുടെ അവകാശങ്ങളെ ഗൌനിക്കാത്തതു എന്തുകൊണ്ടാണെന്നും, ഡർബാർഫിസിഷ്യന്റെ ജോലികൾ നോക്കുന്നതിനു മിസ്സസ് പുന്നൻലൂക്കോസിനെ നിയമിച്ചതെന്തുകൊണ്ടാണെന്നും പറയുവാൻ ഗവൺമെന്റിനു ദയവുണ്ടാകുമോ?

(സി) ഡാക്ടർ രാമൻതമ്പി സർവീസും ശമ്പളവും നോക്കുന്നതായാൽ മിസ്സസ് പുന്നൻലൂക്കോസിനെക്കാൾ സീനിയർ ആണെന്നുള്ളതു വാസ്തവമല്ലയോ?

(ഡി) അപ്രകാരമാണെങ്കിൽ, ഡാക്ടർ കെ. രാമൻതമ്പിയെ സ്ഥിരം ഡർബാർഫിസിഷ്യനായി നിയമിക്കുവാൻ ഗവൺമെന്റിനു ദയവുണ്ടാകുമോ?

മി. സി. ജോർജ് (ഗവണ്മെന്റ ചീഫ്‌സെക്രട്ടറി): (൧), (൨), (൩), (൪) മെഡിക്കൽഡിപ്പാർട്ടുമെന്റ ഇപ്പോൾ പരിഷ്കരണാർത്ഥം ഒരു കമ്മറ്റിയുടെ അധീനത്തിലാക്കിയിരിക്കുന്നതുകൊണ്ടും ഡർബാർഫിസിഷ്യന്റെസ്ഥാനം ഈ കമ്മറ്റിയിൽ അംഗമല്ലാതെ ഇട്ടിരിക്കുന്നതുകൊണ്ടും ഈ ചോദ്യങ്ങൾക്കു അവകാശമുണ്ടാകുന്നില്ല.

കൊല്ലം കൻടോൺമെൻറിലെ ഭൂമിപതിവു.

൧൪൬. മി. എം. എൻ. പിള്ള (തിരുവനന്തപുരം):

(എ) തന്റെ ആയുർവേദസ്ഥാപനങ്ങളെ വിപുലമാക്കുന്നതിനായി മിസ്റ്റർ കുഞ്ഞുരാമൻവൈദ്യനും തന്റെ വളപ്പിലേക്കുള്ള വഴിയെ സംബന്ധിച്ച അവകാശത്തെ പരിരക്ഷിക്കുന്നതിനായി കൊല്ലം ബിഷോപ്പും കൊല്ലം കൻറാൺമെൻറിലുള്ള കുറെ സ്ഥലം കിട്ടണമെന്നു അപേക്ഷിച്ചിട്ടുണ്ടായിരുന്നോഎന്നും,

(ബി) (൧) ദിവാൻ മിസ്റ്റർ ടി. രാഘവയ്യാ സ്വയമേവ ആ സ്ഥലം പരിശോധിച്ചിട്ടുണ്ടോ എന്നും,

(൨) അദ്ദേഹത്തിന്റെ പരിശോധനയുടെ ഫലമായി, ഒരുറോഡിലേക്കു ആവശ്യമുള്ളസ്ഥലം വിട്ടിട്ടു ശേഷമുള്ള ഭൂമി മിസ്റ്റർ കുഞ്ഞുരാമൻവൈദ്യനു പതിച്ചുകൊടുക്കുവാൻ നിർദ്ദേശിച്ചിരുന്നുവോഎന്നും,

(൩) ദിവാൻജോലിനോക്കിവന്ന മിസ്റ്റർ ആർ. കൃഷ്ണപിള്ളയും അതുപോലെതന്നെ മിസ്റ്റർ കുഞ്ഞുരാമൻവൈദ്യന്റെ പേരിൽ ആ സ്ഥലം പതിച്ചുകൊടുക്കുവാൻ ആജ്ഞാപിച്ചിരുന്നുവോഎന്നും,

(൪) ആ ഉത്തരവു താലൂക്കാഫീസിലേക്കു അയച്ചുകൊടുത്തില്ലയോഎന്നും,

(സി) (൧) മിസ്റ്റർ എം. വി. വാട്ട്സ്, അദ്ദേഹം വന്നുചേർന്നു അധികം താമസിയാതെ, മിസ്റ്റർ കുഞ്ഞുരാമൻറപേരിൽ പതിച്ചുകൊടുക്കുവാൻ അനുവദിച്ചിരുന്ന ഉത്തരവിനെ നടപടിനടത്താതെ വെച്ചുകൊണ്ടിരിക്കുവാൻ ഉത്തരവായിട്ടുണ്ടോഎന്നും,

(൨) ഉണ്ടെങ്കിൽ അപ്രകാരംചെയ്തതു എന്തുകൊണ്ടാണെന്നും,

(൩) അദ്ദേഹം അതിനെഇടനു ആ സ്ഥലം ലേലംചെയ്തു പതിച്ചുകൊടുക്കുവാൻ ആജ്ഞാപിച്ചുവോഎന്നും പറയുവാൻ ഗവണ്മെൻറിനു ദയവുണ്ടാകുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസെക്രട്ടറി): (എ) ഉണ്ട്.

(ബി) (൧) ഉണ്ട്.

(൨) ആ സ്ഥലം ചെന്നു പരിശോധിച്ചതിൽ, ഒരു വഴിക്കും ജീർണ്ണാവസ്ഥയിൽ കിടന്നിരുന്ന ഒരു ദേവാലയത്തിനുമായി ൫ ഏക്കർ സ്ഥലം വിട്ടിട്ട ശേഷം ഉള്ള സ്ഥലം പതിച്ചുകൊടുക്കുന്നതിൽ വിരോധമില്ലെന്നു മിസ്റ്റർ ടി. രാഘവയ്യാക്കുതോന്നി; എന്നാൽ, ശേഷംഉള്ള സ്ഥലം പതിച്ചുകൊടുക്കുന്നതു എതു വിധത്തിൽ വേണമെന്നു അദ്ദേഹം അപ്പോൾ തീരുമാനം ചെയ്തിരുന്നില്ല.

(൩) ഉണ്ട്, (൪) ഉണ്ട്.

(സി) (൧) ഉണ്ട്.

(൨) ഉദ്ദേശിച്ചിട്ടുള്ളതുപോലെ ഭൂമിപതിച്ചു കൊടുക്കുന്നതിനെ പ്രതിഷേധിച്ചു മൈററ് റെവറണ്ടു ഫാദർ ബർനാർഡയിൽനിന്നും ഒരു നിവേദനം കിട്ടുകയും, അതു സംബന്ധിച്ചു ഒരു തീരുമാനം ചെയ്യുന്നതുവരെ മുൻ ഉത്തരവനുസരിച്ചു പ്രവർത്തിക്കാതിരിക്കുവാനായി (സി) (൧)-ാം ഭാഗം അനുസരിച്ചുള്ള ഒരു ഉത്തരവു പുറപ്പെടുവിക്കുകയും ചെയ്തു.

(൩) ദിവാൻജി ആ സ്ഥലം ചെന്നു പരിശോധിക്കുകയും, പൊതുജനങ്ങളുടെ ഗുണത്തിലേക്കായി, ജീർണ്ണാവസ്ഥയിൽ ആ സ്ഥലത്തുള്ള ക്ഷേത്രത്തിനും മിസ്റ്റർ കുഞ്ഞുരാമൻവൈദ്യന്റെ വൈദ്യശാലയുടെ ആ സ്ഥലത്തോടുചേർന്നുള്ള വശത്തിനും മദ്ധ്യേ ധാരാളം വീതിയുള്ള ഒരു റോഡിനും ജീർണ്ണമായിക്കിടക്കുന്ന ക്ഷേത്രം നാലുവശവും കെട്ടിയടയ്ക്കുന്നതിനും ആവശ്യമുള്ള സ്ഥലം നീക്കിവച്ചുംകൊണ്ടു ശേഷമുള്ള സ്ഥലത്തെ രണ്ടുഭാഗങ്ങളാക്കി ഓരോന്നിനും അതിന്റെഭാഗത്തിൽ ഓരോ റോഡിനുവീതം സ്ഥലം കൊടുത്തിട്ടു ലേലം വിളിക്കുവാൻ തീർച്ചയാക്കുകയുംചെയ്തു.

അനുബന്ധം ൧. എ.

൯൧-ാം നമ്പർ ചോദ്യത്തിന്റെ മറുപടി നോക്കുക.

വൈക്കം താലൂക്കിലുള്ള ഭൂമികൾ പതിച്ചുകിട്ടുന്നതിന്നു ൧൦൯൭ മുതൽ ൧൧൦൧ വരെയുള്ള വർഷങ്ങളിൽ അധഃകൃതവർഗ്ഗക്കാരിൽനിന്നും കിട്ടീട്ടുള്ള അപേക്ഷകളെ സംബന്ധിച്ചു ഉണ്ടായിട്ടുള്ള തീരുമാനങ്ങളെ കാണിക്കുന്ന സ്റ്റേററുമെൻറ.

അപേക്ഷകളുടെ എണ്ണം	ഫ൦ൻ൭	ഫ൦ൻവ്വ	ഫ൦ൻൻ	ഫഫ൦൦	ഫഫ൦ഫ
വർഷാരംഭത്തിൽ തീരുമാനം ചെയ്യാതെ കിടപ്പുള്ള ബാക്കി	ല൭	ണ൨൦	ന്ന	൭	ഫണ
തന്നാണ്ടിൽ കിട്ടീട്ടുള്ളവ	൭ര൦	വ്വല	ഫവ്വ൭	൨ഫണ	ൻ൫
തീരുമാനം ചെയ്യേണ്ടുന്ന അപേക്ഷകളുടെ ആകെ എണ്ണം	൭ന്ന൭	ർഫല	ല൫ന	ഫ൦൦	ഫ൨വ്വ
തള്ളപ്പെട്ട അപേക്ഷകളുടെ എണ്ണം	ർഫ൨	൨൭൫	ഫന്നന്ന	൫ന്ന	ന്ന൦
പതിച്ചുകൊടുക്കുന്നതിനു ശിപാർശ ചെയ്ത അപേക്ഷകളുടെ എണ്ണം	ലന്ന	൭ഫ	വ്വ൦	൫ഫ	ണന്ന
തീരുമാനം ചെയ്ത അപേക്ഷകളുടെ ആകെ എണ്ണം	ർണ൭	ണഫന്ന	ലർന്ന	ഫ൦൭	ൻന്ന
വർഷാവസാനത്തിൽ തീരുമാനം ചെയ്യാതെ കിടപ്പുള്ളവയുടെ എണ്ണം	ണണ	ന്നന്ന	൭	ഫണ	ഫല

അനുബന്ധം ഫ. ബി.

ൻഫ-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം നോക്കുക.

മൈക്കം താലൂക്കിലുള്ള സ്ഥലങ്ങൾ പതിച്ചുകിട്ടുന്നതിലേക്കായി ഫ൦ൻ൭ മുതൽ ഫഫ൦ഫ വരെ അയിത്ത വർഗ്ഗക്കാരിൽനിന്നു കിട്ടീട്ടുള്ള അപേക്ഷകളെ തള്ളിക്കളയുന്നതിനുള്ള കാരണങ്ങളെപ്പററി പ്രതിപാദിക്കുന്ന സ്റ്റേറ്റുമെന്റ.

വർഷം.	ഉപേക്ഷിക്കപ്പെട്ട അപേക്ഷകളുടെ ആകെ എണ്ണം.	ബ്ലാക്കുകളിൽ ഉൾപ്പെട്ട അപേക്ഷിക്കപ്പെട്ട സ്ഥലങ്ങൾ.	അപേക്ഷിക്കപ്പെട്ട ഭൂമികളിൽ പതിച്ചുകൊടുത്തുകഴിഞ്ഞിട്ടുള്ളവ.	മറ്റുള്ളവരുടെ കൈവശത്തിൽ ഇരിക്കുന്ന അപേക്ഷിക്കപ്പെട്ട സ്ഥലങ്ങൾ.	നദികൾ, തോടുകൾ മുതലായ പുറമ്പോക്കുകളായുള്ള അപേക്ഷിക്കപ്പെട്ട സ്ഥലങ്ങൾ.	അപേക്ഷകൻ പ്രസ്താവിച്ചിട്ടുള്ള പ്രകാരം ഇല്ലാത്തതായ സ്ഥലങ്ങൾ.	അപേക്ഷകന്മാർ വേണ്ടെന്നുവെച്ച അപേക്ഷകൾ.	അപേക്ഷിച്ചിട്ടുള്ള സ്ഥലങ്ങളിൽ സ്ഥിതി മററു താലൂക്കുകളിൽ ചെയ്യുന്നവ.	അപേക്ഷിച്ചിട്ടുള്ള സ്ഥലങ്ങളിൽ കിട്ടപ്പെട്ട അതിർത്തിക്കു വെളിയിൽ ഉള്ളവ.	സ്വാതന്ത്ര്യത്തിനു അവകാശമില്ലാത്ത അപേക്ഷകന്മാരുടെ അപേക്ഷകൾ.
ഫ൦ൻ൭	ർഫഫ	ന്നന്ന	വ്വ൭	ണല	൫വ്വ	൭ർ	൫ന്ന	...	ണവ്വ	...
ഫ൦ൻവ്വ	ല൭൫	...	ന്നവ്വ	ർ൫	ഫഫഫ	ഫഫ	ല	ണ	൫	...
ഫ൦ൻൻ	ഫന്നന്ന	...	ഫന്ന	ന്നല	ഫല	ഫവ്വ	ലല	...	...	൱
ഫഫ൦൦	൫ന്ന	ർ	ല൭	൭	൨൫	ല	ഫ	...	...	...
ഫഫ൦ഫ	ന്ന൦	...	൨	ഫന്ന	ലർ	...	ഫൻ	...	...	...

അനുബന്ധം ൨.

൯൫-ാം നമ്പർ ചോദ്യത്തിൻെറ ഉത്തരം നോക്കുക.

൧൦൯൯ മുതൽ ൧൧൦൧ വരെയുള്ള വർഷങ്ങളിൽ ഒരു ഡിപ്പാർട്ടുമെൻറിൽനിന്നും മറെറാരു ഡിപ്പാർട്ടുമെൻറിലേക്കു സ്ഥലംമാററപ്പെട്ട ൧൫൦ രൂപായും അതിൽ കൂടുതലും ശമ്പളം വാങ്ങിക്കുന്ന ഉദ്യോഗസ്ഥന്മാരുടെ ലിസ്റ്റ്.

സീരിയൽ നമ്പർ	പേര്.	സ്ഥലംമാററത്തിനുമുമ്പു ഉണ്ടായിരുന്ന ഉദ്യോഗം.	സ്ഥലംമാററത്തിനു ശേഷമുള്ള ഉദ്യോഗം.	റിമാർക്ക്.
൧	എസ്. കെ. മഹാദേവയ്യർ	ഡിവിഷൻ അസിസ്റ്റൻറ്	ഫോറസ്റ്റ് സെററിൽമെൻറ് ആഫീസർ	ഈ ഉദ്യോഗം തൽക്കാലം ഒരു വർഷത്തേക്കുമാത്രം അനുവദിക്കപ്പെട്ടു.
൨	പി. എൻ. കൃഷ്ണപിള്ള	ടി	ഗവൺമെൻറ് സെക്രട്ടറി	
൩	ടി. സി. തൊമ്മൻ	ഡിവിഷനൽ ട്രഷറി ആഫീസർ	അസിസ്റ്റൻറ് അക്കൌണ്ടു ആഫീസർ	
൪	എം. രാമചന്ദ്രറാവ്	ടി	ടി	
൫	എം. എച്ച്. വീരരാഘവയ്യർ	അസിസ്റ്റൻറ് ദേവസ്വം കമ്മീഷണർ	ഡിവിഷൻ അസിസ്റ്റൻറ്	
൬	കെ. എസ്. ശിവരാമകൃഷ്ണയ്യർ	സ്റ്റേഷനറിമജിസ്ട്രേട്ട്	തഹശീൽദാർ	
൭	എ. ആർ. സുബ്രഹ്മണ്യയ്യർ	തഹശീൽദാർ	ഗവൺമെൻറ് അസിസ്റ്റൻറ് സെക്രട്ടറി	
൮	സി. എൻ. ശ്രീരംഗനാഥശാസ്ത്രി	ദേവസ്വം കമ്മീഷണരുടെ പേർസണൽ അസിസ്റ്റൻറ് ജോലി നോക്കുന്ന തഹശീൽദാർ	അസിസ്റ്റൻറ് ദേവസ്വം കമ്മീഷണർ	
൯	ആർ. വെങ്കിട്ടരാമദീക്ഷിതർ	റെവന്യൂസർവെ സൂപ്രണ്ടൻറ്	ദേവസ്വം കമ്മീഷണർ	
൧൦	പി. വാസുദേവകുറുപ്പ്	സ്റ്റാമ്പുമാനുഫാക്ടറി സൂപ്രണ്ടൻറ്	ഡിവിഷനൽ ട്രഷറി ആഫീസർ	
൧൧	പി. ഒ. ചാക്കോ	ഡിവിഷൻകച്ചേരി ശിരസ്തദാർ	സ്റ്റാമ്പു മാനുഫാക്ടറി സൂപ്രണ്ടൻറ്	
൧൨	ആർ. കൃഷ്ണപിള്ള	കൊട്ടാരം സർവാധികാര്യക്കാർ	ദിവാൻപേഷ്കാർ	
൧൩	ആർ. കൃഷ്ണപിള്ള	ചീഫ്സെക്രട്ടറി	ദേവസ്വം കമ്മീഷണർ	
൧൪	എസ്. പരമേശ്വരയ്യർ	ഗവൺമെൻറ് സെക്രട്ടറി	ദിവാൻപേഷ്കാർ	
൧൫	വി. ഗോപാല അയ്യങ്കാർ	സെക്രട്ടറിയേററിലെ സൂപ്രണ്ടൻറ്	മെഡിക്കൽസർവീസു ബോർഡിലെ സെക്രട്ടറി	
൧൬	പി. വേലുപ്പിള്ള	ടി	തഹശീൽദാർ	
൧൭	കെ. വേലായുധൻപിള്ള	ടി	അസിസ്റ്റൻറ് ദേവസ്വം കമ്മീഷണർ	
൧൮	കെ. ജോർജ്	അക്കൌണ്ടു ആഫീസർ	ഗവൺമെൻറ് ചീഫ് സെക്രട്ടറി	
൧൯	എ. വി. നരസിംഹ അയ്യർ	അക്കൌണ്ടാഫീസ് സൂപ്രണ്ടൻറ്	ഡിവിഷനൽ ട്രഷറിആഫീസർ	
൨൦	ഇ. രാമവാര്യർ	ടി	ടി	
൨൧	സി. കെ. മാത്തൻ	രണ്ടാംജഡ്ജി	ദിവാൻപേഷ്കാർ	
൨൨	സി. ഒ. മാധവൻ	ഡിസ്ട്രിക്ട് മുൻസിഫ്	ഡിവിഷൻഅസിസ്റ്റൻറ്	
൨൩	പി. മഹാദേവയ്യർ	തഹശീൽദാർ	ഇംഗ്ലീഷ്റിക്കാർട്ടുകളുടെ സ്പെഷ്യൽ ആഫീസർ	
൨൪	ടി. എ. തോമസ്	മജിസ്ട്രേട്ട്	തഹശീൽദാർ	
൨൫	കെ. പരമേശ്വരൻപിള്ള	ടി	ടി	
൨൬	പി. പത്മനാഭയ്യർ	ടി	ടി	
൨൭	ടി. ശങ്കരനാരായണയ്യർ	ടി	ടി	
൨൮	പി. ആർ. ശങ്കരനാരായണപിള്ള	ടി	ടി	
൨൯	ജെ. മാത്തൻ	ടി	ടി	
൩൦	ജി. കേശവപിള്ള	ടി	ടി	
൩൧	കെ. കെ. ഗോപാലകൃഷ്ണയ്യർ	ടി	കൊട്ടാരം മതിലകം കാര്യക്കാർ	

അനുബന്ധം ൨. (തുടർച്ച)

സീരിയൽ നമ്പർ	പേരു.	സ്ഥലമാററത്തിനുമുമ്പു ഉണ്ടായിരുന്ന ഉദ്യോഗം.	സ്ഥലമാററത്തിനുശേഷമുള്ള ഉദ്യോഗം.	റിമാർക്ക്.
൧൨	എൻ കൃഷ്ണയ്യർ	സ്റ്റേഷനറി മജിസ്ട്രേട്ട	തഹശീൽദാർ	
൧൩	ആർ. ജനാർദ്ദനയ്യർ	ടി	ടി	
൧൪	എസ്. രാമകൃഷ്ണയ്യർ	ടി	ടി	
൧൫	പി. പരമേശ്വരൻപിള്ള	സെക്രിട്ടേറിയററ സൂപ്രണ്ടെൻറ	ടി	
൧൬	പി. വിശ്വനാഥയ്യർ	അസിസ്റ്റൻറ ദേവസ്വം കമ്മീഷണർ	ഡിവിഷൻ അസിസ്റ്റൻറ്	
൧൭	എ. ജെ. ലോപ്പസ്	പബ്ളിക്കലൈബ്രറി ലൈബ്രേറിയൻ	ദിവാൻജിയുടെ പ്രൈവററസെക്രട്ടറി	
൧൮	കെ. സാംബശിവശാസ്ത്രി	ആർട്ട്സ്കാളേജിലെ സംസ്കൃതശിക്ഷകൻ	സംസ്കൃത കയ്യെഴുത്തു ഗ്രന്ഥങ്ങളുടെ പ്രസിദ്ധീകരണത്തിനുള്ള ക്യൂറേറ്റർ	
൧൯	ടി. എസ്. പഞ്ചാപകേശരാവു	ചീഫ് എഞ്ചിനീയരുടെ ആഫീസ് സൂപ്രണ്ടെൻറ	അക്കൌണ്ടു ആഫീസു സൂപ്രണ്ടെൻറ്	
൨൦	സി. ബാലകൃഷ്ണറാവു്	അസിസ്റ്റൻറ എഞ്ചിനീയർ	റവന്യൂസർവേ സൂപ്രണ്ടെൻറ്	
൨൧	കെ. പത്മനാഭൻതമ്പി	അസിസ്റ്റൻറ്സെക്രട്ടറി.	തിരുവനന്തപുരം മുനിസിപ്പൽ പ്രസിഡണ്ടു	
൨൨	കെ. രാമൻതമ്പി	നായർപട്ടാളം മെഡിക്കൽ ആഫീസർ	ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ	

അനുബന്ധം ൩.

൯൬-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം നോക്കുക.

൧൧൦൦-ാമാണ്ടു ഡർബാർഫിസിഷ്യൻ ഗവൺമെന്റിലേക്കയച്ച പരിശോധനാ റിപ്പോർട്ടുകളുടെ ലിസ്റ്റ്.

അയച്ച തീയതി.	പരിശോധിച്ച സ്ഥാപനത്തിന്റെ പേര്.	പരിശോധിച്ച തീയതി.
൧൮-൧൧-൨൪	ഡിസ്ട്രിക്ട് ആശുപത്രി, കാഞ്ഞിരപ്പള്ളി	൧൪-൫-൧൧൦൦
ടി	ഡിസ്ട്രിക്ട് ഡിസ്പെൻസറി, മുണ്ടക്കയം	൧൬-൫-൧൧൦൦
ടി	ടി ഏറ്റുമാനൂർ	൨൨-൫-൧൧൦൦
ടി	ടി കൊട്ടാരക്കര	൨൮-൫-൧൧൦൦
ടി	ഡിസ്ട്രിക്ട് ആശുപത്രി, കോട്ടയം	൨൪, ൨൬-൫-൧൧൦൦
ടി	ഡിസ്ട്രിക്ട് ഡിസ്പെൻസറി, കുമരകം	൨൬-൫-൧൧൦൦
ടി	ഡിസ്ട്രിക്ട് ആശുപത്രി, ളാലം	൨൭-൫-൧൧൦൦
ടി	ടി ചങ്ങനാശേരി	൨൫-൫-൧൧൦൦
ടി	ഡിസ്ട്രിക്ട് ഡിസ്പെൻസറി, മല്ലപ്പള്ളി	൨൫-൫-൧൧൦൦
ടി	ടി കോതമംഗലം	൨൮-൫-൧൧൦൦
ടി	ടി കൂത്താട്ടുകുളം	൨൯-൫-൧൧൦൦
ടി	ഡിസ്ട്രിക്ട് ആശുപത്രി, മൂവാറ്റുപുഴ	൨൯-൫-൧൧൦൦
ടി	ടി വൈക്കം	൩൦-൫-൧൧൦൦
ടി	ടി ആലുവ	൩൦-൫-൧൧൦൦
ടി	ഡിസ്ട്രിക്ട് ഡിസ്പെൻസറി, പെരുമ്പാവൂർ	൩൦-൫-൧൧൦൦
ടി	ഡിസ്ട്രിക്ട് ആശുപത്രി, പാറശ്ശാല	൧൧-൬-൧൧൦൦
ടി	ടി പത്മനാഭപുരം	൧൧-൬-൧൧൦൦
ടി	ടി നെയ്യാറ്റിൻകര	൧൧-൬-൧൧൦൦
ടി	ടി കൊല്ലം	൧൭-൬-൧൧൦൦
ടി	വിക്ടോറിയാ ആശുപത്രി, കൊല്ലം	൧൭-൬-൧൧൦൦
ടി	രാമറാവു മെഡിക്കൽ മിഷ്യൻ ആശുപത്രി, നെടുമങ്ങാട്	൧൭-൬-൧൧൦൦
൨൧-൧൧-൨൪	ലണ്ടൻമിഷ്യൻ ആശുപത്രി, മാർത്താണ്ഡം	൫-൭-൧൧൦൦
൧൮-൧൧-൨൪	ഡിസ്ട്രിക്ട് ആശുപത്രി, ചിറയിൻകീഴ്	൩൦-൭-൧൧൦൦
ടി	ഡിസ്ട്രിക്ട് ഡിസ്പെൻസറി, കഠിനംകുളം	൬-൯-൧൧൦൦
ടി	ഡിസ്ട്രിക്ട് ആശുപത്രി, നാഗർകോവിൽ	൭-൯-൧൧൦൦
ടി	ഡിസ്ട്രിക്ട് ഡിസ്പെൻസറി, കൊളച്ചൽ	൭-൯-൧൧൦൦
ടി	ടി ഭൂതപ്പാണ്ടി	൫-൯-൧൧൦൦
ടി	ടി കുലശേഖരം	൫-൯-൧൧൦൦
ടി	ടി കൊട്ടാരം	൫-൯-൧൧൦൦
ടി	ടി കന്യാകുമാരിയിലുള്ള ഇർവിംഗ് ഡിസ്പെൻസറി	൫-൯-൧൧൦൦
ടി	ടി അരുമന	൫-൯-൧൧൦൦
ടി	ഡിസ്ട്രിക്ട് ആശുപത്രി, മാവേലിക്കര	൧൩-൯-൧൧൦൦
ടി	ഡിസ്ട്രിക്ട് ഡിസ്പെൻസറി, ഹരിപ്പാട്	൧൩-൯-൧൧൦൦
ടി	ടി പീരുമേട്	൧൫-൯-൧൧൦൦
ടി	ഗ്രാൻറ്-ഇൻ-എയിഡ് ഡിസ്പെൻസറി, ബോൺഅമി	൨൦-൯-൧൧൦൦
൨൧-൧൧-൨൪	ടി അർനകാൽ	൨൩-൯-൧൧൦൦
൧൮-൧൧-൨൪	ഡിസ്ട്രിക്ട് ഡിസ്പെൻസറി, തൊടുപുഴ	൨൪-൯-൧൧൦൦
ടി	ടി കരുനാഗപ്പള്ളി	൨൬-൯-൧൧൦൦
ടി	ഡിസ്ട്രിക്ട് ആശുപത്രി, മാവേലിക്കര	൨൫-൯-൧൧൦൦
ടി	ടി കോഴഞ്ചേരി	൨-൧൦-൧൧൦൦
ടി	ടി തിരുവല്ല	൨-൧൦-൧൧൦൦
ടി	ഡിസ്ട്രിക്ട് ഡിസ്പെൻസറി, ചെങ്ങന്നൂർ	൨-൧൦-൧൧൦൦
ടി	ടി അമ്പലപ്പുഴ	൪-൧൦-൧൧൦൦
ടി	ഡിസ്ട്രിക്ട് ആശുപത്രി, ആലപ്പുഴ	൬-൧൦-൧൧൦൦
ടി	ടി അരൂക്കുറ്റി	൭-൧൦-൧൧൦൦
ടി	ടി ചേർത്തല	൭-൧൦-൧൧൦൦
ടി	ഡിസ്ട്രിക്ട് ഡിസ്പെൻസറി, കതക്കാട്ടുശേരി	൭-൧൦-൧൧൦൦
ടി	ടി പത്തനംതിട്ട	൧൨-൧൦-൧൧൦൦
ടി	ഡിസ്ട്രിക്ട് ആശുപത്രി, നെടുമങ്ങാട്	൨൫-൧൧-൧൧൦൦

അനുബന്ധം ൩. (തുടർച്ച)

അയച്ച തീയതി	പരിശോധിച്ച സ്ഥാപനത്തിന്റെ പേര്	പരിശോധിച്ച തീയതി
൨൭-൧൧-൨൭	കുഷ്ഠരോഗികൾക്കുള്ള ആശുപത്രി	൩൧-൧൧-൧൯൬൦
ടി	മാനസികരോഗങ്ങൾക്കുള്ള ആശുപത്രി	൧-൧൨-൧൯൬൦
൩൦-൧൧-൨൭	സ്ത്രീകൾക്കും കുട്ടികൾക്കുമുള്ള ആശുപത്രി, തിരുവനന്തപുരം	൬-൧൨-൧൯൬൦
൨൭-൧൧-൨൭	സെൻട്രൽ ജയിൽ ആശുപത്രി	൬-൧൨-൧൯൬൦
൩൦-൧൧-൨൭	ജനറൽ ആശുപത്രി, തിരുവനന്തപുരം	൭-൧൨-൧൯൬൦
൨൭-൧൧-൨൭	ക്രോണിക്ക രോഗങ്ങൾക്കായിട്ടുള്ള ആശുപത്രി	൮-൧൨-൧൯൬൦
ടി	പകരുന്ന വ്യാധികൾക്കുള്ള ഷെഡ്, ഐരാണിമുട്ടം	൯-൧൨-൧൯൬൦
ടി	മെഡിക്കൽ കോളേജ് ആശുപത്രി, തിരുവനന്തപുരം	൯-൧൨-൧൯൬൦

അനുബന്ധം ൪.

൯൭-ാംനമ്പർ ചോദ്യത്തിനുള്ള മറുപടി നോക്കുക.

൧൯൫൯ ജൂലൈ ൨൩-നു ൧൧൩൩-ാംനമ്പരായി തിരുവനന്തപുരം മുൻസിപ്പൽ കൗൺസിൽ സിഡണ്ട് അയച്ച റിപ്പോർട്ട്.

വിഷയം: അമേദ്ധ്യം നീക്കംചെയ്യുന്നതിനെപ്പററിയുള്ള പരാതികൾ.

റെഫറൻസ്: ൧൯൫൯-൧൧-൩-ലെ ജി. ഒ. ആർ. ഒ. സി. നമ്പർ ൧൧൪൮/൫൯/എൽ. ജി.

മേൽ കൊടുത്തിട്ടുള്ള ഗവർമ്മെൻറു ഉത്തരവനുസരിച്ച് ദിവസേന ശേഖരിക്കുന്ന അമേദ്ധ്യത്തെ സ്ഥലത്തിൽ നീക്കംചെയ്യുന്നതിനു പരീക്ഷണാർത്ഥം രണ്ടു മോട്ടോർലോറികൾ വാങ്ങിക്കണമെന്നു കൗൺസിൽ തീരുമാനംചെയ്യുകയും അനുവാദത്തിനായി ഗവർമ്മെൻറിലേക്കു എഴുതിഅയക്കുകയും ചെയ്തിട്ടുണ്ടെന്നു ഞാൻ നിങ്ങളെ അറിയിച്ചുകൊള്ളുന്നു. ൧൯൦൧-൧൧-൧൮-ലെ ൧൭൦൦-ാംനമ്പർ കത്തു നോക്കുക. കഴിയുന്നതും വേഗത്തിൽ അമേദ്ധ്യം നീക്കംചെയ്യുന്നതിനു മലബാർവർഷം ൧൧൦൧ അവസാനത്തോടുകൂടി വലിയ കടക്കാലങ്ങളും ഇരുമ്പിൽ ചെയ്തിട്ടുള്ളതുമായ അമേദ്ധ്യവണ്ടികളും കാളകളും കൂടുതലായി കൗൺസിലിൽനിന്നും വാങ്ങിച്ചിട്ടുണ്ട്. ടൌണിലെ ആവശ്യങ്ങൾക്ക് ഇപ്പോഴുള്ള തോട്ടികളുടെ സംഖ്യ മതിയാകുന്നതല്ല. ഫണ്ടു അനുവദിക്കുന്നതനുസരിച്ച് അവരുടെ സംഖ്യ വർദ്ധിപ്പിക്കുന്നതുസംബന്ധിച്ചുള്ള അഭിപ്രായങ്ങൾ കൗൺസിലിന്റെ ആലോചനയ്ക്കു വിഷയീഭവിച്ചിട്ടുണ്ട്. ശേഖരിക്കപ്പെടുന്ന അമേദ്ധ്യത്തിൽ ഏതാനുംഭാഗം ശരിയായ മേൽനോട്ടത്തിൽ കുഴിയിൽ അടക്കംചെയ്യുകയും ശേഷമുള്ളവ സ്വീകൃത യന്ത്രംകൊണ്ടു ചുട്ടു ചാമ്പലാക്കുകയുംചെയ്തുവരുന്നു.

അനുബന്ധം ൫.

൧൦൮-ാംനമ്പർ ചോദ്യത്തിന്റെ ഉത്തരംനോക്കുക.

ആർ. ഒ. സി. നമ്പർ ൭൭൮/ജനറൽ/൨൬.

കോട്ടയം,
൨൯-൧൦-൧൯൨൬.

തിരുവനന്തപുരം ആക്ടിംഗ് പോലീസ് കമ്മീഷണർ, മ. രാ. രാ. ആർ. കെ. കൃഷ്ണപിള്ള അവർകൾ ബി. എ., കോട്ടയം ഡിസ്ട്രിക്ട് മജിസ്ട്രേട്ട മ. രാ. രാ. ആർ. കൃഷ്ണപിള്ള അവർകൾ ബി. എ., ബി. എൽ., എന്നിവരിൽനിന്നും ഗവർമ്മെൻറു ചീഫ്സെക്രട്ടറിക്കു.

സർ, അത്രക്കാറിയിലുള്ള ചില മുസ്ലീമുകളുടെ ബലാൽക്കാരേണയുള്ള പുനഃപരിവർത്തനത്തെപ്പററി നിങ്ങൾ ൧൯൨൬ സെപ്തംബർ ൧൮-നു ജുഡിഷ്യൽ ആർ. ഒ. സി. ൧൭൨൬/൨൬-ാംനമ്പരായി അയച്ച കത്തനുസരിച്ചു ഞങ്ങൾ അത്രക്കാറിയിൽ പോകുകയും പോലീസിന്റെപേരിൽ ആരോപിച്ചിട്ടുള്ള കുററങ്ങളെപ്പററി ഏകോപിച്ച് ഒരു അന്വേഷണംനടത്തുകയുംചെയ്യുകയുണ്ടായി എന്നുള്ള വിവരം നിങ്ങളെ അറിയിച്ചുകൊള്ളുന്നു.

ഞങ്ങളുടെ അന്വേഷണത്തിൽ ആ കേസുസംബന്ധിച്ചു ഞങ്ങൾക്കു അറിയാൻസാധിച്ചിട്ടുള്ള വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

എറണാകുളത്തുകാരനായ ആഗസ്തിഎന്നപേരുള്ള ഒരു ക്രിസ്ത്യാനി അത്രക്കാറിയിൽ താമസംഉറപ്പിച്ചു അവിടെ ക്ഷുരകവൃത്തി അനുഷ്ഠിച്ചുപോരികയായിരുന്നു. പുനഃപരിവർത്തനം നടത്തിയതായി പറയപ്പെടുന്ന കുടുംബികളുന്ന വലെസ്ത്രീയുടെ വീട് അവന്റെ ഷാപ്പിനു സമീപത്തിലായിരുന്നു. ഈ സ്ത്രീ അവരുടെ ഭർത്തൃഭവനത്തിലാണ് താമസിച്ചുവന്നിരുന്നത്. അവർ ഗർഭംധരിച്ചപ്പോൾ ആഗസ്തിയുടെ ഷാപ്പിനു സമീപത്തിലുള്ള അവരുടെ മാതൃഗൃഹത്തിലേക്കു അവർ വന്നു. ആഗസ്തിക്കു കുഞ്ഞിയിൽ താല്പര്യംജനിക്കുകയും തന്റെ ആഗ്രഹപരിപൂരണത്തിലേക്കായി അവൻ, അവന്റെ സ്നേഹിതനും, ആ സ്ഥലത്തെ ഒരു ചട്ടമ്പിയും ആയ ഒരു കുഞ്ഞൻമരയ്ക്കാരുടെ സഹായം അപേക്ഷിക്കുകയും ചെയ്തു. ഇവൻ പ്രയോഗിച്ച തന്ത്രങ്ങളുടെയും നിർബന്ധത്തിന്റെയും ഫലമായി കുഞ്ഞി, മഹമ്മദീയരുടെ രീതിയിൽ വസ്ത്രധാരണം ചെയ്യുന്നതിനും കുഞ്ഞൻമരയ്ക്കാരുടെ വക വീടുകളിലൊന്നിൽ അവർ ഒരുമിച്ചു താമസിക്കുന്നതിനും പ്രേരിതയായി. ഇപ്രകാരം സ്വീകരിച്ച വസ്ത്രധാരണം കൂടാതെ, പുരുഷൻ സുന്നത്തുനടത്തുക, സ്ത്രീ കാതുകുത്തുക എന്നിപ്രകാരം മഹമ്മദീയരുടെ ഇടയിൽ ചെയ്യാറുള്ളതുപോലെ മതപരിവർത്തന ചടങ്ങുകളായി അതിനെതുടർന്നു യാതൊന്നും ചെയ്തിട്ടുള്ളതായി തോന്നുന്നില്ല. ഇപ്രകാരം അവർ അവിടെ ഒരുമിച്ചു താമസിക്കുമ്പോൾ കാട്ടുപുറം പള്ളിയിൽവച്ചു ൧൧൦൧ [illegible] കുംഭത്തിൽ ചിലർകൂടി പോലീസുകാരെ ദേഹബന്ധം ചെയ്യുകയുണ്ടായി. ഇതിൽ കുഞ്ഞൻമരയ്ക്കാരും അവന്റെ കൂട്ടുകാരും ഉൾപ്പെട്ടിട്ടുള്ളതായി പറയപ്പെട്ടു. പോലീസുകാർ അന്യായംകൊടുത്തതായി അറിവുകിട്ടുകയാൽ കുഞ്ഞൻമരയ്ക്കാർ അവരുടെ പിടിയിൽ അകപ്പെടാതിരിക്കാനായി ആ സ്ഥലംവിട്ടു എവിടെയോ പൊയ്ക്കളയുകയും

M

ഞങ്ങൾ വിസ്തരിച്ച സാക്ഷികളുടെ മൊഴികളിൽനിന്നും, പോലീസുകാർ ആഗസ്തിയെ സ്റ്റേഷനിലേക്കു വിളിച്ചുകൊണ്ടുപോയി, കുഞ്ഞൻമരയ്ക്കാരുടെ അപ്പോഴത്തെ താമസം എവിടെയാണെന്നും മററുമുള്ള വിവരങ്ങളെപ്പററി അവനോടു ചോദിക്കുകയും, അതിനുംപുറമെ അവർ ആവശ്യപ്പെട്ട വിവരം അവനിൽനിന്നും വെളിപ്പെടുത്തുവാനായി അവനെ പലപ്രകാരത്തിൽ നിർബന്ധിക്കുകയും ചെയ്തിട്ടുള്ളതായി ഞങ്ങൾക്കു സംശയിക്കുവാൻ കാരണമുണ്ട്. പോലീസുകാരെ ദേഹദണ്ഡം ചെയ്ത കേസ് സംബന്ധിച്ച്, തന്നെയും പിടികൂടുമോ എന്നു ആഗസ്തി ഭയപ്പെട്ടിരിക്കാനും ഇടയുണ്ട്. അതുകൊണ്ടു ആഗസ്തിയും കറമ്പിയെ തനിച്ചാക്കിട്ടു അത്രക്കാറിയിൽ നിന്നും കടന്നുകളഞ്ഞു. ആഗസ്തിയും അവന്റെ സ്നേഹിതൻ കുഞ്ഞൻമരയ്ക്കാരും കൂടിയാണ് കറമ്പിയെ സംരക്ഷിച്ചുപോന്നിരുന്നതു്. ഇവർ രണ്ടുപേരും സ്ഥലംവിട്ടു പൊയ്ക്കളഞ്ഞപ്പോൾ, അവൾ അവളുടെ മാതാവിന്റെ ഗൃഹത്തിൽ വരികയും മഹമ്മദീയരീതിയിലുള്ള അവളുടെ വസ്ത്രധാരണം ഉപേക്ഷിക്കുകയും ചെയ്തു. കുഞ്ഞൻമരയ്ക്കാരുടെ സ്നേഹിതന്മാരായ ചില മഹമ്മദീയർ അവളെ അവളുടെ മാതൃഗൃഹത്തിൽ സ്വസ്ഥമായി താമസിക്കുവാൻ സമ്മതിച്ചില്ല. മഹമ്മദീയരിൽ നിന്നുമുള്ള ഉപദ്രവം അസഹ്യമായിത്തീർന്നപ്പോൾ, കറമ്പി അവളുടെ മാതാപിതാക്കന്മാരോടുകൂടി എറണാകുളത്തേക്കു പോകുകയും അവിടെ അവളുടെ പിതൃസഹോദരിയുടെ ഗൃഹത്തിൽ താമസമാക്കുകയും ചെയ്തു. അവർ അവിടെ താമസിച്ചുകൊണ്ടിരിക്കുമ്പോൾ അവരുടെ ജാതിയിലുള്ള ആളുകൾ അവളെ അവരുടെ കൂട്ടത്തിൽ തിരികെ ചേർക്കുന്ന സംഗതിയെപ്പററി വാദം പുറപ്പെടുവിക്കുകയും, ആ സംഗതിയെപ്പററി, അവരുടെ സമുദായത്തിലെ ഒരു പ്രധാന അംഗവും, കൊച്ചി നിയമനിർമ്മാണസഭയിലെ ഒരു മെമ്പറുമായ മിസ്റ്റർ കെ. പി. കറുപ്പനോടു ആലോചിക്കുകയും ചെയ്തു. ഈ കേസിൽ അദ്ദേഹത്തിന്റെ മൊഴി ആവശ്യമാണെന്നു തോന്നുകയാൽ ഞങ്ങൾ എറണാകുളത്തേക്കു പോകുകയും അദ്ദേഹത്തിന്റെ മൊഴി വാങ്ങുകയും ചെയ്തിട്ടുണ്ട്.

മി. കറുപ്പൻ അവളെ തിരികെ സ്വീകരിക്കുന്നതിലേക്കു അവരോടു ഉപദേശിച്ചതുമാത്രമല്ല, വാലസമുദായത്തിലെ ചില പ്രധാനമെമ്പറന്മാർക്കു അവരുടെ സമുദായത്തിലേക്കു അവൾക്കു പ്രവേശം അനുവദിക്കണമെന്നാകാംക്ഷിച്ചു ഏതാനും എഴുത്തുകളും കൊടുക്കുകയുണ്ടായി. കറമ്പി ഹാജരാക്കിയ അപ്രകാരമുള്ള എഴുത്തുകളിൽ ഒന്നു് അടക്കംചെയ്തിരിക്കുന്നു. ഇതിനുശേഷം കുറേക്കാലം കഴിഞ്ഞപ്പോൾ, കോഴിക്കോട്ടുനിന്നും പുറപ്പെടുന്ന 'അൽ അമീൻ' എന്ന പത്രത്തിന്റെ എറണാകുളം ലേഖകനായ മി. കെ. വി. കാമർകുട്ടിയെന്ന ആളും, വേറെ രണ്ടു് മഹമ്മദീയരോടുകൂടി കറമ്പി, അവളുടെ മാതാപിതാക്കന്മാർ, വാലസമുദായത്തിലുള്ള ചിലർ, ആഗസ്തി എന്നിവരെ കൂട്ടിച്ചുംകൊണ്ടു മിസ്റ്റർ കറുപ്പന്റെ അടുക്കൽ ചെന്നുചേർന്നു. അപ്പോൾ ആഗസ്തിയും കറമ്പിയും, ധരിച്ചിരുന്നതു ക്രിസ്ത്യാനികളും വാലന്മാരും ധരിക്കുന്ന വസ്ത്രങ്ങൾ തന്നെയായിരുന്നു. അല്ലാതെ മഹമ്മദീയർ ധരിക്കുന്നതുപോലെയുള്ള വസ്ത്രങ്ങളല്ല. കറമ്പിയിൽനിന്നും അവളുടെ പുനഃപരിവർത്തനത്തെസംബന്ധിച്ചു ഒരു സ്റ്റേറ്റുമെന്റു മിസ്റ്റർ കാമർകുട്ടി ആവശ്യപ്പെട്ടു. സ്റ്റേറ്റുമെന്റു വാങ്ങിക്കുവാൻ മിസ്റ്റർ കറുപ്പൻ അനുവദിക്കുകയും ചെയ്തു. പോലീസുകാരുടെ നിർബന്ധത്തിന്റെ ഫലമായിട്ടല്ലയോ അവൾ വീണ്ടും ഹിന്ദുമതം സ്വീകരിച്ചതു എന്നു് മിസ്റ്റർ കാമർകുട്ടി ചോദിച്ചതിനു പോലീസുകാരുടെ നിർബന്ധം ഒന്നുംതന്നെ ഉണ്ടായിട്ടില്ലെന്നും സ്വന്തമനസ്സാലെയാണ് താൻ അപ്രകാരം തിരിയെപോയതെന്നും അവൾ പ്രസ്താവിച്ചു. എന്നാൽ, ആഗസ്തി, താൻ ക്രിസ്തുമതത്തിലേക്കു തിരിയെപ്പോയതു പോലീസുകാരുടെ നിർബന്ധത്താലാണെന്നു് സമ്മതിച്ചതായി പറയപ്പെടുന്നു. ഈ സ്റ്റേറ്റുമെന്റുകൾ കടലാസിൽ എഴുതി ആഗസ്തിയും കറമ്പിയും ഒപ്പിട്ടു മിസ്റ്റർ കാമർകുട്ടിക്കു കൊടുക്കുകയുണ്ടായി. എന്നാൽ എന്തുകൊണ്ടായാലും, അതു് ഇതുവരെ വെളിയിൽ വന്നിട്ടില്ല. പക്ഷെ അതിനു കാരണം മിസ്റ്റർ കാമർകുട്ടിയും അയാളുടെ പത്രവും സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന സിദ്ധാന്തങ്ങൾക്കു അതു് ഉപയോഗമുള്ളതല്ലാത്തതായിരിക്കാം. അതിനുശേഷം കറമ്പി അത്രക്കാറിക്കു തിരിച്ചുപോയി. അവൾ അവിടെ ഇപ്പോൾ അവളുടെ മാതാപിതാക്കന്മാരോടൊരുമിച്ചു താമസിച്ചുവരുന്നു. എന്നാൽ ആഗസ്തിയെപ്പററി യാതൊരുവിവരവും ഇല്ല.

കറമ്പി, അവളോടും ആഗസ്തിയോടും ഒരുമിച്ചു താമസിച്ചിരുന്ന കണ്ടൻ അയ്യപ്പൻ എന്ന ബാലൻ, കുഞ്ഞൻമരയ്ക്കാർ, മിസ്റ്റർ കെ. പി. കറുപ്പൻ, അത്രക്കാറിയിലെ പ്രധാനികളായ മുഹമ്മദ് മൈതീൻകുട്ടി, പരീക്കോസാനി, മഹമ്മദ് ക്കോർഹാജി, കുഞ്ഞുമൈതാ മുഹമ്മദ് എന്ന നാലുമഹമ്മദീയർ എന്നിവരിൽനിന്നു ഞങ്ങൾ സ്റ്റേറ്റുമെന്റുകൾ വാങ്ങിച്ചിട്ടുണ്ട്. ആ സ്റ്റേറ്റുമെന്റുകളും ഇതിൽ അടക്കം ചെയ്തിരിക്കുന്നു.

പോലീസുകാർ കുഞ്ഞൻമരയ്ക്കാരുടെ പേരിലുള്ള കേസ് കോട്ടയം ഡിസ്ട്രിക്ട് മജിസ്ട്രേട്ടുമുമ്പാകെ ചാർജ്ജുചെയ്തു. അതു് ഇതുവരെ തീരുമാനിച്ചിട്ടില്ല. പോലീസുകാരുടെ നിർബന്ധംകൊണ്ടാണ് താൻ ക്രിസ്തുമതം വീണ്ടും സ്വീകരിച്ചതെന്നു ആഗസ്തി, അൽ അമീൻ പത്രത്തിന്റെ ലേഖകനായ മിസ്റ്റർ കാമർകുട്ടിയോടു മൊഴികൊടുത്തിട്ടുള്ളതായി മിസ്റ്റർ കറുപ്പൻ പ്രസ്താവിച്ചു. ക്രിസ്തുമതം വീണ്ടും സ്വീകരിപ്പതിനു പോലീസുകാർ നിർബന്ധിച്ചതാണ് കാരണമെങ്കിൽ അവരുടെ പ്രേരണയില്ലാതിരിക്കുമ്പോൾ അവനു് വീണ്ടും മഹമ്മദീയനാകാമായിരുന്നു. അതിനുംപുറമെ, പോലീസ് ഇൻസ്പെക്ടർ മിസ്റ്റർ [illegible] ഒരു ഹിന്ദുവാകയാൽ അദ്ദേഹത്തിനു ഒരു മഹമ്മദീയൻ ക്രിസ്ത്യാനിയാകുന്നതിൽ പ്രത്യേക താല്പര്യമൊന്നും ഉണ്ടായിരിക്കാൻ വഴിയില്ല. പോലീസുകാരുടെ പേരിൽ ചുമത്തിയിരുന്ന ദേഹോപദ്രവം തന്റെപേരിൽ കേസെടുത്തതിനിമിത്തം പോലീസുകാരുടെ നേർക്ക് പ്രത്യേകവിദ്വേഷമുള്ള കുഞ്ഞൻമരയ്ക്കാരോ, അല്ലെങ്കിൽ അവന്റെ പ്രേരണനിമിത്തം മററുള്ളവരോ ചെയ്തതായിരിക്കാം. ആഗസ്തി കുഞ്ഞൻമരയ്ക്കാരുടെ സഹചാരിയും, പോലീസുകാരുടെ അറസ്റ്റിനെ ഭയന്നു് ഒളിവിൽ പോയിരിക്കുകയുമാകുന്നു. അവൻ ഈ സ്റ്റേറ്റുമെന്റു മിസ്റ്റർ കാമർകുട്ടിക്കു കൊടുത്തതു കുഞ്ഞൻമരയ്ക്കാരുടെ പ്രേരണയാലാണെന്നും, പോലീസുകാർ അവനെ ക്രിസ്തുമതം സ്വീകരിക്കുവാൻ നിർബന്ധിച്ചു എന്നു് അവൻ പറഞ്ഞിട്ടുള്ളതിൽ വാസ്തവം തീരെയില്ലെന്നും ആണു് ഞങ്ങൾക്കു തോന്നുന്നതു്. മഹമ്മദുമതം ഉപേക്ഷിക്കുന്നതിനു കറമ്പിയെ പോലീസുകാർ ഉത്സാഹിപ്പിച്ചു എന്നുള്ള ആരോപണത്തെ യഥാർത്ഥമാക്കിച്ചെയ്യുവാൻ യാതൊന്നും ലഭിച്ചിട്ടില്ല. അവൾ പറയുന്നതു സ്വന്തമനസ്സാലെ താൻ അപ്രകാരം ചെയ്തു എന്നാണ്. മിസ്റ്റർ കറുപ്പന്റെ സ്റ്റേറ്റുമെന്റു അതിനോടു പൂർണ്ണമായി യോജിക്കുന്നുമുണ്ട്. അതുകൊണ്ടു ആ പ്രസ്താവത്തിനു വാസ്തവമൊന്നുമില്ല.

ഇതുസംബന്ധിച്ചു നമ്മുടെ ആലോചനയെ അർഹിക്കുന്ന വേറെയൊരു സംഗതി, ബലാൽക്കാരമായി ചെയ്യപ്പെട്ടതായി പറയുന്ന പുനഃപരിവർത്തനത്തെ സംബന്ധിച്ചു പ്രതിഷേധിച്ചു പ്രമേയങ്ങൾ പാസ്സാക്കിട്ടുള്ളതു കോഴിക്കോട്, തിരുവനന്തപുരം, ആലുവാ എന്നീസ്ഥലങ്ങളിലെ മഹമ്മദീയരാണെന്നും, തിരുവിതാംകൂർ നിയമസഭാമെമ്പർ മിസ്റ്റർ ഹബീബ്, മഹമ്മദമതം ഉപേക്ഷിക്കുന്നതിനു അഗസ്റ്റിയേയും കരുമ്പിയേയും പോലീസുകാർ നിർബന്ധിച്ചിട്ടുള്ളതായി കാണിച്ചു ഒരു മീററിംഗ്കൂടി പ്രമേയം പാസ്സാക്കണമെന്നു പ്രാർത്ഥിച്ചു അന്ത്രക്കുറിയിലുള്ള മഹമ്മദീയർക്കു ഒരു കത്തു് അയയ്ക്കുകയുണ്ടായി എങ്കിലും അവർ അതിൽ ഭാഗഭാക്കുകളാകുവാൻ തയ്യാറല്ലെന്നുപറഞ്ഞു ഒഴിയുകയാണ് ചെയ്തിട്ടുള്ളതെന്നും അൽ അമീൻ എന്നപത്രത്തിന്റെ ഏജന്റന്മാർ അന്ത്രക്കുറിയിൽ വന്നു് അതു് സാധിക്കുവാൻ കഴിയുന്നതും ശ്രമിച്ചുനോക്കീട്ടുണ്ടെന്നും ഉള്ളതാകുന്നു.

പോലീസുകാരുടെ പേരിൽ തനിക്കുള്ളവിരോധത്തിന്റെഫലമായി കുഞ്ഞമ്മരസ്സമരാണു ഇതിനെല്ലാം ആദികാരണമായി നിൽക്കുന്നതെന്നു് ഞങ്ങൾ പറഞ്ഞിട്ടുണ്ടല്ലോ. ഈ പ്രക്ഷോഭണത്തെ നിലനിറുത്തിക്കൊണ്ടുപോരുന്നതിൽ കൃത്രിമികളെ നിർബന്ധപൂർവം പ്രേരിപ്പിച്ചിട്ടുള്ള വേറെയൊരുസംഗതിയുംകൂടെയുണ്ട്. അൽഅമീൻഎന്നപത്രം ഇതിനെപ്പററിയുള്ള ലേഖനം പ്രസിദ്ധം ചെയ്തു് അധികം കഴിയുന്നതിനുമുമ്പ് മിസ്റ്റർ പിറഅതുസംബന്ധിച്ചു് ചില അന്വേഷണങ്ങൾ നടത്തുകയും പത്രത്തിലെ പ്രസ്താവം വ്യാജമാണെന്നു ബോധപ്പെടുകയാൽ ആ റിപ്പോർട്ടിനെ വിസംവദിച്ചില്ലെങ്കിൽ അതുസംബന്ധിച്ചു വേണ്ടനടപടിനടത്തുന്നതാണെന്നു് പത്രാധിപർക്കു എഴുതിഅയക്കുകയും ചെയ്തു. താൻപ്രസ്താവിച്ചിട്ടുള്ള സംഗതികൾ വാസ്തവമാണെന്നു് സാധിക്കുവാനായി ആവശ്യമില്ലാത്ത ഒരുക്ഷോഭം ഉൽപ്പാദിക്കുവാൻ ഇതു് പത്രാധിപരെ നിർബന്ധിച്ചിട്ടുണ്ടെന്നു തോന്നുന്നു.

ഞങ്ങൾ നടത്തിയ അന്വേഷണങ്ങളിൽ നിന്നും അഗസ്റ്റിയും കരുമ്പിയും മഹമ്മദമതം ഉപേക്ഷിച്ചതു അവരുടെ സ്വന്തമനസ്സാലേയാണെന്നും ആ സംഗതിയിൽ പോലീസുകാർക്കുയാതൊരു സംഗതിയും ചെയ്യാനുണ്ടായിരുന്നില്ലെന്നും ഞങ്ങൾക്കുബോധ്യമായിട്ടുണ്ട്.

വിധേയന്മാർ, ആർ. കെ. കൃഷ്ണപിള്ള.
തിരുവിതാംകൂർ ആക്ടിംഗ് പോലീസ്കമ്മീഷണർ.
ആർ. കൃഷ്ണപിള്ള,
കോട്ടയം ഡിസ്ത്രിക്ട്മജിസ്ട്രേട്ട്.

അനുബന്ധം ൯ എ.

൧൮൦-ാംനമ്പർ ചോദ്യത്തിന്റെ (എ) മുതൽ (ഡി) വരെയുള്ള ഭാഗങ്ങളുടെ മറുപടിനോക്കുക.
ദിവാൻജിമാരുടെ ഉപയോഗത്തിനായി മോട്ടോർകാറുകൾ വാങ്ങിട്ടുള്ളതു സംബന്ധിച്ച സ്റ്റേറ്റുമെന്റ.

ദിവാൻജിയുടെ പേരു	വാങ്ങിച്ച തീയതി	കാറിന്റെ പേരു	കൊണ്ടുവരുന്നതിനുള്ളതു ചിലവുൾപ്പെടെ കൊടുത്തവില	ഉപയോഗിച്ചകാലം	വിലയ്ക്കുകൊടുത്ത തീയതി	ഇട്ടായ വില	വാങ്ങിയ വിലയ്ക്കും വിററവിലയ്ക്കും തമ്മിലുള്ള വ്യത്യാസം
			ബ്രി. രൂപ			ബ്രി. രൂപ	ബ്രി. രൂപ
പി. രാജഗോപാലാചാര്യർ	ചിങ്ങം ൧൦൮൯	ഓവർലാൻഡ്	൪൨൯൭	൩ വർഷവും ൪ മാസവും	ധനു ൧൦൯൨	൧൫൦൦	൨൭൯൭
എം. കൃഷ്ണൻനായർ	ധനു ൧൦൯൨	സ്റ്റഡ്ബേക്കർ	൫൭൩൩	൪ വർഷവും ൨ മാസവും	കുംഭം ൧൦൯൬	൨൫൦൦	൨൫൩൩
ടി. രാഘവയ്യ	കന്നി ൧൦൯൬	* ബ്യൂയിക്ക്	൭൫൩൮	൩ വഷം ഇപ്പോൾ ഉപയോഗമില്ല.	...	...	...
	മീനം ൧൦൯൬	ഓവർലാൻഡ്	൪൭൫൦	൩ വർഷം ൮ മാസം	വൃശ്ചികം ൧൧൦൦	൧൪൦൦	൩൩൫൦
	ചിങ്ങം ൧൦൯൮	ടി. †	...	൧ വർഷം ൭ മാസം	മീനം ൧൦൯൯	൯൦൦	...
	മകരം ൧൦൯൯	ഷെവറോലറ്റ്	൩൩൦൦	൨ വർഷം ൮ മാസം	ഉപയോഗമില്ലാത്തതു	...	...
	വൃശ്ചികം ൧൧൦൦	ഡാഡ്ജ്	൫൩൨൨	ഉപയോഗത്തിലിരിക്കുന്നു	...	...	...
എം. ഇ. വാട്ട്സ്	കന്നി ൧൧൦൧	ഫ്യറ	൮൫൨൪	"	...	...	...
	തുലാം ൧൧൦൨	ഡെയ്മ്ലർ	൧൧൮൨ ചവൻ	"	...	...	...

* ലേലത്തിൽ വിൽക്കുന്നതല്ല.
† ഇതു ചീഫ് എൻജിനീയരുടെ വകയായിരുന്നതു ഗസ്റ്റ്കാറായി ഉപയോഗിക്കുവാൻ കൊടുത്തതാണ്.

അനുബന്ധം ൬, ബി.

൧൨൦-ാംനമ്പർ ചോദ്യത്തിന്റെ (ഇ) മുതൽ (എഫ്) വരെയുള്ള ഭാഗങ്ങളുടെ മറുപടിനോക്കുക.

ദിവാൻജിമാരുടെ മോട്ടോർ കാറുകളിൽ നിന്നും ഈടായിട്ടുള്ള തുകകളും അവയുടെ അററകുററങ്ങൾ തീർക്കുന്നതിനായി വേണ്ടിവന്നിട്ടുള്ള ചെലവുകളും കാണിക്കുന്ന സ്റ്റേറ്റുമെന്റ.

		അററകുററപ്പണികൾ.		
		രൂപ	ചക്രം	കാശ്.
(ഇ) ഓവർലാൻഡ്	൧൦൮൯	൧	൬	൩
	൧൦൯൦	...	...	...
	൧൦൯൧	൨൬൭	൯	൬
സ്റ്റുഡിബേക്കർ	൧൦൯൨	൨൮	൧൪	൬
	൧൦൯൩	...	...	...
	൧൦൯൪	...	...	...
	൧൦൯൫	൬൨	൨൦	൧൧
	൧൦൯൬	൧൦൨	൧൧	൧൨
		അററകുററപ്പണികൾ.		
		രൂപ	ചക്രം	കാശ്.
ബ്യൂയിക്ക	൧൦൯൭	൧൮൭	൮	൩
	൧൦൯൮	൧൪൦	൨൪	൮
	൧൦൯൯	൫൭	൧൪	൨
	൧൧൦൦	൯൪൦	൧൦	൦
	൧൧൦൧	൪൫൧	൧൩	൭
ഫിയററ്	൧൧൦൧	൦	൦	൦
ഓവർലാൻഡ് നമ്പർ ൧.	൧൦൯൭	൩൧൪	൫	൧൦
	൧൦൯൮	൭൫൭	൮	൬
	൧൦൯൯	൩.൧൩	൧൫	൧൦
	൧൧൦൦	൨൯	൧൯	൧൩
ഓവർലാൻഡ് നമ്പർ ൨.	൧൦൯൮	൪൧൫	൨൬	൧൪
	൧൦൯൯	൧൨	൧൪	൮
ഷെവറോലററ്	൧൦൯൯	൧൧൧	൨൩	൧൧
	൧൧൦൦	൨൮൭	൧൪	൪
ഡഡ്ജ്	൧൧൦൦	൨൪൭	൨൦	൧൨

		ഈടായതുകകൾ.		
		രൂപ	ചക്രം	കാശ്
(എഫ)	൧൦൮൯	൮൬൭	൦	൦
	൧൦൯൦	൪൩൧	൦	൦
	൧൦൯൧	൪൬൮	൦	൦
	൧൦൯൨	൭൪൦	൦	൦
	൧൦൯൩	൪൨൦	൦	൦
	൧൦൯൪	൩൩൩	൦	൦
	൧൦൯൫	൬൪൫	൦	൦
	൧൦൯൬	൪൯൦	൦	൦
	൧൦൯൭	൧൦൧	൦	൦
	൧൦൯൮	൧,൦൬൪	൦	൦
	൧൦൯൯	൫൨൧	൦	൦
	൧൧൦൦	൮൭൦	൦	൦
	൧൧൦൧	൧,൦൯൯	൦	൦

അനുബന്ധം ൭.

൧൨൭-ാംനമ്പർ ചോദ്യത്തിന്റെ ഉത്തരംനോക്കുക.

൧൦൯൭ മുതൽ ൧൧൦൧ വരെയുള്ള അഞ്ചുവർഷങ്ങളിലായി എക്സൈസ് കമ്മീഷണർ നടത്തിയിട്ടുള്ള നിയമനങ്ങളുടെ ജാതിതിരിച്ചുള്ള സ്റ്റേറ്റുമെന്റ.

ബ്രാഹ്മണർ	൮	
നായന്മാർ	൯൭	
ജേക്കോബൈറ്റ് ക്രിസ്ത്യാനികൾ	൧൪	ആകെ ക്രിസ്ത്യാനികൾ ൪൯
മാർത്തോമാസിറിയൻ ”	൯	
റോമൻകത്തോലിക്കസിറിയൻ ”	൬	
ചട്ടത്തിൻ നിയമമനുസരിച്ചുള്ള റോമൻ കത്തോലിക്കർ	൧൫	
പ്രോട്ടസ്റ്റൻറുഡ്	൫	
ഈഴവർ	൧൮	
മുഹമ്മദീയർ	൧൩	
വെള്ളാളർ	൬	
മററുഹിന്ദുക്കൾ	൭	
കമ്മാളർ	൧	
അധഃകൃതവർഗ്ഗക്കാർ	൪	

അനുബന്ധം ൮ ഏ.

൧൩൧-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം നോക്കുക.

വിദ്യാഭ്യാസഡയറക്ടരുടെ ആഫീസിൽ അനുവദിച്ചിട്ടുള്ള കൂടുതൽസ്ഥാനങ്ങൾക്ക അപേക്ഷിച്ചിട്ടുള്ളവ വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിലെ അദ്ധ്യാപകന്മാരുടെ പേരുകളും മററും കാണിക്കുന്ന സ്റ്റേറ്റുമെന്റ.

നമ്പർ	പേരു	ജാതി	സ്ഥാനപ്പേരു	ശമ്പളവും സ്കേയിലും	സർവീസ	പരീക്ഷായോഗ്യതകൾ
൧	എസ്സ്. നരസിംഹയ്യർ	ബ്രാഹ്മണൻ	നെടുമങ്ങാട്ടു വെർണാക്യുലർ മിഡിൽസ്കൂൾ അദ്ധ്യാപകൻ	൧൮ രൂപ	൮ വർഷം	ഇ. എസ്സ്. എൽ. സി.
൨	ആർ. രാമസുബ്രഹ്മണ്യയ്യർ	ടി	ടി പത്തനംതിട്ട	പറഞ്ഞിട്ടില്ല	൧൨ വർഷം	ഇ. എം. എസ്സ്. എലിമെന്ററി ടെട്ടപ്പ്റൈററിംഗ് (മദ്രാസ്)
൩	ഏ. സുബ്രഹ്മണ്യപിള്ള	വെള്ളാളൻ	നാഗർകോവിൽ വെർണാക്യുലർ ഹൈസ്കൂൾ ടീച്ചർ	൧൮ രൂപ	ടി	ഇ. എം. സ്. റവന്യൂവും അക്കൌണ്ടു ടെസ്റ്റും ടെട്ടപ്പ്റൈററിംഗ് ഇന്റർമീഡിയററ (ബർമിംഗ്ഹാം) ലോവർഗ്രേഡു (മദ്രാസ്)

അനുബന്ധം ൮ ബി.

൧൩൧-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരംനോക്കുക.

വിദ്യാഭ്യാസഡയറക്ടരുടെ ആഫീസിലേക്ക അനുവദിച്ചിട്ടുള്ള അഞ്ചു കൂടുതൽസ്ഥാനങ്ങൾക്ക നിയമിക്കപ്പെട്ട ആളുകളുടെ പേരുകൾ മുതലായവ അടങ്ങിയ സ്റ്റേറ്റുമെന്റ.

നമ്പർ	പേരു	ജാതി	സ്ഥാനപ്പേരു	ശമ്പളവും സ്കേയിലും	സർവീസ്	പരീക്ഷായോഗ്യതകൾ
	രൂപ ൭൫-൫-൧൦൦			രൂപ		
൧	എസ്. രാമലിംഗംഅയ്യർ	ബ്രാഹ്മണൻ	ഇംഗ്ലീഷ്സ്കൂൾ ഇൻസ്പെക്ടറാഫീസിലെ ഹെഡ്ക്ലർക്ക്	൭൦ (൫൦-൫/൨-൭൫)	൧൫ വർഷം	മട്രിക്കുലേഷനും സിവിൾ അക്കൌണ്ടുകടെസ്റ്റും
൨	ജി. നാരായണയ്യർ	ടി	ഡയറക്ടറാഫീസു ക്ലർക്ക	൭൦ (൪൦-൫/൨-൭൫)	൧൫ വർഷം	മട്രിക്കുലേഷൻ
	രൂപ ൨൫-൫/൩-൪൦					
൩	കെ. രാമചന്ദ്രയ്യർ	ടി	ഡയറക്ടറാഫീസിൽ ആക്ടിംഗ്ക്ലർക്ക്	൨൫	൧ വർഷം	ഇ. എസ്. എൽ. സി.
൪	പി. എൻ. ഗോവിന്ദപ്പിള്ള	നായർ	ടി	൨൫	൨ വർഷം	ഇന്റർമീഡിയററുപരീക്ഷ
	ടൈപ്പിസ്റ്റ് രൂപ ൨൦-൩/൨-൩൫-൫/൩-൫൦					
൫	എ. സുബ്രഹ്മണ്യപിള്ള	വെള്ളാളൻ	നാഗർകോവിൽ വെർണാക്യുലർ ഹൈസ്കൂളിൽ അദ്ധ്യാപകൻ	൧൮	൧൩ വർഷം	ഇ. എം. എസ്. റവന്യൂവും അക്കൌണ്ടു ടെസ്റ്റും ടെപ്പ്റൈററിംഗ് ഇന്റർമീഡിയററ ബർമിംഗ്ഹാം ലോവർഗ്രേഡ് മദ്രാസ്)

അനുബന്ധം ൻ (എ)

൧൩൮-ാംനമ്പർ ചോദ്യത്തിന്റെ ഉത്തരം നോക്കുക.

൧൧൨൦ മുതൽ ൧൧൨൫ വരെയുള്ള അഞ്ചുവർഷങ്ങളിൽ പുതുതായി ഏർപ്പെടുത്തീട്ടുള്ള നിയമനങ്ങളുടെ സ്റ്റേറ്റുമെന്റ.

	നിയമനങ്ങളുടെ പേർ	ശമ്പളം രൂപ
	ലാൻഡുറവന്യു.	
൧	തഹശീൽദാർ	൧൫൦
൧	ലാൻഡുറവന്യൂവും അഗ്രികൾചറൽ ആദായനികുതിയും കമ്മീഷണർ	൭൦൦-൧൦൦/൨-൯൦൦
൧	ഡെപ്യൂട്ടിതഹശീൽദാർ ഹെഡ്അക്കൌണ്ട	൫൦
൧	ആഫീസുമാനേജരായ തഹശീൽദാർ	൧൨൫
൨	ക്ലാർക്കുമാർ	൭൫-൫/൧-൧൦൦ വീതം
൭	ക്ലാർക്കുമാർ	൪൦-൫/൧-൭൦
൨	ഡിവിഷൻ അസിസ്റ്റന്റുമാർ	൩൦൦-൫൦/൨-൪൦൦
൧	ഹെഡ്ക്ലാർക്ക്	൭൫-൫-൧൦൦
	റവന്യൂസർവ്വെ.	
൧	ആഫീസ്അസിസ്റ്റന്റ	൧൦൦-൧൦/൨-൧൫൦
	പകർപ്പെഴുത്തുകാർ.	
൧	റവന്യൂവും ആദായനികുതിയും ഇൻസ്പെക്ഷനും	൪൦-൨-൫൦
	ആദായനികുതി.	
൧	ആദായനികുതി ആഫീസർ	൧൦൦-൧൦/൨-൧൫൦
൩	ടി ഇൻസ്പെക്ടർമാർ	൧൦൦-൫-൧൨൫
൨	ടി ടി	൬൦
൨	ടി ടി	൭൫
൮	ക്ലാർക്കുമാർ	൪൦-൫/൧-൭൦
	സാമ്പത്ത്.	
൧	ഇൻസ്പെക്ടർ	൩൫
	സ്റ്റാമ്പുകൾ.	
൧	സൂപ്രണ്ട്	൭൫-൫-൧൦൦
	രജിസ്ട്രേഷൻ.	
൧	ആഫീസ്മാനേജർജോലിനോക്കുന്ന സബ്‌രജിസ്ട്രാർ	൧൦൧-൫-൧൨൫
൧	സബ്‌രജിസ്ട്രാർ	൩൦-൫-൬൦
	ജായിന്റസ്റ്റാക്ക് കമ്പനികളുടെരജിസ്ട്രാർ.	
൧	ആഡിറ്റർ	൧൦൧-൧൦/൨-൧൫൦
	ജനറൽ അഡ്മിനിസ്ട്രേഷൻ സെക്രട്ടേറിയറ്റ്	
൧	ക്ലാർക്ക്	൧൦൦
൧	ക്ലാർക്ക	൭൫
൨	ക്ലാർക്ക്	൫൦
൧	ഹെഡ്അക്കൌണ്ടന്റ	൩൦
൧	ക്ലാർക്ക	൧൦൦-൫-൧൨൫
൧൩	ക്ലാർക്കുമാർ	൪൦-൫-൭൦
൧	അസിസ്റ്റന്റ ഹെഡ്ട്രാൻസ്ലേറ്റർ	൧൫൦-൫-൧൨൫
൧	മാനേജർ സെൻട്രൽ ഇഷ്യൂബ്രാഞ്ചു	൧൨൫-൫-൧൭൦
൧	പുസ്തകക്കുറ്റുനോക്കുന്ന എക്സാമിനർ	൩൦-൫-൬൦
	ടി ടി	൪൦-൫-൭൦
	ദിവാൻജിയുടെ വസതിയിലെ എസ്റ്റാബ്ലിഷ്മെന്റ	
൧	മോട്ടാർമെക്കാനിക്ക്	൫൦
	അക്കൌണ്ടന്റാഫീസ്.	
൧	അസിസ്റ്റന്റ അക്കൌണ്ടാഫീസർ	൩൦൦-൨൫-൩൫൦
൨	സൂപ്രണ്ടന്മാർ	൧൪൦-൧൦-൧൬൦-൨൦/൫-൨൦൦
൧	ഹയർഗ്രേഡ് ഒന്നാംക്ലാസ്സക്ലാർക്ക്	൧൦൦-൫-൧൨൫
൨	ടി നാംക്ലാസ്സക്ലാർക്ക്	൪൦-൫-൭൦
൯	ലോവർഗ്രേഡുക്ലാർക്ക്	൨൫-൫/൨-൪൦-൫/൩-൫൦
	നീതിന്യായം.	
൨	സ്പെഷ്യൽ മജിസ്ട്രേട്ടന്മാർ	൧൨൫
൧	മുൻസിഫ്മജിസ്ട്രേട്ട	൨൦൦-൨൫/൨-൩൫൦
൧	അധികമായി ഹെഡ്സർക്കാർവക്കീലിന്റെഅസിസ്റ്റന്റ	൨൫൦
	സ്റ്റേഷനറിയും പ്രിന്റിങ്ങും—ഗവൺമെന്റപ്രസ്സ	
൧	അസിസ്റ്റന്റ സ്റ്റോർകീപ്പർ	൫൦
൧	എസ്റ്റിമേറ്റർ	൩൦
൧	അസിസ്റ്റന്റസൂപ്രണ്ട	൧൫൦-൧൦-൨൦൦

അനുബന്ധം ൯ എ (ഇടച്ചു)

	നിയമനങ്ങളുടെ പേർ	ശമ്പളം രൂപ
	പോലീസ്.	
൩	ഇൻസ്പെക്ടറന്മാർ	൧൨൫
൩	സബ് ഇൻസ്പെക്ടറന്മാർ	൫൦
൧	പോലീസ് ഡിസ്ട്രിക്ട് സൂപ്രണ്ടു	൨൫൦
൬	പോലീസ് അസിസ്റ്റന്റ് സൂപ്രണ്ടന്മാർ	൨൦൦-൧൦-൨൫൦
൩	ഇൻസ്പെക്ടറന്മാർ	൧൦൦-൫-൧൨൫
൫൧	ടി	൬൦-[illegible]-൮൦
	വിദ്യാഭ്യാസം.	
൧	മഹമ്മദൻ ഇൻസ്പെക്ടർ	൧൦൦
൧	വെർനാക്യുലർ ചീഫ് ഇൻസ്പെക്ടർ	൭൫൦
൧	വെർനാക്യുലർ സ്കൂൾ ഇൻസ്പെക്ടർ ആഫീസു മാനേജർ	൭൫-൫-൧൦൦
൧	വിദ്യാഭ്യാസ ഡയറക്ടരുടെ പേർസണൽ അസിസ്റ്റന്റ.	൩൦൦
൧	ഓവർസീയർ	[illegible]൦-൫/൨-൭൦
൧	വെർനാക്യുലർ സ്കൂൾ ഇൻസ്പെക്ടരുടെ പേർസണൽ അസിസ്റ്റന്റ	൧൨൫-൧൦-൧൭൫
൧	ഇംഗ്ലീഷ് സ്കൂൾ ഇൻസ്പെക്ടരുടെ പേർസണൽ അസിസ്റ്റന്റ	൧൨൫-൧൦-൧൭൫
	സ്ത്രീകൾക്കുള്ള കാളേജ്.	
൨	ട്യൂട്ടർമാർ	൧൧൦
൧	സംസ്കൃതപണ്ഡിതർ	൫൦
൪	ട്യൂട്ടർമാർ	൧൨൫-൧൦-൧൭൫
	ആൺകുട്ടികൾക്കുള്ള കാളേജ്.	
൧	പ്രൊഫസർ	൪൦൦-൫൦-൭൦൦
൧	പ്രിൻസിപ്പാളും പ്രൊഫസരും	൯൦൦
൧	ഇംഗ്ലീഷ് പ്രൊഫസർ	൩൦൦-൨൪-൭൦൦
൫	അസിസ്റ്റന്റ പ്രൊഫസരന്മാർ	൨൦൦-൨൦-൩൦൦
൮	ട്യൂട്ടർമാർ	൧൦൦-൧൦-൧൫൦-൨൫/൩-൧൭൫
൪	പണ്ഡിതർമാർ	൫൦-൬-൭൦-൧൦-൧൦൦
൧൦	ഡെമാൺസ്ട്രേട്ടറന്മാർ	൧൦൦-൧൦-൧൫൦-൨൫/൩-൧൭൫
൧	ക്ലാൎക്ക്	൭൫-൫-൧൦൦
൧	അക്കൌണ്ടന്റ	൪൦-൫/൨-൬൦
	അദ്ധ്യാപകന്മാൎക്കുള്ള കാളേജ്	
൧	പ്രാസംഗികൻ	൨൦൦-൨൦-൩൦൦
	ആൺകുട്ടികൾക്കുള്ള ഇംഗ്ലീഷ് ഹൈസ്കൂൾ.	
൧൧	ഹെഡ്മാസ്റ്ററന്മാർ	൨൦൦-൨൦-൩൫൦
൧	ഡെപ്യൂട്ടി ഹെഡ്മാസ്റ്റർ	൧൫൦
൩൫	അദ്ധ്യാപകന്മാർ	൨൫-൫/൨-൪൫-൫/൩-൫൦
൧	അദ്ധ്യാപകൻ	൬൦-൫-൮൫
൮	അദ്ധ്യാപകന്മാർ	൫൦-൫-൭൦
	അദ്ധ്യാപകന്മാരുടെ പ്രൊവിഷ്യൽസ്റ്റാഫ്	
൫൧	അദ്ധ്യാപകന്മാർ	൫൦-൫-൭൦-൫-൧൨൦
	ആൺകുട്ടികൾക്കുള്ള ഇംഗ്ലീഷ് മിഡിൽസ്കൂൾ.	
൧൧	അദ്ധ്യാപകന്മാർ	൫൦-൫-൭൦
	പെൺകുട്ടികൾക്കുള്ള ഇംഗ്ലീഷ് ഹൈസ്കൂൾ.	
൨	അദ്ധ്യാപകന്മാർ	൭൫-൧൦-൧൨൫-൧൦-൧൭൫
൧	അസിസ്റ്റന്റ സംഗീതാദ്ധ്യാപിക	൩൫-൫/൩-൫൦
	ആൺകുട്ടികൾക്കുള്ള നാട്ടുഭാഷാ വിദ്യാലയങ്ങൾ.	
൧൨	ഹെഡ്മാസ്റ്റർ	൫൦-൫-൭൦
	ട്രെയിനിംഗ് സ്കൂളുകൾ സ്ത്രീകൾക്കുള്ള നാൎമൽസ്കൂൾ.	
൨	അദ്ധ്യാപകന്മാർ	൭൫-൧൦-൧൨൫-൧൦-൧൭൫
൧	ഡ്രായിംഗ് മിസ്റ്റ്രസ്സ്	൩൦-൫-൬൦
	സ്പെഷ്യൽ സ്കൂളുകൾ.	
൧	ഹെഡ്മാസ്റ്റർ	൭൦-൫-൧൨൦
൧	അസിസ്റ്റന്റ പണ്ഡിതർ	൪൦-൫/൨-൬൦
	കൃഷി.	
൧	ഐകോളജിക്കൽ അസിസ്റ്റന്റ്	൧൨൫
൧	അസിസ്റ്റന്റ ഡയറക്ടർ	൧൫൦-൨൫/൨-൨൦൦
൧	അഗ്രിക്കൾച്ചറൽ കെമിസ്റ്റിന്റെ അസിസ്റ്റന്റ	൫൦
൨	ഇൻസ്പെക്ടറന്മാർ	൬൦-൫-൧൦൦-൧൫൦

	നിയമനങ്ങളുടെപേർ	ശമ്പളം രൂപ
	വ്യവസായവകുപ്പ്.	
൧	ഓയിൽ അസിസ്റ്റന്റ	൧൦൦
൧	ജിയോളജിക്കൽ അസിസ്റ്റന്റ	൧൫൦-൧൦-൨൦൦
൧	ടെക്സ്റ്റയിൽ അസിസ്റ്റന്റ	൨൫൦-൧൫-൪൦൦
൧	ടാനിംഗ് വിദഗ്ദ്ധൻ	൨൫൦-൧൫-൪൦൦
൧	വ്യവസായ എൻജിനീയരും പ്രധാന ബോയിലർ ഇൻസ്പെക്ടരും	൨൫൦-൧൫-൪൦൦
൧	ഓയിൽ കെമിസ്റ്റ്	൨൫൦-൧൫-൪൦൦
൧	ടാനിംഗ് അസിസ്റ്റന്റ	൫൦-൪-൭൦
൧	നെയിത്തുസംബന്ധിച്ച സഞ്ചാര അസിസ്റ്റന്റ	൩൦-൫/൨-൭൫
	കാർപ്പെന്ററി ഇൻസ്റ്റിട്ട്യൂട്ട്.	
൧	സൂപ്രണ്ടു	൧൦൦-൫-൧൫൦
൧	കാർപ്പെന്ററി അസിസ്റ്റന്റ്	൪൦-൫/൨-൬൦
	കച്ചവടസംബന്ധമായ ഗവർമ്മെന്റ സ്കൂൾ.	
൧	ചുരുക്കെഴുത്തു പരിശീലകൻ	൪൦-൫-൬൦
൧	മലയാളം ചുരുക്കെഴുത്തു പരിശീലകൻ	൨൦-൩/൨-൩൫-൫/൩-൬൦
	പരസ്പരസഹായ സംഘങ്ങളുടെ രജിസ്ത്രാർ.	
൧	ഇൻസ്പെക്ടർ	൬൦
൧	ക്ലാർക്ക്	൪൦-൫/൨-൭൦
൧	മലയാളം കയ്യെഴുത്തു പ്രതികൾ പ്രസിദ്ധീകരിക്കുന്നതിനുള്ള ഒരു പ്രധാന പണ്ഡിതർ	൫൦
൨	അസിസ്റ്റന്റ പണ്ഡിതർ	൪൦-൨-൫൦
	മെഡിക്കൽ.	
൧	ബാക്ടീറിയോളജിസ്റ്റ്	൨൦൦-൫/൩-൪൦൦
൧	അസിസ്റ്റന്റ സർജൻ	൧൦൦-൨൫/൨-൨൦൦
൧൪	സബ് അസിസ്റ്റന്റ സർജൻസ്	൫൦-൧൦/൩-൮൦
	ദേവസ്വങ്ങൾ.	
൧	കമ്മീഷണർ	൫൦൦-൧൦൦/൨-൭൦൦
൧	മാനേജർ	൧൭൫
൧	ഹെഡ്ക്ലാർക്ക്	൭൫-൫-൧൦൦
൧	ഹെഡ് അക്കൗണ്ടന്റ	൭൫-൫-൧൦൦
൧	ഹെഡ് രായസം	൫൦-൨-൬൦
൧	അക്കൗണ്ടന്റ	൪൦-൫/൨-൭൦
൧	പതിത്തരം പരിശോധകൻ	൫൦-൫/൨-൬൦
൧	റിക്കാർട്ടുകീപ്പർ	൪൦-൫/൨-൭൦
൧	എസ്റ്റിമേറ്ററും ഡ്രാഫ്ട്സുമാനും	൩൫-൫/൨-൫൦
൧	ക്ലാർക്ക്	൪൦-൫/൨-൭൦
൧	ടൈപ്പിസ്റ്റ്	൨൦-൩/൨-൩൫-൫/൩-൫൦
൧	ക്ലാർക്ക്	൪൦-൨-൫൦
൪	അസിസ്റ്റന്റ കമ്മീഷണർ	൨൦൦-൨൫/൨-൨൫൦
൪	മാനേജരന്മാർ	൪൦-൫/൨-൫൦
൪	ഹെഡ് അക്കൗണ്ടന്മാർ	൩൫-൩/൨-൬൦
	പരിശോധക ഉദ്യോഗസ്ഥന്മാർ.	
൬	സൂപ്രണ്ടന്മാർ	
൧൨	ടി	൧൨൫
൧	മാനേജർ, തിരുനൽവേലി ഗ്രൂപ്പ്	൭൫-൫-൧൦൦
	ദേവസ്വം റസിഡണ്ട് സ്റ്റാഫ്.	൫൦
൨	മാനേജരന്മാർ	
൫	മാനേജരന്മാർ	൫൦-൫/൨-൬൦
	പി. ഡബ്ലിയു. ഡി.	൩൫-൫/൨-൫൦
൧	അസിസ്റ്റന്റ് എൻജിനീയർ	
൨	സബ് എൻജിനീയരന്മാർ	൨൫൦-൫൦/൩-൪൦൦
	മരാമത്തു	൨൫൦-൨൫/൨-൩൦൦
൧൯	മരാമത്തു സെക്ഷൻ ആഫീസരന്മാർ	
		൩൫-൫/൨-൫൦

അനുബന്ധം ൯ ബി.

൧൩൪-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം.

൧൯൨൦ മുതൽ ൧൯൨൫ വരെയുള്ള വർഷങ്ങളിൽ നിരുത്തലാക്കിയ ൫൦ രൂപായും അതിൽ കൂടുതലും ശമ്പളമുള്ള സ്ഥാനങ്ങളെ കാണിക്കുന്ന സ്റ്റേറ്റുമെന്റ.

	നിയമനങ്ങളുടെ പേർ	ശമ്പളം രൂപാ.
	ലാൻഡ് റെവന്യൂ.	
൧	ദിവാൻപേഷ്കാർ	
൧	ഡിവിഷണൽ ട്രഷറി ആഫീസർ	൫൦൦-൧൦൦/൨-൭൦൦
൧	ശിരസ്തദാർ	൨൦൦-൨൫/൨-൨൫൦
൧	ഹെഡ് അക്കൗണ്ടന്റ്	൭൦
		൭൦

അനുബന്ധം ൯ ബി (തുടൎച്ച)

	നിയമനങ്ങളുടെ പേർ.	ശമ്പളം രൂപ.
൬	തഹശീൽദാരന്മാർ	൧൫൦
൬	ഹെഡ് അക്കൗണ്ടൻറുകൾ	൫൦
൧	താലൂക്ക സർവേയർ	൪൦
ആദായനികുതി.		
൨	ആദായനികുതി ഇൻസ്പെക്ടർമാർ	൯൦
൨	ടി	൭൫
എക്സൈസ്.		
൧	റേഞ്ച് ഇൻസ്പെക്ടർ	൮൦
൧	എക്സൈസ് കമ്മീഷണർ ആഫീസ് മാനേജർ	൧൦൦
൧	സർക്കിൾ ആഫീസർ	൧൫൦
൧൭	റേഞ്ച് ഇൻസ്പെക്ടറന്മാർ	൫൦
൧	കസ്റ്റംസ് ഇൻസ്പെക്ടർ	൫൦
വനങ്ങൾ.		
൧	മാനേജർ, (കൺസർവേറററുടെ ആഫീസ്)	൧൦൦—൫—൧൨൫
൧	ഡെപ്യൂട്ടി കൺസർവേറററ്	൩൫൦—൨൦—൪൦൦
൨	അസിസ്റ്റൻറ കൺസർവേറററ്മാർ	൨൦൦—൨൫/൨—൩൦൦
൧	റേഞ്ചർ	൪൦—൫—൧൦൦
രജിസ്ട്രേഷൻ.		
൧	ഡിസ്ട്രിക്ട് രജിസ്ട്രാർ	൧൭൫—൧൦—൨൨൫
ഹജൂർകച്ചേരി.		
൧	ഗവർമെൻറ സെക്രട്ടറി	൩൦൦—൫൦/൨—൪൦൦
൧	ഗവർമെൻറ് അസിസ്റ്റൻറ സെക്രട്ടറി	൨൦൦—൨൫—൩൦൦
൧	സൂപ്രണ്ട്	൧൪൦—൧൦—൧൪൦—൧൫/൨—൧൭൫
൧	സെൻട്രൽ വെർണാക്കുലർ സൂപ്രണ്ട്	൧൨൫
൧	ഹെഡ് അക്കൗണ്ടൻറ്	൪൫
൮	റിക്കാർട്ട കീപ്പർമാർ	൪൦
നീതിന്യായം.		
൧	സ്റ്റേഷനറി മജിസ്ട്രേട്ട്	൧൨൫
൧	ഡിസ്ട്രിക്ട്കോർട്ട വക്കീൽ	൧൫൦—൨൫—൨൫൦
പോലീസ്.		
൧	ഇൻസ്പെക്ടർ	൧൭൫
൧	ഡിസ്ട്രിക്ട് സൂപ്രണ്ട്	൩൦൦
൧	ടി	൨൫൦
൧൩	സബ് ഇൻസ്പെക്ടറന്മാർ	൮൦
൧൯	ടി	൭൦
൧൫	ടി	൬൦
൨൭	ടി	൪൦
വിദ്യാഭ്യാസം.		
൧	ഡെപ്യൂട്ടി ഡയറക്ടർ	൫൦൦
൧	മാനേജർ	൭൦—൩—൮൫
൧	ഹെഡ്ക്ലാർക്ക്	൪൦—൨൧—൬൦
൨	ഇൻസ്പെക്ടറന്മാർ	൨൦൦—൨൦—൩൦൦
൧	അസിസ്റ്റൻറ ഇൻസ്പെക്ടർ	൧൨൫—൧൦—൧൭൫
ട്രെയിനിംഗ് കാളേജ്.		
൧	വൈസ് പ്രിൻസിപ്പാൾ	൪൦൦
ആൺകുട്ടികൾക്കുള്ള ഇംഗ്ലീഷ് ഹൈസ്കൂൾ.		
൧	അദ്ധ്യാപകൻ	൪൦—൫—൮൫
൨൨	അദ്ധ്യാപകന്മാർ	൨൫—൫/൨—൪൦—൫/൩—൫൦
പെൺകുട്ടികൾക്കുള്ള ഇംഗ്ലീഷ് ഹൈസ്കൂൾ.		
൭	അദ്ധ്യാപകന്മാർ	൨൫—൫/൨—൪൦—൫/൩—൫൦
൧	അദ്ധ്യാപകൻ	൪൦—൫/൨—൮൫
൨	അദ്ധ്യാപകന്മാർ	൨൫—൫/൨—൪൦—൫/൩—൫൦
ആൺകുട്ടികൾക്കുള്ള വെർണാക്കുലർസ്കൂൾ.		
൩	ഹെഡ്മാസ്റ്റർമാരും അസിസ്റ്റൻറുമാരും	൬൦—൫—൭൫
മെഡിക്കൽ.		
൬	സബ് അസിസ്റ്റൻറ് സർജൻമാർ	൭൦—൧൦/൩—൮൦
൩	അസിസ്റ്റൻറ് സർജൻമാർ	൧൦൦—൨൫/൨—൨൦൦
൧	അപ്പോത്തിക്കിരി	൬൦
ആയുർവേദ ഡിപ്പാർട്ടുമെൻറ്.		
൧	അസിസ്റ്റൻറ ഡയറക്ടർ	൪൦
സാനിറ്റെറി.		
൧	ഡിസ്ട്രിക്ട് സാനിട്ടറി ആഫീസർ	൨൫൦
പൊതുമരാമത്തു ഡിപ്പാർട്ടുമെൻറ്.		
൨	എക്സിക്യൂട്ടീവ് എൻജിനീയറന്മാർ	൫൦൦—൧൦൦/൨—൭൫൦
൧	ഡെപ്യൂട്ടി ചീഫ് എൻജിനീയർ	൯൦൦

നിയമനങ്ങളുടെ പേർ		ശമ്പളം രൂപ
൧	ചീഫ് എൻജിനീയർ ആഫീസ് മാനേജർ	൨൦൦–൨൫൦
൪	അസിസ്റ്റൻറ് എൻജിനീയൻമാർ	൨൫൦–൫൦/൩–൪൦൦
൧	ഡിവിഷൻ ആഫീസ് ഹെഡ്ക്ലാർക്ക്	൫൦
൨	ഡ്രാഫ്ട്സ്മാൻ	൩൦
ശാസ്ത്രസംബന്ധവും മററു പലവകകളും ആയ ഡിപ്പാർട്ടുമെൻറുകൾ.		
൧	അസിസ്റ്റൻറ് ഫോട്ടോഗ്രാഫർ	൮൦
൧	ധനപരിപോഷണ ബോർഡ് സെക്രട്ടറി	൧൨൦

അനുബന്ധം ൧൦.

൧൨൭-ാം നമ്പർ ചോദ്യത്തിൻെറ ഉത്തരം നോക്കുക.

നൂതനസൃഷ്ടിനിർമ്മാണങ്ങളും രൂപകല്പനങ്ങളുംസംബന്ധിച്ച റഗുലേഷൻ പാസ്സാക്കിയതിനുശേഷം തിരുവിതാംകൂർകാർ രജിസ്റ്റർചെയ്തിട്ടുള്ള പേറ്റൻറുകളുടെ ലിസ്റ്റ്.

പേറ്റൻറുകളുടെ നമ്പർ	പേറ്റൻറുകാർ	കണ്ടുപിടിച്ചവയുടെ ടൈററിൽ
൧൦൯൨-ലെ ൨-ാം നമ്പർ	നാഗർകോവിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ മിസ്റ്റർ ജോൺ കുര്യനും തിരുവനന്തപുരം റെസിഡൻസി സൂപ്രണ്ടു മിസ്റ്റർ ലൂയി ജോൺ മൊറീറായും	മരച്ചീനിയിൽനിന്നും അതുപോലെയുള്ള മററുള്ളവയിൽനിന്നും മാവുകറ പൊടിച്ചെടുത്തു അവയെ ഉരുട്ടിയെടുക്കുന്നതിനുള്ള ഒരു ഉപകരണം
൧൦൯൪-ലെ ൨-ാം നമ്പർ	ആലപ്പുഴ നിധിയിരിവീട്ടിൽ മിസ്റ്റർ എം. പി. ചാസറും ആലപ്പുഴ മെസ്സേഴ്സ് ഹാരിസൺ ആൻഡ് ക്രാസ്ഫീൽഡ് ക്ലിപ്തം എന്ന കമ്പനിയിലെ ക്ലാർക്ക് മിസ്റ്റർ കെ. എം. മാത്യൂവും	ഫോർസിംഗ് സെൻട്രിഫ്യൂഗൽ പമ്പ്
൧൦൯൭-ലെ ൫-ാം നമ്പർ	കൊല്ലം ശ്രീകൃഷ്ണവിലാസം ഇൻഡസ്ട്രിയൽ ഇൻസ്റ്റിറ്റ്യൂട്ടിലെ മിസ്റ്റർ എസ്. കൃഷ്ണൻ	അലോമാററിംഗ് അഥവാ അലെ കാൻവാസ്
൧൦൯൫-ലെ ൩-ാം നമ്പർ	ടി	അലോബ്രീഫ്ബാഗ്
൧൦൯൬-ലെ ൨൨-ാം നമ്പർ	നാഗർകോവിലിൽ പെൻഷൻപററി താമസിക്കും കോട്ടയം ഒന്നാംക്ലാസ് മജിസ്ട്രേട്ട മിസ്റ്റർ പി. സത്യനേശൻ ബി. എ.	വാഴഇനങ്ങളിലുള്ള എല്ലാത്തരം ചെടികളുടേയും പോളകളിൽനിന്നും തീപ്പെട്ടിഉണ്ടാക്കൽ
൧൦൯൬-ലെ ൨൫-ാം നമ്പർ	ഹജൂർക്കച്ചേരിയിലെ റിക്കാർട്ടുസെക്ഷനിൽ ടൈപ്പിസ്റ്റ് മിസ്റ്റർ ശങ്കരൻപോററി	കണ്ണടയും മലയാളം ടൈപ്പ്റൈട്ടർ
൧൦൯൬-ലെ ൨൩-ാം നമ്പർ	നാഗർകോവിലിൽ പെൻഷൻപററിത്താമസിക്കുന്ന കോട്ടയം ഒന്നാംക്ലാസ് മജിസ്ട്രേട്ട മിസ്റ്റർ പി. സത്യനേശൻ ബി. എ.	തീപ്പെട്ടിയുണ്ടാക്കൽ (തെങ്ങ് ഇറക്കിൽകൊണ്ട് തീപ്പെട്ടിക്കോലുണ്ടാക്കൽ)
൧൦൯൮-ലെ ൪-ാം നമ്പർ	കോട്ടയം ഡിസ്ട്രിക്റ്റിൽ കോട്ടയം താലൂക്കിൽ വെള്ളൂർക്കരയിൽചേർന്ന പുത്തനങ്ങാടിയിൽ മൈക്കാളജിസ്റ്റ് മിസ്റ്റർ പനച്ചിക്കൽ ജാൺ കുര്യൻ	സായിൽ സ്റ്റെറിലയിസർ
൧൦൯൮-ലെ ൨൧-ാം നമ്പർ	ടി	ബെട്ട്പൊക്കൊകമിളിനേയുംമററു വിളവുകളെ ഉപദ്രവിക്കുന്ന ജന്തുക്കളെയും നശിപ്പിക്കുന്നതിനു
൧൦൯൯-ലെ ൧-ാം നമ്പർ	പത്തനംതിട്ടത്താലൂക്കിൽ എഴംതൂർകരയിൽ കുഴിയിൽവീട്ടിൽ മിസ്റ്റർ ഏബ്രഹാം കുര്യൻ	മരച്ചീനി പൊടിക്കുന്നതിനുള്ള യന്ത്രം
൧൧൦൦-ലെ ൭-ാം നമ്പർ	കോട്ടയം പുത്തനങ്ങാടിയിൽ അഗ്രിക്കൾച്ചറൽ ഡെമാൺസ്ട്രേട്ടർ മിസ്റ്റർ പനച്ചിക്കൽ ജോൺ കുര്യൻ	ആംഫിയൺട്രക്ടർ കലപ്പ
൧൧൦൨-ലെ ൩-ാം നമ്പർ	മിസ്റ്റർ പി. ജഡിച്ചേരിയ തിരുവനന്തപുരം	ആട്ടോമോബയിലുകളുടെ വഴികാട്ടി

അനുബന്ധം ൧൧.

൧൪ നം-ാംനമ്പർ ചോദ്യത്തിന്റെ ഉത്തരം നോക്കുക.

[illegible]

ഈ ഡിവിഷനിൽ മീനച്ചൽ, കോട്ടയം, ചങ്ങനാശ്ശേരി മുതലായ സ്ഥലങ്ങളിൽ മദ്യവർജ്ജനസംഘക്കാർ എന്നുപറയുന്ന അനേകം ആളുകൾ പല സ്ഥലത്തും അബ്കാരിലേലത്തിനു ആരും ഏർപ്പെടാതിരിക്കാൻവേണ്ടി വളരെ ശക്തിമത്തായി വേലചെയ്തു എന്നുവരികിലും കുത്തകഎടുക്കേണ്ടതു ന്യായമാണെന്നുതോന്നി അനേകം പേരും മുന്നോട്ടുകളെക്കാൾ കൂടുതൽതുകയ്ക്കു കുത്തകപിടിക്കുകയും അതിനാൽ മദ്യവർജ്ജനക്കാർ എന്ന് അഭിമാനിച്ചുകൊണ്ടുനടക്കുന്നവർക്കു ക്ഷോഭത്തിനു ഇടയാകുകയും ചെയ്തിട്ടുള്ളതാണ്. അതിന്റെശേഷം മീനച്ചിൽ താലൂക്കിൽ പലഇടങ്ങളിലും ചെത്തുന്നതിനു പന കൊടുക്കാതെ ഇരിക്കുന്നതിനും പന ചെത്താൻകൊടുക്കുന്നവരെ പലപ്രകാരത്തിലും ഉപദ്രവിക്കുന്നതിനും പനംകുല മുതലായതു നശിപ്പിക്കുന്നതിനും മററും വേണ്ട ഏർപ്പാടുകൾചെയ്യുകയും അതനുസരിച്ചു പലരും പല സ്ഥലങ്ങളിലും ന്യായരഹിതമായ പല പ്രവൃത്തികൾ നടത്തുകയും അവയിൽനിന്നും സമാധാനലംഘനം നേരിടത്തക്കനിലയെ പ്രാപിക്കയുംചെയ്ത സന്ദർഭത്തിൽ സമാധാനലംഘനംനേരിടത്തക്ക പ്രവൃത്തികൾ ചെയ്തവരായ ചിലരുടെമേൽ സമാധാനപാലനത്തിനുവേണ്ട നടപടിയെടുക്കുകയും അതുകൾ ഇപ്പോൾ വിചാരണയിൽഇരിക്കയുംചെയ്യുന്നുണ്ട്.

കോട്ടയം, ചങ്ങനാശ്ശേരി മുതലായ ഷാപ്പുകളിലെ വ്യാപാരം തെങ്ങുംകള്ളും എന്നാൽ പനംകുലകൾ നശിപ്പിച്ചതുപോലെയോ പന ചെത്താൻകൊടുക്കരുതെന്നുള്ള മീനച്ചിൽതാലൂക്കിലെ ഏർപ്പാടനുസരിച്ചോ ഉള്ള യാതൊരു പ്രവൃത്തികളും തെങ്ങുവൃക്ഷത്തിനോടോ അതുകളുടെ ഉടമസ്ഥന്മാരോടോ പ്രവൃത്തിക്കാൻ നിവൃത്തിയില്ലാത്തതുകൊണ്ടു ഗവൺമെൻറിൽ ന്യായമായി ഉടമ്പടിവെച്ചു കുത്തകയിൽ ഏർപ്പെട്ട നിശ്ചിതസ്ഥലങ്ങളിൽ വെച്ചു നടത്തിവരുന്ന ഷാപ്പുകളുടെ മുൻവശവും സമീപസ്ഥലങ്ങളിലും മദ്യവർജ്ജന വാളണ്ടിയറന്മാരെന്നുപറഞ്ഞു യാതൊരു തൊഴിലും കുലക്ഷേപമാറ്റവുംഇല്ലാതെ ഏതാനും ആളുകൾ കള്ള് ആഹാരസാധനമായും ഔഷധസാധനമായും കരുതി മിതമായനിലയിൽ ഉപയോഗിച്ചുപോരുന്ന ആളുകളുടെ സ്വാതന്ത്ര്യത്തെ തടയുകയും അവർക്കു കോപഹേതുകൾ ഉണ്ടാക്കത്തക്കവിധം പല ആക്ഷേപങ്ങളെ കാണിക്കുകയും പറയുകയുംചെയ്തുവന്നതിൽനിന്നും സമാധാനത്തെ നശിപ്പിക്കത്തക്കതായ പല സംഭവങ്ങളും ഉണ്ടാകുകയും ആ സന്ദർഭങ്ങളിലെല്ലാം അധികൃതന്മാർ പ്രവേശിച്ചു സമാധാനരക്ഷചെയ്യുകയും തെററായി പ്രവർത്തിച്ചവരോടു വേണ്ടതുപോലെ ഗുണദോഷിക്കുകയും അവരുടെ തെററായ പ്രവൃത്തികളുടെ ഭവിഷ്യത്തുകളെ അവരെ മനസ്സിലാക്കുകയും ആവശ്യമെന്നുകണ്ടു ചില സന്ദർഭങ്ങളിൽ കേസെടുക്കുകയുംചെയ്തിട്ടുണ്ട്.

ഇപ്രകാരമുള്ള പോലീസിന്റെ നയംകൊണ്ടു ഒരു വിധം സമാധാനമായനിലയിൽ ആക്കിയിരിക്കവെ കഴിഞ്ഞ കന്നിമാസം ൨൨-നു- ചിങ്ങവനത്തുവച്ചു നടത്തിയതായ ഒരു യോഗത്തിൽ മിസ്റ്റർ കെ. കെ. കുരുവിള അഗ്രാസനാധിപത്യം വഹിക്കയും ആ മീററിംഗിൽ ഡാക്ടർ ഇസഡ് എം. പാറെട്ട്, മെസ്സേഴ്സ് ടി. കെ. മാധവൻ, കൊപ്രത്തു ശങ്കരൻനമ്പൂരി ഇവർ പ്രസംഗിക്കുകയുംചെയ്തിട്ടുള്ളതും ആ മീററിംഗിൽ ഉണ്ടായ മദ്യവർജ്ജനസംഘം സെക്രട്ടറിയുടെ റിപ്പോർട്ടുവായനയിൽ ഒരു ഭേദത്തു മദ്യപാനത്തിനുപോയതായ ആളുകളെ മദ്യപാനംചെയ്യരുതെന്നു ഉപദേശിക്കുകയും തടയുകയും അവർക്കു ലജ്ജതോന്നത്തക്കവിധത്തിൽ ആക്ഷേപിക്കമെന്നു പറഞ്ഞു ബോദ്ധ്യപ്പെടുത്തുകയുംചെയ്തു എന്ന് ആ സഭയിൽ സമ്മതിക്കയുംചെയ്തിട്ടുണ്ട്.

ഈ റിപ്പോർട്ടുവായനകഴിഞ്ഞ ഉടൻ അതിനെ തുടർന്ന് ഡാക്ടർ ഇസഡ്. എം. പാറെട്ട് പ്രസംഗിക്കുകയും അതിൽ എല്ലാ സ്ഥലങ്ങളിലും പിക്കെററിങ്ങ് ശക്തിമത്തായി നടത്തണമെന്നു പറഞ്ഞു ജനങ്ങളെ ഇളക്കുകയും അതിലേക്കു ഗവൺമെൻറും സർക്കാർ ഉദ്യോഗസ്ഥന്മാരും സഹായിക്കുമെന്നു ജനങ്ങളെ തെററിദ്ധരിപ്പിക്കുകയുംചെയ്തിട്ടുണ്ട്. സെക്രട്ടറിയുടെ റിപ്പോർട്ടുവായനയിലുള്ള തെററിനെപ്പററിയും വാളണ്ടിയറന്മാരും സെക്രട്ടറിയും ഇതിലെ ചില പ്രധാനപ്രവർത്തകന്മാരും പിക്കെററിംഗ് എന്ന വാക്കിന്റെ അർത്ഥത്തെ തെററിദ്ധരിച്ചാണ് ഇപ്പോൾ പ്രവർത്തിച്ചുവരുന്നതെന്നും ബലംമുതലായതു പ്രയോഗിക്കുകയോ ജനങ്ങളെ ആക്ഷേപിക്കുകയോ ചെയ്യാൻപാടില്ലെന്നും മെസ്സേഴ്സ് ടി. കെ. മാധവൻ, കെ. കെ. കുരുവിള ഇവർ പ്രസംഗിച്ചുഎങ്കിലും പിക്കെററിംഗ് എല്ലാ സ്ഥലങ്ങളിലും ശക്തിമത്തായിത്തന്നെ നടത്തുമെന്നു പോലീസ് അസിസ്റ്റൻറ സൂപ്രണ്ടിനോടും കോട്ടയം റേഞ്ച് എക്സൈസ് ഇൻസ്പെക്ടരോടും ഡാക്ടർ പാറെട്ട് മുഖദാവിൽ പറയുകയും അതിന് അനുസരണമായ പല പ്രവൃത്തികളും പിന്നീടു ചെയ്യുകയുംചെയ്തിട്ടുണ്ട്.

ചിങ്ങവനത്തു നടന്നതായ മീററിംഗിനെപ്പററിയുള്ള നോട്ടീസിൽ മദ്യവർജ്ജനമഹായോഗം എന്ന സൌമ്യമായ നിലയിൽമാത്രം പറഞ്ഞിരുന്നുള്ളു എങ്കിലും ഡാക്ടർ പാറെട്ടിന്റെ പ്രസംഗം ജനങ്ങളെ ഇളക്കി എന്തും പ്രവർത്തിക്കുന്നതിനു സന്നദ്ധന്മാരാക്കിത്തീർക്കത്തക്കവിധത്തിലായിരുന്നു.

ഇപ്പോൾ ഇതാ ഈ മാസം ൧൩-നു- വെള്ളിയാഴ്ച പകൽ ൧൨ മണിക്കുശേഷം പാമ്പാടിയിൽ പഞ്ചായത്തോഫീസിനു സമീപമുള്ള ചെന്നിമററം വയലിൽവെച്ചു "അതിശക്തിമത്തായ" മദ്യവർജ്ജനമഹായോഗം നടത്താൻ നിശ്ചയിച്ചിരിക്കുന്നപ്രകാരം നോട്ടീസ് പരസ്യപ്പെടുത്തിയിരിക്കുന്നതും ആ മീററിംഗിൽ ഗൌരവമേറിയ പല നിശ്ചയങ്ങളും പാസ്സാക്കുന്നതാണെന്നു വിവരിച്ചിട്ടുമുണ്ട്. ചിങ്ങവനത്തു നടന്ന മീററിംഗിന്റെ നോട്ടീസിൽ "അതിശക്തിമത്തായ മദ്യവർജ്ജന മഹായോഗം" എന്നു പ്രസ്താവിച്ചിട്ടില്ലാതിരുന്നിട്ടും ജനങ്ങളുടെ ഇടയിൽ ക്ഷോഭത്തെ ഉണ്ടാക്കത്തക്കതായ വാചകങ്ങൾ ഉപയോഗിച്ചതിനെക്കാൾ ഇപ്പോൾ നടക്കാൻ പോകുന്ന മഹായോഗത്തിൽ കൂടുതൽ ക്ഷോഭം ജനിക്കത്തക്കവിധത്തിൽ നിയമവിരുദ്ധമായിട്ടുള്ള പല കാര്യങ്ങളെ പ്രസ്താവിക്കാൻ തയ്യാറും ഇടയും ഉണ്ടെന്നാണ് എന്റെ അറിവ്.

ഈ മീററിംഗും ഇതിനോടുകൂടിയുള്ള ഘോഷയാത്രയും നിരോധിക്കേണ്ടതാണെന്നും നടത്തുന്നതായാൽ സമാധാനലംഘനം നേരിടുമെന്നും മററും വിവരിച്ചു ഏതാനും ആളുകൾ തന്നിട്ടുള്ള ഹർജികളും അതിനെ ആസ്പദമാക്കി തന്നിട്ടുള്ള മൊഴികളും കോട്ടയംറേഞ്ച് എക്സൈസ് ഇൻസ്പെക്ടർ, പാമ്പാടി പോലീസ് ഇൻസ്പെക്ടർ ഇവരുടെ റിപ്പോർട്ടുകളും ഇതോടു ചേർത്തിരിക്കുന്നു.

മേൽവിവരിച്ച റിപ്പോർട്ടുമുതലായതുകളിൽ ഘോഷയാത്രാമീററിംഗ് ഇതുകൾ നിരോധിക്കണമെന്നുള്ള അവരുടെ അഭിപ്രായത്തോടു ഞാൻ തൽക്കാലം യോജിക്കുന്നില്ലെങ്കിലും ഡാക്ടർ പാറെട്ട പ്രസംഗിക്കുന്നതിൽനിന്നും ജനങ്ങളുടെ ഇടയിൽ വലുതായ ഒരു ക്ഷോഭവും തന്നിമിത്തം സമാധാനലംഘനവും ഉണ്ടായേക്കുമെന്നു വിചാരി

ക്കാൻ പല കാരണങ്ങളും ഉള്ളതിനാൽ പൌരപ്രഭാപത്രത്തിന്റെ പ്രൊപ്രൈറ്ററായ ഡാക്ടർ ഇസഡ്. എം. പാറേട്ട് ഈ ഡിസ്ട്രിക്ട് അതൃത്തിയിൽ യാതൊരു പരസ്യമായ യോഗത്തിലും പ്രസംഗം നടത്താതിരിക്കത്തക്ക വിധം ൧൦൮൩-ലെ ൪-ാം റഗുലേഷൻ ൨൩-ാം വകുപ്പിൻപ്രകാരം ഒരു നിരോധനഉത്തരവു ഉടൻ കൊടുക്കണമെന്നു അപേക്ഷിക്കുന്നു.

ഇക്കാര്യത്തിലെല്ലാം ഹെഡ്ക്ലാർക്ക് വായിച്ചു കോട്ടയം ഡിസ്ട്രിക്ട് മജിസ്ട്രേട്ട് അവർകളെ കേൾപ്പിച്ചുവെയ്ക്കുകയും വേണം.

ഇക്കാര്യത്തിനു സാധനം എഴുതിയ കോട്ടയം ഡിസ്ട്രിക്ട് പോലീസ് സൂപ്രണ്ട്,

വി. നാണുപിള്ള.

നമ്പർ ൧/൧൦൭.

(൩൭)

കോട്ടയം പൌരപ്രഭാപത്രത്തിന്റെ ഉടമസ്ഥൻ ഇസഡ്. എം. പാറേട്ട് എസ്ക്വയാർക്ക്.

കോട്ടയം പോലീസ് ഡിസ്ട്രിക്ട് സൂപ്രണ്ട് അയച്ചുതന്നിട്ടുള്ള റിപ്പോർട്ടിൽനിന്നും മദ്യഷാപ്പുകളുടെ മുമ്പിൽവച്ചു പിക്കെറ്റിംഗ് നടത്തുന്നതിനും ന്യായവിരോധമായ മററു കൃത്യങ്ങൾ ചെയ്യുന്നതിനും ജനങ്ങളെ ക്ഷോഭിപ്പിക്കത്തക്കവണ്ണം നിങ്ങൾ പ്രസംഗങ്ങൾ നടത്തുന്നു എന്നും അപ്രകാരമുള്ള പ്രസംഗങ്ങൾ സമാധാനലംഘനത്തിനു കാരണമായിത്തീരുവാനും ഗവണ്മെന്റു അധികാരത്തെപ്പററി അവജ്ഞ ജനിപ്പിക്കാനും ഇടയാക്കിയേക്കാമെന്നും എനിക്കു തോന്നുന്നതുകൊണ്ട്, ൧൦൮൩-ലെ ൪-ാം റഗുലേഷൻ ൨൩-ാം സെക്ഷൻ അനുസരിച്ചു, കോട്ടയം ഡിസ്ട്രിക്ടിലുൾപ്പെട്ട ഒരു ഭാഗത്തും ഇന്നേദിവസം മുതൽ ഒരു പ്രസംഗവും നടത്തിക്കൂടാ എന്നു ഞാൻ നിങ്ങളോടു ഇതിനാൽ കർശനമായി ആജ്ഞാപിച്ചുകൊള്ളുന്നു.

൧൧൦൭ തുലാം ൧൨-ാം൹ ഈ കോർട്ടുമുദ്രയോടും എന്റെ സ്വന്തം ഒപ്പോടുംകൂടിയും ഈ ഉത്തരവ് കൊടുക്കപ്പെട്ടു.

ഡിസ്ട്രിക്ട് മജിസ്ട്രേട്ടുകോടതി,
കോട്ടയം, ൧൨-൩-൧൧൦൭.

ആർ. കൃഷ്ണപിള്ള,
ഡിസ്ട്രിക്ട് മജിസ്ട്രേട്ട്.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): സർ, നടപടിക്രമത്തെപ്പററി സംസാരിക്കുവാനാണ് ഞാൻ എഴുന്നേൽക്കുന്നത്. ഇന്നലെ വിതരണംചെയ്ത കാര്യപരിപാടിയിൽനിന്നും ൨൩-ം, ൨൭-ം, നമ്പർ ചോദ്യങ്ങളും ആലോചനയ്ക്കു വിഷയങ്ങളാകുന്നതാണെന്നു കാണുന്നുണ്ട്. എന്നാൽ അവയെപ്പററി മറുപടി പറഞ്ഞിട്ടില്ല.

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെന്റു സെക്രട്ടറി): ൨൩-ാം നമ്പർ ചോദ്യത്തിനു മറുപടി പറഞ്ഞുകഴിഞ്ഞു. അച്ചടിച്ച ലിസ്റ്റിൽ ആ ഉത്തരം നിങ്ങൾക്കു കാണാവുന്നതാണ്.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ആ ചോദ്യം എത്രാമത്തെ നമ്പർ ആണെന്നു എന്നെ അറിയിക്കാമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെന്റു സെക്രട്ടറി): അതു ചോദ്യോത്തരങ്ങൾ അടങ്ങിയ അച്ചടിച്ച ലിസ്റ്റിലെ ൧൧൪-ാം നമ്പർ ചോദ്യമാകുന്നു.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): എന്നാൽ ആ ചോദ്യത്തിന്റെ നേരെ ഒരു നമ്പരും കാണുന്നില്ല.

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെന്റു സെക്രട്ടറി): അതു അച്ചടിപ്പിശകാണ്. ൧൧൪-ാം നമ്പർ ചോദ്യം ൬-ാംനമ്പർ നോട്ടീസിലുള്ള ൨൩-ാം നമ്പർ ചോദ്യമാണെന്നു കാണാവുന്നതാകുന്നു.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): പിന്നെ ൨൭-ാം നമ്പർ ചോദ്യത്തെപ്പററിയോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെന്റു സെക്രട്ടറി): അതു കാര്യവിവരപ്പട്ടികയിൽ ചേർത്തതു അതു സംബന്ധിച്ചുള്ള മറുപടി ലഭിക്കുമെന്നുള്ള ഉദ്ദേശത്തിലാണ്; എന്നാൽ ചോദ്യങ്ങളും ഉത്തരങ്ങളും അടങ്ങിയ ലിസ്റ്റിൽ ഉൾപ്പെടുത്തത്തക്കവണ്ണം മറുപടി തയ്യാറായിട്ടില്ലായിരുന്നു.

ജനസാമാന്യത്തിന് താല്പര്യമുള്ള സംഗതികളെ സംബന്ധിച്ച പ്രമേയങ്ങൾ (തുടർച്ച).
നാട്ടുഭാഷാ പള്ളിക്കൂടങ്ങളിൽനിന്നും ഇംഗ്ലീഷ് പള്ളിക്കൂടങ്ങളിലേക്കുള്ള
അദ്ധ്യാപകന്മാരുടെ സ്ഥലമാററം.

പ്രസിഡണ്ട്: നമുക്കു ഇനി രണ്ടാമത്തെ പ്രമേയത്തെപ്പററിയുള്ള വാദപ്രതിവാദം തുടരാം.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): സർ, എന്റെ സ്നേഹിതൻ മിസ്റ്റർ നാരായണപിള്ള കൊണ്ടുവന്നിട്ടുള്ള പ്രമേയം വളരെ മിതവും കാരണയുക്തവും ആണെന്നു എനിക്കു തോന്നുന്നു. അതു ഏററവും പ്രായോഗികമായിട്ടുള്ളതുമാകുന്നു. എന്റെ പൂജ്യനായ ഗുരുനാഥൻ മിസ്റ്റർ കൃഷ്ണസ്വാമിഅയ്യർ ആ പ്രമേയത്തിന്റെ ഉദ്ദേശത്തിൽ വളരെ അനുഭാവം പ്രദർശിപ്പിച്ചിട്ടുണ്ട്. ഗവണ്മെന്റിന്റെ ഉദ്ദേശവും ഇതുതന്നെയാണെന്നു ഞാൻ ഇതിൽനിന്നും ഊഹിക്കുന്നു. എന്നാൽ മിസ്റ്റർ കൃഷ്ണസ്വാമിഅയ്യർ ചില ബുദ്ധിമുട്ടുകളെപ്പററി എടുത്തുപറഞ്ഞിട്ടുണ്ട്. ആ ബുദ്ധിമുട്ടുകളെപ്പററി വേണ്ടപോലെ ആലോചിച്ചു അവയെ പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ കണ്ടുപിടിക്കുവാൻ ഞാൻ ശ്രമിക്കുന്നതാണ്. അപ്രകാരം ചെയ്യുന്നതിനുമുമ്പ്, പ്രമേയത്തിലെ വാചകങ്ങളിൽ ഇപ്പോൾ നാട്ടുഭാഷാവിദ്യാലയങ്ങളിൽ ജോലിനോക്കുന്ന എഫ്. എ., ഇൻടർമീഡിയററ്, സ്കൂൾഫൈനൽ എന്നീ പരീക്ഷകൾ ജയിച്ചിട്ടുള്ളവർ മാത്രമല്ല, മററുള്ളവരും ഉൾപ്പെടുന്നുണ്ടെന്നുള്ള കാര്യം സഭയുടെ അറിവിൽ കൊണ്ടുവരണമെന്നു ഞാൻ ആഗ്രഹിക്കുന്നു. നാട്ടുഭാഷാവിദ്യാലയങ്ങളിൽ ജോലിനോക്കുന്ന അദ്ധ്യാപകന്മാർ അവരെപ്പോലെതന്നെ പരീക്ഷായോഗ്യതയുള്ള ഇംഗ്ലീഷ് പള്ളിക്കൂടങ്ങളിലെ അദ്ധ്യാപകന്മാരെക്കാൾ വളരെ കുറഞ്ഞ ശമ്പളം മാത്രമേ വാങ്ങിക്കുന്നുള്ളു. പ്രമേയത്തിൽ ആദ്യഭാഗത്തു പറഞ്ഞിട്ടുള്ളതു, "നാട്ടുഭാഷാ വിദ്യാലയങ്ങളിലും ഇംഗ്ലീഷ് പള്ളിക്കൂടങ്ങളിലും ഇപ്പോൾ ജോലിനോക്കിവരുന്ന അദ്ധ്യാപകന്മാരുടെ ശമ്പളത്തിലും അഭിവൃദ്ധിമാർഗ്ഗങ്ങളിലും കാണുന്ന വലുതായ അന്തരത്തെപ്പററി ആലോചിക്കുമ്പോൾ" എന്നിപ്രകാരമാകുന്നു. പ്രമേയത്തിൽ പറഞ്ഞുകാണുന്നതു അത്രമാത്രമാകുന്നു. അതുകൊണ്ടു അതു സ്കൂൾഫൈനൽകാരെ മാത്രമേ സംബന്ധിക്കുന്നുള്ളു എന്നു അതിൽനിന്നും അർത്ഥമാകുന്നില്ല. എന്റെ അറിവിൽ അതേ

പ്രകാരം കണക്കപ്പെടുന്ന പരാധി മാറുള്ളവരും ഉണ്ടെന്നാണ്. ഉദാഹരണത്തിന് ശാസ്ത്രിപ്പരീക്ഷ, നാട്ടുഭാഷാ മുഖപരീക്ഷ, വിദ്വാൻപരീക്ഷ തുടങ്ങിയ പരീക്ഷകൾ പാസ്സായിട്ടുള്ള അനേകംപേർ ഉണ്ട്. ഈ പരീക്ഷായോഗ്യതയുള്ള ആളുകളെ നാട്ടുഭാഷാവിദ്യാലയങ്ങളിലെന്നപോലെ ഇംഗ്ലീഷ് പള്ളിക്കൂടങ്ങളിലും നിയമിച്ചിട്ടുണ്ട്. ഇംഗ്ലീഷ് പള്ളിക്കൂടങ്ങളിൽ സർവീസായി നിയമിച്ചിട്ടുള്ളവർ നാട്ടുഭാഷാവിദ്യാലയങ്ങളിൽ അദ്ധ്യാപകന്മാരായും മുൻഷിമാരായും ഹെഡ്മാസ്റ്ററായിത്തന്നെയും നിയമിച്ചിട്ടുള്ള പലരെക്കാൾ കൂടുതൽ ശമ്പളം കിട്ടിവരുന്നുണ്ട്. അതുകൊണ്ട് ഈ ആളുകളുടെ കാര്യങ്ങളെക്കൂടെ ഈ പ്രമേയത്തിൽ ഉൾപ്പെടുത്തേണ്ടതാകുന്നു. മിസ്റ്റർ നാരായണപിള്ള അദ്ദേഹത്തിന്റെ മറുപടിയിൽ ഇവരുടെ കാര്യത്തെപ്പറ്റിക്കൂടെ നിർബന്ധിക്കുന്നതാണെന്നു ഞാൻ വിശ്വസിക്കുന്നു. അതായത്, ഇംഗ്ലീഷ് പള്ളിക്കൂടങ്ങളിലുള്ള ഒഴിവുകൾക്കു ആളെ നിയമിക്കുന്ന അവസരത്തിൽ ഇംഗ്ലീഷ് സ്കൂളുകളിൽ ഉദ്യോഗത്തിനു യോഗ്യതയുള്ള ഒരേതരം പരീക്ഷായോഗ്യതയുള്ള അദ്ധ്യാപകന്മാരുടെ അവകാശങ്ങളെപ്പറ്റി മേലധികൃതന്മാർ ആലോചിക്കുകയും, ഈ അദ്ധ്യാപകന്മാർക്കു മുൻഷിമാരായോ സാധാരണ അദ്ധ്യാപകന്മാരായോ ഉള്ള നിയമനങ്ങളിൽ കൂടുതൽ അവകാശം നൽകുകയും ചെയ്യേണ്ടതാകുന്നു. ഇതുസംബന്ധിച്ചു പ്രത്യേകം എടുത്തുകാണിപ്പാനുള്ള ബുദ്ധിമുട്ടുകളെ സംബന്ധിച്ചിടത്തോളം ഇംഗ്ലീഷ്സ്കൂളുകളിലുള്ള ശരാശരി ബി. എ.-ക്കാരല്ലാത്ത അദ്ധ്യാപകന്മാരുടെ കാര്യശേഷി മലയാളം സ്കൂളുകളിലുള്ള ശരാശരി ബി. എ.-ക്കാരല്ലാത്ത അദ്ധ്യാപകന്മാരുടേതിനെക്കാൾ ഉപരിയാണെന്നു പറയുകയുണ്ടായി. ഇതു യഥാർത്ഥമാണോ എന്നു എനിക്കു നിശ്ചയമില്ല. കേവലം അതു അഭിപ്രായമുള്ള ഒരു ധാരണമാത്രമല്ലയോ എന്നു എനിക്കു സംശയമുണ്ട്. വാദത്തിനുവേണ്ടി അതു അപ്രകാരംതന്നെയാണെന്നു സമ്മതിക്കുന്നപക്ഷവും, ആദ്യമായി ചെയ്യുന്ന നിയമനങ്ങൾക്കു ആളുകളെ ആവശ്യമുള്ളപ്പോൾ സ്കൂൾ വിട്ടു പുതുതായി പുറത്തുവരുന്ന യുവാക്കന്മാരെ സ്വീകരിക്കുന്നതിനേക്കാൾ നാട്ടുഭാഷാവിദ്യാലയങ്ങളിൽ ജോലിനോക്കിവരുന്ന പരീക്ഷായോഗ്യതയുള്ള അദ്ധ്യാപകന്മാരെ സ്വീകരിക്കുന്നതാകുന്നു നല്ലതെന്ന പ്രമേയത്തിൽ അഭിപ്രായപ്പെട്ടിട്ടുള്ള മാർഗ്ഗത്തെ കൈക്കൊള്ളുന്നതിന് വിരോധമുണ്ടെന്നു തോന്നുന്നില്ല. ആദ്യമായി ചെയ്യുന്ന നിയമനങ്ങളെ മാത്രമേ പ്രമേയം സംബന്ധിക്കുന്നുള്ളൂ. പ്രമേയം വളരെ പ്രായോഗികവും, സ്വാഭാവികവുമായിട്ടുള്ളതാകുന്നു. നാട്ടുഭാഷാവിദ്യാലയങ്ങളിൽ ഇംഗ്ലീഷ് പഠിപ്പിക്കുന്നതിനായി നിയമിച്ചിട്ടുള്ള അദ്ധ്യാപകന്മാർ ആദ്യമായി നിയമിക്കുന്ന സ്കൂൾഫൈനൽ ക്ലാസ്സുകാരെക്കാൾ കാര്യക്ഷമതയുള്ളവരായിരിക്കുമെന്നുള്ളതിനു സംശയമില്ല. അദ്ധ്യാപകന്മാരെ നിയമിക്കുന്ന വിഷയത്തിൽ ഏതാനും മാർക്കുകളെപ്പറ്റിയുള്ള ആലോചന അവസാനത്തിലുള്ളതാക്കി സ്വീകരിക്കുന്നതു ശരിയായിട്ടുള്ള നയമല്ലെന്നു ഈ സന്ദർഭത്തിൽ ഞാൻ നിർദ്ദേശിച്ചുകൊള്ളട്ടെ. ഡിപ്പാർട്ടുമെന്റിൽതന്നെ കൂടുതൽ പരിചയം സിദ്ധിച്ചിട്ടുള്ളവർ ഉണ്ടായിരിക്കെ, വേണ്ടടത്തോളം പരിചയവും, പരീക്ഷായോഗ്യതയും ഉള്ള ഒരു അദ്ധ്യാപകനേക്കാൾ ഏതെങ്കിലും മറ്റു ചില വർഷങ്ങളിൽ ഒന്നോ രണ്ടോ മാർക്ക് കൂടുതൽ കിട്ടിയിട്ടുള്ള ആളുകളെ സ്വീകരിക്കുക എന്നുള്ള ഏർപ്പാടിനെ ഉപേക്ഷിച്ചു അവസാനിപ്പിക്കേണം. കൂടുതൽ അവകാശം നൽകേണ്ടതു. അതുകൊണ്ടു നാട്ടുഭാഷാവിദ്യാലയങ്ങളിലുള്ള അദ്ധ്യാപകന്മാരെ ഇംഗ്ലീഷ്പള്ളിക്കൂടങ്ങളിൽ കൂടുതൽ ശമ്പളത്തിൽ നിയമിക്കുന്നകാര്യത്തിൽ മാർക്കുകളെപ്പറ്റിയുള്ള ആലോചന തടസമായിത്തീരാൻ പാടില്ലാത്തതാകുന്നു.

ഇംഗ്ലീഷ്പള്ളിക്കൂടങ്ങളിൽ ഒഴിവുകൾ ഉണ്ടാകുമ്പോൾ ആ സ്ഥാനങ്ങളിൽ നിയമിക്കേണ്ടവരായി ഇംഗ്ലീഷ്പള്ളിക്കൂടങ്ങളിൽ പകരം ജോലിനോക്കീട്ടുള്ള അനേകംപേർ ഉണ്ടെന്നുള്ളതാകുന്നു ഇതുസംബന്ധിച്ചു പ്രസ്താവിച്ച വേറെയൊരു ബുദ്ധിമുട്ട്. ഈ ബുദ്ധിമുട്ടും പരിഹരിക്കാവുന്നതു തന്നെയാണ്. പരീക്ഷായോഗ്യതയും പരിചയവും ഉള്ള നാട്ടുഭാഷാവിദ്യാലയങ്ങളിലെ അദ്ധ്യാപകന്മാരെ ഇംഗ്ലീഷ്പള്ളിക്കൂടങ്ങളിൽ നിയമിക്കാവുന്നതും നിയമിക്കേണ്ടതും ആകുന്നു. താരതമ്യേന പരിചയം കുറഞ്ഞ ആളുകളെ നാട്ടുഭാഷാവിദ്യാലയങ്ങളിലുള്ള സ്ഥാനങ്ങളിലും നിയമിക്കാവുന്നതാണ്. എന്നാൽ ഇപ്രകാരം ചെയ്യുവാൻ നാട്ടുഭാഷാവിദ്യാലയങ്ങളുടെയും ഇംഗ്ലീഷ്പള്ളിക്കൂടങ്ങളുടെയും നിയന്ത്രണാധികാരങ്ങൾ തമ്മിൽ പരസ്പരബന്ധം ഉണ്ടായിരിക്കേണ്ടതാവശ്യമാകുന്നു. അത് വിദ്യാഭ്യാസസംബന്ധമായ മറ്റു പ്രധാനകാര്യങ്ങൾക്കും ആവശ്യംതന്നെയാണ്. ഗവൺമെന്റും, അധികാരികളും സർവപ്രധാനമായ ഈ പരസ്പരബന്ധം വേഗത്തിൽ പ്രവർത്തിച്ചു നടപ്പിൽവരുത്തേണ്ടതാണെന്നു ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു. നാട്ടുഭാഷാവിദ്യാലയങ്ങളിലെ അദ്ധ്യാപകന്മാരുടെ ശമ്പളക്രമം പരിഷ്കരിക്കുന്നതിനുള്ള ഉപായങ്ങളേയും മാർഗ്ഗങ്ങളേയും നിർദ്ദേശിക്കുന്നതിനായി നിയമിച്ചിട്ടുള്ള കമ്മിറ്റിക്കു വിഷയമായിട്ടുള്ളതാണോ ഈ സംഗതിയെന്നു ഞാൻ അറിയുന്നില്ല. ഈ രാജ്യത്തിലെ വിദ്യാഭ്യാസനയത്തെപ്പറ്റി ആകപ്പാടെ പര്യാലോചിക്കുന്നതിന് ഒരു കമ്മിറ്റി ആവശ്യമാണെന്നും, പൊതുജനങ്ങളുടെ വാസ്തവമായ ആവശ്യങ്ങൾക്കു അനുകൂലിക്കത്തക്കവണ്ണം വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിന്റെ ഭരണം ഭേദപ്പെടുത്തേണ്ടതാണെന്നും എനിക്കു തോന്നുന്നു. ഈ സംഗതി സംബന്ധിച്ചു ഇപ്പോൾ എനിക്കു പറയുവാൻ നിവൃത്തിയില്ല.

ഈ കാരണങ്ങൾകൊണ്ടു, ഇംഗ്ലീഷ്പള്ളിക്കൂടങ്ങളിൽ ഒഴിവുകളുണ്ടാകുമ്പോൾ നാട്ടുഭാഷാവിദ്യാലയങ്ങളിലെ അദ്ധ്യാപകന്മാരെ തൽസ്ഥാനങ്ങളിൽ നിയമിക്കുന്നതിനു യാതൊരു വിരോധവുമില്ലെന്നു തെളിയുന്നു. നാട്ടുഭാഷാവിദ്യാലയങ്ങളിലും ഇംഗ്ലീഷ്പള്ളിക്കൂടങ്ങളിലുമുള്ള ഒരേ പരീക്ഷായോഗ്യതയുള്ള അദ്ധ്യാപകന്മാർക്കെല്ലാം ഒരുപോലെയുള്ള ശമ്പളം നിശ്ചയിക്കുന്നതാണ് ഇതിനു യുക്തവും ഫലപ്രദവുമായ പരിഹാരമാർഗ്ഗമെന്നു മി. കൃഷ്ണസ്വാമി അയ്യർ ഉദ്ദേശിക്കുന്നതിനോടു ഞാൻ പൂർണ്ണമായി യോജിക്കുന്നു. വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ചിടത്തോളമെങ്കിലും മറ്റു ഡിപ്പാർട്ടുമെന്റുകളിലും അതു ആവശ്യമാണെന്നുള്ളതിനു സംശയമില്ല. അപ്രകാരം ചെയ്യുന്നതിനു ഗവർന്മെന്റു തയ്യാറാണെങ്കിൽ മി. നാരായണപിള്ളയ്ക്കു അദ്ദേഹത്തിന്റെ പ്രമേയത്തെ പിൻവലിക്കുന്നതിൽ വിരോധമുണ്ടായിരിക്കയില്ലെന്നു ഞാൻ വിശ്വസിക്കുന്നു. (മി. പി. കെ. നാരായണപിള്ള, കേൾക്കുവിൻ കേൾക്കുവിൻ) അപ്രകാരം ചെയ്യുന്നതിൽ ഗവർന്മെന്റിനു യാതൊരു ബുദ്ധിമുട്ടും ഉണ്ടായിരിക്കയുമില്ല. ഈ സംഗതിക്കു ആവശ്യമുള്ള പണം [illegible] യാതൊരു പ്രയാസവുംകൂടാതെ എടുക്കാവുന്നതുമാകുന്നു. എന്നാൽ ഇതു ചെയ്യുന്നതുവരെ ഈ പ്രമേയത്തെ അംഗീകരിക്കുന്നതിൽ യാതൊരു പ്രതിബന്ധവും ഗവർന്മെന്റിന് ഉണ്ടാകാൻ പാടില്ലാത്തതാകുന്നു. ഈ അപേക്ഷ എത്രയും മിതവും കാരണസഹിതവുമാകണമെന്നാണ് എനിക്കു തോന്നുന്നതു. അതുകൊണ്ടു ഞാൻ ഈ പ്രമേയത്തെ അനുകൂലിച്ചുകൊള്ളുന്നു.

മി. കെ. കെ. തോമസ് (കോട്ടയം): സർ, ഈ സഭമുമ്പാകെ മി. പി. കെ. നാരായണപിള്ള ഹാജരാക്കിട്ടുള്ള പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. അത് ന്യായവും, ധർമ്മവും, നീതിയുക്തവുമാണെന്നുള്ള

ധാരണ ഉണ്ടാകുന്ന ഞാൻ അപ്രകാരം ചെയ്യുന്നത്. നാട്ടുഭാഷാവിദ്യാലയങ്ങളിൽ ഇംഗ്ലീഷ് പഠിപ്പിക്കുന്ന അദ്ധ്യാപകന്മാരുടെ അവസ്ഥ അധികാരികളുടെ ഗാഢമായ ആലോചനയെ അർഹിക്കുന്നുണ്ട്. ഇവിടെ നമുക്ക് എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റിലെ ശാഖകളിൽ, മിക്കവാറും ഒരേഭാഷയിൽ തന്നെ ഒരേതരം ജോലിചെയ്യുന്നവരും ഒരുപോലെയുള്ള പ്രാരംഭയോഗ്യതയോടുകൂടിയവരും ആയി പ്രവേശിക്കുന്ന രണ്ടുതരം അദ്ധ്യാപകന്മാരാണുള്ളത്. ഇതിൽ, ഒരു ശാഖയിൽ, തന്റെ ജീവിതത്തിലെ അധികഭാഗവും തനിക്ക് അസുഖകരമായ പരിതഃസ്ഥിതിയിൽ കഴിച്ചുകൂട്ടേണ്ടവനും, ക്ഷാമപ്പടിയായ [illegible] രൂപാകൊണ്ടു ജീവിതം നയിക്കേണ്ടവനുമായ ഇംഗ്ലീഷ് അദ്ധ്യാപകനും, മറ്റേശാഖയിൽ, അതേതരം പരീക്ഷായോഗ്യതകളുള്ളവനും, അതേതരം ജോലിചെയ്യുന്നവനും, താരതമ്യേന കൂടുതൽ ശമ്പളമായ [illegible] രൂപായിൽ ആരംഭിച്ചു [illegible] രൂപാവരേയും അവസാനത്തിൽ [illegible] രൂപാവരേയും കിട്ടാവുന്നവനും ആയ അയാളുടെ സഹോദരനും സ്ഥിതിചെയ്യുന്നതായി നിങ്ങൾ കാണുന്നു.

സമാനമായ പ്രാരംഭപരീക്ഷായോഗ്യതയുള്ളവരും, എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റിലെ രണ്ടുശാഖകളിലായി ഒരേതരം ജോലിചെയ്യുന്നവരുമായ ആളുകൾ തമ്മിൽ ഈർഷ്യാജനകമായ ഇപ്രകാരമുള്ള വ്യത്യാസം ന്യായമായിട്ടുള്ളതാണോ എന്നുള്ളതിനെപ്പറ്റി ആലോചിക്കേണ്ടതാണെന്നു ഞാൻ ഈ സഭയോടു അപേക്ഷിച്ചുകൊള്ളുന്നു. മി. പി. കെ. നാരായണപിള്ള ഇന്നലെ പ്രസ്താവിച്ചതുപോലെ, ഇപ്പോൾ യഥാർത്ഥസ്ഥിതിയെപ്പറ്റിയുള്ള ഒരു സ്റ്റേറ്റുമെന്റുകൊണ്ടുമാത്രം ഈ അപേക്ഷ ന്യായവും സകാരണവുമാണെന്നു ഈ സഭയെ ബോദ്ധ്യപ്പെടുത്താവുന്നതാകുന്നു. ഈ രണ്ടുതരം ആളുകളുടേയും പരീക്ഷായോഗ്യത പ്രാരംഭത്തിൽ മിക്കവാറും ഒരുപോലെ തന്നെയാണെന്നു മി. കൃഷ്ണസ്വാമി അയ്യർ സമ്മതിച്ചു എങ്കിലും, ഇംഗ്ലീഷ് സ്കൂളിലുള്ള അദ്ധ്യാപകന്മാർ സാധാരണ അദ്ധ്യാപകരുള്ള ശരാശരി യോഗ്യതയിൽനിന്നും കൂടുതൽ യോഗ്യതയുള്ളവരായിരിക്കുമെന്നുള്ള വ്യത്യാസം കാണാവുന്നതാണെന്നും പറയുകയുണ്ടായി. അതു വാസ്തവത്തിൽ അങ്ങിനെയാണെന്നു എനിക്കു തീരെ ബോദ്ധ്യം തോന്നുന്നില്ല. അപ്രകാരം എന്തെങ്കിലും കൂടുതൽ യോഗ്യതയുണ്ടെങ്കിൽ അതു ഇംഗ്ലീഷ് സ്കൂളിൽ പിന്നിട്ടു ലഭിച്ചിട്ടുള്ള സൌകര്യങ്ങളിൽനിന്നും, ഗുണങ്ങളിൽനിന്നും ഉണ്ടായിട്ടുള്ളതായിരിക്കാം. ഈ സംഗതിയെപ്പറ്റി തിരുവല്ലാ, വക്കീൽ മി. മാത്തൻമാപ്പിള പ്രജാസഭയുടെ അനേകം യോഗങ്ങളിൽ തുടർച്ചയായി വാദിച്ചിട്ടുള്ളതും, ഒരു ജനപ്രതിനിധിസംഘം അധികാരികളെ ഈ വിവരം ധരിപ്പിച്ചിട്ടുള്ളതുമാകുന്നു.

ഒരേതരം ജോലിചെയ്യുന്നവർക്കെല്ലാം തുല്യമായ ശമ്പളം കിട്ടേണ്ടതാണെന്നുള്ളതു ഗവൺമെന്റ് അംഗീകരിച്ചിട്ടുള്ള ഒരു നിയമമാകുന്നു. ഈ ഹിതകരമായ നിയമത്തിന്റെ അംഗീകരണത്തെ ആസ്പദമാക്കിയാണ്, യൂറോപ്യൻ പ്രൊഫസറന്മാരുടെ ശമ്പളത്തിൽനിന്നും വളരെ കുറവായിട്ടുമാത്രം ശമ്പളം കൊടുത്തുവന്നിരുന്ന ഇൻഡ്യൻ പ്രൊഫസറന്മാരുടെ ശമ്പളം തുല്യനിരക്കിലാക്കിത്തീർത്തതു. ഈ നിയമം അടിസ്ഥാനമാക്കിത്തന്നെയാണ് വീണ്ടും ഹൈക്കോടതിയിലെ ഇൻഡ്യാക്കാരായ ജഡ്ജിമാരുടെ ശമ്പളം സർ, പി. രാജഗോപാലാചാര്യരുടെ കാലത്തിൽ യൂറോപ്യൻ ജഡ്ജിമാരുടേതിനോടു തുല്യമാക്കിത്തീർത്തതു. ഈ നിയമം ഉയർന്നതരം ഉദ്യോഗസ്ഥന്മാരുടെ വിഷയത്തിൽ അംഗീകരിച്ചിട്ടുണ്ടെങ്കിൽ, അതിനെ നാട്ടുഭാഷാവിദ്യാലയങ്ങളിലെ പാവപ്പെട്ട ഇംഗ്ലീഷ് അദ്ധ്യാപകന്മാരുടെ വിഷയത്തിലും പ്രവർത്തിപ്പിച്ചു അവർക്ക് ഉന്നതസ്ഥാനങ്ങളിലേക്കു ഉയരുവാനുള്ള അവസരം നാം നൽകേണ്ടുന്ന കാലം അതിക്രമിച്ചിരിക്കുന്നു എന്നു അറിയിച്ചുകൊള്ളുന്നു. ഈ പരാതി ഇംഗ്ലീഷ് പള്ളിക്കൂടങ്ങളിലുണ്ടാകുന്ന ഒഴിവുകളിലേക്കു കയറ്റംകൊടുക്കുന്നതു സംബന്ധിച്ചതു മാത്രമാകയാൽ ഗവൺമെന്റിനു കൂടുതൽ ചെലവുകൾ ഒന്നും ഉണ്ടാകുന്നതുമല്ല.

മിസ്റ്റർ കൃഷ്ണസ്വാമി അയ്യർ ഈ അവകാശത്തിന്റെ ന്യായത്തെ അംഗീകരിക്കുന്നുണ്ടു. അദ്ദേഹത്തിന്റെ വാദം ഇംഗ്ലീഷ് പള്ളിക്കൂടങ്ങളിൽ അദ്ധ്യാപകന്മാരായി പകരം ജോലിനോക്കീട്ടുള്ളവർക്കുണ്ടാകാവുന്ന ബുദ്ധിമുട്ടുകളേയും അസൗകര്യങ്ങളേയും അടിസ്ഥാനമാക്കീട്ടുള്ളതാകുന്നു. അതിലേക്കുള്ള മറുപടി "അവരെ നാട്ടുഭാഷാവിദ്യാലയങ്ങളിൽ നിയമിക്കട്ടെ" എന്നാകുന്നു. നാം ഇപ്പോൾ വാദവിഷയമാക്കിയിരിക്കുന്ന ഈ അദ്ധ്യാപകന്മാരിൽ അനേകംപേർ നാട്ടുഭാഷാവിദ്യാലയങ്ങളിൽ അനേകംവർഷം കഴിച്ചുകൂട്ടീട്ടുള്ളവരാകുന്നു. ഈ നടപടി പുതുതായിട്ടുള്ള ഒന്നല്ല. നാട്ടുഭാഷാവിദ്യാലയങ്ങളുടെ അസിസ്റ്റന്റ് ഇൻസ്പെക്ടറെ ഇംഗ്ലീഷ് സ്കൂൾ ശാഖയിലേക്കു പതിവായി കയറ്റംചെയ്തുവരുന്നുണ്ടു. നാട്ടുഭാഷാവിദ്യാലയങ്ങളിൽ ആദ്യമായി പ്രവേശിക്കുന്ന ബി. എ. ക്കാരെ ഏതാനുംവർഷങ്ങൾ ചെല്ലുമ്പോൾ ഇംഗ്ലീഷ് സ്കൂൾ ശാഖയിലേക്കു നിയമിക്കുന്നുണ്ട്. ആ സ്ഥിതിക്കു നാട്ടുഭാഷാവിദ്യാലയങ്ങളിലെ അദ്ധ്യാപകന്മാരെ സംബന്ധിച്ചിടത്തോളം മാത്രം ഈ വ്യത്യാസം കാണിക്കുന്നതു എന്തിനാണ്?

ഇംഗ്ലീഷ് പള്ളിക്കൂടത്തിലെ കാര്യക്ഷമതയ്ക്കു ഹാനിസംഭവിക്കുമെന്നു മിസ്റ്റർ കൃഷ്ണസ്വാമി അയ്യർ ഭയപ്പെടുന്നു. അദ്ധ്യാപകവൃത്തിയിൽ വളരെവർഷത്തെ പരിചയസിദ്ധിച്ചിട്ടുള്ള ഒരു അദ്ധ്യാപകൻ എന്നും, സ്കൂൾ വിട്ടു പുറത്തുവന്നിട്ടുള്ള ഒരു പുതിയ അണ്ടർഗ്രാഡ്യുവേറ്റിനേക്കാൾ മേലെയായിരിക്കുമെന്നുള്ളതിനു സംശയമില്ല. ട്രെയിനിംഗ് കാളേജിലെ പരീക്ഷാഫലങ്ങളിൽനിന്നും ഇംഗ്ലീഷ് പള്ളിക്കൂടങ്ങളിൽനിന്നും ശിക്ഷാക്രമപരിശീലനത്തിനായിവരുന്ന വിദ്യാർത്ഥികളെ അപേക്ഷിച്ചു ഇവരിൽ ചിലർ മേലെയായും മറ്റു ചിലർ അവർക്കു തുല്യന്മാരായിട്ടെങ്കിലും ഇരിക്കുന്നുണ്ടെന്നു കാണപ്പെടുന്നുണ്ട്. ആ സ്ഥിതിക്കു അവർക്കും ഇംഗ്ലീഷ് സ്കൂളുകളിൽ ജോലി നോക്കുവാനുള്ള സൗകര്യംകൊടുക്കാൻ പാടില്ലാത്തതെന്തുകൊണ്ടാണ്?

ഈ രണ്ടുതരം അദ്ധ്യാപകന്മാരുടേയും പ്രാപ്തിയെസംബന്ധിച്ചു മാർക്കുകൾ തങ്ങളിൽ വളരെ അന്തരം ഉണ്ടെന്നുപറയുന്ന തടസ്സം അത്രമാത്രം വകവയ്ക്കത്തക്കതാണെന്നു ഞാൻ വിചാരിക്കുന്നില്ല. ഈ താരതമ്യത്തിനു കല്പിച്ചിരിക്കുന്ന തോതു പരീക്ഷയിൽ ലഭിച്ചിട്ടുള്ള മാർക്കുകളാകയാൽ ഇതു വാസ്തവമായിത്തീരുന്നതു എങ്ങിനെയാണെന്നു ഞാൻ അറിയുന്നില്ല. ഈ തോതു വർഷംപ്രതി ഭേദപ്പെടുന്നതാകയാൽ, പത്തുവർഷം ജോലിയിൽ ഇരുന്നിട്ടുള്ള ഒരു അണ്ടർഗ്രാഡ്യുവേറ്റിനെ ഇന്നത്തെ ഒരാളോടു താരതമ്യപ്പെടുത്തുന്നതു യോഗ്യമായിട്ടുള്ളതല്ല.

നാട്ടുഭാഷാവിദ്യാലയശാഖയിലുള്ള ഈ അദ്ധ്യാപകന്മാരുടെ ദുർഗ്ഗതിയെപ്പറ്റി ആലോചിക്കുന്നതായാൽ അവരിൽ വളരെ ചുരുക്കംപേർക്കുമാത്രമേ ഒരു ഹെഡ്മാസ്റ്റർസ്ഥാനത്തിലേക്കു മുറയ്ക്കു കയറ്റംകിട്ടുവാൻ സാധിക്കയുള്ളു എന്നു ഞാൻ വിചാരിക്കുന്നു. അവരിലും അധികംപേരും [illegible] വർഷം സർവീസുള്ളവരാണ്. [illegible] രൂപാ ബന്ധംവിട്ടു ജീവിക്കുവാൻ ആവശ്യമുള്ള ദീർഘകാലജീവിതം അവർക്കു സഹജമായി കാണുന്നുമില്ല. അതിനുപുറമെ കയറ്റംസംബന്ധിച്ചിടത്തോളം നാട്ടുഭാഷാവിദ്യാലയങ്ങളിലെ ഇംഗ്ലീഷ് അ

ധ്യാപകന്മാർക്കു കൂടുതലായ അവകാശങ്ങൾ കൊടുക്കേണ്ടതല്ലെന്നു ഡയറക്ടർ പ്രസ്താവിച്ചിട്ടുമുണ്ട്. ഈ കാരണങ്ങൾ എല്ലാംകൊണ്ടു, ഇവിടെ അഭിപ്രായപ്പെട്ടിട്ടുള്ള പദ്ധതി സ്വീകരിക്കുന്നതിൽ പ്രത്യേക ബുദ്ധിമുട്ടുകളൊന്നും ഇല്ലെന്നു ഞാൻ അറിയിച്ചുകൊള്ളുകയും സഭയുടെ അംഗീകരണത്തിനായി പ്രമേയത്തെ അനുകൂലിക്കുകയും ചെയ്തുകൊള്ളുന്നു.

മി. കെ. സി. മാമ്മൻമാപ്പിള (കച്ചവടവും വ്യവസായവും വടക്കു): വിദ്യാഭ്യാസ ഡയറക്ടരുടെ സമാധാനപരവും അനുഭവപൂർണ്ണവുമായ മറുപടി കേട്ടതിനുശേഷം, ഈ പ്രമേയം നടപ്പിൽ വരുത്തുന്നതിനു വലിയ ബുദ്ധിമുട്ടില്ലെന്നു എനിക്കു നിശ്ചയമായി. അല്പംകൂടെ അവധാനപൂർവം ആലോചിക്കുന്നതായാൽ ആലോചനയിലിരിക്കുന്ന രണ്ടു സംഗതികളും ഒന്നുതന്നെയാണെന്നു വരുന്നതാകുന്നു. ഞാൻ യോഗ്യതയില്ലാത്ത ആളുകളെ ഇംഗ്ലീഷ്‌പള്ളിക്കൂടങ്ങളിലേക്കു എടുക്കണമെന്നു വാദിച്ചിട്ടില്ല. അപ്രകാരമുള്ളവരെ നാട്ടുഭാഷാ വിദ്യാലയങ്ങളിലും പ്രവേശിപ്പിക്കേണ്ടതില്ല. മുൻകാലങ്ങളിലെല്ലാം നാട്ടുഭാഷാവിദ്യാലയങ്ങളെ വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിലെ സിൻഡറല്ലയായി (ചാരമ്പടിയിലിരിക്കുന്നവളായി) ഗണിക്കുന്ന സമ്പ്രദായമുണ്ടായിരുന്നു. നാട്ടുഭാഷകളെസംബന്ധിച്ച അധ്യയനത്തെ എല്ലാവരും അവജ്ഞയോടും അനാസ്ഥയോടുംകൂടി ഗണിച്ചുവന്നിരുന്നു. ഈ അടുത്തകാലത്തു മാത്രമാണ് നാട്ടുഭാഷാവിദ്യാഭ്യാസത്തിനു വിദ്യാഭ്യാസസംബന്ധമായ പദ്ധതിയിൽ ഇപ്പോൾ ഉള്ളതായ ഉണ്ടായിരിക്കേണ്ടതായ ആ പ്രാധാന്യം ലഭിച്ചതു. അവശ്യം വേണ്ടതായുള്ള ധാരണ അങ്കുരിച്ചിട്ടുള്ളതു്. അതുമാത്രവുമല്ല നാം നാട്ടുഭാഷാവിദ്യാലയങ്ങളിലെ പഠിപ്പുകൊടുക്കേണ്ടിയിരുന്ന കാലത്തെ സ്ഥിതിയിൽനിന്നും വളരെ അഭിവൃദ്ധി ഇപ്പോൾ ഉണ്ടായിട്ടുണ്ടെന്നു ഞാനും സമ്മതിക്കുന്നുണ്ട്. ഒരു അധ്യാപകൻ വളരെക്കാലമായി നാട്ടുഭാഷാപള്ളിക്കൂടത്തിൽ പഠിപ്പിച്ചുകൊണ്ടിരിക്കുന്നു എന്നുള്ള കാരണത്താൽ അയാളുടെ സ്വാഭാവികമായ ബുദ്ധിശക്തിക്കു കുറവു വന്നുപോയെന്നു ഊഹിക്കാവുന്നതല്ല. നേരെമറിച്ചു, ഈ അധ്യാപകന്മാരായിട്ടുനിന്നു സിദ്ധിച്ചിട്ടുള്ള പരിചയത്തിൽനിന്നും നാട്ടുഭാഷാവിദ്യാലയങ്ങളിൽതന്നെ പ്രധാനമായി ജോലിചെയ്തുവരുന്ന അധ്യാപകന്മാർ നല്ലവണ്ണം മനസ്സിലാക്കേണ്ട ഒരു അധ്യയനരീതി മുഖ്യമായി ജോലിചെയ്യുന്ന അധ്യാപകന്മാരെ അപേക്ഷിച്ചു എത്രയോ കൂടുതൽ ബുദ്ധിശക്തിയുള്ളവരാണെന്നാണ് ഞാൻ അറിഞ്ഞിട്ടുള്ളതു. വാസ്തവം നോക്കുന്നതായാൽ, ഇംഗ്ലീഷ്ഭാഷപോലെ വിഷമമായ ഒരു അന്യഭാഷ പഠിപ്പിക്കുന്നതിനുള്ള ശ്രമത്തിൽ ഈ അധ്യാപകന്മാരുടെ ശക്തിയും, സമയവും, സജീവത്വവും വളരെ നഷ്ടമായിരിക്കുവാനിടയുണ്ട്. പ്രത്യുത അവരുടെ വിഷയങ്ങൾ അവരുടെ മാതൃഭാഷമൂലം പഠിപ്പിക്കുവാൻ അവർക്കു സ്വാതന്ത്ര്യമുണ്ടായിരിക്കുന്നതായാൽ അവരുടെ ബുദ്ധിശക്തിക്കു ഉന്മേഷം ലഭിക്കുന്നതിനും തന്മൂലം അവരുടെ ജോലികൾ നിർവഹിക്കുന്നതിനു അവർക്കു കൂടുതൽ സാമർത്ഥ്യം ഉണ്ടാകുന്നതിനും ഇടയാകുന്നതാകുന്നു. തുല്യമായ പരിജ്ഞാനയോഗ്യതകളുള്ള നാട്ടുഭാഷാവിദ്യാലയങ്ങളിലെ അധ്യാപകന്മാർ അത്തരം ജോലി ചെയ്യുന്നതിനു അപ്രാപ്തന്മാരാണെന്നുള്ള അഭിപ്രായത്തെ ശക്തിപൂർവ്വം പ്രതിഷേധിക്കുന്ന കൂട്ടത്തിലാകുന്നു ഞാൻ. വാസ്തവം നോക്കുന്നതായാൽ, നാട്ടുഭാഷാവിദ്യാലയങ്ങളിലുള്ള ഒട്ടനേകം അധ്യാപകന്മാർ, അവരുടെ കാര്യശേഷിയെപ്പറ്റി ഈ രാജ്യമൊട്ടുക്കു വെളിവാക്കുവാൻ അവർക്കു സാധ്യമല്ലെങ്കിലും, വളരെ ശേഷിയുള്ളവന്മാരാണെന്നുള്ള കാര്യം സർവസമ്മതമായിട്ടുള്ളതാണെന്നു ഞാൻ വിശ്വസിക്കുന്നു. നാട്ടുഭാഷാ വിദ്യാലയങ്ങളിലെ അധ്യാപകന്മാരുമായി ഇടപെടുവാൻ സംഗതിയാകുന്ന പക്ഷം, അവർക്കു ഏതെങ്കിലും ഉയർന്നതരം ബിരുദമത്രേ ഉണ്ടായിരുന്നുവെങ്കിൽ, അവർ പ്രൊഫസറന്മാരായും, പ്രിൻസിപ്പൽമാരായും ഡയറക്ടരായും ജോലിനോക്കുവാൻ ശക്തിയുള്ളവരാണെന്നും, പക്ഷെ അവരുടെ കർമ്മബലത്താൽ ഈ സ്ഥാനങ്ങൾ ലഭിക്കുവാൻ ബുദ്ധിമുട്ടുവാൻ സംഗതിയായിട്ടുള്ളതാണെന്നും മറ്റും ആർക്കും മനസ്സിലാകും. യഥാർത്ഥയോഗ്യതയുള്ള ആളുകൾ നാട്ടുഭാഷാവിദ്യാലയങ്ങളിൽതന്നെ ഇരിക്കുന്നതായി കാണുന്നുണ്ടെങ്കിൽ അതു അവർക്കു അപകീർത്തികരമാണെന്നു വിചാരിക്കാൻ പാടില്ലാത്തതാകുന്നു. രാജ്യത്തിലെ സ്ഥിതിയെപ്പറ്റി നല്ലപോലെ അറിഞ്ഞും പലതരം ആളുകളുമായി ഇടപെട്ടും എനിക്കു ലഭിച്ചിട്ടുള്ള ദൃഢമായ അഭിപ്രായമാകുന്നു ഇതു്. അവരുടെ യോഗ്യതകളെ സംബന്ധിച്ചിടത്തോളം, ഈ ആണ്ടിലും കഴിഞ്ഞ ആണ്ടിലും ശിക്ഷാക്രമപരിശീലനത്തിൽ തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥിസംഘത്തിൽ ഇംഗ്ലീഷ് പള്ളിക്കൂടങ്ങളിലുള്ള സ്ക്കൂൾഫൈനൽകാരേക്കാൾ നാട്ടുഭാഷാവിദ്യാലയങ്ങളിലുള്ള സ്കൂൾഫൈനൽകാർക്കു കൂടുതൽ നല്ലമാർക്കു കിട്ടിട്ടുണ്ടെന്നും, നാട്ടുഭാഷാപള്ളിക്കൂടങ്ങളിലെ അധ്യാപകന്മാർ കുറഞ്ഞതരം വിദ്യാഭ്യാസയോഗ്യതയുള്ളവരാണെന്നുള്ള അഭിപ്രായത്തെ അനേകംപ്രാവശ്യം ഖണ്ഡിച്ചിട്ടുണ്ടെന്നും എനിക്കു വിശ്വാസയോഗ്യമായ അറിവു കിട്ടിട്ടുണ്ട്. ഇംഗ്ലീഷ്പള്ളിക്കൂടത്തിലെ ഒരു സ്ഥാനത്തിനു അപേക്ഷിക്കുന്ന ഒരാൾ അതിലേക്കു യോഗ്യനല്ലെന്നുള്ള കാരണത്താൽ ഉപേക്ഷിക്കപ്പെടുമ്പോൾ അയാളെ നാട്ടുഭാഷാ പള്ളിക്കൂടങ്ങളിൽ സ്വീകരിക്കുകയാകുന്നു സാധാരണ പതിവു എന്നു മിസ്റ്റർ കൃഷ്ണസ്വാമി അയ്യർ പറയുന്നു. വിവിധങ്ങളായ ഈ നിയമനങ്ങളുടെ ചരിത്രത്തെ സൂക്ഷ്മമായി പരിശോധിക്കുന്നതായാൽ ഇതു തീരെ ശരിയായ അഭിപ്രായമല്ലെന്നു ബോധ്യമാകുന്നതാണെന്നു ഞാൻ ധൈര്യസമേതം പറഞ്ഞുകൊള്ളുന്നു. യോഗ്യതയെ അനുസരിച്ചു മാത്രമല്ലാ മറ്റുകാരണങ്ങളെ ആശ്രയിച്ചും നിയമനങ്ങൾ നടത്തിവരുന്നുണ്ട്. ഒരുവൻ രണ്ടു മൂന്നു ഇംഗ്ലീഷ് പള്ളിക്കൂടത്തിലെ ഒരു സ്ഥാനത്തിനു അപേക്ഷിക്കുകയും തൽസ്ഥാനത്തിൽ നിയമിക്കപ്പെടുകയും ചെയ്യുമ്പോൾ അയാൾ ഇംഗ്ലീഷ് സ്കൂളിൽ പ്രവേശം നിരസിക്കപ്പെട്ടു നാട്ടുഭാഷാവിദ്യാലയത്തിൽ സ്ഥാനം ലഭിച്ചിട്ടുള്ള ഒരാളേക്കാൾ കൂടുതൽ വിദ്യാഭ്യാസയോഗ്യതയുള്ള ആളാണെന്നു പറയപ്പെടാവുന്നതല്ല. നിയമനങ്ങൾ നടക്കുന്നതിൽ പക്ഷപാതം തുടങ്ങിയ എത്രയോതരം പ്രോത്സാഹനങ്ങൾ ഉണ്ട്. ആദർശപരമായ സംഗതികളിൽ നിയമനങ്ങൾ യോഗ്യതയെമാത്രം നോക്കി ചെയ്തുവരുന്നു എന്നുള്ളതു് വാസ്തവമായിരിക്കാം. എന്നാൽ മറ്റുചില സ്ഥലങ്ങളിലെന്നപോലെ തിരുവിതാംകൂറിലെ സ്ഥിതികളെപ്പറ്റി അറിഞ്ഞിരിക്കുന്ന എല്ലാ നിയമനങ്ങളും നടത്തുന്നതിലും നിഷ്പക്ഷമായ നയം കൃത്യമായി അനുഷ്ഠിക്കുന്നുണ്ടെന്നു നമുക്കു ഊഹിക്കുവാൻ നിവൃത്തിയില്ല.

അതുകൊണ്ടു, ആലോചനാവിഷയമായിത്തീരേണ്ടതു മാർക്കുകൾമാത്രമല്ല. ഈ ഇവിടെ ഉദ്ദേശം നൂറിൽ അൻപതോളം വരുന്ന ഒരു സംഘം ജനങ്ങളുണ്ട്, അവർ നാട്ടുഭാഷാ വിദ്യാലയങ്ങളിൽ പഠിപ്പിച്ചുവരുന്നവരാണ്, അവർ കാര്യനിർവഹണക്ഷമതയുള്ളവരാണോ എന്നു നോക്കുകയാകുന്നു ഡയറക്ടർക്കുള്ള ഉത്തമമായ മാർഗ്ഗം. ഇപ്പോൾ നമുക്കു ഡിപ്പാർട്ടുമെൻറിനു പൊതുവായി ഒരു നിയന്ത്രണാധികാരിയുണ്ട്. അദ്ദേഹത്തിനു ഇംഗ്ലീഷ് പള്ളിക്കൂടങ്ങളോടോ നാട്ടുഭാഷാ പള്ളിക്കൂടങ്ങളോടോ പ്രത്യേകമായ താല്പര്യത്തിനു വകയില്ല. ഇം

ഗ്ലീഷ് പള്ളിക്കൂടങ്ങളിലും നാട്ടുഭാഷാ പള്ളിക്കൂടങ്ങളിലുമുള്ള അദ്ധ്യാപകന്മാർ പക്ഷപാതരഹിതമായ നീതിലാഭത്തിന്റെ അർഹതയെയാണ് ആശ്രയിക്കുന്നത്. ഈ അദ്ധ്യാപകന്മാരുടെ കാര്യശേഷിയെപ്പററി നിർണ്ണയിക്കുന്നതിനു അവരുടെ പരീക്ഷാഫലങ്ങളെയും ക്ലാസുകളിൽ അവർ ചെയ്യുന്ന ജോലികളേയും നോക്കുന്നതായാൽ ഡയറക്ടർക്ക് യാതൊരു പ്രയാസവും ഉണ്ടാകുന്നതല്ല. അവർ വേണ്ടുവോളം യോഗ്യതയുള്ളവരാണെന്നും അവർ ചെയ്യുന്ന ജോലി തൃപ്തികരമാണെന്നും മിസ്റ്റർ കൃഷ്ണസ്വാമി അയ്യർക്കു ബോദ്ധ്യമാകുന്നുവെങ്കിൽ അവർക്കു പരീക്ഷയിൽ യോഗ്യതാരീതിയായി കിട്ടീട്ടുള്ള കുറവായ മാർക്കു അവരുടെ ഉദ്യോഗത്തിൽ മേലേയ്ക്കുള്ള കയററത്തിനു തടസ്സമായിത്തീരരുതെന്നു അദ്ദേഹം സമ്മതിക്കാതിരിക്കയില്ല. ഉദ്യോഗക്കയററം കിട്ടാതെ ബി. എ. ക്കാരുടേയും ബുദ്ധിമുട്ടുന്ന സ്ഥിതിക്കു എം. എ. ക്കാരുടെ അവസ്ഥ എത്രമാത്രം ഖേദകരമാണെന്നു ചിലർ പറയുമായിരിക്കാം. എന്നാൽ അതല്ലാ ആലോചിക്കുവാനുള്ളത്. കുറെ കാലങ്ങൾക്കു മുമ്പു ഇവിടത്തെ ഇൻഡ്യൻ പ്രൊഫസർമാർക്കു യൂറോപ്യൻ പ്രൊഫസർമാരെപ്പോലെയുള്ള ശമ്പളം കിട്ടിയിരുന്നില്ല. അപ്പോൾ അവരുടെ ഇടയിൽ വലുതായ അതൃപ്തി ഉണ്ടായിക്കൊണ്ടിരുന്നു. എന്നാൽ തിരുവിതാംകൂറിലെ ഇൻഡ്യൻ പ്രൊഫസർമാർക്കു യൂറോപ്യൻ പ്രൊഫസർമാരെപ്പോലെ ശമ്പളംകൊടുക്കപ്പെടുകയുണ്ടായി. എന്നിട്ടും അവരുടെ ശമ്പളം ബ്രിട്ടീഷ് ഇൻഡ്യയിലെ പ്രൊഫസർമാരുടെ ശമ്പളത്തിനു തുല്യമായിട്ടില്ലെന്നു അവർ പരാതിപറയുന്നുണ്ട്.

നമുക്കു ഇവിടത്തെ ഈ സ്ഥിതിയെപ്പററി ആലോചിക്കാം. ഈ രാജ്യത്തിൽ ഒരേ ഡിപ്പാർട്ടുമെന്റിൽ നമുക്കു വളരെ സർവീസുള്ള അനേകം സ്കൂൾഫൈനൽകാരുണ്ട്. അവർ, തങ്ങളുടെ ഉദ്യോഗത്തിൽ ഏററവും പ്രാധാന്യവും വിലയും ഉള്ളതായി ഗണിക്കപ്പെടേണ്ടതായ നാട്ടുഭാഷാവിദ്യാലയങ്ങളിൽ പഠിപ്പിക്കുന്നവരായിത്തീരുവാൻ ഇടയായതുകൊണ്ടുമാത്രം താണപടിയിലുള്ളവരാണെന്നുള്ള ആക്ഷേപത്തിനു കാരണഭൂതരായിത്തീർന്നു. ഇതു വലുതായ ഒരു തെററാണെന്നുള്ളതിനു യാതൊരു സംശയവുമില്ല. യുക്തങ്ങളും വാസ്തവങ്ങളുമായ കാരണങ്ങൾ കൊണ്ടു അതിനെ സാധൂകരിച്ചിട്ടില്ല. അതുകൊണ്ടു അതു യഥാർത്ഥയോഗ്യതയുള്ള ആളുകളെ നാട്ടുഭാഷാവിദ്യാലയങ്ങളിൽ പ്രവേശിക്കുവാൻ പ്രോത്സാഹിപ്പിക്കയുമില്ല. പ്രസ്തുത യഥാർത്ഥയോഗ്യതയുള്ളവരെ നാട്ടുഭാഷാവിദ്യാലയങ്ങളിൽ ഉദ്യോഗം സ്വീകരിക്കുവാൻ പ്രോത്സാഹിപ്പിക്കുകയാകുന്നു അവർ ചെയ്യേണ്ടത്. ജർമ്മനിയിലും മററു രാജ്യങ്ങളിലും സർവകലാശാലയിൽനിന്നും ലഭിക്കുന്ന ഏററവും സമർത്ഥന്മാരായ ആളുകളെ താഴ്ന്ന ക്ലാസുകളിലേക്കാണ് അയക്കുന്നത്. അതിനുകാരണം വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനം അവിടെയാകുന്നു നല്ലപോലെ ഉറപ്പിക്കേണ്ടത്. ആ നയം അനുസരിച്ചു കൂടുതൽ യോഗ്യതയുള്ളവരെ നാട്ടുഭാഷാ വിദ്യാലയങ്ങളിലേക്കു പോകുവാൻ ഉത്സാഹിപ്പിക്കേണ്ടതാണ്. ഇപ്പോൾ ഇംഗ്ലീഷ് പള്ളിക്കൂടങ്ങളിൽ പകരം ജോലിനോക്കീട്ടുള്ളവരും സ്ഥിരമായ സ്ഥാനം കൊടുത്തിട്ടില്ലാത്തവരുമായി അനേകംപേർ ഉണ്ടെന്നു മിസ്റ്റർ കൃഷ്ണസ്വാമിഅയ്യർ പറയുന്നു. അവർ യഥാർത്ഥയോഗ്യതയുള്ളവരാണെങ്കിൽ മിസ്റ്റർ രാമൻമേനോൻ അഭിപ്രായപ്പെട്ടതുപോലെ നാട്ടുഭാഷാവിദ്യാലയങ്ങളിലുള്ള സ്ഥാനങ്ങളിൽ അവരെ നിയമിക്കാൻ പാടില്ലാത്തതെന്താണ്; ഇംഗ്ലീഷ് പള്ളിക്കൂടങ്ങളിലുണ്ടാകുന്ന ഒഴിവുകൾക്കു നാട്ടുഭാഷാവിദ്യാലയങ്ങളിലെ ഇംഗ്ലീഷ് അദ്ധ്യാപകന്മാരെ നിയമിക്കാൻ പാടില്ലാത്തതെന്തുകൊണ്ടാണ്? ഇംഗ്ലീഷ്പള്ളിക്കൂടങ്ങളിൽ പകരം ജോലിനോക്കീട്ടുള്ളവർ ഉദ്യോഗം ഒന്നും കിട്ടാതിരിക്കുന്നതിനേക്കാൾ നാട്ടുഭാഷാവിദ്യാലയങ്ങളിൽ സ്ഥിരമായ സ്ഥാനം ലഭിക്കുന്നതു ഇഷ്ടപ്പെടാതിരിക്കയില്ലെന്നു എനിക്കു നിശ്ചയമുണ്ട്. ഇതു വളരെ പ്രയാസമുള്ളതോ കുഴപ്പമുള്ളതോ ആയ ഒരു കാര്യമല്ല. തീരെ കാര്യശേഷിയില്ലാത്തവരെപ്പററി ആലോചിക്കേണ്ടതുമില്ല. എന്നാൽ നാട്ടുഭാഷാവിദ്യാലയങ്ങളിൽ നല്ലപോലെ ജോലിനോക്കി അവരുടെ കാര്യശേഷിയെപ്പററി തെളിയിച്ചിട്ടുള്ള അദ്ധ്യാപകന്മാർക്കു ഇംഗ്ലീഷ്പള്ളിക്കൂടങ്ങളിലുള്ള ഉയർന്നസ്ഥാനങ്ങൾക്കു കയററംകൊടുക്കുകയും മിസ്റ്റർ കൃഷ്ണസ്വാമിഅയ്യർ അനുഭാവപൂർവം പ്രസ്താവിച്ച ഇംഗ്ലീഷ്പള്ളിക്കൂടങ്ങളിൽ പകരംജോലിനോക്കീട്ടുള്ള ആളുകളെ നാട്ടുഭാഷാവിദ്യാലയങ്ങളിൽ സ്ഥിരമായി നിയമിക്കുകയും ചെയ്യേണ്ടതാകുന്നു. കഴിഞ്ഞ പന്ത്രണ്ടോ പതിമ്മൂന്നോ വർഷം പതിനഞ്ചോ പതിനെട്ടോ രൂപാശമ്പളം വാങ്ങിക്കുന്ന ഒരു ഇ. എ്സ്. എൽ. സി. ക്കാരനായ അദ്ധ്യാപകൻ ഇവിടെ ഉണ്ട്. കഴിഞ്ഞവർഷത്തിൽ പരീക്ഷ ജയിച്ചിട്ടുള്ള ആ അദ്ധ്യാപകന്റെ ഒരു ശിഷ്യനു ഇംഗ്ലീഷ്പള്ളിക്കൂടത്തിൽ [illegible] മുതൽ ൪൦ രൂപാവരെ ശമ്പളംകൊടുത്തു നിയമിക്കുകയുണ്ടായി. നാട്ടുഭാഷാവിദ്യാലയങ്ങളിൽ അനേകം വർഷം ജോലിനോക്കീട്ടുള്ള അദ്ധ്യാപകന്മാരുടെ സ്ഥാനത്തിൽ [illegible] രൂപാശമ്പളം കൊടുത്തു സ്ഥിരമായി നിയമിച്ചാൽ അയാൾ സന്തോഷപൂർവ്വം അതു കൈക്കൊള്ളുമായിരുന്നു.

മി. സി. പി. തോമസ്സ് (നിയമിതമെമ്പർ): സർ. സി. പി. കെ. നാരായണപിള്ള കൊണ്ടുവന്നിട്ടുള്ള പ്രമേയത്തെ അനുകൂലിക്കുന്നതിൽ എനിക്കു വളരെ സന്തോഷമുണ്ട്. പ്രമേയത്തിനു അടിസ്ഥാനമായിരിക്കുന്ന പൊതുവായ തത്വത്തെ ഡിപ്പാർട്ടുമെന്റു അംഗീകരിച്ചതിൽ ഞാൻ സന്തോഷിക്കുന്നു. എന്നാൽ ഇതിനെ പ്രമേയത്തിൽ കൊണ്ടുവരുന്നതുസംബന്ധിച്ചു വിദ്യാഭ്യാസഡയറക്ടർ ചില തടസ്സങ്ങളെ എടുത്തു പറയുകയുണ്ടായി. അദ്ദേഹംപ്രസ്താവിച്ച ആദ്യത്തെ തടസ്സം നാട്ടുഭാഷാവിദ്യാലയങ്ങളിലെ അദ്ധ്യാപകന്മാരോടു താരതമ്യപ്പെടുത്തുമ്പോൾ ഇംഗ്ലീഷ്പള്ളിക്കൂടങ്ങളിലെ അദ്ധ്യാപകന്മാർ കൂടുതൽ യോഗ്യതയുള്ളവരാണെന്നുള്ളതാണ്. എന്നാൽ ഇംഗ്ലീഷ്സ്കൂൾ ഇൻസ്പെക്ടർ ഇംഗ്ലീഷ്സ്കൂളുകളിലുള്ള അദ്ധ്യാപകന്മാരെ സംബന്ധിച്ചു ഈ അവകാശം പുറപ്പെടുവിക്കുമ്പോൾ മലയാളം സ്കൂൾ ഇൻസ്പെക്ടർ ആ അവകാശത്തെ അനുവദിച്ചു കൊടുക്കുകയില്ലെന്നുള്ളതു നാം ഓർമ്മിക്കേണ്ടതാകുന്നു. എന്റെ സ്നേഹിതന്മാരിൽ ചിലർ പറഞ്ഞിട്ടുള്ളതുപോലെ ഇംഗ്ലീഷ് സ്കൂൾ ഇൻസ്പെക്ടർ കുറെ കൂടുതൽ മാർക്കു കിട്ടീട്ടുള്ള അപേക്ഷകന്മാരെ തിരഞ്ഞെടുക്കുന്നതിൽ പ്രത്യേകം നിഷ്കർഷിച്ചിട്ടുണ്ടായിരിക്കാം. എന്നാൽ അദ്ധ്യാപകന്മാരുടെ യോഗ്യതകളെ പരിഗണനം ചെയ്യുന്നതിനു നമുക്കുള്ള തോതു കിട്ടിയിട്ടുള്ള മാർക്കുകളുടെ സംഖ്യയിലുള്ള വ്യത്യാസമായിരിക്കാൻ പാടില്ലെന്നു ഞാൻ അറിയിച്ചുകൊള്ളുന്നു. ഒരു നിശ്ചിതകാലത്തിനുള്ളിൽ അവർ വിദ്യാലയങ്ങളിൽ കഴിച്ചിട്ടുള്ള ജോലികളെ നോക്കിവേണം അദ്ധ്യാപകന്മാരുടെ യോഗ്യത നിർണ്ണയിക്കേണ്ടതെന്നാകുന്നു എന്റെ അഭിപ്രായം.

നാട്ടുഭാഷാവിദ്യാലയങ്ങളിലുള്ള അദ്ധ്യാപകന്മാർക്കു അവരുടെ സർവീസിന്റെ ആധിക്യമനുസരിച്ചു മുറയ്ക്കു ഉദ്യോഗക്കയററം കൊടുക്കുന്ന കാര്യം സാദ്ധ്യമല്ലെന്നു മിസ്റ്റർ കൃഷ്ണസ്വാമിഅയ്യർ പറയുകയുണ്ടായി. ഈ നാട്ടുഭാഷാവിദ്യാലയങ്ങളിലെ അദ്ധ്യാപകന്മാർക്കു അവരുടെ സീനിയാരിട്ടി അനുസരിച്ചു മുറയ്ക്കു ഉദ്യോഗക്കയററം കൊടുക്കണമെന്നു ഞങ്ങൾ ആഗ്രഹിക്കുന്നില്ലെന്നു ഞാൻ അദ്ദേഹത്തിനോടു ഉറപ്പുപറഞ്ഞുകൊള്ളുന്നു. അവരുടെ യോഗ്യതയനുസരിച്ചു അവർക്കു ഉദ്യോഗക്കയററം കൊടുത്താൽ മതിയാകുന്നതാണ്.

വിദ്യാഭ്യാസഡയറക്ടർ പുറപ്പെടുവിച്ച മേൽപറഞ്ഞ ഉത്തരവിന്മേൽ തടസ്സം ഈ രണ്ടുതരം അദ്ധ്യാപകന്മാരുടേയും ജോലികളുടെ സ്വഭാവവും ഉദ്ദേശവും ഒരേപ്രകാരത്തിലുള്ളതല്ലെന്നാണ്. ആ അഭിപ്രായത്തിനു മറുപടിയായി എനിക്കു പറവാനുള്ളത്: ഇംഗ്ലീഷ് പള്ളിക്കൂടങ്ങളിലെ, പ്രിപ്പാറേറ്ററിക്ലാസ്സ്, ഫാറം എ, ഫാറം ബി എന്നിവകളിൽ നിശ്ചയിച്ചിട്ടുള്ള പാഠപദ്ധതികളെ നാട്ടുഭാഷാ വിദ്യാലയങ്ങളിലെ ൫, ൬, ൭ എന്നീ ക്ലാസ്സുകൾക്കുള്ള പാഠപദ്ധതികളോടു താരതമ്യപ്പെടുത്തി പരിശോധിച്ചു നോക്കുന്നതായാൽ രണ്ടിലുമുള്ള സിലബസ് പ്രയോഗത്തിൽ ഒരുപോലെയാണെന്നു കാണാവുന്നതാണെന്നാകുന്നു. ഇംഗ്ലീഷ് പള്ളിക്കൂടങ്ങളിൽ രണ്ടാംഫാറം വരെയുള്ള എല്ലാ ക്ലാസുകളിലും രണ്ടാംഫാറത്തിലും ഭാഷയല്ലാത്ത എല്ലാ വിഷയങ്ങളും നാട്ടുഭാഷയിലാണ് പഠിപ്പിച്ചുവരുന്നത്. അതുകൊണ്ടു ഭാഷയല്ലാതെ വിഷയങ്ങൾ പഠിപ്പിക്കുന്ന വിഷയത്തിലെങ്കിലും നാട്ടുഭാഷാവിദ്യാലയങ്ങളിലെ അദ്ധ്യാപകന്മാരുടെ വേല ഇംഗ്ലീഷ് പള്ളിക്കൂടങ്ങളിലുള്ള അതേതരം അദ്ധ്യാപകന്മാരുടേതുപോലെ അത്രമാത്രം ക്ലിഷ്ടമായിട്ടുള്ളതല്ലെന്നുള്ള സംഗതി നാം ഓർമ്മിക്കേണ്ടതാണ്.

ഇംഗ്ലീഷ് സിലബസ് സംബന്ധിച്ചിടത്തോളവും പ്രിപ്പാറേറ്ററി ക്ലാസ്, ഫാറം എ, ഫാറം ബി എന്നിവകൾക്കു നിശ്ചയിച്ചിട്ടുള്ള പാഠപദ്ധതി നാട്ടുഭാഷാവിദ്യാലയങ്ങളിലെ ൫, ൬, ൭ എന്നീ ക്ലാസുകൾക്കു നിശ്ചയിച്ചിട്ടുള്ളതിനോടു തുല്യമായതാണെന്നുവേണം പറവാൻ. അതുകൊണ്ടു ഈ ക്ലാസുകളെ സംബന്ധിച്ചിടത്തോളം, നാട്ടുഭാഷാവിദ്യാലയങ്ങളിലെ അദ്ധ്യാപകന്മാർ ചെയ്തിട്ടുള്ള ജോലി ഇംഗ്ലീഷ് പള്ളിക്കൂടങ്ങളിലെ അതേതരം അദ്ധ്യാപകന്മാർ ചെയ്തിട്ടുള്ളതിൽനിന്നും ഒരുവിധത്തിലും ഭിന്നമായിട്ടുള്ളതാണെന്നു വിചാരിക്കുവാൻ യാതൊരു കാരണവും കാണുന്നില്ല. വാസ്തവത്തിൽ നാട്ടുഭാഷാവിദ്യാലയങ്ങളിലെ ഇംഗ്ലീഷിന്റെ സ്റ്റാൻഡേർഡു ഇംഗ്ലീഷ് സ്കൂളിലെ സ്റ്റാൻഡേർഡിനേക്കാൾ താഴ്ന്ന നിലയിലായിട്ടാണ് കാണപ്പെടുന്നതെന്നു പറയപ്പെടുന്നുണ്ട്. എന്നാൽ അതിനുള്ള കാരണം അദ്ധ്യാപകന്മാരുടെ കാര്യക്ഷമതക്കുറവല്ല. ഈ അടുത്തകാലംവരെ, വെർണാക്കുലർ സ്കൂൾ ഡിപ്പാർട്ടുമെന്റിലെ ഇംഗ്ലീഷ് ഉപേക്ഷിക്കപ്പെട്ടിരിക്കയായിരുന്നു എന്നു മാത്രമല്ല, ആ ഡിപ്പാർട്ടുമെന്റിലേക്കു പരീക്ഷായോഗ്യതയുള്ള അദ്ധ്യാപകന്മാരെ കൊടുത്തുവന്നിരുന്നുമില്ല. രണ്ടോ മൂന്നോ വർഷങ്ങൾക്കു മുമ്പുമാത്രമേ, വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിന്റെ ശ്രദ്ധ ആ വിഷയത്തിൽ പതിയുകയും, വെർണാക്കുലർ സ്കൂൾ ഡിപ്പാർട്ടുമെന്റിലേക്കു പരീക്ഷായോഗ്യതയുള്ള അദ്ധ്യാപകന്മാരെ തിരഞ്ഞെടുക്കുവാൻ ആവശ്യമുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തുള്ളു. ഡിപ്പാർട്ടുമെന്റിന്റെ നയത്തിലുള്ള ഈ മാറ്റത്തിന്റെ ഫലമായി നാട്ടുഭാഷാ വിദ്യാലയങ്ങളിലെ ഇംഗ്ലീഷ് ഭാഷാഭ്യസനത്തിന്റെ അതിശീഘ്രമായ അഭിവൃദ്ധിയുണ്ടായിരിക്കുമെന്നു എനിക്കു നിശ്ചയമുണ്ട്. ഈ നാട്ടുഭാഷാവിദ്യാലയങ്ങളിലെ അദ്ധ്യാപകന്മാരിൽ ചിലർ ഇംഗ്ലീഷ് പഠിപ്പിക്കുന്നതിൽ തീരെ പാടവമില്ലാത്തവരാണെന്നു കാണപ്പെട്ടാലും, അപ്രകാരമുള്ള അദ്ധ്യാപകന്മാർക്കു ഭാഷയല്ലാത്ത വിഷയങ്ങൾസംബന്ധിച്ചു കൂടുതൽജോലി കൊടുക്കത്തക്കവണ്ണം ടൈംടേബിൾ ക്രമപ്പെടുത്തുകയും ഇംഗ്ലീഷ് പഠിപ്പിക്കുവാൻ സാമർത്ഥ്യമുള്ള അദ്ധ്യാപകന്മാർക്കു ഇംഗ്ലീഷ് പഠിപ്പിക്കുന്ന ജോലി കൊടുക്കുകയും ചെയ്യാവുന്നതാകുന്നു. ആ സംഗതി ഓരോ സ്കൂളിലെയും ഹെഡ്മാസ്റ്റരന്മാർക്കു വളരെ എളുപ്പത്തിൽ ക്രമപ്പെടുത്താവുന്നതാണ്. ഇംഗ്ലീഷ് പഠിപ്പിക്കുവാൻ യോഗ്യതയുള്ള അദ്ധ്യാപകന്മാരെ കണ്ടുപിടിച്ചു ആ ജോലി അവരെ ഭരമേല്പിച്ചു ഭാഷയല്ലാത്ത വിഷയങ്ങൾ ഇംഗ്ലീഷ് പഠിപ്പിക്കുവാൻ സാമർത്ഥ്യമില്ലാത്തവർക്കു കൊടുക്കുവാൻ അദ്ദേഹത്തിനു എളുപ്പത്തിൽ സാധിക്കുന്നതാകുന്നു. അതു വളരെ നിസ്സാരവും എളുപ്പത്തിൽ ശരിപ്പെടുത്താവുന്നതുമായ സംഗതിയാണ്.

വേറെ പുറപ്പെടുവിച്ച വളരെ വലുതായ ഒരു തടസ്സം ആവശ്യമുള്ളിടത്തോളം ഒഴിവുകൾ ഇല്ലെന്നുള്ളതാണ്. കഴിഞ്ഞ രണ്ടു മൂന്നു വർഷങ്ങളിൽ സ്ഥിരമായി ഒരു പുതിയ അദ്ധ്യാപകനെയെങ്കിലും ഇംഗ്ലീഷ് സ്കൂളുകളിൽ നിയമിക്കുവാൻ സാധിച്ചിട്ടില്ലെന്നും അഞ്ചും ആറും വർഷം പകരം ജോലിനോക്കീട്ടുള്ള അനേകംപേർക്കു സ്ഥിരനിയമനം സിദ്ധിക്കുവാൻ കഴിഞ്ഞിട്ടില്ലെന്നും മിസ്റ്റർ കൃഷ്ണസ്വാമിഅയ്യർ പ്രസ്താവിച്ചു. ഈ വിഷമതക്കുള്ള പരിഹാരം വളരെ നിസ്സാരമായിട്ടുള്ളതാണ്. ഇംഗ്ലീഷ് സ്കൂളുകളിൽ സ്ഥിരമായ ഒഴിവുകൾ ഉണ്ടാകുമ്പോഴെല്ലാം നാട്ടുഭാഷാ വിദ്യാലയങ്ങളിലുള്ള സ്ഥിരപ്പണിക്കാരെ നിയമിക്കുകയും ഇംഗ്ലീഷ് സ്കൂളുകളിൽ പകരം ജോലിനോക്കിക്കൊണ്ടിരുന്നവരെ നാട്ടുഭാഷാവിദ്യാലയങ്ങളിലുണ്ടായിട്ടുള്ള സ്ഥിരഒഴിവിൽ എടുക്കുകയും ചെയ്യേണ്ടതാണ്. സർ, ഇപ്പോൾ, വർഷംപ്രതി ശിക്ഷാക്രമപരിശീലനത്തിനു അദ്ധ്യാപകന്മാരെ എടുക്കുന്നതു സംബന്ധിച്ചു ഇംഗ്ലീഷ് സ്കൂൾ ഡിപ്പാർട്ടുമെന്റിൽ പത്തും പന്ത്രണ്ടും വീതം പകരത്തിനുള്ള ഒഴിവുകൾ ഉണ്ടാകാറുണ്ടു. ക്ലിപ്തമായ സംഖ്യ എത്രയെന്നു എനിക്കു നിശ്ചയമില്ല. അനേകം വർഷമായി നാട്ടുഭാഷാവിദ്യാലയങ്ങളിൽ ജോലിനോക്കിവരുന്ന അദ്ധ്യാപകന്മാരെ ഈ പകരത്തിനുള്ള ഒഴിവുകളിൽ നിയമിക്കുന്നതായാൽ അവർ വളരെ നന്ദിയുള്ളവരായിരിക്കും. ഇപ്രകാരം ചെയ്യുന്നതായാൽ നാട്ടുഭാഷാവിദ്യാലയങ്ങളിലുണ്ടാകുന്ന അവരുടെ ഒഴിവുകളിൽ പുതിയ ആളുകളെ എടുക്കാവുന്നതുമാണ്. അതുകൊണ്ടു, ഇവരെ നിയമിക്കണമെന്നു വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിനു ആഗ്രഹമുണ്ടെങ്കിൽ അപ്രകാരംചെയ്തു അവരെ സഹായിക്കുന്നതിനു എത്രയോ മാർഗ്ഗങ്ങൾ കാണാവുന്നതാണ്.

നാട്ടുഭാഷാ വിദ്യാലയങ്ങളിലെ സ്ഥിതി ഇംഗ്ലീഷ് വിദ്യാലയങ്ങളിലേപ്പോലെ അത്രമാത്രം ഉയർന്ന രീതിയിലല്ലെന്നു ഇവിടെ പ്രസ്താവിക്കുകയുണ്ടായി. അതിൽ ചില വാസ്തവമുണ്ടായിരിക്കാം. എന്നാൽ ഈ രാജ്യത്തിന്റെ അഭിവൃദ്ധിയിലും പുരോഗമനത്തിലും നാട്ടുഭാഷാവിദ്യാഭ്യാസത്തിനുള്ള സർവ്വപ്രധാനമായ പ്രാധാന്യത്തെ ഗണിക്കുമ്പോൾ നാട്ടുഭാഷാവിദ്യാലയത്തിലെ ഈ സ്ഥിതിയെ പരിഷ്കരിക്കുന്നതിലേയ്ക്കായി ശ്രമിക്കേണ്ടതു വളരെ ആവശ്യമായിട്ടുള്ളതാണെന്നു എനിക്കു തോന്നുന്നു. ഈ സ്ഥിതിയെ പരിഷ്കരിക്കുന്നതിനുള്ള മാർഗ്ഗങ്ങളിലൊന്നു നാട്ടുഭാഷാവിദ്യാലയങ്ങളിലെ അദ്ധ്യാപകന്മാരുടെ ശമ്പളവും അഭിവൃദ്ധിമാർഗ്ഗങ്ങളും നല്ല നിലയിലാക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യുകയും, അപ്പർ ഇംഗ്ലീഷ് മിഡിൽസ്കൂൾ അദ്ധ്യാപകന്മാരുടേതിനോടു തുല്യമായ നിലയിൽ കൊണ്ടുവരികയും ആകുന്നു. ഈ രണ്ടുതരം സ്ഥാപനങ്ങളുടേയും സിലബസുകൾക്കു തമ്മിലുള്ള സാദൃശ്യത്തെ ആലോചിക്കുമ്പോൾ അതു അത്യാവശ്യമാണ്. ഏതാനും വർഷങ്ങൾക്കുമുമ്പു വെർണാക്കുലർ സ്കൂൾ അസിസ്റ്റന്റു ഇൻസ്പെക്ടരന്മാരെ ആ ഡിപ്പാർട്ടുമെന്റു ശാഖയിൽതന്നെ വളരെക്കാലം ഇരുന്നുകൊള്ളുവാൻ അനുവദിക്കുകയും, ഇംഗ്ലീഷ്സ്കൂൾ ശാഖയിലേക്കു കയററം കിട്ടണമെന്നു അവർ ആവശ്യപ്പെട്ടപ്പോൾ അവർക്കു ഇംഗ്ലീഷുമായിട്ടുള്ള ബന്ധം ഇല്ലാതെയിട്ടു വളരെക്കാലമായിപ്പോയിരിക്കയാൽ അവിടെ ഇംഗ്ലീഷ്സ്കൂളുകളിൽ അവർ തൃപ്തികരമായ ജോലിചെയ്യുമെന്നു ആശിക്കുവാൻ നിവൃത്തിയില്ലെന്നും അവരോടു മറുപടി പറ

ക്കുകയും ചെയ്തിട്ടുള്ളതായി എനിക്കറിയാം. ഇപ്രകാരം അഭിപ്രായപ്പെടുന്നതു തീരെ യോഗ്യമല്ലെന്നുള്ളതു നിശ്ചയമാണ്. അടുത്തകാലത്തു ആ തെററിനെ ഡിപ്പാർട്ടുമെൻറു പരിഹരിച്ചതിൽ ഞാൻ സന്തോഷിക്കുന്നു. ഇപ്പോൾ അവർ, ഇംഗ്ലീഷ് സ്ക്കൂൾ അദ്ധ്യാപകന്മാരെ നാട്ടുഭാഷാ വിദ്യാലയങ്ങളുടെ അസിസ്റ്റൻറു ഇൻസ്പെക്ടറന്മാരായിട്ടു അയയ്ക്കുകയും മൂന്നോ നാലോ വർഷം കഴിയുമ്പോൾ അവരെ വീണ്ടും ഇംഗ്ലീഷ് സ്ക്കൂളിലേയ്ക്കു തിരിയെ എടുക്കുകയും ചെയ്യുന്നു. ഇതുനിമിത്തം അവർക്കു രണ്ടുതരം ജോലികളുമായി ബന്ധമുണ്ടായിരിക്കുന്നതാണ്. ഈ കാരണങ്ങളാൽ, സർ, ഈ പ്രമേയത്തെ അനുകൂലിക്കുന്നതിൽ എനിക്കു വളരെയധികം സന്തോഷമുണ്ട്.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): നാട്ടുഭാഷാ വിദ്യാലയങ്ങളിൽ നിന്നും ഇ. എസ്. എൽ. സി. ക്കാരെ ഇംഗ്ലീഷ് സ്ക്കൂളുകളിലേക്കു എടുക്കണമെന്നാണോ അതോ അവരെ അവിടെത്തന്നെ വെച്ചുകൊണ്ടു അവരുടെ ശമ്പളവും അഭിവൃദ്ധിമാർഗ്ഗങ്ങളും വർദ്ധിപ്പിക്കണമെന്നാണോ അദ്ദേഹം അഭിപ്രായപ്പെടുന്നതെന്നു ഞങ്ങളെ അറിയിക്കാമോ?

മി. സി. പി. തോമസ് (നിയമിതമെമ്പർ): അതു സംബന്ധിച്ചു എനിക്കു പറയുവാനുള്ളതു വെർണാക്കുലർ സ്ക്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളം ഇംഗ്ലീഷ് സ്ക്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളത്തിനോളം തുല്യമായ നിലയിൽ കൊണ്ടുവരുവാൻ സാധിക്കുമെങ്കിൽ അവരെ അവിടെത്തന്നെയിരിക്കുവാൻ അനുവദിക്കാവുന്നതാണ് എന്നാകുന്നു. പക്ഷെ ഈ സംഗതിക്കു പരിഹാരം ഉണ്ടാക്കുവാനുള്ള ഏററവും എളുപ്പമായ വഴി അതുതന്നെയായിരിക്കും. എന്നാൽ നാട്ടുഭാഷാവിദ്യാലയങ്ങളിൽ ഈടാക്കുന്ന ഫീസു വളരെ കുറവായതുകൊണ്ടും നാട്ടുഭാഷാവിദ്യാഭ്യാസത്തിനായിട്ടുള്ള ചെലവു വളരെ അധികമായതുകൊണ്ടു ഇതു സാദ്ധ്യമാണോ എന്നു ഞാൻ സംശയപ്പെടുന്നു. അതു സാദ്ധ്യമാണെങ്കിൽ നിശ്ചയമായിട്ടും ഈ സംഗതിയെ പരിഹരിക്കുന്നതിനുള്ള ഏററവും എളുപ്പമായ മാർഗ്ഗം അതുതന്നെയായിരിക്കും.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): നാട്ടുഭാഷാവിദ്യാലയങ്ങളിലുള്ള ഇ. എസ്. എൽ. സിക്കാർ. ഇംഗ്ലീഷ് പള്ളിക്കൂടങ്ങളിലുള്ള അപ്രകാരമുള്ള അദ്ധ്യാപകന്മാരെപ്പോലെ കാര്യക്ഷമതയുള്ളവരാണെന്നു അദ്ദേഹം വിചാരിക്കുന്നുണ്ടോ?

മി. സി. പി. തോമസ് (നിയമിതമെമ്പർ): ഇംഗ്ലീഷ് സ്ക്കൂളുകളിലുള്ളവരെപ്പോലെ അവർ അത്രമാത്രം കാര്യക്ഷമതയുള്ളവരായിരിക്കുവാൻ പാടില്ലാത്തതു എന്തുകൊണ്ടാണെന്നു ഞാൻ അറിയുന്നില്ല.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ആ കാരണത്തിന്മേൽ നാട്ടുഭാഷാവിദ്യാലയങ്ങളിലുള്ള നല്ല അദ്ധ്യാപകന്മാരെ ഇംഗ്ലീഷ് സ്ക്കൂളിലേക്കു കയററംകൊടുത്തു മാററുമ്പോൾ നാട്ടുഭാഷാവിദ്യാലയങ്ങളുടെ സ്ഥിതി മോശമാകുകയില്ലയോ?

മി. സി. പി. തോമസ് (നിയമിതമെമ്പർ): രണ്ടു ഡിപ്പാർട്ടുമെൻറിലുമുള്ള അദ്ധ്യാപകന്മാരെ പരസ്പരം മാററുന്നതു സംബന്ധിച്ചുള്ള എൻെറ പദ്ധതി ഈ വിഷമതയെ പരിഹരിക്കുന്നതാണ്.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഈ ഇ. എസ്. എൽ. സിക്കാർക്കു പകരം വി. എച്ച്.കാരെ നിയമിക്കുന്നതു സംബന്ധിച്ചു മെമ്പറുടെ അഭിപ്രായം എന്താണെന്നു ഞങ്ങളെ അറിയിക്കാമൊ?

മി. സി. പി. തോമസ് (നിയമിതമെമ്പർ): വെർണാക്കുലർ ഹയർകാർ മിഡിൽസ്ക്കൂൾ ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചവരാകുന്നു.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഈ സ്ഥാനങ്ങളിൽ വി. എച്ച്.കാരെ നിയമിക്കുന്നതായാൽ 40 രൂപാവരെ ശമ്പളംകൂട്ടുന്ന ഇംഗ്ലീഷ് പള്ളിക്കൂടങ്ങളിലേക്കു അവരെ സ്ഥലംമാററുവാനുള്ള സൌകര്യം അവർക്കു ലഭിക്കുന്നതാണ്.

മി. സി. പി. തോമസ് (നിയമിതമെമ്പർ): മെമ്പറുടെ ഉദ്ദേശം എന്താണെന്നു എനിക്കു മനസ്സിലാകുന്നില്ല.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): വി. എച്ച്കാർക്കു അവരെ മുൻഷിമാരായി ഇംഗ്ലീഷ് സ്ക്കൂളിലേയ്ക്കു എടുക്കുമ്പോൾ ഉടനടി 40 രൂപാ ശമ്പളം കിട്ടുന്നുണ്ടെന്നു മെമ്പർക്കു അറിയാമൊ?

മി. സി. പി. തോമസ് (നിയമിതമെമ്പർ): ഇപ്പോഴത്തെ ഏർപ്പാടിൻപ്രകാരം അപ്രകാരമല്ലാതെ നിവൃത്തിയില്ല.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): വി. എച്ച്. കാരെ ഇംഗ്ലീഷ് സ്ക്കൂളിലേക്കു മുൻഷിമാരായി നിയമിക്കുമ്പോൾ അവർക്കു ഉടനടി 40 രൂപാ കിട്ടുന്നുണ്ടെന്നുള്ള വിവരം മെമ്പർക്കു അറിവുണ്ടോ? അതു അപ്രകാരമാണെങ്കിൽ ഈ. വി. എച്ച് കാരും പരാതി പറയുകയില്ലയോ?

പ്രസിഡൻറ്. വി. എച്ച് കാർ എന്നാൽ ആരാണ്?

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): വെർണാക്കുലർ ഹയർപരീക്ഷ ജയിച്ചിട്ടുള്ളവരെന്നർത്ഥം. ഈ. വി. എച്ച്. കാർ നാളെ അതേവഴക്കു പറയുകയില്ലയോ? ഡിപ്പാർട്ടുമെൻറിനു ഈ ആളുകളുടെയെല്ലാം അവകാശങ്ങളെ നിവർത്തിച്ചുകൊടുക്കുവാൻ സാധിക്കുന്നതാണോ?

മി. സി. പി. തോമസ് (നിയമിതമെമ്പർ): ഇപ്പോഴത്തെ ഏർപ്പാടനുസരിച്ചു ഈ അദ്ധ്യാപകന്മാരെ നാട്ടുഭാഷാപള്ളിക്കൂടങ്ങളിൽനിന്നും ഇംഗ്ലീഷ് പള്ളിക്കൂടങ്ങളിലേക്കു സ്ഥലം മാററുന്ന കാര്യം പ്രായോഗികമായിട്ടുള്ളതാണെന്നു ഞാൻ വിചാരിക്കുന്നില്ല. എൻെറ സ്വന്തം അഭിപ്രായം അപ്രകാരം ഒരു ഏർപ്പാടു നടപ്പിൽ വരുത്തുവാൻ സാധിക്കുമെങ്കിൽ അതു നല്ലതാണെന്നാകുന്നു. നാട്ടുഭാഷമുഖേന ഭാഷയല്ലാത്ത വിഷയങ്ങൾ പഠിപ്പിക്കുന്നതിനു വെർണാക്കുലർ ഹയർ പരീക്ഷ പാസ്സായിട്ടുള്ളവർ ഇ. എസ്. എൽ. സി.ക്കാരെക്കാൾ പ്രാപ്തിയുള്ളവരല്ലെന്നിരുന്നാലും അവരോളം സാമർത്ഥ്യമുള്ളവരാണെന്നാണു എനിക്കു തോന്നുന്നതു്.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല). അതുകൊണ്ടു അദ്ദേഹം ഇപ്പോഴത്തെ ഈ സ്ഥിതിക്കു ഏതെങ്കിലും ഒരു പരിഹാരമാർഗ്ഗം നിർദ്ദേശിക്കുന്നുണ്ടോ?

മി. സി. പി. തോമസ് (നിയമിതമെമ്പർ): ഞാൻ ആ സംഗതിയെപ്പററി ആലോചിച്ചിട്ടില്ല.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഞാൻ എഴുന്നേൽക്കുന്നതു ഈ പ്രമേയത്തെ അനുകൂലിക്കുവാനാകുന്നു. എൻെറ അഭിപ്രായത്തിൽ ഈ പ്രശ്നം അതു കാണപ്പെടുന്നതിൽനിന്നും കൂടുതൽ ഗൌരവമായി

ആലോചനയെ അർഹിക്കുന്നുണ്ട്. അതു ശ്രദ്ധിക്കപ്പെടുത്തുവാൻ ഉദ്യമിക്കുന്നതിൽനിന്നും കൂടുതൽ സംഗതി അതിൽ അടങ്ങിയിട്ടുണ്ട്. രണ്ടുതരം ആളുകളുടേയും പരിക്ഷായോഗ്യത ഒരേ പ്രകാരമാകുന്നു എന്നുള്ളതാണു വാദമെങ്കിൽ അതു ഏതെങ്കിലുംതരത്തിൽ ഗൌരവമായ ആലോചനയെ അർഹിക്കുന്നതാണെന്നു ഞാൻ പറയുകയില്ലായിരുന്നു. ഒരേതരം പരിക്ഷായോഗ്യതയുള്ളവർ പല തരത്തിലുള്ള ശമ്പളവും അവകാശങ്ങളും സിദ്ധിക്കുന്നവരായിട്ട എത്രതന്നെയുണ്ടായിരുന്നാലും അതു എളുപ്പത്തിൽ സമാധാനിക്കാവുന്നതാണ്. ഞാൻ പറയുന്നതു അവർ ഇംഗ്ലീഷ് പള്ളിക്കൂടങ്ങളിലും ലോയർഗ്രേഡ് എലിമെന്ററി സ്കൂളിലും ഒരേതരം ജോലിതന്നെ ചെയ്യുന്നു എന്നാണ്. പഠിപ്പിക്കുന്ന വിഷയങ്ങൾ സംബന്ധിച്ചോ അവ പഠിപ്പിക്കുന്ന രീതിസംബന്ധിച്ചോ യാതൊരു തരം വ്യത്യാസവും ഇല്ല. നാട്ടുഭാഷാവിദ്യാലയങ്ങളിലുള്ള ഇംഗ്ലീഷ് അദ്ധ്യാപകന്മാർ ഇംഗ്ലീഷ്മാത്രമേ പഠിപ്പിക്കുന്നുള്ളു. എന്നാൽ ലോവർഗ്രേഡ് സെക്കണ്ടറി വിദ്യാലയങ്ങളിൽ മററു വിഷയങ്ങളെല്ലാം നാട്ടുഭാഷവഴിയായിട്ടാണു പഠിപ്പിച്ചുവരുന്നതു. ഇവിടെ ഇംഗ്ലീഷുമാത്രം ഇംഗ്ലീഷിൽ പഠിപ്പിക്കുന്നു എന്നൊരു വ്യത്യാസം മാത്രമേ ഉള്ളു.

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): നാട്ടുഭാഷാവിദ്യാലയങ്ങളിൽ ഇ. എസ്. എൽ. സി. ക്കാർ ഇംഗ്ലീഷ്മാത്രമല്ല പഠിപ്പിക്കുന്നതു എന്നു മെമ്പർക്ക അറിയാമോ?

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഉണ്ട്. എനിക്ക അതിനെപ്പററി അറിവുണ്ട്. ഒഴിവുള്ള സമയങ്ങളിൽ അവർക്ക മററു വിഷയങ്ങളും കൊടുക്കാറുണ്ട്. അദ്ധ്യയനരീതി സംബന്ധിച്ചിടത്തോളം വ്യത്യാസം യാതൊന്നും ഇല്ല. ഇവിടെ നാം വ്യത്യാസം നിലനിറുത്തുകയാണ ചെയ്യുന്നതു. ആ വ്യത്യാസം ഒരുതരം വിദ്യാലയങ്ങളെ നാട്ടുഭാഷാവിദ്യാലയങ്ങളെന്നും മറെറാരുതരത്തെ ഇംഗ്ലീഷ് വിദ്യാലയങ്ങൾ എന്നും വിളിച്ചുവരുന്നതുമാത്രമാകുന്നു. യോഗ്യത ഇംഗ്ലീഷ്സ്കൂൾ എന്നു വിളിച്ചുവരുന്നതിലാകുന്നു സ്ഥിതിചെയ്യുന്നതു. 'ഇംഗ്ലീഷ്' എന്ന പേരിനു ഒരു സ്ഥാനവലിപ്പമോ കൂടുതലായ ഒരു യോഗ്യതയോ ഉണ്ടെന്നു തോന്നുന്നു. എന്റെ സ്നേഹിതൻ മിസ്റ്റർ മാമ്മൻമാപ്പിള 'നാട്ടുഭാഷയെ' താഴ്ത്തുകയാകുന്നു ചെയ്യുന്നതെന്നു പറഞ്ഞ അഭിപ്രായത്തോടു ഞാൻ തീരെ യോജിക്കുന്നില്ല. ഇംഗ്ലീഷ് എന്ന പദത്തെ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ അദ്ദേഹം ഉയർത്തുകയാണു ചെയ്തിട്ടുള്ളതെന്നാണു എന്റെ അഭിപ്രായം. അങ്ങനെയല്ലെങ്കിൽ വ്യത്യാസം യാതൊന്നുംതന്നെയില്ല. സർ, എന്റെ അഭിപ്രായം ഇപ്രകാരമാണ്. എലിമെന്ററിസ്കൂളിലെയും ലോവർഗ്രേഡ് സെക്കണ്ടറിസ്കൂളിലെയും അദ്ധ്യയനരീതിക്കും വിഷയങ്ങൾക്കും തമ്മിൽ യാതൊരു വ്യത്യാസവും ഇല്ലെങ്കിൽ അവ രണ്ടിനേയും തമ്മിൽ ഒന്നിച്ചുചേർക്കുന്നതിൽ എന്തു വിരോധമാണുള്ളതു? എന്നും അദ്ധ്യാപകന്മാരെ സംബന്ധിച്ചിട്ടുള്ള കാര്യം മാത്രമല്ല ആലോചിക്കാനുള്ളതു. അവരെക്കൂടാതെ ഡ്രിൽമാസ്റ്റർമാരും ഡ്രായിംഗ്മാസ്റ്റർമാരും ഉണ്ട്. ഒരു ഡ്രിൽമാസ്റ്ററെ ഇംഗ്ലീഷ്സ്കൂളിലേക്ക എടുക്കുമ്പോൾ അയാൾക്ക കൂടുതൽശമ്പളം കൊടുക്കുന്നുണ്ട്. എന്നാൽ അതേയോഗ്യതയും അതേതരം ജോലിയും ഉള്ള ഒരാളെ നാട്ടുഭാഷാപള്ളിക്കൂടത്തിൽ നിയമിക്കുകയാണെങ്കിൽ അയാൾക്ക വളരെ കുറവായിട്ടു മാത്രമാണു ശമ്പളം കൊടുക്കുന്നതു. ആ സ്ഥാനത്തിന്റെ ഗൌരവത്തെ നിലനിറുത്തുന്നതിനു അവർക്ക കൂടുതൽകൊടുക്കുന്നതു ന്യായമായി ചെയ്യേണ്ടതാകുന്നു. അതിൽ ഏതെങ്കിലും അർത്ഥമുണ്ടെന്നു എനിക്ക തോന്നുന്നില്ല.

മി. സി. പി. തോമ്മസ് (നിയമിതമെമ്പർ): അതു സംബന്ധിച്ച ധനസ്ഥിതിയെപ്പററി മെമ്പർ ആലോചിച്ചിട്ടുണ്ടോ?

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): അതുസംബന്ധിച്ച ധനസ്ഥിതിയെപ്പററി ഞാൻ നല്ലപോലെ ആലോചിച്ചിട്ടുണ്ട്. ഇപ്പോൾ യാതൊരുപ്രകാരത്തിലും ദോഷമായിട്ടൊന്നുംതന്നെയില്ല എന്നു മാത്രവുമല്ല ഗുണം വളരെയുണ്ടുതാനും. നാട്ടുഭാഷാവിദ്യാഭ്യാസത്തിന്റെയും അദ്ധ്യാപകന്മാരുടേയും ഗുണത്തെ ഉദ്ദേശിച്ചു ഈ വ്യത്യാസം നിറുത്തൽചെയ്യേണ്ടതാണ്. ഇംഗ്ലണ്ടിൽ ഒരു സർവകലാശാലപ്രൊഫസർക്ക ൧൨൦൦ പവനെ ൮൦൦ പവനും മദ്ധ്യേ ശമ്പളം കൊടുത്തുവരവേ ഒരു എലിമെന്ററിസ്കൂൾ അദ്ധ്യാപകനു വർഷത്തിൽ ൨൫൦ പവനും ൩൫൦ പവനും മദ്ധ്യേ ശമ്പളം കൊടുത്തുവരുന്നുണ്ട്. ശരാശരിയെടുത്തു നോക്കുന്നതായാൽ ഒരു എലിമെന്ററിസ്കൂൾ അദ്ധ്യാപകന്റെ ശമ്പളം ഒരു യൂണിവേഴ്സിററി പ്രൊഫസരുടേതിന്റെ ൩൦ ശതമാനമാണെന്നു കാണാവുന്നതാണ്. ഇതാണു ഇപ്പോഴത്തെ അവിടത്തെ സ്ഥിതി. എലിമെന്ററിസ്കൂളുകളിലും സെക്കണ്ടറിസ്കൂളുകളിലുമുള്ള അദ്ധ്യാപകന്മാർ തമ്മിൽ യാതൊരു വ്യത്യാസവും അവിടെ ഗണിക്കുന്നില്ല. ആ ഏർപ്പാടിനെപ്പററി നാം ആത്മമായി പ്രശംസിക്കേണ്ടതാകുന്നു. അതുകൊണ്ടു എലിമെന്ററിസ്കൂളുകളും ലോവർഗ്രേഡ് സെക്കണ്ടറിസ്കൂളുകളും സംബന്ധിച്ചിടത്തോളം ഈ വ്യത്യാസമെങ്കിലും നാം നിറുത്തൽചെയ്യേണ്ടതാണ്. ഈ സംഗതിക്ക ഒരു പരിഹാരം ചെയ്യുന്നതിനുള്ള വഴി ഇതാകുന്നു. രണ്ടാമതു പറഞ്ഞ സ്ഥാപനങ്ങളെ "ലോവർഗ്രേഡ്സെക്കണ്ടറിസ്ഥാപനങ്ങൾ" എന്നു നാം വിളിക്കപോലും ചെയ്യാതിരിക്കാം. അവയെ തമ്മിൽ ഒന്നായി ചേർക്കാം. എല്ലാ സെക്കണ്ടറി വിദ്യാലയങ്ങളും അവിടെയുള്ള അദ്ധ്യാപകന്മാരുടെ എല്ലാപേരുടേയും പരീക്ഷായോഗ്യതകൾ ഒന്നായിരിക്കുന്നതുകൊണ്ടു നാലാംഫാറംമുതൽ ആരംഭിക്കപ്പെടേണ്ടതാകുന്നു. അതിലേക്കുള്ള ഏകവൈഷമ്യം ഇംഗ്ലീഷ്സ്കൂളിലുള്ള അദ്ധ്യാപകന്മാർ നാട്ടുഭാഷാപള്ളിക്കൂടങ്ങളിൽ പഠിപ്പിക്കാൻ ഇടയാകുമ്പോൾ അവരുടെ പഴയ സഹപ്രവർത്തകന്മാരേക്കാൾ കൂടുതൽ അവകാശങ്ങളും ശമ്പളവും കിട്ടുന്നതല്ലെന്നുള്ളതുമാത്രമാണ്. അതു നമുക്ക ആലോചിച്ചു നിവൃത്തിയാക്കാവുന്നതാണ്. ഇപ്പോഴത്തെ നിരക്കനുസരിച്ചു ശമ്പളം കൊടുക്കുന്നതിനു നമുക്ക നിവൃത്തിയില്ലെങ്കിൽ നമുക്ക മദ്ധ്യസ്ഥം അവലംബിക്കാം. ഇംഗ്ലീഷ്സ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളത്തെ നാട്ടുഭാഷാപള്ളിക്കൂടങ്ങളിൽ ലഭിച്ചുവരുന്ന ശമ്പളത്തോടു തുല്യമാക്കിയെടുക്കാം. യാതൊരുതരത്തിലുള്ള വ്യത്യാസവും ഉണ്ടാകാതെ കഴിക്കാം. അവരെ നാം ഏതുപ്രകാരം ബഹുമാനിക്കുന്നുവെന്നും, അവരുടെ ജോലികളെ നാം ഒരുപോലെ ബഹുമാനിക്കുന്നുണ്ടെന്നും അവർക്ക തോന്നത്തക്കവണ്ണം നമുക്ക പ്രവർത്തിക്കാം. ഇപ്രകാരം എല്ലാം നാം ചെയ്യുന്നതായാൽ അവർക്കു കൂടുതലായ ആത്മാഭിമാനവും, ജോലിയെസംബന്ധിച്ചു കൂടുതൽ താല്പര്യവും ഉണ്ടാകുന്നതാകുന്നു.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഇംഗ്ലീഷ് പള്ളിക്കൂടങ്ങളിലെയും നാട്ടുഭാഷാ പള്ളിക്കൂടങ്ങളിലെയും ഫീസുകൾക്ക തമ്മിലുള്ള അസമത്വത്തെപ്പററി മെമ്പർ എന്തുപറയുന്നു?

റ്റി. എ. കെ. പിള്ള (കരുനാഗപ്പള്ളി): അതു അപ്രകാരം സംഭവിച്ചുപോയെന്നു മാത്രമേയുള്ളു. ആ വ്യത്യാസത്തെ നിവർത്തിക്കണം. അപ്രകാരം നാം ചെയ്യുന്നതായാൽ ഫീസും ഒരേതരമാക്കാവുന്നതാണ്. അപ്പോഴേ അദ്ധ്യാപകന്മാരുടെ ശമ്പളത്തിനും, അവരുടെ പരീക്ഷായോഗ്യതയ്ക്കും തമ്മിൽ ഐകരൂപ്യം സിദ്ധിക്കുന്നതാണ്. പരീക്ഷായോഗ്യതയും, ജോലിസംബന്ധിച്ച ഐകരൂപ്യം ഉണ്ടായിരിക്കുമ്പോൾ പലവിധത്തിൽ ശമ്പളം കൊടുക്കാൻ സാധിക്കുന്നതല്ല. ഞാൻ ആരംഭത്തിൽ പ്രസ്താവിച്ചതുപോലെ നാട്ടുഭാഷാപള്ളിക്കൂടങ്ങളും ഇംഗ്ലീഷ് പള്ളിക്കൂടങ്ങളും തമ്മിൽ വ്യത്യാസം ഉണ്ട്. ആ വ്യത്യാസം ക്രമേണ ഇല്ലാതാക്കേണ്ടതാണ്. ഞാൻ ഇനി കൂടുതൽ സമയം എടുക്കണമെന്നു ഉദ്ദേശിക്കുന്നില്ല.

പ്രസിഡണ്ട്: സഭ ഇപ്പോൾ പിരിയുന്നതും വീണ്ടും രണ്ടരമണിക്കു കൂടുന്നതും ആകുന്നു.

സഭ, ഭക്ഷണത്തിനായി ഉച്ചതിരിഞ്ഞു 2-30 മണിവരെ പിരിയുകയും ഡെപ്യൂട്ടിപ്രസിഡണ്ടിന്റെ അദ്ധ്യക്ഷതയിൽ 2-30-നു വീണ്ടും കൂടുകയും ചെയ്തു.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): മിസ്റ്റർ കൃഷ്ണസ്വാമി അയ്യരുടെ അഭിപ്രായത്തോടു ഞാൻ ഒരു പരിധിവരെ യോജിക്കുന്നുണ്ട്. നാട്ടുഭാഷാപള്ളിക്കൂടങ്ങളിലുള്ള ബി. എ. കാരല്ലാത്ത അദ്ധ്യാപകന്മാർക്ക് അസിസ്റ്റന്റ് ഇൻസ്പെക്ടരന്മാരുടെ ആഫീസുകളിൽ ക്ലാർക്കുസ്ഥാനത്തിനും നാട്ടുഭാഷാപള്ളിക്കൂടങ്ങളിലെ ഹെഡ്മാസ്റ്റർസ്ഥാനത്തിനും കയറ്റം കിട്ടുവാൻ ഇടയുണ്ടെന്നു അദ്ദേഹം പ്രസംഗമദ്ധ്യേ പറയുകയുണ്ടായി. അദ്ദേഹംതന്നെ ഇന്നലെ പറഞ്ഞതനുസരിച്ചു ഇപ്പോൾ നാട്ടുഭാഷാപള്ളിക്കൂടങ്ങളിൽ ഉദ്ദേശം [illegible]-ഓ, [illegible]-ഓ ബി. എ. കാരല്ലാത്ത അദ്ധ്യാപകന്മാർ ഉള്ള സ്ഥിതിക്കു ആ കയറ്റപ്രയത്നത്തിനു വിലയുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. ഹെഡ്മാസ്റ്റർ സ്ഥാനങ്ങളുടെ ആകെ എണ്ണംതന്നെയും ആ സംഖ്യയോടു അടുത്തുവരുമെന്നു ഞാൻ വിശ്വസിക്കുന്നില്ല. അതിനുപുറമെ എലിമെന്ററി സ്കൂൾലീവിംഗ് പരീക്ഷയും, വെർണാക്കുലർ ഹയർപരീക്ഷയും പാസ്സായിട്ടുള്ള എത്രയോ അദ്ധ്യാപകന്മാർ ആ സ്ഥാനക്രമത്തിൽതന്നെ ഇരിപ്പുണ്ട്. ഈ പള്ളിക്കൂടങ്ങളിലെ ഹെഡ്മാസ്റ്റർസ്ഥാനങ്ങളും, അസിസ്റ്റന്റ് ഇൻസ്പെക്ടരാഫീസിലെ ക്ലാർക്കുസ്ഥാനം കൊടുക്കണമെന്നാണെങ്കിൽ, വെർണാക്കുലർ ഹയർപരീക്ഷ പാസ്സായിട്ടുള്ളവർക്കു സ്ഥാനം എവിടെയാണുള്ളതെന്നു ഞാൻ മിസ്റ്റർ കൃഷ്ണസ്വാമി അയ്യരോടു ചോദിച്ചുകൊള്ളുന്നു. അതിനുംപുറമെ, നാട്ടുഭാഷാപള്ളിക്കൂടങ്ങളിൽ ബി. എ. കാരല്ലാത്തവരെ അദ്ധ്യാപകന്മാരായി നിയമിച്ചിട്ടുള്ളതു ഇംഗ്ലീഷ് മാത്രം പഠിപ്പിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ്. സാധാരണയായി അവർക്കു ഹെഡ്മാസ്റ്റർസ്ഥാനത്തേയ്ക്കു കയറ്റം കൊടുക്കാറില്ല. എന്റെ സ്വന്തം അനുഭവത്തിൽനിന്നു എനിക്കു ലഭിച്ചിട്ടുള്ള അറിവു അത്രമാത്രമാണ്. ഈ സ്ഥാനങ്ങൾ മറ്റുള്ള അദ്ധ്യാപകന്മാർക്കു കൊടുക്കേണ്ടതായിട്ടിരിക്കുമ്പോൾ, നാട്ടുഭാഷാപള്ളിക്കൂടങ്ങളിലുള്ള ബി. എ. കാരല്ലാത്ത അദ്ധ്യാപകന്മാർ ഒരേ നിലയിൽതന്നെ എന്നും ഇരിക്കേണ്ടതായിട്ടാണു വരുന്നത്. ഈ കാരണങ്ങൾ കൊണ്ടു മിസ്റ്റർ കൃഷ്ണസ്വാമി അയ്യരുടെ അഭിപ്രായത്തിനു വിലയുണ്ടായിരിക്കുന്നതാണെന്നു എനിക്കു തോന്നുന്നില്ല.

അദ്ദേഹം കൊണ്ടുവന്നിട്ടുള്ള മററു സംഗതികൾക്കു എനിക്കു മുമ്പു സംസാരിച്ചവർ മറുപടി പറഞ്ഞുകഴിഞ്ഞിരിക്കുന്നതിനാൽ അവയെപ്പററി ഒന്നും ഞാൻ പറയേണ്ടതായിട്ടില്ല. ഇത്രയും പറഞ്ഞുകൊണ്ടു ഞാൻ പ്രമേയത്തെ അനുകൂലിച്ചുകൊള്ളുന്നു.

മി. ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം). സർ, എന്റെ സ്നേഹിതൻ മിസ്റ്റർ പി. കെ. നാരായണപിള്ള അവതരിപ്പിച്ച പ്രമേയത്തെ അനുകൂലിക്കുന്നതിൽ എനിക്കു വളരെ സന്തോഷമുണ്ട്. അതു് സാരമില്ലാത്ത ഒരു സംഗതിയാണെന്നു സ്പഷ്ടമാണെങ്കിലും അതുസംബന്ധിച്ചു വിദ്യാഭ്യാസഡയറക്ടർ അനവധി തടസ്സങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. അതിൽ ഒന്നോ രണ്ടോ തടസ്സങ്ങൾ കാരണയുക്തവും നമ്മുടെ ആലോചനയെ അർഹിക്കുന്നതുമാകുന്നു. നാട്ടുഭാഷാപള്ളിക്കൂടങ്ങളിലുള്ള അദ്ധ്യാപകന്മാരിൽ അധികംപേരും ഇംഗ്ലീഷുപരിജ്ഞാനം മേലും ഇല്ലാത്തവരാകയാൽ ആ പള്ളിക്കൂടങ്ങളിലുള്ള ഇംഗ്ലീഷ് അദ്ധ്യാപകന്മാർക്കു ഇംഗ്ലീഷ് അറിയാവുന്ന അദ്ധ്യാപകന്മാരുമായിട്ടുള്ള സാഹചര്യത്തിനു സൌകര്യം തീരെയില്ലെന്നും അതുനിമിത്തം ആ തരത്തിലുള്ള അദ്ധ്യാപകന്മാരുടെ അറിവു നാൾക്കുനാൾ കുറയുന്നതിനും കാലക്രമത്തിൽ ഇംഗ്ലീഷ് പള്ളിക്കൂടത്തിലുള്ള സ്ഥാനത്തിലേക്കു കയറ്റം കിട്ടുവാൻ തീരെ യോഗ്യതയില്ലാതാകുന്നതിനും ഇടയാകുന്നതാണെന്നും അദ്ദേഹം പ്രസ്താവിച്ചു. ഈ തടസ്സം സംബന്ധിച്ചിടത്തോളം അല്പം ആലോചിക്കേണ്ടതായിട്ടുണ്ടെന്നു എനിക്കും തോന്നുന്നുണ്ട്. എന്നാൽ, അദ്ധ്യാപകന്റെ ജ്ഞാനത്തിനു കുറവുണ്ടാകുന്നതാകും അയാൾ നാട്ടുഭാഷാപള്ളിക്കൂടത്തിലാണെങ്കിലും അയാളുടെ അദ്ധ്യയനപാടവത്തിനും കുറവുണ്ടാകുന്നതാണെന്നു് ഡയറക്ടർ അവർകൾ കണക്കാക്കിയിരിക്കുമെന്നു ഞാൻ ഊഹിക്കുന്നു. അയാൾ കാലക്രമത്തിൽ നാട്ടുഭാഷാപള്ളിക്കൂടത്തിലും ഇംഗ്ലീഷ് പഠിപ്പിക്കുവാൻ യോഗ്യതയില്ലാത്തവനായിത്തീരും. അതുകൊണ്ടു, ഈ പ്രകാരമുള്ള ഒരു ദോഷം അയാൾക്കു ഉണ്ടാകാതിരിക്കണമെങ്കിൽ, കഴിയുന്നതും വേഗത്തിൽ നാട്ടുഭാഷാപള്ളിക്കൂടത്തിൽനിന്നു അയാളെ വിടുതൽചെയ്തു് ഇംഗ്ലീഷ് അറിയാവുന്ന ആളുകളുമായി ഇടപെട്ടു ഇംഗ്ലീഷുഭാഷാപരിജ്ഞാനത്തേയും ഇംഗ്ലീഷ് അദ്ധ്യയനപാടവത്തേയും അഭിവൃദ്ധിപ്പെടുത്തുന്നതിനു സഹായിക്കുന്ന ഇംഗ്ലീഷ് പള്ളിക്കൂടത്തിലേക്കു സ്ഥലംമാററുന്നതാകുന്നു ഉത്തമമായ മാർഗ്ഗം. നാട്ടുഭാഷാപള്ളിക്കൂടങ്ങളിൽ ഇംഗ്ലീഷ് പഠിപ്പിച്ചുകൊണ്ടിരിക്കുന്ന അദ്ധ്യാപകന്മാരെ ഇംഗ്ലീഷ് പള്ളിക്കൂടങ്ങളിലേക്കു സ്ഥലംമാററുന്നതുസംബന്ധിച്ചു മിസ്റ്റർ കൃഷ്ണസ്വാമി അയ്യർ പുറപ്പെടുവിച്ച പ്രതിബന്ധംതന്നെ നാട്ടുഭാഷാപള്ളിക്കൂടങ്ങളിലെ അദ്ധ്യാപകന്മാരെ ആ പള്ളിക്കൂടങ്ങളിൽനിന്നു ഇംഗ്ലീഷ് പള്ളിക്കൂടങ്ങളിലേക്കു കഴിയുന്നതും വേഗത്തിൽ സ്ഥലംമാററേണ്ടതാണെന്നുള്ളതിനു കാരണമായിത്തീരുന്നു. അതുനിമിത്തം നാട്ടുഭാഷാപള്ളിക്കൂടത്തിലെ അദ്ധ്യയനവും വളരെ നന്നായിത്തീരുന്നതാണ്.

മിസ്റ്റർ കൃഷ്ണസ്വാമി അയ്യർ പുറപ്പെടുവിച്ചതും അദ്ദേഹംതന്നെ ഏററവും യുക്തിയുക്തമാണെന്നു പ്രസ്താവിച്ചതുമായ ഏററവും പ്രബലമായ തടസ്സം നാട്ടുഭാഷാപള്ളിക്കൂടങ്ങളിലും ഇംഗ്ലീഷ് പള്ളിക്കൂടങ്ങളിലും ഉള്ള നിയമനങ്ങളെ സമരീതിയിൽ കൊണ്ടുവരുന്നതിനുള്ള ബുദ്ധിമുട്ടാകുന്നു. അദ്ദേഹത്തിന്റെ അഭിപ്രായമനുസരിച്ചു വെർണാക്കുലർ സ്കൂൾ ഇൻസ്പെക്ടർക്കും, ഇംഗ്ലീഷ് സ്കൂൾ ഇൻസ്പെക്ടർക്കും തമ്മിൽ നിയമനങ്ങൾ സംബന്ധിച്ചു വഴക്കു ഉണ്ടാകുവാൻ ഇടയാകുമായിരിക്കാം. ആ ബുദ്ധിമുട്ടിനെ പരിഹരിക്കുവാൻ എനിക്കു തോന്നുന്ന ഏററവും ഉത്തമമായ മാർഗ്ഗം ഇംഗ്ലീഷ് സ്കൂൾലീവിംഗ് സർട്ടിഫിക്കററുകാരെ നേരിട്ടു ഇംഗ്ലീഷ് സ്കൂളുകളിൽ

നിയമിക്കാതെ അവരെ ആദ്യമായി വെർണാക്കുലർസ്കൂളിൽ പ്രവേശിപ്പിക്കുകയും അവിടെനിന്നും ഇംഗ്ലീഷ
സ്കൂളുകളിൽ ഒഴിവുകളുണ്ടാകുമ്പോൾ അവിടെ നിയമിക്കയും ചെയ്യുകയാകുന്നു. ൧൯൧൦-ലും, ൧൯൧൦—
ലെ അദ്ധ്യാപകന്മാരെ സഹായിക്കുന്നതു സംബന്ധിച്ചുള്ള അവകാശത്തെ ഇംഗ്ലീഷ് സ്കൂൾ ഇൻസ്പെക്ടറിൽനി
ന്നും വെർണാക്കുലർ സ്കൂൾ ഇൻസ്പെക്ടർക്ക് വിട്ടുകൊടുക്കുകയാണ് ഇതുനിമിത്തം നാം ചെയ്യുന്നതെന്നുള്ളതിന
സംശയമില്ല. ഈ സഹായം സംബന്ധിച്ചുണ്ടാകുന്ന നഷ്ടം ഇംഗ്ലീഷ് സ്കൂൾ ഇൻസ്പെക്ടർക്ക് നിശ്ചയമായും
ഉപേക്ഷിക്കാവുന്നതുതന്നെയാണെന്നാണ് എന്റെ അഭിപ്രായം. നാട്ടുഭാഷാപള്ളിക്കൂടങ്ങളിലുള്ള ഈ ഗ്രന്ഥ
അദ്ധ്യാപകന്മാരിൽനിന്നും അദ്ധ്യാപകന്മാരെ തിരഞ്ഞെടുക്കുന്ന അവകാശം അദ്ദേഹത്തിനു പിന്നെയും വെച്ചു
കൊണ്ടിരിക്കാവുന്നതാണ്. അദ്ധ്യാപകന്മാരുടെ ഗുണത്തിനും വെർണാക്കുലർ സ്കൂളുകളിൽ ഇംഗ്ലീഷ് ഭാഷാ
ഭ്യാസം കൂടുതൽ ഭംഗിയായി നടത്തുന്നതിനുംവേണ്ടി അത്രമാത്രം സഹായംചെയ്യുന്നതിനുള്ള അവകാശംകൊ
ണ്ടു അദ്ദേഹം തൃപ്തിപ്പെടുന്നതാകുന്നു നല്ലതെന്നു ഞാൻ വിചാരിക്കുന്നു.

ബി. എ. ക്കാരല്ലാത്ത ഈ അദ്ധ്യാപകന്മാരെ ഇംഗ്ലീഷ് പള്ളിക്കൂടങ്ങളിലും നാട്ടുഭാഷാപള്ളിക്കൂടങ്ങ
ളിലും നിയമിക്കുന്നതിനുള്ള അവകാശം താൻതന്നെ വെച്ചുകൊണ്ടിരിക്കേണ്ടിവരുമെന്നു മിസ്റ്റർ കൃഷ്ണസ്വാമിഅ
യ്യർ പറഞ്ഞ വേറെയൊരു അഭിപ്രായത്തെ സംബന്ധിച്ചു ആലോചിക്കാവുന്നതാണ്. ഇതാണ് ഉത്തമമായ പ
ദ്ധതിയെന്നു അദ്ദേഹം വിചാരിക്കുന്നുഎങ്കിൽ അതു സ്വീകരിക്കാവുന്നതാണ്. അപ്പോൾ അഭിലഷണീയമായ
ഈ പരിഷ്കാരം നടപ്പിൽവരുത്തുന്നതിൽ നിയമനാധികാരികൾ തമ്മിലുള്ള ഈ വഴക്ക പ്രതിബന്ധമായിത്തീരു
ന്നതുമല്ല.

പതിവായി സെക്കണ്ടറിസ്കൂൾ സർട്ടിഫിക്കേറ്റുകാരിൽ ഉത്തമന്മാരെ മാത്രമേ ഇംഗ്ലീഷ്സ്കൂളിൽ
എടുക്കാറുള്ളു എന്നും അതുകൊണ്ടു സാധാരണയായി വെർണാക്കുലർ സ്കൂളിലുള്ള അദ്ധ്യാപകന്മാരുടെ യോ
ഗ്യത ഇംഗ്ലീഷ് സ്കൂളിലുള്ളവരിൽനിന്നും താഴ്ന്നതരത്തിലുള്ളതാണെന്നും മിസ്റ്റർ കൃഷ്ണസ്വാമിഅയ്യർ പറഞ്ഞ
തടസ്സം, അതു ശരിയാണെന്നു എനിക്കു തോന്നുന്നില്ല. ഒരു നിർദ്ദിഷ്ടകാലത്തു ഒരു നിർദ്ദിഷ്ടസ്ഥലത്തു മലകളിൽ
നിന്നും കൊണ്ടുവന്നു ഒരു ഡിപ്പോവിൽ ശേഖരിച്ചിട്ടുള്ള തടികളുടെ തിരഞ്ഞെടുപ്പുപോലെയല്ല അതു്. തിര
ഞ്ഞെടുപ്പു നടത്തുന്നതു ആദ്യമായി പബ്ലിക്കവർക്ക്സ് ഡിപ്പാർട്ടുമെന്റുകാരും പിന്നീടു മരാമത്തു അധികാരികളും
കോട്ടാരം അധികാരികളും, അതിനുശേഷം പ്രത്യേക സൌജന്യനിരക്കുകാരും ആകുന്നു. ശേഷിപ്പുള്ളവ ലേലവി
ൽ ലേലത്തിൽ വിൽക്കുകയുംചെയ്യുന്നു. ഇംഗ്ലീഷ് പള്ളിക്കൂടങ്ങളിൽ വളരെ അപൂർവമായി മാത്രമേ ഒന്നോ ര
ണ്ടോ ഒഴിവുകൾ ഉണ്ടാകുന്നുള്ളു. അപ്പോൾ ഏതാനുംപേർമാത്രം അപേക്ഷിക്കുകയും ചെയ്യുന്നു. അപേക്ഷി
ച്ചിട്ടുള്ളവരിൽനിന്നും വളരെ ഉത്തമന്മാരായിട്ടുള്ളവരെയായിരിക്കാം ആ സ്ഥാനങ്ങൾക്കു തിരഞ്ഞെടുക്കുന്നതു്.
അതിൽനിന്നും എല്ലാ വർഷങ്ങളിലും പരീക്ഷ ജയിച്ചുവരുന്നവരിൽ ഉത്തമന്മാരെയാണ് അവർക്ക് ലഭിക്കുന്നതെ
ന്നു അർത്ഥമാകുന്നില്ല. അവരിൽ വളരെ കൂടുതൽ യോഗ്യതയുള്ള അനേകംപേരെ വെർണാക്കുലർ സ്കൂളുകളി
ൽ എടുക്കാവുന്നതാണെന്നു എനിക്കു തോന്നുന്നു. അതുകൊണ്ടു അവരിൽനിന്നും യോഗ്യതയുള്ളവരെ ഇംഗ്ലീഷ് സ്കൂളുക
ളിലേക്കു തിരഞ്ഞെടുക്കുന്നതിൽ യാതൊരു ബുദ്ധിമുട്ടും ഉണ്ടായിരിക്കുന്നതല്ല. അതുനിമിത്തം ഇംഗ്ലീഷ് സ്കൂളുകളി
ലെ കാര്യക്ഷമതയ്ക്കു കുറവുവരുമെന്നും ഞാൻ വിചാരിക്കുന്നില്ല.

നാട്ടുഭാഷാ വിദ്യാലയങ്ങളിലെ അദ്ധ്യാപകന്മാരുടെ ശമ്പളംസംബന്ധിച്ച സ്റ്റാൻഡാർഡ് പൊതുവെ ഉയ
ർത്തുക, അവരുടെ അഭിവൃദ്ധിക്കുള്ള മാർഗ്ഗങ്ങൾ കാണുക എന്നിപ്രകാരം അസംഗതങ്ങളായ മററു വിഷയങ്ങളും
പ്രസ്താവത്തിൽ കൊണ്ടുവരികയുണ്ടായി. ആ വിഷയം വളരെ വ്യാപകമായിട്ടുള്ളതാണ്. ഈ സംഗതി
സംബന്ധിച്ചു അതു ആലോചനാവിഷയമാക്കേണ്ടതില്ല. എന്തുകൊണ്ടെന്നാൽ, നാട്ടുഭാഷാ വിദ്യാലയങ്ങളിലെ
അദ്ധ്യാപകന്മാരുടെ ശമ്പളക്രമം പരിഷ്കരിക്കുന്നതിനും അഭിവൃദ്ധിമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനുമായിട്ടു ഒരു
കമ്മററിയോടു ആവശ്യപ്പെട്ടിട്ടുണ്ട്. അതു കാലക്രമത്തിൽ ഗവർമ്മെന്റിന്റെ ആലോചനയ്ക്കു വിഷയീഭവി
ക്കുന്നതാണ്. അതുകൊണ്ടു ഇപ്പോൾ നാം ആലോചിക്കേണ്ട ഏകവിഷയം, അതിനിടയ്ക്കു നാട്ടുഭാഷാ വിദ്യാ
ലയങ്ങളിലെ അദ്ധ്യാപകന്മാർ അനുഭവിക്കുന്ന സങ്കടങ്ങൾക്കു അല്പമായ പരിഹാരം ചെയ്യാവുന്നതല്ലയോ എ
ന്നുള്ളതാണ്. അപ്രകാരമുള്ള പരിഹാരമാർഗ്ഗങ്ങളിൽ ഒന്ന് പ്രമേയത്തിൽ പ്രസ്താവിച്ചിട്ടുള്ളതുതന്നെയാണ്.
നാട്ടുഭാഷാ വിദ്യാലയങ്ങളിലെ അദ്ധ്യാപകന്മാരുടെ ശമ്പളവും അഭിവൃദ്ധിമാർഗ്ഗങ്ങളും പരിഷ്കരിക്കുന്നതു സംബ
ന്ധിച്ച വ്യാപകമായ വിഷയങ്ങളെപ്പററി അന്വേഷിക്കുന്നതിനു പുറപ്പെടുന്നതിനുമുമ്പ് ഈ പ്രമേയത്തെപ്പററി
തന്നെ അതിന്റെ യോഗ്യതയനുസരിച്ചു ആലോചിക്കാൻ പാടില്ലാത്തതെന്താണെന്നു ഞാൻ അറിയുന്നില്ല.
ഇവയെല്ലാമാണ് ഈ പ്രമേയത്തിനു വിപരീതമായി കൊണ്ടുവന്നിട്ടുള്ള തടസ്സങ്ങൾ. അവയെല്ലാം അത്രവല്ല
തെ അനതിക്രമണീയങ്ങളോ അപ്രതിവചനീയങ്ങളോ ആണെന്ന് ഞാൻ വിചാരിക്കുന്നില്ല. എന്റെ അഭിപ്രാ
യത്തിൽ എത്തിയേടത്തോളം ഈ പ്രമേയം അംഗീകരിക്കുന്നതിൽ വല്ലതായ പ്രതിബന്ധമൊന്നുമുള്ളതായി തോ
ന്നുന്നില്ല.

ടി. എം. ശിവതാണുപിള്ള (തോവാള): സർ, ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുകയും മിസ്റ്റർ
എ. കെ. പിള്ള പ്രസ്താവിച്ച അഭിപ്രായങ്ങളോടു പൂർണ്ണമായി യോജിക്കുകയും ചെയ്യുന്നു. ധനസംബന്ധമായ
വിഷയത്തിനുപുറമെ, ഒരേതരം പരീക്ഷായോഗ്യതകളുള്ള വെർണാക്കുലർ സ്കൂളിലെയും ഇംഗ്ലീഷ് സ്കൂളിലെയും
അദ്ധ്യാപകന്മാരുടെ വിഷയത്തിൽ അനുവർത്തിച്ചുപോരുന്ന വ്യത്യാസത്തെപ്പററി അദ്ദേഹം ബലമായി പ്രസ്താ
വിക്കയുണ്ടായി. ഈ തരത്തിലുള്ള വ്യത്യാസമാണ് എലിമെന്ററി വിദ്യാലയങ്ങളിൽ ധീരന്മാരായ ഈ അ
ദ്ധ്യാപകന്മാർ ചെയ്യുന്ന ജോലികളെപ്പററി പൊതുജനങ്ങൾ പ്രശംസിക്കാതിരിക്കുവാനുള്ള കാരണം. സ
ർ, ഈ രാജ്യത്തിലെ ഞാൻ താമസിക്കുന്ന ഭാഗങ്ങളിൽ അതായതു തെക്കേ അറ്റത്തുള്ള താലൂക്കുകളിൽ നാട്ടുഭാഷാ വി
ദ്യാലയങ്ങളിലെ ഈ അദ്ധ്യാപകന്മാരെ സാധാരണയായി തമിഴിൽ 'ട്ടനാകൾ' എന്നാണ് വിളിച്ചുവരുന്നതു്.
സർ, 'ടി' എന്നതിനുപകരം തമിഴിലുള്ള അക്ഷരം ഒന്നുമില്ലാത്തതിനാൽ രണ്ടു രേഖകളോടുകൂടിയതാണ്. ഈ
ഉപാധിനാമത്തിന്റെ ഉത്ഭവം വളരെ രസകരമായ ഒരു കഥയിൽനിന്നാണ്. ആ കഥ എന്താണെന്നു പറ
യാം. ഒരിക്കൽ ഒരു രാജകുമാരനെ നാട്ടുഭാഷ പഠിപ്പിക്കുവാൻ ഒരു ആചാര്യൻ നിയമിക്കപ്പെട്ടിരുന്നു. ഗഹനാ
ലോചനയുള്ള മനസ്സുകൊണ്ടു രാജ്യകാര്യങ്ങൾ വളരെ ഗൌരവമായി അന്വേഷിച്ചുകൊണ്ടിരിക്കുമ്പോൾ ആ കാ
ര്യാലോചനസഭ കൂടിയിരുന്ന ഹാളിൽ ഈ നാട്ടുഭാഷാദ്ധ്യാപകൻ പ്രവേശിക്കുവാനിടയായി. രാജകുമാരൻ

അദ്ദേഹത്തെ കണ്ടയുടൻ പ്രതിവന്ദനാനന്തരം മുഖവിക്ഷേപത്താൽ തന്റെ ഇരിപ്പിടത്തിനു വലതുഭാഗത്തിലായി അദ്ദേഹത്തെ ഇരിക്കുവാൻ പറഞ്ഞു. ഇതു മിക്കവാറും 'ടാനാ' എന്ന തമിഴ് അക്ഷരത്തിനു തുല്യ സമരേഖകളായുള്ള രണ്ടു വരകളാണെന്നു വിചാരിക്കാവുന്നതാണ്. നാട്ടുഭാഷാദ്ധ്യാപകൻ തന്നോടു പ്രസംഗത്തെ എന്താണെന്നു മനസ്സിലാക്കാതെ 'ടാനാ' എന്ന അക്ഷരം പഠിപ്പിക്കുവാനാണ് തന്നോടു ആവശ്യപ്പെട്ടതാണെന്നു ഊഹിച്ചു. അതുകൊണ്ടു അദ്ദേഹം ഉടൻതന്നെ 'ടാനാ' 'ടാവന്ന' എന്നിപ്രകാരം അക്ഷരങ്ങൾ അദ്ദേഹത്തെ പഠിപ്പിക്കുവാൻ ആരംഭിച്ചു. ഏറെക്കുറെ ഈ തരത്തിലുള്ള സാമർത്ഥ്യമാണ് നാട്ടുഭാഷാ പള്ളിക്കൂടങ്ങളിലെ അദ്ധ്യാപകന്മാർക്കുള്ളതായി ജനങ്ങൾ ഉദ്ദേശിച്ചുപോരുന്നതു്. ഈ കുറഞ്ഞ ശമ്പളവും സ്ഥാനവും അവർക്കു കൊടുത്തുവരുന്നതു അവരുടെ സാമർത്ഥ്യമില്ലായ്മയാലല്ല പ്രസ്തുത നാട്ടുഭാഷമുഖേന അദ്ധ്യാപനം നടത്തുവാൻ ഇടയായ ഭാഗ്യദോഷത്താൽ മാത്രമാണ്. അതു മറ്റൊരു വിധത്തിൽ പറയുകയാണെങ്കിൽ ഈ നാട്ടിൽ വിദേശഭാഷയായ ഇംഗ്ലീഷിനെ ബഹുമാനിക്കുന്നതുപോലെ നാട്ടുഭാഷയെ വിലവയ്ക്കുന്നില്ല എന്നാകുന്നു പറയേണ്ടതു്. അതുകൊണ്ടു ധനസംബന്ധമായ വിഷയം എന്തുതന്നെയായിരുന്നാലും നമ്മുടെ ആത്മാഭിമാനത്തെയും മാതൃഭാഷയേയും കരുതിയെങ്കിലും ഈ വ്യത്യാസം ഇല്ലാതാക്കേണ്ടതാണ്. നമ്മുടെ രാജ്യത്തിൽ മാതൃഭാഷ പഠിപ്പിക്കുന്ന വിഷയത്തിൽ ഈ അദ്ധ്യാപകന്മാർ ഉപയോഗയുക്തമായ ജോലിചെയ്യുന്നവരാകയാൽ, ഒരേതരം ജോലിചെയ്യുന്നവരും തുല്യമായ പരീക്ഷായോഗ്യതയുള്ളവരും ആയ ഈ രണ്ടുതരം അദ്ധ്യാപകന്മാർക്കും തമ്മിൽ വ്യത്യാസം നിലനിർത്തിപ്പോരുന്നതിന്റെ ആവശ്യം യാതൊന്നും ഇല്ല. ഈ കാരണങ്ങളെല്ലാംകൊണ്ടു പ്രമേയത്തെ ഞാൻ വളരെ സന്തോഷത്തോടുകൂടി അനുകൂലിച്ചുകൊള്ളുന്നു.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഇവിടെ ആലോചനാവിഷയമായിരിക്കുന്ന പ്രമേയത്തെപ്പററി എന്തെങ്കിലും പറയുന്നതിനുമുമ്പു, സർ, ഈ പ്രയാസമേറിയ പ്രമേയത്തെ സംബന്ധിച്ചു തൃപ്തികരമായ ഒരു നിവൃത്തിമാർഗ്ഗം കണ്ടുപിടിക്കുവാൻ എനിക്കു സാധിച്ചിട്ടില്ലെന്നു ഞാൻ സമ്മതിച്ചുകൊള്ളുന്നു. എന്നാൽ ഈ പ്രമേയത്തിനു പരിഹാരമാർഗ്ഗം കാണുക വളരെ എളുപ്പമായിട്ടുള്ളതല്ലെന്നുള്ളതു സ്പഷ്ടമാണ്. അതുസംബന്ധിച്ചു ഞാൻ ആലോചിക്കാതിരുന്നിട്ടില്ല. എന്നാൽ തൃപ്തികരമായ ഒരു നിവൃത്തിമാർഗ്ഗം കാണുവാൻ എനിക്കു സാധിച്ചിട്ടില്ല. പല സ്കൂളുകളിലായിട്ടുള്ള ഈ രണ്ടുതരം അദ്ധ്യാപകന്മാർക്കും ശമ്പളംസംബന്ധിച്ചവിഷയത്തിൽ സമത്വമില്ലായ്മയുണ്ടെന്നുള്ളതു വാസ്തവമാണ്. അതിനു കാരണം ഒരുതരം അദ്ധ്യാപകന്മാരുടെ പരീക്ഷായോഗ്യത മറ്റേതരം അദ്ധ്യാപകന്മാരുടേതിനെക്കാൾ കൂടുതലായതുകൊണ്ടല്ല. കേവലം ഭാഗ്യമൊന്നുകൊണ്ടു മാത്രമാണ് ഒരുതരം അദ്ധ്യാപകന്മാർ ഒരുതരം സ്ഥാപനത്തിലും വേറെയൊരുതരം അദ്ധ്യാപകന്മാർ വേറൊരുതരം സ്ഥാപനത്തിലും ആയിത്തീരുവാൻ ഇടയായിട്ടുള്ളതെന്നാണ് എനിക്കു തോന്നുന്നതു്. കാര്യക്ഷമതയെ സംബന്ധിച്ചിടത്തോളം, രണ്ടുതരത്തിലുമുള്ള സ്കൂളുകളിലെ പരീക്ഷാഫലങ്ങളനുസരിച്ചാണ് കാര്യക്ഷമത നിർണ്ണയിക്കപ്പെടുന്നതെങ്കിൽ ഇംഗ്ലീഷ് പള്ളിക്കൂടങ്ങളിൽ ലഭിക്കുന്ന സ്റ്റാൻഡാർഡ് വെർണാക്കുലർ സ്കൂളിൽ ലഭിക്കുന്നതിൽനിന്നു നിശ്ചയമായും കൂടുതലാണെന്നു കാണാം. ആ കാരണംകൊണ്ടു വെർണാക്കുലർ സ്കൂളുകളിൽ ഇംഗ്ലീഷ് പഠിപ്പിക്കുന്ന ഇംഗ്ലീഷ് സ്കൂൾ സർട്ടിഫിക്കററുകാർ ഏതെങ്കിലുംവിധത്തിൽ മററവരേക്കാൾ മേലേക്കാരാകുന്നെന്നു വിചാരിക്കാവുന്നതല്ല. അതിനു വേറെ കാരണം ഉണ്ടു്. ഇംഗ്ലീഷ് പള്ളിക്കൂടത്തിൽ ആ തരത്തിലുള്ള അദ്ധ്യാപകനെ ഒരു ക്ലാസിൽ ഒൻപതും പത്തും പീരിയഡുകൾ ഇംഗ്ലീഷ്മാത്രം പഠിപ്പിക്കാനായി വിട്ടുകൊടുത്തിട്ടുണ്ടു്. എന്നാൽ വെർണാക്കുലർ സ്കൂളുകളിൽ എങ്ങനെയായാലും അഞ്ചു പിരിയഡിൽ കൂടുതൽ ഇംഗ്ലീഷ് പഠിപ്പിക്കാനായിട്ടു ഉപയോഗപ്പെടുത്തുന്നില്ല. രണ്ടുതരം സ്കൂളുകളിലും ലഭിക്കുന്ന സ്റ്റാൻഡർഡുകളുടെ വ്യത്യാസത്തിനു ഉത്തരവാദിത്വം ഇതിനാകുന്നെന്നാണ് ഞാൻ വിചാരിക്കുന്നതു്. എങ്ങനെയായാലും ഈ രണ്ടുതരം അദ്ധ്യാപകന്മാരും രണ്ടുതരം സ്കൂളുകളിലാണെങ്കിലും ഒരേതരം ജോലിയാണ് ചെയ്യുന്നതു എന്നു നാം സമ്മതിക്കതന്നെവേണം. അതുകൊണ്ടു അവരെ സമഭാവേന എല്ലാക്കാര്യങ്ങളിലും വിചാരിക്കേണ്ടതാണ് ധർമ്മം. അതായതു നാട്ടുഭാഷാപള്ളിക്കൂടങ്ങളിലുള്ള അദ്ധ്യാപകന്മാർക്കു ശമ്പളാഭിവൃദ്ധിയും, കൂടുതൽ ശമ്പളവും മററുള്ളവരെപ്പോലെയുള്ള സ്ഥാനമാനവും നൽകേണ്ടതാണ്. ഈ രണ്ടുതരം സ്കൂളുകളുടെയും ശമ്പളം സംബന്ധിച്ചിടത്തോളം ഒരേ സ്കെയിലിലും ഒരേ രീതിയിലും ആക്കണമെന്നുള്ള എന്റെ സ്നേഹിതൻ മിസ്റ്റർ എ. കെ. പിള്ളയുടെ അഭിപ്രായത്തെ ഞാൻ സ്വീകരിച്ചില്ലെങ്കിൽ ഈ ഉദ്ദേശം നിവൃത്തിക്കുവാൻ സാധിക്കുന്നതല്ല. ഇവിടെയും ഈ പ്രമേയം ഇന്നലെ നാം വിഷയമാക്കിയിരുന്ന സത്രങ്ങളെ സംബന്ധിച്ച പ്രമേയത്തിൽനിന്നും അധികം വ്യത്യാസമുള്ളതാകുന്നെന്നു ഞാൻ വിചാരിക്കുന്നില്ല. ഈ പ്രമേയത്തിലും തുല്യാവകാശങ്ങളെ സംബന്ധിച്ച സംഗതിയെയാണ് അടക്കിയിരിക്കുന്നതു്. ഇംഗ്ലീഷ് സ്കൂളുകളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകന്മാർക്കു ൨൫ രൂപ മുതൽ ൪൦ രൂപവരെ ശമ്പളം ലഭിച്ചുവരവേ അതേതരത്തിലുള്ള നാട്ടുഭാഷാപള്ളിക്കൂടങ്ങളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകന്മാർക്കു ൧൫ രൂപ മാത്രമല്ലാതെ കൂടുതൽ ഒന്നും കിട്ടുന്നില്ല. പ്രഥമദൃഷ്ടിയിൽത്തന്നെ ഇതു് ന്യായമായിട്ടുള്ള ഒരു ഏർപ്പാടല്ലെന്നുള്ളതു് സ്പഷ്ടമാണ്. പിന്നെ എങ്ങനെയാണ് ഈ സംഗതി പരിഹരിക്കാൻ സാധിക്കുന്നതു് എന്നു് ഞാൻ ചോദിച്ചുകൊള്ളുന്നു. നാട്ടുഭാഷാപള്ളിക്കൂടങ്ങളിലുള്ള അദ്ധ്യാപകന്മാരെ ഇംഗ്ലീഷ്പള്ളിക്കൂടങ്ങളിലേക്കു സ്ഥലംമാററിയാണോ ഇതിനു പരിഹാരമാർഗ്ഗം കാണേണ്ടതു? അപ്രകാരമാണെങ്കിൽ നാം അനീതിയാകുന്നതു ചെയ്യുന്നതു. എന്തുകൊണ്ടെന്നാൽ ഇംഗ്ലീഷ്സ്കൂൾ അദ്ധ്യാപകൻ വെർണാക്കുലർസ്കൂൾ അദ്ധ്യാപകനെക്കാൾ അല്പമെങ്കിലും കൂടുതൽകാര്യശേഷിയുള്ളവനാണെന്നു് സമ്മതിക്കപ്പെട്ടതായി അപ്രകാരമാണെങ്കിൽ വെർണാക്കുലർസ്കൂൾ അദ്ധ്യാപകന്മാരെ ഇംഗ്ലീഷ്സ്കൂളുകളിലേക്കു് സ്ഥലംമാററുന്നതുകൊണ്ടു നാം ആ കാര്യക്ഷമതയെ ഇല്ലാതെയാക്കുകയാകുന്നതു ചെയ്യുന്നതു. അതുകൊണ്ടു് നാം ചെയ്യേണ്ടതു എന്താണ്? നാം അവരുടെ ശമ്പളത്തെ വർദ്ധിപ്പിച്ചു ഇംഗ്ലീഷ് സ്കൂളുകളിലെ അദ്ധ്യാപകന്മാരുടെ ശമ്പളത്തിനു് തുല്യമാക്കുകയാണോ വേണ്ടതു്? അതുമാത്രമേ ഒരു പരിഹാരമാർഗ്ഗമായി കാണാനുള്ളു. എന്നാൽ അതു നിമിത്തം വേറെ ചില ബുദ്ധിമുട്ടു് ഉണ്ടാകുന്നുണ്ടു്. അതു ധനസംബന്ധമായിട്ടുള്ളതാണ്. അതിലേക്കു ആവശ്യമുള്ള ഫണ്ടു നമുക്കു എങ്ങിനെ ഉണ്ടാക്കുവാൻ കഴിയും. ഇപ്രകാരം നാം വാദിക്കുവാൻ തുടങ്ങുന്നതായാൽ തൃപ്തികരമായ ഒരു പരിഹാരമാർഗ്ഗത്തിൽ അവസാനിപ്പിക്കുവാൻ നമുക്കു സാധിക്കുകയില്ല. ഞാൻ ആരംഭത്തിൽ പറഞ്ഞതുപോലെ, ഈ മാർഗ്ഗത്തിൽതന്നെയാണ് ഈ സംഗതിയെപ്പററി ഞാൻ വാദിച്ചിട്ടുള്ളതു്. തൃപ്തികരമായ ഒരു പരിഹാരമാർഗ്ഗം കണ്ടുപിടിക്കുവാൻ എനിക്കുസാധിച്ചിട്ടുമില്ല. അതുകൊണ്ടു, ഈ സംഗതിയെസംബ

ഡിച്ച പരിഹാരമാർഗ്ഗമായി ഞാൻ എന്തെങ്കിലും അഭിപ്രായപ്പെടുന്നതാണെങ്കിൽ ആയതു ഇംഗ്ലീഷ് പള്ളിക്കൂടങ്ങളിലുള്ള ഒരു നല്ലശതമാനം ഇംഗ്ലീഷ് സ്കൂൾ സർട്ടിഫിക്കറ്റ് അദ്ധ്യാപകന്മാരെ വെർണാക്കുലർ സ്കൂളുകളിലേക്കും, വെർണാക്കുലർ സ്കൂളുകളിലുള്ള ഇംഗ്ലീഷ് സ്കൂൾ ലീവിംഗ് സർട്ടിഫിക്കറ്റുകാരെ ഇംഗ്ലീഷ് സ്കൂളുകളിലേക്കും രണ്ടുതരം സ്കൂളുകളിലെ കാര്യക്ഷമതക്കും കുറവു വരാത്തവിധം സ്ഥലമാററണമെന്നുള്ളതാകുന്നു. അത്രമാത്രമെ എനിക്കു ശുപാർശ ചെയ്യുവാൻ സാധിക്കയുള്ളു. അപ്രകാരം ചെയ്യുന്നതുകൊണ്ടു, നാട്ടുഭാഷാപള്ളിക്കൂടത്തിൽനിന്നും വരുന്ന ഇംഗ്ലീഷ് സ്കൂൾ സർട്ടിഫിക്കറ്റുകാർ ഇംഗ്ലീഷ് സ്കൂൾ സർട്ടിഫിക്കറ്റുകാരെക്കാൾ സാമർത്ഥ്യമുള്ളവരായിരിക്കയില്ല. അതിനു കാരണം അത്രയുംകാലം അവരെല്ലാവരും ഇംഗ്ലീഷ് സ്കൂളിലാണ് പഠിപ്പിച്ചുകൊണ്ടിരുന്നിട്ടുള്ളതു. അവരുടെ പരിസരാവസ്ഥകളുടെ വ്യത്യാസമായിട്ടാണിരുന്നതു. അതു അവരുടെ കാര്യക്ഷമതയ്ക്കു ഹിതകരമായിട്ടുള്ളതായിരിക്കാം. അതുകൊണ്ടു ഈ സ്ഥാപനങ്ങളുടെയും കാര്യക്ഷമതയ്ക്കു ഹാനിവരാത്തവിധം, ഒഴിവുകൾ ഉണ്ടാകുമ്പോൾ നാട്ടുഭാഷാപള്ളിക്കൂടങ്ങളിൽനിന്നും ഇംഗ്ലീഷ് പള്ളിക്കൂടങ്ങളിലേക്കു ഒരു നല്ലശതമാനം അദ്ധ്യാപകന്മാരെ എടുക്കുവാൻ നാം ശ്രമിക്കേണ്ടതാണ്. അതോടുകൂടിത്തന്നെ വെർണാക്കുലർ സ്കൂളിലുള്ള ഇംഗ്ലീഷ് സ്കൂൾ സർട്ടിഫിക്കറ്റുകാരുടെ സ്ഥാനഗൌരവം ഇംഗ്ലീഷ് സ്കൂളിലുള്ള ഇംഗ്ലീഷ് സ്കൂൾ സർട്ടിഫിക്കറ്റുകാരുടേതിനേക്കാൾ വ്യത്യാസമുള്ളതല്ലാത്തതായിട്ടു നാം അംഗീകരിക്കേണ്ടതാണ്. ഒഴിവുകൾ ഉണ്ടാകുമ്പോൾ ഇംഗ്ലീഷ് പള്ളിക്കൂടങ്ങളിലേക്കു അവരിൽ ഒരു നല്ലശതമാനത്തെയെങ്കിലും എടുക്കുന്നതു സംബന്ധിച്ചു ഡയറക്ടർക്കു വിരോധമുണ്ടായിരിക്കയില്ലെന്നു ഞാൻ വിശ്വസിക്കുന്നു. ജുഡിഷ്യൽ ഡിപ്പാർട്ടുമെന്റിൽ ആളെടുക്കുന്നതു പകുതി ഡിപ്പാർട്ടുമെന്റിൽനിന്നും പകുതി വക്കീലന്മാരുടെ സംഘത്തിൽനിന്നും ആകുന്നു.

ഇതിനുപുറമെ ശിക്ഷാക്രമപരിശീലനം സിദ്ധിച്ചിട്ടുള്ള ഇംഗ്ലീഷ് സ്കൂൾ സർട്ടിഫിക്കറ്റുകാരായി നാട്ടുഭാഷാപള്ളിക്കൂടങ്ങളിൽ ആകപ്പാടെ പന്ത്രണ്ടുപേരിൽ കൂടുതൽ ഉണ്ടായിരിക്കയില്ലെന്നാണ് എന്റെ അറിവു. ഒഴിവുകൾ ഉണ്ടാകുമ്പോൾ ഈ ആളുകളെ ഇംഗ്ലീഷ് സ്കൂളുകളിലേക്കും ഇംഗ്ലീഷ് സ്കൂളിലുള്ള സ്കൂൾ ലീവിംഗ് സർട്ടിഫിക്കറ്റ് അദ്ധ്യാപകന്മാരെ മിസ്റ്റർ സി. പി. തോമസ് അഭിപ്രായപ്പെട്ടതുപോലെ അവർക്കു അവിടെ കിട്ടുന്ന ശമ്പളത്തോടുകൂടിത്തന്നെ വെർണാക്കുലർ സ്കൂളുകളിലേക്കും സ്ഥലമാററുകയും മാറുന്നവരെ സംബന്ധിച്ചു അവർക്കു ട്രെയിനിംഗ് കഴിഞ്ഞയുടൻ ഇതുമാതിരി ചെയ്യുകയും ചെയ്യുന്നതായാൽ ഈ ബുദ്ധിമുട്ടു പരിഹരിക്കാവുന്നതാകുന്നു.

ഞാൻ ഇവിടെ പ്രസ്താവിച്ച സ്ഥിതികളെ എന്റെ ബഹുമാന്യസുഹൃത്തായ മിസ്റ്റർ പി. കെ. നാരായണപിള്ളയും സ്വീകരിക്കുന്നതായാൽ ഈ പ്രമേയത്തെ ഞാൻ ഹാർദ്ദമായി അനുകൂലിച്ചുകൊള്ളുന്നു. ഇപ്പോൾ ഇരിക്കുന്നതുപോലെയാണെങ്കിൽ, നാട്ടുഭാഷാപള്ളിക്കൂടങ്ങളിലുള്ള ഇംഗ്ലീഷ് സ്കൂൾ സർട്ടിഫിക്കറ്റുകാരെ ഉടനെ ഇംഗ്ലീഷ് സ്കൂളിലേക്കു സ്ഥലമാററുന്നതു വളരെ ബുദ്ധിമുട്ടിനിടയാക്കുന്നതാകയാൽ ആ ഉദ്ദേശത്തെ സംബന്ധിച്ചു എനിക്കു വിരോധമില്ലാതിരിക്കാൻ സാദ്ധ്യമല്ലെന്നു ഞാൻ പറഞ്ഞുകൊള്ളട്ടെ. അതായതു നാട്ടുഭാഷാപള്ളിക്കൂടങ്ങളിലുള്ള എല്ലാ ഇംഗ്ലീഷ് സ്കൂൾ സർട്ടിഫിക്കറ്റുകാരെയും ഇംഗ്ലീഷ് സ്കൂളിലേക്കു സ്ഥലംമാറേറണ്ടതായിട്ടു വരുന്നതാകുന്നു. അപ്രകാരം ചെയ്യുന്നപക്ഷം ഇംഗ്ലീഷ് സ്കൂളുകളിലുള്ള അദ്ധ്യാപകന്മാർക്കു നാട്ടുഭാഷാപള്ളിക്കൂടങ്ങൾ ശിക്ഷാക്രമപരിശീലനത്തിനുള്ള സ്ഥലമായിട്ടു തീരുന്നതാകുന്നു. അതു ആശാസ്യമായ ഒരു നയമല്ല. കാലക്രമത്തിൽ ഈ ആളുകളെ നമുക്കു വീണ്ടും തരംതിരിക്കേണ്ടതായിവരും. അപ്പോൾ ഇംഗ്ലീഷ് സ്കൂൾ സർട്ടിഫിക്കറ്റുകാർക്കും വി. എച്ച്. കാർക്കും തമ്മിലും തുല്യതയെപ്പററിയുള്ള അഭിപ്രായം ഉത്ഭവിക്കും. അവരിൽ ആരാണ് കൂടുതൽയോഗ്യതയുള്ളവർ എന്നു നിർണ്ണയിക്കുന്ന കാര്യം വളരെ പ്രയാസമുള്ളതാണ്. വാസ്തവം പറയുന്നതായാൽ ഈ സംഗതി കമ്മിററിയിലാണ് ആദ്യമായി ആരംഭിച്ചതു. അതു രഹസ്യമാണെങ്കിലും വെർണാക്കുലർ ഹയർ സർട്ടിഫിക്കറ്റുകാർ, ഇംഗ്ലീഷ് സ്കൂൾ സർട്ടിഫിക്കറ്റുകാരേക്കാൾ യോഗ്യതകുറഞ്ഞവരാണെന്നു ചിലരും അതല്ല അവർ രണ്ടുകൂട്ടരും തുല്യയോഗ്യതയുള്ളവരാണെന്നു മററുചിലരും അഭിപ്രായപ്പെടുകയുണ്ടായി എന്നു ഞാൻ പറഞ്ഞുകൊള്ളട്ടെ. അവരെ തുല്യയോഗ്യതയുള്ളവരായിട്ടുവേണം വിചാരിക്കുവാൻ എന്നു മിസ്റ്റർ പി. കെ. നാരായണപിള്ള അഭിപ്രായപ്പെട്ടു. അതു അപ്രകാരമാണെങ്കിൽ, "ഞങ്ങൾ വി. എച്ച്. കാരെ ഞങ്ങളെയും ഇംഗ്ലീഷ് സ്കൂളിലേക്കു എടുത്തു അവരെപ്പോലെ ഞങ്ങൾക്കും ശമ്പളം തരേണ്ടതാണ്" എന്നു ആവശ്യപ്പെടാവുന്നതാകുന്നു. വി. എച്ച്. കാർക്കും ഇംഗ്ലീഷ് സ്കൂൾ സർട്ടിഫിക്കറ്റുകാർക്കും തമ്മിൽ ശമ്പളം സംബന്ധിച്ചിടത്തോളം വ്യത്യാസമുണ്ടായിരിക്കുന്നതു എന്തിനാണെന്നുള്ള വിഷയം ഈ ഘട്ടത്തിൽ വളരെ വ്യാപകമായിട്ടുള്ളതാകുന്നു. അതുകൊണ്ടു ആ സംഗതി വി. എച്ചും ഇ. എസ്. എൽ. സി. സർട്ടിഫിക്കറ്റുകാരെ മാത്രം സംബന്ധിക്കുന്ന ഒന്നാണെന്നു ഞാൻ വിചാരിക്കുന്നില്ല. ഇവരെ മാത്രം സംബന്ധിച്ചല്ലാതെ മററുള്ളവരെയും ഈ സഭയ്ക്കും ഗവർന്മെന്റിനും ഇപ്പോൾ ആലോചനാവിഷയമാക്കുവാൻ വളരെ വിഷമമായിട്ടുള്ളതാകുന്നു. മിസ്റ്റർ എ. കെ. പിള്ള പ്രസ്താവിച്ചപ്രകാരം ഇവരെക്കൂടാതെ ഡ്രായിംഗ്മാസ്റ്റർ, ഡ്രിൽമാസ്റ്റർ എന്നിവരുമുണ്ട്. അവരെല്ലാവരും ഈ ആവലാധിതന്നെ കൊണ്ടുവരുന്നതാകുന്നു. ഇംഗ്ലീഷ് സ്കൂളിലുള്ള ഡ്രിൽ മാസ്റ്റർക്കു ൨൦ രൂപകിട്ടിവരവെ വെർണാക്കുലർ സ്കൂളിലുള്ള ഡ്രിൽമാസ്റ്റർക്കു ൧൨ രൂപമാത്രമെ കിട്ടുന്നുള്ളു. അതുകൊണ്ടു അവരും ഇംഗ്ലീഷ് സ്കൂളിലേക്കു സ്ഥലമാററം കിട്ടണമെന്നു അപേക്ഷിക്കുന്നവരാണ്. ഏതായാലും ഒരു തീരുമാനം ചെയ്യുന്നതിനു മുമ്പു ഈ വിഷമതകളെല്ലാം പരിഹരിക്കേണ്ടതായിട്ടുണ്ട്.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): നാട്ടുഭാഷാപള്ളിക്കൂടങ്ങളിലെ പരിസരസ്ഥിതികൾ കാര്യക്ഷമതയ്ക്കു ഹാനികരമായിട്ടുള്ളതാണെന്നുള്ള അഭിപ്രായത്തെ സാധൂകരിക്കുവാൻ മെമ്പർക്കു ദയവുണ്ടാകുമോ എന്നു അദ്ദേഹത്തോടു ചോദിച്ചുകൊള്ളട്ടെയോ?

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): അവസാനമായി എനിക്കു പറയുവാനുള്ളതു നാട്ടുഭാഷാ പള്ളിക്കൂടങ്ങളിൽ പ്രവേശം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ വളരെ ബുദ്ധികുറഞ്ഞകൂട്ടരാണെന്നാകുന്നു. ബുദ്ധിശക്തിയുള്ള വിദ്യാർത്ഥികൾ ഇംഗ്ലീഷ് പള്ളിക്കൂടങ്ങളിലേക്കു പോകുന്നു. ഇംഗ്ലീഷ് പള്ളിക്കൂടങ്ങളെ ആശ്രയിക്കുന്നവർ സാധാരണയായി ധനവാന്മാരുടെ പുത്രന്മാരും നാട്ടുഭാഷാപള്ളിക്കൂടങ്ങളിലേക്കു പോകുന്നവർ സാധാരണയായി ബുദ്ധിശക്തിയില്ലാത്തവരുടെയും തൊഴിലാളിവർഗ്ഗക്കാരുടെയും പുത്രന്മാരും ആകുന്നു.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ബുദ്ധിശക്തി ധനത്തെ ആശ്രയിച്ചിരിക്കുന്നു എന്നാണോ അദ്ദേഹം ഉദ്ദേശിക്കുന്നതു?

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഒരിക്കലുമല്ല, ഞാൻ പരിസരാവസ്ഥകളെപ്പററിയാണ് പറയുന്നതു. പാവപ്പെട്ട വിദ്യാർത്ഥികളുടെ മാതാപിതാക്കന്മാർ അവരുടെ കുട്ടികളെ ഇംഗ്ലീഷ് സ്കൂളുകളിലേക്കയക്കുന്നതിനവേണ്ടി യാചിക്കുവാൻ തുടങ്ങും. അതുനിമിത്തം നമ്മുടെ നാട്ടുഭാഷാവിദ്യാലയങ്ങളിൽ വരുന്ന വിദ്യാർത്ഥികൾ വളരെ താഴ്ന്നതരത്തിലുള്ളവരായിരിക്കും. ഇങ്ങനെ തരംതിരിക്കപ്പെടുന്ന പരീക്ഷാഫലങ്ങളെ നിങ്ങൾ പരിശോധിക്കുന്നതായാൽ ഇംഗ്ലീഷ് സ്കൂളിൽ വിജയം പ്രാപിക്കുന്ന വിദ്യാർത്ഥികളുടെ ശതമാനം അധികമായും നാട്ടുഭാഷാവിദ്യാലയങ്ങളിൽനിന്നും വിജയം പ്രാപിക്കുന്ന വിദ്യാർത്ഥികളുടെ ശതമാനം വളരെ കുറവായും ഇരിക്കുന്നതു നിങ്ങൾക്കു മനസ്സിലാകും. ഇതിനു കാരണം അദ്ധ്യാപകന്മാരോ വിദ്യാർത്ഥികളോ മോശക്കാരായിരിക്കുന്നതായിരിക്കണം. അദ്ധ്യാപകന്മാർ സാരമില്ലാത്തവരായിരിക്കാം. അല്ലെങ്കിൽ വിദ്യാർത്ഥികൾ മോശക്കാരായിരിക്കാം. എങ്ങിനെയായാലും അതിനു കാരണം വിദ്യാർത്ഥികളുടെ യോഗ്യതക്കുറവാണെന്നാണ് ഞാൻ വിശ്വസിക്കുന്നതു.

ഡെപ്യൂട്ടിപ്രസിഡൻറ് - നിങ്ങളുടെ സമയം കഴിഞ്ഞിരിക്കുന്നു.

മി. ഏ. കെ. പിള്ള (കരുനാഗപ്പള്ളി). ഒരു ചോദ്യംകൂടെ എനിക്കു ഇദ്ദേഹത്തോടു ചോദിക്കാനുണ്ടു. ഇംഗ്ലീഷ് സ്കൂളുകളിലെ വിദ്യാർത്ഥികൾ എപ്പോഴെങ്കിലും വെർണാക്കുലർ സ്കൂളുകൾ കടന്നുവന്നിട്ടില്ലയോ? എന്നു എനിക്കു അറിഞ്ഞാൽകൊള്ളാം.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): അദ്ദേഹം പറയുന്നതു പ്രൈമറി ക്ലാസ്സുകളെപ്പററിയാണ്. അതു ഇളക്കിച്ചു വെയ്ക്കാൻ നിവൃത്തിയില്ലാത്ത ഒരു സംഗതിയാകുന്നു. എന്നാൽ നാട്ടുഭാഷാ വിദ്യാലയങ്ങളുടെ പടി പോലും ചവിട്ടാതെ നേരെ പ്രൈവററായി പഠിച്ചു ഇംഗ്ലീഷ് സ്കൂളിൽ ചേരുന്ന വിദ്യാർത്ഥികളും ഉണ്ട് എന്നു ഞാൻ അദ്ദേഹത്തെ അറിയിച്ചുകൊള്ളുന്നു. ഇപ്പോൾ എന്റെ സ്നേഹിതനു നാട്ടുഭാഷാവിദ്യാലയങ്ങളിലെ വിദ്യാർത്ഥികളുടെ മോശമായ സ്ഥിതിയെപ്പററി ബോദ്ധ്യം വന്നിട്ടുണ്ടെന്നു ഞാൻ വിശ്വസിക്കുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സർ, വിദ്വാനായ വിദ്യാഭ്യാസ ഡയറക്ടർ അവർകൾ എന്റെ മേപരിൽ ആരോപിച്ചിട്ടുള്ള കുററത്തെ അസ്ഥിരമാക്കിയാണ് എനിക്കു മറുപടി പറയേണ്ടിയിരിക്കുന്നതു. അദ്ദേഹം എന്റെ പ്രമേയത്തെസംബന്ധിച്ചു പറഞ്ഞ മറുപടിയുടെ ആരംഭത്തിൽ ഞാൻ എന്റെ പ്രമേയത്തെ ബലപ്പെടുത്തുവാനായി കാരണങ്ങൾ ഒന്നും കൊടുക്കുവാൻ ശ്രമിച്ചിട്ടില്ലെന്നു പറയുകയുണ്ടായി.—

(മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): മേയൃപചസ്സു കാച്ചുകൂടെ ഉറക്കെ പറയണം).

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ആ കുററം എന്നിൽ ആരോപിച്ചതിൽ അദ്ദേഹത്തിനുതന്നെയും ആ കുററത്തെ സംബന്ധിച്ചു അധികമായ വിശ്വാസമുണ്ടായിരിക്കയില്ലെന്നു എനിക്കു നിശ്ചയമുണ്ടു. അദ്ദേഹത്തിനു അതിൽ ഉറപ്പായ വിശ്വാസമുണ്ടായിരുന്നുവെങ്കിൽ എന്റെ പ്രമേയത്തെ നിരാകരിക്കുന്നതിനായി അദ്ദേഹത്തിനു കാരണങ്ങൾ ഒന്നും പറയേണ്ട ആവശ്യമുണ്ടായിരുന്നില്ല. എന്നാൽ ഞാൻ എന്റെ പ്രമേയത്തെ സാധൂകരിക്കുവാൻ നിർബന്ധപൂർവ്വം യാതൊന്നും പറഞ്ഞില്ലെങ്കിലും, ഞാൻ അറിയിച്ചിട്ടുള്ളപോലെ, അദ്ദേഹം അനേകം പ്രമാണങ്ങൾകൊണ്ടുവരുവാൻ ബുദ്ധിമുട്ടിട്ടുള്ളതായി കാണുന്നുണ്ടു.

ഡെപ്യൂട്ടി പ്രസിഡൻറ്: ഒരു പ്രമേയത്തെ എതിർക്കുവാൻ മെമ്പറന്മാരോടാവശ്യപ്പെട്ടാൽ അതിനും ഒരു ആധാരം ഉണ്ടായിരിക്കണമല്ലോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): എന്റെ പ്രമേയം പ്രമാണങ്ങളോ മറേറാ കാരണങ്ങളോ കൊണ്ടു സമർത്ഥിക്കപ്പെടാതിരുന്നുവെങ്കിൽ, അതിനെ അതേസ്ഥിതിയിൽ സ്വീകരിക്കാവുന്നതാണോ എന്നു അദ്ദേഹത്തിനു സഭയോടു ചോദിക്കാമായിരുന്നു. സഭ എന്റെ പ്രമേയത്തെ അനുകൂലിക്കുമെന്നും എന്റെ നിഗമനം ശരിയായതല്ലെന്നും നിശ്ചയമായിട്ടും അദ്ദേഹം വിചാരിച്ചിരിക്കണം. പ്രമേയത്തെ അടിസ്ഥാനമാക്കി പറഞ്ഞിട്ടുള്ള സംഗതികളെല്ലാം തന്നെ ഇപ്പോഴത്തെസ്ഥിതി മുഴുവനും എത്രമാത്രം ന്യായമല്ലെന്നു ഇതുപോലെയുള്ള ഒരു സഭയ്ക്കു ബോദ്ധ്യമാകുവാൻ ധാരാളം മതിയാകുന്നതാണ്. ഡയറക്ടർതന്നെയും പ്രമേയത്തിനു അനുകൂലമായി ചിലതു പറയുന്നുണ്ടു എന്നു ഒടുവിൽ സമ്മതിക്കുകയുണ്ടായി. ഈ സ്ഥിതിയെ പരിഹരിക്കുന്നതിലേയ്ക്കു കഴിയുന്നതും താൽപര്യത്തോടെ ഗവൺമെൻറു ഉത്സാഹിച്ചുകൊണ്ടിരിക്കുന്നുണ്ടു. ഈ ബുദ്ധിമുട്ടിൽ കിടന്നു കഷ്ടപ്പെടുന്നവരായ ഹിന്ദു അദ്ധ്യാപകന്മാരിൽനിന്നും മൂന്നുപേരെ നിയമിച്ചിട്ടുണ്ടെന്നു എല്ലാവരുടേയും അറിവിലേക്കായി പറയുകയുണ്ടായി. ഈ സംഗതി സംബന്ധിച്ചു പ്രമേയം ഈ പാർശ്വത്തിൽ ചെയ്യുന്നതുപോലെ സ്ഥലമെമ്പറന്മാരുടെ ആവശ്യകതയെ അറിഞ്ഞു ഈ മൂന്നുപേരേയും നിയമിക്കുവാൻ ഗവൺമെൻറിനു തോന്നിയതു ഒരു അനുഗ്രഹം തന്നെയാണു. സർ, ഈ മൂന്നുപേരെയും നിയമിച്ചിട്ടുള്ളതായി പറയുന്നതുസംബന്ധിച്ചു, ഗവൺമെൻറിന്റെ ഉദ്ദേശം ഏതുവിധമാണെന്നു കാണിക്കുവാൻ കൂടുതൽ ചില വിവരങ്ങൾ ഞാൻ പ്രസ്താവിച്ചുകൊള്ളട്ടെ. ഈ മൂന്നുപേരും മെസപ്പൊട്ടാമിയായിലും മററു സ്ഥലങ്ങളിലുമുണ്ടായ യുദ്ധസേവനംസംബന്ധിച്ചു ചിലതു പ്രവർത്തിക്കേണ്ടതായിട്ടുണ്ടായിരുന്നു എന്നു എനിക്കു അറിയാം. യുദ്ധസേവനം ചെയ്തിട്ടുള്ളവരെ സഹായിക്കേണ്ടതു പൊതുവെ നിർബന്ധിതമായിരുന്നതിനാൽ ഡിപ്പാർട്ടുമെൻറിലെ ഇംഗ്ലീഷ് ശാഖയിൽ ഗവൺമെൻറിനു ഇവരുടെ കാര്യം ഉപേക്ഷിക്കുവാൻ നിവൃത്തിയില്ലാതായി. ഇതുനിമിത്തമാണു അവർക്കു ഈ കാര്യം സാധിച്ചതു. ഞാൻ പറയുന്നതിൽ തെററുണ്ടെങ്കിൽ തിരുത്താവുന്നതാണ്. ഞാൻ പറയുന്നതു ശരിയല്ലെന്നു ഡയറക്ടർ അഭിപ്രായപ്പെടുന്നുവെങ്കിൽ ഞാൻ പറഞ്ഞിട്ടുള്ളവയെല്ലാം പിൻവലിക്കുവാൻ ഞാൻ തയ്യാറാണു. അതുകൊണ്ടു ഞാൻ, എന്റെ വാദത്തിനിടയിൽ അറിയിച്ചിട്ടുള്ളതുപോലെ, പ്രമേയത്തെ അനുകൂലിക്കുന്ന വളരെ ബലമായ ഒരു സംഗതിയാണു സമർപ്പിക്കുന്നതു്. നാട്ടുഭാഷാപള്ളിക്കൂടങ്ങളിൽ ജോലി നോക്കിവരുന്ന ഇ. എസ്. എൽ. സി. ക്കാരെ സംബന്ധിച്ചേടത്തോളം അവർ അനുവർത്തിച്ചുപോരുന്ന നയത്തെ സാധൂകരിക്കേണ്ട ഭാരം ഡിപ്പാർട്ടുമെൻറിനെ ചേർന്നതാകുന്നു.

തെളിവു കൊടുക്കേണ്ട ഭാരം. ഇപ്പോൾ മറുവശത്തേക്കു ആയിത്തീർന്നിരിക്കുന്നതുകൊണ്ടു മിസ്റ്റർ കൃഷ്ണസ്വാമി അയ്യർ കൊണ്ടുവന്നിട്ടുള്ള അഭിപ്രായങ്ങളെ നമുക്കു പരിശോധിച്ചുനോക്കാം. ഭാഗ്യവശാൽ അവരെപ്പററി ഈ സഭയിലുള്ള മെമ്പറന്മാരിൽ ചിലർ എതിർക്കുകയും അതിന്റെ വാസ്തവസ്ഥിതികളെ വെളിപ്പെടുത്തുകയും ചെയ്തിട്ടുണ്ടു. മിസ്റ്റർ കൃഷ്ണസ്വാമി അയ്യർ പുറപ്പെടുവിച്ചിട്ടുള്ളതായ ബലമായ അഭിപ്രായങ്ങളിൽ ഒന്ന് നാട്ടുഭാഷാപള്ളിക്കൂടങ്ങളുടെ പരിസര സ്ഥിതികൾ ഇംഗ്ലീഷ് പള്ളിക്കൂടങ്ങളിലെ പരിസരസ്ഥിതികളിൽനിന്നും വളരെ

വ്യത്യാസമില്ലെന്നു അറിയപ്പെടുന്ന വസ്തുതയോടു സംബന്ധിച്ചുള്ളതാകുന്നു. അദ്ദേഹത്തിന്റെ അഭിപ്രായത്തെ ബലപ്പെടുത്തുന്നതിനു [illegible] ചെയ്തിട്ടുള്ള ബുദ്ധിപൂർവ്വമല്ലാത്ത നിവേദനം മാത്രമാണ്. മിസ്റ്റർ ചങ്ങനാശേരി പരമേശ്വരൻപിള്ള ചൂണ്ടിക്കാണിച്ചതുപോലെ നാട്ടുഭാഷാ പള്ളിക്കൂടങ്ങളിൽ ജോലിനോക്കുന്ന അദ്ധ്യാപകന്മാർ അനുഭവിക്കുന്ന സങ്കടങ്ങൾക്ക നിവൃത്തിമാർഗ്ഗം ഉണ്ടാക്കേണ്ടതിനും അതുതന്നെയാണ കാരണം. സർ, ഞാൻ അതിൽനിന്നും ഒരു പടി കൂടി കടന്നു, ഈ പ്രത്യേകാവസ്ഥയെ പരിഹരിക്കേണ്ടതു അത്യാവശ്യമാണെന്നുമാത്രമല്ല ഗവണ്മെന്റിന്റെ [illegible] ഞാൻ അറിയിച്ചുകൊള്ളുന്നു. നാട്ടുഭാഷാപള്ളിക്കൂടങ്ങളിലും ഇംഗ്ലീഷ് പള്ളിക്കൂടങ്ങളിലും ജോലിനോക്കിവരുന്ന അദ്ധ്യാപകന്മാരുടെ ഉത്ഭവസ്ഥാനം ഒരേ സ്ഥലത്തിൽനിന്നുമാണെന്നു തെളിഞ്ഞിട്ടുണ്ട്. ആ [illegible] മിസ്റ്റർ കൃഷ്ണസ്വാമിഅയ്യരുടെ അഭിപ്രായത്തിൽ ഇനിയും സംശയത്തിനവകാശമുണ്ടെങ്കിലും ഒരു [illegible] സമ്മതിക്കപ്പെട്ടിട്ടുള്ളതാണ്. മിസ്റ്റർ കൃഷ്ണസ്വാമിഅയ്യരുടെ സംശയത്തെ സംബന്ധിച്ചു ഞാൻ പിന്നീടു പറഞ്ഞുകൊള്ളാം. നാട്ടുഭാഷാപള്ളിക്കൂടങ്ങളിലും ഇംഗ്ലീഷ് പള്ളിക്കൂടങ്ങളിലും ഉള്ള അദ്ധ്യാപകന്മാർ ഒരേ [illegible] തന്നെ ആരംഭിക്കുന്നതായി നമുക്കു ഉദ്ദേശിക്കാം. ഇംഗ്ലീഷ്സ്കൂളിലുള്ളവർ നാൾക്കുനാൾ അഭിവൃദ്ധിയെ പ്രാപിക്കുന്നു. അവരുടെ പരിതഃസ്ഥിതികൾ കൂടുതൽ ന്യായമായിത്തീരുകയും [illegible] വേതനത്തിലും വർദ്ധിക്കുകയും ചെയ്യുന്നു. അധികാരികളുടെ അഭിനന്ദനത്തെ അവർ പാത്രീഭവിക്കുകയും ചെയ്യാം. മററുള്ളവരുടെ വിഷയത്തിൽ അവർ അവരുടെ സഹോദരന്മാരുടെ നിലയിൽനിന്നുതന്നെ ആരംഭിച്ചു നാട്ടുഭാഷാപള്ളിക്കൂടങ്ങളിൽ പ്രവേശിക്കുന്നു. അവരെ നാട്ടുഭാഷാപള്ളിക്കൂടങ്ങളിലെ പരിതഃസ്ഥിതികൾക്കു അടിമപ്പെടുത്തിട്ടു നിങ്ങൾ അവരെ കുററപ്പെടുത്തുവാൻ തുടങ്ങുന്നു.

ഡെപ്യൂട്ടിപ്രസിഡണ്ട്: ഇതു എല്ലായിടത്തും അങ്ങനെതന്നെയാണ്. ഒരു സ്ഥലത്തുനിന്നും പുറപ്പെടുന്ന ആളുകളെല്ലാവരും ഒരേ [illegible] ഉദ്ദേശിച്ചതുപോലെ ചെന്നെത്തുന്നില്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അവർ എത്തുകയില്ലായിരിക്കാം. എന്നാൽ ആ ഉദാരമായ നയത്തെ ഗവണ്മെന്റു ഉത്സാഹിപ്പിക്കാൻ പാടില്ല.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): അവർക്കു തുല്യമായ സൌകര്യങ്ങൾ കൊടുക്കുന്നതായാൽ അവർ ഒരേ സ്ഥാനത്തു ഉദ്ദേശിച്ചതുപോലെ ചെന്നുചേരുന്നതാണെന്നു ഞാൻ മെമ്പറെ അറിയിക്കട്ടെയോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ). അതുതന്നെയാണ എന്റെയും അഭിപ്രായം. ഇവർ, അവർ അവകാശപ്പെടുന്ന സൌകര്യങ്ങൾ ലഭിക്കുന്നപക്ഷം ഒരിക്കലും കഴിവില്ലാത്തവരാകുന്നതല്ല. അവർ മോശമായി [illegible], സർക്കാർ ശമ്പളം [illegible] മാത്രമാണ്. ഇവരുടെ അവസ്ഥ ഒരു കൽക്കരിഖനിയിൽ വേലചെയ്യുന്നവന്റെ അവസ്ഥയ്ക്കു തുല്യമാകുന്നു. നിങ്ങൾ ഒരുത്തനെ കൽക്കരിഖനിയിൽ ഇറങ്ങുവാൻ പറഞ്ഞിട്ടു, ശ്വാസംമുട്ടുന്നതുവരെ അവനെക്കൊണ്ടു വേലചെയ്യിക്കുന്നു; അതിനുശേഷം അവന്നു ശ്വാസംമുട്ടിപ്പോയി എന്നു നിങ്ങൾ പറയുന്നു. അവൻ മനുഷ്യവർഗ്ഗത്തിൽ [illegible] വിധിക്കു അധീനനാകുന്നു. അവനെ ജോലിക്കു നിയമിച്ചവൻതന്നെ അവനോടു ഇപ്രകാരം പറയുന്നതായാൽ അതു വളരെ ആശ്ചര്യംതന്നെയാണ്. മററുവിടെയെങ്കിലും നല്ലനിലയിൽ കഴിഞ്ഞുകൂടുവാൻ സാധിക്കുന്ന ഒരുവൻ മിസ്റ്റർ കൃഷ്ണസ്വാമിഅയ്യർ പറഞ്ഞതുപോലെ വിഷാദകാരണമായ പരിതഃസ്ഥിതികൾക്കു അധീനനായിത്തീരുന്നു. അവൻ [illegible] പ്രയത്നിക്കുകയും ചെയ്യുന്നതിനുപുറമെ, അവനെ നാട്ടുഭാഷാവിദ്യാലയത്തിൽനിന്നും വന്നിട്ടുള്ളവനാണെന്നു പറഞ്ഞു ചവുട്ടിത്താഴ്ത്തുകയും ചെയ്യുന്നു. (സന്ദർശകന്മാരിൽനിന്നും ചിരി).

ഡെപ്യൂട്ടിപ്രസിഡണ്ട്: ഏതെങ്കിലും ഒരു മെമ്പർ പറയുന്ന അഭിപ്രായത്തെ സമ്മതിക്കുന്നതായോ വിസമ്മതിക്കയോ ഉള്ള ഭാവം സന്ദർശകന്മാർ പ്രകടിപ്പിക്കണമെന്നു ഉദ്ദേശിക്കപ്പെട്ടിട്ടില്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സർ, നാട്ടുഭാഷാവിദ്യാലയങ്ങളിലെ ഈ നിർഭാഗ്യവാന്മാരായ അദ്ധ്യാപകന്മാർക്കുവേണ്ടിയാണ് ന്യായവാദം ചെയ്തു ഈ അപേക്ഷ [illegible] ചെയ്തിട്ടുള്ളത്? അതു ഈ സംസ്ഥാനത്തിന്റെ നന്മയെ ഉദ്ദേശിച്ചുതന്നെയാണ്. ഈ സംസ്ഥാനത്തിലെ ആവശ്യത്തിലേക്കായി ഇംഗ്ലീഷ്സ്കൂൾ സ്ഥാപിക്കാറുള്ളതുപോലെ നാട്ടുഭാഷാവിദ്യാലയങ്ങളിൽ നിയമിക്കേണ്ടിവരുന്നു. കുറെകഴിയുമ്പോൾ ഗവണ്മെന്റുതന്നെ അവരെ താഴ്ന്നതരക്കാരാക്കി ചവുട്ടിത്താഴ്ത്തുന്നു. അവർ പഠിപ്പിക്കുന്നുണ്ട്; കുറഞ്ഞ ശമ്പളത്തിൽ കഷ്ടപ്പെടുന്നുണ്ട്. ഇപ്രകാരമെല്ലാം ബുദ്ധിമുട്ടിയിട്ടും അവർ യോഗ്യതയില്ലാത്തവരായും കൊള്ളരുതാത്തവരായും അവമാനിക്കപ്പെടുന്നു. എന്നെ [illegible] നാട്ടുഭാഷാവിദ്യാലയങ്ങളിലെ അദ്ധ്യാപകന്മാരുടെപേരിൽ മിസ്റ്റർ കൃഷ്ണസ്വാമിഅയ്യർ ആരോപിച്ചിട്ടുള്ള കുററങ്ങൾ അവ അതിശയോക്തിപരങ്ങളാണെന്നു ഞാൻ കരുതുന്നു — വാസ്തവംതന്നെയാണെങ്കിലും, നാട്ടുഭാഷാവിദ്യാലയങ്ങളിലെ അദ്ധ്യാപകവൃത്തി മനഃപൂർവ്വമായി സ്വീകരിച്ചു ക്ഷയാവസ്ഥയെ പ്രാപിച്ചിട്ടുള്ള അവർക്കു തൽപരിഹാരമായി വേണ്ടതു പ്രവർത്തിക്കുവാനുള്ള ഉത്തരവാദിത്വം [illegible] ഗവണ്മെന്റിനു ഉണ്ടെന്നു ഞാൻ ഈ സഭയുടെ യാഥാർത്ഥ്യചിന്തയ്ക്കു വിഷയീഭവിപ്പിച്ചുകൊള്ളുന്നു. മിസ്റ്റർ കൃഷ്ണസ്വാമിഅയ്യർ വാദത്തിനുവേണ്ടി പ്രസ്താവിച്ച ആ സംഗതിയും വാസ്തവത്തിൽ എന്റെ അഭിപ്രായത്തെ അനുകൂലമായിട്ടുള്ളതുതന്നെയാകുന്നു.

ഡെപ്യൂട്ടിപ്രസിഡണ്ട്: ഏതു വാദത്തേയും അനുകൂലമാക്കിത്തീർക്കത്തക്കവണ്ണം മാററിമറിക്കുവാനുള്ള സാമർത്ഥ്യം നിങ്ങൾക്കുണ്ട്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഇതു് എനിക്കു സഹായമായിട്ടുള്ള ഒരു പ്രധാനസംഗതിയാണ്.

നാട്ടുഭാഷാവിദ്യാലയങ്ങളിലും ഇംഗ്ലീഷ് പള്ളിക്കൂടങ്ങളിലുമുള്ള അദ്ധ്യാപകന്മാരുടെ യോഗ്യതയെപ്പററി നോക്കുമ്പോൾ, ചില വ്യത്യാസം അവർക്കു തമ്മിലുള്ളതായി കാണാവുന്നതാണെന്നു പിന്നീടു മിസ്റ്റർ കൃഷ്ണസ്വാമിഅയ്യർ പറയുകയുണ്ടായി. എന്നാൽ അതു സംബന്ധിച്ചു ഒരു സമരത്തിനു ആവശ്യമുള്ള സാമഗ്രികൾ ഉണ്ടോ എന്നു പണ്ഡിതനായ ഡയറക്ടരോടു ഞാൻ ചോദിച്ചപ്പോൾ, തിരുവല്ലായിലെ ഒരു വക്കീലായ മിസ്റ്റർ മമ്മേൻമാപ്പിള്ള ഗവണ്മെന്റു അധികാരികളോടും പ്രജാസഭയിലെ ജനനിബിഡമായ ഒരു സമ്മേളനത്തോടും അതുസംബന്ധിച്ചു പ്രമാണപൂർവ്വം പ്രതിപാദിച്ചിട്ടുള്ളതിനെപ്പററി ഒരു ഓർമ്മമാത്രമേ ഉള്ളു എന്നു അദ്ദേഹം പറയുകയാണ് ചെ

ക്കൂൾ. എന്നിട്ടും അദ്ദേഹം അതേമാതിരി ആ സംഗതിതന്നെ പ്രസ്താവിക്കും. സർ, ആ കാററകളെപ്പററി ഇനിയും സൂക്ഷ്മംകണക്കെത്തായിട്ടായിരിക്കുന്നു എന്നു ഞാൻ അറിയിച്ചുകൊള്ളുന്നു. ഞാൻ ഓർമ്മിക്കുന്നതു ശരിയാണെങ്കിൽ യഥാർത്ഥം,—ഞാൻ പറയുന്നതിൽ തെററുണ്ടെങ്കിൽ തിരുത്താവുന്നതാണ്—൧൧൨൦-ാമാണ്ടു വരെ സ്കൂൾഫൈനൽ സർട്ടിഫിക്കെററു കൊടുത്തുവന്നിരുന്നതു വിജയികളായ അപേക്ഷകന്മാർക്കു സർക്കാർജീവനത്തിൽ പ്രവേശിക്കുവാൻ അർഹതയുണ്ടെന്നു കാണിച്ചായിരുന്നു എന്നാണ്. ൧൧൨൦-ലെ ൧൦-ാം നമ്പർ സർക്കുലർ എന്നപേരിൽ അറിയപ്പെടുന്ന ഒരു സർക്കുലർ തിരുവിതാംകൂറിലെ വിദ്യാഭ്യാസഡയറക്ടർ പുറപ്പെടുവിച്ചിട്ടുണ്ട്. അതിൽ, ഇതംപ്രഥമമായി ഇംഗ്ലീഷ്, ഗണിതം, മലയാളം എന്നീവിഷയങ്ങളെസംബന്ധിച്ചിടത്തോളം സംസ്ഥാനത്തിലെ വിദ്യാഭ്യാസസംബന്ധമായ ജീവനങ്ങളിലേ നിയമനം ലഭിക്കുവാൻ വിജയികളായ അപേക്ഷകന്മാർക്കു സംസ്ഥാനത്തൊട്ടുക്കുള്ള ശരാശരിമാർക്കിൽനിന്നും കുറഞ്ഞതു ൫ മാർക്കെങ്കിലും കൂടുതൽ കിട്ടിയിരിക്കണമെന്നു ഒരു പുതിയ ഏർപ്പാടുചെയ്യുകയുണ്ടായി. ൧൧൨൦-ാമാണ്ടുമുതൽ ഇംഗ്ലീഷ്സ്കൂളുകളിലും വെർണാക്കുലർസ്കൂളുകളിലും അദ്ധ്യാപകന്മാരെ നിയമിക്കുന്നതിൽ ഈ ഏർപ്പാടിനെ അനുസരിച്ചുവരുന്നുണ്ട്. അതുകൊണ്ടു ആരംഭത്തെസംബന്ധിച്ചിടത്തോളം വ്യത്യാസത്തിനു വകയെവിടെനിന്നാണ് ഉണ്ടാകുന്നതു? പറയത്തക്കതായ യാതൊരുതരത്തിലുമുള്ള വ്യത്യാസം ഞാൻ കാണുന്നില്ല.

ഒരു വിമർശനംകൂടി ഞാൻ ഇവിടെ സമർപ്പിച്ചുകൊള്ളട്ടെ. സർ, നാട്ടുഭാഷാവിദ്യാലയങ്ങളിലുള്ള ഈ അദ്ധ്യാപകന്മാർക്കു എല്ലാപ്രകാരത്തിലുമുള്ള കുറവുകൾ ഉണ്ടെന്നിരുന്നാലും, അവരുടെ ഉദ്യോഗജീവിതത്തിന്റെ അടുത്ത ഒരു ഘട്ടത്തിൽ, അവർക്കു അഹമഹമികയാ മത്സരിക്കുന്നതിനുള്ള അവസരം ലഭിക്കുന്നുണ്ട്. അതിലേക്കുള്ള ഒരു സ്ഥലമാകുന്നു ട്രെയിനിംഗ്സ്കൂൾ. പത്തും, പതിനൊന്നും വർഷങ്ങൾ കഴിഞ്ഞതിനുശേഷംമാത്രമാണ് അദ്ധ്യാപകന്മാരെ ശിക്ഷാക്രമപരിശീലനത്തിനുവേണ്ടി ട്രെയിനിംഗ്കാളേജിലേക്കു അയക്കുന്നതു. അവിടെ ഇംഗ്ലീഷ്സ്കൂളിലെ ഇ. എസ്. എൽ. സി. ക്കാർക്കും, വെർണാക്കുലർസ്കൂളിലെ ഇ. എസ്. എൽ. സി. ക്കാർക്കുംതമ്മിൽ അവരുടെ യോഗ്യതകളെ ഉരച്ചുനോക്കുവാൻ സാധിക്കുന്നതാകുന്നു. ഈ കൂട്ടരുടെ പരീക്ഷാഫലം പരിശോധിച്ചതിൽ വെർണാക്കുലർസ്കൂളിലെ ഇ. എസ്. എൽ. സി. ക്കാരൻ ഇംഗ്ലീഷ്സ്കൂളിലെ അയാളുടെ പ്രതിയോഗിയെ അദ്ധ്യയനസാമർത്ഥ്യസംബന്ധിച്ച വിഷയത്തിൽ തോല്പിച്ചിട്ടുണ്ട്. അതുകൊണ്ടു കുറവുകളുണ്ടായിരുന്നിട്ടും, സ്വാഭാവികമായിട്ടുള്ള ശേഷിയും ബുദ്ധിശക്തിയുംകൊണ്ടു വെർണാക്കുലർസ്കൂളിലെ ഇ. എസ്. എൽ. സി. ക്കാരനു ഉച്ചസ്ഥാനത്തിലെത്തുവാൻ കഴിയുന്നതാണെന്നു നാം കാണുന്നു. ഈ കാരണത്താൽ അദൃശ്യമായ പരിസരാവസ്ഥകളുടെ ശക്തിനിമിത്തം ഇവരുടെ മാനസികമായ ശക്തികൾക്കു ദോഷവും യോഗ്യതക്കുറവും സംഭവിച്ചിട്ടുണ്ടെന്നു പറയുന്നകാര്യം വാസ്തവത്തിൽ സയുക്തികമായ ഒരു വാദമാണെന്നു ഗണിക്കാവുന്നതല്ലെന്നു ഞാൻ അറിയിച്ചുകൊള്ളുന്നു.

മി. ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിംഗ് വിദ്യാഭ്യാസ ഡയറക്ടർ): ലിസ്റ്റിൽ പ്രഥമസ്ഥാനത്തെ പ്രാപിച്ചിട്ടുള്ള വെർണാക്കുലർസ്കൂളിലെ ആ ഇ. എസ്. എൽ. സി. ക്കാർ ആരെല്ലാമാണെന്നു എന്നെ അറിയിക്കാമോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ദൗർഭാഗ്യവശാൽ എനിക്കു അവരുടെ പേരുകൾ ഏതെല്ലാമെന്നു അറിഞ്ഞുകൂടാ. എന്നാൽ അതുസംബന്ധിച്ചു എനിക്കു വിശ്വാസയോഗ്യമായ അറിവു ലഭിച്ചിട്ടുണ്ട്. മിസ്റ്റർ കൃഷ്ണസ്വാമിഅയ്യർ ആ വിവരം അറിയാൻ ആവശ്യപ്പെടുന്നവെങ്കിൽ അതിനെപ്പററി വീണ്ടും അന്വേഷണംനടത്തി ആ പേരുകളേതെല്ലാമെന്നു ഞാൻ അദ്ദേഹത്തെ അറിയിക്കാം. അദ്ദേഹം എന്റെ അഭിപ്രായത്തെ എതിർക്കുന്നുണ്ടോ എന്നു എനിക്കു അറിഞ്ഞാൽകൊള്ളാം.

ഡപ്യൂട്ടിപ്രസിഡണ്ട്: അദ്ദേഹം ആ വിവരംമാത്രമേ ആവശ്യപ്പെട്ടുള്ളു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ആവശ്യപ്പെട്ട ഈ പ്രത്യേകവിവരംമാത്രം എന്റെ കൈവശം ഇല്ലാത്തതിൽ ഞാൻ വ്യസനിക്കുന്നു. ഭാഗ്യവശാൽ നമ്മുടെകൂട്ടത്തിൽ ട്രെയിനിംഗ്കാളേജു പ്രിൻസിപ്പാൾ ഇരിപ്പുണ്ട്. ഡയറക്ടർക്കു ഈ വിവരം അറിയുവാൻ അദ്ദേഹത്തോടു അപേക്ഷിക്കാവുന്നതാണ്. അതു അദ്ദേഹത്തിന്റെ സ്വാധീനത്തിൽ ഉണ്ടെങ്കിൽ, അദ്ദേഹത്തിനു അതു നൽകുവാൻ സാധിക്കും. എന്നെസംബന്ധിച്ചിടത്തോളം എനിക്കു ലഭിച്ചിട്ടുള്ള അറിവു വിശ്വാസയോഗ്യമാണെന്നാണ് എന്റെ വിശ്വാസം. ഈ ഉദ്യോഗത്തിനു ആവശ്യമുള്ള സജ്ജീകരണത്തിലും പരീക്ഷായോഗ്യതയിലും കുറവുണ്ടെന്നു പറയുന്നകാര്യം സാർത്ഥകമായ കാരണങ്ങളെ അടിസ്ഥാനമാക്കിട്ടുള്ളതല്ല. ഗവണ്മെന്റു അധികാരികൾ സ്വീകരിച്ചിട്ടുള്ളതും ഇതിനുമുമ്പൊരു സന്ദർഭത്തിൽ ഞാൻതന്നെ പ്രസ്താവിച്ചിട്ടുള്ളതും ആയ ഈ താരതമ്യവിവേചനാരീതി സ്വീകാര്യയോഗ്യമല്ലെന്നുകൂടെ ഞാൻ പ്രസ്താവിച്ചുകൊള്ളട്ടെ. താരതമ്യവിവേചനംനടത്തുന്ന സംഗതിയിൽ അവർ ചെയ്യുന്നതു എന്താകുന്നു? ഒരാണ്ടിൽ പരീക്ഷജയിച്ചിട്ടുള്ള ഒരു വിദ്യാർത്ഥിയെ വേറൊരാണ്ടിൽ ജയിച്ചിട്ടുള്ള ഒരു വിദ്യാർത്ഥിയോടു താരതമ്യപ്പെടുത്തുകയാകുന്നു അവർ ചെയ്യുന്നതു. താരതമ്യത്തിനു സ്വീകരിച്ചിട്ടുള്ള ഈ രീതി ശരിയായിട്ടുള്ളതാണോ? തങ്ങൾതന്നെ ചിലർ പരീക്ഷജയിച്ചു കാളേജു വിട്ടിട്ടുള്ളതു പലവർഷങ്ങളിലായിട്ടാണ്. നാം പഠിച്ചു ജയിച്ചവർഷങ്ങളിൽ നമുക്കു ലഭിച്ചിട്ടുള്ള മാർക്കുകളെ അടിസ്ഥാനപ്പെടുത്തി നമ്മെ താരതമ്യപ്പെടുത്തുന്നതായെങ്കിൽ അത്ഭുതകരങ്ങളായ ഫലങ്ങളായിരിക്കും സിദ്ധിക്കുന്നതു. ഏററവും നല്ല ചില വിദ്യാർത്ഥികളുടെ വിഷയത്തിലും പരീക്ഷാഫലം നോക്കുമ്പോൾ കൂടുതൽമാർക്കു കിട്ടിയിരിക്കുന്നതു മററുവർഷങ്ങളിലുള്ള വേറെവിദ്യാർത്ഥികൾക്കായിരിക്കാം. ഒരുത്തൻ വിജയപട്ടികയിൽ മൂന്നാമതോ നാലാമതോ ആയിരിക്കാം. എന്നാൽ തിരുവിതാംകൂറിലെ വിദ്യാഭ്യാസാധികാരികളെസംബന്ധിച്ചിടത്തോളം അവർ, കൂടുതൽമാർക്കു കിട്ടിയിട്ടുണ്ടെന്നുള്ള കാരണത്താൽ അടുത്ത വേറെയൊരാളെ സ്വീകരിക്കുകയാണ് ചെയ്യുന്നതു. ലോകരെല്ലാവരും നിർണ്ണയിക്കുന്നതു മററുപ്രകാരത്തിലുമാണ്. എന്നാൽ ഇവിടെനടക്കുന്ന നിയമനങ്ങൾക്കായി സ്വീകരിക്കുന്ന താരതമ്യവിവേചനരീതിസംബന്ധിച്ചടത്തോളം പിന്നിട്ടു കിട്ടുന്നമാർക്കുകൾക്കായിരിക്കും പ്രാബല്യം. പലവർഷങ്ങളിൽ, പല സ്ഥാപനങ്ങളിൽനിന്നു, പല കാര്യങ്ങളുടെ, വിവിധരീതിയിലുള്ള പാഠപുസ്തകങ്ങളും, അദ്ധ്യയനക്രമങ്ങളും, മററനേകം വ്യത്യസ്തസംഗതികളുംഉള്ള ഭിന്നോപാധികളിൽ വിദ്യാഭ്യാസസ്ഥാപനങ്ങളിൽനിന്നും ജയിച്ചുവരുന്ന വിദ്യാർത്ഥികളുടെ സർട്ടിഫിക്കെററുകളെ താരതമ്യപ്പെടുത്തുന്ന ഈ രീതി, ഒരു നിമിഷം മററൊരുനിമിഷത്തെപ്പോലെയല്ലാതിരിക്കുന്ന ഇക്കാലത്തു അദ്ധ്യാപകന്മാരുടെ കാര്യക്ഷമതയെ നിർണ്ണയിക്കുന്നതിനു ശരിയായ...

ഒരു തോതാണെന്നു നിശ്ചയിക്കുന്നതു ഏററവും അത്ഭുതാവഹമായിട്ടുള്ളതാകുന്നു. അതുകൊണ്ടു അതു അനുവദിക്കത്തക്കതല്ല. ഇവയെല്ലാമാകുന്നു എന്റെ ഉപക്ഷേപത്തെ എതിർക്കുന്നതിനു എന്റെ സ്നേഹിതൻ പ്രസ്താവിച്ച പ്രധാനകാരണങ്ങൾ.

പേകരം ജോലിനോക്കുന്നവരെസംബന്ധിച്ചും ചില ബുദ്ധിമുട്ടുകൾഉണ്ടെന്നു അഭിപ്രായപ്പെടുകയുണ്ടായി. അതിലേക്കു ഉത്തരവാദി ആരാണ്? അതുസംബന്ധിച്ചു മിസ്റ്റർ കൃഷ്ണസ്വാമിഅയ്യർ പറഞ്ഞ അഭിപ്രായങ്ങളിൽ ഒരു വാസ്തവമായിട്ടുള്ളതാണെന്നു സമ്മതിക്കുവാൻ ഞാൻ തയ്യാറാണ്. അദ്ദേഹത്തിന്റെ ദീർഘമായപ്രസംഗത്തിനിടയിൽ വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിലുംതന്നെ ആശ്രയിച്ചവരെ സഹായിക്കുക എന്ന ഏർപ്പാട ഉണ്ടെന്നു പറയുകയുണ്ടായി. അതുവഴിയായി അദ്ദേഹം ഉദ്ദേശിച്ചിട്ടുള്ളതു ഇംഗ്ലീഷ്സ്കൂൾ ഇൻസ്പെക്ടരും വെർണാക്കുലർസ്കൂൾ ഇൻസ്പെക്ടരും തങ്ങളുടെ ആശ്രയത്തിൽ നിൽക്കുന്നവരെ സഹായിക്കുക പതിവുണ്ടെന്നും ആ ഏർപ്പാട വിട്ടുകൊടുക്കണമെന്നു അവരോടു ആവശ്യപ്പെടുന്നതു കഷ്ടമാണെന്നും ആകുന്നു. കാര്യം ഇങ്ങനെയാണെങ്കിൽ സകല അനർത്ഥങ്ങൾക്കും അതു കുന്നു ആരംഭകാരണം. (ചിരി) ഇംഗ്ലീഷ്സ്കൂൾ ഇൻസ്പെക്ടർ ഡയറക്ടർക്കു ആരെയെങ്കിലും നാമനിർദ്ദേശം ചെയ്യേണ്ടിയിരിക്കുമ്പോൾ അദ്ദേഹത്തിന്റെ സ്വാതന്ത്ര്യത്തിനു ഭംഗമുണ്ടാകത്തക്കവണ്ണം വെർണാക്കുലർസ്കൂളുകളിലെ അദ്ധ്യാപകന്മാരെ നിയമിക്കുക എന്ന നയത്തെ അനുവദിക്കണമെന്നു പറയുകയാണെങ്കിൽ മററുള്ളവരെപ്പോലെതന്നെ ഇംഗ്ലീഷ്സ്കൂൾ ഇൻസ്പെക്ടരും തന്റെ അധികാരത്തിനും തടസ്സം ചെയ്യാൻസാധിക്കുന്ന സഹായത്തിനും അതു പ്രതിബന്ധമാണെന്നുപറഞ്ഞു ക്ഷേപിക്കാതിരിക്കയില്ല. സർ, ഇപ്രകാരമുള്ള സംഗതിയിൽ ഇംഗ്ലീഷ്സ്കൂൾഇൻസ്പെക്ടർ, ഈ വിവാദത്തിന്റെ ആദ്യഘട്ടംമുതൽക്കെ ഈ അഭിപ്രായത്തെസംബന്ധിച്ചു വിപരീതാഭിപ്രായം പറഞ്ഞിരിക്കുന്നുവെന്നു എനിക്കു നല്ലവണ്ണം മനസ്സിലാക്കാൻ സാധിക്കുന്നതാകുന്നു. വെർണാക്കുലർസ്കൂൾ ഇൻസ്പെക്ടരെയും ഇംഗ്ലീഷ്സ്കൂൾ ഇൻസ്പെക്ടരെയും തമ്മിൽ താരതമ്യപ്പെടുത്തുന്നതായാൽ, ഇംഗ്ലീഷ്സ്കൂൾ ഇൻസ്പെക്ടർക്ക ഗണനീയമായ പ്രാധാന്യമുണ്ടെന്നുകാണാം. അദ്ദേഹം കൂടുതൽ നല്ല പരിതസ്ഥിതിയിൽ പ്രവർത്തിക്കുന്നവനും (ചിരി) എല്ലാകാര്യങ്ങളും അവർ തമ്മിലുള്ള സ്ഥാനഗൌരവത്തെ ആശ്രയിച്ചിരിക്കുന്നതുമാകുന്നു ഇതിനു കാരണം. വെർണാക്കുലർസ്കൂൾ ഇൻസ്പെക്ടർ എത്രതന്നെ സാമർത്ഥ്യത്തോടും ശക്തിയോടുംകൂടി പ്രവർത്തിച്ചാലും അദ്ദേഹത്തിനു വിജയം സിദ്ധിക്കയില്ല. ഇംഗ്ലീഷ്സ്കൂൾ ഇൻസ്പെക്ടർതന്നെ ജയിക്കും. സാധാരണയായി ഇംഗ്ലീഷുകാരനായിരിക്കുന്ന ഡയറക്ടർ ഇംഗ്ലീഷ്സ്കൂൾ ഇൻസ്പെക്ടരുടെ അഭിപ്രായങ്ങളെയാണ് സ്വീകരിക്കുന്നതു. അദ്ദേഹത്തിന്റെ അഭിപ്രായമാണെല്ലാ ഗവർമ്മെന്റിന്റെ അഭിപ്രായത്തിന് അടിസ്ഥാനം. അപ്രകാരമുള്ള ഒരു സംഗ്രഹമാണ് ഈ സഭമുമ്പാകെ ഡയറക്ടർ വായിച്ചുകേൾപ്പിച്ചത്. രണ്ടുതരം അദ്ധ്യാപകന്മാർക്കും തമ്മിൽ വ്യത്യാസമുള്ളവിവരം അറിയാമെന്നു ഗവർമ്മെന്റ പറയാൻ ആരംഭിക്കുമ്പോൾ മിസ്റ്റർ ശിവരാമപ്പണിക്കരുടെ അഭിപ്രായമനുസരിച്ചു ഇംഗ്ലീഷുസ്കൂളുകളിൽ ഉദ്യോഗസ്ഥന്മാരെസംബന്ധിച്ചു അവർക്കു നല്ല അറിവുണ്ടെന്നല്ലാതെ അതുപോലെ അവിടെ കൂടുതൽ യോഗ്യതയുള്ളവരെപ്പററി അറിവുള്ളതായികാണുന്നില്ല. അതുമാത്രമാണ് ഇവിടെ വായിച്ച സംഗ്രഹത്തിലെ താല്പര്യം.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): 'കൂടുതൽ യോഗ്യതയുള്ളവർ' എന്ന് ഞാൻ പറഞ്ഞതിൽനിന്നും എന്റെ ഉദ്ദേശം വിദ്യാർത്ഥികളെസംബന്ധിച്ചാണോ അല്ലെങ്കിൽ അദ്ധ്യാപകന്മാരെ സംബന്ധിച്ചാണോ എന്നു അദ്ദേഹം ശരിയായി മനസ്സിലാക്കീട്ടുണ്ടോഎന്നു എന്നെ അറിയിക്കാമോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഇതു അത്ഭുതകരമായ ഒരു ചോദ്യമാണ്. മിസ്റ്റർ പണിക്കർ ആ പ്രയോഗം ഉപയോഗിച്ചപ്പോൾ അദ്ദേഹത്തിന്റെ ഉദ്ദേശം എന്തായിരുന്നുഎന്നു വിവരിക്കുവാൻ അദ്ദേഹം ഇപ്പോൾ എന്നോടു ആവശ്യപ്പെടുന്നു.

ഡെപ്യൂട്ടിപ്രസിഡന്റ: അദ്ദേഹം അദ്ധ്യാപകവൃത്തിവിട്ടിട്ടു ഇപ്പോൾ വളരെക്കാലമായിരിക്കുന്നു. ഇപ്പോൾ അദ്ദേഹത്തിനു പഠിപ്പിക്കുവാൻ കഴിയുന്നതല്ല. (ചിരി).

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): അദ്ദേഹത്തിനു മനസ്സിലായിട്ടുണ്ടോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഞാൻ എന്റെ സ്വന്തംരീതിയിൽ മനസ്സിലാക്കീട്ടുണ്ടു. (ചിരി) അങ്ങനെയല്ലെങ്കിൽ ഞാൻ ആ രീതിയിൽ സംസാരിക്കയില്ലായിരുന്നു.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ആ രീതി എന്താണ്? അദ്ദേഹം എന്നെ തെററിദ്ധരിച്ചിട്ടുണ്ടെന്നു ഞാൻ കരുതുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): നിങ്ങൾക്കു എന്നെ തിരുത്താൻ കഴിയുമെങ്കിൽ എനിക്കു അതു വളരെ സന്തോഷകരമായിരിക്കും.

അതുകൊണ്ടു ഗവർമ്മെന്റ നടപടികളിൽനിന്നും ഉദ്ധരിച്ചവയും ഈ പ്രത്യേകസംഗതിയിൽ അസാധാരണമായ ഗൌരവമർഹിക്കുന്നതായി വിചാരിക്കാവുന്നതല്ല.

ഡെപ്യൂട്ടിപ്രസിഡന്റ: മിസ്റ്റർ നാരായണപിള്ള: നിങ്ങളുടെ സമയം ഏകദേശം കഴിഞ്ഞിരിക്കുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഇതാ ഞാൻ ഇപ്പോൾ അവസാനിപ്പിക്കുന്നുണ്ട്.

വാദപ്രതിവാദത്തിനിടയിൽ മെസ്സേർസ് സി. പി. തോമസ്സും, പണിക്കരും നാട്ടുഭാഷാവിദ്യാലയങ്ങളിലെ വിദ്യാർത്ഥികളുടെ സ്റ്റാൻഡേർഡ് ഇംഗ്ലീഷ്സ്കൂളിലേപ്പോലെ അത്ര കൂടുതലല്ലാഎന്നു അവർ എടുത്തുകാണിച്ചശേഷം, വേറെയൊരുസംഗതിയെപ്പററിക്കൂടി പ്രസ്താവിക്കുകയുണ്ടായി. അതു മിസ്റ്റർ കൃഷ്ണസ്വാമി അയ്യർ തന്നെയും നെറിപ്പെടുത്തിവിച്ച ഒരു സംഗതിയല്ല. അതുസംബന്ധിച്ച്, മിസ്റ്റർ ശിവരാമപ്പണിക്കർതന്നെ അവസാനമായി ഇംഗ്ലീഷ്സ്കൂളിൽ അദ്ധ്യയനത്തിനുകൊടുത്തിട്ടുള്ള സമയം ൩-മുതൽ ൪-വരെ മണിക്കൂറുകളാണെന്നും, നാട്ടുഭാഷാവിദ്യാലയങ്ങളിലാകട്ടെ ഇംഗ്ലീഷ്പഠിപ്പിക്കുന്നതിന് ഉപയോഗിച്ചുവരുന്ന സമയം ൧൧-മുതൽ ൪-മണിക്കൂർവരെയാണെന്നും പ്രസ്താവിച്ചിട്ടുണ്ട്. ഈ പള്ളിക്കൂടങ്ങളിൽ ഇംഗ്ലീഷ്പഠിപ്പിക്കുന്നതിലേക്കു വിനിയോഗിക്കുന്നസമയങ്ങൾക്കു തമ്മിലുള്ളവ്യത്യാസം ഇപ്രകാരമായിരിക്കെ, അവ രണ്ടിനും തമ്മിൽ ഏതെങ്കിലും വ്യത്യാസമുണ്ടായിരുന്നാലും അതിൽ ആശ്ചര്യപ്പെടുവാനില്ല, അതു അദ്ധ്യാപകന്റെ കുററവുമല്ല. അതിനുകാരണം ആ ഏർപ്പാടാണ് അതുകൊണ്ടു അതു നാട്ടുഭാഷാപള്ളിക്കൂടങ്ങളിലെ അദ്ധ്യാപകന്മാരുടെ സ്വാഭാവികമായ ഉൽക്കർഷത്തെ ധ്വംസിക്കുവാനുള്ള ഒരു മറുപടിയല്ല. സർ, ഗവർമ്മെന്റിന്റെ ശ്രദ്ധയ്ക്കായി ഞാൻ നിർബന്ധിക്കുന്ന നയമനുസരിച്ചു ഇവിടെയും അവിടെയുമായി ചില പ്രത്യേകവ്യ

ന്തികളെ സംബന്ധിച്ച സംഗതികളിൽ യോഗ്യമായ നടപടികൾ നടത്തിട്ടില്ലായിരിക്കാം. ഈ പ്രമേയത്തെ സംബന്ധിച്ചുള്ള വഴക്ക വ്യവസ്ഥയനുസരിച്ച് ഒരു നിർദ്ദിഷ്ടപദ്ധതിയുടെ രേഖയാണ്. വിദ്യാഭ്യാസഡിപ്പാർട്ടുമെന്റു ഇപ്പോൾ അനുവർത്തിച്ചുപോരുന്നതിൽ ഏർപ്പാടിൽ ഭാഗിക്രമം പോലെയുള്ള ഏതാനും ചില കെട്ടുപാടുകളുള്ളതു പോലെ തോന്നുന്നു. വാസ്തവമാകുൽ, വിദ്യാഭ്യാസഡയറക്ടരുടെ പ്രസംഗത്തിൽ നിന്നുതന്നെ, നാട്ടുഭാഷാവിദ്യാലയങ്ങളിലെ അദ്ധ്യാപകന്മാരെ സാധാരണ പാസ്സായവരെ നിയമിക്കാറുണ്ട് വിചാരിക്കപ്പെട്ടുവരുന്നതാണ്. അതിനാൽ അവക്ക് ഇപ്പോൾ ലഭിച്ചുവരുന്ന ശമ്പളത്തിൽ നിന്നും കൂടുതൽ അവർ അർഹിക്കുന്നില്ലെന്നും നല്ലപോലെ മനസ്സിലാക്കപ്പെന്നതാകുന്നു. അവരുടെ പരീക്ഷായോഗ്യതകൾ എത്രതന്നെ കുറഞ്ഞിരുന്നാലും ശരി, അവർ ശിക്ഷാക്രമപരിശീലനം ലഭിച്ചവരോ അല്ലാത്തവരോ ആയിരുന്നാലും ശരി അവരുടെ എല്ലാവരുടെ ശമ്പളത്തിൽ കിടന്ന ജീവിതം പോഷണംവരം പരിഷ്കൃതമാക്കപ്പെടുകതന്നെ വേണം. നേരമറിയുന്ന ഇംഗ്ലീഷ് സ്കൂളിലുള്ളവരെ സാധാരണയായി ഉത്സാഹിപ്പിച്ചു ഉയർന്നശമ്പളത്തിലേക്ക കൊണ്ടുവരികയുംചെയ്യും.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): മി. പി. കെ. നാരായണപിള്ള അതിനെ ഭേദഗതിയായ ഒരു നമ്മോദിനം പാസ്സാക്കുവാൻ തയ്യാറാണോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അപ്രകാരംതന്നെ, ഞാൻ അതിനെ സ്വീകരിക്കുവാൻ തയ്യാറാണ്. നിങ്ങൾ അതിനെ ഏതു ചീത്തയായ പേരിലും വിളിച്ചുകൊള്ളണം. (ചിരി). മിസ്റ്റർ എ. കെ. പിള്ള നിരൂപണം ചെയ്തതുപോലെ ഈ ഭേദഗതി നമ്മോദിനമായ വ്യാഖ്യാനം ഇപ്പോൾ കേൾക്കേണ്ടതാണെന്ന ഞാൻ അറിയിച്ചുകൊള്ളുന്നു. മി. കൃഷ്ണസ്വാമി അയ്യർ, ഭരണാധികാരികളോട് ആവശ്യപ്പെടുന്ന വിധം ശമ്പളം വർദ്ധിക്കുന്ന അതിൽ നിന്നും പ്രതിനിവർത്തിക്കുന്നതല്ലേ അന്യായമെന്നു പറയുന്നതെങ്കിലും അതുനിമിത്തം അധികം ബുദ്ധിമുട്ടാനിടയാകുമെന്നു തോന്നുന്നില്ല. പരിതസ്ഥിതികളിൽ വ്യത്യാസമുണ്ട്. വിഭാഗങ്ങൾക്ക് ഒരു വ്യത്യാസം ഉള്ളതായി തോന്നുന്നെങ്കിൽ ആ പരിതസ്ഥിതിയെ ഭേദപ്പെടുത്തുക, അതു ചെയ്യുവാൻ നിങ്ങൾക്ക കഴിയുന്നതല്ലെങ്കിൽ, കഷ്ടതയനുഭവിക്കുന്ന ഈ ജനങ്ങൾക്ക ആവശ്യമുള്ള പരിഹാരംചെയ്യുക. അതാകുന്നു ഈ പ്രമേയം സംബന്ധിച്ചുള്ള എന്റെ താഴ്മയായ പ്രാർത്ഥന.

ഡപ്യൂട്ടിപ്രസിഡണ്ട്: നിങ്ങളുടെ സമയം കഴിഞ്ഞിരിക്കുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഈ സഭയുടെ ദയാപൂർവ്വമായ സ്വീകരണത്തിനായി ഞാൻ അതിനെ സമർപ്പിക്കയും ചെയ്തുകൊള്ളുന്നു.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): സർ—

മി ജി. രാമൻമേനോൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും):സർ—

മി. പി കെ. നാരായണപിള്ള (അമ്പലപ്പുഴ): ഈ മാന്യന്മാർ രണ്ടുഭാഗങ്ങളിൽ നിന്നും എന്നോട്ട ചോദ്യങ്ങൾ ചോദിക്കുന്നതായാൽ ഒരേകാലത്തു രണ്ടുപേക്കും മറുപടി പറയുവാൻ എനിക്ക സാധിക്കുന്നതെങ്ങിനെയാണ്? എനിക്ക ഒരു നാക്കുമാത്രമെ ദൈവം തന്നിട്ടുള്ളുവല്ലൊ (ചിരി)

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): നാട്ടുഭാഷാ വിദ്യാലയങ്ങളിലെ വി. എച്ച്. അദ്ധ്യാപകന്മാരെ സംബന്ധിച്ച ഇതിനു സദൃശമായ ഒരു പ്രമേയം നിർമ്മിക്കുന്നതായാൽ, ഇംഗ്ലീഷ് സ്കൂളിലുള്ള വി. എച്ച്. കാരെപ്പോലെ ആ വി. എച്ച്. കാക്കും ശമ്പളംകൊടുത്തു പ്രോത്സാഹിപ്പിക്കണമെന്നുള്ള ഉദ്ദേശം അദ്ദേഹത്തിനുണ്ടോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഇംഗ്ലീഷ് സ്കൂളിലുള്ള വി. എച്ച് കാരെ സംബന്ധിച്ച് ഇതിനു തുല്യമായ ഒരു പ്രമേയം നിർമ്മിക്കുവാൻ സാധിക്കുമെന്നു തോന്നുന്നില്ല.

ഡെപ്യൂട്ടിപ്രസിഡണ്ട്: ഇംഗ്ലീഷ്സ്കൂളിലുള്ള വി. എച്ച് കാക്ക കൊടുത്തുവരുന്നതുപോലെയുള്ള ശമ്പളം വെർണാക്കുലർ സ്കൂളിലുള്ള വി. എച്ച്. കാക്കും കൊടുക്കേണ്ടതാണെന്നുള്ള ഒരു പ്രമേയത്തെ നിങ്ങൾ അനുകൂലിക്കുമൊ എന്ന് അറിയുവാനാകുന്നു അംഗം ആവശ്യപ്പെടുന്നത്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): പ്രതികൂലങ്ങളായ സ്ഥിതികളെപ്പററി ആരെങ്കിലും എടുത്തുകാണിക്കുന്നില്ലെങ്കിൽ എനിക്ക അപ്രകാരമുള്ള ഒരു പ്രമേയത്തെ അനുകൂലിക്കുന്നതിൽ യാതൊരു വിരോധവുമില്ല.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഇപ്രകാരമുള്ള അവസ്ഥകളിൽ വി. എച്ച്. കാരെ ഇംഗ്ലീഷ് സ്കൂളുകളിലേക്ക സ്ഥലമാറ്റം ചെയ്യേണ്ടതാണെന്നുള്ള ഉദ്ദേശത്തെ അംഗം അനുകൂലിക്കുന്നുണ്ടോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): വി. എച്ച്. കാരെ ഇംഗ്ലീഷ്സ്കൂളിലേക്ക എടുക്കാൻ പാടില്ലെന്നു ഞാൻ ഒരിക്കലും പറഞ്ഞിട്ടില്ല.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ചില പ്രത്യേക വി. എച്ച്. കാരെമാത്രം ഇംഗ്ലീഷ് പള്ളിക്കൂടങ്ങളിലേക്ക എടുക്കുന്നതായാൽ ഇംഗ്ലീഷുപള്ളിക്കൂടങ്ങളെ പോകുന്ന സ്ഥലമാറ്റത്തെ സംബന്ധിച്ച വെർണാക്കുലർ സ്കൂളുകളിലെ അദ്ധ്യാപകന്മാരുടെ ഇടയിൽ വഴക്കുകൾ ഉണ്ടാകയില്ലയോ?

ഡെപ്യൂട്ടിപ്രസിഡണ്ട്: അതു് ഒരു കല്പിതമായ ചോദ്യമാണ്. അതിനെപ്പററിയല്ല നാം ഇപ്പോൾ ആലോചിക്കുന്നത്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): നമ്മുടെ ഇപ്പോഴത്തെ ആലോചനാവിഷയത്തിൽ നിന്നും അതു് എത്രയോ അകന്നതാണ്.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഇംഗ്ലീഷ്സ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളക്രമത്തിനു തുല്യമായനിരക്കിൽ വെർണാക്കുലർസ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളവും വർദ്ധിപ്പിക്കുന്നവിഷയത്തിൽ എന്റെ സ്നേഹിതൻ അനുകൂലിയാണോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): വി. എച്ച്. കാക്ക ഇപ്പോൾ വെർണാക്കുലർ സ്കൂളിൽതന്നെ ചില കൂടുതൽശമ്പളം കിട്ടുവാൻ അവകാശമുണ്ട്. അവരുടെ സ്ഥിതികളെ പരിഷ്കരിക്കുന്നതിനുള്ള മാറ്റങ്ങൾ നിർദ്ദേശിക്കുവാൻ ഒരു കമ്മിററി നിയമിക്കപ്പെട്ടിട്ടുണ്ട്. അതിൽ ഞാനും, എന്റെ സ്നേഹിതൻ മി. ശിവരാമപ്പണിക്കരും, വിദ്യാഭ്യാസ ഡയറക്ടരും അംഗങ്ങളാകുന്നു.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): വെർണാക്കുലർ സ്കൂളിലുള്ള ഇ. എസ്. എൽ. സി ക്കാക്ക് അവിടെയുള്ള വി. എച്ച് കാരിൽനിന്നുള്ള വ്യത്യാസം എന്താണെന്നു എന്നെ അറിയിക്കുമോ?

ഡെപ്യൂട്ടിപ്രസിഡണ്ട്: അപ്രകൃതമായ കാര്യങ്ങളിൽ അത്യധികമായി കടക്കുകയാണ് നാം ചെയ്യുന്നതെന്നു ഞാൻ വിചാരിക്കുന്നു.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ഇംഗ്ലീഷ്‌സ്കൂളിലെ മുൻഷിമാരേക്കാൾ കുറഞ്ഞ ശമ്പളം ഇനിയും വാങ്ങിച്ചുകൊണ്ടിരിക്കുന്ന, വിദ്വാൻപരീക്ഷ, ശാസ്ത്രിപരീക്ഷ, വെർണാക്യുലർ ഹയർപരീക്ഷ എന്നീപരീക്ഷകൾ പാസ്സായിട്ടുള്ള നാട്ടുഭാഷാ വിദ്യാലയങ്ങളിലെ അദ്ധ്യാപകന്മാരുടെ സംഗതിയെപ്പററി ഞാൻ എന്റെ സ്നേഹിതനെ ഓർമ്മിപ്പിക്കട്ടെയോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ആരെങ്കിലും അവർക്കു കൂടുതൽ ശമ്പളം കൊടുക്കുമെങ്കിൽ നിശ്ചയമായിട്ടും അതു് എനിക്കു വളരെ സന്തോഷജനകമായിട്ടുള്ളതാണ്.

മി. ആർ. കൃഷ്ണസ്വാമിഅയ്യർ (ആ. വിദ്യാഭ്യാസ ഡയറക്ടർ). സർ, മിസ്റ്റർ പി. കെ. നാരായണപിള്ള സമർത്ഥനും ശേഷിമാനുമായ ഒരു അഭിഭാഷകനാകുന്നു. പ്രമേയത്തിന്റെ നൈസർഗ്ഗികമായ ബലത്തെപ്പററി അദ്ദേഹത്തിനു അറിയാമായിരുന്നതുകൊണ്ടു, അതിനു അനുകൂലമായ യാതൊരഭിപ്രായവും താൻ പ്രസ്താവിച്ചിട്ടില്ലെന്നു് പറഞ്ഞു അദ്ദേഹം തന്റെ പ്രമേയത്തെ ബലപ്പെടുത്തുവാൻ ശ്രമിച്ചു. എന്നാൽ എന്റെ സ്ഥിതിയുടെ ബലക്ഷയത്തെപ്പററി എനിക്കു ബോധമുണ്ടായിരുന്നതിനാൽ ഞാൻ അതിനു വിപരീതമായ പലയുക്തികളും പ്രസ്താവിച്ചു. ഇപ്രകാരം അദ്ദേഹം തെളിവുകളുടെ ഭാരം തെററായസ്ഥാനത്തിൽ സമർപ്പിച്ചു. (ചിരി) സർ, തർക്കസംബന്ധമായ സാമർത്ഥ്യത്തെ സംബന്ധിച്ചിടത്തോളം എനിക്കു അദ്ദേഹത്തിന്റെ അടുത്തുനില്ക്കുവാൻ സാധിക്കുന്നതല്ലെന്നു ഞാൻ സമ്മതിക്കുന്നു. വാസ്തവത്തിൽ എനിക്കു ആ സാമർത്ഥ്യം തീരെയില്ലെന്നുവേണം പറയുവാൻ.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സർ, ഞാൻ വിദ്യാഭ്യാസ ഡയറക്ടരുടെപേരിൽ ഉദാ[illegible]ഭക്തിയുള്ള അദ്ദേഹത്തിന്റെ ഒരു പ്രിയശിഷ്യനാണ്. അതുകൊണ്ടു എന്നെ സ്തുതിക്കുകയോ അദ്ദേഹത്തോടുകൂടി താരതമ്യപ്പെടുത്തുകയോ ചെയ്യരുതെന്നു ഞാൻ അദ്ദേഹത്തോടു അപേക്ഷിച്ചുകൊള്ളുന്നു. എന്നെ അദ്ദേഹത്തോടുകൂടി താരതമ്യപ്പെടുത്തുന്നതു എനിക്കു സങ്കടകരമാണ്.

ഡെപ്യൂട്ടിപ്രസിഡണ്ട്: നിങ്ങൾ ഒരു നിയമപണ്ഡിതനാണ്. അദ്ദേഹം അപ്രകാരമല്ല. നിങ്ങളുടെ നിയമജ്ഞാനത്തെ സംബന്ധിച്ചിടത്തോളം മാത്രമേ അദ്ദേഹം നിങ്ങളെ അദ്ദേഹത്തോടു താരതമ്യപ്പെടുത്തുന്നുള്ളു.

മി. കൃഷ്ണസ്വാമിഅയ്യർ (ആ. വിദ്യാഭ്യാസ ഡയറക്ടർ): ചിലപ്പോൾ വിശേഷിച്ചും നാം ഈസഭയിൽ വിപരീതഭാഗങ്ങളിലായി നിൽക്കുമ്പോൾ അപ്രകാരമുള്ള താരതമ്യങ്ങൾ കൂടാതെ നിവൃത്തിയില്ലാതെ വരുന്നതാണ്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): എന്നാൽ, സർ, പുരുഷവിശേഷാനുബന്ധമായ സംബന്ധത്തെ നോക്കാതിരിക്കുവാൻ എനിക്കു സാധിക്കുന്നതല്ല.

മി. ആർ. കൃഷ്ണസ്വാമിഅയ്യർ (ആ. വിദ്യാഭ്യാസഡയറക്ടർ): യോഗ്യതാഭാഗത്തിലേക്കു കടക്കുമ്പോൾ സർ, ഞാൻ പറഞ്ഞുകഴിഞ്ഞതിൽ കൂടുതലായി എനിക്കു പറവാനുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. ഇംഗ്ലീഷ് സ്കൂളുകളിലും വെർണാക്യുലർ സ്കൂളുകളിലും ഉള്ള ഇ. എസ്. എൽ. സി. ക്കാരുടെ ശമ്പളങ്ങളിലുള്ള വ്യത്യാസത്തെ സംബന്ധിച്ചിടത്തോളം എനിക്കു പറവാനുള്ളതു അതു് ഒഴിച്ചുകൂട്ടുവാൻ നിവൃത്തിയില്ലാത്തതാണെന്നു മാത്രമാകുന്നു. ആ വ്യത്യാസം ഇല്ലാതാക്കാൻ കഴിയുമെങ്കിൽ എനിക്കു സ്വതേ സന്തോഷംതന്നെയാകുന്നു. വെർണാക്യുലർ സ്കൂളുകൾ പാവപ്പെട്ടവരുടെ ഉപയോഗത്തെ ഉദ്ദേശിച്ചുള്ളതും അവിടെ ചുമത്തപ്പെടുന്ന ഫീസ് വളരെ കുറവും ആണെന്നുള്ള സംഗതിയിലാകുന്നു ഈ വ്യത്യാസത്തിന്റെ ഉത്ഭവം സ്ഥിതിചെയ്യുന്നതു്. വെർണാക്യുലർ സ്കൂളുകളിലുള്ള ൨, ൩, ൪ എന്നീ ക്ലാസുകളിലെ ഫീസ് മാസംതോറും യഥാക്രമം ൧൨, ൧൩, ൧൪ ചക്രംവീതം മാത്രമാകുന്നു. എന്നാൽ ഇംഗ്ലീഷ്പള്ളിക്കൂടങ്ങളിൽ ഫീസിന്റെനിരക്കു പ്രിപ്പറേറ്ററി ക്ലാസിനു ൧ രൂപ ൪ അണയും, ൧, ൨, ൩ എന്നീഫാറങ്ങൾക്കു ൨ രൂപയും ആകുന്നു. അതിനാൽ ഇംഗ്ലീഷ്പള്ളിക്കൂടങ്ങളിലുള്ള അദ്ധ്യാപകന്മാരെക്കാൾ വെർണാക്യുലർ സ്കൂളിലെ അദ്ധ്യാപകന്മാരുടെ ശമ്പളം കുറവായി നിശ്ചയിച്ചിരിക്കുന്നതിനുള്ള കാരണം ധനസ്ഥിതിയെപ്പററിയുള്ള ആലോചനകൾ കൊണ്ടാണെന്നാകുന്നു എനിക്കു തോന്നുന്നതു്. ഈസഭയിലെ മെമ്പറന്മാരിൽ ചിലർക്കു പ്രത്യേകതാല്പര്യമുള്ളതായി തോന്നുന്നസംഗതി അതായതു് ഇംഗ്ലീഷ്പള്ളിക്കൂടങ്ങളും വെർണാക്യുലർ സ്കൂളുകളും തമ്മിലുള്ള സംയോജനം നടപ്പിൽവരുത്തുവാൻ സാധിക്കുമെങ്കിൽ ഈ രണ്ടുതരം സ്കൂളുകളിലെയും ഇ. എസ്. എൽ. സി. കാരുടെ ശമ്പളവും ഒരേ രീതിയിലാക്കുവാൻ സാധിക്കുമായിരിക്കും. അപ്പോൾ വെർണാക്യുലർ സ്കൂളുകളിലെ ഫീസ് വർദ്ധിപ്പിക്കേണ്ടതായി വരും. വെർണാക്യുലർ സ്കൂളുകളിലെ ഫീസ് എത്ര കുറഞ്ഞതുകയായിട്ടാണെങ്കിലും, വർദ്ധിപ്പിക്കുന്നതായാൽ, ഇപ്പോൾ ആ സ്കൂളുകളിൽ ഹാജരായിവരുന്ന വിദ്യാർത്ഥികൾ അപ്രകാരം ഹാജരാകാതെയായിത്തീരുമെന്നു വെർണാക്യുലർ സ്കൂളുകളുടെ ഇൻസ്പെക്ടർ മിസ്റ്റർ ചെറിയാൻ എന്നോടു പറഞ്ഞിട്ടുണ്ട്.

മി. കെ. ഐ. ജോസഫ് (മീനച്ചിലും-ദേവികുളവും): മി. ചെറിയാൻ ഈ സംഗതിയിൽ വിദഗ്ദ്ധനാണോ?

മി. ആർ. കൃഷ്ണസ്വാമിഅയ്യർ (ആ. വിദ്യാഭ്യാസഡയറക്ടർ): അദ്ദേഹം വെർണാക്യുലർ സ്കൂളുകളുടെ ഇൻസ്പെക്ടരാണ് അതുകൊണ്ടു ഈ സംഗതിയെപ്പററി മററുള്ളവർക്ക് അറിയാവുന്നതിൽനിന്നും വളരെക്കൂടുതൽ അദ്ദേഹത്തിനു അറിയാമെന്നു ഞാൻ വിചാരിക്കുന്നു.

മി. കെ. ഐ. ജോസഫ് (മീനച്ചിലും-ദേവികുളവും): ഇതിൽ സംബന്ധിച്ചിട്ടുള്ള വിദ്യാർത്ഥികളുടെ രക്ഷാകർത്താക്കന്മാരെക്കാൾ കൂടുതലായി അദ്ദേഹത്തിനു അറിയാമോ?

മി. ആർ. കൃഷ്ണസ്വാമിഅയ്യർ (ആ. വിദ്യാഭ്യാസ ഡയറക്ടർ): ഞാൻ അപ്രകാരം പറയുന്നില്ല. ആ സംഗതിയെ സംബന്ധിച്ചു വിപരീതമായി തെളിയിക്കുന്നതുവരെ മറെറതൊരാളെക്കാളും അദ്ദേഹത്തെയാണ് ഞാൻ കൂടുതൽ പ്രമാണമായി കരുതുന്നതു്.

സർ, വെർണാക്യുലർ സ്കൂളുകളിൽ അദ്ധ്യാപകന്മാരായിരിക്കുന്ന ഇ. എസ്. എൽ. സിക്കാരുടെയും ഇംഗ്ലീഷ്സ്കൂളുകളിൽ അദ്ധ്യാപകന്മാരായിരിക്കുന്ന ഇ. എസ്. എൽ. സിക്കാരുടെ ശമ്പളങ്ങൾക്കു തമ്മിലുള്ള വ്യത്യാസം അവർ ഇപ്പോൾ സ്വീകരിക്കുന്ന സർക്കാർ ജീവനത്തിന്റെ സ്ഥിതിയനുസരിച്ചു പരിഹരിക്കുവാൻ നി

സ്ഥതിയില്ലാത്തതാണെന്നു് ഞാൻ പറകയുകയായിരുന്നുവല്ലോ. ഇപ്പോഴം അതിലേക്ക് എന്തു പരിഹാരമാണു ചെയ്യാവുന്നതു്? അതിലേക്ക പ്രമേയത്തിൽ ഒരു പരിഹാരമാൎഗ്ഗം നിൎദ്ദേശിച്ചുകാണുന്നുണ്ടു്. അതു ശരിയായിട്ടുള്ളതാണോ എന്നു് നിശ്ചയിക്കേണ്ടതാണ് ഈ സഭയെ ചേൎന്നതാകുന്നു. ഇതിനുമുമ്പു ഞാൻ ചെയ്ത പ്രസംഗത്തിനിടയിൽ വെർണാക്യുലർ സ്കൂളുകളിൽ അദ്ധ്യാപകന്മാരായിരിക്കുന്ന ഇ. എസ്. എൽ. സിക്കാരുടെ ശരിയായിട്ടുള്ള കാൎയ്യശേഷി ഇംഗ്ലീഷ്സ്കൂളുകളിൽ അദ്ധ്യാപകന്മാരായിരിക്കുന്ന ഇ. എസ്. എൽ. സിക്കാരുടേതിൽനിന്നും കുറവായിട്ടുള്ളതാണെന്നു് ഞാൻ പറഞ്ഞിട്ടുണ്ടു്. ഇവിടെ സംസാരിച്ചവരിൽ പലരും എന്റെ അഭിപ്രായത്തെ എതിൎത്തിട്ടുണ്ടു്. ഇംഗ്ലീഷ്സ്കൂളുകളിലുള്ള ഇ. എസ്. എൽ. സിക്കാരുടെ നിയമനം ഇംഗ്ലീഷ്സ്കൂൾ ഇൻസ്പെക്ടരുടെ ശുപാൎശപ്രകാരം ഡയറക്ടർ അനുവദിച്ചിട്ടുള്ളതാണെങ്കിലും ഞാൻ പുതുതായി ഒരു നിയമനമെങ്കിലും നടത്തീട്ടില്ലെന്നു ഇവിടെ പറഞ്ഞുകൊള്ളുന്നു. ഇതുവരെ ചെയ്തിട്ടുള്ള അപ്രകാരമുള്ള നിയമനങ്ങളെല്ലാം എന്റെ പൂൎവ്വഗാമികളായ ഡയറക്ടർമാർ ചെയ്തിട്ടുള്ളവയാണ്. അതുകൊണ്ടു ആ സംഗതിയെ സംബന്ധിച്ചു എനിക്കു പ്രത്യക്ഷമായ യാതൊരറിവുമില്ല. മുമ്പുണ്ടായിട്ടുള്ള ഡയറക്ടർമാർ വെർണാക്യുലർസ്കൂളിലുള്ള ഇ. എസ്. എൽ. സിക്കാരുടെ ശരാശരി കാൎയ്യശേഷി ഇംഗ്ലീഷ്സ്കൂളിലുള്ള ഇ. എസ്. എൽ. സിക്കാരുടേതിൽനിന്നും കുറഞ്ഞതാണെന്നു് റിപ്പോൎട്ടുകളിൽ എഴുതിയിട്ടുണ്ടു്. ഇ. എസ്. എൽ. സിക്കാരായ ഓരോ വ്യക്തികളും ഇപ്രകാരമാണെന്നു് അവർ പറഞ്ഞിട്ടുമില്ല. അപ്രകാരമിതിനുമുമ്പ് ശ്രീമൂലംപ്രജാസഭയിൽ വെർണാക്യുലർസ്കൂൾ അദ്ധ്യാപകന്മാരായ ഇ. എസ്. എൽ. സിക്കാരിൽ ചിലവ്യക്തികൾക്ക ഇംഗ്ലീഷ്സ്കൂൾ അദ്ധ്യാപകന്മാരായ മററു ചില ഇ. എസ്. എൽ. സിക്കാരെക്കാൾ നല്ല സർട്ടിഫിക്കററുകൾ ഉണ്ടെന്നു് തെളിയിച്ചതു എന്റെ അഭിപ്രായത്തെ ഒരു പ്രകാരത്തിലും ബാധിക്കുന്നതേയില്ല. ഇംഗ്ലീഷ്സ്കൂളിലേക്ക എടുക്കുന്ന ഇ. എസ്. എൽ. സിക്കാരുടേയും, വെർണാക്യുലർ സ്കൂളിലേക്ക എടുക്കുന്ന ഇ. എസ്. എൽ. സിക്കാരുടേയും യോഗ്യതകൾക്ക തമ്മിൽ യാതൊരു വ്യത്യാസവും ഇല്ലെന്നുള്ള പ്രമേയത്തിനു് അനുകൂലമായി, കഴിഞ്ഞ കൊല്ലത്തെ ട്രെയിനിംഗ് പരീക്ഷയിൽ വെർണാക്യുലർസ്കൂൾ അദ്ധ്യാപകന്മാരായ ചില ഇ. എസ്. എൽ. സിക്കാർ ഇംഗ്ലീഷ്സ്കൂൾ അദ്ധ്യാപകന്മാരായ ചില ഇ. എസ്. എൽ. സിക്കാരെക്കാൾ കൂടുതൽ യോഗ്യത പ്രദൎശിപ്പിക്കയുണ്ടായി എന്നുള്ള സംഗതി വീണ്ടും പ്രസ്താവത്തിൽ കൊണ്ടുവരികയുണ്ടായി. ഔദ്യോഗികത്തിൽ അപ്രകാരം ഒരു അഭിപ്രായം കൊണ്ടുവരുമെന്നു് ഞാൻ ഉദ്ദേശിച്ചില്ല. അതുകൊണ്ടു അതിനു ആവശ്യമുള്ള വിവരമൊന്നും എന്റെ കൈവശമില്ല. പതിവനുസരിച്ചു, മിസ്റ്റർ പി. കെ. നാരായണപിള്ള തെളിവുകളൊന്നും എന്നിൽ ചുമത്തീട്ടുണ്ടു്, എന്നാൽ ഔദ്യോഗികമായികൊണ്ടു ആ അഭിപ്രായത്തെ നിഷേധിക്കുവാൻ ഞാൻ തയ്യാറായിട്ടില്ല. വെർണാക്യുലർ സ്കൂളിലെ ചില ഇ. എസ്. എൽ. സിക്കാർ ഇംഗ്ലീഷ്സ്കൂളിലെ ഏതാനും ഇ. എസ്. എൽ. സിക്കാരെക്കാൾ കൂടുതൽ യോഗ്യത പ്രകടിപ്പിച്ചിട്ടുണ്ടെന്നു് സമ്മതിക്കുന്നതായിരുന്നാലും അതു എന്റെ അഭിപ്രായത്തെ ബാധിക്കുന്നതെങ്ങിനെ? ഞാൻ പ്രസ്താവിച്ചതു് ഇംഗ്ലീഷ്സ്കൂളിലുള്ള ഇ. എസ്. എൽ. സിക്കാരുടെ ശരാശരി യോഗ്യത വെർണാക്യുലർ സ്കൂളിലുള്ള ഇ. എസ്. എൽ. സിക്കാരുടേതിൽനിന്നും കൂടുതലാണെന്നാണ്. ഞാൻ ആദ്യമേ തന്നെ പറഞ്ഞിട്ടുള്ളതുപോലെ, ഒരു ഇ. എസ്. എൽ. സിക്കാരനെയെങ്കിലും ഞാൻ നിയമിച്ചിട്ടില്ലാത്തതുകൊണ്ടു എനിക്ക ആ സംഗതിയെപ്പററി പ്രത്യക്ഷമായ യാതൊരറിവുമില്ല. എന്റെ അഭിപ്രായം ആ നിയമനങ്ങൾ നടത്തീട്ടുള്ള എന്റെ പൂൎവ്വഗാമികളായ ഡയറക്ടർമാരുടെ അധികാരത്തെ അടിസ്ഥാനമാക്കീട്ടുള്ളതായിരുന്നു. അവരുടെ ഉത്തരവാദിത്വബോധത്തെപ്പററി സംശയിക്കുവാൻ യാതൊരുകാരണവുമില്ല. അതു വാസ്തവമാണെന്നു് അവൎക്ക ബോദ്ധ്യമായിട്ടില്ലായിരുന്നുവെങ്കിൽ അവർ നിശ്ചയമായിട്ടും ആ അഭിപ്രായം പുറപ്പെടുവിച്ചിരിക്കയില്ലായിരുന്നു. വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിന്റെ എല്ലാശാഖകളുടേയും ആധിപത്യം വിദ്യാഭ്യാസഡയറക്ടൎക്കാണ്. അതുകൊണ്ടു മുമ്പിരുന്നിട്ടുള്ള ഡയറക്ടർമാർ അവരുടെ അധീനത്തിലുള്ള ഒരു ശാഖയിലെ അദ്ധ്യാപകന്മാൎക്കമാത്രം ഹാനികരമായ ഒരു അഭിപ്രായം പറഞ്ഞിരിക്കുവാൻ ഇടയില്ല. ഈ കാരണത്താൽ, എന്റെ ആ പ്രത്യേകമായ അഭിപ്രായത്തിനു എതിരായി പ്രസ്താവിക്കപ്പെട്ട നിരൂപണങ്ങളെ വകവെയ്ക്കാതെ ഇനിയും ഞാൻ അതിനെത്തന്നെ ശക്തമായി പ്രസ്താവിച്ചുകൊള്ളുന്നു.

എന്റെ അഭിപ്രായങ്ങളിൽ വിപരീതാഭിപ്രായം പുറപ്പെടുവിച്ചവരെയൊന്നു് വെർണാക്യുലർ സ്കൂളുകളിൽ ജോലിനോക്കുന്ന ഇ. എസ്. എൽ. സിക്കാർ വെർണാക്യുലർസ്കൂളിലെ പരിതസ്ഥിതികളിൽ സ്ഥിതിചെയ്യുന്നവരായതുകൊണ്ടു, കുറെവർഷങ്ങൾ കഴിഞ്ഞതിനുശേഷം അവരെ ഇംഗ്ലീഷ്സ്കൂളിലെ ഇ. എസ്. എൽ. സിക്കാരുമായി താരതമ്യപ്പെടുത്തി നോക്കുന്നതായാൽ നിയമനകാലത്തിൽ അവർ രണ്ടുകൂട്ടരും തുല്യയോഗ്യതയുള്ളവരായിരുന്നു എങ്കിലും, താരതമ്യേന കാൎയ്യശേഷിസംബന്ധിച്ചിടത്തോളം മോശക്കാരായി തീൎന്നിട്ടുണ്ടെന്നു കാണാവുന്നതാണ് മിസ്റ്റർ പി. കെ. നാരായണപിള്ള അദ്ദേഹത്തിന്റെ സ്വാഭാവികമായുള്ള ആനന്ദരീതിയിൽ എന്റെ ആ പ്രത്യേകമായ അഭിപ്രായത്തെ ചുളിയാക്കുകയുണ്ടായി. എങ്കിലും, ഇപ്പോഴും എനിക്ക ആ അഭിപ്രായംതന്നെയാണുള്ളതു്.

ഇതിലേക്കുള്ള ഉത്തമമായ പരിഹാരമാൎഗ്ഗം വെർണാക്യുലർ സ്കൂളുകളിലുള്ള ഇ. എസ്. എൽ. സിക്കാരെ ഒഴിവുകൾ ഉണ്ടാകുമ്പോൾ ഇംഗ്ലീഷ് സ്കൂളുകളിലേക്ക സ്ഥലംമാറുകയും, വെർണാക്യുലർസ്കൂളുകളിലുള്ള ആ സ്ഥാനങ്ങൾക്ക പുതിയ ആളുകളെ നിയമിക്കുകയും ചെയ്യുകയാകുന്നു ഇതിലേക്കുള്ള പ്രത്യേകമായ പരിഹാരമാൎഗ്ഗം എന്നു മിസ്റ്റർ ചങ്ങനാശ്ശേരി പരമേശ്വരൻപിള്ള പറയുകയുണ്ടായി. ഈ അദ്ധ്യാപകന്മാരെ സംബന്ധിച്ചിടത്തോളം ഈ പരിഹാരമാൎഗ്ഗം അവരുടെ സ്ഥിതിയെ നന്നാക്കുന്നതാണെന്നു് ഞാൻസമ്മതിക്കുന്നു. എന്നാൽ കൂടുതൽ ഫീസുകൊടുക്കുന്ന ഇംഗ്ലീഷ് സ്കൂൾ വിദ്യാൎത്ഥികൾക്ക താരതമ്യേന കാൎയ്യശേഷി കുറവുള്ള അദ്ധ്യാപകന്മാരെ പഠിപ്പിക്കുന്നതിലേക്ക നിയമിക്കുന്നതു യോഗ്യമാണോ? അതു യോഗ്യമായിട്ടുള്ള ഏർപ്പാടാണെന്നു് ഞാൻവിചാരിക്കുന്നില്ല. അദ്ധ്യാപകന്മാരെയോ മററുള്ളവരെയോ അപേക്ഷിച്ചു നാം നോക്കേണ്ടതു് വിദ്യാൎത്ഥികളുടെ ഗുണത്തെയാകുന്നു. വെർണാക്യുലർസ്കൂളുകളിൽ ഉദ്യോഗം സ്വീകരിച്ചിട്ടുള്ള ഇ. എസ്. എൽ. സിക്കാർ അപ്രകാരം ചെയ്തിട്ടുള്ളതു അവിടെയുള്ള സ്ഥിതികൾ നല്ലപോലെ മനസ്സിലാക്കീട്ടുതന്നെയാണ്. അവർ ഉദ്യോഗം കൈയേററപ്പോൾതന്നെ അവിടെ അവൎക്ക സാധിക്കാവുന്ന അഭിവൃദ്ധി ഇംഗ്ലീഷ്സ്കൂളിലെപ്പോലെ അത്രതന്നെയില്ലെന്നു് അറിഞ്ഞിട്ടുണ്ടു്. വെർണാക്യുലർ സ്കൂളുകളിൽ ഉള്ള സ്ഥാനങ്ങളിൽ പൂൎണ്ണബോധ്യത്തോടുകൂടി പ്രവേശിച്ചതിനുശേഷം ഇപ്പോൾ അവൎക്ക അവലാതിപറയുവാൻ അവകാശമുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല.

സാർ, സ്വയമേവ എനിക്കു ഈ വെർണാക്കുലർസ്കൂൾ അദ്ധ്യാപകന്മാരുടെ പേരിൽ സഹതാപമുള്ളതായി ഞാൻ പറഞ്ഞുകഴിഞ്ഞിട്ടുണ്ട്. അവരുടെ ഇപ്പോഴത്തെസ്ഥിതി അല്പമെങ്കിലും ക്ഷേമമായ നിലയിലാക്കിക്കാണ്മാൻ എനിക്കു ആഗ്രഹവുമില്ലാതില്ല. എന്നാൽ അതിലേക്കുള്ള ശരിയായമാർഗ്ഗം അവരെ ഇംഗ്ലീഷ് പള്ളിക്കൂടങ്ങളിലേക്കു സ്ഥലമ്മാറുന്നതാണെന്ന് ഞാൻവിചാരിക്കുന്നില്ല. ഞാൻ ഇതിനുമുമ്പു പ്രസ്താവിച്ചിട്ടുള്ളതുപോലെ, വെർണാക്കുലർസ്കൂളുകളിൽ ജോലിനോക്കുന്ന ഇ. എസ്. എൽ. സിക്കാരിൽ യോഗ്യതയുള്ളവരെ ഇംഗ്ലീഷ് സ്കൂളിലേക്കു സ്ഥലമ്മാറ്റണമെന്ന ഡയറക്ടരോടു ആവശ്യപ്പെട്ട അതുസംബന്ധിച്ചുള്ള ഉത്തരവു ഗവർണ്മെൻറു പാസ്സാക്കീട്ടുണ്ട്. കഴിയുന്നിടത്തോളം ആ ഉത്തരവനുസരിച്ചു പ്രവർത്തിക്കുന്നുമുണ്ട്. ആ ഉത്തരവുപുറപ്പെട്ടതിനുശേഷം മൂന്നു അദ്ധ്യാപകന്മാരെ വെർണാക്കുലർ സ്കൂളിൽനിന്നും ഇംഗ്ലീഷ്സ്കൂളിലേക്കു സ്ഥലമ്മാറ്റീട്ടുണ്ടെന്നു ഞാൻ ഇന്നലെ പറഞ്ഞു.

മി. കെ. സി. മാമ്മൻമാപ്പിള (കച്ചവടവും വ്യവസായവും-ഒക്കെ): മിസ്റ്റർ പി. കെ. നാരായണപിള്ള പറഞ്ഞ പട്ടാളത്തിൽ ചേർന്നിരുന്നവരാണോ അവർ?

മി. ആർ. കൃഷ്ണസ്വാമിഅയ്യർ (ആ: വിദ്യാഭ്യാസഡയറക്ടർ): എനിക്കു അറിഞ്ഞുകൂടാ. വാസ്തവത്തിൽ എനിക്കു ആ അഭിപ്രായത്തെ സ്ഥിരപ്പെടുത്തുവാനോ അതിനു വിപരീതമായി പറയുവാനോ നിവൃത്തിയില്ല, ഈ ഉത്തരവുണ്ടായതിനുശേഷം മൂന്നുപേരെമാത്രം സ്ഥലമ്മാറുന്നതിനുള്ള കാരണം ഞാൻ ഇന്നലെ പറഞ്ഞതുപോലെ ഇംഗ്ലീഷ് പള്ളിക്കൂടങ്ങളിലെ താഴ്ന്നക്ലാസുകളിലുള്ള വിദ്യാർത്ഥികളുടെ സംഖ്യ കുറഞ്ഞുവരുന്നതുകൊണ്ടു ആണ്ടുതോറും ഈ പള്ളിക്കൂടങ്ങളിലുണ്ടാകുന്ന ഒഴിവുകളിലെല്ലാം ആളെ നിയമിക്കാതെ ഇട്ടിരിക്കേണ്ടതായിരിക്കുന്നതാണ്. ഇതുനിമിത്തമാണ് വെർണാക്കുലർ സ്കൂളുകളിൽനിന്നും അധികം അദ്ധ്യാപകന്മാരെ ഇംഗ്ലീഷ് സ്കൂളിലേക്കു സ്ഥലംമാറുവാൻ സാധിക്കാത്തതു. വെർണാക്കുലർ സ്കൂളുകളിലുള്ള അദ്ധ്യാപകന്മാരിൽ ചിലർ ഇംഗ്ലീഷ് സ്കൂളിലേക്കു എടുക്കത്തക്കവണ്ണം യോഗ്യതയുള്ളവരായിട്ടുണ്ടെന്ന് ഞാൻ സമ്മതിക്കുന്നു. ആ സ്ഥിതിക്കു സന്ദർഭം ലഭിക്കുമ്പോൾ ഈ അദ്ധ്യാപകന്മാരുടെ സ്ഥലംമാറ്റത്തെപ്പറ്റി ആലോചിക്കുന്നതിൽ ഡിപ്പാർട്ടുമെൻറു തയ്യാറായിരിക്കുന്നതാണ്. എന്നാൽ അതോടുകൂടി ഞാൻ ഇന്നലെ പ്രസ്താവിച്ചതുപോലെ ഇംഗ്ലീഷ്സ്കൂളുകളിൽ വളരെക്കാലം പകരം ജോലിനോക്കീട്ടുള്ളവർക്കു പ്രതിബന്ധം വരാത്ത വിധത്തിലായിരിക്കണം അപ്രകാരമുള്ള സ്ഥലംമാറ്റങ്ങൾ ചെയ്യുക. ശരിയായിട്ടോ തെറ്റായിട്ടോ എങ്ങിനെയായാലും ഇപ്പോൾമാത്രമാണ് ഈ സങ്കടത്തെയും ഈ വെർണാക്കുലർസ്കൂൾ അദ്ധ്യാപകന്മാരുടെ അവകാശത്തെപ്പറ്റി ഉന്നംപുറപ്പെട്ടിട്ടുള്ളു. ആ കാരണത്തെ അടിസ്ഥാനമാക്കി അവർ ഒരു കൂട്ടർക്കു ദോഷത്തെ ഉണ്ടാക്കിട്ട് മറ്റൊരു കൂട്ടർക്കു ഗുണം വരുത്തുവാൻ തക്കവണ്ണം ഒരു പ്രമേയം പാസ്സാക്കുവാൻ പാടില്ലാത്തതാകുന്നു. ഇംഗ്ലീഷ്സ്കൂളുകളിൽ പകരം ജോലിനോക്കീട്ടുള്ളവരും ൨൫ മുതൽ ൪൦ രൂപ വരെയുള്ള സ്കെയിലിൽ തങ്ങളെ അവസാനത്തിൽ സ്ഥിരപ്പെടുത്തുമെന്നുള്ള ഉദ്ദേശത്തോടുകൂടി അഞ്ചും ആറും വർഷം വീതം പകരത്തിനു വേല ചെയ്തിട്ടുള്ളവരുമായ ആളുകൾക്കു ഡിപ്പാർട്ടുമെൻറു കടപ്പെട്ടിരിക്കുന്നതിനെ ആലോചിക്കുമ്പോൾ ഈ പ്രമേയത്തെ അംഗീകരിക്കുവാൻ സാധിക്കുന്നതല്ലെന്നു എനിക്കു പറയേണ്ടിയിരിക്കുന്നു. മിസ്റ്റർ പി. കെ. നാരായണപിള്ള ആവശ്യപ്പെടുന്നതു വെർണാക്കുലർ സ്കൂളുകളിൽ ജോലിനോക്കുന്ന പരീക്ഷായോഗ്യതയുള്ള എല്ലാ അദ്ധ്യാപകന്മാരേയും ഇംഗ്ലീഷ് പള്ളിക്കൂടത്തിലേക്കു സ്ഥലംമാറ്റണമെന്നാകുന്നു. ഗവർണ്മെൻറു ഡിപ്പാർട്ടുമെൻറിനോടു ആവശ്യപ്പെട്ടിട്ടുള്ളതു വെർണാക്കുലർ സ്കൂളിൽ യോഗ്യതയും കാര്യശേഷിയുമുള്ള എല്ലാം അദ്ധ്യാപകന്മാരേയും ഇംഗ്ലീഷ്സ്കൂളിലേക്കു സ്ഥലംമാറ്റണമെന്നാകുന്നു. എനിക്കു ഇതിൽകൂടുതലായി പറയാവുന്നതാണെന്നു ഞാൻ വിചാരിക്കുന്നില്ല.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ശിക്ഷാക്രമപരിശീലനം നടത്തിട്ടുള്ള ഇംഗ്ലീഷ്സ്കൂൾ സർട്ടിഫിക്കേറ്റുകാരെ വെർണാക്കുലർ സ്കൂളിൽനിന്നും ഇംഗ്ലീഷ് സ്കൂളിലേക്കു സ്ഥലംമാറ്റേണ്ടതാണെന്നുള്ള അഭിപ്രായത്തോടു വിദ്യാഭ്യാസഡയറക്ടർ യോജിക്കുന്നുണ്ടോ എന്നു എന്നെ അറിയിക്കുമോ?

മി. ആർ. കൃഷ്ണസ്വാമിഅയ്യർ (ആ. വിദ്യാഭ്യാസഡയറക്ടർ): ശിക്ഷാക്രമപരിശീലനം സിദ്ധിച്ചവരോ അല്ലാത്തവരോ ആയാലും ശരി യോഗ്യതയുള്ളവരാണെന്നുകണ്ടാൽ അപ്രകാരമുള്ള എല്ലാ അദ്ധ്യാപകന്മാരേയും ഇംഗ്ലീഷ് സ്കൂളിലേക്കു സ്ഥലംമാറുവാൻ ഞങ്ങൾ തയ്യാറാണ്. എന്നാൽ വളരെക്കാലം പകരം ജോലിനോക്കീട്ടുള്ളവർക്കു അവർ അർഹിക്കുന്ന അവകാശംകൊടുക്കേണ്ടതാണെന്നു വീണ്ടും പറഞ്ഞുകൊള്ളുന്നു.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): അദ്ധ്യാപകന്മാർക്കു ട്രെയിനിംഗ് അപരിഹാര്യമാണെന്നു അദ്ദേഹം വിചാരിക്കുന്നുണ്ടോഎന്ന് എന്നെ അറിയിക്കുമോ?

മി. ആർ. കൃഷ്ണസ്വാമിഅയ്യർ (ആ: വിദ്യാഭ്യാസഡയറക്ടർ): നിശ്ചയമായിട്ടും.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): അങ്ങനെയാണെങ്കിൽ അതിനെ ഒരു പരീക്ഷയായി ഗണിക്കാവുന്നതല്ലയോ?

മി. ആർ. കൃഷ്ണസ്വാമിഅയ്യർ (ആ: വിദ്യാഭ്യാസഡയറക്ടർ): ഒരു മോശക്കാരനായ അദ്ധ്യാപകനെ ട്രെയിനിംഗിനു ഒരു നല്ല അദ്ധ്യാപകനാക്കുവാൻ സാധിക്കുന്നതല്ല. അദ്ധ്യാപകന്മാർക്കു അവരുടെ കാര്യക്ഷമതയെ പരിഷ്കരിക്കുവാൻ അതു സഹായമായിത്തീരുന്നതാണ്. അത് ഒരു നല്ല അദ്ധ്യാപകനെ കൂടുതൽ നല്ലവനായും മോശക്കാരനായ അദ്ധ്യാപകനെ അല്പം ഭേദവുമാക്കിത്തീർക്കുന്നതാകുന്നു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): നിങ്ങൾ ട്രെയിനിംഗിനു ആളുകളെ തിരഞ്ഞെടുക്കുന്നതു എങ്ങിനെയാണ്?

മി. ആർ. കൃഷ്ണസ്വാമിഅയ്യർ (ആ: വിദ്യാഭ്യാസഡയറക്ടർ): സീനിയാറിട്ടി അനുസരിച്ചാണ് അവരെ ഞങ്ങൾ തിരഞ്ഞെടുക്കുന്നതു.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഒരു അദ്ധ്യാപകൻ വെർണാക്കുലർ സ്കൂളിൽനിന്നും ഇംഗ്ലീഷ് സ്കൂളിലേക്കു സ്ഥലംമാറ്റംകിട്ടുവാൻ യോഗ്യനാണോ എന്ന് നിർണ്ണയിക്കുവാനുള്ള വേറെ ഒരു ഉപായം നിർദ്ദേശിക്കുവാൻ ഡയറക്ടർക്കു ദയവുണ്ടാകുമോ?

മി. ആർ. കൃഷ്ണസ്വാമിഅയ്യർ (ആ: വിദ്യാഭ്യാസഡയറക്ടർ): എൻെറ അഭിപ്രായത്തിൽ തോന്നിയേടത്തോളം അപ്രകാരം സ്ഥലംമാറ്റപ്പെട്ട അദ്ധ്യാപകന്മാരെ കുറെക്കാലത്തേക്കു പ്രൊബേഷനായി വെച്ചിരിക്കേണ്ടതും

തൃപ്തികരമായി കാണപ്പെട്ടാല അവരെ ഇംഗ്ലീഷ് സ്കൂളുകളിൽ സ്ഥിരപ്പെടുത്തേണ്ടതുമാകുന്നു. അദ്ധ്യാപക യോഗ്യത നിർണ്ണയിക്കുവാനുള്ള ഒരു നല്ല പരീക്ഷയായിരിക്കും.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): സ്ഥലംമാററത്തിന്റെ ആരംഭഘട്ടത്തിൽ യോഗ്യത നിർണ്ണയിക്കുന്നതിനുള്ള പരീക്ഷ എന്താണ്?

മി. ആർ. കൃഷ്ണസ്വാമിഅയ്യർ (ആ: വിദ്യാഭ്യാസഡയറക്ടർ): വെർണാക്കുലർ സ്കൂൾഇൻസ്പെക്ടരുടെ അഭിപ്രായം ആവശ്യപ്പെടേണ്ടതാണെന്നാണ് എന്റെ അഭിപ്രായം.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): അദ്ദേഹത്തിനു അവരെപ്പററി ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനം എന്താണ്?

മി. ആർ. കൃഷ്ണസ്വാമിഅയ്യർ (ആ: വിദ്യാഭ്യാസഡയറക്ടർ): അദ്ദേഹം പള്ളിക്കൂടങ്ങളുടെ ഇൻസ്പെക്ടരാകയാൽ ആ സംഗതിസംബന്ധിച്ചു ഏററവും നല്ല പ്രമാണം അദ്ദേഹമാണെന്നാണ് എനിക്കു തോന്നുന്നതു.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): അതുകൊണ്ടു കാര്യത്തിൽ ആ സംഗതി മുഴുവനും ഇൻസ്പെക്ടരെമാത്രമാണ് ആശ്രയിച്ചിരിക്കുന്നതു് അല്ലേ?

മി. ആർ. കൃഷ്ണസ്വാമിഅയ്യർ (ആ: വിദ്യാഭ്യാസഡയറക്ടർ): സാദ്ധ്യമായിട്ടുള്ള പരീക്ഷ അതൊന്നുമാത്രമെയുള്ളു. പ്രത്യേകമായ ഒരു തരം സ്ഥാപനങ്ങളിൽ അവിടെ അഭിവൃദ്ധിമാർഗ്ഗം കുറവാണെന്നുള്ള അറിവോടുകൂടി ജീവനം കൈക്കൊണ്ടിട്ടുള്ള അദ്ധ്യാപകന്മാർ വേറെയൊരുതരം സ്ഥാപനങ്ങളിലേക്കു സ്ഥലംമാററം ലഭിക്കുന്നില്ലെന്ന് അപ്രകാരമുള്ള സ്ഥലംമാററം ആ സ്ഥാപനങ്ങളിൽ ജോലിചെയ്തുവരുന്ന അദ്ധ്യാപകന്മാരുടെ അവകാശങ്ങൾക്കു ഹാനികരമാണെന്നു അറിയാമായിരിക്കെ ആവലാതിപറയുന്നു. ആ ആവലാതികളിൽ അടങ്ങിയിട്ടുള്ള ന്യായം എന്താണെന്നു എനിക്കു അറിഞ്ഞുകൂടാ. ഈ ആവലാതിക്കുള്ള പരിഹാരമാർഗ്ഗം ഞാൻ ആദ്യം പറഞ്ഞതുപോലെ ഒരേതരം ജോലിചെയ്യുന്നവരും ഒരേതരം പരീക്ഷായോഗ്യതയുള്ളവരുമായ അദ്ധ്യാപകന്മാരുടെ ശമ്പളം ഒരേരീതിയിലാക്കുന്നതാകുന്നു. ആ ഏർപ്പാടിനു നേരിടുന്ന ബുദ്ധിമുട്ടു ധനസംബന്ധമായിട്ടുള്ളതാണ്. അതുകൊണ്ടുതന്നെയാണ് വെർണാക്കുലർ സ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളവും അഭിവൃദ്ധിമാർഗ്ഗങ്ങളും പരിഷ്കരിക്കുന്നതുസംബന്ധിച്ചു ആലോചിക്കുന്നതിലേക്കായിട്ടു ഒരു കമ്മിററിയെ നിയമിക്കയും അതിലേക്കു ആവശ്യമുള്ള ധനത്തിനു വേണ്ട മാർഗ്ഗങ്ങൾ നിർദ്ദേശിക്കുവാൻ ആവശ്യപ്പെടുകയും ചെയ്തതു്. അപ്രകാരമുള്ള ഒരു പരിഹാരമാർഗ്ഗം നിർദ്ദേശിക്കുന്നതിൽ സ്വീകാര്യമായ ഒരു നയം എനിക്കു അറിയാം. ഒരേതരം ജോലിചെയ്യുന്നവരും ഒരേതരം പരീക്ഷായോഗ്യതയുള്ളവർക്കും ഒരേ രീതിയിലുള്ള ശമ്പളം കൊടുക്കുകയെന്നുള്ളതാകുന്നു അതു. മിസ്റ്റർ പി. കെ. നാരായണപിള്ളയുടെ പ്രമേയത്തിൽ അന്തർഭവിച്ചിട്ടുള്ളതായി ഉദ്ദേശിക്കാവുന്ന ഏതു നയത്തെക്കാളും ഹിതകരമായിട്ടുള്ള നയം അതാണെന്നാണ് എനിക്കു തോന്നുന്നതു.

വേറെയൊരുതരം അദ്ധ്യാപകന്മാരെ സംബന്ധിച്ച് അതായതു മുൻഷിമാരെപ്പററി ഞാൻ ഇവിടെ അല്പം പ്രസ്താവിച്ചുകൊള്ളട്ടെ. നടപ്പിലിരിക്കുന്ന ഈ സ്കൂൾവർഷത്തിൽ അഞ്ചു മുൻഷിമാരുടെ സ്ഥാനങ്ങൾ ഇംഗ്ലീഷ് പള്ളിക്കൂടങ്ങളിൽ ഒഴിവാകുകയും ആ അഞ്ചു സ്ഥാനങ്ങൾക്കും വെർണാക്കുലർ സ്കൂളുകളിൽനിന്നും ആളുകളെ തിരഞ്ഞെടുക്കുകയുംചെയ്തു. അവരിൽ മൂന്നുപേർ വെർണാക്കുലർ ഹയർകാരാണ്. അതിൽ രണ്ടുപേർ ഹെഡ്മാസ്റ്റർമാരും മൂന്നാമത്തെആൾ ട്രെയിനിംഗ് സ്കൂൾ മുൻഷിയുമാകുന്നു. മററു രണ്ടുപേരെ തമിഴ് സ്കൂളുകളിൽനിന്നാണ് ഞങ്ങൾ എടുത്തതു. ഇംഗ്ലീഷ് സ്കൂളുകളിൽ ഉണ്ടാകുന്ന എല്ലാ ഒഴിവുകൾക്കും ഇപ്രകാരം പുറമെനിന്നും ആളുകളെ നിയമിക്കുന്നകാര്യം ഡിപ്പാർട്ടുമെന്റിനു സാദ്ധ്യമായിട്ടുള്ളതല്ല. ഈ സംഗതി ഞാൻ ഇവിടെ പ്രസ്താവിച്ചതു ഇംഗ്ലീഷ് സ്കൂൾ ഇൻസ്പെക്ടരും ഡയറക്ടരും വെർണാക്കുലർ സ്കൂൾ അദ്ധ്യാപകന്മാരുടെ കാര്യങ്ങളെപ്പററി ശ്രദ്ധിക്കാതിരിക്കുന്നില്ല എന്നു ഈ സഭയെ അറിയിക്കുന്നതിലേക്കായിട്ടാകുന്നു. ഇനിമേൽ സന്ദർഭങ്ങൾ ഉണ്ടാകുമ്പോഴെല്ലാം ദീർഘകാലം ഇംഗ്ലീഷ് സ്കൂളുകളിൽ അദ്ധ്യാപകന്മാരായി പകരം ജോലിനോക്കിയിട്ടുള്ളവരുടെ അവകാശങ്ങൾക്കു വിഘാതംവരാത്തവിധത്തിൽ നാട്ടുഭാഷാവിദ്യാലയങ്ങളിൽ നിയമിച്ചിട്ടുള്ള ഇ. എസ്. എൽ. സി ക്കാരുടെ അഭിവൃദ്ധിമാർഗ്ഗങ്ങളെ പരിഷ്കരിക്കുന്നതിനു നിവൃത്തിയുള്ള എല്ലാ നടപടികളും ഡയറക്ടർ ചെയ്യുന്നതാണെന്നു ഞാൻ ഒരിക്കൽക്കൂടി ഈ സഭയോടു ഉറപ്പുപറഞ്ഞുകൊള്ളുന്നു. വെർണാക്കുലർ സ്കൂളുകളിലെ വി. എച്ച്. കാർക്കും മുൻഷിമാർക്കും ഇംഗ്ലീഷ് ശാഖയിലേക്കു സ്ഥലം ലഭിക്കേണ്ടതിനുള്ള അവകാശങ്ങളെ സംബന്ധിച്ചും ആലോചിക്കുന്നതാകുന്നു.

ഡപ്യൂട്ടി പ്രസിഡണ്ടു: മിസ്റ്റർ പി. കെ. നാരായണപിള്ളെ, പ്രമേയം വോട്ടിനിടണമെന്നു നിങ്ങൾക്കു നിർബന്ധമുണ്ടോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അപ്രകാരം ചെയ്യണമെന്നാണ് എന്റെ ആഗ്രഹം.

പ്രമേയം വോട്ടിനിടുകയും സ്വീകരിക്കപ്പെടുകയുംചെയ്തു.

പ്രായംചെന്നവരുടെ വിദ്യാഭ്യാസം.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): സർ, താഴെക്കാണുന്ന പ്രമേയം ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു.

വിദ്യാഭ്യാസം എന്നഇനത്തിൽ ചെലവുചെയ്തുവരുന്ന ആകത്തുകയിൽനിന്നും ഒരു ന്യായമായ ശതമാനം തൊഴിലാളിവർഗ്ഗത്തിലുൾപ്പെട്ട പ്രായംചെന്നവരുടെ വിദ്യാഭ്യാസത്തിലേക്കായി പ്രത്യേകം നീക്കിവയ്ക്കേണ്ടതാണെന്നു ഈ സഭ ഗവൺമെന്റിനോടു ശുപാർശ ചെയ്തുകൊള്ളുന്നു.

ഈ പ്രമേയം അവതരിപ്പിക്കുന്നതിലുള്ള എന്റെ പ്രധാന ആഗ്രഹം പ്രായംചെന്നവരുടെ വിദ്യാഭ്യാസം സംബന്ധിച്ചുള്ള പ്രാധാന്യത്തെ ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരണമെന്നുള്ളതാകുന്നു. സുഖജീവിതത്തിനു ആവശ്യമുള്ള വിദ്യയേയും ശാസ്ത്രീയമാർഗ്ഗങ്ങളേയും മനുഷ്യർക്കു മനസ്സിലാക്കികൊടുക്കുന്നതു് വിദ്യാഭ്യാസമാകുന്നു. എഴുത്തു, വായന, ഗണനം എന്നിവ സംബന്ധിച്ചുമാത്രമുള്ള അദ്ധ്യയനം വിദ്യാഭ്യാസത്തിന്റെ ഒരു ചെറിയഭാഗം മാത്രമാകുന്നു.

ഇക്കാലത്തു് പള്ളിക്കൂടങ്ങളിലും കാളേജ്കളിലും വാസ്തവത്തിൽ പ്രയോജനമുള്ള വിദ്യാഭ്യാസം വളരെ കുറച്ചുമാത്രമേ നൽകുന്നുള്ളു. യഥാർത്ഥമായ വിദ്യാഭ്യാസോദ്ദേശ്യത്തിനു യോജിച്ചവിധത്തിൽ ഇന്നത്തെ വിദ്യ

ഭ്യാസസമ്പ്രദായത്തെയും വിദ്യാഭ്യാസ പദ്ധതിയെയും ആകപ്പാടെ വ്യാപകമായ രീതിയിൽ പരിഷ്കരിക്കേണ്ടത് അത്യാവശ്യമാകുന്നു.

ഇന്നത്തെ വിദ്യാഭ്യാസരീതിക്കുള്ള പ്രധാനമായ ന്യൂനത ഉദ്ദേശിക്കപ്പെടുന്ന ജനങ്ങളുടെയും അത്യന്താപേക്ഷിതമായ ജീവിതാവശ്യങ്ങൾക്ക് അവ സംബന്ധമുള്ളതായിരിക്കുന്നില്ല എന്നുള്ളതാണ്. പള്ളിക്കൂടങ്ങളിലും കാളേജുകളിലും നിന്നു ലഭിക്കുന്ന ശിക്ഷണത്തിന്റെയും ജ്ഞാനത്തിന്റെയും അധികഭാഗവും നമ്മുടെ നിത്യജീവിതത്തിനു ഉപയോഗമുള്ളതായിരിക്കുന്നില്ല. ഗൃഹജീവിതത്തിനു ആവശ്യമുള്ള പരിശീലനം സ്വഭാവസംസ്കരണം ജ്ഞാനം [illegible] എന്നിവ സംബന്ധിച്ചു [illegible] ഇന്നത്തെ പള്ളിക്കൂടങ്ങളിലും കാളേജുകളിലും ആകപ്പാടെ ഉപേക്ഷിക്കപ്പെട്ടിരിക്കയാണെന്നു പറയാം. ഈ സ്ഥിതിക്ക് ഒരു പരിഹാരമാർഗ്ഗമായിട്ടാണ് തൊഴിലാളിവർഗ്ഗത്തിനുള്ള പ്രായപൂർത്തി വിദ്യാഭ്യാസത്തിൽ ഗവണ്മെന്റു ശ്രദ്ധ പതിപ്പിക്കണമെന്നു ഞാൻ അഭിപ്രായപ്പെട്ടത്. 'തൊഴിലാളി' എന്ന [illegible] ഞാൻ ഉപയോഗിക്കുന്നത് വ്യാപകമായ അർത്ഥത്തിലാണ്. ഈ സഭയിലുള്ള എല്ലാ അംഗങ്ങളെയും തൊഴിലാളിവർഗ്ഗത്തിൽ ഉൾപ്പെട്ടവരായിട്ടാണ് ഞാൻ ഗണിക്കുന്നത്. നാം ഉൾപ്പെട്ടിരിക്കുന്ന [illegible] ഭൂരിപക്ഷവും യഥാർത്ഥ വിദ്യാഭ്യാസത്തിൽ പിന്നോക്കം നിൽക്കുന്നവരാണ്. വിദ്യാഭ്യാസം സിദ്ധിച്ചവരെന്നു പറയപ്പെടുന്നവരുടെയും പലതരം ന്യൂനതകളോടു കൂടിയവരാകുന്നു. ഈ സംസ്ഥാനത്തിലെ പ്രജകൾക്കു യഥാർത്ഥ വിദ്യാഭ്യാസം സിദ്ധിക്കുവാനുള്ള മാർഗ്ഗങ്ങളിൽ ആദ്യമായി പ്രവർത്തിക്കേണ്ടതായ [illegible] ഞാൻ നിർദ്ദേശിച്ചുകൊള്ളുന്നു. വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിന്റെ [illegible] സാധാരണ വിദ്യാഭ്യാസ മുറകളും ലഭിക്കേണ്ടവരായ പ്രായംചെന്നവർക്കുകൂടി ഉൾപ്പെട്ടിട്ടുള്ള എല്ലാ [illegible] വിദ്യാലയങ്ങളെങ്കിലും സാധാരണ [illegible] ഒരു പ്രധാനകേന്ദ്രമായി തീരത്തക്കവണ്ണം വിസ്താരപ്പെടുത്തേണ്ടതാകുന്നു. അപ്രകാരമുള്ള എല്ലാ വിദ്യാലയങ്ങളിലും പ്രായംചെന്നവരുടെ ഉപയോഗത്തിനായി സന്മാർഗ്ഗം, പൌരധർമ്മം, ഗൃഹരക്ഷാശാസ്ത്രം, നിയമം എന്നിപ്രകാരം ജീവിതത്തിൽ നിത്യോപയോഗമുള്ള വിഷയങ്ങളെ സംബന്ധിച്ചു പാഠങ്ങളും പ്രസംഗങ്ങളും നടത്തുവാൻ ഏർപ്പാടു ചെയ്യേണ്ടതാകുന്നു. ഈ സ്ഥാപനത്തിലോരോന്നിലും എല്ലാ വിഷയങ്ങളെയും സംബന്ധിച്ചു പുസ്തകങ്ങളടങ്ങിയ ഒരു ലൈബ്രറി ഉണ്ടായിരിക്കേണ്ടതാണ്. ഈ പുസ്തകങ്ങൾ ആർക്കെല്ലാം ആവശ്യപ്പെടുന്നുവോ അവർക്കെല്ലാം അവ തൽക്കാലാവശ്യത്തിലേക്കു കൊടുക്കത്തക്കവണ്ണം ഏർപ്പാടുകളും ചെയ്തിരിക്കേണ്ടതാണ്. ഇതുകൂടാതെ പ്രായംചെന്നവരിൽ ആർക്കെല്ലാം അദ്ധ്യയനം, വായന, കൈയെഴുത്ത് മുതലായ ആവശ്യമായിരിക്കുന്നുവോ അവർക്കെല്ലാം ആവക വിദ്യാഭ്യാസവും നൽകുവാൻ ഏർപ്പാടു ചെയ്യേണ്ടതാകുന്നു. നിവൃത്തിയുള്ളപക്ഷം പ്രൈമറിസ്കൂളുകളിലും സന്മാർഗ്ഗജീവിതത്തിന്റെ ശാസ്ത്രീയമായ പരിജ്ഞാനമുള്ള ഒരു അദ്ധ്യാപകനെങ്കിലും യഥാർത്ഥ വിദ്യാഭ്യാസത്തിലേക്കായിട്ടുള്ള സ്ഥലനിവാസികളുടെ ശ്രദ്ധയെ ഉണർത്തുന്നതിനും സഹകരിക്കുന്നതിനു വേണ്ടി ഉണ്ടായിരിക്കുന്നത് അഭിലഷണീയമായിരിക്കും. അദ്ധ്യാപകന്മാർ രാജ്യോപകാരകരങ്ങളായ ഉദ്യമങ്ങളിൽ പങ്കുകൊള്ളാതെ ജനങ്ങളുടെ സാധാരണ ജീവിതമാർഗ്ഗങ്ങളിലെല്ലാം [illegible] ന്യായമായ സ്വാതന്ത്ര്യം അനുവദിച്ചുകൊടുക്കേണ്ടതാകുന്നു. സന്മാർഗ്ഗജീവിതത്തിനു ആവശ്യമുള്ള ശിക്ഷണവും ജ്ഞാനവും ജനങ്ങൾക്കു പ്രദാനംചെയ്യുവാൻ സാമാന്യ ജീവിതത്തിനുമാത്രമേ കഴികയുള്ളു. പൌരന്മാരുടെ സാമാന്യജീവിതരീതിയിൽനിന്നും നിരാകരിക്കപ്പെട്ടിരിക്കുന്ന ഇന്നത്തെ വിദ്യാഭ്യാസപദ്ധതിയാകുന്നു ഇക്കാലത്തു രാജ്യത്തിൽ അനിയന്ത്രിതമായിരിക്കുന്ന ദാരിദ്ര്യം, ബഹളം, ധർമ്മലോപം, [illegible] പ്രധാനകാരണം. അദ്ധ്യാപകന്മാരും വിദ്യാർത്ഥികളും [illegible] ജീവിക്കുന്നത്. [illegible] ശാസ്ത്രീയമായ യഥാർത്ഥശിക്ഷണവും ജ്ഞാനവും ലഭിക്കുന്നതിനുള്ള സൌകര്യങ്ങളൊന്നുമില്ല. പ്രായംചെന്നവരുടെ വിദ്യാഭ്യാസത്തെ ഉദ്ദേശിച്ചു സരസമായും ആകർഷണീയമായുമായ രീതിയിൽ സന്മാർഗ്ഗം, പൌരധർമ്മം, ഗൃഹഭരണവും ആരോഗ്യരക്ഷയും, ധനശാസ്ത്രം, നിയമസംബന്ധമായ സാധാരണ വിഷയങ്ങളെപ്പറ്റി പ്രതിപാദിക്കുന്നതും ചെറിയ പരിമാണത്തോടു കൂടിയതുമായ ഒരു പ്രതിവാരപത്രം ഗവണ്മെന്റു നടത്തേണ്ടതാകുന്നു.

ഡിപ്യൂട്ടിപ്രസിഡണ്ട്: അപ്രകാരമുള്ള ഒരു പത്രം നിങ്ങൾതന്നെ ആരംഭിക്കാത്തതെന്തു?

മി. ജി. രാമൻമേനോൻ ([illegible]): ആ പത്രം എല്ലാ പള്ളിക്കൂടങ്ങൾക്കും സൌജന്യമായോ അല്ലെങ്കിൽ നാമമാത്രമായ വിലയ്ക്കോ പ്രായംചെന്നവരുടെ വിദ്യാഭ്യാസത്തിനായി തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള കേന്ദ്രങ്ങൾക്കും കൊടുക്കേണ്ടതാണ്. മിതമായും ന്യായമായുമുള്ള [illegible] രീതിയിൽ ആവശ്യമുള്ള എല്ലാ [illegible] പ്രതിഷ്ഠിക്കത്തക്കവണ്ണം ഈ പത്രത്തിൽ രാഷ്ട്രീയങ്ങളായ വിഷയങ്ങൾക്കും സ്ഥാനം കൊടുത്തിരിക്കേണ്ടതാണ്. ഗവണ്മെന്റിൽനിന്നും വെളിയായി നടക്കുന്ന വിദ്യാഭ്യാസസംബന്ധമായ പ്രസിദ്ധീകരണത്തിൽ സാധാരണ വർത്തമാനപത്രങ്ങളിലും മററു പ്രസിദ്ധീകരണങ്ങളിലും കാണപ്പെടുന്ന പൌരധർമ്മം, രാഷ്ട്രീയസംഘടന, നിയമം എന്നീ വിഷയങ്ങളെക്കുറിച്ചുള്ള അബദ്ധങ്ങളെ തിരുത്തുന്നതിനു ആവശ്യപ്പെട്ടിരിക്കുന്നു. [illegible] വിദ്യാഭ്യാസവിഷയത്തിൽ ആദ്യകാലമുതൽ വളരെ ഉപയോഗങ്ങൾ [illegible] അനേകം നിർദ്ദേശങ്ങൾ ഗവണ്മെന്റിനു നൽകാവുന്നവയായിട്ടുണ്ട്. ഏറെക്കുറെ സൌജന്യമായോ അല്ലെങ്കിൽ നാമമാത്രമായ വിലയ്ക്കോ കൊടുക്കത്തക്കവണ്ണം ആ പത്രം നടത്തുന്നതിനു ജനപ്രതിനിധികളോ വ്യക്തികളോ ധനാഢ്യരോ അശക്തരല്ല. അതുകൊണ്ടു ആ സംഗതി ഗവണ്മെന്റുതന്നെ കൈയേറ്റു നടത്തേണ്ടതാണ്. ഇംഗ്ലണ്ടിൽകൂടിയും അപ്രകാരമുള്ള ഒരു പ്രസിദ്ധീകരണത്തിന്റെ ആവശ്യകതയുള്ളതായി ബോദ്ധ്യമായിട്ടുണ്ടെന്നു എനിക്കു അറിയാം. അതുകൊണ്ടു ഗവണ്മെന്റു മെമ്പറന്മാർ പ്രസ്താവിച്ചിട്ടുള്ളതുപോലെ സാധാരണ വർത്തമാനപത്രങ്ങളിൽ നിന്നും പ്രസിദ്ധീകരണങ്ങളിൽനിന്നും അനേകം ന്യൂനതകളും, ദോഷങ്ങളും, അപായങ്ങളും ഉണ്ടാകുന്നുണ്ടായിരിക്കുന്ന നമ്മുടെ രാജ്യത്തിൽ അതിന്റെ ആവശ്യം വളരെ അധികമാകുന്നു. അതിനാൽ ആ പത്രങ്ങളെ അടച്ചു പൂട്ടുന്നതിനു വേണ്ടിയായി ശ്രമിക്കാതെ ന്യായമായ രീതിയിൽ അധികം ക്ഷേമമായ ഏതെങ്കിലും പ്രത്യൌഷധം [illegible] നടപ്പാക്കേണ്ടതു ഗവണ്മെന്റിന്റെ ധർമ്മമാകുന്നു. ഇത്രയും പ്രസ്താവിച്ചുകൊണ്ടു ഞാൻ ഈ പ്രമേയം അവതരിപ്പിച്ചുകൊള്ളുന്നു.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): അനുകൂലകന്റെ അഭാവത്താൽ പ്രമേയം തള്ളപ്പെടാതിരിക്കുവാനായി ഞാൻ പ്രമേയത്തെ അനുകൂലിച്ചുകൊള്ളുന്നു.

ഡിപ്പ്യൂട്ടിപ്രസിഡൻറ: മിസ്റ്റർ ജോസഫ് പ്രമേയത്തെ അനുകൂലിക്കുന്നവിധം അപ്രകാരം ചെയ്യുന്നതിനുള്ള കാരണം എന്താണെന്നു പറയേണ്ട ആവശ്യമില്ല.

മി. ആർ. കൃഷ്ണസ്വാമിഅയ്യർ (ആ: വിദ്യാഭ്യാസഡയറക്ടർ) സർ, ഈ പ്രമേയം സംബന്ധിച്ച വിഷയം എനിക്കു കിട്ടിയപ്പോൾ മിസ്റ്റർ ജി. രാമൻമേനോൻ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ സ്പർശിച്ച വിവിധസംഗതികൾ അതിൽ ഉൾപ്പെടുന്നതാണെന്നു എനിക്കു മനസ്സിലായില്ല. ഞാൻ തയ്യാറായിട്ടുള്ളതു നിശാപാഠശാലകളേയും അനുബന്ധ വിദ്യാലയങ്ങളേയും സംബന്ധിച്ച വിമർശനത്തിനുമാത്രമാകുന്നു. എന്നാൽ പ്രമേയപ്രയോജകൻ മറ്റുപല കാര്യങ്ങളെപ്പറ്റി പ്രസ്താവിച്ചിരിക്കുന്നു. അവയിൽ ചിലതു അഭിനന്ദനീയമായിട്ടുള്ളവയാണെന്നുള്ളതിനു യാതൊരുസംശയമില്ല. എന്നാൽ അവയെപ്പറ്റിയുള്ള വാദപ്രതിവാദത്തിനു ഉദ്യമിക്കുന്നതിനു ഞാൻ തയ്യാറായിട്ടില്ല.

ഡെപ്യൂട്ടിപ്രസിഡൻറ്: ഉദാഹരണമായി ഈ സഭയിലെ മെമ്പറന്മാരെ വിദ്യാഭ്യാസംചെയ്യിക്കുന്നതിലേക്ക്.

മി. ആർ. കൃഷ്ണസ്വാമി അയ്യർ (ആ. വിദ്യാഭ്യാസഡയറക്ടർ): 'പ്രായംചെന്നവരുടെ വിദ്യാഭ്യാസം' എന്ന പ്രയോഗത്തിൽ നിന്നും ഞാൻ മനസ്സിലാക്കിയിട്ടുള്ളതു ബാല്യത്തിൽ വിദ്യാലയത്തിൽ പോകുന്നതിനു സൗകര്യമില്ലാതെ പ്രായംചെന്നപ്പോൾ കൂലിവേലചെയ്തു കാലക്ഷേപം കഴിക്കേണ്ടവരായിത്തീർന്നിരിക്കുന്ന പ്രായംചെന്നവർക്ക് പകൽസമയങ്ങളിൽ വിദ്യാലയങ്ങൾക്കുപോകുവാൻ നിവൃത്തിയില്ലാത്തതുകൊണ്ടു അവരുടെ വിദ്യാഭ്യാസത്തിനു ആവശ്യമുള്ള സൗകര്യങ്ങൾ ചെയ്തുകൊടുക്കേണ്ടതാണെന്നാകുന്നു.

ഡെപ്യൂട്ടിപ്രസിഡണ്ട്: ഞാൻ ഉദ്ദേശിച്ചതും അതുതന്നെയാണ്.

മി. ആർ. കൃഷ്ണസ്വാമിഅയ്യർ (ആ. വിദ്യാഭ്യാസഡയറക്ടർ): വെർണാക്കുലർ മിഡിൽസ്കൂളിൽനിന്നു പാസ്സായിവരുന്നവരുടെ വീണ്ടുമുള്ള വിദ്യാഭ്യാസത്തിനു ആവശ്യമുള്ള അനുബന്ധവിദ്യാലയത്തെപ്പറ്റി പ്രമേയം അവതരിപ്പിച്ചയാളിനു ഉദ്ദേശം ഉണ്ടായിരിക്കുമെന്നാണ് ഞാൻ വിചാരിച്ചതു. ഈ രണ്ടുതരം വിദ്യാലയങ്ങൾമാത്രമാണ് ആ പ്രയോഗത്തിൽ അടങ്ങിയിട്ടുള്ളതു എന്നാണ് എനിക്കുതോന്നിയതു. എന്നാൽ എന്റെ സ്നേഹിതൻ മി. രാമൻമേനോൻ അതിനു കൂടുതൽ വ്യാപകമായ പ്രാധാന്യം കൊടുത്തുകാണുന്നുണ്ട്. ഞാൻ പറഞ്ഞതുപോലെ, അദ്ദേഹത്തിന്റെ അഭിപ്രായമനുസരിച്ചു ആ പ്രയോഗത്തിൽനിന്നും നാം ഉദ്ദേശിക്കുന്നവർമാത്രമല്ലാ അദ്ദേഹം തന്നെ ആ പ്രയോഗംമൂലം മനസ്സിലാക്കിയപ്രകാരം വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ള എല്ലാആളുകളും, ഈ സഭയിലുള്ള എല്ലാ മെമ്പറന്മാരുംതന്നെയും ഉൾപ്പെടുന്ന തൊഴിലാളിവർഗ്ഗങ്ങളുടെ പരിഷ്കാരത്തിലേക്കു അദ്ദേഹം ആഗ്രഹിക്കുന്നതായിക്കാണുന്ന നാനാമുഖങ്ങളായ അഭിപ്രായങ്ങളെ സംബന്ധിച്ച ഒരു വാദത്തിലേർപ്പെടുവാൻ ഞാൻ തയ്യാറില്ല.

ഞാൻ അറിഞ്ഞിട്ടുള്ളിടത്തോളം, പ്രായംചെന്നവരുടെ വിദ്യാഭ്യാസംസംബന്ധിച്ച സംഗതിയിൽ ഗവർമ്മെൻറു പ്രവർത്തിച്ചിട്ടുള്ളതും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതും എന്താണെന്നു ഞാൻ പറയാം. പത്തനംതിട്ട താലൂക്കിൽ മേലുകരഎന്നു വിളിക്കപ്പെടുന്ന സ്ഥലത്തു എൻ. എ. എ.-ൽ പരീക്ഷണാർത്ഥം ഒരു നിശാപാഠശാല ഗവർമ്മെൻറിൽനിന്നും ആരംഭിച്ചു. എൻ. എ. എ.-ൽ ആ പാഠശാലയെ സ്ഥിരമായി നടത്തിക്കൊള്ളുവാൻ അനുവദിച്ചു. ആ പള്ളിക്കൂടത്തെ ചെറുകോലിലെ സംയുക്തപരസ്പരസഹായസംഘത്തിലേക്കു സ്ഥലമാറ്റിക്കിട്ടണമെന്നുകാണിച്ചു ഒരു നിർദ്ദേശം ഈയിടെ ഇവിടെ കിട്ടുകയും ആ നിർദ്ദേശത്തെ അനുവാദത്തിനുവേണ്ടി ഗവർമ്മെൻറിലേക്കു ശുപാർശചെയ്കയും ചെയ്തിട്ടുണ്ട്.

ലോകത്തിൽ എല്ലായിടത്തും പ്രത്യേകസംഘക്കാർ നിശാപാഠശാലകൾ നടത്തിവരുന്നുണ്ട്. അതുകൊണ്ടു ഇവിടെയും ഡിപ്പാർട്ടുമെൻറു സ്വന്തഭരണത്തിൽ നിശാപാഠശാലകൾ കൂടുതലായി ആരംഭിക്കേണ്ട പാടില്ലെന്നു ഗവർമ്മെൻറു ഏർപ്പാടുചെയ്തിട്ടുണ്ട്.

മി. എം. കെ. പിള്ള (കരുനാഗപ്പള്ളി): ജർമ്മനിരാജ്യത്തു എക്സ്റ്റെൻഷൻസ്കൂളുകൾ എന്നു വിളിക്കപ്പെടുന്ന വിദ്യാലയങ്ങൾ ഗവർമ്മെൻറിൽനിന്നും നേരിട്ടുതന്നെ നടത്തിവരുന്നുണ്ടെന്നുള്ള വിവരം ഞാൻ ഡയറക്ടരെ അറിയിക്കട്ടെയോ?

മി. ആർ. കൃഷ്ണസ്വാമിഅയ്യർ (ആ. വിദ്യാഭ്യാസഡയറക്ടർ): അവ, ഞാൻ ഇപ്പോൾ പ്രസ്താവിച്ച നിശാപാഠശാലകളിൽനിന്നും വ്യത്യാസപ്പെട്ടവയാണ്. ഈ വിദ്യാലയങ്ങൾ പകൽസമയത്തു നടത്തിവരുന്ന പള്ളിക്കൂടങ്ങളിൽ പഠിക്കുവാൻ സാധിക്കാത്ത അക്ഷരജ്ഞാനമില്ലാത്ത തൊഴിലാളിവർഗ്ഗക്കാരുടെ ഉപയോഗത്തിലേക്കായിട്ടു ഉദ്ദേശിക്കപ്പെട്ടിട്ടുള്ളവയാകുന്നു. ഇൻഡ്യയിലെ വിദ്യാഭ്യാസാഭിവൃദ്ധിയെ സംബന്ധിച്ച പഞ്ചവാർഷികറിപ്പോർട്ടു ഞാൻ നോക്കി. ഇൻഡ്യയിൽ ഒരു സ്ഥലത്തും വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിന്റെ ആഭിമുഖ്യത്തിൽ നിശാപാഠശാലകൾ ആരംഭിക്കപ്പെട്ടിട്ടില്ലെന്നു അതിൽനിന്നും എനിക്കു മനസ്സിലായിട്ടുണ്ട്.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): മേലുകരയിലുള്ള നിശാപാഠശാല ഗവർമ്മെൻറിൽനിന്നും ആരംഭിച്ചതല്ലയോ?

മി. ആർ. കൃഷ്ണസ്വാമിഅയ്യർ (ആ. വിദ്യാഭ്യാസഡയറക്ടർ): അതെ, എന്നാൽ ഗവർമ്മെൻറു അതു ആരംഭിച്ചതു പരീക്ഷണാർത്ഥമാത്രമാകുന്നു. അതു ആരംഭിച്ചു നാലുവർഷം കഴിഞ്ഞപ്പോൾ സ്ഥിരപ്പെടുത്തപ്പെട്ടു. ഇപ്പോൾ ആ നിശാപാഠശാലയെ അതു ആരുടെ ഗുണത്തിലേക്കായി ഉദ്ദേശിക്കപ്പെട്ടുവോ ആ വർഗ്ഗക്കാരിലുൾപ്പെട്ട മെമ്പറന്മാരുടെ വകയായ പരസ്പരസഹായസംഘത്തിലേക്കു വിട്ടുകൊടുക്കുവാൻ ഞങ്ങൾ ഉദ്ദേശിക്കുന്നു.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): നിശാപാഠശാലകൾക്കു സഹായധനം ലഭിക്കുന്നുണ്ടോ എന്നു എനിക്കു അറിയിക്കാമോ?

മി. ആർ. കൃഷ്ണസ്വാമിഅയ്യർ (ആ. വിദ്യാഭ്യാസഡയറക്ടർ): ഉണ്ട്.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): അതിലേക്കു എത്രെങ്കിലും ഒരു തുക നീക്കിവെക്കണമെന്നുമാത്രമേ പ്രമേയം ആവശ്യപ്പെടുന്നുള്ളു.

മി. ആർ. കൃഷ്ണസ്വാമിഅയ്യർ (ആ. വിദ്യാഭ്യാസഡയറക്ടർ): കൂടുതൽ വിദ്യാലയങ്ങളുടെ കുറവു കണ്ടുമാത്രമാണ് ആ സംഗതിക്കു കൂടുതൽപണം നീക്കിവെയ്ക്കാത്തതു. ഇപ്പോൾ സ്ഥിതിചെയ്യുന്നവയും സ

ഹായധനം ലഭിച്ചുപോരുന്നവയും ആയ നിശാപാഠശാലകൾ എത്ര എണ്ണം ഉണ്ടോ അത്രയും ബഡ്ജററിൽ ആവശ്യമുള്ള പണം നീക്കിവെച്ചിട്ടുണ്ട്.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): നിശാപാഠശാലകൾ എത്രയെണ്ണമുണ്ടെന്നു എന്നെ അറിയിക്കാമോ?

മി. ആർ. കൃഷ്ണസ്വാമിഅയ്യർ (ആ. വിദ്യാഭ്യാസഡയറക്ടർ): ഞാൻ അതിലേക്കു ഭാവിക്കുകയാണ്. ൧൦൯൦-ൽ നിശാപാഠശാലകൾസംബന്ധിച്ച ഒരുകൂട്ടം നിയമങ്ങൾ ഗവർമ്മെൻറ അനുവദിക്കുകയും ൧൦൯൩-ൽ ഈ നിയമങ്ങളെ പരിഷ്കരിക്കുകയുംചെയ്തു. പരിഷ്കരിച്ച നിയമങ്ങളുടെ ഒരു പ്രതിയാണ് മി. മാധവൻപിള്ളയ്ക്കു അദ്ദേഹം ഈ സഭയിൽ ചോദിച്ചചോദ്യങ്ങൾക്കു മറുപടിയായി കൊടുത്തിട്ടുള്ളതു. ആ വ്യവസ്ഥകൾ അനുസരിച്ച്, നിശാപാഠശാലകളെ, അതിലേക്കായി പണിയിച്ചിട്ടുള്ളവയോ വാടകയ്ക്കുവാങ്ങിയിട്ടുള്ളവയോ അല്ലെങ്കിൽ പ്രൊപ്രൈറ്റർമാർതന്നെ ആ ഉദ്ദേശത്തോടുകൂടി വാടകയ്ക്കു എടുത്തിട്ടുള്ളവയോ ആയ യോഗ്യങ്ങളായ കെട്ടിടങ്ങളിൽ സ്ഥാപിക്കേണ്ടതായിട്ടായിട്ടുണ്ടു. അവയ്ക്കു ആവശ്യമുള്ളസാമാനങ്ങളും ഉപകരണങ്ങളും സംഭരിച്ചുകൊടുക്കേണ്ടതായിട്ടുമുണ്ടു. ഏഴുമണിക്കും പത്തുമണിക്കും മദ്ധ്യേരണ്ടിൽ കുറയാതെയും മൂന്നിൽകവിയാതെയും മണിക്കൂർ നേരത്തേക്കു ശിക്ഷണം നൽകണം. ഇവയെല്ലാമാകുന്നു കൂടുതൽ പ്രാധാന്യമുള്ള വ്യവസ്ഥകൾ. ഇപ്രകാരമുള്ള എല്ലാസ്കൂളുകൾക്കും, പകൽസമയം നടത്തുന്ന സ്കൂളുകളിലും ജോലിചെയ്യുന്ന അദ്ധ്യാപകന്മാർക്കു മാസമൊന്നിനു ൩ രൂപാവീതവും, മററുജോലികൾ ഒന്നും ഇല്ലാത്ത അദ്ധ്യാപകന്മാർക്കു മാസമൊന്നിനു ൫ രൂപാവീതവും കണക്കാക്കി സഹായധനം ഗവർമ്മെൻറിൽനിന്നും കൊടുത്തുവരുന്നു. വെർണാക്കുലർ സ്കൂളിലെ അദ്ധ്യാപകന്മാർക്കു കൊടുത്തുവരുന്ന ൭ അര രൂപാ സഹായധനത്തോടു നിശാപാഠശാലയിലെ അദ്ധ്യാപകന്മാർക്കു മാസം തോറും കൊടുത്തുവരുന്ന ൩ രൂപാ സഹായധനത്തെ താരതമ്യപ്പെടുത്തിനോക്കുന്നതായാൽ ഇതു വളരെ അനുകൂലമായിട്ടുള്ളതാണെന്നു ഞാൻ പറഞ്ഞുകൊള്ളട്ടെ. ൭ അരരൂപാ സഹായധനംകൊടുക്കുന്നതു പകൽ അഞ്ചുമണിക്കൂർനേരം ജോലിചെയ്യുന്ന ഒരു അദ്ധ്യാപകനാണ്. എന്നാൽ ഇവിടെ ഒരു അദ്ധ്യാപകനു ഒരു ദിവസം രണ്ടോ മൂന്നോ മണിക്കൂർമാത്രമേ ജോലിചെയ്യേണ്ടതായിട്ടുള്ളു എങ്കിലും അയാൾക്കു ൩ രൂപാ കൊടുക്കുന്നുണ്ടു. മാസത്തിൽ പതിനഞ്ചോ അതിൽകൂടുതലോ ദിവസം ജോലിയുണ്ടെങ്കിൽ മാസമൊന്നിനു വിളക്കുചെലവു വകയ്ക്കും ൧ രൂപാവീതം അനുവദിച്ചിട്ടുണ്ട്. ഈ ഏർപ്പാടു ചെയ്തിട്ടുള്ളതു മാസത്തിൽ വളരെകുറച്ചു ദിവസംമാത്രം ജോലിചെയ്തിട്ട് സഹായധനംവാങ്ങിക്കാതിരിക്കുന്നതിലേക്കായിട്ടാകുന്നു.

൧൦൯൯, ൧൧൦൦, ൧൧൦൧ എന്നീ കഴിഞ്ഞമൂന്നുവർഷങ്ങളിൽ ഉണ്ടായിരുന്ന നിശാപാഠശാലകളുടെ എണ്ണം യഥാക്രമം ൧൪, ൨൭, ൩൭ എന്നായിരുന്നു. സഹായധനംപററുന്ന ഈ നിശാപാഠശാലകൾ വർദ്ധിച്ചുകൊണ്ടുവരുന്നതനുസരിച്ചു അവയെ സംബന്ധിച്ച ചിലവുകളും അധികമായിവരുന്നുണ്ട്. ഈ നിശാപാഠശാലകളിലെ വിദ്യാർത്ഥികളുടെസംഖ്യ ൧൦൯൯ അവസാനത്തിൽ ൪൦൭-ം, ൧൧൦൦ അവസാനത്തിൽ ൯൩൭-ം, കഴിഞ്ഞ ആണ്ടു അവസാനത്തിൽ ൧൦൮൧-ം ആയിരുന്നു. ക്രമേണ ഇപ്പോൾ ഇരിക്കുന്നതനുസരിച്ചു, പ്രായംചെന്നവരുടെ വിദ്യാഭ്യാസത്തിലേക്കായി ഗവർമ്മെൻറിൽനിന്നും ഏതാനുംതുക നീക്കിവയ്ക്കണമെന്നു ആവശ്യപ്പെടുന്നു. എന്നാൽ ഇപ്പോൾ അപ്രകാരംചെയ്യുന്നതു അകാലികമായ ഒരു പ്രവൃത്തിയാകുന്നെന്നാണ് എനിക്കു തോന്നുന്നതു ആവശ്യമുള്ള മുതൽ ഇല്ലായ്കയാലല്ലാ കൂടുതൽ നിശാപാഠശാലകൾ ആരംഭിക്കപ്പെടാതിരിക്കുന്നതു; പ്രസ്തുത അപ്രകാരമുള്ള പള്ളിക്കൂടങ്ങൾ നടത്തുന്നതിനു പ്രാപ്തിയുള്ള പ്രൈവററ്ഏജൻസികൾ—അവ ലോകഹിതാനുവർത്തികളായ ആളുകളോ, പരസ്പരസഹായസംഘങ്ങളോ, കരയോഗങ്ങളോ അല്ലെങ്കിൽ അപ്രകാരമുള്ള ഏതെങ്കിലും സംഘങ്ങളോ ജനസമൂഹങ്ങളോ ആയിരിക്കാം—അതിലേക്കായി ഒരുങ്ങിപ്പുറപ്പെടാത്തതാണ്. അപ്രകാരമുള്ള ജനസംഘങ്ങൾ നിശാപാഠശാലകൾ ആരംഭിക്കുന്നതിലേക്കുള്ള അഭിപ്രായങ്ങളോടുകൂടി പുറപ്പെടുന്നതായാൽ അതിലേക്കാവശ്യമുള്ള സഹായസഹകരണങ്ങളെല്ലാം ഗവർമ്മെൻറ സന്തോഷപൂർവ്വം ചെയ്തുകൊടുക്കുന്നതാകുന്നു. ഈ കാരണങ്ങളാൽ, ഈ പള്ളിക്കൂടങ്ങളുടെ അഭിവൃദ്ധി മുതലില്ലായ്മയാലല്ല തടയപ്പെട്ടിരിക്കുന്നതെന്നു കാണാവുന്നതാകുന്നു. നിശാപാഠശാലകളുടെ അഭിവൃദ്ധിക്കായി രാജ്യത്തിലെ മുതലെടുപ്പിനു അനുഗുണമായ ഒരു സംഖ്യ ഗവർമ്മെൻറ നീക്കിവയ്ക്കേണ്ടതായ കാലം വന്നിട്ടില്ലെന്നാണ് എനിക്കു തോന്നുന്നതു്.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഈവേല ഗവർമ്മെൻറിനു ചെയ്യുവാൻ കഴിയുകയില്ലയോ?

മി. ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): ആവേല ഗവർമ്മെൻറ ചെയ്യുകയാണെങ്കിൽ പല കാരണങ്ങളാലും അതു പ്രൈവററ് ഏജൻസികൾ ചെയ്യുന്നതുപോലെ അത്രമാത്രം നന്നായിരിക്കുന്നതല്ല. അതിലേക്കുള്ള ഒരു കാരണം, ആരുടെ ഗുണത്തിനാണ് അതു ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതു, അവർ സ്കൂളുകളിൽ ഹാജരാകുന്നതിനു അവരെ ഉത്സാഹിപ്പിക്കണമെന്നുള്ളതാകുന്നു. അതിലേക്കു ഡിപ്പാർട്ടുമെൻറിലുള്ളവരല്ല തക്ക ആളുകൾ. അതിലേക്കു ആ സംഗതിയിൽ പ്രത്യേകം താൽപര്യമുള്ളവരും അധഃകൃതവർഗ്ഗക്കാരായ സഹോദരന്മാരെ ഉയർത്തുന്നതിലേക്കായി സ്വാർത്ഥരഹിതമായ ബുദ്ധിയോടെ പ്രവർത്തിക്കുന്നവരുമായ ഒരുകൂട്ടം ആളുകൾ ആവശ്യമുണ്ട്. അപ്രകാരമുള്ള ആളുകളെ ഞങ്ങൾക്കു കിട്ടുന്നതുവരെ ഈ സ്ഥാപനങ്ങളിൽ തൃപ്തികരമായ ജോലിചെയ്യുവാൻ ഇടയില്ലാത്തതാകുന്നു.

അനേകം വായനശാലകൾക്കും ഗ്രന്ഥശാലകൾക്കും ഗവർമ്മെൻറിൽനിന്നും സഹായധനം കൊടുത്തുവരുന്നുണ്ടെന്നുള്ള വിവരവും ഞാൻ പ്രസ്താവിച്ചുകൊള്ളട്ടെ. കഴിഞ്ഞവർഷം അതിലേക്കു അനുവദിച്ച തുക ൨,൯൦൦ രൂപയും അതിനുമുമ്പിലത്തെ ആണ്ടിൽ ൧൯൦൦ രൂപയും ആയിരുന്നു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): സഹായധനം ലഭിച്ചുവരാത്ത നിശാപാഠശാലകളുടെ എണ്ണം എത്രയാകുന്നെന്നു എന്നെ അറിയിക്കാമോ?

മി. ആർ. കൃഷ്ണസ്വാമിഅയ്യർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): വളരെ കുറച്ചുമാത്രമേ ഉള്ളു. അപ്രകാരമുള്ളവ മൂന്നെണ്ണമാകുന്നെന്നാണ് എനിക്കു തോന്നുന്നതു്. മുന്നാണ്ടുകളിൽ അപ്രകാരമുള്ള നിശാപാഠശാലകൾ കൂടുതലുണ്ടായിരുന്നു. അവയിൽ ചിലതു ഗവർമ്മെൻറ ആവശ്യപ്പെട്ട ചില നിസ്സാര വ്യവസ്ഥകളെ പൂർത്തീകരിക്കുവാൻ സാധിക്കായ്കയാൽ അസ്തമിച്ചുപോകുവാൻ ഇടയായി.

ഗ്രന്ഥശാലകൾക്കു സഹായധനം നൽകിവരുന്നതും ഉപയോഗകരങ്ങളായ പുസ്തകങ്ങൾ സ്ത്രീപുരുഷന്മാർക്കു ലഭിക്കുന്നതിനും തന്നിമിത്തം പരാശ്രയംകൂടാതെ സ്വയമേവ അഭിവൃദ്ധി നേടുന്നതിനുമുള്ള കഴിവും ഗവണ്മെന്റു നൽകുന്നുണ്ട്. അതുസംബന്ധിച്ചാകുന്നു ഗവണ്മെന്റു ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഈ മാർഗ്ഗത്തിൽ കൂടുതലായി എന്തെങ്കിലും ഗവണ്മെന്റിൽനിന്നും പ്രവർത്തിക്കുന്നതിനുള്ള കാലം ആയിട്ടുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല.

ഇപ്പോഴത്തെ സ്ഥിതിക്ക്, കൂടുതൽ ഫണ്ട് അനുവദിക്കുകയെന്നുള്ളതു അസാദ്ധ്യമായിട്ടുള്ള കാര്യമാകുന്നു. അതുകൊണ്ടു മിസ്റ്റർ രാമൻമേനോനോടു അദ്ദേഹത്തിന്റെ പ്രമേയത്തെ പിൻവലിക്കണമെന്നു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

മി. സി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഗവണ്മെന്റിന്റെ പബ്ലിസിറ്റിസംബന്ധമായ പ്രവൃത്തി നമ്മളുടെ കർഷകന്മാർ പ്രായോഗികമാക്കത്തക്കവണ്ണം ഉപയോഗകരമായും ശക്തിയുക്തമായുമുള്ള ചില മാർഗ്ഗങ്ങളിലേക്കു ഗവണ്മെന്റിന്റെ ശ്രദ്ധയെ ക്ഷണിക്കണമെന്നുമാത്രമേ ഞാൻ ഉദ്ദേശിച്ചിട്ടുള്ളു. ഈ സംഗതിയിൽ ഗവണ്മെന്റിന്റെ ശ്രദ്ധ വേണ്ടുവോളം പതിയുന്നില്ലെന്നു മിസ്റ്റർ കൃഷ്ണസ്വാമി അയ്യരിൽനിന്നു ഞാൻ അറിയുന്നതുകൊണ്ടു, എന്റെ പ്രസംഗത്തിൽ ഞാൻ പ്രസ്താവിച്ചിട്ടുള്ള സമാധാനങ്ങളോടുകൂടി ഞാൻ എന്റെ പ്രമേയത്തെ ഗവണ്മെന്റിന്റെ ആലോചനക്കായി സമർപ്പിച്ചുകൊള്ളുന്നു. ഇത്രയുംപറഞ്ഞുകൊണ്ടു ഞാൻ എന്റെ പ്രമേയത്തെ പിൻവലിച്ചുകൊള്ളുന്നു.

സഭയുടെ സമ്മതപ്രകാരം പ്രമേയം പിൻവലിക്കപ്പെട്ടു.

സർക്കാർ ജോലികളിലുള്ള ഉദ്യോഗനിയമനം.

ഡെപ്യൂട്ടിപ്രസിഡണ്ട്: മിസ്റ്റർ തരിയതു കുഞ്ഞിത്തൊമ്മന്റെ പേരിലുള്ളതാകുന്നു അടുത്ത പ്രമേയം. അതു താഴെ കാണുംപ്രകാരമാകുന്നു:—

ദേവസ്വവും പട്ടാളവും ഒഴികെയുള്ള എല്ലാ ഡിപ്പാർട്ടുമെന്റുകളിലേയും ഒഴിവുവരുന്ന ഉദ്യോഗങ്ങൾക്കു ആ ഉദ്യോഗം വഹിക്കുന്നതിനുള്ള പരീക്ഷായോഗ്യതയുള്ള ഒന്നിലധികം വർഗ്ഗത്തിൽപ്പെട്ട അപേക്ഷകന്മാരുള്ളപ്പോൾ പ്രാതിനിധ്യം കുറഞ്ഞവർഗ്ഗത്തിൽപ്പെട്ട അപേക്ഷകരെ നിയമിക്കേണ്ടതാണെന്നും, അങ്ങനെ നിയമിക്കുന്ന സംഗതികളിൽ സങ്കടക്കാർക്കു ഗവണ്മെന്റിൽ അപ്പീൽ ബോധിപ്പിക്കാമെന്നും ഉടനെ ഖണ്ഡിതമായ വ്യവസ്ഥ ചെയ്യണമെന്നു ഈ സഭ ഗവണ്മെന്റിനോടു ശുപാർശ ചെയ്യുന്നു.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഞങ്ങൾക്കു കിട്ടിയിട്ടുള്ള പ്രമേയം ഇംഗ്ലീഷിൽമാത്രമായിരിക്കെ അദ്ദേഹം മലയാളത്തിൽ പ്രമേയം വായിക്കുന്നതു ശരിയാണോ എന്നു അദ്ധ്യക്ഷസ്ഥാനത്തിൽനിന്നും എന്നെ അറിയിക്കാമോ?

ഡെപ്യൂട്ടിപ്രസിഡണ്ട്: അദ്ദേഹം അതിനെപ്പറ്റി മുൻകൂട്ടി അറിവുതന്നിട്ടുള്ളതുകൊണ്ടും, നിങ്ങൾക്കു തന്നിട്ടുള്ളതു ഒരു തർജ്ജിമയായതുകൊണ്ടും അദ്ദേഹം ചെയ്യുന്നതു ഏറ്റവും യുക്തംതന്നെയാകുന്നു.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): തർജ്ജിമ ഉള്ളടക്കത്തിൽ വ്യത്യാസമുള്ളതായിരിക്കയില്ലയോ?

ഡെപ്യൂട്ടിപ്രസിഡണ്ട്: അപ്രകാരമിരിക്കണമെന്നു ഉദ്ദേശിച്ചിട്ടില്ല.

മി. തരിയതു കുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): ഈ രാജ്യത്തു ഉദ്യോഗനിയമനസംബന്ധമായി ഉണ്ടായിക്കൊണ്ടിരിക്കുന്ന അസ്വാസ്ഥ്യങ്ങൾ രാജ്യത്തിന്റെ ഭാവിശ്രേയസ്സിനു ഹാനികരമായ രീതിയിൽ പരിണമിച്ചിട്ടുണ്ട്. അതിൽനിന്നു രാജ്യത്തിനു ഒരു മോചനം ലഭിക്കേണ്ടതു ഏറ്റവും ആവശ്യമാണ്. ഉദ്യോഗനിയമനവിഷയത്തിൽ ഖണ്ഡിതമായ ഒരു വ്യവസ്ഥ ഗവണ്മെന്റു സ്വീകരിച്ചുകഴിഞ്ഞാൽ ഈ കുഴപ്പങ്ങൾക്കെല്ലാം നിവൃത്തിയുണ്ടാകും. ഇങ്ങനെ ഒരു വ്യവസ്ഥയുണ്ടാക്കുന്നതിനു ഗവണ്മെന്റിനോടു ശുപാർശചെയ്യുന്ന ഒരു പ്രമേയം ഏതാനും വർഷങ്ങൾക്കുമുമ്പു ഇവിടെ അവതരിപ്പിക്കുകയും അന്നു ഗവണ്മെന്റിൽനിന്നും ചീഫ്സെക്രട്ടറി പ്രാതിനിധ്യം കുറവുള്ളവർക്കും പ്രാതിനിധ്യം തീരെ ഇല്ലാത്തവർക്കും താരതമ്യേന കൂടുതൽ പ്രോത്സാഹനങ്ങൾ കൊടുക്കുന്നതാണെന്നു മറുപടി പറകയുംചെയ്തു. അതുകൊണ്ടു ആ പ്രമേയം അന്നു പിൻവലിച്ചു. അതുകഴിഞ്ഞിട്ടു ഇപ്പോൾ ഉദ്ദേശം രണ്ടുവർഷമായിരിക്കുന്നു. എന്നിട്ടും ഉദ്യോഗവിഷയത്തിൽ അസമത്വം അനുഭവിക്കുന്ന വർഗ്ഗങ്ങളുടെ സങ്കടത്തിനു ഒരു പരിഹാരവും ഉണ്ടായിട്ടില്ല.

ഉദ്യോഗനിയമനവിഷയം നിസ്സാരവും, അപ്രധാനവും ആണെന്നും രാജ്യകാര്യങ്ങളിൽ ഉൾപ്പെട്ടതല്ലെന്നും ചിലർക്കു അഭിപ്രായമുണ്ട്. എന്നാൽ ഈ രാജ്യത്തെ സംബന്ധിച്ചു എന്നല്ല ഏതു രാജ്യത്തെ സംബന്ധിച്ചും ഇതു നിസ്സാരമായിട്ടു ഗണിക്കേണ്ട ഒന്നല്ല. ഈ രാജ്യത്തു രണ്ടുകോടിയിലധികം രൂപ നികുതി പിരിക്കുന്നതും അതെല്ലാം ചെലവുചെയ്യുന്നതും അതിൽനിന്നും ഒരു കോടിയോളം ശമ്പളവും പടിയുമായി പറ്റുന്നതും ഉദ്യോഗസ്ഥന്മാരാണല്ലോ. നയമനുസരിച്ചു ഉദ്യോഗസ്ഥന്മാരുടെ പ്രവൃത്തി ഈ രാജ്യത്തെ കൃഷിക്കാരുടേയും, കച്ചവടക്കാരുടേയും, ചുരുക്കിപ്പറഞ്ഞാൽ ഓരോ പൗരന്റേയും മുമ്പും, പിമ്പും, ഇടവും, വലവും ഒന്നുപോലെ ബാധിച്ചുകൊണ്ടിരിക്കുന്നു. ഗവണ്മെന്റിന്റെ അധികാരങ്ങളെല്ലാം നിയമങ്ങൾവഴിയായി ജനങ്ങളുടെനേർക്കു പ്രയോഗിച്ചു ഭരണം നടത്തുന്നതു ഉദ്യോഗസ്ഥന്മാർതന്നെയാണെന്നു ഒരുവിധത്തിൽ പറയാം. അവരുടെ പ്രവൃത്തിയുടെ ഗുണദോഷങ്ങളെ ആശ്രയിച്ചാണ് ജനങ്ങളുടെ സുഖദുഃഖങ്ങളും ഇരിക്കുന്നതു. ഇങ്ങനെ ഗൗരവമുള്ള ഉദ്യോഗവിഷയം നിസ്സാരമാണെന്നു ആരെങ്കിലും പറഞ്ഞാൽ അതിന്റെ അർത്ഥം എന്താണ്? രാജ്യത്തെ മുതലെടുപ്പിൽ ഒരു കോടിയോളം രൂപ ശമ്പളച്ചിലവും പടിയുമായി ചിലവാകുന്നതിൽ ജനസംഖ്യയിൽ വൻപിച്ച പല സമുദായക്കാർക്കും തീരെ തുച്ഛമായ അംശമേ ലഭിക്കുന്നുള്ളു. ഉദ്യോഗസ്ഥന്മാരുടെ സ്വാധീനബലവും അന്തരീക്ഷത്തിലെ വായു എന്നപോലെ രാജ്യത്തു സർവത്ര വ്യാപ്തമായിരിക്കുന്നു. ഉദ്യോഗസ്ഥന്മാരെല്ലാം ഒരേ ചില വർഗ്ഗക്കാരാണ്. പബ്ലിക്സർവീസിൽ പ്രവേശനമില്ലാത്ത വർഗ്ഗങ്ങൾക്കും ശരിയായ പ്രവേശനം ലഭിക്കുന്നതിനു വ്യക്തമായ വ്യവസ്ഥ ചെയ്യേണ്ടതു എത്രയും അത്യാവശ്യമാണെന്നു കാണാം. പബ്ലിക്സർവീസിൽ പ്രാതിനിധ്യമില്ലാത്ത വർഗ്ഗങ്ങളുടെ സ്ഥിതി വളരെ ശോചനീയമാണെന്നു അവർക്കു നാൾക്കുനാൾ അധികം ബോധ്യപ്പെട്ടുവരുന്നു. അതാണു അസ്വസ്ഥതയുടെ മൂലകാരണം. ഇതിനുള്ള പരിഹാരത്തിനു ഈ പ്രമേയത്തിൽ പ്രസ്താവിച്ചിട്ടുള്ളതിനെക്കാൾ ഗുണകരമായ മാർഗ്ഗമില്ല.

പലജാതിയിൽപെട്ട ആളുകൾ ഉദ്യോഗാർത്ഥികളായി വരുമ്പോൾ പ്രാതിനിധ്യം കണക്കാക്കി ചിലരെ നിയമിക്കണമെന്നും അങ്ങനെ നിയമിക്കാത്തതുകൊണ്ടു നഷ്ടപ്പെട്ടവർക്കു ഗവൺമെന്റിൽ അപ്പീൽ ബോധിപ്പിക്കുന്നതിനു അവകാശമുണ്ടായിരിക്കണമെന്നും വ്യവസ്ഥചെയ്യുന്നതുകൊണ്ടു ഒരുവർഗ്ഗക്കാർക്കും ന്യായമായ നഷ്ടത്തിനു അവകാശമില്ല. ഉദ്യോഗവിഷയമായിട്ടു പരസ്പരം യോജിക്കാതെ രാജ്യമെല്ലാം അസ്വസ്ഥതയിൽ ആകുന്നതിനു ഗവൺമെന്റു അനുവദിച്ചാൽ ഭാവി പരിതാപകരവും ഈ രാഷ്ട്രീയരോഗത്തിനു പ്രതിവിധി ഉണ്ടാക്കേണ്ടതു എല്ലാ പൌരന്മാരുടേയും ഒരു കടമയാണു. എന്റെ ബുദ്ധിയിൽതോന്നിയ പ്രതിവിധിയാണു ഞാൻ പ്രമേയരൂപേണ ഇവിടെ കൊണ്ടുവന്നിട്ടുള്ളതു. ഒരു രാജ്യത്തെ പൌരശരീരത്തിന്റെ അവയവങ്ങളാണു വിവിധവർഗ്ഗങ്ങൾ. ഓരോ അവയവത്തിനും അതാതിനു അനുസരിച്ച രക്തസ്സം പുഷ്ടിയും ഉണ്ടായിരിക്കുന്നതാണല്ലോ ശരീരത്തിനു സുഖകരമായിട്ടുള്ളതു. ഓരോ വർഗ്ഗത്തിനും അതാതിന്റെ പൌരാവകാശങ്ങൾക്കു ഹാനിപ്പെടാതെ പരസ്പരം യോജിച്ചു വർത്തിക്കേണ്ടതിനുള്ള നേതൃത്വം ഗവൺമെന്റു ഉണ്ടാക്കിക്കൊടുക്കണം. അതിനുരാജ്യത്തെ സ്നേഹിക്കുന്ന ഓരോ പൌരനും പൌരപ്രതിനിധിയും യഥാശക്തി ശ്രമിക്കേണ്ടതാണു. ആ ബോധമാണു ഈ പ്രമേയം അവതരിപ്പിക്കുന്നതിനു എന്നെ പ്രേരിപ്പിച്ചിട്ടുള്ളതു. ഏതവയവത്തിനു രോഗമുണ്ടോ അതിനെ ചികിത്സിക്കണം. ചെറുവിരലിനാണു രോഗമെങ്കിൽ അതിനെ ചികിത്സിക്കുന്നതു അതിനോടുള്ള പക്ഷപാതബുദ്ധികൊണ്ടല്ല. ശരീരത്തിന്റെ പൊതുസുഖത്തിനുള്ള ആഗ്രഹംകൊണ്ടാണു. അതുപോലെ സർക്കാർ ഉദ്യോഗം കുറഞ്ഞ വർഗ്ഗങ്ങളും പൊതു പൌരശരീരത്തിന്റെ അവയവങ്ങളാകകൊണ്ടു അവരുടെ അസ്വസ്ഥതയ്ക്കു നിവൃത്തിയുണ്ടാകുന്നതിനു ശ്രമിക്കേണ്ടതു രാജ്യക്ഷേമകാംക്ഷികളുടെ കടമയും ഗവൺമെന്റിന്റെ ഒഴിച്ചുകൂടാത്ത ധർമ്മവുമാണു. അതിനാൽ മാന്യന്മാരെ ഈ പ്രമേയത്തെ നിങ്ങളുടെ എല്ലാവരുടേയും ഹൃദയപൂർവമായ സ്വീകരണത്തിനായി സമർപ്പിച്ചുകൊള്ളുന്നു.

മി. ആർ. പത്മനാഭൻ (നിയമിതമെമ്പർ): ഞാൻ പ്രമേയത്തെ അനുകൂലിക്കുന്നു.

മി. കെ. ജാജ് (ഗവൺമെന്റുചീഫ്സെക്രട്ടറി): സർ, സർക്കാർജീവനത്തിൽ സാമുദായിക പ്രാതിനിധ്യത്തെ സംബന്ധിച്ച ഈ സംഗതിയെപ്പററി ഈ സഭയിൽവച്ചു അനേകം സന്ദർഭങ്ങളിൽ തുടർച്ചയായി ഇതിനുമുമ്പു വാദിച്ചിട്ടുള്ളതാകകൊണ്ടു മി. കുഞ്ഞിത്തൊമ്മൻ വീണ്ടും ഈ പ്രമേയം കൊണ്ടുവരേണ്ടിയില്ലായിരുന്നു എന്നുള്ള എന്റെ അഭിപ്രായത്തോടു ഈ സഭയിലെ അനേകം മെമ്പറന്മാർ യോജിക്കാതിരിക്കയില്ലെന്നു ഞാൻ വിശ്വസിക്കുന്നു.

മി. കെ. ജോസഫ് (മീനച്ചലും ദേവികുളവും): ഗവൺമെന്റിനോടു അപ്പീൽ ബോധിപ്പിക്കുന്നതിനുള്ള അവകാശത്തെ സംബന്ധിച്ച പ്രമേയത്തിലെ ഉത്തരഭാഗത്തെ പററിയുള്ള അഭിപ്രായം എന്താണു?

മി. കെ. ജാജ് (ഗവൺമെന്റുചീഫ്സെക്രട്ടറി): അതു ഒരു പ്രത്യേകസംഗതിയാണെങ്കിൽ അതിനെപ്പററി നമുക്കു സംസാരിക്കാമായിരുന്നു; എന്നാൽ അതുവളരെ നിസ്സാരമായ ഒരു സംഗതിയാണു. ഒരുവർഷത്തിനുമുമ്പു ഈ സഭയിൽ ഈ പ്രമേയത്തെ സംബന്ധിച്ചു വാദപ്രതിവാദം നടന്നപ്പോൾ ഗവൺമെന്റു സർവീസിൽ എല്ലാ സമുദായങ്ങൾക്കും പ്രാതിനിധ്യം ലഭിക്കുന്നതു സംബന്ധിച്ച സംഗതിക്കു അവരെ സഹായിക്കുന്ന ചില വ്യവസ്ഥകൾ ചെയ്യുകയുണ്ടായിട്ടുണ്ടു. അതിൽകൂടുതലായി ഇപ്പോൾ ആ സംഗതിസംബന്ധിച്ചു ഗവൺമെന്റിനു എന്താണു പറയുവാനുള്ളതെന്നു എനിക്കുപറഞ്ഞുകൂടാ. ആ സന്ദർഭത്തിൽ ഈ സഭമുമ്പാകെ ഉദ്യോഗമെമ്പർ സമർപ്പിച്ച വ്യവസ്ഥകൾ താഴെക്കാണുന്നവയാകുന്നു.

(എ) ഒരു പ്രത്യേകസമുദായത്തിൽ ഉൾപ്പെട്ടവനാണെന്നുള്ള കാരണം സർക്കാർജീവനത്തിലുള്ള പ്രവേശനത്തിനു ഒരുത്തനെയും അർഹതയുള്ളവനാക്കിത്തീർക്കുന്നതല്ല.

(ബി) സർക്കാർജീവനത്തിൽ പ്രവേശിക്കുന്നതിനു എല്ലാ സമുദായക്കാർക്കും തുല്യമായ സൌകര്യങ്ങൾ കൊടുക്കുന്നതാകുന്നു.

(സി) മററുള്ളസംഗതികൾ തുല്യങ്ങളായിരിക്കെ പ്രാതിനിധ്യം ഇല്ലാത്തവരും അല്പമായ പ്രാതിനിധ്യംമാത്രം ലഭിച്ചിട്ടുള്ളവരും ആയ സമുദായങ്ങൾക്കു കൂടുതൽ അവകാശം നൽകുന്നതാകുന്നു.

(ഡി) സ്പഷ്ടമാകുംവണ്ണം വിവരിക്കപ്പെട്ടിട്ടുള്ള ഏതാനും ചില പ്രത്യേകശാഖകളിൽ മാത്രമല്ലാതെ ഓരോ പ്രത്യേക സമുദായത്തിനും പ്രാതിനിധ്യം നൽകുന്നതിനെപ്പററി ആലോചിക്കാൻ പോലും നിവൃത്തിയില്ല.

(ഇ) ഈ ശാഖകളിൽതന്നെയും, സംഖ്യാബലത്തെക്കാൾ, ഓരോ ശാഖയിലും നിയമനങ്ങൾ സ്വീകരിക്കുന്നതിനു സമ്മതമുള്ളവരും പരീക്ഷായോഗ്യതയുള്ളവരുമായ ആളുകളുടെ എണ്ണത്തെയാകുന്നു സർക്കാർ ജീവനത്തിലുള്ള പ്രാതിനിധ്യത്തിനു കൂടുതൽ ആശ്രയമായി ഗണിക്കുക.

(എഫ്) സ്ഥിരമോ താൽക്കാലികമോ ആയ പ്രാരംഭ നിയമനങ്ങളിൽ മാത്രമല്ലാതെ ഉദ്യോഗക്കയററങ്ങളിൽ സമുദായപ്രാതിനിധ്യത്തിനു അവകാശമുണ്ടായിരിക്കുന്നതല്ല.

ഈ വിശാലങ്ങളായ വ്യവസ്ഥകൾ എത്രയും സ്പഷ്ടമായിട്ടുള്ളതാകകൊണ്ടു ഈ സംഗതിയെപ്പററി കൂടുതലായി എന്തെങ്കിലും പറയേണ്ടതായിട്ടുണ്ടെന്നു എനിക്കു തോന്നുന്നില്ല. ഇവയെല്ലാമാണു വ്യവസ്ഥകളെങ്കിലും ഗവർൺമെന്റു ഈ സംഗതിൽ അനിശ്ചിതമായ ഒരു നയമാണു ഇനിയും തുടർന്നുകൊണ്ടിരിക്കുന്നതെന്നു മിസ്റ്റർ കുഞ്ഞിത്തൊമ്മൻ പ്രസ്താവിച്ചു. പക്ഷെ, ഈ സംഗതി വളരെ നിസ്സാരമായ ഒന്നാണെന്നു മിസ്റ്റർ കുഞ്ഞിത്തൊമ്മൻ വിചാരിക്കുന്നുണ്ടായിരിക്കാം. എന്നാൽ വാസ്തവത്തിൽ സർക്കാർ ജീവനത്തിലേക്കു ആൾ എടുക്കുന്നകാര്യം വളരെ വിഷമതയുള്ള ഒന്നാണെന്നു എല്ലാവർക്കും അറിയാവുന്നതുമാകുന്നു. എല്ലാ സമുദായങ്ങൾക്കും വേണ്ടുവോളം പ്രാതിനിധ്യം കൊടുത്തുവരുന്നില്ലെന്നു പറയുവാൻ എളുപ്പത്തിൽ കഴിയുന്നതാകുന്നു. വേണ്ടുവോളം പ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്ത സമുദായങ്ങളിലെ മെമ്പറന്മാർക്കു മററുള്ളവർക്കു തുല്യമായ പ്രാതിനിധ്യം ലഭിക്കുന്നതുവരെ ശരിയായ പ്രാതിനിധ്യം ലഭിച്ചിട്ടുള്ള സമുദായങ്ങളിലെ മെമ്പറന്മാരെ സർക്കാർ ജീവനത്തിൽ നിയമിക്കാൻ പാടില്ലെന്നാണു മി. കുഞ്ഞിത്തൊമ്മൻ ഈ പ്രമേയത്തിനു അർത്ഥം കല്പിക്കുന്നതെങ്കിൽ ഗവർൺമെന്റിനു അതു സ്വീകരിക്കുവാൻ നിവൃത്തിയില്ലെന്നു ഞാൻ പറഞ്ഞുകൊള്ളുന്നു. അപ്രകാരമുള്ള പ്രമേയങ്ങളെ ഉപേക്ഷിക്കുന്നതിനുള്ള കാരണങ്ങളിൽ പ്രഥമമായതു കൂടുതൽ പ്രാതിനിധ്യം ലഭിച്ചിട്ടുണ്ടെന്നു ഊഹിക്കുന്ന സമുദായങ്ങളിൽനിന്നും ആളുകളെ എടുക്കുന്ന ഏർപ്പാടു നിർത്തൽചെയ്യുക യോഗ്യമായിരിക്കയില്ലെന്നുള്ളതാകു

ന്നു. ദിവാൻജി അവർകൾ മൂന്നാമത്തെ സന്ദർഭത്തിൽ പറഞ്ഞതുപോലെ അനേകവർഷങ്ങളിലായി നടന്നിട്ടുള്ള ഒരു കാര്യത്തെ ഉടനടി കടന്ന ആ കാലങ്ങളിൽ സംഭവിച്ചിട്ടുള്ള അസമത്വത്തെ പരിഹരിക്കുവാൻ നമുക്കു സാധിക്കുന്നതല്ല.

ഏതെങ്കിലും ഒരാളു, കുറെ കാലങ്ങൾക്കുമുമ്പു അയാളുടെ സമുദായത്തിലുള്ള അംഗങ്ങൾക്കു അന്യൂനരൂപമായ പ്രാതിനിധ്യം ലഭിക്കുവാൻ ഇടയായിട്ടുണ്ടെന്നുള്ള കാരണംകൊണ്ടുമാത്രം കുററക്കാരനാകുവാൻ നമുക്കു സാധിക്കുന്നതാണോ എന്ന് ഞാൻ ചോദിച്ചുകൊള്ളട്ടെ. അതു ഒരിക്കലും യോഗ്യമായ പ്രവൃത്തിയായിരിക്കുന്നതല്ല. മററു സംഗതികൾ തുല്യങ്ങളായിരിക്കെ, പ്രാതിനിധ്യം ഇല്ലാത്തവരും കുറവുള്ളവരും ആയ സമുദായങ്ങൾക്കു കൂടുതൽ അവകാശം നൽകുന്നതാണെന്ന ഗവർൺമെൻറു പറയുമ്പോൾ, അതു സംബന്ധിച്ച സർക്കാർ ജീവനത്തിൽ നടത്തുന്ന നിയമനസംഗതിയിൽ ഏതെങ്കിലും ഒരു ക്ലിപ്തമായ കണക്കു അവർ ഉദ്ദേശിക്കുന്നുണ്ടെന്നു അർത്ഥമാകുന്നതല്ല. അവർ അതിൽനിന്നും ഉദ്ദേശിച്ചിട്ടുള്ളതു കഴിയുന്നിടത്തോളം പ്രാതിനിധ്യം സംബന്ധിച്ചുള്ള ഈ അസമത്വങ്ങളെ പരിഹരിക്കുകയും അതിലേക്കായി ശരിയായ പ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്ത സമുദായങ്ങൾക്കു കൂടുതൽ പ്രാതിനിധ്യം നൽകുകയും ചെയ്യുമെന്നാകുന്നു. അല്ലാതെ സർക്കാർ ജീവനത്തിൽ ശരിയായ പ്രാതിനിധ്യം ലഭിച്ചിട്ടുള്ള സമുദായങ്ങളെ ഒഴിവാക്കുമെന്നല്ല. എന്നാൽ മി. കുന്നത്തൊമ്മൻ ആവശ്യപ്പെട്ട ന്യൂനസമത്വം സിദ്ധിക്കുന്നതുവരെ ശരിയായ പ്രാതിനിധ്യം ലഭിച്ചിട്ടുള്ള സമുദായങ്ങളിൽനിന്നും ആളുകളെ എടുക്കരുതെന്നാകുന്നു. ഗവർൺമെൻറു ആ അഭിപ്രായം സ്വീകരിക്കുവാൻ സാധിക്കുന്നതല്ലെന്നാണ എനിക്കു തോന്നുന്നതു.

ഈ പ്രമേയം തീരെ ഹിതാവഹമായിട്ടുള്ളതല്ലെന്നുള്ളതാകുന്നു അതിനെ അംഗീകരിക്കുവാനുള്ള പ്രധാനമായ തടസ്സം. ഇതു നിമിത്തം അതൃപ്തിയും മനോവേദനയും ഉത്ഭവിക്കുകയും സമുദായങ്ങൾക്കുതമ്മിൽ പരസ്പരവിരോധവും അസൂയയും ഉത്പാദിക്കുകയും ചെയ്യുമെന്നാകുന്നു എൻെറ അഭിപ്രായം. അതിനുംപുറമെ സർക്കാർ ജീവനത്തിനു ആകപ്പാടെതന്നെ ധർമ്മഭ്രംശം സംഭവിപ്പാനും ഇടയാകും, കാര്യക്ഷമത സംബന്ധിച്ച വേണ്ടിടത്തോളം ശ്രദ്ധിക്കുവാൻ ഗവർൺമെൻറു നിഷ്കർഷിക്കുന്നില്ലെന്നു പൊതുജനങ്ങളുടെ ഹൃദയങ്ങളിൽ ഒരു ബോധം അങ്കുരിപ്പിക്കുവാൻ അതു ഇടയാക്കും. സർക്കാർ ജീവനത്തിലേക്കു ആളെ എടുക്കുന്ന സംഗതിയിൽ സർവ്വപ്രധാനമായിട്ടുള്ളതു കാര്യക്ഷമതയാകുന്നു. സർക്കാർ ജീവനംഎന്നുപറയുന്നതു വാസ്തവത്തിൽ പൊതുജനഗുണത്തെ ഉദ്ദേശിച്ചുചെയ്യുന്ന പ്രവൃത്തികളാകുന്നു. സർക്കാർ ജീവനത്തിൽ ഏററവും ബുദ്ധിശക്തിയുള്ളവരെ നിയമിക്കഎന്നുള്ളതു സംസ്ഥാനത്തിൻെറ അവകാശമാണെന്നാകുന്നു എൻെറ അഭിപ്രായം. ഏററവും സമർത്ഥന്മാരെ ലഭിക്കുന്നതിനുവേണ്ടി പണം കൊടുത്തുവരുന്ന കമ്പനികളെപ്പോലെ ഗവർൺമെൻറും ഏററവും സമർത്ഥന്മാരായ ജോലിക്കാരെ വേണം ഉദ്യോഗങ്ങളിൽ നിയമിക്കാൻ. കാര്യക്ഷമതയെപ്പററി ഗവർൺമെൻറു ശ്രദ്ധിക്കുന്നില്ലെന്നുള്ള വിചാരത്തിനു ഇടയാക്കാൻ പാടില്ലാത്തതാകുന്നു.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): അനേകം സമുദായങ്ങൾ ഉള്ളവയെ ഏതെങ്കിലും ഒരു നിശ്ചിതമായ രീതിയിൽ ഗവർൺമെൻറു തരം തിരിച്ചിട്ടുണ്ടോ എന്നു എന്നെ അറിയിക്കുമോ?

മി. കെ. ജാണ്ണു് (ഗവർൺമെൻറു ചീഫ്സെക്രട്ടറി): ഉണ്ട്.

അപ്രകാരം ചെയ്തിട്ടുണ്ടു.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): എത്ര ഇനങ്ങളായിട്ടാണെന്ന് എന്നെ അറിയിക്കുമോ?

മി. കെ. ജാണ്ണു (ഗവർൺമെൻറു ചീഫ്സെക്രട്ടറി): അനേകം സന്ദർഭങ്ങളിൽ അതിനെപ്പററി പ്രസ്താവിച്ചിട്ടുണ്ടെന്നു ഞാൻ വിശ്വസിക്കുന്നു. അതു സംബന്ധിച്ച ഉണ്ടായിട്ടുള്ള ഒടുവിലത്തെ സർക്കുലർ ഞാൻ വായിക്കാം. (എ) ഹിന്ദുക്കൾ: ഈ ഇനത്തിലുള്ള ഉപവിഭാഗങ്ങൾ (എ) മലയാളബ്രാഹ്മണർ (ബി) മററു ബ്രാഹ്മണർ (സി) നാടാന്മാർ (ഡി) ഈഴവർ (ഇ) കമ്മാളർ (എഫ്) നായന്മാർ (ജി) വെള്ളാളർ (എച്ച്) പറയർ (ഐ) മററു അധഃകൃതവർഗ്ഗക്കാർ. (ബി) മുസൽമാന്മാർ (സി) ക്രിസ്ത്യാനികൾ: ഈ ഇനത്തിലുള്ള ഉപവിഭാഗങ്ങൾ (എ) പ്രോട്ടസ്റ്റൻസ് (ബി) റോമൻ കത്തോലിക്കർ (സി) സിറിയൻസ് എന്നു വീണ്ടും വിഭജിച്ചിരിക്കുന്നു. നാലാമത്തെ ഉപവിഭാഗം മേൽ കൊടുത്തിട്ടുള്ള ഇനങ്ങളിൽ ഉൾപ്പെടാത്ത 'മററുള്ളവർ' എന്നാകുന്നു.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഇപ്രകാരം പ്രത്യേകം ഇനങ്ങളായിട്ടു തരം തിരിച്ചതു് എപ്പോളാണു?

മി. കെ. ജാണ്ണു (ഗവർൺമെൻറു ചീഫ്സെക്രട്ടറി). കഴിഞ്ഞ ഏപ്രിൽ മാസത്തിൽ.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ലാററിൻക്രിസ്ത്യാനികൾ ഏതു ഇനത്തിലാണ് ഉൾപ്പെടുന്നതു?

മി. കെ. ജാണ്ണു (ഗവർൺമെൻറു ചീഫ്സെക്രട്ടറി): റോമൻകത്തോലിക്കർ എന്ന ഇനത്തിൽ.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): കത്തോലിക്കാ ക്രിസ്ത്യാനികളുടെ ഇടയിൽ ഇപ്രകാരമുള്ള ഒരു വിഭാഗത്തിൻെറ ആവശ്യകതയെന്താണ്?

മി. കെ. ജാണ്ണ് (ഗവർൺമെൻറു ചീഫ്സെക്രട്ടറി): ഇതു ഒരു മതൃകാവിഭാഗമാണെന്നു ഞാൻ പറയുന്നില്ല.

റോമൻകത്തോലിക്കരെ ലാററിൻ കത്തോലിക്കർഎന്നും സിറിയൻ കത്തോലിക്കർ എന്നും രണ്ടു തരത്തിൽ വിഭജിക്കാവുന്നതാകുന്നു.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): സർക്കാർ ജീവനത്തിലെ നിയമന സംഗതിയിൽ അവരെ ഒരു പ്രത്യേക സമുദായമായി ഗവർൺമെൻറു അംഗീകരിക്കുന്നുണ്ടോ?

മി. കെ. ജാണ്ണു (ഗവർൺമെൻറു ചീഫ്സെക്രട്ടറി): ഒരു പ്രകാരത്തിൽ

മി. ശിവരാമപ്പണിക്കർ (ചേർത്തല): സർക്കാർ ജീവനം സംബന്ധിച്ച സംഗതിയിൽ ഗവർൺമെൻറിൻെറ നിലയെന്താണെന്നു എന്നെ അറിയിക്കുമോ? അതു കാര്യക്ഷമതയോ അല്ലെങ്കിൽ സമുദായ പ്രാതിനിധ്യമോ അതോ രണ്ടുംകൂടിയോ എന്ന് എന്നെ അറിയിക്കുമോ?

മി. കെ. ജാർജ്ജ് (ഗവർൺമെൻറ ചീഫ്സെക്രട്ടറി): മററ സംഗതികൾ തുല്യങ്ങളായിരിക്ക, അതായതു, രണ്ടു സമുദായങ്ങളിൽനിന്നും ഒരു പോലെ സാമർത്ഥ്യമുള്ളവരും പരീക്ഷാ യോഗ്യതയുള്ളവരുമായ ആളുകൾ ഡിപ്പാർട്ടുമെൻറിൽ ഉദ്യോഗത്തിനായി വരുമ്പോൾ, അതിൽ ഒന്നു കൂടുതൽ പ്രാതിനിധ്യം ലഭിച്ചിട്ടുള്ളതും മററൊന്നു ശരിയായ പ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്തതും ആണെങ്കിൽ, വേണ്ടവണ്ണം പ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്ത സമുദായത്തിലുള്ള ആളിനു കൂടുതൽ അവകാശം കൊടുക്കുന്നതു സാധാരണയാണ്.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): സാമർത്ഥ്യം നിർണ്ണയിക്കുന്നതിനു ഉപയോഗിക്കുന്നതെന്തു എന്താണെന്നു എന്നെ അറിയിക്കുമോ? പരീക്ഷായോഗ്യതയാണോ അതിലേക്കു സ്വീകരിക്കുന്നതു?

മി. കെ. ജാർജ്ജ് (ഗവർൺമെൻറ ചീഫ്സെക്രട്ടറി): സാധാരണയായി സർക്കാർ ജീവനത്തിലേക്കായുള്ള പരസ്യത്തിൽ ഓരോ സ്ഥാനത്തേക്കും ആവശ്യമുള്ള യോഗ്യതകൾ നിശ്ചയിച്ചിട്ടുണ്ട്.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): അതു പരീക്ഷാ യോഗ്യതകൾ അല്ലയോ എന്നു എന്നെ അറിയിക്കുമോ

മി. കെ. ജാർജ് (ഗവൺമെൻറ ചീഫ്സെക്രട്ടറി): അതേ; മുഖ്യമായിട്ടു അതുതന്നെയാണ്.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): അപ്പോൾ, കാര്യക്ഷമത നിർണ്ണയിക്കുന്നതു പരീക്ഷായോഗ്യതമൂലമാണ്. അല്ലേ.

മി. കെ. ജാർജ് (ഗവൺമെൻറ ചീഫ്സെക്രട്ടറി): സാധാരണയായി എവിടെയും അതുതന്നെയാണ് സ്വീകരിച്ചുപോരുന്ന തോതു്.

സർ, ഈ സഭ മുമ്പാകെ ഇതിനുമുമ്പ് ഒരിക്കൽ പ്രസ്താപിച്ചിട്ടുള്ള വ്യവസ്ഥകളും ഇവതന്നെയാണ്. ഈ വ്യവസ്ഥകളെ ഗവൺമെൻറ കൃത്യമായി അനുസരിക്കുന്നുണ്ടെന്ന് എനിക്കു പറയുവാൻകഴിയും. ഈ രീതി അനുസരിച്ചു ഡിപ്പാർട്ടുമെൻറ് മേലധികാരികൾക്ക് ഗവൺമെൻറിൽനിന്നും വേണ്ടതായ നിർദ്ദേശങ്ങൾ കൊടുത്തുകഴിഞ്ഞിട്ടുണ്ട്. ഉദ്യോഗപ്പിലും വലുതായ വ്യത്യാസമുണ്ടെന്ന് പറയാവുന്നതല്ല. ഈ വ്യവസ്ഥകൾ അനുസരിച്ചു് പ്രവർത്തിച്ചുവരുന്നില്ലെന്നു മിസ്റ്റർ കുഞ്ഞിത്തൊമ്മൻ പ്രസ്താവിച്ചുവെങ്കിലും അദ്ദേഹം അതിനെ സമർത്ഥിച്ചിട്ടില്ല. അതുകൊണ്ട്, ഗവൺമെൻറ് ഇനിയും ചെയ്യേണ്ടതായി മിസ്റ്റർ കുഞ്ഞിത്തൊമ്മൻ ആവശ്യപ്പെട്ടതു് എന്താണെന്ന് എനിക്കു വ്യക്തമായി മനസ്സിലാകുന്നില്ല. ഗവൺമെൻറ ചില വ്യവസ്ഥകൾ നിശ്ചയിച്ചിട്ടുണ്ട്. ആ വ്യവസ്ഥകളെ അടിസ്ഥാനമാക്കിത്തന്നെയാണ് ഇതിനുമുമ്പു ഈ പ്രമേയം അവതരിപ്പിച്ച മിസ്റ്റർ കുഞ്ഞിത്തൊമ്മൻ അദ്ദേഹത്തിൻെറ പ്രമേയത്തെ പിൻവലിച്ചിട്ടുള്ളതു്. ഞാൻ പറഞ്ഞിട്ടുള്ളതുപോലെ, ഗവൺമെൻറ് ആ വ്യവസ്ഥകളെത്തന്നെയാണ് ഇപ്പോഴും പ്രയോഗത്തിൽ വെച്ചുകൊണ്ടിരിക്കുന്നതു്. ആ വ്യവസ്ഥകളെ സ്വീകരിച്ചു പ്രവർത്തിക്കുവാൻ അവർ എല്ലാ ഡിപ്പാർട്ടുമെൻറ മേലധികാരികൾക്കും നിർദ്ദേശങ്ങൾ നൽകിട്ടുണ്ട്. ഈ സർക്കുലർ അനുസരിച്ചു പ്രവർത്തിക്കുന്നുണ്ടോ എന്നറിവാൻ ഓരോ ഡിപ്പാർട്ടുമെൻറ് മേലധികാരികളും നടത്തുന്ന നിയമനങ്ങളുടെ കണക്കുകൾ വരുത്തി പരിശോധിച്ചുവരുന്നുണ്ട്. അവരിൽ ആരെങ്കിലും ആ വ്യവസ്ഥകളനുസരിച്ചു് ശരിയായി പ്രവർത്തിക്കുന്നില്ലെന്നു കണ്ടാൽ അവരോടു സമാധാനം ചോദിക്കുന്നുണ്ട്. ഇവയെല്ലാമാണ് ഗവൺമെൻറ് ചെയ്തിട്ടുള്ളതു്. കഴിവുള്ളിടത്തോളം ഗവൺമെൻറ ചെയ്തുവരുന്നതായി മിസ്റ്റർ കുഞ്ഞിത്തൊമ്മനു മനസ്സിലാക്കാവുന്നതാണെന്ന് ഞാൻ വിശ്വസിക്കുന്നു.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): ഇപ്പോഴത്തെ നയമനുസരിച്ചു് യഥാർത്ഥമായി പ്രവർത്തിച്ചുവരുന്നതു് എന്താണെന്ന് എന്നെ അറിയിക്കുമോ? ഒരു ഡിപ്പാർട്ടുമെൻറിൽ ഇപ്പോൾ പത്തു ബ്രാഹ്മണരുണ്ടെന്നും ഈഴവർ ഒരുത്തരും ഇല്ലെന്നും വിചാരിക്കുക. അപ്പോൾ ഒരു ഒഴിവ് ഉണ്ടാകുകയും അതിലേക്കു ബ്രാഹ്മണനും, ഈഴവനും, മററുള്ളവരും അപേക്ഷകന്മാരായിട്ടുണ്ടെന്നും വിചാരിക്കുക. ആ സ്ഥാനത്തേക്കു നിയമിക്കുന്നതു് ആരെ ആയിരിക്കും?

മി. കെ. ജാർജ് (ഗവൺമെൻറ ചീഫ് സെക്രട്ടറി): ആവശ്യമുള്ള പരീക്ഷായോഗ്യതയുള്ളപക്ഷം അപേക്ഷകനായ ഈഴവന് കൊടുക്കുന്നതാണ്.

മി. കെ. ഐ. ജോസഫ് (മീനച്ചിലും-ദേവികുളവും): വേറെ ഒരു ഒഴിവുകൂടെ ഉണ്ടാകുന്നതായാൽ അതിനു ആരെ നിയമിക്കും?

മി. കെ. ജാർജ് (ഗവൺമെൻറ ചീഫ്സെക്രട്ടറി): അതു് ഒരു മഹമ്മദന് കൊടുക്കുന്നതാണ്.

മി. കെ. ഐ. ജോസഫ് (മീനച്ചിലും-ദേവികുളവും): മഹമ്മദിയരായ അപേക്ഷകന്മാരില്ലെങ്കിൽ ആരെ നിയമിക്കുന്നതായിരിക്കും?

മി. കെ. ജാർജ് (ഗവൺമെൻറ ചീഫ് സെക്രട്ടറി): അതുകൊണ്ടുതന്നെയാണ് സംസ്ഥാനത്തിലുള്ള അനേകം സമുദായങ്ങളിൽ ഓരോന്നിനും ഏതെങ്കിലും കണക്കനുസരിച്ചുള്ള സംഖ്യ നിശ്ചയിക്കുവാൻ നിവൃത്തിയില്ലെന്നു ഞാൻ പറഞ്ഞതു്.

മി. കെ. ഐ. ജോസഫ് (മീനച്ചിലും-ദേവികുളവും): എല്ലാ സംഗതികളിലും അനുവർത്തിക്കത്തക്ക നിശ്ചിതമായ ഒരു വ്യവസ്ഥ ഉണ്ടായിരിക്കേണ്ടതല്ലേ?

മി. കെ. ജാർജ് (ഗവൺമെൻറ ചീഫ്സെക്രട്ടറി): നിവൃത്തിയുള്ള എല്ലാ സംഗതികൾക്കും സംബന്ധിക്കത്തക്ക ഒരു വ്യവസ്ഥ ഏർപ്പെടുത്തു വാൻ സാധിക്കുന്നതല്ല. അപ്രകാരമുള്ള സംഗതികൾ സംഭവിക്കുമ്പോൾ അവ ഓരോന്നു സംബന്ധിച്ചു വേണ്ടതു ഗവൺമെൻറ നിശ്ചയിക്കേണ്ടതാകുന്നു.

മി. കെ. ഐ. ജോസഫ് (മീനച്ചിലും-ദേവികുളവും): ഓരോ സംഗതിയും അതിൻെറ യോഗ്യത അനുസരിച്ചു് നിശ്ചയിക്കേണ്ടതാണെങ്കിൽ അതിനു ഒരു അതിരു എന്താണുള്ളതു്?

മി. കെ. ജാർജ് (ഗവൺമെൻറ ചീഫ്സെക്രട്ടറി): ഞാൻ പ്രസ്താപിച്ചുകഴിഞ്ഞതുപോലെ ഓരോ സംഗതിയും അതിൻെറ യോഗ്യതയനുസരിച്ചു തീരുമാനിക്കേണ്ടതാണ് ഉണ്ടാകുവാനിടയുള്ള എല്ലാത്തരം സംഗതികൾക്കും ഒരുപോലെ സംബന്ധിക്കുന്ന ഒരു പരിപൂർണ്ണമായ വ്യവസ്ഥ ഏർപ്പെടുത്തുകയെന്നുള്ളതു് വളരെ പ്രയാസമായിട്ടുള്ള കാര്യമാകുന്നു.

മി. കെ. ഐ. ജോസഫ് (മീനച്ചിലും-ദേവികുളവും): സംഗതി വളരെ പ്രയാസമായിട്ടുള്ളതുകൊണ്ടുതന്നെയാകുന്നു ഞാൻ ഈ ചോദ്യം ചോദിക്കുന്നതു്.

മി. കെ. ജാർജ് (ഗവണ്മെന്റ ചീഫ്സെക്രട്ടറി): അതുകൊണ്ടുതന്നെയാണ് മറുപടി പറയുന്നതിനു എനിക്കു വളരെ പ്രയാസമുള്ളതു്.

മി. കെ. ഐ. ജോസഫ് (മീനച്ചിലും-ദേവികുളവും): ആ സംഗതിസംബന്ധിച്ചു് നിശ്ചിതമായ ഒരു നയം ഇല്ലെന്നാണോ ഞാൻ മനസ്സിലാക്കേണ്ടതു്?

മി. കെ. ജാർജ് (ഗവണ്മെന്റ ചീഫ്സെക്രട്ടറി): നയം എന്താണെന്നു പറഞ്ഞുകഴിഞ്ഞു.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഹിന്ദുക്കളുടെ ഇടയിലുള്ള അനേകം അവാന്തര വിഭാഗങ്ങളെ ഗവണ്മെന്റ അംഗീകരിച്ചിട്ടുണ്ടൊ എന്നു് എന്നെ അറിയിക്കുമൊ?

മി. കെ. ജാർജ് (ഗവണ്മെന്റ ചീഫ്സെക്രട്ടറി): ഗവണ്മെന്റ് അംഗീകരിച്ചിട്ടുള്ള പല അവാന്തര വിഭാഗങ്ങളെപ്പറ്റി ഞാൻ പറഞ്ഞുകഴിഞ്ഞു.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഹിന്ദുക്കളുടെ ഇടയിൽ ഇനിയും അംഗീകരിക്കേണ്ടതായി അനേകം അവാന്തര വിഭാഗങ്ങളുണ്ടെന്നു് ഞാൻ ചീഫ്സെക്രട്ടറിയെ അറിയിച്ചുകൊള്ളട്ടെ?

മി. കെ. ജാർജ് (ഗവണ്മെന്റ ചീഫ്സെക്രട്ടറി): ആ അവാന്തരവിഭാഗങ്ങൾ അംഗീകാരത്തിനായി ഗവണ്മെന്റിനോടു അപേക്ഷിക്കുന്നതായാൽ ഗവണ്മെന്റിനു് യാതൊരു തടസ്സവും അതിനെപ്പറ്റി ആലോചിക്കുവാൻ ഉണ്ടായിരിക്കുന്നതല്ല.

മി. കെ. പി നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): മാർത്തോമ്മാ സിറിയൻ ക്രിസ്ത്യാനികൾ ഒരു പ്രത്യേക സമുദായമായിത്തീർന്നതെപ്പോളാണെന്നു് എന്നെ അറിയിക്കുമൊ?

മി. കെ. ജാർജ് (ഗവണ്മെന്റ ചീഫ്സെക്രട്ടറി): ഉദ്ദേശം അൻപതു വർഷത്തിനുമുമ്പാണെന്നു എനിക്കുതോന്നുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): നായന്മാരുടെ ഇടയിലും നൂറു വർഷത്തിനുമുമ്പുള്ള ചില അവാന്തരവിഭാഗങ്ങൾ ഉണ്ടെന്നുള്ളവിവരം മെമ്പർക്കു അറിയാമോ?

മി. കെ. ജാർജ് (ഗവണ്മെന്റ ചീഫ്സെക്രട്ടറി): ഉണ്ടായിരിക്കാം.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ അവാന്തരവിഭാഗങ്ങളെ അംഗീകരിക്കാത്തതു് എന്തുകൊണ്ടാണെന്നു എന്നെ അറിയിക്കുമോ?

മി. കെ. ജാർജ് (ഗവണ്മെന്റ ചീഫ്സെക്രട്ടറി): എനിക്കു അറിഞ്ഞുകൂടാ. പക്ഷെ, അപ്രകാരമുള്ള അംഗീകാരത്തിനായി അവർ ഗവണ്മെന്റിനോടു അപേക്ഷിച്ചിട്ടില്ലായിരിക്കാം.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർക്കാർ ജീവനത്തിലേക്കു ആളെടുക്കുന്ന സംഗതിയിൽ, പരസ്പരസംബന്ധവും സാമുദായികപ്രാതിനിധ്യവും സംബന്ധിച്ച നയത്തെ താരതമ്യേന ഗവണ്മെന്റ അംഗീകരിച്ചിട്ടുണ്ടോ എന്നു എന്നെ അറിയിക്കുമോ?

മി. കെ. ജാർജ് (ഗവണ്മെന്റ ചീഫ്സെക്രട്ടറി): മെമ്പർ ഉദ്ദേശിക്കുന്നതു സൂക്ഷ്മമായിട്ടു എന്താണെന്നു മനസ്സിലാക്കുവാൻ എനിക്കു സാധിക്കുന്നില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): എല്ലാ സമുദായങ്ങളിലും ഉൾപ്പെട്ട അംഗങ്ങളിൽനിന്നും അപേക്ഷകർ ഉണ്ടായിരിക്കുമ്പോൾ പ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്ത സമുദായങ്ങൾക്കു കൂടുതൽ അവകാശം കൊടുക്കുകയെന്നുള്ളതാണ് ഗവണ്മെന്റിന്റെ നയം എന്നു ഞാൻ വിശ്വസിക്കുന്നു.

മി. കെ. ജാർജ് (ഗവണ്മെന്റ ചീഫ്സെക്രട്ടറി): കഴിഞ്ഞവർഷം, ചീഫ്സെക്രട്ടറി ഈ സഭമുമ്പാകെ സമർപ്പിച്ച നയം അതായിരുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതുകൊണ്ടു ഗവണ്മെന്റിന്റെ നയം, സമുദായങ്ങളേയോ ജാതികളേയോ അനുസരിച്ചു താരതമ്യനയമുള്ള പ്രാതിനിധ്യമാകുന്നു.

മി. കെ. ജാർജ് (ഗവണ്മെന്റ ചീഫ്സെക്രട്ടറി): കഴിഞ്ഞവർഷം പ്രസ്താവിച്ചിട്ടുള്ളതു ഇപ്രകാരമാകുന്നു.

"ഈ ഇനങ്ങളെ സംബന്ധിച്ച സംഗതിയിലും, സർക്കാർ ജീവനത്തിലുള്ള പ്രാതിനിധ്യം സംഖ്യാബലത്തേക്കാൾ, ഓരോ ഇനത്തിൽനിന്നും നിയമനങ്ങൾ സ്വീകരിക്കുന്നതിനു മനസ്സുള്ളവരുടേയും, പരീക്ഷായോഗ്യതയുള്ളവരായി ലഭിക്കുന്ന ആളുകളുടേയും എണ്ണത്തെയായിരിക്കും അധികം ആശ്രയിച്ചിരിക്കുക".

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഞാൻ പറയുന്നസംഗതി ഇത്രമാത്രമാണ്. ചില സമുദായം ഇപ്പോൾ പ്രാതിനിധ്യമുള്ളവരെന്നാണ് വിചാരിക്കുക. പ്രാതിനിധ്യം സിദ്ധിച്ചിട്ടില്ലാത്ത ചില സമുദായങ്ങളിൽനിന്നും ഇനിയൊരു നൂറുവർഷകാലത്തേക്കു അപേക്ഷകളൊന്നും വരാനിടയില്ലെന്നും ഇരിക്കട്ടെ. അങ്ങിനെയായാൽ എല്ലാ സമുദായങ്ങൾക്കും തുല്യമായ പ്രാതിനിധ്യം സിദ്ധിച്ചിട്ടുള്ള സമുദായങ്ങളിലെ അംഗങ്ങൾ സങ്കടപ്പെടേണ്ടതാണോ?

ഡെപ്യൂട്ടിപ്രസിഡണ്ട്: അദ്ദേഹം ആ ചോദ്യത്തിനു മറുപടി പറഞ്ഞുകഴിഞ്ഞു.

മി. കെ. ജാർജ് (ഗവണ്മെന്റ ചീഫ്സെക്രട്ടറി): അവർ കഷ്ടപ്പെടേണ്ടതായിട്ടില്ല. ഞാൻ അതു പറഞ്ഞുകഴിഞ്ഞിട്ടുണ്ടു.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): നായന്മാരുടെയിടയിൽ അന്യോന്യം ഭക്ഷണംകഴിക്കാത്തവരും വിവാഹംചെയ്യാത്തവരുമായി ചില ഉപവർഗ്ഗങ്ങൾ ഉണ്ടെന്നു ഗവണ്മെന്റിനു അറിയാമോ?

മി. കെ. ജാർജ് (ഗവണ്മെന്റ ചീഫ്സെക്രട്ടറി): അതിനെപ്പറ്റി എനിക്കറിവില്ല. ആ വിവരം ഞാൻ അംഗീകരിക്കുന്നു.

മി. പി ഹബീബ്മഹമ്മദ് (നിയമിതമെമ്പർ): അപ്രകാരമുള്ള ഉപവിഭാഗങ്ങൾ മഹമ്മദീയരുടെയിടയിലുംഉള്ളവിവരം മെമ്പർക്കു അറിയാമോ?

മി. കെ. ജാർജ് (ഗവണ്മെന്റ ചീഫ്സെക്രട്ടറി): അതു എനിക്കറിയാം.

ഡെപ്യൂട്ടിപ്രസിഡന്റ: അപ്രകാരമുള്ള ഉപവിഭാഗങ്ങളെപ്പറ്റി ഗവണ്മെന്റിന്റെ അറിവിൽ കൊണ്ടുവരുന്നതായാൽ അവയുടെ അംഗീകാരത്തെപ്പറ്റി ഗവണ്മെന്റ ആലോചിക്കുന്നതായിരിക്കും.

മി. എ. ജെ. ജോൺ ([illegible]): നാഞ്ചനാട്ടിൽപ്പെട്ട ഏതെങ്കിലും ഉദ്യോഗം ഇതുവരെ അംഗീകാരത്തിനായി അപേക്ഷിച്ചിട്ടുണ്ടോ എന്ന എടന്ന അറിയിക്കുമോ?

മി. കെ. ജാജ് (ഗവണ്മെൻറ ചീഫ്സെക്രട്ടറി): എനിക്കു അറിവില്ല.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഈ പ്രമേയം സ്വീകരിക്കുന്നപക്ഷം, സമുദായങ്ങളും ഉദ്യോഗങ്ങളും അധികമധികമായിത്തീരാൻ താല്പര്യം ഉണ്ടാകുന്നതല്ലയോ?

മി. കെ. ജാജ് (ഗവണ്മെൻറ ചീഫ്സെക്രട്ടറി): ഗവണ്മെൻറ പ്രമേയത്തെ അംഗീകരിക്കുന്നില്ല.

നേർ, ഇനി എനിക്കു പറയുവാനുള്ളത് ഗവണ്മെൻറിനോട് അപ്പീൽ ബോധിപ്പിക്കുന്നതുസംബന്ധിച്ചുള്ള പ്രമേയത്തിലെ രണ്ടാംഭാഗത്തെപ്പററിയാകുന്നു. ഗവണ്മെൻറിൽനിന്നും അപേക്ഷകൾ സ്വീകരിച്ചിട്ടില്ലാത്തവരും പ്രാതിനിധ്യം സിദ്ധിച്ചിട്ടില്ലാത്തവരും ആയ സമുദായങ്ങളിലെ ഓരോരുത്തർക്കും ഗവണ്മെൻറിനോട് അപ്പീൽ ബോധിപ്പിക്കുവാൻ അവകാശമുണ്ടായിരിക്കേണ്ടതാണെന്നു മിസ്റ്റർ കുഞ്ഞിത്തൊമ്മൻ ആവശ്യപ്പെടുന്നു. ഇതുസംബന്ധിച്ചു ഈ സഭയിൽനിന്നും ഒരു നിശ്ചയം ചെയ്യേണ്ട ആവശ്യമുണ്ടെന്നു എനിക്കു തോന്നുന്നില്ല. ഈ രാജ്യത്തിലെ ഏതൊരു പൌരനും അവനു സങ്കടമുണ്ടെങ്കിൽ അതിൻെറ പരിഹാരത്തിനായി ഗവണ്മെൻറിനോട് അപ്പീൽബോധിപ്പിക്കുവാനുള്ള അവകാശമുണ്ട്. ഇപ്പോഴും അപ്രകാരമുള്ള സങ്കടനിവാരണത്തിനുവേണ്ടിയിട്ട ഗവണ്മെൻറിനോട് അപ്പീൽ ബോധിപ്പിച്ചുവരുന്നുമുണ്ട്. അതുകൊണ്ടു ഇതിലേക്കായി ഒരു നിശ്ചയം ഈ സഭയിൽനിന്നും ചെയ്യേണ്ട ആവശ്യമില്ല. അതു എല്ലാ പൌരന്മാരുടേയും നിരാക്ഷേപമായ അവകാശമാകുന്നു.

ഡപ്യൂട്ടിപ്രസിഡൻറ: ഇപ്പോഴും അതിനു നിയമസംബന്ധമായ യാതൊരു തടസ്സവുമില്ല.

മി. കെ. ഐ. ജോസഫ് (മീനച്ചിലും-ദേവികുളവും): അതിനെ കുറേക്കൂടെ വ്യക്തവും നിശ്ചിതവുമാക്കുന്നതു നന്നല്ലയോ?

മി. കെ. ജാജ് (ഗവണ്മെൻറ ചീഫ്സെക്രട്ടറി): അതിനു ആവശ്യമേയില്ല.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): അപ്പീലിനുള്ള അവകാശം ചട്ടമനുസരിച്ചു വ്യവസ്ഥപ്പെടുത്തുന്നതു ഉത്തമമല്ലേ?

മി. കെ. ജാജ് (ഗവണ്മെൻറ ചീഫ്സെക്രട്ടറി): ഇപ്പോഴുംതന്നെ അപ്പീലുണ്ടല്ലോ.

മി. തയ്യിൽകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും—തൊടുപുഴയും): ഇപ്പോഴുള്ള അപ്പീൽ സർവീസിൽ ഇരിക്കുന്നവർക്കല്ലേ ഉള്ളൂ. പ്രാതിനിധ്യം കുറഞ്ഞവരെ മേലാൽ നിയമിക്കണമെന്നും അങ്ങിനെ നിയമിക്കാതിരുന്നാൽ സമാധാനം പറയണമെന്നും ഒരു പ്രൊസീഡിംഗ്സ് പ്രസിദ്ധപ്പെടുത്തിയിട്ടില്ലേ? അതിൽപിന്നെയും പ്രാതിനിധ്യം കുറഞ്ഞവരുടെ അപേക്ഷയെ ഗണിക്കാതെ കൂടുതൽ ഉള്ളവരെ നിയമിച്ചിട്ടുണ്ടെന്നു ഗവണ്മെൻറിനു അറിയാമോ?

മി. കെ. ജാജ് (ഗവണ്മെൻറ ചീഫ്സെക്രട്ടറി): അങ്ങിനെ കാണുമ്പോൾ ഗവണ്മെൻറ ആ ഉദ്യോഗസ്ഥന്മാരോട് സമാധാനം ചോദിക്കുന്നുണ്ട്.

മി. തയ്യിൽകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും—തൊടുപുഴയും): ശരിയായ പ്രാതിനിധ്യം ഇല്ലാത്തവരുടെ സങ്കടനിവൃത്തിക്കു സമാധാനം ചോദിക്കുന്നതുകൊണ്ടുമാത്രം രക്ഷയില്ലാത്തതിനാൽ മുറപ്രകാരം ഒരു അപ്പീൽ കൊടുക്കുന്നതിനു വ്യവസ്ഥ ചെയ്താൽ കൂടുതൽ ഗുണമല്ലേ?

മി. കെ. ജാജ് (ഗവണ്മെൻറ ചീഫ്സെക്രട്ടറി): വ്യവസ്ഥയില്ലാതെതന്നെ അപ്പീലിനു അവകാശമുണ്ടല്ലോ?

മി. തയ്യിൽകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): ഇപ്പോൾ വ്യവസ്ഥയില്ലാതിരിക്കുന്നതുകൊണ്ടു ഉദ്യോഗസ്ഥനോട് സമാധാനം ചോദിക്കുന്നുണ്ട്. ആദ്യം നിയമിച്ചയാളെ മാററി സങ്കടക്കാരനെ നിയമിച്ചതായി ഏതെങ്കിലും ഒരു ഉദാഹരണം പറയാമോ?

മി. കെ. ജാജ് (ഗവണ്മെൻറ ചീഫ്സെക്രട്ടറി): ഇല്ല.

മി. തയ്യിൽകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): ഇങ്ങിനെ അപ്പീലിനു അവകാശമുണ്ടായിരുന്നാൽ സങ്കടക്കാരനു ഗുണം ഉണ്ടാകാൻ വഴിയില്ലേ?

മി. കെ. ജാജ് (ഗവണ്മെൻറ ചീഫ്സെക്രട്ടറി): അപ്പീലിനു ഇപ്പോഴുംതന്നെ അവകാശമുണ്ടല്ലോ.

മി. തയ്യിൽകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ആരുടെമേലാണ് അപ്പീൽകൊടുക്കേണ്ടതു; ഹർജികൊടുക്കാമെന്നല്ലാതെ ഇന്നാരെ കക്ഷിചേർത്തു ഇത്രദിവസത്തിനകം കൊടുക്കണമെന്നു ഇപ്പോൾ വ്യവസ്ഥയില്ലല്ലോ? (ചിരി).

മി. കെ. ജാജ് (ഗവണ്മെൻറ ചീഫ്സെക്രട്ടറി): അതിനു സാധിക്കയില്ല.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): അവർക്കു അപ്പീൽകൊണ്ടുമാത്രമാണ് പരിഹാരം ഉണ്ടാകേണ്ടതെന്നാണോ മിസ്റ്റർ ജാജ് ഉദ്ദേശിക്കുന്നതു്?

മി. കെ. ജാജ് (ഗവണ്മെൻറ ചീഫ്സെക്രട്ടറി): തൻെറ സങ്കടങ്ങളെ അറിയിക്കുന്നതിൽ ഒരാളെ ഗവണ്മെൻറിനു തടസ്സംചെയ്യുന്നതിനു എങ്ങിനെ സാധിക്കും?

മി. കെ. ഐ. ജോസഫ് (മീനച്ചിലും-ദേവികുളവും): അയാളുടെ അവകാശങ്ങൾ മററുള്ളവരുടേതിനേക്കാൾ കൂടുതലാണെന്നു കാണപ്പെട്ടാൽ ഗവണ്മെൻറിനു അതിൽ ഇടപെട്ടു മുൻനിയമനത്തെ റദ്ദുചെയ്യുവാൻ സാധിക്കുമോ?

മി. കെ. ജാജ് (ഗവണ്മെൻറ ചീഫ്സെക്രട്ടറി): ഗവണ്മെൻറിനു അതു സാധിക്കും.

മി. കെ. ഐ. ജോസഫ് (മീനച്ചിലും-ദേവികുളവും): ഗവണ്മെൻറ സാധാരണയായി അതു ചെയ്യുന്നുണ്ടോ?

മി. കെ. ജാജ് (ഗവണ്മെൻറ ചീഫ്സെക്രട്ടറി): അതു ആകപ്പാടെ കേസിൻെറ സംഗതിയാണ്.

മി. കെ. ഐ. ജോസഫ് (മീനച്ചിലും-ദേവികുളവും): മുൻ അവസരങ്ങളിലും അവർ അതു ചെയ്തിട്ടുണ്ടോ?

മി. കെ. ജാജ് (ഗവണ്മെൻറ ചീഫ്സെക്രട്ടറി): എനിക്കു അതു പറയുവാൻ കഴിയുന്നതല്ല.

മി. തയ്യിൽകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): ഒരു സമുദായത്തിലെ പരീക്ഷാവിജയികളുടെ സംഖ്യാധിക്യത്തെ ഗണിച്ചാണോ ഇപ്പോഠം നിയമനം ചെയ്യുന്നതെന്നു തീൎച്ചപ്പെടുത്തീട്ടുള്ളതു?

മി. കെ. ജാൎജ് (ഗവൎമ്മെൻറ ചീഫ്സെക്രട്ടറി): അതുംകൂടെ നോക്കാറുണ്ടു.

മി. തയ്യിൽകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): അങ്ങിനെ ചെയ്യുന്നതുകൊണ്ടു പ്രാതിനിധ്യം ഇല്ലാത്തവൎഗ്ഗക്കാൎക്കു ഒരിക്കലും സങ്കടനിവൃത്തിവരുവാൻ ഇടയില്ലാതെവരുന്നു. അതു കഷ്ടമല്ലേ?

മി. കെ. ജാൎജ് (ഗവൎമ്മെൻറ ചീഫ്സെക്രട്ടറി): അതെങ്ങിനെയാണ്?

മി. തയ്യിൽകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ൧൦൦ പേർ ക്രിസ്ത്യാനികളിൽനിന്നോ നായന്മാരിൽനിന്നോ ബ്രാഹ്മണരിൽനിന്നോ പരീക്ഷാവിജയികളായിട്ടുണ്ടു. എന്നാൽ പുലയരിൽനിന്നു ഒരാളുമില്ല. ഇങ്ങിനെവരുമ്പോഠം പരീക്ഷാവിജയികളുടെ സംഖ്യാധിക്യത്തെ നോക്കുകയാണെങ്കിൽ പുലയനു രക്ഷയുണ്ടോ?

മി. കെ. ജാൎജ് (ഗവൎമ്മെൻറ ചീഫ്സെക്രട്ടറി): അങ്ങിനെവരുമ്പോഠം പരീക്ഷാവിജയംമാത്രമല്ല മററുപലസംഗതികളുംകൂടിനോക്കും.

മി. തയ്യിൽകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): പ്രാതിനിധ്യം കുറവുള്ള സമുദായത്തിൽപ്പെട്ട ആളിൽനിന്നും അപേക്ഷവന്നാൽ അയാഠംക്കു കൊടുക്കുമോ?

മി. കെ. ജാൎജ് (ഗവൎമ്മെൻറ ചീഫ്സെക്രട്ടറി): അങ്ങനെയാണിപ്പോഠം ചെയ്യുന്നതു.

മി. തയ്യിൽകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): അങ്ങിനെയും പരീക്ഷായോഗ്യതയുള്ളവരുടെ സംഖ്യാധിക്യത്തെ അനുസരിച്ചും ചെയ്യുകയെന്നുള്ളതു പരസ്പരവിരുദ്ധമല്ലേ?

മി. കെ. ജാൎജ് (ഗവൎമ്മെൻറ ചീഫ്സെക്രട്ടറി): ഈ ചോദ്യത്തിൻെറ ഉദ്ദേശം മനസ്സിലാകുന്നില്ല. തൂക്കിയും അളന്നും ഒക്കെ പറയാൻ പ്രയാസമാണ്.

മി. തയ്യിൽകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): തുക്കാരേയും അളക്കാരേയും കേവലം പ്രാതിനിധ്യംകുറഞ്ഞ വൎഗ്ഗത്തിൽപ്പെട്ട പരീക്ഷായോഗ്യതയുള്ള ആളുകളെ നിയമിക്കരുതേ?

മി. കെ. ജാൎജ് (ഗവൎമ്മെൻറ ചീഫ്സെക്രട്ടറി): ജനസംഖ്യയനുസരിച്ചു ഉദ്യോഗങ്ങഠം വിഭാഗിക്കാമെന്നു ഗവൎമ്മെൻറ സമ്മതിച്ചിട്ടില്ല.

മി. തയ്യിൽകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): ഉദ്യോഗത്തിനുവേണ്ടി പ്രാതിനിധ്യം കുറഞ്ഞ വൎഗ്ഗത്തിലുള്ള ആറും അപേക്ഷകനായി ഉണ്ടായിരിക്കും. അതുപോലെ പരീക്ഷായോഗ്യതയുള്ള ഒരാഠം പ്രാതിനിധ്യംഉള്ള വൎഗ്ഗത്തിൽനിന്നും ഉണ്ടായിരിക്കും. അങ്ങിനെവരുമ്പോഠം പ്രാതിനിധ്യംകുറഞ്ഞ വൎഗ്ഗക്കാൎക്കു തന്നെ കൊടുക്കുമോ?

മി. കെ. ജാൎജ്ജ് (ഗവൎമ്മെൻറ ചീഫ് സെക്രട്ടറി): പ്രാതിനിധ്യംഇല്ലാത്തവൎക്കു പ്രാതിനിധ്യംകിട്ടുന്നതുവരെ മററാൎക്കും ഉദ്യോഗംകൊടുക്കരുതെന്നാണോ മിസ്റ്റർ കുഞ്ഞിത്തൊമ്മൻെറ വാദം?

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): താരതമ്യേന പ്രാതിനിധ്യംകുറഞ്ഞ വൎഗ്ഗത്തിൽപെട്ടവരുടെ അവകാശത്തെത്തന്നെ മുൻനിൎത്തിയും ഉദ്യോഗത്തിനുവേണ്ട പരീക്ഷായോഗ്യതയെ ഗണിച്ചും നിയമനം നടത്തണമെന്നാണ് എൻെറ പ്രമേയംകൊണ്ടു ഉദ്ദേശിച്ചിട്ടുള്ളതു്. ഇപ്പോഠം ഏകദേശമെങ്കിലും ഈ തത്വത്തോടു നിയമനങ്ങഠം യോജിച്ചുകാണുന്നില്ല.

മി. കെ. ജാൎജ്ജ് (ഗവൎമ്മെൻറ ചീഫ് സെക്രട്ടറി): ഏകദേശം എന്നുവെച്ചാൽ——

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): മുഹമ്മദീയർ, ഈഴവർ, പുലയർ, പറയർ, കത്തോലിക്കാ ക്രിസ്ത്യാനികഠം മുതലായവൎക്കു രജിസ്ട്രേഷൻ, പരസ്പരസഹായം എന്നീ തുറകളിൽ പ്രവേശനംഇല്ലാതിരിക്കെ അവരിൽനിന്നു യോഗ്യതയുള്ള അപേക്ഷകന്മാരുള്ളപ്പോഠം പ്രാതിനിധ്യം കൂടുതലുള്ളവൎഗ്ഗത്തിൽപെട്ടവരെ നിയമിക്കാതെ മേൽപ്രസ്താവിച്ച വൎഗ്ഗങ്ങളിൽപെട്ടവരെ നിയമിച്ചു അവരുടെ സങ്കടകാരണത്തെ പരിഹരിക്കണമെന്നാണ് പറഞ്ഞതു. ഏകദേശമായിട്ടെങ്കിലും ഇപ്പോഠം അങ്ങിനെ ചെയ്തുകാണുന്നില്ല.

മി. എ. ജെ. ജാൺ (വൈക്കം): എല്ലാ ഡിപ്പാൎട്ടുമെൻറുകളിലുമുള്ള അപേക്ഷകന്മാരുടെ പേരും അപേക്ഷകളുടെ എണ്ണവും കാണിക്കുന്ന ജാതിതിരിച്ചുള്ള ഒരു സ്റ്റേററുമെൻറ പ്രസിദ്ധപ്പെടുത്തുവാൻ ഗവൎമ്മെൻറിനു ഏതെങ്കിലും തടസ്സമുണ്ടോ എന്നു എന്നെ അറിയിക്കുമോ?

മി. കെ. ജാൎജ്ജ് (ഗവൎമ്മെൻറ ചീഫ് സെക്രട്ടറി): അതു സാധിക്കുന്നതല്ല.

മി. എ. ജെ. ജാൺ (വൈക്കം): അതു സാധ്യമല്ലാത്തതു എന്തുകൊണ്ടാണെന്നു എന്നെ അറിയിക്കുമോ?

മി. കെ. ജാൎജ്ജ് (ഗവൎമ്മെൻറ ചീഫ് സെക്രട്ടറി): അതു വളരെ പ്രയാസമുള്ള ഒരു ജോലിയാണ്.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): പ്രജാസഭ, നിയമസഭ, മുൻസിപ്പൽകൌൺസിൽ എന്നിവയിലേക്കുള്ള പ്രാതിനിധ്യത്തെ സംബന്ധിച്ച അവകാശത്തിൻെറ അൎത്ഥത്തിൽതന്നെ സൎക്കാർജീവനത്തിലോ അല്ലെങ്കിൽ സൎക്കാർജീവനംസംബന്ധിച്ച ഏതെങ്കിലും ഡിപ്പാൎട്ടുമെൻറിലോഉള്ള പ്രാതിനിധ്യത്തെസംബന്ധിച്ച അവകാശത്തെ ഗവൎമ്മെൻറ അനുവദിക്കുന്നതാണോ എന്നു എന്നെ അറിയിക്കുമോ?

മി. കെ. ജാൎജ്ജ് (ഗവൎമ്മെൻറ ചീഫ് സെക്രട്ടറി): ഇല്ല.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): അപ്പോഠം "പ്രാതിനിധ്യം" എന്നും "അപൎയ്യാപ്തമായ പ്രാതിനിധ്യം" എന്നും ഉള്ള പദങ്ങഠം അസംഗതവും അപരിമിതവുമാകുന്നു.

മി. കെ. ജാൎജ്ജ് (ഗവൎമ്മെൻറ ചീഫ് സെക്രട്ടറി): സൎക്കാർ ജീവനത്തിലുള്ള പ്രാതിനിധ്യം എന്നതിൽനിന്നും സമുദായപ്രാതിനിധ്യംഎന്നു ഉദ്ദേശിച്ചിട്ടില്ല. ചില സമുദായത്തിൽനിന്നും ഏതാനും ആളുകഠം സൎക്കാർജീവനത്തിൽ ഉണ്ടായിരിക്കണംഎന്നുമാത്രമേ ഉദ്ദേശിച്ചിട്ടുള്ളു.

മി. കെ. ഐ. ജോസഫ് (മീനച്ചിലും-ദേവികുളവും): മൂന്നുമാസത്തിലൊരിക്കൽ എങ്കിലും അപേക്ഷകന്മാരുടെ പേരുകളും അവരുടെ ജാതികളും പ്രസിദ്ധീകരിക്കുവാൻ ഗവൎമ്മെൻറിനു ഏതെങ്കിലും വിരോധമുണ്ടോ എന്നു എന്നെ അറിയിക്കുമോ?

മി. കെ. ജാണ്ണ് (ഗവൺമെൻറ ചീഫ് സെക്രട്ടറി): അതു ചെലവിനു കാരണമായ ഒരു പ്രമേയമാണ്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): എന്നെ——

മി. ടി. പി. രാമസ്വാമിഅയ്യർ (ഗവൺമെൻറ സെക്രട്ടറി): ഇതു നിയമത്തിനു വിപരീതമാണെന്നു ഞാൻ അഭിപ്രായപ്പെടുന്നു. മിസ്റ്റർ നാരായണപിള്ള അദ്ദേഹത്തിൻെറ സ്ഥാനത്തിൽ അല്ലായ്കയാൽ അദ്ദേഹം നിയമത്തെ അനുസരിക്കുന്നില്ല.

ഡെപ്യൂട്ടിപ്രസിഡണ്ട്: മിസ്റ്റർ നാരായണപിള്ള! നിങ്ങൾ നിയമത്തെ അനുസരിക്കുന്നില്ല.

മി. കെ. ഐ. ജോസഫ് (മീനച്ചിലും-ദേവികുളവും): അപേക്ഷകന്മാരുടെ പേരുകളും അവർ അപേക്ഷിക്കുന്ന ഡിപ്പാർട്ടുമെൻറുകളുടെ പേരുകളും പ്രസിദ്ധംചെയ്യുന്നതു ചിലവിനു കാരണമാകുന്നതെങ്ങിനെയെന്നു എന്നെ അറിയിക്കുമോ?

മി. കെ. ജാണ്ണ് (ഗവൺമെൻറ ചീഫ് സെക്രട്ടറി): ഞങ്ങൾക്കു പറവൂർമുതൽ കന്യാകുമാരിവരെ കണക്കുകൾ ശേഖരിക്കേണ്ടതായിട്ടുണ്ട്.

മി. കെ. ഐ. ജോസഫ് (മീനച്ചിലും-ദേവികുളവും): ഡിപ്പാർട്ടുമെൻറ മേലധികാരികൾ നടത്തുന്ന നിയമനങ്ങൾസംബന്ധിച്ച അപേക്ഷകളെമാത്രമേ ഞാൻ ഉദ്ദേശിച്ചിട്ടുള്ളു.

മി. കെ. ജാണ്ണ് (ഗവൺമെൻറ ചീഫ് സെക്രട്ടറി): അനേകം സംഗതികളിൽ നിയമനംസംബന്ധിച്ച അവസാനഅധികാരികൾ ഡിപ്പാർട്ടുമെൻറ മേലധികാരികളല്ല. പലപ്പോഴും നിയമനങ്ങൾ നടത്തുന്നതു കീഴ്ഉദ്യോഗസ്ഥന്മാർ തന്നെയാണ്.

മി. കെ. ഐ. ജോസഫ് (മീനച്ചിലും-ദേവികുളവും): ഡിപ്പാർട്ടുമെൻറ മേലധികാരികൾ നടത്തുന്ന നിയമനങ്ങളെ പ്രസിദ്ധംചെയ്യുന്ന വിഷയത്തിൽ ഏതെങ്കിലും പ്രതിബന്ധം ഉണ്ടോ?

മി. കെ. ജാണ്ണ് (ഗവൺമെൻറ ചീഫ് സെക്രട്ടറി): അങ്ങിനെയാണെങ്കിൽ അതു ഒരു ക്ലിപ്തസംഖ്യമാത്രമേ ആയിരിക്കയുള്ളു.

മി. കെ. ഐ. ജോസഫ് (മീനച്ചിലും-ദേവികുളവും): ആ സംഗതികളിലെങ്കിലും ഗവർമ്മെൻറിനു ഏതെങ്കിലും തടസ്സം ഉണ്ടോ എന്നു എന്നെ അറിയിക്കുമോ?

മി. കെ. ജാണ്ണ് (ഗവൺമെൻറ ചീഫ് സെക്രട്ടറി). അതു അപേക്ഷണീയമാണെന്നു തോന്നുന്നില്ല. ഡിപ്പാർട്ടുമെൻറ മേലധികാരികളിൽനിന്നും നിയമനങ്ങളുടെ ഒരു സ്റ്റേറ്റുമെൻറ ഗവൺമെൻറിനു കിട്ടുന്നുണ്ട്.

മി. കെ. ഐ. ജോസഫ് (മീനച്ചിലും-ദേവികുളവും): അവയെ പ്രസിദ്ധംചെയ്യുവാൻ സാധിക്കുകയില്ലയോ? അതോ, അവ അഭിലഷണീയമല്ലെന്നു ഗവൺമെൻറ വിചാരിക്കുന്നുണ്ടോ?

മി. കെ. ജാണ്ണ് (ഗവൺമെൻറ ചീഫ് സെക്രട്ടറി): ആവശ്യമില്ലാത്ത പ്രയത്നവും അനാവശ്യച്ചിലവും വേണ്ടിവരുന്നതാകയാൽ അതു സാധ്യമല്ലാത്തതുതന്നെയാണ്. വാസ്തവംനോക്കുന്നതായാൽ അപേക്ഷകളും വളരെയുണ്ട്.

മി. കെ. ഐ. ജോസഫ് (മീനച്ചിലും-ദേവികുളവും): മൂന്നുമാസങ്ങളിലുള്ള അപേക്ഷകളുടെ എണ്ണം വളരെയായിരിക്കയില്ല.

മി. എ. ജെ. ജാൺ (വൈക്കം): മൂന്നുമാസങ്ങളിൽ ഒരിക്കലെങ്കിലും നടത്തിട്ടുള്ള നിയമനങ്ങളുടെ ഒരു ലിസ്റ്റ് ഡിപ്പാർട്ടുമെൻറ മേലധികാരികൾ ഗവൺമെൻറിനു അയക്കുന്ന പതിവില്ലയോ?

മി. കെ. ജാണ്ണ് (ഗവൺമെൻറ ചീഫ് സെക്രട്ടറി): അതു നടത്തിട്ടുള്ള നിയമനങ്ങളെമാത്രമേ സംബന്ധിക്കുന്നുള്ളു. നിയമനങ്ങളുടെ എണ്ണത്തെകാണിക്കുന്ന ഒരു സ്റ്റേറ്റുമെൻറ കൊടുക്കുന്നതല്ലാതെ അപേക്ഷകളുടെ എണ്ണം കൊടുക്കുന്നതല്ല.

മി. എ. ജെ. ജാൺ (വൈക്കം): അധികാരികൾ നടത്തിട്ടുള്ള നിയമനങ്ങളുടെ എണ്ണമെങ്കിലും പ്രസിദ്ധപ്പെടുത്തുവാൻ സാധിക്കുന്നതല്ലയോ എന്നു എന്നെ അറിയിക്കുമോ?

മി. കെ. ജാണ്ണ് (ഗവൺമെൻറ ചീഫ് സെക്രട്ടറി): ഞാൻ ആദ്യം പറഞ്ഞപ്രകാരം അതു വളരെ പ്രയത്നത്തിനു ഇടയാക്കുന്നതാണ്.

മി. എ. ജെ. ജാൺ (വൈക്കം): ഗവൺമെൻറ ആ അഭിപ്രായത്തിൻെറ പ്രായോഗികത്വത്തെപ്പററിയെങ്കിലും ആലോചിക്കുമോ?

മി. കെ. ജാണ്ണ് (ഗവൺമെൻറ ചീഫ് സെക്രട്ടറി): അതിനെപ്പററി ഞങ്ങൾ ആലോചിക്കാം.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഒരു സമുദായത്തിലെ ഒരു അംഗത്തിനു ൭ രൂപാ കിട്ടുന്നു. വേറെയൊരു സമുദായത്തിലെ ഒരു മെമ്പർക്കു ൨൦൦൦ രൂപായും കിട്ടുന്നു. പ്രാതിനിധ്യം കൊടുക്കേണ്ടതു ഒരു ഉദ്യോഗസ്ഥനു കിട്ടുന്ന ശമ്പളത്തെ അടിസ്ഥാനമാക്കിയാണോ അല്ലെങ്കിൽ നിയമനങ്ങളുടെ എണ്ണത്തെ അടിസ്ഥാനമാക്കിയാണോ?

ഡെപ്യൂട്ടിപ്രസിഡണ്ട്: ആ ചോദ്യത്തിനു അവകാശമേ ഉണ്ടെന്നു തോന്നുന്നില്ല. ഞങ്ങൾ എല്ലാവരും മനസ്സിലാക്കുന്നതു നിയമനങ്ങളുടെ എണ്ണമെന്നാണ്.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): അപ്പോൾ കൂടുതൽ ശമ്പളമുള്ള കൂടുതൽ നിയമനങ്ങൾ വേണമെന്നു ആവശ്യപ്പെടാൻ വേറെയൊരു സമുദായത്തിനു സന്ദർഭം കിട്ടുകയില്ലയോ?

ഡെപ്യൂട്ടിപ്രസിഡണ്ട്: ആദ്യമായിട്ടുള്ള നിയമനത്തെപ്പററിമാത്രമാണ് അദ്ദേഹം സംസാരിക്കുന്നത്.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഉയർന്ന ശമ്പളമുള്ള സ്ഥാനങ്ങളെ സംബന്ധിച്ചും ഇതു യോജിക്കുന്നതല്ലയോ എന്നവിഷയത്തിലേക്കു ഗവൺമെൻറിൻെറ ശ്രദ്ധയെ ക്ഷണിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

ഡെപ്യൂട്ടിപ്രസിഡണ്ട്: സംഗതിക്കു ഇപ്പോൾ അവകാശം സിദ്ധിക്കുന്നില്ല. ഉയർന്നതരം നിയമനങ്ങൾ ഉദ്യോഗക്കയററംമൂലമാണ് ലഭിക്കുന്നത്.

മി. തയ്യിൽ കുഞ്ഞിരാമൻ (മൂവാററുപുഴയും-തൊടുപുഴയും): എല്ലാം ഡിപ്പാർട്ടുമെൻറിലും ജനങ്ങളുടെ ന്യായമായ അവകാശത്തെ ഗണിക്കാറുണ്ടോ?

മി. കെ. ജാണ്ണ് (ഗവൺമെൻറ ചീഫ് സെക്രട്ടറി): അങ്ങിനെ ഗണിക്കാത്ത അവസരത്തിൽ ഗവൺമെൻറ ആ വിവരം അവരെ ധരിപ്പിക്കാറുണ്ട്.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും-തൊടുപുഴയും): അതുമാത്രമല്ല, സങ്കടക്കാരനെ നിയമിച്ച ഉദ്യോഗം നിഷേധിച്ച ആളിന്റെ നിയമനത്തെ റദ്ദുചെയ്തിട്ടുണ്ടോ?

മി. കെ. ജാർജ്ജ് (ഗവണ്മെന്റ ചീഫ് സെക്രട്ടറി): അങ്ങിനെയുള്ള നിയമനം ഉണ്ടായിട്ടില്ല.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും-തൊടുപുഴയും): ഏതെങ്കിലും നിയമനത്തെ റദ്ദുചെയ്തു സങ്കടക്കാരനെ നിയമിച്ചിട്ടുണ്ടോ?

മി. കെ. ജാർജ്ജ് (ഗവണ്മെന്റ ചീഫ് സെക്രട്ടറി): ഇല്ലെന്നാണ് എന്റെ അറിവു.

മി. എം. ശിവതാണുപിള്ള (തോവാള): സർ———

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും-തൊടുപുഴയും): ഇതിനെ സംബന്ധിച്ചു———

ഡെപ്യൂട്ടിപ്രസിഡണ്ട്: മിസ്റ്റർ ശിവതാണുപിള്ള എഴുന്നേററു കഴിഞ്ഞതുകൊണ്ടു മിസ്റ്റർ കുഞ്ഞിത്തൊമ്മൻ, നിങ്ങൾ ഇരിക്കണം.

മി. എം. ശിവതാണുപിള്ള (തോവാള): ചീഫ് സെക്രട്ടറി വെള്ളാളരെപ്പററി അവിടെ എഴുതീട്ടുള്ള ഉപായിക്കവാൻ അദ്ദേഹത്തിനു ദയവുണ്ടാകുമോ?

മി. കെ. ജാർജ്ജ് (ഗവണ്മെന്റ ചീഫ് സെക്രട്ടറി): ഞാൻ വെള്ളാളരെപ്പററി ഒന്നും എഴുതീട്ടില്ല.

മി. എം. ശിവതാണുപിള്ള (തോവാള): ജാതിതിരിച്ചുള്ള സ്റ്റേററമെന്റിൽ?

മി. കെ. ജാർജ്ജ് (ഗവണ്മെന്റ ചീഫ് സെക്രട്ടറി): ഞാൻ അവിടെ പേരു കാണുന്നുണ്ട്.

മി. എം. ശിവതാണുപിള്ള (തോവാള): മെംബർ ദയവുചെയ്തു അതു വീണ്ടും ഒന്നു വായിക്കുമോ?

മി. കെ. ജാർജ്ജ് (ഗവണ്മെന്റ ചീഫ് സെക്രട്ടറി): "വെള്ളാളൻ".

മി. എം. ശിവതാണുപിള്ള (തോവാള): അതു് അവസാനിക്കുന്നതു 'ൻ' എന്നോ 'ർ' എന്നോ?

മി. കെ. ജാർജ്ജ് (ഗവണ്മെന്റ ചീഫ് സെക്രട്ടറി): 'ൻ'

മി. എം. ശിവതാണുപിള്ള (തോവാള): അതിനെ 'വെള്ളാളർ' എന്നോ 'വെള്ളാളന്മാർ' എന്നോ തിരുത്തുന്നതിനു ഞാൻ ചീഫ് സെക്രട്ടറിയോടു അപേക്ഷിച്ചുകൊള്ളട്ടെയോ?

മി. കെ. ജാർജ്ജ് (ഗവണ്മെന്റ ചീഫ് സെക്രട്ടറി): ഞാൻ വായിച്ചതു ടൈപ്പുചെയ്തിട്ടുള്ള ഒരു സർക്കുലറിൽനിന്നാണ്. അതിൽ വെള്ളാളൻ എന്നാണ് ടൈപ്പുചെയ്തിരിക്കുന്നതു.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): കേട്ടേത്തിട്ടുള്ള(മറുപടികളിൽ ഒന്നിൽ 'വെള്ളാള' എന്ന പ്രയോഗംകാണുന്നുണ്ട്.

മി. എം. ശിവതാണുപിള്ള (തോവാള): ഇപ്പോൾ അതു ശരിപ്പെടുത്തുവാൻ സാധിക്കുമോ എന്നു എന്നെ അറിയിക്കുമോ?

മി. കെ. ജാർജ്ജ് (ഗവണ്മെന്റ ചീഫ് സെക്രട്ടറി): അതു ഒരു പഴയറിക്കാർട്ടു മാത്രമാണ്.

മി. എം. ജെ. ജാൺ (വൈക്കം): നിയമനംസംബന്ധിച്ച സംഗതിയിൽ ഗവണ്മെന്റിന്റെ ഉത്തരവിനെ അനുസരിക്കാത്തതിലേക്കായി ഏതെങ്കിലും ഡിപ്പാർട്ടുമെന്റു മേലധികാരിയെ ശിക്ഷിച്ചിട്ടുണ്ടോ എന്നു ചീഫ് സെക്രട്ടറി എന്നെ അറിയിക്കുമോ?

മി. കെ. ജാർജ്ജ് (ഗവണ്മെന്റ ചീഫ് സെക്രട്ടറി): അപ്രകാരമുള്ള സംഗതികളിൽ ഞങ്ങൾ അവരുടെ ശ്രദ്ധയെ നിയമപ്രകാരമുള്ള ഏർപ്പാടുകളിലേക്കു ക്ഷണിക്കാറുണ്ട്.

മി. എ. ജെ. ജാൺ (വൈക്കം): അതു ഡിപ്പാർട്ടുമെന്റൽ അധികാരികളുടെ നടപടിയെ ഭേദപ്പെടുത്തുമോ എന്നു എന്നെ അറിയിക്കുമോ?

മി. കെ. ജാർജ്ജ് (ഗവണ്മെന്റ ചീഫ് സെക്രട്ടറി): നിശ്ചയമായിട്ടും ഭേദപ്പെടുത്തും.

മി. എ. ജെ. ജാൺ (വൈക്കം): ഏതെങ്കിലും ഒരു പ്രത്യേക ഡിപ്പാർട്ടുമെന്റൽ മേലധികാരി ആജ്ഞയനുസരിച്ചു പ്രവർത്തിക്കാതിരിക്കുന്നതിൽ നിർബന്ധംകാണിച്ചാലോ?

ഡെപ്യൂട്ടിപ്രസിഡണ്ട്: അതു ഒരു കല്പിത ചോദ്യമാണ്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഞാൻ ഒരു ചോദ്യം ചോദിച്ചുകൊള്ളട്ടെ. ചീഫ് സെക്രട്ടറി ദയവുചെയ്തു വായിച്ച വ്യവസ്ഥകളെ ഏതെങ്കിലും ഒരു ഉദ്യോഗസ്ഥൻ ലംഘിച്ചു എന്നകാരണത്തിന്മേൽ ഗവണ്മെന്റിനു അപ്പീൽചെയ്തിട്ടുള്ളതായി അനേകം എണ്ണം ഉണ്ടോ എന്നു എന്നെ അറിയിക്കുമോ?

മി. കെ. ജാർജ്ജ് (ഗവണ്മെന്റ ചീഫ് സെക്രട്ടറി): ഡിപ്പാർട്ടുമെന്റുകളിലെ മേലധികാരികളുടെ തീരുമാനത്തിനു വിരോധമായി അപ്പീലുകൾ ഒന്നും ബോധിപ്പിച്ചിട്ടില്ല. എന്നാൽ അതുസംബന്ധിച്ചു നിവേദനങ്ങൾ ഉണ്ടായിട്ടുണ്ട്.

വൈകുന്നേരം 6 അടിച്ചു 29 മിനിട്ടായപ്പോൾ സഭ പിരിഞ്ഞു.

ടി. പി. രാമസുബ്ബയ്യർ,
നിയമസഭാ സെക്രട്ടറി.

(A true translation.)

T. RAMALINGAM PILLAI,
Head Translator to Government.

തിരുവിതാംകൂർ നിയമസഭ.

രണ്ടാമത്തെ സഭ.

൧൧൦൨-ലെ ഒന്നാമത്തെ സെഷൻ.

അഫിഷ്യൽ റിപ്പോർട്ട്.

൧൯൨൭ ഏപ്രിൽ ൨൬-നു-ക്കു ൧൧൦൨ മേടം ൧൩-നു ചൊവ്വാഴ്ച.

സഭ പകൽ ൧൧-നു മണിക്കു വിക്ടോറിയാ ജൂബിലിടൌൺഹാളിൽ യോഗം കൂടി.

ദിവാൻ എം. ഇ. വാട്ട്സ് എസ്ക്വയർ ബി. എ., ബാറിസ്റ്റർ—അററ് ലാ, അഗ്രാസനാധിപത്യം വഹിച്ചു. താഴെപറയുന്ന മെമ്പർമാർ ഒഴികെ ശേഷം മെമ്പർമാർ എല്ലാവരും ഹാജരുണ്ടായിരുന്നു.

മി. എൻ. വി. ജോസഫ്, മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ, മി. ഒ. ജെ. മാത്യു, മിസ്സസ് എം. പുന്നൻ ലൂക്കോസ്, മി. സി. പി. തരകൻ.

പുതിയ മെമ്പർമാർ.

താഴെപറയുന്ന പുതിയ മെമ്പർമാർ സത്യപ്രതിജ്ഞചെയ്തു.

(൧) മി. കെ. എൻ. കേശവൻനമ്പൂതിരിപ്പാട് (മെമ്പർമാർ തിരഞ്ഞെടുത്ത മെമ്പർ)

(൨) മി. ആർ. കൃഷ്ണപിള്ള (ആക്ടിംഗ് ലാൻഡ്റവന്യൂവും ആദായനികുതിയും കമ്മീഷണർ)

(൩) മി. എൽ. എ. ലാമ്പാർഡ് (തോട്ടക്കാർ)

(൪) മി. ഡബ്ലിയു. എച്ച്. പിററ് (പൊലീസ് കമ്മീഷണർ)

(൫) മി. ഒ. എസ്. രാമസ്വാമിഅയ്യർ (മരാമത്തു എൻജിനീയർ)

(൬) മി. ജി. ശങ്കരൻപോററി (മെമ്പർമാർ തിരഞ്ഞെടുത്ത മെമ്പർ)

(൭) മി. ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസ ഡയറക്ടർ)

ചോദ്യങ്ങളും ഉത്തരങ്ങളും.

ഓച്ചിറയിലെ ചന്തകളിൽ സന്ധ്യക്കു ചുങ്കംപിരിക്കുന്ന കാര്യം.

൧൨൪. മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും):

(൧) ൧൧൦൧ കർക്കടകം ൨൬-നു എന്റെ ൪൦-ാംനമ്പർ ചോദ്യത്തിനു പറഞ്ഞ മറുപടിയെസംബന്ധിച്ചു ഓച്ചിറയിലെ സ്ഥിരം ഷാപ്പുകൾക്കുപുറമേയുള്ള വെളിംപ്രദേശത്തും തൽക്കാല കുടിലുകളിലുംവെച്ചു നടത്തുന്ന പച്ചക്കറി ചന്തയും മത്സ്യചന്തയും വൈകുന്നേരം ൪ മണിക്കും ൭ മണിക്കും മദ്ധ്യേയല്ലാതെ വേറെ ഏതെങ്കിലുംസമയത്തു സാധനങ്ങൾ വില്ക്കാൻ കൊണ്ടുചെല്ലാറുണ്ടോ എന്നു താൻതന്നെപോയി അന്വേഷിച്ചു റിപ്പോർട്ടുചെയ്വാൻ കൊല്ലം ഡിവിഷൻപേഷ്കാരോടു ഗവമ്മെന്റു ദയവായി ആജ്ഞാപിക്കുമോ?

(൨) ദിനംപ്രതിയുള്ള ആവശ്യത്തിനു അരി, കപ്പ, മുളക, മാങ്ങ മുതലായവ വാങ്ങാൻ മിക്കവാറും സാധുക്കളായ ജനങ്ങൾ ഓച്ചിറയിലെ ചന്തകളിൽ വില്ക്കാനായി വൈകുന്നേരം ൪ മണിക്കും ൭ മണിക്കും മദ്ധ്യേ കൊണ്ടുചെല്ലുന്ന അല്പാല്പം കയറ, ഓല, പാകിതി, മുട്ട, എണ്ണവിത്തുകൾ, പച്ചക്കറി സാമാനങ്ങൾ മുതലായവയെ ൧൧൦൨ മാണ്ടുമുതലെങ്കിലും ഗവമ്മെന്റു ചുങ്കംകൊടുക്കുന്നതിൽനിന്നു ദയവായി ഒഴിവാക്കുമോ?

മി. കെ. ജാജ് (ഗവമ്മെന്റു ചീഫ് സെക്രട്ടറി):

(൧) ഓച്ചിറ ചന്തയിൽ വില്പനയ്ക്കായി മത്സ്യം വൈകുന്നേരം ൪ മണിമുതൽ ൭ മണിവരെയാണ സാധാരണയായി കൊണ്ടുപോകാറുള്ളതെന്നും എന്നാൽ മിഥുനമാസത്തിലും ഓച്ചിറകളിയും ചന്തയും ഉള്ള സമയത്തു ഉച്ചയ്ക്കുമുമ്പും ഉച്ചതിരിഞ്ഞും മത്സ്യംവില്ക്കാൻ കൊണ്ടുപോകാറുണ്ടെന്നും റിപ്പോർട്ടു കിട്ടിട്ടുണ്ടു. പച്ചക്കറി വില്ക്കുന്ന വെളിപ്രദേശത്തും അവിടെയുള്ള താല്ക്കാലകുടിലുകളിലും അരി, ഉപ്പു, എണ്ണ, ചക്കര, കപ്പക്കിഴങ്ങു എന്നിവ ദിവസം മുഴുവനും വില്ക്കാറുണ്ടു.

(൨) മറുപടി നിഷേധത്തിലാണ്.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ചോദ്യത്തിന്റെ ഒന്നാംഭാഗത്തിന്റെ മറുപടികൾ ഇങ്ങനെ പറഞ്ഞിരിക്കുന്നു. "പച്ചക്കറി വില്ക്കുന്ന വെളിപ്രദേശത്തും അവിടെയുള്ള താല്ക്കാലകുടിലുകളിലും അരി, ഉപ്പു, എണ്ണ, ചക്കര, കപ്പക്കിഴങ്ങു എന്നിവ ദിവസം മുഴുവനും വില്ക്കാറുണ്ടു".

ഈ ആവശ്യങ്ങൾക്കു സ്ഥിരമായ ഷാപ്പുകൾ ഇല്ലയോഎന്നും ആ ഷാപ്പുടമസ്ഥന്മാർ കണ്ട്രാക്ടർമാർക്കു ചുങ്കംകൊടുക്കാതെ പണം ഗവമ്മെന്റിൽ നേരിട്ടു അടച്ചുവരുന്നില്ലയോഎന്നും ഗവമ്മെന്റു ദയവായി അന്വേഷണംകഴിക്കുമോ?

മി. കെ. ജാജ് (ഗവമ്മെന്റു ചീഫ് സെക്രട്ടറി): അവിടെ സ്ഥിരമായ ഷാപ്പുകൾ ഉണ്ടായിരുന്നാൽ പോലും ഇവയും അവിടെ ഉണ്ടെന്നുള്ളതിനു തക്കമില്ല. ഈ സാമാനങ്ങൾ വില്ക്കുന്നതു സ്ഥിരം ഷാപ്പുകൾക്കു പുറമേവെച്ചാണെന്നാകുന്നു ഡിസ്ട്രിക്ട് മജിസ്ട്രേട്ടിന്റെ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളതു.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഞാൻതന്നെ അവിടെ പോയിട്ടുണ്ടു. ഒഴിവായികിടക്കുന്നസ്ഥലത്തു കച്ചവടംനടത്തുന്നതു സന്ധ്യക്കുമാത്രമാണ്. മററുസമയങ്ങളിൽ അവിടെ യാതൊന്നുമില്ല. രണ്ടാംഭാഗത്തിന്റെ മറുപടി അന്തിച്ചന്തകളിൽ ചുങ്കം വസൂലാക്കുന്ന നടപടി നിറുത്തലാക്കുമെന്നു ദിവാൻ പ്രെസിഡെന്റു പറഞ്ഞ വാഗ്ദാനത്തിനു വിപരീതമല്ലയോഎന്നു ഗവമ്മെന്റു ദയവായി ആലോചിക്കുമോ?

മി. കെ. ജാജ് (ഗവമ്മെന്റു ചീഫ് സെക്രട്ടറി): ഇതൊരു അന്തിച്ചന്തയല്ല. ദിവസം മുഴുവനും കച്ചവടംനടക്കുന്ന ചന്തയാണു. രാവിലെ തുടങ്ങി രാത്രി എട്ടുമണിവരെ കച്ചവടംനടക്കുന്നു. അങ്ങനെയുള്ള ഒരു ചന്ത അന്തിച്ചന്തയാണെന്നു പറവാൻ പാടില്ല.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): വേറെ പീടികകൾ ഉള്ള സ്ഥലങ്ങളിൽ നടത്തുന്ന എല്ലാ അന്തിച്ചന്തകളുടേയും കാര്യം ഇങ്ങനെതന്നെയാണോ.

മി. കെ. ജാജ് (ഗവമ്മെന്റു ചീഫ് സെക്രട്ടറി): അല്ല. അന്തിച്ചന്തകൾ സന്ധ്യക്കുമാത്രമേ നടക്കാറുള്ളൂ.

വലിയകുഴിപകുതിയിൽ ൭൩൧-ാം സർവേനമ്പരിലെ പുറമ്പോക്കിന്റെ പതിവ്.

൧൯൦൯. മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും):

(എ) വലിയകുഴിപകുതിയിലെ ൭൩൧-ാം സർവേനമ്പരിൽ ഉള്ള പുറമ്പോക്കുതോട് ലേലംചെയ്തു തിരുവെപ്പറ്റി വലിയകോട്ടയ്ക്കൽ മിസ്റ്റർ കൃഷ്ണകുഞ്ഞുചാന്നാരും വലിയകുഴിയിലെയും കാർത്തികപ്പള്ളിതാലൂക്കിലെ മററു അടുത്തുള്ള പകുതികളിലെയും മററു നിവാസികളും ഡിവിഷൻ ലാൻഡ്‌റെവന്യൂവും ആദായനികുതിയും കമ്മിഷണർക്കും കൊല്ലം ദിവാൻപേഷ്കാർക്കും കൊടുത്ത പരാതി ഹർജികളുടെകാര്യത്തിൽ എന്തു നടപടി നടത്തിയെന്നും ദയവായി അന്വേഷിച്ചുപറയുമോ?

(ബി) ഈ പുറമ്പോക്കിനെപ്പററി താഴെപറയുന്ന വിവരങ്ങൾ ഗവർമ്മെന്റു ദയവായി അന്വേഷിച്ചു പറയുമോ?

(എ) ഈ പുറമ്പോക്കു തന്റെപേരിൽ രജിസ്റ്റർചെയ്യണമെന്നു കാർത്തികപ്പള്ളി താലൂക്കിൽ ഏവൂർ, പനവേലിൽ മിസ്റ്റർ കൃഷ്ണശങ്കു ൧൦൮൭-ൽ അപേക്ഷിക്കയുണ്ടായോഎന്നും അതു പൊതുജനോപയോഗത്തിനു ള്ളതാകയാൽ പതിച്ചുകൊടുക്കാൻ പാടില്ലെന്നു അന്നു തീർച്ചചെയ്തിട്ടുണ്ടോ എന്നു.

(ബി) ൧൦൯൩-ൽ ഈ പുറമ്പോക്കിൽ കയ്യേററംചെയ്ത അടുത്തുള്ള ചില ഭൂമിഉടമസ്ഥന്മാരെ അതിന്നായി ശിക്ഷിക്കയും ഗവർമ്മെന്റിന്റെ അധികാരം പ്രയോഗിച്ചു ആ കയ്യേററം നീക്കംചെയ്കയും ചെയ്തിട്ടുണ്ടോഎന്നും.

(സി) ൧൧൦൦-ാമാണ്ടു കർക്കടകത്തിൽ അതു ലേലംചെയ്വാൻ ഭാവിച്ചപ്പോൾ സർവേനമ്പർ ൭൩൧ പൊതുജനങ്ങളുടെ ഉപയോഗത്തിന്നുള്ളതാകയാൽ ആർക്കും അതു പതിച്ചുകൊടുക്കയോ ലേലംചെയ്തുകൊടുക്കയോ ചെയ്യുന്നതു പൊതുജനത്തിനു ദോഷമാണെന്നു കാണിച്ചു ലാൻഡ്‌റെവന്യൂവും ആദായനികുതിയും കമ്മിഷണർക്കും കൊല്ലം ദിവാൻപേഷ്കാർക്കും അടുത്തുള്ള നിലങ്ങളുടെ ഉടമസ്ഥന്മാർ ഹർജികൾ കൊടുത്തിരുന്നുവോഎന്നു.

(ഡി) ഈ ഹർജികൾപ്രകാരം എന്തു നടപടികൾ നടത്തിഎന്നു.

(ഇ) സാധുജനപാരമ്പര്യമായ ഈ ചാൽ സമീപവാസികളായ അനേകം ജനങ്ങൾ കുളിക്കുന്നതിനും കന്നുകാലികളെ കുടിപ്പിക്കുന്നതിനും മററു പൊതുകാര്യങ്ങൾക്കും ഉപയോഗിക്കാറുണ്ടോഎന്നു.

(എഫ്) വേനൽക്കാലത്തു അടുത്തുള്ള നിലങ്ങളിലെ നെൽകൃഷിക്കു നനയ്ക്കുന്നതിനു ഈ ചാലിലെ വെള്ളം ഉപയോഗിക്കാറുണ്ടോ?

(ജി) അലക്കുകാർ ഈ ചാലിൽ തുണി അലക്കാറുണ്ടോ?

(എച്ച്) സമീപത്തുള്ള പറയർ തങ്ങളുടെ മരിച്ച പൂർവികന്മാരെ സംബന്ധിച്ചുള്ള ഉദകക്രിയകൾ ഈചാലിലാണോ ചെയ്യുന്നതു്?

(ഐ) ഈ ചാൽ ൧൧൦൧ കർക്കടകം ൨൧-നു ആർക്കെങ്കിലും പേരിൽപതിച്ചുകൊടുക്കയോ ലേലം ചെയ്തുകൊടുക്കയോ ചെയ്തിട്ടുണ്ടോ?

(ജെ) മുൻപ്രസ്താവിച്ച സംഗതികളെ ആലോചിച്ചു ഗവർമ്മെന്റു ദയവായി ആ ചാലിന്റെ പതിവോ ലേലമോ റദ്ദുചെയ്യുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെന്റു സെക്രട്ടറി): (എ) ഈകാര്യം ഇപ്പോൾ കൊല്ലം ദിവാൻപേഷ്കാരുടെ അന്വേഷണത്തിൽ ഇരിക്കുന്നു.

(ബി) (എ) പനവേലിൽ കൃഷ്ണൻതമ്പി എന്നൊരാൾ പുറമ്പോക്കു പതിച്ചുകിട്ടണമെന്നു ൧൦൮൭-ൽ അപേക്ഷിക്കയും അതു പൊതുജനോപയോഗത്തിന്നുള്ളതാണെന്നുള്ള കാരണത്താൽ ആ അപേക്ഷ അന്നു് ഉപേക്ഷിക്കയും ചെയ്തിട്ടുണ്ടു്.

(ബി) ൧൦൯൩-ൽ ഇങ്ങനെ ഒരുകേസു ഉണ്ടായിട്ടില്ല.

(സി) പ്രസ്താവിച്ചപ്രകാരമുള്ള ഹർജികൾ ൧൧൦൦ കർക്കടകത്തിലെ ലേലത്തിനുമുമ്പായി ലാൻഡ് റെവന്യൂവും ആദായനികുതിയും കമ്മിഷണർക്കോ കൊല്ലം ദിവാൻപേഷ്കാർക്കോ കിട്ടീട്ടില്ല.

(ഡി) സി-ഭാഗത്തിന്റെ മറുപടികൊണ്ടു ഈ ചോദ്യത്തിനു കാരണമില്ല.

(ഇ) മുതൽ (എച്ച്) വരെ ഭാഗങ്ങൾക്കും മറുപടി നിഷേധത്തിലാണു്.

(ഐ) ചാൽ ൧൧൦൧ കർക്കടകം ൨൧-നു ലേലത്തിൽവിററു.

(ജെ) കാര്യം ഗവർമ്മെന്റിന്റെ മുമ്പാകെ വരുമ്പോൾ ഈ സംഗതികളെപ്പററി ഗൌനിക്കുന്നതാണു.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): (സി) ഭാഗത്തിന്റെ മറുപടിയിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു.

"... ... ലേലത്തിനുമുമ്പായി പ്രസ്താവിച്ചപ്രകാരമുള്ള ഹർജികൾ ലാൻഡ്റെവന്യൂവും ആദായനികുതിയും കമ്മിഷണർക്കോ കൊല്ലം ദിവാൻപേഷ്കാർക്കോ കിട്ടീട്ടില്ല."

മേൽപ്രസ്താവിച്ചപ്രകാരമുള്ള വല്ല ഹർജിയും ലേലത്തിനുമുമ്പായി സ്ഥലം തഹശീൽദാർക്കു കിട്ടീട്ടുണ്ടോ എന്നു ഗവർമ്മെന്റു ദയവായി അന്വേഷണം നടത്തുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെന്റു സെക്രട്ടറി): ഉവ്വ്.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ചോദ്യത്തിന്റെ (ഇ) ഭാഗത്തിനു മറുപടി നിഷേധത്തിലാണെന്നു പറഞ്ഞു. എന്നാൽ (ബി. എ) ഭാഗത്തിന്റെ മറുപടിയിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു.

"പനവേലിൽ കൃഷ്ണൻതമ്പി എന്നൊരാൾ പുറമ്പോക്കു പതിച്ചുകിട്ടണമെന്നു ൧൦൮൭-ൽ അപേക്ഷിക്കയും അതു പൊതുജനോപയോഗത്തിന്നുള്ളതാണെന്നുള്ള കാരണത്താൽ ആ അപേക്ഷ അന്നു് ഉപേക്ഷിക്കയും ചെയ്തിട്ടുണ്ടു്"

൧൦൮൭-ാമാണ്ടിനുശേഷം പൊതുജനങ്ങൾക്കു ഉപയോഗമില്ലാതായിതീർന്നു എന്നു വല്ല റിപ്പോർട്ടും ഗവർമ്മെന്റിനു കിട്ടീട്ടുണ്ടോഎന്നു ഗവർമ്മെന്റു ദയവായി പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെന്റു സെക്രട്ടറി): ൧൦൮൭-ാമാണ്ടിനുശേഷം വേറൊരു തഹശീൽദാർ പ്രസ്താവത്തിലിരിക്കുന്ന സ്ഥലം പരിശോധിക്കയും ചാൽ പൊതുജനോപയോഗത്തിനു ആവശ്യമില്ല

ന്നും പതിച്ചുകൊടുക്കാവുന്നതാണെന്നും റിപ്പോർട്ടുചെയ്യുകയും ചെയ്തിട്ടുണ്ട്. ആ റിപ്പോർട്ടനുസരിച്ചു അന്വേഷണം കഴിച്ചിട്ടു പിന്നീട് പതിച്ചുകൊടുക്കാവുന്നതാണെന്നു അവസാനത്തിൽ തീർച്ചയാക്കുകയും ചെയ്തു.

വിഷൂചികാനിവാരണം.

൧൫൦. മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): (൧) വിഷൂചികനിമിത്തം ൭൪൨ മരണങ്ങൾ ൧൧൦൦-ൽ സംഭവിച്ചതായി രജിസ്റ്റർചെയ്തിട്ടുള്ളതിൽനിന്നു തെളിയുന്നപ്രകാരം ആ ദീനം ആയാണ്ടിൽ ഒരു വസന്തരോഗമായി ബാധിച്ചിരുന്നു എന്നുള്ള സംഗതിയെ സംബന്ധിച്ചു ദിവാൻ പ്രജാസഭയുടെ ൧൯-ാമത്തെ യോഗത്തിൽ പ്രസ്താവിച്ചപ്രകാരം ആ ബാധയുടെ കാലത്തു മുമ്പു പിമ്പു "ആറു പരിശീലനം കഴിഞ്ഞ മെഡിക്കൽ ഉദ്യോഗസ്ഥന്മാർ ഒരു സൈന്യമായിചെന്നു രോഗനിവാരണ ജോലികൾ" ചെയ്തോ എന്നു ഗവൺമെന്റു ദയവായി പറയുമോ?

(൨) രോഗം ബാധിച്ചവരിൽ നാലാളുകൾക്കുമാത്രമേ ആസ്പത്രികളിലെ ചികിത്സയും ശുശ്രൂഷയും ലഭിച്ചുള്ളു എന്നുള്ളസംഗതി ഗവൺമെന്റിന്റെ ശ്രദ്ധയ്ക്കു വിഷയമാക്കിട്ടുണ്ടോ?

മി. കെ. ജാജ് (ഗവൺമെന്റു ചീഫ്സെക്രട്ടറി): (൧) മറുപടി നിഷേധത്തിലാണ്.

(൨) രോഗികൾ അവരവരുടെ വീടുകളിൽകിടന്നു ചികിത്സിക്കപ്പെട്ടുവാനാണു അധികമാളുകളും ഇഷ്ടപ്പെടുന്നതു. രോഗം പകർന്നുപിടിച്ച ദേശങ്ങളിലെല്ലാം രോഗപീഡിതർക്കു ശരിയായ വൈദ്യസഹായം ചെയ്തിട്ടുണ്ട്.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): വിഷൂചികബാധിച്ചാൽ അവിടെ ജോലിചെയ്യുന്നതിനായി പരിശീലനംകഴിഞ്ഞ ആറുമെഡിക്കൽ ഉദ്യോഗസ്ഥന്മാരെ ഒരു സംഘമായി അയയ്ക്കുമെന്നു പ്രജാസഭയിൽ ദിവാൻ പ്രസ്താവിച്ചിരുന്നില്ലേ?

മി. കെ. ജാജ് (ഗവൺമെന്റു ചീഫ്സെക്രട്ടറി): ഉവ്വ്, അദ്ദേഹം അങ്ങനെ പ്രസ്താവിച്ചു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): ആ പ്രസ്താവത്തിന്നനുസാരമായി യാതൊന്നും ചെയ്തില്ലേ?

മി. കെ. ജാജ് (ഗവൺമെന്റു ചീഫ്സെക്രട്ടറി): പ്രസ്താവപ്രകാരം ചെയ്തിട്ടില്ല.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): ദിവാന്റെ പ്രസ്താവം കേവലം വാക്കുകൾ മാത്രമായിരുന്നു എന്നാണോ പറയുന്നതു?

മി. കെ. ജാജ് (ഗവൺമെന്റു ചീഫ്സെക്രട്ടറി): ഒന്നും പ്രവർത്തിച്ചില്ലെന്നാണു കാണുന്നതു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): ദയവായി എന്റെ ചോദ്യത്തിനു മറുപടി പറയുമോ? ആ പ്രസ്താവം കേവലം വാക്കുകൾ മാത്രമായിട്ടാണോ പരിണമിച്ചതു?

മി. കെ. ജാജ് (ഗവൺമെന്റു ചീഫ്സെക്രട്ടറി). ഒന്നും ചെയ്തില്ലെന്നു ഞാൻ പറഞ്ഞുവല്ലോ. പ്രസ്താവിച്ചതു നടപ്പിൽ വരുത്തിയില്ല.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): രണ്ടാംഭാഗത്തെ സംബന്ധിച്ചു ആസ്പത്രികളിൽ ചെന്നുകിടക്കുന്നവർക്കോ കിടക്കാത്തവർക്കോ ആർക്കാണു നല്ലചികിത്സ ലഭിക്കുന്നതെന്നു പറയുമോ?

മി. കെ. ജാജ് (ഗവൺമെന്റു ചീഫ്സെക്രട്ടറി): ആ സംഗതിയെപ്പറ്റി അഭിപ്രായം പറവാൻ എനിക്കു സാധിക്കയില്ല.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): രോഗികളിൽ ആസ്പത്രികളിൽ വന്നുകിടക്കുന്നവരെ സംബന്ധിച്ചോ കിടക്കാതെ ചികിത്സിക്കുന്നവരെസംബന്ധിച്ചോ ഗവൺമെന്റിനു അധികം പണം ചെലവാകുന്നതു?

മി. കെ. ജാജ് (ഗവൺമെന്റു ചീഫ്സെക്രട്ടറി): ആസ്പത്രികളിൽ വന്നുകിടന്നു ചികിത്സിക്കുന്നവരെ സംബന്ധിച്ചാണു ഗവൺമെന്റിനു അധികംചെലവു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): രോഗപീഡിതരായ ജനങ്ങളെ ശരിയായി ചികിത്സിച്ചിട്ടുണ്ടെന്നു മറുപടിയിൽ പറയുന്നു. ആ വർഷം വിഷൂചികസംബന്ധിച്ച ജോലിക്കായി അയയ്ക്കപ്പെട്ട മെഡിക്കൽ ഉദ്യോഗസ്ഥന്മാരുടെ ഗ്രേഡ് ഏതായിരുന്നു എന്നു പറയുമോ?

മി. കെ. ജാജ് (ഗവൺമെന്റു ചീഫ്സെക്രട്ടറി): തീർച്ചയായി പറവാൻ സാധിക്കയില്ല. അതിനെപ്പറ്റിയുള്ള വിവരം എനിക്കു കിട്ടീട്ടില്ല.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): സബ് അസിസ്റ്റന്റു സർജന്മാരെക്കാൾ ഉയർന്നതരം ഉദ്യോഗസ്ഥന്മാരെ വല്ലപ്പോഴും അയച്ചിട്ടുണ്ടെന്നു ചീഫ് സെക്രട്ടറിക്കു തീർച്ചയായി പറവാൻ കഴിയുമോ?

മി. കെ. ജാജ് (ഗവൺമെന്റു ചീഫ്സെക്രട്ടറി): അതും പറവാൻ എനിക്കു സാധിക്കയില്ല. അതിനെസംബന്ധിച്ചുള്ള വിവരം എന്റെ പക്കൽ ഇപ്പോൾ ഇല്ല.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): പരിചയമുള്ള ആറു മെഡിക്കൽ ഉദ്യോഗസ്ഥന്മാരെ അയയ്ക്കുമെന്നു പറഞ്ഞിട്ടു കേവലം ചെറുപ്പക്കാരായ പുതിയ ആളുകളെ അയക്കുന്നതു ന്യായമാണോ?

മി. കെ. ജാജ് (ഗവൺമെന്റു ചീഫ്സെക്രട്ടറി): അയച്ച ചെറുപ്പക്കാർ സമർത്ഥന്മാരല്ലെന്നുവരുകിൽ ന്യായമല്ല.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും, നെടുമങ്ങാടും): ഈ ജോലിക്കു അയച്ച ആളുകൾ ഏതു ഗ്രേഡിലുള്ളവരായിരുന്നു എന്നുള്ള വിവരം ഗവൺമെന്റു ദയവായി അന്വേഷിച്ചു പറയുമോ?

മി. കെ. ജാജ് (ഗവൺമെന്റു ചീഫ്സെക്രട്ടറി): ഉവ്വ്.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): വിഷൂചികാചട്ടങ്ങൾ പരിഷ്കരിക്കുന്നതിന്റെ ആവശ്യകതയെപ്പറ്റി ഗവൺമെന്റു ദയവായി ആലോചിക്കുമോ?

മി. കെ. ജാജ് (ഗവൺമെന്റു ചീഫ്സെക്രട്ടറി): ഉവ്വ്.

പുതുവൽ സർവ്വെപ്രവൃത്തികൾ

൧൧൭. മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും, നെടുമങ്ങാടും): താഴെപറയുന്ന സംഗതികൾ ഗവണ്മെന്റു ദയവായി പറയുമോ?

(എ) ൧൧൨൧ ജനുവരി ൧൯-നു-ലെ ചാർജ്ജുവന്ന ൨൯-൧-ാംനമ്പർ ഗവണ്മെന്റുത്തരവിൻ പ്രകാരം പുതുവൽ സർവ്വെപ്രവൃത്തികൾ ആരംഭിച്ചതു എന്നാണ്?

(ബി) പുതുവൽ ഭൂമികൾ അടയാളപ്പെടുത്തി സർവ്വെ ചെയ്യുന്നതിനു ഗവണ്മെന്റിനുണ്ടായ ചെലവെത്ര?

(സി) ഈ ജോലിയിലെ തെറ്റുകൾ തീർക്കുന്നതിനു ൧൧൦൧ മാണ്ടവസാനംവരെ ഉണ്ടായ ചെലവെത്ര?

മി. ടി. പി. രാമസ്വാമയ്യർ (ഗവണ്മെന്റുസെക്രട്ടറി): (എ) ൧൦൨൩ മകരം ൧-നു.

(ബി) ൧,൩൯൬,൭൭൭ രൂപ.

(സി) ൨൨,൧൯൨ രൂപ.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): പ്രാരംഭസർവ്വെജോലിക്കു നിയമിച്ച ഉദ്യോഗസ്ഥന്മാരുടെ അപ്രാപ്തിനിമിത്തമാണോ തെറ്റുകൾ തീർക്കുന്നതിനു ൨൨,൦൦൦-ൽ ചില്വാനം രൂപ ചെലവാക്കേണ്ടിവന്നതു്?

മി. ടി. പി. രാമസ്വാമയ്യർ (ഗവണ്മെന്റുസെക്രട്ടറി): എല്ലാ സർവ്വെജോലിയിലും തെറ്റുകൾ തീർക്കേണ്ടതാകാതെ വരികയില്ല.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഉദ്യോഗസ്ഥന്മാരുടെ അപ്രാപ്തിനിമിത്തമാണോ തെറ്റുകൾ തീർക്കുന്നതിനു ഇത്ര വലിയ സംഖ്യ ഗവണ്മെന്റു ചെലവാക്കേണ്ടിവന്നതു്?

മി. ടി. പി. രാമസ്വാമയ്യർ (ഗവണ്മെന്റുസെക്രട്ടറി): തെറ്റുകൾ തീർക്കുന്ന ജോലിയുംചെയ്യണം.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും, നെടുമങ്ങാടും): തെറ്റുകൾ തീർക്കുന്നതിനു ഒരു വലിയ സംഖ്യയായ ൨൨,൦൦൦ രൂപാ ചെലവുചെയ്യേണ്ടിവന്ന കാര്യം ആലോചിച്ചാൽ തെറ്റുകൾ അനവധി ഉണ്ടായിരുന്നു എന്നു പറവാൻ വിഷമമായ സെക്രട്ടറി ഒരുക്കമുണ്ടോ?

മി. ടി. പി. രാമസ്വാമയ്യർ (ഗവണ്മെന്റുസെക്രട്ടറി): തിരുത്തൽജോലിക്കു ൨൨,൦൦൦ രൂപാ ചെലവുചെയ്യേണ്ടിവന്നു. പ്രാരംഭസർവ്വെ പ്രവൃത്തിക്കു ചെലവായ സംഖ്യ ൧,൩൯൬,൦൦൦ രൂപ ആയിരുന്നു. ആകെയുള്ള സർവ്വെച്ചെലവിന്റെ എത്ര ശതമാനം തിരുത്തൽജോലിക്കു വേണ്ടിവന്നു എന്നുള്ളതു മെമ്പർ ഇങ്ങിനെ അനുമാനിച്ചുകൊള്ളുന്നതിനു എനിക്കു വിരോധമില്ല.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): പ്രാരംഭസർവ്വെ പ്രവൃത്തിചെയ്ത ഉദ്യോഗസ്ഥന്മാർ കാര്യക്ഷമതയുള്ളവരായിരുന്നോ?

മി. ടി. പി. രാമസ്വാമയ്യർ (ഗവണ്മെന്റുസെക്രട്ടറി): ഉദ്യോഗസ്ഥന്മാർ സാമാന്യം കാര്യക്ഷമതയുള്ളവർ ആയിരുന്നു. അവർ സർവ്വെ പരിശീലനം കഴിഞ്ഞവരായിരുന്നു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും, നെടുമങ്ങാടും): ഉദ്യോഗസ്ഥന്മാർ കാര്യക്ഷമതയുള്ളവരായിരുന്നു എങ്കിൽ ഇത്രയധികം തെറ്റുകൾ വരാൻ സംഗതി എന്തെന്നു പറയുമോ?

മി. ടി. പി. രാമസ്വാമയ്യർ (ഗവണ്മെന്റുസെക്രട്ടറി): ആകെച്ചെലവിനു തിരുത്തൽച്ചെലവിന്റെ ശതമാനം തെറ്റുകൾ എത്രത്തോളം ഉണ്ടായിരുന്നു എന്നു ശരിയായി കാണിക്കുമെന്നു തോന്നുന്നില്ല. സർവ്വെചെയ്ത ഭൂമിയുടെ വിസ്തീർണ്ണം ആലോചിച്ചാൽ തെറ്റുകളുടെ ശതമാനം യഥാർത്ഥത്തിൽ അധികമായിരുന്നോ എന്നു സർവ്വെസൂപ്രണ്ടിനോടു ചോദിക്കുകിലേ അറിയാവൂ.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഗവണ്മെന്റു ദയവായി അങ്ങനെ ചെയ്യുമോ?

മി. ടി. പി. രാമസ്വാമയ്യർ (ഗവണ്മെന്റുസെക്രട്ടറി): ഉവ്വ്.

നെടുമങ്ങാട്ടുതാലൂക്കിൽ കരമിളവു.

൧൧൮. മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും, നെടുമങ്ങാടും): (എ) നെടുമങ്ങാട്ടുതാലൂക്കിൽ കാട്ടാനകൾ കൃഷി നശിപ്പിച്ചാൽ ആ വക നിലങ്ങളുടെ കരം ഇളവുചെയ്തു കൊടുക്കാറുണ്ടോ എന്നു ഗവണ്മെന്റു ദയവായി പറയുമോ?

(ബി) ഈ കാരണത്താൽ കരം ഇളവുചെയ്തു കൊടുക്കുന്നതിനു വല്ല അപേക്ഷകളും ഈയിട കിട്ടീട്ടുണ്ടോ?

മി. ടി. പി. രാമസ്വാമയ്യർ (ഗവണ്മെന്റുസെക്രട്ടറി): (എ) മറുപടി നിഷേധത്തിലാണ്.

(ബി) ഈ കാരണത്താൽ കരം ഇളവുചെയ്തുകൊടുക്കുന്നതിനു അപേക്ഷകൾ കിട്ടിയിട്ടില്ല.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): കാട്ടാനകൾ കൃഷി നശിപ്പിച്ചുകളയുന്ന നിലങ്ങളുടെ കരം ഇളവുചെയ്തുകൊടുക്കയില്ലെന്നു സ്ഥിരമായ ഒരു നയം ഗവണ്മെന്റു സ്വീകരിച്ചിട്ടുണ്ടോ?

മി. ടി. പി. രാമസ്വാമയ്യർ (ഗവണ്മെന്റുസെക്രട്ടറി): അങ്ങനെയുള്ള കാര്യങ്ങളിൽ കരം ഇളവുചെയ്തുകൊടുക്കുന്നതിനു ചട്ടങ്ങളിൽ വ്യവസ്ഥചെയ്തിട്ടില്ല.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): അങ്ങനെയുള്ള കാര്യങ്ങളിൽ കരം ഇളവുചെയ്തു കൊടുക്കയില്ലെന്നു ഒരു നയമായി ഗവണ്മെന്റു തീർച്ചപ്പെടുത്തിട്ടുണ്ടോ?

മി. ടി. പി. രാമസ്വാമയ്യർ (ഗവണ്മെന്റു സെക്രട്ടറി): നയം ചട്ടങ്ങളിൽനിന്നു അനുമാനിക്കേണ്ടതാണ്. ഏതെല്ലാംസംഗതികളിൽ കരം ഇളവുചെയ്തുകൊടുക്കാമെന്നു ചട്ടങ്ങളിൽ വിവരിച്ചിട്ടുണ്ട്. ഇതു ആ സംഗതികളിൽ ഒന്നല്ല.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): വേറെവിധത്തിൽ പറഞ്ഞാൽ അങ്ങനെയുള്ള സംഗതികളിൽ കരം ഇളവുചെയ്തുകൊടുക്കയില്ലെന്നാണ് ഗവണ്മെന്റിന്റെ നയം. കാട്ടാനകൾ കൃഷിനശിപ്പിക്കുന്ന നിലങ്ങളുടെ കരം ഇളവുചെയ്തുകൊടുക്കയില്ലെന്നാണ് ഗവണ്മെന്റു സ്വീകരിച്ചിട്ടുള്ള നയം എന്നു ഞാൻ അനുമാനിക്കുന്നതു ശരിയാണോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറസെക്രട്ടറി): സാധാരണയായി അങ്ങനെയുള്ള സംഗതികളിൽ കരം ഇളവുചെയ്തു കൊടുക്കാവുന്നതല്ല.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും, നെടുമങ്ങാടും): അതു ഗവണ്മെൻറ സ്ഥിരമായി സ്വീകരിച്ചിട്ടുള്ള ഒരു നയമാണോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറസെക്രട്ടറി): എനിക്കതു പറവാൻ സാധിക്കയില്ല. ചട്ടങ്ങൾ പ്രകാരം ഇതു കരം ഇളവുചെയ്തുകൊടുക്കാവുന്ന ഒരു സംഗതിയല്ലെന്നു മാത്രമേ എനിക്കു പറയാനുള്ളൂ.

ലാകോളേജ് പ്രൊഫെസ്സർ ഉദ്യോഗം.

൧൩൩. മി. എം. ശിവതാണുപിള്ള (തോവാള): താഴെപ്പറയുന്ന സംഗതികൾ ഗവണ്മെൻറ ദയവായി പറയുമോ?

(എ) ഡിസ്ട്രിക്ട് കോടതിയിലാണോ ഹൈക്കോടതിയിലാണോ വ്യവഹരിക്കുന്നതു എന്നതു ആലോചിക്കാതെ വക്കീൽപണിയിൽ പത്തുസംവത്സരത്തെ പഴക്കമുള്ള ഏതു ബി. എൽ പാസ്സായിട്ടുള്ള വക്കീലിനെയും ലാകോളേജ് പ്രൊഫെസ്സറായി നിയമിക്കത്തക്കവണ്ണം പ്രൊഫെസർമാരുടെ യോഗ്യതകളെ സംബന്ധിച്ചുള്ള ചട്ടങ്ങൾ ഭേദപ്പെടുത്താൻ ഗവണ്മെൻറ ആലോചിക്കുന്നുണ്ടോ?

(ബി) ലാകോളേജ് പ്രൊഫെസർമാരായി ആളെ തിരഞ്ഞെടുക്കുന്നകാര്യത്തിൽ, റോമൻലാ, കൺസ്റ്റിറ്റ്യൂഷണൽലാ, ജൂറിസ്പ്രൂഡൻസ്, ഇൻറർനാഷണൽലാ എന്നീവിഷയങ്ങൾ പഠിപ്പിക്കുന്നതിനെങ്കിലും എം. എൽ. പാസ്സായിട്ടുള്ളവരുടെ അവകാശങ്ങളെ ഗവണ്മെൻറ ചിന്തിക്കുമോ?

മി. കെ. ജാജ് (ഗവണ്മെൻറ ചീഫ്സെക്രട്ടറി): (എ) മറുപടി നിഷേധത്തിലാണ്.

(ബി) നടപ്പിലിരിക്കുന്ന ചട്ടങ്ങളനുസരിച്ചു എം. എൽ. പാസ്സായിട്ടുള്ളവരുടെ അവകാശങ്ങളെപ്പററി ചിന്തിക്കുന്നതാണ്.

കൊളേജ് സെൻറ് ഹോസ്റ്റൽ പ്രവേശനം.

൧൩൪. മി. എ. ജെ. ജാൺ (വൈക്കം): (൧) താഴെപ്പറയുന്നവിവരങ്ങൾ ഗവണ്മെൻറ ദയവായി പറയുമോ?

(എ) പുതുതായി തുറന്ന ഗവണ്മെൻറ ഹോസ്റ്റലിൽ എത്ര വിദ്യാർത്ഥികൾക്കു സ്ഥലം ഉണ്ട്?

(ബി) ഇപ്പോൾ ഹോസ്റ്റലിൽ എത്രവിദ്യാർത്ഥികൾ താമസമുണ്ട്?

(സി) ഇപ്പോൾ ഹോസ്ററലിൽ താമസിക്കുന്ന വിദ്യാർത്ഥികളുടെ ഒരു ജാതിവിവരംകാണിക്കുന്ന പട്ടിക ദയവായി മേശപ്പുറത്തുവയ്ക്കുമോ?

(ഡി) ഹോസ്റ്റലിൽ പ്രവേശനത്തിനു വന്ന പല്ല അപേക്ഷകളും വാർഡൻ ഉപേക്ഷിച്ചിട്ടുണ്ടോ?

(ഇ) ഉണ്ടെങ്കിൽ ഉപേക്ഷിച്ചിട്ടുള്ള അപേക്ഷകന്മാരുടെ ഒരു ജാതിവിവരം കാണിക്കുന്ന പട്ടിക ഉപേക്ഷിക്കുന്നതിനുള്ള കാരണസഹിതം തരുമോ?

മി. കെ. ജാജ് (ഗവണ്മെൻറ ചീഫ്സെക്രട്ടറി): ൧. (എ) ൧൦൫. (ബി) ൧൨൫.

(സി)	ബ്രാഹ്മണർ	൩൦.
	മെലാളർ മുതലായവർ	൧൨
	നായർ	൨൫
	ഈഴവർ	൨
	ക്രിസ്ത്യാനികൾ	൩൬

(ഡി) മറുപടി നിഷേധത്തിലാണ്. എല്ലാമുറികളിലും ആളുകൾ നിറയുന്നതുവരെ വിദ്യാർത്ഥികൾ വന്നപ്രകാരം അവർക്കു പ്രവേശനം കൊടുത്തു.

(ഇ) മൂന്നാം ഭാഗത്തിൻെറ മറുപടികൊണ്ടു ഈ ചോദ്യത്തിനു കാരണമില്ല.

സത്യവാങ്മൂലങ്ങളുടെ സംഗതിയിൽ സത്യംചെയ്യിക്കാൻ വക്കീലന്മാർക്കു അധികാരം.

൧൩൫. മി. സി. പി. തോമസ്സ് (ഗവണ്മെൻറനിയമനം): സിവിൽകോടതികളിൽ ഹാജരാക്കാനുള്ള സത്യവാങ്മൂലങ്ങളുടെ സംഗതിയിൽ പന്ത്രണ്ടു വർഷത്തിൽ കുറയാതെ പഴക്കമുള്ള വക്കീലന്മാർക്കു അവരവർ വ്യവഹരിക്കുന്ന കോടതിയിൽ ഹാജരാക്കാനുള്ള സത്യവാങ്മൂലങ്ങൾ സത്യബോധപ്പെടുത്തുന്നതിനുള്ള അധികാരം ഗവണ്മെൻറ ദയവായി കൊടുക്കുമോ?

മി. കെ. ജാജ് (ഗവണ്മെൻറ ചീഫ്സെക്രട്ടറി): സിവിൽകോർട്ട്സ് റൈറ്റ് വ്യവഹാരചട്ടം കോടതികളിൽ ഹാജരാക്കാനുള്ള സത്യവാങ്മൂലങ്ങൾ സത്യബോധപ്പെടുത്തുന്നതിനു വേണ്ടുവോളം ആളുകളെ അധികാരപ്പെടുത്തിട്ടുള്ളതുകൊണ്ടു ആ അധികാരം പന്ത്രണ്ടും അതിലധികവും വർഷം പഴക്കമുള്ള വക്കീലന്മാർക്കുംകൊടുക്കാൻ ആവശ്യമുണ്ടെന്നു ഗവണ്മെൻറ വിചാരിക്കുന്നില്ല.

മി. സി. പി. തോമസ്സ് (ഗവണ്മെൻറനിയമനം): ഈ അധികാരം പന്ത്രണ്ടുവർഷത്തിൽ കുറയാതെ പഴക്കമുള്ള വക്കീലന്മാർക്കും കൊടുക്കാൻ ആവശ്യമില്ലെന്നു ഗവണ്മെൻറ വിചാരിക്കുന്നതു എന്തുകൊണ്ടാണെന്നു പറയുമോ?

മി. കെ. ജാജ് (ഗവണ്മെൻറ ചീഫ്സെക്രട്ടറി): സത്യവാങ്മൂലങ്ങൾ സത്യബോധപ്പെടുത്തുന്നതിനു അധികാരപ്പെടുത്തിട്ടുള്ള ആളുകൾ ഇപ്പോൾതന്നെ വേണ്ടുവോളം ഉള്ളതുകൊണ്ടു ഗവണ്മെൻറ ആവശ്യമില്ലെന്നു വിചാരിക്കുന്നു.

മി. സി. പി. തോമസ്സ് (ഗവണ്മെൻറനിയമനം): എണ്ണം വർദ്ധിപ്പിച്ചാൽ വ്യവഹാരികൾക്കു സൌകര്യം കൂടുതൽ ആയിരിക്കയില്ലയോ?

മി. കെ. ജാജ് (ഗവണ്മെൻറ ചീഫ്സെക്രട്ടറി): ആവശ്യമില്ലെന്നു ഹൈക്കോടതി വിചാരിക്കുന്നു.

മി. സി. പി. തോമസ് (ഗവണ്മെൻറനിയമനം): ഈ കാര്യത്തെപ്പററി ഗവണ്മെൻറ സ്വന്തമായി ആലോചിച്ചുവോ?

മി. കെ. ജാജ് (ഗവണ്മെൻറ ചീഫ്സെക്രട്ടറി): ഹൈക്കോടതിയുടെ അഭിപ്രായം ഗവണ്മെൻറ സ്വീകരിച്ചു.

കല്ലൂപ്പാറ പ്പകുതിവക കണ്ടെഴുത്തു രജിസ്റ്റർ.

൫൩൬. മി. സി. പി. തോമസ് (ഗവൺമെൻറുനിയമനം): മററ പകുതികളുടെ കാര്യത്തിലെപ്പോലെ കല്ലൂപ്പാറപ്പകുതിവക കണ്ടെഴുത്തു റജിസ്റ്ററും അച്ചടിപ്പിച്ചു ഒരു പ്രതി തിരുവല്ലാ താലൂക്കു ആഫീസിലും ഒരു പ്രതി തിരുവല്ലാ മുൻസിപ്പു കോടതിയിലും വെപ്പാൻ വേണ്ടുന്ന ഏർപ്പാടുകൾ ഗവൺമെൻറു ദയവായി ചെയ്യുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറുസെക്രട്ടറി): കല്ലൂപ്പാറപ്പകുതി ഒരുഭാഗം ഇടപ്പള്ളിത്തമ്പുരാന്റെ സ്വന്തമാണ്. ആ പകുതിയിലുള്ള സർക്കാർ ഭൂമികളുടെ കണ്ടെഴുത്തു റജിസ്റ്റർ കണ്ടെഴുത്തുകാലത്തു ചെയ്യാറാക്കുകയും അതിന്റെ അച്ചടിച്ച പകർപ്പു താലൂക്കു ആഫീസിലും തിരുവല്ലാ മുൻസിപ്പു കോടതിയിലും സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്. ഇടപ്പള്ളിത്തമ്പുരാന്റെ സ്വന്തമായ തൃക്കുന്നപ്പുഴ വടക്കൻ ഇടപ്പള്ളി, തെക്കൻ ഇടപ്പള്ളി ഈ പകുതികളുടേയും കല്ലൂപ്പാറയും വാഴക്കുളവും പകുതികളിൽ തമ്പുരാന്റെവക സ്വന്തംസ്വത്തുക്കളുടെയും കണ്ടെഴുത്തു റജിസ്റ്ററുകൾ കണ്ടെഴുത്തുകാലത്തു ഗവൺമെൻറിൽ നിന്നു അച്ചടിപ്പിക്കാതെ ആ കാര്യത്തിൽ തമ്പുരാൻതന്നെ വേണ്ടേടുംകെട്ടുകൾ ചെയ്തുകൊള്ളുന്നതിനു വിട്ടുകൊടുത്തു. ആ ജോലി ചെയ്വാനോ അതിന്റെ ചെലവു വഹിക്കാനൊ ഗവൺമെൻറിനു കഴികയില്ല.

മി. സി. പി. തോമസ് (ഗവൺമെൻറു നിയമനം): ഗവൺമെൻറാഫീസുകളിൽ ഈ വക റിക്കാർട്ടുകളുടെ പകർപ്പുകൾ ഇല്ലാതിരിക്കുന്നതുകൊണ്ടു വോട്ടർ മാരുടെ ലിസ്ററുകളിലെ തെററുകൾ തീർക്കാൻ ഉത്സാഹമുള്ള ജനങ്ങൾക്കു ബുദ്ധിമുട്ടുണ്ടാകുന്നു എന്നു ഗവൺമെൻറിനു അറിയാമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറു സെക്രട്ടറി): അല്പം ബുദ്ധിമുട്ടുണ്ടായിരിക്കാം. കണ്ടെഴുത്തുകാലത്തു ഇതിനെസംബന്ധിച്ചു ഇടപ്പള്ളിത്തമ്പുരാനുമായി എഴുത്തുകുത്തു നടത്തിയിരുന്നു. കണ്ടെഴുത്തുറജിസ്റ്ററുകൾ അച്ചടിക്കുന്നതിനുള്ള ചെലവു മുൻകൂറായി അടയ്ക്കണമെന്നു അന്നു അദ്ദേഹത്തോടു ആവശ്യപ്പെട്ടു. അദ്ദേഹം പണം അടയ്ക്കാതെ ഗവൺമെൻറുതന്നെ ആ ജോലി നടത്തിക്കണമെന്നും അതിന്റെ ചെലവു ഗവൺമെൻറു അദ്ദേഹത്തിനു കൊടുക്കാനുള്ള സംഖ്യയിൽനിന്നു പിന്നീടു വസൂലാക്കി കൊള്ളണമെന്നും പറഞ്ഞു. ഗവൺമെൻറു അങ്ങനെ സമ്മതിക്കാതെ കാര്യം ആ തമ്പുരാന്റെ യുക്തംപോലെ ചെയ്യുന്നതിനു വിട്ടുകൊടുത്തു.

മി. സി. പി. തോമസ് (ഗവൺമെൻറുനിയമനം): പൊതുജനങ്ങളുടെ ഗുണത്തിനുവേണ്ടി സ്വന്തംചെലവിന്മേലെങ്കിലും ഈ റിക്കാർട്ടുകൾ അച്ചടിപ്പിക്കേണ്ടതാണെന്നു ഗവൺമെൻറു വിചാരിക്കുന്നില്ലയോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറുസെക്രട്ടറി): തമ്പുരാന്റെ കുടിയാന്മാർ ഈ കാര്യത്തിൽ വേണ്ടതു ചെയ്വാൻ അദ്ദേഹത്തോടു ആവശ്യപ്പെടേണ്ടതാണ്.

മി. സി. പി. തോമസ് (ഗവൺമെൻറുനിയമനം): തങ്ങളുടെ പ്രജകൾ കഷ്ടപ്പെടാതെ നോക്കേണ്ടതു തങ്ങളുടെ ധർമ്മമാണെന്നു ഗവൺമെൻറു വിചാരിക്കുന്നില്ലയോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറു സെക്രട്ടറി): കാര്യങ്ങളുടെ സ്ഥിതി എങ്ങനെയിരിക്കുന്നു എന്നു ഞാൻ വിവരിച്ചുകഴിഞ്ഞു.

മി. സി. പി. തോമസ് (ഗവൺമെൻറു നിയമനം): ഗവൺമെൻറു ഇക്കാര്യം ദയവായി പുനരാലോചന ചെയ്യുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറു സെക്രട്ടറി): ചെലവു വഹിക്കാൻ തമ്പുരാൻ തയ്യാറില്ല. അതു വഹിക്കാൻ ഗവൺമെൻറും തയ്യാറില്ല.

മി. സി. പി. തോമസ് (ഗവൺമെൻറു സെക്രട്ടറി): സംഗതികളുടെ സ്ഥിതിയാൽ, ചെലവുവഹിക്കാൻ തമ്പുരാൻ സമ്മതിക്കില്ലെങ്കിൽ, ഗവൺമെൻറിന്റെയും പ്രജകളുടെയും ബന്ധം ആലോചിച്ചു, ഗവൺമെൻറു തന്നെ ആ ചെലവു വഹിക്കേണ്ടതാണെന്നു ഗവൺമെൻറു വിചാരിക്കുന്നില്ലയോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറു സെക്രട്ടറി): ഇക്കാര്യത്തിൽ ഇതിലധികമൊന്നും പറവാൻ എനിക്കു കഴികയില്ല.

മി. സി. പി. തോമസ് (ഗവൺമെൻറു നിയമനം): ഈ കാര്യം ഗവൺമെൻറു പുനരാലോചന ചെയ്യുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറു സെക്രട്ടറി): ഇതു കേവലം തമ്പുരാന്റെ ഒരു കാര്യമാണ്. ഇന്നിവിടെ നടന്ന സംഗതികളെല്ലാം തമ്പുരാനെ അറിയിച്ചു അദ്ദേഹത്തിന്റെ അഭിപ്രായം ചോദിക്കാൻ മാത്രമേ ഗവൺമെൻറിനു കഴിയൂ.

മി. സി. പി. തോമസ് (ഗവൺമെൻറു നിയമനം): ഇക്കാര്യത്തിൽ തമ്പുരാനു ഉത്സാഹം ഉണ്ടായിരിക്കാനിടയില്ലെന്നു ഗവൺമെൻറു വിചാരിക്കുന്നില്ലയോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറു സെക്രട്ടറി): തമ്പുരാനു ഉത്സാഹം ഉണ്ടായിരിക്കണം. കുടിയാന്മാരോടു അദ്ദേഹം കരം വസൂലാക്കുന്നുണ്ടല്ലൊ.

മി. സി. പി. തോമസ് (ഗവൺമെൻറു നിയമനം): വോട്ടർമാരുടെ ലിസ്റ്റ് തമ്പുരാൻ തരുന്നതു ഗവൺമെൻറു സ്വീകരിക്കയാണോ ചെയ്യുന്നതു അതോ അതു പരിശോധിക്കാൻ ഗവൺമെൻറിനു വല്ല മാർഗ്ഗവും ഉണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറു സെക്രട്ടറി): ഇടപ്പള്ളിപകുതിവക സെററിൽമെൻറു രജിസ്റ്റർ താലൂക്കുദ്യോഗസ്ഥന്മാരുടെ അധീനത്തിൽ ഉണ്ട്. അതുനോക്കി അവർക്കു വോട്ടർമാരുടെ ലിസ്റ്റ് തയ്യാറാക്കാൻ കഴിയും.

മി. സി. പി. തോമസ് (ഗവൺമെൻറു നിയമനം): അവ അച്ചടിച്ചിട്ടുള്ളതല്ലല്ലൊ.

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറു സെക്രട്ടറി): അതു മറുപടിയിൽ വ്യക്തമായി പറഞ്ഞിട്ടുണ്ട്.

മി. സി. പി. തോമസ് (ഗവൺമെൻറു നിയമനം): അച്ചടിച്ചെലവു വഹിക്കാൻ ഗവൺമെൻറു തയ്യാറില്ലെന്നാണോ അതിന്റെ അർത്ഥം.

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറു സെക്രട്ടറി): രജിസ്റ്റർ അച്ചടിപ്പിക്കേണ്ടതു തമ്പുരാനാണ്. ഇക്കാര്യം തമ്പുരാന്റെ ശ്രദ്ധയിൽ പെടുത്താനേ ഗവൺമെൻറിനു കഴിയൂ. ഇതിലധികമൊന്നും ചെയ്യാൻ ഗവൺമെൻറിനു കഴികയില്ല.

തിരുവല്ലാതാലൂക്കിൽ വിദ്യാർത്ഥികൾക്ക ഫീസാനുകൂല്യം.

൱൩൬. മി. കല്ലൂർ നാരായനപിള്ള (പത്തനംതിട്ട): തിരുവല്ലാതാലൂക്കിലെ ഗവൎമ്മെൻറസ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ ഫീസിൽ ഉള്ള ആനുകൂല്യങ്ങൾ ഈ ആണ്ടിൽ യഥാൎത്ഥമായി അവൎക്ക കൊടുത്തിട്ടുണ്ടോ എന്നു ഗവൎമ്മെൻറ ദയവായി പറയുമോ? ഇല്ലെങ്കിൽ അതിൽ ഇത്ര വലിയ താമസത്തിനു കാരണമെന്തു?

മി. കെ. ജാർജ് (ഗവൎമ്മെൻറ ചീഫ് സെക്രട്ടറി): ഉണ്ട്. ൧൧൨൦-൨൧-ാം സ്കൂൾവർഷത്തിൽ കൊടുക്കേണ്ടുന്നതു ൧൧൨൦ വൃശ്ചികത്തിൽ കൊടുത്തു. താമസം നേരിട്ടതു അതിനെ സംബന്ധിച്ച താലൂക്കകമ്മിററിയുടെ തീർച്ചകൾ താമസിച്ചുപോയതുകൊണ്ടാണ്.

ഹൈക്കോടതി ജഡ്ജിമാർ.

൱൩൭. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): താഴെപറയുന്ന സംഗതികൾ ഗവൎമ്മെൻറ ദയവായി പറയുമോ?

(എ) ഹൈക്കോടതിയിൽ എല്ലായ്പോഴും ഒരു യൂറോപ്യൻജഡ്ജി ഉണ്ടായിരിക്കണമെന്നു വല്ല നിയമമൊ മാമൂലൊ ഉണ്ടോ?

(ബി) യൂറോപ്യൻജഡ്ജിയെക്കൂടാതെ ഹൈക്കോടതിയിൽ ഒരു ക്രിസ്ത്യാനിജഡ്ജി ഉണ്ടായിരിക്കണമെന്നു വല്ല നിയമമൊ മാമൂലൊ ഉണ്ടോ?

(സി) ഹൈക്കോടതിയിൽ എല്ലായ്പോഴും ഒരു മതമക്കത്തായംജഡ്ജി ഉണ്ടായിരിക്കണമെന്നു വല്ല നിയമമൊ മാമൂലൊ ഉണ്ടോ?

(ഡി) ഹൈക്കോടതി ജഡ്ജിമാരിൽ മൂന്നിലരണ്ടുപേർവീതം മരുമക്കത്തായികൾ ആയിരിക്കണമെന്നു സർ. പി. രാജഗോപാലചാരിയുടെ കാലത്തു ഗവൎമ്മെൻറ വല്ല ചട്ടവും പാസ്സാക്കീട്ടുണ്ടോ?

മി. കെ. ജാർജ് (ഗവൎമ്മെൻറ ചീഫ് സെക്രട്ടറി): (എ) മുതൽ (ഡി) വരെ ഓരോന്നിനും മറുപടി നിഷേധത്തിലാണ്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): (ഡി) ഭാഗം മറുപടിയെ സംബന്ധിച്ച ഹൈക്കോടതി ജഡ്ജിമാരിൽ മൂന്നരപേരിൽ രണ്ടുവീതം മരുമക്കത്തായികളായിരിക്കണമെന്നു സർ. പി. രാജഗോപാലചാരിയുടെ കാലത്തു ഗവൎമ്മെൻറ ഉത്തരവായിട്ടുണ്ടോ എന്നു പറയുമോ?

മി. കെ. ജാർജ് (ഗവൎമ്മെൻറ ചീഫ് സെക്രട്ടറി): മറുപടി നിഷേധത്തിലാണെന്നു മറുപടിയിൽ പ്രസ്താവിച്ചിട്ടുണ്ട്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): മൂന്നിൽ രണ്ടെന്നുള്ളതിനെ സംബന്ധിച്ച നിഷേധത്തിലായിരിക്കാം. മൂന്നിൽ ഒരുഭാഗം മരുമക്കത്തായികളായിരിക്കണമെന്നു ഉത്തരവായിട്ടുണ്ടോ എന്നു ചോദിച്ചുകൊള്ളുന്നു.

മി. കെ. ജാർജ് (ഗവൎമ്മെൻറ ചീഫ് സെക്രട്ടറി): അതൊരു പുതിയചോദ്യമാണ്. നോട്ടീസു വേണം.

കൊട്ടാരക്കര ആസ്പത്രിയുടെ സ്ഥാനം.

൱൩൮. മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): ൧൧൨൦ ആഗസ്റ്റ് ൯-ാം-നു ചോദിച്ച ൧൨-ാം നമ്പർ ചോദ്യത്തിന്റെ മറുപടിയിൽ വാഗ്ദാനംചെയ്തപ്രകാരം, കൊട്ടാരക്കര ആസ്പത്രിസ്ഥലത്തെ സത്രത്തിൽ മാററിയിട്ടുള്ളതു ജനങ്ങൾക്ക മുമ്പത്തെപ്പോലെതന്നെ അസൗകൎയ്യപ്രദമല്ലെ എന്നു മെഡിക്കൽ സർവീസസ് അഡ്മിനിസ്ട്രേട്ടിവു ബോർഡിനോടു ചോദിച്ചോ എന്നും ചോദിച്ചെങ്കിൽ എന്തു മറുപടിയാണു കിട്ടിയതെന്നും ഗവൎമ്മെൻറ ദയവായി പറയുമോ?

മി. കെ. ജാർജ് (ഗവൎമ്മെൻറ ചീഫ് സെക്രട്ടറി): മെഡിക്കൽ സെർവീസസ് അഡ്മിനിസ്ട്രേട്ടീവു ബോർഡിന്റെ അഭിപ്രായം അനുസരിച്ച, എക്സൈസ് ആഫീസ് അതിനായി ഉണ്ടാക്കിയ കെട്ടിടത്തിലേയ്ക്കു മാററിയതുകൊണ്ടു ആ ആഫീസിട്ടിരുന്ന കൂലിക്കെട്ടിടത്തിലേയ്ക്കു ആസ്പത്രി മാററിയിട്ടുകൊള്ളുവാൻ ഉത്തരവു അയച്ചിട്ടുണ്ട്. ആസ്പത്രിക്ക ഒരു പ്രത്യേകകെട്ടിടം പണിയാൻ തക്കതായ ഒരു സ്ഥലം തിരഞ്ഞെടുക്കുന്നതിനും ബോർഡിനോടു ആജ്ഞാപിച്ചിട്ടുണ്ട്. അതിനായി ഒരു അടങ്കൽ തയ്യാറാക്കി അയക്കാൻ ചീഫ് എഞ്ചിനിയരോടും ആജ്ഞാപിച്ചിട്ടുണ്ട്.

നായർ റെഗുലേഷൻപ്രകാരം മദ്ധ്യസ്ഥന്മാരുടെ നിയമനം.

൱൩൯. മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും—കുന്നത്തൂരും): താഴെപറയുന്ന വിവരങ്ങൾ ഗവൎമ്മെൻറ ദയവായി തരുമോ?

(എ) ൧൧൨൦ ചിങ്ങം ൧-ാം-നു പ്രാബല്യത്തിൽവന്ന നായർറെഗുലേഷന്റെ ൨-ാം അദ്ധ്യായപ്രകാരമുള്ള അന്വേഷണങ്ങളിൽ സഹായിക്കുന്നതിനായി സംസ്ഥാനത്തെ ഓരോ മുൻസിഫ് കോടതികളിലേയ്ക്കും മദ്ധ്യസ്ഥന്മാരെ നിയമിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ എന്തുകൊണ്ട്? ഈ താമസത്തിനു ഉത്തരവാദി ആരാണ്?

(ബി) ൧൧൨൦ ചിങ്ങം ൧-ാം-നു ശേഷം സംസ്ഥാനത്തെ ഓരോ മുൻസിഫ കോടതിയിലും വിവാഹമോചനക്കേസുകൾ ഫയലായിട്ടുള്ളതിന്റെ എണ്ണവും തീർച്ചയാകാതെ കിടന്ന കേസുകളുടെ എണ്ണവും.

മി. ടി. പി. രാമസുബ്ബയ്യർ (ഗവൎമ്മെൻറ സെക്രട്ടറി): (എ) ഉവ്വ്.

(ബി) ആവശ്യപ്പെട്ടവിവരം കാണിക്കുന്ന ഒരു പട്ടിക * മേശപ്പുറത്തു വെച്ചിരിക്കുന്നു.

---

* അനുബന്ധം നോക്കുക, പുറം.

ഇംഗ്ലീഷ് സ്കൂളുകളിലെ ഒന്നാംഗ്രേഡു അദ്ധ്യാപകന്മാർ.

൧൧൪. മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും) : താഴെപറയുന്നസംഗതികളെപ്പറ്റിയുള്ള വിവരങ്ങൾ ഗവൎമ്മെന്റു ദയവായി തരുമോ?

(എ) വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിൽ ഇംഗ്ലീഷ്സ്കൂൾ ക്ലാസ്സിൽ ഒന്നാംഗ്രേഡു അദ്ധ്യാപകന്മാർ ഉദ്യോഗത്തിൽ ഇപ്പോഴുള്ള ഒഴിവുകളുടെ എണ്ണം.

(ബി) ഈ ഒഴിവുകളിൽ ആളെ നിയമിക്കാതെ ഇപ്പോൾ എത്രകാലമായി.

(സി) ഈ ഒഴിവുകളിൽ അതാതുസമയം ആളെനിയമിക്കാഞ്ഞതു എന്തുകൊണ്ടു.

(ഡി) ഒന്നാംഗ്രേഡു അദ്ധ്യാപകന്മാരുടെയും രണ്ടാംഗ്രേഡ് അദ്ധ്യാപകന്മാരുടെയും ലിസ്റ്റ് പ്രസിദ്ധപ്പെടുത്തീട്ടുണ്ടോ.

മി. കെ. ജാജ് (ഗവൎമ്മെന്റു ചീഫ് സെക്രട്ടറി)

(എ) ൧൦.

(ബി) മേൽപറഞ്ഞ ആവശ്യപ്പെട്ടവിവരം താഴെ കാണിച്ചിരിക്കുന്നു.

൧൦൯൯ മിഥുനം ൨൧-നു മുതൽ ഒന്നു.
൧൧൦൦ ചിങ്ങം ൨൮-ാംനു ടി രണ്ടു.
൧൧൦൦ മകരം ൨൭-ാംനു ടി മൂന്നു.
൧൧൦൦ മിഥുനം ൨൯-ാംനു ടി ഒന്നു.
൧൧൦൦ കർക്കടകം ൧-ാംനു ടി ഒന്നു.
൧൧൦൧ കന്നി ൨൫-ാംനു ടി ഒന്നു.
൧൧൦൧ തുലാം ൧൦-ാംനു മുതൽടി ഒന്നു.
൧൧൦൧ വൃശ്ചികം ൧൫-ാംനു ടി ഒന്നു.

(സി) സിവിൽ ലിസ്റ്റിൽ തങ്ങൾക്കു കിട്ടാൻ അവകാശമുള്ള സ്ഥാനം കിട്ടീട്ടില്ലെന്നു അനേകം അദ്ധ്യാപകന്മാരുടെ നിവേദനങ്ങൾ വരികയാൽ ഗ്രാഡ്യുവേറ്റ് അദ്ധ്യാപകന്മാർക്കു അവരുടെ ലിസ്റ്റിൽ കൊടുത്തിട്ടുള്ളസ്ഥാനം പുനരാലോചനചെയ്യേണ്ടതാകയാലും ഗവൎമ്മെന്റു ആലോചനയിലുള്ളതുകൊണ്ടും ഓരോരുത്തരുടെയും സ്ഥാനം തീർച്ചയാക്കുന്നതുവരെ ഒന്നാംഗ്രേഡിലേക്കുള്ള കയറ്റം കൊടുക്കുന്നകാര്യം നിറുത്തിവെക്കുകയും ചെയ്തു.

(ഡി) ഉണ്ട്. ഒന്നിനു മൂന്നാണ്ടത്തേയ്ക്ക്.

നെയ്യാറ്റിങ്കര നാട്ടുഭാഷാ മിഡിൽസ്കൂൾ കെട്ടിടം.

൧൧൫. മി. എക്സ്. ജി. ചോപ്പ്സ് (ഗവൎമ്മെന്റുനിയമനം)

(എ) നെയ്യാറ്റിങ്കര നവർണാക്കുലർ ആൺ മിഡിൽസ്കൂളിലെ ൧ മുതൽ മൂന്നുവരെ ക്ലാസുകൾ ഇട്ടിരിക്കുന്ന കെട്ടിടം അപകടസ്ഥിതിയിലിരിക്കുന്നു എന്നുള്ള സംഗതി ഗവൎമ്മെന്റിന്നറിവുണ്ടോ?

(ബി) കെട്ടിടം നല്ലനിലയിൽ ആക്കുന്നതിനു വേണ്ടനടപടികൾ ഗവൎമ്മെന്റു ദയവായി ഉടനടി നടത്തുമോ?

മി. കെ. ജാജ് (ഗവൎമ്മെന്റുചീഫ്സെക്രട്ടറി)

(എ) കെട്ടിടം സുരക്ഷിത സ്ഥിതിയിലല്ലെന്നു റിപ്പോർട്ടുകിട്ടീട്ടുണ്ടു.

(ബി) കെട്ടിടം കാലതാമസംകൂടാതെ നന്നാക്കണമെന്നു ചീഫ്എൻജിനീയരോടു ആജ്ഞാപിച്ചിട്ടുണ്ടു.

നെയ്യാറ്റിങ്കര ഇംഗ്ലീഷ്സ്കൂളിലെ ഒഴിവിനു ആളെ നിയമിക്കുക.

൧൧൬. മി. എക്സ്. ജി. ചോപ്പ്സ് (ഗവൎമ്മെന്റുനിയമനം) : താഴെ പറയുന്നവിവരങ്ങൾ ഗവൎമ്മെന്റു ദയവായി തരുമോ?

(എ) നെയ്യാറ്റിങ്കര ഇംഗ്ലീഷ്സ്കൂൾ അദ്ധ്യാപകൻമി. പി. എൻ. നാരായണപിള്ള അവധി എടുത്തുപോയതു എന്നു?

(ബി) പെൻഷൻപറ്റുന്നതിനു മുമ്പായി ഹെഡ്മാസ്റ്റർ കെ. രാമകൃഷ്ണയ്യർ അവധിഎടുത്തതു എന്നുമുതൽ?

(സി) ഈ അദ്ധ്യാപകന്മാർക്കുപകരം യോഗ്യന്മാരായ ആളുകളെ നിയമിച്ചിട്ടുണ്ടോ?

മി. കെ. ജാജ്. (ഗവൎമ്മെന്റുചീഫ്സെക്രട്ടറി) (എ) ൧൦൯൪ ൽ ചിങ്ങം ൧൩-ന്.

(ബി) ൧൧൦൦ കന്നി ൫-ാംനു.

(സി) ഉവ്വ്.

വില്ലുകിരിച്ചന്ത.

൧൧൭. മി. എക്സ്. ജി. ചോപ്പ്സ് (ഗവൎമ്മെന്റു നിയമനം) (൧) താഴെ പറയുന്നസംഗതികൾ ഗവൎമ്മെന്റു ദയവായി പറയുമോ?

(എ) കല്ക്കുളംതാലൂക്കിൽ ആളൂർ പകുതിയിൽ വില്ലുകിരി എന്നസ്ഥലത്തു പല കാലങ്ങളിൽ ഒരു ഫർലാങ്ങിനുള്ളിൽ അടുത്തടുത്തു രണ്ടു സ്വകാര്യ ചന്തകൾ ഉണ്ടായിരുന്നോ?

(ബി) ഈ ചന്തകൾ എന്നാണു നിറുത്തലാക്കിയതു എന്നും എന്തുകാരണത്താൽ എന്നും.

(സി) സ്ഥലത്തെ എല്ലാവൎഗ്ഗക്കാരുടേയും ഉപയോഗത്തിനായി ഒരു പുതിയ പബ്ലിക്കുചന്ത ഗവൎമ്മെന്റു സ്ഥാപിച്ചിട്ടുണ്ടോ?

(ഡി) സ്ഥലത്തെ ഒരുവൎഗ്ഗക്കാർ പബ്ലിക്കുചന്തയ്ക്കു ഹാനികരമായവിധത്തിൽ രണ്ടുഫർലാങ്ങിനുള്ളിൽ ലൈസൻസുകൂടാതെ ഒരുചന്ത ക്രമമായി നടത്തുന്നുണ്ടെന്നു ഗവൎമ്മെന്റിനു അറിവുണ്ടോ?

(൨) താഴെപറയുന്ന സംഗതികൾ ഗവൎമ്മെന്റു ദയവായിപറയുമോ?

(എ) ലൈസൻസുകൂടാതെ ആ ചന്ത നടത്തുന്നതിനെപ്പറ്റി ഗവൎമ്മെന്റിൽ ബോധിപ്പിച്ചിട്ടുള്ള ഹർജികളുടെഎണ്ണം.

(ബി) ആ ഹർജികൾപ്രകാരം എന്തുനടപടികൾ നടത്തിഎന്നു.

(സി) ലൈസൻസുകൂടാതെ നടത്തുന്ന ചന്ത ഉടനെ നിറുത്തൽചെയ്യുന്നതിനും അങ്ങനെ നടത്തുന്നവരുടെ മേൽ യഥായോഗ്യം നടപടികൾ നടത്തുന്നതിനും ഗവണ്മെന്റ വകയായി അധികാരസ്ഥന്മാർക്കു ഉത്തരവുകൾ അയക്കുമോ?

മി. ടി. പി. രാമസ്വാമയ്യർ (ഗവണ്മെന്റുസിക്രട്ടറി):

(എ) (എ) രണ്ടു സ്വകാര്യ അനധികൃതചന്തകൾ ഉണ്ടായിരുന്നു. ഒന്നു പണ്ടാരക്കാട്ടിലും മറ്റേതു രണ്ടു ഫർലാങ്ങുദൂരെ വില്ലക്കിരിയിലും.

(ബി) സ്ഥലത്തെ നാടാന്മാരും ഈഴവരും തമ്മിൽ രസമില്ലാതെ വരികയാൽ പൊതുജനങ്ങളുടെ സമാധാനത്തിനും രക്ഷയ്ക്കുംവേണ്ടി ൧൦൯൨ ജനുവരി ൯-ാം തീയതിയിലത്തെ ജുഡിഷ്യൽ ൨൨/൧൫-ാംനമ്പർ ഗവണ്മെന്റ ഉത്തരവിൻപ്രകാരം ൧൦൯൨ ചിങ്ങം ൧-ാംനു- മുതൽ രണ്ടു ചന്തകൾ നിറുത്തലാക്കി.

(സി) ഉവ്വ്.

(ഡി) മറുപടി നിഷേധത്തിലാണു.

(ഇ) (എ) അനുവാദംകൂടാതെ ഒരു സ്വകാര്യചന്ത നടത്തുന്നതിനെപ്പറ്റി ഒരു പരാതിഹർജി ഗവണ്മെന്റിൽകിട്ടി.

(ബി) അനുവാദംകൂടാതെ ചന്തനടത്തുന്നു എന്നുള്ള ആക്ഷേപം അടിസ്ഥാനരഹിതമാണെന്നു അന്വേഷണത്തിൽ കണ്ടു.

(സി)-(ഇ) (എ)-യും (ബി)-യും ഭാഗങ്ങളുടെ മറുപടികൊണ്ടു ഈ ചോദ്യത്തിനു സംഗതിയില്ല.

ചായവ്യവസായത്തിന്റെ പ്രോത്സാഹനം.

൧൪൦. മി. എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്ക):

(എ) തിരുവിതാംകൂറിലെ വനങ്ങളിലും തീരപ്രദേശങ്ങളിലും ധാരാളമുണ്ടെന്നു റിപ്പോർട്ടുചെയ്തിട്ടുള്ള ചായമെടുക്കാനുള്ള സാധനങ്ങൾകൊണ്ടു ചായവ്യവസായം നടത്തുന്ന കാര്യത്തിൽ എന്തെല്ലാം ആനുകൂല്യങ്ങളും സൌകര്യങ്ങളും ചെയ്തുകൊടുക്കാനാലോചനയുണ്ടെന്നു ഗവണ്മെന്റ വകയായി പറയുമോ?

(ബി) ശാസ്ത്രീയഗവേഷണങ്ങൾ കഴിഞ്ഞാൽ ഗവണ്മെന്റു നടത്തുന്ന ചായംമുക്കൽശാലയെപ്പോലെ ഒരു മാതൃകാ വ്യവസായശാല ഗവണ്മെന്റ വകയായി ഏർപ്പെടുത്തുമോ?

മി. ടി. പി. രാമസ്വാമയ്യർ (ഗവണ്മെന്റുസിക്രട്ടറി):

(എ) ചായമെടുക്കാനുള്ള സാധനങ്ങൾ തിരുവിതാംകൂറിൽ ധാരാളമുണ്ടെന്നു ഗവണ്മെന്റിനു അറിവില്ല. സെൻട്രൽ ടെക്നോളജിക്കൽ ഇൻസ്റ്റിട്യൂട്ടിൽ സാധാരണചായങ്ങളും കൃത്രിമച്ചായങ്ങളും ഉണ്ടാക്കുന്നതിനു ഉപദേശംകൊടുക്കുന്നതിനായി ഒരു ക്ലാസ്സു നടത്താൻ വ്യവസ്ഥചെയ്തിട്ടുണ്ടു.

(ബി) ഇവിടെ ചായംകൊടുക്കുന്ന ഒരു ഉൾനാടൻ ശാലയും നെയ്തുള്ള സാധനങ്ങൾക്കു ചായംകൊടുക്കുന്ന ഒരു ചായശാലയും ഗവണ്മെന്റു ഇപ്പോൾതന്നെ നടത്തുന്നുണ്ടു. ഇവരണ്ടും ഒന്നായി കൂട്ടിച്ചേർക്കുന്നതുകൊണ്ടു വല്ലഗുണവും സിദ്ധിക്കുമെന്നു വിശ്വാസമില്ല.

മി. എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്ക): ചായം എടുക്കാനുള്ള സാധനങ്ങൾ തിരുവിതാംകൂറിൽ ധാരാളമുള്ളതായി ഗവണ്മെന്റിനു അറിവില്ലെന്നു (എ)-ാംഭാഗം ചോദ്യത്തിന്റെ മറുപടിയിൽ പറഞ്ഞിരിക്കുന്നു. ഡാക്ടർ ബാക്കറിന്റെ വ്യവസായ സർവെറിപ്പോർട്ടിൽ തിരുവിതാംകൂറിൽ ചായമെടുക്കാനുള്ള സാധനങ്ങൾ ധാരാളമായിട്ടുണ്ടെന്നു പ്രസ്താവിച്ചിട്ടുള്ള സംഗതി മെമ്പർക്കു അറിയാമോ?

മി. ടി. പി. രാമസ്വാമയ്യർ (ഗവണ്മെന്റുസെക്രട്ടറി): തിരുവിതാംകൂറിൽ ചായമെടുക്കാനുള്ള സാധനങ്ങൾ ധാരാളമായിട്ടുണ്ടെന്ന് ഗവണ്മെന്റിനറിവില്ലെന്നാണ് മറുപടിയിൽ പറഞ്ഞിട്ടുള്ളതു.

മി. എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്ക): ഡാക്ടർ ബാക്കർ തന്റെ തിരുവിതാംകൂർ ഇൻഡസ്ട്രിയൽ സർവെ റിപ്പോർട്ടിൽ ചായമെടുക്കാനുള്ള സാധനങ്ങൾ ഇവിടെ ധാരാളമായിട്ടുണ്ടെന്നു പ്രസ്താവിച്ചിട്ടില്ലയോ?

മി. ടി. പി. രാമസ്വാമയ്യർ (ഗവണ്മെന്റുസെക്രട്ടറി): അതിനെപ്പറ്റി എനിക്കറിവില്ല.

മി. എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്ക): ഈ ചോദ്യത്തിന്റെ മറുപടി തയാറാക്കുന്നതിനുമുമ്പായി ഗവണ്മെന്റ ആ റിപ്പോർട്ടു പരിശോധിച്ചുവോ എന്നു പറയുമോ?

മി. ടി. പി. രാമസ്വാമയ്യർ (ഗവണ്മെന്റുസെക്രട്ടറി): ഡാക്ടർ ബാക്കറുടെ പ്രസ്താവനയെപ്പറ്റി എനിക്കറിവില്ല.

മി. എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്ക): ഡാക്ടർ ബാക്കറുടെ "വ്യവസായസർവെ"യെപ്പറ്റി അങ്ങേക്കറിവുണ്ടോ?

മി. ടി. പി. രാമസ്വാമയ്യർ (ഗവണ്മെന്റുസെക്രട്ടറി): ഉണ്ട്.

തിരുവിതാംകോട്ടെ പോലീസിന്റെ ജാഗ്രത.

൧൪൧. മി. എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്ക):

(എ) തിരുവിതാംകോട്ടു കളവുകളും കവർച്ചകളും വർദ്ധിക്കുന്നു എന്നുള്ളതു യഥാർത്ഥമാണോ?

(ബി) ചില ചട്ടമ്പികളുടെ ദ്രോഹവും ഉപദ്രവംനിമിത്തം മാന്യരായ സ്ത്രീപുരുഷന്മാർക്കു പബ്ലിക്കറോഡുകളിൽകൂടെ സഞ്ചരിക്കാൻ പ്രയാസമായിവന്നിരിക്കുന്നു എന്നുള്ളതു പരമാർത്ഥമാണോ?

(സി) ഗവണ്മെന്റു ഇക്കാര്യത്തെപ്പറ്റി അന്വേഷണംചെയ്തു വേണ്ട നടപടികൾനടത്തുമോ?

മി. കെ. ജോർജ് (ഗവണ്മെന്റ ചീഫ്സെക്രട്ടറി): (എ)-ഉം (ബി)-ഉം മറുപടി നിഷേധത്തിലാണ്. (സി) (എ)-ഉം (ബി)-ഉം ഭാഗങ്ങളുടെ മറുപടികൊണ്ടു ഈ ചോദ്യത്തിനു സംഗതിയില്ല. എങ്കിലും പോലീസ് കമ്മീഷണർതന്നെ പോയി അന്വേഷണംനടത്തണമെന്നു അദ്ദേഹത്തോടു ആജ്ഞാപിച്ചിട്ടുണ്ടു.

"ബ്രേക്ക്ബോണ്ട് കൺസെഷൻ" സംബന്ധിച്ച ദിവാന്റെ പ്രഖ്യാപനം.

൧൪൨. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): "ബ്രേക്ക്ബോണ്ട് കൺസെഷൻ" സംബന്ധിച്ച് ശ്രീമൂലംപ്രജാസഭയുടെ ഇരുപത്തിമൂന്നാമത്തെ യോഗത്തിൽ ദിവാൻ ചെയ്ത പ്രസംഗത്തിൽ "ഇക്കാര്യം -

സാധത്തിൽ തീർച്ചചെയ്യുന്നതു ജനപ്രതിനിധികളായിരിക്കും" എന്നു പ്രസ്താവിച്ചതിനെസംബന്ധിച്ചു താഴെ പറയുന്ന വിവരങ്ങൾ ഗവണ്മെൻറ് ദയവായി പറയുമോ?

(എ) ഈ പ്രഖ്യാപനം ചെയ്തപ്പോൾ ഗവണ്മെൻറിൻെറ മനസ്സിൽ എന്തായിരുന്നു?

(ബി) "ബ്രൂക്ക്ബോണ്ട് കൺസെഷൻ" ഒരു സ്വാതന്ത്ര്യത്തിലാകുമെന്നോ [illegible] അഭിപ്രായം എടുക്കേണ്ടതായിരുന്നോ ഇതിൻെറ അർത്ഥം?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ് സെക്രട്ടറി): (എ)യും (ബി)യും ഗവണ്മെൻറിൻെറ അഭിപ്രായം ചോദ്യത്തിൻെറ (ബി) ഭാഗത്തിൽ മെമ്പർ പ്രസ്താവിച്ചപ്രകാരം ആയിരുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): (ബി) ഭാഗത്തിൻെറ മറുപടിയെസംബന്ധിച്ച് മേല്പടി പ്രഖ്യാപനത്തിനു ശേഷം ഗവണ്മെൻറിൻെറ അഭിപ്രായത്തിൽ വല്ല ഭേദഗതിയും ഉണ്ടായിട്ടുണ്ടോ എന്നു പറയുമോ? മറുപടിയിൽ പ്രയോഗിച്ചിട്ടുള്ള പദം "ആയിരുന്നു" എന്നാണ്. ഗവണ്മെൻറിൻെറ അഭിപ്രായം ഇപ്പോഴും അതുതന്നെയാണോ എന്നറിയുന്നതിന് എനിക്കു ആഗ്രഹമുണ്ട്.

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ് സെക്രട്ടറി): ഈ നിമിഷംവരെ അതങ്ങനെ തന്നെയാണ്.

ബ്രൂക്ക്ബോണ്ട് തേയിലക്കമ്പനിയുമായുള്ള ഇടപാട്.

൪൩൯. മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): ശ്രീമൂലം പ്രജാസഭയുടെ [illegible] യോഗത്തിൽ ദിവാൻ ചെയ്ത പ്രസംഗത്തിൻെറ പന്ത്രണ്ടാംവകുപ്പിൽ കുറെ അധികം പുല്ലുമേൽസ്ഥലങ്ങൾ പതിച്ചുകൊടുക്കാനുള്ള വ്യവസ്ഥയെക്കുറിച്ചു ചെയ്തിട്ടുള്ള പ്രസ്താവനയെസംബന്ധിച്ചു താഴെ പറയുന്ന സംഗതികൾ ഗവണ്മെൻറ് ദയവായി പറയുമോ?

(എ) ബ്രൂക്ക്ബോണ്ട് ടീ കമ്പനിയും ഗവണ്മെൻറും തമ്മിലുള്ള എഴുത്തുകുത്തുകൾ ഇപ്പോൾ ഏതു നിലയിൽ പ്രാപിച്ചിട്ടുണ്ട്?

(ബി) പ്രസ്താവത്തിലെ ഭൂമികളുടെ സർവെ അവസാനിച്ചുവോ?

(സി) സ്ഥലം തേയില കൃഷിക്കു പററിയതായി കണ്ടുവോ?

(ഡി) മേല്പടി സർവെസംബന്ധിച്ചു ഗവണ്മെൻറിൽനിന്നു വല്ല പണവും ചെലവാക്കീട്ടുണ്ടോ ഉണ്ടെങ്കിൽ ചെലവാക്കിയതോ ചെലവാക്കാൻ ഉദ്ദേശിക്കുന്നതോ ആയ സംഖ്യ എത്ര?

(ഇ) ആലോചനയിൽ ഇരിക്കുന്ന വ്യവസ്ഥയെപ്പററി പൊതുജനങ്ങളുടെ വിരോധവും യോഗങ്ങൾ, നിവേദനങ്ങൾ, കത്തുകൾ, ലഘുലേഖകൾ മുതലായി പൊതുജനപ്രതിനിധികളുടെ പ്രസിദ്ധീകരണങ്ങൾ, തിരുവിതാംകൂറിലും വിദേശങ്ങളിലും ഉള്ള വർത്തമാനപത്രങ്ങളുടെ ആക്ഷേപങ്ങൾ എന്നിവ പ്രത്യക്ഷപ്പെടുത്തിട്ടുള്ള എതിരഭിപ്രായത്തിൻെറ ശക്തിയും എത്രത്തോളമുണ്ടെന്നു ഗവണ്മെൻറിനറിവുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ് സെക്രട്ടറി):

(എ) രജിസ്റ്റർചെയ്യുന്നതിനെപ്പററി കമ്പനിയുമായി യാതൊരു കരാറുംകൂടിയും ഉണ്ടായിട്ടില്ല. സ്ഥലം പരിശോധിച്ചു പമ്പയാർ ഏരിയായിൽ എത്ര ഭൂമിയുണ്ടെന്നും തേയില കൃഷിക്കു പററിയതും പററാത്തതുമായ സ്ഥലങ്ങൾ ഏതെല്ലാമെന്നും ഇൻഡ്യാ സർവെ മാപ്പുകളിൽ രേഖപ്പെടുത്തുന്നതിനായി ഒരു സംഘം സർവെയർമാരെ പ്രാരംഭമായി നിയോഗിച്ചയച്ചു. അവർ [illegible] മാർച്ച് [illegible] ജോലി ആരംഭിച്ചു ഇപ്പോഴും ചെയ്തു വരുന്നു.

(ബി) സർവെയർമാർ അവരുടെ ജോലി പൂർത്തിയാക്കീട്ടില്ല.

(സി) സർവെയർമാർ ജോലി പൂർത്തിയാക്കിയശേഷമേ ഇതറിവാൻ നിവൃത്തിയുള്ളു.

(ഡി) ഇതുസംബന്ധിച്ചുള്ള ചെലവിലേക്ക് വനംവകുപ്പ് ബഡ്ജററിൽ "കൺസർവൻസിയും വർക്ക്സും" എന്ന ഇനത്തിൽനിന്നു ൫൦൦൦ രൂപ അനുവദിച്ചിട്ടുണ്ട്. കാട്ടുമരം തെളിക്കുക, കുടാരപ്പടികൾ മുതലായ ചെലവിലേക്ക് ഫാറസ്റ്റ് കമ്മീഷണർ ൭൦൦ രൂപയും ആ സർവെസംഘത്തിൻെറ അധീനത്തിൽ വെച്ചിട്ടുണ്ട്. ജോലി തീർന്നശേഷമേ യഥാർത്ഥചെലവു അറിവാൻ നിവൃത്തിയുള്ളു.

(ഇ) ഈ വ്യവസ്ഥയെസംബന്ധിച്ചു ചില ആക്ഷേപങ്ങൾ ഉണ്ടായിട്ടുണ്ടെന്നു ഗവണ്മെൻറിനറിവുണ്ട്.

മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): "ബ്രൂക്ക്ബോണ്ട്" കമ്പനിക്കാരുടെ അപേക്ഷപ്രകാരമാണോ സ്ഥലം സർവെചെയ്യുവരുന്നതു?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ് സെക്രട്ടറി): സർവെചെയ്യുന്നില്ല; പരിശോധിക്കയാണ്.

മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): സ്ഥലം ഉണ്ടോ എന്നു പരിശോധിക്കുന്നതു ബ്രൂക്ക്ബോണ്ട് കമ്പനിക്കാരുടെ അപേക്ഷപ്രകാരമാണോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ് സെക്രട്ടറി): ഇതിനെപ്പററി പ്രസിഡൻറ് നവംബർമാസത്തിൽ നടന്ന നിയമസഭായോഗത്തിൽ വിശദമായിട്ടു പറഞ്ഞിട്ടുണ്ട്.

മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): ഈ [illegible] പമ്പയാർ ഏരിയാ എന്നു പറയുന്ന സ്ഥലം [illegible] പത്തനംതിട്ട മുതലായ സ്ഥലങ്ങളിൽകൂടി ഒഴുകി [illegible] ചേരുന്ന പമ്പാനദിയുടെ തീരത്തുള്ള സ്ഥലമാണോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ് സെക്രട്ടറി): അതെ.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): മറുപടി കേൾക്കാൻ കഴിയുന്നില്ല.

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ് സെക്രട്ടറി): അതെ.

മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): പമ്പയാർ പ്രോജക്ടിൻെറ ഏരിയാകൂടി ഇതിൽ ഉൾപ്പെടുത്തീട്ടുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ് സെക്രട്ടറി): ഇതിൽ ഏതെല്ലാം ഉൾപ്പെടുമെന്നു സർവെസംഘത്തിൻെറ റിപ്പോർട്ട് വന്നശേഷമേ പറയാൻ സാധിക്കയുള്ളു.

മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): ഇപ്പോൾ സർവെചെയ്യുന്ന സ്ഥലം ഫാറസ്റ്റ് കമ്മീഷണറോ കൃഷിക്കാരോ വനം കണ്ടുകെട്ടി പററമാക്കിയിട്ടുള്ള സ്ഥലമാണോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ സെക്രട്ടറി): ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറുകാർ കണ്ടിട്ടുള്ള സ്ഥലമാണ്.

മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): മി. ധനുഷ്കോടിപ്പിള്ള കണ്ടിട്ടുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ സെക്രട്ടറി): അതു അദ്ദേഹത്തോടുതന്നെ ചോദിക്കണം. ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറുകാർ കണ്ടിട്ടുണ്ടെന്നാണ് തോന്നുന്നത്. ദിവാൻജി ആ സ്ഥലം കാണാൻപോയപ്പോൾ കൺസർവേറ്ററും കൂടി പോയിരിക്കണം.

മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): ലാൻഡ്‌റവന്യൂ കമ്മീഷണർ ആ സ്ഥലം കണ്ടിട്ടുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ സെക്രട്ടറി): സ്ഥിരം കമ്മീഷണർ ഇവിടെ ഇല്ല. മി. കുഞ്ഞുപിള്ള കണ്ടിട്ടുണ്ടെന്ന തോന്നുന്നില്ല.

മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): തേയിലകൃഷിക്കുപയുക്തമായ സ്ഥലം അവിടെ ഉണ്ടോ എന്നുമാത്രമേ നോക്കുന്നുള്ളോ, അതല്ല തെങ്ങു മരച്ചീനി നെല്ലു മുതലായ നാടൻ കൃഷികൾക്കും ഉപയുക്തമായ സ്ഥലം ഉണ്ടോ എന്നുംകൂടി പരിശോധിക്കുന്നുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ സെക്രട്ടറി): സർവേസംഘത്തിൻെറ റിപ്പോർട്ടു കണ്ടതിനുശേഷംമാത്രമേ സാധിക്കുകയുള്ളു.

മി. കല്ലൂർനാരായണപിള്ള (പത്തനംതിട്ട): തേയിലകൃഷിക്കുപയുക്തമായ സ്ഥലം ഉണ്ടോ എന്നാണോ പരിശോധിക്കുന്നത്.

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ സെക്രട്ടറി): പരിശോധനയുടെ പ്രധാനമായ ഉദ്ദേശം തേയിലകൃഷിക്കുപയുക്തമായ സ്ഥലം ഉണ്ടോ എന്നാണ്. മററുള്ള കൃഷിക്കും ഉപയോഗയോഗ്യമായ സ്ഥലം ഉണ്ടെങ്കിൽ അതും റിപ്പോർട്ടിൽ പറയുമായിരിക്കാം.

മി. കല്ലൂർനാരായണപിള്ള (പത്തനംതിട്ട): അതും അവരോടു ആവശ്യപ്പെട്ടിട്ടുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ സെക്രട്ടറി). മുഖ്യമായിട്ടു തേയിലകൃഷിക്കുപയുക്തമാണോ എന്നാണ് നോക്കാൻ ആവശ്യപ്പെട്ടിട്ടുള്ളത്.

മി. കല്ലൂർനാരായണപിള്ള (പത്തനംതിട്ട): ബ്രൂക്ക്ബോണ്ട് കമ്പനിക്കാരുടെ ആവശ്യപ്രകാരമാണോ ഈ സ്ഥലം സർവേചെയ്യുന്നത്? അങ്ങിനെയാണെങ്കിൽ ആ ചെലവു കമ്പനിക്കാർ വഹിക്കേണ്ടതല്ലേ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ സെക്രട്ടറി): അവർ ആവശ്യപ്പെട്ടിട്ടാണെന്നു പറഞ്ഞിട്ടില്ല. അവർ ഒരു പദ്ധതി അയച്ചു. അതു ഗുണകരമാണെന്നു കരുതി മേൽനടപടി നടത്തിവരികയാണ്.

മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): അത് ഈ കമ്പനിക്കാർക്കു ഭൂമി പതിച്ചുകൊടുക്കാനാണോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ സെക്രട്ടറി). ഭൂമിതന്നെ ഉണ്ടോ എന്നു ആദ്യം അറിയണം.

മി. കല്ലൂർനാരായണപിള്ള (പത്തനംതിട്ട): ഭൂമി ഉണ്ട്. സർവേസംഘത്തിൻെറ കൂടെ ഈ കമ്പനിക്കാരുടെ ഏജൻറന്മാർ ആരെങ്കിലും ഉണ്ടായിരുന്നോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ സിക്രട്ടറി): ഉണ്ടായിരുന്നു.

മി. കല്ലൂർനാരായണപിള്ള (പത്തനംതിട്ട): അവരുടെ ചെലവു ഗവണ്മെൻറിൽനിന്നുമാണോ വഹിക്കുന്നത്?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറസിക്രട്ടറി): അവരുടെ ചെലവു അവർതന്നെ വഹിക്കണം.

മി. കല്ലൂർനാരായണപിള്ള (പത്തനംതിട്ട): പമ്പയാർക്യാച്ച്മെൻറു ഏരിയ തേയിലകൃഷിക്കുകൊടുത്താൽ മല്ലപ്പള്ളി [illegible] താലൂക്കിന്നു എന്തെങ്കിലും ദോഷം ഉണ്ടോ എന്നു വിദഗ്ദ്ധാഭിപ്രായം വരുത്തിയിട്ടുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ സെക്രട്ടറി): ഇതെല്ലാം സർവേസംഘത്തിൻെറ റിപ്പോർട്ടുവന്നതിനുശേഷം ചിന്തിക്കേണ്ട കാര്യങ്ങളാണ്. തേയിലകൃഷിക്കു ഉപയോഗമായ ഭൂമിയില്ലാ എന്നാണ് റിപ്പോർട്ടു വരുന്നതെങ്കിൽ മേൽനടപടിക്കു ആവശ്യമില്ലല്ലോ.

ബ്രൂക്ക്ബോണ്ട് തേയിലക്കമ്പനിക്കു ഭൂമി പതിച്ചുകൊടുക്കുക.

൭൩൯. മി. ജി. നാരായണപിള്ള (തിരുവല്ലാ): താഴെ പറയുന്ന സംഗതികൾ ഗവണ്മെൻറു ദയവായി പറയുമോ?

(എ) ഒരു ഇംഗ്ലീഷ് ടീകമ്പനിക്കു (ബ്രൂക്ക്ബോണ്ട് ടീകമ്പനിക്കു) പതിച്ചുകൊടുക്കാൻ ആലോചിക്കുന്ന ഭൂമികളുടെ സർവേ എത്രത്തോളം ആയിട്ടുണ്ട്?

(ബി) തേയിലകൃഷിക്കു ഉപയുക്തമായി എത്രത്തോളംകണ്ടു ഭൂമിയുടെ വിസ്തീർണ്ണവും [illegible] അളുക്കുന്നു,

(സി) ഭൂമി അവർക്കു പതിച്ചുകൊടുക്കുകയാണെങ്കിൽ അവർ തരാമെന്നു പറഞ്ഞിട്ടുള്ള താവിചാരിതം.

(ഡി) ഈ പുഴ പതിച്ചുകൊടുക്കുന്ന സംഗതി കമ്പനിയുമായുള്ള ഉടമ്പടി പൂർത്തിയാകുന്നതിനു മുമ്പായി ഈ സഭയുടെ അഭിപ്രായത്തിന്നു വിഷയമാക്കാൻ ഗവണ്മെൻറു ഉദ്ദേശിക്കുന്നുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറസിക്രട്ടറി): (എ) യും (ബി) യും മി. കല്ലൂർ നാരായണപിള്ള ചോദിച്ച [illegible] ചോദ്യത്തിനു കൊടുത്ത മറുപടി മെമ്പർ നോക്കണം.

(സി) കമ്പനി നിരക്കൊന്നും പറഞ്ഞിട്ടില്ല.

(ഡി) ഉവ്വ്.

മി. ജി. നാരായണപിള്ള (തിരുവല്ലാ): (എ) ഭാഗത്തിൻെറ മറുപടിയായി [illegible] ചോദ്യത്തിൻെറ മറുപടി നോക്കാൻ [illegible] പറഞ്ഞിരിക്കുന്നത്. അതിൽ ഏതൻെറ [illegible] [illegible]

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ സെക്രട്ടറി): [illegible] [illegible] പൂർത്തിയായിട്ടില്ല. [illegible] പൂർത്തിയാക്കുന്ന [illegible] [illegible] അതിൻെറ [illegible] [illegible]

മി. ജി. നാരായണപിള്ള (തിരുവല്ലാ): [illegible] ഉണ്ടോ [illegible] പാട്ടവും

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറസെക്രട്ടറി). (എ) ഭാഗത്തിനു ഉത്തരം ഉണ്ട്. [illegible]

ജോലിആരംഭിച്ചു ഇപ്പോൾ ചെയ്തുവരുന്നു. എത്രത്തോളം ജോലി ആയിട്ടുണ്ടെന്നു ഗവർമ്മെന്റിനു പറയാൻ നിവൃത്തിയില്ല. സർവേയർമാർ ജോലിചെയ്യുന്നതു വനത്തിന്റെ ഉള്ളിലാണ് അവരുടെ ജോലിയുടെ അഭിവൃദ്ധിയെപ്പററി ഗവർമ്മെന്റിനു റിപ്പോർട്ടുകിട്ടുന്നില്ല.

മി. ജി. നാരായണപിള്ള (തിരുവല്ല): (സി) ഭാഗത്തെസംബന്ധിച്ചു കമ്പനിയിൽനിന്നും പറഞ്ഞിട്ടില്ലന്നു പറഞ്ഞിരിക്കുന്നു. വല്ല വ്യവസ്ഥയുമുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെന്റുസെക്രട്ടറി): യാതൊന്നുമില്ല. ആദ്യംകിട്ടിയ അപേക്ഷമാത്രമേയുള്ളു.

ബ്രൂക്ക്ബാണ്ട് തേയിലക്കമ്പനിക്കു ഭൂമി പതിച്ചുകൊടുക്കാനുള്ള ആലോചന.

൨൭൦. മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും). (എ) തിരുവിതാംകൂർ തേയിലകൃഷിചെയ്യുന്നതിനു ബ്രൂക്ക്ബാണ്ട് കമ്പനിക്കു ഭൂമി പതിച്ചുകൊടുക്കുന്നതിനുവേണ്ടി ആ ഭൂമികൾ സർവേചെയ്യുന്നതിനു ഒരു പ്രത്യേക സർവേസംഘത്തെ നിയോഗിച്ചയച്ചിട്ടുണ്ടെന്നുള്ളതു യഥാർത്ഥമാണോ എന്നു ഗവർമ്മെന്റു ദയവായി പറയുമോ?

(ബി) ആ സർവേസംഘത്തിന്റെ ചെലവിലേയ്ക്കു വല്ല സംഖ്യയും ഗവർമ്മെന്റു അനുവദിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ എത്ര?

(സി) ഒരു വിദേശകമ്പനിയ്ക്കു ഭൂമി പതിച്ചുകൊടുക്കുന്നതു അഭിലഷണീയമോ അല്ലയോ എന്നു ഏതെങ്കിലും ഒരുവിധം തീർച്ചയാക്കുന്നതിനുമുമ്പായി ഈ സർവേജോലി ആരംഭിച്ചതിന്റെ ആവശ്യം എന്തായിരുന്നു എന്നു ഗവർമ്മെന്റു ദയവായി പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെന്റു സെക്രട്ടറി):

(എ) മി. കല്ലൂർ നാരായണപിള്ളയുടെ ൧൬൮-ാംനമ്പർ ചോദ്യത്തിന്റെ (എ) ഭാഗം മറുപടി മെമ്പർ നോക്കണം.

(ബി) മി. കല്ലൂർ നാരായണപിള്ളയുടെ ൧൬൮-ാംനമ്പർ ചോദ്യത്തിന്റെ (ഡി) ഭാഗം മറുപടി മെമ്പർ നോക്കണം.

(സി) നിയമസഭയുടെ ൧൧-ാമത്തെ സമ്മേളനത്തിൽ നവംബർ ൨൪-ാംതീയതിയിലെ യോഗത്തിൽവെച്ചു ചെയ്തതും അച്ചടിച്ചു നിയമസഭാ പ്രൊസീഡിംഗ്സ് പത്താംപുസ്തകം ൨൩൦ മുതൽ ൨൩൩-ാംപുറത്തു പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതുമായ ദിവാന്റെ പ്രസംഗം മെമ്പർ വായിച്ചുനോക്കണം.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): സർവേസംഘത്തിന്റെ ചെലവിലേക്കുവേണ്ട പണത്തിനു ഒരു സപ്ലിമെന്ററിഗ്രാന്റിനു അഭ്യർത്ഥനകൊണ്ടുവരുന്നതാണുയുക്തമെന്നു ഗവർമ്മെന്റു വിചാരിക്കാഞ്ഞതു എന്തുകൊണ്ടാണെന്നു പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെന്റു സെക്രട്ടറി): വനം ഡിപ്പാർട്ടുമെന്റിന്റെ ബഡ്ജറ്റിൽ പണം ഉണ്ടായിരുന്നതുകൊണ്ടു അതിനാവശ്യം ഉണ്ടായിരുന്നില്ല.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ആ ഡിപ്പാർട്ടുമെന്റിലേക്കു പണം അനുവദിച്ചപ്പോൾ ഈ ചെലവു ഉണ്ടാകുമെന്നു അറിഞ്ഞിരുന്നുവോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെന്റു സെക്രട്ടറി): ഈ ചെലവിനെപ്പററി അറിഞ്ഞിരുന്നില്ല.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ൧൧൭ രൂപായുടെ ഒരു ചെലവിനു ഈ പ്രാവശ്യം ഒരു സപ്ലിമെന്ററി ഗ്രാന്റിനു ചോദിക്കുന്നുണ്ടല്ലോ. ആ സംഖ്യ ഹൈറേഞ്ചസിൽനിന്നു എടുക്കാഞ്ഞതു എന്തുകൊണ്ടാണെന്നു പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെന്റു സെക്രട്ടറി): അതു സാനിട്ടറി ഡിപ്പാർട്ടുമെന്റിലാണ്. വനംഡിപ്പാർട്ടുമെന്റിൽനിന്നു സാനിട്ടറി ഡിപ്പാർട്ടുമെന്റിലേക്കു നേരെമറിച്ചോ ഗവർമ്മെന്റിനു പണം തിരിച്ചുകൊടുക്കാൻ പാടില്ല. ഈ രണ്ടു ഡിപ്പാർട്ടുമെന്റുകളും അന്യോന്യം ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റുകൾ സംബന്ധിച്ചതാണ്. ആ ഡിപ്പാർട്ടുമെന്റുകളുടെ ബഡ്ജറ്റിൽ പണം ഉണ്ടായിരുന്നതുകൊണ്ടു ഒരു സപ്ലിമെന്ററി ഗ്രാന്റിനു അഭ്യർത്ഥനകൊണ്ടുവരുവാൻ ആവശ്യമുണ്ടായിരുന്നില്ല.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): അന്യർക്കു ഭൂമി പതിച്ചുകൊടുക്കുന്നതിനായി സർവേനടത്തുന്നതിനുള്ള ചെലവു വഹിക്കുന്നതിനെസംബന്ധിച്ചുള്ള ചട്ടം എന്താണു? ഈ കാര്യത്തിൽ ആ ചട്ടം അനുസരിക്കാഞ്ഞതു എന്തുകൊണ്ടാണു?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെന്റു സെക്രട്ടറി): ചട്ടങ്ങൾപ്രകാരം സർവേചെലവു ആദ്യം ഗവർമ്മെന്റു വഹിക്കയും പിന്നീടു കക്ഷിയോടു വസൂലാക്കുകയും ചെയ്യും. എന്നാൽ ബഹുമാനപ്പെട്ട മെമ്പറുടെ ചോദ്യത്തിനു മറുപടിപറയുന്നതുപോലെ ഇക്കാര്യത്തിൽ സർവേചെയ്യുന്നില്ല.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): പിന്നാൽ രജിസ്റ്റർചെയ്യുന്നകാര്യത്തിൽ കക്ഷികൾ കൊടുക്കേണ്ടി മുൻകൂറായി പണം ഗവർമ്മെന്റിൽനിന്നു ചെലവാക്കാമെന്നാണോ ചട്ടം?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെന്റു സെക്രട്ടറി): തീർച്ചയായിട്ടും അങ്ങനെയാണു. പുതുവൽ സർവേയിൽ ഗവർമ്മെന്റു അങ്ങനെചെയ്യുകയും പതിച്ചുകൊടുക്കുമ്പോൾ കക്ഷിയോടു ചെലവായതുക വസൂലാക്കുകയും ചെയ്തിട്ടുണ്ടു.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഇപ്പോൾ രജിസ്റ്റർചെയ്‌വാൻ ആലോചിക്കുന്നതു പുതുവൽ ചട്ടപ്രകാരമാണോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെന്റു സെക്രട്ടറി): ഗവർമ്മെന്റു അതിനെപ്പററി ആലോചിച്ചിട്ടില്ല. ഒന്നാമതായി ഭൂമി പതിച്ചുകൊടുക്കാൻ ഉണ്ടോയെന്നു പരിശോധിക്കയാണു. പതിച്ചുകൊടുക്കുന്നകാര്യം പിന്നീടു ആലോചനാവിഷയമാകേണ്ടതുള്ളു. പതിച്ചുകൊടുക്കുന്നതു പുതുവൽചട്ടങ്ങൾ പ്രകാരമോ വെസ്റ്റ്ലാന്റ് (തരിശു) ചട്ടങ്ങൾപ്രകാരമോ വേറെ വല്ല ചട്ടങ്ങൾപ്രകാരമോ എന്നു അറിഞ്ഞുകൂടാ.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ബ്രൂക്ക്ബാണ്ട് തേയില കമ്പനിക്കു ഭൂമി പതിച്ചുകൊടുക്കുന്നതിനെപ്പററി കഠിനമായ ആക്ഷേപമുണ്ടെന്നു ഗവർമ്മെന്റിനു അറിവുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെന്റു സെക്രട്ടറി): ഇതിന്റെ മറുപടി ൧൬൮-ാംനമ്പർ ചോദ്യത്തിന്റെ (ഇ) ഭാഗം മറുപടിയിലുണ്ടു.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഈ ഭൂമിയെ രജിസ്റ്റർചെയ്യുന്നതിന്റെ ആവശ്യകതയെസംബന്ധിച്ചു ൧൬൮-ാംനമ്പർ ചോദ്യത്തിന്റെ (ഇ) ഭാഗം മറുപടിയെപ്പററിയാണു

ന്റെ ചോദ്യം, തിരുവിതാംകൂറിലെ മുൻസിഫ്കോടതികളിൽ ഹർജികൾ കെട്ടിക്കിടക്കുന്നതിനെപ്പറ്റി തിരുവിതാംകൂറിൽ ജനങ്ങൾക്കു കഠിനമായ ആക്ഷേപമുള്ള സംഗതി ഗവണ്മെന്റിനറിയാമോ എന്നാണു എന്റെ ചോദ്യം.

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ സെക്രട്ടറി): ൧൬൬-ാംനമ്പർ ചോദ്യത്തിന്റെ (ഇ) ഭാഗം മറുപടിയിലേക്കു മെമ്പറുടെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു.

മി. സി. പി. ഗോപാലകൃഷ്ണപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): കഠിനമായ ആക്ഷേപമുള്ള സംഗതി ഗവണ്മെന്റിനു അറിവുണ്ടോ എന്നാണു എനിക്കു അറിയേണ്ടതു.

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ സെക്രട്ടറി): കാര്യം അങ്ങനെയാണെന്നു പറവാൻ എനിക്കു സാധിക്കയില്ല. അനേകം ആക്ഷേപങ്ങൾ ഉണ്ടായിട്ടുണ്ടെന്നു എനിക്കറിയാം.

മി. സി. പി. ഗോപാലകൃഷ്ണപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): പതിച്ചുകൊടുക്കുന്നതിനെ അനുകൂലിക്കുന്നവരായി ഈ സഭയിൽ ഏതെങ്കിലും ഒരു കക്ഷി ഉണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ സെക്രട്ടറി): ഒരു ഉപചോദ്യമായി ഇങ്ങനെയൊരു ചോദ്യം ഉന്നയിക്കുന്നതു എന്തിനാണെന്നു അറിയുന്നില്ല. സർവ്വകക്ഷികളുടെ അഭിപ്രായത്തെപ്പറ്റി ൩-ാംഭാഗത്തിൽ വിവരിച്ചിട്ടുണ്ടു.

മി. സി. പി. ഗോപാലകൃഷ്ണപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ജനങ്ങളുടെ കഠിനമായ ആക്ഷേപത്തെപ്പറ്റിയാണു ഞാൻ സംസാരിക്കുന്നതു.

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ സെക്രട്ടറി): അതിനെപ്പറ്റിത്തന്നെ മറുപടി പറഞ്ഞുകഴിഞ്ഞിരിക്കുന്നു.

അനുബന്ധം.

൧൬൬-ാംനമ്പർ ചോദ്യത്തിന്റെ മറുപടിയോടുകൂടി.

നായർ റെഗുലേഷൻപ്രകാരം ൧൧൦൧ ചിങ്ങം ൧-ാംതീയതിക്കുശേഷം സംസ്ഥാനത്തെ മുൻസിഫ്കോടതികളിൽ ഫയലാക്കീട്ടുള്ളതും തീർച്ചചെയ്യാൻ ബാക്കിയുള്ളതുമായ വിവാഹമോചനത്തിനുള്ള അപേക്ഷകളുടെ എണ്ണംകാണിക്കുന്ന പട്ടിക

കോടതിയുടെ പേര്		൧൧൦൧ ചിങ്ങം ൧-ാംതീയതിക്കുശേഷം ഫയലാക്കീട്ടുള്ള ഹർജികളുടെ എണ്ണം	൧൧൦൧ ചിങ്ങം ൧-ാംതീയതിക്കുശേഷം തീർച്ചചെയ്യാൻ ബാക്കിയുള്ള ഹർജികളുടെ എണ്ണം	റിമാർക്ക്സ്
[illegible] അഡിഷണൽ മുൻസിഫ്കോടതി		...	൧	
പത്മനാഭപുരം പ്രിൻസിപ്പൽ	കോടതി	൩	൨	
ടി അഡിഷണൽ	ടി	൨	൧	
കുഴിത്തുറ മുൻസിഫ്	ടി	൦	...	
തിരുവനന്തപുരം പ്രിൻസിപ്പൽ	ടി	൧൯	൯	൧൧൦൧-ൽ ൩൯ ബാക്കിയുണ്ടായിരുന്നു. ൨൯ തീർച്ചചെയ്തു.
ആറ്റിങ്ങൽ പ്രിൻസിപ്പൽ	ടി	൭	൮	
ടി അഡിഷണൽ	ടി	൬	൨	
നെയ്യാറ്റിങ്കര പ്രിൻസിപ്പൽ	ടി	൪	൨	
ടി അഡിഷണൽ	ടി	൩	൧	
കൊല്ലം പ്രിൻസിപ്പൽ	ടി	൪	൧	
ടി അഡിഷണൽ	ടി	൧	൧	
കൊട്ടാരക്കര പ്രിൻസിപ്പൽ	ടി	൯	൪	
അടൂർ മുൻസിഫ്	ടി	൧	൧	
കരുനാഗപ്പള്ളി	ടി	൧	൧	
കണ്ണപുരം	ടി	൪	൩	
മാവേലിക്കര	ടി	൬	൨	
ചെങ്ങന്നൂർ	ടി	൦	൪	
ആലപ്പുഴ പ്രിൻസിപ്പൽ	ടി	൩	൧	
ഹരിപ്പാട്ട് മുൻസിഫ്	ടി	൧൪	൭	
ചേർത്തല	ടി	൩	൩	
വൈക്കം പ്രിൻസിപ്പൽ	ടി	൯	൬	
തിരുവല്ലാ മുൻസിഫ്	ടി	൰	൩	
കാഞ്ഞിരപ്പള്ളി	ടി	൫	൪	
കോട്ടയം	ടി	൭	൩	
മീനച്ചിൽ പ്രിൻസിപ്പൽ	ടി	൮	൧	
പറവൂർ മുൻസിഫ്	ടി	൮	൨	
പെരുമ്പാവൂർ	ടി	൰	൪	
മൂവാറ്റുപുഴ	ടി	൪	൧	

ശേഷം കോടതികളിൽ ഹർജികൾ ഫയലാക്കുകയോ തീർച്ചചെയ്യാൻ ബാക്കി ഉണ്ടായിരിക്കയോ ചെയ്തിട്ടില്ല.

സഭ നിറുത്തിവെയ്ക്കാനുള്ള പ്രമേയം

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർ, സഭ നിറുത്തിവെയ്ക്കാൻ ഒരു പ്രമേയം ഹാജരാക്കാൻ ഞാൻ അനുവാദം ചോദിച്ചുകൊള്ളുന്നു.

(മെമ്പർ അനന്തരം പ്രസിഡന്റിനു ഒരു പത്രിക കൊടുത്തു.)

പ്രസിഡന്റ്: ഈ സഭയിലെ ഒരു മെമ്പറായ മി. കെ. പി. നീലകണ്ഠപ്പിള്ളയുടെ പക്കൽനിന്നു ഒരു എഴുത്തു കിട്ടിയിരിക്കുന്നു. അതിൽ അദ്ദേഹം ഇങ്ങനെ പറയുന്നു.

"സർ, ഓരോ സംവത്സരത്തിലും സഭയുടെ നാനാവിധയോഗങ്ങൾക്കു [illegible] സമയം ചുരുക്കിയതിനാൽ പൊതുജനങ്ങൾക്ക സർവ്വപ്രധാനമായ അനേകം വിഷയങ്ങളെപ്പറ്റി പ്രമേയങ്ങൾ നടത്തുന്നതിനുള്ള അവസരങ്ങൾ കുറച്ചു [illegible] ഹാനിവരുത്തുന്നു എന്നു ഈ സഭ അഭിപ്രായപ്പെടുന്നു." എഴുത്തു ഇവിടെ അവസാനിച്ചു. ഒരു വ്യാഖ്യാനക്കുറിപ്പ് * അനുബന്ധമായി ചേർത്തിട്ടുണ്ടെന്നും പറഞ്ഞിട്ടുണ്ട്.

ഇതുതന്നെയാണെന്നു എനിക്കു മനസ്സിലാകുന്നില്ല മി. നീലകണ്ഠപ്പിള്ളേ, നിങ്ങൾ ഹാജരാക്കാൻ വിചാരിക്കുന്ന ഒരു പ്രമേയമാണോ ഇതു അല്ലെങ്കിൽ വേറെ എന്താണ്?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഒരു പ്രമേയമാണ്.

പ്രസിഡന്റ്: എന്തിനായിട്ട്?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സഭയുടെ യോഗം നിറുത്തിവെയ്ക്കാൻ. അതിനെസംബന്ധിച്ചു ഒരു വ്യാഖ്യാനപത്രികയും ഞാൻ ഹാജരാക്കിട്ടുണ്ട്.

പ്രസിഡന്റ്: പ്രമേയം ഹാജരാക്കാൻ അനുവാദം ചോദിക്കുന്നതു വാക്കുമൂലമാണ് അല്ലേ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): എന്റെ അപേക്ഷ വാക്കുമൂലമല്ല.

പ്രസിഡന്റ്: ഈ കടലാസ്സിൽ അപേക്ഷയൊന്നും കാണുന്നില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതു പ്രമേയമാണ്, ഒരു വ്യാഖ്യാനപത്രം അതോടുകൂടി ചേർത്തിട്ടുണ്ട്.

പ്രസിഡന്റ്: ഈ സംഗതിയെപ്പറ്റി ഞാൻ ഗൌരവമായി ആലോചിച്ചു. ഒന്നാമതായി നിങ്ങളുടെ പ്രമേയത്തിന്റെ വിഷയം ഒരു അടിയന്തിരകാര്യമല്ല; അതുകൂടാതെ ഇങ്ങനെ ഒരു സമ്പ്രദായം നടപ്പായിട്ടുണ്ടെന്നു നിങ്ങൾ പറയുന്നു. എന്നാൽ അതു ശരിയല്ലെന്നാണു എനിക്കു കിട്ടിയിട്ടുള്ള അറിവു. അതുകൊണ്ടു സമ്മേളനങ്ങൾ ചുരുക്കണമെന്നുള്ള മാത്രമല്ലായിരിക്കുന്നതായി പറവാൻ പാടില്ല. അങ്ങനെയൊരു മട്ടുമില്ല. ഏതായാലും ഇങ്ങനെയുള്ള ഏതുപ്രമേയവും വേണമെന്നുള്ളതു [illegible] സംബന്ധിച്ചുള്ള ഒരു സംഗതിയാണു അതുകൊണ്ടു അതു അടിയന്തിരമെന്നോ സർവ്വപ്രധാനമെന്നോ പറവാൻ പാടില്ല. ഈ കാരണങ്ങളാൽ നിങ്ങളുടെ പ്രമേയം ഹാജരാക്കാൻ അനുവാദം തരുന്നതിനു നിവൃത്തിയില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഒരു സംഗതി പറഞ്ഞുകൊള്ളട്ടെയോ?

പ്രസിഡന്റ്: കാര്യം ഇതുകൊണ്ടു അവസാനിച്ചു മി. നീലകണ്ഠപ്പിള്ള.

വ്യാഖ്യാനക്കുറിപ്പ്.

"സർ, അടിയന്തിരവും സർവ്വപ്രധാനവും ആയ ഒരു സംഗതിയെപ്പറ്റി വാദപ്രതിവാദം നടത്തുന്നതിനായി ഈ സഭയുടെ സാധാരണയോഗം നിറുത്തിവെയ്ക്കണമെന്നു ഒരു പ്രമേയം ഹാജരാക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ സഭയുടെ അവകാശങ്ങളെയും പദവികളെയും എക്സിക്യൂട്ടിവ് ഗവർമെന്റ് ക്രമേണ ചുരുക്കുന്നതിനാൽ പൊതുജനങ്ങൾക്കുണ്ടാകുന്ന ഹാനിയെ ഈ അധികാരസ്ഥന്മാരുടെ [illegible] ഉടൻതന്നെ കൊണ്ടുവരേണ്ടുന്നതിനുള്ള ആവശ്യവും ആകുന്നു ആ സംഗതി. ഈ സഭാംഗങ്ങളുടെ അവകാശങ്ങളെയും പദവികളെയും ഉദ്യോഗസ്ഥന്മാർ ക്രമേണ കുറയ്ക്കുന്നു എന്നുള്ളതു അനേകസംഗതികളാൽ പ്രത്യക്ഷമാകുന്നുണ്ട്. ഈ സഭയുടെ സമ്മേളനയോഗങ്ങൾ കൊല്ലത്തിൽ രണ്ടാക്കി ചുരുക്കിയിരിക്കുന്നു. സഭയുടെ ആദ്യത്തെ മൂന്നു സംവത്സരങ്ങളിൽ [illegible] നിയമപ്രകാരം, സഭയുടെ ഉപദേശം, അതു ഉദ്യോഗസ്ഥന്മാർ എത്രമാത്രം ഉപേക്ഷയായി തോന്നിയാലും, കൂടെക്കൂടെ ശേഖരിക്കുന്നതിനു അനുവദിച്ചിരിക്കുന്നു. മുൻകൊല്ലങ്ങളിലെ പതിവുകൊണ്ടു ഒരു നിയമം ഉണ്ടായിട്ടില്ലെങ്കിലും ദിവാൻ അങ്ങനെ ചെയ്യേണ്ടതാകാതെ ഈയാണ്ടിൽ സമ്മേളനങ്ങളിൽ രണ്ടുയോഗങ്ങൾ മാത്രമേ വിളിച്ചുകൂട്ടിയിട്ടുള്ളു. ഈ യോഗങ്ങൾക്ക ദിവസങ്ങൾ നിശ്ചയിക്കുന്ന കാര്യത്തിലും ചോദ്യങ്ങളും പ്രമേയങ്ങളും ബില്ലുകളും ഹാജരാക്കുന്നവരുടെ അധികാരം നോക്കിയാൽ ദിവാൻ അനാവശ്യമായി വിധത്തിൽ അനൌചിത്യമായ പ്രവർത്തിച്ചുകാണുന്നു. ആക്ഷേപത്തിനിടയാക്കുന്ന കവച്ചുവയ പ്രത്യക്ഷമാകുന്ന മറ്റൊരു സംഗതി അനൌദ്യോഗസ്ഥമെമ്പർമാർക്ക ഈ സഭയിൽ ബില്ലുകൾ ഹാജരാക്കാനുള്ള അവകാശത്തെ സംബന്ധിച്ച റെഗുലേഷൻ വകുപ്പിനെ അനൌചിത്യമായും തെറ്റായും ദിവാൻ വ്യാഖ്യാനിച്ചിട്ടുള്ളതാകുന്നു. ബില്ലിന്റെ മുതൽ ചെലവു നിനക്കല്ലെങ്കിലും ആ മുതൽ ഏതെങ്കിലും ഭാരമായിരിക്കയില്ലെങ്കിലും ഗവർമെന്റിൽനിന്നും പല്ലച്ചെലവും ഉണ്ടാകാൻ ഇടയുള്ള ബില്ലും ആ വകുപ്പിൽപ്പെട്ടതാണെന്നാണു ആ വ്യാഖ്യാനം. അതിൻപ്രകാരം മെമ്പർ ദിവാന്റെ മേൽപറഞ്ഞ അനുവാദം മുമ്പിൽക്കൂട്ടി വാങ്ങിച്ചിരിക്കേണ്ടിയിരിക്കുന്നു. എത്ര സൂക്ഷ്മതയോടെ തെയ്യാറാക്കിയാലും ഗവർമെന്റിൽനിന്നു യാതൊരു ചെലവും അതിനെ സംബന്ധിച്ചു ഉണ്ടാകാൻ ഇടയില്ലാത്ത ഒരു ബിൽ സങ്കല്പിപ്പാൻതന്നെ പ്രയാസമാണ്. ഈ തെറ്റായ വ്യാഖ്യാനംമൂലം അനൌദ്യോഗസ്ഥമെമ്പർമാർക്ക ഈ റെഗുലേഷൻപ്രകാരം സിദ്ധിച്ചിട്ടുള്ള അവകാശങ്ങളെ അവർക്ക പ്രയോഗിക്കാൻ അസാദ്ധ്യമായിത്തീർന്നിരിക്കുന്നു. ചോദ്യങ്ങളും പ്രമേയങ്ങളും തെറ്റായ അധികാരത്തിന്മേലും അനൌചിത്യമായും തള്ളപ്പെട്ടുവരുകയോ ഉപേക്ഷിക്കപ്പെടുകയോ ചെയ്യുന്നതിനെപ്പറ്റി ഇപ്പോൾ ഞാൻ പ്രസ്താവിക്കാൻ വിചാരിക്കുന്നില്ല. എന്നാൽ ആ കാര്യം എത്രയോ പ്രധാനവും അടിയന്തിരവും ആയിരുന്നാലും പ്രസ്താവിക്കേണ്ടതു ഇവിടെയല്ല. എക്സിക്യൂട്ടിവ് ഉദ്യോഗസ്ഥന്മാർ ഇങ്ങനെ ക്രമേണ ചെയ്യുന്ന കയ്യേറ്റത്തെ ഉടൻതന്നെ ശ്രദ്ധിക്കാഞ്ഞാൽ [illegible] റെഗുലേഷൻ അനുവദിച്ചിട്ടുള്ള പദവികളും അവകാശങ്ങളും കേവലം നഷ്ടപ്പെട്ടുപോകാൻ ഇടയുണ്ട്. ഈ വിഷയം, അതുകൊണ്ടു, അടിയന്തിരവും സർവ്വപ്രധാനവും ആയ ഒരു വിഷയം ആകുന്നു. അതിനാൽ ഈ പ്രമേയം ഹാജരാക്കാൻ അനുവാദം ചോദിച്ചുകൊള്ളുന്നു."

മേശപ്പുറത്തുവെച്ച പത്രിക.

മി. കെ. എൻ. രാമസ്വാമിഅയ്യർ (ഗവൺമെൻറ് അഡീഷണൽ സെക്രട്ടറി): സർ, ൧൧൨൦-ലെ [illegible] -ാംനമ്പർ നിയമസഭാറെഗുലേഷൻ ൧൩ (൩)-ാംവകുപ്പനുസരിച്ച് [illegible] കാണിക്കുന്ന ഒരു പട്ടിക [illegible] -ാംനമ്പർ നിയമസഭാ ചട്ടപ്രകാരം ഞാൻ മേശപ്പുറത്തു വെക്കുന്നു.

ഇനം	സംഖ്യ			വിവരം
	രൂ.	ച	കാ.	
ഡിമാൻഡ് ൨. വിദ്യാഭ്യാസം	൧൪൭	൧൯	൦	വെർണാക്കുലർസ്കൂൾ [illegible] പരിഷ്കാരത്തെപ്പറ്റി [illegible] നിയമിച്ചിട്ടുള്ള കമ്മിററിയുടെ കാലാവധി ൧൧൨൦ ചിങ്ങം ൩൧-നു-മുതൽ നാലരമാസത്തേക്ക നീട്ടിക്കൊടുത്തതിനാൽ (നാലരമാസത്തേക്ക [illegible] ശമ്പളം).
ടി	൨,൦൩൪	൨൦	൦	ബോയ്സ്കൗട്ടുകളുടെ പരിശീലനച്ചെലവിലേക്ക [illegible] സംഘം [illegible] കൊടുക്കുന്നതിനു.
ടി	൨,൭൩൯	൦	൦	തിരുവനന്തപുരം ട്രെയിനിങ്ങ്കോളേജിനോടു ചേർന്ന കളിസ്ഥലത്തിനാവശ്യമുള്ള [illegible] സ്ഥലത്തിൽ [illegible] കൊടുക്കേണ്ടുന്ന പ്രതിഫലം.
ഡിമാൻഡ് ൮. രെജിസ്ട്രേഷൻ	൧,൫൯൪	൦	൦	ചിറയിൻകീഴ് താലൂക്കിൽ [illegible] എന്ന സ്ഥലത്ത് ഒരു പുതിയ സബ്‌രജിസ്ട്രാഫീസ് സ്ഥാപിക്കുന്നതിനു.
ഡിമാൻഡ് ൯. സാമാന്യഭരണം-സെക്രട്ടേറിയററ് ഉൾപ്പെടെ.	൧,൧൭൪	൦	൦	൧൧൨൦ ചിങ്ങം ൧-നു-മുതൽ [illegible] ഇംഗ്ലീഷ് റെക്കാർഡ് [illegible] ഉദ്യോഗസ്ഥന്റെ [illegible] ശമ്പളം കൊടുക്കുന്നതിനു.
ഡിമാൻഡ് ൧൩ മെഡിക്കൽഡിപ്പാർട്ടുമെൻറ	൧൦,൬൨൩	൨൧	൬	൧൧൦൧-ൽ ആവശ്യപ്പെട്ടതും ൧൧൨൦-ൽ മാത്രം കിട്ടിയതുമായ [illegible] സാധനങ്ങളുടെ വില കൊടുക്കുന്നതിനു.

കൂടുതൽ ഗ്രാൻറിനായുള്ള അഭ്യർത്ഥനകൾ.

ഡിമാൻഡ് ൧. പൊതുമരാമത്ത്.

മി. ഒ. എസ്. രാമസ്വാമിഅയ്യർ ([illegible]): സർ, താഴെപ്പറയുന്ന പൊതുപ്രവൃത്തികൾക്കായി ൪൦,൩൭൦ രൂപയിൽ കവിയാത്ത ഒരുസംഖ്യകൂടി [illegible] അനുവദിക്കണമെന്ന് അപേക്ഷിച്ചുകൊള്ളുന്നു.

		രൂപ.
(൧)	[illegible] പോലീസ്സ്റ്റേഷൻ നന്നാക്കുന്നതിനു	൨൨൦൦
(൨)	[illegible] റോഡു നന്നാക്കുക	൭൫൦
(൩)	തിരുവനന്തപുരം വിമൻസ് കോളേജിലെ സയൻസ്കെട്ടിടപ്പണി പൂർത്തിയാക്കാൻ	൧൭,൦൦൦
(൪)	[illegible] കേടുതീർക്കുന്നതിനു	൧,൧൪൦
(൫)	[illegible] കുഴിക്കുന്നതിനു	൬൭൫
(൬)	[illegible] റോഡു നന്നാക്കുന്നതിനു	൯,൭൪൦
(൭)	കായംകുളത്തു [illegible] പാലവും [illegible] ചന്തപ്പാലവും നന്നാക്കുന്നതിനു	൪,൩൭൦
(൮)	[illegible] ഇലക്ട്രിക് [illegible] സ്ഥാപിക്കുന്നതിനു [illegible] ചെയ്യാൻ	൪൭൦൦

പ്രെസിഡൻറ്: ഈ അഭ്യർത്ഥനകൾ [illegible] അനുവദിക്കുന്നു എന്നാണോ [illegible]?

മി. [illegible] ([illegible]): ഈ അഭ്യർത്ഥനകളെ [illegible] പറഞ്ഞിട്ടില്ല. ഇതരം [illegible] ബഡ്ജററിൽ [illegible] പറഞ്ഞിരിക്കുന്നവർ [illegible]. ഈ അഭ്യർത്ഥനകളെ [illegible] എതിർക്കുന്നില്ല.

പ്രസിഡന്റ്: മി. രാമസ്വാമിഅയ്യരേ, അപേക്ഷിച്ച ഓരോസാധ്യതക്കും ഉള്ള ആവശ്യം എന്താണെന്നു വിവരിക്കാമോ?

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): നിയമസഭാചട്ടങ്ങളിൽ ഏതു ചട്ടപ്രകാരമാണെന്നു ഈ അർത്ഥം കൊണ്ടുവന്നിട്ടുള്ളതെന്നു മെമ്പർ മറുവായി പറയുമോ?

മി. എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, ഐക്യം): സർ, നടപടിസംബന്ധിച്ചു ഒന്നുചോദിച്ചുകൊള്ളുന്നു. ഗ്രാൻറുകളുപേക്ഷിക്കുന്നതിനോ കുറയ്ക്കുന്നതിനോ അഞ്ചുദിവസത്തെ നോട്ടീസുകൊടുക്കാതെ ഒന്നാംചട്ടപ്രകാരം ഒരുപ്രമേയം ഹാജരാക്കാൻ പാടുണ്ടോ എന്നറിവാൻ ആഗ്രഹിക്കുന്നു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ആക്ഷേപം വിരോധംപറയാം.

പ്രസിഡന്റ്: മി. പിറവിപ്പെരുമാൾപിള്ള, ഗ്രാൻറു ഉപേക്ഷിക്കുന്നതിനോ കുറയ്ക്കുന്നതിനോ ഒരുപ്രമേയം ഉള്ളതായി എനിക്കറിവില്ല.

മി. എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും ഐക്യം): സർ, ഒരുസംഗതിഞാൻ തങ്ങളുടെ ദൃഷ്ടിയിൽ കൊണ്ടുവരുന്നതേയുള്ളൂ. ഗ്രാൻറുകളുപേക്ഷിക്കുന്നതിനോ കുറയ്ക്കുന്നതിനോ നോട്ടീസുകൊടുക്കാതെ ഒരുപ്രമേയം ഹാജരാക്കാൻ പാടുണ്ടോഎന്നാണു അറിവാൻ ആഗ്രഹിക്കുന്നതു.

പ്രസിഡന്റ്: അങ്ങനെയൊരു സംഗതി ഇവിടെ ഉണ്ടായിട്ടില്ല. ഗ്രാൻറു ഉപേക്ഷിക്കുന്നതിനോ കുറയ്ക്കുന്നതിനോ ഒരുപ്രമേയം കൊണ്ടുവന്നിട്ടില്ലല്ലോ.

മി. ഒ. എസ്. രാമസ്വാമിഅയ്യർ (മരാമത്തു എൻജിനിയർ): കൂടുതൽഗ്രാൻറിനുള്ള അപേക്ഷ ഞാൻ കൊണ്ടുവന്നിട്ടുള്ളതു ൧൩-ാം ചട്ടപ്രകാരമാണ്.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ൧൩-ാം ചട്ടം ൧-ാം ഉപചട്ടത്തിലെ ൧-ാം ഉപവകുപ്പുപ്രകാരമോ ൨-ാം ഉപവകുപ്പുപ്രകാരമോ?

മി. ഒ. എസ്. രാമസ്വാമിഅയ്യർ (മരാമത്തു എൻജിനിയർ): രണ്ടാമത്തേതനുസരിച്ചാണ്. ഒന്നാമത്തെ ഇനമായ കൊല്ലംതാലൂക്കു പോലീസ്‌സ്റ്റേഷൻ സംബന്ധിച്ച ൨൨,൦൦൦ രൂപയെപ്പറ്റിപറയാം.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഇതുഅനുവദിച്ച സംഖ്യ പോരാതെ വന്നിട്ടാണോ അതോ ഒരുപുതിയ ജോലിയാണോ?

മി. ഒ. എസ്. രാമസ്വാമിഅയ്യർ (മരാമത്തു എൻജിനിയർ): ഇതുവരെ ആരംഭിച്ചിട്ടില്ലാത്ത ഒരുപുതിയ ജോലിയാണ്.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഇപ്പോൾ അനുവദിക്കാൻ അത്ര അടിയന്തിരകാര്യമാണോ?

മി. ഒ. എസ്. രാമസ്വാമിഅയ്യർ (മരാമത്തു എൻജിനിയർ): കൊല്ലംപോലീസ്‌സ്റ്റേഷന്റെ ഇപ്പോഴുള്ള സ്ഥലത്തിന്റെ കിടപ്പാണു. അതുകൊണ്ടു നിലംനനവുള്ളതും അസുഖപ്രദവും ആയിരിക്കുന്നു. അതുകൊണ്ടു മഴയ്ക്കു മുമ്പായി ഈ ജോലിതീർക്കേണ്ടതു ആവശ്യമായിരിക്കുമെന്നു വിചാരിക്കുന്നു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): കഴിഞ്ഞവർഷത്തെ ബഡ്ജറ്റു ഹാജരാക്കിയപ്പോൾ ഈ സംഗതി ഓർത്തില്ലയോ?

മി. ഒ. എസ്. രാമസ്വാമിഅയ്യർ (മരാമത്തു എൻജിനിയർ): ഇല്ല. ബഡ്ജറ്റുഹാജരാക്കിയപ്പോൾ ഇക്കാര്യം തീർച്ചയാക്കിട്ടില്ലായിരുന്നു. പോലീസ്‌കമ്മീഷണരുടെ റിപ്പോർട്ടുവന്നിരുന്നു എങ്കിലും എസ്റ്റിമേറ്റു തയ്യാറാക്കിട്ടില്ലായ്കയാൽ ഈ തുക ബഡ്ജറ്റിൽ ചേർക്കാൻ കഴിഞ്ഞില്ല.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): പൊതുമരാമത്തുകാർ പണിയപ്പോഴെങ്കിലും പോലീസ്‌സ്റ്റേഷനുകൾ പരിശോധിക്കാറില്ലേ?

മി. ഒ. എസ്. രാമസ്വാമിഅയ്യർ (മരാമത്തു എൻജിനിയർ): പൊതുമരാമത്തുകാരുടെ സംരക്ഷണത്തിൽ ഇരിക്കുന്ന കെട്ടിടങ്ങളെ അവർ പരിശോധിക്കാറുണ്ടു. അവരുടെ സംരക്ഷണത്തിൽ അല്ലാത്ത കെട്ടിടങ്ങളെ അവർ കൃത്യമായും പരിശോധിക്കണമെന്നു ചട്ടമില്ല. ഞാൻപറഞ്ഞപ്രകാരം കൊല്ലംപോലീസ് സ്റ്റേഷന്റെജോലി മഴ ആരംഭിക്കുന്നതിനു മുമ്പായി തീർക്കേണ്ടതു അടിയന്തിരമായിരിക്കും.

മി. കെ. പി. [illegible]പിള്ള (ചിറയിൻകീഴ്): മഴക്കാലം ആരംഭിച്ചുകഴിഞ്ഞില്ലേ എന്നു മെമ്പർ പറയുമോ?

മി. ഒ. എസ്. രാമസ്വാമിഅയ്യർ (മരാമത്തു എൻജിനിയർ): മഴക്കാലം ആരംഭിച്ചിട്ടില്ല.

മി. എം. ശിവതാണുപിള്ള (തോവാള): സ്റ്റേഷൻ കെട്ടിടങ്ങളുടെ സ്ഥിതി ചീത്തയാണെന്നു പോലീസ് കമ്മീഷണർ റിപ്പോർട്ടു ചെയ്തതു എന്നാണെന്നു പറയുമോ?

മി. ഒ. എസ്. രാമസ്വാമിഅയ്യർ (മരാമത്തു എൻജിനിയർ): ആ വിവരം എനിക്കറിവില്ലാത്തതിനാൽ വ്യസനിക്കുന്നു. എങ്കിലും ബഡ്ജറ്റു ഹാജരാക്കുന്നതിനു മുമ്പു എസ്റ്റിമേറ്റു തയ്യാറാക്കാൻ കഴികയില്ലായിരുന്നു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഈ കൂടുതൽ ഗ്രാൻറിനുള്ള അഭ്യർത്ഥനയിലെ ഇനങ്ങൾ ഓരോന്നോരോന്നായി സഭയുടെ വോട്ടിനു ഇടേണ്ടതാവശ്യമാണെന്നു എനിക്കുതോന്നുന്നു.

പ്രസിഡന്റ്: നടപടിഎന്താണെന്നു പറയുമോ മിസ്റ്റർ കല്യാണം പരമേശ്വരൻപിള്ളേ?

മി. കല്യാണം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്‌സർക്കാർവക്കീൽ): പ്രസിഡന്റിനു ഇഷ്ടംപോലെ ചെയ്യാവുന്നതാണ്.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഈ അഭ്യർത്ഥന പല ഡിപ്പാർട്ടുമെന്റുകളെ സംബന്ധിച്ചതാകുന്നു.

മി. കല്യാണം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്‌സർക്കാർവക്കീൽ): ഇനങ്ങൾ വെവ്വേറെ വോട്ടിനു ഇടാം.

പ്രസിഡന്റ്: മിസ്റ്റർ മാധവൻപിള്ളേ, താങ്കളുടെ അപേക്ഷയെ സ്വീകരിക്കണമോ വേണ്ടയോ എന്നുള്ളതു ഇതിന്നായി എത്രസമയം ഈ സഭ വിനിയോഗിക്കാൻ പോകുന്നു എന്നുള്ളതിനെ ആശ്രയിച്ചിരിക്കും. എന്തെന്നാൽ ഇനങ്ങൾ ഓരോന്നോരോന്നായി ആലോചനയ്ക്കെടുക്കണമെന്നാണു സഭയുടെവിചാരം

എങ്കിൽ നിങ്ങളുടെ അപേക്ഷയെ ഞാൻ സന്തോഷപൂർവ്വം സ്വീകരിക്കാം. ഓരോ ഇനങ്ങൾക്കും സമയം വ്യയം ചെയ്യുവാൻ ജോലി നിർവഹിക്കാനാണു സഭയുടെ ആഗ്രഹമെങ്കിൽ സഭയുടെ ആഗ്രഹത്തെ അനുസരിച്ചു അപ്രകാരം തീർച്ചചെയ്യാം. അങ്ങനെ ഞാൻ [illegible] സംഖ്യയ്ക്കായിരം രൂപയ്ക്കുള്ള ഈ അഭ്യർത്ഥനയിൽ എട്ടിനങ്ങൾ ഉള്ളവയെ ഇനം ഇനമായും ഡിപ്പാർട്ടുമെന്റു തിരിച്ചും ആലോചനചെയ്യപ്പെടേണ്ടതാണോ അതോ ഒരുമിച്ചൊന്നായി ആലോചനചെയ്യപ്പെടേണ്ടതാണോ എന്നുള്ള സംഗതി ഞാൻ സഭയുടെ അഭിപ്രായത്തിനായി വെച്ചുകൊള്ളുന്നു. ഇനം ഇനമായി വോട്ടുചെയ്യണമെന്നു വിചാരിക്കുന്നവർ ദയവായി എഴുന്നേല്ക്കാമോ? പതിനെട്ടുപേർ പ്രത്യേകം പ്രത്യേകം വോട്ടുചെയ്യണമെന്ന അഭിപ്രായമുള്ളവരായി കാണുന്നു.

ഇനി ഡിപ്പാർട്ടുമെന്റനുസരിച്ചു വോട്ടുചെയ്യണമെന്നു വിചാരിക്കുന്നവർ ദയവായി എഴുന്നേല്ക്കാമോ? ഈ അഭിപ്രായക്കാർ ഏഴു പേരുണ്ട്.

ഇനം ഇനമായി വോട്ടുചെയ്യണമെന്നു വിചാരിക്കുന്നവരുടെ പക്ഷത്തുതന്നെ വോട്ടുകൾ അധികമുണ്ടെന്നു കാണുന്നു.

മി. കെ. ജാർജ് (ഗവർമ്മെന്റു ചീഫ് സെക്രട്ടറി): ഇതു വാദപ്രതിവാദംകൂടാതെ സംഗതി [illegible] വോട്ടുചെയ്യുന്നതിനെ സംബന്ധിച്ചാണോ എന്നു പറയാമോ? ആദ്യം വാദപ്രതിവാദം നടത്തിട്ടു ഓരോ ഇനത്തെപ്പറ്റിയും പിന്നീടു വോട്ടുചെയ്യുകയാണു സാധാരണ പതിവ്.

പ്രെസിഡെന്റ്: അതാണോ നിങ്ങളുടെ ഉദ്ദേശം മിസ്റ്റർ മാധവൻപിള്ള?

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും—നെടുമങ്ങാടും): ആ പതിവു പുതിയ ഇനങ്ങൾ ഒരു ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ചതായിരിക്കുമ്പോഴാണ്. ഇതിൽ പല ഡിപ്പാർട്ടുമെന്റുകൾ ഉൾപ്പെട്ടിട്ടുണ്ട്.

പ്രെസിഡെന്റ്: എപ്പോഴും പൊതുമരാമത്തുവക ഇനങ്ങൾ മാത്രമാണല്ലോ.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും—നെടുമങ്ങാടും): ഇവയിൽ പല ഡിപ്പാർട്ടുമെന്റുകൾ വകയായി പൊതുമരാമത്തിൽനിന്നു കൊണ്ടുവന്നിട്ടുള്ളവയാണ്.

മി. കെ. ജാർജ് (ഗവർമ്മെന്റ് ചീഫ് സെക്രട്ടറി): മിസ്റ്റർ രാമസ്വാമി അയ്യർ ഓരോ ഇനത്തിനും സമാധാനം പറഞ്ഞിട്ട് ഇപ്പോഴും ആ ഇനത്തെപ്പറ്റിയുള്ള വോട്ടെടുത്തശേഷം പിന്നത്തെ ഇനത്തെപ്പറ്റി സമാധാനം പറകയും ചെയ്യുവാനാണോ വേണ്ടതു എന്നാണു എന്റെ ചോദ്യത്തിന്റെ സാരം. അങ്ങനെയാണെങ്കിൽ, അതല്ല സാധാരണ പതിവു എന്നു പറയേണ്ടിയിരിക്കുന്നു.

മി. കല്യാണം പരമേശ്വരൻപിള്ള (അഡിഷണൽ ഗവർമ്മെന്റ് വക്കീൽ): മിസ്റ്റർ രാമസ്വാമി അയ്യർ ഓരോ ഇനത്തിന്റെയും ആവശ്യം വിശദമാക്കുകയും സഭ ഓരോന്നിനെപ്പറ്റി വാദപ്രതിവാദം നടത്തുകയും ചെയ്യാം. അനന്തരം വോട്ടുചെയ്യുമ്പോൾ ഓരോ ഇനത്തെപ്പറ്റിയും പ്രത്യേകം പ്രത്യേകം വോട്ടുചെയ്യാം.

പ്രെസിഡെന്റ്: എന്നാൽ സഭ ആ നടപടി അനുസരിക്കാം.

മി. ഒ. എസ്. രാമസ്വാമി അയ്യർ (മരാമത്തു എൻജിനീയർ): രണ്ടാമത്തെ ഇനം യാനിക്കൂട്ടംമുതൽ വെട്ടുമ്പള്ളി ഗവർമ്മെന്റു പട്ടുവ്യവസായത്തോട്ടത്തിലേക്കുള്ള റോഡു നന്നാക്കുകയാണ്. ഇതിനു വളരെ രൂപ ആവശ്യമുണ്ട്. ഈ റോഡു നന്നാക്കണമെന്നു കൃഷിഡയറക്ടർ നിർബന്ധിക്കുന്നുണ്ട്. ഈ റോഡു വീതി കുറഞ്ഞതും [illegible] മാത്രം നീളമുള്ളതുമാണ്. വളം കൊണ്ടുപോകുന്നതിനു വളരെ പ്രയാസം ഉണ്ടെന്നും അതു ഒരു വണ്ടിപ്പാതയാക്കണമെന്നും ഡയറക്ടർ [illegible] പറയുന്നു. അതു തോട്ടത്തിലേക്കു മാത്രമല്ല തോട്ടത്തിനപ്പുറമുള്ള കൃഷിക്കാർക്കും അതിനപ്പുറമുള്ള വനങ്ങൾക്കും ഉപയോഗമുള്ളതായിരിക്കും.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും—നെടുമങ്ങാടും): ഇക്കാര്യം ഡയറക്ടർ പൊതുമരാമത്തുകാരുടെ ദൃഷ്ടിയിൽ കൊണ്ടുവന്നതു എന്നാണ്? ഈ ബഡ്ജറ്റ് തെയ്യാറാക്കുന്നതിനുമുമ്പേ അദ്ദേഹം അങ്ങനെ ചെയ്തില്ലേ?

മി. ഒ. എസ്. രാമസ്വാമി അയ്യർ (മരാമത്തു എൻജിനീയർ): ഒന്നരവർഷം മുമ്പാണ്. അതിൽപിന്നെ ഒരു എസ്റ്റിമേറ്റു തെയ്യാറാക്കി, പിന്നീട്ടു വളരെ പണം ചെലവുചെയ്തു ഒരു വണ്ടിറോഡുണ്ടാക്കണമോ അതല്ല വീതികുറഞ്ഞ ഒരു റോഡു മതിയാകുമോ എന്നതിനെപ്പറ്റി എഴുത്തുകുത്തു നടത്തേണ്ടിവന്നു. ഒടുവിൽ പന്ത്രണ്ടടി വീതിയുള്ള ഒരു റോഡു മതിയാകുമെന്നു ഡയറക്ടർ സമ്മതിച്ചു. അപ്പോഴേയ്ക്കു ബഡ്ജറ്റു തെയ്യാറാക്കിപ്പോയി.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും—നെടുമങ്ങാടും): ഇക്കാര്യം രണ്ടുമൂന്നുമാസം താമസിപ്പിക്കാൻ പാടില്ലേ?

മി. ഒ. എസ്. രാമസ്വാമി അയ്യർ (മരാമത്തു എൻജിനീയർ): മഴക്കാലം അടുത്തുപോയതുകൊണ്ടാണ് ഞാനിപ്പോൾ ഇതിനെപ്പറ്റി നിർബന്ധിക്കുന്നതു. അതു വേഗം തീർക്കണമെന്നു ഡയറക്ടർ ആവശ്യപ്പെടുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ പട്ടുവ്യവസായത്തോട്ടം അവിടെ ആരംഭിച്ചതു എന്നാണെന്നു പറയാമോ?

മി. ഒ. എസ്. രാമസ്വാമി അയ്യർ (മരാമത്തു എൻജിനീയർ): ഉദ്ദേശം ആറു വർഷംമുമ്പ്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): എന്നിട്ടും ഈ ആറു വർഷക്കാലവും ഇതു ആവശ്യമാണെന്നു തോന്നിയില്ലേ?

മി. ഒ. എസ്. രാമസ്വാമി അയ്യർ (മരാമത്തു എൻജിനീയർ): ഗതാഗതം നിമിത്തം റോഡ് ഈയിടെ ചീത്തയായിപ്പോയി.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ റോഡിന്റെ വർഷാന്തര സംരക്ഷണത്തിനു പണം അനുവദിച്ചിട്ടില്ലേ?

മി. ഒ. എസ്. രാമസ്വാമി അയ്യർ (മരാമത്തു എൻജിനീയർ): ഇല്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): പൊതുമരാമത്തിന്റെ കീഴിലല്ലേ?

മി. ഒ. എസ്. രാമസ്വാമി അയ്യർ (മരാമത്തു എൻജിനീയർ): അതൊരു ശരിയായ റോഡല്ല, ഒരു വണ്ടിപ്പാത മാത്രമാണ്. അതിന്റെ സംരക്ഷണത്തിനു പൊതുമരാമത്തിൽ പണം അനുവദിച്ചിട്ടില്ല.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഈ റോഡു നന്നാക്കുന്നതിനു കഴിഞ്ഞ ബഡ്ജറ്റിൽ വല്ല പണവും അനുവദിച്ചിരുന്നോ എന്നു പറയാമോ?

മി. ഒ. എസ്. രാമസ്വാമിഅയ്യർ (മരാമത്തു എൻജിനീയർ): ഒരു സംഖ്യയും അനുവദിച്ചിരുന്നില്ല.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): റോഡു അനാഥസ്ഥിതിയിൽ കിടക്കുന്നുഎന്നും നന്നാക്കേണ്ടതാണെന്നും ഉള്ള സംഗതി ഗവർമ്മെണ്ടിന്റെ ദൃഷ്ടിയിൽ കൊണ്ടുവന്നിട്ടുണ്ടോ?

മി. ഒ. എസ്. രാമസ്വാമിഅയ്യർ (മരാമത്തു എൻജിനീയർ): ഈ റോഡിനെപ്പററി ഗവർമ്മെണ്ടും കൃഷിഡയറക്ടരും തമ്മിൽ എഴുത്തുകുത്തു നടന്നിരുന്നു.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): റോഡിന്റെ അനാഥസ്ഥിതി ഡിപ്പാർട്ടുമെന്റിന്റെ ദൃഷ്ടിയിൽ അന്നു കൊണ്ടുവന്നിരുന്നുവോ?

മി. ഒ. എസ്. രാമസ്വാമിഅയ്യർ (മരാമത്തു എൻജിനീയർ): ഞാൻ ആദ്യം പറഞ്ഞപ്രകാരം റോഡിന്റെ അനാഥസ്ഥിതി പൊതുമരാമത്തു ഡിപ്പാർട്ടുമെന്റിന്റെ ദൃഷ്ടിയിൽ കൊണ്ടുവന്നതു ഒരു വർഷത്തിനു മുമ്പാണ്.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): കഴിഞ്ഞയാണ്ടത്തെ ബഡ്ജററു യോഗത്തിൽ ഈ സംഖ്യ അനുവദിക്കാതെ ഇരുന്നതു എന്തുകൊണ്ടാണെന്നു പറയുമോ?

മി. ഒ. എസ്. രാമസ്വാമിഅയ്യർ (മരാമത്തു എൻജിനീയർ): സംഗതികൾ പൂർത്തിയായിരുന്നില്ല. എന്തുമാത്രം ജോലി ചെയ്യാനുണ്ടെന്നുള്ള വിവരമില്ലാതെ ഒരു സംഖ്യ അനുവദിക്കാൻ നിവൃത്തിയില്ലല്ലോ.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): പൊതുമരാമത്തിൽ ഏതെങ്കിലും സംഗതി തീർച്ചയാകുന്നതിനു ജനങ്ങൾ എത്രനാൾ കാത്തിരിക്കണമെന്നു പറയുമോ?

മി. ഒ. എസ്. രാമസ്വാമിഅയ്യർ (മരാമത്തു എൻജിനീയർ): ഓരോ കാര്യത്തിന്റെയും അത്യന്തിക പ്രാധാന്യത്തെ ആശ്രയിച്ചിരിക്കും.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഇതു ഒരു ചെറിയ റോഡാണെന്നും ഒരു പ്രധാന റോഡല്ലെന്നും ഒരു പട്ടവ്യവസായത്തിനുമേലുള്ള ഒരു ഉപകാരമാണെന്നുള്ള പ്രാധാന്യം മാത്രമേ അതിനുള്ള എന്നും ഗവർമ്മെണ്ട നോട്ടുചെയ്യുന്നുണ്ടോ? ഇതു ദീർഘാലോചനകൂടാതെയും കാലതാമസം നേരിടാതെയും കഴിഞ്ഞയാണ്ടിൽ തന്നെ ഈ കാര്യം തീർക്കേണ്ടതായിരുന്നു.

മി. എം. ശിവതാണുപിള്ള (തോവാള): എന്റെ സ്നേഹിതൻ ഒരു പ്രസംഗം ചെയ്യുകയാണെന്നാണോ ഞാൻ മനസ്സിലാക്കേണ്ടതു്?

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): അല്ല, ഞാൻ ചില ചോദ്യങ്ങൾ ചോദിക്കമാത്രമാണ് ചെയ്യുന്നതു്.

മി. ഒ. എസ്. രാമസ്വാമിഅയ്യർ (മരാമത്തു എൻജിനീയർ): ഞാൻ പറഞ്ഞപ്രകാരം ഇതു പട്ടവ്യവസായത്തിനുമാത്രമല്ല കൃഷിക്കാർക്കും ഉപയോഗമുള്ളതാകുന്നു. അതു വലിയ രീതിയിലുള്ള പക്കാറോഡാക്കണമോ അതോ വിതിച്ചുറഞ്ഞ വണ്ടിപ്പാതയാക്കിയാൽ മതിയോ എന്നുള്ള കാര്യം ആലോചിച്ചു തീർച്ചയാക്കാനുണ്ടായിരുന്നു.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഇങ്ങനെയുള്ള കാര്യങ്ങൾ ഗവർമ്മെണ്ടു മേലാൽ അടിയന്തിരമായി ഗണിക്കുമോ?

മി. ഒ. എസ്. രാമസ്വാമിഅയ്യർ (മരാമത്തു എൻജിനീയർ): ഈ കാര്യത്തിൽ വേണ്ടപോലെയുള്ള ജാഗ്രതയില്ലായിരുന്നു എന്നു തെളിയിച്ചിട്ടില്ല.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഉടനടി ചെയ്യേണ്ടുന്ന ചില പ്രത്യേക കാര്യങ്ങൾ ഉണ്ടെന്നും അവയെപ്പററി ശ്രദ്ധിക്കാറില്ലെന്നും ഗവർമ്മെണ്ടിനു അറിവുണ്ടോ?

മി. ഒ. എസ്. രാമസ്വാമിഅയ്യർ (മരാമത്തു എൻജിനീയർ): എനിക്കറിവില്ല.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): മെമ്പർ അറിവാൻ ആഗ്രഹിക്കുന്നെങ്കിൽ ഒന്നുപറയാം. ചേർത്തലയിലെ റോഡുകളുടെ സ്ഥിതി കുറഞ്ഞതും സന്തോഷകരമല്ലാത്തതുമാണു. രണ്ടു മൂന്നു മാസങ്ങളായി അവിടെ ഓടിക്കാൻ കൊണ്ടുവന്ന ഒരു കാർ ഓടിക്കാൻ നിവൃത്തിയില്ലാതെ കിടക്കുന്നു. പൊലീസ് കമ്മീഷണർ തന്നെ ഇതു സാക്ഷീകരിക്കും.

മി. ഒ. എസ്. രാമസ്വാമിഅയ്യർ (മരാമത്തു എൻജിനീയർ): മെമ്പർ തന്ന വിവരത്തിനു ഉപകാരം പറഞ്ഞുകൊള്ളുന്നു.

മി. എം. ശിവതാണുപിള്ള (തോവാള): ഇപ്പോൾ പൊലീസ് ഡിപ്പാർട്ടുമെന്റിനെപ്പററി സംസാരിക്കാൻ മെമ്പറിനു അനുവാദം ഉണ്ടോ എന്നു പറയുമോ?

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): പൊതുമരാമത്തിലേക്കു അനുവദിക്കുന്ന ഗ്രാന്റു തിരുവിതാംകൂറിലെ എല്ലാ ഡിപ്പാർട്ടുമെന്റുകളേയും സംബന്ധിക്കുന്നതാകയാൽ അങ്ങനെ ചെയ്യാൻ എനിക്കു പൂർണ്ണസ്വാതന്ത്ര്യം ഉണ്ടെന്നു ഞാൻ വിചാരിക്കുന്നു.

മി. ഡബ്ലിയു. എച്ച്. പിററ് (പൊലീസ് കമ്മീഷണർ): ഒരു പുതിയ ചീഫ് എൻജിനീയരിന്റെ നിയമനംനിമിത്തം കാര്യം ഉടനെ തീരുമെന്നു ഞാൻ വിശ്വസിക്കുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഈ റോഡിനെപ്പററി സ്ഥലനിവാസികളിൽനിന്നു വല്ല അപേക്ഷയും ഉണ്ടായിരുന്നോ എന്നു മെമ്പർ പറയുമോ?

മി. ഒ. എസ്. രാമസ്വാമിഅയ്യർ (മരാമത്തു എൻജിനീയർ): എഴുത്തുകുത്തിൽനിന്നു സ്ഥലനിവാസികളുടെ അപേക്ഷയുണ്ടായിരുന്നതായി കാണുന്നില്ല.

മി. എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്കു): ഈ റോഡു നന്നാക്കുന്നതിനു വല്ല സംഖ്യയും വല്ലപ്പോഴും ചിലവാക്കിട്ടുണ്ടോ എന്നു പറയുമോ?

മി. ഒ. എസ്. രാമസ്വാമിഅയ്യർ (മരാമത്തു എൻജിനീയർ): ഇല്ല ഒരുകാശുപോലുമില്ല.

ഇനിയത്തെ ഇനം തിരുവനന്തപുരം വിമെൻസു കോളേജിലെ സയൻസു ബ്ലോക്കു പൂർത്തിയാക്കുന്നതിനുള്ള ൭൦൦൦ രൂപയാണു. ഇയ്യാണ്ടത്തെ ബഡ്ജററിൽ ഇതിനു ൫൦൦൦ രൂപ അനുവദിച്ചിരുന്നു. എന്നാൽ ഇതിൽനിന്നു ൨൦൦൦ രൂപ മേധി പ്രിൻസിപ്പാളിനും ഒരു ആഫീസ്മുറി ഉണ്ടാക്കുന്നതിനു വിനിയോ-

റിക്കേണ്ടിവന്നു. ക്ലാസ്സുമുറികളിൽ സ്ഥലം ചോരാതെ വരികയാൽ പോർട്ടിക്കോവുകൾ മുകളിൽ ഒരു പുതിയ കെട്ടിടം ഉണ്ടാക്കുകയും പഴയ മുറി ഒരു ക്ലാസുമുറിയാക്കുകയുമാണു ചെയ്തതു്. ഇപ്പോൾ ൫൦൦൦൦ രൂപ മാത്രമേ ബാക്കിയുള്ളു. വിദ്യാഭ്യാസഡയറക്ടരുടെ ശുപാർശപ്രകാരം വരുന്ന സ്ക്കൂൾ വർഷത്തിൽ അവിടെ ബി. ഏ. ക്ലാസുകളും ഇന്റർമീഡിയററിൽ രണ്ടാംഗ്രൂപ്പും ഏർപ്പെടുത്തുന്നതിനു തീർച്ചയാക്കിട്ടുണ്ടു്. കാളേജ് വീണ്ടും തുറക്കുന്നതിനുമുമ്പായി ഈ ക്ലാസ്സുകൾ ഇടുന്നതിനു അത്യാവശ്യം വേണ്ട സ്ഥലമെങ്കിലും ഉണ്ടാക്കേണ്ടിയിരിക്കുന്നു. കാളേജ് വലുതാക്കുന്നതിനു ഒരു രണ്ടാംനില കെട്ടിടം പണിയുന്നതിനു ഒരു പ്ലാൻ തയ്യാറാക്കീട്ടുണ്ടു്. ഉദ്ദേശിച്ചിരിക്കുന്ന കെട്ടിടത്തിന്റെ ഒററത്തട്ടായ നിലയിൽ മൂന്നു മുറികളും മുകളിലത്തെ നിലയിൽ മൂന്നു മുറികളുമെങ്കിലും സ്ക്കൂൾ തുറക്കുന്നതിനു മുമ്പിൽ പൂർത്തിയാക്കേണ്ടിയിരിക്കുന്നു. ഒരു എസ്റ്റിമേററു തയ്യാറാക്കിക്കഴിഞ്ഞിട്ടില്ല. ഈ മുറികൾ പൂർത്തിയാക്കുന്നതിനു ൭൫,൦൦൦ രൂപ ആവശ്യമുണ്ടു്. ൫൦,൦൦൦ രൂപ ഇപ്പോഴത്തെ ബഡ്ജററിൽതന്നെയുണ്ടു്. ബാക്കി ൨൫,൦൦൦ രൂപയാണു ഈ ആവശ്യത്തിനു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ബഡ്ജററിൽ ൫൮,൦൦൦ രൂപ അനുവദിച്ചിരുന്നതു ഈ പണിക്കാണോ?

മി. ഒ. എസ്. രാമസ്വാമി അയ്യർ (മരാമത്തു എൻജിനിയർ): അതെ.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതേപണിക്കു ഇപ്പോൾ ൭൫,൦൦൦ രൂപ വേണമെന്നാണ് നിങ്ങൾ പറയുന്നതു?

മി. ഒ. എസ്. രാമസ്വാമി അയ്യർ (മരാമത്തു എൻജിനിയർ): ആകെ ൭൫,൦൦൦ രൂപ വേണം. അതിൽ ൫൦,൦൦൦ രൂപ ഉണ്ടു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ആദ്യത്തെ എസ്റ്റിമേററു ഇത്രകുറഞ്ഞുപോകാൻ സംഗതി എന്തെന്നു പറയുമോ?

മി. ഒ. എസ്. രാമസ്വാമി അയ്യർ (മരാമത്തു എൻജിനിയർ): ആ സമയം എസ്റ്റിമേററു തയ്യാറാക്കിട്ടുണ്ടായിരുന്നില്ല. വരുന്ന സ്ക്കൂൾവർഷത്തിൽ ഏതെല്ലാം ക്ലാസ്സുകൾ ഏർപ്പെടുത്തണമെന്നു തീർച്ചയാക്കിട്ടുണ്ടായിരുന്നില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അന്നു പണം ചോദിച്ചതു ഏതിനെ അടിസ്ഥാനപ്പെടുത്തിയായിരുന്നു?

മി. ഒ. എസ്. രാമസ്വാമി അയ്യർ (മരാമത്തു എൻജിനിയർ): ജോലി ആരംഭിക്കുന്നതിനു മാത്രം ആയിരുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): എസ്റ്റിമേററുകൂടാതെയോ?

മി. ഒ. എസ്. രാമസ്വാമി അയ്യർ (മരാമത്തു എൻജിനിയർ): ആ സമയം എസ്റ്റിമേററു തയ്യാറാക്കീട്ടുണ്ടായിരുന്നില്ല.

മി. എം. ശിവതാണുപിള്ള (തോവാള): എസ്റ്റിമേററു തയ്യാറാക്കുന്നതിനുമുമ്പു പണം അനുവദിച്ചുവരുക ആ ഡിപ്പാർട്ടുമെന്റിലെ ഒരു പതിവാണോ എന്നു മെമ്പർ പറയുമോ?

മി. ഒ. എസ്. രാമസ്വാമി അയ്യർ (മരാമത്തു എൻജിനിയർ): പ്ലാനും എസ്റ്റിമേററും തയ്യാറാക്കി അനുവദിച്ചശേഷം മാത്രം സംഖ്യ ബഡ്ജററിൽ ഉൾക്കൊള്ളിക്കയാണു പതിവു. എന്നാൽ അടിയന്തിരകാര്യങ്ങൾ ഡിപ്പാർട്ടുമെന്റിന്റെ ദൃഷ്ടിയിൽപെടുകയും പ്ലാനും എസ്റ്റിമേററും തയ്യാറാക്കുന്നതിനു സമയം ഇല്ലാതെ വരികയും ചെയ്യുമ്പോൾ പണം മുൻകൂട്ടി അനുവദിപ്പിക്കാറുണ്ടു.

മി. എം. ശിവതാണുപിള്ള (തോവാള): ൫൦,൦൦൦ രൂപ എന്നൊരു സംഖ്യ നിശ്ചയിക്കുന്നതിനു അടിസ്ഥാനം എന്തായിരുന്നു?

മി. ഒ. എസ്. രാമസ്വാമി അയ്യർ (മരാമത്തു എൻജിനിയർ): ഞാൻ പറഞ്ഞപ്രകാരം അതു പ്രവൃത്തി ആരംഭിക്കുന്നതിനുമാത്രം ആയിരുന്നു. ഗ്രാന്റു അനുവദിക്കുമ്പോൾ, ആ കെട്ടിടം ആവശ്യമാണെന്നു സമ്മതിച്ചതായി വിചാരിക്കാം. പിന്നത്തെകാര്യം ആവശ്യമായിവരുന്ന കൂടുതൽ സംഖ്യകൾ അനുവദിക്ക മാത്രമാണ്.

മി. എം. ശിവതാണുപിള്ള (തോവാള): അനുവദിച്ച ൫൦,൦൦൦ രൂപ ചെലവുചെയ്തുകഴിഞ്ഞു എന്നാണോ മനസ്സിലാക്കേണ്ടതു്.

മി. ഒ. എസ്. രാമസ്വാമി അയ്യർ (മരാമത്തു എൻജിനിയർ): ൫൮,൦൦൦ രൂപ അനുവദിച്ചിരുന്നതിൽ ൮,൦൦൦ രൂപ മററ കെട്ടിടത്തിനു ചെലവായി. ഇനി ൫൦,൦൦൦ രൂപ ബാക്കിയുണ്ടു. ഈ കെട്ടിടത്തിനു ഇന്നുവരെ ചെലവായ പണത്തിന്റെ കണക്കു എന്റെ പക്കൽ ഇല്ല. ൫൦,൦൦൦ രൂപ മുഴുവനും ചെലവായിട്ടില്ലെന്നാണു തോന്നുന്നതു.

മി. എം. ശിവതാണുപിള്ള (തോവാള): പ്ലാനും എസ്റ്റിമേററും തയ്യാറായിട്ടുണ്ടോ?

മി. ഒ. എസ്. രാമസ്വാമി അയ്യർ (മരാമത്ത്എൻജിനിയർ): പ്ലാനും എസ്റ്റിമേററും ഇപ്പോഴും തയ്യാറായിട്ടില്ല.

മി. എം. ശിവതാണുപിള്ള (തോവാള): ൭൫,൦൦൦ രൂപ ആവശ്യപ്പെട്ടിട്ടുള്ളതു കെട്ടിടം പൂർത്തിയാക്കുന്നതിനാണോ?

മി. ഒ. എസ്. രാമസ്വാമി അയ്യർ (മരാമത്ത്എൻജിനിയർ): പണിയാരംഭിച്ചഭാഗത്തിന്റെ പണിപൂർത്തിയാക്കുന്നതിനാണു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): പണി ആരംഭിച്ചുവൊ?

മി. ഒ. എസ്. രാമസ്വാമി അയ്യർ (മരാമത്ത് എൻജിനിയർ): ഉവ്വ് കാളേജ് തുറക്കുന്നതിനുമുമ്പായി അതു തീർക്കേണ്ടിയിരിക്കുന്നു.

ഇനിയത്തെ ഇനം പനിവാസ്സുവിന്റെ വലതേക്കര നന്നാക്കുന്നതിനുള്ള ൫,൫൪൦ രൂപയാകുന്നു. ചിറയിൽ വീണിട്ടുള്ള മടകൾനിമിത്തം രാജാക്കമംഗലം ഉപ്പൂരിൽ സാഗരജലംകയറി ഉപ്പുവെള്ളത്തിന്റെ ഗുണം കുറയുന്നുഎന്നും ഈ മടകൾ എല്ലാംനികത്തി വരമ്പുനന്നാക്കുന്നതു എത്രവേഗംചെയ്യുന്നുവൊ അത്രയ്ക്ക അത്രയും നന്നായിരിക്കുമെന്നും എക്സൈസ്കമ്മീഷണർ പരാതിപറയുന്നു. അതുകൊണ്ടു ഈ ജോലിയും ഉടനെ തീർക്കാനാണു ആലോചിച്ചിട്ടുള്ളതു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്) : ഈ ജോലിയെസംബന്ധിച്ചുള്ള എസ്റ്റിമേററ് തെയ്യാറുണ്ടോ?

മി. ഒ. എസ്. രാമസ്വാമി അയ്യർ (മരാമത്ത് എൻജിനീയർ) : ഉവ്, അനുവാദംകിട്ടീട്ടുള്ള എസ്റ്റിമേററുണ്ട്.

ഇനി ചൂണ്ടിക്കാട്ടേണ്ടുന്ന കാര്യം ഒന്നിനെപ്പററിപറയാം. ഇതിന്റെ ആവശ്യം സാങ്കേതിക ജ്ഞാനംകൊണ്ട് ഗവണ്മെൻറിന്റെ ദൃഷ്ടിയിൽ കൊണ്ടുവന്നിട്ടുള്ളതാണ്. ഇവിടെ ഇപ്പോഴുള്ള കിണറ വേനൽക്കാലത്ത് ഉപയോഗിക്കാൻ ഉതകുന്ന നല്ലകിണറ കെട്ടണമെന്നു സ്ഥലവാസികൾ വളരെ താല്പര്യപ്പെടുന്നു. അവിടെയുള്ള അവർ പ്രതിഫലംകൂടാതെ തരാമെന്നു ഏററിട്ടുണ്ടു. എസ്റ്റിമേററ് കിണറ കുഴിക്കുന്നതിനു മാത്രമാണ്.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും) : ബഡ്ജററിൽ സാനിട്ടറി ഡിപ്പാർട്ടുമെൻറ് വക കിണറുകൾ കുഴിക്കുന്നതിനു പണം അനുവദിച്ചിട്ടില്ലയോ?

മി. ഒ. എസ്. രാമസ്വാമി അയ്യർ (മരാമത്ത് എൻജിനീയർ) : കിണറുകൾക്കു പണം അനുവദിച്ചിട്ടുണ്ട്.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും) എത്ര കിണറുകൾ കുഴിച്ചു.

മി. ഒ. എസ്. രാമസ്വാമി അയ്യർ (മരാമത്ത് എൻജിനീയർ) : അനുവദിച്ച സംഖ്യ കിണറുകൾ കുഴിക്കുന്നതിനു ഏർപ്പെടുത്തിയില്ല. ഇനി പകുതി വേണ്ടിയിരിക്കുന്നു. അതാണ് ഈ ആവശ്യത്തിനുള്ളതാണ്.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും) : എത്ര കിണറുകൾ കുഴിച്ചുകഴിഞ്ഞു?

മി. ഒ. എസ്. രാമസ്വാമി അയ്യർ (മരാമത്ത് എൻജിനീയർ) : എനിക്കതിനെപ്പററി അറിവില്ല.

ഇനിയത്തെ ഇനം പുനലൂർ വടശ്ശേരിക്കര റോഡുനന്നാക്കുന്നതാണ്. ശ്രീമൂലം പ്രജാസഭയുടെ ഒരു യോഗത്തിൽ ഈ റോഡിന്റെ നികൃഷ്ടാവസ്ഥയെ പി. ഡബ്ളിയു. ഡി. ഗവണ്മെൻറിന്റെ ദൃഷ്ടിയിൽകൊണ്ടുവരികയും മഴക്കാലത്ത് അതിൽക്കൂടി വണ്ടികൊണ്ടുപോകുന്നതു അസാദ്ധ്യമാണെന്നു പറകയുംചെയ്തു. അതിനായി കുറെ പണം അനുവദിക്കാമെന്നു ഗവണ്മെൻറ വാഗ്ദാനംചെയ്കയും ചെയ്തു. എന്നാൽ ബഡ്ജററിലേയ്ക്കു വേണ്ട അടിയന്തിരകൃത്യങ്ങൾ ഉണ്ടായിരുന്നതുകൊണ്ടു ഇതിനു ആവശ്യമുള്ള പണം അനുവദിക്കാൻ കഴിഞ്ഞില്ല. ഈ ജോലി ഏററവും അടിയന്തിരമാണെന്നു വീണ്ടും കൂടക്കൂടെ ഗവണ്മെൻറിന്റെ ദൃഷ്ടിയിൽ കൊണ്ടുവരാൻ ഇടയായിട്ടുള്ളതുകൊണ്ടു ആ ജോലിയും വർഷകാലത്തിനുമുൻപായി നിർവ്വഹിക്കത്തക്കവണ്ണം ഈ ആവശ്യത്തെ കൊണ്ടുവന്നിട്ടുള്ളതാകുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്) : ഈ റോഡു എവിടെക്കൂടെപോകുന്നതാണ്.

മി. ഒ. എസ്. രാമസ്വാമി അയ്യർ (മരാമത്ത് എൻജിനീയർ) : കോന്നി-റാന്നിറോഡിന്റെ എട്ടാം മൈലിൽനിന്നു വടശ്ശേരിക്കരകഴിഞ്ഞു ചിററാറിലേക്കു, അതായതു, മണ്ണാർകുളഞ്ഞിയിൽനിന്നു ചിററാറിലേക്കു പോകുന്നതും ചെയ്യാനുള്ളതു റോഡിന്റെ ആദ്യത്തെ ആറുമൈലിൽ ആണു.

മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട) : പുനലൂർ-റാന്നിറോഡു എന്നല്ലാതെ പുനലൂർ-വടശ്ശേരിക്കരറോഡ് എന്നൊരു റോഡുണ്ടോ?

മി. ഒ. എസ്. രാമസ്വാമി അയ്യർ (മരാമത്ത് എൻജിനീയർ) : ആ പേരാണു മെമ്പർ ഉപയോഗിച്ചതു. അതു പിന്നെ മാററിയില്ല. ശരിയായപേരു മണ്ണാർകുളഞ്ഞി-ചിററാർ റോഡു എന്നായിരിക്കും.

മി. കല്ലൂർനാരായണപിള്ള (പത്തനംതിട്ട) : മണ്ണാർ കുളഞ്ഞി ചിററാർറോഡു ചിററാർതോട്ടക്കാരുടെ ആവശ്യത്തിനായിട്ടു വെട്ടിച്ചതല്ലേ?

മി. ഒ. എസ്. രാമസ്വാമി അയ്യർ (മരാമത്ത് എൻജിനീയർ) : ശ്രീമൂലം പ്രജാസഭയിൽ തന്റെ നിവേദനത്തിൽ മെമ്പർ പുനലൂർ വടശ്ശേരിക്കര റോഡ് എന്നപേരു പ്രയോഗിച്ചതുകൊണ്ടു നോട്ടീസിലും ആ പേരു പ്രയോഗിച്ചു എന്നേയുള്ളൂ.

മി. കല്ലൂർനാരായണപിള്ള (പത്തനംതിട്ട) : റാന്നിറോഡിൽ എട്ടാംമൈലിൽകുററിയിൽനിന്നും മണ്ണാർകുളഞ്ഞിക്കും വടശ്ശേരിക്കരക്കും എത്രമൈൽദൂരമുണ്ട്?

മി. ഒ. എസ്. രാമസ്വാമി അയ്യർ (മരാമത്ത് എൻജിനീയർ) : മൂന്നരമൈൽമാത്രം.

മി. കല്ലൂർനാരായണപിള്ള (പത്തനംതിട്ട) : അതു ഡിപ്പാർട്ടുമെൻറലിസ്റ്റിൽ ഉള്ളതാണോ?

മി. ഒ. എസ്. രാമസ്വാമി അയ്യർ (മരാമത്ത് എൻജിനീയർ) : ഡിപ്പാർട്ടുമെൻറിന്റെ സംരക്ഷണത്തിലുള്ളതാണ്.

മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട) : എസ്റ്റേററിൽനിന്നും അതിലേക്കു പണം ചെലവുചെയ്യുന്നുണ്ടോ?

മി. ഒ. എസ്. രാമസ്വാമി അയ്യർ (മരാമത്ത് എൻജിനീയർ) : വടശ്ശേരിക്കര കഴിഞ്ഞു പത്തുമൈലപ്പുറമാണു ചിററാർതോട്ടം.

മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട) : എസ്റ്റേററിൽനിന്നും അതിലേക്കു പണംചെലവുചെയ്യുന്നുണ്ടോ എന്നാണു ചോദിക്കുന്നതു.

മി. ഒ. എസ് രാമസ്വാമി അയ്യർ (മരാമത്ത് എൻജിനീയർ) : അതിനെപ്പററി എനിക്കറിവില്ലാത്തതിനാൽ വ്യസനിക്കുന്നു.

മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട) : എസ്റ്റേററിൽനിന്നും പണംചെലവുചെയ്യുന്നുണ്ടെന്നാണു എന്റെ അറിവു.

മി. ഒ. എസ്. രാമസ്വാമി അയ്യർ (മരാമത്ത് എൻജിനീയർ) : ചില വർഷങ്ങൾക്കുമുമ്പുള്ളസ്ഥിതി എനിക്കറിവുണ്ടു. അക്കാലത്തു ആറോഡിന്റെ തുടക്കംമുതൽ അവസാനംവരെ ഗവണ്മെൻറ ചെലവിന്മേൽ ഗവണ്മെൻറതന്നെ സംരക്ഷിച്ചുപോന്നു. ആ റോഡിന്റെ സംരക്ഷണത്തിനായി ഈയിടയായി എസ്റ്റേററിൽനിന്നു വല്ലതും കൊടുക്കുന്നുണ്ടോ എന്നു എനിക്കറിഞ്ഞുകൂടാ.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്) : നന്നാക്കാൻവിചാരിക്കുന്നറോഡ് പൊതുജനങ്ങൾക്കു വല്ലവിധത്തിലും ഉപയോഗമുള്ളതാണോ?

മി. കെ. എസ്. രാമസ്വാമിഅയ്യർ (മരാമത്തു് എൻജിനീയർ) : അതു് പൊതുജനങ്ങൾക്കും ഉപകാരമുള്ളതാണു. ശബരിമലയ്ക്കുപോകുന്ന തീർത്ഥയാത്രക്കാർ ആ റോഡ് ധാരാളം ഉപയോഗിക്കുന്നുണ്ടു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്) : അതു് ആണ്ടിൽ ഒരിക്കൽ മാത്രമേയുള്ളല്ലോ. എന്നാൽ ആർക്കാണു ഇതു് അധികം പ്രയോജനമുള്ളതു്, പൊതുജനങ്ങൾക്കോ ഓവർസീയർക്കോ?

മി. കെ. എസ്. രാമസ്വാമിഅയ്യർ (മരാമത്തു് എൻജിനീയർ) : അതു് പൊതുജനങ്ങൾക്കും പ്രയോജനമുള്ളതാണു. എന്നുമാത്രമല്ല, ഈ ജോലി ചെയ്യാനുള്ള ആദ്യത്തെ ആറു മൈൽ ഉറപ്പുള്ള സ്ഥലമാണു. റോഡിന്റെ ആ ഭാഗം പൊതുജനങ്ങൾക്ക് വളരെ പ്രയോജനമുള്ളതായിരിക്കുമെന്നാണു എന്റെ വിശ്വാസം.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ശബരിമലയ്ക്കുപോകുന്ന ജനങ്ങൾ ആ റോഡാണു ഉപയോഗിക്കുന്നതെന്നു മെമ്പർ പറഞ്ഞല്ലോ. അതിനെപ്പറ്റി മെമ്പർക്കു നേരിട്ടറിവുണ്ടോ എന്നു പറയുമോ?

മി. കെ. എസ്. രാമസ്വാമിഅയ്യർ (മരാമത്തു എൻജിനീയർ): റോഡിന്റെ ആ ഭാഗം ഉപയോഗിക്കാറുണ്ടെന്നു എനിക്കറിയാം.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): തീർത്ഥയാത്രക്കാർ ഈ റോഡാണോ സാധാരണ ഉപയോഗിക്കുന്നതു എന്നാണു എന്റെ ചോദ്യം.

മി. കെ. എസ്. രാമസ്വാമിഅയ്യർ (മരാമത്തു എൻജിനീയർ): പ്രതം ആചരിച്ചുകൊണ്ടു എരുമേലിക്കുപോയി അവിടെനിന്നു ശബരിമലയ്ക്കുപോകുന്നവർ അതു ഉപയോഗിക്കാറില്ല. മകരവിളക്കിനുമാത്രം പോകുന്നവർ, ഈ വഴി എളുപ്പമുള്ളതാകയാൽ അതു ഉപയോഗിക്കുന്നു.

മി. എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്ക): വേറെ റോഡുകൾ നന്നാക്കുന്നതിനെപ്പറ്റി നിവേദനങ്ങൾ ഉണ്ടായിരുന്നിരിക്കെ മിസ്റ്റർ ഹാറിന്റെ നിവേദനത്തിനു പ്രാധാന്യം കൊടുക്കാൻ ഗവണ്മെന്റിനെ പ്രേരിപ്പിച്ചതു എന്താണെന്നു മെമ്പർ പറയുമോ?

മി. കെ. എസ്. രാമസ്വാമിഅയ്യർ (മരാമത്തു എൻജിനീയർ): ഒരു റോഡിന്റെ സ്ഥിതി കഷ്ടതരമായിരിക്കുമ്പോൾ അതു നന്നാക്കേണ്ടതു അത്യന്താപേക്ഷിതമാണു. ഉപേക്ഷവിചാരിച്ചാൽ മഴക്കാലത്തു ഗതാഗതം അസാദ്ധ്യമായിവരും.

മി. എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്ക): ഇതിനേക്കാൾ കഷ്ടസ്ഥിതിയിലുള്ള വേറെ റോഡുകൾ ഇല്ലേ?

മി. കെ. എസ്. രാമസ്വാമിഅയ്യർ (മരാമത്തു എൻജിനീയർ): എനിക്കു പറവാൻ സാധിക്കയില്ല.

മി. എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്ക): കായിക്കരയിനു അരികെയിൽ കൂടി ഒന്നാം പാലത്തിലേക്കു പോകുന്ന ഒരു റോഡിനെപ്പറ്റി ശ്രീമൂലം പ്രജാസഭയുടെ രണ്ടാമത്തെ യോഗത്തിൽ ഒരു നിവേദനമുണ്ടായിരുന്നതും അതിനെപ്പറ്റി ഞാൻ അനേകം ചോദ്യങ്ങൾ അയച്ചിട്ടുള്ളതും മെമ്പർക്കു അറിവുണ്ടോ?

മി. കെ. എസ്. രാമസ്വാമിഅയ്യർ (മരാമത്തു എൻജിനീയർ): അതിനെപ്പറ്റി അറിവില്ലാത്തതിനാൽ വ്യസനിക്കുന്നു.

മി. സി. പി. [illegible]പിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): മെമ്പർ ഈ റോഡു കണ്ടിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ എപ്പോഴാണെന്നും പറയുമോ?

മി. കെ. എസ്. രാമസ്വാമിഅയ്യർ (മരാമത്തു എൻജിനീയർ): പതിനാറു വർഷംമുമ്പു.

ഇനിയത്തെ ഇനം കായംകുളത്തെ ഇരിമ്പുപാലവും മീൻചന്തപ്പാലവും നന്നാക്കുന്ന കാര്യമാണു. ചില മാസങ്ങൾക്കുമുമ്പു തോട്ടിലെ മണ്ണു കുഴിച്ചിളക്കിക്കൊണ്ടുപോയിട്ടു ഇരിമ്പു തൂണിന്റെ അടിപ്പലക വെളിക്കായിപ്പോയതിനാൽ ആ പാലത്തിൽകൂടെയുള്ള ഗതാഗതം ആപൽക്കരമാണെന്നു കാണുകയാൽ അതു തടയേണ്ടിവന്നു. അപ്പോൾ ഗതാഗതം മീൻചന്തപ്പാലത്തിൽകൂടെയായി. എന്നാൽ അതിനു ബലംപോരായ്കയാൽ മതിൽ ചെരുവിണ്ടു കീറിപ്പോയി. അതുകൊണ്ടു ആ പാലത്തിന്മേൽകൂടെയുള്ള ഗതാഗതവും കുറേനാളത്തേക്കു വിരോധിക്കേണ്ടിവന്നു. രണ്ടു പാലവും തടസ്സംചെയ്തതിനെപ്പറ്റി മുനിസിപ്പാലിറ്റി പ്രസിഡന്റു പരാതിപറഞ്ഞു. ഇങ്ങനെ മീൻചന്തപ്പാലം രക്ഷാകാലത്തേക്കു ഉറപ്പുവരുത്തി ഗതാഗതം അനുവദിച്ചു. എന്നാൽ വളരെക്കാലത്തേക്കു കൂടുതൽ ഭാരംതാങ്ങാൻ അതിനു ശക്തിയില്ല. അതുകൊണ്ടു ഇരിമ്പുപാലം കഴിയുന്ന വേഗത്തിൽ പൂർവ്വസ്ഥിതിയിലാക്കേണ്ടിയിരിക്കുന്നു.

മി. എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്ക): ഈ പാലം നന്നാക്കിയശേഷം മോട്ടാർവാഹനങ്ങൾക്കു അതിന്മേൽകൂടെ മണിക്കൂറിൽ ഇരുപതു നാഴികവേഗത്തിൽ പോകാമോ എന്നു പറയുമോ?

മി. കെ. എസ്. രാമസ്വാമിഅയ്യർ (മരാമത്തു എൻജിനീയർ): മോട്ടാർ വാഹനങ്ങൾക്കു ഏതു വേഗത്തിലും പോകാം.

ഇനിയത്തെ ഇനം ജനറൽ ആസ്പത്രിയിൽ എക്സ്‌റെയും വൈദ്യുതവിഭാഗങ്ങളും സ്ഥാപിക്കുന്നതിനു ആവശ്യമായ കേന്ദ്രങ്ങൾ ആസ്പത്രികെട്ടിടത്തിൽ ഉണ്ടാക്കുന്നതിനു ആവശ്യമായ [illegible] രൂപായാകുന്നു. ജനറൽ ഇലക്ട്രിക് കമ്പനിയിലെ വിദഗ്ദ്ധൻ വന്നു സ്ഥലപരിശോധനകഴിച്ചിട്ടു എക്സ്‌റേ സ്ഥാപനത്തിനു തക്കതായ സ്ഥലം റെസിഡന്റു മെഡിക്കൽ ഉദ്യോഗസ്ഥൻ പാർക്കുന്ന സ്ഥലമാണെന്നു അഭിപ്രായപ്പെട്ടു. അതുകൊണ്ടു റെസിഡന്റു മെഡിക്കൽ ഉദ്യോഗസ്ഥന്റെ ഭവനം എക്സ്‌റേ സ്ഥാപനത്തിനും ഇപ്പോഴത്തെ എക്സ്‌റേ കെട്ടിടം റെസിഡന്റു മെഡിക്കൽ ഉദ്യോഗസ്ഥന്റെ പാർപ്പുസ്ഥലമായിട്ടും ഭേദപ്പെടുത്തുന്നതിനു നിശ്ചയിച്ചു. ഈ ജോലികൾ ഇപ്പോൾ നടന്നുവരുന്നു. അതാണു ഈ അഭ്യർത്ഥനയ്ക്കു കാരണം.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): പുതുക്കോട്ട് കിണറു കുഴിക്കുന്ന കാര്യം പറഞ്ഞപ്പോൾ മി. രാമസ്വാമിഅയ്യർ പറഞ്ഞതു മുഴുവൻ കേൾക്കാൻ കഴിയാഞ്ഞതുകൊണ്ടു അദ്ദേഹം പറഞ്ഞതു ഞാൻ ശരിയായി ഗ്രഹിച്ചില്ല. ഇന്നു ആവശ്യപ്പെട്ടിട്ടുള്ള ആ കിണറു കുഴിക്കാനുള്ള സ്ഥലത്തിന്റെ ശരിയായ ഉയരം അറിവാൻ ഞാൻ ആഗ്രഹിക്കുന്നു.

മി. ഒ. എസ്. രാമസ്വാമിഅയ്യർ (മരാമത്തു എൻജിനീയർ): സ്ഥലത്തിന്റെ ശരിയായ ഉയരം എനിക്കു അറിഞ്ഞുകൂടാ. കിണറിന്റെ ആഴം ൯൦ അടിയാണെന്നു എസ്റ്റിമേറ്റിൽ കാണുന്നതുകൊണ്ടു്. സ്ഥലം കുറെ ഉയരമുള്ളതുതന്നെയാണെന്നു വിചാരിക്കുന്നു.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഡിപ്പാർട്ടുമെന്റുവകയായി ഒരു കിണറു കുഴിക്കുന്നതിനു ശരാശരി ചെലവു എന്താണെന്നു പറയാൻ മെമ്പർക്കു കഴിയുമോ?

മി. ഒ. എസ്. രാമസ്വാമിഅയ്യർ (മരാമത്തു എൻജിനീയർ): കിണറുകൾ ൨൦ രൂപാ ചെലവുകൾ കൊണ്ടും കുഴിച്ചിട്ടുണ്ടു്; ചിലതിനു ൪൦൦൦ രൂപാ വേണ്ടിവന്നിട്ടുണ്ടു്.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ചെലവു കിണറിന്റെ വിസ്തീർണ്ണത്തെയാണോ ആശ്രയിച്ചിരിക്കുന്നതു്?

മി. ഒ. എസ്. രാമസ്വാമിഅയ്യർ (മരാമത്തു എൻജിനീയർ): വിസ്തീർണ്ണംകൊണ്ടു മാത്രമല്ല ചെലവു നിർണ്ണയിക്കുന്നതു്.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഈ കിണറിന്റെ വിസ്തീർണ്ണം പറയുമോ?

മി. ഒ. എസ്. രാമസ്വാമിഅയ്യർ (മരാമത്തു എൻജിനീയർ). എസ്റ്റിമേറ്റിൽ ൬ അടി വ്യാസമെന്നാണു കാണുന്നതു്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): തുരപ്പു യന്ത്രംകൊണ്ടു ഈ സ്ഥലത്തു പല്ലു പരീക്ഷയും കഴിച്ചിരുന്നോ?

മി. ഒ. എസ്. രാമസ്വാമിഅയ്യർ (മരാമത്തു എൻജിനീയർ): ഇല്ല.

മി. ഡബ്ലിയു. എച്ച്. പിററ് (പോലീസ് കമ്മിഷണർ): സാധാരണ കൗൺസിൽ ഇങ്ങനെ സംശയകരമായ ഒരു ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ചിടത്തോളം അതൃപ്തിയെ ഉണ്ടാക്കിയേക്കുമോ ഇല്ലയോ എന്നു ഡിപ്പാർട്ടുമെന്റു മെമ്പർ എങ്ങനെയാണു അറിയുന്നതു എന്നും ഇതിനെപ്പറ്റി വിരോധം പുറപ്പെടുകയാണെങ്കിൽ എനിക്കു അതിനെ സംബന്ധിച്ചു സംസാരിക്കാമോ എന്നും പറയുമോ?

പ്രസിഡെന്റ: അവസാനംവരെ ക്ഷമിച്ചിരിക്കണം.

മി. കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർവക്കീൽ): ഏതെങ്കിലും മെമ്പർമാരെപ്പററി സംസാരിച്ചാൽ അദ്ദേഹത്തിനു മറുപടി പറയാം.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ). അദ്ദേഹം എങ്ങനെയാണു മറുപടി പറയുന്നതു?

പ്രെസിഡെന്റ: അദ്ദേഹത്തിനു തന്റെ അഭിപ്രായം പറയാം.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതു വാസ്തവം. അതു മറുപടി ആകയില്ല.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): സർ, പുത്തൂക്കടെ കിണറുകുഴിക്കുന്നതിനെപ്പററി പൊതുമരാമത്തുപണം ദുർവ്യയംചെയ്യുന്ന ഒരു ഡിപ്പാർട്ടുമെന്റാണെന്നു മാത്രമേ എനിക്കു പറവാനുള്ളൂ. ഞായിടെ ൫൦ അടി ആഴമുള്ള ഒരു കിണറു ഞാൻ കുഴിപ്പിച്ചതിനു ൨൫൦ രൂപായേ ചെലവായുള്ളൂ. എന്റെ ഈ അനുഭവംകൊണ്ടു, അതിൽകുറഞ്ഞ ചെലവുകൊണ്ടു വലിയവന്മാരുള്ള പൊതുമരാമത്തുവകക്കു കിണർകുഴിപ്പിക്കാൻ കഴിയണം എന്നു പറഞ്ഞുകൊള്ളുന്നു.

മി. എം. ശിവരാമപിള്ള (തോവാള): അവിടത്തെ മണ്ണിന്റെ സ്വഭാവം എന്താണെന്നു പറയുമോ?

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): അതു എന്തായാണു എനിക്കു അറിവാൻ ആവശ്യമായിരുന്നതു. എന്നാൽ ആ സ്ഥലത്തിന്റെ ഉയരം, മണ്ണിന്റെ സ്വഭാവം മുതലായവയെപ്പററി മിസ്റ്റർ രാമസ്വാമിഅയ്യർക്കു ശരിയായവിവരം തരുവാൻ കഴിഞ്ഞില്ല.

മി. ഡബ്ലിയു. എച്ച്. പിററ് (പോലീസ് കമ്മിഷണർ): അതു കുഴിക്കുന്നതിനു നിവൃത്തിയ അധികൃതവർഗ്ഗക്കാർക്കു ന്യായമായ കൂലി കൊടുത്തോ എന്നു പറയുമോ? (ചിരി)

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): തീർച്ചയായിട്ടും.

മി. എം. ശിവരാമപിള്ള (തോവാള): ഒരു കണ്ട്രാക്ടരെ നിയമിച്ചിരുന്നുവോ എന്നു പറയുമോ?

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): മുഴുവൻജോലിയും ഞാൻതന്നെയാണു ചെയ്യിച്ചതു. മററു സംഗതികൾ സമമായിരുന്നാലും വിശ്വസ്തന്മാരുള്ള പൊതുമരാമത്തു ഡിപ്പാർട്ടുമെന്റു അതു മററുള്ളവരെക്കാൾ കുറഞ്ഞ ചെലവിൽ ചെയ്യേണ്ടതാണ്. എന്നാൽ സാധാരണ ജനങ്ങളെക്കാൾ എത്രയോ അധികം അവർ ചെലവുചെയ്തുവരുന്നതായിട്ടാണു സാധാരണയായി കണ്ടുവരുന്നതു. ഈ ഉദാഹരണംകൊണ്ടു ഞാൻ പ്രത്യക്ഷപ്പെടുത്തുവാൻ വിചാരിച്ചതു മധ്യസ്ഥന്മാർ, കണ്ട്രാക്ടർമാർക്കുവേണ്ടി പൊതുമരാമത്തുകാർ വലിയ സംഖ്യകൾ ചെലവാക്കുന്നുവെന്നുള്ള സംഗതിയാണ്. പുത്തൂക്കടയിലെ ജനങ്ങളുടെ ആവശ്യത്തിനു കിണറുകുഴിക്കുന്നതിനു ഞാൻ വിരോധിയല്ല. ഡിപ്പാർട്ടുമെന്റുകാരുടെ ദുർവ്യയത്തെപ്പററി സംസാരിക്കണമെന്നേ എനിക്കുള്ളൂ.

മി. ജി. കമലാസനപിള്ള (കൊട്ടാരക്കര-പത്തനാപുരം): പുത്തൂക്കട എന്ന സ്ഥലം എന്റെ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ടതുകൊണ്ടു എന്റെ സ്നേഹിതൻ മിസ്റ്റർ എ. കെ. പിള്ള പറഞ്ഞ അഭിപ്രായത്തിനു സമാധാനമായിട്ടു രണ്ടു വാക്കു പറയാതിരിക്കാൻ തീർച്ചയായില്ല. പുത്തൂക്കട ഒരു കിണറുകുഴിപ്പിക്കുന്നതിനു ൧൩൦൦ രൂപാകൊണ്ടു എങ്ങനെ പബ്ലിക് വർക്സ് ഡിപ്പാർട്ടുമെന്റുകാർക്കു സാധിക്കുമെന്നു ഞാൻ ആശ്ചര്യപ്പെട്ടുകൊണ്ടിരിക്കുമ്പോഴാണു മിസ്റ്റർ എ. കെ. പിള്ള ഇങ്ങനെ ഒരു അഭിപ്രായം പുറപ്പെടുവിച്ചതു. ഇപ്പോഴും ൧൩൦൦ രൂപാ അനുവദിച്ചാൽതന്നെയും കിണറു മുഴുവൻ കുഴിപ്പിക്കുന്നതിനു തികയുകയില്ല. കൂടുതലായിട്ടു പണം അനുവദിക്കേണ്ടിവരും. ഇതിന്നടുത്തുതന്നെ കരിക്കൽചന്തയിൽ ഒരു കിണറു വെട്ടീട്ടുണ്ടു്. ആ കിണററിനു ൩൦൦൦ രൂപായിൽമേൽ ചെലവായിട്ടുണ്ടു്. എന്നിട്ടും വെള്ളം കിട്ടീട്ടില്ല. അതുപോലെയുള്ള ഒരു സ്ഥലമാണു പുത്തൂക്കട. മിസ്റ്റർ എ. കെ. പിള്ള പറഞ്ഞ സ്ഥലത്തിനും പുത്തൂക്കടയ്ക്കും തമ്മിൽ യാതൊരു സാദൃശ്യവുമില്ല. മിസ്റ്റർ എ. കെ. പിള്ള പറഞ്ഞ കിണറു സാധാരണ ആയുധങ്ങളെക്കൊണ്ടു വെട്ടാവുന്നതാണ്. ഇവിടെയാകട്ടെ പാറയ്ക്കു തുല്യമായ മണ്ണാണ്. പിക്കാസ്സുകൊണ്ടു വെട്ടിയാൽപോലും മണ്ണു ഇളകുകയില്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഏതു ആയുധംകൊണ്ടു വെട്ടിയാൽ കുഴിയും?

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): പിക്കാസ്സുകൊണ്ടു വെട്ടിയാൽ കഴിയും. അതുകൊണ്ടു ഈ കിണററിനു ൮൦൦ രൂപാ അനുവദിക്കുന്നതുകൊണ്ടു യാതൊരു ദോഷവുമില്ല. പക്ഷേ ആ തുകകൊണ്ടു മതിയാകുമോ എന്നു സംശയമാണു. ആ സ്ഥലത്തെപ്പററി ശരിയായ അറിവില്ലാത്തതുകൊണ്ടാണു ൮൦൦ രൂപായ്ക്കു അടങ്കൽ കൊണ്ടുവന്നിട്ടുള്ളതു. മിസ്റ്റർ എ. കെ. പിള്ള പറഞ്ഞ അഭിപ്രായം ഒരു തെററിലാണു കൊണ്ടുവന്നതാണെന്നുമാത്രമേ ഞാൻ വിചാരിക്കുന്നുള്ളു. ആ സ്ഥലം വന്നുനോക്കിയാൽ ഞാൻ പറഞ്ഞ സംഗതി ശരിയാണെന്നു അദ്ദേഹത്തിനു ബോദ്ധ്യപ്പെടുന്നതാണ്.

മി. എം. ശിവതാണുപിള്ള (തോവാള): സർ, ഈ അഭ്യർത്ഥനയുടെ സാമ്പത്തികസ്വഭാവത്തെപ്പററിപറവാൻ എനിക്കു ആഗ്രഹമില്ലെന്നു പറഞ്ഞുകൊള്ളുന്നു. ഡിപ്പാർട്ടുമെൻറിൻെറ ഉൾച്ചേർച്ചയെപ്പററി എൻെറ സ്നേഹിതൻ മിസ്റ്റർ എ. കെ. പിള്ള പരാതിപറഞ്ഞുവല്ലോ. ഡിപ്പാർട്ടുമെൻറിൽ അനേകം വിദഗ്ദ്ധന്മാർ ഉണ്ടെന്നും വിദഗ്ദ്ധന്മാർ പരീക്ഷണങ്ങളെ സൂചിപ്പിക്കുന്നുഎന്നും പരീക്ഷണങ്ങൾ എന്നതിൻെറ അർത്ഥം ചെലവാണെന്നും അദ്ദേഹത്തിനു പക്ഷേ അറിവില്ലായിരിക്കാം. ചില പ്രവൃത്തികൾ ചെയ്യുന്നതിനുമുൻകൂട്ടി പ്ലാനോ എസ്റ്റിമേററോ തയ്യാറാക്കാതെ അവയെ സംബന്ധിച്ച അഭ്യർത്ഥനകൾ കൊണ്ടുവരാറുണ്ടെന്നു മിസ്റ്റർ രാമസ്വാമിഅയ്യർ പറഞ്ഞതിൽനിന്നു ഞാൻ ഗ്രഹിക്കുന്നു. അതുകൊണ്ടു ഈ വിഷയത്തെപ്പററി സാമ്പത്തികമായോ അതു ഉദ്ദേശ്യം ആണെന്നോ ഞാൻ പറവാൻ വിചാരിക്കുന്നില്ല. എങ്കിലും ഡിപ്പാർട്ടുമെൻറു ഈ സഭയിലെ ബഹുഭൂരിപക്ഷം ഭാഗക്കാരുടെ അഭിപ്രായം സ്വീകരിക്കുന്നവരാണെന്നു എനിക്കു തോന്നുന്ന സംഗതി സഭാമുമ്പാകെ സമ്മതിച്ചുകൊള്ളുന്നു. മിസ്റ്റർ കുമാരപിള്ള സംസാരിക്കാൻ എഴുന്നേററു ഞാൻ കണ്ടനിമിഷത്തിൽതന്നെ പുഴക്കടവു അദ്ദേഹത്തിൻെറ നിയോജകമണ്ഡലത്തിൽ ഏതാണെന്നുപറഞ്ഞു ആരംഭിച്ചതുതന്നെ ഇപ്രകാരം പറവാൻ എന്നെ ധൈര്യപ്പെടുത്തുന്നു. പൊതുജനങ്ങളിലെ ബഹുഭൂരിപക്ഷം എങ്കിലും ഡിപ്പാർട്ടുമെൻറു ശ്രദ്ധയോടെ ചെയ്യുന്നതു നന്നായിരിക്കുമെന്നു ഞാനു പറഞ്ഞുകൊള്ളുന്നു. എങ്കിലും റോഡുകൾ ഉണ്ടാക്കുക, കിണറുകൾ കുഴിക്കുക, കെട്ടിടങ്ങൾ നിർമ്മിക്കുക, പൊലീസ്സ്റ്റേഷൻ പണിയിക്കുക മുതലായ പൊതുജനാവശ്യങ്ങളെ ഡിപ്പാർട്ടുമെൻറുതന്നെ സ്വയമേവ മനസ്സിലാക്കി അവയും അററകുററപ്പണികളും ജോലികളും പണികളുടെ ശ്രദ്ധയ്ക്കു വിഷയമാകേണ്ടതാണെന്നു ഗവണ്മെൻറു ഡിപ്പാർട്ടുമെൻറിനെ നിർബന്ധിക്കുന്നതു അത്യാവശ്യവും സർവ്വപ്രധാനവും ആകുന്നു. ഈ യോഗം മുതൽക്കെങ്കിലും ബഹുജനങ്ങൾ പറയുന്നതുമാത്രം ശ്രദ്ധിക്കാതെയും പ്ലാനുകളും എസ്റ്റിമേററുകളും തയ്യാറാക്കാതെ ഈ സഭാമുമ്പാകെ ഗ്രാൻറിനുള്ള അഭ്യർത്ഥനകൾ കൊണ്ടുവരികയും ചെയ്യുന്ന സാധാരണ പതിവിനെ ഡിപ്പാർട്ടുമെൻറു ഉപേക്ഷിക്കേണ്ടതാകുന്നു. ഗവണ്മെൻറിൻെറമേൽ നിർബന്ധം ഉണ്ടാകുമ്പോൾമാത്രമേ ഡിപ്പാർട്ടുമേലധികാരി ഉണരുകയുള്ളു എന്നു വരുന്നതു കഷ്ടമാണു. ജനസാമാന്യത്തിനു ഉപയോഗപ്രദമായും ഗുണകരവും ആയ സർവ്വപ്രധാനമായ സംഗതികളിൽ അന്യർ അവരുടെ ശ്രദ്ധയ്ക്കു വിഷയമാക്കാതെതന്നെ ഡിപ്പാർട്ടുമെൻറു സ്വയമേവ പ്രവേശിക്കേണ്ടതാകുന്നു എന്നാണു ഞാൻ പറയുന്നതു. മററു പ്രദേശങ്ങളിൽ ചെയ്തുവരുന്നതുപോലെ ഡിപ്പാർട്ടുമെൻറു പ്ലാനുകളും എസ്റ്റിമേററും തയ്യാറാക്കിക്കൊണ്ടു ആവശ്യമുള്ള പണത്തിനു അഭ്യർത്ഥനകൾ കൊണ്ടുവരേണ്ടതാകുന്നുഎന്നു പറഞ്ഞുകൊണ്ടു അവസാനിപ്പിച്ചുകൊള്ളുന്നു. അതേസമയംതന്നെ അവരുടെ ദൃഷ്ടി സംസ്ഥാനത്തിൻെറ എല്ലാ ഭാഗങ്ങളിലും പതിയേണ്ടതും റോഡുകൾ മാർഗ്ഗങ്ങൾ മുതലായവയെ പററിയുണ്ടാകുന്ന എല്ലാപരാതികളും അവർ കേൾക്കേണ്ടതുമാകുന്നു. ഈ സമയംമുതലെങ്കിലും ഈ നാട്ടിൽ സ്വാതന്ത്ര്യവാഴ്ച ആരംഭിക്കുമെന്നുള്ള എൻെറ പ്രത്യാശയെ ഇങ്ങനെപറഞ്ഞു പ്രത്യക്ഷമാക്കിക്കൊള്ളുന്നു.

മി. വി. സുബ്ബയ്യർ (ഗവണ്മെൻറുനിയമനം-ഡപ്യൂട്ടിപ്രസിഡെൻറു): മി. ശിവതാണുപിള്ള ഏതെങ്കിലും ഇനത്തിനു വിരോധം പറയുന്നു എന്നാണോ നാം മനസ്സിലാക്കേണ്ടതു?

മി. എം. ശിവതാണുപിള്ള (തോവാള): ഒരിക്കലുമല്ല.

മി. കെ. ജാഷ് (ഗവണ്മെൻറുചീഫ്സെക്രട്ടറി): മി. ശിവതാണുപിള്ള ഇപ്പോൾ പറഞ്ഞ അഭിപ്രായംതെററാണെന്നു പറവാൻ മാത്രമാണു ഞാൻഎഴുന്നേൽക്കുന്നതു. മി. ശിവതാണുപിള്ളയുടെ അഭിപ്രായം അനുസരിച്ചു പ്ലാനും എസ്റ്റിമേററുംതയ്യാറില്ലാത്ത ജോലികൾക്കു പണം അനുവദിക്കാതിരുന്നാൽ വർഷാരംഭത്തിൽ പുതിയജോലികളെ പററിനമുക്കു ബഡ്ജററിൽ ഒന്നും കാണുകയില്ല.

മി. ശിവതാണുപിള്ള (തോവാള): ഇതൊരു ഉപാഭ്യർത്ഥനകൊണ്ടു നിർവ്വഹിക്കാൻപാടില്ലയോ?

മി. കെ. ജാഷ് (ഗവണ്മെൻറു ചീഫ്സെക്രട്ടറി): ഉപാഭ്യർത്ഥന ഒരുരൂപാ ആയിരിക്കാം. ആ ഒരുരൂപാകൊണ്ടു ആ വർഷത്തിൽ ജോലി ചെയ്വാൻ സാധിക്കയില്ല. പുതിയപ്രവൃത്തികളുടെ ആവശ്യം ആണ്ടുതോറും ഗവണ്മെൻറിൻെറ ദൃഷ്ടിയിൽ വന്നുകൊണ്ടിരിക്കും. ചിലപ്രത്യേക ജോലികളുടെ അത്യാവശ്യകതയെ നിയമസഭാമെമ്പർമാരും പ്രജാസഭാമെമ്പർമാരും പലപ്പോഴും ഗവണ്മെൻറിൻെറ ശ്രദ്ധയ്ക്കു വിഷയീഭവിപ്പിക്കാറുണ്ടു. പ്ലാനുകളും എസ്റ്റിമേററും തയ്യാറാക്കിയശേഷം മാത്രമേ അഭ്യർത്ഥനകൾകൊണ്ടുവരാൻ പാടുള്ളു എന്നുവച്ചാൽ അക്കാരണത്താലുള്ള അടിയന്തിരപ്രവൃത്തികൾക്കു പണം അനുവദിക്കാൻ നിവൃത്തിയുണ്ടാകയില്ല. ജോലികൾ നിറവേററുവാൻ ഇടവരാതിരിക്കേണ്ടതിന്നാണു അത്യാവശ്യ പ്രവൃത്തികൾക്കു മുൻകൂട്ടിപണം അനുവദിക്കുന്നതു. പൊതുമരാമത്തു ബഡ്ജററു രണ്ടുഭാഗങ്ങളായിട്ടാണുള്ളതു. ഒന്നിൽ പൂർത്തിയാകാതെയുള്ള പണികളും മറെറതിൽ പുതിയപണികളും. മി. ശിവതാണുപിള്ളയുടെ വ്യാഖ്യാനം സ്വീകരിച്ചാൽ പൊതുമരാമത്തിൻെറമേൽ വലിയ ആക്ഷേപമുണ്ടാകും.

മി. എം. ശിവതാണുപിള്ള (തോവാള): സപ്ലിമെൻററിഗ്രാൻറിനുള്ള അഭ്യർത്ഥനകൾ കൊണ്ടുവരുമ്പോൾ ട്രഷറിമെമ്പർമാർ അതിനെപ്പററിയുള്ള എല്ലാസംഗതികളും അറിഞ്ഞിരിക്കേണ്ടതാണെന്നുള്ള എൻെറ തത്വം അദ്ദേഹം സ്വീകരിക്കുന്നില്ലയോ എന്നുപറയുമോ?

മി. കെ. ജാഷ് (ഗവണ്മെൻറു ചീഫ്സെക്രട്ടറി): അതു ഞാൻ നിഷേധിക്കുന്നില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): മാരാമത്തുപ്രവൃത്തികൾക്കും അനുവദിക്കുന്ന സംഖ്യകൾ പലപ്പോഴും കാലഹരണപ്പെട്ടുപോകാറില്ലേ എന്നുപറയുമോ?

മി. കെ. ജാഷ് (ഗവണ്മെൻറു ചീഫ്സെക്രട്ടറി): എനിക്കതിനെപ്പററി അറിവില്ല. ബഡ്ജററിൽ പണം അനുവദിക്കും. എന്നാൽ പണി ആരംഭിക്കുന്നതു എസ്റ്റിമേററു അനുവദിച്ചശേഷമാണു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): പൊതുജനങ്ങളുടെ പണം മുടക്കേണ്ടിവരുമ്പോൾ അവരുടെ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കിയിരിക്കേണ്ടതല്ലേ?

മി. കെ. ജോർജ്ജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി): ഏതെങ്കിലും പ്രവൃത്തി ചെയ്യുന്നതോ വേണ്ടയോ എന്നു തീർച്ചയാക്കുകയും ആവശ്യമുള്ള പണം സംഭാവന ചെയ്യുന്നതിനുമായി എസ്റ്റിമേറ്റ് തയ്യാറാക്കി വെപ്പാൻ പൊതുജനങ്ങൾക്ക് കഴികയില്ലെന്നാണ് ഞാൻപറയുന്നത്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അവർ ആലോചനകൾ കൊണ്ടുവരുമ്പോൾ അവയെപ്പറ്റിയുള്ള എല്ലാവിവരങ്ങളും അടങ്ങിയിരിക്കേണ്ടതല്ലയോ?

മി. കെ. ജോർജ്ജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി): ബജറ്റ് എസ്റ്റിമേറ്റിനെ അടിസ്ഥാനപ്പെടുത്തിയിരിക്കണമെന്നുള്ള ചട്ടപ്രകാരം നിർവഹിക്കാൻ ഉദ്ദേശിച്ചിട്ടുള്ള സംഗതി സ്ഥാപിച്ചതിന്റെ ശേഷം സാദ്ധ്യമല്ല. ബഡ്ജറ്റിനുമുമ്പായി എസ്റ്റിമേറ്റുണ്ടായിരിക്കണമെന്നും ആവശ്യമില്ല, എസ്റ്റിമേറ്റുകൂടാതെ പണം അനുവദിക്കേണ്ടതായ പലപ്രവൃത്തികളും ഉണ്ടാകും.

മി. എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്ക്): അടിയന്തിരപ്രവൃത്തികൾക്കു പണം അനുവദിക്കേണ്ടതാണെന്നു ചീഫ്സെക്രട്ടറി പറഞ്ഞതേട്ട ഞാൻ പൂർണ്ണമായി യോജിക്കുന്നുണ്ടെങ്കിലും ഒരുപ്രവൃത്തി അടിയന്തിരമാണോ അല്ലയോ എന്നു തീർച്ചയാക്കുന്നതു എങ്ങനെ യാണെന്നറിവാൻ ആഗ്രഹിക്കുന്നു. പുനലൂർ വടശേരിക്കരറോഡു നന്നാക്കുന്നതിനെപ്പറ്റി മിസ്റ്റർ രാമസ്വാമി അയ്യർ പറഞ്ഞ സമാധാനം റോഡു അസാധ്യ സ്ഥിതിയിൽ കിടക്കുന്നെന്നും നന്നാക്കേണ്ടതാണെന്നും മിസ്റ്റർ ഫ്രാൻ പ്രജാസഭയിൽ നിവേദനം ചെയ്തു എന്നാണ്. എന്നാൽ കഷ്ടസ്ഥിതിയിൽ കിടക്കുന്ന വേറെറോഡുകൾ ഇല്ലയോഎന്നും അവയെ നന്നാക്കുന്നകാര്യം അതിനേക്കാൾ അടിയന്തിരമല്ലയോ എന്നും ഞാൻ ചോദിച്ചപ്പോൾ അതിനെപ്പറ്റി അറിവില്ലെന്നാണ് എന്റെ സ്നേഹിതൻ മറുപടി പറഞ്ഞതു.

മി. എം. ശിവതാണുപിള്ള (തോവാള): മറ്റെറോഡുകളെ അദ്ദേഹം എങ്ങനെയാണ താരതമ്യപ്പെടുത്തുന്നതെന്നു പറയുമോ?

മി. എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്ക്): സർ, ഞാൻവിവരമായി പറയാം. മെമ്പർ ദയവായി അല്പം ക്ഷമിക്കട്ടെ ശ്രീമൂലംപ്രജാസഭയുടെ രണ്ടാമത്തെയോഗംമുതൽ നന്നാക്കണമെന്നു നിവേദനങ്ങൾ ഉണ്ടായിട്ടുള്ള വേറെറോഡുകൾ ഉണ്ട്. പെരുർചന്തമുതൽ വള്ളക്കടവുവരെയും കായിക്കരകടവിൽ നിന്നു മുന്നാംപാലംവരെയും ഉള്ളറോഡുകളെപ്പറ്റി ഞാൻ ഈ സഭയിലെ മെമ്പർ ആയതുമുതൽ അനേകം ചോദ്യങ്ങൾ ചോദിച്ചിട്ടുണ്ട്. എങ്കിലും മറുപടി ഒന്നും കിട്ടീട്ടില്ല. കായിക്കരക്കടത്തുകടവിനെപ്പറ്റി മെമ്പർ ചെയ്തിട്ടുള്ള നിവേദനങ്ങളെപ്പറ്റി തനിക്കറിവില്ലെന്നും മിസ്റ്റർ രാമസ്വാമിഅയ്യർപറഞ്ഞു. ഒരുറോഡു നന്നാക്കണമെന്നു വിചാരിക്കുമ്പോൾ ഏതാണ അധികം അടിയന്തിരം ഏതാണ കഷ്ടതരം എന്നു ഗവണ്മെന്റ ആലോചിക്കണമെന്നേ എനിക്ക പറവാനുള്ളു. അടിയന്തിരമായി അറ്റകുറ്റങ്ങൾ തീർക്കുവാനുള്ള വേറെറോഡുകൾ ഉണ്ടോ എന്നുള്ളതിനെപ്പറ്റി ഒരറിവും ഇല്ലാതെ ഈ റോഡിന്റെ അറ്റകുറ്റങ്ങൾ തീർക്കുന്നതു അടിയന്തിരകാര്യമാണെന്നു മിസ്റ്റർ രാമസ്വാമിഅയ്യർ പറഞ്ഞതു നീതീകരിക്കാവുന്നതല്ലെന്നു എനിക്കുതോന്നുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സർ, ഇതിനുമുമ്പുചിലമെമ്പർമാർ പ്രസ്താവിച്ചതുപോലെ ഈ റോഡുകൾ നന്നാക്കുന്നകാര്യത്തിൽ എനിക്കുംവിരോധമൊന്നുമില്ല. ഈ പ്രമേയത്തിന്റെ യോഗ്യതായോഗ്യതകളെപ്പറ്റി വിചിന്തനംചെയ്യണമെന്നും ഞാൻവിചാരിക്കുന്നില്ല. എന്നാൽ ഈ അഭ്യർത്ഥനയുടെ സ്വഭാവം പൊതുജനങ്ങൾ അഭ്യർത്ഥനകൾ കൊണ്ടുവരുന്ന രീതിയെ വിശദമാക്കുന്നുണ്ട്. ഈ സഭാമെമ്പർമാരും പ്രജാസഭാമെമ്പർമാരും ചിലറോഡുകളുടെ ആവശ്യകതയെപ്പറ്റി നിവേദനങ്ങൾ കൊണ്ടുവരുമ്പോൾ അവ ആവശ്യമാണെന്നും അടിയന്തിരമാണെന്നും ഗവണ്മെന്റ്കരുതുന്നുഎന്നു ഗവണ്മെന്റ ചീഫ്സെക്രട്ടറി അല്പംമുമ്പു പറകയുണ്ടായി. ഈ രണ്ടുമൂന്നു റോഡുകളെ സംബന്ധിച്ചു കാണിച്ചിട്ടുള്ള ഉത്സാഹത്തിനു സമാധാനമായിട്ടായിരിക്കാം ഇങ്ങനെ പറഞ്ഞതു. പട്ടുവ്യവസായത്തോട്ടം റോഡിന്റെകാര്യം ഈ സഭാമെമ്പർ ഡോക്ടർ കുഞ്ഞൻപിള്ളയും പുനലൂർ വടശ്ശേരിക്കരറോഡിന്റെ കാര്യം ഒരുപ്രജാസഭാമെമ്പരും കൊണ്ടുവന്നിട്ടുള്ളതാണ. എന്നാൽ പ്രജാസഭാമെമ്പർമാരും നിയമസഭാമെമ്പർമാരും റോഡുകളെപ്പറ്റി അവയുടെ ആവശ്യംകാണിച്ചു മുൻകാലങ്ങളിൽകൊണ്ടുവന്നിട്ടുള്ളനിവേദനങ്ങൾ ചീഫ്സെക്രട്ടറിനോക്കുമെങ്കിൽ പലകാര്യങ്ങളിലും അവയുടെആവശ്യമൊ അടിയന്തിരമൊ ഗവണ്മെന്റിനെപ്രേരിപ്പിച്ചിട്ടുള്ളതായികാണുകയില്ല. എന്നാൽ ഈ റോഡുകളുടെവിഷയത്തിൽ അങ്ങനെയല്ല. വടശേരിക്കരറോഡിനെപ്പറ്റിഎന്തെങ്കിലും പറവാൻഎനിക്കു കഴിവില്ല. ആ റോഡുകൊണ്ടു തിരുവിതാംകൂറിലെ ജനങ്ങൾക്കു വല്ല ഗുണവുമുണ്ടോ എന്നും എനിക്കു നിശ്ചയമില്ല. ആ റോഡിന്റെ ഒരു ഭാഗം ശബരിമലയ്ക്കു പോകുന്ന പുണ്യയാത്രക്കാർക്ക് അതായ സമയം പ്രയോജനമുള്ളതാണെന്നു പറയുന്നതുകേട്ടു. അതാണ് ഉദ്ദേശമെങ്കിൽ അതിനായി പണം വ്യയംചെയ്യുന്നതു ബുദ്ധിപൂർവകമല്ല. എന്നുമാത്രമല്ല, റോഡുകളിൽകൂടെയല്ല വനമാർഗ്ഗങ്ങളിൽകൂടെയാണ് ഈ തീർത്ഥയാത്രക്കാർ സഞ്ചരിക്കാൻ ഇഷ്ടപ്പെടുന്നതു. തീർത്ഥയാത്രക്കാരെ പ്രേരിപ്പിക്കുന്ന പ്രധാനസംഗതിയാണ് അതു. അവരുടെ ആ പ്രയാസം ഇല്ലാതാക്കുന്നതുകൊണ്ടു അവർ പൊതുജനങ്ങളുകാരെ അനുഗ്രഹിക്കുമെന്നു തോന്നുന്നില്ല.

മറ്റെ റോഡിനെപ്പറ്റി ഗ്രാമക്കാരുടെ വല്ല അപേക്ഷയും ഉണ്ടായിട്ടുള്ളതായി തനിക്കു അറിവില്ലെന്നു മിസ്റ്റർ രാമസ്വാമി അയ്യർ സമ്മതിക്കുന്നു. എന്നാലും അപേക്ഷകൊണ്ടുവന്നിട്ടുള്ളതു ഡാക്ടർ കുഞ്ഞൻപിള്ളയാകയാൽ അതിന്റെ ഗൌരവം നാം ആലോചിക്കണം. കൃഷിക്കാർക്കും മറ്റു തൊഴിൽക്കാർക്കും അതു ഉപയോഗമുള്ളതായിരിക്കുമെന്നു മിസ്റ്റർ രാമസ്വാമി അയ്യർ പറഞ്ഞു. ഇങ്ങനെ ഒരു റോഡിന്റെ ആവശ്യകതയെപ്പറ്റി തങ്ങൾക്കു എളുമായ ഒരു ശബ്ദം പൊതുജനങ്ങളുകാരെ പ്രേരിപ്പിച്ചാൽ ഉടനെ അതു ഏറ്റവും അടിയന്തിരകാര്യം ആയി തീരുന്നു എന്നും പ്രത്യക്ഷമാകുന്നു. ഇതിന്നെതിരായി ഞാൻ പറയുന്നതു നിയമസഭയുടെ ഉദ്യോഗസ്ഥ മെമ്പർമാരല്ല, സാധാരണമെമ്പർമാരും പ്രജാസഭയുടെ സാധാരണ മെമ്പർമാരും കൊണ്ടുവന്നിട്ടുള്ള പൊതുജനങ്ങളുകാർ ഗണ്യമാക്കീട്ടില്ലാത്ത അപേക്ഷകളാണ്. വളരെക്കാലത്തെ പഴക്കമുള്ള അപേക്ഷകൾ നിവൃത്തിയാകാതെ കിടപ്പുണ്ട്. അതുകൊണ്ട് ഒരു പ്രജാസഭാ മെമ്പരൊ നിയമസഭാമെമ്പരൊ ഒരു അപേക്ഷ

കൊണ്ടുവന്നാൽ അത്രതന്നെ അടിയന്തിരകാര്യമായി ഗവണ്മെന്റ വിചാരിക്കണമെന്ന പറഞ്ഞതുകൊണ്ടതിൽ ഞാൻ ആശ്ചര്യപ്പെടുന്നു. ഇങ്ങനെയുള്ള അപേക്ഷകളെപ്പറ്റി പ്രദർശിപ്പിച്ചുകാണുന്ന മന്ദത അശ്രദ്ധാപൂർവമായിരിക്കുന്നതാണ്. അപ്രകാരം തന്നെ ഗവണ്മെന്റ ഇങ്ങനെ കൊണ്ടുവരുന്ന അഭ്യർത്ഥനകളുടെ അടിയന്തിരവും. അതുകൊണ്ട ഇങ്ങനെയുള്ള അഭ്യർത്ഥനകളെപ്പറ്റി സമമനസ്ഥിതിയ്ക്കുടാതെ ചിന്തിപ്പാൻ കാരണമുണ്ട്, അതു കഴിയുന്ന വേഗത്തിൽ ഗവണ്മെന്റ ഉപേക്ഷിക്കേണ്ടതുമാകുന്നു. കാര്യത്തിന്റെ ഈ വശത്തെപ്പറ്റി മാത്രമേ ഞാൻ സംസാരിക്കുന്നുള്ളു. കൊല്ലം പൊലീസ്‌സ്റ്റേഷൻ നന്നാക്കുന്ന കാര്യത്തെപ്പറ്റി മിസ്റ്റർ പിറ്റ് വളരെ ജാഗ്രതയുള്ളവനായി കാണുന്നു. ആ ജാഗ്രതയ്ക്കു ഞാൻ വിരോധിയായി നിൽക്കുന്നില്ല.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഈ അഭ്യർത്ഥനയുടെ ഒരു സ്വഭാവം മാത്രം ഞാൻ ഗവണ്മെന്റിന്റെ ദൃഷ്ടിയിൽ കൊണ്ടുവരാൻ ആഗ്രഹിക്കുന്നു. ഇവിടെ ഇന്ന പ്രത്യക്ഷപ്പെട്ടപ്രകാരം റോഡുകളും തോടുകളും നന്നാക്കുന്നതു അടിയന്തിര പ്രവൃത്തികളായി തീർന്നിട്ടുകൂടുന്നതു മിക്കവാറും സ്വേച്ഛാപ്രകാരമാണെന്ന തോന്നുന്നു. ചില പ്രത്യേക ആളുകളുടെ അപേക്ഷപ്രകാരം ചില പ്രത്യേക റോഡുകളും തിരഞ്ഞെടുക്കുന്നതു പക്ഷഭേദം കാണിക്കുന്നതായി വിചാരിക്കാൻ സംഗതിയുണ്ട്. പ്രവൃത്തികൾ അടിയന്തിരമോ എന്ന തീർച്ചയാക്കുന്ന കാര്യത്തിൽ ഗവണ്മെന്റിന്റെ നയം അതായിരിക്കയുമാണ്. പൊതുജനോപയോഗമുള്ള പ്രവൃത്തികളുടെ കാര്യത്തിൽ സാധാരണയായി മദ്ധ്യതിരുവിതാംകൂറും ഉത്തരതിരുവിതാംകൂറും ഉപേക്ഷിക്കപ്പെട്ടുകിടക്കുന്നു. അവിടെ റോഡുകളേയോ തോടുകളേയോ സംബന്ധിച്ച ഇങ്ങനെയുള്ള സപ്ലിമെന്ററി അഭ്യർത്ഥനകൾ കൊണ്ടുവന്നു കാണുന്നില്ല. അങ്ങനെയുള്ള ആവശ്യങ്ങളെപ്പറ്റി അവിടത്തെ ജനങ്ങൾ നിവേദനങ്ങൾ ചെയ്തു വരാഞ്ഞിട്ടാണോ? തീർച്ചയായിട്ടും അല്ല. തിരുവിതാംകൂറിന്റെ ആ ഭാഗങ്ങളിൽ അത്യാവശ്യമായ റോഡുകൾ, തോടുകൾ, കൃഷിസംബന്ധമായ മറ്റു സംഗതികൾ മുതലായവയെപ്പറ്റി എനിക്കുതന്നെ അറിവുണ്ട്. ചേർത്തല, കാർത്തികപ്പള്ളി, കരുനാഗപ്പള്ളി, അമ്പലപ്പുഴ, മാവേലിക്കര താലൂക്കിന്റെ ചില ഭാഗങ്ങൾ എന്നിവിടെയെല്ലാം വള്ളങ്ങളും വിളവുകളും കൊണ്ടുപോകുന്നതിനു റോഡുകൾ ആവശ്യമാണ്. കരുനാഗപ്പള്ളിയും കാർത്തികപ്പള്ളിയും താലൂക്കുകളിൽ കായലോട്ട ചേർന്നുകിടക്കുന്ന എല്ലാ പകുതികളിലും നിർമ്മിച്ചിട്ടുള്ള റോഡുകളായാൽ അതു വളരെ ജനങ്ങൾക്കു ഉപകരിക്കയും കൃഷിക്കു സഹായമായിരിക്കയും ചെയ്യും. എന്നാൽ ഈ റോഡുകളൊന്നും അടിയന്തിരമായി ഗണിക്കപ്പെട്ടുകാണുന്നില്ല. ഇനിയും മാവേലിക്കരത്താലൂക്കിൽ പാണ്ടിയൻതോടുണ്ട്. അവിടെ വെള്ളച്ചാലുകളില്ലാത്തതിനാൽ കൃഷി നഷ്ടപ്പെടുന്നുണ്ട്. പണം ഇതുവരെ ചെലവുചെയ്തുകൊടുക്കാറുമില്ല. ആവക പ്രവൃത്തികൾ അടിയന്തിരമാണെങ്കിലും അവയിലൊന്നിനെപ്പറ്റിയും ഇവിടെ പ്രസ്താവനകൾ ഇല്ല.

ഇങ്ങനെയുള്ള കാര്യങ്ങളിൽ ഗവണ്മെന്റ പക്ഷഭേദം കാണിക്കരുതെന്ന പറഞ്ഞുകൊള്ളുന്നു. ഓരോ സ്ഥലങ്ങളുടെയും ആവശ്യങ്ങളും അടിയന്തിരവും അനുസരിച്ചു ഗവണ്മെന്റ പ്രവർത്തിക്കണം. റോഡുകളും പൊതുജനപ്രയോജനമുള്ള മറ്റു പ്രവൃത്തികളും നടത്തുന്ന കാര്യത്തിൽ തിരുവിതാംകൂറിന്റെ എല്ലാ ഭാഗങ്ങളേയും സമമായി ഗണിക്കയും വേണം. ഇങ്ങനെ ചെയ്യാത്ത കാലത്തോളം പക്ഷഭേദം സൂചിപ്പിക്കുന്ന ഇങ്ങനെയുള്ള എല്ലാ അഭ്യർത്ഥനകളേയും ഈ സഭ എതിർക്കുന്നതു ന്യായമായിരിക്കും.

മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): പുനലൂർ-വടശേരിക്കര റോഡിനെ സംബന്ധിച്ചു ഏതാനും ചില മെമ്പറന്മാർ ഇവിടെ സംസാരിച്ചതുകൊണ്ട ആ റോഡിനെപ്പറ്റി ശരിയായ ഒരു ജ്ഞാനം ഉണ്ടാക്കിക്കൊടുക്കേണ്ടതു എന്റെ കടമയാണെന്ന ഞാൻ വിചാരിക്കുന്നു. ഈ റോഡു പുനലൂർനിന്നും പുറപ്പെട്ട കോന്നി, പത്തനംതിട്ട, റാന്നി ഈ സ്ഥലങ്ങളിൽകൂടി വടശ്ശേരിക്കരയ്ക്കുപോയി മണിമല, കാഞ്ഞിരപ്പള്ളി മുതലായ സ്ഥലങ്ങളിലേക്കു പോകുന്ന റോഡാണ്. മദ്ധ്യതിരുവിതാംകൂറിൽ മെയിൻ സെൻട്രൽ റോഡു കഴിഞ്ഞാൽ രണ്ടാമതായിട്ട പ്രാധാന്യം ഉള്ള റോഡു ഇതാണ്. കൃഷികൊണ്ടും വ്യവസായംകൊണ്ടും കിഴക്കൻപ്രദേശങ്ങൾ അഭിവൃദ്ധിപ്പെട്ടുവരുന്നതിനാൽ ഈ റോഡു പരിഷ്കൃതരീതിയിൽ സഞ്ചാരയോഗ്യമാക്കിക്കൊടുക്കേണ്ടതു ഗവണ്മെന്റിന്റെ കടമയാണ്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഈ സ്ഥലം പരിഷ്കൃതരാജ്യമാകയെ പ്രാപിച്ചിട്ട എത്ര സംവത്സരമായി?

മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): ഇത് എനിക്ക് അറിയുകയില്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഈ റോഡു വെട്ടീട്ട എത്ര കൊല്ലമായി?

മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): ഈ റോഡു ഏതാണ്ട വെട്ടി എന്നാണ എന്റെ അറിവു. ഈ റോഡിന്റെ ആവശ്യം ശ്രദ്ധിച്ചു... ഈ റോഡുവെട്ടിയതു. കോന്നി, റാന്നി, കാഞ്ഞിരപ്പള്ളി, മണിമല മുതലായ സ്ഥലങ്ങളിൽ ധാരാളം എസ്റ്റേറ്റുകളുണ്ട്. അതുകളിൽനിന്നും ധാരാളം സാമാനങ്ങൾ കൊണ്ടുവരികയും കൊണ്ടുപോകയും ചെയ്യേണ്ട ആവശ്യമുണ്ട്. വണ്ടിക്കാർ നാട്ടുകാരാണ. അവർക്കു റോഡിൽകൂടി അല്ലാതെ കൊണ്ടുപോകാൻ നിവൃത്തിയില്ല. റാന്നി, വടശേരിക്കര ഇവ രണ്ടും വലിയ കച്ചവടസ്ഥലമാണ്. അതുകൊണ്ട് ഈ റോഡിനെ ഇപ്പോഴത്തെ അവസ്ഥയിൽനിന്നും നന്നാക്കിയിരിക്കേണ്ടതു അത്യാവശ്യമാണ്. മിസ്റ്റർ രാമസ്വാമി അയ്യർക്ക ഈ റോഡിനെസംബന്ധിച്ചു ശരിയായ ജ്ഞാനമില്ല. ശബരിമലയ്ക്കുപോകുന്ന ആളുകൾ ഈ റോഡുവഴിയാണ് പോകുന്നതെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ഈ റോഡു ശബരിമലയ്ക്കു പോകുന്ന റോഡല്ല. ഈ റോഡിനെകടന്ന ... ശബരിമലയ്ക്കു ആളുകൾ പോകുന്നതെന്നല്ലാതെ ഈ റോഡു ശബരിമലയ്ക്കു പോകുന്നില്ല എന്ന ഞാൻ ഈ സഭയെ ധരിപ്പിച്ചുകൊള്ളുന്നു.

മി. ഡബ്ലിയു. എച്ച്. പിറ്റ് (പോലീസ്‌കമ്മീഷണർ): സർ, ഈ അഭ്യർത്ഥനയിലെ ഒന്നാംനമ്പർ പക്ഷഭേദ കാരണത്താൽ ആവശ്യമുള്ളതല്ല എന്ന മി. രാമൻമേനോൻ പറഞ്ഞു എന്നു തോന്നുന്നു. അതിനെപ്പറ്റി ഒരു വാക്കു പറവാൻ ആഗ്രഹിക്കുന്നു. ഗവണ്മെന്റ ഇക്കാര്യത്തിൽ പക്ഷഭേദം കാണിക്കുന്നു എന്നുള്ളതു ശരിയാണ്. എന്നാൽ ആ പക്ഷഭേദം പോലീസ് കമ്മീഷണറുടെയോ കൊല്ലംടൗൺ ഹൌസ് ആഫീസറുടേയോ നേർക്കല്ല, അവിടെ തടവിലുള്ള പുള്ളികളുടെ നേർക്കാണ്. കൊല്ലം പോലീസ്‌സ്റ്റേഷനിൽ തടവുകാരെ സൂക്ഷിക്കുന്ന സ്ഥലം സുഖപ്രദം അല്ല.

മി. എം. ശിവതാണുപിള്ള (തോവാള): ഇക്കാര്യം താൻ ഗവണ്മെന്റിലേക്ക റിപ്പോർട്ടുചെയ്തോ എന്ന മി. പിറ്റ പറയുമോ?

മി. ഡബ്ലിയു. എച്ച്. പിററ് (പോലീസ് കമ്മീഷണർ): ഇക്കാര്യം മി. എ. കെ. പിള്ള ഈ സഭയിൽ പ്രസ്താവിച്ചശേഷം അതിന്റെ നിലനിരപ്പ് പുറമേയുള്ള സ്ഥലങ്ങളേക്കാൾ താണതാണെന്ന് എനിക്കറിയാം. തടവുകാരുടെ സ്ഥിതി മി. എ. കെ. പിള്ള സഭയുടെ ദൃഷ്ടിയിൽ കൊണ്ടുവന്നപ്പോൾ ഈ സ്റ്റേഷൻ പാറാവിന്റെ സ്ഥിതി ഞാൻ ഗവണ്മെന്റിന്റെ ശ്രദ്ധയ്ക്കു വിഷയമാക്കി. കമ്മീഷണർതന്നെയാണോ ഇതു ചെയ്യേണ്ടതു എന്നു എനിക്കു നിശ്ചയമില്ല

മി. എം. ശിവതാണുപിള്ള (തോവാള): സ്റ്റേഷൻപാറാവുകളിലെ തടവുകാരുടെ സ്ഥിതിയെപ്പററി അതിനുമുമ്പു ശ്രദ്ധിക്കാറുണ്ടായിരുന്നോ എന്നു പറയുമോ?

മി. ഡബ്ലിയു. എച്ച്. പിററ് (പോലീസ് കമ്മീഷണർ): മി. എ. കെ. പിള്ള ഈ കാര്യം സഭയുടെ ദൃഷ്ടിയിൽ കൊണ്ടുവന്നശേഷം മുമ്പത്തേക്കാൾ അധികം ശ്രദ്ധിക്കുന്നുണ്ട്.

മി. എം. ശിവതാണുപിള്ള (തോവാള): ഇങ്ങനെ നന്നാക്കേണ്ടതായ വേറെ സ്റ്റേഷനുകൾ ഉണ്ടോ?

മി. ഡബ്ലിയു. എച്ച്. പിററ് (പോലീസ് കമ്മീഷണർ): ഉണ്ടായിരിക്കാം. ഞങ്ങൾ എല്ലാ സ്റ്റേഷനുകളും പരിശോധിച്ചു, ചെയ്യേണ്ടതെല്ലാം ചെയ്തിട്ടുള്ളതായിരുന്നു. കോട്ടയം പോലീസ്സ്റ്റേഷന്റെ സ്ഥിതി മിസ്റ്റർ കെ. കെ. തോമസ് ഗവണ്മെന്റിന്റെ ദൃഷ്ടിയിൽ കൊണ്ടുവന്നു. അവിടെ ഭേദഗതികൾ വരുത്തുകയും ചെയ്തു.

മി. എം. ശിവതാണുപിള്ള (തോവാള). എട്ടയ്ക്കാട് സ്റ്റേഷന്റെ സ്ഥിതിയും കോട്ടാർ സ്റ്റേഷന്റെ സ്ഥിതിയും ഒരുപോലെയാണോ എന്നു പറയുമോ?

മി. ഡബ്ലിയു. എച്ച്. പിററ് (പോലീസ് കമ്മീഷണർ): കൊല്ലം പോലീസ്സ്റ്റേഷനെപോലെ നില പുറമേയുള്ള പ്രദേശങ്ങളേക്കാൾ താണതാണെന്നുള്ള അർത്ഥത്തിലോ?

മി. എം. ശിവതാണുപിള്ള (തോവാള): അതേ.

മി. ഡബ്ലിയു. എച്ച്. പിററ് (പോലീസ് കമ്മീഷണർ): എനിക്കു നിശ്ചയമില്ല.

മി. എം. ശിവതാണുപിള്ള (തോവാള): അതിനെപ്പററി അന്വേഷണം കഴിക്കുമോ?

മി. ഡബ്ലിയു. എച്ച്. പിററ് (പോലീസ് കമ്മീഷണർ): ഉവ്വ്.

മി. എം. ശിവതാണുപിള്ള (തോവാള): കോട്ടാർ പോലീസ്സ്റ്റേഷന്റെ മേൽപ്പുരയുടെ ഉയരത്തെപ്പററി അദ്ദേഹത്തിനു തൃപ്തിയാണോ?

മി. ഡബ്ലിയു. എച്ച്. പിററ് (പോലീസ് കമ്മീഷണർ): എനിക്കു യാതൊരുവിധം അറിവുള്ള പോലീസ് സ്റ്റേഷനുകളെപ്പററി അവയുടെ സ്ഥിതി ഭേദപ്പെടുത്തണമെന്നു എനിക്കു എളുപ്പത്തിൽ ഗവണ്മെന്റിലേയ്ക്കു റിപ്പോർട്ടു ചെയ്യാം.

മി. എം. ശിവതാണുപിള്ള (തോവാള): കോട്ടാർ പോലീസ്സ്റ്റേഷൻ അദ്ദേഹം ഈ വേനൽകാലത്തു പരിശോധിച്ചിട്ടുണ്ടോ എന്നു പറയുമോ?

മി. ഡബ്ലിയു. എച്ച്. പിററ് (പോലീസ് കമ്മീഷണർ): ഈ വേനൽക്കാലത്തോ?

മി. എം. ശിവതാണുപിള്ള (തോവാള). ഈ വേനൽക്കാലത്തോ വേറെ ഏതെങ്കിലും വേനൽക്കാലത്തോ

മി. ഡബ്ലിയു. എച്ച്. പിററ് (പോലീസ് കമ്മീഷണർ): എൻറെ ഓർമ്മയിൽ ഞാൻ ഇവിടെ ആയിരുന്നു. ഞാൻ അവിടെ പല വേനൽക്കാലങ്ങളിൽ പോയിട്ടുണ്ട്.

മി. എം. ശിവതാണുപിള്ള (തോവാള): സ്ഥിതി ഭേദപ്പെടുത്തേണ്ടതാകുന്നു എന്നു തോന്നിയോ?

മി. ഡബ്ലിയു. എച്ച്. പിററ് (പോലീസ് കമ്മീഷണർ); ഈ ചോദ്യങ്ങൾക്കെല്ലാം ഇപ്പോൾ എനിക്കു മറുപടി പറവാൻ സാധിക്കുമെന്നു തോന്നുന്നില്ല. തടവുകാർ ചില അസൌകര്യങ്ങളൊക്കെ സഹിക്കാതെ നിവൃത്തിയില്ല. കൊല്ലത്തെ പോലീസ്സ്റ്റേഷന്റെ നിലനിരപ്പു തടവുകാർ വെള്ളത്തിൽകിടക്കാതിരിക്കത്തക്കവണ്ണം ഉയർത്തണമെന്നാണ് ഇപ്പോഴത്തെ അപേക്ഷ. മറെറല്ലാ സ്റ്റേഷനുകളും നന്നാക്കുന്നതിനുമുമ്പായി ഇതു നന്നാക്കണമെന്നു വിചാരിക്കയാൽ ഗവണ്മെന്റ ഈ അഭ്യർത്ഥനകൊണ്ടു വന്നിട്ടുള്ളതാകുന്നു.

മി. ഒ. എസ്. രാമസ്വാമിഅയ്യർ (മരാമത്തു എഞ്ചിനീയർ): പുനലൂർ വടശ്ശേരിക്കര റോഡൊഴിച്ചു ശേഷം ഇനങ്ങളെപ്പററി ഇവിടെ വലിയ വിരോധം ഉണ്ടായിട്ടില്ല. വടശ്ശേരിക്കര റോഡിനെപ്പററിയുള്ള ആക്ഷേപം അതിനെക്കാൾ അത്യന്തിരകാര്യങ്ങൾ ഉണ്ടെന്നും അതുകൊണ്ടു ഈ അഭ്യർത്ഥന കൊണ്ടുവന്നതു ശരിയല്ലെന്നുമാണ്. ഞാൻ മുമ്പു പ്രസ്താവിച്ചപ്രകാരം കഴിഞ്ഞ കൊല്ലത്തെ ബഡ്ജററിൽ ഇതിനു വേണ്ടുന്ന പണം അനുവദിക്കണമെന്നു വാഗ്ദാനം ചെയ്തിട്ടുണ്ടായിരുന്നു എന്നാൽ അതു ബഡ്ജററിൽ ചേർക്കാൻ സാധിച്ചില്ല. എന്നാൽ ഈ റോഡിനെപ്പററി ഇടയ്ക്കിടയായി നിവേദനങ്ങൾ വന്നിരുന്നതുകൊണ്ടു അതിനു പണം അനുവദിക്കേണ്ടതു ആവശ്യമായിവന്നു. ഇതിനുപുറമെ വേറൊരു കാരണവും ഉണ്ട്. ഈ റോഡുകളുടെ സംഗതിയിൽ വേണ്ടസമയത്തു ആവശ്യമുള്ളതു ചെയ്താൽ ചെലവു കുറഞ്ഞിരിക്കും എന്നാൽ റോഡ് കുണ്ടുംകുഴിയുമായിപ്പോയാൽ മേൽഭാഗം മുഴുവനും പുതുതായി ഉണ്ടാക്കേണ്ടിവരും. റോഡു ദിവസംപ്രതി അധികമധികം ചീത്തയായിപ്പോകുന്നു എന്നു എക്സിക്യൂട്ടീവ് എൻജിനീയർ റിപ്പോർട്ടുചെയ്തിരിക്കുന്നു. അഭ്യർത്ഥന ഇപ്പോൾ കൊണ്ടുവരുന്നതിനുള്ള വേറൊരു കാരണം ഇതാകുന്നു.

റോഡ് ശബരിമലയ്ക്കുപോകുന്ന ജനങ്ങളെ ഉദ്ദേശിച്ചുള്ളതല്ലെന്നും അതു കോന്നി, റാന്നി, മണിമല, കാഞ്ഞിരപ്പള്ളി ഈ സ്ഥലങ്ങളിലേയ്ക്കു പോകുന്നതാണെന്നും മി. കല്യാണരാമനപിള്ള പറഞ്ഞു. പുനലൂരിൽനിന്നു ശബരിമലയ്ക്കു റോഡു പോകുന്നുണ്ട്. അതു വഴിയെ ശബരിമലയ്ക്കു പോകുന്നവരെ പത്തനാപുരം കോന്നി റാന്നി മണിമല ഈ വഴിയ്ക്കായി കാഞ്ഞിരപ്പള്ളിയ്ക്കു പോകുന്നവരും ഉപയോഗിക്കാറില്ല. ഇപ്പോഴത്തെ റോഡു ആ റോഡിൽനിന്നു പിരിഞ്ഞു ചിററാറിലേയ്ക്കു പോകുന്നതാണ്. പ്രത്യേകിച്ചു മകരവിളക്കിനു ശബരിമലയ്ക്കു പോകുന്നവർ ഈ റോഡാണ് ഉപയോഗിക്കുന്നതു. ഈ അഭ്യർത്ഥന കൊണ്ടുവന്നിട്ടുള്ളതു, വല്ലവരോടും ഒരു പ്രത്യേകദാക്ഷിണ്യം കാണിക്കുന്നതിനല്ല. അതു നന്നാക്കുന്നതിനു വേണ്ടുന്ന പണം കഴിഞ്ഞ കൊല്ലത്തെ ബഡ്ജററിൽ ചേർക്കുമെന്നു പറഞ്ഞ വാഗ്ദാനം നിറവേററുന്നതിനും തക്ക സമയത്തു ചെയ്യേണ്ടതു ഉപേക്ഷയിൽ ഇട്ടു ഗവണ്മെന്റിന്റെ പണം അനാവശ്യമായി ചെലവു ചെയ്യാനിടയാകാതിരിക്കുന്നതിനുമാണെന്നു ഞാൻ ഈ അഭ്യർത്ഥനയ്ക്കനുകൂലമായിപറഞ്ഞ അല്പം വാക്കുകൾകൊണ്ടു ബോധ്യമാകുമെന്നു വിശ്വസിക്കുന്നു. അഭ്യർത്ഥന സഭ അനുവദിക്കുമെന്നു പ്രത്യാശിക്കുന്നു.

അഭ്യർത്ഥന വോട്ടിനിട്ടപ്പോൾ അനുകൂലമായി തീർച്ചയായി.

ഗ്രാൻറ അനുവദിച്ചു.

ഡിമാണ്ട് ൨. വിദ്യാഭ്യാസം.

മി. ജെ. സ്റ്റീവൻസൺ (വിദ്യാഭ്യാസ ഡയറക്ടർ): സർ, ഡിമാണ്ട് രണ്ടു വിദ്യാഭ്യാസം എന്നിതിനത്തിൽ ൯൨,൫൨൦ ഉറുപ്പികയിൽ കവിയാത്ത ഒരു സംഖ്യ അനുവദിക്കണമെന്നു അപേക്ഷിക്കുന്നു. ഇതിന്റെ വിവരങ്ങൾ നിയമസഭാസെക്രട്ടറി മെമ്പർമാൎക്കു അയച്ചുതന്നിട്ടുള്ള ലിസ്റ്റിൽ ചേർത്തിട്ടുണ്ടു. ഒന്നാമത്തെ ഇനം സംസ്കൃതകോളേജിൽ ഒരു സ്മാർത്ത ഉപാദ്ധ്യായനെ നിയമിക്കുന്നതിനെ സംബന്ധിച്ചുള്ള ൨൦ ഉറുപ്പികയാകുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അദ്ദേഹത്തിന്റെ ജോലികൾ എന്തെല്ലാമാണ്?

മി. ജെ. സ്റ്റീഫെൻസൺ (വിദ്യാഭ്യാസഡയറക്ടർ): യജുർപൌരോഹിത്യം പഠിപ്പിക്കുന്നതിനാണ് അദ്ദേഹത്തെ നിയമിക്കുന്നതു. ൧൯൨൫ ഫെബ്രുവരിമാസത്തിൽ സംസ്കൃതകോളേജിൽ യജുർപൌരോഹിത്യം പഠിപ്പിക്കുന്നതിനു മറ്റു ജോലിയോടുകൂടെ ഒരു ഉപാദ്ധ്യായനെ ൧൫ ഉറുപ്പിക അലവൻസോടുകൂടെ നിയമിച്ചു. ആ കാലത്തു വേദോപാദ്ധ്യായന്മാൎക്കു ഋഗ്ഗും സാമവും പൌരോഹിത്യവുംകൂടെ പഠിപ്പിക്കുന്നതിനു കഴിയുമായിരുന്നു. ഋഗ്ശാഖയിൽ ക്ലാസുകൾ വർദ്ധിക്കനിമിത്തം ഋഗ്വേദോപാദ്ധ്യായനെ പൌരോഹിത്യം പഠിപ്പിക്കുന്ന ജോലിയിൽനിന്നു ഒഴിവാക്കേണ്ടിവന്നതിനാൽ ആ ജോലി ഈ സ്മാർത്തോപാദ്ധ്യായനെ ഏല്പിച്ചു. അപ്പോൾ ഈ സ്മാർത്തോപാദ്ധ്യായന്റെ സമയം മുഴുവനും അതിന്നായി വ്യയംചെയ്യേണ്ടിവന്നു. അതുകൊണ്ടു മാസം ൧൫ ഉറുപ്പിക അലവൻസു കൊടുക്കുന്നതിനുപകരം ൨൫-൩൦ ഉറുപ്പിക ശമ്പളത്തിൽ ഒരു ഉദ്യോഗംതന്നെ സൃഷ്ടിക്കുന്നതിനാണ് നിശ്ചയിച്ചിട്ടുള്ളതു. ആണ്ടിൽ കൂടുതൽവരുന്ന ചെലവു ൨൧൦ ഉറുപ്പികയും ൧൧൦൨ ഇടവം മിഥുനം എന്നീ രണ്ടുമാസത്തേക്കു ൨൦ ഉറുപ്പികയും ആകുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അവിടെ ഒരു പുരോഹിതനെ വെച്ചുകൊണ്ടിരിക്കുന്നതിന്റെ ആവശ്യം എന്താണ്?

മി. ജെ. സ്റ്റീഫെൻസൺ (വിദ്യാഭ്യാസഡയറക്ടർ): അദ്ദേഹം ഉപയോഗമുള്ള ഒരു വിഷയമാണു പഠിപ്പിക്കുന്നതു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഒരു പുരോഹിതന്റെ ആവശ്യം എന്താണ്? പുരോഹിതൻ ദക്ഷിണവാങ്ങുന്നതിനാണല്ലോ.

മി. ജെ. സ്റ്റീഫെൻസൺ (വിദ്യാഭ്യാസഡയറക്ടർ): അദ്ദേഹം പുരോഹിതജോലി പഠിപ്പിക്കുന്നു.

രണ്ടാമത്തെ ഇനം സ്കൂളുകൾക്കു സഹായധനം കൊടുക്കുന്നതിനുള്ള ൧൨,൪൦൦ ഉറുപ്പികയാണ്. ഈ സംഖ്യയിൽ ൩൧,൧൯൯ ഉറുപ്പിക ആൺനാട്ടുഭാഷാ പള്ളിക്കൂടങ്ങൾക്കു ഗ്രാൻറുകൊടുക്കുന്നതിനാണ്.

ഈയാണ്ടത്തെ ബഡ്ജറ്റിൽ ൭,൩൪,൭൦൦ ഉറുപ്പിക അനുവദിച്ചിട്ടുണ്ടു. ഈയാണ്ടത്തെ ഗ്രാൻറുകൊടുക്കുന്നതിനുതന്നെ ൧൪,൩൩൧ ഉറുപ്പിക കൂടുതലായിവേണം. കഴിഞ്ഞയാണ്ടിൽ അനുവദിച്ചുഎങ്കിലും ആണ്ടവസാനിക്കുംമുമ്പ മാനേജർമാൎക്കു വാങ്ങിക്കാൻ കഴിയാഞ്ഞതിനാൽ ഈയാണ്ടിൽ കൊടുക്കേണ്ടതായിവന്നിട്ടുള്ളതു ൨,൯൧൦ ഉറുപ്പികയാണ്. ൧൪,൩൨൨ ഉറുപ്പിക ൧൧൦൨-ൽ പുതുതായി തുറന്ന സ്കൂളുകൾക്കും ൨൭,൭൧൦ ഉറുപ്പിക ഇപ്പോഴുള്ള സ്കൂളുകളിൽ പുതിയതായി ഏർപ്പെടുത്തിട്ടുള്ള ക്ലാസുകൾക്കും ആകുന്നു. ഇങ്ങനെ ആൺകുട്ടികൾക്കുള്ള വെർണാക്കുലർസ്കൂളുകൾക്കാവശ്യമുള്ള ആകെസംഖ്യ ൩൧,൧൯൯ ഉറുപ്പികയാകുന്നു. പെൺവെർണാക്കുലർസ്കൂളുകൾക്കു ഗ്രാൻറുകൊടുക്കുന്നതിനും ഉറുപ്പിക ൧,൬൨-൧൪-൦ വേണം. ഈയാണ്ടത്തെ ബഡ്ജറ്റിൽ ൧,൧൨,൦൦൦ ഉറുപ്പിക അനുവദിച്ചിട്ടുണ്ടു. ഇപ്പോൾതന്നെ ഗ്രാൻറുവാങ്ങിക്കൊണ്ടിരിക്കുന്ന സ്കൂളുകൾക്കു ഈ ഉറുപ്പികപോരാ ഉറുപ്പിക ൪,൧൧൨-൧൪-൦ കൂടെ വേണം. പുതിയ സ്കൂളുകൾക്കും പഴയസ്കൂളുകളിൽ പുതിയ ക്ലാസുകൾ ഏർപ്പെടുത്തിട്ടുള്ളതിനുംകൂടി ൩,൨൨൦ ഉറുപ്പിക വേണം. ഇങ്ങനെ പെൺപള്ളിക്കൂടങ്ങൾക്കാവശ്യമുള്ള ആകെസംഖ്യ ഉറുപ്പിക ൭,൩൨-൧൪-൦ ആകുന്നു. [illegible] സ്കൂളുകൾക്കു ഗ്രാൻറുകൊടുക്കുന്നതിനു ൨,൦൦൦ ഉറുപ്പികവേണം. ഈയാണ്ടത്തെ ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ളസംഖ്യ ൨,൦൦൦ ഉറുപ്പികയാകുന്നു. ൧൧൦൧-ൽ പണമില്ലാത്തതിനാൽ ഗ്രാൻറു കുറയ്ക്കേണ്ടിവന്ന ചില സ്കൂളുകൾക്കു ഈയാണ്ടിൽ ഗ്രാൻറു കൂട്ടിക്കൊടുക്കാൻ ആലോചിക്കുന്നതുകൊണ്ടു ഈ സംഖ്യ തികയാതെ വന്നിരിക്കുന്നു. ഇതിനുപുറമെ പുതിയ സാങ്കേതികസ്കൂളുകളും സംസ്കൃതസ്കൂളുകളും പഴയ സംസ്കൃതസ്കൂളുകളിൽ പുതിയ ക്ലാസുകളും ഏർപ്പെടുത്തിട്ടുള്ളതുകൊണ്ടു അവയ്ക്കു ഗ്രാൻറുകൊടുക്കുന്നതിനും പണം വേണം.

അഭ്യർത്ഥനയിലെ ൧൨,൫൦൦ ഉറുപ്പികയിൽപ്പെട്ട നാലാമത്തെ ഇനം ട്രെയിനിംഗ് കഴിച്ചുവരുന്ന അദ്ധ്യാപകന്മാൎക്കു ശമ്പളം കൊടുക്കുന്നതിനു ആവശ്യമുള്ള ൧,൮൯൮ ഉറുപ്പികയാകുന്നു. ഈയാണ്ടത്തെ ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള സംഖ്യ ൮,൦൦൦ ഉറുപ്പികയാകുന്നു. എന്നാൽ ൧,൮൯൮ ഉറുപ്പികകൂടെ വേണം.

൧൯൨൫ മെമാസം ൧൬-നു-ത്തെ ൨൭-ൽ ൪൬൭-ാംനമ്പർ ഗവൺമെന്റുത്തരവിൻപ്രകാരം പ്രൈവറ്റു സ്കൂൾ മാനേജർമാൎക്കു ഫീസില്ലാതെ കുട്ടികളെ പഠിപ്പിക്കുന്നതിനു സഹായധനം കൊടുക്കുന്നതിനുള്ള ൨൦,൦൦൦ ഉറുപ്പികയാകുന്നു മൂന്നാമത്തെ സംഖ്യ. ഈയാണ്ടത്തെ ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള സംഖ്യ ൪൭,൦൦൦ ഉറുപ്പികയാണ്. ഇതിൽ ൪൦,൦൦൦ ഉറുപ്പിക ഇംഗ്ലീഷ്സ്കൂൾ ഇൻസ്പെക്ടരുടെ അധീനത്തിൽ വെച്ചു. മുൻകൊല്ലങ്ങളിൽ ഫീസു ഇളവുചെയ്തുകിട്ടാനുള്ള അപേക്ഷകൾ ചിലതു നിഷേധിച്ചതിൽ പിന്നെ പുനരാലോചന ചെയ്യേണ്ടതായിവന്നു. നിഷേധിച്ച അപേക്ഷകൾ പിൻകൊല്ലങ്ങളിൽ ആലോചിക്കാമെന്നു ഗവൺമെന്റു ഉത്തരവായിട്ടുണ്ടു. ഇതിന്റെഫലമായി ഫീസ് ഇളവുചെയ്തുകൊടുത്തിട്ടുള്ളതിന്റെ എണ്ണം വർദ്ധിക്കുകയും ആയിനത്തിൽ കൊടുക്കേണ്ടുന്ന സഹായധനം അധികമാകയും ചെയ്തു. ഇംഗ്ലീഷ്സ്കൂൾ ഇൻസ്പെക്ടർക്കു അനുവദിച്ച ൪൦,൦൦൦ ഉറുപ്പികയിൽ ൩൯,൭൪൦ ഉറുപ്പിക ൨൪ ഇംഗ്ലീഷ്ഹൈസ്കൂളുകൾക്കും ൩൯ ഇംഗ്ലീഷ്മിഡിൽസ്കൂളുകൾക്കും ഗ്രാൻറായികൊടുത്തുകഴിഞ്ഞു. ബാക്കിയുള്ള ൩ ഇംഗ്ലീഷ് ഹൈസ്കൂളുകളിൽനിന്നും ൩൧ ഇംഗ്ലീഷ്മിഡിൽസ്കൂളുകളിൽനിന്നും ഏകദേശം ൨൦,൦൦൦ ഉറുപ്പികയ്ക്കുള്ള അപേക്ഷകൾ ഉണ്ടു. ൧൧,൦൦൦ ഉറുപ്പികയ്ക്കുള്ള ബില്ലുകൾ ഇൻസ്പെക്ടരുടെ ആഫീസിൽ പാസ്സാക്കാൻ കിടപ്പുമുണ്ടു.

അഭ്യർത്ഥന വോട്ടിനിട്ടപ്പോൾ സമ്മതിച്ചു.

ഗ്രാൻറു അനുവദിച്ചു.

ഡിമാണ്ട ൭. എക്സൈസ് ഡിപ്പാർട്ടുമെൻറ.

മി. ഏ. ജെ. വാൻറോസ്സ് (എക്സൈസ്കമ്മീഷണർ): സർ, ൨൩,൨൦൦ രൂപായുടെ ഒരു സപ്ലിമെൻറ ഗ്രാൻറിനായി അപേക്ഷിക്കുന്നു. ഇതിൽ ൧,൩൦൦ രൂപാ എക്സൈസ്ഡിപ്പാർട്ടുമെൻറിലെ ഉപയോഗത്തിനുവേണ്ടുന്ന ഉടുപ്പുമുതലായ സാമാനങ്ങൾക്കാണ്. രണ്ടാമത്തെസംഖ്യ ൧൭,൬൦൦ രൂപാ ഒന്നാംകിട വിസ്താക്കുറിയിലെ അളങ്ങളിൽനിന്നു തിരുവനന്തപുരത്തേയും കൊല്ലത്തേയും ഡിപ്പോകളിലേക്ക ഉപ്പുകൊണ്ടുവരുന്ന ചെലവിലേക്കാണ്. മൂന്നാമത്തെ ഇനമായ ൯൦൦ രൂപാ കരിങ്കുളം ചവുക്കയിൽപിരിയുന്ന ചുങ്കം ദേവികുളത്തേക്ക അയക്കുന്നതിനുള്ള തപാൽചെലവാണ്.

ഒന്നാമത്തെസംഖ്യ ഞാൻ പറഞ്ഞപ്രകാരം ഉടുപ്പുമുതലായതിനാണ്. ൧൧൦൨-ൽ ഇതിനു ൧൩,൦൦൦ രൂപാ അനുവദിച്ചിരുന്നു. എന്നാൽ അതുമുഴുവനും ആയാണ്ടിൽ ചെലവാക്കിയില്ല. കൽക്കരിപ്പണിമുടക്കം നിമിത്തം ആവശ്യപ്പെട്ട സാമാനങ്ങൾമുഴുവനും ഇവിടെ എത്താഞ്ഞതിനാൽ അതിൽ ൫,൦൦൦ രൂപാമാത്രമെ ചെലവാക്കാൻകഴിഞ്ഞുള്ളു. ഉടുപ്പുകൾ കിട്ടിയതു ആണ്ടവസാനിച്ചശേഷമാണ്.

മി. എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്ക): ൧൧൦൨-ലേക്കുള്ള ബഡ്ജറ്റ തയ്യാറാക്കിയതിനു മുമ്പോ പിമ്പോ?

മി. ഏ. ജെ. വാൻറോസ്സ് (എക്സൈസ്കമ്മീഷണർ): ബഡ്ജറ്റിനുശേഷം. ഇങ്ങനെ ൧൧൦൨-ാമാണ്ടത്തേക്ക അനുവദിച്ചസംഖ്യ ആയാണ്ടിൽതന്നെ ചെലവാക്കാൻ കഴിഞ്ഞില്ല. ഈയാണ്ടത്തേക്ക അനുവദിച്ചിട്ടുള്ള സംഖ്യ ൧൩,൦൦൦ രൂപായാണ്. അതിൽ ൭,൦൦൦-ൽ ചില്വാനംരൂപാ ചെലവാക്കിക്കഴിഞ്ഞു.

മി. എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്ക): ഈ സംഖ്യ ൧൧൦൧-ാമാണ്ടത്തെ ചെലവാക്കാഞ്ഞതു എന്തുകൊണ്ടാണെന്നു പറയുമോ?

മി. ഏ. ജെ. വാൻറോസ്സ് (എക്സൈസ്കമ്മീഷണർ): തുണികൾകിട്ടിയതു ഇടവത്തിൽ മാത്രമാകകൊണ്ടു.

മി. എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്ക): അതായതു ൧൧൦൨-ലേക്കുള്ള ബഡ്ജറ്റ തയ്യാറാക്കിയശേഷം, അല്ലേ?

മി. ഏ. ജെ. വാൻറോസ്സ് (എക്സൈസ്കമ്മീഷണർ): അതേ. ഇങ്ങനെ തുണിമുതലായതിനു ൭,൦൦൦ രൂപാവേണം. രണ്ടാമത്തെ സംഖ്യ ഒന്നാംതരവിസ്താക്കുറിയിലെ ഉപ്പളങ്ങളിൽനിന്നു ഉപ്പുകൊണ്ടുവരുന്ന ചെലവിന്നാണ്. ബഡ്ജറ്റ തയ്യാറാക്കിയപ്പോൾ ഉപ്പിന്റെ വിളവു വളരെ കുറവായിരുന്നു. വിളവു വർദ്ധിക്കുമെന്നു വിചാരിക്കാൻ സംഗതിയില്ലായിരുന്നതിനാൽ ൩,൦൦൦ രൂപാ മാത്രമെ അനുവദിക്കണമെന്നു അപേക്ഷിച്ചുള്ളു. ഞാൻ പ്രതീക്ഷിച്ചതിൽ അധികം ഉപ്പുകൊണ്ടുവരാൻ സാധിക്കുമെന്നാണ ഇപ്പോൾ കാണുന്നതു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള സംഖ്യ എത്രയാണ്?

മി. ഏ. ജെ. വാൻറോസ്സ് (എക്സൈസ്കമ്മീഷണർ): ൩൦,൦൦൦ രൂപാ.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഡിപ്പാർട്ടുമെൻറ ഈ സംഖ്യമുഴുവനും ചെലവാക്കിയോ എന്നു പറയുമോ?

മി. ഏ. ജെ. വാൻറോസ്സ് (എക്സൈസ്കമ്മീഷണർ): ഉവ്വ്. അങ്ങനെ പ്രതീക്ഷിക്കുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇതുവരെ എത്ര ഉപ്പുകൊണ്ടുപോന്നിട്ടുണ്ടെന്നു പറയുമോ?

മി. ഏ. ജെ. വാൻറോസ്സ് (എക്സൈസ്കമ്മീഷണർ): ൧,൨൭,൦൦൦ മന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): കൊണ്ടുവരുന്നതിനുള്ള കൂലിനിരക്ക എന്താണ്?

മി. ഏ. ജെ. വാൻറോസ്സ് (എക്സൈസ്കമ്മീഷണർ): ൧൦൦ മന്നിനു ൨൭ രൂപാ ആണ്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): എല്ലാക്കൊല്ലവും നിരക്കിതായിരുന്നോ?

മി. ഏ. ജെ. വാൻറോസ്സ് (എക്സൈസ്കമ്മീഷണർ): ൧൦൦ മന്നിനു ൧൯ രൂപാ ആണ്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): നിരക്കിൽ ഈ വ്യത്യാസത്തിനു കാരണമെന്താണ്?

മി. ഏ. ജെ. വാൻറോസ്സ് (എക്സൈസ്കമ്മീഷണർ): നിരക്ക ആണ്ടുതോറുമുള്ള ടെണ്ടറിനെ ആശ്രയിച്ചിരിക്കും. ഇപ്പോൾ ചോദിക്കുന്ന ൧൭,൬൦൦ രൂപാ ഉപ്പുവില്ക്കുമ്പോൾ ഗവൺമെൻറിലേക്ക തിരികെ കിട്ടുന്നതാണ്. ഇതിനു ഒരു അഡ്വാൻസിന്റെ സ്വഭാവമേയുള്ളു.

മൂന്നാമത്തെ സംഖ്യ കരിങ്കുളം ചവുക്കയിൽ പിരിയുന്ന ചുങ്കം ദേവികുളത്തേക്ക അയക്കുന്നതിനുള്ള തപാൽ ചെലവാകുന്നു. ഇതുവരെ മൂന്നാററിലേക്ക കൈമാററത്തിനുവേണ്ടി ഉണ്ടായിരുന്നതുകൊണ്ടു ഇതാവശ്യമില്ലായിരുന്നു. ശിപായിമാർ പണവുംകൊണ്ടു ദേവികുളത്തേക്ക ഇടവഴിയിൽ പോയിരുന്നു. റോപ്പുവെ ഉണ്ടാക്കിയതിനോടുകൂടെ കൈമാററവിധം നിറുത്തിക്കളഞ്ഞു. ശിപായിമാർ ഇപ്പോൾ വളരെ നാഴിക നടക്കണം. പകൽസമയം ഇത്ര ദൂരം സഞ്ചരിക്കാൻ കഴിയാത്തതിനാൽ കുറെദൂരം രാത്രിയിൽ സഞ്ചരിക്കേണ്ടിവരും.

മി. കെ. കെ. തോമസ (കോട്ടയം): അവിടെ ആകെയുള്ള എക്സൈസ് വരവു എന്താണ്?

മി. ഏ. ജെ. വാൻറോസ്സ് (എക്സൈസ്കമ്മീഷണർ): ൧,൩൩,൦൦൦ രൂപാ.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): കണക്ക കൂട്ടുന്നതു മലയാളവർഷപ്രകാരമൊ ഇംഗ്ലീഷ് വർഷപ്രകാരമൊ?

മി. ഏ. ജെ. വാൻറോസ്സ് (എക്സൈസ്കമ്മീഷണർ): മലയാളവർഷം. അവിടെ അഞ്ചലാഫീസില്ല. അവിടെ ഒരു അഞ്ചൽ ആഫീസ് സ്ഥാപിക്കണമെന്നു ഞാൻ ഗവൺമെൻറിനോടു അപേക്ഷിച്ചിട്ടുണ്ട്. അഞ്ചൽആഫീസ് സ്ഥാപിക്കുന്നതുവരെ പണം തപാൽ മണിയാർഡർ വഴിയായി അയക്കേണ്ടിയിരിക്കുന്നു.

അഭ്യർത്ഥന വോട്ടിനിട്ടപ്പോൾ സമ്മതിച്ചു.

ഗ്രാൻറ അനുവദിച്ചു

ഡിമാണ്ടു ൧൧. നീതിന്യായവകുപ്പു. ജുഡിഷ്യൽ ഡിപ്പാർട്ടുമെന്റും അഡിഷണൽ ഹെഡ്സർക്കാർ വക്കീലാപ്പീസും.

മി. കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർ വക്കീൽ): എസ് ബി ഇനത്തിൽ സിവിലും സെഷനും കോടതികളുടെ ആവശ്യത്തിനു പുസ്തകങ്ങൾ വാങ്ങാൻ ൨,൫൦൦ രൂപയിൽ കവിയാത്ത ഒരു സംഖ്യ അനുവദിക്കണമെന്നു അപേക്ഷിക്കുന്നു. സിവിലും സെഷനും കോടതികൾക്കു പുസ്തകങ്ങൾ വാങ്ങുന്നതിനു ജുഡിഷ്യൽവകുപ്പുവക ൧൧൦൨-ാമാണ്ടത്തെ ബഡ്ജറ്റിൽ ൩,൫൦൦ രൂപാ അനുവദിച്ചിരുന്നു. പുസ്തകങ്ങൾ വാങ്ങുന്നതിനു ഈ സംഖ്യ മതിയാകയില്ലെന്നു ഹൈക്കോടതി ഇപ്പോൾ ഗവർമ്മെന്റിലേക്കു റിപ്പോർട്ടു ചെയ്തിരിക്കുന്നു. ൧൧൦൧-ൽ ൩,൦൦൦ രൂപാ അനുവദിച്ചിരുന്നു. ൧൧൦൨-ലും ൩,൦൦൦ രൂപാ അനുവദിച്ചു. എന്നാൽ ഇതിൽ ൨,൫൦൦ രൂപാ മജിസ്ട്രേട്ടുകോടതികളുടെ ആവശ്യത്തിനു "ട്രാവങ്കൂർ ലാ ജർണ്ണൽ" പുസ്തകത്തിന്റെ പുതിയ പതിപ്പുവാങ്ങാൻ പ്രത്യേകമായി അനുവദിച്ചതാണ്. അതുകൊണ്ടു ബാക്കിയുള്ള ൩,൫൦൦ രൂപാ സിവിലും സെഷനും കോടതികളുടെ ആവശ്യത്തിനു വേണ്ടുന്ന പുസ്തകങ്ങൾ വാങ്ങാൻ മതിയാകയില്ലെന്നു കാണുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): എന്തു പുസ്തകങ്ങളാണു വാങ്ങിയതെന്നു പറയുമോ?

മി. കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർ വക്കീൽ): മജിസ്ട്രേട്ടുകോടതികളുടെ ആവശ്യത്തിനു "ട്രാവങ്കൂർ ലാജർണ്ണൽ" പുസ്തകത്തിന്റെ പുതിയ പതിപ്പു വാങ്ങാൻ പ്രത്യേകമായിട്ടാണു ൨,൫൦൦ രൂപാ അനുവദിച്ചതു. അതിനാൽ സിവിലും സെഷനും കോടതികളുടെ ആവശ്യത്തിനു അനുവദിച്ച സംഖ്യ പോരാതെവന്നു. പണ്ടു മജിസ്ട്രേട്ടുകോടതികളുടെ ആവശ്യത്തിനു ൮൦൦ രൂപാ മാത്രമേ അനുവദിച്ചുവന്നിരുന്നുള്ളു. ആ സംഖ്യ പോരാതെയാണു കണ്ടിട്ടുള്ളത്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സിവിൽക്കോടതികൾ എന്നു പറഞ്ഞതിൽ എല്ലാ സിവിൽക്കോടതികളും ഉൾപ്പെടുമോ?

മി. കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): ഹൈക്കോടതി ഒഴികെ—

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): പഞ്ചായത്തുകോടതികൾ ഉൾപ്പെടുമോ?

മി. കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): ഉവ്വ്.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഇക്കൊല്ലത്തിൽ എന്താണു അധികമായിരുന്നതെന്നു പറയുമോ?

മി. കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർ വക്കീൽ): യഥാർത്ഥത്തിൽ ആവശ്യപ്പെട്ടിട്ടുള്ള സംഖ്യപോലും അനുവദിച്ചു കിട്ടീട്ടില്ല

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): മജിസ്ട്രേട്ടുകോടതികൾ സിവിലും സെഷനും കോടതികളിൽ ഉൾപ്പെടുമോ?

മി. കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർ വക്കീൽ): ഇല്ല. അതു വേറൊരിനത്തിൽ വരും, അതായതു എസ് സി. എന്നാൽ ഇതു എസ് ബി എന്ന ഇനത്തിലാണ്.

പ്രസിഡണ്ട്: സംഖ്യ സഭ അനുവദിക്കുന്നു എന്നു സങ്കല്പിക്കുന്നു.

ഗ്രാന്റ അനുവദിച്ചു.

സഭ ലഘുഭക്ഷണത്തിനായി ഉച്ചതിരിഞ്ഞു ൨-൫ മണിക്കു പിരിഞ്ഞു. ൩ മണിക്കു വീണ്ടും കൂടി.

ഡിമാണ്ടു ൧൭. മെഡിക്കൽ ഡിപ്പാർട്ടുമെന്റ.

മി. കെ. ജാർജ് (ഗവർമ്മെന്റ ചീഫ്സെക്രട്ടറി): ഡിമാണ്ടു ൧൭ മെഡിക്കൽ ഡിപ്പാർട്ടുമെന്റിലേക്കു ൮൮൯൧ രൂപായിൽ കവിയാത്ത ഒരു സംഖ്യ അനുവദിക്കണമെന്നു ഒരു അഭ്യർത്ഥന ഞാൻ ഹാജരാക്കിക്കൊള്ളുന്നു.

ഈ അഭ്യർത്ഥനയിൽ നാലു കാര്യങ്ങൾ ഉൾപ്പെടും. ഒന്നാമത്തേതു ആശുപത്രികൾക്കും ഡിസ്പെൻസറികൾക്കും സെൻട്രൽജെയിലിൽനിന്നു കിടക്കകളും വസ്ത്രങ്ങളും വാങ്ങുന്നതിനാണ്. കിടക്കകൾക്കും വസ്ത്രങ്ങൾക്കും ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള സംഖ്യ, ൧൧൧൦൦ രൂപായാണ. ഇതിൽ ൩,൦൦൦ രൂപാ ജനറൽ ആസ്പത്രിയിലും കൊല്ലം വിക്ടോറിയാ ആസ്പത്രിയിലും നാഗരുകോവിൽ, കോട്ടയം, ആലപ്പുഴ ഈ ആസ്പത്രികളിലും പുതുതായി തുറന്നിട്ടുള്ള വാർഡുകളിലേക്കു കിടക്കകളും വസ്ത്രങ്ങളും വാങ്ങുന്നതിനാണ്. സംസ്ഥാനത്തെ എല്ലാ ആസ്പത്രികളിലേക്കും ഈയാണ്ടിൽ വേണ്ടുന്ന കിടക്കകളും വസ്ത്രങ്ങളും വാങ്ങുന്നതിനുള്ള ബാക്കിസംഖ്യ ൮൦൦൦ രൂപാമാത്രമാണ്. സംസ്ഥാനത്തെ എല്ലാ ആസ്പത്രികൾക്കുംകൂടി ഒരാണ്ടത്തേയ്ക്കു വേണ്ടുന്ന കിടക്കകളും വസ്ത്രങ്ങളും ജെയിലിൽനിന്നും കൺട്രാക്ടന്മാരോടും വാങ്ങുന്നതിനു ആവശ്യമുള്ള ആകെസംഖ്യ ൧൩,൮൯൩ രൂപയാണ്. എന്നാൽ അനുവദിച്ചിട്ടുള്ള സംഖ്യ ൧൦,൮൦൯ രൂപയാണ്. ചെലവുകഴിച്ചു ബാക്കി ആവശ്യമുള്ളതു ഏകദേശം ൩,൫൦൦ രൂപായാണ്. ചില സാമാനങ്ങൾ കൺട്രാക്ടർമാരോടു വാങ്ങുന്നതിനുപകരം ജെയിലിൽനിന്നു വാങ്ങുകയല്ലേ അധികം നന്നു എന്നു ഈയാണ്ടിൽ മെഡിക്കൽ സർവീസ് അഡ്മിനിസ്ട്രേട്ടീവ്ബോർഡ് ആലോചിച്ചു. ഈ സാമാനങ്ങൾ കമ്പിളികൾ, ജമുക്കാളങ്ങൾ, തലയണകൾ, കിടക്കവിരിപ്പുകൾ എന്നിവയാണ്. വില കൂടുതലുണ്ടെങ്കിലും ജെയിലിൽനിന്നു കിട്ടുന്ന സാധനങ്ങൾ ഗുണംകൊണ്ടും ഈടുകൊണ്ടും കൺട്രാക്ടന്മാരോടു വാങ്ങുന്നവയെക്കാൾ നല്ലതാണെന്നാകുന്നു ബോർഡിന്റെ അഭിപ്രായം. കൂടുതൽ ഗ്രാന്റിനുള്ള ആവശ്യം രണ്ടുപ്രകാരത്തിലാണ്. ഒന്നാമതു ആസ്പത്രികൾക്കു വേണ്ടുന്ന സാമാനങ്ങൾ മുൻകൊല്ലത്തെക്കാൾ അധികമാണ്; രണ്ടാമതു പണം അനുവദിച്ചിട്ടു മുൻകൊല്ലങ്ങളിലെ കൺട്രാക്ടുകൾ അനുസരിച്ചുണ്ട് കൺട്രാക്ടറന്മാരുടെ വിലകൾ ജെയിൽസാമാനങ്ങളുടെ വിലകളെക്കാൾ കുറവായിരുന്നു എന്നു ഞാൻ പറയുകയുംചെയ്തുവല്ലോ. ഇങ്ങനെ രണ്ടു കാരണങ്ങളാലും ഈയാണ്ടിൽ എല്ലാ സാമാനങ്ങളിലേയ്ക്കും വേണ്ടുന്ന കിടക്കകളുംവസ്ത്രങ്ങളും വാങ്ങുന്നതിനു ഏകദേശം ൩,൫൦൦ രൂപാ കൂടുതലായി വേണ്ടിയിരിക്കുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ആസ്പത്രികളിൽ കിടക്കകളുടെ എണ്ണം വർദ്ധിപ്പിച്ചിട്ടുണ്ടോ എന്നു പറയുമോ?

മി. കെ. ജാജ് (ഗവൺമെന്റ് ചീഫ്സെക്രട്ടറി): ഉവ്വ്. പുതിയ വാർഡുകൾ തുറന്നിട്ടുണ്ടെന്നു ഞാൻ ആരംഭത്തിൽതന്നെ പറഞ്ഞുവല്ലോ.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): എത്ര കിടക്കകളാണ് പുതുതായി ഉണ്ടാക്കിട്ടുള്ളത്?

മി. കെ. ജാജ് (ഗവൺമെന്റ് ചീഫ്സെക്രട്ടറി): ആസ്പത്രികളിൽ പുതുതായി ഏർപ്പെടുത്തിട്ടുള്ള കിടക്കകൾ എത്രയാണെന്നു എനിക്കു നിശ്ചയമില്ല. എന്നാൽ പുതിയ വാർഡുകൾ തുറന്നിട്ടുള്ളതുകൊണ്ടു അവയിൽ പുതിയ കിടക്കകൾ ഏർപ്പെടുത്തേണ്ടതു ആവശ്യമാകുന്നു എന്നു പറഞ്ഞുകൊള്ളുന്നു.

രണ്ടാമത്തെസംഗതി രാമപുരത്തു ഒരു പുതിയ ഡിസ്പെൻസറി തുടങ്ങുകയാണ്. മീനച്ചിൽതാലൂക്കിൽ രാമപുരം പകുതിയിലെ ജനങ്ങൾ അവിടെ ഒരു ഡിസ്പെൻസറിയുടെ ആവശ്യം ഗവൺമെന്റിന്റെ ദൃഷ്ടിയിൽ കൊണ്ടുവരികയും അന്വേഷണം കഴിച്ചു റിപ്പോർട്ടു സമർപ്പിക്കുന്നതിനു ഗവൺമെന്റു മെഡിക്കൽസെർവീസസ് അഡ്മിനിസ്ട്രേറ്റീവ് ബോർഡിനോടു ആജ്ഞാപിക്കുകയും ചെയ്തു. ഇൻസ്പെക്ടിങ്ങ് മെഡിക്കൽ ആഫീസർ അന്വേഷണം നടത്തി ആ സ്ഥലം ജനബാഹുല്യമുള്ള ഒരു സ്ഥലമാണെന്നു റിപ്പോർട്ടുചെയ്തു. ആ സ്ഥലം പാലായിൽനിന്നു ൫ നാഴികയും കുത്താട്ടുകുളത്തുനിന്നു ൭ നാഴികയും ദൂരത്താകുന്നു. വൈദ്യസഹായം ഇല്ലാത്തതിനാൽ ജനങ്ങൾക്ക വളരെ ബുദ്ധിമുട്ടുണ്ട്. ജനങ്ങളിൽനിന്നു പണം പിരിച്ചെടുത്തു ഒരു കെട്ടിടം ഉണ്ടാക്കിത്തരുവാൻ അവർ ഒരുക്കമാണ്. കാര്യം അത്യാവശ്യമായതാലും ഈ സ്ഥാപനത്തിനു വേണ്ടി ഇത്രയധികം പണം ചെലവുചെയ്യാൻ ജനങ്ങൾ ഒരുക്കമുള്ളവരായി കാണുന്നതിനാലും അവിടെ ഒരു ഡിസ്പെൻസറി തുടങ്ങുന്നതിനു ഗവൺമെന്റ് അഡ്മിനിസ്ട്രേറ്റീവ് ബോർഡിനെ അധികാരപ്പെടുത്തി. ഇതിന്നായി ആവശ്യപ്പെട്ടിട്ടുള്ളതു [illegible] രൂപായാണ്. ഇതു ഉദ്യോഗസ്ഥന്മാരുടെ ശമ്പളവും കണ്ടിജൻസിയുമാണ്. കെട്ടിടവാടകയ്ക്കോ സാമാനങ്ങൾക്കോ പണം അനുവദിച്ചിട്ടില്ല.

മൂന്നാമത്തെസംഗതി കുഷ്ഠാസ്പത്രിയിൽ നാലു ഹോളിക്രോസ് സന്യാസിനിമാരുടെ നിയമനമാണ്. കുഷ്ഠാസ്പത്രിയിൽ ഇപ്പോൾ രോഗികളുടെ ശുശ്രൂഷ പരിശീലിച്ചിട്ടുള്ളവർ ഇല്ല. അതുകൊണ്ടു സംസ്ഥാനത്തെ വേറെ ചില ആസ്പത്രികളിലെപ്പോലെ അവിടെയും നാലു ഹോളിക്രോസ് സന്യാസിനിമാരെ നിയമിക്കണമെന്നു അഡ്മിനിസ്ട്രേറ്റീവ്ബോർഡ് ശിപാർശചെയ്തു. അവരിൽപ്രധാനി സ്ത്രീക്ക മാസം ൩൦ രൂപായും മറ്റവർ ഓരോരുത്തർക്ക ൨൦ രൂപയും പാരിതോഷികമായി കൊടുക്കണം. പട്ടണത്തിലെ മറ്റു ആസ്പത്രികളിലെ നഴ്സുമാരോടുകൂടെ അവർ താമസിക്കുന്നതു അനഭിലഷണീയമാകയാൽ അവർക്ക പാർക്കാൻ വീടും സൌജന്യമായി കൊടുക്കണം. അവർക്ക പ്രത്യേകം വസ്തുക്കളും വേറെ താമസിക്കേണ്ടതുകൊണ്ടു ഒരു വെപ്പുകാരനും ഒരു ദോബിയും ഒരു തോട്ടിയുംകൂടെ ആവശ്യമുണ്ട്. ഈ കാര്യത്തിനുള്ള ആകെ ചെലവു ൧,൭൪൪ രൂപയാകുന്നു.

നാലാമത്തെസംഗതി പിറവത്തു ഒരു ഡിസ്പെൻസറി പുതുതായി സ്ഥാപിക്കയാണ്. ഒരു ഡിസ്പെൻസറി ഇല്ലാത്തതിനെപ്പറ്റി പിറവത്തെ ജനങ്ങൾ കുറേക്കാലമായി പരാതി പറഞ്ഞുകൊണ്ടിരിക്കുന്നു. ൧൧൦൮-ൽ അവിടെ ഒരു ഡിസ്പെൻസറി ഉണ്ടാക്കണമെന്നു ദർബാർഫിസിഷ്യൻ ശിപാർശചെയ്തു. അക്കാര്യത്തെപ്പറ്റി ൧൧൦൯-ലും ൧൧൧൦-ലും നിയമസഭയിൽ പലപ്രാവശ്യം നിവേദനങ്ങളും ഉണ്ടായി. എന്നാൽ ൧൧൧൧-ലും ൧൧൧൨-ലും ഗവൺമെന്റു വേറെ പല ഡിസ്പെൻസറികൾ സ്ഥാപിക്കേണ്ടിവന്നതുകൊണ്ടു ഈ കാര്യം ആലോചനയ്ക്കായി നിർത്തിവയ്ക്കേണ്ടിവന്നു. പിറവം ജനബാഹുല്യമുള്ള ഒരു സ്ഥലമാണ്. ചുറ്റുപാടും പത്തു നാഴികയ്ക്കുള്ളിൽ ഒരു ആസ്പത്രിപോലും ഇല്ല. അടുത്ത ആസ്പത്രികൾ കുത്താട്ടുകുളത്തും മൂവാറ്റുപുഴയുമാണ്. ഈ സ്ഥലങ്ങൾ പിറവത്തുനിന്നു പത്തും പതിനഞ്ചും നാഴികയിലധികം ദൂരത്താണ്. പിറവം അനേകം ഗവൺമെന്റു സ്ഥാപനങ്ങൾ ഉള്ള ഒരു പ്രധാനസ്ഥലവുമാണ്. അതുകൊണ്ടു അവിടെ ഒരു ഡിസ്പെൻസറി സ്ഥാപിക്കാനാണ് ആലോചിച്ചിട്ടുള്ളതു. ൭൦൦ രൂപയ്ക്കുമാത്രമെ അഭ്യർത്ഥനയുള്ളു.

പ്രസിഡന്റ്: സഭ അഭ്യർത്ഥനയെ സ്വീകരിക്കുന്നു എന്നു സങ്കല്പിക്കാമോ?

ഗ്രാന്റ് അനുവദിച്ചു.

ഡിമാണ്ട്. ഫുഡ്-കെമിക്കൽ എക്സാമിനർ, ആയുർവേദം, ശുചീകരണം.

മി. ജി. പി. രാമസുബ്ബയ്യർ (ഗവൺമെന്റ്സെക്രട്ടറി): വിഴിഞ്ഞത്തു ഒരു കൺസർവൻസിസ്റ്റേഷൻ സ്ഥാപിക്കുന്നതിനായി "ഡിമാണ്ട് ഫുഡ്-കെമിക്കൽ എക്സാമിനർ, ആയുർവേദം, സാനിട്ടേഷൻ" എന്ന ഇനത്തിൽ ൧൧൫ രൂപയിൽ കവിയാത്ത ഒരു സംഖ്യ അനുവദിക്കണമെന്നു ഒരു അഭ്യർത്ഥന ഹാജരാക്കിക്കൊള്ളുന്നു. വിഴിഞ്ഞം നെയ്യാറ്റിൻകര താലൂക്കിൽ കോട്ടുകാൽപകുതിയിൽ സമുദ്രതീരത്തോടടുത്തുള്ള ഒരു ഗ്രാമം ആകുന്നു. അവിടെ ൫൦൦൦-ൽ അധികം ജനങ്ങളുണ്ട്. അവിടത്തെ ശുചീകരണപ്രവൃത്തി ഏറ്റവും അതൃപ്തികരമാണ്. ഗ്രാമം വെടിപ്പാക്കിവയ്ക്കുന്നതിനു ഇപ്പോൾ യാതൊരു ഏർപ്പാടും ഇല്ല. അവിടെ ഒരു കൺസർവൻസിസ്റ്റേഷൻ സ്ഥാപിക്കണമെന്നു സാനിട്ടറികമ്മീഷണർ ഗവൺമെന്റിനെ കുറേക്കാലമായി നിർബന്ധിച്ചുകൊണ്ടിരിക്കുന്നു. അതിന്നായി ഒരു ഓവർസീയരെയും നാലു തൂപ്പുകാരെയും നിയമിക്കണമെന്നാണ് അദ്ദേഹം ശുപാർശചെയ്യുന്നതു. ഒരു മാസത്തേക്ക ൪൬ രൂപാ ചെലവുണ്ടാകും. ഇപ്പോൾ ൧൧൫ രൂപാ ചോദിക്കുന്നതു ഈ ആണ്ടിൽ രണ്ടരമാസത്തേക്കാണ്.

പ്രസിഡന്റ്: സഭ അഭ്യർത്ഥന സ്വീകരിക്കുന്നു എന്നു സങ്കല്പിക്കാമോ?

ഗ്രാന്റ് അനുവദിച്ചു.

നിയമനിർമ്മാണം.

തിരുവിതാംകൂർ ചലനചിത്ര പ്രദർശനബിൽ.

പ്രസിഡന്റ്: ഇനി നമുക്ക ഇന്നത്തേക്കുള്ള നിയമനിർമ്മാണജോലി ആരംഭിക്കാം.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): സർ, ചലനചിത്രപ്രദർശനബിൽ ഇന്നത്തേക്ക അവസാന വായനയ്ക്കു വെച്ചിരിക്കയാണ്. അതിനുമുമ്പായി ൫, ൭, ൮, ൯ ഈ വകുപ്പുകളിൽ ഒരു ചെറിയ ഭേദം ചെയ്യാനുണ്ട്. ഞാൻ പറഞ്ഞ ഭേദഗതി ഇപ്രകാരമാണ്.

"ഗവൺമെന്റ്" എന്ന പദം പ്രയോഗിച്ചിട്ടുള്ളിടത്തെല്ലാം അതിനു മുമ്പായി "നമ്മുടെ" എന്ന പദം ചേർക്കണം.

ബില്‍ രണ്ടാംപ്രാവശ്യം വായനയ്ക്കെടുത്തപ്പോള്‍ ഒരു പ്രത്യേക വകുപ്പില്‍ ഈ ഭേദം ഉണ്ടാക്കണമെന്നു മിസ്റ്റര്‍ പി. കെ. നാരായണപിള്ള ഒരു പ്രമേയം ഹാജരാക്കുകയും അതു സഭ സ്വീകരിക്കയും ചെയ്തു. ഈ പദം ഉപയോഗിച്ചിട്ടുള്ള വേറെ സ്ഥലങ്ങളിലും ഈ ഭേദം വരുത്താന്‍ ഞാന്‍തന്നെ ഒരു ഭേദഗതിപ്രമേയം ഹാജരാക്കിക്കൊള്ളാമെന്നു ഞാന്‍ അന്നു വാഗ്ദാനം ചെയ്തിരുന്നു. അതാണു ഈ പ്രമേയത്തിനു കാരണം.

മി. കെ. ജാര്‍ജ്ജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): ഞാന്‍ അനുകൂലിക്കുന്നു.

പ്രമേയം സഭ അനുവദിച്ചു.

മി. കയ്യാലം പരമേശ്വരന്‍പിള്ള (അഡിഷണല്‍ ഹെഡ് സര്‍ക്കാര്‍ വക്കീല്‍): വേറെ ഭേദഗതികള്‍ ഇല്ലാത്തതിനാല്‍ ചലനചിത്ര പ്രദര്‍ശനബില്‍ ഭേദപ്പെടുത്തിയപ്രകാരം അവസാനമായി വായിച്ചു പാസ്സാക്കണമെന്നു ഞാന്‍ അഭിപ്രായപ്പെടുന്നു.

മി. കെ. എന്‍. രാമസുബ്ബയ്യര്‍ (ഗവണ്മെന്റു ഫൈനാന്‍ഷ്യല്‍ സെക്രട്ടറി): ഞാന്‍ അനുകൂലിക്കുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിന്‍കീഴ്): ബില്ലു പാസ്സാക്കുന്നതിനു ഞാന്‍ വിരോധം പറഞ്ഞുകൊള്ളുന്നു. ബില്‍ മൂന്നാംപ്രാവശ്യം വായിച്ചു പാസ്സാക്കുന്നതിനു ഞാന്‍ വിരോധം പറയുന്നതു എതിര്‍ബില്‍ പാസ്സാക്കണമോ എന്നുള്ളതുകൊണ്ടല്ല, വേറെ കാരണങ്ങളാലാണ്. ദൃഷ്ടാന്തമായി ഈ ബില്‍ ഒരു വെറും കളിപ്പാട്ടമാണ്. ജനസാമാന്യത്തിനു ഇതിനെപ്പറ്റി ഒരു താല്പര്യവുമില്ല. ഇതിനേക്കാള്‍ പ്രാധാന്യം കൂടിയ നിയമനിര്‍മ്മാണജോലി ഉണ്ട്. ഉദാഹരണമായി ജന്മികുടിയാന്‍ ബില്‍ പറയാം. ഇതിനെപ്പറ്റി ഈ രാജ്യത്തു വലുതായ ക്ഷോഭം ഉണ്ടാകയും പൊതുയോഗങ്ങള്‍ കൂടിയും നിശ്ചയങ്ങള്‍ പാസ്സാക്കിയും കാര്യം ഗവണ്മെന്റിന്റെ ദൃഷ്ടിയില്‍ കൊണ്ടുവരികയും ചെയ്തിട്ടുള്ളതാണ്. ഗസറ്റില്‍ പ്രസിദ്ധപ്പെടുത്തിയ ജന്മികുടിയാന്‍ ബില്‍ ആലോചനയ്ക്കെടുക്കണമെന്നുള്ള പൊതുജനാഭിപ്രായം സ്പഷ്ടമായി പ്രദര്‍ശിപ്പിച്ചിട്ടുണ്ടെങ്കിലും ഗവണ്മെന്റു അക്കാര്യത്തില്‍ ഒരിഞ്ചുപോലും അനങ്ങീട്ടില്ല. ജന്മികുടിയാന്‍ബില്‍ പാസ്സാക്കി കിട്ടണമെന്നുള്ള ക്ഷോഭം പതിനഞ്ചു വര്‍ഷം മുമ്പു ആരംഭിച്ചു ഇപ്പോഴും നടന്നുവരുന്നതാകുന്നു. ക്ഷോഭം അതിന്റെ പരമകാഷ്ഠയെ പ്രാപിച്ചിരിക്കുന്നു. എന്നിട്ടും ഗവണ്മെന്റു അശേഷം അനങ്ങുന്നില്ല. അതുകൊണ്ടു എന്റെ വിരോധം ഈ പ്രത്യേക ബില്‍ മൂന്നാംപ്രാവശ്യം വായനയ്ക്കെടുത്തു അതിനെ സഭ പാസ്സാക്കുന്നതിനെസംബന്ധിച്ചല്ല, ജനങ്ങള്‍ക്കു താല്പര്യമുള്ള കാര്യങ്ങളെസംബന്ധിച്ച നിയമങ്ങള്‍ നിര്‍മ്മിക്കുന്നതില്‍ ഗവണ്മെന്റു കാണിക്കുന്ന അനാസ്ഥയെപ്പറ്റി ജനങ്ങള്‍ക്കുള്ള കഠിന വെറുപ്പിനെ കാണിക്കുന്നതിനുമാത്രമാണ്. ജനങ്ങളുടെ ഭാഗം പറകയാണെങ്കില്‍, ഞങ്ങള്‍ക്കു ചലനചിത്ര പ്രദര്‍ശനബില്ലിനെപ്പറ്റി യാതൊരു താല്പര്യവുമില്ല. എന്നാല്‍ ജന്മികുടിയാന്‍ ബില്ലിനെപ്പറ്റി ജനങ്ങള്‍ വളരെ താല്പര്യമുള്ളവരാകുന്നു. എന്നാല്‍ ആക്കാര്യത്തില്‍ ഗവണ്മെന്റു യാതൊന്നും പ്രവര്‍ത്തിച്ചിട്ടില്ല. ചോദ്യങ്ങള്‍മൂലം ഈ സംഗതി ഞങ്ങള്‍ സഭയുടെ ദൃഷ്ടിയില്‍ കൊണ്ടുവന്നിട്ടുണ്ട്, നിശ്ചയങ്ങള്‍മൂലവും സഭയുടെ ദൃഷ്ടിയില്‍പെടുത്തീട്ടുണ്ട്. ഈ അവസരങ്ങളിലെല്ലാം ഗവണ്മെന്റു ആലോചിക്കുമെന്നു മറുപടി പറഞ്ഞു. ഈ നിയമസഭയുടെ ആരംഭത്തില്‍ ജനങ്ങളുടെ നിവേദനംസംബന്ധിച്ച ഗവണ്മെന്റു എന്തുചെയ്തു എന്നു ചോദിച്ചു. കഴിയുന്ന വേഗത്തില്‍ ബില്‍ ഹാജരാക്കുമെന്നു എനിക്കു മറുപടിയും കിട്ടി. ഈ നിയമസഭയുടെ കാലം കഴിയാറായി എങ്കിലും ഇതുവരെ ഇക്കാര്യത്തില്‍ യാതൊന്നും ചെയ്തിട്ടില്ല. ആ കാരണത്താല്‍ സഭ ഈ ബില്‍ മൂന്നാംപ്രാവശ്യം വായിച്ചുപാസ്സാക്കുന്നതിനെ ഞാന്‍ എതിര്‍ക്കുന്നു.

മി. കയ്യാലം പരമേശ്വരന്‍പിള്ള (അഡിഷണല്‍ ഹെഡ് സര്‍ക്കാര്‍ വക്കീല്‍): ഈ ആക്ഷേപത്തിനു ഇന്നത്തെ വാദവിഷയമായ ബില്ലിനോടു യാതൊരു സംബന്ധവുമില്ലെന്നു ഞാന്‍ പറയണമെന്നില്ലല്ലോ. എങ്കിലും ജന്മികുടിയാന്‍ ബില്ലിന്റെ കാര്യത്തില്‍ യാതൊന്നും ചെയ്തിട്ടില്ലെന്നു പറയുന്നതു ശരിയല്ലെന്നു പറഞ്ഞുകൊള്ളുന്നു. മൂന്നോ നാലോവര്‍ഷം മുമ്പു ഒരു ഭേദഗതി ബില്‍ ഗസറ്റില്‍ പ്രസിദ്ധം ചെയ്തിട്ടുണ്ട്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിന്‍കീഴ്): ഞങ്ങള്‍ക്കു അതിനെപ്പറ്റി അറിവില്ല.

മി. കയ്യാലം പരമേശ്വരന്‍പിള്ള (അഡിഷണല്‍ ഹെഡ് സര്‍ക്കാര്‍ വക്കീല്‍): ബില്‍ ഗസറ്റില്‍ പ്രസിദ്ധംചെയ്തിട്ടുണ്ട്. അതിനെപ്പറ്റി ആക്ഷേപങ്ങള്‍ ഉണ്ടാകയും ഗവണ്മെന്റില്‍ അതിനെപ്പറ്റി ചില നിവേദനങ്ങള്‍ കിട്ടുകയും ചെയ്തിട്ടുണ്ട്. അവ ഇപ്പോള്‍ ആലോചനയില്‍ ഇരിക്കുന്നു. അതുകൊണ്ടു യാതൊന്നും ചെയ്തിട്ടില്ലെന്നു പറയുന്നതു ശരിയല്ല.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): നക്കല്‍ബില്‍ പ്രസിദ്ധം ചെയ്ത തീയതി പറയുമോ?

മി. കയ്യാലം പരമേശ്വരന്‍പിള്ള (അഡിഷണല്‍ ഹെഡ് സര്‍ക്കാര്‍ വക്കീല്‍): ഏകദേശം മൂന്നു വര്‍ഷം മുമ്പു.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): ൧൧൦൫-ല്‍ ആയിരുന്നോ എന്നു പറയുമോ?

മി. കയ്യാലം പരമേശ്വരന്‍പിള്ള (അഡിഷണല്‍ ഹെഡ് സര്‍ക്കാര്‍ വക്കീല്‍): ഏകദേശം ആ സമയത്തോടടുപ്പിച്ചായിരിക്കാം. ഒരു ചോദ്യത്തിന്റെ മറുപടിയില്‍ പറഞ്ഞപ്രകാരം ജന്മിമാരില്‍നിന്നും കുടിയാന്മാരില്‍നിന്നും നിവേദനങ്ങള്‍ കിട്ടീട്ടുണ്ട്. അവ ഇപ്പോള്‍ ആലോചനയില്‍ ഇരിക്കുന്നു. എങ്ങനെയായാലും വാദവിഷയമായ ബില്ലിനോടു മിസ്റ്റര്‍ കെ. പി. നീലകണ്ഠപ്പിള്ളയുടെ ആക്ഷേപത്തിനു യാതൊരു സംബന്ധവുമില്ല.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ജന്മികുടിയാന്‍ബില്‍ കഴിഞ്ഞ സഭയില്‍ ഹാജരാക്കാന്‍ തയ്യാറാക്കിയിരുന്നു എന്നുള്ള സംഗതി മെമ്പര്‍ക്കു അറിയാമോ?

മി. കയ്യാലം പരമേശ്വരന്‍പിള്ള (അഡിഷണല്‍ ഹെഡ് സര്‍ക്കാര്‍ വക്കീല്‍): ആയിരിക്കാം. എനിക്കു അതിനെപ്പറ്റി നിശ്ചയമില്ല.

ഞാന്‍ ബോധിപ്പിച്ചപ്രകാരം ഒരു ബില്ലിന്റെ തത്വം സ്വീകരിക്കയും അതു രണ്ടാംപ്രാവശ്യം വായിക്കയും ചെയ്തു കഴിഞ്ഞാല്‍ പിന്നെ അതു അവസാന വായനയ്ക്കെടുത്തു പാസ്സാക്കാതെയിരിപ്പാന്‍ യാതൊരു കാരണവുമില്ല.

മി. കെ. കെ. തോമസ് (കോട്ടയം): ബില്‍ ഈ സഭയില്‍ ഹാജരാക്കുമോ എന്നു പറയുമോ?

മി. കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർവക്കീൽ): ഇരുകക്ഷികളിൽ നിന്നും നിവേദനങ്ങൾ കിട്ടിട്ടുള്ളതാണു പ്രയാസം.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ബിൽ ഈ സഭയിൽ തള്ളപ്പെടുകയല്ലേ ഉത്തമം?

മി. കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർവക്കീൽ): അതു വാദപ്രതിവാദത്തിനു വരുമ്പോൾ ചെയ്യാവുന്നതാണ്. വാദപ്രതിവാദം കഴിഞ്ഞേ ബിൽ അവസാനമായി വായിച്ചുപാസ്സാക്കൂ.

മി. സി. പി. തോമസ് (ഗവണ്മെന്റു നിയമനം): ഈ നിവേദനങ്ങളെ സംബന്ധിച്ചു ഗവണ്മെന്റു എന്തു പ്രവർത്തിച്ചിട്ടുണ്ടെന്നു പറയാമോ?

മി. കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർവക്കീൽ): ആ നിവേദനങ്ങളെല്ലാം ഇപ്പോൾ ആലോചനയിൽ ഇരിക്കുന്നു. ഗവണ്മെന്റു ഒരു ബിൽ പ്രസിദ്ധം ചെയ്തിട്ടുണ്ട്. നിവേദനങ്ങൾക്കനുസാരമായി ആ ബിൽ പുനരാലോചന ചെയ്യേണ്ടതുണ്ട്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഞാൻ മിസ്റ്റർ കെ. പി. നീലകണ്ഠപ്പിള്ളയെ അനുകൂലിക്കുന്നു. മിസ്റ്റർ കെ. പി. നീലകണ്ഠപ്പിള്ളയുടെ വാദങ്ങൾ അസ്ഥാനത്തിലാണെന്നുള്ള ലാ മെമ്പറിന്റെ അഭിപ്രായം ശരിയല്ലെന്നാണ് എന്റെ അഭിപ്രായം. ഗവണ്മെന്റു പ്രസിദ്ധംചെയ്തുകഴിഞ്ഞ ജന്മികുടിയാൻബിൽ ആലോചനയ്ക്കെടുക്കേണ്ടുന്നതിനുള്ള ആവശ്യകതയെ ഗവണ്മെന്റിന്റെ ദൃഷ്ടിയിൽ കൊണ്ടുവരുന്നതിനു ഇതേ ഒരു മാർഗ്ഗമുള്ളു. ഇക്കാര്യത്തിൽ എന്തെങ്കിലും ചെയ്വാൻ ഗവണ്മെന്റു ഒരുക്കമുണ്ടെന്നുള്ള ഒരു പ്രത്യാശ ആ ബില്ലിന്റെ പ്രസിദ്ധീകരണം ജനപ്രതിനിധികളുടെ മനസ്സിൽ അങ്കുരിപ്പിച്ചിട്ടുണ്ട്. അതുനിമിത്തം ജന്മികുടിയാന്മാരെ സംബന്ധിച്ചു വേറൊരു നിയമം ഉണ്ടാക്കി സഭയിൽ ഹാജരാക്കാൻ അനൗദ്യോഗസ്ഥമെമ്പർമാർക്കു കഴിവില്ലാതെയാണു വന്നിരിക്കുന്നതു. ഒന്നും തീർച്ചയാക്കാതെ ഇങ്ങനെ വച്ചിരിക്കുന്നതു ഗവണ്മെന്റിന്റെ ഭാഗത്തു ഒരു വീഴ്ചതന്നെയാണ്. രാജ്യത്തിന്റെ ഗുണത്തിനു അധികം ആവശ്യമുള്ള നിയമങ്ങൾ വേണ്ടിയിരിക്കെ, ഗവണ്മെന്റു പാസ്സാക്കാൻ പ്രത്യേക താല്പര്യം കാണിക്കുന്ന ഒരു നിയമത്തിനു വിരോധം പറകയാണു ഞങ്ങൾക്കുള്ള ഏകമാർഗ്ഗം. അതുകൊണ്ടു മിസ്റ്റർ കെ. പി. നീലകണ്ഠപ്പിള്ളയുടെ നടപടി ശരിയാണെന്നു തോന്നുന്നു. അതു അസംബന്ധമാണെന്നു പറഞ്ഞതുകൊണ്ടു ഫലമില്ല. അതിന്റെ ഉള്ളിൽ [illegible] തന്നെയുള്ളു. മി. കെ. പി. നീലകണ്ഠപ്പിള്ളയുടെ ആക്ഷേപത്തിനു ധാരാളം ന്യായം ഉണ്ടെന്നാണു എന്റെ അഭിപ്രായം.

പ്രസിഡണ്ട്: നമ്മുടെ മുമ്പാകെ ആലോചനയ്ക്കുള്ള വിഷയം തിരുവിതാംകൂർ ചലനചിത്രപ്രദർശനബിൽ അവസാനമായി വായിച്ചു പാസ്സാക്കണമോ വേണ്ടയോ എന്നാണ്. ആ കാര്യത്തെ സംബന്ധിച്ചു, അതിനെ സംബന്ധിച്ചുമാത്രം, സഭയുടെ അഭിപ്രായം അറിയുകയാണ് എന്റെ ജോലി. ബിൽ അവസാനമായി വായിച്ചു പാസ്സാക്കുന്നതിനു അനുകൂലിക്കുന്നവർ അവരുടെ കൈ ഉയർത്തി അവരുടെ സമ്മതം പ്രദർശിപ്പിക്കണമെന്നു അപേക്ഷിക്കുന്നു.

ഒരു വലിയ ഭൂരിപക്ഷം പ്രമേയത്തിനനുകൂലിച്ചു.

മി. കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർവക്കീൽ): ഒരു പ്രമേയംകൂടെയുണ്ട്. സർ, ബിൽ ൧൧൨൩ ഇടവം ൧-നുമുതൽ പ്രാബല്യത്തിൽ വരണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു. ചട്ടങ്ങൾ ഉണ്ടാക്കുന്നതിനു കുറെ സമയം വേണ്ടിവരുന്നല്ലോ.

മി. വി. എസ്. സുബ്രഹ്മണ്യയ്യർ (ഹെഡ് സർക്കാർവക്കീൽ): ഞാൻ അനുകൂലിക്കുന്നു.

പ്രസിഡണ്ട്: ആ തീയതി സഭ സ്വീകരിക്കുന്നുഎന്നു സങ്കല്പിക്കാമോ?

പ്രമേയം സഭ സ്വീകരിച്ചു.

തിരുവിതാംകോട്ടു ഖനികളും ധാതുക്കളും ബിൽ.

മി. കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർവക്കീൽ): സർ, തിരുവിതാംകോട്ടു ഖനികളും ധാതുക്കളും ബില്ലിനെപ്പററി സിലക്ട് കമ്മിററിയുടെ റിപ്പോർട്ടു ഹാജരാക്കുകയും കമ്മിററി റിപ്പോർട്ടുചെയ്തിട്ടുള്ള പ്രകാരം ബിൽ ആലോചനയ്ക്കെടുക്കണമെന്നു അഭിപ്രായപ്പെടുകയും ചെയ്തുകൊള്ളുന്നു.

മി. കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെന്റു ഫൈനാൻഷ്യൽ സെക്രട്ടറി): ഞാൻ പ്രമേയത്തെ അനുകൂലിക്കുന്നു.

പ്രമേയം വോട്ടിനിട്ടപ്പോൾ സഭ സ്വീകരിച്ചു.

തലക്കെട്ടു.

മി. എസ്. ചിറവിളപ്പുത്തമാറംപിള്ള (വ്യാപാരവും വ്യവസായവും, തെക്ക): സർ, ബില്ലിന്റെ തലവാചകത്തിൽ "ബിൽ" എന്ന പദത്തിനുപകരം "റഗുലേഷൻ" എന്ന പദം ചേർക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

ബില്ലിന്റെ ആദ്യപകർപ്പിൽ "ബിൽ" എന്ന പദത്തിനുപകരം "റഗുലേഷൻ" എന്ന പദമാണു ചേർത്തിട്ടുള്ളതു. സിലക്ട്കമ്മിററി പരിഷ്കരിച്ചപ്രകാരമുള്ള ബില്ലിൽ "റഗുലേഷൻ" എന്ന പദം മാററി ബിൽ എന്ന പദം ചേർത്തിരിക്കുന്നു. സിലക്ട് കമ്മിററിയുടെ റിപ്പോർട്ടിൽ ഈ മാററത്തെപ്പററി ഒന്നും പ്രസ്താവിച്ചുകാണുന്നില്ല. ഈ മാററത്തിനുള്ള സമാധാനം വേറെ ഒരിടത്തും കൊടുത്തിട്ടുമില്ല. അതുകൊണ്ടു "ബിൽ" എന്നതിനുപകരം "റഗുലേഷൻ" എന്നു ചേർക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

മി. എം. ശിവതാണുപിള്ള (തോവാള): ഞാൻ അനുകൂലിക്കുന്നു.

മി. കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർവക്കീൽ): ആ പദം നിയമത്തിന്റെ ഒരു ഭാഗമല്ല. നിയമം ആരംഭിക്കുന്നതു പ്രാരംഭോക്തികൊണ്ടാണ്. പ്രസ്താവത്തിലെ പദം ഉപയോഗിച്ചിട്ടുള്ളതു തലവാചകത്തിലാണ്. ശരിയായിപ്പറഞ്ഞാൽ ആലോചനയ്ക്കെടുക്കുന്നതു ബില്ലാണ്. ബിൽ പാസ്സായി മഹാറാണി റീജന്റു തിരുമനസ്സിലെ അനുമതി സിദ്ധിക്കുമ്പോൾ അഭിപ്രായപ്പെട്ടപ്രകാരമുള്ള ഭേദം ചെയ്യുന്നതാണ്.

മി. എസ്. ചിറവിളപ്പുത്തമാറംപിള്ള (വ്യാപാരവും വ്യവസായവും, തെക്ക): സമാധാനം കേട്ടതിനാൽ പ്രമേയം ഞാൻ പിൻവലിച്ചുകൊള്ളുന്നു.

പ്രസിഡണ്ട്: ബിൽ പാസ്സാക്കിയശേഷം അങ്ങനെ ചെയ്ക പതിവാണ്.

പ്രമേയം മിസ്റ്റർ പിറവിപ്പെരുമാൾപിള്ള പിൻവലിക്കുന്നതിനു സഭ സമ്മതിക്കുന്നുഎന്നു സങ്കല്പിക്കാമോ?

പ്രമേയം സഭയുടെ അനുവാദപ്രകാരം പിൻവലിച്ചു.

മി. എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്ക): സർ, എന്റെ പേരിൽ ഉള്ള ഇനിയത്തെ ഭേദഗതി പ്രമേയം ഞാൻ ഹാജരാക്കുന്നില്ല.

താഴെ ചേർത്തിരിക്കുന്ന ഭേദഗതി പ്രമേയം ഹാജരാക്കിയില്ല.

ബില്ലിന്റെ പേരുകെട്ടിൽ നിയന്ത്രണത്തിനും എന്ന പദത്തിനുമുമ്പു ഖനികളുടെഎന്ന വാക്കുമാററി "ഖനികളിലെ ജോലിയുടെ" എന്ന വാക്കുകൾ ചേർക്കണം.

പ്രാരംഭം.

മി. എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്ക): താഴെപറയുന്ന ഭേദഗതിപ്രമേയം ഞാൻ ഹാജരാക്കിക്കൊള്ളുന്നു.

പ്രാരംഭത്തിൽ "ഖനികളുടെ നിയന്ത്രണത്തിനും" എന്ന പദത്തിനുപകരം "ഖനികളിലെ ജോലിയുടെ നിയന്ത്രണത്തിനും" എന്നു ചേർക്കണം

ഉദ്ദേശകാരണവിവരണത്തിൽ റെഗുലേഷന്റെ ഉദ്ദേശം,

(എ) സംസ്ഥാനത്തിൽ ധാതുക്കൾക്കുവേണ്ടി തിരയുന്നതിനും,

(ബി) ഖനികളിൽ ജോലിയെ ക്രമപ്പെടുത്തുന്നതിനും,

(സി) ഖനികളുടെ പരിശോധന നടത്തുന്നതിനും ആകുന്നു,

എന്നു സ്പഷ്ടമായി പറഞ്ഞിട്ടുണ്ട്.

അതുകൊണ്ടു റെഗുലേഷന്റെ പ്രാരംഭത്തിലും ഈ ഉദ്ദേശങ്ങൾ സ്പഷ്ടമായും വ്യക്തമായും പ്രസ്താവിക്കേണ്ടതാണെന്നു എനിക്കു തോന്നുന്നു. എന്നുമാത്രമല്ല "ജോലിയുടെ" എന്ന പദം ചേർക്കാത്തപക്ഷം റെഗുലേഷൻ ഖനികളുടെ നിയന്ത്രണത്തിനുള്ളതാകുന്നു എന്നേ അർത്ഥമാകൂ. അതു അവ്യക്തമാണെന്നു എനിക്കു തോന്നുന്നു. പ്രാരംഭത്തിൽ തന്നെ റെഗുലേഷന്റെ ഉദ്ദേശങ്ങൾ എന്താണെന്നു കാണിക്കുന്നതിനായിട്ടാകുന്നു ഞാൻ ഈ ഭേദഗതിപ്രമേയം ഹാജരാക്കുന്നതു.

മി. പി. ഹബീബ് മഹമ്മദ് (ഗവണ്മെന്റു നിയമനം): ഞാൻ അനുകൂലിക്കുന്നു.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർവക്കീൽ): ബില്ലിലെ വിവിധനിബന്ധനകൾ നോക്കിയാൽ ജോലിക്കാരുടെ രക്ഷയാണു ബില്ലിന്റെ പ്രധാനോദ്ദേശമെങ്കിലും അതുമാത്രമല്ല ഉദ്ദേശമെന്നു കാണാവുന്നതാകുന്നു. ഉദാഹരണമായി നാലാം അദ്ധ്യായത്തിൽ ഖനികളുടെ മാനേജർമാരെയും ഉടമസ്ഥന്മാരെയും പററിയും ഖനികളുടെ ശുചീകരണം മുതലായ കാര്യങ്ങളെപ്പററിയും വ്യവസ്ഥകൾ കാണാം. ഈ വ്യവസ്ഥകളുടെയും പരമോദ്ദേശം ഖനികളിൽ ജോലിചെയ്യുന്നവരുടെ ഗുണമാണെന്നുള്ളതിനു സംശയമില്ല. എന്നാൽ പ്രാരംഭത്തിൽതന്നെ റെഗുലേഷൻ ഖനികളിൽ ജോലിയെ ക്രമപ്പെടുത്തുന്നതിനാണെന്നു പറഞ്ഞാൽ നിയമത്തിന്റെ വ്യാപ്തിയെ നാം ചുരുക്കിക്കളയും.

മി. എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്ക): ഇവയെല്ലാം ഖനികളുടെ പരിശോധന എന്ന (സി) ഉദ്ദേശത്തിൽ പെടുകയില്ലയോഎന്നു പറയാമോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർവക്കീൽ): ഇല്ല.

മി. എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്ക): ബ്രിട്ടീഷ് ഇൻഡ്യയിലെ ബില്ലിന്റെ പ്രാരംഭത്തിലെ വാചകം എന്താണെന്നു പറയുമോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർവക്കീൽ): ഇവിടത്തേതിലെപോലെ തന്നെയാണ്.

മി. എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്ക): സമാധാനം കേട്ടു ഭേദഗതിപ്രമേയം പിൻവലിച്ചുകൊള്ളുന്നു.

സഭയുടെ അനുവാദപ്രകാരം പ്രമേയം പിൻവലിച്ചു.

വകുപ്പ് ൧.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ൨-ാം ഉപവകുപ്പിന്റെ ഒടുവിൽ ഉള്ള പൂർണ്ണവിരാമം വിട്ടുകളഞ്ഞിട്ടു താഴെ കാണുന്ന വാചകം ചേർക്കണമെന്നു ഞാൻ പ്രമേയം ഹാജരാക്കുന്നു.

ഇതു നമ്മുടെ ഗവണ്മെന്റിന്റെയോ നമ്മുടെയോ അധീനത്തിലുള്ള ഖനികൾക്കും ലോഹങ്ങൾക്കും ധാതുക്കൾക്കും മാത്രമേ സംബന്ധിക്കയുള്ളു.

ഇപ്പോഴത്തെ ഒന്നാംവകുപ്പു ഇങ്ങനെയാണ്.

"(൧) ഈ റെഗുലേഷനു "തിരുവിതാംകൂർ ഖനികളും ധാതുക്കളും റെഗുലേഷൻ" എന്നു പേർ പറയാം.

(൨) ഇതു തിരുവിതാംകൂർ മുഴുവൻ വ്യാപിക്കുന്നതാണ്.

(൩) ഇതു ഉടനെ നടപ്പിൽ വരുന്നതാകുന്നു"

എന്റെ ആക്ഷേപം ഇതു തിരുവിതാംകൂർ മുഴുവനും വ്യാപിക്കുന്നതാകുന്നു എന്നുപറയുന്ന ൨-ാം ഉപവകുപ്പിനെപ്പററിയാകുന്നു.

എന്റെ ഭേദഗതിപ്രമേയത്തിന്റെ ഉദ്ദേശം ഇതാണ്. തിരുവിതാംകൂറിൽ ഖനികളും ധാതുക്കളും ഉണ്ട്--ഈ വിഷയത്തിന്റെ പരിജ്ഞാനമുള്ളവരുടെ അഭിപ്രായത്തിലെങ്കിലും ഉണ്ട്.--എന്നാൽ ഈ നിയമത്തിനു ഗൂഢമായി ഒരു അർത്ഥം ഉള്ളിൽ കിടപ്പുണ്ട്. അതായതു ഈ സംസ്ഥാനത്തുള്ള എല്ലാ ഖനികളും ധാതുക്കളും ഗവണ്മെന്റിന്റെയോ രാജാവിന്റെയോ വകയാണെന്നു. ഇങ്ങനെയുള്ള ഒരു സങ്കല്പം അടിസ്ഥാനരഹിതമാണെന്നാകുന്നു എന്റെ പക്ഷം. ഏതെങ്കിലും ഖനിയേയോ ധാതുക്കളേയോ ഏതെങ്കിലും കൈവശം ചെയ്തിട്ടോ എത്രയോ കാലമായി സാധാരണആളുകൾക്കു ജന്മാവകാശം കിട്ടിയ വേറെയില്ല. ഇവിടെ ഒക്കെ ഗവണ്മെന്റിന്റെയോ രാജാവിന്റെയോ അവകാശം പൊതുവായി എന്നപോലെ, പട്ടയപ്രകാരം ഖനികളുടെയും ധാതുക്കളുടെയും ബാധിക്കുന്നതാണെന്നു പല വിധികളാൽ സ്ഥാപിതമായിട്ടുണ്ട്. രാജാവു ദാനമായിട്ടോ ഉടമ്പടിപ്രകാരമോ ഒരു ഖനിയെ ഒരാൾക്കു കൊടുത്തു എന്നിരിക്കട്ടെ. പിന്നീടു അതു അയാളുടെ സ്വകാര്യവസ്തുവായി തീരുന്നു. ഈ നിയമത്തിലെ വ്യവസ്ഥകൾ അങ്ങ

നെയുള്ള ഒരു ഖനിക്ക ബാധകമാക്കിയാൽ സ്വകാര്യവ്യക്തികളുടെ അവകാശത്തെ ധ്വംസിക്കയായിരിക്കും. അതുകൊണ്ടു ഈ നിയമത്തിന്റെ വ്യാപ്തിയെസംബന്ധിച്ചു അതു തിരുവിതാംകൂർ ഗവണ്മെന്റിന്റെയൊ രാജാവിന്റെയൊ ഇഷ്ടാനുസാരം വിനിയോഗിക്കാവുന്ന ഖനികളേയും ക്വാറികളേയും യാർഡുകളേയും മാത്രമെ ബാധിപ്പിക്കാവു എന്നു ഞാൻ പറഞ്ഞുകൊള്ളുന്നു. രാജാവിന്റെ വകയാണെന്നു പറയുന്ന ചില സ്ഥലങ്ങളിൽ ഖനികൾ ഉണ്ടായിരിക്കാം. അങ്ങനെയുള്ള ഖനികൾ രാജാവിന്റെ ഇഷ്ടപ്രകാരം വിനിയോഗിക്കാവുന്നതാണ്. എന്നാൽ തിരുവിതാംകൂർ ഗവണ്മെന്റിന്റെ അധീനത്തിലുള്ളതല്ല. ആ ഖനികളെ കൈമാറ്റം ചെയ്യാൻ രാജാവിനു സ്വാതന്ത്ര്യം ഉണ്ട്. അങ്ങനെയുള്ള ഖനികൾക്കും ഗവണ്മെന്റിനു അവകാശപ്പെട്ട ഖനികൾക്കും ഈ നിയമം ബാധകമാക്കാവുന്നതാണ്. എന്നാൽ ഇതിലെ വ്യവസ്ഥകൾ സ്വകാര്യസ്വത്തുക്കൾക്ക ബാധകമായിരിക്കരുതു എന്നാകുന്നു എന്റെ വാദം. ആ ഉദ്ദേശത്തോടുകൂടെയാകുന്നു ഞാൻ ഈ പ്രമേയം കൊണ്ടുവന്നിട്ടുള്ളതു. എന്റെ ഭേദഗതിയോടുകൂടെ രണ്ടാം ഉപവകുപ്പ് ഇങ്ങനെയായിരിക്കും.

(ബ) ഇതു തിരുവിതാംകൂർ മുഴുവനും വ്യാപിക്കുന്നതാണ്. എന്നാൽ ഇതു നമ്മുടെ ഗവണ്മെന്റിന്റെയോ നമ്മുടെയോ അധീനത്തിലുള്ള ഖനികൾക്കും ക്വാറികൾക്കും യാർഡുകൾക്കും മാത്രമേ സംബന്ധിക്കയുള്ളൂ.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): ഞാൻ അനുകൂലിക്കുന്നു.

മി. കല്ല്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): ഞാൻ പ്രമേയത്തെ എതിർക്കുന്നു. ഈ ബില്ലിന്റെ താല്പര്യവും ഉദ്ദേശവും തെറ്റിദ്ധരിച്ചിട്ടാണ് ഈ ഭേദഗതിപ്രമേയം കൊണ്ടുവന്നിട്ടുള്ളതു. ഖനികളുടെ ഉടമസ്ഥാവകാശം ഗവണ്മെന്റിനുള്ളതാണെന്നു സ്ഥാപിപ്പാനല്ല ഈ ബില്ലിന്റെ ഉദ്ദേശം. ഖനികളിൽ ജോലിചെയ്യുന്നവരുടെ ക്ഷേമത്തിനുവേണ്ടി, അവരെ ശരിയായി സംരക്ഷിക്കുന്നുണ്ടോ എന്നും അവരെക്കൊണ്ടു കഠിനജോലി ചെയ്യിക്കുന്നുണ്ടോ എന്നും നോക്കുകയാണ് ബില്ലിന്റെ പ്രധാനഉദ്ദേശം. നമ്മുടെ തൊഴിൽശാലാറെഗുലേഷൻപോലെ ഇതു ജോലിക്കാരെ സംബന്ധിച്ചുള്ള ഒരു റെഗുലേഷനാകുന്നു. ഖനികളുടെ ഉടമസ്ഥാവകാശം ആർക്കാണെന്നു ഇപ്പോൾ നാം ആലോചിച്ചിട്ട യാതൊരാവശ്യവും ഇല്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ സംസ്ഥാനത്തിൽ ഇപ്പോൾ ജോലിനടന്നുകൊണ്ടിരിക്കുന്ന എത്ര ഖനികൾ ഉണ്ടെന്നു ബ. മെമ്പർക്കു പറയാമോ?

മി. കല്ല്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): അതെല്ലാം ബിൽ ഹാജരാക്കിയപ്പോൾ പറഞ്ഞിട്ടുള്ളതാണ്. ബില്ലിന്റെ തത്വം സഭ സ്വീകരിക്കയുംചെയ്തു. അഞ്ചു ഖനികളിൽ ജോലി നടക്കുന്നുണ്ടെന്നാണ് പറഞ്ഞത്.

മി. എസ്. ചിറയിൽപ്പുത്തൻമഠംപിള്ള (വ്യാപാരവും വ്യവസായവും, തെക്ക): ഏതെങ്കിലും ഖനിയും അവിടെ ചെയ്യുന്ന ജോലിയുടെ സ്വഭാവവും ബ. മെമ്പർ കണ്ടിട്ടുണ്ടോ?

മി. കല്ല്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): ഒരുഖനി ഞാൻ കണ്ടിട്ടുണ്ട്. അവിടെ ജോലി ചെയ്യുന്നതു കണ്ടിട്ടില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഒരു ഖനിയിൽ ഉദ്ദേശം എത്ര വേലക്കാർ ഉണ്ടാകും?

മി. കല്ല്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): ഖനിയുടെ വലിപ്പംപോലെയിരിക്കും. ഈ ചോദ്യങ്ങൾക്കൊന്നും ഇപ്പോൾ സംഗതിയില്ല. അതെല്ലാം ബിൽ ഹാജരാക്കുമ്പോൾ ചോദിക്കേണ്ടതാണ്. ഖനികളിലെ ജോലി നിയന്ത്രണം ചെയ്യേണ്ടതാണെന്നുള്ള തത്വം ഈ സഭ സ്വീകരിച്ചു കഴിഞ്ഞിരിക്കുന്നു. ഇതിലെ നിബന്ധനകൾ ഗവണ്മെന്റിന്റെ അധീനത്തിലല്ലാത്ത ഖനികൾക്കും ബാധകമാക്കണമോ എന്നുമാത്രമാണ് ഇപ്പോഴത്തെ വാദം. സ്വകാര്യഉടമസ്ഥന്മാരുടെ ഖനികളും ഉണ്ടെന്നു സങ്കല്പിച്ചാലും ആവക ഖനികളിലെ ജോലിയേയും നിയന്ത്രണം ചെയ്യേണ്ടതല്ലയോ എന്നാണ് ചോദ്യം. അതിനായിട്ടാണ് ഈ ബിൽ ഹാജരാക്കിയിട്ടുള്ളതു. ഖനികൾ ഗവണ്മെന്റുവകയാണോ അല്ലയോ എന്നുള്ളവാദം ഇവിടെ അസംബന്ധമാണ്. ഗവണ്മെന്റുവക ഖനികളിലെ ജോലിയെ നിയന്ത്രണം ചെയ്യണമെന്നു മാത്രമേ ഉദ്ദേശം ഉള്ളുവെങ്കിൽ, ഇങ്ങനെയൊരു നിയമത്തിനു ആവശ്യം ഉണ്ടാകയില്ലായിരുന്നു. ഖനികളിലെ ജോലി ക്രമപ്പെടുത്തുന്നതിന്റെയും നിയന്ത്രണംചെയ്യുന്നതിന്റെയും ആവശ്യം അനുഭവം ആയാൽപിന്നെ തങ്ങളുടെ സ്വന്തം ഖനികളെ സംബന്ധിച്ചു വേണ്ടുന്ന വ്യവസ്ഥകളെല്ലാം ചെയ്യുന്നതിനു ഗവണ്മെന്റിനു കഴിയും. സംസ്ഥാനത്തുള്ള എല്ലാഖനികളിലെയും ജോലി നിയന്ത്രണം ചെയ്യേണ്ടതാണെന്നു ഗവണ്മെന്റു വിചാരിക്കകൊണ്ടാണ് ഇങ്ങനെയൊരു നിയമം സഭയിൽ ഹാജരാക്കിയിട്ടുള്ളതു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഗവണ്മെന്റുത്തരവുകളിൻപ്രകാരം ആരെയും ശിക്ഷിക്കാൻ പാടില്ല.

മി. എം. ശിവതാണുപിള്ള (തോവാള): ആയുധങ്ങളും യുദ്ധസാമഗ്രികളും മറ്റും ക്രയംചെയ്തു ഉടമസ്ഥാവകാശം പ്രാപിച്ചാലും അവയുടെ കൈവശം നിയന്ത്രണംചെയ്യുന്നതും ഇതും സമമല്ലയോ?

മി. കല്ല്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): ചോദ്യം മനസ്സിലായില്ല.

മി. എം. ശിവതാണുപിള്ള (തോവാള): ഖനികളിലെ ജോലി നിയന്ത്രണംചെയ്തു വേലക്കാർക്കും ഉടമസ്ഥന്മാർക്കും സന്ദർശകന്മാർക്കും ഉണ്ടാകാവുന്ന അപകടങ്ങളെ കഴിയുന്നിടത്തോളം കുറക്കണമെന്നല്ലയോ ഗവണ്മെന്റിന്റെ ഉദ്ദേശം?

മി. കല്ല്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): അതേ. അതാണ് ഈ നിയമത്തിന്റെ പ്രധാനമായ ഉദ്ദേശങ്ങളിലൊന്നു. അതുകൊണ്ടാണ് ഖനികളുടെ ഉടമസ്ഥാവകാശത്തിനു ഇതിനോടു സംബന്ധമില്ലെന്നു ഞാൻ പറഞ്ഞതു.

മി. വി. ഡ്യൂസ്സർ (ഗവണ്മെന്റുനിയമനം ഡിപ്യൂട്ടിപ്രസിഡണ്ടു): സർ, ഞാനും ഈ ഭേദഗതിപ്രമേയത്തെ പ്രതികൂലിക്കുന്നു. ഖനികളുടെ ഉടമസ്ഥാവകാശം ഇപ്പോൾ ആലോചിക്കേണ്ടുന്ന സംഗതിയാണെന്നു ഞാൻ വിചാരിക്കുന്നില്ല. എന്തെന്നാൽ എല്ലാ ഖനികളുടേയും യാർഡുകളുടേയും ഉടമസ്ഥാവകാശം ഗവണ്മെന്റിനുള്ളതാണെന്നു ഏകദേശം അരശതാബ്ദത്തിനുമുൻപുതന്നെ ഒരു വിളംബരത്താൽ പ്രഖ്യാപനംചെയ്തിട്ടുണ്ട്.

പ്രെസിഡണ്ട്: ഉടമസ്ഥാവകാശത്തെപ്പറ്റി മി. പി. കെ. നാരായണപിള്ള ഒരുവാദം പുറപ്പെടുവിച്ചതായി എനിക്കുതോന്നുന്നില്ല.

മി. വി. സുബ്ബയ്യർ (ഗവണ്മെന്റുനിയമനം-ഡിപ്യൂട്ടിപ്രസിഡന്റ്) : ഒരു ഖനിയുടെ ഉടമസ്ഥാവകാശം ഒരാൾക്കു ഗവണ്മെന്റു കൊടുത്തു എന്നോ കൊടുത്തിട്ടില്ലെന്നോ വരാം. അല്ലെങ്കിൽ ഒരു ഖനിയുടെ ഉടമസ്ഥാവകാശം അയാൾ സമ്പാദിച്ചു എന്നോ സമ്പാദിച്ചിട്ടില്ലെന്നോ വരാം. ഒരു മനുഷ്യൻ ഒരു ഖനിയുടെ ഉടമസ്ഥാവകാശം എങ്ങിനെയെങ്കിലും സമ്പാദിച്ചാലും ആ ഖനിയിലെ ജോലി നടത്തിപ്പിനെ നിയമംകൊണ്ടു നിയന്ത്രണംചെയ്യേണ്ടതല്ലയോ എന്നാണു ഇപ്പോഴത്തെ പ്രശ്നം. വേറെ വാക്കുകളിൽ പറഞ്ഞാൽ ഇപ്പോഴത്തെ വാദം ഖനികളിലെ വേലക്കാരുടെയും മുതലാളിമാരുടെയും, സമീപവാസികളുടെയും സന്ദർശകന്മാരുടെയും ക്ഷേമത്തെ ഉദ്ദേശിച്ചു വല്ല വ്യവസ്ഥയും ചെയ്യണമോ അതോ ഖനികളുടെ ഉടമസ്ഥന്മാർക്കു ഗവണ്മെന്റിന്റെ നിയന്ത്രണം കൂടാതെ അവിടെ ജോലിനടത്തിക്കാൻ അനുവദിക്കാമോ എന്നാണു. എന്റെ സ്നേഹിതൻ മി. കല്ലാവം പരമേശ്വരൻപിള്ള സൂചിപ്പിച്ചപ്രകാരം ഒരു തൊഴിൽശാലയുടെ സംഗതിതന്നെ എടുക്കാം. പല തൊഴിൽശാലകളും സ്വകാര്യ ഉടമസ്ഥന്മാരുടെതാണു. എങ്കിലും തൊഴിൽശാലകളിൽ ജോലിചെയ്യുന്ന ആളുകളുടെ ക്ഷേമത്തെ ഉദ്ദേശിച്ചു നിയമം ഉണ്ടാക്കീട്ടുണ്ട്. അപ്രകാരംതന്നെ ചില ഖനികൾ ഒരുകാലത്തു സ്വകാര്യ ഉടമസ്ഥന്മാരുടേതു ആയേക്കാം എന്നുവെച്ചു ആ ഖനികളെ അവയിലെ ജോലിനടത്തിപ്പിനെസംബന്ധിച്ചേടത്തോളം ഗവണ്മെന്റിന്റെ നിയന്ത്രണാധികാരത്തിൽ നിന്നു ഒഴിവാക്കണമെന്നു വരികയില്ല. അതുകൊണ്ട് ഈ ഭേദഗതി പ്രമേയത്തെ ഞാൻ പ്രതിഷേധിക്കുന്നു.

മി. ജി. രാമമേനവൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും) : മി. പി. കെ. നാരായണപിള്ളയുടെ ഭേദഗതി പ്രമേയത്തെ എതിർക്കേണ്ടിവന്നതിൽ വ്യസനിക്കുന്നു. അഞ്ചാം അദ്ധ്യായത്തിന്റെ തലവാചകത്തിൽനിന്നു കാണാവുന്നപ്രകാരം ഈ നിയമത്തിന്റെ ഉദ്ദേശം ജോലിക്കാരുടെ രക്ഷയും സുഖവുമാണെന്നുള്ള സംഗതി ആലോചിക്കാതെയാണു മി. പി. കെ. നാരായണപിള്ള ഈ പ്രമേയം കൊണ്ടുവന്നതെന്നു ഞാൻ ശങ്കിക്കുന്നു. ഈ പ്രമേയം സ്വീകരിച്ചാൽ പൊതുജനരക്ഷയെ സംബന്ധിച്ചേടത്തോളം ഈ നിയമംതന്നെ വലം പ്രയോജനമില്ലാത്തതായിത്തീരും. എന്റെ സ്നേഹിതന്മാരായ മി. കല്ലാവം പരമേശ്വരൻപിള്ളയും മി. സുബ്ബയ്യരും പറഞ്ഞ കാരണങ്ങളോടു ഞാൻ പൂർണ്ണമായി യോജിക്കയും പ്രമേയത്തെ എതിർക്കയുംചെയ്യുന്നു.

മി. എം. ശിവതാണുപിള്ള (തോവാള) : സർ, ഞാനും ഈ ഭേദഗതിപ്രമേയത്തെ പ്രതിഷേധിക്കുന്നു. മി. പി. കെ. നാരായണപിള്ള ഈ പ്രമേയം കൊണ്ടുവന്നതിനെപ്പറ്റി എനിക്കു ആശ്ചര്യമുണ്ടാകുന്നു. സ്വകാര്യവസ്തുക്കളുടെ ഉടമസ്ഥതയെപ്പറ്റി അദ്ദേഹത്തിനു വളരെ അനുകമ്പയുള്ളതായി തോന്നുന്നു. എന്റെ അഭിപ്രായവും അതുതന്നെയാണു. എന്നാൽ ഖനികളുടെ ഉടമസ്ഥതയെ സംബന്ധിച്ചു ഈ നിയമത്തിൽ ഒന്നുമില്ല. ഈ നിയമം അധികവും അവിടത്തെ ജോലിനടത്തിപ്പിനെസംബന്ധിച്ചാണു. ഇതിനു സമമായ ഒരു സംഗതി ഞാൻ സൂചിപ്പിച്ചപ്പോൾ മെമ്പർക്കു എന്റെ ചോദ്യം മനസ്സിലാക്കാൻ കഴിയാത്തതുകൊണ്ട് ഞാൻ വ്യസനിക്കുന്നു. ഖനികളിലെ ജോലിനടത്തിപ്പിനെ ക്രമീകരിച്ചും പരിശോധിച്ചും നിയന്ത്രണംചെയ്യുന്നതു ആയുധങ്ങളുടെയും യുദ്ധസാമഗ്രികളുടെയും ഉപയോഗവും കച്ചവടവും നിയന്ത്രണംചെയ്യുന്നതിനു സമമാണു. പൊതുജനങ്ങൾക്കു വല്ല അപകടവും സംഭവിച്ചേക്കും എന്നു വല്ല ലക്ഷണവും കണ്ടാൽ അക്കാര്യത്തിൽ പ്രവേശിക്കുന്നതു ഗവണ്മെന്റിന്റെ ധർമ്മമാണു. ഈ ബില്ലിന്റെ ഉദ്ദേശം ഖനികളിലെ ജോലിയെ ക്രമീകരിക്കയും പരിശോധിക്കയും ആകുന്നു. ഖനികളിൽ ഇറങ്ങിച്ചെല്ലേണ്ടവരായ വേലക്കാർ, മുതലാളിമാർ, സന്ദർശകന്മാർ എന്നിവർക്കു പ്രത്യേകമായി ബോർഡ്‌വില്ലർ വ്യവസ്ഥപ്രകാരം ജോലിനടത്തുന്ന ഖനികളിൽ പലതരം അപകടങ്ങൾ സംഭവിക്കാൻ ഇടയുണ്ട്. അതുകൊണ്ട് ഖനികളിൽ ജോലിചെയ്കയോ, അവയുടെ സമീപം പാർക്കുകയോ, അവയെ സന്ദർശിക്കുകയോ ചെയ്യുന്ന ആളുകളുടെ ജീവനും സ്വത്തും സംരക്ഷണം ചെയ്യുന്നതു ഗവണ്മെന്റിന്റെ പ്രധാനമായ ഒരു ധർമ്മം ആകുന്നു. അങ്ങനെയിരിക്കെ ഖനികളിലെ ജോലിനടത്തിപ്പിനെ നിയന്ത്രണംചെയ്യുന്നതു ഗവണ്മെന്റിന്റെ ധർമ്മമല്ലെങ്കിൽ പിന്നെയതു ആരുടെ ധർമ്മമാണെന്നു ഞാൻ ചോദിച്ചുകൊള്ളുന്നു.

വാദിമെമ്പറിന്റെ സമാധാനംകേട്ടശേഷം രണ്ടാം ഉപവകുപ്പിന്റെ ഉദ്ദേശം എന്താണെന്നു മി. പി. കെ. നാരായണപിള്ള ഗ്രഹിക്കുമെന്നു ഞാൻ വിചാരിക്കുന്നു. എന്നുമാത്രമല്ല ഉപവകുപ്പിൽ തിരുവിതാംകൂർ ഗവണ്മെന്റിന്റെയോ രാജാവിന്റെയോ വക ഖനികൾക്കും സ്വകാര്യ ഖനികൾക്കും അവ ബാധകമായിരിക്കണം. അതു ഗവണ്മെന്റിന്റെ കൈവശത്തിലും അനുഭവത്തിലും ഇരിക്കുന്ന ഖനികൾക്കു ബാധകമാണെങ്കിൽ ജനങ്ങളുടെ അധീനത്തിലോ ഉടമസ്ഥതയിലോ ഇരിക്കുന്ന ഖനികൾക്കും അതു ബാധകമായിരിക്കണം. ഇക്കാരണങ്ങളാൽ ഞാൻ പ്രമേയത്തെ എതിർക്കുന്നു.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി) : സർ, ഈ പ്രമേയത്തിനു പ്രതികൂലമായി ചില വാക്കുകൾ പറവാൻ ഞാൻ ആഗ്രഹിക്കുന്നു. മി. കല്ലാവം പരമേശ്വരൻപിള്ളയുടെയും മി. സുബ്ബയ്യരുടെയും വാദങ്ങൾ ഞാൻ ശരിയായി ഗ്രഹിച്ചു. ഉടമസ്ഥാവകാശവാദത്തിനു ആലോചനാവിഷയത്തോടു യാതൊരു സംബന്ധവുമില്ല. ഭേദഗതിപ്രമേയത്തിൽ അന്തർലീനമായിട്ടുള്ള വാദത്തെ എതിർക്കണമെന്നല്ലാതെ ഞാൻ വിചാരിക്കുന്നില്ല. ഖനികളും ഖനിജങ്ങളും അങ്ങിനെയുള്ള രാജ്യത്തിനു പൊതുവെയുള്ള ധനാഗമമാർഗ്ഗങ്ങൾ സ്വകാര്യന്മാരുടെ സ്വത്തായിരിക്കണം എന്നാകുന്നു പ്രമേയത്തിന്റെ ഉള്ളിൽകിടക്കുന്ന വാദം. അല്ലാതെ ഇതു ധന സ്വത്തായിരിക്കണം എന്നല്ല. ധനാഗമമാർഗ്ഗങ്ങളും സ്വകാര്യ ഉടമസ്ഥന്മാരുടേതായിട്ടും പ്രകൃത്യാ ഉള്ളതും രാജ്യത്തിനു പൊതുവെയുള്ളതുമായ ധനാഗമമാർഗ്ഗങ്ങളും സ്വകാര്യ ഉടമസ്ഥന്മാരുടേതായിരിക്കണമെന്നു വാദിക്കാവുന്ന കാലം പണ്ടേ കഴിഞ്ഞുപോയിരിക്കുന്നു. ഭൂസ്വത്തുക്കൾതന്നെ ഓരോ വ്യക്തികളുടെ സ്വകാര്യവകയാണെന്നുള്ള വാദംപോലും ഇക്കാലത്തു നാം എതിർക്കുന്നു. ഭൂസ്വത്തുക്കൾ പൊതുജനസ്വത്തായിരിക്കണമെന്നു നാം പറയുന്നു. ഈ തത്വം എല്ലാ പരിഷ്കൃതഗവണ്മെന്റുകളും അതുകൊണ്ടുണ്ടാകാവുന്ന കുഴപ്പങ്ങളെ ആലോചിച്ചും ആധുനികഗവണ്മെന്റുകളുടെ സ്വഭാവംനിമിത്തവും മനഃസാക്ഷിയല്ലെങ്കിലും ക്രമേണ സമ്മതിച്ചുവരുന്നുണ്ടല്ലൊ. മി. പി. കെ. നാരായണപിള്ള എഴുന്നേറ്റുനിന്നു ഖനികളുടെയും ഖനിജങ്ങളുടെയും മറ്റും സ്വകാര്യ ഉടമസ്ഥാവകാശത്തിനു അനുകൂലമായി വാദിക്കുന്നതു ആശ്ചര്യകരമായിരിക്കുന്നു. അതുകൊണ്ടു ആ വാദംഎതിർക്കുന്നതിനു മാത്രമാണു ഞാൻ എഴുന്നേറ്റതു, അല്ലാതെ പ്രമേയത്തിനു ഈ സഭാസാമാജികന്മാർ അനുകൂലമാണെന്നു വിചാരിച്ചിട്ടില്ല. വാദത്തിനു അടിസ്ഥാനമില്ല. വാദം കേവലം അസംബന്ധമാണു. എങ്കിലും അതു പുറപ്പെടുവിച്ചതുകൊണ്ടു അതിനെ ഖണ്ഡിക്കേണ്ടതാണ്. ഇൻഡ്യൻ നിയമസഭകളിൽപോലും തീവണ്ടികൾ രാജ്യത്തിന്റെ പൊതുസ്വത്താക്കണം, കൽക്കരിവ്യവസായം രാജ്യത്തിന്റെ പൊതുസ്വത്താക്കണം, ഇരുമ്പുവ്യവസായം രാജ്യത്തിന്റെ പൊതുസ്വത്താക്കണം, എന്നുള്ള പ്രമേ-

യങ്ങളും കൊണ്ടുവരുന്നതു. ആ കാര്യങ്ങളിൽ അന്വേഷണം ചെയ്തിട്ടുണ്ടു, മുതൽ മുടക്കീട്ടുണ്ടു. എന്നെങ്കിലും വെളി ക്കാൻ അവകാശമുണ്ടു. എന്നാൽ ഇവിടെ അതൊന്നുമില്ല. ഒരാൾ തന്റെ വസ്തുവിൽ ഒരു ഖനി കണ്ടുപി ടിച്ചിട്ടു അതു തന്റെസ്വന്തമാണെന്നു വിചാരിക്കണമെന്നു പറഞ്ഞാൽ അതു അദ്ധ്വാനംകൂടാതുള്ള സമ്പാദ്യ ത്തിനു ചോദിക്കയാണു. എന്നുമാത്രമല്ല "അദ്ധ്വാനംകൂടാതുള്ളസമ്പാദ്യം" എന്നതു ഞാനോ ഈ പ്രമേയത്തിൽ യോജിക്കയില്ല. തന്റെ സ്വന്തമാണെന്നുള്ള വാദം രാജ്യത്തിന്റെ, ആ പൊതുതാല്പര്യങ്ങൾക്കു മൂല്യമായ അ വകാശത്തിനു വിരുദ്ധമാകുന്നു.

മി. എം ശിവതാണുപിള്ള (തോവാള): വായുമണ്ഡലം തന്നെ തങ്ങളുടെ സ്വന്തമാണെന്നു ചില ധന ഞ്ജന്മാർ വാദിച്ചുകൊണ്ടു, വിദേശവിമാനങ്ങൾപോലും ചില പ്രദേശങ്ങളുടെ മുകളിൽകൂടി പോകാൻ അ നുവദിക്കുന്നില്ലെന്നുള്ള കാര്യം മെമ്പർക്കു അറിവുണ്ടോ എന്നു പറയുമോ? ഒരു അർത്ഥത്തിൽ സ്വകാര്യസ്വ ത്താണല്ലോ.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): പ്രമേയത്തിന്റെ ഉള്ളിൽ കിടക്കുന്ന അഭിപ്രായത്തെ ഞാൻ പ്രതികൂലിക്കുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സർ, എന്റെ പ്രമേയം സഭയുടെ ഈ ഭാഗത്തിരി ക്കുന്ന എന്റെ സഹോദരന്മാരിൽ ചിലരെ ആശ്ചര്യപ്പെടുത്തി എന്നു പറഞ്ഞുകേട്ടതുകൊണ്ടു അതിനു സമാധാ നം പറവാൻ ഞാൻ നിർബന്ധിതനായിരിക്കുന്നു. ബിൽ അവതരിപ്പിച്ച ഉദ്യോഗസ്ഥമെമ്പരിന്റെ വാദം കരുതൽകൊട്ടക്കുമിയതായിരുന്നു എങ്കിലും പിന്നീടു അതിനെ ധാരാളം ഭേദഗതിവരുത്തിച്ചതായി കാണുന്നു. ബില്ലി ന്റെ പ്രധാനോദ്ദേശങ്ങളിൽ ഒന്നു ഖനികളിലെ ജോലിനടത്തിപ്പിനെ നിയന്ത്രണം ചെയ്യുകയാണെന്നു അദ്ദേഹം പ്രസ്താവിച്ചു. പിന്നീടുവന്ന പ്രാസംഗികന്മാർ അദ്ദേഹം പ്രസ്താവിച്ച "ഒന്നു" എന്നതിനെ വിസ്മരിച്ചുകള ഞ്ഞു. വാദം നടന്നുവരുമ്പോൾ ആ ഒരു ഉദ്ദേശം മറ്റെല്ലാ കാര്യങ്ങളെയും ധ്വംസനം ചെയ്തുകളഞ്ഞു. ബിൽ ഖനികളിലെ ജോലി നടത്തിപ്പിനെ നിയന്ത്രണം ചെയ്യുന്നതിനും ഖനികളിൽ വേല ചെയ്യുന്നവരുടെ സംരക്ഷണ ത്തിനും മാത്രമായിരുന്നുവെങ്കിൽ തീർച്ചയായിട്ടും ഞാൻ ഈ ഭേദഗതിപ്രമേയം കൊണ്ടുവരികയില്ലായിരുന്നു. എ ന്നാൽ സ്വകാര്യസ്വത്തുക്കളിൽ പ്രവേശിക്കുന്നതിനും മററും ഗവണ്മെന്റിനെ അധികാരപ്പെടുത്തുന്ന വ്യവസ്ഥ കൾ ബില്ലിൽ ഉണ്ടു. അതു എന്റെ അഭിപ്രായത്തിൽ—

മി. ജി. രാമൻമേനോൻ (മാവേലിക്കര—കാർത്തികപ്പള്ളിയും): അങ്ങനെയാണെങ്കിൽ അപ്രകാര മുള്ള വകുപ്പുകളിൽ ഭേദഗതി ഉണ്ടാക്കണമെന്നു പറഞ്ഞാൽ പോരേ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): മതിയാകും. അതുകൊണ്ടു ഖനികളിലെ ജോലിനട ത്തിപ്പിനെയും വേലക്കാരെയും ബാധിക്കാത്തവണ്ണം എന്റെ പ്രമേയത്തെ ഭേദപ്പെടുത്തിയാൽ മതിയാകും. അ ങ്ങനെയാണെങ്കിൽ എന്റെ പ്രമേയത്തെ ശൂന്യമാക്കാതിരിക്കയുംചെയ്യാം. ഖനികളുടേയും ധാതുക്കളുടേയും സ്വകാര്യഉ ടമസ്ഥന്മാരെയും അതു ബാധിക്കയില്ലെന്നു പറയുന്നതു ശരിയല്ല. ഖനകമെമ്പറും ഡിപ്യൂട്ടിപ്രസിഡെന്റും പ റഞ്ഞപ്രകാരം ക്രയത്തോടെ നടപ്പുവരുമ്പോൾ എതിർക്കുകയോ മറ്റോ സ്വകാര്യഉടമസ്ഥരെ ഉണ്ടാകാ അങ്ങനെ വരുമ്പോൾ ഈ ചോദ്യത്തിനു സംഗതിയുണ്ടു. സ്വകാര്യഉടമസ്ഥാവകാശത്തിനു ഭംഗം വരാതെ ബി ല്ലിലെ വ്യവസ്ഥകളെല്ലാം പ്രാബല്യത്തിൽ കൊണ്ടുവരുന്നതു എങ്ങിനെ? ഏതായാലും സ്വകാര്യഉടമസ്ഥന്റെ അനുവാദമോ അറിവോ കൂടാതെ അയാളുടെ ഖനിയിൽ പ്രവേശിച്ചു ഇഷ്ടംപോലെ ധാതുക്കൾ എടുത്തുകൊണ്ടു പോകാൻ ഈ റെഗുലേഷൻപ്രകാരം ഒരു ഗവണ്മെന്റു ഉദ്യോഗസ്ഥനെ അധികാരപ്പെടുത്തുന്നതു സ്വകാര്യഉട മസ്ഥന്മാരുടെ അവകാശത്തിന്മേൽ അക്രമമായ കയ്യേററം ചെയ്കയാണെന്നു ഞാൻ ബോധിപ്പിച്ചുകൊള്ളുന്നു.

മി. എം ശിവതാണുപിള്ള (തോവാള): പട്ടയങ്ങൾ ധാതുക്കളിന്മേൽ ഭൂമിഉടമസ്ഥനു അവകാശമി ല്ലാതാക്കുന്നില്ലേ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഉവ്വ്. അതുകൊണ്ടുതന്നെയാണു ചില അപൂർവ്വസന്ദർ ഭങ്ങളിൽ ഉടമസ്ഥാവകാശം സ്വകാര്യജനങ്ങൾക്കായിരിക്കും എന്നു ഞാൻ പറഞ്ഞതു. എന്റെ ഭേദഗതി അപൂർവ്വകേസുകളെ മാത്രമേ സംബന്ധിക്കു. എന്നിരുന്നാലും സ്വകാര്യഉടമസ്ഥാവകാശം ഭംഗംവരുത്താൻ പാടില്ലാത്തതും ഗവണ്മെന്റിനു കയ്യേററംചെയ്യാൻ പാടില്ലാത്തതും ആണെന്നുള്ളതിനു അതിനെ ഇതി ലെ സാധാരണവ്യവസ്ഥകളിൽനിന്നു ഒഴിവാക്കേണ്ടതാണു. അതുകൊണ്ടാണു ഈ ഭേദഗതി വരുത്തുന്നകാര്യത്തി ൽ ഞാൻ താല്പര്യപ്പെട്ടതു. ഖനികളിലെ ജോലിനടത്തിപ്പിനു റെഗുലേഷനിലെ വ്യവസ്ഥകളെല്ലാം ബാധകമാ ക്കുന്നതിനു എനിക്കു യാതൊരു വിരോധവുമില്ല. അതുകൊണ്ടു ഈ റെഗുലേഷന്റെ പ്രധാനോദ്ദേശം ഖനിക ളിലെജോലികൾ നിയന്ത്രണംചെയ്യുന്നതിനാണെന്നു ഖനകമെമ്പർ പറഞ്ഞെങ്കിലും അതിൽനിന്നു വ്യത്യസ്തമായവ്യ വസ്ഥകളും അതിൽ ഉണ്ടെന്നുള്ളകാര്യം അദ്ദേഹം സൌകര്യമനുസരിച്ചു വിസ്മരിച്ചുകളഞ്ഞു എന്നു ഞാൻ പറഞ്ഞു കൊള്ളുന്നു. സംസ്ഥാനത്തുള്ള എല്ലാഖനികളും ധാതുക്കളും ലോഹങ്ങളും രാജാവിന്നുള്ളതാണെന്നു പ്രഖ്യാപനം ചെയ്ത ഒന്നും—ഒരു നിയമം ഉണ്ടെന്നുള്ളകാര്യം എന്റെ അറിവിൽ ഇല്ലാതില്ല.—അതൊരു രാജകീയവി ളംബരമാണെന്നു തോന്നുന്നു.—വായനക്കാർ അവ്യക്തമായിട്ടാണു ആ വിളംബരത്തിൽ രചിച്ചിട്ടുള്ളതു. നമ്മൾ ചില പ്രോഹംകൊണ്ടുള്ള ആഭരണങ്ങൾ ധരിക്കുന്നുണ്ടു. ആരാജകീയവിളംബരപ്രകാരം വീട്ടുകളിലെ ആ പാത്ര ങ്ങൾ ഉപയോഗിക്കുന്ന ലോഹങ്ങളെല്ലാം ഗവണ്മെന്റിൽനിന്നു കണ്ടുകെട്ടിക്കൊണ്ടുപോയാൽ ജനങ്ങൾ എതി ർത്തുഉയരുചിക്കുമെന്നു കണ്ടറിയേണ്ടിയിരിക്കുന്നു. എന്റെ സ്നേഹിതൻ മി. എ. കെ. പിള്ള ഇതിനെക്കാൾ ഉൽകൃ ഷ്ടമായ ഒരു തത്വം അനുസരിച്ചാണു എന്റെ പ്രമേയത്തെ എതിർക്കുന്നതു. സംസ്ഥാനത്തിൽ പ്രകൃത്യാഉള്ള ധനം ഗമഭാഗ്യങ്ങളെല്ലാം രാജ്യത്തിനു പൊതുവെയുള്ളതായിരിക്കണം എന്നാണു അദ്ദേഹത്തിന്റെതത്വം. സർ, അ തതാമത്ത നാളെയാൽ ഈ രാജ്യത്തിലെ എല്ലാ നിയമങ്ങളിലും സ്വീകരിക്കയും സ്വകാര്യസ്വത്തുക്കളെ സംബന്ധിച്ച ഇപ്പോഴുള്ള ബന്ധനം പൊളിക്കയും ചെയ്യുമെന്നുണ്ടെങ്കിൽ എന്റെ ഭേദഗതിപ്രമേയ ങ്ങളെയെല്ലാം ആ ഭാവിസ്ഥിതിക്കനുസരിച്ചു ഞാൻ പിൻവലിച്ചുകൊള്ളാം. എങ്കിലും നിർഭാഗ്യവശാൽ ഈ സംസ്ഥാനത്തു സ്വകാര്യസ്വത്തുക്കൾ ഉണ്ടായിരിക്കയും അതു ഗവർമെന്റു അംഗീകരിക്കയും അങ്ങ നെയുള്ള ഉടമസ്ഥരുടെയും മററു സ്വത്തുക്കളുടെയും സംരക്ഷിക്കുന്നതിനുവേണ്ടി ചെലവുചെയ്തു നീതി ന്യായക്കോടതികളെ ഉപയോഗിച്ചുകൊണ്ടിരിക്കയും ചെയ്യുന്നകാലത്തോളം സ്വകാര്യഉടമസ്ഥാവകാശ ങ്ങളുള്ള നിയമം ശൂന്യമാക്കണമെന്നു പറയുന്നതു കേവലം സ്വീകാര്യമല്ലാ. നമ്മുടെ ഇപ്പോഴത്തെ

പരിഷ്കാരനിയമം സ്വീകരിക്കാവുന്നതല്ല എന്നു ഞാൻ ബോധിപ്പിക്കുന്നു. മി. എ. കെ. പിള്ളയുടെ ഉൽകൃഷ്ടാശയങ്ങൾ ഈ സഭതന്നെ അഭിനന്ദിക്കുന്ന ഒരു കാലം വന്നേക്കാം. എങ്കിലും ഇപ്പോൾ ആ കാലമല്ല. ധനമെല്ലാം രാജ്യത്തിനു പൊതുവായിരിക്കണമെന്നുള്ള തത്വം പുറപ്പെടുവിക്കുന്ന രാജ്യങ്ങളിലും അതിനെപ്പറ്റി വളരെ വിവാദം ഉണ്ട്. അങ്ങനെയിരിക്കെ ലോകത്തിന്റെ ഒരു മൂലയിൽ കിടക്കുന്ന തിരുവിതാംകൂറിൽ ആ തത്വം ലാക്കാക്കി പ്രവർത്തിക്കണമെന്നു പറയുന്ന എന്റെ സ്നേഹിതനെ അനുഗമിക്കാൻ നിവൃത്തിയില്ല. അതു നമുക്കു പിന്തുടരത്തക്ക ഒരു പ്രായോഗിക സംഗതിയല്ല. അദ്ദേഹം പറഞ്ഞപ്രകാരം എന്റെ പ്രമേയത്തിൽ അന്തർലീനമായി കണ്ട തത്വത്തെ എതിർക്കുന്നതിനു അദ്ദേഹത്തിനു ഒരു ദർശനമുണ്ടായതാണു. ഇതാണു കാര്യത്തിന്റെ സ്ഥിതി. പ്രമേയത്തിൽ മറഞ്ഞു കിടന്നു സ്വകാര്യസ്വത്തുക്കളെപ്പറ്റി എനിക്കുള്ള ബഹുമാനമാണു. തിരുവിതാംകൂർ ഗവർമെന്റു അനുഷ്ഠിച്ചുപോരുന്ന ഉൽകൃഷ്ടധർമ്മങ്ങളിൽ ഒന്നു സ്വത്തുക്കളുടെ സംരക്ഷണമാണു. ഇതിനെപ്പറ്റി തർക്കമില്ലെങ്കിൽ എന്റെ പ്രമേയം അസ്ഥാനത്തിലല്ല. ഈ സംസ്ഥാനത്തെ ഓരോ വ്യക്തിയുടെയും നന്മയിലും സ്വകാര്യസ്വത്തുക്കളുടെ സംരക്ഷണത്തിലും എനിക്കാൾതല്പര്യം കുറഞ്ഞവരല്ലാത്ത ഈ സഭയതിരിക്കുന്ന എന്റെ സ്നേഹിതന്മാർ ഈ ഭേദഗതി ആവശ്യമില്ലെന്നു വിചാരിക്കുന്നപക്ഷം എന്റെ പ്രമേയത്തെ ഞാൻ സന്തോഷത്തോടെ പിൻവലിച്ചുകൊള്ളാം. ഈ സഭയിൽ എന്റെ സ്നേഹിതന്മാർ പ്രസ്താവിച്ച അഭിപ്രായങ്ങൾ കേട്ടതിൽ എന്റെ സ്നേഹിതന്മാർ എന്റെ ഭേദഗതി പ്രമേയത്തിനു അനുകൂലമല്ലെന്നു കാണുന്നതുകൊണ്ടു അതിനെ ഞാൻ അത്യന്തം സന്തോഷത്തോടെ പിൻവലിച്ചുകൊള്ളുന്നു.

ഭേദഗതി പ്രമേയം സഭയുടെ അനുവാദപ്രകാരം പിൻവലിക്കപ്പെട്ടു.

വൈകുന്നേരം ൪-൨ മണിക്കു പ്രെസിഡെന്റു സഭവിട്ടുപോകയും ഡിപ്യൂട്ടിപ്രെസിഡെന്റു അഗ്രാസനസ്ഥനാകയും ചെയ്തു.

ഡിപ്യൂട്ടിപ്രെസിഡെന്റു: ബില്ലിന്റെ ഒന്നാം വകുപ്പ് അതിന്റെ ഒരു ഭാഗമായിരിക്കണമെന്നാണു പ്രമേയം

ഒന്നാം വകുപ്പ് ബില്ലിനോടു ചേർത്തു.

വകുപ്പ ൨.

മി. എസ്. പിരവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്കു): സർ, താഴെപറയുന്ന ഭേദഗതിപ്രമേയം ഞാൻ ഹാജരാക്കുന്നു.

൨-ാം വകുപ്പിന്റെ (ബി) ഉപവകുപ്പിൽ "പതിന്നാലുവയസ്സിൽതാഴ്ന്ന" എന്ന വാക്കുകൾക്കു പകരം "പന്ത്രണ്ടിനും പതിനാറിനും മദ്ധ്യേവയസ്സുള്ള" എന്ന വാക്കുകൾ ചേർക്കണം.

ആദ്യത്തെ ബില്ലിൽ "കുട്ടി" എന്നാൽ പതിമൂന്നുവയസ്സിൽ താഴ്ന്ന ഒരാൾ എന്നായിരുന്നു വ്യാഖ്യാനിച്ചിരുന്നതു. ബില്ലിനെ ആലോചനയ്ക്കായി ഏല്പിച്ചിരുന്ന സിലെക്ട്കമ്മിററി അതിനെ പതിന്നാലാക്കി ഭേദപ്പെടുത്തി. ഇങ്ങനെ അവർ ചെയ്തതു "കുട്ടി" എന്ന പദത്തിന്റെ വിവരണം തൊഴിൽശാലാറെഗുലേഷനിലെ വിവരണത്തിനു അനുരൂപമാക്കണമെന്നു വിചാരിച്ചിട്ടാണെന്നു തോന്നുന്നു. എന്നാൽ തൊഴിൽശാലാ റെഗുലേഷനിൽ അതിൽ വിവരിച്ചപ്രകാരമുള്ള കുട്ടിയെക്കൊണ്ടു ജോലിചെയ്യിക്കുന്നതിനു വ്യവസ്ഥചെയ്തിട്ടുണ്ടു. ഈ ബില്ലിൽ അങ്ങനെ വ്യവസ്ഥയുണ്ടാക്കീട്ടില്ല. ഇപ്പോഴത്തെ വിവരണം സ്വീകരിച്ചാൽ ബില്ലിന്റെ ൨൪-ാം വകുപ്പുപ്രകാരം പതിന്നാലുവയസ്സിൽ താഴെയുള്ള യാതൊരാളേയും ഖനികളിൽ വേലയ്ക്കു നിയമിക്കാൻ പാടില്ല. സിലക്ട്കമ്മിററി ഈ ഭേദഗതിവരുത്തിയപ്പോൾ ഈ സംഗതി അവരുടെ മനസ്സിൽ ഉണ്ടായിരുന്നില്ലെന്നു തീർച്ചയാണു. തൊഴിൽശാലാറെഗുലേഷനിലെ ൨൩-ാം വകുപ്പിന്റെ (എ) ഉപവകുപ്പിൽ പതിമൂന്നു വയസ്സിനു മീതെയുള്ള ആളുകളെ തൊഴിൽശാലകളിൽ വേലയ്ക്കുവെക്കുന്നതിനെപ്പററി നിബന്ധനയുണ്ടു. എന്നാൽ ഇവിടെ അങ്ങനെയൊരു നിബന്ധനയില്ല. അതുകൊണ്ടു കുട്ടിഎന്ന പദത്തിന്റെ അർത്ഥം പതിന്നാലു വയസ്സിനു താഴെയുള്ളവൻ എന്നു വിവരിച്ചാൽ പതിന്നാലു വയസ്സു കഴിയാത്ത ഒരാളെ ഖനികളിൽ വേലയ്ക്കുവെക്കാൻ പാടില്ലെന്നുവരുന്നു. തൊഴിലില്ലായ്മമൂലം ദൈന്യം പ്രാപിച്ചിട്ടുള്ള ഇക്കാലത്തു പതിന്നാലുവയസ്സുതികഞ്ഞിട്ടില്ലാത്തവർ ഖനികളുടെ ഉപരിഭാഗത്തുപോലും ജോലിക്കു പോകരുതെന്നു ഈ ബില്ലിനെപ്പററി ചിന്തിച്ച സിലക്ട്കമ്മിററി മെംബർമാർ ഉദ്ദേശിച്ചിട്ടുണ്ടെന്നു എനിക്കു തോന്നുന്നില്ല. സർ, വേറൊരു സംഗതിയും ആലോചിക്കാനുണ്ടു. "കുട്ടി" പതിന്നാലുവയസ്സിനു താഴെ പ്രായമുള്ള ഒരാളാണെന്നു വിവരിച്ചാൽ പതിന്നാലുവയസ്സിനു താഴെയുള്ളവരെ വേലയ്ക്കു വെക്കുന്നതിനെ വിരോധിക്കമാത്രമല്ല നാം ചെയ്യുന്നതു. പതിന്നാലും പതിനാറും വയസ്സിനുമദ്ധ്യേ പ്രായമുള്ളവരെക്കൊണ്ടു പ്രായപൂർത്തിവന്നിട്ടുള്ളവരെക്കൊണ്ടു ചെയ്യിക്കുന്നിടത്തോളം ജോലിചെയ്യിക്കാനും തന്റെ ഇഷ്ടപ്രകാരം എത്രനേരം വേണമെങ്കിലും വേലചെയ്യിക്കാനും നാം മുതലാളിമാർക്കു സൌകര്യമുണ്ടാക്കികൊടുക്കയും ചെയ്യുന്നു. പതിന്നാലു വയസ്സുമാത്രം പ്രായമുള്ള ഒരു കുട്ടി പ്രായംചെന്ന ഒരുവനെപ്പോലെ ജോലിചെയ്യാൻതക്കവണ്ണം പ്രാപ്തനോ കായബലമുള്ളവനോ ആണെന്നു ഈ സഭ പറകയില്ലെന്നു എനിക്കു നിശ്ചയമുണ്ടു. തൊഴിൽശാലാറെഗുലേഷൻ ൨൩-ാം വകുപ്പിന്റെ (ബി)-യും (സി)-യും ഉപവകുപ്പുകളിൽ "കുട്ടി" എന്ന പദത്തിന്റെ വിവരണത്തിൽ ഉൾപ്പെടുന്ന ഒരാൾ ഇന്ന സമയത്തും ഇത്രമണിക്കൂറുംമാത്രമെ ഒരു തൊഴിൽശാലയിൽ ജോലിചെയ്യാവു എന്നു നിബന്ധന ഉണ്ടാക്കീട്ടുണ്ടു. ഇങ്ങനെയുള്ള വ്യവസ്ഥകളൊന്നും ഈ ബില്ലിൽ ഇല്ല. അതുകൊണ്ടു തൊഴിൽശാലാറെഗുലേഷനിലെ "കുട്ടി" എന്ന പദത്തിന്റെ വിവരണത്തിൽ ഉൾപ്പെടുന്നവരും ഈ ബില്ലിൽ "കുട്ടി"യെന്ന പദത്തിന്റെ വിവരണത്തിൽ ഉൾപ്പെടുന്നവരും സമമാണെന്നു വിചാരിക്കാൻപാടില്ല. അതുകൊണ്ടു സഭയുടെ അംഗീകരണത്തിനായി ഈ ഭേദഗതിപ്രമേയം ഹാജരാക്കിക്കൊള്ളുന്നു.

മി. എം. ശിവതാണുപിള്ള (തോവാള): പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽഹെഡ്സർക്കാർവക്കീൽ): ഞാൻ പ്രമേയത്തെ പ്രതികൂലിക്കുന്നു. പതിന്നാലുവയസ്സിനു താഴെ പ്രായമുള്ള കുട്ടികളെയും ഖനികളിൽ വേലയ്ക്കു നിയമിക്കണമെന്നാണു മി. പിരവിപ്പെരുമാൾപിള്ളയുടെ ഉദ്ദേശംഎന്നാകുന്നു എനിക്കു മനസ്സിലാകുന്നതു. അങ്ങനെയാണെങ്കിൽ സഭ അതിനെ പ്രതികൂലിക്കുമെന്നു ഞാൻ വിചാരിക്കുന്നു. പതിന്നാലുവയസ്സുപ്രായമില്ലാത്ത ഒരു കുട്ടി വേലയ്ക്കു പോകാൻ നിർബന്ധിതനായേക്കാം എന്നാലും കുട്ടികൾ ഖനികളിൽ ജോലിക്കു പ്രവേശിക്കുന്നതിനെ തടയുകയാണുവേണ്ടതെന്നായിരിക്കണം നമ്മുടെ ലാക്ക.

മി. എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്ക): പതിനാലുവയസ്സുപ്രായമില്ലാത്ത ഒരാൾ ഖനികളുടെ ഉപരിഭാഗത്തു ജോലിചെയ്യുന്നതിനു മേമ്പർക്കു വിരോധം ഉണ്ടോ എന്നു പറയുമോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): നമുക്കു അതാലോചിച്ചിട്ടു കാര്യമില്ല. എന്റെ സ്നേഹിതന്റെ ഉദ്ദേശം അതാണെങ്കിൽ ൨൮-ാം വകുപ്പിനു അദ്ദേഹത്തിനു ഒരു ഭേദഗതി പ്രമേയം കൊണ്ടുവരാം. അതിൽ ഇങ്ങനെ പറയുന്നു.

"ഭൂമിയുടെ അന്തർഭാഗത്തുള്ള യാതൊരു ഖനിയിലാകട്ടെ അതിന്റെ വല്ലഭാഗത്തുമാകട്ടെ യാതൊരു കുട്ടിയേയും ജോലിക്കു ഏർപ്പെടുത്തുകയോ വന്നിരിക്കാൻ അനുവദിക്കുകയോ ചെയ്തുകൂടാത്തതാകുന്നു."

അതിന്റെ അർത്ഥം ഒരു കുട്ടിയെ ഒരു ഖനിയുടെ ഉപരിഭാഗത്താകട്ടെ ഉള്ളിലാകട്ടെ വേലയ്ക്കു നിയമിക്കാൻ പാടില്ല എന്നായിരിക്കാം.

മി. എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്ക): യാതൊരുകുട്ടിയേയും ഖനിയിൽ വേലയ്ക്കു ഏർപ്പെടുത്താൻ പാടില്ലാ എന്നു വിവരിക്കുന്ന ൨൮-ാം വകുപ്പിന്റെ ഉദ്ദേശം എന്താണെന്നു പറയുമോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർ വക്കീൽ): "വല്ലഭാഗത്തുമാകട്ടെ വന്നിരിക്കാൻ അനുവദിക്കുകയോ ചെയ്തുകൂടാത്തതാകുന്നു" എന്നും ആ വകുപ്പിൽ പ്രസ്താവിച്ചിട്ടുണ്ട്.

മി. എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്ക): അതിന്റെ ഉദ്ദേശം എന്താണെന്നു ലാ മെമ്പർ പറയുമോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർ വക്കീൽ): സംസ്ഥാനത്തെ കുട്ടികളുടെ ഗുണംതന്നെ.

മി. എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്ക): ഇതുമാത്രമായിരുന്നോ ബ്രിട്ടീഷ് ഇൻഡ്യൻ ആക്ടിൽ ഈ വകുപ്പുചേർത്ത മെമ്പറിന്റേയും ഉദ്ദേശം?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർ വക്കീൽ): എനിക്കങ്ങനെ തോന്നുന്നു. കുട്ടികളെ ജോലിക്കു ഏർപ്പെടുത്താൻ പാടില്ലെന്നു വ്യവസ്ഥചെയ്തതു സംസ്ഥാനത്തെ കുട്ടികളുടെ ഗുണം ഉദ്ദേശിച്ചാണു.

മി. എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്ക): വേറെ ഉദ്ദേശം ഒന്നുമില്ലയോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർ വക്കീൽ): ഇല്ല.

മി. എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്ക): ബ്രിട്ടീഷ് ഇൻഡ്യൻ ആക്ടിനെസംബന്ധിച്ചു ലാ മെമ്പർ പറഞ്ഞതു ശരിയല്ലെന്നു ധൈര്യത്തോടെ പറഞ്ഞുകൊള്ളുന്നു. നിങ്ങൾക്കു ഇഷ്ടമുണ്ടെങ്കിൽ സർ ചാറത്സ് ഇന്നീസ് പറഞ്ഞതു ഞാൻ വായിച്ചു കേൾപ്പിക്കാം.

ഡിപ്യൂട്ടിപ്രസിഡന്റ: സഭാദ്ധ്യക്ഷനോടു സംസാരിക്കണം, ലാ മെമ്പരോടല്ല.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർ വക്കീൽ): കുട്ടികളുടെ രക്ഷകർത്താക്കന്മാർ അവർ ഖനികളിൽ ജോലിചെയ്യണമെന്നു ആവശ്യപ്പെടുകയോ അല്ലെങ്കിൽ തങ്ങൾതന്നെ അവിടെ ജോലിചെയ്യുകയോ ചെയ്യുന്ന സന്ദർഭങ്ങളിൽ ആ കുട്ടികളെ അവിടെ ജോലിചെയ്‌വാൻ അനുവദിക്കണമെന്നാകുന്നു എന്റെ സ്നേഹിതന്റെ ഉദ്ദേശമെന്നു, എനിക്കു മനസ്സിലായെടത്തോളം, തോന്നുന്നു. അങ്ങനെയാണെങ്കിൽ ഞാൻ ഈ ഭേദഗതിയെ പ്രതികൂലിക്കുന്നു. ആദ്യം കണക്കാക്കപ്പെടുത്തിയ വയസ്സു പതിമൂന്നായിരുന്നു. ഇൻഡ്യൻ ഖനികൾ ആക്ടിലും പതിമൂന്നു വയസ്സാണു നിശ്ചയിച്ചിട്ടുള്ളതു. ഇവിടത്തെ കുട്ടികളുടെ നന്മയെഓർത്തു നമ്മുടെ സിലക്ട് കമ്മിററി ഒരു വർഷംകൂടെ കൂട്ടി.

മി. എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്ക): എന്റെ ഉദ്ദേശം സാധിക്കുന്നതിനു ൨൮-ാം വകുപ്പു ഭേദപ്പെടുത്തുകയാണു വേണ്ടതെന്നു ലാ മെമ്പർ പറഞ്ഞപോലെ എന്നെ അശേഷം തൃപ്തിപ്പെടുത്തിയിട്ടില്ല. "കുട്ടി" പതിനാലുവയസ്സിൽതാണ ഒരാൾ എന്നാണു വിവരിച്ചിട്ടുള്ളതു. ൨൮-ാം വകുപ്പിൽ ഭൂമിയുടെ അന്തർഭാഗത്തുള്ള ഖനിയിലോ അതിന്റെ വല്ലഭാഗത്തുമോ കുട്ടികളെ ജോലിക്കു ഏർപ്പെടുത്തുകയോ വന്നിരിക്കാൻ അനുവദിക്കുകയോ ചെയ്തുകൂടാ എന്നു പ്രസ്താവിച്ചിരിക്കുന്നു. ഉദ്ദേശകാരണവിവരണത്തിൽ ഈ ബില്ലിൽ ഈ രാജ്യത്തിനു ചേരുന്നെടത്തോളം ബ്രിട്ടീഷ് ഇൻഡ്യൻ ആക്ടിലെ വ്യവസ്ഥകൾ അനുസരിച്ചു എടുത്തിട്ടുള്ളതെന്നു ലാ മെമ്പരും പറയുന്നു. എന്നാൽ ബ്രിട്ടീഷ് ഇൻഡ്യൻ ആക്ട് അവിടത്തെ നിയമസഭയിൽ ഹാജരാക്കിയ സർ ചാറത്സ് ഇന്നീസിന്റെ പ്രസംഗത്തിൽ കുട്ടികൾ ഖനികളിൽ ജോലിചെയ്യുന്നതു വിരോധിച്ചിട്ടുള്ളതിന്റെ പ്രധാനോദ്ദേശം ഖനികളുടെ ഉള്ളിൽ സ്ത്രീകൾ ജോലിചെയ്യരുതെന്നാണെന്നു പറഞ്ഞുകാണുന്നു. സഭയുടെ അറിവിന്നായി ഞാൻ ആ ഭാഗം വായിക്കാം.

മി. എം. ശിവതാണുപിള്ള (തോവാള): വ്യവസ്ഥയുടെ ഉള്ളിൽകിടക്കുന്ന ഉദ്ദേശം എന്തായിരുന്നാലും ഖനികളിൽ കുട്ടികൾ ജോലിചെയ്യുന്നതു വിരോധിച്ചിട്ടില്ലേ?

മി. എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്ക): തീർച്ചയായിട്ടുമുണ്ടു. അതിനു ൨൮-ാംവകുപ്പു ഭേദപ്പെടുത്താം. സർ ചാറത്സ് ഇന്നീസിന്റെ ഉദ്ദേശം ഞാൻ വായിക്കുന്ന ഈ ഭാഗത്തുനിന്നുകാണാം.

"നാം ഒന്നാമതായി ചെയ്യേണ്ടതു ചെയ്തുകഴിഞ്ഞിരിക്കുന്നു. പതിമൂന്നുവരെ വയസ്സുള്ള കുട്ടികൾ ഖനികളിൽ ജോലിചെയ്യാൻ അനുവദിക്കരുതെന്നു നാം പരീക്ഷാർത്ഥം നിശ്ചയിച്ചിരിക്കുന്നു. ഇതിന്റെഫലം ഖനികളിൽ ജോലിക്കുപോകുന്ന സ്ത്രീകളുടെ എണ്ണം കുറയുകയായിരിക്കും. എന്തെന്നാൽ മാതാക്കളായ സ്ത്രീകൾ തങ്ങളുടെ കുഞ്ഞുങ്ങളെക്കൂടെ കൊണ്ടുപോകാൻ അനുവാദമില്ലെങ്കിൽ ഖനികളിൽ ഇറങ്ങിപ്പോകയില്ല. ഇതിനെ പ്രാരംഭപ്രവൃത്തി, തദ്ദേശഗവൺമെന്റിന്റെ ൩൦ (ഡി) വകുപ്പുപ്രകാരം തങ്ങൾക്കുള്ള അധികാരം പ്രയോഗിച്ചു സ്ത്രീകളെഖനികളിൽ ജോലിക്കു ഏർപ്പെടുത്തിക്കൂടാ എന്നു വിരോധിക്കുന്ന ഒരു കാലം ഉണ്ടാകും".

ഇങ്ങനെ ബ്രിട്ടീഷ് ഇൻഡ്യൻ ആക്ടിൽ കുട്ടികളെ ഖനികളിൽ ജോലിക്കു ഏർപ്പെടുത്തരുതെന്നു വിരോധിച്ചതിന്റെ ഉദ്ദേശം കാലക്രമേണ സ്ത്രീകളും ഖനികളിൽ ജോലിചെയ്യുന്നതു വിരോധിക്കാനാണെന്നു കാണുന്നു. നിർഭാഗ്യവശാൽ നമ്മുടെ ഈ ബില്ലിൽ സ്ത്രീകളെപ്പററി ഒന്നും പ്രസ്താവിച്ചിട്ടില്ല. അതിനെപ്പററി ഞാൻ പിന്നീടു പറയാം. അതുകൊണ്ടു കുട്ടയിൽ കരി മണ്ണുകൊണ്ടുപോകുന്നതിനോ അങ്ങനെയുള്ള വേറെ വല്ല ജോലിയുംചെയ്യുന്നതിനോ പന്ത്രണ്ടും പതിനാറും വയസ്സിനമദ്ധ്യേ പ്രായമുള്ള ആളുകളെ അനുവദിക്കുന്നതുകൊണ്ടു വലിയദോഷം സംഭവിക്കുമെന്നു സഭയുടെ ഈ ഭാഗത്തുള്ള മെമ്പർമാർ വിചാരിക്കുന്നുണ്ടെങ്കിൽ എന്റെ പ്രമേയം പിൻവലിക്കുന്നതിനു എനിക്കു വിരോധമില്ല.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): നടപടിക്രമംസംബന്ധിച്ചു ഞാൻ ഒന്നു പറഞ്ഞുകൊള്ളുന്നു. നം. (പ)-ാംനമ്പർ സ്റ്റാന്റിംഗ് ഓർഡർ ഇങ്ങനെയാണ്.

“ഒരു ഭേദഗതി പ്രമേയം ഹാജരാക്കുന്നതിനെപ്പററിയുള്ള ഏതു നോട്ടീസും സെക്രട്ടറി അച്ചടിപ്പിച്ചു അതിന്റെ ഒരു പ്രതി ഓരോ മെമ്പറിനും എത്തിച്ചുകൊടുക്കേണ്ടതാകുന്നു”.

ഈ പ്രമേയത്തിന്റെ നോട്ടീസ് എനിക്കു കിട്ടിട്ടില്ല. എന്റെ ചില സ്നേഹിതന്മാരോടു ചോദിച്ചതിൽ അവർക്കും കിട്ടിട്ടില്ലെന്നു അറിയുന്നു. അതുകൊണ്ടു ഈ ഭേദഗതി പ്രമേയം ക്രമപ്രകാരം ഉള്ളതാണോ എന്നു അറിയുന്നില്ല.

ഡിപ്യൂട്ടിപ്രസിഡെന്റ്: ഈ സംഗതി ആരംഭത്തിൽതന്നെ പറയേണ്ടതായിരുന്നു. നോട്ടീസ് എല്ലാവർക്കും അയച്ചിട്ടുണ്ടെന്നാണു എന്റെ വിശ്വാസം.

പ്രമേയം വോട്ടിനിട്ടപ്പോൾ തള്ളപ്പെട്ടുപോയി.

മി. എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്ക): സർ, (ഇ) ഉപവകുപ്പിന്റെ രണ്ടാംവരിയിൽ “അർത്ഥമാകുന്നതും” എന്നപദത്തിനുപകരം “അർത്ഥമാകുന്നു;” എന്നു ചേർക്കയും ആ ഉപവകുപ്പിന്റെ ശേഷംഭാഗം വിട്ടുകളകയും വേണം എന്നൊരു പ്രമേയം ഞാൻ ഹാജരാക്കുന്നു. ഉപവകുപ്പു ഭേദപ്പെടുത്തിയാൽ ഇങ്ങനെ ആയിരിക്കും.

“ഇൻസ്പെക്ടർ” എന്നാൽ ഈ റെഗുലേഷൻപ്രകാരം നിയമിക്കപ്പെട്ടിട്ടുള്ള ഖനി ഇൻസ്പെക്ടർ എന്നു അർത്ഥമാകുന്നു;”

ഒരു ഡിസ്ട്രിക്ട് മജിസ്ട്രേട്ടിനെ ഒരു ഖനിഇൻസ്പെക്ടരായി ഉൾപ്പെടുത്തി ഇൻസ്പെക്ടരുടെ ജോലി ചെയ്യണമെന്നു അദ്ദേഹത്തോടു ആവശ്യപ്പെടുന്നതു അഭിലഷണീയമല്ല. അദ്ദേഹം ഡിസ്ട്രിക്ടിലെ എക്സിക്യൂട്ടീവും ജുഡീഷ്യലും ജോലികളുടെ മേലധികാരിയാണെന്നും അതുകൊണ്ടു അദ്ദേഹത്തിനു എല്ലായ്പോഴും പിടിപ്പതുജോലി ഉണ്ടായിരിക്കുമെന്നും ഉള്ളതാണ് ഇതിനു പ്രധാനകാരണം. ഇൻസ്പെക്ടർ ഖനികളുടെ കാര്യങ്ങളിൽ വിദഗ്ദ്ധനും ഖനനവിദ്യയിൽ പ്രായോഗികപരിശീലനമുള്ളവനും ആയിരിക്കണം. തന്റെ ഡിസ്ട്രിക്ടിൽ ജോലികൾ അധികമുള്ളവനും ഖനികളുടെകാര്യത്തിൽ അറിവില്ലാത്തവനുമായ ഡിസ്ട്രിക്ട് മജിസ്ട്രേട്ടിനു വിദഗ്ദ്ധനും അതിന്നായിമാത്രം നിയമിക്കപ്പെട്ടവനുമായ ഇൻസ്പെക്ടരെപ്പോലെ ഖനികളെ പരിശോധിക്കുന്നതിനും ഖനികളിൽ ജോലിചെയ്യുന്നവരെ വേണ്ടംവണ്ണം സംരക്ഷിക്കുന്നതിനും കഴിയുമെന്നു വിചാരിപ്പാൻ തരമില്ല. അതുകൊണ്ടു ഡിസ്ട്രിക്ട്മജിസ്ട്രേട്ടിനെ ഇൻസ്പെക്ടർ എന്നുള്ള പദത്തിൽ ഉൾപ്പെടുത്താതിരിക്കയാണ് വേണ്ടതെന്നു ബോധിപ്പിച്ചുകൊള്ളുന്നു. ഉദ്ദേശകാരണവിവരണത്തിൽ “ബ്രിട്ടീഷ്ഇൻഡ്യൻആക്ടിലെ വ്യവസ്ഥകളും തത്വങ്ങളും തിരുവിതാംകൂറിലെ സ്ഥിതിക്കു ചേരുന്നേടത്തോളം സ്വീകരിച്ചിരിക്കുന്നു” എന്നു പ്രസ്താവിക്കയല്ലാതെ അവ ഏതെങ്ങനെ ചേരുന്നവയാണോ അല്ലെങ്കിൽ ഇവിടെ ആവശ്യമാണോഎന്നു മാന്യമെമ്പർ ആലോചിച്ചിട്ടുണ്ടോഎന്നു ഞാൻ സംശയിക്കുന്നു. ബ്രിട്ടീഷ്ഇൻഡ്യൻ നിയമസഭയിൽ ബിൽ ഹാജരാക്കിയ സർ ചാറത്സ്ഇന്നീസിന്റെ പ്രസംഗത്തിൽ ബ്രിട്ടീഷ്ഇൻഡ്യൻ നിയമത്തിൽ ഇൻസ്പെക്ടർഎന്ന പദത്തിൽ ഡിസ്ട്രിക്ട്മജിസ്ട്രേട്ടിനേയും ഉൾപ്പെടുത്തിയതിനുള്ള കാരണം ബ്രിട്ടീഷ് ഇൻഡ്യയിൽ പലഭാഗങ്ങളിലായി ൫൦൦൦ ഖനികൾ ഉണ്ടെന്നും എന്നാൽ നാലു ഇൻസ്പെക്ടർമാരെ ഉള്ളെന്നും അവർക്കു ആണ്ടുതോറും ഈ എല്ലാ ഖനികളേയും പരിശോധിക്കാനും ഖനികളിലെ വേലക്കാരുടെ സംരക്ഷണത്തിനുവേണ്ടതു ചെയ്യാനും കഴികയില്ലെന്നും ആകുന്നു. എന്നാൽ ഇവിടെ കൊണ്ടുവന്നിട്ടുള്ള ബില്ലിന്റെ ഉദ്ദേശകാരണവിവരണങ്ങളിൽ കാണുന്നതു മുമ്പുണ്ടായിരുന്നതും എങ്കിലും ഉപേക്ഷിക്കപ്പെട്ടതായി വിചാരിക്കാൻ പാടില്ലാത്തതും ആയ ഖനികളേയും ജോലി നിയന്ത്രണംചെയ്യേണ്ടതായി ഭാവിയിൽ ഉണ്ടാകാവുന്ന ഖനികളേയും സംബന്ധിച്ചാകുന്നു അതുകൊണ്ടുവന്നിട്ടുള്ളതു എന്നാകുന്നു. എന്നുമാത്രമല്ല, തിരുവിതാംകൂർ ഇൻഡ്യയെപ്പോലെ ഒരു വലിയ ഭൂഖണ്ഡംഅല്ല, ഒരു അലാവുദ്ദീന്റെ നിലവിളക്കു കൊണ്ടുവന്നു ഒന്നോ രണ്ടോ ഇൻസ്പെക്ടർമാർക്കു നിർവഹിക്കാൻ കഴിയാതവണ്ണം ജോലിഉണ്ടാക്കത്തക്ക അനവധി ഖനികൾ ഉത്ഭവിപ്പിക്കുമെന്നു മാന്യമെമ്പർ ഭയപ്പെടാവശ്യവുംഇല്ല. അങ്ങനെയൊരുകാലം വരികയാണെങ്കിൽ അന്നു നമുക്കു റെഗുലേഷനെ ഭേദപ്പെടുത്താം. അതുകൊണ്ടു സഭയുടെ സ്വീകരണത്തിന്നായി ഈ പ്രമേയം ഞാൻ ഹാജരാക്കുന്നു.

മി. എം. ശിവതാണുപിള്ള (തോവാള): ഞാൻ എന്റെ സ്നേഹിതന്റെ പ്രമേയത്തെ അനുകൂലിക്കുന്നു. ഈ കാര്യത്തിൽ അദ്ദേഹം പറയുന്നതിനു കുറച്ചുകൂടെ ന്യായമുണ്ടു. ഡിസ്ട്രിക്ട്മജിസ്ട്രേട്ടന്മാരെ ഇൻസ്പെക്ടറന്മാരുടെ കൂട്ടത്തിൽ ചേർക്കുന്നതു നിരാശാജനകമാണ്. അനാവശ്യങ്ങളിൽ എനിക്കു വിശ്വാസമില്ല. നമ്മുടെ രാജ്യത്തു സഞ്ചരിച്ചു ഖനികളും ധാതുക്കളും പരിശോധിക്കുന്നതിനു ഒരു ഇൻസ്പെക്ടർക്കു സൌകര്യവും കഴിവും ഉണ്ടെന്നാണു കാണുന്നതു. അതുകൊണ്ടു സർവ്വാധികാരമുള്ള ഒരു ഡിസ്ട്രിക്ട്മജിസ്ട്രേട്ടു മേവി ഖനിഉടമസ്ഥന്മാരുടേയും വേലക്കാരുടേയുംമേൽ അധികാരംചെലുത്താൻ ചെല്ലേണ്ടുന്നആവശ്യംഇല്ല. ഡിസ്ട്രിക്ട്മജിസ്ട്രേട്ടന്മാർ അനേകജോലികളുള്ള റെവന്യൂഉദ്യോഗസ്ഥന്മാരും ജുഡിഷ്യൽഉദ്യോഗസ്ഥന്മാരും മേലന്വേഷണക്കാരും ആണെന്നു മാന്യമെമ്പർ ആലോചിച്ചാൽ അറിയാം. അങ്ങനെയിരിക്കെ ഈ ജോലിയും അവരുടെമേൽ വെച്ചുകെട്ടുന്നതു അഭിലഷണീയമോ ആവശ്യമോഅല്ല. അതുകൊണ്ടു ഞാൻ പിറവിപ്പെരുമാൾപിള്ളയുടെ ഭേദഗതിപ്രമേയത്തെ സന്തോഷത്തോടെ അനുകൂലിക്കുന്നു.

മി. കല്ലട പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): ഞാൻ പ്രമേയത്തെ പ്രതികൂലിക്കുന്നു. “ഗവണ്മെന്റിന്റെ സാമാന്യമോ പ്രത്യേകമോ ആയുള്ള ഉത്തരവുകൾക്കുൾപ്പെട്ടു, ഒരു ഡിസ്ട്രിക്ട്

മജിസ്ട്രേട്ടിനു ഒരു ഇൻസ്പെക്ടരുടെ അധികാരങ്ങൾ നടത്തുകയും ജോലികൾ നിർവഹിക്കുകയും ചെയ്യാവുന്നതാകുന്നു" എന്നു മൂന്നാം അദ്ധ്യായം ൭-ാം വകുപ്പിൽ പ്രസ്താവിച്ചുകാണുന്നു. ഈ നിയമംകൊണ്ടു ഇൻസ്പെക്ടർമാരെ നിയമിക്കേണ്ടാ എന്നു ഉദ്ദേശിച്ചിട്ടില്ലെന്നു സ്പഷ്ടമാണ്. ഇൻസ്പെക്ടർമാരെ നിയമിക്കും. എന്നാൽ ഡിസ്ട്രിക്ട്മജിസ്ട്രേട്ടിനും അയാളുടെ ജോലി നിർവഹിക്കാവുന്നതാണ്. ഇങ്ങനെ ഒരു വ്യവസ്ഥ ഉണ്ടായിരിക്കെ ഡിസ്ട്രിക്ട്മജിസ്ട്രേട്ടുമാർക്കു എന്തുകൊണ്ടു ഇൻസ്പെക്ടരുടെ ജോലി നിർവഹിച്ചുകൂടാ എന്നു എനിക്കു മനസ്സിലാകുന്നില്ല. അദ്ദേഹം ഇൻസ്പെക്ടരുടെ ജോലി നിർവഹിക്കത്തക്കവണ്ണം ഇൻസ്പെക്ടർ എന്ന പദം വിവരിച്ചാൽ മതിയാകും.

മി. എം. ശിവതാണുപിള്ള (തോവാള): എവിടെയാണ് ഡിസ്ട്രിക്ട്മജിസ്ട്രേട്ട് വരുന്നതെന്നു പറയുമോ?

മി. കല്ല്യാടം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): ൭-ാം വകുപ്പിൽ.

മി. എം. ശിവതാണുപിള്ള (തോവാള): ഒരു ഇൻസ്പെക്ടരെ നിയമിക്കാൻ ഗവർമ്മെന്റ നിശ്ചയിച്ചിട്ടുള്ളസ്ഥിതിക്കു ഈ ജോലി ഡിസ്ട്രിക്ട്മജിസ്ട്രേട്ടിന്റെമേൽ വെച്ചുകെട്ടുന്നതു എന്തിനാണ്?

മി. കല്ല്യാടം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): അടിയന്തിരകാര്യങ്ങളിലും പ്രത്യേകസന്ദർഭങ്ങളിലും.

മി. എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്കു): ഡിസ്ട്രിക്ട്മജിസ്ട്രേട്ടുമാർ ഇൻസ്പെക്ടർമാരുടെ ജോലി നിർവഹിക്കുന്നതിനു വല്ല ആവശ്യവുമുണ്ടോ?

മി. കല്ല്യാടം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): അതിനുള്ള സന്ദർഭങ്ങൾ ഉണ്ടായേക്കാം.

മി. എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്കു): ഇൻസ്പെക്ടരുടെ ജോലി പോലീസ് കമ്മിഷണരെക്കൊണ്ടു ചെയ്യിക്കരുതോ?

മി. കല്ല്യാടം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): അദ്ദേഹത്തെയും ഇൻസ്പെക്ടരായി നിയമിക്കാം.

മി. എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്കു): ഇൻസ്പെക്ടരുടെ ജോലി നിർവഹിക്കാൻ ഗവർമ്മെന്റ ആജ്ഞാപിക്കുന്ന ആരെയെങ്കിലും ആവശ്യംവരുമ്പോൾ അങ്ങനെ നിയമിച്ചുകൂടയോ?

മി. കല്ല്യാടം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): ഈ നിയമത്തിൽ അങ്ങനെയൊരു വ്യവസ്ഥയുണ്ടെന്നു തോന്നുന്നില്ല.

മി. എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്കു): വകുപ്പു ഇങ്ങനെയാണ്. ഗവർമ്മെന്റിന്റെ സാമാന്യമോ പ്രത്യേകമോ ആയുള്ള ഉത്തരവുകൾക്കുൾപ്പെട്ടു, ഒരു ഡിസ്ട്രിക്ട്മജിസ്ട്രേട്ടിനു ഒരു ഇൻസ്പെക്ടരുടെ അധികാരങ്ങൾ നടത്തുകയും ജോലികൾ നിർവഹിക്കയും ചെയ്യാവുന്നതാകുന്നു.

മി. കല്ല്യാടം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): അതേ, അദ്ദേഹത്തെ ഇൻസ്പെക്ടർ എന്ന പദത്തിന്റെ വിവരണത്തിൽ ഉൾപ്പെടുത്തിയില്ലെങ്കിൽ നിയമസംബന്ധമായ ഒരു പ്രയാസം വന്നേക്കാം.

മി. എം. ശിവതാണുപിള്ള (തോവാള): ഇൻസ്പെക്ടർമാർ എന്ന പദത്തിന്റെ സാധാരണ അർത്ഥത്തിൽ ഉൾപ്പെടുത്തുന്നതിനു എന്താണ് പ്രയാസം?

മി. കല്ല്യാടം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): അദ്ദേഹത്തെ ഈ വകുപ്പിൽ ഉൾപ്പെടുത്താഞ്ഞാൽ നിയമസംബന്ധമായ ഒരു പ്രയാസമുണ്ടായേക്കാം, അതുകൊണ്ടു അതിനെ സംബന്ധിച്ചു ഇവിടെ പ്രത്യേകവ്യവസ്ഥയുണ്ടാക്കുകയാണ് ഉത്തമം.

ഡിപ്യൂട്ടിപ്രെസിഡെന്റ: ഡിസ്ട്രിക്ട് മജിസ്ട്രേട്ടുമാർ എന്ന പദത്തിന്റെ പ്രയോഗം നിങ്ങൾ സമ്മതിക്കുന്നിടത്തോളം ഇതൊരു രചനാവിഷയംമാത്രമാണ്. ഡിസ്ട്രിക്ട് മജിസ്ട്രേട്ട ഒരു ഇൻസ്പെക്ടർ ആയിരിക്കുന്നടത്തോളം അതു അർത്ഥവിവരണത്തിൽ തന്നെ കാണിക്കുന്നതിനു എന്താണ് വിരോധം?

നിങ്ങളുടെ പ്രമേയത്തെ വോട്ടിനിടണമെന്നു നിർബന്ധമുണ്ടോ മിസ്റ്റർ പിറവിപ്പെരുമാൾപിള്ളേ?

മി. എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്കു): സർ, ഡിസ്ട്രിക്ട് മജിസ്ട്രേട്ടുമാരെ ഇൻസ്പെക്ടർമാരുടെകൂട്ടത്തിൽ ഉൾപ്പെടുത്തുന്നതിനു മാമെമ്പർ പറഞ്ഞ ഏകകാരണം ഡിസ്ട്രിക്ട്മജിസ്ട്രേട്ടിനെ ഇൻസ്പെക്ടരുടെ വിവരണത്തിൽ ഉൾപ്പെടുത്താതെ ഇൻസ്പെക്ടരുടെ ജോലികൾചെയ്യാൻ അദ്ദേഹത്തോടു ആജ്ഞാപിക്കാൻ പാടില്ലെന്നാണ്, അദ്ദേഹത്തിന്റെ വാദം സ്വീകരിക്കാൻ ഞാൻ വഴികാണുന്നില്ല. എന്തെന്നാൽ അദ്ദേഹം ഇൻസ്പെക്ടരുടെ ജോലിചെയ്യാൻ എപ്പോഴാണോ ആവശ്യംനേരിടുന്നതു അപ്പോൾ ഇൻസ്പെക്ടരുടെ ജോലിചെയ്യാൻ ഗവർമ്മെന്റിനു അദ്ദേഹത്തോടു ആജ്ഞാപിക്കാം. എല്ലാ റെഗുലേഷനിലും ഗവർമ്മെന്റിനു ഇഷ്ടംപോലെ പ്രവർത്തിക്കാൻ അനുവദിക്കുന്നതിനു നിവൃത്തിമാർഗ്ഗമായി ഒരു വകുപ്പു ചേർക്കാറുണ്ട്. അതുകൊണ്ടു എന്റെ സ്നേഹിതന്റെ സമാധാനംകൊണ്ടു ഞാൻ തൃപ്തിപ്പെടുന്നില്ല. അതിനാൽ എന്റെ പ്രമേയം വോട്ടിനിടണമെന്നു എനിക്കു നിർബന്ധമുണ്ട്.

പ്രമേയം വോട്ടിനിട്ടപ്പോൾ തള്ളപ്പെട്ടുപോയി.

മി. എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്കു): ആളെണ്ണി വോട്ടെടുക്കണമെന്നു അപേക്ഷിക്കുന്നു.

ആളെണ്ണി വോട്ടെടുത്തതിൽ ഇപ്രകാരംകണ്ടു:—

അനുകൂലം ൧൦.

൧ മിസ്റ്റർ പി. കെ. നാരായണപിള്ള
൨ ,, എസ്. കെ. ജോസഫ്
൩ ,, കെ. പി. നീലകണ്ഠപ്പിള്ള
൪ ,, എം. ശിവതാണുപിള്ള

൫	മിസ്റ്റർ	ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള
൬	,,	എൻ. കുമാരൻ
൭	,,	എസ്. പിറവിപ്പെരുമാൾപിള്ള
൮	,,	കെ. ശിവരാമപ്പണിക്കർ
൯	,,	കെ. ഐ. ജോസഫ്
൧൦	,,	സി. കേരളവർമ്മകോയിൽതമ്പുരാൻ

പ്രതികൂലം ൧൪.

൧	മിസ്റ്റർ	ഐ. സി. ചാക്കോ
൨	,,	ആർ. ധനക്കോടിപ്പിള്ള
൩	,,	കെ. ജോർജ്
൪	,,	ആർ. കൃഷ്ണപിള്ള
൫		ഡോക്ടർ എൻ. കുഞ്ഞൻപിള്ള
൬	,,	ഡബ്ലിയു. എച്ച്. പിറ്റ്
൭	,,	കല്ല്യാലം പരമേശ്വരൻപിള്ള
൮	,,	കെ. എൻ. രാമസുബ്ബയ്യർ
൯	,,	ടി. പി. രാമസുബ്ബയ്യർ
൧൦		റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ
൧൧	മിസ്റ്റർ	വി. എസ്. സുബ്രഹ്മണ്യഅയ്യർ
൧൨	,,	ജെ. സ്റ്റീഫൻസൺ
൧൩	,,	എ. ജെ. വാൻറാസ്
൧൪	,,	ഒ. എസ്. രാമസ്വാമിഅയ്യർ

ഭേദഗതിപ്രമേയം തള്ളപ്പെട്ടുപോയതായി പ്രഖ്യാപനംചെയ്യപ്പെട്ടു.

മി. എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്ക): താഴെപ്പറയുന്ന ഭേദഗതിപ്രമേയം ഞാൻ ഹാജരാക്കുന്നു.

ഉപവകുപ്പ് (എഫ്)-ൽ മൂന്നാംവരിയിൽ "ഖനിയുടെ" എന്നതിനുപകരം "കുഴിയുടെ" എന്ന പദം ചേർക്കണം.

ഭേദപ്പെടുത്തിയ വകുപ്പ് ഇപ്രകാരമായിരിക്കും.

" 'ഖനി' എന്നാൽ ധാതുക്കൾക്കായി തിരഞ്ഞുനോക്കുന്നതിനോ അവ ഖനിക്കുന്നതിനോവേണ്ടി വല്ല വേലയും നടത്തിയതോ നടത്തിപ്പോരുന്നതോ ആയ വല്ല കുഴിയും എന്ന അർത്ഥമാകുന്നതും അതിൽ ഒരു കുഴിയുടെ മുകളിലൊ അകത്തോ അതിൽതന്നെയോ അതിന്റെ സമീപത്തിലോ അല്ലെങ്കിൽ അതിനോടു ബന്ധപ്പെട്ടതോ ആയ എല്ലാ വേലകളും യന്ത്രങ്ങളും ഉൾപ്പെടുന്നതും ആകുന്നു;"

സർ, വിളംബരത്തിലുള്ള കുറിപ്പുപ്രകാരം ഈ വകുപ്പിൽ നാം ഖനി എന്നുള്ള പദത്തിന്റെ അർത്ഥം വിവരിക്കുന്നു. അർത്ഥവിവരണം എന്നു പറഞ്ഞാൽ ഒരു പദം എന്തിനെ സൂചിപ്പിക്കുന്നു എന്ന വാക്കുകളുടെ പ്രയോഗത്താൽ ഒരാളെ ഗ്രഹിപ്പിക്കയാകുന്നു എന്നാണ് സാധാരണയായിപോലും പറഞ്ഞുവരുന്നതു. അതുകൊണ്ടു നിയമത്തിൽ ഒരു പദത്തിന്റെ അർത്ഥം വിവരിക്കുമ്പോൾ പിന്നീടു അവ്യക്തതയോ തെറ്റിദ്ധാരണയോ ഉണ്ടാകാതിരിക്കത്തക്കവണ്ണം നാം ആ പദത്തിന്റെ വ്യാപ്തിയും അതിരുകളും സ്പഷ്ടമായും തെളിവായും കാണിക്കേണ്ടതാകുന്നു. അതുകൊണ്ടു ഖനി എന്ന പദത്തിന്റെ അർത്ഥം വിവരിക്കുമ്പോൾ ഒരു ഖനിയുടെ ഉള്ളിലൊ സമീപത്തൊ ഉള്ളതും അതോടു ബന്ധപ്പെട്ടതുമായ എല്ലാ വേലകളും ഉൾപ്പെടും എന്നു പറയുന്നതു കൃത്യമൊ സ്പഷ്ടമൊ അല്ലെന്നു എനിക്കു തോന്നുന്നു.

മി. എൻ. കുമാരൻ (ശ്രീമൂലം പ്രജാസഭ നിയമനം): ഞാൻ അനുകൂലിക്കുന്നു.

മി. കല്ല്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): സർ, ഇതു മിക്കവാറും പദസംബന്ധിച്ച ഭേദഗതിയാണ്. ഖനി എന്ന പദത്തെ ഇതേമാതിരിയിൽതന്നെയാണ് ഇൻഡ്യൻ മൈൻസ് ആക്ടിലും അർത്ഥവിവരണം ചെയ്തിരിക്കുന്നതു എന്നുള്ള സംഗതി ഞാൻ സഭയുടെ ദൃഷ്ടിയിൽപെടുത്തിക്കൊള്ളുന്നു. പക്ഷെ ഇതുകൊണ്ടു വലിയ വ്യത്യാസംവരാനില്ല. ഒരുപക്ഷെ അല്പവ്യത്യാസംവന്നേക്കാം. ഖനി എന്നുവച്ചാൽ ധാതുക്കൾക്കായി തിരഞ്ഞുനോക്കുന്നതിനോ അവ ഖനിക്കുന്നതിനോവേണ്ടി വല്ല വേലയും നടത്തിയതോ നടത്തിപ്പോരുന്നതോ ആയ വല്ല കുഴിയും എന്ന അർത്ഥമാകുന്നതും അതിൽ ഒരു ഖനിയുടെ മുകളിലോ അകത്തോ അതിൽതന്നെയോ അതിന്റെ സമീപത്തിലൊ അല്ലെങ്കിൽ അതിനോടു ബന്ധപ്പെട്ടതോ ആയ എല്ലാ വേലകളും യന്ത്രങ്ങളും ട്രാംവേകളും ഇടപ്പാതകളും ഉൾപ്പെടുന്നതും ആകുന്നു എന്നാണ് വിവരിച്ചിട്ടുള്ളതു. "ഖനി" എന്ന പദത്തിനു പകരം "കുഴി" എന്നു ഉപയോഗിച്ചാൽ അതിനു രണ്ടാമതു ഉപയോഗിച്ചിട്ടുള്ള "ഖനി" എന്ന പദത്തിനു പകരം "കുഴി" എന്നു ഉപയോഗിച്ചാൽ അതിനു വെറും കുഴി എന്നല്ലാതെ വിവരണത്തിൽ കൊടുത്തിട്ടുള്ള മററ വിശേഷണങ്ങളോടുകൂടിയ അർത്ഥം ഉണ്ടാകയില്ല. "കുഴി" എന്നതിനു ഭൂമിക്കടിയിലോ അല്ലാതെയോ ഉള്ള കുഴി എന്നല്ലാതെ അതിലധികം അർത്ഥമുണ്ടാകയില്ല.

മി. എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്ക): ഖനിയോടു ബന്ധപ്പെട്ടതും ഖനിയാണെന്നു വിവരിച്ചിട്ടില്ലയോ എന്നു പറയുമോ?

മി. കല്ല്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): ഉവ്വ്. ഖനിയോടു ബന്ധപ്പെട്ട യന്ത്രങ്ങൾ ട്രാംവേകൾ മുതലായവ കുഴിയെന്നുപറഞ്ഞാൽ നിലത്തിനടിയിലൊ അല്ലാതെയൊ ഉള്ള വെറും കുഴിയെന്നല്ലാതെ അതിനോടുകൂടെയുള്ള വേറെ വിശേഷണങ്ങളൊന്നും സൂചിപ്പിക്കയില്ലെന്നാണ് ഞാൻ പറയുന്നതിന്റെ അർത്ഥം. അതുകൊണ്ടു ഇൻഡ്യൻ മൈൻസ് ആക്ടിലെ വിവരണംതന്നെ സ്വീകരിക്കയാണ് ഉത്തമം. തത്വസംബന്ധമായ ഭേദമൊന്നും ഇല്ലല്ലോ. അതുകൊണ്ടു ആ അർത്ഥവിവരണം സ്വീകരിക്കാവുന്നതാണു.

മി. എസ്. പിറവിപ്പുരയ്ക്കൽ പിള്ള (വ്യാപാരവും വ്യവസായവും, തെക്ക): മെമ്പർ പറഞ്ഞ സമാധാനം ആലോചിച്ചിട്ട് ഞാൻ എന്റെ ഭേദഗതിപ്രമേയത്തെ പിൻവലിച്ചുകൊള്ളുന്നു.

പ്രമേയം സഭയുടെ അനുവാദപ്രകാരം പിൻവലിച്ചു.

മി. ചങ്ങനാശ്ശേരി പരമേശ്വരൻപിള്ള (കൊല്ലം): (എഫ്) വകുപ്പിന്റെ ഒന്നാംവരിയിൽ 'തിരഞ്ഞുനോക്കുന്ന' എന്നവാക്കിന്റെ പിന്നാലെ ഒരു അപൂർണ്ണവിരാമം ആവശ്യമുണ്ടോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): അതൊരു അച്ചടിതെറ്റാണ്. ആ അപൂർണ്ണവിരാമം 'തിരഞ്ഞുനോക്കുന്നതിനോ' എന്നവാക്കിന്റെശേഷം വരേണ്ടതാണ്. ആ തെററു തിരുത്തണം.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സർ, താഴെപറയുന്ന ഭേദഗതിപ്രമേയം ഞാൻ ഹാജരാക്കിക്കൊള്ളുന്നു.

"താഴെപറയുന്നതു (പി) ഉപവകുപ്പായി ചേർക്കയും ശേഷം ഉപവകുപ്പുകളുടെ അക്ഷരം മാററുകയും ചെയ്യണം,

'ധാതുക്കറം എന്നുപറഞ്ഞാൽ ലോഹമണ്ണ്, എണ്ണകറ, കല്ക്കരി മുതലായി ഭൂമിയുടെ ബാഹ്യപടലത്തിലൊ ശിലാനിരകളിലൊ അമർന്നുകിടക്കയൊ അവയിൽനിന്നു ഒഴുകുകയൊ ചെയ്യുന്നതായി, എങ്കിലും അവയോടു സ്വഭാവസമത്വമില്ലാതെ വ്യത്യസ്തപ്പെട്ടിരിക്കുന്നതും മണ്ണ്, മണലു, വെട്ടുകല്ലു, കരിങ്കല്ലു, കളിമണ്ണു എന്നിവയെപോലെ ഖനിയിൽനിന്നൊകുഴിയിൽനിന്നൊ എടുക്കുന്നതായാലും ഭൂമിയുടെ ബാഹ്യപടലത്തിന്റെയോ ശിലാനിരകളുടെയൊ പദാർത്ഥമായ സസ്യസാധനമൊ മററുസാധനങ്ങളൊ അല്ലാത്തതും അവ എടുക്കപ്പെടുന്ന മണ്ണിൽനിന്നും വേർതിരിഞ്ഞും ആ മണ്ണിന്റെ ഗുണത്തെ ആശ്രയിക്കാതെയും പ്രത്യേകവിലയും പ്രയോജനവുമുള്ളതും ദേശനടപ്പുപ്രകാരമൊ മാമൂൽപ്രകാരമൊ ധാതുക്കറം എന്നു ഗണിച്ചുവരുന്നതുമായ സാധനങ്ങറം എന്നു അർത്ഥമാകുന്നു"

ഈ ഭേദഗതിയിൽ രണ്ടാംവകുപ്പിനു ഒരു ഉപവകുപ്പുകൂടെ ചേർക്കാനാണു വിചാരിക്കുന്നതു. "ധാതുക്കറം" എന്നവാക്കിന്റെ അർത്ഥവിവരണമാണ് ചേർക്കാനുദ്ദേശിക്കുന്നതു. വകുപ്പിൽ ഖനികളുടെ അർത്ഥം "ധാതുക്കറംക്കായി തിരഞ്ഞുനോക്കുന്നതിനൊ അവ ലഭിക്കുന്നതിനൊവേണ്ടി വല്ല വേലയും നടത്തിയതൊ നടത്തിപോരുന്നതൊ ആയ വല്ല കുഴിയും എന്നു അർത്ഥമാകുന്നതും അതിൽ ഒരു ഖനിയുടെ മുകളിലൊ അകത്തൊ അതിന്നടുത്തൊ അതിന്റെ സമീപത്തിലൊ അല്ലെങ്കിൽ അതിനോടു ബന്ധപ്പെട്ടതൊ ആയ എല്ലാവേലകളും യന്ത്രങ്ങളും ട്രാംവേകളും ഇടപ്പാതകളും ഉറംപ്പെടുന്നതും ആകുന്നു" എന്നാണു വിവരിച്ചിരിക്കുന്നതു. ധാതുക്കറം ലഭിക്കുന്നതിനാണ് ഖനിവേലകറം നടത്തുന്നതു. എന്നാൽ ധാതുക്കറം എന്താണെന്നു വിവരിച്ചിട്ടില്ല. "ഖനികറം" "ധാതുക്കറം" എന്നീരണ്ടുവാക്കുകളും ബില്ലിൽ മുഴുവനും പരസ്പരസംബന്ധമുള്ളതായിട്ടാണ് പ്രയോഗിച്ചിട്ടുള്ളതു. അതുകൊണ്ടു ആക്ടോ റഗുലേഷനോ ശരിയായി പ്രയോഗിക്കുന്നതിനു "ധാതുക്കറം" എന്നു പറഞ്ഞാൽ എന്താണെന്നു ശരിയായി ഗ്രഹിക്കേണ്ടതാണ്. "ധാതുക്കറം", എന്നു പറഞ്ഞാൽ എന്താണെന്നുള്ളതിനെപ്പററി ശാസ്ത്രജ്ഞന്മാരുടേയും നിയമജ്ഞന്മാരുടേയുംഇടയിൽ പലതരം അഭിപ്രായവ്യത്യാസവുമുണ്ടു. ഒരുതരം കളിമണ്ണു ധാതുവാണെന്നു ഇന്നാളൊരുദിവസം വ്യവസായഡയറക്ടർ പറയുന്നതുകേട്ടു. എന്നാൽ ഒരു സാധാരണ ഗ്രാമവാസി അതൊരു ധാതുവല്ലെന്നുപറയും. ഇങ്ങനെ പ്രയാസപ്പെട്ട ഈ സ്ഥിതിയിൽ "ധാതുക്കറം" എന്നുവെച്ചാൽ എന്താണെന്നു സ്പഷ്ടമാക്കുകയാണുത്തമം എന്നു എനിക്കുതോന്നി. ബില്ലിന്റെ അവസാനഭാഗത്തിൽ "ഗവണ്മെൻറുചീഫ്സെക്രട്ടറി ഒപ്പിട്ടിട്ടുള്ള രേഖാമൂലമായ ഒരു സർട്ടിഫിക്കററു അതിൽ പറഞ്ഞിരിക്കുന്നപ്രകാരമുള്ള ഭൂമിവാങ്ങൽ ആവശ്യമെന്നുള്ളതിലേക്കു വാദമററ തെളിവായിരിക്കുന്നതും അപ്രകാരം വാങ്ങാനുള്ള അവകാശത്തെക്കുറിച്ചു യാതൊരുസിവിൽകോടതിക്കും വിസംവദിക്കാൻ പാടില്ലാത്തതുമാകുന്നു" എന്നു പ്രസ്താവിച്ചുകാണുന്നു. അതായതു ഭൂമിവാങ്ങുന്നകാര്യത്തിൽ ഒരു ഖനിഉണ്ടെന്നൊ ധാതുക്കറം എടുക്കാമെന്നൊ ചീഫ്സെക്രട്ടറി അഭിപ്രായപ്പെട്ടാൽ അദ്ദേഹത്തിന്റെ അഭിപ്രായം വാദമററ ഒരു സംഗതിയാകുന്നു. ചീഫ്സെക്രട്ടറിപറയുന്നതാണു അവസാനതീർച്ച. ഗവണ്മെൻറിനു ഒരു ഉത്തരവുകൊണ്ടു കക്ഷികറം തങ്ങളുടെ ഭൂമി വിട്ടുകൊടുക്കണമെന്നു ആജ്ഞാപിക്കാൻ കഴിയുന്നതും അങ്ങനെ ഒരു ഖനി എവിടെയാണ് ഉണ്ടാകേണ്ടതെന്നു തീർച്ചയാക്കുന്നതും ആകുന്നു. ഗവണ്മെൻറിന്റെ തീർച്ച ശരിയല്ലെന്നു കക്ഷികറം വാദിച്ചാൽ ഒരു തർക്കമുണ്ടാകും. എന്നാൽ എല്ലാ തർക്കസംഗതികളിലും അവസാനവാക്കു പറയാനുള്ള അധികാരം ചീഫ്സെക്രട്ടറിക്കായിരിക്കും. ഇങ്ങനെയുള്ള കാര്യങ്ങളിൽ അവസാനവാക്കുപറയാനുള്ള അധികാരം ഗവണ്മെൻറിനു കൊടുക്കയൊ അതൊ "ധാതു" എന്നുവെച്ചാൽ എന്താണെന്നു കൃത്യമായി അല്ലെങ്കിൽ കഴിവുള്ളേടത്തോളം ശരിയായി നിയമസഭതന്നെ വിവരിക്കയൊ, ഏതാണു വേണ്ടതെന്നാകുന്നചോദ്യം. ചിലവിധികളുടെസാരംനോക്കിയും ഇതിനെപററി പുസ്തകങ്ങറം രചിച്ചിട്ടുള്ള ചില ഗ്രന്ഥകർത്താക്കന്മാരുടെ അഭിപ്രായങ്ങറം അനുസരിച്ചും ഒരു അർത്ഥവിവരണം തയ്യാറാക്കാൻ ഞാൻ ശ്രമിച്ചിരിക്കുന്നു. ഞാൻ കൊടുത്തിരിക്കുന്ന അർത്ഥവിവരണം പ്രധാനമായി മിസ്റ്റർ റെഡ്മാന്റെ "ജന്മിയും കുടിയാനും" എന്ന പുസ്തകത്തിൽ സ്വീകരിച്ചിട്ടുള്ള അർത്ഥവിവരണത്തിൽനിന്നു എടുത്തതാകുന്നു. അതു അമേരിക്കയിൽ പ്രസിദ്ധം ചെയ്തിട്ടുള്ള ഒരു നൂതനപുസ്തകം ആകുന്നു. തിരുവിതാംകൂറിന്റെ സ്ഥിതിഅനുസരിച്ചും ഈ രാജ്യത്തിലെ ജനങ്ങളുടെ അഭിപ്രായത്തിനു പ്രതികൂലമായിപ്പോകാതിരിക്കത്തക്കവണ്ണവും ഞാൻ അതിൽ അല്പാല്പം ഭേദങ്ങറം വരുത്തീട്ടുണ്ടു. അർത്ഥവിവരണം ഇങ്ങനെയാണ്.

(ജി) "ധാതുക്കറം" എന്നുപറഞ്ഞാൽ ലോഹമണ്ണ്, എണ്ണകറം, കൽക്കരി, മുതലായി ഭൂമിയുടെ ബാഹ്യപടലത്തിലൊ ശിലാനിരകളിലെ അമിഴ്ന്നുകിടക്കയൊ അവയിൽനിന്നു ഒഴുകുകയൊ ചെയ്യുന്നതായി എങ്കിലും അവയോടു സ്വഭാവസമത്വമില്ലാതെ വ്യത്യസ്തപ്പെട്ടിരിക്കുന്നതും, മണ്ണ്, മണലു, വെട്ടുകല്ലു, കരിങ്കല്ലു, കളിമണ്ണു, എന്നിവയെപോലെ ഖനിയിൽനിന്നോ കുഴിയിൽനിന്നോ എടുക്കുന്നതായാലും ഭൂമിയുടെ ബാഹ്യപടലത്തിന്റെയൊ ശിലാനിരകളുടേയൊ പദാർത്ഥമായ സസ്യസാധനമൊ മററു സാധനങ്ങളൊ അല്ലാത്തതും അവഎടുക്കപ്പെടുന്നമണ്ണിൽനിന്നും വേർതിരിഞ്ഞും ആ മണ്ണിന്റെ ഗുണത്തെ ആശ്രയിക്കാതെയും പ്രത്യേകവിലയും പ്രയോജനവും ഉള്ളതും നാട്ടുനടപ്പുപ്രകാരമൊ മാമൂൽപ്രകാരമൊ ധാതുക്കറം എന്നു ഗണിക്കപ്പെട്ടുവരുന്നതുമായ സാധനങ്ങറം എന്നു അർത്ഥമാകുന്നു'.

വിഷമമുള്ള ഒരു അർത്ഥവിവരണം]

ഡിപ്പ്യൂട്ടിപ്രസിഡെൻറ്: ഗ്രഹിക്കാൻ വളരെപ്രയാസവും.

മി. എം. ശിവതാണുപിള്ള (തോവാള): എൻെറസ്നേഹിതൻ "മോണസയിററ്" ഉൾപ്പെടുത്തണമെന്നുണ്ടെങ്കിൽ ഉൾപ്പെടുത്തുന്നുണ്ടോ എന്നുപറയുമോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അവഗാഹത്തിനു മോണസയിററു ഉൾപ്പെടുത്തണമെന്നുണ്ടെങ്കിൽ ഉൾപ്പെടുത്താം.

മി. എം. ശിവതാണുപിള്ള (തോവാള), അതും മണ്ണിൽ അമിഴ്ന്നുകിടന്നാണല്ലോ കാണപ്പെടുന്നതു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): "ലോഹമണ്ണു, എണ്ണകൾ, കൽക്കരി, മോണസയിററ്, മുതലായി" എന്നാക്കാമെ. ഏതെങ്കിലും പദാർത്ഥത്തെ ഒരു ധാതുവായി ഗണിക്കയോ ഗണിക്കാതിരിക്കയോ ചെയ്യാതിരിക്കുന്നതു വ്യവസായഡിപ്പാർട്ടുമെൻറിൻെറയോ ഗവൺമെൻറിൻെറ മറേറതെങ്കിലും ഡിപ്പാർട്ടുമെൻറിൻെറയോ യുക്താനുസാരംചെയ്യാൻ കേവലംവിട്ടുകൊടുക്കാൻ പാടില്ലഎന്നു മാത്രമെ ഞാൻ പറയുന്നുള്ളു. സ്വകാര്യഅവകാശങ്ങളെ സംരക്ഷിക്കുന്നതു ആവശ്യമാണെങ്കിൽ ഒരു അർത്ഥവിവരണം ആവശ്യമാണെന്നു ഞാൻ വിചാരിക്കുന്നു. അർത്ഥവിവരണം ഇല്ലാതിരുന്നാൽ ഭൂമികൾ വാങ്ങുന്നതിനെപ്പററിയോ ശിക്ഷയെപ്പററിയോ ജോലിനടത്തിപ്പിനെപ്പററിയൊ പദാർത്ഥങ്ങളുടെ ഉടമസ്ഥാവകാശത്തെപ്പററിയോ വാദങ്ങൾ ഉണ്ടാകാം. ഒരുപക്ഷെ ശാസ്ത്രജ്ഞന്മാരുടെ അഭിപ്രായം സാധാരണ കരിങ്കല്ലിലും വെട്ടുകല്ലിലും ധാതുക്കൾ ഉണ്ടെന്നായിരിക്കാം. ഇവയെല്ലാം ധാതുക്കളാണെന്നു ഒരു ശാസ്ത്രജ്ഞൻ അദ്ധ്യക്ഷനായ ഒരു ഡിപ്പാർട്ടുമെൻറു അഭിപ്രായപ്പെട്ടാൽ ആശ്ചര്യമായിരിക്കും. ജനങ്ങളുടെ സംരക്ഷണത്തിനു ഗണ്യമായ വല്ലതും ചെയ്യേണ്ടതാണ്. അതു ചെയ്വാൻ ഞാൻകണ്ട ഏകമാർഗ്ഗം "ധാതുക്കൾ" എന്ന പദത്തിൻെറ അർത്ഥം വിവരിക്കയാണ്. അതിനാൽ ഈ ഭേദഗതിപ്രമേയം ഞാൻ സഭാസമക്ഷം ഹാജരാക്കിക്കൊള്ളുന്നു.

മി. എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്ക): ഞാൻ പ്രമേയത്തെ അനുകൂലിക്കുന്നു.

മി. കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): സർ, ഈ പ്രമേയത്തെ സ്വീകരിക്കാൻ കഴികയില്ലെന്നു ഞാൻ കരുതുന്നു. "ധാതു" എന്ന പദത്തിൻെറ അർത്ഥവിവരണം കൊടുക്കാൻ പ്രയാസമാണെന്നു എൻെറ സ്നേഹിതൻതന്നെ പറഞ്ഞിട്ടുണ്ട്. അങ്ങനെയിരിക്കെ, അതിൻെറ അർത്ഥവിവരണം കൊടുക്കാൻ ശ്രമിച്ചതുകൊണ്ടു വല്ല ഗണ്യമായ പുണ്യവും സിദ്ധിക്കാനുണ്ടോ എന്നു നമുക്ക് ഒന്നാമതായി നോക്കാം. ഖനികളിൽ വേലചെയ്യുന്നവരുടെ രക്ഷയാണു ഈ ബില്ലിൻെറ പ്രധാനോദ്ദേശം. ഖനികളിലെ ജോലി നിയന്ത്രണം ചെയ്യുന്നതിനും അതിൽ വ്യവസ്ഥചെയ്തിട്ടുണ്ട്. ചുരുക്കത്തിൽ പറഞ്ഞാൽ ഇതൊരു കൂലിവേലനിയമമാണ്. "ധാതുക്കൾ" എന്ന പദത്തിൻെറ കൃത്യമായ അർത്ഥവിവരണം ഇതിൽ കൊടുത്തിട്ടാവശ്യം ഉണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ബില്ലിനു "ഖനികളും ധാതുക്കളും ബില്ല്" എന്ന പേരു കൊടുത്തിരിക്കുന്നതു എന്തിനാണ്?

മി. കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): അതിൽ ധാതുക്കളെപ്പററിയും ചില നിബന്ധനകൾ ഉള്ളതുകൊണ്ടു "ധാതുക്കൾ" എന്നതിൻെറ അർത്ഥവിവരണം വേറെ റെഗുലേഷൻ പ്രകാരം രചിക്കുന്നതാണ്. അതിനെപ്പററി വാദം പുറപ്പെടുവിക്കാൻ ഈ സഭയ്ക്കു അധികാരമുണ്ട്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ധാതുക്കൾക്കായി തിരയുന്ന ജോലിയിൽ ചില കക്ഷികളുടെ വീടുതന്നെ തുരങ്കംവച്ചു നശിപ്പിച്ചുപോയി എന്നുവരാം.

മി. കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): അങ്ങനെതന്നെ സങ്കല്പിക്ക. അതുകൊണ്ടെന്താണ്?

ഇനി പ്രസ്താവിച്ച ഉദ്ദേശനിവൃത്തിക്കു ഈ അർത്ഥവിവരണം മതിയാകുമോ എന്നുനോക്കാം. അർത്ഥവിവരണം ശരിയാണെന്നു സ്വീകരിക്കണമെങ്കിൽ അതിൽ ധാതുക്കളാണെന്നു നാം ഗ്രഹിക്കുന്ന എല്ലാ സാധനങ്ങളും ഉൾപ്പെടുകയും മററു യാതൊന്നും അതിൽ ഉൾപ്പെടാതിരിക്കുകയും വേണം. "ധാതുക്കൾ ഭൂമിയുടെ ബാഹ്യപടലത്തോടൊ ശിലാനിരകളോടൊ സ്വരൂപസമത്വം ഇല്ലാതെ വ്യത്യസ്തമായ പദാർത്ഥങ്ങളാണ്" എന്നു എൻെറ സ്നേഹിതൻ പറയുന്നു. ബാഹ്യപടലം (ക്രസ്റ്റ്) എന്നു പറഞ്ഞാൽ എന്തിൻെറയെങ്കിലും ഉറച്ച മേൽഭാഗം അല്ലെങ്കിൽ പുറപ്പോലെ മൂടുന്ന ആവരണം എന്നും ഭൂഗർഭശാസ്ത്രപ്രകാരം ഉള്ളിൽ ഉരുകിക്കിടക്കുന്ന സാധനങ്ങൾ നിറഞ്ഞുകിടക്കുന്നതായി ഊഹിച്ചുവരുന്ന ഭൂമിയുടെ ഉപരിഭാഗം എന്നും വെബ്സ്റ്റർ അർത്ഥവിവരണം ചെയ്തിരിക്കുന്നു. അതുകൊണ്ടു എല്ലാ ധാതുക്കളും ഭൂമിയുടെ ക്രസ്റ്റ് അല്ലെങ്കിൽ ബാഹ്യപടലത്തിൽ ഉൾപ്പെട്ടിരിക്കുന്നു. അതുകൊണ്ടു ഒരു ധാതു ഭൂമിയുടെ ബാഹ്യപടലത്തോടു സ്വരൂപസമത്വമില്ലാതെ വ്യത്യസ്തമായ ഒരു സാധനമാണെങ്കിൽ ധാതു എന്താണെന്നു എനിക്കു മനസ്സിലാകുന്നില്ല. എൻെറ സ്നേഹിതനു വലിയ ഭാഷാസാമർത്ഥ്യം ഉണ്ടായിട്ടും ഒരു കുഴിയിൽ ചെന്നു ചാടിയെന്നു പറയാതെ നിവൃത്തിയില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ധാതു എന്നാൽ എന്താണെന്നാണു അദ്ദേഹം പറയുന്നതു?

മി. കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): എൻെറ സ്നേഹിതൻെറ അർത്ഥവിവരണത്തിനാണ് ഞാൻ വിരോധം പറയുന്നതു.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഇതിനെക്കാൾ ഉത്തമമായ ഒരു അർത്ഥവിവരണം അദ്ദേഹത്തിനുണ്ടോ എന്നു പറയുമോ?

മി. കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): ഒരു അർത്ഥവിവരണം ഉണ്ടാക്കാൻ കഴിയുമായിരുന്നെങ്കിൽ സിലക്ട് കമ്മിററി അതു ചേർത്തേനെ.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഒരു അർത്ഥവിവരണം ആവശ്യമാണെന്നു മെമ്പർക്കു തോന്നുന്നില്ലേ?

മി. കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): ഇല്ല. ഇതു ഖനികളിലെ ജോലിയെസംബന്ധിച്ചുള്ള ഒരു നിയമമാണല്ലോ.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): "ഖനികഠം" അർത്ഥവിവരണം ചെയ്യുന്നതിനു വല്ല ആവശ്യവും കാണുന്നുണ്ടോ?

മി. കല്ലറ്റാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): ഉണ്ട്. അതിന്റെ അർത്ഥവിവരണം വകുപ്പിൽ കൊടുത്തിട്ടുണ്ട്.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ബില്ലിന്റെ പേരു "തിരുവിതാംകൂർ ഖനികളും ധാതുക്കളും ബിൽ" എന്നാകയാൽ "ധാതുക്കഠം" എന്താണെന്നും വിവരിക്കേണ്ടതാണെന്നു അദ്ദേഹത്തിനു തോന്നുന്നില്ലേ?

മി. കല്ലറ്റാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): ഇല്ല. അതൊരു കാരണമായി വിചാരിക്കേണമെന്നില്ല. മററു സ്ഥലങ്ങളിലെ നിയമസഭകളും അങ്ങനെ വിചാരിച്ചില്ല. ധാതുക്കഠം എന്ന പദത്തിൽ ഉഠപ്പെടേണ്ടതായ സകല സാധനങ്ങളും അദ്ദേഹത്തിന്റെ അർത്ഥവിവരണത്തിൽ ഉഠപ്പെട്ടിട്ടുണ്ടോ എന്നു നമുക്കു ഇനി നോക്കാം. ഭൂമിയുടെ സാധാരണ ബാഹ്യപടലമായ ഉപരിഭാഗത്തോടു സംബന്ധമൊന്നും ഇല്ലാത്ത ഒന്നും ഉഠപ്പെട്ടുകയില്ലെങ്കിൽ ധാതുക്കളെല്ലാനും, എന്നുവേണ്ട, യാതൊന്നും അതിൽ ഉഠപ്പെടുകയില്ല. ഇനി ധാതുക്കഠം അല്ലെന്നു ഗണിച്ചുവരുന്ന എല്ലാ സാധനങ്ങളും അതിൽ ഉഠപ്പെടാതിരിക്കുന്നുണ്ടോ എന്നു നമുക്കു നോക്കാം. പ്രമേയത്തിൽ "മണ്ണു, മണൽ, വെട്ടുകല്ലു, കരിങ്കല്ലു, കളിമണ്ണു എന്നിവ തയ്യെപ്പോലെ ഖനിയിൽനിന്നോ കുഴിയിൽനിന്നോ എടുക്കുന്നതായാലും ഭൂമിയുടെ ബാഹ്യപടലത്തിന്റെയോ ശിലാനിരകളുടേയോ പദാർത്ഥമായ സസ്യസാധനമോ മററു സാധനങ്ങളോ അല്ലാത്തതും അവ എടുക്കപ്പെടുന്ന മണ്ണിൽനിന്നും വേർതിരിഞ്ഞും ആ മണ്ണിന്റെ ഗുണത്തെ ആശ്രയിക്കാതെയും പ്രത്യേകവിലയും പ്രയോജനവും ഉള്ളതും" എന്നു പറഞ്ഞിരിക്കുന്നു. അതു മണ്ണിൽനിന്നു വേറിട്ടുള്ളതാണെങ്കിൽ, ധാതുക്കഠം മണ്ണിന്റെ ഭാഗമാണ്, സാധാരണ മണലും ഒരു ധാതുവായിരിക്കും. ധാതുവിൽ മണ്ണ് ഉഠപ്പെടുന്നതിനാൽ മോണസൈററ് ധാതു എന്ന പദത്തിൽ ഉഠപ്പെടുന്നതു എങ്ങനെയാണെന്നു എനിക്കു മനസ്സിലാകുന്നില്ല. എന്തെന്നാൽ മോണസൈററ് മണ്ണോടുകൂടി കലർന്നുകിടക്കുന്ന ഒരു സാധനമാണ്. അതുകൊണ്ടു ഈ അർത്ഥവിവരണത്തിൽ അതു ഉഠപ്പെടുകയില്ല. അതുകൊണ്ടു ഈ അർത്ഥവിവരണത്തിൽ ധാതുക്കളായി വിചാരിക്കപ്പെട്ടുവരുന്ന സാധനങ്ങളെല്ലാം ഉഠപ്പെടുകയോ ധാതുക്കളല്ലെന്നു വിചാരിക്കപ്പെട്ടുവരുന്ന സാധനങ്ങളെല്ലാം ഉഠപ്പെടാതിരിക്കയോ ചെയ്യുന്നില്ല. എന്നാൽ ഏതെങ്കിലും ഒരു സാധനം ധാതുവാണോ അല്ലയോ എന്നു ഒരു തർക്കമുണ്ടായാൽ എന്തു സംഭവിക്കും എന്നൊരു ചോദ്യം ഉണ്ടായേക്കാം. തീർച്ച കല്പിക്കാൻ അധികാരമുള്ള ഉദ്യോഗസ്ഥനും അവസാനമായി സിവിൽക്കോടതിയും കേസ്സും തീർച്ചപ്പെടുത്തും. വേറെ സ്ഥലങ്ങളിൽ നിയമസംബന്ധമായി കൊടുത്തിട്ടുള്ള അർത്ഥങ്ങളും ശാസ്ത്രീയമായ അർത്ഥവും സാധാരണ ഭാഷയിൽ ഉള്ള പ്രയോഗവും ഇവിടെയും മററു ദിക്കുകളിലും ഉള്ള മററു സംഗതികളും അവർ ആലോചിച്ചു തീർച്ച കല്പിക്കും. അതുകൊണ്ടു ഇതിന്റെ അർത്ഥം വിവരിക്കുന്നതിനു ഒഴിച്ചുകൂടാത്ത ആവശ്യമൊന്നുമില്ല. നമുക്കു തൃപ്തികരമായ ഒരു അർത്ഥവിവരണം എന്റെ സ്നേഹിതൻ ഹാജരാക്കിയിരുന്നു എങ്കിൽ അതു ഞാൻ സന്തോഷത്തോടെ സ്വീകരിച്ചേനെ. എന്നാൽ ഈ അർത്ഥവിവരണം നമ്മെ തൃപ്തിപ്പെടുത്തുന്നില്ല. ഈ പദത്തിന്റെ അർത്ഥം ഇൻഡ്യൻ മൈൻസ് ആക്ടിലും വിവരിച്ചിട്ടില്ലെന്നുള്ള സംഗതി ഞാൻ സഭയുടെ ശ്രദ്ധയിൽപെടുത്തിക്കൊള്ളുന്നു. ഫിൻഫാം -ലെ ഇംഗ്ലീഷ് ഫൈനാൻസ് ആക്ട് കരം ചുമത്തുന്നതിനുള്ള ഒരു നിയമമാണെങ്കിലും അതിന്റെ അർത്ഥവിവരണം കൊടുക്കുന്നില്ല. നമ്മുടെ ബിൽ കരം ചുമത്തുന്നതിനുള്ള ഒന്നല്ലതാനും.

മി. എസ്. പിറവിപ്പെരുമാഠംപിള്ള (വ്യാപാരവും വ്യവസായവും, തൊഴിൽ): ഇംഗ്ലീഷ് നിയമത്തിൽ അർത്ഥം വിവരിച്ചിട്ടില്ലാത്തതുകൊണ്ടു ഇവിടെയും അതിന്റെ അർത്ഥം വിവരിക്കേണ്ട എന്നാണോ മെംബർ പറയുന്നതു?

മി. കല്ലറ്റാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): അല്ല, അങ്ങനെ ഞാൻ പറഞ്ഞില്ല. അതിന്റെ അർത്ഥം വിവരിക്കുന്നതിനുള്ള പ്രയാസം ഞാൻ വിശദീകരിക്കുകയായിരുന്നു.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): അതിന്റെ അർത്ഥം വിവരിക്കാൻ അസാദ്ധ്യമാകകൊണ്ടാണോ അദ്ദേഹം ഈ അർത്ഥവിവരണത്തിനു വിരോധം പറയുന്നതു?

മി. കല്ലറ്റാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): ഇതിന്റെ അർത്ഥം വേറെരിടത്തും വിവരിച്ചിട്ടില്ലെന്നും ഇവിടെ ഹാജരാക്കിയ അർത്ഥവിവരണം കേവലം അതൃപ്തികരമാണെന്നും ഞാൻ പറഞ്ഞുകൊള്ളുന്നു.

ഡിപ്യൂട്ടിപ്രസിഡണ്ട്: ഇതിന്റെ അർത്ഥം വിവരിച്ചിട്ടുള്ള ഏതെങ്കിലും ഇതിനു തുല്യമായ ഇംഗ്ലീഷ് നിയമം ഉണ്ടോ?

മി. കല്ലറ്റാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): എനിക്കു പരിശോധിക്കാൻ കഴിഞ്ഞേടത്തോളം ഒന്നുമില്ല. "ഖനികളും ധാതുക്കളും" എന്നതിൽ നിലത്തിനടിയിൽ പൊഴിച്ചെടുത്തോ ഉപരിഭാഗത്തു വേല ചെയ്തോ ലഭിക്കാവുന്ന നിലത്തിനുള്ളിലെയോ നിലത്തിന്മേലെയോ നിലത്തിനടിയിലെയോ ഉള്ള എല്ലാ ധാതുക്കളും പദാർത്ഥങ്ങളും ഉഠപ്പെടുമെന്നു ഫിഠ വ്യവസ്ഥ -ലെ സെററിൽമെൻഡ് ആക്ടിൽ പറഞ്ഞിട്ടുണ്ട്.

ഇതിലും എന്തെല്ലാം ഉഠപ്പെടുമെന്നല്ലാതെ എന്തെല്ലാം ഉഠപ്പെടുകയില്ലെന്നില്ല; ധാതുക്കഠം എന്നു പറഞ്ഞാൽ എന്താണെന്നു വിവരിക്കുന്നുമില്ല. ഫിൻഫാം -ലെ ഇംഗ്ലീഷ് ഫൈനാൻസ് ആക്ട് ധാതുക്കളെ സംബന്ധിച്ച ചില നികുതി ചുമത്താൻ ഉണ്ടാക്കിയതായിരുന്നതിനാൽ അതിൽ ധാതുക്കളുടെ അർത്ഥവിവരണം കൊടുക്കേണ്ടതു ആവശ്യമായിരുന്നു. എങ്കിലും അതിന്റെ അർത്ഥവിവരണം അതിൽ കൊടുത്തിട്ടില്ല. കളിമണ്ണിനെ പോലെ ചില സാധനങ്ങഠ അതിൽ ഉഠപ്പെടുത്താതെ വിട്ടു. ഇങ്ങനെ ചെയ്തല്ലാതെ അർത്ഥവിവരണം കൊടുത്തിട്ടില്ല. നിയമസഭകഠക്കും ജഡ്ജിമാക്കും ധാതുക്കളുടെ അർത്ഥവിവരണം കൊടുക്കാൻ വിഷമമായിരുന്നു. അങ്ങനെയിരിക്കെ ഇവിടെ നമ്മുടെ ഉദ്ദേശം എന്താണെന്നാലോചിച്ചാൽ അതിന്റെ അർത്ഥവിവരണം കൊടുപ്പാൻ ശ്രമിച്ചിട്ടാവശ്യം ഇല്ല.

മി. ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): സർ, രണ്ടു പ്രത്യേക കാരണങ്ങളാൽ ഞാൻ ഈ ഭേദഗതി പ്രമേയത്തെ എതിർക്കുന്നു, ഒന്നാമതായി ധാതുക്കളുടെ അർത്ഥവിവരണം മിസ്റ്റർ പി. കെ. നാരായണപിള്ള രചിച്ചിട്ടുള്ളതു വാക്കിന്റെ അർത്ഥം സ്പഷ്ടമാക്കുന്നതിനുപകരം അതു അധികം അവ്യക്തവും വിഷമവും അ

ക്കുകയാണ് ചെയ്യുന്നതെന്നു സഭയെ ഞാൻ ധരിപ്പിച്ചുകൊള്ളുന്നു. നമുക്കു എളുപ്പത്തിൽ ഗ്രഹിക്കാവുന്നതും തിരിച്ചറിയാവുന്നതുമാണെങ്കിലും വാക്കുകൊണ്ടു ശരിയായി വിവരിക്കാൻ കഴിയാത്ത ചില കാര്യങ്ങൾ ഉണ്ട്. ധാതു എന്ന പദം ഇങ്ങനെയുള്ള ഒന്നാണ്. ധാതു നാട്ടുനടപ്പുപ്രകാരവും മൂല്യമനുസരിച്ചും ധാതുവെന്നു ഗണിച്ചുവരുന്ന ഒരു സാധനമായിരിക്കണമെന്നു മിസ്റ്റർ നാരായണപിള്ള പറയുന്നു. ചില വർഷങ്ങൾക്കു മുമ്പുവരെ നാട്ടുനടപ്പുപ്രകാരമാകട്ടെ മൂല്യമനുസരിച്ചാകട്ടെ മോണസൈറ്റ, സർക്കോൺ ഇൽമെനൈറ്റ എന്നിവ ധാതുക്കളാണെന്നു ആരും വിചാരിച്ചിരുന്നില്ല. അവ വെറും മണലാണെന്നാണു കരുതിവന്നതു. എങ്കിലും ഇപ്പോൾ അവയെ ധാതുക്കളായി ഗണിച്ചുവരുന്നു. അവയിൽനിന്നും ഗവണ്മെന്റിലേക്കു നല്ല ആദായവും ലഭിച്ചുവരുന്നു.

മി. എം. ശിവതാണുപിള്ള (തോവാള): മണൽ ഒരു ധാതുവല്ലേ?

മി. ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): കുറെ വർഷങ്ങൾക്കുമുമ്പു ലോകത്തിൽ ചില പ്രദേശങ്ങളിലെ ഖനി ഉടമസ്ഥന്മാർക്കു "പിച്ച്ബ്ലെണ്ട്" എന്ന സാധനം ഒരു ഉപദ്രവകാരണം ആയിരുന്നു എങ്കിലും ഇന്നു അതിൽനിന്നു ഒരു അമൂല്യവസ്തുവായ "റേഡിയം" എടുത്തുവരുന്നു. ശാസ്ത്രങ്ങളുടെ അഭിവൃദ്ധിമൂലം ഇന്നു ഒന്നിനും കൊള്ളരുതാത്ത സാധനങ്ങൾ നാളെ അമൂല്യവസ്തുക്കളായിത്തീരുന്നു. നാട്ടുനടപ്പും മൂല്യംകൊണ്ടു ഒരു ധാതുവിന്റെ വില ഭാവിയിൽ എന്തായിരിക്കുമെന്നു നിർണ്ണയിക്കാൻ കഴികയില്ല.

മി. നാരായണപിള്ള തന്റെ അർത്ഥവിവരണത്തെ "ലോഹമണ്ണു, എണ്ണകൾ, കൽക്കരി എന്നിവയെപോലെ" എന്നു പറഞ്ഞു ഉദാഹരിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ അർത്ഥവിവരണപ്രകാരം ലോഹമണ്ണോ എണ്ണയോ നിലക്കരിയോ അല്ലാത്തതൊന്നും ധാതുവായിരിക്കയില്ല. എന്നാൽ ലോഹമണ്ണു എന്നു പറഞ്ഞാൽ എന്താണ്. സാധാരണഭാഷയിലും ഖനനവേലക്കാരുടെ പ്രയോഗപ്രകാരവും ലോഹമണ്ണു ലോഹങ്ങൾ എടുക്കുന്ന ഒരു ധാതുവാകുന്നു. നമ്മുടെ മോണസൈറ്റ, സർക്കോൺ, ഇൽമെനൈറ്റ, മൈക്കാ, ഗ്രാഫൈറ്റ ഇവയൊന്നും ലോഹമണ്ണല്ല; എന്തെന്നാൽ അവയൊന്നിൽനിന്നും ലോഹങ്ങൾ എടുക്കുന്നില്ല. എന്നാൽ ധാതുക്കളുടെ കൂട്ടത്തിൽ ഉൾപ്പെടുത്താതിരിക്കാൻ മിസ്റ്റർ നാരായണപിള്ള വിചാരിക്കുന്ന വെട്ടുകല്ലിന്റെ ചില തരങ്ങളിൽനിന്നു ഇരിമ്പു എടുക്കാം. അതുകൊണ്ടു അതൊരു ധാതുവായിത്തീരുന്നു.

ഈ അർത്ഥവിവരണംകൊണ്ടു വേറെയും അനേകം വൈഷമ്യങ്ങൾ ഉണ്ടാകാനുണ്ട്. ധാതു ഭൂമിയുടെ ബാഹ്യപടലത്തോടോ ശിലാനിരകളോടോ സ്വഭാവസമത്വം ഉള്ളതായിരിക്കണമെന്നു അതിൽ പറഞ്ഞിരിക്കുന്നു. ധാതുക്കൾ തന്നെ ഭൂമിയുടെ ബാഹ്യപടലത്തിന്റെ ഒരു ഭാഗമാണ്. എന്നാൽ വിവരണത്തിൽ അതിനെ സാധാരണ എന്ന വിശേഷണപദംകൊണ്ടു ബാഹ്യപടലത്തിൽനിന്നു വേർപ്പെടുത്താൻ ശ്രമിച്ചിരിക്കുന്നു. എന്നാൽ ഈ വിശേഷണപദപ്രയോഗംകൊണ്ടു ഒരു പ്രയോജനവും ഇല്ല. ഭൂമിയുടെ സാധാരണ ബാഹ്യപടലം ഒരർത്ഥത്തിലും സമഭാവ സ്വഭാവം ഉള്ളതല്ല. അതിന്റെ സങ്കലനവും ഗുണങ്ങളും നിരപ്പായിട്ടാകട്ടെ ലംബമായിട്ടാകട്ടെ സ്ഥലം മാറുന്നതോടുകൂടെ വ്യത്യാസപ്പെട്ടാണ് കാണുന്നത്. ഇതു പ്രത്യക്ഷമാകുന്നതിനു ഒരു കല്ലുവെട്ടാംകുഴി പരിശോധിച്ചാൽ മതിയാകും. ഒരിടത്തു പാറയിൽ അഭ്രം അധികം കാണും, മറ്റൊരിടത്തു വെൺകല്ലോ വേറെവല്ല ധാതുവോ അധികമായിരിക്കും. കുഴിയുടെ ഒരു ഭാഗത്തുനിന്നു ഒരു ചെറിയ പാറ എടുത്തു ആ കുഴിയുടെതന്നെ വേറൊരു ഭാഗത്തുനിന്നെടുത്ത ഒരു ചെറിയ പാറയോടു അതിനു യാതൊരു സ്വഭാവസമത്വവും ഇല്ലെന്നു ന്യായമായിത്തന്നെ വാദിപ്പാൻ കഴിയും. എന്റെ വാദം മാപനങ്ങൾകൊണ്ടോ ഭൂതക്കണ്ണാടികൊണ്ടോ രസതന്ത്രസംബന്ധമായ മറ്റു ഉപകരണങ്ങൾകൊണ്ടോ തെളിയിക്കാൻ കഴിയും. ഹാജരാക്കീട്ടുള്ള അർത്ഥവിവരണപ്രകാരം ഞാൻ എടുത്ത ഒരു ചെറിയപാറ ധാതുവാണെന്നു എനിക്കു വാദിക്കാം. പ്രത്യക്ഷമായ ഒരു പ്രമാണം ഞാൻ പറയാം. ഭൂമിയുടെ ബാഹ്യപടലത്തിൽ ഭൂകമ്പംകൊണ്ടുണ്ടായിട്ടുള്ള പിളർപ്പുകളിൽ ഒരു വക പാറ നിറഞ്ഞുകാണും. ഡോളറൈറ്റ് എന്നുപറയുന്ന ഈ സാധനം തിരുവിതാംകൂറിൽ ധാരാളമുണ്ടു. കൃഷ്ണശില എന്നാണു അതിനിവിടെ പേരുപറഞ്ഞുവരുന്നതു. അതു കരിങ്കല്ലിനേക്കാൾ ഉറപ്പുള്ളതും കടുപ്പം പൊടിഞ്ഞുപോകാത്തതുമാകയാൽ പൊതുമരാമത്തുകാർ റോഡിൽ കല്ലിട്ടുറപ്പിക്കുന്നതിനു കിട്ടുന്നിടത്തൊക്കെ അതാണു ഉപയോഗിക്കുന്നതു. വീടുകളിൽ ഉപയോഗത്തിനാവശ്യമുള്ള പലസാമാനങ്ങൾ ഉണ്ടാക്കുന്നതിനും അതു ധാരാളമായി ഉപയോഗിച്ചുവരുന്നു. ഭൂമിയുടെ ബാഹ്യപടലത്തിലുണ്ടാകുന്ന പിളർപ്പുകളിൽ വന്നു മൂടുന്ന സാധനമാകയാൽ അതു ഭൂമിയുടെ സാധാരണബാഹ്യപടലത്തോടു സ്വഭാവസമത്വമുള്ളതല്ലെന്നു ആരും സമ്മതിക്കാതെ നിവൃത്തിയില്ല. എന്നാൽ ഭൂഗർഭശാസ്ത്രജ്ഞന്മാരാകട്ടെ ഗവണ്മെന്റാകട്ടെ അതൊരു ധാതുവാണെന്നു ഇപ്പോൾ വിചാരിക്കുന്നില്ല. വാദത്തിലുള്ള അർത്ഥവിവരണം സ്വീകരിച്ചാലുടനെ അതൊരു ധാതുവായിത്തീരും.

ഇനിയും കല്ക്കരി കാണുന്നതു ഭൂമിയുടെ ബാഹ്യപടലത്തിൽ നിരകളായിട്ടാണു. അതുകൊണ്ടു അതു ധാതുവല്ലെന്നുവരാം. എന്നാൽ അതൊരു സാധാരണനിരയല്ലെന്നും അതിനെ താൻ ധാതുക്കളുടെകൂട്ടത്തിൽ പ്രത്യേകമായി ചേർത്തിരിക്കുന്നുഎന്നും മിസ്റ്റർ നാരായണപിള്ള പറയുമായിരിക്കും. എന്നാൽ സാധാരണ എന്നപദം ബാഹ്യപടലത്തിന്റെ വിശേഷണമാണെന്നും നിരകളുടെ വിശേഷണമല്ലെന്നും നിയമജ്ഞന്മാർക്കു വാദിക്കാവുന്നതാണു. ഏതായാലും "സാധാരണ" എന്നപദത്തിനു വിശേഷാൽ ഒരു അർത്ഥമില്ല. അതു ഒന്നിനേയും വിവരിക്കുന്നുമില്ല. സ്വർണ്ണം ചെമ്പു മുതലായ ചില വിലയുള്ള സാധനങ്ങൾ ഭൂമിയുടെ ചില സാധാരണനിരകളിൽ കലർന്നുകിടപ്പുണ്ടു. അതു വേർതിരിച്ചെടുത്താൽ ലാഭവും ഉണ്ടാകും. അങ്ങനെയുള്ള നിരകൾ ധാതുക്കളായി ഗണിക്കണമോഎന്നു അർത്ഥവിവരണംകൊണ്ടു വ്യക്തമാകുന്നില്ല.

അർത്ഥവിവരണത്തിന്റെ അന്ത്യഭാഗം ആദ്യഭാഗത്തിനു കേവലം വിപരീതമായിട്ടാണു കാണുന്നതു. ധാതുക്കൾ സസ്യസാധനമാകാൻ പാടില്ലെന്നാണു പറഞ്ഞിരിക്കുന്നതു. എന്നാൽ കല്ക്കരിയിൽ സസ്യസാധനമല്ലാതെ മറ്റൊന്നുമില്ല എങ്കിലും അതൊരു ധാതുവാണെന്നു സമ്മതിക്കുന്നു. വീണ്ടും ഭൂമിയുടെ ബാഹ്യപടലത്തിന്റെയോ ശിലാനിരകളുടെയോ മൂലപദാർത്ഥങ്ങളൊന്നും ധാതുക്കളല്ലെന്നാണു പറയുന്നതു. എങ്കിലും ഭൂമിയുടെ ബാഹ്യപടലത്തിന്റെ ഭാഗമല്ലാത്ത യാതൊരു ധാതുവുമില്ല.

ഭൂമിയുടെ ബാഹ്യപടലമെന്തോ ശിലാനിരകളെന്തോ പറഞ്ഞാൽ എന്താണെന്നു കാണിക്കാൻ മണ്ണു, മണലു, വെട്ടുകല്ലു, കരിങ്കല്ലു, കളിമണ്ണു എന്നിവയാണു ഉദാഹരണങ്ങളായി പറഞ്ഞിട്ടുള്ളതു. ഈ ഉദാഹരണങ്ങൾ

വിഭാഗങ്ങളെ വർദ്ധിപ്പിക്കയാണുചെയ്യുന്നതു. ഞാൻ മുമ്പുപറഞ്ഞപ്രകാരം മോണസൈറ്റ്, സർക്കോൺ, ഇൽമനൈറ്റ് എന്നിവ തിരുവിതാംകൂറിൽ മണലായിട്ടാണു കാണപ്പെടുന്നതു. അതുകൊണ്ടു മണൽ ധാതുവല്ലെന്നു വിധിച്ചാൽ ഈ സാധനങ്ങളും ധാതുക്കളല്ലെന്നു വിധിക്കണം. ഇനിയും വെട്ടുകല്ലിന്റെ ഉദാഹരണം എടുക്കുക. വെട്ടുകല്ലു എന്താണ്? ഒരു ആധുനികഭൂഗർഭശാസ്ത്രജ്ഞനോടു ചോദിച്ചാൽ ചിലപ്പോൾ ഇരുമ്പു, മാംഗനീസ്, അലൂമിനിയം എന്നിവ വെട്ടുകല്ലിന്റെ ഘടകങ്ങളാണെന്നു തർക്കംകൂടാതെ പറയും. ഈ ലോഹങ്ങളുടെ സ്ഫുരങ്ങൾ വെട്ടുകല്ലിന്റെ മൂലപദാർത്ഥങ്ങളായി ഭൂഗർഭശാസ്ത്രജ്ഞന്മാർ വിചാരിച്ചുവരുന്നു. വിവിധ പ്രദേശത്തിൽ ഇവകാണപ്പെടുന്ന പാറകളെ വെട്ടുകല്ലെന്നും പറഞ്ഞുവരുന്നു. തിരുവിതാംകൂറിലെ വെട്ടുകല്ലിൽ അധികമായി കാണുന്നതു ഇരിമ്പു സിന്തൂരമാണ്. എന്നാൽ മാംഗനീസിന്റെയും അലൂമിനിയത്തിന്റെയും സിന്തൂരങ്ങൾ അല്പാല്പം കണ്ടിട്ടുണ്ടു. ഈ സാധനങ്ങൾ അടങ്ങിയുള്ള വെട്ടുകല്ലു എപ്പോഴെങ്കിലും ഖനനം ചെയ്യേണ്ടിവരാം. ഇങ്ങനെയുള്ള വെട്ടുകല്ലു ധാതുക്കളുടെകൂട്ടത്തിൽനിന്നു ഒഴിവാക്കണമെന്നു മിസ്റ്റർ നാരായണപിള്ള അഭിപ്രായപ്പെടുമോ?

പദവിഷയമായ അർത്ഥവിവരണത്തിനു ഇങ്ങനെയുള്ള ആക്ഷേപങ്ങൾ ഇനിയും പലതും പറയാനുണ്ടു. ആ അർത്ഥവിവരണം എത്രന്യൂനതയുള്ളതാണെന്നു കാണിപ്പാൻ ഞാൻ പറഞ്ഞതു മതിയെന്നു ഞാൻ വിശ്വസിക്കുന്നു.

ഈ അർത്ഥവിവരണത്തിനു വേറൊരു ആക്ഷേപവും എനിക്കു പറയാനുണ്ടു. ഈ ബില്ലിന്റെ പ്രധാനോദ്ദേശം ഖനികളിൽ വേലചെയ്യുന്ന വേലക്കാരുടെ രക്ഷയാണു. ധാതുക്കളുടെ ഘടനയെ കാര്യത്തെപ്പററി ബില്ലിൽ യാതൊരു വ്യവസ്ഥയും ചെയ്യുന്നില്ല. ഒരു ഖനിയിൽ വേലചെയ്യുന്ന ജോലിക്കാരുടെ രക്ഷ അതിൽനിന്നെടുക്കുന്ന ധാതുക്കളുടെ സ്വഭാവത്തെ ആശ്രയിച്ചിരിക്കുന്നില്ല. ഖനിയിൽ ജോലിനടക്കുന്നതു എങ്ങനെയാണെന്നു നോക്കേണ്ടതുള്ളൂ. ഖനനംചെയ്തെടുക്കുന്നതു വിലയേറിയ വൈരക്കല്ലോ വിലയില്ലാത്ത മണലോ എന്നു നോക്കീട്ടാവശ്യമില്ല. അതുകൊണ്ടു പൊതുജനഗുണത്തിൽ താല്പര്യമുള്ള ഈ സഭയുടെ ഉദ്ദേശമായിരിക്കേണ്ടതു റഗുലേഷന്റെ വ്യാപ്തികൂട്ടാനല്ലാതെ ചുരുക്കാനല്ല. ഇക്കാരണത്താലും ഈ അർത്ഥവിവരണം സ്വീകാര്യമല്ല.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഈ സഭയുടെ എതിർഭാഗത്തിരിക്കുന്നവരുടെ അഭിപ്രായത്തോടു ഞാൻ പൂർണ്ണമായി യോജിക്കുന്നു. കുററം ആരോപിക്കേണ്ടതു ബിൽ രചിച്ചവരുടെമേലാണു, ആവശ്യമില്ലാത്ത അർത്ഥവിവരണംകൊടുക്കാൻ ശ്രമിച്ചതാണു ഈ വൈഷമ്യത്തിനു കാരണം. ബില്ലിലെപോലെ അതു അവ്യക്തമായിവിട്ടിരുന്നെങ്കിൽ ദോഷമൊന്നും ഉണ്ടാകുന്നില്ലായിരുന്നു. തെററുണ്ടെങ്കിൽ അതു ഗുണകരമായിരുന്നേനേ. ഇതു മുഖ്യമായി വേലക്കാരുടെ സംരക്ഷണത്തിനുള്ള ഒരു റഗുലേഷൻ ആണെന്നു സമ്മതിക്കുന്നപക്ഷം അതു എത്രയും വിശാലമാക്കുന്നതിനു എന്താണു വിരോധം? മിസ്റ്റർ പി. കെ. നാരായണപിള്ളയുടെ അർത്ഥവിവരണം സ്വീകരിച്ചാൽതന്നെയും ഈ ബില്ലിന്റെ ഗുണം സാധാരണസ്ഥലങ്ങളിൽ വേലചെയ്യുന്ന ജോലിക്കാർക്കും സിദ്ധിക്കത്തക്കവണ്ണം വിശാലമാക്കാം. ജോലിക്കാരുടെ ഗുണംഉദ്ദേശിച്ചു ഉണ്ടാക്കീട്ടുള്ള ഈ ബില്ലിന്റെ വ്യാപ്തി വിശാലമാക്കിയതുകൊണ്ടു ഒരു ദോഷവും വരാനില്ല. അതുകൊണ്ടു അർത്ഥവിവരണത്തിൽനിന്നുണ്ടാകാവുന്ന ദോഷത്തെപ്പററി ശങ്കിച്ചിട്ടു കാര്യമില്ല. അതിനാൽ ഭേദഗതിപ്രമേയത്തെ ഞാൻ എതിർക്കുന്നു.

മി. എം. ശിവതാണുപിള്ള (തോവാള): മഹാന്മാരായ ശാസ്ത്രജ്ഞന്മാർപോലും ജീവോൽപന്നസാധനങ്ങളും നിർജ്ജീവസാധനങ്ങളും ലക്ഷണങ്ങൾനോക്കി വകതിരിച്ചറിയുന്നതിൽ തങ്ങൾ തെററിപ്പോയിട്ടുണ്ടെന്നു സമ്മതിച്ചിട്ടില്ലയോ?

ഡിപ്യൂട്ടി പ്രെസിഡെൻറ: അദ്ദേഹംഇരുന്നുകഴിഞ്ഞു. സഭയിൽ ഇനി സംസാരിക്കാൻ അവകാശമില്ല. നിങ്ങൾ "ധാതുക്കൾക്കു" കൊടുത്ത അർത്ഥവിവരണത്തിൽ ആർക്കും തൃപ്തിയുള്ളതായി കാണുന്നില്ല. മറുപടിയായി വല്ലതും നിങ്ങൾക്കു പറയാനുണ്ടോ മിസ്റ്റർ പി. കെ. നാരായണപിള്ളേ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): മണി അഞ്ചുകഴിഞ്ഞു.

ഡിപ്യൂട്ടി പ്രസിഡെൻറ: വാദം നാളത്തേക്കു നിറുത്തിവെയ്ക്കണമെന്നാണോ നിങ്ങളുടെ ആവശ്യം?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): എന്നെസംബന്ധിച്ചേടത്തോളം വാദം തുടരുന്നതിനു എനിക്കു വിരോധമില്ല.

ധാതുക്കൾ എന്ന പദത്തിന്റെ അർത്ഥവിവരണത്തെസംബന്ധിച്ചു ചില പ്രമാണങ്ങൾ എനിക്കു ഉദ്ധരിക്കാൻ കഴിയും. എല്ലാവരെയും തൃപ്തിപ്പെടുത്തുന്നതിനു അവയെ ഹാജരാക്കാമെന്നു വിചാരിച്ചു.

ഡിപ്യൂട്ടി പ്രസിഡെൻറ: ഒരു പ്രയാസം എനിക്കു തോന്നുന്നു. അർത്ഥവിവരണംചെയ്യാതെ ഇരുന്നാൽ ഇംഗ്ലീഷും ഇൻഡ്യനും വിധികളെ അനുസരിച്ചു പ്രവർത്തിക്കാം. അർത്ഥവിവരണം ചെയ്താൽ നാം തനിച്ചായി. പിന്നെ ഇഷ്ടംപോലെ വ്യാഖ്യാനിക്കാം. അർത്ഥവിവരണംചെയ്താൽ അതിന്റെ ഉത്തരവാദിത്വവും എടുക്കണമല്ലോ.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): മിസ്റ്റർ ചാക്കോയുടെ അഭിപ്രായപ്രകാരം ഏതു സാധനവും ധാതുവാണ്. ഇംഗ്ലണ്ടിൽപോലും അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടു.

ഡെപ്യൂട്ടി പ്രസിഡെൻറ: ഈ കാര്യം കേവലം സാങ്കേതികമാണ്. ന്യൂനതയുള്ള അർത്ഥവിവരണം കൊടുത്തു വാദംതീർക്കുന്നതു ശരിയല്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ). അതുകൊണ്ടാണു കാര്യം എന്താണെന്നു——

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർവക്കീൽ): സിവിൽ കോടതികൾ ഈ സംഗതികളെല്ലാം ആലോചിച്ചു ശരിയായി വ്യാഖ്യാനിച്ചുകൊള്ളും.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഈ കാര്യത്തിൽ ചിലസംഗതികൾ ഗ്രഹിക്കേണ്ടതായിട്ടുണ്ടു. ഇതൊരു ക്രിമിനൽ റഗുലേഷനാണു. അതുകൊണ്ടു ധാതുക്കളുടെ അർത്ഥവിവരണംകൊടുക്കാവശ്യമില്ല എന്നു പറയുന്നതു നിരർത്ഥകമാണ്. പ്രയാസമുള്ളസംഗതികളെ വിശ്വസ്തതയോടെ നേരിട്ടു കഴിയുമെങ്കിൽ ഒരു നിവൃത്തിമാർഗ്ഗം കണ്ടുപിടിക്കാൻ ശ്രമിക്കേണ്ടതാണ്. ഇവിടെ നാം ഒരു ഡിപ്പാർട്ടുമെന്റ മേലധികാരിക്കു തന്റെ ഇഷ്ടംപോലെ ഉപയോഗിക്കാവുന്ന ഒരു ചെക്കു സംഖ്യ എഴുതാതെ ഒപ്പിട്ടുകൊടുക്കയാണുചെയ്യുന്നതു. ഉദാഹരണമായി ധാതുക്കൾക്കായി തിരഞ്ഞുനോക്കുന്നതിനെസംബന്ധിച്ചു ഒരു വാദമുണ്ടാകാം. വ്യവസായഡയറ

ക്കുന്നത് ആയിരിക്കാം ഈ റഗുലേഷൻപ്രകാരം നിയമിക്കപ്പെടുന്ന ഇൻസ്പെക്ടർ. അദ്ദേഹത്തിനു നമ്മുടെ ആരുടെയെങ്കിലും വീട്ടിൽ വന്ന ആ വീട്ടിന്നടിയിൽ ഒരു ധാതു ഉണ്ടെന്നു പറയാം. റഗുലേഷൻപ്രകാരം വീട്ടുടമസ്ഥന് അദ്ദേഹത്തെ തടയാൻ പാടില്ല. വീട്ടിന്റെ അടി തുരക്കുന്നതുകൊണ്ടു എന്തു നഷ്ടമുണ്ടാകുമെന്നു തീർച്ചയാക്കുന്നതു അദ്ദേഹമാണ്. അതു അദ്ദേഹം കൊടുക്കാമെന്നു പറയും. വീട്ടുടമസ്ഥൻ അതു വാങ്ങിക്കൊണ്ടു മിണ്ടാതിരിക്കണം. അതിനെസംബന്ധിച്ചു കോടതിയിൽ വ്യവഹാരംകൊടുക്കാൻ പാടില്ല. ഡിപ്പാർട്ടുമെന്റിൽ ഉദ്യോഗസ്ഥനാണു അവസാനതീർപ്പു കല്പിക്കുന്നതു. മിസ്റ്റർ ചാക്കോയെപ്പോലെ ശ്രേഷ്ഠതയുള്ള ഒരു ശാസ്ത്രജ്ഞൻ തിരുവിതാംകൂറിൽ ധാരാളമുള്ള ഒരു തരം വെട്ടുകല്ലിൽ വിലപിടിച്ച ഒരു ധാതുവുണ്ടെന്നു വിചാരിക്കുന്നു. അതു ആ വെട്ടുകല്ലിൽനിന്നു എടുക്കണമെന്നും വിചാരിക്കുന്നു. അദ്ദേഹത്തിന്റെ ശാസ്ത്രസംബന്ധമായ കൌതുകം നല്ലതുതന്നെ എങ്കിലും വസ്തു ഉടമസ്ഥന്മാർക്കുണ്ടാകുന്ന നഷ്ടം അനല്പമായിരിക്കും. ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ തന്റെ വീടു ഇടിച്ചു പൊടിച്ചുകളയുന്നതിനു മതിയായ പ്രതിഫലമെന്നു ഡിപ്പാർട്ടുമെന്റു മേലധികാരി വിചാരിക്കുന്ന സംഖ്യ സ്വീകരിച്ചുകൊണ്ടു അദ്ദേഹത്തിന്റെ കൌതുകശമനത്തിന്നായി തന്റെ വീടു പൊളിച്ചുകളവാൻ ഒരു മനുഷ്യനോടു ആജ്ഞാപിക്കുന്നതു ന്യായവും നീതിയും ആയിരിക്കുമോ?

അതുകൊണ്ടു ഇതൊരു കൂലിവേലറഗുലേഷൻ ആകയാൽ അർത്ഥവിവരണം ചെയ്യുന്നതു ആവശ്യമില്ലെന്നു പറയുന്നതു നിരർത്ഥകമാണെന്നു ഞാൻ ബോധിപ്പിച്ചുകൊള്ളുന്നു. സാധാരണ മണലിന്റെ കാര്യംതന്നെ ആലോചിച്ചാൽ അതൊരു സിലിക്കേറ്റ് ആകയാൽ അതു ആരും കുഴിച്ചു വാരിക്കൊണ്ടു പോകരുതെന്നു വിരോധിപ്പാൻ സംഗതിയുണ്ട്. ചങ്ങനാശ്ശേരിയിലും മററുമുള്ള ആളുകൾ വെട്ടുകല്ലു വെട്ടിഎടുത്തു മറു ദിക്കുകളിൽ കൊണ്ടുപോയി വില്ക്കാറുണ്ടു. അതുകൊണ്ടാണു അവർ ഉപജീവനം കഴിക്കുന്നതു. ചില സസ്യസാധനങ്ങൾ, ഉദാഹരണമായി നിലക്കരി പോലും ധാതുക്കളുടെ അർത്ഥവിവരണത്തിൽ ഉൾപ്പെടുത്താൻ മിസ്റ്റർ ചാക്കോയ്ക്കു നിർബന്ധമുള്ളതായി തോന്നുന്നു. നിലക്കരി ഒരു ധാതുവാണെന്നുള്ള അദ്ദേഹത്തിന്റെ അഭിപ്രായത്തോടു ഞാനും യോജിക്കുന്നു. എന്നാൽ ഒരു പ്രയാസമുണ്ടു. ഒരു തെങ്ങു വീണു ചില മാസങ്ങൾക്കുള്ളിൽ മണ്ണിന്നടിയിൽ ആയിപ്പോയി എന്നുവരാം. ഈ ബില്ലിൽ ഒരു അർത്ഥവിവരണമില്ലെങ്കിൽ അതും ഒരു ധാതുവാണെന്നു വിചാരിക്കേണ്ടിവരും. സാധാരണക്കാരനായ ഒരു പൌരൻ അതു ഒരു ധാതുവാണെന്നു വിചാരിക്കുമെന്നു എനിക്കു തോന്നുന്നില്ല.

ഡിപ്യൂട്ടി പ്രസിഡെന്റ്: വാദം നാളെ തുടരാം.

സഭ വൈകുന്നേരം ൫-ാം മണിക്കു പിരിഞ്ഞു.

ടി. പി. രാമസുബ്ബയ്യർ (ഒപ്പു).
നിയമസഭാ സെക്രട്ടറി.

(A true translation.)

T. RAMALINGAM PILLAI,
Head Translator to Government.

അനുബന്ധം എ.

സ്ഥിരം ഫൈനാൻസ് കമ്മിററിയുടെ യോഗനടപടികൾ, ൧൦൮൭.

൧൯൧൨ ഏപ്രിൽ ൨൯-നു വ്യാഴാഴ്ച.

നിയമസഭയുടെ സ്ഥിരം ഫൈനാൻസ് കമ്മിററിയുടെ ൧൦൮൭-ാമാണ്ടത്തെ രണ്ടാമത്തെ യോഗം ഹജൂരാഫീസിൽ ദിവാന്റെ മുറിയിൽ ൧൯൧൨ ഏപ്രിൽ ൨൯-നു വ്യാഴാഴ്ച പകൽ ൧൧-൧൦ മണിക്കു കൂടി. താഴെ പറയുന്ന സാമാജികന്മാർ ഹാജരുണ്ടായിരുന്നു.

എം. ഇ. വാട്സ് എസ്ക്വയർ, ബി. ഏ., ബാറിസ്റ്റർ അററ് ലാ, ദിവാൻ, അഗ്രാസനർ.
പി. കെ. നാരായണപിള്ള എസ്ക്വയർ, ബി. ഏ., ബി. എൽ.
എം. ശിവതാണുപിള്ള എസ്ക്വയർ.
ജി. പരമേശ്വരൻപിള്ള എസ്ക്വയർ, ബി. ഏ., ബി. എൽ.
കെ. ജാർജ് എസ്ക്വയർ, ബി. ഏ.
കെ. എൻ. രാമസുബ്ബയ്യർ, എസ്ക്വയർ, ബി. ഏ., ബി. എൽ.
ടി. പി. രാമസുബ്ബയ്യർ എസ്ക്വയർ, ബി. ഏ., യോഗ സെക്രട്ടറി.

൧. സിവിൽ നടപടി നിയമപ്രകാരം സ്ഥാപിക്കേണ്ടതായ റൂൾ കമ്മിററിയുടെ സിൽബന്തിച്ചെലവിലേക്കു ൧൬ ഏ. നീതിന്യായഭരണം എന്ന ഇനത്തിൽ ൭൦൫ രൂപാ അനുവദിക്കണമെന്നുള്ള സംഗതിയെപ്പററി കമ്മിററി ആലോചിച്ചു. ൧൦൮൭-ാമാണ്ടു അവസാനിക്കാൻ മൂന്നുമാസം മാത്രമേയുള്ളു എന്നതുകൊണ്ടും കോടതികൾ പൂട്ടിയിരിക്കയാകകൊണ്ടും റൂൾ കമ്മിററിക്കു ഒരു സെക്രട്ടറിയേയും സിൽബന്തികളേയും നിയമിക്കുന്ന കാര്യം നിയമസഭയുടെ ബഡ്ജററ് യോഗത്തിൽ ആലോചന ചെയ്യുന്നതിന്നായി നിറുത്തിവെക്കണമെന്നു തീരുമാനിച്ചു.

(൨) ൧൦൮൭-ാമാണ്ടു സംസ്ഥാനത്തിലെ ആസ്പത്രികളിലെയും ഡിസ്പെൻസറികളിലേയും ഉപയോഗത്തിന്നു വേണ്ടുന്ന കിടക്കകളും വസ്ത്രങ്ങളും സെൻട്രൽ ജയിലിൽനിന്നു വാങ്ങുന്നതിനു കൂടുതൽ വേണ്ടിവന്ന ചെലവു ൩൦൦൦ രൂപാ ൨൨ ബി. ആസ്പത്രികളും ഡിസ്പെൻസറികളും, എന്ന ഇനത്തിൽ അനുവദിക്കണമെന്നുള്ള ആലോചനയെ കമ്മിററി സ്വീകരിച്ചു.

(൩) താഴെ പറയുന്ന സിൽബന്തികളുള്ള ഒരു ഡിസ്പെൻസറി ൧൧൦൨ മിഥുനം ൧൭-നു മുതൽ താമരക്കുളത്തു സ്ഥാപിച്ചു നടത്തുന്നകാര്യവും തുടക്കുന്ന വർഷത്തിൽ ആ സ്ഥാപനത്തിന്റെ ചെലവിലേക്കു ൧൧൦൨-ാമാണ്ടത്തെ മെഡിക്കൽബഡ്ജററിൽ ൪൦൩ രൂപ കൂടുതലായി അനുവദിക്കുന്നകാര്യവും കമ്മിററി സമ്മതിച്ചു.

൧ സബ് അസിസ്റ്റന്റ സർജൻ	മാസം	ഒന്നുക്കു	രൂപ	൫൦
൧ കമ്പൗണ്ടർ	,,	,,	,,	൨൦
൧ സൂതികർമ്മിണി	,,	,,	,,	൨൦
൧ ശിപായി	,,	,,	,,	൯
൧ തൂപ്പുകാരൻ	,,	,,	,,	൮½
തൻചിലവു	,,	,,	,,	൧൦

(൪) താഴെ കാണിച്ചിരിക്കുന്ന ചെലവിന്മേൽ തിരുവനന്തപുരം കുഷ്ഠരോഗാസ്പത്രിയിൽ രോഗികളുടെ ശുശ്രൂഷയ്ക്കു നാലു ഹോളിക്രാസ് സിസ്റ്റേഴ്സിനെ നിയമിക്കണമെന്നുള്ള ആലോചനയെ കമ്മിററി സ്വീകരിച്ചു.

പ്രധാന നഴ്സിങ്ങ് സിസ്റ്റരിനു പ്രതിഫലം മാസം ഒന്നിനു		രൂപ	൬൦
ശേഷം മൂന്നു സിസ്റ്റേഴ്സിനു ഓരോരുത്തക്കു	ടി	ടി	൫൦
൧ വെള്ളക്കാരൻ	ടി	ടി	൮½
൧ തോട്ടി	ടി	ടി	൮½
൧ ധോബി	ടി	ടി	൬
സിസ്റ്റേഴ്സിനു വസ്ത്രത്തിനു		ടി	൧൬
സാമാനങ്ങൾക്കു		ടി	൭൫൦

ഈ ആവശ്യത്തിലേക്കു ൧൧൦൨-ലെ മെഡിക്കൽബഡ്ജററിൽ ൧,൫൮൫ രൂപ കൂടുതലായി അനുവദിക്കുന്നകാര്യവും കമ്മിററി സമ്മതിച്ചു.

(൫) ൧൧൦൨-ാമാണ്ടത്തെ എക്സൈസ് ബഡ്ജററിൽ ഉപ്പളം മുതലായവ വാങ്ങുന്നതിനു ആവശ്യമുള്ള ൭൦൦൦ രൂപ കൂടുതലായി അനുവദിക്കണമെന്നുള്ള ആലോചനയെ കമ്മിററി സ്വീകരിച്ചു.

(൬) തെക്കൻതിരുവിതാംകൂറിലെ അളങ്ങളിൽനിന്നു തിരുവനന്തപുരവും കൊല്ലവും ഡിപ്പോകളിലേക്കു ഉപ്പു കടത്തിക്കൊണ്ടുവരുന്നതിനുള്ള ചെലവു ൧൫,൫൦൦ രൂപ കൂടുതലായി ൧൧൦൨-ലെ എക്സൈസ് ബഡ്ജററിൽ അനുവദിക്കണമെന്നുള്ള അപേക്ഷയെ കമ്മിററി സ്വീകരിച്ചു.

(൭) കൊല്ലം പോലീസ് സ്റ്റേഷനിൽ ചില പരിഷ്കാരപ്രവൃത്തികൾക്കായി ൧൧൦൨-ലെ പൊതുമരാമത്തു ബഡ്ജററിൽ ൨,൨൦൦ രൂപ കൂടുതലായി അനുവദിക്കണമെന്നുള്ള ആലോചന കമ്മിററി സ്വീകരിച്ചു.

(൮) നെടുമങ്ങാട്ടു വെമ്പായം റോഡിൽ തണ്ണിമൂട് എന്ന സ്ഥലത്തുനിന്നു വെട്ടുപള്ളി സർക്കാർ ചട്ടുകൽതോട്ടത്തിലേയ്ക്കുള്ള റോഡു നന്നാക്കുന്നതിനു ൧൧൦൨-ലെ പൊതുമരാമത്തുബഡ്ജററിൽ ൮൫൦ രൂപ കൂടുതലായി അനുവദിക്കണമെന്നുള്ള ആലോചന കമ്മിററി സ്വീകരിച്ചു.

(൯) വിമൻസ് കാളേജിൽ ഇന്റർമീഡിയേററ ൨-ാം ഗ്രൂപ്പ് ഏർപ്പെടുത്തുന്നതിനും കാളേജ് ഒന്നാംഗ്രേഡ് കാളേജായി ഉയർത്തുന്നതിനും ആവശ്യമുള്ള കെട്ടിടങ്ങളിൽ സയൻസ് കെട്ടിടത്തിന്റെ പണി പൂർത്തിയാക്കുന്നതിനു വേണ്ടുന്ന ൧൮,൦൦൦ രൂപ ൧൧൦൨-ലെ പൊതുമരാമത്തു ബഡ്ജററിൽ കൂടുതൽ അനുവദിക്കണമെന്നുള്ള അപേക്ഷ കമ്മിററി സ്വീകരിച്ചു

(൧൦) രാജാക്കമംഗലം ഉപ്പളത്തിന്റെ ചിറയായ പന്നിവായിക്കാലിന്റെ വലത്തുകരയിൽ മട വീണതു നികത്തുന്നതിനു ൧൧൦൨-ലെ പൊതുമരാമത്തുബഡ്ജററിൽ ൧൧൪൦ രൂപ കൂടുതലായി അനുവദിക്കണമെന്നുള്ള അപേക്ഷയും കമ്മിററി സ്വീകരിച്ചു.

(൧൧) പുതുക്കടയിൽ ഒരു നല്ല കിണറു കുഴിക്കുന്നതിനും അതിന്നായി ൧൧൦൨-ലെ പൊതുമരാമത്തു ബഡ്ജററിൽ ൯൮൦ രൂപ കൂടുതലായി അനുവദിക്കുന്നതിനും കമ്മിററി സമ്മതിച്ചു. ഇതിനെസംബന്ധിച്ചുള്ള വാദത്തിൽ കായംകുളംകായലിന്റെ ഇരുകരയുമുള്ള ജനങ്ങൾ കുടിക്കാൻ നല്ല വെള്ളം കിട്ടാതെ ബുദ്ധിമുട്ടുന്നസംഗതി മിസ്റ്റർ പി. കെ. നാരായണപിള്ള പ്രസ്താവിച്ചു. ഇതു മുൻ നിയമസഭയുടെ ഒരു യോഗത്തിൽ മിസ്റ്റർ സി. രാമൻകുഞ്ഞു ഹാജരാക്കിയ ഒരു പ്രമേയത്തിന്റെ വിഷയമായിരുന്നു. ഇതിനെപ്പററി അന്വേഷണം നടത്താമെന്നു ദിവാൻ പറഞ്ഞു.

(൧൨) പുനലൂർ വടക്കേരിക്കര റോഡു നന്നാക്കുന്നതിനു ൧൧൦൨-ലെ പൊതുമരാമത്തു ബഡ്ജററിൽ ൭,൭൪൦ രൂപ കൂടുതലായി അനുവദിക്കുന്നതിനു കമ്മിററി സമ്മതിച്ചു.

(൧൩) കായംകുളത്തു ഇരിമ്പുപാലത്തിനും മീൻചന്തപാലത്തിനും അടിയന്തിരമായി ചില അററകുററപ്പണികൾ ചെയ്യുന്നതിനു ൧൧൦൨-ലെ പൊതുമരാമത്തു ബഡ്ജററിൽ ൪,൩൭൦ രൂപ കൂടുതലായി അനുവദിക്കുന്നതിനുള്ള ആലോചന കമ്മിററി സ്വീകരിച്ചു.

(൧൪) തിരുവനന്തപുരം ജനറൽ ആസ്പത്രിയോടു ചേർന്ന റെസിഡന്റ മെഡിക്കൽഉദ്യോഗസ്ഥന്റെ പാർപ്പിടം അവിടെ പുതിയ എക്സ്റെ യന്ത്രങ്ങൾ സ്ഥാപിക്കത്തക്കവണ്ണവും ഇപ്പോഴത്തെ എക്സ്റെ കെട്ടിടം റെസിഡന്റ മെഡിക്കൽഉദ്യോഗസ്ഥന്റെ പാർപ്പിടം ആക്കത്തക്കവണ്ണവും മേല്പടി കെട്ടിടങ്ങളിൽ ചില ഭേദഗതികൾ വരുത്തുന്നതിനു ൧൧൦൨-ലെ പൊതുമരാമത്തു ബഡ്ജററിൽ ൪,൮൦൪ രൂപ കൂടുതലായി അനുവദിക്കണമെന്നുള്ള അപേക്ഷ കമ്മിററി സ്വീകരിച്ചു.

(൧൫) വിഴിഞ്ഞം താഴെപ്പറയുന്ന സിൽബന്തികളുള്ള ഒരു കൺസർവൻസിസ്റ്റേഷൻ ആക്കുന്നതിനും ഈയാണ്ടിൽ ബാക്കികാലത്തെ ചെലവിനു ൧൧൦൨-ലെ ബഡ്ജററിൽ ൨൩ (൧), സാനിറേറഷനും വാക്സിനേഷനും, എന്ന ഇനത്തിൽ ൧൧൫ രൂപ അനുവദിക്കുന്നതിനും കമ്മിററി അനുവദിച്ചു.

മാസം ൧൬ രൂപ ശമ്പളത്തിൽ ഓവർസീയർ	൧
മാസം ൭½ രൂപ ശമ്പളത്തിൽ തൂപ്പുകാർ	൪

(൧൬) ഇനിയത്തെ വാദവിഷയമായ സംഗതി കക്കാട്ടുഗ്രാമത്തിൽനിന്നും ശുചീന്ദ്രം പാലത്തിന്റെ അടുക്കൽ ശുചീന്ദ്രം-കേപ്പ് റോഡിൽ ചെന്നുചേരുന്ന ഒരു റോഡു വെട്ടുന്നകാര്യമായിരുന്നു. തൽപ്രമാണിച്ചു മിസ്റ്റർ എം. ശിവതാണുപിള്ള ഇതിനു കഠിനമായ വിരോധംപറഞ്ഞു. കാര്യം തീർച്ചക്കായി നിയമസഭാമുമ്പാകെ വെയ്ക്കേണ്ടതാണെന്നു കമ്മിററിയിലെ ഭൂരിപക്ഷം തീർച്ചയാക്കി.

ഇതു സംബന്ധിച്ചു സംസ്ഥാനംഒട്ടുക്ക അധികം റോഡുകൾ വേണമെന്നും പഴവിട എന്ന സ്ഥലത്തുനിന്നു കല്ലൂർകോട്ടയ്ക്കു ഒരു റോഡിന്റെകാര്യം പ്രത്യേകമായും, മിസ്റ്റർ പി. കെ. നാരായണ പിള്ള പ്രസ്താവിച്ചു. ഇതിനു ൧൧൦൩-ാമാണ്ടു കഴിയുന്നില്ലെങ്കിൽ ൧൧൦൩-ലെ ബഡ്ജറ്റിൽ ആവശ്യമുള്ള പണം അനുവദിക്കണമെന്നു അദ്ദേഹം നിഷ്കർഷയായി പറഞ്ഞു. ഇതിനെപ്പററി ചിന്തിക്കാമെന്നു ദിവാൻ പറഞ്ഞു.

(൧൭) താഴെ വിവരിക്കുന്ന സിൽബന്തികളുള്ള ഒരു ഡിസ്പെൻസറി പിറവത്തു പുതുതായി സ്ഥാപിക്കുന്നതിനും ൧൧൦൨-ൽ ആവശ്യമുള്ള ൪൦൦ രൂപ തന്നാണ്ടത്തെ മെഡിക്കൽബഡ്ജററിൽ കൂടുതലായി അനുവദിക്കുന്നതിനും കമ്മിററി സമ്മതിച്ചു.

൧ സബ് അസിസ്റ്റന്റ സർജൻ	രൂപ ൫൦—൧൦/൩—൮൦
൧ കമ്പൌണ്ടർ	രൂപ ൨൦—൧-൨൫—൧/൨—൩൦
൧ സൂതികർമ്മിണി	രൂപ ൨൦—൧:൨൫—൧/൨—൩൦
൧ ശിപായി	രൂപ ൯—൧/൩—൧൧
൧ തൂപ്പുകാരൻ	രൂപ ൮ ½
തൽചെലവു	രൂപ ൧൦

(൧൮) തിരുവനന്തപുരം സംസ്കൃത കാളേജിലെ വേദവകുപ്പിൽ ഇപ്പോൾ ൧൫ രൂപ ശമ്പളത്തിൽ കുറെ സമയം പഠിപ്പിക്കുന്ന സ്മാർത്ത ഉപാദ്ധ്യായനു പകരം വരുന്ന ൧൦൨൧-൨൮ ന്നാംവർഷാരംഭം മുതൽ ൨൫—൫/൩—൪൦ രൂപ സ്കെയിലിൽ മാസം ൨൫ രൂപ ശമ്പളത്തിൽ മുഴുവൻസമയം പഠിപ്പിക്കുന്ന ഒരു സ്മാർത്ത ഉപാദ്ധ്യായനെ നിയമിക്കുന്നകാര്യവും അതിന്നായി ൧൧൦൨-ലെ വിദ്യാഭ്യാസബഡ്ജററിൽ ൨൦ രൂപാ കൂടുതലായി അനുവദിക്കുന്നതിനും കമ്മിററി ഭൂരിപക്ഷാഭിപ്രായപ്രകാരം അനുവദിച്ചു. വേദവകുപ്പിൽ എല്ലാജാതിക്കാർക്കുംപ്രവേശനം അനുവദിക്കുന്നില്ലെന്നുള്ള കാരണത്താൽ മി. എം. ശിവതാണുപിള്ള മാത്രം പ്രതിഷേധിച്ചു.

൧൯. പുസ്തകങ്ങൾ വാങ്ങുന്നതിനായി ൧൧൦൨-ലെ ബഡ്ജററിൽ ൧സബി. സിവിലും സെക്രട്ടേറിയറ്റും എന്ന ഇനത്തിൽ ൨൫൦൦ രൂപാ കൂടുതലായി അനുവദിക്കുന്നതിനു കമ്മിററി സമ്മതിച്ചു.

൨൦. താഴെ വിവരിച്ചപ്രകാരം പള്ളിക്കൂടങ്ങൾക്കു സഹായധനം കൊടുക്കുന്നതിനും അദ്ധ്യാപകന്മാർക്കു സഹായശമ്പളം കൊടുക്കുന്നതിനുമായി ൧൧൦൨-ലെ വിദ്യാഭ്യാസബഡ്ജററിൽ ൧൮,൪൦൦ രൂപാ കൂടുതലായി അനുവദിക്കുന്നതിനു കമ്മിററി സമ്മതിച്ചു.

൧.	ആൺകുട്ടികളുടെ നാട്ടുഭാഷാവിദ്യാലയങ്ങൾക്കു ഗ്രാന്റ	രൂപാ	൩൧,൧൯൯-൦-൦
൨.	പെൺകുട്ടികളുടെ ടി ടി	,,	൧,൯൮-൧൪-൦
൩.	സ്പെഷ്യൽസ്കൂളുകൾക്കു ഗ്രാന്റ	,,	൨,൦൦൦-൦-൦
൪.	സഹായശമ്പളത്തിനു	,,	൧,൧൯൫-൦-൦
	ആകെ രൂപാ		൧൮൩൯൨-൧൪-൦
	മൊത്തതുകയാക്കുന്നതിനു രൂപാ		൭-൧൭-൦
	ആകെ രൂപാ		൧൮,൪൦൦-൦-൦

൨൧. ഫീസാനുകൂല്യത്തിനു ഗ്രാന്റകൊടുക്കുന്നതിനായി ൧൧൦൨-ലെ വിദ്യാഭ്യാസ ബഡ്ജററിൽ ൨൦,൦൦൦ രൂപാ കൂടുതലായി അനുവദിക്കുന്നതിനു കമ്മിററി സമ്മതിച്ചു. ഇപ്പോൾ ഫീസിന്റെകാര്യത്തിൽ ആനുകൂല്യംചെയ്തുകൊടുക്കുന്നതു ഒരു അബദ്ധപ്രമാണത്തെ അടിസ്ഥാനമാക്കിയാണെന്നും കാര്യംമുഴുവനും പുനരാലോചന ചെയ്യേണ്ടതാണെന്നും മിസ്റ്റർ പി. കെ. നാരായണപിള്ള പ്രസ്താവിച്ചു. ആനുകൂല്യം കാണിക്കുന്നതു സമുദായംനോക്കിയല്ല ആർത്ഥികാവസ്ഥ നോക്കിവേണമെന്നു അദ്ദേഹംപറഞ്ഞു.

൨൨. കരിംകുളം പകുതിയിൽ വസൂലാക്കുന്ന ചുങ്കം ദേവികുളത്തേക്കു അയക്കുന്നതിനു കൊടുക്കേണ്ട മണിഓർഡർകമ്മിഷനു ൧൦൦ രൂപാ ൧൧൦൨-ലെ എക്സൈസ്ബഡ്ജററിൽ കൂടുതലായി അനുവദിക്കുന്നതിനു കമ്മിററി സമ്മതിച്ചു.

൨൩. തിരുവനന്തപുരത്തെ പ്രധാന ആഫീസുകളും സ്ഥാപനങ്ങളുംതമ്മിൽ എളുപ്പത്തിൽ സംഭാഷണം ചെയ്യത്തക്കവണ്ണം ഒരു മദ്ധ്യസ്ഥാനവും ൪൪ കണെക്ഷൻസും ഉള്ള ടെലഫോൺ (ദൂരശ്രവണയന്ത്രം) സ്ഥാപിക്കണമെന്നുള്ള ആലോചന കമ്മിററി സ്വീകരിച്ചു. അതിനുവേണ്ടിവരുന്ന ചെലവിന്റെ വിവരം താഴെ കാണിച്ചിരിക്കുന്നു.

		രൂപാ.
൧.	യന്ത്രം സ്ഥാപിക്കുന്നതിനും കണെക്ഷൻസുണ്ടാക്കുന്നതിനും	൧൫൦൧൦
൨.	ആണ്ടുതോറുമുള്ള ചെലവു	൨൦൦൦
൩.	പരിശ്രമം തേയ്മാനവും	൧൮൫൦

൧൧൦൨-ലെ ബഡ്ജററിൽ സയന്റിഫിക്കു പലവകയും എന്ന ഇനത്തിൽ ടെലഫോൺ സ്ഥാപിക്കുന്നതിനും കണെക്ഷൻസുണ്ടാക്കുന്നതിനുമായി ൧൫,൦൦൦ രൂപാ പ്രത്യേകമായി അനുവദിക്കുന്നതിനും കമ്മിററി സമ്മതിച്ചു. ആണ്ടുതോറുമുള്ള നടത്തിപ്പു ചെലവും തേയ്മാനച്ചെലവും ഓരോ കണെക്ഷനും ആണ്ടൊന്നുക്കു ൯൦ രൂപാവീതം വസൂലാക്കി വഹിക്കേണ്ടതാണെന്നും നിശ്ചയിച്ചു.

കമ്മിററി ഉച്ചതിരിഞ്ഞു ൩-൧൫ മണിക്കു പിരിഞ്ഞു.

ഹജൂർക്കച്ചേരി, തിരുവനന്തപുരം,
൧൯൨൭ മേയ് ൧൧-ാം.

ടി. പി. രാമസുബ്ബയ്യർ,
സ്ഥിരം ഫൈനാൻസ്കമ്മിററി സെക്രട്ടറി.

അനുബന്ധം ബി.

തിരുവിതാംകോട്ട ചലനചിത്രപ്രദർശനബിൽ.
(നിയമസഭ സ്വീകരിച്ചതു).

ചലനചിത്രപ്രദർശനയന്ത്രങ്ങൾകൊണ്ടുള്ള പ്രദർശനങ്ങളെ നിയന്ത്രിക്കുന്നതിന്

വ്യവസ്ഥചെയ്യാനായിട്ടുള്ള ഒരു ബിൽ.

പീഠിക.

ചലനചിത്രപ്രദർശനയന്ത്രങ്ങൾകൊണ്ടുള്ള പ്രദർശനങ്ങളെ നിയന്ത്രിക്കുന്നതിനു വ്യവസ്ഥചെയ്യേണ്ടതു യുക്തമായിരിക്കകൊണ്ട്, ഇതിനാൽ നിയമപ്പെടുത്തുന്നതെന്തെന്നാൽ:—

ചുരുക്കപ്പേരും വ്യാപ്തിയും, ആരംഭവും.

൧. (൧) ഈ റഗുലേഷനു "തിരുവിതാംകോട്ട ചലനചിത്രപ്രദർശന റഗുലേഷൻ" എന്നു വിളിക്കാവുന്നതാണ്.

(൨) ഇതു തിരുവിതാംകൂർ മുഴുവനും വ്യാപിക്കുന്നതായിരിക്കും.

(൩) ഇത്—നടപ്പിൽ വരുന്നതാണ്.

അർത്ഥവിവരണം.

൨. വിഷയത്തിനോ സന്ദർഭത്തിനോ വിരുദ്ധമായി യാതൊന്നുമില്ലാത്തപക്ഷം ഈ റഗുലേഷനിൽ:

"ചലനചിത്രപ്രദർശനയന്ത്രം" എന്നതിൽ, ചലനചിത്രങ്ങളെ തുടർച്ചയായിട്ടുള്ള ചലനചിത്രങ്ങളായി പ്രദർശിപ്പിക്കുന്നതിനുള്ള ഏതൊരു ഉപകരണവും ഉൾപ്പെടുന്നതാണ്.

"നിശ്ചയിക്കപ്പെട്ടിട്ടുള്ള" എന്നാൽ ഈ റഗുലേഷൻപ്രകാരം ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളാൽ നിശ്ചയിക്കപ്പെട്ടിട്ടുള്ള എന്നു അർത്ഥമാകുന്നു.

ചലനചിത്രപ്രദർശനങ്ങൾക്കു ലൈസൻസു വേണമെന്ന്.

൩. ഈ റഗുലേഷനിൽ മറുപ്രകാരത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതൊഴികെ, യാതൊരാളും, ഈ റഗുലേഷൻപ്രകാരം ലൈസൻസു കൊടുത്തിട്ടുള്ളതല്ലാത്തതായ ഏതെങ്കിലും സ്ഥലത്തോ അപ്രകാരമുള്ള ലൈസൻസിലെ ഏതെങ്കിലും നിബന്ധനകളും കരാറുകളും അനുസരിച്ചല്ലാതെയോ ചലനചിത്രപ്രദർശനയന്ത്രംകൊണ്ടുള്ള ഒരു പ്രദർശനം നടത്താൻ പാടില്ലാത്തതാകുന്നു.

ലൈസൻസു കൊടുക്കുന്ന അധികാരി.

൪. ഈ റഗുലേഷൻപ്രകാരം ലൈസൻസുകൊടുക്കുന്നതിന് അധികാരമുള്ള അധികൃതൻ, (ഇതിനു താഴെ "ലൈസൻസുകൊടുക്കുന്ന അധികാരി" യെന്നു പറയുന്നതാണ്.) മുനിസിപ്പൽ പ്രദേശങ്ങളിൽ, അതാതു നഗരസഭകൾ ആയിരിക്കുന്നതും മററു സ്ഥലങ്ങളിൽ ഡിസ്ട്രിക്ട്മജിസ്ട്രേട്ടോ നമ്മുടെ സക്കാർഗസററിൽ പരസ്യംമൂലം അതിലേക്കായി നമ്മുടെ ഗവമെണ്ടു നിയമിക്കാവുന്ന മററു അധികാരിയോ ആയിരിക്കുന്നതും ആകുന്നു.

ലൈസൻസു കൊടുക്കുന്ന അധികാരിയുടെ അധികാരങ്ങളുടെ നിയന്ത്രണങ്ങൾ.

൫. (൧) (എ) റഗുലേഷൻപ്രകാരം ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളെ സാരമായി അനുസരിച്ചിട്ടുണ്ടെന്നും,

(ബി) ലൈസൻസുകൊടുക്കേണ്ടതായ സ്ഥലത്തു പ്രദർശനങ്ങൾക്കു സന്നിഹിതരാകുന്ന ആളുകളുടെ രക്ഷയ്ക്കുവേണ്ടി ഏർപ്പാടുകളെസംബന്ധിച്ചു മതിയായ മുൻകരുതലുകൾ ചെയ്തിട്ടുണ്ടെന്നും ബോദ്ധ്യമാകാത്തപക്ഷം,

ലൈസൻസു കൊടുക്കുന്ന അധികാരി ഈ റഗുലേഷൻപ്രകാരം ഒരു ലൈസൻസു കൊടുക്കാൻ പാടില്ലാത്തതാകുന്നു.

(൨) പരസ്യമായി പ്രദർശിപ്പിക്കത്തക്കതെന്നു ൭-ാംവകുപ്പിൻപ്രകാരം രൂപീകരിച്ചിട്ടുള്ള ഏതെങ്കിലും അധികാരസ്ഥാനത്താൽ സാക്ഷിപ്പെടുത്തീട്ടുള്ളതും പ്രദർശിപ്പിക്കുമ്പോൾ ആ അധികാരസ്ഥാനത്തെ നിശ്ചിതമായ അടയാളംകാണാവുന്നതും അപ്രകാരമുള്ള അടയാളം വച്ചതിന്റെശേഷം യാതൊരുവിധത്തിലും ഭേദപ്പെടുത്തുകയോ മാററുകയോ ചെയ്തിട്ടില്ലാത്തതും അല്ലാതെ മററു യാതൊരു ചിത്രസഞ്ചികയും ലൈസൻസുകാരൻ അപ്രകാരമുള്ള സ്ഥലത്തു പ്രദർശിപ്പിക്കുകയോ പ്രദർശിപ്പിക്കുന്നതിനു അനുവദിക്കുകയോ ചെയ്യുകയില്ലെന്നുള്ള ഒരു നിബന്ധന എല്ലാ ലൈസൻസിലും ഉൾപ്പെടുത്തേണ്ടതാണ്.

(൩) ലൈസൻസുകൊടുക്കുന്ന അധികാരിക്കു ഈ റഗുലേഷനിലെ വ്യവസ്ഥകൾക്കും നമ്മുടെ ഗവമെണ്ടു ഏർപ്പെടുത്തുന്ന ചട്ടങ്ങൾക്കും ഉൾപ്പെട്ടു തനിക്കു യുക്തമെന്നുതോന്നുന്ന ആളുകൾക്കും താൻ നിശ്ചയിക്കുന്ന വ്യവസ്ഥകളും നിബന്ധനകളും അനുസരിച്ചും കരാറുകൾക്കധീനപ്പെട്ടും ഈ റഗുലേഷൻപ്രകാരം ലൈസൻസുകൾ കൊടുക്കാവുന്നതാണ്.

ഈ റഗുലേഷനും അതിൻപ്രകാരമുള്ള ചട്ടങ്ങൾക്കും വിപരീതമായി പ്രവർത്തിക്കുന്നതിനുള്ള ശിക്ഷ.

൬. ഈ റഗുലേഷനിലെ വ്യവസ്ഥകൾക്കോ അതിൻപ്രകാരമുള്ള ചട്ടങ്ങൾക്കോ റഗുലേഷൻപ്രകാരം കൊടുത്തിട്ടുള്ള ഏതെങ്കിലും ലൈസൻസിന്റെ നിബന്ധനകൾക്കോ കരാറുകൾക്കോ വിപരീതമായി ഒരു ചലനചിത്രപ്രദർശനയന്ത്രത്തിന്റെ ഉടമസ്ഥനോ അതിന്റെ ചാർജ്‌വഹിക്കുന്ന ആളോ ആ യന്ത്രത്തെ ഉപയോഗിക്കുകയോ ഉപയോഗിക്കുന്നതിനു അനുവദിക്കയോ ഒരു സ്ഥലത്തിന്റെ ഉടമസ്ഥനോ പ്രവേശനക്കാരനോ ആ സ്ഥലത്തെ ഉപയോഗിക്കാൻ അനുവദിക്കയോ ചെയ്യുന്നപക്ഷം, അധികാരമുള്ള ഒരു കോടതിയാൽ അയാളുടെ പേരിൽ കുററം സ്ഥാപിക്കപ്പെട്ടതിനുശേഷം, അയാൾക്കു ആയിരം രൂപവരെയും കുററം തുടർന്നുകൊണ്ടിരിക്കുന്നതായാൽ അപ്രകാരം തുടർന്നുകൊണ്ടിരിക്കുന്ന ഓരോദിവസത്തേക്കും കൂടുതലായി നൂറു രൂപ വരെയും പിഴശിക്ഷ കല്പിക്കാവുന്നതും അയാൾ

-ക്ക ലൈസൻസു ഏതെങ്കിലും ഉള്ളപക്ഷം ആ ലൈസൻസുകൊടുക്കുന്ന അധികാരിയാൽ പിൻവലിക്കപ്പെടാ-വുന്നിടയാകുന്നതും ആകുന്നു.

ചിത്രസഞ്ചികകൾക്കുള്ള സാക്ഷ്യപത്രം.

൭. (എ) ചിത്രസഞ്ചികകൾ പരിശോധിച്ചു പരസ്യമായി പ്രദർശിപ്പിക്കത്തക്കവയെന്നു സാക്ഷ്യപ്പെടുത്തുന്നതിനു നമ്മുടെ സക്കാർ ഗസററിൽ പരസ്യംമൂലം നമ്മുടെ ഗവണ്മെൻറിനു ഉദ്യോഗസ്ഥന്മാരും അനുദ്യോഗസ്ഥന്മാരും അടങ്ങിയ ഒരു ബോർഡു നിയമിക്കാവുന്നതാകുന്നു. ബോർഡിൻെറ സാക്ഷ്യപത്രം അതിൽ വിവരിച്ചിരിക്കുന്ന പ്രദേശത്തു സാധുവായിരിക്കുന്നതാണ്.

(ബി) ഒരു ചിത്രസഞ്ചിക പരസ്യമായി പ്രദർശിപ്പിക്കത്തക്കതെന്നു പരിശോധനയ്ക്കുശേഷം ബോർഡിനു തോന്നുന്നപക്ഷം ആ അധികാരി പ്രസ്തുതവിവരം കാണിക്കുന്ന ഒരു സാക്ഷ്യപത്രം അതിന് അപേക്ഷിക്കുന്ന ആളിനു കൊടുക്കേണ്ടതും നിശ്ചയിക്കപ്പെട്ടിട്ടുള്ള രീതിയിൽ ചിത്രസഞ്ചികയിൽ അടയാളം വയ്ക്കേണ്ടതുമാകുന്നു.

(സി) ഒരു ചിത്രസഞ്ചിക പരസ്യമായി പ്രദർശിപ്പിക്കത്തക്കതല്ലെന്നു തോന്നുന്നപക്ഷം ആ തീരുമാനം ബോർഡു അപേക്ഷകനെ അറിയിക്കേണ്ടതും ഈ സംഗതി പുനരാലോചിക്കണമെന്നു ആ അറിയിപ്പു തീയതിമുതൽ മുപ്പതു ദിവസങ്ങൾക്കകം അപേക്ഷകന് നമ്മുടെ ഗവണ്മെൻറിൽ അപ്പീൽ ബോധിപ്പിക്കാവുന്നതും നമ്മുടെ ഗവണ്മെൻറിൻെറ തീരുമാനം അവസാനത്തിലുള്ളതായിരിക്കുന്നതുമാകുന്നു.

(ഡി) കാരണങ്ങൾ രേഖപ്പെടുത്തിയതിനുശേഷം ഡിസ്ത്രിക്ട്‌മജിസ്ത്രേട്ടിനു ഏതെങ്കിലും ചിത്രസഞ്ചികയുടെ സാക്ഷ്യപത്രത്തെ നമ്മുടെ ഗവണ്മെൻറു ഉത്തരവുണ്ടാകുന്നതുവരെ നിറുത്തിവയ്ക്കാൻ ഉത്തരവുകൊടുക്കാവുന്നതും അപ്രകാരം നിറുത്തിവെച്ചിരിക്കുന്നകാലത്തു ആ ചിത്രസഞ്ചിക സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്ത ഒരു ചിത്രസഞ്ചികയായി ഗണിക്കപ്പെടേണ്ടതുമാകുന്നു. ഡിസ്ത്രിക്ട്‌മജിസ്ത്രേട്ട തൻെറ ഉത്തരവിൻെറ ഒരു പകർപ്പു ഉടൻതന്നെ നമ്മുടെ ഗവണ്മെൻറിലേയ്ക്കു അയക്കേണ്ടതും നമ്മുടെ ഗവണ്മെൻറു തങ്ങളുടെ യുക്തംപോലെ ഡിസ്ത്രിക്ട്‌മജിസ്ത്രേട്ടിൻെറ ഉത്തരവിനെ റദ്ദാക്കുകയോ തിരുവിതാംകൂറിൽ മുഴുവനുമോ ഏതെങ്കിലുംഭാഗത്തോ പ്രസ്തുത സഞ്ചിക സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്ത ഒരു ചിത്രസഞ്ചികയായി ഗണിക്കേണ്ടതാണെന്നു നമ്മുടെ സക്കാർ ഗസററിൽ പരസ്യംമൂലം ആജ്ഞാപിക്കുകയോ ചെയ്യാവുന്നതുമാണ്.

(ഇ) സാക്ഷ്യപ്പെടുത്തിയിട്ടുള്ള ഒരു ചിത്രസഞ്ചികയെ തിരുവിതാംകൂറിൽ മുഴുവനുമോ ഏതെങ്കിലുംഭാഗത്തോ സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്ത ഒരു ചിത്രസഞ്ചികയായി ഗണിക്കേണ്ടതാണെന്നു നമ്മുടെ സക്കാർ ഗസററിൽ പരസ്യംമൂലം നമ്മുടെ ഗവണ്മെൻറിനു നേരിട്ടുതന്നെ ആജ്ഞാപിക്കാവുന്നതാകുന്നു.

(എഫ്) നാലാം ഉപവകുപ്പിൻപ്രകാരമോ അഞ്ചാം ഉപവകുപ്പിൻപ്രകാരമോ ഉള്ള ഏതെങ്കിലും ഉത്തരവു തൽക്കാലത്തേക്കു സംബന്ധിക്കുന്നതായ ഒരു ചിത്രസഞ്ചികയുടെ പ്രദർശനം അപ്രകാരമുള്ള ഉത്തരവു സംബന്ധിക്കുന്ന പ്രദേശത്തു ൭ (ബി)-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള നിബന്ധനയ്ക്കു വിപരീതമായ ഒരു പ്രവൃത്തിയായി ഗണിക്കേണ്ടതാകുന്നു.

ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.

൮. (എ) ഈ റഗുലേഷനിലെ വ്യവസ്ഥകൾ നടപ്പിൽവരുത്താൻ നമ്മുടെ ഗവണ്മെൻറിനു ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(ബി) പ്രത്യേകിച്ചും മേൽപ്പറഞ്ഞ അധികാരത്തിൻെറ സാമാന്യസ്വഭാവത്തിനു ഹാനിക്കുടാതെയും,

(എ) പൊതുജനരക്ഷയ്ക്കുവേണ്ടി ചലനചിത്രപ്രദർശനങ്ങളെ നിയന്ത്രിക്കുന്നതിനും,

(ബി) ചിത്രസഞ്ചികകൾ പരിശോധിച്ചു പരസ്യമായി പ്രദർശിപ്പിക്കത്തക്കവയാണെന്നു സാക്ഷ്യപ്പെടുത്താൻ നിയമിച്ചിട്ടുള്ള അധികാരികളുടെ നടപടിയേയും തത്സംബന്ധമായ എല്ലാ സംഗതികളേയും ആ അധികാരികൾ ചുമത്തേണ്ട ഫീസിനേയും സംബന്ധിച്ചും,

(സി) നിശ്ചയിക്കപ്പെടേണ്ടതായി ഈ റഗുലേഷനിൽ പറഞ്ഞിട്ടുള്ള മററുകാര്യങ്ങൾക്കായും,

(ഡി) വകുപ്പിൻപ്രകാരമുള്ള ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്യാവുന്നതാകുന്നു.

(സി) ഈ റഗുലേഷൻപ്രകാരം ഉണ്ടാക്കുന്ന എല്ലാ ചട്ടങ്ങളും നമ്മുടെ സക്കാർ ഗസററിൽ പ്രസിദ്ധപ്പെടുത്തേണ്ടതും അപ്രകാരം പ്രസിദ്ധപ്പെടുത്തിയാൽ അവയ്ക്കു, ഈ റഗുലേഷനിൽ നിയമപ്പെടുത്തിയാൽ എങ്ങനെയോ അതുപോലെയുള്ള ഊർജിതമുണ്ടായിരിക്കുന്നതുമാകുന്നു.

ഒഴിവാക്കുന്നതിനുള്ള അധികാരം.

൯. നമ്മുടെ ഗവണ്മെൻറിനു, തങ്ങൾ നിഷ്കർഷിക്കുന്ന നിബന്ധനകൾക്കും കരുതലുകൾക്കും ഉൾപ്പെട്ട രേഖാമൂലമായ ഉത്തരവിനാൽ, ഏതെങ്കിലും ചലനചിത്രപ്രദർശനത്തെയോ ഏതെങ്കിലും തരത്തിലുള്ള ചലനചിത്രപ്രദർശനങ്ങളെയോ ഈ റഗുലേഷനിലെ ഏതെങ്കിലും വ്യവസ്ഥകളിൽനിന്നോ അതിൻപ്രകാരമുള്ള ഏതെങ്കിലും ചട്ടത്തിൽനിന്നോ ഒഴിവാക്കാവുന്നതാകുന്നു.

ഒരാളുടെ സ്വന്തഗൃഹത്തിൽ നടത്തുന്ന ചലനചിത്രപ്രദർശനങ്ങളെ സംബന്ധിച്ചുള്ള ഒഴിവാക്കൽ.

൧൦. മേല്പറഞ്ഞ വകുപ്പുകളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, പണം കൊടുത്തോ മററുപ്രകാരത്തിലോ പൊതുജനങ്ങൾക്കു പ്രവേശനമില്ലാതെ, ഒരാളിൻെറ സ്വന്തഗൃഹത്തിൽ നടത്തുന്ന അസഭ്യമല്ലാത്ത ഏതെങ്കിലും ചലനചിത്രപ്രദർശനത്തെ ഈ റഗുലേഷനിലെ വ്യവസ്ഥകൾ സംബന്ധിക്കുന്നതല്ല.

ടി. പി രാമസുബ്ബയ്യർ,
നിയമസഭാസെക്രട്ടറി.

അനുബന്ധം സി.

തിരുവിതാംകോട്ടു ഖനികളും ധാതുക്കളും ബില്ലിനെപ്പററി പര്യാലോചിക്കുന്നതിന് നിയമിക്കപ്പെട്ട പ്രത്യേകകമ്മിററിയുടെ റിപ്പോർട്ട്.

"തിരുവിതാംകോട്ടു ഖനികളും ധാതുക്കളും ബില്ലി"നെപ്പററി പര്യാലോചിക്കുന്നതിനു നിയമിക്കപ്പെട്ട പ്രത്യേക കമ്മിററിയിലെ അംഗങ്ങളായ ഞങ്ങൾ താഴെ ചേർത്തിരിക്കുന്ന റിപ്പോർട്ട് സമർപ്പിച്ചുകൊള്ളുന്നു. ഞങ്ങളാൽ ഭേദപ്പെടുത്തപ്പെട്ട രൂപത്തിലുള്ള ബിൽ ഇതിനോട് അനുബന്ധിച്ചിരിക്കുന്നു.

ഖണ്ഡം ൨ (ബി)—"പതിമൂന്നു" എന്നതിനുപകരം "പതിനാലു" എന്നാക്കണം. തിരുവിതാംകോട്ടു വ്യാപാരശാലാ റെഗുലേഷനിൽ ഒരു കുട്ടി എന്നാൽ പതിനാലു വയസ്സിനു താഴെയുള്ള ആളാണെന്നു നിർവചിക്കപ്പെട്ടിരിക്കുന്നു. അതുതന്നെ ഈ നിയമത്തിലെ ആവശ്യങ്ങൾക്കും സ്വീകരിക്കാവുന്നതാണ്. അതിനാൽ ഈ ഭേദഗതി നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു.

ഖണ്ഡം ൨ (എഫ്)—"നടത്തിപ്പോരുന്നതോ" എന്നതിനുശേഷം "ആയ" എന്നതിനുപകരം "ആയിരുന്നതോ ആയ" എന്നു ചേർക്കണം.

ഖണ്ഡം ൪—"ഇതിലേക്കായി ഗവർമ്മെൻറിൽനിന്നു സാമാന്യമോ പ്രത്യേകമോ ആയ ഉത്തരവുമൂലം നിയമിക്കാവുന്ന അധികാരസ്ഥൻെറ" എന്നതിനുപകരം "ആ ഭൂമി സ്ഥിതിചെയ്യുന്ന ഡിവിഷനിലെ ഡിവിഷൻ പേഷ്കാരുടെ" എന്നു ചേർക്കണം.

ഖണ്ഡം ൪൯ (൨)—"൧൦൮൦-ലെ ൨-ാം നമ്പർ, ൧൦൮൫-ലെ ൯-ാം നമ്പർ റെഗുലേഷനുകളാൽ ഭേദപ്പെടുത്തപ്പെട്ട ൧൦൬൫-ലെ ൨-ാംനമ്പർ റെഗുലേഷനായ" എന്നതിനുപകരം "൧൧൦൦-ാമാണ്ടത്തെ" എന്നു ചേർക്കണം.

ഖണ്ഡം ൪൨—ഈ ഖണ്ഡം എടുത്തുകളഞ്ഞു ശേഷമുള്ള ഖണ്ഡങ്ങൾക്കു നമ്പറിട്ടു എണ്ണമിടുക.

ഖണ്ഡം ൪൩ (൪)—"സിവിൽ"എന്നതിനുമുമ്പ "൧൧൦൦-ാമാണ്ടത്തെ" എന്നും; "നടപടിക്രമത്തിലേയും" എന്നതിനുശേഷം "കാലഹരണറെഗുലേഷനിലേയും" എന്നതിനുമുമ്പ് "തിരുവിതാംകോട്ടു" എന്നും ചേർക്കണം.

വീണ്ടും പ്രസിദ്ധപ്പെടുത്തേണ്ടത് ആവശ്യമായിത്തീരത്തക്കവണ്ണം ബില്ലിനെ ഭേദപ്പെടുത്തിയിട്ടില്ലെന്നു ഞങ്ങൾ വിചാരിക്കുന്നു.

ഐ. സി. ചാക്കോ		(ഒപ്പ്)
ഏ. ജെ. വാൻറസ്		"
ആർ. ധനുഷ്കോടിപ്പിള്ള	(൨൪–൩–൨൩)	"
ജി. പരമേശ്വരൻപിള്ള		"
ടി. കുമാരപിള്ള	(൧൧–൧൧–൧൦൨൩)	"
പി. കെ. നാരായണപിള്ള (എൻെറ പ്രത്യേകാഭിപ്രായത്തിനു വിധേയമായി ഒപ്പിട്ടു)		"
കയ്യാലം പരമേശ്വരൻപിള്ള		"

പി. കെ. നാരായണപിള്ളയുടെ പ്രത്യേകാഭിപ്രായം:—

൧. ഭൂരിപക്ഷം റിപ്പോർട്ടിൽ പ്രസ്താവിച്ചിട്ടുള്ള സംഗതികളെ സംബന്ധിച്ചിടത്തോളം അതിലെ അഭിപ്രായംതന്നെയാണ് എനിക്കുള്ളത്. എന്നാൽ അതു പൂർവ്വാപേക്ഷമല്ലെന്നു വ്യസനസമേതം പറയേണ്ടിയിരിക്കുന്നു.

൨. ചില പ്രധാന വിഷയങ്ങളെപ്പററി പ്രത്യേകകമ്മിററി അല്പംപോലും ചിന്തിച്ചിട്ടില്ല. പ്രസ്തുത വിഷയങ്ങളുടെ പരിശോധനം ശ്രമസാദ്ധ്യമാണെന്നുള്ളത് അവയെ വിഗണിക്കുന്നതിനു കാരണമാകുന്നതല്ല.

൩. എല്ലാ ലോഹങ്ങളും ധാതുക്കളും രാജസ്വങ്ങളാണെന്നും അവ സംസ്ഥാനത്തെ സ്വത്തുക്കളാണെന്നുമുള്ള ധാരണയിന്മേലാണ് ഈ ബിൽ നിർമ്മിതമായിരിക്കുന്നത്. (൧൦൩൫-ാമാണ്ടു മിഥുനം ൨-ാംതീയതിയിലെ വിളംബരവും, ബില്ലിൽ "ഉടമസ്ഥൻ" എന്നതിൻെറ നിർവചനവും നോക്കുക). എന്നാൽ, ദാനംകൊണ്ടോ ചിരകാലപ്രതിഷ്ഠിതമായ അനുഭവാവകാശംകൊണ്ടോ സംസ്ഥാനത്തെ ലോഹങ്ങളിലും ധാതുക്കളിലും കുടികൾക്ക് ഉടമസ്ഥാവകാശം സിദ്ധിക്കാനിടയുണ്ട്. ഇതിനെ അംഗീകരിച്ചു ബില്ലിൽ വേണ്ട വ്യവസ്ഥചെയ്യേണ്ടതാണ്.

൪. "ധാതു" എന്നാൽ എന്ത്? ഈ പദം ബില്ലിൽ നിർവചിക്കപ്പെട്ടിട്ടില്ല. ഇതു ഖനികളോടു പരസ്പരസംബന്ധമുള്ളതാണെന്നു "ഖനി"യുടെ നിർവചനത്തിൽനിന്നു കാണാം. ഒരു ഖനിയാണോ അല്ലയോ എന്ന തക്കമുള്ള സംഗതികളിൽ ചീഫ്സെക്രട്ടറിയുടെ ഒരു സർട്ടിഫിക്കററു ആ വിഷയത്തെപ്പററിയുള്ള അവസാനതീർച്ചയുമായിരിക്കും. അതിനാൽ, ഒരു ധാതു എന്നാൽ എന്താണെന്നു തീരുമാനിക്കേണ്ട ചുമതല ഗവർമ്മെൻറിനു വിട്ടുകൊടുത്തിരിക്കയാണ്. ഈ സംഗതി ഗവർമ്മെൻറിൻെറ തീരുമാനത്തിനു വിട്ടുകൊടുക്കാൻ ഞാൻ തയ്യാറില്ല. വിശേഷിച്ചും, ശാസ്ത്രദൃഷ്ട്യാ നോക്കുന്നതായാലും നിയമദൃഷ്ട്യാ നോക്കുന്നതായാലും അതിൻെറ അർത്ഥവും അവ്യക്തമായിരിക്കുന്നു. താല്ക്കാലികമായി, താഴെ പറയുന്ന ഒരു നിർവചനം ഞാൻ നിർദ്ദേശിച്ചുകൊള്ളുന്നു:—"വിഷയത്തിനോ സന്ദർഭത്തിനോ വിരുദ്ധമായി യാതൊന്നുമില്ലാത്തപക്ഷം, 'ധാതുക്കൾ' എന്നാൽ, ഉത്ഭിജങ്ങളോ ചെളി, മണ്ണ്, പാറമണ്ണ്, കരിങ്കല്ല്, കളിമണ്ണ് ഇവയെപ്പോലെ ഭൂമിയുടെ ബഹിർഭാഗത്തിൽ അഥവാ ഗർഭത്തിൽ കൂടിക്കിടക്കുന്ന സാധനങ്ങളോ അല്ലാതെ, ലോഹമണ്ണ്, എണ്ണ, കല്ക്കരി ഇവയെപ്പോലെ ഭൂമിയുടെ സാധാരണയുള്ള ബഹിർഭാഗത്തിൻെറ അഥവാ ഗർഭത്തിൻെറ യാതൊരു ഗുണവുമില്ലാതെ അതിൽ പതിഞ്ഞുകിടക്കയോ അതിൽനിന്നു ഉദ്ധരിക്കയോ ചെയ്യുന്നവയും, അവ സ്ഥിതിചെയ്യുന്ന മണ്ണിൽനിന്നു സ്വതന്ത്രമായും വിഭിന്നമായും ഉള്ള ഒരു പ്രത്യേക ഉപയോഗവും വിലയുമുള്ളവയും ആയി ഒരു ഖനിയിൽനിന്നാകട്ടെ തുരങ്കത്തിൽനിന്നാകട്ടെ ലഭിക്കുന്ന സാധനങ്ങൾ എന്നർത്ഥമാകുന്നു".

൫. ബില്ലിലെ ൪-ാംഖണ്ഡം അശേഷം സ്വീകാരയോഗ്യമല്ല. സംബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങളുടെ ഫലമായുണ്ടായേക്കാനിടയുള്ള നഷ്ടത്തെ നിർണ്ണയിക്കണമെന്ന് അതിൽ പ്രസ്താവിച്ചിരിക്കുന്നു. തക്കമുള്ള സംഗതികളിൽ, ഗവർമ്മെൻറിൽനിന്നു നിയമിക്കുന്ന പ്രത്യേകാധികാരിയുടെ തീരുമാനം അവസാനത്തേതുമായിരിക്കും. അപ്രകാരം നിർണ്ണയിക്കുന്ന തുക ആർക്കാണ് കൊടുക്കേണ്ടത്; അഥവാ ആരെയാണ്

ഏല്പിക്കേണ്ടതു്? ഖനിസംബന്ധമായ പ്രവൎത്തനങ്ങളിൽനിന്നുള്ള അപായം കീഴ്മേലായി മാത്രമല്ല ഇരുവശങ്ങളിലേക്കും ബാധിക്കുന്നതാണ്. അപായത്തിന്റെയും നഷ്ടത്തിന്റെയും മുൻകൂട്ടിയുള്ള ഗണന ഒരിക്കലും കൃത്യമായിരിക്കയില്ല. അതു് ഏകദേശമെങ്കിലും ശരിയായിരിക്കയുമില്ല. ഈ സ്ഥിതിക്കു, ഒരു പ്രത്യേക ഉദ്യോഗസ്ഥന്റെ മുൻകൂട്ടിയുള്ള തീരുമാനം, അയാൾ എത്രതന്നെ സമൎത്ഥനായിരുന്നാലും, അവസാനത്തേതായിരിക്കുമെന്നു പറയുന്നതു ഭീമമായ ഒരു അനീതിയാകുന്നു. കൂടാതെ, ഗവണ്മെന്റിനാൽ തന്നെ നിയമിക്കപ്പെടുന്ന ഒരു പ്രത്യേക ഉദ്യോഗസ്ഥൻ ആയിരിക്കുന്നതെന്തിനാണ്? സങ്കടമുള്ള കക്ഷിയാൽ നിയമിക്കപ്പെടുന്ന ഒരു ഉദ്യോഗസ്ഥൻ എന്തുകൊണ്ടു പാടില്ല? തങ്ങൾ നിയമിക്കുന്ന ആൾതന്നെ ഈ സംഗതി തീരുമാനിക്കുന്നതിൽ ഗവണ്മെന്റിനുള്ള ഉൽകണ്ഠ ഈ വ്യവസ്ഥയുടെ അനീതിയെ തെളിയിക്കുന്നു. എങ്ങനെ ആയാലും തൽഫലമായുണ്ടാകുന്ന സകല നഷ്ടത്തിനും ചേതത്തിനും ഗവണ്മെന്റു് ഉത്തരവാദിയായിരിക്കണം. എന്നാൽ, അതിനെപ്പററിയുള്ള അവസാനമായ തീരുമാനം ഒരു സിവിൽകോടതിയുടെതായിരിക്കണം. ഭൂമി ഒഴിപ്പിക്കുന്നതിനെ സംബന്ധിച്ചുള്ള കേസുകളിലെപ്പോലെ, ആ ഉദ്യോഗസ്ഥന്റെ തീരുമാനത്തിന്മേൽ ഡിസ്ത്രിക്ട് കോടതിയിലേക്കു് അപ്പീൽ ഉണ്ടായിരിക്കാവുന്നതാണ്.

൬. നഷ്ടത്തിനുപുറമെ, ചുററപ്പെടുന്ന "മാതൃകകൾ"ക്കുള്ള പ്രതിഫലത്തെപ്പററിയും ചിന്തിക്കേണ്ടിയിരിക്കും. ഇതിനും വ്യവസ്ഥചെയ്യേണ്ടിയിരിക്കുന്നു.

൭. ഈ ബില്ലിൻപ്രകാരം ഗവണ്മെന്റിന്റെ കീഴ്ജീവനക്കാരിൽ നിക്ഷേപിക്കാനുദ്ദേശിക്കുന്ന അധികാരങ്ങൾ വിപുലമാകയാലും അവയെ ദുൎവിനിയോഗം ചെയ്യാൻ ധാരാളം ഇടയുള്ളതിനാലും, അശ്രദ്ധയോടോ മനഃപൂൎവ്വവിചാരത്തോടുകൂടിയും ഉത്തമവിശ്വാസമില്ലാതെയും ഈ റഗുലേഷൻപ്രകാരം നടപടി നടത്തുന്ന ഏതു ഉദ്യോഗസ്ഥനേയും ശിക്ഷിക്കുന്നതിനു വേണ്ടുംവണ്ണം വ്യവസ്ഥചെയ്യേണ്ടതാണ്. ഉത്തമവിശ്വാസം തെളിയിക്കുന്നതിനുള്ള ചുമതല ഗവണ്മെന്റിന്റെയും ആ ഉദ്യോഗസ്ഥന്റെയും മേൽ സ്ഥാപിക്കേണ്ടതാകുന്നു.

൮. ഡിസ്ത്രിക്ട് മജിസ്ട്രേട്ടിന്റെ പ്രവൃത്തികളിലും ഉത്തരവുകളിലുംനിന്നു സങ്കടമുള്ള ഒരു കക്ഷിക്കു ഹൈക്കോടതിയിൽ അപ്പീൽ കൊടുക്കാൻ അവകാശമുണ്ടായിരിക്കണം.

൯. ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം ഗവണ്മെന്റിനു കൊടുക്കാൻ പാടില്ല.

(൨൭-ാം ഖണ്ഡം നോക്കുക).

൧൦. ൪൪-ാം ഖണ്ഡം അവ്യക്തവും ആപൽക്കരവും ആണ്.

൧൧. മേൽ ൭-ാം ഖണ്ഡികയിൽ പറഞ്ഞിട്ടുള്ളതിനെ അടിസ്ഥാനമാക്കി ൪൭-ാംഖണ്ഡത്തെ ഭേദപ്പെടുത്തേണ്ടതാണ്.

൧൨. ൪൩-ാം ഖണ്ഡത്തിൽ പറഞ്ഞിരിക്കുന്നതുപോലെ ഭൂമിയുടെ ഉപരിഭാഗത്തിന്മേലുള്ള അവകാശം ഒഴിപ്പിക്കുന്നതിനെ സംബന്ധിച്ചിടത്തോളം, ഒഴിപ്പിക്കുന്ന അവകാശത്തിന്റെ വ്യാപ്തിയും സ്വഭാവവും ഗവണ്മെന്റിനു യുക്തമെന്നു തോന്നുന്നതുപോലെ നിൎണ്ണയിക്കാൻ പാടില്ല. ഭൂമി ഒഴിപ്പിക്കുന്നതിനുള്ള റഗുലേഷനിലെ വ്യവസ്ഥകൾ ഇതിലും സംബന്ധിപ്പിക്കേണ്ടതാണ്.

൧൩. ആവശ്യമുള്ളിടത്തും സന്ദൎഭമുള്ളിടത്തും വേണ്ടിയുള്ള മററു ഭേദഗതികൾ ബില്ലിനെപ്പററിയുള്ള വാദപ്രതിവാദത്തിൽ ഉപക്ഷേപിച്ചുകൊള്ളാം.

തിരുവനന്തപുരം, പി. കെ. നാരായണപിള്ള മെംബർ.
൧൧൦൧ കർക്കടകം ൨൩.

അനുബന്ധം ഡി.

തിരുവിതാംകോട്ടു ഖനികളും ധാതുക്കളും ബിൽ.

(പ്രത്യേക കമ്മിററി ഭേദപ്പെടുത്തിയതു്.)

(അടിയിൽ വരച്ചിട്ടുള്ള വാക്കുകൾ കമ്മിററി നിൎദ്ദേശിച്ച ഭേദഗതികളെ കുറിക്കുന്നു.)

ഖനികളുടെ നിയന്ത്രണത്തിനും പരിശോധനയ്ക്കുംവേണ്ടിയും ലോഹങ്ങളേയും ധാതുക്കളേയും തിരയുന്നതിനു വേണ്ടിയും വ്യവസ്ഥ ചെയ്യുന്നതിനുള്ള ഒരു ബിൽ.

ഖനികളുടെ നിയന്ത്രണത്തിനും പരിശോധനയ്ക്കുംവേണ്ടിയും ലോഹങ്ങളേയും ധാതുക്കളേയും തിരയുന്നതിനു വേണ്ടിയും വ്യവസ്ഥചെയ്യുന്നതു യുക്തമായിരിക്കകൊണ്ടു, ഇതിനാൽ നിയമപ്പെടുത്തുന്നതെന്തെന്നാൽ:—

അദ്ധ്യായം ൧.

പ്രാരംഭം.

ചുരുക്കപ്പേരും വ്യാപ്തിയും ആരംഭവും.

൧. (൧) ഈ റെഗുലേഷനു "തിരുവിതാംകോട്ടു ഖനികളും ധാതുക്കളും റെഗുലേഷൻ" എന്നു പേർ പറയാം.

(൨) ഇതു തിരുവിതാംകൂർ മുഴുവൻ വ്യാപിക്കുന്നതാണ്.

(൩) ഇതു ഉടനെ നടപ്പിൽ വരുന്നതാകുന്നു.

അൎത്ഥവിവരണം.

൨. (൧) ഈ റെഗുലേഷനിൽ വിഷയത്തിനോ പ്രകൃതത്തിനോ വിരുദ്ധമായി യാതൊന്നും ഇല്ലാത്തപക്ഷം—

(എ) ഒരു ഖനിയെസംബന്ധിച്ചു പറയുമ്പോൾ "ഏജൻറ്" എന്നാൽ, ഖനിയുടേയോ അതിന്റെ ഏതെങ്കിലും ഭാഗത്തിന്റെയോ ഭരണവിഷയത്തിൽ ഉടമസ്ഥന്റെ പ്രതിനിധിയായി നിയമിക്കപ്പെടുകയോ ജോലിനോക്കുകയോ ചെയ്യുന്നതും എന്നാൽ ആ നിലയിൽ ഈ റെഗുലേഷൻപ്രകാരമുള്ള മാനേജരല്ലാത്തതുമായ ഏതു ആളും എന്നു അൎത്ഥമാകുന്നു;

(ബി) "കുട്ടി" എന്നാൽ പതിന്നാലുവയസ്സിൽ താഴ്ന്ന ഒരാൾ എന്നർത്ഥമാകുന്നു;

(സി) മാനേജരാൽ നിയമിക്കപ്പെട്ടോ അല്ലെങ്കിൽ മാനേജരുടെ അറിവോടുകൂടിയോ, കൂലിക്കായിട്ടോ കൂലിക്കല്ലാതെയോ, വല്ല ഖനനവേലസംബന്ധിച്ചോ, ഒരു ഖനിയിലോ ഖനിസംബന്ധിച്ചോ ഉപയോഗിക്കുന്ന വല്ല യന്ത്രത്തിന്റെയും വല്ല ഭാഗത്തെയും വൃത്തിയാക്കുകയോ അതിൽ എണ്ണയിടുകയോ ചെയ്യുന്നതിനെ സംബന്ധിച്ചോ, അല്ലെങ്കിൽ ഖനനവേലകൾമുഖമുള്ളതോ അവ സംബന്ധിച്ചുള്ളതോ ആയ മറ്റുവല്ല ജോലി സംബന്ധിച്ചോ വേല ചെയ്യുന്ന ഒരാളെ ഒരു ഖനിയിൽ "ഏർപ്പെട്ടുത്തിയിരിക്കുന്നു" എന്നു പറയുന്നു;

(ഡി) "ഗസററ്" എന്നാൽ തിരുവിതാംകൂർ ഗവർമ്മെന്റു ഗസററ് എന്നു അർത്ഥമാകുന്നു;

(ഇ) "ഇൻസ്പെക്ടർ" എന്നാൽ ഈ റെഗുലേഷൻപ്രകാരം നിയമിക്കപ്പെട്ടിട്ടുള്ള ഖനി ഇൻസ്പെക്ടർ എന്നു അർത്ഥമാകുന്നതും അതിൽ ഈ റെഗുലേഷൻപ്രകാരം നടത്തുന്നതിനോ ചെയ്യുന്നതിനോ അധികാരപ്പെടുത്തിയിട്ടുള്ള ഒരു ഇൻസ്പെക്ടരുടെ വല്ല അധികാരം നടത്തുകയോ വല്ല ഉദ്യോഗം ചെയ്യുകയോ ചെയ്യുന്ന ഒരു ഡിസ്ട്രിക്ട് മജിസ്ട്രേട്ട് ഉൾപ്പെടുന്നതും ആകുന്നു;

(എഫ്) "ഖനി" എന്നാൽ ധാതുക്കൾക്കായി തിരഞ്ഞുനോക്കുന്നതിനോ, അവ ലഭിക്കുന്നതിനോ വേണ്ടി വല്ല വേലയും നടത്തിയതോ നടത്തിപ്പോരുന്നതോ ആയി ഭൂഗർഭത്തിലുള്ളതോ അല്ലാത്തതോ ആയ വല്ല കുഴിയും എന്നു അർത്ഥമാകുന്നതും അതിൽ ഒരു ഖനിയുടെ മുകളിലോ ചേർന്നോ, അതിൽ തന്നെയോ അതിന്റെ സമീപത്തിലോ ഉള്ളതോ അല്ലെങ്കിൽ അതിനോടു ബന്ധപ്പെട്ടതോ ആയ എല്ലാ പണികളും, യന്ത്രങ്ങളും, ട്രാംവേകളും, ഇടപ്പാതകളും ഉൾപ്പെടുന്നതും ആകുന്നു;

എന്നാൽ ചരിച്ചു കൽക്കരി ഉണ്ടാക്കുന്നതിനോ ധാതുക്കൾ ശുദ്ധിചെയ്യുന്നതിനോ ഉള്ള പണികൾ ഒഴിച്ചു ഒരു കൈകൊഴിൽവേല നടത്തിവരുന്ന സ്ഥലത്തിന്റെ യാതൊരു ഭാഗവും ഇതിൽ ഉൾപ്പെടുന്നതല്ല;

(ജി) ഒരു ഖനിയെ സംബന്ധിച്ചിടത്തോളം "ഉടമസ്ഥൻ" എന്നാൽ, ഒരു ഖനനജോലി നടത്തുന്നതിനോ ലോഹങ്ങളെയോ ധാതുക്കളെയോ തിരയുന്നതിനോ വേണ്ടി ഒരു പാട്ടമോ ലൈസൻസോ ഗവർമ്മെന്റിൽനിന്നു ലഭിച്ചിട്ടുള്ള ഒരാൾ എന്നു അർത്ഥമാകുന്നതും അതിൽ ഏതെങ്കിലും ജോലിയോ അതിന്റെ ഭാഗമോ ചെയ്വാൻ ഏർപ്പെടുത്തപ്പെടുന്ന ഒരു കൺട്രാക്ടർ ഉൾപ്പെടുന്നതും ആകുന്നു;

(എച്ച്) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ റെഗുലേഷൻപ്രകാരം ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നു അർത്ഥമാകുന്നു;

(ഐ) "യോഗ്യത സിദ്ധിച്ചിട്ടുള്ള മെഡിക്കൽ പ്രാക്ടീഷണർ" എന്നാൽ ഈ റെഗുലേഷന്റെ ആവശ്യങ്ങൾക്കായി യോഗ്യത സിദ്ധിച്ചിട്ടുള്ള ഒരു മെഡിക്കൽ പ്രാക്ടീഷണരായി ഗസററിൽ പരസ്യംമൂലം ഗവർമ്മെന്റു പ്രഖ്യാപനം ചെയ്തിട്ടുള്ള ഒരാൾ എന്നു അർത്ഥമാകുന്നു;

(ജെ) "സാരമായ ദേഹോപദ്രവം" എന്നാൽ കൈകാലുകളിൽ വല്ലതിന്റെയും ഉപയോഗത്തിന്റെ സ്ഥിരമായ നഷ്ടമോ അവയിൽ വല്ലതിനും വരുന്ന സ്ഥിരമായ ക്ഷതമോ, അല്ലെങ്കിൽ നേത്രേന്ദ്രിയത്തിന്റെയോ ശ്രോത്രേന്ദ്രിയത്തിന്റെയോ സ്ഥിരനഷ്ടമോ ക്ഷതമോ, അല്ലെങ്കിൽ കൈകാലുകളിൽ വല്ലതും ഒടിയുന്നതോ അല്ലെങ്കിൽ ഉപദ്രവം സംഭവിച്ച ആൾക്കു ഇരുപതു ദിവസത്തിൽ കൂടുതലായ ഒരു കാലത്തേക്കു ജോലിക്കു ഹാജരാകാൻ നിവൃത്തിയില്ലാതാക്കുന്ന വല്ലതുമോ, സംഭവിക്കുന്നതോ അല്ലെങ്കിൽ സംഭവിച്ചേക്കാവുന്നതോ ആയ വല്ല ദേഹോപദ്രവം എന്നു അർത്ഥമാകുന്നു;

(കെ) "വാരം" എന്നാൽ ഒരു ശനിയാഴ്ച അർദ്ധരാത്രിമുതൽ അടുത്ത ശനിയാഴ്ച അർദ്ധരാത്രിവരെ ഇടയ്ക്കുള്ള കാലം എന്നർത്ഥമാകുന്നു.

അദ്ധ്യായം ൨.

ലോഹങ്ങൾക്കും ധാതുക്കൾക്കും ആയുള്ള തിരയൽ.

ഗവർമ്മെന്റുവകയല്ലാത്ത ഭൂമികളിൽ തിരയുന്നതിനുമുമ്പു നോട്ടീസു.

൩. (൧) ഗവർമ്മെന്റുവകയല്ലാത്ത വല്ല ഭൂമിയുടേയും അടിയിൽ വല്ല ലോഹമോ ധാതുവോ കാണുമെന്നും ആ ഭൂമിയുടെ അടിമണ്ണു പരിശോധിച്ചുനോക്കേണ്ടതു ആവശ്യമോ ആശാസ്യമോ ആകുന്നെന്നും ഇതിലേക്കായി നിയമിച്ചിട്ടുള്ള ഒരു ഗവർമ്മെന്റുദ്യോഗസ്ഥനു തോന്നുന്നപക്ഷം, ആ ഉദ്യോഗസ്ഥൻ ഭൂമിയെ സർവേ ചെയ്യുന്നതിനും അതിന്റെ അടിമണ്ണു പരിശോധിക്കുന്നതിനുംഉള്ള തന്റെ ഉദ്ദേശത്തെ സംബന്ധിച്ചു നിർണ്ണയിക്കപ്പെട്ടിട്ടുള്ള മാതിരിയിൽ നോട്ടീസ് കൊടുക്കേണ്ടതാകുന്നു.

(൨) നോട്ടീസുകൊടുത്തു പതിനാലുദിവസം കഴിഞ്ഞതിനുശേഷം (൧)-ാം ഉപവകുപ്പിൻപ്രകാരം നോട്ടീസുകൊടുക്കുന്ന ഉദ്യോഗസ്ഥനു താഴെപ്പറയുന്നതു ന്യായമായി ചെയ്യാവുന്നതാണു:—

(എ) അപ്രകാരമുള്ള ഭൂമിയിൽ പ്രവേശിച്ചു അതു സർവേ ചെയ്യുക,

(ബി) അടിമണ്ണിലേക്കു കുഴിക്കുകയോ തുരക്കുകയോ ചെയ്യുകയും ആ അടിമണ്ണിന്റെ മാതൃകകൾ എടുക്കുകയും ചെയ്യുക.

(സി) സ്ഥലങ്ങൾ അടയാളപ്പെടുത്തുകയും ചാലുകൾ കുഴിക്കുകയും ആവശ്യമുള്ളസംഗതികളിൽ വല്ല വിളവിനെയോ വേലിയെയോ കാടിനെയോ വെട്ടിമാറ്റുകയും ചെയ്യുക.

(ഡി) അപ്രകാരമുള്ള ഭൂമിയിൽ ഉണ്ടെന്നു വിശ്വസിച്ചുപോരുന്ന വല്ല ലോഹങ്ങളോ ധാതുക്കളോ ഉണ്ടോ എന്നും എത്രയുണ്ടാകുമെന്നും നിശ്ചയമാക്കുന്നതിനുവേണ്ട മറ്റെല്ലാപ്രവൃത്തികളും ചെയ്യുക.

(൩) (൨)-ാം ഉപവകുപ്പിൽ പറഞ്ഞതായ പ്രവൃത്തികൾ നോട്ടീസുകൊടുക്കുന്ന ഉദ്യോഗസ്ഥൻ തന്നെയോ അല്ലെങ്കിൽ ആ ഉദ്യോഗസ്ഥൻ ആ പ്രവൃത്തികൾ ചെയ്യുന്നതിലേക്കു രേഖാമൂലം അധികാരപ്പെടുത്തുന്നമററു വല്ലയാളോ ചെയ്യാവുന്നതാകുന്നു.

പ്രതിഫലം കൊടുക്കൽ.

൪. ൩-ാംവകുപ്പിൽ പറഞ്ഞിട്ടുള്ള ഉദ്യോഗസ്ഥൻ അപ്രകാരം ഭൂമിയിൽ പ്രവേശിക്കുന്ന അവസരത്തിൽ ചെയ്യുന്ന പ്രവൃത്തികൾകൊണ്ടു വരാവുന്ന വല്ലനഷ്ടങ്ങൾക്കും പ്രതിഫലം കൊടുക്കുകയോ കൊടുക്കാൻ തയ്യാറായിരിക്കുകയോ ചെയ്യേണ്ടതാകുന്നു. ഇപ്രകാരം കൊടുക്കുന്ന തുകയുടെ മതിയായ്മയെപ്പററി തർക്കമുണ്ടാകുന്നസംഗതിയിൽ ആ തർക്ക

ത്തുടൻതന്നെ ആ ഉദ്യോഗസ്ഥൻ ഉചിതമായി സ്ഥിതിചെയ്യുന്നതിന്മേൽ ദിവാൻപേഷ്കാരുടെ തീർപ്പിനായി സമർപ്പിക്കേണ്ടതാകുന്നു. ആ തീരുമാനം അവസാനതീർപ്പായിരിക്കുന്നതും അതനുസരിച്ചുള്ള ഉത്തരവു കൊടുക്കേണ്ടതുമാകുന്നു.

ചട്ടങ്ങൾ ഉണ്ടാക്കുന്നതിനു ഗവർമ്മെന്റിനുള്ള അധികാരം.

൫. (എ) ൩-ാംവകുപ്പിൻപ്രകാരം നോട്ടീസുകൊടുക്കുന്നതിന്റെ മാതിരിയെ സംബന്ധിച്ചും,

(ബി) ൪-ാം വകുപ്പിൻപ്രകാരം തീർച്ചപ്പെടുത്തുന്ന സംഗതികളിൽ അന്വേഷണം നടത്തേണ്ട മാതിരിയെ സംബന്ധിച്ചും,

(സി) സാധാരണയായി ഈ അദ്ധ്യായത്തിലെ വ്യവസ്ഥകളെ നടപ്പിൽ കൊണ്ടുവരുന്നതിനെ സംബന്ധിച്ചും,

ഗവർമ്മെന്റിനു ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാകുന്നു.

അദ്ധ്യായം ൩.

ഇൻസ്പെക്ടരന്മാർ.

ഇൻസ്പെക്ടരന്മാർ.

൬. (൧) തിരുവിതാംകൂർ സംസ്ഥാനം ഒട്ടുക്കു ഖനികളുടെ ഇൻസ്പെക്ടരായി, വേണ്ടയോഗ്യത സമ്പാദിച്ചിട്ടുള്ള ഒരാളെ ഗസറ്റിൽ ഒരു പരസ്യംമൂലം ഗവർമ്മെന്റിനു നിയമിക്കാവുന്നതാണ്.

(൨) ഈ വകുപ്പിൻപ്രകാരം നിയമിക്കപ്പെടുന്ന ഖനി ഇൻസ്പെക്ടർ തിരുവിതാംകൂർ ശിക്ഷാനിയമപ്രകാരമുള്ള ഒരു സർക്കാർ ഉദ്യോഗസ്ഥനായി വിചാരിക്കപ്പെടേണ്ടതാകുന്നു.

(൩) തിരുവിതാംകൂറിലുള്ള വല്ല ഖനിയിലെയോ ഖനിസംബന്ധിച്ച അവകാശത്തിലോ നേരിട്ടോ അല്ലാതെയോ താല്പര്യമുള്ളതോ താല്പര്യമുണ്ടാകുന്നതോ ആയ യാതൊരാളെയും ഒരു ഇൻസ്പെക്ടരായി നിയമിക്കുന്നതല്ലാത്തതും നിയമിച്ചതിനുശേഷം അപ്രകാരം ഇൻസ്പെക്ടരായിരിക്കാൻ അനുവദിക്കുന്നതല്ലാത്തതും ആകുന്നു.

(൪) ഈ റെഗുലേഷൻപ്രകാരം ചട്ടങ്ങൾ ഉണ്ടാക്കുമ്പോൾ ഖനികളുടെ ഉടമസ്ഥന്മാരെയും ഏജന്റന്മാരെയും, മാനേജരന്മാരെയും, അവരെ സംബന്ധിക്കുന്ന ചട്ടങ്ങളും ആ ചട്ടങ്ങളുടെ പ്രതികൾ എവിടെ കിട്ടുമെന്നുള്ള വിവരവും ഇൻസ്പെക്ടർ അറിയിച്ചുകൊടുക്കേണ്ടതാകുന്നു.

ഡിസ്ത്രിക്ട് മജിസ്ത്രേട്ടന്മാരുടെ അധികാരങ്ങൾ.

൭. ഗവർമ്മെന്റിന്റെ സാമാന്യമോ പ്രത്യേകമോ ആയുള്ള ഉത്തരവുകൾക്കു ഉൾപ്പെട്ട്, ഒരു ഡിസ്ത്രിക്ട് മജിസ്ത്രേട്ടിനു ഒരു ഇൻസ്പെക്ടരുടെ അധികാരങ്ങൾ നടത്തുകയും ജോലികൾ നിർവഹിക്കുകയും ചെയ്യാവുന്നതാകുന്നു.

എന്നാൽ, ഈ വകുപ്പിൽ അടങ്ങിയിരിക്കുന്ന യാതൊന്നും ൧൭-ാം ൨൯-ാം വകുപ്പുകളാൽ നൽകിയിട്ടുള്ള വല്ല അധികാരങ്ങളും നടത്തുന്നതിനു ഒരു ഡിസ്ത്രിക്ട് മജിസ്ത്രേട്ടിനെ അധികാരപ്പെടുത്തുന്നതായി വിചാരിക്കേണ്ടതല്ല.

ഖനിഇൻസ്പെക്ടരുടെ അധികാരങ്ങൾ.

൮. ഇൻസ്പെക്ടർക്ക്—

(എ) ഏതെങ്കിലും ഖനിയുടെ സംഗതിയിൽ, ഈ റെഗുലേഷനിലെ വ്യവസ്ഥകളും ഈ റെഗുലേഷൻപ്രകാരം ഉണ്ടാക്കുന്ന ചട്ടങ്ങളും ഉപചട്ടങ്ങളും വല്ല ഉത്തരവുകളും അനുസരിച്ചിട്ടുണ്ടോ എന്നു അറിയുന്നതിനു ആവശ്യമെന്നു തോന്നുന്ന പരിശോധനയും അന്വേഷണവും നടത്തുകയും;

(ബി) പകലാകട്ടെ, രാത്രിയാകട്ടെ ന്യായമായ എല്ലാസമയത്തും, ഖനിയുടെ പ്രവൃത്തനത്തെ ന്യായരഹിതമായി മുടക്കുകയോ തടയുകയോ ചെയ്യാത്തവിധത്തിൽ, വല്ല ഖനിയിലൊ, അതിലെ വല്ല ഭാഗത്തോ, (അസിസ്റ്റൻറന്മാരുള്ളപക്ഷം) ആവശ്യമെന്നുതോന്നുന്ന അസിസ്റ്റൻറന്മാരോടുകൂടി പ്രവേശിച്ചു പരിശോധിക്കുകയും;

(സി) വല്ല ഖനിയുടേയോ അതിന്റെ വല്ല ഭാഗത്തിന്റെയോ സ്ഥിതിയെയും അവസ്ഥയെയുംപററിയും അതിലെ വായുസഞ്ചാരത്തെപററിയും ഖനിയെസംബന്ധിച്ചു തൽക്കാലം നടപ്പിലുള്ള ഉപചട്ടങ്ങളുടെ കാര്യക്ഷമതയെപററിയും ഖനിയിലൊ ഖനിസംബന്ധിച്ചോ ഏർപ്പെടുത്തിയിട്ടുള്ള ജോലിക്കാരുടെ രക്ഷയെപ്പററിയുള്ളതോ അതിനെസംബന്ധിച്ചതോ ആയ എല്ലാ കാര്യങ്ങളെയും വസ്തുക്കളെയുംപററിയും പരിശോധിച്ചു അന്വേഷണംനടത്തുകയും;

ചെയ്യാവുന്നതാകുന്നു.

പ്രവേശിക്കുന്നതിനും അളക്കുന്നതിനും മററും പ്രത്യേകം ഉദ്യോഗസ്ഥനുള്ള അധികാരങ്ങൾ.

൯. ഇതിലേയ്ക്കായി ഇൻസ്പെക്ടരുടെ രേഖാമൂലമായുള്ള ഒരു പ്രത്യേക ഉത്തരവിനാൽ അധികാരപ്പെടുത്തിയിട്ടുള്ള വല്ല സർക്കാർ ജീവനക്കാരനും, ഏതെങ്കിലും ഖനിയെ സർവെചെയ്യുകയോ നിരപ്പാക്കുകയോ അളക്കുകയോ ചെയ്യുന്നതിലേയ്ക്കായി, അപ്രകാരമുള്ള ഖനിയുടെ മാനേജർക്കു മൂന്നു ദിവസത്തിൽ കുറയാത്ത നോട്ടീസു കൊടുത്തതിനുശേഷം, പകലാകട്ടെ രാത്രിയാകട്ടെ ന്യായമായ ഏതെങ്കിലും സമയത്തു, ഖനിയുടെ പ്രവൃത്തനത്തെ ന്യായരഹിതമായ വിധത്തിൽ മുടക്കുകയോ തടയുകയോ ചെയ്യാത്തവിധത്തിൽ, വല്ല ഖനിയിലോ അതിന്റെ വല്ല ഭാഗത്തോ പ്രവേശിക്കാവുന്നതും അതിനെ സർവെചെയ്യുകയോ, നിരപ്പാക്കുകയോ, അളക്കുകയോ ചെയ്യാവുന്നതും ആകുന്നു.

ഇൻസ്പെക്ടർമാർക്കു നൽകേണ്ട സൌകര്യങ്ങൾ.

൧൦. ഖനികളുടെ ഉടമസ്ഥന്മാരും, ഏജന്റന്മാരും, മാനേജരന്മാരും, ഇൻസ്പെക്ടർക്കും ൯-ാംവകുപ്പിൻപ്രകാരം അധികാരപ്പെടുത്തിയിട്ടുള്ള വല്ലവർക്കും ഈ റെഗുലേഷൻപ്രകാരം ഒരു ഖനിയിൽ പ്രവേശിക്കുന്നതിനൊ, പരിശോധന നടത്തുന്നതിനൊ, സർവെചെയ്യുന്നതിനൊ, അളക്കുന്നതിനൊ, പരിശോധനയോ അന്വേഷണമൊ നടത്തുന്നതിനൊ ന്യായമായ എല്ലാസൌകര്യങ്ങളും ഉണ്ടാക്കിക്കൊടുക്കേണ്ടതാകുന്നു.

൫൫. (൧) ഏതെങ്കിലും ഖനിയുടെ രജിസ്റ്ററുകളുടേയോ മററു റിക്കാർഡുകളുടേയോ പകർപ്പുകളും അവയിൽനിന്നുള്ള എക്സ്ട്രാക്റ്റുകളും ഈ റഗുലേഷൻപ്രകാരം വല്ല ഖനിയും പരിശോധിക്കുന്നതിനിടയിൽ ഇൻസ്പെക്ടർക്കോ ആ ഉദ്യോഗസ്ഥനെ സഹായിക്കുന്ന മററുവല്ലവർക്കൊ അല്ലെങ്കിൽ ൯-ാം വകുപ്പിൻപ്രകാരം അധികാരപ്പെടുത്തിയിട്ടുള്ള ആർക്കെങ്കിലുമൊ കിട്ടീട്ടുള്ള മററുപ്രാവിവരങ്ങളും വളരെ സ്വകാര്യമായി കരുതേണ്ടതാകുന്നു.

കിട്ടുന്ന വിവരങ്ങൾ വളരെ രഹസ്യമായി കരുതേണ്ടതാണെന്നു.

(൨) ഇൻസ്പെക്ടറോ (൧)-ാം ഉപവകുപ്പിൽ പറയപ്പെട്ടിട്ടുള്ള വല്ലവരുമൊ മേൽപ്രകാരത്തെ വല്ല വിവരവും ഗവർമ്മെൻറിൻറ അനുമതികൂടാതെ ഒരു മജിസ്ട്രേട്ടിനെയോ അല്ലെങ്കിൽ തൻെറ മേലധികാരിയായ ഒരു ഉദ്യോഗസ്ഥനെയോ ഒഴിച്ചു മററു വല്ലവരേയും ധരിപ്പിക്കുന്നപക്ഷം, ആ ആൾ ആറു മാസംവരെ വരാവുന്ന തടവുശിക്ഷയ്ക്കുപുറമെ പിഴശിക്ഷയ്ക്കുംകൂടി പാത്രമായി വരുന്നതാകുന്നു.

(൩) ഗവർമ്മെൻറ ഉത്തരവനുസരിച്ചോ ഗവർമ്മെൻറ നൽകുന്ന അധികാരപ്രകാരമൊ, അല്ലെങ്കിൽ ഈ കുററംമൂലം സങ്കടം അനുഭവിച്ചവരാലൊ, ആവശ്യപ്പെടുന്ന സംഗതികളിൽ ഒഴിച്ചു, ഈ വകുപ്പിൻപ്രകാരമുള്ള യാതൊരു കുററത്തെസംബന്ധിച്ചും യാതൊരാളെ കോർട്ടും വിസ്താരം നടത്തിക്കൂടാത്തതാകുന്നു.

അദ്ധ്യായം ൮.

ഖനനവേലകളും ഖനികളുടെ ഭരണവും.

൫൬. ഇപ്പോൾ പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്ന ഒരു ഖനിയുടെ സംഗതിയിൽ ഈ റഗുലേഷൻ നടപ്പിൽ വന്നതിനുശേഷം ഒരു മാസത്തിനകവും, പുതിയ ഖനികളുടെ സംഗതിയിൽ ജോലിതുടങ്ങിയ സമയംമുതൽ മൂന്നുമാസത്തിനകവും ഖനികളുടെ ഉടമസ്ഥനൊ, ഏജൻറൊ, മാനേജരൊ ഖനി സ്ഥിതിചെയ്യുന്ന ഡിസ്ട്രിക്റ്റിലെ ഡിസ്ട്രിക്റ്റ്മജിസ്ട്രേട്ടിനു നിർണ്ണയിക്കപ്പെടാവുന്ന ഫാറത്തിലും ഖനിയെസംബന്ധിച്ചു നിർണ്ണയിക്കപ്പെടാവുന്ന വിവരങ്ങളോടുകൂടിയും രേഖാമൂലമായ നോട്ടീസ്സ് കൊടുക്കേണ്ടതാകുന്നു.

ഖനികളെസംബന്ധിച്ചു നോട്ടീസ്.

൫൭. (൧) മററു പ്രകാരത്തിൽ നിർണ്ണയിക്കുന്നതൊഴിച്ചു, ഓരോ ഖനിയും നിർണ്ണയിക്കപ്പെട്ടിട്ടുള്ളയോഗ്യതകളോടുകൂടി, ഖനിയുടെ മേൽനോട്ടത്തിനും ഭരണത്തിനും നിയന്ത്രണത്തിനും ഉത്തരവാദിയായ ഒരു മാനേജരുടെ കീഴിൽ ആയിരിക്കേണ്ടതും, ഓരോ ഖനിയുടെ ഉടമസ്ഥനൊ ഏജൻേറാതന്നെ മാനേജരായിരിക്കുകയോ മാനേജരായിരിക്കാൻ വേണ്ട യോഗ്യതകളോടുകൂടിയ മററാരാളെ നിയമിക്കുകയോ ചെയ്യേണ്ടതും ആകുന്നു.

മാനേജരന്മാർ.

(൨) ൧-ാം ഉപവകുപ്പിൽ ആവശ്യപ്പെട്ടപ്രകാരം ഒരു മാനേജരോടുകൂടാതെ വല്ല ഖനിയിലും പ്രവൃത്തി നടത്തുന്നപക്ഷം ഉടമസ്ഥനും ഏജൻറും ഈ വകുപ്പിലെ വ്യവസ്ഥകളെ ലംഘിച്ചതായി വിചാരിക്കുന്നതാണ്.

൫൮. (൧) ഒരു ഖനിയെസംബന്ധിച്ചു നടത്തിപ്പോരുന്ന എല്ലാ വേലകളും ഈ റഗുലേഷനിലേയും ഈ റഗുലേഷൻപ്രകാരമുള്ള ചട്ടങ്ങളിലേയും ഉപചട്ടങ്ങളിലേയും ഉത്തരവുകളിലേയും വ്യവസ്ഥകൾ അനുസരിച്ചു നടത്തിപ്പോരുന്നു എന്നുള്ളതിലേക്ക അതിൻെറ ഉടമസ്ഥനും ഏജൻറും മാനേജരും ഉത്തരവാദികളാകുന്നു.

ഉടമസ്ഥന്മാരുടേയും ഏജൻറന്മാരുടേയും മാനേജരന്മാരുടേയും കൃത്യങ്ങളും ചുമതലകളും.

(൨) ആരെങ്കിലും അപ്രകാരമുള്ള വല്ല വ്യവസ്ഥകളേയും ലംഘിക്കുന്നപക്ഷം, അങ്ങനെ ഒരു ലംഘനം ഉണ്ടാകാതിരിക്കുന്നതിലേക്ക വ്യവസ്ഥകളെ പ്രസിദ്ധപ്പെടുത്തിയും കഴിയുന്നതും നടപ്പിൽ വരുത്തിയും ന്യായമായ എല്ലാ ഏർപ്പാടുകളും ചെയ്തിട്ടുണ്ടെന്നു തെളിയിക്കുന്ന സംഗതികളിൽ ഒഴിച്ചു, ഖനിയുടെ ഉടമസ്ഥനും ഏജൻറും മാനേജരും ആ ലംഘനത്തിനു കുററക്കാരായി വിചാരിക്കപ്പെടുന്നതാണ്.

എന്നാൽ:—

(എ) ഖനിയുടെ ഭരണത്തിൽ തനിക്ക സാധാരണയായി യാതൊരു പങ്കും ഇല്ലെന്നും പ്രസ്തുതകാര്യത്തെ സംബന്ധിച്ചു യാതൊരു ഭാരവാഹിത്വവും വഹിച്ചിട്ടില്ലെന്നും,

(ബി) മാനേജർക്ക തൻെറ ജോലികളെ നടത്തുന്നതിനു പണസംബന്ധമായും മററും ആവശ്യമുള്ളവ്യവസ്ഥകൾ ചെയ്തിട്ടുണ്ടെന്നും,

(സി) കുററംചെയ്തിട്ടുള്ളതു തൻെറ അറിവോ സമ്മതമൊ ഉപേക്ഷയോ കൂടാതെയാണെന്നും,

ഉടമസ്ഥനൊ ഏജൻേറാ തെളിയിക്കുന്നപക്ഷം അവരെപ്പററി അപ്രകാരം വിചാരിക്കുന്നതല്ല.

(ഡി) മേൽ വ്യവസ്ഥചെയ്തപ്രകാരമല്ലാതെ, ഈ വകുപ്പിൻപ്രകാരം ഒരു ഖനി ഉടമസ്ഥൻേറയോ ഏജൻറിേൻറയോ പേരിൽ കൊണ്ടുവരുന്ന യാതൊരു നടപടിയിലും റഗുലേഷനിലെ വ്യവസ്ഥകൾ അനുസരിച്ചാണ ഖനിയിൽ മാനേജരെ നിയമിച്ചിട്ടുള്ളതു എന്നുള്ള വാദം സാധുവായിരിക്കുന്നതല്ല.

അദ്ധ്യായം ൯.

ആരോഗ്യത്തേയും രക്ഷയേയും സംബന്ധിച്ചുള്ള വ്യവസ്ഥകൾ.

൫൯. എല്ലാ ഖനികളിലും നിർണ്ണയിക്കപ്പെടാവുന്ന മാതിരിയിലും വലിപ്പത്തിലും മറപ്പുകളും മൂത്രപ്പുരകളും ഉണ്ടാക്കി സൂക്ഷിച്ചുപോരേണ്ടതും നിർണ്ണയിക്കപ്പെടുന്നിടത്തോളം, കുടിക്കാൻ ഉപയോഗിക്കാവുന്ന വെള്ളം സംഭരിച്ചിരിക്കേണ്ടതും ആകുന്നു.

സംരക്ഷണം.

൬൦. ഈ വകുപ്പു സംബന്ധിക്കുമെന്നു ഗസററിൽ പരസ്യംമൂലം ഗവർമ്മെൻറ പ്രഖ്യാപനംചെയ്യുന്ന എല്ലാ ഖനികളിലും നിർണ്ണയിക്കപ്പെടാവുന്നിടത്തോളം ആംബുലൻസുകളും സ്ട്രെച്ചറുകളും സ്പ്ലിൻറുകളും ബാൻഡേജുകളും മററു വൈദ്യസഹായോപകരണങ്ങളും ഒരു നേരുകയ്യുള്ള സ്ഥലത്തു എളുപ്പത്തിൽ എടുക്കത്തക്കവണ്ണം നല്ലതും ഉപയുക്തവുമായ സ്ഥിതിയിൽ സൂക്ഷിച്ചിരിക്കേണ്ടതാകുന്നു.

വൈദ്യസഹായോപകരണങ്ങൾ.

൫൭. (ഏ) ഈ റെഗുലേഷൻമൂലമാകട്ടെ, ഈ റെഗുലേഷൻപ്രകാരം ഉണ്ടാക്കുന്ന വല്ല ചട്ടങ്ങളോ, ഉപചട്ടങ്ങളോ, ഉത്തരവുകളോ മൂലമാകട്ടെ പ്രത്യേകം വ്യവസ്ഥചെയ്തിട്ടില്ലാത്ത വല്ല സംഗതിയിലും, ഏതെങ്കിലും ഖനിയാകട്ടെ, അതിന്റെ ഏതെങ്കിലുംഭാഗമാകട്ടെ, ഖനിയിൽ ഉള്ളതോ അതിനെ സംബന്ധിച്ചതോ അല്ലെങ്കിൽ അതിന്റെ മേൽനോട്ടം, ഭരണം, നിയന്ത്രണം ഇവയെ സംബന്ധിച്ചതോ ആയ വല്ല കാര്യമാകട്ടെ, വസ്തുവാകട്ടെ, ഏർപ്പാടാകട്ടെ, മനുഷ്യജീവനോ രക്ഷയ്ക്കോ ആപൽക്കരമെന്നോ, വല്ലയാളിന്റെയും ശരീരക്ഷേമം വരുത്തത്തക്കതോ വരുത്താൻ എളുപ്പമുള്ളതോ ആയവണ്ണം കേടുള്ളതെന്നോ ഇൻസ്പെക്ടർക്ക് തോന്നുന്നപക്ഷം, ആ ഉദ്യോഗസ്ഥൻ ഖനിയുടെ ഉടമസ്ഥനോ ഏജൻറിനോ മാനേജർക്കോ അതിലേക്ക് രേഖാമൂലമായ ഒരു നോട്ടീസ് കൊടുക്കാവുന്നതും ആ നോട്ടീസ്സിൽ ഖനിയോ അതിന്റെ ഭാഗമോ, കാര്യമോ, വസ്തുവോ, ഏർപ്പാടോ, ആപൽക്കരമോ, കേടുള്ളതോ ആയിരിക്കുന്നു എന്നതിനാണെന്നുള്ള വിവരം കാണിച്ചിരിക്കേണ്ടതും, നോട്ടീസ്സിൽ ക്ലിപ്തപ്പെടുത്തിയിരിക്കാവുന്ന കാലത്തിനകം അതിനെ പരിഹരിക്കണമെന്ന് ആവശ്യപ്പെടേണ്ടതും ആകുന്നു.

നിവാരണാർത്ഥം പ്രത്യേകം വ്യവസ്ഥകൾ ചെയ്തിട്ടില്ലാത്ത ആപത്തുകൾക്കു കാരണങ്ങൾ ഉണ്ടായിരിക്കുകയോ ആളുകളെ ഏല്പ്പെടുത്തുന്നതു് ആപൽക്കരമായിരിക്കുകയോ ചെയ്യുമ്പോൾ ഇൻസ്പെക്ടർമാരുടെ അധികാരങ്ങൾ.

(ബി) ഏതെങ്കിലും ഖനിയിലോ അതിന്റെ വല്ല ഭാഗത്തിലോ ഏർപ്പെട്ടിരിക്കുന്ന വല്ല ആളുകളുടെയും ജീവനോ രക്ഷയ്ക്കോ ഉടനടിയായ ആപത്തുണ്ടെന്ന് ഇൻസ്പെക്ടർക്ക് തോന്നുന്നപക്ഷം, തന്റെ അഭിപ്രായത്തിനു കാരണങ്ങൾ അടങ്ങിയ രേഖാമൂലമായ ഒരു ഉത്തരവിനാൽ ആ ആപത്തിനെ നിവാരണംചെയ്യുന്നതുവരെ, അപ്രകാരം നിവാരണംചെയ്യുന്നതിനു ന്യായമായി ആവശ്യമെന്നു തനിക്കു തോന്നുന്നില്ലാത്ത യാതൊരാളെയും ആ ഖനിയിലാകട്ടെ അതിന്റെ പരിസരത്തിലാകട്ടെ ഖനിയുടെ ഏതെങ്കിലും ഭാഗത്തിലാകട്ടെ അതിന്റെ പരിസരത്തിലാകട്ടെ നിയമിക്കാൻ പാടില്ലെന്നു ഇൻസ്പെക്ടർക്ക് നിരോധിക്കാവുന്നതാകുന്നു.

(സി) (ഏ)-ാം ഉപവകുപ്പിൻപ്രകാരം ആവശ്യപ്പെടുമ്പോഴും (ബി)-ാം ഉപവകുപ്പിൻപ്രകാരം ഉത്തരവുകൊടുക്കുമ്പോഴും ഇൻസ്പെക്ടർ ആ വിവരത്തെ ഉടൻതന്നെ ഗവർമ്മെൻറിലേക്കു റിപ്പോർട്ടു ചെയ്യേണ്ടതും അപ്രകാരം റിപ്പോർട്ടു ചെയ്തിട്ടുണ്ടെന്നു ഖനിയുടെ ഉടമസ്ഥനെയോ ഏജൻറിനെയോ മാനേജരെയോ തെര്യപ്പെടുത്തേണ്ടതും ആകുന്നു.

(ഡി) (ഏ)-ാം ഉപവകുപ്പിൻപ്രകാരമുള്ള അപേക്ഷയോ (ബി)-ാം ഉപവകുപ്പിൻപ്രകാരം ഉള്ള ഇൻസ്പെക്ടരുടെ ഉത്തരവിനെയോ സംബന്ധിച്ചു ഉടമസ്ഥനോ ഏജൻറിനോ മാനേജർക്കോ ആക്ഷേപമുള്ള പക്ഷം സംഗതിയുടെ അവസ്ഥപോലെ ആ അപേക്ഷയോ ഉത്തരവോ അടങ്ങിയ നോട്ടീസു കിട്ടി ഇരുപതു ദിവസത്തിനകം ആക്ഷേപത്തിനുള്ള കാരണസഹിതം അതിനെ രേഖപ്പെടുത്തി ഗവർമ്മെൻറിലേക്കു അയയ്ക്കാവുന്നതാകുന്നു. ഗവർമ്മെൻറിനു സ്വമേധയായൊ, അല്ലെങ്കിൽ അതിലേക്കായി നിയമിക്കപ്പെടാവുന്ന കമ്മീഷന്റെ റിപ്പോർട്ടിനെ അടിസ്ഥാനമാക്കിയോ, ആക്ഷേപത്തെസംബന്ധിച്ചു തീരുമാനിക്കാവുന്നതാകുന്നു.

(ഇ) (ഏ)-ാം ഉപവകുപ്പിൻപ്രകാരമുള്ള എല്ലാ അപേക്ഷകളെയും (ബി)-ാം ഉപവകുപ്പിൻപ്രകാരം ഉള്ള ഉത്തരവുകളെയും ഗവർമ്മെൻറിന്റെ തീരുമാനം ഖനിയിൽ കിട്ടുന്നതുവരെ അനുസരിക്കേണ്ടതാകുന്നു; എന്നാൽ ഗവർമ്മെൻറിന്റെ ഉത്തരവുണ്ടാകുന്നതുവരെ, ഉടമസ്ഥന്റെയോ ഏജൻറിന്റെയോ മാനേജരുടെയോ അപേക്ഷയിന്മേൽ, (ഏ)-ാം ഉപവകുപ്പിൻപ്രകാരമുള്ള അപേക്ഷയുടെ പ്രവർത്തനത്തെ ഗവർമ്മെൻറിനു നിറുത്തിവയ്ക്കാവുന്നതാകുന്നു.

(എഫ്) ഈ വകുപ്പിലെ യാതൊന്നുംതന്നെ ക്രിമിനൽ നടപടിനിയമപ്രകാരം ഒരു മജിസ്ട്രേട്ടിനുള്ള അധികാരത്തെ ബാധിക്കുന്നതല്ല.

൫൮. ഒരു ഖനിയിലൊ അതിന്റെ സമീപത്തൊ ജീവനാശമൊ സാരമായ ദേഹോപദ്രവമൊ ഉണ്ടാക്കുന്ന വല്ല അപകടം സംഭവിക്കുകയാകട്ടെ, അല്ലെങ്കിൽ ഒരു ഖനിയിലൊ അതിന്റെ പരിസരങ്ങളിലൊ യാദൃച്ഛികമായ ഒരു പൊട്ടലൊ അഗ്നിജ്വലനമൊ, അഗ്നിബാധയൊ, ജലപ്രവാഹമൊ ഉണ്ടാവുകയാകട്ടെ ചെയ്താൽ, ഖനിയുടെ ഉടമസ്ഥനൊ, ഏജൻറൊ, മാനേജരൊ നിർണ്ണയിക്കപ്പെടാവുന്ന അധികാരികൾക്ക, നിർണ്ണയിക്കപ്പെടാവുന്ന ഫാറത്തിലും സമയത്തിനുള്ളിലും നിർണ്ണയിക്കപ്പെടാവുന്ന വിധത്തിൽ ഒരു നോട്ടീസ കൊടുക്കേണ്ടതാകുന്നു.

അപകടങ്ങളെപ്പറ്റി കൊടുക്കേണ്ട നോട്ടീസ.

൫൯. (ഏ) ഏതെങ്കിലും ഖനിയിലാകട്ടെ അതിന്റെ പരിസരങ്ങളിലാകട്ടെ യാദൃച്ഛികമായ വല്ല പൊട്ടലൊ, അഗ്നിജ്വലനമൊ, അഗ്നിബാധയൊ, ജലപ്രവാഹമൊ, മറ്റപകടമൊ ഉണ്ടാകുമ്പോൾ, അപകടത്തിന്റെ കാരണങ്ങളെപ്പറ്റിയും അവിടത്തെ സ്ഥിതികളെപ്പറ്റിയും ഒരു അന്വേഷണം നടത്തേണ്ടതാണെന്നു ഗവർമ്മെൻറിനു തോന്നുന്ന പക്ഷം, അപ്രകാരമുള്ള അന്വേഷണം നടത്തുന്നതിനു ശേഷിയുള്ള ഒരാളെ ഗവർമ്മെൻറു നിയമിക്കാവുന്നതും, ആ അന്വേഷണം നടത്തുന്നതിൽ അസെസ്സരായോ അസെസ്സർമാരായോ ഇരിക്കുന്നതിനു നിയമപരിജ്ഞാനമൊ പ്രത്യേകപരിജ്ഞാനമൊ ഉള്ള ആളെയോ ആളുകളെയോ കൂടി നിയമിക്കാവുന്നതും ആകുന്നു.

അപകടം സംഭവിക്കുന്ന സംഗതികളിൽ വിചാരണയ്ക്കായി ഒരു കോടതിയെ നിയമിക്കാൻ ഗവർമ്മെൻറിനുള്ള അധികാരം.

(ബി) ഇപ്രകാരമുള്ള അന്വേഷണം നടത്താൻ നിയമിക്കപ്പെടുന്ന ആളിനു, ൧൧൦൦-ാമാണ്ടത്തെ സിവിൽനടപടിനിയമം അനുസരിച്ചു സാക്ഷികളെ വരുത്തുന്നതിനും ആധാരങ്ങളും പദാർത്ഥങ്ങളും ഹാജരാക്കാൻ നിർബന്ധിക്കുന്നതിനും ഒരു സിവിൽകോടതിക്കുള്ള എല്ലാ അധികാരങ്ങളും ഉണ്ടായിരിക്കുന്നതും, മേൽപറഞ്ഞപ്രകാരമുള്ള ആൾ എന്തെങ്കിലും വിവരം ബോധിപ്പിക്കുന്നതിനു ആവശ്യപ്പെട്ടാൽ തിരുവിതാംകൂർ ശിക്ഷാനിയമം ൧൭൬-ാം വകുപ്പിൻപ്രകാരം എല്ലാപേരും അപ്രകാരം ചെയ്യുന്നതിനു നിയമപ്രകാരം നിർബന്ധിതരായി വിചാരിക്കപ്പെടുന്നതും ആകുന്നു.

(സി) ഈ വകുപ്പിൻപ്രകാരം ഒരു അന്വേഷണം നടത്തുന്ന ഏതൊരാൾക്കും, ഈ റെഗുലേഷൻപ്രകാരം ഒരു ഇൻസ്പെക്ടർക്കുള്ള അധികാരങ്ങളിൽ, അന്വേഷണം നടത്തുന്നതിനു ആവശ്യവും വിഹിതവും എന്നു തോന്നുന്ന എല്ലാ അധികാരങ്ങളും നടത്താവുന്നതാകുന്നു.

(ബി) ഈ വകുപ്പിൻപ്രകാരം അന്വേഷണം നടത്തുന്ന ആൾ, അപകടത്തിന്റെ കാരണങ്ങളും അവസ്ഥകളും അടങ്ങിയ ഒരു റിപ്പോർട്ട് ഗവർമ്മെന്റിലേക്കു അയയ്ക്കേണ്ടതും അതിൽ അസെസ്സർമാരിൽ ആരെങ്കിലുമൊ ആവശ്യമെന്നു തോന്നുന്ന ഏതെങ്കിലും അഭിപ്രായം എഴുതാവുന്നതും ആകുന്നു.

റിപ്പോർട്ടുകളുടെ പ്രസിദ്ധീകരണം.

൨൦. യുക്തമെന്നു തോന്നുന്ന കാലങ്ങളിൽ യുക്തമെന്നു തോന്നുന്ന വിധത്തിലും ൧൭-ാം വകുപ്പിൻപ്രകാരമുള്ള കമ്മിഷന്റെ റിപ്പോർട്ടിനെയോ ൧൮-ാം വകുപ്പിൻപ്രകാരം അന്വേഷണക്കോടതിയിൽ നിന്നു കിട്ടുന്ന റിപ്പോർട്ടിനെയോ ഗവർമ്മെന്റു പ്രസിദ്ധപ്പെടുത്താവുന്നതാകുന്നു.

അദ്ധ്യായം ൬.

ജോലിയുടെ സമയവും സീമയും.

ജോലിയുടെ സമയവും പരിധിയും.

൨൧. യാതൊരാളെയും—

(എ) ഒരാഴ്ചയിൽ ആറു ദിവസത്തിൽ കൂടുതലായും,

(ബി) ഖനിക്കു വെളിയിൽ ജോലിചെയ്യുന്ന സംഗതിയിൽ ഒരാഴ്ചയിൽ അറുപതു മണിക്കൂറിൽ കൂടുതലായും,

(സി) ഖനികളിൽ ജോലിചെയ്യുന്ന സംഗതിയിൽ, ഒരാഴ്ചയിൽ അമ്പത്തിനാലു മണിക്കൂറിൽ കൂടുതലായും,

ഒരു ഖനിയിൽ ജോലിചെയ്യിക്കാൻ പാടുള്ളതല്ല.

മേൽനോട്ടം നടത്തുന്നതിനുള്ള ജീവനക്കാർ

൨൨. ചട്ടങ്ങൾപ്രകാരം, മേൽനോട്ടം നടത്തുകയെന്നോ ഭരണം നടത്തുകയെന്നോ ഉള്ള ഉദ്യോഗം വഹിക്കുന്നവരായോ, അല്ലെങ്കിൽ പ്രത്യേകം വിശ്വാസയോഗ്യരായി നിയമിക്കപ്പെട്ടിട്ടുള്ളവരായോ വിവരിക്കപ്പെട്ടിട്ടുള്ളവർക്കു ൨൧-ാം വകുപ്പിലെ യാതൊന്നും സംബന്ധിക്കുന്നതല്ല.

ജോലിക്കാലത്തെ സംബന്ധിച്ചുള്ള വ്യവസ്ഥകളിൽ നിന്നു ഒഴിവാക്കൽ.

൨൩. ഒരു ഖനിയുടെയോ അതിൽ ഏർപ്പെട്ടിട്ടുള്ള ആളുകളുടെയോ രക്ഷയ്ക്കു ഹാനികരമാകത്തക്കവണ്ണം ഏതെങ്കിലും യാദൃച്ഛികസംഭവം ഉണ്ടാകുന്ന സംഗതിയിൽ ൧൭-ാം വകുപ്പിലെ വ്യവസ്ഥകൾക്കു ഉൾപ്പെട്ട്, ഖനിയുടെയോ അതിൽ ഏർപ്പെട്ടിട്ടുള്ള ആളുകളുടെയോ രക്ഷയ്ക്കു ആവശ്യമുള്ള ജോലിചെയ്യുന്നതിനു ൨൧-ാം വകുപ്പിനു വിപരീതമായി മാനേജർക്കു ആളെ ഏർപ്പെടുത്താവുന്നതാകുന്നു.

എന്നാൽ, അപ്രകാരമുള്ള ഒരു സംഭവം ഉണ്ടായാൽ ഉടൻതന്നെ മാനേജർ ആ വിവരം റിക്കാർഡുചെയ്യേണ്ടതും ഇൻസ്പെക്ടർ ഖനിയെ അടുത്ത പ്രാവശ്യം പരിശോധിക്കുമ്പോൾ അതിനെ ഇൻസ്പെക്ടറുടെ ശ്രദ്ധയിൽ പെടുത്തേണ്ടതും ആകുന്നു.

കുട്ടികൾ.

൨൪. യാതൊരു കുട്ടിയേയും ഒരു ഖനിയിൽ ജോലിക്കു ഏർപ്പെടുത്താൻ പാടില്ലാത്തതും ഖനനവേല നടക്കുന്നുള്ള യാതൊരു ഖനിയിലോ അതിന്റെ വല്ല ഭാഗത്തോ യാതൊരു കുട്ടിയേയും ഹാജരായിരിക്കാൻ അനുവദിച്ചുകൂടാത്തതുമാകുന്നു.

വയസ്സിനെ സംബന്ധിച്ചുള്ള തർക്കം.

൨൫. (എ) ഒരാൾ ഒരു കുട്ടിയാണോ അല്ലയോ എന്നുള്ള വിഷയത്തെപ്പറ്റി ഇൻസ്പെക്ടറും മാനേജരും തമ്മിൽ തർക്കിക്കുന്ന വിഷയത്തിൽ, നിർണ്ണയിക്കപ്പെട്ടിട്ടുള്ള ഫാറത്തിൽ ആ ആളിന്റെ വയസ്സിനെ സംബന്ധിച്ച് ഒരു സർട്ടിഫിക്കേറ്റില്ലാത്തപക്ഷം, ഇൻസ്പെക്ടർ ആ തർക്കത്തെ യോഗ്യതയുള്ള ഒരു മെഡിക്കൽ പ്രാക്ടീഷണറുടെ തീർപ്പിനു അയയ്ക്കേണ്ടതാണ്.

(ബി) ഒരാളുടെ വയസ്സിനെ സംബന്ധിച്ച് നിർണ്ണയിക്കപ്പെട്ടിട്ടുള്ള വിധത്തിൽ നൽകിയിട്ടുള്ള എല്ലാ സർട്ടിഫിക്കേറ്റും (എ)-ാം ഉപവകുപ്പനുസരിച്ച് ആവശ്യപ്പെട്ടപ്രകാരം യോഗ്യതയുള്ള ഒരു മെഡിക്കൽ പ്രാക്ടീഷണർ നൽകിയിട്ടുള്ള ഏതെങ്കിലും സർട്ടിഫിക്കേറ്റും ഈ റഗുലേഷന്റെ ആവശ്യങ്ങൾക്കായി, അതു സംബന്ധിക്കുന്ന ആളിന്റെ വയസ്സിനെ സംബന്ധിച്ച് മതിയായ തെളിവായിരിക്കുന്നതാണ്.

ജോലിക്കാരുടെ രജിസ്റ്റർ.

൨൬. ഓരോ ഖനിയിലും അതിൽ ഏർപ്പെടുത്തിയിട്ടുള്ള എല്ലാ ആളുകളുടെയും അവരുടെ ജോലിസമയങ്ങളുടെയും, അവരുടെ വിശ്രമദിവസങ്ങളുടെയും അവരുടെ ജോലിയുടെ സ്വഭാവത്തിന്റെയും ഒരു രജിസ്റ്റർ നിർണ്ണയിക്കപ്പെടുന്ന ഫാറത്തിലും സ്ഥലത്തും വച്ചിരിക്കേണ്ടതാകുന്നു.

അദ്ധ്യായം ൭.

ചട്ടങ്ങളും ഉപചട്ടങ്ങളും.

ചട്ടങ്ങൾ ഉണ്ടാക്കുന്നതിനു ഗവർമ്മെന്റിനുള്ള അധികാരം.

൨൭. ഗവർമ്മെന്റിനു താഴെപ്പറയുന്ന എല്ലാമോ ഏതെങ്കിലുമൊ ആവശ്യങ്ങൾക്കായി ഗസററിൽ പരസ്യംമൂലം ഈ റഗുലേഷനോടു യോജിച്ചതായ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാകുന്നു.

(എ) ഇൻസ്പെക്ടറായി നിയമിക്കപ്പെടുന്ന ആളിനു വേണ്ട യോഗ്യതകൾ നിർണ്ണയിക്കുന്നതിനു;

(ബി) ഈ റഗുലേഷൻ അനുസരിച്ച് ഖനികൾ പരിശോധിക്കുന്നതിനെ സംബന്ധിച്ച് ഇൻസ്പെക്ടറുടെ ചുമതലകളെയും അധികാരങ്ങളെയും നിർണ്ണയിക്കുന്നതിനും ക്രമപ്പെടുത്തുന്നതിനും;

(സി) ഖനികളുടെ ഉടമസ്ഥന്മാരുടെയും, ഏജന്റന്മാരുടെയും, മാനേജരന്മാരുടെയും അവരുടെ കീഴിൽ ജോലിചെയ്യുന്നവരുടെയും ചുമതലകളെ നിർണ്ണയിക്കുന്നതിനു;

(ഡി) ഖനികളുടെ മാനേജരന്മാരുടെയും അവരുടെ കീഴിൽ ജോലിചെയ്യുന്നവരുടെയും യോഗ്യതകളെ നിർണ്ണയിക്കുന്നതിനു;

(ഇ) പരിശോധനക്കാരെ മററുവിധത്തിലൊ ഖനികളിലെ മാനേജരന്മാരുടെയും അവരുടെ കിഴിൽ ജോലിചെയ്യുന്നവരുടെയും യോഗ്യതകളെ കണ്ടുപിടിക്കുന്നതിനുള്ള വിധത്തെയും യോഗ്യതാ സർട്ടിഫിക്കേററുകൾ കൊടുക്കുന്നതിനെയും പുതുക്കുന്നതിനെയും ക്രമപ്പെടുത്തുന്നതിനു;

(എഫ്) ഇപ്രകാരമുള്ള പരിശോധനകളെയും ഇപ്രകാരമുള്ള സർട്ടിഫിക്കേററുകൾ നൽകുകയും പുതുക്കുകയും ചെയ്യുന്നതിനെയും സംബന്ധിച്ച വല്ല ഫീസും കൊടുക്കേണ്ടതുണ്ടെങ്കിൽ അതിൻെറ തുക നിശ്ചയിക്കുന്നതിനു,

(ജി) ഇന്ന അവസ്ഥകളിലും ഇന്ന വ്യവസ്ഥകൾക്കുൾപ്പെട്ടും ഒന്നിൽ കൂടുതൽ ഖനികൾ ഒരു മാനേജരുടെ കീഴിലായിരിക്കാമെന്നും അല്ലെങ്കിൽ ഏതെങ്കിലും ഖനിയൊ ഖനികളൊ നിർണ്ണയിക്കപ്പെട്ടിട്ടുള്ള യോഗ്യതകളോടുകൂടാതെ ഒരു മാനേജരുടെ കീഴിൽ ആയിരിക്കാമെന്നു നിശ്ചയിക്കുന്നതിനു,

(എച്ച്) ഖനികളുടെ മാനേജരന്മാരുടെയും അവരുടെ കിഴിൽ ജോലിചെയ്യുന്നവരുടെയും ഉന്നത്തയോ അയോഗ്യതയേയോ സംബന്ധിച്ച കുററാരോപണങ്ങളെപ്പററി അന്വേഷണം നടത്തുന്നതിനും യോഗ്യതാസർട്ടിഫിക്കേററുകളെ തൽക്കാലത്തേക്കു സാധുവല്ലാതാക്കുകയും റദ്ദാക്കുകയും ചെയ്യുന്നതിനും വ്യവസ്ഥ ചെയ്യുന്നതിനു,

(ഐ) വെടിപൊട്ടുന്നസാധനങ്ങൾ ശേഖരിച്ചുവയ്ക്കുകയും ഉപയോഗിക്കുകയും ചെയ്യുന്നതിനെ തിയതാംക്കുറിച്ച വെടിപൊട്ടുന്ന സാധനംവക റഗുലേഷനിലെയും അതിൻപ്രകാരം ഉണ്ടായിട്ടുള്ള ചട്ടങ്ങളിലെയും വ്യവസ്ഥകൾക്കുൾപ്പെട്ടു ക്രമപ്പെടുത്തുന്നതിന്;

(ജെ) ഖനികളിലാകട്ടെ വല്ല പ്രത്യേകതരം ഖനികളിലാകട്ടെ, സ്ത്രീകളുടെ ജീവനൊ രക്ഷയ്ക്കൊ ആരോഗ്യത്തിനൊ, ഹാനികരമായ പ്രത്യേകതരം പണികളിലൊ, ഭൂമിയുടെ അന്തർഭാഗത്തൊ അവരെ ഏർപ്പെടുത്തുന്നതിനെ വിരോധിക്കയൊ നിയന്ത്രിക്കയൊ ക്രമപ്പെടുത്തുകയൊ ചെയ്യുന്നതിന്;

(കെ) ഒരു ഖനിയിൽ ഏർപ്പെടുത്തുന്ന ജോലിക്കാരുടെ രക്ഷയ്ക്കും, അവർക്കു ഖനിയിലേയ്ക്കുള്ള പ്രവേശന ദ്വാരത്തെയും വെളിയിൽ വരാനുള്ള വാതിലിനെയും സംബന്ധിച്ചും, ഉണ്ടായിരിക്കേണ്ട പ്രവേശന ദ്വാരങ്ങളുടെയൊ വെളിയിൽ വരാനുള്ള വഴികളുടെയൊ സംഖ്യയെ സംബന്ധിച്ചും, പ്രവേശന ദ്വാരങ്ങൾ, കുഴികൾ, വെളിയിലേക്കുള്ള വഴികൾ, മാർഗ്ഗങ്ങൾ, ഇടിവുകൾ, ഇവയ്ക്കു വേലികെട്ടുന്നതിനെ സംബന്ധിച്ചും വ്യവസ്ഥ ചെയ്യുന്നതിന്;

(എൽ) തൂണുകൾ സ്ഥാപിക്കുകയും സംരക്ഷിച്ചുപോരുകയും ചെയ്യുന്നതും രണ്ടു ഖനികൾക്കിടയ്ക്കു ആവശ്യമുള്ളിടത്തോളം ഇടസ്ഥലം ഇടുന്നതും ഉൾപ്പെടെ ഖനികളിലുള്ള റോഡുകളുടെയും ജോലിസ്ഥലങ്ങളുടെയും രക്ഷയ്ക്കുവേണ്ടി വ്യവസ്ഥചെയ്യുന്നതിന്;

(എം) ഖനികളുടെ വായുസഞ്ചാരത്തെ സംബന്ധിച്ചും പൊടിയും വിഷകരമായ വാതകങ്ങളും ഉണ്ടാകുന്നസംഗതിയിൽ നടപടിനടത്തേണ്ടതിനെ സംബന്ധിച്ചും വ്യവസ്ഥചെയ്യുന്നതിന്;

(എൻ) എല്ലാ യന്ത്രങ്ങളുടെയും യന്ത്രക്കോപ്പുകളുടെയും അടയാളം കാണിക്കുന്നതിന് ആവശ്യമുള്ള എല്ലാ വെള്ളതോപകരണങ്ങളുടെയും സൂക്ഷിപ്പിനെയും, ഉപയോഗത്തിൻെറ ക്രമീകരണത്തെയും സംബന്ധിച്ച വ്യവസ്ഥചെയ്യുന്നതിന്;

(ഒ) ഖനികളിൽ രക്ഷാദീപങ്ങൾ ഉപയോഗിക്കുന്നതിനെ നിർബന്ധിക്കുന്നതിനും ക്രമപ്പെടുത്തുന്നതിനും;

(പി) ഖനികളിൽ വെള്ളം കെട്ടിനിൽക്കുന്നതുകൊണ്ടു സംഭവിക്കാവുന്ന ആപത്തുകളുടെ നിവാരണാർത്ഥം വ്യവസ്ഥചെയ്യുന്നതിന്;

(ക്യൂ) അപകടങ്ങളുടെയും ആപൽസംഭവങ്ങളുടെയും നോട്ടീസുകളും, ധാതുക്കൾ കുഴിച്ചെടുത്തതിനെയും ജോലിക്കാരെ നിയമിച്ചതിനെയും ചട്ടങ്ങൾപ്രകാരം വ്യവസ്ഥചെയ്തിട്ടുള്ള മററു കാര്യങ്ങളെയും സംബന്ധിച്ച ഖനികളുടെ ഉടമസ്ഥന്മാരും ഏജൻറന്മാരും മാനേജരന്മാരും അയക്കേണ്ടതായ നോട്ടീസുകൾ, റിപ്പോർട്ടുകൾ, കണക്കുകൾ ഇവയും നിർണ്ണയിക്കുന്നതിനും ഇപ്രകാരമുള്ള നോട്ടീസുകൾ, റിപ്പോർട്ടുകൾ, കണക്കുകൾ ഇവയുടെ ഫാറവും, അവ അയച്ചുകൊടുക്കേണ്ട ആളുകളും അധികൃതന്മാരും, അവയിൽ അടങ്ങിയിരിക്കേണ്ട വിവരങ്ങളും, അവ അയക്കേണ്ട കാലാവധിയും നിർണ്ണയിക്കുന്നതിനും;

(ആർ) ഖനികളുടെ ഉടമസ്ഥന്മാരും ഏജൻറന്മാരും മാനേജരന്മാരും വയ്ക്കേണ്ട പ്ലാനുകളും റിക്കാർഡിനായിഅവ സൂക്ഷിക്കേണ്ട മാതിരിയും സ്ഥലവും നിർണ്ണയിക്കുന്നതിന്;

(എസ്) ഖനികളിലൊ പരിസരങ്ങളിലൊ അപകടങ്ങളൊ യാദൃച്ഛികമായി പൊട്ടിത്തെറിക്കയൊ അഗ്നിജ്വാലയൊ സംഭവിക്കുമ്പോൾ ഉള്ള നടപടിയെ ക്രമപ്പെടുത്തുന്നതിന്;

(ടി) ൧൬-ാം വകുപ്പിൻപ്രകാരം ഖനിയുടെ ഉടമസ്ഥനൊ ഏജൻറൊ മാനേജരൊ കൊടുക്കുന്ന നോട്ടീസിൻെറ ഫാറവും അതിൽ അടങ്ങിയിരിക്കേണ്ട വിവരങ്ങളും നിർണ്ണയിക്കുന്നതിന്;

(യു) ഏതെങ്കിലും പൊതുമരാമത്തു ജോലിയൊ ഇതിലേക്കായി സാമാന്യമൊ പ്രത്യേകമൊ ആയ ഒരു ഉത്തരവുമൂലം ഗവർമെൻറു പ്രഖ്യാപനം ചെയ്യാവുന്ന പൊതുമരാമത്തു ജോലിത്തരങ്ങളൊ നടത്തുന്ന സ്ഥലത്തിനു അൻപതുവാര അകത്തായ ഒരു പ്രദേശത്തു ഒരു ഖനനപ്രവർത്തനം തുടങ്ങുകയൊ വ്യാപിപ്പിക്കുകയൊ ചെയ്യുന്നതിനുമുമ്പായി ആ ഖനിയുടെ ഉടമസ്ഥനൊ, ഏജൻറൊ, മാനേജരൊ കൊടുക്കേണ്ട നോട്ടീസിൻെറ ഫാറം നിർണ്ണയിക്കുന്നതിന്;

(വി) ൧൨-ാം വകുപ്പിൽ പറഞ്ഞിട്ടുള്ളതുപോലെ വല്ല കമ്മീഷണനെയും നിയമിക്കുന്നതിനെയും ആ കമ്മീഷൻെറ നടപടി ക്രമപ്പെടുത്തുന്നതിനെയും സംബന്ധിച്ച വ്യവസ്ഥചെയ്യുന്നതിന്;

(ഡബ്ലിയു) ൨൧-ാം വകുപ്പിൻപ്രകാരം അന്വേഷണക്കോടതികൾ നിയമിക്കുന്നതിനും, ആ കോടതികളുടെ അധികാരങ്ങളെയും നടപടിയെയും ക്രമപ്പെടുത്തുന്നതിനും, മെമ്പറന്മാരുടെ സഞ്ചാരപ്പടി കൊടുക്കുന്നതിനും, സംബന്ധപ്പെട്ട ഖനിയുടെ മാനേജരോടൊ ഉടമസ്ഥനോടൊ ഏജൻറിനോടൊ ആ കോടതി സംബന്ധിച്ചുള്ള ചെലവുകൾ ഈടാക്കുന്നതിനും വേണ്ട വ്യവസ്ഥചെയ്യുന്നതിന്;

(എക്സ്) കക്കൂസ്, മൂത്രപ്പുര ഇവ സംബന്ധിച്ചു ഖനികളിൽ ഉണ്ടായിരിക്കേണ്ട സൌകര്യങ്ങളേയും കുടിക്കാൻവെള്ളം സംഭരിക്കുന്നതിനെപ്പററിയുള്ള ഏർപ്പാടുകളേയും പ്രഥമസഹായോപകരണങ്ങളും മററും കരുതിവയ്ക്കുകയും സംരക്ഷിച്ചുപോരുകയും ചെയ്യേണ്ടതിനേയും രക്ഷകസൈന്യങ്ങളെ ഏർപ്പെടുത്തി പരിശീലിപ്പിക്കുന്നതിനേയും ആമ്പുലൻസ് ജോലിയിൽ ആളുകളെ പരിശീലിപ്പിക്കുന്നതിനേയും നിർണ്ണയിക്കുന്നതിന്;

(വൈ) ൨൨-ാം വകുപ്പിലെ ആവശ്യത്തിലേക്കായി മേൽനോട്ടമോ ഭരണമോ സംബന്ധിച്ചു ഉദ്യോഗസ്ഥാനം ഉള്ളവരോ പ്രത്യേക വിശ്വാസത്തിന്മേൽ നിയമിച്ചിട്ടുള്ളവരോ ആയ ആളുകളായി കരുതേണ്ടവർ ഇന്നവരെന്ന വ്യവസ്ഥചെയ്യുന്നതിന്;

(ഇസഡ്) ൧൮ വയസ്സിൽ കൂടുതൽ പ്രായമുണ്ടെന്ന യോഗ്യതയുള്ള ഒരു മെഡിക്കൽ പ്രാക്ടീഷണരുടെ സർട്ടിഫിക്കേററ് കിട്ടിയിട്ടില്ലാത്ത ആളുകളേയോ, ആളുകളിൽ വല്ല വർഗ്ഗത്തേയോ ഖനിയിൽ ഏർപ്പെടുത്താൻ പാടില്ലെന്നു നിരോധിക്കുന്നതിനും ഇപ്രകാരമുള്ള സർട്ടിഫിക്കേററുകൾ നൽകുകയും റദ്ദ്ചെയ്യുകയും ചെയ്യേണ്ടതിനുള്ള മാതിരിയും സ്ഥിതികളും നിർണ്ണയിക്കുന്നതിനും;

(എ എ) ൨൭-ാം വകുപ്പിൻപ്രകാരം ആവശ്യപ്പെട്ടിട്ടുള്ള രജിസ്റ്ററിന്റെ ഫാറം നിർണ്ണയിക്കുന്നതിന്;

(എ ബി) ൨൮-ം ൩൦-ം വകുപ്പുകളാൽ ആവശ്യപ്പെട്ടിട്ടുള്ളതുപോലെ ഈ റെഗുലേഷന്റെ ചുരുക്കവും, ചുരുക്കങ്ങളും, ചട്ടങ്ങളും, ഉപചട്ടങ്ങളും ഏതു നാട്ടുഭാഷയിൽ പ്രസിദ്ധപ്പെടുത്തേണ്ടതെന്നും നിർണ്ണയിക്കുന്നതിന്;

(എ സി) പൊതുജനങ്ങളുടെ രക്ഷയ്ക്കു ആവശ്യമായിരിക്കുമ്പോൾ, ജോലിനടക്കുന്നതോ അല്ലാത്തതോ ആയ വല്ല ഖനിയേയോ അതിന്റെ വല്ല ഭാഗത്തേയോ വേലികെട്ടി അടയ്ക്കുന്നതിനായിട്ടു ആവശ്യപ്പെടുന്നതിനു;

(എ ഡി) ഗവണ്മെന്റിന്റേയോ വല്ല പ്രാദേശിക അധികൃതരുടേയോ, റയിൽവെ കമ്പനിയുടേയോ വക മുതലിനെ ജോലിനിറുത്തലാക്കിയതിനുശേഷം ഒരു ഖനിമൂലം ഉണ്ടാകാവുന്ന ദോഷത്തിൽനിന്നു സംരക്ഷിക്കുന്നതിനു;

(എ ഇ) ചട്ടങ്ങളിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും സംഗതിയെസംബന്ധിച്ചു നോട്ടീസുകളും കണക്കുകളും റിപ്പോർട്ടുകളും, ഖനികളുടെ ഉടമസ്ഥന്മാരും ഏജന്റന്മാരും മാനേജരന്മാരും അയയ്ക്കണമെന്നു ആവശ്യപ്പെടുന്നതിനും, ആ നോട്ടീസുകളുടേയും കണക്കുകളുടേയും റിപ്പോർട്ടുകളുടേയും ഫാറവും, അവ ഏതേതു ആളുകൾക്കും അധികാരസ്ഥന്മാർക്കും അയച്ചുകൊടുക്കണമെന്നും, അവയിൽ അടങ്ങിയിരിക്കേണ്ട വിവരങ്ങളും അവ അയയ്ക്കേണ്ടതിനുള്ള കാലാവധിയും നിർണ്ണയിക്കുന്നതിനും;

(എ എഫ്) ഈ റെഗുലേഷൻ നടപ്പിൽവരുത്തുന്നതിനു വ്യവസ്ഥചെയ്യേണ്ടതായിട്ടുള്ളതും എന്നാൽ ഈ റെഗുലേഷനാലൊ ചട്ടങ്ങളാലൊ വ്യവസ്ഥചെയ്തിട്ടില്ലാത്തതും ആയ വല്ല സംഗതിയെപ്പററി സാമാന്യമായി വ്യവസ്ഥചെയ്യുന്നതിന്.

ചട്ടങ്ങൾ മുമ്പിൽക്കൂട്ടി പ്രസിദ്ധപ്പെടുത്തുക.

൩൨. (൧) ൩൧-ാംവകുപ്പിൻപ്രകാരം ചട്ടങ്ങൾ ഉണ്ടാക്കാൻ നൽകിയിട്ടുള്ള അധികാരം മുൻകൂട്ടി പ്രസിദ്ധപ്പെടുത്തിയതിനുശേഷം ചട്ടങ്ങൾ ഉണ്ടാക്കണമെന്നുള്ള നിബന്ധനയ്ക്കു ഉൾപ്പെട്ടിരിക്കുന്നതാണ്.

(൨) ൧൦൯൨-ലെ തിരുവിതാംകോട്ടു സാമാന്യവാക്യറെഗുലേഷൻ ൨൦-ാംവകുപ്പ്, (സി) ക്ലാസു പ്രകാരം നടപ്പാക്കാൻ ഉദ്ദേശിച്ചിട്ടുള്ള ചട്ടങ്ങളെ ആലോചനയ്ക്കായി ഇതു കാലത്തിനകം എടുക്കുമെന്നു നിശ്ചയിക്കുന്ന കാലാവധി നിർദ്ദേശിച്ചിട്ടുള്ള ചട്ടങ്ങളുടെ നക്കൽ പൊതുജനങ്ങൾ അറിയുന്നതിനായി പ്രസിദ്ധപ്പെടുത്തിയ തിയതിമുതൽ മൂന്നു മാസത്തിൽ കുറവായിരിക്കാൻ പാടുള്ളതല്ല.

(൩) ചട്ടങ്ങൾ ഗസററിൽ പ്രസിദ്ധപ്പെടുത്തേണ്ടതും അപ്രകാരം പ്രസിദ്ധപ്പെടുത്തുമ്പോൾ അവയ്ക്കു ഈ റെഗുലേഷൻ നിബന്ധിച്ചിരുന്നാലെന്നപോലെ ഉറപ്പുണ്ടായിരിക്കുന്നതുമാകുന്നു.

ഉപചട്ടങ്ങൾ.

൩൩. (൧) അപകടങ്ങൾ തടയുന്നതിനും ഖനിയിൽ ഏർപ്പെടുത്തിയിട്ടുള്ള ആളുകളുടെ രക്ഷയ്ക്കും സൌകര്യത്തിനും അച്ചടക്കത്തിനും വ്യവസ്ഥചെയ്യുന്നതിനും ഉടമസ്ഥനോ ഏജന്റിനോ മാനേജർക്കോ ആവശ്യമെന്നു തോന്നാവുന്ന ഉപചട്ടങ്ങളുടെ ഒരു നക്കൽ ഈ റെഗുലേഷനിലെ വ്യവസ്ഥകൾക്കൊ ഖനിയിൽ ഭരണസംബന്ധമായോ മേൽവിചാരിപ്പായോ ഏർപ്പെടുത്തിയിട്ടുള്ളവരുടെ നിയന്ത്രണത്തിനും മാർഗ്ഗദർശനത്തിനുമായി തൽക്കാലം നടപ്പിലിരിക്കുന്ന ചട്ടങ്ങളിലെ വ്യവസ്ഥകൾക്കൊ വിപരീതമല്ലാത്തവിധത്തിൽ ഉടമസ്ഥനൊ ഏജന്റൊ മാനേജരോ തയാറാക്കി ഇൻസ്പെക്ടർക്ക് അയയ്ക്കാവുന്നതും ഇൻസ്പെക്ടർ അപ്രകാരം ചെയ്യുന്നതിനു ആവശ്യപ്പെടുന്നപക്ഷം അപ്രകാരം അയയ്ക്കേണ്ടതുമാകുന്നു.

(൨) വല്ല ഉടമസ്ഥനൊ ഏജന്റൊ മാനേജരോ,

(എ) ഉപചട്ടങ്ങളുടെ ഒരു നക്കൽ അയയ്ക്കാൻ ഇൻസ്പെക്ടർ ആവശ്യപ്പെടുന്ന തീയതിമുതൽ രണ്ടു മാസത്തിനകം അപ്രകാരം അയയ്ക്കുന്നതിനു വീഴ്ചവരുത്തുകയൊ, അല്ലെങ്കിൽ,

(ബി) ഇൻസ്പെക്ടരുടെ അഭിപ്രായപ്രകാരം പര്യാപ്തമല്ലാത്ത ഉപചട്ടങ്ങളുടെ ഒരു നക്കൽ അയക്കുകയോ ചെയ്യുന്നതായാൽ,

(i) ഇൻസ്പെക്ടർ പര്യാപ്തമെന്നു തനിക്കു തോന്നുന്ന നക്കൽ ഉപചട്ടങ്ങളെ നിർദ്ദേശിക്കുകയോ അല്ലെങ്കിൽ,

(ii) ഉടമസ്ഥനോ ഏജന്റൊ മാനേജരൊ അയച്ച വല്ല നക്കലിലും അതിനെ പര്യാപ്തമാക്കത്തക്കവണ്ണം തനിക്കു തോന്നുന്ന ഭേദഗതി നിർദ്ദേശിക്കുകയോ ചെയ്തു, കാര്യത്തിന്റെ അവസ്ഥപോലെ ആ നക്കൽ ഉപചട്ടങ്ങളേയോ നക്കൽ ഭേദഗതികളേയോ പരിചിന്തനത്തിനായി ഉടമസ്ഥനൊ ഏജന്റിനൊ മാനേജർക്കൊ അയക്കേണ്ടതുണ്ട്.

(൩) ൨-ാം ഉപവകുപ്പിലെ വ്യവസ്ഥകൾപ്രകാരം വല്ല നക്കൽ ഉപചട്ടങ്ങളൊ നക്കൽ ഭേദഗതികളൊ ഇൻസ്പെക്ടർ ഉടമസ്ഥനൊ ഏജന്റിനൊ മാനേജർക്ക് അയയ്ക്കുന്ന തീയതി മുതൽ രണ്ടു മാസത്തിനകം

൫)-ാം ഉപവകുപ്പിൻപ്രകാരം ഉണ്ടാക്കപ്പെടേണ്ട ഉപചട്ടങ്ങളിലെ വ്യവസ്ഥകളെ സംബന്ധിച്ചു ഇൻസ്പെക്ടറും ഉടമസ്ഥനോ ഏജന്റോ മാനേജരോ ഇവരും അഭിപ്രായവ്യത്യാസം വരുന്ന സംഗതിയിൽ, ഇൻസ്പെക്ടർ നക്കൽ ഉപചട്ടങ്ങളെ, സാമാന്യമൊ പ്രത്യേകമൊ ആയ ഒരു ഉത്തരവുമൂലം ഇതിലേയ്ക്കായി ഗവർമ്മെന്റ നിയമിക്കാവുന്ന ഉദ്യോഗസ്ഥനോ അധികാരസ്ഥനോ തീർപ്പിനായി അയച്ചുകൊടുക്കേണ്ടതാകുന്നു.

(൬) (എ) ഇപ്രകാരമുള്ള നക്കൽ ഉപചട്ടങ്ങളുടെ വിഷയത്തിൽ ഉടമസ്ഥനൊ ഏജന്റോ മാനേജരൊ ഇവരും ഇൻസ്പെക്ടരും തമ്മിൽ യോജിക്കുകയോ, അവർ യോജിക്കാതെ വരുമ്പോൾ മേൽപറഞ്ഞ ഉദ്യോഗസ്ഥനാലൊ അധികാരസ്ഥനാലൊ തീരുമാനിക്കപ്പെടുകയോ ചെയ്യുമ്പോൾ നക്കൽ ഉപചട്ടങ്ങളുടെ ഒരു പകർപ്പു ഗവർമ്മെന്റിന്റെ അനുമതിക്കായി ഇൻസ്പെക്ടർ അയക്കേണ്ടതാണ്.

(ബി) ഗവർമ്മെന്റിനു നക്കൽ ഉപചട്ടങ്ങളിൽ ആവശ്യമെന്നു തോന്നുന്ന മാററങ്ങൾ വരുത്താവുന്നതാകുന്നു.

(സി) മാററങ്ങളോടുകൂടിയോ അല്ലാതെയോ നക്കൽചട്ടങ്ങളെ ഗവർമ്മെന്റ സ്വീകരിക്കുന്നതിനുമുമ്പ സംബന്ധപ്പെട്ട ആളുകളെ അറിയിക്കുന്നതിനു ഉത്തമമാർഗ്ഗമായി ഗവർമ്മെന്റ വിചാരിക്കാവുന്ന വിധത്തിൽ, ഉപചട്ടങ്ങൾ ഉണ്ടാക്കാൻ ഉദ്ദേശിക്കുന്ന വിവരവും, നക്കൽ ചട്ടങ്ങളുടെ പ്രതികൾ കിട്ടുന്ന സ്ഥലവും സംബന്ധപ്പെട്ട ആളുകളാലോ ആളുകൾക്കു വേണ്ടിയോ നക്കൽ ചട്ടങ്ങളെസംബന്ധിച്ചു പുറപ്പെടുവിക്കുന്ന ആക്ഷേപങ്ങൾ ഗവർമ്മെന്റിൽ കിട്ടിയിരിക്കേണ്ട കാലാവധിയും (ഇതു ൨൦ ദിവസത്തിൽ കുറഞ്ഞിരിക്കാൻപാടുള്ളതല്ല) പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

(ഡി) എല്ലാ ആക്ഷേപങ്ങളും രേഖാമൂലമായിരിക്കേണ്ടതാണ്; അവയിൽ:—

(i) ആക്ഷേപത്തിനുള്ള പ്രത്യേകകാരണങ്ങളും,

(ii) ഇന്നിന്നവ വിട്ടുകളയണമെന്നൊ ഇന്നവ കൂട്ടിച്ചേർക്കണമെന്നൊ ഇന്നവ മാററണമെന്നൊ ആവശ്യപ്പെടുന്നവെന്നുള്ളതും, പറഞ്ഞിരിക്കേണ്ടതാകുന്നു.

(ഇ) സംബന്ധപ്പെട്ടവരായി തങ്ങൾക്കു തോന്നുന്ന ആളുകളൊ ആളുകൾക്കുവേണ്ടിയോ ആവശ്യപ്പെട്ട കാലാവധിക്കുള്ളിൽ, അയക്കുന്ന ആക്ഷേപങ്ങളെ ഗവർമ്മെന്റ പരിശോധിക്കേണ്ടതും, അവ പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന വിധത്തിലൊ അല്ലെങ്കിൽ ആവശ്യമെന്നു തോന്നുന്ന മാററങ്ങൾ വരുത്തിയിട്ടൊ നക്കൽ ചട്ടങ്ങളെ അനുവദിക്കാവുന്നതുമാകുന്നു.

(൭) ഗവർമ്മെന്റ ഇപ്രകാരം അംഗീകരിക്കുമ്പോൾ ഈ റെഗുലേഷൻമൂലം നിയമപ്പെടുത്തിയവണ്ണം ഉപചട്ടങ്ങൾ ഊർജ്ജിതത്തിൽവരുന്നതും ജോലിക്കു ഏർപ്പെടുത്തിയിട്ടുള്ള ആളുകൾക്കു സൌകര്യമായി വായിക്കുകയോ കാണുകയോ ചെയ്യുന്നതിലേക്കായി ഉടമസ്ഥനൊ, ഏജന്റോ, മാനേജരൊ, നക്കൽചട്ടങ്ങളുടെ പകർപ്പു ഇംഗ്ലീഷിലും നിർണ്ണയിക്കപ്പെടാവുന്ന നാട്ടുഭാഷകളിലും എടുപ്പിച്ചു, ഖനിയിലൊ അതിനുസമീപമൊ പ്രത്യക്ഷമായി കാണത്തക്കവണ്ണമുള്ള ഒരു സ്ഥലത്തു പതിപ്പിക്കേണ്ടതും അവ വികൃതപ്പെടുകയോ മാഞ്ഞുപോകയോ നശിച്ചുപോകയൊ ചെയ്യുമ്പോൾ, കഴിയുന്നതും വേഗത്തിൽ അവയെ പുതുക്കിഇടിയി കണ്ടേതുമാകുന്നു.

(൮) രേഖാമൂലമായ ഉത്തരവുമൂലം ഗവർമ്മെന്റിനു ഇപ്രകാരം ഉണ്ടാക്കുന്ന ഏതെങ്കിലും ഉപചട്ടത്തെ മുഴുവനായിട്ടൊ ഒരു ഭാഗമായിട്ടൊ ദുർബ്ബലപ്പെടുത്താവുന്നതും അപ്പോൾ ആ ഉപചട്ടം അപ്രകാരം ഊർജ്ജിതമല്ലാതിരിക്കുന്നതുമാകുന്നു.

റെഗുലേഷൻ, ചട്ടങ്ങൾ മുതലായവയുടെ ചുരുക്കങ്ങൾ പതിക്കുക.

൨൦. ഖനിയിലൊ ഖനിയുടെ സമീപപ്രദേശത്തൊ ഇംഗ്ലീഷിലും നിർണ്ണയിക്കപ്പെടാവുന്ന നാട്ടുഭാഷകളിലും ഈ റെഗുലേഷൻറയും ചട്ടങ്ങളുടേയും നിർണ്ണയിക്കപ്പെടുന്ന ചുരുക്കങ്ങൾ പതിച്ചിരിക്കേണ്ടതാകുന്നു.

അദ്ധ്യായം ൫.

ശിക്ഷകളും നടപടിയും.

നിരോധനം.

൨൧. (൧) ഇൻസ്പെക്ടരൊ, ൯-ാംവകുപ്പിൻപ്രകാരം അധികാരപ്പെടുത്തിയിട്ടുള്ള വല്ലയാളൊ ഈ റെഗുലേഷൻപ്രകാരമുള്ള ജോലികൾ നിർവഹിക്കുന്നതിനെ നിരോധിക്കുകയോ, ഏതെങ്കിലും ഖനിയെസംബന്ധിച്ചു ഈ റെഗുലേഷനാലൊ റെഗുലേഷൻപ്രകാരമൊ അധികാരപ്പെടുത്തിയവണ്ണം പ്രവേശിക്കുന്നതിനൊ, പരിശോധിക്കുന്നതിനൊ, അന്വേഷണം നടത്തുന്നതിനൊ ഇൻസ്പെക്ടർക്കുവേണ്ട അപ്രകാരമുള്ള ആൾക്കാർക്കു ന്യായമായ സൌകര്യങ്ങൾകൊടുക്കാൻ വിസമ്മതിക്കുകയൊ മനഃപൂർവ്വമായ ഉദാസീനത കാണിക്കുകയൊ ചെയ്യുന്ന യാതൊരുത്തനും മൂന്നു മാസത്തോളം വരാവുന്ന തടവുശിക്ഷയ്ക്കോ അഞ്ഞൂറു രൂപായോളം വരാവുന്ന പിഴശിക്ഷയ്ക്കോ അല്ലെങ്കിൽ രണ്ടിനുംകൂടിയോ പാത്രമായിത്തീരുന്നതാണ്

(൨) ഈ റെഗുലേഷൻപ്രകാരം വച്ചുപോരുന്ന രജിസ്റ്ററുകളും മററു രേഖകളും ഇൻസ്പെക്ടർ ആവശ്യപ്പെടുമ്പോൾ ഹാജരാക്കാൻ വിസമ്മതിക്കുകയോ, ഈ റെഗുലേഷൻപ്രകാരമുള്ള ചുമതലകൾക്കനുസരിച്ചു പ്രവർത്തിക്കുന്ന വല്ല പരിശോധനഉദ്യോഗസ്ഥന്റെ മുമ്പിൽ ഹാജരാകയോ വിസ്തരിക്കപ്പെടുകയോ ചെയ്യുന്നതിൽനിന്നു ആരെയെങ്കിലും തടുക്കുകയോ, തടുക്കാൻശ്രമിക്കുകയോ, തടുക്കാൻ ഇടയുണ്ടെന്നു ആ ഉദ്യോഗസ്ഥനു വിശ്വസിക്കാൻ കാരണമുള്ള ഏതെങ്കിലും പ്രവർത്തിക്കുകയൊ ചെയ്യുന്ന യാതൊരുത്തനും മുന്നൂറു രൂപയോളം വരാവുന്ന പിഴശിക്ഷയ്ക്കു പാത്രമാകുന്നതാണ്.

റിക്കാർഡുകൾ മുതലായവ തിരുത്തുക.

൨൨. ഈ റെഗുലേഷൻപ്രകാരം നൽകിയിട്ടുള്ള വല്ല സർട്ടിഫിക്കേററിനേയോ സർട്ടിഫിക്കേററിന്റെ അഫിഷ്യൽ കാപ്പികളേയോ കള്ളവായി നിർമ്മിക്കുകയോ അവയിൽ അറിഞ്ഞുകൊണ്ടു കള്ളവായ മൊഴി ചേർക്കുകയോകട്ടെ, അല്ലെങ്കിൽ,

(ബി) അപ്രകാരം കളവായി നിർമ്മിച്ചതോ കളവായി തിരുത്തിയതോ ആയ വല്ല സർട്ടിഫിക്കററ് നേടും അറിഞ്ഞുകൊണ്ട് ശരിയായ സർട്ടിഫിക്കെററായി ഉപയോഗിക്കുകയോ ചെയ്കയോ, അല്ലെങ്കിൽ,

(സി) ഈ റഗ്ഗുലേഷൻപ്രകാരം ഒരു സർട്ടിഫിക്കററ് കിട്ടുന്നതിനോ ഒരു സർട്ടിഫിക്കെററ് പുതുക്കി കിട്ടുന്നതിനോ അല്ലെങ്കിൽ ഖനിയിൽ ഒരു ജോലി കിട്ടുന്നതിനോ ആയിട്ട് വല്ല കള്ളമായ പ്രഖ്യാപനമോ മൊഴിയോ തെളിവോ അതു കളവാണെന്നു അറിഞ്ഞുകൊണ്ട് ചെയ്യുകയോ ഹാജരാക്കുകയോ ഉപയോഗിക്കുകയോ ചെയ്കയോ, അല്ലെങ്കിൽ,

(ഡി) ഈ റഗ്ഗുലേഷനാലോ റഗ്ഗുലേഷൻപ്രകാരമോ സംരക്ഷിക്കപ്പെടണമെന്നു ആവശ്യപ്പെട്ടിട്ടുള്ള വല്ല പ്ലാനോ രജിസ്റ്ററോ റിക്കാർഡോ തിരുത്തുകയാകട്ടെ, അല്ലെങ്കിൽ,

(ഇ) തന്റെ ഉത്തമമായ അറിവിലും വിശ്വാസത്തിലും സത്യമല്ലാത്തതായ വല്ല പ്രസ്താവനയോ, പതിവോ വിവരമോ അടങ്ങിയ വല്ല പ്ലാനോ, കണക്കോ, നോട്ടീസോ, റിക്കാർഡോ, റിപ്പോർട്ടോ, തയാറാക്കുകയാകട്ടെ, കൊടുക്കുകയാകട്ടെ,

ചെയ്യുന്ന യാതൊരാളെയും മൂന്നുമാസത്തോളം വരാവുന്ന തടവുശിക്ഷയോ ൫൦൦ ഉറുപ്പികയോളം വരാവുന്ന പിഴ ശിക്ഷയോ രണ്ടുംകൂടിയോ നൽകേണ്ടതാകുന്നു.

൩൩. ന്യായമായ സമാധാനം കൂടാതെ (ഇതു തെളിയിക്കേണ്ടഭാരം അയാളിൽതന്നെയായിരിക്കും) ഈ റഗ്ഗുലേഷൻപ്രകാരം തയാറാക്കാനോ അയക്കാനോ ആവശ്യപ്പെട്ടിട്ടുള്ള വല്ല പ്ലാനോ, കണക്കോ, നോട്ടീസോ, രജിസ്റ്ററോ, റിക്കാർഡോ, റിപ്പോർട്ടോ, നിർണ്ണയിക്കപ്പെട്ട ഫാറത്തിലോ വിധത്തിലോ അല്ലെങ്കിൽ നിർണ്ണയിക്കപ്പെട്ട സമയത്തോ സമയത്തിനുള്ളിലോ തയ്യാറാക്കുകയോ അയക്കുകയോ ചെയ്യാൻ വീഴ്ചവരുത്തുന്ന യാതൊരാളെയും ഇരുനൂറുറുപ്പികയോളം വരാവുന്ന പിഴ ശിക്ഷ വിധിക്കേണ്ടതാകുന്നു.

പ്ലാനുകളും മറ്റുമായ വഹകൾ അയക്കാൻ വീഴ്ച വരുത്തുക.

൩൪. ൨൩-ാം വകുപ്പിൻപ്രകാരം അനുവദിച്ചിട്ടുള്ള സംഗതികളിൽ ഒഴിച്ചു, ഒരു ഖനിയിലോ അതിന്റെ പരിസരങ്ങളിലോ ആളുകളെ നിയമിക്കുന്നതിനെയോ അവർ ഹാജരായിരിക്കുന്നതിനെയോ, നിരോധിക്കുന്നതോ, നിയന്ത്രിക്കുന്നതോ, ക്രമപ്പെടുത്തുന്നതോ ആയി ഈ റഗ്ഗുലേഷനിലോ അതിൻപ്രകാരം ഉണ്ടാകുന്ന വല്ല ചട്ടങ്ങളോ, ഉപചട്ടങ്ങളോ ഉത്തരവുകളോ ഇവയിലോ അടങ്ങിയിട്ടുള്ള വല്ല വ്യവസ്ഥയെയും ലംഘിക്കുന്ന യാതൊരാളെയും ൫൦൦ ഉറുപ്പികയോളം വരാവുന്ന പിഴശിക്ഷ വിധിക്കേണ്ടതാകുന്നു.

ജോലിക്കു നിയമിക്കുന്നതിനുള്ള വ്യവസ്ഥകളുടെ ലംഘനം.

൩൫. ൧൭-ാം വകുപ്പിനു വിപരീതമായി ഏതെങ്കിലും അപകടസംഭവവും ഉണ്ടാകുമ്പോൾ നോട്ടീസു കൊടുക്കാൻ ആരെങ്കിലും വീഴ്ചവരുത്തുന്നപക്ഷം ആ അപകടംമൂലം ഗൗരവമായ ദേഹോപദ്രവം നേരിടുന്ന സംഗതിയിൽ അയാൾക്ക ൫൦൦ ഉറുപ്പികയോളം വരാവുന്ന പിഴശിക്ഷ വിധിക്കേണ്ടതും, ജീവഹാനി സംഭവിക്കുന്ന സംഗതികളിൽ മൂന്നുമാസത്തോളംവരാവുന്ന തടവുശിക്ഷയോ ൫൦൦ ഉറുപ്പികയോളം വരാവുന്ന പിഴശിക്ഷയോ രണ്ടുംകൂടിയോ വിധിക്കേണ്ടതാകുന്നു.

അപകടങ്ങളെപ്പററിയുള്ള നോട്ടീസ്.

൩൬. ഈ റഗ്ഗുലേഷനിലെയോ ഈ റഗ്ഗുലേഷൻപ്രകാരം ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയോ ഉപചട്ടങ്ങളിലെയോ ഉത്തരവുകളിലെയോ ഇതിനുമുമ്പു ലംഘനത്തിനു ശിക്ഷ നിശ്ചയിച്ചിട്ടില്ലാത്ത വല്ല വ്യവസ്ഥയ്ക്കും വിപരീതമായി പ്രവർത്തിക്കുന്ന യാതൊരാൾക്കും ആയിരം ഉറുപ്പികയോളം വരാവുന്ന പിഴ ശിക്ഷ നൽകേണ്ടതും, ലംഘനം തുടർന്നുകൊണ്ടിരിക്കുന്ന സംഗതിയിൽ, ആദ്യത്തെ കുററസ്ഥാപനത്തിന്റെ തീയതിമുതൽ ലംഘനംതുടർന്നുകൊണ്ടിരുന്നതായി തെളിയിക്കപ്പെടുന്ന ഓരോ ദിവസത്തിനും ൧൦൦ ഉറുപ്പികവരെ വരാവുന്ന കൂടുതൽപിഴ ശിക്ഷ നൽകേണ്ടതുമാകുന്നു.

ഉത്തരവുകളെ അനുസരിക്കാതിരിക്കുക.

൩൭. (എ) ഇതിനുമുകളിൽ എന്തുതന്നെപറഞ്ഞിരുന്നാലും, ഈ റഗ്ഗുലേഷനിലെയോ ഈ റഗ്ഗുലേഷൻപ്രകാരം ഉണ്ടാക്കിയിട്ടുള്ള വല്ല ചട്ടത്തിലെയോ, ഉപചട്ടത്തിലെയോ, ഉത്തരവിലെയോ വല്ല വ്യവസ്ഥയേയും ആരെങ്കിലും ലംഘിക്കുന്നെങ്കിൽ ആ ലംഘനംനിമിത്തം ജീവഹാനി സംഭവിക്കുന്നസംഗതിയിൽ അയാൾക്ക ഒരുവർഷത്തോളംവരാവുന്ന തടവുശിക്ഷയോ രണ്ടായിരം ഉറുപ്പികയോളം വരാവുന്ന പിഴശിക്ഷയോ രണ്ടും കൂടിയോ നൽകേണ്ടതും അതു ഗൗരവമായ ദേഹോപദ്രവത്തിൽ അവസാനിക്കുന്ന സംഗതിയിൽ ആറുമാസത്തോളംവരാവുന്ന തടവുശിക്ഷയോ, ആയിരം ഉറുപ്പികയോളംവരാവുന്ന പിഴശിക്ഷയോ, രണ്ടുംകൂടിയോ നൽകേണ്ടതും, അപ്രകാരമുള്ള ലംഘനം, ഖനികളിലോ പരിസരങ്ങളിലോ ഉള്ള ജോലിക്കാർക്കാകട്ടെ മററുള്ളവർക്കാകട്ടെ ഉപദ്രവമോ ആപത്തോ വരുത്തുന്നസംഗതിയിൽ, ഒരുമാസത്തോളം വരാവുന്ന തടവുശിക്ഷയോ അഞ്ഞൂറുറുപ്പികയോളം വരാവുന്ന പിഴയോ രണ്ടുംകൂടിയോ നൽകേണ്ടതും ആകുന്നു.

ആപൽക്കരമായഫലത്തോടുകൂടിയ നിയമലംഘനം.

(ബി) ഈ വകുപ്പിൻപ്രകാരം കുററസ്ഥാപനമായ ഒരാളുടെമേൽ വീണ്ടും ഈ വകുപ്പിൻപ്രകാരം കുററം സ്ഥാപിക്കപ്പെടുന്നപക്ഷം അയാൾക്ക (എ)-ാം വകുപ്പിൻപ്രകാരമുള്ള ശിക്ഷയുടെ ഇരട്ടിയായ ശിക്ഷ നൽകേണ്ടതാകുന്നു.

(സി) ഈ വകുപ്പിൻപ്രകാരം ഒരു പിഴശിക്ഷ നിശ്ചയിക്കുകയാകട്ടെ പിഴശിക്ഷ നിശ്ചയിക്കുന്ന ഒരു വിധിയെ അപ്പീലിലോ, റിവിഷനിലോ മററുവിധത്തിലോ സ്ഥിരപ്പെടുത്തുകയാകട്ടെ ചെയ്യുന്ന വല്ലകോടതിയും വിധിപ്രസ്താവിക്കുമ്പോൾ ഈടാകുന്ന പിഴ മുഴുവനുമോ അതിൽ ഒരുഭാഗമോ ഉപദ്രവംപററിയ ആൾക്കോ, അയാൾ മരിച്ചുപോകുന്നതായാൽ, അയാളുടെ നിയമപ്രകാരമുള്ള പ്രതിനിധികൾക്കോ പ്രതിഫലമായി കൊടുക്കാൻ ഉത്തരവിടാവുന്നതാകുന്നു.

എന്നാൽ, അപ്പീൽകൊടുക്കാവുന്ന ഒരു കേസിൽ പിഴ ശിക്ഷ കല്പിച്ചിരിക്കുന്നപക്ഷം, അപ്പീൽ കൊടുക്കുന്നതിനു അനുവദിച്ചിട്ടുള്ള കാലാവധി കഴിയുന്നതിനുമുമ്പോ, അപ്പീൽ കൊടുത്തിരുന്നാൽ അപ്പീലിന്റെ തീരുമാനത്തിനുമുമ്പോ, അങ്ങനെ പിഴ ഈടാക്കി കൊടുക്കാൻ പാടില്ലാത്തതാകുന്നു.

ഉടമസ്ഥനേയോ ഏജൻറിനേയോ മാനേജരേയോ പ്രാസിക്യൂട്ട് ചെയ്യുക.

൩൮. ഡിസ്ത്രിക്ട് മജിസ്ത്രേട്ട് മുഖാന്തരമല്ലാതെ ഈ റഗുലേഷൻപ്രകാരമുള്ള വല്ല കുററത്തിനും ഏതെങ്കിലും ഉടമസ്ഥനേയോ ഏജൻറിനേയോ മാനേജരേയോ പ്രാസിക്യൂഷൻ ചെയ്യുകൂടുന്നതല്ലാ.

വ്യവഹാരത്തിന്റെ കാലഹരണം.

൩൯. ഈ റഗുലേഷൻപ്രകാരമുള്ള വല്ല കുററത്തെപ്പററിയും, ആ കുററം നടത്തിയതായി പറയുന്ന തീയതിമുതൽ ആറുമാസത്തിനകം അന്യായം കൊടുക്കാത്തപക്ഷം യാതൊരു കോടതിയും അതിനെ വിചാരണയ്ക്കെടുത്തുകൂടാത്തതുമാകുന്നു.

കുററങ്ങളെ വിചാരണ നടത്തുക.

൪൦. ഒരു ഖനിയിലെ ഉടമസ്ഥനോ, ഏജൻറോ, മാനേജരോ ചെയ്തതായി ആരോപണം ചെയ്യപ്പെടുന്ന ഈ റഗുലേഷൻപ്രകാരമുള്ള വല്ല കുററത്തേയോ അല്ലെങ്കിൽ ഈ റഗുലേഷൻപ്രകാരം തടവുശിക്ഷ വിധിക്കേണ്ടതായ വല്ല കുററത്തേയോ, ഒന്നാംക്ലാസമജിസ്ത്രേട്ടിന്റെ അധികാരത്തിൽകുറഞ്ഞ അധികാരത്തോടുകൂടിയ യാതൊരു കോടതിയും വിചാരണചെയ്വാൻ പാടുള്ളതല്ലാ.

ചില കേസുകളുടെ സംഗതിയിൽ പ്രാസിക്യൂഷൻ ചെയ്യുന്നതിനു പകരം കമ്മീഷനെ ഏൽപ്പിക്കൽ.

൪൧. (൧) ഈ റഗുലേഷൻപ്രകാരം ഡിസ്ത്രിക്ട് മജിസ്ത്രേട്ടുമുഖാന്തിരം കൊടുക്കുന്ന വല്ല കേസിനേയും വിചാരണചെയ്യുന്ന കോടതിക്കു ആ കേസു പ്രാസിക്യൂഷനുപകരം ഒരു കമ്മീഷൻമൂലം തീരുമാനിക്കപ്പെടേണ്ടതാണെന്നു തോന്നുന്നപക്ഷം, ക്രിമിനൽനടപടിയെ നിറുത്തിവച്ചു അപ്രകാരം കമ്മീഷനെ ഏൽപ്പിക്കുന്നതിനായിട്ടു വിവരം ഗവണ്മെൻറിലേക്കു റിപ്പോർട്ടു ചെയ്യാവുന്നതാണ്.

(൨) (൧)-ാം ഉപവകുപ്പിൻപ്രകാരം ഒരു റിപ്പോർട്ടു കിട്ടുമ്പോൾ ഗവണ്മെൻറു കേസ്സിനെ ഒരു കമ്മീഷനെ ഏൽപ്പിക്കുകയോ അല്ലാത്തപക്ഷം വിചാരണ തുടൎന്നു നടത്തുന്നതിനു കോടതിയോടു ആജ്ഞാപിക്കുകയോ ചെയ്യാവുന്നതാകുന്നു.

അദ്ധ്യായം ൯.

പലവക.

റഗുലേഷന്റെ പ്രവൎത്തനത്തിൽ നിന്നു ഒഴിവാക്കുന്നതിനുള്ള അധികാരം.

൪൨. വല്ല പ്രദേശത്തേയോ, ഖനിയേയോ, ഖനികളുടെ ഗ്രൂപ്പിനേയോ, വൎഗ്ഗത്തേയോ, ഖനിയുടെ വല്ല ഭാഗത്തേയോ, വല്ല ആളുകളുടെ വിഭാഗത്തേയോ, ഈ റഗുലേഷനിലെ എല്ലാ വ്യവസ്ഥകളിൽനിന്നോ വല്ല പ്രത്യേക വ്യവസ്ഥകളിൽനിന്നോ ഗവണ്മെൻറിനു ഗസററിൽ പരസ്യംമൂലം ഒഴിവാക്കാവുന്നതാകുന്നു.

എന്നാൽ ഈ റഗുലേഷനിലെ എല്ലാ വ്യവസ്ഥകളുടേയും പ്രവൎത്തനത്തിൽനിന്നു ഒഴിവാക്കുന്ന സംഗതിയിൽ ഒഴിച്ചു, ഏതെങ്കിലും പ്രദേശത്തേയോ, ഖനിയേയോ, ഖനികളുടെ ഗ്രൂപ്പിനേയോ വൎഗ്ഗത്തേയോ ൨൮-ാം വകുപ്പിലെ വ്യവസ്ഥകളിൽനിന്നു ഒഴിവാക്കാൻ പാടുള്ളതല്ല. പക്ഷേ, ഏതെങ്കിലും അത്യാവശ്യമായ പൊതുകാൎയ്യം നേരിടുമ്പോൾ ഗവണ്മെൻറിനു അപ്രകാരമുള്ള വല്ല ഒഴിവാക്കലും രേഖാമൂലമായ ഉത്തരവിനാൽ നൽകാവുന്നതാകുന്നു.

ഉത്തരവുകളെ മാററുന്നതിനോ റദ്ദ് ചെയ്യുന്നതിനോ ഉള്ള അധികാരം.

൪൩. ഗവണ്മെൻറിന്റെ കീഴിലുള്ള ഒരു അധികാരസ്ഥനാൽ ഈ റഗുലേഷൻപ്രകാരം പാസാക്കപ്പെട്ട ഏതു ഉത്തരവിനേയും ഗവണ്മെൻറിനു അസ്ഥിരപ്പെടുത്തുകയോ ഭേദപ്പെടുത്തുകയോ ചെയ്യാവുന്നതാണ്.

ഒഴിവാക്കൽ.

൪൪. ഈ റഗുലേഷൻപ്രകാരം ഉത്തമവിശ്വാസമായി ചെയ്യുന്നതോ ചെയ്വാൻ ഉദ്ദേശിക്കുന്നതോ ആയ യാതൊന്നിനുംവേണ്ടി വല്ല ആളുടെ പേരിലും യാതൊരു വ്യവഹാരമോ, പ്രാസിക്യൂഷനോ, മററു നിയമനടപടിയോ ഉണ്ടായിരിക്കുന്നതല്ല.

ഭൂമി എടുക്കൽ.

൪൫. (൧) വല്ല ഭൂമിയുടേയും ഉപരിഭാഗത്തിന്മേലുള്ള അവകാശം വല്ല ധാതുവിന്റെ തിരച്ചിലിനോ, അല്ലെങ്കിൽ വല്ല ഖനിയുടേയും ശരിയായ പ്രവൎത്തനത്തിനോ, അല്ലെങ്കിൽ ഈ റഗുലേഷൻപ്രകാരമുള്ള മററുവല്ല കാൎയ്യത്തിനോ ആവശ്യമെന്നു വിചാരിക്കുന്നപക്ഷം, ന്യായമായ പ്രതിഫലം കൊടുത്തു ഗവണ്മെൻറിനു യുക്തമെന്നു തോന്നുന്നപോലെ ആവശ്യമുള്ളിടത്തോളം വിസ്തീൎണ്ണത്തിലും ആവശ്യമുള്ളിടത്തോളം കാലത്തേക്കും ആ അവകാശത്തെ വാങ്ങാവുന്നതാകുന്നു. ഗവണ്മെൻറു ചീഫ്സെക്രട്ടറി ഒപ്പിട്ടിട്ടുള്ള രേഖാമൂലമായ ഒരു സർട്ടിഫിക്കററു അതിൽപറഞ്ഞിരിക്കുന്നപ്രകാരമുള്ള അവകാശം വാങ്ങൽ ആവശ്യമെന്നുള്ളതിലേക്കു തൎക്കമററ തെളിവായിരിക്കുന്നതും അപ്രകാരം വാങ്ങുന്നതുള്ള അവകാശത്തെക്കുറിച്ചു യാതൊരു സിവിൽ കോടതിക്കും വിസംവദിക്കാൻ പാടില്ലാത്തതും ആകുന്നു.

(൨) ഭൂമി എടുക്കുന്നതിലേക്കുള്ള പ്രതിഫലം ഉഭയകക്ഷികളുടേയും സമ്മതംമൂലം നിശ്ചയിക്കാമെന്നുള്ളതും അപ്രകാരം യോജിക്കാത്ത സംഗതിയിൽ അതു, ആ ഭൂമി ഏതു ഡിസ്ട്രിക്ട് കോടതിയുടെ അധികാരാതിർത്തിയിൽ കിടക്കുന്നുവോ ആ കോടതിയുടെ തീരുമാനം അനുസരിച്ചു തീർച്ചയാക്കാമെന്നുള്ളതും ആകുന്നു.

(൩) ഡിസ്ട്രിക്ട്കോടതിയുടെ വിധിമേൽ ഹൈക്കോടതിയിലേക്കു അപ്പീൽ ഉണ്ടായിരിക്കുന്നതും, അവസാനതീർച്ച അനുസരിച്ചു പ്രതിഫലം കൊടുക്കേണ്ടതും ആകുന്നു.

(൪) ൧൧൦൦-ാമാണ്ടത്തെ സിവിൽനടപടിനിയമത്തിലേയും തിരുവിതാംകോട്ടു കാലഹരണറഗുലേഷനിലേയും വ്യവസ്ഥകൾ ഡിസ്ട്രിക്ട്കോടതികളിലേയും ഹൈക്കോടതിയിലേയും നടപടിയെ കഴിയുന്നിടത്തോളം സംബന്ധിക്കുന്നതാകുന്നു.

ടി. പി. രാമസുബ്ബയ്യർ, (ഒപ്പു)
നിയമസഭാ സെക്രട്ടറി.

(A true translation.)

T. RAMALINGAM PILLAI,
Head Translator to Government.

തിരുവിതാംകോട്ടു നിയമസഭ.

രണ്ടാമത്തെ കൌൺസിൽ.

൧൧൦൨—ലെ രണ്ടാമത്തെ സെഷൻ.

(അഫിഷ്യൽ റിപ്പോർട്ട്).

൧൯൨൭ ഏപ്രിൽ ൨൭-നു ൧൧൦൨ മേടം ൧൪-നു ബുധനാഴ്ച.

സഭ മദ്ധ്യാഹ്നത്തിനു പതിനൊന്നര മണിക്കു വിക്ടോറിയാ ജൂബിലി ടൌൺഹാളിൽ കൂടി. ദിവാൻ എം. ഇ. വാട്ട്സ് എസ്ക്വയർ, ബി. എ., ബാരിസ്റ്റർ അട്ലാ ആദ്ധ്യക്ഷം വഹിച്ചു. മിസ്റ്റർ എൻ. പി. ജോസഫ്, മിസസ് എം. പുന്നൻ ലൂക്കോസ്, മിസ്റ്റർ ടി. ജി. മാത്യു ഇവർ ഒഴികെ എല്ലാ മെംബർമാരും ഹാജരായിരുന്നു.

പ്രശ്നങ്ങളും മറുപടികളും.

സിവിൽ വ്യവഹാരങ്ങളിൽ തോൽവി നിമിത്തം ഗവണ്മെന്റിനുള്ള നഷ്ടം.

൧൭൧. മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാട്ടും): (൧) ൧൧൦൦-ാമാണ്ടു ഗവണ്മെന്റിനു പ്രതികൂലമായി ഉണ്ടായിട്ടുള്ള തീർപ്പുകൾ നിമിത്തം ഗവണ്മെന്റിനു എത്രത്തോളം നഷ്ടം വന്നിട്ടുണ്ട് എന്നു സദയം പറയുമോ?

(൨) ഈ വ്യവഹാരങ്ങളിൽ വാദിയായോ പ്രതിയായോ ഗവണ്മെന്റു കേസുനടത്തിയതു തങ്ങളുടെ ലാ ആഫീസർമാരുടെ ഉപദേശത്തിന്മേൽ മാത്രം ആണോ?

(൩) അങ്ങനെയാണെങ്കിൽ ഈ ഉദ്യോഗസ്ഥന്മാരിൽ ഓരോരുത്തരുടേയും ഉപദേശത്തിന്മേൽ ആരംഭിച്ച കേസുകളിൽ തോൽവി എത്ര ശതമാനം ആണെന്നു ഗവണ്മെന്റു സദയം പറയുമോ?

മി. കെ. ജാർജ് (ഗവണ്മെന്റു ചീഫ് സെക്രട്ടറി): (൧) ഗവണ്മെന്റിനു നഷ്ടം ൧൧൪൩ രൂപ ൨ കാശു ആയിരുന്നു.

(൨) മറുപടി നിഷേധരൂപത്തിലാണ്. ലാ ആഫീസർമാരുടെ സമക്ഷംവയ്ക്കുന്ന കാര്യരേഖകളിൽ നിന്നു ജനിക്കുന്ന നിയമപ്രശ്നങ്ങളെ അവർ ഉപദേശിക്കുന്നു. വിചാരണയ്ക്കു, കേസിലുള്ള തെളിവിനെക്കുറിച്ചു കോടതി സ്വീകരിക്കുന്ന പ്രതികൂല ദൃഷ്ടിയെ പലപ്പോഴും അടിസ്ഥാനപ്പെടുത്തീട്ടുള്ളതാകുന്നു.

(൨)-ം ഭാഗത്തിനുള്ള മറുപടിയുടെ ദൃഷ്ട്യാ ഇതു ജനിക്കുന്നില്ല.

മുനിസിപ്പൽ കുററങ്ങളുടെ വിസ്താരം.

൧൭൨. മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): മുനിസിപ്പൽ കേസുകളുടെ വിസ്താരം, വിസ്തരിക്കുന്ന മാജിസ്ട്രേട്ടിനു ഉചിതമായിരിക്കുന്ന ഒരു പ്രത്യേക ആളുതയിൽ നടത്തേണ്ടതാണ് എന്നു ഗവണ്മെന്റു ആജ്ഞാപിക്കുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി): ഇക്കാര്യം ആലോചിക്കുന്നതാണ്.

ശ്രീശങ്കര അളം.

൧൭൩. മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): (൧) (എ) ഉപ്പുകൃഷിക്കായി മി. ടി. പി. കുഞ്ഞയ്യർക്കു കൊടുത്തിട്ടുള്ള ശ്രീശങ്കര അളത്തിൽ എത്ര ഏക്കർ ഭൂമി ഉണ്ടു എന്നും,

(ബി) ഇതിൽ ഉപ്പുകൃഷിക്കായി വിനിയോഗിക്കേണ്ട സ്ഥലം എത്ര എന്നും,

(സി) ഉപ്പു ഉണക്കുന്നതിനും ശേഖരിച്ചു വയ്ക്കുന്നതിനും ഉള്ള സ്ഥലം എത്ര എന്നും,

(ഡി) വിവരിച്ച പ്രദേശങ്ങൾ ഇപ്പോഴും വേണ്ടതുപോലെ പരിപാലിക്കപ്പെട്ടു വരുന്നുണ്ടോ എന്നും,

ഗവണ്മെന്റു സദയം പറയുമോ?

(൨) (എ) മിസ്റ്റർ കുഞ്ഞയ്യർ എത്ര ഏക്കർ വസ്തു വിലയ്ക്കുവാങ്ങി ഇതിൽ ചേർത്തിട്ടുണ്ടു.

(൩) (എ) ശ്രീശങ്കര അളത്തിന്റെ മൊത്തം വിസ്താരം ഇപ്പോൾ എത്ര ഏക്കർ ആണ്.

(ബി) ഇതിൽ എത്ര ഏക്കറിൽ ഉപ്പുകൃഷി ചെയ്തുവരുന്നു.

(സി) ഇതിൽ ഉപ്പു ഉണക്കുന്നതിനും ശേഖരിച്ചുവയ്ക്കുന്നതിനും എത്ര ഏക്കർ സ്ഥലം തിരിച്ചു വച്ചിരിക്കുന്നു?

(൪) (എ) ഉപ്പുകൃഷിക്കായി ആദ്യമായി പതിച്ചുകൊടുത്തിരുന്ന സ്ഥലത്തിന്റെ വിസ്താരത്തിനും ഇപ്പോൾ കൃഷിചെയ്തിരിക്കുന്ന സ്ഥലത്തിന്റെ വിസ്താരത്തിനും തമ്മിൽ വല്ല വ്യത്യാസവും ഉണ്ടോ?

(ബി) ഉണ്ടെങ്കിൽ എന്തുവ്യത്യാസം.

(സി) ഗവണ്മെന്റിനു ചെല്ലേണ്ടതായ ഉപ്പിന്റെ അളവിൽ അനുരൂപമായ കൂടുതലോ കുറവോ ഉണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി): (൧) (എ) മുതൽ (ഡി) വരെ ൩൨൭൦ ഏക്കർ സ്ഥലം പതിച്ചുകൊടുത്ത കാലത്തു ഉപ്പുകൃഷിക്കു ഇത്ര സ്ഥലം എന്നും ഉണക്കുന്നതിനും ശേഖരിക്കുന്നതിനും ഇത്ര എന്നും പ്രത്യേകിച്ചു പറഞ്ഞിട്ടില്ല.

(൨) (എ) ൨൦൩ ഏക്കർ.

(ബി) അളവു മുഴുവനും വീണ്ടും അളന്നുനോക്കാതെ മറുപടി പറയുന്നതിനു നിവൃത്തിയില്ല.

(൩) (എ) ൭൨൦൧൧ ഏക്കർ.

(ബി) ൧൧൦൦-ാമാണ്ടത്തെ എക്സൈസ് ഡിപ്പാർട്ട്മെണ്ടിലെ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടിൽ ൧൪-ാം അനുബന്ധം മെംബർ നോക്കിക്കൊൾക.

(സി) ൨½ ഏക്കർ.

(ഡി) (എ)-യും (ബി)-യും അളത്തിന്റെ ഇപ്പോഴത്തെ വിസ്താരത്തിനും ആദ്യമായി പതിച്ചുകൊടുത്ത വിസ്താരത്തിനും തമ്മിൽ ൧൩൩ ഏക്കർ വ്യത്യാസം ഉണ്ടു.

(സി) ഇല്ല.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): ഒന്നാം ഭാഗം (എ) മുതൽ (ഡി) വരെ നവ ഏക്കർ ൭൭ സെൻറു പതിച്ചുകൊടുത്തിട്ടുണ്ടു. അതിൽ അളം തിരുത്തുന്നതിനു ഇത്ര എന്നും ഉപ്പു ഉണ്ടാക്കുന്നതിനു ഇത്ര എന്നും പ്രത്യേകം തിരിച്ചുകൊടുത്തിട്ടുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): അതു മറുപടിയിൽ പറഞ്ഞിട്ടുണ്ടല്ലോ?

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): അതിലേയ്ക്കു വർക്കിംഗ് പ്ലാൻ ഇല്ലേ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): വൊർക്കിംഗ് പ്ലാൻ എന്നു മെംബർ ഉദ്ദേശിക്കുന്നതെന്താണെന്നു മനസിലാകുന്നില്ല.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): ആ സ്ഥലത്തെ സംബന്ധിച്ചു വൊർക്കിംഗ് പ്ലാൻ തയ്യാറാക്കി അവരെ കാണിച്ചുകൊടുത്തിട്ടുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): അറിഞ്ഞുകൂടാ.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): (൩)-ഭാഗം (എ) ഇനത്തിൽ ൭൨ ഏക്കർ ൧൧ സെൻറു വരുന്നതെങ്ങനെ? നവ ഏക്കർ ൭൭ സെൻറു പതിച്ചുകൊടുത്തു. ൨ ഏക്കർ ൭൦ സെൻറു വിലയ്ക്കു വാങ്ങിച്ചു. രണ്ടുംകൂടി കൂട്ടുമ്പോൾ ൭൯ ഏക്കർ ൩൫ സെൻറു മാത്രമേ ആകുന്നൊള്ളു. ഇപ്പോൾ ൭൨ ഏക്കർ ൧൧ സെൻറു ഭൂമി കൃഷിചെയ്തുവരുന്നുണ്ട്. അതെങ്ങനെയാണ് വന്നതു.

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): എക്സൈസ് കമ്മീഷണരോടു അതിനെപ്പററി എഴുതി ചോദിച്ചുപറയാം.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): ഇങ്ങനെ കണക്കിൽ പിശകായ ഒരു മറുപടിതന്നപ്പോൾ അതിനെപ്പററി ചോദിച്ചില്ലേ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): ഇല്ല.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): നാലാം ഭാഗം (എ)-യും (ബി)-യും ൧൩ ഏക്കർ ൩൭ സെൻറു വ്യത്യാസം ഉള്ളതായി പറയുന്നു. ഈ വ്യത്യാസത്തിനു തക്കവണ്ണം കൂടുതൽ ഉപ്പു ഉണ്ടാക്കിവരുന്നുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): ൪-ാംഭാഗം (ഡി)-യിൽ പറഞ്ഞിട്ടുണ്ട്.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): ഉണ്ടാക്കുന്നില്ല എന്നോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): അതേ.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): ഈ മാതിരി കൂടുതൽ സ്ഥലം ഉണ്ടായിരുന്നാൽ അതിലേയ്ക്കു കൂടുതൽ ഉപ്പു ഉണ്ടാക്കുന്നില്ലേ.

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): മറുപടിയിൽ പറഞ്ഞിട്ടുണ്ടു.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): ഉണ്ടാകുന്നില്ലെന്നോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): മറുപടി പാർട്ട് (൪) (സി) യിൽ പറഞ്ഞിട്ടുണ്ടു.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): കുറച്ചുകൂടി ഉറപ്പിക്കാൻവേണ്ടി ചോദിച്ചതാണ്.

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ് സെക്രട്ടറി): സീയിൽ ഇല്ല എന്നാണു പറയുന്നതു.

കാളേജുകളിൽ പ്രൊഫസർമാർ മുതലായവരുടെ നിയമനം.

൧൭൪. മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): ഗവർമ്മെണ്ട് ദയവുചെയ്തു താഴെപ്പറയുന്നവയ്ക്കു മറുപടി നൽകുമോ?

(എ) (i) കാളേജുകളിൽ ട്യൂട്ടർമാർ, അസിസ്റ്റൻറുപ്രൊഫസർമാർ, പ്രൊഫസർമാർ ഇവരെ നിയമിക്കുന്നതിനെക്കുറിച്ചു മദ്രാസ് യൂനിവെർസിട്ടിയുമായി മുൻപിൽകൂട്ടി ആലോചിക്കുക പതിവാണോ?

(ii) ഇല്ലെന്നുവരികിൽ, നിയമിച്ചതിനെ പിന്നീടു യൂനിവെർസിററിയെ അറിയിക്കുക പതിവാണോ?

(ബി) (i) ട്യൂട്ടർമാരുടെയും അസിസ്റ്റൻറ്പ്രൊഫസർമാരുടേയും സാമർത്ഥ്യത്തേയോ വൈപരീത്യത്തേയോക്കുറിച്ചു അഭിപ്രായം പറയുന്നതിനു യൂനിവെർസിററി അധികാരസ്ഥന്മാർക്കോ, യൂനിവെർസിററി കമ്മിഷനുകൾക്കോ അധികാരമോ ശക്തിയോ ഉണ്ടോ?

(ii) ഉണ്ടെന്നുവരികിൽ അവരുടെ അഭിപ്രായത്തെ ഗവണ്മെണ്ട് നിയമേന അംഗീകരിക്കുന്നുണ്ടോ?

(iii) ഫിലോസഫി പ്രൊഫസർആയിരുന്ന മിസ്റ്റർ സുബ്രഹ്മണ്യശാസ്ത്രിയെക്കുറിച്ചു യൂനിവെർസിററികമ്മിഷണിലെ മെംബർമാരിൽ ഒരാൾ പറഞ്ഞിരുന്ന വിപരീതാഭിപ്രായത്തെ ഗവണ്മെണ്ടു സ്വീകരിച്ചുവോ?

(iv) ഇല്ലെന്നുവരികിൽ അതിനുള്ള കാരണംഎന്ത്?

(സി) (i) ആർട്ട്സ് കാളേജിൽ ട്യൂട്ടർആയ മിസ്റ്റർ ജി. എൻ. വേലുപ്പിള്ള എത്രകാലമായി കാളേജുക്ലാസുകൾ പഠിപ്പിച്ചുവരുന്നു.

(ii) ഇക്കാലയളവ്, എത്രകാലം അദ്ദേഹം ജൂനിയർഇൻറർമീഡിയററ, സീനിയർഇൻറർമീഡിയററ, ജൂനിയർ ബി. എ. സീനിയർ ബി. എ. ഈ ക്ലാസുകളിൽ അദ്ധ്യാപകനായി പഠിപ്പിച്ചിട്ടുണ്ടു.

(ഡി) (i) മേല്പറഞ്ഞ കാളേജ്ക്ലാസുകളിൽ മിസ്റ്റർ വേലുപ്പിള്ള ഇംഗ്ലീഷ് പഠിപ്പിച്ചിട്ടുണ്ടോ?

(ii) ഉണ്ടെങ്കിൽ ഏതുക്ലാസുകളിൽ എത്രകൊല്ലത്തേക്കു അദ്ദേഹം ഇംഗ്ലീഷ് പഠിപ്പിച്ചിട്ടുണ്ടു?

(iii) അന്നത്തെ ഇംഗ്ലീഷ്പ്രൊഫസർമാരായിരുന്ന മിസ്റ്റർ എൽ. സി. ഹാഡ്സൺ, മിസ്റ്റർ ഡി. ജെ. സ്ലാസ്, മിസ്റ്റർ ബി. പാർക്കർ, മിസ്റ്റർ കെ. ബി. രാമനാഥൻ, മിസ്റ്റർ പി. ജി. സഹസ്രനാമയ്യർ ഇവർ മിസ്റ്റർ വേലുപ്പിള്ള ഇംഗ്ലീഷ്‌വിഷയം പഠിപ്പിക്കുന്നതിനെ സംബന്ധിച്ചു വല്ല അഭിപ്രായങ്ങളും രേഖപ്പെടുത്തീട്ടുണ്ടോ? ഉണ്ടെങ്കിൽ അവഎന്ത്?

(ഇ) (i) ഏതേതു കാളേജ്ക്ലാസുകളിൽ ഓരോക്ലാസിലും എത്രകൊല്ലം മിസ്റ്റർ വേലുപ്പിള്ള ന്യായശാസ്ത്രം പഠിപ്പിച്ചിട്ടുണ്ട്.

(ii) ന്യായശാസ്ത്രം പഠിപ്പിക്കുന്നതിൽ മിസ്റ്റർ വേലുപ്പിള്ളയുടെ സാമർത്ഥ്യത്തെക്കുറിച്ചു വല്ല അഭിപ്രായവും ആ വിഷയങ്ങളിലെ പ്രൊഫസർമാർ രേഖപ്പെടുത്തിട്ടുണ്ടോ? ഉണ്ടെങ്കിൽ ആ അഭിപ്രായങ്ങൾ ഏവ?

(iii) മിസ്റ്റർ വേലുപ്പിള്ള ന്യായശാസ്ത്രം പഠിപ്പിച്ചിരുന്നകാലത്തു ആ വിഷയത്തിൽ പരീക്ഷാഫലം എങ്ങനെയായിരുന്നു.

(എഫ്) (i) കാളേജുകളിൽ ലെക്ചറർമാരും ട്യൂട്ടർമാരും എം. എ. ഡിഗ്രിപരീക്ഷ ജയിച്ചിരിക്കണം എന്നുള്ള ചട്ടത്തിൽനിന്നു മി. വേലുപ്പിള്ളയെ ഒഴിവാക്കിട്ടുണ്ടോ?

(ii) ഉണ്ടെങ്കിൽ ആ ഒഴിവാക്കൽ കാളേജ്കൌൺസിലിന്റെ ഉപദേശത്തിന്മേൽ ഗവണ്മെണ്ട് നല്കിയതാണോ?

(iii) ആവിധം ഉപദേശം അയച്ച കൌൺസിലിലെ അംഗങ്ങൾ ആരായിരുന്നു?

(iv) അദ്ദേഹത്തിനെ എം. എ. ഡിഗ്രി പരീക്ഷാവിഷയത്തിൽനിന്നു ഒഴിവാക്കുന്നതിലേക്കു അവർ പറഞ്ഞിരുന്ന കാരണങ്ങൾ ഏവ?

(ജി) (i) മി. വേലുപ്പിള്ളയെ ട്യൂട്ടരായി നിയമിച്ചതു എപ്പോൾ?

(ii) അദ്ദേഹത്തിന്റെ ശമ്പളം ൧൫൦ രൂപയായും ൧൭൫ രൂപയായും കൂട്ടിയതു എപ്പോൾ?

(iii) ആവിധം ശമ്പളക്കൂടുതൽ കൊടുത്തതു എം. എ. ഡിഗ്രിപരീക്ഷ ജയിക്കുന്നതിൽനിന്നു മി. വേലുപ്പിള്ളയെ ഒഴിവാക്കിയ ശേഷം പിന്നീടാണോ?

(iv) അങ്ങനെയാണെന്നുവരികിൽ, ഫിലാസഫിയിൽ അസിസ്റ്റണ്ടുപ്രൊഫസരെ നിയമിക്കേണ്ടതായ പ്രശ്നം ഉണ്ടായപ്പോൾ അദ്ദേഹത്തിനെ അതിലേക്കു നിയമിക്കാതിരുന്നതിനുള്ള കാരണം എന്തു?

(എച്ച്) (i) മി. വേലുപ്പിള്ള ഫിലാസഫിയിൽ അസിസ്റ്റണ്ടുപ്രൊഫസരായി നിയമിക്കണമെന്നു ആർട്സ്കാളേജിലെ പ്രിൻസിപ്പാൾ ശിപാർശചെയ്തിട്ടുണ്ടോ?

(ii) ഉണ്ടെങ്കിൽ ശിപാർശ അനുവദിക്കാതിരുന്നതിനുള്ള കാരണങ്ങൾ ഏതെല്ലാം?

(ഐ) (i) ഫിലാസഫിയിൽ അസിസ്റ്റണ്ടുപ്രൊഫസരായി ഇപ്പോൾ ആരെ നിയമിച്ചിരിക്കുന്നു? അദ്ദേഹത്തിനുള്ള യോഗ്യതകൾ എന്തു?

(ii) ഇതിനുമുമ്പു വല്ല കാളേജിലും അദ്ദേഹം ഉദ്യോഗത്തിൽ ഇരുന്നിട്ടുണ്ടോ?

(iii) അദ്ദേഹം ഈ വിഷയം വല്ല കാളേജിലും ഇതിനുമുമ്പിൽ പഠിപ്പിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ ഏതു കാളേജിൽ? ഓരോന്നിലും എത്രകാലം.

(iv) അദ്ദേഹത്തിന്റെ നിയമനത്തെക്കുറിച്ചു ആർട്സ്കാളേജ് പ്രിൻസിപ്പാളിന്റേയും ഫിലാസഫിപ്രൊഫസരുടേയും അഭിപ്രായങ്ങൾ ഗവണ്മെണ്ടു ആവശ്യപ്പെട്ടിട്ടുണ്ടോ?

(v) ഇല്ലെന്നുവരികിൽ ഈ വിഷയം പഠിപ്പിക്കാൻ അദ്ദേഹം സമർത്ഥനാണെന്നു ഉപദേശിച്ചതാര്?

മി. കെ. ജാർജ് (ഗവണ്മെണ്ട് ചീഫ്സെക്രട്ടറി):

(എ) (i) അല്ല.

(ii) അതേ.

(ബി) (i) അതേ.

(ii) അതേ.

(iii)-ം (iv)-ം പ്രസ്താവിച്ച അഭിപ്രായങ്ങൾ റിക്കാർഡുകളിൽ കാണാനില്ല.

(സി) (i) ൧ ൯ കൊല്ലത്തേക്കു.

(ii) സീനിയർ ബി. എ. ൧ കൊല്ലം.

പ്രിലിമിനറി ആണേർസ് ൧ ടി

സീനിയർഇൻറർമീഡിയെട് ൧൭ ടി

ജൂനിയർ ടി ൧൭ ടി

ജൂനിയർ ബി. എ. ക്ലാസു അദ്ദേഹം പഠിപ്പിച്ചിട്ടില്ല.

(ഡി) (i)-ം (ii)-ം ഉണ്ട്.

സീനിയർ ബി. എ. ൧ കൊല്ലം.

പ്രിലിമിനറിആണേർസ് ൧ ടി

സീനിയർ ഇൻറർമീഡിയറ്റ ൧൬ ടി

ജൂനിയർ ടി ൧൬ ടി

(iii) ഉണ്ട്. ഇംഗ്ലീഷ്പ്രൊഫസർക്കും ദേശചരിത്രം പ്രൊഫസർക്കും തൃപ്തികരമാംവണ്ണം മി. വേലുപ്പിള്ള സ്വകൃത്യം നിർവഹിച്ചിട്ടുണ്ടെന്നു ൧൦൧൧ ആഗസ്റ്റ് ൨൮-നു മി. ഹഡ്സൺ എഴുതിബോധിപ്പിച്ചു. മി. വേലുപ്പിള്ള ഇംഗ്ലീഷ് പഠിപ്പിച്ചതിനെക്കുറിച്ചു യാതൊരു അഭിപ്രായവും മെസേർസ് സ്ലാസ്, പാഷർ, രാമനാഥൻ, സഹസ്രനാമയ്യർ ഇവർ രേഖപ്പെടുത്തിട്ടില്ല.

(ഇ) (i) ജൂനിയർ ഇൻറർമീഡിയെട് ൧൭ കൊല്ലം.

സീനിയർ ടി ൧൭ ടി

ജൂനിയർ ടി ൧ ടി

(ii) മി. വേലുപ്പിള്ള ഒന്നോ രണ്ടോതവണ എം. എ. ഡിഗ്രി പരീക്ഷയ്ക്കു ചേർന്നിരുന്നുഎന്നും എന്നാൽ ജയിച്ചില്ലാഎന്നും അപ്രകാരം ആയിരുന്നാലും ഇൻറർമീഡിയെട് പരീക്ഷയ്ക്കു ന്യായശാസ്ത്രം പഠിപ്പിക്കുന്ന ചുമതല നിർവഹിച്ചിട്ടുള്ളതുകൊണ്ടും കാളേജ് ലൈബ്രറിയിലും പബ്ലിക്ക് ലൈബ്രറിയിലും നിന്നു ഫിലാസഫി

സംബന്ധമായ വിഷയങ്ങൾ തുടർന്നഭ്യസിച്ചുകൊണ്ടിരിക്കുന്നതിനു വേണ്ട സൌകര്യങ്ങൾ ഉണ്ടായിരുന്നതുകൊണ്ടു ഈ വിഷയം അദ്ദേഹം തുടർന്നു പഠിക്കയും അവയുമായി പരിചിതനായിരിക്കയും ചെയ്തിരുന്നു എന്നു മിസ്റ്റർ എസ്. സുബ്രഹ്മണ്യശാസ്ത്രി ഉദ്യോഗം വിട്ടു പിരിയുന്നതിനു മുൻപായി പ്രിൻസിപ്പാളിനോടു എഴുതി ബോധിപ്പിച്ചു. ഇവിടെ വന്നതിൽപിന്നാടു മിസ്റ്റർ വേലുപ്പിള്ളയെകുറിച്ചു താൻ അറിഞ്ഞിടത്തോളം അദ്ദേഹത്തിന്റെ പ്രവൃത്തിയിൽ അദ്ദേഹത്തിനുള്ള മഹത്തായ അനുഭവത്തേയും പരിശ്രമശീലത്തേയും താല്പര്യത്തേയും കുറിച്ചു തനിക്കു സാക്ഷ്യം വഹിക്കാൻ കഴിയും. എന്നും ഇൻറർമീഡിയററ ക്ലാസ്സിൽ ന്യായശാസ്ത്രപരീക്ഷകളുടെ ഫലം ഒന്നുപോലെ നന്നായിരുന്നു എന്നും ഡാക്ടർ പി. നരസിംഹയ്യാ പ്രഫസർ ഉദ്യോഗത്തിൽ പ്രവേശിച്ചു ൧൧ ദിവസത്തിനുള്ളിൽ എഴുതിബോധിപ്പിച്ചു.

(iii) മിസ്റ്റർ വേലുപ്പിള്ള ന്യായശാസ്ത്രം പഠിപ്പിച്ചുകൊണ്ടിരുന്നകാലത്തു യൂനിവേർസിററി പരീക്ഷയുടെ ഫലങ്ങൾ തൃപ്തികരമായിരുന്നു എന്നു ബോധിപ്പിച്ചിരിക്കുന്നു.

(എഫ്) (i) ഇല്ല.

(ii) (iii) (iv) എഫ് (i) ഭാഗത്തിനുള്ള മറുപടിനോക്കുന്നപക്ഷം ഈ പ്രശ്നങ്ങൾ അസ്ഥാനത്തിലാണ്.

(ജി) (i) ൧൦൮൨ തുലാം ൧-ന്നു.

(ii) ൧൦൮൨ തുലാം ൧-ന്നും ൧൧൦൧ തുലാം ൧-ന്നും.

(iii) (iv) എഫ് (i) ഭാഗത്തിനുള്ള മറുപടി നോക്കുന്നപക്ഷം ഈ പ്രശ്നം അസ്ഥാനത്തിലാണ്.

(എച്ച്) (i) ഉണ്ടു.

(ii) മിസ്റ്റർ വേലുപ്പിള്ള ആ ഉദ്യോഗത്തിനു സമർത്ഥനല്ലെന്നു വിദ്യാഭ്യാസ ഡയറക്ടർ അഭിപ്രായപ്പെട്ടിരിക്കുന്നു.

(ഐ) (i) മിസ്റ്റർ എം. സുന്ദരരാജനായഡു എം. ഏ., ബി. എൽ.; അദ്ദേഹം ഫിലാസഫിയിൽ ബി. ഏ. ആണേഴ്സ് ആണ്.

(ii) ഇല്ല.

(iii) (ഐ) (i) ഭാഗത്തിനുള്ള മറുപടിയുടെ ശേഷം ഈ പ്രശ്നങ്ങൾ ജനിക്കുന്നില്ല.

(iv) വിദ്യാഭ്യാസ ഡയറക്ടരുടെ അഭിപ്രായം ഗവർമെന്റു ആവശ്യപ്പെട്ടു. ഗവർമെന്റു സാധാരണമായി കീഴുദ്യോഗസ്ഥന്മാർക്കു എഴുതാറില്ല

(v) മിസ്റ്റർ സുന്ദരരാജനായിഡു ഫിലാസഫിയിൽ മഹത്തായ യോഗ്യത സമ്പാദിച്ചിട്ടുണ്ടെന്നു വിദ്യാഭ്യാസ ഡയറക്ടർ ബോധിപ്പിച്ചു.

മിസ്റ്റർ ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): പ്രഫസർമാരേയും അസിസ്റ്റന്റു പ്രൊഫസർമാരേയും ഇപ്പോൾ നിയമിച്ചിട്ടുള്ളതു യൂനിവെർസിററിയോടു ചോദിച്ചിട്ടാണോ?

മി. കെ. ജാർജ് (ഗവർമെന്റു ചീഫ്സെക്രട്ടറി): യൂനിവെർസിററിയോടു ചോദിച്ചിട്ടുവേണം എന്നു പറഞ്ഞില്ലല്ലോ മുമ്പിൽകൂട്ടി ആലോചിക്കയില്ലെന്നാണു പറഞ്ഞിരുന്നതു്.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും). യൂനിവെർസിററിക്കാരുടെ അഭിപ്രായത്തെ ഗവർമെന്റു അതുപോലെ സ്വീകരിക്കുന്നുണ്ടോ?

മി. കെ. ജാർജ് (ഗവർമെന്റു ചീഫ് സെക്രട്ടറി): ഉണ്ടു.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): മി. സുബ്രഹ്മണ്യശാസ്ത്രികളെ സംബന്ധിച്ചേടത്തോളം അതു ചെയ്യാത്തതെന്തുകൊണ്ടു.

മി. കെ. ജാർജ് (ഗവർമെന്റു ചീഫ്സെക്രട്ടറി): അങ്ങനെ അഭിപ്രായം ഉള്ളതായി റിക്കാർഡുകൊണ്ടു കാണുന്നില്ല എന്നു മറുപടിയിൽ പറഞ്ഞിട്ടുണ്ടു.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): ഗവർമെന്റിലേക്കു ആ റിക്കാർഡുകൾ അയച്ചിട്ടുണ്ടോ?

മി. കെ. ജാർജ് (ഗവർമെന്റു ചീഫ്സെക്രട്ടറി): കാണുന്നില്ലെന്നു പറയുമ്പോൾ അയച്ചിട്ടുണ്ടോ എന്നു ചോദിക്കേണ്ട ആവശ്യമില്ല.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): യൂനിവേർസിററികാർ രേഖപ്പെടുത്തുന്ന അഭിപ്രായങ്ങളെ ഗവർമെന്റിലേക്കു അയക്കുന്ന പതിവുണ്ടോ?

മി. കെ. ജാർജ് (ഗവർമെന്റു ചീഫ് സെക്രട്ടറി): അയക്കാറുണ്ടു.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): ഇപ്പോൾ അപ്രകാരം കാണാത്തതുകൊണ്ടു അവർ ഇതിനെപ്പററി അഭിപ്രായം എഴുതിട്ടില്ലാ എന്നാണോ മനസ്സിലാക്കേണ്ടതു്.

മി. കെ. ജാർജ് (ഗവർമെന്റു ചീഫ് സെക്രട്ടറി): അങ്ങനെയല്ല. അഭിപ്രായം എഴുതിയതായി റിക്കാർഡുകൾ കാണുന്നില്ല എന്നുവേണം മനസ്സിലാക്കാൻ.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): ഡയറക്ടരുടെ അഭിപ്രായത്തിൽ മി. വേലുപ്പിള്ള ആ സ്ഥാനത്തിനു യോഗ്യനല്ല എന്നു നിശ്ചയിച്ചതു എങ്ങനെയാണ്.

മി. കെ. ജാർജ് (ഗവർമെന്റു ചീഫ് സെക്രട്ടറി): മി. വേലുപ്പിള്ളയുടെ ക്വാളിഫിക്കേഷൻ പോരാ എന്നുള്ള ഡയറക്ടരുടെ അഭിപ്രായം ആണ്.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): ഇതിനെപ്പററി ആർട്സ് കാളേജിലെ പ്രിൻസിപ്പാളിനോടു ചോദിച്ചിട്ടുണ്ടോ?

മി. കെ. ജാർജ് (ഗവർമെന്റു ചീഫ് സെക്രട്ടറി): ഡിപ്പാർട്ടുമെന്റു മേലധികാരികളോടു മാത്രമേ ഗവർമെന്റു സാധാരണ ചോദിക്കാറുള്ളു.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോടും): ഡയറക്ടർ ആർട്സ് കാളേജ് പ്രിൻസിപ്പാളിനോടു ഈ സംഗതിയെപ്പററി ആലോചിച്ചിട്ടുണ്ടോ?

മി. കെ. ജാർജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): പ്രിൻസിപ്പാളിന്റെ ശിപാർശ വന്നശേഷമാണ് ഡയറക്ടർ തീരുമാനിച്ചതു.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോട്ടും): ആർട്സ് കാളേജ് പ്രിൻസിപ്പാൾ മി. വേലുപ്പിള്ള ഈ സ്ഥാനത്തിനു യോഗ്യനല്ലെന്നും വേറെ ഒരാളിനെ കൊടുക്കണം എന്നും ശിപാർശ ചെയ്തിട്ടുണ്ടോ?

മി. കെ. ജാർജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): ഉണ്ട്.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോട്ടും): പിന്നെ എങ്ങനെയാണ് മി. വേലുപ്പിള്ള ആ സ്ഥാനത്തേക്കു യോഗ്യനാണെന്നു നിശ്ചയിച്ചതു;

മി. കെ. ജാർജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): അതിലേക്കു ഡയറക്ടർക്കു അധികാരം ഉണ്ടു.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോട്ടും): അതു ഞാൻ സമ്മതിക്കുന്നു.

മി. കെ. ജാർജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): അദ്ദേഹത്തിന്റെ ക്വാളിഫിക്കേഷൻ എന്താണെന്നു ഡയറക്ടർക്കു അറിയാം.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോട്ടും): എം. ഏ. ക്വാളിഫിക്കേഷൻ ഇല്ലാതിരിക്കുന്ന ആളിനെക്കൊണ്ടു മററു ക്ലാസുകളും സീനിയർ ബി. ഏ., ഇന്റർമീഡിയെററ്, മുതലായ ക്ലാസുകളിൽ പഠിപ്പിക്കാൻ അനുവദിച്ചതെന്തുകൊണ്ടാണ്.

മി. കെ. ജാർജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): ഫിലാസഫിയല്ലാ പഠിപ്പിച്ചതു.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോട്ടും): മററുള്ള വിഷയങ്ങൾ പഠിപ്പിക്കുന്നതിനും എം. ഏ. പാസ്സായിരിക്കണമെന്നു നിർബന്ധമില്ലേ?

മി. കെ. ജാർജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): ഉയർന്ന ക്ലാസുകളിൽ പഠിപ്പിക്കുന്നതിനു എം. ഏ. പാസ്സായിരിക്കണം എന്നുണ്ടു

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോട്ടും): ഫിലാസഫിയെ സംബന്ധിച്ചിടത്തോളം ഈ നിർബന്ധം ഉപേക്ഷിക്കുന്നതിനു പക്ഷേ മററുള്ള വിഷയങ്ങൾക്കു ഉപേക്ഷിക്കാ [illegible] ഉള്ള കാരണം എന്താണ്.

മി. കെ. ജാർജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): അതു ഡയറക്ടരുടെ അഭിപ്രായമാണ്.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോട്ടും): ഈ സംഗതിയിൽ മി. വേലുപ്പിള്ളക്കു ആദ്യം പഠിപ്പിക്കാൻ യോഗ്യതയുണ്ടെന്നും പിന്നീടു ഫിലാസഫിക്കു എം. ഏ. പാസ്സായ ആൾതന്നെ വേണമെന്നു നിശ്ചയിക്കാനുള്ള കാരണമെന്തു?

മി. കെ. ജാർജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): മി. വേലുപ്പിള്ള പഠിപ്പിക്കുന്ന വിഷയം വേറെയാണ്.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോട്ടും): കാളേജിലെ പ്രഫസർമാർ എല്ലാ വിഷയത്തിലും എം. ഏ. പാസായിരിക്കണം എന്നു നിർബന്ധമുണ്ടു. അങ്ങനെയിരിക്കെ മററു വിഷയങ്ങൾ സീനിയർ ബി. ഏ. ഇന്റർമീഡിയെട്, പ്രിലിമിനറി ആണേഴ്സ് ഈ ക്ലാസുകളിൽ എല്ലാം പഠിപ്പിക്കുന്നതിനു മി. വേലുപ്പിള്ളയെ അനുവദിച്ചു. അതുമാതിരി ക്ലിഷ്ടമായ ഒരു വിഷയം വന്നപ്പോൾ അദ്ദേഹം അതിലേക്കു യോഗ്യനല്ലാതായതെങ്ങനെ?

മി. കെ. ജാർജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): ആ വിഷയത്തിൽ വേണ്ട ക്വാളിഫിക്കേഷൻ അദ്ദേഹത്തിനില്ല.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോട്ടും): പ്രഫസർമാരെ നിയമിക്കുമ്പോൾ അതിനെപ്പററി പ്രിൻസിപ്പാളിനോടു ആലോചിക്കാറുണ്ടോ?

മി. കെ. ജാർജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): ഗവണ്മെന്റു ആലോചിക്കുന്ന പതിവില്ല.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോട്ടും): ഡയറക്ടർ ആലോചിക്കുന്ന പതിവുണ്ടോ?

മി. കെ. ജാർജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): പ്രിൻസിപ്പാളിന്റെ ശിപാർശ വന്നതിനുശേഷമാണ് ഡയറക്ടർ ഗവണ്മെന്റിലേക്കു അയക്കുന്നതു.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോട്ടും): അതിൽ മി. വേലുപ്പിള്ള ഫിലാസഫി പഠിപ്പിക്കുന്നതിനു യോഗ്യനല്ലെന്നു പ്രിൻസിപ്പാൾ ശിപാർശചെയ്തിട്ടുണ്ടോ?

മി. കെ. ജാർജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): ഫിലാസഫി പഠിപ്പിക്കുന്നതിനു മി. വേലുപ്പിള്ളക്കു യോഗ്യത പോരാ എന്നും ഉയർന്നയോഗ്യതയുള്ള ഒരാളിനെ നിയമിക്കേണ്ടതാണെന്നും ശിപാർശ ഡയറക്ടർ ചെയ്തിട്ടുണ്ടു.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോട്ടും): പകരം നിയമിച്ചയാളിനു എന്തെല്ലാം യോഗ്യതകളുണ്ടെല്ലയോ?

മി. കെ. ജാർജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): അദ്ദേഹത്തിന്റെ പരീക്ഷായോഗ്യതകൾ ഇവിടെ പറഞ്ഞിട്ടുണ്ടല്ലോ.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോട്ടും): എം. ഏ. ഡിഗ്രി മാത്രമേയുള്ളൂ യോഗ്യത?

മി. കെ. ജാർജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): ബി. ഏ. ആണേഴ്സ് ആണ്, ഫിലാസഫിയിൽ പ്രെസിഡെൻസിയിൽ ഒന്നാമനാണ്.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോട്ടും): അദ്ദേഹം ഇതിനുമുമ്പു വേറെ എവിടെയെങ്കിലും പഠിപ്പിച്ചിട്ടുണ്ടോ?

മി. കെ. ജാർജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): ഇല്ല.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോട്ടും): അദ്ദേഹം കാളേജ് വിട്ടിട്ടു എത്ര കൊല്ലമായി?

മി. കെ. ജാർജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): അതു നോക്കിയില്ല.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവംകോട്ടും): അതു അന്വേഷിക്കാതെയാണോ അദ്ദേഹത്തെ നിയമിച്ചതു?

മി. കെ. ജാർജ് (ഗവണ്മെന്റ ചീഫ് സെക്രട്ടറി): ജൂലൈയിൽ അതിനെസംബന്ധിച്ച് ഒന്നുമില്ല.

മങ്കമലയിൽ ഭൂമി തുരക്കുന്ന ജോലിയുടെ സംഗതി.

൭൯൭. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): താഴെ പറയുന്ന കാര്യങ്ങൾക്ക ഗവണ്മെന്റ സദയം മറുപടി പറയുമോ?

(എ) മങ്കമലയിൽ ഭൂമി തുരക്കുന്ന പ്രവൃത്തിയുടെ സാക്ഷാൽ ഫലം എന്ത്?

(ബി) സംഗതികൾ പൂർണ്ണമായി അന്വേഷിച്ചതിൽ പിന്നീടാണോ ഈ പരിശ്രമം ആരംഭിച്ചത്?

(സി) ഈ അന്വേഷണം നടത്തിയ ഉദ്യോഗസ്ഥന്മാർ ആരെല്ലാം ആയിരുന്നു.

(ഡി) മങ്കമലയിലെ പ്രവൃത്തിയുടെ വിജയത്തെയോ പരാജയത്തെയോ പറ്റി മിസ്റ്റർ ജി. എച്ച്. ടി[illegible]പ്പരുടെയും മിസ്റ്റർ മാശില്ലാമണിയുടെയും [illegible] അഭിപ്രായം എന്ത്?

(ഇ) ഈ പ്രവൃത്തി ആരംഭിക്കുന്നതിനു മുൻപ് മങ്കമലയിൽ ഉള്ള ധാതുനിക്ഷേപത്തിന്റെ പരിമാണം,

(എഫ്) ആ നിക്ഷേപത്തിൽ ഗന്ധകവും നിക്കലും എത്ര ശതമാനം?

(ജി) പരിശോധനയ്ക്കു വേണ്ടി മങ്കമലയിൽ ചിലവാക്കിയ [illegible] തുക,

(എച്ച്) ഏതാണ്ടു എത്ര അടി ആഴത്തിലാണു തുരക്കൽ നടത്തപ്പെട്ടത്.

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ സെക്രട്ടറി):

(എ) പ്രവൃത്തി പൂർത്തിയാക്കിട്ടില്ലാത്തതിനാൽ പൂർണ്ണമായഫലം എന്തെന്നു പറവാൻ സാധിക്കുകയില്ല. ഒരു സ്ഥലത്തു തുരന്നുനോക്കിയതിൽ ധാതുമണ്ണു അധികം കിട്ടിയിട്ടില്ല എന്നുകണ്ടു; ധാതുമണ്ണിന്റെ നിക്ഷേപത്തെ പൂർണ്ണമായി ഗ്രഹിക്കുന്നതിലേക്ക ഭൂമിയുടെ അന്തർഭാഗത്തിന്റെ ഘടനയുടെ ജ്ഞാനം ആവശ്യമാകയാൽ ആ ഘടനയെക്കുറിച്ചു കൂടുതൽ ജ്ഞാനവും അതു ഉണ്ടാക്കി.

(ബി) അതേ.

(സി) മിസ്റ്റർ ഇ. മാശില്ലാമണി, മിസ്റ്റർ ഐ. സി. ചാക്കോ, മിസ്റ്റർ എ. സ്. പി[illegible].

(ഡി) ഇൻഡ്യയിലെ ജിയോളജിക്കൽ സർവേയിൽ ഉദ്യോഗം വഹിക്കുന്ന മിസ്റ്റർ ജി. എച്ച്. ടിപ്പർ ഈ രാജ്യത്തിൽ താമസിച്ചതായ സ്വല്പകാലത്തിനുള്ളിൽ ഈ വിഷയത്തെക്കുറിച്ചു ദൃഢമായ യാതൊരു [illegible] നവും നടത്തീട്ടുള്ളതായി അറിഞ്ഞിട്ടില്ല. ഈ നിക്ഷേപം സഫലമാണെന്നു മിസ്റ്റർ മാശില്ലാമണി അഭിപ്രായപ്പെട്ടിരുന്നു.

(ഇ) ധാതുമണ്ണു മൂന്നു ഭിന്നസ്ഥാനങ്ങളിൽ വെളിവാക്കപ്പെട്ടിരുന്നു. ഭൂമിയുടെ അന്തർഭാഗത്തുള്ള പ്രദേശത്തെ പരിശോധിക്കാനായി തുരക്കൽ നടത്തപ്പെട്ടു.

(എഫ്) ഗന്ധകം [illegible] ശതമാനം,
നിക്കൽ [illegible] ശതമാനം.

(ജി) [illegible] രൂപാ [illegible] ചക്രം [illegible].

(എച്ച്) [illegible] അടി [illegible] ഇഞ്ച്,
കുംഭം—൭ൻ ദിവസം.

ആർട്ട്സ് കാളേജിൽ ഫിലാസഫി അസിസ്റ്റണ്ട് പ്രൊഫസർ.

൭൯൮. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): താഴെപറയുന്ന കാര്യങ്ങൾക്ക ഗവണ്മെന്റ സദയം മറുപടിപറയുമോ?

(എ) ആർട്ട്സ്കാളേജിൽ ഫിലാസഫി അസിസ്റ്റന്റ പ്രൊഫസർ ഉദ്യോഗത്തിനുള്ള അപേക്ഷകന്മാരുടെ പേരുകളും അവരുടെ യോഗ്യതകളും.

(ബി) അസിസ്റ്റന്റ പ്രൊഫസറായി നിയമനായിരിക്കുന്ന മിസ്റ്റർ സുന്ദരരാജനായിഡുവിനെ ആർട്ട്സ്കാളേജിലെ പ്രിൻസിപ്പാൾ ആകട്ടെ വിദ്യാഭ്യാസഡയറക്ടർ ആകട്ടെ ആ സ്ഥാനത്തേക്ക ശിപാർശചെയ്തിട്ടുണ്ടോ?

(സി) മി. നായിഡുവിനു ഇതിനുമുമ്പ് പഠിപ്പിക്കുന്നതിനുള്ള വല്ല പരിചയവും ഉണ്ടായിട്ടുണ്ടോ?

(ഡി) ആർട്ട്സ്കാളേജിൽ ഫിലാസഫിട്യൂട്ടർ ആയ മിസ്റ്റർ ടി. എൻ. വേലുപ്പിള്ളയുടെ കാര്യത്തിൽ എം. എ. ഡിഗ്രി പരീക്ഷ ജയിക്കാത്ത ന്യൂനതയെ കാളേജ് കൗൺസിലിന്റെ ഉപദേശത്തിന്മേൽ ഗവണ്മെന്റ അവഗണിച്ചിട്ടുണ്ടോ? ആക്ടിംഗ് വിദ്യാഭ്യാസ ഡയറക്ടർ ആയ മിസ്റ്റർ ആർ. കൃഷ്ണസ്വാമിഅയ്യർ ആ കാലത്തു ആ കൗൺസിലിൽ ഒരു അംഗം ആയിരുന്നുവോ?

(ഇ) ബി. ഏ. പരീക്ഷമാത്രം ജയിച്ചിട്ടുള്ളവരായി കാളേജിൽ അധ്യാപകവൃത്തിയിൽ നിയുക്തരായിരിക്കുന്നവരുടെ പേരുകളും, അവരിൽ ഓരോരുത്തരുടെയും സേവനകാലത്തിനുള്ള സ്ഥാനം.

മി. കെ. ജാർജ് (ഗവണ്മെന്റ ചീഫ് സെക്രട്ടറി):

(എ) മെമ്പർ ആവശ്യപ്പെട്ട വിവരങ്ങൾ അടങ്ങിയിരിക്കുന്ന പട്ടിക * മേശപ്പുറത്തു വച്ചിരിക്കുന്നു. (അനുബന്ധം I എ. നോക്കുക)

(ബി) വിദ്യാഭ്യാസ ഡയറക്ടരുടെ അഭിപ്രായം അറിഞ്ഞതിൽപിന്നീട ഈ നിയമനം ഗവണ്മെന്റ നടത്തി.

(സി) ഇല്ല.

(ഡി) പ്രശ്നത്തിൽ പൂർവഭാഗത്തിനു മറുപടി നിഷേധരൂപത്തിലാണ്. പൂർവഭാഗത്തിനുള്ള മറുപടി നോക്കുന്നപക്ഷം ഈ ചോദ്യത്തിനു ന്യായംകാണുന്നില്ല.

(ഇ) മെമ്പർ ആവശ്യപ്പെട്ട വിവരംകാണിക്കുന്ന പട്ടിക മേശപ്പുറത്തു വച്ചിരിക്കുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): മിസ്റ്റർ നായിഡു അപേക്ഷിച്ചതു ഗവണ്മെന്റിലൊ വിദ്യാഭ്യാസ ഡയറക്ടരുടെ അടുക്കലോ എന്നു അറിയേണ്ടിയിരിക്കുന്നു.

മി. കെ. ജാർജ് (ഗവണ്മെന്റ ചീഫ് സെക്രട്ടറി): രണ്ടു സ്ഥലത്തും അപേക്ഷിച്ചിട്ടുണ്ട് എന്നു തോന്നുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): വിദ്യാഭ്യാസ ഡയറക്ടരുടെ ഉപദേശത്തിനപുറമെ ഈ അപേക്ഷകൻെറ യോഗ്യതയെയോ അയോഗ്യതയെയോ കുറിച്ചു ഗവൺമെൻറ സ്വതന്ത്രമായി ചിന്തിച്ചിട്ടുണ്ടോ?

മി. കെ. ജാർജ് (ഗവൺമെൻറ ചീഫ് സെക്രട്ടറി): മെമ്പർ പറഞ്ഞതിൻെറ സാരം ഞാൻ ഗ്രഹിക്കുന്നില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): വിദ്യാഭ്യാസ ഡയറക്ടരുടെ ഉപദേശം അനുസരിച്ചു നടത്തി എന്നായിരുന്നു മിസ്റ്റർ കുമാരപിള്ളയുടെ ചോദ്യത്തിനു പറഞ്ഞ മറുപടി.

മി. കെ. ജാർജ് (ഗവൺമെൻറ ചീഫ് സെക്രട്ടറി): ഡയറക്ടരുടെ അഭിപ്രായം ലഭിച്ചതിൽപിന്നീട് നിയമനം നടത്തപ്പെട്ടു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): വിദ്യാഭ്യാസ ഡയറക്ടരുടെ ഉപദേശം അനുസരിച്ചാണോ മിസ്റ്റർ നായിഡുവിനെ നിയമിച്ചത്.

മി. കെ. ജാർജ് (ഗവൺമെൻറ ചീഫ് സെക്രട്ടറി): അതിനു മറുപടി പറഞ്ഞുകഴിഞ്ഞിരിക്കുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): മിസ്റ്റർ നായിഡുവിനെയും മററു അപേക്ഷകന്മാരെയും താരതമ്യേനയുള്ള യോഗ്യതകളെക്കുറിച്ചു ഗവൺമെൻറ ചിന്തിച്ചിട്ടുണ്ടോ എന്നു അറിയേണ്ടിയിരിക്കുന്നു.

മി. കെ. ജാർജ് (ഗവൺമെൻറ ചീഫ് സെക്രട്ടറി): നിശ്ചയമായും അങ്ങനെ ചെയ്തിട്ടുണ്ട്.

മസൂരിപ്രതിരോധത്തിൽ പരിഷ്കരണം.

൧൭൭. മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): (എ) തിരുവനന്തപുരം മുനിസിപ്പാലിട്ടിയിൽ ഡെപ്യൂട്ടി പ്രൊട്ടക്ടർമാർക്ക് കൈയിൽ തൂക്കിക്കൊണ്ടുപോകാവുന്ന നിവാരകൗഷധ സാമഗ്രികളും ഉപകരണങ്ങളും സൊപ്പും മുനിസിപ്പൽ കൗൺസിൽ കൊടുക്കയും മസൂരിപ്രതിരോധം കൂടുതൽ ഫലപ്രദമായി രോഗംപകരുന്നതിനു ഇടയാകാവുന്ന ഉൽപത്തിമാർഗ്ഗങ്ങളെ തടയാനും അവർനിമിത്തം കുറവാക്കുകയും ചെയ്തിട്ടുണ്ട് എന്നു ഗവൺമെൻറിനു അറിയാമോ?

(ബി) അറിയാമെങ്കിൽ ഈ പരിഷ്കാരങ്ങൾ ഗ്രാമീണപ്രദേശങ്ങളിലും നടപ്പാക്കാൻ പോകുന്നുണ്ടോ എന്നുള്ള വിവരത്തിനു റിപ്പോർട്ട് പരിശോധിക്കേണ്ടതുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറ സെക്രട്ടറി): അറിയാം.

(ബി) ഈ വിഷയത്തിൽ സാനിട്ടറികമിഷണരുടെ റിപ്പോർട്ട് മേശപ്പുറത്തു വച്ചിരിക്കുന്നു. (അനുബന്ധം II നോക്കുക)

നാഗരുകോവിൽ മുനിസിപ്പാലിട്ടിക്കു സാമാനങ്ങൾ ഏറെടുപ്പിക്കൽ.

൧൭൮. മി. എം. ശിവതാണുപിള്ള (തോവാള): (എ) താഴെ കാണിക്കുന്ന വിവരങ്ങൾ അടങ്ങിയതായ ഒരു പട്ടിക നാഗരുകോവിൽ മുനിസിപ്പാലിട്ടിയിൽനിന്നു ഗവൺമെൻറ വരുത്തുമോ?

(i) മുനിസിപ്പാലിറ്റിക്കു സാമാനങ്ങൾ ഏറെടുപ്പിക്കുന്നവർക്കു എഴുതിവരുത്തിയ ടെണ്ടറുകളുടെ എണ്ണം.

(ii) അംഗീകരിച്ച ഏററവും കുറഞ്ഞ ടെണ്ടറും അതിലെ തുകയും കൺട്രാക്ടരുടെ പേരും.

(iii) മുനിസിപ്പൽ കൗൺസിലിൻെറ സമക്ഷം വച്ചതും അവർ അംഗീകരിച്ചതും ആയ ടെണ്ടറുകളും അവകാശരെന്നിൻെറയും തുകയും.

(iv) പ്രസിഡണ്ട നേരിട്ടു ഏർപ്പെടുത്തിയതും മുനിസിപ്പൽകൗൺസിൽ പിന്നീട് സ്ഥിരപ്പെടുത്തിയതും ആയ ടെണ്ടറുകളും അവയിലെ തുകകളും.

(ബി) ചെറിയതുകകൾ മുനിസിപ്പൽസഭയുടെ സമക്ഷം വച്ചിരിക്കെ, മലംകൊണ്ടുപോകുന്നതിനു വണ്ടികൾക്കുള്ള കുത്തകയെ അപ്രകാരം വയ്ക്കാത്തതിനുള്ള കാരണം എന്തു?

(സി) അതിലേക്കു ചില പക്കുന്നുകൾ എന്നു സംബന്ധപ്പെട്ട കുത്തകക്കാരൻെറ പേരു എന്തു?

(ഡി) ഈ കുത്തകക്കാരന് മുനിസിപ്പാലിറ്റിയെ സംബന്ധിച്ച മററുവല്ല പ്രവൃത്തിയും നടത്തേണ്ടതായിട്ടുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറ സെക്രട്ടറി): (എ) (i) (ii) (iii) മെമ്പർ ആവശ്യപ്പെട്ട വിവരങ്ങൾ അടങ്ങിയ പട്ടിക മേശപ്പുറത്തു വച്ചിരിക്കുന്നു. (അനുബന്ധം III നോക്കുക).

(iv) ഒന്നുമില്ല.

(ബി) മലം മാററുന്നതിനുള്ള വണ്ടികൾക്കുള്ള കുത്തക സഭയാണ് കൊടുത്തതു.

(സി) ൨൧ ന്ദ്രാപ മിസ്റ്റർ കൊച്ചാണ്ടി ആശാരി.

(ഡി) ഇപ്പോൾ ഒന്നുമില്ല.

നാഗരുകോവിൽ മുനിസിപ്പൽ ടോൾഗേറ്റുകളെ സംബന്ധിച്ച കൺട്രാക്ടർമാർ.

൧൭൯. മി. എം. ശിവതാണുപിള്ള (തോവാള): (എ) ടോൾഗേററു കുത്തകയായി പിടിച്ചിട്ടുള്ള കൺട്രാക്ടർമാരുടെ പേരും അവർ ഓരോരുത്തരും മുനിസിപ്പാലിട്ടിക്കു അടയ്ക്കേണ്ട തുകയും,

(ബി) ഈ കൺട്രാക്ടർമാരിൽ വല്ലവർക്കും മുനിസിപ്പൽകൗൺസിലിലെ വല്ല മെമ്പറുമായി ബന്ധുത്വം ഉണ്ടോ എന്നും, ഗവൺമെൻറ സദയം പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറ സെക്രട്ടറി): (എ) ൧൧൦൨-ാമാണ്ടിനെസംബന്ധിച്ചു മെമ്പർ ആവശ്യപ്പെട്ട വിവരം താഴെ ചേർത്തിരിക്കുന്നു.

കുത്തകക്കാരൻെറ പേരു	തുക ബ്രി: രൂപ.
എ. ആറുമുഖനായിനാർ	൧,൪൦൦
ആർ. രാമലിംഗപ്പണിക്കർ	൪,൦൭൦
ബി. നമശിവായംപിള്ള	൨,൦൧൦
എ. മൈതീൻപിള്ള	൮൧൦
ആർ. കണ്ണസ്വാമിപ്പണിക്കർ	൧,൭൨൭
എ. സൂസാമരിയൻ	൪,൮൪൦

(ബി) മറുപടി നിഷേധരൂപത്തിൽ.

മി. എം. ശിവതാണുപിള്ള (തോവാള): ആർ. രാമലിംഗപ്പണിക്കർ എന്നയാൾ കൗൺസിലിലെ മെംബറായ പെരുമാൾപ്പണിക്കരുടെ ബന്ധുവാണെന്നു ഗവർമ്മെന്റിനു അറിയാമോ എന്നുള്ളതു (ബി) ഭാഗത്തിനുള്ള മറുപടിയെസംബന്ധിച്ചു ഗവർൺമെണ്ടു അറിയിക്കേണ്ടതില്ലെന്നു.

മി. ടി. പി. രാമസുബ്ബയ്യർ (ഗവർൺമെണ്ടു സെക്രിട്ടറി): അറിഞ്ഞുകൂടാ.

മി. എം. ശിവതാണുപിള്ള (തോവാള): ആർ. രാമലിംഗപ്പണിക്കർ എന്നപേരുള്ള ഒരു കോൺട്രാക്ടർ കൗൺസിലിൽ ഗവർൺമെണ്ടു നിയമിച്ചമെംബർ ആയ മിസ്റ്റർ പെരുമാൾപ്പണിക്കരുടെ സഹോദരന്റെ പുത്രനാണ്.

മി. ടി. പി. രാമസുബ്ബയ്യർ (ഗവർൺമെണ്ടു സെക്രിട്ടറി): മറുപടി മുനിസിപ്പൽ പ്രസിഡണ്ടിന്റെ റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതാണ്.

മി. എം. ശിവതാണുപിള്ള (തോവാള): ആർ. ശുചീന്ദ്രംപിള്ളപ്പണിക്കർ മുനിസിപ്പൽ കൗൺസിലിലെ അംഗം ആയിരുന്നതുകൊണ്ടു കോൺട്രാക്ട് ഏറ്റെടുത്തിട്ടുള്ള ആൾ ആരാണെന്നു ഗവർൺമെണ്ടിനു അറിയാമോ എന്നു എനിക്കു അറിയേണ്ടിയിരിക്കുന്നു.

മി. ടി. പി. രാമസുബ്ബയ്യർ (ഗവർൺമെണ്ടു സെക്രിട്ടറി): അതിനെക്കുറിച്ചു യാതൊന്നും ഗവർൺമെണ്ടിനു അറിഞ്ഞുകൂടാ.

മി. എം. ശിവതാണുപിള്ള (തോവാള): ഗവർൺമെണ്ടു ഈ കാര്യം സ്വയം അന്വേഷിക്കുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർൺമെണ്ടു സെക്രിട്ടറി): ...

നാഗർകോവിൽ മുനിസിപ്പാലിറ്റിക്കു വിരുദ്ധമായ പരാതികൾ.

൫൧. മി. എം. ശിവതാണുപിള്ള (തോവാള): (എ) മെഡിക്കൽ ആഫീസരും ഹെഡ്മാസ്റ്റർ മി. അനന്തകൃഷ്ണയ്യരും അധ്യക്ഷവഹിച്ച കേസു സംബന്ധിച്ചുള്ള വിചാരണയിൽ സാക്ഷികൾ ആയിരുന്നു എന്നു ഗവർൺമെണ്ടിനു അറിയാമോ എന്നും,

(ബി) ഹെഡ്മാസ്റ്ററുടേയും മെഡിക്കൽ ആഫീസരുടേയും അധ്യക്ഷന്റേയും സാക്ഷിമൊഴികൾ ഗവർൺമെണ്ടു പരിശോധിക്കുകയും ഹെഡ്മാസ്റ്റർ അധ്യക്ഷവരണത്തിൽ ന്യായരഹിതമായി ഇടപെട്ടിട്ടില്ലെന്നും തങ്ങൾക്കു ബോധ്യംവരത്തക്കവിധത്തിൽ വേണ്ടതു പ്രവർത്തിക്കുമോ എന്നും,

(സി) അധ്യക്ഷവരണത്തെക്കുറിച്ചുള്ള വാദത്തിൽ അന്വേഷണം നടത്തിയ ദിവാൻപേഷ്കാരുടെ റിപ്പോർട്ട് ഗവർൺമെണ്ടു മേശപ്പുറത്തു വയ്ക്കുമോ എന്നും, ഗവർൺമെണ്ടു ദയവായി പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർൺമെണ്ടു സെക്രിട്ടറി): (എ) അറിയാം.

(ബി) റിക്കാർഡ് പരിശോധിക്കയും അധ്യക്ഷവരണത്തിൽ ഹെഡ്മാസ്റ്റർ ന്യായരഹിതമായി ഇടപെട്ടിട്ടില്ലാ എന്നു ഗവർൺമെണ്ടിനു ബോധ്യമാകുകയും ചെയ്തിട്ടുണ്ട്.

(സി) മറുപടി നിഷേധം.

മി. ശിവതാണുപിള്ള (തോവാള): ദിവാൻപേഷ്കാരുടെ റിപ്പോർട്ടു മേശപ്പുറത്തു വയ്ക്കയില്ല എന്നു ഗവർണ്മെന്റു പറയുന്നതിനുള്ള കാരണം പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെന്റു സെക്രിട്ടറി): അതു അന്വേഷണത്തെ കുറിച്ചുള്ള റിപ്പോർട്ട് ആണ്. ഉദ്യോഗസ്ഥന്മാർ തമ്മിൽ ഉള്ള എഴുത്തുകുത്തുകൾ സാധാരണയായി ഗവണ്മെന്റു മേശപ്പുറത്തു വയ്ക്കാറില്ല.

മി. എം. ശിവതാണുപിള്ള (തോവാള): ദിവാൻപേഷ്കാർ ഇതു ധൃതിയിൽ നടപടികൾ നടത്തിയില്ലയോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രിട്ടറി): ഇല്ല.

മി. എം. ശിവതാണുപിള്ള (തോവാള): സാക്ഷികളെ വിസ്തരിക്കയും തെളിവു എടുക്കയും ചെയ്തിട്ടില്ലയോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസെക്രിട്ടറി): ഉണ്ട്.

മി. എം. ശിവതാണുപിള്ള (തോവാള): തെളിവു എടുത്തിട്ടുള്ള സ്ഥിതിക്കു റിപ്പോർട്ടുകളിൽ എഴുതിയിട്ടുള്ള വിവരം അറിയാൻ ജനസാമാന്യത്തിനു അവകാശം ഉണ്ട് എന്നു ഗവർൺമെന്റു വിചാരിക്കുന്നില്ലയോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർൺമെന്റു സെക്രിട്ടറി). റിപ്പോർട്ടു ഈ സഭാസമക്ഷം വയ്ക്കേണ്ടതായ ആവശ്യം ഇല്ല എന്നു ഗവർൺമെന്റു വിചാരിക്കുന്നു.

മി. എം. ശിവതാണുപിള്ള (തോവാള): ദിവാൻപേഷ്കാരുടെ റിപ്പോർട്ടു ജനതയ്ക്കു അറിയുന്നതിനായി ലഭ്യം ആക്കേണ്ടതു ജനതയുടെ ഗുണത്തിനായിട്ടല്ലയോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർൺമെന്റു സെക്രിട്ടറി): ഇക്കാര്യത്തിന്റെ തീർച്ചയെ സംബന്ധിച്ചു ജനങ്ങൾ തല്പര്യമുള്ളവരാകുന്നു. എന്നാൽ ദിവാൻപേഷ്കാർ അന്വേഷണം നടത്തിയതിൽ പിന്നീടു ഗവണ്മെന്റിലേയ്ക്കു ഇതിനെസംബന്ധിച്ചു ശിപാർശചെയ്യുകയാണു ചെയ്തതു്. അദ്ദേഹം തീർച്ചചെയ്യുന്ന ഉദ്യോഗസ്ഥൻ അല്ല. റിപ്പോർട്ടു ഗവർൺമെന്റിലേക്കു അയക്കാനായി ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാണ്. അതുകൊണ്ടു അതിനെ പ്രസിദ്ധപ്പെടുത്തിക്കൂടാ.

മി. എം. ശിവതാണുപിള്ള (തോവാള): റിപ്പോർട്ടു മേശപ്പുറത്തു വച്ചുകൂടാ എന്നുള്ളതിനു കാരണം പറയാമോ? അതു രഹസ്യമാണോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർൺമെന്റു സെക്രിട്ടറി): കാരണം അതല്ല. ഗവർൺമെന്റും ഗവണ്മെന്റിന്റെ ഉദ്യോഗസ്ഥന്മാരും തമ്മിലുള്ള എഴുത്തുകുത്തുകൾ രഹസ്യരൂപത്തിലുള്ളവയാണെന്നും അവയെ ഈ സഭയിലെ മേശപ്പുറത്തു വയ്ക്കുവാൻ നിവൃത്തിയില്ലെന്നും ഇതിനുമുമ്പുതന്നെ സഭയെ അറിയിച്ചിട്ടുണ്ട്.

മി. ശിവതാണുപിള്ള (തോവാള): പേഷ്കാരുടെ റിപ്പോർട്ട് രഹസ്യമായിട്ടുള്ളതാണെന്നാണോ ഞാൻ ധരിക്കേണ്ടതു്.

മി. ടി. പി. രാമസുബ്ബയ്യർ (ഗവർൺമെൻറ സെക്രട്ടറി): അതു രഹസ്യമായിട്ടുള്ളതല്ല. അതു തീർച്ചയല്ല. റിപ്പോർട്ടേയാകുന്നുള്ളൂ എന്നുള്ളതുകൊണ്ടു അനാവശ്യം ആകുന്നു എന്നു ഗവർൺമെൻറ വിചാരിക്കുന്നു.

മി. എം. ശിവതാണുപിള്ള (തോവാള): ദിവാൻപേഷ്കാർ തെളിവു വാങ്ങിച്ചിട്ടുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർൺമെൻറ സെക്രട്ടറി): ഗവർൺമെൻറിലേക്കു റിപ്പോർട്ടു അയക്കുന്നതിനു ദിവാൻപേഷ്കാർ തെളിവു വാങ്ങിച്ചു.

മി. എം. ശിവതാണുപിള്ള (തോവാള): റിപ്പോർട്ടു ആ തെളിവിനെ അടിസ്ഥാനപ്പെടുത്തിട്ടുള്ളതല്ലയോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർൺമെൻറ സെക്രട്ടറി): അതെ. തെളിവിനേയും ആശ്രയിച്ചുള്ളതാണ്.

മി. എം. ശിവതാണുപിള്ള (തോവാള): ആ സ്ഥിതിക്കു ആ റിപ്പോർട്ട് അറിയുന്നതിനു ജനങ്ങൾക്കു അവകാശമില്ലയൊ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർൺമെൻറസെക്രട്ടറി): ഞാൻ അങ്ങനെ വിചാരിക്കുന്നില്ല.

മി. എം. ശിവതാണുപിള്ള (തോവാള): മുനിസിപ്പാലിററിക്കു അദ്ധ്യക്ഷനെ തിരഞ്ഞെടുക്കുക എന്നുള്ളതു ജനതയ്ക്കു താത്പര്യമുള്ള ഒരു കാര്യം അല്ലയൊ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർൺമെൻറസെക്രട്ടറി): ആയിരിക്കാം.

മി. എം. ശിവതാണുപിള്ള (തോവാള): ജനങ്ങളെ സംബന്ധിക്കുന്ന സകല കാര്യങ്ങളും അവരെ അറിയിക്കേണ്ടതാണെന്നു ഗവർൺമെൻറ വിചാരിക്കുന്നില്ലയോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർൺമെൻറസെക്രട്ടറി): ആ പ്രശ്നത്തിനു മറുപടി ഞാൻ പറഞ്ഞുകഴിഞ്ഞു.

മി. എം. ശിവതാണുപിള്ള (തോവാള): റിപ്പോർട്ടു വെളിപ്പുറത്തുവരുത്താൻ പാടില്ലാ എന്നുള്ള തീർച്ചയെ വീണ്ടും പരിശോധിക്കുന്നതിനു ഗവർൺമെൻറിനു ദയവുണ്ടാകുമൊ?

മി. ടി. പി. രാമസുബ്ബർ (ഗവർൺമെൻറ സെക്രട്ടറി): ഇവിടെ പറഞ്ഞിരിക്കുന്ന മറുപടി ഖണ്ഡിതമായിട്ടുള്ളതാണ്.

തിരുവല്ലായിലെ പൊതുച്ചന്തകൾ.

൧൮൯. മി. ജി. നാരായണപിള്ള (തിരുവല്ലാ): (എ) ൧൦൯൯ മുതൽ ൧൧൦൧ വരെ കഴിഞ്ഞ മൂന്നു കൊല്ലങ്ങളിൽ തിരുവല്ലാ താലൂക്കിലെ ഓരോ പബ്ലിക്കു ചന്തയിൽനിന്നും സർക്കാരിലേയ്ക്കു ഈടായ തുകയും,

(ബി) ഈ ചന്തകളെ നന്നാക്കുന്നതിനാകട്ടെ, അവയെ ശുചിസ്ഥിതിയിൽ ആയി പരിപാലിക്കുന്നതിനാകട്ടെ ഇക്കാലത്തു വല്ല തുകയും ചിലവാക്കീട്ടുണ്ടെങ്കിൽ അതു എത്രയെന്നും

ഗവർൺമെൻറ സദയം പറയുമൊ?

മി. കെ. ജാജ് (ഗവർൺമെൻറ ചീഫ്സെക്രട്ടറി): (എ) തിരുവല്ലാതാലൂക്കിലെ പബ്ലിക്കുചന്തകളിൽ നിന്നു ൧൦൯൯-ൽ ൭൦൧൨ രൂപയും ൧൧൦൦-ൽ ൯൯൬൪ രൂപയും ൧൧൦൧-ൽ ൭൯൩൨ രൂപയും പിരിഞ്ഞിട്ടുണ്ട്.

(ബി) ഈ ചന്തകളിൽ ആ മൂന്നു ആണ്ടുകളിൽ ആയി ൩൯൭ രൂപയും ൨൨൦ രൂപയും ൫൦൦ രൂപയും യഥാക്രമം ചിലവാക്കീട്ടുണ്ട്.

മി. ജി. നാരായണപിള്ള (തിരുവല്ലാ): (ബി) ഭാഗത്തിനു പറഞ്ഞതായ മറുപടിയിൽ തുക ചിലവാക്കീട്ടുള്ള ചന്തകളെ നന്നാക്കുന്നതിനോ അവയെ ശുചിയായ സ്ഥിതിയിൽ വച്ചുകൊണ്ടിരിക്കുന്നതിനോ ചിലവാക്കിയതു എന്നു അറിയേണ്ടിയിരിക്കുന്നു.

മി. കെ. ജാജ് (ഗവർൺമെൻറ ചീഫ്സെക്രട്ടറി): ഗവർൺമെൻറിനു ഇപ്പോൾ ഈ വിവരം അറിയാൻ നിവൃത്തിയില്ല. "ചന്തകൾക്കു പരിഷ്കാരം" എന്ന ഇനത്തിൽ ആ തുക ചേർത്തിരിക്കുന്നു.

മി. ജി. നാരായണപിള്ള (തിരുവല്ലാ): പറഞ്ഞ തുകയിൽ തിരുവല്ലായിലെ മുനിസിപ്പൽ ചന്തകൾക്കു ചിലവായ തുകയും ഉൾപ്പെടുന്നുണ്ടോ?

മി. കെ. ജാജ് (ഗവർൺമെൻറ ചീഫ്സെക്രട്ടറി): ഇല്ല.

ഗൃഹവ്യവസായങ്ങൾ ആരംഭിക്കുന്നതിനു ചിലവാക്കിയ തുക.

൧൯൦. മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): (എ) ൧൧൦൧-ാമാണ്ടു ഈ രാജ്യത്തിൽ ഗൃഹവ്യവസായങ്ങൾ ആരംഭിക്കുന്നതിലോ അവയിനെക്കുറിച്ചു പരിശോധന നടത്തുന്നതിലോ അനുവദിച്ച തുക എന്തു എന്നും

(ബി) ആയാണ്ടു എത്ര വ്യവസായങ്ങൾ ആരംഭിച്ചു എന്നും,

(സി) അതിലേക്കു ചിലവായ തുക എത്രയെന്നും,

(ഡി) അനുവദിച്ച തുകയിൽ വല്ല അംശവും മററു വല്ല കാര്യത്തിലേക്കായി ചിലവാക്കിയൊ എന്നും ഉണ്ടെങ്കിൽ എന്തു തുക ഏതുവകക്കു എന്നും,

(ഇ) ആണ്ടവസാനത്തിൽ ചിലവുകഴിഞ്ഞു മിച്ചംവല്ലതും ഉണ്ടായിരുന്നുവൊ എന്നും, ഉണ്ടായിരുന്നുവെങ്കിൽ ആ തുക ലാപ്സായിപ്പോയൊ എന്നും,

ഗവർൺമെണ്ട് സദയം പറയുമൊ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർൺമെണ്ട് സെക്രട്ടറി): (എ) വ്യവസായ പോഷണസംബന്ധമായ പദ്ധതി സംബന്ധിച്ച ചിലവിനായി ൧൧൦൧-ാമാണ്ടത്തേക്കുള്ള ബഡ്ജററിൽ മൊത്തത്തുകയായി ൩൦,൦൦൦ രൂപ അനുവദിച്ചിരുന്നു.

(ബി) യും (സി) യും—ആയാണ്ടു പുതുതായി യാതൊരു വ്യവസായവും ആരംഭിച്ചില്ല. എന്നാൽ കുടകൾ കൂട്ടുക എലക്ട്രോപ്ലേറ്റിങ്ങ് ഓട്ടുപാത്രവ്യവസായം, താഴയോലച്ചുരക്കുകൾ മുതലായി അനേകം വ്യവസായ

ങ്ങളെ പരിശോധിച്ചുനോക്കി. ഈ പരിശോധനകൾക്കായി ഇതുവരെ അനുവദിച്ചതുകയും ചിലവാക്കിയതുകയും താഴെ ചേർത്തിരിക്കുന്നു.

	അനുവദിച്ച തുക.	ചിലവാക്കിയ തുക.		
	രൂ.	രൂ.	ച.	കാ.
കടകം കൂട്ടുക	൫൦൦	൧൨൮	൧	൯
എലക്ട്രോപ്ലേറ്റിങ്ങ്	൨൦൦	൩൨൮	൧൭	൧൧
ഓട്ടുപാത്രങ്ങൾ വിലക്കുവാങ്ങിയതിനു	൫൦൦	൫൦൦	൦	൦
തഴവാലച്ചുരക്കകം	൧൫൦	൦	൦	൦
	൧,൦൫൦	൭൨൮൩	൧൯	൪

(ഡി) ശ്രീമൂലം ടെക്നിക്കൽ ഇൻസ്റ്റിട്യൂട്ടുവകയ്ക്കു സാമാനങ്ങൾ വാങ്ങിക്കുന്നതിനു ൧൨൩൭ രൂപയും തോൽ പദംവരുത്തൽ പരിശോധനയ്ക്ക് തൻചിലവുവകയ്ക്കു ൨,൧൦൦ രൂപയും ചിലവാക്കപ്പെട്ടു.

(ഇ) ബാക്കിയുള്ള ൨,൪,൭൭൩ രൂപ ൭ ചക്രം ൧൨ കാശു ആണ്ടവസാനത്തിൽ സർക്കാരിലേക്കു ഒടുങ്ങിപ്പോയി.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): കടക്കുട്ടുക എലക്ട്രോപ്ലേറ്റിങ്ങ്, ഓട്ടുപാത്രങ്ങൾ വിലക്കുവാങ്ങിക്കുക എന്നീ വ്യവസായങ്ങളെ സംബന്ധിച്ചു വ്യവസായ ഡയറക്ടർ നടത്തിയ പരിശോധനത്തിന്റെ ഫലങ്ങളെക്കുറിച്ചു റിപ്പോർട്ടു അദ്ദേഹം ഗവർമ്മേന്റിലേക്കു അയച്ചിട്ടുണ്ടോ എന്നു അറിയേണ്ടിയിരിക്കുന്നു.

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മേന്റുസെക്രട്ടറി): ഉണ്ട്; റിപ്പോർട്ടുകൾ കിട്ടിട്ടുണ്ട്.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): ഈ വ്യവസായങ്ങൾ ആരംഭിക്കണമെന്നു അദ്ദേഹം ശുപാർശചെയ്തിട്ടുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മേന്റുസെക്രട്ടറി): റിപ്പോർട്ടു ഇപ്പോൾ എന്റെകൈവശം ഇല്ലാത്തതുകൊണ്ടു ഈ പ്രശ്നത്തിനു മറുപടി പറയുന്നതിനു നിവൃത്തിയില്ല.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): ഗവർമ്മേന്റു ഈ റിപ്പോർട്ടിന്മേൽ യാതൊരു നടപടി നടത്തിട്ടില്ലാ എന്നു ഞാൻ ധരിക്കട്ടെയോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മേന്റുസെക്രട്ടറി): ആ റിപ്പോർട്ട് എന്റെ കൈവശമില്ല. വല്ല നടപടിയും നടത്തിയോ എന്നു അതുകൊണ്ടു എനിക്കു അറിഞ്ഞുകൂടാ.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): ആ റിപ്പോർട്ട് അയച്ചതു എപ്പോൾ എന്നു പറഞ്ഞുതരാമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മേന്റുസെക്രട്ടറി): അതിനും മറുപടി പറയാൻ നിവൃത്തിയില്ല; റിപ്പോർട്ട് ഇല്ലാതെ തിയതി പറയാൻ കഴിയുന്നതെങ്ങനെ?

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): ൧൨൮ രൂപ ൧ ചക്രം ൯ കാശു ചിലവാക്കിയതിൽ എത്രകടകം കൂട്ടി എന്നു പറയാമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മേന്റുസെക്രട്ടറി): വിവരം അറിയാൻപാടില്ല.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): എന്റെ പ്രശ്നത്തിന് മറുപടി പറയുന്നനിലയിൽ മെമ്പർ ഇരിക്കുന്നില്ലാ എന്നു ഞാൻ ധരിക്കട്ടെ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മേന്റുസെക്രട്ടറി): ചിലവാക്കിയ തുകയെക്കുറിച്ചുള്ള വിവരമേ ബഹുമാനപ്പെട്ട മെമ്പർ ആവശ്യപ്പെട്ടുള്ളു. ആ വിവരം പറഞ്ഞുതന്നു. ഇതു ഒരു ഉപപ്രശ്നമായി ജനിക്കുന്നതായി കാണുന്നില്ല.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): (ബി) ഭാഗത്തിനുപറഞ്ഞ മറുപടിയുടെ സ്ഥിതിക്കു ഇതു ഉപപ്രശ്നമായി ജനിക്കുന്നു എന്നാണ് എന്റെ അഭിപ്രായം.

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മേന്റുസെക്രട്ടറി): ആ ഭാഗത്തിന് മറുപടി പറഞ്ഞുകഴിഞ്ഞു.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഈയാതൊരു വല്ല വ്യവസായവും ആരംഭിക്കാൻ ഗവർമ്മേണ്ട് ഉദ്ദേശിക്കുന്നുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മേന്റുസെക്രട്ടറി): ഈ സംഗതി ഗവർമ്മേന്റു ആലോചിച്ചുവരുന്നു. വല്ല വ്യവസായവും ആരംഭിക്കുമോ ഇല്ലയോ എന്നു ഇപ്പോൾ എനിക്കു പറയാൻ കഴിയുകയില്ല.

അസിസ്റ്റണ്ട് സർക്കാർവക്കീൽമാർ അസിസ്റ്റണ്ട് സെക്രട്ടറിമാർ മുതലായവരുടെ ശമ്പളം താരതമ്യപ്പെടുത്തികാണിക്കൽ.

൧൨൩. മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും):

(എ) (i) ൫൦ കൊല്ലത്തിനുമുമ്പും (ii) ൨൫ കൊല്ലത്തിനുമുമ്പും (iii) ൧൦ കൊല്ലത്തിനുമുമ്പും അസിസ്റ്റന്റ സർക്കാർവക്കീൽമാർക്കും അസിസ്റ്റന്റ സിക്രട്ടറിമാർക്കും, ഡിസ്ത്രിക്ട്മുൻസിഫ്മാർക്കും ഒന്നാംഗ്രേഡ് പൊലിസ ഇൻസ്പെക്ടർക്കും ഇംഗ്ലീഷ് പള്ളിക്കൂടങ്ങളിലെ ഹെഡ്മാസ്റ്റർമാർക്കും താരതമ്യേനയുള്ള ശമ്പളവും (ബി) താരതമ്യേന അവർക്ക് ഇപ്പോഴുള്ള ശമ്പളവും,

(സി) (i) കൊച്ചി (ii) ബ്രിട്ടീഷ് ഇൻഡ്യ (iii) മൈസൂർ ഈ സ്ഥലങ്ങളിലെ തഹശീൽദാർമാരുടെ ശമ്പളവും ഗവർമ്മേണ്ട് ദയവു ചെയ്തു പറയുമോ?

മി. കെ. ജാജ് (ഗവർമ്മേണ്ടു ചീഫ് സെക്രട്ടറി): (എ)യും (ബി)യും ആവശ്യപ്പെട്ട വിവരങ്ങൾ അടങ്ങിയ ഒരു സ്റ്റേട്ട്മെണ്ട് മേശപ്പുറത്തു വച്ചിരിക്കുന്നു. (അനുബന്ധം IV. നോക്കുക)

(സി) ഗവർമ്മേന്റിനു അറിവില്ല.

൧-ാം ഡിസ്ത്രിക്ട് മലയാളം പള്ളിക്കൂടങ്ങളിലെ അസിസ്റ്റണ്ട് ഇൻസ്പെക്ടർ.

൧൨൪. മി. എസ്സ്. ജി. ലോപ്പസ് (ഗവർമ്മേന്റു നിയമിച്ച മെമ്പർ) (I) ൧-ാം ഡിസ്ത്രിക്ടിലെ മലയാളം പള്ളിക്കൂടങ്ങളിലെ അസിസ്റ്റന്റ എത്രകാലമായി ആ ഡിസ്ത്രിക്ട് ചാർജ് വഹിക്കുന്നു എന്നു ഗവർമ്മേണ്ട് ദയവു ചെയ്തു പറയുമോ?

(എ) വിചാരണാവസരത്തിൽ വ്യക്തമായ ഉത്തരവുകൾ ഉണ്ടായിരുന്നിട്ടും അദ്ദേഹം സഹായധനം വാങ്ങിക്കുന്ന പള്ളിക്കൂടങ്ങളിൽ ൫-ാം ൬-ാം ക്ലാസുകളിലെ വാർഷികപരീക്ഷ ഡിപ്പാർട്ട്മെന്റ് മുഖാന്തിരം നടത്തിയോ എന്നും

(ബി) അങ്ങനെയാണെങ്കിൽ അപ്രകാരം ചെയ്യാതിരുന്നതിന് ആ ഉദ്യോഗസ്ഥന്റെ മേൽ എന്തു നടപടി നടത്തി എന്നും ഗവണ്മെന്റ് സദയം പറയുമോ,

(സി) ആ ഉദ്യോഗസ്ഥൻ കുടിപ്പക വിധമായും പള്ളിക്കൂടങ്ങളുടെ ഭരണത്തിൽ അനാവശ്യമായി ഇടപെടുന്നു എന്നു ഗവണ്മെന്റിനു അറിയാമോ.

മി. കെ. ജോർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): (എ) ൧൧-ാം ഡിസ്ത്രിക്ടിലെ ഇപ്പോഴത്തെ മലയാളം പള്ളിക്കൂടം അസിസ്റ്റന്റ് ഇൻസ്പെക്ടർ ൧൧൦൫ ഇടവം ൧-ാം മുതൽ ആ ഡിസ്ത്രിക്ട് ചാർജ് വഹിക്കുന്നു.

(ബി) (എ) അതെ; ൧൧൦൪-൧൧൦൫ വിദ്യാഭ്യാസ സംവത്സരാവസാനത്തിൽ

(ബി) അതിന്മേൽ ആ ഉദ്യോഗസ്ഥന്റെ സമാധാനം വാങ്ങിയതിൽ അതു തൃപ്തികരമാണെന്നു കാണപ്പെടുകയാൽ അദ്ദേഹത്തെ മാപ്പുകൊടുത്തു.

(സി) കുടിപ്പക പള്ളിക്കൂടങ്ങളുടെ ഭരണത്തിൽ സംബന്ധപ്പെട്ട ഉദ്യോഗസ്ഥൻ അനാവശ്യമായി ഇടയുന്നതായി മെമ്പർ ഏതെങ്കിലും ഒരു ക്ലിപ്തപ്പെടുത്തിയ സംഗതിയെപ്പറ്റി ഗവണ്മെന്റിനെ അറിയിക്കുന്നതായാൽ അതിനെപ്പറ്റി അന്വേഷിച്ചു വേണ്ടതു നടപടി നടത്താം.

കൊല്ലം താലൂക്കിൽ പരവൂർ പകുതിയിൽ പരവൂർ ചന്തക്കുസമീപം ഒരു പൊതു മലവിസർജ്ജനസ്ഥലം കെട്ടിയതു.

൧൧൮. മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും, തെക്ക്):

(എ) പരവൂർ ചന്തയുടെ സമീപം ജനങ്ങൾ തിങ്ങിപ്പാർപ്പുണ്ടെന്നും,

(ബി) അവിടെ ഒരു പൊതുമലമൂത്രവിസർജ്ജനസ്ഥലം ഇല്ലാത്തതുനിമിത്തം ഈ സ്ഥലത്തെ കച്ചവടക്കാർക്കും ജനങ്ങൾക്കും വലുതായ അസൗകര്യങ്ങളും കഷ്ടങ്ങളും നേരിടുന്നു എന്നും ഗവണ്മെന്റിനു അറിയാമോ?

(സി) മേൽപടി സംഗതി വാസ്തവമാണെങ്കിൽ ഈ സംഗതിയെപ്പറ്റി അന്വേഷിച്ചു ഈ സങ്കടത്തെ പരിഹരിക്കുന്നതിനു വേഗത്തിൽ നടപടി നടത്തുമോ;

മി. കെ. ജോർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി):

(എ) അറിയാം.

(ബി)യും (സി)യും—ചന്തയിലേക്കു വരുന്ന ജനങ്ങളുടെ സൗകര്യത്തിനായി ഒരു മലമൂത്രവിസർജ്ജനസ്ഥലം കെട്ടുന്നതിനു കൊല്ലം ഡിവിഷൻ പേഷ്കാർ ചന്തയ്ക്കു ലൈസൻസ് എടുത്തിരിക്കുന്ന ആളിനോടു ചട്ടംകെട്ടിയിരിക്കുന്നു.

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും, തെക്ക്:) (സി) ഭാഗത്തിനുള്ള മറുപടിയെസംബന്ധിച്ചിടത്തോളം ഒരു മലമൂത്രവിസർജ്ജനസ്ഥലം കെട്ടുന്നതിനു ചന്ത കുത്തകക്കാരനോടു പേഷ്കാർ ചട്ടംകെട്ടിയതു എപ്പോഴാണെന്നു അറിഞ്ഞാൽ കൊള്ളാം.

മി. കെ. ജോർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): പേഷ്കാരുടെ റിപ്പോർട്ടിൽ ആ വിവരം കാണുന്നില്ല.

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും, തെക്ക്): അപ്രകാരം ചെയ്യുന്നതിനു കുത്തകക്കാരനോടു എപ്പോഴാണു ആവശ്യപ്പെട്ടതു എന്നന്വേഷിക്കാൻ ഗവണ്മെന്റ് ശ്രമിച്ചുവോ എന്നു അറിഞ്ഞാൽ കൊള്ളാം.

മി. കെ. ജോർജ് (ഗവണ്മെന്റ് ചീഫ് സിക്രട്ടറി) മെമ്പർക്കു ആ വിവരം അറിഞ്ഞേതീരൂ എന്നുണ്ടെങ്കിൽ ഗവണ്മെന്റ് അന്വേഷണം നടത്താം.

മി. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും, തെക്ക്): വേണ്ട.

നിയമക്കോടതികളിൽ അനുവദിക്കുന്ന പലിശനിരക്ക്.

൧൧൯. മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും, തെക്ക്)

(എ) വ്യവഹാരങ്ങൾ കൊടുത്തതിൽ പിന്നീട് പലിശയെ ആണ്ടുക്കു നൂറ്റിനു ൬ വീതമായി നിയന്ത്രിച്ചിരിക്കുന്ന ഇപ്പോഴത്തെ ചട്ടവ്യവസ്ഥയാൽ ഹുണ്ഡിയൽ കച്ചവടക്കാർക്കും, വ്യാപാരികൾക്കും, പൊതുജനങ്ങൾക്കും വലുതായ സങ്കടം ഉണ്ടെന്നുള്ളതിലേക്കു ഗവണ്മെന്റിന്റെ ശ്രദ്ധയെ ക്ഷണിച്ചിട്ടുണ്ടോ?

(ബി) അങ്ങനെയാണെങ്കിൽ ഈ സങ്കടത്തെ പരിഹരിക്കുന്നതിനു ഗവണ്മെന്റ് എന്തു നടപടി നടത്തി എന്നു സദയം പറയുമോ?

മി. കെ. ജോർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി)

(എ) ചോദ്യത്തിന്റെ ഒന്നാമത്തെ ഭാഗത്തെ സംബന്ധിച്ചിടത്തോളം മറുപടി നിഷേധമായിട്ടാകുന്നു. രണ്ടാംഭാഗത്തെസംബന്ധിച്ചിടത്തോളം മെമ്പർ ഊഹിക്കുന്നതുപോലെ വ്യവഹാരങ്ങളെടുത്തതിൽ പലിശയെ ആണ്ടിനു ആറുശതമാനമായി നിയമം നിയന്ത്രിക്കുന്നില്ല (൧൧൦൦-ാമാണ്ടത്തെ VIII-ാം റഗുലേഷനായ സിവിൽനടപടി റഗുലേഷൻ ൩൪-ാം വകുപ്പുനോക്കുക.)

(ബി) ഒന്നാംഭാഗത്തിനു മറുപടിയെ അപേക്ഷിച്ചു ഇതു ജനിക്കുന്നില്ല.

ഹെഡ് സർക്കാർവക്കീൽ ആഫീസിലെ ജീവനക്കാർക്കു ഉദ്യോഗക്കയറ്റം.

൧൨൦. മി. സി. പി. താമസ് (ഗവണ്മെന്റ് നിയമിച്ച മെമ്പർ)

(എ) ഹെഡ് സർക്കാർവക്കീൽ ആഫീസിലെ പരീക്ഷായോഗ്യതയുള്ള ജീവനക്കാർ സർക്കാർ ഉദ്യോഗത്തിലെ മറ്റു ശാഖകളിൽ ഉദ്യോഗക്കയറ്റം കിട്ടുന്നതിനു അർഹതയുള്ളവരാണോ എന്നും, അങ്ങനെയാണെങ്കിൽ ഏതുവരെയെന്നും,

(ബി) ഈ ആഫീസ് ജനറൽ റെവന്യൂ സിക്രട്ടേറിയറ്റിന്റെയോ നീതിന്യായ ഡിപ്പാർട്ടുമെന്റിന്റെയോ ഭാഗം ആണെന്നുള്ളതിലേക്കു അവർ ഏതെങ്കിലും വ്യവസ്ഥ ചെയ്തിട്ടുണ്ടോ എന്നും,

(സി) അങ്ങനെയല്ലെങ്കിൽ ഇപ്പോൾ അങ്ങനെ ചെയ്യുമോ എന്നും, ഗവണ്മെന്റ് സദയം പറയുമോ?

മി. കെ. ജാജ് (ഗവൺമെൻറ് ചീഫ് സെക്രട്ടറി) : സർക്കാർ ഉദ്യോഗത്തിലെ മറ്റുശാഖകളിൽ ഉദ്യോഗകയറ്റത്തിനുള്ള യോഗ്യതയിൽ ഹെഡ്സർക്കാർവക്കീൽ ആഫീസിലെ യോഗ്യതയുള്ള ജീവനക്കാർ മറ്റുഡിപ്പാർട്ടുമെണ്ടുകളിലെ ജീവനക്കാരോട് സമമായിത്തന്നെയിരിക്കുന്നു.

(ബി)യും (സി) യും-മറുപടി നിഷേധത്തിൽ ആകുന്നു.

൧൧൦൦-ലും ൧൧൦൧-ലും ഹജൂരിലും അക്കൌണ്ടാഫീസിലും ചെയ്തിട്ടുള്ള ഗ്രാഡ്യുവെറ്റുകളുടെ നിയമനം.

[illegible]. മി. പി. ഹബീബ് മഹമ്മദ് (ഗവൺമെൻറ് നിയമിച്ച മെമ്പർ): ൧൧൦൦-ലും ൧൧൦൧-ലും ഗ്രാഡ്യുവെറ്റായ അപേക്ഷകന്മാരിൽ നിന്നും ഹജൂരിലും അക്കൌണ്ടാഫീസിലും നിയമിക്കപ്പെട്ടിട്ടുള്ള ആളുകളുടെ എണ്ണം ഗവൺമെൻറ് സദയം പറയുമോ?

മി. കെ. ജാജ് (ഗവൺമെൻറ് ചീഫ് സിക്രട്ടറി) : ൧൧൦൦-ലും ൧൧൦൧-ലും സെക്രട്ടറിയേറ്റിൽ നിയമിക്കപ്പെട്ടിട്ടുള്ള ഗ്രാഡ്യുവെറ്റ അപേക്ഷകന്മാരുടെ എണ്ണം അഞ്ചും അക്കൌണ്ടാഫീസിൽ പതിനൊന്നും ആണ്.

മി. പി. ഹബീബ് മഹമ്മദ് (ഗവൺമെൻറ് നിയമിച്ച മെമ്പർ) യഥാക്രമം ഈ അഞ്ചും പതിനൊന്നും നിയമനങ്ങൾ എല്ലാം സ്ഥിരമാ പകരമോ എന്നു ചീഫ്സിക്രട്ടറിയിൽനിന്നും അറിയേണ്ടിയിരിക്കുന്നു

മി. കെ. ജാജ് (ഗവൺമെൻറ് ചീഫ് സെക്രട്ടറി) . അക്കൌണ്ടാഫീസിൽ ഉള്ള നിയമനങ്ങൾ എല്ലാം പകരം ആയിരുന്നു.

മി. പി. ഹബീബ് മഹമ്മദ് (ഗവൺമെൻറ് നിയമിച്ച മെമ്പർ) : സെക്രട്ടറിയേറ്റിലെയോ?

മി. കെ. ജാജ് (ഗവൺമെൻറ് ചീഫ് സിക്രട്ടറി) : അവയിൽ പകരം നിയമിച്ചവരും ഉൾപ്പെടും.

മി. പി. ഹബീബ് മഹമ്മദ് (ഗവൺമെൻറ് നിയമിച്ച മെമ്പർ : ഇവരിൽ എത്ര അപേക്ഷകർ മഹമ്മദീയർ ആയിരുന്നു.

മി. കെ. ജാജ് (ഗവൺമെൻറ് ചീഫ് സിക്രട്ടറി) : ആ ചോദ്യം ചോദിച്ചിട്ടില്ല. അതിനാൽ ആ വിവരം ശേഖരിച്ചിട്ടില്ല.

മി. പി. ഹബീബ് മഹമ്മദ് (ഗവൺമെൻറ് നിയമിച്ച മെമ്പർ) : സഭയുടെ മുന്നൊരുയോഗത്തിൽ ചീഫ് സെക്രട്ടറി പറഞ്ഞ ഒരു മറുപടിയിൽ "നാലു മഹമ്മദീയ അപേക്ഷകർ ഉണ്ടായിരിക്കയും ഇക്കാലത്തിനിടയിൽ ആർക്കും യാതൊരുദ്യോഗവും കൊടുക്കപ്പെട്ടില്ല" എന്നു പറഞ്ഞിരിക്കുന്നു പ്രാതിനിധ്യം അധികം ഇല്ലാത്തതോ തീരെ ഇല്ലാത്തതോ ആയ സമുദായങ്ങളിൽനിന്നും യോഗ്യതയുള്ള അപേക്ഷകന്മാർ ഉള്ളപ്പോൾ അവർക്കു പ്രാധാന്യം നൽകണം എന്നുള്ള നയം ഗവൺമെൻറ് കൃത്യമായി അനുവർത്തിക്കുന്നുണ്ടോ എന്നും ഞാൻ ചീഫ് സെക്രട്ടറിയോടു ചോദിച്ചുകൊള്ളുന്നു.

മി. കെ. ജാജ് (ഗവൺമെൻറ് ചീഫ് സിക്രട്ടറി) : അതെ, എന്നാൽ മുൻപു പകരം നോക്കീട്ടുള്ളവരുടെ സംഗതി വിഗണിക്കുവാൻ നിവൃത്തിയില്ല.

മി. പി. ഹബീബ് മഹമ്മദ് (ഗവൺമെൻറ് നിയമിച്ച മെമ്പർ ആ ൫-ം ൧൧-ം നിയമനങ്ങൾ പകരം നോക്കിവന്നിരുന്ന ആളുകളിൽനിന്നും ആണ് എന്നാകുന്നു ഞാൻ മനസ്സിലാക്കിക്കൊള്ളേണ്ടതു.

മി. കെ. ജാജ് (ഗവൺമെൻറ് ചീഫ് സെക്രട്ടറി) : അല്ല. അവ പുതിയ നിയമനങ്ങൾ ആയിരുന്നു.

മി. പി. ഹബീബ് മഹമ്മദ് (ഗവൺമെൻറ് നിയമിച്ച മെമ്പർ) എല്ലാവരുമോ?

മി. കെ. ജാജ് (ഗവൺമെൻറ് ചീഫ് സെക്രട്ടറി) : പുതിയ നിയമനങ്ങളുടെ കാര്യത്തിൽ അങ്ങനെയായിരിക്കണം.

മി. പി. ഹബീബ് മഹമ്മദ് (ഗവൺമെൻറ് നിയമിച്ച മെമ്പർ) : ഇതിനു മുമ്പിൽ പകരം നോക്കിട്ടില്ലാത്ത യാതൊരുത്തരേയും പുതുതായി നിയമിച്ചിട്ടില്ലെ?

മി. കെ. ജാർജ് (ഗവൺമെൻറ് ചീഫ് സെക്രട്ടറി) : മുമ്പിലെ പകരം നോക്കീട്ടുള്ളവരെ പുതിയ അപേക്ഷകരായി ഗണിക്കുന്നില്ല.

മി. പി. ഹബീബ് മഹമ്മദ് (ഗവൺമെൻറ് നിയമിച്ച മെമ്പർ) ഈ നിയമനങ്ങൾ മുൻപിൽ പകരം നോക്കീട്ടുള്ളവരിൽനിന്നാണൊ എന്നു ഞാൻ ചീഫ് സെക്രട്ടറിയോടു ചോദിക്കുന്നു.

മി. കെ. ജാജ് (ഗവൺമെൻറ് ചീഫ് സെക്രട്ടറി): അല്ലാ; അങ്ങനെയല്ലാ. എന്നുവരികിൽ പുതിയ അപേക്ഷകന്മാർ എന്നുള്ള അവസ്ഥ ഇല്ലാതാകുന്നു.

മി. പി. ഹബീബ് മഹമ്മദ് (ഗവൺമെൻറ് നിയമിച്ച മെമ്പർ): ആ സ്ഥിതിക്കു പുതിയ ആളുകളെ ആണോ ഈ ഉദ്യോഗങ്ങളിൽ നിയമിച്ചിട്ടുള്ളതു.

മി. കെ. ജാജ് (ഗവർണ്മെണ്ട് ചീഫ് സെക്രട്ടറി): അതെ.

മി. പി. ഹബീബ് മഹമ്മദ് (ഗവർണ്മെണ്ട് നിയമിച്ച മെമ്പർ): അങ്ങനെയാണെങ്കിൽ തീരെ പ്രാതിനിധ്യം ഇല്ലാത്തതോ പ്രാതിനിധ്യം കുറഞ്ഞതോ ആയ സമുദായങ്ങൾക്കു പ്രാധാന്യം നൽകുന്നതിനെപ്പറ്റി ഗവർണ്മെണ്ടു പറഞ്ഞിട്ടുള്ള നയം അവർ തുടരുകയാണോ എന്നാണു ഞാൻ ചീഫ് സെക്രട്ടറിയോടു ചോദിക്കുന്നതു.

മി. കെ. ജാജ് (ഗവർണ്മെണ്ട് ചീഫ് സെക്രട്ടറി): അതെ. നിവൃത്തിയുള്ളിടത്തോളം.

മി. പി. ഹബീബ് മഹമ്മദ് (ഗവർണ്മെണ്ടു നിയമിച്ച മെമ്പർ): അതു മഹമ്മദീയ അപേക്ഷകന്മാരോടു അനീതി കാണിച്ചിട്ടുള്ളതിനു സുവ്യക്തമായ ഒരു ഉദാഹരണം അല്ലയോ?

മി. കെ. ജാജ് (ഗവർണ്മെണ്ടു ചീഫ് സെക്രട്ടറി): പ്രാതിനിധ്യം കുറഞ്ഞ സമുദായങ്ങളെ യഥാർത്ഥത്തിൽ നിയമിച്ചിട്ടുണ്ടോ ഇല്ലയോ എന്നുള്ളതിനെ ആശ്രയിച്ചിരിക്കുന്നു.

മി. പി. ഹബീബ് മഹമ്മദ് (ഗവർണ്മെണ്ടു നിയമിച്ച മെമ്പർ): സെക്രട്ടറിയേറ്റിൽ മഹമ്മദീയരെക്കാൾ വളരെ കുറഞ്ഞ ഉദ്യോഗങ്ങൾ മാത്രമുള്ള അന്യസമുദായങ്ങൾ ഉണ്ടോ എന്നു ചീഫ് സെക്രട്ടറിയിൽനിന്നും അറിഞ്ഞാൽ കൊള്ളാം.

മി. കെ. ജാജ് (ഗവർണ്മെണ്ടു ചീഫ് സെക്രട്ടറി): ഉദ്യോഗങ്ങളെ ഞാൻ ഇതുവരെ പരിശോധിച്ചുനോക്കീട്ടില്ല.

മഹമ്മദീയരെ മലയാം പള്ളിക്കൂടങ്ങളിൽ അദ്ധ്യാപകന്മാരായി നിയമിക്കുക.

൧൮൯. മി. പി. ഹബീബ് മഹമ്മദ് (ഗവർമ്മെണ്ടു നിയമിച്ച മെംബർ): ൧൧൦൦-ാമാണ്ടിലും ൧൧൦൧-ാമാണ്ടിലും മലയാളം സ്കൂൾ ലീവിംഗ് സർട്ടിഫിക്കറ്റുപരീക്ഷ ജയിച്ച മഹമ്മദീയർ എത്രയെന്നും അവരിൽ അദ്ധ്യാപകപണിക്കു അപേക്ഷിച്ചവർ എത്രഎന്നും ആ കാലത്തിനിടയിൽ അവരിൽ എത്രപേരെ നിയമിച്ചുഎന്നും ഗവർമ്മെണ്ടു സദയം പറയുമോ?

മി. കെ. ജാർജ് (ഗവർമ്മെണ്ടു ചീഫ് സെക്രിട്ടറി): ഈ രണ്ടുകൊല്ലങ്ങൾക്കിടയിൽ മൂന്നു പേർ പരീക്ഷ ജയിക്കുകയും അവർ എല്ലാവരും വാദ്ധ്യാർപണിക്കു അപേക്ഷിക്കുകയും ചെയ്തു. ഇവരിൽ ൧൦ പേർ ഈ കാലത്തിനിടയിൽ നിയമിക്കപ്പെട്ടിട്ടുണ്ട്.

മി. പി. ഹബീബ് മഹമ്മദ് (ഗവർമ്മെണ്ടു നിയമിച്ച മെംബർ): ഈ പതിനഞ്ചെണ്ണത്തിൽ എത്രഎണ്ണം സ്ഥിരവും എത്രഎണ്ണം പകരവും ആണെന്നു ചീഫ് സെക്രിട്ടറിയിൽനിന്നും അറിയേണ്ടിയിരിക്കുന്നു.

മി. കെ. ജാർജ് (ഗവർമ്മെണ്ടു ചീഫ് സെക്രിട്ടറി): ആ വിവരം എന്റെ കൈവശം ഇല്ല.

മി. പി. ഹബീബ് മഹമ്മദ് (ഗവർമ്മെണ്ടു നിയമിച്ച മെംബർ). ചീഫ് സെക്രിട്ടറി ആ വിവരം വരുത്തുമോ?

മി. കെ. ജാർജ് (ഗവർമ്മെണ്ടു ചീഫ് സെക്രിട്ടറി): വരുത്താം.

വെള്ളിയാഴ്ചകളിൽ നിയമകോടതികളിൽ മഹമ്മദീയകക്ഷികളും സാക്ഷികളും ഹാജരാകേണ്ടതു.

൧൯൦. മി. പി. ഹബീബ് മഹമ്മദ് (ഗവർമ്മെണ്ടു നിയമിച്ച മെംബർ): (എ) മഹമ്മദീയരായ കക്ഷികളും സാക്ഷികളും കോടതികളിലും കച്ചേരികളിലും വെള്ളിയാഴ്ചദിവസങ്ങളിൽ ഹാജരാകണമെന്നാവശ്യപ്പെടുന്നതുനിമിത്തം അവർ വലുതായ കഷ്ടതയും അസൌകര്യങ്ങളും അനുഭവിക്കുന്നുഎന്നു ഗവർമ്മെണ്ടിനു അറിയാമോ?

(ബി) കൊച്ചീസംസ്ഥാനത്തു ചെയ്തുവരുന്നതുപോലെ, മഹമ്മദീയൻകക്ഷികളെ കോടതികളിലും കച്ചേരികളിലും വെള്ളിയാഴ്ചദിവസം ഹാജരാകുന്നതിൽനിന്നും ഒഴിവാക്കുന്നതിനു തക്ക ഏർപ്പാടുകൾ വല്ലതും ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോഎന്നു സദയം പറയുമോ?

മി. കെ. ജാർജ് (ഗവർമ്മെണ്ടു ചീഫ് സെക്രിട്ടറി): ചില സമയങ്ങളിൽ കക്ഷികളെയും സാക്ഷികളെയും വെള്ളിയാഴ്ചദിവസത്തിൽ കോടതിയിൽവരുന്നതിനു ആവശ്യപ്പെടാറുണ്ടെന്നും എന്നാൽ ആ സമയങ്ങളിൽഎല്ലാം അവർക്കു ഉച്ചയ്ക്കുള്ള പ്രാർത്ഥന നടത്തുന്നതിനു മതിയായ സമയം അനുവദിക്കപ്പെടുന്നുണ്ടെന്നും ഗവർമ്മെണ്ടു അറിയുന്നു. അതിനാൽ ആവശ്യപ്പെട്ടിട്ടുള്ളതുപോലെ പൊതുവേയുള്ള ഒരു ഒഴിവാക്കൽ ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

മി. പി. ഹബീബ് മഹമ്മദ് (ഗവർമ്മെണ്ടു നിയമിച്ച മെംബർ): അവരുടെ ഉച്ചപ്രാർത്ഥന നടത്തുന്നതിനു മതിയായ സമയം അനുവദിക്കപ്പെടുന്നുഎന്നാണു മറുപടി. മതിയായ സമയം ഉണ്ടെന്നു ഗവർമ്മെണ്ടിനു എങ്ങനെഅറിയാം?

മി. കെ. ജാർജ് (ഗവർമ്മെണ്ടു ചീഫ് സെക്രിട്ടറി): ഹൈക്കോടതി ഗവർമ്മെണ്ടിനോടു അങ്ങനെയാണു പറയുന്നതു.

മി. പി. ഹബീബ് മഹമ്മദ് (ഗവർമ്മെണ്ടു നിയമിച്ച മെംബർ): കക്ഷികൾക്കും സാക്ഷികൾക്കും മതിയായ സമയം അനുവദിക്കപ്പെടുമെന്നു ഗസെറ്റിൽ ഏതെങ്കിലും പരസ്യം ഉണ്ടായിരുന്നുവോ?

മി. കെ. ജാർജ് (ഗവർമ്മെണ്ടു ചീഫ് സെക്രിട്ടറി): ഒരു പരസ്യം പ്രസിദ്ധപ്പെടുത്തേണ്ട ആവശ്യം ഇല്ല.

മി. പി. ഹബീബ് മഹമ്മദ് (ഗവർമ്മെണ്ടു നിയമിച്ച മെംബർ): മതിയായ സമയം അനുവദിക്കപ്പെടുന്നുഎന്നു ജനങ്ങൾ അറിയുന്നതെങ്ങനെ?

മി. കെ. ജാർജ് (ഗവർമ്മെണ്ടു ചീഫ് സെക്രിട്ടറി): ഹൈക്കോടതി കീഴ്കോടതികൾക്കു സർക്കുലറുകൾ അയച്ചിരിക്കുമെന്നു തോന്നുന്നു.

മി. പി. ഹബീബ് മഹമ്മദ് (ഗവർമ്മെണ്ടു നിയമിച്ച മെംബർ): വെള്ളിയാഴ്ചദിവസങ്ങളിൽ ഉച്ചയ്ക്കുള്ള പ്രാർത്ഥന നടത്തുന്നതിനു എത്ര സമയം അനുവദിക്കപ്പെടുന്നുഎന്നു ചീഫ് സെക്രിട്ടറിയിൽനിന്നും എനിക്കറിഞ്ഞാൽകൊള്ളാം.

മി. കെ. ജാർജ് (ഗവർമ്മെണ്ടു ചീഫ് സെക്രിട്ടറി): ഗവർമ്മെണ്ടിനു അറിവില്ല. ഒരു മണിക്കൂർ ആണെന്നു തോന്നുന്നു.

മി. പി. ഹബീബ് മഹമ്മദ് (ഗവർമ്മെണ്ടു നിയമിച്ച മെംബർ): കഴിഞ്ഞ സഭയിലെ ഒരു യോഗത്തിൽ ഖാൻസാഹിബ് കാദർപിള്ളക്കു ഗവർമ്മെണ്ടു കൊടുത്തിട്ടുള്ള ഉറപ്പിനെ തുടർന്നു വെള്ളിയാഴ്ചദിവസങ്ങളിൽ സാക്ഷികളേയും കക്ഷികളേയും സമൻസ് അയച്ചുവരുത്താതിരിക്കുന്നതിന്റെ ആവശ്യതയെപ്പറ്റി ഹൈക്കോടതി ചിന്തിച്ചുവോ എന്നും ഈ വിഷയത്തെസംബന്ധിച്ച ഗവർമ്മെണ്ടു ഹൈക്കോടതിയിൽനിന്നും ഒരു റിപ്പോർട്ടിനു ആവശ്യപ്പെട്ടിട്ടുണ്ടോഎന്നും ഞാൻ ഗവർമ്മെണ്ടിനോടു ചോദിച്ചുകൊള്ളട്ടെ.

മി. കെ. ജാർജ് (ഗവർമ്മെണ്ടു ചീഫ് സെക്രിട്ടറി): ഇതിനു മുന്നറിയിപ്പു വേണ്ടതാണ്.

മി. പി. ഹബീബ് മഹമ്മദ് (ഗവർമ്മെണ്ടു നിയമിച്ച മെംബർ): ഉറപ്പുകൊടുത്തതു മൂന്നു നാലു കൊല്ലത്തിനു മുമ്പായിരുന്നുവല്ലോ.

മി. കെ. ജാർജ് (ഗവർമ്മെണ്ടു ചീഫ് സെക്രിട്ടറി): അതു പഴക്കമുള്ളതാകയാൽ ചോദ്യത്തെപ്പറ്റി നോട്ടീസില്ലാതെ ഇപ്പോൾ എനിക്കു ഒന്നും പറവാൻ കഴിയുകയില്ല.

പള്ളിക്കൂടങ്ങളിൽ നൂൽനൂൽപ്പു നടപ്പാക്കുക.

൧൯൧. മി. പി. ഹബീബ് മഹമ്മദ് (ഗവർമ്മെണ്ടു നിയമിച്ച മെംബർ): (എ) മാനുവൽ ട്രെയിനിംഗ് നടപ്പാക്കിട്ടുള്ള പള്ളിക്കൂടങ്ങളിൽ നൂൽനൂൽപ്പു ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ എന്നും,

(ബി) നൂൽനൂൽപ്പു എത്ര പള്ളിക്കൂടങ്ങളിൽ നടപ്പാക്കിട്ടുണ്ടെന്നും

(സി) കഴിഞ്ഞ വിദ്യാഭ്യാസവർഷത്തിൽ (൧൧൦൮-൦൯) പള്ളിക്കൂടങ്ങൾക്കു എത്ര പഞ്ഞി കൊടുത്തിട്ടുണ്ടെന്നും,

(ഡി) അതതുകാലത്തിനുള്ളിൽ എന്തുമാത്രം നൂൽ പിരിച്ചെടുത്തിട്ടുണ്ടെന്നും,

(ഇ) ആ പള്ളിക്കൂടങ്ങളിൽ പിരിച്ചെടുത്ത നൂലിനെ ചിലവാക്കുന്നതിനു എന്തു ഏർപ്പാടു ചെയ്തിട്ടുണ്ടെന്നും, ഗവൺമെണ്ടു സദയം പറയുമോ?

മി. കെ. ജോർജ് (ഗവൺമെണ്ടു ചീഫ് സെക്രട്ടറി): (എ) ഈ വിഷയം ആലോചനയിൽ ഇരിക്കുന്നു.

(ബി) ൨൨.

(സി) ൧൧൨൧-ൽ ൧൦൦൦ റാത്തൽ പത്തി. ൧൨൭ ൭-൨൬-ന കൊടുത്തതിന്റെ തുക പ്രത്യേകമായി ലഭ്യമല്ല.

(ഡി) ൬ പെൺപള്ളിക്കൂടങ്ങളിലുംകൂടി പിരിച്ചെടുത്ത നൂൽ ൨൨ ഔൺസ്. ആൺപള്ളിക്കൂടങ്ങളുടെ തുക ലഭ്യമല്ല.

(ഇ) പിരിച്ചെടുത്ത നൂൽ ചിലവാക്കുന്നതിനു യാതൊരു ഏർപ്പാടും ചെയ്തിട്ടില്ല.

ജലസേചനബോർഡു സംബന്ധിച്ച നികുതി.

൧൨. മി. പാറം ഡാനിയൽ (ഗവർൺമെണ്ടു നിയമിച്ച മെംബർ): കഴിഞ്ഞ നാലുകൊല്ലങ്ങൾക്കുള്ള ജലസേചനനികുതി ഒരു കൊല്ലത്തിൽ പിരിക്കുന്നതു എന്തുകൊണ്ടെന്നു ഗവർൺമെണ്ടു ദയവുചെയ്തു അന്വേഷിക്കുമോ?

(൨) ൧൦൯൯, ൧൧൦൦, ൧൧൦൧ ഈ ആണ്ടുകൾക്കുള്ള നികുതിയെ ഗവർൺമെണ്ടു ദയവുചെയ്തു കണക്കിൽ കുറവെഴുതുമോ?

(൩) ഇതു സാദ്ധ്യമല്ലെങ്കിൽ അതിനെ അടുത്ത മൂന്നു കൊല്ലങ്ങൾക്കായി വീതിച്ചുകൊടുക്കുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർൺമെണ്ടു സിക്രട്ടറി): നാലുകൊല്ലത്തേക്കുള്ള കരം ഒന്നായി ഒരു കൊല്ലത്തിൽ പിരിക്കപ്പെടുന്നു എന്നുള്ളതു ശരിയല്ല. ബ്ലാക്കുബോർഡുകളിലെ പ്രെസിഡെണ്ടുമാർ കുടിശ്ശികക്കാരുടെ ഒരു ലിസ്റ്റ് സംബന്ധപ്പെട്ട തഹശിൽദാർമാർക്കു അയക്കുന്നു. അവർ കുടിശ്ശിക പിരിക്കുന്നതിനു നടപടി നടത്തുന്നു. കൃഷിക്കാർ ആണ്ടുതോറും കരം കൊടുക്കാതിരിക്കുന്നതിനാൽ കുടിശ്ശിക വർദ്ധിച്ചിരിക്കുന്നു.

(൨) മറുപടി നിഷേധമായിട്ടാകുന്നു.

(൩) ഇതു സാദ്ധ്യമല്ലാത്തതിൽ ഗവർൺമെണ്ടു വ്യസനിക്കുന്നു.

മി. പാറം ഡാനിയൽ (ഗവർൺമെണ്ടു നിയമിച്ച മെംബർ): നടപ്പു കൊല്ലവർഷം ആരംഭത്തിൽ കൃഷിക്കാർക്കു യാതൊരു മുന്നറിവും കൊടുക്കാതെ മൂന്നു കൊല്ലങ്ങൾക്കുള്ള കരം ഒന്നായി പിരിക്കപ്പെട്ടു എന്നു ഗവർൺമെണ്ടിനു അറിയാമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർൺമെണ്ടു സിക്രട്ടറി): കൃഷിക്കാർ ഒടുക്കാത്തതിനാൽ മൂന്നു നാലു കൊല്ലങ്ങളായി കരം കുടിശ്ശികയായി കിടക്കുന്നു എന്നാണു മറുപടിയായി പറയുന്നതു.

മി. പാറം ഡാനിയൽ (ഗവർൺമെണ്ടു നിയമിച്ച മെംബർ): യാതൊരു പരസ്യവും പ്രസിദ്ധപ്പെടുത്തപ്പെട്ടിരുന്നില്ല. ജനങ്ങളെ അറിയിച്ചിട്ടില്ല. കരം ചിലരോടുമാത്രം ആവശ്യപ്പെടുകയും ചിലരിൽനിന്നുമാത്രം പിരിക്കപ്പെടുകയും, ചെയ്തുഎന്നും മറ്റുള്ളവരോടു ആവശ്യപ്പെട്ടില്ലഎന്നും പണംകൊടുത്തവരിൽ ചിലർക്കു പണം തിരികെ കൊടുക്കപ്പെട്ടുഎന്നും മറ്റുള്ളവർക്കു തിരികെ കൊടുത്തിട്ടില്ല എന്നും ഗവർൺമെണ്ടിനു അറിയാമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർൺമെണ്ടു സിക്രട്ടറി): ഗവർൺമെണ്ടിനു അറിഞ്ഞുകൂടാ.

മി. പാറം ഡാനിയൽ (ഗവർൺമെണ്ടു നിയമിച്ച മെംബർ): ഗവർൺമെണ്ടു ഇതിനെപ്പറ്റി അന്വേഷണം നടത്തുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർൺമെണ്ടു സിക്രട്ടറി): നടത്താം.

മാവിൻപലകകളുടെ താരീപ്പുവിലയും കയറ്റുമതിത്തീരുവയും.

൧൩. മി. കെ. കെ. തോമസ് (കോട്ടയം) (എ) ൧൦൯൯, ൧൧൦൦, ൧൧൦൧ ഈ മൂന്നു ആണ്ടുകളിലും അതിനുമുമ്പുള്ള മൂന്നു ആണ്ടുകളായ ൧൦൯൬, ൧൦൯൭, ൧൦൯൮ ഈ ആണ്ടുകളിലും സംസ്ഥാനത്തിൽ ഉള്ള ചവുക്കകളിൽകൂടി കയറ്റുമതിചെയ്യപ്പെട്ട മാവിൻപലകകളിൽനിന്നു ഈടാക്കിയ കയറ്റുമതിത്തീരുവ എത്രയാണെന്നും;

(ബി) ഒരു കണ്ടിമാവിൻപലകക്കു കൃഷിക്കാർക്കു കിട്ടീട്ടുള്ള കമ്പോള വില എന്തെന്നും;

(സി) ഒരു കണ്ടിക്കു നിശ്ചയിച്ചിട്ടുള്ള താരീപ്പു വില എത്രയെന്നും തീരുവയുടെ നിരക്കു എന്താണെന്നും;

(ഡി) താരീപ്പുവിലയെ കുറയ്ക്കുമോ എന്നും; ഗവർൺമെണ്ടു സദയം പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർൺമെണ്ടു സിക്രട്ടറി (എ)

ആണ്ടു	കയറ്റുമതിചെയ്ത തുക	ഈടാക്കിയ തീരുവ
	ഘന അടി	രൂപ
൧൦൯൯	൨൩,൭൬൯	൪,൭൧൯
൧൧൦൦	൧,൨൦,൩൮൯	൨൪,൦൬൪
൧൧൦൧	൬൯,൯൯൭	൧൭,൭൦൧

൧൦൯൯ മേടം ൧-ന- മുതൽ മാത്രമെ മാവിൻപലകയിന്മേൽ തീരുവ ചുമത്തിയുള്ളു. ൧൦൯൯-ലെക്കു കൊടുത്തിട്ടുള്ള തുക അതിൽ പിന്നീടു കയറ്റുമതിചെയ്തവയെ മാത്രമെ കാണിക്കുന്നുള്ളു. കയറ്റുമതി എല്ലാം "തടി" എന്ന പൊതു ഇനത്തിൽ ഉൾപ്പെട്ടിരിക്കുന്നതിനാൽ ൧൦൯൯ മേടം ൧-നു മുമ്പുള്ള കാലത്തേക്കുള്ള തുക ലഭ്യമല്ല.

(ബി) ബ്രി. രൂപ ൨൩-൭-൦.

(സി) ഘനയടി ഒന്നുക്കു ൨ രൂപ വീതം ഉള്ള വിലയിൽ ൧൦ ശതമാനം തീരുവ അല്ലെങ്കിൽ കണ്ടി രൂപ ൩൧-൪-൦.

(ഡി) ആഹാരസാധനങ്ങൾ നൽകുന്ന വൃക്ഷങ്ങളെ കണ്ടമാനംവെട്ടി കയററുമതി ചെയ്യാതിരിക്കുന്നതിനെ തടയണമെന്നുദ്ദേശമുള്ളതിയെ ഗണിച്ച് മറുപടി നിഷേധരൂപത്തിൽ ആകുന്നു.

മി. കെ. കെ. താമസ് (കോട്ടയം): ഡി ഭാഗത്തിനുള്ള മറുപടിയെ സംബന്ധിച്ചിടത്തോളം ആഹാരസാധനങ്ങൾ വിളയുന്ന വൃക്ഷങ്ങളെ കണ്ടമാനം വെട്ടി കയററുമതിചെയ്യാതിരിക്കുന്നതിന് ഈ തടസ്ഥങ്ങൾ മതിയായിട്ടുള്ളതാണോ? എന്നെനിയ്ക്കറിയേണ്ടിയിരിക്കുന്നു.

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെൻറു സിക്രിട്ടറി): അതെ കുറെയൊക്കെ.

മി. കെ. കെ. താമസ് (കോട്ടയം): ൧൦൯൬-ാമാണ്ടിൽ കയററുമതിചെയ്തതു ൨൩ ലക്ഷം രൂപ വിലയ്ക്കു ള്ളവയാണെന്നും ൧൧൦൦-ൽ ൧൬,൦൦൦-ൽ കൂടുതൽ ആകുന്നെന്നും പറയപ്പെട്ടിരിക്കുന്നു. ഇതു ൧൦൯൬-ൽ കയററുമതിചെയ്തതിന്റെ ഏകദേശം ആറിരട്ടിയാകുന്നു. ഇതിനാൽ ഗവർമ്മെണ്ടു ഈ നടപടിയെ പ്രോത്സാഹിപ്പിക്കുന്നു എന്നർത്ഥമാകുന്നു.

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെണ്ടു സിക്രട്ടറി): നിശ്ചയമായും അങ്ങനെയല്ല.

മി. കെ. കെ. താമസ് (കോട്ടയം): ഞാൻ വ്യക്തമാക്കട്ടെ—കണ്ടമാനം മാംപലകവെട്ടിയിറക്കുന്നതിനെ തടയണമെന്നാണ ഉദ്ദേശം. എന്നാൽ കൊടുത്ത മറുപടിയിൽ നിന്നും ആ പ്രത്യേക സംവത്സരത്തിൽ തടിവെട്ടിയിറക്കുന്നതു ആറിരട്ടിയായി വർദ്ധിച്ചിട്ടുണ്ടെന്നും നാം കാണുന്നു.

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെണ്ടു സിക്രിട്ടറി): എന്നാൽ ഒരു ൧൧൦൧-ൽ കുറഞ്ഞിട്ടുണ്ട്.

മി. കെ. കെ. താമസ് (കോട്ടയം): ൧൦൯൬-ൽ ൨൩ ലക്ഷം ആയിരുന്നതു ൧൧൦൦-ൽ ൧൫൦ ലക്ഷം ആയിരിക്കുന്ന ഈ വ്യത്യാസത്തിനു ഗവർമ്മെണ്ടു എന്തു സമാധാനം പറയുന്നു.

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെണ്ടു സിക്രട്ടറി): ൧൦൯൬-ലേക്കുള്ള തുക മേടം മുതൽ കന്നിമാസം വരെയുള്ളതാകുന്നു. അതുകൊണ്ടു അതിനെ ൧൧൦൦-ലേക്ക് പൂർണ്ണം ഉള്ള തുകയോടു താരതമ്യപ്പെടുത്താൻ പാടുള്ളതല്ല.

മി. കെ. കെ. താമസ് (കോട്ടയം): ൧൦൯൬ മേടം മുതൽക്കാണെന്നുവരികിലും ൧൦൯൬-ലേക്കുള്ള തുക ഏകദേശം ൪൦,൦൦൦ ത്തോടു അടുത്തിരിക്കും. ഇവ രണ്ടും തമ്മിൽ താരതമ്യപ്പെടുത്തി നോക്കിയാൽ ൧൧൦൦-ലേക്കുള്ളതു വളരെ കൂടുതൽ ആകുന്നു.

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെണ്ടു സിക്രിട്ടറി): അതിനെ അങ്ങനെ കണക്കാക്കാൻ പാടില്ല.

മി. കെ. കെ. താമസ് (കോട്ടയം): ഈ നിരക്കിനു അടുത്ത നാലു കൊല്ലങ്ങൾക്കുള്ള തുക എന്തായിരിക്കും.

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെണ്ടു സിക്രട്ടറി): എനിക്കറിഞ്ഞുകൂടാ.

മി. കെ. കെ. താമസ് (കോട്ടയം): വാസ്തവമായ വിലയിൽ വളരെ കൂടുതലായി കയററുമതിത്തീരുവ ചുമത്തിട്ടുള്ളതായി വല്ലതും ഏതെങ്കിലും സാധനം ഉണ്ടോ? കമ്പോളവില ൨൨ രൂപയാണെന്നും കയററുമതിത്തീരുവയ്ക്കുള്ള താരിപ്പുവില ൩൫ രൂപയാണെന്നും ഇവിടെ പറഞ്ഞിരിക്കുന്നു. ഇതു കൂടുതലായ താരിപ്പുവില നിശ്ചയിച്ചിട്ടുള്ളതായി മററതെങ്കിലും സാമാനം ഉണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെണ്ടു സിക്രിട്ടറി): അതു സാമാനങ്ങളുടെ സ്വഭാവത്തെ ആശ്രയിച്ചിരിക്കുന്നു.

മി. കെ. കെ. താമസ് (കോട്ടയം): ഉദ്ദേശം സാധിക്കപ്പെട്ടിട്ടില്ല എന്നു കാണുന്ന സ്ഥിതിക്കു ഗവർമ്മെണ്ടു ദയവുചെയ്തു താരിപ്പുവില കുറയ്ക്കുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെണ്ടു സിക്രിട്ടറി): ൧൧൦൧-ൽ അതു കുറവുള്ളതായി കാണുന്നു. അതുഗുണകരമായ ഒരു കുറവാകുന്നു. താരിപ്പുവില കുറയ്ക്കാൻ വിചാരിക്കുന്നതിനുള്ള കാലം ആയിട്ടില്ല.

മി. കെ. കെ. താമസ് (കോട്ടയം): ഒന്നു രണ്ടു കൊല്ലത്തിനിടയിൽ കയററുമതി ചെയ്യപ്പെടുന്ന തുകയിൽ കുറവു കാണാത്തപക്ഷം ഗവർമ്മെൻറു ദയവുചെയ്തു താരിപ്പുവിലയെ കുറയ്ക്കുന്നതിനെപ്പററി വീണ്ടും ആലോചിക്കുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെണ്ട് സെക്രട്ടറി): നിശ്ചയമായും ഗവർമ്മെൻറു അതിനെപ്പററി ആലോചിക്കും.

പരസ്യം രണ്ടാമതും പ്രസിദ്ധപ്പെടുത്താതെ കൊല്ലത്തുള്ള അഫീനും ഗഞ്ചാവും ഷാപ്പുകളെ ലേലംചെയ്തതു.

൬൯൪. മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും):

(എ) ഗസററിൽ പരസ്യപ്പെടുത്താതെ എക്സൈസ്ഡിപ്പാർട്ടുമെണ്ടു ലേലവില്പനകൾ നടത്തിട്ടുണ്ടോ എന്നും,

(ബി) (i) അങ്ങനെയാണെങ്കിൽ ആ വിഷയത്തെപ്പററി ഏതെങ്കിലും പരാതികൾ കിട്ടീട്ടുണ്ടോ; എന്നും.

(ii) ൧൦൯൬ മുതൽ ൧൧൦൧ അവസാനംവരെ അപ്രകാരം ഉള്ള പരാതികൾ അടങ്ങീട്ടുള്ള ഹർജികളുടെ എണ്ണം എത്ര; എന്നും,

(iii) ഈ കാരണത്തിന്മേൽ ഗവർമ്മെണ്ടു ആവർത്തിച്ചു ലേലംചെയ്യാൻ ഉത്തരവുകൊടുത്തിട്ടുണ്ടോ; എന്നും,

(iv) അപ്രകാരം ആവർത്തിച്ചു ലേലം നടത്തപ്പെട്ടിട്ടുണ്ടോ; എന്നും,

(സി) ലേലം ഗസററിൽ പരസ്യപ്പെടുത്താതെ കൊല്ലത്തുള്ള അഫീനും ഗഞ്ചാവും ഷാപ്പുകളെ ലേലംചെയ്യുന്നതിനു ഗവർമ്മെണ്ട് പ്രത്യേകഉത്തരവു കൊടുത്തിട്ടുണ്ടോ എന്നും,

ഗവർമ്മെണ്ട് ദയവു ചെയ്തു പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെൻറു സെക്രട്ടറി):

(എ) ഇല്ല. എന്നാൽ വിളവങ്കോടു, കൊല്ലം, അമ്പലപ്പുഴ, ദേവികുളം, വയ്ക്കം എന്നീ താലൂക്കുകളിലെ അഫീനും ഗഞ്ചാവും ഷാപ്പുകൾക്കുള്ള ലേലത്തീയതികൾ വില്പനപരസ്യം ഗസററിൽ പ്രസിദ്ധപ്പെടുത്തപ്പെ

ത്തിൽപിന്നീട് മാററപ്പെട്ടിട്ടുണ്ട്. ഈ മാററം ഗസററിൽ പ്രസിദ്ധപ്പെടുത്തപ്പെട്ടിട്ടില്ലെങ്കിലും സ്ഥലങ്ങളിൽ ശരിയായ പരസ്യം കൊടുക്കപ്പെട്ടതിൽപിന്നീട് മാത്രമെ ലേലം നടത്തപ്പെട്ടുള്ളു.

(ബി) (i) മറുപടി നിഷേധാത്മകമാകുന്നു.

(ii)-ം, (iii)-ം, (iv)-ം (ബി) (i) ഭാഗത്തിനുള്ള മറുപടിയെ അപേക്ഷിച്ചു ഈ ചോദ്യങ്ങൾക്ക അവകാശമില്ല.

(സി) ഇല്ല. എന്നാൽ (എ) ഭാഗത്തിന്റെ മറുപടിയിൽ പറഞ്ഞിട്ടുള്ള ഷാപ്പുകളുടെ ലേലത്തെ സംബന്ധിച്ചു അതാതുസ്ഥലങ്ങളിൽ വേണ്ടിടത്തോളം പരസ്യം ചെയ്തതിന്റെശേഷം മാററിയ തീയതികളിൽ നടത്തുന്നതിനു ഗവർമ്മെണ്ട് അനുവദിച്ചു. കൊല്ലത്തുള്ള ഷാപ്പുകളും അപ്രകാരം ലേലം ചെയ്യപ്പെട്ടവകയിൽ ഉൾപ്പെട്ടവയാകുന്നു.

മി. ടി. കുമാരപിള്ള (കൽക്കളവും വിളവങ്കോടും): ലേലത്തിനു ഗസററിൽ പരസ്യം ചെയ്തിരുന്നദിവസം മാററാനുള്ള കാരണമെന്താണ്.

മി. ടി. പി. രാമസ്വാമയ്യർ (ഗവർമ്മെണ്ട് സെക്രട്ടറി): ആ സമയത്തു നിയമസഭാതിരഞ്ഞെടുപ്പു നടന്നുകൊണ്ടിരുന്നു. അതുകൊണ്ടു ആ സമയത്തു ലേലം നടന്നാൽ അധികം ആളുകൾ കൂടാനിടയില്ലെന്നു കരുതി എക്സൈസ് കമ്മിഷണരുടെ റിപ്പോർട്ടനുസരിച്ചു മാററിയതാണ്.

മി. ടി. കുമാരപിള്ള (കൽക്കളവും വിളവങ്കോടും): ഗസററിൽ പരസ്യംചെയ്ത ദിവസത്തിനും ലേലം നടന്നദിവസത്തിനും എന്തു വ്യത്യാസമുണ്ട്.

മി. ടി. പി. രാമസ്വാമയ്യർ (ഗവർമ്മെണ്ട് സെക്രട്ടറി): ഗസററിൽ പരസ്യംചെയ്തിരുന്നതു ൧൧൨൦ ഇടവം ൩-നു-യാണ്. മററ തീയതിയുടെവിവരം ഇവിടെ ഇല്ല.

മി. ടി. കുമാരപിള്ള (കൽക്കളവും വിളവങ്കോടും): ആ വിവരം ഗവർമ്മെണ്ടിനെ അറിയിച്ചിട്ടുണ്ടോ?

മി. ടി. പി. രാമസ്വാമയ്യർ (ഗവർമ്മെണ്ട് സെക്രട്ടറി): എഴുതിയയച്ചിരിക്കാം. ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

മി. ടി. കുമാരപിള്ള (കൽക്കളവും വിളവങ്കോടും): ഗസററിൽ പരസ്യംചെയ്തപ്രകാരം ലേലം നടന്നില്ലെങ്കിൽ വീണ്ടും ലേലംവിളിക്കുന്നതിനു ഗസററിൽ പരസ്യംചെയ്യേണ്ട ആവശ്യമില്ലേ?

മി. ടി. പി. രാമസ്വാമയ്യർ (ഗവർമ്മെണ്ട് സെക്രട്ടറി): അതു മറുപടിയിൽ പറഞ്ഞിട്ടുണ്ട്.

മി. ടി. കുമാരപിള്ള (കൽക്കളവും വിളവങ്കോടും): അങ്ങനെ ഗവർമ്മെണ്ടരൂൾസുണ്ടോ?

മി. ടി. പി. രാമസ്വാമയ്യർ (ഗവർമ്മെണ്ട് സെക്രട്ടറി): രൂൾസില്ല.

മി. ടി. കുമാരപിള്ള (കൽക്കളവും വിളവങ്കോടും): ഒരു ലേലം ഗസററിൽ പ്രസിദ്ധംചെയ്താൽ അതു നടന്നില്ലെങ്കിൽ അതും ഗസററിൽ പരസ്യംചെയ്യേണ്ടേ?

മി. ടി. പി. രാമസ്വാമയ്യർ (ഗവർമ്മെണ്ട് സെക്രട്ടറി): ലേലംചെയ്യുന്നതു പരസ്യംചെയ്തിട്ടുതന്നെ വേണം എന്നു നിർബന്ധമില്ല.

മി. ടി. കുമാരപിള്ള (കൽക്കളവും വിളവങ്കോടും): ഗസററിൽ പരസ്യംചെയ്യാതെ ലേലംചെയ്യുന്നതിനു വിരോധമില്ലേ.

മി. ടി. പി. രാമസ്വാമയ്യർ (ഗവർമ്മെണ്ട് സെക്രട്ടറി): ഇല്ല. പക്ഷെ സാധാരണയായി ഗസററിൽ പരസ്യംചെയ്യുന്നുണ്ട്.

മി. ടി. കുമാരപിള്ള (കൽക്കളവും വിളവങ്കോടും): പിന്നെ അങ്ങനെ പരസ്യംചെയ്യുന്നതിന്റെ ഉദ്ദേശം എന്ത്?

മി. ടി. പി. രാമസ്വാമയ്യർ (ഗവർമ്മെണ്ട് സെക്രട്ടറി): ജനങ്ങളെ അറിയിക്കാം എന്നുള്ള ഉദ്ദേശമാണ്.

മി. ടി. കുമാരപിള്ള (കൽക്കളവും വിളവങ്കോടും): (സി) ഭാഗത്തിൽ പറയുന്നതു സ്ഥലത്തു രണ്ടാമതു നടന്ന ലേലത്തിന്റെ ലോകൽപബ്ലിക്കേഷൻ നടന്നിട്ടുണ്ടെന്നാണ്. അതു എങ്ങിനെയാണ നടന്നതു.

മി. ടി. പി. രാമസ്വാമയ്യർ (ഗവർമ്മെണ്ട് സെക്രട്ടറി): ലേലംനടക്കുന്ന സ്ഥലത്തെ പാർവത്യകാർമുഖാന്തിരം മുഴക്കിച്ചും മററുവിധത്തിലും അവിടങ്ങളിൽ പരസ്യപ്പെടുത്തിയിരിക്കും.

മി. ടി. കുമാരപിള്ള (കൽക്കളവും വിളവങ്കോടും): അമ്പലപ്പുഴ മുതലായ സ്ഥലങ്ങളിൽ ഉള്ളജനങ്ങൾ ആ ലേലത്തിൽചേരണം എന്നാഗ്രഹമുണ്ടായിരുന്നാൽ അവർ അറിയുന്നതെങ്ങനെ?

മി. ടി. പി. രാമസ്വാമയ്യർ (ഗവർമ്മെണ്ട് സെക്രട്ടറി): ആദ്യത്തെ പരസ്യമനുസരിച്ചു ലേലം നടന്നില്ലെങ്കിൽ വീണ്ടും ലേലം എപ്പോഴാണ് നടക്കുന്നതെന്നു അന്വേഷിച്ചുവരണം.

മി. ടി. കുമാരപിള്ള (കൽക്കളവും വിളവങ്കോടും): ഗവർമ്മെണ്ട് നടത്തുന്ന ലേലത്തിനു ജനങ്ങൾ അന്വേഷിച്ചുവരികയാണൊ വേണ്ടതു.

മി. ടി. പി. രാമസ്വാമയ്യർ (ഗവർമ്മെണ്ട് സെക്രട്ടറി): സാധാരണ വീണ്ടും ഗസററിൽ പരസ്യംചെയ്തിട്ടാണു ലേലംചെയ്യുന്നതു. ഈ സംഗതിയിലും അങ്ങിനെതന്നെ നിശ്ചയിച്ചിരുന്നു. പക്ഷെ അതിലേയ്ക്കുവേണ്ട സാവകാശംകിട്ടിയില്ല. അതുകൊണ്ടു ഗസററിൽ പരസ്യംചെയ്വാൻ സാധിച്ചില്ല.

മി. ടി. കുമാരപിള്ള (കൽക്കളവും വിളവങ്കോടും): പുറമെയുള്ള ആളുകൾ കൂടുതൽതുക തരാൻ തയാറുള്ളപ്പോൾ അവരെ പരസ്യംമൂലം അറിയിക്കാതെ ലേലം നടത്തുന്നതു ഗവർമ്മെണ്ടിനു നഷ്ടമല്ലേ

മി. ടി. പി. രാമസ്വാമയ്യർ (ഗവർമ്മെണ്ട് സെക്രട്ടറി): നഷ്ടം ഇപ്പോൾ വന്നിട്ടില്ല. അതു പരിശോധിച്ചുതന്നെ ലേലം സ്ഥിരപ്പെടുത്തിയതു.

മി. ടി. കുമാരപിള്ള (കൽക്കളവും വിളവങ്കോടും): അതു എങ്ങിനെ അറിയാൻ സാധിച്ചു.

മി. ടി. പി. രാമസ്വാമയ്യർ (ഗവർമ്മെണ്ട് സെക്രട്ടറി): മുന്നാണ്ടത്തെതുകയും തന്നാണ്ടത്തെതുകയും നോക്കിയാൽ അറിയാം.

മി. ടി. കുമാരപിള്ള (കൽക്കളവും വിളവങ്കോടും): മുൻആണ്ടത്തെ തുകയിൽനിന്നും പത്തോ നൂറോ രൂപാ കൂടുതൽ കിട്ടുന്നതുകൊണ്ടു ഗവർമ്മെണ്ട് തൃപ്തിപ്പെടുകയാണോചെയ്യുന്നതു? പുറമെയുള്ള ആളുകൾ ലേലത്തിനുവന്നാൽ കുറെക്കൂടി ലാഭം കിട്ടുകയില്ലേ.

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): കിട്ടുമായിരിക്കാം. വീണ്ടും പരസ്യം ചെയ്യുന്നതിനു സാവകാശം കിട്ടാത്തതുകൊണ്ടാണ് ചെയ്യാത്തതു.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): കൂടുതൽ ആദായം കിട്ടുന്ന സംഗതിയിൽ ലേലത്തിനു ഗസററിൽ പരസ്യം ചെയ്യേണ്ടതല്ലേ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി), മെമ്പർ പറയുന്ന പ്രകാരം ഗവണ്മെന്റിനു ബോധ്യമുണ്ടു. നിവൃത്തിയുള്ളടത്തോളം അങ്ങിനെ ചെയ്യുന്നുമുണ്ടു.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): അങ്ങനെ ചെയ്യുന്നുണ്ടെന്നു മെമ്പർമാരുടെ പക്കൽനിന്നും അറിവുകിട്ടിയില്ല.

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): ചട്ടം ഉണ്ടോ എന്നാണ് ചോദിച്ചതു്. പരസ്യം ചെയ്തു ലേലം ചെയ്യണമെന്നു ചട്ടമില്ല. എന്നാൽ ഗസററിൽ പരസ്യം ചെയ്യുന്നതാണു സാധാരണ നടപ്പ്. ചട്ടത്തിനെയും നടപ്പിനെയുംപററി ഞാൻ പറഞ്ഞുകഴിഞ്ഞു.

തിരുവനന്തപുരം നഗരത്തിൽ ഉള്ള റോഡുകളുടെയും ഇടവഴികളുടെയും പരിഷ്കരണം.

ഹൻ ൫. മി. എം. എൻ. പിള്ള (തിരുവനന്തപുരം)

(എ) അനുവാദം നൽകിയിട്ടുള്ളതും 'പള്ളിമുക്ക്' മുതൽ വഞ്ചിയൂർ വരെ പോകുന്നതുമായ റോഡുവെട്ടുന്നതിനുള്ള താമസത്തിനു കാരണം എന്താണെന്നും;

(ബി) വഞ്ചിയൂർ പള്ളിക്കൂടത്തിന്റെ വടക്കും, കിഴക്കും, തെക്കും വശങ്ങളിൽ ഉള്ള ഇടവഴികളും ഓടകളും മലിനമായിക്കിടക്കുന്നതിനെപ്പററി പരാതിപ്പെട്ട മേൽപറഞ്ഞ പള്ളിക്കൂടത്തിനു ചുററും അധിവസിക്കുന്ന ആളുകളുടെ പക്കൽനിന്നും ഒരു ഹർജി കിട്ടീട്ടുണ്ടോ എന്നും,

(സി) ഈ ഇടവഴികളുടെ ഇടുക്കംനിമിത്തം രാത്രികാലങ്ങളിൽ സംഭവിച്ചിട്ടുള്ള അപകടസംഭവങ്ങളെപ്പററി അറിവുണ്ടോ എന്നും,

(ഡി) കുട്ടികളുടെ രോഗങ്ങൾക്കു കാരണമായിത്തീരുന്ന ദുർഗന്ധത്തെയും കൊതുകുകളെയും തടയുന്നതിനായി ഈ ഇടവഴികളെ വണ്ടികൾ പോകത്തക്ക റോഡുകളായി മാററുകയും ഓടകളെ ചെങ്കല്ലും കുമ്മായവും ഉപയോഗിച്ചു കെട്ടുകയും അവയെ മൂടുകയും ചെയ്യാൻ ഒരുക്കമുണ്ടോ എന്നും,

(ഇ) മേൽപറഞ്ഞ പണികൾ നടത്തുന്നതിനു പബ്ലിക്ക്‌വർക്ക്സ് ഡിപ്പാർട്ടുമെണ്ടിൽനിന്നും വല്ലതും അടങ്കലുകൾ അയച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി നടത്തി എന്നും,

(എഫ്) നഗരത്തിൽ ജനങ്ങൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളിൽ വണ്ടിപ്പാതകളായി ഉടനടി മാററേണ്ടതായും അങ്ങനെ എളുപ്പത്തിൽ മാററാവുന്നതായും അനേകം ഇടവഴികൾ ഉണ്ടെന്നു അറിയാമോ എന്നും,

(ജി) മണക്കാട്ടിൽനിന്നും മുക്കോലക്കലും ശ്രീവരാഹംവഴി വലിയതുറയ്ക്കു പോകുന്ന ഇടവഴികളെപ്പററി അവർ വല്ലതും അന്വേഷണം നടത്തീട്ടുണ്ടോ എന്നും,

(എച്ച്) അടങ്കലിനു ഉത്തരവു ചെയ്യുകയും അടങ്കൽ അയക്കുകയും ചെയ്തിട്ടുള്ളതായി പാൽകുളങ്ങരയിൽനിന്നും കൈതമുക്കുവഴി കാഞ്ഞിരവിളാകത്തേക്കു പോകുന്ന വീതിയുള്ള ഇടവഴിയെ ഒരു പബ്ലിക്‌റോഡാക്കുന്നതിനുള്ള പദ്ധതി എന്തായെന്നും,

(ഐ) പകുതിനന്നാക്കിട്ടുള്ളതായി ജില്ലാക്കോർട്ടിന്റെ തെക്കുവശത്തുനിന്നും ചെട്ടികുളങ്ങരക്കു പോകുന്ന റോഡിനെ ഇപ്പോൾ ഇരിക്കുന്ന നിലയിൽ വെച്ചേയ്ക്കാനാണോ ഉദ്ദേശിക്കുന്നതെന്നും,

(ജെ) വഞ്ചിയൂർ പള്ളിക്കൂടത്തിൽനിന്നും പാൽകുളങ്ങരയിൽ ഉള്ള സംസ്കൃതകോളേജിലേക്കുള്ള റോഡ് തുറക്കുന്നതിനുള്ള താമസം എന്തെന്നും,

(കെ) മേൽപറഞ്ഞ വേലകളിൽ ഒന്നൊഴിയാതെ എല്ലാററിനെയും ഉടനെ നടത്തുന്നതിനു ചീഫ് എഞ്ചിനീയർക്കു ഉത്തരവു അയക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നും, ഇല്ലെങ്കിൽ എന്തുകൊണ്ടെന്നും,

(എൽ) പ്രധാനറോഡിന്റെ വീതികുറവും, വണ്ടികൾ ഗതാഗതം ചെയ്യുന്നതിന്റെ കൂടുതലും നിമിത്തം സംഭവിക്കുന്ന അനേകം അപകടസംഭവങ്ങളെപ്പററി തങ്ങൾക്കു അറിവുണ്ടോ എന്നും തിരുവനന്തപുരം പട്ടണത്തിൽ ഉള്ള പ്രധാനറോഡുകളുടെ വീതികൂട്ടുന്നതിനും പുതുതായി റോഡുകൾ വെട്ടുന്നതിനും വല്ല പദ്ധതിയും തങ്ങളുടെ മുന്നിൽ ഉണ്ടോ എന്നും ഗവണ്മെന്റു സദയം പറയുമോ.

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി):

(എ) അനുവദിച്ചതടങ്കൽ ഇടവഴിയെ നന്നാക്കുന്നതിനും ആവശ്യമുള്ള സ്ഥലങ്ങളിൽ കൽപണികൾ കെട്ടുന്നതിനും ആകുന്നു. എന്നാൽ മുൻസിപ്പൽകൌൺസിൽ, വണ്ടിപോകത്തക്ക ഒരു റോഡ് വേണമെന്നു പറയുന്നു. അതിനെപ്പററി പി. ഡബ്ലിയു. ഡി. ഡിവിഷൻ ആഫീസരുമായി എഴുത്തുകുത്തു നടത്തിവരികയാകുന്നു.

(ബി) ഇല്ല, വഞ്ചിയൂർ പള്ളിക്കൂടത്തിനു ചുററുമുള്ള സ്ഥലങ്ങൾ നിർമ്മലമായിരിക്കുന്നു എന്നു റിപ്പോർട്ടു ചെയ്യപ്പെട്ടിരിക്കുന്നു.

(സി) മറുപടി നിഷേധത്തിൽ ആണ്.

(ഡി) മുൻസിപ്പൽകൌൺസിലുമായി ആലോചിച്ചു ഈ വിഷയത്തെപ്പററി ചിന്തിക്കുന്നതാണ്.

(ഇ) ഇല്ല.

(എഫ്) അറിയാം, ഇതിനെപ്പററി ശ്രദ്ധിക്കേണ്ടതു മുൻസിപ്പൽകൌൺസിൽ ആണ്.

(ജി) ഉണ്ട്.

(എച്ച്) കൈതമുക്കുജംക്ഷൻമുതൽ പേട്ടവരെയുള്ള ആദ്യത്തെ ഭാഗത്തെ ൧൧൦൯-ാമാണ്ടിൽ എടുക്കാൻ ഉദ്ദേശിച്ചിരിക്കുന്നു. പേട്ടജംഗ്ഷൻമുതൽ കടകംപള്ളി പ്രവൃത്തികച്ചേരിവരെയുള്ള രണ്ടാമത്തെ ഭാഗം തിരുവനന്തപുരം താലൂക്കു കമ്മിററിയുടെ ശുപാർശ അനുസരിച്ചു നന്നാക്കാൻ തന്നാണ്ടിൽ എടുത്തുകഴിഞ്ഞിരിക്കുന്നു.

(ഐ) ജില്ലാക്കോടതിക്കു പടിഞ്ഞാറേ റോഡിൽ പുത്തൻചന്ത പൊലീസ്സ്റ്റേഷനിൽനിന്നും വിറകുപുരക്കോട്ടുവരെയുള്ള ഇടവഴിയുടെ വീതി കൂട്ടുകയും അതിനെ നന്നാക്കുകയും തരംപോലെ സ്ഥലത്തു കെട്ടിനിൽ

ക്കുന്ന മഴജലത്തെ ശരിയായി ഒഴുക്കുന്നതിനാണ് അടങ്കൽ അനുവദിച്ചിട്ടുള്ളതു. ഈ പണി നടത്തപ്പെട്ടിരിക്കുന്നു.

(ജെ) സ്ഥലത്തെ നിവാസികൾക്കു കൊണ്ടുവന്നിട്ടുള്ള അസൗകര്യങ്ങളെയും ഉപദ്രവങ്ങളെയും കുറയ്ക്കാവുന്നിടത്തോളം കുറയ്ക്കുന്നതിനു സ്ഥലത്തിന്റെ പ്ലാനുകൾ പുതുതായി തയ്യാറാക്കേണ്ടിയിരിക്കുന്നു. സ്ഥലങ്ങൾ എടുക്കുന്നതിനു ഏർപ്പാടുചെയ്തുകഴിഞ്ഞിരിക്കുന്നു. സ്ഥലങ്ങൾ വിലയ്ക്കെടുത്തുകഴിഞ്ഞാലുടൻ കഴിയുന്നതും വേഗത്തിൽ പണി പൂർത്തിയാക്കപ്പെടുമെന്നു ആശിക്കപ്പെടുന്നു.

(കെ) മേൽ കൊടുത്തിട്ടുള്ള മറുപടികളെ അപേക്ഷിച്ചു ഇതു ആവശ്യമില്ല.

(എൽ) പിലറോഡുകളുടെ വീതികൂട്ടുന്നതിനു ഗവണ്മെന്റു നടപടിനടത്തി കഴിഞ്ഞിരിക്കുന്നു. തിരുവനന്തപുരംനഗരത്തിൽ പുത്തൻറോഡുകൾ വെട്ടുന്നതിനു യാതൊരു പദ്ധതിയുമില്ല.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): (എ) ഭാഗത്തിനുള്ള മറുപടിയെ അപേക്ഷിച്ചു അടങ്കൽ അനുവദിച്ചതു എപ്പോഴാണെന്നു അറിഞ്ഞാൽകൊള്ളാം.

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസെക്രട്ടറി): [illegible] ഫെബ്രുവരി ൭-നു.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): അതു അനുവദിച്ചിട്ടു ഇപ്പോൾ ഏഴുകൊല്ലമായില്ലേ? മുനിസിപ്പാലിറ്റി ഗവണ്മെന്റിലേക്കു എഴുതിഅയച്ചതു എപ്പോൾ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസെക്രട്ടറി): മുൻസിപ്പൽസഭയുടെ എഴുത്തു ഇപ്പോൾ എന്റെ കൈവശമില്ല.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): ഈ സംഗതി എഴുത്തുകുത്തിൽ ആയിരുന്നിട്ടു എത്രകാലമായി?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസെക്രട്ടറി): കുറഞ്ഞതു ഏഴുകൊല്ലത്തിലധികം.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): പൂർത്തിയാക്കുന്നതിനു ഇനിയും ഏഴു കൊല്ലംവേണ്ടിവരും അല്ലേ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസെക്രട്ടറി): മെമ്പറിന്റെ ഇഷ്ടംപോലെ തീർച്ചപ്പെടുത്തിക്കൊള്ളാവുന്നതാണ്.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): നിവേദനങ്ങളെ ഗവണ്മെന്റു നടപ്പിൽവരുത്തുന്നതു ഈ മാതിരിയിലാണോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസെക്രട്ടറി): വിഷയം എഴുത്തുകുത്തിൽ ഇരുന്നിരുന്നു.

മി. എം. എൻ. പിള്ള (തിരുവനന്തപുരം), ഞാൻ കൗൺസിലിൽ മെമ്പരായ കാലംമുതൽ റോഡിന്റെ ആവശ്യകതയെപ്പറ്റി ഞാൻ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. അതു പള്ളിക്കൂടത്തിൽ പോകുന്നവർക്കു ഉപയോഗമുള്ളതാണ്.

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസെക്രട്ടറി): ആ വിഷയം ഇനിയും എഴുത്തുകുത്തിൽ ഇരിക്കുന്നേ ഉള്ളൂ.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): കഴിഞ്ഞ ഏഴു കൊല്ലങ്ങളായി എഴുത്തുകുത്തിൽ ഇരുന്നു ഇല്ലേ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസെക്രട്ടറി): കഴിഞ്ഞ ഏഴുകൊല്ലങ്ങളായി ഈ വിഷയം മുൻസിപ്പൽസഭയോടുകൂടിമാത്രമല്ല എഴുത്തുകുത്തിൽ ഇരുന്നതു. കല്ലതി കെട്ടുക മുതലായവയ്ക്കു ഒരു അടങ്കൽ തയ്യാറാക്കിയപ്പോൾ മുൻസിപ്പാലിറ്റിക്കാർ ഒരു റോഡ് വേണമെന്നു ആവശ്യപ്പെട്ടു. അതുകൊണ്ടു ആദ്യത്തെ അടങ്കൽപ്രകാരമുള്ള പണിനടത്താൻ നിവൃത്തിയില്ലാതെയായി. റോഡിനെപ്പറ്റിയുള്ള വിഷയം ചീഫ്എഞ്ചിനീയരുമായി എഴുത്തുകുത്തിൽ ഇരിക്കുകയാണ്. താമസത്തിനുള്ള കാരണം ഇതാകുന്നു.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): (ബി) ഭാഗത്തെസംബന്ധിച്ചിടത്തോളം റിപ്പോർട്ടുചെയ്തതു ആരാണെന്നു എനിക്കറിഞ്ഞാൽകൊള്ളാം.

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസെക്രട്ടറി): മുൻസിപ്പൽസഭപ്രസിഡണ്ട്.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): അതിനെപ്പറ്റി പള്ളിക്കൂടം അധികാരികൾ റിപ്പോർട്ട് ചെയ്തുവോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെണ്ട്സെക്രട്ടറി): ഈ വിഷയത്തിൽ ആ സ്ഥലത്തിലെ ശുചിത്വത്തെപ്പറ്റി ഗവർണ്മെന്റു പ്രസിഡണ്ടിനോടു ചോദിച്ചു. അദ്ദേഹം അതിനെപ്പറ്റി റിപ്പോർട്ട് ചെയ്തു.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): അദ്ദേഹം ഒരിക്കലും വേറൊവിധത്തിൽ റിപ്പോർട്ട് ചെയ്യുന്നതല്ല (സി) അതിനെപ്പറ്റി പള്ളിക്കൂടത്തിലെ ഹെഡ്മാസ്റ്റർ മുഖാന്തിരം ഒരു അന്വേഷണം നടത്തുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെണ്ട്സെക്രട്ടറി): സ്ഥലത്തിന്റെ ശുചീകരണവും പള്ളിക്കൂടം ഹെഡ്മാസ്റ്ററും തമ്മിൽ എന്താണു ബന്ധം?

മി. എം. എൻ. പിള്ള (തിരുവനന്തപുരം): പള്ളിക്കൂടത്തിന്റെ പുറം ശുചീകരണം തൃപ്തികരം അല്ല. അതു കുട്ടികളുടെ ആരോഗ്യത്തെ ബാധിക്കുന്നതുകൊണ്ടാണ് എന്റെ ചോദ്യം.

മി. ടി. പി. രാമസുബ്ബയ്യർ (ഗവർണ്മെണ്ട്സെക്രട്ടറി): തിരുവനന്തപുരം നഗരസഭാതിർത്തികൾക്കുള്ളിൽ ഉള്ള ശുചീകരണവിഷയങ്ങളെ സംബന്ധിച്ചിടത്തോളം, ഗവർമെണ്ടിലേക്കുള്ള എഴുത്തുകുത്തു ചെയ്യേണ്ടതു മുൻസിപ്പൽ പ്രെസിഡണ്ടുമുഖാന്തിരം വേണ്ടതാകുന്നു.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): (ഡി) ഭാഗത്തിനുള്ള മറുപടിയെസംബന്ധിച്ചു മണക്കാട്ടുനിന്നും മുതലക്കുളം ശ്രീവരാഹം വഴി വലിയതുറയ്ക്കു പോകുന്ന ഇടവഴിയുടെ സ്ഥിതിയെപ്പറ്റി ഗവർണ്മെണ്ട് വല്ല അന്വേഷണവും നടത്തിട്ടുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെണ്ട്സെക്രട്ടറി): അതെ, അന്വേഷണം നടത്തപ്പെട്ടു.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): ഏതെങ്കിലും അടങ്കൽ തയ്യാറാക്കപ്പെട്ടുവോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെന്റ്സെക്രട്ടറി): സ്ഥലമായതു അടങ്കൽ തയ്യാറാക്കപ്പെട്ട പിരിവു ഏകദേശം ൪൦൦൦ രൂപയോളംവരും.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): ഗവൺമെന്റു ആ പണിനടത്താൻ പോകുന്നുവോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെന്റ്സെക്രട്ടറി): ഇല്ല. ഈ പണിക്കുള്ള ചിലവിൽ ഒരുഭാഗം മുനിസിപ്പൽകൌൺസിൽ നൽകുന്നതിനു തയ്യാറാണോ എന്നു അറിയുന്നതിനു മുനിസിപ്പൽകൌൺസിലുമായി എഴുത്തുകുത്തു നടത്തിവരികയാണ്.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): (എ) ഭാഗത്തിനെസംബന്ധിച്ചു, ഓടപ്പൊത്തിയാക്കപ്പെടുന്ന അവിടെ ഒരു റോഡിന്റെ ആവശ്യം ഇല്ല എന്നു മുനിസിപ്പൽകൌൺസിൽ ഗവൺമെന്റിലേക്കു എഴുതിഅയച്ചിട്ടുള്ളതായി ഗവൺമെന്റിനു അറിവുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെന്റ്സെക്രട്ടറി): എനിക്കറിഞ്ഞുകൂടാ.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): റോഡു ആവശ്യം ഉപയോഗമില്ലെന്നും അതു വണ്ടിപ്പോകത്തക്കതല്ലെന്നും ഗവൺമെന്റിനു അറിയാമോ? വെളിക്കുള്ള റോഡുമായി ചേരുന്നതിനുള്ള റോഡു വെട്ടുന്നതിനു അനുമതി ദയവുചെയ്തു ഉത്തരവുചെയ്യുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെന്റ്സെക്രട്ടറി): മെമ്പരുടെ നിവേദനത്തെ ചീഫ്എഞ്ചിനീയരുടെ ആലോചനയ്ക്കായി അയച്ചുകൊടുക്കാം.

അനുബന്ധം I. എ.

൧൭൩ (എ) നമ്പർ ചോദ്യത്തിനുള്ള മറുപടിനോക്കുക. മഹാരാജാസ് ആർട്സ്കാളേജിൽ ഫിലോസഫിഅസിസ്റ്റന്റു പ്രൊഫസർ ഉദ്യോഗത്തിനപേക്ഷിച്ചിരുന്ന അപേക്ഷകന്മാരുടെ ലിസ്റ്റ്.

മിസ്റ്റർ. ടി. എൻ. വേലുപ്പിള്ള ബി. എ.

,, കെ. സി. മാത്യു. ബി. എ. (ആണേഴ്സ്)

,, ആർ. രാമകൃഷ്ണയ്യർ ബി. എ. ടി

,, കെ. ഐ. വറുഗീസ് ബി. എ. ടി

,, പി. സുന്ദരരാജനായിഡു എം. എ. ബി. എൽ.

,, ആർ. ബാലകൃഷ്ണപിള്ള എം. എ.

,, ആർ. രാമാനുജാചാരി ബി. എ. (ആണേഴ്സ്)

,, ജെ. ഇ. ആശീർവാദം,

,, എസ്. ശേഷാദ്രിനാഥശർമ്മ ബി. എ. (ആണേഴ്സ്)

,, പി. നാരായണൻനമ്പൂതിരി (ബി. എ.)

,, കെ. ജേക്കബ് ബി. എ. (ആണേഴ്സ്)

അനുബന്ധം I. ബി.

൧൭൩. (ഇ) നമ്പർ ചോദ്യത്തിനുള്ള മറുപടിനോക്കുക.

ബി. എ. പരീക്ഷമാത്രം ജയിച്ചിട്ടുള്ളവരായി കാളേജിൽ പഠനപ്രവൃത്തിയിൽ നിയുക്തരായിരിക്കുന്നവരുടെ ലിസ്റ്റ്.

മിസ്റ്റർ ആർ. കൃഷ്ണസ്വാമിഅയ്യർ—സയൻസ്കാളേജിൽ പ്രിൻസിപ്പാളും മാത്തമാറ്റിക്സ് പ്രൊഫസരും (അവധിയിൽ)

,, പി. എസ്. കൃഷ്ണയ്യൻ—സയിൻസ്കാളേജിൽ ഡെമൺസ്ട്രേറ്റർ.

,, എ. നാരായണൻപോററി ടി എം. എ. പരീക്ഷജയിക്കുന്നതുവരെ പ്രൊബേഷനായി.

,, എ. വെങ്കിടാചലംഅയ്യർ ടി ടി

,, ഇട്ടിയറാജോസഫ് ടി ടി

,, എം. എം. ഫിലിപ്പ് ടി ടി

,, വി. വെങ്കിടാചലംഅയ്യർ ടി ടി

,, ഇ. ടി. മാത്യു ടി ടി

,, എ. ചെറിയാൻ ടി ടി

,, ടി. കെ. കരുണാകരമേനവൻ ടി പകരം.

,, ടി. എൻ. വേലുപിള്ള—മഹാരാജാസ് ആർട്ട്സ്കാളേജിൽ ഫാജിക്ട്യൂട്ടർ.

അനുബന്ധം II.

൧൭൭–ാംനമ്പർ ചോദ്യത്തിനുള്ള മറുപടിനോക്കുക. തിരുവിതാംകൂർ സാനിട്ടറികമ്മിഷണരുടെ പക്കൽനിന്നും ൧൯൨൭ നവംബർ ൧൨/൧൫-ാംനു-യതിയിലെ ൧൦൯ നമ്പരായി ഗവൺമെന്റു ചീഫ്സെക്രട്ടറിക്കു കിട്ടിയ റിപ്പോർട്ട്.

റെഫറൻസ് ൧൯൨൭ നവംബർ ൧൬-ാംതിയതി ആർ. ഒ. സി.

൧൯൨൭/൧൧/എ. ജി. നമ്പർ.

വരുന്ന നിയമസഭായോഗത്തിൽ മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും-തെക്കേ കോട്ടം) ചോദിക്കാൻ നിശ്ചയിച്ചിരിക്കുന്ന ൧൭൭-ാം പ്രശ്നത്തെ സംബന്ധിച്ച മേൽപറഞ്ഞ എഴുത്തിനു താഴെപറയുന്ന മറുപടി ബോധിപ്പിച്ചുകൊള്ളുന്നു. വാക്സിനേഷൻ പ്രയോഗത്തിൽ അന്യജന്തുസമ്പർക്കം ഉണ്ടാകാതിരിക്കുന്നതിനായി മുനിസിപ്പാലിറി ഹെൽത്താഫീസർ തന്റെ കീഴിലുള്ള വാക്സിനേട്ടർമാർക്ക് പുറമെ കുറേ വാളന്റീയർമാർക്കും അതിലേക്കു വേണ്ട ഉപകരണസാമഗ്രികളും കൊടുത്തിരിക്കുന്നു എന്നു ൧൯൨൭ ജൂലൈ ൭-ാംനു എഴുതിയ മുനിസിപ്പൽ പ്രസിഡന്റ് എനിക്കു എഴുതിയ കത്തിൽ വാസൂരിപ്പശുക്കിടാവിനെ കണ്ണാടികുഴലിൽ അയക്കുന്നതിനുപകരം ചെറുകുപ്പികളിൽ അയക്കണമെന്നു അപേക്ഷിക്കുകയും ചെയ്തിരുന്നു. വാക്സിൻഡിപ്പോ സൂപ്രണ്ടു ഈ അപേക്ഷപ്രകാരം നടത്തിക്കൊള്ളണം എന്നു ഞാൻ കൊടുത്തിരുന്ന ഉത്തരവനുസരിച്ചു ഈ മുനിസിപ്പാലിറ്റിക്കു ഇപ്പോൾ വസൂരിപ്പാൽ കണ്ണാടികുപ്പികളിൽ അയക്കപ്പെട്ടുവരുന്നു

ഹെൽത്താഫീസർ വരുത്തീട്ടുള്ള ഈ മാററം ഇതിനു വളരെ മുമ്പിനാലെ ഉണ്ടായിരുന്നു; ഇപ്പോഴും അതുള്ളതു സന്തോഷപ്രദമായിരിക്കുന്നു; വാക്സിനേഷൻ നിർബന്ധമാക്കപ്പെട്ടിട്ടുള്ള മററു മുനിസിപ്പൽസഭകളും ഈ ഗുണകരമായ ഭേദഗതിയെ അവരുടെ നഗരങ്ങളിൽ നടപ്പാക്കിയാൽ കൊള്ളാമായിരുന്നു. വാക്സിനേഷൻ പ്രയോഗത്തിൽ, ഈ തരത്തിലുള്ള ബീജസമ്പർക്കത്തിനു ഇടകൊടുക്കാത്ത രീതിയെ സ്വീകരിക്കേണ്ടതു വളരെ പ്രധാനമാണെന്നുള്ളതും, അതിനെ ഗ്രാമീണപ്രദേശങ്ങളിലുംകൂടി നടപ്പാക്കേണ്ടതു ആവശ്യവും ആകുന്നു. എന്നാൽ വാക്സിനേഷൻ ജോലിക്കു തിരുവനന്തപുരം നഗരത്തിലും ഗ്രാമീണപ്രദേശങ്ങളിലും കാണപ്പെടുന്ന സ്ഥിതികൾ തമ്മിൽ വളരെ അന്തരം ഉണ്ട്. നഗരവാസികളിൽ അനേകംപേരും വിദ്യാഭ്യാസംസിദ്ധിച്ചിട്ടുള്ളവരും ശരിയായ രീതിയിൽ നടത്തപ്പെട്ടിട്ടുള്ള വാക്സിനേഷന്റെഫലത്തെ അനുമോദിക്കാൻ ശക്തിയുള്ളവരും ആകയാൽ നഗരവാസികൾക്കിടയിൽ വാക്സിനേഷൻ നടത്തുന്നതിനു തലസ്ഥാനനഗരിയിലെ വാക്സിനേറ്റർമാർക്കു വലിയ വിഷമത ഉണ്ടായിരിക്കുന്നതല്ല. വാക്സിനേഷന്നു എതിരായി ഏതെങ്കിലും തടസ്ഥങ്ങൾ ഉണ്ടാകുമ്പോൾ മുനിസിപ്പാലിററിയിലുള്ള മററുദ്യോഗജീവനക്കാരിൽ നിന്നു തങ്ങൾക്കു സഹായം ഉണ്ടാകുമെന്നു വാക്സിനേറ്റർമാർക്കു തീർച്ചയായി വിശ്വസിക്കാവുന്നതാണ്. ഗ്രാമീണപ്രദേശങ്ങളിൽ ഉള്ള വാസ്കിനേറ്റർമാർക്കാകട്ടെ അവരുടെ ഉപദേശം അനുസരിക്കാത്തവരായ വിദ്യാഭ്യാസമില്ലാത്ത ജനങ്ങളുടെ ഇടയിലും തലസ്ഥാനത്തിലെ പരിചയമില്ലാത്ത ഉൾഭാഗങ്ങളിൽ യാതൊരു സഹായവും ഇല്ലാതെയും വാക്സിനേഷൻ നടത്തേണ്ടിയിരിക്കുന്നു. അനേകം കേസുകളിൽ ഈ വാക്സിനേറ്റർമാർക്കു കുട്ടികളുടെ മാതാപിതാക്കളോ രക്ഷകർത്താക്കന്മാരോ ഇല്ലാത്ത സന്ദർഭങ്ങളിൽ കുട്ടികളെ പിടികൂടുന്നതിനായി കാത്തിരിക്കേണ്ടിയിരിക്കുന്നു. കൂടാതെ അവർ മര്യാദപ്രകാരമായും മാതാപിതാക്കളുടെ വിസമ്മതമൊ ശകാരമൊ ഏൽക്കാത്തവിധത്തിലും കുട്ടികളെ കൈയ്ക്കുപിടിച്ചു കാര്യം നടത്തുന്നതിനായി പ്രയോഗം കഴിവുള്ളിടത്തോളം വേഗത്തിൽ നടത്തേണ്ടതായുമിരിക്കുന്നു. മേൽപ്പറഞ്ഞ പ്രയാസ സ്ഥിതിയിൽ ഗ്രാമീണഭാഗങ്ങളിൽ അന്യബീജസമ്പർക്ക രഹിതമായ വാക്സിനേഷൻ പദ്ധതിയെ നടപ്പാക്കാമെന്നുദ്ദേശിക്കുന്നതു നിഷ്ഫലംതന്നെ. ഗ്രാമീണപ്രദേശങ്ങളിൽ വാക്സിനേഷനെ നിർബന്ധമാക്കുന്നതായാൽ ഈ പദ്ധതിയെ നടപ്പിൽ വരുത്തുന്നതിനു എളുപ്പത്തിൽ സാധിക്കുന്നതാണ്.

അനുബന്ധം ൩.

൧൭൯-ാം നമ്പർ ചോദ്യത്തിനുള്ള മറുപടി നോക്കുക.

നാഗരുകോവിൽ മുൻസിപ്പാലിറ്റിക്കു സാമാനങ്ങൾ ഏല്പിച്ചതിനെ കാണിക്കുന്ന സ്റ്റേറ്റുമെന്റ്.

സാമാനത്തിന്റെ പേരു	ഏർപ്പാടുകാരുടെ എണ്ണം	ഏറ്റവും കുറഞ്ഞ തുകയ്ക്കു ഏർപ്പാടു അയച്ച ആളുടെ പേരു	ഏർപ്പാടു തുക			സഭ സ്വീകരിച്ച ഏർപ്പാടു അയച്ച കണ്ട്രാക്ടരുടെ പേരു	തുക		
			രൂ.	ച.	കാ.		രൂ	ച.	കാ.
വിളക്കുവയ്പ്പു സാമാനങ്ങൾ	൪	ടി. ബി. വേലപ്പൻപിള്ള	൬൪൯	൧൯	...	ടി. ബി. വേലപ്പൻപിള്ള	൭൪൯	൧൯	...
ക്ഷൌര സാമഗ്രികൾ	൩	ആർ. എം. കാശിലിംഗം	൧൪൮	൧൨	൯	ആർ. എം. കാശിലിംഗം	൧൪൮	൧൮	൯
ശുചീകരണസാമഗ്രികൾ.									
തകരച്ചോട്ടുകൂടിയ ചട്ടികൾ ൧൦൦	൪	എം. മഹമ്മദ് അബ്ദുൽകാദർ	൧൪൬	൧൨	...	എം. മഹമ്മദ് അബ്ദുൽകാദർ	൧൪൬	൧൨	...
൧൧" ഇഞ്ചു വ്യാസമുള്ള തൊട്ടികൾ ൩൦		എൻ. വിനായകപെരുമാൾ	൪൧	൨൯	൧൦	എൻ. വിനായകപെരുമാൾ	൪൧	൨൯	൧൦
൧ മലം കൊണ്ടുപോകുന്നതിനുള്ള വണ്ടികൾ ൯	൧	പി. ഗോമതൈണ്ണ ആശാരി	൨൧൬	...	...	പി. ഗോമതൈണ്ണ ആശാരി	൨൧൬	...	...
മലം കൊണ്ടുപോകുന്നതിനുള്ള ചക്രം ഇട്ട തൊട്ടികൾ ൨	൧		൨൨൦	...	...		൨൨൦	...	...
ചവറു തൊട്ടികൾ (൩' × ൨൩/൪") ൨൦		എ. മഹമ്മദ് സാഹിബ്	൨൧൩	൨൧	...	എ. മഹമ്മദ് സാഹിബ്	൨൧൩	൨൧	...
ചോലമരമേത്തു പണികൾക്കുള്ള യന്ത്രങ്ങളും യന്ത്രസാമഗ്രികളും.									
പിക്കാസു ൧൦	൩	എൻ. വിനായകപെരുമാൾ	൧൯	൨൨	൧൨	എൻ. വിനായകപെരുമാൾ	൧൯	൨൨	൧൨
കല്ലു ഉളി ൧			൩൦	൧൮	...		൩൦	൧൮	...
കൈവണ്ടി ൧			൬൨	൨൬	...		൬൨	൨൬	...
മൺവെട്ടി ൩൦	൨	എം. മഹമ്മദ് അബ്ദുൽകാദർ	൪൯	൨൧	...	എം. മഹമ്മദ് അബ്ദുൽകാദർ	൪൯	൨൧	...
വിളക്കുവയ്പ്പ്.									
തെരുവുകളിൽ വയ്ക്കുന്ന റാന്തലുകൾ ൧൨൦	൯	എം. നൈനാമഹമ്മദ്	൩൩൦	...	...	എം. നൈനാമഹമ്മദ്	൩൩൦	...	...
റാന്തലുകൾ കഴിച്ചുനിറുത്തുക ൫൦൦	൰	എൻ. ഡേവിഡ്	൯൫	൯	...	എൻ. ഡേവിഡ്	൯൫	൯	...
റാന്തൽ തൂണുകൾ ൧൨൦	൫	എസ്. അയ്യംപിള്ള	൧൦൬൯	൨൧	...	എസ്. അയ്യംപിള്ള	൧൦൬൯	൨൧	...
മണ്ണെണ്ണ പാട്ട ൧൨൦൦	൩	എസ്. പിച്ചുപിള്ള	൪൦൦൯	൨൧	൧൨	എസ്. പിച്ചുപിള്ള	൪൦൦൯	൨൨	൧൨
വിഷബീജഹാരക ദ്രവ്യങ്ങൾ.									
ഫെനൈൽ ഗ്യാലൻ ൫൦	൩	മെസേഴ്സ് ബോൺബ്രദേഴ്സ്, ബാംബേ	൧൨൦	൨	൪	മെസേഴ്സ് ബോൺബ്രദേഴ്സ്, ബാംബേ	൧൨൦	൨	൪
പൊട്ടാസിയം പെർമാംഗനേറ്റ് പൌണ്ട് ൧൦൦			൪൯	൯	൧൨		൪൬	൯	൧൨

അനുബന്ധം ൪.

൧൯൩-ാംനമ്പർ ചോദ്യത്തിനുള്ള മറുപടിനോക്കുക.

അസിസ്റ്റൻറ സക്കാർവക്കീൽ അസിസ്റ്റൻറ സിക്രട്ടറി മുതലായവരുടെ ശമ്പളത്തെ താരതമ്യപ്പെടുത്തി കാണിക്കുന്ന സ്റ്റേറ്റുമെൻറ.

ഉദ്യോഗം	൬൦ കൊല്ലത്തിനു മുമ്പുള്ള ശമ്പളം	൩൦ കൊല്ലത്തിനു മുമ്പുള്ള ശമ്പളം	൧൫ കൊല്ലത്തിനു മുമ്പുള്ള ശമ്പളം	ഇപ്പോഴത്തെ ശമ്പളം	റിമാർക്ക്
അസിസ്റ്റൻറ സക്കാർവക്കീൽ	തിരുവനന്തപുരത്തും നാഗർ കോവിലും ഉള്ള സക്കാർവക്കീലിനു രൂപാ ൱൦ മററു സ്ഥലങ്ങളിൽ ഉള്ള സക്കാർവക്കീലുകൾക്കു രൂപാ ൫൦	രൂ, ൭൦–൧൫/൫/൨൫–൧൫/൩ ൧൦൦	രൂ. ൧൦൦–൧൫/൨–൧൫൦	രൂ. ൧൫൦–൨൫–൨൫൦.	കോട്ടയത്തിരിക്കുന്ന ഇക ഡിസ്ട്രിക്ട്കോർട്ട് സക്കാർവക്കീലിനെസംബന്ധിച്ചാകുന്നു
അസിസ്റ്റൻറ സിക്രട്ടറിമാർ	അസിസ്റ്റൻറ സിക്രട്ടറിമാർ ഇല്ലായിരുന്നു	അസിസ്റ്റൻറ സിക്രട്ടറിമാർ ഇല്ലായിരുന്നു. 'സിക്രട്ടറിയുടെ അസിസ്റ്റൻറ' എന്ന പേരിൽ ൧൩൦ രൂപയിൽ ഒരാളും ൧൧൦ രൂപയിൽ ഒരാളും ഇങ്ങനെ രണ്ടു ഉദ്യോഗസ്ഥന്മാർ ഉണ്ടായിരുന്നു.	രൂ. ൧൨൫–൧൫–൨൦൦	രൂ. ൨൦൦–൨൫–൩൦൦	
ഡിസ്ട്രിക്ട്മുൻസിപ്പന്മാർ	ഒന്നാംഗ്രേഡു ൧൦൦ രൂപ ൨-ാംഗ്രേഡു ൭൦ രൂപ	൧-ാംക്ലാസ് ൨൫൦ രൂ. ൨-ാംക്ലാസ് ൨൦൦ രൂ. ൩-ാംക്ലാസ് ൧൫൦ രൂ.	൧-ാംഗ്രേഡ് രൂ. ൩൦൦ ൨-ാംഗ്രേഡ് രൂ. ൨൫൦ ൩-ാംഗ്രേഡ് രൂ. ൨൦൦ ൪-ാംഗ്രേഡ് രൂ. ൧൫൦	രൂ ൨൦൦–൨൫/൨–൪൫൦	
൧-ാംക്ലാസ് (ഗ്രേഡ്) പോലീസ് ഇൻസ്പെക്ടർ	രൂ. ൧൦൦ (൧൦ പേര്)-ൽ	രൂ. ൧൦൦	രൂ. ൧൫൦	രൂ. ൧൪൦–൧൦–൨൦൦	
ഇംഗ്ലീഷ് പള്ളിക്കൂടം ഹെഡ് മാസ്റ്റർമാർ	ക്ലിപ്തമായ ശമ്പളസ്കെയിൽ ഒന്നും ഇല്ല. കോളാർ ഇംഗ്ലീഷ്പള്ളിക്കൂടം ഹെഡ്മാസ്റ്റർക്ക് രൂ.൱൦ ക്ലിപ്തമായ ശമ്പളസ്കെയിലിൽ ഒന്നുമില്ല. തക്കല ഇംഗ്ലീഷ്പള്ളിക്കൂടം ഹെഡ്മാസ്റ്റർക്ക് രൂ ൩൦ ക്ലിപ്തമായ ശമ്പള സ്കെയിൽ ഒന്നുമില്ല. ഇരണിയൽ ഇംഗ്ലീഷ്പള്ളിക്കൂടം ഹെഡ്മാസ്റ്റർക്ക് രൂ. ൨൫	ക്ലിപ്തമായ ശമ്പള സ്കെയിൽ ഇല്ല രൂ. ൧൦൦ രൂ. ൫൦ രൂ. ൩൦	രൂ. ൧൦൦–൨൫/൨–൨൦൦	രൂ. ൨൦൦–൨൦–൩൦൦	

തിരുവിതാംകോട്ട ഖനികളും ധാതുക്കളും ബിൽ (തുടർച്ച)

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഇന്നലെ നാം 'ധാതു' എന്ന പദത്തിന്റെ വ്യാഖ്യാനത്തെക്കുറിച്ചു പ്രതിപാദിക്കയായിരുന്നു. ആ പദത്തിനു അർത്ഥവിവരണം വേണമോ എന്നുള്ളതിനെ ഞാൻ ചൂണ്ടിക്കാണിച്ചു. ഒരു അർത്ഥവിവരണം ഞാൻതന്നെ പറയുകയും ചെയ്തു. അപ്പോൾ ഉദ്യോഗസ്ഥപക്ഷത്തിൽനിന്നു എന്റെ സ്നേഹിതൻ മിസ്റ്റർ ഐ. സി. ചാക്കോ ആ അർത്ഥവിവരണത്തിന്റെ സാധുത്വത്തെപ്പറ്റി തർക്കിക്കയും യാതൊരു അർത്ഥവിവരണവും ആവശ്യമില്ല എന്നുകൂടി പറയുകയും ചെയ്തു. എന്റെ സ്നേഹിതൻ മിസ്റ്റർ പരമേശ്വരൻപിള്ളയും ആ നിലയെ സ്വീകരിച്ചു. ആ നിലയിൽ ഇന്നലെ യോഗം പിരിഞ്ഞു. ആ വിവാദത്തെ ഞാൻ ഇപ്പോൾ പിൻതുടരുന്നു. അർത്ഥവിവരണത്തിനുള്ള ആവശ്യകതയെ വ്യക്തപ്പെടുത്തുവാൻ ഞാൻ സന്നദ്ധനാണ്. ലോഹങ്ങളേയും ധാതുക്കളേയുംസംബന്ധിച്ച ഒരു തിരുവെഴുത്തുവിളംബരം ഉണ്ട് എന്നുള്ളവിവരം ഇന്നലെ സഭയിൽ അറിയിക്കയുണ്ടായി. അതു ൧൦൭൩-ാമാണ്ടത്തെ തിരുവെഴുത്തുവിളംബരം ആണ്. ഈ രാജ്യത്തുള്ള എല്ലാ ലോഹങ്ങളും ധാതുക്കളും തിരുവിതാംകോട്ട രാജാവിന്റെ വകയാണെന്നു അതിൽ വിധിച്ചിരിക്കുന്നു. ആ തിരുവെഴുത്തുവിളംബരത്തിൽതന്നെയും ലോഹംഎന്നാൽ എന്തു എന്നു വിവരിച്ചിട്ടില്ല. ധാതുവിനെപ്പറ്റിയും വിവരിച്ചിട്ടില്ല. വിളംബരം നാം ഇന്നു ധാതുഎന്നും ലോഹംഎന്നും ധരിച്ചുവരുന്ന ഏതോ ധാതുക്കളേയും ലോഹങ്ങളേയും ബാധകമാക്കിയിരിക്കണം എന്നുള്ളതു സ്പഷ്ടമത്രേ. വിളംബരത്തിൽ ധാതുഎന്നും ലോഹംഎന്നും പദങ്ങൾ പറഞ്ഞിരിക്കുന്നതുകൊണ്ടുമാത്രം ആ പദങ്ങളുടെ അർത്ഥങ്ങളെ ഗ്രഹിക്കുന്നതു പ്രയാസം എന്നാൽ ഏതുകാര്യവും വ്യക്തമാണ്. നാം ഇപ്പോൾ ലോഹങ്ങൾഎന്നും ധാതുക്കൾ എന്നും വിചാരിക്കുന്നവയെ ഒരു കാലത്തും രാജ്യാധികാരികൾ ലോഹങ്ങൾആയും ധാതുക്കൾആയും ധരിച്ചിരുന്നില്ല എന്നു മിസ്റ്റർ ചാക്കോ വാദിച്ചു. അതിനു അധികം വിവരണം വേണമെല്ലോ. ഏതൊരു ജാതിയിൽ ഉള്ള വെട്ടുകല്ലുകൾ അദ്ദേഹത്തിന്റെ ദൃഷ്ട്യാ നിശ്ചയമായും ധാതുക്കൾ ആയിരിക്കും എന്നു അദ്ദേഹം ഇന്നലെ വാദിച്ചു. കരിങ്കല്ലു ആകട്ടെ മറേറതെങ്കിലും ഇനങ്ങളിൽ ധാതുക്കൾ ആകുമെന്നു അദ്ദേഹം ചൂണ്ടിക്കാണിച്ചു. എന്നാൽ വെട്ടുകല്ലു അല്ലെങ്കിൽ (ഇഷ്ടിക)യേയും കരിങ്കല്ലിനേയും ധാതുക്കളായി രാജ്യാധികാരികൾ യാതൊരുകാലത്തും ഗണിച്ചിട്ടില്ല എന്നുള്ളതു രാജ്യാധികാരികൾതന്നെ അനേകം കൺട്രാക്ടർമാരിൽനിന്നു കരിങ്കല്ലും ഇഷ്ടികയും വിലയ്ക്കു കൊള്ളുന്നുണ്ട് എന്നുള്ള വസ്തുതയിൽനിന്നും തെളിയുന്നതാണ്. സാധാരണ ജനങ്ങൾ ഇവയെ ഭൂമിയിൽനിന്നു പതിവായി വെട്ടിഎടുക്കുന്നു. അവർ അതിനെ ഗവർമെണ്ടിലേയ്ക്കു കൊടുത്തു അതിനുള്ള വിലയായി പണം സർക്കാരിൽനിന്നു വാങ്ങിക്കുന്നു. കരിങ്കല്ലും ഇഷ്ടികയും വാസ്തവത്തിൽ സർക്കാർവക മുതൽ ആയിരുന്നാൽ കരിങ്കല്ലുകളും ചീങ്കല്ലുകളും വെട്ടിയെടുക്കയും ഗവർമെൻറിൽ ഏല്പിക്കയും ചെയ്യുന്നതിനെസംബന്ധിച്ച വിവിധപ്രശ്നങ്ങൾ ജനിച്ചിരിക്കാം. ഇവയെല്ലാം 'ധാതു' എന്ന ഇനത്തിൽ ഉൾപ്പെടുത്തേണ്ടതാണെന്നു മിസ്റ്റർ ഐ. സി. ചാക്കോ ആലോചിക്കുന്നതായി തോന്നുന്നു. ധാതുവിനെ അധാതുവിൽനിന്നു വ്യതിരേകിച്ചു അറിയുന്നതിനുള്ള മാർഗ്ഗദർശകമായും പ്രധാനമായും ഉള്ള നീതിസിദ്ധാന്തമായി മിസ്റ്റർ ഐ. സി. ചാക്കോവിന്റെ അഭിപ്രായത്തെ എടുക്കുന്നതിനായി ഈ രാജ്യത്തിലെ നടപ്പുകളെയും ആചാരങ്ങളേയും ഞാൻ പ്രസ്താവിക്കുന്നു. അതുകൊണ്ടു അർത്ഥവിവരണത്തിന്റെ പ്രധാന അടിസ്ഥാനംതന്നെയും താഴെചേർത്തിരിക്കുന്ന ഭാഗം ആണെന്നു ഞാൻ ചൂണ്ടിക്കാണിക്കുന്നു. അതായതു "'ധാതു' എന്നാൽ അതാതു സ്ഥലത്തെ നടപ്പും ആചാരവും അനുസരിച്ച് അപ്രകാരമായി ഗണിക്കപ്പെട്ടിരിക്കുന്ന വസ്തു എന്നു അർത്ഥം ആകുന്നു." അർത്ഥവിവരണത്തിലെ ശേഷം ഉള്ള ഭാഗം കേവലം വിവൃതിയായാകുന്നുള്ളു. അതുകൊണ്ടു ഒരു ധാതുവിനെ ഒരു അധാതുവിൽനിന്നു വ്യതിരേകിക്കുന്ന കാര്യത്തിൽ പ്രധാനപ്പെട്ട മാർഗ്ഗദർശകസിദ്ധാന്തം, ൧൦൭൩-ാമാണ്ടിലെ വിളംബരം എന്തുതന്നെ ആയിരുന്നാലും, ജനങ്ങൾ അതിനെ ഒരു ധാതുവായി വിചാരിച്ചുവരുന്നുണ്ടോഎന്നും, രാജ്യാധികാരികളും അതിനെ ധാതുവായി ഗണിക്കുന്നുണ്ടോഎന്നും ഉള്ളതാകുന്നു. ഏതത്സംബന്ധമായി ആലോചിക്കേണ്ട സംഗതികൾ ഇവയാണ്. കരിങ്കല്ലിനെ രാജ്യാധികാരികൾ ഒരു ധാതുവായി ഗണിക്കുന്നില്ലാഎന്നുവരികിൽ, ഈ റെഗുലേഷനിലെ കാര്യത്തിനായി എന്നു പറയുന്നില്ലാ. ഒരു ധാതുദ്രവ്യംഎന്നാൽ അർത്ഥമെന്തു എന്നുള്ളതിനെ വിസ്തരിക്കുന്നതിൽ വ്യവസായഡയറക്ടരിനെ തൃപ്തിപ്പെടുത്താനും അല്ല, അതിനെ ഉൾപ്പെടുത്തുന്നതു ഉചിതമാർഗ്ഗം അല്ലാ എന്നു ഞാൻ അറിയിക്കുന്നു. അക്കാര്യത്തെ അർത്ഥവിവരണംപറയാതെ വിട്ടേക്കയും അതു ഒരു ധാതുവാണെന്നു വ്യവസായഡയറക്ടർ ആജ്ഞാപൂർവ്വകം പറയുകയോ അതിനെ ധാതുവായി ഗണിക്കേണ്ടതാണെന്നു ഉപദേശിക്കയോ ചെയ്യുന്നതിനും തന്നിമിത്തം അനധികൃതമായി കല്ലുവെട്ടിഎടുത്തവരായ ജനങ്ങളെ ശിക്ഷിക്കയും ചെയ്യുന്നതു സങ്കടം ആണെന്നു ഞാൻ അറിയിക്കുന്നു. ഈ നിയമത്തിൽ അന്തർഭവിച്ചിരിക്കുന്ന കാര്യങ്ങളെ സാധാരണ മനുഷ്യനു ഗ്രഹിപ്പാൻ ശക്തിയില്ല. ഗവർമെണ്ടിലെ അനുവാദം ഇല്ലാതെയും വ്യവസായഡയറക്ടരുടെ നിയന്ത്രണാധികാരം ഇല്ലാതെയും ഈ റെഗുലേഷനിൽ വിധിച്ചിരിക്കുന്ന ശിക്ഷകൾക്കു സ്വയം ഇടപ്പെടാതെയും കളിമണ്ണു വെട്ടിശേഖരിക്കുംപോലെ ഇഷ്ടികയും കരിങ്കല്ലും വെട്ടി ശേഖരിച്ചുകൊണ്ടിരിക്കാം എന്നുള്ള ബോധം ആണു സാധാരണ ജനങ്ങൾക്കുള്ളതു. ധാതുക്കൾഎന്നു അറിയപ്പെടുന്ന ദ്രവ്യങ്ങളുടെ വകുപ്പിൽ ഇവ ഉൾപ്പെടുന്നു എന്നുള്ള വിചാരം അത്യന്തം ദൂരസ്ഥമായിപോലും ഇല്ലാതെ ഇവ ശേഖരിക്കപ്പെട്ടുവരുന്നു. മിസ്റ്റർ ചാക്കോയുടെ അഭിപ്രായത്തിൽ ഇവയിൽ ചിലവ ധാതുക്കൾ ആണ്. അതുകൊണ്ടു അദ്ദേഹം എന്റെ അഭിപ്രായത്തിനു ഭേദം പറയുകയായിരുന്നു. എല്ലാ ഇഷ്ടികകളും ധാതുക്കൾഅല്ലെന്നാകുന്നു അദ്ദേഹത്തിന്റെ സ്വന്തം അഭിപ്രായംഎന്നു തോന്നുന്നു. ചില ഇഷ്ടികകൾ ധാതുക്കൾ ആണെന്നുള്ളതിൽ അദ്ദേഹത്തിനോടു ഞാൻ യോജിക്കാത്തതിൽ അദ്ദേഹം വിസ്മയപ്പെടുന്നു.

മി. ഐ. സി. ചാക്കോ (വ്യവസായ ഡയറക്ടർ): മിസ്റ്റർ നാരായണപിള്ളയുടെ അർത്ഥവിവരണത്തെ നാം അംഗീകരിക്കുന്നതായാൽ ഇഷ്ടിക ഒരു ധാതുവായിത്തീരും എന്നാണ് ഞാൻ ഇന്നലെ പറഞ്ഞതു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതിനെ വിട്ടേക്കണം എന്നാണ് നിങ്ങളുടെ അഭിപ്രായം. ഞാൻ അതിനെ പ്രത്യേകമായി എടുത്തുപറഞ്ഞു വിട്ടിട്ടുണ്ട്. എന്നിട്ടും അതു ഒരു ധാതുവത്രേ എന്നു നിങ്ങൾ സിദ്ധാന്തിക്കുന്നതായാൽ അതു പരസ്പരവിരുദ്ധം ആയിരിക്കും. മിസ്റ്റർ ചാക്കോ വാദിച്ചതു "ഇഷ്ടിക ഒരു ധാതുവായിരിക്കും എന്നുള്ളതായിരുന്നു. മണ്ണു ഉണങ്ങൽ ഇഷ്ടിക കരിങ്കല്ലു സാധാരണ കളിമണ്ണു ഇവ

എന്നമോ ഭൂമിയുടെ ബാഹ്യത്വക്കോ ബാഹ്യഫലകമോ ആയി ഭവിച്ചിട്ടുള്ള സസ്യവർഗ്ഗമോ ധാതുവോ അല്ലാത്തതായ" എന്നു ഞാൻ പ്രത്യേകിച്ചു എടുത്തുപറഞ്ഞിട്ടുണ്ട്. ഞാനു ഇതിനെ എടുത്തുപറഞ്ഞു വിട്ടുതീയിരിക്കുന്നുഎന്നുള്ളതിൽനിന്നു കാണുന്നതാണു. എന്നാൽ ഇതു ഒരു ധാതുവാണെന്നു മിസ്റ്റർ ചാക്കോ വാദിക്കുന്നു.

മി. കുട്ടാം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർവക്കീൽ): ഒരേന്നിനേയും എണ്ണിപറഞ്ഞിട്ടില്ലല്ലൊ; അതിനെ ഗണിക്കാതെതന്നെ ആ അർത്ഥവിവരണത്താൽ ചെന്നവയിൽ ഉൾപ്പെടുന്നില്ലല്ലോ.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതിനെപ്പറ്റി നമുക്കു പിന്നീട ആലോചിക്കാം. ഞാൻ ഇപ്പോൾ അർത്ഥവിവരണത്തിന്റെ ആവശ്യകതയെക്കുറിച്ചു മാത്രമെ പ്രതിപാദിക്കുന്നുള്ളു. ഏതാനും ഗുണത്തിൽ ഉള്ള ചില മണ്ണു മിസ്റ്റർ ചാക്കോയുടെ അഭിപ്രായത്തിൽ ഒരു ധാതുവാണെന്നുള്ളതിനെപ്പറ്റി അദ്ദേഹവും ജഡ്ജിമാരും തമ്മിൽ ഒരു വാദം ഉണ്ടായിരുന്നതായി എതിർകക്ഷി ഒരിക്കലും തർക്കിച്ചിട്ടില്ല. സാധാരണമായി ഒരാൾ ആ അഭിപ്രായം സ്വീകരിക്കാൻ സന്നദ്ധനല്ല. എന്നാൽ റഗുലേഷൻ നടപ്പായാൽ ധാതുവായി ഗണിക്കപ്പെടുന്നതു ഏതാണെന്നു അറിയപ്പെട്ടിട്ടില്ല. നമുക്കു ഇതിൽ യാതൊരു മാർഗ്ഗദർശകവും ഇല്ല. "ഒരു ധാതു" എന്നാൽ എന്താണെന്നു ഈ നിയമത്തിന്റെ കർത്താക്കൾ അർത്ഥമാക്കിയിട്ടുള്ളതായി വെളിപ്പെടുത്തുവാൻ റെഗുലേഷൻ സന്നദ്ധമായിരിക്കുന്നില്ല. ധാതു എന്നതിന്റെ അർത്ഥവിവരണം പറയുന്നതു സാദ്ധ്യമല്ലെന്നു അവർ പറയുന്നു. ഒരു ധാതുവിനെയും അധാതുദ്രവ്യത്തെയും തമ്മിൽ വ്യതിരേകിക്കയും അതിന്റെ അർത്ഥവിവരണം പറയുകയും ചെയ്യുന്നതു—അതിർത്തിയിൽ എത്തുമ്പോൾ—പ്രയാസം ആയിരിക്കാം. എന്നാൽ ക്ലിപ്തങ്ങളായ ധാതുക്കൾ ഉണ്ടു; അവയെ സംബന്ധിച്ചു നമുക്കു രക്ഷിതമായി നിൽക്കാൻ കഴിയും. ഒരു ധാതുഎന്നാൽ എന്തു എന്നു ഈ പ്രത്യേകനിയമത്തിന്റെ കർത്താവിനു നിശ്ചയം ഇല്ലഎന്നും ഒരു ധാതുഎന്നാൽ അദ്ദേഹം എന്തു അർത്ഥമാക്കുന്നുഎന്നു രാജ്യനിവാസികളോടു അദ്ദേഹം പറയുന്നില്ലഎന്നും ഞാൻ ഈ സഭയെ അറിയിക്കുന്നു. ഇതു പ്രതിഷേധിക്കപ്പെട്ട നടപടിയാണു. എന്നിട്ടും ധാതുക്കളെ സംബന്ധിച്ചു ഒരു നിയമം ആവശ്യം ആണെന്നു അദ്ദേഹം ശാഠ്യത്തോടുകൂടി പറയുകയും ചെയ്യുന്നു. "നിങ്ങൾ നിയമലംഘനം ചെയ്തിരിക്കുന്നു എന്നു പറയുമ്പോൾ അതിന്റെ അർത്ഥം നിങ്ങൾക്കു മനസ്സിലാക്കാവുന്നതാണ്". പ്രസ്തുത കാര്യത്തിൽ പണ്ഡിതനായ ലാമെമ്പർ അവലംബിച്ചിരിക്കുന്ന നില അതാണെന്നു തോന്നുന്നു. നിയമകർത്താവു സംസാരിക്കുന്നതു എന്താണെന്നും അദ്ദേഹത്തെ ജനങ്ങൾ എപ്പോഴും അനുസരിക്കണം എന്നും അദ്ദേഹം ആവശ്യപ്പെടുന്നുഎന്നും ജനങ്ങൾ അറിയാതിരിക്കയും നിയമകർത്താവിനെത്തന്നെയും അറിയാൻ പാടില്ലാതിരിക്കയും ചെയ്യുമ്പോൾ ഏതു [illegible] നിയമനിർമ്മിതികളും സാധാരണാഭിപ്രായങ്ങൾക്കു നിശ്ചയമായും അത്യന്തം വിരുദ്ധം ആണെന്നു ഞാൻ അറിയിക്കുന്നു. ഇതു വാസ്തവത്തിൽ ഒരു ദുർഗ്രഹശാസ്ത്രത്തെ സൃഷ്ടിക്കുന്നതുതന്നെയാണ്. ഇക്കാര്യം [illegible] വ്യാപിച്ചിരിക്കുന്നതു അനിശ്ചിതത്വം ആകയാൽ ഇതു ഒരു നിയമം അല്ല. ലോഹങ്ങളേയും ധാതുക്കളേയും സംബന്ധിച്ചു ചിലമ്പരം ഉണ്ടായ [illegible] തിരുവിതാംകോട്ട രാജ്യാധികാരികൾ ഇഷ്ടികകളേയും കരിങ്കല്ലുകളേയും ധാതുക്കളായി ഗണിച്ചിരുന്നു എന്നു വിശ്വസിക്കുന്നതു പ്രയാസം ആണ്. താഴ്ന്നകാര്യങ്ങളെക്കുറിച്ചുള്ള രാജാവകാശങ്ങൾ രാജ്യാധികാരികൾ ആവശ്യപ്പെടുന്നു. ധാതുക്കളെസംബന്ധിച്ചുള്ള ശാസ്ത്രാഭിവൃദ്ധി ഉണ്ടായിരിക്കുന്നതിനെ ഗണിച്ചു വ്യവസായനേതാവിന്റെ ദൃഷ്ടിയെ ഞാൻ അഭിനന്ദിക്കതന്നെ ചെയ്യുന്നു. എന്നാൽ അതു ഈ രാജ്യത്തിലെ പ്രജകൾ ധാതുവിനെകുറിച്ചു ധരിച്ചിരിക്കുന്ന സാധാരണാഭിപ്രായങ്ങളെ അതിക്രമിക്കുന്നതിനോ ധാതുവാണെന്നു പേരിടാൻ മിസ്റ്റർ ചാക്കോ സന്നദ്ധൻ ആയിരിക്കുന്ന ദ്രവ്യത്തെ സംബന്ധിച്ചു ജനങ്ങൾക്കു ഇപ്പോഴുള്ള അവകാശത്തെ [illegible]കരിക്കുന്നതിനൊ സമ്മതിച്ചുകൂടാ. 'ധാതു' എന്ന പദത്തിനു അർത്ഥവിവരണത്തിന്റെ ആവശ്യകതയെക്കുറിച്ചു ഇത്രമാത്രം പറഞ്ഞുകൊള്ളുന്നു.

രണ്ടാമത്തു എതിർകക്ഷിയിലെ യുക്തിവാദത്തിന്റെ [illegible] ഭാഗം ഞാൻ നിർദ്ദേശിച്ച അർത്ഥവിവരണത്തിന്റെ പ്രത്യാഖ്യാനത്തെ സംബന്ധിച്ചാകുന്നു. എന്റെ സ്നേഹിതൻ പണ്ഡിതനായ നിയമശാസ്ത്രമെമ്പർ അതിനു ഒരംശത്തെ പ്രധാനമായി ഗണിച്ചു അതു തെറ്റാണെന്നു പറഞ്ഞു. അതായതു ഒരു ധാതു ഭൂമിയുടെ സാധാരണമായ ബാഹ്യഫലവുമായോ ബാഹ്യത്വക്കുമായോ സജാതീയമായുള്ളതല്ല. എന്നു ഞാൻ പറഞ്ഞോടത്തു ഒരു വാദം 'സജാതീയം' എന്ന പദത്തിന്റെ അർത്ഥത്തെക്കുറിച്ചു എന്റെ സ്നേഹിതനുള്ള അഭിപ്രായത്തെസംബന്ധിച്ചാകുന്നു. ഒരു ധാതു സാധാരണ ഭൂബാഹ്യഫലകവുമായും ബാഹ്യത്വക്കുമായും സജാതീയം തന്നെഎന്നു അദ്ദേഹം പറഞ്ഞു. അതങ്ങനെയല്ലഎന്നു ഞാൻ പറയുന്നു. 'സജാതീയം' എന്നു പറഞ്ഞാൽ രണ്ടു ദ്രവ്യങ്ങൾക്കു അവയുടെ ഘടകങ്ങളെ സംബന്ധിച്ചടത്തോളം തുല്യ പ്രകൃതിയിൽ ഉള്ള ഏതാനും ലക്ഷണങ്ങൾ ഉണ്ടു എന്നുള്ളതു അന്തർഭവിച്ചിരിക്കുന്നു. ഭൂമിയുടെ ബാഹ്യത്വക്കിൽനിന്നൊ ബാഹ്യഫലകത്തിൽനിന്നൊ ഒരു ധാതുവിനെ പിരിച്ചെടുക്കുമ്പോൾ അതിനെ അതിന്റെ ശയ്യയിൽനിന്നു പിരിച്ചെടുക്കുന്നു. ആ ശയ്യയാകട്ടെ ധാതുവിന്റെ ഘടകദ്രവ്യങ്ങളെ സംബന്ധിച്ചടത്തോളം ഭിന്നമായിരിക്കുന്നു. അതുകൊണ്ടു ഒരു ധാതു ഭൂബാഹ്യത്വക്കിനെ ചുറ്റിയിരിക്കുന്ന അംശത്തിലെ അവശിഷ്ടഭാഗവും ആയി സജാതീയം ആണെന്നു പറയുന്നതു ശരിയല്ല. അതു സജാതീയം അല്ല. ഒരു ധാതു ഏതു ഭൂബാഹ്യത്വക്കിൽ അന്തർഭൂതമായിരിക്കുന്നുവോ അതിനു ഭിന്നമായ രൂപം ഉള്ളതാണ്. അതുകൊണ്ടു അർത്ഥവിവരണത്തിന്റെ ആ ഭാഗത്തെ സംബന്ധിച്ചുള്ള പ്രത്യാഖ്യാനം ശരിയല്ല. അതു മിസ്റ്റർ ചാക്കോയും ആവർത്തിച്ചു പറഞ്ഞ പ്രത്യാഖ്യാനം ആണല്ലോ. അദ്ദേഹത്തിന്റെ നിരീക്ഷണത്തെക്കുറിച്ചും ഞാൻ അപ്രകാരംതന്നെ പറയുന്നു. ധാതുസമൂഹത്തിൽനിന്നു സസ്യദ്രവ്യത്തെ ഞാനു വിട്ടുത്തുന്നു എന്നു ചൂണ്ടിക്കാണിക്കപ്പെട്ടു. നിഘണ്ടുവിൽ പറഞ്ഞിരിക്കുന്ന സാധാരണയർത്ഥം എന്തു? ധാതു എന്നാൽ അജീവദ്രവ്യം ആണെന്നു വിവരിച്ചിരിക്കുന്നതായി എന്റെ സ്നേഹിതൻ ചേമ്പേർസ് നിഘണ്ടുനോക്കിയാൽ കാണാം. അജീവദ്രവ്യങ്ങളുടെ കൂട്ടത്തിൽ സസ്യദ്രവ്യം ഉൾപ്പെടുകയില്ല. അത്രത്തോളം എന്റെ [illegible] ശരിതന്നെ. അതുകൊണ്ടു ധാതുക്കളിൽനിന്നു സസ്യദ്രവ്യങ്ങളെ വിട്ടുന്നതിനെക്കുറിച്ചു എന്റെ സ്നേഹിതൻ മിസ്റ്റർ ചാക്കോയുടെ ആക്ഷേപം ഗൗരവം വഹിക്കത്തക്കതല്ലാത്തതും ആണ്.

അദ്ദേഹം പുറപ്പെടുവിച്ച അവശിഷ്ട വാദങ്ങളെക്കുറിച്ചു ആകട്ടെ എനിക്കു വളരെ സ്വല്പമെ പറയാനുള്ളു. എന്റെ വിവരണം പൂർവ്വാപരവിരുദ്ധമാണെങ്കിൽ പൂർവ്വാപരവിരുദ്ധമായ ഭാഗത്തെപ്പറ്റി ഗണിക്കണമെന്നില്ല. അതു വ്യക്തമത്രെ. ഒരു ധാതുവിന്റെ പ്രകൃതിയെപ്പറ്റി വിവരിച്ചുകഴിഞ്ഞിരിക്കുന്നു. അധികം വല്ല.

അൎത്ഥവിവരണം പറയാൻ എന്റെ സ്നേഹിതന്മാർ അശക്തരായിരിക്കുന്നു. എന്റെ അൎത്ഥവിവരണം ജൎമ്മിയും കർട്ടിസും എന്ന പേരിൽ റെസ്പാൻ എന്ന ഗ്രന്ഥത്തിൽ ഞാൻ കാണാൻ ഇടവന്നതായ അൎത്ഥവിവരണത്തെ കാൎയ്യവശാൽ അടിസ്ഥാനപ്പെടുത്തിട്ടുള്ളതാണ്. ആ ഗ്രന്ഥകൎത്താവു പറഞ്ഞിരിക്കുന്ന അൎത്ഥവിവരണം ഇതാകുന്നു.

'ധാതുക്കൾ എന്നാൽ ഭൂമിയുടെ സാധാരണോപരിതലം ആയിരിക്കുന്ന ദ്രവ്യങ്ങളിൽ സസ്യദ്രവ്യങ്ങൾ ഒഴിച്ചുള്ള സകല ദ്രവ്യങ്ങളും എന്ന വ്യാഖ്യയിലും പൂൎവ്വാപരസംബന്ധത്തിൽ നിന്നു ജനിക്കുന്ന അൎത്ഥവ്യാപ്തിയും അൎത്ഥമാകുന്നു.'

തദ്ദേശദ്രവ്യങ്ങളിൽ അവയെ എല്ലാറ്റിനെ പാദത്തിൽപ്പിന്നീട്.

'ഭൂമിയുടെ മറുഭാഗത്തിൽനിന്നു ഭിന്നമായും വ്യതിരിക്തമായും സ്വയമായി ഉപയോഗപ്പെടുത്താവുന്ന വിധത്തിലുള്ളതായ' എന്നും അദ്ദേഹം പറയുന്നു.

ഈ അൎത്ഥവിവരണത്തെ സ്വീകരിക്കുന്ന കാൎയ്യത്തിൽ മററു ഗ്രന്ഥങ്ങളെയും ഞാൻ നോക്കിയിട്ടുണ്ട്. സാധ്യവും മാൎഗ്ഗനിദൎശകത്തെയും ആചാരത്തെയും നടപ്പിനേയും ആശ്രയിച്ചിരിക്കുന്നതാണ്. ഞാൻ അതിനെ എന്റെ ഭേദഗതിയിൽ പ്രാരംഭത്തിൽ ചേൎത്തും ഇരിക്കുന്നു. ബ്രിട്ടീഷ് ഇൻഡ്യയിലെ നിയമത്തിൽ യാതൊരു അൎത്ഥവിവരണവും ഇല്ലാ എന്നും ഇംഗ്ലണ്ടിലെ നിയമകൎത്താക്കളും യാതൊരു അൎത്ഥവിവരണത്തിനും ശ്രമിച്ചില്ലാ എന്നും ഇന്നലെ പറയുകയുണ്ടായി. ഇംഗ്ലണ്ടിലെ കോടതികളിലും ഇൻഡ്യയിലെ കോടതികളിലും നിന്നുള്ള അസംഖ്യം തീൎപ്പുകൾ നമുക്കു മാൎഗ്ഗദൎശകമായും പ്രകാശനമായും ഉണ്ട് എന്നും ആ തീൎപ്പുകളെ അടിസ്ഥാനപ്പെടുത്തി അനേകം കോടതിവിധികൾ നമുക്കു ഉണ്ടായിരിക്കുന്നു സാധ്യം എന്നും നിൎദ്ദേശിക്കപ്പെട്ടു. അതായിരുന്നു നിൎദ്ദേശം. ആ നിൎദ്ദേശത്താൽ ഒരു വഴിയുള്ളതു വളരെ അനഭിലഷണീയമായ ഒരു മാൎഗ്ഗമാകുന്നു. പ്രധാനം നിയമക്രോഡീകരണത്തിന്റെ പ്രാധാന്യോദ്ദേശ്യങ്ങളിൽ ഒന്നു കോടതി വ്യവഹാരം ജനിക്കാതിരിക്കാൻ ആണു. പ്രസ്തുതനിയമത്താൽ അൎത്ഥമാക്കുന്നതു എന്തു എന്നു ഏതാണ്ടു സൂക്ഷ്മമായ ധാരണ ജനങ്ങൾക്കു നിയമകൎത്താക്കൾ നൽകേണ്ടതാകുന്നു. ഇംഗ്ലണ്ടിലെ കോടതിവിധികളിലും ഇൻഡ്യയിലെ കോടതിവിധികളിലും എന്നു ജനിക്കേണ്ടതായ മാൎഗ്ഗദൎശനം തിരുവിതാംകൂട്ടിലെ അവസ്ഥകൾക്കു യോജിച്ചു ആയിരിക്കയില്ല നിശ്ചയം. ഇംഗ്ലണ്ടിൽ ധാതുസംഗ്രഹണം ഒരു മഹാവ്യവസായം ആണല്ലോ; ധാതുസംഗ്രഹണപ്രവൃത്തികൾ വളരെ സാധാരണവും ആകുന്നു; അവിടെ ധാതുസംഗ്രഹണവ്യവസായത്തിൽ ഉണ്ടായിട്ടുള്ള വ്യാപ്തിയുടെ സ്വഭാവത്തെയും ആ രാജ്യത്തിലെ ശാസ്ത്രാഭിവൃദ്ധിയുടെയും ചിരപ്രതിഷ്ഠിതമായ ആചാരങ്ങളുടെയും നടപ്പുകളുടെയും പ്രകൃതത്തിലും "ധാതുക്കൾ" എന്നതിനു അൎത്ഥവിവരണം കല്പിക്കുന്നതു ഇംഗ്ലണ്ടിലെ ജനങ്ങൾക്കു തൃപ്തിജനകമായും ഇരിക്കും; എന്നാൽ അതെല്ലാം തിരുവിതാംകൂർകാർ ഇവിടെ നടപ്പാക്കയും ആവൎത്തിക്കയും ചെയ്യുന്നതു അയഥാക്രമമാകുന്നു. തിരുവിതാംകോട്ടിലെ പണ്ഡിതരായ ജഡ്ജിമാർ ഇംഗ്ലണ്ടിലെ കോടതിവിധികളെ മാൎഗ്ഗദൎശനത്തിനായി അംഗീകരിക്കുമ്പോൾ അവർ ആ വിധികളാൽ അധീനരായി ഭവിക്കും എന്നു വരാം. ഇൻഡ്യയിലെ കോടതിവിധികളെ അനുവൎത്തിക്കുന്നതായാലും അതേവിധം ഉൾഘടം ജനിക്കും. ഇംഗ്ലണ്ടിലെയോ ബ്രിട്ടീഷ് ഇൻഡ്യയിലെയോ നിയമകോടതിവിധികളെ അനുസരിക്കുന്ന സമ്പ്രദായത്തെ ഞാൻ ബലമായി എതിൎക്കുന്നു. നാം വാക്കുകൾ ഉപയോഗിക്കുന്ന പദപ്രയോഗത്തിന്റെ അൎത്ഥം തിരുവിതാംകോട്ടുകാർ എല്ലാവരും വ്യക്തമായി മനസ്സിലാക്കിട്ടുണ്ട്. ധാതു എന്നാൽ എന്താണെന്നു പറയാൻ ഇതുപോലെയുള്ള നിയമസഭയ്ക്കു സാധ്യമല്ല എങ്കിൽ ഈ നിയമം തന്നെ പിൻവലിക്കണമെന്നു പറയുന്നതിൽ എനിക്കു മടിയില്ല. ഞാൻ ശക്തിമത്തായ പദം ഉപയോഗിക്കാൻ പോകുന്നു, ഇതിനെ അവതരിപ്പിച്ച മെമ്പർക്കുതന്നെ അൎത്ഥം വ്യക്തമായിട്ടില്ലാത്ത ഒരു നിയമത്താൽ വിഷയങ്ങൾ നയിപ്പിക്കപ്പെടണം എന്നു പറയുന്നതു തികച്ചും അസംബന്ധമാണു. ആദ്യപ്രാ നോക്കുന്നതായാൽ എന്റെ സ്നേഹിതനു ഒരു "ധാതു" എന്നു പറഞ്ഞാൽ എന്താണെന്നു ക്ലിപ്തമായി പറവാൻ കഴിവില്ലാതിരിക്കുന്നസ്ഥിതിക്കു വിഷയത്തെ പിൻവലിക്കണം എന്നു ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു. ഇതു പ്രധാനമായ ഒരു എതിൎപ്പു ആകുന്നു.

പിന്നീടു അവസരം ഉണ്ടാകുമ്പോൾ ഈ വിഷയത്തെ സംബന്ധിച്ചു നിയമകോടതിയിൽ വാദം നടത്തി തീൎച്ചയാക്കിക്കൊള്ളാമെന്നു എന്റെ സ്നേഹിതൻ പറഞ്ഞു. അതിനുള്ള സന്ദൎഭം ഇല്ലെന്നു ഞാൻ എന്റെ സ്നേഹിതനോടു പറഞ്ഞുകൊള്ളട്ടെ. എന്തുകൊണ്ടെന്നാൽ ഉത്ഭവിക്കാവുന്ന വഴക്കുകൾ സിവിൽകോടതികളുടെ അധികാരസീമയിൽനിന്നും നീക്കപ്പെടുന്നതാണെന്നു ചില വ്യവസ്ഥകളിൽ പറഞ്ഞിരിക്കുന്നു. അവസാനത്തിൽ ഈ വിഷയം മുഴുവനും ഭരണാധികൃതരുടെ കയ്യിൽ ആയിരിക്കും. ഒരു വകുപ്പിൽ ചീഫ് സെക്രട്ടറിയുടെ തീരുമാനം അവസാനത്തേതായിരിക്കും എന്നും മററൊരു വകുപ്പിൽ ധാതുക്കളെ നിൎണ്ണയിക്കുന്നതിനായി ഭരണാധികൃതർ "ധാതു"ക്കളായി ഏതിനെയെല്ലാം ഗണിക്കുന്നുവോ അവയെല്ലാം ധാതുക്കൾ ആയിരിക്കും എന്നും പറയപ്പെട്ടിരിക്കുന്നു. ഈ ബില്ലിനെ ന്യായമാക്കി പിന്നീട് മി. ചാക്കോയുടെ ആളുകൾക്കു ആരുടെയെങ്കിലും ചെന്നു "നിങ്ങളുടെ ഭൂമിയിൽനിന്നു യാതൊരു സാധനവും നിങ്ങൾക്കു മാററാൻ പാടില്ല" എന്നു പറയാവുന്നതാണു. കാൎയ്യവശാൽ അതിനു യാതൊരു പരിഹാരത്തിനും വഴിയൊരുക്കപ്പെട്ടിട്ടില്ല. നിയമത്തെ ആസ്ഥാനിക്കു "ധാതു" എന്നാൽ എന്താണെന്നുള്ള വിഷയത്തെപ്പററി വല്ലസൂചനയും കൊടുക്കേണ്ടതാണെന്നുള്ളതിനെ ഞാൻ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നുകൊള്ളുന്നു. എന്റെ വചനത്തിലെ ചിലതു ഒന്നിനൊന്നു യോജിക്കാത്തവയായിരിക്കുന്നു എന്നു എന്റെ സ്നേഹിതൻ മി. ചാക്കോ വിചാരിക്കുന്നുണ്ടെങ്കിൽ തന്നെയും മറുഭാഗങ്ങളെ സ്വീകരിച്ചുകൊള്ളുവാനെങ്കിലും, ഇതായതു സംസ്ഥാനത്തിലെ മനുഷ്യർക്കു ഒക്കെയല്ലാം ധാതുവായി വിചാരിക്കുന്നവയെ അപ്രകാരം സ്വീകരിച്ചുകൊള്ളുവുന്നതാണു. "ധാതു" എന്നതിന്റെ അൎത്ഥത്തെപ്പററി യാതൊരു സൂചനയുംകൂടാതെ ഏതു തീൎച്ചപ്പെടുത്താൻ പോകുന്നതെന്നാണെന്നു മനസ്സിലാക്കാൻ നിവൃത്തിയില്ല. അതിനാൽ എന്റെ വിവരണത്തെ സഭ സ്വീകരിക്കണമെന്നു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

മി. കല്ലുവം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സർക്കാർ വക്കീൽ):— സർ, ഒന്നാമതായി ഒരു വിവരണത്തിന്റെ ആവശ്യകതയെയും രണ്ടാമതായി അദ്ദേഹത്തിന്റെ വിവരണം ശരിയാണോ എന്നുള്ളതിനെ

സംബന്ധിച്ചു മി. പി. കെ. നാരായണപിള്ള വാദംനടത്തി. വിവരണത്തിന്റെ ആവശ്യകതയെ സംബന്ധിച്ചിടത്തോളം ഉദ്ദിഷ്ടനിയമം എന്തുചെയ്യാൻ ഉദ്ദേശിച്ചിരിക്കുന്നുവോ അതിനെയും അദ്ദേഹത്തിന്റെ മനസ്സിൽ അന്തർലീനമായിരിക്കുന്ന ഏതൊരു ഒരു അഭിപ്രായത്തെയും അനുസരിച്ചു ധാതുക്കളുടെ ഉടമസ്ഥതയെയും തമ്മിൽ മി. നാരായണപിള്ള ഒരിക്കൽകൂടി കുഴക്കുകയാണെന്നു ഞാൻ ഭയപ്പെടുന്നു. ഈ ഉദ്ദിഷ്ട ഏർപ്പാടിന്റെ ആവശ്യത്തിലേക്കായി ഒരു അർത്ഥവിവരണം ആവശ്യമാണോ എന്നുള്ളതു സഭ നിശ്ചയിക്കേണ്ടതാണു. ധാതുക്കളുടെ ഉടമസ്ഥതയെപ്പറ്റി പ്രതിപാദിക്കുന്നതു [illegible] വിലപ്പെട്ടതു [illegible]. [illegible] ബില്ലിൽ ഇല്ലാത്ത ഒന്നിനെ [illegible]. ഈ ബിൽ അതിനെ സ്പർശിക്കുന്നുമില്ല, സ്പർശിക്കാൻ കഴിയുന്നതുമല്ല. [illegible] യാതൊരു പ്രകാരത്തിലും ഇതു സംബന്ധിച്ച വിളംബരത്തെ കടന്നുപറ്റിക്കാൻ കഴിയുന്നതല്ല. ഏതെങ്കിലും ഒരു പ്രത്യേക വസ്തു ധാതുവല്ലാതിരിക്കുകയും സംസ്ഥാനത്തിന്റെ വകയല്ലാതിരിക്കയും എന്നാൽ ഒരു പ്രത്യേക വകയായിരിക്കയും ചെയ്യുന്നതായാൽ ഈ റൂളുകൾ മൂലം അതിനെ പ്രജയുടെ ഉടമസ്ഥതയിൽനിന്നും എടുത്തുകളയാൻ കഴിയുന്നതല്ല. ധാതുക്കളെ സംബന്ധിച്ചിടത്തോളം ഈ ഏർപ്പാടു യാതൊരു തരത്തിലും ഉടമസ്ഥതയെ ബാധിക്കുന്നില്ല. ഞാൻ ഇന്നലെ പറഞ്ഞതുപോലെ ഈ ബില്ലിന്റെ ഉദ്ദേശം പ്രധാനമായും ഖനികളിൽ ഉള്ള വേലക്കാരുടെ ബാഹ്യ [illegible] രക്ഷിക്കുകയാകുന്നു. "ധാതു" എന്നതിന്റെ നിർവചനം ഇല്ലാതിരുന്നാൽ ഈ നിയമത്തിന്റെ ഉദ്ദേശം നടപ്പാക്കുകയോ അതിന്റെ ഉദ്ദേശസാദ്ധ്യത്തെ തടസ്ഥപ്പെടുത്തുകയോ ചെയ്യുമോ എന്നു മാത്രമേ നാം ഇപ്പോൾ നോക്കേണ്ടതായിട്ടുള്ളു. ഞാൻ പറഞ്ഞതിനെ ഉദാഹരിപ്പിച്ചു പറയാം. കരിങ്കല്ലു വെട്ടിയെടുക്കുന്ന ഒരു സ്ഥലത്തെ സംബന്ധിച്ചിടത്തോളം കരിങ്കല്ലു തിരുവെഴുത്തുവിളംബരത്തിന്റെ വ്യാപ്തിയിൽ ഉൾപ്പെട്ടിട്ടില്ല എന്നു മി. നാരായണപിള്ള വാദിച്ചു. ഒരു വിവരണം ഇല്ലാത്തപക്ഷം ഈ ചട്ടത്തിന്റെ ആവശ്യങ്ങൾക്കായി കരിങ്കല്ലിനെ ധാതുവായി ഗണിക്കാവുന്നതാണെന്നു കരുതിക്കൊണ്ടാൽ വരുന്ന ദോഷം എന്താണ്? ഒരു കരിങ്കല്ലു ഖനിയിലുള്ള വേലക്കാരുടെയും കൂലിക്കാരുടെയും ആരോഗ്യത്തെയും മറ്റു ഗുണദോഷങ്ങളെയും പറ്റി ഗവൺമെന്റിനു ശ്രദ്ധിക്കാൻ പാടില്ലാത്തതു എന്തുകൊണ്ടു. അതുകൊണ്ടു എന്തെങ്കിലും ചെയ്യുന്നതായാൽ തന്നെയും "ധാതു" എന്നതിനെ വിവരിക്കാതിരിക്കുന്നതും ധാതുവിന്റെ ഉടമസ്ഥതയെപ്പറ്റി മാത്രം ചിന്തിക്കാതെ ബില്ലിന്റെ വ്യാപ്തിയെ ചുരുക്കാതിരിക്കുന്നതും അനുകൂലമായതാണു.

മി. ജി. രാമൻമേനവൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും) : ധാതുക്കൾ കണ്ടെത്തുന്നതിനായി പരിശോധനകൾ നടത്തുന്നതും ഉദ്ദിഷ്ടകാര്യങ്ങളിൽ ഒന്നല്ലയോ?

മി. കല്യാണം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ) : അതെ. അതും ഉദ്ദിഷ്ടകാര്യങ്ങളിൽ ഒന്നാണു. അങ്ങനെ ചെയ്യുന്നാലും കല്ലുവെട്ടിയെടുക്കുന്നസ്ഥലം ഗവൺമെന്റുവകയായി തീരുന്നതല്ല. ധാതുക്കളുടെ ജന്മാവകാശം ഇടപ്പാറ് സഭയുടെ ഉദ്ദിഷ്ട വിഷയമായിട്ടില്ല. ആ വിഷയം ഒരു തിരുവെഴുത്തുവിളംബരത്താൽ ഭരിക്കപ്പെട്ടിരിക്കുന്നതിനാൽ ഈ സഭ അതിനെപ്പറ്റി പര്യാലോചിക്കാൻ പാടില്ലാത്തതാണു. ബില്ലിന്റെ ഉദ്ദേശം ധാതുക്കളുടെ ഉടമസ്ഥതയെ നിയന്ത്രിക്കുന്നതിനോ വിവരിക്കുന്നതിനോ അല്ല എന്നുള്ള വസ്തുത സൂക്ഷ്മമായി പര്യാലോചിക്കണം എന്നു ഞാൻ സഭയോടു അപേക്ഷിച്ചുകൊള്ളുന്നു.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും) : ഈ റഗുലേഷൻ സാധാരണ ചിരട്ട വെട്ടിയെടുക്കുന്ന കരിങ്കല്ലിലെ വേലക്കാരെയും സംബന്ധിക്കുമോ എന്നു മാന്യമെമ്പരോടു ഞാൻ ചോദിച്ചുകൊള്ളട്ടെ.

മി. കല്യാണം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർവക്കീൽ) : അതു വിവരണത്തെ ആശ്രയിച്ചിരിക്കും.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും) : അതു ചീക്കൽഖനികളിലെ വേലക്കാരെ സംബന്ധിക്കുമോ?

മി. കല്യാണം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർവക്കീൽ) : അതു പൊതുവായ വരികയാണെങ്കിൽ സംബന്ധിപ്പിക്കാം.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്) ; ഒരു കിണറു കുഴിക്കുന്നതിൽ ഏർപ്പെട്ടിരിക്കുന്ന വേലക്കാരെ അതു ബാധിക്കുമോ?

മി. കല്യാണം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ) ; അതു കല്പിക്കുന്ന അർത്ഥത്തെ ആശ്രയിച്ചിരിക്കുന്നു.

ഈ ഭേദഗതിയെപ്പറ്റി സഭ വോട്ടുചെയ്യാൻ തുടങ്ങുമ്പോൾ ധാതു എന്നപദത്തെ വിവരിക്കാതെ വിടുന്നതു എന്തുതന്നെയായാലും, ബില്ലിന്റെ ഉദ്ദേശത്തെ വ്യാപ്തമാക്കുകയാണുള്ളത് എന്നുള്ളതു ഓർമ്മിച്ചുകൊള്ളണം എന്നു ഞാൻ സഭയോടു അപേക്ഷിച്ചുകൊള്ളുന്നു.

ഖനി എന്താണെന്നോ ധാതു എന്താണെന്നോ പറയാൻ ഒരു ഉത്തരവുമൂലം ചീഫ്സിക്രട്ടറിക്കു സാദ്ധ്യം ആകുമെന്നു എന്റെ സ്നേഹിതൻ പറഞ്ഞു. ഈ ബിൽ അവതരിപ്പിച്ചസമയം അദ്ദേഹം അതിനെ എതിർത്തു. ഇതിനെസംബന്ധിച്ചു അദ്ദേഹത്തിന്റെ നില മുൻപിരുന്നതുപോലെ ആയിരിക്കാം. അദ്ദേഹം സെലക്ട് കമ്മിറ്റിയുടെ റിപ്പോർട്ടുവായിച്ചിരുന്നു എങ്കിൽ ഇതിനെപ്പറ്റി പര്യാലോചിച്ചിട്ടുണ്ടെന്നു അദ്ദേഹം അറിയുമായിരുന്നു. അങ്ങനെ ഒരധികാരം ചീഫ്സിക്രട്ടറിക്കു കൊടുക്കാൻ പാടില്ലെന്നു സെലക്ട്കമ്മിറ്റി വിചാരിക്കുകയും അപ്രകാരം ഒരധികാരം നൽകിയ ആ ഭാഗത്തെ [illegible] അവർ എടുത്തുകളയുകയും ചെയ്തു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ) : എന്നാൽ ഈ വിഷയത്തെപ്പറ്റി തീർച്ചപ്പെടുത്തുന്ന അധികാരി ആരായിരിക്കും.

മി. കല്യാണം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ) : അധികാരി ആരുതന്നെയായിരുന്നാലും ചീഫ്സെക്രട്ടറിയാണു അവസാനമായ തീർച്ചചെയ്യുന്ന ഉദ്യോഗസ്ഥൻ എന്നു എന്റെ സ്നേഹിതൻ പറഞ്ഞതു തീരെ അടിസ്ഥാനമില്ലാത്തതാകുന്നു. അതു തീർച്ചചെയ്യേണ്ട അധികാരി ആരാണെന്നു ചോദിച്ചിരിക്കുന്നു. ഗവൺമെന്റുദ്യോഗസ്ഥന്മാർ തെറ്റു ചെയ്യുകയും അവർ ഖനിയോ ധാതുവോ അല്ലാത്ത ഏതെങ്കിലും സാധനത്തെ സംബന്ധിച്ചു നടപടിനടത്തുകയും ചെയ്യുന്നതായാൽ അവർ അധികാരംകടന്നു പ്രവൃ

ന്തിര ചെയ്യുന്നതായിരിക്കും. അങ്ങനെയാണെങ്കിൽ ജനങ്ങൾക്ക ഒരു സിവിൽ കോടതിയിലേക്ക പോകാവുന്നതാണ്. അതുകൊണ്ടു വിഷയത്തെ വ്യാപ്തിയെ ചുരുക്കുന്നതിനു പകരം ധാതു എന്ന പദത്തിനു വളരെ വ്യാപ്തമായ ഒരു വ്യാഖ്യാനം അനുവദിക്കുന്നതിനാൽ ജനങ്ങളുടെ ഉപദ്രവങ്ങൾ വർദ്ധിക്കപ്പെടുന്നതാണ്. കരിങ്കല്ലിനെ ഒരു ധാതുവായി ഗണിക്കുന്നതിനാൽ എന്തുദോഷം ആണ് ഉള്ളതെന്നു ഞാൻ ചോദിക്കുന്നു. ഒരു സാധാരണ കല്ലുവെട്ടാംകുഴി ഒരു ഖനി ആയിരിക്കേണ്ടതാണെന്നും അവിടത്തെ പണിയെപ്പറ്റി ഗവണ്മെന്റിനു ഇടപെടേണ്ടതാണെന്നും മി. സി. പി. കൊച്ചുകുഞ്ഞുപിള്ള ചോദിച്ചു. ആ സംശയത്തിനു ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. 4-ാം വകുപ്പിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു.

"ഈ റെഗുലേഷന്റെ ഏതെങ്കിലും പ്രത്യേക വ്യവസ്ഥകളുടേയോ, എല്ലാ വ്യവസ്ഥകളുടേയുമോ വ്യാപ്തിയിൽനിന്നും ഏതെങ്കിലും നിശ്ചിതസ്ഥലത്തെയോ ഖനിയെയോ ഏതെങ്കിലും പ്രത്യേകമാതിരിയിൽ ഖനിയെയോ കൂട്ടങ്ങളേയോ പണിയുടെ ഭാഗത്തെയോ ഏതെങ്കിലും മാതിരിയിലുള്ള ആളുകളേയോ ഗസററിൽ പരസ്യംമൂലം ഗവണ്മെന്റിനു ഒഴിവാക്കാവുന്നതാകുന്നു."

ഖനി എന്നപദത്തിന്റെ വിവരണം വളരെ വ്യാപ്തമായിട്ടുള്ളതാകയാൽ ഈ ഒഴിപ്പുകൂടി ഇതിൽ ചേർക്കപ്പെട്ടിരിക്കുന്നു. അങ്ങനെയല്ലായിരുന്നാൽ ഒരു സാധാരണ ഇഷ്ടികക്കല്ലു വെട്ടി എടുക്കുന്നസ്ഥലം ചിലപ്പോൾ ഒരു ഖനിയായി ഗണിക്കപ്പെടുവാൻ ഇടയുണ്ട്.

മി. ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): ഒരുമണ്ണെണ്ണക്കിണറിനെ അദ്ദേഹം ഏതു പട്ടികയിൽ ഉൾപ്പെടുത്തും എന്നു ഞാൻ അദ്ദേഹത്തോടു ചോദിച്ചുകൊള്ളട്ടെ.

മി. കണ്ണാറ പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): മണ്ണെണ്ണക്കിണറു ഒരു ഖനിയായിരിക്കാം. ആവശ്യമുള്ളപ്പോൾ എല്ലാം ഗവണ്മെന്റു 4-ാം വകുപ്പനുസരിച്ചു ഒരു വ്യത്യസ്ഥം ഉണ്ടാക്കാവുന്നതാണ്. അതാണു മററു സ്ഥലങ്ങളിൽ ചെയ്തുവരുന്നതു.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഇഷ്ടികക്കല്ലു ഒരു ധാതുവല്ല എന്നു മി. നാരായണപിള്ള ലേഖനത്തിൽ വ്യക്തമായി അർത്ഥവിവരണം ചെയ്തിട്ടുണ്ട് എന്നു ബഹുമെംബറിനോടു ഞാൻ ചൂണ്ടിക്കാണിക്കട്ടെയോ?

മി. കണ്ണാറ പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): മണ്ണെണ്ണ ഇഷ്ടികക്കല്ലും ധാതുവല്ല എന്നുവരികിൽ ഈ നിയമത്തെ അതിലേക്കു ബാധിപ്പിച്ചുകൂടാ. അങ്ങനെയായിരുന്നിട്ടും അതു ഒരു ധാതുവായി ഗണിക്കപ്പെടുന്നപക്ഷം സങ്കടമുള്ള ആളുകൾ സിവിൽകോടതിയിൽപോയി പരിഹാരം തേടാവുന്നതാണ്. അതുകൊണ്ടു ഈ പദത്തിനു അർത്ഥവിവരണം പറയാതെ വിട്ടേക്കുന്നതുകൊണ്ടു യാതൊരു ദോഷവും ഇല്ലാ എന്നുമാത്രമല്ല, നമ്മുടെ ഉദ്ദേശവും സാധിക്കുന്നതുമാകും. ഈ നിയമത്തിന്റെ വ്യാപ്തി എന്നുള്ള പ്രശ്നം കാര്യനിർവ്വാഹകരായ ഉദ്യോഗസ്ഥന്മാർ അനധികൃതമായി പ്രവർത്തിക്കുന്നതായാൽ സിവിൽകോടതികളിൽ മതിയായിടത്തോളം രക്ഷാമാർഗ്ഗങ്ങൾ ഉണ്ട്. മററു സ്ഥലങ്ങളിലെ അനുഭവം എന്ത് എന്നു കോടതികൾ ആലോചിക്കയും ഒരു നിർദ്ദിഷ്ടസാധനം ധാതുവാണോ അല്ലയോ എന്നു തീർച്ചപ്പെടുത്തുകയും ചെയ്യും.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ധാതുക്കളേയും ഖനികളേയും സംബന്ധിച്ചുള്ള തിരുവിതാംകൂറിലെ നിയമത്തിൽ അർത്ഥവിവരണം ഇല്ലാത്തതുകൊണ്ടു വല്ല കുഴപ്പമോ വല്ല വിഷമമോ ഇതേവരെ വല്ല അസൗകര്യമായ കേസ്സോ ഉണ്ടായിട്ടുണ്ടോ എന്നു ബഹുമെംബറിനോടു എനിക്കു അറിയേണ്ടിയിരിക്കുന്നു.

മി. കണ്ണാറ പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): ഇല്ല. എനിക്കു അറിവുള്ളിടത്തോളം യാതൊന്നും ഉണ്ടായിട്ടില്ല.

ധാതു എന്ന പദത്തിന്റെ വ്യാപ്തിയെ സംബന്ധിച്ചാകട്ടെ എ, അല്ലെങ്കിൽ ബി, അല്ലെങ്കിൽ സി എന്ന സാധനം ഒരു ധാതുവാണോ എന്നു വിദഗ്ദ്ധന്മാരോടോ കോടതികളിലോ ചോദിക്കുന്നതായാൽ അവർ നിശ്ചയമായും അതിനു മറുപടി പറയും എന്നിരുന്നാലും ആ പദത്തിനു ശരിയായും വ്യാപ്തിയായുമുള്ള അർത്ഥവിവരണം പറയുന്നതു ശക്യം അല്ല. മിസ്റ്റർ നാരായണപിള്ള സ്വചിന്തിതമായി ശ്രമംചെയ്തിട്ടും ആ പദത്തിനു ശരിയായ അർത്ഥവിവരണം നൽകുവാൻ അദ്ദേഹം ശക്തനായിട്ടില്ല. വിഖ്യാതനായ ഒരു ന്യായാധിപതിയായ ലാഡ് ഷോർബോർൺ താഴെ പറയുംപ്രകാരം പ്രസ്താവിച്ചിരിക്കുന്നു:—

'ധാതുക്കൾ' എന്നതിനു ശരിയായ അർത്ഥവിവരണം ശക്യം അല്ല. 'ധാതുക്കൾ' എന്ന പദത്തിന്റെ ഉപയോഗത്തിനു യോജിക്കുന്നതായ അർത്ഥങ്ങളുടെ വിവിധത്വം സകല വിഷമങ്ങൾക്കും ഉത്പത്തിസ്ഥാനം ആയിരിക്കുന്നു.

എന്നാൽ അതാതു സ്ഥലത്തെ നടപ്പും ഭരിച്ചും ഭാഷയുടെ നിർണ്ണയവും സാധാരണാർത്ഥവും സാമ്യോദ്ദേശ്യവും അനുസരിച്ചും അതിനെ വ്യാഖ്യാനിക്കുന്നതിനു കോടതി ശക്തരായിരിക്കും എന്നു ജഡ്ജിമാർ വിധിച്ചിട്ടുണ്ട്.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): 4-ാം വകുപ്പിലെ (എ)-ാം ഉപവകുപ്പു ഓരോ കുടിയാന്റെയും അവകാശത്തെ എത്രത്തോളം കൂടുതലും കാര്യനിർവ്വാഹകരായ ഉദ്യോഗസ്ഥന്മാർ അനിയന്ത്രിതമായി പ്രവർത്തിക്കുന്നതിനു അവകാശം കൊടുക്കയും ചെയ്യുകയില്ലയോ എന്നു ഞാൻ ബഹുമെംബറിനോടു ചോദിക്കട്ടെയോ?

മി. കണ്ണാറ പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): ഇപ്പോൾ നാം ആലോചിക്കുന്ന വിഷയം അതല്ല. അതിനെപ്പററി മേൽ ഒരവസരത്തിൽ നമുക്കു വാദപ്രതിവാദം നടത്താം.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഈ ബിൽ കൃഷിചെയ്യുന്നവരെക്കുറിച്ചു മാത്രമേ പ്രതിപാദിക്കുന്നുള്ളോ എന്നുകൂടി പറയുമോ? അതു ഓരോ കുടിയാന്റെയും അധികാരങ്ങളെക്കുറിച്ചും അതു പ്രതിപാദിക്കുന്നില്ലയോ?

മി. കണ്ണാറ പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): ഇതു പ്രധാനമായി കൃഷിവേലക്കാരെ സംബന്ധിക്കുന്ന നിയമനിർമ്മിതി ആകുന്നു.

മി. എസ്. പരവിപ്പുരത്തുപിള്ള (കച്ചവടവും വ്യവസായവും, തെക്കു): ഈ ബിൽ പ്രാധാന്യേന കൃഷിവേലക്കാരായ ജനതയെമാത്രം ഉദ്ദേശിച്ചുള്ളതല്ല എന്നു പ്രാരംഭത്തെ സംബന്ധിച്ച ഭേദഗതി ഞാൻ അവതരിപ്പിച്ചപ്പോൾ, ബഹുമെംബർ പറഞ്ഞില്ലയോ എന്നു ഞാൻ അദ്ദേഹത്തിനോടു ചോദിക്കട്ടെയോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സർക്കാർ വക്കീൽ): ഇതിന്റെ മുഖ്യോദ്ദേശ്യം ഭൂമിവകക്കാരുടെ രക്ഷയെ കാക്കണമെന്നുള്ളതാണെങ്കിലും അവരെ മാത്രമല്ല ഇതു സംബന്ധിക്കുന്നത്.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): രണ്ടാം അദ്ധ്യായം മുഴുവനും കുടികളുടെ സ്വന്തംഅവകാശങ്ങളെക്കുറിച്ചു പ്രതിപാദിക്കുന്നതല്ലേ എന്നു ഞാൻ അദ്ദേഹത്തിനോടു ചോദിക്കട്ടെയോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സർക്കാർ വക്കീൽ): അതു മറെറാരു കാര്യമാണ്. നാം ഇപ്പോൾ പ്രതിപാദിക്കുന്ന ഏകസംഗതി അർത്ഥവിവരണത്തിന്റെ അഭാവത്താൽ കുടികളുടെ അവകാശങ്ങൾ [illegible] ഇല്ലാതാക്കപ്പെടുന്നതല്ല എന്നാകുന്നു.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ധാതുക്കൾ എന്നാൽ എന്ത് എന്നുള്ളതിനു അർത്ഥവിവരണം ഇല്ലാതിരിക്കയും അതിനെ കാര്യനിർവാഹകരായ ഉദ്യോഗസ്ഥന്മാർ അർത്ഥംകല്പിച്ചുകൊള്ളുവാൻ വിട്ടേക്കയും ചെയ്യുന്നതു കുടികൾക്കുള്ള അവകാശത്തെ ഇല്ലാതാക്കും എന്നു അദ്ദേഹം വിചാരിക്കുന്നില്ലയോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സർക്കാർ വക്കീൽ): ഇല്ല. രണ്ടാം വകുപ്പനുസരിച്ചു കാര്യനിർവാഹകരായ ഉദ്യോഗസ്ഥന്മാർ, വ്യാഖ്യാനിക്കുന്ന കാര്യത്തിലേക്കമാത്രമേ പ്രവർത്തിക്കയുള്ളൂ. അർത്ഥവിവരണത്തിന്റെ അഭാവം കുടികൾക്കുള്ള യാതൊരു അവകാശത്തെയും ഇല്ലാതാക്കുന്നില്ല എന്നാകുന്നു ഞാൻ പറയുന്നത്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഒരു നിർദ്ദിഷ്ടസ്ഥലം ഒരു ഖനിയാണെന്നു പ്രഖ്യാപിക്കുന്നതു അവിടെനിന്നു ഒരു ധാതു എടുക്കപ്പെടുന്നതുകൊണ്ടോ എന്നുള്ളതിനെ ആശ്രയിച്ചിരിക്കുകയില്ലയോ എന്നു ഞാൻ ചോദിക്കട്ടെയോ? ഒരു സ്ഥലത്തുനിന്നു എടുക്കപ്പെടുന്ന വസ്തു ഒരു ധാതുവാണോ അല്ലയോ എന്നു അറിയാതെതന്നെ ആ സ്ഥലം ഖനിയാണോ അല്ലയോ എന്നു ഒരാൾ അറിയുന്നതെങ്ങനെ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സർക്കാർ വക്കീൽ): അർത്ഥവിവരണം പറയുന്നതു സാദ്ധ്യമല്ല, എന്നാൽ ഒരു പ്രത്യേകസാധനം എ, അല്ലെങ്കിൽ ബി, അല്ലെങ്കിൽ സി, ഒരു ധാതുവാകുന്നോ അല്ലയോ എന്നു നമുക്കു പറയാൻ കഴിയും.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതു ശിക്ഷ നൽകിയതിൽപിന്നീടല്ലയോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സർക്കാർ വക്കീൽ): ഒരു നിർദ്ദിഷ്ടസാധനം ഒരു ധാതുവാണോ അല്ലയോ എന്നു ഏതുകാലത്തും പറയാൻ കഴിയും.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ധാതുക്കൾ എന്ന പദത്തിൽ പണ്ഡിതനായ മെമ്പർ ഉൾപ്പെടുത്തുന്ന എല്ലാ സാധനങ്ങളുടേയും ഒരു പട്ടിക അദ്ദേഹം തരുമോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സർക്കാർ വക്കീൽ): അതു സാദ്ധ്യമല്ല.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): കരിങ്കല്ലു ഒരു ധാതുവാകുന്നോ അല്ലയോ എന്നു എനിക്കു പറഞ്ഞുതരാമോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സർക്കാർ വക്കീൽ): ഈ നിയമത്തിന്റെ കാര്യത്തിലേക്കു അതു ഒരു ധാതു ആകാമെന്നും അല്ലെന്നും വരാം. കരിങ്കല്ലു ഒരു ധാതുവാണ് എന്നു ഞാൻ പറയുമ്പോൾ അതു സർക്കാർവക മുതൽ ആകുന്നു എന്നു ഞാൻ വിചാരിക്കുന്നില്ലെന്നു ധരിച്ചുകൊള്ളുന്നു.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): ഈ റെഗുലേഷന്റെ കാര്യത്തിലേക്കു പൂർണ്ണമായ ഒരു നിർവചനംനൽകുന്നതു പ്രയാസം ആയിരുന്നാലും ധാതു എന്ന പദത്തിന്റെ അർത്ഥം അദ്ദേഹം പറയുമോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സർക്കാർ വക്കീൽ): ഇല്ല; അതു സാദ്ധ്യമല്ല.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): ധാതു എന്നാൽ എന്താണെന്നു അറിയാതെ ഈ ബില്ലിനെപ്പററി പര്യാലോചിക്കുന്നതു എങ്ങനെ സാദ്ധ്യമാകും,

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സർക്കാർ വക്കീൽ): ആ പദത്തിനു അർത്ഥവിവരണം പറയുന്നതു ശക്യമല്ല. ഞാൻ പറയുന്നതു അത്രയുള്ളു എന്നാൽ ഒരു നിർദ്ദിഷ്ടസാധനം ധാതുവാണോ അല്ലയോ എന്നു നമുക്കു പറയാൻ കഴിയും.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): മി. രാമൻമേനോന്റെ പ്രശ്നത്തിനു മറുപടിപറയുവാൻ അദ്ദേഹം ശക്തനായിരുന്നില്ല ആ സ്ഥിതിക്കു ഒരു ധാതു എന്നാൽ എന്താണെന്നു നമുക്കു എങ്ങനെയറിയാൻ കഴിയും,

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽഹെഡ്സർക്കാർവക്കീൽ): ഒരു പ്രത്യേകസാധനം ധാതുവാണോഅല്ലയോ എന്നു നിർണ്ണയിക്കാൻ പോകുന്നതു മി. പരമേശ്വരൻപിള്ളഅല്ല. അതു കോടതിയിൽ വാദവിഷയമാകുന്നതാണ്.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): ധാതു എന്ന പദം പ്രത്യേകിച്ചും വസ്തുഉടമസ്ഥന്മാരേയും കുടിയാനവന്മാരേയും ബാധിക്കുന്നതുകൊണ്ടു ആ പദത്തെ സംബന്ധിച്ചു ഏതെങ്കിലും വിധത്തിൽ ജ്ഞാനം ഉണ്ടായിരിക്കേണ്ടതു ഈ റെഗുലേഷന്റെ കാര്യത്തിലേക്കു ആവശ്യം അല്ലയോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽഹെഡ്സർക്കാർവക്കീൽ): അതിലേക്കു പരിച്ഛിന്നമായ അർത്ഥവിവരണം ഉണ്ടായിരിക്കണം എന്നുള്ളതു ആവശ്യമില്ല.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): മണ്ണെണ്ണയുള്ള ഒരു കിണറു കുഴിച്ചാൽതന്നെയും അതു ഒരു ധാതുവാണോ എന്നുള്ളതു അറിയേണ്ടതു നമുക്കു ആവശ്യമാണ്. ഭൂമിവകക്കാരുടെ ഗുണത്തെ കരുതിയും അതിനു അർത്ഥവിവരണം നൽകേണ്ടതു ആവശ്യം അല്ലയോ? ധാതു എന്ന പദത്തിന്റെ വ്യാപ്തി എത്രത്തോളംവരും എന്നുള്ളതു അറിയേണ്ടതു നമുക്കു ആവശ്യമാകുന്നു.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽഹെഡ്സർക്കാർവക്കീൽ): അർത്ഥവിവരണം ഇല്ലാതിരുന്നാൽ ധാതു എന്നാൽ എന്താണെന്നുള്ള സാമാന്യജ്ഞാനം ഉണ്ടായിരിക്കാൻ ഇടയില്ലഎന്നാണ മി. ജോസഫിന്റെ വാദം എന്നു തോന്നുന്നു.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): നിയമകർത്താക്കന്മാർ, ധാതു എന്ന പദത്തിന്റെ നിശ്ചിതവ്യാപ്തി എത്രത്തോളം ഉണ്ടെന്നുള്ളതിനെക്കുറിച്ചു ജനങ്ങൾക്കു ജ്ഞാനം നൽകേണ്ടതാണ്.

മി. കല്യാണം പരമേശ്വരൻപിള്ള (അഡിഷനൽഹെഡ്സർക്കാർവക്കീൽ): അതിന്റെ സ്വാതന്ത്ര്യാർത്ഥത്തിലേക്കായി ആ പദത്തിൽ അർത്ഥവിവരണം പറയേണ്ട ആവശ്യം ഇല്ല. ഇതിനു ഉദാഹരണം പറയാം. മി. നാരായണപിള്ളയുടെ അർത്ഥവിവരണത്തിൽ അനേകം പദങ്ങൾ കാണുന്നു. അവയ്ക്കു അർത്ഥവിവരണം പറഞ്ഞിട്ടില്ല. എന്നിട്ടും അവ എന്താണെന്നു നമുക്കു അറിയാം 'ഉപലകം' എന്ന പദം ഉപയോഗിച്ചിരിക്കുന്നു. ഉപലകം എന്താണെന്നു നമുക്കു അറിയാം; അന്തർധരം എന്ന പദം ഉപയോഗിച്ചിരിക്കുന്നു; 'കുഴിക്കുക' എന്നു ഉപയോഗിച്ചിരിക്കുന്നു "പ്രവർത്തനം" എന്ന പദം ഉപയോഗിച്ചിരിക്കുന്നു. അവയുടെ സ്വാതന്ത്ര്യാർത്ഥം ലഭിക്കുവാൻ ഈ പദങ്ങൾക്കു എല്ലാം അർത്ഥവിവരണം പറയേണ്ടതു ആവശ്യം ആണോ?

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): ധാതു എന്ന പദം "കുഴിക്കുക" എന്നു 'പ്രവർത്തനം' എന്നും ഉള്ള പദങ്ങൾക്കു തുല്യം ആണെന്നു എന്റെ സ്നേഹിതൻ പറയുന്നുവോ?

മി. കല്യാണം പരമേശ്വരൻപിള്ള (അഡിഷനൽഹെഡ്സർക്കാർവക്കീൽ): വ്യത്യാസംമാത്രയിലേയുള്ളു. ധാതു എന്ന പദം അധികം പ്രധാനപ്പെട്ടതുതന്നെ. ഞാൻ അതിനെ നിഷേധിക്കുന്നില്ല; മററുള്ള പദങ്ങളെ ഉദാഹരണത്തിനായി പറഞ്ഞതേയുള്ളു.

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും, തെക്കു) ൨-ം വകുപ്പിൽ പറഞ്ഞിരിക്കുന്ന 'ധാതു' എന്ന പദത്തിന്റെ അർത്ഥം എന്താണെന്നു അദ്ദേഹം ഉദ്ദേശിച്ചിരിക്കുന്നതു എന്നു പറഞ്ഞുതരുമോ?

മി. കല്യാണം പരമേശ്വരൻപിള്ള (അഡിഷനൽഹെഡ്സർക്കാർവക്കീൽ): റെഗുലേഷനിൽ മററെല്ലാ സ്ഥലത്തും അതിനുള്ള അർത്ഥംതന്നെ.

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്കു): അതിന്റെ അർത്ഥം എന്തെന്നു പറഞ്ഞുതരുമോ?

മി. കല്യാണം പരമേശ്വരൻപിള്ള (അഡിഷനൽഹെഡ്സർക്കാർവക്കീൽ): ഒരു അർത്ഥവിവരണത്തിന്റെ രൂപത്തിൽ പറയുന്നതു സാധ്യം അല്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഒരു സാധനം ധാതുവാണെന്നു അറിയാതെ അതു കുഴിച്ചെടുക്കുന്നതിനു ൧൮ വയസ്സിനു താഴെയുള്ള ചിലരെ നിയോഗിച്ചു എന്നുവരാം. അപ്പോൾ ആ സംഗതിയിൽ ശിക്ഷവിധിക്കേണ്ടതാണോ അല്ലയോ എന്നറിയിക്കേണ്ടിയിരിക്കുന്നതു കോടതിയാണ്. അങ്ങനെയുള്ള സംഗതികളിൽ ഒരു ധാതു എന്നാൽ എന്താണെന്നു വിവരിക്കേണ്ടതു ആവശ്യം ആണ്.

മി. കല്യാണം പരമേശ്വരൻപിള്ള (അഡിഷനൽഹെഡ്സർക്കാർ വക്കീൽ): സാധ്യം ആയിരുന്നിരുന്നാൽ അർത്ഥവിവരണം ഗുണകരം തന്നെ. എന്നാൽ ഒരു വിവരണത്തിന്റെ അഭാവത്തിലും ഒരു സാധനം ധാതുവാണോ അല്ലയോ എന്നു കോടതി നിർണ്ണയിക്കയും അതിനെ തീർച്ചചെയ്വാൻ ഇടയാകുകയും ചെയ്യുന്നു.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഈ ബിൽ കൃഷിവേലക്കാരുടെ പരിരക്ഷണത്തിനായി വ്യവസ്ഥചെയ്യുന്നില്ലയോ എന്നു ബഹു മെമ്പരോടു ഞാൻ ചോദിക്കട്ടെയോ? ആ കാരണത്താൽ ധാതു എന്ന പദത്തിന് അർത്ഥവിവരണം ചേർക്കേണ്ടതു ആവശ്യം അല്ലയോ?

മി. കല്യാണം പരമേശ്വരൻപിള്ള (അഡിഷനൽഹെഡ്സർക്കാർവക്കീൽ): അതു കൂടിയേതീരൂ എന്നില്ല: ഇതിനു മുൻപുതന്നെ അതിനെപ്പററി ഞാൻ വിവരിച്ചു പറഞ്ഞുകഴിഞ്ഞു.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): അദ്ദേഹം അപ്രകാരം വിചാരിക്കുന്നു എന്നുവരികിൽ ഈ ബില്ലിനെ "തിരുവിതാംകോട്ടു ഖനികളേയും ധാതുക്കളേയും സംബന്ധിക്കുന്ന ബിൽ" എന്നു വിളിക്കുന്നതിനു പകരം "തിരുവിതാംകോട്ടു ഖനിവകബിൽ" എന്നു വിളിക്കുവാൻ അദ്ദേഹത്തിനു മനസ്സായിരിക്കുമോ എന്നു ഞാൻ അദ്ദേഹത്തോടു ചോദിക്കട്ടെയോ?

മി. കല്യാണം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർ വക്കീൽ): എനിക്കു അതിനു മനസ്സില്ലാ എന്നാൽ എതിരഭിപ്രായം സഭയുടേതാണെങ്കിൽ നമ്മുടെ വൈഷമ്യങ്ങളെ അതു തീർക്കുമോ?

മി. ശിവരാമപ്പണിക്കർ (ചേർത്തല): "ധരാന്തർഭാഗം" എന്ന പദത്തെ 'ധാതുക്കൾ' എന്ന പദവുമായി അദ്ദേഹം താരതമ്യപ്പെടുത്തി എന്നുള്ള വസ്തുതയുടെ ദൃഷ്ട്യാ, "ധാതുക്കൾ" എന്ന പദത്തെ ബില്ലിന്റെ പേരിൽനിന്നു എടുത്തുകളയാൻ അദ്ദേഹത്തിനു സാധിക്കയില്ലയോ?

മി. കല്യാണം പരമേശ്വരൻപിള്ള (അഡിഷനൽഹെഡ്സർക്കാർവക്കീൽ): ഞാൻ ഇപ്പോൾ 'പ്രാരംഭം' എന്ന വകുപ്പിനെപ്പററി പ്രതിപാദിക്കുന്നില്ല. അതുകൊണ്ടു ആ പ്രശ്നം ജനിക്കുന്നില്ല: എന്നാൽ 'ധാതു' എന്നപദം "കുഴിച്ചെടുക്കൽ" എന്ന പദത്തെക്കാൾ അധികം പ്രധാനപ്പെട്ടതല്ലയോ എന്നുള്ള പ്രശ്നത്തെ കുറിച്ചാകട്ടെ —

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): 'ധാതു' എന്ന പദം ബില്ലിൽ കാണുന്ന "ധരാന്തർഭാഗം" അല്ലെങ്കിൽ "പ്രവർത്തനം" എന്ന പദത്തെക്കാൾ വളരെ പ്രാധാന്യം ഏറിയതാണെന്നു ബഹു മെമ്പർ സമ്മതിക്കുമോ?

മി. കല്യാണം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർ വക്കീൽ): ആയിരിക്കാം.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ആ സ്ഥിതിക്കു 'ധാതു' എന്ന പദത്തിന്റെ അർത്ഥവിവരണം കൂടിയേതീരൂ എന്നുള്ളതു അദ്ദേഹം ഗ്രഹിക്കുമോ?

മി. കല്യാണം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): അതു സമ്മതിക്കാൻ ഞാൻ സന്നദ്ധനല്ല.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): 'ധാതു' എന്ന പദത്തിൽ അർത്ഥവിവരണം കല്പിക്കാൻ ഇപ്പോൾ സാധ്യമല്ല എന്നുവരികിൽ ഒരു അർത്ഥവിവരണം ഉണ്ടാക്കപ്പെടുന്നതുവരെ ബില്ലിനെ നിറുത്തിവയ്ക്കാം എന്നു മിസ്റ്റർ പി. കെ. നാരായണപിള്ള പറഞ്ഞ അഭിപ്രായത്തെപ്പററി അദ്ദേഹം ആലോചിക്കുമോ എന്നു പറയുമോ?

മി. കല്യാണം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): അതിനും എനിക്കു സമ്മതം ഇല്ല.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഈ നാട്ടിലെ നടപ്പും ആചാരവും അനുസരിച്ചെങ്കിലും ഇതിലെ ധാതുക്കൾ ആയിരിക്കുന്ന സാധനങ്ങളുടെ ഒരു പട്ടിക ഉണ്ടാക്കുവാൻ അദ്ദേഹത്തിനു കഴിയുകയില്ലയോ?

മി. കല്ല്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സർക്കാർവക്കീൽ): നിശേഷമായ പട്ടികയുണ്ടാവുകയില്ല.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): നിശേഷമായ പട്ടിക ഇല്ലെന്നുവരികിൽ ഇന്നയിന്ന സാധനങ്ങൾ ധാതുക്കൾ ആണെന്നു വിവരിച്ചു ഒരു സമ്പൂർണ്ണമായ പട്ടിക നമുക്കു ഉണ്ടാക്കാൻപാടില്ലേ? ആ സാധനങ്ങളെ സംബന്ധിച്ചിടത്തോളം നാം സംശയാവസ്ഥയിൽ നമുക്കു ഇരിക്കാൻ ഇടയില്ല. ഏതാനും ദ്രവ്യങ്ങളുടെ പട്ടിക ഉണ്ടാക്കുന്നതുകൊണ്ടു ഹൈക്കോടതിയിലെ തീർച്ച മററു സാധനങ്ങളെ സംബന്ധിച്ചുമാത്രമേ ആവശ്യപ്പെടുകയുള്ളു എന്നുള്ളതുനിമിത്തം ഈ സാധനങ്ങളെ സംബന്ധിച്ചിടത്തോളം നമുക്കു നിശ്ചയമായിരിക്കാൻ പാടില്ലേ?

മി. കല്ല്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സർക്കാർവക്കീൽ): അനേകം സാധനങ്ങൾ ധാതുക്കൾ ആണെന്നു പറയുന്നതു ശക്യംതന്നെ. എന്നാൽ മററു സാധനങ്ങളും ധാതുക്കൾ ആയിരിക്കാം എന്നുള്ള കാലത്തോളം, ഇതു ഇപ്പഴത്തെ നിലയ്ക്കു പുരോഗതി ഉണ്ടാക്കുകയില്ല.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഏകദേശം എങ്കിലും ഇതിനെ സ്വീകരിച്ചു പ്രവർത്തിക്കരുതോ?

മി. കല്ല്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സർക്കാർവക്കീൽ): ഇപ്രകാരമായാലും, മററു ദ്രവ്യങ്ങളെ സംബന്ധിച്ചിടത്തോളം, അവസാനതീർച്ചക്കായി നമുക്കു കോടതിയിൽ ചെല്ലേണ്ടിവരും.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): കേവലം ശൂന്യസ്ഥാനത്തുനിന്നു പുറപ്പെടുന്നതിനേക്കാൾ ഈ നില അധികം നന്നായിരിക്കയില്ലയോ?

മി. കല്ല്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സർക്കാർവക്കീൽ): എങ്ങനെ? വാസ്തവത്തിൽ വിതർക്കനീയങ്ങൾ ആയ ദ്രവ്യങ്ങളെ സംബന്ധിച്ചിടത്തോളം നാം എന്നിട്ടും ശൂന്യസ്ഥാനത്തിലത്രേ; എന്നിട്ടും നമുക്കു കോടതിക്കു പോകേണ്ടതായും ഇരിക്കുന്നു.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ആ സാധനങ്ങളെ സംബന്ധിച്ചിടത്തോളം നാം കോർട്ടിൽ പോകുകയില്ല.—വിവരണം ഇല്ലാതിരിക്കുന്നിടത്തോളം എല്ലാ സാധനങ്ങളുടെ വിഷയത്തിലും നാം കോർട്ടിൽ പോകേണ്ടതായിരിക്കും.

മി. കല്ല്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സർക്കാർവക്കീൽ): ഇല്ല. ഒരിക്കലും ഇല്ല. വിതർക്കനീയങ്ങൾ ആയ ദ്രവ്യങ്ങളെ സംബന്ധിച്ചുമാത്രമേ ഉൾഘടനം ജനിക്കുകയുള്ളു. ചില എണ്ണം സാമാനങ്ങളുടെ പേർപറഞ്ഞു കണക്കാക്കുന്നതു സ്ഥിതിയെ ഗുണപ്പെടുത്തുകയില്ല. ഇപ്പോഴത്തെന്നെയും വാദംകൂടാതെതന്നെ ചിലകൂട്ടം സാമാനങ്ങളെ ധാതുക്കളായി നമുക്കു എടുത്തുപറയാവുന്നതാണ്.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): അതു നിയമനിർമ്മിതിയുടെ ഉദ്ദേശത്തെ ഇല്ലാതാക്കുന്നില്ലയോ?

മി. കല്ല്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സർക്കാർ വക്കീൽ): ഇല്ല, അങ്ങനെ ചെയ്യുന്നില്ല.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): നിയമനിർമ്മിതിയുടെ ഉദ്ദേശം എന്താണെന്നു എനിക്കു അറിഞ്ഞാൽ കൊള്ളാം.

മി. കല്ല്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സർക്കാർവക്കീൽ): അതു ഒരു വിശാലമായ പ്രശ്നം ആകുന്നു. അതു ഇവിടെ ജനിക്കുന്നില്ല.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): കഴിവുള്ളിടത്തോളം വ്യവഹാരത്തെ ഒഴിച്ചുവയ്ക്കുന്നതിനായിട്ടാകുന്നു.

മി. കല്ല്യാലംപരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സർക്കാർവക്കീൽ): ഈ നിയമം കൃഷിവേലക്കാരുടെ കാര്യങ്ങളേയും ഖനികൾക്കായി അന്വേഷണങ്ങൾ നടത്തുന്നതിനേയും സുരക്ഷിതമാക്കുന്നതിനായിട്ടാകുന്നു.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): അങ്ങനെ ചെയ്യുന്നതിനു നിങ്ങൾക്കു വ്യവഹാരകാരണങ്ങൾ ജനിച്ചേക്കാം എന്നു മെമ്പർ വിശ്വസിക്കുന്നില്ലയോ?

മി. കല്ല്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സർക്കാർവക്കീൽ): ഇല്ല; വന്നേതീരു എന്നില്ല.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): റെഗുലേഷനിൽ പ്രയോഗിച്ചിരിക്കുന്ന "ധാതു" എന്ന പദത്തിനു അർത്ഥവിവരണം ആവശ്യം ഇല്ല എന്നു ബഹുമെമ്പർ അഭിപ്രായപ്പെട്ടുവോ അഥവാ ആ പദത്തിനു അർത്ഥവിവരണം പറയുന്നതു വിഷമമാണെന്നു അഭിപ്രായപ്പെട്ടുവോ; ഏതാണു അദ്ദേഹത്തിന്റെ വിചാരമെന്നുള്ളതു അദ്ദേഹം വ്യക്തമാക്കേണ്ടിയിരിക്കുന്നു.

മി. കല്ല്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സർക്കാർവക്കീൽ): ശരിയായും നിശേഷമായുമുള്ള അർത്ഥവിവരണം അതിനു ആവശ്യമില്ല; അതു പറയുന്നതു സാദ്ധ്യവും അല്ല.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): റെഗുലേഷനിൽ പ്രയോഗിച്ചിരിക്കുന്ന 'ധാതു' എന്ന പദത്തിനു റെഗുലേഷന്റെ കാര്യത്തിനുവേണ്ടിക്കായി അർത്ഥവിവരണം ആവശ്യം ഇല്ല എന്നും ഞാൻ ഗ്രഹിക്കേണ്ടതാണോ?

മി. കല്ല്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സർക്കാർവക്കീൽ): ഈ നിയമത്തിന്റെ കാര്യത്തിനുവേണ്ടിക്കായി ആ പദത്തിനു അർത്ഥവിവരണം ആവശ്യം ഇല്ല.

മി. എസ്. പീറവിള്ളപ്പരമേശ്വരൻപിള്ള (കച്ചവടവും വ്യവസായവും-തെക്ക): ഈ റെഗുലേഷന്റെ ഒന്നാമത്തെ ഉദ്ദേശ്യം ഈ രാജ്യത്തിൽ ധാതുക്കൾ ഉണ്ടോ എന്നു അറിയുന്നതിനായി തിരിയുകയാണെന്നു ഉദ്ദേശകാര്യവിവരണത്തിൽ പറഞ്ഞിരിക്കുന്നതായി അദ്ദേഹത്തിനു അറിയാമോ? 'ധാതു' എന്നാൽ എന്തു എന്നു അറിയാതെ റെഗുലേഷനെ നടപ്പിലാക്കുന്നതു എങ്ങനെ സാദ്ധ്യം ആകും?

മി. കല്ല്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സർക്കാർവക്കീൽ): ചില ആളുകൾ ഒരു തെററിദ്ധാരണയിൽ വശംവദരായിരിക്കുന്നു എന്നു ഈ പ്രശ്നത്തിൽ ഞാൻ കാണുന്നു. ധാതു എന്നാൽ എന്തു

എന്നു അറിയുവാൻ സാധ്യം അല്ലാ എന്നു ഞാൻ പറയുന്നേ ഇല്ല. 'ധാതു' എന്ന പദത്തിനു പരിഛിന്നമായ അർത്ഥവിവരണം ചെയ്യുന്നതു സാധ്യം അല്ല എന്നുമാത്രമേ ഞാൻ പറയുന്നുള്ളു. സ്വർണ്ണം ഒരു ധാതുവാണോ എന്നു ചോദിച്ചാൽ അതേ എന്നു ഞാൻ മറുപടി പറയാം; മണൽ ഒരു ധാതുവാണോ എന്നുചോദിച്ചാൽ അതു ഒരു ധാതുവല്ല എന്നു ഉടൻതന്നെ ഞാൻ പറയുകയില്ലായിരിക്കാം. ഈ കാര്യങ്ങളെയെല്ലാം എണ്ണിപ്പറയുന്നതു സാധ്യമല്ല. ധാതുവായുള്ള സകലതിനേയും ഉൾപ്പെടുത്തുകയും ധാതുവല്ലാത്തതായ സകലതിനേയും ബഹിഷ്കരിക്കയും ചെയ്യത്തക്കവണ്ണം പരിഛിന്നമായ അർത്ഥവിവരണം നിശ്ചയമാക്കി ചേർക്കുന്നതും ഇതുപോലെതന്നെ അസാധ്യം ആകുന്നു. "ധാതു" എന്നാൽ എന്തു എന്നുള്ള സ്വരൂപജ്ഞാനം നമുക്കു ഇല്ല എന്നുള്ളബോധം സഭയ്ക്കു ഉണ്ടായിരിക്കരുത്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): 'കരിങ്കല്ല്' ഒരു ധാതുവാണോ അല്ലയോ എന്നു പറയുവാൻ നിങ്ങൾ ശക്തരായിരിക്കുന്നില്ലാ എന്നുള്ളതുകൊണ്ടു ഈ സഭ ഇപ്രകാരമുള്ള ബോധത്തോടുകൂടിത്തന്നെ ഇരിക്കുന്നു.

മി. കല്ലൂലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): ധാതുവാണെന്നു അറിയപ്പെട്ടിരിക്കുന്ന സകലതിനേയും ഉൾപ്പെടുത്തത്തക്കവണ്ണവും അതല്ലാഎന്നു അറിയപ്പെട്ടിരിക്കുന്ന സകലതിനേയും വിട്ടുകളയത്തക്കവണ്ണവും പരിഛിന്നമായ അർത്ഥവിവരണം ചെയ്യുന്നതു സാധ്യം അല്ലായിരിക്കാം എന്നിരുന്നാലും ഒരു നിർദ്ദിഷ്ടദ്രവ്യം ധാതുവാണോ അല്ലയോ എന്നുപറയുന്നതിനു എനിക്കും കോടതിക്കും എങ്ങിനെയായാലും സാധ്യമായിരിക്കും.

മി. ശിവതാണുപിള്ള (തോവാള): 'കതിര്' എന്നപദത്തിന്റെ അർത്ഥവിവരണം "കഴുത" എന്നതിൽ നിന്നു വ്യതിരിക്തമാക്കി പറയുവാൻ നിങ്ങൾ ശക്തരായിരുന്നാൽ അല്ലാതെ അതറിയാൻ നിങ്ങൾ ശക്തരാകുന്നതെങ്ങനെ?

മി. എസ്. പിറവിപ്പെരുമാൾപിള്ള (കല്ക്കുളവും വിളവങ്കോടും): ഈ നടപടികൾ യോജിച്ചതാണോ എന്നു ഞാൻ ചോദിച്ചുകൊള്ളുന്നു. നാം ഇവിടെ കതിരകളേയും കഴുതകളേയുംപററി പ്രതിപാദിക്കുന്നില്ല (ചിരി).

മി. എം. ശിവതാണുപിള്ള (തോവാള): ഉദാഹരണത്തിനായി മാത്രം ഞാൻ അതു ഇവിടെ പറഞ്ഞതേയുള്ളു.

മി. കല്ലൂലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): ഒരു അർത്ഥവിവരണം ഇല്ലാതെതന്നെ കതിര് എന്നാൽ എന്തുഎന്നും കഴുത എന്നാൽ എന്തുഎന്നും നമുക്കറിയാം എന്നു ഞാൻ വിശ്വസിക്കുന്നു. അതുതന്നെയാണു എന്റെയും വാദം. ഈ ഉദാഹരണം മെമ്പർ പറഞ്ഞതിനു നന്ദി പറഞ്ഞുകൊള്ളുന്നു.

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): തങ്ങൾക്കുതന്നെ മറുപടിയറിയാവുന്നതായ പ്രശ്നങ്ങൾ മിക്ക മെമ്പർമാരും ചോദിക്കുന്നു എന്നു തോന്നുന്നു. ഇതു ക്രാസ് എക്സാമിനേഷൻ ആണ്, വിവരം അറിയുന്നതിനായി ചോദിക്കുന്ന പ്രശ്നങ്ങൾ അല്ല.

പ്രെസിഡണ്ട്: മി. സുബ്രഹ്മണ്യപിള്ളേ, ഇതു ഒരു വിനോദത്തിനായിട്ടാണ് (ചിരി).

മി. കല്ലൂലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): എന്റെ വാദത്തിന്റെ ഈ ഭാഗത്തെ ഞാൻ ഉപസംഹരിക്കാം. അർത്ഥവിവരണത്തിനു വലിയ ആവശ്യം ഇല്ല; അർത്ഥവിവരണമില്ലായ്മ വിഷയത്തിന്റെ അവകാശത്തെ ഇല്ലാതാക്കുന്നില്ല. ധാതു എന്നാൽ എന്തു എന്നുള്ള സ്വരൂപജ്ഞാനം ഉണ്ടായിരിക്കാൻ നിങ്ങൾക്കു നിശ്ചയമായും കഴിയും. പ്രത്യേകകമ്മിറ്റി ആ വ്യവസ്ഥയെ എടുത്തുകളഞ്ഞു എന്നുള്ള കാരണത്താൽ കാര്യനിർവാഹകരായ അധികാരസ്ഥന്മാർക്കു അവരുടെ ഉത്തരവിനാൽ ഒരു ദ്രവ്യത്തെ സാധുവായി ഉൾപ്പെടുത്തുന്നതു സാധ്യംഅല്ല. വല്ല തർക്കവും ജനിക്കുന്നതായാൽ ഖനികളുടേയോ ധാതുക്കളുടേയോ ഗണനയിൽനിന്നു വല്ല നിർദ്ദിഷ്ടദ്രവ്യത്തേയും വിട്ടുകളയാവുന്നതാണ്. ഒരു സർക്കാരുദ്യോഗസ്ഥൻ വല്ല അനധികൃത പ്രവൃത്തിയും ചെയ്യുന്നതായാൽ കക്ഷികൾക്കു കോടതിയിൽ അപ്പീൽ ചെയ്യുന്നതിനു അധികാരം ഉണ്ട്.

മി. കെ. ഐ. ജോസഫ് (മീനച്ചിലും-ദേവികുളവും): ഈ റെഗുലേഷന്റെ കാര്യത്തിലേക്കായി ധാതുക്കളുടെ ഒരു പട്ടിക ചേർക്കുന്നതായാൽ അതു മതിയാകയില്ലയോ എന്നു അറിയേണ്ടിയിരിക്കുന്നു.

മി. കല്ലൂലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): അക്കാര്യത്തെപ്പററി ആലോചിച്ചുകഴിഞ്ഞു.

മി. കെ. ഐ. ജോസഫ് (മീനച്ചിലും-ദേവികുളവും): ആവശ്യം ഉണ്ടെങ്കിൽ ആ പട്ടികയിൽ കൂടുതൽ എണ്ണം ചേർക്കുന്നതിനുള്ള അധികാരം ഗവൺമെന്റിനു കൊടുക്കാം. അങ്ങനെയെങ്കിലും ജനങ്ങൾക്കു പരിഛിന്നമായ സ്വരൂപജ്ഞാനം ഉണ്ടായിരിക്കും.

മി. കല്ലൂലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): അതിനു എനിക്കു പൂർണ്ണസമ്മതംതന്നെ.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): നമുക്കു പട്ടികയെ മേഖപ്പെടുത്താം.

മി. കല്ലൂലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): അതാണുപ്രയാസം അക്കാര്യത്തിലേക്കായി നമുക്കു കൂട്ടുകൂടി നിയമസഭയ്ക്കു വരാൻ കഴിയുകയില്ല.

മി. സി. പി. ശർക്കൻ (കുന്നത്തുനാട്): മിസ്റ്റർ പി. കെ. നാരായണപിള്ളയുടെ അമെണ്ട്മെണ്ടിൽ പറയുന്ന ഗ്രാനൈറ്റ്, ലാറ്ററൈറ്റ് ഇത്രയും മിനറൽ അല്ല എന്നുപറയുന്നതിനു യാതൊരു വിരോധം ഉണ്ടോ?

മി. കല്ലൂലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): അതിനെക്കുറിച്ചു ഇതാ ഞാൻ പറയാൻപോകുന്നു. ഈ നിയമത്തിന്റെ പ്രധാനോദ്ദേശ്യം കൃഷിവേലക്കാരുടെ ഹിതങ്ങളെ പരിരക്ഷിക്കാനാകുന്നു. ഈക്കാര്യത്തിലേക്കു കരിങ്കല്ല് ധാതുവായി ഗണിക്കുന്നതായാലും അല്ലെങ്കിലും വിരോധം ഇല്ല. അതിനെ ധാതുവായി ഗ്രഹിക്കുന്നതായാലും അതു ജനഹിതത്തിനായിട്ടത്രേ. യാതൊന്നിനേയും ധാതുവാക്കി ഉൾപ്പെടുത്തുന്നതിനു ഗവൺമെന്റിനു സാധ്യം ആക്കുന്നതായ യാതൊരു അധികാരവും ഗവൺമെന്റിനു നിശ്ചയിട്ടുണ്ട് എന്നുബോധം സഭയ്ക്കു ഉണ്ടായിരിക്കരുതു.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഇന്നയിന്ന ദ്രവ്യം ധാതുവാണെന്ന ഉൾപ്പെടുത്തിപ്പറയുവാൻ ഗവണ്മെന്റിനു പാടില്ലയോ?

മി. കല്ലാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സർക്കാർവക്കീൽ): ഇല്ല, ഗവണ്മെന്റിനു അപ്രകാരം, പ്രഖ്യാപനം ചെയ്യാൻപാടില്ല,

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): അവസാനത്തീർച്ചയ്ക്കു അധികാരമുള്ള ഉദ്യോഗസ്ഥൻ ആരാണ്

മി. കല്ലാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സർക്കാർവക്കീൽ): ധാതുവല്ലാത്ത വല്ലതിനേയും ധാതുവാണെന്നു ഗവർമ്മെണ്ട് പ്രഖ്യാപനം ചെയ്യുന്നതായാൽ സങ്കടമുള്ള ആളിനു സിവിൽകോടതികളിൽ പോകുന്നതിനുള്ള അധികാരം ഉണ്ട്.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): അങ്ങനെ ചെയ്യാൻ കോർട്ടിനു അധികാരമുണ്ടോ? ഇന്നയിന്നദ്രവ്യം ധാതുവാണെന്നു ഏതിനെ അടിസ്ഥാനപ്പെടുത്തി നിർണ്ണയിക്കാൻ കോടതിക്കുകഴിയും?

മി. കല്ലാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സർക്കാർവക്കീൽ): ഉണ്ട്. അങ്ങനെ അവർക്കു അധികാരം ഉണ്ട്,

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഒരുകോടതി ആലോചിക്കാൻ ഇടയുള്ളതായ സകലകാര്യങ്ങളേയും നമുക്കു ആലോചിക്കയും നാംതന്നെ ഒരു അർത്ഥവിവരണം ഉണ്ടാക്കയും ചെയ്യാൻ കഴിയുകയില്ലയോ?

മി. കല്ലാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സർക്കാർവക്കീൽ): സകലകാര്യങ്ങളും ഉൾപ്പെടുത്തുന്നതായ ഒരു അർത്ഥവിവരണം എന്റെ സ്നേഹിതനു പറയാമല്ലോ. ആ അർത്ഥവിവരണം, ആപദത്തിൽ ഉൾപ്പെടേണ്ടതായ സകലതും ഉൾപ്പെടുന്നതും അതിൽ ഉൾപ്പെടുത്തിക്കൂടാത്തതായ സകലതും വിട്ടുതീയിരിക്കുന്നതും ആയ ഒന്നായിരിക്കണം. അപ്രകാരമുള്ള ഒരു അർത്ഥവിവരണം നിർദ്ദേശിക്കാൻ എന്റെ സ്നേഹിതൻ ശക്തൻ ആണെന്നുവരികിൽ അതിനെ ആലോചിക്കുന്നതിനു എനിക്കു സന്തോഷം ഉണ്ടായിരിക്കും. ഞാൻ ഇപ്പോൾ മി. പി. കെ. നാരായണപിള്ള നിർദ്ദേശിച്ചതായ അർത്ഥവിവരണത്തെക്കുറിച്ചു പ്രതിപാദിക്കുകയാകുന്നു. ഇപ്പോൾ സഭാസമക്ഷം ഉള്ള ചോദ്യം മിസ്റ്റർ പി. കെ. നാരായണപിള്ള നിർദ്ദേശിച്ചതായ അർത്ഥവിവരണം അംഗീകാര്യമാണോ അല്ലയോ എന്നുള്ളതാണ്.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ഭേദപ്പെടുത്തപ്പെട്ട അർത്ഥവിവരണത്തെ അംഗീകരിക്കാൻ കഴിയുമോ?

മി. കല്ലാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): ഭേദപ്പെടുത്തിയ അർത്ഥവിവരണം ഒന്നും ഇവിടെ ഇല്ല. ഞാൻ വാദങ്ങൾക്കു മറുപടിപറയുന്നതേയുള്ളു. മിസ്റ്റർ നാരായണപിള്ള പറഞ്ഞതായ അർത്ഥവിവരണത്തെപ്പറ്റി ഞാൻ പരിശോധിക്കാം. അതു ഇപ്രകാരം ആണ്:—ധാതുക്കൾ എന്നാൽ അതാതു സ്ഥലത്തിലെ നടപ്പും ആചാരങ്ങളും അനുസരിച്ചു അപ്രകാരമാണെന്നു ഗണിക്കപ്പെട്ടിരിക്കുന്ന ദ്രവ്യങ്ങൾ ആകുന്നു'' 'അതാതു സ്ഥലത്തെ നടപ്പും ആചാരങ്ങളും' അവ എന്താണ്. അവ അപരിചരിതാർത്ഥങ്ങൾ അല്ലേ? തർക്കംവരുന്നകാലത്തിൽ കോടതിമുഖേനയല്ലാതെ നടപ്പു എന്നതിനെ എങ്ങനെ തീർച്ചപ്പെടുത്തും? ഈ സ്ഥിതിക്കു ഈ അർത്ഥവിവരണത്താൽ കോടതിയുടെ പ്രവേശനം കുറയ്ക്കപ്പെട്ടിട്ടില്ല. ഒരു സ്ഥലത്തെ നടപ്പു എന്തുഎന്നുള്ളതു എന്റെ മതം അനുസരിച്ചും മിസ്റ്റർ ശിവരാമപ്പണിക്കരുടെ മതം അനുസരിച്ചും ഭിന്നമായിരിക്കാം: എന്റെ മതപ്രകാരം കൽക്കരിയെ ധാതുവായി ഗണിക്കുന്നതു സ്ഥലത്തെ നടപ്പും രീതിയും ആയിരിക്കാം; മിസ്റ്റർ പണിക്കരുടെ അഭിപ്രായമനുസരിച്ചു അതു അങ്ങനെയല്ലാതേയുമിരിക്കാം. ഈ അർത്ഥവിവരണത്തെ നാം സ്വീകരിക്കുന്നതായാലും അതു അനിശ്ചിതാർത്ഥവും അപരിചരിതവും ആയിരിക്കും; അതു പരിചരിതമായ അർത്ഥവിവരണം അല്ല. അതിലും വിവാദത്തിനു ഇടയുണ്ട്. എന്നിട്ടും നമുക്കു സിവിൽ കോടതിയിൽ പോകേണ്ടിയിരിക്കുന്നു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): സ്ഥലത്തെ ആചാരത്തെ ഉദ്ധരിച്ചു പറഞ്ഞതായ ഒരു ജഡ്ജിയുടെ അഭിപ്രായത്തെ എന്റെ സ്നേഹിതൻ ഉദ്ധരിച്ചു.

മി. കല്ലാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): അതേ സ്ഥലത്തെ ആചാരം എന്നു നിങ്ങൾ പറയുന്നതായാലും വിവാദത്തിനു ഇടയുണ്ട്. സിവിൽ കോടതികളുടെ തീർച്ചയും ആവശ്യപ്പെടും.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): ആ ജഡ്ജി അങ്ങനെ പറഞ്ഞില്ല.

മി. കല്ലാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ); സ്ഥലത്തെ നടപ്പു എന്നതിനെ തെളിവുകൊണ്ടും മററു കാര്യങ്ങൾകൊണ്ടും തീർച്ചപ്പെടുത്തേണ്ടതാണ്. ഉദാഹരണമായിപറയാം ഈ അർത്ഥവിവരണത്തെവച്ചുകൊണ്ടു മണൽ ധാതുവാണോ അല്ലയോ എന്നു നമുക്കു പറയാൻകഴിയുമോ? സ്ഥലത്തെ നടപ്പു നമുക്കു നോക്കേണ്ടിവരും. ഒരു സ്ഥലത്തെ നടപ്പനുസരിച്ചു അതു ധാതുവായി ഗണിക്കപ്പെടാം. എന്നാൽ മിസ്റ്റർ മാധവൻപിള്ള ആ അഭിപ്രായം സ്വീകരിക്കയില്ലാ എന്നുവരാം. തർക്കവിവാദം ജനിക്കുമ്പോൾ നീതിന്യായകോടതിയിൽ ചെന്നല്ലാതെ അതിനെ തീർച്ചപ്പെടുത്തുന്നതെങ്ങിനെ? അതുകൊണ്ടു ഈ അർത്ഥവിവരണവും ഇപ്പഴത്തെ നിലയ്ക്കു പുരോഗതിവരുത്തുന്നില്ല.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): അതു ചരൽകല്ലിനേയും വെട്ടുകല്ലിനേയും വിട്ടുകളയുന്നില്ലയോ?

മി. കല്ലാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): ഉണ്ട്. എന്നാൽ ശരിയായ അർത്ഥവിവരണത്താൽ അല്ല; സാധനങ്ങളെ എടുത്തുപറഞ്ഞിട്ടാണ് അപ്രകാരം ചെയ്തിരിക്കുന്നതു. പിന്നീട അതു അർത്ഥവിവരണത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു:— "ഭൂമിയുടെ ഉപരിതലത്തിലൊ അന്തർഭാഗത്തിലൊ ചേർന്നതായൊ വെളിയിൽ വരുന്നതായോ കാണപ്പെടുന്നതും എന്നാൽ അതുമായി സജാതീയം അല്ലാത്തതുമായ രസസംസ്കൃതധാതു, എണ്ണകൾ, കൽക്കരി എന്നിവയെപ്പോലെ" ഭൂമിയുടെ ഉപരിതലത്തിൽനിന്നു ഭിന്നം ആണെങ്കിൽ ഏതു ദ്രവ്യം ധാതുവായിരിക്കാൻ ഇടയുണ്ട് എന്നു ഞാൻ അറിയുന്നില്ല. സെഞ്ച്വറിഡിക്ഷനറിയിൽ 'മിനറൽ' എന്ന പദത്തിന്റെ അർത്ഥം എന്തു പറഞ്ഞിരിക്കുന്നു എന്നു നോക്കാം. "മിനറൽ എന്നാൽ ഭൂമിയുടെ ഉപരിതലത്തിന്റെ ഏതു സംഘടനവുമാകുന്നു" സെഞ്ച്വറിഡിക്ഷനറിയെ പ്രമാണഗ്രന്ഥമായി

ഗണിക്കാംഎന്നു ഞാൻ വിചാരിക്കുന്നു. അതു ഭൂമിയുടെ ഉപരിതലവുമായി സജാതീയമായിരിക്കണമെന്നു എന്നു മിസ്റ്റർ പി. കെ. നാരായണപിള്ള പറയുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സാധാരണ ഉപരിതലമായി എന്നു ഞാൻ പറയുന്നു.

മി. കല്ലാകം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): അതേ, സാധാരണ ഉപരിതലം എന്നാൽ എന്തു്? ഈ ഉപരിതലം എന്നു സാധാരണമായി അറിയപ്പെട്ടിരിക്കുന്നതിൽനിന്നു ഭിന്നമാണോ അല്ലെന്നുവരികിൽ അതു ഭൂമിയുടെ ഉപരിതലത്തിൽനിന്നു എത്രയടി താഴെയുള്ളതു? അഞ്ചടിയോ ആറടിയോ? ഇവിടെ തർക്കംവരുന്നു; നിങ്ങൾ സാധാരണമായ അർത്ഥത്തെ ഗ്രഹിക്കുന്നതായാൽ ഉപരിതലം എന്നതിൽ ഉടകിപ്പോയ അന്തർഭാഗം ഉൾപ്പെടെ സകലവും ഉൾപ്പെടണം. ആ സ്ഥിതിക്കു ഈ അർത്ഥവിവരണം നമ്മെ എങ്ങനെ സഹായിക്കും. ഇതിനുപുറമേ മിസ്റ്റർ നാരായണപിള്ളയുടെ അർത്ഥവിവരണത്തിൽ അദ്ദേഹം കൽക്കരിയെ ധാതുവായി ഗണിക്കുന്നു; എന്നാൽ അതേ വാക്യത്തിൽതന്നെ സകല സസ്യദ്രവ്യത്തെയും വിട്ടുകളയുംചെയ്യുന്നു. എന്നാൽ കൽക്കരി സസ്യദ്രവ്യംഅല്ലയോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അത്രത്തോളം അതിനെ വിട്ടുതിയിരിക്കുന്നു.

മി. കല്ലാകം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): ഈ സ്ഥിതിക്കു ഈ അർത്ഥവിവരണം പൂർണ്ണമല്ല. ഇതിനുപുറമേ "മണ്ണിനെ ആശ്രയിക്കാത്തതും അതിൽ അതിൽനിന്നു വേർതിരിഞ്ഞതും" എന്നു അർത്ഥവിവരണത്തിൽ പറഞ്ഞിരിക്കുന്നു. അതിന്റെ സാരം ധാതുവും മണ്ണിന്റെ ഒരംശം ആയിരിക്കണംഎന്നാകുന്നു. അതുകൊണ്ടു സാധാരണ മണലും ധാതു എന്ന പദത്തിന്റെ അർത്ഥവിവരണത്തിൽ ഉൾപ്പെടും; എന്തുകൊണ്ടെന്നാൽ മുഴുവൻ മണ്ണിനേയും ധാതുവായി ഗ്രഹിച്ചിരിക്കുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതു അതിന്റെ ഒരു ഭാവമാണ്.

മി. കല്ലാകം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): മുഴുവൻ തറയും ധാതു അടങ്ങിയിരിക്കുന്നതായി ഗ്രഹിക്കപ്പെട്ടിരിക്കുന്നു. ഞാൻ രണ്ടു മുഖ്യ ലക്ഷണങ്ങളെപ്പറ്റിപ്പറയാം. ഈ അർത്ഥവിവരണത്തെ സ്വീകരിക്കുന്നതായാൽ ഭൂമിയിലുള്ള യാതൊന്നും ധാതുവാകയില്ല: എന്നാൽ സകലവും ധാതുവാകയുംചെയ്യും. മിസ്റ്റർ പി. കെ. നാരായണപിള്ള അത്രം ഇതു ഹാജരാക്കിയതു മുതൽതന്നെ ഈ നിയമത്തിനു പ്രതികൂലമായി വാദിച്ചുവരുന്നു. ഈ അർത്ഥവിവരണരചന അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ ഇരുന്നിരിക്കണം. എന്നാൽ അർത്ഥവിവരണത്തിന്റെ ഒരു ഭാഗംഅനുസരിച്ചു യാതൊന്നും ധാതുവാകയില്ല; എന്നാൽ മറ്റേഭാഗം അനുസരിച്ചു സകലവും ധാതുവാകും. ഞാൻ എന്റെ സ്നേഹിതനെ കുറ്റംപറയുന്നില്ല. നേരെമറിച്ചു അദ്ദേഹത്തിന്റെ പരിശ്രമത്തെ ഞാൻ അഭിനന്ദിക്കുന്നു. ധാതുവിന്റെ അർത്ഥവിവരണം പറയുന്നതിനു ഇംഗ്ലണ്ടിലെ അനേകം ജഡ്ജിമാർ വിഷമപ്പെട്ടിട്ടുണ്ട്. അതേകാലത്തുതന്നെ അതിന്റെ സ്വരൂപജ്ഞാനം നമുക്കു ഉണ്ടായിരിക്കാവുന്നതും ആകുന്നു. അതിനെ ക്ലിപ്തമായി വാക്കുകളിൽചേർത്തു പറവാൻ സാധിക്കുന്നില്ല എന്നുമാത്രമേയുള്ളു.

മിസ്റ്റർ എം. ശിവതാണുപിള്ള (തോവാള): സ്വരൂപജ്ഞാനം അതാതുസ്ഥലത്തെ നടപ്പിനേയും ആചാരത്തേയും അധിഷ്ഠാനപ്പെടുത്തിട്ടുള്ളതല്ലയോ?

മി. കല്ലാകം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): അതേ, അതിന്മേലും ധാതു എന്നാൽ ആദായം ഉണ്ടാക്കുന്ന കാര്യത്തിലേക്കായി ഭൂമിയുടെ ഉപരിതലത്തിന്റെ കീഴിൽനിന്നു എടുക്കപ്പെടാവുന്നതായ സകലദ്രവ്യവും എന്നു അർത്ഥമാക്കണം എന്നു ബ്യൂവർ ഉണ്ടാക്കിയ "ഡാഡിക്ഷനറിയിൽ" കാണുന്നു. അതിൽ കൽക്കരി ചായത്തിനായി ഉപയോഗിക്കുന്ന കല്ലു സ്വതന്ത്രമായ കല്ലു, മണ്ണെണ്ണ, പ്രകൃത്യാഉള്ള ഗ്യാസ് റോഡ് ഉണ്ടാക്കുന്നതിനുള്ള കല്ലു, ചുട്ടകല്ലുണ്ടാക്കുന്നതിനുള്ള കളിമണ്ണു ഇവയും ഉപ്പു കല്ലുരിമുതലായവയും കൂടി ഉൾപ്പെടുന്നതായി ഗണിക്കപ്പെട്ടിരിക്കുന്നു. അങ്ങനെയാണ് അതിനെ വിവരിച്ചിരിക്കുന്നതു്. താഴ്ത്തലക്കണ്ണത്തെ സഭ അംഗീകരിക്കുമൊ എന്നുഎനിക്കു അറിഞ്ഞുകൂടാ; മോണസൈറ്റ് നിശ്ചയമായും ധാതുവത്രേ, അതിനെ അതിൽ ഉൾപ്പെടുത്തിട്ടുമില്ല.

മി. കെ. ഐ. ജോസഫ് (മീനച്ചലും ദേവികുളവും): ധാതു എന്നാൽ എന്താണെന്നു ജനങ്ങൾ സാമാന്യേന ധരിക്കുന്നതെന്നു ബഹുമെമ്പർ വിചാരിക്കുന്നതു്?

മി. കല്ലാകം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): അതേ, അതാണ്എന്റെവാദം.

മി. കെ. ഐ. ജോസഫ് (മീനച്ചലും ദേവികുളവും): മിനറൽ എന്നതിനു മലയാളപദം എന്താണെന്നു നിങ്ങൾക്കു പറയാൻകഴിയുമൊ?

മി. കല്ലാകം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): ശരിയായ വാക്കുപറയാൻ എനിക്കു കഴിയുകയില്ല.

മി. കെ. ഐ. ജോസഫ് (മീനച്ചലും ദേവികുളവും): മിനറൽ എന്നതിനു മലയാളപദം എന്താണെന്നു പറയുന്നതിനു അദ്ദേഹത്തിനുപോലും വിഷമമാണെന്നുവരികിൽ സാധാരണ ജനങ്ങൾക്കു അതു അറിയാൻ കഴിയുന്നതെങ്ങനെ?

മി. കല്ലാകം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): പാശ്ചാത്യദേശത്തുനിന്നും അനേകം ആശയങ്ങൾ ജനങ്ങൾ ഗ്രഹിച്ചിട്ടുണ്ട്, അവയെ അവർ നല്ലപോലെ മനസ്സിലാക്കിട്ടും ഉണ്ട്. പക്ഷെ അവയെ മലയാളത്തിൽ പറയാൻ കഴിയുകയും ഇല്ല. എന്നിരുന്നാലും 'മിനറൽ' എന്ന പദത്തിനു മലയാളത്തിൽ "ലോഹം" എന്നു പറയാവുന്നതാണ്.

മി. എസ്. പിറവിപെരുമാൾപിള്ള (കല്കുളവും വിളവങ്കോടും): മൈൻ എന്നാൽ എന്താണെന്നു പറഞ്ഞുതരുമോ?

മി. കല്ലാകം പരമേശ്വരൻപിള്ള (അഡിഷനൽഹെഡ്സർക്കാർവക്കീൽ): അതിനു ഖനിഎന്നു മലയാളത്തിൽ പറയാം. ഏതായാലും അതു വാദസംഗതിക്കു ബാഹ്യമായുള്ളതാണ്. ധാതു എന്നാൽ എന്താണെന്നും ഇന്നതു ധാതു അല്ല എന്നും ഒരു സ്വരൂപജ്ഞാനം നമുക്കു നിശ്ചയമായും ഉണ്ട്. തർക്കംവരുന്ന സംഗതികളിൽ തീർച്ചചെയ്യാൻ സിവിൽകോർട്ട് എന്ന അധികാരസ്ഥാനവുംഉണ്ട്.

മി. വി. സുബ്ബയ്യർ (ഗവണ്മെന്റ നിയമിച്ചമെമ്പർ) (ഡെപ്യൂട്ടിപ്രസിഡണ്ട്): ഇന്ന ധാതു എന്നു അറിയപ്പെട്ടിട്ടില്ലാത്ത ഒരു ദ്രവ്യം നാളെ ഒരു ധാതുവായി ഭവിച്ചേക്കാം.

മിസ്റ്റർ കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): നിശ്ചയമായും അങ്ങനെ തന്നെ.

മിസ്റ്റർ കെ. ഐ. ജോസഫ് (മീനച്ചലും ദേവികുളവും): ഇനിമേൽ ജനിക്കാൻപോകുന്ന ഖനികളെകുറിച്ചു നിങ്ങൾ പ്രതിവാദിക്കുന്നുവോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): അതെ.

മി. കെ. ഐ. ജോസഫ് (മീനച്ചലും ദേവികുളവും): ഖനികളിൽ വേലചെയ്യുന്ന കൂലിവേലക്കാരെകുറിച്ചല്ലയോ നാം ഇപ്പോൾ പ്രതിവാദിക്കുന്നത്.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): ഏതുകാലത്തും ഖനി എന്നു അറിയപ്പെട്ടിരിക്കുന്നവയിൽ.

മി. കെ. ഐ. ജോസഫ് (മീനച്ചലും ദേവികുളവും): നമുക്ക് അറിയാൻപാടില്ലാത്ത കാര്യങ്ങളെകുറിച്ചു നാം നിയമം ഉണ്ടാക്കുകയാണോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): അല്ല. അതു അങ്ങനെയല്ല. ചില സാധനങ്ങൾ അടുത്തകാലത്തുമാത്രമേ കണ്ടറിയപ്പെട്ടിട്ടുള്ളു എന്നും അവ ധാതുവാണോ അല്ലയോ എന്നുള്ളതിനെക്കുറിച്ചു തർക്കം ഇല്ലാഎന്നും മി. ചാക്കോ ഇന്നലെ ചൂണ്ടിക്കാണിച്ചു.

മി. വി. സുബ്ബയ്യർ (ഗവണ്മെന്റ നിയമിച്ചമെമ്പർ) (ഡെപ്യൂട്ടിപ്രസിഡണ്ട്): ഈ അർത്ഥവിവരണത്തെ അംഗീകരിക്കുന്നതായാൽ അർത്ഥവിവരണമില്ലായ്മയാൽ ജനിക്കുന്ന വൈഷമ്യത്തെ അപേക്ഷിച്ചു കൂടുതൽ വൈഷമ്യത്തിനു ഇടയുണ്ടാകും എന്നു ബഹു. മെമ്പർ പറയുന്നതായി ഞാൻ മനസ്സിലാക്കട്ടെയോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): അതെ, ഞാൻ സങ്കടം അറിയിച്ചതുപോലെ നാം ഈ അർത്ഥവിവരണം അനുസരിച്ചു നോക്കുന്നതായാൽ ധാതു എന്നാൽ എന്താണെന്നു നമുക്കു അറിഞ്ഞുകൂടാ. ഒരു ദ്രവ്യം സകലതും ധാതുവായിത്തീരാം; യാതൊന്നും ധാതുവല്ല എന്നും ആയിഭവിക്കാം. ആ സ്ഥിതിക്കു ആ അർത്ഥവിവരണത്തെ അംഗീകരിക്കുന്നതുകൊണ്ടുള്ള പ്രയോജനം എന്ത്. നാം ഭൂലോകത്തിലെ മററു ഭാഗങ്ങളെ അനുവർത്തിക്കരുതോ? ബ്രിട്ടീഷ് ഇൻഡ്യയിലും ഇംഗ്ലണ്ടിലും മററെല്ലായിടത്തും അതു അർത്ഥവിവരണം ഇല്ലാതെ അറിയപ്പെട്ടിരിക്കുന്നു. ഇംഗ്ലണ്ടിൽ കരം ഏർപ്പെടുത്തുന്നതിനുള്ള ഒരു നിയമത്തിൽ പോലും ധാതു എന്ന പദത്തിനു അർത്ഥവിവരണം പറയുവാൻ അവർ ശക്തരായിത്തീർന്നിട്ടില്ല. അവർ ശക്തരായിരുന്നുവെങ്കിൽ ഇംഗ്ലണ്ടിലെ നിയമകർത്താക്കൾ അങ്ങിനെ ചെയ്യുമായിരുന്നു. മണൽപോലെയുള്ള വല്ല പ്രത്യേക സാധനത്തെയും നിങ്ങൾക്കു വിട്ടുകളയണം എന്നുണ്ടെങ്കിൽ അതിനു യാതൊരു വൈഷമ്യവും ഇല്ല. ഏതു അവസരത്തിലും അപ്രകാരം ചെയ്യാവുന്നതാണ്.

മി. സി. പി. തോമസ് (ഗവണ്മെണ്ട് നിയമിച്ച മെമ്പർ): അതിനെ വിടുത്തുന്നതാണെന്നുള്ളതു ഗവണ്മെണ്ടു ഉറപ്പുപറയുമോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): മണലിനേയും സാധാരണകളിമണ്ണിനേയും ധാതുക്കളായി ഉൾപ്പെടുത്തണം എന്നല്ല എന്റെ ഉദ്ദേശ്യം.

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): അടുത്തകാലംവരെ മോണസൈറ്റ് സാധാരണ മണലായി ഗണിക്കപ്പെട്ടിരുന്നു. ഇപ്പോൾ അതു ധാതുവായിരിക്കുന്നു.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): അതേ തർക്കവാദങ്ങൾ എല്ലാം തീർച്ചചെയ്യുന്നതിനു സമർത്ഥമായ വിദഗ്ദ്ധന്മാർ ഉണ്ടു; സർവോപരി സിവിൽ കോടതികളും ഉണ്ടു. ഏതെങ്കിലും ദ്രവ്യങ്ങളെ ഒഴിക്കുന്നതിനായി ഒരു ഭേദഗതിക്കു അറിയിപ്പു മിസ്റ്റർ സി. പി. തോമസ് അയച്ചിരുന്നു എങ്കിൽ അതിനെകുറിച്ചു ഞാൻ ചിന്തിക്കുമായിരുന്നു. ധാതു എന്നതിൽ മണൽ ഉൾപ്പെടുകയില്ല എന്നു കരുതണമെന്നു മി. പി. കെ. നാരായണപിള്ള ആവശ്യപ്പെട്ടിരുന്നു എങ്കിൽ എനിക്കു അതു അംഗീകരിക്കാൻ കഴിയുമായിരുന്നു. ഇതിൽ ജനങ്ങൾക്കു വല്ല സങ്കടവും ഉണ്ടെന്നു അവർ കാണിച്ചാൽ വ്യത്യസ്തങ്ങളായിട്ടുള്ളവയെകുറിച്ചു ഗവണ്മെന്റ പരസ്യം പ്രസിദ്ധപ്പെടുത്തുന്നതാണു.

മി. സി. പി. തോമസ് (ഗവണ്മെന്റ നിയമിച്ച മെമ്പർ): സാധാരണ മണലിനെ അതിൽനിന്നും വിടുത്തി ഗവണ്മെന്റു സങ്കടപരിഹാരം വരുത്തുവാൻ പാടില്ലേ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): എന്റെ അഭിപ്രായത്തിൽ സാധാരണ മണൽ ധാതുവാകയില്ല. എന്നാൽ മോണസൈറ്റ് ധാതുവാണെന്നു മി. സുബ്രഹ്മണ്യപിള്ളയ്ക്കു ചൂണ്ടിക്കാണിക്കാൻകഴിഞ്ഞു.

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): മററൊരു തരത്തിലുള്ള ചുവന്ന മണൽ ഉണ്ടു. അതും ധാതുവായി ഗണിക്കപ്പെട്ടിരിക്കുന്നു.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ് സർക്കാർവക്കീൽ): ഭേദഗതിക്കു അറിയിപ്പു തന്നാൽ അല്ലാതെ എനിക്കു പരിഹാരമായി പറയാൻ സാധിക്കുന്നതല്ല. ഉചിതസംഗതികളിൽ ഗവണ്മെന്റ വ്യത്യാസം ഉണ്ടാക്കും എന്നുമാത്രമേ എനിക്കു പറയുവാനുള്ളു.

മി. കെ. കെ. തോമസ് (കോട്ടയം): മണലിനെയും മററു സാധനങ്ങളേയും പ്രത്യേകമായി ഒഴിക്കുവാൻ ഒരു ഭേദഗതി കൊണ്ടുവരുന്നതിനു അദ്ദേഹം സന്നദ്ധനാകുമോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ് സർക്കാർവക്കീൽ): ഒരു ഭേദഗതിക്കു അറിയിപ്പു കൊടുക്കുന്നതായാൽ അതിനെപ്പററി ആലോചിക്കുന്നതിനു എനിക്കു ആക്ഷേപം ഇല്ല. ഇന്നതു ഖനിയാണെന്നോ ധാതുക്കളാണെന്നോ ഉള്ളതിനു പ്രഖ്യാപനം ചെയ്യുവാൻ ഗവണ്മെന്റിനു അധികാരം ഇല്ലാതിരിക്കെ, വ്യത്യാസം ഉണ്ടാക്കുവാൻ ഗവണ്മെന്റിനു അധികാരമുണ്ടു്.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഈ റെഗുലേഷന്റെ കാര്യത്തിലേക്കായി ഇന്നയിന്ന ദ്രവ്യങ്ങൾ ധാതുക്കൾ ആകുന്നു എന്നു നമുക്കു പറയാൻ പാടില്ല.

മി. കല്ല്യാഘം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർ വക്കീൽ): അങ്ങനെയുള്ള പട്ടിക പൂർണ്ണമായിരിക്കയില്ല.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ആചാരത്താലും നടപ്പിനാലും നാം അറിയാവുന്നിടത്തോളം ആകരുതേ?

മി. കല്ല്യാഘം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): അതു ഇപ്പോഴത്തെനിലയിൽ യാതൊരു സഹായവും നൽകുന്നില്ല.

മി. ശിവരാമപ്പണിക്കർ (ചേർത്തല): ഏതാനും ദ്രവ്യങ്ങളെ നമുക്ക ഒഴിവാക്കാൻ പാടില്ലേ?

മി. കല്ല്യാഘം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ് സർക്കാർവക്കീൽ): അതേ, അതു ശക്യമാണ്. അങ്ങനെയുള്ള ഒരു ഭേദഗതിക്ക അറിയിപ്പുകിട്ടിയാൽ അല്ലാതെ ഇപ്പോൾ വല്ലതും ചെയ്യുന്നതു എങ്ങനെ ശക്യം ആകും.

പ്രസിഡണ്ടു: വാദപ്രതിവാദം അവസാനിച്ചു. മി. നാരായണപിള്ള അദ്ദേഹത്തിന്റെ ഭേദഗതിയെ നിർബന്ധിക്കുന്നുവോ പിൻവലിക്കുന്നുവോ എന്നു മാത്രമേ എനിക്ക ചോദിക്കുവാനുള്ളു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ബില്ലിന്റെ മൂന്നാമത്തെ വായനയ്ക്കുള്ള അവസരത്തിൽ ബഹുമെമ്പർ ഈ പ്രശ്നത്തെപ്പറ്റി സമഷ്ടിയായി പുനരാലോചിക്കുമെങ്കിൽ അതു മതിയാകും എന്നുതോന്നുന്നു.

മി. കല്ല്യാഘം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ് സർക്കാർ വക്കീൽ): ഏതാനും സാധനങ്ങളെ വിട്ടുത്തുന്നതാണോ?

പ്രസിഡണ്ടു: വിട്ടുത്തുന്നതിനുള്ള പട്ടിക, അതിനോടു കൂട്ടിച്ചേർക്കുന്നതിനുള്ള അധികാരത്തോടുകൂടി.

മി. കല്ല്യാഘം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ് സർക്കാർ വക്കീൽ): അതിനെപ്പററി ചിന്തിക്കുന്നതിൽ എനിക്ക വിരോധം ഇല്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതു മതി. ഭേദഗതി പിൻവലിക്കാൻ ഞാൻ സന്നദ്ധൻ ആണ്.

പ്രസിഡണ്ടു: വിട്ടുത്തുന്ന ദ്രവ്യങ്ങൾക്കുള്ള ഒരു പട്ടിക അതിൽ കൂട്ടിച്ചേർക്കുന്നതിനോ അതിൽനിന്നു ഒഴിവാക്കുന്നതിനോ ഉള്ള അധികാരത്തോടുകൂടിയതു ആകുന്നു ആവശ്യപ്പെട്ടിരിക്കുന്നതു.

ഭേദഗതി സമ്മതപ്രകാരം പിൻവലിക്കപ്പെട്ടു.

വകുപ്പുകൾ ൩ മുതൽ ൭ വരെ.

മി. ജി. രാമൻമേനവൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): "൩ മുതൽ ൭ വരെ വകുപ്പുകളെ വിട്ടുകളയും പിന്നീടുള്ള വകുപ്പുകൾക്ക നമ്പർ ഇതനുസരിച്ചു മാററുകയും ചെയ്യണം" എന്നുള്ള ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

മി. കല്ല്യാഘം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ് സർക്കാർ വക്കീൽ): നടപടിക്രമത്തെപ്പററി ഞാൻ പറഞ്ഞുകൊള്ളുന്നു, ൩ മുതൽ ൭ വരെ വകുപ്പുകൾ ഖനികളും ധാതുക്കളും കണ്ടുകിട്ടുന്നതിനായി തിരയുക എന്ന തലക്കെട്ടിൽ ൫-ാം അദ്ധ്യായത്തിൽ ഉൾപ്പെട്ടിരിക്കുന്നു എന്നു കാണുന്നതാണ്. ഈ ബില്ലിന്റെ മുഖതത്വങ്ങളിൽ ഒന്നു ധാതുക്കൾ ഉണ്ടോ എന്നു അറിയുന്നതിനായുള്ള അന്വേഷണത്തെ സംബന്ധിച്ചതാകുന്നു ഈ അദ്ധ്യായത്തെ എടുത്തുകളഞ്ഞാൽ ഖനികളും ധാതുക്കളും കണ്ടുപിടിക്കുന്നതിനുള്ള അന്വേഷണത്തെ സംബന്ധിച്ചു യാതൊരു വ്യവസ്ഥയും ഇല്ലാതിരിക്കുന്നതാണ്. ബില്ലിന്റെ പ്രഥമദശയിൽ ഈ പ്രശ്നം സ്പഷ്ടമായി ഉത്ഭവിച്ചു. തിരയുന്നതിനെസംബന്ധിച്ചു വ്യവസ്ഥ ചെയ്യേണ്ടതിനുള്ള ആവശ്യകതയെക്കുറിച്ചു ഏതാനും വാദപ്രതിവാദം നടന്നു. അതിനു മറുപടിയായി എന്റെ പുരോഗാമി മിസ്റ്റർ സുബ്ബയ്യരും തന്റെ ഡിപ്പാർട്ട്മെന്റിന്റെ ഉന്നതത്തെ കമ്മതി മി. ചാർക്കോയും മറുപടി പറഞ്ഞു.

മി. എസ്. പി. പഴവിളപ്പത്മനാഭപിള്ള (കച്ചവടവും വ്യവസായവും തെക്ക): നടപടിക്രമത്തെപ്പററി പറയുന്നതിന ഞാൻ രീതിവാദത്തിനായി ഞാൻ എഴുന്നേൽക്കുന്നു. ബഹുമെമ്പർ മി. രാമൻമേനവനു മറുപടി പറയുകയാണോ എന്നു അറിയാൻ എനിക്ക ആഗ്രഹമുണ്ട്.

മി. വി. സുബ്ബയ്യർ (ഗവണ്മെന്റു നിയമിച്ച മെമ്പർ) (ഡെപ്യൂട്ടി പ്രസിഡന്റ): അദ്ദേഹം ഒരു രീതിവാദം പുറപ്പെടുവിച്ചതേയുള്ളു.

മി. കല്ല്യാഘം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ് സർക്കാർവക്കീൽ): ഞാൻ രീതിവാദം പുറപ്പെടുവിക്കുന്നേയുള്ളു.

ഈ നിർദ്ദിഷ്ട പ്രശ്നത്തെ ഉദ്ദേശിച്ചു വാദപ്രതിവാദം നടത്തിയതിൽപിന്നീടു ഈ നിയമത്തിന്റെ പ്രഥമദശയെ സഭ അംഗീകരിച്ചപ്പോൾ ആ തത്വം നഭയാൽ അംഗീകരിക്കപ്പെട്ടു.

ഈ നിയമം ധാതുക്കളുടെ ഐശ്വര്യത്തേക്കൂടി വ്യവസ്ഥചെയ്യുവാൻ ഉദ്ദേശിച്ചിരിക്കുന്നു എന്നു സാധൃകാര്യവിവരണത്തിൽ വെളിവാക്കിപ്പറഞ്ഞിട്ടും ഉണ്ടു. ധാതുക്കളെ തിരഞ്ഞു കണ്ടുപിടിക്കുന്നതിനെക്കുറിച്ചു വ്യവസ്ഥ ചെയ്യുന്നതായ ഈ അദ്ധ്യായം മുഴുവനും വിട്ടുകളയണം എന്നുള്ള ഈ ഭേദഗതിയെ സഭ അംഗീകരിക്കുന്നതായാൽ ഈ സഭ മുമ്പേതന്നെ അംഗീകരിച്ചിട്ടുള്ള തത്വത്തെ ഈ വസ്തുതയെ അറിഞ്ഞതിൽപിന്നിട്ടും നാം വിഗണിച്ചു പ്രവർത്തിക്കുന്നതായിവരും.

മി. വി. സുബ്ബയ്യർ (ഗവണ്മെന്റ നിയമിച്ച മെമ്പർ) (ഡെപ്യൂട്ടി പ്രസിഡെന്റ): ഈ ഭേദഗതി നിരസനീയമാണെന്നും അല്ല എന്നു ഞാനും അറിഞ്ഞിരിക്കുന്നു എന്നാൽ എന്റെ സ്നേഹിതൻ മി. പരമേശ്വരൻപിള്ള പറഞ്ഞ കാരണത്തിന്മേൽ അല്ല ബില്ലിലെ ഏതാനും വകുപ്പുകളെ വിട്ടുകളയണം എന്നാകുന്ന ഭേദഗതി, അതു ൨൯ (൨)-ാം നമ്പർ സ്ഥിരാജ്ഞക്ക വിരുദ്ധം ആകുന്നു.

നിഷേധകരമായ അഭിപ്രായപ്രകടനത്തിന്റെ ഫലം മാത്രം ഉള്ളതായ യാതൊരുഭേദഗതിയും പ്രയോഗിച്ചുകൂടാ.

എന്നാകുന്നു അതിൽ പറഞ്ഞിരിക്കുന്നതു.

മി. രാമൻമേനവന്റെ ഇപ്പോഴത്തെ ഭേദഗതിയാൽ ഏതാനും വകുപ്പുകളെ വിട്ടുകളയണം എന്നു ഉദ്ദേശിക്കുന്നു. അതുകൊണ്ടു അതു രീതിവിരുദ്ധം ആകുന്നു. എന്തെന്നെയുമല്ല ഒരുവകുപ്പു ആവശ്യംഇല്ലഎന്നു സഭ വിചാരിക്കുന്നതായാൽ അതിനെപ്പററി അനുകൂലപ്രതികൂലമോവം അറിയുന്ന അവസരത്തിൽ സഭ വിപരീതമാ

യി അഭിപ്രായം പറയണം എന്നുള്ളതാണു മററെല്ലാ സ്ഥലങ്ങളിലെയും നടപ്പു. അതുകൊണ്ടു ഒരുവകുപ്പു മുഴുവനേയും വിട്ടേക്കുവാൻ ഉദ്ദേശിക്കുന്നതായ യാതൊരു ഭേദഗതിയും രീത്യനുസരണം അല്ല.

പ്രെസിഡണ്ടു: മി. രാമൻമേനവനും മി. സുബ്ബയ്യർ പറഞ്ഞതായ ശാസ്ത്രീയകാരണത്താലും ഖാദർമെമ്പർ പറഞ്ഞതായ കാര്യയോഗത്താലും നിങ്ങളുടെ ഭേദഗതി രീത്യനുസരണം അല്ല എന്നു വിധിക്കേണ്ടതു ആവശ്യംതന്നെ എന്നു എനിക്കു തോന്നുന്നു.

വകുപ്പു ൮.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ൮-ാം വകുപ്പിലെ അവസാനത്തെ വാക്യത്തിനെ സംബന്ധിച്ചാണു ആക്ഷേപം തോന്നുന്നതു.

മി. ചങ്ങനാശ്ശേരി പരമേശ്വരൻപിള്ള (കൊല്ലം): ഒരു വകുപ്പിനെ വിട്ടേക്കണം എന്നാണെങ്കിൽ ആ വകുപ്പിനെക്കുറിച്ചു അനുകൂല പ്രതികൂലഭാവം ഗ്രഹിക്കുന്ന അവസരത്തിൽ നമുക്കു അതിനു വിപരീതമായി അഭിപ്രായം പറയണം എന്നു മി. സുബ്ബയ്യർ ചൂണ്ടിക്കാണിച്ചു. അതുകൊണ്ടു ൮-ാം വകുപ്പിലേക്കു കടക്കുംമുമ്പെ ൭-ാം വകുപ്പിനെക്കുറിച്ചു സഭയുടെ അനുകൂലപ്രതികൂലഭാവം ഗ്രഹിക്കണം.

പ്രസിഡണ്ടു: അതേ നിങ്ങൾ പറഞ്ഞതു ശരിതന്നെ. ൭-ാംവകുപ്പു ബില്ലിന്റെ അംശമായി തീരുന്നതു എന്നുള്ള പ്രശ്നത്തെക്കുറിച്ചു സഭയുടെ അഭിപ്രായം ഞാൻ ചോദിക്കുന്നു.

മി. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും ഒക്ക): ൫-ഉം ൬-ഉം വകുപ്പുകൾ നാം പൂത്തിയാക്കീട്ടില്ലല്ലൊ.

മി. കുമ്പളം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): ൫-ഉം ൬-ഉം വകുപ്പുകളുടെ വാദപ്രതിവാദം നാം പൂത്തിയാക്കീട്ടുണ്ടു.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): ൬-ാം വകുപ്പു ബില്ലിന്റെ അംശമായി തീരണമൊ എന്നുള്ള ചോദ്യം നാം ചോദിക്കേണ്ടിയിരിക്കുന്നു.

പ്രസിഡണ്ടു: ൬-ഉം ൭-ഉം വകുപ്പുകൾ ബില്ലിലെ അംശമായിരിക്കുന്ന എന്നാകുന്നു പ്രശ്നം.

ഉപക്ഷേപം അനുവദിക്കപ്പെട്ടു.

ഈ വകുപ്പുകൾ ബില്ലിൽ ചേക്കപ്പെട്ടു.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി). മി. സുബ്ബയ്യർ പുറപ്പെടുവിച്ച ആക്ഷേപത്തെ അംഗീകരിച്ചുകൊണ്ടു വ്യവസ്ഥയെക്കുറിച്ചു വാദപ്രതിവാദം നടത്തുവാൻ ഒരു അവസരം ഞങ്ങൾക്കു തരാതെതന്നെ ആ വ്യവസ്ഥയിന്മേൽ അനുകൂല പ്രതികൂലഭാവം പറയുന്നതിനു ഞങ്ങളോടു ആജ്ഞാപിക്കുന്നു എന്നു ഞാൻ ചൂണ്ടിക്കാണിക്കട്ടെയൊ?

പ്രസിഡണ്ടു: ഒരു വകുപ്പിനെ മുഴുവനെയും വിട്ടേക്കണം എന്നുള്ള ഭേദഗതിയുടെ താല്പര്യം ഈ സഭ ഇതിനു മുമ്പിലെ അംഗീകരിച്ചിട്ടുള്ള ബില്ലിന്റെ തത്വത്തിനു വിപരീതമായി നാം അഭിപ്രായം പ്രകടിപ്പിക്കുന്നു എന്നാകുന്നു.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഒരു മെമ്പർ ഒരു നിർദ്ദിഷ്ടവകുപ്പിനെ വിട്ടേക്കണം എന്നുള്ള ഭേദഗതി ഹാജരാക്കുമ്പോൾ അതു ഏതെങ്കിലും കാരണങ്ങളിന്മേൽ മാത്രം ആയിരിക്കും. ആ കാരണങ്ങൾ ഏവയാണെന്നു വ്യക്തമാക്കി ഞങ്ങളെ അറിയിച്ചാൽ അല്ലാതെ പ്രശ്നത്തെക്കുറിച്ചു സഭയുടെ അനുകൂല പ്രതികൂലഭാവം ഗ്രഹിക്കാൻ ആവശ്യപ്പെടുമ്പോൾ ആ വകുപ്പിനു അനുകൂലം എന്നൊ പ്രതികൂലം എന്നൊ മാത്രം അഭിപ്രായം ഞങ്ങൾക്കു പറയാൻ കഴിയുന്നതെങ്ങനെ? എന്നുമാത്രമല്ല ഈ സഭയിൽതന്നെയും മുന്നവസരങ്ങളിൽ മുഴുവൻ വകുപ്പുകളേയും വിട്ടുകളയുന്നതിനായി ഈ വിധം ഉപക്ഷേപങ്ങൾ ഉണ്ടായിട്ടുണ്ടു എന്നു ഓർമ്മ എനിക്കുണ്ടു.

പ്രസിഡണ്ടു: എന്നാൽ അതു തത്സരീതിയ്ക്കു തെറ്റാണു. നിഷേധരൂപമാണെന്നു മുമ്പിൽക്കൂട്ടി അറിയാവുന്ന കാര്യത്തെക്കുറിച്ചു അഭിപ്രായം രേഖപ്പെടുത്തുന്നതു തെറ്റാകുന്നു.

വകുപ്പു ൮.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഞാൻ നിർദ്ദേശിക്കുന്ന ഭേദഗതി ബില്ലിലെ ൮-ാം വകുപ്പിലേക്കാണു. ഇപ്പോഴത്തെ ൮-ാം വകുപ്പു ഇപ്രകാരം ആകുന്നു.

൭-ാം വകുപ്പിൽ പ്രസ്താവിച്ചിരിക്കുന്ന ഉദ്യോഗസ്ഥൻ പറഞ്ഞ പ്രവൃത്തികളാൽ ചെയ്യപ്പെടാവുന്ന വല്ല നഷ്ടത്തിനും പരിഹാരം അപ്രകാരം പ്രവേശിക്കുന്ന [illegible] കൊടുക്കുകയൊ കൊടുക്കാമെന്നു പറയുകയൊ ചെയ്യേണ്ടതാകുന്നു. അങ്ങനെ കൊടുക്കാമെന്നു പറയുന്ന തുകയുടെ മതിയായ്മയെക്കുറിച്ചു തക്കം ഉണ്ടാകുന്ന സംഗതിയിൽ ആ സ്ഥലം ഏതു ഡിവിഷനിൽ കിടക്കുന്നുവൊ ആ ഡിവിഷനിലെ ദിവാൻപേഷ്കാരുടെ തീർച്ചക്കായി ആ തക്കത്തെ അദ്ദേഹം ഉടൻതന്നെ അയക്കേണ്ടതാകുന്നു. അങ്ങനെയുള്ള തീർച്ച അവസാനത്തീർച്ചയായിരിക്കുന്നതും പണം കൊടുക്കൽ അതനുസരിച്ചു നടത്തേണ്ടതും ആകുന്നു.

ധാതുക്കൾ ഉണ്ടോ എന്നു ആരായുന്ന കാര്യത്തിലേക്കു ഏതുവസ്തുവിലും പ്രവേശിക്കുന്നതിനു ഒരു ഉദ്യോഗസ്ഥനെ നിയമിക്കുവാൻ ഗവണ്മെന്റിനു അധികാരം ഉണ്ടു എന്നു കാണാവുന്നതാണു. ആ പ്രവൃത്തികൾ നടത്തേണ്ടതായ സ്ഥലങ്ങളെ അനുഭവിക്കുന്നയാൾക്കു ആ ഉദ്യോഗസ്ഥന്റെ പ്രവൃത്തികൾ മൂലം നഷ്ടം നേരിട്ടും എന്നുള്ളതു സർവ്വഥാ സംഭാവ്യമാണു. അതുകൊണ്ടു ധാതുക്കൾ കണ്ടുപിടിക്കുന്നതിനായി അന്വേഷണം നടത്തുന്ന വസ്തുവിന്റെ ഉടമസ്ഥനു ഏതെങ്കിലും പ്രതിഫലം കൊടുക്കേണ്ടതാണെന്നുള്ളതു ഉചിതമത്രെ. എന്നാൽ നിർദ്ദിഷ്ടപ്രവൃത്തിയാൽ ജനിപ്പിക്കപ്പെടാവുന്ന നഷ്ടത്തെ വാസ്തവത്തിൽ നിർണ്ണയിക്കുംമുമ്പെതന്നെ ആ ഉദ്യോഗസ്ഥൻ വസ്തു ഉടമസ്ഥനു പരിഹാരം നൽകുകയൊ അല്ലെങ്കിൽ നടത്താൻപോകുന്ന അന്വേഷണത്തിന്റെ ഫലമായി ഉണ്ടാകുന്നതായ നഷ്ടങ്ങൾക്കു തന്റെ കണക്കിൽ മതിയാകും എന്നുള്ളതായ പ്രതിഫലമായി ഒരു തുക ഉടമസ്ഥനു കൊടുക്കാമെന്നു പറയുകയൊ ചെയ്യണം എന്നാകുന്നു ഇതിലെ വ്യവസ്ഥ. ഉടമസ്ഥനു ഇത്രത്തോളം നഷ്ടം ഉണ്ടാകുമെന്നു ആ ഉദ്യോഗസ്ഥൻ മുമ്പിൽക്കൂട്ടി നിർണ്ണയിക്കേണ്ടിയിരിക്കുന്നു. അതായതു നഷ്ടം വാസ്തവത്തിൽ സംഭവിക്കുംമുമ്പെതന്നെ നഷ്ടം ഇത്രത്തോളം ഉണ്ടെന്നു ആ ഉദ്യോഗസ്ഥൻ നിർണ്ണയിക്കേണ്ടിയിരിക്കുന്നു. പ്രകാരാന്തരേണ പറയുന്നതായാൽ മേൽ വരാവുന്ന നഷ്ടത്തിനു പരിഹാരത്തിന്റെ ഒരുവിധം പരിമ

ന്നം ആ ഉദ്യോഗസ്ഥൻ ഉണ്ടാക്കുകയും ആയതു വസ്തു ഉടമസ്ഥനു കൊടുക്കാമെന്നു കാണിക്കയും ചെയ്യണം. അങ്ങനെ കാണിക്കുന്ന തുക മതിയാകും എന്നുള്ളതിനെക്കുറിച്ചു വല്ല തക്കവും ഉടമസ്ഥനു ഉണ്ടെന്നുവരികിൽ തക്കത്തെ വസ്തു കിടക്കുന്ന ഡിവിഷനിലെ പേഷ്കാരുടെ തീർച്ചക്കായി ഉടൻതന്നെ അയക്കണം. സംസ്ഥാനത്തിലെ എല്ലാഭാഗങ്ങൾക്കും ഡിവാൻപേഷ്കാർ ഉണ്ടോ എന്നുള്ളതത്രേ പ്രഥമതക്കമുള്ളതാണ്; പീരുമേട്ടിൽ ഡിവാൻപേഷ്കാർ ഇല്ല. അദ്ദേഹം കമ്മിഷണർ എന്നു വിളിക്കപ്പെടുന്നു.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ് സർക്കാർവക്കീൽ): ജനറൽ ക്ലാസസ് ആക്ട് ഇതിനു ഉപയോഗിക്കാം. ഡിവാൻപേഷ്കാർ എന്നതിൽ കമ്മിഷണർ ഉൾപ്പെടാവുന്നതാണ്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അങ്ങനെയായിരിക്കാം. അതിനെക്കുറിച്ചു ഞാൻ ഇപ്പോൾ ഗൌരവമായി പറയുന്നില്ല. ൯-ാമത്തെ വകുപ്പു ഇപ്പോൾ ഇരിക്കുന്ന നിലയിൽ ഡിവാൻപേഷ്കാരുടെ തീർച്ച അവസാനത്തീർച്ചയാണെന്നു അതിൽ പറഞ്ഞിരിക്കുന്നു. ഉടമസ്ഥനുള്ള നഷ്ടങ്ങൾക്കു പരിമാണം വാസ്തവത്തിൽ ഉണ്ടായിരിക്കയും ആ പരിമാണത്തിന്റെ മതിയായ്മയെ അയാൾ തക്കിക്കയും ചെയ്യുന്നതായാൽ ഡിവാൻപേഷ്കാരുടെ തീർച്ച അതിനു അവസാനത്തീർച്ചയായിരിക്കുന്നതാണ്. വാസ്തവത്തിൽ ഉണ്ടാകുന്ന നഷ്ടങ്ങൾ ആ ഉദ്യോഗസ്ഥൻ നിശ്ചയിച്ച പരിമാണത്തിൽനിന്നു തീരെ ഭിന്നമാണെന്നു കാര്യവശാൽ സംഭവിക്കാം. അതു സംഗതിയുടെ ഒരു ദൃഷ്ടിയാണ്. ആ സ്ഥിതിക്കു സംഗതിയുടെ ദൃഷ്ടിക്കു, അവസാനത്തെ ഡിവാൻപേഷ്കാരുടെ തീർച്ചക്കു വിധിക്കുന്നതെന്തിന്: അതു മനസ്സിലാക്കാൻ എനിക്കു കഴിയുന്നില്ല. ഭൂമി വിലയ്ക്കു കൊള്ളുന്നതിനുള്ള റെഗുലേഷൻ, വനംവകറെഗുലേഷൻ, സർവ്വേയും ബൌണ്ടറിയും റെഗുലേഷൻ എന്നിവയെപ്പോലെയുള്ള മററു റെഗുലേഷനുകളിൽ കാര്യനിർവാഹകരായ സർക്കാരുദ്യോഗസ്ഥന്മാർക്കു പ്രാരംഭവിചാരണ നടത്തുന്നതിനു ഏതാനും അധികാരങ്ങൾ നൽകിയിരിക്കുന്നു. പ്രതിഫലം നിർണ്ണയിക്കുന്നതിൽ സിവിൽകോടതിക്കു വേണ്ട അധികാരമുണ്ട്. അതിലെ തീർച്ച അവസാനത്തീർച്ചയായി ഗണിക്കപ്പെട്ടിരിക്കുന്നു. ആ റെഗുലേഷനുകളെ സംബന്ധിച്ചുള്ള കഥ ഇപ്രകാരമാണ്. ഇപ്പോഴത്തെ ബിൽ ഡിവാൻപേഷ്കാർക്കു അസാധാരണാധികാരങ്ങൾ കൊടുക്കാൻ ഉദ്ദേശിക്കുന്നു. ഇക്കാര്യത്തിൽ ആവിധം അവസാനത്തീർച്ചയുള്ള പൂർണ്ണാധികാരത്തെ ഡിവാൻപേഷ്കാർമാർക്കുതന്നെ ലഭിക്കുന്നതാണ്, അവർക്കു അതിനു പ്രാപ്തിയുണ്ടോ എന്നുള്ളതിൽ എനിക്കു ഭിന്നാഭിപ്രായമുണ്ട്. അതിനാൽ താഴെപ്പറയുന്ന ഭേദഗതി നിർദ്ദേശിച്ചുകൊള്ളുന്നു:—

൯-ാം വകുപ്പിൽ ഒടുവിലത്തെ വാക്യത്തെ വിട്ടുകളയും തൽസ്ഥാനത്തു ഇതു ചേർക്കുകയും ചെയ്യണം,—

“മേൽപ്രകാരത്തെ അധികാരസ്ഥന്റെ തീർച്ചയിന്മേൽ സങ്കടമുള്ള വല്ല കക്ഷിയും, ആ കക്ഷിക്കും ഗവണ്മെന്റിനും തമ്മിലുള്ള വിവാദസംഗതിയെ സ്ഥലാധികാരം ഉള്ള ഡിസ്ട്രിക്ട് കോർട്ടിന്റെ തീർച്ചക്കായി അയയ്ക്കണം എന്നു ആ അധികാരസ്ഥനോടു ആവശ്യപ്പെടാവുന്നതും അങ്ങനെയുള്ള സംഗതിയിൽ ഡിസ്ട്രിക്ട് കോടതിയുടെ തീർച്ച അസൽ വ്യവഹാരത്തിലെ വിധിയായി ഗണിക്കപ്പെടേണ്ടതും ആകുന്നു.

എന്നാൽ വാസ്തവത്തിൽ നഷ്ടം സംഭവിക്കുമ്പോൾ നഷ്ടപരിഹാരത്തിനായോ വല്ല പ്രതിഫലത്തിനായോ വ്യവഹാരപ്പെടുന്നതിൽനിന്നു യാതൊരാളേയും ഈ വകുപ്പിൽ ഉള്ള യാതൊന്നും തടയുന്നതും ഇല്ല; എന്നാൽ അങ്ങനെയുള്ള വ്യവഹാരത്തിൽ വല്ല നഷ്ടപരിഹാരവും മുമ്പിൽകൂട്ടി നിർണ്ണയിക്കുകയും കൊടുക്കുകയും ചെയ്തിരുന്നാൽ അതിനേയും നഷ്ടത്തുകയിൽ കൊള്ളിക്കേണ്ടതാകുന്നു.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ് സർക്കാർവക്കീൽ): ഭേദഗതിയുടെ രണ്ടാമത്തെ ഭാഗത്തെ സംബന്ധിച്ചു, മുമ്പിൽകൂട്ടി ഏകദേശമായ വിധത്തിൽ കണക്കാക്കിയ നഷ്ടപരിഹാരത്തെ, നഷ്ടം വാസ്തവത്തിൽ സംഭവിച്ചതിൽപിന്നീടു വീണ്ടും ഇത്രയെന്നു നിർണ്ണയിക്കണം എന്നു ഉദ്ദേശിക്കുന്നുണ്ടോ എന്നു അറിയേണ്ടിയിരിക്കുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഇല്ലില്ലാ; ആ തുക നഷ്ടപരിഹാരത്തുക അവസാനമാ തീർച്ചചെയ്യുന്നകാലത്തു ഏകദേശമായി കണക്കാക്കിയ തുകയേയുംപററി ഗണിക്കേണ്ടതാകുന്നു.

ഞാൻ നിർദ്ദേശിക്കുന്നതും ഈ സഭ അംഗീകരിക്കണമെന്നു അപേക്ഷിക്കുന്നതും ആയ ഭേദഗതി ഇതു തന്നെയാണ്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഞാൻ ഇതിനെ പിൻതാങ്ങുന്നു.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ് സർക്കാർവക്കീൽ): ഞാൻ ഈ ഭേദഗതി എതിർക്കുന്നു. ഇതുപോലെയുള്ള കാര്യത്തിൽ സിവിൽകോടതികളുടെ തീർച്ചയെ അംഗീകരിക്കുന്നതിനു എനിക്കു മനസ്സില്ലാത്തതുകൊണ്ടല്ലാ. അതിനു എനിക്കു ആക്ഷേപം ഇല്ല. എന്നാൽ ഇതുപോലെയുള്ള ചെറിയ കാര്യത്തിൽ സിവിൽകോടതികൾക്കു വലിച്ചുകൊണ്ടുപോകുന്നതിനുള്ള ക്ലേശം വേണ്ടതാണോ എന്നേയുള്ളു പാഠം. ഈ വ്യവസ്ഥ ഖനികളെ കണ്ടുപിടിക്കുന്നതിനുള്ള പ്രാരംഭ പ്രവൃത്തിയുടെ ഫലമായി ഉണ്ടാകാവുന്ന നഷ്ടങ്ങളെ സംബന്ധിച്ചു മാത്രമാകുന്നു. സാധാരണയായി അതു [illegible] രൂപയോ മററോ ഉള്ള തുകയെ കവിഞ്ഞിരിക്കയില്ല. ഇക്കാര്യത്തിൽ പേഷ്കാരുടെ തീർച്ച അവസാനത്തീർച്ചയായി നിശ്ചയിച്ചിരിക്കുന്നതിനുള്ളകാരണം അതാകുന്നു. മററു യാതൊരു റെഗുലേഷനിലും ഇക്കാര്യത്തോടു തുല്യമായ വ്യവസ്ഥ ഇല്ലാ എന്നു എന്റെ സ്നേഹിതൻ മിസ്റ്റർ പി. കെ. നാരായണപിള്ള പറഞ്ഞു. എന്റെ സ്നേഹിതൻ പ്രസ്താവിച്ചതായ ഭൂമി വിലയ്ക്കുകൊള്ളുന്നതിനുള്ള റെഗുലേഷനിൽ തന്നെയും ഇതുപോലെയുള്ള വ്യവസ്ഥയുണ്ട്. വാസ്തവത്തിൽ ഈ ബില്ലിലെ ൩-ം ൪-ം വകുപ്പുകൾ അനുസരിച്ചു ചെയ്യാൻ ഉദ്ദേശിച്ചിരിക്കുന്ന സകലവും ഭൂമി വിലയ്ക്കുകൊള്ളുന്ന റെഗുലേഷൻ അനുസരിച്ചും നടത്താവുന്നതാണ്. ആ റെഗുലേഷനിലെ വ്യവസ്ഥകൾക്കും ഈ ബില്ലിലെ വ്യവസ്ഥകൾക്കും തമ്മിൽ ഈ വ്യത്യാസം മാത്രമേയുള്ളു: ആ റെഗുലേഷൻ അനുസരിച്ചു ഗസററിൽ ഗവണ്മെന്റിന്റെ പരസ്യവും അതാതു സ്ഥലത്തു പേഷ്കാരുടേയോ മററുദ്യോഗസ്ഥന്റേയോ പരസ്യവും രണ്ടും ഉണ്ടായിരിക്കണം; എന്നാൽ ഇതിൽ സർക്കാർ ഉദ്യോഗസ്ഥൻ വ്യവസായ ഡയറക്ടർ ആയിരിക്കും; അദ്ദേഹത്തിനു സ്ഥലത്തു അറിയിപ്പുകൊടുത്തുകൊണ്ടു വസ്തുവിൽ പ്രവേശിക്കാവുന്നതാണ്. വാസ്തവത്തിൽ ഈ വ്യത്യാസം ഒഴികെ, ഇപ്പോൾ വ്യവസ്ഥചെയ്തിരിക്കുന്ന സകലവും ആ റെഗുലേഷൻ അനുസരിച്ചു നടത്താവുന്നതാണ്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): വസ്തു ഉടമസ്ഥനു കൊടുക്കേണ്ടതായ അവസാനത്തുകയെ സംബന്ധിച്ച്, ആ റെഗുലേഷൻ അനുസരിച്ച് ദിവാൻപേഷ്കാർ അവസാനത്തീരുമാനം കല്പിക്കുവാൻ അധികാരമുള്ള ഉദ്യോഗസ്ഥൻ ആണോ?

മി. കല്ലറ പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): അതേ, പ്രാരംഭാന്വേഷണത്തിൽ ദിവാൻപേഷ്കാരുടെ തീർച്ച അവസാനത്തീർച്ചതന്നെ. ഭൂമി വിലയ്ക്കുകൊള്ളുന്നതിനുള്ള റെഗുലേഷനിൽ പറഞ്ഞിട്ടുള്ളതു ഇപ്രകാരമാണ്.

൪. (൧) ഇതിലേയ്ക്കായി ഗവർമെന്റു പൊതുവായോ പ്രത്യേകമായോ അധികാരപ്പെടുത്താവുന്ന വല്ല ഉദ്യോഗസ്ഥനും അയാളുടെ ഭൃത്യന്മാർക്കും വേലക്കാർക്കും അപ്രകാരമുള്ള ഏതെങ്കിലും ഭൂമിയിലും പ്രവേശിക്കുന്നതും സർവെ ചെയ്യുകയും നിരപ്പുനോക്കുകയും സ്ഥലങ്ങളുടെ കണക്കുകൾ എടുക്കുകയും ചെയ്യാവുന്നതു നിയമാനുസൃതം ആയിരിക്കുന്നതാകുന്നു;

അടിത്തറയിൽ വെട്ടികുഴിക്കുന്നതും തുരക്കുന്നതും;

* * * *

എടുത്തതായി ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതായ ഭൂമിയുടെ അതിരുകളേയും അതിന്മേൽ നടത്തുവാൻ ഉദ്ദേശിച്ചിരിക്കുന്ന പണിയുടെ രീതിയും ഏർപ്പെടുത്തുന്നതിനും, അതിരുകൾ വെട്ടുന്നതിനും അടയാളങ്ങൾ നിരത്തി നിലമൊന്നായങ്ങളും അതിരുകളും ലയിനുകളും അടയാളപ്പെടുത്തുന്നതിനും............

൫-ാം വകുപ്പിൽ ഇപ്രകാരം പറയുന്നു.

"അപ്രകാരം അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ അപ്രകാരമുള്ള പ്രവേശനകാലത്തു മുൻപറഞ്ഞ പ്രവൃത്തിയാൽ വരാവുന്ന എന്തെങ്കിലും നഷ്ടത്തിനും പരിഹാരം കൊടുക്കുകയോ കൊടുക്കാമെന്നു ഏറ്റുകയോ ചെയ്യേണ്ടതും അപ്രകാരം കൊടുക്കപ്പെട്ടതോ കൊടുക്കാമെന്നു സമ്മതിച്ചതോ ആയ തുകയുടെ പോരായ്മയെപ്പറ്റി തർക്കമുള്ളകാര്യത്തിൽ ആ തർക്കത്തെ ഉടൻ ഡിവിഷൻപേഷ്കാരുടെ തീർച്ചക്കായി എഴുതിബോധിപ്പിക്കേണ്ടതും അപ്രകാരമുള്ള ഉദ്യോഗസ്ഥൻ ഡിവിഷൻപേഷ്കാർതന്നെയാണെന്നുവരുകിൽ ഗവർമെന്റിന്റെ തീർച്ചക്കായി [illegible] ആകുന്നു. ആ തീർച്ച അവസാനമായിരിക്കുന്നതും അതനുസരിച്ചു പണം കൊടുത്തുകൊള്ളേണ്ടതും ആകുന്നു"

ഇതിൽനിന്നും സംബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ദിവാൻപേഷ്കാർ അല്ലാതിരിക്കുന്ന കേസുകളിൽ എല്ലാം ദിവാൻപേഷ്കാരുടെ തീർച്ച അവസാനമായിട്ടുള്ളതാകുന്നു എന്നു കാണാവുന്നതാണ്. ഇപ്പോഴത്തെ ബില്ലനുസരിച്ചു സംബന്ധപ്പെട്ട ഉദ്യോഗസ്ഥൻ വ്യവസായഡയറക്ടർ ആകുന്നു. രണ്ടു ചട്ടങ്ങളിലും വ്യവസ്ഥ ഒന്നുതന്നെയാണ്.

മി. ഒ. പി. രാമസ്വാമയ്യർ (ഗവർമെന്റുസിക്രട്ടറി): ഇതുപോലുള്ള ഒരു വ്യവസ്ഥ ൧൦൭൪-ാം റെഗുലേഷനായ റെയിൽവേക്കു പബ്ലിക്സ്ഥലങ്ങൾ കൈവശപ്പെടുത്തുന്നതിനുള്ള റെഗുലേഷനിലും ഉണ്ടെന്നു ബഹുമാനപ്പെട്ട മെമ്പരോടു ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ.

മി. കല്ലറ പരമേശ്വരൻപിള്ള (അഡിഷനൽഹെഡ്സർക്കാർവക്കീൽ): അതെ റെയിൽവേക്കു ഭൂമി കൈവശപ്പെടുത്തുന്നതിനുള്ള റെഗുലേഷൻ ൨-ാംവകുപ്പിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു.

"വല്ല സ്ഥലത്തും ഉള്ള ഭൂമി റെയിൽവേയ്ക്കായി ആവശ്യപ്പെടാൻ ഇടയുണ്ടെന്നു നമ്മുടെ ഗവർമെന്റിനു തോന്നുമ്പോൾ എല്ലാം ആ വിവരത്തിനു ദിവാന്റെ ഒപ്പോടുകൂടിയ ഒരു പരസ്യം ഗസറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ടതും ആ പരസ്യത്തിന്റെസാരം ആ പ്രദേശത്തിൽ സൌകര്യമുള്ളസ്ഥലങ്ങളിൽ തമുക്കടിച്ചു പ്രസിദ്ധപ്പെടുത്തേണ്ടതും ആകുന്നു"

അതിന്റെശേഷം വല്ല ഉദ്യോഗസ്ഥനും ആ സ്ഥലത്തിലെ മണ്ണിൽ കുഴിക്കയൊ തുളയ്ക്കയോ ചെയ്യുന്നതു നിയമാനുസൃതം ആയിരിക്കുന്നതാകുന്നു.

"എന്നാൽ ആ ഉദ്യോഗസ്ഥന്റെ മേൽപറഞ്ഞപ്രവൃത്തിമൂലം നേരിടാവുന്ന വല്ല നഷ്ടത്തിനും പരിഹാരം കൊടുക്കുന്നതിനു സമ്മതിക്കേണ്ടതും കൊടുക്കേണ്ടതുക ഇത്രയെന്നുള്ളതിനെക്കുറിച്ചു തർക്കം ഉണ്ടാകുന്നസംഗതിയിൽ അയാൾ ഉടൻതന്നെ തർക്കസംഗതി ഡിവിഷൻപേഷ്കാരുടെ മുമ്പാകെ തീർച്ചക്കായി ബോധിപ്പിക്കേണ്ടതും ആകുന്നു. അങ്ങനെയുള്ളതീർച്ച അവസാനത്തീർച്ചയായിരിക്കുന്നതും അതനുസരിച്ചു പണം കൊടുക്കേണ്ടതും ആകുന്നു"

ഇപ്പോഴത്തെവ്യവസ്ഥ, വസ്തുവിലയ്ക്കെടുക്കുന്ന റെഗുലേഷൻഅനുസരിച്ചും റെയിൽവേയ്ക്കു വസ്തു വിലയ്ക്കെടുക്കുന്നറെഗുലേഷൻ അനുസരിച്ചും പ്രവർത്തിക്കാവുന്നതിൽ കൂടുതൽആയി യാതൊന്നും ചെയ്യുന്നതിനു തുനിഞ്ഞിട്ടില്ല. ഞാൻ പറഞ്ഞതുപോലെ ഇതിൽ നവീനമായി ഉണ്ടാക്കിയിട്ടുള്ള ഭേദഗതി ഇതാണ്. വസ്തു വിലയ്ക്കു കൊള്ളുന്നതിനുള്ള റെഗുലേഷനിൽ ഗസറ്റിൽ ഗവർമെന്റുപരസ്യവും അതാതുസ്ഥലത്തു പേഷ്കാരുടെ പരസ്യവും പ്രസിദ്ധപ്പെടുത്തുന്നതിനു വ്യവസ്ഥചെയ്തിട്ടുണ്ട്. എന്നാൽ സംബന്ധപ്പെട്ട ഉദ്യോഗസ്ഥൻസ്ഥലത്തു പരസ്യം പ്രസിദ്ധപ്പെടുത്തണമെന്നു മാത്രമേ ഈ ബില്ലിൽ വ്യവസ്ഥചെയ്തിട്ടൊള്ളു. എന്നാൽ ഈ റെഗുലേഷനുകൾ എല്ലാം അനുസരിച്ചു ദിവാൻപേഷ്കാരുടെ തീർച്ച അവസാനത്തീർച്ചയായിരിക്കുന്നതാണ്. അപ്രകാരം വ്യവസ്ഥ ചെയ്തിരിക്കുന്നതു പ്രാഥമിക അന്വേഷണംനിമിത്തം ഉണ്ടാകാവുന്ന നഷ്ടം വളരെ അധികം ആയിരിക്കാൻ ഇടയില്ലാ എന്നുള്ള കാരണത്തിന്മേൽ ആയിരിക്കാം. അതുകൊണ്ടു അപ്രകാരമുള്ള ലഘുവായ സംഗതികളെ സിവിൽകോടതിയുടെ തീർച്ചയ്ക്കു കൊണ്ടുചെല്ലുന്നതു അഭിലഷണീയമോ ഉചിതമോ അല്ല. പ്രത്യേക കമ്മിറ്റിക്കു അയച്ചതായ ബില്ലിൽ തർക്കം ഉണ്ടാകുമ്പോൾ ആയതു ഗവർമെന്റു നിശ്ചയിക്കുന്ന ഏതു അധികാരസ്ഥന്റേയും തീർച്ചക്കായി അയയ്ക്കാം എന്നു വ്യവസ്ഥചെയ്തിരുന്നു. എന്നാൽ പ്രത്യേകകമ്മിറ്റിഈ വ്യവസ്ഥ എടുത്തുകളഞ്ഞിട്ടു അധികാരം ദിവാൻപേഷ്കാർമാരിൽ സ്ഥാപിച്ചു. അന്വേഷണം നടത്തുന്നതു വ്യവസായഡയറക്ടർ ആണു. പ്രതിഫലത്തെക്കുറിച്ചു തർക്കം ഉണ്ടാകുമ്പോൾ എല്ലാം അതു ദിവാൻപേഷ്കാരുടെ തീർച്ചയ്ക്കു അയക്കപ്പെടും. അദ്ദേഹത്തിന്റെ തീർച്ച അവസാനത്തീർച്ചയായും ഇരിക്കും. ഇത്ര നിസ്സാരമായ കാര്യം സിവിൽകോടതിമുഖേന തീർച്ചപ്പെടുത്തണമെന്നു വ്യവസ്ഥചെയ്യുന്നതു യുക്തം അല്ലാഎന്നു എനിക്കു തോന്നുന്നു.

ഉണ്ടാകുന്നഭേദം വളരെ ആയിരിക്കാം. ഇടയിപ്പോൾ ഉണ്ടായ ആ സംഗതി സിവിൽകോടതിമുഖേന തീർച്ചയാക്കുന്നതു യുക്തം അല്ലാഎന്ന ഭേദഗതിയുടെ രണ്ടാമത്തെ ഭാഗത്തെ സംബന്ധിച്ചും എനിക്ക തോന്നുന്നു. ഉണ്ടായ ദേഹത്തിന്നു മതിയായ പ്രതിഫലം കൊടുക്കണം എന്ന ഗവർമ്മെണ്ടിന്റെ നിശ്ചയിക്കുന്നില്ല എന്ന ഞാൻ പറഞ്ഞതായി ധരിക്കരുതു. ഇതു വലുതായ നഷ്ടത്തിന്ന കാരണമാകാത്ത പ്രാരംഭാന്വേഷണമൊന്നും ആകയാൽ ഒരു സിവിൽകോടതിയിൽ അതിനെസംബന്ധിച്ചു വ്യവഹാരപ്പെടേണ്ടതു യുക്തമല്ലാഎന്ന മാത്രമേയുള്ള എന്റെ വാദം. ഭൂമി വിലയ്ക്കു കൊള്ളുന്ന റെഗുലേഷന്റെ കാര്യത്തിൽ നാം പ്രവർത്തിച്ചിട്ടുള്ളവിധത്തിൽതന്നെ നാം പ്രവർത്തിക്കുന്നതിൽ യാതൊരു ദോഷവും ഉണ്ടാകുന്നതല്ല. അതുകൊണ്ടു ഈ വകുപ്പിൽ യാതൊരു ഭേദഗതിയും ചെയ്യേണ്ട ആവശ്യം ഇല്ല.

മി. ചങ്ങനാശ്ശേരി പരമേശ്വരൻപിള്ള (കൊല്ലം): തർക്കം ഉണ്ടാകുന്ന കാര്യത്തിൽ തർക്കസംഗതിയെ ഡിസ്ട്രിക്ട്കോടതിയിലെ തീർച്ചയ്ക്കായി അയക്കണം എന്നും ആ കോടതിയിലെ തീർച്ചയെ ഒരു അസൽ വ്യവഹാരത്തിലെ വിധിയായി ഗണിക്കേണ്ടതാണെന്നും എന്റെ സ്നേഹിതൻ മിസ്റ്റർ പി. കെ. നാരായണപിള്ള നിശ്ചയിച്ച ഭേദഗതിയോടു ഒന്നാംഭാഗത്തെ അനുകൂലിക്കുന്നതിൽ എനിക്കു വലിയ സന്തോഷം ഉണ്ടു. എന്തുകൊണ്ടെന്നാൽ അന്വേഷണപ്രവൃത്തിമൂലം നേരിടാവുന്ന നഷ്ടം അനേകം സംഗതികളിൽ അധികമായിരിക്കാൻ ഇടയില്ല എങ്കിലും അതു അമിതമായിരിക്കുന്നസംഗതികൾ ഉണ്ടാകാം. നഷ്ടത്തിന്റെ പരിമാണത്തെ നിശ്ചയിക്കേണ്ടതും നഷ്ടമുതൽ കൊടുക്കേണ്ടതുമായ ഉദ്യോഗസ്ഥന്റെ അന്വേഷണംമൂലം കക്ഷിക്ക വാസ്തവത്തിൽ നേരിടാവുന്ന ദേഹത്തിന്റെ സ്വരൂപജ്ഞാനം ഉണ്ടായില്ലെന്നു വരാവുന്നതാണ്. അങ്ങനെയുള്ള കാര്യത്തിൽ ദിവാൻപേഷ്കാരെപ്പോലെയുള്ള ഒരു റെവന്യൂ ഉദ്യോഗസ്ഥന്റെ തീർച്ചയെ അവസാനതീർച്ചയാക്കുന്നതു സുരക്ഷിതമാണെന്നു എനിക്കു തോന്നുന്നില്ല എന്തുകൊണ്ടെന്നാൽ കുടികളുടെ ക്ഷേമമായിരുന്നാലുംതന്നെയും രാജ്യത്തിലെ മുതലെടുപ്പു വർദ്ധിപ്പിക്കുന്നതിൽ റെവന്യൂഉദ്യോഗസ്ഥന്മാർ സദാജാഗ്രതകന്മാരാണെന്നാണ് ഞാൻ അറിഞ്ഞിരിക്കുന്നതു. അതുകൊണ്ടു സംഗതിയുടെ തീർച്ചക്കായി ഡിസ്ട്രിക്ട്കോർട്ടിൽ ചെല്ലുന്നതിനുള്ള ഐച്ഛികാധികാരം കക്ഷിക്ക നൽകുന്നതാണ് ഉത്തമമായിട്ടുള്ളതു.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): പ്രാരംഭാന്വേഷണപ്രവൃത്തിമൂലം ഉണ്ടാകാവുന്ന ദേഹത്തിനു കൊടുക്കേണ്ട പ്രതിഫലത്തുകയെപ്പറ്റി പരിശോധിക്കുവാൻ കക്ഷിക്ക സിവിൽകോടതിയിൽ പോകുന്നതിനുള്ള അധികാരം ഭൂമി വിലയ്ക്കുകൊള്ളുന്നതിനുള്ള റെഗുലേഷനിൽ ഇല്ലാഎന്ന ഞാൻ മെംബറിനെ അറിയിക്കട്ടെയോ?

മി. ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): ഇപ്പോൾ സഭാസമക്ഷം ഉള്ള ഈ ബില്ലിലെ റെഗുലേഷനിൽ ഒരു വ്യവസ്ഥ ചെയ്യാതിരിക്കുന്നതിനു, സർക്കാരിലേക്ക ഭൂമി വിലയ്ക്കുകൊള്ളുന്ന റെഗുലേഷനിൽ വ്യവസ്ഥയുടെ അഭാവം ഒരു കാരണമാവുകയില്ല. ഭൂമി വിലയ്ക്കുകൊള്ളുന്നതിനുള്ള റെഗുലേഷനെപ്പറ്റി പര്യാലോചിക്കുന്നകാലത്തു ഈസംഗതി സഭയുടെ അറിവിൽ കൊണ്ടുവന്നിട്ടില്ലായിരിക്കാം. അല്ലെങ്കിൽ അക്കാലത്തു അതു ആവശ്യമാണെന്നു വിചാരിച്ചിട്ടില്ലായിരിക്കാം. ഡിസ്ട്രിക്ട് കോർട്ടിനെപ്പോലെ നിഷ്പക്ഷപാതിയായ ഒരു നീതിന്യായക്കോടതിയുടെ തീർച്ചക്കായി വിവാദവിഷയത്തെ അയക്കുന്നതിനുള്ള ഐച്ഛികാധികാരം സങ്കടമുള്ളകക്ഷിക്ക നൽകുന്നതു വളരെ നന്നായിരിക്കും. ഭേദഗതിയനുസരിച്ചു ഡിസ്ട്രിക്ട്കോടതിയുടെ തീർച്ച അസ്സൽ വ്യവഹാരത്തിലെ ഡിക്രിക്കുള്ള ഫലം ഉണ്ടായിരിക്കും. അതുകൊണ്ടു കക്ഷിക്ക ഹൈക്കോടതിയിൽ അപ്പീൽ ബോധിപ്പിക്കുന്നതിനുള്ള അധികാരവും തന്മൂലം സിദ്ധിക്കും. ഈസംഗതിയുടെ ഈനിലയ്ക്കു ഞാൻ ഭേദഗതിയുടെ ഒന്നാംഭാഗത്തെ പിന്താങ്ങുന്നു.

എന്നാൽ സിവിൽകോടതികളിൽ വ്യവഹാരപ്പെടുന്നതിനു ഇതിൽ കൂടുതലായ അവകാശം കക്ഷിക്ക നൽകണംഎന്ന ഞാൻ വിചാരിക്കുന്നില്ല. വിവാദവിഷയത്തിൽ ഡിസ്ട്രിക്ട്കോടതി മുഖേന കക്ഷിക്ക തീർച്ചവരുത്തുന്നതിനു സൗകര്യം ഉള്ളസ്ഥിതിക്ക അതു ധാരാളം മതിയാകുന്നതാണെന്നു എനിക്ക തോന്നുന്നു.

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും-[illegible]): സ്വാമിൻ, ഞാനും ഭേദഗതിയുടെ ഒന്നാംഭാഗത്തെ പിന്താങ്ങുന്നതിനായി എഴുന്നേൽക്കുന്നു; എന്നാൽ മി. ചങ്ങനാശ്ശേരി പരമേശ്വരൻപിള്ള നിർദ്ദേശിച്ച കാരണത്തിന്മേൽ അല്ല. സർക്കാരോ റെയിൽവേകമ്പനിയോ സ്ഥലം വിലയ്ക്കുകൊള്ളുന്നതിൽനിന്നുണ്ടാകാവുന്ന ദോഷങ്ങൾ, ധാതുക്കളും ലോഹങ്ങളും ഉണ്ടോ എന്ന ആരായുന്നതുമൂലം ഉണ്ടാകാവുന്ന നഷ്ടത്തോടു ഉപമിക്കാൻ യോഗ്യതയുള്ളതല്ല. സർക്കാരിലേക്ക വസ്തു എടുക്കുന്നതിനുള്ള റെഗുലേഷൻ അനുസരിച്ചു ഉണ്ടാകാവുന്നനഷ്ടം വൃക്ഷങ്ങൾ മുറിക്കയോ മതിലുകൾ പൊളിക്കയോ മറ്റോ ചെയ്യുന്നതുകൊണ്ടായിരിക്കാം ഇവ പറയത്തക്ക നഷ്ടങ്ങൾ ഒന്നും അല്ല. എന്നാൽ ധാതുക്കളെ കണ്ടുകിട്ടുന്നതിനുള്ള അന്വേഷണംമൂലം ഉടമസ്ഥന്മാർക്ക ഉണ്ടാകാവുന്നനഷ്ടങ്ങൾ വളരെ വലുതായിരിക്കാം. ധാതുക്കൾക്കായി ആരായുന്നതിൽ വല്ലധാതുവും ഉണ്ടോ ഇല്ലയോ എന്നറിയുന്നതിനു ചിലപ്പോൾ നാലായിരമോ അഞ്ചായിരമോ അടിദൂരം ഭൂമിക്കടിയിൽ കുഴിക്കേണ്ടിവരും. ചിലപ്പോൾ അങ്ങനെ കുഴിക്കുന്നതുനിമിത്തം ആരായപ്പെടുന്ന സ്ഥലത്തിൽ വല്ലകെട്ടിടവും ഉണ്ടായിരുന്നാൽ അതു നശിക്കുന്നതിനുംകൂടി ഇടയാകാം. ചിലപ്പോൾ കെട്ടിടത്തിനു രണ്ടും മൂന്നും ലക്ഷം രൂപാ വിലവരുന്നതാണ്. സർക്കാരിലേക്ക ഭൂമി വിലയ്ക്കുകൊള്ളുന്നതിനുള്ള റെഗുലേഷൻ അനുസരിച്ചു പ്രാരംഭപ്രവൃത്തി നടത്തുന്നതിൽ വരുന്ന നഷ്ടങ്ങൾ വളരെ ലഘുവായിരിക്കാൻ ഇടയുണ്ടു. അതിൽ ദിവാൻപേഷ്കാരുടെ തീർച്ചയെ അവസാനതീർച്ചയാക്കാവുന്നതാണ്. എന്നാൽ ഈസംഗതിയിൽ നഷ്ടങ്ങൾ വളരെ വലുതായിരിക്കാം. ഒരു കെട്ടിടത്തിന്റെ സമീപത്തിൽ ഒരു വലിയ ഖനി ഉണ്ടാക്കുന്നതായാൽ അതു കെട്ടിടത്തിനു നാശം ഉണ്ടാക്കുന്നതാണ്. അതുകൊണ്ടു അവസാനാധികാരം ദിവാൻപേഷ്കാർക്ക നൽകുന്നതു സുരക്ഷിതം അല്ല.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): ഈഭൂമി വിലയ്ക്കുകൊള്ളുന്നതിനുള്ള റെഗുലേഷൻഅനുസരിച്ചു ഇപ്രകാരം കുഴിക്കുകയും ഭാരം ഉണ്ടാക്കുകയും ചെയ്യുന്നതിനു സാധിക്കുമെന്നു മിസ്റ്റർ പിറവിപ്പെരുമാൾപിള്ള വിചാരിക്കുന്നുണ്ടോ?

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും-[illegible]): ആസംഗതിയിൽ ധാതുക്കൾ ഉണ്ടോ എന്നറിയുവാൻ യാതൊരു ആരായുന്നില്ല. അതുകൊണ്ടു കുഴിക്കുകയോ തുരക്കുകയോ ചെയ്യേണ്ട ആവശ്യം

ഇല്ലാഎന്നും എന്നാൽ ഇപ്പോഴത്തെ നിയമം അനുസരിച്ച് അപ്രകാരം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ട് എന്നും ഞാൻ പണ്ഡിതനായ മെമ്പറിനോടു ചൂണ്ടിക്കാണിക്കട്ടെയോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): സർക്കാരിലേക്കു ഭൂമി വിലയ്ക്കുകൊള്ളുന്നതിനുള്ള റെഗുലേഷൻ അനുസരിച്ച് നമുക്കു കുഴിക്കയൊ പോരം തുരക്കുകയൊ ചെയ്യാൻ കഴിയും.

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും—തെക്ക): സർ, റെയിൽവെ വക യൊ ഡിസ്ട്രിക്ട്കോടതി കെട്ടിടങ്ങളൊ മജിസ്ട്രേട്ടുകോടതി കെട്ടിടങ്ങളൊ കെട്ടുന്നതിനായി ഭൂമി വിലയ്ക്കുകൊള്ളുന്നതായിരുന്നാൽ ആഭൂമി അതിനു യോജിച്ചതാണൊ അല്ലയൊ എന്നു അറിയുന്നതിനായി ഭൂമിയുടെ അടിയിൽ അഞ്ചോ ആറോ ആയിരം അടിതാഴ്ചയിൽ കുഴിക്കേണ്ട ആവശ്യം ഇല്ലഎന്നു ഞാൻ ചൂണ്ടിക്കാണിക്കട്ടെയൊ? എന്നാൽ ധാതുക്കൾ ഉണ്ടോഎന്നു ആരായുന്നതിനു ആവിധം കുഴിക്കേണ്ടിവരുന്നതും തന്നിമിത്തം ഉണ്ടാകാവുന്ന ചേതം അനേകസംഗതികളിൽ വളരെ കൂടുതലായിരിക്കുന്നതും ആകുന്നു. അതുകൊണ്ടു മി. പി. കെ. നാരായണപിള്ളയുടെ ഭേദഗതി അനുവദിക്കുന്നതിൽ എനിക്കു വലിയ സന്തോഷം ഉണ്ട്.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): മി. പി. കെ. നാരായണപിള്ളയുടെ ഭേദഗതിയുടെ ഒന്നാംഭാഗത്തെ പിൻതാങ്ങുന്നതിനോടുകൂടി, ഈ ഭേദഗതിയെ അംഗീകരിക്കുന്ന കാര്യത്തിൽ ലാമെമ്പർക്കു വിരോധമുണ്ടെന്നു തോന്നുന്ന ചിലതിനെപ്പററി വിവരിക്കണമെന്നു ഞാൻ വിചാരിക്കുന്നു. സർക്കാരിലേക്കു ഭൂമി വിലയ്ക്കുകൊള്ളുന്നതിനുള്ള റെഗുലേഷൻ അനുസരിച്ചു ദിവാൻപേഷ്കാരുടെ തീർപ്പു അവസാനത്തീർപ്പായി കല്പിക്കുന്നതുകൊണ്ടു കക്ഷി സംഗതിയുടെ തീർപ്പിനെ സിവിൽകോടതിയിൽ ചെന്നു വലിച്ചുകൊള്ളുവാൻ ഇടയാക്കുന്ന ഒരു വ്യവസ്ഥ ആവശ്യം ഇല്ലഎന്നു അദ്ദേഹം വിചാരിക്കുന്നതായി തോന്നുന്നു. മി. പിറവിപ്പെരുമാൾപിള്ള ചൂണ്ടിക്കാണിച്ചതുപോലെ ഏതാദൃശസംഗതിയിൽ ആലോചിക്കേണ്ടതായ മുഖ്യസംഗതി നഷ്ടത്തിന്റെ പരിമാണം ആണു. സർക്കാരിലേക്കു ഭൂമി വിലയ്ക്കുകൊള്ളുന്ന റെഗുലേഷനിൽ ഉദ്ദേശിക്കപ്പെട്ടിരിക്കുന്ന സംഗതികളിൽ ചേതം കാര്യവശാൽ നാമമാത്രം ആയിരിക്കും. ഇപ്പോഴത്തെ ബില്ലിൽ ൩ (ഡി) ഖണ്ഡം ഇപ്രകാരം ഇരിക്കുന്നു.

"(ഡി) അപ്രകാരമുള്ള ഭൂമിയിൽ ഉള്ളതായി വിശ്വസിക്കപ്പെട്ടിരിക്കുന്ന വല്ല ലോഹമൊ ധാതുവൊ ഉണ്ടോഎന്നും അതിന്റെ പരിമാണം നിർണ്ണയിക്കുന്നതിലേക്കു ആവശ്യമുള്ള മറെറല്ലാ പ്രവൃത്തികളും ചെയ്യുന്നതിനും"

അതുകൊണ്ടു ധാതു എത്രമാത്രം ഉണ്ടു എന്നു നിർണ്ണയിക്കുവാൻ ശ്രമിക്കുന്നതിൽ ഭൂമിയുടെ അടിയിൽ വളരെ ആഴമായി കുഴിക്കേണ്ടുന്ന ആവശ്യം ആയിരിക്കാം എന്നുള്ളതു സ്പഷ്ടം ആണ്; ഇതു പ്രകൃത്യാ ചില സംഗതികളിൽ സാരമായ നഷ്ടത്തെ ജനിപ്പിക്കും.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ); ഉദ്ദേശം എന്തു നഷ്ടം ആണെന്നു് എന്റെ സ്നേഹിതൻ വിചാരിക്കുന്നതു;

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): എനിക്കു പറയാൻ കഴിയുകയില്ല. എനിക്കു തോന്നുന്നിടത്തോളം ചില സംഗതികളിൽ ഇതു വളരെ കൂടുതലായിരിക്കും.

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും-തെക്ക): ഭൂമിക്കടിയിൽ ൫൦൦൦ അടിയോളം താഴെ കുഴിക്കേണ്ടതു ചില സംഗതികളിൽ ആവശ്യമായിരിക്കാം എന്നു അദ്ദേഹം വിചാരിക്കുന്നുണ്ടൊ?

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): എനിക്കു നിശ്ചയം ഇല്ല; ആവശ്യം ആയിരിക്കാം; ചില സംഗതികളിൽ ഇതു വളരെ സാരമായ നഷ്ടത്തിനു ഇടയാക്കും. ഭൂമി വിലയ്ക്കുകൊള്ളുന്ന റെഗുലേഷൻ അനുസരിച്ചു എന്റെ സ്നേഹിതൻ ലാമെമ്പർ പറയുന്നതുപോലെ അപ്രകാരം തുരക്കുകയും കുഴിക്കുകയും ചെയ്യാമെന്നുവരികിൽ വ്യവസായഡയറക്ടർക്കു ആ റെഗുലേഷൻ അനുസരിച്ചു പ്രവർത്തിക്കാമല്ലൊ? അപ്പോൾ ഈ റെഗുലേഷനിൽ വ്യവസ്ഥചെയ്യുന്നതെന്തിനാണ്. ധാതുക്കൾ ആരായുന്ന കാര്യത്തിലേക്കായി ഈ റെഗുലേഷനിൽ വ്യക്തമായ വ്യവസ്ഥ ഉണ്ടായിരിക്കുന്ന സ്ഥിതിയ്ക്കു ഈ വ്യവസ്ഥകൾ മാത്രമേ അങ്ങനെയുള്ള സംഗതികളിൽ സംബന്ധിക്കയുള്ളു എന്നുള്ള കാര്യം മെമ്പർ നിശ്ചയമായും സമ്മതിക്കുന്നതാണ്. ഇതു നിശ്ചയം തന്നെ. അതിനാൽ ഈ പ്രവൃത്തി സാരമായ ചേതത്തിനു ഇടയാക്കും. അതിനാൽ ചേതം നിർണ്ണയിക്കുന്ന സംഗതിയിൽ വല്ല തർക്കവും ഉണ്ടാകുമ്പോൾ കക്ഷിക്കു സിവിൽകോടതിയിൽ പോകുന്നതിനുള്ള അവകാശം നൽകേണ്ടതു ആവശ്യമാണ്. അതുകൊണ്ടു മി. പി. കെ. നാരായണപിള്ളയുടെ ഭേദഗതിയുടെ ഒന്നാംഭാഗം വളരെ യോജിച്ച വ്യവസ്ഥയാണെന്നും അതിനെ സഭ അംഗീകരിക്കേണ്ടതാണെന്നും ഞാൻ അഭിപ്രായപ്പെടുന്നു.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ സർക്കാർവക്കീൽ): സിവിൽകോടതി തീർപ്പുചെയ്യുന്നതുവരെ ഉദ്യോഗസ്ഥൻ ഭൂമിയിൽ പ്രവേശിക്കുന്നതിനെ നിറുത്തിവയ്ക്കണം എന്നു അദ്ദേഹം ആവശ്യപ്പെടുന്നുവൊ?

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): ഇല്ല, തീരെ ഇല്ല. എന്റെ വാദം ചേതത്തെ നിർണ്ണയിക്കുന്നതിനെ സംബന്ധിച്ചുമാത്രമാകുന്നു.

സഭ ഭക്ഷണത്തിനായി ഉച്ചയ്ക്കു ൧ അടിച്ചു ൫ മിനിട്ടായപ്പോൾ പിരിഞ്ഞു. ൩ അടിച്ചു ൩ മിനിട്ടായപ്പോൾ വീണ്ടും യോഗംകൂടി.

ഡെപ്യൂട്ടിപ്രെസിഡണ്ടു ആദ്ധ്യക്ഷംവഹിച്ചു.

മി. കെ. സി. ചാക്കൊ (വ്യവസായഡയറക്ടർ): സർ, ആരായ്ച്ചപ്രവൃത്തിയാൽ ഉണ്ടാക്കപ്പെടുന്ന നഷ്ടത്തെക്കുറിച്ചു ക്രമാതീതമായ അഭിപ്രായം ഉള്ളതായി എതിർകക്ഷിയിലെ പ്രസംഗങ്ങളിൽനിന്നു എനിക്കു തോന്നുന്നു. വാസ്തവത്തിൽ ഉണ്ടാകാവുന്ന നഷ്ടം വളരെ ലഘുവം ആയിരിക്കും. ആരായ്ച്ചഎന്നു പറയുന്നതു സാധാരണമായി ഒരു ധാതുകീഴ്മേലോ വിലങ്ങയോ കാണപ്പെടുന്നതു എന്നു അറിയുന്നതിനായി ഒരു ചെറിയ കുഴികുഴിക്കുക ആണ്. ഇതിലേക്കു ഭൂമിയിൽനിന്നു എടുത്തുമാറേറണ്ടതു ഒരു കയ്യിൽ കൊള്ളുന്നിടത്തോളം മാത്രം ആകുന്നു. ചിലപ്പോൾ ഒരു ട്രഞ്ചുവെട്ടേണ്ടിവരും. അവിടെയും ഇതു മൂന്നോനാലോ ഇഞ്ചു ചതുരത്തിൽമാത്രം വിസ്താരമുള്ളതായിരിക്കും. അതിനെ യാതൊരു ചേതവും വരാതെ മൂടുകയും ചെയ്യാം, ഈ ആരായ്ച്ച

പ്രവൃത്തികൾ നടത്തുന്നതിലേക്കായി ഏതൊരു ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാർക്ക് വസ്തുക്കളിൽ പ്രവേശിക്കേണ്ടിയിരിക്കും. ഓരോ തുറക്കുന്നതിൽ ചിലപ്പോൾ കൂടാരമടിച്ചു ചില താമസിക്കേണ്ടിവരാം. വാസ്തവസ്ഥിതിയാകട്ടെ കുടികൾ ഈവിധം പ്രവൃത്തികൾ ജനങ്ങളുടെ വസ്തുക്കളിൽ നടത്തുന്നതിനെ നിയമേന തടയാറില്ല; എന്നാൽ ഈ കാര്യങ്ങൾ എന്തിനുവേണ്ടി ചെയ്യുന്നു എന്ന് അറിയാൻ പാടില്ലാത്തവരായ ചില മൂഢന്മാർ ഉണ്ട്. അവരുടെ ഭൂമിയിൽ നിന്ന് വിലപിടിച്ച സാധനങ്ങൾ എടുത്തുകൊണ്ടുപോകുന്നു എന്ന് അവർ വിചാരിക്കുന്നു. അതുകൊണ്ട് ഈ ആവശ്യം ഉണ്ടാകുന്നതിനെ അവർ വിരോധപ്പെടുന്നു. അപ്രകാരം അപൂർവ്വമായുള്ള സംഗതികളിൽ [illegible] നടത്തുന്നു. വഴിതടസ്സങ്ങൾ ഇടിഞ്ഞുവീഴുന്നതിന്ന് ഞാൻ ഇടയാകും എന്നും [illegible] ബില്ലിൽ ഈ വ്യവസ്ഥ ചെയ്തിരിക്കുന്നു [illegible] പറഞ്ഞു. എന്നാൽ ആ [illegible] പ്രവൃത്തികൾ [illegible] ഒന്നും ചെയ്യാറില്ല. ഖനികളുടെ കാര്യത്തിൽ അങ്ങനെ സംഭവിക്കാം. ഖനികളുടെ കാര്യത്തിൽ [illegible] ഭൂമി വിലയ്ക്കു കൊള്ളേണ്ടിവരും. ഏതായാലും ഈ അന്വേഷണങ്ങൾ ഈ നിയമാനുസൃത നടപടികളാൽ വിഘ്നപ്പെടുത്തപ്പെടരുത് എന്നുമാത്രമേ എനിക്ക് ആഗ്രഹമുള്ളൂ. ഈ [illegible] നടത്തുന്നതിന്ന് ചില മാർഗ്ഗങ്ങൾ ഉണ്ടാകുന്ന കാര്യം സഭ ചിന്തിക്കും എന്ന് ഞാൻ വിചാരിക്കുന്നു.

മി. ജി. രാമൻമേനോൻ (നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗം): സർ, ഞാൻ മിസ്റ്റർ നാരായണപിള്ളയുടെ ഭേദഗതിയെ അനുകൂലിക്കുന്നു. ബില്ലിലെ ഈ ഭാഗം യാത്രകളും മോഹങ്ങളും [illegible] സംബന്ധിച്ചുള്ളതാണ്. മോഹങ്ങളും യാത്രകളും [illegible] ആവശ്യമുള്ള [illegible] ഇടയായിത്തീരും. എന്നാൽ വസ്തു വിലയ്ക്കു കൊള്ളുന്നതിനായി [illegible] അപേക്ഷ സമർപ്പിക്കുവാൻ ഇടയില്ല; അതിനാൽ വസ്തു വിലയ്ക്കു കൊള്ളുന്ന കാര്യത്തിലേക്കായി വസ്തുവിൽ പ്രവേശിക്കുക, പരിശോധിക്കുക മുതലായ പ്രവൃത്തികൾ ചെയ്യുന്നതിനും, യാത്രകളും [illegible] ആവശ്യമുള്ള [illegible] വ്യത്യാസമുണ്ട്. [illegible] ആവശ്യം [illegible] വസ്തുവിൽ കഴിച്ചുകൂട്ടേണ്ടിയിരിക്കുന്നു. അതുകൊണ്ട് [illegible] ഉദ്യോഗസ്ഥന്മാരുടെ [illegible] മി. നാരായണപിള്ളയുടെ ഉപക്ഷേപത്താൽ [illegible] ആയിരിക്കുന്നു. യാത്രകളും ഖനികളും [illegible] ആവശ്യത്തിന്ന് സംബന്ധിച്ചുള്ള അദ്ധ്യായം [illegible] അനാവശ്യമാകുന്നു. എന്റെ അഭിപ്രായം, ന്യായമായ സകല കാര്യങ്ങൾക്കും അന്വേഷണം നടത്തുന്നതിന്ന് [illegible] ഉണ്ട്. ഇപ്പോൾ [illegible] കുടികളുടെ [illegible] അത്യാവശ്യമാകുന്നു. സിവിൽ കോടതികളുടെ തീർപ്പുകളെ സംബന്ധിച്ച് ഗവണ്മെന്റുദ്യോഗസ്ഥന്മാർക്ക് അത്രവിശ്വാസമില്ലാതിരിക്കുന്നതെന്തുകൊണ്ട്? വസ്തുക്കളുടെ വിലയും അവയെസംബന്ധിച്ച പ്രശ്നങ്ങളും സിവിൽകോടതികൾ തീർപ്പുചെയ്യണം എന്നാകുന്നു ഞാൻ പറയുന്നത്. അപ്രകാരം കോടതി തീർപ്പുചെയ്യേണ്ടതായിരിക്കുന്നു. [illegible] കാര്യങ്ങളിൽ അവസാനാധികാരം കിട്ടുന്നതിന്ന് കാര്യനിർവാഹകരായ ഉദ്യോഗസ്ഥന്മാർ പലപ്പോഴും ആഗ്രഹിക്കുന്നു. [illegible] വളരെ [illegible] മനസ്ഥിതിയാണ്. കുടികൾക്കു ഉപദ്രവം വരുത്തുന്നതിന്ന് വല്ല മാർഗ്ഗവും [illegible] ലഭിക്കണം എന്നാകുന്നു ചില ഉദ്യോഗസ്ഥന്മാർ ആവശ്യപ്പെടുന്നത്. വാസ്തവത്തിൽ അവർ ഉപദ്രവം ചെയ്യുകയില്ലായിരിക്കാം; എങ്കിലും അവർക്ക് അധികാരം [illegible] അവകാശങ്ങളെ ബാധിക്കുന്ന കാര്യങ്ങളിൽ [illegible] അവസാനാധികാരം കാര്യനിർവാഹകരായ ഉദ്യോഗസ്ഥന്മാർക്ക് നൽകുന്നതായാൽ ചിലപ്പോൾ അവർ ആ അധികാരം അനാവശ്യമായി ഉപയോഗിക്കുന്നതിന്ന് ഇടയാകും. ഇതിന്ന് എനിക്ക് ഉദാഹരണങ്ങൾ പറവാൻ സാധിക്കും. കൃഷിഡിപ്പാർട്ടുമെന്റു ജനങ്ങളുടെ പ്രത്യേകിച്ചും കൃഷിക്കാരുടെ സ്ഥിതിയെ നന്നാക്കുന്നതിനായി ഉണ്ടാക്കപ്പെട്ടിരിക്കുന്ന ഒന്നാണ്. എങ്കിലും ആ ഡിപ്പാർട്ടുമെന്റിന്ന് ചില അധികാരങ്ങൾ നൽകിയിട്ടുള്ളതുകൊണ്ട് പലപ്പോഴും വലിയ ഉപദ്രവം നഷ്ടവും കൃഷിക്കാർക്ക് ഉണ്ടാകുന്നു. [illegible] ചില ജന്തുക്കളുടെ ഉപദ്രവം തട്ടിയാൽ [illegible] അവർക്ക് അധികാരം ഉണ്ട്. ഇലകൾ [illegible] വൃക്ഷങ്ങളിൽ പുഴുക്കൾ ഇരിക്കുന്നതുകൊണ്ടോ [illegible] ആയിരിക്കാം. ഈ രണ്ടു സംഗതിയിലും [illegible] വെട്ടിക്കളയുന്നതിന്ന് ഈ ഡിപ്പാർട്ടുമെന്റിലെ [illegible] അധികാരം ഉണ്ട്. [illegible] വൈമനസ്യം കാണിച്ച ഉടമസ്ഥന്മാരെപ്പറ്റി വാസ്തവത്തിൽ എനിക്ക് അറിയാം. അവർ എപ്രകാരം നടന്നു [illegible] കാര്യനിർവാഹകരായ ഉദ്യോഗസ്ഥന്മാർക്ക് [illegible] അധികാരങ്ങൾ കൊടുക്കുന്നതുകൊണ്ട് വളരെ വലിയ ദോഷങ്ങൾ ഉണ്ടാകുന്നു എന്നു കാണിക്കുന്നതിന്ന് ഇത് ഒരു ഉദാഹരണം ആണ്. ഇതുപോലെതന്നെ അന്വേഷണം നടത്തുന്ന ഉദ്യോഗസ്ഥന്മാർക്ക് അതുപോലുള്ള അധികാരങ്ങൾ കൊടുക്കുന്നതായാൽ അവരും വസ്തുക്കളിൽ പ്രവേശിച്ച് ന്യായമായ കാരണം കൂടാതെ [illegible] ഇടയാകുന്നതാണ്. അവർ വല്ല നഷ്ടവും വരുത്തിയാൽ അതിനു അവർ ഉത്തരവാദികളാകണം. ആ കാര്യം നിശ്ചയമായും സിവിൽകോടതിതന്നെ തീർച്ചയാക്കണം. കാര്യനിർവാഹകരായ ഉദ്യോഗസ്ഥന്മാർ [illegible] നീതിമായക്കുള്ള മനസ്ഥിതിയെ യോജിച്ച വിധത്തിൽ തീർപ്പു [illegible] എന്നുള്ളതുകൊണ്ട് ആ ഉദ്യോഗസ്ഥന്മാർ ഈ സംഗതി തീർച്ചചെയ്താൽ മതിയാകുന്നതല്ല. ആ ദോഷം [illegible] സങ്കടമുള്ള കക്ഷിക്ക് സിവിൽകോടതിയിൽ അപ്പീൽ ബോധിപ്പിക്കാം എന്നു നിശ്ചയിക്കുന്നതാകുന്നു. ഇത്രയും പറഞ്ഞു ഈ ഭേദഗതിയെ ഞാൻ അനുകൂലിക്കുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സർ, മറുപടിയായി എനിക്ക് അധികം പറയുവാനില്ല. അന്വേഷണംമൂലം അധികം ചേതം നേരിടുകയില്ലെന്നും ഏതായാലും അതു [illegible] രൂപയിൽ കവിയുകയില്ല എന്നും മിസ്റ്റർ ചാക്കോ പറഞ്ഞിരിക്കുന്നു. അന്വേഷണത്തിനായി മിസ്റ്റർ ചാക്കോതന്നെ പോകുന്നതായാൽ കഥ അങ്ങനെതന്നെയായിരിക്കാവുന്നതാണ്. എന്നാൽ അതിനെ അദ്ദേഹത്തിനെ അല്ല സാധാരണമായി അയയ്ക്കുന്നത്. മിസ്റ്റർ രാമൻമേനവൻ പറഞ്ഞതുപോലെ ഡിപ്പാർട്ടുമെന്റുകളിലെ കീഴ്ജീവനക്കാർക്ക് കൊടുക്കുന്നതായ എത്രയും ചുരുങ്ങിയ അധികാരത്തെ എത്രയും വിപുലമായ വിധത്തിൽ ഉപയോഗിക്കുന്നതിനുള്ള സാമർത്ഥ്യം അവർക്ക് ഉണ്ട്. പണ്ഡിതനായ എന്റെ സ്നേഹിതന്റെ അനുഭവം അങ്ങനെയായിരിക്കെ അന്വേഷണം

മൂലം സാരമായ ദോഷങ്ങൾ ഉണ്ടാകുകയില്ലാ എന്ന മിസ്റ്റർ ചാക്കൊ പറയുന്നതു അംഗീകരിക്കുവാൻ എനിക്കു നിവൃത്തിയില്ല. അതുകൊണ്ടു എന്റെ ഭേദഗതി സ്വീകരിക്കണമെന്നു ഞാൻ നിർബന്ധമായി പറയുകയും ഓ-നോറബിൾ മെമ്പറന്മാരോടും പ്രത്യേകം വോട്ടിനിടണമെന്നു അപേക്ഷിക്കുകയും ചെയ്യുന്നു.

മി. കല്ലുമലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സർക്കാർ വക്കീൽ): സർ, ഈ സംഗതിയെ സിവിൽകോടതിയുടെ അധികാരത്തിൽനിന്നു ഒഴിക്കണമെന്നു ഗവർമ്മെന്റിനു യാതൊരു ആഗ്രഹമില്ല എന്നു ആരംഭത്തിൽതന്നെ ഞാൻ പറഞ്ഞുവല്ലോ. ചേതം വളരെ കുറച്ചുമാത്രമായിരിക്കും എന്നുള്ളതുകൊണ്ടു അതിനെ സംബന്ധിച്ചു തീർച്ചയാക്കുന്നതിനു സിവിൽകോടതിയിൽ പോകേണ്ട ആവശ്യമില്ല എന്നു മാത്രമെ ഞാൻ പറയുന്നുള്ളു. നഷ്ടം വളരെ കൂടുതലായിരിക്കും എന്നും അതിന്റെ പരിമാണത്തെ പ്രാരംഭത്തിലെ നിർണ്ണയിക്കുന്നതായാൽ ആയതു അപകടമായിരിക്കുമെന്നും ആ കക്ഷിയിൽ ഉള്ള എന്റെ സ്നേഹിതന്മാർ വിചാരിക്കുന്നതായി തോന്നുന്നു. സഭയുടെ അഭിപ്രായം അങ്ങനെയാണെങ്കിൽ അന്വേഷണപ്രവൃത്തിയുടെ വാസ്തവത്തിൽ ഉണ്ടാകാവുന്ന ചേതത്തിന്റെ പരിമാണത്തെ നിർണ്ണയിക്കുന്നതിനും സമ്മതിച്ചുകൊണ്ടു അക്കാര്യം സിവിൽകോടതികൾ തീർച്ചചെയ്യുന്ന വിധത്തിൽ ഈ വകുപ്പിനെ ഭേദപ്പെടുത്തുന്നതിൽ എനിക്കു യാതൊരു ആക്ഷേപവും ഉണ്ടാകുന്നതല്ല. അതു ഈ സഭ സമ്മതിക്കുമെങ്കിൽ ബില്ലു മൂന്നാംവായനക്കു എടുക്കുന്ന അവസരത്തിൽ ഞാൻ ഒരു ഭേദഗതിചെയ്യുന്നതാണ്. പരിശോധനപ്രവൃത്തിക്കായി വസ്തുവിൽ പ്രവേശിക്കുകയും അതിനെ സംബന്ധിച്ചു സിവിൽകോടതിയിൽ വിചാരണ നടക്കുകയും ചെയ്യുമ്പോൾ ആ വിചാരണമൂലം ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനത്തിനു വിഘ്നം ജനിക്കരുതു എന്നുള്ള തത്വത്തെ സഭ അംഗീകരിക്കേണ്ടതാണ്. ഇക്കാര്യത്തിന്റെ തീർച്ചക്കായി സിവിൽകോടതിക്കു വിട്ടു അയക്കുന്നതായാൽ അന്വേഷണപ്രവൃത്തി കഴിഞ്ഞതിൽ പിന്നീടു ഉണ്ടാകുന്നതും തൽക്കാലം ഉണ്ടാകുന്നതും ആയ ചേതത്തെ സിവിൽകോടതി തീർച്ചപ്പെടുത്തും എന്നുള്ളതുകൊണ്ടു ദിവാൻപേഷ്കാർക്കു അതിനെസംബന്ധിച്ചു എഴുതിഅയക്കേണ്ട ആവശ്യം ഇല്ല.

ഡെപ്യൂട്ടിപ്രസിഡണ്ടു: ചില സംഗതികളിൽ ദിവാൻപേഷ്കാരുടെ തീർച്ചയെ അംഗീകരിക്കുന്നതിനു കക്ഷികൾ മനസ്സുള്ളവരായിരിക്കും.

മി. കല്ലുമലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സർക്കാർ വക്കീൽ), ചെറുതായുള്ള സംഗതിയിൽ നടപടി ക്ലിപ്തം ആയിരിക്കും. ദിവാൻപേഷ്കാർക്കു ഏതുതരം അന്വേഷണം നടത്തേണ്ടിയിരിക്കും. അദ്ദേഹത്തിന്റെ തീർച്ച അംഗീകരിക്കപ്പെട്ടില്ലെങ്കിൽ ഇക്കാര്യത്തെപ്പറ്റി സിവിൽകോടതിയിൽ വ്യവഹാരപ്പെടേണ്ടിവരും.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): 'ദിവാൻപേഷ്കാർ' എന്ന പദം ഇരിക്കുന്നതിൽ എന്താണു ആക്ഷേപം ഉള്ളതു്?

മി. കല്ലുമലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സർക്കാർ വക്കീൽ): ഇക്കാര്യം ഡിസ്ട്രിക്ടുകോർട്ടു മുഖാന്തരം തീരുമാനിക്കേണ്ടതാണെങ്കിൽ അതിനെ ദിവാൻപേഷ്കാരുടെ തീർച്ചയ്ക്കു അയക്കേണ്ട ആവശ്യം ഇല്ല.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും) ദോഷം എന്താണ്?

മി. കല്ലുമലം പരമേശ്വരൻപിള്ള (അഡീഷനൽഹെഡ്സർക്കാർവക്കീൽ): കക്ഷിക്കു ആദ്യം പേഷ്കാരുടെ അടുക്കലും പിന്നീടു ഡിസ്ട്രിക്ട്കോടതിയിലും പോകേണ്ടിവരും. ഇതു ക്ലിഷ്ടമായ നടപടിയായിരിക്കും.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): എല്ലാ കേസിലും വേണ്ടിവരികയില്ല.

മി. കല്ലുമലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സർക്കാർവക്കീൽ): ദിവാൻപേഷ്കാരുടെ തീർച്ചയ്ക്കു അയക്കണം എന്ന വ്യവസ്ഥ ഇല്ലെന്നുവരികിൽ അവക്കു നേരിട്ടു സിവിൽകോടതിയിൽ പോകാൻ കഴിയും.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ദിവാൻപേഷ്കാരുടെ തീർച്ച അതൃപ്തികരമായിരിക്കും എന്നു നിങ്ങൾക്കു മുൻപിൽക്കൂട്ടി അറിയുന്നതെങ്ങനെ?

ഡെപ്യൂട്ടിപ്രസിഡണ്ടു:—അദ്ദേഹം പറയുന്നതു സിവിൽകോടതിയുടെ വിചാരണയും രണ്ടാമതു സിവിൽകോടതിയുടെ വിചാരണയും ഇങ്ങനെ രണ്ടു വിചാരണ ഉണ്ടായിരിക്കും എന്നാണ്.

മി. ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): സർ, ഈ ബില്ലിന്റെ വാദപ്രതിവാദം ഇന്നുകൊണ്ടു അവസാനിക്കയില്ല; ഓ മെമ്പർ പറഞ്ഞതായ ഭേദഗതിയെ ബില്ലിന്റെ മൂന്നാം വായനയ്ക്കു പകരം അടുത്ത യോഗത്തിൽ ആലോചനയ്ക്കായി എടുക്കുമ്പോൾ അവതരിപ്പിക്കാവുന്നതാണ്.

മി. കല്ലുമലം പരമേശ്വരൻപിള്ള (അഡീഷനൽഹെഡ്സർക്കാർവക്കീൽ): രണ്ടാമത്തെ വായന ഇന്നുകൊണ്ടു അവസാനിക്കാത്തപക്ഷം അപ്രകാരം ചെയ്യാവുന്നതാണ്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഈ ബിൽ വീണ്ടും സഭയുടെ പര്യാലോചനയ്ക്കു വരുന്ന എന്റെ സ്നേഹിതൻ അദ്ദേഹത്തിന്റെ ഭേദഗതി അവതരിപ്പിച്ചേക്കും. അപ്പോൾ ഭേദഗതിയുടെ സ്വരൂപത്തെപ്പറ്റി നമുക്കു വാദപ്രതിവാദം നടത്താവുന്നതാണ്.

ഡെപ്യൂട്ടി പ്രസിഡണ്ട്: ആ സ്ഥിതിക്കു ഈ ഭേദഗതി പിൻവലിക്കേണ്ടതു തന്നെയാണല്ലോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഈ വകുപ്പു ഇപ്പോൾ അനുവദിക്കുമൊ എന്നു എനിക്കു അറിയേണ്ടിയിരിക്കുന്നു.

ഡെപ്യൂട്ടിപ്രസിഡണ്ട്: മൂന്നാമത്തെ വായനകാലത്തോ രണ്ടാമത്തെ വായന ഇന്നു അവസാനിക്കയില്ലെന്നുവരികിൽ അക്കാലത്തു തന്നെയൊ ഇതിനു ഒരു ഭേദഗതി ഓ മെമ്പർ പ്രയോഗിക്കും എന്നുള്ള കരാറിന്മേൽ ഈ ഭേദഗതി ഇല്ലാത്തതെന്നു പ്രസ്തുതവകുപ്പു പാസ്സാക്കുന്നതാണ്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഓ മെമ്പർ അപ്രകാരം സമ്മതിക്കുന്നതിനെ ആസ്പദമാക്കി ഞാൻ എന്റെ ഭേദഗതിയെ പിൻവലിക്കുന്നു.

മി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): അങ്ങനെ ചെയ്തില്ലെന്നുവരികിൽ ഭേദപ്പെടുത്തുന്ന ഒരു ബിൽ ഞങ്ങൾക്കു കൊണ്ടുവരാമല്ലോ?

സമാജമതിപ്രകാരം ബിൽ പിൻവലിക്കപ്പെട്ടു.

ഡെപ്യൂട്ടിപ്രെസിഡെണ്ട് നാലാം വകുപ്പു ബില്ലിന്റെ അംശമായിരിക്കുന്നു എന്നുള്ളതാകുന്നു ഇപ്പോഴത്തെ ചിന്താവിഷയം.

ഉപക്ഷേപം അനുവദിക്കപ്പെട്ടു.
വകുപ്പു ബില്ലിൽ ചേർക്കപ്പെട്ടു.

വകുപ്പു ൫.

ഡെപ്യൂട്ടിപ്രെസിഡെണ്ട്: ൫-ാം വകുപ്പു ബില്ലിന്റെ അംശമായിരിക്കട്ടെ എന്നാകുന്നു ഇപ്പോഴത്തെ ചിന്താവിഷയം.

ഉപക്ഷേപം അനുവദിക്കപ്പെട്ടു.
൫-ാം വകുപ്പു ബില്ലിനോടു ചേർക്കപ്പെട്ടു.

വകുപ്പു ൬.

മി. എസ്. പിറവിപ്പെരുമാൾപ്പിള്ള (കച്ചവടവും വ്യവസായവും-മതക്ക): സർ, ഞാൻ ഈ ഭേദഗതി അവതരിപ്പിക്കുന്നു.

(൧)-ാം ഉപവകുപ്പിൽ 'ഗസററിൽ' എന്നതിനു പിന്നീടുള്ള എല്ലാം വാക്കുകളേയും വിട്ടുകയും ൬-ാം വകുപ്പിൽ ഉള്ളതായ "ഗവർൺമെണ്ടു നിശ്ചയിക്കുന്ന സ്ഥലാതിർത്തികൾക്കു ക്രമപ്രകാരം യോഗ്യത സിദ്ധിച്ച ആളുകളെ ഇൻസ്പെക്ടർമാരായി നിയമിക്കയും അവക്കു പ്രദേശങ്ങൾ നിശ്ചയിക്കയും" എന്നതിനെ തൽസ്ഥാനത്തു ചേർക്കയും ചെയ്യണം.

ഭേദപ്പെട്ടതിനെ അനുസരിച്ചുള്ള വകുപ്പു ഇപ്രകാരം ആയിരിക്കും.

ഗവർൺമെണ്ടു നിശ്ചയിക്കുന്ന സ്ഥലാതിർത്തികൾക്കു ക്രമപ്രകാരം യോഗ്യതസിദ്ധിച്ച ആളുകളെ ഖനി ഇൻസ്പെക്ടർമാരായി അതാതു സ്ഥലങ്ങളിലേക്കു ഗസററു പരസ്യപ്രകാരം നിശ്ചയിക്കാവുന്നതാകുന്നു"

സർ, ൬-ാം അദ്ധ്യായത്തിലെ തലക്കെട്ടിലും ഈ വകുപ്പിന്റെ സംഗ്രഹത്തിലും "ഇൻസ്പെക്ടന്മാർ" എന്ന പദം പ്രയോഗിച്ചിരിക്കുന്നു. ഇതിൽനിന്നു, ഒന്നിലധികം ഇൻസ്പെക്ടർമാരെ ഉദ്ദേശിച്ചാണ് ആ പ്രകരണം ഉപയോഗിച്ചിരിക്കുന്നതെന്ന് വ്യക്തമാകുന്നതാണ്.

ഡെപ്യൂട്ടിപ്രെസിഡെണ്ട്: തിരുവിതാംകോട്ടിൽ ധാരാളം ഖനികൾ ഇല്ലാ എന്നുള്ളതു സ്പഷ്ടംതന്നെ.

മി. എസ്. പിറവിപ്പെരുമാൾപ്പിള്ള (കച്ചവടവും വ്യവസായവും-മതക്ക): എന്നാൽ ആ വകുപ്പിനെ മുഴുവനും വായിച്ചു നോക്കിയതിൽ ഗവർൺമെണ്ടിന്റെ ഹസ്തങ്ങൾ ബന്ധിക്കപ്പെട്ടിരിക്കുന്നു എന്നും തിരുവിതാംകോട്ടു ഒട്ടുക്കുമായി ഒരു ഇൻസ്പെക്ടരെമാത്രം നിയമിക്കുന്നതിനെ അവക്കു അധികാരമുള്ളു എന്നു നാം കാണുന്നു. എന്നാൽ കാര്യങ്ങൾ ഇപ്പോഴത്തെ നിലയ്ക്കു് ഇപ്പോൾ നമുക്കു പരിശോധിക്കാൻ ഖനികൾ ഇല്ല. ആ സ്ഥിതിക്കു ഒരു ഇൻസ്പെക്ടർ മതിയാകും എന്നുള്ള ബഹുമാനപ്പെട്ട മെമ്പരുടെ അഭിപ്രായത്തിനോടു ഞാൻ യോജിക്കുന്നു; എന്നാൽ ഖനികളുടെ എണ്ണം കൂടുകയും ഒന്നിലധികം ഇൻസ്പെക്ടർമാരെ നിയമിക്കേണ്ടതായ ആവശ്യം ജനിക്കയും ചെയ്യുമ്പോൾ മറെറാരു ഇൻസ്പെക്ടരെ നിയമിക്കുന്നതിൽ വൈഷമ്യം ഗവർൺമെണ്ട് അനുഭവിക്കും.

ഡെപ്യൂട്ടിപ്രെസിഡെണ്ട്: അപ്പോൾ ഗവർൺമെണ്ടു റെഗുലേഷൻ ഭേദപ്പെടുത്തുവാൻ നോക്കും.

മി. എസ്. പിറവിപ്പെരുമാൾപ്പിള്ള (കച്ചവടവും വ്യവസായവും-മതക്ക): അതുകൊണ്ടു ഈ വൈഷമ്യം തീക്കാനായി ഞാൻ ഈ ഭേദഗതി അവതരിപ്പിച്ചുകൊള്ളുന്നു.

ഇതിനു ആരും അനുമതി നൽകാതിരുന്നതിനാൽ ഭേദഗതി തള്ളപ്പെട്ടു.

അടുത്ത ഭേദഗതി അവതരിപ്പിച്ചില്ല.

അതായതു മി. പിറവിപ്പെരുമാൾപ്പിള്ള (൨)-ാമത്തെ ഉപവകുപ്പിൽ ഇൻസ്പെക്ടർ എന്നതിനു പകരം ഇൻസ്പെക്ടർമാർ എന്നും ഉദ്യോഗസ്ഥൻ എന്നതിനു പകരം ഉദ്യോഗസ്ഥന്മാർ എന്നും ചേർക്കണം.

ഡെപ്യൂട്ടിപ്രെസിഡെണ്ട്: ൬-ാമത്തെ വകുപ്പു ബില്ലിലെ അംശമാക്കപ്പെട്ടിരിക്കുന്നു എന്നാകുന്നു പ്രശ്നം.

ഉപക്ഷേപം അനുവദിക്കപ്പെട്ടു.
വകുപ്പു ബില്ലിൽ ചേർക്കപ്പെട്ടു.
൭ മുതൽ ൧൧ വരെ വകുപ്പുകൾ.

ഡെപ്യൂട്ടിപ്രെസിഡെണ്ട്: ൭ മുതൽ ൧൧ വരെ വകുപ്പുകൾ ബില്ലിലെ അംശമാക്കപ്പെട്ടിരിക്കുന്നു എന്നാകുന്നു പ്രശ്നം.

ഉപക്ഷേപം അനുവദിക്കപ്പെട്ടു.
൭ മുതൽ ൧൧ വരെ വകുപ്പുകൾ ബില്ലിൽ ചേർക്കപ്പെട്ടു.

വകുപ്പു ൧൨.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഞാൻ താഴെചേർക്കുന്ന ഭേദഗതി അവതരിപ്പിക്കുന്നു.—

വകുപ്പിലും പുസ്തകത്തിലും നോട്ടീസ് എന്നതിനു പകരം അറിയിപ്പു എന്നു ചേർക്കണം.

വാഗ്ഭേദംമാത്രമേ ഞാൻ പ്രയോഗിക്കുന്നുള്ളു. ഇപ്പോഴത്തെരീതിയിൽ വകുപ്പു ഇപ്രകാരമാകുന്നു.

ഖനിയുടെ ഉടമസ്ഥനോ ഏജണ്ടോ മാനേജരോ ഇപ്പോൾ ഉള്ള ഖനിയുടെ കാര്യത്തിൽ ഈ റെഗുലേഷൻ തുടങ്ങുന്നതുമുതൽ ഒരു മാസത്തിനകവും പുതിയ ഖനിയുടെ കാര്യത്തിൽ ഖനി പ്രവൃത്തികൾ തുടങ്ങുന്നതുമുതൽ മൂന്നുമാസത്തിനകവും നിശ്ചയിക്കുന്ന ഫാറത്തിലും ഖനികളെ സംബന്ധിച്ച വിവരങ്ങൾ അടങ്ങിയതും ആയ ഒരു നോട്ടീസ് ഖനി കിടക്കുന്ന ഡിസ്ത്രിക്ടിലെ ഡിസ്ത്രിക്ട് മജിസ്ത്രേട്ടിനു അയക്കണം.

സർ, ഇതിനെ നോട്ടീസ് എന്നോ കേവലം അറിയിപ്പു എന്നോ വിളിക്കേണ്ടതു എന്നു എനിക്കു അറിയാൻ കഴിവില്ല. നോട്ടീസ് എന്ന പദത്തിനെയാകുന്നു ഞാൻ ആക്ഷേപിക്കുന്നതു. നോട്ടീസ് എന്നതിനുപകരം 'വിവരം' എന്നു പ്രയോഗിക്കണം എന്നാകുന്നു എന്റെ അഭിപ്രായം. ചുരുക്കപ്പേരിലും നോട്ടീസ് എന്നപദം

ചേർത്തിരിക്കുന്ന അധികം നല്ലപദം നോട്ടീസിനെ അപേക്ഷിച്ച് വിവരം ആണ് എന്നല്ലയോ എന്ന് എനിക്കു തോന്നുന്നു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഞാൻ ഈ ഭേദഗതിയെ അനുകൂലിക്കുന്നു.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): ഇൻഡ്യൻ ഗവർമെൻസ് ആക്റ്റിൽ പ്രയോഗിച്ചിരിക്കുന്ന പദം "നോട്ടീസ്" എന്നാകുന്നു. യാതൊരു നീതിന്യായസംബന്ധമായ ആക്ഷേപവും പുറപ്പെടുവിച്ചിട്ടില്ല. വിവരം എന്നതു പൂർണ്ണമായി ശരിയായിരിക്കാം. ഏതായാലും "നോട്ടീസ്" എന്ന പദത്തിൽ തെറ്റൊന്നുമില്ല.

മി. കെ. ജർജ് (ഗവർമെന്റ് ചീഫ്സെക്രട്ടറി): 'ഖനിയുടെ' എന്നതു 'ഒരു ഖനിയുടെ' ആയിരിക്കേണ്ടയോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതു ഇപ്പോൾ വായിച്ചപ്പോൾ അപ്രകാരം വേണമെന്നു എനിക്കു തോന്നി.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ), അതു ഈ കടലാസിൽ ഉള്ള അച്ചടിത്തെറ്റാണ്.

ഡെപ്യൂട്ടിപ്രസിഡന്റ്. മിസ്റ്റർ നാരായണപിള്ളേ, നിങ്ങളുടെ ഭേദഗതി സ്വീകരിക്കണമെന്ന് നിങ്ങൾ നിർബന്ധിക്കുന്നുണ്ടോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഞാൻ എന്റെ ഭേദഗതിയെ അവലംബിക്കുന്നു. ചെയ്യുന്ന 'വിവരം' എന്നതു അധികം നല്ലതാണ് എന്ന് എനിക്കു തോന്നുന്നു. വല്ല കാര്യവും പ്രവർത്തിക്കുന്നതിനായി എതിർകക്ഷിയോടു ആവശ്യപ്പെടുമ്പോൾ, സർക്കാരിനെ പ്രതിയാക്കി വ്യവഹാരപ്പെടുംമുമ്പ സർക്കാരിനു നോട്ടീസ് കൊടുക്കുന്നതുപോലെ നോട്ടീസ് കൊടുക്കുന്നു.

മി. വി. എസ്. സുബ്രഹ്മണ്യയ്യർ (ഹെഡ്സർക്കാർവക്കീൽ): അറിയിപ്പ് എന്നാക്കിയാലോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): 'അറിയിപ്പ്' എന്നുള്ളതു ശരിതന്നെ. 'വിവരം' എന്നുമാത്രം മതിയല്ലോ. ഡിസ്ട്രിക്ട്‌മജിസ്ട്രേട്ടിനു നോട്ടീസ് കൊടുക്കുക എന്നുള്ളതു അതിന്റെ അവസ്ഥയ്ക്കു ചേരാത്തതായിരിക്കും.

ഡെപ്യൂട്ടിപ്രസിഡന്റ്. മിസ്റ്റർ പരമേശ്വരൻപിള്ളേ, നിങ്ങൾക്ക് എന്താ ആക്ഷേപം ഉള്ളതു പറയുന്നതുണ്ടോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): ബ്രിട്ടീഷിൻഡ്യയിലെ ആക്റ്റിൽ ഉപയോഗിച്ചിരിക്കുന്ന പദം ഇതുതന്നെയാണ്.

ഡെപ്യൂട്ടിപ്രസിഡന്റ്. ഡിസ്ട്രിക്ട്‌മജിസ്ട്രേട്ടന്മാർ വല്ലതും ചെയ്യണം എന്നു പറയുന്നില്ല. അവരോടു വിവരം പറയാനാണുള്ളത് എന്നാണ് മിസ്റ്റർ നാരായണപിള്ളയുടെ വാദം എന്നു തോന്നുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): [illegible] സംഭവിക്കുന്നതായാൽ അതിനെ സംബന്ധിച്ചു വിവരം അറിയിക്കുകയാണോ ചെയ്യേണ്ടതു?

മി. ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): നോട്ടീസ് കൊടുത്തതിൽപിന്നീടുമാത്രമേ പ്രവർത്തിക്കാൻ ഇടയുള്ളു. അതുകൊണ്ടു 'നോട്ടീസ്' എന്ന പദത്തെ വച്ചുകൊണ്ടിരിക്കുന്നതിനു വിരോധമില്ല എന്നു എനിക്കു തോന്നുന്നു.

മി. വി. എസ്. സുബ്രഹ്മണ്യയ്യർ (ഹെഡ്സർക്കാർവക്കീൽ): നോട്ടീസ് എന്നതു ഒരു പ്രവൃത്തി ചെയ്യുന്നതിനായി തന്നെ ഇരിക്കണം എന്നില്ല.

ഡെപ്യൂട്ടിപ്രസിഡന്റ്. അഭിപ്രായവ്യത്യാസം കാണുന്നു. ആ സ്ഥിതിക്കു, മിസ്റ്റർ. നാരായണപിള്ളേ, നോട്ടീസ് എന്ന പദത്തെ തന്നെ വച്ചുകൊണ്ടിരിക്കുന്നതു നല്ലതാണെന്നു തോന്നുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ആ സ്ഥിതിക്കു ഞാൻ ഭേദഗതി പിൻവലിക്കുന്നു.

മി. കെ. ജർജ് (ഗവർമെന്റ് ചീഫ്സെക്രട്ടറി): ഖനി എന്നതിനുമുമ്പ് 'ഒരു' എന്നു ചേർക്കണം എന്നു ഞാൻ അഭിപ്രായപ്പെടുന്നു.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): ഞാൻ അതിനെ അനുകൂലിക്കുന്നു. ഭേദഗതിയെ ഗവർമെന്റിനുവേണ്ടി ഞാൻ സ്വീകരിക്കുകയും ചെയ്യുന്നു.

ഡെപ്യൂട്ടിപ്രസിഡന്റ്. [illegible] വകുപ്പ് ബില്ലിന്റെ അംശമായിരിക്കണമോ എന്നുള്ളതാകുന്നു ചിന്താവിഷയം.

ഉപക്ഷേപം അനുവദിക്കപ്പെട്ടു.

ഈ വകുപ്പ് ബില്ലിൽ ചേർക്കപ്പെട്ടു.

[illegible] മുതൽ [illegible] വരെ വകുപ്പുകൾ.

ഡെപ്യൂട്ടിപ്രസിഡന്റ്. [illegible] മുതൽ [illegible] വരെ വകുപ്പുകൾ ബില്ലിന്റെ അംശമായിരിക്കണമോ എന്നുള്ളതാണ് ഇപ്പോൾ ചിന്തിക്കേണ്ടതു്.

ഉപക്ഷേപം അനുവദിക്കപ്പെട്ടു.

[illegible] മുതൽ [illegible] വരെ വകുപ്പുകൾ ബില്ലിൽ ചേർക്കപ്പെട്ടു.

വകുപ്പ് ൨൧.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ൨൧-ാം വകുപ്പ് [illegible]-ാം ഉപവകുപ്പിൽ "൧൧-ാം വകുപ്പു" എന്ന വാക്കുകളെ വിട്ടുകളയണം എന്നുള്ള ഭേദഗതി ഞാൻ പ്രയോഗിക്കുന്നു.

വകുപ്പു ഇപ്പോഴത്തെനിലയിൽ ഇപ്രകാരം ആയിരിക്കും.

[illegible] വകുപ്പിൽ ഉള്ള യാതൊന്നും ക്രിമിനൽനടപടിനിയമത്തിലെ ൧൧-ാം വകുപ്പനുസരിച്ചു ഒരു മജിസ്ട്രേട്ടിന്റെ അധികാരങ്ങളെ ബാധിക്കുന്നില്ല.

ഡെപ്യൂട്ടിപ്രസിഡന്റ്. [illegible] മുഖ്യമായും ഈ കൂലിവേലക്കാരുടെ ആരോഗ്യത്തെയും രക്ഷയെയും പറ്റി പ്രതിപാദിക്കുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഒരു ഖനിയിൽ പ്രവൃത്തിനടത്തിക്കുന്നതു സംബന്ധിച്ചു സമാധാനലംഘനത്തിനു ഇടയാക്കുന്ന ഒരു തർക്കം സംഭവിക്കുന്നു എന്നിരിക്കട്ടെ; മാജിസ്ട്രേട്ടിനു അവിടെ ഹാജരാകേണ്ടിയിരിക്കാം.

ഡെപ്യൂട്ടിപ്രെസിഡെണ്ട്: അതു ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതായി ഞാൻ വിചാരിക്കുന്നില്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ). ക്രിമിനൽനടപടിനിയമത്തിലെ മററനേകം വകുപ്പുകൾ ഇവിടെ ഉപയോഗിക്കേണ്ടിയിരിക്കാം. അതുകൊണ്ടു ഞാൻ ഈ ഭേദഗതി പ്രയോഗിക്കുന്നു.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): ഞാൻ അതിനെ പിൻതാങ്ങുന്നു.

മി. കല്ല്യാലംപരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): ക്രിമിനൽനടപടിനിയമം ൪൫൭-ാം വകുപ്പനുസരിച്ചു ഒരു മാജിസ്ട്രേട്ട നടത്താവുന്ന പ്രവൃത്തിക്കു തുല്യമായ പ്രവൃത്തി നടത്തുന്നതിനു ഒരു ഇൻസ്പെക്ടരെ അധികാരപ്പെടുത്തീട്ടുള്ളതായി മുമ്പിലത്തെ ഒരു വകുപ്പിൽനിന്നു കാണാവുന്നതാണ്. ൪൭-ാംവകുപ്പിലെ ൫-ാം ഉപവകുപ്പു നോക്കുക. അതിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു:—

"വല്ല ഖനിയിലൊ അതിന്റെ ഭാഗത്തിലൊ വേലയ്ക്കു നിയമിച്ചിരിക്കുന്ന വല്ല ആളുടെയും ജീവനൊ രക്ഷയ്ക്കൊ ഉടനടിയായും നിശ്ചയമായും ആപത്തു ഉണ്ടാകുമെന്നു ഇൻസ്പെക്ടർ അഭിപ്രായപ്പെടുന്നതായാൽ തന്റെ അഭിപ്രായത്തിനുള്ള കാരണങ്ങളെ വിവരിച്ചു രേഖപ്പെടുത്തീട്ടുള്ള ഒരു ഉത്തരവിനാൽ ആ ആപത്തു നീക്കുന്ന കാര്യത്തിലേക്കു ഏതാളിനെ ജോലിയിൽനിന്നു നീക്കേണ്ടതു ന്യായമായി ആവശ്യമാണെന്നു അദ്ദേഹത്തിനു അഭിപ്രായമുണ്ടൊ അപ്രകാരമുള്ള വല്ല ആളിനേയും ആ ഖനിയിലൊ അതിന്റെ ഭാഗത്തിലൊ അതിനു സമീപത്തോ വേലയിൽ നിയമിക്കുന്നതിനെ ആ ആപത്തു നീങ്ങുന്നതുവരെ അദ്ദേഹത്തിനു തടുക്കാവുന്നതാകുന്നു."

ആ പ്രവൃത്തി ൪൫൭-ാംവകുപ്പു അനുസരിച്ചു മാജിസ്ട്രേട്ട നടത്തുന്ന പ്രവൃത്തിക്കു ഒത്തതാകുന്നു. അതുകൊണ്ടു അത്യാവശ്യനടപടി ഇൻസ്പെക്ടർ നടത്താം എന്നു ൪൭-ാംവകുപ്പിൽ ഒരു വ്യവസ്ഥ ഉള്ളതുകൊണ്ടു ൪൫൭-ാംവകുപ്പനുസരിച്ചു നടപടി മജിസ്ട്രേട്ട നടത്തേണ്ടിവരികയില്ല എന്നു ഊഹിക്കാവുന്നതാണെന്നും മാജിസ്ട്രേട്ടിന്റെ അധികാരങ്ങളെ അശേഷ്യമായി വച്ചിരിക്കുന്നു എന്നു ചൂണ്ടിക്കാണിക്കാനായിട്ടാകുന്നു ഈ ഉപവകുപ്പു ചേർത്തിരിക്കുന്നതു എന്നും വ്യക്തമാകുന്നു. അതുകൊണ്ടു ഈ ഭേദഗതി ചെയ്യേണ്ട ആവശ്യംഇല്ല. ഈ വകുപ്പു ഇപ്പോൾ ഇരിക്കുന്ന നിലയിൽ മാജിസ്ട്രേട്ടിന്റെ അധികാരങ്ങളെ കുറയ്ക്കുന്നില്ല. ഇൻസ്പെക്ടർക്കു അധികാരം കൊടുക്കുമ്പോൾ അത്രത്തോളം മാജിസ്ട്രേട്ടിന്റെ അധികാരം കുറയുന്നു എന്നുള്ള ശങ്ക ഉണ്ടാകുമായിരിക്കാം. അതിനെ നീക്കുന്നതിനും സംഗതിയുടെ ആ നിലയെ പ്രത്യേകമായവിധത്തിൽ വ്യക്തമാക്കുന്നതിനാണ് ഈ ഉപവകുപ്പു ചേർത്തിരിക്കുന്നതു. ഇൻഡ്യൻ മൈൻസ് ആക്ടിൽ ഇതിനുള്ള വകുപ്പു നമ്മുടെ വകുപ്പിനു തുല്യമായിത്തന്നെ ഇരിക്കുന്നു എന്നുകൂടി ഞാൻ പറഞ്ഞുകൊള്ളട്ടെ.

ഡെപ്യൂട്ടി പ്രെസിഡൻറ: ആ സ്ഥിതിക്കു മററു യാതൊരു അധികാരവും കൊടുത്തിട്ടില്ലയോ?

മി. കല്ല്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ് സർക്കാർവക്കീൽ): ഇല്ല. അദ്ദേഹത്തിനു മാജിസ്ട്രേട്ടിന്റെ മററു യാതൊരു അധികാരവും കൊടുത്തിട്ടില്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): മാജിസ്ട്രേട്ടിന്റെ അധികാരങ്ങളെ വിശദപ്പെടുത്താം എന്നു ഞാൻ വിചാരിച്ചു. എന്റെ സ്നേഹിതനു അതു ആവശ്യംഇല്ല എന്നുവരികിൽ ഞാൻ ഭേദഗതി പിൻവലിക്കാം.

ഡെപ്യൂട്ടി പ്രെസിഡണ്ട്: നിങ്ങൾ ഭേദഗതി പിൻവലിക്കുന്നുണ്ടോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതെ.

ഭേദഗതിയെ സമ്മതിയാൽ പിൻവലിക്കപ്പെട്ടു.

ഡെപ്യൂട്ടി പ്രെസിഡണ്ട്: ൪൭-ാംവകുപ്പു ബില്ലിലെ അംശമായി ഇരിക്കുന്നു എന്നാകുന്നു പ്രശ്നം.

ഉപക്ഷേപം അനുമതിക്കപ്പെട്ടു.

൪൭-ാം വകുപ്പു ബില്ലിൽ ചേർക്കപ്പെട്ടു.

൪൮-ം ൪൯-ം വകുപ്പുകൾ.

ഡെപ്യൂട്ടി പ്രെസിഡൻറ: ൪൮-ം ൪൯-ം വകുപ്പുകൾ ബില്ലിലെ അംശമായിരിക്കുന്നു എന്നാകുന്നു പ്രശ്നം.

ഉപക്ഷേപം അനുമതിക്കപ്പെട്ടു.

൪൮-ം ൪൯-ം വകുപ്പുകൾ ബില്ലിൽ ചേർക്കപ്പെട്ടു

വകുപ്പു ൫൦.

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും മതക്ക): ൫൦-ാംവകുപ്പിൽ 'വിധത്തിൽ' എന്നതിനും "പ്രസിദ്ധപ്പെടുത്തിക്കാവുന്നതാകുന്നു" എന്നതിനും നടുക്കുള്ള "സമയത്തിലും" എന്നതിനു പകരം "ഗസററിൽ" എന്നു ചേർക്കണം എന്നു ഞാൻ അഭിപ്രായപ്പെടുന്നു.

ഈ വകുപ്പു ഇപ്പോൾ ഇപ്രകാരം ആയിരിക്കും:—

"൪൭-ാംവകുപ്പനുസരിച്ചു കമിഷനൊ ൪൯-ാംവകുപ്പനുസരിച്ചു വിചാരണനടത്തുന്ന കോടതിയോ അയക്കുന്ന വല്ല റിപ്പോർട്ടിനേയും ഗവൺമെൻറ യുക്തം എന്നു തോന്നുന്ന വിധത്തിൽ ഗസററിൽ പ്രസിദ്ധപ്പെടുത്തിക്കാവുന്നതാകുന്നു."

സർ, ഈ ഭേദഗതിയാൽ ഗവൺമെണ്ടു റിപ്പോർട്ടിനെ സർക്കാർ ഗസററിൽ പ്രസിദ്ധപ്പെടുത്തണം എന്നുള്ളതു നിർബന്ധമായി തീരാം. ഗസററുമുഖമാണു ഗവൺമെൻറ കാര്യങ്ങൾ പ്രസിദ്ധപ്പെടുത്തിവരുന്നതു്. ഗവൺമെൻറിലെ ഓരോ സംഭവവും ആജ്ഞയും ഓരോ നിയമനിർമ്മിതിയും റെഗുലേഷനും ചട്ടവും പ്രസിദ്ധപ്പെടുത്തേണ്ടിയിരിക്കുന്ന ഓരോ റിപ്പോർട്ടും ഇപ്പോൾ സാധാരണമായി ഗസററിൽ പ്രസിദ്ധപ്പെടുത്തുന്നു. വല്ല കാര്യവും സർക്കാർ ഗസററിൽ പ്രസിദ്ധപ്പെടുത്തുന്നതു സംബന്ധപ്പെട്ടവരെല്ലാം അറിയാവുന്ന വിധം ആണെന്നു നിയമം ഊഹിക്കുന്നു. ഈ വകുപ്പിനാൽ ഉദ്ദേശിക്കപ്പെട്ടിരിക്കുന്ന പ്രസിദ്ധപ്പെടുത്തൽ എന്താണെന്നു വ്യക്തമായി കാണിച്ചിട്ടില്ല. എല്ലാ ഖനിയുടമസ്ഥനും സംബന്ധപ്പെട്ടവർക്കും അതു അറിയു

ക്കൂടായിരിക്കാം. അതുകൊണ്ടു പ്രസിദ്ധപ്പെടുത്തിയ വിവരം ഞാൻ അറിഞ്ഞിട്ടില്ലാ എന്നു പിൻകാലത്തു യാതൊരാളും പരാതിപ്പെടാത്തവിധം ഈ റിപ്പോർട്ടുകളെ ഏതുവിധത്തിൽ പ്രസിദ്ധപ്പെടുത്തുന്നതാകണമെന്നു വ്യക്തപ്പെടുത്തുന്നതു അധികം നല്ലതു. അതുകൊണ്ടു ഈ ഭേദഗതി അവതരിപ്പിക്കുന്നു.

ഡെപ്യൂട്ടി പ്രസിഡണ്ടു: എന്നാൽ "ഗവണ്മെൻറു നിശ്ചയിക്കുന്നവിധത്തിൽ" എന്നുള്ള വാക്യം എന്തിനു്?

മി. എസ്. ചിറയിൻകീഴുപത്മനാഭപിള്ള (കച്ചവടവും വ്യവസായവും തൊഴിലും): അതിനെ വിട്ടേക്കുന്നതിൽ എനിക്കു വിരോധമില്ല.

മി. എം. ശിവതാണുപിള്ള (തോവാള): ഞാൻ ഇതിനെ അനുകൂലിക്കുന്നു.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ് സർക്കാർവക്കീൽ): ഗവണ്മെൻറു വല്ല റിപ്പോർട്ടും പ്രസിദ്ധപ്പെടുത്തുന്നതിനു ഇന്നിന്നവിധം വേണമെന്നേ പറഞ്ഞിട്ടുള്ളു. അതിനാൽ ഈ ഭേദഗതിമൂലം, പ്രസിദ്ധപ്പെടുത്തും എന്നുള്ളതു ഗവണ്മെൻറിനെസംബന്ധിച്ചു നിർബന്ധമായിട്ടുള്ളതല്ല. അതുകൊണ്ടു ഗവണ്മെൻറിൻെറ യുക്തംപോലെ പ്രസിദ്ധപ്പെടുത്തുകയോ പ്രസിദ്ധപ്പെടുത്താതിരിക്കയോ ചെയ്യാം.

ഡെപ്യൂട്ടി പ്രസിഡണ്ടു: അദ്ദേഹത്തിൻെറ ഭേദഗതി പ്രസിദ്ധപ്പെടുത്തേണ്ട വിധത്തെക്കുറിച്ചാണ്.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ് സർക്കാർവക്കീൽ): ഈ വകുപ്പിൻെറ പ്രയത്നം വല്ലതും ഉണ്ടെങ്കിൽ അതു മററു യാതൊരു വിധത്തിലും ഗവണ്മെൻറു പ്രസിദ്ധപ്പെടുത്തിക്കൂടാ എന്നുള്ള നിയന്ത്രണം മാത്രം ആകുന്നു. ഒരു വിശേഷാൽ പ്രസ്സ് കമ്മ്യൂണിക് വഴിയായോ വർത്തമാനപ്പത്രങ്ങളിലോ വിശേഷാൽ ബുല്ലറ്റിൻമുഖമായോ വല്ല സ്ഥലത്തും പ്രസിദ്ധപ്പെടുത്തുകയോ മററുവിധത്തിലോ പ്രസിദ്ധപ്പെടുത്തിക്കൂടാ എന്നുള്ളതിനു യാതൊരു കാരണവും ഞാൻ കാണുന്നില്ല. ഗവണ്മെൻറു പ്രസിദ്ധപ്പെടുത്തേണ്ടതു ആവശ്യം ആണെന്നുവരികിൽ ഗവണ്മെൻറിൻെറ കൈകളെ നിയന്ത്രിക്കേണ്ടതായ ആവശ്യം യാതൊന്നും ഇല്ല. അതുകൊണ്ടു ഭേദഗതി ആവശ്യം ഇല്ലാ എന്നു ഞാൻ അറിയിക്കുന്നു.

മി. എസ്. ചിറയിൻകീഴുപത്മനാഭപിള്ള (കച്ചവടവും വ്യവസായവും തൊഴിലും): സർ, റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തുന്നതു ഇന്നവിധത്തിലാണെന്നുള്ളതു അതുസംബന്ധിക്കുന്ന ആളുകളെ സംബന്ധിച്ചടത്തോളം വ്യക്തമായിരിക്കണം എന്നുമാത്രമേയുള്ളു. ഗസററിൽതന്നെ ഗവണ്മെൻറു പ്രസിദ്ധപ്പെടുത്തണം എന്നുള്ളതിനെ നിർബന്ധമാക്കണം എന്നു ഞാൻ ആവശ്യപ്പെടുന്നില്ല. പരസ്യങ്ങളും മററും പ്രസിദ്ധപ്പെടുത്തുന്നതു ഗസററിൽ ആണെന്നാണ് ജനങ്ങൾ വിശ്വസിച്ചുപോരുന്നതു്. അതു പ്രസ്സ് കമ്മ്യൂണിക്മൂലമോ വർത്തമാനപത്രങ്ങൾമൂലമോ മററു വിധത്തിലോ പ്രസിദ്ധപ്പെടുത്താവുന്നതാണ്. എന്നാൽ ഈ നാട്ടിൽ ജനങ്ങൾ അറിഞ്ഞിരിക്കേണ്ടതു എന്നുള്ളതായ വല്ല സംഗതിയും പ്രസിദ്ധപ്പെടുത്തുകയോ പ്രഖ്യാപനം ചെയ്യുകയോ ചെയ്യുന്നതു ഗസററുമുഖേന ആകുന്നു. സാധാരണമാർഗ്ഗം ഗസററാകുന്നു.
അതു പ്രസിദ്ധപ്പെടുത്തുന്നതു ഇന്നതരത്തിലാണെന്നുള്ളതു വ്യക്തമാക്കേണ്ടതാണ്. അതിനെസംബന്ധിച്ചു പ്രസ്തുതമാർഗ്ഗംമുഖേന അതിനെസംബന്ധിച്ചു ആളുകൾക്കു പ്രസ്തുത പ്രസിദ്ധീകരണംമുഖേന വേണ്ട അറിവു ലഭിക്കണം. ഇത്രയേ ഞാൻ ആവശ്യപ്പെടുന്നുള്ളു. അതുകൊണ്ടു ഞാൻ ഈ ഭേദഗതിയെ നിർബന്ധിക്കുന്നു.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ് സർക്കാർവക്കീൽ): ഇന്നവിധം പ്രസിദ്ധപ്പെടുത്തണമെന്നുള്ളതു ഗവണ്മെൻറിൻെറ യുക്തംപോലെ ചെയ്യുന്നതാണ് നല്ലതു എന്നു എനിക്കുതോന്നുന്നു.

ഭേദഗതി വോട്ടിനിടുകയും അതു തള്ളുകയും ചെയ്തു.

ഡെപ്യൂട്ടിപ്രസിഡെണ്ടു്. ൨൦-മത്തെവകുപ്പു ബില്ലിൻെറ അംശമായിരിക്കുന്നു എന്നാകുന്നു പ്രശ്നം.

ഉപക്ഷേപം അനുവദിക്കപ്പെട്ടു.

൨൦-മത്തെവകുപ്പു ബില്ലിൽ ചേർക്കപ്പെട്ടു.

വകുപ്പ് ൨൧.

മി. ജി. രാമൻമേനവൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ൨൧-ാംവകുപ്പു (ബി) ഉപവകുപ്പിൽ 'അറുപതു' എന്നതിനുപകരം 'അമ്പത്തിനാലു' എന്നും (സി) ഉപവകുപ്പിൽ 'അൻപത്തിനാലു' എന്നതിനുപകരം "നാല്പത്തിരണ്ടു" എന്നും ചേർക്കണം.

ഈ ബില്ലിൻെറ ഉദ്ദേശ്യം മി. പരമേശ്വരൻപിള്ള ചൂണ്ടിക്കാണിച്ചിട്ടുള്ളതുപോലെ പ്രാധാന്യേന കൂലിവേലക്കാരുടെ രക്ഷയെ കാക്കണം എന്നുള്ളതാകുന്നു. ആ നിയമസഭയും സമ്മതിക്കപ്പെട്ടിരിക്കുന്നതുകൊണ്ടു പണിചെയ്യേണ്ട മണിക്കൂറുകളുടെ എണ്ണം കുറയ്ക്കണം എന്നുള്ള നിർദ്ദേശം സമ്മതിക്കപ്പെടും എന്നു ഞാൻ വിശ്വസിക്കുന്നു. ഖനിയിലുള്ള പ്രവൃത്തികൾ വേലക്കാരെ വളരെ ക്ഷീണിപ്പിക്കുന്നവയാണ്. നമ്മുടെനാടു വളരെ ഉഷ്ണമുള്ളതാണെന്നും അവിടെ ജനങ്ങളുടെ സഹനശക്തികൾ ശീതദേശങ്ങളിലെപ്പോലെ വലുതായിരിക്കും എന്നു പ്രതീക്ഷിക്കാൻ ഇടയില്ല എന്നും സർവ്വസമ്മതം ആകുന്നു. ഇംഗ്ലണ്ടിനെപോലെയുള്ള ശീതളദേശങ്ങളിൽ ഖനിയിൽ വേലക്കാർ വേലചെയ്യേണ്ടതായ ഏറ്റവും കൂടുതലായ നേരം ദിവസം ഒന്നുക്കു എട്ടു മണിക്കൂറാണെന്നു ഞാൻ അറിയുന്നു. അതിനെ ഇനിയും കുറയ്ക്കണം എന്നു അവർ ആവശ്യപ്പെടുന്നു. ആ സ്ഥിതിക്കു നമ്മുടെ രാജ്യംപോലെയുള്ള ഉഷ്ണദേശത്തു പണി ഈ ഉപവകുപ്പിൽ നിശ്ചയിച്ചിരിക്കുന്നതുപോലെ അത്ര കഠിനമായിരിക്കരുതു്. ഈ ഉപവകുപ്പിൽ ആഴ്ചവട്ടത്തിൽ അറുപതു മണിക്കൂറു എന്നു വ്യവസ്ഥചെയ്തിരിക്കുന്നു. അതു ദിവസം ഒന്നുക്കു പത്തു മണിക്കൂറുവീതം ആകുന്നു. നാല്പത്തിഎട്ടു എന്നുചേർക്കണം എന്നുഞാൻ പറയേണ്ടതായിരുന്നു. എന്നാൽ മദ്ധ്യസ്ഥനിയമമായി അൻപത്തിനാലു എന്നു ഞാൻ നിർദ്ദേശിക്കുന്നു. ഇതു വിധിച്ചിരിക്കുന്ന മണിക്കൂറുകളുടെ എണ്ണത്തിനെഅപേക്ഷിച്ചു ദിവസംഒന്നുക്കു ഒരുമണിക്കൂറു കുറവാകുന്നു. ഒരാഴ്ചവട്ടത്തിൽ പ്രവൃത്തിനടത്തുന്ന ആറുദിവസം ഉണ്ട്. ആഴ്ചവട്ടത്തിനു അൻപത്തിനാലു മണിക്കൂറുവീതം നിശ്ചയിക്കുന്നതായാൽ ദിവസംഒന്നുക്കു ഒൻപതു മണിക്കൂറുവീതം ആകുന്നതാണ്. ഇതു വളരെ മിതമായ ഭേദഗതിയാണെന്നു ഞാൻ വിശ്വസിക്കുന്നു. ഇതു തറയുടെമീതെ ചെയ്യേണ്ടതായ പണിയെ സംബന്ധിച്ചാണ്.

(സി) ഉപവകുപ്പു തറയ്ക്കടിയിലുള്ള പണിയെ പ്രതിപാദിയ്ക്കുന്നു. തറയ്ക്കടിയിൽ പണിചെയ്യുന്നതു തറയ്ക്കുമീതെയിരുന്നു പണിചെയ്യുന്നതിനെ അപേക്ഷിച്ചു അധികം ക്ലിഷ്ടവും ക്ഷീണകരവും ആണ്. ഇതു തറയ്ക്കുമീതെ പണിയെടുക്കുന്നതിനു നിശ്ചയിച്ചിട്ടുള്ള സമയത്തിനെക്കാൾ കുറവായസമയം തറയ്ക്കടിയിൽഇരുന്നു പണിചെയ്യുന്നതിനു നിശ്ചയിച്ചിരിക്കുന്നു എന്നുള്ള വസ്തുതയാൽ സമ്മതിക്കപ്പെട്ടിരിക്കുന്നു. ആ സംഗതിയിൽ അതു അധികം ക്ഷീണകരമായ പ്രവൃത്തിയാകയാൽ നാല്പത്തിരണ്ടു എന്നു മണിക്കൂറിൻെറ എണ്ണത്തെ ഞാൻ കുറച്ചു.

പ്പെടുത്തിയിരിക്കുന്നു. മി. പരമേശ്വരൻപിള്ള ആവർത്തിച്ചു പറഞ്ഞിട്ടുള്ളതുപോലെ ബില്ലിന്റെ പ്രധാനോദ്ദേശ്യം കൂലിവേലക്കാരുടെ ആരോഗ്യത്തേയും സൌകര്യത്തേയും സുരക്ഷിതമാക്കുകയാൽ ഈ ഭേദഗതികൾ അംഗീകരിക്കപ്പെടും എന്നു ഞാൻ വിശ്വസിക്കുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഞാൻ ഭേദഗതിയെ അനുകൂലിക്കുന്നു.

മി. എസ്. പിറവില്ലെശമാപിള്ള (കച്ചവടവും വ്യവസായവും തെക്കു): സർ, എന്റെ സ്നേഹിതൻ മിസ്റ്റർ ജി. രാമൻമേനവൻ അവതരിപ്പിച്ച ഭേദഗതിയെ അനുകൂലിക്കുന്നതിൽ എനിക്കു വലിയ സന്തോഷം ഉണ്ട്. ജോലിചെയ്യുന്നതിനു ഈ ബില്ലിൽ നിർദ്ദേശിച്ചിരിക്കുന്ന സമയം വളരെ കൂടുതലാണ്. ഈ ഭേദഗതിയെ സഭ അനുവദിക്കണം എന്നു ഞാൻ മനഃപൂർവ്വം നിർബന്ധിക്കുന്നു. ഒരാളെക്കൊണ്ടു ദിവസേന എട്ടു മണിക്കൂറിലധികം നേരം പണിയെടുപ്പിക്കുന്നതു ജീവഹിംസ ചെയ്യുകയാണെന്നാണ് എന്റെ അഭിപ്രായം. പ്രത്യേകിച്ചും അത്യുഷ്ണദേശമായ തിരുവിതാംകൂറിനെപ്പോലെയുള്ള ഒരു രാജ്യത്തു ആറു ദിവസം വീതം ഉള്ള ഒരാഴ്ചയിൽ ദിവസേന എട്ടിലധികം മണിക്കൂറുനേരം യാതൊരുത്തനെക്കൊണ്ടും പണി ചെയ്യിപ്പിക്കരുത് എന്നാകുന്നു എന്റെ അഭിപ്രായം. സാധാരണമായി കൂലിവേലക്കാർ കാലത്തു 7 മണിക്കു വേലതുടങ്ങി 12 മണിക്കു പണിനിറുത്തുകയും ഒരു മണിക്കൂറുനേരം ആഹാരം കഴിക്കുവാൻ വിനിയോഗിച്ചുകൊണ്ടു ഒരു മണിക്കു വീണ്ടും പണിതുടങ്ങി, വൈകുന്നേരം 4 മണിക്കു പണി അവസാനിപ്പിക്കുകയുംചെയ്യുന്നു. ഈ സ്ഥിതിക്കു ഒരു ദിവസത്തിൽ എട്ടു മണിക്കൂർ ജോലിചെയ്യേണ്ടിയിരിക്കുന്നു. അതിനുള്ള കൂലി നാലുപണമോ മറ്റോ ആകുന്നു. ഇവിടെ ഇപ്പോഴത്തെ ബില്ലിൽ അവരുടെ കൂലിയെക്കുറിച്ചു യാതൊന്നും നാം പറഞ്ഞിട്ടില്ല. സാധാരണമായി വേലക്കാരെ ഏർപ്പെടുത്തുന്ന ആളും കഴിയുന്നതും കുറഞ്ഞശമ്പളത്തിനു പണിക്കാരെ കിട്ടുന്നതിനു ശ്രമിക്കുന്നതാണ്. ആ സ്ഥിതിക്കു യാതൊരു കൂലിവേലക്കാരനും ഇപ്പോൾ കിട്ടുന്നതിൽ കൂടുതലായി കൂലികിട്ടുവാൻ ഇടയില്ല. എന്നാൽ അവരെക്കൊണ്ടു കൂടുതൽ കാലം പണിയെടുക്കണം എന്നു നാം നിയമമുണ്ടാക്കി അവരെ നിർബന്ധിച്ചുംവരുന്നതു വളരെ കഷ്ടമാണെന്നു ഞാൻ വിചാരിക്കുന്നു. അതുകൊണ്ടു തറയുടെമീതെ ചെയ്യേണ്ടിയിരിക്കുന്ന പണിക്കു അറുപതു മണിക്കൂറിനു പകരം അൻപത്തിനാലു ആക്കണം എന്നുള്ള മി. രാമൻമേനവന്റെ ഭേദഗതിയെ ഞാൻ ബലമായി അനുകൂലിക്കുന്നു. തറയ്ക്കടിയിൽ ഇരുന്നുചെയ്യേണ്ട പണിക്കാർക്കു ശ്വസിക്കാൻ ശുദ്ധവായുപോലും ലഭിക്കാൻ ഇടയില്ലാത്തതായി തറയ്ക്കു താഴെ മൂവായിരം നാലായിരം അടിക്കു താഴ്ചയിൽ പണിചെയ്യുന്ന കൂലിവേലക്കാരോടു നാം അനുഭാവത്തോടുകൂടി വർത്തിക്കേണ്ടതാണ്. ഈ സംഗതി ഈ സഭയെ ബോദ്ധ്യപ്പെടുത്തുന്നതിനു ഞാൻ ദീർഘമായി പ്രസംഗിക്കണമെന്നില്ലല്ലോ? നമ്മുടെ തലമീതെയുള്ള പങ്കാ ഏതാനും മിനിട്ടുനേരത്തേക്കു ചലിക്കാതിരുന്നാൽ നാം അനുഭവിക്കുന്ന അസൌകര്യത്തെയും കഷ്ടതയെയും നമുക്കു ഊഹിച്ചുനോക്കാവുന്നതാണല്ലോ? കൂലിവേലക്കാരും മനുഷ്യർതന്നെയാണെന്നും വളരെ ചൂടുള്ളതും അനാരോഗ്യകരവും ആയ ഭൂമ്യന്തർഭാഗത്തു അവർക്കു പണിചെയ്യേണ്ടിയിരിക്കുന്നു എന്നുള്ള വസ്തുതയെ ആലോചിച്ചു ഭൂമ്യന്തർഭാഗത്തു പണിയെടുക്കുന്നതിനുള്ള മണിക്കൂറുകളുടെ എണ്ണത്തെ അൻപത്തിനാലിൽനിന്നു നാല്പത്തെട്ടായി കുറയ്ക്കണം എന്നുള്ള ഭേദഗതിയെ ഞാൻ അനുകൂലിക്കുന്നു.

മി. കല്ലാഖം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): സർ, എനിക്കു ഈ ഭേദഗതിയെ അംഗീകരിക്കാൻ നിവൃത്തിയില്ല. കൂലിവേലക്കാർ ദീർഘകാലം പണിചെയ്യണം എന്നു ഞാൻ അവശ്യപ്പെടുന്നതുകൊണ്ടല്ല, കിന്തു, ഇൻഡ്യയിലെ മറ്റു ഭാഗങ്ങളും നമ്മോടു യോജിക്കുന്നതായാൽ അല്ലാതെ പണിചെയ്യേണ്ട മണിക്കൂറുകളുടെ എണ്ണത്തെ നിയന്ത്രിക്കുന്നതു സാദ്ധ്യമോ ഉചിതമോ അല്ലാ എന്നുള്ള കാരണത്താലാണ്. തിരുവിതാംകൂർസംസ്ഥാനം ഒരു വശത്തു ബ്രിട്ടീഷിൻഡ്യയിലും രണ്ടുവശങ്ങളിൽ സമുദ്രത്താലും ചുററപ്പെട്ടിരിക്കുന്ന ഇൻഡ്യയിലെ ഒരു ചെറിയ അംശം ആണെന്നും ഇൻഡ്യാമഹാരാജ്യം തന്നെയും അധികം വലുതായ ഭൂമിയുടെ അംശം ആണെന്നും നിങ്ങൾ ധരിക്കേണ്ടതാണ്. വാഷിങ്ടണിൽ നടത്തിയ വിവിധദേശീയ പണിയെ സംബന്ധിച്ച ആലോചനായോഗത്തിൽ തീർച്ചപ്പെടുത്തീട്ടുള്ളതു, ഒരാഴ്ചയിൽ പണിയെടുക്കുന്നനേരം അറുപതുമണിക്കൂറുആയിരിക്കണംഎന്നാകുന്നു. ആ അഭിപ്രായത്തിനു യോജ്യമായിട്ടാകുന്നു ബ്രിട്ടീഷിന്ത്യയിലെ ആക്ടിൽ ആഴ്ചവട്ടത്തിൽ അറുപതു മണിക്കൂറ എന്നു നടപ്പാക്കപ്പെട്ടതു. ഇൻഡ്യയിലെ മറ്റുഭാഗങ്ങളിലെ സ്ഥിതി ഈ വിധമായിരിക്കെ, നാം ഈ ഭേദഗതിയെ അംഗീകരിക്കുന്നതായാൽ അതു ഈ വ്യവസായത്തിനുമാത്രമല്ല കൂലിവേലക്കാർക്കുതന്നെയും ഉപദ്രവത്തിനു കാരണമാകുന്നതാണ്. ഏതു ഗുണകാര്യത്തിൽ നാം ദേശാന്തരങ്ങളിലെ നടപ്പിനെ സ്വീകരിക്കണം; അങ്ങനെ ചെയ്യാതിരുന്നുവരികിൽ ദ്വിഗുണമായ ദോഷം ജനിക്കും; അതാവിതു വ്യവസായത്തിനു ദോഷവും കൂലിവേലക്കാർക്കു ദോഷവും നേരിടും; എന്തുകൊണ്ടെന്നാൽ ഇവിടെ ശരിയായി കൂലികിട്ടാത്തതുകൊണ്ടു മതിയായകൂലി സമ്പാദിക്കാനായി മറ്റുദേശങ്ങളിലേക്കു പോകുവാൻ അവർ നിർബന്ധിതരായി തീരുകയും ചെയ്യും.

മി. എം. ശിവതാണുപിള്ള (തിരുവല്ല) വിവിധദേശപണി സംബന്ധിച്ച ആലോചനാ സംഘം ദിവസം ഒന്നുക്കു പണിയെടുക്കേണ്ട മണിക്കൂറുകളുടെ എണ്ണത്തെ എട്ടാക്കി നിയന്ത്രിച്ചിട്ടില്ലയോ എന്നു മെമ്പറിൽനിന്നു എനിക്കു അറിയേണ്ടിയിരിക്കുന്നു.

മി. കല്ലാഖം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): ഞാൻ ആഴ്ചവട്ടത്തിൽ മൊത്തം അറുപതു മണിക്കൂറ എന്നതിനെക്കുറിച്ചു മാത്രമേ പ്രസ്താവിക്കുന്നുള്ളു. മിസ്റ്റർ രാമൻമേനവന്റെ ഭേദഗതി മൊത്തം എണ്ണം അൻപത്തിനാലായിരിക്കണം എന്നാണ്. ഏറ്റവും കൂടുതൽ നേരം ഇൻഡ്യക്കു അറുപതു മണിക്കൂറായി വിവിധദേശീയ പണിയെസംബന്ധിച്ച ആലോചനായോഗം തീർച്ചപ്പെടുത്തീട്ടുണ്ടെന്നും, അതിനെ ഇൻഡ്യയിലെ നിയമകർത്താക്കളും അംഗീകരിച്ചു എന്നും ആണ് ഞാൻ പറഞ്ഞതു്. വസ്തുത അങ്ങിനെയിരിക്കുന്ന സ്ഥിതിക്കു, അറുപതുമണിക്കൂറിനുപകരം അൻപത്തിനാലെന്നുള്ളതിനെ അംഗീകരിക്കുന്നതുകൊണ്ടു നാം എങ്ങനെ അധികം നല്ലസ്ഥിതിയിൽ ആയിരിക്കും എന്നു ഞാൻ അറിയുന്നില്ല. നേരേമറിച്ചു ഞാൻ പറഞ്ഞതുപോലെ ഇതു വ്യവസായത്തിനും കൂലിവേലക്കാർക്കും ദോഷം ഉളവാക്കുന്നതാണ്.

മി. എം. കെ. പിള്ള (കരുനാഗപ്പള്ളി): ഇംഗ്ലണ്ടിൽ അനുവദിച്ചിട്ടുള്ള സമയം എന്തു്?

മി. കല്ലാലം പരമേശ്വരൻപിള്ള (അഡിഷനൽഹെഡ്സർക്കാർവക്കീൽ): ഇതുപോലെതന്നെയായിരിക്കാം വിവിധദേശീയ പണിയെസംബന്ധിച്ച ആലോചനായോഗം ഇൻഡ്യയ്ക്കു തീർച്ചപ്പെടുത്തീട്ടുള്ളതിനെ അംഗീകരിച്ചിട്ടുണ്ട്.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): അതു ദിവസം ഒന്നുക്കു പത്തുമണിക്കൂർവീതം ആണ്.

മി. കല്ലാലംപരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): അതു ഇൻഡ്യയ്ക്കു ആഴ്ചവട്ടത്തേക്കു അറുപതു മണിക്കൂറാണ്.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ആ സ്ഥിതിക്കു ദിവസം ഒന്നുക്കു ശരാശരി പത്തുമണിക്കൂർവീതം ആകുന്നു.

മി. കല്ലാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ). ആവിധം നമുക്കു പറയാൻ പാടില്ല. അതു ഖനികളിൽ പണിഎടുക്കുന്നവിധത്തെ ആശ്രയിച്ചിരിക്കുന്നു. അവർ ദിവസേന രാവിലെ ആറുമണിക്കു കോംപൗണ്ടിലേക്കു വേലക്കാരെ വേലയ്ക്കുവിളിക്കയും മറ്റൊരു കൊമ്പുവിളിച്ചു വൈകുന്നേരം ആറുമണിക്കു അവരെ വെളിയിൽ വിടുകയും ചെയ്യുന്നില്ല. ഖനികളിൽ പണിചെയ്യുന്ന രീതികണ്ടിട്ടുണ്ടെന്നു ഞാൻ പറയുന്നില്ല. എന്നാൽ ഓരോ സകുടുംബം ഖനികളിൽ ചെല്ലുകയും പണികഴിഞ്ഞു വെളിയിൽ വരികയും ചെയ്യുന്നു എന്നാണ് എന്റെ അറിവ്. പണിഅനേകം ദിവസം നിലനിൽക്കാം; അതിൽ പിന്നീടു അവർ വെളിയിൽ വരുന്നു. അതുകൊണ്ടു കാലാവധി ആഴ്ചവട്ടക്കണക്കിനു ചേർത്തിരിക്കുന്നു.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): എന്നാൽ അവധി അറുപതു മണിക്കൂറാണ്.

മി. കല്ലാലംപരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): ചിലദിവസങ്ങളിൽ അഞ്ചുമണിക്കൂർനേരവും മററു ദിനങ്ങളിൽ കൂടുതൽനേരവും അവർ പണിചെയ്തു എന്നുവരാം. വാഷിങ്ടണിൽ നടന്നതായ വിവിധ ദേശീയപണിയാലോചനായോഗത്തിൽ വ്യവസ്ഥചെയ്തിട്ടുള്ളതാണ്. ശരാശരി ആഴ്ചവട്ടത്തിൽ എത്രയുംകൂടിയാൽ അറുപതുമണിക്കൂർ ഉണ്ടായിരിക്കണം എന്നാണ്.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): അതിരിക്കട്ടെ, ദിവസം ഒന്നുക്കു പത്തുമണിക്കൂറിൽ അധികം നേരം ജനങ്ങൾ പണിയെടുക്കുന്ന ശക്യതയെക്കുറിച്ചു നമുക്കു ആലോചിക്കാവുന്നതാണ്. ഒരു ആഴ്ചയിൽ ജോലിചെയ്യുന്ന ദിവസം ആറാണെന്നും പണിചെയ്യുന്നനേരം അറുപതുമണിക്കൂർ ആണെന്നും നാം ആലോചിക്കുമ്പോൾ അവർ ദിവസം ഒന്നിനു പത്തുമണിക്കൂർനേരം വേലചെയ്യണംഎന്നു ഇതിൽനിന്നും അർത്ഥമാകുന്നതാണ്. ആ സ്ഥിതിക്കു അവർക്കു വിശ്രമത്തിനു സമയം എവിടെ?

മി. കല്ലാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): മററുള്ളവർ പ്രവർത്തിക്കുന്നതുപോലെ നമ്മളും അതിനെ സംബന്ധിച്ചു പ്രവർത്തിക്കണമെന്നാണ് എനിക്കു പറയുവാനുള്ളത്. നാം അയൽദേശങ്ങൾ ചെയ്യുന്നതിനു അനുയോജ്യമായ വിധത്തിൽ പ്രവർത്തിക്കണം അങ്ങനെ ചെയ്തില്ലെങ്കിൽ രണ്ടുതരത്തിൽ ദോഷം നേരിടുന്നതാണ്. വേലക്കാർക്കു ഇവിടെ മതിയായ കൂലികിട്ടുകയില്ല. കൂടുതൽനേരം പണിയെടുത്തും കൂടുതൽകൂലി സമ്പാദിക്കാവുന്ന മററുദേശങ്ങളിലേക്കു അവർ പോകും. ഇതു കൂലിവേലക്കാരായ ജനതതിക്കു ക്ലേശകരമാണ്. വ്യവസായത്തിനും ഇതുമൂലം അമിതമായ ഹാനിതട്ടും.

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും—തെക്കു): തന്നിമിത്തം കഷ്ടം അനുഭവിക്കുന്നതായ വ്യവസായം ഏതാണെന്നു മാമെംബരിൽനിന്നു എനിക്കു അറിയേണ്ടിയിരിക്കുന്നു.

മി. കല്ലാലം പരമേശ്വരൻപിള്ള (അഡിഷനൽഹെഡ്സർക്കാർവക്കീൽ) : ഞാൻ ഇപ്പോൾ പ്രത്യേകിച്ചു യാതൊന്നിനേയുംകുറിച്ചു വിചാരിക്കുന്നില്ല. ഖനിവ്യവസായത്തിൽ കൂലിവേലക്കാരായ ജനതതിയുടെ പണിയെ ക്രമപ്പെടുത്തുന്നതിനു നമുക്കു വ്യവസ്ഥചെയ്യേണ്ടിയിരിക്കുന്നു.

മി. കെ. ഐ. ജോസഫ് (മീനച്ചലും-ദേവികുളവും) : ഒരു സാധാരണ കൂലിവേലക്കാരൻ തിരുവനന്തപുരത്തു ദിവസേന ശരാശരി എത്രമണിക്കൂർനേരം വേലചെയ്യുന്നുഎന്നു മാമെംബർ പറഞ്ഞുതരുമോ?

മി. കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ) : ദിവസം ഒന്നുക്കു ൧൦ മണിമുതൽ ൧൧ മണിവരെ ആയിരിക്കാം.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്) : ഫാക്ടറിനിയമം അനുസരിച്ചു അതിലെവേലക്കാരൻ ദിവസംഒന്നുക്കു കൂടുതൽ എത്രമണിക്കൂർനേരം വേലചെയ്യാൻ അനുവദിച്ചിരിക്കുന്നുഎന്നു പറഞ്ഞുതരുമോ?

മി. കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ) : ൪൮ മണിക്കൂർ.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്) : ദിവസംഒന്നുക്കു ൪൮ മണിക്കൂറോ? (ചിരി)

മി. കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ) : ആഴ്ചവട്ടത്തിൽ ൪൮ മണിക്കൂർ.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്) : കൊടുക്കുന്നശമ്പളം എന്താണ്?

മി. കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ) : ഒരു കൂലിവേലക്കാരൻ വേലചെയ്യേണ്ടതായ മണിക്കൂറുകളുടെ എണ്ണത്തെ സംബന്ധിച്ചുള്ള ദേഗതിയെക്കുറിച്ചു മാത്രമേ നാം ആലോചിക്കുന്നുള്ളു.

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും—തെക്കു) : മണിക്കൂറുകളുടെഎണ്ണം ക്ലിപ്തപ്പെടുത്തുന്നതിന്റെ ഉദ്ദേശ്യം എന്തു? അതു കൽക്കരിവ്യവസായത്തിനു ഗുണദോഷം വരാതിരിക്കാനായിട്ടുള്ളതല്ല അപ്രകാരം ക്ലിപ്തപ്പെടുത്തിയിരിക്കുന്നതു്.

മി. കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ) : ഞാൻ അങ്ങനെവിശ്വസിക്കുന്നില്ല.

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും, തെക്കു) : ബാധിക്കപ്പെടുന്നതായി യാതൊരുവ്യവസായവും ഇവിടെ ഇല്ലാഎന്നു ഞാൻമെംബരെ അറിയിക്കട്ടെയോ?

മി. കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ) : അതിനെ ഗണിക്കേണ്ട.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്) : കൂലിവേലക്കാർക്കു ആഴ്ചവട്ടത്തിൽ ഒന്നാം ഒഴിവു ഉണ്ടായിരിക്കേണ്ടതാണെന്നു മെംബർക്കു അറിയാമോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ) : അവർ അതു ലഭിച്ചുകൊള്ളുന്നു

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്) : ദിവസംതോറും പത്തുമണിക്കൂർനേരംവേല കഠിനമായിട്ടുള്ളതല്ലയോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ) : അതു കഠിനപ്പെട്ടതോ അല്ലാത്തതോ ആയിരിക്കാം. സമ്പാദിക്കാൻ കഴിയാവുന്ന കൂലിക്കാരനെപ്പററിയും നാം ഗണിക്കണം. ഇപ്പോൾ നാം പ്രതിപാദിക്കുന്നതു ആഴ്ചവട്ടത്തിൽ അറുപതുമണിക്കൂറിനെ കുറയ്ക്കാമോ എന്നുള്ള ഭേദഗതിയെ കുറിച്ചാകുന്നു.

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും—തെക്ക്) : ഒരു വ്യാപാരവേലശാലയിൽ പണി ഒരു ഖനിയിൽ പണിചെയ്യുന്നതിനെഅപേക്ഷിച്ചു ക്ലിഷ്ടതകുറവാണെന്നു ഞാൻ മെമ്പറെ ധരിപ്പിക്കട്ടെയോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ) : വേലക്കാർ അനേകദിവസം തുടർച്ചയായി ഖനികളിൽ പോകുന്നു.

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും—തെക്ക്) : പണി ക്ലേശംകുറഞ്ഞതാണോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ) : ഞാൻ അങ്ങനെപറയുന്നില്ല. ഒരിക്കൽ അവർ അവിടെഎത്തിയാൽ അഞ്ചാറുദിവസം കഴിഞ്ഞിട്ടേ അവർ പുറത്തുവരാറുള്ളൂ. അവർ ഭൂമിക്കുള്ളിൽപാർക്കുന്നു. അനേകദിവസം തുടർച്ചയായി അവിടെ താമസിക്കുന്നു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും—നെടുമങ്ങാടും) : ബഹുമെമ്പർ ഖനി കണ്ടിട്ടില്ലെങ്കിലും അദ്ദേഹത്തിനു അതിനെസംബന്ധിച്ചു നല്ല ജ്ഞാനം ഉണ്ട്.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ) : ഏതുവിഷയമായ കാര്യങ്ങൾ പറഞ്ഞുകേൾപ്പിക്കേണ്ടതു എന്റെ കടമയാണ്. ഒരു പണിക്കാരൻ വേലചെയ്യുന്നതായ മണിക്കൂറുകളുടെ എണ്ണം നാം കുറയ്ക്കുന്നതായാൽ അതു അവരിൽ വലുതായ ക്ലേശത്തെ ജനിപ്പിക്കുന്നതായിരിക്കും. മതിയായ കൂലികിട്ടുന്നതിനുവേണ്ടി പണിക്കാർക്കു വിദേശങ്ങളിൽ പോകേണ്ടിവരും.

മി. ജി. രാമമേനവൻ (കാർത്തികപ്പള്ളിയും മാവേലിക്കരയും) : നമ്മുടെ അയൽക്കാർക്കു ഇതിൽക്കൂടുതൽ നന്നായിട്ടുള്ള ഒരുസമ്പ്രദായം നമുക്കു കാണിച്ചുകൊടുക്കാൻ പാടില്ലേ.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ) നമ്മെ ചെറിയ ഭൂവിഭാഗം ചുററിയിരിക്കുന്ന സ്ഥിതിക്കു അവിടെനടക്കുന്ന രീതിയെഅനുസരിച്ചു നാം പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും) : കൊല്ലത്തെഫാക്ടറിയിൽകൂലിവേലക്കാർ എപ്പോൾ പണിതുടങ്ങുന്നു.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽഹെഡ്സർക്കാർവക്കീൽ): ൭ മണിക്കാണെന്നുതോന്നുന്നു

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും—നെടുമങ്ങാടും) : കൂലിവേലക്കാർ കാലത്തു ൬ മണിക്കു പണിതുടങ്ങുന്നു.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽഹെഡ്സർക്കാർവക്കീൽ) : മി. മാധവൻപിള്ള പറഞ്ഞതന്നതിനെ ഞാൻ അംഗീകരിക്കുന്നു. എന്നാൽ ഞാൻപറയുന്നതു തിരുവിതാംകോട്ടിലേക്കമാത്രമായി പ്രത്യേകം സമയാവധിനിശ്ചയിക്കുന്നതു കാര്യസാദ്ധ്യം അല്ലാഎന്നാകുന്നു.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല) : പുരുഷന്മാർ വേലചെയ്യുന്നിടത്തോളം ദീർഘകാലം സ്ത്രീകളും വേലചെയ്യണംഎന്നു ബഹുമെമ്പർ പ്രതീക്ഷിക്കുന്നുണ്ടോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ) : വകുപ്പിൽ ആളുകളെ ഭേദതിയിൽ ആളുകളെ യാതൊരുവ്യത്യാസവും കാണുന്നില്ല. എന്നാൽ സ്ത്രീകളുടെ വേലയെസംബന്ധിച്ചു ചട്ടങ്ങൾ ഉണ്ടാക്കാനുള്ളതാണെന്നു ഒരുവ്യവസ്ഥ ബില്ലിൽ ഉണ്ട്. വിവിധശ്രേണിയപണി സംബന്ധിച്ചു ആലോചനായോഗത്തിൽ യാതൊരുവ്യത്യാസവും ചെയ്തിട്ടില്ലെന്നുതോന്നുന്നു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും—നെടുമങ്ങാടും) : വിവിധദേശങ്ങളിലെ കൂലിക്കാരുടെ ആലോചനായോഗത്തിൽ ചെയ്തിട്ടുള്ള തീർച്ചയനുസരിച്ചു കൂലിവേലക്കാർക്കു കൂലികൊടുക്കാമെന്നു നിങ്ങൾക്കു ഖണ്ഡിച്ചുപറയാമോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ) : ആവശ്യംജനിക്കുമ്പോൾ അതിലേക്കായും നിയമം ഉണ്ടാക്കുന്നതാണ്

മി. എൽ. എ. ലാമ്പാർഡ് (പ്ലാന്റേർസ്) ഞാൻതന്നെ കൽക്കരി ഖനികളിൽ പോയിട്ടുണ്ട്. കൂലിവേലക്കാർ അവിടെദിവസം ൭ കഃ അല്ലപ്പോൾ ൭ അരമണിക്കൂറുവീതം വേലചെയ്യുന്നതു കണ്ടിട്ടുംഉണ്ട്. ഇംഗ്ലണ്ടിൽ ഖനികളിൽ സ്ത്രീകളെ വേലയ്ക്കാക്കുക പതിവില്ല.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി) : സ്വാമിൻ സംരക്ഷണംഉദ്ദേശിക്കുന്ന ഈ ബിൽ കൂലിവേലക്കാർക്കുവേണ്ടി പ്രാധാന്യേന നിർമ്മിച്ചിട്ടുള്ളതും ഇവിടെ അവതരിപ്പിച്ചിട്ടുള്ളതും ആണെന്നും അതു. കൂലിവേലക്കാരായ ജനതതിയുടെ രക്ഷയെ ഉദ്ദേശിച്ചു ഉണ്ടാക്കിയിട്ടുള്ളതാണെന്നും ആണു നമ്മെ ധരിപ്പിച്ചിരിക്കുന്നതു് ഈ ബില്ലിന്റെ പൂർണ്ണമായഉദ്ദേശം ഇതാണ്. ഈ സ്ഥിതിക്കു ഈ ബില്ലിൽ ജോലിചെയ്യേണ്ട ഏററവും കൂടുതൽസമയത്തിനെക്കുറിച്ചു മാത്രം വ്യവസ്ഥചെയ്യുകയും മററുസംഗതികൾ തീരുമാനിക്കുന്നതിനു മുതലാളിമാരെ അനുവദിക്കുകയും ചെയ്യേണ്ടതാണെന്നു ബഹുമെമ്പർ പറയുന്നതു ക്രൂരമായിട്ടുള്ളതല്ലെങ്കിലും അതു കഷ്ടമായിട്ടുള്ളതാണ്. അതിനെസംബന്ധിച്ചു കൂടുതൽ കഷ്ടതരമായ സംഗതികൾ പറയണമെന്നോ, കൂലിക്കാരെസംബന്ധിച്ചു് ഒരു ബിൽ അവതരിപ്പിക്കുന്നവിഷയത്തിൽ താല്പര്യംപ്രകടിപ്പിച്ച ബഹുമെമ്പർ ജോലിചെയ്യുന്നതിനുള്ള സമയത്തെ കുറയ്ക്കാതിരുന്നതിൽ യാതൊന്നുംചെയ്തിട്ടില്ല എന്നുള്ളതിനു എനിക്കുള്ള അസംതൃപ്തി പ്രകടിപ്പിക്കണമെന്നോ ഞാൻ വിചാരിക്കുന്നില്ല. പണിചെയ്യുന്നതിനുള്ള സഹനശക്തി കൂടുതലായിരിക്കുന്ന ഇംഗ്ലണ്ടിൽ വേലക്കാർ ദിവസംതോറും ൭ ½ മണിക്കൂറുമാത്രമേ പണിയെടുക്കാറുള്ളൂ. അധികം ഉഷ്ണരാജ്യമായ ഇവിടെ അവർ ദിവസേന ൭ ½ മണിക്കൂറിൽ കൂടുതൽകാലം പണിചെയ്യണമെന്നു നാം നിശ്ചയിക്കുന്നു. കൽക്കരിസംബന്ധിച്ചു

പണിമുടക്കത്തിന്റെ മൂർദ്ധന്യകാലത്തു പണിയെടുക്കേണ്ട സമയത്തെ സംബന്ധിച്ചു തർക്കം ഉണ്ടായിഎന്നുള്ളതു് ഏതാനുംമാസങ്ങൾ മുമ്പു നാം അറിഞ്ഞു. വേലക്കാർ ദിവസേന ൮ മണിക്കൂർ വേലചെയ്യണമെന്നു കൽക്കരി ഖനികളുടെ ഉടമസ്ഥന്മാർ ആവശ്യപ്പെട്ടു. എന്നാൽ കൂലിവേലക്കാർ അതിനെ തിരസ്കരിച്ചു.

മി. ഡബ്ലിയു. എച്ച്. പിററ (പൊലീസ് കമ്മീഷണർ): വേലക്കാർ ദിവസം ഒന്നിനു ൮ മണിക്കൂർവീതം വേലചെയ്യുന്നതിനു വിസമ്മതിക്കുന്നുഎങ്കിൽ വ്യവസായത്തിനു എന്തുദോഷം സംഭവിക്കും?

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): വ്യവസായത്തിനുണ്ടാകുന്ന ഫലത്തെപ്പററി നാം ഗണിക്കുന്നില്ല; കൂലിവേലക്കാരെക്കുറിച്ചാണു് നാം ചിന്തിക്കുന്നതു്. നാം പ്രഥമതഃ കൂലിവേലക്കാരായ ജനതതിയ്ക്കുള്ള ബില്ലിനെപ്പററി ചിന്തിക്കുകയാണു്. അവർ ദിവസേന ൮ മണിക്കൂർവീതം പണിചെയ്യാൻ നാം സമ്മതിക്കുന്നതായാൽ അതു വ്യവസായത്തിനെ സംബന്ധിച്ചിടത്തോളം ഗുണകരമായിരിക്കും.

മി. ഡബ്ലിയു. എച്ച്. പിററ (പൊലീസ് കമ്മീഷണർ): സർ, അദ്ദേഹം ഞാൻപറഞ്ഞതിനെ തെററിദ്ധരിച്ചു. ഞാൻ വ്യവസായം എന്നു പറഞ്ഞപ്പോൾ മുതലാളികളായ കോടീശ്വരന്മാരുടേയും കൂലിവേലക്കാരുടെയും ഇരുവരുടെയും ഗുണങ്ങൾ എന്നാണു് ഞാൻ അർത്ഥമാക്കിയതു്. ഒരു വ്യവസായം സ്ഥാപിക്കപ്പെട്ടാൽ സർവവും സമാപ്തമായി എന്നാണു് എന്റെ വാദം.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): അതു മുതലാളികൾക്കും ഗവർമ്മെണ്ടിനും തമ്മിലുള്ള ദുരാലോചനയുടെ ഫലം ആയിരുന്നു. സാധാരണാവസ്ഥകളാണു് നടപ്പു എന്നിരിക്കട്ടെ; തല്ക്കാലകാര്യസ്ഥിതി സംഭാവ്യം ആയിരിക്കയില്ല; കൂലിവേലക്കാരെ തോല്പിക്കുന്നതിനായിട്ടു എന്നുള്ള മട്ടിൽ ഇംഗ്ലണ്ടിലെ ഗവർമ്മെണ്ടു വിദേശങ്ങളിൽനിന്നു കൽക്കരികൊണ്ടുവന്നു തിരുവിതാംകോട്ടിലും തദ്രൂപാവസ്ഥ, അതായതു കൂലിവേലക്കാർ കുമ്പിട്ടു യാചിക്കാൻ ഇടവരത്തക്കവണ്ണം തിരുവിതാംകോട്ടുഗവർമ്മെണ്ടു മുതലാളികളുടെ കക്ഷിയിൽ ചേരുന്നതായ അവസ്ഥ, തിരുവിതാംകോട്ടിലും നാം ഉദ്ദേശിക്കുന്നുണ്ടോ?

മി. ഡബ്ലിയു. എച്ച്. പിററ് (പൊലീസ് കമ്മീഷണർ): അനേകം ഖനികൾ അടുത്തകാലത്തു അടയ്ക്കപ്പെട്ടുപോയിഎന്നും തന്നിമിത്തം അസംഖ്യം വേലക്കാർ പണിയില്ലാത്തവരായി തീർന്നിരിക്കുന്നുഎന്നും മെമ്പർക്കു അറിയാമോ?

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഞാൻ ഈ വിവരത്തെ അംഗീകരിക്കുന്നു. അതു എന്റെ നിലയെ പ്രധാനമായി ബാധിക്കുന്നില്ല. ശീതോഷ്ണാവസ്ഥ അധികം ചൂടില്ലാത്തതും ഹിതകരവും ആയുള്ളതും സഹനശക്തി വളരെ കൂടുതലുള്ളതുമായ ദേശം ആണു് ഇംഗ്ലണ്ടു്. അവിടെപ്പോലും കൂലിവേലക്കാർ ദിവസേന ൮ മണിക്കൂർവീതമേ വേലചെയ്യുന്നുള്ളു. ഇവിടെ വേലക്കാർ ദിവസേന ൧൦ മണിക്കൂർ വേലചെയ്യണം എന്നു ബില്ലിൽ വ്യവസ്ഥചെയ്തിരിക്കുന്നു. എത്രയും കുറഞ്ഞകാലം ആഴ്ചപ്പട്ടത്തേക്കു ൬൦ മണിക്കൂർ ആകുന്നു. അതു ദിവസേന ൧൦ മണിക്കൂർ ആകുന്നു. അതുകൊണ്ടു അവർക്കു ദിവസേന രണ്ടുമണിക്കൂർനേരം മാത്രമേ വിശ്രമകാലം ഉള്ളു. ഈ പ്രാധാന്യേന കൂലിവേലയെസംബന്ധിച്ച നിയമനിർമ്മിതിയായി രൂപിക്കപ്പെട്ടിരിക്കുന്നു; കൂലിവേലക്കാരുടെ ഗുണത്തെ മുഖ്യമാക്കി കരുതിയാണു് ഈ ബിൽ അവതരിപ്പിച്ചിട്ടുള്ളതും അതിനെസംബന്ധിച്ചു വാദംനടത്തിയിട്ടുള്ളതും. മി. രാമൻമേനവന്റെ പ്രമേയത്തെ അനുകൂലിക്കുന്നതിൽ അദ്ദേഹം ഒരു മിതമായ ഭേദഗതിയെ പ്രയോഗിച്ചിട്ടേ ഉള്ളു എന്നു ഞാൻ ചൂണ്ടിക്കാണിക്കാം. ഇക്കാര്യത്തിൽ എന്റെ സ്വന്തം അഭിപ്രായത്തെ ഞാൻ സമ്മതിക്കതന്നെവേണം. ഞാൻ ഈ ഭാഗത്തെ ഗണിക്കാതെ വിട്ടുകളഞ്ഞു. ഒരു ഭേദഗതി അവതരിപ്പിക്കുന്നതിനു ഞാൻ ഉദ്ദേശിച്ചില്ല. ബഹുമെമ്പർ മി. രാമൻമേനോന്റെ ഭേദഗതിയെ അംഗീകരിക്കണം എന്നു ഞാൻ നിർദ്ദേശിച്ചു.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): മി. കയ്യാലം പരമേശ്വരൻപിള്ള കൂലിവേലക്കാരോടുനേർക്കു വളരെ അനുകമ്പയുള്ളവനായിരിക്കുന്നു. അദ്ദേഹത്തിനു മണിക്കൂറുകളുടെ എണ്ണം കുറയ്ക്കാൻ മനസ്സുണ്ടു. എന്നാൽ അദ്ദേഹം നിർദ്ദേശിച്ച കാര്യങ്ങളും ഇൻഡ്യയിലെ മററുഭാഗങ്ങളിലെ ൧൦ മണിക്കൂർ എന്നുള്ള അവധി നിയന്ത്രിക്കപ്പെട്ടിരിക്കുന്നു എന്നുള്ളതാണു്. ഇവിടെ ഖനിപ്പണി വളരെ സാധാരണമായ വ്യവസായം അല്ലാത്തതുകൊണ്ടു അതു വിഷമമാണെന്നു ഞാൻ വിചാരിക്കുന്നില്ല. ഇതു ഐസ്ലണ്ടിലേയോ, ഗ്രീൻലാൻഡിലേയോ, സപ്തർഷിപ്രദേശത്തേയോ ആണു്. ഭാവികാലത്തേക്കുള്ള ഒരു നിയമം നിർമ്മിക്കുകയാണു് നാം ഇപ്പോൾ ചെയ്യുന്നതു. അതുകൊണ്ടു നമുക്കു ഇക്കാര്യത്തിൽ നിർബന്ധമായിരിക്കാൻകഴിയും. അനേകം ഖനിവ്യവസായങ്ങൾ ആരംഭിക്കപ്പെട്ടിരിക്കുന്നുഎന്നും ആ ഖനികളുടെ കാര്യത്തിൽ മററുദേശങ്ങളുമായി വിജയപ്രദമായി മത്സരിക്കാൻ അവയ്ക്കു വാസ്തവത്തിൽ ശക്തിയില്ലഎന്നു് നാം അറിയുമ്പോൾ നമുക്കു നിയമത്തെ ഭേദപ്പെടുത്താവുന്നതാണു്. നാം എല്ലാവരും ഖനിവിദ്യാർത്ഥികളെക്കുറിച്ചു ഏറെക്കുറെ ജ്ഞാനവിഹീനരാണു്. പണിയുടെ പരമാവധി ദിവസത്തോറും ൭½ മണിക്കൂർനേരമേയുള്ളുഎന്നു മി. ലാമ്പർഡു് ചൂണ്ടിക്കാണിച്ചതു ഉപകാരമായി. തറയുടെമീതെ പണിക്കു ൪൮-ം തറയുടെഅടിയിൽ പണിക്കു ൫൪-ം മണിക്കൂർഎന്നുള്ളതു വളരെ മിതമായിട്ടുള്ളതെന്നു എനിക്കു തോന്നുന്നു. അതുകൊണ്ടു ഞാൻ ഈ ഭേദഗതിയെ നിർബന്ധിക്കുന്നു.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): ഇൻഡ്യയിലെ മററുഭാഗങ്ങളിൽ ൬൦ മണിക്കൂർനേരം ജോലിചെയ്യണമെന്നുള്ളതു അംഗീകരിക്കപ്പെട്ടിരിക്കുന്നു. അതിനാൽ ഈ ഭേദഗതിയെ അംഗീകരിക്കുന്നതു സാദ്ധ്യമല്ലഎന്നു ഞാൻ പറയുകയായിരുന്നു. കൂലിവേലക്കാർ ആവശ്യപ്പെട്ട കാര്യങ്ങൾ കുറയ്ക്കുന്നതിനായി ലോകത്തിലെ മററുഭാഗങ്ങളിൽനിന്നു ഇംഗ്ലണ്ടിലേയ്ക്കു കൽക്കരികൊണ്ടുവരപ്പെട്ടു എന്നു മി. പിററിന്റെ പ്രശ്നത്തിനു മറുപടിയായി മി. എ. കെ. പിള്ള ചൂണ്ടിക്കാണിച്ചു. എന്തുകൊണ്ടു അന്യദേശങ്ങളിലെ ജനങ്ങൾ കൂടുതൽ മണിക്കൂറുനേരത്തേയ്ക്കു പണിചെയ്തു? അവർ അധികം കൽക്കരി ഉണ്ടാക്കുന്നതിനും അതു കുറഞ്ഞവിലയ്ക്കു് ഉണ്ടാക്കുന്നതിനുംപോലും ശക്തരായിരുന്നതുകൊണ്ടാണു് എന്നുഎനിക്കു തോന്നുന്നു. ഇല്ലാതിരുന്നാൽ ആ രാജ്യങ്ങളിൽ ഇംഗ്ലണ്ടിലെപ്പോലെയുള്ള അവസ്ഥകൾ ഉണ്ടായിരുന്നില്ല.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഇൻഡ്യയിൽ കൽക്കരി ഇല്ലാത്തതുകൊണ്ടാണു് മററുദേശങ്ങളിൽനിന്നു നാം ഇവിടെ കൽക്കരി കൊണ്ടുവരുന്നതു എന്നു ഞാൻ മി. പരമേശ്വരൻപിള്ളയെ ധരിപ്പിക്കട്ടെയോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): അങ്ങനെയായിരിക്കാം. എന്നാൽ മററുരാജ്യങ്ങളിൽ കൽക്കരി വില കുറവുള്ളതാണെന്നും ഞാൻ ധരിക്കുന്നു.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): പണിമുടക്ക കാലത്തു കൽക്കരി കൊണ്ടുവരുന്നതിനു വില മുപ്പതുകോടി പവൻ ആയിരുന്നു.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): മററു രാജ്യങ്ങളിൽ കൽക്കരിയ്ക്കു വില കുറവാണെങ്കിൽ ജനങ്ങൾ ആ ദേശങ്ങളിൽനിന്നു കൽക്കരി വരുത്തും.

മി. എസ്. പിറവിപെരുമാൾപിള്ള (കച്ചവടവും-വ്യവസായവും—തക്കല): ജനങ്ങൾ കൂടുതൽനേരം പണിയെടുത്താൽ അവർ ക്ഷീണിച്ചുപോകും എന്നു കുറവായ തോതിൽ മാത്രമേ അവർക്കു കൽക്കരി വെട്ടി എടുക്കാൻ സാധിക്കുകയുള്ളു എന്നും ഞാൻ ബഹു മെംബരോടു പറയട്ടെയോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): അതു ഉല്പാദനം നിയന്ത്രണത്തിനുള്ളിൽ മാത്രമേ ശരിയാകുന്നുള്ളു. ഇംഗ്ലണ്ടിൽ അവർ ഏഴരമണിക്കൂറുനേരമേ പണിയെടുക്കാവു എന്നു മിസ്റ്റർ ലംബാർഡ് പറയുകയായിരുന്നു. എന്നാൽ ഇൻഡ്യയെ സംബന്ധിച്ചിടത്തോളം മിസ്റ്റർ മിത്രൻ ലെജിസ്ലേറ്റിവ് അസംബ്ലിയിൽ ഇതിനു യോജിച്ച ഒരു ഭേദഗതി പ്രയോഗിച്ചപ്പോൾ അദ്ദേഹത്തിന്റെ വാദങ്ങളെ എതിർത്തു ഓണറബിൾ മിസ്റ്റർ ഇന്നിസ് ചെയ്ത പ്രസംഗം ഞാൻ വായിച്ചുകേൾപ്പിക്കാം:—

"മിസ്റ്റർ മിത്രൻ ഒരിക്കലും ഒരു ഖനിക്കുള്ളിൽ ചെന്നിട്ടില്ലാ എന്നും ഈ ബില്ലിനെ സംബന്ധിച്ചു ഈ സഭയിൽ ഇതിനു ഉണ്ടായിട്ടുള്ള വാദങ്ങൾ അദ്ദേഹം വായിച്ചിട്ടില്ലാ എന്നും അദ്ദേഹത്തിന്റെ മുഴുവൻ പ്രസംഗവും വ്യക്തമാകുന്നു. ഖനികളിൽ ദിവസേനകാലത്തു ൭ മണിയ്ക്കു ഒരുമണി അടിയ്ക്കും. പുതുതായി വെള്ള വീശി വൃത്തിയാക്കിട്ടുള്ള വീടുകളിൽ നിന്നു വേലക്കാർ വെളിയിൽ വന്നു ഖനികളിലേയ്ക്കുപോകും. വൈകുന്നേരം അഞ്ചുമണിയ്ക്കും അതുപോലെ മണിയടിക്കും വേലക്കാരെല്ലാവരും ഖനിവിട്ടു വെളിയിൽ ഇറങ്ങിപ്പോകും എന്നാണ് അദ്ദേഹം വിചാരിക്കുന്നതു. വാസ്തവം അങ്ങനെയല്ല. ഇൻഡ്യയിൽ ഖനിപ്രവൃത്തി, പ്രത്യേകിച്ചും കൽക്കരി ഖനികളിൽ, വളരെ അസംഘടിതമായിരിക്കുന്നു എന്നു വ്യസനസമേതം പറയേണ്ടിയിരിക്കുന്നു. കൂലിവേലക്കാരെ കിട്ടുന്നതുതന്നെ വലിയവിഷമം. വേലക്കാർതന്നെ വളരെ ദൂരസ്ഥലത്തുനിന്നും വരേണ്ടിയിരിക്കുന്നു. അവരുകൾ കുടുംബസമേതം വരുന്നതായാൽ അവർ ഖനികൾക്കുള്ളിൽ പ്രവേശിക്കുകയും ഇഷ്ടംപോലെ വെളിയ്ക്കുവരികയും ഇഷ്ടംപോലെയുള്ളകാലം അവിടെ താമസിക്കയും ചെയ്യുന്നു. അവർ ചെയ്യുന്ന പണിയ്ക്കു അനുസരണമായി കൂലിയും കൊടുക്കുന്നു. ജോലിചെയ്യുന്ന സമയം കണക്കാക്കപ്പെട്ടതായി അവർ വേലചെയ്യുന്നില്ല. അവർ നിശ്ചിത പരിമാണത്തിൽ കൽക്കരിവെട്ടിയെടുക്കുന്നു. ഒരാഴ്ചവട്ടത്തെ ചിലവിനു വേണ്ടതായ കൂലി കിട്ടത്തക്ക വണ്ണം കൽക്കരി വെട്ടിയെടുത്തുകഴിഞ്ഞാൽ അവർ ഖനികളിൽനിന്നു ഉയരെവന്നു വീട്ടിലേയ്ക്കു പൊയ്ക്കളയുന്നു. അതുകൊണ്ടാണ് ഖനികൾക്കുള്ളിൽ ഇത്രമണിക്കൂറുനേരം വേലചെയ്യണം എന്നു കണക്കാക്കപ്പെടുത്തുന്നതിനു ആദ്യമായി ശ്രമിച്ചതിൽ ആഴ്ചവട്ടത്തേയ്ക്കു ഇത്രമണിക്കൂറു എന്നു നിശ്ചയിച്ചാൽ മതിയെന്നു ഞങ്ങൾ തീർച്ചചെയ്തതു. തറയ്ക്കുമീതെയിരുന്നു പണിയെടുക്കുന്നതിനു ആഴ്ചവട്ടത്തേയ്ക്കു അറുപതു മണിക്കൂറ് എന്നു ഞങ്ങൾ തീർച്ചപ്പെടുത്തിയതിൽ ഈ സഭയുടെ ആജ്ഞയേയും ആഗ്രഹത്തേയും ഞങ്ങൾ ആദരിച്ചിട്ടുണ്ടു. ഇൻഡ്യയിൽ ഫാക്ടറി ആക്ട് അനുസരിച്ചു നടത്തുന്ന വ്യവസായങ്ങളിലും ഖനികളിലും എല്ലാ വേലക്കാരും ജോലിചെയ്യുന്നതിനു ആഴ്ചവട്ടത്തിൽ ൬൦ മണിക്കൂറ് എന്നുള്ള പരമാവധി നിശ്ചയിക്കേണ്ടതാണെന്നു വാഷിങ്ടണിലെ ആലോചനാ യോഗം തീർച്ചപ്പെടുത്തി. ആ താൽക്കാലികോപദേശത്തെ സ്ഥിരപ്പെടുത്തേണ്ടതാണെന്നു ഈ സഭ ഗവർണർ ജനറലിനോടു ഉപദേശിച്ചു. അതുകൊണ്ടത്രേ തറയ്ക്കുമീതേയുള്ള പണിക്കു ആഴ്ചവട്ടത്തേയ്ക്കു ൬൦ മണിക്കൂറ് എന്നുള്ളതു നാം അംഗീകരിച്ചതു. അതായതു, തറയ്ക്കുമീതേ വച്ചുനടത്തുന്ന ഖനിപ്രവൃത്തികൾക്കു സാധാരണ ഫാക്ടറിയ്ക്കു വച്ചു നാം നിശ്ചയിച്ചിട്ടുള്ള കാലാവധിതന്നെയാണു നാം നിശ്ചയിച്ചിട്ടുള്ളതു. ഖനികളിൽ തറയ്ക്കുമീതെവച്ചു ചെയ്യുന്ന വേലയ്ക്കു ഫാക്ടറികളിൽ ഇതിനൊത്ത പണികളെ അപേക്ഷിച്ചു കൂടുതൽ ആനുകൂല്യം കാണിക്കുന്നതിനു വല്ലകാരണവുമുണ്ടോ? തറയ്ക്കു അടിയിൽ ഇരുന്നു വേലചെയ്യുന്ന കഥയ്ക്കാകട്ടെ, ആലോചനാസംഘത്തിൽ നിശ്ചയിച്ചിട്ടുള്ള അവധിയെ കവിഞ്ഞു നാം പ്രവർത്തിച്ചിരിക്കുന്നു. ആഴ്ചവട്ടത്തിനു ൫൪ മണിക്കൂറു വീതം വേലചെയ്യണമെന്നുള്ളതു നാം സ്വീകരിച്ചിരിക്കുന്നു; പ്രത്യേക കാരണത്തിന്മേൽ ആണ് ഞങ്ങൾ അപ്രകാരം ചെയ്തതു. വാഷിങ്ടൺ കാൺഫറൻസിൽ ഒരു കമ്മററി ആലോചന നടത്തിവന്നിരുന്നു. ഖനികളിൽ തറയ്ക്കടിയിൽ ആഴ്ചവട്ടത്തിൽ ൫൪ മണിക്കൂറു വീതം എന്നുള്ള നിശ്ചയം ഉണ്ടാക്കപ്പെടണം എന്നുള്ളിടത്തോളം ഉപദേശം ഉണ്ടായില്ല. എന്നാൽ നാം ആ നിർദ്ദേശത്തെ ആലോചിക്കേണ്ടതാണു എന്നു പ്രത്യേകമായി ഇൻഡ്യാ ഗവർൺമെൻറിനോടു ഉപദേശിക്കപ്പെട്ടു. ഞങ്ങൾ ഈ രണ്ടു നിർദ്ദേശങ്ങളും ബില്ലിൽ ചേർത്തു."

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും—തക്കല): സർ, മറെറാരു അവസരത്തിൽ മിസ്റ്റർ സക്കാർ പറഞ്ഞിട്ടുള്ളതിനെ ഞാൻ ചൂണ്ടിക്കാണിക്കട്ടെയോ?

ഡെപ്യൂട്ടി പ്രസിഡണ്ടു: അദ്ദേഹം മിസ്റ്റർ സക്കാരുടെ പ്രസംഗത്തെപ്പററി പ്രസ്താവിച്ചില്ല. അദ്ദേഹം ഓണറബിൾ മിസ്റ്റർ ഇന്നിസിന്റെ പ്രസംഗത്തെപ്പററി മാത്രമേ പ്രസ്താവിച്ചുള്ളു.

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും-തക്കല): സർ, മിസ്റ്റർ സക്കാർ പറഞ്ഞിട്ടുള്ളതിനെ ഞാൻ ബഹു മെംബരോടു ചൂണ്ടിക്കാണിക്കട്ടെയോ?

ഡെപ്യൂട്ടി പ്രസിഡണ്ടു: മിസ്റ്റർ പിറവിപ്പെരുമാൾപിള്ളേ, നിങ്ങൾ ഇതുമൂലം ഏതെങ്കിലും വിവരം അറിയണമെന്നു ആഗ്രഹിക്കുന്നില്ല.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): അവർ കൂടുതൽനേരം വ്യവസ്ഥചെയ്യുന്നതിനെക്കുറിച്ചും ആലോചിച്ചുകൊണ്ടിരുന്നു എന്നു ഞാൻ മിസ്റ്റർ പരമേശ്വരൻപിള്ളയോടു ചൂണ്ടിക്കാണിക്കട്ടെയോ? ആ സ്ഥിതിക്കു ഒരാഴ്ചവട്ടത്തേയ്ക്കായി അവർ വ്യവസ്ഥചെയ്യുമ്പോൾ ദിവസം ഒന്നുക്കു ൧൨ മുതൽ ൧൪ മണിക്കൂറുനേരം വരെ ജോലിചെയ്യേണ്ടിവരുന്നതും ഉണ്ടു. എന്നാൽ തിരുവിതാംകോട്ടിലെ സ്ഥിതി അങ്ങനെ അല്ല.

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും-തക്കല): ലെജിസ്ലേറ്റിവ് അസംബ്ലിയിൽ ഗവൺമെൻറു മെംബർ ആയ മിസ്റ്റർ സക്കാർ, അവർ ആഴ്ചവട്ടത്തേയ്ക്കു ൫൪ മണിക്കൂറുമാത്രമേ വേല ചെയ്യുന്നുള്ളു. എന്നു, സമ്മതിച്ചിട്ടുണ്ടോ എന്നു ഞാൻ ബഹു മെംബരോടു ചോദിക്കട്ടെയോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): എനിക്കു അറിഞ്ഞുകൂട.

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും-തെക്ക): ഒരു മെമ്പർ അദ്ദേഹത്തിന്റെ പ്രസംഗം നോക്കാമോ?

മി. കല്ലാകം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): അതു തീരെ ആവശ്യം ആണെന്നു വിചാരിക്കുന്നില്ല. ഈ തൊഴിലാളികൾ അവരുടെ കുടുംബങ്ങളോടും ഭാര്യമാരോടുംകൂടി വരികയും ഖനികളിൽ അവരുടെ ഇഷ്ടംപോലെയുള്ള കാലം അവിടെ താമസിക്കയുംചെയ്യുന്നു. വേലക്കാർ നിശ്ചിതപരിമാണത്തിൽ കൽക്കരി വെട്ടി എടുക്കുന്നു. ചെയ്യുന്ന വേലയ്ക്കു അവർക്കു കൂലിയും നൽകുന്നു.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): അവർ ഖനികൾക്കുള്ളിൽ രാത്രികാലത്തു താമസിക്കാൻ സമ്മതിക്കുന്നില്ല എന്നു ഞാൻ അദ്ദേഹത്തിനോടു പറയട്ടെയോ?

മി. കല്ലാകംപരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): ഇല്ല; എനിക്ക അറിഞ്ഞുകൂടാ; സ്ത്രീകൾ മാത്രം അവിടെ താമസിക്കാൻ അനുവദിക്കപ്പെടുന്നില്ല. ഏതാനും പുരുഷന്മാരെ വിരോധിച്ചിട്ടില്ല. അതാണു ഇൻഡ്യയിലെ മററു ഭാഗങ്ങളിൽ ഈ വ്യവസായത്തിന്റെ അവസ്ഥ നാം അനുവർത്തിക്കണം. അല്ലാത്തപക്ഷം ആയതു കൂലിവേലക്കാരുടെ രക്ഷയ്ക്കു ഹാനിവരുത്തുന്നതായിരിക്കും.

മി. ജി. രാമൻമേനവൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ഖനിവ്യവസായം തിരുവിതാംകൂറിൽ യഥാർത്ഥത്തിൽ നടപ്പുള്ള ഒന്നാണോ?

മി. കല്ലാകം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർ വക്കീൽ): ഖനികൾ ഉണ്ടായിരിക്കും എന്നുള്ള ഊഹത്തിന്മേൽ നാം പ്രവർത്തിക്കുന്നു. ഖനിപ്പണി, കാര്യവശാൽ നടപ്പുള്ളവിഷയംഅല്ലാ എന്നുവരികിൽ ഈ ഭേദഗതി എന്തിനു?

ഭേദഗതി വോട്ടിനിട്ടതിന്റെശേഷം അനുവദിക്കപ്പെട്ടു.

മി. കല്ലാകം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): സർ, പേരു അറിയണമെന്നു ഞാൻ ആവശ്യപ്പെടുന്നു.

പേരുകൾ എടുക്കുകയും താഴെ പറയുംപ്രകാരം വോട്ടുചെയ്യുകയുംചെയ്തു.

അനുകൂലക്കാർ ൨൮.

൧.	മിസ്റ്റർ	പി. ഹബീബ്മഹമ്മദ്.	൧൫.	,,	പി. കെ. നാരായണപിള്ള
൨.	,,	ഏ. ജെ. ജാൺ	൧൬.	,,	ആർ. പത്മനാഭൻ
൩.	,,	കെ. ഐ. ജോസഫ്.	൧൭.	,,	ജി. പരമേശ്വരൻപിള്ള
൪.	,,	സി. കേരളവർമ്മ കോയിത്തമ്പുരാൻ	൧൮.	,,	ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള.
൫.	,,	ഏ. കെ. പിള്ള	൧൯.	,,	പാൾ ഡാനിയൽ
൬.	,,	സി. പി. കൊച്ചുകുഞ്ഞുപിള്ള	൨൦.	,,	എസ്. പിറവിപ്പെരുമാൾപിള്ള
൭.	,,	എൻ. കുമാരൻ	൨൧.	,,	ജി. രാമൻമേനവൻ
൮.	,,	ടി. കുമാരപിള്ള	൨൨.	,,	കെ. ശിവരാമപ്പണിക്കർ
൯.	,,	എക്സ് ജി. ലോപ്പസ്	൨൩.	,,	എം. ശിവതാണുപിള്ള
൧൦.	,,	കെ. മാധവൻപിള്ള	൨൪.	,,	എസ്. സുബ്രഹ്മണ്യകുരുക്കൾ
൧൧.	,,	ജി. നാരായണപിള്ള	൨൫.	,,	എസ്. സുബ്രഹ്മണ്യപിള്ള
൧൨.	,,	കല്ലൂർ നാരായണപിള്ള	൨൬.	,,	സി. പി. തരകൻ
൧൩.	,,	കെ. പി. നീലകണ്ഠപ്പിള്ള	൨൭.	,,	സി. പി. തോമസ്
൧൪.	,,	എം. എൻ. പിള്ള	൨൮.	,,	സി. എൻ. ഉണ്ണുണ്ണിനമ്പൂതിരി

പ്രതികൂലക്കാർ ൧൮.

൧.	മിസ്റ്റർ	ഐ. സി. ചാക്കൊ	൯.	മിസ്റ്റർ	കെ. എൻ. രാമസുബ്ബയ്യർ
൨.	,,	ആർ. ധനുഷ്കോടിപ്പിള്ള	൧൦.	,,	ടി. പി. രാമസുബ്ബയ്യർ
൩.	,,	കെ. ജാക്ക്	൧൧.	,,	ഒ. എസ്. രാമസ്വാമിഅയ്യർ
൪.	,,	ആർ. കൃഷ്ണപിള്ള	൧൨.	,,	റാവുബഹദൂർ കെ. വി. രംഗസ്വാമിഅയ്യങ്കാർ
൫.	,,	ഡാക്ടർ എൻ. കുഞ്ഞൻപിള്ള			
൬.	,,	എൽ. എ. ലാമ്പാർഡ്	൧൩.	,,	കെ. കെ. താമസ്
൭.	,,	കല്ലാകം പരമേശ്വരൻപിള്ള	൧൪.	,,	ജെ. സ്റ്റീഫൻസൺ
൮.	,,	ഡബ്ലിയു. എച്ച്. പിററ്	൧൫.	,,	വി. എസ്. സുബ്രഹ്മണ്യയ്യർ
			൧൬.	,,	എ. ജെ. വാൻറോസ

ഉപക്ഷേപം അനുവദിച്ചതായി പ്രഖ്യാപനം ചെയ്യപ്പെട്ടു.

താഴെപറയുന്ന ഭേദഗതി അവതരിപ്പിച്ചില്ല

മി. സി. പി. തരകൻ: താഴെചേർക്കുന്ന ക്ലിപ്തം ചേർക്കണം:—

"എന്നാൽ യാതൊരുത്തനേയും രാത്രികാലത്തു തറയ്ക്കടിയിൽ ഇരുന്നു വേലചെയ്യാൻ സമ്മതിച്ചുകൂടാ".

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്ക):

(സി) "ദിവസേന ൧൧ മണിക്കൂറിൽ കവിഞ്ഞകാലത്തേക്ക"

എന്നുള്ളതിനെ (൨൧)-ം വകുപ്പിൽ (സി) ഖണ്ഡമായി ചേർക്കണം.

ഖനിപ്പണി മററുതരത്തിലുള്ള ഫാക്ടരിപ്പണിയെ അപേക്ഷിച്ച അധികം അപായജനകവും അധികം അസുഖകരവും ആണെന്നു സർവരാലും സമ്മതിക്കപ്പെടുന്നതാണ: നാം ഇതു സമ്മതിക്കുമ്പോൾ ഖനിപ്പണി ഫാക്ടരിപ്പണിയെ അപേക്ഷിച്ച അധികം പരിമിതമായി ക്രമീകരിക്കേണ്ടതാണെന്നു ഉള്ളതിൽനിന്നും തെളിയുന്നതാണ. സർ, എന്റെ സ്നേഹിതൻ ഒരു മെമ്പർ ഇന്നലെ മുഴുവനും ഇന്നും സഭയിലെ ഈ കക്ഷിയിൽനിന്നു പ്രയോഗിച്ച ഓരോ ഭേദഗതിക്കും പ്രതികൂലമായി ഒരേസ്വരത്തിൽ വായിച്ചു പ്രതികൂലവാദം, "ഇതു കൂലിവേല.

യെ സംബന്ധിച്ച നിയമമാണ്'' ''ഈനിയമം പ്രധാനമായി കൂലിവേലയെ ക്രമീകരിക്കാൻ ഉദ്ദേശിച്ചിരിക്കുന്നു'' ഈ നിയമ നിർമ്മിതിയുടെ മുഖ്യോദ്ദേശ്യം കൂലിവേലചെയ്യുന്നതിനെ ക്രമപ്പെടുത്തുന്നതിനും നിയന്ത്രിക്കുന്നതിനും ആണ്'' എന്നാണ്. എന്നാൽ സർ, കൂലിവേല ക്രമപ്പെടുത്തുന്നതും നിയന്ത്രിക്കുന്നതും സംബന്ധിച്ചതായ വ്യവസ്ഥകളെക്കുറിച്ചു നാം ചിന്തിക്കുകയുണ്ടായി; അതിൽ നാം എന്തു കാണുന്നു? ദീർഘകാലംമുമ്പേ നടപ്പാക്കിയ ഫാക്ടറിറെഗുലേഷൻ ഇന്നു നമ്മുടെ സമക്ഷം ഇരിക്കുന്ന ബില്ലിനെക്കാൾ അധികം പുരോഗതിയുള്ളതാണെന്നു നാം കാണുന്നു. പണിയുടെ കാലത്തെയും ദിവസേന പണിചെയ്യേണ്ട നേരത്തെയും പ്രത്യേക അവസ്ഥകളിൽ സ്ത്രീകളേയും കുഞ്ഞുങ്ങളേയും പണിക്കു നിർത്തണം എന്നുള്ളതിനെയും മറ്റും ക്രമപ്പെടുത്തുന്നതിനുള്ള വ്യവസ്ഥകൾ ഫാക്ടറിറെഗുലേഷനിൽ ഉണ്ട്. എന്നാൽ ഇവിടെ അങ്ങിനെ യാതൊന്നും ഇല്ല. പണിചെയ്യേണ്ട നേരത്തെ നിയന്ത്രിക്കുന്നതിന്റെ ഉദ്ദേശം കൂലിവേലക്കാരുടെ ആരോഗ്യത്തെയും മറ്റും അവരുടെ ജീവിതത്തെയും സംരക്ഷിക്കുന്നതിനായിട്ടാകുന്നു. ഇപ്പോഴത്തെ ബില്ലിൽ ആഴ്ചയിൽ എത്രമണിക്കൂറുനേരം പണിയെടുക്കണം എന്നുമാത്രം നിയന്ത്രിക്കുന്നതായ വ്യവസ്ഥയുണ്ട്. ഒരു കൂലിവേലക്കാരൻ ദിവസംതോറും ഏഴു, എട്ട് മണിക്കൂറുവീതം പണി എടുത്തുകൊണ്ടിരിക്കുന്നതായാൽ ഈവ്യവസ്ഥമാത്രം അപേക്ഷിതഫലം ജനിപ്പിക്കുമോ? പലപ്പോഴും ഖനികളിൽചെന്നു അവിടെ പണിഎടുക്കുന്ന അവസ്ഥകളെ കണ്ടുപഠിച്ചിട്ടുള്ളവരായി അനേകംപേർ ഈസഭയിൽ ഉണ്ടെന്നു തോന്നുന്നില്ല; പണ്ഡിതനും എന്റെ സ്നേഹിതനുമായ മെമ്പർ യാതൊരിക്കലും ഒരുഖനിക്കുള്ളിൽ പ്രവേശിച്ചിട്ടില്ല എന്നും അവിടെ എടുക്കുന്ന അവസ്ഥകൾ അദ്ദേഹത്തിനു അറിഞ്ഞുകൂടാ എന്നും ഇന്നലെ ഉച്ചയ്ക്കു പറയുകയുണ്ടായി. ആഴ്ചവട്ടത്തേക്കുള്ള ഈ പണിക്കാലാവധി കാര്യവശാൽ യാതൊരു ഉപയോഗവും ഉള്ളതല്ലെന്നു ഖനിക്കുള്ളിൽ വേലചെയ്യുന്ന അവസ്ഥയെപ്പറ്റി പഠിച്ചിട്ടുള്ളവർ പറയുന്നു. ഒരാഴ്ചവട്ടത്തെപ്പണി പൂർത്തിയാക്കുന്നതിനു ഖനിപ്പണിക്കാർ മൂന്നുനാലുദിവസത്തിൽ കൂടുതലായി വേലചെയ്യാറില്ലഎന്നു ഞാനറിയുന്നു. അതായതു ദിവസേന പന്ത്രണ്ടു മണിക്കൂറോ മറ്റോ അവർ വേലചെയ്യുന്നു. നാം ദിവസേന ജോലിചെയ്യേണ്ട നേരത്തെ നാം നിയന്ത്രിക്കുന്നതായാൽ അല്ലാതെ കൂലിവേലയുടെ നിയന്ത്രണം എന്ന നമ്മുടെ മുഖ്യ ഉദ്ദേശത്തെ നാം സാധിപ്പിക്കുന്നതായി വരികയില്ല. എന്നു തന്നെയുമല്ല അപ്രകാരം ദിവസേനയുള്ള പണിയെ നിയന്ത്രിച്ചാലല്ലാതെ ഒരു സമർത്ഥനായ കൂലിവേലക്കാരന് ഒരുഖനിയിൽ മൂന്നുദിവസം പണിയെടുത്തു ഒരാഴ്ചവട്ടത്തെപ്പണി പൂർത്തിയാക്കും പിന്നീട ആഴ്ചയിൽ ശേഷമുള്ള ദിവസം മറ്റൊരുഖനിയിൽചെന്നു പണിയെടുക്കയുംചെയ്യും. (ബി)-യും (സി)-യും ഖണ്ഡങ്ങളിലെ വ്യവസ്ഥകൾക്കു വിപരീതമായി എളുപ്പത്തിൽപ്രവർത്തിക്കാൻ അവർക്കു സാധിക്കും. കൂലിവേലയുടെ ഹിതങ്ങളെ ഇതേവരെ സർവദാ സംരക്ഷിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ പണ്ഡിതനായ മെമ്പറുടെ ശ്രദ്ധയെ ഈസംഗതി ആകർഷിച്ചിട്ടില്ല എന്നുള്ളതു വ്യക്തംതന്നെ. അതുകൊണ്ടു ആഴ്ചവട്ടത്തിൽ എത്രമണിക്കൂറെന്നു നിയന്ത്രിക്കുന്നതിനെക്കാൾ ദിവസംതോറും ഇത്രമണിക്കൂറെന്നു നിയന്ത്രിക്കുന്നതു അധികം ആവശ്യമാകുന്നു. ഫാക്ടറിറെഗുലേഷനിൽ അംഗീകരിച്ചിരിക്കുന്ന ദിവസേനയുള്ള പണികാലത്തിന്റെ തത്വത്തെ ഇവിടെയും അംഗീകരിക്കണമെന്നാണ് എന്റെ അഭിപ്രായം. ഒരുദിവസത്തിൽ ൧൨ മണിക്കൂർ നേരത്തെ വേല വളരെ കൂടുതലാണെങ്കിലും എന്റെ ആഗ്രഹം അതു അപ്രകാരമായിരിക്കണമെന്നാണ് എനിക്കു പറയാനുള്ളതു മുൻപറഞ്ഞതുതന്നെയാണ് മണിക്കൂറുകളുടെ എണ്ണത്തെ കുറിക്കുന്നതിൽ എനിക്കു ആക്ഷേപം ഇല്ല. ഈസഭയിലെ എല്ലാഭാഗങ്ങളിൽനിന്നും ഈ ഭേദഗതിയേയും അംഗീകരിക്കുവാൻ എനിക്കു അമിതമായ സന്തോഷം ഉണ്ടായിരിക്കയേയുള്ളു. ഇത്രയുംപറഞ്ഞുകൊണ്ടു സഭയുടെ അംഗീകരണത്തിനായി എന്റെ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): ഞാൻ ഇതിനെ പിൻതാങ്ങുന്നു.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സർക്കാർവക്കീൽ): ഈഭേദഗതിയേയും പ്രതിക്ഷേധിക്കേണ്ടിയിരിക്കുന്നു എന്നു ഞാൻ ശങ്കിക്കുന്നു. കൽക്കരി ഖനികളിലെപണി ഫാക്ടറിയിലെ പണിയിൽനിന്നു വ്യത്യസ്തമാണെന്നുള്ള കാരണം ഇതിനും യോജിക്കും. പണിക്കാർ ആഴ്ചവട്ടത്തിൽ ൬൦ മണിക്കൂറു വേലചെയ്തുതീരണമെന്നു നിർബന്ധം ഇല്ല.

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും കൈ): സർ കൂടുതൽപണം കിട്ടുന്നതിനു അവർ കൂടുതൽമണിക്കൂറു പണിചെയ്യുന്നവരാം. പണിസമയത്തെ ക്രമപ്പെടുത്താൻ ഉദ്ദേശിച്ചിട്ടുള്ള ഈ നിയമം ഇതിലേക്കു വ്യവസ്ഥചെയ്യേണ്ടതല്ലയോഎന്നു ഞാൻ ചോദിക്കുന്നു.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): ഖനികളിൽ പണിയെടുക്കുന്ന മാതിരി ഫാക്ടറികളിലേതിൽനിന്നു ഭിന്നമാകയാലും അതു മിസ്റ്റർ പിറവിപ്പെരുമാൾപിള്ളതന്നെയും സമ്മതിക്കയാലും ദിവസേനയുള്ള പണി നേരത്തെ ക്ലിപ്തപ്പെടുത്തേണ്ട ആവശ്യം ഇല്ല; അവർ വീട്ടിലേക്കു പോയി ഒരാഴ്ചകഴിഞ്ഞു മടങ്ങിവരുന്നു; ഖനികളുടെകാര്യത്തിൽ ദിവസേനയുള്ള പണി നേരത്തെ നിയന്ത്രിക്കുന്നതിനു യാതൊരു ആവശ്യവുംഇല്ല; അതു ഖനികളുടെ കാര്യത്തിൽ ഗുണകരമായിട്ടുള്ളതോ കാര്യസാദ്ധ്യമുള്ളതോ അല്ല

മി. എം. കെ. പിള്ള (കരുനാഗപ്പള്ളി): ഈ ഭേദഗതി മുമ്പിലത്തെ ഭേദഗതിയിൽനിന്നു ജന്യമാകയാൽ അതിനെ അംഗീകരിച്ചവർ ഇതിനെയും അംഗീകരിക്കാൻ ബാദ്ധ്യപ്പെട്ടിരിക്കുന്നു. ഇതു മുമ്പിലത്തെതിന്റെ ശാഖോപശാഖയാണ്. പണിക്കാർ കൂടുതൽ കൂലികിട്ടുന്നതിൽ ഉൽകണ്ഠിതരായിരിക്കാം. ജനങ്ങൾ അവരുടെ ഗുണത്തിനു പ്രതികൂലമായവിധം വേലചെയ്യാതെ നോക്കേണ്ടതു മിസ്റ്റർ പരമേശ്വരൻപിള്ള ചൂണ്ടിക്കാണിച്ചിട്ടുള്ളതുപോലെ രാജ്യാധികാരികളുടെ ധർമ്മം ആകുന്നു. രാജ്യാധികാരികൾ ഒരാൾ ആത്മഹത്യചെയ്യുന്നതിനു പ്രതികൂലമായി വ്യവസ്ഥചെയ്തിരിക്കുന്നു; ജനങ്ങളുടെ ഗുണത്തിനുവേണ്ടി ഇതേവിധത്തിൽ, താദൃശാവസ്ഥ സംഭവിക്കാതെ തടുക്കുന്നതിലേക്കു നാം വ്യവസ്ഥചെയ്യേണ്ടതാകുന്നു. അതുകൊണ്ടു മുൻപിലത്തെ ഭേദഗതിയെ അനുകൂലിച്ചവർ ഇതിനെയും അനുകൂലിക്കാൻ നിർബന്ധിതരായിരിക്കുന്നു.

മി. കെ. സി. ജോസഫ് (മീനച്ചിലും ദേവികുളവും): മെമ്പർ ദയവുണ്ടായി കാരണങ്ങൾ വിവരിച്ചു പറയുമോ?

മി. എം. കെ. പിള്ള (കരുനാഗപ്പള്ളി): ഇതു മുൻ പറഞ്ഞതിന്റെ ശരിയായ ഫലമായതുകൊണ്ടാണ്.

മി. കെ. ഐ. ജോസഫ് (മീനച്ചിലും ദേവികുളവും): ൧൪ മണിക്കൂറു എന്നു ചേർക്കണം എന്നുള്ള ഭേദഗതിയെ സഭ ഇതിനുമുമ്പിലേ അനുവദിച്ചുകഴിഞ്ഞിരിക്കുന്നു.

ഡെപ്യൂട്ടിപ്രസിഡണ്ട്: അതു അദ്ദേഹത്തിന്റെ അഭിപ്രായമാണ്.

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും, തെക്കു): സർ, വേലക്കാലത്തെ നിയന്ത്രിക്കുന്നതുകൊണ്ടു നാം ഫാക്ടറിയാക്ടുലേക്കനിയമ വ്യവസ്ഥകളിൽനിന്നും ഭിന്നമായിട്ടാണ് നമ്മുടെ നിയമമെന്ന് ലാമെമ്പർ മറുപടിപറയുകയുണ്ടായി.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): പാസാക്കിക്കഴിഞ്ഞിട്ടുള്ള ഭേദഗതികൊണ്ടു വേണ്ടതെല്ലാം സാധിച്ചു ലഭിച്ചിരിക്കുന്നു, അതായിരുന്നു ഞാൻ പറഞ്ഞതു്.

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും, തെക്കു): ഏതായാലും ഈ നിയമനിർമ്മിതിപണിയെ ക്രമപ്പെടുത്തുന്നതിനും മണിക്കൂറുകളുടെ എണ്ണത്തെ നിയന്ത്രിക്കുന്നതിനുംവേണ്ടിയുള്ളതാണെന്നും ക്രമാതീതമായി വേലക്കാരെക്കൊണ്ടു പണിയെടുപ്പിക്കരുതു എന്നുള്ളതു വേലയുടെ ഗുണത്തിനായിട്ടാണെന്നും ഒരാൾ ക്രമാതീതമായി പണിയെടുക്കുന്നതിനു ഇടകൊടുക്കരുതുഎന്നും ഈ നിയമം ക്രമാതീതമായി പണിയെടുക്കുന്നതിനുള്ള മോഹത്തെ തടയാനായിട്ടുള്ളതാണെന്നും ലാമെമ്പർ ഇതേവരെ പറയുകയുണ്ടായി. അതിനാൽ നാം ദിവസേനയുള്ള പണി നേരത്തെ ക്ലിപ്തപ്പെടുത്തുന്നതായാൽഅല്ലാതെ നാം നിർമ്മിക്കുന്ന ഉദ്ദേശ്യത്തെ സാധിപ്പിക്കയില്ല. അതുകൊണ്ടു വേലയെ ക്രമപ്പെടുത്തുന്നതിനുള്ള മുഖ്യ ഉദ്ദേശം ദിവസേന ൧൧ മണിക്കൂറിലധികം പണിചെയ്യുന്നതിനുള്ള അവസരം വേലക്കാർക്കു കൊടുക്കരുതു എന്നുള്ളതത്രേ. അതുകൊണ്ടു ഞാൻ ഈ ഭേദഗതിയെ നിർബന്ധിക്കുന്നു.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): കൂലിവേലക്കാരുടെ ഗുണത്തെ കരുതിത്തന്നെയാണ് ഇപ്പോഴത്തെനിലയിൽ വ്യവസ്ഥചെയ്തിട്ടുള്ളതു്.

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും, തെക്കു): അവൻ ക്രമാതീതമായി വേലചെയ്യുന്നതു ദോഷകരമല്ലയോ?

ഭേദഗതി വോട്ടിനിട്ടതിന്റെശേഷം അനുവദിക്കപ്പെട്ടു.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): പേരുവിവരം അറിയണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

പേരുവിവരം നോക്കിയതിൽ സഭ ഇപ്രകാരം വിഭക്തമായി കാണപ്പെട്ടു.

അനുകൂലക്കാർ—൨൧.

൧	മിസ്റ്റർ	സി. കേരളവർമ്മകോയിത്തമ്പുരാൻ	൧൨	മിസ്റ്റർ	ആർ. പത്മനാഭൻ
൨	,,	സി. പി. കൊച്ചുകുഞ്ഞുപിള്ള	൧൩	,,	ജി. പരമേശ്വരൻപിള്ള
൩	,,	എ. കെ. പിള്ള	൧൪	,,	ചങ്ങനാശ്ശേരി പരമേശ്വരൻപിള്ള
൪	,,	എൻ. കുമാരൻ	൧൫	,,	എസ്. പിറവിപ്പെരുമാൾപിള്ള
൫	,,	ടി. കുമാർപിള്ള	൧൬	,,	ജി. രാമൻമേനോൻ
൬	,,	എസ്സ്. ജി. ലോപ്പസ്	൧൭	,,	കെ. ശിവരാമപ്പണിക്കർ
൭	,,	ജി. നാരായണപിള്ള	൧൮	,,	എം. ശിവതാണുപിള്ള
൮	,,	കല്ലൂർ നാരായണപിള്ള	൧൯		
൯	,,	പി. കെ. നാരായണപിള്ള	൨൦	,,	എം. സുബ്രഹ്മണ്യക്കുറയാളർ
൧൦	,,	കെ. പി. നീലകണ്ഠപ്പിള്ള	൨൧	,,	സി. പി. താമസ്
൧൧	,,	എം. എൻ. പിള്ള			

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): മിസ്റ്റർ മാധവൻ ഇപ്പോൾ അകത്തു വന്നേയുള്ളു.

ഡെപ്യൂട്ടിപ്രസിഡണ്ട്: അദ്ദേഹം ആളുത്തെ തവണ എണ്ണിയതിൽപിന്നീടാണ് വന്നതു. അദ്ദേഹത്തിനെ ഉൾപ്പെടുത്താൻപാടില്ല. പ്രത്യേകം ലോബി ഉണ്ടായിരുന്നാൽ അദ്ദേഹം അതിനു പുറത്തായിരിക്കയേയുള്ളു.

പ്രതികൂലക്കാർ—൧൮.

൧	മിസ്റ്റർ	ഐ. സി. ചാക്കോ	൧൦	മിസ്റ്റർ	എൽ. എ. ലാംപാർഡ്
൨	,,	പി. ഡാനിയൽ	൧൧	,,	ഡബ്ലിയു. എച്ച്. പിറ്റ്
൩	,,	ആർ. ധനുഷ്കോടിപ്പിള്ള	൧൨	,,	കെ. എൻ. രാമസുബ്ബയ്യർ
൪	,,	കെ. ജാജ്	൧൩	,,	ടി. പി. രാമസുബ്ബയ്യർ
൫	,,	എ. ജെ. ജാൺ	൧൪	,,	ജെ. എസ്. രാമസ്വാമിഅയ്യർ
൬	,,	കെ. ഐ. ജോസഫ്	൧൫	,,	റാവുബഹദൂർ കെ. വി. രംഗസ്വാമി അയ്യങ്കാർ
൭	,,	ആർ. കൃഷ്ണപിള്ള			
൮	ഡാക്ടർ	എൻ. കുഞ്ഞൻപിള്ള	൧൬	,,	ജെ. സ്റ്റീഫൻസൺ
൯	മിസ്റ്റർ	കയ്യാലം പരമേശ്വരൻപിള്ള	൧൭	,,	വി. എസ്. സുബ്രഹ്മണ്യയ്യർ
			൧൮	,,	കെ. കെ. താമസ്

ഭേദഗതി അനുവദിക്കപ്പെട്ടു.

ഡെപ്യൂട്ടിപ്രസിഡണ്ട്: ൨൧-ാംവകുപ്പും ൨൨, ൨൩ വകുപ്പുകളും ബില്ലിന്റെ അംശമായിരിക്കുന്നു എന്നാകുന്നു പ്രശ്നം.

ഉപക്ഷേപം അനുവദിക്കപ്പെട്ടു.

വകുപ്പുകൾ ബില്ലിൽ ചേർക്കപ്പെട്ടു.

വകുപ്പു ൨൪.

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും, തെക്കു): ചുരുക്കപ്പേരിൽ "കുഞ്ഞുങ്ങൾ" എന്നതിനു മുമ്പിൽ "സ്ത്രീകളും" എന്നുകൂടി ചേർക്കണം എന്നു ഞാൻ അഭിപ്രായപ്പെടുന്നു.

ഡെപ്യൂട്ടിപ്രസിഡണ്ട്: ചുരുക്കപ്പേരിനെക്കുറിച്ചു വിഷമിക്കേണമെന്നില്ല. വകുപ്പിനു ഭേദഗതി പ്രയോഗിച്ചാൽ മതിയാകും.

മി. എസ്. ചിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും, തെക്ക): "കുഞ്ഞിനെ" എന്നതിനു മുമ്പിൽ "സ്ത്രീയെ" എന്നു ചേർക്കണം എന്നു ഞാൻ അഭിപ്രായപ്പെടുന്നു.

ഡെപ്യൂട്ടി പ്രസിഡണ്ട്: ആ സ്ഥിതിക്കു നിങ്ങളുടെ അഭിപ്രായപ്രകാരം വകുപ്പു ഇപ്രകാരമായിരിക്കും:—

"യാതൊരു സ്ത്രീയെയാകട്ടെ കുഞ്ഞിനെയാകട്ടെ ഖനികളിൽ പണിക്കായി നിറുത്തുകയോ ഭൂമിക്കടിയിലുള്ള ഖനിയുടെ യാതൊരു ഭാഗത്തിലും ഇരിക്കാൻ സമ്മതിക്കയോ ചെയ്യരുത്."

മി. എസ്. ചിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും, തെക്ക): സർ, ഖനികളിൽ സ്ത്രീകളെ പണിക്കാക്കുന്നസംഗതി ദീർഘകാലമായിട്ടു നിയമം നിർമ്മിക്കുന്ന ആളുകളുടെ മനസ്സിനെ ക്ഷോഭിപ്പിച്ചുകൊണ്ടിരിക്കയാണ്. പണ്ഡിതരായ മാമെമ്പർമാരുകളെ ഇതിനെ പര്യാലോചിച്ച പ്രത്യേകക്കമ്മിറ്റിയാകട്ടെ അത്യന്തം പ്രധാനപ്പെട്ട ഈ വിഷയത്തിൽ യാതൊരു ശ്രദ്ധയും നൽകുകയാകട്ടെ ചെയ്തിട്ടില്ല എന്നു വ്യസനിക്കുന്നു. നാഗരികതയെ പ്രാപിച്ചിട്ടുള്ള സകല ദേശങ്ങളിലും ഖനിസംബന്ധമായ നിയമനിർമ്മിതിയുടെ പ്രധാന ലക്ഷണം സ്ത്രീകളെ ഭൂമിക്കടിയിൽ പണിയെടുപ്പിക്കുന്നതിനെ നിരോധിക്കുകയാകുന്നു. ഇംഗ്ലണ്ടിൽ ഈ നിരോധനം ൧൮൪൨-ാം വർഷത്തിൽ നിയമമാക്കപ്പെട്ടു. ഇപ്പോൾ നാം ആലോചിക്കുന്നതായ നമ്മുടെ പുതിയ ബില്ലിൽ ആളുകളെ അതായതു ഭൂമിക്കടിയിൽ സ്ത്രീകളെ പണിക്കു നിറുത്തിക്കൂടാ എന്നു നിരോധിച്ചു ൮൦ കൊല്ലം കഴിഞ്ഞതിൽപിന്നീടും ഭൂലോകം ഒട്ടുക്കു സകല നാഗരികരാഷ്ട്രങ്ങളായ രാജ്യങ്ങളും ഈ നിരോധനത്തെ അവരുടെ നിയമങ്ങളിൽ അനുവർത്തിച്ചതിൽപിന്നീടും നാം സ്ത്രീകളെ പണിക്കാക്കുന്നതിനെ തടയുന്നതിനായി യാതൊരു വ്യവസ്ഥയും ചെയ്തിട്ടില്ല എന്നു മാത്രമല്ല ഫാക്ടറീസ്ലെജിസ്ലേഷനിൽ വ്യവസ്ഥചെയ്തിരിക്കുന്ന പണി നേരത്തെ ക്രമപ്പെടുത്തുന്നതിനുപോലും നാം വിചാരിച്ചിട്ടില്ല എന്നു കാണുന്നതു വിസ്മയനീയം തന്നെ. സർ, കുഞ്ഞുങ്ങളെ ഖനികളിൽ പണിക്കാക്കുകയും ഭൂമിക്കടിയിലുള്ള ഖനിയുടെ വല്ല ഭാഗത്തിലും ഇരിക്കാൻ സമ്മതിക്കയും ചെയ്യുന്നതിന്റെ നിരോധനം ബ്രിട്ടീഷിൻഡ്യൻ ആക്ടിൽ ഈ വ്യവസ്ഥയുടെ ഉദ്ദേശത്തെ പൂർണ്ണമായി മനസ്സിലാക്കുവാൻ ശ്രദ്ധിക്കാതെതന്നെ ബ്രിട്ടീഷിൻഡ്യൻ ആക്ടിൽനിന്നു മുഴുവനായി എടുത്തിട്ടുള്ളതാണെന്നുള്ളതു മാന്യമെമ്പർ ഇന്നലെ പറഞ്ഞതിൽനിന്നും ഞാൻ മനസ്സിലാക്കുന്നു. ഇതു ഞാൻ ബഹുമാനപുരസ്സരം സഭയെ അറിയിച്ചുകൊള്ളുന്നു.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സർക്കാർ വക്കീൽ): ഖനികളിൽ കുഞ്ഞുങ്ങളെ പണിക്കാക്കുന്നതിനും അവർ അവിടെ ഉണ്ടായിരിക്കുന്നതിനും തമ്മിൽ വ്യത്യാസം ഉണ്ട്.

മി. എസ്. ചിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്ക): ബ്രിട്ടീഷിൻഡ്യൻ ആക്ടിൽ കുഞ്ഞുങ്ങളെ പണിക്കാക്കിക്കൂടാ എന്നുള്ള നിരോധനം ഉൾപ്പെടുത്തിയിരിക്കുന്നതു ഖനികളിൽ സ്ത്രീകളെ പണിക്കാക്കുന്നതിനെ പിൻകാലത്തു നിരോധിക്കണം എന്നുള്ള ഉദ്ദേശ്യത്തോടുകൂടി ആകുന്നു.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സർക്കാർ വക്കീൽ): അതെവിടെ പറഞ്ഞിരിക്കുന്നു എന്നു പറഞ്ഞുതരുമോ?

മി. എസ്. ചിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്ക): ൧൯൨൨ സെപ്റ്റംബർ ൨൦-നുയിൽ അസംബ്ലി നടപടികൾ എന്ന ഗ്രന്ഥത്തിൽ ൧൯൨൨-ാം വർഷത്തെ ഞാൻ അതു വായിച്ചു കേൾപ്പിക്കാം.

"നാം ഇപ്പോൾ ആദ്യത്തെ പടിയിൽ എത്തിയിരിക്കുന്നു. ൧൨ വയസ്സുവരെയുള്ള കുഞ്ഞുങ്ങളെ ഖനികളിൽ പ്രവേശിപ്പിക്കരുതു എന്നു നാം താൽക്കാലികമായി നിർദ്ദേശിച്ചിരിക്കുന്നു. തൽഫലം ഖനികളിൽ സ്ത്രീകളെ പണിക്കാക്കുന്നതിനെ കുറയ്ക്കുന്നതായി ഭവിക്കാം എന്തുകൊണ്ടെന്നാൽ കുട്ടികളുള്ള സ്ത്രീകൾ, തങ്ങളുടെ കുഞ്ഞുങ്ങളെക്കൂടി തങ്ങളോടൊന്നിച്ചുകൊണ്ടു പോകാൻപാടില്ലാ എന്ന വരികിൽ ഖനികൾക്കുള്ളിൽ പോകയില്ല എന്നു വന്നേക്കാം. അതാണ് ആദ്യത്തെ പടി. സ്ത്രീകളെ ഖനികളിൽ പണിക്കാക്കിക്കൂടാ എന്നു നിരോധിക്കുന്നതിനു ഈ ബില്ലിലെ നം ൨൦ (സി) വകുപ്പിൽ പ്രാദേശിക ഗവർമ്മെന്റുകൾക്കുള്ള അധികാരങ്ങളെ ഉപയോഗപ്പെടുത്തുന്നതിനു ശക്യമാണെന്നു അവർ വിചാരിക്കുന്നതായ ഒരു കാലം വരാവുന്നതാണ്."

ആ വകുപ്പു നടപ്പാക്കുന്നതിന്റെ ഉദ്ദേശ്യം സ്ത്രീകളെ പണിക്കാക്കുന്നതിനെ യഥാകാലം നിരോധിക്കുന്നതിനാണെന്നുള്ളതു ഞാൻ ഇന്നലെ വായിച്ചുകേൾപ്പിച്ചതായ സർ ചാറൽസ് ഇന്നിസിന്റെ പ്രസംഗത്തിൽനിന്നു വ്യക്തമായി കാണുന്നതാണ്. ഭൂമിക്കടിയിൽ സ്ത്രീകളെ പണിക്കാക്കുന്നതു അവരുടെ കുടുംബജീവിതത്തിനും സദാചാരത്തിനും വലുതായ ദോഷഫലങ്ങളെ ജനിപ്പിക്കും എന്നു വിചാരിക്കുന്നതിൽ സഭ എന്നോടു യോജിക്കും എന്നു ഞാൻ വിശ്വസിക്കുന്നു. ഭൂമിക്കടിയിൽ വേലചെയ്യുന്ന സ്ത്രീ അതിരാവിലെ ഭർത്താവിനോടൊന്നിച്ചു പണിക്കുപോയി വളരെ താമസിച്ചു മടങ്ങിവരുന്നു. ഈ സ്ഥിതിക്കു അവൾക്കു ഒരു നല്ല ഭാര്യയാകയോ തള്ളയാകയോ ഇരിക്കാൻ കഴിയുകയില്ല. വീട്ടിൽ മടങ്ങിവരുമ്പോൾ യാതൊരു സുഖവും ലഭിക്കാത്ത ആ ഖനി പണിക്കാരൻ എന്തു ചെയ്യുന്നു. അവൻ ഒരുവിധം ആശ്വാസവും വിശ്രമവും തേടുന്നു. അതിലേക്കായി അവൻ കള്ളുഷാപ്പിൽ ചെല്ലുന്നു. ഖനിപ്പണിക്കാരുടെ ഇടയിൽ മദ്യപാനം അധികമായി തീർന്നിരിക്കുന്നതു തറയ്ക്കുള്ളിൽ സ്ത്രീകളെ പണിക്കു നിയമിക്കുന്നതുകൊണ്ടാണെന്നു പറയപ്പെട്ടിരിക്കുന്നു. ഒരുത്തൻ മദ്യപാനിയായി ഭവിച്ചാൽ അവൻ അവന്റെ പണം മുഴുവനും ചിലവാക്കുന്നു. അവനു കൂടുതൽ വരവു ഉണ്ടാക്കണം. അതിലേക്കായി വിമനസ്സയായ അവന്റെ ഭാര്യ ഒരു ഖനിയിൽ തറയ്ക്കടിയിൽ വേല ചെയ്യുന്നതിനു അവളെ അവൻ നിർബന്ധിക്കുന്നു. സ്ത്രീ ഭർത്താവിനോടൊന്നിച്ചു തറയ്ക്കുള്ളിൽ ചെല്ലുകയും ഗൃഹസുഖവും കുടുംബസുഖവും അവനു നൽകാതിരിക്കയും ചെയ്യുന്നതുകൊണ്ടു പുരുഷൻ മദ്യപാനം ചെയ്യുന്നു എന്നും മദ്യപാനത്തിനു അവനു പണം വേണ്ടിയിരിക്കുന്നതുകൊണ്ടു പണിയെടുക്കാൻ അവളെ അവൻ നിർബന്ധിക്കുന്നു എന്നും ഈവിധം നിങ്ങൾ കാണും. അതുകൊണ്ടു ഈ ദുഷ്ടചക്രത്തെ ഭേദിക്കണം എന്നു വരികിൽ തറയ്ക്കുള്ളിൽ സ്ത്രീകളെ പണിക്കാക്കുന്നതിനെ നിരോധിക്കണം. എന്നുതന്നെയുമല്ല സ്ത്രീകളെ പണിക്കാക്കുന്നതിനെ ആരംഭത്തിൽതന്നെ ഒഴിക്കാതിരുന്നതിൽ സർ ചാറൽസ് ഇതിനു പറഞ്ഞതായ പശ്ചാത്താപത്തോൽ പണ്ഡിതരായ മാന്യമെമ്പർ ഊന്നപ്പെട്ടിട്ടില്ല. സഭയുടെ അറിവിലേക്കായി ഞാൻ ഒന്നു വായിച്ചു കേൾപ്പിക്കാം അതു ഞാൻ പറഞ്ഞതിനെ സാക്ഷീകരിക്കും.

"സ്ത്രീകളെ പണിക്കാക്കുന്ന ഈ വിഷയത്തിന്റെ ചരിത്രം വളരെ പുരാതനമായിട്ടുള്ളതാണ്. ഖനികളിൽ സ്ത്രീകളെ പണിക്കാക്കുന്നതിനെ ഉടനടി ചുരുക്കി ഖനി പ്രവൃത്തിയുടെ ശൈശവത്തിൽതന്നെ നിരോധിക്കുന്നതു ഉചിതമായിരിക്കും എന്നു ൯൦ വർഷത്തിനിടക്കുള്ള അത്ര പൂർവകാലമുള്ളതന്നെയും സെക്രട്ടറി ആഫ് സ്റ്റേറ്റ് അവർകൾ നമ്മോടു കർത്തവ്യമായി ഉപദേശിച്ചു. നിർഭാഗ്യവശാൽ നാം അപ്പോൾ ആ നടപടി അംഗീകരിച്ചില്ല. ആ പണി എത്രയധികം ദീർഘകാലം താമസിക്കുന്നുവോ അത്രയധികം അതു ദുർഘടമായിത്തീരും എന്നു സ്റ്റേറ്റ് സെക്രട്ടറി അവർകൾ നമ്മോടു ഉപദേശിച്ചു. ഇതുതന്നെയാണ് നാം ഇപ്പോൾ അനുഭവിക്കുന്നതായ അവസ്ഥ.

അതുകൊണ്ടു മിസ്റ്റർ ഇന്നിസ് വെളിവാക്കിയതായ അനുഭവങ്ങൾ ഉണ്ടാകപ്പെടുന്നതിനു നാം ആഗ്രഹിക്കുന്നു എന്നുവരികിൽ പ്രാരംഭത്തിൽതന്നെ സ്ത്രീകളെ പണിക്കാക്കുന്നതിനെ നാം നിരോധിക്കുന്നതാണു നല്ലതു്.

തറയ്ക്കടിയിൽ സ്ത്രീകളെ പണിക്കാക്കുന്നതിനെ നിരോധിക്കുന്നതു വളരെ പ്രയാസം ആണെന്നും ഇതിൽനിന്നു വളരെ വ്യക്തമായി കാണുന്നതാകുന്നു. ഇപ്പോൾ എങ്കിലും യാതൊരു പ്രാതിക്കൂല്യവും കൂടാതെ പണ്ഡിതനായ ലാ-മെമ്പർ എന്റെ ഭേദഗതിയെ അംഗീകരിക്കയും നാഗരികദേശങ്ങളിലെ നിയമനിർമ്മാതാക്കളോടൊപ്പം മാത്രം നിലയിൽ നാം എത്തുന്നതിനു ശ്രമിക്കയും ചെയ്യും എന്നു ഞാൻ വിശ്വസിക്കുന്നു.

ഡെപ്യൂട്ടി പ്രസിഡന്റ്: തറയുടെ മുകളിൽപോലും അവർ പണിയെടുക്കുന്നതിനെ തടുക്കണം എന്നു നിങ്ങൾ ആവശ്യപ്പെടുന്നുണ്ടോ?

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും-തെക്ക): ഇല്ല.

ഡെപ്യൂട്ടി പ്രസിഡന്റ്: നിങ്ങളുടെ ഭേദഗതി തെറ്റിദ്ധരിക്കപ്പെടുന്നതായിരിക്കുന്നു.

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും-തെക്ക): അതിൽ ആവശ്യമുള്ള മാററങ്ങൾ ചെയ്യുന്നതിൽ എനിക്കു ആക്ഷേപം ഇല്ല.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): ആ അതിൽ ൨-ാം കപ്പിയിലുള്ള കാമ മാററിയാൽ മതിയാകും.

ഡെപ്യൂട്ടി പ്രസിഡന്റ്: അങ്ങനെയായാൽ "നിയമിച്ചുകൂടാ" എന്ന പദങ്ങൾ അനാവശ്യമാണ്; എന്തുകൊണ്ടെന്നാൽ കുഞ്ഞുങ്ങളെ പണിക്കാക്കുന്നതിനു അവർ അവരുടെ ആളുമായി ഉണ്ടായിരിക്കണം. കുഞ്ഞുങ്ങൾ അവിടെ ഉണ്ടായിരിക്കാതെ അവരെ പണിക്കാക്കാൻ ഇടയില്ല.

മി. ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): പണിക്കാക്കാതെതന്നെ കുഞ്ഞുങ്ങൾ തള്ളമാരോടൊന്നിച്ചു അവിടെ വന്നിരിക്കാവുന്നതാണ്. അതിനെ തടുക്കാവുന്നതാണ്.

മി. എം. ശിവതാണുപിള്ള (തോവാള) "നിയമിച്ചുകൂടാ" എന്നതിനെ വിട്ടുകളയാം എന്നു എനിക്കു തോന്നുന്നു.

ഡെപ്യൂട്ടി പ്രസിഡന്റ്: അതുതന്നെ ഞാൻ പറയുന്നതു്. ഈ വകുപ്പിലെ ഒന്നാംഭാഗം തറയ്ക്കുമീതേയും തറയ്ക്കു അടിയിലുമുള്ള പ്രദേശങ്ങൾക്കു സംബന്ധിക്കുന്നു. എന്നാൽ രണ്ടാമത്തെഭാഗം തറയ്ക്കടിയിലുള്ള സ്ഥലങ്ങൾക്കു മാത്രമേ സംബന്ധിക്കുന്നുള്ളു. മിസ്റ്റർ പിറവിപ്പെരുമാൾപിള്ളേ നിങ്ങളുടെ ഭേദഗതിയെ മാററുന്നതിൽ വല്ല ആക്ഷേപവും നിങ്ങൾക്കുണ്ടോ?

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും-തെക്ക): എനിക്കു ആക്ഷേപം ഒന്നുമില്ല.

ഡെപ്യൂട്ടി പ്രസിഡന്റ്: സ്ത്രീകളെ തറയ്ക്കുമീതെ പണിക്കാക്കുന്നതിൽ നിങ്ങൾക്കു വിരോധമുണ്ടോ?

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും-തെക്ക): ഇല്ല

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഈ ആവശ്യമില്ലാത്തവിധത്തിൽ വ്യാപ്തിയുള്ള ഒരു വ്യവസ്ഥയല്ലയോ ഇതു് എന്നുള്ളതിനെക്കുറിച്ചു മിസ്റ്റർ പിറവിപ്പെരുമാൾപിള്ള വീണ്ടും ആലോചിക്കുമോ? ഒരു ഖനിയുടെ അംശം തറയ്ക്കടുത്തു തറയ്ക്കു കീഴിലോ ഉപരിതലത്തിൽതന്നെയോ ആയിരിക്കാം. അങ്ങനെയുള്ള സ്ഥലങ്ങളിൽ സ്ത്രീകൾ പണിയെടുക്കുന്നതിൽ വല്ല ആക്ഷേപവും മിസ്റ്റർ പിറവിപ്പെരുമാൾപിള്ളയ്ക്കുണ്ടോ? തറയ്ക്കടിയിലുള്ളതോ അല്ലാത്തതോ ആയ വല്ലകുഴി വല്ല ഖനിയിലുള്ളതോ ഖനിയ്ക്കടുത്തുള്ളതോ ഖനിവകയായുള്ളതോ ആയ എല്ലാ പണികൾ, യന്ത്രങ്ങൾ തറയ്ക്കടിയിലോ പുറത്തോ ഉള്ള ട്രാംവേകൾ, റയിലുള്ള പാതകൾ ഇവയെ നാം "ഖനി" എന്നതിന്റെ അർത്ഥവിവരണത്തിനു ഉൾപ്പെടുത്തുന്നു. അതുകൊണ്ടു ഖനിയുടെ ചില അംശങ്ങൾ വാസ്തവത്തിൽ ഉപരിതലത്തിന്മീതേയായിരിക്കാം. ഉദാഹരണമായി ഖനിയുടെവകയായ ഒരു ഗൃഹം ഉണ്ടായിരിക്കാം. അതും ഖനിയുടെ ഒരുഭാഗമായി ഗണിക്കപ്പെട്ടിരിക്കാം.

ഡെപ്യൂട്ടി പ്രസിഡന്റ്: അങ്ങനെയുള്ള സംഗതിയെപ്പററി വിചാരിക്കുന്നതു എനിക്കു വിഷമമാണ്.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): താഴെ ചേർക്കുന്ന ഭേദഗതി ഞാൻ നിർദ്ദേശിക്കാം.

"യാതൊരു സ്ത്രീയോ കുഞ്ഞോ തറയ്ക്കുകീഴിൽ ഉള്ളതായ ഖനിയുടെ യാതൊരുഭാഗത്തിലും പ്രവൃത്തിചെയ്യുന്നതിനു ഏർപ്പെടുത്തുകയോ ഇരിക്കാൻ സമ്മതിക്കയോ ചെയ്തുകൂടാ"

മി. വി. എസ്. സുബ്രഹ്മണ്യയ്യർ (ഹെഡ്സർക്കാർ വക്കീൽ): അല്ല; അതിന്റെസാരം തറയുടെമീതേയുള്ളതായ ഖനിയുടെ ആ ഭാഗങ്ങളിൽ കുഞ്ഞുങ്ങളെ പണിക്കാക്കാം എന്നായിത്തീരും. എന്നാൽ വാദം ആകട്ടെ കുഞ്ഞുങ്ങളെ പണിക്കാക്കിക്കൂടാ എന്നാകുന്നു.

ഡെപ്യൂട്ടി പ്രസിഡന്റ്: ഞാൻ താഴെചേർക്കുന്നതിനെ നിർദ്ദേശിക്കാം.

"യാതൊരു കുഞ്ഞിനേയും ഖനിയിൽ പണിക്കാക്കിക്കൂടാ; യാതൊരുസ്ത്രീയെയോ കുഞ്ഞിനെയോ തറയ്ക്കുകീഴെ ഉള്ളതായ ഖനിയുടെ യാതൊരുഭാഗത്തിലും ഇരിക്കാൻ സമ്മതിക്കയും അരുതു"

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും-തെക്ക): സർ, ഞാൻ ഈ ഭേദഗതിയെ അംഗീകരിക്കുന്നു.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): ഞാൻ ഈ ഭേദഗതിയെ അനുവദിക്കുന്നതിൽ ഇതു യുക്തി പറയുന്നുണ്ടു്. ബ്രിട്ടീഷിൻഡ്യയിൽ നടപ്പിൽ ഇരിക്കുന്ന നിയമങ്ങളെ നാം സ്വായത്തമാക്കുമ്പോൾ നമ്മുടെ ദേശാവസ്ഥാഭേദങ്ങളെ ആലോചിക്കാതെ ആ സ്ഥിതിയിൽതന്നെ നാം സ്വീകരിക്കുന്നു. ഇൻഡ്യൻമൈൻ

സ്, ആക്റ്റിനെസംബന്ധിച്ചു ഇൻഡ്യൻ ലെജിസ്ലേറ്റിവ് അസംബ്ലിയിൽ നിർദ്ദേശിച്ചതായ ഏതാനും സാർവ്വജനീന ഭേദഗതികളുടെ കാര്യത്തിൽ ആ സഭയ്ക്കു സാധിക്കാൻകഴിയാതെപോയതു ഈ സഭയ്ക്കു സാധിക്കാൻ ശക്യമായിട്ടുണ്ടു എന്നുള്ളതു നിശ്ചയമായും നമുക്കു ചാരിതാർത്ഥ്യകരംതന്നെ. ഈ ബില്ലിൽ ചേർക്കുന്നതിനു മിസ്റ്റർ പിറവിപ്പെരുമാൾപിള്ള ശ്രമിച്ചിട്ടുള്ളതായ ഈ ഹിതകരമായ വ്യവസ്ഥയെ ഈ സഭ അംഗീകരിക്കുന്നതു ഇതിനുമുമ്പിൽ ഉണ്ടായ ഏതാനും ഭേദഗതികളുടെ കാര്യത്തിൽ ഈ സഭ സ്വീകരിച്ചിട്ടുള്ളനിലയ്ക്കു അനുയോജ്യമായിട്ടുള്ളതുതന്നെയാണ്. തറയ്ക്കടിയിൽ സ്ത്രീകളെ പണിക്കാക്കാൻ സമ്മതിക്കാതിരിക്കുവാൻ നാം കഴിയുന്നതും നോക്കേണ്ടതാണെന്നു കാണിക്കുവാൻ യുക്തിവാദം ആവശ്യംഇല്ല. ഏതാദൃശവ്യവസ്ഥ ഇംഗ്ലണ്ടിലെ മൈൻസ് ആക്റ്റിൽ ദീർഘകാലംമുമ്പെതന്നെ ചേർത്തിട്ടുണ്ടു എന്നു നാം കാണുന്നു. അതുകൊണ്ടു നാം മിസ്റ്റർ പിറവിപ്പെരുമാൾപിള്ളയുടെ ഭേദഗതിയെ അംഗീകരിക്കുന്നതായാൽ അതു നാം ഇതിനുമുമ്പിലെ അംഗീകരിച്ചിട്ടുള്ളതുമായി യോജ്യമായിരിക്കയേയുള്ളു.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സർക്കാർ വക്കീൽ): ഞാൻ ഈ ഭേദഗതിയെ അംഗീകരിക്കുന്നില്ല. ഈ കാര്യത്തിൽ സഭയുടെ അനുകൂലപ്രതികൂലഭാവംനോക്കി തീർച്ചചെയ്യണം എന്നാണ്, എന്റെ അഭിപ്രായം. സ്ത്രീകളെ തറയ്ക്കടിയിൽ പണിക്കാക്കരുതു എന്നുള്ളതാണു ആദർശം എന്നുള്ളതിനെ ഞാൻ സമ്മതിക്കുന്നു എന്നാൽ അതു കേവലം ആദർശമേയാകുന്നുള്ളു. ഇൻഡ്യയിലെ മറുഭാഗങ്ങളിൽ സ്ത്രീകൾ ഖനികളിൽ പണിചെയ്യാൻ സമ്മതിക്കപ്പെട്ടിരിക്കുന്നു എന്നുള്ള വസ്തുതയെ വിസ്മരിക്കാൻ എനിക്കു കഴിയുകയില്ല. ഏതാദൃശകാര്യങ്ങളിൽ നാമും ഇൻഡ്യയിലെ ശേഷം ജനങ്ങളോടു യോജിച്ചു പ്രവർത്തിക്കണം. എന്നത്രെ എന്റെ സ്വന്തം അഭിപ്രായം. അങ്ങനെ ചെയ്യില്ലെങ്കിൽ നമ്മുടെ പണിക്കാർതന്നെയും കഷ്ടപ്പെടാൻ ഇടയാകും.

മി. പിറവിപ്പെരുമാൾപിള്ളയ്ക്കുള്ള മിഥ്യാബോധത്തെ ഞാൻ തിരുത്തേണ്ടതാണെന്നു വിചാരിക്കുന്നു. കുഞ്ഞുങ്ങളെ പണിക്കാക്കുന്നതിനെ നിരോധിച്ചതു ഖനികളിൽ സ്ത്രീകളെ പണിക്കാക്കലിനെ തടുക്കാനായിട്ടാണെന്നു അദ്ദേഹം വിചാരിക്കുന്നു. വാസ്തവം അപ്രകാരമല്ല. കുഞ്ഞുങ്ങളെ പണിക്കാക്കുന്നതിനെ നിരോധിച്ചിരിക്കുന്നതു അവരുടെ ഗുണത്തിനായിട്ടാണു, എന്തുകൊണ്ടെന്നാൽ കുഞ്ഞുങ്ങൾ ബലഹീനരാണു, അവർ പാഠശാലകളിൽപോകും എന്നാണ് പ്രതീക്ഷിച്ചിരിക്കുന്നതു, തറയ്ക്കടിയിൽ കുഞ്ഞുങ്ങൾ ഉണ്ടായിരിക്കുന്നതിനെ തടുത്തിരിക്കുന്നതു സ്ത്രീകൾ കഴിയുന്നതു തറയ്ക്കടിയിൽ ഉള്ള ഖനികളിൽ പണിചെയ്യാതെ തടുക്കണം എന്നുള്ള ഉദ്ദേശ്യത്തോടുകൂടിയാകുന്നു. കുഞ്ഞുങ്ങൾ അവിടെ ഉണ്ടായിരിക്കലിനും, അവരെ പണിക്കാക്കലിനും തമ്മിൽ ഭേദത്തെ കാണിക്കേണ്ടതാണ്. സ്ത്രീകൾ തറയ്ക്കടിയിലുള്ള ഖനികളിൽ പണിയെടുക്കുന്നതു എന്നതന്നെയാണ് ആദർശം സംശയം ഇല്ല. എന്നാൽ ആ ആദർശത്തെ ബ്രിട്ടീഷിൻഡ്യയിൽ ഉള്ള അയൽപ്രദേശങ്ങളിൽ അംഗീകരിച്ചിട്ടില്ലാതിരിക്കെ നമുക്കു അതു അനുവർത്തിക്കാമെ എന്നു എനിക്കു നിശ്ചയം ഇല്ല. എന്നുതന്നെയുമല്ല, സ്ത്രീകൾ ഖനികളിൽ ഇരുന്നുകൂടാ എന്നു അത്ര പരിച്ഛിന്നമായി നാം നിരോധിക്കുന്നതെന്തിന്? നമ്മുടെ വ്യവസായങ്ങളും പണിക്കാരും ഇതുമൂലം കഷ്ടപ്പെട്ടും എന്നു എനിക്കു തോന്നുന്നു.

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും-തെക്കു): കഷ്ടപ്പെടുന്നതായ ഒരു വ്യവസായം എങ്കിലും പറഞ്ഞുതരാമോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഈ ഭേദഗതിയെ എതിർക്കാതെ അതിനെ പിൻതാങ്ങുന്നതിൽ എനിക്കും വളരെ സന്തോഷമുണ്ട്. മിസ്റ്റർ പിറവിപ്പെരുമാൾപിള്ള ഇപ്പോൾ പുറപ്പെടുവിച്ചതായ വാദം സ്ത്രീകളെ ഖനികളിൽ തറയ്ക്കടിയിൽ പണിചെയ്യാൻ സമ്മതിച്ചുകൂടാ, എന്നാണ്; കൂടാതെ അവർ അവിടെ ഇരിക്കാൻകൂടി സമ്മതിച്ചുകൂടാ എന്നുള്ളതുമാണ്. ഈ നിർദ്ദേശത്തിനു എനിക്കു യാതൊരു ആക്ഷേപവും ഇല്ല. എന്തുകൊണ്ടെന്നാൽ അതു വളരെ ഹിതമായ നിർദ്ദേശമാണ്. ഈ സംഗതിക്കു അധികം വിശാലത കല്പിക്കണം. സ്ത്രീകൾ തറയ്ക്കടിയിൽ യാതൊരുവിധ പണിയും ചെയ്യാൻ പാടില്ല ഇതാണ് എന്റെ അഭിപ്രായം. (ചിരി) ഇതേനീതിയെ കഴിയുന്നത്രയധികം വ്യാപിപ്പിക്കുന്നതിനെ അനുകൂലിക്കാൻ ഞാൻ സന്നദ്ധനാകുന്നു.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സർക്കാർ വക്കീൽ): ഒരു സ്ത്രീക്കു ഭർത്താവിനോടൊന്നിച്ചു ഖനിയിൽ പോകണം എന്നിരുന്നാലോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതു വളരെ ആപൽക്കരമായിരിക്കും.

അതുകൊണ്ടു എന്റെ സ്നേഹിതൻ മിസ്റ്റർ പിറവിപ്പെരുമാൾപിള്ള ഉത്സാഹപൂർവ്വം നിർദ്ദേശിച്ച ഭേദഗതിയെ അനുകൂലിക്കുന്നതിൽ എനിക്കു വലിയ സന്തോഷമുണ്ട്.

മി. എം. ശിവതാണുപിള്ള (തോവാള): ഈ ഭേദഗതിയെ അനുകൂലിക്കുന്നതിൽ എനിക്കും വലിയ സന്തോഷം ഉണ്ട്. ലാമെംബർ പറഞ്ഞതിനെ ഞാൻ ശരിയായി മനസിലാക്കിട്ടുണ്ടെന്നുവരികിൽ അദ്ദേഹം പറഞ്ഞതായ ഏകയുക്തിവാദത്തെ, അതായതു നാം കാലാനുസരണമായി ഗമിക്കണം, പ്രത്യേകിച്ചും ബ്രിട്ടീഷിൻഡ്യയിലുള്ള അയൽപ്രദേശങ്ങളോടൊപ്പം ഗമിക്കണം—എന്നുള്ള പക്ഷത്തെ അദ്ദേഹം അധികം ആശ്രയിക്കുന്നു.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സർക്കാർ വക്കീൽ): സ്ത്രീകളും തുല്യാവകാശങ്ങൾക്കായി വാദിച്ചുവരുന്നില്ലയോ?

മി. എം. ശിവതാണുപിള്ള (തോവാള): നിശ്ചയമായും അതേ.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സർക്കാർ വക്കീൽ). ആ സ്ഥിതിക്കു സ്ത്രീകൾ ഖനികളിൽ പ്രവേശിക്കുന്നതുപോലും നാം എന്തിനായി നിരോധിക്കുന്നു?

മി. എം. ശിവതാണുപിള്ള (തോവാള): നാം സ്ത്രീകളെ രക്ഷിക്കേണ്ടതാണെന്നാണ് എനിക്കു തോന്നുന്നതു. സ്ത്രീകൾ ഖനികളിൽ പണിയെടുക്കുന്നതിനെ തീരെ തടയണം എന്നുള്ള വാദത്തെ അനുകൂലിക്കുന്നതിൽ എന്റെ സ്നേഹിതൻ മിസ്റ്റർ പിറമിനു വലിയ സന്തോഷം ഉണ്ടായിരിക്കും എന്നു ഞാൻ വിശ്വസിക്കുന്നു. നാം ലോകത്തെ അനുഗമിക്കണം എന്നു ലാമെംബർ വാദിച്ചുവരുന്നുണ്ട്. ഏതാദൃശമായ ഉന്നതവേദിയെ അംഗീകരിച്ചു നാം ലോകത്തിനോടൊപ്പം ഗമിക്കണം എന്നു വാദിക്കുന്നതിൽ അദ്ദേഹം വാഷിങ്ടണിൽ നടന്ന വിവിധദേശീയാലോചനായോഗത്തിലെ ഉപദേശം നിശ്ചയമായും അറിഞ്ഞിരിക്കും എന്നു എനിക്കു നിശ്ചയംതന്നെ. ആ ആലോചനായോഗത്തിൽ കോടീശ്വരന്മാരായ മുതലാളികൾ മാത്രമേ പങ്കുകൊള്ളുന്നതിനു അനുവദി

കപ്പെട്ടിരുന്നുള്ളു. അവരുടെ ഉപദേശത്തിൽ അടങ്ങിയിരുന്ന മുഖ്യമായ ഉദ്ദേശത്തെ എന്റെ സ്നേഹിതനായ ബഹുമെമ്പർ വിസ്മരിച്ചുപോയിരിക്കാം. ആ സംഗതിയെക്കുറിച്ചു അദ്ദേഹത്തിന്റെ സ്മരണയെ ഉണർത്തിക്കാൻ എന്നെ അനുവദിക്കുകയാണെങ്കിൽ, ദിവസേന 10 മണിക്കൂർ പ്രവൃത്തിചെയ്യണമെന്നല്ല 9 മണിക്കൂർ പ്രവൃത്തിചെയ്യണമെന്നുള്ളതാണ് അവരുടെ നിശ്ചയം എന്നുള്ളതു ഞാൻ ചൂണ്ടിക്കാണിക്കുന്നതാണ്.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): നാനാദേശീയാലോചനായോഗത്തിൽ ഇൻഡ്യയിലെ കൂലിവേലക്കാരുടെ പ്രതിനിധി ഉണ്ടായിരുന്നുവോ?

മി. എം. ശിവതാണുപിള്ള (തോവാള): ഇല്ല. ഈ വാദം ഇൻഡ്യൻ ലെജിസ്ലേറ്റീവ് അസംബ്ലിയിൽ കൂലിവേലക്കാരുടെ മെംബരായി നിയുക്തനായ മിസ്റ്റർ എൻ. എം. ജോഷി ആ സഭയിൽ പുറപ്പെടുവിച്ചു. ഇപ്പോൾ മിസ്റ്റർ പരമേശ്വരൻപിള്ള നടപ്പിനേയോ നാഗരീകതയേയോപറ്റി പ്രസ്താവിക്കയും ഭൂലോകത്തിലെ എല്ലാ സ്ഥലങ്ങളിലും ഈ ബില്ലിൽ നിശ്ചയിച്ചിരിക്കുന്ന കാലസീമയെ അംഗീകരിച്ചിരിക്കുന്നു എന്നു പ്രസ്താവിക്കയും ചെയ്തു.

ഡെപ്യൂട്ടിപ്രസിഡണ്ട്: മിസ്റ്റർ ശിവതാണുപിള്ളേ, പണിക്കാലത്തിന്റെ സീമയെപ്പററി നാം ഒന്നും വാദിക്കുന്നില്ല. ഇപ്പോൾ സഭാസമക്ഷം ഉള്ള ഭേദഗതി ഖനികളിൽ സ്ത്രീകളേയും കുഞ്ഞുങ്ങളേയും പണിക്കാക്കുന്നതിനേയും അവർ അതിൽ ഉണ്ടായിരിക്കുന്നതിനേയും സംബന്ധിച്ചുള്ളതാകുന്നു.

മി. എം. ശിവതാണുപിള്ള (തോവാള): ഞാൻ പ്രസ്തുത സംഗതിയെ സംബന്ധിച്ചുമാത്രമേ പരാമർശിച്ചുള്ളു. നാം കാലാനുസരണമായി ഗമിക്കണം എന്നു ബഹുമെംബർ നമ്മോടു ആവശ്യപ്പെട്ടിരിക്കുന്ന സ്ഥിതിക്കു, ഇൻഡ്യയിൽ ഒഴികെ നാഗരീകതയുണ്ടെന്നോ നാഗരികമായ ഗവർമെന്റുണ്ടെന്നോ സ്തുതിച്ചുവരുന്നു. ഭൂലോകത്തിലെ ഏതു പ്രദേശത്തിൽ എങ്കിലും സ്ത്രീകളും കുഞ്ഞുങ്ങളും ഖനികളിൽ പണിചെയ്യാൻ സമ്മതിക്കപ്പെട്ടിട്ടുണ്ടോ എന്നു അദ്ദേഹത്തിൽനിന്നും എനിക്കു അറിയേണ്ടിയിരിക്കുന്നു. ഇൻഡ്യയിൽതന്നെയും സർ ചാറൽസ് ഇന്നിസ് ഖനികളിൽ സ്ത്രീകൾ പണിയെടുക്കാൻ സമ്മതിക്കുന്നതിനെ ഒടുവിലത്തെ തവണ അനുകൂലിച്ചു വാദിക്കുകയുണ്ടായി. ആ അവസരത്തിൽ ഇൻഡ്യയിലുള്ള 5 ൭൬൦ ഖനികളിൽ പണിയെടുക്കുന്ന കൂലിവേലക്കാരിൽ മൂന്നിലൊരംശം സ്ത്രീകൾ ആകുന്നു. ആ സ്ഥിതിക്കു സ്ത്രീകളെ പണിക്കാക്കുന്നതിനെ നിരോധിക്കുന്നതായാൽ ഖനിവ്യവസായത്തിനു വലിയ ദോഷംതട്ടും എന്നും അദ്ദേഹം വാദിച്ചിട്ടുള്ളതായി എനിക്കു ഓർമ്മതോന്നുന്നു. ഞാൻ പറഞ്ഞതു ശരിയല്ല എന്നുവരികിൽ എന്റെ സ്നേഹിതൻ മിസ്റ്റർ പിറവിപ്പെരുമാൾപിള്ള എന്റെ തെററിനെ ശരിയാക്കുന്നതാണെന്നു ഞാൻ വിശ്വസിക്കുന്നു. അദ്ദേഹത്തിന്റെ നീതികരിക്കത്തക്കതല്ലാത്ത നിലയ്ക്കു ആധാരമായി അദ്ദേഹത്തിനു പറയാൻ കഴിഞ്ഞതായ വാദം അതുമാത്രം ആയിരുന്നു. എന്നാൽ ഇവിടത്തെ കഥ അങ്ങനെയല്ല. കാര്യവശാൽ ഇവിടെ യാതൊരു ഖനിയും നമുക്കു ഇല്ല. അതുകൊണ്ടു സ്ത്രീകൾ ഖനികളിൽ പണിചെയ്തുകൂടാ എന്നു നിശ്ചയിക്കുന്നതായാൽ തൻമൂലം ഖനിവ്യവസായത്തിനു ഉടൻതന്നെ നാശം നേരിടുമെന്നുള്ള ഭീതിക്കു നമുക്കു അവകാശമില്ല. നമ്മുടെ ദേഹത്തെ സംബന്ധിച്ചിടത്തോളം, ആ വാദത്തിനു ശക്തിയില്ല. ഈ രാജ്യത്തിലേക്കായിമാത്രം ആകുന്നു നാം നിയമം ഉണ്ടാക്കുന്നതു്. അതുകൊണ്ടു നിയമം ഇവിടത്തെ അവസ്ഥാഭേദങ്ങൾക്കു യോജ്യമായിരിക്കണം. അതിനാൽ എന്റെ സ്നേഹിതൻ മി. പിറവിപ്പെരുമാൾപിള്ളയുടെ യുക്തിവാദത്തെ ബഹുമെംബർ ഇപ്പോൾഎങ്കിലും അഭിനന്ദിക്കയും ഭേദഗതിയെ അംഗീകരിക്കയും ചെയ്യുംഎന്നു ഞാൻ വിശ്വസിക്കുന്നു.

മി. കെ. ഐ. ജോസഫ് (മീനച്ചിലും-ദേവികുളവും): സർ, ഒരുഖനി സന്ദർശിക്കാൻപോലും തറയ്ക്കടിയിൽ ഒരുസ്ത്രീ പോകുന്നതിനെ അനുവദിക്കുന്നില്ലാത്തതായ ഈ ഭേദഗതിയെ എതിർക്കാനായി ഞാൻ എഴുന്നേൽക്കുന്നു. ഒരു ഖനിയിലുള്ള അവസ്ഥാഭേദങ്ങളെ ധരിക്കുന്നതിലേക്കായി ഈസഭയിലെ സ്ത്രീമെംബർ ഖനിയിൽ ചെല്ലണംഎന്നു ആഗ്രഹിക്കുന്നതായാൽ ഈറെഗുലേഷൻ അനുസരിച്ചു അപ്രകാരം ചെയ്യുന്നതിൽനിന്നു അവർ നിരോധിക്കപ്പെട്ടിരിക്കുന്നു.

മി. എം. ശിവതാണുപിള്ള (തോവാള): കായക്ലേശത്തെ സഹിക്കുന്നതിൽ സമത്വം സ്ത്രീകൾ ആവശ്യപ്പെടുമൊ എന്നു എനിക്കു അറിയേണ്ടിയിരിക്കുന്നു?

മി. കെ. ഐ. ജോസഫ് (മീനച്ചിലും-ദേവികുളവും): ഞാൻ ഖനിയിലെ അവസ്ഥാഭേദങ്ങൾ പഠിക്കുന്നതിനായി അവിടെചെല്ലുന്ന സ്ത്രീകളെക്കുറിച്ചു സംസാരിക്കുന്നു. ഭേദഗതി ഇപ്പോൾ ഇരിക്കുന്നനിലയ്ക്കു കൂലിവേലക്കായാലും ഒരുസ്ത്രീ ഖനിയിൽ തീരെ ഉണ്ടായിരിക്കുന്നതിനെ ഇതു നിരോധിക്കുന്നു എന്നാണ് ഞാൻ പറയുന്നതു്.

മി. എസ്. പിറവിപ്പെരുമാൾപിള്ള (കൃഷിവടവും വ്യവസായവും-ചേർക്കു): ഇതു കൂലിവേലക്കാരുടെ കാര്യത്തിലേക്കുമാത്രം ആണെന്നു ഞാൻ ചൂണ്ടിക്കാണിക്കട്ടെയോ?

മി. കെ. ഐ. ജോസഫ് (മീനച്ചിലും-ദേവികുളവും): അതിനു മറുപടി പറയാൻ ഞാൻ സന്നദ്ധൻ അല്ല.

മി. കല്ലാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സർക്കാർവക്കീൽ): ഒരു ഖനിയിലെ അവസ്ഥാഭേദങ്ങൾ പഠിക്കുന്നതിനോ അവിടെ ഒരു ദീനക്കാരനെ ശുശ്രൂഷിക്കുന്നതിനൊ പോകുന്നതിനു ആഗ്രഹിക്കുന്ന ഒരു ലേഡിഡാക്ടർക്ക് ഈ ഭേദഗതിമൂലം അവിടെ പോകുന്നതിനു സാധിക്കാതിരിക്കയില്ലയൊ?

മി. കെ. ഐ. ജോസഫ് (മീനച്ചിലും-ദേവികുളവും): അതേ; സ്ത്രീകളെ തറയ്ക്കടിയിൽ പണിക്കു നിയമിക്കുന്നതായ മറൊപ്രശ്നത്തെ സംബന്ധിച്ചാകട്ടെ തിരുവിതാംകോട്ടിൽ കൂലിവേലക്കാരായ ജനതതിയുടെ ഇപ്പോഴത്തെനിലയ്ക്കു സ്ത്രീകൾക്കും പുരുഷന്മാർക്കും ഒരുമിച്ചു പ്രവൃത്തി ചെയ്യേണ്ടിവരുന്നു ഒരു കുടുംബത്തിലെ പുരുഷന്മാർ ഖനിക്കുള്ളിൽ പണിയെടുക്കുന്നതായാൽ അതു സ്ത്രീകൾക്കു വളരെ ക്ലേശകരമായിരിക്കും. ഇതാണ് എന്റെ അഭിപ്രായം. അങ്ങനെയല്ലെന്നുവരികിൽ സ്ത്രീകൾക്കും കുടുംബത്തിലെ അംഗങ്ങൾക്കും ഒന്നിച്ചു പണിയെടുക്കുന്നതു പ്രയാസം ആയിരിക്കും. ഈ ഭേദഗതിയെ അനുവദിക്കുന്നതായാൽ സ്ത്രീകൾക്കു ജോലിചെയ്യുന്നതിനു മറുസ്ഥലങ്ങളിൽ പോകേണ്ടിവരും. ഈസംഗതി ആലോചിക്കുമ്പോൾ ഈ ഉപക്ഷേപം അനുവദിക്കുന്നതു ഉചിതമല്ല. തിരുവിതാംകോട്ടിലെ സ്ത്രീകളുടെ കായസ്ഥിതികളെ ഗണിക്കുന്നതായാൽ എല്ലാസ്ത്രീകളും ഖനികളിൽ തറയ്ക്കുതാഴെ പണിയെടുക്കാൻ യോജിച്ചവരാണെന്നു പറയാൻ ഞാൻ തയ്യാറില്ല. എന്നാൽ ഖനിയിൽ പണിയെടുക്കാൻ ശക്തിയുള്ളവരും സാമർത്ഥ്യമുള്ളവരും ആയ അനവധി സ്ത്രീകൾ ഉണ്ടായിരിക്കാം. അ

തുകൊണ്ടു നിശ്ശേഷ നിരോധനം ഉചിതമല്ല. കൂലിവേലക്കാരായ ജനങ്ങളുടെ സാമാന്യമായ ഗുണങ്ങളെ നാം ഗ ണിക്കേണ്ടതാണ്. കൂലിവേലക്കാരുടെ ക്ഷേമത്തെ നാം മുഖ്യമായി കരുതേണ്ടതാണ്. എന്നാൽ ഈ ഉദ്ദേശം മൂലം നാം മയങ്ങിപ്പോകരുതു. പ്രഥമദൃഷ്ട്യാ തന്നെ സ്ത്രീകളുടെ കാര്യത്തിൽ സമത്വം ഏറെക്കുറെ അനുവദി ക്കേണ്ടതാകുന്നു. അവർ ക്ലിഷ്ടമായ പണിയെടുക്കുന്നതിനെ തടുക്കുന്നതിനു ഞാൻ കാരണം കാണുന്നില്ല.

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും-തെക്കു): സ്ത്രീകൾ തറയ്ക്കടിയിൽ പ ണിയെടുക്കുന്നതിനെ മെംബർ അനുകൂലിക്കുന്നുണ്ടോ?

മി. കെ. ഐ. ജോസഫ് (മീനച്ചിലും-ദേവികുളവും): അതു കേവലം ഐച്ഛികവിഷയം ആണ്. വേണ്ടിടത്തോളം ബലമുള്ള ഒരു സ്ത്രീ ഖനിയിൽ പണിചെയ്യുന്നതിനു ആഗ്രഹിക്കുന്നു എങ്കിൽ ഈ സഭാ അതിനു വഴിക്കാതിരിക്കുന്നതെന്തിനാണ്.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): ഒരു സ്ത്രീ പട്ടാളത്തിൽ ചേരണം എന്നു ആവശ്യപ്പെടുന്നു എന്നിരുന്നാലൊ?

മി. കെ. ഐ. ജോസഫ് (മീനച്ചിലും-ദേവികുളവും): അവർ ഒരുക്കമുണ്ടെങ്കിൽ അതിൽ യാതൊരു ദോഷവും ഇല്ല. അതാണ് എന്റെ സ്വന്തം അഭിപ്രായം. അതുകൊണ്ടു ഈ കാരണങ്ങളാൽ ഞാൻ ഭേദ ഗതിയെ പ്രതികൂലിക്കുന്നു.

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും-തെക്കു): എന്റെ ഭേദഗതിയെ അംഗീകരിക്കാതിരിക്കുന്നതിനു മാമെമ്പർ പറഞ്ഞതായ ഏകകാരണം ബ്രിട്ടീഷിൻഡ്യയിൽ ഈ നിരോധനം അ നുവദിക്കപ്പെട്ടിട്ടില്ലാ എന്നുള്ളതാകുന്നു. സർ ചാർൽസ് ഇതിനു തറയ്ക്കടിയിൽ സ്ത്രീകൾ പണിയെടുക്കുന്നതിനെ അക്കാലത്തു നിരോധിച്ചിരുന്നാൽ അതു അനേകം സ്ത്രീകളെ പണിയില്ലാതാക്കും എന്നു അദ്ദേഹത്തിന്റെ പ്രസം ഗത്തിൽ അദ്ദേഹം പറഞ്ഞു. സ്ത്രീകളെ പണിക്കാക്കുന്നതിനെ പ്രാരംഭത്തിൽതന്നെ താൻ നിരോധിച്ചില്ലല്ലൊ എന്നു താൻ വ്യസനിക്കുന്നതായി ഞാൻ വായിച്ചുകേൾപ്പിച്ചതായ അദ്ദേഹത്തിന്റെ പശ്ചാത്താപ പ്രസംഗ ത്തിൽ വ്യക്തമായി പറഞ്ഞിട്ടുണ്ടു. അതുകൊണ്ടു മാമെമ്പറുടെ വാദത്തിനു ശക്തിയില്ലാതിരിക്കുന്നു. നാം തിരുവിതാംകോട്ടിനു പുറമെയുള്ളവരുമായി ഇന്ത്യനിലയിൽ ഇരിക്കേണ്ടതാണെന്നുള്ള കാര്യത്തിനെ സംബന്ധി ച്ചാകട്ടെ, ഇൻഡ്യയിലെ മററുഭാഗങ്ങളോടൊപ്പം മാത്രമല്ല മററു പരിഷ്കൃതദേശങ്ങൾക്കു ഒപ്പമായനിലയിലും നാം ചരിക്കേണ്ടതാണെന്നു ഞാൻ വിചാരിക്കുന്നു. ഇത്രയും പറഞ്ഞു ഈ ഭേദഗതിയെ ഞാൻ നിർബ ന്ധിക്കുന്നു.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സർക്കാർവക്കീൽ): ഭേദഗതി ഇപ്പോൾ ഇരിക്കു ന്നനിലയ്ക്കു ഒരു സ്ത്രീക്കു ഖനിയിൽ തന്റെ ഭർത്താവിനെ നോക്കാൻകൂടി പോകാൻ പാടില്ലാതിരിക്കുന്നു. വേല ക്കാരുടെ അവസ്ഥകളെ നോക്കുന്നതായാൽ സ്ത്രീകൾ ഖനികളിൽ പണിയെടുക്കുന്നതിനെ നാം അനുവദിക്കേണ്ട തു കൂലിവേലക്കാരുടെ ഗുണത്തിനായിട്ടാണെന്നു ഞാൻ വിചാരിക്കുന്നു. നാം സ്ഥലത്തെ സ്ഥിതികളേയും ഖനി കളിൽ പണിയെടുക്കുന്നതിനായി സ്ത്രീകൾ അസംഖ്യമായി പോകുന്നതായ അയൽപ്രദേശങ്ങളിലെ അവ സ്ഥകളേയുംപററി പരിഗണിക്കേണ്ടതാണ്. ഈ നിരോധനം ചേർക്കുന്നതുകൊണ്ടു സ്ത്രീകൾക്കുതന്നെയും നാം ഉപകാരം ചെയ്യുകയാണൊ എന്നുള്ളതിനെക്കുറിച്ചു എനിക്കു നിശ്ചയമായി പറയാൻ നിവൃത്തിയില്ല. എങ്കിലും വല്ലകാലത്തും വല്ല ആവശ്യവും നേരിടുന്നതായാൽ സ്ത്രീകളെ പണിക്കാക്കുന്നതിനെ നിരോധിക്കുന്നതിനു ചട്ടങ്ങ ൾ ഗവൺമെന്റിനു ഉണ്ടാക്കാം എന്നു ഒരു വ്യവസ്ഥ ഈ ബില്ലിൽ ഇപ്പോൾതന്നെ ഉണ്ട് എന്നു ഞാൻ ഈസ ഭയെ അറിയിക്കാം. അതു ൨൭-ാംവകുപ്പിലെ (ജ) ഖണ്ഡം ആകുന്നു. അതിൽ ഇപ്രകാരം പറഞ്ഞി രിക്കുന്നു:—

താഴെ ചേർത്തിരിക്കുന്ന കാര്യങ്ങൾ എല്ലാവററിനുമൊ അവയിൽ വല്ലതിനുമൊ റെഗുലേഷനു യോജ്യമാ യ ചട്ടങ്ങൾ ഉണ്ടാക്കി ഗവൺമെൻറുഗസററിൽ പരസ്യപ്പെടുത്താവുന്നതാകുന്നു.

(ജ) തറയ്ക്കടിയിൽ ആകട്ടെ സ്ത്രീകളുടെ ജീവനൊ രക്ഷയ്ക്കോ ആരോഗ്യത്തിനൊ ആപൽക്കരമാ യി ഭവിക്കാവുന്നതായ പ്രത്യേകം വിധത്തിൽ ഉള്ള പണികൾക്കായൊ സ്ത്രീകളെ ഖനികളിലൊ വല്ലതരത്തിലും ഉള്ള ഖനികളിലൊ പണിക്കായി നിയമിക്കുന്നതിനെ നിരോധിക്കുന്നതിനൊ നിയന്ത്രിക്കുന്നതിനൊ ക്രമപ്പെടു ത്തുന്നതിനൊ.

ബില്ലിൽ ഈവിധം വ്യവസ്ഥ ഉള്ളസ്ഥിതിക്കു യുക്തകാര്യങ്ങളിൽ സ്ത്രീകളെ നിരോധിക്കുന്നതിനു ചട്ട ങ്ങൾ ഗവൺമെണ്ടിനു ഉണ്ടാക്കാവുന്നതാകുന്നു. നമ്മുടെ ഇപ്പോഴത്തെ കാര്യങ്ങൾക്കു അതു പര്യാപ്തമായി ഗണി ക്കാം എന്നു ഞാൻ വിചാരിക്കുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): തിരുവിതാംകോട്ടിൽ ഖനികളിൽ പണിചെയ്യുന്ന സ്ത്രീകളുടെ എണ്ണം ഉദ്ദേശം എന്തായിരിക്കും?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സർക്കാർവക്കീൽ): അതു എനിക്കു പറയാൻ കഴികയില്ല.

ഡെപ്യൂട്ടിപ്രെസിഡണ്ടു: ഭേദപ്പെടുത്തിയതനുസരിച്ചുള്ള ഭേദഗതിയെക്കുറിച്ചു അനുകൂലപ്രതികൂലമാവം നോക്കിയതിൽ ൩൩ പേർ അനുകൂലികളായും ൧൭ പേർ പ്രതികൂലികളായും കാണപ്പെട്ടു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഇതിനു ആൾ അറിയണം എന്നു ഞാൻ ആവശ്യപ്പെ ടുന്നു.

മി. എം. ശിവതാണുപിള്ള (തോവാള): അദ്ദേഹം ഭേദഗതിക്കു അനുകൂലിയാകയാൽ ആൾ അറിയണം എന്നു അദ്ദേഹത്തിനു ആവശ്യപ്പെടാമൊ?

ഡെപ്യൂട്ടിപ്രെസിഡണ്ടു: ഏതു മെംബർക്കും ആവശ്യപ്പെടാം. എന്നാൽ ഇതിലേക്കു കാലം അതിക്രമിച്ചു പോയി. ഞാൻ അടുത്ത ഭേദഗതിയിൽ കാര്യവശാൽ പ്രവേശിച്ചുകഴിഞ്ഞു.

ഡെപ്യൂട്ടിപ്രെസിഡണ്ടു: ഭേദപ്പെടുത്തിയവിധത്തിൽ ഉള്ള ൨൮-ാംവകുപ്പു ബില്ലിന്റെ അംശമായിരിക്ക ണം എന്നാകുന്നു പ്രശ്നം.

ഉപക്ഷേപം അനുമതിക്കപ്പെട്ടു.

ഭേദപ്പെടുത്തിയവിധത്തിൽ ഉള്ള വകുപ്പു ബില്ലിൽ ചേർക്കപ്പെട്ടു.

വകുപ്പ ൨൭.

മി. എസ്. പിറവിപ്പുരമാറൻപിള്ള (കച്ചവടവും വ്യവസായവും, തെക്ക): ഞാൻ അടുത്ത ഭേദഗതി അവതരിപ്പിക്കുന്നു, അതായതു,

താഴെ ചേർത്തിരിക്കുന്നതിനെ ൨൭-ാംവകുപ്പായി ചേർക്കയും, മേൽ വകുപ്പുകൾക്കു അതനുസരിച്ചു നംബർ മാററിഎഴുതുകയും ചെയ്യണം.

"കാലത്തു ൬ മണിക്കു മുൻപാകയോ വൈകുന്നേരം ൬ മണിക്കു പിൻപായോ യാതൊരു സ്ത്രീയേയും ഒരു ഖനിയിൽ പണിക്കാക്കിക്കൂടാ"

സർ, നാം ഇപ്പോൾ മുൻ ഒരു വകുപ്പിനാൽ തറയ്ക്കടിയിൽ സ്ത്രീകളെ പണിക്കാക്കുന്നതിനെ നിരോധിച്ചിരിക്കുന്നു. കാലത്തു ആറു മണിക്കു മുൻപാകയോ വൈകുന്നേരം ആറു മണിക്കു പിൻപായോ സ്ത്രീകളെ പണിക്കാക്കിക്കൂടാ എന്നു ഒരു വകുപ്പ ഫാക്ടറി റെഗുലേഷനിൽ ഉണ്ടു. വൈകുന്നേരം ൬ മണിക്കു പിന്നീടും രാവിലെ ൬ മണിക്കു മുമ്പിലും സ്ത്രീകൾ സ്വഗൃഹത്തിനു പുറമെ യാതൊരേടത്തും പണിചെയ്യാൻ സമ്മതിക്കരുതു എന്നുള്ളതു വളരെ ഹിതകരമായ വ്യവസ്ഥയാണെന്നു ഞാൻ വിചാരിക്കുന്നു. അതുകൊണ്ടു ഈ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഡെപ്യൂട്ടിപ്രെസിഡണ്ട്: തറയ്ക്കുപുറമേയും പാടില്ലയോ?

മി. എസ്. പിറവിപ്പുരമാറൻപിള്ള (കച്ചവടവും വ്യവസായവും, തെക്ക): പാടില്ല. തറയ്ക്കു പുറമെയായാലും പാടില്ല.

മി. എൻ. കുമാരൻ (ഗവർമ്മെണ്ടു നിയമിച്ച മെമ്പർ): ഞാൻ അതു അനുവദിക്കുന്നു.

മി. കല്ലാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സർക്കാർവക്കീൽ): സ്ത്രീകൾ തറയ്ക്കടിയിൽ പണിചെയ്യുന്നതിനു നിരോധിക്കുന്നതായ വ്യവസ്ഥ ഈ സഭ നിർമ്മിച്ചിരിക്കെ ഈ നിരോധനം ഏർപ്പെടുത്തുന്നതിനു യാതൊരു ആവശ്യകതയും ഞാൻ കാണുന്നില്ല. എന്തുകൊണ്ടെന്നാൽ ഇതു സ്ത്രീകൾ തറക്കുവെളിയിൽ പണിചെയ്യുന്നതിനെ സംബന്ധിച്ചുള്ളതാണ്. സ്ത്രീകൾ രാത്രികാലത്തു തറയ്ക്കുവെളിയിൽ പണിചെയ്യുന്നതിനെ എന്തിനായി നിരോധിക്കണം എന്നു ഞാൻ അറിയുന്നില്ല.

ഡെപ്യൂട്ടിപ്രെസിഡെണ്ട്: സാധാരണയായി അവർ വൈകുന്നേരം ൬ മണികഴിഞ്ഞു വേലചെയ്യുന്നില്ലയോ?

മി. എസ്. പിറവിപ്പുരമാറൻപിള്ള (കച്ചവടവും വ്യവസായവും, തെക്ക): ഈ ഭേദഗതിയെ അംഗീകരിക്കുന്നതിൽ എന്താക്ഷേപം ലാ മെംബർക്കു ഉണ്ട് എന്നു മനസ്സിലാക്കാൻ എനിക്കു വാസ്തവത്തിൽ കഴിയുന്നില്ല. വൈകുന്നേരം ൬ മണി കഴിഞ്ഞതിൽപിന്നെയും കാലത്തു ൬ മണിക്കു മുൻപായും സ്ത്രീകൾ വേലചെയ്യണം എന്നു ലാ മെംബർ എന്തു കാരണത്തിന്മേൽ ആവശ്യപ്പെടുന്നുഎന്നു ഞാൻ അറിയുന്നില്ല. (ചിരി) ഈ വിധം വ്യവസ്ഥ ഫാക്ടറീസ് റഗുലേഷനിൽ ഉണ്ട്. അതുകൊണ്ടു ഈ ഭേദഗതി വേണ്ടതാണെന്നുള്ളതിനെ സംബന്ധിച്ചു ഞാൻ നിർബന്ധിക്കുന്നു.

മി. കല്ലാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സർക്കാർവക്കീൽ): മറുപടി കൂടുതലായി ഒന്നും എനിക്കു പറയാനില്ല.

ഭേദഗതി അനുകൂലപ്രതികൂലവോട്ടുനോക്കി അനുവദിക്കപ്പെട്ടു.

ഡെപ്യൂട്ടിപ്രെസിഡണ്ട്: ഈ നിർദ്ദേശിച്ചവകുപ്പ ബില്ലിലെ അംശമായി തീരുന്നുഎന്നും പിന്നീടുള്ള വകുപ്പുകൾക്കു നംബർ മാറിചേർക്കണം എന്നും ആകുന്നു പ്രശ്നം.

ഉപക്ഷേപം അനുവദിക്കപ്പെട്ടു.

വകുപ്പ ബില്ലിൽ ചേർക്കപ്പെട്ടു.

വകുപ്പ ൨൮.

ഡെപ്യൂട്ടിപ്രെസിഡെണ്ട്: ൨൭-ം ൨൮-ം വകുപ്പുകൾ ബില്ലിന്റെ അംശമായി ഭവിക്കുന്നു എന്നാകുന്നു പ്രശ്നം.

ഉപക്ഷേപം അനുവദിക്കപ്പെട്ടു.

ഈ വകുപ്പുകൾ ബില്ലിൽ ചേർത്തു.

വകുപ്പ ൨൯.

താഴെ ചേർത്തിരിക്കുന്ന ഭേദഗതി പ്രയോഗിക്കപ്പെട്ടില്ല.

മി. പി. കെ. നാരായണപിള്ള:—

ഉപഖണ്ഡം (ടി) 'നോട്ടീസ്' എന്നതിനുപകരം അറിയിപ്പ എന്നു ചേർക്കണം.

ഡെപ്യൂട്ടിപ്രെസിഡണ്ട്: ൨൯-ാംവകുപ്പ ബില്ലിന്റെ അംശമായിരിക്കുന്നുഎന്നാകുന്നു പ്രശ്നം.

ഉപക്ഷേപം അനുവദിക്കപ്പെട്ടു.

വകുപ്പ ബില്ലിൽ ചേർക്കപ്പെട്ടു.

വകുപ്പ ൨൰.

താഴെ ചേർത്തിരിക്കുന്ന ഭേദഗതി പ്രയോഗിക്കപ്പെട്ടില്ല.

മി. സി. പി. തരകൻ:

"നിയമസഭയാൽ നിയതമായ ഒരു കൂറ് കമ്മിട്ടിയാൽ പരിശോധനം"

എന്നതിനെ (ഫ)-ം ഉപവകുപ്പായി ചേർക്കണം.

ഡെപ്യൂട്ടിപ്രെസിഡെണ്ട്: ൨൰-ാംവകുപ്പ ബില്ലിന്റെ അംശമായിരിക്കുന്നു എന്നാകുന്നു പ്രശ്നം.

ഉപക്ഷേപം അനുവദിക്കപ്പെട്ടു.

വകുപ്പ ബില്ലിൽ ചേർക്കപ്പെട്ടു.

൨൯ മുതൽ ൩൭ വരെ വകുപ്പുകൾ.

ഡെപ്യൂട്ടിപ്രെസിഡെണ്ട്: ൨൯ മുതൽ ൩൭ വരെ വകുപ്പുകൾ ബില്ലിന്റെ അംശമായിരിക്കണം എന്നാകുന്നു പ്രശ്നം.

ഉപക്ഷേപം അനുവദിക്കപ്പെട്ടു.

ഈ വകുപ്പുകൾ ബില്ലിൽ ചേൎക്കപ്പെട്ടു.

വകുപ്പ് ൩൮.

മി. ജി. രാമൻമേനവൻ (മാവേലിക്കരയും-കാൎത്തികപ്പള്ളിയും): സർ, ഞാൻ ഈ ഭേദഗതി അവതരിപ്പിക്കുന്നു:—

"കുററത്താൽ സങ്കടം അനുഭവിക്കുന്ന ആൾ കൊടുത്ത ആവലാതിയിന്മേലും" എന്നു "യാതൊരു പ്രാസിക്യൂഷനും" എന്നതിനു മുൻപായി ചേൎക്കണം.

൩൮-ാം വകുപ്പ് ഇപ്രകാരം ഇരിക്കുന്നു.

"ഈ റഗുലേഷൻപ്രകാരം ഉള്ള വല്ല കുററത്തിനുമായി യാതൊരു ഉദ്യോഗസ്ഥന്റെയൊ ഏജൻറിന്റെയൊ മാനേജരുടേയോ നേരെ ഡിസ്ട്രിക്ട് മാജിസ്ട്രേട്ടിന്റെ അനുമതിയിന്മേൽ അല്ലാതെ യാതൊരു പ്രാസിക്യൂഷനും നടത്തിക്കൂടാ"

ഈ ബിൽ കൂലിവേലക്കാരുടെ ഗുണത്തെ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ളതാണെന്നു ധനകാൎയ്യ മെംബർ ആവൎത്തിച്ചു പറഞ്ഞിട്ടുള്ളതാണ് എന്ന് ഈ സന്ദൎഭത്തിലും ഞാൻ പറയേണ്ടിയിരിക്കുന്നു. ആ സ്ഥിതിക്കു ഈ റഗുലേഷൻ അനുസരിച്ചു പ്രാസിക്യൂഷൻ നടത്തുന്നതു ഡിസ്ട്രിക്ട് മാജിസ്ട്രേട്ടിന്റെ വിവേചനംപോലെ ആയിരിക്കാൻ പാടില്ലാത്തതാണ്. ഇപ്പോഴത്തെ വിഷയം മുതലാളിമാരേയും കൂലിവേലക്കാരേയും സംബന്ധിക്കുന്നതാണ്. മുതലാളി അല്ലെങ്കിൽ ഖനിയുടെ ഉടമസ്ഥൻ അധികാരശക്തിയും ജനസ്വാധീനമുള്ളവനും ആയിരിക്കാം. അതുകൊണ്ടു ചില സംഗതികളിൽ ഡിസ്ട്രിക്ട് മാജിസ്ട്രേട്ടു യാതൊരു പ്രാസിക്യൂഷനും നടത്തുകയോ അതിനുവേണ്ട ആജ്ഞ നൽകുകയോ ചെയ്യുന്നില്ല എന്നു വരാം. എന്നാൽ സങ്കടപ്പെട്ട കക്ഷിയായ കൂലിവേലക്കാരനു യാതൊരു ഉപശാന്തിയും ലഭിക്കാതെ വരും. ഏതാദൃശകാൎയ്യങ്ങളിൽ എല്ലാം കൂലിപ്പണിക്കാരായ ജനതതിയുടെ ഗുണങ്ങളെ സംരക്ഷിക്കുന്നതിനായി സങ്കടപ്പെട്ട കക്ഷിക്കു അതായതു കൂലിപ്പണിക്കാരനു തന്നെയൊ അല്ലെങ്കിൽ അവൻ ഹതനായിരുന്നാൽ സങ്കടം അനുഭവിച്ചവന്റെ ബന്ധുവിനൊ പ്രാസിക്യൂഷൻ നടത്തുന്നതിനു അനുവാദം സിദ്ധിക്കേണ്ടതു വളരെ ആവശ്യം ആകുന്നു.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ് സൎക്കാർവക്കീൽ): ഈ റഗുലേഷനാൽ ഉളവാകുന്ന കുററത്തിന്റെ കാൎയ്യത്തിൽ സങ്കടപ്പെട്ട കക്ഷിയാര്?

മി. ജി. രാമൻമേനവൻ (മാവേലിക്കരയും കാൎത്തികപ്പള്ളിയും): അതു മററു കാൎയ്യങ്ങളിലേപ്പോലെ തന്നെയായിരിക്കും. പ്രത്യേക നിയമങ്ങൾ അനുസരിച്ചുള്ള പ്രാസിക്യൂഷൻ നടത്തുന്നതായ മററു സംഗതികളെ നാം നോക്കുന്നതായാൽ പ്രാസിക്യൂഷൻ സങ്കടപ്പെട്ടകക്ഷിക്കു നടത്താം എന്നു കാണുന്നതാണ്. അങ്ങനെയുള്ള പ്രത്യേകനിയമങ്ങൾ ചിട്ടിറഗുലേഷൻ കമ്പനീസ് ആക്ട് മുതലായവയാണ്. ഇവയിൽ എല്ലാം സങ്കടപ്പെട്ടകക്ഷിക്കു പ്രാസിക്യൂഷൻ നടത്താം. ആ സ്ഥിതിക്കു ഇക്കാൎയ്യത്തിൽ പ്രത്യേകിച്ചും ഇതു ജീവകാരുണ്യ സംബന്ധിക്കുന്ന കാൎയ്യമാകയാൽ സങ്കടപ്പെട്ടകക്ഷിക്കു പ്രാസിക്യൂൻ നടത്തുന്നതിനു അനുവാദം നൽകാതിരിക്കാൻ യാതൊരു കാരണവും ഇല്ല. അതുകൊണ്ടു സങ്കടപ്പെട്ടകക്ഷികൾക്കു പ്രാസിക്യൂഷൻ നടത്തുന്നതിനു അനുവാദം നൽകേണ്ടതാകുന്നു.

മി. കല്ലൂർനാരായണപിള്ള (പത്തനംതിട്ട): ഞാൻ ഇതു പിൻതാങ്ങുന്നു.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ് സൎക്കാർവക്കീൽ). ഞാൻ ഈ ഭേദഗതിയെ എതിൎക്കുന്നു. ഈ നിയമത്തിൽ ശിക്ഷാവിധിയായ വ്യവസ്ഥ ൩൬-ാംവകുപ്പിലും മററും ആണെന്നു കാണുന്നതാണ്. ൩൬-ാംവകുപ്പ് ഇപ്രകാരം ആകുന്നു.

"ഈ റഗുലേഷനിലെ വല്ല വ്യവസ്ഥയേയോ അതനുസരിച്ചുണ്ടാക്കിട്ടുള്ള വല്ല ചട്ടത്തെയോ ഉപചട്ടത്തെയോ വല്ല ഉത്തരവിനേയോ വല്ലയാളും അതിലംഘിക്കയും ആ അതിലംഘനത്തിനു യാതൊരു ശിക്ഷയും കല്പിച്ചിട്ടില്ലാതിരിക്കയും ചെയ്താൽ അയാൾക്കു ആയിരം രൂപായോളം വരാവുന്ന പിഴശിക്ഷ വിധിക്കേണ്ടതും ആ അതിലംഘനം തുടൻ നടത്തുന്നതായാൽ ആദ്യത്തെ കുററസ്ഥാപനത്തീയതികഴിഞ്ഞു ആ അതിലംഘനം തുടൎച്ചയായി നിർബന്ധപൂൎവ്വം കുററക്കാരൻ നടത്തിവരുന്നു എന്നു തെളിയുന്നതായാൽ അങ്ങനെയുള്ള ഓരോദിവസത്തിനും ഒരുനൂറു രൂപായോളം വരാവുന്ന കൂടുതൽ പിഴശിക്ഷയും വിധിക്കേണ്ടതാകുന്നു.

ഇതിനു മുമ്പിൽ ഉള്ള ഒരു വകുപ്പിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു.

വല്ലയാളും ഈ റഗുലേഷൻ അനുസരിച്ചു കൊടുക്കപ്പെടുന്ന വല്ല സൎട്ടിഫിക്കേററും മനഃപൂൎവ്വം വ്യാജമായി നിൎമ്മിക്കയോ വല്ല സൎട്ടിഫിക്കേററിലോ അവയുടെ സൎക്കാർവക വല്ല പകൎപ്പുകളിലോ കള്ളമായവിവരം ചേൎക്കുകയോ ചെയ്യുയാകട്ടേ,

അങ്ങനെ വ്യാജനിൎമ്മിതമായ സൎട്ടിഫിക്കേററിനേയോ കള്ളവായ സൎട്ടിഫിക്കേററിനെയൊ നിജമായുള്ളതായി മനഃപൂൎവ്വം ഉപയോഗിക്കയാകട്ടെ,

ഈ റെഗുലേഷൻ അനുസരിച്ചുള്ള ഒരു സൎട്ടിഫിക്കേററിനേയോ സൎട്ടിഫിക്കേററിന്റെ പൂൎപ്പിനേയൊ ഒരു ഖനിയിൽ പണിക്കാക്കുന്നതിനോയൊ തനിക്കുവേണ്ടിയോ മററുവല്ല ആളിനുംവേണ്ടിയോ ലഭിക്കുന്ന കാൎയ്യത്തിനുവേണ്ടിയായി മനഃപൂൎവ്വമായി വല്ല കള്ളവായ പ്രഖ്യാപനമോ വിവരമോ അതു കള്ളമാണെന്നു അറിഞ്ഞുകൊണ്ടു ഉണ്ടാക്കുകയോ കള്ളമാണെന്നു അറിഞ്ഞുകൊണ്ടു വല്ലതെളിവും ഉപയോഗിക്കയോ ചെയ്യുയാകട്ടെ,

ഈ റഗുലേഷനാലോ ഈ റഗുലേഷൻ അനുസരിച്ചോ എഴുതിവച്ചിരിക്കേണ്ടതായ വല്ല പ്ലാനോ രജിസ്റ്ററോ റിക്കാൎഡോ വ്യാജപ്പെടുത്തുകയോ,

അവന്റെ പൂൎണ്ണജ്ഞാനത്തിലും വിശ്വാസത്തിലും സത്യമല്ലാത്തതായ വല്ല വചനമോ പതിവോ വിവരണമോ അടങ്ങിയിരിക്കുന്നതായ വല്ല പ്ലാനോ തവണക്കണക്കോ നോട്ടീസോ റിക്കാൎഡോ റിപ്പോൎട്ടോ ഉണ്ടാക്കുയോ കൊടുക്കയോ ചെയ്യുയാകട്ടെ,

ചെയ്താൽ അയാൾക്കു മൂന്നുമാസത്തോളം വരാവുന്നകാലത്തേക്കു തടവോ അഞ്ഞൂറു രൂപായോളം വരാവുന്ന പിഴയോ രണ്ടുംകൂടിയോ ശിക്ഷ വിധിക്കേണ്ടതാകുന്നു.

൩൩-ാംവകുപ്പിൽ മറ്റൊരുകുറ്റത്തിനു വ്യവസ്ഥചെയ്തിരിക്കുന്നു. അതു ഇപ്രകാരം ആകുന്നു.

വല്ലയാളും ന്യായമായ ഒഴികഴിവും ഇല്ലാതെ അതു തെളിയിക്കേണ്ട ഭാരം അവനിൽ ആകുന്നു. ഈ റഗുലേഷൻ അനുസരിച്ചോ ഈ റഗുലേഷനാലോ ഉണ്ടാക്കേണ്ടതോ കൊടുക്കേണ്ടതോ ആയ വല്ല പ്ലാനോ തവണക്കണക്കോ നോട്ടീസോ രജിസ്റ്ററോ റിക്കാർഡോ റിപ്പോർട്ടോ വിധിച്ചിരിക്കുന്ന ഫാറത്തിലോ വിധത്തിലോ വിധിച്ചിരിക്കുന്ന സമയത്തിനുള്ളിലോ ഉണ്ടാക്കയോ കൊടുക്കയോ ചെയ്യാതിരുന്നാൽ അയാൾക്കു ഇരുനൂറുരൂപായോളം വരാവുന്ന പിഴശിക്ഷ വിധിക്കേണ്ടതാകുന്നു.

അടുത്തവകുപ്പു ഇപ്രകാരം ആകുന്നു.

ഒരു ഖനിയിലോ ഖനിക്കു സമീപത്തോ ആളുകളെ പണിക്കാക്കുന്നതിനെയോ അവരുടെ സാന്നിദ്ധ്യത്തെയോ നിരോധിക്കയൊ നിയന്ത്രിക്കയൊ ക്രമപ്പെടുത്തുകയോ ചെയ്യുന്നതായി ഈ റഗുലേഷനിലെയോ ഇതനുസരിച്ചു ഉണ്ടാക്കീട്ടുള്ള വല്ല ചട്ടത്തിലെയോ ഉപചട്ടത്തിലെയോ ഉത്തരവിലെയോ വല്ല വ്യവസ്ഥയെയും ൩൩-ാം വകുപ്പിനാൽ സമ്മതിക്കപ്പെട്ടിരിക്കുന്നവിധത്തിൽ ഒഴികെ അതിലംഘിക്കുന്ന യാതൊരാൾക്കും അഞ്ഞൂറു രൂപയോളം വരാവുന്ന പിഴശിക്ഷ വിധിക്കേണ്ടതാകുന്നു.

ഇനി ൩൭-ാംവകുപ്പാണ് ഉള്ളതു്. ഇവയാകുന്നു പ്രധാനപ്പെട്ട ശിക്ഷാവ്യവസ്ഥകൾ എന്നു തോന്നുന്നു. ഏതാദൃശകാര്യത്തിൽ സങ്കടപ്പെട്ട കക്ഷിയാരാണെന്നു ചിന്തിക്കുന്നതു ശക്യമല്ല. ഇതിനു ഉദാഹരണം പറയാം. ഞാൻ അനുവാദംനൽകിയ വ്യവസ്ഥകളിൽ ഒരു വ്യവസ്ഥ അനുസരിച്ചു യാതൊരു സ്ത്രീയേയും ഒരു ഖനിയിൽ പോകുന്നതിനു അനുവദിച്ചുകൂടാ. അവൾ അവിടെ ഇരിക്കാൻ അനുവാദംനൽകിയാൽ സങ്കടപ്പെട്ട കക്ഷി യായിരിക്കും.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അവളുടെ പിതാവോ ഭർത്താവോ?

മി. കല്ലാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സർക്കാർവക്കീൽ) സ്ത്രീ സ്വയമേവ ഖനിയിൽ പണിയ്ക്കായി ചെല്ലുന്നതായാൽ അയാൾ സങ്കടപ്പെട്ട കക്ഷിയായിരിക്കുമോ എന്നു എനിക്കു അറിഞ്ഞുകൂടാ. ഇപ്പോഴത്തെ വ്യവസ്ഥയുടെ ഉദ്ദേശ്യം ഉടമസ്ഥന്മാർ ഏജണ്ടുമാർ മുതലായവരുടെപേരിൽ അനാവശ്യമായ പ്രാസിക്യൂഷൻ നടത്തുന്നതിനെ തടയണമെന്നുള്ളതാകുന്നു. എന്തുകൊണ്ടെന്നാൽ നാം ഈയാളുകളെ ബന്ധിക്കുന്ന ഒരു പ്രത്യേകനിയമം നിയമിക്കുകയാണല്ലോ.

മി. ജി. രാമൻമേനവൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ൩൭ (എ) വകുപ്പിനെക്കുറിച്ചു എന്തു പറയുന്നു.

മി. കല്ലാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സർക്കാർവക്കീൽ): അതു ഇപ്രകാരം ഇരിക്കുന്നു.

"ഇതിനുമുൻ വകുപ്പുകളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, വല്ലയാളും ഈ റഗുലേഷനിലെ വല്ല വ്യവസ്ഥയെയോ അതനുസരിച്ചുണ്ടാക്കീട്ടുള്ള വല്ല ചട്ടത്തെയോ ഉപചട്ടത്തെയോ ഉത്തരവിനെയോ അതിലംഘിക്കയും ആ അതിലംഘനം ജീവഹാനിക്കു ഇടയാക്കുകയും ചെയ്യുന്നതായാൽ അതിന്റെ കാരണക്കാരന് ഒരു കൊല്ലത്തോളം വരാവുന്നതടവുശിക്ഷയോ രണ്ടായിരം രൂപയോളം വരാവുന്ന പിഴയോ രണ്ടുംകൂടിയോ നൽകേണ്ടതും ആ അതിലംഘനം ഗൌരവപ്പെട്ട കായാപായത്തെ ജനിപ്പിക്കുന്നതായാൽ ആറു മാസത്തോളം വരാവുന്ന തടവോ ആയിരം രൂപയോളം വരാവുന്നപിഴയോ രണ്ടുമോ അയാൾക്കു നൽകേണ്ടതും ആ അതിലംഘനം ഖനിയിലോ ഖനിക്കുസമീപത്തോ ഉള്ള പണിക്കാർക്കോ മററുള്ളവർക്കോ മററുവിധത്തിൽ അപായമോ ആപത്തോ ജനിപ്പിക്കുന്നതായാൽ ഒരു മാസത്തോളം വരാവുന്നതടവൊ അഞ്ഞൂറുരൂപയോളം വരാവുന്നപിഴയോ രണ്ടുമോ നൽകേണ്ടതും ആകുന്നു.

മററുവല്ല ശിക്ഷാനിയമവും അനുസരിച്ചു ഏതുപക്ഷം പ്രാസിക്യൂഷൻ നടത്താവുന്നതാണ് എന്നു ഞാൻ ചൂണ്ടിക്കാണിക്കാം. ഒരാളിന്റെ ഉപേക്ഷമൂലം ജീവഹാനി സംഭവിച്ചതായി വല്ലയാളും വിചാരിക്കുന്നതായാൽ സാധാരണനിയമം അനുസരിച്ചു അയാളുടെമേൽ കോടതിയിൽ നടപടി നടത്താം.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഡിസ്ട്രിക്ട്മാജിസ്ട്രേട്ടിന്റെ വിവേചനത്തെ എന്തിനായി ഇവിടെ വരുത്തണം എന്നു ബഹുമെമ്പർ വിവരിച്ചുപറയുമോ?

മി. കല്ലാലം പരമേശ്വരൻപിള്ള (അഡീഷനൽഹെഡ്സർക്കാർവക്കീൽ): യാതൊരുത്തരേയും പ്രാസിക്യൂഷനാൽ അത്യാവശ്യമായി ക്ലേശപ്പെടുത്തിക്കൂടാ.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഒരു യദൃച്ഛാസംഭവം ജീവഹാനിയിൽ പറഞ്ഞിരിക്കുന്നു എന്നിരിക്കട്ടെ, അതു കുററമാകുമൊ? അതു മററുനിയമങ്ങൾ അനുസരിച്ചു കുററം ആണെന്നുവരികിൽ മിസ്റ്റർ പരമേശ്വരൻപിള്ള ചൂണ്ടിക്കാണിച്ചതുപോലെ ഒരു ക്രിമിനൽ കോടതിയിൽ ചെല്ലുന്നതിനുള്ള അവകാശം സങ്കടപ്പെട്ടകക്ഷിക്കു ഉണ്ട്. പ്രവൃത്തികളുടേയൊ വീഴ്ചകളുടേയോ ഫലമായി, യദൃച്ഛയാ ഉണ്ടാകുന്ന സംഭവത്താൽ മരണങ്ങൾ ഖനികളിൽ സംഭവിക്കാൻ പലപ്പോഴും ഇടയുണ്ട്. അവ ഈ റഗുലേഷൻ അനുസരിച്ചുതന്നെ കുററങ്ങളും ആകുന്നു. അതുകൊണ്ടു ഈ ഭേദഗതി വേണ്ടതാണെന്നു ഞാൻ നിർബന്ധിക്കുന്നു.

മി. കല്ലാലം പരമേശ്വരൻപിള്ള (അഡീഷനൽഹെഡ്സർക്കാർവക്കീൽ): കൂടുതലായി ഒന്നും എനിക്കു പറയാനില്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഈ സംഗതിയുടെ ഒരു ദൃഷ്ടിയെ ഞാൻ അദ്ധ്യക്ഷന്റെ ശ്രദ്ധയിൽ കൊണ്ടുവരട്ടെയോ? മണി അഞ്ചു അടിച്ചതുകൊണ്ടു ഏതാനും മെംബർമാർ ഹാജരില്ല. അഞ്ചുമണിക്കുമേൽ യാതൊരു പണിയും നടത്തുകയില്ല എന്നുള്ള വിചാരത്തിന്മേൽ അവർ ഹാൾ വിട്ടുപോയതായിരിക്കാം.

ഡെപ്യൂട്ടിപ്രസിഡന്റ്. അഞ്ചുമണിക്കുമേൽ യാതൊരുനടപടിയും നടത്തുകയില്ല എന്നു പറയുവാൻ ചട്ടങ്ങളിൽ വല്ല വ്യവസ്ഥയും ഉണ്ടെന്നു തോന്നുന്നില്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അനൌദ്യോഗികക്ഷിക്കു നേരിടാവുന്ന ദൌർബല്യത്തെസംബന്ധിച്ചു അദ്ധ്യക്ഷനെ അറിയിക്കണമെന്നു മാത്രമെ എനിക്കു ആഗ്രഹമുള്ളു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ വിഷയത്തെസംബന്ധിച്ച ഞങ്ങൾക്കും ചിലതു പ്രസ്താവിക്കവാനുണ്ടായിരുന്നു എന്നാൽ അതിനുമുമ്പുതന്നെ ഡെപ്യൂട്ടിപ്രെസിഡന്റു മിസ്റ്റർ ജി. രാമൻമേനോനോടു അവസാനാഭിപ്രായം പറയുവാൻ ആജ്ഞാപിച്ചു.

ഡെപ്യൂട്ടിപ്രെസിഡന്റു: അപ്പോൾ ആരുംതന്നെ എഴുനിററില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഞങ്ങൾ ആലോചിക്കയായിരുന്നു; രണ്ടുമിനിട്ടുകൂടി കഴിഞ്ഞില്ല.

ഡെപ്യൂട്ടിപ്രെസിഡന്റു: രണ്ടുമിനിട്ടുപോലും നാം താമസിക്കണം എന്നുണ്ടോഎന്നു അറിയേണ്ടിയിരിക്കുന്നു. ഒരു മെംബറിന്റെ പ്രസംഗംകഴിഞ്ഞു ഉടനുതക്ഷണത്തിൽ മറെറാരുമെംബർ എഴുന്നേൽക്കണം. ഞാൻ രണ്ടു മിനിട്ടുതാമസിച്ചു. വല്ല മെംബർക്കും സംസാരിക്കണം എന്നുണ്ടായിരുന്നാൽ ഞാൻ അതിനു സമ്മതിക്കുമായിരുന്നു. കഴിഞ്ഞതവണതന്നെയും സംസാരിക്കുന്നതിനു മിസ്റ്റർ എ. കെ. പിള്ളക്കു ഞാൻ അനുവാദം നൽകുകയുണ്ടായി. ഈ ഭേദഗതി വോട്ടിനിടുന്നതാണ്. മിസ്റ്റർ നാരായണപിള്ളയ്ക്കു അപ്രകാരം ചെയ്യുന്നതിൽ വിരോധമുണ്ടോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): എനിക്കു് വിരോധം ഉണ്ട്.

ഡെപ്യൂട്ടിപ്രസിഡെന്റു. നാം എഴുനില്ക്കുന്നതുവരെ യോഗം തുടർന്നുകൊണ്ടിരിക്കുന്നു എന്നു അനഭ്യോഗസ്ഥമെംബർമാർ വിചാരിക്കേണ്ടതാണ്.

ഭേദഗതി വോട്ടിനിടുകയും അനുവദിക്കപ്പെടുകയുംചെയ്തു.

ഡെപ്യൂട്ടിപ്രെസിഡന്റു. ഭേദപ്പെടുത്തിയ ൩൨-ാം വകുപ്പു ബില്ലിന്റെ അംശമായി തീരുന്നു എന്നുള്ളതാകുന്നു പ്രശ്നം.

ഉപക്ഷേപം അനുവദിക്കപ്പെട്ടു.

വകുപ്പു ബില്ലിൽ ചേർക്കപ്പെട്ടു.

൩൩ മുതൽ ൪൯ വരെ വകുപ്പുകൾ ബില്ലിന്റെ അംശമായിരിക്കുന്നുണ്ടോ എന്നുള്ളതാകുന്നു പ്രശ്നം. ഇതു വോട്ടിനിട്ടതിന്റെശേഷം പാസാക്കപ്പെട്ടു.

൩൩ മുതൽ ൪൯ വരെ വകുപ്പുകൾ ബില്ലിൽ ചേർക്കപ്പെട്ടു.

ഡെപ്യൂട്ടിപ്രസിഡെന്റു. സഭ ഇപ്പോൾ പിരിയുന്നതും നാളെ ഉച്ചയ്ക്കു പതിനൊന്നരമണിയ്ക്കു വീണ്ടുംകൂടുന്നതുമാകുന്നു.

സഭ വൈകുന്നേരം മണി ൫ അടിച്ചു പത്തുമിനിട്ടു ആയപ്പോൾ സഭ പിരിഞ്ഞു.

നിയമസഭാസെക്രട്ടറി,
ടി. പി. രാമസുബ്ബയ്യർ.

(A true translation)

T. RAMALINGAM PILLAI,
Head Translator to Government.

തിരുവിതാംകൂർ നിയമസഭ

[illegible]

൧൧൦൪-ലെ ഒന്നാമത്തെ യോഗം

ഔദ്യോഗിക റിപ്പോർട്ട്

൧൯൨൯ ഏപ്രിൽ ൨൯/൧൧൦൪ മേടം ൧൭ ചൊവ്വാഴ്ച.

ദിവാൻ എം. ഇ. വാട്ട്സ് അവർകൾ ബി. എ. ബാരിസ്റ്റർ ആററ്ലായുടെ അഗ്രാസനാധിപത്യത്തിൽ ഇന്നേദിവസം പകൽ ൧൧ മണിക്ക യോഗനടപടികൾ വീണ്ടും ആരംഭിച്ചു. മിസ്റ്റർ എൻ. വി. ജോസഫ് മിസ്സസ്സ എം. പുന്നൻലൂക്കോസ്, മിസ്റ്റർ ടി. ജെ. മാത്യു, മിസ്റ്റർ ഡബ്ലിയു. എച്ച്. പിറവ് എന്നിവരൊഴികെ ശേഷം എല്ലാ മെമ്പറന്മാരും ഹാജരുണ്ടായിരുന്നു.

ചോദ്യോത്തരങ്ങൾ.

കോടതികളിൽനിന്നും കൊറാൻ മാററണം.

൯൬. മി: പി. ഹബീബ് മുഹമ്മദ (നിയമിതമെമ്പർ): (എ) കോടതികളിലും മററു പബ്ലിക്ക് ആഫീസുകളിലുംനിന്നു കൊറാൻപുസ്തകത്തെ മാററണമെന്നു ആവശ്യകതയെ പുരസ്കരിച്ചു മഹമ്മദീയരിൽനിന്നും ഒരു പരാതി ഗവമ്മെൻറിനു കിട്ടിയിട്ടുണ്ടോ?

(ബി) അങ്ങനെ കിട്ടിയിട്ടുണ്ടെങ്കിൽ ഗവമ്മെണ്ട അതു സംബന്ധിച്ചു എന്തെങ്കിലും ചെയ്തിട്ടുണ്ടോ?

മി: കെ. ജാജ്ജ (ചീഫ്സിക്രട്ടറി): എ. ഉണ്ടു.

ബി. കൊറാൻ എടുത്തു സത്യംചെയ്യുന്ന വിഷയത്തിൽ ഏതെങ്കിലുംവിധം തടസ്സം ഉള്ള ആളുകളെ അ പ്രകാരംചെയ്യുന്നതിനു നിർബന്ധിക്കാറില്ലാ എന്നാണ ഗവമ്മെണ്ടിന്റെ അറിവു. വരുന്ന മൂന്നുവഷകാലത്തേക്ക യാതൊരു മഹമ്മദീയനും കോടതികളിൽവച്ചു കൊറാൻ ആവശ്യപ്പെടാതിരിക്കുന്നപക്ഷം കോടതികളിൽനി ന്നും കൊറാൻ നീക്കംചെയ്യുന്ന സംഗതിയെ സംബന്ധിച്ചു ഗവമ്മെൻറ ആലോചിക്കുന്നതായിരിക്കും എന്നും, ഇത്രയും കാലത്തിനിടക്ക ഈ പുസ്തകത്തെ യാതൊരുത്തർക്കും എടുക്കാൻപാടില്ലാതിരിക്കത്തക്കവണ്ണം അവയെ പെട്ടികളിൽവച്ചു സൂക്ഷിച്ചുകൊള്ളേണ്ടതാണെന്നായി ആവശ്യപ്പെട്ടു എഴുതി അയക്കുന്നതായിരിക്കും എന്നും ക ഴിഞ്ഞ ശ്രീമൂലം പ്രജാസഭയിൽ വച്ചു ഈ വിഷയത്തെ സംബന്ധിച്ചു സംസാരിച്ച മെമ്പറന്മാരോടു ഗവമ്മെ ൻറ പറയുകയുണ്ടായിട്ടുണ്ട്.

മുൻസീഫന്മാരെ ഹൈക്കോർട്ടിലും, ജില്ലാകോർട്ടിലും ഉള്ള എസ്റ്റാബ്ലിഷ്മെൻറിൽനിന്നും എടുക്കേണ്ട താണു.

൯൭. മി: പാറം ആർ. ഡാനിയൽ (നിയമിതമെമ്പർ): ൧൦൯൨ കുംഭം മുതൽ ൧൧൦൨ തുലാം വരെ ഹൈക്കോടതിയിലും ജില്ലാകോടതികളിലും ഉള്ള എസ്റ്റാബ്ലിഷ്മെൻറുകളിൽനിന്നും നിയമിച്ചിട്ടുള്ള മുൻ സീഫന്മാരുടെ ജാതി തിരിച്ചുള്ള ഒരു പട്ടിക സഭ മുമ്പാകെ ഹാജരാക്കുന്നതിനു ഗവമ്മെൻറിനു ദയവുണ്ടാ കുമോ?

മി. കെ. ജാജ്ജ് (ചീഫ് സിക്രട്ടറി); മെമ്പർ ആവശ്യപ്പെട്ടതുപോലെയുള്ള ഒരു പട്ടിക ഇതാ സഭമു മ്പാകെ ഹാജരാക്കിയിരിക്കുന്നു.

(ഒന്നാം അനുബന്ധം നോക്കുക).

വക്കീലന്മാരിൽനിന്നും മുൻസീഫന്മാരെ നിയമിക്കണം.

൯൮. മി: പാറം ഡാനിയൽ (നിയമിതമെമ്പർ): (എ) ൧൦൯൮ ചിങ്ങത്തിനുശേഷം വക്കീല ന്മാരുടെ കൂട്ടത്തിൽനിന്നും തെക്കൻതിരുവിതാംകൂറിലുള്ള ഒരു ഇൻഡ്യൻ ക്രിസ്ത്യാനിയെ എങ്കിലും മുൻസിഫാ യി നിയമിച്ചിട്ടുണ്ടോ എന്നറിഞ്ഞാൽകൊള്ളാം.

(ബി) മുൻ ചോദ്യത്തിന്റെ മറുപടി നിഷേധരൂപത്തിലാണെങ്കിൽ കഴിഞ്ഞ ൧൭ വർഷകാലമായി ഒരു ഇന്ത്യൻ ക്രിസ്ത്യാനിയെ എങ്കിലും മുൻസിഫായി നിയമിക്കാതിരുന്നതിനുള്ള കാരണമെന്തു്?

മി: കെ. ജാജ്ജ് (ചീഫ് സെക്രട്ടറി): (എ) ഉണ്ട്.

(ബി) ഒന്നാംഭാഗത്തിന്റെ മറുപടിയുടേ നിലക്ക ഈ ചോദ്യത്തിന്റെ ആവശ്യമേ ഇല്ല.

ഉപാദ്ധ്യായിനിമാരുടെ സ്ഥലംമാററം.

൯൯. മിസ്റ്റർ എം. എൻ. പിള്ള (തിരുവനന്തപുരം): പെൺപള്ളിക്കൂടം ഇൻസ്പക്ട്രസ്സ ഇക്കഴി ഞ്ഞ മൂന്നു മാസത്തിനിടക്ക അവരവരുടെ സ്വന്തനാട്ടിലോ അതിനടുത്തോ ജോലി നോക്കിവന്നിരുന്ന ഉപാദ്ധ്യാ യിനിമാരെ ദൂരസ്ഥലങ്ങളിലേക്ക സ്ഥലം മാററിയിട്ടുണ്ടോ? മാററിയിട്ടുണ്ടെങ്കിൽ അങ്ങനെ മാററപ്പെട്ടിട്ടുള്ള ഉപാദ്ധ്യായിനിമാരുടെ പേരുവിവരവും അപ്രകാരം മാററുന്നതിനുള്ള കാരണവും അറിഞ്ഞാൽകൊള്ളാം.

മി: കെ. ജാജ്ജ' (ചീഫ്സെക്രട്ടറി): ഉണ്ട്. ൧൧൦൪ ചിങ്ങം, കന്നി, തുലാം ഈ മൂന്നു മാസങ്ങ ളിലേ മെമ്പർ ആവശ്യപ്പെടുന്നതായ വിവരങ്ങൾ അടങ്ങിയ ഒരു പട്ടിക ഇതാ ഹാജരാക്കിയിരിക്കുന്നു.

(൨-ാം അനുബന്ധം നോക്കുക).

കൊല്ലങ്കോട്ടിലെ തോടിന്റെ വീതികൂട്ടണം.

൧൦൦. മി: ജി. രാമൻമേനോൻ (മാവേലിക്കര, കാർത്തികപ്പള്ളി): നിലങ്ങളിൽ അതികഠിനവും ഏറെ നാൾ നീണ്ടുനില്ക്കുന്നതും ആയി സാധാരണ ഉണ്ടാകാറുള്ള വെള്ളപ്പൊക്കത്തേയും തന്മൂലം ഉണ്ടാകാവു

G. P. T. 1558. 150. 26-10-1104.

ന്ന കൃഷി നഷ്ടങ്ങളും പരിഹരിക്കാനായി കുട്ടനാട്ടിൽ കൊല്ലകടവിലുള്ള പാറകളെ വീണ്ടും മാററി തോട്ടിന്റെ വീതി കൂട്ടുന്നതിനെസംബന്ധിച്ച വേണ്ട ആലോചനകൾ നടത്തുന്നതിനു ഗവണ്മെന്റിനു ഒരുവു ണ്ടാകുമോ?

മി: റ്റി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ സെക്രട്ടറി): മറുപടി ശേഖരിച്ചുവരുന്നു.

ചേർത്തല ഡിസ്ട്രിക്റ്റ് ആശുപത്രി.

൨൦൭. മി: കെ. ശിവരാമപണിക്കർ (ചേർത്തല): (എ) ചേർത്തല ഡിസ്ട്രിക്റ്റ് ആശുപത്രിയിൽ മാസം തോറും ശരാശരി എത്ര രോഗികളെവീതം കിടത്തിച്ചികിത്സിച്ചുവരുന്നുണ്ടെന്നും ദിവസംതോറും ശരാശരി എത്ര രോഗികൾ മരുന്നുവാങ്ങാൻവരുന്നുണ്ടെന്നും അറിഞ്ഞാൽകൊള്ളാം.

(൨) (എ) കഴിഞ്ഞ കുറേകാലമായി ഇങ്ങനെയുള്ള രോഗികളുടെ സംഖ്യ വർദ്ധിച്ചുകൊണ്ടുതന്നെ ഇരിക്കുകയാണെന്നും,

(ബി) മററു ആശുപത്രികളിലെപ്പോലെ മരുന്നുവാങ്ങാനായി മാത്രം വരുന്ന രോഗികളെ ശരിയാംവണ്ണം ചികിത്സിക്കുന്നതിനുള്ള സ്ഥലസൗകര്യം ഈ ആശുപത്രിയിൽ ഇല്ല എന്നും,

(സി) ആശുപത്രിയിൽ കിടന്നു ചികിത്സ നടത്താൻ വരുന്നവരുടെ എണ്ണത്തിൽ ക്രമേണ വർദ്ധിച്ചുകൊണ്ടുവരുന്നവരായ ഈ രോഗികളെ കിടത്തി ചികിത്സിക്കുന്നതിനു വേണ്ട സ്ഥലസൗകര്യം ഇല്ല എന്നും, ഉള്ള സംഗതികൾ ഗവണ്മെന്റിനു അറിയാമോ?

൩. (ഏ) (എ) ചേർത്തല ആശുപത്രിയിലെ ശസ്ത്രക്രിയാശാലയും മറ്റും ഇടുന്നതിനു ഗവണ്മെന്റിൽനിന്നു അനുവാദം നൽകിയിട്ടുണ്ടോ?

(൨) ഉണ്ടെങ്കിൽ അങ്ങനെ അനുവദിച്ചതു എപ്പോൾ?

(൩) ആ ജോലി നടന്നുവോ?

(൪) ഇതേവരെ നടത്താതിരിക്കാനുള്ള കാരണമെന്ത്?

(ബി) (എ) ഈ രാജ്യത്തു വളപ്പുമതിൽ ഇല്ലാത്തതായി ആകെ എത്ര ഡിസ്ട്രിക്റ്റ് ആശുപത്രികൾ ഉണ്ട്?

(൨) ചേർത്തല ആശുപത്രിക്കുചുറ്റും മതിലുണ്ടോ?

മി: കെ. ജോർജ് (ചീഫ്‌സെക്രട്ടറി): (എ) മാസംതോറും ശരാശരി കിടത്തി ചികിത്സിക്കുന്ന രോഗികളുടെ എണ്ണം ൭൦൦.

ദിവസം ഒന്നിനു ശരാശരി മരുന്നുവാങ്ങാൻ വരുന്ന രോഗികളുടെ എണ്ണം [illegible].

(൨) (എ) ഉണ്ട്.

(ബി) രാജ്യത്തെ മററു ഡിസ്ട്രിക്റ്റ് ആസ്പത്രികളെപ്പോലെയുള്ള സ്ഥലസൗകര്യം ഈ ആസ്പത്രിയിലും ഉണ്ട്. മെഡിക്കൽ സർവീസസ് അഡ്മിനിസ്ട്രേറ്റിവ് ബോർഡിൽ നിന്നും ഈ സ്ഥിതിയെ പററി പരിശോധിക്കണമെന്നായി ഉപദേശിച്ചിട്ടും ഉണ്ട്.

(സി) ഇപ്പോൾ ആവശ്യമുള്ളിടത്തോളം സ്ഥലസൗകര്യവും ഉണ്ട്.

(൩) (എ) (എ) മതിൽകെട്ടുന്ന സംഗതി ആലോചനക്കും എഴുത്തുകുത്തിനും വിഷയമായിരിക്കയാണ്.

(൨)-ം, (൩)-ം, (൪)-ം ഏ (എ)-ം ഭാഗത്തിന്റെ മറുപടിയുടെ നിലക്ക ഈ ചോദ്യങ്ങളുടെ ആവശ്യം ഇല്ല.

(ബി) (എ) ൩.

(൨) ഇല്ല.

മോണോസൈററ് പര്യവേക്ഷണം.

൨൦൮. മി: ടി. കുമാരപിള്ള (കൽക്കുളം-വിളവങ്കോട്):

(എ) ൧൧൨൩ ചിങ്ങം ൨൯-ാംനു-യിലെ "നവശക്തിയിൽ" "മോണോസൈററ്" എന്ന തലക്കെട്ടിൽ പ്രസിദ്ധം ചെയ്തിരുന്ന ഒരു ലേഖനം ഗവണ്മെന്റ കാണുകയുണ്ടായോ?

(ബി) (എ) ഗവണ്മെന്റ ജിയാളജിക്കൽ ഡിപ്പാർട്ടുമെന്റ മോണോസൈററിനെ സംബന്ധിച്ചു വല്ല അന്വേഷണവും നടത്തുകയുണ്ടായോ?

(൨) ഉണ്ടെങ്കിൽ ഏതു വിധത്തിലാണ അന്വേഷണം നടത്തിയതു?

(സി) (എ) തെക്കൻതിരുവിതാംകൂറിൽ കാട്ടാത്തുറക്കു സമീപം മോണോസൈററ കണ്ടുവരുന്നു എന്നുള്ള സംഗതി സ്റ്റേററു ജിയോളജിസ്റ്റിനു അറിയാമോ?

(൨) അറിഞ്ഞുകൂടെങ്കിൽ ഇതിനെ സംബന്ധിച്ചു അന്വേഷണം നടത്തുന്നതിനു വേണ്ട ഏർപ്പാടുകൾ ഗവണ്മെന്റിൽനിന്നും ചെയ്യുമോ?

(ഡി) തെക്കൻതിരുവിതാംകൂറിൽ ഉണ്ടാകുന്ന വിവിധ ലോഹങ്ങളെ എടുക്കുന്നതിനു ഒരുക്കമുള്ള അപേക്ഷകന്മാർക്കു വേണ്ട അനുവാദം ഗവണ്മെന്റിൽനിന്നും കൊടുക്കുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ സെക്രട്ടറി): (എ) "പച്ചമണോസീയിററ" (പച്ചനിറത്തിലുള്ള മോണസൈററ് എന്നാണ് അതിന്റെ അർത്ഥമെന്നു തോന്നുന്നു) എന്ന തലക്കെട്ടിൽ ഒരു ലേഖനം ൧൧൨൩ ചിങ്ങം ൨൯-ാംനു-യിലെ നവശക്തിയിൽ ഗവണ്മെന്റ കാണുകയുണ്ടായി.

(ബി) (എ) പച്ചമോണോസൈററിനെ സംബന്ധിച്ചു വ്യവസായ ഡിപ്പാർട്ടുമെന്റിൽനിന്നും വേണ്ട അന്വേഷണങ്ങൾ നടത്തിയിട്ടുണ്ട്.

(൨) പച്ചമോണസൈററിന്റെ വില നിശ്ചയിക്കുന്നതിനായി അതിൽ എന്തെല്ലാം അടങ്ങിയിരിക്കുന്നു എന്നു കണ്ടുപിടിക്കുന്നതിനു വേണ്ട ശ്രമം ചെയ്യുകയും അതു എവിടെ എല്ലാം ഉണ്ടായിരിക്കും എന്നറിയുന്നതിനായി പര്യവേക്ഷണ ജോലികൾ നടത്തുകയും ആണ്, ആ ഡിപ്പാർട്ടുമെന്റ് ഇതു സംബന്ധമായി ചെയ്തിട്ടുള്ള ജോലികൾ.

(സി) (എ) കാട്ടാത്തുറക്കു സമീപം, പച്ചമൊണ സൈനാഥണെന്റെ വ്യവസായ ഡിപ്പാർട്ടുമെന്റിനറിയാം.

(ബ) ഈ ചോദ്യത്തിന്റെ ആവശ്യം ഇല്ല.

(ഡി) ൧൯൪൦-ലെ മേ മാസം ൧൬-നു ഗവണ്മെന്റ അനുവദിച്ചിട്ടുള്ളതും ഗസറ്റ് മാർച്ച മാസം ൧൯-നു-യിലെ പരസ്യപ്രകാരം ചില ജേതാക്കൾ വരുത്തപ്പെട്ടിട്ടുള്ളതും ആയ ലോഹങ്ങളെപ്പറ്റി പര്യവേക്ഷണം ചെയ്യുന്നതിനുള്ള ലൈസൻസുകളും ഖനനപാട്ടങ്ങളും നൽകുന്നതിനെ സംബന്ധിച്ചുള്ള പുതിയ നിയമങ്ങൾ അനുസരിച്ചു ഏതെങ്കിലും ലോഹത്തെ സംബന്ധിച്ചു പര്യവേക്ഷണം ചെയ്യണമെന്നു താല്പര്യപ്പെടുന്ന ഏവനും അതിലേക്കുള്ള ലൈസൻസിനപേക്ഷിക്കാമെന്നുള്ളതും മുൻ പറഞ്ഞ നിയമങ്ങളിലെ വ്യവസ്ഥകളെ തൃപ്തികരമായി അനുസരിച്ചിട്ടുള്ള പക്ഷം ലൈസൻസു ലഭിക്കാവുന്നതുമാകുന്നു.

മി: ടി. കുമാരപിള്ള (കൽക്കുളം - വിളവങ്കോട്): (ബി) ഈ പരിശോധന നടത്തിയതു എപ്പോഴാണ്?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ സെക്രട്ടറി): മിസ്റ്റർ മാശിലാമണി ജിയാളജിസ്റ്റ് ആയിരുന്ന കാലത്താണ്.

മി: ടി. കുമാരപിള്ള (കൽക്കുളം-വിളവങ്കോട്): എത്ര കൊല്ലമായി?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ സെക്രട്ടറി): എട്ടു ഒൻപതു കൊല്ലങ്ങൾക്കു മുമ്പു മിസ്റ്റർ മാശിലാമണി സ്റ്റേറ്റ് ജിയാളജിസ്റ്റായിരുന്ന കാലത്താണ്.

മി: ടി. കുമാരപിള്ള (കൽക്കുളം-വിളവങ്കോട്): അതിൽ പിന്നീട ഇതിനെ സംബന്ധിച്ചു എന്തെങ്കിലും നടപടി നടത്തിട്ടുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ സെക്രട്ടറി): ഇപ്പോഴത്തെ ജിയാളജിസ്റ്റ് അതിനെപ്പറ്റി അന്വേഷണം നടത്തി കാട്ടാത്തുറയിലാണ ഇതുള്ളതെന്നു കണ്ടുപിടിച്ചു. പിന്നീട ഇതിലേക്കു ഒരു മിസ്റ്റർ ഗണപതി അയ്യരും, മിസ്റ്റർ ജാർജ്ജും ലൈസൻസിനു അപേക്ഷിച്ചു. ഗവണ്മെന്റ അനുവദിക്കുകയും ചെയ്തു. എന്നാൽ അവർ ലൈസൻസ് എടുത്തില്ല.

മി: ടി. കുമാരപിള്ള (കൽക്കുളം-വിളവങ്കോട്): ഒൻപതു വർഷങ്ങൾക്കു മുമ്പു പരിശോധന നടത്തിയശേഷം രണ്ടാമതു പരിശോധന എപ്പോഴാണു തുടങ്ങിയതു?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ സെക്രട്ടറി). പിന്നെ പരിശോധന നടന്നില്ല. മുമ്പു നടത്തിയ നടപടിയെപ്പറ്റിയാണ ഞാൻ പറഞ്ഞതു.

കോതമംഗലത്തു ഒരു സബ് രജിസ്ട്രാർ ആഫീസുസ്ഥാപിക്കണം;

൨൦൩. മി: തൊമ്മു കുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴ-തൊടുപുഴ): കോതമംഗലത്തു ഉടൻതന്നെ ഒരു സബ്റജിസ്ട്രാർ ആഫീസ് സ്ഥാപിക്കുന്നതിനു ഗവണ്മെന്റിനു ദയവുണ്ടാകുമോ?

മി: കെ. ജാർജ്ജ് (ചീഫ്സെക്രട്ടറി): മറുപടി നിഷേധരൂപത്തിൽ ആണു.

മി: തൊമ്മു കുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴ-തൊടുപുഴ): എന്തുകൊണ്ടാണ കോതമംഗലത്തു സബ്റജിസ്ട്രാർ കച്ചേരി സ്ഥാപിക്കാൻ ഇടയില്ലെന്നു പറഞ്ഞതു? അവിടെ വേണ്ടിടത്തോളം ആധാരങ്ങൾ ഇല്ലാത്തതുകൊണ്ടോ സമീപത്തു സബ് രജിസ്ട്രാർ കച്ചേരി ഉള്ളതുകൊണ്ടോ ഏതു കൊണ്ടാണ്?

മി: കെ. ജാർജ്ജ് (ചീഫ്സെക്രട്ടറി): ഉടനെ തുറക്കണമെന്നാണല്ലോ മെമ്പർ ആവശ്യപ്പെട്ടിരുന്നതു.

മി: തൊമ്മു കുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴ-തൊടുപുഴ): വളരെ കാലമായിട്ട വാദിച്ചു കൊണ്ടിരിക്കയാണ്. അതുകൊണ്ടാണ ഉടനെ തുറക്കണമെന്ന് ആവശ്യപ്പെട്ടതു.

മി: കെ. ജാർജ്ജ് (ചീഫ് സിക്രട്ടറി) : ഡയറക്ടർ ശുപാർശ ചെയ്താൽ അതിനെപ്പറ്റി ആലോചിക്കാം.

മി: തൊമ്മു കുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴ-തൊടുപുഴ): ഡയറക്ടരോട കോതമംഗലത്തു ഒരു സബ്രജിസ്ട്രാർ കച്ചേരി ആവശ്യമുണ്ടോ എന്നു ചോദിക്കുമോ?

മി: കെ. ജാർജ്ജ് (ചീഫ്സിക്രട്ടറി): മെമ്പർക്കു തന്നെ ഡയറക്ടരോട് ചോദിക്കാമല്ലോ?

മി: തൊമ്മു കുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴ-തൊടുപുഴ): ഞാൻ ചോദിച്ചിട്ട വലിയ പ്രയോജനം ഉണ്ടാകാത്തതു കൊണ്ടാണ വീണ്ടും ചോദിച്ചതു. ഗവണ്മെന്റ ഡയറക്ടരോട ഇതിനെപ്പറ്റി ചോദിക്കുമോ?

മി: കെ. ജാർജ്ജ് (ചീഫ്സിക്രട്ടറി): ചോദിക്കാം.

കോട്ടയം ഡിവിഷൻ കച്ചേരിയിലും മൂവാറ്റുപുഴ താലൂക്കുകച്ചേരിയിലും അഹിന്ദുക്കളേയും അവർണ്ണഹിന്ദുക്കളേയും നിയമിക്കണം.

൨൦൪. മി: തൊമ്മു കുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴ-തൊടുപുഴ): (എ) ഇകഴിഞ്ഞ ൨൫ വർഷങ്ങൾക്കിടയിൽ കോട്ടയം ഡിവിഷൻകച്ചേരിയിലും മൂവാറ്റുപുഴ താലൂക്കുകച്ചേരിയിലും ഉള്ള പുത്തവൽജോലി ചെയ്യുന്നതിൽ ഒരു അഹിന്ദുഗുമസ്തനൊ ഒരു അവർണ്ണഹിന്ദു ഗുമസ്തനൊ ഏർപ്പെട്ടിട്ടുണ്ടോ?

(ബി) മേൽപറഞ്ഞ ജോലിക്കു അഹിന്ദുക്കളെയൊ അവർണ്ണഹിന്ദുക്കളെയൊ നിയമിച്ചുകൂടാ എന്നു വല്ല നിയമവും ഉണ്ടോ?

(സി) ഇല്ലെങ്കിൽ കുറേക്കാലത്തേക്കെങ്കിലും ഈ ജോലിചെയ്യുന്നതിനു അഹിന്ദുക്കളേയൊ അവർണ്ണഹിന്ദുക്കളേയൊ നിയമിക്കാൻ ഗവണ്മെന്റിനു ദയവുണ്ടാകുമോ?

മി: റ്റി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റസെക്രട്ടറി) (എ) ഡിവിഷൻകച്ചേരികളിലൊ താലൂക്കുകച്ചേരികളിലൊ ഉള്ള പുത്തവൽജോലി എന്നല്ലാ ഏതുജോലിയും കഴിഞ്ഞ ൨൫ വർഷക്കാലമായി ചെയ്തുപോന്നിരുന്ന ഗുമസ്താക്കളുടെ ജാതിയൊ മതമൊ ഇന്നിന്നതായിരുന്നു എന്നുള്ളതിന് യാതൊരു റിക്കാർഡും ഇല്ല.

(ബി) ഇല്ല.

(സി) ഓരോ ആഫീസുകളിലും ഉള്ള ഡിനൂജാലിസ്റ്റിൽ അവിടെയുള്ള ഓരോ ഗുമസ്തന്മാരെ ചുമതലപ്പെടുത്തുന്നതു ഓരോ ഗുമസ്താവിന്റേയും കാര്യശേഷിയേയും സ്രാണിയേയും അടിസ്ഥാനമാക്കിയും മേലധികാരികളുടെ പൂർണ്ണംചോദിയും ആണ്. ഇതു സംബന്ധിച്ച യാതൊരു ക്ലിപ്തനിയമവും ശുപാർശിക്കുവാൻ നിവൃത്തിയില്ല.

മൂവാററുപുഴയോ കുന്നത്തുനാട്ടോ ഒരു സർവ്വസ്വം സ്ഥാപിക്കണം.

൨൦൫. മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): കോട്ടയത്തെ സ്കൂളിൽനിന്നും ഗവണ്മെൻറിനു യാതൊരു നഷ്ടവും ഉണ്ടായിട്ടില്ലായിരിക്കുന്നതു എന്നറിഞ്ഞാൽ കൊള്ളാം.

മി: ററി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): ൧൧൦൨ നവംബർ ൨൭-ാനു നടന്ന കൌൺസിൽ യോഗത്തിൽവച്ചു ഉണ്ടായ ൧൨൫-ാം നമ്പ്ര ചോദ്യത്തിനു നൽകിയ മറുപടിയിലേക്കു മെമ്പറുടെ ശ്രദ്ധയെ ആകർഷിച്ചുകൊള്ളുന്നു.

ദിവാൻപേഷ്കാരന്മാർ നടത്തിയിട്ടുള്ള നിയമനങ്ങളുടെ ജാതിതിരിച്ചുള്ള പട്ടിക.

൨൦൬. മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): ഇപ്പോഴത്തെ ഡിവിഷൻ പേഷ്കാരന്മാർ അവരുടെ നിയമനകാലംമുതൽ ൧൧൦൨ കന്നി ൩൦-ാനുവരെ നടത്തിയിട്ടുള്ള സ്ഥിരനിയമനങ്ങളുടെ ഒരു ജാതിതിരിച്ചുള്ള പട്ടിക സഭമുമ്പാകെ ഹാജരാക്കാൻ ഗവണ്മെന്റിനു ദയവുണ്ടാകുമോ?

മി: ററി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): മെമ്പർ ആവശ്യപ്പെടുന്നതായ വിവരങ്ങൾ അടങ്ങിയ ഒരു പട്ടിക ഇതാ സഭമുമ്പാകെ ഹാജരാക്കിയിരിക്കുന്നു.

(മൂന്നാം അനുബന്ധം നോക്കുക)

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): പേഷ്കാരന്മാരുടെ നിയമനത്തെസംബന്ധിച്ചു കൊടുത്തിട്ടുള്ള പട്ടികയിൽ ക്രിസ്ത്യാനികൾ എന്നുമൊത്തമായിട്ടേ പറഞ്ഞിട്ടുള്ളു. ഗവണ്മെന്റിന്റെ ഇപ്പോഴത്തെ വ്യവസ്ഥപ്രകാരം ക്രിസ്ത്യാനികളുടെ ഉപവിഭാഗത്തെ വിവരിച്ചു പറഞ്ഞിട്ടില്ല. അതിനു കാരണം എന്തു്?

മി: ററി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസെക്രട്ടറി): ലാൻറുറവന്യൂകമ്മീഷണരുടെപക്കൽനിന്നും വന്ന ലിസ്റ്റിൽ ഈ വിവരങ്ങൾ ഇല്ലായിരുന്നു. അതിനെപ്പററി എഴുതിഅയച്ചിട്ടുണ്ട്.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): ഇങ്ങനെ ശരിയായരീതിയിൽ മറുപടി തയാറാക്കിഅയക്കാത്തതിനെപ്പററി ഗവണ്മെൻറിൽനിന്നും സമാധാനം ചോദിക്കുമോ?

മി: ററി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസെക്രട്ടറി): സമാധാനം ചോദിക്കേണ്ട ആവശ്യമില്ല. മെമ്പറുടെചോദ്യം അയച്ചു; ഉത്തരം വേണമെന്നു പറഞ്ഞു അതിൽ റോമൻകത്തോലിക്കരെപ്പററി എഴുതിഅയക്കാത്തതിനു സമാധാനം ചോദിക്കേണ്ട ആവശ്യമില്ല. കൂടുതൽവിവരം ആവശ്യപ്പെട്ടു എഴുതി അയച്ചിട്ടുണ്ട്.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): ഇന്നതരത്തിൽ ലിസ്റ്റ് തയ്യാറാക്കി അയക്കണമെന്നുള്ളതിനു വ്യവസ്ഥയുണ്ടോ?

മി: ററി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസെക്രട്ടറി): കൌൺസിലിൽ ചോദിക്കുന്ന ചോദ്യങ്ങൾക്കു അങ്ങനെ വ്യവസ്ഥയില്ല. ഡിപ്പാർട്ടുമെൻറുമേലദ്ധ്യക്ഷന്മാരുടെപക്കൽനിന്നു ജാതിതിരിച്ചുള്ള പട്ടിക ആവശ്യപ്പെടുമ്പോൾ അങ്ങിനെ വ്യവസ്ഥയുണ്ടെന്നല്ലാതെ കൌൺസിൽ ചോദ്യങ്ങൾക്കു ആ വ്യവസ്ഥയില്ല.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): ഉത്തരം തയാറാക്കുന്നമാതൃക എങ്ങിനെയെങ്കിലും ഇരുന്നുകൊള്ളട്ടേ എന്നാണോ ഗവണ്മെൻറു വിചാരിക്കുന്നതു്?

മി: ററി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസെക്രട്ടറി): അങ്ങിനെ വിചാരിക്കുന്നില്ല. ചോദ്യങ്ങൾക്കു ഉത്തരം അയക്കുന്നതിനു ആ മാതൃകവേണമെന്നു ഉത്തരവില്ല എന്നാണു പറഞ്ഞതു്.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): ചോദ്യത്തിനു ഉത്തരം ജാതിതിരിച്ചുള്ള പട്ടികയുടെ മാതൃകയനുസരിച്ചു തയാറാക്കാത്തതിനു സമാധാനം ചോദിക്കുമോ?

മി: ററി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസെക്രട്ടറി): റോമൻകത്തോലിക്കരെ പ്രത്യേകമായിട്ടു കാണിച്ചില്ലാ എന്നുള്ളതിനു് സമാധാനം ചോദിക്കേണ്ട ആവശ്യം ഇല്ല.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): സാധാരണ ഗവണ്മെൻറു തരാറുള്ളതിനു വിപരീതമായി മറുപടി തയാറാക്കി പട്ടിക അയച്ചതു് പേഷ്കാരുടെ പിശകാണെങ്കിൽ സമാധാനം ചോദിക്കുമോ?

മി: ററി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസെക്രട്ടറി): റോമൻകത്തോലിക്കർ എത്രയുണ്ടെന്നു പറയാത്തതിനു പേഷ്കാരോടു സമാധാനം ചോദിക്കണമെന്നു വിചാരിക്കുന്നില്ല.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): നായന്മാരെ ചേർത്തില്ലെങ്കിൽ അതു തെററല്ലേ?

മി: ററി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസെക്രട്ടറി): തെററായിരിക്കാം.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): അങ്ങനെ തെററുവന്നാൽ അതിനു സമാധാനം ചോദിക്കയില്ലേ?

മി: ററി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസെക്രട്ടറി): അതിനു മറുപടി പറഞ്ഞുകഴിഞ്ഞു. ഏതുവകക്കാണ് ഈ മാതൃകഫാറം സംബന്ധിക്കുന്നതെന്നു പറഞ്ഞുകഴിഞ്ഞു.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): ഹിന്ദുസമുദായത്തിലുള്ളവരെ പ്രത്യേകം തിരിക്കുന്നപോലെ ക്രിസ്ത്യൻസമുദായത്തിലുള്ളവരേയും പ്രത്യേകം തിരിച്ചുപറയുവാൻ ചട്ടംകെട്ടുമോ?

മി: ററി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസെക്രട്ടറി): അങ്ങനെചെയ്യാം.

മലയാളം സ്കൂളുകളിൽ വാദ്ധ്യാന്മാരുടെ ദൌർലഭ്യം.

൨൦൭. മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): (എ) മിക്ക മലയാളം പള്ളിക്കൂടങ്ങളിലും വാദ്ധ്യന്മാരുടെ എണ്ണം വളരെ കുറവാണെന്നും അനേകം പള്ളിക്കൂടങ്ങളിൽ ഒന്നിൽ അധികം ക്ലാസുകളുടെ ചുമതല ഒരു വാദ്ധ്യാർ വഹിക്കേണ്ടതായിവരുന്നു എന്നും ഉള്ള വസ്തുതകൾ ഗവണ്മെൻറിനു അറിയാമോ?

(൨) അറിയാമെങ്കിൽ ഈ ദോഷത്തെ നിവാരണംചെയ്യുന്നതിനു വേണ്ട പ്രവൃത്തികൾ ഉടൻതന്നെ ചെയ്യുമോ?

മി: കെ. ജാർജ്ജ് (ഗവണ്മെന്റുചീഫ്സെക്രട്ടറി): (൧) മറുപടി നിഷേധരൂപത്തിൽ ആകുന്നു.

(൨) ഒന്നാമത്തെചോദ്യത്തിന്റെ മറുപടിയുടെ നിലയ്ക്കു ഈ ചോദ്യത്തിന്റെ ആവശ്യമില്ല.

വിദേശിയവേതനം കിട്ടുന്നവരുടെ ജാതിതിരിച്ച ഒരു പട്ടിക.

൨൦൮. മി: തയ്യിലുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): കഴിഞ്ഞ ൧൦ വർഷക്കാലമായി അതായതു ൧൦൯൨ മുതൽ ൧൧൦൧ വരെ ഗവണ്മെന്റിൽനിന്നും വേതനം കൊടുത്തു ഉന്നതവിദ്യാഭ്യാസത്തിനായി അന്യരാജ്യങ്ങളിലേക്കു അയച്ചിട്ടുള്ളവരുടെ ജാതിതിരിച്ചുള്ള ഒരു പട്ടിക സഭമുമ്പാകെ ഹാജരാക്കുന്നതിനു ഗവണ്മെന്റിനു ദയവുണ്ടാകുമോ?

മി: കെ. ജാർജ്ജ് (ചീഫ്സെക്രട്ടറി): ആവശ്യപ്പെടുന്ന വിവരങ്ങൾ അടങ്ങിയ ഒരു പട്ടിക ഇതാ സഭമുമ്പാകെ ഹാജരാക്കിയിരിക്കുന്നു.

(൪-ാം അനുബന്ധം നോക്കുക).

ഡിവിഷൻപേഷ്കാരന്മാർ, ഡിവിഷൻ അസിസ്റ്റന്റന്മാർ, തഹശിൽദാരന്മാർ ഇവരിൽ ഉള്ള കത്തോലിക്കർ.

൨൦൯. മി: തയ്യിലുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): ഇപ്പോഴുള്ള ഡിവിഷൻ പേഷ്കാരന്മാർ, ഡിവിഷൻ അസിസ്റ്റന്റന്മാർ, തഹശിൽദാരന്മാർ എന്നിവരുടെ കൂട്ടത്തിൽ എത്ര കത്തോലിക്കാ ക്രിസ്ത്യാനികൾ ഉണ്ടെന്നു അറിഞ്ഞാൽ കൊള്ളാം.

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): ഡിവിഷൻപേഷ്ക്കാരന്മാർ, ഡിവിഷൻ അസിസ്റ്റന്റന്മാർ, തഹശിൽദാരന്മാർ ഇവരുടെ കൂട്ടത്തിൽ ഒരു കത്തോലിക്കാ ക്രിസ്ത്യാനിയും ഇല്ല.

കത്തോലിക്കാ പാർവത്യകാരന്മാർ.

൨൧൦. മി: തയ്യിലുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ):

(എ) മൂവാററുപുഴ തൊടുപുഴ ഈ താലൂക്കുകളിലെ അക്കൌണ്ടന്റന്മാരുടെ കൂട്ടത്തിൽ ഒരു റോമൻകത്തോലിക്കാ ക്രിസ്ത്യാനിഎങ്കിലും ഉണ്ടോ?

(ബി) അങ്ങനെ പാർവത്യകാരന്മാർ ഇല്ലെങ്കിൽ പകുതി അക്കൌണ്ടന്റന്മാരായിരുന്നു പരിശീലനം സിദ്ധിച്ചിട്ടുള്ള കുറെ ആളുകളെ ഈ താലൂക്കുകളിൽ പാർവത്യകാരന്മാരായി ഉടൻ നിയമിക്കുന്നതിനു ഗവണ്മെന്റിനു ദയവുണ്ടാകുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ്സെക്രട്ടറി): (എ) മറുപടി നിഷേധരൂപത്തിൽ ആകുന്നു.

(ബി) ഒരു കത്തോലിക്കാ അക്കൌണ്ടന്റിനു പാർവത്യകാരായി കയററംകൊടുക്കുവാനുള്ള അവകാശം സിദ്ധിക്കുന്ന കാലത്തു ഒരു കത്തോലിക്കനെ പാർവത്യകാരായി നിയമിക്കുന്നതായിരിക്കും.

മി: തയ്യിലുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ തൊടുപുഴ): ബി-ഭാഗം കത്തോലിക്കരെ പാർവത്യകാരന്മാരായി നിയമിച്ചിട്ടില്ലെന്നുള്ളതിനു പ്രാപ്തിയുള്ള അക്കൌണ്ടന്റന്മാരെവേണം കയററംചെയ്വാൻ എന്നാപറഞ്ഞിരിക്കുന്നു. അക്കൌണ്ടന്മാരിൽനിന്നും അല്ലാതെ മററുഡിപ്പാർട്ടുമെന്റിൽനിന്നും പാർവത്യകാരന്മാരായി നിയമിക്കുന്നുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസെക്രട്ടറി): മെമ്പറിന്റെ ചോദ്യത്തിനാണു ഉത്തരം കൊടുത്തിട്ടുള്ളതു. പകുതി അക്കൌണ്ടന്റന്മാരിൽ പരിചയമുള്ളവരെ പാർവത്യകാരന്മാരായി നിയമിക്കുമൊ എന്നാണു ചോദ്യം. പകുതി അക്കൌണ്ടന്റുമാരുടെ സീനിയാറിററിയും സർവീസും നോക്കിമാത്രമേ പ്രമോഷൻ കൊടുക്കാൻ തരമുള്ളു.

മി: തയ്യിലുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): ധാരാളം പ്രാതിനിധ്യമുള്ള സവർണ്ണഹിന്ദുക്കളെ നിയമിക്കുന്നതിനേക്കാൾ പരിചയമുള്ളവരും പ്രാതിനിധ്യമില്ലാത്ത വർഗ്ഗത്തിൽപെട്ടവരും ആയ അക്കൌണ്ടന്റുമാൎക്കു കൊടുക്കുന്നതല്ലയോ കുറേക്കൂടി സൌകര്യം?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസെക്രട്ടറി): ഒരു ഡിപ്പാർട്ടുമെന്റിൽ പ്രവേശിച്ചുപോയാൽ അവൎക്കു ഒരു സ്ഥാനം കല്പിക്കും ആ സ്ഥാനം അനുസരിച്ച സർവീസും സീനിയാറിററിയും നോക്കിമാത്രമെ പ്രമോഷൻ കൊടുക്കാറുള്ളു. റോമൻകത്തോലിക്കരാണെന്നു വിചാരിച്ചു മററുള്ള അക്കൌണ്ടന്മാരുടെ അവകാശങ്ങളെ അവഗണിച്ചു പ്രമോഷൻ കൊടുക്കുന്നതു ന്യായമായിരിക്കയില്ല.

മി: തയ്യിലുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): ആ ഡിപ്പാർട്ടുമെന്റിനെപ്പററി യാതൊരുപരിചയവുമില്ലാത്ത ആളുകളെ മററു ഡിപ്പാർട്ടുമെന്റിൽനിന്നും എടുത്തു ഈ ഡിപ്പാർട്ടുമെന്റിൽ ഉപരിയായി വയ്ക്കുന്ന നയം ശരിയാണൊ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസെക്രട്ടറി): അതിലേക്കു പ്രത്യേകകാരണം ഉണ്ടായിരുന്നാൽ മാത്രമേ അപ്രകാരം ചെയ്യുകയുള്ളു. സാധാരണ അങ്ങനെ ചെയ്കയില്ല.

മി: തയ്യിലുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ തൊടുപുഴ): ആ ഡിപ്പാർട്ടുമെന്റിൽ പരിചയമില്ലാത്തവരെ മററു ഡിപ്പാർട്ടുമെന്റിൽനിന്നും എടുത്തു ഈ ഡിപ്പാർട്ടുമെന്റിലുള്ളവരുടെ ഉപരി വയ്ക്കാൻ എന്താണു കാരണം?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി): അങ്ങനെ അധികം കാണുകയില്ല.

മി: തയ്യിലുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): അങ്ങനെ കുറെഎങ്കിലും ഉണ്ടെന്നു പറയാമോ?

മി: ററി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസെക്രട്ടറി): അക്കൌണ്ടന്റന്മാരിൽനിന്നും പാർവത്യകാരന്മാരായി നിയമിക്കുന്നതു സീനിയാറിററിയും സർവീസും നോക്കിമാത്രമേ ചെയ്കയുള്ളു. യോഗ്യതയുള്ള റോമൻകത്തോലിക്കരെ വേണമെങ്കിൽ പുറമേനിന്നും നേരിട്ടു പാർവത്യകാരന്മാരായി നിയമിക്കുന്നതിനു വിരോധമില്ല.

മി: തയ്യിൽകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): റവന്യൂഡിപ്പാർട്ടുമെൻറിൽ മെഡിക്കൽസംബന്ധം ഇരിക്കാത്ത അന്യഡിപ്പാർട്ടുമെൻറിൽ ഉള്ള ധാരാളം പ്രാതിനിധ്യമുള്ള ആളുകളെ അക്കൗണ്ടന്മാരുടെ ഉപരിയായി ക്ലാർക്കായിട്ടും പാർവത്യകാരായിട്ടും നിയമിക്കുന്നതു ശരിയാണോ?

മി: ററി. പി. രാമസുബ്ബയ്യർ (ഗവൺമെൻറ് സെക്രട്ടറി): സർവീസിൽ പ്രവേശിച്ചുപോയാൽ അവരുടെ സർവീസും സീനിയോറിററിയും നോക്കിയല്ലാതെ പ്രമോഷൻ ചെയ്യാൻ നിവൃത്തിയില്ല. എന്നാൽ പാർവത്യകാരന്മാരായി നേരിട്ടു കുറെപേരെ എങ്കിലും നിയമിക്കുന്ന സംഗതിയെപ്പററി കഴിഞ്ഞ യോഗത്തിൽ പ്രസ്താവിച്ചിട്ടുണ്ട്.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): അതനുസരിച്ചു ആരെഎങ്കിലും നിയമിച്ചിട്ടുണ്ടോ?

മി: ററി. പി. രാമസുബ്ബയ്യർ (ഗവൺമെൻറുസെക്രട്ടറി): അതു ചോദിച്ചേ അറിയാൻ നിവൃത്തിയുള്ളു.

൨൧൧. വാഴക്കുളം കോതമംഗലംറോഡിലെ പാലം.

മി: തയ്യിൽകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): മൂവാററുപുഴ താലൂക്കിൽ കോതമംഗലം ചന്തയിൽനിന്നും തൊടുപുഴതാലൂക്കിൽ വാഴക്കുളം ചന്തയിലേക്കുപോകുന്ന റോഡിലുള്ള രണ്ടു ചെറിയ പാലങ്ങളേയും ഉടൻതന്നെ പണി കഴിപ്പിക്കുന്നതിനു ഉത്തരവുചെയ്യാൻ ഗവൺമെൻറിനു ദയവുണ്ടാകുമോ?

മി: ററി. പി. രാമസുബ്ബയ്യർ (ഗവൺമെൻറു സെക്രട്ടറി): മെമ്പർ ഉദ്ദേശിക്കുന്നതുപോലെ പാലങ്ങൾ ചെറിയവയല്ല. കോതമംഗലത്തുള്ള പാലത്തിലേക്കു എസ്റ്റിമേററ് തയ്യാറാക്കിവരുന്നു. കോതമംഗലത്തുനിന്നും കലംപൂർവരെയുള്ള റോഡ് ഗതാഗതയോഗ്യമാക്കിത്തീർത്തതിനു ശേഷം മാത്രമേ കലംപൂർപാലത്തെ സംബന്ധിച്ചുള്ള എസ്റ്റിമേററു തയ്യാറാക്കാൻ നിവൃത്തിയുള്ളു.

൨൧൨. അറക്കുഴ ഗേൾസ്ഹയർഗ്രേഡ് സ്കൂളിലേക്കുള്ള കുടിവക റോഡ്:

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): മൂവാററുപുഴ പാലക്കുഴറോഡിൽ മൂന്നും നാലും മൈൽക്കററികൾക്കിടയിൽ അറക്കുഴവഴി അറക്കുഴ ഹയർഗ്രേഡ് ഗേൾസ്പള്ളിക്കൂടം, ആൺപള്ളിക്കൂടം ഇടങ്ങിയ സ്ഥാപനങ്ങളിലേക്കു പോകുന്നതിനുള്ള നാട്ടുപാതയെ ഗവൺമെൻറിലേക്കു എടുത്തു അവിടെയുള്ള പാലം തന്നാക്കുന്നതിനു ഗവൺമെൻറിനു ദയവുണ്ടാകുമോ?

മി: ററി. പി. രാമസുബ്ബയ്യർ (ഗവൺമെൻറ്സെക്രട്ടറി): ഈ കാര്യത്തെപ്പററി ആലോചിക്കുന്നതായിരിക്കും.

൨൧൩. കോതമംഗലം തൃക്കാരിയൂർറോഡ് നീട്ടണം.

മി: തയ്യിൽകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ തൊടുപുഴ): കോതമംഗലം തൃക്കാരിയൂർ റോഡിനെ വെററിലപ്പാറവഴി പെരിയാർവരെ നീട്ടുന്നതിനു ഗവൺമെൻറിനു ദയവുണ്ടാകുമോ?

മി: ററി. പി. രാമസുബ്ബയ്യർ (ഗവൺമെൻറു സെക്രട്ടറി): അങ്ങനെചെയ്യാം.

൨൧൪. ആലുവാ പി. ഡബ്ലിയു ഡി. ഡിവിഷനിൽ പബ്ലിക്‌വർക്സിനും വർക്ക്എസ്റ്റാബ്ലിഷ്മെൻറിനും ആയി ചിലവായിട്ടുള്ള പണം.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): ആലുവാ പി. ഡബ്ലിയൂ. ഡി ഡിവിഷനിലുള്ള സ്ഥിര എസ്റ്റാബ്ലിഷ്മെൻറിനു "ശമ്പളവും സഞ്ചാരപ്പടിയും", "വർക്ക് എസ്റ്റാബ്ലിഷ്മെൻറ്" വർക്കുകൾ ഈ ഇനങ്ങളിൽ ൧൧൨൯-ാമാണ്ടു എത്രപണം അവർ ചിലവാക്കീട്ടുണ്ടെന്നു അറിഞ്ഞാൽകൊള്ളാം.

മി: ററി. പി. രാമസുബ്ബയ്യർ (ഗവൺമെൻറു സെക്രട്ടറി): ആവശ്യപ്പെടുന്ന സംഗതി ഇതാ താഴെപറയുന്നു

	രൂപ
വർക്ക്സ്	൪൧൯൫൩൪
വർക്ക്സ് എസ്റ്റാബ്ലിഷ്മെൻറ	൨൪൯൭൧
സ്ഥിരജോലിക്കാരുടെ ശമ്പളം	൩൩൯൨൫
സ്ഥിരജോലിക്കാരുടെ സഞ്ചാരപ്പടി	൧൩൭൧൪

൨൧൫. സർവ്വേഡിപ്പാർട്ടുമെൻറിലെ നിയമനങ്ങളുടെ ജാതിതിരിച്ചുള്ള പട്ടിക.

മി: തയ്യിൽകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): സർവെ ഡിപ്പാർട്ടുമെൻറിൽ ഇപ്പോഴുള്ള ഉദ്യോഗസ്ഥന്മാരുടേയും കഴിഞ്ഞനാലുവർഷകാലമായി അതായതു ൧൧൨൫ മുതൽ ൧൧൨൯ വരെ നിയമിച്ചിട്ടുള്ള ഉദ്യോഗസ്ഥന്മാരുടേയും ജാതി തിരിച്ചുള്ള ഒരു പട്ടിക സമേമ്പാകെ ഹാജരാക്കാമോ?

മി: ററി. പി. രാമസുബ്ബയ്യർ (ഗവൺമെൻറു സെക്രട്ടറി): സർവ്വേഡിപ്പാർട്ടുമെൻറിൽ ഇപ്പോഴുള്ള ഉദ്യോഗസ്ഥന്മാരുടെ ജാതിതിരിച്ചുള്ള ഒരു പട്ടികയും ൧൧൨൫-മുതൽ ൧൧൨൯വരെ അവിടെ നിയമിതരായുള്ളവരുടെ ജാതിതിരിച്ചുള്ള മറെറാരു പട്ടികയും ഇതാഹാജരാക്കിയിരിക്കുന്നു.*

൨൧൬. ജുഡിഷ്യൽ വകുപ്പിലെ നിയമനങ്ങളുടെ ജാതിതിരിച്ചുള്ള പട്ടിക.

മി: തയ്യിൽകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): (എ) (എ) കഴിഞ്ഞ മൂന്നുവർഷങ്ങളായി, അതായതു ൧൧൨൬-മുതൽ ൧൧൨൯ വരെ ഹൈക്കോടതിയിൽനിന്നും ജുഡിഷ്യൽ ഡിപ്പാർട്ടുമെൻറിൽ സ്ഥിരമായും പകരമായും നിയമിച്ചിട്ടുള്ള ഗുമസ്തന്മാരുടെ ജാതിതിരിച്ചുള്ള ഒരു പട്ടിക ഹാജരാക്കാമോ?

(ബി) (എ) കഴിഞ്ഞ മൂന്നുവർഷങ്ങളായി, അതായതു ൧൧൨൬ മുതൽ ൧൧൨൯ വരെ സർവീസിൽ ഇരിക്കുന്നവരിൽനിന്നും മുൻസിഫന്മാരായി നിയമിച്ചിട്ടുള്ള ആളുകളുടെ ജാതിതിരിച്ചുള്ള ഒരു പട്ടിക ഹാജരാക്കാമോ?

(സി) മേൽപറഞ്ഞപ്രകാരം ചെയ്തിട്ടുള്ള നിയമനങ്ങൾ സർവീസു സീനിയോറിട്ടി മുറക്കു ചെയ്തിട്ടുള്ളതോ അല്ലാ സർവീസു കൂടുതൽ ഉള്ള ആളുകളുടെ ന്യായമായ അവകാശങ്ങളെ വിഗണിച്ചു സർവീസ് കുറഞ്ഞ ആളുകളെ നിയമിച്ചിട്ടുള്ളതോ എന്നറിഞ്ഞാൽ കൊള്ളാം.

മി: കെ. ജാർജ്ജ് (ഗവൺമെൻറു ചീഫ് സെക്രട്ടറി) (എ) (എ) ആവശ്യപ്പെട്ടവിവരം അടങ്ങിയ ഒരു പട്ടിക ഇതാ ഹാജരാക്കിയിരിക്കുന്നു.

* (അഞ്ചു എ.ം അഞ്ചു ബി ം അനുബന്ധങ്ങൾ നോക്കുക)

(൩-ാം അനുബന്ധം നോക്കുക).

സിവിൽകോർട്ടു ഗൈഡിലെ ൧൮൯-ാം ചട്ടം ഒന്നാം ഖണ്ഡപ്രകാരം ഹൈക്കോടതി ഒന്നാംജഡ്ജിക്കു കിട്ടിയിട്ടുള്ള അധികാരം അനുസരിച്ചു അദ്ദേഹം ഹൈക്കോടതി ആഫീസിൽ ചെയ്തിട്ടുള്ള നിയമനങ്ങളും ഈ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ടു.

(ബി) ഒരു ബ്രാഹ്മണനും രണ്ടുനായന്മാരും.

(൨) സർവീസിൽനിന്നും മുൻസിഫന്മാരെ നിയമിച്ചിട്ടുള്ളതു സീനിയാറിട്ടി മുറയ്ക്കാണ്. ഗുമസ്താക്കളെ ആദ്യമായി നിയമിക്കുന്ന സന്ദർഭങ്ങളിൽ സീനിയാറിട്ടിയെപ്പറ്റി ആലോചിക്കാൻ മാർഗ്ഗമില്ലല്ലോ.

രജിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറിലുള്ള ജാതി തിരിച്ചുള്ള പട്ടിക.

൨൧൭. മി: തയ്യിൽകുഞ്ഞിതൊമ്മൻ (മൂവാററുപുഴ തൊടുപുഴ): (൧) മുൻപിലത്തെ രജിസ്ട്രേഷൻ ഡയറക്ടർ അദ്ദേഹത്തെ ആസ്ഥാനത്തു നിയമിച്ചകാലം മുതൽ ൧൧൦൨ കന്നി ൩൦-ാംനു-വരെ രജിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറിൽ സ്ഥിരമായും പകരമായും നിയമിച്ചിട്ടുള്ള ബ്രാഹ്മണർ, നായന്മാർ, കത്തോലിക്ക ക്രിസ്ത്യാനികൾ, ഇതര ക്രിസ്ത്യാനികൾ, ഈഴവർ, മഹമ്മദീയർ ഇവരുടെ എണ്ണം, ശമ്പളം ഇവയും ഇവരിൽ തിരുവല്ലാതാലൂക്കു കാരനായ എത്ര പേർ ഉണ്ടെന്നും ഉള്ള വിവരങ്ങൾ അടങ്ങിയ ഒരു പട്ടിക സഭ മുമ്പാകെ ഹാജരാക്കാമോ?

(൨) രജിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറിൽ ഇപ്പോഴുള്ള രജിസ്ട്രാർമാരുടെ ജാതിതിരിച്ചുള്ള ഒരു പട്ടിക സഭമുമ്പാകെ ഹാജരാക്കാമോ?

മി: കെ. ജാർജ് (ഗവൺമെൻറു ചീഫ് സെക്രട്ടറി): (൧) മെംബർ ആവശ്യപ്പെടുന്ന വിവരങ്ങൾ അടങ്ങിയ ഒരു പട്ടിക ഇതാ ഹാജരാക്കിയിരിക്കുന്നു.*

(൨) ൧-൭-൧൧൦൨-വരെ ശരിപ്പെടുത്തിയിട്ടുള്ള സിവിൽ ലിസ്റ്റിലേക്കു മെംബറിന്റെ ശ്രദ്ധയെ ആകർഷിച്ചു കൊള്ളുന്നു.

വന്യമൃഗങ്ങളിൽനിന്നും ജനങ്ങൾ, കന്നുകാലികൾ, കൃഷി ഇവയ്ക്കുണ്ടായി കൊണ്ടിരിക്കുന്ന നാശം.

൨൧൮. മി: തയ്യിൽകുഞ്ഞിതൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): (൧) കാട്ടാനകൾ കടുവാ മുതലായുള്ള വന്യ മൃഗങ്ങളിൽനിന്നും ജനങ്ങൾ, കന്നുകാലികൾ, കൃഷി ഇവയ്ക്കു ആണ്ടോടാണ്ടു വളരെ നാശം ഉണ്ടായികൊണ്ടിരിക്കുന്നു എന്നുള്ളതു് ഗവൺമെൻറിനറിയാമോ?

(൨) അറിയാമെങ്കിൽ ഈ കഴിഞ്ഞ ൧൧൦൨-ാം മാണ്ടു മൂവാററുപുഴ താലൂക്കിലുള്ള കോതമംഗലം കുട്ടമംഗലം ഈ പകുതികളിലും തൊടുപുഴ താലൂക്കിലുള്ള കരിമണ്ണൂർ, കാരിക്കോട്ടു, ഈ പകുതികളിലും ഇങ്ങനെയുള്ള വന്യമൃഗങ്ങളാൽ എത്ര ആളുകൾ കൊല്ലപ്പെട്ടു എന്നും എത്ര കന്നുകാലികൾ നശിപ്പിക്കപ്പെട്ടു എന്നും എത്ര ഏക്കർ കൃഷിചെയ്തിട്ടുള്ള ഭൂമി ഉപയോഗശൂന്യമാക്കപ്പെട്ടു എന്നും ഉള്ള വിവരങ്ങൾ അടങ്ങിയ ഒരു പട്ടിക സഭമുമ്പാകെ ഹാജരാക്കാമോ?

(൩) ഇതിലേക്കുള്ള വിവരങ്ങൾ ഗ്രഹിക്കുന്നതിനു് ഗവൺമെൻറു ഇപ്പോൾ യാതൊരു ഏർപ്പാടും ചെയ്തിട്ടില്ലെങ്കിൽ ഒഴിച്ചിടപ്പെട്ട വനങ്ങളിലുള്ള എല്ലാ താലൂക്കുകളിലുംനിന്നും ഇത്തരത്തിലുള്ള വിവരങ്ങൾ അറിയിക്കണമെന്നു ഉത്തരവു കൊടുക്കുവാൻ ഗവൺമെൻറിനു ദയവുണ്ടാകുമോ?

മി: ററി. പി. രാമസുബ്ബയ്യർ (ഗവൺമെൻറു സെക്രട്ടറി) (൧) മറുപടി നിഷേധരൂപത്തിലാകുന്നു.

(൨) യാതൊരു കണക്കുകളും ഇപ്പോൾ ഇവിടെ ഇല്ല.

(൩) ഈ കാര്യത്തെപ്പററി ആലോചിക്കുന്നതായിരിക്കും.

തോക്കുകൾക്കുള്ള ലൈസൻസു.

൨൧൯. മി: തയ്യിൽകുഞ്ഞിതൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): (൧) ൧൧൦൨-ൽ ഓരോ താലൂക്കിൽനിന്നും ഓരോ ഡിവിഷൻ കച്ചേരിയിലും കിട്ടീട്ടുള്ള തോക്കുകൾക്കുള്ള ലൈസൻസിനുള്ള അപേക്ഷകളുടെ എണ്ണം എത്രയെന്നും ൧൧൦൨ കന്നി ൩൦-ാംനു വരെ നൽകപ്പെട്ടിട്ടുള്ള ലൈസൻസുകളുടെ എണ്ണം എത്രയെന്നും കാണിക്കുന്ന ഒരു പട്ടിക സഭമുമ്പാകെ ഹാജരാക്കാമോ?

(൨) തോക്കുകൾക്കുള്ള ലൈസൻസുകൾ പുതുക്കുവാനുള്ള അപേക്ഷകളെപ്പററി കേൾക്കുന്നതിനും തീരുമാനിക്കുന്നതിനും ഉള്ള അധികാരം താലൂക്കു തഹശീൽദാരന്മാർക്കും മജിസ്ട്രേട്ടന്മാർക്കും നൽകുന്നതിനു ഗവൺമെൻറിനു ദയവുണ്ടാകുമോ?

മി: കെ. ജാർജ് (ഗവൺമെൻറു ചീഫ് സെക്രട്ടറി): (൧) മെംബർ ആവശ്യപ്പെടുന്ന പട്ടിക ഇതാ സഭമുമ്പാകെ ഹാജരാക്കിയിരിക്കുന്നു.

൮-ാം അനുബന്ധം നോക്കുക.

(൨) മറുപടി നിഷേധരൂപത്തിലാകുന്നു.

തേക്കിന്റെ കുടിവില.

൨൨൦. മി: തയ്യിൽകുഞ്ഞിതൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): (എ) ൧൧൦൨ കന്നി അവസാനംവരെ തേക്കിന്റെ കുടിവില വകയിൽ ജനങ്ങൾക്കു എത്ര ലക്ഷം രൂപാ ചെല്ലുവാനുണ്ടു?

(ബി) ൧൧൦൧ അവസാനംവരെയുള്ള കുടിവില എങ്കിലും ൧൧൦൧ അവസാനത്തിനു മുമ്പു കൊടുത്തു തീർക്കുന്നതിനു ഗവൺമെൻറിൽനിന്നും വേണ്ട ഏർപ്പാടു ചെയ്യുമോ?

മി: ററി. പി. രാമസുബ്ബയ്യർ (ഗവൺമെൻറു സെക്രട്ടറി): (എ) ഉദ്ദേശം രണ്ടുലക്ഷം രൂപായോളം വരും. കിടപ്പുള്ള അപേക്ഷകൾ മുഴുവൻ കേട്ടു തീരുമാനിച്ചതിനുശേഷം മാത്രമെ ശരിയായിട്ടുള്ള തുക കണ്ടുപിടിക്കുവാൻ നിവൃത്തിയുള്ളു.

(ബി) അവകാശങ്ങളുടെ ന്യായം തീരുമാനിക്കാവുന്നതിലുണ്ടാകുന്ന നിയമസംബന്ധമായ കുഴപ്പങ്ങൾ അവകാശസ്ഥാപനയിൽ കക്ഷികൾക്കുള്ള ഒരുക്കം ഇവയെ അടിസ്ഥാനമാക്കിമാത്രമേ പണം കൊടുക്കാൻ നിവൃത്തിയെയുള്ളു എന്നതുകൊണ്ടു അതിനു ഒരു കാലാവധി നിർണ്ണയിക്കുവാൻ നിവൃത്തിയില്ല.

---

* (൭-ാം അനുബന്ധം നോക്കുക)

കുടിവിലയെ പററിയുള്ള അപേക്ഷകൾ തീരുമാനിക്കുന്നതിനെ സംബന്ധിച്ച മാസകണക്കുകൾ വനം കൺസർവേറററുടെ പക്കൽനിന്നും ഇവിടെ കിട്ടികൊണ്ടിരിക്കുന്നുണ്ട്. ഗവൺമെൻറ അതിനെ വേണ്ട പോലെ പരിശോധിക്കുന്നുമുണ്ട്. തത്സംബന്ധമായ ജോലികൾ വേണ്ടിടത്തോളം ചെയ്തു തീർക്കാത്തതായി കാണപ്പെട്ട രണ്ടു ഡിവിഷനിൽനിന്നും രണ്ടാഴ്ചയിൽ ഒരിക്കൽവീതം മേൽപറഞ്ഞ റിപ്പോർട്ടുകൾ അയച്ചുകൊള്ളേണ്ടതാണെന്നു കൺസർവേറററ്ക്ക് ഈയിടെ ഉത്തരവു കൊടുത്തിട്ടുണ്ട്.

സമുദായത്തെ അടിസ്ഥാനമാക്കിയുള്ള പരസ്പരസഹായസംഘങ്ങൾ.

൨൨൧. തരിയതു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): (എ) സമുദായത്തെ അടിസ്ഥാനമാക്കി പരസ്പര സഹായസംഘങ്ങൾ രൂപീകരിച്ചുകൂടാ എന്നു ഗവൺമെൻറിൽനിന്നും ആജ്ഞാപിച്ചിട്ടുണ്ടോ?

(ബി) ആജ്ഞാപിച്ചിട്ടുണ്ടെങ്കിൽ ആ ഉത്തരവിൻെറ തീയതി ഏത്?

(സി) ആ ഉത്തരവുണ്ടായതിനുശേഷം ഏതെങ്കിലും സൊസയിററി രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ടോ?

(ഡി) ഉണ്ടെങ്കിൽ അപ്രകാരം രജിസ്റ്ററാക്കപ്പെട്ട സംഘങ്ങളുടെ എണ്ണവും അവ ഏതേതു സമുദായങ്ങളുടെ വകയാണെന്നുള്ള വിവരവും അടങ്ങിയ ഒരു പട്ടിക ഹാജരാക്കാമോ.

മി: ററി. പി. രാമസുബ്ബയ്യർ (ഗവൺമെൻറ സെക്രട്ടറി): (എ, ബി) ഗവൺമെൻറ പരസ്പരസഹായ സംഘരജിസ്ട്രാർ സമുദായത്തെ അടിസ്ഥാനപ്പെടുത്തി പരസ്പരസഹായസംഘങ്ങൾ രജിസ്റ്റർ ചെയ്തുകൂടാ എന്നു ഒരു ഉത്തരവു പാസ്സാക്കിയിട്ടില്ല. എന്നാൽ [illegible] ഏപ്രിൽ [illegible]-ാം തീയതി പരസ്പരസഹായസംഘരജിസ്ട്രാർ അയച്ചിട്ടുള്ള ഒരു സർക്കുലറിൽ സമുദായത്തെ അടിസ്ഥാനമാക്കി പരസ്പരസഹായസംഘങ്ങൾ രൂപീകരിക്കുന്നതു പരസ്പരസഹായതത്വത്തിൻെറ പ്രമാണങ്ങൾക്കും ആദർശങ്ങൾക്കും എത്രയോ വിപരീതമായിട്ടുള്ളതാണെന്നു ചൂണ്ടിക്കാണിക്കുകയും അപ്രകാരമുള്ള സംഘങ്ങളെ രജിസ്റ്റർചെയ്യുന്നതിനായി വരുന്ന അപേക്ഷകളെ സംബന്ധിച്ചു ആ ഡിപ്പാർട്ടുമെൻറിലുള്ള ഉദ്യോഗസ്ഥന്മാർ ഏതൊരു പ്രകാരത്തിൽ തീരുമാനിക്കണമെന്നു വിശദമാക്കുകയും ചെയ്തിട്ടുണ്ട്.

(സി) രജിസ്ട്രാരുടെ സർക്കുലറിനുശേഷം സാമുദായികസംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) മെമ്പർ ആവശ്യപ്പെടുന്ന പട്ടിക ഇതാ ഹാജരാക്കിയിരിക്കുന്നു.*

ഉപ്പു കുത്തക.

൨൨൨. മി: ററി. കുമാരപിള്ള (കല്ക്കുളം-വിളവങ്കോട്ട): ഗവൺമെൻറിലേക്കു ആണ്ടോടാണ്ടു നൽകേണ്ടതായ ഉപ്പിനെ സംബന്ധിച്ച ലൈസൻസികൾ കരാറുകൾ എഴുതി വച്ചിട്ടുണ്ടോ എന്നറിഞ്ഞാൽകൊള്ളാം.

മി: ററി. പി. രാമസുബ്ബയ്യർ (ഗവൺമെൻറ സെക്രട്ടറി): മാഡിഫൈഡ് എക്സൈസു ഫാക്ടറിസിലുള്ള ലൈസൻസികൾ കരാർ എഴുതി വച്ചിട്ടുണ്ട്. അതിൽ ആണ്ടോടാണ്ടു അവർ ഗവൺമെൻറിലേക്കു നൽകേണ്ട ഉപ്പിൻെറ തൂക്കം പ്രസ്താവിച്ചിട്ടുണ്ട്.

മി: ററി. കുമാരപിള്ള (കല്ക്കുളം-വിളവങ്കോട്ട): ഉടമ്പടി എഴുതി വച്ചിട്ടുള്ളവരിൽ ആരും ഉപ്പു ഗവൺമെൻറിലേക്കു കൊടുക്കാതിരുന്നിട്ടുണ്ടോ?

മി: ററി. പി. രാമസുബ്ബയ്യർ (ഗവൺമെൻറ സെക്രട്ടറി): ഇതൊരു ഉപചോദ്യമാണെന്നു കരുതി അതിനുത്തരം തയാറാക്കിയിട്ടില്ല.

കറുപ്പും കഞ്ചാവും ഷാപ്പുകളിലെ തവണ.

൨൨൩. മി: ററി. കുമാരപിള്ള (കല്ക്കുളം-വിളവങ്കോട്ട): (എ) ഷാപ്പുടമസ്ഥന്മാർക്കു കറുപ്പും കഞ്ചാവും കൊടുക്കുന്നതു ഷാപ്പിലെ തവണയെ അടിസ്ഥാനമാക്കിയാണോ?

(ബി) കൊല്ലത്തും തിരുവനന്തപുരത്തും ഉള്ള ഷാപ്പുടമസ്ഥന്മാർക്കു കറുപ്പും കഞ്ചാവും കൊടുത്തിട്ടുള്ളതു അവിടത്തെ ഷാപ്പുകൾക്കു് നിശ്ചയിച്ചിട്ടുള്ള തവണകളെ അടിസ്ഥാനമാക്കിയാണോ?

മി: ററി. പി. രാമസുബ്ബയ്യർ (ഗവൺമെൻറ സെക്രട്ടറി): (എ) അല്ലാ. ഷാപ്പിൽ വ്യാപാരത്തിനു ആവശ്യമുള്ള തൂക്കത്തിനെ അടിസ്ഥാനമാക്കിയാണ്.

(ബി) മറുപടി നിഷേധരൂപത്തിലാകുന്നു.

കറുപ്പും കഞ്ചാവും ഷാപ്പു വില്പന.

൨൨൪. മി: ററി. കുമാരപിള്ള (കല്ക്കുളം-വിളവങ്കോട്ട): (എ) അബ്കാരി ലേലവില്പനയെ സംബന്ധിച്ചു ഗസററിൽ പരസ്യം ചെയ്ക എന്നുള്ളതു ആവശ്യമായിട്ടുള്ളതാണോ?

(ബി) ആവശ്യമായിട്ടുള്ളതാണെങ്കിൽ ആദ്യം നിശ്ചയിച്ചിരുന്ന തീയതി ലേലം നടത്തുവാൻ സാധിക്കാത്തപക്ഷം വീണ്ടും ഗസററിൽ പരസ്യം ചെയ്യേണ്ട ആവശ്യം ഉണ്ടോ?

മി: ററി. പി. രാമസുബ്ബയ്യർ (ഗവൺമെൻറ സെക്രട്ടറി):

(എ) അല്ല. എന്നാൽ അബ്കാരി ലേലവില്പനയെ സംബന്ധിച്ചുള്ള നോട്ടീസുകൾ സാധാരണയായി ഗസററിൽ പരസ്യം ചെയ്തുവരാറുണ്ട്.

(ബി) അങ്ങനെ ചെയ്യേണ്ട ആവശ്യമില്ല. രണ്ടാമതു നിശ്ചയിക്കുന്ന തീയതിയെ സംബന്ധിച്ചു സ്ഥലത്തു ഒരു വിജ്ഞാപനം നൽകിയാൽമാത്രം മതിയാകുമെന്നുള്ളതാണ്.

ചോദ്യങ്ങളുടേയും ഉത്തരങ്ങളുടേയും ഭാഷ.

൨൨൫. മി: തയ്യത് കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): ചോദ്യോത്തരങ്ങൾ ഇംഗ്ലീഷിൽ പരസ്യം ചെയ്യുന്നതുനിമിത്തം ഉപചോദ്യങ്ങൾ ചോദിക്കുന്ന വിഷയത്തിൽ മെമ്പറന്മാർക്കു വളരെ പ്രയാസം നേരിടുന്നുണ്ടെന്നുള്ള സംഗതി ഗവൺമെൻറിനു അറിയാമോ?

മി: ററി. പി. രാമസുബ്ബയ്യർ (ഗവൺമെൻറ സെക്രട്ടറി): അല്പം ചില മെമ്പറന്മാർക്കു ബുദ്ധിമുട്ടുള്ളതായി ഗവർമെൻറിനു അറിയാം:

---

* (൯-ാം അനുബന്ധം നോക്കുക)

ഹജൂർ മെഡിക്കൽ ആഫീസക്കു മരുന്നുകൾ കൊടുക്കുന്നതു്.

൧൧൩. മി: എം. എൻ. പിള്ള (തിരുവനന്തപുരം): ൧൦൯൭-മുതൽ ൧൦൯൯-വരെ മൂന്നു വർഷങ്ങളിലും ൧൧൦൦-ൽ മേടമാസംവരെയും ഹജൂർ ഡിസ്പെൻസറിയിലേക്കു കൊടുത്തിട്ടുള്ള ഓരോ പേറ്റൻറു മരുന്നുകളുടേയും മററു പ്രത്യേകമരുന്നുകളുടേയും പേരു പരിമാണം വില ഇവ എന്തെന്നറിഞ്ഞാൽകൊള്ളാം.

(ബി) മരുന്നുകൊടുക്കുന്നതു് ഏതു ഉദ്യോഗസ്ഥൻെറ ഉത്തരവനുസരിച്ചാകുന്നു? ആ ഉദ്യോഗസ്ഥൻെറ പേരെന്തു്? കൊടുക്കുന്നതിനേയും നീക്കിഇരിപ്പിനേയും ഏതെങ്കിലും ഉദ്യോഗസ്ഥൻ തിട്ടപ്പെടുത്തുന്നുണ്ടോ? ഉണ്ടെങ്കിൽ അതു ആരാണ്? ഒരു വർഷത്തിൽ എത്ര പ്രാവശ്യം ഏതെല്ലാം കാലങ്ങളിലാണ് ഇപ്രകാരം തിട്ടപ്പെടുത്തുന്നതു്.

(സി) ഓരോ ആണ്ടിലും ഇത്ര മരുന്നുകൾ മാത്രമേ കൊടുക്കാവൂ എന്നു നിശ്ചയിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ എത്ര ആണ്.

(ഡി) ഹജൂർ മെഡിക്കൽ ആഫീസർ ഇൻഡൻറുകൾ എപ്പോഴാണു സാധാരണയായി സമർപ്പിക്കാറുള്ളതു്?

(ഇ) ൧൦൯൯-ലെ ഇൻഡൻറുകൾ എപ്പോൾ അയച്ചു? എപ്പോൾ പാസ്സാക്കി? എപ്പോൾ പരിശോധിച്ചു? മരുന്നുകൾ എപ്പോൾ കൊടുത്തു?

മി: കെ. ജാർജ്ജ് (ഗവർമെൻറു ചീഫ്സിക്രട്ടറി):

(എ) ൧൦൯൭-൧൦൯൮-൧൦൯൯-ഈ വർഷങ്ങളിലും ൧൧൦൦-ൽ മേടമാസംവരെയും ഹജൂർ മെഡിക്കൽ ആഫീസക്കു കൊടുത്തിട്ടുള്ള പേറ്റൻറു മരുന്നുകൾ മുതലായവയുടെ പേരു, പരിമാണം, വില ഇവ അടങ്ങിയ ഒരു പട്ടിക, ഇതാ ഹാജരാക്കിയിരിക്കുന്നു.

(പത്താം അനുബന്ധം നോക്കുക)

(ബി) സ്റ്റോറിൽനിന്നും മരുന്നുകൾ കൊടുത്തതു ഡർബാർ ഫിസിഷ്യൻെറ ഉത്തരവനുസരിച്ചാണു. സാധാരണയായി ഹജൂർ ഡിസ്പെൻസറിയിലെ സ്റ്റാക്കോ അവിടേക്കു അയക്കുന്ന മരുന്നുകളേയൊ ഡർബാർ ഫിസിഷ്യൻ പരിശോധിക്കുന്ന പതിവുണ്ടായിരുന്നില്ല.

(സി) ആണ്ടുതോറും ഇത്ര മരുന്നുകളെ കൊടുക്കാവൂ എന്നു ക്ളിപ്തപ്പെടുത്തിയിട്ടില്ല.

(ഡി) ആവശ്യമുണ്ടാകുന്നതനുസരിച്ചു ഹജൂർ മെഡിക്കൽ ആഫീസർ ഇൻഡൻറുകൾ സമർപ്പിക്കുന്നു.

(ഇ) ൧൦൯൯-ൽ അഞ്ചു ഇൻഡൻറുകൾ പല അവസരങ്ങളിലായി സമർപ്പിക്കപ്പെടുകയും ഡർബാർ ഫിസിഷ്യൻ പാസ്സാക്കുകയും അതനുസരിച്ചുള്ള മരുന്നുകൾ നൽകുകയും ചെയ്തിട്ടുണ്ട്.

മെഡിക്കൽ ഡിപ്പാർട്ടുമെൻറിലെ നിയമനവും മെഡിക്കൽ

ആഫീസന്മാരുടെ സ്ഥലം മാററവും.

൧൧൪. മി: എം. എൻ. പിള്ള (തിരുവനന്തപുരം):

(൧) മെഡിക്കൽ ഡിപ്പാർട്ടുമെൻറിലെ അസിസ്റ്റൻറു സർജ്ജൻ, ഡെപ്യൂട്ടി സർജ്ജൻ എന്നീ ഉദ്യോഗങ്ങളിൽ ൨൧ ഹിന്ദുക്കളും ൩൩ ക്രിസ്ത്യാനികളും ഉണ്ടെന്നുള്ളതിൽനിന്നും ഈ ഗ്രേഡുകളിൽ ഹിന്ദുസമുദായത്തിനും ക്രിസ്ത്യസമുദായത്തിനും തമ്മിൽ വലുതായ അസമത്വം ഉണ്ടെന്നുള്ള സംഗതി ഗവർമ്മെൻറിനറിയാമോ?

(൨) മേലാൽ ഈ ക്രമം ശരിയാകുന്നവരെ നിയമനവിഷയത്തിൽ ഹിന്ദുക്കൾക്കു പ്രത്യേകത നൽകണമെന്നു മേലധികാരികളോടു ഗവർമ്മെണ്ടിൽനിന്നും ആജ്ഞാപിക്കുമോ?

(൩) സർ പി. രാജഗോപാലാചാരി ദിവാൻജി ആയിരുന്ന കാലത്തു ഇപ്രകാരം ഒരു ഉത്തരവു ഉണ്ടായിട്ടുണ്ട് എന്നുള്ളതു പരമാർത്ഥംതന്നെയോ? പരമാർത്ഥം തന്നെയെങ്കിൽ അതനുസരിച്ചു പ്രവർത്തിക്കാത്തതു എന്തുകൊണ്ട്?

(൪) ഒരേ സ്ഥലത്തു ൩ വർഷത്തിൽകൂടുതൽ കാലം ജോലിയായി ഇരിക്കുവാൻ അനുവദിക്കപ്പെട്ടിട്ടുള്ള മെഡിക്കൽ ഉദ്യോഗസ്ഥന്മാരുടെ പേരു ഓരോ സ്ഥലത്തും അവർ ഇരുന്നിട്ടുള്ള കാലം, ഇത്രവളരെ കാലം ഇവരെ ഒരേ സ്ഥലത്തു വച്ചുകൊണ്ടിരിക്കാനുള്ള കാരണം ഇവയടങ്ങിയ ഒരു പട്ടിക സഭ മുമ്പാകെ ഹാജരാക്കാമോ?

മി: കെ. ജാർജ്ജ് (ഗവർമ്മെൻറു ചീഫ് സിക്രട്ടറി): മെഡിക്കൽ ഡിപ്പാർട്ടുമെൻറിലെ അസിസ്റ്റൻറു സർജ്ജൻ ഡിപ്യൂട്ടി സർജ്ജൻ ഈ ഗ്രേഡുകളിൽ ഹിന്ദുക്കൾക്കും ക്രിസ്ത്യാനികൾക്കും ഒരുപോലെ പ്രാതിനിധ്യം ലഭിച്ചിട്ടില്ലെന്നു ഗവർമ്മെണ്ടിനു അറിയാം. എന്നാൽ മെമ്പർ പറയുംപോലെ ഈ അസമത്വം "അത്രവലിയതു" അല്ല. അതിനുംപുറമെ ഒരു ഡിപ്പാർട്ടുമെൻറിലെ ഭിന്നഗ്രേഡുകളിലും സമുദായപ്രാതിനിധ്യമുണ്ടായിരിക്കണമെന്നുള്ള പ്രമാണത്തെ ഗവർമ്മെണ്ടു അംഗീകരിക്കാൻ ഒരുക്കവുമില്ല.

(൨) ഓരോ ഡിപ്പാർട്ടുമെൻറിലും ഭിന്നസമുദായങ്ങളെ ഒരുപോലെ പ്രതിനിധീകരിക്കണമെന്നുള്ള പ്രമാണം സ്വീകാരയോഗ്യമല്ലെങ്കിലും വളരെ കുറവായി മാത്രം പ്രാതിനിധ്യം ലഭിച്ചിട്ടുള്ള സമുദായങ്ങളുടെ സംഗതിയെപ്പററി സൌകര്യമുണ്ടാകുമ്പോൾ ആളെ മാറി ഉദ്യോഗത്തിൽ നിയമിക്കുന്നതിനെ സംബന്ധിച്ചും സമുദായപ്രാതിനിധ്യത്തെ പ്രയോഗിക്കുന്നതിൽ അടിസ്ഥാനമായിട്ടുള്ള സാധാരണ തത്വങ്ങളെ ആസ്പദമാക്കിയും ഗവർമ്മെണ്ടു ആലോചിക്കുന്നതായിരിക്കും.

(൩) തിരുവിതാംകൂർകാരായിട്ടുള്ള ബ്രാഹ്മണ മുഹമ്മദീയ ഈഴവ അപേക്ഷകന്മാർക്കു് "ഉന്നികൂറെകൊടുക്കുക" പ്രത്യേകത നൽകിക്കൊള്ളേണ്ടതാണെന്നു ൧൦൯൮-ൽ ഒരു ഗവർമ്മെണ്ടുത്തരവുണ്ടായി. എന്നാൽ ഇതു തൽക്കാലത്തേക്കുമാത്രമുള്ള ഏർപ്പാടുമാത്രമായിരുന്നു.

(൪) ൧൦൯൩ ജൂലായി ൩൧-ാംനു-വരെക്കു ശരിപ്പെടുത്തപ്പെട്ടിട്ടുള്ള ഒരു പട്ടിക ഹാജരാക്കിയിരിക്കുന്നു.

(൧൧-ാം അനുബന്ധം നോക്കുക) അവരുടെ സ്ഥലംമാററം സൌകര്യമായി നടത്താൻ ഇടയില്ലായ്കയാണു എന്നുള്ളതൊഴികെ പട്ടികയിൽ പറയുന്ന ഉദ്യോഗസ്ഥന്മാരെ ഒരേസ്ഥലത്തു വച്ചുകൊണ്ടിരിക്കുന്നതിന് മറവു

പ്രത്യേകകാരണങ്ങൾ ഒന്നുംതന്നെയില്ല. എന്നാൽ കണ്ണാശുപത്രിയിലെ മെഡിക്കൽ ആഫീസരുടെയും സ്ത്രീകളായിട്ടുള്ള മെഡിക്കൽ ഉദ്യോഗസ്ഥകളുടേയും കാര്യം അങ്ങിനെയല്ല.

മി: എം. എൻ. പിള്ള (തിരുവനന്തപുരം) ബ്രാഹ്മണർ, മഹമ്മദീയർ, ഈഴവർ ഇവരിൽ എത്രപേർ മെഡിക്കൽ ഡിപ്പാർട്ടുമെൻറിൽ ഉദ്യോഗത്തിനു അപേക്ഷിച്ചിട്ടുണ്ട്?

മി: കെ. ജാർജ്ജ് (ഗവർമ്മെണ്ടു ചീഫ്സിക്രട്ടറി) എനിക്കറിഞ്ഞുകൂടാ.

മി: എം. എൻ. പിള്ള (തിരുവനന്തപുരം) പ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്ത സമുദായത്തിൽപെട്ട അപേക്ഷകന്മാരെ മെഡിക്കൽ ഡിപ്പാർട്ടുമെൻറിൽ നിയമിച്ചുകൊള്ളേണ്ടതാണെന്നു സർ. പി. രാജഗോപാലാചാരിയുടെ കാലത്തു ഒരു ഉത്തരവുണ്ടായിട്ടുണ്ട്. ആ ഉത്തരവിനെ റദ്ദുചെയ്യുന്നതിനുള്ള കാരണം എന്തെന്നറിഞ്ഞാൽ കൊള്ളാം.

മി: കെ. ജാർജ്ജ് (ഗവർമ്മെണ്ടു ചീഫ്സെക്രട്ടറി) ഉത്തരവ് റദ്ദ് ചെയ്യപ്പെട്ടിട്ടില്ല. "കുറെക്കാലത്തേക്ക്" ബ്രാഹ്മണർ, മഹമ്മദീയർ, ഈഴവർ ഈ സമുദായങ്ങളിൽ പെട്ട അപേക്ഷകന്മാർക്ക പ്രത്യേകത നൽകേണ്ടതാണെന്നു മാത്രമെ ആ ഉത്തരവിൽ പ്രസ്താവിച്ചിട്ടുണ്ടായിരുന്നുള്ളു.

മി: എം. എൻ. പിള്ള (തിരുവനന്തപുരം) ഈഴവർ മഹമ്മദീയർ ഈ സമുദായങ്ങളിൽനിന്നു അനേകം ആളുകളെ ഈ ഡിപ്പാർട്ടുമെൻറിൽ നിയമിച്ചുകൊണ്ടാണോ മുൻപറഞ്ഞ ഉത്തരവിനെ റദ്ദുചെയ്തതു്?

മി: കെ. ജാർജ്ജ് (ഗവർമ്മെണ്ടു ചീഫ്സിക്രട്ടറി) ഉത്തരവിനെ റദ്ദ് ചെയ്തിട്ടില്ല. ഉത്തരവിൽതന്നെ പറഞ്ഞിട്ടുള്ളതു "മേലാൽ കുറെക്കാലത്തേക്ക്" എന്നാണ്.

മി: എം. എൻ. പിള്ള (തിരുവനന്തപുരം) മെഡിക്കൽ ഡിപ്പാർട്ടുമെൻറിൽ ൧൦൯൩-നു ശേഷം സബ് അസിസ്റ്റൻറ് സർജ്ജന്മാരായി എത്രപേരെ നിയമിച്ചിട്ടുണ്ടെന്നറിഞ്ഞാൽ കൊള്ളാം.

മി: കെ. ജാർജ്ജ് (ഗവർമ്മെണ്ടു ചീഫ് സിക്രട്ടറി) സിവിൽലിസ്റ്റിൽനിന്നു ഇതിൻെറ മറുപടി അറിയാവുന്നതാണ്.

മി: എം. എൻ. പിള്ള (തിരുവനന്തപുരം) എൻെറ ചോദ്യത്തിൻെറ ൪-ാം ഭാഗത്തെ സംബന്ധിച്ചു ഇത്ര വളരെ ആളുകളെ അതേസ്ഥലത്തുതന്നെ വച്ചുകൊണ്ടിരിക്കുന്നതിനുള്ള കാരണം എന്തെന്നറിഞ്ഞാൽ കൊള്ളാം. പ്രത്യേകകാരണമൊന്നുമില്ലെന്നു ഗവർമ്മെണ്ടു പറയുന്നു. ഉദ്യോഗസ്ഥന്മാരെ പലപ്പോഴും ഒരു വർഷത്തിൽ ൧൦-ം ൧൨-ം പ്രാവശ്യം വീതം സ്ഥലം മാററിവരുന്നതായും നാം കാണുന്നുണ്ട്.

മി: കെ. ജാർജ്ജ് (ഗവർമ്മെണ്ടു ചീഫ്സിക്രട്ടറി) ഈ സ്ഥലം മാററങ്ങൾക്ക വല്ല പ്രത്യേകകാരണങ്ങളും ഉണ്ടായിരിക്കും.

മി: എം. എൻ. പിള്ള (തിരുവനന്തപുരം) ഇവരെ ഒരേസ്ഥലത്തുവച്ചു കൊണ്ടിരിക്കുവാൻ വല്ല പ്രത്യേക കാരണവുമുണ്ടോ?

മി: കെ. ജാർജ്ജ് (ഗവർമ്മെണ്ടു ചീഫ്സിക്രട്ടറി) യാതൊരു പ്രത്യേകകാരണവുമില്ല.

മി: എം. എൻ. പിള്ള (തിരുവനന്തപുരം) ഇവരെ ഒരേസ്ഥലത്തുവച്ചുകൊണ്ടിരുന്നതിനു യാതൊരു സമാധാനവും പറവാനില്ലയോ?

മി: കെ. ജാർജ്ജ് (ഗവർമ്മെണ്ടു ചീഫ്സിക്രട്ടറി) യാതൊരു സമാധാനവും പറയേണ്ട ആവശ്യമില്ല.

മി: എം. എൻ. പിള്ള (തിരുവനന്തപുരം) ഉദ്യോഗസ്ഥന്മാരെ ഒരേസ്ഥലത്തു മൂന്നുവർഷത്തിൽ കൂടുതൽ കാലം വച്ചുകൊണ്ടിരുന്നുകൂടാ എന്നൊരുനിയമമുണ്ടോ?

മി: കെ. ജാർജ്ജ് (ഗവർമ്മെണ്ടു ചീഫ്സിക്രട്ടറി) അങ്ങനെയൊരു നിയമമില്ല.

തിരുവനന്തപുരം മുനിസിപ്പൽ പ്രസിഡൻറിൻെറ

നിയമനത്തെ സംബന്ധിച്ചുള്ള പ്രമേയം.

൨൨൩. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്)

(എ) അർഹന്മാരും അവകാശികളും ആയിട്ടുള്ള ആളുകളുടെ കൂട്ടത്തിൽനിന്നും ഒരു പ്രസിഡൻറിനെ തെരഞ്ഞെടുക്കുന്നവിഷയത്തിൽ മുനിസിപ്പൽ കൌൺസിലിനുകൂടി അഭിപ്രായം പുറപ്പെടുവിക്കുന്നതിനുള്ള സ്വാതന്ത്ര്യം നൽകേണ്ടതാണെന്നു തിരുവനന്തപുരം മുനിസിപ്പൽ കൌൺസിലിൽവച്ചു പാസാക്കപ്പെട്ടിട്ടുള്ള ഒരു പ്രമേയം ഗവർമ്മെണ്ടിലേക്ക അയച്ചുതരപ്പെട്ടിട്ടുണ്ടോ?

(ബി) ഇതിൻെറ മറുപടി അനുകൂലമാണെങ്കിൽ ഇതിനെ സംബന്ധിച്ചു ഗവർമ്മെണ്ടു എന്തെങ്കിലും ചെയ്തിട്ടുണ്ടോ? അല്ലെങ്കിൽ എന്തെങ്കിലും ചെയ്യാൻ നിശ്ചയിച്ചിട്ടുണ്ടോ?

(സി) മി: രാമചന്ദ്രറാവുവിനെ തിരുവനന്തപുരം മുനിസിപ്പൽ പ്രസിഡൻറായി നിയമിച്ച അവസരത്തിൽ ഈ പ്രമേയത്തെ അവഗണിച്ചു പ്രവർത്തിച്ചതിനെ സംബന്ധിച്ചു മുനിസിപ്പൽ കൌൺസിൽ വിപരീതാഭിപ്രായം പ്രകടിപ്പിച്ചിട്ടുണ്ടോ?

(ഡി) ഗവർമ്മെണ്ടിൻെറ ഈ പ്രവൃത്തിയെ സംബന്ധിച്ചു മുനിസിപ്പൽ കൌൺസിൽ രേഖപ്പെടുത്തിയിട്ടുള്ള വിപരീതാഭിപ്രായത്തിന്മേൽ ഗവർമ്മെണ്ടു എന്തെങ്കിലും നടപടി നടത്തിയിട്ടുണ്ടോ? അല്ലെങ്കിൽ നടത്താൻ നിശ്ചയിച്ചിട്ടുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെണ്ടു സിക്രട്ടറി)

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) കൌൺസിലിലെ പ്രസിഡൻറിനെ നിയമിക്കുന്നതിനെ സംബന്ധിച്ചു കൌൺസിൽ അനേകം തവണ പാസാക്കിയിട്ടുള്ള പ്രമേയങ്ങളെ അവഗണിച്ചു ഗവർമ്മെണ്ടിൽനിന്നും പ്രവർത്തിച്ചിട്ടുള്ളതിന്മേൽ അവർക്കുള്ള മനസ്താപത്തെ രേഖപ്പെടുത്തണമെന്നു കൌൺസിൽ ൧൯, ൯, ൧൦൯൪ ലെ യോഗംകൂടി നിശ്ചയം പാസാക്കി.

(ഡി) യാതൊരുനടപടികളും നടത്തണമെന്നാവശ്യപ്പെട്ടിരുന്നില്ല.

മിസ്റ്റർ കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ചോദ്യത്തിന്റെ രണ്ടാംഭാഗത്തെസംബന്ധിച്ച ഉപ പ്രായമത്തിന്മേൽ യാതൊരു നടപടിയും നടത്തേണ്ട ആവശ്യമില്ല എന്ന് ഗവൺമെന്റുവിചാരിക്കുന്നതിന്റെ കാരണം എന്ത്?

മി: ടി. പി. രാമസുബ്ബയ്യർ (ഗവൺമെന്റുസിക്രട്ടറി): പ്രമേയത്തിന്റെ സ്വഭാവത്തിനു യാതൊരുനടപടിയും ആവശ്യമായിക്കണ്ടില്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): പ്രമേയം യുക്തിപൂർവമായിരുന്നില്ലയോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവൺമെന്റു സിക്രട്ടറി): യാതൊരുനടപടിയും ആവശ്യമായിരുന്നില്ലെന്നുള്ളതുകൊണ്ടു പ്രമേയത്തിനു യുക്തിയില്ലെന്നു വരുന്നതല്ലല്ലോ.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): മുനിസിപ്പൽ കൌൺസിൽ എന്തെങ്കിലും ഒരു പ്രമേയം പാസാക്കിയാൽ അതിനെ സംബന്ധിച്ചു ഗവൺമെന്റു യാതൊരു നടപടിയും നടത്തേണ്ട ആവശ്യമില്ല എന്നാണോ ഗവൺമെന്റിന്റെ അഭിപ്രായം എന്നറിഞ്ഞാൽകൊള്ളാം.

മി: ടി. പി. രാമസുബ്ബയ്യർ (ഗവൺമെന്റുസിക്രട്ടറി): കൌൺസിൽനിന്നു ഇതെസംബന്ധിച്ചു എന്തെങ്കിലും നടപടിനടത്തണമെന്നു ആവശ്യപ്പെടാത്തതുകൊണ്ട് ഇതിന്മേൽ ഗവൺമെന്റു യാതൊരുനടപടിയും നടത്തിയില്ല എന്നേയുള്ളു. ഏതെങ്കിലും നടപടി നടത്തണമെന്നു ആവശ്യപ്പെട്ടിരുന്നു എങ്കിൽ നടത്തുമായിരുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): കൌൺസിൽ പാസാക്കിയ പ്രമേയം യുക്തിപൂർവമായിരുന്നോ അല്ലായിരുന്നോ എന്നറിഞ്ഞാൽ കൊള്ളാം:

മി: ടി. പി. രാമസുബ്ബയ്യർ (ഗവൺമെന്റു സിക്രട്ടറി): അത് കേവലം അഭിപ്രായത്തിനുമാത്രം അടിസ്ഥാനമായുള്ള ഒരു സംഗതിയാകുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): പ്രമേയം മുഴുവനും മെമ്പർവായിച്ചുനോക്കിയിട്ടുണ്ടോ എന്നറിഞ്ഞാൽകൊള്ളാം.

മി: ടി. പി. രാമസുബ്ബയ്യർ (ഗവൺമെന്റുസിക്രട്ടറി): ഉണ്ട്. ഞാൻ അതു വായിച്ചു. ഗവൺമെന്റിന്റെ അഭിപ്രായം അതിനെസംബന്ധിച്ചുയാതൊരു ഉത്തരവും പാസാക്കേണ്ട ആവശ്യമില്ല എന്നായിരുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ പ്രമേയം യുക്തിപൂർവമായിട്ടുള്ളതതന്നോ അല്ലാത്തതന്നോ ഗവൺമെന്റിന്റെ അഭിപ്രായം എന്നറിഞ്ഞാൽകൊള്ളാം.

മി: ടി. പി. രാമസുബ്ബയ്യർ (ഗവൺമെന്റു സിക്രട്ടറി): ഇതു അഭിപ്രായത്തെമാത്രം അടിസ്ഥാനമാക്കിയുള്ള ഒരു സംഗതിയാകുന്നു. ചോദ്യങ്ങൾ ചോദിക്കുന്നതിനെസംബന്ധിച്ചുള്ള നിയമങ്ങൾ അനുസരിച്ചു കേവലം അഭിപ്രായത്തെമാത്രം ആധാരമാക്കിയുള്ള സംഗതികളെ സംബന്ധിച്ചു യാതൊരുചോദ്യവും ചോദിച്ചുകൂടാത്തതാകുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്); യാതൊരുനടപടിയും ആവശ്യമില്ലെന്നു ഗവൺമെന്റിനു തോന്നുവാനുണ്ടായ കാരണം എന്താണ്?

മി: ടി. പി. രാമസുബ്ബയ്യർ (ഗവൺമെന്റ്സിക്രട്ടറി): പ്രമേയത്തിൽതന്നെ യാതൊരുനടപടിയും നടത്തേണ്ടതായി ആവശ്യപ്പെടാത്തതുകൊണ്ടുതന്നെ.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): എന്റെ ചോദ്യത്തിന്റെ മൂന്നാം ഭാഗത്തെ സംബന്ധിച്ചു ഏതെങ്കിലുംഒരു നിയമനത്തിൽമുനിസിപ്പൽ കൌൺസിലിനുള്ള വിപരീതാഭിപ്രായത്തെ രേഖപ്പെടുത്തി ഒരു പ്രമേയം പാസാക്കുന്നപക്ഷം അതിനെസംബന്ധിച്ചു എന്തെങ്കിലും നടപടിനടത്തേണ്ടതു ഗവൺമെന്റിന്റെ ചുമതലയല്ലയോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവൺമെന്റുസിക്രട്ടറി): വിപരീതാഭിപ്രായപ്രകടനം യാതൊന്നുമില്ല. അവരുടെ മനസ്താപം രേഖപ്പെടുത്തണമെന്നുമാത്രമെ കൌൺസിൽ ആവശ്യപ്പെട്ടുള്ളു. മനസ്താപം രേഖപ്പെടുത്തുകയുംചെയ്തു. മററു യാതൊരുനടപടികളും നടത്തേണ്ട ആവശ്യമുണ്ടായിരുന്നില്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): മുനിസിപ്പൽകൌൺസിൽ പാസാക്കിയ പ്രമേയം അതായിരുന്നുവോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവൺമെന്റുസിക്രട്ടറി): അതെ.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ വിഷയത്തെസംബന്ധിച്ചു കൌൺസിൽ എത്ര പ്രമേയങ്ങൾ പാസാക്കി?

മി: ടി. പി. രാമസുബ്ബയ്യർ (ഗവൺമെന്റുസിക്രട്ടറി): ഇതിനെസംബന്ധിച്ചു മുനിസിപ്പൽകൌൺസിലിനോടു തന്നെ ചോദിച്ചറിയേണ്ടതായിട്ടാണ് തോന്നുന്നത്. എല്ലാ പ്രമേയങ്ങളും ഗവൺമെന്റിൽ കിട്ടിയിട്ടില്ലായിരിക്കാം.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): മുനിസിപ്പാലിററി ഇതിനെസംബന്ധിച്ചു തുടർന്നുകൊണ്ടു അനേകം പ്രമേയങ്ങൾ പാസാക്കിയില്ലയോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവൺമെന്റുസിക്രട്ടറി): ഒന്നിലധികം പ്രമേയങ്ങൾ പാസാക്കിയതായി ഗവൺമെന്റിനറിയാം.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ പ്രമേയങ്ങളെ ഗണ്യമാക്കാതെ ഗവൺമെന്റുപ്രവർത്തിക്കുന്നതു ന്യായമാണോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവൺമെന്റുസിക്രട്ടറി): അവയെപ്പററി വേണ്ടപോലെ ആലോചിക്കയും നടപടി നടത്തേണ്ട ആവശ്യമുണ്ടായിരുന്ന സന്ദർഭത്തിൽ നടപടിനടത്തുകയും ചെയ്തിട്ടുണ്ട്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): പ്രമേയങ്ങൾക്കു യാതൊരുവിലയുമില്ലയോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവൺമെന്റുസിക്രട്ടറി): വേണ്ട വില അവക്കുണ്ട്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഗവൺമെന്റു പ്രമേയങ്ങളെ നിസ്സാരമായി തള്ളിയിരിക്കയാണോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവൎമ്മെണ്ടുസിക്രട്ടറി): ഒട്ടധികം ഉണ്ടായ പ്രമേയത്തെപ്പറ്റിയാണ് മറുപടിയിൽ പറഞ്ഞിട്ടുള്ളത്. അതിനെ സംബന്ധിച്ചു യാതൊരു നടപടിയും ആവശ്യമായിരുന്നില്ല. അതിനാൽ യാതൊരു നടപടിയും നടത്താതിരുന്നതാണ്.

അയിരൂർ അണ.

൨൨൯. മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്):

(എ) ചിറയിൻകീഴ് താലൂക്കിൽ അയിരൂർ ആററിൽ അയിരൂർ ക്ഷേത്രത്തിനു സമീപം ഒരു അണ ഉണ്ടായിരുന്നോ?

(ബി) ഈ അണയെ ആററിലെ വെള്ളം ഒഴുക്കിക്കൊണ്ടു പോയിട്ടുണ്ടോ? ഉണ്ടെങ്കിൽ എപ്പോൾ?

(സി) ഈ അണയെ ഒഴുക്കിക്കൊണ്ടുപോയതു നിമിത്തം അയിരൂർ ഉള്ള ആയിരപ്പറനിലങ്ങളിലും കൃഷി ചെയ്യുന്ന കൃഷിക്കാർക്ക് പലരെ ബുദ്ധിമുട്ടും കഷ്ടതയും നേരിട്ടു കൊണ്ടിരിക്കുന്നു എന്നു ഹർജികളും ഡെപ്യൂട്ടേഷനും മൂലം ഗവൎമ്മെന്റിനെ അറിയിച്ചിട്ടുണ്ടോ?

(ഡി) അറിയിച്ചിട്ടുണ്ടെങ്കിൽ ഗവൎമ്മെന്റിൽ നിന്നും ഇതിനെ സംബന്ധിച്ചു വല്ല നടപടിയും നടത്തിയിട്ടുണ്ടോ? ഇല്ലെങ്കിൽ ഉടനടി നടത്തണമെന്നുദ്ദേശിക്കുന്നുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവൎമ്മെന്റു സിക്രട്ടറി):

(എ) ഉണ്ടായിരുന്നു.

(ബി) ഒഴുകിപ്പോയിട്ടുണ്ട്. തീയതി നിശ്ചയമില്ല.

(സി) ഇതിനെ സംബന്ധിച്ചു ഹർജികളും പരാതികളും കിട്ടിയിട്ടുണ്ട്.

(ഡി) അണയെ പുനരുദ്ധാരണം ചെയ്യുന്നതിനുള്ള ഒരു എസ്റ്റിമേറ്റ് തയ്യാറായിവരുന്നു.

ആയുൎവേദവൈദ്യശാലകൾ.

൨൩൦. മി: ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര):

(൧) താഴെപ്പറയുന്ന ഓരോ താലൂക്കിലും ഗവൎമ്മെണ്ടു അംഗീകരണം സിദ്ധിച്ചിട്ടുള്ള എത്ര ആയുൎവേദവൈദ്യശാലകൾ ഉണ്ടെന്നും ഓരോ താലൂക്കിലെയും ജനസംഖ്യ, വിസ്തീൎണ്ണം ഇവ എത്ര എന്നും കുറിക്കുന്ന ഒരു പട്ടിക സഭ മുമ്പാകെ ഹാജരാക്കാമോ?

നെയ്യാററിൻകര.
ചിറയിൻകീഴ്.
കൊല്ലം.
തിരുവല്ലാ.
അമ്പലപ്പുഴ.
കോട്ടയം.

(൨) പുതുതായി ഗ്രാന്റ് വൈദ്യശാലകൾ സ്ഥാപിച്ചുകൊള്ളുന്നതിനു ഗവൎമ്മെണ്ടിൽ നിന്നും അനുവാദം നൽകുന്നതു വല്ല തത്വങ്ങളേയും അടിസ്ഥാനമാക്കിയാണെങ്കിൽ അവ ഏതെന്നു അറിഞ്ഞാൽ കൊള്ളാം.

(൩) നെയ്യാററിൻകര താലൂക്കിൽ മേമുറി ഒരു ഗ്രാന്റ് വൈദ്യശാല സ്ഥാപിക്കേണ്ട ആവശ്യകതയെപുരസ്കരിച്ചു ഗവൎമ്മെണ്ടിനൊ ആയുൎവേദഡയറക്ടൎക്കോ എന്തെങ്കിലും ഹർജികൾ കിട്ടിയിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിനെ സംബന്ധിച്ചു ഗവൎമ്മെണ്ടോ ആയുൎവേദഡയറക്ടരോ എന്തു നടപടി നടത്തിയിട്ടുണ്ടെന്നറിഞ്ഞാൽ കൊള്ളാം.

മി: കെ. ജാർജ്ജ് (ഗവൎമ്മെണ്ട് ചീഫ് സിക്രട്ടറി):

(൧) മെമ്പർ ആവശ്യപ്പെടുന്ന പട്ടിക ഇതാ ഹാജരാക്കിയിരിക്കുന്നു.

(൧൨-ാം അനുബന്ധം നോക്കുക)

(൨) സ്ഥലത്തെ ആവശ്യങ്ങൾ അനുസരിച്ചാണ് സാധാരണയായി വൈദ്യശാലകൾ സ്ഥാപിക്കുന്നതിനു അനുവദിച്ചു വരാറുള്ളത്. നാലു പകുതികൾക്കു ഒരു വൈദ്യശാല വീതം അനുവദിക്കുക എന്നുള്ളതാണ് സാധാരണയായി അംഗീകരിച്ചിട്ടുള്ള നയം.

(൩) ഉണ്ട്. ൧൧൦൨ മകരം ൨൮-ാംതീ മുതൽ മേമുറി ഒരു ഗ്രാന്റ് വൈദ്യശാല തുടങ്ങിയിട്ടുണ്ട്.

ചങ്ങനാശ്ശേരി ചന്തയിലെ കരം പിരിവ്.

൨൩൧. മി: ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം):

(൧) ചന്തയിൽ കൊണ്ടുവരുന്ന സാമാനങ്ങൾക്കു ചങ്ങനാശ്ശേരി മുനിസിപ്പൽ കൌൺസിൽ കരം പിരിച്ചു വരുന്നതിനെപ്പററിയുള്ള വസ്തുത ഗവൎമ്മെണ്ടിനു അറിയാമോ?

(൨) മുൻകൊല്ലങ്ങളിൽ പിരിച്ചിട്ടുള്ള തുക എത്ര?

മി: ടി. പി. രാമസുബ്ബയ്യർ (ഗവൎമ്മെണ്ടു സെക്രട്ടറി):

(൧) അറിയാം.

(൨) കഴിഞ്ഞ കൊല്ലങ്ങളിലെ കരം പിരിവു താഴെ കാണിക്കുന്നു.

കൊല്ലം.	രൂപ.
൧൦൯൦	൧൪൭൧
൧൦൯൧	൨൩൦൦
൧൦൯൨	൨൨൦൦
൧൦൯൩	൩൭൬൭
൧൦൯൪	൩൧൩൧
൧൦൯൫	൩൪൯൭
൧൦൯൬	൩൩൧൩
൧൦൯൭	൩൪൪൩
൧൦൯൮	൪൦൨൯
൧൦൯൯	൪൨൦൨
൧൧൦൦	൪൪൨൫
൧൧൦൧	൪൧൪൯

ചങ്ങനാശ്ശേരി ചന്തയിൽ വ്യാപാരത്തിനായി കുടിലുകൾ കെട്ടുന്നതു.

൨൩൨. മി: ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം):

(൧) സാമാനങ്ങൾ വില്ക്കുന്നതിനും വാങ്ങുന്നതിനും ആയി ഓരോ ചന്തദിവസവും ചങ്ങനാശ്ശേരി ചന്തയിൽ വളരെ ദൂരസ്ഥലങ്ങളിൽ നിന്നും അനേകം ആളുകൾ വരുന്നുണ്ടെന്നുള്ള സംഗതി ഗവർമ്മെണ്ടിനു അറിയാമോ?

(൨) ഇങ്ങിനെ വരുന്ന ആളുകൾക്കു വെയിലും മഴയും കൊള്ളാതിരിക്കാൻ മുനിസിപ്പൽ കൌൺസിൽ എന്തെങ്കിലും ഏർപ്പാടു ചെയ്തിട്ടുണ്ടോ എന്നു ഗവർമ്മെണ്ടിൽ നിന്നും ദയവു ചെയ്തു അന്വേഷിക്കുമോ?

(൩) കൌൺസിൽ യാതൊരു ഏർപ്പാടും ചെയ്തിട്ടില്ലെങ്കിൽ അങ്ങിനെ ചെയ്യണമെന്നു ഗവർമ്മെണ്ടു അവരോടു നിർബന്ധിക്കുമോ?

മി: കെ. ജാർജ്ജ് (ഗവർമ്മെണ്ടു ചീഫ് സിക്രട്ടറി):

(൧) അറിയാം.

(൨) ചിലസ്ഥലങ്ങളിൽ ഇളക്കി മാററാവുന്നതായ തട്ടികൾ ഉപയോഗിക്കുന്നുണ്ടു.

(൩) ചന്തനടത്തുന്നതു രണ്ടുവശത്തും രണ്ടുവരി കടകൾ ഉള്ളതിന്റെ മദ്ധ്യേയുള്ള റോഡിൽ വച്ചായതുകൊണ്ടു സ്ഥിരമായി യാതൊന്നും കെട്ടിയുണ്ടാക്കാൻ നിവൃത്തിയില്ല എന്നും ചന്ത ദിവസങ്ങളിൽ ചന്തയിൽ വരുന്ന എല്ലാ ജനങ്ങൾക്കും വെയിലിലും മഴയിലും നിന്നു അഭയം നൽകുക എന്നുള്ളതു പ്രായോഗികമായിട്ടുള്ളതല്ലെന്നും മുനിസിപ്പൽ കൌൺസിൽ പ്രസിഡന്റു അഭിപ്രായപ്പെടുന്നു.

അനുബന്ധം ൧.

൧൯൭-ാം നമ്പർ ചോദ്യത്തിന്റെ മറുപടി നോക്കുക.

൧൦൯൨ കുംഭം മുതൽ ൧൧൦൨ ഇടവം വരെ ഹൈക്കോടതിയിലും ഡിസ്ത്രിക്ട് കോടതികളിലും ഉള്ള ഉദ്യോഗസ്ഥന്മാരിൽ നിന്നും മുൻസിഫന്മാരായി നിയമിച്ചിട്ടുള്ളവരുടെ ജാതിതിരിച്ചുള്ള

പട്ടിക.

കച്ചേരിയുടെ പേരു	ബ്രാഹ്മണർ	നായന്മാർ	മററുജാതി ഹിന്തുക്കൾ	ക്രിസ്ത്യാനികൾ: സിറിയൻക്രിസ്ത്യാനികൾ	ക്രിസ്ത്യാനികൾ: പ്രാട്ടസ്റ്റാന്റു ക്രിസ്ത്യാനികൾ
ഹൈക്കോട്ട്	൨	൩	...	...	൧
ഡിസ്ത്രിക്ട് കോടതികൾ	൧	൧	൨	൧	...
ആകെ	൩	൪	൨	൧	൧

൨-ാം അനുബന്ധം.

൧൩൩-ാം നമ്പർ ചോദ്യത്തിന്റെ മറുപടി നോക്കുക.

അദ്ധ്യാപകന്മാരുടെ സ്ഥലം മാററത്തെ കുറിക്കുന്ന പട്ടിക.

നമ്പർ	ഉപാദ്ധ്യായിനിയുടെ പേർ	സ്ഥലം മാററത്തിനു മുമ്പുണ്ടായിരുന്ന ഉദ്യോഗം	ഏതു ഉദ്യോഗത്തിലേക്കു സ്ഥലം മാററി എന്നു	സ്ഥലം മാററത്തിനുള്ള കാരണം
൧	എ. ലക്ഷ്മിഅമ്മ	പൂവങ്ങാപറമ്പ് പെൺകുട്ടികൾക്കുള്ള പ്രൈമറിസ്കൂൾ ഹെഡ്മിസ്ട്രസ്സ്	അരുമന പ്രൈമറിസ്കൂൾ ഹെഡ്മിസ്ട്രസ്സ്	പൂവങ്ങാപറമ്പു പ്രൈമറിസ്കൂളിലെ അവരുടേ ജോലി തൃപ്തികരമല്ലാതിരുന്നതിനാൽ
൨	പി. ഗൌരിഅമ്മ	നേമംമലയാളം മിഡിൽസ്കൂൾ തയ്യൽമിസ്ട്രസ്സ്	കുന്നത്തുകാൽ പ്രൈമറിസ്കൂൾ തയ്യൽമിസ്ട്രസ്സ്	തരമുയർത്തപ്പെട്ട നേമം മലയാളം മിഡിൽസ്കൂളിൽ കൂടുതൽ യോഗ്യതയുള്ള ഒരു തയ്യൽ മിസ്ട്രസിനെ നിയമിക്കുന്നതിനായി
൩	കെ. അമ്മാളുഅമ്മ	കൽക്കുളം മലയാളം മിഡിൽസ്കൂൾ ഹെഡ്മിസ്ട്രസ്സ്	മണ്ണാർകാട്ട് മലയാളംമിഡിൽസ്കൂൾ ഹെഡ് മിസ്ട്രസ്സ്	അവിടെയുള്ള അഡിസ്റ്റൻറുമാരുമായി അവർക്കു യോജിപ്പില്ലാതിരുന്നതിനാൽ മറെറതെങ്കിലും സ്ഥലത്തേക്കു സ്ഥലം മാറുന്നതു സമ്മതമാണെന്നു പറഞ്ഞതിനാൽ
൪	ബി. പാച്ചിഅമ്മ	പെരുമ്പഴുതൂർ മലയാളം മിഡിൽ സ്കൂൾഹെഡ് മിസ്ട്രസ്സ്	കൽക്കുളം മലയാളം മിഡിൽസ്കൂൾ ഹെഡ്മിസ്ട്രസ്സ്	നെയ്യാററിൻകര സ്വദേശിയും അവിടേക്കു സ്ഥലമാററം കിട്ടണമെന്നു വളരേ നാളായി അപേക്ഷിച്ചുകൊണ്ടിരുന്ന ആളുമായ ഒരു ഉപാദ്ധ്യായനിക്കു സ്ഥലംമാററംകൊടുക്കുന്നതിനായി

൩-ാം അനുബന്ധം.

൨൩൬-ാം നമ്പർ ചോദ്യത്തിന്റെ മറുപടി നോക്കുക.

ഇപ്പോഴത്തെ ദിവാൻ പേഷ്ക്കാരന്മാർ അവരുടേ നിയമനകാലം മുതൽ ൩൦-൬-൧൦൨ വരേ നടത്തിട്ടുള്ള സ്ഥിരനിയമനങ്ങളുടേ പട്ടിക.

നിയമനങ്ങളുടേ വിവരം	ബ്രാഹ്മണർ	നായന്മാർ	ക്രിസ്ത്യാനികൾ	ഈഴവർ	മററു ഹിന്ദുക്കൾ	മുഹമ്മദീയർ	റിമാർക്ക്
തിരുവനന്തപുരം ഡിവിഷൻ							
൨൦-രൂപാ ശമ്പളത്തിലുള്ള ഗുമസ്താ	൧	...	...	...	...	...	...
൧൪ രൂപാശമ്പളത്തിലുള്ള പാർവ്വത്യകാർ	...	൧	...	...	൧	...	ആശാരി
പകുതി അക്കൌണ്ടന്റ്	...	...	...	൧	...	...	...
കൊല്ലം ഡിവിഷൻ					...	...	....
൨൦-രൂ രൂപാ ശമ്പളത്തിലുള്ള ക്ലെർക്ക്	...	൧	...	...	...	...	...

ന.ാം അനുബന്ധം (തുടച്ച്).

നിയമനങ്ങളുടെ വിവരം	ബ്രാഹ്മണർ	നായന്മാർ	കൃസ്ത്യാനികൾ	ഈഴവർ	മററു ഹിന്ദുക്കൾ	മുഹമ്മദീയർ	റിമാർക്ക്
ഫ൫ രൂപാ ശമ്പളത്തിൽ ഒരു കാപ്പിസ്റ്റ്	...	ഫ	...	...	...	...	...
ഫർ രൂപാ ശമ്പളത്തിൽ അക്കൗണ്ടൻറ	...	...	ര	...	...	...	...
കോട്ടയം ഡിവിഷൻ							
ര൦-ന൦ രൂപാ ശമ്പളത്തിൽ ഗുമസ്താ	...	...	ഫ	...	....	....	...
ഫവ്വ രൂപാ ശമ്പളത്തിൽ പാർവ്വത്യകാർ	...	ഫ	...	ഫ	...	...	...
ശിപായിമാർ		ൽ	ന്ന	...	ര	ഫ	ഒരു ക്ഷൗരകനും, ഒരു വേളാനും
ദേവികുളം ഡിവിഷൻ	...	ർ	...	...	...	...	...
ആകെ	ഫ	ഫന	ൻ	ര	ന	ഫ	

ർ-ാം അനുബന്ധം

ര൦വ്വ-ാം നമ്പർ ചോദ്യത്തിൻെറ മറുപടി നോക്കുക.

ഗവണ്മെൻറിൽ നിന്നും സ്കാളർഷിപ്പുകൾ കൊടുത്തു ഉന്നത വിദ്യാഭ്യാസാർത്ഥം അന്യരാജ്യങ്ങളിലയച്ചിട്ടുള്ള വിദ്യാർത്ഥികളുടെ ജാതി തിരിച്ചുള്ള പട്ടിക.

നായന്മാർ	ന
ക്ഷത്രിയർ	ഫ
ക്രിസ്ത്യാനികൾ	ര

[illegible] ചോദ്യത്തിനുള്ള മറുപടി നോക്കുക.

൧൧൦൨ മീനത്തിൽ സർവ്വേഡിപ്പാർട്ടുമെൻറിലുണ്ടായിരുന്ന ഉദ്യോഗസ്ഥന്മാരുടെ ജാതി തിരിച്ചുള്ള പട്ടിക.

ശമ്പളസംഖ്യയിൽ	ബ്രാഹ്മണർ	കമ്മാളർ	നായന്മാർ	വെള്ളാളർ	ഈഴവർ	റോമൻകത്തോലിക്കർ	യാക്കോബായിറകാർ	മുഹമ്മദീയർ	റിമാർക്ക്
൩൦൦-൫൦൦ രൂപാ	൧	...	...	...	...	...	...	...	...
൨൦൦-൩൦൦ രൂപാ	൧	...	...	...	...	...	...	...	...
൧൦൦-൧൫൦ രൂപാ	...	...	൧	...	...	...	...	...	...
൭൦-൧൦൦ രൂപാ	൩	...	...	...	...	൧	...	...	...
൫൦- ൭൦ രൂപാ	...	...	...	...	...	...	൧	...	...
൪൦- ൬൦ രൂപാ	൩	...	...	൧	...	...	...	...	...
൪൦- ൫൦ രൂപാ	൩	...	൧	൧	...	...	...	...	...
൩൫- ൫൦ രൂപാ	൨	...	...	൧	...	...	...	...	...
൨൫- ൪൦ രൂപാ	൯	...	൧൩	൧	൧	...	...	...	...
൨൫- ൩൪ രൂപാ	൬	൧	൧	൧	...	...	...	൧	...
൧൫- ൨൪ രൂപാ	...	൧	...	...	...	൧	...	...	...
൧൫- ൨൦ രൂപാ	...	...	൧	...	...	...	...	...	ഒരു ഉദ്യോഗം ഒഴിവു
൧൨- ൧൪ രൂപാ	൧	...	൨	...	...	...	...	...	ടി
൧൦- ൧൨ രൂപാ	...	...	൩	...	...	...	...	...	
൯- ൧൧ രൂപാ	...	...	൨൬	...	...	...	...	...	മൂന്നു ഉദ്യോഗം ഒഴിവു
ആകെ	൨൯	൨	൪൮	൫	൧	൨	൧	൧	

അനുബന്ധം ഒ. ബി.

൨൧൫-ാം നമ്പർ ചോദ്യത്തിന്റെ മറുപടി നോക്കുക.

൧൦൯൮-മുതൽ ൧൧൦൧-വരെ ൪ വർഷങ്ങളിൽ സർവെഡിപ്പാർട്ടുമെന്റിൽ ഉണ്ടായിട്ടുള്ള നിയമനങ്ങളുടെ ജാതിതിരിച്ചുള്ള പട്ടിക

ശമ്പളസ്കെയിൽ	൧൦൯൮			൧൦൯൯			൧൧൦൦			൧൧൦൧		
	ബ്രാഹ്മണർ	നായന്മാർ	റോമൻ കത്തോലിക്കർ	ബ്രാഹ്മണർ	നായന്മാർ	റോമൻ കത്തോലിക്കർ	ബ്രാഹ്മണർ	നായന്മാർ	റോമൻ കത്തോലിക്കർ	ബ്രാഹ്മണർ	നായന്മാർ	റോമൻ കത്തോലിക്കർ
൧൦൦-൧൫൦ രൂപാ	...	൧	...	...	...	...	...	...	...	...	...	...
൭൦-൧൦൦ രൂപാ	൧	...	...	...	...	...	...	...	...	...	...	...
൪൦-൬൦ രൂപാ	...	...	...	...	...	...	...	...	...	൧	...	...
൩൫-൫൦ രൂപാ	൧	...	...	...	...	...	...	...	...	...	...	...
൨൫-൪൦ രൂപാ	...	൧	...	൧	...	...	...	൧	...	...	൨	...
൧൫-൨൪ രൂപാ	...	...	...	...	...	...	...	...	൧	...	...	...
൧൦-൧൫ രൂപാ	...	൨	...	...	...	...	...	...	...	...	൧	...
ആകെ	൨	൪	...	൧	...	...	...	൧	൧	൧	൩	...

൬-ാം അനുബന്ധം.

൨൧൬-ാം നമ്പർ ചോദ്യത്തിന്റെ മറുപടി നോക്കുക.

൧൦൯൯ മുതൽ ൧൧൦൧ വരെ ഹൈക്കോടതിയിൽനിന്നും ജുഡിഷ്യൽ വകുപ്പിൽ സ്ഥിരവും പകരവുമായി നിയമിച്ചിട്ടുള്ള ഗുമസ്താക്കളുടെ ജാതിതിരിച്ചുള്ള പട്ടിക.

മലയാളബ്രാഹ്മണർ	മററു ബ്രാഹ്മണർ	നായന്മാർ	ഈഴവർ	[illegible]	മലയാളക്ഷത്രിയർ	[illegible]	പുലയർ	മററു താണജാതിക്കാർ	വെള്ളാളർ	മററു ഹിന്ദുക്കൾ	മുഹമ്മദീയർ	ക്രിസ്ത്യാനികൾ: പ്രോട്ടസ്റ്റന്റുകൾ	ക്രിസ്ത്യാനികൾ: റോമൻ കത്തോലിക്കർ	സുറിയാനികൾ: ജേക്കബൈറ്റുകൾ	സുറിയാനികൾ: [illegible]	സുറിയാനികൾ: കത്തോലിക്കാ സുറിയാനികൾ	മററുള്ളവർ
൧	൨	൩	൪	൫	൬	൭	൮	൯	൧൦	൧൧	൧൨	൧൩	൧൪	൧൫	൧൬	൧൭	൧൮
...	൧൨൬	...	൧	...	...	൬൮	...	...	൧൩	൮	൧	൯	൬	൧൪	൩	...	...

൭-ാം അനുബന്ധം.

൨൧൭-ാംനമ്പർ ചോദ്യത്തിന്റെ മറുപടിനോക്കുക.

൧൧൦൨ കന്നി ൩൦-ാംനു വരെ രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിൽ മുമ്പിലത്തെ ഡയറക്ടർ ചെയ്തിട്ടുള്ള നിയമനങ്ങളുടെ ജാതിതിരിച്ചുള്ള പട്ടിക.

ജാതി	സ്ഥിരം					തിരുവല്ലാക്കാരുടെ എണ്ണം	പകരം					തിരുവല്ലാക്കാരുടെ എണ്ണം
	൧൫ മുതൽ ൨൪ വരെ രൂപാ സ്കെയിൽ	൨൦ മുതൽ ൩൦ വരെ രൂപാ സ്കെയിൽ	൩൦ മുതൽ ൩൫ വരെ രൂപാ സ്കെയിൽ	൨൫ മുതൽ ൪൦ വരെ രൂപാ സ്കെയിൽ	൩൦ രൂപാ ശമ്പളത്തിൽ		൧൫ മുതൽ ൨൪ വരെ രൂപാ സ്കെയിൽ	൨൦ മുതൽ ൩൦ വരെ രൂപാ സ്കെയിൽ	൩൦ മുതൽ ൩൫ വരെ രൂപാ സ്കെയിൽ	൨൫ മുതൽ ൪൦ വരെ രൂപാ സ്കെയിൽ	൪൦ രൂപാ ശമ്പളത്തിൽ	
ബ്രാഹ്മണർ	...	...	൧	...	൨	...	൩൭	൧	...	...	...	..
നായന്മാർ	൧	...	...	...	...	൧	൭൪	൨	...	...	...	൮
കത്തോലിക്കാക്രിസ്ത്യാനി	...	...	...	...	...	...	൬	൩	...	...	...	൧
മററു ക്രിസ്ത്യാനികൾ	...	൨	...	...	...	൧	൯	൪	...	...	...	൩
ഈഴവർ	൧	...	...	...	൧	...	൧൩	...	...	...	...	...
മുഹമ്മദീയർ	...	...	...	...	...	...	൧	...	...	...	..	...
മററു ജാതിക്കാർ	...	...	...	...	...	...	൪	...	...	...	...	...

൮-ാം അനുബന്ധം.

൨൧൯-ാം നമ്പർ ചോദ്യത്തിന്റെ മറുപടി നോക്കുക.

൧൧൦൨-ൽ ഓരോ താലൂക്കിലും നിന്നു ആയുധങ്ങൾക്കുള്ള ലൈസൻസിനു ഡിവിഷൻകച്ചേരികളിൽ കിട്ടിയിട്ടുള്ള അപേക്ഷകളുടെ എണ്ണവും, ൧൧൦൨ കന്നി ൩൦-ാംനു വരെ നൽകിയിട്ടുള്ള ലൈസൻസുകളുടെ എണ്ണവും കാണിക്കുന്ന പട്ടിക.

ഡിവിഷൻ	താലൂക്ക	കിട്ടീട്ടുള്ള അപേക്ഷകളുടെ എണ്ണം	തീരുമാനിച്ചവയുടെ എണ്ണം
തിരുവനന്തപുരം	തോവാള	൪൫	൪൪
	അഗസ്തീശ്വരം	൧൨൪	൧൨൨
	കൽക്കുളം	൨൨൬	൨൨൩
	വിളവംകോട്	൧൫൬	൧൪൯
	നെയ്യാറ്റിൻകര	൩൬൮	൨൫൪
	തിരുവനന്തപുരം	൧൯൪	൧൦൬
	നെടുമങ്ങാട്	൩൩൨	൨൧൬
	ചിറയിൻകീഴ്	൪൭	൪൧
കൊല്ലം	കൊല്ലം	൯൩	൫൯
	കൊട്ടാരക്കര	൭൨	൫൪
	പത്തനാപുരം	൮൦	൩൯
	ചെങ്കോട്ട	൫൩	൨൫
	കുന്നത്തൂർ	൫൨	൨൧
	കരുനാഗപ്പള്ളി	൫൦	൩൫
	കാർത്തികപ്പള്ളി	൨൩	൧൦
	മാവേലിക്കര	൧൮	൯
	തിരുവല്ലാ	൬൭	൩൬
	അമ്പലപ്പുഴ	൮൩	൫൫
	പത്തനംതിട്ട	൧൧൫	൭൭
കോട്ടയം	ചങ്ങനാശേരി	൧൫൦	൧൧൫
	കോട്ടയം	൨൫൦	൧൪൨
	ചേർത്തല	൮൪	൬൫
	വയ്ക്കം	൧൧൦	൭൫

൮-ാം അനുബന്ധം (ഇടച്ച്).

൨൧൯-ാം നമ്പർ ചോദ്യത്തിന്റെ മറുപടി നോക്കുക.

൧൧൦൨ ഓരോ താലൂക്കിലും നിന്നു ആയുധങ്ങൾക്കുള്ള ലൈസൻസിനു ഡിവിഷൻകച്ചേരികളിൽ ലഭിച്ചിട്ടുള്ള അപേക്ഷകളുടെ എണ്ണവും, ൧൧൦൨ കന്നി ൩൦-ാംനു വരെ നൽകിട്ടുള്ള ലൈസൻസുകളുടെ എണ്ണവും കുറിക്കുന്ന പട്ടിക (അവസാനം).

ഡിവിഷൻ	താലൂക്ക	കിട്ടിട്ടുള്ള അപേക്ഷകളുടെ എണ്ണം	തീരുമാനിച്ചവയുടെ എണ്ണം
കോട്ടയം	മീനച്ചൽ	൧൨൨	൫൨
	മൂവാറ്റുപുഴ	൩൬൨	൧൭൯
	കുന്നത്തുനാട്	൧൭൪	൭൪
	തൊടുപുഴ	൨൭൭	൧൪[illegible]
	പറവൂർ	൧൧൦	൫൮
ദേവികുളം	ദേവികുളം	൧൬൦	൧൦൫
	പീരുമേട്	൫൦	൪൨

൯-ാം അനുബന്ധം,

൨൨൧-ാംനമ്പർ ചോദ്യത്തിന്റെ മറുപടിനോക്കുക,

സാമുദായികസംഘങ്ങളുടെ പട്ടിക.

നമ്പൂതിരി	൨
ഗൌഡസരസ്വതബ്രാഹ്മണർ	൧
മുസ്ലീം	[illegible]
ഈഴവർ	൯
ഹൈന്ദവർ	൧[illegible]
നായർ	൧൪
വിശ്വബ്രഹ്മ (ആശാരി)	[illegible]
സിറിയൻക്രിസ്ത്യാനികൾ	൨
ക്രിസ്ത്യാനികൾ	൮
വൈ. എം. സി. എ.	൬
കത്തോലിക്കർ	൨
പ്രത്യേകപേരുകളോടുകൂടിയ കത്തോലിക്കർ	൫
വെള്ളാളർ	൨
വാലൻമാർ, ഉൾനാട്ടുവാലന്മാർ	൭
കണക്കവർ	൨
ചേരമർ	[illegible]൧
പുലയൻ	൩
സാംബവർ	൬
ഗണകർ (കണിയാന്മാർ)	൧
വാണിഭവൈശ്യർ	൧
ആകെ	[illegible]൦൨

അനുബന്ധം ഫ ൦.

വ വന്ന-ാം നമ്പ്ര ചോദ്യത്തിന്റെ മറുപടിനോക്കുക.

ഫ ൦ ൗ ൭ -ാമാണ്ടു ഹജൂർ ഡിസ്പെൻസറിയിലേക്കു കൊടുത്തിട്ടുള്ള പേറ്റൻറ് മരുന്നുകളുടേയും
മററു പ്രത്യേകമരുന്നുകളുടേയും പരിമാണവും വിലയും കുറിക്കുന്ന പട്ടിക.

മരുന്നുകൾ	പരിമാണം			വില		
	റാ.	ഔൺ	ഡ്രാം	പവൻ	ഷി.	പൈ.
കെപ്ലേഴ്സ്മാൾട്ട്എക്സ്ട്രാക്ട് (പ്ലെയിൻ)		വ കുപ്പി		...	ഫ ൦	...
ടി മീൻനെയ്യോടുകൂടിയതു്		വ്വ ടി		വ	...	...
ടബ്ളോയിഡ്കാസ്കറാകൊ		൭ ടി		...	ന	ൻ
സാനറ്റോജൻ		൭ ന ടി		ഫ വ	ഫ ഫ	ൻ
ട്ടാക്കാഡിസ്റ്റേസ്ലിക്വിഡം		വ ടി		...	ന്ന	വ്വ
ക്വിനയിൻസലിസിലാസ്	൦	വ	ൻ	൦	ഫ ൦	ന
ബിസ്മത്ത്കാർബൊണാസ്	൦	ഫ	൦	൦	൦	൦
ബിസ്മത്ത സലിസിലാസ്	൦	ഫ	൦	൦	൦	൦
അലട്രിസ്കാർഡിയൽ		ഫ കുപ്പി		൦	൭	...
എലിക്സാർഗ്ലിസറൊഫോസ്ഫാറിസ്		വ ടി		൦	൭	ന
സലോൾ	൦	൦	ഫ ൭	൦	൦	വ
ടബ്ളോയിഡ് അസ്പറിൻ		വയൽ ഫ		൦	൦	ഫ ൦
ടബ്ളോയിഡ്ഫിനസെററിൻകമ്പനി		൭ ന		൦	ന	ൻ
സിറപ്പ്ഗ്രാമാൾട്ട്		ര കുപ്പി		൦	ൻ ൦	൦
ബ്രാൻഡി		ഫ കുപ്പി		൦	ഝ	൭
പാറൊച്ചിൻ	ന്ന	൦	൧	ഫ	ഫ ന്ന	൦
ടബ്ളോയിഡ്ക്വിനയിൻഹൈഡ്രോക്ലോർ		വയൽ ര		൦	ന്ന	൦
പാരഫിൻ ലിക്വിഡ്	വ	൦	൦	൦	വ	ര
ക്യാംഫറൊഡയിൻ	൦	ര	൦	൦	ഫ	൭
ലിക്കർ ബിസ്മത്ത് സ്ക്കാച്ചററ്		കുപ്പി ഫ		൦	ര	ന്ന
എക്സ്ട്രാക്ററം കാസ്കറാ സഗ്രഡാ	൦	ഫ	൦	൦	൦	ന
സെൻറ്ഫൈയിൻ വയിൻ		കുപ്പി ര		ഫ	വ	വ്വ
എലിക്സാർഗ്ലിസറൊഫോസ്ഫാററിസ് (സ്ട്രിക്റ്റിനോടു കൂടിയതു)	കുപ്പി ഫ			൦	വ	വ്വ
	ത്രു.	അ.	പൈ.			
എല്ലിമാൻസ്എംബ്രൊക്കേഷൻ	കുപ്പി ഫ	ഫ വ്വ	൦			
എംപ്ലാസ്ട്രംബെല്ലഡോണെഹ്ലയിസ്റ്റം	൦	ഫ	൦	൦	൦	വ്വ
പെപ്സൊമെൻറ്						
	ത്രു.	അ.	പൈ.			
	ട്യൂബ് ഫ വ	൦	൦			
സോഡിയെസിട്രാസ്	൦	ഫ	വ്വ	൦	൦	ര
ആംപ്യൂൾസ്എമെററിൻ		നമ്പ്ര ഫ ൦		൦	ര	ഫ ൦
ലാക്റ്റോബാസിലിൻടാബ്ലെററ്സ്		ന പെട്ടി		൦	ന്ന	൦
ഓളിയം ആല്ലിപെ	ഫ	വ്വ	൦	൦	വ	ന്ന
ടിംക്ചറസ്ട്രാഫാന്തസ്	൦	ന	൦	൦	൦	൭
ആസിഡ്സോഡിയെഫോസ്ഫാസ്	൦	൦	ഫ	൦	൦	ഫ
ആംപ്യൂളിസ് സ്ട്രോഫാന്തസ്		നമ്പ്ര ന		൦	ഫ	ഫ ൦
അക്വാഅനത്തികോൺസ്	൦	ഫ	൦	൦	൦	വ
അക്വാസിന്നമോമികോൺസ്	൦	വ	൦	൦	൦	ന്ന
കാക്ററിനംപില്ലെററ്						
		ത്രു.	അ.			
	വയൽ ഫ	വ	ര			
കാൽസിയംലാക്റ്റേററ്	൦	ഫ	ര	൦	൦	ര
പാൻക്രിററിൻ		കുപ്പി ഫ		൦	വ	ന
ഫെക്സാമിനാ	൦	ഫ	൦	൦	൦	൭

അനുബന്ധം ൧൦ (തുടർച്ച).

൧൦ ൻവൃ-ാമണ്ട് ഫ്ളർ ഡിസ്പെൻസറിയിലേക്കു കൊടുത്തിട്ടുള്ള പേററൻറ് മരുന്നുകളുടേയും
മററു പ്രത്യേക മരുന്നുകളുടേയും പരിമാണവും വിലയും കുറിക്കുന്ന ഒരു പട്ടിക.

മരുന്നുകൾ	പരിമാണം	വില പൌ.	ഷി.	പെ.
	പൌ. ഔ. ഡ്രാം.			
	ദ്രു. അ. പൈ.			
ആൻറിഫ്ലോജിസ്റ്റീൻ	ഡപ്പി ൮ ൯ ൭ ൦	—	—	—
കെപ്ലേഴ്സ് മാൾട്ട് എക്സ്ട്രാക്റ്റ് (കാഡ്ലിവർആയിലോടുകൂടിയതു്)	കുപ്പി ൧൪	൮	൧൦	൦
ടബ്ലോയിഡ്കാസ്കറാസകാ	വയൽ ൩	൦	൪	൩
സാനറോജൻ	കുപ്പി ൪൦	൧൨	൦	൦
ടാക്കാഡായാസ്റ്റേസ് ലിക്വിഡ്	കുപ്പി ൮	൦	൦	൩
വൈചിസ് സിറപ്പ് ഗ്ലിസറൊഫാസ്ഫേററ്	കുപ്പി ൩	൧	൧൦	൦
ക്വിനയിൻ സലിസിലാസ്	൦ ൨ ൩	൦	൬	൩
ബിസ്മത്ത് കാർബൊണാസ്	൧ ൧൫ ൦	൦	൨	൫
ബിസ്മത്ത് സലിസിലാസ്	൦ ൧ ൦	൦	൦	൧
അലറററിസ് കാർഡിയല	കുപ്പി ൪	൧	൮	൦
സലോൾ	൦ ൩ ൦	൦	൧	൨
ടബ്ലോയിഡ് ക്വിനയിൻ സലിസിലാസ്	വയൽ ൨	൦	൪	൨
ടബ്ലോയിഡ് ആസ്പറീൻ	വയൽ ൯	൦	൫	൧൦
ടബ്ലോയിഡ് ഫിനസെററിൻ കമ്പൌണ്ട്	വയൽ ൩	൦	൯	൩
സാംപ്സ് ഗ്രിമാൾട്ട്	കുപ്പി ൨൧	൨	൧൨	൩
പാരലീൻ	൨ ൪ ൦	൦	൧൮	൩
ടബ്ലോയിഡ് ക്വിനയിൻ ഹൈഡ്രോക്ലോർ	വയൽ ൮	൦	൪	൩
പാരഫിൻ ലിക്വിഡ്	൨ ൭ ൦	൦	൨	൧൧
ക്ലാംഫറൊഡയിൻ	൦ ൪ ൦	൦	൧	൯
സ്റ്റിക്ററിനോടുകൂടിയ എലിക്സാർ	കുപ്പി ൮	൦	൯	൧൧
ഗ്ലിസറൊഫാസ്ഫാററിസ്	... ...	...	...	...
സോഡിബെൻസിറേറസ്	൧ ൪ ൪	൦	൪	൦
ലാക്ററാബാസിലിൻ ടാബ്ലററ്സ്	പെട്ടി ൨൦	൨	൧൦	൦
ഓളിയം ഓളിവാസ്	൯ ൦ ൦	൦	൧	൭
ടിംക്ചർ സ്റ്റ്രൊഫാന്തസ്	൦ ൨ ൦	൦	൧൦	൮
ആംപ്യൂളിസ് സ്റ്റ്രൊഫാന്തസ്	നമ്പ്ര് ൧൯	൦	൦	൫
അക്വാഅനന്തിമകാൺസ്	൦ ൮ ൪	൦	൧	൬
അക്വാസിന്നമോമി	൦ ൫ ൦	൦	൦	൮
ക്യാൽസിയം ലാക്റേററ്	൦ ൧ ൧൨	൦	൦	൫
ഹെക്സാമിനാ	൦ ൧ ൦	൦	൧	൫
ഫോളേംധിയം പ്ലെമെക്സൽ	൦ ൨ ൦	൦		൨
	ദ്രു. അ. പൈ.			
ഫാസ്ഫയിൻലാലഴ്സ്	കുപ്പി ൨ ൯ ൦ ൦	—	—	—
പിക്രിക് ആസിഡ്	൦ ൧ ൦	൦	൦	൧൦
ക്വിനയിൻ ഹൈഡ്രോക്ലോർ ആസിഡ്	൦ ൨ ൦	൦	൯	൩
സോഡിയം അയൊഡയിഡ്	൦ ൨ ൦	൦	൮	൦
പെപ്പർമാററിസോടുകൂടിയ സിറപ്പ് ഗ്ലിസറൊ ഫാസ്ഫാസ്കൊ	കുപ്പി ൪	൧	൧	൨
ടബ്ലോയിഡ് സലോൾ	കുപ്പി ൨ ൪ ൭ ൦	—	—	—
ഡയറെററിൻ	൦ ൧ ൨	൦	൬	൦
ഫാർമമിൻറ്	കുപ്പി ൨	൦	൪	൧൦
ഗ്ലൈയൊഫിറായിൻ	കുപ്പി ൧	൦	൨	൧
ഹാസലീൻക്രീം	ട്യൂബ് ൧	൦	൦	൭
സോഡിയെബ്രോമൈഡ്	൦ ൨ ൦	൦	൦	[illegible]
സോഡിയെഫാസ്ഫാസ്	൦ ൧൦ ൦	൦	൩	൧൧
സോഡിയെസൽഫൊകാർബൊളാസ്	൦ ൦ ൭	൦	൦	൧
സിൻകാസൽഫൊകാർബായിൻസ്	൦ ൦ ൪	൦	൦	൧
യൂത്തിമാൾട്ടൂത്ത് പേസ്റ്റ്	ട്യൂബ് ൩	൦	൩	൬
ആസ്പറിൻ	൦ ൫ ൪	൦	൧	൯

അനുബന്ധം ൧൦ (തുടർച്ച).

൧൦൮൫-ാമാണ്ടു ഹജൂർ ഡിസ്പെൻസറിയിലേക്കു കൊടുത്തിട്ടുള്ള പേറെൻറ മരുന്നുകളുടേയും മററു പ്രത്യേകമരുന്നുകളുടേയും പരിമാണവും വിലയും കുറിക്കുന്ന ഒരു പട്ടിക.

മരുന്നുകൾ	പരിമാണം	വില		
	പൌ. ഔ. ഡ്രാം. / രൂ. ണ. പൈ.	പൌ.	ഷി.	പെ.
ആംപ്യൂളിസ് എമെററിൻ	എണ്ണം ൪ ൩	൧	൨	൯
ബൊറൊവെൻകാസിലറി എമൽഷൻ	ട്യൂബ് ൧ ൧ ൪ ൦			
ബെനോഹൈഡ്രോഫോസ്ഫേററ്	കുപ്പി ൨	൦	൩	൦
കാസ്കറാ ഇവാക്കുവൻറ്	ടി ൧	൭	൪	൧
മോർട്ടൺ ക്യാസ്റ്റർ ആയിൽ	ടി ൨	൦	൨	൩
സിജാൺസ് കാഡ്‌ലിവർആയിൽ	ടി ൧	൦	൯	൩
എഴ്സിപ്പിയാസ് ഫിലക്കോജൻ	ബൾബ് ൨ ൧൫ ൧൪ ൦			
എക്സ്ട്രാക്ട് വിബ്നംപ്രനിഫോലിക്വിഡ്	൦ ൩ ൦	൦	൯	൦
ഗ്വയക്കോൾ	൦ ൧ ൯ ൧ ൧൨ ൦			
ഗ്വയക്കോൾ കാർബനാസ്	൦ ൦ ൨	൦	൦	൨
എച്ച്. ടി. അപ്പോത്തസിനം അസ്ട്രീനം	ബൾബ് ൧ ൧ ൧൯ ൦			
ഹൈഡ്രോജൻ പെറാക്സയിഡ്	കുപ്പി ൧	൦	൪	൪
പിൽ ആഴ്സ്നിക്ക അയറണം കിനയിനം	ടി ൧ ൯ ൫ ൦			
ക്വിനയിൻ ഹൈഡ്രോക്ലോർ	൦ ൦ ൫	൦	൧	൮
ആസിഡ് സോഡിയെ ഫോസ്ഫാസ്	൦ ൧ ൦	൦	൦	൨
സാലേപോമാലിസ്	൦ ൫ ൦ ൧ ൪ ൦			
ടബ്ലോയിസ് സോഡാമിൻറ്	കുപ്പി ൧ ൧ ൪ ൦			
സോഡിയം ക്യാകൊഡൈലേററ് ആംപ്യൂളിസ്	പെട്ടി ൪	൦	൮	൪
സോഡിയം മാർഹ്വ ഫേററ് സൊല്യൂഷൻ	കുപ്പി ൪ ൫ ൦ ൦			
ടബ്ലോയിസ് ക്യാസ്കറാ സഗ്രസാ	വയൽ ൨	൦	൧	൩
ടബ്ലോയിഡ് ഹൈപൊഡിജിററാലിനം സ്ട്രിക്നിനം	ട്യൂബ് ൧	൦	൦	൧൦
ടബ്ലോയിഡ് ഹയോസയിൻ ഹൈഡ്രോബ്രോ	ടി ൧	൦	൧	൦
ടബ്ലോയിഡ് വെജിററബിൾ ലാക്സറിവ്	വയൽ ൧	൦	൦	൧൦
തൈമോൾ	൦ ൧ ൦	൦	൧	൫
കോളിനായിസ് ടൂത്ത്പേസ്റ്റ്	ട്യൂബ് ൬	൦	൩	൫

അനുബന്ധം ൧൬ (തുടർച്ച).

൧൦൮൮-ാമാണ്ടു ഹജൂർഡിസ്പെൻസറിയിലേക്കു കൊടുത്തിട്ടുള്ള പേറ്റൻറ് മരുന്നുകളുടേയും
മററു പ്രത്യേകമരുന്നുകളുടേയും പരിമാണവും വിലയും കുറിക്കുന്ന ഒരുപട്ടിക.

മരുന്നുകൾ	പരിമാണം			വില		
	പൌ.	ഔ.	ഡ്രാ.	പൌ	ഷി	പെ
ആൻറിഫ്ളോഗിസ്റ്റിൻ	ടിൻ ൪		ത്രു ൧൦	൧	-	൦
കെപ്ളറുടെ കാഡ്ലിവർ ആയിലോടുകൂടിയ മാൾട്ട് എക്സ്ട്രാക്ട്	കുപ്പി ൧൭			൪	൧൦	൬
ടബ്ളോയിഡ് കാസ്കറാസക്രാ	വയൽ ൮			൦	൩	൮
സാനറ്റോജൻ	കുപ്പി ൪൨			൮	൧൮	൩
ടാകാഡയസ്റ്റേസ് ലിക്വിഡ്	കുപ്പി ൨			൦	.	൭
ഫെലിസ്സിറപ്പ്ഗ്ലിസറോഫോസ്	കുപ്പി ൪			൧	൦	൦
ക്വിനയിൻ സൾഫാസ്	൦	൨	൭	൮	൧൦	൦
ബിസ്മത്ത് കാർബണാസ്	൨	൭	൪	൦	൫	൨
ബിസ്മത്ത് സലിസിലാസ്	൧	൭	൦	൦	൧	൧൧
സെക്കറിനാ	കുപ്പി ൧			൦	൯	൩
അലററീസ് കാർഡിയൽ	കുപ്പി ൪			൧	൫	൦
സലോൾ	൦	൬	൦	൦	൦	൧൧
ടബ്ലോയിഡ് ക്വിനയിൻ സലിസിലാസ്	വയൽ ൪			൦	൯	൭
ടബ്ളായിഡ് ആസ്പിറിൻ	ടിൻ ൧൫			൦	൧൦	൧൦
ടബ്ളോയിഡ് ഫിനാസറ്റിൻകോ	ടിൻ ൬			൦	൩	൫
സിറപ്പ് ഹീമാഗ്ലോബ്	കുപ്പി ൧൩			൨	൦	൬
ടബ്ളോയിഡ് ക്വിനയിൻ ഹൈഡ്രോക്ലോർ	വയൽ ൯			൦	൧൦	൩
പാരഫിൻലിക്വിഡ്	൦	൨	൦	൦	൦	൨
ക്ലോറഫോറായിൻ	൧	൧	൦	൦	൩	൭
സ്ട്രിച്ച്നിനോടുകൂടിയ എലിക്സാർഗ്ലിസറൊഫോസ്സ്	കുപ്പി ൨			൦	൬	൫
സോഡിക്കയ സിസ്ട്രാസ്	൨	൨	൦	൦	൩	൮
ലക്ടോബാസിലിൻ ടാബ്ളററ്സ്	പെട്ടി ൧൫			൧	൩	൬
ഓളിയം ഓളിവെ	൧൬	൪	൦	൧	൬	൬
ടിംക്ചർസ്ട്രോഫാന്തസ്	൦	൫	൦	൦	൦	൬
കാക്ററിനാ പില്ലേററ്സ്	വയൽ ൧ ത്രു. ൨-൪-൦					
ക്യാൽസിയം ലാക്ടേററ്	൦	൯	൭	൦	൧	൧൧
ഹെക്സാമിനാ	൦	൪	൭	൦	൧	൭
ക്വിനയിൻ ഹൈഡ്രോക്ലോർ ആസിഡ്	൦	൦	൪	൦	൧	൧൧
സോഡിയെ അയോഡയിസ്	൦	൧	൦	൦	൧	൮
ഫോർമാററിസോടുകൂടിയ സിറപ്പ്ഗ്ലിസറൊഫോസ്സ്	കുപ്പി ൧൭			൪	൧൬	൫
സോഡിയൈബ്രോമൈഡ്	൦	൧	൦	൦	൦	.
സോഡിയെ ഫോസ്ഫാസ്	൧	൦	൦	൦	൦	൧൧
പൃതിമാറം ടൂത്തുപേസ്റ്റ്	ട്യൂബ് ൪			൦	൪	൪
ആസ്പിറിൻ	൦	൧	൦	൦	൦	൫
അംപ്യൂളസ് എമെറിൻ	എണ്ണം ൪൨			൧	൦	൬
മോർട്ടൻസ് ക്യാമ്പർ ആയിൽ	കുപ്പി ൧			൦	൧	൫
അല്ലംബറിസ് ക്യാമ്പർ ആയിൽ	ടിൻ ൩			൦	൧൨	൬
ഡിജാൺസ് കാഡ്ലിവർആയിൽ	ടിൻ ൫൬			൧൫	൨	൩
എക്സ്ട്രാക്ററ് വൈബർ നംപ്രതിഫോൾലിക്വിഡ്	൦	൫	൦	൦	൧	൩
ഹൈഡ്രോജൻ പെറാക്സൈഡ്	കുപ്പി ൧			൦	൪	൪
ടബ്ളോയിഡ് സോടാമിൻറ്	ടിൻ ൪ ത്രു. ൬			൦	൦	൦
സോഡിയം കാസോഡിലേററ് അംപ്യൂളിസ്	പെട്ടി ൨			൦	൪	൭
ടബ്ളായിസ് വെജിററബിൾ ലാക്സറിവ്	വയൽ ൨			൦	൧	൭
തൈമോൾ	൦	൫	൬	൦	൬	൧
കോളിനാസ് ടൂത്തുപേസ്റ്റ്	ട്യൂബ് ൧൯			൧	൨	൭
ബേരിയം ക്ലോറൈഡ്	൦	൭	൦ ആ. ൯	൦	൦	൬
ഡൈമോൾ	കുപ്പി ൨ ത്രു. ൧൪			൦	൦	൬
യൂജിനോൾ	ടിൻ ൧ ത്രു. ൨-൪-൦			൦		

അനുബന്ധം ൧ ൦ (തുടർച്ച).

൧ ൦ ൯൯-ാമാണ്ടു ഹജൂർ ഡിസ്പെൻസറിയിലേക്കു കൊടുത്തിട്ടുള്ള പേറൻറുമരുന്നുകളുടേയും
മററു പ്രത്യേക മരുന്നുകളുടേയും പരിമാണവും വിലയും കുറിക്കുന്ന ഒരുപട്ടിക.

മരുന്നുകൾ	പരിമാണം			വില		
	പൌ.	ഔ.	ഡ്രാം.	പൌ.	ഷി.	പെ.
സോഡിയംബെൻസോവാസ്	൦	൫	൦	൦	൨	൨
ടബ്ളായിഡ് ക്യാൽസിയം ലാക്റേററ്	കുപ്പി ൧			൦	൦	൧൦
ആസിഡ് ഫാസ്ഫാറിക്സിൽ	൦	൧	൦	൦	൦	൧
ആക്രിഫ്ളവിൻ	കുപ്പി ൨			൦	൧൪	൬
എക്സ്ട്രാക്റ്റ് കാസ്കറാ സഗ്രഡാലിക്വിഡ്	൦	൦	൪	൦	൦	൧
ഫെറി എററ് ക്വിനിൻ സിട്രാസ്	൦	൧	൦	൦	൧	൩
എച്ച്. ടി. അപ്പോത്തസിൻ	ട്യൂബ് ൧			൦	൩	൪
കയോളിൻ	൦	൪	൦	൦	൦	൨
ഓളിയം കാരിഫാലി	൦	൦	൪	൦	൦	൨
വിൻകാർനിസ്	കുപ്പി ൪			൧	൧	൦
ഫെറം റിഡക്ററം	൦	൧	൦	൦	൦	൬
ടാബ്ളായിഡ് തൈറായിഡ് ഗ്ലാൻഡ്	കുപ്പി ൧			൦	൨	൦
ടാബ്ളായിഡ് തൈറായിഡ് വായിസ്	ടി ൧			൦	൦	൬
ആസിഡ് അസിററിൽ ഗ്ലേഡിയൻ	൦	൦	൪	൦	൦	൧
ആബ്സോല്യൂട്ട് ആൽകഹാൾ	൦	൨	൦	൦	൦	൮
എസെൻസ് റോസെ ഓഡോറിഫറസ്	൦	൧	൦	൦	൨	൬
ക്വിനയിൻ ബൈഹൈഡ്രോക്ലോർ	൦	൧	൦	൦	൩	൯
ക്ലോറഡിൻ	൦	൨	൦	൦	൬	൦
ഡയോണൈൻ	൦	൦	൫	൦	൧൮	൦
സൊവാമിൻ	൦	൧	൦ രൂ. ൬-൦-൦			
ടബ്ളായിഡ് പാരാ തൈറായിഡ് ഗ്ലാൻസ്	കുപ്പി ൧		രൂ. ൯-൦-൦			
വിറോനൽ	൦	൧	൦	൦	൨	൧

അനുബന്ധം ൧൦ (തുടർച്ച)

ചിങ്ങം ൧-ാംനു മുതൽ മേടം അവസാനംവരെ ൧൧൦൦-ാമാണ്ടു ഫജ്ജർ ഡിസ്പെൻസറിയിലേക്കു കൊടുത്തിട്ടുള്ള പേറ്റൻറ മരുന്നുകളുടെയും മററു പ്രത്യേകമരുന്നുകളുടെയും പരിമാണവും വിലയും കുറിക്കുന്ന ഒരു പട്ടിക.

മരുന്നുകൾ	പരിമാണം			വില		
	പൌണ്ട്	ഔൺസ്	ഡ്രാം	രൂപ	ച	കാ
ട്രിംക്ചർ സ്ട്രോഫാന്തസ്	൦	൨	൦	൦	൩	൧൧
ട്രിംക്ചർ മോസ്ചി	൦	൨	൦	൦	൦	൬
ട്രിംക്ചർ മിറാ	൦	൨	൦	൦	൧	൫
ട്രിംക്ചർ സെനിഗെ	൦	൨	൦	൦	൧	൭
എക്സ്ട്രാക്ട് കൈപെബർനം പ്രൂൺഫോലിയം ലിക്വിഡ്	൧	൦	൦	൦	൨	൦
അമ്മോണിയം ബ്രോമൈഡ്	൦	൩	൦	൦	൦	൫
സോഡിയം ബ്രോമൈഡ്	൦	൪	൦	൦	൦	൪
ബിസ്മത്തുകാർബൊണാസ്	൦	൨	൦	൦	൦	൨
ബിസ്മത്തു സാലിസിലാസ്	൦	൪	൦	൦	൦	൪
മാഗ്നീഷിയം കാർബൊണാസ് പാണ്ടൊറോസ	൦	൨	൦	൦	൦	൨
സോഡിയം കാർബൊണാസ് എക്സിക്കേറ്റസ്	൦	൩	൦	൦	൦	൧
ഫെറിവലീറിയൻ	൦	൧	൦	൦	൫	൧
ക്വിനയിൻ വലീറിയൻ	൦	൦	൨	൦	൭	൧൧
ഫെറാനാഫ്തോൾ	൦	൪	൦	൦	൦	൨
തൈമോൾ	൦	൨	൦	൦	൧൫	൭
കാസ്കറാ ഇവാക്കുവൻറ്		കുപ്പി ൩	൦	൦	൨	൧
എക്സ്ട്രാക്ട് കാസ്കറാസഗ്രഡാ	൦	൩	൦	൦	൦	൪
ടി ടി ലിക്വിഡം	൦	൨	൦	൦	൧	൫
ആംപ്യൂളസ് എമെററിൻ ഹൈഡ്രോക്ലോർ		എണ്ണം ൪	൦	൦	൧	൧൧
ആംപ്യൂളസ് സോഡിയം ക്യാക്കോഡിലേററ്		എണ്ണം ൩൮	൦	൦	൧൧	൫
ആക്രിഫ്ലവിൻ		കുപ്പി ൪		൧	൮	൦
സലോൾ	൩	൧	൦	൦	൭	൩
ക്യാൽസിയം ലക്ടാസ്	൦	൩	൦	൦	൦	൭
പാരൊലീൻ	൧	൪	൦	൦	൯	൭
ആംപ്യൂളസ് സ്ട്രോഫാന്തസ്		എണ്ണം ൧൨		൦	൧൧	൦
ക്വിനയിൻ ഹൈഡ്രോക്ലോർ	൧	൦	൦	൩	൧൭	൦
ആസിഡ് ഫാസ്ഫാറിക്സിൻ	൦	൨	൦	൦	൦	൪
ആസിഡ് പിക്രിക്	൦	൨	൦	൦	൭	൨
ആസിഡ് സോഡിയൈഫോസ്ഫാസ്	൦	൪	൦	൦	൦	൨
എംപ്ലാസ്റ്റം ബെലഡോണം ലിവിഡം	൦	൨	൦	൦	൬	൭
അവാ അനത്തി കാൺസ്	൦	൨	൦	൦	൪	൩
അക്വാ അനിസി കാൺസ്	൦	൨	൦	൦	൧	൫
അക്വാ സർക്കയി കാൺസ്	൦	൪	൦	൦	൦	൨
അക്വാസിന്നമണി കാൺസ്	൦	൨	൦	൦	൩	൦
ആസ്റ്ററിൻ	൦	൧	൦	൦	൦	൫
സാനറ്റോജൻ		കുപ്പി ൩൪	൦	൬	൧൪	൦
ഡിജാൺസ് കാഡ്ലിവർ ആയിൽ		കുപ്പി ൩൬	൦	൮	൯	൭
വിൻകാർനിസ്		കുപ്പി ൩	൦	൦	൧൦	൭
ഹക്സ്ലിസ് നെർവിഗർ		കുപ്പി ൧൩	൦	൫	൩	൭
ഓവൽ ടിൻ		ഡപ്പി ൪	൦	൦	൮	൦
വിലിസ് സിറപ്പ് ഗ്ലിസറൊഫോസ്ഫാസ്കൊ		കുപ്പി ൪	൦	൧	൦	൦
സിറപ്പ് ഫെറിഫോസ്ഫാസ്കൊ		൦-൪-൦	൦	൦	൦	൨
ബിസ്മത്തോടുകൂടിയ മിസ്റ്റ് പെപ്സിൻകൊ		൦-൧൦-൦	൦	൦	൯	൧൦
കൊളിനായിസ് ടൂത്ത് പേസ്റ്റ്		ട്യൂബ് ൯	൦	൦	൮	൪
ട്യൂബായിഡ് ആസ്പിറിൻ		വയൽ ൯	൦	൦	൬	൧൬
ടി വെജിറാബിൾലാക്സേറ്റീവ്		ടി ൯	൦	൦	൬	൧൦

അനുബന്ധം ൧൦ (അവസാനം).

ചിങ്ങം ൧-ാംനു-മുതൽ മേടം അവസാനംവരെ ൧൧൦൦-ാമാണ്ട ഹജൂർ ഡിസ്പെൻസറിയിലേക്ക കൊടുത്തിട്ടുള്ള പേററൻറ മരുന്നുകളുടെയും മററ പ്രത്യേകമരുന്നുകളുടേയും പരിമാണവും വിലയും കുറിക്കുന്ന ഒരു പട്ടിക.

മരുന്നുകൾ	പരിമാണം			വില		
	പൌണ്ട്	ഔൺസ്	ഗ്രാം	പൊ	ഷി	പെ
ടബ്ലോയിസ് ക്വിനയിൻ ഹൈഡ്രോക്ലോർ	൦	പയുൻ ൮	൦	൦	൧൨	൦
ടി ഗ്ലാഡ്	൦	ടി ൪	൦	൦	൪	൪
ടി ക്യാൻഡിയെലാക്ലാസ്	൦	ടി ൪	൦	൦	൩	൦
ടി ക്യാസ്കുറാകൊ	൦	ടി ൪	൦	൦	൩	൦
ടി സഗ്രഡാ	൦	ടി ൪	൦	൦	൩	൦
ടി ഹൈപൊഫയെറസിം ഹൈഡ്രോബ്രോ	൦ ൦	ട്യൂബ് ൪	൦	൦	൪	൫
ടി ക്വിനയിൻ ബൈഹൈഡ്രോക്ലോർ	൦	ടി ൨	൦	൦	൨	൪
ടി പെപ്സിൻപോർസി	൦	ടി ൨	൦	൦	൨	൧൦
ടി പനസെററിൻ കൊ	൦	ടി ൭	൦	൦	൮	൯
ടി പ്ലാസ് ക്ലോറാസ്	൦	ടി ൩	൦	൦	൧	൫
				രൂ.	ച.	കാ.
ടി തൈറായിഡ് ഗ്ലാൻഡ്	൦	ടി ൩	൦	൯	൫	൦
				പൊ	ഷി.	പെ
ടി വായിസ്	൦	ടി ൯	൦	൦	൪	൫
ഫാർമമിൻറ് ടാബ്ലെററ്സ്	൦	ടി ൧൦	൦	൧	൪	൨
കൊളേഡിയം പ്ലെക്സിൽ	൦	൧	൪	൦	൦	൧൦
ഓളിയം ഓളിവെ	൨	൦	൦	൦	൧	൪
പാരാഫിൻലിക്വിഡ്	൧	൦	൦	൦	൧	൨
സോഡിയെ സിറ്ട്രാസ്	൦	൮	൦	൦	൧	൭
സോഡിയെ ഫാസ് ഫാസ്	൨	൧൨	൦	൧	൧൦	൩
ട്ബ്ലയിഡ് ക്വിനയിൻ സിലിസലാസ്	൦	വയൽ ൧	൦	൦	൨	൧
ട്ാകാഡയാസ്ലുസ് ലിക്വിഡ്	൦	കുപ്പി ൧	൦	൦	൩	൪

൧൧-ാം അനുബന്ധം

൨൨൭-ാം നമ്പർ ചോദ്യത്തിന്റെ മറുപടി നോക്കുക

ഒരേസ്ഥലത്തു മൂന്നുവർഷത്തിൽ കൂടുതൽകാലം ജോലിനോക്കീട്ടുള്ള മെഡിക്കലാഫീസ്സറന്മാരുടെ പേരും ജോലിനോക്കീട്ടുള്ളകാലവും കാണിക്കുന്ന പട്ടിക.

നമ്പർ	മെഡിക്കലാഫീസ്സറന്മാരുടെ പേരു	ജോലിസ്ഥലം	ഓരോസ്ഥലത്തും എത്രകാലം ജോലിയിൽ ഇരുന്നു എന്നു		റിമാർക്ക
			ആണ്ട്	മാസം	
൧	സർജൻ കെ. കൃഷ്ണപിള്ള	ശ്രീപാദം ആശുപത്രി	൬	...	
൨	ടി ഏ. ഏ. ഡ്രെയർ	ഊളമ്പാറ ആശുപത്രി	൩	൪	ജനറൽ ആസ്പത്രിമെഡിക്കലാഫീസറുടെ ചാർജ്ജുകൂടി വഹിക്കുന്നു (അവധിയിൽ)
൩	ഡിപ്യൂട്ടി സർജ്യൻ, റ്റി. ജെ. മണവാളയ്യാ	ആലുവാ	൭	൨	
൪	ടി മിസ്സ്. ഏ. റ്റി. മാർട്ടിൻ	സ്ത്രീകളുടേയും കുഞ്ഞുങ്ങളുടെയും ആസ്പത്രി	൧൫	൧൦	ഇപ്പോൾ കൊല്ലത്തുവിക്ടോറിയാആസ്പത്രിയിൽ ചാർജ് വഹിക്കുന്നു (അവധിയിൽ)
൫	ടി മിസ്സ്. ഈ. ശാമുവേൽ	വിക്ടോറിയാ ആസ്പത്രി കൊല്ലം.	൫	൬	
൬	ടി എൽ. എ. രവിവർമ്മ	കണ്ണാസ്പത്രി	൪	൭	
൭	ടി റ്റി. കെ. വർഗ്ഗീസ്	കോഴഞ്ചേരി	൫	൮	
൮	ടി ഏ. നല്ലപെരുമാൾപിള്ള	വടക്കേകൊട്ടാരം ആസ്പത്രി മനസ്സംബന്ധമായ സുഖക്കേടുകാർക്കുള്ള ആസ്പത്രി തിരുവനന്തപുരം	൮	൩	
൯	ടി മിസ്സ്. ഐ. തോമസ് (പകരം)	സ്ത്രീകൾക്കും കുഞ്ഞുങ്ങൾക്കും ഉള്ള ആസ്പത്രി	൫	...	
൧൦	അസിസ്റ്റന്റ സർജൻ, കെ. കേശവപിള്ള	ജനറൽ ആസ്പത്രി കൊട്ടക്കകം ആസ്പത്രി ജനറൽ ആസ്പത്രി തിരുവനന്തപുരം	൯	൯	
൧൧	ടി കെ. ഐ. വർഗ്ഗീസ്	കോട്ടയം	൮	...	
൧൨	ടി മിസ്സ്. ഏ. താംസൻ	സ്ത്രീകളുടേയും കുട്ടികളുടെയും ആസ്പത്രി	൧൦	൭	
൧൩	ടി മിസ്സസ്, വി. എസ്സ്. ആർവിൻ	ടി	൬	...	
൧൪	ടി മിസ്സ്. സി. എൽ. തോമസ്	ടി	൨൩	൩	
൧൫	ടി ഏ. എസ്. എൻ. പണിക്കർ	മനസുഖക്കേടുകാർക്കുള്ള ആസ്പത്രി ജനറൽ ആസ്പത്രി തിരുവനന്തപുരം	൩	൪	
൧൬	അപ്പാത്തിക്കിരി, മിസ്സസ് കാതറയിൻ ജേക്കബ്ബ്	കോട്ടയം		൯	

അനുബന്ധം ൧൧ (തുടർച്ച്).

നമ്പർ	മെഡിക്കൽ ആഫീസറന്മാരുടെ പേരു		ജോലിസ്ഥലം	ഓരോസ്ഥലത്തും എത്ര കാലം ജോലിയിൽ ഇരുന്നു		റിമാർക്ക്
				ആണ്ടു	മാസം	
൧൭	ടി	ജി. കല്യാണിഅമ്മ	സ്ത്രീകളുടേയും കുട്ടികളുടെയും ആസ്പത്രി	൮	൨	
൧൮	സബ്ബ് അസിസ്റ്റൻറ സർജൻ, (സീനിയർ) ററി. മാക്കസ്		കായംകുളം	൪	൧	
൧൯	സബ്ബ് അസിസ്റ്റൻറ സർജൻ, ററി. പി. ഏബ്രഹാം		കുമരകം	൪	൧	
൨൦	സബ്ബ്. അസിസ്റ്റൻറ സർജൻ, എസ്. റങ്കയ്യങ്കാർ		ഭൂതപ്പാണ്ടി	൬	൧൧	
൨൧	സബ്ബ് അസിസ്റ്റൻറ സർജൻ വി. ചെല്ലക്കണ്ണ്		കുളച്ചൽ	൩	൯	
൨൨	ടി	പി. ജാൺജോസഫ്	കുലശേഖരം	൪	൪	
൨൩	ടി	(ജൂനീയർ) സി. ഡാനിയൽ	പുനലൂർ	൫	൧	
൨൪		എഫ്. ഡബ്ല്യൂ. ആറംവിൻ	കണ്ണാസ്പത്രി	൫	൯	
൨൫	ടി	ആർ. എം. കുമാരസ്വാമിനായിഡു	ആലപ്പുഴ	൫	൩	
൨൬	ടി	ആർ. മാധവൻപിള്ള	അമ്പലപ്പുഴ	൩	൧	(അവധിയിൽ)
൨൭	ടി	എസ്. കൊച്ചുരാമൻപിള്ള	കോട്ടയ്ക്കകം ആസ്പത്രി	൬	൫	
൨൮	ടി	എസ്. മാനുവൽ	പട്ടാളം ആസ്പത്രി	൭	൩	
൨൯	ടി	കെ. കുപ്പസ്വാമിഅയ്യങ്കാർ	കൊട്ടാരം ആസ്പത്രി	൯	൭	
൩൦	ടി	മിസ്സ് ഇ. സിബാസ്റ്റ്യൻ	ആലപ്പുഴ	൫	൦	
൩൧	ടി	കെ. ചാണ്ടി	ബാക്ടീരിയാളജിക്കൽ ലാബറെറററി	൫	൧	
൩൨	ടി	ജി. കെ. തമ്പി	കോട്ടയം	൪	൯	
൩൩	ടി	മിസ് തായി ശാമുവേൽ	കൊല്ലം വിക്ടോറിയാ ആസ്പത്രി	൩	൩	
൩൪	ടി	സി. ഓ. മാത്യു	കുഷ്ഠരോഗ ആസ്പത്രി	൩	൫	

[illegible]-ാം അനുബന്ധം,
[illegible]-ാം നമ്പർ ചോദ്യത്തിന്റെ മറുപടിക്കുള്ള.
ചില താലൂക്കുകളിലെ വിസ്തീർണ്ണം, ജനസംഖ്യ അവിടെയുള്ള
ഗ്രാന്റ വൈദ്യശാലകളുടെ എണ്ണം ഇവ കാണിക്കുന്ന പട്ടിക.

താലൂക്ക	ഗ്രാന്റ വൈദ്യശാലകളുടെ എണ്ണം	വിസ്തീർണ്ണം	[illegible] സെൻസസ് പ്രകാരമുള്ള ജനസംഖ്യ
നെയ്യാറ്റിൻകര	[illegible]	[illegible] ചതുരശ്രമൈൽ	[illegible]
ചിറയിൻകീഴ്	[illegible]	[illegible] ചതുരശ്രമൈൽ	[illegible]
കൊല്ലം	[illegible]	[illegible] ചതുരശ്രമൈൽ	[illegible]
തിരുവല്ലാ	[illegible]	[illegible] ചതുരശ്രമൈൽ	[illegible]
അമ്പലപ്പുഴ	[illegible]	[illegible] ചതുരശ്രമൈൽ	[illegible]
കോട്ടയം	[illegible]	[illegible] ചതുരശ്രമൈൽ	[illegible]

നിയമനിർമ്മാണം.

തിരുവിതാംകൂർ നമ്പൂതിരിബിൽ

പ്രസിഡന്റ്: മിസ്റ്റർ: ഉപ്പൻ നമ്പൂതിരി, നിങ്ങൾ തിരുവിതാംകൂർ നമ്പൂതിരി ബിൽ സഭയുടെ ആലോചനയ്ക്കു വിഷയമാക്കേണ്ടതാണെന്നു അഭിപ്രായപ്പെടേണ്ടിയിരിക്കുന്നു.

മി: സി. എൻ. ഉപ്പൻ നമ്പൂതിരി (ജന്മിമെംബർ): സർ! തിരുവിതാംകൂർ നമ്പൂതിരിബിൽ ഈ സഭയുടെ മുമ്പാകെ അവതരിപ്പിക്കയും ഈ ബില്ലിനെപ്പറ്റി സഭ ആലോചിക്കണമെന്നു അഭിപ്രായപ്പെടുകയും ചെയ്യുന്നു.

മി: കെ. കെ. താമസ് (കോട്ടയം): ഞാൻ അതിനെ അനുകൂലിക്കുന്നു.

മി: സി. എൻ. ഉപ്പൻ നമ്പൂതിരി (ജന്മിമെംബർ). സർ! നമ്പൂതിരികുടുംബങ്ങളുടെ ഭരണം നിയന്ത്രിതമാക്കി നന്നാക്കുവാനും നമ്പൂതിരികനിഷ്ഠന്മാർക്കു സ്വജാതീയവിവാഹത്തിനു സൌകര്യവും പ്രോത്സാഹനവും നൽകുവാനും, നമ്പൂതിരി കന്യകമാരെ യഥാകാലം വിവാഹം കഴിപ്പിച്ചുകൊടുക്കുവാനും, വസ്തുവിഷയമായ പിൻതുടർച്ചാവകാശത്തെ ക്രമപ്പെടുത്തുവാനും ഉദ്ദേശിച്ചുകൊണ്ടാണു ഇങ്ങിനെ ഒരു ബിൽ രൂപീകരിച്ചിട്ടുള്ളത്. ഈ ബില്ലിൽ [illegible] അദ്ധ്യായങ്ങൾ അടങ്ങിയിട്ടുണ്ട്. അവയിൽ ഒന്നാം അദ്ധ്യായംകൊണ്ടു ബില്ലിൽ ഉപയോഗിച്ചിട്ടുള്ള പദങ്ങളുടെ അർത്ഥവിവരണവും, രണ്ടാമദ്ധ്യായത്തിൽ, കുടുംബഭരണത്തിൽ കാരണവന്മാർക്കുള്ള അധികാരത്തെ നിയന്ത്രിക്കയും, മറ്റുള്ളവർക്കു ചിലവിനു കൊടുക്കാനുള്ള അവകാശത്തെ ഉറപ്പിക്കയുമാണു ചെയ്തിട്ടുള്ളത്. മൂന്നാമദ്ധ്യായത്തിൽ മൈനർമാരുടെ രക്ഷാധികാരത്തെ വ്യവസ്ഥപ്പെടുത്തിയിട്ടുണ്ട്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): നമ്പൂതിരിമാരുടെ വിവാഹത്തെപ്പറ്റി പറഞ്ഞ ഭാഗം ഇതിൽ കാണുന്നില്ല.

മി: സി. എൻ. ഉപ്പൻ നമ്പൂതിരി (ജന്മിമെംബർ): വിവാഹത്തിനു പ്രോത്സാഹനം കൊടുക്കത്തക്ക നിലയിലുള്ളതെല്ലാം പറഞ്ഞിട്ടുണ്ട്.

നാലാമദ്ധ്യായത്തിൽ ദായക്രമത്തേയും മരണശാസനമില്ലാത്തപ്പോഴുള്ള പിൻതുടർച്ചയേയും വിവരിച്ചിട്ടുണ്ട്. അഞ്ചാം അദ്ധ്യായത്തിൽ മരണശാസനം എഴുതാനുള്ള അവകാശം ഉറപ്പിച്ചിട്ടുണ്ട്. ആറാം അദ്ധ്യായത്തിൽ ചില കൂടുതൽ വ്യവസ്ഥകളെ വിവരിക്കുകയാകുന്നു. എന്നാൽ നമ്പൂതിരി സമുദായത്തിനു ഈ വിധം ഒരു നിയമനിർമ്മാണം ആവശ്യമുണ്ടോ എന്നു സമുദായത്തിന്റെ പൊതു ആവശ്യങ്ങളെ അറിഞ്ഞു സാധിക്കുവാനായി സ്ഥാപിച്ചു ഇരുപതുകൊല്ലകാലമായി ശരിയായി നടന്നു വരുന്ന നമ്പൂതിരിയോഗക്ഷേമമഹാസഭയിൽ അനേകപ്രാവശ്യം വാദപ്രതിവാദങ്ങൾ ചെയ്തു ബില്ലിന്റെ ആവശ്യകതയെ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. രണ്ടുപ്രാവശ്യം പ്രത്യേകകമ്മിററികളെവച്ചു സമുദായാംഗങ്ങളുടെ അഭിപ്രായം ചോദ്യങ്ങൾ അയച്ചും വിസ്തരിച്ചും ശേഖരിച്ചു റിക്കാർഡാക്കുകയും അവയെപ്പററി വാദപ്രതിവാദങ്ങൾ നടത്തുകയും തീർപ്പുകൾ ചെയ്യുകയും ചെയ്തിട്ടുണ്ട്. രണ്ടു കമ്മിററികളുടേയും വിചാരണഫലം ഒരു രാജകീയനിയമനിർമ്മിതിക്കു അനുകൂലമായിതന്നെയാണു കാണപ്പെട്ടിട്ടുള്ളത്. അതിന്റെശേഷം മഹാസഭ ചില മൂലതത്വങ്ങൾ ഉറപ്പിക്കയും അവയെ അടിസ്ഥാനപ്പെടുത്തി ഒരു ബിൽ

ഈ സഭയിൽ ഹാജരാക്കുവാൻ എന്നെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കൊച്ചി നിയമസഭയിൽ ഏതാണ്ടു ഇതുപോലെ ഒരു ബിൽ മിസ്റ്റർ ശങ്കരൻ നമ്പൂതിരി ഹാജരാക്കുകയും നിയമസഭ ആ ബിൽ ആലോചനക്കെടുത്തു മൂന്നാം വായന വരെയുള്ള പ്രവൃത്തികൾ ചെയ്കയും ചെയ്തിട്ടുണ്ട്. നമ്പൂതിരി കുടുംബങ്ങളുടെ ഭരണവും, കാരണവന്റെയും ഇളമുറക്കാരുടേയും നിലയും, ഇന്നു നായർ റെഗുലേഷൻ 1100-ൽ പാസാവുന്നതിനു മുമ്പുള്ള മരുമക്കത്തായ കുടുംബങ്ങളിലെ കാരണവന്റെയും അനന്തിരവന്റെയും നിലക്കു തുല്യമായിട്ടാണിരിക്കുന്നതു്. നായർ റെഗുലേഷൻ, വെള്ളാള റെഗുലേഷൻ, ഈഴവ റെഗുലേഷൻ, എന്നിവകൾ പാസാക്കുവാൻ പ്രേരിപ്പിച്ച കാരണങ്ങൾ പരിപൂർണ്ണമായി നമ്പൂതിരി കുടുംബങ്ങളുടെ ഭരണക്രമത്തെ വ്യവസ്ഥപ്പെടുത്തുന്നതിലും ബാധകമായിത്തീരുന്നുണ്ട്. ആ സംഗതികളിൽ സാമാന്യമായി പ്രസ്തുത നിയമങ്ങളിലെ വകുപ്പുകളെ സ്വീകരിക്കുന്നതും അനുകരിക്കുകയും ചെയ്തിട്ടുണ്ട്. കുടുംബഭരണത്തെ വ്യവസ്ഥപ്പെടുത്തുന്നതു പോലെ കുടുംബത്തിലുള്ള എല്ലാ അംഗങ്ങൾക്കും ചിലവിനു കിട്ടുവാനുള്ള അവകാശത്തേയും രണ്ടാമദ്ധ്യായം കൊണ്ടു സാധിച്ചിട്ടുണ്ട്. തന്റെ ഭാര്യയേയും കുട്ടികളെയും സംരക്ഷിച്ചും കൊണ്ടു ധർമ്മം അനുഷ്ഠിക്കേണ്ട ഗൃഹസ്ഥാംഗങ്ങൾക്കു ചിലവിനു കൊടുക്കുവാൻ കുടുംബത്തിലെ കാരണവനോ മാനേജരോ വിസമ്മതിക്കയോ ഉപേക്ഷ കാണിക്കയോ ചെയ്താൽ കുടുംബവസ്തുക്കളിൽ നിന്നും തന്റെ ഓഹരിയും തന്നോടുകൂടിയും തന്റെ രക്ഷയിലും താമസിക്കുന്ന മററംഗങ്ങളുടെ ഓഹരികളും അനുഭവത്തിനായി പ്രത്യേക കൈവശം വയ്ക്കുവാനുള്ള അധികാരം നൽകിയിട്ടുണ്ട്. തനിക്കു ഭാര്യയുടെ കുടുംബത്തിൽ നിന്നും ലഭിക്കുന്ന സ്ത്രീധനം കുടുംബത്തോടു ചേർക്കുന്ന ഗൃഹസ്ഥനു് അവരെ സംരക്ഷിക്കുന്നതിനു് ബുദ്ധിമുട്ടു കൂടാതെ കഴിക്കുന്നതിനും യുവജനങ്ങളിൽ വർദ്ധിച്ചു വരുന്ന സ്വജാതീയ വിവാഹപ്രതിപത്തിയെ സഹായിക്കുന്നതിനും ഈ വകുപ്പു കൊണ്ടു് ഉദ്ദേശിച്ചിട്ടുണ്ട്.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഏതു വകുപ്പ്?

മി: സി. എൻ. കുപ്പൻ നമ്പൂതിരി (ജന്മിമെമ്പർ): പതിനെട്ടാമത്തെ വകുപ്പ്.

നമ്പൂതിരികനിഷ്ഠന്മാർ വിവാഹം ചെയ്തു ഗൃഹസ്ഥവൃത്തി അംഗീകരിക്കായ്ക നിമിത്തം കന്യകമാർ നിത്യകന്യകാദുഃഖം അനുഭവിക്കുന്ന അനാശാസ്യതയെ ദൂരീകരിക്കുന്നതിനും വൃഥാ കുടുംബം വിട്ടു അലഞ്ഞു നടക്കുന്ന കനിഷ്ഠന്മാരുടെ എണ്ണം ചുരുക്കുവാനും ഈ ബില്ലിനാൽ ഉദ്ദേശിച്ചിട്ടുണ്ട്. കാരണവനു കുടുംബഭരണത്തിൽ ഇപ്പോഴുള്ളതിൽ കൂടുതൽ ചുമതല ഈ ബില്ലിനാൽ നൽകുന്നതു കൊണ്ടു് കണക്കുകൾ മററംഗങ്ങളെ തൃപ്തികരമായി കാണിക്കുവാൻ കൂടുതൽ ശ്രമം വഹിക്കേണ്ടിവരുന്നതിനാലും തറവാട്ടു വസ്തുക്കളുടെ ആദായത്തിൽ ഒരംശം മററംഗങ്ങൾക്കു നൽകുന്നതിൽ അധികമായി കാരണവർക്കു നൽകുവാൻ ഒരു വ്യവസ്ഥയും ഉൾപ്പെടുത്തിട്ടുണ്ട്. അതു പോലെ കാരണവരുടെ ഭരണം കുടുംബത്തിനു സാരമായ ദോഷം നേരിടുന്നതായി കുടുംബാംഗങ്ങളിൽ പ്രായം തികഞ്ഞ നാലിൽ മൂന്നു ഭാഗം അംഗങ്ങൾ ചേർന്നു ആവശ്യപ്പെട്ടാൽ കാരണവനെ സ്ഥാനത്തുനിന്നും നീക്കം ചെയ്യുന്നതിനുള്ള വ്യവസ്ഥയും രണ്ടാമദ്ധ്യായത്തിൽ ചേർത്തിട്ടുണ്ട്.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): കുടുംബത്തിലുള്ള മുക്കാൽഭാഗം അംഗങ്ങൾ ചേർന്ന കാരണവർ ഗുണവാനായിരുന്നാലും, തറവാട്ടിലേക്കു ആദായം ഉണ്ടാക്കുന്ന ആളായിരുന്നാലും കാരണവസ്ഥാനത്തുനിന്നും നീക്കാൻ സാധിക്കുമോ?

മി: സി. എൻ. കുപ്പൻനമ്പൂതിരി (ജന്മിമെമ്പർ): അങ്ങിനെ ഉദ്ദേശിച്ചിട്ടില്ല.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): ബിൽ കൊണ്ടു അതു വ്യക്തമാകുന്നുണ്ടോ?

മി: സി. എൻ. കുപ്പൻനമ്പൂതിരി (ജന്മിമെമ്പർ): കുടുംബത്തിനു സാരമായ ദോഷങ്ങൾ കാരണവൻ ചെയ്യുന്നപക്ഷം ഭൂരിപക്ഷം അംഗങ്ങൾക്കും ചേർന്നു കാരണവനെ മാററാം എന്നു മാത്രമേ ബില്ലിൽ പറയുന്നുള്ളൂ.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): "സാരമായ ദോഷങ്ങൾ" എന്നു പറഞ്ഞിട്ടുണ്ടോ?

മി: സി. എൻ. കുപ്പൻനമ്പൂതിരി (ജന്മിമെമ്പർ): ഉണ്ട്. പക്ഷെ അതു വ്യക്തപ്പെടുത്താത്തതുപോലെങ്കിൽ കുറെ കൂടി വ്യക്തമാക്കുന്നതു കൊണ്ടു വിരോധമില്ല.

പ്രായം തികയാത്ത അംഗങ്ങളുടെ രക്ഷാകർത്തൃത്വത്തെ പററി നമ്പൂതിരിമാരുടെ ഇടയിൽ സർവ്വസമ്മതമായ യാതൊരു വ്യവസ്ഥയും ഇന്നു കാണുന്നില്ല. ഏതാനും ദിക്കുകളിൽ കൂട്ടുകുടുംബത്തിലെ കാരണവനോ, മാനേജരോ, മൈനറന്മാരുടെ രക്ഷാകർത്തൃത്വം വഹിക്കുന്നു. മററു ചിലേടത്തു അച്ഛനോ അമ്മയോ അഥവാ ആ ശാഖയിലെ വയസ്സു മൂപ്പുള്ള ആളോ ആ ഭാരം വഹിക്കുന്നു. കൂട്ടുകുടുംബങ്ങളിൽ ശാഖ വർദ്ധിക്കുമ്പോൾ എല്ലാ ശാഖയിലും ഉൾപ്പെട്ട മൈനറന്മാരുടെ രക്ഷാകർത്തൃത്വം ഒരൊററ ആളിൽ ചെന്നു ചേരുന്നതു അസൗകര്യവും ശാഖകളായി പ്രത്യേകം താമസിക്കുന്നതിനു തടസ്സവുമായി തീർന്നേക്കാം. അതു കൂടാതെ കഴിക്കുവാൻ രക്ഷാകർത്തൃത്വം ശാഖകളിൽ തന്നെ ഇരിക്കത്തക്ക വിധം മൂന്നാം അദ്ധ്യായത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. നമ്പൂതിരിമാരുടെ ഇന്നത്തെ ദായക്രമം അവ്യവസ്ഥിതമായിട്ടാണു തീർന്നിരിക്കുന്നതു്. ഒരാളുടെ കാലശേഷം അയാളുടെ സ്വകാര്യസ്വത്തു് കുടുംബത്തിലേക്കോ ശാഖക്കോ ഇരിക്കേണ്ടതു എന്നു കോടതികളിൽ വാദവിഷയമാകുകയും രണ്ടു വിധത്തിലും വിധികൾ ഉണ്ടാകുകയും ചെയ്തിട്ടുണ്ട്. മേലും അങ്ങിനെയുള്ള വാദം തുടരാതെ കഴിക്കാൻ പിൻതുടർച്ചാവകാശം ഭാര്യയിലും മക്കളിലും ആകത്തക്കവിധം വ്യവസ്ഥ ചെയ്തിട്ടുണ്ട്.

സർ! നമ്പൂതിരി സമുദായത്തിലെ ഒട്ടെല്ലാ നടപടികളെയും പററി ഒരു പൂർണ്ണവിവരം എന്റെ സ്നേഹിതന്മാരായ ഈ സഭയിലെ ബഹുമാനപ്പെട്ട എല്ലാ മെമ്പറന്മാർക്കും അറിവുണ്ടായിരിക്കാവുന്നതു കൊണ്ടു ഞാൻ കൂടുതലായി ഇവിടെ വിസ്തരിക്കുന്നില്ല. നമ്പൂതിരി സമുദായത്തിന്റെ പരമമഹത്വത്തിനും കൂട്ടുകുടുംബത്തിനും സാരമായ ഉലച്ചിൽ തട്ടാത്ത വിധവും നവീനമായ അഭിനിവേശങ്ങളെ സാധിക്കത്തക്കവണ്ണവും അവർക്ക് ധർമ്മാനുസൃതം ജീവിതം സുഖസംതൃപ്തിയോടെ നയിച്ചു കൊണ്ടു പോകുവാൻ ഉതകുന്ന ഒരു നിയമനിർമ്മാണത്തിന് സമുദായം അത്യുൽകണ്ഠയോടെ ആഗ്രഹിച്ചും കൊണ്ടാണു ഇരിക്കുന്നതു്. കഴിഞ്ഞ പല വർഷങ്ങൾക്കു മേലായി സമുദായം ഈ വിധം ഒരു നിയമനിർമ്മാണത്തിന് ശ്രമം ചെയ്തുവരുന്നുണ്ട്. അതു സാധിക്കുവാൻ ഈ സന്ദർഭം ഉപകരിക്കുമെന്നും ഈ സഭ അവർക്കു ഒരു രക്ഷനൽകുമെന്നും ഞാൻ വിശ്വസിക്കുന്നു.

മി: ജി. രാമൻമേനോൻ (മാവേലിക്കര-കാർത്തികപ്പള്ളി): അവ താരകന്ന മലയാളംമാത്രമെ അറിയാവൂ എന്നുള്ളതുകൊണ്ട്—

മി: സി. എൻ. ഇട്ടുപ്പൻനമ്പൂതിരി (ജന്മിമെമ്പർ): ഈ ബിൽസംബന്ധിച്ചുള്ള വാദപ്രതിവാദം മലയാളത്തിൽതന്നെ നടത്തണമെന്നു ഞാൻ ഈ സഭയോടു അപേക്ഷിക്കുന്നു.

മി: കല്ലൂലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ) ചട്ടം അനുസരിച്ചു ഒരു മെമ്പറിനു ഇംഗ്ലീഷിൽ വേണ്ട പാണ്ഡിത്യം ഉണ്ടെങ്കിൽ ആ മെമ്പർ ഇംഗ്ലീഷിൽതന്നെ സംസാരിക്കേണ്ടതാണ്.

മി: ജി. രാമൻമേനോൻ (മാവേലിക്കര-കാർത്തികപ്പള്ളി): സർ: ഏതെങ്കിലും പ്രത്യേകസമുദായങ്ങളെമാത്രം ബന്ധിക്കുന്ന നിയമനിർമ്മാണത്തെ സംബന്ധിച്ചു മററു സമുദായാംഗങ്ങൾ സാധാരണയായി ശ്രദ്ധപതിപ്പിക്കപതിവില്ല. ഇതു മിക്കപ്പോഴും അപകടമായി തീർന്നേക്കാം. ഈ സഭമുമ്പാകെ വരുന്ന ഓരോവിഷയത്തെ സംബന്ധിച്ചും ക്ലൂലങ്കഷമായി പര്യാലോചിക്കുന്നതിനുള്ള അധികാരവും ചുമതലയും ഈ കൌൺസിലിലെ ഓരോ അംഗത്തിനുമുണ്ട്. ഈ സഭയിലെ അംഗങ്ങളായ നമ്മിൽ ഓരോരുത്തരും ഏതേതുസമുദായങ്ങളിൽപെട്ടവർ ആയിരുന്നാലും അതാതുസമുദായങ്ങളെ അല്ല രാജ്യത്തുള്ള എല്ലാസമുദായങ്ങളേയും ആണ് ഇവിടെ പ്രതിനിധീകരിക്കുന്നതു്. ഒരു നമ്പൂതിരി മെമ്പർ നമ്പൂതിരിമാരുടെ രക്ഷയിൽ എത്രമാത്രം ശ്രദ്ധയുള്ളവൻ ആയിരിക്കുമൊ അത്രമാത്രം ശ്രദ്ധതന്നെ അതേവിഷയത്തിൽ ഒരു ക്രിസ്ത്യൻമെമ്പറിനൊ ഒരു നായർമെമ്പറിനൊ ഉണ്ടായിരിക്കേണ്ടതാണ്. ഒരു പ്രത്യേകസമുദായത്തിനു ഏതേതുസംഗതികളാണ് അത്യാവശ്യമായിട്ടുള്ളതു എന്ന് അറിവാൻ പാടില്ലാത്തതിനാൽ അന്യസമുദായങ്ങളിൽ പെട്ട ആളുകൾ ആ സമുദായത്തിൽ പെട്ടവരിൽനിന്നും ലഭിക്കുന്ന അറിവിനെമാത്രം വിശ്വസിച്ചുപോയി എന്നു സാധാരണയായി വരാൻ ഇടയുണ്ട്. ഒരേ രാജ്യത്തെയൊ അല്ലെങ്കിൽ ഒരേ ഗവമ്മെണ്ടിൻെറയൊ പ്രജകൾ എന്ന നിലയിൽ എല്ലാസമുദായങ്ങളുടെയും ന്യായമായ അവകാശങ്ങളെ സുരക്ഷിതമാക്കിച്ചെയ്യേണ്ട ചുമതല നമ്മിൽ ഓരോരുത്തരിലും സ്ഥിതിചെയ്യുന്നുണ്ട് (കേൾക്കുക, കേൾക്കുക.) സാമുദായികമായ ഏതു സംഗതിയേയുംപററി ഗാഢമായിപര്യാലോചിക്കാൻ നമ്മെ നിർബന്ധിക്കുന്നതായ മറെറാരുകാരണംകൂടിയുണ്ട്. സമുദായങ്ങൾതമ്മിൽ അന്യോന്യബന്ധം ഉള്ളവയാണ്. ഒരു സമുദായത്തിൻെറ നിയമങ്ങളൊ നടപടി ക്രമങ്ങളൊ മററുസമുദായങ്ങളേയും വളരെ സാരതരമായവിധത്തിൽ ബന്ധിക്കുമെന്നുള്ളതാകുന്നു. ഇപ്പോഴത്തെ ബില്ലിലെ ചിലവകുപ്പുകളിൽ ലീനമായികിടക്കുന്ന തത്വങ്ങളെപററി പ്രതിപാദിക്കുന്ന സന്ദർഭത്തിൽ ഞാൻ ഈ പറഞ്ഞതിനെ ഉദാഹരിച്ചുകൊള്ളാം. സർ! ഈ ബില്ലിലെ ഓരോ വകുപ്പിലും അന്തർലീനമായികിടക്കുന്ന തത്വങ്ങളെപററി വാദപ്രതിവാദം നടത്തുന്നതിനു ഉത്തമമായ സന്ദർഭം ഇതുതന്നെയാണ്. ഇപ്പോൾ അവയെസംബന്ധിച്ചു വേണ്ടപോലെ പര്യാലോചിക്കാതിരിക്കുന്നപക്ഷം കുറെക്കഴിയുമ്പോൾ ഏതെങ്കിലും ഒരു വകുപ്പിൽ അടങ്ങിയിരിക്കുന്ന തത്വത്തെ ഈ സഭ അംഗീകരിച്ചുപോയതായി ഏതെങ്കിലും സാങ്കേതിക തടസ്സങ്ങൾ നേരിടുവാൻ ഇടയുണ്ട്. അതിനാൽ ഈ ബില്ലിനെ വളരെവേഗത്തിൽ ഒന്നുവായിച്ചുനോക്കിയപ്പോൾ എൻെറ ശ്രദ്ധയിൽ പതിയുന്നതിനിടയായിട്ടുള്ളിടത്തോളം ചില വ്യവസ്ഥകളിൽ ലീനമായികിടക്കുന്ന തത്വങ്ങളെപററി ക്ലൂലങ്കഷമായി ചർച്ചചെയ്യുകയാകുന്നു.

ഈ ബില്ലിൽ എൻെറ ശ്രദ്ധയെ ആദ്യമായി ആകർഷിച്ചതു് രണ്ടാംവകുപ്പിൻെറ അഞ്ചാം ഉപവകുപ്പാകുന്നു. അതിപ്രകാരമാകുന്നു.

"ജാതിഭ്രഷ്ടൻ" എന്നു വച്ചാൽ ജാതിമര്യാദപ്രകാരം ഉദകവിഛേദത്താൽ കുടുംബവുമായുള്ള സകലവിധബന്ധങ്ങളും വേർപെടുത്തപ്പെട്ടിട്ടുള്ളതും ആ കാരണത്താൽ തറവാട്ടിലുള്ള അയാളുടേയൊ അവളുടേയൊ സകലവിധ അവകാശങ്ങളും നശിച്ചുപോയിട്ടുള്ളതും ആയ ഒരു ആൾ ആകുന്നു.

ഈ ഉപവകുപ്പിനെ ൬-ാം വകുപ്പുമായി യോജിപ്പിച്ചുനോക്കുമ്പോൾ വളരെ ഉപദ്രവകരവും അനാശാസ്യവും ആയ ഒരു തത്വം ഇതിൽ അടങ്ങിയിരിക്കുന്നതായി എനിക്കുതോന്നുന്നു. ബില്ലിലെ മൂന്നാമത്തെ വകുപ്പു ഇപ്രകാരമാകുന്നു.

ഒരു തറവാട്ടിലെ ഓരോഅംഗത്തിനും പുരുഷനും സ്ത്രീക്കും ഒരുപോലെതറവാട്ടുവകസ്വത്തുക്കളിൽ പ്രവൃത്തികാവകാശം ഉണ്ടായിരിക്കുന്നതാകുന്നു. എന്നാൽ ജാതിഭ്രഷ്ടനായിട്ടുള്ള ഒരുവനു ഇപ്രകാരമുള്ള സ്വത്തുക്കളിൽ യാതൊരു അവകാശമൊ അധികാരമൊ ഉണ്ടായിരിക്കുന്നതല്ല.

രണ്ടാമത്തെ വാചകത്തിൽ അടങ്ങിയിരിക്കുന്ന തത്വം വളരെ അനാശാസ്യമായിരിക്കുന്നു. ജാതിഭ്രഷ്ടൻ എന്നുള്ളവാക്കിനെ ഒന്നാം വകുപ്പു ൫-ാം ഉപവകുപ്പിൽ വിവരിച്ചിരിക്കുന്നു.

മി: ജി. ശങ്കരൻപോററി (സംയുക്തമെമ്പർ): നമ്പൂതിരിബ്രാഹ്മണരുടെ ഇടയിൽ എത്ര ജാതിഭ്രഷ്ടന്മാരെ മെമ്പറിനു അറിയാൻ ഇടയായിട്ടുണ്ടെന്നറിഞ്ഞാൽകൊള്ളാം.

മി: ജി. രാമൻമേനോൻ (മാവേലിക്കര-കാർത്തികപ്പള്ളി): ചോദ്യങ്ങൾക്കു മറുപടി ഞാൻ പിന്നീടുപറഞ്ഞുകൊള്ളാം. ഒരാൾ ജാതിഭ്രഷ്ടനാണൊ അല്ലയോ എന്നുള്ളതു ആ സമുദായത്തിലുള്ള ചില അംഗങ്ങളുടെ തീരുമാനത്തെ ആശ്രയിച്ചാണ് ഇരിക്കുന്നതു്. ഒരാൾ ജാതിഭ്രഷ്ടനൊ മതഭ്രഷ്ടനൊ ആകുന്നതുകൊണ്ടു അയാൾക്കു തറവാട്ടിലുള്ള സ്വത്തുക്കളിൽ യാതൊരുഅവകാശവും അധികാരവും ഇല്ല എന്നുപറയുന്നതു് വാദവിഷയമാണെന്നാണ് എൻെറ അഭിപ്രായം സ്വകുടുംബങ്ങളിൽ നിന്നു ജാതിഭ്രഷ്ടരാക്കപ്പെട്ടിട്ടുള്ള ആളുകൾക്കുപോലും അവരുടെ കുടുംബത്തിൽ നിന്നും ചിലവിനു കിട്ടുന്നതിനുള്ള അവകാശം എങ്കിലും ഉണ്ടെന്നായി ഹൈക്കോടതിവിധികൾ ഉള്ളതായി എനിക്കറിയാം. തറവാടുകളിൽ നിന്നും ഭ്രഷ്ടരാക്കപ്പെട്ട നമ്പൂതിരി ബ്രാഹ്മണർക്കു തന്നെയും ചിലവിനു കൊടുക്കാൻ വിധിയുണ്ടായിട്ടുണ്ട്. ജാതിഭ്രഷ്ടന്മാർക്ക് തറവാട്ടുവസ്തുക്കളിൽ യാതൊരു അവകാശവും ഇല്ലെന്നുവയ്ക്കുന്നപക്ഷം ചിലവിനു കിട്ടുന്നതിനും അവർക്കു അവകാശം ഇല്ലാത്തതാണല്ലൊ. നിയമസാധുതയുള്ളതൊ ന്യായീകരിക്കത്തക്കതൊ ആയവയും അല്ലാത്തവയും ആയ കാരണങ്ങളാൽ ആളുകൾ ജാതിഭ്രഷ്ടരാക്കപ്പെടുന്നവരാം. ഒരു സമുദായത്തിലെ ആചാരങ്ങൾ നീതിമര്യാദക്കു യോജിച്ചവയല്ലെന്നു വരാവുന്നതാണ്. അങ്ങിനെ വരുന്നസന്ദർഭങ്ങളിൽ നീതിമര്യാദയെയാണ് സ്വീകരിക്കേണ്ടതു എന്നാണ് എൻെറ അഭിപ്രായം. ഈ കാരണങ്ങളാൽ ൨-ാം വകുപ്പിൻെറ അഞ്ചാം ഉപവകുപ്പിലും ൬-ാംവകുപ്പിലും അടങ്ങിയിരിക്കുന്നതത്വത്തെ ഞാൻ ബലമായി എതിർക്കുന്നു.

അടുത്തതായി എനിക്കു പറവാനുള്ളത് രണ്ടാം വകുപ്പ് എട്ടാം ഉപവകുപ്പിനെ പററിയാകുന്നു. അതു ഇപ്രകാരമാകുന്നു.

ശാസ്ത്രരീത്യാമന്ത്രങ്ങളോടുകൂടി വിവാഹം കഴിച്ചു ഗൃഹസ്ഥാശ്രമം നയിക്കുന്ന തറവാട്ടിലെ ഒരംഗത്തെ "ഗൃഹസ്ഥൻ" എന്നു പറയുന്നു.

ഈ വിവരണം കൊണ്ടു യാതൊരു കുഴപ്പത്തിനും ഇടയില്ലെന്നു തോന്നിയേക്കാം. എന്നാൽ ഇതിനെ ബില്ലിലെ ൧൮-ാം വകുപ്പുമായി യോജിപ്പിച്ചു വായിച്ചു നോക്കുവാനുള്ളതാണ്. ആ വകുപ്പു ഇപ്രകാരമാകുന്നു.

ഓരോ തറവാട്ടിലെയും ഗൃഹസ്ഥനായിട്ടുള്ള ഓരോ അംഗത്തിനും അയാൾ തറവാട്ടു ഗൃഹത്തിൽ താമസിച്ചാലും ഇല്ലെങ്കിലും തറവാട്ടിൽ നിന്നും ചിലവിനുകൊടുത്തുകൊള്ളേണ്ടതാണ്. എന്നാൽ മററു യാതൊരു അംഗത്തിനും തറവാട്ടു ഗൃഹത്തിൽ താമസിക്കാത്തപക്ഷം ചിലവിനു ചോദിക്കാൻ അവകാശം ഇല്ലാത്തതുമാകുന്നു.

സാമാന്യ അൎത്ഥത്തിൽ ഗൃഹസ്ഥൻ എന്നു വിവക്ഷിക്കുന്ന ഒരുവനു ഇല്ലാത്തതായ ചില പ്രത്യേക അധികാരങ്ങളും അവകാശങ്ങളും സാങ്കേതികാൎത്ഥത്തിൽ ഗൃഹസ്ഥൻ എന്നു പറഞ്ഞുവരുന്നവൎക്കുണ്ട്. സാമാന്യ അൎത്ഥത്തിൽ വിവാഹം ചെയ്തുഭാൎയ്യയോടൊന്നിച്ചു താമസിക്കുന്ന ഒരുവനെ ഗൃഹസ്ഥൻ എന്നു പറഞ്ഞുവരുന്നു. അയാൾക്കു കുട്ടികൾ ഉണ്ടായിരിക്കേണ്ട ആവശ്യമേയില്ല. നായന്മാർ ആദിയായുള്ള ഇതര സമുദായങ്ങളുമായി നംപൂതിരി ബ്രാഹ്മണൎക്കു നിയമസാധുത്വമുള്ള വിവാഹബന്ധത്തിൽ ഏൎപ്പെടാമെന്നുള്ളതു എല്ലാവൎക്കും അറിവുള്ള ഒരു സംഗതിയാണല്ലോ. നിയമപ്രകാരം ഒരു നംപൂതിരി ബ്രാഹ്മണനു ഒരുനായർ സ്ത്രീയെ വിവാഹം ചെയ്യാമെന്നുള്ളതാണ്. അപ്പോൾ സാങ്കേതികാൎത്ഥപ്രകാരം അല്ലാതെയും നിയമപ്രകാരം സാധുകരിക്കത്തക്കതും മുറപ്രകാരം ആയുള്ളതുമായ ഗൃഹസ്ഥനു ഒരു നായർ സ്ത്രീയെ വിവാഹം ചെയ്തിട്ടുള്ളതുകൊണ്ട് സാങ്കേതികാൎത്ഥത്തിലുള്ള ഒരുഗൃഹസ്ഥൻെറ നിലകിട്ടുന്നതല്ല. ഇതു ഇതരസമുദായാംഗങ്ങളുടെ ന്യായമായ അവകാശത്തിന്മേൽ ന്യായരഹിതമായി ചെയ്യുന്ന ഒരു ആക്രമണം ആണെന്നാണു എനിക്കു തോന്നുന്നത്. പിന്നെയും ഒരു നംപൂതിരി ബ്രാഹ്മണനു തിരുമുൽപാട് വൎഗ്ഗത്തിൽപെട്ട ഒരുസ്ത്രീയെയൊ മററു ക്ഷത്രിയസ്ത്രീയേയോ വിവാഹം ചെയ്യാമെന്നുള്ളതാകുന്നു. നംപൂതിരി ബ്രാഹ്മണൻെറ കൂടെ ഒരു ഗൃഹസ്ഥൻ തന്നെ താമസിച്ചു അദ്ദേഹത്തിനു ഭക്ഷണം പാകംചെയ്തു കൊടുക്കുന്നതിനുപോലും തിരുമുൽപാട് സ്ത്രീക്കു ആകാമെങ്കിലും അങ്ങിനെയുള്ള ഒരു നംപൂതിരി ഈ ബില്ലനുസരിച്ചു ഒരു ഗൃഹസ്ഥനാകുന്നില്ല. ഇങ്ങിനെയുള്ള സംഗതികൾ അനാശാസ്യവും യുക്തിരഹിതവുമാണെന്നാണു എൻെറ അഭിപ്രായം. ൧൯-ാം വകുപ്പിനെ സംബന്ധിച്ചും എനിക്കു വിപരീതാഭിപ്രായമാണുള്ളത്.

സഭയുടെശ്രദ്ധയെ അടുത്തതായി ആകൎഷിക്കണമെന്നു ഞാൻ വിചാരിക്കുന്നതു ൧൩-ാം വകുപ്പിലേക്കാണ്. അതു ഇപ്രകാരമാകുന്നു.

ഒരു കാരണവൻ മരിക്കുകയോ കാരണവസ്ഥാനം ഒഴിയുകയൊ കാരണവസ്ഥാനം ത്യജിക്കുകയൊ കാരണവസ്ഥാനത്തു നിന്നും നീക്കപ്പെടുകയോ ചെയ്യുമ്പോൾ മൂപ്പുമുറയനുസരിച്ചു പ്രായപൂൎത്തിവന്നിട്ടുള്ള ഓരോ പുരുഷനും അയാളുടെ അഭാവത്തിൽ മൈനരായിട്ടുള്ള ഒരു പുരുഷനു പ്രായപൂൎത്തിവരുന്നതുവരെ പ്രായപൂൎത്തിവന്നിട്ടുള്ള ഓരാസ്ത്രീക്കും തറവാട്ടിലെ കാരണവനായിരിക്കുന്നതിനു അധികാരമുണ്ട്. എന്നാൽ ശരീരസംബന്ധമായോ മാനസികമായോ ഉള്ളശേഷിക്കുറവിനാൽ തറവാടു ഭരിക്കുന്നതിനു അയോഗ്യനോ പാപ്പരായിട്ടുള്ളവനൊ ആയ ഒരുവനു ഇതിന് അവകാശമുണ്ടായിരിക്കുന്നതല്ല.

വിവരണം—വിവാഹംമൂലം തറവാട്ടിലെ അംഗങ്ങളായിതീൎന്നിട്ടുള്ള സ്ത്രീകളുടെ മൂപ്പു അവരുടെ വിവാഹതീയതിയെ ആസ്പദമാക്കി കണക്കാക്കേണ്ടതാകുന്നു.

നംപൂതിരിമാരുടെ ഇടയിലുള്ള ആചാരങ്ങൾ എങ്ങിനെ എല്ലാമായിരുന്നാലും ഇങ്ങിനെയുള്ള ഒരു ഏൎപ്പാടുയുക്തിരഹിതമായിട്ടുള്ളതാണെന്നാണു എനിക്കു തോന്നുന്നത്. തറവാടു ഭരിക്കുന്നതിനുള്ള പ്രധാനയോഗ്യത പഴമപരിചയമാണല്ലോ. സ്വാഭാവികമായി പ്രായം കൂടുതൽ ഉള്ള അംഗത്തിനു പ്രായം കുറവുള്ള അംഗത്തേക്കാൾ ലോകത്തേയും അതിലുള്ള വ്യാപാരങ്ങളേയും സംബന്ധിച്ചു കൂടുതൽ പരിചയം ഉണ്ടായിരിക്കുമെന്നുള്ളത് നിൎവിവാദമാണല്ലോ. വളരെ പ്രായം കുറഞ്ഞ ഒരു നംപൂതിരി സ്ത്രീയെ വിവാഹം കഴിച്ചുകൊണ്ടു വന്നു വളരെക്കാലം കഴിഞ്ഞതിനു ശേഷം അവരെക്കാൾ പ്രായം കൂടുതലുള്ള ഒരുസ്ത്രീയെ അതെതറവാട്ടിൽ വിവാഹം ചെയ്തുകൊണ്ടുവന്നു എന്നു വരാവുന്നതാണല്ലോ. ഇങ്ങിനെയുള്ള സന്ദൎഭത്തിൽ പ്രായം കുറഞ്ഞ സ്ത്രീയെ തറവാട്ടിലെ കാരണവനാക്കുന്നതു പ്രായം കൂടിയസ്ത്രീയുടേ നേൎക്കു അയോഗ്യവും തറവാട്ടിലേക്കു ഹാനികരവുമായ ഒരു പെരുമാററമാണെന്നാണ് എനിക്കുതോന്നുന്നത്. അതിനാൽ ഈ വകുപ്പിൻെറ വിവരണത്തിൽ അടങ്ങിയിരിക്കുന്നതത്വത്തെ ഞാൻ എതിൎക്കുന്നു.

അടുത്തതായി എനിക്കു വിപരീതാഭിപ്രായം പ്രകടിപ്പിക്കുവാനുള്ളത് ബില്ലിലെ ൨൨-ം ൨൩-ം വകുപ്പുകളിൽ അടങ്ങിയിരിക്കുന്ന തത്വത്തെ സംബന്ധിച്ചാകുന്നു. ൨൨-ം ൨൩-ം വകുപ്പുകൾ ഇങ്ങിനെയാണ്.

൨൨. ഒരു നമ്പൂതിരിപുരുഷൻ മരിക്കുമ്പോൾ തറവാട്ടംഗങ്ങളായ അയാളുടെ വിധവകളോ ഭാഗംപിരിയാത്ത പുത്രന്മാരോ അവിവാഹിതരായ പുത്രിമാരോ ഉണ്ടായിരുന്നാൽ അവൎക്കു അയാളാൽ വിനിയോഗിക്കപ്പെടാതെ അയാളുടെ മരണകാലത്തു ശേഷിക്കുന്ന സ്വയാൎജ്ജിതവും പ്രത്യേകവും ആയ മുഴുവൻ സ്വത്തിനും തുല്യഭാഗങ്ങളിൽ അവകാശമുള്ളതാകുന്നു. വിധവയില്ലാത്തപക്ഷം ഭാഗംപിരിയാത്ത പുത്രന്മാൎക്കുംഅവിവാഹിതരായ പുത്രിമാൎക്കും മുഴുവൻമുതലും കിട്ടുന്നതും വിധവയും ഭാഗംപിരിയാത്ത പുത്രന്മാരും ഇല്ലാത്തപക്ഷം അവിവാഹിതരായ പുത്രിമാൎക്കു മുഴുവൻ മുതലും കിട്ടുന്നതും ആകുന്നു.

എന്നാൽ മരണശാസനം എഴുതിവെക്കാത്ത ആളിൻെറ മരണത്തിനു മുമ്പ് ഒരു ഭാഗം പിരിയാത്ത പുത്രൻ മരിച്ചുപോകുന്നതായാൽ ആ പുത്രൻെറ സന്താനങ്ങൾക്കു അപ്രകാരമുള്ള ആളിൻെറ കാലശേഷം ആ പുത്രൻ ജീവിച്ചിരുന്നെങ്കിൽ അയാൾക്കു കിട്ടുമായിരുന്ന ഭാഗം ലഭിക്കുമെന്നുള്ളതാകുന്നു.

൨൩. ഒരു നമ്പൂതിരിപുരുഷൻ മരിക്കുമ്പോൾ മുൻവകുപ്പിൽ പറഞ്ഞിട്ടുള്ള അവകാശികളിൽ ആരും തന്നെ ഇല്ലാതിരുന്നാൽ അയാളാൽ വിനിയോഗിക്കപ്പെടാതെ മരണകാലത്തു ശേഷിക്കുന്ന അയാളുടെ സ്വയാർജ്ജിതവും പ്രത്യേകവും ആയ മുതൽ താഴെപറയുന്ന അവകാശികൾക്ക് താഴെപറയുന്ന ക്രമം അനുസരിച്ചു ലഭിക്കുന്നതാകുന്നു. (൧) ഭാഗം പിരിഞ്ഞ പുത്രന്മാർ (൨) സഹോദരന്മാർ (൩) പിതാവ് (൪) മാതാവ് (൫) അമ്മാവന്മാർ (൬) ദായാദികൾ.

ആദ്യത്തെ നോട്ടത്തിൽ ഈ വകുപ്പുകൾ യാതൊരു കുഴപ്പങ്ങൾക്കും ഇടകൊടുക്കുന്നവയല്ലെന്നും ഇതരസമുദായങ്ങളുടെ ന്യായമായ അവകാശങ്ങൾക്കോ അധികാരങ്ങൾക്കോ യാതൊരുപ്രകാരേണയും ബാധകമായി നില്ക്കുന്നവയല്ലെന്നും തോന്നിയേക്കാം. എന്നാൽ ഈ വകുപ്പുകൾ നായർറഗുലേഷനിലെ വ്യവസ്ഥകൾക്കു വിപരീതമായിട്ടുള്ളതാണെന്നും ആ റഗുലേഷനിലെ ൨൧-ാംവകുപ്പ് ൧-ാം ഉപവകുപ്പിലെ വ്യവസ്ഥക്കു യാതൊരുവിലയും ഇല്ലാതാക്കിതീർക്കുന്നു എന്നും ഉള്ള സംഗതികൾ ഞാൻ ഇവിടെ എടുത്തുപറഞ്ഞുകൊള്ളട്ടെ. നായർറഗുലേഷൻ ൨൧-ാംവകുപ്പ് ൧-ാം ഉപവകുപ്പ് ഇപ്രകാരമാകുന്നു.

"ഈ റഗുലേഷൻ നടപ്പിൽവന്നതിനുശേഷം ഒരു നായർസ്ത്രീയെ വിവാഹംചെയ്യുന്ന ഒരു നായരല്ലാത്ത പുരുഷൻ മരിക്കുമ്പോൾ ആ വിവാഹത്തിൽ ഉള്ള ഒരു നായർ വിധവയോ മക്കളോ മരിച്ചുപോയ മക്കളുടെ സന്താനങ്ങളോ ഇവർ എല്ലാപേരുമോ ജീവിച്ചിരിക്കുന്നതായാൽ അയാളുടെ കുലനിയമം അനുസരിച്ചുള്ള അയാളുടെ അവകാശികൾ ജീവിച്ചിരിപ്പുള്ളപക്ഷം അയാളാൽ വിനിയോഗിക്കപ്പെടാതെ മരണകാലത്തു ശേഷിക്കുന്ന അയാളുടെ സ്വയാർജ്ജിതവും പ്രത്യേകവുമായ മുതലിൽ അയാളുടെ അപരക്രിയകൾക്കു വേണ്ട ന്യായമായ ചിലവുകൾ കുറച്ചുശേഷം ഉള്ളതിന്റെ ഒന്നരപകുതിക്കു അയാളുടെ കുലനിയമം അനുസരിച്ചുള്ള അയാളുടെ അവകാശികൾ ജീവിച്ചിരിപ്പില്ലാത്തപക്ഷം മുഴുവൻമുതലിനും അങ്ങിനെയുള്ള വിധവക്കോ മക്കൾക്കോ മരിച്ചുപോയ മക്കളുടെ സന്താനങ്ങൾക്കോ ഇവക്കു എല്ലാപേക്കുമോ അവകാശമുണ്ടായിരിക്കുന്നതാകുന്നു.

പ്രതിപാദ്യബില്ലിന്റെ ൨൨-ാംവകുപ്പിൽ ഇങ്ങനെയുള്ള യാതൊരുവ്യവസ്ഥയും കാണുന്നില്ല. ഇതിൽ പറഞ്ഞിട്ടുള്ളതു തറവാട്ടുസ്വത്തിനെസംബന്ധിച്ചല്ല. സ്വായാർജ്ജിതസ്വത്തിനേയുംമററു പ്രത്യേക സ്വത്തിനേയും സംബന്ധിച്ചാണു. ഇപ്പോഴത്തെ നമ്പൂതിരിബിൽ അനുസരിച്ചു ഈ സ്വത്തിനെസംബന്ധിച്ചുപോലും നമ്പൂതിരിബ്രാഹ്മണന്റെ മററു ജാതികളിൽപെട്ട ഭാര്യക്കും കുഞ്ഞുങ്ങൾക്കും യാതൊരവകാശവും കൊടുക്കാതിരിക്കുന്നതായി കാണുന്നു. ഇതു തീരെ ന്യായരഹിതമാണെന്നാണു എനിക്കുതോന്നുന്നതു്. പ്രഥമദൃഷ്ടിയിൽ ഈ വകുപ്പുകൊണ്ടു യാതൊരുകുഴപ്പവും ഉണ്ടാകാൻ ഇടയില്ലെന്നു തോന്നിയേക്കാം. എന്നാൽ ൨൨-ാംവകുപ്പിലെ "തറവാട്ടിലെ അംഗങ്ങളായ വിധവകൾക്കും ഭാഗംപിരിയാത്ത പുത്രന്മാർക്കും അവിവാഹിതരായ പുത്രിമാർക്കും" എന്നുള്ള ഭാഗംകൊണ്ടാണു ഈ കുഴപ്പങ്ങൾ ഉണ്ടാകുന്നതു്. നിസ്സാരമായ ഈ വാചകാംശത്താൽ നായർറഗുലേഷൻ ൨൧-ാംവകുപ്പിനു യാതൊരുവിലയും ഇല്ലാതാക്കിതീർത്തിരിക്കുകയാണു ചെയ്തിരിക്കുന്നതു്. എന്തുകൊണ്ടെന്നാൽ നിയമദൃഷ്ടിയാൽ സകലപ്രകാരേണയും ഒരു നമ്പൂതിരിബ്രാഹ്മണന്റെ ഭാര്യയായിരിക്കാൻ അർഹയായ ഒരു നായർസ്ത്രീ എത്രയോ പ്രേമപൂർവ്വം അയാളെ പരിചരിക്കുകയോ ശുശ്രൂഷിക്കുകയോ ചെയ്തിരുന്നാലും അയാളുടെ കുടുംബത്തിലെ ഒരംഗം അല്ലെന്നു വിചാരിക്കുകകൊണ്ടു ആ നമ്പൂതിരിബ്രാഹ്മണന്റെ പ്രത്യേകസ്വത്തിനുപോലും അവകാശിഅല്ലാ എന്നാണല്ലോ ഈ വകുപ്പു കൊണ്ടുവന്നുചേരുന്നതു്. ഒരു നമ്പൂതിരിബ്രാഹ്മണൻ ഒരു നായർസ്ത്രീയെ വിവാഹംചെയ്താൽ ആ സ്ത്രീയെ നമ്പൂതിരിയുടെ ഇല്ലത്തെ ഒരംഗമായി ആരും ഗണിച്ചുപോരുന്നില്ല. എന്നാൽ അയാൾ ഒരു നമ്പൂതിരിസ്ത്രീയെ വിവാഹംചെയ്യുന്നപക്ഷം ആ സ്ത്രീയെ അയാളുടെ ഇല്ലത്തിലെ അംഗമായിത്തന്നെ കരുതിപോരുന്നു. അപ്പോൾ യാതൊരുകുഴപ്പത്തിനും ഇടയാകുന്നതു അല്ലാ എന്നു പ്രഥമവീക്ഷണത്തിൽ തോന്നാവുന്നതായ വാക്യാംശത്തിന്റെ ഫലമായി നമ്പൂതിരിബ്രാഹ്മണന്റെ നായർഭാര്യക്കും കുട്ടികൾക്കും അയാളുടെസ്വത്തുക്കളിൽ യാതൊരു അവകാശവും ഇല്ലാതെവരുന്നു. ഈയിടെമാത്രം പാസ്സാക്കപ്പെട്ടിട്ടുള്ള ഒരു റഗുലേഷന്റെ ഉദ്ദേശ്യത്തെ ഉപയോഗശൂന്യമാക്കിചെയ്യുന്നതിനുള്ള ഈ ശ്രമം വളരെ മര്യാദയായി പറയുന്നപക്ഷം തീരെ നീതിരഹിതവും അനാശാസ്യവുമാകുന്നു. ഈ കാരണത്താൽ ബില്ലിലെ ൨൨-ാം ൨൩-ാം വകുപ്പുകളിൽ അടങ്ങിയിരിക്കുന്ന തത്വത്തെ സ്വീകരിപ്പാൻ ഞാൻ തയ്യാറില്ലാ.

അടുത്തതായി എനിക്കു വിപരീതാഭിപ്രായം പ്രകടിപ്പിക്കാനുള്ളതു് ബില്ലിലെ ൨൪-ാംവകുപ്പിനെക്കുറിച്ചാകുന്നു. അതു ഇപ്രകാരമാകുന്നു:—

ഒരു നമ്പൂതിരിസ്ത്രീ മരിക്കുമ്പോൾ അവളുടെഭർത്താവും പുത്രന്മാരും പുത്രന്മാരുടെപുത്രിമാരും ജീവിച്ചിരിക്കുന്നതായാൽ അവളാൽ വിനിയോഗിക്കപ്പെടാത്ത അവളുടെ മരണകാലത്തു് ശേഷിക്കുന്ന അവളുടെ സ്വയാർജ്ജിതവും പ്രത്യേകവുമായ മുതൽ മുഴുവനും ഭർത്താവിനു ലഭിക്കുമെന്നുള്ളതാകുന്നു.

ഭർത്താവില്ലാത്തപക്ഷം പുത്രന്മാർക്കു തുല്യാവകാശമുണ്ടായിരിക്കുന്നതും ഭർത്താവും പുത്രന്മാരും ഇല്ലാത്തപക്ഷം പുത്രന്മാരുടെ പുത്രന്മാർക്കു തുല്യാവകാശമുള്ളതുമാകുന്നു.

ഇതും ന്യായരഹിതമായ ഒരു വകുപ്പു എന്നാണു തോന്നുന്നതു്. നമ്പൂതിരി സ്ത്രീക്കു കുട്ടികൾ ഉണ്ടായിരുന്നാലും മുഴുവൻ സ്വത്തും ഭർത്താവിനു അവകാശപ്പെടുന്നതാണു. നായർ ഭാര്യമാർകൂടി ഉണ്ടായിരിക്കാവുന്ന നമ്പൂതിരി ബ്രാഹ്മണരുടെ കാര്യത്തിൽ ഇതു് ദോഷകരമായ ഒരു കാര്യമാകുന്നു. എന്തുകൊണ്ടു എന്നാൽ ന്യായരഹിതമായ അധികാരശക്തിയുടെ ഫലമായി ഈ നമ്പൂതിരിമാർ അവരുടെ സ്വത്തിനെ അവരുടെ നായർഭാര്യമാർക്കും കുട്ടികൾക്കും കൊടുക്കുന്നതിനും ഇടയുണ്ടല്ലോ? അതിനാൽ നമ്പൂതിരിമാരുടെ അവസ്ഥയെ അടിസ്ഥാനമാക്കി നോക്കിയാലും ഇങ്ങിനെയുള്ള വ്യവസ്ഥ ന്യായരഹിതമായിട്ടുള്ളതു തന്നെയാകുന്നു. പൊതുവായി നോക്കുന്നപക്ഷവും ഒരു സ്ത്രീക്കു കുട്ടികൾ ഉണ്ടായിരുന്നാലും അവരുടെ സ്വത്തിന്റെ അവകാശി അവരുടെ ഭർത്താവാണെന്നു പറയുന്നതു ആശ്ചര്യജനകമായിട്ടാണു തോന്നുന്നതു്. സ്വാഭാവികമായി കുട്ടികൾ ഉള്ളപക്ഷം സ്വത്തുക്കൾ അവർക്കാണല്ലോചെല്ലേണ്ടതു്.

അടുത്തതായി എനിക്കു വിപരീതാഭിപ്രായം പ്രകടിപ്പിക്കാനുള്ളതു് ബില്ലിലെ ൨൫-ാം വകുപ്പിനെ കുറിച്ചാണു അതു ഇപ്രകാരമാകുന്നു:—

"ഒരു നമ്പൂതിരി പുരുഷനു വിവാഹ കാലത്തു ലഭിക്കുന്ന സ്ത്രീ ധനം തറവാട്ടു സ്വത്തായി ഗണിക്കപ്പെടുന്നതാകുന്നു."

സർ! ഈ വകുപ്പും വളരെ വിശേഷപ്പെട്ട ഒന്നാണെന്നാണു എനിക്കു തോന്നുന്നതു്. സ്ത്രീ ധനം ന്യായമായി സ്ത്രീക്കു ചെല്ലുവാനുള്ളതാകുന്നു. ഹിന്ദുലാ അനുസരിച്ചു ആണെങ്കിലും ഇതിൽ എന്തെങ്കിലും അവകാശം ഉണ്ടെങ്കിൽ അതു ഭർത്താവിനോ കുട്ടികൾക്കോ മാത്രമാകുന്നു. അതും ആവശ്യമുണ്ടെന്നു കാണുന്ന സന്ദർഭങ്ങളിൽ മാത്രം ചിലവിനു കിട്ടുന്നതിനുള്ള അവകാശം മാത്രമാണ്. അങ്ങിനെയിരിക്കെ ഒരു സ്ത്രീയുടെ സ്ത്രീ ധനം അവളുടെ ഭർത്താവിൻെറ തറവാട്ടിലേക്കു ചെല്ലണമെന്നു പറയുന്നതു വളരെ അതിശയകരമായി തന്നെ ഇരിക്കുന്നു. ഒരു സ്ത്രീയിൽ നിന്നും കിട്ടിയ സ്ത്രീ ധനം അവളുടെ ഭർത്താവിൻെറ തറവാട്ടിലേക്കു പോകണമെന്നു പറയുന്നതു ആകപ്പാടെ തീരെ അഭംഗിയായി തോന്നുന്നു. ബില്ലിനെ വളരെ വേഗത്തിൽ ഒന്നു വായിച്ചു നോക്കിയപ്പോൾ തന്നെ അനഭിലഷണീയമെന്നു തോന്നാവുന്നവയായ അനേകം തത്വങ്ങൾ അതിലെ ചില വ്യവസ്ഥകളിൽ അടങ്ങിയിരിക്കുന്നതായിട്ടാണു ഞാൻ മനസ്സിലാക്കിയതു്. ഈ ബില്ലിൻെറ ഉദ്ദേശങ്ങളേയും കാരണങ്ങളെയും പററി പ്രസ്താപിച്ചിരിക്കുന്ന കൂട്ടത്തിൽ ചില നല്ല കാര്യങ്ങൾ കൂടി പ്രസ്ഥാപിച്ചിട്ടുണ്ടെന്നു വരികിലും ബില്ലിലെ വ്യവസ്ഥകൾ കൊണ്ടു അവക്കു യാതൊരു വിലയും ഇല്ലാതെ കണ്ടാണ് വന്നിട്ടുള്ളതു്. ഒരു ഉദാഹരണം പറയാം. ഉദ്ദേശ്യങ്ങളും കാരണങ്ങളും പറഞ്ഞിരിക്കുന്ന കൂട്ടത്തിൽ പ്രത്യേകം താമസിക്കണമെന്നായി ആവശ്യപ്പെടുന്ന അംഗങ്ങൾക്കു പ്രത്യേകം ചിലവിനു കൊടുക്കുന്നതിനു വ്യവസ്ഥ ചെയ്യുന്നുണ്ടെന്നായി പറയപ്പെട്ടിരിക്കുന്നു. എന്നാൽ യഥാർത്ഥത്തിൽ ഞാൻ മുമ്പു പറഞ്ഞതു പോലെ ഒരു നമ്പൂതിരി സ്ത്രീയേ വിവാഹം ചെയ്തിട്ടുള്ള സാങ്കേതികാർത്ഥത്തിലുള്ള ഗൃഹസ്ഥനു മാത്രമേ ഈ സൌകര്യം കിട്ടുന്നുള്ളു. ഒരു നായർ സ്ത്രീയേയോ ഒരു ക്ഷത്രിയ സ്ത്രീയേയോ വിവാഹം ചെയ്തിട്ടുള്ള ഒരുത്തനു ഇതു കിട്ടുന്നില്ല.

ഞാൻ എടുക്കുന്ന മറെറാരു വകുപ്പു വ. ൭-ാമത്തേതാണ്. അതിപ്രകാരമാകുന്നു....

ഒരു തറവാട്ടിലുള്ള മേജർ അംഗങ്ങൾ കാരണവൻെറ സമ്മതത്തോടു കൂടി ഭാഗത്തിനു സമ്മതിക്കുന്ന പക്ഷം തറവാട്ടിലെ ഏതു ഗൃഹസ്ഥാംഗത്തിനും തറവാട്ടു വസ്തുക്കളെ ഭാഗിക്കണമെന്നാവശ്യപ്പെടാം.

എന്നാൽ അംഗങ്ങൾ മുഴുവൻ വിധവകൾ ആയിരുന്നാൽ ഓരോ വിധവക്കും അവരുടെ ഭാഗം ആവശ്യപ്പെടാമെന്നുള്ളതാകുന്നു.

ഈ വകുപ്പു തുടങ്ങുന്ന സമ്പ്രദായം കണ്ടു ഭാഗത്തെ സംബന്ധിച്ചു എന്തോ യുക്തി പൂർവ്വമായ ഏതോ വ്യവസ്ഥ ഉണ്ടായിരിക്കുമെന്നു ഞാൻ വിചാരിച്ചു പോയി. എന്നാൽ ഞാൻ ഈ വകുപ്പു മുഴുവൻ വായിച്ചു നോക്കിയതിൽ ഇതു യാതൊരു ഉപയോഗവുമില്ലാത്ത ഒരു വകുപ്പാണെന്നാണ് എനിക്കു തോന്നുന്നതു്. ഇതു കൊണ്ടു സമുദായം മുമ്പിരുന്നിരുന്ന നിലയിൽ തന്നെ മേലാലും ഇരിക്കുന്നതിനു ഇടയാകുന്നു. തറവാട്ടിലെ പ്രായപൂർത്തിവന്ന അംഗങ്ങളിൽ ഭൂരിപക്ഷം ആളുകൾ സമ്മതിക്കുന്ന പക്ഷം ഭാഗം അനുവദിക്കുന്നതാണു എന്നൊരു വ്യവസ്ഥ ചെയ്തിരുന്നു എങ്കിൽ അതു കുറെ കൂടി നന്നായിരുന്നേനേ. എന്നാൽ അപ്രകാരം അല്ല ചെയ്തിട്ടുള്ളതു്. കാരണവൻെറ സമ്മതം ആവശ്യമാണെന്നു വച്ചിരിക്കുന്നതു കൊണ്ടു പ്രയോഗത്തിൽ ഈ വകുപ്പിനു യാതൊരു ഫലവുമില്ലാതാണിരിക്കുന്നതു്. കാരണവൻെറ സമ്മതമുള്ള പക്ഷം ഇപ്പോഴും ഒരു പക്ഷെ അവക്കു ഭാഗം ചെയ്യാമെന്നുള്ളതാണല്ലോ. അതിലേക്കു ഒരു നിയമനിർമ്മാണത്തിൻെറ ആവശ്യമുണ്ടെന്നു തോന്നുന്നില്ല. അതിനാൽ ഈ വ്യവസ്ഥ ഭാഗത്തിനുള്ള ഒന്നാണെന്നു തോന്നിയേക്കാമെന്നേ ഉള്ളൂ. അതു കൊണ്ടു ഈ വ്യവസ്ഥയുടെ ആരംഭത്തിൽ പ്രസ്താപിച്ചിട്ടുള്ളതു പോലെ അതിൽ ചെയ്തിട്ടില്ലാത്തതു കൊണ്ടു ഇതിൽ അടങ്ങിയിരിക്കുന്ന തത്വവും ന്യായരഹിതമാണെന്നു എനിക്കു തോന്നുന്നു.

സർ! ബില്ലിനെ വളരെ വേഗത്തിൽ ഞാൻ വായിച്ചു നോക്കിയതു കൊണ്ട് എൻെറ ദൃഷ്ടിയിൽ പെടാത്തതായി അനഭിലഷണീയമായ അനേകം സംഗതികൾ വേറെയും ഈ ബില്ലിൽ കണ്ടേക്കാം. ഉദാഹരണമായി ചില കടങ്ങൾക്കു തറവാട്ടാവശ്യം ഇല്ലായിരുന്നു എന്നുള്ള കാരണത്തിന്മേൽ കടക്കാരെ തോല്പിക്കുന്നതിനുള്ള വല്ല ശ്രമങ്ങളും ഉണ്ടായിരുന്നു എന്നു വരാം. ഇപ്രകാരമുള്ള സംഗതികൾ ഇതര സമുദായങ്ങളേയും ബന്ധിക്കാമെന്നുള്ളവയാണ്. ഒരു പ്രത്യേക സമുദായത്തിനു വേണ്ടി ചെയ്യുന്ന സാമുദായിക നിയമനിർമ്മാണം ഇതരസമുദായങ്ങളെ ഗൌരവതരമായി ബന്ധിക്കയില്ല എന്നു ഈ കാലത്തു പറയുന്നതിനു യാതൊരു അർത്ഥവുമില്ല. അതിനാൽ ഈ സഭയിലെ എല്ലാ മെമ്പറന്മാരും ജാതിമതഭേദമെന്യേ ഈ ബില്ലിലുള്ള ഓരോ വകുപ്പിനെയും സൂക്ഷ്മമായി പരിശോധിക്കണമെന്നു ഞാൻ അപേക്ഷിച്ചു കൊള്ളുന്നു. മുൻപറഞ്ഞവയായ വകുപ്പുകളിൽ അടങ്ങിയിരിക്കുന്ന തത്വങ്ങളെ നാം ഒരു പ്രകാരത്തിലും അനുവദിച്ചു കൊടുക്കുവാൻ പാടില്ല. എന്നാണു എനിക്കു തോന്നുന്നതു്. ഇതിനെപ്പററി പ്രത്യേകം എടുത്തു പറയേണ്ടതായിട്ടാണല്ലോ ഇരിക്കുന്നതു്. അല്ലെങ്കിൽ ഈ വകുപ്പുകളിൽ അടങ്ങിയിരിക്കുന്ന തത്വത്തെ നാം സ്വീകരിച്ചുപോയി എന്നും അതിനാൽ കുറെ കഴിഞ്ഞു ഇവയെ വേണ്ടെന്നുവക്കുന്നതിനെപററി വാദപ്രതിവാദം ചെയ്യാൻ പാടില്ലെന്നും പിന്നീടു സാങ്കേതികമായ തടസ്സങ്ങൾ പുറപ്പെടുവിക്കാൻ ഇടയുണ്ടല്ലോ. ഇത്രയും പറഞ്ഞുകൊണ്ടു ഈ സമയമെല്ലാം ഈ ബിൽ ഹാജരാക്കുന്നതിനു ഈ സഭാംഗങ്ങൾ അവരുടെ അനുമതി നൽകുന്നതിനുമുമ്പായി അവർ ഈ ബില്ലിനെ ഗാഢമായി പരിശോധിക്കണമെന്നു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

മി; ജി. നാരായണപിള്ള (തിരുവല്ലാ): സർ; സാമുദായികനിയമനിർമ്മാണവിഷയത്തിൽ മുന്നോട്ടുപോകണമെന്നുള്ള നമ്പൂതിരി സമുദായത്തിൻെറ ആശയെ ഞാൻ അനുമോദിക്കുകയുംചെയ്യുന്നു. ഈ ബിൽ ഹാജരാക്കുന്നതിനു അവക്കുള്ള ഉദ്ദേശത്തിൽ എനിക്കു ഹാർദ്ദമായ അനുകമ്പയുണ്ട്.

പിൻതുടച്ചാവകാശക്രമത്തേയും തറവാട്ടുഭരണത്തേയും സംബന്ധിച്ചുള്ള നിയമങ്ങൾ പരിഷ്കരിച്ചു വിവരിക്കുക എന്നുള്ളതാണ് ഈ ബില്ലിൻെറ ഉദ്ദേശ്യം. ഉദ്ദേശങ്ങളേയും കാരണങ്ങളേയുംപററി പ്രസ്താപിച്ചിട്ടുള്ളകൂട്ടത്തിൽ മിക്ക നമ്പൂതിരിതറവാടുകളും നശിക്കുവാൻ തുടങ്ങിയിട്ടുണ്ടെന്നുപറഞ്ഞിട്ടുള്ളതു പരമാർത്ഥംതന്നെ. വ്യവസ്ഥയില്ലാത്തതും നിയന്ത്രണം ഇല്ലാത്തതും ആയ കാരണവന്മാരുടെ അധികാരം ആണ് ഇതിലേക്കുള്ള പ്രധാന കാരണം. കാരണവന്മാർക്കുള്ള മുറക്കാരെ അനുസരണയിൽവച്ചുകൊണ്ടിരിക്കാൻ സാധിക്കാത്തകാലമായിക്കഴി

ടേതു. കാരണവന്റെ തോന്നിയവാസമായ പ്രവൃത്തികളിൽ അനന്തിരവർ കോപിക്കയോ വെറുപ്പുകാണിക്കയും ചെയ്യുന്നു. ഒരുകാലത്തു ഇതേനിലയിൽ ഇരുന്നിരുന്ന നായന്മാരും ഈഴവരും വെള്ളാളരും അവരുടെനിയമത്തിൽ ഭേദഗതികൾ വരുത്തിക്കഴിഞ്ഞു. ആ സ്ഥിതിക്കു നമ്പൂതിരിമാർ മുമ്പോട്ടുവന്നു അവരുടെചുററുമുള്ള ഇതരസമുദായങ്ങളെപ്പോലെ ആയിത്തീരണമെന്നു ആഗ്രഹിക്കുന്നതു സ്വാഭാവികമാണല്ലൊ.

കുടുംബജീവിതത്തിന്റെ പുരോഗമനത്തിനു തടസ്ഥങ്ങളായി നമ്പൂതിരി തറവാടുകളിലെ ഇളയമുറക്കാർ അനുഭവിച്ചുപോരുന്ന സംഗതികളെ ഇല്ലാതാക്കുക എന്നുള്ളതാണ് ഈ ബില്ലിൽ അടങ്ങിയിരിക്കുന്ന സാമാന്യ തത്വങ്ങളിൽ ഒന്നു എന്നു പറഞ്ഞുകാണുന്നു. ഇതുവളരെ ആശാസ്യമായ ഒരു അഭിപ്രായംതന്നെ എന്നുള്ളതിനു യാതൊരു സംശയവുമില്ല. ഈ ബില്ലിൽ അടങ്ങിയിരിക്കുന്ന തത്വങ്ങളെ പാടെ അംഗീകരിച്ചിരിക്കുന്നതായി പറയുന്ന നമ്പൂതിരിയോഗക്ഷേമസഭ ഇളയമുറക്കാർ നമ്പൂതിരി സമുദായത്തിൽ നിന്നുതന്നെ വിവാഹം ചെയ്യണമെന്നുള്ളതിനെ ആ സമുദായാംഗങ്ങളുടെ ഇടയിൽ നടപ്പിൽവരുത്തുവാൻ കുറെവർഷങ്ങളായി ശ്രമംചെയ്തുവരികയാണ്. ഈ ബില്ലിലും ആ ഉദ്ദേശം വെളിവാകുന്നുണ്ട്. എന്നാൽ ഈ ഉദ്ദേശ്യം സാധിക്കുന്നതിലേക്കായി സ്വീകരിച്ചിട്ടുള്ള മാർഗ്ഗം ഒട്ടും നേരായിട്ടുള്ളതോ ഉപയോഗമുള്ളതോ അല്ല എന്നും ചിലകാര്യങ്ങളിൽ ഉദ്ദേശത്തിനു വിപരീതമായ ഫലത്തെ ചെയ്യുന്നതാണെന്നും ആണു എനിക്കുതോന്നുന്നത്. നമ്പൂതിരിമാരുടെസ്വത്തു അവരുടെഇടയിൽതന്നെ കിടക്കണമെന്നുള്ള അത്യാശയുടെഫലമായി കൂടുതൽപ്രാധാന്യമുള്ളവയും സമുദായത്തെക്കൂടുതലായി ബന്ധിക്കുന്നവയും ആയ മററനേകം സംഗതികൾ ആലോചനക്കു വിഷയമാകാതെ വിട്ടുപോകുന്നതിനു ഇടയായിട്ടുള്ളതായി ഞാൻ സംശയിക്കുന്നു. ബില്ലിലെ ൧൭, ൨൦, ൨൧, ൨൨ ഈ വകുപ്പുകളിൽനിന്നും ഒരു ഗൃഹസ്ഥനുമാത്രമെ പ്രത്യേകം ചിലവിനുകിട്ടണമെന്നോ അല്ലെങ്കിൽ ചിലവിലേക്കായി വസ്തു തിരിച്ചുകിട്ടണമെന്നോ ചോദിക്കുന്നതിനുള്ള അധികാരമുള്ളുഎന്നും അയാൾക്കുമാത്രമെ തറവാട്ടുവസ്തുക്കളിൽ ഭാഗം ചോദിക്കുവാൻ പാടുള്ളുഎന്നും ഒരു നമ്പൂതിരിയുടെ സ്വജാതിപത്നിക്കോ വിധവയ്ക്കോ മാത്രമെ ഭർത്താവിന്റെ മരണശേഷം അയാളുടെ സ്വയാർജ്ജിതമോ മററുവിധത്തിൽ പ്രത്യേകമോ ആയ സ്വത്തിന് അവകാശം ലഭിക്കുകയുള്ളു എന്നും കാണുന്നു. തറവാട്ടിലേക്കു എത്രവളരെ വരവുണ്ടായിരുന്നാലും ആവശ്യംഎത്രതന്നെ കഠിനമായിരുന്നാലും തറവാട്ടിൽനിന്നും മാറി അന്യസ്ഥലത്തുതാമസിക്കുവാൻ നിർബന്ധിതനാകാവുന്ന ഒരു വിദ്യാർത്ഥിക്കൊ ഒരു സക്കാർഉദ്യോഗസ്ഥനൊ പ്രത്യേകം ചിലവിനുകിട്ടണമെന്നു ആവശ്യപ്പെടുന്നതിനോ കിട്ടുന്നതിനൊ അധികാരമൊ അവകാശമൊ ഇല്ലെന്നാണല്ലൊ വന്നുകൂടുന്നത്. ചിലവിലേക്കായി വസ്തു തിരിച്ചുകിട്ടിയിട്ടുള്ള ഒരു ഗൃഹസ്ഥൻ അടുത്തദിവസം തന്നെ ഗൃഹസ്ഥൻഅല്ലാതായി എന്നുവരാവുന്നതാണല്ലൊ. അങ്ങിനെവരുന്ന സന്ദർഭങ്ങളിൽ അയാൾക്കു വീതിച്ചുകൊടുത്തിട്ടുള്ള വസ്തുക്കളെ അയാളെവിട്ടൊഴിപ്പിച്ചു തറവാട്ടിലേക്കു ചേർക്കയാണൊ വേണ്ടതു എന്നുള്ള ഭാഗം വിശദമാക്കീട്ടില്ല. ഇതിനുപുറമെ ഇപ്പോൾ നടപ്പിൽഇരിക്കുന്ന ആചാരവും മുറയും സമ്പ്രദായവുംഅനുസരിച്ചു അന്യജാതികളിൽനിന്നു വിവാഹംകഴിച്ചു ആ വിവാഹത്തിന്റെഫലമായി അന്യജാതിപത്നിയേയും സന്താനങ്ങളേയും രക്ഷിക്കുവാൻ ചുമതലപ്പെട്ടിട്ടുള്ളവരായുള്ള മുറക്കാർക്ക് പ്രത്യേകമായിചിലവുകൊടുക്കുവാൻ പാടില്ലെന്നുവയ്ക്കുന്നതു അവർക്ക് ജന്മനാസിദ്ധിച്ചിട്ടുള്ള അവകാശങ്ങളെ തീരെ ന്യായരഹിതവും അനാശാസ്യവും ആയ നിലയിൽ നിഷേധിക്കുകയാകുന്നു.

ഈ ബില്ലിലെ മുൻപറഞ്ഞവ്യവസ്ഥകൾ നിയമമായിവരുന്നപക്ഷം കഴിയുന്നിടത്തോളം കുറച്ചു ഇളയമുറക്കാർമാത്രമെ ഗൃഹസ്ഥരായിത്തീരുവാൻ കാരണവന്മാർ അനുവദിക്കയുള്ളു എന്നാണ് എനിക്കുതോന്നുന്നത്. ഗൃഹസ്ഥന്മാരുടെഎണ്ണം വർദ്ധിക്കുന്തോറും കാരണവന്മാർക്ക് രക്ഷ കുറഞ്ഞുവരികയാണല്ലൊചെയ്യുന്നത്. ഇങ്ങിനെ ഒരു നിരോധനം വച്ചിരിക്കുന്നതിന്റെഉദ്ദേശ്യംതന്നെ ഒരുഗൃഹസ്ഥൻ ഭാഗംകിട്ടണമെന്നായി ആവശ്യപ്പെടുമ്പോൾ തോല്പിക്കപ്പെടണമെന്നുള്ളതാണല്ലൊ. എന്തുകൊണ്ടെന്നാൽ ആ അവസരത്തിൽതന്നെ ഇളയമുറക്കാരുടേയും ഭാഗം നിർണ്ണയിക്കപ്പെട്ടുപോകുമെന്നുള്ളതാണല്ലൊ.

മരണപത്രമില്ലാത്ത സന്ദർഭങ്ങളിലുള്ള പിന്തുടച്ചാവകാശക്രമത്തെ സംബന്ധിച്ചിടത്തോളം നായർറെഗുലേഷനിലെ വ്യവസ്ഥകളെ ഉപയോഗശൂന്യമാക്കിച്ചെയ്യുന്നതിനുള്ള ശ്രമമാണ് കാണുന്നത്. ഈറെഗുലേഷനിലെ ൨൧-ാം വകുപ്പിൽ അന്യജാതീയവിധവകളേയുംസന്താനങ്ങളേയും അന്യായമായവിധത്തിൽ അവകാശികൾ അല്ലാതാക്കിത്തീർത്തിരിക്കുന്നതിനെ സംബന്ധിച്ചു എനിക്കുള്ളവിപരീതാഭിപ്രായം രേഖപ്പെടുത്താതെ തരമില്ല. അവിവാഹിതരായ സ്ത്രീകളുടെ മരണശേഷം അവരുടെ സ്വത്തിന്റെ അവകാശക്രമത്തെ സംബന്ധിച്ചിടത്തോളം യാതൊരുവ്യവസ്ഥയും ചെയ്തിട്ടില്ലെന്നുകൂടി സന്ദർഭവശാൽ ഞാൻ ഇവിടെ പ്രസ്താവിച്ചുകൊള്ളട്ടെ.

൨൮-ാം ൨൯-ാം വകുപ്പുകൾകൊണ്ടു ബില്ലിനാൽ എന്തുഫലം ഉണ്ടാകണമെന്നു ആശിക്കുന്നുവൊ ആയതിനു വിപരീതമായഫലം ആണ് ഉണ്ടാകുന്നതു എന്നാണ് എനിക്കുസംശയം. സ്വസമുദായത്തിൽനിന്നുതന്നെ വിവാഹംചെയ്യുന്നതിനുള്ള മുറക്കാർക്ക് മററുവല്ലപ്രേരണയും ഉണ്ടായിരുന്നാലും ആയതിനെ ഈ ബിൽ ഇല്ലാതാക്കുകയാണുചെയ്യുന്നത്. ൨൮-ാം വകുപ്പുകൊണ്ട് അവിവാഹിതരായ പെൺമക്കൾക്കു ഒരു നമ്പൂതിരിസ്ത്രീയുടെ സ്വത്തിൽ യാതൊരു പിന്തുടച്ചാവകാശവും ഇല്ലാതെ ആണ് ഇരിക്കുന്നത്. അതിനാൽ അവൾക്കുയാതൊരുസ്വത്തും ഇല്ലാതെ തീരുന്നു. ൨൯-ാം വകുപ്പുകൊണ്ടു ഭർത്താക്കന്മാർക്കു കിട്ടുന്ന സ്ത്രീധനത്തെ അവരുടെകൈവശം വച്ചു അവരുടെ ജീവിതായോധനമാർഗ്ഗങ്ങൾക്ക് അതിനെ വിനിയോഗിക്കുന്നതിനുള്ള അധികാരത്തെ അവരിൽനിന്നും എടുത്തുകളയുകയാണ് ചെയ്തിട്ടുള്ളത്. ഈ രണ്ടുവകുപ്പുകൾകൊണ്ടു എന്തെങ്കിലും ഫലംഉണ്ടാകുന്നുഎങ്കിൽ അതു സ്വസമുദായത്തിനുള്ളിൽതന്നെ വിവാഹംചെയ്യണമെന്നുള്ളതിനെസംബന്ധിച്ചു യുവാക്കന്മാർക്കു യാതൊരുനിർബന്ധവുമില്ലാതാക്കിത്തീർക്കുക എന്നുള്ളതുമാത്രമാണെന്നാണ് എനിക്കുതോന്നുന്നത്.

അടുത്തതായി ഭാഗത്തെ സംബന്ധിച്ചു ആലോചിക്കാം. നമ്പൂതിരിമാർ മലയാളത്തിൽ കുടിയേറിപാർത്തകാലത്തു ഇൻഡ്യയിലുള്ള കൂട്ടുകുടുംബങ്ങൾ അവിഭാജ്യങ്ങൾ ആയിരുന്നു എന്നും ഭാഗത്തിനുള്ള വ്യവസ്ഥകൾ തറവാടുകൾ സ്വീകരിച്ചു തുടങ്ങിയതു പിന്നീടാണെന്നും പറയപ്പെടുന്നു. പുറമെയുള്ള സ്ഥിതികൾക്കുമാററമുണ്ടായി. കാലത്തിന്റെഭേദഗതിക്കനുസരിച്ചു കുടുംബങ്ങൾ ശാഖകളായി പിരിയുന്നതിനു ഇടയായി. ഇങ്ങിനെ ഹിന്ദുലാപ്രകാരമുള്ള കുടുംബങ്ങളിൽ ഭാഗം ഒരു നിയമമായിത്തീർന്നു. സമുദായത്തിന്റെ വളർച്ചയുടെ ഫലമായി മലയാള തറവാടുകളിലും ഭാഗം അത്യന്താപേക്ഷിതമായിത്തീർന്നു. നായർ റെഗുലേഷൻ, ഈഴവറെഗുലേ

ഷൻ, വെള്ളാളറഗുലേഷൻ ഇവയിൽ ഏതെങ്കിലും ഒരു പ്രകാരത്തിലുള്ള ഭാഗത്തിനു വ്യവസ്ഥയും ഉണ്ട്. ഇതനുസരിച്ചു നോക്കുന്നപക്ഷം നമ്പൂതിരിമാരും ഭാഗംവേണമെന്നാശിക്കുന്നതു വളരെ ശരിയായിട്ടുള്ളതാണല്ലോ. ആവശ്യം എന്നു തോന്നുന്ന സന്ദർഭങ്ങളിൽ ഭാഗം ചെയ്യുന്നതിലേക്കു എന്തെങ്കിലും വ്യവസ്ഥ ഉണ്ടായിരിക്കേണ്ടതും ആകുന്നു. എന്നാൽ ഇതിലേക്കു ബില്ലിൽ ചേർത്തിട്ടുള്ള വകുപ്പ് അപൂർണ്ണവും പ്രായോഗികമല്ലാത്തതും ആണെന്നാണു എനിക്കു തോന്നുന്നതു്. ആളോഹരിയായിട്ടോ ശാഖാക്രമമനുസരിച്ചോ എങ്ങിനെയാണു ഭാഗിക്കേണ്ടതു എന്നോ സ്ത്രീകൾ അവരുടെ ഭാഗങ്ങളെ പൂർണ്ണാവകാശികൾ ആയിട്ടോ മററു പ്രകാരത്തിലോ എടുക്കുന്നതു എന്നോ അവിവാഹിതരായ സ്ത്രീകൾക്കു തറവാട്ടുസ്വത്തിൽ ഒരു ഭാഗത്തിനു അവകാശമുണ്ടോ അല്ല സ്ത്രീധനത്തിനു മാത്രമേ അവകാശമുള്ളോ എന്നോ ഉള്ള ഭാഗങ്ങളെ സംബന്ധിച്ചു യാതൊരു വ്യവസ്ഥയും ചെയ്യുന്നില്ല. കാരണവന്മാർ സാധാരണയായി ഭാഗത്തിനു അനുകൂലികളായിരിക്കുമോ എന്നുള്ളതും സംശയംതന്നെ. കാരണവന്മാരുടെ സമ്മതത്തെ പ്രഥമമായി അടിസ്ഥാനമാക്കീട്ടുള്ള ഒരു ഭാഗം നടക്കുവാൻ ഇടയുണ്ടോ എന്നുള്ളതിനെപ്പററി തന്നെ എനിക്കു വളരെ സംശയമാണുള്ളതു്. ബില്ലിനെപ്പററി മേലാൽ ആലോചിക്കുന്നതായ സന്ദർഭങ്ങളിൽ മേൽപ്പറഞ്ഞവയും അല്ലാതുള്ളവയുമായ ആക്ഷേപങ്ങളെ പററി വേണ്ടപോലെ പര്യാലോചിക്കുമെന്നുള്ള ആശയോടും ഞാൻ മുമ്പു പറഞ്ഞ ഭേദഗതികൾ വരുത്തണമെന്നുള്ള താല്പര്യത്തോടുംകൂടി ഈ ബില്ലിന്റെ തത്വത്തെ സ്വീകരിക്കുന്നതിനെ ഞാൻ അനുകൂലിച്ചുകൊള്ളുന്നു

മി: എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം) സർ! ഞാൻ ഈ ബില്ലിന്റെ തത്വത്തെ അനുകൂലിക്കുന്നു. അനുകൂലിക്കുന്നതോടുകൂടി ഈ സമുദായത്തെക്കുറിച്ചും ബില്ലിൽ അടങ്ങിയിരിക്കുന്ന ഏതാനും ചില വകുപ്പുകളെക്കുറിച്ചും രണ്ടുവാക്കു സംസാരിച്ചാൽ കൊള്ളാമെന്നു ഞാൻ വിചാരിക്കുന്നു.

ഈ സമുദായം ഏകദേശം ൧൦,൦൦൦-ത്തോളം മാത്രം ജനസംഖ്യയുള്ള ഒരു ചെറിയ സമുദായമാണ്. എന്നാലും ഈ രാജ്യത്തുള്ള പ്രധാനപ്പെട്ട സമുദായങ്ങളിൽ ഒന്നുമാകുന്നു. ഒരു കുടുംബത്തിൽ ഏററവും പ്രായം കൂടിയ പുരുഷാംഗം മാത്രമേ അവരുടെ സമുദായത്തിൽനിന്നും വിവാഹം ചെയ്യാൻ പാടുള്ളു എന്നായി ഇവരുടെ സമുദായത്തിനിടയിൽ നടപ്പിൽ ഇരിക്കുന്ന ഒരു വിശേഷനടപടിയാൽ ഈ സമുദായം കെട്ടപ്പെട്ടിട്ടില്ലായിരുന്നു. എങ്കിൽ ഇവരുടെ ജനസംഖ്യ ഇപ്പോഴുള്ളതിനേക്കാൾ എത്രയോ മടങ്ങു വലുതായിരുന്നേനെ. മററംഗങ്ങൾ ജനസംഖ്യ വർദ്ധിപ്പിക്കുന്ന തൊഴിലിൽ പ്രവേശിക്കുന്നില്ല. അവർ മററു സമുദായക്കാരെ ഈ വിഷയത്തിൽ സഹായിക്കുകമാത്രമാണ് ചെയ്യുന്നതു്. (ചിരി) മതവിഷയമായ കാര്യങ്ങളിൽ വളരെ തല്പര്യമുള്ളവരും ഇപ്പോഴത്തെ അർത്ഥത്തിൽ വിദ്യാഭ്യാസം വളരെ കുറവായിട്ടുള്ളവരും ആണ് ഈ സമുദായത്തിൽ അധികമായി ഉള്ളതു്. ഇവരുടെ വിവാഹനടപടികളും പിൻതുടർച്ചാവകാശങ്ങളും നമുക്കു വളരെ വിശേഷമായി തോന്നിയേക്കാം. ഇങ്ങിനെയെല്ലാമാണെങ്കിലും അവർക്കുവേണ്ടി നിയമനിർമ്മാണം ചെയ്യേണ്ടതും സമുദായത്തിന്റെ ആദർശങ്ങളെ കഴിയുന്നിടത്തോളം ബഹുമാനിക്കേണ്ടതും നമ്മുടെ ചുമതലയാകുന്നു. ഒരു സമുദായത്തിനുവേണ്ടി നിയമനിർമ്മാണം ചെയ്യുമ്പോൾ അവരുടെ വിചാരങ്ങളെ ജീവിതത്തിലുള്ള നമ്മുടെ ആദർശങ്ങളെ അടിസ്ഥാനമാക്കിയല്ല നാം വീക്ഷിക്കേണ്ടതു്.

ഇപ്പോഴത്തെ പരിഷ്കാരാശയന്മാർക്കു ഒരുപക്ഷെ സ്വീകാരയോഗ്യമല്ലെന്നും നമുക്കു വളരെ അതിശയകരമായിട്ടുള്ളതാണെന്നും തോന്നിയേക്കാൻ ഇടയുള്ളവയായി ബില്ലിലെ ഏതാനും വകുപ്പുകളെ ഞാൻ ഇപ്പോൾ എടുത്തുകാണിക്കാം.

ഒന്നാമതായി ഈ ബില്ലനുസരിച്ചു ഉദകവിച്ഛേദം എന്നുള്ള ചടങ്ങിനാൽ ജാതിഭ്രഷ്ടനാക്കപ്പെട്ട ഒരുവന് അയാളുടെ തറവാട്ടുസ്വത്തിലുള്ള സകല അവകാശങ്ങളും നശിച്ചുപോകുമെന്നായി പറയപ്പെട്ടിരിക്കുന്നു. ഉദകവിച്ഛേദം എന്നുള്ളതിന്റെ അർത്ഥം ഇന്നതാണെന്നു ഇനിമേൽ ഞാൻ മനസ്സിലാക്കേണ്ടതായിട്ടാണിരിക്കുന്നതു അതെന്താണെന്നു നമ്മുടെ നമ്പൂതിരി സ്നേഹിതൻ നമുക്കു പറഞ്ഞുതരുമെന്നു ഞാൻ വിശ്വസിക്കുന്നു.

രണ്ടാമതായി ഒരു തറവാട്ടിലെ ഒരു പുരുഷാംഗത്തിനു അയാളുടെ വിവാഹകാലത്തു കിട്ടുന്ന സ്ത്രീധനം ആ ഭർത്താവിന്റെ തറവാട്ടുസ്വത്തായി തീരുന്നതാകുന്നു. അല്ലാതെ ഭർത്താവിന്റെയോ ഭാര്യയുടേയോ രണ്ടു പേരുടേയുമോ പ്രത്യേകസ്വത്തായി തീരുന്നതല്ല.

മൂന്നാമതായി മരണശാസനമില്ലാത്തപ്പോഴത്തെ പിൻതുടർച്ചാവകാശക്രമം അനുസരിച്ചു അവിവാഹിതരായ പുത്രിമാർക്കു പോലും അവരുടെ അമ്മമാരുടെ പ്രത്യേകസ്വത്തിന്മേൽ അവകാശം ഉണ്ടായിരിക്കുന്നതല്ല. അതായതു ഒരു സ്ത്രീയുടെ സ്വത്തു ഒരിക്കലും ഒരു സ്ത്രീക്കു പോകുന്നതല്ല.

നാലാമതായി ഒരു സ്ത്രീയുടെ മൂപ്പുമുറ നിശ്ചയിക്കുന്നതു് അവരുടെ പ്രായംകൊണ്ടല്ല, അവരുടെ വിവാഹതീയതിയെ അനുസരിച്ചാണ്.

മി: സി. എൻ. ഇട്ടൻ നമ്പൂതിരി (ജന്മിമെംബർ): സ്ത്രീധനം കുടുംബത്തിലേക്കു ചേർക്കുന്നതിന്റെ ഉദ്ദേശം വേറെ ചില സംഗതികൾ നിറവേററുന്നതിനാണെന്നറിയാമോ?

മി: എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം)! അതിനെപ്പററി ആക്ഷേപം ഒന്നും പറയുന്നില്ലല്ലോ.

നാം ഗൌരവമായി ശ്രദ്ധപതിപ്പിക്കേണ്ടവയാകുന്നു എന്നു എനിക്കു തോന്നുന്ന വകുപ്പുകളിൽ ചിലവയാണു ഞാൻ മുൻപെ പറഞ്ഞവ. എന്നാൽ ഈ സമുദായത്തിലുള്ള യാതൊരു വിഭാഗത്തിനും ഇതിനെ സംബന്ധിച്ചു ഗൌരവതരമായ യാതൊരു വിധ ആക്ഷേപവും ഉള്ളതായി എനിക്കു അറിവില്ലാത്തിടത്തോളംകാലം ഈ ബില്ലിന്റെ തത്വത്തെ അനുകൂലിക്കുന്നതിൽ എനിക്കു യാതൊരു സംശയവുമില്ല. എന്നാൽ ഈ വ്യവസ്ഥകളെ സംബന്ധിച്ചു ഇനിയൊരവസരത്തിൽ പ്രസ്താവിച്ചുകൊള്ളാം. ഏററവും പ്രായംകൂടിയ പുരുഷാംഗം മാത്രമെ അവരുടെ സ്വന്തസമുദായത്തിൽനിന്നും വിവാഹം ചെയ്യുകയുള്ളു എന്നുള്ള ഏർപ്പാടിനെ ആ സമുദായക്കാർ ഈയിടെ അനുസരിച്ചു വരുന്നില്ലാ എന്നു കാണുന്നു. ഇങ്ങിനെയുള്ള വിവാഹങ്ങൾ നിയമപ്രകാരം അനുവാദം നൽകുന്നതിനാണു ഈ ബില്ലിന്റെ ശ്രമം. ഇങ്ങിനെയുള്ള അനുവാദം അടുത്ത കാലത്തുതന്നെ തറവാട്ടുസ്വത്തുക്കൾ ഛിന്നിച്ഛിന്നമായി പോകുന്നതിനുള്ള വഴികാട്ടിയായി തീരുമെന്നുള്ളതാകുന്നു.

തറവാട്ടുസ്വത്തുക്കളെ ഭാഗിക്കുന്നതിനു അനുവദിക്കുന്ന വകുപ്പുകൾ ഉണ്ട്. എന്നാൽ ഇങ്ങിനെയുള്ള ഭാഗത്തിനു തീരെ പ്രായോഗികമല്ലാത്ത ചില വ്യവസ്ഥകൾകൂടി ചേർത്തിട്ടുണ്ട്. പിന്നെയും ഈ ബില്ലിൽ മററൊ

അപ്രധാനപ്പെട്ട ദൃഷ്ടാന്തംകൂടി ഞാൻ കാണുന്നുണ്ടു്. ചില സംഗതികൾ ഒത്തുവന്നാൽ ഭാഗം ചെയ്യാമെന്നു വ്യവസ്ഥചെയ്തിട്ടുണ്ടെങ്കിലും ഭാഗിക്കേണ്ട സമ്പ്രദായം എന്തെന്നു വിവരിച്ചു കാണുന്നില്ല. ഇതേവരെ അവിഭാജ്യമായിരുന്ന തറവാട്ടുസ്വത്തുക്കളെ ഭാഗിക്കുന്നതിനു ഒരു സമുദായം അനുവദിക്കുന്നപക്ഷം വ്യവഹാരം കൂടാതെ കഴിക്കണമെങ്കിൽ ഏതുപ്രകാരത്തിൽ ആണു വസ്തുക്കൾ വിഭജിക്കേണ്ടതു എന്നും ഓരോ ആളുകൾക്കോ അല്ലെങ്കിൽ ഓരോ ശാഖയ്ക്കോ എത്ര എത്ര അംശം കിട്ടും എന്നും ഉള്ള സംഗതികളെപ്പററി വിവരമായി പ്രസ്താവിച്ചിരിക്കേണ്ടതു ഏററവും അത്യാവശ്യമായിട്ടുള്ളതാകുന്നു. ആളോഹരി ഭാഗമോ താവഴിഭാഗമോ ഏതാണു സ്വീകരിക്കേണ്ടതു എന്നോ സ്ത്രീകൾ വിവാഹിതരായിരുന്നാലും അവിവാഹിതരായിരുന്നാലും ഒരു ഭാഗത്തിനു അവകാശമുണ്ടോ എന്നും ഉണ്ടെങ്കിൽ ആ ഭാഗം എത്രയാണെന്നും ഉള്ള സംഗതികളെപ്പററിയാതൊന്നും പ്രസ്താവിച്ചുകാണുന്നില്ല.

കാരണവൻ എന്നുള്ള സ്ഥാനത്തെ മേലാലും വച്ചുകൊണ്ടിരിക്കുന്നതിനുതന്നെയാണു ബിൽ ശ്രമിക്കുന്നതു്. എന്നാൽ കാരണവന്റെ ഭരണത്തെ സംബന്ധിച്ചിടത്തോളം അസാദ്ധ്യമായിട്ടുള്ള പല വ്യവസ്ഥകളും ഏർപ്പെടുത്തിയിരിക്കുന്നതായിട്ടാണു എനിക്കു തോന്നുന്നതു്.

സർ, ഈ ബില്ലിനെ പററി അടുത്തതായി ആലോചിക്കാൻ നിയുക്തരാകാൻ ഇടയുള്ള സിലക്ട് കമ്മിററി വേണ്ടപോലെ ശ്രദ്ധിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി ബില്ലിലെ വ്യവസ്ഥകളെ ഞാൻ ധൃതിയിൽ ഒന്നു നോക്കിയപ്പോൾ എന്റെ ദൃഷ്ടിയിൽ പെടുന്നതിനു ഇടയായ ഏതാനും ചില ദൂഷ്യകരമായ വ്യവസ്ഥകളേയും ചില ദോഷഭാഗങ്ങളേയും ഞാൻ എടുത്തുപറഞ്ഞുകഴിഞ്ഞു. ഒരു തറവാട്ടിലെ ഭിന്നാംഗങ്ങളുടെ അധികാരങ്ങളും ചുമതലകളും ഇന്നിന്നവയാണെന്നു് വ്യവസ്ഥാപിക്കുന്നതും പിന്തുടർച്ചാവകാശക്രമത്തെ സംബന്ധിച്ചു യാതൊരു നിശ്ചയവുമില്ലാതിരിക്കുന്നതിനാൽ അതിനെ മാററി ചിട്ടപ്പെടുത്തുന്നതും ആയ ഒരു നിയമം ഈ സമുദായത്തിനു അത്യന്താപേക്ഷിതമായിരിക്കുന്നു എന്നുള്ളതിൽ പക്ഷാന്തരത്തിനു ഇടയില്ലാത്തതിനാൽ ഈ ബില്ലിലെ തത്വത്തെ സന്തോഷപുരസ്സരം ഞാൻ അനുകൂലിക്കുന്നു.

മി: കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): സർ ഞാനും ഈ ബില്ലിനെ സ്വീകരിപ്പാനായിതന്നെ ഒരുങ്ങുകയാണു്. എന്നാൽ ഇതിലെ അനേകം വ്യവസ്ഥകളെ സംബന്ധിച്ചു പ്രയോക്താവുമായി ഞാൻ പൂർണ്ണമായി യോജിക്കുന്നില്ലെന്നു പ്രാരംഭത്തിൽതന്നെ പ്രസ്താവിച്ചുകൊള്ളട്ടെ. ഈ സഭയിലുള്ള അംഗങ്ങളുടെ അഭിപ്രായം അനുസരിച്ചു ഇതിലെ വ്യവസ്ഥകൾ ഭേദപ്പെടുത്തുന്നതിനു പ്രയോക്താവിനു യാതൊരു വിരോധവും ഇല്ലെന്നു അദ്ദേഹം ആദ്യംതന്നെ പറഞ്ഞിട്ടില്ലായിരുന്നു എങ്കിൽ എനിക്കു ഈ ബില്ലിനെ സ്വീകരിക്കാൻ സാധിക്കുകയില്ലായിരുന്നു. ബില്ലിൽ എത്രയോ ഭാഗങ്ങൾ ദോഷദുഷ്ടമായിരിക്കുന്നു എന്നു പ്രയോക്താവിനോടു് ഞാൻ നേരെ തുറന്നുപറഞ്ഞുകൊള്ളട്ടെ. സർ, ബിൽ ആകപ്പാടെ പിശകായ ഒരു വീക്ഷണനിലയിൽനിന്നു ഉത്ഭവിച്ചിട്ടുള്ളതായി എനിക്കു തോന്നുന്നു. ഇപ്പോഴത്തെ നംപൂതിരി തറവാടുകളെ സംബന്ധിച്ചുള്ള നിയമം തീരെ അതൃപ്തികരമായിരിക്കുന്നു എന്നും തൽഫലമായി അനേകം ഇല്ലങ്ങൾ നശിക്കാറായിട്ടുണ്ടെന്നും ഉള്ള പരമാർത്ഥം എനിക്കു അറിയാവുന്നതാണു്. നായന്മാർ, ഈഴവർ വെള്ളാളർ ഇവരുടെ ഇടയിൽ എന്നപോലെതന്നെ നംപൂതിരിമാരുടെ ഇടയിലും കൂട്ടുകുടുംബ ഏർപ്പാടു നടപ്പില്ലാതായി തീർന്നിട്ടുണ്ടു്. നംപൂതിരിസമുദായത്തിലെ അനേകം അംഗങ്ങളുടെ സമ്മതം ഈ ബില്ലിനു സിദ്ധിച്ചിട്ടുള്ളതായി കാണുന്നു. എന്നാൽ ഈ സഭ പ്രവർത്തിക്കേണ്ടതു നിയമനിർമ്മാണത്തിന്റെ ശരിയായ തത്വങ്ങൾ അനുസരിച്ചുവേണമല്ലോ. ലോകത്തിനു് ഒട്ടുക്കു ഇത്ര വളരെ മാററം വന്നിരിക്കുന്നസ്ഥിതിക്കു പഴയ സമ്പ്രദായങ്ങൾക്കു യാതൊരു വ്യത്യാസവും വരുത്താതെ വച്ചുകൊണ്ടിരിക്കുക എന്നുള്ളതു ഇപ്പോൾ അസാദ്ധ്യമായിട്ടുള്ളതുതന്നെ. സ്വാർത്ഥത്തിനു പഴയകാലത്തെ ഓർമ്മയേക്കാൾ ശക്തികൂടുന്നതാണല്ലോ. ആ സ്വാർത്ഥതയുടെ ഫലമായി തറവാടുകൾ ചെറിയചെറിയ ശാഖകളായിപ്പിരിയുകതന്നെ ചെയ്യും. ഓരോരുത്തർക്കും പ്രവൃത്തിയിലുള്ള സ്വാതന്ത്ര്യത്തെ പററി നാം കേൾക്കുന്നുണ്ടല്ലോ. നമ്പൂതിരിമാർ ഈ ഒന്നിനു വ്യത്യസ്തവുമല്ലല്ലൊ. അവരും ഇപ്പോഴത്തെ പരിഷ്കാരത്തിൽ ഉൾപ്പെട്ടവരാണല്ലോ. അവരുടെ നടപടികൾ മാറിപ്പോയി. നിത്യകർമ്മങ്ങൾ കഴിയാതെ ആഹാരസാധനങ്ങളെ പററി ചിന്തിക്കപോലും ചെയ്യാത്ത പഴയകാലത്തെ നംപൂതിരിമാർക്കുപകരം ബെഡ്കാപ്പികൂടാതെ കഴിക്കാൻ നിവൃത്തിയില്ലാത്ത അനേകം നംപൂതിരിമാരെ നാം ഇപ്പോൾ കാണുന്നു. (ചിരി) തറവാട്ടിൽനിന്നും വിട്ടു ഭാര്യയോടും മക്കളോടും കൂടി പ്രത്യേകമായി താമസിക്കുന്ന നംപൂതിരിമാരും ഉണ്ടു്. കൂടാതെ വ്യവസായസംബന്ധമായും കച്ചവടസംബന്ധമായും ഉള്ള തൊഴിലുകളിൽ പ്രവേശിച്ചു കാലയാപനം ചെയ്തുവരുന്ന നംപൂതിരിബ്രാഹ്മണരേയും കാണ്മാനുണ്ടു്. ഇപ്പോഴത്തെ പരിതസ്ഥിതികളെ അവഗണിച്ചുള്ള ഏതു നിയമവും അതിനാൽ ഉപയോഗശൂന്യമായി കലാശിക്കുന്നതിനേ ഇടയുള്ളു.

മററുള്ളവയുടെ കൂട്ടത്തിൽ എനിക്കു പ്രത്യേകിച്ചു സ്വീകാരയോഗ്യമല്ലെന്നു തോന്നുന്നതായ രണ്ടു വകുപ്പുകൾ പ്രസ്തുതബില്ലിൽ ഉണ്ടു്. ഒന്നാമതായി ഗൃഹസ്ഥന്മാരുടെ ആവശ്യപ്രകാരം മാത്രമെ ഭാഗം നടത്തുവാൻ പാടുള്ളു എന്നുള്ള വകുപ്പുതന്നെ ഒന്നാമതായി പിശകായ ഒരു തത്വത്തെ അടിസ്ഥാനപ്പെടുത്തി രൂപീകരിക്കപ്പെട്ടിട്ടുള്ളതാണെന്നാണു എനിക്കു തോന്നുന്നതു്. സിവിൽ അവകാശങ്ങൾ, പ്രത്യേകിച്ചും തറവാട്ടുവസ്തുക്കളെ സംബന്ധിച്ചുള്ള അനുഭവാവകാശങ്ങൾ ജനനത്താൽ ഒരുവനു സിദ്ധിക്കുന്നതാണു്. അല്ലാതെ ഒരുവൻ മേലാൽ പ്രവർത്തിക്കുന്നതിനെ അടിസ്ഥാനമാക്കി അയാൾക്കു സിദ്ധിക്കുന്നതല്ല. ഒരു ഇല്ലത്തിലെ ഒരു അംഗം സകലകാര്യങ്ങൾക്കും ആ ഇല്ലത്തിലെ അംഗംതന്നെയാണല്ലൊ. ബില്ലിലെ വ്യവസ്ഥ അനുസരിച്ചു ഗൃഹസ്ഥരായുള്ള മററനേകം അംഗങ്ങൾ ഒരു ഇല്ലത്തിൽ ഉണ്ടായിരുന്നാലും അവിവാഹിതനായിട്ടുള്ള അംഗം ഇല്ലത്തിലെ കാരണവനായിതീരുന്നതായി നാം ഇപ്പോൾ കാണുന്നുണ്ടു്. ആ സ്ഥിതിക്കു അവിവാഹിതരായിട്ടുള്ള നമ്പൂതിരിമാരുടെ അവകാശങ്ങളെ കുറയ്ക്കുവാൻ ചെയ്യുന്ന ശ്രമം നിശ്ചയമായും തെററുതന്നെയാകുന്നു. ഈ ബില്ലിൽ ഒരു നംപൂതിരി പുരുഷൻ ഒരു നംപൂതിരിസ്ത്രീയെ തന്നെയേ വിവാഹം കഴിപ്പാൻ പാടുള്ളു എന്നു വ്യവസ്ഥചെയ്തിരുന്നു എങ്കിൽ അതു നിശ്ചയമായും കുറെക്കൂടി നേരായ ഒരു മാർഗ്ഗം ആയിരുന്നേനെ. എന്നാൽ വിവാഹത്തെ സംബന്ധിച്ചു ഈ ബില്ലിൽ യാതൊരു വ്യവസ്ഥകളും കാണുന്നില്ല എന്നുള്ളതു വളരെ ആശ്ചര്യകരമായിരിക്കുന്നു. ഒരു നംപൂതിരി പുരുഷനും ഒരു നായർസ്ത്രീയുമായുള്ള വിവാഹത്തിനു നിയമദൃഷ്ട്യാ എന്തുവിലയാണു് ഉള്ളതു് എന്നു ഞാൻ ബിൽ പ്രയോക്താവിനോടു ചോദിച്ചുകൊള്ളട്ടെ. നായർ റെഗുലേഷൻ ഇങ്ങനെയുള്ള വിവാഹ

ങ്ങൾക്ക് നിയമസാധുത്വം നൽകിയിട്ടുണ്ട്. ഈ സംഗതിയെ സംബന്ധിച്ചിടത്തോളം നായർ റെഗുലേഷനിലെ വ്യവസ്ഥകൾക്ക വിപരീതമായി പ്രവർത്തിക്കുന്നതിനു ഈ കൌൺസിലിനു അധികാരമില്ല. നായർ റെഗുലേഷനിലെ ൨൫-ാം വകുപ്പനുസരിച്ചു ഒരു നായരേതരനായ ഭർത്താവിൻെറ നായർ ഭാര്യക്കും സന്താനങ്ങൾക്കും അയാളുടെ സ്വയാർജ്ജിതവും പ്രത്യേകവും ആയ മുതലിനു ഒന്നപകുതിക്കു അവകാശം ഉള്ളതായും ചില സന്ദർഭങ്ങളിൽ മരണകാലത്തുശേഷിക്കുന്ന അയാളുടെ മുഴുവൻ സ്വത്തിനും അവകാശം ഉള്ളതായും വ്യവസ്ഥാപിക്കപ്പെട്ടിരിക്കുന്നു. എന്നാൽ പ്രസ്തുത ബില്ലിലെ ൨൨-ാം വകുപ്പിൽ ആകട്ടെ ഒരു നംപൂതിരി പുരുഷൻെറ മരണകാലത്തു ശേഷിക്കുന്ന അയാളുടെ സ്വയാർജ്ജിതവും പ്രത്യേകവും ആയ സകല സ്വത്തുക്കളും അയാളുടെ കുടുംബത്തിലെ അംഗങ്ങളായ അയാളുടെ വിധവമാർക്കും ഭാഗം പിരിയാത്ത ആൺമക്കൾക്കും അവിവാഹിതരായ പെൺമക്കൾക്കും അവകാശപ്പെടുന്നതാണെന്നും മററും പ്രസ്താവിച്ചു കാണുന്നു. ''തറവാട്ടിലെ അംഗങ്ങൾ'' എന്നുള്ള വാക്കുകൾകൊണ്ടു അന്യജാതിയിൽ പെട്ട ഭാര്യക്കും മക്കൾക്കും അയാളുടെ സ്വത്തിൽ യാതൊരു അവകാശവും ഇല്ലാതാക്കുകയാണു ചെയ്യുന്നത്. ആ സ്ഥിതിക്കു നാം ഇപ്പോൾ ആലോചിക്കുവാനുള്ളത് നായർ റെഗുലേഷനിലെ ൨൫-ാം വകുപ്പോ നംപൂതിരി ബില്ലിലെ ൨൨-ാം വകുപ്പോ ഏതാണു നാം സ്വീകരിക്കേണ്ടതു എന്നുള്ളതിനെ പററിയാണ്. ഈ രണ്ടു വകുപ്പുകളും അന്യോന്യവിരുദ്ധങ്ങളായിരിക്കുന്നു. ഒരേ നിയമനിർമ്മാണസഭതന്നെ ഇവയെ പററി ആലോചിക്കയും ചെയ്യുന്നു. നംപൂതിരിമാർക്ക സ്വതഃ സിദ്ധമായുള്ള ഔദാര്യബുദ്ധിക്കനുരൂപമായവിധത്തിൽ ഈ ബില്ലിലും പ്രയോക്താവ് അന്യജാതീയഭാര്യമാരുടേയും സന്താനങ്ങളുടേയും അവകാശങ്ങളെ നിയന്ത്രണം ചെയ്യുന്നതായ ഏതാനും വ്യവസ്ഥകൾകൂടി ഉൾപ്പെടുത്തിയിരുന്നു എങ്കിൽ ഈ വിധമുള്ള ബുദ്ധിമുട്ടുകൾ കൂടാതെ കഴിക്കാമായിരുന്നു.

മി: എം. ശിവതാണുപിള്ള (തോവാള): നംപൂതിരിമാർ വിവാഹംചെയ്യുന്നതു അവരുടെ സമുദായത്തിൽനിന്നു മാത്രമേ പാടുള്ളു എന്നു വ്യവസ്ഥാപിക്കുന്ന വിഷയത്തിൽ മെമ്പറിനു എന്തെങ്കിലും വിപരീതാഭിപ്രായമുണ്ടോ എന്നറിഞ്ഞാൽകൊള്ളാം.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഒന്നാമതായി എനിക്കു ഇതിനു പറവാനുള്ള മറുപടി ഇതു ഞാൻ തീർച്ചപ്പെടുത്തുവാൻ ഉള്ള ഒരു സംഗതിയല്ല എന്നുള്ളതാണ്. രണ്ടാമതായി പറവാനുള്ളത് ഞാൻ മുമ്പു പറഞ്ഞതിൽനിന്നും എൻെറ അഭിപ്രായം അനുസരിച്ചു നംപൂതിരിമാരുടെ വിവാഹം അവരുടെ ഇടയിൽനിന്നു മാത്രമേ പാടുള്ളു എന്നുള്ള അഭിപ്രായം പ്രയോക്താവിനു ഉണ്ടായിരുന്നു എങ്കിൽ ബില്ലിൽ നേരെ അപ്രകാരം ഒരു വ്യവസ്ഥകൂടി ഉൾപ്പെടുത്താമായിരുന്നു എന്നു ഞാൻ പറഞ്ഞിട്ടുള്ളതായി മെമ്പർമനസ്സിലാക്കുമായിരിക്കാൻ ഇടയുണ്ട് എന്നുള്ളതാകുന്നു.

മി: എം. ശിവതാണുപിള്ള (തോവാള): നംപൂതിരിമാരുടെ വിവാഹം അവരുടെ സമുദായത്തിൽനിന്നു മാത്രമേ പാടുള്ളു എന്നു നിർബന്ധിക്കുന്നതിനെ സംബന്ധിച്ച് മെമ്പറിനു പ്രത്യേകമായി വല്ല വിപരീതാഭിപ്രായവുമുണ്ടോ എന്നു ദയവുചെയ്തു പറഞ്ഞാൽകൊള്ളാം.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): എൻെറ അഭിപ്രായം എന്താണെന്നുള്ളതു എൻെറ പ്രസംഗമദ്ധ്യേ ഞാൻ വിശദമായി സൂചിപ്പിച്ചിട്ടുണ്ട്. ആ വകുപ്പു വാദപ്രതിവാദത്തിനു വരുന്ന സന്ദർഭങ്ങളിൽ ഇതേസംബന്ധിച്ചു കൂടുതലായി ഞാൻ ആലോചിക്കുന്നതായിരിക്കും.

ഭാഗത്തെപ്പററിയുള്ള കൂടുതൽ വ്യവസ്ഥകളെ സംബന്ധിച്ചും എനിക്കു വിപരീതമായ അഭിപ്രായംതന്നെയാണു പറവാനുള്ളത്. ഗൃഹസ്ഥനായിട്ടുള്ള നംപൂതിരിക്കു മാത്രമേ ഭാഗം ആവശ്യപ്പെടാൻ പാടുള്ളു എന്നായി ൨൭-ാംവകുപ്പിൽ വ്യവസ്ഥചെയ്തിട്ടുണ്ട്. ഒരു നംപൂതിരിപുരുഷൻ അന്യസമുദായത്തിൽപെട്ട ഒരു ഭാര്യയുമായി അനേകംനാൾ താമസിക്കയും ആ ഭാര്യയിൽ അനേകം സന്താനങ്ങൾ ഉണ്ടാവുകയും ഇവർ എല്ലാപേരും അദ്ദേഹത്തോട് ജീവാവസാനംവരെ വളരെ ഭക്തിയോടും സ്നേഹത്തോടും ഭയത്തോടുംകൂടിതന്നെ പെരുമാറിയിരുന്നാലും അയാൾക്കു തറവാട്ടുസ്വത്തുക്കളിൽ ഒരു ഭാഗം കിട്ടുകയില്ല. ഇതിൻെറ കാരണം അങ്ങിനെ ഭാഗത്തിനു അനുവദിക്കുന്നപക്ഷം ഈ സ്വത്തു അവസാനത്തിൽ നംപൂതിരിമാരല്ലാത്ത ഇതരസമുദായങ്ങൾക്കു പൊയ്പോകുമോ എന്നുള്ള ബിൽ പ്രയോക്താവിൻെറ ഭയം ആകുന്നു. എന്നാൽ നായർറെഗുലേഷനാകട്ടെ നായർസ്ത്രീകളുടെ നായരേതരന്മാരായ ഭർത്താക്കന്മാരെ ചിലസന്ദർഭങ്ങളിൽ അവരുടെ നായർഭാര്യമാരുടെ സ്വത്തിനു അവകാശികൾ ആയിരിക്കുന്നു. പ്രതിപാദ്യബില്ലിലുള്ള വ്യവസ്ഥ തീരേ അനഭിലഷണീയമായിട്ടുള്ളതും ശരിയായ വീക്ഷണം ഇല്ലാത്തതിനാൽ ഉണ്ടാകാൻ ഇടയായിട്ടുള്ളതും ആകുന്നു എന്നുപറവാൻ ഞാൻ നിർബന്ധിതനാകുന്നു. ബില്ലിലെ ൨൯-ാംവകുപ്പിൽ ഗൃഹസ്ഥന്മാർക്കുമാത്രമേ പ്രത്യേകമായി ചിലവിനുകിട്ടുന്നതിനുള്ള അവകാശം ഉള്ളു എന്നു പറഞ്ഞുകാണുന്നതു വളരെ ആക്ഷേപകരമായിരിക്കുന്നു എന്നു പറയാതെ തരമില്ല. ഇതു സിവിൽനിയമത്തിൻെറ മൂലതത്വങ്ങൾക്കു നേരേ വിപരീതമായിട്ടുള്ളതാകുന്നു. ഒരുപക്ഷേ അന്യസമുദായങ്ങളിൽപെട്ട പത്നിമാരുമൊന്നിച്ചു പ്രത്യേകം താമസിക്കുന്ന നംപൂതിരിമാർക്ക് പ്രത്യേകം ചിലവിനുകൊടുത്തുകൂടാ എന്നായിരിക്കാം പ്രയോക്താവിൻെറ അഭിപ്രായം. ന്യായത്തിനും ഔദാര്യത്തിനും പണ്ടുമുതലേ കേൾവിപ്പെട്ടിട്ടുള്ള നംപൂതിരിസമുദായത്തിൽപെട്ട ഒരു ആളിൽനിന്നും ഇത്തരത്തിൽ ഉള്ള ഒരു പെരുമാററം ഞങ്ങൾ ഇതേവരെ ആശിച്ചിരുന്നതല്ല. പ്രയോക്താവിൻെറ അഭിപ്രായം നംപൂതിരിമാർ അവരുടെ സമുദായത്തിൽനിന്നുമാത്രമേ വിവാഹംചെയ്യാൻ പാടുള്ളു എന്നാണെങ്കിൽ അദ്ദേഹം നേരിട്ടുവന്നു അതിനെ തുറന്നു പറയട്ടെ.

മി: എം. ശിവതാണുപിള്ള (തോവാള): മെമ്പർ പ്രയോക്താവിനെയൊ ബില്ലിലുള്ള വ്യവസ്ഥകളെയോ ആക്ഷേപിക്കുന്നതു എന്നറിഞ്ഞാൽകൊള്ളാം.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഞാൻ ബില്ലിലെ വ്യവസ്ഥകളെപററി ചർച്ചചെയ്യുക മാത്രമാണ്. എന്നാൽ അതേസമയത്തുതന്നെ പ്രയോക്താവിനെ മറക്കുവാനും നിവൃത്തിയില്ല.

മി: എം. ശിവതാണുപിള്ള (തോവാള): നംപൂതിരിമാർ അവരുടെ സമുദായത്തിൽനിന്നുമാത്രമേ വിവാഹംചെയ്യുന്നൻ പാടുള്ളു എന്നു നിശ്ചയിക്കുന്നതായിരുന്നാൽ ആയതിനെക്കുറിച്ചു മെമ്പറിനു എന്തഭിപ്രായമാണുള്ളതു എന്നു മെമ്പർ തുറന്നു പറയുമോ?

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ പ്രത്യേകമായ ഉപവകുപ്പിനെയുംപററി ആലോചിക്കുന്നസന്ദർഭത്തിൽ ആലോചിക്കുവാൻ ഉദ്ദേശമുണ്ടെന്നും ഈ പ്രത്യേകവകുപ്പിനെ സംബന്ധിച്ചു ഈ സഭ ചർച്ചചെയ്യുമ്പോൾ ഇതിനെപററിയും ആലോചിക്കാമെന്നും ഞാൻ മുമ്പതന്നെ പറഞ്ഞുവല്ലോ. എന്റെ അഭിപ്രായഗതി എന്താണെന്ന് മെമ്പറിനു എന്റെ പ്രസംഗത്തിൽനിന്നും മനസ്സിലായിരിക്കാൻ ഇടയുണ്ടല്ലോ.

യഥാർത്ഥ ഉദ്ദേശത്തെ ഗ്രഹിക്കാൻ എന്ന വാക്കിന്റെ യാതൊരുകുഴപ്പത്തിനും ഇടയാക്കാത്തതെന്നു പ്രഥമദൃഷ്ടിയിൽ തോന്നിയേക്കാവുന്ന ഒരു വിവരണത്തിനുള്ളിൽ മറച്ചുവയ്ക്കുന്നതിനുള്ള പ്രയോക്താവിന്റെ ശ്രമം ഈ സഭാംഗങ്ങളുടെ കണ്ണിൽ മണ്ണിടുന്നതിനു മതിയാകുമെന്നു തോന്നുന്നില്ല.

സർ! നമ്പൂതിരിസമുദായത്തിന് എന്തെങ്കിലും ദുരുദ്ദേശം ഉണ്ടെന്നല്ല ഞാൻ പറയുന്നതു. ഇപ്പോഴത്തെ നിലയനുസരിച്ചു ബില്ലിലെ വ്യവസ്ഥകളെ സംബന്ധിച്ചു ഞാൻ സംസാരിക്കുന്നു എന്നേ ഉള്ളൂ. ഈ ബിൽ സിലക്ററ്കമ്മിററിയിൽ പാസ്സാവുന്നതോടുകൂടി ഈ ദോഷങ്ങളും മററു കുറവുകളും പരിഹരിക്കപ്പെടുമെന്നുതന്നെ ഞാൻ വിശ്വസിക്കുന്നു. ഇങ്ങനെയുള്ള ഒരു നിയമം നടപ്പിൽ വരുത്തേണ്ടകാലം എത്രയോ മുമ്പുതന്നെ കഴിഞ്ഞിരിക്കയാണ്. ഈ ബില്ലിലെ സാമാന്യതത്വങ്ങളെ പിന്താങ്ങുന്നതിൽ എനിക്കു അതിയായ സന്തോഷമുണ്ട്.

മി: കല്ലൂർനാരായണപിള്ള (പത്തനംതിട്ട): സർ! ഇന്നത്തെ വാദപ്രതിവാദത്തിനു വിഷയമായിരിക്കുന്നതു തിരുവിതാംകൂറിലെ മലയാളബ്രാഹ്മണരെ പൊതുവെ ബാധിക്കുന്നതായ ഒരു റെഗുലേഷനാണ്. നമ്പൂതിരിമാർ അല്ലെങ്കിൽ മലയാളബ്രാഹ്മണർ ഒരുകാലത്തു കേരളത്തിലെ പ്രധാനപ്പെട്ടവരായിരുന്നു എന്നു ഗണിക്കേണ്ടതാണ്. പരശുരാമപ്രതിഷ്ഠിതങ്ങളായ നൂറ് ഗ്രാമങ്ങളും ഉപഗ്രാമങ്ങളും ഈ കേരളത്തിൽ ഉണ്ടായിരുന്നതിൽ ഒരു ശ്രേഷ്ഠമായ ഗ്രാമം ചെങ്ങന്നൂർഗ്രാമം എന്നാണു കേരളമാഹാത്മ്യത്തിൽ കാണുന്നതു. ഈ ഗ്രാമത്തിൽ അകത്തു മൂവായിരവും പുറത്തു മൂവായിരവും ഇങ്ങിനെ ആറായിരം ബ്രാഹ്മണഗൃഹങ്ങൾ ഒരുകാലത്തുണ്ടായിരുന്നു. അകത്തു മൂവായിരം എന്നുപറയപ്പെട്ടതു ഗ്രാമത്തിനകത്തു മൂവായിരവും പുറത്തു മൂവായിരവും എന്നു പറയപ്പെട്ടതു ഗ്രാമത്തിനുപുറത്തു ഉപഗ്രാമങ്ങളിലായി മൂവായിരവും ആണ്. മൂവായിരം ബ്രാഹ്മണഗൃഹങ്ങൾ ഉണ്ടായിരുന്ന ചെങ്ങന്നൂർഗ്രാമത്തിനകത്തു ഇപ്പോൾ എത്ര ബ്രാഹ്മണഗൃഹങ്ങൾ സ്ഥിതിചെയ്യുന്നു എന്നുനോക്കാം. ഞാൻ കണക്കാക്കിയതിൽ ഇപ്പോൾ നാലു ബ്രാഹ്മണകുടുംബങ്ങളേ ശേഷിച്ചിട്ടുള്ളൂ. അവയിൽതന്നെ ഒരു കുടുംബം അടുത്ത പത്തുകൊല്ലങ്ങൾക്കിടയിൽ അന്യംനില്പാകത്തക്കപതനത്തിൽ എത്തിയിരിക്കുന്നു. ഓരോ കാലഘട്ടത്തിൽ എടുക്കുന്ന ജനസംഖ്യക്കണക്ക്കൊണ്ടും ക്രമേണ സമുദായത്തിലെ സംഖ്യ കുറഞ്ഞുവരുന്നതായി കാണാം. ഇപ്പോൾ ആകപ്പാടെയുള്ള നമ്പൂതിരിമാരുടെ ജനസംഖ്യ [illegible]൧൦൦൦-ൽപരം ഉണ്ടെന്നു തോന്നുന്നില്ല. ഇപ്രകാരം ഒരു ശോച്യമായ നിലയിൽ ബ്രാഹ്മണഗൃഹങ്ങൾ അന്യംനില്ക്കുന്നതിനും അവർ ജനസംഖ്യയിൽ കുറഞ്ഞുവരുന്നതിനും ഉള്ള പ്രധാനകാരണം ഏതായിരിക്കാം. ഇവയെല്ലാത്തിനും കാരണം മലയാളബ്രാഹ്മണകുടുംബം പഴയ ശങ്കരസ്മൃതിയിലെ വ്യവസ്ഥയനുസരണമായ നടപടികളെ അനുഷ്ഠിച്ചുവരുന്നതാണ്: ഇതരസമുദായങ്ങൾ കാലാനുസരണം ആവശ്യപ്പെടുന്ന നിയമങ്ങളെ നിർമ്മിക്കയും ആ നിലയിൽ മുന്നണിയിൽ പ്രവേശിക്കയും ചെയ്തുകഴിഞ്ഞിരിക്കുന്നു. എന്നാൽ ഒരുകാലത്തു പ്രാബല്യത്തിലും ശ്രേയസ്സിലും ഇരുന്ന മലയാളബ്രാഹ്മണസമുദായം ഏററവും പരിതാപകരമായ നിലയിൽ എത്തിയിരിക്കുന്ന ഈ അവസരത്തിൽ ആ സമുദായത്തിന്റെ ശേഷിച്ച കുടുംബങ്ങളുടെ ശ്രേയോന്മുഖത്തെ ലാക്കാക്കി കുടുംബഭരണത്തെ നിയന്ത്രിക്കുന്നതായ ഒരു ബിൽ മിസ്റ്റർ തുപ്പൻ നമ്പൂതിരി ഈ സഭയിൽ ഹാജരാക്കിയതിനു അദ്ദേഹത്തെ ഹാർദ്ദമായി അഭിനന്ദിക്കതന്നെ ചെയ്യണം. എന്നാൽ ഈ ബില്ലിനെ ഇതേ നിലയിൽ പാസാക്കുന്നതിനുപല വൈഷമ്യങ്ങളും കാണുന്നുണ്ട്. മിസ്റ്റർ തുപ്പൻ നമ്പൂതിരി അദ്ദേഹത്തിന്റെ ആശയത്തെ ഈ ബിൽ മുഖാന്തിരം വെളിപ്പെടുത്തിയിട്ടുണ്ടെങ്കിലും അദ്ദേഹത്തിന്റെ ഉദ്ദേശ നിർവ്വഹണത്തിനു മതിയാകാതെ തോന്നിട്ടുള്ള ഭാഗങ്ങളെ വിമർശനം ചെയ്തു ഒരു റെഗുലേഷനാക്കി കല്പിക്കുന്നതിനുള്ള ചുമതല നമുക്കുള്ളതാണ്.

അദ്ദേഹത്തിന്റെ അഭിപ്രായം ഇപ്പോൾ പ്രസ്താവിച്ചു കഴിഞ്ഞു. വിവാഹം, ദായം, കുടുംബഭരണം എന്നിവയാണു ഈ ബില്ലിലെ മുഖ്യവിഷയങ്ങൾ. വിവാഹവിഷയത്തിൽ സ്വജാതീയവിവാഹം ആണ് ബില്ലുകൊണ്ടു പ്രത്യക്ഷമായി വിവക്ഷിച്ചിട്ടുള്ളതു. മലയാളബ്രാഹ്മണകുടുംബത്തിൽ പ്രായപൂർത്തിവന്ന അവിവാഹിതകളായി അനേകം സ്ത്രീകൾ വാർദ്ധക്യദശയെ പ്രാപിച്ചു മരിച്ചിട്ടുള്ളതായി എനിക്കറിയാം. അനേകം കന്യകകളെ എളയതന്മാർ, നമ്പ്യാതിരിമാർ മുതലായ താഴ്ന്ന വർഗ്ഗത്തിൽ പെട്ടവർക്കു വിവാഹം ചെയ്തുകൊടുത്തിട്ടുള്ളതായും എനിക്കറിയാം. ഇപ്രകാരം മലയാളബ്രാഹ്മണകുടുംബങ്ങളിൽ അവിവാഹിതകളായ സ്ത്രീകളുടെ സംഖ്യ വർദ്ധിച്ചുവരുന്നതിനുള്ള കാരണം അവരുടെ സമുദായത്തിൽ പെട്ട പുരുഷന്മാർക്കു എല്ലാപേർക്കും വിവാഹസ്വാതന്ത്ര്യം ഇല്ലായ്കയാണ്. സന്തത്യുല്പാദനത്തിനുമാത്രമാണ് മലയാളബ്രാഹ്മണർ വിവാഹത്തെ അനുഷ്ഠിച്ചുവന്നിട്ടുള്ളതു. അതിലേക്കായി കുടുംബത്തിലെ മൂപ്പൻമാത്രം വിവാഹം കഴിക്കയും, സന്താനോല്പാദനം ഒരു വിവാഹം കൊണ്ടു സാധിക്കാത്തപക്ഷം അയാൾതന്നെ പലേ വിവാഹം നടത്തുകയും ചെയ്കയാണ് പതിവ്. ശേഷം ഉള്ള അംഗങ്ങൾ വാനപ്രസ്ഥാശ്രമം സ്വീകരിച്ചുകൊള്ളണം. അവരുടെ ആചാരനടപടികളെ ക്രോഡീകരിച്ചു വ്യവസ്ഥ ചെയ്തിട്ടുള്ളതും ഇപ്പോൾ നടപ്പിലിരിക്കുന്നതുമായ ഒരു നിയമം അനേകശതവർഷങ്ങൾക്കു മുമ്പ് നിർമ്മിച്ചിട്ടുള്ള ശാങ്കരസ്മൃതിയാണ്. ശാങ്കരസ്മൃതിയിലെ വ്യവസ്ഥകളെ വ്യാഖ്യാനിച്ച് നടക്കുന്നതിനു അവർക്കു വൈദികാഭിപ്രായം സിദ്ധിക്കുന്നില്ല. ഒരു കാലത്തു നമ്പൂതിരി വൈദികന്മാർ അവരുടെ സമുദായികാചാരവിധികൾ കല്പിക്കുന്ന ഹൈക്കോടതിയായി പരിഗണിക്കപ്പെട്ടിരുന്നു എങ്കിലും ഇക്കാലം നമ്മുടെ ഹൈക്കോടതിയും മററുമുള്ള കോടതികളിലെ വിധികല്പനകളെയാണ് അവർ സന്തോഷപൂർവ്വം സ്വീകരിക്കുന്നതു. പഴയ മാമൂലിനെ ഇപ്പോൾ നടപടികൾ കൊണ്ടു മിക്കവാറും നശിപ്പിച്ചുകഴിഞ്ഞിരിക്കുന്നു. ഈ സ്ഥിതിക്കു മൂപ്പൻ ഒഴികെയുള്ള എല്ലാ അംഗങ്ങൾക്കും യഥേഷ്ടം ഗൃഹസ്ഥാശ്രമം സ്വീകരിക്കുന്നതിനുള്ള അധികാരം നൽകുന്ന ഒരു നിയമം ഉണ്ടാകേണ്ടതുതന്നെയാണ്.

എന്നാൽ അപ്രകാരമുള്ള വിവാഹം സ്വജാതീയ വിവാഹം ആയിരിക്കണമോ എന്ന മററ ചില സമുദായാംഗങ്ങൾക്ക സംശയം ജനിച്ചേക്കാം. സ്വവർഗ്ഗത്തിൽ പെട്ട കന്യകമാരെ മററൊരു വർഗ്ഗക്കാർക്ക വിവാഹം കഴിച്ചു കൊടുക്കുന്നതു ആചാരനടപടികൾക്ക വിരുദ്ധമായിരിക്കുന്ന സ്ഥിതിക്കും ആ വർഗ്ഗത്തിൽപെട്ട പുരുഷന്മാരെ ഇതരവർഗ്ഗത്തിൽപെട്ട സ്ത്രീകളെ വിവാഹം കഴിക്കുന്നതിന അനുവദിക്കുന്നതുകൊണ്ടും ആണ് ബ്രാഹ്മണ വർഗ്ഗത്തിൽ അവിവാഹിതകളായി അനേകം സ്ത്രീകൾ ശേഷിക്കുന്നത്. ബ്രാഹ്മണ വിവാഹമേ പാടുള്ള എന്നവല്ല സമുദായവും അഭിമാനിക്കുന്ന എങ്കിൽ, ഈ അഭിമാനത്തെ ബ്രാഹ്മണസമുദായത്തിന്റെ രക്ഷയെ ഉദ്ദേശിച്ചെങ്കിലും ദൂരെ കളയേണ്ടതാണ്. ഇപ്പോൾ നടപ്പിലിരിക്കുന്ന വിവാഹത്തെ സംബന്ധിച്ച നിയമം മൂലം വല്ല പ്രത്യേക വ്യവസ്ഥയും ചെയ്യുന്നത് നന്നായിരിക്കുമെന്നല്ലാതെ ബ്രാഹ്മണയുവാക്കളെ ഇതരജാതി വിവാഹത്തിനായി പ്രേരിപ്പിക്കുന്നതോ അതിലേക്ക മാർഗ്ഗം നൽകുന്നതോ ആയ ഒരു പദ്ധതിയും ഈ നിയമത്തിൽ ഉണ്ടായിരിക്കാൻ പാടില്ലെന്നാണ് എന്റെ അഭിപ്രായം. അവതാരക മിസ്റ്റർ കൃഷ്ണൻ നമ്പൂതിരിയുടെ ഉദ്ദേശം ഈ ബില്ലുകൊണ്ടു അനുഭവത്തിൽ വരുമെങ്കിലും കുറെ കൂടി വ്യക്തമാക്കി നിർദ്ദേശിക്കുന്നതിന വിരോധമുള്ളതല്ലെന്നാണു ഞാൻ അഭിപ്രായപ്പെടുന്നു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ് സർക്കാർ വക്കീൽ): നമ്പൂതിരിമാരിൽ ഇളമുറക്കാർക്ക സ്വജാതീയവിവാഹം ചെയ്യുന്നതിന നിയമപ്രകാരം തടസ്സം ഉണ്ടോ?

മി: കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): ശാങ്കരസ്മൃതിയനുസരിച്ചു തടസ്സമുണ്ട്.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ് സർക്കാർ വക്കീൽ): നിയമപ്രകാരം തടസ്സം ഉണ്ടോ?

മി: കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): നിയമപ്രകാരം തടസ്സമില്ലെങ്കിലും ഭ്രഷ്ട് കല്പിക്കും.

മി. സി. പി. കൊച്ചുകഞ്ഞുപിള്ള (കൊട്ടാരക്കര, കുന്നത്തൂർ): ഇപ്പോൾ അനേകം നമ്പൂതിരികുടുംബങ്ങളിൽ സ്വജാതീയവിവാഹം ചെയ്തുവരുന്നുണ്ടെന്നറിയാമോ?

മി: കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): ശാങ്കരസ്മൃതിയെ അവഗണിച്ചു അങ്ങിനെ ചെയ്യുന്നുണ്ട്.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ശാങ്കരസ്മൃതിയിൽ അപ്രകാരം ചെയ്യുന്നവർക്ക പതിത്വം കല്പിച്ചിട്ടുണ്ടോ?

മി: കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): പതിത്വം കല്പിച്ചിട്ടുണ്ട്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): നിയമസംബന്ധമായി വല്ല തടസ്സവുമുണ്ടോ?

മി: കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): ഇല്ല.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): മെമ്പറന്മാർ മലയാളത്തിൽ സംസാരിക്കുന്നതിന അനുവദിക്കാമോ എന്നറിഞ്ഞാൽകൊള്ളാം.

പ്രസിഡന്റ: മിസ്റ്റർ. എ. കെ. പിള്ള, അനുവദിക്കാതിരിക്കുന്നപക്ഷം തർജ്ജിമജോലി ചെയ്യുന്നതിനായി വളരെ ആളുകളെ ആവശ്യപ്പെടുമെന്നുള്ളതാണ്.

മി: കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): ഭാഗവിഷയത്തിൽ ഈ ബിൽ എത്രമാത്രം പ്രയോജനപ്പെടുമെന്നും സമുദായാംഗങ്ങൾ ഈ ബില്ലിലെ നിർദ്ദേശങ്ങളോട് പൂർണ്ണമായി അനുകൂലിക്കുന്നുണ്ടോ എന്നും എനിക്ക സംശയമാണ്. മലയാളബ്രാഹ്മണകുടുംബത്തിലെ സ്വത്തു കൂട്ടവകാശപ്പെട്ടതാണ്. ഓരോ വ്യക്തിക്കും, അതായതു ഓരോ പുരുഷസന്താനത്തിനും ആ സ്വത്തിന്മേൽ അവകാശം ഉള്ളതാണ്. ഭാഗവിഷയത്തെ വിവക്ഷിച്ചിരിക്കുന്നതായ ൨-ാം വകുപ്പ് പ്രായോഗികമായി വരുന്നതല്ല. ഈ വകുപ്പുകൊണ്ടു കാണുന്നത്,

(എ) ഗൃഹസ്ഥനു ഭാഗത്തിന് ആവശ്യപ്പെടാം.
(ബി) പ്രായപൂർത്തിവന്നിട്ടുള്ള അംഗങ്ങളുടെ ഭൂരിപക്ഷവും സ്വീകരിക്കണം.
(സി) കാരണവൻകൂടി അനുകൂലിയായിരിക്കണം.

ഈ മൂന്ന വ്യവസ്ഥകളും യോജിച്ചു ഒരു ഭാഗം നടക്കുന്നതു സാദ്ധ്യമല്ല. ഗൃഹസ്ഥനായാലും അല്ലെങ്കിലും ഓരോ പുരുഷവ്യക്തിക്കും ഭാഗം ചോദിക്കുന്നതിന അവകാശവും അപ്രകാരം ഒരു കോടതിമുഖാന്തിരം വിധിച്ചുകിട്ടുന്നതിനുള്ള സ്വാതന്ത്ര്യവും ഉണ്ടായിരിക്കേണ്ടതാണ്.

ഒരാളിന്റെ മരണശേഷം അയാളുടെ സ്വയാർജ്ജിത സ്വത്തിന്റെ അവകാശക്രമത്തെ വിവക്ഷിച്ചിരിക്കുന്നതായ ൧൧-ാം വകുപ്പു പ്രത്യേക വിമർശനത്തിന വിഷയീഭവിക്കേണ്ടതാണ്.

മലയാള ബ്രാഹ്മണകുടുംബങ്ങൾ പഴയ മരുമക്കത്തായ നിയമത്തെ ആസ്പദമാക്കിയും അനുസരിച്ചുമാണു നടന്നുവരുന്നത്. എന്നാൽ നായർ കുടുംബങ്ങളിൽ സ്ത്രീ വഴിയുടെ സന്താനങ്ങൾക്കും ബ്രാഹ്മണകുടുംബങ്ങളിൽ പുരുഷന്മാരുടെ സന്താനങ്ങൾക്കും സ്വത്തവകാശം സിദ്ധിക്കുന്നു എന്നു മാത്രമെ വ്യത്യാസമുള്ളു. സ്വയാർജ്ജിത സ്വത്തിനു അയാളുടെ മരണശേഷം അയാളുടെ അവിഭക്തപുരുഷസന്താനങ്ങൾക്കും അവിവാഹിതകളായ സ്ത്രീസന്താനങ്ങൾക്കും തുല്യമായ അവകാശം സിദ്ധിക്കുമെന്നു ഈ വകുപ്പുകൊണ്ടു വിവക്ഷിച്ചിട്ടുണ്ട്. സ്ത്രീസന്താനങ്ങൾക്ക ഇപ്രകാരം തുല്യാവകാശം കല്പിക്കുന്നതു അനുയോജ്യമായിരിക്കുമോ എന്നും പര്യാലോചിക്കേണ്ടതാണ്.

മി: ജി. ശങ്കരൻപോററി (സംയുക്തമെമ്പർ): ൧൦൮൦-ലെ നായർറെഗുലേഷൻ ഭാഗം അനുവദിച്ചിട്ടുണ്ടായിരുന്നോ?

മി: കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): ഇല്ലായിരുന്നു.

മി: ജി. ശങ്കരൻപോററി (സംയുക്തമെമ്പർ): ഈ നിയമം ആദ്യമായിട്ടുണ്ടാക്കിയതു കൊണ്ടു സാവധാനത്തിലേ ചെയ്യാൻ നിവൃത്തിയുള്ളു എന്നു മെമ്പർക്ക അറിയാമോ?

മി: കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): അതാണു ഉദ്ദേശമെങ്കിൽ വിരോധമില്ല.

൧൦൮൦-ലെ ൨-ാം റെഗുലേഷനായ നായർറെഗുലേഷൻകൊണ്ടു ബ്രാഹ്മണവിവാഹത്തിൽ അയാളുടെ പ്രതിഗ്രഹമായോ സ്വയാർജ്ജിതമായോ ഉള്ള സ്വത്തിന്റെ അംശത്തിനു നായർമാർക്കു അവകാശം കല്പിക്കപ്പെട്ടിരി

ക്കുന്ന വ്യവസ്ഥ ഈ ബില്ലിൽ പ്രയോക്താവായ മിസ്റ്റർ ഇട്ടപ്പൻനമ്പൂതിരി വിസ്മരിച്ചിട്ടോ അതോ അതിലെ വ്യവസ്ഥയെ ഗോപനം ചെയ്തു സാധിക്കാമെന്നു ഉദ്ദേശിച്ചിട്ടോ ഈ ബില്ലിലെ ൨൨-ാം വകുപ്പിനെ രൂപീകരിച്ചതെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. മിസ്റ്റർ ഇട്ടപ്പൻ നമ്പൂതിരിയുടെ നിർദ്ദേശത്തെ അനുകൂലിക്കുന്നതിനു ഞാൻ തയ്യാറാകുന്നു. ഇപ്പോൾ നടപ്പിൽ ഇരിക്കുന്ന വിവാഹങ്ങൾക്കു മാത്രം ആ നിയമം സംബന്ധിക്കുന്നതാണെന്നുള്ള ഒരു ഭേദഗതി വ്യക്തമായ ഭാഷയിൽതന്നെ ഈ ബില്ലിൽ ചേർക്കേണ്ടതാണെന്നും മാത്രമേ എനിക്കു അഭിപ്രായമുള്ളു.

കുടുംബഭരണവ്യവസ്ഥയെ നിർദ്ദേശിക്കുന്നതായ ൨-ാം അദ്ധ്യായത്തിലെ വ്യവസ്ഥകളിൽ ചിലതിനെപ്പററിയും എനിക്കു അഭിപ്രായവ്യത്യാസം ഉണ്ട്. കുടുംബമാനേജരായ കാരണവനെ കേവലം ശമ്പളം പററി ജോലിചെയ്യുന്നതായ ഒരാളിന്റെ സ്ഥാനത്തോട് സാദൃശ്യപ്പെടുത്തിയിരിക്കുന്നതു ശരിയല്ലെന്നാണു എന്റെ അഭിപ്രായം. ഈ ബില്ലിലെ വ്യവസ്ഥയനുസരിച്ച് ഒരു കാരണവനൊ മാനേജരൊ കണക്കു സൂക്ഷിക്കയൊ അനന്തിരവർ അപ്രകാരമുള്ള കണക്കിനെക്കൊണ്ടു തൃപ്തിപ്പെടുകയൊ ചെയ്യുന്നതല്ല. ഈ വ്യവസ്ഥ എത്രത്തോളം നടപ്പിൽ വരുമെന്നുള്ളതും സംശയമാണ്. ഇതിന്റെ ഫലമായി കാരണവനെ നീക്കം ചെയ്യാനായുള്ള വ്യവഹാരം വർദ്ധിക്കുവാനെ തരമൊള്ളു. ഈ കൂട്ടുകുടുംബവ്യവസ്ഥയെ സ്ഥിരമായി പാലിച്ചുകൊണ്ട് പോകാമെന്നുള്ള അഭിപ്രായം സുസാദ്ധ്യമാകുന്നതുമല്ല. ഒരു കാരണവനെ ഭൂരിപക്ഷം മേജർ മെമ്പറന്മാർ ചേർന്ന് ഒരു ഹർജിമൂലം സ്ഥാനത്തുനിന്നും നീക്കം ചെയ്യു എന്നുള്ളതും ഒരു കഠിനമായ വ്യവസ്ഥയാണ്. ഒരു കാരണവൻ ധനാധാരം പൊളിച്ചെഴുതി കൊടുത്തു അവകാശങ്ങൾ പിരിക്കുന്നതിനും വസ്തുക്കളെ ആറുകൊല്ലത്തേക്കു വെറും പാട്ടമേല്പിക്കുന്നതിനും ൭-ം ൮-ം വകുപ്പുകൾ പ്രതിബന്ധമായി നില്ക്കുന്നുണ്ട്. ഈ വ്യവസ്ഥയും കൂട്ടുകുടുംബത്തിനു ദോഷകരമായിട്ടുള്ളതാണ്.

ബില്ലിൽ നിർദ്ദേശിച്ചിട്ടുള്ള വ്യവസ്ഥകൾ ബ്രാഹ്മണകുടുംബങ്ങൾക്കു ഇപ്പോൾ നേരിട്ടിട്ടുള്ള വിപത്തിനെ പരിഹരിക്കത്തക്കവണ്ണം പര്യാപ്തമായിട്ടില്ല.

ഇനിയും അവസാനമായി എനിക്കു പറവാനുള്ളത് ഉദകവിഛേദം എന്നക്രിയയെ സംബന്ധിച്ചാണ്. ജാതിഭ്രഷ്ടഎന്നർത്ഥമാകുന്ന (out cast) എന്ന വിവരണം തന്നെ ഈ ബില്ലിൽനിന്നും എടുത്തുകളയുകയും ൩൨-ാം വകുപ്പിൽ ജാതിഭ്രഷ്ട് കല്പിക്കപ്പെട്ടയാളിന് സ്വത്തിന്മേൽ അവകാശമുണ്ടായിരിക്കുന്നതാണെന്നുള്ള വ്യവസ്ഥ ഭേദപ്പെടുത്തുകയും ചെയ്യേണ്ടതാണ്. പഴയശാങ്കരസ്മൃതിയിലെ സ്മാർത്തവിചാരത്തേയും ഉദകവിഛേദക്രിയയേയും തുടർന്നു കൊണ്ടു പോകണമെന്നു മിസ്റ്റർ ഇട്ടപ്പൻനമ്പൂതിരിയോ ആ സമുദായത്തിൽപെട്ട അംഗങ്ങളൊ ആഗ്രഹിക്കത്തക്കതല്ല. സ്വജാതീയവിവാഹം നിർബന്ധമായി വരുന്ന വിഷയത്തിൽ അവിവാഹിതകളായ സ്ത്രീകൾ ഉണ്ടാകുന്നതിനൊ അവരിൽ ഒരുദോഷശങ്കക്കു മാർഗ്ഗമാകുന്നതിനു സംഗതിയില്ല. ഈവ്യവസ്ഥസമുദായത്തിനു അത്യുപകരമായിട്ടുള്ളതാണ് എന്നാണുഎന്റെ അഭിപ്രായം.

ഈ അഭിപ്രായത്തോടുകൂടി ബില്ലിലെ മൂലതത്വത്തെ ഞാൻ അനുകൂലിക്കുന്നു.

മി: ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): ഈ ബില്ല് അവസാനത്തിൽ എടുക്കാവുന്ന ഭാവത്തെ രൂപീകരിക്കുന്നതിൽ ഒരു സഹായിയായിത്തീരുന്നതിനു എനിക്കു ഇടയായതിനെ ഞാൻ ഒരുവലിയ കാര്യമായി ഗണിക്കുന്നു. ജനസംഖ്യയിൽ നമ്പൂതിരിമാർ ഈ രാജ്യത്തെ ആകെജനസംഖ്യയുടെ ൧൦൦ ൽ ഒരംശം മാത്രമേ ഉള്ളു എന്നുള്ളതിനാൽ എണ്ണത്തിൽ ചെറിയ ഒരു സമുദായം ആണെന്നിരുന്നാലും സാമുദായികമായും മതസംബന്ധമായും നോക്കുന്നപക്ഷം, ഇവർ ഈ രാജ്യത്തെ ഏററവും വമ്പിച്ച സമുദായംതന്നെയാകുന്നു. അവരുടെ സാമുദായിക നിലയെ സംബന്ധിച്ചു നോക്കുന്നപക്ഷം അവർ തിരുവിതാംകൂർ മഹാരാജാവുതിരുമനസ്സിലെ മാത്രം കീഴിലാണെന്നേ പറവാനുള്ളു. ചിലസംഗതികളിൽ തിരുമനസ്സിലേക്കാൾ കൂടുതലായ നിലയും ഇല്ലെന്നില്ല. നമ്പൂതിരിമാർ ഈശ്വരന്റെ ദാസന്മാർ ആകുന്നു. മഹാരാജാവുതിരുമനസ്സുകൊണ്ടു കൂട്ടെ ശ്രീപത്മനാഭന്റെദാസൻമാത്രമേ ആകുന്നുള്ളു. മതസംബന്ധമായ എഴുന്നള്ളത്തുകളിൽ ഇവർക്ക് മഹാരാജാവു തിരുമനസ്സിലേക്കാൾ കൂടുതൽ പ്രാധാന്യമുണ്ട്. ഇങ്ങിനെയുള്ള ഒരു സമുദായത്തിന്റെ നന്മയെ ലാക്കാക്കിയിട്ടുള്ള ഒരു ബിൽ രാജ്യത്തെ ഒരു പ്രധാനകാര്യമാണെന്നുള്ളതിനു യാതൊരു സംശയവുമില്ലല്ലോ. ഈ സമുദായത്തെ ഈ കൌൺസിലിൽ വേണ്ടപോലെ പ്രതിനിധികരിച്ചിട്ടില്ലെന്നുള്ളതുകൊണ്ട് ഇതിനുള്ള പ്രാധാന്യം കുറെക്കൂടി വർദ്ധിക്കുകയാണ് ചെയ്യുന്നത്. ആ സ്ഥിതിക്കു ഇതിനെ ഗവർമ്മെണ്ടിൽനിന്നുംനടപ്പാക്കാൻ പോകുന്ന ഒരു നിയമത്തിന്റെ നിലയിൽ ഈ സഭ മുമ്പാകെ ഹാജരാക്കിയിരുന്നുവെങ്കിൽ ആയതു കുറെക്കൂടി ഉചിതമായിരുന്നേനെ. അങ്ങിനെ ചെയ്തിരുന്നു എങ്കിൽ ഇപ്രകാരം ഉള്ള ഒരു നിയമത്തിന്റെ ആവശ്യകതയെ സംബന്ധിച്ചു ഒരു പ്രാഥമിക അന്വേഷണം നടത്തിയിട്ടുണ്ടെന്നായി നമുക്കു വിശ്വസിക്കാമായിരുന്നു എന്നു മാത്രവുമല്ല നിയമനിർമ്മാണത്തെ സംബന്ധിച്ചിടത്തോളംവേണ്ട പരിചയം സിദ്ധിച്ചിട്ടുള്ള ഒരുദ്യോഗസ്ഥന്റെ മേൽനോട്ടത്തിൽ ഇതുരൂപീകരിക്കപ്പെടുകയും ചെയ്യുമായിരുന്നു. ഇപ്പോഴത്തെ നിലക്ക് ഈ ബില്ലിന്റെ പ്രയോക്താവു നിയമപരിജ്ഞാനമൊ നിയമനിർമ്മാണവിഷയത്തിൽ പരിചയമൊ യാതൊന്നും സിദ്ധിച്ചിട്ടില്ലാത്ത ഒരു ആളാണെന്നുള്ളതിനും പുറമെ നക്കൽ ബിൽ തയ്യാർ ചെയ്തിരിക്കുന്നതും അതെ സംബന്ധിച്ചു കൌൺസിലിൽ വാദപ്രതിവാദം നടത്തുന്നതും ആംഗലഭാഷയിൽ യാതൊരു പാണ്ഡിത്യവും ഇല്ലാത്ത ഒരാളും ആകുന്നു. ഈ വിധമുള്ള ഒരുഭാഷയിൽ അവതരിപ്പിക്കപ്പെടുകയും പ്രയോക്താവിനെക്കാൾ കൂടുതലായി ഒരു പക്ഷെ ഭാഷയെ സംബന്ധിച്ചിടത്തോളംമാത്രം പരിജ്ഞാനമുണ്ടായിരുന്നാലും മററു കാര്യങ്ങളിലെല്ലാം പ്രയോക്താവിനോടു തുല്യമായ അജ്ഞതയുള്ള മാന്യന്മാരാൽ അനുകൂലിക്കപ്പെടുകയുംചെയ്യുന്ന ഈ ബില്ലിന്റെ ഭാവിസമാപ്തിയെ പററി എനിക്കു വലിയ ആശങ്കയാണുള്ളത്. സർ, ഈ പറഞ്ഞ കാരണങ്ങളാൽ ഈ സഭയുടെ പ്രത്യേകിച്ചും ഈ സഭയിലെ അനുദ്യോഗസ്ഥാംഗങ്ങളുടെ ചുമതല വളരെ കൂടുതലും അബ്രാഹ്മണമെമ്പറന്മാരുടെ നില വളരെ വിഷമവും ആകുന്നു.

നമ്പൂതിരിമാർ മലയാളനാട്ടിൽ സാമുദായികമായും മതസംബന്ധമായും ഉള്ള സംഗതികളിൽ നേതാക്കന്മാർ ആയിരുന്നു എന്നുള്ളതിനും പുറമേ അവർ നമ്മുടെ നിയമകർത്താക്കന്മാർകൂടിയായിരുന്നു. ഇപ്പോഴാകട്ടെ വിധിവൈപരീത്യത്താൽ സ്ഥിതികൾ നേരെ മറിഞ്ഞു നമ്പൂതിരിബ്രാഹ്മണർക്കു നിയമം രൂപീകരിക്കുന്നതിനുള്ള അധികാരവും ചുമതലയും അബ്രാഹ്മണരിൽ വന്നുചേർന്നിരിക്കുന്നു. ഈ രാജ്യത്തിലുള്ള മലയാളബ്രാഹ്മണരുടെ

നിലയെ സംബന്ധിച്ചോ അവരുടെ സമുദായ സംഘടനയേയോ ധനസംബന്ധമായോ ഉള്ള സ്ഥിതിയെ സംബന്ധിച്ചോ ഇപ്പോൾ ഈ സഭമുമ്പാകെ ഹാജരാക്കപ്പെട്ടിട്ടുള്ളതുപോലെയുള്ള ഒരു നിയമത്തിന്റെ ആവശ്യകതയെ സംബന്ധിച്ചോ നമ്പൂതിരിസമുദായത്തിലെ അംഗങ്ങൾമാത്രം നടത്തിയിട്ടുള്ളതല്ലാതെ മററു യാതൊരുവിധമായ അന്വേഷണവും തിരുവിതാംകൂറിൽ നടത്തീട്ടില്ല. ഈ നിയമത്തെ സംബന്ധിച്ചടത്തോളം ഭിന്നഭിന്നങ്ങളായ അഭിപ്രായങ്ങൾ ഉണ്ടാകാൻ ഇടയുണ്ടെന്നാണ് എനിക്കു തോന്നുന്നതു്. ഈ ബില്ലിലുള്ള അനേകം വകുപ്പുകളെ സംബന്ധിച്ചും ബില്ലിന്റെ ആവശ്യകതയെ സംബന്ധിച്ചുപോലും വിപരീതാഭിപ്രായമുള്ളവരായി ഈ സമുദായത്തിൽതന്നെ ആളുകൾ ഉണ്ടായി എന്നുവരാം.

മി: ജി. ശങ്കരൻപോററി (സംയുക്തമെമ്പർ): അങ്ങനെയുള്ള എന്തെങ്കിലും ഒരു ഹർജി മെമ്പറിനു കിട്ടിയിട്ടുണ്ടോ?

മി: ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): ഒന്നും എനിക്കു കിട്ടിയിട്ടില്ല. എന്നാൽ കൊച്ചിയിലും, അന്യസ്ഥലങ്ങളിലും ഉണ്ടായ അനേകം യോഗങ്ങളിലെ നടപടി പകർപ്പുകളിൽനിന്നും ഇതിനു വിപരീതാഭിപ്രായക്കാരായി അനേകം ആളുകൾ ഉണ്ടെന്നു ഞാൻ മനസ്സിലാക്കുവാൻ ഇടയായിട്ടുണ്ട്. പ്രജാസഭയിൽവച്ചും ഇതുസംബന്ധിച്ച് എന്തോ നിവേദനങ്ങൾ ഉണ്ടായിരുന്നതായി എനിക്കു തോന്നുന്നു. ഈ സമുദായാംഗങ്ങളിൽ ഇതു സംബന്ധിച്ച വിപരീതാഭിപ്രായമുള്ളവരിൽ ഒരാളെങ്കിലും ആ ഭാഗം കൂടി ചൂണ്ടിക്കാണിച്ചു വാദിക്കുന്നതിന് ഈ സഭയിൽ ഇല്ലാതെ പോയതിൽ ഞാൻ വളരെ വ്യസനിക്കുന്നു. ആ സ്ഥിതിക്കു ഈ ബില്ലിന്റെ തത്വത്തെ അംഗീകരിക്കാൻ ഒരുങ്ങുന്നതിനുമുമ്പായി ഈ വിഷയത്തിന്റെ ഗുണഭാഗങ്ങളെയും ദോഷഭാഗങ്ങളേയും തമ്മിൽ തട്ടിച്ചുനോക്കി ഒരു പക്ഷം ദോഷഭാഗങ്ങളെ ഗുണഭാഗങ്ങളെക്കാൾ കൂടുതലായി കഴിവുള്ളടത്തോളം വിശദമാക്കി നിഷ്പക്ഷപാതമായും യാതൊരുവിധമായ ആനുകൂല്യവും കൂടാതെയും ഈ സഭയിൽവച്ചു ചർച്ചചെയ്യേണ്ടതാകുന്നു.

സർ, നമ്പൂതിരി സമുദായത്തിന്റെ ഇപ്പോഴത്തെ അതൃപ്തികരമായ നിലയെപ്പററി പറഞ്ഞിട്ടുള്ളതു വാസ്തവത്തിൽ നിന്നു എത്രയോ അകന്നു കൂടുതലായിട്ടാണ് എന്നാണ് എന്റെ അറിവ് എത്തിയിടത്തോളം എനിക്കു തോന്നുന്നതു്. ഒരു കാലത്തു ചെങ്ങന്നൂർ താലൂക്കിൽ ആകെ ൩൦൦൦ നമ്പൂതിരി ഇല്ലങ്ങൾ ഉണ്ടായിരുന്നു എന്ന്, അതായതു ഗ്രാമത്തിനുള്ളിൽ മൂവായിരവും ഗ്രാമത്തിനു വെളിയിൽ ചെറിയ ചെറിയ കൂട്ടങ്ങളായി മൂവായിരവും ഇല്ലങ്ങൾ ഉണ്ടായിരുന്നു എന്നു, എന്റെ മാന്യസ്നേഹിതൻ മിസ്റ്റർ കല്ലൂർ നാരായണപിള്ള പറയുകയുണ്ടായല്ലോ. ഇങ്ങനെ പറഞ്ഞിട്ടുള്ളതിനു യാതൊരു അടിസ്ഥാനവും ഇല്ല. ഈ പ്രസ്താവനയിൽ എത്രത്തോളം പരമാർത്ഥം ഉണ്ടെന്നു പരിശോധിച്ചുനോക്കുന്നതിനു യാതൊരുവകയുമില്ലാതാണിരിക്കുന്നതു്. കാനേഷുമാരിക്കണക്കിനെ ഈ വിഷയത്തെ സംബന്ധിച്ചുള്ള ഉത്തമമായ ലക്ഷ്യമായി നാം സ്വീകരിക്കുന്നപക്ഷം ആരെ ഉദ്ദേശിച്ചു ഈ ബില്ല് ഇപ്പോൾ ഈ സഭമുമ്പാകെ ഹാജരാക്കപ്പെട്ടിരിക്കുന്നുവോ അവര്, അതായതു നമ്പൂതിരിമാരെ, ഉൾപ്പെടെയുള്ള മലയാളബ്രാഹ്മണരുടെ എണ്ണം ൧൮൭൫-ൽ പതിനായിരത്തിൽ ചില്വാനം ആയിരുന്നതു ൧൯൩൧-ൽ ൧൪൦൦൦ ആയി വർദ്ധിച്ചിരിക്കയാണെന്നു കാണാവുന്നതാണ്. ഇതിൽനിന്നും ൫൦ വർഷംകൊണ്ടു ൪൧ ശതമാനം വർദ്ധിച്ചിരിക്കുന്നതായി കാണുന്നുണ്ട്. നായന്മാരാകട്ടെ ഇത്രയും കാലത്തിനിടക്കു ൧൧ ശതമാനം മാത്രമെ വർദ്ധിച്ചിട്ടുള്ളു.

ഈ ബില്ലിന്റെ ഉദ്ദേശങ്ങളിൽ ഒന്നു ഇല്ലമുറക്കാർ സ്വസമുദായത്തിനുള്ളിൽ നിന്നുതന്നെ വിവാഹം ചെയ്യുന്നതിൽ അവരെ പ്രോത്സാഹിപ്പിച്ചു ആ സമുദായത്തിൽ പ്രായംകൂടിയ കന്യകമാരുടെ എണ്ണം കുറക്കുക എന്നുള്ളതാകുന്നു. എന്നാൽ അവരുടെ സ്ഥിതിഗതിയെ സംബന്ധിച്ചു നാം ശരിയായി പരിശോധിച്ചു നോക്കുന്നപക്ഷം ഇതിലും ധാരാളം അതിശയോക്തിയുള്ളതായി പ്രത്യക്ഷപ്പെടുമെന്നുള്ളതാകുന്നു. വിവാഹത്തിനു പ്രായമായ പെൺകുട്ടികൾ, അതായതു ൧൫ വയസ്സും അതിനുമേലും പ്രായമായ പെൺകുട്ടികൾ, ആകെ ൩൭൯൨ പേർ ഉള്ളതിൽ ൩൪൧൮ പേർ വിവാഹിതരായി തീർന്നിരിക്കുന്നതായും ൩൧൪ പേർമാത്രം അവിവാഹിതരായി ഇരിക്കുന്നതായും സെൻസസ് റിപ്പോർട്ടിൽനിന്നും കാണുന്നു. ഇതു ഏകദേശം ൧൦ ശതമാനം മാത്രമെ ആകുന്നുള്ളു. നായന്മാരുടെ ഇടയിലാകട്ടെ വിവാഹത്തിനു പ്രായമായ പെൺകുട്ടികളിൽ ൧൪ ശതമാനംപേർ അവിവാഹിതരായിട്ടാണ് ഇരിക്കുന്നതു്.

മി: എൻ. കുമാരൻ (നിയമിതമെമ്പർ): ഈ സമുദായത്തിൽ ഒരു പുരുഷന് അനേകം ഭാര്യമാരെ വച്ചുകൊണ്ടിരിക്കാമെന്നുള്ളതു് മെമ്പറിനു അറിയാമൊ?

മി: ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): എനിക്ക് അതറിയാം. ചില വിവാഹങ്ങൾ ഈ ഏർപ്പാടിന്റെ ഫലമായി ഉണ്ടായിട്ടുള്ളതായിരിക്കാം. എന്നാൽ അപ്രകാരം അത്രവളരെ എണ്ണം കാണുകയില്ല. ഞാൻ മുമ്പു പറഞ്ഞതുപോലെ വിവാഹപ്രായം ചെന്ന പെൺകുട്ടികളിൽ അവിവാഹിതരായിരിക്കുന്നവരുടെ ശതമാനം നായർസമുദായത്തിൽ ൧൪ ആയിരിക്കെ നമ്പൂതിരിസമുദായത്തിൽ ൧൦ മാത്രമായിരുന്നു. മററു സമുദായങ്ങളിലെ കണക്കു നോക്കിയിട്ടില്ലെങ്കിലും നായർ സമുദായത്തിൽ, എന്നുമാത്രമല്ല ഇതരസമുദായങ്ങളിലും, അവിവാഹിതരായ പെൺകുട്ടികളുടെ ശതമാനം കൂടുതലായിതന്നെ കാണുമെന്നാണു എനിക്കു തോന്നുന്നതു്. അവിവാഹിതരായ പെൺകുട്ടികളുടെ എണ്ണം കുറക്കുന്നതിനു നിർദ്ദേശിച്ചിട്ടുള്ള പ്രതിവിധി എല്ലാ പുരുഷന്മാരും വിവാഹം ചെയ്യണം എന്നുള്ളതാകുന്നു. എന്നാൽ എല്ലാ പുരുഷന്മാരും വിവാഹം ചെയ്യുന്നപക്ഷം വിവാഹത്തിനു പ്രായമായ പെൺകുട്ടികളുടെ എണ്ണം ഇതിന്റെ ഫലമായി വർദ്ധിക്കുന്നതിനിടയാകുമെന്നല്ലാതെ ആ സമുദായത്തിലുള്ള അവിവാഹിതരായ സ്ത്രീകളുടെ എണ്ണം കുറയുന്നതിനു ഇതു എങ്ങിനെ ഒരു മാർഗ്ഗമാകുമെന്നു എനിക്കു മനസ്സിലാകുന്നില്ല. അതിനാൽ ഈ സമുദായം ജനസംഖ്യയിൽ നാൾക്കുനാൾ കുറഞ്ഞുവരികയാണെന്നും കാലക്രമത്തിൽ ഇതു നാമാവശേഷമായി പോയേക്കാമെന്നും ഉള്ള ആ ശങ്കക്കു യാതൊരു അടിസ്ഥാനവും ഇല്ല.

മി: ജി. ശങ്കരൻപോററി (സംയുക്തമെമ്പർ): നമ്പൂതിരി സമുദായത്തിൽ ഇത്ര കുറച്ചു ആളുകൾ മതിയെന്നാണൊ മെമ്പറിന്റെ അഭിപ്രായം?

മി: ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): എനിക്ക അങ്ങിനെ അഭിപ്രായം ഇല്ല. നേരെ മറിച്ചു തിരുവിതാംകൂറിൽ അനേകം നംപൂതിരിമാർ ഉണ്ടായിരിക്കണമെന്നാണ് എന്റെ ആഗ്രഹം. ആരംഭത്തിൽ നംപൂതിരിമാർ വളരെ കുറച്ചുമാത്രമെ ഉണ്ടായിരുന്നുള്ളു. ആ സംഖ്യയേ അപേക്ഷിച്ചു അവർ വർദ്ധിച്ചു കൊണ്ടു തന്നെ ഇരിക്കയാണ്. അവരുടെ സിവിൽ നിലകൊണ്ടു് അവർ ആകപ്പാടെ പിന്നോക്കം സ്ഥിതിചെയ്യുകയാണെന്നു പറയുവാൻ പാടില്ല.

ധനസ്ഥിതിയെ സംബന്ധിച്ചിടത്തോളം ഈ സമുദായം വളരെ പിന്നോക്കം ആയനിലയിൽ തന്നെ സ്ഥിതി ചെയ്യുന്നു എന്നുള്ളതിനു സംശയമില്ല. ഈ സമുദായത്തിലെ അംഗങ്ങൾ ആദായകരമായ തൊഴിലുകളിൽ പ്രവേശിക്കാതെ ഇരിക്കുന്നതാണു ഇതിനുള്ള കാരണം എന്നാണു എന്റെ അഭിപ്രായം. അവരുടെ തൊഴിൽ പൌരോഹിത്യം മാത്രമാകുന്നു. ആ തൊഴിലിലേക്ക വളരെ കുറച്ചു പേർ മാത്രം മതിയാകുന്നതാണല്ലൊ. അതിനാൽ ശേഷം പേർക്ക യാതൊരു തൊഴിലും ഇല്ലാതെകണ്ടാണു ഇരിക്കുന്നതു്. അവർക്ക കൃഷി അറിഞ്ഞു കൂടാ. അവർ ഇംഗ്ലീഷ് വിദ്യാഭ്യാസം തുടങ്ങിയിട്ടില്ലാത്തതിനാൽ അവർക്ക പബ്ലിക്ക് സർവ്വീസിൽ ഒട്ടും പ്രാതിനിധ്യം ലഭിച്ചിട്ടില്ലെന്നുതന്നെ പറയാം. വ്യവസായസംബന്ധമായ തൊഴിലുകളിലും അവർപ്രവേശിച്ചിട്ടില്ല. അതിനാൽ അവരുടെ ചിലവിനു തറവാട്ടുവക വസ്തുക്കളിൽ നിന്നും കിട്ടുന്ന ആദായത്തെ തന്നെ അവർ ആശ്രയിക്കേണ്ടതായി വരുന്നു. വർദ്ധിച്ചു വരുന്ന ജനസംഖ്യയുടെ ഫലമായി, അതായതു പത്തു വർഷത്തിനിടക്ക നാല്പത്തിഒന്നു ശതമാനം വർദ്ധിച്ചിട്ടുള്ള സ്ഥിതിക്ക്, ഇപ്പോൾ ഈ സമുദായത്തിനുള്ള സ്വത്തു സമുദായത്തിൽ വർദ്ധിച്ചു കൊണ്ടു തന്നെ വരുന്നതായ ജനസംഖ്യയെ പുലത്തുവാൻ പോരാതെ കാലക്രമം കൊണ്ടു വന്നുചേരുമെന്നുള്ളതിനു യാതൊരു സംശയവുമില്ല. അതിനാൽ അവരുടെ ധന സ്ഥിതി സ്വഭാവേന അധഃ പതിക്കുവാൻ അല്ലാതെ തരമില്ല. അവരുടെ ഇപ്പോഴത്തെ അനാശാസ്യമായ ധനസ്ഥിതി തറവാടുകളുടെ ദുർഭരണം കൊണ്ടു കൂടി ഉണ്ടായിട്ടുള്ളതാകുന്നു. ഈയിടെ പ്രസിദ്ധം ചെയ്തിട്ടുള്ള ഒരു പുസ്തകത്തിൽ നിന്നും, അതായതു മദ്രാസ് പ്രസിഡൻസിയുടെയും പ്രാചീന നാട്ടു രാജ്യങ്ങളുടേയും എൻസൈക്ലോപീഡിയാ എന്ന നാമധേയത്തിൽ ൧൯൨൦-ൽ പ്രസിദ്ധം ചെയ്തിട്ടുള്ള പുസ്തകത്തിൽ നിന്നും, കഴിഞ്ഞ ൨൦ വർഷങ്ങളിലായി, അതായതു് ൧൯൦൦ മുതൽ ൧൯൨൦ വരെ, നംപൂതിരി ഇല്ലങ്ങളിൽ നിന്നും ൪൦൦൦൦ ഏക്കർ പുരയിടങ്ങളെ സംബന്ധിച്ചു ൨൭ നമ്പ്ര കാണപ്പാട്ടങ്ങളോളം എഴുതിക്കൊടുത്തിട്ടുള്ളതായി കാണുന്നു. ജന്മാവകാശമുള്ള ൩൦൦൦൦ ഏക്കറോളം വസ്തുക്കളെ അവർ വളരെ കടപ്പെടുത്തിട്ടുണ്ടു്. ഏകദേശം ആയിരത്തിഅഞ്ഞൂറോളം ഏക്കർ ഭൂമിയിൽ അവർക്കുണ്ടായിരുന്ന സർവ്വാവകാശങ്ങളും ഒഴിഞ്ഞു കൊടുത്തിട്ടുണ്ടു്. ആകെ ഈ സമുദായത്തിന് കാണ ഇടപാടുകൾ ഒഴിച്ചുള്ള കടങ്ങൾ കണക്കാക്കുന്നപക്ഷം പത്തു ലക്ഷം രൂപായോളം വരുമെന്നുള്ളതാകുന്നു. തറവാടുകളുടെ ദുർഭരണം കൊണ്ടും ഒരുപക്ഷെ വർദ്ധിച്ചുവരുന്ന സമുദായാംഗങ്ങളെ രക്ഷിച്ചുകൊണ്ടു പോകുന്നതിനു തറവാട്ടിലേക്കുള്ള ആദായങ്ങൾ കൊണ്ടു മതിയാകാതെ വരുന്നതിനാലും ആയിരിക്കാം ഇങ്ങിനെ വരുവാൻ ഇടയായിട്ടുള്ളതു്. അതിനാൽ കാരണവന്മാരുടെ അധികാരങ്ങളെ നിയന്ത്രിക്കുന്നവയും അനന്തിരവന്മാരുടെ നിലയെ പരിഷ്കരിക്കുന്നവയും ആയ ഏതെങ്കിലും ചട്ടങ്ങൾ നടപ്പിൽവരുത്തുന്നപക്ഷം വസ്തുക്കളുടെമേൽനോട്ടം കുറെക്കൂടി തൃപ്തികരമാകുന്നതിനും തന്മൂലം അവരുടെ ഇപ്പോഴത്തെ ധനസ്ഥിതിക്ക അല്പം ഭേദം ഉണ്ടാകുന്നതിനും ഇടയാകുമെന്നാണു എന്റെ വിശ്വാസം. ഞാൻ മുമ്പ് പറഞ്ഞതുപോലെ അവരുടെ ധനസ്ഥിതി ഇപ്രകാരമാകുന്നതിനു വേറെയും കാരണങ്ങൾ ഉള്ളതിനാൽ ഇതുകൊണ്ടു മാത്രം ഈ സമുദായത്തിന്റെ ധനസ്ഥിതി നന്നാകാൻ ഇടയില്ല. ഇതിനും പുറമെ സമുദായത്തിൽ പ്രായംചെന്നകന്യകമാരുടെ എണ്ണം കുറക്കുന്നതിനു നിർദ്ദേശിച്ചിട്ടുള്ള മാർഗ്ഗം, അതായതു സമുദായത്തിലുള്ള പുരുഷാംഗങ്ങൾ എല്ലാം സമുദായത്തിനുള്ളിൽ നിന്നു തന്നെ വിവാഹം ചെയ്യണം എന്നു നിർബന്ധിക്കുന്നതു, തന്നെ ആ സമുദായത്തിന്റെ ധനസ്ഥിതിയെ നന്നാക്കുന്നതിനു ഉപകരിക്കുന്ന ഒന്നല്ല. അവരുടെ സമുദായത്തിനുള്ളിൽ തന്നെ വിവാഹം കഴിക്കേണ്ടവരായ ഇളയവർക്ക് സ്വാതന്ത്ര്യമായ യാതൊരു വരവുമില്ല. അവർ വേല ചെയ്യുന്നില്ല. സ്വന്തമായി വേലചെയ്തു കിട്ടുന്ന ആദായംകൊണ്ടു ചിലവു കഴിച്ചു പോകുന്നതിനുള്ള ശേഷിയും അവർക്കില്ല. സമുദായത്തിലെ അംഗങ്ങൾ എല്ലാം സമുദായത്തിനുള്ളിൽ നിന്നു തന്നെ വിവാഹം ചെയ്യുന്നപക്ഷം സമുദായത്തിലെ ജനസംഖ്യ വളരെ വളരെ വർദ്ധിക്കുന്നതിനും തറവാടുകളിലെ ആദായം അവരുടെ ചിലവിനു തീരുമാനം മതിയാകാതെ വരുന്നതിനും വസ്തുക്കൾ ചെറിയ ചെറിയ അംശങ്ങളായി ഭാഗിക്കപ്പെടുന്നതിനും അവർക്കിപ്പോൾ കിട്ടിവരുന്ന അല്പമായ ആദായങ്ങൾ കൂടി ഇല്ലാതാകുന്നതിനും ഇടയാകുമെന്നുള്ളതാണ്. ഒരുപക്ഷെ ഞാൻ പറഞ്ഞിട്ടുള്ളതു അല്പം അതിശയോക്തിയായിപോയി എന്നുവരാം. എന്നാലും ദോഷഭാഗങ്ങളെ പറ്റി കുറച്ചു പറയുന്നതിനെക്കാൾ കൂട്ടി പറയുന്നതുതന്നെയാണല്ലൊ നന്നു്.

മി: എം. ശിവതാണുപിള്ള (തോവാള): അവർക്ക അന്യസമുദായങ്ങളിൽ നിന്നു വിവാഹം ചെയ്തുകൂടയൊ?

മി: ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): ആവാം.

മി: എം. ശിവതാണുപിള്ള (തോവാള): അവരുടെ ഭാര്യമാരേയും സന്താനങ്ങളേയും പുലർത്തേണ്ടുന്ന ചുമതല അവർക്ക ഇല്ലയോ?

മി: ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): അവർ ഇപ്പോൾ അങ്ങനെ ചെയ്യുന്നുണ്ടോ ഇല്ലയോ എന്നുള്ളതു എന്നെപ്പോലെതന്നെ നിങ്ങൾക്കും അറിയാമെന്നുള്ളതാണല്ലൊ.

അതിനാൽ ഒരു ദോഷത്തിനു പരിഹാരമാർഗ്ഗമായി നിർദ്ദേശിച്ചിട്ടുള്ളതു അവസാനത്തിൽ സമുദായത്തിനു തീർക്കുവാൻ അസാദ്ധ്യമായി വന്നേക്കാവുന്ന കുറെക്കൂടി വലുതായ മറ്റൊരു ദോഷത്തിനു കാരണമാകുന്നു. അതിനാൽ ഈ സമുദായാംഗങ്ങളോടു ഞാൻ ആദ്യമായി ഉപദേശിക്കണമെന്നു വിചാരിക്കുന്നതു് അവർ വ്യവസായസംബന്ധമായ തൊഴിലുകളിൽ പ്രവേശിച്ചു സ്വപ്രയത്നത്താൽ കാലയാപനം ചെയ്യുന്നതിനു ശ്രമിക്കുന്നതു തറവാട്ടിലുള്ള ആദായത്തെ ആധാരമാക്കുന്നതിനെക്കാൾ നന്നായിരിക്കുമെന്നാകുന്നു. എന്റെ അഭിപ്രായമനുസരിച്ചു ഇപ്പോഴത്തെ നിലയ്ക്കു് ഈ ബിൽ ഈ സമുദായത്തിന്റെ സമുദായികമായൊ, ധനസംബന്ധമായൊ, ഉള്ള സ്ഥിതിക്ക യാതൊരു ഭേദഗതിയും വരുത്തുകയില്ല എന്നും നേരേമറിച്ചു ചില സംഗതികളിൽ സമുദായത്തിനു

ദോഷം ചെയ്യേക്കാമെന്നും ആകുന്നു. എന്നാൽ തറവാട്ടുകളുടെ ഭരണത്തെ സംബന്ധിച്ചും ഇളമുറക്കാർക്ക് ചില വിനുകൊടുക്കുന്നതിനെ സംബന്ധിച്ചും പിൻതുടർച്ചാവകാശക്രമത്തെ നിയന്ത്രണം ചെയ്യുന്നതിനെ സംബന്ധിച്ചും മററം ചില നല്ലവ്യവസ്ഥകളും ഈ ബില്ലിൽ ഉണ്ട്. ഇവയെ സംബന്ധിച്ചു ഒരുബിൽ ആവശ്യമാണെന്നു തന്നെയാണ് എന്റെ അഭിപ്രായം. ഇത്രയും പറഞ്ഞുകൊണ്ടു ഈ ബില്ലിൽ അടങ്ങിയിരിക്കുന്ന തത്വത്തെ ഒരു സാധാരണരീതിയിൽ അംഗീകരിക്കുന്നതിൽ എനിക്കു അതിയായ സന്തോഷം ഉണ്ട്.

സർ, ഞാൻ ഇത്രയും പറഞ്ഞുള്ള എന്റെ യഥാർത്ഥമായ നിലയെ സംബന്ധിച്ച് മേലാൽ യാതൊരുതെററിദ്ധാരണയും ഉണ്ടാകരുതെന്നുമാത്രം ഉദ്ദേശിച്ചാകുന്നു.

സർ, ബില്ലിലെ വകുപ്പുകളെ സംബന്ധിച്ചു നോക്കുന്നപക്ഷം തീരെ അശ്രദ്ധയായി തയ്യാറാക്കീട്ടുള്ളതാണെന്നും അതിലെ വ്യവസ്ഥകൾ തീരേ പോരാത്തവയാണെന്നും ആണു എനിക്കു തോന്നുന്നത്. ഈ ബിൽ മലബാർ നിയമത്തിന്റെയോ മലയാളബ്രാഹ്മണരെ നിയന്ത്രിക്കുന്ന ഒരു നിയമത്തിന്റെയോ സംപൂർണ്ണമായ ഒരു ക്രോഡീകരണം ആയിരിക്കണമെന്നു ഉദ്ദേശിക്കപ്പെട്ടിട്ടില്ല. മലയാളബ്രാഹ്മണർ അനുകരിക്കുന്ന മലബാർ നിയമത്തിലെ ചട്ടങ്ങളിൽ ഏതാനും ചില ഗുണകരമായ മാററങ്ങൾ ഉണ്ടാക്കണമെന്നും മരണശാസനം ഇല്ലാത്ത അവസരങ്ങളിലെ പിൻതുടർച്ചാവകാശക്രമത്തെ സംബന്ധിച്ചു ഇപ്പോൾ സംശയഗ്രഹസ്ഥമാകയോ അർത്ഥം ഇല്ലാതെയോ ഇരിക്കുന്ന ഏതാനും ചില ചട്ടങ്ങളെ ശരിയായി വിവരിക്കുന്നതിനും വേണ്ടിമാത്രമാണ് ഇതിനെ ഇപ്പോൾ കൊണ്ടുവന്നിട്ടുള്ളത്. ഈ ബില്ലിന്റെ മാന്യപ്രയോക്താവുതന്നെ ഇതിന്റെ ആവശ്യങ്ങളെയും ഉദ്ദേശ്യങ്ങളെയും പററിപ്രസ്താവിച്ചിരിക്കുന്ന കൂട്ടത്തിൽ താഴെപറയും പ്രകാരം പറഞ്ഞിരിക്കുന്നു.

നംപൂതിരിമാരുടെ തറവാട്ടുകളെ കുറെക്കൂടി നല്ലരീതിയിൽ ഭരിക്കുന്നതിനു വ്യവസ്ഥചെയ്യുക, കാരണവന്റെ അധികാരങ്ങളെ വിവരിച്ചു നിയന്ത്രിക്കുക, ഇളമുറക്കാരുടെ അവകാശങ്ങളെ കുറെക്കൂടിവർദ്ധിപ്പിക്കുക, നംപൂതിരിമാരുടെ പന്തസമ്പാദ്യത്തെ സംബന്ധിച്ചിടത്തോളം മരണശാസനം ഇല്ലാത്തപ്പോഴുള്ള പിൻതുടർച്ചാവകാശക്രമത്തെ കുറിച്ചുള്ള നിയമങ്ങളെ നടപ്പാക്കുക, ഇവയാണു ഈ ബിൽകൊണ്ട് സാധിക്കണമെന്നുദ്ദേശിക്കുന്ന പ്രധാനകാര്യങ്ങൾ.

പിന്നെയും ൧൯-ാം വകുപ്പിൽ ഇപ്രകാരം പറഞ്ഞുകാണുന്നു.

മുൻവകുപ്പുകളിൽ വ്യക്തമായി വ്യവസ്ഥചെയ്തിട്ടുള്ളിടത്തോളമല്ലാതെ ഇപ്പോൾ നടപ്പിലിരിക്കുന്നതായ നിയമത്തെയോ ആചാരത്തെയോ നടപ്പിനെയോ സംബന്ധിച്ചു ഇപ്പോഴുള്ള വ്യവസ്ഥകളെ ബാധിക്കുന്നതല്ല.

അതിനാൽ പ്രഥമദൃഷ്ടിയിൽതന്നെ പ്രത്യേകം എടുത്തുപറഞ്ഞിട്ടുള്ളിടത്തോളമല്ലാതെ മററു ഒരു പ്രകാരത്തിലും ഈ ബില്ലിനാൽ മലബാർ നിയമത്തിലെ ചട്ടങ്ങൾക്കു ഭേദഗതിവരുത്തണമെന്നുദ്ദേശിക്കുന്നില്ലെന്നു സ്പഷ്ടമാകുന്നുണ്ട്.

ഈ ചട്ടങ്ങളെ പരിഷ്കരിക്കുന്നതിനൊ അല്ലെങ്കിൽ സമുദായത്തിനു ഹാനികരമെന്നു തെളിഞ്ഞിട്ടുള്ളവയെ വേണ്ടെന്നുവയ്ക്കുന്നതിനൊ ആയി ഏതാനും ചില മാററങ്ങൾ കൊണ്ടുവരണമെന്നുദ്ദേശിച്ചിട്ടുണ്ട്. ആ നിലക്കു നോക്കുന്നപക്ഷം ഈ ബില്ലിലെ അനേകം വ്യവസ്ഥകൾ ആവശ്യമില്ലാത്തവയാണെന്നാണു എനിക്കുതോന്നുന്നത്. ഇതിനുദാഹരണമായി ൪, ൫, ൯, ൧൦, ൧൧, ൧൨ ഈ വകുപ്പുകൾ നോക്കുക. ൪-ാം വകുപ്പിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു.

തറവാട്ടുവക എല്ലാവസ്തുക്കളേയും ക്ഷേത്രങ്ങളേയും തറവാട്ടിനു ഊരാണ്മയൊ മററുവല്ല അവകാശമൊ ഉള്ള ഇതരസ്ഥാപനങ്ങളേയും കൈവശംവച്ചുകൊണ്ടിരിക്കുന്നതിനും ഇവയിലെ കാര്യങ്ങൾ നടത്തുന്നതിനും ഉള്ള അവകാശം കാരണവനു ഉണ്ടായിരിക്കുന്നതാണ്.

ഇപ്പോഴത്തെ നിലയിലും ഇവ കാരണവന്റെ സാധാരണചുമതലകൾതന്നെയാകുന്നു.

വീണ്ടും,

കാരണവനൊ ഭരണം നടത്തുന്ന മററതെങ്കിലും അംഗമൊ ഉണ്ടാക്കുന്നതായ യാതൊരുകടവും അതു തറവാട്ടാവശ്യത്തിനായിരുന്നാലല്ലാതെ തറവാട്ടിനെ ബന്ധിക്കുന്നതല്ല.

പിന്നെയും

ഒരു കാരണവൻ തറവാട്ടാവശ്യം ഉണ്ടെന്നു കാണിച്ചു തറവാട്ട്വസ്തുകാലാവധി കൂടാതെ ഒററികൊടുക്കുകയോ കടം ഉണ്ടാക്കുകയൊ ചെയ്യുമ്പോൾ ഒററിക്കാരനൊ കടം കൊടുത്തവനോ ഒരു പക്ഷമായും അപ്രകാരമുള്ള ഒററിക്കോ കടത്തിനോ സമ്മതിച്ചിട്ടില്ലാത്ത തറവാട്ടംഗങ്ങൾ മറുപക്ഷമായും തർക്കം നേരിടുന്നതായാൽ ഒററിക്കാരനൊ കടം കൊടുത്തവനൊ അപ്രകാരമുള്ള തറവാട്ടാവശ്യമുണ്ടെന്നു നിർണ്ണയിക്കുന്നതിനു ന്യായമായ അന്വേഷണം ചെയ്തതിന്റെ ശേഷം ഉത്തമവിശ്വാസത്തോടുകൂടി പ്രവർത്തിച്ചിരുന്നാൽ അങ്ങനെയുള്ള തറവാട്ടാവശ്യം ഉണ്ടായിരുന്നു എന്ന് ഊഹിക്കേണ്ടതാകുന്നു.

നായർ റെഗുലേഷനിലും ഇങ്ങനെ ഒരു വകുപ്പുണ്ടെന്നുള്ളതു ശരിതന്നെ.

ഒരു കാരണവൻ മരിക്കയൊ കാരണവസ്ഥാനം ഒഴിയുകയൊ കാരണവസ്ഥാനം ത്യജിക്കുകയൊ കാരണവസ്ഥാനത്തുനിന്നും നീക്കപ്പെടുകയൊ ചെയ്യുമ്പോൾ മൂപ്പുമുറയനുസരിച്ചു പ്രായപൂർത്തിവന്നിട്ടുള്ള ഓരോ പുരുഷനും, അയാളുടെ അഭാവത്തിൽ പ്രായപൂർത്തിവരാത്ത ഒരു പുരുഷനു പ്രായപൂർത്തിവരുന്നതുവരെ പ്രായപൂർത്തിവന്നിട്ടുള്ള ഓരോ സ്ത്രീക്കും, തറവാട്ടിലെ കാരണവനായിരിക്കുന്നതിനുള്ള അധികാരംഉണ്ട്. എന്നാൽ ശരീരസംബന്ധമായോ മാനസികമായൊ ഉള്ള ശേഷിക്കുറവിനാൽ തറവാട്ടു ഭരിക്കുന്നതിന് അയോഗ്യനോ പാപ്പരായിട്ടുള്ളവനോ ആയ ഒരുവന് ഇതിനു അവകാശം ഉണ്ടായിരിക്കുന്നതല്ല.

പിന്നീടു ഇങ്ങിനെ ഒരു വകുപ്പുണ്ട്.

ശേഷിക്കുറവ് നടപടിപ്പിശകു തറവാടിന്റെ ദുർഭരണം ഇവയിൽ ഏതെങ്കിലും കാരണത്താൽ ഒരുകോർട്ട് വിധിമൂലം കാരണവനെ ആ സ്ഥാനത്തുനിന്നും നീക്കംചെയ്യുന്നതിനുള്ള അധികാരം തറവാട്ടിലെ ഓരോ അംഗത്തിനും ഉണ്ടായിരിക്കുന്നതാകുന്നു.

ഈ പറഞ്ഞവ മലബാർ നിയമത്തിലെ സാധാരണ ചട്ടങ്ങൾ ആകുന്നു. ഇവയിൽ ഈ ബിൽമൂലം യാതൊരു ഭേദഗതിയും വരുത്താനായി ഉദ്ദേശിച്ചിട്ടുമില്ല. ഈ ബിൽ ഈ വിഷയത്തെ സംബന്ധിച്ചുള്ള മലബാർ നിയമത്തിലെ മുഴുവൻ വ്യവസ്ഥകളേയും ക്രോഡീകരിക്കുന്നതിനുള്ള ഒരു ശ്രമവുമല്ല. ആ സ്ഥിതിക്ക് നല്ലപോലെ അറിയാവുന്നവയും എല്ലാപേരും അംഗീകരിച്ചിട്ടുള്ളവയും ആയ മലബാർ നിയമത്തിലെ ഇത്തരം ചട്ടങ്ങൾ ബില്ലിൽ ഉൾപ്പെടുത്തേണ്ട ആവശ്യം ഉണ്ടായിരുന്നില്ല.

മററു വകുപ്പുകളെ സംബന്ധിച്ചു പറയുന്നപക്ഷം മററംഗങ്ങൾ ഇതിനുമുമ്പു ചൂണ്ടിക്കാണിച്ചിട്ടുള്ളതുപോലെ ജാതിഭ്രഷ്ടന്മാരെന്നു പറയപ്പെട്ടുപോരുന്നവർക്ക് തറവാട്ടുസ്വത്തുക്കളിൽ യാതൊരു അവകാശവും ഇല്ലാ എന്നുള്ള വകുപ്പിനെ സംബന്ധിച്ചു എനിക്കും വളരെ ഗൌരവമായ ആക്ഷേപംഉണ്ട്. മൂന്നാം വകുപ്പിൽ ഇങ്ങിനെ പറഞ്ഞുകാണുന്നു.

ഒരു തറവാട്ടിലെ എല്ലാ അംഗങ്ങൾക്കും, പുരുഷനും സ്ത്രീക്കും, ഒരുപോലെ അതിന്റെ സ്വത്തിൽ അവകാശം ഉണ്ടായിരിക്കുന്നതാകുന്നു. എന്നാൽ ജാതിഭ്രഷ്ടനായ ഒരുവനു അതിൽ യാതൊരുവിധമായ അവകാശമൊ അധികാരമൊ ഉണ്ടായിരിക്കുന്നതല്ല.

സർ! എന്റെ അറിവ് എത്തിയേടത്തോളം തറവാട്ടിലെ ഒരു അംഗം ജാതിഭ്രഷ്ടനാകുന്നതു രണ്ടു കാരണങ്ങളാൽ മാത്രമാകുന്നു. ഒന്നു ക്രിസ്തുമതം, മഹമ്മദുമതം മുതലായ അന്യമതങ്ങളിലേക്കു മാറുമ്പോൾ ഉണ്ടാകുന്നു. മറെറാന്നു സ്മാർത്തവിചാരത്തിന്റെ ഫലമായും ഉണ്ടാകുന്നു. ഇപ്പോഴത്തെ നിലക്കു ഈ വകുപ്പിൽ ഈ രണ്ടുതരത്തിൽപെട്ട ജാതിഭ്രഷ്ടരും ഉൾപ്പെടുന്നുണ്ട്. മററു മതങ്ങളിൽ ചേരുന്ന ആളുകളെ സംബന്ധിച്ചു എന്തുതന്നെ പറഞ്ഞിരുന്നാലും സ്മാർത്തവിചാരത്തെ സംബന്ധിച്ചിടത്തോളം ഈ പൈശാചികവും ക്രൂരവും ആയ നടപടിയെ നിലനിർത്തിക്കൊണ്ടുപോകുന്നതിനു ഉതകുന്ന എന്തെങ്കിലും വ്യവസ്ഥകൾ ഈ ബില്ലിൽ ഉൾപ്പെടുത്തുന്നതിനെ സംബന്ധിച്ച് എനിക്കുള്ള വിപരീതാഭിപ്രായത്തെ യാതൊരു മടിയൊ സംശയമൊ കൂടാതെ പ്രസ്താവിക്കാതെ തരമില്ല. ചിലപ്പോൾ നിരപരാധികളായ അനേകം പുരുഷന്മാരും സ്ത്രീകളുംകൂടി തറവാടുകളിൽനിന്നും ബഹിഷ്കരിക്കപ്പെടുന്നതിനു ഇടയാകുന്ന സ്മാർത്തവിചാരം നടത്തിപ്പോരുന്നതു സ്വാഭാവികനിയമത്തിന്റെ അടിസ്ഥാന തത്വങ്ങൾക്കു വിരുദ്ധമായ ഒരു രീതിയിൽ ആണെന്നുള്ളതിനും പുറമെ ന്യായശാസ്ത്രത്തിൽ ഇതേവരെ അറിവാൻ ഇടയായിട്ടുള്ള സകല നിയമങ്ങൾക്കും വിപരീതമായിട്ടുള്ള ഒരു നിലയിൽകൂടി ആകുന്നു. സ്മാർത്തവിചാരത്തിന്റെ ഫലമായി സ്ത്രീജാതി ഭ്രഷ്ടയാക്കപ്പെടുന്നു എന്നുള്ളതിനും പുറമെ പലപ്പോഴും തറവാട്ടിന്റെ തന്നെ നാശത്തിനുംകൂടി കാരണമായിത്തീരുന്നു. ഇതു വളരെ പ്രധാനപ്പെട്ട ഒരു സംഗതിയായതുകൊണ്ട് ഡബ്ലിയു. ലോഗൻ അവർകളുടെ "മലബാർ മാന്വൽ" എന്നപുസ്തകത്തിൽ ൧൨൮-ാം പുറത്തു സ്മാർത്തവിചാരത്തെ സംബന്ധിച്ചു ചേർത്തിട്ടുള്ള ഒരു വിവരണത്തിലേക്കു സഭാംഗങ്ങളുടെ ശ്രദ്ധയെ ഞാൻ ആകർഷിച്ചുകൊള്ളുന്നു. വളരെ പ്രധാനങ്ങൾ എന്നു എനിക്കു തോന്നുന്നവയായ ഏതാനും ചില ഭാഗങ്ങൾമാത്രം ഞാൻ ഇവിടെ ഉദ്ധരിക്കാം.

ഒരു സ്ത്രീക്കു നടപടിപ്പിഴയുണ്ടെന്നു അവളുടെ സ്വന്തബന്ധുക്കളൊ അയൽപക്കക്കാരായ ബ്രാഹ്മണരൊ സംശയിക്കുന്നതിനിടയായാൽ അവളെ അവളുടെ സകല ബന്ധുക്കളുടേയും ഇടയിൽനിന്നു ജാതിഭ്രഷ്ടയാക്കുന്നതാണെന്നുള്ള ആജ്ഞയോടുകൂടി കഠിനമായ മേൽനോട്ടത്തിൽ വയ്ക്കപ്പെടുന്നു. ഓരോ നമ്പൂതിരി തറവാട്ടിലെ ഓരോ സ്ത്രീകൾക്കും ഓരോ വേലക്കാരികൾവീതം ഉണ്ടായിരിക്കയാണ സാധാരണ പതിവ്. അഥവാ ഓരോരുത്തൎക്കു ഓരോ വേലക്കാരിവീതം ഇല്ലെങ്കിലും ഒരു കുടുംബത്തിലേക്കു ഒരാൾ കൂടാതെ കഴികയില്ല. ഇങ്ങിനെയുള്ള വേലക്കാരിയോടു പിന്നീടു ഇതേസംബന്ധിച്ചു ചോദ്യംചെയ്യുന്നു. അവൾ ഈ സ്ത്രീ കുററക്കാരിയാണെന്നു മൊഴികൊടുക്കുന്നപക്ഷം ആ സ്ത്രീയെ ഉടൻതന്നെ ഒരു പ്രത്യേക സ്ഥലത്താക്കി കഠിനമായ മേൽനോട്ടവും ഏർപ്പാടുചെയ്യുന്നു. കുടുംബം വകയായി സൌകര്യത്തിൽ ഒരു ഭവനം ഉള്ളപക്ഷം ഈ സാധനത്തെ ഉടൻ അങ്ങോട്ടേക്കുമാററുന്നു. ഇല്ലാത്തപക്ഷം അവളെ കുടുംബഗൃഹത്തിൽതന്നെ വച്ചുകൊണ്ടിരിക്കയും തറവാട്ടിലെ മററംഗങ്ങൾ തല്ക്കാലത്തേക്കു മറെറവിടെയെങ്കിലും മാറിപ്പാർക്കുകയും ചെയ്യുന്നു.

വേലക്കാരിയെ വിസ്തരിക്കുന്നതു ഗ്രാമത്തിലെ നമ്പൂതിരിമാർ ആണ്. യജമാനത്തി കുററക്കാരിയാണെന്നു വേലക്കാരി മൊഴികൊടുക്കുന്നപക്ഷം ഇവർ ഉടൻതന്നെ ഗ്രാമത്തിലെ പ്രധാനിയുടെ അടുക്കൽ പോകുന്നു. കുററക്കാരിയെ വിസ്തരിക്കണമെന്നായി ഉത്തരവുചെയ്യുന്നതിനുള്ള അധികാരം ഈ പ്രധാനിക്കാണുള്ളത്. സ്ഥലത്തെ സ്മാർത്തനു ഇതിനുള്ള അധികാരപത്രം എഴുതിക്കൊടുക്കുന്നു. അയാൾ പതിവുപോലെ മീമാംസകരെ വിളിച്ചുകൂട്ടുന്നു-

ഇപ്പോഴും യഥാർത്ഥത്തിൽ ഘോഷയായിതന്നെ ഇരിക്കുന്ന പ്രതിയോടു വേലക്കാരിമുഖേന ചോദ്യംചെയ്യിക്കുന്നു. ഇപ്രകാരം അവളുടെ മേൽ ഒരു കുററം ആരോപിതമായിട്ടുണ്ടെന്നു അവളെക്കൊണ്ടുതന്നെ സമ്മതിപ്പിക്കുന്നു. ആദ്യമായി സാധിക്കാനുള്ളതു ഇതാകുന്നു. എന്തുകൊണ്ടെന്നാൽ അതു സമ്മതിക്കാതെ മററ് യാതൊന്നുംതന്നെ ഈ വിഷയത്തിൽ പ്രവർത്തിപ്പാൻ പാടില്ല.

ചിലപ്പോൾ ഈ ഭാഗം അത്ര എളുപ്പത്തിൽ സാധിച്ചു എന്നുവരുന്നതല്ല. സ്മാർത്തനു പലപ്പോഴും ആ സ്ത്രീയുടെ ഉദ്ദേശശുദ്ധിയേയും ലൌകീകജ്ഞാനത്തേയും പുകഴ്ത്തി അവളുടെ നിലയിലുള്ള ഒരു നമ്പൂതിരിസ്ത്രീ അവളുടെ പിതൃഗൃഹത്തിൽനിന്നും ബഹിഷ്കൃതയായി ഇപ്പോഴത്തെ നിലയിൽ ആക്കപ്പെടുന്നതു യാതൊരു കാരണവുംകൂടാതെ ആയിരിപ്പാനിടയുണ്ടൊ എന്നു അവളോടു ചോദിക്കേണ്ടതായും വരാറുണ്ട്.

അധികം എണ്ണത്തിലും ഈ പ്രാഥമികഭാഗം യാതൊരു ബുദ്ധിമുട്ടുംകൂടാതെതന്നെ സാധിക്കാറുണ്ട്. ആദ്യത്തെദിവസത്തേക്കു ഇതിനെ ഒരുദിവസത്തെ പിരിപ്പുജോലിയായി കരുതിപ്പോരികയുംചെയ്യുന്നു.

സ്മാർത്തനും കൂട്ടുകാരും പിന്നീടു സഭയിൽചെന്നു അവർ സഭയിൽനിന്നും പോയതിനുശേഷം ഉണ്ടായ സകലസംഗതികളേയും സംബന്ധിച്ചു സ്മാർത്തൻ സവിസ്തരം പറഞ്ഞുകേൾപ്പിക്കുന്നു.

ഇപ്രകാരം ഒന്നാംദിവസം കഴിയുന്നു.

അന്നത്തെ ജോലികൾ കഴിഞ്ഞതിനുശേഷം സഭയിലെ അംഗങ്ങൾക്ക് പ്രതിയുടെ ബന്ധുക്കൾ സകലവിധ വിഭവങ്ങളോടുംകൂടി ഭക്ഷണം നൽകുന്നു. വിസ്താരം നടക്കുന്ന കാലം മുഴുവനും ഇങ്ങനെ ചെയ്തുപോരുകയാണ് പതിവ്. വിസ്താരം ചിലപ്പോൾ അനേകവർഷകാലം നീണ്ട് നിന്നു എന്നു വരാം. ഇതിന്റെ കാരണം സഭ വല്ലപ്പോഴും മാത്രമേ കൂടുകയുള്ളു എന്നുള്ളതാകുന്നു. ഇങ്ങിനെയുള്ള സന്ദർഭങ്ങളിൽ സഭയിലെ അംഗങ്ങൾക്കും അവിടെ സന്നിഹിതരായിരിക്കുന്ന മററു നമ്പൂതിരിമാർക്കും വേണ്ടപോലെ ആഹാരം കൊടുക്കേണ്ട ചുമതല പ്രതിയുടെ ബന്ധുക്കൾക്കാണുള്ളത്. ഈ വിസ്താരത്തിന്റെ ഫലം അറിയുന്നതുവരെ തൽക്കാലത്തേക്കു ഈ ബന്ധുക്കൾ തന്നെ മററു ബ്രാഹ്മണരുമായി കൂടിക്കഴിയാൻ പാടില്ലാതാണിരിക്കുന്നത്. ശ്രാദ്ധങ്ങൾ എല്ലാം തല്ക്കാലത്തേക്ക് നിറുത്തി വയ്ക്കേണ്ടതായും ഇരിക്കുന്നു. സ്ത്രീ കുററക്കാരിയാണൊ അല്ലയോ എന്നു തീരുമാനപ്പെടുത്തുന്നതുവരെയും ഈ പാപകർമ്മം അനുഷ്ഠിക്കപ്പെട്ടതു എന്നാണെന്നു നിശ്ചയിക്കുന്നതുവരെയും ഒരു പക്ഷെ അറിയാതെ ഈ ദുഷ്പ്രവൃത്തിക്ക് ശേഷം മററു കുടുംബാംഗങ്ങൾ ഈ സ്ത്രീയുമായി യോജിച്ചു നടന്നിരിക്കാൻ ഇടയുണ്ടെന്നുള്ളതുകൊണ്ട് അതിൽ നിന്നും പരിശുദ്ധരാകുന്നതിനു വേണ്ട പുണ്യാഹകർമ്മം ചെയ്യുന്നതിനു മുമ്പായി അവരെ സമുദായത്തിൽ ചേർക്കാൻ പാടില്ലെന്നുള്ളതാണ് ഇങ്ങിനെ ചെയ്യുന്നതിനുള്ള കാരണം.

പഴയകാലത്തു വേലക്കാരി അവളുടെ യജമാനത്തി കുററക്കാരിയാകുന്നെന്നു മൊഴി കൊടുക്കുകയും ഇതിലേക്കു മററു തെളിവുകൾ ഉണ്ടായിരിക്കയും എന്നാൽ പ്രതി കുററം സമ്മതിക്കാതിരിക്കയും ചെയ്യുന്നപക്ഷം പ്രതിയെ ഒരു പായിൽ പൊതിഞ്ഞുകെട്ടി പുരപ്പുറത്തു നിന്നും മുററത്തേക്കു ഉരുട്ടുക മുതലായി അനേകവിധ ദേഹോപദ്രവങ്ങൾ കുററം സമ്മതിപ്പിക്കുവാനായി ചെയ്യുവാറുണ്ടായിരുന്നു. ഇങ്ങിനെ ചെയ്തിരുന്നതു സ്ത്രീകൾ ആയിരുന്നു. മൂടുപടത്തിനു പകരമാണ് പായ് ഉപയോഗിച്ചുവന്നിരുന്നത്. മററുചില സന്ദർഭങ്ങളിൽ ജീവനുള്ള ചേരയേയോ മററു ഉപദ്രവകാരികളായ ജന്തുക്കളേയോ ചിലപ്പോൾ മൂർഖപ്പാമ്പുകളെപ്പോലും ഈ സ്ത്രീ ഇരിക്കുന്ന മുറിക്കകത്തു വിടുക പതിവായിരുന്നു. പാമ്പിനോടു കൂടി മുറിക്കകത്തു ഒരു നിശ്ചിതസമയം അടയ്ക്കപ്പെടുന്നതിനു ശേഷം ഇവൾ മരിക്കാതെ ഇരിക്കുന്നു എങ്കിൽ ആയതു അവളുടെ പാതിവ്രത്യത്തിന്റെ ശരിയായ ഒരു തെളിവായി ഗണിച്ചുപോന്നു.

പ്രതി കുററം സമ്മതിക്കാമെന്നു ഏൽക്കുന്നപക്ഷം, സമയം, സ്ഥലം, ആൾ, പരിതസ്ഥിതികൾ മുതലായവയെക്കുറിച്ചു സമ്പൂർണ്ണമായവിധത്തിൽ അവളോടു ചോദ്യം ചെയ്യുന്നു. എന്നാൽ ജാരപുരുഷന്റെ പേരു മാത്രം അവസാനംവരെ ചോദിക്കുന്നില്ല. ചിലപ്പോൾ പല ആളുകളുടെ പേരുകൾ അടങ്ങിയ ഒരു പട്ടിക ഈ സ്ത്രീയെ ഏല്പിച്ചു മേൽ പറഞ്ഞതുപോലെ ചെയ്യുന്നു.

നിരപരാധികളായ ആളുകളുടെ പേർ ചിലപ്പോൾ ഇവൾ പറഞ്ഞു എന്നുവരാം. ഇതിൽ നിന്നും രക്ഷപ്പെടുന്നതിനായി സാധുക്കൾ ധാരാളം പണം ചിലവു ചെയ്യേണ്ടതായും വരുന്നു. ഒരിക്കൽ ഒരു സ്ത്രീ പല ആളുകളുടേയും പേരുപറഞ്ഞതിനുശേഷവും മൊഴി എഴുതിക്കൊണ്ടിരുന്ന ഊർജ്ജസ്വലനായ ഗൃഹസ്ഥാവിന്റെ "ഇനി ആരു" "ഇനി ആരു" എന്നുള്ള ചോദ്യം കൊണ്ടു സഹികെട്ടവരിൽ ഒരുവനായി അയാളെ തന്നെ ചൂണ്ടിക്കാണിക്കയും അതിലേക്കു തെളിവായി ഏതാനും ചില സംഗതികൾ ഉദ്ധരിക്കയും ചെയ്തിട്ടുണ്ടുപോൽ.

സ്ത്രീയുടെ മൊഴിയാൽ കുററക്കാരാണെന്നു തെളിയപ്പെടുന്ന പുരുഷന്മാർ അവരുടെമേൽ ആരോപിതമായിട്ടുള്ള കുററം അടിസ്ഥാനരഹിതമാണെന്നു തെളിയിക്കുന്നതിനു അനുവദിക്കപ്പെട്ടിട്ടില്ല. എന്നാൽ ഈ സ്ത്രീയെ വളരെ ഗാഢമായി പരിശോധിച്ചു അവർ പറയുന്നതിലുള്ള വാസ്തവാവാസ്തവങ്ങളെ ശരിയായി തുലനം ചെയ്തു എടുക്കുവാൻ വേണ്ട ശ്രമം ചെയ്യുവാറുണ്ട്. സ്ത്രീയുടെ മൊഴിയിൽ അവളെ ആദ്യമായി വ്യഭിചാരത്തിലേക്കു നയിപ്പിച്ചവൻ എന്ന് പറയപ്പെട്ടിട്ടുള്ളവൻ ഒഴികെ ശേഷം ഉള്ള കൂട്ടുപ്രതികൾക്ക് എല്ലാപേർക്കും തിരുവിതാംകൂറിൽ ശുചീന്ദ്രത്തു ക്ഷേത്രത്തിൽ വച്ചു നടത്തിവരാറുള്ള തിളച്ച എണ്ണയിൽ കൈമുക്കുക എന്നുള്ള പരിശോധനയിൽ തങ്ങളെക്കൂടി ഉൾപ്പെടുത്തണമെന്നു നിർബന്ധിക്കുന്നതിനുള്ള അവകാശം ഉണ്ട്. കൈ പൊള്ളുന്നപക്ഷം അവർ കുററക്കാരാണെന്നും പൊള്ളാത്തപക്ഷം നിരപരാധികൾ എന്നും തീരുമാനിക്കുന്നു. ത്രാസുകളിൽ തൂക്കുക എന്നുള്ള പരിശോധനയും ചിലപ്പോൾ നടത്തിവരാറുണ്ട്. ഇങ്ങിനെയുള്ള പരിശോധനകളിൽ ഭാഗഭാക്കുകൾ ആകുന്നതിലേക്കുള്ള ഉത്തരവിനെ പാമ്പ് എന്നു പേരുപറയുന്നു. ഈ ഉത്തരവു നൽകാനുള്ളതു സഭയുടെ അഗ്രാസനാധിപതിയാകുന്നു. അനുകൂലമായ ഒരു തീരുമാനമുണ്ടാകുന്നതിനൊ പരിശോധനകളിൽ ജയം നേടുന്നതിനൊ പണം വളരെ സഹായിക്കുമെന്നുള്ളതാകുന്നു.

ചിലപ്പോൾ ഈ സ്ത്രീയെക്കൊണ്ടു കുററം സമ്മതിപ്പിക്കുന്നതിൽ വളരെ ബുദ്ധിമുട്ടു നേരിടുന്നുണ്ട്. താല്ക്കാലികസ്ഥിതിയുടെ വിശേഷം, ആഹാരത്തിന്റെ ദൌർലഭ്യം, വളരെ നാൾ നീണ്ടുനിൽക്കുന്നതും വളരെ ക്ഷീണിപ്പിക്കുന്നതുമായ തെളിവെടുപ്പ്, നശിക്കുവാൻ പോകുന്ന അവളുടെ ബന്ധുക്കളുടെ അപേക്ഷകൾ, കുററം സമ്മതിച്ചു പശ്ചാത്തപിക്കുന്നതാണ് ഏററവും നല്ലതെന്നും അവളെ വേണ്ടപോലെ സൂക്ഷിച്ചു ഏതെങ്കിലും ഒരു വിശുദ്ധ നദിയുടെ തീരത്തു ജീവാവസാനംവരെ പ്രാർത്ഥനയിലും പശ്ചാത്താപത്തിലും ജീവിതശിഷ്ടത്തെ നയിക്കുന്നതിനു ഉതകുന്നതായ ഒരു സ്ഥലത്തു ഒരു ഗൃഹത്തിൽ താമസിക്കുന്നതിനും മററും ഗ്രാമപ്രധാനിയോടു വേണ്ട ഏർപ്പാടുകൾ ചെയ്യുമെന്നും മററും സ്മാർത്തൻ പറയുന്നവാക്കുകൾ, മദ്ധ്യസ്ഥവചനങ്ങൾ, ഇവയാണ് ഇതിലേക്കുള്ള പ്രധാനകാരണങ്ങൾ. ഈ നടപടികളുടെ ഗൌരവത്തിനു ഫലം ഇല്ലാതില്ല. കുററം സമ്മതിച്ചു വിസ്താരം അവസാനിക്കുന്നതിനു ഇടയാകുന്നപക്ഷം തറവാട്ടുസ്വത്തുക്കളിൽ ഒരു വലിയ ഭാഗം അവൾക്കു കൊടുക്കാമെന്നു തറവാട്ടിലെ അംഗങ്ങൾ പലപ്പോഴും പറയാറുണ്ട്.

വിസ്താരം അവസാനിച്ചതിനുശേഷം വിധിപ്രസ്താവിക്കുന്നതിനായി ഒരു രാത്രി നിശ്ചയിക്കുന്നു. വിധി പ്രസ്താവിക്കുന്നതു വിസ്താരത്തിനു അനുമതി നൽകിയ ഗ്രാമപ്രധാനിയുടെ മുമ്പിൽവച്ചാണ്.

എല്ലാസംഗതികളുടേയും വിസ്താരത്തിന്റെയും യഥാർത്ഥവും സംപൂർണ്ണവും ആയ ഒരു വിവരണം സ്മാർത്തൻ നൽകുന്നു. അയാളുടെ കുഞ്ഞു അല്ലെങ്കിൽ കുട്ടി (നമ്പൂതിരിമാർ അവരുടെ കിഴക്കൻദേശത്തുള്ള പട്ടർ വേലക്കാരെ ഇങ്ങിനെയാണ് വിളിക്കുന്നത്) വ്യഭിചാരകൻ അല്ലെങ്കിൽ വ്യഭിചാരകന്മാർ ഇന്നാരാണെന്നു പ്രസ്താവിക്കുന്നതായിരിക്കുമെന്നു അയാൾ പറഞ്ഞവസാനിപ്പിക്കുന്നു. അപ്പോൾ വേലക്കാരൻ മുമ്പോട്ടുവന്നു പൊക്കം കുറഞ്ഞ ഒരു മുക്കാലിമേൽകയറിനിന്നു വ്യഭിചാരകന്റെ അല്ലെങ്കിൽ വ്യഭിചാരകന്മാരുടെ പേർ വിളിച്ചു പറയുന്നു

ഈ കൃത്യം നിർവഹിക്കുന്നതു എല്ലായ്പോഴും പട്ടർ ജാതിയിൽ ഉൾപ്പെട്ട ഒരുവനായിരിക്കും. ഇങ്ങനെ ചെയ്യുന്നതു ബ്രാഹ്മണനായിരിക്കണമെന്നു നിർബന്ധമുണ്ട്. എന്നാൽ സ്നേഹത്തിനുവേണ്ടിയോ പണത്തിനുവേണ്ടിയോ ഒരു നമ്പൂതിരിയോ ഒരു എമ്പ്രാന്തിരിയോ ഈ പ്രവൃത്തി ചെയ്യുകയില്ല. എന്നുള്ളതുകൊണ്ട് പണത്തിനുവേണ്ടി അലഞ്ഞു തിരിയുന്ന ഒരു പട്ടരെ പിടിച്ചുകൂടി അയാൾക്കു ഇതിലേക്കു ശരിയായ പ്രതിഫലം കൊടുക്കുകയാണു ചെയ്യുവാറുള്ളതു. ഈ കൃത്യം നിർവഹിച്ചു കഴിഞ്ഞാൽ ഉടൻതന്നെ അയാൾ സമ്പാദിച്ചിട്ടുള്ള മഹാപാപം കഴുകിക്കളയുന്നതിനായി ഏററവും അടുത്ത ജലാശയത്തിൽ പോയി സ്നാനം ചെയ്യുന്നു.

അടുത്തതായി നടക്കുന്ന നടപടി "കൈകൊട്ടൽ" ആകുന്നു. ജാത്യഭിമാനങ്ങളിൽനിന്നും പ്രതിയെ ബഹിഷ്കരിക്കുന്നതു ഈ കർമ്മംകൊണ്ടാണ്. നമ്പൂതിരിസ്ത്രീകൾ പുറമെ ഇറങ്ങിസഞ്ചരിക്കുന്ന അവസരങ്ങളിൽ അന്യർ അവരെ കാണാതിരിക്കുന്നതിനായി അവർ വിസ്താരമേറിയ ഒരുതരം മറക്കുടകൾ ഉപയോഗിച്ചുവരാറുണ്ട്. അതിനെ "മറക്കുട" എന്നു സാധാരണയായി വിളിച്ചുവരുന്നു. ഇവർ പതിവ്രതകളാണെന്നുള്ളതിലേക്കു പുറമെ കാണപ്പെടുന്ന ലക്ഷ്യവും ഇതുതന്നെയാണ്. ജാതിഭ്രഷ്ടയാക്കിയുള്ള വിധി സ്മാർത്തൻ പ്രസ്താവിക്കുന്നതു സ്ത്രീയുടെ മുമ്പിൽവച്ചാണ്. ഉടൻതന്നെ ആ ദേശത്തെ പുല, വാലായ്മ മുതലായവ നീക്കുന്നതൊഴിലിൽ ഏർപ്പെട്ടിട്ടുള്ളവരിൽ പെട്ട ഒരു നായർ അവളുടെ കയ്യിൽനിന്നു കുടയെ മാററിക്കളയുന്നു. സഭാംഗങ്ങൾ പല പ്രാവശ്യം കൈകൊട്ടി ആ സ്ത്രീയെ ഉടൻതന്നെ അവളുടെ ഇല്ലാലവസതിയിൽനിന്നും പുറത്താക്കുന്നു. അതോടുകൂടി അവൾക്കു കുടുംബവുമായുള്ള സകലബന്ധങ്ങളും അവസാനിക്കുന്നു. അവളുടെ ബന്ധുക്കൾ എന്തോ ചില കർമ്മങ്ങൾ ചെയ്തു അവളെ ബന്ധുത്വത്തിൽനിന്നു മോചിപ്പിക്കുന്നു. ആ സ്ത്രീ അവരുടെ ദൃഷ്ടിയിൽ മരിച്ചിരുന്നാലത്തെതിനെക്കാൾ കൂടുതൽ നിസ്സാരയായിത്തീരുന്നു. വിചാരണയ്ക്കിടയിൽ സ്ത്രീ മരിച്ചുപോകുന്നപക്ഷം സ്ത്രീ ജീവിച്ചിരുന്നാൽ എങ്ങിനെയോ അതുപോലെതന്നെ നടപടികൾ മുറയ്ക്കു നടത്തിക്കൊണ്ടിരിക്കും. സാധാരണപോലെതന്നെ ഇതിൽ ഭാഗഭാക്കുകളായിട്ടുള്ളവർ കുററക്കാർ എന്നോ അല്ലെന്നോ ഉള്ള വിധി പ്രസ്താവിച്ച് അവസാനിപ്പിക്കപ്പെടുന്നതുമാകുന്നു.

ഇങ്ങിനെ പുറത്താക്കപ്പെട്ട സ്ത്രീ അവൾക്കു തോന്നുന്നേടത്തേക്കു പോകുന്നു. ചിലരെ അവരുടെ ജാരന്മാർ സ്വീകരിക്കുന്നു. ചിലർ വ്യഭിചാരിണികൾ ആയിത്തീരുന്നു. അനേകംസ്ത്രീകളെ മേലാഴിക്കോട്ടുള്ള ചെട്ടികൾ ഭാര്യമാരായി സ്വീകരിക്കുന്നു. ഇങ്ങിനെയുള്ള ആളുകളെ സ്വീകരിക്കുന്നതിനായി പ്രത്യേകമായി സ്ഥാപിക്കപ്പെട്ടിട്ടുള്ള സ്ഥാപനങ്ങളെ അല്പം ചിലർ അഭയം പ്രാപിക്കുന്നു.

നിയമാനുവാദം കിട്ടണമെന്നു ആവശ്യപ്പെടുന്ന സ്മാർത്തവിചാരം ഇങ്ങിനെയെല്ലാമാണ്.

മി: കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): പത്തുകൊല്ലത്തിനിപ്പുറം പന്തളത്തു എണ്ണശ്ശേരിമഠത്തിൽ ഒരു സ്മാർത്തവിചാരം നടന്നതായിട്ടറിയാമോ?

മി: ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): എനിക്കറിഞ്ഞുകൂടാ.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): ഈ കഴിഞ്ഞ പത്തുവർഷങ്ങളിലായി എത്ര സ്മാർത്തവിചാരങ്ങൾ ഉണ്ടായിട്ടുണ്ടെന്നു മെമ്പറിൽനിന്നും അറിഞ്ഞാൽകൊള്ളാം.

മി: ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): നമ്പൂതിരിമാരുടെ എണ്ണം വളരെ കുറവായതുകൊണ്ടു സ്മാർത്തവിചാരങ്ങളുടെ എണ്ണവും വളരെ കുറവായിരിക്കാനെ ഇടയുള്ളുവല്ലോ.

മി: എ. കെ. പിള്ള (കരുനാഗപ്പള്ളി): ഈ കഴിഞ്ഞ പത്തുവർഷങ്ങളിലായി എത്ര സ്മാർത്തവിചാരങ്ങൾ നടന്നിട്ടുണ്ടെന്നറിഞ്ഞാൽ കൊള്ളാം.

മി: ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): അതു എനിക്കു അറിഞ്ഞുകൂടാ. ഇതു സംബന്ധിച്ചുള്ള കണക്കുകൾ എന്റെ കൈവശം ഇല്ല. എന്നാൽ സ്മാർത്തവിചാരങ്ങൾക്കു ഇരയായിട്ടുള്ള ആളുകളെ എനിക്കറിയാം. ഈയിടെ ഞാൻ നടത്തിയതായ ഒരു കേസിൽ ഒരു സ്മാർത്തവിചാരം നടത്തുന്നതിലേക്കായി ൧൦൦൦ രൂപായ്ക്കു എഴുതിക്കൊടുത്ത ഒരു പ്രമാണം ഉണ്ടായിരുന്നു. സ്മാർത്തവിചാരംകൊണ്ടു ജാതിഭ്രഷ്ടയാക്കപ്പെട്ട ഒരു പെൺകുട്ടിയെ ഉദ്ദേശം ൧൦ വർഷങ്ങൾക്കുമുമ്പ് ഞാൻ കാണുകയുണ്ടായി. അതുവരെ ആ പെൺകുട്ടി പ്ലാവില്ലായിരുന്ന കുടുംബം വക ഒരു ഗൃഹത്തിൽ അവൾ പോയി താമസിച്ചു. തറവാട്ടിലെ അംഗങ്ങൾക്കു ഈ കുട്ടിയെ അവിടെനിന്നും പുറത്താക്കണമെന്നു തോന്നി അതിലേക്കു അവർ നീതിന്യായക്കോടതികളിൽ പോയില്ല. നിയമത്തെ അവർ തന്നെ നടത്തുകയാണു ചെയ്തതു. കുറെ ചട്ടമ്പിമാരെ ശേഖരിച്ചു അവർ ആ കുട്ടിയെ ആ ഗൃഹത്തിൽനിന്നും പുറത്താക്കി. ഇതിന്റെ ഫലമായി ഒരു ലഹളയുണ്ടായി. ആ കേസിൽ ചില പ്രതികളുടെ ഭാഗം വക്കാലത്തു എനിക്കുണ്ടായിരുന്നു. ഇങ്ങിനെ എന്റെ അറിവിൽതന്നെ ചില സംഗതികൾ നടന്നിട്ടുണ്ട്.

സർ: സ്മാർത്തവിചാരത്തിന്റെ കാഠിന്യങ്ങളും ചടങ്ങുകളും ഇപ്പോൾ നീക്കപ്പെട്ടിരിക്കാം. സമുദായത്തിൽ കൂടുതലായി വിദ്യാഭ്യാസം പ്രചരിക്കയും സമുദായങ്ങൾക്കു കൂടുതലായി മനോവികാസം സിദ്ധിക്കയും ചെയ്യുമ്പോൾ സ്മാർത്തവിചാരം എന്നുള്ള നടപടി പാടെ നിന്നുപോകും എന്നുതന്നെയാണ് എന്റെ വിചാരം. ഒരു നിയമത്തിൽകൂടി അതിനെ വലിച്ചുകയററി അതിന്റെ ബുദ്ധിമുട്ടുകളെ വർദ്ധിപ്പിക്കുന്നതിനെക്കാൾ സമാധാനത്തോടുകൂടി അവസാനിക്കുന്നതിനു അതിനെ അനുവദിക്കുകയല്ലയോ നല്ലതു? അതിനു നിയമസാധുത്വം കൊടുക്കാതെ ഇരിക്കയാണു നല്ലതു. ആകയാൽ ജാതിഭ്രഷ്ടർ എന്നു വിളിക്കപ്പെട്ടുവരുന്നവർക്കു വിപരീതമായുള്ള ഈ വകുപ്പിനെ സംബന്ധിച്ചു എനിക്കു വിപരീതാഭിപ്രായമാണ് ഉള്ളതു എന്നു പറയുന്നതിൽ യാതൊരു സംശയവുമില്ല. ഇതുകൊണ്ടു ജാതിഭ്രഷ്ടരാക്കപ്പെടുന്ന സ്ത്രീകൾക്കോ പുരുഷന്മാർക്കോ നമ്പൂതിരിസമുദായത്തിനു തന്നെയോ അല്ലെങ്കിൽ ഇവരുടെ അസൽ തറവാടിനോ യാതൊരു ഗുണവും സിദ്ധിക്കുന്നില്ല.

മി: കെ. കെ. താമസ് (കോട്ടയം): ഇതിനെസംബന്ധിച്ചു ഈ സമുദായാംഗങ്ങളുടെ അഭിപ്രായംതന്നെ എന്താണെന്നു അറിഞ്ഞാൽ കൊള്ളാം.

മി: ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): അതിനെപ്പററി എനിക്കു അറിഞ്ഞുകൂടാ. അതുകൊണ്ടുതന്നെയാണ് നമുക്കു യാതൊരുവിധമായ അറിവുമില്ല എന്നു ഞാൻ പറയുന്നതു. ഈ ഏർപ്പാട് മേലാലും നടന്നുകൊണ്ടിരിക്കണമെന്ന് അഭിപ്രായമുള്ളവരായി വിദ്യാഭ്യാസം ലേശംപോലും സിദ്ധിച്ചിട്ടില്ലാത്ത അംഗങ്ങൾ

ഈ സമുദായത്തിൽ ഉണ്ടായിരുന്നു എന്നുവരാം, ഈ സമുദായത്തെ ഈ സഭയിൽ പ്രതിനിധീകരിക്കുന്ന മഹാന്മാരെപ്പോലെ ഈ നടപടി ക്രമേണ നശിച്ചുപോകേണ്ടതാണെന്നു ആഗ്രഹമുള്ളവരായി ഉല്പതിഷ്ണുക്കളായി അംഗങ്ങളും ആ സമുദായത്തിൽ ഉണ്ടായിരുന്നു എന്നു വരാം. ആ സ്ഥിതിക്കു ഇതെപ്പററി ഈ സമുദായം എന്തു വിചാരിക്കുന്നു എന്നു ഇപ്പോഴും തീർത്തുപറവാൻനിവൃത്തിയില്ല.

മി: സി. പി. രാമസ്സ് (നിയമിത മെമ്പർ): പ്രതികൾ നീതിന്യായക്കോടതികളെ എപ്പോഴെങ്കിലും അഭയം പ്രാപിച്ചിട്ടുണ്ടോ എന്നു മെമ്പറിൽനിന്നും അറിഞ്ഞാൽകൊള്ളാം.

മി: ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): (ഉണ്ട്. പലപ്പോഴും അങ്ങിനെ ഉണ്ടായിട്ടുണ്ട്. ഒരാൾ, അയാളെ ജാതിഭ്രഷ്ടനാക്കുന്നതിനുമുമ്പു ശരിയായി തെളിവു എടുത്തിട്ടില്ലെന്നും അയാളുടെ മൊഴി വാങ്ങിയിട്ടില്ലെന്നും ഉള്ള കാരണങ്ങളാൽ അയാൾക്കു നിയമത്താൽ ലഭിച്ചിട്ടുള്ള അവകാശങ്ങളെ അംഗീകരിക്കുന്നതിലേക്കായി കോടതിയിൽ കൊണ്ടുവന്ന ഒരു കേസ് തിരുവിതാംകൂർ ലാറിപ്പോർട്ടിന്റെ ൫൯-ാം വാല്യത്തിൽ ഉണ്ട്. അയാളുടെ വാദം കോടതിയിൽനിന്നും അനുവദിച്ചു അവകാശം സ്ഥാപിക്കയാണുചെയ്തതു്. ഇങ്ങിനെയുള്ള അനേകം സ്മാർത്തവിചാരങ്ങളെ സംബന്ധിച്ചും മിക്കവാറും ഒരു ഗ്രാമം മുഴുവനും തന്നെ ജാതിഭ്രഷ്ടരാക്കപ്പെട്ട ഒരു കേസും നാം പത്രങ്ങളിൽ വായിച്ചിട്ടുണ്ടല്ലൊ. കേസിൽ പ്രതിയായിരുന്ന സ്ത്രീ അവളുമായി വ്യഭിചരിച്ചിട്ടുള്ള എല്ലാ പുരുഷന്മാരുടേയും പേരുകൾ ഒരു ഡയറിയിൽ എഴുതി വച്ചിരുന്നു. ഇവരെയെല്ലാം ജാതി ഭ്രഷ്ടരാക്കുകയാണു ചെയ്തതു്. ഇതു ഒരു പരമാർത്ഥമാണ്.

മി: സി. പി. രാമസ്സ് (നിയമിതമെമ്പർ): കോടതി ഇതിനെ അംഗീകരിക്കുമോ?

മി: ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): ഉണ്ട്. ഈ കാരണങ്ങളാൽ ബില്ലിലെ ഈ വകുപ്പിനെ സംബന്ധിച്ചിടത്തോളം എന്റെ അനുവാദം നൽകുന്നതിൽ എനിക്കു വലിയ മടിയുണ്ട്.

ബില്ലിലെ മററു വകുപ്പുകളെ സംബന്ധിച്ചിടത്തോളം ചില ആക്ഷേപങ്ങൾ സഭയുടെ ശ്രദ്ധയ്ക്കു വിഷയീഭവിപ്പിക്കപ്പെട്ടിട്ടുണ്ട്. ൭-ാം വകുപ്പിനെ സംബന്ധിച്ചിടത്തോളം കാരണവൻ കണക്കുകൾ വയ്ക്കുക എന്നുള്ള സംഗതിയെപ്പററി നായർ റെഗുലേഷൻ ഈഴവറെഗുലേഷൻ ഇവ ഈ സഭയിൽ വാദപ്രതിവാദത്തിനു വിഷയമായിരുന്നപ്പോൾ ആലോചിച്ചു പ്രായോഗികമല്ലെന്നു തീരുമാനിക്കപ്പെട്ടിട്ടുള്ള ഒരു സംഗതിയാണ്. കാരണവൻ എഴുത്തറിയാൻ പാടില്ലാത്ത ഒരുവൻ ആയിരുന്നു എന്നുവരാം. അപ്പോൾ ഒരുകണക്കെഴുത്തുകാരനെ നിയമിക്കേണ്ടതായി വരും. എന്നാലും ഈ കണക്കുകൾ പരിശോധിക്കുന്നതിനു കാരണവനെക്കൊണ്ടു സാധിക്കയില്ലല്ലൊ. ഈ സ്ഥിതിക്കു ഇതു പ്രായോഗികമല്ലെന്നാണു കാണപ്പെട്ടതു്. കാരണവന്മാർ കണക്കു വയ്ക്കണമെന്നു നിർബന്ധിക്കുന്നതു അനാവശ്യമാണെന്നും അന്നു തീർച്ചപ്പെടുത്തിട്ടുള്ളതാണ്. കണക്കുകൾ അറിയാവുന്ന ഏവനും കള്ളക്കണക്കുകൾ എഴുതി ഉണ്ടാക്കുന്നതിനു, പ്രത്യേകിച്ചും ഒരു മലയാളകുടുംബത്തിലേയോ തറവാട്ടിലേയോ ഇടപാടുകളെ പററിയുള്ള കണക്കുകൾ കള്ളമായി നിർമ്മിക്കുന്നതിനു, വളരെ എളുപ്പമാണെന്നുള്ള സംഗതി അറിയാമെന്നുള്ളതാണ്. അതിനാൽ ഈ വകുപ്പുവച്ചു കൊണ്ടിരിക്കുന്നതുകൊണ്ടു യാതൊരു പ്രയോജനവും ഉണ്ടാകുമെന്നു എനിക്കു തോന്നുന്നില്ല.

൧൩-ാം വകുപ്പിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു.

തറവാട്ടു ഏതു ഡിസ്ട്രിക്ട് കോടതിയുടെ അധികാരാതൃത്തിയിൽ സ്ഥിതി ചെയ്യുന്നുവൊ ആ കോടതിയിൽ തറവാട്ടിലെ പ്രായപൂർത്തിവന്ന അംഗങ്ങളിൽ കാരണവനൊഴികെ ശേഷം ഉള്ളവരിൽ [illegible] ഭാഗം ആളുകൾ പേർ കാരണവനെ തൽസ്ഥാനത്തു നിന്നും നീക്കം ചെയ്യണമെന്നായി ഒരു ഹർജി ബോധിപ്പിക്കുന്ന പക്ഷം കോടതിക്കു യുക്തം എന്നു തോന്നുന്ന തെളിവുകൾ ശേഖരിച്ചതിനു ശേഷം അപേക്ഷയുടെ സത്യാവസ്ഥയെ സംബന്ധിച്ചു ബോദ്ധ്യം വരുന്നു എങ്കിൽ അയാളെ ആ സ്ഥാനത്തുനിന്നും നീക്കംചെയ്തു ഉത്തരവു് ചെയ്യേണ്ടതും ആ ഉത്തരവിനു ഒരു ഡിക്രിയുടെ വിലയുണ്ടായിരിക്കുന്നതും ആകുന്നു.

"അപേക്ഷയുടെ സത്യാവസ്ഥ" എന്നു പറഞ്ഞിട്ടുള്ളതു എന്തിനെ ഉദ്ദേശിച്ചാണെന്നു വിശദമാകുന്നില്ല. പ്രയോക്താവു ഉദ്ദേശിക്കുന്നതു അപേക്ഷയുടെ യാഥാർത്ഥ്യത്തെ, അതായതു് അപേക്ഷ ബോധിപ്പിക്കുന്നതായി അപേക്ഷയിൽ പറയപ്പെട്ടിരിക്കുന്ന ആളുകൾ തന്നെയാണോ അതിൽ ഒപ്പിട്ടിരിക്കുന്നതു് എന്നോ, അതല്ല അപേക്ഷയിൽ പറഞ്ഞിട്ടുള്ള കാരണങ്ങളുടെ പരമാർത്ഥത്തെ യാണൊ എന്നു മനസ്സിലാകുന്നില്ല. കേവലം അപേക്ഷയുടെ യാഥാർത്ഥ്യത്തെ മാത്രം ഉദ്ദേശിച്ചാണെങ്കിൽ ഇങ്ങിനെയാണു വന്നു ചേരുന്നതു്. കാരണവനെ ആ സ്ഥാനത്തു നിന്നും നീക്കം ചെയ്യുന്നതിലേക്കായി തറവാട്ടിലെ അംഗങ്ങളിൽ [illegible] ഭാഗം ആളുകൾ ഒരു അപേക്ഷ ബോധിപ്പിച്ചു കഴിഞ്ഞാൽ അയ്യാളെ ആ സ്ഥാനത്തു നിന്നും നീക്കുന്നതിനു വേണ്ട കാരണങ്ങൾ യാതൊന്നും തന്നെ പരമാർത്ഥത്തിൽ ഇല്ലാതിരുന്നാലും അയാളെ നീക്കേണ്ടതായി വരുമെന്നുള്ളതാകുന്നു. ഇതുതീരെന്യായമല്ലല്ലൊ. നേരെ മറിച്ചു അപേക്ഷയുടെ പരമാർത്ഥാവസ്ഥ എന്നു പറഞ്ഞിട്ടുള്ളതു കൊണ്ടു പ്രയോക്താവു ഉദ്ദേശിച്ചിരിക്കുന്നതു അപേക്ഷയിൽ പറഞ്ഞിട്ടുള്ള സംഗതികളുടെ പരമാർത്ഥാവസ്ഥയെപ്പററിയാണെങ്കിൽ, ശരിയായിട്ടുള്ള കാരണങ്ങൾ കാണിക്കാൻ കഴിയുന്ന പക്ഷം തറവാട്ടിലെ അംഗങ്ങളിൽ [illegible] ഭാഗം ആളുകളൊ അല്ലെങ്കിൽ ഏതെങ്കിലും ഒരു നിശ്ചിത ഭാഗം ആളുകളൊ അല്ലെങ്കിൽ ഒരു നിശ്ചിതഎണ്ണം ആളുകളോ ഇങ്ങിനെ ഒരു അപേക്ഷബോധിപ്പിക്കണം എന്നു നിർബന്ധം ഇല്ലാത്തസ്ഥിതിക്ക്, ആ വകുപ്പു അനന്തിരവന്മാരുടെ അധികാരത്തെ ന്യായരഹിതമായ വിധത്തിൽ തടയുകയാണു ചെയ്യുന്നതു എന്നാണു എന്റെ അഭിപ്രായം. കാരണവനെ മാററേണ്ടതിലേക്കു ശരിയായ കാരണം കാണിച്ചു ഒരു ഒററ അംഗം ഒരു അപേക്ഷ ബോധിപ്പിച്ചാൽ മതിയാകുമെന്നുള്ളതാണ്. അതിനാൽ അപേക്ഷയുടെ പരമാർത്ഥം എന്നു പറഞ്ഞിട്ടുള്ളതു കൊണ്ടു അതിന്റെ യാഥാർത്ഥ്യത്തെ മാത്രമാണ് ഉദ്ദേശിക്കുന്നതു എങ്കിൽ ഈ വകുപ്പു തീരെ ന്യായരഹിതമായി വരുന്നതാണെന്നാണു എനിക്കു തോന്നുന്നതു്. നേരെ മറിച്ചു ഞാൻ മുമ്പു പറഞ്ഞതു പോലെ അപേക്ഷയുടെ പരമാർത്ഥം എന്നു പറഞ്ഞതു കൊണ്ടു അപേക്ഷയിലുള്ള സംഗതികളുടെ യാഥാർത്ഥ്യത്തെയാണ് ഉദ്ദേശിക്കുന്നതു എങ്കിൽ തെററു ചെയ്യുന്ന കാരണവനെ കാരണവസ്ഥാനത്തു നിന്നു നീക്കുന്നതിനു അനന്തിരവർക്കുള്ള അധികാരത്തെ ന്യായരഹിതമായ വിധത്തിൽ തടയുകയുമാണ് ചെയ്യുന്നതു്.

൧൭-ാം വകുപ്പിൽനിന്നും തറവാട്ടുഭരണം നടത്തുന്നതിലേക്കു കാരണവനു കൂട്ടായി പ്രതിഫലം കൊടുക്കുകയാണോ ചെയ്യുന്നതു എന്നു വിശദമാകുന്നില്ല. ഒന്നാമതായി ഒരു തറവാട്ടിലെ കാരണവനു പ്രതിഫലം കൊടുക്കുക എന്നു പറയുന്നതുതന്നെ അയാളുടെ തറവാട്ടിലെ നിലയുടെ വില കുറക്കുകയാണ് ചെയ്യുന്നതു എന്നാണു എനിക്കു തോന്നുന്നതു്. ജനനംകൊണ്ടുതന്നെ അയാൾ ആ തറവാട്ടിലെ പ്രധാനിയാണു്. ആ തറവാട്ടിലെ കാര്യാന്വേഷണത്തിനു അയാൾക്കു അവകാശവും അധികാരവുംഉണ്ടു്. മററുള്ള അംഗങ്ങളെല്ലാം അയാൾക്കു കീഴടങ്ങി അയാളെ അനുസരിച്ചു നടക്കേണ്ടവരാണ്. അയാളെ എന്തോ ഒരു ശമ്പളക്കാരന്റെ നിലയിൽ ആക്കിത്തീർക്കുന്നതു അയാളുടെ സ്ഥാനത്തിനു യാതൊരുപ്രകാരത്തിലും വിലകൂട്ടുന്നതല്ല. രണ്ടാമതായി ഈ വകുപ്പിൽനിന്നും കാരണവനു കിട്ടുന്നതായ ഈ പ്രതിഫലത്തിൽനിന്നും അയാളുടെ ചിലവുകൾ കഴിക്കേണ്ടതാണെന്നോ അതല്ല തറവാട്ടുവസ്തുക്കളിൽനിന്നുള്ള ആദായത്തിൽനിന്നും ചിലവുകഴിച്ചുകൊള്ളുകയും ഇതിനുപുറമെ പ്രതിഫലമായി തറവാട്ട് ആദായത്തിലെ ഒരു ഭാഗം കൊടുത്തുകൊള്ളുവാൻ അനുവദിച്ചിരിക്കയാണോ എന്നും വിശദമാകുന്നില്ല.

സർ! ൧൮-ാം വകുപ്പു തീരെ ന്യായരഹിതമായ ഒന്നാണെന്നാണ് എനിക്കുതോന്നുന്നതു്. ആ ജാതിയിൽനിന്നുതന്നെ വിവാഹം ചെയ്യുന്ന അനന്തിരവരും വിവാഹം ചെയ്യാനെ ഉദ്ദേശിക്കാത്തവരോ സമുദായത്തിനുപുറമെനിന്നു വിവാഹംചെയ്യണമെന്നു ആശിക്കുന്നവരോ ആയ അനന്തിരവരും തമ്മിൽ പ്രത്യേകം ചിലവിനുകൊടുക്കുന്നതിനെ സംബന്ധിച്ചിടത്തോളം ഈ വകുപ്പുകൊണ്ടു ഒരു വ്യത്യാസം കല്പിക്കപ്പെട്ടിരിക്കുന്നു. മരുമക്കത്തായ തറവാടുകളെ സംബന്ധിച്ചു കോടതികളുടെ ഇപ്പോഴത്തെ പോക്കു അനന്തിരവർ തറവാട്ടുഗൃഹത്തിൽ താമസിച്ചിരുന്നാലും അതിനുപുറമെ താമസിച്ചിരുന്നാലും ഭാര്യാഗൃഹത്തിൽ താമസിച്ചിരുന്നാലും പ്രത്യേകം ചിലവിനുകൊടുക്കുന്നതിനെ അനുകൂലിച്ചുകൊണ്ടാണ്. കോടതികളുടെപോക്ക് — ക്രമേണ ഈ പോക്കു വദ്ധിച്ചുകൊണ്ടുതന്നെ വരുന്നു എന്നു പറയാം. തറവാട്ടിലെ എല്ലാഅംഗങ്ങൾക്കും പ്രത്യേകം ചിലവിനുകൊടുക്കണമെന്നാണ്. എന്നാൽ ഈ വകുപ്പുകൊണ്ടു ഇങ്ങിനെ പ്രത്യേകം ചിലവിനുകൊടുക്കുന്നതു ആ തറവാട്ടംഗങ്ങളിൽ സ്വസമുദായത്തിൽനിന്നു വിവാഹം ചെയ്യുന്നവർക്കു മാത്രമേ പാടുള്ളു എന്നു വന്നുചേരുന്നു. ഇതു യാതൊരുവിധത്തിലും സമ്മതിക്കാൻ പാടില്ലാത്തതും അർത്ഥമില്ലാത്തതുമായ ഒരു വ്യത്യാസമാണ്.

൧൯-ാം വകുപ്പിൽ ഇങ്ങിനെ പറഞ്ഞിരിക്കുന്നു.

പ്രത്യേകം താമസിച്ചു പ്രത്യേകം ചിലവിനുവാങ്ങുന്ന ഓരോ ഗൃഹസ്ഥനും അയാളുടെ കൂടെയോ അയാളുടെ രക്ഷകർത്തൃത്വത്തിലോ താമസിക്കുന്ന തറവാട്ടിലെ ഇതരമെമ്പർമാർക്കുള്ള ചിലവിനുകൂടി ആവശ്യപ്പെടുന്നതിനുള്ള അധികാരം ഉണ്ടായിരിക്കുന്നതാകുന്നു.

"ഇതര അംഗങ്ങൾ" എന്നു പറഞ്ഞിരിക്കുന്നതു ആരെ ഉദ്ദേശിച്ചാണെന്നു വിശദമാകുന്നില്ല. ഒരുപക്ഷേ അയാളുടേകൂടി താമസിക്കേണ്ടവർ എന്നു വിചാരിക്കേണ്ടിയിരിക്കുന്ന അയാളുടെ ഭാര്യയേയും സന്താനങ്ങളേയും ആയിരിക്കാം പ്രയോക്താവു് ഉദ്ദേശിക്കുന്നതു്. അങ്ങിനെയാണെങ്കിൽ അതു വിശദമായി പറയേണ്ടതാണ്. നേരേമറിച്ചു മററതെങ്കിലും അംഗത്തിനെയാണു ഉദ്ദേശിച്ചിരിക്കുന്നതു എങ്കിൽ ഗൃഹസ്ഥനല്ലാത്ത ഏതൊരു അംഗത്തിനും പ്രത്യേകം ചിലവിനു കിട്ടണമെന്നു ആവശ്യമുള്ളപക്ഷം ഭാര്യയോടും കുഞ്ഞുങ്ങളോടുംകൂടി താമസിക്കുന്ന ഒരു ഗൃഹസ്ഥന്റെകൂടെപോയി താമസിച്ചാൽമാത്രം മതിയാകുമെന്നുള്ളതുകൊണ്ടു് ഈ വകുപ്പു ബില്ലിലെ മുൻവകുപ്പുകളെ ഉപയോഗശൂന്യങ്ങളാക്കിച്ചെയ്യുന്നു. ഇങ്ങിനെ ഒരിക്കലും ഉദ്ദേശിച്ചിരിക്കാൻ തരമില്ലല്ലോ.

മി: എം. ശിവതാണുപിള്ള (തോവാള): ഗൃഹസ്ഥന്റെകൂടി താമസിക്കുന്ന മൈനറന്മാർകൂടി ഉൾപ്പെടുന്നില്ലയോ?

മി: ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): ഗൃഹസ്ഥന്റെകൂടിതാമസിക്കുന്ന അയാളുടെ ഭാര്യയേയും സന്താനങ്ങളേയുംഉദ്ദേശിച്ചായിരിക്കാം ഒരു പക്ഷേ പ്രയോക്താവു ഇപ്രകാരം പറഞ്ഞിട്ടുള്ളതു എന്നും അങ്ങിനെയാണെങ്കിൽ പ്രത്യേകം അതെടുത്തു പറയേണ്ടതാണെന്നും മാത്രമേ ഞാൻ പറഞ്ഞുള്ളു.

൨൦-ാംവകുപ്പിൽ ഇങ്ങിനെ പറഞ്ഞിരിക്കുന്നു.

മുൻ വകുപ്പിൽ പ്രസ്ഥാപിച്ചിട്ടുള്ളതുപോലെ ചിലവിനു കൊടുക്കുന്നതിനു കാരണവൻ നിഷേധിക്കയോ അമാന്തിക്കയോ ചെയ്യുന്നു എങ്കിൽ അപ്രകാരംഉള്ള ഒരു മെമ്പറിനു തറവാട്ടുവസ്തുക്കളിൽ അയാൾക്കു അവകാശമുള്ളിടത്തോളവും- അയാളുടെകൂടേയൊ രക്ഷാകർത്തൃത്വത്തിൻകീഴിലോ താമസിക്കുന്ന മററംഗങ്ങൾക്കു അവകാശപ്പെട്ടിട്ടുള്ളിടത്തോളം ഭാഗവും കൈവശം കിട്ടുന്നതിനുള്ള അവകാശം ഉണ്ടായിരിക്കുന്നതും ഇപ്രകാരമുള്ള വസ്തുക്കളെ സംബന്ധിച്ചിടത്തോളം ഈ അദ്ധ്യായത്തിൽ കാരണവനു ഉണ്ടെന്നു വിവരിച്ചിട്ടുള്ള അധികാരങ്ങളും ചുമതലകളും ഉണ്ടായിരിക്കുന്നതും ആകുന്നു.

ഈ വകുപ്പും ഭാഗത്തിനുള്ള വകുപ്പും ആളോഹരിയായോ താവഴിക്രമം അനുസരിച്ചോ അല്ലെങ്കിൽ നാഞ്ചിനാട്ടുവെള്ളാളർ അംഗീകരിച്ചിട്ടുള്ളതുപോലെ മദ്ധ്യസ്ഥമായ മററൊരുവഴിയോ അനുസരിച്ചു ഭാഗിക്കേണ്ടതു എന്നുള്ളതിനെപ്പററി വ്യവസ്ഥപ്പെടുത്തിയിട്ടില്ലെന്നുള്ള ഒരു ആക്ഷേപത്തിനു ഇടകൊടുക്കുന്നുണ്ട്. ഭാഗിക്കേണ്ടതു ഇന്നപ്രകാരത്തിലാണെന്നും ഓരോ അംഗത്തിനും എത്ര ഭാഗത്തിനു അവകാശമുണ്ടെന്നും മററും ഉള്ള ഭാഗങ്ങൾ വിവരിക്കുന്ന ഒരു വകുപ്പുകൂടി ഉണ്ടായിരിക്കേണ്ടതാകുന്നു.

൨൨-ം ൨൩-ം വകുപ്പുകളെ സംബന്ധിച്ചു ഈ ബിൽ നായർ റഗുലേഷനിലെ വ്യവസ്ഥകളെ അവഗണിച്ചിരിക്കുന്നു എന്നുള്ള ആക്ഷേപം ഇതിനുമുമ്പു തന്നെ പറയപ്പെട്ടിട്ടുള്ളതാണല്ലോ. നായർറെഗുലേഷനിലെ വ്യവസ്ഥകളെ ഇതിലെ വ്യവസ്ഥകൾ ബാധിക്കുന്നതല്ലെന്നു ഒരു വകുപ്പു ഈ ബില്ലിൽ ഉൾപ്പെടുത്തികൊള്ളാമെന്നു മാന്യപ്രയോക്താവുതന്നെ സമ്മതിച്ചിട്ടുള്ളതുകൊണ്ടു് ഇവയെപററി കൂടുതലായിഒന്നുംതന്നെ പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല. ഭാഗത്തെ സംബന്ധിച്ചിടത്തോളം ആ വ്യവസ്ഥക്കു യാതൊരു അർത്ഥവും യാതൊരു ഉപയോഗവും ഇല്ലാത്തതായിട്ടാണ് എനിക്കു തോന്നുന്നതു്. എന്തുകൊണ്ടെന്നാൽ ഒരുപക്ഷേ ബലശക്തിഉപയോഗിച്ചാൽ സാധിക്കുമെന്നല്ലാതെ മററുയാതൊരു പ്രകാരത്തിലും കാരണവന്റെ സമ്മതത്തോടുകൂടി ഒരു മരു

മക്കത്തായതറവാട്ടിൽ ഭാഗാനടത്തുവാൻ സാധിക്കയില്ലെന്നാണു എന്റെ അനുഭവംകൊണ്ടു എനിക്കു മനസ്സിലായിട്ടുള്ളതു്. അതിനാൽ ഇതു ഉപദ്രവകാരിയല്ലെങ്കിലും ഉപയോഗശൂന്യമായ ഒരു വകുപ്പാകുന്നു. കാര്യമായി വല്ലതും സാധിക്കണമെന്നു എന്റെ നംപൂതിരിസ്നേഹിതന്മാൎക്കു ഉദ്ദേശമുള്ളപക്ഷം ഇതിനെ പ്രായോഗികമാക്കിത്തീൎക്കേണ്ടതു അത്യാവശ്യമാണു്.

സർ! ഈ ബില്ലിലെ തത്വത്തെപ്പറ്റി ചൎച്ചചെയ്യുന്നതിനു അസാധാരണമായ വിധത്തിൽ ഞാൻ ഇത്രവളരെ സമയം വിനിയോഗിച്ചതിന്റെ കാരണം ഈ സഭയിൽവേണ്ടിടത്തോളം പ്രാതിനിധ്യം ലഭിക്കുന്നതിനുള്ള ഭാഗ്യം സിദ്ധിച്ചിട്ടില്ലാത്തതും ഇംഗ്ലീഷ് ഭാഷയിൽ വേണ്ടപരിജ്ഞാനം സിദ്ധിച്ചിട്ടുള്ളവർ ഇല്ലാത്തതും നിയമസംബന്ധമായോ നിൎമ്മാണസംബന്ധമായോ ഉള്ള വിഷയങ്ങളിൽ പ്രാഗത്ഭ്യം ഉള്ള ആളുകൾ ഇല്ലാത്തതും ആയ ഒരു സമുദായത്തെ ബന്ധിക്കുന്ന ഇത്തരം ഒരു ബില്ലിനെക്കുറിച്ചു് ഈ സഭയിൽ ഉള്ള അംഗങ്ങൾ എല്ലാം അവരാൽ കഴിയുന്നിടത്തോളം കൂടുതൽ ശ്രദ്ധപതിപ്പിക്കുകയും പതിപ്പിച്ചിട്ടുള്ളതായി കാണിക്കുകയും ചെയ്യണമെന്നു അതില്ലാതെ ഒരൊറ്റ സംഗതിയെ സംബന്ധിച്ചുവേണ്ടപോലെ പരിശോധിക്കാതെ ബിൽ കൌൺസിലിൽകൂടി കടന്നുപോകുന്നതിനു അനുവദിച്ചുകൂടാ എന്നും എനിക്കു തോന്നുന്നതുകൊണ്ടു മാത്രമാകുന്നു. ഈ ബില്ലിനെ സംബന്ധിച്ചു വിപരീതാഭിപ്രായം ഉണ്ടെന്നു എനിക്കു നല്ലപോലെ അറിയാം. ആ അഭിപ്രായമുള്ളവർ ഈ സഭയിൽ ഇല്ലെന്നുള്ളതാണ്. മുൻപറഞ്ഞതുപോലെ എനിക്കു തോന്നുവാനുള്ള പ്രത്യേകകാരണം. ഇത്രയും പറഞ്ഞുകൊണ്ടു ഈ ബില്ലിൽ അടങ്ങിയിരിക്കുന്ന സാമാന്യതത്വത്തെ, സർവസാമാന്യതത്വത്തെ, അനുകൂലിക്കുന്നതിൽ എനിക്കു അതിയായ സന്തോഷമുണ്ടു്.

സഭ ഉച്ചതിരിഞ്ഞു ൧—൦ ൦—ന് ലഘുഭക്ഷണത്തിനായി പിരിഞ്ഞു ൨. മണിക്കുവീണ്ടും യോഗനടപടികൾ ആരംഭിച്ചു.

മി: സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കര—കുന്നത്തൂർ): സർ! മിസ്റ്റർ ഉപ്പൻനംപൂതിരിപ്പാടിനാൽ അവതരിപ്പിക്കപ്പെട്ടിട്ടുള്ള ഈ ബില്ലിൽ അടങ്ങിയിരിക്കുന്ന സാമാന്യതത്വത്തെ അംഗീകരിക്കുന്നതിൽ എനിക്കും അതിയായ സന്തോഷം ഉണ്ടു്. നംപൂതിരിസമുദായത്തിന് ഇപ്രകാരമുള്ള ഒരു ബിൽ ആവശ്യമുണ്ടോ ഇല്ലയോ എന്നുള്ളതിനെ സംബന്ധിച്ചു നാം എല്ലാപേരും ഒരേ അഭിപ്രായക്കാർ ആണല്ലോ. ഈബില്ലിൽ അടങ്ങിയിരിക്കുന്ന അഭിപ്രായങ്ങൾക്കു നേരെ വിപരീതമായ അഭിപ്രായങ്ങളുള്ളവരായ സമുദായാംഗങ്ങൾ ഈ സഭയിൽ ഇല്ല എന്നുള്ള മിസ്റ്റർ ചങ്ങനാശേരി പരമേശ്വരൻപിള്ളയുടെ അഭിപ്രായത്തോടു ഞാനും പൂൎണ്ണമായി യോജിക്കുന്നു. അന്വേഷണത്തിൽ ഈ സഭയിലുള്ള മൂന്നു നംപൂതിരി മെംബറന്മാരും ബില്ലിനെ സംബന്ധിച്ചു ഒരേതരത്തിലുള്ള അഭിപ്രായക്കാരാണെന്നാണ് എനിക്കു ഇന്നലെ അറിവാൻ ഇടയായതു്. ബില്ലിൽ അടങ്ങിയിരിക്കുന്ന വ്യവസ്ഥകൾക്കു വിപരീതമായ അഭിപ്രായങ്ങൾ ഉള്ളവരായി ആരെങ്കിലും ഈ സമുദായത്തിൽ ഉണ്ടോ എന്ന് ഞാൻ മിസ്റ്റർ ഉപ്പൻ നംപൂതിരിയോടുതന്നെ ചോദിച്ചു. വളരെ വളരെ കുറച്ചു പേർ മാത്രമേ ഉള്ളൂ എന്നു അദ്ദേഹം എന്നോടു മറുപടി പറകയും ഉണ്ടായി. സർ! വളരെ കുറച്ചു പേർ മാത്രമേ ഉള്ളൂ എന്നുവരികിലും അവരെയും ഈ സഭപ്രതിനിധീകരിക്കേണ്ടതാണെന്നാണു എന്റെ അഭിപ്രായം. അല്ലാത്തപക്ഷം ഈഴവ റെഗുലേഷനെ പറ്റി നാം ആലോചിച്ചു കൊണ്ടിരുന്ന അവസരത്തിൽ നമുക്കനേരിട്ടതു പോലെയുള്ള ബുദ്ധിമുട്ടുകൾ ഇതിലും നേരിടാൻ ഇടയുള്ളതാകുന്നു. മിശ്രഭോജനക്കാരും ഏതുകക്ഷികളും തമ്മിലുള്ള അഭിപ്രായവ്യത്യാസത്തിന്റെ ഫലമായി ആ ബില്ലിനെ നിയമമാക്കുന്ന വിഷയത്തിൽ നമുക്കു നേരിട്ടയഥാൎത്ഥബുദ്ധിമുട്ടുകളെ സംബന്ധിച്ചു നമുക്കു എല്ലാപേൎക്കും നല്ലപോലെ അറിയാമെന്നുള്ളതാണല്ലോ. ഈഴവരിൽ ഒരു അഭിപ്രായക്കാർ "ഏറ്റവും ചെറിയ ഒരു വിഭാഗം എന്നു" അഭിധാനം ചെയ്തിരുന്നതിൽ യഥാൎത്ഥത്തിൽ എത്ര പേർ ഉണ്ടായിരുന്നു എന്നു ഈയിടെ പ്രസിദ്ധം ചെയ്തിട്ടുള്ള ഗസററുകൾ ശ്രദ്ധാപൂൎവ്വം വായിച്ചു നോക്കുന്ന ഏവനും നല്ലപോലെ മനസ്സിലാകുമെന്നുള്ളതാകുന്നു. ഈ ബില്ലിലെ "തറവാടും അതിന്റെ ഭരണവും" എന്ന അദ്ധ്യായം ശ്രദ്ധാപൂൎവ്വം വായിച്ചു നോക്കുന്നപക്ഷം ഒരുനംപൂതിരിതറവാട്ടിലെ കാരണവനു അയാളുടെ കൃത്യനിൎവഹണം മിക്കവാറും അസാദ്ധ്യമാക്കിത്തീൎത്തിട്ടുള്ളതായി മനസ്സിലാകുമെന്നുള്ളതാകുന്നു. സർ! ഈ അദ്ധ്യായത്തിൽ അനേകവകുപ്പുകൾ ഉള്ളവയെ ശരിയായി മനസ്സിലാക്കുന്നപക്ഷം തറവാട്ടിലേക്കു പിരിഞ്ഞുകിട്ടുവാനുള്ള മുതലിനെ വസൂൽ ചെയ്യുന്നതിനുള്ള അധികാരം കാരണവനുണ്ടെന്നു വരികിലും തറവാട്ടിലെ പ്രായപൂൎത്തിവന്ന അംഗങ്ങളിൽ ഭൂരിപക്ഷവും അനുകൂലിക്കുന്നുവെങ്കിൽ മാത്രമേ സാധാരണയായുള്ള തറവാട്ടാവശ്യങ്ങൾക്കുപോലും പണം ചിലവാക്കുന്നതിനു അയാൾക്കു അധികാരമുള്ളൂ എന്നു കാണുന്നതാണു്. ഈ സംഗതിയെപ്പറ്റി നംപൂതിരിതറവാട്ടിലെ കാരണവന്മാൎക്കുവിപരീതാഭിപ്രായം ഉണ്ടായിരിക്കാനേ ഇടയുള്ളുവല്ലോ. കാരണവനു വസ്തു കൈമാറ്റം ചെയ്യുന്നതിനുള്ള അധികാരത്തെ സംബന്ധിച്ചും ഏതാനും ചില വകുപ്പുകൾ ഉണ്ടു്. ഇവ ൭-ം ൮-ം ൯-ം വകുപ്പുകൾ ആകുന്നു. ഇവയെ സൂക്ഷ്മമായി പരിശോധിക്കുന്നപക്ഷം അവയെപ്പറ്റി പുനരാലോചിച്ചു പുതുക്കേണ്ട ആവശ്യമുണ്ടെന്നു കാണുമെന്നുള്ളതാകുന്നു. സാധാരണയായി ഒരു കാരണവനിൽ ലയിച്ചിട്ടുള്ള അധികാരങ്ങൾപോലും ഈ വകുപ്പുകൾമൂലം തടയപ്പെട്ടിരിക്കുന്നതായി കാണുന്നു. ബില്ലിലെ മറെറാരുവകുപ്പുകൊണ്ടു ഒരു നംപൂതിരി തറവാട്ടിലെ ഒരു അംഗത്തിനു ജനനംകൊണ്ടു സിദ്ധിക്കുന്നതായ അവകാശത്തെപ്പോലും അയാളിൽ നിന്നും എടുത്തുകളഞ്ഞിരിക്കുന്നതായി കാണുന്നു. ൧൨-ാംവകുപ്പിനെപ്പററിയാണു ഞാൻ പറയുന്നതു്. അതിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു.

ഒരു കാരണവൻ മരിക്കുകയോ കാരണവസ്ഥാനം ഒഴിയുകയോ കാരണവസ്ഥാനം ത്യജിക്കുകയോ കാരണവസ്ഥാനത്തുനിന്നും നീക്കപ്പെടുകയോ ചെയ്യുമ്പോൾ മൂപ്പുമുറയനുസരിച്ചു പ്രായപൂൎത്തിവന്നിട്ടുള്ള ഓരോ പുരുഷനും അയാളുടെ അഭാവത്തിൽ പ്രായപൂൎത്തിവന്നിട്ടില്ലാത്ത ഒരു പുരുഷനു പ്രായപൂൎത്തിവരുന്നതുവരെ പ്രായപൂൎത്തിവന്നിട്ടുള്ള ഓരോ സ്ത്രീക്കും തറവാട്ടിലെ കാരണവനായിരിക്കുന്നതിനുള്ള അധികാരമുണ്ടു്. എന്നാൽ ശരീരസംബന്ധമായോ മാനസികമായോ ഉള്ള ശേഷിക്കുറവിനാൽ തറവാടു ഭരിക്കുന്നതിനു അയോഗ്യനോ പാപ്പരായിട്ടുള്ളവനോ ആയ ഒരുവനു ഇതിനു അവകാശമുണ്ടായിരിക്കുന്നതല്ല

ഈ വകുപ്പുകൊണ്ടു ഒരു നംപൂതിരി തറവാട്ടിലെ ഒരു ഇളമുറക്കാരൻ ഏതെങ്കിലും കാരണവശാൽ കാരണവനാകുന്നതിനും ഏതെങ്കിലും ഒരു കോടതിയിൽ ഒരു പാപ്പർ ഹർജി ബോധിപ്പിക്കുന്നതിനും ഇടയാകുന്നപക്ഷം

ഈ ഒരു കാരണം കൊണ്ടുമാത്രം അയാൾ തറവാട്ടിൽ കാരണവൻ ആകുന്നതിനു അയാൾക്കു ജനനംകൊണ്ടുതന്നെ സിദ്ധിച്ചിട്ടുള്ള അവകാശത്തെ അയാളിൽനിന്നും എടുത്തുകളയുന്നതായി കാണുന്നതാകുന്നു. സർ! എന്നാൽ ഈ അദ്ധ്യായത്തെ ശ്രദ്ധാപൂർവ്വം വായിച്ചുനോക്കുന്നപക്ഷം ഒരു നംപൂതിരി തറവാട്ടിലെ കാരണവന്റെ അധികാരങ്ങളെ ന്യായരഹിതമായവിധത്തിൽ നിയന്ത്രണം ചെയ്തിരിക്കുന്നതായി വിശദമാകുന്നുണ്ട്. അതിനാൽ ഈ സഭയുടെ അനൌദ്യോഗസ്ഥഭാഗത്തുള്ളവരായ ഞങ്ങൾ ഒരു കാരണവനോ അല്ലെങ്കിൽ കാരണവന്റെ അഭിപ്രായത്തെ പ്രതിനിധീകരിക്കുന്നതിനു മറ്റൊരെങ്കിലും ഒരാളോ ഈ സഭയിൽ ഉണ്ടായിരിക്കേണ്ടതാണെന്നു ആശിക്കുന്നതാണ്.

മി: ജി. ശങ്കരൻപോററി (സംയുക്തമെമ്പർ): ബില്ലിന്റെ പ്രയോക്താവുതന്നെ ഒരു കാരണവൻ ആണെന്നു മെമ്പറിനു അറിയാമോ?

മി: സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): അദ്ദേഹം ഒരു കാരണവൻ ആണെന്നു വിചാരിക്കുന്നതിൽ വിരോധമില്ല. എന്നാൽ ഈ ബില്ലിനെ സംബന്ധിച്ചുമാത്രം പറയുകയാണെങ്കിൽ അദ്ദേഹത്തിന്റെ അഭിപ്രായത്തെ ഒരു യുവകാരണവന്റെ അഭിപ്രായമായി മാത്രമേ ഗണിക്കുവാൻ പാടുള്ളു എന്നാണു എനിക്കു തോന്നുന്നതു്.

മി: സി. എൻ. ഇപ്പൻ നമ്പൂതിരി (ജന്മി മെമ്പർ): ഞാനും ഒരു കാരണവനാണെന്നുള്ള സംഗതി മെമ്പർക്കറിയാമോ?

മി: സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): സാധാരണയായി ഒരു കാരണവനിൽനിന്നും ഉണ്ടാകുമെന്നു ആശിക്കാവുന്നവരായ അഭിപ്രായങ്ങൾ ഉള്ള ഒരു കാരണവനായി ഞാൻ മിസ്റ്റർ ഇപ്പൻ നംപൂതിരിയെ ഗണിക്കുന്നില്ല.

മി: ജി. ശങ്കരൻപോററി (സംയുക്തമെമ്പർ): നായർറെഗുലേഷൻ ഈ സഭയിൽ അവതരിപ്പിക്കപ്പെട്ടിരുന്ന അവസരത്തിൽ കാരണവന്മാരുടെ അഭിപ്രായഗതിയെ പ്രതിനിധീകരിക്കുന്നതിനായി മെമ്പറന്മാരായി ഈ സഭയിൽ ചില കാരണവന്മാർ കൂടി ഉണ്ടായിരുന്നു എന്നാണോ ഞാൻ മെമ്പർ പറയുന്നതിൽനിന്നും മനസ്സിലാക്കേണ്ടതു്.

മി: സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കര കുന്നത്തൂർ): അതെ ധാരാളം കാരണവന്മാർ ഉണ്ടായിരുന്നു. ഈഴവറെഗുലേഷൻ ആലോചനക്കു വിഷയമായിരുന്ന കാലത്തു മക്കത്തായക്കാരെ പ്രതിനിധീകരിക്കുന്നതിനു ഒരു മെമ്പറേയും മിശ്രദായക്കാരെ പ്രതിനിധീകരിക്കുന്നതിനു മറ്റൊരു മെമ്പറേയും ഇങ്ങിനെ രണ്ടു മെമ്പറന്മാരെക്കൂടി കൂടുതലായി സംയോജിപ്പിച്ചിട്ടുണ്ടായിരുന്നുവല്ലോ. അതുപോലെതന്നെ ഈ ബില്ലിനെ സംബന്ധിച്ചും ഈ സമുദായത്തിലെ ഭിന്ന ഇനക്കാരെ അതായതു ഭിന്നാഭിപ്രായക്കാരെ പ്രതിനിധീകരിക്കുന്നതിനു ഈ സഭയിൽ ആളുകളെ സംയോജിപ്പിക്കാമായിരുന്നു എന്നുമാത്രമാണു ഞാൻ പറയുന്നതു്.

മി: എൻ. കുമാരൻ (നിയമിതമെമ്പർ) ഈഴവറെഗുലേഷൻ ഈ കൌൺസിലിന്റെ ആലോചനക്കു വിഷയമായിരുന്ന കാലത്തു ഈ സഭയിൽ ഒരു മരുമക്കത്തായ ഈഴവൻപോലും ഉണ്ടായിരുന്നില്ല എന്നുള്ള സംഗതി ഞാൻ മിസ്റ്റർ സി. പി. കൊച്ചുകുഞ്ഞുപിള്ളയെ ഓർമ്മിപ്പിച്ചുകൊള്ളട്ടെ.

മി: സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): മിശ്രദായക്കാരുടെ അഭിപ്രായത്തിനു എതിരായ അഭിപ്രായം ഉണ്ടായിരുന്ന സമുദായ വിഭാഗത്തെ ഉദ്ദേശിച്ചുമാത്രമാണു ഞാൻ പറഞ്ഞതു. ഇതാണു കൌൺസിലിന്റെ ശ്രദ്ധക്കു ഞാൻ ആദ്യമായി വിഷയീഭവിപ്പിക്കുന്ന പായിന്റ്. ഇതിനുമുമ്പു സംസാരിച്ച മെമ്പറന്മാർ പറഞ്ഞിട്ടുള്ള ആക്ഷേപങ്ങളെ മുൻനിർത്തി ഈ ബില്ലിനെ സംബന്ധിച്ചു ശ്രദ്ധാപൂർവ്വം ആലോചിക്കേണ്ടതായിരിക്കുന്നു. ഈ ബില്ലിലെ ഓരോ വകുപ്പുകളേയും ഞാൻ വായിച്ചുനോക്കിയപ്പോൾ മിക്കവാറും എല്ലാവകുപ്പുകളും തന്നെ പുനരാലോചനക്കു വിഷയമാക്കേണ്ടതാണെന്നു എനിക്കു തോന്നി. ബില്ലിനെപ്പററി സംപൂർണ്ണമായി ആലോചിക്കുന്നതിനു ഇനിയും ഒരവസരം ഉണ്ടെന്നുള്ളതുകൊണ്ടു, ആ ഭാഗങ്ങളെ പററി ഇവിടെ ഇപ്പോൾ വിവരിക്കണമെന്നു ഞാൻ ഉദ്ദേശിക്കുന്നില്ല. ഈ ബില്ലിൽ ഇപ്പോൾ കൊച്ചിയിൽ ആലോചനയിൽ ഇരിക്കുന്ന ബില്ലിലെ വ്യവസ്ഥകൾക്കു വിപരീതമായി ഏതാനും വ്യവസ്ഥകൾ ഉണ്ടെന്നുള്ളതിനു പുറമെ ഈ ബില്ലിൽ ഇല്ലാത്ത ഏതാനും വകുപ്പുകൾ കൊച്ചിയിലെ ബില്ലിൽ ഉള്ളതായും കാണുന്നു. ഇതിനു മുമ്പു സംസാരിച്ചവർ ബില്ലിലെ എല്ലാ വകുപ്പുകളേയും സംബന്ധിച്ചു കൂലംകഷമായി പ്രതിപാദിച്ചിട്ടുള്ളതുകൊണ്ടു അവയെപ്പററി സംസാരിച്ചു സഭയുടെ വിലയേറിയ സമയം വ്യയം ചെയ്യിക്കണമെന്നു ഞാൻ ഉദ്ദേശിക്കുന്നില്ല. ബില്ലിലെ ഓരോ വകുപ്പുകളേയും സംബന്ധിച്ചു പ്രത്യേകം പ്രത്യേകം വിമർശനം ചെയ്യേണ്ട ആവശ്യമുണ്ടെന്നും എനിക്കു തോന്നുന്നില്ല. അതിനാൽ ഞാൻ ഇപ്പോൾ ഇവിടെ പ്രസ്താവിക്കണമെന്നു വിചാരിക്കുന്നതു ബില്ലിനു അടിസ്ഥാനമായിരിക്കുന്ന തത്വത്തെ ഞാൻ അംഗീകരിക്കുന്നു എന്നുള്ളതു മാത്രമാകുന്നു. നംപൂതിരി തറവാടുകളെ സംബന്ധിക്കുന്ന ഇങ്ങനെ ഒരു ബിൽ ഹാജരാക്കുന്നതിൽ മി: ഇപ്പൻ നംപൂതിരിക്കുള്ള പ്രധാന ഉദ്ദേശവും അദ്ദേഹത്തിന്റെ തത്സംബന്ധമായ ശ്രമങ്ങളും സ്തുത്യർഹംതന്നെ. അദ്ദേഹം ഈ ബില്ലിൽ അവതരിപ്പിച്ചതിൽ എനിക്കു് അതിയായ സന്തോഷമുണ്ടു്. ഇപ്പോൾ ഇവിടെ പറഞ്ഞിട്ടുള്ളവയും ഈ സഭാംഗങ്ങൾ മേലാൽ പറവാൻ ഇടയുള്ളവയും ആയ വിമർശനങ്ങളെ ലാക്കാക്കി ഈ ബില്ലിനെപ്പററി ചർച്ച ചെയ്യേണ്ടതാകുന്നു.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സർ! ഇതു നംപൂതിരിസഹോദരന്മാർ അവരുടെ കുടുംബകാര്യങ്ങൾ ക്രമപ്പെടുത്തുന്നതിനു ചെയ്യുന്ന ഒരു ശ്രമം ആണല്ലോ. ആ നിലക്കു ഇതു സ്തുത്യർഹമായ ഒരു സംഗതിതന്നെ എന്നാണു എനിക്കു തോന്നുന്നതു്. ഈ ബില്ലിന്റെ മാന്യപ്രയോക്താവായ മി: ഇപ്പൻ നംപൂതിരിപ്പാടു ഈ ഉദ്ദേശ്യസാദ്ധ്യത്തിനായി രണ്ടു പ്രധാനമാർഗ്ഗങ്ങളാണു നിർദ്ദേശിക്കുന്നതു്. ഒന്നാമത്തേതു ആ സമുദായത്തിൽനിന്നുതന്നെ വിവാഹം ചെയ്യുന്നതിനുള്ള ആഗ്രഹം സമുദായാംഗങ്ങളായ പുരുഷന്മാരിൽ അങ്കുരിപ്പിച്ചു വളർത്തുക എന്നുള്ളതും രണ്ടാമത്തേതു തറവാട്ടുഭരണത്തെ ക്രമപ്പെടുത്തുക എന്നുള്ളതും ആകുന്നു. ഉളിക്കുമാററത്തിന്റെ പ്രഥമഭാഗത്തെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ നംപൂതിരി പുരുഷന്മാർ

ഇപ്പോൾ അവരുടെ സമുദായത്തിൽനിന്നുമാത്രമല്ല കോയിത്തമ്പുരാക്കന്മാർ, തമ്പുരാക്കന്മാർ, രാജാക്കന്മാർ, നായന്മാർ, ഇവരുടെ ഇടയിലുള്ള വർണ്ണന്മാർ മുതലായ അന്യസമുദായങ്ങളിൽ നിന്നുംകൂടി വിവാഹം ചെയ്യുന്നുണ്ടെന്നു ഉടൻതന്നെ പറയാമെന്നുള്ളതാകുന്നു. ഇതിൽനിന്നും നംപൂതിരി സമുദായത്തിലുള്ള പുരുഷന്മാർക്കു അനേകസമുദായങ്ങളിൽ വിവാഹം ചെയ്യുന്നതിനുള്ള സ്വാതന്ത്ര്യം ഉണ്ടെന്നും സ്ത്രീകൾക്കു ഇങ്ങിനെ ഒരു സ്വാതന്ത്ര്യം ഇല്ലെന്നും വിശദമാകുന്നാണല്ലോ. (ചിരി) മി: ഇപ്പൻ നംപൂതിരിയുടെ അഭിപ്രായം അനുസരിച്ചു പരിഷ്കരിക്കേണ്ട സംഗതികളിൽ ഒന്നു ഇതാകുന്നു. നിവൃത്തിയുള്ളിടത്തോളം നംപൂതിരിസമുദായത്തിലെ എല്ലാ അംഗങ്ങളേയും ആ സമുദായത്തിൽനിന്നു തന്നെ വിവാഹം ചെയ്യിക്കുന്നതിനാണ് മി: ഇപ്പൻ നംപൂതിരി ശ്രമിക്കുന്നതും ആശിക്കുന്നതും. ഇതു സാധിക്കുവാനായി ചിലവിനു കിട്ടുന്നതിനുള്ള അവകാശത്തെ സംബന്ധിച്ചും ഭാഗം ചോദിക്കുന്നതിനുള്ള അധികാരത്തെ സംബന്ധിച്ചും മററും സ്വസമുദായത്തിൽ തന്നെ വിവാഹം ചെയ്യുന്ന നംപൂതിരിമാരോടും അന്യസമുദായങ്ങളിൽ വിവാഹം ചെയ്യുന്ന നംപൂതിരിമാരോടും വ്യത്യസ്തമായ നിലകളിൽ പെരുമാറുന്നതായ ചില വ്യവസ്ഥകളെ ഈ ബില്ലിൽ അദ്ദേഹം ഉൾപ്പെടുത്തിയിരിക്കുന്നു. ഈ വ്യവസ്ഥകളിൽ ചിലതു നംപൂതിരി പുരുഷന്മാരെ അവരുടെ സമുദായത്തിനുള്ളിൽ നിന്നുതന്നെ വിവാഹം ചെയ്യുന്ന വിഷയത്തിൽ പ്രോത്സാഹിപ്പിക്കുന്നുണ്ട്. ഈ ബില്ലിലെ വ്യവസ്ഥകൾ നോക്കിയതിൽ എനിക്കു തോന്നുന്നതു ഇപ്രകാരം ആകുന്നു. ഇതു അഭിലഷണീയമായ ഒരു സംഗതിതന്നെ. ഇതിനെ സംബന്ധിച്ചു ആർക്കും വിപരീതാഭിപ്രായമുണ്ടാകേണ്ട ആവശ്യവുമില്ല. എന്നാൽ ഞാൻ അല്പംമുമ്പു പറഞ്ഞതുപോലെ കുറെക്കാലമായി ഈ നംപൂതിരിമാർ മററനേകം സമുദായങ്ങളിൽനിന്നും വിവാഹം ചെയ്തുവരുന്ന ഒരു ഏർപ്പാടു നടപ്പിൽ ഇരിക്കുന്നു എന്നു വ്യസനസമേതം പറയേണ്ടിയിരിക്കുന്നു. അപ്പോൾ തല്ക്കാലസ്ഥിതികളേയും വിവാഹബന്ധങ്ങളുടെ മുൻചരിത്രങ്ങളേയും ഇതു പെട്ടെന്നു അവഗണിക്കുക എന്നുള്ളതു ഈ കൌൺസിൽ ചെയ്യാവുന്ന ഒരു സംഗതിയാണോ എന്നു ഒരു ചോദ്യത്തിനിടയാകുന്നു. മിസ്റ്റർ ഇപ്പൻനംപൂതിരി പറയുന്നതുപോലെ അദ്ദേഹത്തിന്റെ സമുദായത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി മുൻപറഞ്ഞപ്രകാരം കഴിഞ്ഞ കാലങ്ങളിലെ വിവാഹബന്ധങ്ങളെ നിശ്ശേഷം അവഗണിക്കണം എന്നുള്ള അഭിപ്രായത്തെ ഞാൻ ബലമായി എതിർക്കുകതന്നെ ചെയ്യും. കൂടുതൽ ആളുകൾ ഈ ലോകത്തിൽ ഉണ്ടാകുന്നതിനു കാരണഭൂതന്മാരാകുന്ന ആളുകൾതന്നെ അവർക്കു ആഹാരം നൽകുന്നതിനുള്ള ചുമതലയും വഹിക്കേണ്ടതാണെന്നുള്ള സംഗതി ഞാൻ പലപ്പോഴും ഈ സഭയിൽവച്ചു പ്രസ്താപിച്ചിട്ടുള്ളതാണല്ലോ. ഇതിൽ യാതൊരുത്തർക്കും വിപരീതാഭിപ്രായം ഉണ്ടാകാൻ പാടില്ലാത്തതും വളരെ ന്യായവും യുക്തവും ആയിട്ടുള്ളതും ആകുന്നു. യഥാർത്ഥം നോക്കുകയാണെങ്കിൽ എല്ലാ സ്ഥലത്തേയും നിയമനിർമ്മാണത്തിന്റെ പോക്കു ഇപ്രകാരമാണ്. ന്യായരഹിതമായി ജനിക്കുന്ന സന്താനങ്ങളെ സംബന്ധിച്ചുപോലും കോളനികളിലെ നിയമം ഇത്തരത്തിലുള്ള സന്താനങ്ങൾക്കു ബുദ്ധിമുട്ടു നേരിടാതിരിക്കുന്നതിനു അവരുടെ യഥാർത്ഥ പിതാക്കന്മാരെ കണ്ടുപിടിക്കുന്നതിനു വേണ്ട ശ്രമം ചെയ്യുന്ന വിഷയത്തിൽ വളരെ കഠിനമായിരിക്കയാണ്. മററു രാജ്യങ്ങളിലെ നിയമനിർമ്മാണത്തിന്റെ പോക്കു ഇപ്രകാരമാകയാലും ന്യായം എന്നുള്ള തത്വത്തിനു ഇതു ഏററവും യോജിച്ചിരിക്കകൊണ്ടും, അന്യസമുദായങ്ങളിൽ വിവാഹം ചെയ്യുന്നതിനു നംപൂതിരിമാരെ അനുവദിച്ചിട്ടു തൽഫലമായി അവരിൽ ലയിക്കുന്ന ചുമതലകളെ നിർവ്വഹിക്കാതെ കഴിപ്പാൻ അവരെ അനുവദിക്കണമെന്നു പറയുന്ന അഭിപ്രായത്തോടു യോജിക്കുന്നതിനു ഞാൻ യാതൊരു മാർഗ്ഗവും കാണുന്നില്ല. ബൈറൺ പ്രഭു എന്ന ആംഗ്ലേയകവിയുടെ കവിതകളിൽ ഒന്നിൽ താഴെ പറയുന്ന അർത്ഥം വരത്തക്ക ഒരു ഭാഗം ഉള്ളതായി ഞാൻ ഓർമ്മിക്കുന്നു.

"ഇതു ഒരു നല്ല ഉപദേശം അല്ലെന്നു പറവാൻതരമില്ല. പക്ഷെ ഇതുകാലം തെററി (വളരെ താമസിച്ചു്) ഉണ്ടായിട്ടുള്ള ഒന്നാണെന്നുള്ളതാണ് ഇതിനുള്ള ഒററ ദൂഷ്യം. എല്ലാ അനുഭവങ്ങളിലും ഇങ്ങനെ ഒരു ഘട്ടം ഉണ്ടാകുമെന്നുള്ളതാണ്. ഇതിനെ നിയതിയുടെ ഒരു ആദായനികുതി എന്നു പറയാമെന്നുള്ളതാകുന്നു".

നംപൂതിരിമാരുടെ തല്ക്കാലികാവസ്ഥയും ഏതാണ്ടു ഇമ്മാതിരിയാകുന്നു. ചില വിവാഹബന്ധങ്ങളിൽ അവർ ഏർപ്പെട്ടു കഴിഞ്ഞിരിക്കുന്നു. പരിതസ്ഥിതികളുടെ വിശേഷതകൊണ്ടാണോ ഇപ്രകാരം ഉണ്ടാകാൻ ഇടയായിട്ടുള്ളതു എന്നുള്ളതിനെ പററി നാം ഇപ്പോൾ ആരായേണ്ട ആവശ്യം ഇല്ല. എങ്ങിനെയായാലും വിവാഹം ചെയ്തിട്ടുണ്ടെന്നുള്ളതു പരമാർത്ഥം തന്നെ. ഇപ്രകാരമുള്ള വിവാഹങ്ങളെ കഴിയുന്നത്ര തടയണമെന്നുള്ളതാണ് മി: ഇപ്പൻ നംപൂതിരി ഉദ്ദേശിക്കുന്നതു എന്നു വരികിലും മേലാലും ഇത്തരത്തിലുള്ള വിവാഹങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുവാനാണ് അധികം ഇടയുള്ളതു്. സംഗതികൾ ഇപ്രകാരം ഇരിക്കെ, ഇങ്ങനെയുള്ള ഒരു നിയമത്താൽ ഈ വിവാഹങ്ങളെ തടയണമെന്നുള്ള അഭിപ്രായത്തോടു ഞാൻ യാതൊരു പ്രകാരത്തിലും അനുകൂലിക്കയില്ല. സമുദായത്തിലെ അംഗങ്ങൾക്കു സ്വയമേവ ഇങ്ങനെ ഒരു അഭിപ്രായം ഉണ്ടാകവാനുള്ളതാകുന്നു. പരമാർത്ഥം പറകയാണെങ്കിൽ വിവാഹകാര്യം വളരെ പ്രാധാന്യമുള്ള ഒന്നാകുന്നു. എനിക്കു അധികാരമുണ്ടായിരുന്നു എങ്കിൽ ഉന്നത വിദ്യാഭ്യാസാർത്ഥം ഇംഗ്ലണ്ടിൽപോകുന്ന ഇൻഡ്യൻവിദ്യാർത്ഥികൾ ഇംഗ്ലണ്ടിൽ വിവാഹം ചെയ്തുകൂടാ എന്നു ഒരു നിയമനം നടപ്പിൽ വരുത്തിയേനെ. നമ്മുടെ യുവാക്കന്മാർ ഇംഗ്ലണ്ടിൽനിന്നും തിരിച്ചുവന്നു് ഇൻഡ്യയിൽതന്നെ വിവാഹംചെയ്താൽ കൊള്ളാമെന്നു നമുക്കു അതിയായമോഹമുണ്ട്. എന്നാൽ നമ്മുടെ ദുർഭാഗ്യത്താൽ നമ്മുടെ ആശയെ അവർ പകവയ്ക്കുന്നില്ല. അവിടെതന്നെ വിവാഹം ചെയ്യണമെന്നാണ് അവർക്കു തോന്നുന്നതു എന്നായിരിക്കിൽ അവരെ അതിൽ നിന്നും വിരമിപ്പിക്കുന്നതിന് യാതൊരു മാർഗ്ഗവുമില്ല. ഇതുപോലെതന്നെ ചില നംപൂതിരിമാർക്കു നമ്മുടെ സമുദായത്തിലെ പെൺകുട്ടികളെ വിവാഹം ചെയ്യണമെന്നു താല്പര്യം തോന്നുന്നു. അവർ അതനുസരിച്ചു വിവാഹം ചെയ്കയും ചെയ്യുന്നു. ചില ശാസ്ത്രീയതത്വങ്ങൾ ഉള്ളതുകൊണ്ടാണ് ഇങ്ങനെ നടന്നുവരുന്നതു എന്നാണ് മി: ഇപ്പൻ നംപൂതിരിപ്പാടും എന്റെ സ്നേഹിതൻ മി: കല്ലൂർ നാരായണപിള്ളയും പറയുന്നതു്. മി: കല്ലൂർ നാരായണപിള്ള ചൂണ്ടിക്കാണിച്ചതുപോലെ ശാങ്കരസ്മൃതിയിൽ ഒരു കുടുംബത്തിൽ നിന്നു ഒരാൾമാത്രമെ വിവാഹംചെയ്യാൻ പാടുള്ളു (ഏക ഏവ ഗൃഹം ഗച്ഛേൽ) എന്നു പറഞ്ഞുകാണുന്നുണ്ടെങ്കിലും ഹിന്ദുലാ ഒരേമൂലസ്ഥാനങ്ങളിൽനിന്നും ഉത്ഭവിച്ചിട്ടുള്ളതായിരിക്കണം. ചില വമ്പിച്ച നംപൂതിരിതറവാടുകളിൽ രണ്ടോ മൂന്നോ ഇളമുറക്കാരെ ചിലപ്പോൾ എല്ലാ ഇളമുറക്കാരെയും തന്നെയോ വിവാഹം ചെയ്തുവരുന്നതായി എനിക്കറിയാം. അതിനാൽ ഇളമുറക്കാരായ നംപൂതിരിമാർ അവരുടെ സമുദായത്തിൽ തന്നെ

വിവാഹം ചെയ്യുന്നതിനെ സംബന്ധിച്ച ശാസ്ത്രത്തിൽ എന്തെങ്കിലും തടസം ഉള്ളതായി പറയുന്നതു മുഴുവൻ ശരിയല്ല. അതിനാൽ നമ്പൂതിരി സമുദായത്തിനുള്ളിൽ നിന്നും വിവാഹം ചെയ്യുന്നതും ചെയ്യാതിരിക്കുന്നതും നമ്പൂതിരി സമുദായാംഗങ്ങളുടെ ഇഷ്ടത്തെ മാത്രം ആശ്രയിച്ചാണ് ഇരിക്കുന്നത്. മററ സമുദായങ്ങളിൽ വിവാഹം ചെയ്യുകയും അതിന്റെ ഫലമായി ചില ചുമതലകൾ തലയിൽ വഹിച്ചു വയ്ക്കുകയും ചെയ്യുന്നതിനുശേഷം ഇനി ഇതേനിലയിൽ മേലാൽ കഴിഞ്ഞുകൂടുന്നതിനു ഞങ്ങൾക്കു ഉദ്ദേശമന്നു എന്നു പറയുന്നതിനെ നാം ഒരിക്കലും ശ്രദ്ധിച്ചിട്ടു ആവശ്യമില്ലെന്നാണ് എന്റെ അഭിപ്രായം. അതിനാൽ അന്യസമുദായങ്ങളിലെ അംഗങ്ങൾ നമ്പൂതിരി മാരുടെ ഭർത്താക്കന്മാരുടെയും പിതാക്കന്മാരുടെയും മേൽ ഉള്ള അവകാശങ്ങൾ കാണിക്കുന്നതിനായി മി: ഇട്ടുപ്പൻനമ്പൂതിരി ഈ ബില്ലിൽ ചേർത്തിട്ടുള്ള സകല വകുപ്പുകളേയും ഈ സഭ ഏകദേശം ആകപ്പാടെ തള്ളിത്തന്നെ വീക്ഷണം ചെയ്യുന്നു. മി: ഇട്ടുപ്പൻ നമ്പൂതിരി ആത്രമായി നടപ്പിൽ വരുത്തണമെന്നാഗ്രഹിക്കുന്ന മററത്തെ സംബന്ധിച്ചിടത്തോളം എനിക്കു പറവാനുള്ളതു ഇത്രമാത്രമാകുന്നു. പ്രധാന തത്വങ്ങളിൽ ഒന്നു ഇതാണല്ലോ.

മററ പ്രധാനതത്വം തറവാടുകളുടെ ഭരണത്തെ സംബന്ധിച്ചാണ്. ഇതിനെ സംബന്ധിച്ചിടത്തോളം എനിക്കു മിസ്റ്റർ ഇട്ടുപ്പൻനമ്പൂതിരിയുടെ അഭിപ്രായവുമായി പൂർണ്ണമായി യോജിക്കുന്ന വിഷയത്തിൽ യാതൊരു സംശയവുമില്ല. നമ്പൂതിരി കുടുംബങ്ങൾ മേലാൽ ക്ഷയിച്ചു നശിച്ചുപോകുന്നതിനു ഇടയാകാതിരിക്കുന്നതിനായി തറവാട്ടിന്റെ ഭരണത്തെ ഏതുതെങ്കിലും ഒരു പ്രകാരത്തിൽ നിയന്ത്രിക്കേണ്ടതു അത്യാവശ്യമായിട്ടുള്ളതാണെന്നു തന്നെയാണ് എന്റെയും അഭിപ്രായം. ആവശ്യം ശരിയായി നിറവേറത്തക്കവണ്ണമുള്ള രക്ഷാമാർഗ്ഗങ്ങൾ കണ്ടുപിടിക്കുവാൻ സാധിക്കുമോ ഇല്ലയോ എന്നുള്ളതു വേറെ സംഗതിയാണല്ലോ. മിസ്റ്റർ ഇട്ടുപ്പൻ നമ്പൂതിരി തന്റെ പ്രസംഗപ്രകാരം ചെയ്യണമെന്നാണ് ആവശ്യപ്പെടുന്നത്. കാരണവൻ തറവാടിനോടു സ്നേഹമില്ലാത്തവിധത്തിൽ പെരുമാറാതിരിക്കുന്നതിനുവേണ്ടി തറവാട്ടുവസ്തുക്കൾ കൈമാററം ചെയ്യുമ്പോഴും തറവാട്ടിലേക്കു കടം വാങ്ങുമ്പോഴും മററും ഇളമുറക്കാരെക്കൂടി ചേർത്തേ പാടുള്ളു എന്നു ഒരു വ്യവസ്ഥ നിശ്ചയിച്ചു. ഇതിനെ സംബന്ധിച്ചു ഒരു സംഗതി എടുത്തു പറയേണ്ടതായിട്ടിരിക്കുന്നു. അതു ഇതാകുന്നു. സ്വന്തകാര്യങ്ങൾ നോക്കുന്നതിനുപോലും ഉപകാരമായിരിക്കത്തക്കവണ്ണം എങ്കിലും ഉള്ള വിദ്യാഭ്യാസം നമ്പൂതിരി കുടുംബങ്ങളിലെ ഇളമുറക്കാർക്കു ലഭിച്ചുവരുന്നില്ലെന്നുള്ളതു വളരെ പരിതാപകരമായ ഒരു പരമാർത്ഥമാകുന്നു. വളരെ വമ്പിച്ച നമ്പൂതിരി തറവാടുകളിൽപോലും ഭരണം സാധാരണയായി നടത്തുന്നതു ശമ്പളക്കാരനായ ഒരു കാര്യസ്ഥൻ ആകുന്നു. തറവാട്ടുഭരണത്തെ സംബന്ധിച്ചു തറവാട്ടമ്മപ്പൻ യാതൊരു വിധത്തിലും ബുദ്ധിമുട്ടാറില്ല. തറവാടിന്റെ വലിപ്പവും അന്തസ്സും അവസ്ഥയും വർദ്ധിക്കുന്നതനുസരിച്ചു തറവാട്ടുഭരണവുമായുള്ള കാരണവരുടെ അകലിച്ചയും വർദ്ധിച്ചുതന്നെവരുന്നു. ഇടപ്പള്ളി, വഞ്ഞിപ്പുഴ മുതലായ വലിയ സ്വരൂപങ്ങളിലും ഉന്നതനിലയിൽ ഇരിക്കുന്ന മററനേകം കുടുംബങ്ങളിലും ഭരണം നടത്തിവരുന്നതു ശമ്പളക്കാരനായ ഒരു കാര്യസ്ഥൻ ആയിരിക്കുമെന്നുള്ളതിനു യാതൊരു സംശയവുമില്ല. മൂപ്പന്റെ നിലയെ ഇങ്ങിനെയാണ്. ഇളമുറക്കാരുടെ കഥ പറകയാണെങ്കിൽ ഭരണത്തെക്കുറിച്ചോ ഭരണസംബന്ധമായ ഇതരകാര്യങ്ങളെക്കുറിച്ചോ അവർക്കുള്ള അറിവു ശൂന്യം ശൂന്യമാണെന്നേ പറവാനുള്ളു. അപ്പോൾ ഇളമുറക്കാരും കാരണവനുംകൂടി യോജിച്ചു എങ്കിൽ മാത്രമേ തറവാട്ടുവസ്തുക്കളെ കൈമാററം ചെയ്യുന്നതിനോ തറവാട്ടിലേക്കു പണം കടംവാങ്ങുന്നതിനോ പാടുള്ളു എന്നായി ഒരു വ്യവസ്ഥ ചെയ്യുന്നപക്ഷം ഇപ്പോഴത്തെ നിലക്കു ഒരു മാററം ഉണ്ടാകുന്നതല്ലയോ എന്നു ഒരു ചോദ്യത്തിനു അവകാശമുണ്ട്. ഒരു സംഗതി പ്രവർത്തിക്കുന്നതിൽ അതിനെസംബന്ധിച്ചു യാതൊരു പരിജ്ഞാനവും ഇല്ലാത്ത അനേകംപേർ ഉൾപ്പെട്ടിട്ടുണ്ടെന്നുള്ളതുകൊണ്ടു ആ സംഗതി യാതൊരുപ്രകാരേണയും ശരിയായി നടക്കാൻ ഇടയാകയില്ല എന്നുള്ളതിനാൽ പ്രഥമദൃഷ്ടിയിൽതന്നെ തല്ക്കാലസ്ഥിതിക്കു യാതൊരു മാററവും ഉണ്ടാകുന്നതല്ലെന്നു വെളിവാകുമെന്നുള്ളതാകുന്നു. എന്നാലും അല്പമായ ഒരു നിയന്ത്രണം ഉണ്ടായിരിക്കുമെന്നുള്ളതു പരമാർത്ഥംതന്നെ. ഇളമുറക്കാർകൂടി ചേർന്നെങ്കിൽ മാത്രമേ തറവാട്ടുവസ്തുക്കൾ കൈമാററം ചെയ്യാൻ പാടുള്ളു എന്നുള്ള വ്യവസ്ഥ വസ്തുക്കളെ ക്ഷുദ്രക്കാരുടെ എഴുതി വിൽക്കുന്നതിനു ഒരു തടസ്സമായിരിക്കും. ഈ ബില്ലിൽ തറവാട്ടുഭരണത്തെ സംബന്ധിച്ചുള്ള വ്യവസ്ഥക്കു ഇത്രമാത്രം ഉപയോഗമുള്ളതുകൊണ്ടു അത്രത്തോളം അതു സ്വീകാരയോഗ്യംതന്നെ. ഈ ബില്ലിൽ അടങ്ങിയിരിക്കുന്ന രണ്ടു പ്രധാന തത്വങ്ങൾ ഇവയാണ്.

ബില്ലിലെ വകുപ്പുകളെ ഓരോന്നായി പരിശോധിക്കുകയാണെങ്കിൽ വളരെ കുറച്ചു വകുപ്പുകൾ മാത്രമേ വിമർശനത്തിനു വഴികാട്ടാത്തതായി ഉള്ളു എന്നു ബോദ്ധ്യപ്പെടുമെന്നുള്ളതാകുന്നു. മൌണ്ടേഗിയിന് എന്ന ആംഗ്ലേയ ഗ്രന്ഥകർത്താവു സ്പെയിൻരാജ്യക്കാരനായ ഒരു ക്രിസ്തീയ പുരോഹിതന്റെ പ്രാർത്ഥനയെ ഇപ്രകാരം അദ്ദേഹത്തിന്റെ പ്രബന്ധങ്ങളിൽ വർണ്ണിച്ചിരിക്കുന്നു. "ദൈവമേ! ഞാൻ ഇതാ അക്ഷരമാല മുഴുവൻ വായിച്ചു കഴിഞ്ഞിരിക്കുന്നു. അങ്ങേക്കു രുചിക്കുന്നതു എന്താണെന്നു എനിക്കു അറിഞ്ഞുകൂടാ. ഈ അക്ഷരങ്ങളിൽ നിന്നും അങ്ങേക്കു ഇഷ്ടമുള്ള അക്ഷരങ്ങൾ തെരഞ്ഞെടുത്തു അങ്ങേക്കു ഇഷ്ടമുള്ള വാക്കുകൾ ആക്കിക്കൊള്ളണമെ" (ചിരി). പ്രസ്തുതബില്ലും ഏതാണ്ടു ഇമ്മാതിരിയാണ് ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം മിസ്റ്റർ ഇട്ടുപ്പൻനമ്പൂതിരി ആ ക്രിസ്തീയപുരോഹിതന്റെ മാതൃകയെ സ്വീകരിച്ചിരിക്കുന്നതായി എനിക്കു തോന്നിപ്പോകുന്നു. അദ്ദേഹം ചില വ്യവസ്ഥകളെ ഹാജരാക്കുകയും ചില ആശകളെ വെളിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഈ വ്യവസ്ഥകളെപ്പററി സൂക്ഷ്മമായി പര്യാലോചിച്ചു നോക്കുന്നതായാൽ അവ അദ്ദേഹത്തിന്റെ ആഗ്രഹങ്ങളുടെ രൂപാന്തരങ്ങൾ ആണെന്നു പറയുവാൻ മാത്രമേ ഇടയുള്ളു എന്നു കാണാവുന്നതാണ്. മിസ്റ്റർ ചങ്ങനാശേരി പരമേശ്വരൻപിള്ള ഇപ്പോൾ പറഞ്ഞതിൽനിന്നും വിശദമാകുന്നതുപോലെ അവ ഒരു നിയമജ്ഞന്റെ പരിശോധനയിൽ നിഷ്പ്രയോജനമെന്നു വെളിപ്പെടുകയും ചെയ്യുമെന്നുള്ളതാകുന്നു.

മി: ജി. ശങ്കരൻപോററി (സംയുക്തമെമ്പർ): ഈ സമുദായത്തിൽ വലിയ നിയമജ്ഞന്മാരായിട്ടുള്ളവർ ആരുംതന്നെ ഇല്ല.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): നിയമജ്ഞന്മാർ ഇല്ലാത്തതുകൊണ്ടു ഞാൻ നിങ്ങളുടെ സമുദായത്തെ പഴിക്കുകയല്ല ചെയ്യുന്നത്. നിങ്ങൾ ഏതിനെ ലക്ഷ്യമാക്കി പ്രവർത്തിക്കുന്നു എന്നു ഞങ്ങൾക്കറിയാം. സർ! ബില്ലിലെ വ്യവസ്ഥകൾ എത്ര പിശകായും വേണ്ടപോലെ അല്ലാതെയും ഇരുന്നാലും നിങ്ങളുടെ

സമുദായത്തെ ന്യായമായി സഹായിക്കുന്നതിനു ഈ സഭക്കു ചെയ്വാൻ കഴിയുന്നതെല്ലാം ചെയ്യേണ്ടതു ഈ സഭയുടെ, പ്രത്യേകിച്ചും ഇതിലെ അനൌദ്യോഗസ്ഥ വിഭാഗത്തിന്റെ ചുമതലയാണെന്നാണു ഞാൻ മനസ്സിലാക്കിയിട്ടുള്ളതു്. അതിനാൽ ഞാൻ യാതൊരു വ്യവസ്ഥയെയും സാധൂകരിക്കാൻ ഒരുക്കമില്ല. എന്നുമാത്രമല്ല ചില വ്യവസ്ഥകൾ തീരെ സ്വീകാരയോഗ്യമല്ലെന്നു പറവാൻകൂടി ഞാൻ ഒരുക്കമാണ്. ഇപ്പോൾ നടപ്പിൽ ഇരിക്കുന്ന നിയമംതന്നെ ചില വകുപ്പുകളിൽ അടങ്ങിയിരിക്കുന്ന സംഗതികളെ സംബന്ധിച്ചു വളരെ വിശദമാണെന്നുള്ളതിനാൽ അവ ആവശ്യമില്ലാത്തവയാണ്. അതിലേക്കു നമ്മുടെ മാന്യസ്നേഹിതൻ ഒരു നിയമവും രൂപീകരിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. നാം ഇവിടെ ആലോചിക്കേണ്ട ഒരു സംഗതി ഇതാകുന്നു. സർ: ഞാൻ മുമ്പു പറഞ്ഞതുപോലെ സമുദായാംഗങ്ങളുടെ ആശ എന്താണെന്നുള്ളതു നല്ലപോലെ വിശദമായിട്ടുണ്ട്. ഈ സഭ ഈ സംഗതിയെ ആലോചനക്കു വിഷയമാക്കുന്നതിനും ആ സമുദായത്തിനു ആവശ്യമെന്നു കാണുന്നതിനെ ചെയ്തുകൊടുക്കുന്നതിനും ഇത്രമാത്രം മതിയാകുമെന്നുള്ളതാകുന്നു. അതിനാൽ തറവാട്ടുഭരണത്തെ സംബന്ധിച്ചു ബില്ലിൽ അന്തർഭവിച്ചിരിക്കുന്ന തത്വത്തെ സംബന്ധിച്ചിടത്തോളം ഞാൻ മാന്യപ്രയോക്താവിനോടു പൂർണ്ണമായി യോജിക്കുന്നു. ഈ കാര്യത്തെപ്പറ്റി ഈ സഭ വേണ്ടതുപോലെ ആലോചിക്കേണ്ടതാണ്. അതിനെ ശരിയായി രൂപീകരിച്ചു നിയമം ആക്കുന്നതിലേക്കായി ഒരു സിലെക്റ്റ് കമ്മിറ്റിയിൽ ഏല്പിക്കേണ്ടതും ആകുന്നു. ൨൨-ാം വകുപ്പിനെ സംബന്ധിച്ചു മിസ്റ്റർ ചങ്ങനാശേരി പരമേശ്വരൻപിള്ള അല്പം ചിലതൊക്കെ പറയുകയുണ്ടായല്ലോ. ആ വകുപ്പിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു.

ഒരു നമ്പൂതിരിപുരുഷൻ മരിക്കുമ്പോൾ തറവാട്ടംഗങ്ങളായ അയാളുടെ വിധവകളോ ഭാഗം പിരിയാത്ത പുത്രന്മാരോ, അവിവാഹിതരായ പുത്രിമാരോ ഉണ്ടായിരുന്നാൽ അവർക്കു അയാളാൽ വിനിയോഗിക്കപ്പെടാത്ത അയാളുടെ മരണകാലത്തു ശേഷിക്കുന്ന സ്വയാർജ്ജിതവും പ്രത്യേകവും ആയ മുഴുവൻസ്വത്തിനും തുല്യഭാഗങ്ങളിൽ അവകാശം ഉള്ളതാകുന്നു. വിധവയില്ലാത്തപക്ഷം ഭാഗം പിരിയാത്ത പുത്രന്മാർക്കും അവിവാഹിതരായ പുത്രിമാർക്കും മുഴുവൻമുതലും കിട്ടുന്നതും വിധവയും ഭാഗംപിരിയാത്ത പുത്രന്മാരും ഇല്ലാത്തപക്ഷം അവിവാഹിതരായ പുത്രിമാർക്കു മുഴുവൻമുതലും കിട്ടുന്നതും ആകുന്നു.

മരണശാസനം ഇല്ലാതെമരിക്കുന്ന സന്ദർഭങ്ങളിലുള്ള പിന്തുടർച്ചാവകാശത്തെ സംബന്ധിച്ചുള്ള ഒരു വ്യവസ്ഥയാകുന്നു ഇതു്. ഈ വിഷയത്തെസംബന്ധിച്ചു നായർ റെഗുലേഷനിൽ ഒരു വ്യവസ്ഥ ഇപ്പോൾതന്നെ ഉണ്ട്. ഇതരസമുദായാംഗങ്ങൾ ഒരു റെഗുലേഷൻ വേണമെന്നു ആവശ്യപ്പെട്ടിട്ടില്ല. ക്ഷത്രിയരോ, ബ്രാഹ്മണരോ, തിരുമുൽപാടന്മാരോ ആരുംതന്നെ ഇതിലേക്കു യാതൊരുശ്രമവും ചെയ്തില്ല.

മി: ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): അവർ ഇതിലേക്കു ശ്രമംചെയ്തുകൊണ്ടിരിക്കയാണ്.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഒരു പക്ഷെ അവർ അതിലേക്കു ശ്രമംചെയ്തുതുടങ്ങിയിട്ടുണ്ടായിരിക്കാം. നായർസമുദായത്തെ സംബന്ധിച്ചു പറകയാണെങ്കിൽ അവർക്കു ഒരു നിയമംസിദ്ധിച്ചുകഴിഞ്ഞു. ഞാൻ അല്പംമുമ്പു പറഞ്ഞതുപോലെ പിതൃത്വം ഏതാനും ചുമതലകൾകൂടിയുള്ള ഒരു സ്ഥാനം ആകുന്നു. ഒരു പിതാവു നമ്പൂതിരിയാണെന്നുള്ളതുകൊണ്ടു പിതൃത്വത്തിനു സഹജമായുള്ള മേൽപറഞ്ഞ ചുമതലകളിൽനിന്നും അയാളെ ഒഴിച്ചുവിടുന്നതിനു ഇതു ഒരു പ്രകാരത്തിലും ഒരു കാരണമാകുന്നതല്ലല്ലോ. ഈ വിഷയത്തെസംബന്ധിച്ചു ഈ സഭയിൽവച്ചു വളരെ കഠിനവും ഗൌരവവും ആയ വാദപ്രതിവാദം കഴിഞ്ഞതിനുശേഷം ആണ് ഇങ്ങിനെ ഒരു നിയമം നടപ്പിലാക്കിയതു്. അതു ഈയിടെ ആയിരുന്നുതാനും. ആകയാൽ അതിനെപ്പറ്റി പുനരാലോചിക്കണമെന്നു മിസ്റ്റർ ഇട്ടപ്പൻനമ്പൂതിരി വിചാരിക്കുന്നതു തീരെ അകാലത്തിലായിപ്പോയി എന്നു പറയാതെതരമില്ല. നമ്പൂതിരിസമുദായവുമായി വിവാഹബന്ധത്തിൽ ഏർപ്പെടുന്ന ഇതരസമുദായാംഗങ്ങൾക്കുകൂടി ഇതുപോലെ ഒരു നിയമം വേണമെന്നു ആവശ്യപ്പെടാതെ മിസ്റ്റർ ഇട്ടപ്പൻനമ്പൂതിരിപ്പാടു സൂക്ഷിച്ചുകൊണ്ടാൽ മതി. ഇക്കാരണങ്ങളാൽ ഇതിനുമുമ്പു പറയപ്പെട്ടതുപോലെ ഈ വ്യവസ്ഥ ഇപ്പോൾ നടപ്പിലിരിക്കുന്ന വ്യവസ്ഥകൾക്കു വിപരീതമാകുന്നു. സ്ത്രീകളുടെ മൂപ്പു മുറനിശ്ചയിക്കുന്നതിനെസംബന്ധിച്ചു മിസ്റ്റർ ഇട്ടപ്പൻനമ്പൂതിരി ഒരു നൂതന തത്വത്തെയാണ് സ്ഥാപിച്ചിരിക്കുന്നതു്. ൧൩-ാം വകുപ്പിന്റെ വിവരണം താഴെപറയുംപ്രകാരം ആകുന്നു.

വിവരണം: തറവാട്ടംഗങ്ങളായി തീർന്നിട്ടുള്ള സ്ത്രീകളുടെ മൂപ്പു മുറനിശ്ചയിക്കുന്നതു അവരുടെ വിവാഹത്തീയതിയെ അടിസ്ഥാനപ്പെടുത്തിയായിരിക്കുന്നതാകുന്നു.

ഇതു തീരെ പുതിയ ഒരു തത്വമാണെന്നു ഞാൻ വളരെതാഴ്മയായി അഭിപ്രായപ്പെട്ടുകൊള്ളുന്നു. കാരണവസ്ഥാനത്തിന്റെ അവകാശത്തിലേക്കുള്ള മൂപ്പുമുറ തിട്ടപ്പെടുത്തുന്നതു് പ്രായത്തെ അടിസ്ഥാനമാക്കിയാണ്. മിതാക്ഷര കുടുംബങ്ങളെ സംബന്ധിച്ചുപോലും പ്രായംകൂടിയവളായുള്ള വിധവയ്ക്കാണ് കാരണവസ്ഥാനത്തിനുള്ള അവകാശം എന്നും പ്രായംകൂടിയ വിധവ ഒടുവിലത്തെ പുരുഷാവകാശിയുടെ ഭാര്യ ആയിരുന്നു എന്നുള്ളവസ്തുത യാതൊരുപ്രകാരേണയും ഇതിനു ഒരു തടസ്ഥമായിരിക്കുന്നതല്ലെന്നും ബഹുമാനപ്പെട്ട തിരുവിതാംകൂർ ഹൈക്കോടതി വിധി കല്പിച്ചിട്ടുണ്ട്. തിരുവിതാംകൂറിൽ പ്രായമൂപ്പിനു ഇത്രപ്രാധാന്യം കല്പിച്ചിരിക്കുന്നസ്ഥിതിക്കു മിസ്റ്റർ ഇട്ടപ്പൻനമ്പൂതിരി കീഴ്പതിവോ ആചാരമോ ഇല്ലാതെ പ്രായാധിക്യത്തെക്കാൾ വിവാഹത്തീയതിക്കാണ് പ്രാധാന്യം നല്കേണ്ടതു എന്നൊരു നൂതനതത്വംകൊണ്ടുവന്നിരിക്കുന്നതിൽ എനിക്കു വളരെ അതിശയം തോന്നുന്നു. ഒരു നമ്പൂതിരി തറവാട്ടിലെ എല്ലാ അംഗങ്ങൾക്കും ആ തറവാട്ടുവക സ്വത്തുക്കൾക്കു അവകാശം ഉണ്ടെന്നുള്ള വസ്തുതയെ മിസ്റ്റർ ഇട്ടപ്പൻനമ്പൂതിരിയും സമ്മതിക്കുന്നുണ്ടല്ലോ.

ചിലവിനുകൊടുക്കുന്നഭാഗത്തെ സംബന്ധിച്ചു ശരിയായ വിവാഹസമ്പ്രദായം ഇന്നവിധം ആയിരിക്കണമെന്നു മിസ്റ്റർ ഇട്ടപ്പൻനമ്പൂതിരിക്കു തോന്നിയിരിക്കുന്നതുപോലെ അതിനെ അദ്ദേഹം നടപ്പിൽ വരുത്തുവാൻ ശ്രമിച്ചിരിക്കുന്നു. അതായതു നമ്പൂതിരിസമുദായത്തിൽനിന്നും വിവാഹംചെയ്യാത്ത ഇളമുറക്കാർക്കു പ്രത്യേകം ചിലവിനു ആവശ്യപ്പെടുന്നതിനു അവകാശമോ അധികാരമോ ഇല്ലെന്നു അദ്ദേഹം വ്യവസ്ഥചെയ്തിരിക്കുന്നു. ഇതു വളരെ അപായകരമായ ഒരു വ്യവസ്ഥയാകുന്നു. ഒരു ഇളമുറക്കാരനായ നമ്പൂതിരി ഒരു രാജകുടുംബത്തിലൊ ഒരു തമ്പുരാൻ കുടുംബത്തിലൊ വിവാഹംചെയ്തു എന്നു വിചാരിക്കുക. അവിടെ അവർക്കു സുഖമായി താമസിക്കാമെന്നുള്ളതു

കൊണ്ട് സ്വന്തകുടുംബത്തിലെ മററംഗങ്ങളെ അയാൾ ബുദ്ധിമുട്ടിക്കാൻവരികയില്ല. നേരെമറിച്ചു അയാൾ ഒരു സാധുകുടുംബത്തിൽ നിന്നാണ് വിവാഹം ചെയ്തിട്ടുള്ളതു എന്നുവരികിൽ അയാളുടെ തറവാട്ടിൽ നിന്നും ഒരു ഭാഗം കിട്ടണമെന്നു ചോദിക്കുന്നതിനുള്ള അവകാശം അയാൾക്കുണ്ടല്ലോ. അയാൾ മററൊരു കുടുംബത്തിൽ വിവാഹം ചെയ്തിരിക്കുന്നതുകൊണ്ട് തറവാട്ടുമുതലിൻെറ ഒരു ഭാഗം കിട്ടുന്നതിനു അയാൾക്കു അവകാശം ഇല്ല എന്നു പറയുന്നതു തീരെ സ്വീകാരയോഗ്യമായ ഒരു സംഗതിയല്ല. അയാൾക്കു തറവാട്ടിൽ നിന്നും ഏതെങ്കിലും പ്രകാരത്തിൽ ചിലവിനു കിട്ടണമെന്നാണെങ്കിൽ അയാൾ തറവാട്ടിൽ തന്നെ പാൎത്തു കൊള്ളണം എന്നുള്ളതു നിശ്ചയം തന്നെ. അയാൾ തറവാടു വിട്ടു പുറമെ പോയ്പോയാൽ അയാൾക്കു അതു അപകടകരമായി തീരും. എവിടെയെങ്കിലും പോയി ശാന്തി നടത്തിയാൽ ആ വഴിക്കു അയാളുടെ കാലക്ഷേപം ഒരു തരത്തിൽ കഴിച്ചു കൂട്ടാം. പക്ഷെ ഇപ്പൻ നമ്പൂതിരി ഇടക്കുവന്നു "തനിക്കു ഞാൻ യാതൊന്നും തരികയില്ല" എന്നു പറയും. ഇതു കൊണ്ടു ജനങ്ങളുടെ ഇടയിലുള്ള പ്രയത്നശീലത്തെ നശിപ്പിക്കയാണു ചെയ്യുന്നതു. അയാളുടെ സ്വന്തപ്രയത്നം കൊണ്ടോ അല്ലെങ്കിൽ വിവാഹബന്ധം കൊണ്ടോ മററവിടെയെങ്കിലും പോയി അയാളുടെ സ്ഥിതിഗതികൾ നന്നാക്കാമെന്നുള്ളതാകുന്നു. എന്നാൽ മിസ്റ്റർ ഇപ്പൻ നമ്പൂതിരിയുടെ അഭിപ്രായപ്രകാരം അയാൾ അങ്ങിനെ ചെയ്വാൻ പാടില്ലാതാണിരിക്കുന്നതു. ഇളമുറക്കാർ എല്ലാം അവരുടെ സമുദായത്തിനുള്ളിൽ നിന്നു തന്നെ വിവാഹം ചെയ്യണമെന്നു മിസ്റ്റർ ഇപ്പൻ നമ്പൂതിരി നിർബന്ധിക്കുകയാണു ചെയ്യുന്നതു. ഞാനോ ഇതിനു മുമ്പു പറഞ്ഞതുപോലെ ഇതു മൂലം സ്വയമേവ അനൎത്ഥം വലിച്ചു തലയിൽ കയററുകയാണു അവർ ചെയ്യുന്നതു. ഒരു ഇളമുറക്കാരനു ആവശ്യമുള്ള പക്ഷം അനേകം സ്ത്രീകളെ വിവാഹം ചെയ്യാമെന്നുള്ളതാകുന്നു. ഈ സമുദായത്തിൽ ഏകഭാൎയ്യാവ്രതം നിയമമായിട്ടില്ല. അയാൾ പിന്നെയും പിന്നെയും വിവാഹം ചെയ്വാൻ തുടങ്ങുന്ന പക്ഷം നമ്പൂതിരി തറവാട്ടിൻെറ കാൎയ്യം വളരെ വിഷമത്തിൽ ആകുന്നതാണ്. ബഹുമാനപ്പെട്ട പ്രയോക്താവു ഈ വാദമുഖത്തെ സംബന്ധിച്ചു ആലോചിച്ചിട്ടേ ഇല്ല. അതിനാൽ ഇതും ആശാസ്യമായ ഒരു വകുപ്പു അല്ലെന്നു ഞാൻ താഴ്മയായി അഭിപ്രായപ്പെട്ടുകൊള്ളുന്നു.

പിന്നെയും തറവാട്ടു വസ്തുക്കളുടെ ഭരണത്തെയും ക്രയവിക്രയസ്വാതന്ത്ര്യത്തെയും സംബന്ധിച്ചിടത്തോളം കാണയാധാരങ്ങൾ പൊളിച്ചെഴുതുന്നതിനെ സംബന്ധിച്ചു മാത്രമെങ്കിലും കാരണവനു അധികാരം നൽകേണ്ടതാകുന്നു. ഇല്ലാത്തപക്ഷം ഒരു കാണയാധാരം പൊളിച്ചെഴുതുന്നതിനു ഇളമുറക്കാർ എല്ലാപേരും കൂടി ചേരേണ്ടതായി വരുന്നതാണ്. ഇതിനു അതികഠിനമായ രജിസ്റ്റർ ചിലവുകൾ നേരിടും. ഒരു പക്ഷേ ഗവൺമെൻറിനു ലാഭം ഉണ്ടാകുമായിരിക്കാം. സ്ഥലത്തു സ്ഥിരതാമസക്കാരനായ ഒരു രജിസ്ട്രാർ ആവശ്യപ്പെടുന്നതും അയാൾ ആ നമ്പൂതിരി കുടുംബത്തിൽ തന്നെ എല്ലായ്പോഴും താമസിക്കേണ്ടതായി വരുന്നതും ആകുന്നു. സാധാരണയായി ഒരു കാണയാധാരം ൧൨ വർഷകാലത്തേക്കാണു എഴുതാറുള്ളതു. ഇതിനെ ൩൦ വർഷം ആക്കുന്നതിൽ മിസ്റ്റർ ഇപ്പൻ നമ്പൂതിരിക്കു ഭ്രമം ഉണ്ടായകാരണം എന്തെന്നു എനിക്കു മനസ്സിലാകുന്നില്ല. കണക്കിനെ സംബന്ധിച്ചു മററൊരു വ്യവസ്ഥയും ഉണ്ട്. എൻെറ മാന്യസ്നേഹിതൻ മിസ്റ്റർ ചങ്ങനാശേരി പരമേശ്വരൻപിള്ള മുമ്പു പറഞ്ഞതു പോലെ ഈ വ്യവസ്ഥ പ്രായോഗികമല്ലാത്ത ഒന്നാണെന്ന് തെളിഞ്ഞിട്ടുള്ളതാണ്. കണക്കുകളുടെ പ്രതികൾ ഇളമുറക്കാൎക്കു കൊടുക്കണമെന്നും ബില്ലിൽ കാണുന്നു. പകർപ്പുകൾ തയ്യാറാക്കുന്നതിലേക്കുള്ള ചിലവുകൾ ആരാണു ചെയ്യേണ്ടതു എന്നു പറഞ്ഞു കാണുന്നില്ല. മിക്കവാറും എഴുതുവാനും വായിക്കുവാനും അറിഞ്ഞിരിക്കാൻ ഇടയില്ലാത്ത അന്തൎജ്ജനങ്ങൾക്കു ഈ കണക്കുകൾ കൊണ്ടു എന്തു പ്രയോജനം ഉണ്ടാകുവാൻ പോകുന്നു എന്നും എനിക്കു മനസ്സിലാകുന്നില്ല. ഇപ്രകാരം പകർപ്പുകൾ കൊടുക്കണമെന്നു വ്യവസ്ഥ ചെയ്തിരിക്കുന്നതിനു ബില്ലിൽ പറഞ്ഞിരിക്കുന്ന കാരണം എന്താണെന്നു നോക്കാം. യാതൊരുകാരണവും പറഞ്ഞു കാണുന്നില്ല. കാരണവൻ തറവാടിനെ ദുർഭരണം ചെയ്യാതിരിക്കുന്നതിനായിട്ടായിരിക്കാം. മിസ്റ്റർ ഇപ്പൻ നമ്പൂതിരിയുടെ സൂചനയിൽ അടങ്ങിയിരിക്കുന്നതു പോലെ കാരണവൻ അത്ര വലിയ ഒരു കള്ളൻ ആണെന്നു വരികിൽ തറവാടിനെ മുഴുവൻ നശിപ്പിക്കത്തക്കവണ്ണം ബലമായ തെളിവായിരിക്കുന്ന കണക്കുകൾ നിൎമ്മിക്കുന്നതിനും അയാൾക്കു ക്ഷിപ്രസാദ്ധ്യമായിരിക്കുമെന്നുള്ളതാണ്. മിസ്റ്റർ ഇപ്പൻ നമ്പൂതിരിയാണോ ഇങ്ങിനെയൊരു ഏർപ്പാടു നടപ്പിൽ വരുത്തേണ്ടതു എന്നുള്ളതിനെ പററിയും ആലോചിക്കേണ്ടതാകുന്നു.

കാരണവനെ നീക്കം ചെയ്യുന്നതിനെ സംബന്ധിച്ചു നോക്കുന്ന പക്ഷം കേവലം ഒരു അപേക്ഷകൊണ്ടു മാത്രം ഈ കാൎയ്യം സാധിക്കാവുന്നതാണെന്നു കാണുന്നു. ഈ സംഗതിയെ സംബന്ധിച്ചു നമ്പൂതിരി സമുദായം ഒരു പ്രാത്യേകത ആവശ്യപ്പെടുന്നതു എന്തുകൊണ്ടെന്നു എനിക്കു മനസ്സിലാകുന്നില്ല. ഒരു കാരണവനെ തൽസ്ഥാനത്തു നിന്നും മാററണമെന്നുള്ള പക്ഷം അതിലേക്കുള്ള കോർട്ടുഫീസ് ഒടുക്കി വ്യവഹാരം പറയേണ്ടതും കോടതിയിൽ നിന്നും അയാളെ ആ സ്ഥാനത്തു നിന്നും നീക്കേണ്ടതും ആകുന്നു. മിസ്റ്റർ ഇപ്പൻ നമ്പൂതിരി പറയുന്നതു തറവാട്ടിലെ അംഗങ്ങളിൽ മുക്കാൽ ഭാഗം ആളുകൾ ചേരണമെന്നും ഇങ്ങിനെ ആവശ്യപ്പെടുന്നതു ഒരു ഗൃഹസ്ഥൻ ആയിരിക്കണമെന്നും ആകുന്നു. ഇങ്ങിനെയെല്ലാം ആയിരുന്നാൽ കാരണവനെ നീക്കം ചെയ്യുന്നതായിരിക്കും എന്നാണു പ്രസ്താപിച്ചുകാണുന്നതു. ഈ സംസ്ഥാനത്തെ നികുതിയെ കഠിനമായി ബാധിക്കുന്ന ഒരു സംഗതിയായിരിക്കുന്നസ്ഥിതിക്കു ഇതു ഗവൺമെൻറിൻെറ ശ്രദ്ധയിൽ പതിയാതെ ഇരുന്നതു എങ്ങിനെയെന്നു എനിക്കു മനസ്സിലാകുന്നില്ല. ഈ ബിൽ ഈ സഭമുമ്പാകെ ഹാജരാക്കാൻതന്നെ അനുവദിച്ചതും ഏതു പ്രകാരത്തിൽ എന്നറിയുന്നില്ല. ഇതിൽ അടങ്ങിയിരിക്കുന്ന തത്വവും ശരിയായിട്ടുള്ളതല്ല.

ഭാഗത്തെസംബന്ധിച്ചുള്ള വ്യവസ്ഥ തീരെ തൃപ്തികരമായിരിക്കുന്നില്ല. ഒന്നാമതായി ഭാഗത്തിനു ആവശ്യപ്പെടേണ്ടതു ഒരു ഗൃഹസ്ഥൻ ആയിരിക്കണമെന്നു പറഞ്ഞുകാണുന്നു. സ്വസമുദായത്തിൽ വിവാഹംചെയ്യാത്ത ഒരുവനെ സംബന്ധിച്ചു മിസ്റ്റർ ഇപ്പൻനമ്പൂതിരിക്കുള്ള അഭിപ്രായം വേണ്ടപോലെയുള്ള ഒന്നായിരുന്നു എങ്കിൽ ഇപ്രകാരം ഒരു വകുപ്പു ഈ ബില്ലിൽ അദ്ദേഹം ചേൎക്കുകയില്ലായിരുന്നു. ആ സമുദായത്തിൽ വിവാഹം ചെയ്യാതെഇരിക്കുന്ന ഒരുവനെകുടുംബത്തിൽ യാതൊരു അവകാശവും ഇല്ലാത്തഒരുവനെപ്പോലെ നിരാധാരനാക്കിയിരുന്നാലും ഇതിനെക്കാൾ വളരെ ഭേദമായിരിക്കുമായിരുന്നു. കൊള്ളുകില്ലാത്തവർ പൊയ്ക്കൊള്ളട്ടേ എന്നാണു അദ്ദേഹം പറയുന്നതു. അയാൾക്കു പകരം ഗൃഹസ്ഥനു കുടിയേറിപാൎക്കുന്നതിനു പ്രത്യേകത നൽകിയിരിക്കുന്നു.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഗൃഹസ്ഥന്മാരല്ലാത്ത മററുള്ളവർക്കു് ഒരു ഭാഗം കിട്ടുന്നതിനുള്ള അവകാശം ഉണ്ടോ എന്നറിഞ്ഞാൽകൊള്ളാം.

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അവർക്ക അവകാശം ഇല്ല. ഉണ്ടോ ഇല്ലയോ എന്നുള്ള സംഗതി ബില്ലിൽനിന്നും വിശദമാകുന്നില്ല.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഭാഗകാലത്തു ഒരു ഭാഗം ഇവർക്കുകിട്ടുമോ?

മി: പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): പൂർണ്ണമായ ഒരു ഭാഗം ഉണ്ടാകുന്നു എങ്കിൽ ഒരു പക്ഷേ കിട്ടിയേക്കാം. എന്നാൽ അതുതന്നെ ബില്ലിലെ വ്യവസ്ഥകളിൽനിന്നു വിശദമാകുന്നില്ല. പരമാർത്ഥം പറകയാണെങ്കിൽ യാതൊരുകുററവും ഇല്ലാത്തതായി ഒരു വ്യവസ്ഥപോലും ഈ ബില്ലിൽ കണ്ടുപിടിക്കുവാൻ വളരെ പ്രയാസമാണു്. ഒരു നിയമനിർമ്മാണം ഉണ്ടായിരിക്കണമെന്നുള്ള അദ്ദേഹത്തിന്റെ ആഗ്രഹം വേണ്ടുവോളം വിശദമാക്കിയിട്ടുണ്ടു്. എന്നാൽ ബിൽ ശരിയായി എഴുതിയുണ്ടാക്കിയിട്ടില്ല. ഒരുപക്ഷേ മററുചില മെമ്പറന്മാർ പറഞ്ഞതുപോലെ ഈ ബിൽ അസംബ്ലി ഈ കൌൺസിലിൽ ഉള്ള അവസാനഘട്ടത്തിൽ എത്തിയിട്ടില്ലാത്തതുകൊണ്ടു ഇപ്പോൾ അതേപ്പററി പരാമർശിച്ചു ഇപ്രകാരം ചർച്ചചെയ്യുന്നതുകൊണ്ടു് യാതൊരുപ്രയോജനവും ഉണ്ടായില്ലെന്നുവരാം. ഞാൻ ഇപ്പോൾ പറയണമെന്നു വിചാരിക്കുന്നതു ഈ സമുദായത്തിനു ഒരു നിയമം നടപ്പിൽ വരുത്തണമെന്നു യഥാർത്ഥമായ ഒരു ആശ ഉണ്ടെന്നും അതിനെ ഞാൻ ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു എന്നും ഉള്ളതാകുന്നു. ഞാൻ മുമ്പു് പറഞ്ഞതുപോലെ ബില്ലിന്റെ പ്രയോക്താവിനും സയുക്തമെമ്പറന്മാർക്കും ഈ നിയമനിർമ്മാണത്തെ സംബന്ധിച്ചു ഇതേ അഭിപ്രായംതന്നെ ഉള്ളതായിട്ടാണു കാണപ്പെടുന്നതു എന്നുള്ളതിനു യാതൊരു സംശയവുമില്ല. മററുവിധത്തിലുള്ള അഭിപ്രായങ്ങളും ആവശ്യങ്ങളും ആ സമുദായത്തിനു ഉണ്ടായിരിക്കാവുന്നതും ഇവയ്ക്കുനേരെ വിപരീതമായ അഭിപ്രായങ്ങൾ ഉള്ള ആളുകൾ ഒരുപക്ഷേ ആ സമുദായത്തിൽ ഉണ്ടായിരുന്നു എന്നുവരാവുന്നതും ആകുന്നു. ഞാൻ പറഞ്ഞതുപോലെ ഇടപ്പള്ളിസ്വരൂപം, വഞ്ചിപ്പുഴസ്വരൂപം മുതലായി അനേകം വലിയ കുടുംബങ്ങൾ ഉണ്ടു്. ഈ കുടുംബാംഗങ്ങൾക്കും ഈ ബില്ലിന്റെ മാന്യപ്രയോക്താവിനുള്ള അഭിപ്രായങ്ങൾതന്നെയാണോ ഉള്ളതു എന്നും നമുക്കറിവില്ല. ഈ കുടുംബത്തിലെ പ്രായമുള്ള അംഗങ്ങൾ മററു സമുദായങ്ങളിൽനിന്നു വിവാഹംചെയ്തിട്ടുള്ളതായി എനിക്കറിയാം. ഈ ബില്ലിനെ സംബന്ധിച്ചു മേൽപറഞ്ഞവയെപ്പോലെയുള്ള വലിയ കുടുംബങ്ങളിലെ അംഗങ്ങൾക്കുള്ള അഭിപ്രായം എന്താണെന്നു അറിയേണ്ടതായിട്ടാണു ഇരിക്കുന്നതു്. ഈ ബില്ലിലെ വ്യവസ്ഥകളെസംബന്ധിച്ചു വിപരീതാഭിപ്രായം പ്രകടിപ്പിക്കുന്നതിനു് ഇങ്ങിനെയുള്ള യാതൊരുമെംബറും ഇവിടെ ഇല്ല എന്നുള്ളതു യഥാർത്ഥത്തിൽ പരിതാപകരമായുള്ള ഒരു സംഗതിയാകുന്നു. അതെങ്ങിനെയായാലും ന്യായമെന്നും യുക്തമെന്നും തോന്നുന്നതു സിലക്ട്കമ്മിററിക്കു ചെയ്യാമെന്നുള്ളതാണല്ലോ. അതിനാൽ ഈ ബില്ലിന്റെ തത്വത്തെ അംഗീകരിക്കണമെന്നു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു. അയൽ സംസ്ഥാനമായ കൊച്ചിയിൽ ഇതുപോലെയൊരു ബിൽ രണ്ടാംവായനയിൽ എത്തിയിട്ടുണ്ടെന്നും ആ സ്ഥിതിക്കു തിരുവിതാംകൂറിലും ഇതുപോലെ ഒരു ബിൽ നടപ്പിൽ ആക്കുന്നതുഉചിതമായിട്ടുള്ളതുതന്നെ എന്നുംകൂടി ഞാൻ ഈ സന്ദർഭത്തിൽ പ്രസ്താവിച്ചുകൊള്ളുന്നു.

(വയ്യിട്ടു ൩-൪ ഠ-നു പ്രസിഡൻറ് ഹാളിൽനിന്നും പോവുകയും ഡെപ്യൂട്ടിപ്രെസിഡൻറ് അഗ്രാസനസ്ഥനാവുകയും ചെയ്തു.)

മി: കെ. സി. മാമ്മൻമാപ്പിള (കച്ചവടതൊഴിൽ സംഘങ്ങൾ വക വടക്കൻ മെമ്പർ): സർ, നമ്പൂതിരിബ്രാഹ്മണസമുദായം കേരളത്തിൽമാത്രം ഉള്ള ഒന്നാണു്. ബ്രാഹ്മണർ ഇൻഡ്യാഒട്ടുക്കുണ്ടു്. എന്നാൽ നമ്പൂതിരിമാർക്കുള്ള പ്രത്യേകലക്ഷണങ്ങളോടുകൂടിയ ഒരു ബ്രാഹ്മണസമുദായം ഇൻഡ്യായിൽ മറെറങ്ങും കാണുന്നതല്ല. ഈ സമുദായത്തിന്റെ ചരിത്രവും പൂർവ്വകഥകളും മറെറാരുസമുദായത്തിനും എത്തുവാൻ സാധിച്ചിട്ടില്ലാത്ത ഒരു അത്യുന്നതമായ സ്ഥാനത്തു അതിനെ എത്തിച്ചിരിക്കുന്നു. ഇങ്ങിനെയുള്ള പാരമ്പര്യഗുണത്തോടുകൂടിയ ഒരു സമുദായം അതിന്റെ പഴയനിലയെ പാലിച്ചുകൊണ്ടുപോകുന്നതിനും എന്നാൽ ഇപ്പോഴത്തെ സ്ഥിതിഗതികൾ അനുസരിച്ചു കഴിഞ്ഞുപോകുന്നതിനും ഇടയാകേണ്ടതാണെന്നുള്ളതിനു യാതൊരുസംശയവുമില്ല. അതിനാൽ സമുദായത്തിലുള്ള ഏതാനും പരിശ്രമശീലന്മാരും സമുദായസ്നേഹികളും ആയിട്ടുള്ളവർ സമുദായത്തിന്റെ നിലയെ പരിഷ്കരിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി അവരുടെ സമുദായനിർമ്മാണത്തിലുള്ള ഏതാനും പ്രത്യക്ഷദൂഷ്യങ്ങളെ പരിഹരിക്കാനായി ഒരുങ്ങി വന്നിരിക്കുന്നതു് സ്തുത്യർഹംതന്നെ. എന്നെപ്പോലെയുള്ള അന്യസമുദായക്കാർക്ക ഇങ്ങനെയുള്ള സംഗതികളിൽ വളരെ കുറച്ചുമാത്രമേ പറവാൻ കാണുകയുള്ളു. ഞങ്ങൾ ഈ കൌൺസിലിലെ അംഗങ്ങൾ എന്ന നിലയിൽ ചെയ്യേണ്ടതു സമുദായത്തിനു അത്യന്താപേക്ഷിതമായിട്ടുള്ളതു എന്നു അതിലെ അഭ്യുദയകാംക്ഷികളായ അംഗങ്ങൾ ഉദ്ദേശിക്കുന്നതായ സംഗതികളെ ഇതരസമുദായങ്ങളുടെ അവകാശങ്ങളെ യാതൊരു പ്രകാരത്തിലും ഭഞ്ജിക്കാത്തവിധത്തിൽ നടപ്പിൽ വരുത്തുവാൻ സഹായിക്കുക എന്നുള്ളതു മാത്രമാകുന്നു. മററുള്ളവർക്കുള്ള അവകാശങ്ങളേയോ ന്യായനീതികളേയോ ഉല്ലംഘിക്കാതെ സൂക്ഷിക്കുന്നതിനുവേണ്ടിടത്തോളം പ്രവർത്തിക്കുന്നതിനുള്ള അധികാരം ഈ കൌൺസിലിനു ഈ വിഷയത്തിൽ ഉണ്ടു്. മററംഗങ്ങളെ സംബന്ധിച്ചിടത്തോളം ഈ സമുദായത്തിൽ ഭൂരിപക്ഷം ആളുകൾ അവർക്ക അത്യാവശ്യമായിട്ടുള്ളതു എന്തെന്നുവിചാരിക്കുന്നുവോ അതിനെ സാധിതപ്രായമാക്കിക്കൊടുക്കുക എന്നുള്ളതാണു് നാം ചെയ്യേണ്ടതും പലപ്രകാരേണയും ഈ സമുദായം അധഃപതിച്ചുവരികയാണെന്നുള്ളതു സർവ്വസമ്മതമായിട്ടുള്ളതാകുന്നു. കാരണങ്ങൾ എന്താണെന്നുള്ളതിനെ സംബന്ധിച്ചു അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടായിരുന്നേക്കാം. മിസ്റ്റർ നാരായണപിള്ള പറഞ്ഞതുപോലെ, സമുദായത്തിനുള്ളിൽനിന്നു തന്നേവിവാഹം ചെയ്യുന്നതിനുള്ള ആശ സമുദായാംഗങ്ങളിൽജനിപ്പിച്ചുവളർത്തുന്നതുകൊണ്ടോ, മററുഏതെങ്കിലും മാർഗ്ഗത്തിലൊ ഇപ്പോഴത്തെ സ്ഥിതിക്കുമാററം വരുത്തുവാൻ സാധിക്കുന്നതാണോ എന്നുള്ളതിനെപ്പററി തീരുമാനമായി ദീർഘദർശനം ചെയ്യുന്നതിനു ആർക്കുംസാധിക്കയില്ല.

വിശേഷാൽ യാതൊരു വിധമായ അറിവൊ അഭിപ്രായരൂപീകരണത്തിനു പ്രത്യേകമായി യാതൊരു വിധമായ സൌകര്യമൊ ഇല്ലാത്ത ഒരു മൂന്നാമന്റെ നിലയിൽ ഈ സംഗതിയെ സംബന്ധിച്ചു ഞാൻ ആലോചിച്ചു നോക്കിയതിൽ ഇവയെ സംബന്ധിച്ചു ഏതാനും ചില അഭിപ്രായങ്ങൾ എന്നിൽ ബലമായി പ്രവേശിച്ചു കുടികൊണ്ടിരിക്കുന്നു. തറവാട്ടുസ്വത്തുക്കളെ ഭാഗിക്കുന്നതിനുള്ള ആവശ്യം കുറക്കുകയും നമ്പൂതിരിമാരുടെ എണ്ണം കഴിയുന്നിടത്തോളം കുറഞ്ഞിരിക്കയും ചെയ്താൽ സമുദായത്തിന്റെ മേന്മയെ പാലിച്ചുകൊണ്ടു പോകുവാൻ സാധിക്കുമെന്നുള്ള ഉദ്ദേശത്തോടുകൂടി ആദിമകാലത്തു ഈ സമുദായത്തിലെ നിയമനിർമ്മാതാക്കൾ അവരുടെ യുക്തിക്കനുസരിച്ചു പ്രവർത്തിച്ചിട്ടുള്ളതിന്റെ ഫലം ആയിരിക്കണം നാം ഇപ്പോൾ കാണുന്നതു. ഇതിലേക്കായി ഒരുകുടുംബത്തിലുള്ള ഒരു അംഗം മാത്രമേ സ്വസമുദായത്തിൽനിന്നും വിവാഹം ചെയ്യാൻ പാടുള്ളു എന്നും ഈ വിവാഹത്തിൽനിന്നുണ്ടാകുന്ന സന്താനങ്ങൾക്കു മാത്രമേ തറവാട്ടു സ്വത്തിൽനിന്നും ചിലവിനു കിട്ടുന്നതിനുള്ള അവകാശം ഉള്ളു. എന്നും വ്യവസ്ഥാപിച്ചു. ഈ നിയമനിർമ്മാതാക്കന്മാർക്ക് ഈ ഏർപ്പാടുകൾ നടപ്പാക്കിയ സമയം ഉണ്ടായേക്കാമെന്നു സംശയം പോലും തോന്നാത്തതായ ഒരുഫലം ഉണ്ടായി. അതുസമുദായാംഗങ്ങളിൽനിന്നും പരിശ്രമശീലത്തെ നിശ്ശേഷം എടുത്തുകളഞ്ഞു എന്നുള്ളതാകുന്നു. ഇതിന്റെഫലമായി സമുദായം നിശ്ശേഷം നശിച്ചു തുടങ്ങി. ഇക്കാലത്തു അതികഠിനമായ മത്സരം കൊണ്ടു ഓരോ സമുദായത്തിലെ ഓരോ അംഗവും തന്റെ കാലക്ഷേപമാർഗ്ഗത്തിനുവേണ്ടി കഴിയുന്നത്ര പരിശ്രമം ചെയ്തു കൊണ്ടിരിക്കെ നമ്പൂതിരിമാർക്കു യാതൊരു ജോലിയും ചെയ്യേണ്ട ആവശ്യമില്ലാ എന്നുള്ള അഭിപ്രായം ജനനാൽ ഉള്ളതായിട്ടാണ് കാണുന്നതു. ഏതെങ്കിലും ജോലിയിൽ പ്രവേശിക്കുന്നതു അവരുടെ അന്തസ്സിനു തീരെ പോരാത്തതായിട്ടാണ് അവർ വിചാരിക്കുന്നതു. നാളിതുവരെ അവർ വസ്തുഉടമസ്ഥന്മാരാണെന്നുള്ളതുകൊണ്ട് അവരുടെവകവസ്തുക്കളിൽ അന്യന്മാരുടെ പ്രയത്നഫലമായി ഉണ്ടാകുന്ന സാധനങ്ങൾമൂലമാണ് അവർ ഇതുവരെ ഉപജീവനം കഴിച്ചുവന്നതു എന്നുള്ളതിന് യാതൊരു സംശയവുമില്ല. എന്നാൽ മൊത്തത്തിലുള്ള ഫലം തീരെ അനാശാസ്യമായിട്ടുള്ളതാണെന്നാണു എനിക്കു തോന്നുന്നതു. ഇപ്പോഴത്തെ കഠിനമായ ജീവിതമത്സരായോധനത്തിനിടയിൽ ഇപ്രകാരം ജീവിക്കുക എന്നുള്ളതു അധികം സാധ്യമായിട്ടുള്ളതല്ല. സമുദായത്തിനുള്ളിൽനിന്നും വിവാഹം കഴിക്കുന്നതിനുള്ള ആഗ്രഹം സമുദായാംഗങ്ങളിൽ ജനിപ്പിക്കുന്നതിനു ബില്ലിലെ തത്സംബന്ധമായ വ്യവസ്ഥകൾകൊണ്ടു പര്യാപ്തമൊ എന്നു എനിക്കു നിശ്ചയമില്ല. ബില്ലിലെ ഓരോവ്യവസ്ഥകളെ സംബന്ധിച്ചും പ്രത്യേകം പ്രത്യേകം സംസാരിക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല. എന്നാൽ സ്മാർത്ത വിചാരം എന്നനടപടി മേലാൽ നടക്കുന്നതിനു ഒരിക്കലും അനുവദിച്ചുകൂടാ എന്നു എനിക്കു പ്രത്യേകം താല്പര്യം ഉണ്ട്. ഇതു വളരെ പൈശാചികവും ക്രൂരവും ആയ ഒരു ഏർപ്പാടു ആകുന്നു. കോട്ടയത്തു വച്ചു രണ്ടോ മൂന്നൊ സ്മാർത്തവിചാരം നടത്തിയതായി ഞാൻ ഓർമ്മിക്കുന്നു. ഇവ എത്ര ന്യായരഹിതമായി നടത്തപ്പെട്ടു എന്നും എനിക്കറിയാം. ഈ സമുദായം ഇതിനെ നിറുത്തുന്നു എങ്കിൽ ആയതു ഒരു വലിയ അനുഗ്രഹം ആയിരിക്കും. കൂടുതലായി യാതൊന്നും പറയണമെന്നു ഞാൻ ഉദ്ദേശിക്കുന്നില്ല. മിസ്റ്റർ ഇട്ട്യപ്പൻനമ്പൂതിരിയുടെ സമുദായോന്നമനത്തിനുള്ള ഈ ശ്രമത്തെ ഞാൻ ഹാർദ്ദമായി അനുമോദിക്കുന്നു. ഈ ബില്ലിൽ അടങ്ങിയിരിക്കുന്ന സാമാന്യതത്വങ്ങളെ പിൻതാങ്ങുന്നതിൽ എനിക്കു അതിയായ സന്തോഷമുണ്ട്.

മി: എം. എൻ. പിള്ള (തിരുവനന്തപുരം): സർ! നമ്പൂതിരിസമുദായത്തിനു നിയമപരിഷ്കാരം വേണമെന്നു ഒരാശ തോന്നിയതിൽ എനിക്കു അവരോടു ഹൃദയപൂർവമായ അനുഭാവമുണ്ട്. മുൻകാലത്തു പരിഷ്കാരത്തിലും മനോവികാസത്തിലും നമ്പൂതിരി സമുദായത്തിനു ഒരു പ്രധാന ഭാഗമാണുണ്ടായിരുന്നതു. ഈ സമുദായം ക്രമേണ നശിച്ചു വരുന്നതു യാതൊരു കേരളീയനും സമാധാനമായി കണ്ടുകൊണ്ടിരിക്കാൻ സാധിക്കയില്ല. അതിനാൽ ഈ അപകടം കൂടാതെ കഴിക്കുന്നതിലേക്കു പര്യാപ്തമാകുന്ന ഏതൊരു നിയമനിർമ്മാണത്തെ സംബന്ധിച്ചും ഇതരസമുദായങ്ങളുടെ സൌഹാർദ്ദമായ അനുഭാവം ഉണ്ടായിരിക്കുമെന്നുള്ളതാകുന്നു. ഈ പുരാതീനസമുദായത്തിന്റെ മർമ്മങ്ങളിൽ പിടികൂടിയിരിക്കുന്ന സുഖക്കേടു എന്റെ സ്നേഹിതൻ മി: ഇട്ട്യപ്പൻ നമ്പൂതിരിപ്പാടു കണ്ടുപിടിച്ചിട്ടില്ലെന്നുള്ളതുകൊണ്ടു ഇപ്പോഴത്തെ ബിൽ ശരിയായിട്ടില്ലെന്നാണു എനിക്കു തോന്നുന്നതു. കുടുംബത്തിന്റെ നിലനില്പിനു ഏകമാർഗ്ഗമായിട്ടുള്ള വിവാഹത്തെ സംബന്ധിച്ചു എന്റെ സ്നേഹിതൻ തീരുമാനം ആലോചിച്ചിട്ടേ ഇല്ല. ഇതിനെ പറ്റിയായിരുന്നു പ്രധാനമായി ആലോചിക്കേണ്ടിയിരുന്നതു. ഇതിനെപ്പറ്റിതന്നെയാണു എന്റെ സ്നേഹിതൻ തീരുമാനം ആലോചിക്കാതിരുന്നിട്ടുള്ളതും. ഇതിനെപറ്റി ആലോചിക്കാതെയിരിക്കുന്ന ഒരു നമ്പൂതിരിബിൽ താലികെട്ടു മറന്നുപോയ ഒരു കല്യാണത്തിനു തുല്യം ആകുന്നു. ഇപ്പോഴത്തെ നിലക്കു ഈ ബിൽകൊണ്ടു വലിയ ഉപയോഗമൊന്നും ഉണ്ടാകുന്നതുമല്ല.

ഇത്തരത്തിലുള്ള ഒരു ബില്ലിന്റെ ആവശ്യം നേരിടത്തക്കവണ്ണം നമ്പൂതിരി തറവാടുകളുടെ ഭരണം അത്ര കുഴപ്പത്തിലാണെന്നുള്ള സംഗതി എല്ലാപേർക്കും അറിയാൻ പാടില്ല. എനിക്കു അറിഞ്ഞുകൂടാ എന്നു നിശ്ചയംതന്നെ. ഒരു നമ്പൂതിരി ഇല്ലത്തിൽ ദുർഭരണം ഉണ്ടായിരിക്കും എന്നുള്ളതു നിശ്ചയമായും സാധാരണമായിട്ടുള്ള ഒരു സംഗതിയല്ല. നമ്പൂതിരി തറവാടുകൾ ഭാഗിക്കാൻ പാടില്ല എന്നുള്ളതും തൽഫലമായി ഇളമുറക്കാർക്കു തറവാട്ടു സ്വത്തുക്കൾ അനുഭവിക്കുന്നതിൽ വളരെ തടസ്സങ്ങൾ ഉണ്ടെന്നുള്ളതും ഇവയെ യുക്തിപൂർവ്വമായതും കാലാനുസൃതമായതും ആയ പരിഷ്കാരംകൊണ്ടു മാറേണ്ടതു ആവശ്യമാണെന്നുള്ളതും പരമാർത്ഥംതന്നെ. എന്നാൽ എന്റെ സ്നേഹിതൻ ഇവയ്ക്കുവേണ്ടിടത്തോളം പ്രാധാന്യം കല്പിക്കയൊ തൃപ്തികരമായൊ വേണ്ടുംവണ്ണമൊ അവയെപ്പറ്റി ആലോചിക്കുകയൊ ചെയ്തിട്ടില്ല.

ബില്ലിൽ മൂന്നു സംഗതികളെപറ്റിയാണ് പ്രധാനമായി പ്രതിപാദിച്ചിട്ടുള്ളതു.

(൧) കാരണവന്റെ അധികാരത്തേയും ചുമതലകളേയും ഇളമുറക്കാരുടെ അവകാശങ്ങളോടു താരതമ്യപ്പെടുത്തുക.

(൨) സ്വത്തു അവകാശവും മരണശാസനം ഇല്ലാത്തപ്പോഴുള്ള പിൻതുടർച്ചാവകാശക്രമവും.

(൩) ഭാഗം.

ഒരു നമ്പൂതിരി തറവാടു എന്താണെന്നു ഇതിൽ പറഞ്ഞുകാണുന്നില്ല. ബില്ലിൽ കാണുന്ന വിവരണം അതിലെ അംഗങ്ങളായ ആളുകളുടെ ഒരു കൂട്ടുകുടുംബം ആണെന്നാണ്. ഈ വിവരണംകൊണ്ടു കാര്യം എന്താ

ണെന്നു ഒരു മനുഷ്യനും ഒരുവിധത്തിലും മനസ്സിലാകുന്നില്ല. പൂർവ്വാപരവിരുദ്ധങ്ങളായ തത്വങ്ങൾ ബില്ലിലെ വ്യവസ്ഥകളിൽ അന്തർഭവിച്ചിരിക്കുന്നതായി എനിക്കു തോന്നുന്നു. തറവാട്ടിലെ ഇളമുറക്കാരനു തറവാട്ടുസ്വത്തിന്മേലുള്ള ഉടമസ്ഥാവകാശത്തെ ഈ ബിൽ അംഗീകരിക്കുന്നുണ്ടെന്നു വരികിലും ;തറവാട്ടിലെ എല്ലാ അംഗങ്ങൾക്കും പ്രത്യേകം ചിലവിനുകൊടുക്കാൻ അനുവദിച്ചിട്ടില്ല. ഇടുങ്ങിയതും സാങ്കേതികവുമായിട്ടുള്ള ഒരു അർത്ഥത്തിൽ ഗൃഹസ്ഥൻ ആയിട്ടുള്ള ഒരുവനുമാത്രമേ പ്രത്യേകം ചിലവിനു കിട്ടുന്നതിനു അനുവദിച്ചിട്ടുള്ളു. പ്രത്യേകം ചിലവിനു കിട്ടുവാൻ അവകാശമുള്ള ഒരുവനു മാത്രമെ അതിനു പകരമായി വസ്തുക്കൾ കിട്ടുന്നതിനുള്ള അവകാശമുള്ളൂ. തത്വദൃഷ്ട്യാ വീക്ഷണം ചെയ്യുമ്പോൾ ഇവ പിശകായിട്ടുള്ളവയാണെന്നുള്ളതിനും പുറമെ ഇളമുറക്കാർ തറവാട്ടുവസ്തുക്കൾ അനുഭവിക്കുന്നതിൽ അധികം കൂടുതൽ സ്വാതന്ത്ര്യം നൽകണമെന്നുള്ള പ്രയോക്താവിന്റെ ഉദ്ദേശത്തിനു വിപരീതമായ ഫലത്തെ ചെയ്യുമെന്നുള്ളതുമാകുന്നു. കാരണവനെ ഒരു ജനപ്രതിനിധിസഭയുടെ നിലയിലാക്കി അയാളെ തൽസ്ഥാനത്തുനിന്നും നീക്കം ചെയ്യുന്നതിനു ഭൂരിപക്ഷം ആളുകളുടെ വിപരീതാഭിപ്രായം മതിയാകുമെന്നു തീരുമാനിച്ചതിൽ എന്റെ സ്നേഹിതൻ മിസ്റ്റർ തുപ്പൻനമ്പൂതിരി അനുമോദനാർഹൻ തന്നെ. ഇതു എത്ര മാത്രം തത്വാനുസരണമായിട്ടുള്ളതെന്നോ സമുദായത്തിന്റെ അഭിപ്രായഗതിക്കു എത്ര മാത്രം യോജിച്ചതാണെന്നോ ഉള്ളതിനെപ്പറ്റി അദ്ദേഹം ആലോചിച്ചിട്ടില്ലെന്നാണു എനിക്കു തോന്നുന്നതു്. ഒരുവനു ജനനംകൊണ്ടു സിദ്ധിക്കുന്ന അവകാശത്തെ ഭൂരിപക്ഷക്കാരുടെ വിപരീതാഭിപ്രായത്തിൽ നിശ്ശേഷം നശിപ്പിച്ചുകളയുന്നതിനാണു മി. തുപ്പൻ നമ്പൂതിരി ശ്രമിച്ചിട്ടുള്ളതു്. ശേഷിക്കുറവു്, നടപടി പിശകു, തറവാട്ടിന്റെ ദുർഭരണം ഈ കാരണങ്ങളിൽ ഒന്നിനാൽ കാരണവനെ തൽസ്ഥാനത്തുനിന്നും നീക്കാവുന്നതാണെന്നു മറ്റൊരു വ്യവസ്ഥ ഉണ്ടെന്നിരിക്കെ ഇപ്രകാരം അസാധാരണമായുള്ള ഒരു വ്യവസ്ഥകൂടി ഉൾപ്പെടുത്തിയിരിക്കുന്നതിന്റെ കാരണം എന്താണെന്നു മനസ്സിലാക്കുവാൻ വളരെ പ്രയാസമായിരിക്കുന്നു. ഈ വ്യവസ്ഥ തീരെ അനാവശ്യമായ ഒന്നാണു. അസാധാരണമായ ഈ വ്യവസ്ഥകൊണ്ടു തറവാട്ടിൽ അനേകം കുഴപ്പങ്ങൾ ഉണ്ടാകുവാൻ ഇടയുണ്ടു്. ഈ കാരണങ്ങളാൽ ഇതിൽ അടങ്ങിയിരിക്കുന്ന തത്വത്തെ ഞാൻ സംശയലേശമെന്യേ എതിർക്കുന്നു.

സ്വത്തവകാശത്തേയും മരണശാസനമില്ലാത്തപ്പോഴത്തെ പിന്തുടർച്ചാവകാശക്രമത്തേയും സംബന്ധിച്ചിടത്തോളം തറവാട്ടംഗമായിട്ടുള്ള ഒരു ഭാര്യയും നിയമദൃഷ്ടിയിൽ ഭാര്യയായിട്ടുള്ള മറ്റൊരുവളും തമ്മിൽ വച്ചിട്ടുള്ള അർത്ഥമില്ലാത്ത വ്യത്യാസത്തെ പററിയാണു ആദ്യമായി ഒരു ആളിനു വിപരീതാഭിപ്രായം തോന്നുവാൻ ഇടയുള്ളതു്. സ്വന്ത സമ്പാദ്യത്തേയോ മററു പ്രത്യേക സ്വത്തിനേയോ സംബന്ധിച്ചു ഇപ്രകാരം ഒരു വ്യത്യാസം കല്പിക്കുന്നിടത്തോളം ഇതു വളരെ വിശേഷമായിട്ടുള്ള ഒരു നിയമം തന്നെയെന്നുള്ളതിനു യാതൊരു സംശയവുമില്ല. ഇതു സ്വാർത്ഥതയേ സൂചിപ്പിക്കുന്നു. തറവാട്ടിലെ അംശമായിട്ടുള്ള ഭാര്യക്കു തറവാട്ടു സ്വത്തിന്റെ ഒരു ഭാഗത്തിനു അവകാശമുണ്ടു്. ഇതു അവൾക്കു അവളുടെ നിലകൊണ്ടു സിദ്ധിക്കുന്ന ഒരു ഗുണമാണു്. സ്വന്തസമ്പാദ്യത്തേയോ മററു പ്രത്യേക സ്വത്തിനേയോ സംബന്ധിച്ചും ഇതേ നിയമം തന്നെ വയ്ക്കുന്നതു തീരെ ന്യായരഹിതമായിട്ടുള്ളതാകുന്നു. ന്യായമൊ നീതിയൊ മര്യാദയോ അനുസരിച്ചു നോക്കുന്ന പക്ഷം ഭർത്താവിന്റെ സ്വന്ത സമ്പാദ്യത്തേയൊ മററു പ്രത്യേക സ്വത്തുക്കളേയൊ സംബന്ധിച്ചിടത്തോളം നിയമദൃഷ്ട്യാ അയാളുടെ ഭാര്യമാരായിട്ടുള്ള എല്ലാ പേർക്കും ഒരു പോലെയുള്ള അവകാശം ഉണ്ടായിരിക്കേണ്ടതാണ്. അതിനാൽ ഈ വ്യവസ്ഥയിൽ അന്തർഭവിച്ചിരിക്കുന്ന തത്വത്തെ ഞാൻ ബലമായി എതിർക്കുന്നു. വളരെ വിശേഷമായി തോന്നുന്ന മറ്റൊരു വ്യവസ്ഥ അവിവാഹിതയായ ഒരു പുത്രി ഒരു നമ്പൂതിരി പുരുഷന്റെ സ്വത്തിനു അവകാശിയാകുമെന്നു വരികിലും ഒരു നമ്പൂതിരി സ്ത്രീയുടെ സ്വത്തിനു അവകാശി അല്ല എന്നു വച്ചിട്ടുള്ളതാകുന്നു. ഇങ്ങിനെ ഒന്നു കേട്ടുകേൾവിപോലും ഇല്ല. ഭാഗം ആവശ്യമാണെന്നു സമുദായത്തിനു അഭിപ്രായമുള്ള പക്ഷം ഗൃഹസ്ഥനു മാത്രമെ ഇതു ആവശ്യപ്പെടുവാൻ പാടുള്ളു എന്നു പറയുന്നതിന്റെ അർത്ഥം എന്താണ്? ഭാഗം ചെയ്തു ഒരു ഭാഗം കിട്ടുന്നതിനുള്ള അവകാശം ഗൃഹസ്ഥനായിട്ടുള്ള ഒരുവനുമാത്രമെ ഉണ്ടായിരിക്കയുള്ളു എന്നു പറയുന്നതു തീരെ ന്യായരഹിതമായിട്ടുള്ളതാകുന്നു. ഭാഗം പ്രായപൂർത്തിവന്നിട്ടുള്ള അംഗങ്ങളിൽ ഭൂരിപക്ഷം ആളുകളും യോജിച്ചു വരുന്ന സന്ദർഭങ്ങളിൽ മാത്രം അനുവദിച്ചിട്ടുള്ള സ്ഥിതിക്കു ഗൃഹസ്ഥനല്ലാത്ത വിവാഹിതനായ ഒരു നമ്പൂതിരിക്കു എന്തുകൊണ്ടു ഒരു ഭാഗം കിട്ടണമെന്നു ആവശ്യപ്പെട്ടുകൂടാ? ഇത്രയും പറഞ്ഞുകൊണ്ടു ഞാൻ എന്റെ ആസനത്തെ പുനഃപ്രാപിച്ചുകൊള്ളുന്നു.

മി: കെ. ശിവരാമപണിക്കർ (ചേർത്തല): സർ! ഈ ബില്ലിൽ അടങ്ങിയിരിക്കുന്ന സാമാന്യ തത്വങ്ങളെ അംഗീകരിക്കുന്നതിലും, ഇങ്ങിനെ ഒരു ബിൽ ഹാജരാക്കുന്നതിനു പ്രയോക്താവിനെ പ്രേരിപ്പിച്ച സദുദ്ദേശങ്ങളിൽ അദ്ദേഹത്തെ അനുമോദിക്കുന്നതിലും എനിക്കു അതിയായ സന്തോഷമുണ്ടു്. എന്നാൽ ഈ കൌൺസിലിൽ പാസ്സാക്കുന്നപക്ഷം ഇതുകൊണ്ടുണ്ടാകുന്നമെന്നുദ്ദേശിക്കുന്നതായ ഫലങ്ങൾ സമുദായത്തിനു സിദ്ധിക്കുമോ എന്നുള്ള കാര്യം എനിക്കു വളരെ സംശയമായിട്ടാണു തോന്നുന്നതു്. ഈ ബിൽ നടപ്പാക്കുന്നതിന്റെ പ്രധാന ഉദ്ദേശങ്ങളിൽ ഒന്നു എന്നു ഞാൻ മനസ്സിലാക്കിയിട്ടുള്ളതു് നമ്പൂതിരി തറവാട്ടിലെ ഇളമുറക്കാരുടെ കുടുംബജീവിതത്തിന്റെ വളർച്ചയ്ക്കുള്ള തടസ്സങ്ങൾ നീക്കുക എന്നുള്ളതാകുന്നു. ഇപ്പോഴത്തെ നിലക്കു ബിൽ അനുസരിച്ചു സാങ്കേതികാർത്ഥത്തിൽ ഗൃഹസ്ഥനായിട്ടുള്ള ഒരുവനു, അതായതു നമ്പൂതിരി സമുദായത്തിൽനിന്നും വിവാഹം ചെയ്തിട്ടുള്ള ഒരുവനു് മാത്രമെ തറവാട്ടുസ്വത്തിൽ നിന്നും ചിലവിനു കിട്ടുകയുള്ളു എന്നുള്ളതുകൊണ്ടു മേൽപറഞ്ഞ തടസ്സങ്ങൾക്കു നിയമാനുസാരം കൂടി സാധിക്കുന്നു എന്നാണു വന്നു ചേരുന്നതു് എന്നാണു എനിക്കു തോന്നുന്നതു്. ഈ ബില്ലിൽ ഈ വകുപ്പു് ഇരിക്കുന്നിടത്തോളം കാലം നമ്പൂതിരി തറവാടുകളിലെ കാരണവന്മാരും വിവാഹിതരായ അംഗങ്ങളിൽ ചിലരും ഇളമുറക്കാർ അവരുടെ സമുദായത്തിലുള്ള സ്ത്രീകളെ വിവാഹം ചെയ്യുന്ന പക്ഷം കുടുംബം ഛിന്നഭിന്നമായി പോകുമോ എന്നു കാരണവനു കലശലായ ഭയമുണ്ടാകാൻ ഇടയുള്ളതുകൊണ്ടു ഇങ്ങിനെയുള്ള വിവാഹം നടക്കാതെയിരിക്കുന്നതിനു വേണ്ടിടത്തോളം ശ്രമം ചെയ്യുമെന്നാണു എനിക്കു തോന്നുന്നതു്. തറവാടു ഭിന്നിക്കുന്നതിനെ സംബന്ധിച്ചു വെറുപ്പാണുള്ളതു എന്നുള്ള സംഗതി ഭാഗവ്യവസ്ഥയിൽ നിന്നും, അതായതു വ. ൭-ാം വകുപ്പിൽ നിന്നും, വിശദമാകുന്നുണ്ടു്. അതിനാൽ ഭാഗത്തെ സംബന്ധിച്ചിടത്തോളം കാരണവനു ഇത്രമാത്രം വെറുപ്പുള്ളിടത്തോളം കാലം പ്രയോക്താവു് ഉദ്ദേശിക്കുന്ന തരത്തിലുള്ള

വിവാഹങ്ങൾ നടക്കുകയില്ല എന്നു തന്നെ എനിക്കു നിശ്ചയമായും തോന്നുന്നു. നേരെ മറിച്ചു ഒരു സമുദായാംഗത്തിനെ ആ സമുദായത്തിൽ നിന്നുതന്നെ വിവാഹം ചെയ്യണമെന്നു നിയമത്താൽ ശാസിക്കയോ നിർബന്ധിക്കയൊ ചെയ്യുന്നതു് വളരെ വിശേഷവിധിയായി തോന്നുന്നു. ഇത്തരത്തിലുള്ള വേറെ അനേകം നിയമങ്ങൾ ഇവിടെ നടപ്പിലാക്കിയിട്ടുണ്ടു്. അതിൽ ഒന്നിലും ഇതു പോലെ ഒരു വ്യവസ്ഥ നാം ഉൾപ്പെടുത്തിയിട്ടില്ല. ഒരു മനുഷ്യൻ സ്വസമുദായത്തിൽ നിന്നു തന്നെ വിവാഹം കഴിക്കണമെന്നു നിർബന്ധിക്കുന്നതു—

മി: എം. ശിവതാണുപിള്ള (തോവാള): നമ്പൂതിരി സമുദായത്തിൽ ഏക ഭാര്യാവ്രതം നിർബന്ധിതമാക്കണമെന്നോ അല്ല അനേക ഭാര്യമാരെ വിവാഹം ചെയ്യുന്നതിനുള്ള സ്വാതന്ത്ര്യം ഉണ്ടായിരിക്കണമെന്നോ ഏതാണു മെമ്പറിന്റെ അഭിപ്രായം എന്നറിഞ്ഞാൽകൊള്ളാം.

മി: കെ. ശിവരാമപണിക്കർ (ചേർത്തല): അതെപ്പററി ഞാൻ പറയാം. എന്റെ സ്നേഹിതൻ ദയവുചെയ്തു അല്പം കൂടി ക്ഷമിക്കുന്നപക്ഷം ഞാൻ അദ്ദേഹത്തിന്റെ ചോദ്യത്തിനുമറുപടി പറയുന്നതായിരിക്കും.

മി: ഏ. കെ. പിള്ള (കരുനാഗപ്പള്ളി): ഒരു നായർ പുരുഷൻ ഒരു ഈഴവസ്ത്രീയെ വിവാഹം ചെയ്യുന്നതിനു അനുവദിക്കുന്നതായി ഏതെങ്കിലും വ്യവസ്ഥ നായർ റെഗ്ഗുലേഷനിൽ ഉണ്ടൊ എന്നറിഞ്ഞാൽ കൊള്ളാം.

മി: കെ. ശിവരാമപണിക്കർ (ചേർത്തല): ഒരു നായർ പുരുഷൻ ഒരു നായർ സ്ത്രീയെ മാത്രമെ വിവാഹം ചെയ്യാൻ പാടുള്ളു എന്നായി ഏതെങ്കിലും ഒരു വ്യവസ്ഥയുണ്ടൊ?

മി: ഏ. കെ. പിള്ള (കരുനാഗപ്പള്ളി): അങ്ങനെ ചെയ്യുന്നപക്ഷം അയാൾക്കു തറവാട്ടു സ്വത്തുക്കളിൽ അവകാശം ഇല്ലാതെവരുന്നതാണെന്നു വല്ല വ്യവസ്ഥയും ഉണ്ടോ?

മി: കെ. ശിവരാമപണിക്കർ (ചേർത്തല): അവകാശം ഉണ്ടൊ ഇല്ലയോ എന്നുള്ളതിനെപ്പററിയല്ല ഇവിടെ ആലോചിപ്പാനുള്ളതു്. ഒരു നായർ പുരുഷൻ ഒരു നായർ സ്ത്രീയെ മാത്രമെ വിവാഹം ചെയ്യാൻ പാടുള്ളു എന്നു റെഗ്ഗുലേഷനിൽ പറഞ്ഞിട്ടുണ്ടോ? ഇല്ലെന്നാണു എനിക്കു തോന്നുന്നതു്. ഈ ബില്ലിലാകട്ടെ നമ്പൂതിരി പുരുഷൻ നമ്പൂതിരിസ്ത്രീയെ മാത്രമെ വിവാഹം ചെയ്യാൻ പാടുള്ളു എന്നു പറഞ്ഞു കാണുന്നു. ഇതിന്റെ ഉദ്ദേശം ഒരാൾ അയാളുടെ സ്വന്തജാതിയിൽ നിന്നു തന്നെ വിവാഹം ചെയ്യണമെന്നുള്ളതാണെന്നുള്ളതു പരമാർത്ഥം തന്നെ. എന്നാൽ ഞാൻ മുമ്പു് പറഞ്ഞകാരണത്താൽ ഈ ഉദ്ദേശം വിഫലമായിപ്പോകുമെന്നു ഞാൻ സംശയിക്കുന്നു. അപ്പോൾ എന്തു കൊണ്ടാണു നമ്പൂതിരി ബ്രാഹ്മണർ അവരുടെ സമുദായത്തിൽപെട്ട സ്ത്രീകളെ വിവാഹം ചെയ്യാതിരിക്കുന്നതു എന്നു ഒരു ചോദ്യം ഉണ്ടാകുന്നു. അവരുടെ ഇടയിലെ നടപ്പനുസരിച്ചു ഇളമുറക്കാർക്കു ചിലവിനു ചോദിക്കുന്നതിനുള്ള അവകാശം ഇല്ലാത്തതുകൊണ്ടുതന്നെ. സ്വജാതിയിൽപെട്ട സ്ത്രീകളെ തന്നെ അവർ വിവാഹം ചെയ്തിരുന്നാൽ അവർക്കു ചിലവിനു കൊടുക്കുന്നതിനു ഇവർക്കു നിവൃത്തിയില്ല. ഈ ബിൽ മൂലം കുടുംബത്തെ സംരക്ഷിച്ചുകൊണ്ടുപോകുന്നതിനുള്ള മാർഗ്ഗം അവർക്കു നല്കുന്നപക്ഷം എല്ലാം ഇളമുറക്കാരും തീർച്ചയായും സ്വന്തമനസ്സാലെ തന്നെ സ്വജാതിയിൽ നിന്നും വിവാഹം ചെയ്യുന്നതിനു ഒരുമ്പെടുന്നതായിരിക്കുമെന്നാണു എനിക്കു തോന്നുന്നതു്. ഇതു മാത്രമാണു ഇപ്പോൾ ആവശ്യമായിട്ടുള്ളതു്. ഇളമുറക്കാർക്കു അവരുടെയും അവരുടെ ഭാര്യമാരുടെയും സന്താനങ്ങളുടേയും ചിലവിനുള്ളമാർഗ്ഗം ഉണ്ടാക്കികൊടുക്കുന്നപക്ഷം നിശ്ചയമായും അവർ സ്വജാതിയിൽ നിന്നുതന്നെ വിവാഹം ചെയ്യുന്നതായിരിക്കും. ഇപ്പോഴത്തെ നിലക്കു ബിൽ അതിന്റെ ഉദ്ദേശത്തെ വിഫലമാക്കുകയാണു ചെയ്യുന്നതു്.

രണ്ടാം വകുപ്പു രണ്ടാം ഉപവകുപ്പിൽ തറവാട്ടിനെ ഇപ്രകാരം വിവരിച്ചിരിക്കുന്നു.

തറവാട്ട് എന്നാൽ പൊതു സ്വത്തിനു അവകാശികളായി ഒരു കൂട്ടുകുടുംബത്തിൽ ചേർന്ന എല്ലാ അംഗങ്ങളും എന്നു അർത്ഥം ആകുന്നതും അതിൽ ആ അംഗങ്ങൾ ഉൾപ്പെടുന്നതും ആകുന്നു.

ഇതു നല്ലതു തന്നെ. എന്നാൽ ഇളമുറക്കാരെയൊ ഒരു പക്ഷെ അവരുടെ സമുദായത്തിനു പുറമെനിന്നും വിവാഹം ചെയ്തിട്ടുള്ള ഗൃഹസ്ഥന്മാരല്ലാത്ത അംഗങ്ങളേയോ സംബന്ധിച്ചിടത്തോളം നോക്കുന്നപക്ഷം അവക്കു യാതൊരുവിധമായ അവകാശങ്ങളും ഇല്ല എന്നു കാണാവുന്നതാണു്. അവർക്കു തറവാട്ടുസ്വത്തിന്മേൽ എന്തു ബന്ധമാണുള്ളതു എന്നു എനിക്കു മനസ്സിലാകുന്നില്ല. ഒരുപക്ഷെ ആഹാരം, വസ്ത്രധാരണം, ദീനചികിത്സ മുതലായ സാധാരണ ചിലവുകൾക്കു മാത്രം ഇവർക്കു അവകാശം ഉണ്ടായിരിക്കാം. മററു യാതൊന്നിനും അവർക്കു് അവകാശം ഇല്ല. അവർ അവരുടെ ജാതിക്കു പുറമെനിന്നും വിവാഹം ചെയ്തിരുന്നു എങ്കിൽ അവരുടെ ഭാര്യമാരെയും സന്താനങ്ങളെയും സംരക്ഷിക്കുന്നതിനു അവർ എന്തു ചെയ്യണമെന്നു എനിക്കു മനസ്സിലാകുന്നില്ല. അവർ തെണ്ടുകയോ മോഷ്ടിക്കയോ എന്താണു ചെയ്യേണ്ടതു്? ഇതു സ്തുത്യർഹമായ ഒരു അഭിപ്രായമാണെന്നു എനിക്കു തോന്നുന്നില്ല. പ്രത്യേകിച്ചും ഇത്ര ഉദാരമതികളായ ഒരുസമുദായക്കാർ അതിലെ ഇളമുറക്കാരോടു തെണ്ടണമെന്നോ മോഷ്ടിക്കണമെന്നോ പറയുന്നതു് ഒരിക്കലും ശരിയായിട്ടുള്ളതാണെന്നു തോന്നുന്നില്ല. ഇങ്ങിനെ ഒക്കെയാണെന്നിരുന്നാലും ഇതുകൊണ്ടു സമുദായത്തിനു എന്തു ഗുണം ഉണ്ടാകാൻ പോകുന്നു എന്നു നോക്കുകതന്നെ.

അടുത്തതായി ജാതിഭ്രഷ്ടരുടെ കഥയെപ്പററി ആലോചിക്കാം. സ്മാർത്തവിചാരം എന്നുള്ളതു നിയമത്തേയോ ന്യായത്തേയോ മര്യാദയേയോ അനുസരിക്കാത്തതും മനുഷ്യസാധാരണമല്ലാത്തതും ആയ ഒരു വിചാരണാസമ്പ്രദായമാണെന്നു മിസ്റ്റർ ചങ്ങനാശേരി പരമേശ്വരൻപിള്ള നമ്മെ വായിച്ചു കേൾപ്പിച്ചതിൽ നിന്നും നമുക്കു മനസ്സിലായല്ലൊ. അതിനാൽ നാം ഇക്കാലത്തു അതിനെ തീരെ ഉപേക്ഷിക്കുകതന്നെയാണു വേണ്ടതു്. ഇതിൽ പണത്തിന്റെ ആവശ്യം മാത്രമെ ഉള്ളു എന്നു നമുക്കു മനസ്സിലായിക്കഴിഞ്ഞു. ഒരുവന് ൨൦൦൦ രൂപാ ഉണ്ടാക്കാൻ കഴിയുമെങ്കിൽ അയാൾക്കു ആരേയും ജാതിഭ്രഷ്ടൻ ആക്കുവാനും കഴിയും. ഇരുപതിനായിരമൊ നാല്പതിനായിരമോ രൂപാ എളുപ്പത്തിൽ ഉണ്ടാക്കാൻ കഴിയുന്ന ഒരു നമ്പൂതിരി തറവാട്ടിലെ കാരണവൻ തീർച്ചയായും കുറെ ആയിരം രൂപാ കൊടുത്തു അനന്തിരവന്മാരിൽ മിക്കപേരെയും ജാതിഭ്രഷ്ടരാക്കുന്നതിനുതന്നെ കഠിനമായി ശ്രമിക്കുമെന്നുള്ളതിനു യാതൊരു സംശയവുമില്ല. ഇത്ര വലിയ സ്വത്തുള്ള തറവാടുകൾ നമ്പൂതിരിമാരുടെ ഇടയിൽ ദുർല്ലഭമല്ല. പിന്നെയും ഒരു സ്ത്രീ വ്യഭിചാരിണിയാണെന്നോ നിയമവിരുദ്ധമായ പുരുഷ

സംസർഗ്ഗം ഉള്ളവർ ആരെന്നോ കാണുന്നപക്ഷം അവർ സംസർഗ്ഗം ചെയ്യുന്നതിന്ന ഇടയായിട്ടുള്ള പുരുഷന്മാരുടെ പേർ പറയണമെന്ന ആ സ്ത്രീയോട ആവശ്യപ്പെടുകയും ഉടൻതന്നെ അവരെ അത്രയും ജാതിഭ്രഷ്ടരാക്കുകയും ആണ ചെയ്തുവരുന്നത്. ജാതിഭ്രഷ്ടരാക്കുന്ന നിമിഷം മുതൽ അവൎക്ക് തറവാട്ടു സ്വത്തിന്മേൽ യാതൊരു വിധ അവകാശവും ഇല്ലാതാവുകയും ചെയ്യുന്നു. ഇപ്രകാരമുള്ള നടപടി ആ കുടുംബത്തിലെ അംഗങ്ങൾക്കെന്നല്ല മററു കുടുംബങ്ങളിലെ അംഗങ്ങൾക്കെന്നല്ല അന്യസമുദായങ്ങളിലെ അംഗങ്ങൾക്കുകൂടിയും ഹാനികരമായിരിക്കുന്നു. അതിനാൽ ബില്ലിലെ ഈ വ്യവസ്ഥ വളരെ അപായകരമായി തോന്നുന്നു. ആ സ്ഥിതിക്ക് ഇപ്പോൾ ഈ സമ്പ്രദായം നടപ്പിൽ ഇരിക്കുന്നുണ്ടെന്നുള്ള ഏകകാരണത്താൽമാത്രം ഇതിനെ ഈ കൌൺസിൽ അംഗീകരിക്കണമെന്ന പറയുന്നത എങ്ങിനെയെന്ന എനിക്ക മനസ്സിലാകുന്നില്ല.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സൎക്കാർവക്കീൽ): ഏതെങ്കിലും കാരണത്താൽ ഒരു നായരെ ജാതിഭ്രഷ്ടനാക്കാൻ കഴിയുമൊ എന്ന മെമ്പറിൽനിന്നു അറിഞ്ഞാൽകൊള്ളാം.

മി: കെ. ശിവരാമപ്പണിക്കർ (ചേൎത്തല): സ്മാൎത്തവിചാരത്താൽ നായരെയും ജാതിഭ്രഷ്ടനാക്കാമെന്നാണ എനിക്ക തോന്നുന്നത്. എന്നാൽ നായന്മാർ ഈ ജാതിഭ്രഷ്ട നടപ്പാക്കിവച്ചിട്ടില്ല.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സൎക്കാർവക്കീൽ): ഞാൻ സ്മാൎത്തവിചാരത്തെ സംബന്ധിച്ച ചോദിക്കയില്ല. ഒരു നായരെ ജാതിഭ്രഷ്ടനാക്കുന്നതിന ഏതു കാരണത്തിന്മേലെങ്കിലും സാധിക്കുമോ?

മി: കെ. ശിവരാമപ്പണിക്കർ (ചേൎത്തല): മതംമാററം.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സൎക്കാർവക്കീൽ): മറെറന്തെങ്കിലും കാരണം ഉണ്ടോ?

മി: കെ. ശിവരാമപ്പണിക്കർ (ചേൎത്തല): മററു യാതൊരു കാരണവും ഉള്ളതായി എനിക്ക അറിവില്ല. എന്നാൽ നായന്മാരുടെ വിഷയത്തിൽ ന്യായമായ വിധത്തിൽ വിസ്താരം നടത്തുന്നതിനുള്ള സൌകൎയ്യം ഉണ്ട്. കൂടാതെ ജാതിഭ്രഷ്ടനാക്കിയിട്ടുള്ളത ന്യായവും നീതിയും അനുസരിച്ചാണോ എന്നുള്ളതിനെപ്പററി ആരായുന്നതിന നീതിന്യായക്കോടതികൾക്ക അധികാരവും ഉണ്ട്, നമ്പൂതിരിമാരുടെ വിഷയത്തിലാകട്ടെ ജാതിഭ്രഷ്ടനാക്കപ്പെട്ടവൻറെപേരിലുള്ള ചാൎജ്ജുകൾ കളവാണെന്ന തെളിയിക്കുന്നതിനുള്ള സൌകൎയ്യംപോലും അയാൾക്ക നൾകപ്പെടുന്നില്ല.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സൎക്കാർവക്കീൽ): ജാതിഭ്രഷ്ടനാക്കുന്നതിന ഉപയോഗിക്കുന്ന സമ്പ്രദായത്തെയോ അതിൽ അടങ്ങിയിരിക്കുന്ന തത്വത്തേയോ ഏതിനെയാണ് മെമ്പർ വിരോധിക്കുന്നത എന്നറിഞ്ഞാൽകൊള്ളാം.

മി: കെ. ശിവരാമപ്പണിക്കർ (ചേൎത്തല): സ്മാൎത്തവിചാരം എന്നുള്ള സമ്പ്രദായത്തെയാണ ഞാൻ വിരോധിക്കുന്നത്. ഈ ബില്ലിൽ ഇങ്ങിനെ ഒരു വ്യവസ്ഥ ഉണ്ടായിരിക്കാൻപാടില്ല. ഈ കൌൺസിൽ ഇതിനെ ഒരിക്കലും അംഗീകരിക്കാനും പാടില്ല.

മി: കെ. കെ. തോമസ് (കോട്ടയം): ഒരു നായർ മറെറതെങ്കിലും ജാതിയിൽപെട്ട ഒരുവനുമായി മിശ്രഭോജനം ചെയ്യുന്നതുകൊണ്ടോ മറെറതെങ്കിലും ജാതിയിൽ വിവാഹം ചെയ്യുന്നതുകൊണ്ടോ ജാതിഭ്രഷ്ടനായിതീരുന്നതാണോ?

മി: കെ. ശിവരാമപ്പണിക്കർ (ചേൎത്തല): ഇല്ല ഇല്ല. ഇങ്ങിനെയുള്ള സംഗതികളിൽ നായൎക്ക പൂൎണ്ണസ്വാതന്ത്ര്യം ഉണ്ട്. ഞങ്ങളുടെ സമുദായത്തിൻെറ ആദിമനേതാക്കന്മാരുടെ മഹാമനസ്കതയുടെ ഫലമായി ഞങ്ങൾക്ക ഇപ്രകാരമുള്ള കെട്ടുപാടുകൾ ഒന്നും ഉണ്ടായിട്ടില്ല.

പിന്നീട് കാരണവനെ സംബന്ധിച്ചിടത്തോളം കൂട്ടുകുടുംബത്തിലെ അംഗങ്ങളിൽ ഭൂരിഭാഗം ആളുകൾ യോജിക്കുന്നപക്ഷം കാരണവൻ ഏതു പ്രകാരത്തിൽ തറവാട്ടുഭരണം നടത്തിവന്നു എന്നുള്ളതിനെപ്പററി യാതൊന്നും അന്വേഷിക്കാതെതന്നെ അയാളെ ആ സ്ഥാനത്തുനിന്നും നീക്കംചെയ്യാൻ സാധിക്കുന്നതാണെന്ന് ൧൬-ാം വകുപ്പിൽ വിശദമായി പറഞ്ഞിരിക്കുന്നു. കാരണവൻ വളരെ വളരെ തൃപ്തികരമായ വിധത്തിൽ തറവാട്ടുഭരണം നടത്തിയിരുന്നു എങ്കിലും തറവാട്ടംഗങ്ങളിൽ ഭൂരിഭാഗം ആളുകൾ യോജിക്കുന്നപക്ഷം അയാളെ ആ സ്ഥാനത്തുനിന്നും നീക്കംചെയ്യാവുന്നതായിട്ടാണ ഇരിക്കുന്നത്. ഭാൎയ്യയും സന്താനങ്ങളും മരിച്ചുപോയ ഒരു നമ്പൂതിരി കാരണവൻ ഉണ്ടെന്ന വിചാരിക്കുക. അതെകുടുംബത്തിൽതന്നെ, ആ കാരണവൻെറ കീഴിൽ, ഒരു ഭാൎയ്യയും പ്രായപൂൎത്തിവന്ന ഒരു പുത്രനും ഉള്ള ഒരു ഇളമുറക്കാരനും ഉണ്ടെന്നും വിചാരിക്കുക. ഈ മൂന്നപേരും, അതായതു ഇളമുറക്കാരനും അയാളുടെ ഭാൎയ്യയും പുത്രനുംകൂടി ഒന്നുചേൎന്ന് കാരണവനെ തൽസ്ഥാനത്തുനിന്നും നീക്കംചെയ്യണമെന്ന വിചാരിക്കുന്നപക്ഷം, അയാൾ തറവാട്ടിനെ എത്ര വളരെ ശ്ലാഘ്യമാംവണ്ണം ഭരിച്ചുകൊണ്ടുപോയിരുന്നാലും, അയാളെ ഉടൻതന്നെ ആ സ്ഥാനത്തുനിന്നും നീക്കംചെയ്യാമെന്നുള്ളതാകുന്നു. ഈ ബില്ലിൻെറ പ്രയോക്താവ് ഇളമുറക്കാരുടെ അപേക്ഷക്ക ഉത്തമവിശ്വാസം ഉണ്ടായിരിക്കമെന്നമാത്രം മുമ്പിൽകൂട്ടി നിശ്ചയിച്ചുകളഞ്ഞു. പിന്നെയും ൧൭-ാം വകുപ്പിൽ ഇങ്ങിനെ പറഞ്ഞിരിക്കുന്നു.

ശേഷിക്കുറവ്, നടപടിപ്പിശക്, ദുൎഭരണം ഈ കാരണങ്ങളിൽ ഏതെങ്കിലും ഒന്നിനാൽ കാരണവനെ തൽസ്ഥാനത്തുനിന്നും ഒരു കോൎട്ട് ഡിക്രിമൂലം നീക്കംചെയ്യുന്നതിനുള്ള അധികാരം ഒരു തറവാട്ടിലെ ഓരോ അംഗത്തിനും ഉണ്ടായിരിക്കുന്നതാകുന്നു.

അതിനാൽ നടപടിപ്പിശകൊ, ദുൎഭരണമൊ ഉള്ളപക്ഷം കാരണവനെ തൽസ്ഥാനത്തുനിന്നും നീക്കംചെയ്യണമെന്ന കോടതിയിൽ അപേക്ഷ ബോധിപ്പിക്കുന്നതിനുള്ള അധികാരം തറവാട്ടിലെ ഓരോ അംഗത്തിനും ഉണ്ട്. അതിനാൽ ഈ വകുപ്പ് (൧൬-ാം വകുപ്പ്) തറവാട്ടിലെ ഇളമുറക്കാരിൽ ഭൂരിപക്ഷക്കാരുടെ തൃപ്തിക്കുവേണ്ടിമാത്രം ഉണ്ടാക്കിയിട്ടുള്ള ഒന്നാകുന്നു. കാരണവനെ തറവാട്ടംഗങ്ങളിൽ ഭൂരിഭാഗം ആളുകൾ ചേൎന്ന നീക്കംചെയ്യണോ വേണ്ടയോ എന്നുള്ളത് കേവലം അവരുടെ തൃപ്തിയെമാത്രം ആശ്രയിച്ചിരിക്കുന്ന ഒരു സംഗതിയാ

യിട്ടാണ് ഇപ്പോൾ ഇരിക്കുന്നത്. അംഗങ്ങൾ സാധാരണയായി വളരെ കുറച്ചുമാത്രം കാണാറുള്ള നംപൂതിരി തറവാടുകളിൽ ഇങ്ങിനെ ധാരാളം സംഭവിക്കാൻ ഇടയുണ്ടെന്നുതന്നെ എനിക്കു നിശ്ചയമായും തോന്നുന്നു.

പിന്നീടും ഭാഗത്തെസംബന്ധിച്ചു നോക്കുന്നപക്ഷം ഭാഗമേ വേണ്ട എന്നാണ് ബില്ലിന്റെ ഉദ്ദേശം എന്നു ബില്ലിൽ അതിനെസംബന്ധിച്ചുള്ള വ്യവസ്ഥ വായിച്ചുനോക്കുമ്പോൾ തോന്നിപ്പോകുന്നു. ഭാഗത്തെ നിവൃത്തിയുള്ളിടത്തോളം പ്രയാസമാക്കിത്തീർത്തിട്ടുള്ളതിനാലാണ് ഇപ്രകാരം തോന്നിപ്പോകുന്നത്. ഈ ബില്ലിന്റെ പ്രയോക്താവായ മിസ്റ്റർ ഉപ്പൻനംപൂതിരി ഒരു കാരണവൻ ആയതുകൊണ്ട് ഇങ്ങിനെ ഇതിനെ പ്രയാസമാക്കിത്തീർത്തിരിക്കയാണെന്നു പറയുന്നതിനു ഞാൻ ഒരിക്കലും ഒരുങ്ങാറില്ല. ഞാൻ ഒരിക്കലും അങ്ങിനെ പറയുകയില്ല. അതെങ്ങിനെയായിരുന്നാലും ബില്ലിലെ വ്യവസ്ഥകൾ അനുസരിച്ചു ഭാഗം നടത്തുന്നതു വളരെ വളരെ പ്രയാസപ്പെട്ട് എങ്കിൽമാത്രമേ സാധിക്കുകയുള്ളു എന്നുള്ളതു പരമാർത്ഥമായിത്തന്നെ ഇരിക്കുന്നു. ഇതിനുംപുറമെ തറവാട്ടിലെ മററംഗങ്ങൾക്കു അവരുടെ ഭാഗം കിട്ടുന്നതിനുള്ള അവകാശം ഉണ്ടായിരിക്കെ സമുദായത്തിനുപുറമെ നിന്നും വിവാഹം ചെയ്തിട്ടുള്ള ഗൃഹസ്ഥനല്ലാത്ത ഒരു അംഗത്തിനു ഭാഗം ആവശ്യപ്പെടുന്നതിനുള്ള അവകാശമോ അധികാരമോ ഉണ്ടോ എന്നുള്ളതും ഇതിലെ വ്യവസ്ഥകളിൽനിന്നും വിശദമാകുന്നില്ല. ഭാഗ്യത്താലൊ ഭാഗ്യദോഷത്താലൊ അവർ അന്യസമുദായങ്ങളിൽനിന്നു വിവാഹം ചെയ്യുന്നതിനു ഇടയായിപ്പോയി എന്നുള്ള ഏക കാരണത്താൽ അവർക്കു തറവാട്ടുസ്വത്തുക്കളിൽ യാതൊരു അവകാശവും നൾകാൻപാടില്ല എന്നാണു ഇതിന്റെ അർത്ഥം എന്നുവരികിൽ ആയതു തീരെ ന്യായരഹിതവും നിയമവിരുദ്ധവും ആകുന്നെന്നുള്ളതിനു യാതൊരു സംശയവുമില്ല.

തീരുമാനം മാറേറണ്ടതായി ബില്ലിന്റെ ഇപ്പോഴത്തെ നിലക്കു അനേകം വ്യവസ്ഥകൾ ഉണ്ട്. അതിനാൽ ഞാൻ മുമ്പ് പറഞ്ഞ ആക്ഷേപങ്ങളോടുകൂടിയും മററു ആക്ഷേപങ്ങളെ മേലാൽ ഒരു അവസരത്തിൽ പറഞ്ഞുകൊള്ളാമെന്നു നിശ്ചയിച്ചും ബില്ലിൽ അടങ്ങിയിരിക്കുന്ന സാമാന്യതത്വങ്ങളെ ഞാൻ പിൻതാങ്ങിക്കൊള്ളുന്നു.

മി: എം. ശിവതാണുപിള്ള (തോവാള): എന്റെ ചോദ്യത്തെപററി ഞാൻ മെമ്പറെ ഒന്നുകൂടി ഓർമ്മിപ്പിച്ചുകൊള്ളട്ടെ. ഈ സമുദായാംഗങ്ങൾക്ക് അനേകം സ്ത്രീകളെ വിവാഹം ചെയ്യുന്നതിനുള്ള സ്വാതന്ത്ര്യം ഉണ്ടായിരിക്കണമെന്നാണൊ മെമ്പറിന്റെ അഭിപ്രായം എന്നറിഞ്ഞാൽകൊള്ളാം.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഇപ്പോഴത്തെ നിലയ്ക്കു ഇതിനു വിപരീതമായി പറവാൻ യാതൊന്നുംതന്നെ കാണുന്നില്ല.

മി. എം. ശിവതാണുപിള്ള (തോവാള): അതിനെസംബന്ധിച്ചു മെമ്പറിന്റെ അഭിപ്രായം എന്താണെന്നാണ് എനിക്കു അറിയാനുള്ളത്. അതു എന്താണെന്നു പറവാൻ തൃപ്തിയില്ലാത്തപക്ഷം ഞാൻ നിർബന്ധിക്കുന്നില്ല.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഞാൻ ഇപ്പോൾ ബില്ലിൽ അടങ്ങിയിരിക്കുന്ന സാമാന്യതത്വങ്ങളെ സംബന്ധിച്ചു മാത്രമേ സംസാരിക്കുന്നുള്ളു. ബില്ലിലെ ഓരോ വ്യവസ്ഥയെ സംബന്ധിച്ചും പ്രത്യേകം പ്രത്യേകം ചർച്ചചെയ്യുന്ന അവസരത്തിൽ എന്റെ അഭിപ്രായം ഞാൻ പറയുന്നതായിരിക്കും. ഇപ്പോഴത്തെ നിലയ്ക്കു അനേകം ഭാര്യമാർ ഉണ്ടായിരിക്കുന്നതിനെ തടയണമെന്നായി ഈ ബിൽകൊണ്ടു ഉദ്ദേശിക്കുന്നില്ല.

മി: എൻ. കുമാരൻ (നിയമിതമെമ്പർ): ഈ ബില്ലിൽ അടങ്ങിയിരിക്കുന്ന തത്വത്തെ അനുകൂലിക്കുന്നതിൽ എനിക്കു അതിയായ സന്തോഷമുണ്ട്. സർ! നംപൂതിരി ബ്രാഹ്മണർക്കുവേണ്ടി ഒരു നിയമനിർമ്മാണം ചെയ്യുന്നതിലേക്കായി ഞാൻ ഇവിടെ സന്നിഹിതനായിരിക്കാൻ ഇടയായതിനെ ഒരു വലിയ ഭാഗ്യമായിത്തന്നെ ഞാൻ ഗണിക്കുന്നു. മിസ്റ്റർ ചങ്ങനാശ്ശേരി പരമേശ്വരൻപിള്ള മുമ്പുപറഞ്ഞതുപോലെ ബ്രാഹ്മണർ, പ്രത്യേകിച്ചും മലയാളത്തിലെ നംപൂതിരിബ്രാഹ്മണർ, കേരളത്തിലുള്ള നാനാജാതി ഹിന്ദുക്കൾക്കും നിയമനിർമ്മാണം ചെയ്തുകൊണ്ടിരുന്നവർ ആകുന്നു. ഹിന്ദുസമുദായത്തിലെ ജാതിവിഭാഗങ്ങളിൽ ഏററവും ഉന്നതസ്ഥാനത്തുതന്നെ യഥാർത്ഥത്തിൽ സ്ഥിതിചെയ്യുന്നവരായ ഈ സമുദായത്തിനു, അതായതു നംപൂതിരിബ്രാഹ്മണ സമുദായത്തിനു, നിയമനിർമ്മാണം ചെയ്യുന്നതിലേക്കായി ഇവിടെ ഹിന്ദുസമുദായത്തിലെ ഇതരവിഭാഗങ്ങൾ ഹാജരായിരിക്കുന്നതിനു ഇടയായതിനെ സംബന്ധിച്ചു എനിക്കു പ്രത്യേകം സന്തോഷം ഉണ്ട്. സാമുദായികമായ സംഗതികളെ സംബന്ധിച്ചിടത്തോളം ഈ സമുദായത്തിന്റെ സ്ഥിതി മുമ്പ് ഇരുന്നതുപോലെ തൃപ്തികരമായ വിധത്തിൽ അല്ല എന്നുള്ളതിനെ വെളിപ്പെടുത്തുന്നതായി ഏതാനും ദോഷങ്ങൾ ഈ സമുദായത്തിൽ ഉണ്ടെന്ന് സൂക്ഷ്മമായി പരിശോധിക്കുന്നവർക്കു ബോദ്ധ്യം ആകുന്നതാണ്. കൊച്ചിയിലും മലബാറിലും തിരുവിതാംകൂറിലും ഉള്ള മലയാളബ്രാഹ്മണർ എല്ലാപേരും ചേർന്ന് ഉദ്ദേശം ൨൦ വർഷങ്ങൾക്കുമുമ്പ് ഒരു സഭ രൂപീകരിക്കയുണ്ടായി. യോഗക്ഷേമസഭ എന്ന പേരോടുകൂടിയ ഒരു സഭയാണ് അവർ രൂപീകരിച്ചതു. സമുദായഘടനയെ സംബന്ധിച്ചു അവർക്കുണ്ടായിരുന്ന യുക്തികളെ വളർത്തിക്കൊണ്ടുപോയതും ധനസംബന്ധമായോ സാമുദായികമായോ ഉള്ള വിഷയങ്ങളിൽ നാനാപ്രകാരേണയും ഉന്നമനം സിദ്ധിക്കുന്നതിനും അവരുടെ സ്ഥിതിയെ നന്നാക്കുന്നതിനും ഉപയുക്തമെന്നു അവർക്കുതോന്നിയിരുന്ന മാർഗ്ഗങ്ങളെ പോഷിപ്പിച്ചുകൊണ്ടുപോയതും നോക്കി മനസ്സിലാക്കുന്നതു വളരെ രസകരമായിരുന്നു. ശാങ്കരസ്മൃതിയിൽ പ്രസ്താവിച്ചിട്ടുള്ളതനുസരിച്ചു വിജാതീയ വിവാഹം ചെയ്യുന്നതായിരുന്നാൽ, അതായതു അന്യസമുദായങ്ങളിൽ നിന്നും വിവാഹം ചെയ്യുന്നതായിരുന്നാൽ, ആയതു ആ സമുദായത്തിനു ഗുണകരമല്ലെന്നു വിചാരിച്ചുപോന്നു. സമുദായാംഗങ്ങളുടെ സംഖ്യ നാൾക്കുനാൾ കുറഞ്ഞുവരുന്നതായും സംശയിക്കപ്പെട്ടിരുന്നു. മി: ചങ്ങനാശ്ശേരി പരമേശ്വരൻപിള്ള പരമാർത്ഥം നേരെമറിച്ചാണെന്നു തെളിയിക്കുന്നതിനായി നമ്മെ അല്പംമുമ്പ് കണക്കുപറഞ്ഞു മനസ്സിലാക്കുന്നതുവരെ എനിക്കും അപ്രകാരം ഒരു സംശയം ഇല്ലാതിരുന്നില്ല. ഇളമുറക്കാരായ സമുദായാംഗങ്ങൾ എല്ലാപേരും കൂടി ആ സമുദായത്തിൽനിന്നും വിവാഹം ചെയ്യാതിരിക്കുന്നപക്ഷം സമുദായം നിശ്ചയമായും ജനസംഖ്യയിൽ കുറഞ്ഞുപോകതന്നെചെയ്യും എന്നും വിചാരിക്കപ്പെട്ടിരുന്നു. പല സ്ഥാനങ്ങളിലും ഇപ്രകാരം ഒരു സംശയം ഉണ്ടായിരുന്നു. ഒരുപക്ഷെ ഇങ്ങനെ ഒരു ബിൽ ഇവി

ടെ അവതരിപ്പിച്ചതിന്റെ കാരണം സമുദായത്തിലെ ഇളമുറക്കാൎക്ക് സ്വസമുദായത്തിൽനിന്നുതന്നെ വിവാഹം ചെയ്യാതെ ഇരിക്കുന്നതിനുള്ള പ്രധാനകാരണം അവൎക്കു പ്രത്യേകമായി തറവാട്ടിൽനിന്നും ചിലവിനു കിട്ടണമെന്നു ആവശ്യപ്പെടുന്നതിനൊ കിട്ടുന്നതിനൊ അധികാരമൊ അവകാശമൊ ഇല്ല എന്നുള്ളതാകുന്നു. പ്രസ്തുത ബില്ലിലെ ഏററവും പ്രധാനപ്പെട്ട വകുപ്പുകൾ ൧൨-ം ൧൩-ം ആണു എന്നു കാണാവുന്നതാണല്ലോ. ഈ രണ്ടു വകുപ്പുകളുംമാത്രം പാസാക്കുന്നപക്ഷം ഈ ബില്ലിന്റെ പ്രയോക്താവായ മി: ഗുപ്തൻനമ്പൂരിപ്പാട്ടു വളരെ സന്തുഷ്ടനാകുമെന്നാണ് എനിക്കുതോന്നുന്നതു്. ഈ വിജാതിയ വിവാഹം നിരോധിക്കണമെന്നുള്ളതാണ് അവർ ഈ നിയമനിൎമ്മാണംകൊണ്ടു സാധിക്കണമെന്നു ഉദ്ദേശിക്കുന്ന സംഗതികളിൽ ഏററവും പ്രധാനമായിട്ടുള്ളതു്. പ്രസ്തുത ബില്ലിന്റെ പ്രയോക്താവിനെ ഈ വകുപ്പിനെ ഈ ബില്ലിൽ ചേൎക്കുന്നതിനു പ്രേരിപ്പിച്ച മനോവൃത്തിയെസംബന്ധിച്ചു ഈ സഭാംഗങ്ങളിൽ അനേകം പേരും ചെയ്തതായ വിമൎശനങ്ങളെ ഞാൻ ധാരാളം കേട്ടു. ഈ വകുപ്പു നായർ റെഗുലേഷനിലെ ചില വകുപ്പുകൾക്കു വിരുദ്ധമായിരിക്കുന്നു എന്നു് പറയുകയുണ്ടായി. നമ്പൂതിരിസമുദായക്കാർ അവരുടെ ഗാൎഹസ്ഥ്യ ജീവിതത്തെ അവൎക്കു ഇഷ്ടമായ രീതിയിൽ നയിച്ചുകൊള്ളുന്നതിന് അനുവദിക്കണമെന്നാണു എന്റെ അഭിപ്രായം. ഈ ബില്ലിലെ ഏതെങ്കിലും വ്യവസ്ഥ നായർറെഗുലേഷനിലെ ഏതെങ്കിലും വ്യവസ്ഥക്ക് വിപരീതമായിരിക്കുന്നു എങ്കിൽ ഈ വൈഷമ്യത്തെ നീക്കത്തക്കവണ്ണം ഈ ബില്ലിൽതന്നെ എന്തെങ്കിലും മാററം വരുത്തുവാൻ വളരെ എളുപ്പമാണെന്നാണ് എനിക്കു പറവാനുള്ളതു്. നായർ സമുദായത്തിനു ചില അവകാശങ്ങൾ സ്ഥാപിച്ചുകിട്ടുന്നതിനു വളരെ താല്പൎയ്യമുണ്ടായിരുന്നു. അതിലേക്കുവേണ്ടി അവർ യത്നിച്ചു. അവരുടെ ഉദ്ദേശം അവർ സാധിച്ചു. അവരുടെ സ്ത്രീകളുടേയും കുട്ടികളുടേയും കഥ സംരക്ഷിതമാക്കിചെയ്യണമെന്നു അവൎക്കുതോന്നി. ഇതിനു വിപരീതമായി എന്തെങ്കിലും പ്രവൎത്തിച്ചാൽ ആയതു ആ സമുദായക്കാർ ഒരിക്കലും തൃപ്തിയോടു സഹിച്ചുകൊണ്ടിരിക്കയില്ല. അവരുടെ അവകാശങ്ങളെ ഹനിക്കുന്നതായ യാതൊരു വ്യവസ്ഥയേയും ഈ കൌൺസിൽ സ്വീകരിക്കയില്ലെന്നും എനിക്കു നല്ല നിശ്ചയമുണ്ടു്. എന്നാൽ ഇതുകൊണ്ടു നമ്പൂതിരിസമുദായത്തിലെ ഇളമുറക്കാരെ നിവൃത്തിയുള്ളടത്തോളം സ്വസമുദായത്തിൽനിന്നുതന്നെ വിവാഹം ചെയ്വാൻ പ്രേരിപ്പിക്കുന്നതായ ഒരു വ്യവസ്ഥ അവരുടെ സ്വന്തബില്ലിൽചേൎക്കാൻ ശ്രമിച്ചുകൂടാ എന്നുപറയുന്നതു ഒരിക്കലും ശരിയല്ലഎന്നാണ് എന്റെ അഭിപ്രായം. അതുകൊണ്ടു ബിൽസിലക്ടുകമ്മററിയുടെ ആലോചനയ്ക്കു വിഷയമാകുന്നകാലത്തു നായർറഗുലേഷനിലെ വ്യവസ്ഥകൾക്കു കുഴപ്പം ഉണ്ടാകാതിരിക്കത്തക്കവണ്ണം ഉള്ള ഭേദഗതികൾ ഈബില്ലിൽ വരുത്താമെന്നുള്ളതുകൊണ്ടു ഇപ്പോൾ ഈ ഭാഗത്തെ സംബന്ധിച്ചു വളരെ ഒന്നും ആലോചിച്ചു വിഷമിക്കേണ്ട ആവശ്യം ഇല്ലെന്നാണ് എനിക്കു തോന്നുന്നതു്.

ഈ പതനത്തിൽ ബില്ലിലെ ഓരോ വകുപ്പിനേയും സംബന്ധിച്ചു കൂലങ്കഷമായി പൎയ്യവേക്ഷണം ചെയ്യേണ്ട ആവശ്യമുണ്ടെന്നു എനിക്കു തോന്നുന്നില്ല. ഭാഗ്യദോഷത്താൽ ഈ ബില്ലിനെ രൂപീകരിക്കുന്ന ജോലി ഒരു ശേഷിമാനായ നിയമജ്ഞൻ നിൎവ്വഹിച്ചിട്ടുള്ളതായി തോന്നുന്നില്ല. ഇതിനെ രൂപീകരിച്ചതു ഒരു നിയമജ്ഞൻ ആയിരുന്നു എങ്കിൽ ഒരുപക്ഷെ മിക്ക വകുപ്പുകളും രൂപം മാറിക്കാണപ്പെടുമായിരുന്നേനെ. മുമ്പിൽ പ്രസംഗിച്ചവർ പറഞ്ഞതുപോലെ

മി: കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാട്ടം): കൊച്ചിയിലെ നിയമനിൎമ്മാണസഭ ഈ ബില്ലിനെ അംഗീകരിച്ചിട്ടുള്ളതായി തോന്നുന്നു.

മി: എൻ. കുമാരൻ (നിയമിതമെമ്പർ): അതു് എനിക്കറിഞ്ഞുകൂടാ. അതുകൊണ്ടു നാമും അതിനെ അംഗീകരിക്കണമെന്നുള്ള അൎത്ഥം വരുന്നില്ലല്ലൊ. നാം ബില്ലിലെ ഓരോ വ്യവസ്ഥയേയും വേണ്ടുംവണ്ണം പരിശോധിച്ചു നമുക്കു സ്വീകാരയോഗ്യമെന്നു തോന്നുന്നവയെ സ്വീകരിക്കുകയും ഭേദഗതി വരുത്തണമെന്നു നമുക്കു തോന്നുന്ന ഭാഗങ്ങളിൽ ഭേദഗതികൾ വരുത്തുകയും ആണു നാം ചെയ്യേണ്ടതു്.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാട്ടം): ഞാൻ ഈ ബില്ലിന്റെ രൂപീകരണത്തെപററി പറകയായിരുന്നു.

മി: എൻ. കുമാരൻ (നിയമിതമെമ്പർ): ബില്ലിന്റെ പ്രയോക്താവിനു രൂപീകരണസംബന്ധമായിട്ടുള്ള ശേഷിയെപ്പററി എന്തെങ്കിലും അഭിപ്രായം പറയണമെന്നു ഞാൻ ഉദ്ദേശിക്കുന്നില്ല. അതു എങ്ങിനേയായാലും ബില്ലിലുള്ള അനേകം വ്യവസ്ഥകളുടെ ഇപ്പോഴത്തെ രൂപം അംഗീകാരയോഗ്യമാണെന്നു എനിക്കുതോന്നുന്നില്ല. ഉദാഹരണമായി നമ്പൂരിതറവാട്ടുകളുടെ ഭരണത്തെ സംബന്ധിച്ചു് അനേകം വകുപ്പുകൾ ഈ ബില്ലിൽ ഉണ്ടു്. അവയിൽ വളരെ എണ്ണവും തീരെ ആവശ്യമില്ലാത്തവയും ആകുന്നു. അവ തിരുവിതാംകൂർ ഹൈക്കോടതിയിൽനിന്നും വളരെനാൾ മുമ്പുതന്നെ തീരുമാനിച്ചിട്ടുള്ള നിയമതത്വങ്ങൾ മാത്രം ആകുന്നു. ഇവ റഗുലേഷന്റെ ഭാഗം ആകുന്നതിലേക്കായി അവയെ വകുപ്പുകളാക്കി ഇതിൽ ചേൎത്തിട്ടുണ്ടെന്നു മാത്രമെ ഉള്ളു. ഇതു തീരെ ആവശ്യമില്ലാത്തതാണെന്നാണു എന്റെ അഭിപ്രായം. ഈ ബില്ലിലെ വിവിധവ്യവസ്ഥകളെ സംബന്ധിച്ചു് ഈ സഭ കൂലങ്കഷമായി ചൎച്ച ചെയ്തിട്ടുണ്ടല്ലോ. വിശദമാക്കപ്പെട്ടിട്ടുള്ള കുറവുകളെപ്പററി സിലക്ട്കമ്മററി വേണ്ടപോലെ ശ്രദ്ധിക്കേണ്ടതാണ്. ഇപ്പോൾ ഈ സഭയുടെ ശ്രദ്ധയിൽനിന്നു എന്തെങ്കിലും വിട്ടുപോയിട്ടുണ്ടെങ്കിൽ ഈ ബിൽ രണ്ടാമതു വായിക്കുന്ന സന്ദൎഭത്തിൽ അവയേയും ഈ സഭക്കു ശരിപ്പെടുത്താമെന്നുള്ളതാണ്. അതിനാൽ ഇപ്പോൾ ഈ ബില്ലിലെ ഓരോ വ്യവസ്ഥകളേയുംപററി കൂലങ്കഷമായി ചൎച്ചചെയ്യുകഎന്നുള്ളതു തീരെ അനാവശ്യമായിട്ടുള്ളതാണെന്നാണ് എന്റെ അഭിപ്രായം. ഈ ബിൽ അവതരിപ്പിച്ചതിൽ മിസ്റ്റർ ഗുപ്തൻനമ്പൂതിരിപ്പാടു പ്രകടിപ്പിച്ചിട്ടുള്ള ധൈൎയ്യത്തെ സംബന്ധിച്ചടത്തോളം ഞാൻ അദ്ദേഹത്തെ അനുമോദിക്കതന്നെ ചെയ്യുന്നു. അതു് എങ്ങനെ ഇരുന്നാലും ബില്ലിലുള്ള സകല കുറവുകളേയും സിലക്റ്റ് കമ്മററിക്കു പരിഹരിക്കാമെന്നുള്ളതാകുന്നു. അതിനാൽ ബില്ലിൽ അടങ്ങിയിരിക്കുന്ന സാമാന്യതത്വങ്ങളെ സ്വീകരിക്കാമൊ പാടില്ലയൊ എന്നുള്ളതിനെപ്പററി മാത്രം ഇപ്പോൾ ആലോചിച്ചാൽ മതിയാകുമെന്നുള്ളതാണ്. ഇത്രയും പറഞ്ഞുകൊണ്ടു ഈ ബില്ലിൽ അന്തൎഭവിച്ചിരിക്കുന്ന സാമാന്യതത്വത്തെ ഞാൻ അനുകൂലിച്ചുകൊള്ളുന്നു.

മി: എം. ശിവതാണുപിള്ള (തോവാള): സർ സംസാരിക്കുന്നതിനായി ഞാൻ എഴുന്നേൽക്കുന്നതായ അവസരത്തിൽ എൻെറ മനസ്ഥിതി എന്താണെന്നു എനിക്കുതന്നെ അറിഞ്ഞുകൂടാ എന്നു ഞാൻ ആദ്യമായി തുറന്നുപറഞ്ഞുകൊള്ളട്ടെ. അതു് എങ്ങിനെ ഇരുന്നാലും അനൌദ്യോഗസ്ഥാംഗങ്ങളിൽ പലരും വിശദമാക്കിയതുപോലെയുള്ള സന്തോഷം എനിക്കു് ഈ വിഷയത്തിൽ ഇല്ലഎന്നു സഭയെ ധരിപ്പിച്ചുകൊള്ളട്ടെ, പിന്നീടു ബില്ലിലെ സാമാന്യതത്വത്തെ അംഗീകരിച്ച ചില മെമ്പറന്മാർ ബില്ലിലെ വ്യവസ്ഥകളെ സംബന്ധിച്ചു ബലമായി എതിർവാദം പുറപ്പെടുവിക്കയുണ്ടായി ഉദാഹരണമായി അല്പം മുമ്പു എൻെറ സ്നേഹിതൻ മിസ്റ്റർ ശിവരാമപ്പണിക്കർ പ്രസംഗിച്ചതിനെ നോക്കുക. എന്തായാലും ഞാൻ ഈ സന്ദർഭത്തിൽ പ്രസംഗിക്കുവാൻ പോകുന്നു. സഭതന്നെ എൻെറ മനസ്ഥിതി എന്താണെന്നുള്ളതിനെപ്പററി തീരുമാനിച്ചുകൊള്ളട്ടെ.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): മെമ്പറിനെ ഞാൻ തിരുത്തിക്കൊള്ളട്ടെ. ബില്ലിലെ സാമാന്യതത്വങ്ങളെമാത്രമാണു ഞാൻ അനുകൂലിച്ചതു്. എല്ലാ വ്യവസ്ഥകളേയും ഞാൻ അനുകൂലിച്ചിട്ടില്ല.

മി: എം. ശിവതാണുപ്പിള്ള (തോവാള): മെമ്പർ പറഞ്ഞതിനെ ഞാൻ നിഷേധിക്കുന്നില്ല. എൻെറ സ്നേഹിതൻെറനില എനിക്കു മനസ്സിലായി. സർ! ഞാൻ തിരുവിതാംകൂറിൻെറ തെക്കേഅററത്തുനിന്നും വരുന്ന ഒരാളായതുകൊണ്ടു നംപൂരിസമുദായത്തിൽപ്പെട്ട സഹോദരങ്ങളുമായി ഇടപെടുന്നതിനു വളരെ സൌകര്യങ്ങൾ ഉണ്ടായിട്ടില്ലെന്നു സമ്മതിക്കുന്നു. ഈ സമുദായത്തെ സംബന്ധിച്ചു അനൌദ്യോഗസ്ഥാംഗങ്ങളിൽനിന്നും ഗ്രഹിക്കുവാൻ കഴിഞ്ഞിടത്തോളം സംഗതികൾമാത്രമേ എനിക്കു അറിവാൻപാടുള്ളു. നംപൂതിരിസമുദായത്തെ സംബന്ധിച്ചു പൊതുവിൽ വളരെ കുറച്ചുമാത്രമേ എനിക്കു അറിവുള്ളു എന്നു പറയുന്നതിൽ എനിക്കു അല്പംപോലും ലജ്ജതോന്നുന്നില്ല. ഇതിനു മുമ്പു പ്രസംഗിച്ച പ്രാസംഗികന്മാർ പറഞ്ഞതുപോലെ നംപൂരിസമുദായത്തിലുള്ള നടപ്പുകളെ സംബന്ധിച്ചു എന്തെങ്കിലും അഭിപ്രായങ്ങൾ പറയുന്നതിനു വേണ്ടയാതൊരു അറിവും എനിക്കില്ല.

എൻെറ ഓർമ്മ ശരിയാണെങ്കിൽ ഈ സഭയിലെ അനൌദ്യോഗസ്ഥാംഗങ്ങൾ ഈ ബില്ലിനെ സംബന്ധിച്ചു താഴെ പറയുന്ന നാലിനങ്ങളിലായി വിമർശനം ചെയ്തിട്ടുള്ളതായി പറയാവുന്നതാകുന്നു. (എ) അനാവശ്യമായ വകുപ്പുകൾ അടങ്ങിയിരിക്കുന്നു എന്നു (ബി) വിവാഹസംബന്ധമായ വ്യവസ്ഥയെപ്പററി (സി) ഭാഗത്തെപ്പററി (ഡി) ചില വിവരണങ്ങൾ മുതലായവയെപ്പററി. ഒന്നാമത്തെ ഭാഗത്തെസംബന്ധിച്ചിടത്തോളം അതായതു ചില വകുപ്പുകൾ അനാവശ്യമാണെന്നു പറയുന്നതിനെ സംബന്ധിച്ചിടത്തോളം അതു യാതൊരു തടസം ആകുന്നു എന്നു എനിക്കു മനസ്സിലാകുന്നില്ല. ചില വകുപ്പുകൾ കൂടുതലായിട്ടുള്ളവയാണെന്നിരുന്നാലും അവയുടെ ആവശ്യകതയെ സംബന്ധിച്ചു ലാമെമ്പർ നമുക്കു പറഞ്ഞുതരുമെന്നു എനിക്കു ഉറപ്പുണ്ടു്. റഗുലേഷനിലെ ചില വ്യവസ്ഥകൾ ശരിയായി മനസ്സിലാക്കണമെങ്കിൽ വിവരണം ഉണ്ടായിരിക്കേണ്ടതു നിശ്ചയമായും ആവശ്യമാകുന്നു. ആ സ്ഥിതിക്കു അതു അനാവശ്യമാണെന്നു വിചാരിക്കാൻപാടില്ല. നീതിന്യായക്കോടതികളിൽ വ്യവഹാരപ്പെട്ട വ്യവഹാരമദ്ധ്യേ ഈ വാക്കുകളുടെ അർത്ഥംപററി വ്യവസ്ഥാപിച്ചുകിട്ടുക എന്നുള്ള ബുദ്ധിമുട്ടുകൂടാതെ കഴിക്കുന്നതിനുവേണ്ടിയാണു് ഇതിനെ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുള്ളതു്. അതിനാൽ ചില വകുപ്പുകൾ കൂടുതലായിപ്പോയി എന്നു അനൌദ്യോഗസ്ഥാംഗങ്ങളിൽ ചിലർ പുറപ്പെടുവിച്ചിട്ടുള്ള വാദം നിലനില്പുള്ളതല്ലെന്നാണു എൻെറ അഭിപ്രായം.

വിവാഹത്തെ സംബന്ധിച്ചിടത്തോളം മുമ്പു പ്രസംഗംചെയ്തവരിൽനിന്നും കഴിയുന്നതും വിവരങ്ങൾ ഗ്രഹിക്കുന്നതിനു ഞാൻ വേണ്ടത്ര ശ്രമിച്ചുനോക്കി. ഈ സമുദായത്തിലെ അംഗങ്ങൾക്കു ഒന്നിലധികം ഭാര്യമാരെ വച്ചുകൊണ്ടിരിക്കാമെന്നു ഒരു മെമ്പർ പറയുകയുണ്ടായല്ലോ. എന്നാൽ മേലാൽ ഇതുപോലെതന്നെ ഇരിക്കണോ അതല്ല ഏകഭാര്യാവ്രതം നിർബന്ധിതമാക്കണോ എന്നുള്ളതിനെപ്പററി ഒരു മെമ്പർപോലും ഒരു അക്ഷരംപോലും പറഞ്ഞിട്ടില്ല. അനൌദ്യോഗസ്ഥാംഗങ്ങളിൽ ചിലർ ഒരു സന്ദർഭത്തിൽ ഏകഭാര്യാവ്രതത്തിനെ ബലമായി അനുകൂലിച്ചിട്ടുള്ളവരാണെന്നുള്ളതും ഇവിടെ സ്മരണീയമാണു്. വിവാഹത്തെസംബന്ധിച്ചും ഈ ബില്ലിൽ വ്യവസ്ഥയുണ്ടു്. ഈ സമുദായാംഗങ്ങൾക്കു അനേകഭാര്യമാരെ വച്ചുകൊണ്ടിരിക്കുന്നതിനുള്ള സ്വാതന്ത്ര്യം ഉണ്ടു്. അതിനെസംബന്ധിച്ചു മെമ്പറന്മാർ യാതൊന്നും സംസാരിക്കാതെ കണ്ടിരുന്നതു എന്താണു്? ഇതിനുള്ള സമാധാനം തീരെ ലഘുവായ ഒന്നാണെന്നാണു എനിക്കു തോന്നുന്നതു്. അനേകഭാര്യാത്വത്തെ അവർ അനുകൂലിക്കുന്നപക്ഷം അവർ ഒരു കാലത്തു സ്വീകരിച്ചിരുന്ന നയത്തിനു അതു തീരെ വിപരീതമായിരിക്കുമെന്നുള്ളതാകുന്നു. നേരേമറിച്ചു ഏകഭാര്യാവ്രതത്തെ അനുകൂലിക്കുന്നപക്ഷം അന്യസമുദായങ്ങളിൽനിന്നും വിവാഹം ചെയ്യുന്നതിനെ സംബന്ധിച്ചുള്ള അവരുടെ വാദത്തെ നിരർത്ഥമാക്കിച്ചെയ്യുന്നതാകുന്നു. ഏകഭാര്യാവ്രതം നിർബന്ധിതമാക്കുന്നപക്ഷം കൂടുതൽ സ്ത്രീകൾ അവിവാഹിതരായി ഇരുന്നുപോകും. അതിനാൽ ഈ ബില്ലിൽ സമുദായം അംഗീകരിക്കേണ്ടതായ വിവാഹസമ്പ്രദായത്തെപ്പററി ഞാൻ ഇപ്പോൾ പറഞ്ഞിട്ടുള്ളതിനെ മുൻനിർത്തി ഏതെങ്കിലും വ്യവസ്ഥകൾ ഉൾപ്പെടുത്തേണ്ടതാകുന്നു.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): ആദ്യഭാര്യയിൽ ഒരു നംപൂതിരിക്കു സന്താനമുണ്ടാകാതിരിക്കുന്നപക്ഷം മാത്രമേ പുനർവിവാഹം ചെയ്യുന്നതിനു അനുവദിച്ചിട്ടുള്ളു എന്നുള്ളതു മെമ്പറിനു അറിയാമോ എന്നറിഞ്ഞാൽകൊള്ളാം.

മി: എം. ശിവതാണുപിള്ള (തോവാള): പരീക്ഷിച്ചുനോക്കിയതിനുമേൽ മാത്രമേ ഇതു തീരുമാനിക്കുവാൻ പാടുള്ളുവല്ലോ (ചിരി) ഇങ്ങിനെ ഒരു ഏർപ്പാടു അനുവദിക്കാൻ പാടുള്ളതല്ല. അനേക ഭാര്യാത്വം ഈ സമുദായത്തിൽ സാധാരണയാണെന്നു മിസ്റ്റർ ചങ്ങനാശേരിപരമേശ്വരൻപിള്ള പറഞ്ഞതിൽനിന്നുമാണു ഞാൻ മനസ്സിലാക്കിയതു്.

മി: കെ. ശിവരാമപ്പണിക്കർ (ചേർത്തല): ശാങ്കരസ്മൃതിപ്രകാരം ഇങ്ങിനെ ചെയ്യണമെന്നാണു് വിധിച്ചിട്ടുള്ളതെന്നു മിസ്റ്റർ കല്ലൂർ നാരായണപിള്ള അദ്ദേഹത്തിൻെറ പ്രസംഗമദ്ധ്യേ പ്രസ്താവിച്ചതു മെമ്പർ കേട്ടോ എന്നറിഞ്ഞാൽകൊള്ളാം.

മി: എം. ശിവതാണുപിള്ള (തോവാള): ഞാൻ കേട്ടു. സ്വ സമുദായത്തിൽ നിന്നും നമ്പൂതിരി സമുദായത്തിലെ ഇളമുറക്കാർക്ക് വിവാഹം ചെയ്യുന്നതിനുള്ള സ്വാതന്ത്ര്യം ഇതേവരെ ഇല്ലായിരുന്നതുകൊണ്ട് അങ്ങിനെ ചെയ്യുന്നതിനു നേരിട്ടോ മറുപ്രകാരത്തിലോ അവരെ നിർബന്ധിക്കണമെന്നു പ്രസ്തുത ബിൽ പ്രയോക്താവിന് കലശലായ ആഗ്രഹം ഉണ്ടെന്നു മിസ്റ്റർ പി. കെ. നാരായണപിള്ള പ്രസ്താവിക്കുകയുണ്ടായല്ലോ. ചിലവിനു കിട്ടുന്നതിനെ സംബന്ധിച്ചു വളച്ചു തിരിച്ചു ഏർപ്പെടുത്തിയ ഭേദഗതികളെല്ലാം അദ്ദേഹം ഇതിൽ ചേർത്തിരിക്കുന്നത് ഈ ഉദ്ദേശം സാധിക്കുന്നതിനുവേണ്ടി മാത്രമാകുന്നു. ഈ ബിൽ പ്രയോക്താവിനെ ആക്ഷേപിച്ചപ്പോൾ എന്റെ സ്നേഹിതൻ മിസ്റ്റർ കെ. പി. നീലകണ്ഠപ്പിള്ളയോടു ഞാൻ ചോദിച്ച ചോദ്യത്തിന് അദ്ദേഹം ശരിയായി മറുപടി പറഞ്ഞില്ല. ബില്ലിലെ ഓരോ വ്യവസ്ഥയുടെയും ഗുണദോഷങ്ങളെപ്പറ്റി ചിന്തിക്കുന്ന അവസരത്തിൽ എന്റെ ചോദ്യത്തിനു മറുപടി പറഞ്ഞുകൊള്ളാമെന്നാണു അദ്ദേഹം പറഞ്ഞത്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): മെമ്പറിനെ ഞാൻ ഒന്നു തിരുത്തിക്കൊള്ളട്ടെ. യാതൊരു ദുരുദ്ദേശത്തോടുകൂടിയുമല്ല ഞാൻ അങ്ങിനെ ചെയ്തത്. ഇപ്പോഴത്തെ നിലയിൽ ഞാൻ ഈ വ്യവസ്ഥകളെ എതിർക്കുന്നു എന്നു മാത്രമേ ഉള്ളൂ.

മി: എം. ശിവതാണുപിള്ള (തോവാള): ഇതിനെ എതിർത്തതു നേരെ അല്ലായിരുന്നു എന്നു ഞാനും സമ്മതിക്കുന്നു. ഒരു ഇളമുറക്കാരൻ സമുദായത്തിനു പുറമെ നിന്നും വിവാഹം ചെയ്യുന്നതിനെ തടയരുതു എന്നു അദ്ദേഹം പറയുകയുണ്ടായി.

സംയുക്തസാമാജികന്മാരായി എതിരഭിപ്രായക്കാരെ കൂടി ഈ സഭയിൽ പ്രതിനിധീകരിക്കേണ്ടതാണെന്നുള്ളതിനെ സംബന്ധിച്ച് വളരെയെല്ലാം പറയുകയുണ്ടായി. സർ! എല്ലായ്പ്പോഴും ഏതു സംഗതിക്കും രണ്ടു അഭിപ്രായം ഉണ്ടായിരിക്കതന്നെ ചെയ്യും. ഇപ്പോൾ തന്നെ ഈ രണ്ടു അഭിപ്രായക്കാരെയും ഈ സഭയിൽ പ്രതിനിധീകരിച്ചിട്ടില്ലയോ എന്നു തന്നെ എനിക്കു നിശ്ചയമില്ല. വിപരീതാഭിപ്രായക്കാർ ഈ സഭയിൽ പ്രതിനിധീകരിക്കപ്പെട്ടിട്ടില്ലെങ്കിൽ തന്നെയും ബില്ലിന്റെ ഇപ്പോഴത്തെ നിലയിൽ അതിനെ സംബന്ധിച്ച യാതൊരു വിപരീതാഭിപ്രായവും ഇല്ല എന്നു അനദ്യോഗസ്ഥാംഗങ്ങളിൽ മിക്കപേർക്കും അറിയാമെന്നുള്ളതുകൊണ്ടു ഒന്നാമതായി അവരെ പ്രതിനിധീകരിക്കേണ്ട ആവശ്യമില്ലെന്നാണു എനിക്കു തോന്നുന്നത്. രണ്ടാമതായി ജനങ്ങൾ സാധാരണയായി ലാഭനഷ്ടങ്ങളെ സംബന്ധിച്ച മാത്രം വലിയ കാര്യമായി ഗണിക്കുമെന്നുള്ളതിനാൽ ഭാഗത്തിനുള്ള വല്ല മാറ്റവും ബില്ലിൽ നിർദ്ദേശിക്കുമ്പോൾ മാത്രം അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടാകാൻ ഇടയുള്ളതുകൊണ്ടും പ്രസ്തുത ബില്ലിനെ സംബന്ധിച്ച യാതൊരു വിപരീതാഭിപ്രായവും ഉണ്ടാകാൻ ഇടയില്ല. ഏകപത്നീവ്രതത്തെ ഈ സഭ പാസാക്കിയപ്പോൾ തീരെ സമ്മതമില്ലായിരുന്നു എങ്കിലും നമ്പൂതിരി സമുദായ പ്രതിനിധികൾ പോലും അതിനെ സ്വീകരിക്കയാണുണ്ടായത്. എന്നാൽ അതു യാതൊരു പ്രകാരത്തിലും ധനസംബന്ധമായ ലാഭത്തേയോ നഷ്ടത്തെയോ സൂചിപ്പിക്കുന്നില്ലല്ലോ. ഭാഗസമ്പ്രദായം വല്ലതും ബില്ലിൽ ഉൾപ്പെടുത്തിയിരുന്നു എങ്കിൽ കാരണവന്മാരെ പ്രതിനിധീകരിക്കുന്ന ഒരു ഭാഗവും അനന്തിരവരെ പ്രതിനിധീകരിക്കുന്ന മറ്റൊരു ഭാഗവും ഇങ്ങിനെ രണ്ടു കക്ഷികൾ ഉണ്ടായിരിക്കുമെന്നുള്ളത് എനിക്കു മനസ്സിലാക്കാൻ കഴിയുമായിരുന്നു. ഇങ്ങിനെയുള്ള ഒരു അവസ്ഥ ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം ഉണ്ടായിട്ടില്ല. അതിനാൽ വിപരീതാഭിപ്രായക്കാരെ ഈ സഭ പ്രതിനിധീകരിക്കുന്നില്ലെന്നുള്ള വാദത്തിനു യാതൊരു വിലയും കല്പിക്കാൻ പാടുള്ളതല്ല.

പിന്നെയും വിവാഹത്തെ സംബന്ധിച്ചടത്തോളം ഈ ബിൽ റെഗുലേഷൻ ആയി നടപ്പിൽവരുന്നകാലം മുതല്ക്കെങ്കിലും നമ്പൂതിരി സമുദായത്തിലെ ഇളമുറക്കാർ സ്വ സമുദായത്തിൽ നിന്നു മാത്രമേ വിവാഹം ചെയ്യാൻ പാടുള്ളു എന്നു വ്യവസ്ഥാപിക്കുന്നതു സമ്മതമാണോ എന്നു ഞാൻ മിസ്റ്റർ ചങ്ങനാശേരി പരമേശ്വരൻ പിള്ളയോടും മിസ്റ്റർ കെ. പി. നീലകണ്ഠപ്പിള്ളയോടും ചോദിച്ചതായി നിങ്ങൾ ഓർമ്മിക്കുന്നുണ്ടായിരിക്കുമല്ലോ. ഞാൻ അവരോടു തുറന്നു ചോദിക്കയാണു ചെയ്തത്. അവരിൽ നിന്നും "ആണ്" എന്നോ "അല്ല" എന്നോ നേരായ ഒരു മറുപടി കിട്ടിയതായി എനിക്കു തോന്നുന്നില്ല. സ്വ സമുദായത്തിനു പുറമേ നിന്നും വിവാഹം ചെയ്തിട്ടുള്ള ഇളമുറക്കാർക്കു പ്രത്യേകം ചിലവിനു കിട്ടുന്നതിലേക്കു യാതൊരു വ്യവസ്ഥയും ചെയ്തിട്ടില്ലെന്നും അവർ കേവലം ആൺ പേനിച്ചകളെപ്പോലെ ആയി തീർന്നിരിക്കുന്നു എന്നും മിസ്റ്റർ ചങ്ങനാശേരി പരമേശ്വരൻ പിള്ള ഒരു വാദം പുറപ്പെടുവിക്കയുണ്ടായി. അവർ അവരുടെ കുടുംബത്തിലേക്കു കേവലം ഭാരങ്ങൾ മാത്രമാണെന്നും പണം ഉണ്ടാക്കുന്ന അംഗങ്ങൾ അല്ലെന്നും ഉള്ള സംഗതി നമുക്കു എല്ലാപേർക്കും അറിയാവുന്ന ഒരു പരമാർത്ഥമാണെന്നുള്ള സംഗതി ഒരിക്കൽ കൂടി പ്രസ്താവിച്ചു അദ്ദേഹത്തിന്റെ പ്രസംഗത്തെ അദ്ദേഹം അവസാനിപ്പിക്കയാണു ചെയ്തത്. ഇതു പരമാർത്ഥമാണെങ്കിൽ ഇങ്ങിനെയുള്ളവരെ അവരുടെ ചുമതല എന്താണെന്നു മനസ്സിലാക്കേണ്ടതു അത്യാവശ്യമായിട്ടുള്ളതാകുന്നു. എന്റെ സ്നേഹിതൻ മിസ്റ്റർ പണിക്കർ പറഞ്ഞതുപോലെ സ്വന്തമായി ഉപജീവനമാർഗ്ഗം തേടുന്നതിനുള്ള വഴി ഇവർക്കു ഉണ്ടാക്കിക്കൊടുക്കുന്ന പക്ഷം അവർ സ്വ സമുദായത്തിൽ നിന്നു തന്നെ വിവാഹം ചെയ്യുന്നതിനും തന്റെ ഭാര്യയേയും സന്താനങ്ങളേയും ആഹാരം മുതലായ സാധനങ്ങൾ നൽകി രക്ഷിച്ചു കൊണ്ടു പോകുന്നതിനും ഇടയാകുമെന്നുള്ളതാകുന്നു; ഒരു ഇളമുറക്കാരൻ അയാളുടെ സമുദായത്തിൽ നിന്നു തന്നെ വിവാഹം ചെയ്കയും അതിൽ സന്താനങ്ങൾ ഉണ്ടാവുകയും ചെയ്യുന്നപക്ഷം അയാൾക്കു അയാളുടെ ചുമതലകൾ എന്താണെന്നു മനസ്സിലാകാൻ ഇടയാകുമെന്നുള്ളതിനും പുറമെ അയാളുടെ സമുദായത്തിലെ മറ്റു അംഗങ്ങളുമായി വളരെ സൌഹാർദ്ദമായി കഴിയുന്നതിനു ഇടയാകുമെന്നുള്ളതും ആകുന്നു. ആക്കെങ്കിലും ഇതിനെ സംബന്ധിച്ച വിപരീതാഭിപ്രായമുള്ളപക്ഷം ആ ആളിന്റെ സ്വന്തസമുദായത്തിൽ സ്വകുടുംബവുമായി കൂടുതൽ സൌഹാർദ്ദത്തിൽ കഴിഞ്ഞുപോകുന്ന ഒരുവന്റെ സ്വഭാവം പരിശോധിച്ചു നോക്കണമെന്നു മാത്രമേ എനിക്കു ആ മനുഷ്യനോടു പറവാനുള്ളു. ഒരാളിന്റെ കുടുംബത്തിൽ അയാളുടെ സ്വന്തസമുദായത്തിൽ പെട്ട അംഗങ്ങൾ ഉണ്ടായിരിക്കുമ്പോഴാണു അയാൾക്കു കൂടുതൽ ചുമതല തോന്നുവാൻ ഇടയുള്ളത്. അതിനാൽ ഈ വാദങ്ങളെ പറ്റി എല്ലാം ഒരുമിച്ചു ആലോചിച്ചു നോക്കുന്ന പക്ഷം നമുക്കു മിസ്റ്റർ തുപ്പൻ നമ്പൂതിരിയുടെ അഭിപ്രായങ്ങളോടു പൂർണ്ണമായ അനുഭാവം ഉണ്ടാകുമെന്നുള്ളതിനും പുറമെ വിവാഹവിഷയത്തിൽ ഈ അഭിപ്രായത്തിൽ അദ്ദേഹത്തെ പ്രോത്സാഹിപ്പിക്കണമെന്നു കൂടി തോന്നുകയും ചെയ്യും.

ഭാഗത്തെ സംബന്ധിച്ചിടത്തോളം നമ്പൂതിരി സമുദായം കാര്യമായി ഇങ്ങനെ ആവശ്യപ്പെടുകയാണു ചെയ്യുന്നതു എങ്കിൽ സമുദായത്തിന്റെ ആവശ്യത്തെ സംബന്ധിച്ച കൂടുതൽ വിവരങ്ങളും അതെ സംബന്ധിച്ച സമുദായത്തിനുള്ള അഭിപ്രായങ്ങളും, സിലക്റ്റ് കമ്മിററിയിലോ ഈ സഭയിലോ ഇതെ പററി വാദപ്രതിവാദം ചെയ്യുന്നതിനു മുമ്പായി മിസ്റ്റർ ഇട്ടപ്പൻ നമ്പൂതിരി അറിവുതരേണ്ടതാകുന്നു.

സർ, ജാതിഭ്രഷ്ടരെ സംബന്ധിച്ചിടത്തോളം ഒരുവനെ അയാളുടെ സമുദായത്തിൽ നിന്നും ഭ്രഷ്ടനാക്കുന്ന നടപടിയെ വർണ്ണിച്ചതു ഞാൻ കേട്ടു. ജാതി ഭ്രഷ്ടനാക്കുക എന്നുള്ള നടപടി എപ്രകാരത്തിൽ ചെയ്തു തീർക്കുന്നതായി ജാതിഭ്രഷ്ടൻ എന്നുള്ള വാക്കിനെ ബില്ലിന്റെ പ്രഥമഭാഗത്തിൽ വിവരിച്ചിട്ടുമുണ്ട്. എന്റെ സ്നേഹിതൻ മിസ്റ്റർ ഇട്ടപ്പൻ നമ്പൂതിരി ഈ രണ്ടു സംഗതികളേയും പററി വർണ്ണിക്കുന്നതു കേട്ടപ്പോൾ പല സന്ദർഭങ്ങളിലായി എനിക്കറിവാൻ ഇടവന്നിട്ടുള്ള ചില പഴമൊഴികളുമായി ഈ ആളുകളെ പല സംഗതികളിലും ബന്ധിപ്പിക്കുന്നതു ശരിയായിരിക്കുമെന്നു എനിക്കു തോന്നി. ജാതി വ്യത്യാസം തീരെയും ഉപേക്ഷിക്കേണ്ടതായ ഇക്കാലത്തു ജാതി ഭ്രഷ്ടിനെ അനുകൂലിക്കുന്ന ഒരു സമ്പ്രദായം ഉണ്ടായിരിക്കുന്നതു എന്തിനു എന്നു എനിക്കു മനസ്സിലാകുന്നില്ല. ഇതു നമ്പൂതിരിമാർക്കു മാത്രമെ തോന്നുകയുള്ളു. സാധാരണക്കാർക്കു തോന്നുകയില്ല. അതിനാൽ അതെ പററി എത്ര കുറച്ചു സംസാരിക്കുന്നുവോ, അത്രയും നന്നായിരിക്കും.

മി: കെ. കെ. താമസ് (കോട്ടയം): മെമ്പർ പറഞ്ഞ പഴമൊഴികൾ എന്താണെന്നു അറിഞ്ഞാൽ കൊള്ളാം.

മി: എം. ശിവതാണുപിള്ള (തോവാള): അവ ശ്ലോകങ്ങളാണു. എനിക്കു ഇപ്പോൾ അവ ഓർമ്മവരുന്നില്ല. എന്നാൽ വിശ്രമവേളകളിലും ഉത്സാഹമായിരിക്കുന്ന സന്ദർഭങ്ങളിലും വളരെ രസമുണ്ടാക്കുന്ന ഒന്നാണെന്നു എനിക്കു മനസ്സിലായി. ജാതിഭ്രഷ്ടിനെ പററിയുള്ള വിവരണത്തെ സംബന്ധിച്ചും അതിനു നിർദ്ദേശിച്ചിട്ടുള്ള മാർഗ്ഗത്തെ സംബന്ധിച്ചും ഇത്രയുമാണു എനിക്കു പറവാനുള്ളതു. സർ, ഈ സമ്പ്രദായത്തെ ഉന്മൂലനം ചെയ്യുന്നതിനുള്ള കാലം അതിക്രമിച്ചിരിക്കുന്നു. ലോകം എന്താണെന്നു മനസ്സിലാക്കുന്നതിനും കാലാനുസരണമാംവണ്ണം ജീവിക്കുന്നതിനും നമ്പൂതിരിമാരെ വേണ്ടപോലെ സഹായിക്കുവാനുള്ള കാലവും അതിക്രമിച്ചുതന്നെ ഇരിക്കുന്നു.

ഇത്രയും പറഞ്ഞുകൊണ്ടും എന്റെ മനഃസ്ഥിതിയെ സംബന്ധിച്ചു തീരുമാനിക്കുന്നതിനുള്ള അധികാരം സഭയിൽ സമർപ്പിച്ചും ഞാൻ ഈ ബില്ലിനെ അനുകൂലിച്ചു കൊള്ളുന്നു.

മി: ജി. ശങ്കരൻ പോററി (സംയുക്തമെമ്പർ): സർ, മിസ്റ്റർ ഇട്ടപ്പൻ നമ്പൂതിരി അവതരിപ്പിച്ചിട്ടുള്ള ബില്ലിനെ അനുകൂലിക്കുന്നതിനായിട്ടാണു ഞാൻ ഇപ്പോൾ ഇവിടെ സന്നിഹിതനായിരിക്കുന്നതു. അങ്ങിനെ അനുകൂലിക്കുന്നതോടുകൂടി ഈ സഭയിൽവച്ചു ഈ ബില്ലിനെപ്പററി വാദപ്രതിവാദം നടത്തുന്നതിനായി നമ്പൂതിരി സമുദായത്തിൽനിന്നും രണ്ടുമെമ്പറന്മാരെ നിയമിച്ചിട്ടുള്ളതിൽ എന്റെ സമുദായത്തിനു ഗവണ്മെന്റിനോടുള്ള കൃതജ്ഞതയെ അവരുടെ പ്രതിനിധി എന്ന നിലയിൽ ഗവണ്മെന്റിനെ ധരിപ്പിക്കുന്നതിൽ എനിക്കു അതിയായ സന്തോഷം ഉണ്ടു. ഈ ബിൽ വളരെ പിശകുകൾ ഉള്ളതാണെങ്കിലും അതെ സംബന്ധിച്ചു ദയാപുരസ്സരം സംസാരിച്ചവരും ഇതുപോലെ തന്നെ മേലാലും സംസാരിക്കാൻ പോകുന്നവരും ആയ എല്ലാ മെമ്പറന്മാരോടും എന്റെ സമുദായത്തിനുള്ള കൃതജ്ഞതയേയും പ്രകടിപ്പിക്കുന്നതിൽ എനിക്കു അതിയായ സന്തോഷമുണ്ടു. മിസ്റ്റർ. പി. കെ. നാരായണപിള്ള പറഞ്ഞതുപോലെ ഒരുപക്ഷെ ഒരു നിയമസഭ മുമ്പാകെ ഹാജരാക്കിയിട്ടുള്ള എല്ലാവും ദോഷസംപൂർണ്ണമായ ബിൽ ഇതുതന്നെയായിരിക്കാം. ഞാൻ അങ്ങനെ സമ്മതിക്കുന്നു. എന്റെ സമുദായവും അങ്ങിനെ സമ്മതിക്കുന്നു. ഞങ്ങളുടെ സമുദായത്തിൽ വലിയ നിയമജ്ഞന്മാർ എന്നല്ലാ അല്പം നിയമജ്ഞാനം എങ്കിലും ഉള്ളവർ ഇല്ലാതെയാണു ഇരിക്കുന്നതു. അതിനാൽ ഈ ബില്ലിൽ അനേകം സ്ഖലിതങ്ങൾ ഉണ്ടായിരിക്കാം. എന്നാൽ അവരുടെ നന്മയെമാത്രം ലാക്കാക്കി അവതരിപ്പിക്കപ്പെട്ടിട്ടുള്ള ഈ ബില്ലിൽ ആ സമുദായത്തിന്റെ യഥാർത്ഥാവശ്യങ്ങൾക്കു രൂപീകരണം ചെയ്തിട്ടുള്ള മനസ്ഥിതിയെ ഞാൻ അനുമോദിക്കുന്നു.

ഈ ബില്ലിന്റെ ആവശ്യകത, അത്യാവശ്യം, തത്വങ്ങൾ ഇവയെ സംബന്ധിച്ചു അടുത്തതായി ഞാൻ അല്പം സംസാരിക്കണമെന്നു വിചാരിക്കുന്നു. നമ്പൂതിരിമാർക്കു ഇങ്ങിനെ ഒരു നിയമം യഥാർത്ഥത്തിൽ ആവശ്യമാണെന്നു ഈ സഭയിൽ ഇതിനുമുമ്പു ഇതെപ്പററി സംസാരിച്ച എല്ലാ മെമ്പറന്മാർക്കും തോന്നുകയും ആയതിനെ അവർ അംഗീകരിക്കയും ചെയ്തിട്ടുണ്ടു. അതെ സംബന്ധിച്ചു ഈ സഭയിൽ കൂടുതൽ തെളിവു നൽകുന്നതിനായി ഞാൻ ഇതെപ്പററി കൂലങ്കഷമായി പ്രതിപാദിച്ചുകൊള്ളട്ടെ. കൊച്ചിയിലെ നമ്പൂതിരി റെഗുലേഷനെ സംബന്ധിച്ചു അവിടത്തെ സിലക്റ്റ് കമ്മിററിയുടെ റിപ്പോർട്ടിൽനിന്നും ഒരു വകുപ്പു ഈ സഭയുടെ അനുവാദത്തോടുകൂടി ഞാൻ ഇവിടെ ഉദ്ധരിച്ചുകൊള്ളട്ടെ.

ഇങ്ങിനെ ഒരു റെഗുലേഷൻ ഉണ്ടായിരിക്കേണ്ട വല്ല ആവശ്യവും ഉണ്ടോ എന്നുള്ളതിനെ പററി തീരുമാനിക്കുന്നതിനായി ചോദ്യക്കടലാസുകൾമൂലവും നേരിട്ടുള്ള ചോദ്യങ്ങൾമൂലവും ആ സമുദായാംഗങ്ങളുടെയും നമ്പൂതിരി സമുദായത്തിന്റെ അഭിവൃദ്ധിയിൽ താല്പര്യമുള്ള മററു സമുദായാംഗങ്ങളുടെയും അഭിപ്രായം ഞങ്ങൾ ആവശ്യപ്പെടുകയുണ്ടായി. അവരിൽ അനേകംപേരും അതായതു മിക്ക ഇല്ലക്കാരും ഇങ്ങിനെയൊരു നിയമം വേണമെന്നുള്ള അഭിപ്രായക്കാരാകുന്നു. എന്നാൽ കാരണവന്മാരിൽ മിക്കവരും അനന്തിരവരിൽ ചുരുക്കം ചിലരും അതിനു വിപരീതവുമാണ്. ഈ നിയമത്തിനു വിപരീതമായി നില്ക്കുന്നവരും തറവാട്ടിൽ ശരിയായ കണക്കുകൾ എഴുതി സൂക്ഷിക്കേണ്ടതിന്റെയും അനന്തിരവർ ആവശ്യപ്പെടുന്നതായ സന്ദർഭങ്ങളിൽ അവരെ അവയെ കാണിക്കേണ്ടതായ ആവശ്യകതയേയും സമ്മതിക്കുന്നുണ്ട്. തറവാട്ടാവശ്യം കൂടാതെ കടം വാങ്ങിക്കുന്നതിനോ അനന്തിരവരുടെ സമ്മതംകൂടാതെ തറവാട്ടു വസ്തുക്കളെ അന്യാധീനപ്പെടുത്തുന്നതിനോ ഉള്ള അധികാരം കാരണവനിൽ സ്ഥിതിചെയ്യുന്നില്ലെന്നും അവർ ശഠിക്കുന്നു. എന്നാൽ അവർ പറയുന്നതു ഇങ്ങനെ ഒന്നും ഇപ്പോൾ ചെയ്തുവരാറില്ലെന്നും അതിനാൽ ഇങ്ങിനെ ഒരു നിയമത്തിന്റെ ആവശ്യം ഇല്ലെന്നും ആകുന്നു. അനന്തിരവർ ഇതിനെ നിഷേധിക്കുന്നു. ഞങ്ങൾക്കു കിട്ടിയിട്ടുള്ള തെളിവിൽനിന്നും കാരണവന്മാരുടെയും അനന്തിരവന്മാരുടെയും അവകാശങ്ങളേയും ചുമതലകളേയും വിവരിച്ചു നിർണ്ണയിക്കുന്നതായ ഒരു നിയമം ഉണ്ടായിരിക്കേണ്ടതു ആവശ്യമെന്നാണു ഞങ്ങൾക്കു തോന്നുന്നതു.

റയർ ഉണ്ടാകും എന്നു സാധിപ്പിച്ചിരിക്കുന്നു.

നായർറെഗുലേഷൻ പാസാക്കുന്നതിൽ ഗവൺമെൻറിനെ പ്രേരിപ്പിക്കുന്ന സംഗതികൾ തന്നെ നംപൂതിരി കുടുംബങ്ങളിലും കാണാവുന്നതാകുന്നു. കുടുംബഭരണത്തെ സംബന്ധിച്ചിടത്തോളം ആ റെഗുലേഷനിലുള്ള വ്യവസ്ഥകൾ നംപൂതിരികുടുംബങ്ങളെ സംബന്ധിച്ചും ചെയ്യാവുന്നതാണെന്നാണ് ഞങ്ങളുടെ അഭിപ്രായം.

ഈ റിപ്പോർട്ടിൽ കൊച്ചി നിയമനിർമ്മാണ സഭയിലെ ഏതു അംഗങ്ങൾ ഒപ്പിട്ടിട്ടുണ്ട്. വേണ്ട അന്വേഷണങ്ങൾ നടത്തി രാജ്യത്തിൽ ചുററിസഞ്ചരിച്ചു സാക്ഷികളെവരുത്തി വിസ്തരിച്ചു നംപൂതിരിമാർക്കു ഒരു ബിൽ ആവശ്യമാണോ അല്ലയോ എന്നുള്ളതിനെപ്പററി റിപ്പോർട്ടു ചെയ്യുന്നതിലേക്കായി ഒരു സിലെക്ട് കമ്മിററിയും രൂപീകരിക്കപ്പെട്ടിട്ടുണ്ട്. അതിലെ അംഗങ്ങൾ നാലെ അഞ്ചോ യോഗങ്ങൾകൂടി കഴിഞ്ഞു. ഉദ്ദേശം തൊള്ളായിരത്തോളം സാക്ഷികളുടെ മൊഴികളും എടുത്തുകഴിഞ്ഞു. അവർ ശേഖരിച്ചിട്ടുള്ള തെളിവിൽനിന്നും ഇങ്ങനെ ഒരു നിയമം ഉണ്ടായിരിക്കേണ്ടതു് നംപൂതിരി സമുദായത്തിൻെറ നന്മക്കു് അത്യന്താപേക്ഷിതമായിട്ടുള്ളതാണെന്നു അവർ തീരുമാനിക്കയും ചെയ്തു. നംപൂതിരി സമുദായങ്ങളുടെ സ്ഥിതിഗതികളെ സംബന്ധിച്ചിടത്തോളം കൊച്ചിയും തിരുവിതാംകൂറും തമ്മിൽ വലിയ വ്യത്യാസം ഒന്നും ഉണ്ടെന്നു പറവാനില്ല. തിരുവിതാംകൂറിലേതിനേക്കാൾ കൂടുതൽ നംപൂതിരിമാർ കൊച്ചിയിൽ ഉണ്ടെന്നു ഞാൻ സമ്മതിക്കുന്നു. അവിടെയുള്ളവർ ഇവിടെ ഉള്ളവരേക്കാൾ കൂടുതൽ ഗൃഹസ്ഥന്മാർ ആണെന്നുള്ളതിനെയും ഞാൻ സമ്മതിക്കുന്നു. എന്നാൽ ഇതുകൊണ്ടല്ലാതെ ഈ രണ്ടു സംസ്ഥാനങ്ങളിലും ഉള്ള നംപൂതിരിമാർ തമ്മിൽ വലുതായ മററു വ്യത്യാസങ്ങൾ ഒന്നും ഇല്ലെന്നാണ് എനിക്കു തോന്നുന്നതു്. അതിനാൽ നംപൂതിരിമാർക്കു് ഇങ്ങിനെ ഒരു നിയമം ആവശ്യം ഉണ്ടോ ഇല്ലയോ എന്നുള്ളതിനെപ്പററി അവരുടെ അഭിപ്രായം എന്താണെന്നു അറിയുന്നതിലേക്കു് ബില്ലിനെ സർക്കുലേററു ചെയ്യേണ്ട ആവശ്യം യാതൊന്നും ഇല്ല എന്നു ഞാൻ ഏറ്റവും താഴ്മയായി അഭിപ്രായപ്പെട്ടുകൊള്ളുന്നു. കൊച്ചിയിൽ സിലെക്ട് കമ്മിററിയിൽ സമർപ്പിതമായ ബിൽ രണ്ടാം വായന കഴിഞ്ഞിരിക്കുന്നു എന്നുകൂടി ഞാൻ ഈ സന്ദർഭത്തിൽ പ്രസ്താവിച്ചുകൊള്ളട്ടെ.

മി: സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): ഗൃഹസ്ഥൻ എന്നുള്ള വാക്കും അതിൻെറ വിവരണവും കൊച്ചി നംപൂതിരിറെഗുലേഷനിൽ ഉണ്ടോ എന്നു് മെമ്പറിൽ നിന്നും അറിഞ്ഞാൽ കൊള്ളാം.

മി: ജി. ശങ്കരൻപോററി (സംയുക്തമെമ്പർ): അതിൽ ഇല്ലാ എന്നാണ് എനിക്കു തോന്നുന്നതു്. അതിനാൽ ഇതിനുമുമ്പു നടത്തപ്പെട്ടിട്ടുള്ള അന്വേഷണങ്ങളിൽനിന്നും നംപൂതിരിമാർക്കു ഇങ്ങിനെ ഒരു നിയമനിർമ്മാണം ആവശ്യമായിട്ടുള്ളതാണെന്നു നമുക്കു അറിവാൻ ഇടയായിട്ടുണ്ട്. നംപൂതിരിമാരുടെ സ്ഥിതികൾ എന്താണെന്നു പരിശോധിച്ചു അവർക്കു ഇങ്ങിനെ ഒരു നിയമത്തിൻെറ ആവശ്യകത ഉണ്ടോ എന്നു നമുക്കു നോക്കാം. എൻെറ മാന്യസ്നേഹിതൻ മി: ചങ്ങനാശേരി പരമേശ്വരൻപിള്ള നംപൂതിരിമാർ ക്രമേണ എണ്ണത്തിൽ വർദ്ധിച്ചുവരുന്നതായി രാവിലെ പറയുകയുണ്ടായല്ലോ. എന്നാൽ ൧൯൩൧-ലെ സെൻസസ് റിപ്പോർട്ടിനെ മാത്രം ഉദ്ധരിച്ചു വ൮ ശതമാനം വർദ്ധനയുണ്ടെന്നു തെളിയിക്കുകയാണു അദ്ദേഹം ചെയ്തതു്. നൂറോ ഇരുനൂറോ വർഷങ്ങൾക്കു മുമ്പുള്ള സെൻസസ് റിപ്പോർട്ടുകൾ താരതമ്യപ്പെടുത്തിനോക്കുന്നതിനു അദ്ദേഹത്തിനു സാധിച്ചുവോ എന്നു എനിക്കു അറിഞ്ഞുകൂടാ. പാരമ്പര്യത്തിൽ വിശ്വസിക്കാമെന്നുള്ള പക്ഷം മുൻകാലങ്ങളിൽ മലബാറിൽ വളരെ അധികം നംപൂതിരിമാർ ഉണ്ടായിരുന്നു എന്നുതന്നെ പറയപ്പെട്ടിരിക്കുന്നു. അവരുടെ എണ്ണം ക്രമേണ കുറഞ്ഞിട്ടുണ്ട്. ഇപ്പോഴും കുറഞ്ഞുകൊണ്ടു തന്നെ ഇരിക്കുന്നു. ഏതെങ്കിലും നിയമനിർമ്മാണം ചെയ്യാത്തപക്ഷം ഒരു കാലത്തുണ്ടായിരുന്ന ഒരു സമുദായത്തിൻെറ മാതൃകകൾ എന്ന നിലയിൽ കുറെ എണ്ണം വച്ചു സൂക്ഷിക്കുന്നതിനായി ഒരു കാഴ്ചബംഗ്ലാവു ഉണ്ടാക്കേണ്ട ആവശ്യം നേരിടത്തക്കവിധത്തിൽ സമുദായത്തിലെ ജനങ്ങളുടെ എണ്ണം ഏറ്റവും വളരെ കുറഞ്ഞുപോകുമെന്നു എനിക്കു സംശയം തോന്നിപ്പോകുന്നു.

മി: കെ. ശിവരാമപണിക്കർ (ചേർത്തല): കണക്കനുസരിച്ചു് നംപൂതിരിമാരുടെ എണ്ണം ക്രമേണ കുറഞ്ഞുവരുന്നു എന്നു് തത്വങ്ങളും കണക്കുകളുംകൊണ്ടു തെളിയിക്കാൻ മെമ്പറിനു കഴിയുമോ?

മി: ജി. ശങ്കരൻപോററി (സംയുക്തമെമ്പർ): തത്വങ്ങൾ പലതരത്തിൽ ഉണ്ടല്ലോ. ചരിത്രസംബന്ധമായും വ്യാകരണസംബന്ധമായും തത്വശാസ്ത്രസംബന്ധമായും തത്വങ്ങൾ ഉണ്ട്.

മി: കെ. ശിവരാമപണിക്കർ (ചേർത്തല) മെമ്പർ അദ്ദേഹത്തിൻെറ വാദങ്ങളെ ഏതു തത്വത്തെ അടിസ്ഥാനപ്പെടുത്തിയാണു പുറപ്പെടുവിക്കുന്നതു്?

മി: ജി. ശങ്കരൻപോററി (സംയുക്തമെമ്പർ): ചരിത്രസംബന്ധമായ തത്വങ്ങളെ.

മി: കെ. ശിവരാമപണിക്കർ (ചേർത്തല): ആ തത്വങ്ങൾ ഇപ്പോൾ മെമ്പറിൻെറ കൈവശം ഉണ്ടോ?

മി: ജി. ശങ്കരൻപോററി (സംയുക്തമെമ്പർ): ഒരു ശരിയായ അഭിപ്രായം പറയുന്നതിനു യോഗ്യതയുള്ളവർ എന്നു വിചാരിക്കപ്പെട്ടുപോരുന്ന ആളുകൾ പറഞ്ഞിട്ടുള്ള അഭിപ്രായങ്ങൾ മാത്രമെ ഇപ്പോൾ എൻെറ കൈവശം ഉള്ളു.

മി: കെ. ശിവരാമപണിക്കർ (ചേർത്തല): ൧൯൩൧-ലെ സെൻസസ് റിപ്പോർട്ടിനെ അടിസ്ഥാനമാക്കിയാണ്. മിസ്റ്റർ ചങ്ങനാശേരി പരമേശ്വരൻപിള്ള സംസാരിച്ചതു എന്നു മെമ്പറിനു അറിയാമോ?

മി: ജി. ശങ്കരൻപോററി (സംയുക്തമെമ്പർ): അറിയാം.

മി: കെ. ശിവരാമപണിക്കർ (ചേർത്തല): ൧൯൩൧-ൽ ജനസംഖ്യ എന്തായിരുന്നു എന്നു പറവാൻ കഴിയുമോ?

മി: ജി. ശങ്കരൻപോററി (സംയുക്തമെമ്പർ): അതു പറവാൻ എനിക്കു ഇപ്പോൾ സാധിക്കയില്ല. സെൻസസ് റിപ്പോർട്ടു നോക്കിയതിനുമേൽ പറയാം.

മി: കെ. ശിവരാമപണിക്കർ (ചേർത്തല): ഇനിയൊരവസരത്തിൽ പറയാൻ സാധിക്കുമോ?

മി: ജി. ശങ്കരൻപോററി (സംയുക്തമെമ്പർ): സാധിക്കും (ചിരി).

ഡിപ്യൂട്ടി പ്രസിഡൻറ: നിങ്ങൾക്കും അതു സാധിക്കുമെന്നാണു എനിക്കു തോന്നുന്നതു്.

മി: കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): തിരുവിതാംകൂറിലുള്ള ബ്രാഹ്മണർ ഗ്രാമങ്ങളിലായിരുന്നു എന്നുള്ള വിവരം മെമ്പർക്കറിയാമോ?

മി: ജി. ശങ്കരൻപോററി (സംയുക്തമെംബർ): അറിയാം. എന്റെ സ്നേഹിതൻ മിസ്റ്റർ പണിക്കരുടെ ജിജ്ഞാസയെ തൃപ്തിപ്പെടുത്തുന്നതിനു മാത്രം ഞാൻ എന്റെ സ്വന്തഗ്രാമത്തിന്റെ ചരിത്രം ഇവിടെ പ്രസ്താപിക്കാം. ചങ്ങനാശേരി താലൂക്കിൽ പെരുന്ന എന്നു വിളിക്കുന്ന ഒരു സ്ഥലത്താണു എന്റെ മഠം. ഇപ്പോൾ അവിടെ അഞ്ചു ഇല്ലങ്ങൾ ഉണ്ട്. എന്നാൽ മുന്നൂറിൽപരം ഇല്ലങ്ങളുടെ പേരുകൾ ഞങ്ങളുടെ സ്മൃതിപഥത്തിൽ ഇന്നും സ്ഥിതിചെയ്യുന്നുണ്ട്. ഈ ഇല്ലങ്ങൾവക വസ്തുക്കൾ അന്യരുടെ കൈവശം ഇരിക്കുന്നതായി കാണാം. ഒരു ക്ഷേത്രത്തിലെ എഴുന്നള്ളത്തു സംബന്ധിച്ചു ഈ പുരയിടങ്ങളുടെ വാതുക്കൽ ഇപ്പോഴും ചില പൂജകൾ നടത്തിവരാറുണ്ട്. അന്വേഷിച്ചുനോക്കുന്നപക്ഷം പുരയിടങ്ങളിൽ മുൻകാലങ്ങളിൽ നംപൂതിരിമാർ താമസിച്ചിരുന്നതുകൊണ്ടാണ് ഇത്തരത്തിലുള്ള പൂജകൾ ഈ പുരയിടങ്ങളുടെ വാതുക്കൽ വച്ചു നടത്തുന്നതെന്നു നമുക്കു മനസ്സിലാകുന്നതാണ്. മംഗലശേരി, മങ്ങാട്ട മുതലായ പുരയിടപ്പേരുകൾ ഇപ്പോൾ നാമാവശേഷമായി പിന്നിട്ടുള്ള നംപൂതിരി ഇല്ലങ്ങളെ നമ്മെ ഓർമ്മിപ്പിക്കുന്നു. ഇപ്പോൾ എന്റെ ഗ്രാമത്തിൽ ഞാൻ മുമ്പു പറഞ്ഞതുപോലെ അഞ്ചു ഇല്ലങ്ങൾ ഉണ്ട്. ഒരുനൂറു വർഷങ്ങൾക്കു മുമ്പു മുന്നൂറിൽപരം ഇല്ലങ്ങൾ ഉണ്ടായിരുന്നു. ഇതുപോലെ മററു ഗ്രാമങ്ങളിൽനിന്നും അനേകം ഉദാഹരണങ്ങൾ ഉദ്ധരിച്ചു എന്റെ സ്നേഹിതനെ തൃപ്തിപ്പെടുത്താമെന്നുള്ളതാകുന്നു. അതിനാൽ ഞങ്ങളുടെ ഒരു പരാതി ഞങ്ങളുടെ എണ്ണം ക്രമേണ കുറഞ്ഞുവരുന്നു എന്നുള്ളതാകുന്നു. അതിലേക്കു എന്തെങ്കിലും ഒരു പ്രതിവിധി ഞങ്ങൾക്കു ആവശ്യമായിരിക്കുന്നു. ആറായിരം നംപൂതിരിമാരുണ്ടെന്നു മിസ്റ്റർ ചങ്ങനാശേരി പരമേശ്വരൻപിള്ള പറഞ്ഞു. ലോകത്തിൽ ഇതിൽ കൂടുതൽ നംപൂതിരിമാർക്കു ജീവിക്കുന്നതിനുള്ള സൌകര്യം ഉണ്ടെന്നാണു എനിക്കു തോന്നുന്നത്. അവർ നിയമം അനുസരിച്ചു നടക്കുന്ന ഒരു തരക്കാരാണ്. മററു സമുദായക്കാരെയോ ജനങ്ങളേയോ അവർ ഒരിക്കലും ഉപദ്രവിക്കയില്ല. സെൻട്രൽ ജെയിലിലെയോ മററുസ്ഥലങ്ങളിലെയോ കണക്കുകൾ നോക്കുന്നപക്ഷം ഇവർ നിയമലംഘനം ചെയ്യുന്നവർ അല്ലെന്നു വെളിവാകുന്നതാണ്. ഇവർ കൂടുതലായി ഉണ്ടായിരിക്കണമെന്നു ഞങ്ങൾക്കും ആഗ്രഹമുണ്ട്. ഞങ്ങളുടെ പ്രധാന ഉദ്ദേശങ്ങളിൽ ഒന്നു അതു സാധിക്കണമെന്നാണ്. കരകൌശലംകൊണ്ടു അവരെ നിർമ്മിക്കാൻകഴിയുമെങ്കിൽ അതുകൊണ്ടും ഞങ്ങൾ തൃപ്തിപ്പെടാം. എന്നാൽ അതു സാധിക്കയില്ലല്ലോ. ജനസംഖ്യവർദ്ധിപ്പിക്കുന്നതിനുള്ള ഏകമാർഗ്ഗം ജനനത്തെവർദ്ധിപ്പിക്കുക എന്നുള്ളതാകുന്നു. അതുമാത്രംപോരാ. നമ്പൂതിരിസ്ത്രീകളെ ഭാര്യമാരായിസ്വീകരിക്കുന്ന നമ്പൂതിരിമാരുടെഎണ്ണവും വർദ്ധിപ്പിക്കണം. ബില്ലിന്റെ ആവശ്യങ്ങളിൽ ഒന്നു ഇതാകുന്നു. അടുത്തപോയിൻറിനെ സംബന്ധിച്ചിടത്തോളം ഞങ്ങളുടെ ഇപ്പോഴത്തെ കുടുംബജീവിതത്തിന്റെ ഒരു യഥാർത്ഥവിവരണം ഇപ്പോൾ ഞാൻ തരാം. എന്റെ സ്നേഹിതൻ മിസ്റ്റർ. എ. കെ. പിള്ള പറയുന്നതുപോലെ വ്യക്തിത്വം, സാഹോദര്യം, സമത്വം മുതലായവക്ക് ലോകദൃഷ്ടിയിൽ ഇപ്പോൾ പ്രാധാന്യംകൂടി വരികയാണ് ചെയ്യുന്നത്. നമ്പൂതിരികുടുംബങ്ങളിലല്ലാതെ മറെറങ്ങും കൂട്ടുകുടുംബ ഏർപ്പാടുകാണുന്നതല്ല. ഏതുഭാഗത്താണ് ബുദ്ധിമുട്ടുള്ളതു എന്നു നമുക്കുഎല്ലാപേർക്കും അറിയാം. കൂട്ടുകുടുംബ ഏർപ്പാടുപ്രത്യേക സമ്പാദ്യത്തിന്റെയും അഹംകാരത്തിന്റെ വളർച്ചമുതലായതിന്റെയും വേരറുക്കുന്ന ഒന്നാണ് എന്നാൽ ഇവയെപ്പററി വളരെക്കൂടുതലായി ഒന്നുംസംസാരിക്കണമെന്നു ഞാൻവിചാരിക്കുന്നില്ല. ഞാൻഒരു സാധാരണസംഗതിയെ ഉദാഹരണമായി ഉദ്ധരിക്കാം. ഭാര്യാഭർത്താക്കന്മാർക്ക്, അവരുമായി അടുത്തബന്ധമുള്ള അനേകം ആളുകൾക്കൂടിയുള്ള സന്ദർഭത്തിൽവേണ്ടിടത്തോളം സ്വാതന്ത്ര്യംകാണിക്കുന്നതിനോ സന്തോഷംഉണ്ടാകുന്നതിനോ ഇടയായില്ലല്ലോ. ഇതു ഒരുകാര്യമാണ്. പിന്നീടു കാരണവരു അനന്തിരവനോടു അത്രവളരെ സ്നേഹം ഉണ്ടായിരിക്കയില്ല. എല്ലാതറവാടുകളിലേയും അവസ്ഥ ഇതുപോലെതന്നെയാകുന്നു. കാരണവൻ ഞങ്ങളുടെ വിദ്യാഭ്യാസകാര്യങ്ങളെപ്പററി വേണ്ടപോലെ ശ്രദ്ധിക്കുന്നില്ല. ഞങ്ങളുടെകുട്ടികളുടെ രക്ഷകർത്താക്കന്മാർ അവരുടെ വിദ്യാഭ്യാസവിഷയത്തിൽ വേണ്ടപോലെ ശ്രദ്ധപതിപ്പിച്ചുകാണുന്നില്ല. പള്ളിക്കൂടങ്ങളിലും കാളേജുകളിലും വളരെ നമ്പൂതിരിമാരെ കാണാതെ ഇരിക്കുന്നതിനുള്ളകാരണം ഇതുതന്നെയാകുന്നു. ഇപ്പോഴത്തെ കുടുംബഭരണസമ്പ്രദായം കുടുംബാംഗങ്ങളുടെ സുഖത്തെകുറക്കുന്നു. കുട്ടികളിൽനിന്നും വിദ്യാഭ്യാസത്തിനുള്ള വാസനയെ ഇതു എടുത്തുകളയുന്നു. ഇതു കുടുംബങ്ങളിൽ ഭിന്നിപ്പുണ്ടാക്കുകയും കുടുംബാംഗങ്ങൾതമ്മിൽ പലവിധവ്യവഹാരങ്ങൾക്കു ഇടയാക്കുകയും ചെയ്യുന്നു. ഇപ്പോഴത്തെ കുടുംബഭരണസമ്പ്രദായത്തെ സംബന്ധിച്ചുള്ള ഒരു പ്രധാനപരാതി ഇതാകുന്നു. ഇതിനെ മാററേണ്ടതിന്റെ ആവശ്യകതയും ഇതിൽനിന്നും തെളിയുമെന്നുള്ളതാകുന്നു.

ഞങ്ങളുടെ സമുദായത്തിന്റെ അധഃപതനത്തെപ്പററി അടുത്തതായി ഞാൻ പറയാം. ഞങ്ങളുടെ പൂർവ്വചരിത്രം വളരെ ശോഭനമായ ഒന്നായിരുന്നു. പക്ഷെ അതുകൊണ്ടു ഇപ്പോൾ യാതൊരുപ്രയോജനവും ഇല്ലല്ലോ. ഇപ്പോൾ ഞങ്ങളുടെ സമുദായം അധഃപതനത്തിന്റെ ഏററവും താണപടിയിൽ എത്തിക്കഴിഞ്ഞിരിക്കുന്നു. വിദ്യാഭ്യാസം, സ്വത്തു, പൊതുജനാഭിപ്രായം ഈ വിഷയങ്ങളിൽ നമ്പൂതിരിമാരുടെ നില വളരെ പിന്നോക്കമാണ്. ഇവയാണല്ലോ ഇപ്പോഴത്തെ പരിഷ്കാരത്തിന്റെ മുഖ്യലക്ഷണങ്ങൾ. സാധാരണ തോതിൽനിന്നും ഈ വിഷയങ്ങളിൽ നമ്പൂതിരിമാർ എത്രയോതാണ ഒരു പടിയിലാണ് സ്ഥിതിചെയ്യുന്നത്. ഇതിനെല്ലാം കാരണം ഞങ്ങളുടെ ഇടയിൽ ഇപ്പോൾനടപ്പിൽഇരിക്കുന്ന നിയമം ശരിയായിട്ടുള്ളതല്ലെന്നുള്ളതാകുന്നു. ഞങ്ങളുടെ എല്ലാ നടപടികളേയും സമ്പ്രദായങ്ങളേയും ഇടവാടുകളേയും ചിട്ടപ്പെടുത്തുന്നതായ ഒരു പുതിയനിയമം ക്രോഡീകരിക്കണമെന്നു ഞങ്ങൾ ആവശ്യപ്പെടുന്നില്ല. ഹിന്ദുലായിലെ ചിലവകുപ്പുകൾ ഞങ്ങളെ ബന്ധിക്കുന്നുണ്ട്. മരുമക്കത്തായനിയമത്തിന്റെ ഏതാനും നടപടികളും ഞങ്ങളെ ബന്ധിക്കുന്നുണ്ട്: മിതാക്ഷരകാലത്തിനുമുമ്പാണ് മലയാളബ്രാഹ്മണർ മലബാറിൽകുടിയേറിപാർത്തത്. ഇവിടെ വരുന്നഅവസരത്തിൽ അവർ ആര്യനിയമം ആണ് അനുകരിച്ചുകൊണ്ടിരുന്നത്. അതുമരുമക്കത്തായനിയമത്താൽ ഭേദപ്പെടുത്തപ്പെട്ടിട്ടുണ്ട്. മലബാറിലെ നടപടികളും നിയമങ്ങളുംകൊണ്ടു ഭേദപ്പെടുത്തപ്പെട്ടിട്ടുള്ള ആര്യൻ നിയമത്താൽ ഞങ്ങൾ തൃപ്തരായിക്കൊള്ളാം. അതിനാൽ ഞങ്ങളുടെ നടപടികളേയും സമ്പ്രദായങ്ങളേയും സംബന്ധിച്ചിടത്തോളം ഒരു പുതിയനിയമംവേണമെന്നു ഞങ്ങൾ ആവശ്യപ്പെടുന്നില്ല. ചിലനടപടികളേയും സമ്പ്രദായങ്ങളേയും മാററണമെന്നു നിശ്ചയമില്ലാതിരിക്കുന്ന ചിലഭാഗങ്ങളെ നിശ്ചയപ്പെടുത്തണമെന്നും മാത്രമെ ഞങ്ങൾ ഇപ്പോൾ ആവശ്യപ്പെടുന്നുള്ളു. ഇന്നു ഈ സഭയുടെ ആലോചനക്കു വിഷയമായിട്ടുള്ള ബില്ലിനെ ഇവിടെ അവതരിപ്പിച്ചിട്ടുള്ളതിന്റെ ആവശ്യകതയെ ഇത്രയുംകൊണ്ട് വെളിപ്പെടുത്തിക്കഴിഞ്ഞതായി ഞാൻ വിശ്വസിക്കുന്നു.

ഈ ബില്ലിന്റെ ഉല്പത്തിയെപ്പറ്റി അടുത്തതായി അല്പം സംസാരിക്കണമെന്ന് ഞാൻ ഉദ്ദേശിക്കുന്നു. സാധാരണയായി ഗവർമ്മെണ്ടിന്റെ ആജ്ഞപ്രകാരം മെമ്പറൊ ജനങ്ങളുടെ ആവശ്യപ്രകാരം ഒരു അനദ്യോഗസ്ഥമെമ്പറൊ ആണ് ഒരു ബില്ലിനെ അവതരിപ്പിക്കാറുള്ളതു്. എന്നാൽ ഈ ബിൽ വന്നിട്ടുള്ളതു മററുവഴികളിൽക്കൂടിയാകുന്നു. കഴിഞ്ഞ പത്തൊമ്പതു ഇരുപതു വർഷക്കാലമായി നടന്നുകൊണ്ടിരിക്കുന്ന യോഗക്ഷേമ സഭ എന്ന ഒരു സഭയുണ്ടു്. സാധാരണയായി ഈ സഭ സമുദായത്തിന്റെ നന്മക്ക വേണ്ടതു പ്രവൃത്തിച്ചു കൊണ്ടിരിക്കയാണ് ചെയ്യുന്നതു്. തറവാട്ടുഭരണത്തെ പരിഷ്കരിക്കുന്നതിനും ഇളയുന്നവർ സ്വസമുദായത്തിൽനിന്നു തന്നെ വിവാഹം ചെയ്യുന്നതിനു ഇടയാക്കുന്നതിനും ആയി എന്തെങ്കിലും ഒരു നിയമം നടപ്പാക്കേണ്ടതു ആവശ്യമാണെന്നായി ൧൦൮൯-ൽ നടന്ന ഈ സഭയുടെ ഒരു യോഗത്തിൽ വച്ചു ഒരു പ്രമേയം പാസാക്കി. നമ്പൂതിരിമാരുടെ വിവിധ ആവശ്യങ്ങളേയും പററി ആലോചിക്കുന്നതിനുള്ള ഒരു സഭയാണ് ഈ യോഗക്ഷേമസഭ. ഈ സഭ ൧൦൮൯ മുതൽ നാളതുവരെ ഒരു റെഗ്ഗുലേഷന്റെ ആവശ്യകതയെ പുരസ്കരിച്ചു പ്രമേയങ്ങൾ പാസാക്കിക്കൊണ്ടുതന്നെ ഇരിക്കയാണ്. ൧൦൯൩-ഉം ൧൦൯-ാം ൧൦൯൫-ഉം ഇങ്ങിനെയുള്ള പ്രമേയങ്ങൾ പാസാക്കപ്പെട്ടിട്ടുണ്ട്. ഈ സഭയിൽ പാസാക്കപ്പെട്ടിട്ടുള്ള പ്രമേയങ്ങളുടെ ഫലമായി കഴിഞ്ഞ ആണ്ടിൽ വൃശ്ചികമാസത്തിലൊ മററൊ കൊച്ചി നിയമസഭയിൽ ഒരു ബിൽ ഹാജരാക്കപ്പെടുകയുണ്ടായി. ഞാൻ മുമ്പു് പറഞ്ഞതുപോലെ ആ ബില്ലിന്റെ രണ്ടാം വായനകഴിഞ്ഞിരിക്കുന്നു. അതു പാസ്സാക്കാൻ പോകുകയാണ്. മദ്രാസ് നിയമനിർമ്മാണസഭയിലെ നമ്പൂതിരി മെമ്പറിനോടും ഇതുപോലെ ഒരു ബിൽ അവിടെ അവതരിപ്പിക്കണമെന്നു സമുദായാംഗങ്ങൾ ആവശ്യപ്പെട്ടിരിക്കയാണ്. അതുപോലെതന്നെ ഒരു ബിൽ തയ്യാറാക്കി ഈ സഭയിൽ ഹാജരാക്കണമെന്നു എന്റെ സ്നേഹിതൻ മിസ്റ്റർ ഇട്ടപ്പൻ നമ്പൂതിരിയോടും ആവശ്യപ്പെട്ടു. യോഗക്ഷേമസഭയുടെ ആഗ്രഹങ്ങളും ആ സഭയിൽ കുറെ വർഷങ്ങളായി പാസാക്കിക്കൊണ്ടിരിക്കുന്ന പ്രമേയങ്ങളും അനുസരിച്ചാണ് ഈ ബില്ലിനെ ഇവിടെ അവതരിപ്പിച്ചിട്ടുള്ളതു്. കൊല്ലം മുതൽ കോഴിക്കോട്ട് വരെയുള്ള പല സ്ഥലങ്ങളിൽ പല വർഷങ്ങളിലായി നടത്തിയിട്ടുള്ള നമ്പൂതിരിമാരുടെ പല യോഗങ്ങളിലും വച്ചു ഈ പ്രമേയത്തെ അനുകൂലിച്ചു അനേകം പ്രമേയങ്ങൾ പാസാക്കിയിട്ടുണ്ട്. ഇവയുടെ എല്ലാററിന്റെയും ഏകോപിച്ചുള്ള ഫലമായിട്ടാണ് ഈ ബിൽ ഇപ്പോൾ ഈ സഭയുടെ ആലോചനയ്ക്കു വിഷയമായി തീർന്നിട്ടുള്ളതു്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): കൊച്ചിയിലെ ബിൽ ഈ ബില്ലിനെ പോലെയാണൊ എന്നറിഞ്ഞാൽ കൊള്ളാം.

മി: ജി. ശങ്കരൻ പോററി (സംയുക്തമെമ്പർ): പല സംഗതികളിലും സാമ്യമുണ്ടു്.

അതിനാൽ ഇങ്ങിനെ ഒരു നിയമം ഉണ്ടായിരിക്കേണ്ടതിന്റെ ആവശ്യകതയും ഇങ്ങിനെ ഒരു നിയമത്തിന്റെ ആവശ്യകതയെ സംബന്ധിച്ചു് അനേകം യോഗങ്ങളിൽ വച്ചു പ്രമേയങ്ങൾ പാസാക്കിയിട്ടുള്ളതും ഞാൻ മുമ്പു് പറഞ്ഞതുപോലെ നമ്പൂതിരിമാർക്ക ആവശ്യമുള്ള സകലവിഷയങ്ങളിലും ഒന്നുപോലെ ശ്രദ്ധപതിപ്പിക്കുന്നതും ആയ യോഗക്ഷേമസഭയുടെയും ഈ സമുദായത്തിന്റെയും ഏകോപിച്ചുള്ള അഭിപ്രായനിലയും എനിക്ക ഈ സഭയെ, അല്ലെങ്കിൽ സഭയിലെ ചില അംഗങ്ങളെ എങ്കിലും, ബോദ്ധ്യപ്പെടുത്താൻ സാധിച്ചു എന്നു തന്നെ ഞാൻ വിശ്വസിക്കുന്നു.

ഡപ്യൂട്ടിപ്രസിഡന്റ: സഭ ഇപ്പോൾ പിരിഞ്ഞു നാളെ ൧൧ മണിക്ക വീണ്ടും കൂടാമെന്നു ഞാൻ വിചാരിക്കുന്നു.

വൈകുന്നേരം ൫ മണിക്ക യോഗം പിരിഞ്ഞു.

ടി. പി. രാമസ്വാമയ്യർ,
നിയമസഭാസെക്രട്ടറി.

(A true translation.)

T. RAMALINGAM PILLAI,
Head Translator to Government.

അനുബന്ധം.

തിരുവിതാംകൂർ നമ്പൂതിരിബിൽ.

നമ്പൂതിരിമാരുടെ കുടുംബഭരണത്തെയും പിൻതുടർച്ചാവകാശക്രമത്തെയും ഭേദപ്പെടുത്തി വിവരിക്കേണ്ടതു ആവശ്യമെന്നു തോന്നുകയാൽ താഴെപറയും പ്രകാരം ഒരു നിയമം നടപ്പാക്കിയിരിക്കുന്നു.

അദ്ധ്യായം ൧.

പ്രാരംഭം.

൧. (൧) ഈ റെഗ്ഗുലേഷൻ ൧൧൦ ലെ ൦ാം നമ്പരായ തിരുവിതാംകൂർ നമ്പൂതിരിറെഗ്ഗുലേഷൻ എന്നു വിളിക്കപ്പെടാവുന്നതാകുന്നു.

(൨) ഇതു് തിരുവിതാംകൂറിലെ നാട്ടുകാരായി തീർന്നിട്ടുള്ള എല്ലാനമ്പൂതിരിമാരേയും ബന്ധിക്കുന്നതാകുന്നു.

(൩) ഇതു് ൧൧൦ മാസം ൦ാംതീയതി മുതൽ നടപ്പിൽ വരുന്നതാകുന്നു.

൨. ഈ റെഗ്ഗുലേഷനിൽ വിഷയത്തിനൊ സന്ദർഭത്തിനൊ വിപരീതമായി യാതൊന്നുമില്ലാത്ത പക്ഷം.

(൧) "നമ്പൂതിരി" എന്നതിൽ വസ്ത്രധാരണത്തിന്റെയോ ഭാഷയുടെയോ നടപടികളുടേയൊ സമ്പ്രദായങ്ങളുടേയൊ സാമ്യംകൊണ്ടു മലയാളബ്രാഹ്മണർ എന്നു അറിയപ്പെടുന്നവരും അംഗീകരിക്കപ്പെടുന്നവരും ആയ എല്ലാബ്രാഹ്മണരും ഉൾപ്പെടുന്നതുമാകുന്നു.

(൨) "തറവാട്ട" എന്നാൽ പൊതുസ്വത്തിന്നവകാശികളായി ഒരു കൂട്ടുകുടുംബത്തിൽ ചേർന്ന എല്ലാഅംഗങ്ങളും എന്നർത്ഥമാകുന്നതും അതിൽ ആ അംഗങ്ങൾ ഉൾപ്പെടുന്നതും ആകുന്നു.

(൩) "കാരണവൻ" എന്നാൽ തറവാട്ടിലെ നായകസ്ഥാനവും അതിലെകാര്യങ്ങൾ നടത്തുന്നതിനും അതിലെ മുതലുകളുടെ കൈവശത്തിനും ഉള്ള അധികാരവും നിയമത്താൽ സിദ്ധിച്ചിട്ടുള്ള തറവാട്ടിലെ വയസ്സുമൂപ്പുള്ള പ്രായംതികഞ്ഞ പുരുഷൻ എന്നും അങ്ങനെയുള്ള പുരുഷൻ ഇല്ലാതിരുന്നാൽ വയസ്സുമൂപ്പുള്ള പ്രായംതികഞ്ഞ സ്ത്രീ എന്നും അർത്ഥമാകുന്നു.

(൪) "അനന്തിരവർ" എന്നാൽ കാരണവൻ ഒഴികെ ഒരു തറവാട്ടിലെ മറ്റെല്ലാ അംഗങ്ങളും എന്നർത്ഥമാകുന്നു.

(൫) "ജാതിഭ്രഷ്ടൻ" എന്നാൽ ജാതിമര്യാദപ്രകാരം ഉടകുവിച്ഛേദത്തിനാൽ കുഡുംബവുമായുള്ള സകലബന്ധങ്ങളും വേർപ്പെട്ടുപോയിട്ടുള്ളവനും ആ കാരണത്താൽ അയാളുടേയോ അവളുടെയോ തറവാട്ടിലുള്ള സകല അവകാശങ്ങളും നഷ്ടമായിട്ടുള്ളവനും ആയ ഒരാൾ എന്നർത്ഥമാകുന്നു.

(൬) "സാധാരണചിലവുകൾ" എന്നാൽ ആഹാരം, വസ്ത്രധാരണം, തേച്ചുകുളി, വൈദ്യച്ചിലവു, തറവാട്ടിലുള്ള അംഗങ്ങളുടെ വിദ്യാഭ്യാസച്ചിലവു, മതസംബന്ധമായും, ജാതിമര്യാദയനുസരിച്ചും ഉള്ള അടിയന്തരച്ചിലവുകൾ ഇവയാകുന്നു.

(൭) "ചിലവുനീക്കിയുള്ള ആദായം" എന്നാൽ സർക്കാർകരം, ജന്മികൾക്കും മററുള്ളവർക്കും, മിച്ചവാരമോ പാട്ടമോ കൊടുക്കുവാനുണ്ടെങ്കിൽ അതു്, കടങ്ങളുടെ പലിശ, ഇത്യാദിയായുള്ള ചിലവുകൾ കഴിച്ചു തറവാട്ടിലേക്കു ആണ്ടോടാണ്ടു കിട്ടുന്ന ആദായം എന്നർത്ഥമാകുന്നു.

(൮) "ഗൃഹസ്ഥൻ" എന്നാൽ മന്ത്രങ്ങളോടുകൂടി ശരിയായവിധത്തിൽ വിവാഹം കഴിച്ചു ഗാർഹസ്ഥജീവിതം നയിക്കുന്ന തറവാട്ടിലെ ഒരു പുരുഷാംഗം എന്നർത്ഥമാകുന്നു.

(൯) "മൈനർ" (പ്രായംതികയാത്ത ആൾ) എന്നാൽ ൧൮ വയസ്സു തികയാത്ത ആളാകുന്നു.

അദ്ധ്യായം ൨.

തറവാടും, അതിന്റെ ഭരണവും

൩. ഒരു തറവാട്ടിലെ എല്ലാ അംഗങ്ങൾക്കും പുരുഷനും സ്ത്രീക്കും ഒരുപോലെ അതിന്റെ സ്വത്തിൽ അവകാശം ഉണ്ടായിരിക്കുന്നതാണ്. ജാതിഭ്രഷ്ടനായ ഒരുവനു അതിൽ യാതൊരു വിധമായ അവകാശവും ഉണ്ടായിരിക്കുന്നതല്ല.

൪. തറവാട്ടുവക എല്ലാവസ്തുക്കളേയും ക്ഷേത്രങ്ങളേയും തറവാട്ടിനു ഊരാണ്മയോ മററു വല്ല അവകാശമൊ ഉള്ള ഇതര സ്ഥാപനങ്ങളേയും കൈവശംവച്ചുകൊണ്ടിരിക്കുന്നതിനും ഇവയിലെകാര്യങ്ങൾ നടത്തുന്നതിനും ഉള്ള അവകാശം കാരണവനുണ്ടായിരിക്കുന്നതാകുന്നു.

൫. തറവാട്ടിലെ വരവുചിലവുകളെ സംബന്ധിച്ചു സത്യമായും, ശരിയായും, ഉള്ള ഒരു കണക്കു തറവാട്ടിലെ അതാതു കാലങ്ങളിലെ കാരണവനൊ, മാനേജരോ, വച്ചുകൊണ്ടിരിക്കേണ്ടതാകുന്നു. ഓരോവർഷത്തെയും കണക്കു അതാതാണ്ടു അവസാനത്തിൽ പ്രായപൂർത്തിവന്ന അനന്തിരവർക്കു തറവാട്ടു ഗൃഹത്തിൽ വച്ചു പരിശോധനക്കു നൽകേണ്ടതാകുന്നു. രേഖാമൂലം ആവശ്യപ്പെടുന്ന പ്രായപൂർത്തിവന്ന അനന്തിരവർക്കു ഈ കണക്കിന്റെ ഓരോ പ്രതി നൽകേണ്ടതാകുന്നു.

൬. തറവാട്ടിലേക്കു കിട്ടുവാനുള്ള എല്ലാ ആദായങ്ങളേയും പിരിച്ചെടുക്കുന്നതിനു തറവാട്ടിലെ പുരുഷാംഗങ്ങളിൽ ഭൂരിപക്ഷവും സമ്മതിക്കുന്നതായ സാധാരണ ചിലവുകൾക്കു പണം ചിലവുചെയ്യുന്നതിനു ശരിയായ ഈടിന്മേൽ തറവാട്ടുവക പണത്തെ കടം കൊടുക്കുന്നതിനും കടപ്പത്രങ്ങൾ മുതലായ പ്രമാണങ്ങൾ എഴുതി കൊടുക്കുന്നതിനും വാങ്ങുന്നതിനും തറവാട്ടിലേക്കുവേണ്ടി വ്യവഹാരങ്ങൾ നടത്തുന്നതിനും തറവാട്ടു ഭരണത്തിനു ആവശ്യമായുള്ള മറ്റെല്ലാ പ്രവൃത്തികളും ചെയ്യുന്നതിനു ഉള്ള അധികാരം കാരണവനുണ്ടായിരിക്കുന്നതാകുന്നു.

൭. തറവാട്ടാവശ്യമൊ പ്രതിഫലമോ കൂടാതെ തറവാട്ടിലെ പ്രായപൂർത്തിവന്ന എല്ലാഅംഗങ്ങളുടെയും രേഖാമൂലമായ സമ്മതംകൂടാതെയോ ഒരു കാരണവനോ മററു ഭരണകർത്താവിനോ തറവാട്ടുവസ്തുക്കളേവിൽക്കുകയോ അവയെ സംബന്ധിച്ചു കാണാധാരങ്ങൾ എഴുതുകയോ കൈവശാവകാശത്തോടുകൂടി ആറുവർഷത്തിൽ കൂടുതൽകാലത്തേയ്ക്കു ഒററി എഴുതുകയോ ആറുവർഷത്തിൽ കൂടുതൽ കാലത്തേക്കു പാട്ടം എഴുതുകയോ ചെയ്വാൻ പാടില്ലാത്തതാകുന്നു.

൮. ആറുവർഷത്തേക്കോ അതിൽ കുറഞ്ഞകാലത്തേക്കോ കൊടുക്കപ്പെടുന്ന കൈവശ പണയമോ, പാട്ടമൊ പ്രതിഫലത്തിനായും തറവാട്ടാവശ്യത്തിനായും, തറവാട്ടിലെ പ്രായംതികഞ്ഞ എല്ലാ അംഗങ്ങളുടെ സമ്മതത്തോടു കൂടിയും അല്ലാതെ എഴുതികൊടുക്കുന്നപക്ഷം സാധുവായിരിക്കുന്നതല്ല.

അപ്രകാരമുള്ള ഇടപാടിനു തറവാട്ടിലെ പ്രായപൂർത്തിവന്ന എല്ലാ അംഗങ്ങൾക്കും അറിവുണ്ടായിരിക്കുകയും അവരിൽ ഭൂരിപക്ഷം ആളുകൾ രേഖാമൂലമായ സമ്മതം കൊടുക്കുകയും ചെയ്യുന്നു എങ്കിൽ മേൽപറഞ്ഞപ്രകാരമുള്ള ആവശ്യവും സമ്മതവും ഉള്ളതായി ഊഹിക്കാവുന്നതാകുന്നു.

൯. കാരണവനോ ഭരണം നടത്തുന്ന മററംഗമോ ഉണ്ടാക്കുന്നതായ യാതൊരു കടവും, അതു തറവാട്ടാവശ്യത്തിനായിരുന്നാലല്ലാതെ, തറവാട്ടിനെ ബാധിക്കുന്നതല്ല.

൧൦. ഒരു കാരണവൻ തറവാട്ടാവശ്യം ഉണ്ടെന്നുകാണിച്ചു തറവാട്ടുവസ്തുകാലാവധികൂടാതെ ഒററി കൊടുക്കുകയോ കടം ഉണ്ടാക്കുകയോ ചെയ്യുമ്പോൾ ഒററിക്കാരനോ കടംകൊടുത്തവനോ ഒരു പക്ഷമായും ആ പ്രകാരമുള്ള ഒററിക്കോ കടത്തിനൊ സമ്മതിച്ചിട്ടില്ലാത്ത തറവാട്ടംഗങ്ങൾ മറുപക്ഷമായും തക്കം നേരിടുന്നതായാൽ ഒററിക്കാരനോ കടംകൊടുത്തവനോ അപ്രകാരമുള്ള തറവാട്ടാവശ്യമുണ്ടെന്നു നിർണ്ണയിക്കുന്നതിനു ന്യായമായ അന്വേഷണം ചെയ്തതിന്റെ ശേഷം ഉത്തമവിശ്വാസത്തോടുകൂടി പ്രവർത്തിച്ചിരുന്നാൽ അങ്ങിനെയുള്ള തറവാട്ടാവശ്യം ഉണ്ടായിരുന്നു എന്നു ഊഹിക്കേണ്ടതാകുന്നു.

൧൧. ഒരു കാരണവനു് തന്നെ മാത്രം ബാധിക്കുന്നവിധത്തിൽ ഒരു രജിസ്റ്റർ ചെയ്ത പ്രമാണത്താൽ ബാദ്ധ്യപ്പെടുത്തി അയാളുടെ ഭരണാധികാരത്തെ ഒഴിയുന്നതിന് സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതാകുന്നു.

൧൨. ഒരു രജിസ്റ്റർചെയ്ത പ്രമാണത്തിൻ പടിയല്ലാതെ ഒരു കാരണവന്റെ അധികാരങ്ങളെ മറെറാരാൾക്കു ഏല്പിച്ചുകൊടുത്തുകൂടുന്നതല്ല.

൧൩. ഒരു കാരണവൻ മരിക്കുകയോ കാരണവസ്ഥാനം ഒഴിയുകയോ കാരണവസ്ഥാനം ത്യജിക്കുകയോ കാരണവസ്ഥാനത്തുനിന്നും നീക്കപ്പെടുകയോ ചെയ്യുമ്പോൾ മൂപ്പുമുറയനുസരിച്ചു പ്രായപൂർത്തിവന്നിട്ടുള്ള ഓരോ പുരുഷനും അയാളുടെ അഭാവത്തിൽ മൈനറായിട്ടുള്ള ഒരു പുരുഷൻ പ്രായപൂർത്തിവരുന്നതുവരെ പ്രായപൂർത്തിവന്നിട്ടുള്ള ഓരോ സ്ത്രീക്കും തറവാട്ടിലെ കാരണവനായിരിക്കുന്നതിനുള്ള അധികാരം ഉണ്ടായിരിക്കുന്നതാകുന്നു. എന്നാൽ ശരീരസംബന്ധമായോ മാനസികമായോ ഉള്ള ശേഷിക്കുറവിനാൽ തറവാട്ടുഭരണം നടത്തുന്നതിനു യോഗ്യനോ പാപ്പരായിട്ടുള്ളവനോ ആയ ഒരുവന് ഇതിനു അവകാശം ഉണ്ടായിരിക്കുന്നതല്ല.

വിവരണം:—വിവാഹമൂലം തറവാട്ടിലെ അംഗങ്ങളായിട്ടുള്ള സ്ത്രീകളുടെ മൂപ്പ് അവരുടെ വിവാഹത്തിയതിയെ അടിസ്ഥാനമാക്കി കണക്കാക്കേണ്ടതാകുന്നു.

൧൪. ഒരു തറവാട്ടിൽ പ്രായപൂർത്തിവന്ന പുരുഷനോ സ്ത്രീയോ ഇല്ലാതിരിക്കയോ ഉള്ളവൎക്ക് മുൻ വകുപ്പിൽ പ്രസ്താപിച്ചിട്ടുള്ള ഏതെങ്കിലും അയോഗ്യതയുണ്ടായിരിക്കയോ ചെയ്യുന്നപക്ഷം ഈ തറവാടു ഏതു പ്രിൻസിപ്പാൽ സിവിൽകോടതിയുടെ അധികാരസീമയിൽ സ്ഥിതിചെയ്യുന്നുവോ ആ കോടതിയിൽ തറവാട്ടിലെ അതിലെ അംഗങ്ങളിലൊ താല്പര്യമുള്ള ആരെങ്കിലും ഒരു അപേക്ഷ ബോധിപ്പിക്കുന്നപക്ഷം ആ കോടതിയിൽനിന്നും അപേക്ഷയെ സംബന്ധിച്ചു വേണ്ടപോലെ പരസ്യംചെയ്കയും ആയതിനെ അനുകൂലിക്കയൊ പ്രതികൂലിക്കയൊ ചെയ്യുന്ന എല്ലാപേരുടെയും വാദങ്ങൾ കേട്ടതിനുശേഷം കോടതിക്കു യുക്തമെന്നുതോന്നുന്ന കരാറിന്മേൽ ഒരു മാനേജരെ നിയമിക്കാമെന്നുള്ളതും അപ്രകാരം നിയമിതനായ മാനേജർ കോടതിലേക്കായി നിശ്ചയിക്കുന്ന വ്യവസ്ഥകൾ അനുസരിച്ചു ഉത്തരവാദിത്വം ചെയ്യേണ്ടതും ആകുന്നു.

൧൫. ശേഷിക്കുറവ്, നടപ്പിശക്, തറവാടിന്റെ ദുർഭരണം ഇവയിൽ എതെങ്കിലും കാരണത്താൽ ഒരു കോർട്ട് വിധിമൂലം കാരണവനെ ആ സ്ഥാനത്തുനിന്നും നീക്കംചെയ്യുന്നതിനുള്ള അധികാരം തറവാട്ടിലെ ഓരോ അംഗത്തിനും ഉണ്ടായിരിക്കുന്നതാകുന്നു.

൧൬. തറവാടു ഏതു ഡിസ്ട്രിക്റ്റ്കോടതിയുടെ അധികാരാതൃത്തിയിൽ സ്ഥിതിചെയ്യുന്നുവോ ആ കോടതിയിൽ തറവാട്ടിലെ പ്രായപൂർത്തിവന്ന അംഗങ്ങളിൽ കാരണവൻ ഒഴികെ ശേഷം ഉള്ളവരിൽ ഭൂരിഭാഗം ആളുകൾ ചേൎന്നു കാരണവനെ തൽസ്ഥാനത്തുനിന്നും നീക്കംചെയ്യണമെന്നായി ഒരു ഹർജി ബോധിപ്പിക്കുന്നപക്ഷം കോടതിയിൽനിന്നും ആവശ്യമെന്നു തോന്നുന്നതായ അന്വേഷണങ്ങൾ നടത്തിയതിനുശേഷം അപേക്ഷയുടെ സത്യാവസ്ഥയെപ്പററി ബോദ്ധ്യം വരുന്നഎങ്കിൽ അയാളെ ആ സ്ഥാനത്തുനിന്നും നീക്കംചെയ്തു ഉത്തരവു ചെയ്യേണ്ടതും ആ ഉത്തരവിനു ഒരു ഡിക്രിയുടെ വിലയുണ്ടായിരിക്കുന്നതും ആകുന്നു.

൧൭. കാരണവന് ആണ്ടവസാനത്തിൽ പ്രതിഫലമായി തറവാട്ടിൽ ചിലവു നീക്കികിട്ടുന്ന ആദായത്തിന്റെ ൭½ ശതമാനത്തിൽ കവിയാതെ ഒരു തുക എടുക്കാമെന്നുള്ളതും യാതൊരിക്കലും ഈ തുക ൨൫൦൦ രൂപായിൽ കവിയാൻപാടില്ലാത്തതും ആകുന്നു.

൧൮. തറവാട്ടിലുള്ള ഓരോ ഗൃഹസ്ഥാംഗത്തിനും, അയാൾ തറവാട്ടു ഗൃഹത്തിൽ താമസിച്ചിരുന്നാലും, ഇല്ലെങ്കിലും, തറവാട്ടിൽനിന്നു ചിലവിനു കൊടുക്കേണ്ടതാകുന്നു; എന്നാൽ മററു യാതൊരു അംഗത്തിനും തറവാട്ടുഗൃഹത്തിൽ താമസിക്കാത്തപക്ഷം ചിലവിനു കിട്ടുന്നതിനുള്ള അധികാരം ഇല്ലാത്തതും ആകുന്നു. ചിലവിനു കൊടുക്കേണ്ട തുക ൩-ാം വകുപ്പിൽ പ്രസ്താപിച്ചിട്ടുള്ള സാധാരണ ചിലവുകളെ അടിസ്ഥാനമാക്കി കണക്കാക്കുവാനുള്ളതാകുന്നു. ചിലവിനുകിട്ടുന്ന ആളിന്റെ മേൽ ഉണ്ടായിട്ടുള്ള ഏതെങ്കിലും വിധിക്കുവേണ്ടി ഇതിനെ ചില്ലുകയോ ജപ്തിചെയ്കയോ ചെയ്യാൻപാടില്ലാത്തതാകുന്നു.

൧൯. പ്രത്യേകം താമസിച്ചു പ്രത്യേകം ചിലവിനു വാങ്ങുന്ന ഓരോ ഗൃഹസ്ഥനും അയാളുടെകൂടെയോ അയാളുടെ രക്ഷാകർത്തൃത്വത്തിലൊ താമസിക്കുന്ന തറവാട്ടിലെ ഇതരമെമ്പറന്മാൎക്കുള്ള ചിലവിനുകൂടി ആവശ്യപ്പെടുന്നതിനുള്ള അധികാരം ഉണ്ടായിരിക്കുന്നതാകുന്നു.

൨൦. മുൻവകുപ്പിൽ പ്രസ്താപിച്ചിട്ടുള്ളതുപോലെ ചിലവിനു കൊടുക്കുന്നതിനെ കാരണവൻ നിഷേധിക്കയൊ അമാന്തിക്കയോ ചെയ്യുന്നഎങ്കിൽ അപ്രകാരം ഉള്ള ഒരു മെമ്പറിനു തറവാട്ടുവസ്തുക്കളിൽ അയാൾക്കു അവകാശപ്പെട്ടിട്ടുള്ളിടത്തോളവും അയാളുടെകൂടെയോ രക്ഷാകർത്തൃത്വത്തിലൊ താമസിക്കുന്ന മററംഗങ്ങൾക്കു അവകാശപ്പെട്ടിട്ടുള്ളിടത്തോളം ഭാഗവും കൈവശം കിട്ടുന്നതിനുള്ള അവകാശം ഉണ്ടായിരിക്കുന്നതും ഇപ്രകാരമുള്ള വസ്തുക്കളെ സംബന്ധിച്ചിടത്തോളം ഈ അദ്ധ്യായത്തിൽ കാരണവന് ഉണ്ടെന്നു വിവരിച്ചിട്ടുള്ള അധികാരങ്ങളും ചുമതലകളും ഉണ്ടായിരിക്കുന്നതും ആകുന്നു.

അദ്ധ്യായം ൩.

മൈനറന്മാരുടെ രക്ഷാകർത്തൃത്വം.

൨൧. താഴെ പറയുന്ന ആളുകൾ താഴെ പറയുന്ന മുറയനുസരിച്ചു മൈനറന്മാരുടെ ദേഹത്തെയും അവരുടെ പ്രത്യേക സ്വത്തുക്കളെയും സംബന്ധിച്ചു നിയമപ്രകാരം രക്ഷകർത്താക്കന്മാരായിരിക്കുന്നതാകുന്നു. (൧) പിതാവ് (൨) അമ്മവഴി സഹോദരന്മാർ (൩) അപ്പൂപ്പൻ (൪) ഭാഗംപിരിയാത്ത അമ്മാവന്മാർ (൫) മാതാവ് (൬) അമ്മൂമ്മ (൭) മററു സഹോദരന്മാരും അവരുടെ സന്താനങ്ങളും.

അദ്ധ്യായം ൪.

മരണശാസനമില്ലാത്തപ്പോൾ പിൻതുടർച്ചാവകാശക്രമം.

൨൨. ഒരു നമ്പൂതിരി പുരുഷൻ മരിക്കുമ്പോൾ തറവാട്ടംഗങ്ങളായ അയാളുടെ വിധവകളോ ഭാഗംപിരിയാത്ത പുത്രന്മാരോ അവിവാഹിതരായ പുത്രിമാരോ ഉണ്ടായിരുന്നാൽ അവൎക്ക് അയാളാൽ വിനിയോഗിക്കപ്പെടാത്ത അയാളുടെ മരണകാലത്തു ശേഷിക്കുന്ന സ്വയാൎജ്ജിതവും പ്രത്യേകവുമായ മുഴുവൻസ്വത്തിലും തുല്യഭാഗങ്ങളിൽ അവകാശമുള്ളതാകുന്നു. വിധവയില്ലാത്തപക്ഷം ഭാഗംപിരിയാത്ത പുത്രന്മാൎക്കും അവിവാഹിതരായ പുത്രിമാൎക്കും മുഴുവൻ മുതലും കിട്ടുന്നതും വിധവയും ഭാഗംപിരിയാത്ത പുത്രന്മാരും ഇല്ലാത്തപക്ഷം അവിവാഹിതരായ പുത്രിമാൎക്കു മുഴുവൻ മുതലും കിട്ടുന്നതും ആകുന്നു.

എന്നാൽ മരണശാസനം എഴുതിവയ്ക്കാത്ത ആളിന്റെ മരണത്തിനുമുമ്പ് ഒരു ഭാഗംപിരിയാത്ത പുത്രൻ മരിച്ചുപോകുന്നതായാൽ ആ പുത്രന്റെ സന്താനങ്ങൾക്ക് അപ്രകാരമുള്ള ആളിന്റെ കാലശേഷം ആ പുത്രൻ ജീവിച്ചിരുന്നെങ്കിൽ അയാൾക്കു കിട്ടുമായിരുന്ന ഭാഗം ലഭിക്കുമെന്നുള്ളതാകുന്നു.

൨൩. ഒരു നംപൂതിരി പുരുഷൻ മരിക്കുമ്പോൾ മുൻവകുപ്പിൽ പറഞ്ഞിട്ടുള്ള അവകാശികളിൽ ആരുംതന്നെ ഇല്ലാതിരുന്നാൽ അയാളാൽ വിനിയോഗിക്കപ്പെടാതെ മരണകാലത്തു ശേഷിക്കുന്ന അയാളുടെ സ്വയാർജ്ജിതവും പ്രത്യേകവും ആയ മുതൽ താഴെപറയുന്ന അവകാശികൾക്കു താഴെപറയുന്ന മുറയനുസരിച്ചു ലഭിക്കുന്നതാകുന്നു. (൧) ഭാഗംപിരിഞ്ഞ പുത്രന്മാർ (൨) സഹോദരന്മാർ (൩) പിതാവ് (൪) മാതാവു (൫) അമ്മാവന്മാർ (൬) ദായാദികൾ.

൨൪. ഒരു നംപൂതിരിസ്ത്രീ മരിക്കുമ്പോൾ അവളുടെ ഭർത്താവും പുത്രന്മാരും പുത്രന്മാരുടെ പുത്രന്മാരും ജീവിച്ചിരിക്കുന്നതായാൽ അവളാൽ വിനിയോഗിക്കപ്പെടാതെ അവളുടെ മരണകാലത്തു ശേഷിക്കുന്ന അവളുടെ സ്വയാർജ്ജിതവും പ്രത്യേകവും ആയ മുതൽമുഴുവനും ഭർത്താവിനു ലഭിക്കുമെന്നുള്ളതാകുന്നു.

ഭർത്താവില്ലാത്തപക്ഷം പുത്രന്മാർക്കു തുല്യാവകാശം ഉണ്ടായിരിക്കുന്നതും ഭർത്താവും പുത്രന്മാരും ഇല്ലാത്തപക്ഷം പുത്രന്മാരുടെ പുത്രന്മാർക്കു തുല്യാവകാശം ഉണ്ടായിരിക്കാവുന്നതും ആകുന്നു.

൨൫. ഒരു നംപൂതിരിസ്ത്രീ മരിക്കുമ്പോൾ മുൻവകുപ്പിൽ പറഞ്ഞിട്ടുള്ള അവകാശികളിൽ ആരുംതന്നെ ഇല്ലാതിരുന്നാൽ അവളാൽ വിനിയോഗിക്കപ്പെടാതെ അവളുടെ മരണകാലത്തു ശേഷിക്കുന്ന അവളുടെ സ്വയാർജ്ജിതവും പ്രത്യേകവും ആയ മുതൽ അവളുടെ ഭർത്താവിന്റെ തറവാട്ടിലെ അംഗങ്ങൾക്കു ലഭിക്കുമെന്നുള്ളതാകുന്നു.

അദ്ധ്യായം ൫.

മരണശാസനം ഉള്ളപ്പോൾ പിൻതുടച്ചാവകാശക്രമം.

൨൬. ൧൦൯൪-ലെ ആറാം റെഗുലേഷനായ വിൽസ് റെഗുലേഷനിൽ എന്തുതന്നെ അടങ്ങിയിരുന്നാലും ഒരാളിന്റെ സ്വയാർജ്ജിതസ്വത്തിനെ മുഴുവനും മരണശാസനംവഴി ആർക്കും കൊടുക്കാമെന്നുള്ളതാകുന്നു.

അദ്ധ്യായം ൬.

കൂടുതൽ വകുപ്പുകൾ.

൨൭. ഗൃഹസ്ഥനായ ഒരു അംഗം ഭാഗം ആവശ്യപ്പെടുകയും അപ്രകാരം ഭാഗിക്കുന്നതിനു കാരണവന്റെ അനുമതിയോടുകൂടി തറവാട്ടിലെ പ്രായപൂർത്തിവന്ന അംഗങ്ങളിൽ ഭൂരിപക്ഷം ആളുകൾ അനുകൂലിക്കുകയും ചെയ്യുന്നപക്ഷം തറവാട്ടു സ്വത്തു ഭാഗിക്കേണ്ടതാകുന്നു.

എന്നാൽ ഒരു തറവാട്ടിൽ അപ്പോഴുള്ള അംഗങ്ങൾ എല്ലാപേരും വിധവമാർ ആണെങ്കിൽ അവരിൽ ഓരോരുത്തർക്കും അവരുടെ ഭാഗം കിട്ടുന്നതിനു അവകാശം ഉണ്ടായിരിക്കുന്നതാകുന്നു.

൨൮. ഒരു നംപൂതിരി പുരുഷനു വിവാഹകാലത്തു ലഭിക്കുന്ന സ്ത്രീധനം തറവാട്ടുസ്വത്തായി ഗണിക്കപ്പെടുന്നതാകുന്നു.

൨൯. മുൻവകുപ്പുകളിൽ വ്യക്തമായി വ്യവസ്ഥചെയ്തിട്ടുള്ളിടത്തോളമല്ലാതെ ഇപ്പോൾനടപ്പിലിരിക്കുന്നതായ നിയമത്തേയോ ആചാരത്തേയോ നടപ്പിനേയോ സംബന്ധിച്ചു ഇപ്പോഴുള്ള വ്യവസ്ഥകളെ ബാധിക്കുന്നതല്ല.

ഉദ്ദേശങ്ങളുടേയും കാരണങ്ങളുടേയും സ്റ്റേറ്റുമെന്റ്.

ഈ ബിൽകൊണ്ടു സാധിക്കണമെന്നു പ്രധാനമായി ഉദ്ദേശിക്കുന്ന കാര്യങ്ങൾ നംപൂതിരിമാരുടെ തറവാടുകളുടെ ഭരണരീതിയെ പരിഷ്കരിച്ചു നന്നാക്കണമെന്നും കാരണവന്റെ അധികാരങ്ങളെ വിവരിച്ചു നിർണ്ണയിക്കണമെന്നും ഇളമുറക്കാരുടെ അവകാശങ്ങളെ കുറെക്കൂടി പരിഷ്കരിക്കണമെന്നും നംപൂതിരിമാരുടെ സ്വയാർജ്ജിതസ്വത്തിന്റെ മരണശാസനമില്ലാത്തപ്പോഴത്തെ പിൻതുടച്ചാവകാശക്രമത്തെ സംബന്ധിച്ചു ചില വ്യവസ്ഥകൾ നടപ്പാക്കണമെന്നും ഉള്ളതാകുന്നു.

സാമാന്യതത്വങ്ങൾ.

ബിൽമൂലം നടപ്പാക്കണം എന്നുദ്ദേശിക്കുന്ന മാറ്റങ്ങൾ താഴെ പറയുന്ന ആവശ്യങ്ങൾക്കാകുന്നു.

എ. തറവാടുകളിലെ അംഗങ്ങളുടെ അവകാശങ്ങളെ നിർണ്ണയിച്ചു വിവരിക്കുന്നതിനും,

ബി. ഇളമുറക്കാർക്കു തറവാട്ടുസ്വത്തുക്കൾ അനുഭവിക്കുന്നതിൽ കൂടുതൽ സ്വാതന്ത്ര്യം നൽകുന്നതിനും,

സി. തറവാട്ടിലെ ഇളമുറക്കാർ അനുഭവിച്ചു പോരുന്നതായ കുടുംബജീവിതത്തിന്റെ വളർച്ചക്കുള്ള തടസ്സങ്ങളെ നീക്കം ചെയ്യുന്നതിനും,

ഡി. പിൻതുടച്ചാവകാശക്രമത്തെ സംബന്ധിച്ചിടത്തോളം വിശദമാകാത്തതായുള്ള നിയമഭാഗങ്ങളെ വിശദമാക്കുന്നതിനും,

ഈ തത്വങ്ങളെ തന്നെ സാമാന്യമായി യോഗക്ഷേമസഭ അംഗീകരിച്ചിട്ടുണ്ട്. ഈ ഉദ്ദേശങ്ങളെ ആധാരമാക്കി ഒരു ബിൽ രൂപീകരിക്കുന്നതിനു ആ സഭ വേണ്ട ശ്രമങ്ങൾ ചെയ്തുവരികയാണ്. സ്ഥിതികാലഭേദങ്ങളും സമുദായത്തിന്റെ പുരോഗമനവും ഈ മാറ്റങ്ങൾ വേണമെന്നാവശ്യപ്പെടുന്നു. ഇതിനു പുറമെ ശരിയായ അഭിപ്രായം പറവാൻ യോഗ്യന്മാരായവർ നമ്പൂതിരി സമുദായത്തിന്റെ നന്മക്കു ഇപ്പോൾ ആവശ്യപ്പെടുന്നതുപോലെയുള്ള മാറ്റങ്ങൾ നടപ്പിലാക്കേണ്ടതു അത്യന്താപേക്ഷിതമായിട്ടുള്ളതാണെന്നു അഭിപ്രായപ്പെട്ടിട്ടും ഉണ്ട്. എന്റെ അറിവു എത്തിയേടത്തോളം ഇങ്ങിനെ ഒരു ബിൽ അവതരിപ്പിക്കുമെന്നു ഈ സമുദായം അത്യുൽകണ്ഠയോടുകൂടി പ്രതീക്ഷിച്ചും കൊണ്ടിരിക്കയാണ്.

അദ്ധ്യായം ൧.

വിവരണങ്ങൾ ആണു ഈ അദ്ധ്യായത്തിൽ അടങ്ങിയിരിക്കുന്നത്. ഇതുപോലെയുള്ള മററു റെഗുലേഷനുകളിൽ ഉപയോഗിച്ചിട്ടുള്ള പദങ്ങൾ തന്നെ ഉപയോഗിക്കുന്നതിൽ പ്രത്യേകം ശ്രദ്ധപതിപ്പിച്ചിട്ടുണ്ട്.

അദ്ധ്യായം ൪.

തറവാട്ടുവസ്തുക്കളുടെ ഭരണത്തെ സംബന്ധിച്ചിടത്തോളം കാരണവന്മാൎക്ക അനിയന്ത്രിതമായ അധികാരങ്ങൾ ഉള്ളതിന്റെ ഫലമായി നമ്പൂതിരി തറവാടുകൾ ക്രമേണ അധോഗമനം ചെയ്തു തുടങ്ങിയിരിക്കുന്നു. കാരണവന്മാർ സാധാരണയായി അനന്തിരവന്മാൎക്ക യാതൊരു വിധ അധികാരങ്ങളും വിട്ടുകൊടുക്കുന്നില്ല. തൽഫലമായി വ്യവഹാരം, മത്സരം, കുടുംബനാശം ഇവയുണ്ടാകുന്നു. അംഗങ്ങൾക്ക അന്യോന്യ വിശ്വാസമൈക്യം ഇല്ല. മുൻപറഞ്ഞ ഭരണവൈകല്യങ്ങളെ നീക്കുന്നതിനാണ് ഈ അദ്ധ്യായത്തിലെ വകുപ്പുകളുടെ ഉദ്ദേശം. പ്രത്യേകം താമസിക്കണമെന്നുദ്ദേശിക്കുന്ന അംഗങ്ങൾക്ക പ്രത്യേകം ചിലവിനു കൊടുക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

അദ്ധ്യായം ൫.

മൈനറന്മാരെയും അവരുടെ ദേഹത്തിന്റെയും പ്രത്യേകസ്വത്തിന്റെയും രക്ഷാകർതൃത്വത്തെയും സംബന്ധിച്ചാണു ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നതു്. തറവാട്ടുവസ്തുക്കളെ സംബന്ധിച്ചടത്തോളം കാരണവനുള്ള രക്ഷാകർതൃത്വത്തിൽ യാതൊരു ഭേദഗതിയും വരുത്തിയിട്ടില്ല.

അദ്ധ്യായം ൬.

ഒരു നമ്പൂതിരി തറവാട്ടിലെ ഒരു അംഗത്തിന്റെ സ്വയാൎജ്ജിത സ്വത്തിന്റെ പിന്തുടൎച്ചാവകാശക്രമത്തെ സംബന്ധിച്ചിടത്തോളം ഒന്നിനൊന്നു വിപരീതമായ അനേകം വിധികൾ ഉണ്ടാകുന്നതിനിടയായിട്ടുള്ളതിനാൽ അതിനെ സംബന്ധിച്ചുള്ള നടപടി ക്രമത്തെ ക്ലിപ്തീകരിക്കയാണു ഈ അദ്ധ്യായത്തിൽ ചെയ്തിട്ടുള്ളതു്.

അദ്ധ്യായം ൭.

ഈ അദ്ധ്യായത്തിലെ വകുപ്പുകൊണ്ടു് ഒരുവന്റെ സ്വയാൎജ്ജിതസ്വത്തിനെ സംബന്ധിച്ചിടത്തോളം മരണശാസനം മൂലം ആൎക്കും കൊടുക്കുന്നതിനുള്ള സ്വാതന്ത്ര്യം നൾകിയിരിക്കുന്നു.

അദ്ധ്യായം ൮.

ചില സന്ദൎഭങ്ങളിൽ ഭാഗം നൾകുന്നതിനു വേണ്ട വ്യവസ്ഥ ചെയ്തിരിക്കുന്നു.

ബില്ലിലെ പ്രധാന വകുപ്പുകൾ ഇവയാകുന്നു.

തിരുവനന്തപുരം,
൧൧൦൪ ചിങ്ങം ൫. ൯-

സി. എൽ. ഉപ്പൻ നമ്പൂതിരി,
നിയമസഭാ മെമ്പർ.

തിരുവിതാംകൂർ നിയമസഭ.

രണ്ടാമത്തെ കൌൺസിൽ.

൧൧൦൫-ാമാണ്ടത്തെ ഒന്നാമത്തെ സെഷൻ.

൧൯൩൦ ഏപ്രിൽ ൧൮-ാം/൧൧൦൫ മേടം ൬-ാം വെള്ളിയാഴ്ച.

(ഔദ്യോഗിക റിപ്പോർട്ട്).

കൌൺസിൽ വിക്ടോറിയാ ജൂബിലി ടൌൺഹാളിൽ പതിനൊന്നരമണിക്കു കൂടി; ദിവാൻ എം. ഇ. വാട്ട്സ് എസ്ക്വയർ ബി. എ; ബാരിസ്റ്റർ അററ്ലാ ആദ്ധ്യക്ഷംവഹിച്ചു. താഴെ പറയുന്ന അംഗങ്ങളൊഴികെയുള്ള എല്ലാവരും ഹാജരുണ്ടായിരുന്നു. മിസ്റ്റർ എൻ. വി. ജോസഫ്, മിസ്സസ്സ് എം. പുന്നൻ ലൂക്കോസ്, മിസ്റ്റർ റ്റി. ജെ. മാത്യു, മിസ്റ്റർ പി. കെ. നാരായണപിള്ള, മിസ്റ്റർ ഡബ്ലിയു. എച്ച്. പീററ്.

ചോദ്യങ്ങളും മറുപടികളും.

കൊല്ലം വിക്ടോറിയാ ആശുപത്രിയിലും തൈക്കാട്ടു സ്ത്രീകൾക്കും കുഞ്ഞുങ്ങൾക്കുമായുള്ള ആശുപത്രിയിലും ഗർഭിണികൾക്കു നൽകിയ ആഹാരത്തിന്റെ പട്ടികകണക്ക്.

൨൩൩. മി. കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാടു): ൧൧൦൫ തുലാമാസത്തിൽ കൂടിയ കൌൺസിലിൽ ചോദിച്ച ൩൭-ാംനമ്പർ ചോദ്യത്തിന്റെ ഏ-യും ബി-യും ഭാഗങ്ങൾക്കുള്ള മറുപടിയെ ആസ്പദമാക്കി കൊല്ലം വിക്ടോറിയാ ആശുപത്രിയിലും തയ്ക്കാട്ടു സ്ത്രീകൾക്കും കുഞ്ഞുങ്ങൾക്കുമായുള്ള ആശുപത്രിയിലും പൂർണ്ണഗർഭിണികളായും പ്രസവം അടുത്തിരിക്കുന്നവരായും പ്രവേശനം നൽകപ്പെട്ടിട്ടുള്ള സ്ത്രീകളിൽ ൧൧൦൪-ാമാണ്ടു "കാൽഭാഗ"വും "അരഭാഗ"വും ആഹാരം നൽകപ്പെട്ടിട്ടുള്ളവരുടെ സംഖ്യ എത്രയാണെന്നു പറയാൻ ഗവൺമെന്റിനു ദയയുണ്ടാകുമോ?

മി. കെ. ജാജ് (ഗവൺമെന്റു ചീഫ്സെക്രട്ടറി): സ്ത്രീകൾക്കും കുഞ്ഞുങ്ങൾക്കുമായുള്ള ആശുപത്രിയിൽ ഒരു രോഗിക്കും ആ രോഗി അവിടെ ഉണ്ടായിരുന്നകാലത്തു "കാൽഭാഗ"വും "അരഭാഗ"വും ആഹാരമായി കൊടുത്തിട്ടില്ല. രോഗികൾക്കു ആഹാരംനൽകുന്ന ക്രമം അവരെ പ്രവേശിപ്പിക്കുമ്പോഴുള്ള സ്ഥിതിയും പിന്നീടുള്ള അഭിവൃദ്ധിയും അനുസരിച്ചിരിക്കും.

കൊല്ലം വിക്ടോറിയാ ആശുപത്രിയിൽ പ്രസവം അടുത്തവരായ ൭൭൩ രോഗികൾക്കു ൧൧൦൪-ാമാണ്ടു "അരഭാഗം" ആഹാരം നൽകിയിരുന്നു. "കാൽഭാഗം" ആഹാരം യാതൊരു രോഗിക്കും കൊടുത്തിട്ടില്ല.

പെൺപള്ളിക്കൂടങ്ങളിലെ ഭരണാധികാരം.

൨൩൪. മി. കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാടു): ൧൧൦൫ തുലാമാസത്തിൽ കൂടിയ കൌൺസിലിൽ ചോദിച്ച ൪൦-ാംനമ്പർ ചോദ്യത്തിന്റെ മറുപടിയെ ആസ്പദമാക്കി, ഗേൾസ്സ്കൂളുകളുടെ ഭരണാധികാരം പുരുഷന്മാരായ ഇൻസ്പെക്ടന്മാരിൽനിന്നും മാററുന്നതിനും തൽസമയംതന്നെ പുരുഷന്മാരായ ഗേൾസ്സ്കൂൾമാനേജരന്മാർക്കു ഗ്രാന്റുകൊടുക്കുന്നതിനുമുള്ള കാരണങ്ങൾ എന്തെല്ലാമാണെന്നു ഗവൺമെന്റു സദയം പറയുമോ?

മി. കെ. ജാജ് (ഗവൺമെന്റു ചീഫ്സെക്രട്ടറി): പെൺപള്ളിക്കൂടങ്ങളുടെ പ്രധാന പരിശോധനജോലി വഹിക്കുന്നയാൾ ഒരു സ്ത്രീയായിരിക്കേണ്ടതാവശ്യമെന്നു തോന്നിയതിനാൽ ഗേൾസ്സ്കൂളുകൾക്കു പ്രത്യേകമായി ഒരു ഇൻസ്പെക്ട്രസ്സിനെ നിയമിച്ചു. സ്കൂളുകൾക്കു ഗ്രാന്റുനൽകുന്നതിനു സ്കൂളുകൾ തൃപ്തികരമായി നടത്തിക്കൊണ്ടുപോകണമെന്നല്ലാതെ മാനേജർ പുരുഷനോ സ്ത്രീയോ എന്നുള്ള ഒരു വ്യവസ്ഥ ആവശ്യമാണെന്നു വിചാരിച്ചില്ല.

അഞ്ചൽമാസ്റ്റരന്മാരിൽനിന്നും അഞ്ചൽസൂപ്രണ്ടിനുള്ള എഴുത്തുകുത്തുകൾ.

൨൩൫. മി. കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാടു):

(എ) ൧൧൦൪-ാമാണ്ടു അഞ്ചൽമാസ്റ്റരന്മാരിൽനിന്നും അഞ്ചൽസൂപ്രണ്ടു ആഫീസിൽ കിട്ടിയിട്ടുള്ള റിപ്പോർട്ടുകളുടേയും മററു എഴുത്തുകുത്തുകളുടേയും സംഖ്യ എത്രയെന്നു ഗവൺമെന്റു സദയം പറയുമോ?

(ബി) അദ്ദേഹത്തിന്റെ ആഫീസിൽ അവയിൽ എത്രഎണ്ണം തർജ്ജമ ചെയ്യപ്പെട്ടിട്ടുണ്ട്?

(സി) കഴിഞ്ഞ മൂന്നു കൊല്ലങ്ങളിൽ (൧൦൯൯ മുതൽ ൧൧൦൧ വരെ) അഞ്ചൽസൂപ്രണ്ടിന്റെ ആഫീസിൽ നിയമിച്ചിട്ടുള്ള ക്ലാർക്കുമാരിൽ ഗുമസ്തന്മാരുടെ സംഖ്യ എത്ര?

മി. കെ. ജാജ് (ഗവൺമെന്റു ചീഫ്സെക്രട്ടറി): (എ) ൧൪൩൬൧.

(ബി) അവ അഞ്ചൽസൂപ്രണ്ടിന്റെ ആഫീസിൽ തർജ്ജമ ചെയ്യപ്പെട്ടിട്ടില്ല. എന്നിരുന്നാലും അപ്രകാരം റിപ്പോർട്ടുകളിലും ആഫീസുകുറിപ്പുകൾ ഇംഗ്ലീഷിൽ തയ്യാറാക്കിയിട്ടുണ്ട്.

(സി) ഒന്നുമില്ല.

നാട്ടുഭാഷാവിദ്യാലയങ്ങളിൽ ൭-ാംക്ലാസ്സിലെ പരിക്ഷാഫലം.

൨൩൬. മി. കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാടു): ൧൧൦൫-ാമാണ്ടു തുലാമാസത്തിൽ കൂടിയ കൌൺസിലിലെ ൭-ാംനമ്പർ ചോദ്യത്തിന്റെ മറുപടിയെ ആസ്പദമാക്കി നാട്ടുഭാഷാവിദ്യാലയങ്ങളിലെ ൭-ാംക്ലാസ്സുകളിൽനിന്നും ൧൧൦൪-ാമാണ്ടിൽ ആദ്യത്തെ കൊല്ലത്തെ കുട്ടികളുടെകൂട്ടത്തിൽ വിജയികളായവരുടെ ശതമാനം എത്രയെന്നു ഗവൺമെന്റു സദയം പറയുമോ?

മി. കെ. ജാജ് (ഗവൺമെന്റു ചീഫ്സെക്രട്ടറി): ൧൯.൨ ശതമാനം.

ആൺകുട്ടികൾക്കായുള്ള നാട്ടുഭാഷാവിദ്യാലയങ്ങളിൽ പഠിക്കുന്ന ൧൩ മുതൽ ൧൮ വരെ വയസ്സു പ്രായമുള്ള പെൺകുട്ടികൾ.

൨൩൭. മി. കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാടു): ആൺകുട്ടികൾക്കുള്ള നാട്ടുഭാഷാവിദ്യാലയങ്ങളിൽ ഇപ്പോൾ പഠിക്കുന്ന ൧൩ മുതൽ ൧൮ വരെ വയസ്സു പ്രായമുള്ള പെൺകുട്ടികളുടെ സംഖ്യ എത്രയെന്നു ഗവൺമെന്റു സദയം പറയുമോ?

G. P. T. 1644. 150—12-12-1104.

മി. കെ. ജാജ് (ഗവണ്മെൻറ ചീഫ്സെക്രട്ടറി): ഈ വിവരം ശേഖരിക്കുന്നതിലുള്ള വൈഷമ്യവും അതു സാധിച്ചാൽ അതിൽനിന്നും ഉണ്ടാകുന്ന നന്മയുംതമ്മിൽ യാതൊരു താരതമ്യവും ഇല്ലാത്തതിനാൽ ആ അറിവു ശേഖരിക്കണമെന്നു് ഗവണ്മെൻറ ഉദ്ദേശിക്കുന്നില്ല.

വിക്ടോറിയാ ജൂബിലി ടൌൺഹാളിലെ ശ്രവണന്യൂനതകൾ.

൨൩൮. മി. ജി. രാമൻമേനോൻ (മാവേലിക്കര-കാർത്തികപ്പള്ളി): തിരുവനന്തപുരം വിക്ടോറിയാ ജൂബിലിടൌൺഹാളിലെ ഗുരുതരമായ ശ്രവണന്യൂനതകളെക്കുറിച്ചെങ്കിലും ഇല്ലാതാക്കുന്നതിനു വല്ല അർവാചീന യന്ത്രങ്ങളേയും ഹാളിനകത്തു ഭിത്തിയിൽവച്ചു ശബ്ദം ഏകോപിച്ചു, ക്രമപ്പെടുത്തി വിതരണംചെയ്യുന്നതിനോ അല്ലെങ്കിൽ മറവല്ലമാർഗ്ഗങ്ങളും കണ്ടുപിടിക്കുന്നതിനോ വിദഗ്ദ്ധന്മാരുമായി ആലോചിക്കാൻ ഗവണ്മെണ്ടിനു ദയവുണ്ടാകുമോ?

മി. കെ. ജാജ് (ഗവർമെണ്ടു ചീഫ്സെക്രട്ടറി): മെംബരുടെ അഭിപ്രായത്തെപ്പറ്റി ആലോചിക്കുന്നതാണ്.

മെഡിക്കൽ ഉദ്യോഗസ്ഥന്മാർക്കു സൂതികർമ്മപരിശീലനം.

൨൩൯. മി. കെ. മാധവൻപിള്ള (തിരുവനന്തപുരം-നേമംമങ്ങാടു): ൧൧൦൨-ാമാണ്ടു തുലാമാസത്തിൽകൂടിയ കൌൺസിലിൽചോദിച്ച ൩൪-ാംനമ്പർ ചോദ്യത്തിൻെറ മറുപടിയെ ആസ്പദമാക്കി, മെഡിക്കൽ ഡിപ്പാർട്ടുമെൻറിലെ ജൂനിയർ മെഡിക്കൽജീവനക്കാർക്കു മിഡ്വൈഫ്റിയിൽ പരിചയവും പ്രായോഗിക സാമർത്ഥ്യവും സമ്പാദിക്കുന്നതിനു സൌകര്യം നൽകുന്നതിനെപ്പറ്റി ആലോചനയിൽ ഇരുന്നിരുന്ന ഏർപ്പാടുകൾ എത്രത്തോളം അഭിവൃദ്ധിപ്പെട്ടിട്ടുണ്ടെന്നു ഗവണ്മെൻറ സദയം പ്രസ്താവിക്കുമോ?

മി. കെ. ജാജ് (ഗവണ്മെൻറ ചീഫ്സെക്രട്ടറി): ജൂനിയർ മെഡിക്കൽജീവനക്കാർക്കു മിഡ്വൈഫ്റിയിൽ പരിചയവും പ്രായോഗികസാമർത്ഥ്യവും സമ്പാദിക്കുന്നതിനു സൌകര്യം നൽകുന്നതിന്, ജനറൽആശുപത്രിയിൽ പുതിയ വാർഡുകൾ തുറക്കുമ്പോൾ ഒരു സൂതികാലയംകൂടി തുറക്കണമെന്നുള്ള ആലോചന ഗവണ്മെൻറിൻെറ ശ്രദ്ധയ്ക്കു വിഷയീഭവിച്ചിരിക്കുന്നു.

കാർഷികാധിനിവേശപദ്ധതിപ്രകാരം വിഭജനത്തിനുള്ള ഭൂമിയുടെ ലിസ്റ്റു.

൨൪൦. മി. ഏ. ജെ. ജോൺ (വൈക്കം):

(ഏ) കാർഷികാധിനിവേശപദ്ധതി അനുസരിച്ചു തയ്യാർചെയ്തിട്ടുള്ള ലിസ്റ്റിൽ കുടികളുടെ കൈവശത്തിലും അനുഭവത്തിലുംഇരിക്കുന്ന ഭൂമികൾ ഉൾപ്പെട്ടിട്ടുണ്ടോഎന്നും,

(ബി) നടപ്പിലിരിക്കുന്ന പുതുവൽചട്ടങ്ങൾപ്രകാരം ഈ തരം ഭൂമികൾ ഇപ്പോൾ കൈവശത്തിൽ ഇരിക്കുന്ന ആളുകളുടെ പേരിൽ പതിച്ചുകൊടുക്കേണ്ടതായിട്ടുണ്ടോഎന്നും, ഉണ്ടെങ്കിൽ ഈ സ്ഥലങ്ങൾ മേൽപ്രസ്താവിച്ച ലിസ്റ്റിൽ ചേർത്തിരിക്കുന്നതു എന്തിനായിട്ടാണെന്നും,

(സി) ഈ സ്ഥലങ്ങളെ ലാൻഡുറവന്യൂകമ്മീഷണർ നേരിട്ടു പരിശോധന നടത്തിയിട്ടുണ്ടോഎന്നും;

(ഡി) ഈ സ്ഥലങ്ങൾ കൈവശംഇരിക്കുന്ന ആളുകൾക്കു പതിച്ചുകൊടുക്കുന്നതിനു ഗവണ്മെൻറിൽനിന്നും എന്തെങ്കിലും ഉത്തരവു പാസ്സാക്കിയിട്ടുണ്ടോഎന്നും;

(ഇ) ഈ സ്ഥലങ്ങൾകൂടി ഉൾപ്പെടുത്തി ലിസ്റ്റു തയ്യാറാക്കിയ ജീവനക്കാരുടെമേൽ ഗവണ്മെൻറ എന്തെങ്കിലും നടപടി നടത്തിയിട്ടുണ്ടോഎന്നും;

ഗവണ്മെൻറ സദയം പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമെൻറസെക്രട്ടറി):

(ഏ) കാർഷികാധിനിവേശം വകയ്ക്കായി തയ്യാറാക്കിയ പ്രാരംഭലിസ്റ്റിൽ ആ ഇനത്തിലേക്കു കിട്ടുമെന്നുകണ്ടതായ സ്ഥലങ്ങൾകൂടി ഉൾപ്പെടുത്തിയിരിക്കും. എന്നാൽ, ൭-ാം ചട്ടപ്രകാരം അധിനിവേശത്തിനു അനുയോജ്യമായസ്ഥലങ്ങൾ പരിശോധിച്ചു തിരഞ്ഞെടുക്കേണ്ടതു കാർഷികാധിനിവേശക്കമ്മിററികളാണ്.

(ബി) കാർഷികാധിനിവേശത്തിനു തിരഞ്ഞെടുക്കപ്പെട്ട ഭൂവിഭാഗത്തിൽ ഉൾപ്പെട്ട ചിന്നിച്ചിതറിയ ഭേദഗ്രസ്ഥസ്ഥലങ്ങൾ ഉണ്ടായിരുന്നാൽ കാർഷികാധിനിവേശ നിയമത്തിലെ ൭-ാം ചട്ടപ്രകാരം ഗണിക്കേണ്ടതാണ്. അപ്രകാരമുള്ള സംഗതികളിൽ പുതുവൽചട്ടങ്ങൾക്കു പ്രയോഗസ്വാതന്ത്ര്യംഇല്ല. ഇതനുസരിച്ചു ചോദ്യത്തിൻെറ അവസാനഭാഗം ഉത്ഭവിക്കുന്നില്ല.

(സി) ഇല്ല.

(ഡി) ഇല്ല.

(ഇ) ഏയും ബീയും ഭാഗങ്ങൾക്കുള്ള മറുപടിഅനുസരിച്ചു ഈ ചോദ്യത്തിനു അവകാശമില്ല.

മി. ഏ. ജെ. ജാൺ (വൈക്കം): പ്രാരംഭലിസ്റ്റിൽ കുടികളുടെ കൈവശത്തിലും അനുഭവത്തിലും ഇരിക്കുന്ന ഏതെങ്കിലും സ്ഥലം ഉൾപ്പെടുത്തിയിട്ടുണ്ടോഎന്നു അറിയിക്കാമോ?

മി. ററി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ സെക്രട്ടറി): ഗവണ്മെൻറിനു അറിവില്ല. ഗവണ്മെൻറ ലിസ്റ്റിനു ആവശ്യപ്പെട്ടിട്ടില്ല. ലിസ്റ്റ് ഇവിടെഇല്ലതാനും.

മി ഏ. ജെ. ജാൺ (വൈക്കം): പാർവ്വത്യകാർ ഒരു പ്രാരംഭലിസ്റ്റു അയച്ചിട്ടുണ്ടോഎന്ന് എന്നെ അറിയിക്കുമോ?

മി. ററി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറസെക്രട്ടറി): ലഭിച്ചേക്കാമെന്നുള്ള സ്ഥലങ്ങൾക്കു ലിസ്റ്റു തയ്യാറായിരിക്കാമെന്നാണ് മറുപടിയിൽനിന്നും കാണുന്നതു.

മി. ഏ. ജെ. ജാൺ (വൈക്കം): കുടികളുടെ അനുഭവത്തിൽഇരിക്കുന്ന വസ്തുക്കൾ ഉൾപ്പെടുത്തിക്കൂടയോ എന്നു എന്നെ അറിയിക്കുമോ?

മി. ററി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ സെക്രട്ടറി): ഉൾപ്പെടുത്താം. തടസ്സം ചെയ്യപ്പെട്ടിട്ടില്ല. ഈമാതിരി ഒരു സംഗതി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാകുന്നു കാർഷികാധിനിവേശനിയമം ൭-ാം ചട്ടത്തിൽനിന്നും മെംബർക്കു മനസ്സിലാകും. തിരഞ്ഞെടുക്കുന്ന അവസരത്തിൽ അനുഭവത്തിൽ ഇരിക്കുന്ന വസ്തുക്കളെ ഏതുപ്രകാരത്തിലാണു് വിനിയോഗിക്കേണ്ടതെന്നുള്ള സംഗതിയെപ്പററി കമ്മിററി സൂക്ഷ്മംക്ഷമായി ആലോചിക്കുന്നതാണ്.

മി. എ. ജെ. ജാൺ (വൈക്കം): ഭൂമി ഏറിയകാലമായി ഒഴിവായി അനുഭവത്തിൽ ഇരിക്കയാണെങ്കിൽ അതിനെ ഒഴിവാക്കാമോ?

മി. ററി. പി. രാമസുബ്ബയ്യർ (ഗവൺമെൻറു സെക്രട്ടറി): വേണമെന്നു നിർബന്ധമില്ല. അതിലേയ്ക്കു അറിവുകൾ പ്രദാനംചെയ്യുന്ന നിയമം വായിക്കുന്നതിനു ഞാൻ മെംബരോടു പറയുന്നു.

മി. എ. ജെ. ജാൺ (വൈക്കം): ആ വകപ്പു പുതുവൽചട്ടങ്ങളെ റദ്ദ്ചെയ്യുന്നുണ്ടോ?

മി. ററി. പി. രാമസുബ്ബയ്യർ (ഗവൺമെൻറു സെക്രട്ടറി): ഒരു സ്ഥലം അധിനിവേശത്തിനു തിരഞ്ഞെടുത്തുപോയിട്ടുണ്ടെങ്കിൽ ലാൻഡ്കോളനൈസേഷൻ നിയമത്തിൽ ൭-ാം ചട്ടം ബന്ധിക്കുന്നതാണ്. അല്ലാത്തപക്ഷം സാധാരണ പുതുവൽചട്ടം ബാധിക്കുന്നതാണ്.

അധിനിവേശത്തിനു ഓരോതാലൂക്കിലും കിട്ടാവുന്നസ്ഥലത്തിൻെറ വിസ്തീർണ്ണം.

൨൮൧. മി. എ. ജെ. ജാൺ (വൈക്കം): കാർഷികാധിനിവേശപദ്ധതിക്കായി ഓരോതാലൂക്കിൽനിന്നും എടുത്തിട്ടുള്ള ഭൂമിയുടെ വിസ്തീർണ്ണം എത്രയെന്നു ഗവൺമെൻറു സദയം പറയുമോ?

മി. ററി. പി. രാമസുബ്ബയ്യർ (ഗവൺമെൻറു സെക്രട്ടറി): കാർഷികാധിനിവേശചട്ടപ്രകാരം പതിച്ചുകൊടുക്കുന്നതിനു ഒരു സ്ഥലവും അന്ത്യമായി തിരഞ്ഞെടുക്കപ്പെട്ടിട്ടില്ല. കോളനൈസേഷൻെറ ആവശ്യത്തിനായി യോജിച്ചതും ചുരുങ്ങിയതുമായ ഖണ്ഡങ്ങളായി രൂപീകരിക്കുന്നതിനു ഉതകുന്നസ്ഥലങ്ങളെ പരിശോധനനടത്തി തിരഞ്ഞെടുക്കുന്നതിനായി ഉദ്യോഗസ്ഥാനുദ്യോഗസ്ഥന്മാരുടെ ൧൮. കമ്മിററികൾ നിയമിക്കപ്പെട്ടിട്ടുണ്ട്. കമ്മിററികൾ അവരുടെ ജോലിതീർത്തിട്ടില്ല.

പരവർ സമുദായവും ഫീസിളവും.

൨൮൨. മി. എ. ജെ. ജാൺ (വൈക്കം): വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിലെ ഫീസ്സൌജന്യത്തെ പുരസ്കരിച്ചു ഉത്തരതിരുവിതാംകൂറിലെ പരവർസമുദായ (മരംകയററക്കാർ) ത്തെ അധഃകൃതരും പിന്നോക്കംസ്ഥിതിചെയ്യുന്നവരുമായ സമുദായക്കാരുടെ കൂട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്നു ഗവൺമെൻറു സദയം പറയുമോ?

മി. കെ. ജാർജ് (ഗവൺമെൻറു ചീഫ്സെക്രട്ടറി): പരവർസമുദായത്തെ ഇംഗ്ലീഷ്വിദ്യാഭ്യാസത്തിൽ പിന്നോക്കമുള്ള സമുദായങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തുകയും ആ സമുദായത്തിലെ സാധുവിദ്യാർത്ഥികൾക്ക ഇംഗ്ലീഷ്സ്കൂളിൽ പകുതിഫീസ്സൌജന്യം അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

ജന്തുശാസ്ത്രവകുപ്പ് ഏർപ്പെടുത്തൽ.

൨൮൩. മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): (എ) ജന്തുശാസ്ത്രത്തിൻെറ പ്രധാനവകുപ്പു ഏർപ്പെടുത്തുന്നതു സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ സയൻസ്കാളേജ്പ്രിൻസിപ്പാലിൻെറ പക്കൽനിന്നും കിട്ടിയിട്ടുണ്ടോഎന്നു ഗവൺമെൻറു സദയം പറയുമോ?

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി നടത്തിയിട്ടുണ്ടെന്നു ഗവൺമെൻറു സദയം പറയുമോ?

മി. കെ. ജാർജ് (ഗവൺമെൻറു ചീഫ്സെക്രട്ടറി): (എ) ഇതുസംബന്ധിച്ചു സയൻസുകാളേജ്പ്രിൻസിപ്പാൾ ഒരു നിർദ്ദേശംവിദ്യാഭ്യാസഡയറക്ടർക്കു സമർപ്പിച്ചിട്ടുണ്ടെന്നറിയപ്പെട്ടിട്ടുണ്ട്.

(ബി) ആ നിർദ്ദേശത്തെപുനരാലോചനയ്ക്കായി ഡയറക്ടർ പ്രിൻസിപ്പാലിനു തിരിച്ചയച്ചിട്ടുണ്ട്.

പരുത്തിപ്പള്ളിയിലെ ആശുപത്രി.

൨൮൪. മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): നെടുമങ്ങാട്ടുതാലൂക്കിലുള്ള പരുത്തിപ്പള്ളിയിൽ ഒരു ആശുപത്രി തുറക്കണമെന്നു അപേക്ഷിച്ചുകൊണ്ടുള്ള ഹർജികൾ മെഡിക്കൽസർവീസ് അഡ്മിനിസ്ട്രേററീവ് ബോർഡിൽ കിട്ടിയിട്ടുണ്ടോ എന്നും, ഉണ്ടെങ്കിൽഅതിന്മേൽ എന്തു നടപടിനടത്തിയിട്ടുണ്ടെന്നും ഗവൺമെൻറു സദയം പറയുമോ?

മി. കെ. ജാർജ് (ഗവൺമെൻറു ചീഫ്സെക്രട്ടറി): ഉണ്ട്. ആ സംഗതി ആലോചനാവിഷയമായിരിക്കയാണ്.

സെൻട്രൽ ജയിലിലെ ഉദ്യോഗസന്ദർശകന്മാർ.

൨൮൫. മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): എ. ഈയാണ്ടു (൧൧൦൨) മീനമാസം ൧൦-നു-വരെ ഓരോ ഉദ്യോഗസ്ഥസന്ദർശകനും എത്രപ്രാവശ്യം സെൻട്രൽജയിലിൽ സന്ദർശിച്ചിട്ടുണ്ടെന്നും;

(ബി) ജയിൽ നിയമമനുസരിച്ചു ഈ സന്ദർശനങ്ങൾ ഐച്ഛികമോ നിർബന്ധിതമോ ഏതാണെന്നും;

(സി) ൧൧൦൧-മാണ്ടത്തെ ജയിൽശിക്ഷയിൽ കുററവാളിയെ അടിക്കുന്നതുസംബന്ധിച്ചു ഉദ്യോഗസ്ഥന്മാരോ അനുദ്യോഗസ്ഥന്മാരോ ആയ സന്ദർശകന്മാരിൽ എത്രപേർ എന്തു അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ടെന്നും;

ഗവൺമെൻറു സദയം പറയുമോ?

മി. കെ. ജാർജ് (ഗവൺമെൻറു ചീഫ്സെക്രട്ടറി): (എ) ഈ ആണ്ടിൽ ഉദ്യോഗസ്ഥസന്ദർശകന്മാരിൽ ഇൻസ്പെക്ടിംഗ്മെഡിക്കൽആഫീസർ മൂന്നുപ്രാവശ്യവും ഡിസ്ത്രിക്ട്മജിസ്ത്രേട്ട ഒരുപ്രാവശ്യവും സന്ദർശിച്ചിട്ടുണ്ട്.

(ബി) നിയമപ്രകാരം ഈ സന്ദർശനങ്ങൾ നിർബന്ധിതങ്ങളാണ്.

(സി) ൧൧൦൧-മാണ്ടിൽ ജയിൽശിക്ഷയെന്നനിലയിൽ കുററവാളിയെ അടിക്കുന്നതിനെപ്പററി ഉദ്യോഗസ്ഥനോ അനുദ്യോഗസ്ഥനോ ആയ യാതൊരു സന്ദർശകനും യാതൊരു റിമാർക്കും രേഖപ്പെടുത്തിയിട്ടില്ല.

വിക്ടോറിയാജൂബിലിടൌൺഹാൾ.

൨൮൬. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): (എ) തിരുവനന്തപുരത്തെ വിക്ടോറിയാജൂബിലിടൌൺഹാൾ പൊതുജനങ്ങളുടെ സംഭാവനകൊണ്ടു പണികഴിപ്പിച്ചിട്ടുള്ളതാണോ എന്നും;

(ബി) അതു ഒരു കമ്മിററിയുടെ ഭരണത്തിൽ ഇരിക്കയാണോ എന്നും; അപ്രകാരമാണെങ്കിൽ ആ കമ്മിററിയിലെ അംഗങ്ങൾ ആരെല്ലാമാകുന്നെന്നും;

(സി) പബ്ലിക്കോ പ്രൈവററോ ആയിട്ടുള്ള യോഗങ്ങൾ മുതലായവ കൂടുന്നതിനു പൊതുജനങ്ങൾക്കു ഹാൾ സാധാരണയായി വാടകയ്ക്കു കൊടുക്കാറുണ്ടോ എന്നും;

(ഡി) ൧൧൦൧-ാമാണ്ടും ൧൧൦൨-ാമാണ്ടും എത്രപ്രാവശ്യംവീതം ഓരോതവണയും ഏതെല്ലാം സംഗതികൾക്കായി ഹാൾ വാടകയ്ക്കു കൊടുത്തിട്ടുണ്ടെന്നും, ഓരോതവണയും എന്തു വരവു ലഭിച്ചിട്ടുണ്ടെന്നും;

(ഇ) ഒരു പ്രത്യേക ആവശ്യത്തിലേക്കായി ഹാൾ വാടകയ്ക്കു കൊടുക്കുന്നവിഷയം ഗവണ്മെന്റിനോടു അഭിപ്രായം ചോദിച്ചു അതനുകൂലമായിട്ടുള്ളതിയാണോ തീർച്ചചെയ്യുന്നതെന്നും;

(എഫ്) ഹാൾ വാടകയ്ക്കു കൊടുക്കുന്നവിഷയം കമ്മിററിയുടെ തീരുമാനംഅനുസരിച്ചു മാത്രമാണോ; അതല്ല കമ്മിററിയുടെ മേൽ ഗവണ്മെന്റിനു എന്തെങ്കിലും അധികാരമുണ്ടോ ഉണ്ടെങ്കിൽ ആ അധികാരത്തിന്റെ സ്വഭാവം എന്താണെന്നും;

(ജി) "പൊതുജനങ്ങൾക്കു പബ്ലിക്കോ പ്രൈവറ്റോ ആയിട്ടുള്ള യോഗങ്ങൾക്കായി ഹാൾ വാടകയ്ക്കു കൊടുക്കുന്ന ഗവണ്മെന്റു പറയുമ്പോൾ പൊതുജനങ്ങൾ എന്നപദങ്ങൾക്കു അവർ എന്തെങ്കിലും പരിധികൾ കല്പിക്കുന്നുണ്ടോ എന്നും;

(എച്ച്) "ബ്രൂക്കബോണ്ഡു സൌജന്യം" സംബന്ധിച്ചുള്ള പൊതുജനങ്ങളുടെ അഭിപ്രായം രേഖപ്പെടുത്തുന്നതിലേക്ക് ഒരു പൊതുയോഗം കൂടുന്ന ഉപയോഗത്തിനായി തിരുവനന്തപുരം വിക്ടോറിയാജൂബിലിടൌൺ ഹാൾ കൊടുക്കണമെന്നു മെസ്സേഴ്സ് അച്യുതമേനവനും, ഏ. നാരായണപിള്ളയും, അപേക്ഷിച്ചിട്ടുണ്ടെന്നുള്ളതു പരമാർത്ഥമാണോ എന്നും;

(ഐ) ഹാൾ ഉപയോഗിക്കുന്നതിനു അവർക്കു അനുവാദം കൊടുത്തതാ എന്നും മറുപടി പ്രതികൂലമെങ്കിൽ അവരുടെ അപേക്ഷയെ നിരസിക്കുന്നതിനു കമ്മിററിയെ പ്രേരിപ്പിച്ച കാരണങ്ങൾ ഏതെല്ലാമാണെന്നും;

(ജെ) ൧൧൦൨-മാണ്ടു മീനമാസം ൧൫-ാംനു ഹാൾ ഉപയോഗിക്കുന്നതിനായിട്ടുള്ള എന്തെങ്കിലും മുൻ അപേക്ഷകൾപ്രകാരം അനുവാദം കൊടുത്തിരുന്നുവോ എന്നും, അല്ലെങ്കിൽ ൧൧൦൨ മീനം ൧൫-നു മററെന്തെങ്കിലും ഉപയോഗത്തിനായി ഹാൾ റിസർവു ചെയ്തിരുന്നിരുന്നോ എന്നും,

(കെ) മെസ്സേഴ്സ് അച്യുതമേനോന്റെയും ഏ. നാരായണപിള്ളയുടേയും ഹാൾ ഉപയോഗിക്കുന്നതിനുള്ള അപേക്ഷ നിരസിച്ചുള്ള കമ്മററിയുടെ പ്രവൃത്തി പൊതുജനങ്ങളിൽ അത്യധികം നിരാശയും വെറുപ്പും ഉളവാക്കിയിട്ടുണ്ടെന്നുള്ളതു ഗവണ്മെന്റിന്റെ അറിവിൽപ്പെട്ടിട്ടുണ്ടോ എന്നും;

ഗവണ്മെന്റു സദയം പ്രസ്താവിക്കുമോ?

മി. കെ. ജാർജ്ജ് (ഗവണ്മെന്റു ചീഫ് സെക്രട്ടറി): (ഏ) ഗവണ്മെന്റിന്റെ വിപുലമായ സംഭാവനയോടുകൂടി പൊതുജനങ്ങളുടെ സംഭാവനകളുംകൊണ്ടാണ് ഹാൾ ഉണ്ടാക്കിയിട്ടുള്ളതു്.

(ബി) അതെ. കമ്മററിയിലെ ഇപ്പോഴത്തെ അംഗങ്ങൾ,

മെസ്സേഴ്സ്.
എസ്. പരമേശ്വരയ്യർ എം. ഏ., ബി. എൽ.
ആർ. ഗോപാലപിള്ള ബി. ഏ., ബി. എൽ.
ഡബ്ലിയു എച്ച്. പിററ്.
കെ. സി. ചാക്കോ ബി. ഏ., ബി. എസ്സ്. സി.
ജെ. സി. ജോയിസ്സ്.
ഏ. ശ്രീനാരായണൻതമ്പി.
കെ. ഗോവിന്ദപ്പിള്ള ബി. ഏ.
ഏ. ജെ. വാൻറാസ്സ്.
റെവറൻഡു ഫാദർ ജോസഫ് ആവർ ആകുന്നു.

(സി) അതെ.

(ഡി) ആവശ്യപ്പെട്ട വിവരം താഴെ കൊടുത്തിട്ടുണ്ട്:—

൧൧൦൧-ാമാണ്ടിൽ		രൂ.	അ.	പൈ.
പൊതുപ്രകടനങ്ങൾ	൧൨	൩൦൦	൦	൦
യോഗങ്ങൾ	൪	൭൦	൦	൦
രഹസ്യവിനോദ പ്രകടനം	൧	൨൦	൦	൦
റിഹേഴ്സൽസ്	൩	൮	൦	൦
	ആകെ	൩൯൮	൦	൦
൧൧൦൨-ാമാണ്ടിലെ ആദ്യത്തെ ൭ മാസങ്ങളിൽ				
പൊതുപ്രകടനങ്ങൾ	൫	൨൨൯	൦	൦
യോഗങ്ങൾ	൭	൮൨	൦	൦
രഹസ്യവിനോദ പ്രകടനം	൧	൨൦	൦	൦
റിഹേഴ്സൽസ്	൧൦	൨൦	൦	൦
	ആകെ	൩൨൯	൭	൦

(ഇ) ഇല്ല.

(എഫ്) ഹാൾ വാടകയ്ക്കു കൊടുക്കുന്ന സംഗതിയെപ്പററി ഗവണ്മെന്റു ഇതുവരെയും യാതൊരു മേലധികാരവും പ്രയോഗിച്ചിട്ടില്ല. എന്നിരുന്നാലും ഏതെങ്കിലും ഒരു പ്രത്യേക ആവശ്യത്തിലേയ്ക്കായി ഹാൾ വാടകയ്ക്കു കൊടുക്കണമോ എന്നുള്ളതു തീർച്ചചെയ്യുന്നതിനു അവർക്കു അധികാരമുള്ളതാകുന്നു.

(ജി) ചോദ്യം മനസ്സിലായിട്ടില്ല.

(എച്ച്) ഉണ്ട്.

(ഐ) ഇല്ല. ഹാളിൻെറ ഉപയോഗത്തിനായിട്ടുള്ള അപേക്ഷകൾ യാതൊരു കാരണവും കാണിക്കാതെ നിരസിക്കുന്നതിനു കമ്മിററിക്കു അധികാരം ഉണ്ട്.

(ജെ) ചോദ്യത്തിൻെറ രണ്ടു ഭാഗത്തിനും ഉള്ള മറുപടി പ്രതികൂലത്തിലാണ്.

(കെ) ഇല്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): (ഐ) ഭാഗത്തെസംബന്ധിച്ചു ഈ പ്രത്യേക അവസരത്തിൽ ഹാൾ നൽകാതിരിക്കുന്നതിനു ഏതെങ്കിലും കാരണം ഉണ്ടോ എന്നു എന്നെ അറിയിക്കുമോ?

മി. കെ. ജാർജ്ജ് (ഗവൺമെൻറു ചീഫ്സെക്രട്ടറി): സംഗതി തീർച്ചചെയ്യുന്നതു കമ്മററിയാണ്; അതിലേക്കുള്ള കാരണം എന്താണെന്നു ഗവൺമെൻറു അന്വേഷിച്ചിട്ടില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതിലേക്കുള്ള കാരണങ്ങൾ എന്താണെന്നു അറിയിക്കുന്നതിനു ഗവൺമെൻറു അവർക്കു എഴുതീട്ടുണ്ടോ എന്നു എന്നെ അറിയിക്കുമോ?

മി. കെ. ജാർജ്ജ് (ഗവൺമെൻറു ചീഫ്സെക്രട്ടറി): ഇല്ല. അതു ആവശ്യമാണെന്നു ഗവൺമെൻറു വിചാരിക്കുന്നില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): യാതൊരുകാരണവും കാണിക്കാതെ ഹാൾ ഉപയോഗിക്കുന്നതിനു അവർ അനുവദിക്കാതെയിരുന്നതു എന്തുകൊണ്ടാണെന്നു എന്നെ അറിയിക്കുമോ?

മി. കെ. ജാർജ്ജ് (ഗവൺമെൻറു ചീഫ്സെക്രട്ടറി): യാതൊരു കാരണവുംകാണിക്കാതെ ഹാളിൻെറ ഉപയോഗത്തിനെ നിരസിക്കുന്നതിനു കമ്മററിയ്ക്കു അധികാരം നൽകിയിട്ടുണ്ട്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അവർ ഏതുദിവസം സ്വപ്നംകണ്ടോ?

മി. കെ. ജാർജ്ജ് (ഗവൺമെൻറു ചീഫ്സെക്രട്ടറി): അപേക്ഷ കിട്ടിയപ്പോൾ അവർ ആ സംഗതി തീർച്ചചെയ്തു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): പൊതുജനങ്ങൾ ഹാൾ വാടകയ്ക്കു എടുക്കണമെന്നു ആഗ്രഹിക്കുമ്പോൾ അതു കൊടുക്കാതിരിക്കുന്നതു ഒരു നഷ്ടമല്ലേ?

മി. കെ. ജാർജ്ജ് (ഗവൺമെൻറു ചീഫ്സെക്രട്ടറി): ഹാൾ റവന്യൂ കിട്ടുന്നതിലേയ്ക്കായി ഉദ്ദേശിച്ചിട്ടുള്ളതല്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതു സാധാരണയായി വാടകയ്ക്കു കൊടുക്കുന്നതല്ലയോ

മി. കെ. ജാർജ്ജ് (ഗവൺമെൻറു ചീഫ്സെക്രട്ടറി): ആയതു കമ്മററിയാൽ ശരിയാണെന്നു സ്വീകരിക്കപ്പെടുന്ന ആവശ്യങ്ങൾക്കാണ്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): പ്രത്യേകമായ യാതൊരു ആവശ്യത്തിനും ആയി റിസർവുചെയ്യാതിരിക്കുമ്പോൾ ഹാളിൻെറ ഉപയോഗത്തിനെ നിരസിക്കുന്നതു കമ്മററിയുടെ ഭാഗത്തു സാധൂകരിക്കപ്പെടത്തക്കതാണോ?

മി. കെ. ജാർജ്ജ് (ഗവൺമെൻറു ചീഫ്സെക്രട്ടറി): ഹാളിൻെറ ഉപയോഗം നിരസിക്കുന്നതിനു അവർക്കു അവരുടെ സ്വന്തം കാരണങ്ങൾ ഉണ്ട്. കമ്മററിയിൽ ൯ അംഗങ്ങൾ ഉണ്ടെന്നാണ് ഞാൻ ഉദ്ദേശിക്കുന്നതു്. അവർ ആ വിഷയത്തെപ്പററി പര്യാലോചിച്ചു ഹാൾ കൊടുക്കാൻ പാടില്ലെന്നു തീർച്ചചെയ്തു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): നാടക ആവശ്യങ്ങൾക്കായി ഹാൾ വാടകയ്ക്കു കൊടുക്കുന്നതു് റവന്യൂകൂട്ടുന്നതിനു അല്ലയോ എന്നു എന്നെ അറിയിക്കുമോ?

മി. കെ. ജാർജ്ജ് (ഗവൺമെൻറു ചീഫ്സെക്രട്ടറി): ഹാളിൻെറ ഉദ്ദേശ്യം റവന്യൂകിട്ടുന്നതിനു ആയിട്ടല്ലെന്നാണ് ഞാൻ പറയുന്നതു്. പ്രൈവററ് ആവശ്യങ്ങൾക്കായി ആളുകൾക്കു കൊടുക്കുമ്പോൾ വാടക വസൂലാക്കുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): (കെ) ഭാഗത്തെസംബന്ധിച്ചു ഹാളിൻെറ ഉപയോഗത്തെ നിരസിച്ചുള്ള കമ്മററിയുടെ പ്രവൃത്തിയെ ആക്ഷേപിച്ചു ഏതാനും പ്രധാനപ്പെട്ട നാട്ടുഭാഷാ വർത്തമാനപ്പത്രങ്ങൾ നിരൂപണം ചെയ്തുവെന്നുള്ള വസ്തുത ഗവൺമെൻറിനു അറിവുണ്ടോ എന്നു എന്നെ അറിയിക്കുമോ?

മി. കെ. ജാർജ്ജ് (ഗവൺമെൻറു ചീഫ്സെക്രട്ടറി): ഇല്ല. ഗവൺമെൻറിനു അറിവില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): നാട്ടുഭാഷാ വൃത്താന്തപത്രങ്ങളിൽ ആക്ഷേപാഭിപ്രായങ്ങൾ എന്തെങ്കിലും ഉണ്ടായിരുന്നോ എന്നു നോക്കുന്നതിനു ഗവൺമെൻറു സദയം ശ്രമിക്കുമോ?

മി. കെ. ജാർജ്ജ് (ഗവൺമെൻറു ചീഫ്സെക്രട്ടറി): ഈ അവസരത്തിൽ ആ സംഗതിയെപ്പററി പരിശോധിക്കേണ്ടതു ആവശ്യമാണെന്നു ഗവൺമെൻറു വിചാരിക്കുന്നില്ല.

പരിഷ്കരിച്ച വിദ്യാഭ്യാസകോഡിൻെറ പ്രസിദ്ധീകരണം.

൨൪൭. മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): വിദ്യാഭ്യാസകോഡ് ഇപ്പോൾ പരിഷ്കരിക്കുന്നുവെന്നുള്ളതു ഒരു പരമാർത്ഥമാണോ? അപ്രകാരമാണെങ്കിൽ, പരിഷ്കരിച്ചപതിപ്പു സഭാംഗങ്ങൾക്കു ഇപ്പോഴത്തെ ബഡ്ജററുസമ്മേളനവുമായി കിട്ടാൻ സാധിക്കുന്നതാണോ?

മി. കെ. ജാർജ്ജ് (ഗവൺമെൻറു ചീഫ്സെക്രട്ടറി): വിദ്യാഭ്യാസകോഡ് ഇപ്പോൾ പരിഷ്കരിക്കുന്നില്ല.

അഞ്ചൽഡിപ്പാർട്ടുമെൻറിലെ ബിരുദധാരികൾ.

൨൪൮. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): (എ) ൧൦൯൯-ാമാണ്ടിനുശേഷം അഞ്ചൽഡിപ്പാർട്ടുമെൻറിൽ എത്ര ബിരുദധാരികളെ പ്രവേശിപ്പിച്ചിട്ടുണ്ടെന്നും,

(ബി) അവരുടെ ഇപ്പോഴത്തെ സ്ഥാനവും ശമ്പളവും എന്തെന്നും, ഗവൺമെൻറു സദയം പറയുമോ?

മി. കെ. ജാർജ്ജ് (ഗവൺമെൻറു ചീഫ്സെക്രട്ടറി): (എ)യും (ബി)യും വിവരം അടങ്ങിയ ഒരു സ്റ്റേറ്റുമെൻറു മേശമേൽവച്ചിരിക്കുന്നു.

(ഒന്നാം അനുബന്ധം നോക്കുക) പുറം ൧൯

അഞ്ചൽസൂപ്രണ്ടാഫീസിലെ ജീവനക്കാരെ സംബന്ധിച്ചസ്റ്റേറ്റുമെന്റ.

൨൫൯. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അഞ്ചൽസൂപ്രണ്ടാഫീസിലെ ഇപ്പോഴത്തെ ജീവനക്കാരെപ്പറ്റി താഴെപ്പറയുന്ന സംഗതികൾ വിവരിക്കുന്ന ജാതിതിരിച്ചുള്ള പൂർണ്ണലിസ്റ്റ് ഗവർമ്മെന്റ സഭയിൽ മേശമേൽവയ്ക്കുമോ?

(എ) അവരുടെ ഉദ്യോഗപ്പേര,

(ബി) അവരുടെ ആദ്യനിയമനത്തിയതി,

(സി) അവരുടെ ആദ്യത്തെ ശമ്പളം,

(ഡി) അവരുടെ ഇപ്പോഴത്തെ ശമ്പളം,

(ഇ) അവരുടെ പരീക്ഷായോഗ്യതകൾ സർവീസ്,

മി. കെ. ജാജ് (ഗവർമ്മെന്റചീഫ്സെക്രട്ടറി): വിവരം അടങ്ങിയ ഒരു സ്റ്റേറ്റുമെന്റ മേശമേൽവച്ചിരിക്കുന്നു.

(അനുബന്ധം II നോക്കുക) പുറം ൧൬.

ദേവികുളം കമ്മീഷണർ" എന്ന ഉദ്യോഗപ്പേരിന്റെ അനുയോജ്യത.

൨൬൦. മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): ദേവികുളം റവന്യൂഡിവിഷന്റെ ഭരണാദ്ധ്യക്ഷന്മാത്രം 'കമ്മീഷണർ' എന്നു സ്ഥാനം കൊടുത്തിരിക്കുന്നതു എന്തുകൊണ്ടാണെന്നു ഗവർമ്മെന്റ സഭയിൽ പറയുമോ?

മി. റ്റി. പി. രാമസുബ്ബയ്യർ (ഗവർമ്മെന്റസെക്രട്ടറി): ദേവികുളം റവന്യൂഡിവിഷനിലെ ഭരണാദ്ധ്യക്ഷന്റെ ഉദ്യോഗപ്പേര "ദേവികുളം ഡിവിഷൻസൂപ്രണ്ട" എന്നായിരുന്നു. തോട്ടങ്ങളിലെ സൂപ്രണ്ടന്മാരുടെ ഉദ്യോഗപ്പേരുമായി കുഴപ്പമുണ്ടാകാതിരിക്കുന്നതിലേക്കുവേണ്ടിയാണ്, ൧൧൧൬-ാമാണ്ടിൽ ആ ഉദ്യോഗപ്പേർ "ദേവികുളം കമ്മീഷണർ" എന്നു മാററിയതു്.

തിരുവനന്തപുരം നഗരസഭ.

൨൬൧. മി. ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): (൧) തിരുവനന്തപുരം നഗരസഭാതൃത്തിയിൽ മലമൂത്രാദികൾ മാററിശുദ്ധിയാക്കുന്നതു തീരെ അതൃപ്തികരമായവിധത്തിലാണ് നടത്തുന്നതെന്നു ഗവർമ്മെന്റിനു അറിവുണ്ടോ?

(൨) മലമൂത്രങ്ങൾ മാററുക എന്നതു് പകൽസമയത്തിൽ എല്ലാപ്പോഴും നടത്തിക്കൊണ്ടിരിക്കയാണെന്ന് ഗവർമ്മെന്റിനു അറിവുണ്ടോ?

(൩) വഴിപോക്കരുടേയും അയൽവീടുകളിൽവസിക്കുന്നവരുടേയും ഉപദ്രവത്തിനും അസുഖത്തിനും ആയി പട്ടണത്തിന്റെ പലഭാഗങ്ങളിലും ഉള്ള തുറന്നറോഡുകളിൽ പകൽസമയംമുഴുവനും മലമൂത്രവണ്ടികൾ വച്ചിരിക്കയാണെന്നു ഗവർമ്മെന്റിനു അറിയാമോ?

(൪) പട്ടണത്തിന്റെ നാനാഭാഗങ്ങളിലും ഉള്ള കുളങ്ങളുടേയും മററു ജലസ്ഥലങ്ങളുടേയും താഴെയാണ് മലമൂത്രം പലപ്പോഴും ഇടുന്നതെന്നു ഗവർമ്മെന്റിനു അറിയാമോ?

(൫) സന്നിപാതജ്വരം, മലമ്പനി, മന്തു്, വയറുകടി മുതലായ ഭയങ്കരരോഗങ്ങൾ പട്ടണത്തിൽ വർദ്ധിച്ചുവരുന്നവിവരം ഗവർമ്മെന്റിനു അറിവുണ്ടോ?

(൬) പട്ടണത്തിൽ മന്തു്, വ്യാധി മുതലായവ ബാധിച്ചിട്ടുള്ള രോഗികളുടെ ഒരു കണക്കു ഗവർമ്മെന്റ ശേഖരം എടുക്കുമോ?

(൭) കഴിഞ്ഞ മൂന്നുകൊല്ലങ്ങളിലായി സന്നിപാതജ്വരം, വയറുകടി, മലമ്പനി ഇവ ബാധിച്ചിട്ടുള്ള എത്രരോഗികളെ സ്ഥലത്തെ ആശുപത്രികളിൽ ചികിത്സിച്ചിട്ടുണ്ടെന്നുകാണിക്കുന്ന റിപ്പോർട്ടു ആ ആശുപത്രികളിൽനിന്നുവരുത്തി മേശപ്പുറത്തുവയ്ക്കുന്നതിനു ഗവർമ്മെന്റിനു ദയവുണ്ടാകുമോ?

(൮) പട്ടണത്തിലെ സാമാന്യം രോഗസ്ഥിതിയെ പരിശോധിച്ചു റിപ്പോർട്ടുചെയ്യുന്നതിനു ഒരു കമ്മിററിയെ നിയമിക്കാൻ ഗവർമ്മെന്റിനു ദയവുണ്ടാകുമോ?

(൯) പട്ടണത്തിലുള്ള യാചകരുടെ എണ്ണം, അവരുടെ സ്ത്രീപുരുഷവർഗ്ഗം, കുഷ്ഠരോഗവും മററുതരം ൻമിക്കാത്തരോഗങ്ങൾമൂലവും കഷ്ടപ്പെടുന്നവരുടെഎണ്ണം അവരുടെവാസസ്ഥലം ഈ യാചകന്മാർക്കു ആണ്ടുതോറും ജനിക്കുന്ന കുട്ടികളുടെഎണ്ണം ഈ കുട്ടികൾ വിവാഹബന്ധത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്കു ജനിക്കുന്നതോ അതല്ല വ്യവസ്ഥയില്ലാതെ ജനിക്കുന്നതോഎന്നും ഉള്ള ഒരു റിപ്പോർട്ടു നഗരസഭയിലുംസാനിട്ടറികമ്മിഷണരിലുംനിന്നും ഗവർമ്മെന്റ സഭയിൽ ആവശ്യപ്പെടുമോ?

(൧൦) പട്ടണത്തിൽ പാൽ കിട്ടുന്നതിനുള്ള മാർഗ്ഗങ്ങളേയും അതിന്റെ സ്ഥിതിയേയുംപററി ഗവർമ്മെന്റ സഭയിൽ അന്വേഷണം നടത്തുമോ?

(൧൧) പട്ടണത്തിൽ പാൽകിട്ടുന്നതിനെസംബന്ധിച്ചുള്ളകാര്യത്തിൽ നഗരസഭ എന്തെങ്കിലും ഏർപ്പാടുകൾ ചെയ്തിട്ടുണ്ടോഎന്നും ഇപ്പോൾ ലഭിക്കുന്നതായ മാർഗ്ഗങ്ങളുടെമേൽ അവർക്കു എന്തെങ്കിലും അധികാരം ഉണ്ടോഎന്നും ഗവർമ്മെന്റ സഭയിൽ അന്വേഷണം നടത്തുമോ?

(൧൨) ഉപയോഗപ്പെടുത്തുന്നതും ഉപയോഗപ്പെടുത്താത്തതും ആയി പട്ടണത്തിൽ എത്ര കുളങ്ങളുണ്ടെന്നും അവയെ ശരിയായവിധത്തിൽ സൂക്ഷിക്കുന്നതിനു നഗരസഭ ചെയ്തിട്ടുള്ള നടപടികൾ എന്തെല്ലാമെന്നും കാണിക്കുന്ന ഒരു പട്ടിക ഗവർമ്മെന്റ സഭയിൽ മേശമേൽവയ്ക്കുമോ?

മി. റ്റി. പി. രാമസുബ്ബയ്യർ (ഗവർമ്മെന്റസെക്രട്ടറി):

(൧) പട്ടണത്തിലെ മലമൂത്രം മാററുന്ന ഏർപ്പാടു ഇപ്പോഴത്തെ സ്ഥിതിയിൽ എത്രത്തോളം ശരിയായ വിധത്തിൽ നടത്താൻ സാധിക്കുമോ അത്രത്തോളം തൃപ്തികരമായ രീതിയിലാണ് നടത്തിവരുന്നതെന്നു തിരുവനന്തപുരം നഗരസഭാദ്ധ്യക്ഷൻ റിപ്പോർട്ടുചെയ്തിട്ടുണ്ട്.

(൨) വൈകുന്നേരംമുതൽ മലംമാററുന്നവേല നടത്തേണ്ടതായി ഏതാനും ചിലസ്ഥലങ്ങൾ ഒഴികെ പതിവായിട്ടുള്ളജോലി രാവിലെ ൬ മണിമുതൽ ൧൦ മണിവരെ മാത്രമാണു നടത്തിവരുന്നതു്.

(൩) പ്രത്യേക സ്ഥലസൗകര്യം നൽകിയിട്ടില്ലാത്തതായ വാർഡുകളിൽ ജനബാഹുല്യമില്ലാത്തതും സ്ഥലം ഉള്ളതുമായ പ്രദേശങ്ങളിൽ മലം മാററുന്ന വണ്ടികൾ ആ ദിവസത്തെ ജോലിതീർന്നശേഷം വൃത്തിയായി കഴുകി പൊതുജനങ്ങൾക്കു അസൌകര്യം നേരിടാതിരിക്കത്തക്കവിധത്തിൽ റോഡിൻെറ അരുകുകളിൽ വച്ചാറുണ്ടു. എല്ലാ വാർഡുകളിലും ഷെഡുകൾ ഉണ്ടാക്കുന്നവിഷയം നഗരസഭയുടെ ശ്രദ്ധയിൽ ഇരിക്കയാണ്.

(൪) ഇതു സാധാരണയായി ചെയ്തു വരാറുള്ളതല്ല. എന്നാൽ അപ്രകാരം ചെയ്യുന്നതു കണ്ടുപിടിക്കുമ്പോൾ അങ്ങനെചെയ്യുന്നവൻെറമേൽ കഠിനമായ നടപടികൾ നടത്തുന്നുണ്ടു.

(൧) ആ സംഗതിയെപ്പററി ഗവണ്മെൻറിന്നു അറിവില്ല.

(൨) ആ വിഷയം ആലോചിക്കപ്പെട്ടും.

(൩) മെമ്പർ ആവശ്യപ്പെട്ട സ്റ്റേറ്റുമെൻറ മേശമേൽ വച്ചിരിക്കുന്നു.

(൪) ആ വിഷയം ആലോചിക്കപ്പെട്ടും.

(൫) ആ വിഷയത്തെപ്പററി അന്വേഷണം നടത്തി റിപ്പോർട്ടയക്കുന്നതിന്നു നഗരസഭയോടു ആവശ്യപ്പെട്ടിട്ടുണ്ടു.

(൧൦)-ം (൧൧)-ം ൧൧൦൨ നവംബർ ൨൨-നു കൂടിയ കൌൺസിലിൽ മി. എസ്. ചിദംബരംപിള്ള ചോദിച്ച ൨-ാം ചോദ്യത്തിൻെറ മറുപടി മെമ്പർ നോക്കിക്കൊള്ളണം.

(൧൨) പട്ടണത്തിൽ ൩൧ കുളങ്ങൾ ഉള്ളതിൽ ൨൩-ം കുളിക്കുന്നതിന്നു ഉപയോഗപ്പെടുത്തുന്നു. കുളങ്ങളിൽ വളരുന്നപായൽ, മററുചെടികൾ മുതലായവയെ മാററുക എന്നിപ്രകാരമുള്ള ആവശ്യസംരക്ഷണം കാലംതോറും ചെയ്യാറുണ്ടു.

മി. ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): ചോദ്യത്തിൻെറ ൭-ാംഭാഗത്തിനെസംബന്ധിച്ചു, ൩-ാം അനുബന്ധത്തിൽ കാണിച്ചിരിക്കുന്ന സംഖ്യ അന്തരം രോഗികളുടെ എണ്ണം വർദ്ധിക്കുകയായിരുന്നുവെന്നു കാണിക്കുന്നില്ലയൊ എന്നു എന്നെ അറിയിക്കുമൊ?

മി. ററി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസിക്രട്ടറി): എണ്ണത്തിൽ മാററം ഉണ്ടായിക്കൊണ്ടിരിക്കുന്നതാണ്.

മി. ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): എണ്ണത്തിലുള്ള ഈ വ്യത്യാസങ്ങളുടെ സാമാന്യാർത്ഥം വർദ്ധനയെ ക്ഷയത്തെ കാണിക്കുന്നതെന്നു എന്നെ അറിയിക്കുമൊ? ഉദാഹരണമായി, മലമ്പനിയുടെസംഖ്യ ൧൦൯൯-ാമാണ്ടു ൨൦൬൪-ം, ൧൧൦൦-ാമാണ്ടു ൧൩൭൭-ം, ൧൧൦൧-ാമാണ്ടു ൨൧൯൭-ം, ആണ്. അതുപോലെതന്നെ വയറുകടിസംബന്ധിച്ചുള്ള സംഖ്യ ൧൦൯൯-ാമാണ്ടു ൩൩൦൩-ം, ൧൧൦൦-ാമാണ്ടു ൪൧൩൭-ം, ൧൧൦൧-ാമാണ്ടു ൬൦൯൨-ം ആണ്. കൂടാതെ സന്നിപാതജ്വരംസംബന്ധിച്ചു അതു ൧൦൯൯-ാമാണ്ടിൽ ൩൭൪ ആയിരുന്നതിൽനിന്നു ൧൧൦൦-ാമാണ്ടു ൭൨൬ ആയിവർദ്ധിച്ചു. ഈ സംഖ്യകൾ സാമാന്യേന ദ്യോതിപ്പിക്കുന്നതു് പട്ടണത്തിൽ ഈ രോഗികൾ വർദ്ധിക്കയാണെന്നല്ലൊ?

മി. ററി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസിക്രട്ടറി): മലമ്പനിയെ സംബന്ധിച്ചിടത്തോളം ൧൧൦൦-ാമാണ്ടത്തെ സംഖ്യ ൧൦൯൯-ാമാണ്ടത്തതിൽനിന്നും ശരിയായ കുറവിനെകാണിക്കുന്നു. ൧൧൦൧-ാമാണ്ടിൽ വർദ്ധനയുംഉണ്ടു. ൧൧൦൨-ാമാണ്ടിൽ എന്തായിരിക്കുമെന്നു എനിക്കു അറിവാൻപാടില്ല.

മി. ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): അതിനെ ഒന്നായി എടുക്കുമ്പോൾ ഗവണ്മെൻറിന്നു എന്തു അഭിപ്രായമാണു തോന്നുന്നതെന്നു എന്നെ അറിയിക്കുമോ?

മി. ററി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസിക്രട്ടറി): സംഖ്യകൾ അവിടെതന്നെയുണ്ട്. ചിലകൊല്ലങ്ങളിൽ വർദ്ധനയുണ്ടു.

മി. ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): മുപ്പതുകൊല്ലങ്ങൾക്കു അധികം മുൻപെല്ലാതെയുള്ള ഒരുകാലത്തു തിരുവനന്തപുരത്തു മന്തു് എന്നരോഗം തീരെയില്ലാതിരുന്ന ഒരുകാലമുണ്ടായിരുന്നുവെന്നു മെമ്പർക്കു അറിവുണ്ടോ?

മി. ററി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസെക്രട്ടറി): ആ രോഗം ഇല്ലാതിരുന്നുവെന്നു എനിക്കറിവില്ല.

മി. ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): ഏതായാലും ഒരു ഗണ്യമായസംഖ്യ ഇല്ലായിരുന്നു.

മി. ററി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസിക്രട്ടറി): അതെ.

മി. ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): ആശുപത്രികളിൽ ചികിത്സിച്ചുപോന്നതായ ദിനങ്ങൾ കൂടാതെ, വീടുകളിൽ ചികിത്സിച്ചുതായ അനേകം രോഗങ്ങൾ ഉണ്ടായിരുന്നിരിക്കണം എന്നു ഞാൻ വിചാരിക്കുന്നു.

മി. ററി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസെക്രട്ടറി): ഉണ്ടായിരിക്കാം.

മി. ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): ഇതു് ഗവണ്മെൻറിൻെറ പരിശോധന ആവശ്യപ്പെടുന്നതായ ഒരു ഗൌരവമേറിയ സംഗതിയാണെന്നു ഗവണ്മെൻറ് വിചാരിക്കുന്നില്ലേ?

മി. ററി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസെക്രട്ടറി): ഞങ്ങൾക്കു ആശുപത്രിയിലെ കണക്കുകൾമാത്രമേയുള്ളൂ. അതുസംബന്ധിച്ചു ഗവണ്മെൻറിനു പറവാനുള്ളതു മുഴുവനും, അതായതു ഗവണ്മെൻറിനു അറിവില്ല എന്നുള്ളതു, മറുപടിയിൽ പറഞ്ഞിട്ടുണ്ടു.

മി. ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): പട്ടണത്തിലെ നിവാസികളുടെ ആരോഗ്യത്തിനെ ഗൌരവമായി ബാധിക്കുന്ന ഒരു സംഗതിയായതുകൊണ്ടു ഗവണ്മെൻറ അതിനെ സംബന്ധിച്ചു അന്വേഷണം നടത്തി വേണ്ട അറിവു സമ്പാദിക്കേണ്ട ഒരു കാര്യമല്ലയോ?

മി. ററി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസെക്രട്ടറി): അതു അന്വേഷിക്കപ്പെടാവുന്നതാണ്.

മി. ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): ൯-ാംഭാഗത്തിനെ സംബന്ധിച്ചു പട്ടണത്തിലെ യാചനയെ നിറുത്തുന്നതിന്നു നിയമങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം നഗരസഭക്കു കൊടുത്തിട്ടില്ലയോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറ സെക്രട്ടറി): ഉണ്ട്. അവർ ഒരു സബ്കമ്മിററിയെ നിയമിക്കുകയും ആ സബ്കമ്മററിയോട നിയമം തയ്യാറാക്കാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

മി. ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): പട്ടണത്തിലെ യാചകർ എത്രയെന്നുള്ള സംഖ്യ നഗരസഭ തന്നെ തരണമെന്നില്ലയോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറസെക്രട്ടറി): ഇപ്പോഴം അവക്ക സംഖ്യ കിട്ടിയിട്ടില്ല.

മി. ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): എന്നാലും അതു നഗരസഭയിൽ ഉണ്ടായിരിക്കേണ്ടതല്ലെ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറ സെക്രട്ടറി): അവരുടെ പക്കൽ ഈ കണക്കുകളുള്ളതുണ്ടായിരുന്നെങ്കിൽ കുറെ നന്നായിരുന്നു. എന്നാൽ അതു അവരുടെ പക്കൽ ഇല്ല. ആ സംഗതിയെപ്പററി അന്വേഷണം നടത്തുന്നതിനു അവരോട ആവശ്യപ്പെട്ടിട്ടുണ്ട്.

മി. ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): (൧൦)-ഉം (൧൧)-ഉം ഭാഗങ്ങളെ സംബന്ധിച്ച, മിസ്റ്റർ പിറവിപ്പെരുമാൾപിള്ളയുടെ ചോദ്യത്തിനുള്ള മറുപടി നിയമസഭയുടെ കഴിഞ്ഞ യോഗത്തിലാണു കൊടുത്തിട്ടുള്ളതു്. അതു ഏകദേശം ആറുമാസം മുൻപാണ്.

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറ സെക്രട്ടറി): അതെ.

മി. ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): അതിനുശേഷം നഗരസഭ ആ വിഷയത്തിൽ എന്തു പ്രവർത്തിച്ചിട്ടുണ്ടെന്നു എന്നെ അറിയിക്കുമൊ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറ സെക്രട്ടറി): ആ വിഷയത്തെപ്പററി അന്വേഷിക്കുന്നതിനും ചട്ടങ്ങൾ രൂപീകരിക്കുന്നതിനും ആയി ഒരു സബ്കമ്മററിയെ നഗരസഭ നിയമിച്ചിട്ടുണ്ട്.

മി. ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): സബ്കമ്മററിയെ നിയമിച്ചതു എപ്പോഴാണ്?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറ സെക്രട്ടറി): എനിക്ക തീയതി അറിഞ്ഞുകൂടാ.

മി. ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): സബ്കമ്മററി എന്തെങ്കിലും റിപ്പോർട്ടുചെയ്തിട്ടുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറ സെക്രട്ടറി): ഇതുവരെയില്ല.

ആദായനികുതി നിർണ്ണയിക്കൽ.

൨൭. മി. എസ്. പിറവിപ്പെരുമാൾപിള്ള (വാണിജ്യവും വ്യവസായവും തെക്ക്): കച്ചവടക്കാരുടെ കണക്കുകൾ വേണ്ടുംവണ്ണം നോക്കാതെ താരതമ്യവിചാരം ഇല്ലാതെ നികുതി ചുമത്തുന്നതിൽവച്ച അവക്ക ഉണ്ടായിട്ടുള്ള അസംതൃപ്തിയെപ്പററി ൧൯൨൭ ഏപ്രിൽ ൨൭-ാംയിലെ എൻെറ ചോദ്യങ്ങൾക്കുതന്ന "ഗവൺമെൻറിനു അറിവില്ല" എന്നുള്ള മറുപടിയെ ആസ്പദമാക്കി,

(എ) "ഇതിൻെറ കാരണം ആദായനികുതി ചുമത്തുന്നതു സംബന്ധിച്ച മുഴുവൻ കാര്യവും ആദായനികുതി കളക്ടറന്മാർ അവരുടെ ഗുമസ്തന്മാക്ക വിട്ടുകൊടുത്തുവെന്നുള്ളതായിരുന്നു." "ആദായനികുതി തിട്ടപ്പെടുത്തുന്ന രീതിമൂലവും വളരെ കഷ്ടതകൾ ഉണ്ടായിട്ടുണ്ട്" "എന്നും" ആദായനികുതി കളക്ടർ സോപാരാനുസരണം വരവിൻെറ ഏതാനും ശതമാനം ലാഭമാക്കി തിട്ടപ്പെടുത്തുകയും ആ രീതി അനുസരിച്ച ആദായനികുതി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. ഹാജരാക്കിയ കണക്കുകളിൽനിന്നും വെളിവാകുന്ന അവരുടെ സ്ഥിതിയെ ഒട്ടും ഗണ്യമാക്കാതെ തള്ളപ്പെട്ടു" എന്നും "ആദായനികുതി ഡിപ്പാർട്ടുമെൻറിലെ ദുർഘടമായ ആവശ്യങ്ങളേയും തൻെറ കടങ്ങൾ... ...വകവയ്ക്കാതെ ആദായനികുതി ചുമത്തപ്പെട്ടവനും, തദനന്തരം നിർബന്ധനായി പരസ്യം ചെയ്യുന്നതിനു അപേക്ഷിച്ചവനും ആയ ചാലയിലെ ഒരു കച്ചവടക്കാരൻെറ സംഗതിയേയും" ആസ്പദമാക്കികൊണ്ടു ൧൯൨൭ ഫെബ്രുവരിമാസം ൨൬-ഉം ൨൭-ഉം തീയതികളിൽ ശ്രീമൂലം പ്രജാസഭയിൽവച്ച കച്ചവടസംഘങ്ങളെ പ്രതിനിധീകരിക്കുന്ന മെംബറന്മാരായ മെസ്സേഴ്സ് നയിനാൻ അയിപ്പും, ഇട്ടിയാവിര തരിയനും, കെ. സി. ഈപ്പനും ചെയ്ത പ്രസ്താവനകളിൽ അവരുടെ ശ്രദ്ധ പതിഞ്ഞിട്ടുണ്ടോ എന്നും;

(ബി) ആ സംഗതിയിൽ അവരുടെ നടപടിയും;

(സി) (൧) ൧൦൯൯, ൧൧൦൦, ൧൧൦൧ ഈ മൂന്നുകൊല്ലങ്ങളിൽ ഓരോന്നിലും റെഗുലേഷൻ അനുസരിച്ച കണക്കുകൾ ഹാജരാക്കിയവരായ ആദായനികുതിക്കാരുടെ ആകെ സംഖ്യയും;

(൨) ഓരോ കൊല്ലത്തിലും അവരിൽ എത്രപേരുടെ കണക്കുകൾ ശരിയായി കരുതി ആദായനികുതി ചുമത്തി എന്നും;

(൩) ഉദ്യോഗസ്ഥൻ അതിൽ എത്രയെണ്ണം തള്ളിക്കളഞ്ഞിട്ടു തൻെറ ഇഷ്ടംപോലെ നികുതിചുമത്തി എന്നും;

ഗവൺമെൻറ സദയം പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറ സെക്രട്ടറി): (എ) മറുപടി അനുകൂലത്തിലാണ്.

(ബി) മി. നയിനാൻ അയിപ്പിൻേറയും മി. ഇട്ടിയവിരാ തരിയൻേറയും പ്രസ്താവനകൾ അനുസരിച്ച ആദായനികുതി കമ്മീഷണരിൽനിന്നും റിപ്പോർട്ടുവരുത്തി അതിന്മേലുള്ള ഗവൺമെൻറിൻെറ ഉത്തരവുകൾ അവക്ക അയച്ചുകൊടുക്കുകയും ചെയ്തു. ചോദ്യത്തിൽ പ്രസ്താവിച്ചിരിക്കുന്ന മി. കെ. സി. ഈപ്പൻെറ സ്റ്റേററുമെൻറിനെ സംബന്ധിച്ചിടത്തോളം മെംബരുടെ സ്റ്റേററുമെൻറ സാധാരണമായതുകൊണ്ടു അതിന്മേൽ നടപടികൾ ഒന്നും നടത്തിയിട്ടില്ല.

(സി) (൧) മുതൽ (൩) വരെ, മെംബർ ആവശ്യപ്പെട്ട വിവരം താഴെ കൊടുത്തിരിക്കുന്നു.

ആണ്ട	ഫയിൻചെയ്ത കണക്കുകളുടെ എണ്ണം	സ്വീകരിച്ച കണക്കുകളുടെ എണ്ണം	തള്ളപ്പെട്ട കണക്കുകളുടെ എണ്ണം
൧൦൯൯	൧൪൩൭	൧൧൦൨	൩൩൫
൧൧൦൦	൧൫൨൭	൧൧൯൨	൩൩൫
൧൧൦൧	൧൭൧൪	൧൩൫൮	൩൫൬

മി. എസ്. പിറവിപ്പെരുമാൾപിള്ള (വാണിജ്യവും വ്യവസായവും തെക്ക): (ഏ.) ഖണ്ഡികയെ സംബന്ധിച്ച കണക്കുകൾ ശരിയായി പരിശോധിക്കാതെ തരാതരംനോക്കാതെ കച്ചവടക്കാർ നികുതി ചുമത്തപ്പെട്ടിരിക്കുന്നുവെന്ന് ഗവണ്മെൻറ ഇപ്പോൾ വിചാരിക്കുന്നുണ്ടോ?

മി. ററി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ സെക്രട്ടറി): ഇല്ല. തീരെയില്ല.

മി. എസ്. പിറവിപ്പെരുമാൾപിള്ള (വാണിജ്യവും വ്യവസായവും തെക്ക്). മറുപടി അനുകൂലത്തിലാണെന്നു മറുപടിപറയുന്നു.

മി. ററി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ സെക്രട്ടറി): ഏതോ സ്റ്റേററുമെൻറുകളെ സംബന്ധിച്ച ഗവണ്മെൻറിൻെറ ശ്രദ്ധ പതിഞ്ഞിട്ടുണ്ടോ എന്നായിരുന്നു മെമ്പരുടെ ചോദ്യം. ഗവണ്മെൻറ അറിഞ്ഞിട്ടുണ്ടെന്നു മറുപടിയിൽ പറഞ്ഞിട്ടുണ്ട്.

മി. എസ്. പിറവിപ്പെരുമാൾപിള്ള (വാണിജ്യവും വ്യവസായവും തെക്ക): ഏതാനും ചില പ്രത്യേക പ്രസ്താവനകളിൽ ഗവണ്മെൻറിൻെറ ശ്രദ്ധ പതിഞ്ഞിട്ടുണ്ടോഎന്നാണ് ചോദ്യം.

മി. ററി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ സെക്രട്ടറി): അവർ പ്രൊസീഡിംഗ്സ് വായിക്കുകയും മെമ്പറന്മാരുടെ പ്രസ്താവനകൾക്ക അവർ എന്തു നടപടി നടത്തിയെന്നു പറയുകയും ചെയ്തിട്ടുണ്ട്.

മി. എസ്. പിറവിപ്പെരുമാൾപിള്ള (വാണിജ്യവും വ്യവസായവും തെക്ക്): ഗവണ്മെൻറിൽനിന്നും ആവശ്യപ്പെട്ടതും അതിന്മേൽ അവർ ഉത്തരവുകൾ പാസ്സാക്കിയതുമായ ആദായനികുതി കമ്മിഷന്റെ റിപ്പോർട്ട ഗവണ്മെൻറ സദയം മേശമേൽ വയ്ക്കുമോ?

മി. ററി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ സെക്രട്ടറി): കമ്മിഷണരുടെ റിപ്പോർട്ടിനെ പുനരാലോചിക്കമാത്രമാണ് ഗവണ്മെൻറ ഉത്തരവായി പ്രായേണ ചെയ്തിട്ടുള്ളത്. മെമ്പറിനു ആവശ്യമാണെങ്കിൽ ഞാനതു വായിക്കാം. അല്ലെങ്കിൽ, ആ റിപ്പോർട്ട് നിയമസഭാസെക്രട്ടറിയുടെ ആപ്പീസിൽനിന്നും മെമ്പറിനു വായിക്കാം.

മോട്ടാർബസ്സുകളുടെ വേഗം.

൨൫൩. മി. എസ്. പിറവിപ്പെരുമാൾപിള്ള (വാണിജ്യവും വ്യവസായവും തെക്ക്): മദ്രാസ് നിയമസഭാപ്രൊസീഡിംഗ്സ് ൨൯-ാം വാല്യം ൧-ാം നമ്പർ ൨൨-ാം പുറം നോക്കുന്നതിനും മദ്രാസ് പട്ടണത്തിൽ അനുവദിച്ചിരിക്കുന്ന വേഗത ഇവിടത്തെ നഗരാതിർത്തിക്കുവെളിയിൽ ബസ്സുകൾ മണിക്കൂർ ഒന്നിനു ൨൦ മയിൽ ഓടുന്നതിനുള്ള വേഗമെങ്കിലും അനുവദിക്കാത്തതിനുള്ള കാരണം പറയുന്നതിനും ഗവണ്മെൻറിനു ദയയുണ്ടാകുമോ?

മി. കെ. ജാജ് (ഗവണ്മെൻറ ചീഫ് സെക്രട്ടറി): നഗരാതിർത്തിക്കുവെളിയിൽ ബസ്സുകൾക്ക മണിക്കൂറിനു ഇരുപതുമയിൽ വേഗമെങ്കിലും അനുവദിക്കാത്തതിനുള്ള കാരണം, ആ രീതി അനുവദിക്കുകയാണെങ്കിൽ ഇപ്പോൾ ഉള്ളതിൽ കൂടുതലായ അപകടങ്ങൾ ഉണ്ടാകാൻ ഇടയുള്ളതുകൊണ്ടാണ്. മദ്രാസ് പ്രസിഡൻസിയുടെ പൂർവ്വതീരരാജ്യങ്ങളിലെ റോഡുകളെപ്പോലെയല്ല തിരുവിതാംകൂറിലെ റോഡുകൾ; ഇവിടത്തെ റോഡുകൾ നേരെയുള്ളതല്ലാത്തതും അധികം വളവും ഏററിറക്കവും ഉള്ളവയും ആകുന്നു. ഇപ്പോൾ ഉള്ള പാലങ്ങളിൽ അധികവും മോട്ടാർ ഓടിക്കുന്നതിനു ഉപയോഗപ്പെടത്തക്കവണ്ണം പണിചെയ്തിട്ടുള്ളതല്ലാത്തതും കൂടുതൽവേഗം അനുവദിക്കുകയാണെങ്കിൽ അവ നശിച്ചുപോകുന്നതും അപകടങ്ങൾ സംഭവിക്കാവുന്നതും ആകുന്നു എന്നുള്ളതാണ തടസ്സത്തിനുള്ള വേറൊരുകാരണം.

കുഴിത്തുറത്തെ ഡിസ്പെൻസറി.

൨൫൪. മി. ററി. കുമാരപിള്ള (കൽക്കുളം-വിളവംകോട്): ൧. കുഴിത്തുറത്തെ ഡിസ്പെൻസറിയിൽ ചികിത്സയ്ക്കായി വന്നുകൊണ്ടിരുന്ന രോഗികളുടെ സംഖ്യ ൧൦൯൮-ാമാണ്ട ൨൫,൩൭൩ ആയിരുന്നതിൽനിന്നും ൧൦൯൯-ാമാണ്ട ൨൦,൧൧൭ ആയി കുറഞ്ഞു എന്നുള്ളതു ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പതിഞ്ഞിട്ടുണ്ടോ?

൨. ഉണ്ടെങ്കിൽ, അതിനുള്ള കാരണങ്ങൾ എന്താണെന്നു ഗവണ്മെൻറ അന്വേഷിച്ചിട്ടുണ്ടോ?

൩. കുഴിത്തുറത്തെ മെഡിക്കൽ ആഫീസരായ മിസ്റ്റർ ജാൺ ജോസഫിനെ ആ സ്ഥാനത്തു എന്നാണ് ആദ്യം നിയമിച്ചത്?

൪. കുഴിത്തുറത്തെ ജനങ്ങളിൽനിന്നും അയാളെപ്പററി പരാതികൾ കിട്ടിയതിൻെറ ശേഷമാണോ മിസ്റ്റർ ജാൺ ജോസഫിനെ (കന്യാകുമാരിക്കടുത്തുള്ള) കൊട്ടാരം ആശുപത്രിയിൽ മാററിയതു?

൫. അങ്ങനെയാണെങ്കിൽ അതു എന്നായിരുന്നു?

൬. കൊട്ടാരം ആശുപത്രിയിൽ അയാൾ എത്രദിവസം ജോലിനോക്കിയിട്ടുണ്ട്?

൭. അവിടെനിന്നും ഉടനെതന്നെ അയാളെ കുഴിത്തുറം ആശുപത്രിയിലേക്ക വീണ്ടും മാററിയോ?

൮. അപ്രകാരമെങ്കിൽ അതിനുള്ള കാരണം ഗവണ്മെൻറ സദയം പ്രസ്താവിക്കുമോ?

൯. കുലശേഖരത്തെ ജനങ്ങളുടെ പരാതിമൂലം ആ മെഡിക്കലാഫീസറെ അരുമന ആശുപത്രിക്ക് സ്ഥലംമാററിയോ? മാററിയെങ്കിൽ അത് എപ്പോഴായിരുന്നു? ആ ആശുപത്രിയിൽ അദ്ദേഹം എത്രദിവസം ജോലിചെയ്തു? അതിനുള്ള കാരണം ഗവണ്മെൻറ സദയം പറയുമൊ?

൧൦. സ്ഥലനിവാസികളിൽനിന്നും പരാതികൾ കിട്ടിക്കൊണ്ടിരുന്നിട്ടും അതേസ്ഥലത്തുതന്നെ ഇത്ര അധികകാലം ആ ഉദ്യോഗസ്ഥനെ വച്ചുകൊണ്ടിരിക്കുന്നതിനുള്ള കാരണങ്ങളെന്തെല്ലാമെന്ന് ഗവണ്മെൻറ സദയം അറിയിക്കുമോ?

മി. കെ. ജാർജ് (ഗവണ്മെൻറ ചീഫ് സെക്രട്ടറി): ൧. അതെ.

൨. അതെ.

൩. ൧൦൮൩ ചിങ്ങം ൧൨-ാം തീയതി.

൪. അദ്ദേഹത്തിന് എതിരായി പരാതികൾ കിട്ടിയതുകൊണ്ടല്ല അദ്ദേഹത്തെ സ്ഥലം മാററിയത്.

൫. ൧൦൯൭ ചിങ്ങം ൬-ാം തീയതി.

൬. ൧൫ ദിവസം, അതുകഴിഞ്ഞു അദ്ദേഹം അവധിയിൽപോയി.

൭. അവധികഴിഞ്ഞുവന്നപ്പോൾ അദ്ദേഹം കുലശേഖരത്താക്കപ്പെട്ടു.

൮. അവധികഴിഞ്ഞുവന്നപ്പോൾ അദ്ദേഹം എന്തുകൊണ്ടാണ് കുലശേഖരത്താക്കപ്പെട്ടതെന്ന് കാണിക്കുന്ന രേഖകളില്ല.

൯. അദ്ദേഹം താൽകാലികമായി അരുമനെ നിയമിക്കപ്പെട്ടത് അദ്ദേഹത്തിൻെറ പേരിലുള്ള പരാതികൾമൂലമല്ല. അത് ൧൯൨൪-൬-൪-ൽ ആയിരുന്നു. അദ്ദേഹം അരുമനെ ൧൫ ദിവസം ജോലിനോക്കി. അരുമന ആശുപത്രിചാർജ്‌വഹിച്ചിരുന്ന ഉദ്യോഗസ്ഥനെ സുഖക്കേടുനിമിത്തം പെട്ടെന്നു മാറേറണ്ടതായിട്ടുണ്ടായിരുന്നു.

(൧൦) ആ ഉദ്യോഗസ്ഥനെപ്പററി പരാതികൾ ഒന്നും ഉണ്ടായിരുന്നില്ല. അതുകൊണ്ടു ആ കാരണത്തിന്മേൽ അദ്ദേഹം ആ സ്ഥലത്തുനിന്നും മാററപ്പെടേണ്ടതിനു കാരണവും ഉണ്ടായിരുന്നില്ല.

കോട്ടാർസ്റ്റേഷനറി മജിസ്ട്രേട്ടുകോടതിയിൽ കരാർലംഘനം നിമിത്തം ഉണ്ടായ
കേസ്സുകളുടെ സ്ഥിതിവിവരപ്പട്ടിക.

൨൫൫ മി. എം. ശിവതാണുപിള്ള (തോവാള): കോട്ടാർസ്റ്റേഷനറിമജിസ്ട്രേട്ടുകോടതിയെസംബന്ധിച്ചു താഴെപ്പറയുന്ന വിവരങ്ങൾ അടങ്ങിയ ഒരു സ്റ്റേറമെൻറ നൽകുന്നതിനു ഗവണ്മെൻറിനു ദയവുണ്ടാകുമോ?

(ഏ) തോട്ടങ്ങളിലേക്കു കൂലിക്കാരെ ചേർക്കുകയും അതിലുള്ള പരാജയവുംമൂലം ൧൦൯൯, ൧൧൦൦, ൧൧൦൧ ഈ കൊല്ലങ്ങളിൽ വേലക്കാരെ സംബന്ധിച്ചുള്ള കരാറലംഘനം ഹേതുവായി ഉണ്ടായിട്ടുള്ള കേസുകളുടെ ആകെ സംഖ്യ.

(ബി) കൂലിക്കാരെ ശേഖരിച്ചു കൊടുക്കുന്നതിൽ കങ്കാണികൾക്കുണ്ടായ പരാജയത്തിൻെറ കാരണം,

(സി) കൂലിക്കാരെ ശേഖരിച്ചു കൊടുക്കുന്നതിലും ജാമ്യത്തുക കെട്ടുന്നതിലും ഉള്ള വീഴ്ചമൂലം ൧൦൯൯, ൧൧൦൦, ൧൧൦൧ ഈ കൊല്ലങ്ങളിൽ യഥാക്രമം പിടിച്ചടക്കം ചെയ്തിട്ടുള്ള പണത്തിൻെറ തുക അല്ലെങ്കിൽ പ്രതികൾക്കു തടവുശിക്ഷ വിധിക്കുവാൻ സംഗതിയായിട്ടുള്ള സന്ദർഭങ്ങൾ.

മിസ്റ്റർ കെ. ജാർജ് (ഗവണ്മെൻറചീഫ്സെക്രട്ടറി): (ഏ) ൧൦൯൯ മുതൽ ൧൧൦൧ വരെ ഉള്ള കൊല്ലങ്ങളിൽ "കരാർലംഘന റഗുലേഷൻ" പ്രകാരമുള്ള കേസുകളുടെ എണ്ണം താഴെ കാണുംപ്രകാരമാണ്:—

വർഷം	സംഖ്യ
൧൦൯൯	൩൯
൧൧൦൦	൨൭
൧൧൦൧	൪൦

(ബി) കൂലിക്കാരെ കൊടുക്കുന്നതിനു സാധിക്കാത്തതിൻെറ സംഭാവ്യമായ കാരണം പ്രതികളുടെ പ്രസ്താവനകളിൽ നിന്നും കിട്ടുന്നതു അവരുടെ കരാറനുസരിച്ചു പ്രവൎത്തിക്കുന്നതിനു സുഖക്കേടു നിമിത്തം സാധിച്ചില്ലെന്നാണ്.

(സി) പണം പിടിച്ചെടുത്തതായി ഒരു കേസ്സുമില്ല. ഒരു കേസ്സിലെ പ്രതിക്കുമാത്രം തടവുശിക്ഷ നൽകി.

മി. എം. ശിവതാണുപിള്ള (തോവാള): മറുപടിയിൽ പ്രസ്താവിക്കപ്പെട്ടവരായ കൂലിക്കാർ സംസ്ഥാനത്തിനുള്ളിലുള്ളതോ പുറമേയുള്ളതോ ആയ തോട്ടങ്ങളിൽ ജോലിചെയ്യുന്നവരാണോ എന്നു അറിയിക്കുമോ?

മി. കെ. ജാർജ് (ഗവണ്മെൻറചീഫ്സെക്രട്ടറി): ഊഹിക്കത്തക്കതു സംസ്ഥാനത്തിനുള്ളിലെന്നാണ്.

മി. എം. ശിവതാണുപിള്ള (തോവാള): കൂലിക്കാരുടെ ആരോഗ്യത്തെ ബാധിക്കുന്നതായി ആ തോട്ടങ്ങളിൽ ഉള്ള വ്യവസ്ഥകളുടെ മേൽ ഗവണ്മെണ്ടിനു എന്തെങ്കിലും അധികാരമുണ്ടോയെന്ന് എന്നെ അറിയിക്കുമോ?

മി. കെ. ജാർജ് (ഗവണ്മെൻറ ചീഫ്സെക്രട്ടറി): ഇപ്പോൾ എന്തെങ്കിലും അധികാരമുള്ളതായി എനിക്കു നിശ്ചയമില്ല.

മി. എം. ശിവതാണുപിള്ള (തോവാള):

(ബി) മാത്രത്തിനുള്ള മറുപടിയിൽ സംബന്ധിക്കുന്നവരുടെ സുഖക്കേടിൻെറ കാരണം എന്തെന്ന് എന്നെ അറിയിക്കുമോ?

മി. കെ. ജാർജ് (ഗവണ്മെൻറ ചീഫ്സെക്രട്ടറി): അവരുടെ സുഖക്കേടിൻെറ കാരണത്തെപ്പററി ഗവണ്മെൻറ യാതൊരന്വേഷണവും നടത്തിയിട്ടില്ല.

മി. എം. ശിവതാണുപിള്ള (തോവാള): ഈ തോട്ടങ്ങളിൽകൊണ്ടുപോകപ്പെടുന്ന സാധുക്കളായ കൂലിക്കാരുടെ ആരോഗ്യത്തെ ബാധിക്കുന്ന വ്യവസ്ഥകളെപ്പററി ഉള്ള ഉറപ്പിനെ സംരക്ഷിക്കേണ്ടതു ഗവമെൻറിന്റെ കടമയല്ലയോ?

മി. കെ. ജാർജ് (ഗവമെൻറു ചീഫ്സെക്രട്ടറി): തോട്ടങ്ങളിൽ കൂലിക്കാരുടെ ആരോഗ്യത്തിന്റെ സ്ഥിതി അതൃപ്തികരമാണെന്നു തെളിയിച്ചിട്ടില്ലെന്നാണു ഞാൻ വിചാരിക്കുന്നതു.

മി. എം. ശിവതാണുപിള്ള (തോവാള): അവരുടെ രോഗത്തിന്റെ ശക്തികൊണ്ടു കരാറുകൾ നിറവേററപ്പെടാതിരുന്നു എന്നു (ബി) ഭാഗത്തിന്റെ മറുപടി കാണിക്കുന്നു.

മി. കെ. ജാർജ് (ഗവമെൻറു ചീഫ്സെക്രട്ടറി): സുഖക്കേടു ബാധിക്കുന്നവർക്കു ആശുപത്രികളും ഡിസ്പെൻസറികളും ഉണ്ടാക്കിക്കൊടുത്തിട്ടുണ്ടു.

മി. എം. ശിവതാണുപിള്ള (തോവാള): ഈ തോട്ടങ്ങളിൽ ആ മാതിരി ആശുപത്രികൾ സ്ഥിതിചെയ്യുന്നുണ്ടോ എന്നു എത്ര എന്നറിയിക്കാമോ?

മി. കെ. ജാർജ് (ഗവമെൻറു ചീഫ്സെക്രട്ടറി): മിക്കവാറും തോട്ടങ്ങളിൽ ആശുപത്രികൾ ഉണ്ടെന്നാണ് ഞാൻ ഉദ്ദേശിക്കുന്നതു. ഈ തോട്ടങ്ങളിലെല്ലാം ആശുപത്രികൾ ഉണ്ടെന്നു ഉത്തരവാദം ചെയ്വാൻ എനിക്കു കഴികയില്ല.

മി. എം. ശിവതാണുപിള്ള (തോവാള): ആ മാതിരി ആശുപത്രികൾ കാലാകാലങ്ങളിൽ പരിശോധിക്കപ്പെടുന്നുണ്ടോ?

മി. കെ. ജാർജ് (ഗവമെൻറു ചീഫ്സെക്രട്ടറി): ആ മാതിരി ആശുപത്രികൾ ഗ്രാൻറു നൽകപ്പെട്ടുവരുന്ന ഔഷധശാലകളാണെങ്കിൽ ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ അവയെ പരിശോധിക്കുന്നുണ്ട്.

മി. എം. ശിവതാണുപിള്ള (തോവാള): ആ മാതിരി തോട്ടങ്ങൾക്കു ആശുപത്രികൾ ഉള്ളതായി വല്ല ഉദാഹരണവുമുണ്ടോ?

മി. കെ. ജാർജ് (ഗവമെൻറു ചീഫ്സെക്രട്ടറി): ഉണ്ട്. ഗവമെൻറിൽനിന്നും ഗ്രാൻറു ലഭിക്കുന്നതായ തോട്ടങ്ങൾ പീരുമേട്ടിൽ ഉണ്ടെന്നു എനിക്കു തോന്നുന്നു.

മി. എം. ശിവതാണുപിള്ള (തോവാള): ആശുപത്രികൾ ഇല്ലാത്തതായ തോട്ടങ്ങളിൽ ആശുപത്രികൾ സ്ഥാപിക്കുന്നതിനു ആ തോട്ടങ്ങളിലെ മാനേജരന്മാരോടു ആവശ്യപ്പെടുന്നതിനു ഗവമെൻറിനു ഒരധികാരവുമുണ്ടോ?

മി. കെ. ജാർജ് (ഗവമെൻറു ചീഫ്സെക്രട്ടറി): അപ്രകാരം ആവശ്യപ്പെടുന്നതിനു ഗവമെൻറിനു ഇപ്പോൾ എന്തെങ്കിലും അധികാരമുണ്ടെന്നു എനിക്കു തോന്നുന്നില്ല.

മി. എം. ശിവതാണുപിള്ള (തോവാള): ആ മാതിരി ആശുപത്രികൾ സ്ഥാപിക്കുന്നതിനു ഏജൻറന്മാരോടോ മാനേജരന്മാരോടോ ആവശ്യപ്പെടുന്നതിനു വ്യംഗ്യമോ വാച്യമോ ആയ എന്തെങ്കിലും തടസ്സമുണ്ടോ?

മി. കെ. ജാർജ് (ഗവമെൻറു ചീഫ്സെക്രട്ടറി): അതേ വിഷയത്തെ സംബന്ധിച്ചു ഗവമെൻറിനു അധികാരം നൽകുന്ന നിയമാനുസൃതമായ ചട്ടമില്ലാതിരിക്കുമ്പോൾ അവരെ അതിനു നിർബന്ധിക്കുന്നതിനു അവകാശമില്ലെന്നാണ് എനിക്കു തോന്നുന്നതു.

മി. എം. ശിവതാണുപിള്ള (തോവാള): കോടതികൾ ആ വ്യവഹാരങ്ങളുടെ വിചാരണാധികാരം ഉപയോഗിക്കുന്നതുമൂലം ഉടമ്പടികളുടെ പൂർത്തിരക്ഷിക്കുന്നതിനു ഗവമെൻറു കൂടി കക്ഷിയാണെന്നുള്ളതുകൊണ്ടു ഗവമെൻറിന്റെ മേലുള്ള ആ സ്ഥാനത്തിന്റെ ബലംകൊണ്ടു തോട്ടങ്ങളിൽ കൂലിക്കാർക്കുള്ള ലംഘനങ്ങളെ സുരക്ഷിതമാക്കി ചെയ്യേണ്ടതാണെന്നു ഗവമെൻറു വിചാരിക്കുന്നില്ലയോ?

മി. കെ. ജാർജ് (ഗവമെൻറു ചീഫ്സെക്രട്ടറി): ഗവമെൻറു ഒരു കക്ഷിയല്ല. നിയമം ബാധിക്കുന്നതായ കേസ്സുകളിൽ ന്യായാധികാരികൾ അന്വേഷണം നടത്തുന്നു.

മി. എം. ശിവതാണുപിള്ള (തോവാള): പ്രത്യേകിച്ചും ആ മാതിരി തോട്ടങ്ങളിലെ കൂലിക്കാരുടെ ആരോഗ്യസ്ഥിതികളെ സംബന്ധിച്ചിടത്തോളം തോട്ടങ്ങളെ നിയന്ത്രിക്കേണ്ടതു ആവശ്യമാണെന്നു ഗവമെൻറു വിചാരിക്കുന്നില്ലയോ?

മി. കെ. ജാർജ് (ഗവമെൻറു ചീഫ്സെക്രട്ടറി): ആ ചോദ്യത്തിനു മറുപടി പറയുന്നതിനു എനിക്കു ഇപ്പോൾ സാധിക്കയില്ല.

മി. എം. ശിവതാണുപിള്ള (തോവാള): തോട്ടങ്ങളിലെ കൂലിക്കാരുടെ ആരോഗ്യസ്ഥിതി ഗവമെൻറിന്റെ ശ്രദ്ധ പതിയത്തക്കവണ്ണം അത്ര ഗൌരവതരമായ രീതിയിലാണോ ഇരിക്കുന്നതു് എന്നുള്ളതിനെ മനസ്സിലാക്കുന്നതിലേക്കായി ആ വിഷയത്തിൽ ഗവമെൻറു സമയം അന്വേഷണം നടത്തുമോ?

മി. കെ. ജാർജ് (ഗവമെൻറു ചീഫ്സെക്രട്ടറി): ഞാൻ നോട്ടീസ് ആവശ്യപ്പെടുന്നു.

പരസ്പരസഹായസംഘ ഡിപ്പാർട്ടുമെൻറും തമിഴരും.

൨ ഒന്നു. മി. എം. ശിവതാണുപിള്ള (തോവാള): (എ) പരസ്പരസഹായസംഘഡിപ്പാർട്ടുമെൻറിലെ ഇൻസ്പെക്ടർ ഉദ്യോഗത്തിനായി തമിഴരിൽ നിന്നും അപേക്ഷകൾ കിട്ടിയിട്ടുണ്ടോ എന്നും,

(ബി) ഉണ്ടെങ്കിൽ, ഈയിടെ പുറപ്പെടുവിച്ച സർക്കുലർ അനുസരിച്ചു അവരോടു ഗവമെൻറു പ്രത്യേകിച്ചു പേരുമാറുമോ എന്നും,

ഗവമെൻറു സദയം അറിയിക്കുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവമെൻറു സെക്രട്ടറി): (എ) പരസ്പരസഹായസംഘങ്ങളുടെ ഇൻസ്പെക്ടർ ഉദ്യോഗത്തിനു തമിഴന്മാരിൽനിന്നും ആറു അപേക്ഷകൾ കിട്ടിയിട്ടുണ്ടു. ഈ അപേക്ഷകൾ ഏപ്രിൽ, മേയ്, നവംബർ ഈ മാസങ്ങൾക്കിടയിലാണു കിട്ടിയതു്.

(ബി) അപേക്ഷകന്മാരെ മററുള്ളവരെ ഗണിക്കുന്നതുപോലെ ഗണിക്കുന്നതാണ്. മെമ്പർ ഏതു സർക്കുലറിനെയാണ് സൂചിപ്പിക്കുന്നതെന്നു സ്പഷ്ടമല്ല.

മി. എം. ശിവതാണുപിള്ള (തോവാള): ക്രിസ്ത്യാനികളും തമിഴന്മാരും പ്രധാനമായി നിവസിക്കുന്ന സ്ഥലങ്ങളിൽ ആ സമുദായങ്ങളിലുള്ള ആളുകളെ പരസ്പരസഹായസംഘം ഇൻസ്പെക്ടറന്മാരായി നിയമിക്കണമെന്നു പുതിയതായി ഗവണ്മെന്റിൽനിന്നും ഒരു സർക്കുലർ പുറപ്പെടുവിച്ചിട്ടില്ലയോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി): അതു് മെമ്പർ വ്യാഖ്യാനിക്കുന്ന രീതിയിലല്ലായിരിക്കാം.

മി. എം. ശിവതാണുപിള്ള (തോവാള): ഏതുരീതിയിലുള്ള സർക്കുലർ ആണു കൊടുത്തിട്ടുള്ളതെന്നു എന്നെ അറിയിക്കാമോ?

മി. ററി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസെക്രട്ടറി): ൧൯൩൬ ഏപ്രിൽ ൧൯-നു കൂടിയ സഭയിൽ ൧൨൬-ാം നമ്പർ ചോദ്യത്തിന്റെ മറുപടി മെമ്പർ പരിശോധിക്കുക. ആ മറുപടിക്കു അനുബന്ധമായി സർക്കുലർ അച്ചടിച്ചിട്ടുണ്ടു്.

മി. എം. ശിവതാണുപിള്ള (തോവാള): ആ സർക്കുലർപ്രകാരം തമിഴന്മാർ പ്രത്യേക പെരുമാററത്തിനു അവകാശപ്പെടുന്നില്ലയോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി): ഏതുസർക്കുലർ ആണു മെമ്പർ ഉദ്ദേശിക്കുന്നതെന്നു എനിക്കു മനസ്സിലാകുന്നില്ല.

മി. എം. ശിവതാണുപിള്ള (തോവാള): ക്രിസ്ത്യാനികൾക്കും തമിഴർക്കും ഏതെല്ലാം സ്ഥലങ്ങളിലാണോ പ്രാധാന്യമുള്ളതു, അവിടെ അവരെ നിയമിക്കണമെന്നുള്ളതിനു ഒരു സർക്കുലർ ഇല്ലയോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി): അതു ആ മറുപടിയിൽ പ്രസ്താവിച്ചിട്ടുണ്ടു.

മി. എം. ശിവതാണുപിള്ള (തോവാള): അതു ഒരു സർക്കുലർ അല്ലേ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസെക്രട്ടറി): അതു ഒരു സർക്കുലർ അല്ല. അതു ഡിപ്പാർട്ടുമെന്റു മേധാവികാരിക്കുള്ള ഒരു ഗവണ്മെന്റുത്തരവാണു്.

മി. എം. ശിവതാണുപിള്ള (തോവാള): ആ ഉത്തരവിൻപ്രകാരം തമിഴർക്കു ഉദ്യോഗനിയമന വിഷയത്തിൽ പ്രത്യേകപെരുമാററം കിട്ടുമെന്നു പ്രതീക്ഷിക്കേണ്ടതല്ലയോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി): ഉത്തരവിന്റെ താല്പര്യം മറുപടിയിൽ കാണാം. അതു പ്രായേണ അവിടെ ഉദ്ധരിച്ചിട്ടുണ്ടു. വാസ്തവത്തിൽ, മെമ്പർ അതു കണ്ടിട്ടില്ല.

മി. എം. ശിവതാണുപിള്ള (തോവാള): തമിഴർ ഒരു വർഗ്ഗമെന്ന നിലയിൽ ആ ഉത്തരവനുസരിച്ചു പ്രത്യേകപെരുമാററത്തിനു അവകാശപ്പെട്ടവരാണോ എന്നു എന്റെ അറിവിനായി എന്നെ അറിയിക്കാമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി): ഇല്ല; ആ ഉത്തരവു നിയമനത്തെ സംബന്ധിച്ചുള്ളതല്ല. എന്നാൽ ഡിപ്പാർട്ടുമെന്റിൽ ഇതേവരെ നിയമിച്ചിട്ടുള്ള ഇൻസ്പെക്ടറന്മാരുടെ സ്ഥല നിയമനത്തെപ്പററി മാത്രമാണു്. അതു മേലിലുള്ള നിയമനത്തെപ്പററിയല്ല. സ്ഥലമാററത്തെപ്പററിയുള്ളതെന്നു നിർബന്ധിതമല്ല; ഉപദേശകരമായിട്ടുള്ളതാണു്.

മി. എം. ശിവതാണുപിള്ള (തോവാള): അതു അനുസരിക്കണമെന്നുള്ളതല്ലേ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി): അതു അതിന്റെ വായനകൊണ്ടു മനസ്സിലാക്കേണ്ടതാണു്.

മി. എം. ശിവതാണുപിള്ള (തോവാള): അതു പുറപ്പെടുവിച്ചപ്പോൾ ഗവണ്മെന്റിനു അതിനെപ്പററിയുള്ള ഉദ്ദേശ്യം എന്തായിരുന്നു? അതു അനുസരിക്കണമെന്നുള്ളതല്ലേ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി): സ്ഥലംമാററത്തെപ്പററി നിർദ്ദേശിക്കുമ്പോൾ പരസ്പരസഹായസംഘം രജിസ്ട്രാർക്കു അതു മനസ്സിലുണ്ടായിരിക്കണം.

മി. എം. ശിവതാണുപിള്ള (തോവാള): സ്ഥലംമാററസംഗതിയെ അതു ഏതുപ്രകാരമെങ്കിലും പ്രേരിപ്പിക്കുന്നുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസെക്രട്ടറി): ഏതാണ്ടൊക്കെ.

മി. എം. ശിവതാണുപിള്ള (തോവാള): കഴിവുള്ളിടത്തോളം അതു അനുസരിക്കണമെന്നു ഗവണ്മെന്റു വിചാരിക്കുന്നില്ലയോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി): ഉത്തരവെന്തെന്നു് മനസ്സിലാക്കാതെയാണു മെമ്പർ ചോദ്യം ചോദിക്കുന്നതു.

മി. എം. ശിവതാണുപിള്ള (തോവാള): ഈ ഉത്തരവു മുമ്പുനിയമിച്ചിട്ടുള്ള ഇൻസ്പെക്ടറന്മാരുടെ സ്ഥലംമാററത്തെപ്പററിയുള്ളതാണെന്നു എനിക്കു മെമ്പറിൽനിന്നും മനസ്സിലായി. കഴിവുള്ളിടത്തോളം, രജിസ്ട്രാർ ആ ഉത്തരവിനെ അനുസരിക്കണമെന്നു ഗവണ്മെന്റു വിചാരിക്കുന്നില്ലയോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി): സ്ഥലംമാററത്തെ നിർദ്ദേശിക്കുമ്പോൾ അദ്ദേഹം ആ ഉത്തരവിനെ ഓർമ്മിക്കണമെന്നു ഞാൻ മുമ്പുപറഞ്ഞുവല്ലോ?

മി. എം. ശിവതാണുപിള്ള (തോവാള): ഉത്തരവിലുള്ള ഉപദേശം രജിസ്ട്രാർ ശ്രദ്ധിക്കുന്നുണ്ടെന്നു ഗവണ്മെന്റു ഏതുപ്രകാരമെങ്കിലും ധരിക്കേണ്ടയോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി): അതു നിശ്ചയമായും അദ്ദേഹത്തിന്റെ മനസ്സിൽ, ഉണ്ടായിരിക്കും.

മി. എം. ശിവതാണുപിള്ള (തോവാള): ഉത്തരവിനു എന്തെങ്കിലും ഫലം ഉണ്ടായി എന്നുള്ളതുകൊണ്ടു ഗവണ്മെന്റു സമാധാനപ്പെടുന്നുവോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി): സ്ഥലം മാററുന്നതിനുമുമ്പു് ആളുകളെ നിയമിക്ക-

Vol. X No. 8.

അനുബന്ധം II. (തുടർച്ച).

നമ്പർ	ജാതി	പേര്	ഉദ്യോഗനാമം	ഉദ്യോഗത്തിൽ ആദ്യം പ്രവേശിച്ച തീയതി	പ്രാരംഭശമ്പളം	തല്ക്കാലശമ്പളം	പരീക്ഷായോഗ്യത	സർവീസ്	റിമാർക്ക്
൧	ഈഴവൻ	കെ. മാധവൻ	ക്ലാർക്ക്	൧-൮-൧൦൯൬	൧൫	൨൦	ഇ. എസ്. എൽ. സി.	൬	
൧	ക്ഷത്രിയൻ	കെ. നാരായണസിംഗ്	ടി	൧-൭-൧൧൦൨	൨൦	൨൦	ഇ. എസ്. എൽ. സി-യും അമ്പൽ പരീക്ഷയും	...	
൧	വെള്ളാളൻ	ആർ. ചെമ്പകരാമൻപിള്ള	സീനിയർക്ലാർക്കും ആക്ടിംഗ് ഹെഡ് അക്കൌണ്ടന്റും	൧-൫-൧൦൮൨	൧൦	൪൦ + ൧൩	ഇംഗ്ലീഷ് മിഡിൽസ്കൂൾ	൨൦	+ ഒഴിവുള്ള ഹെഡ് അക്കൌണ്ടന്റ ജോലി ൨-൪-൧൧൦൨ മുതൽ പകരം നോക്കുന്നു
൨	ടി	എം. ശിവനാഥപിള്ള	സ്റ്റോർകീപ്പർ	൨൩-൮-൧൦൭൫	൭	൩൫	ഒന്നുമില്ല	൨൭	
൩	ടി	എസ്. മഹാലിംഗംപിള്ള	അക്കൌണ്ടന്റ	൧൪-൫-൧൦൭൮	൮	൩൫	ഒന്നുമില്ല	൨൪	
൪	ടി	കെ. കെ. നീലകണ്ഠപിള്ള	ക്ലാർക്ക്	൨൮-൫-൧൦൯൨	൫൫	൩൫	മദ്രാസ് എലിമെന്ററി ടൈപ്പ് റൈറ്റിംഗ്	൧൦	
൫	ടി	എ. പത്മനാഭപിള്ള	അക്കൌണ്ടന്റ	൧-൮-൧൦൯൬	൨൦	൨൦	ഇ. എസ്. എൽ. സി-യും തിരു: അക്കൌണ്ടുടെസ്റ്റും	൬	
൬	ടി	പി. സുബ്രഹ്മണ്യപിള്ള	ക്ലാർക്ക് (സി. എൽ. ഓ.)	൨൮-൯-൧൦൯൬	൨൦	൨൦	ഇ. എസ്. എൽ. സി	൬	
൭	ടി	എസ്. പരമേശ്വരൻപിള്ള	ക്ലാർക്ക്	൨-൮-൧൦൯൭	൨൦	൨൦	ടിയും തിരു: അക്കൌണ്ടുടെസ്റ്റും അമ്പൽ പരീക്ഷയും	൫	
൧	മഹമ്മദിയൻ	പി. മഹമ്മദ യൂസുഫ് സാഹിബ്	ടി	൧-൮-൧൦൯൬	൨൦	൨൦	ഇ. എസ്. എൽ. സി.	൬	
	മറ്റുഹിന്ദു								
൧	ചെട്ടിയാർ	കെ. കുഞ്ഞുകൃഷ്ണചെട്ടിയാർ ബി. എ.	ആക്ടിംഗ് ഹെഡ്ക്ലാർക്ക്	൧-൨-൧൦൯൯	൨൦	൪൦ + ൧൩	ബി. എ-യും അമ്പൽ പരീക്ഷയും	൩	+ സ്ഥിരം ഹെഡ്ക്ലാർക്ക് മറ്റു ജോലിയിൽ അമ്പൽ ഇൻസ്പെക്ടർഗ്രേഡ് II
൧	പ്രോട്ടസ്റ്റൻറ ക്രിസ്ത്യൻ	പി. ദേവധം	അക്കൌണ്ടന്റ	൨൮-൨-൧൦൮൬	൧൦	൩൫	മെട്രിക്കുലേഷൻ	൧൬	
൨	റോമൻകത്തോലിക്കൻ	എൻ. എസ്. ഫർണാണ്ടസ്	ടി	൧-൫-൧൦൮൪	൫	൨൦	ഒന്നുമില്ല	൧൮	
൩	ജാക്കോബൈറ്റ് ക്രിസ്ത്യൻ	സാബി ജേക്കബ് റൊഡ്രിഗ്സ്	ടി	൧-൨-൧൦൯൯	൨൦	൨൦	ഇ. എസ്. എൽ. സി. അമ്പൽപരീക്ഷ	൩	
൪	സിറിയൻ ക്രിസ്ത്യൻ	കെ. വി. വർക്കി	ടി	൧-൪-൧൦൮൩	൮	൩൫	ഇംഗ്ലീഷ് മിഡിൽസ്കൂൾ	൧൯	
൫	ടി	പി. ഓ. ജേക്കബ്	ക്ലാർക്ക്	൧-൮-൧൦൯൬	൨൦	൨൦	ബി. എ.	൬	

അനുബന്ധം III.

൨൫൭-ാംനമ്പർ ചോദ്യത്തിന്റെ മറുപടികാണുക,

൧൦൯൯-ലും, ൧൧൦൦-ലും, ൧൧൦൧-ലും തിരുവനന്തപുരത്തുള്ള ആശുപത്രികളിൽ അകത്തു കിടത്തിയും പുറമേ മരുന്നുകൊടുത്തും ചികിത്സിക്കപ്പെട്ടവരായ രോഗികളെസംബന്ധിച്ച പട്ടിക.

നമ്പർ	സ്ഥാപനത്തിന്റെ പേരു	സന്നിപാതജ്വരം			വയറുകടി			മലമ്പനി		
		൧൦൯൯	൧൧൦൦	൧൧൦൧	൧൦൯൯	൧൧൦൦	൧൧൦൧	൧൦൯൯	൧൧൦൦	൧൧൦൧
൧	ജനറൽ ആശുപത്രി	൩൧൧	൩൩൨	൨൭൪	൧൨൭൫	൧൪൩൦	൧൮൧൦	൧൨൭൮	൮൯൯	൧൨൫൨
൨	സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി	൧൬൯	൧൫൨	൧൯൩	൯൭൫	൧൧൫൬	൧൦൮൧	൧൮൪	൨൪൬	൩൨൧
൩	കോട്ടയ്ക്കകം ആശുപത്രി	൧൮൫	൨൩൫	൧൩൯	൧൧൦൮	൧൨൯൯	൧൮൮൩	൩൦൧	൨൩൬	൩൫൨
൪	പകർച്ചയുള്ള സുഖക്കേടുകൾക്കുള്ള ആശുപത്രി	൧൩	൬	൫	൨൪൮	൨൫൨	൩൧൮	൩൩൧	൨൮൬	൨൭൨
	ആകെ	൬൭൮	൭൨൫	൬൧൧	൩൬൦൬	൪൧൩൭	൫൦൯൨	൨൦൯൪	൧൬൬൭	൨൧൯൭

അനുബന്ധം IV,

൨൫൭-ാംനമ്പർ ചോദ്യത്തിന്റെ മറുപടി കാണുക.

കൊല്ലവർഷം ൧൧൦൧-ാമാണ്ടു ൧൫ രൂപയും അതിൽകൂടുതലും ശമ്പളത്തിലുള്ള നിയമനങ്ങളുടെ പട്ടിക.

	൧൫ മുതൽ ൧൦൦ വരെ രൂപായിലുള്ള നിയമനങ്ങൾ				൧൦൦ രൂപായിലും അതിനുമേലുമുള്ള നിയമനങ്ങൾ			
	റോമൻകത്തോലിക്കർ	കത്തോലിക്കരല്ലാത്തക്രിസ്ത്യാനികൾ	നായന്മാർ	ഈഴവർ	റോമൻകത്തോലിക്കർ	കത്തോലിക്കരല്ലാത്ത ക്രിസ്ത്യാനികൾ	നായന്മാർ	ഈഴവർ
മെഡിക്കൽ ഡിപ്പാർട്ടുമെന്റു	൧൧	൭	൮	൧	൧	൪	...	൧
ലാൻഡ്റവന്യൂ ഡിപ്പാർട്ടുമെന്റു	൩	൧൨	൧൬	൬	...	...	...	...
എക്സൈസ് ഡിപ്പാർട്ടുമെന്റു	൪	൭	൨൪	൪	...	...	...	...
ഹജൂർ ആഫീസ്	...	൧	൧	...	...	...	...	...

നിയമനിർമ്മാണം (തുടർച്ച).

തിരുവിതാംകൂർ നമ്പൂതിരിബിൽ (തുടർച്ച).

മി. ജി. ശങ്കരൻപോററി (സംയുക്താംഗമെമ്പർ): സർ, നമ്പൂതിരിബില്ലിന്റെ അവതരണത്തിനുള്ള ആവശ്യകതയെപ്പററിയും അതിന്റെ ഉദ്ദേശത്തെപ്പററിയും ഞാൻ ഇന്നലെ അല്പം സംസാരിച്ചു. ബില്ലിൽ അടങ്ങിയിട്ടുള്ള മൂലതത്വങ്ങളെപ്പററിയും ബില്ലിലെ ചില വ്യവസ്ഥകളെപ്പററിയും ഉള്ള എന്റെ അഭിപ്രായം ഞാൻ ഇന്നു ഇവിടെ പ്രസ്താവിക്കാം. ഈസന്ദർഭത്തിൽ എനിക്കു പറവാനുള്ളതു്, സാധാരണ എല്ലാ സമുദായങ്ങളിലേയുംപോലെ ഞങ്ങളുടെ സമുദായത്തിലും പരിവർത്തനത്തെ സംബന്ധിച്ചു പ്രതികൂലികൾ, മിതവാദികൾ, നവീകരണവാദികൾ എന്നു മൂന്നുതരം പ്രസിദ്ധകക്ഷികളുണ്ടു്. ഈ കക്ഷികൾഎല്ലാം ഒരേ അഭിപ്രായത്തിൽ കാണപ്പെടുന്നതു സാധാരണയല്ല. അതുതന്നെയാണ് ഞങ്ങളുടെ സമുദായത്തിലും കാണപ്പെടുന്നതു്. ഞങ്ങളുടെ സമുദായത്തിലും അഭിപ്രായവ്യത്യാസം ഉള്ളവർ ഉണ്ടെന്നുള്ളതു് ഒളിക്കുന്നതിനോ നിഷേധിക്കുന്നതിനോ ഞാൻ ഒരുക്കമില്ല. എന്നാൽ ഈവിധം ഒരു ബില്ലിന്റെ ആവശ്യകതയെപ്പററി അഭിപ്രായവ്യത്യാസം ഇല്ല എന്നാണ് ഞാൻ ഇവിടെ സമർപ്പിക്കുന്നതു്. അഭിപ്രായവ്യത്യാസമുള്ളതു ബില്ലിൽ അടങ്ങിയിരിക്കുന്ന വിവിധ വ്യവസ്ഥകളെപ്പററി മാത്രമാണ്. ഒരുകാലത്തും മുന്നോട്ടുപോകാൻ പാടില്ലെന്നുള്ള യാഥാസ്ഥിതികന്മാരുടേയും എന്തു സംഭവിച്ചാലും തരക്കേടില്ല. സർവ്വും മുന്നോട്ടുപോകണംഎന്നു സിദ്ധാന്തിക്കുന്ന നവീകരണവാദികളുടേയും മദ്ധ്യേയാണ് എന്റെ നില എന്നു ഞാൻ അറിയിക്കുന്നു. അതുകൊണ്ടു ബില്ലിൽ അയുക്തികളും ചില വ്യവസ്ഥകളിൽ ഒരു യാഥാസ്ഥിതിക ഭാവവും പ്രബലമായിരിക്കുന്നതു് നിങ്ങൾക്കു കാണാവുന്നതാണ്. തന്റെ സമുദായത്തെ നന്നാക്കുന്നതിനു ഒരു നമ്പൂതിരിയാൽ അവതരിപ്പിക്കപ്പെട്ടു എന്നു വിചാരിക്കപ്പെടുന്ന ഈ ബില്ലിൽ അന്തർല്ലീനങ്ങളായിരിക്കുന്ന വ്യവസ്ഥകളുടെ കുഴപ്പം എങ്ങനെ ഉണ്ടായി എന്നുള്ളതിൽ നിങ്ങളിൽ ആരുംതന്നെ അതിശയിക്കാതിരിക്കാനായിട്ടാണ് ഇതു ഞാൻ പ്രാരംഭനിരീക്ഷണമായി പ്രസ്താവിക്കുന്നതു്. നമുക്കു കഴിവുള്ളിടത്തോളം യാഥാസ്ഥിതികസംഘത്തെ നമ്മുടെകൂടെ കൊണ്ടുവരികയും അതേസമയംതന്നെ നവീകരണ വാദികളെ സമ്മതിപ്പിക്കയും വേണമെന്നുള്ളതുകൊണ്ടു എല്ലാ പരിഷ്കർത്താക്കന്മാരും ചെയ്യാറുള്ളതുപോലെ ഞങ്ങളുടെ ഒരു മദ്ധ്യേപഥമാണ് ശ്രമിക്കുന്നതു്. ഞാൻ ഇന്നലെ പറഞ്ഞതുപോലെ ഞങ്ങൾക്കു ഒരു നിയമപദ്ധതിയുണ്ടു്. ഞങ്ങളെ ഭരിക്കുന്ന നിയമം മുഴുവനും ഞങ്ങൾക്കു നിയമമാക്കി തീർക്കേണ്ട ആവശ്യമില്ല, അതുമല്ല, ഞങ്ങളുടെ സമുദായത്തെ ഭരിക്കുന്ന നിയമത്തിന്റെ മൂലതത്വങ്ങളിൽ പ്രധാനമാററങ്ങൾ വരുത്തേണമെന്നും ഞങ്ങൾ വിചാരിക്കുന്നില്ല. ഞങ്ങൾക്കു ഏതാനും ചില മാററങ്ങൾമാത്രമേ ആവശ്യമുള്ളു. ആ മാററങ്ങൾതന്നെ പ്രത്യേകത്തിൽ കൂട്ടുകുടുംബ വ്യവസ്ഥ സംബന്ധിച്ചുള്ളതാണ്. ഇനി ഞാൻ ൪൮ മുതൽ ൫൦ വരെയുള്ള വകുപ്പുകളെപ്പററി പറയാം. വെളിവായി പറയുകയാണെങ്കിൽ ഞങ്ങൾക്കാവശ്യമുള്ളതു ഈ മൂന്നു വകുപ്പുകളും മാത്രമാണ് എന്നു ഞാൻ പ്രസ്താവിക്കുന്നു. എന്നാൽ ഒരു ബില്ലിന്റെ പ്രാഭവത്തിനുവേണ്ടി മാത്രമാണ് മററു വ്യവസ്ഥകളെല്ലാം അതിൽ സംഗ്രഹിച്ചിരിക്കുന്നതു്. കൂട്ടുകുടുംബവ്യവസ്ഥ മാററുന്നുഎന്നു യാഥാസ്ഥിതികന്മാർക്കു തോന്നാത്തവിധം ആരീതി മാററണമെന്നുമാത്രമേ ഞങ്ങൾക്കാവശ്യമുള്ളു. വിശേഷിച്ചും ഞങ്ങളുടെ സമുദായത്തിൽ വക്രബുദ്ധികളായ യാഥാസ്ഥിതികരുള്ളപ്പോൾ അതിൽ ഞങ്ങൾ എത്രത്തോളം വിജയികളാകുമെന്നു എനിക്കറിഞ്ഞുകൂടാ. വിവിധ ഹൈക്കോടതികളിലെ വിധികളും മുൻനടപ്പും ഞങ്ങളുടെ കുടുംബങ്ങളിലെ യാതൊരു അംഗത്തിനും ഉപജീവനമാർഗ്ഗലാഭത്തിനു നിശ്ചയമായും വഴിയുണ്ടാക്കുന്നില്ല. അതു നിങ്ങളിൽ ചിലർക്കു ആശ്ചര്യമായിരിക്കാം. ഞങ്ങൾ എല്ലാവരും തറവാട്ടിലെ സ്വത്തുക്കൾക്കു തുല്യ അവകാശികളാണ്. കുടുംബത്തിലെ ഏതു സ്വത്തിലും ഞങ്ങൾക്കു പോകുകയും പങ്കുകൊള്ളുകയുംചെയ്യാം. എന്നാൽ കാരണവൻ ഞങ്ങളിൽ ആരോടെങ്കിലും ദ്വേഷ്യപ്പെട്ടുവെങ്കിൽ അദ്ദേഹത്തിനു അയാളെ വീട്ടിൽകയറാതെപോലും തടയാവുന്നതും, അയാൾ വീട്ടിൽനിന്നും അതിനുശേഷം ആഹാരംകഴിക്കുന്നതു എങ്ങനെ എന്നുള്ളതിനെപ്പററി ഇനിയും ഞാൻ ഒന്നുംപറയേണ്ട ആവശ്യമില്ലാത്തതും ആകുന്നു. ഈ സ്ഥിതിയിൽ ആ മനുഷ്യനു നിശ്ചയമായും ഊട്ടുപുരകളും ദേവാലയങ്ങളും മാത്രമാണ് അഭയസ്ഥാനങ്ങൾ. ഇതാണ് ഞങ്ങളുടെ സമുദായത്തിലെ നിയമം. ഞങ്ങളിൽ ഓരോരുത്തനും അവനവന്റെ ഉപജീവനത്തിനു അത്യാവശ്യമായ ചുരുങ്ങിയതുക കിട്ടുന്നതിനു സാദ്ധ്യമാകണം. കാരണവന്റെ വിസമ്മതം കൂട്ടാക്കാതെ ഞങ്ങളുടെ ആവശ്യത്തിന്റെ അല്പിഷ്ടംമാത്രം ലഭിക്കുന്നതിനാണ്, ഇതു വിചാരിച്ചിട്ടുള്ളതെന്നു വ്യവസ്ഥകളിൽനിന്നു നിങ്ങൾക്കു കാണാവുന്നതാണ്. തങ്ങളുടെ സ്വന്ത സമുദായത്തിൽനിന്നും വിവാഹംചെയ്യണമെന്നു ആഗ്രഹിക്കുന്ന ഇളമുറക്കാർക്കു കാരണവരുടെ സമ്മതംകൂടാതെ അവരുടെ ഉദ്ദേശ്യം സാധിക്കുന്നതിനും കൂടെ ഞങ്ങൾക്കു ആവശ്യമുണ്ടു്. ഇപ്പോൾ ഒരു ഇളമുറക്കാരനു് അവന്റെ സ്വന്ത സമുദായത്തിൽനിന്നും ഒരു പെൺകുട്ടിയെ വിവാഹംചെയ്യണമെന്നു വിചാരിക്കുക. എന്റെ ചില മാന്യസ്നേഹിതന്മാർ പറഞ്ഞതുപോലെ അതിനു സ്മൃതിവിരോധം കല്പിക്കുന്നില്ല. എന്നാൽ ആചാരപ്രകാരം ചില തടസ്സങ്ങൾഉണ്ടു്. ആ ആചാരം കാരണവന്മാർ മുറുകെപിടിക്കുന്നുണ്ടു്. ഒരു മനുഷ്യൻ അയാളുടെ ഭാര്യയായി തന്റെ സമുദായത്തിൽനിന്നും ഒരു പെണ്ണിനെ കെട്ടുന്നതിനു ശ്രമിക്കുന്നുവെങ്കിൽ സാധാരണയായി പെണ്ണിനെ ഭർത്താവിന്റെ വീട്ടിൽ പ്രവേശിക്കാൻ അനുവദിക്കയില്ലെന്നും അവന്റെ തറവാട്ടിൽ നിന്നും സംരക്ഷിക്കപ്പെടുകയില്ലെന്നും ഉള്ളതുകൊണ്ടു അവളുടെ മാതാപിതാക്കന്മാർ അതിനു അനുകൂലിക്കയില്ല. അതുകൊണ്ടു പ്രഥമമായി സ്വ സമുദായത്തിൽനിന്നും വിവാഹംചെയ്യണമെന്നു ആഗ്രഹിക്കുന്ന ഒരു ഇളമുറക്കാരനു ചിലവിനുകൊടുക്കുക എന്നതു വളരെ വൈഷമ്യംതന്നെ. അയാൾ വിവാഹംചെയ്യുന്നുവെന്നു വിചാരിക്കുക സാധാരണയായി കാരണവന്റെ അനുവാദവും സഹായവുംകൂടാതെ അവനു അവന്റെ തറവാട്ടുഗൃഹത്തിൽ ഭാര്യയെ കൊണ്ടുവരാൻസാധിക്കയില്ല. സ്വ സമുദായത്തിൽനിന്നും ഭാര്യമാരെ സ്വീകരിച്ചിട്ടുള്ള ഇളമുറക്കാർ അവരെയുംകൊണ്ടു തറവാട്ടുഗൃഹത്തിൽപോകുന്നതും കാരണവന്മാരാൽ നിയമിതരായ ആളുകളാൽ തടസ്സം ചെയ്യപ്പെട്ടവരായി അവിടെ കയറുന്നതിനു സാധിക്കാതെയും അവരുടെ വീട്ടിൽ താമസിച്ചു മധുവിധു അനുഭവിക്കുന്നതിനു പകരം മടങ്ങിപ്പോകുന്നതായും ഉള്ള ദൃഷ്ടാന്തങ്ങൾ എനിക്കറിയാം. ഈ സദസ്സിൽ കൂടിയിരിക്കുന്ന ഏതാനും മാന്യന്മാർക്കും അറിയാവുന്നതാണ്. വധൂവരന്മാർ ഗൂഢമായി വീട്ടിൽ പ്രവേശിക്കുന്നപക്ഷം ആവശ്യപ്പെട്ടാൽ കാരണവന്മാർ ശക്തി പ്രയോഗിച്ചു അവരെ ഇറക്കുന്നതിനും ശ്രമിക്കുന്നു. ആ മാതിരി സംഭവങ്ങളും എനിക്കറിയാം

സമുദായത്തിൽ നിന്നും ഭാര്യമാരെ കിട്ടുന്നതിൽ നമ്പൂരി സമുദായത്തിലെ ഇളയമുറക്കാരുടെ അവകാശങ്ങളെ സംബന്ധിച്ചു ഞങ്ങളുടെ നിലയെ എനിക്കു ഈ സഭയുടെ ശ്രദ്ധയിൽ വിഷയീഭവിപ്പിക്കേണ്ടതായിട്ടുള്ളതുകൊണ്ടു ഞാൻ കൂടുതൽ സമയം എടുക്കുന്നു എന്നു എനിക്കറിയാം. ഇളയമുറക്കാരുടെ വിവാഹസ്വാതന്ത്ര്യത്തെ സംബന്ധിച്ചുള്ള നിയമത്തിന്റെ നില ഇതാണ്. മററു സമുദായങ്ങളിലെപ്പോലെ തന്നെ ഞങ്ങളുടെ സമുദായത്തിലും കുടുംബജീവിതത്തിന്റെ മൂലതത്വം വിവാഹമായതുകൊണ്ടു ആ നിയമം ഞങ്ങൾക്കു ആദ്യമായി മാററണം. അതുസംബന്ധമായി ഒരു മാററം ഞങ്ങൾക്കു നടപ്പാക്കണം. അതുകൊണ്ടാണു ആ മൂന്നു നിബന്ധനകളും അതായതു ൧൭ മുതൽ ൨൦ വരെയുള്ള മൂന്നു വകുപ്പുകളും ബില്ലിന്റെ ഹൃദയവും രണ്ടു അറകളും മജ്ജയുമെന്നു ഞാൻ പറയുന്നതു. മററു വ്യവസ്ഥകൾ ഞാൻ മുമ്പു പ്രസ്താവിച്ചപോലെ ബില്ലിന്റെ പ്രാബല്യത്തിനു വേണ്ടി മാത്രമുള്ളവയാണ്. അതുകൊണ്ടു സമുദായത്തിൽനിന്നും ഭാര്യമാരെ സ്വീകരിക്കുന്നതിനുള്ള മുറക്കാർക്കുള്ള അപ്രാപ്തതയെ നിവാരണം ചെയ്യുന്നതിനു മാത്രമാണ് ഞങ്ങളുടെ ഉദ്ദേശ്യം. അതാണ് പ്രധാനമായ ഉദ്ദേശവും. അവർ തറവാട്ടുഗൃഹത്തിലോ അഥവാ പുറമേയോ താമസിച്ചാലും കാരണവന്റെ അപ്രീതിക്കു പാത്രവാനായാലും അല്ലെങ്കിലും അവർക്കു ചിലവിനു കിട്ടുന്നതിനു നിയമംമൂലം അവർ ബന്ധിതരായാൽ മാത്രമേ ആ ഉദ്ദേശ്യം സാധിക്കയുള്ളു. ഞങ്ങൾ ഈ ഒരു വിഷയത്തിൽ ജയിക്കുന്നുവെങ്കിൽ മററു എല്ലാ നന്മകളും ഓരോന്നായിവന്നു ചേരുമെന്നു എനിക്കു നിശ്ചയമുണ്ട്. അതുകൊണ്ടുതറവാട്ടിലെ ചെലവിൽ ഞങ്ങൾക്കു ഉപജീവിക്കാൻ സാധിക്കുമെന്നുള്ള വിശ്വാസത്തിന്മേൽ തങ്ങളുടെ സ്വന്ത സമുദായത്തിൽനിന്നും ഇളയമുറക്കാർക്കു ഭാര്യമാരെ സ്വീകരിക്കുന്നതിനുള്ള സ്വാതന്ത്ര്യത്തിന്റെ ആവശ്യകതയെ ഈസന്ദർഭത്തിൽ വിഷയീഭവിപ്പിക്കുന്നതിനു ഞാൻ അനുവാദം ചോദിച്ചുകൊള്ളുന്നു.

ബില്ലിലെ ഏതാനും ചില വ്യവസ്ഥകളെ അവയുടെ പ്രാധാന്യമനുസരിച്ചു ഞാൻ ഇപ്പോൾ ചർച്ചചെയ്യുന്നു. ആദ്യമായി ഞാൻ ൧൭ മുതൽ ൨൦ വരെയുള്ള വകുപ്പുകളെ പരിശോധിക്കാം. സ്വ സമുദായത്തിൽനിന്നു വിവാഹംചെയ്യുന്ന ഒരുവനേയും സ്വ സമുദായത്തിൽനിന്നു വിവാഹം ചെയ്യാത്ത ഒരുവനേയും തമ്മിൽ അസൂയ തോന്നത്തക്കതായ ചില വ്യത്യാസങ്ങൾ ൧൭-ാം വകുപ്പിൽ കാണുന്നുണ്ട്. നിശ്ചയമായും അതു വളരെ അസൂയാവഹമായി കാണുന്നു. അതു ഞാൻ ഏറ്റുപറകയും കുററം സമ്മതിക്കുകയും ചെയ്യുന്നു. സ്വ സമുദായത്തിൽനിന്നും ഭാര്യമാരെ സ്വീകരിക്കുന്ന കാര്യത്തിൽ ഇളയമുറക്കാരെ പ്രേരിപ്പിക്കുന്നതിനു വളരെ പ്രകൃത്യനുസരണവും എന്നാൽ പരക്കെ അസൂയാവഹവും ആയുള്ള ആ മാതിരി വ്യവസ്ഥ ഞങ്ങളുടെ സമുദായത്തിന്റെ ഇപ്പോഴത്തെ നിലക്കു ആവശ്യമാണ്. സമുദായത്തിൽനിന്നും വെളിയിലേക്കു വിവാഹബന്ധത്തിനായി പോകുന്നവരുടെ നേരെ ഒരു ശിക്ഷാ വകുപ്പായിട്ടാണു അതു ചേർത്തിരിക്കുന്നത്. ഞങ്ങൾ അതു വെളിവായി സമ്മതിക്കയും അതിന്റെ കുററം ഏൽക്കുകയും ചെയ്യുന്നു. ആ വ്യവസ്ഥ മൂലം ബാധിതരായി എന്നു വിചാരിക്കപ്പെടുന്നവരായ ഇളയമുറക്കാരിൽ മിക്കവരും തന്നെ ആ വകുപ്പിൽ വിപരീതമായി യാതൊന്നും പറയുന്നില്ലെന്നു ഞാൻ വിചാരിക്കുന്നു, എന്തുകൊണ്ടെന്നാൽ ഞാൻ ഇന്നലെ പറഞ്ഞതുപോലെ ഇപ്രകാരം ഒരു വ്യവസ്ഥ ബില്ലിൽ ചേർക്കുന്നതിനു യുവാക്കന്മാരുടേയും വൃദ്ധന്മാരുടേയും പ്രാതിനിധ്യമുള്ള യോഗക്ഷേമസഭ അനുവദിക്കുന്നുണ്ട്.

മി. ജി. രാമൻമേനോൻ (മാവേലിക്കര-കാർത്തികപ്പള്ളി): അപ്രകാരമുള്ള മുറക്കാരുടെ ഭാര്യമാരുടെ സംരക്ഷണയെപ്പററി എന്തു വ്യവസ്ഥയാണുള്ളത്.

മി. ജി. ശങ്കരൻപോററി (സംയുക്ത): നിശ്ചയമായും ഇളയമുറക്കാരും അവരുടെ ഭാര്യമാരും കുട്ടികളും ഉണ്ടെങ്കിൽ കുട്ടികളുടെ കുട്ടികളും സംരക്ഷണയ്ക്കു അർഹരാകും എന്നാൽ അവർ സമുദായത്തിനുപുറമേ നിന്നു വിവാഹംചെയ്യുകയാണെങ്കിൽ മി. പി. കെ. നാരായണപിള്ള ജെസിയാ എന്നു പറഞ്ഞതായ വ്യവസ്ഥ ഇപ്പോഴത്തെ നില അനുസരിച്ചു പ്രയോഗിക്കേണ്ട ആവശ്യം ഞങ്ങൾക്കുണ്ട്. ഞങ്ങളുടെ സമുദായം സംഖ്യയിൽ വർദ്ധിക്കേണ്ട ആവശ്യമുണ്ട്. ഞങ്ങളുടെ സമുദായം സംഖ്യയിൽ വർദ്ധിക്കുന്നതിനു അനുവദിക്കപ്പെടുന്നതുകൊണ്ടു ലോകത്തിനു ഒരു ഉപദ്രവവും ഉണ്ടാകുന്നതായി ഞാൻ ഗണിക്കുന്നില്ല. അതിലേക്കു അപ്രകാരം ഒരു വകുപ്പു ശിക്ഷാവകുപ്പിന്റെ രീതിയിൽ ഞങ്ങൾക്കാവശ്യമുണ്ട്.

മി. സി. പി. തോമസ്. (നിയമിത): ഈ റഗുലേഷൻ നടപ്പിലാകുന്നതിനു മുമ്പായി സമുദായത്തിനു വെളിയിൽനിന്നും വിവാഹത്തിൽ ഉൾപ്പെട്ടവരെപ്പററി എന്താണ്?

മി. ജി. ശങ്കരൻപോററി (സംയുക്ത). ചെലവിനുള്ള രീതിയിൽ യാതൊന്നുംതന്നെ കിട്ടുകയില്ല. എന്നു പൂർണ്ണമായി അറിഞ്ഞുകൊണ്ടു അവർ വിവാഹബന്ധത്തിൽ അകപ്പെട്ടുപോയതിനാൽ അവരെപ്പററി പ്രത്യേകം വ്യവസ്ഥചെയ്യേണ്ടതില്ല. അതുകൊണ്ടു അവരുടെ സംഗതിയിൽ നഷ്ടം ഇല്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്). "ഞങ്ങളുടെ ഇടയിൽ മുപ്പതിനുമീതെ 'വയസ്സായിട്ടും അവിവാഹിതകളായിരിക്കുന്ന കന്യകമാർ ധാരാളമുണ്ട്. ഒന്നും രണ്ടും പത്നികളില്ലാത്ത അന്തർജ്ജനങ്ങളും രണ്ടും മൂന്നും അന്തർജനങ്ങളില്ലാത്ത ഗൃഹസ്ഥാശ്രമികളും കുറവാണ്. വൃദ്ധന്മാരാണ് പലപ്പോഴും മംഗല്യച്ചരടു കെട്ടിച്ചു ഞങ്ങളുടെ ജന്മം അമംഗളമാക്കുന്നതു". ഈ സംഗതികൾ മെമ്പറിനു അറിവുണ്ടോ?

മി. ജി. ശങ്കരൻപോററി (സംയുക്ത). ഉവ്വ്. അതെല്ലാം പരമാർത്ഥംതന്നെ. ഇളയമുറക്കാരെ അവരുടെ സ്വന്തം സമുദായത്തിൽനിന്നും വിവാഹം ചെയ്യിക്കുന്നതിനു പ്രോത്സാഹിപ്പിക്കുന്നതോടുകൂടി ഞങ്ങൾക്കുമാറേറണ്ടതായിട്ടുള്ളതു ഈ മാതിരി സംഗതികളാണ്. അതുകൊണ്ടു അതു ഒരു ശിക്ഷാവകുപ്പായിട്ടു ഉദ്ദേശിച്ചിട്ടുള്ളതും ഈ വ്യവസ്ഥകൾ ഉപകാരപ്രദങ്ങളാണെന്നു ഇളയമുറക്കാർക്കു തോന്നുമ്പോൾ അവർക്കു അവരുടെ സമുദായത്തിൽനിന്നും പെണ്ണുങ്ങളെ ഭാര്യമാരായി സ്വീകരിക്കാവുന്നതും, മററുള്ളവരോടൊപ്പം അവർക്കു തറവാട്ടു സ്വത്തുക്കൾ അനുഭവിക്കാവുന്നതും ആകുന്നു. നിശ്ചയമായും ഞാൻ എന്റെ സ്വന്തം അഭിപ്രായത്തിൽനിന്നും മാറി സമുദായത്തിന്റെ അഭിപ്രായത്തിൽ പറയുകയാണ് വകുപ്പു ഇപ്രകാരമാണ്:—

"ഗൃഹസ്ഥനായിരിക്കുന്ന തറവാട്ടിലെ ഏതെങ്കിലും അംഗവും തറവാട്ടു ഗൃഹത്തിലോ അല്ലാതെയോ താമസിച്ചാലും ആ അംഗം തറവാട്ടിൽനിന്നും സംരക്ഷിക്കപ്പെടും; എന്നാൽ തറവാട്ടിലെ മററു യാതൊരു അംഗത്തിനും തറവാട്ടു ഗൃഹത്തിൽ താമസിച്ചാലല്ലാതെ ചെലവിനു കിട്ടുന്നതിനു അവകാശം ഇല്ല."

ഇളമുറക്കാരൻ അവരുടെ സമുദായത്തിൽ വിവാഹം ചെയ്യണമെന്നു ഈ വകുപ്പു പ്രസ്താവിക്കുന്നില്ല. അയാൾ വിവാഹം ചെയ്യുന്നു എങ്കിൽ അയാൾ സംരക്ഷണത്തിനു അവകാശിയാകുന്നതും അയാൾക്കു പ്രത്യേകം താമസിച്ചു അയാളുടെ ചെലവിനു വാങ്ങിക്കാവുന്നതും ആകുന്നു. അപ്രകാരമുള്ള പ്രത്യേക സ്വാതന്ത്ര്യജീവിതം സാദ്ധ്യമാകുന്നതിനു ബില്ലിൽ അടുത്ത വ്യവസ്ഥ ചേർത്തിരിക്കുന്നു.

മി. എം. ശിവതാണുപിള്ള (തോവാള): വിവാഹംചെയ്യാത്ത ഇളമുറക്കാർ തറവാട്ടു ഗൃഹത്തിനു പുറമേ താമസിച്ചാലും അവർക്കു ചെലവിനു കൊടുക്കുന്നതിനു മെമ്പറിനു സമ്മതമാണോ എന്നു അദ്ദേഹം എന്നെ അറിയിക്കുമോ?

മി. ജി. ശങ്കരൻപോററി (സംയുക്ത). അയാൾ തറവാട്ടു ഗൃഹത്തിൽ താമസിക്കുകയാണെങ്കിൽ അയാൾക്കു ചെലവിനു ലഭിക്കും; എന്നാൽ ഒരു ഗൃഹസ്ഥന്റെ സംഗതിയിൽ അയാൾ പുറമേ താമസിച്ചാലും അയാൾക്കു ചെലവിനു കിട്ടാൻ അവകാശമുണ്ട്.

മി. എം. ശിവതാണുപിള്ള (തോവാള): സാധാരണ ചെലവുകൾക്കും ഉപജീവനച്ചെലവിനും തമ്മിൽ മെമ്പർ എന്തെങ്കിലും വ്യത്യാസം കല്പിക്കുന്നുണ്ടോ എന്നു അദ്ദേഹം അറിയിക്കുമോ?

മി. ജി. ശങ്കരൻപോററി (സംയുക്ത): നിശ്ചയമായും ഉണ്ട്. ആഹാരവും വസ്ത്രവും കുളിക്കുന്നതിനു എണ്ണയും കുറിയുമുള്ള ചെലവാണ് ഉപജീവനം. എന്നാൽ സാധാരണ ചെലവുകൾ എന്നുള്ളതിൽ ചികിത്സ, വിദ്യാഭ്യാസം മുതലായ മററു ചെലവുകൾകൂടി ഉൾപ്പെടുന്നുണ്ട്.

മി. എം. ശിവതാണുപിള്ള (തോവാള): എന്നാൽ വിവാഹം ചെയ്യാത്ത തറവാട്ടു ഗൃഹത്തിൽ താമസിച്ചാൽ അവർക്കു ചെലവിനു കിട്ടുമെന്നുള്ളതുകൊണ്ടു സ്വന്ത സമുദായത്തിൽനിന്നും ഭാര്യമാരെ സ്വീകരിക്കുന്നതിനു ഈ വ്യവസ്ഥ ഏതു പ്രകാരത്തിൽ ഇളമുറക്കാരെ പ്രോത്സാഹിപ്പിക്കുന്നു.

മി. ജി. ശങ്കരൻപോററി (സംയുക്ത): നിശ്ചയമായും ഇളമുറക്കാരൻ കുടുംബത്തിൽതന്നെ താമസിക്കുന്നിടത്തോളം കാലം അയാൾ സംരക്ഷിക്കപ്പെടുന്നതാണ്. എന്നാൽ അയാൾ വിവാഹംചെയ്യുന്നതു സ്വസമുദായത്തിൽ നിന്നാണെങ്കിൽ വിവാഹാനന്തരം അയാളുടെ ഭാര്യയും കുട്ടികളും കൂടെ തറവാട്ടു സ്വത്തിൽനിന്നു സംരക്ഷിക്കപ്പെടും

മി. എം. ശിവതാണുപിള്ള (തോവാള): ഇളയകൂട്ടാരതന്നെ ഇളമുറക്കാർ സംരക്ഷണത്തിനു അവകാശികളാണല്ലോ?

മി. ജി. ശങ്കരൻപോററി (സംയുക്ത): ഇളമുറക്കാരോടുള്ള പെരുമാററത്തിന്റെ വ്യത്യാസം പ്രത്യക്ഷപ്പെടുന്നതു അയാൾ കുടുംബംവിട്ടു പോകുമ്പോഴാണ്. അയാൾ തറവാട്ടു ഭവനത്തിൽ താമസിക്കുന്നിടത്തോളം കാലം കുടുംബത്തിലെ അടുക്കളയിൽ അയാൾക്കും ഇഷ്ടമായ പ്രവേശനാവകാശം ഉണ്ട്. എന്നാൽ അയാൾ പുറമേ പോകയാണെങ്കിൽ അയാൾക്കു ചെലവിനു കിട്ടാൻ നിവൃത്തിയില്ല. ഞങ്ങൾക്കു വേണ്ടതു കഴിവുള്ളിടത്തോളം ഇളമുറക്കാർ സ്വന്തം സമുദായത്തിൽ വിവാഹം ചെയ്യണം എന്നാണ്. അയാൾ അപ്രകാരം ചെയ്താൽ അയാൾ തറവാട്ടു ഭവനത്തിലോ പുറമേയോ എവിടെ താമസിച്ചാലും അയാൾക്കു ചെലവിനു കൊടുക്കും അതാണ് സംഗതി. വകുപ്പു മുഴുവനും ഞാൻ മുമ്പു പറഞ്ഞതുപോലെ അനസൂയ തോന്നത്തക്കതാണെന്നു കാണാം. അതു ഒരു ശിക്ഷാവകുപ്പാണെന്നു ഞാൻ സമ്മതിക്കുന്നു. അതുമൂലം ബാധിതനാകുന്ന ആൾ അയാളുടെ സ്വന്തം സമുദായത്തിൽനിന്നും ഒരു സ്ത്രീയെ വിവാഹം ചെയ്യുന്നപക്ഷം ആ ശിക്ഷ മാററപ്പെടാവുന്നതും ആണ്. അതു അപ്പീലില്ലാത്ത ഒരു വിധിയല്ല. തന്റെ സമുദായത്തിൽനിന്നു മാത്രം ഒരു സ്ത്രീയെ ഭാര്യയാക്കി സ്വീകരിക്കണമെന്നുള്ളതിൽ മാത്രമാണു ഒരു വിജയസൂചകമായ അപ്പീൽ സ്ഥിതിചെയ്യുന്നതു.

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): വിവാഹംചെയ്യാത്ത ഒരു ഇളമുറക്കാരൻ തറവാട്ടുഭവനത്തിനു പുറമേ താമസിക്കുന്നപക്ഷം അയാൾക്കു ചെലവിനു കൊടുക്കുന്നതിൽ മെമ്പർ അനുകൂലിയാണോ എന്നു എന്നെ അറിയിക്കുമോ?

മി. ജി. ശങ്കരൻപോററി (സംയുക്ത): അതു സ്ഥിതിപോലെയിരിക്കും. ഒരു ഇളമുറക്കാരൻ വിദ്യാഭ്യാസത്തിനായി വീട്ടിൽനിന്നും ദൂരെ ഒരു സ്ഥലത്തു താമസിക്കുന്നു എന്നു വിചാരിക്കുക. നിശ്ചയമായും അയാളുടെ സംഗതിയിൽ സംരക്ഷണവും അയാളുടെ വിദ്യാഭ്യാസച്ചെലവുകളുംകൂടി വഹിക്കുന്നതാണ്.

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): ഇപ്പോൾ അതിനു അയാൾ അവകാശിയാണോ?

മി. ജി. ശങ്കരൻപോററി (സംയുക്ത): അതെ. കാരണവരു സമ്മതമുള്ളപക്ഷം കാരണവൻ വല്ലതും കൊടുക്കുന്നതു അദ്ദേഹത്തിന്റെ നല്ല മനസ്സും സമ്മതവും അനുസരിച്ചിരിക്കും.

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): ഇളമുറക്കാരൻ പ്രത്യേക കാരണത്തിന്മേൽ വിദൂരത്തിലായിരിക്കയാണെങ്കിൽ സംരക്ഷിക്കപ്പെടുന്നതാണെന്നുള്ളതു മെമ്പറുടെ അഭിപ്രായമാണോ?

മി. ജി. ശങ്കരൻപോററി (സംയുക്ത): അവർ ചില പ്രത്യേകകാര്യങ്ങൾക്കായോ വല്ല നിയോഗവും അനുസരിച്ചോ പുറമെ പോകുന്നുവെങ്കിൽ അവരെ നിശ്ചയമായും സംരക്ഷിക്കുന്നതാണ്. നേരെ മറിച്ചു കുടുംബത്തെ മുഴുവനും ഉപേക്ഷിക്കുന്നതിനായി അവർ പുറമെപോയി പ്രത്യേകം താമസിക്കുന്നുവെങ്കിൽ കുടുംബത്തിൽനിന്നും അവർ സംരക്ഷിക്കപ്പെടുകയില്ല.

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): അപ്രകാരമുള്ള സന്ദിഗ്ദ്ധസ്ഥിതികൾക്കു ബിൽ വ്യവസ്ഥ ചെയ്യുന്നുണ്ടോ?

മി. ജി. ശങ്കരൻപോററി (സംയുക്ത): തറവാട്ടു ഭവനത്തിൽനിന്നും ഒരു ആഴ്ചയോ ഒരു മാസമോ അല്ലാതെ വളരെ ദീർഘകാലം പുറമേ മാറിത്താമസിക്കുന്നതിനെ മാത്രമേ അതു ബാധിക്കുന്നുള്ളു.

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): വിവാഹംചെയ്യാത്ത ഒരു ഇളമുറക്കാരൻ വിദ്യാഭ്യാസാർത്ഥം ഇംഗ്ലണ്ടിൽ പോകുന്നുവെന്നു വിചാരിക്ക.

മി. ജി. ശങ്കരൻപോററി (സംയുക്ത): അതു കുടുംബത്തിലെ സഹായസഹകരണങ്ങളോടുകൂടിയാണെങ്കിൽ അയാൾ സംരക്ഷിക്കപ്പെടും.

മി. എം. സുബ്രഹ്മണ്യപിള്ള (അഗസ്തീശ്വരം): അയാൾ ഇംഗ്ലണ്ടിൽ ആയിരിക്കുന്ന അവസരത്തിൽ അയാളെ കുടുംബത്തിൽനിന്നും സംരക്ഷിക്കേണ്ടതില്ലെന്നും, എന്നാൽ മറവുള്ളവരുടെ സഹായത്തോടുകൂടി അയാൾ അതു സാധിക്കുന്നുഎന്നും വിചാരിക്കുക. അയാൾ തിരിച്ചുവന്നതിനുശേഷം കുടുംബത്തിൽനിന്നും സംരക്ഷിക്കപ്പെടേണ്ടതിനു അവകാശമുണ്ടോ?

മി. ജി. ശങ്കരൻപോററി (സായുക്ത): ഈ ഉദാഹരണത്തിൽ ആലോചിക്കേണ്ടതായി വേറൊരുഭാഗം കൂടിയുണ്ട്. ഇപ്പോഴത്തെ നടപ്പനുസരിച്ചു ഇംഗ്ലണ്ടിൽ പോകുന്നതു നിമിത്തം അയാൾ ഒരു ജാതിഭ്രഷ്ടനാകുന്നു. അതുകൊണ്ടു വീട്ടിൽനിന്നും വിട്ടുപോകുന്നതിനും ഒരു ജാതിഭ്രഷ്ടനാകുക എന്നതും രണ്ടു സംഗതികളാകുന്നു.

വകുപ്പു ഒരു ശിക്ഷാവകുപ്പായിട്ടു കാണപ്പെട്ടുവെന്നാണ് ഞാൻ പറഞ്ഞത്. അതു ഒരു ശിക്ഷാവകുപ്പാണെന്നു ഞാൻ സമ്മതിക്കുന്നു; എന്നാൽ ആ നിബന്ധനയിൽ അടങ്ങിയിരിക്കുന്ന വിധിയിൽ അതിന്റെ സ്വന്തം അപ്പീൽകൂടെയുണ്ട്. ശിക്ഷാർഹനായ അംഗത്തിനുതന്നെ അയാളുടെ സ്വന്തം സമുദായത്തിൽനിന്നും ഒരു ഭാര്യയെ സ്വീകരിക്കുന്നതിനു തീർച്ചപ്പെടുത്താമെങ്കിൽമാത്രം അപ്പീൽ കോടതിയാകാനും വിധി മറിച്ചാക്കാനും കഴിയുന്നതാണ്. അതുകൊണ്ടു എന്റെ മാന്യന്മാരായ സ്നേഹിതന്മാർ ആ നിബന്ധനയിൽ മുമ്പത്തേപ്പോലെ അത്ര അധികം കുററം ഇപ്പോൾ കാണുകയില്ലെന്നു ഞാൻ വിശ്വസിക്കുന്നു.

"സംരക്ഷണങ്ങളുക ൧൪-ാംവകുപ്പിൽ വിവരിച്ചിരിക്കുന്ന തറവാട്ടിലെ സാധാരണചെലവുകളെ അടിസ്ഥാനമാക്കി തീർച്ചപ്പെടുത്താവുന്നതും അതു അയാളുടെ നേർക്കുള്ള ഏതുവിധിയുടെ ജപ്തി, ലേലം ഇവകൾക്കു ഉത്തരവാദം ചെയ്യുന്നതല്ലാത്തതും ആകുന്നു."

എനിക്കു അതുസംബന്ധിച്ചു യാതൊന്നും പറയാനില്ല. അതു ചോദ്യത്തിന്റെ സൂക്ഷ്മാംശംമാത്രമാകുന്നതും സിലക്ട്കമ്മിററിയിൽ തീർച്ചപ്പെടുത്താവുന്നതും ആകുന്നു. ൨൦-ാംവകുപ്പു വളരെ ശ്രദ്ധാർഹമായി ഇന്നലെ കാണപ്പെട്ടു. എതിരിന്റെയും പക്ഷേ അവമാനത്തിന്റെയും ലക്ഷ്യം അതായിരുന്നു. ഈ ബില്ലിന്റെ പ്രയോക്താവിന്റെ പ്രധാനഉദ്ദേശ്യം നായർറഗുലേഷനെ ദുർബലപ്പെടുത്തണമെന്നല്ലെന്നു ഞാൻ അറിയിച്ചുകൊള്ളുന്നു. പ്രയോക്താവിന്റെ ഉദ്ദേശ്യം, ഒന്നാമതായി, ഞങ്ങളുടെ സമുദായത്തിന്റെ ക്ഷേമം, മററുസമുദായക്കാരുടെ നന്മയ്ക്കു നിശ്ചയമായും യാതൊരുനാശവും സംഭവിക്കാതെ, സൂക്ഷിക്കയും സംരക്ഷിക്കപ്പെടുകയും ചെയ്യണമെന്നുള്ളതാകുന്നു. ഈ വകുപ്പു നായർറഗുലേഷനിലെ ചിലനിബന്ധനകൾക്കു വളരെ പ്രതികൂലമാണെന്നു എന്റെ ചില നായർസ്നേഹിതന്മാർ വിചാരിക്കുന്നു. അതു അത്രത്തോളം ഇല്ലെന്നു കാണിക്കുന്നതിനു ഞാൻ ശ്രമിക്കാം. ഒരു അനായർ ഭർത്താവിന്റെ മരണത്തിലുള്ള വ്യവസ്ഥകളെപ്പററി നായർറഗുലേഷൻ ചിന്തിക്കുന്നുണ്ടു. അതു എല്ലായ്പ്പോഴും ഒരു നമ്പൂതിരിയെ സംബന്ധിച്ചല്ലെന്നു എനിക്കു തോന്നുന്നു. വിവിധജാതിക്കാർ നായന്മാരിൽനിന്നും ഭാര്യമാരെ സ്വീകരിക്കുന്നു; അതിൽഒന്നു നമ്പൂതിരിസമുദായവും ആണ്. നമ്പൂതിരിമാരും, കോയിത്തമ്പുരാക്കന്മാരും, രാജാക്കന്മാരും, വാര്യന്മാരും, പിഷാരോടികളും, മററു അനേകം സമുദായക്കാരും നടപ്പു അനുസരിച്ചു നായർസ്ത്രീകളെ വിവാഹംചെയ്യുന്നു. അത് വളരെ നീണ്ട ഒരുപട്ടികയാണ്. നായർസ്ത്രീകളെ വിവാഹംചെയ്യുന്നതായി നാല്പതുജാതിക്കാരുണ്ടെന്നു ഞാൻ ഉദ്ദേശിക്കുന്നു. ഞങ്ങൾ ആ നാല്പതിൽ ഒന്നുമാത്രമാകുന്നതും, അതനുസരിച്ചു ഈവ്യവസ്ഥ നായർറഗുലേഷന്റെ നിബന്ധനയുടെ നാല്പതിൽ ഒരംശത്തോളംമാത്രം ബാധിക്കുന്നതും ആകുന്നു. അനായന്മാരായ നാല്പതു ഭർത്താക്കന്മാരുണ്ടെന്നു വിചാരിക്കുക. അതിൽ ഒന്നു നമ്പൂതിരിയാകുന്നു. അയാളുടെ മരണകാലത്തു ഒരു വിധവയേയും കുട്ടികളേയും സംരക്ഷിക്കേണ്ടതായിട്ടുണ്ടെങ്കിൽ ഈ വ്യവസ്ഥപ്രകാരം സങ്കടപ്പെടുന്നവർ ചിലർ കാണും.

മി. കെ. സി മാമ്മൻമാപ്പിള (വാണിജ്യവും വ്യവസായവും വടക്ക്): ആ വിധവയുടേയും കുഞ്ഞുങ്ങളുടേയും ഗതി എന്തായിരിക്കും?

മി. ജി. ശങ്കരൻപോററി (സംയുക്ത): എന്റെ പായിന്റ എന്താണെന്നാൽ ഈവ്യവസ്ഥ നായർറഗുലേഷനെ അതുവളരെ ബാധിക്കുന്നില്ലെന്നു മാത്രമാണ്. നാല്പതിൽ ഒന്നു എന്നുള്ളക്രമത്തിനു ഇതു അതിനെ ബാധിക്കുന്നതായിരിക്കാം.

മി. ജി. രാമൻമേനോൻ (മാവേലിക്കര-കാർത്തികപ്പള്ളി): നമ്പൂതിരി ഒഴികെയുള്ള മററു വിവിധജാതിക്കാരുടെ ജനസംഖ്യ വളരെ കുറവല്ലേ?

മി. ജി. ശങ്കരൻപോററി (സായുക്ത): അതേ. എന്നാൽ നമ്പൂതിരിമാരുടെ സ്ഥിതിയും അപ്രകാരം തന്നെ. തിരുവിതാംകൂറിൽ അവരുടെ ജനസംഖ്യ ആകപ്പാടെ ഉദ്ദേശം ആറായിരമോ, ഏഴായിരമോ ആണു. മൂവായിരം സ്ത്രീകളായി കണക്കാക്കപ്പെട്ടാൽ ബാക്കിയുള്ള മൂവായിരത്തിൽ രണ്ടായിരത്തിനു കുട്ടികളും വൃദ്ധന്മാരുമായി ഉപേക്ഷിക്കാവുന്നതാണ്. അതുകൊണ്ടു നായർവനിതകളെ വിവാഹംചെയ്യുന്നവരായി വളരെ കുറച്ചേ ശേഷിക്കുന്നുള്ളു. എന്റെ ഒരു പായിന്റ ഈവ്യവസ്ഥ നായർറഗുലേഷനെ അത്രഅധികം ബാധിക്കുന്നില്ലെന്നും, പ്രയോക്താവിന്റെ ഉദ്ദേശ്യം നായർറഗുലേഷനെ ദുർബലപ്പെടുത്തുന്നതിനല്ലെന്നും കാണിക്കുന്നതിനു മാത്രമാണ്.

മി. ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം). മെമ്പറിനു ൩൦൦൦൦ എന്നസംഖ്യ എവിടെനിന്നും ലഭിച്ചുവെന്നു അദ്ദേഹം എന്നെ അറിയിക്കുമോ?

മി. ജി. ശങ്കരൻപോററി (സംയുക്ത): അതു ൩൦൦൦൦ ആണെന്നു എനിക്കു ഖണ്ഡിതമായി പറയാൻ കഴികയില്ല. അതു അതിനു ഏകദേശം അടുത്തിരിക്കും.

മി. ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): ഈ സംഖ്യ മെമ്പറിനു കിട്ടിയതു കാനേഷുമാരി റിപ്പോർട്ടിൽനിന്നാണോ എന്നു എന്നെ അറിയിക്കുമോ?

മി. ജി. ശങ്കരൻപോററി (സംയുക്ത): അല്ല.

മി. ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): ൧൯൩൧-ാമാണ്ടത്തെ കാനേഷുമാരി റിപ്പോർട്ടനുസരിച്ചു മലയാളബ്രാഹ്മണർ മാത്രം ൫൪൦൦൦ ഉണ്ടെന്നും ഈബിൽ എല്ലാ മലയാളബ്രാഹ്മണരേയും ബാധിക്കുന്നതാണെന്നും ഞാൻ മെമ്പറിനു കാണിച്ചുതരേണ്ട ആവശ്യമുണ്ടോ?

ശ്രീമാൻ മി. ജി. ശങ്കരൻപോററി (സംയുക്ത): ആ അറിവു പ്രദാനം ചെയ്തതിനു ഞാൻ മെമ്പറോടു കൃതജ്ഞനായിരിക്കുന്നു. ഏതായാലും ഈ ബില്ലിൽ വളരെ കുറച്ചു ജനങ്ങളെമാത്രം ഉദ്ദേശിച്ചിട്ടുള്ള ഒന്നാണ്. ആ വ
നാം വച്ചുകൊണ്ടിരിക്കുന്നില്ല എങ്കിൽ നായർസ്ത്രീകൾക്കും കുട്ടികൾക്കും നൽകുന്നതുപോലെയുള്ള അവകാശം, ഞാൻ അല്പംമുമ്പു പറഞ്ഞതായ മററു എല്ലാവർഗ്ഗക്കാരിലും ഉള്ള സ്ത്രീകൾക്കും കുട്ടികൾക്കും കൊടുക്കേണ്ടതും ആ അവകാശം അവർക്കു ആവശ്യമില്ലാത്തതും ആകുന്നു. ഞങ്ങളുടെ സമുദായം മററുജാതിക്കാരിൽനിന്നും സ്വീകരിക്കുന്നവരായ സ്ത്രീകളെ സംബന്ധിച്ചു എന്റെ അറിവിൽപ്പെട്ടിടത്തോളം ഏതെങ്കിലും തരത്തിലുള്ള നിരൂപണമോ പ്രക്ഷോഭമോ അല്ലെങ്കിൽ അത്തരം മററു പ്രവൃത്തികളോ ഉണ്ടായിട്ടില്ല. ഞാൻ സംഗതിയുടെ മറുവശം മാത്രം പരിശോധിക്കയാണ്. ഞാൻ പറഞ്ഞതുപോലെ ഇപ്രകാരം ഒരു വ്യവസ്ഥയില്ലെങ്കിൽ നിശ്ചയമായും ഞങ്ങൾ നഷ്ടപ്പെടേണ്ടതായിവരും. ഞങ്ങൾക്കു നഷ്ടം സംഭവിക്കുമ്പോൾ ഞങ്ങളുടെ ഭാര്യമാർക്കും കുട്ടികൾക്കും നന്മയുണ്ടാകയില്ല. മൂന്നാമതു ഒരു കക്ഷിക്കാർ വന്നുകയറി ലാഭകരസ്ഥമാക്കുകയും ചെയ്യുന്നു. അതുകൊണ്ടു ഈ വ്യവസ്ഥ എന്റെ നായർ സ്നേഹിതന്മാർക്കു യാതൊരു നഷ്ടവും ഉണ്ടാക്കുന്നില്ല. സകലപ്രകാരത്തിലും ഉള്ളവസ്തുക്കൾ ലഭിക്കുന്നതിനു യാവരുമായൊരു തരം നിശ്ചയമായും ആഗ്രഹം ഉണ്ടായിരിക്കുന്നതാണു. അതുകൊണ്ടാണു ആ വകുപ്പു ഞങ്ങൾ ചേർത്തിട്ടുള്ളതു. അതു ഈ യോഗത്തിനു സമ്മതമല്ലെന്നുള്ള പക്ഷം, നായർ റെഗുലേഷന്റെ നിബന്ധനകളെ ബാധിക്കാത്തവിധമുള്ള ഒരു വ്യവസ്ഥ അതിലേക്കായി ഞങ്ങൾ ചേർത്തുകൊള്ളാം. ഞങ്ങളുടെ സമുദായം ഏതുപ്രകാരം ആ സംഗതിയെ ഗണിക്കുമെന്നുമാത്രമേ എനിക്കു ഇവിടെ പ്രസ്താവിക്കാനുള്ളു.

മി. എം. ശിവതാണുപിള്ള (തോവാള). സമുദായത്തിനു പുറമെനിന്നും വിവാഹം ചെയ്തിട്ടുള്ള ഇല്ലത്തുകാരുടെ ഒരു താരതമ്യ കണക്കു സംബന്ധിച്ചു ഒരു വിവരം എനിക്കു മെംബർ പ്രദാനം ചെയ്യുമോ?

മി. ജി. ശങ്കരൻപോററി (സംയുക്ത) സമുദായം ചെറുതും വളരെ ചെറുതാകയാൽ താരതമ്യംവളരെ ചുരുക്കമായിരിക്കും.

മി. എം. ശിവതാണുപിള്ള (തോവാള) : ധനം സംബന്ധിച്ചിടത്തോളം ആ ഇല്ലത്തുകാരുടെ സാധാരണ സ്ഥിതി എന്തെന്ന് എന്നെ അറിയിക്കുമോ?

മി. ജി. ശങ്കരൻപോററി (സംയുക്ത) : പ്രഭുകുടുംബത്തിൽനിന്നും വിവാഹം ചെയ്തിട്ടുള്ള പുരുഷന്മാർ നല്ലനിലയിലും സാധുകുടുംബങ്ങളിൽനിന്നും ചെയ്തിട്ടുള്ളവർ മദ്ധ്യനിലയിലുള്ള സ്ഥിതിയിലും ആകുന്നു.

മി. എം. ശിവതാണുപിള്ള (തോവാള) : സമുദായത്തിനു പുറമെനിന്നും വിവാഹം ചെയ്യുന്ന ഇല്ലത്തുകാർക്കു സംരക്ഷണം അനുവദിച്ചുകൊടുക്കുന്നതിനു മെംബർ തയ്യാറാണോ?

മി. ജി. ശങ്കരൻപോററി (സംയുക്ത) : നാം സംരക്ഷണത്തെപ്പററിയല്ല ചർച്ചചെയ്യുന്നതു. നാമിപ്പോൾ സ്വത്തിനെസംബന്ധിച്ചുള്ള സംഗതിയാണു വിഷയമാക്കിയിരിക്കുന്നതു.

മി. എം. ശിവതാണുപിള്ള (തോവാള) : ഒരു നമ്പൂതിരി ഒരു നായർ സ്ത്രീയെ വിവാഹം ചെയ്തിട്ടുള്ള സംഗതിയിൽ നായർ റെഗുലേഷൻ അനുസരിച്ചു, സ്വയാർജ്ജിതമുള്ള ഒരു അനായർഭർത്താവു അയാളുടെ മരണത്തിൽ ആ സ്വത്തിന്റെ ഒരുഭാഗം അയാളുടെ നായർഭാര്യക്കും കുട്ടികൾക്കും കൊടുക്കണമെന്നു വ്യവസ്ഥചെയ്യപ്പെട്ടിട്ടുള്ളതു യഥാർത്ഥമായ ഒന്നല്ലയോ എന്നു എന്നെ അറിയിക്കുമോ?

മി. ജി. ശങ്കരൻപോററി (സംയുക്ത) : നിയമപ്രകാരം അയാളുടെ സ്വയാർജ്ജിതസ്വത്തിന്റെ പകുതി അയാളുടെ നായർഭാര്യക്കു കൊടുക്കണം.

മി. എം. ശിവതാണുപിള്ള (തോവാള) : അപ്രകാരം ഒരു നിബന്ധന ഈ ബില്ലിലും ഉണ്ടായിരിക്കേണ്ടതു ആവശ്യമല്ലേ?

മി. ജി. ശങ്കരൻപോററി (സംയുക്ത) അതാണ് ഞാൻ വിശദീകരിക്കാൻ ശ്രമിക്കുന്നതു്. അതുകൊണ്ടാണ് ഒന്നുമില്ലാതിരിക്കുന്നതിൽഭേദമാണ് വല്ലതുമുണ്ടായിരിക്കുന്നതു് എന്നു ഞാൻ ഒന്നുകൂടി പറയുന്നതു്.

മി. ററി. കുമാരപിള്ള (കൽക്കുളം വിളവൻകോടു) : ഈ ബില്ലിലെ വ്യവസ്ഥപ്രകാരം ഇല്ലത്തുകാരൻ ഒരു നായർസ്ത്രീയെ വിവാഹംചെയ്തു എന്നിരിക്കട്ടെ. അപ്പോൾ ആ ഇല്ലത്തുകാരൻ കുടുംബത്തിൽനിന്നും ചെലവിനുകൊടുക്കുന്നില്ല. രണ്ടാമതു ആ നായർസ്ത്രീയെ ഉപേക്ഷിച്ചു സ്വജാതിസ്ത്രീയെ വിവാഹംചെയ്താൽ ചെലവിനുകൊടുക്കുമോ?

മി. ജി. ശങ്കരൻപോററി (സംയുക്ത) : ഒരു നായർഭാര്യയെ ഉപേക്ഷിക്കുന്നതു അത്ര എളുപ്പമല്ല (ചിരി) അതു ദാമ്പത്യമോചന നിയമമാണ്. അതുകൊണ്ടു ഞാൻ മുമ്പു പറഞ്ഞതുപോലെ പ്രയോജനമായി ബില്ലിന്റെ ഉദ്ദേശ്യം പക്ഷപാതപ്പെട്ടിട്ടുള്ളതല്ല നായന്മാരും നമ്പൂതിരിമാരും തമ്മിലുള്ള ബന്ധം പ്രസിദ്ധവും പുരാതനവും അതു് ഉഭയസമുദായങ്ങൾക്കും ഉപകാരപ്രദവുമാകുന്നു. ഈ യോഗത്തിൽ അതു ഇന്നു പ്രസ്താപിക്കുന്നതിനു നമ്മിൽ ആർക്കുംതന്നെ യാതൊരു അസംതൃപ്തിയുമില്ല. ഈ വ്യവസ്ഥയെ സംബന്ധിച്ചു നായർ മെമ്പറന്മാർക്കു എന്തെങ്കിലും തടസ്സമുണ്ടെങ്കിൽ നായർ റെഗുലേഷനെ ബാധിക്കാതിരിക്കത്തക്കവിധമുള്ള ഒരു വ്യവസ്ഥമൂലം പ്രസ്താപിക്കപ്പെട്ട കുറവുകൾ മാററുന്നതിനു ഞങ്ങൾ തയ്യാറാണു.

വേറൊരു ചെറിയസംഗതിയുണ്ടു. അതായതു്, ഈ വ്യവസ്ഥ നായർറെഗുലേഷനെ ദുർബലപ്പെടുത്തുന്നതിനു ശ്രമിക്കുന്നതാവുന്നു ഇന്നലെ ചില മെംബറന്മാർ പറകയുണ്ടായി. ഒരു വലിയ പുരാതനപദ്ധതിയായ ഹിന്ദുമതത്തെ നായർറെഗുലേഷൻ ദുർബലപ്പെടുത്തി. ഇതു അതിനെ ദുർബലപ്പെടുത്തിയാൽ എന്തെന്നാണു എന്റെ ചോദ്യം. ഈ വ്യവസ്ഥ വച്ചുകൊണ്ടിരിക്കയാണെങ്കിൽ അതു ബാധിക്കാത്തതായ മററനേകം സമുദായങ്ങൾ ഉണ്ട്. എന്റെ നായർസ്നേഹിതന്മാരെ സന്തോഷിപ്പിക്കുന്നതിനു ഒരുവകുപ്പുകൂടി ചേർക്കാനും എനിക്കുസമ്മതമാണു. ഈ ബില്ലിനെപ്പററി ഞങ്ങളുടെ സമുദായാംഗങ്ങളിൽ അഭിപ്രായവ്യത്യാസമുണ്ടെന്നു എനിക്കു തോന്നുന്നില്ല. എന്റെനില ഞാൻ വ്യക്തമാക്കിഎന്നു ഞാൻ വിശ്വസിക്കുന്നു. ബില്ലിന്റെ ഏഴാംവകുപ്പുതന്നെ ഞാൻഇപ്പോൾ ചർച്ചചെയ്യൂ.

ഉദകവിച്ഛേദത്തിനെപ്പററി ഇന്നലെ വളരെ ശക്തിമത്തായി ഒരു വാദം ഉണ്ടായിരുന്നുവല്ലോ. ആ വാദം എന്റെ ചില സ്നേഹിതന്മാരെ ഭയപ്പെടുത്തി ഓടിച്ചുകളഞ്ഞു എന്നു തോന്നുന്നു. സ്വമതത്യാഗത്തിന്റെയോ സ്വാത്തവിചാരത്തിന്റെയോ മാത്രം ഫലമല്ല ഭ്രഷ്ടന്മാർ എന്നു ഞാൻ അഭിപ്രായപ്പെടുന്നു. മററുകാരണങ്ങളും കൂടിയുണ്ട്. ഒരു നമ്പൂതിരി വിദ്യാഭ്യാസാർത്ഥം ഇംഗ്ലണ്ടിലോ അമേരിക്കയിലോ പോകുന്നു എന്നു വിചാരിക്ക. ഞങ്ങളുടെ ഇപ്പോഴത്തെ ആചാരപ്രകാരം അയാൾ ഭ്രഷ്ടനായി പ്രസ്താവിക്കപ്പെടുന്നു.

മി. കല്ല്യാലംപരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ) അതിനു സ്വാത്തവിചാരമുണ്ടായിരിക്കുമോ?

മി. ജി. ശങ്കരൻപോററി (സംയുക്ത): ഇല്ലാ അനേകവിധം സമുദായഭ്രഷ്ടന്മാർ ഉണ്ടെന്നും സ്വാത്തവിചാരം ഭ്രഷ്ടിന്റെ ഒരു വിവിധത്വം മാത്രമേ ആകുന്നുള്ളുവെന്നും മാത്രമാണ ഞാൻ പറയുന്നതു.

മി. കെ. സി. മാമ്മൻമാപ്പിള (വാണിജ്യവും വ്യവസായവും വടക്ക): ഇന്നലെ കൌൺസിൽ തടസ്സം പറഞ്ഞതു സ്വാത്തവിചാരത്തിനെപ്പററിമാത്രമാണ്.

മി. ജി. ശങ്കരൻപോററി (സംയുക്ത) പാക്ഷ ഒരുമാതിരി വളരെഭയങ്കരമായേക്കാം.

മി. കല്ല്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): ഇംഗ്ലണ്ടിൽപോയ ഒരു നമ്പൂതിരിക്ക ഉദകവിച്ഛേദം ഉണ്ടായിരിക്കുമൊ?

മി. ജി. ശങ്കരൻപോററി (സംയുക്ത): ഉവ്വ്, ഉണ്ടായിരിക്കും. ഒരു നമ്പൂതിരി ഒരു യൂറോപ്യനുമായിട്ട പരസ്യമായി ഭോജനം ചെയ്യുന്നുവെങ്കിൽ അയാളും ഒരു ഭ്രഷ്ടനാകും.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): അതിനു സ്വാത്തവിചാരം ഉണ്ടായിരിക്കുമൊ?

മി. ജി. ശങ്കരൻപോററി (സംയുക്ത). ഇല്ല. ഡൈവോർസ്‌കോടതിയിൽ മുൻസിഫും ജൂറിയുംഉണ്ട. ഇത് ഏതാണ്ട ഒരു ഡൈവോർസ്‌കോടതിപോലെയാണ്. ഉദകവിച്ഛേദനത്തിനു ഞങ്ങൾക്ക മഹാരാജാവിന്റെ അനുമതി വരികുന്നു.

മി. സി. കേരളവർമ്മകോയിത്തമ്പുരാൻ (ഇടവക)- ഇംഗ്ലണ്ടിൽപോയിട്ട തിരിച്ചുവന്നാൽ പ്രായശ്ചിത്തമില്ലേ?

മി. ജി. ശങ്കരൻപോററി (സംയുക്ത), നിശ്ചയമായും പ്രായശ്ചിത്തമുണ്ട്.

മി. സി. കേരളവർമ്മകോയിത്തമ്പുരാൻ (ഇടവക): സ്വാത്തവിചാരം കഴിച്ചു പുറത്തിറക്കപ്പെട്ടാൽ അതിനു പ്രായശ്ചിത്തം ഉണ്ടോ?

മി. ശങ്കരൻപോററി (സംയുക്ത), അതു ഈയിടെ പരീക്ഷിക്കപ്പെട്ടുവരികയാണ്.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിങ്കര): എല്ലാവർഗ്ഗത്തിലുംഉള്ള ഭ്രഷ്ടർ അയോഗ്യരല്ലേ?

മി. ശങ്കരൻപോററി (സംയുക്ത), ഭയങ്കരവും, അധികം ഭയങ്കരവും, ഏററവുംഭയങ്കരവുംആയ പലമാതിരി ഭ്രഷ്ടുകൾ ഉണ്ടെന്നു കാണിക്കാനാണ് ഞാൻ ശ്രമിക്കുന്നത്. (ചിരി) ഇതിൽ ഏററവും ഭയങ്കരമായിട്ടുള്ളതു സ്വാത്തവിചാരഭ്രഷ്ടാണ്. സമുദായത്തിന്റെ മനോഭാവത്തെ ഏററവും കലുഷമാക്കുന്നതു അതാണ്. പലതിനും വളരെ ചീത്തയായിരിക്കാം. അതു ഏകദേശം യൂറോപ്പിൽ കുററക്കാരികളെ വിചാരണചെയ്യുന്നതിനെ ഓർപ്പിക്കുന്നതുപോലെ ആകുന്നു. സ്വാത്തവിചാരംമൂലം സങ്കടപ്പെടുന്നവർ വളരെ ദുർല്ലഭവും അവർ വളരെ ചീത്തയാളുകളും ആകുന്നു. ഞങ്ങൾക്ക ഞങ്ങളുടെ സമുദായത്തിന്റെപേർ മലിനപ്പെടുത്താതെ സൂക്ഷിക്കണം. ആ മാതിരി ചീത്തയാളുകൾക്കവേണ്ടി അതിനെ മലിനപ്പെടുത്താൻ ഞങ്ങൾക്ക കഴികയില്ല.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഇംഗ്ലണ്ടിൽ പോയി എന്ന ഒരേസംഗതിമൂലം ഒരു നമ്പൂതിരിയെ പുറന്തള്ളുന്ന ഏർപ്പാട്ടവെച്ചു പുലത്തണമെന്നു മെമ്പർ ആഗ്രഹിക്കുന്നുണ്ടോ?

മി. ജി. ശങ്കരൻപോററി (സംയുക്ത): എന്റെ വിനീതമായ അഭിപ്രായത്തിൽ ആ ആചാരം പുലത്തണമെന്നു ഞാൻ ആഗ്രഹിക്കുന്നില്ല. എന്നാൽ ഇപ്പോൾ ഞാൻ സമുദായത്തിന്റെ അഭിപ്രായത്തെ പ്രസ്താവിക്കയാകുന്നു.

മി. കെ. കുമാരപിള്ള (കൽക്കുളം വിളവംകോട്ട): മിസ്റ്റർ പോററി സ്വാത്തവിചാരത്തിനെ അനുകൂലിക്കുന്നുണ്ടോ?

മി. ജി. ശങ്കരൻപോററി (സംയുക്ത): ഒരു മറുപടി പറയുവാൻ എനിക്ക കഴിയുന്നതിനുമുമ്പായി ഇതുസംബന്ധിച്ചു ഞാൻ വളരെ ദീർഘമായി ആലോചിക്കേണ്ടതായിട്ടുണ്ട. ആ പോയിന്റു ഞങ്ങൾ ഏതെങ്കിലും സമാജങ്ങളിൽ വാദപ്രതിവാദം ചെയ്യപ്പെടുകയോ ആ വിഷയത്തെപ്പററി ഞാൻ ആലോചിക്കുകയോ ചെയ്തിട്ടില്ല. അതുകൊണ്ട ഉദകവിച്ഛേദം ഒരു വലിയ ഭയങ്കരപദ്ധതിയല്ലെന്നു കാണിക്കാനാണ് ഞാൻ ശ്രമിക്കുന്നത്. ഏതായാലും ഈ വ്യക്തിഹീനമായ പദ്ധതിയേയും വഷളായ ആളുകളേയുംപററിയുള്ള പ്രസ്താവനകൾ ബില്ലിൽനിന്നും വിട്ടുകളയുന്നതിനു ഞാൻ ഒരുക്കമാണ്.

മി. കെ. കെ. തോമസ് (കോട്ടയം): മററു മതങ്ങൾ സ്വീകരിച്ചിട്ടുള്ളവരായ അധികം നമ്പൂതിരിമാർ ഇല്ലയോ?

മി. ജി. ശങ്കരൻപോററി (സംയുക്ത): മതപരിവർത്തകന്മാരെന്നു പറയപ്പെടുന്നവർ അവരെ വീണ്ടും സ്വമതം സ്വീകരപ്പിക്കുന്നതിനു ശ്രമിക്കുന്നുണ്ട്. ആ കാര്യപരിപാടിയുടെ പ്രകാശത്തിൽ ഈ ചോദ്യം ഒന്നുമില്ലാതെ തള്ളിപ്പോകുന്നു. അതുവളരെ ഗൌരവമുള്ളതല്ല. അതു തള്ളുന്നതിനു ഞാൻ ഒരുക്കമാണ്.

൫വു മുതൽ ൮ ഉം വരെയുള്ള വകുപ്പുകൾ ഉണ്ടായിരിക്കണമെന്നുള്ളതാണ് ഞങ്ങളുടെ ഉദ്ദേശം. ബില്ലിലെ മററ എല്ലാവകുപ്പുകളും അതിന്റെ പൂർത്തിക്കുവേണ്ടി ചേർത്തിട്ടുള്ളവയാണ്.

വിവാഹംമൂലം തറവാട്ടിലെ അംഗങ്ങളായി തീർന്നിട്ടുള്ള സ്ത്രീകളുടെമുപ്പ് അവരുടെ വിവാഹത്തീയതികളെ അനുസരിച്ചു തീർച്ചപ്പെടുത്തുന്നതായിരിക്കും എന്നു ൧൩-ാംവകുപ്പു അതിന്റെവിവരണത്തിൽപറയുന്നു. ഒരു അംഗത്തിന്റെ മൂപ്പു നിശ്ചയിക്കുന്നതിനു ഇതു ഒരു വിശേഷമായ ഏർപ്പാടുപോലെ പലക്കും തോന്നുന്നു; അതിൽ പരിചയിച്ചുവരായ ഞങ്ങൾക്ക അതു ആശ്ചര്യകരമല്ല. ഒരു നമ്പൂതിരിയെ സംബന്ധിച്ചിടത്തോളം വിവാഹം പുരുഷന്മാർക്കും സ്ത്രീകൾക്കും ഒരു പുനർജ്ജനനമാകുന്നു. ഒരു കുടുംബത്തിൽ ചേർത്തപ്പെടുന്ന

സ്ത്രീകളെ മേനോന്മാരുടെ കുടുംബത്തിൽ കൊണ്ടുപോയി ലഭിക്കപ്പെടുന്നു. അവർ അവരുടെ ജനനകുടുംബത്തിലെ സർവ അവകാശങ്ങളും ഉപേക്ഷിക്കയും അവർക്ക അവളുടെ ഭർത്താവിന്റെ കുടുംബത്തിൽ അവകാശങ്ങൾ ലഭിക്കുകയും ചെയ്യുന്നു. അതുകൊണ്ടു കൃത്യമായി പറയുകയാണെങ്കിൽ അതൊരു പുനർജനനമാണു്.

മി. ശിവതാണുപിള്ള (തോവാള): നമ്പൂതിരി സമുദായരീതിപ്രകാരം വിവാഹം എന്താണു്? പെണ്ണിനെ യാക്കുന്നതിനു മുമ്പോ? അതോ പെണ്ണിനെ വയസ്സിനുശേഷമോ?

മി. ശങ്കരൻപോററി (സംയുക്ത): രണ്ടുവിധത്തിലുള്ള രണ്ടുരീതികളും കാണപ്പെടുന്നു. അതുകൊണ്ടു സ്ത്രീകളെസംബന്ധിച്ചിടത്തോളം വിവാഹം ഒരു പുനർജനനംതന്നെ. അവർ ഭർത്താവിന്റെ കുടുംബത്തിൽ പ്രവേശിക്കുന്നതോടുകൂടിയാണ് അവളുടെ വയസ്സു കണക്കാക്കപ്പെടുന്നതു. സന്യാസിമാരുടെസംഗതിയും ഇതുപോലെതന്നെ. സന്യാസിയായിത്തീരുന്നതുമുതൽക്കാണു് അവരുടെവയസ്സു കണക്കാക്കുന്നതു. ഇനി ആലോചിക്കേണ്ടതു വിധവകളുടെ സംഗതിയെപ്പററിയാണു്. ആ വിവരണം ഇരുവകുപ്പുകളിലും ഉൾപ്പെടേണ്ടതായിട്ടുണ്ടെന്നു ഞാൻ ഉദ്ദേശിക്കുന്നില്ല. കൊച്ചിൻഗവർമ്മെണ്ടിൽനിന്നും ഇതുപോലെയുള്ള ഒരു വകുപ്പു ഞാൻ ഇവിടെ വായിക്കാം. അതിലെ രണ്ടാംവകുപ്പു താഴെ കാണുംപ്രകാരമാണു്.

"വിവാഹംനിമിത്തം ഇല്ലത്തെ അംഗങ്ങളായിത്തീർന്നിട്ടുള്ള സ്ത്രീകളുടെ മൂപ്പുവകാശം നിശ്ചയിക്കുന്നതു വിവാഹത്തിയതിയെ അടിസ്ഥാനപ്പെടുത്തി ആയിരിക്കുന്നതാണു്.

മദിരാശി നിയമസഭയിൽ ഇപ്പോൾ അവതരിപ്പിക്കാൻപോകുന്ന ബില്ലിലെ രണ്ടാംവകുപ്പു (സി) ഉപവകുപ്പു താഴെ പറയുംപ്രകാരമാണു്:—

"വിവാഹംനിമിത്തം കുടുംബത്തിന്റെ അംഗങ്ങളായി തീർന്നിരിക്കുന്ന സ്ത്രീകളുടെ മൂപ്പവകാശം നിശ്ചയിക്കുന്നതു വിവാഹത്തിന്റെ തീയതിയെ അടിസ്ഥാനപ്പെടുത്തി ആയിരിക്കുന്നതാകുന്നു"

അപ്പോൾ ഈ വിവരണം മൂന്നു ബില്ലുകളിലും പൊതുവാണു്. സമുദായത്തിന്റെ ആഗ്രഹം എന്താണെന്നും അവരുടെവയസ്സു എന്തുകൊണ്ടാണു ആ വിധത്തിൽ കണക്കാക്കപ്പെടുന്നതു എന്നുള്ളതിന്റെ കാരണവും ഇപ്പോൾ ഈ മൂന്നു ബില്ലുകളിൽനിന്നും നിങ്ങൾക്കു തീർച്ചയാക്കാൻ കഴിയും.

മി. എ. ശിവതാണുപിള്ള (തോവാള): ആ വ്യവസ്ഥയുടെ ഉദ്ദേശ്യം എന്താണെന്നു എന്നെ അറിയിക്കാമോ?

മി. ജി. ശങ്കരൻപോററി: (സംയുക്ത): ഒരു വീട്ടിൽ ൪ വിധവകൾ ഉണ്ടെന്നു വിചാരിക്കുക. ആരാണു് കാരണവൻ എന്നു എങ്ങിനെ തീർച്ചപ്പെടുത്തും? ഈ ബിൽ പാസ്സാകുകയാണെങ്കിൽ മേലാൽ ആ രീതി തീരെ ഉണ്ടാകയില്ല. അപ്രകാരം ഒരു കേസ്സ് ഉണ്ടാകുന്നപക്ഷം ആരാണു് കാരണവനാകേണ്ടതു? വിധവകൾ വകക്കൊക്കുന്നതിനു പ്രത്യേക സാമർത്ഥ്യം ഉണ്ടാകുന്നു നിങ്ങൾക്കറിയാമോ? അതുകൊണ്ടാണു ഈ വകുപ്പു ചേർത്തിരിക്കുന്നതു എന്നു ഞാൻ വിചാരിക്കുന്നു. ആ വകുപ്പു നിരുപദ്രവിയാണെന്നു എനിക്കു സംശയംകൂടാതെ പറയാൻ കഴിയും.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം നെടുമങ്ങാടു): വിവാഹംമൂലം ഒരുസ്ത്രീക്കു ആദ്യകുടുംബത്തിലെ അവകാശം നഷ്ടപ്പെടുന്നുണ്ടോ?

മി. ജി. ശങ്കരൻപോററി (സംയുക്ത): ഉണ്ടു. അവർക്കു യാതൊരു അവകാശവും ഉണ്ടെങ്കിൽ അതു മാക്ക സ്ത്രീധനമെന്നതാണു.

പിന്നീട്ടു സ്ത്രീധനത്തെപ്പററി എനിക്കു വളരെ കുറച്ചുമാത്രമേ പറവാനുള്ളു. ആ നാമം അബദ്ധത്തിലേക്കു ചാടിക്കുന്നതാകുന്നു. അതു സ്ത്രീയുടെധനമല്ല. ഭർത്താവിന്റെ ഗൃഹത്തിലേക്കു പോകുന്ന പെൺകുട്ടിക്കു ഭർത്താവിൽ നിന്നും അവകാശം കിട്ടുന്നതിനും അതിനുവേണ്ടി അവർ കുറെപണം കൊടുക്കേണ്ടതു ആകുന്നു. അവർക്കു ചെലവു പിരിപ്പാൻ അവകാശമുണ്ടു. അവളുടെ പെൺകുട്ടികളെ വിവാഹം ചെയ്യുന്നതും, അവളുടെ കുട്ടികളെ പഠിപ്പിക്കാനും എന്നിപ്രകാരം ചെലവുകൾ ഉള്ളതും ഈസ്ത്രീധനം അവർക്കു വിധിക്കുന്ന അവകാശത്തോടു വേണ്ടി വല്ലതുംമാത്രം ആകുന്നതും ആകുന്നു.

മി. ററി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): പുരുഷന്റെ ആശ്രിതപ്പെട്ടാതെയാണോ സ്ത്രീകൾക്കു ഈവിധത്തിൽ പണംകൊടുക്കുന്നതു?

മി. ജി. ശങ്കരൻപോററി (സംയുക്ത): അതു നിശ്ചയമായും മാതാപിതാക്കന്മാരുടെ ഇഷ്ടംപോലെയായോ അഥവാ പെൺകുട്ടിയുടെ ആഗ്രഹം അനുസരിച്ചോ അല്ലെങ്കിൽ അവർ തമ്മിൽ നിശ്ചയമായോ ആയിരിക്കും.

മി. കെ. കെ. തോമസ് (കോട്ടയം): പെണ്ണിന്റെ മരണാനന്തരം ആ പണം അവർ തിരിച്ചു കൊടുക്കുമോ?

മി. ജി. ശങ്കരൻപോററി (സംയുക്ത): കൊടുക്കുകയുമില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): "പണത്തിനോ പാർക്കുന്ന കരാറുചെയ്യുന്നതിനോ ആയിട്ടല്ലാതെ ഒരൊററ വിവാഹമെങ്കിലും നമ്പൂതിരിമാരുടെഇടയിൽ നടക്കുന്നില്ല" എന്നു യോഗക്ഷേമസഭാറിപ്പോർട്ടിൽ കാണുന്നു.

മി. ജി. ശങ്കരൻപോററി (സംയുക്ത): അവയെല്ലാം പരമാർത്ഥമാണു.

മി. കെ. സി മാമ്മൻമാപ്പിള (വാണിജ്യവും വ്യവസായവും വടക്കു): അവർ ഇളയവരെക്കൊണ്ടു വിവാഹംചെയ്യുവാൻ ഉത്സാഹിപ്പിക്കുന്നുണ്ടോ?

മി. ജി. ശങ്കരൻപോററി (സംയുക്ത): നിശ്ചയമായും ഞങ്ങളുടെ ഇളയവർ ഞങ്ങളുടെ സമുദായത്തിൽനിന്നുതന്നെ വിവാഹംചെയ്യണമെന്നാണു ഞങ്ങളുടെ ഉദ്ദേശം.

അതുകൊണ്ടു സ്ത്രീധനം പെണ്ണിന്റേതാകണമെന്നില്ല. അവളുടെ സന്താനങ്ങളുടെ സംരക്ഷണത്തിനും അവളുടെ ഭർത്താവിന്റെ കുടുംബത്തിലെസ്വത്തിനും അവർ അവകാശിയായിത്തീരുന്നതും അതേപ്രകാരം സംഗതികളിലും സ്ത്രീധനം യാതൊന്നുംതന്നെ ഇല്ലാതിരിക്കുന്നതും ആകുന്നു.

മി. സി. പി. തരകൻ (കുന്നത്തുനാട്): സ്ത്രീകൾക്കും ഭാഗത്തിനവകാശമുണ്ടോ?

മി. ജി. ശങ്കരൻപോററി (സംയുക്ത): അവർക്കു സകല അവകാശവുമുണ്ട്.

മി. എം. ശിവതാണുപിള്ള (തോവാള): അവരുടെ കുട്ടികൾക്കു അവകാശമുണ്ടോ?

മി. ജി. ശങ്കരൻപോററി (സംയുക്ത): ഉണ്ട്.

അപ്രകാരം; ഉദ്ദേശവിവരണം, ഡ്രാഫ്റ്റ്, ഭേദഗതികളും ബില്ലിന്റെ ഹൃദയവും, ബില്ലിന്റെ വിവിധ വകുപ്പുകളും എല്ലാം ഞാൻ പരിശോധിച്ചുകഴിഞ്ഞു. ഭാഗം സംബന്ധിക്കുന്നതായ ഒരു നിബന്ധനമാത്രമേ ഇനി പരിശോധിക്കാൻ ശേഷിച്ചിട്ടുള്ളു.

ഞങ്ങൾക്കു ഇപ്പോൾ കൃത്യമായി ഭാഗം ആവശ്യമില്ല. ഞങ്ങൾ ഈ ബില്ലിൽ ഭാഗം എന്ന പദം ഉൾപ്പെടുത്തിയിരിക്കുന്നതും അടുത്ത ബില്ലിൽ ഞങ്ങൾക്കു ഭാഗം കിട്ടാനുള്ളതും ആകുന്നു. അതുകൊണ്ടു 'ഭാഗം' എന്ന പദത്തിനു ഒരു ഉപചാരം ചെയ്തു എന്നുമാത്രമേയുള്ളു. തിരിഗമനം ചെയ്തുകൊണ്ടിരിക്കുന്ന നവീകരണവാദികളെ സമ്മതിപ്പിക്കുന്നതിനു നാം ചില നിബന്ധനകൾ ചെയ്യണമല്ലോ? സർവവും ഈ ഭാഗം എന്ന പദത്തിൽ കേന്ദ്രീകരിച്ചിരിക്കുന്നു. അവർ ലാക്കാക്കുന്നതു അതു ലഭ്യമാകുമ്പോൾ മാത്രമേ അവർക്കു മനസ്സിലാകയുള്ളു. (ചിരി) ൧൦൮൮-ലെ നായർറെഗുലേഷൻ പാസ്സായ അവസരത്തിൽ ഭാഗത്തിനുവേണ്ടി ഒരു ബഹളം ഉണ്ടായിരുന്നു. എന്നാൽ ൧൧൦൦-ലെ റെഗുലേഷനിൽ മാത്രമേ അതു അനുവദിക്കപ്പെട്ടുള്ളു.

മി. ജി. പരമേശ്വരൻപിള്ള (നെയ്യാററിൻകര): അതിൽ നിങ്ങളുടെ ഉദ്ദേശങ്ങളെ തുറന്നുപ്രസ്താവിക്കുന്നതുമൂലം കളിപ്പിക്കപ്പെട്ടവരാകയില്ലയോ?

മി. ജി. ശങ്കരൻപോററി (സംയുക്ത): എന്റെ സഹോദരങ്ങളിൽ അധികംപേർക്കും ഇംഗ്ലീഷ് അറിവില്ലാത്തതുകൊണ്ടു എനിക്കു അതിൽ സൌകര്യമുണ്ടു. ഈ സഭയെ പൂർണ്ണമായി വിശ്വസിച്ചുകൊണ്ടു എന്റെ അഭിപ്രായങ്ങളെ എനിക്കു തുറന്നു പ്രസ്താവിക്കാം. (ചിരി) ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ അഭാവം അവരുടെ സംഗതിയിൽ ഒരു ബാധയായി കാണുന്നു.

മി. എം. ശിവതാണുപിള്ള (തോവാള): സ്ത്രീയോടൊപ്പം ഭർത്താവും ഭാഗഭാക്കാകത്തക്കവണ്ണം നിങ്ങൾക്കു [illegible]-ാം വകുപ്പു മാററാൻ പാടില്ലയോ?

മി. ജി. ശങ്കരൻപോററി (സംയുക്ത): അതു സെലക്ട്കമ്മററിയിൽ ചെയ്യപ്പെടാവുന്നതാണു.

മി. എം. ശിവതാണുപിള്ള (തോവാള): [illegible]-ാം വകുപ്പുസംബന്ധിച്ചു പുത്രിമാരെക്കൂടെ നിങ്ങൾക്കു ഉൾപ്പെടുത്താൻ കഴികയില്ലയോ?

മി. ജി. ശങ്കരൻപോററി (സംയുക്ത): എനിക്കു തടസ്സമൊന്നുമില്ല. അഭിപ്രായവ്യത്യാസം ഒന്നും ഉണ്ടാകുന്നില്ല.

അതുകൊണ്ടു, ഭാഗസംബന്ധിച്ചുള്ള നിബന്ധന പ്രായേണ കഠിനമായി കാണപ്പെട്ടു. ചിലപ്പോൾ ചില കുടുംബങ്ങളിൽ ഭാഗത്തിനുള്ള സമ്മതമായ വ്യവസ്ഥ ഉഗ്രതയായിവരും. പരമാർത്ഥമായ ഭാഗം ഞങ്ങൾക്കു ഇപ്പോൾ വേണ്ട. ഞങ്ങളുടെ സമുദായം ഇപ്പോൾ ഒരു പരിവർത്തനാവസ്ഥയിൽ ആകുന്നു. അതുകൊണ്ടു കഴിവുള്ളടത്തോളം കുറവായി സ്പർശിക്കത്തക്കവണ്ണം ഞങ്ങൾക്കാഗ്രഹിക്കണം. അതുകൊണ്ടു വീണ്ടുമുള്ള സംസ്കരണത്തിനായി സാവധാനത്തിൽ വരികയാണു ഞങ്ങൾക്കു ഒരു വലിയ വേഗത്തിൽ തരണം ചെയ്യണമെന്നില്ല. അതാണു ഉദ്ദേശം. നായർ റെഗുലേഷൻ, ഈഴവറെഗുലേഷൻ, വെള്ളാള റെഗുലേഷൻ ഇങ്ങനെയുള്ള വിവിധനിയമങ്ങൾ ഈ സഭ പാസ്സാക്കിയിട്ടുണ്ട്. അവർ അവിടെ വ്യക്തിപരമായ ഭാഗത്തിനുവേണ്ടി സമരം ചെയ്യുകയും അതു അവർക്കു കിട്ടുകയും ചെയ്തു. ഞങ്ങളുടെ സംഗതിയിൽ ഞങ്ങൾക്കു പരിപൂർണ്ണവിഭാഗം വേണ്ട. അതേസമയംതന്നെ ഭാഗത്തിന്റെ രീതിയിൽ എന്തെങ്കിലും നിബന്ധിക്കയും വേണം. ഏറക്കുറെ ഞങ്ങൾക്കു ഞങ്ങളുടെ വൃദ്ധസഹോദരങ്ങളെ അനുസരിക്കയും ചെയ്യേണ്ടതായിട്ടുണ്ട്.

എല്ലാ ചെറുപ്പക്കാരും സമുദായത്തിൽ വിവാഹം ചെയ്കയാണെങ്കിൽ ബില്ലിലെ ഏതൊന്നും വ്യവസ്ഥകൾ ഞങ്ങളുടെ സ്ഥിതിയെ കുറെക്കൂടി ഹീനമാക്കുമെന്നു മററു സംഗതികളുടെ കൂട്ടത്തിൽ മിസ്റ്റർ ചങ്ങനാശ്ശേരി പരമേശ്വരൻപിള്ള ഇന്നലെ പ്രസ്താവിച്ചു. അപ്രകാരം ചെയ്യുന്നതുകൊണ്ടു ഭാഗങ്ങൾ വർദ്ധിക്കയും അവരെ സംരക്ഷിക്കുന്നതിനു മതിയായ ധനം ഇല്ലാതെയാകയും ചെയ്യും; അതുകൊണ്ടു എല്ലാ പ്രാബല്യവും കീർത്തിയും ഉണ്ടായിരുന്നതു അവ ഇല്ലാതാകുകയും നമ്പൂതിരി അലഞ്ഞുനടക്കുന്നതു കാണപ്പെടുകയും ചെയ്യും. തിരിയെ മററും അതെല്ലാം ഏറക്കുറെ പരമാർത്ഥമായേക്കാം. അതുപോലെതന്നെ ഈ മാതിരി പരാതികൾ നായർ റെഗുലേഷൻ പാസ്സാക്കപ്പെട്ട അവസരത്തിൽ ഭാഗം നടപ്പാക്കുകയാണെങ്കിൽ എല്ലാ കുടുംബങ്ങളും അലഞ്ഞു എന്നും പോയി മുഴുവനും തകർന്നുപോകുമെന്നും, നായന്മാർ വളരെ വിഷമിക്കുമെന്നും പറഞ്ഞിട്ടുണ്ട്. എന്നാൽ ചില സംഗതികളിൽ ഇതു ശരിയായിരിക്കുമെന്നു ഞാൻ പറയുന്നു. അധികം സംഗതികളും അങ്ങനെയായിരിക്കയില്ല. കാരണവന്മാരെ ഇതു ബാധിക്കുമെന്നുള്ളതുകൊണ്ടു അവരുടെ സ്ഥിതി വളരെ ഹീനമാകുമെന്നു എനിക്കു പറയാൻ കഴിയും. ഞങ്ങളുടെ സമുദായത്തിന്റെ ഐശ്വര്യത്തിനുവേണ്ടി ആ മാതിരി നഷ്ടങ്ങൾ അനുഭവിക്കുന്നതിനു ഞങ്ങൾ ഒരുക്കമാണ്. ഇത്രമാത്രമേ സമുദായത്തിനുവേണ്ടി മിസ്റ്റർ ചങ്ങനാശ്ശേരി പരമേശ്വരൻപിള്ളയോടു എനിക്കു പറയുവാനുള്ളു.

അനന്തരം ഈ ബില്ലിൽ വിവാഹത്തെപ്പററി യാതൊന്നും പ്രസ്താവിച്ചിട്ടില്ലെന്നു മിസ്റ്റർ എം. എൻ. പിള്ള പറയുകയുണ്ടായി. സമുദായത്തിന്റെ ആചാരങ്ങളിലും നടപടികളിലും യാതൊരു മൗലികമായ മാററവും ഞങ്ങൾക്കു വരുത്തേണ്ടതില്ലെന്നു ഞാൻ പറകയുണ്ടായല്ലോ. അതുകൊണ്ടു ഞങ്ങൾ ബില്ലിൽ ആ ഭാഗം ഉപേക്ഷിച്ചിട്ടുണ്ട്. ഇപ്പോൾ നടപ്പിലിരിക്കുന്ന നിയമം അനുസരിച്ചു ഇരിക്കുന്നതിനു ഞങ്ങൾ തയ്യാറാണ്.

മി. എം. ശിവതാണുപിള്ള (തോവാള): സമുദായത്തിൽ ബഹുഭാര്യാത്വം സാധാരണയായി നടപ്പുണ്ടോ?

മി. ജി. ശങ്കരൻപോററി (സംയുക്ത): ഒരു ഭാര്യയിൽ കൂടുതൽ ഉള്ള ചില നമ്പൂതിരിമാർ ഉണ്ടെന്നു വരാം.

മി. എം. ശിവതാണുപിള്ള (തോവാള): അവർ ഹിന്ദുലാ അനുസരിക്കുന്നവരാണോ?

മി. ജി. ശങ്കരൻപോററി (സംയുക്ത): അവർ ഹിന്ദുലാ അനുസരിക്കുന്നവരാണ്.

മി. എം. ശിവതാണുപിള്ള (തോവാള): വിവാഹത്തിനേലുള്ള തടസ്സങ്ങൾ അവരുടെ സ്വന്തം സമുദായത്തിൽനിന്നുതന്നെയുള്ള വിവാഹത്തെ വർദ്ധിപ്പിക്കാൻ ചെയ്യാപ്പുമല്ലയോ?

മി. ജി. ശങ്കരൻപോററി (സംയുക്ത): ധാരാളം ലഭ്യമാകുമ്പോൾ അതു ഉണ്ടാകില്ല. യോഗക്ഷേമസഭയുടെ നടപടികളെ പരിശോധിക്കുന്നതിനു മെംബറിനു സമ്മതമാണെങ്കിൽ അദ്ദേഹത്തിനു അതു കാണാം. ബഹുഭാര്യാത്വത്തിലൊ ഏകഭാര്യാത്വത്തിലൊ എനിക്കു തടസ്സം ഉണ്ടാക്കേണ്ട ആവശ്യമില്ല. വിവാഹം സംബന്ധിച്ചു ഇപ്പോൾ നടപ്പിലിരിക്കുന്ന നിയമംകൊണ്ടു ഞങ്ങൾ വേണ്ടപോലെ തൃപ്തരാണ്.

അതുകൊണ്ടു ആകപ്പാടെ മൂന്നു നിബന്ധനകളെപ്പററി മാത്രമാണു ഞങ്ങൾക്കു പ്രത്യേകകാര്യമുള്ളതു്. ഞങ്ങൾക്കു ഞങ്ങളുടെ ജനസംഖ്യ വർദ്ധിപ്പിക്കുകയും ഇളയവർമാർ അവരുടെ സ്വന്തം സമുദായത്തിൽനിന്നും വിവാഹം ചെയ്യുകയും അവർ സുഖമായ കുടുംബജീവിതം അനുഭവിക്കയും ചെയ്താൽ മതി. ഈ മൂന്നു നിബന്ധനകളും മാത്രമാണു ഞങ്ങൾക്കു അത്യാവശ്യമായിട്ടുള്ളതു്. കാരണവന്നു ഇളയവർമാരേയും അവരുടെ ഭാര്യമാരേയും സംരക്ഷിക്കേണ്ടതായിട്ടുള്ളതുകൊണ്ടു ഫ്യൂ-ാംവകുപ്പു ഇളയവർമാരെ സഹായിക്കുന്നതിനു പകരം അവരുടെ സ്വന്തം ജാതിയിൽ നിന്നും വിവാഹംചെയ്യുന്നതിനു തടസ്സംചെയ്യുകയാണ് ചെയ്യുന്നതു എന്നു മിസ്റ്റർ പണിക്കർ പറഞ്ഞു. ഇളയവർമാർക്കു അവരുടെ സ്വന്തസമുദായത്തിൽനിന്നും വിവാഹംചെയ്യുന്നതിനു സാധിക്കുന്നതിനുവേണ്ടിയാണു ഈ വ്യവസ്ഥ ഇപ്രകാരം രചിക്കപ്പെട്ടതെന്നും അവർ അപ്രകാരം ചെയ്യുകയാണെങ്കിൽ കാരണവന്റെ സമ്മനസ്സിനും സംതൃപ്തിക്കുംവേണ്ടി കാത്തുനിൽക്കാതെ അവർക്കു ചിലവിനു കിട്ടുവാൻ കഴിയുന്നതും ആകുന്നു എന്നാണു ഞാൻ പറഞ്ഞതു്. എനിക്കിപ്പോൾ പ്രസ്താവിക്കാനുള്ള ഏതാനും അഭിപ്രായങ്ങൾ ഇവയാണ്. ബില്ലിന്റെ പ്രയോക്താവിനോടു ഞാൻ പൂർണ്ണമായി അനുകൂലിക്കുന്നില്ല. എന്റെ സ്വന്തം ആഗ്രഹംപോലെ വകുപ്പുകളെ എടുത്തുകളയുകയോ ഭേദഗതി ചെയ്യുകയോ ചെയ്യുന്നതിൽ മെമ്പർ എത്രത്തോളം അനുകൂലിക്കുമെന്നു എനിക്കുറപ്പില്ല. ഞാൻ എന്റെ സ്വന്തം അഭിപ്രായം പ്രകടിപ്പിക്ക മാത്രമാണു ചെയ്യുന്നതു്.

ഫ-ാംവകുപ്പു നായർസമുദായത്തിന്റെ നേർക്കു ശത്രുപക്ഷമായിട്ടു പുറപ്പെടുവിച്ചിട്ടുള്ളതല്ലെന്നു എനിക്കു വ്യക്തമാക്കാനുണ്ട്. ഞങ്ങളുടെ ഇളയവർമാർക്കു പ്രയോജനപ്പെടുന്നതിനുവേണ്ടി മാത്രമാണു അതു അപ്രകാരം ചേർത്തിരിക്കുന്നതു്. ഭേദഗതി ചെയ്യുന്നതിനൊ ഉപേക്ഷിക്കുന്നതിനൊ ആയി ഞാൻ കൗൺസിലിനായി അതു വിട്ടിരിക്കുന്നു. ഏതായാലും സമുദായത്തിന്റെ ഉദ്ദേശ്യത്തെ തെററിദ്ധരിക്കരുതെന്നു നായർ സമുദായത്തിലെ എന്റെ മാന്യസ്നേഹിതന്മാരോടു ഞാൻ അപേക്ഷിക്കുന്നു. ഞാൻ മുമ്പു പ്രസ്താവിച്ചപോലെ അതു നായർ റഗുലേഷനെ ബാധിക്കുന്നുണ്ടെങ്കിൽതന്നെ ഞാൻ പറഞ്ഞപ്രകാരം നാലുതിൽ ഒന്നു എന്ന രീതിയിൽ മാത്രമായിരിക്കുന്നതാണ്. അതു റഗുലേഷനെ ആകമാനം ബാധിക്കയില്ല.

മി. കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): നായന്മാർ എന്തെങ്കിലും ഭേദഗതികൊണ്ടുവരുന്നപക്ഷം അതു അവർക്കു പ്രയോജനപ്പെടുമോ എന്നു ഞാൻ ചോദിച്ചുകൊള്ളട്ടേ?

മി. ജി. ശങ്കരൻപോററി (സംയുക്ത): നാമപ്പോൾ നമ്പൂതിരി റഗുലേഷനെപ്പററിമാത്രമാണു ചിന്തിക്കുന്നതു.

മി. കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): കുറേക്കൂടി വിസ്തൃതമായ ഒരഭിപ്രായം സ്വീകരിച്ചു നമുക്കു എന്തെങ്കിലും ഭേദഗതിചെയ്‌വാൻ കഴികയില്ലേ?

മി. ജി. ശങ്കരൻപോററി (സംയുക്ത): ഭേദഗതി ഉണ്ടാകുന്ന അവസരത്തിലേ എനിക്കു അതിനെപ്പററി സംസാരിക്കാൻ കഴികയുള്ളു.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): സ്വസമുദായത്തിൽനിന്നും വിവാഹംകഴിക്കുന്നതിനു ഇളയവർമാരെ തടയുന്നതായ ഏതെങ്കിലും നിയമമുണ്ടോ?

മി. ജി. ശങ്കരൻപോററി (സംയുക്ത): നിയമമൊന്നുമില്ല.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): പിന്നെ എന്താണ് അവരെ തടയുന്നതു?

മി. ജി. ശങ്കരൻപോററി (സംയുക്ത): വിവാഹംചെയ്യുന്നപക്ഷം അവരുടെ ഭാര്യയുമൊന്നിച്ചു വസിക്കുന്നതിനു അവരുടെ കാരണവൻ ചിലപ്പോൾ അനുവദിക്കാതെവരാം.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): കുടുംബത്തിലെ ഇളയവർമാർക്കു ചെലവിനു അനുവദിക്കുമ്പോൾ അവർ സ്വയമേവ സ്വന്തം ജാതിയിൽനിന്നുമാത്രമേ ഭാര്യമാരെ സ്വീകരിക്കാവൂ എന്നു മെംബർ വിചാരിക്കുന്നില്ലേ?

മി. ജി. ശങ്കരൻപോററി (സംയുക്ത): മെംബർ പറഞ്ഞതു ശരിയായി മനസ്സിലായില്ല.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഇളയവർമാർക്കു ചെലവിനു അനുവദിക്കുന്നപക്ഷം അവർ സ്വസമുദായത്തിൽനിന്നു വിവാഹംകഴിക്കുന്നില്ലെങ്കിലോ? എന്നാണ് ഞാൻ ചോദിക്കുന്നതു്.

മി. ജി. ശങ്കരൻപോററി (സംയുക്ത): അതാണ് ഞങ്ങൾ ആശിക്കുന്നതു.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): അപ്പോൾ നമ്പൂതിരിബ്രാഹ്മണർ അവരുടെ സമുദായത്തിൽനിന്നുമാത്രമേ വിവാഹംചെയ്യാവൂ എന്നു ബില്ലിൽ നിബന്ധനയുണ്ടായിരിക്കേണ്ടതു അത്യാവശ്യമല്ലേ? അതിനെ ബലപ്പെടുത്തുന്നതായ ഒരു പ്രത്യേകവ്യവസ്ഥ വേണ്ടതല്ലേ? ഗൃഹസ്ഥനായ ഒരുവനുമാത്രമേ ചെലവിനുകിട്ടുന്നതിനു അവകാശമുള്ളു എന്നാണ് ഇപ്പോൾ വ്യവസ്ഥപ്പെടുത്തിയിട്ടുള്ളതു.

മി. ജി. ശങ്കരൻപോററി (സംയുക്ത): വിവാഹംകഴിക്കുവാനാശിക്കുന്ന എല്ലാസമുദായാംഗങ്ങളും അവരുടെ സമുദായത്തിൽനിന്നുതന്നെ അപ്രകാരം ചെയ്യണമെന്നു വ്യവസ്ഥചെയ്യണമെന്നാണ് ഞങ്ങൾ ആശിക്കുന്നതു. ഇപ്പോൾ കാരണവന്റെ തടസ്സംനിമിത്തം ഇളയവർമാർക്കു അപ്രകാരംചെയ്യാൻ കഴികയില്ല.

മി. സി. പി. തോമസ്സ് (നിയമിത): ഇളയവർമാർ മേജരായതിനുശേഷം അവർക്കു ചെലവിനുകൊടുക്കുന്നതിനു സാധിക്കുമോ?

മി. ജി. ശങ്കരൻപോററി (സംയുക്ത): അതിലേക്കു വ്യവസ്ഥയുണ്ട്.

മി. സി. പി. തോമസ്സ് (നിയമിത): ബിൽപ്രകാരം ഗൃഹസ്ഥൻ കുടുംബത്തിൽനിന്നും പുറമേ വരുമ്പോൾമാത്രമേ സംരക്ഷണംസംബന്ധിച്ചുള്ള ചോദ്യമുണ്ടാകുന്നുള്ളു. അയാൾ വിവാഹംചെയ്യുകയും അല്ലെങ്കിലും അയാൾക്കു പ്രത്യേകം ചെലവിനുകൊടുക്കുന്നതിനു ബന്ധപ്പെട്ടവനാക്കാൻ നിങ്ങൾക്കു കഴികയില്ലയോ എന്നാണ് ഞാൻ ചോദിക്കുന്നതു?

മി. ജി. ശങ്കരൻചേറി (സംയുക്ത): അപ്രകാരം ഞങ്ങൾ ചെയ്തിരുന്നുവെങ്കിൽ സംഗതി അതോടുകൂടി തീരുമായിരുന്നു.

ബില്ലിലെ വ്യവസ്ഥകളെസംബന്ധിച്ചു ഞാൻ ചെയ്യേണ്ടതായ റിമാർക്കുകൾ അവ പ്രസ്താവിക്കപ്പെട്ടിട്ടുള്ള അർത്ഥത്തിൽതന്നെ സ്വീകരിക്കപ്പെടുമെന്നും, തെറ്റിദ്ധാരണകൾ ഉണ്ടാകയില്ലെന്നും ഞാൻ വിശ്വസിക്കുന്നു. ഞാൻ പ്രതിനിധീകരിക്കുന്ന സമുദായത്തിനുവേണ്ടി, ഈ ബിൽ പാസ്സായികിട്ടുന്നതിനു സാധാരണമായിട്ട് ചെയ്യാറുള്ളതുപോലെ ഈ കൌൺസിൽ ഞങ്ങളെ സഹായിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു. ഈ വാക്കുകളാൽ മിസ്റ്റർ ഇപ്പൻനമ്പൂരിയുടെ ബില്ലിൽ അടങ്ങിയിരിക്കുന്ന തത്വത്തെ ഞാൻ പിൻതാങ്ങുന്നു.

മി. വി. സുബ്ബയ്യർ (നിയമിത): (ഉപാദ്ധ്യക്ഷൻ) സർ, ഈ ബില്ലിനെസംബന്ധിച്ചു ഞാൻ ഏതാനും വാക്കുകൾ പറയണമെന്നു ആഗ്രഹിക്കുന്നു. ഞാൻ പങ്കുകൊണ്ടിട്ടുള്ളവയിൽ അസാധാരണ ബില്ലാണിതു്. പ്രത്യേകിച്ചും, സർവ്വത്ര കാര്യവിവരണങ്ങളിൽ ഈ കാലത്തു അത്യാവശ്യമായിരിക്കുന്ന പരിഷ്കാരത്തിൽ വളരെ പിൻനിൽക്കുമെന്നു സർവ്വരും സമ്മതിക്കുന്ന ഒരു സമുദായത്തിനുവേണ്ടിയുള്ള ബില്ലാണിതു്. അതുകൊണ്ടു, നിയമമാകുന്ന സ്വഭാവത്തിൽ ഉൾപ്പെട്ടതും പുറമേ ബോദ്ധ്യപ്പെടത്തക്കവിധം തന്നെ ഞാൻ പ്രസ്താവിക്കുന്നതിനു അവശ്യം വേണ്ടതായ ശക്തിയും നാശം ഇല്ലാത്തതും ആയ ഒരു സമുദായത്തെസംബന്ധിച്ചു ഒരു ബില്ലിൽ നാം അനുകമ്പയോടുകൂടിയ നയം പ്രയോഗിക്കണമെന്നുള്ളതു ഏറ്റവും അത്യാവശ്യമാണ്. അതുകൊണ്ടു ബില്ലിൽ കുറവുകൾ ഉണ്ടെങ്കിൽതന്നെയും അവയെ ഈ സമാജം ശ്രദ്ധിച്ചു പരിശോധിക്കേണ്ടതാകുന്നു. അങ്ങിനെയുള്ള കുറവുകൾ ഉണ്ടെന്നുള്ള കാരണത്തിന്മേൽ ബില്ലിനെ തള്ളിക്കളയുകയല്ല, അതിനെ ശരിപ്പെടുത്തുന്നതിനു സഹായം ചെയ്കയാണ് വേണ്ടതു. അതേസമയംതന്നെ, ബിൽ തന്റെ സമുദായത്തിനു ആകമാനം സ്വീകാര്യമാണെന്നു പറയുമ്പോൾ ബില്ലിന്റെ പ്രയോക്താവിനോടു എനിക്കു ഉപദേശരൂപത്തിൽ ഒന്നു പറയേണ്ടതായിട്ടുണ്ടു. സമുദായത്തിലെ എത്ര അംഗങ്ങൾ ഇതിനു അനുകൂലികളാണെന്നും, എത്രപേർ പ്രതികൂലിക്കുന്നുണ്ടെന്നും, ഞങ്ങൾക്കു അറിഞ്ഞുകൂടാ. സമുദായം ഒട്ടാകെ അനുകൂലമാണെന്നു പ്രയോക്താവു പറഞ്ഞു. എന്നാൽ ചില അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടെന്നു മിസ്റ്റർ ശങ്കരൻചേറി പറയുന്നു. അതുകൊണ്ടു സമുദായത്തിന്റെ അഭിപ്രായം അറിയുന്നതിനു പ്രയോക്താവു ശ്രമിക്കേണ്ടതാണെന്നുള്ളതു ഏറ്റവും ആവശ്യമാണ്. ഭൂരിപക്ഷം ഈ ബില്ലിനെ അനുകൂലിക്കുന്നു എന്നു അദ്ദേഹം പറയുന്നു. യോഗക്ഷേമസഭ ഈ ബില്ലിനെസംബന്ധിച്ചു എന്തു പറയുന്നുവെന്നു ഞങ്ങൾക്കു അറിഞ്ഞുകൂടാ. സഭയിലെ അംഗങ്ങളുടെ സംഖ്യയും മെമ്പറാകുന്നതിനുള്ള യോഗ്യതയും എന്താണെന്നും ഞങ്ങൾക്കറിഞ്ഞുകൂടാ. അതുകൊണ്ടു സഭയുടെ കമ്മിറ്റിയുടെ അഭിപ്രായം ചോദിച്ചതായി പറയപ്പെട്ടിരിക്കുന്നു. എത്രപേരെ പരിശോധിച്ചുവെന്നും, അവരുടെ അഭിപ്രായമെന്തെന്നും, ആ വിഷയത്തെ സംബന്ധിച്ചു സർവ്വവും ഞങ്ങൾക്കു ഇനി അറിയേണ്ടിയിരിക്കുന്നു. അതുകൊണ്ടു ആദ്യഘട്ടത്തിൽ ഏതു കാലാവസ്ഥയിലും ഇതിനെ പ്രത്യക്ഷമായി എതിർക്കുന്നില്ലെങ്കിലും, ബിൽ വിവിധഘട്ടങ്ങളിൽകൂടി കടന്നുപോകുമ്പോൾ പലേ ഏർപ്പാടുകളും നമ്മെ തടസ്സപ്പെടുത്തും എന്നാണ് ഞാൻ പറയുന്നതു്. ബിൽ പാസ്സായില്ല എന്നാകുന്നപക്ഷം സഭയിൽ എല്ലാവിധത്തിലുമുള്ള തടസ്സങ്ങളുമുണ്ടാകും. ഞാൻ ഇതു പറയുന്നതു എന്തിനെന്നാൽ ഈ കൌൺസിലിൽകൂടി കടന്നുപോയിട്ടുള്ള ബില്ലുകളുടെ സംഗതിയിൽ പരിതാപകരമായ അനുഭവമുണ്ടായിട്ടുണ്ട്. ബില്ലുകൾ കൌൺസിലിൽ അവതരിപ്പിക്കുമ്പോൾ ആദ്യമായിട്ട്, യാതൊരുവിധത്തിലുമുള്ള തടസ്സമില്ലെന്നു സമുദായത്തിലെ ഏതാനും അംഗങ്ങൾ പ്രസ്താവിക്കുകയായി. എന്നാൽ ഇടയ്ക്കുള്ള ഘട്ടങ്ങളിൽ പലരെ ശക്തിയേറിയ തടസ്സം ഉണ്ടായിരുന്നു എന്നു ഞാൻ കണ്ടിട്ടുണ്ട്. അതുകൊണ്ടു മിസ്റ്റർ ഇപ്പൻനമ്പൂതിരിയോടു ഞാൻ പറയുന്നതു, അദ്ദേഹം ഈ വൈഷമ്യങ്ങളെല്ലാം സഹിക്കുന്നതിനു തയ്യാറായിരിക്കണമെന്നാണ്. ബിൽ ഉദ്ദേശിക്കപ്പെട്ടിരിക്കുന്ന സമുദായത്തിലെ സംബന്ധിച്ചു മിസ്റ്റർ ഇപ്പൻനമ്പൂതിരിക്കു ഒരു പരിചയസൗകര്യമുണ്ടു്. അദ്ദേഹത്തിന്റെ കണക്കനുസരിച്ചു അദ്ദേഹത്തിന്റെ സമുദായത്തിൽ അനേകായിരം ആളുകൾ ഉള്ളതായി അറിയുന്നുണ്ട്. എന്നാൽ മിസ്റ്റർ ചങ്ങനാശ്ശേരി പരമേശ്വരൻപിള്ള അതിനെ എതിർക്കുന്നതായിരിക്കുന്നുണ്ടു, അദ്ദേഹം പറയുന്നതു 'ഇല്ലങ്ങൾ' എല്ലാം മലയാളബ്രാഹ്മണരായിരുന്നുവെന്നും അതുകൊണ്ടു അതു ശരിയായിരിക്കെന്നുമാണ്.

മി. ചങ്ങനാശ്ശേരി പരമേശ്വരൻപിള്ള (കൊല്ലം): ബില്ലിൽ നമ്പൂതിരിയുടെ വിവരണത്തിൽനിന്നും ഇല്ലങ്ങൾ ഒഴിവാക്കപ്പെട്ടതായിരുന്നതാണ്.

മി. വി. സുബ്ബയ്യർ (നിയമിതൻ) (ഡെപ്യൂട്ടിപ്രസിഡൻറ്): അതു ഒരു വ്യത്യസ്തസംഗതിയാകുന്നു. എന്നാൽ ഇല്ലങ്ങൾക്കു പൊതുവായി ജനങ്ങളുടെ അഭിപ്രായം അറിയുന്നതു അത്ര വൈഷമ്യമുള്ളതല്ല. ഉദ്ദേശം ആയിരം ഇല്ലങ്ങൾമാത്രമേയുള്ളു. അതുകൊണ്ടു സിലക്ട് കമ്മിററി അവരുടെ റിപ്പോർട്ടു തയ്യാറാക്കുന്നതിനുമുമ്പു് ബില്ലിനു തടസ്സമുണ്ടോ ഇല്ലയോ എന്നു നമുക്കു അറിയാൻ കഴിയുന്നവിധം ബില്ലിന്റെ പ്രയോക്താവിനു രംഗത്തിൽ പ്രസിദ്ധീകരിച്ചു അവരുടെ അഭിപ്രായങ്ങൾ മാന്യരായ ജനങ്ങളുടെ രേഖയോടുകൂടി ലഭിക്കുന്നതിനു വിഷമമില്ല. ഞാൻ ഈ ഉപദേശം മുൻകൂട്ടിത്തരുന്നതു്, മററു സാമുദായികബില്ലുകളുടെ സംഗതിയിൽ സാധാരണനിലയിൽ നിയമിക്കപ്പെട്ടകമ്മിററികൾ ഉണ്ടായിരുന്നുവെന്നുള്ളതുകൊണ്ടും എത്രപേരാണു ബില്ലിനു അനുകൂലികളെന്നും എത്രപേരാണ് പ്രതികൂലികളെന്നും ഞങ്ങൾക്കു കണക്കെടുക്കുന്നതിനു സാധിച്ചുവെന്നുള്ളതുകൊണ്ടുമാണ്. ഈ വിധത്തിൽ ബില്ലിന്റെനേർക്കു സമുദായത്തിനുള്ള നിലഎന്തെന്നു ഞങ്ങൾക്കു ശരിയായി അറിയാൻ സാധിച്ചു. എന്നാൽ ഈ ബില്ലിന്റെ സംഗതിയിൽ മുഴുവൻ അങ്ങനെ യാതൊരു കണക്കുമില്ല. നമ്പൂതിരിമാരെല്ലാം വടക്കൻതാലൂക്കുകളിലായതുകൊണ്ടു അവരുടെ ഇല്ലങ്ങളെക്കുറിച്ചുള്ള അവരുടെ അഭിപ്രായങ്ങൾ രേഖപ്പെടുത്തിക്കിട്ടുമെന്നുള്ളതിനാൽ ഇതു വളരെ വിഷമപ്പെട്ട സംഗതിയല്ല.

ഇതിന്നിടയിൽ ഈ ബിൽകൊണ്ടുവരുന്നതിനു സമുദായത്തിന്റെ പിൻപുഎന്താണ് എന്നുള്ളതിനെകുറിച്ചു ഞാൻ ഒന്നോ രണ്ടോ വാക്കുകൾപറയാം. മി. ശങ്കരൻപോററിയുടെ പ്രസംഗം ശ്രവിച്ചുകൊണ്ടിരുന്ന നമുക്കു ഒരു നംപൂതിരിഇല്ലത്തിലെ ഇളമുറക്കാരന്റെ സ്ഥാനം എത്രത്തോളം സുഖകരമാണെന്നു ബോദ്ധ്യപ്പെട്ടുകഴിഞ്ഞു. ചുരുക്കിപറഞ്ഞാൽ അയാൾക്കു കുഡുംബജീവിതമെല്ലു. ഒരു പുരുഷൻ മേജരായതിനുശേഷം അയാളുടെ ഭാൎയ്യയുടെയും കുഞ്ഞുങ്ങളുടെയും സഹവാസം പരമാൎത്ഥത്തിൽ ഇഷ്ടപ്പെടുന്നുണ്ടു. എന്നാൽ മലബാർ ബ്രാഹ്മണസമുദായത്തിലെ ഇളമുറക്കാരനു ആ സഹവാസവും ആനന്ദവും തടയപ്പെട്ടിരിക്കുന്നു. അയാൾ മററുസമുദായങ്ങളിൽനിന്നും വിവാഹംചെയ്യേണ്ടിയിരിക്കുന്നു. അയാളുടെ കുടുംബംഇല്ലത്തിനുപുറമേ താമസിക്കയാണെങ്കിൽ അയാളുടെകുഡുംബത്തെ സംരക്ഷണം ചെയ്യുന്നതിനു കാരണവരുടെഭാഗത്തു യാതൊരുബാദ്ധ്യതയും ഇല്ല. അയാൾക്കു ഭാഗത്തിനും അവകാശമില്ല. അയാൾക്കു ചെലവിനു ചോദിക്കാൻ യാതൊരവകാശവുമില്ല. അതുകൊണ്ടു ഒരു ഇളമുറക്കാരനു വിവാഹംചെയ്യുന്നതിനു വളരെവിഷമമുണ്ട്. നായർറഗുലേഷൻ വെള്ളാളറഗുലേഷൻ ഈഴവറഗുലേഷൻ ഇവയുടെ സംഗതിയിൽ ഒരു സ്ത്രീക്കു അവരുടെ വിവാഹംകഴിഞ്ഞു അവരുടെവീട്ടിൽ മടങ്ങിപ്പോകുന്നതിനുവേണ്ടിയുള്ള നിബന്ധനയുണ്ടു. എന്നാൽ മലബാർ ബ്രാഹ്മണരെ സംബന്ധിച്ചിടത്തോളം, ഒരു പെൺകുട്ടിയുടെ പിതാവ് തന്റെ മകളെ ഒരു നംപൂതിരിതറവാട്ടിലെ ഇളമുറക്കാരനു വിവാഹംചെയ്തുകൊടുക്കുന്നതിനു മുമ്പായി രണ്ടാവൎത്തിആലോചിക്കും. പരമാൎത്ഥത്തിൽ സമുദായത്തിൽ വിവാഹങ്ങൾ വളരെ ചുരുക്കമായിട്ടുമാത്രമേയുള്ളു. അതിന്റെ ഫലമായി അവർ നായർതുടങ്ങിയ മററുസമുദായങ്ങളിൽ വിവാഹംചെയ്യേണ്ടതായിവരുന്നതും ആകുന്നു. നായർസ്ത്രീകളുടെ സംഗതിയിൽ, ഭൎത്താവുമരിക്കയാണെങ്കിൽതന്നെയും, അവൾക്കു ഭൎത്താവിനു ഒരു കുപ്പുവെള്ളം കൊടുക്കുന്നതിനോ, പകൽസമയം ഭൎത്താവിനെ സമീപിക്കുന്നതിനോ പാടില്ലെന്നു നമുക്കറിയാം. പകൽ അയാൾക്കു കുഞ്ഞുങ്ങളെ ചുംബിക്കാൻപോലും കഴികയില്ല. അവർ നംപൂതിരിയുടെ വീട്ടിനുവെളിയിൽപോകണം. തന്റെ ഭാൎയ്യയെയും കുഞ്ഞുങ്ങളേയും കാണുന്നതിനുള്ള സുഖംപോലും പകൽസമയം അയാൾക്കു അനുവദിച്ചിട്ടില്ല. അവൎക്കു അയാളോന്നിച്ചു ഇല്ലത്തു നിൽക്കാൻപാടില്ല. ഇവകളാണ് അവരുടെ വൈഷമ്യങ്ങൾ. നാം ബില്ലിലെ വ്യവസ്ഥകൾ നംപൂതിരിമാരുടെ നിലയിൽനിന്നും പരിശോധിക്കണം. മററുസമുദായങ്ങൾക്കു ന്യായമായിതോന്നുന്നവ ചിലസംഗതികളിൽ അവൎക്കു ന്യായമായിതോന്നുകയില്ല. അവർ വളരെ യാഥാസ്ഥിതികരാണ്. നാം ഏതുസമുദായത്തിനുവേണ്ടി നിയമംനിൎമ്മിക്കുന്നുവോ അവരുടെ അന്തഃകരണത്തെ നാം ആലോചിക്കണം. കക്ഷികളെസംബന്ധിച്ചിടത്തോളം നാം അന്യായംചെയ്യാൻപാടില്ല. നമ്മുടെ പരിഷ്കൃതാശയങ്ങളെ ഉപേക്ഷിച്ചിട്ടു, നംപൂതിരിക്കുവേണ്ടിയാണു നാം നിയമനിൎമ്മാണം ചെയ്യുന്നതെന്നും അദ്ദേഹത്തിനു എന്താണോ ആവശ്യം അതല്ലാതെ അതിൽ ഒന്നും കൂടുതലായി അദ്ദേഹത്തിനു കൊടുക്കാൻ പാടില്ലെന്നും നാം ഓൎത്തുകൊള്ളണം. ആരീതിയിൽ നോക്കുമ്പോൾ അധികംവ്യവസ്ഥകളും എന്റെ ചില സ്നേഹിതന്മാർ വിചാരിക്കുന്നതിൽ പകുതിപോലും കുററകരങ്ങളല്ല എന്നു നമുക്കു കാണാം. ഉദാഹരണമായി ജാതിഭ്രഷ്ടനെ എടുക്കുക. ജാതിഭ്രഷ്ടിന്റെ തത്വം വളരെ പുരാതനവും അതു ബില്ലിൽ ചേൎക്കാൻപാടില്ലാത്തതുമാകുന്നു എന്നു പറയപ്പെട്ടിരിക്കുന്നു. ജാതിഭ്രഷ്ടൻ എന്നാൽ ജാതിയുടെ വ്യവസ്ഥകളെ അനുസരിക്കാത്തവനെന്നും അതുകൊണ്ടു ജാതിയിൽനിന്നും പുറംതള്ളപ്പെട്ടവനെന്നുംമാത്രം അൎത്ഥമാകുന്നുവെന്നു ഞാൻപറയുന്നു. സമാജത്തിന്റെ വ്യവസ്ഥകളെ അനുസരിക്കാത്ത ഒരു മനുഷ്യനെ അതിൽനിന്നും തള്ളുന്നതിനുള്ളതു വ്യവസ്ഥ സകലയോഗങ്ങളിലും സഭകളിലും ഉണ്ടു. അപ്രകാരം ഒരു മനുഷ്യൻ ഒരു പ്രത്യേകജാതിയുടെ വ്യവസ്ഥകളെ അനുസരിക്കുന്നില്ലെങ്കിൽ അയാളെ ഒരു ജാതിഭ്രഷ്ടൻ എന്നു വിളിക്കുന്നു.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഒരു സമിതിക്കു ഒരു മനുഷ്യന്റെ അവകാശങ്ങളെ ഇല്ലാതാക്കുന്നതിനു കഴികയില്ലെന്നും അതു അയാളെ പിരിച്ചുവിടുകമാത്രമേ ചെയ്യുകയുള്ളുവെന്നും ഞാൻ പറയണമോ?

മി. വി. സുബ്ബയ്യർ (നിയമിതൻ) (ഡിപ്യൂട്ടിപ്രസിഡന്റ): ഞാൻ അതിലെക്കുവരും ആ വഴിയിൽ രണ്ടാൻ വിട്ടുകളകയില്ല.

ഒരു ജാതിയിലെ ഒരു പ്രത്യേക അംഗം ആ ജാതി നിയമം അനുസരിച്ചു പ്രവൎത്തിച്ചുവെന്നു പ്രസ്താവിക്കുന്നതിനും അപ്രകാരം പ്രവൎത്തിക്കാതിരിക്കുന്നപക്ഷം അയാളെ ജാതിയിൽനിന്നും തള്ളുന്നതിനും ഒരു ജാതിക്കു അധികാരമുണ്ടെന്നു ഞാൻ പറയുന്നു. അതു എല്ലായിടത്തും അംഗീകരിക്കപ്പെട്ടിട്ടുള്ള ഒരു നിയമതത്വമാണ്. അതു ഒരു മതാദ്ധ്യക്ഷനാലോ അല്ലെങ്കിൽ മററുവല്ലവരാലുമോ ചെയ്യപ്പെടാവുന്നതാണ്. മററുപ്രകാരത്തിൽ പറയുകയാണെങ്കിൽ ഒരു ജാതിയിലെ ഒരു പ്രത്യേകഅംഗം ആ ജാതിനിയമം അനുസരിച്ചിരിക്കുന്നോഎന്നു പരിശോധിച്ചു അയാളുടെമേൽനടപടികൾ നടത്തുന്നതിനുള്ള അധികാരം ഒരു ജനസംഘത്തിനുണ്ടു. മതംമാററം ബ്രിട്ടീഷിൻഡ്യയിൽ ഒരു മനുഷ്യന്റെ ജന്മാവകാശത്തിനു പ്രതിബന്ധമല്ലെങ്കിലും തിരുവിതാംകൂറിൽ അയാൾക്കു ജന്മനാലുള്ള അവകാശം ഇല്ല. തിരുവിതാംകൂറിൽ ഒരുമനുഷ്യൻ അയാളുടെമതം മാറിയാൽ ഉടൻതന്നെ അയാളുടെ ജന്മനാലുള്ള അവകാശം നഷ്ടമായിപ്പോകുന്നു. നായർറഗുലേഷനിലും ഈഴവറഗുലേഷനിലും ഈ തത്വം അംഗീകരിച്ചിരിക്കുന്നു. തിരുവിതാംകൂറിൽ ക്രിസ്തുമതത്തിലേക്കുള്ള മാററം സ്വത്തിനുള്ള അവകാശത്തെ ഇല്ലാതാക്കുന്നു. നായന്മാരുടെ ഇടയിൽ അവകാശം നശിച്ചുപോകുന്നതു സംബന്ധമായ നിയമം മാററിയിട്ടില്ല. അതുകൊണ്ടു വടപ്പിച്ചിരിക്കുന്ന നിയമപ്രകാരം മററുസമുദായങ്ങൾക്കു സ്വീകാൎയ്യമായ വ്യവസ്ഥനംപൂരി ബില്ലിന്റെ സംഗതിയിൽ ദുൎവ്യാഖ്യാനം ചെയ്യേണ്ടതു എന്തുകൊണ്ടാണെന്നു എനിക്കു മനസ്സിലാകുന്നില്ല.

മി. ചങ്ങനാശേരി പരമേശ്വരൻപിള്ള സ്മാൎത്തവിചാരത്തിനെ സംബന്ധിച്ചു ഏതാനും വാക്കുകൾ സംസാരിച്ചു. മിസ്റ്റർ ശങ്കരൻപോററി വിവരിച്ചപ്രകാരമുള്ള സ്മാൎത്തവിചാരം ഒരു സംഘം ആളുകളുടെ ദീൎഘമായ ചിത്രമാണ്. മിസ്റ്റർ പരമേശ്വരൻപിള്ള അതിന്റെ ഒരു വിവരണം "ലോഗ"ന്റെ മലബാർ മാനുവലിൽ നിന്നുവായിച്ചു. അതു എകദേശം അഞ്ചു ശതാബ്ദങ്ങൾക്കു മുമ്പു പ്രചാരത്തിലിരുന്നിരിക്കാം. ഞാൻ അദ്ദേഹത്തോടു അടുത്തകാലത്തു പരസ്യംചെയ്തിട്ടുള്ള മിസ്റ്റർ നാഗമയ്യായുടെ സ്റ്റേററമാനുവൽ വായിക്കാൻ പറയുന്നു. ഈ പുസ്തകം വായിച്ചാൽ ഒരു സ്ത്രീയെ അവളുടെ പാതിവ്രത്യം പരിശോധിക്കുന്നതിനു ഒരു സപ്തതിയോടൊന്നിച്ചു അടച്ചിരുന്നപ്രകാരം യാതൊന്നുമില്ലെന്നു മനസ്സിലാകും. അവർ സാധാരണ ചെയ്യാറുള്ളതു അവ

ണ്ടുവന്നിട്ടുണ്ടു. അതു ഒരു വിശ്രുതനായ അഭിഭാഷകനാൽ അവതരിപ്പിക്കപ്പെട്ടതല്ലെങ്കിൽ സമർത്ഥന്മാരായ അഭിഭാഷകന്മാർ അടങ്ങിയിരിക്കുന്ന ഒരു സമതിയാലാണ് അതു കൊണ്ടുവരപ്പെട്ടിട്ടുള്ളതു. തൽസംബന്ധമായി നമ്മാൽ കഴിവുള്ളിടത്തോളം പ്രവർത്തിക്കേണ്ടതു നമ്മുടെ കടമയുമാകുന്നു. അതുകൊണ്ടു അവർ അജ്ഞാനികളാണെന്നുള്ള സംഗതി നമുക്കു വളരെ അവധാരണം ചെയ്യേണ്ടതില്ലെന്നും, ഇപ്പോൾ നടപ്പിലിരിക്കുന്ന എല്ലാ സംഗതികൾക്കുംവേണ്ടി വ്യവസ്ഥകൾ ഏർപ്പെടുത്തുവാൻ അവർ അത്ര വിവേകമുള്ളവരോ പരിഷ്കൃതരോ ആകുന്നോ അല്ലയോ എന്നതിനെപ്പററി നമുക്കു ചിന്തിക്കേണ്ടതില്ലെന്നും നാം ഓർക്കേണ്ടതാണ്. സമുദായം അപരിഷ്കൃതമാണെങ്കിൽ അവർക്കുവേണ്ടി നിയമനിർമ്മിതി ചെയ്യാൻ നിപുണന്മാരായ അഭിഭാഷക സാമാജികന്മാരടങ്ങിയ ഈ കൌൺസിൽ ഉണ്ടല്ലോ. നായന്മാർ ബഹുഭാര്യാസ്വീകരണത്തോടുകൂടിയവരായിരുന്നെന്നും റഗുലേഷനിൽ ഒരു പ്രത്യേക വ്യവസ്ഥമൂലം അതു നിരോധിക്കപ്പെട്ടെന്നും ഉള്ള വസ്തുത ഈ സന്ദർഭത്തിൽ ഞാൻ എടുത്തുകാണിച്ചുകൊള്ളുന്നു. അതുകൊണ്ടു പ്രത്യേകമായ ഒരു സമുദായത്തിന്റെ സകലസ്ഥിതികളും നിലകളും മനസ്സിൽ ധരിച്ചുകൊണ്ടാണു നാം ഇവിടെ വിവേകമുള്ള ഒരുകൂട്ടം ആളുകളായി നിയമനിർമ്മിതിക്കു ഒരുങ്ങുന്നതു. എന്നാൽ ഒരു പ്രത്യേക സമുദായത്തിൽ ഒരു പ്രത്യേകസമയത്തോ എന്നന്നേക്കുമോ സർവസാധാരണമായുള്ള എല്ലാററിനും ജസ്റ്റിവിധി കല്പിക്കാൻ നാം ഒരുങ്ങരുതു. ഞാൻ മുമ്പെ പറഞ്ഞപോലെ ബില്ലിന്റെ മൂലതത്വങ്ങളോടനുകൂലിക്കുന്നതിൽ എനിക്കു യാതൊരു വൈമുഖ്യവും ഇല്ല. എന്നാൽ അപ്രകാരം ചെയ്യുമ്പോൾ ഇടയിൽ ഒന്നുരണ്ടു വിഷയങ്ങളിലേക്കു കൌൺസിലിന്റെ ശ്രദ്ധയെ ആകർഷിക്കുവാൻ ഞാൻ ആശിക്കുന്നു. ഒന്നു ഉദകവിച്ഛേദകത്തെപ്പററിയാണു. മിസ്റ്റർ സുബ്ബയ്യരുടെ വാദം മനസ്സിലാക്കുവാൻ എനിക്കു കഴിഞ്ഞു. ഞാനും പറയുന്നതു ഓരോ സമുദായത്തിനും അതാതിനെ സംബന്ധിക്കുന്ന നിയമങ്ങൾ ഉണ്ടായിരിക്കുമെന്നും അവയെപ്പററി എന്തെങ്കിലുംചെയ്യുന്നതിനു മററാർക്കും അധികാരമില്ലെന്നുതന്നെയാണ്. സമുദായാംഗങ്ങൾ ആ നിയമങ്ങൾക്കു കീഴ്പെട്ടിരിക്കണമെന്നുള്ളതും എപ്പോഴെങ്കിലും അവർ അതിനെ വിഗണിക്കുവാൻ ഒരുങ്ങുന്നപക്ഷം അതു അപായകരമാകുമെന്നും ഉള്ള വസ്തുത വാസ്തവംതന്നെ. ജാതിഭ്രഷ്ട്കൊണ്ടുള്ള ഫലമെന്താണ്. സന്മാർഗ്ഗികമായ ദോഷംനിമിത്തമോ മററതെങ്കിലും കാരണംമൂലമോ, എന്തുതന്നെയായാലും, ഒരുവൻ ജാതിഭ്രഷ്ടനായി പ്രസ്താവിക്കപ്പെടുന്ന ആ നിമിഷംതന്നെ സംഭവിക്കുന്നതെന്തെന്നാൽ തന്നെപ്പോലും രക്ഷിക്കുന്നതിനു ആവശ്യമുള്ള യാതൊരു വകയുംകൂടാതെ അയാൾ അഭിശപ്തനാക്കപ്പെടുകയെന്നതാണ്. മറെറാരുവിധത്തിൽ പറയുകയാണെങ്കിൽ ഒരു ദാസനായതുകൊണ്ടു സംസ്ഥാനത്തേയോ മററു വിസ്തൃത സമാജത്തേയോ ആശ്രയിക്കുവാൻ തക്കവണ്ണം ഒരു തെണ്ടിയായി അവൻ പുറത്തു തള്ളപ്പെടുന്നു. ഞാൻ വളരെ വിസ്തൃതമായ ഒരു പരിധിയിൽ നിന്നാണ് ഈ ചോദ്യത്തെപ്പററി ആലോചിക്കുന്നതു. അതായതു സംസ്ഥാനത്തിലെ വിപുലസമുദായമാകുന്ന ദൃഷ്ടിവിക്ഷേപത്തിൽ നിന്നാകുന്നു അതു. സമുദായം ദുർമ്മാർഗ്ഗികളെ എല്ലാം തെണ്ടികളായി പുറത്തു തള്ളുകയും സംസ്ഥാനത്തിനും വിപുലസമുദായത്തിനും ഭാരമായി ജീവിതംകഴിക്കുവാൻ ഇടവരുത്തുകയും ചെയ്യുകയാണെങ്കിൽ അപ്പോഴത്തെ നില എന്തായിരിക്കും. തെണ്ടിനടക്കുന്ന ആളുകളെ എല്ലാം ശിക്ഷിക്കപ്പെടണമെന്നു സംസ്ഥാനത്തു ഒരു നിയമം ഉണ്ടെന്നു വിചാരിക്കുക. ഈ ജാതിഭ്രഷ്ടന്മാരുടെ നില അപ്പോൾ എന്തായിരിക്കും. സംസ്ഥാനത്തിൽനിന്നു അവർക്കു രക്ഷനൽകുകയില്ല. ഇതിനുത്തരവാദിത്വം വഹിക്കുന്ന സമുദായം——

മി. ജി. ശങ്കരൻപോററി (സംയുക്തി): ഉദകവിച്ഛേദത്തിന്റെ ഫലമായി ഇപ്രകാരമുള്ള തെണ്ടികൾ ഉണ്ടായിട്ടുള്ളതായി മെമ്പറിനു എപ്പോഴെങ്കിലും കാണാൻ ഇടയായിട്ടുണ്ടോ?

മി. ഏ. കെ. പിള്ള, (കരുനാഗപ്പള്ളി): ഞാനാരേയും കണ്ടിട്ടില്ല. ഞാൻ പറയുന്നതു ഇത്രമാത്രമേയുള്ളു. ഒരാൾ സാന്മാർഗ്ഗികരീത്യാ പതിതയാണെന്നുകണ്ടാൽ അയാളെ ആഭാസൻ എന്നു വിളിക്കുന്നു. നമ്പൂതിരിസമുദായത്തിൽ അങ്ങനെയുള്ള ഒരുവൻ സ്വന്തം സംരക്ഷണത്തിനു യാതൊന്നും നൽകാതെ പുറത്തുതള്ളപ്പെടുന്നു. അതുകൊണ്ടു അയാൾ സമുദായത്തെ ആശ്രയിച്ചു ജീവിക്കുന്ന ഒരു തെണ്ടിയാണ്. എന്നാൽ നാം അവർക്കുവേണ്ടി നിയമനിർമ്മിതം ചെയ്യാനാണ് ഇവിടെ കൂടിയിരിക്കുന്നതു. അവരെയെല്ലാം തന്നത്താൻ ഭേദപ്പെട്ടുകൊള്ളുമെന്നു സാധാരണ ആളുകൾ പറയാറുള്ളതുപോലെ നമുക്കു കരുതുവാൻ കഴിയുമോ. അപ്രകാരമുള്ള നാശോന്മുഖ്യ സന്തതികളെ ദൂരീകരിക്കുവാൻ നാം കടമപ്പെട്ടവരാണെന്നാണ് എനിക്കു തോന്നുന്നതു.

മരണശാസനം കൂടാതെയുള്ള പിൻതുടർച്ചാവകാശത്തെപ്പററി പ്രതിപാദിക്കുന്ന ൨൨-ാം വകുപ്പിനെ സംബന്ധിച്ചു ഭാര്യയും ഭർത്താവും തമ്മിൽ വ്യക്തിപരമായ വ്യത്യാസം കല്പിക്കുന്നതെന്നാണ് എനിക്കു പറയാനുള്ളതു. അതു വാസ്തവത്തിൽ പ്രസ്തുത സമുദായത്തിനെതന്നെയും അതോടുകൂടി വിവാഹബന്ധത്തിൽ ഏർപ്പെടുത്തുന്ന സമുദായത്തിനും അവമാനത്തെ ദ്യോതിപ്പിക്കുന്നുണ്ടു. എന്നാൽ അതു പ്രത്യേക ഉദ്ദേശത്തോടുകൂടി വന്നിട്ടുള്ളതല്ലെന്നു എനിക്കു ബലമായ നിശ്ചയമുണ്ടു. തൽസമയംതന്നെ നാം ഇവിടെ കൂടിയിരിക്കുന്നതു ഒരു സമുദായത്തെ അടിച്ചുടച്ചു പുനർനിർമ്മിതി ചെയ്യുന്നതിനോ പരിഷ്കരിക്കുന്നതിനോ അല്ലെന്നും ആ സമുദായത്തിന്റെ ആചാരങ്ങളെ ക്രമപ്പെടുത്തുന്നതിനുമാത്രമാകണമെന്നും ഞാൻ ഓർമ്മപ്പെടുത്തിക്കൊള്ളട്ടെ. ഇപ്രകാരം യാതൊരു നിയമവുമില്ലാത്തപക്ഷം ഒരു നമ്പൂതിരിയുടെ തറവാട്ടു സ്വത്തിൽനിന്നും എന്തെങ്കിലും എടുക്കുവാൻ ഒരു നായർ സ്ത്രീക്കു കഴിയുമോ എന്നു ഞാൻ എന്റെ നായർസോദരന്മാരോടു ചോദിച്ചുകൊള്ളുന്നു. എന്നുതന്നെയല്ല അതു ന്യായീകരിക്കത്തക്കതുമാണോ? ഒരു നമ്പൂതിരി തറവാട്ടിൽ ഭാഗിക്കപ്പെടാതെയുള്ള ഒരു കൂട്ടുകുടുംബമായി പുരുഷന്മാരായ എല്ലാ അംഗങ്ങളും നിവസിക്കുന്നു എന്നു വിചാരിക്കുക. ആ സ്ഥിതിക്കു നായർ ഭാര്യക്കു നമ്പൂതിരിയുടെ തറവാട്ടുസ്വത്തിന്റെ ഏതെങ്കിലും ഭാഗം ലഭിക്കുവാൻ അവകാശമുണ്ടോ?

മി. ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): ആ വകുപ്പു തറവാട്ടുസ്വത്തിനെയല്ല സ്വയാർജ്ജിതസമ്പത്തിനെയാണ് കുറിക്കുന്നതെന്നു മി. ഏ. കെ. പിള്ളയെ ഓർമ്മപ്പെടുത്തിക്കൊള്ളട്ടെയോ.

മി. ഏ. കെ. പിള്ള (കരുനാഗപ്പള്ളി): അത് എനിക്കു മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. എന്നാൽ പ്രത്യേകസ്വത്തിനെസംബന്ധിച്ചും ഒന്നു സൂചിപ്പിക്കുന്നുണ്ട്.

മി. ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): പ്രത്യേകവസ്തുവും നിയമപ്രകാരം സ്വാർജ്ജിതസമ്പത്തിനെപ്പോലെ ഇച്ഛാനിധിയിലാകുന്നു.

മി. ഏ. കെ. പിള്ള (കരുനാഗപ്പള്ളി): സർ, നമ്പൂതിരി തറവാട്ടുസ്വത്ത് ഏതാണ്ടു മതസംബന്ധമായ ചില കർമ്മങ്ങളുടേയും യജ്ഞങ്ങളുടേയും അനുഷ്ഠാനത്തിനുവേണ്ടി ഉദ്ദേശിക്കപ്പെട്ടിട്ടുള്ള ഒരു മതസംബന്ധമായ

ഇതിനിടയിൽ ഈ ബിൽകൊണ്ടുവരുന്നതിനു സമുദായത്തിന്റെ പിൻപുഎന്താണ് എന്നുള്ളതിനെകുറിച്ചു ഞാൻ ഒന്നോ രണ്ടോ വാക്കുകൾപറയാം. മി. ശങ്കരൻപോററിയുടെ പ്രസംഗം ശ്രവിച്ചുകൊണ്ടിരുന്ന നമുക്കു ഒരു നമ്പൂതിരിഇല്ലത്തിലെ ഇളയമുറക്കാരന്റെ സ്ഥാനം എത്രത്തോളം സുഖകരമാണെന്നു ബോദ്ധ്യപ്പെട്ടുകഴിഞ്ഞു. ചുരുക്കിപറഞ്ഞാൽ അവർക്കു കുഡുംബജീവിതമെ ഇല്ല. ഒരു പുരുഷൻ മേജർആയതിനുശേഷം അയാളുടെ ഭാര്യയുടെയും കുഞ്ഞുങ്ങളുടെയും സഹവാസം പരമാർത്ഥത്തിൽ ഇഷ്ടപ്പെടുന്നുണ്ടു. എന്നാൽ മലബാർ ബ്രാഹ്മണസമുദായത്തിലെ ഇളയമുറക്കാരനു ആ സഹവാസവും ആനന്ദവും തടയപ്പെട്ടിരിക്കുന്നു. അയാൾ മററു സമുദായങ്ങളിൽനിന്നും വിവാഹംചെയ്യേണ്ടിയിരിക്കുന്നു. അയാളുടെ കുടുംബംഇല്ലത്തിനുപുറമെ താമസിക്കയാണെങ്കിൽ അയാളുടെകുഡുംബത്തെ സംരക്ഷണം ചെയ്യുന്നതിനു കാരണവന്റെഭാഗത്തു യാതൊരുബാദ്ധ്യതയും ഇല്ല. അയാൾക്കു ഭാഗത്തിനും അവകാശമില്ല. അയാൾക്കു ചെലവിനു ചോദിക്കാൻ യാതൊരവകാശവുമില്ല. അതുകൊണ്ടു ഒരു ഇളയമുറക്കാരനു വിവാഹംചെയ്യുന്നതിനു വളരെവിഷമമാണ്. നായർറഗുലേഷൻ വെള്ളാളറഗുലേഷൻ ഈഴവറഗുലേഷൻ ഇവയുടെ സംഗതിയിൽ ഒരു സ്ത്രീക്കു അവരുടെ വിവാഹംകഴിഞ്ഞു അവരുടെവീട്ടിൽ മടങ്ങിപ്പോകുന്നതിനുവേണ്ടിയുള്ള നിബന്ധനയുണ്ടു. എന്നാൽ മലബാർ ബ്രാഹ്മണരെ സംബന്ധിച്ചിടത്തോളം, ഒരു പെൺകുട്ടിയുടെ പിതാവ് തന്റെ മകളെ ഒരു നമ്പൂതിരിതറവാട്ടിലെ ഇളയമുറക്കാരനു വിവാഹംചെയ്തുകൊടുക്കുന്നതിനു മുമ്പായി രണ്ടാവർത്തിയാലോചിക്കും. പരമാർത്ഥത്തിൽ സമുദായത്തിൽ വിവാഹങ്ങൾ വളരെ ചുരുക്കമായിട്ടുമാത്രമെ ഉള്ളു. അതിന്റെ ഫലമായി അവർ നായർമുതലായ മററുസമുദായങ്ങളിൽ വിവാഹംചെയ്യേണ്ടതായിവരുന്നതും ആകുന്നു. നായർഭാര്യമാരുടെ സംഗതിയിൽ, ഭർത്താവുമരിക്കയാണെങ്കിൽതന്നെയും, അവർക്കു ഭർത്താവിനു ഒരു കപ്പുവെള്ളം കൊടുക്കുന്നതിനൊ, പകൽസമയം ഭർത്താവിനെ സമീപിക്കുന്നതിനോ പാടില്ലെന്നു നമുക്കറിയാം. പകൽ അയാൾക്കു കുഞ്ഞുങ്ങളെ ചുംബിക്കാൻപോലും കഴികയില്ല. അവർ നമ്പൂതിരിയുടെ വീട്ടിനുവെളിയിൽപാർക്കണം. തന്റെ ഭാര്യയേയും കുഞ്ഞുങ്ങളേയും കാണുന്നതിനുള്ള സുഖംപോലും പകൽസമയം അയാൾക്കു അനുവദിച്ചിട്ടില്ല. അവർക്കു അയാളുമൊന്നിച്ചു ഉണ്ണുന്നതിനു ഇരിക്കാൻപാടില്ല. ഇവകളാണ് അവരുടെ വൈഷമ്യങ്ങൾ. നാം ബില്ലിലെ വ്യവസ്ഥകൾ നമ്പൂതിരിമാരുടെ നിലയിൽനിന്നും പരിശോധിക്കണം. മററുസമുദായങ്ങൾക്കു ന്യായമായിതോന്നുന്നവ ചിലസംഗതികളിൽ അവർക്കു ന്യായമായിതോന്നുകയില്ല. അവർ വളരെ യാഥാസ്ഥിതികരാണ്. നാം ഏതുസമുദായത്തിനുവേണ്ടി നിയമം നിർമ്മിക്കുമ്പോഴും അവരുടെ അന്തഃകരണത്തെ നാം ആലോചിക്കണം. കക്ഷികളെസംബന്ധിച്ചിടത്തോളം നാം അന്യായംചെയ്യാൻപാടില്ല. നമ്മുടെ പരിഷ്കൃതാശയങ്ങളെ ഉപേക്ഷിച്ചിട്ടു, നമ്പൂതിരിക്കുവേണ്ടിയാണു നാം നിയമനിർമ്മാണം ചെയ്യുന്നതെന്നും അദ്ദേഹത്തിനു എന്താണോ ആവശ്യം അതല്ലാതെ അതിൽകനും കൂടുതലായി അദ്ദേഹത്തിനു കൊടുക്കാൻ പാടില്ലെന്നും നാം ഓർത്തുകൊള്ളണം. ആരീതിയിൽ നോക്കുമ്പോൾ അധികംവ്യവസ്ഥകളും എന്റെ ചില സ്നേഹിതന്മാർ വിചാരിക്കുന്നതിൽ പകുതിപോലും കുററകരങ്ങളല്ല എന്നു നമുക്കു കാണാം. ഉദാഹരണമായി ജാതിഭ്രഷ്ടുതന്നെ എടുക്കുക. ജാതിഭ്രഷ്ടിന്റെ തത്വം വളരെ പുരാതനവും അതു ബില്ലിൽ ചേർക്കാൻപാടില്ലാത്തതുമാണെന്നു പറയപ്പെട്ടിരിക്കുന്നു. ജാതിഭ്രഷ്ടൻ എന്നാൽ ജാതിയുടെ വ്യവസ്ഥകളെ അനുസരിക്കാത്തവനെന്നും അതുകൊണ്ടു ജാതിയിൽനിന്നും പുറംതള്ളപ്പെട്ടവനെന്നുംമാത്രം അർത്ഥമാകുന്നുവെന്നു ഞാൻപറയുന്നു. സമാജത്തിന്റെ വ്യവസ്ഥകളെ അനുസരിക്കാത്ത ഒരു മനുഷ്യനെ അതിൽനിന്നും തള്ളുന്നതിനുള്ളഒരു വ്യവസ്ഥ സകല യോഗങ്ങളിലും സഭകളിലും ഉണ്ടു. അപ്രകാരം ഒരു മനുഷ്യൻ ഒരു പ്രത്യേകജാതിയുടെ വ്യവസ്ഥകളെ അനുസരിക്കുന്നില്ലെങ്കിൽ അയാളെ ഒരു ജാതിഭ്രഷ്ടൻ എന്നു വിളിക്കുന്നു.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഒരു സമിതിക്കു ഒരു മനുഷ്യന്റെ അവകാശങ്ങളെ ഇല്ലാതാക്കുന്നതിനു കഴികയില്ലെന്നും അതു അയാളെ പിരിച്ചുവിടുകമാത്രമെ ചെയ്യുകയുള്ളുവെന്നാ ഞാൻ പറയുന്നതൊ?

മി. വി. സുബ്ബയ്യർ (നിയമിതൻ) (ഡിപ്പ്യൂട്ടിപ്രസിഡൻറ): ഞാൻ അതിലേക്കുവരും ആ പായിൻറ ഞാൻവിട്ടുകളകയില്ല.

ഒരു ജാതിയിലെ ഒരു പ്രത്യേക അംഗം ആ ജാതി നിയമം അനുസരിച്ചു പ്രവർത്തിച്ചുവെന്നു പ്രസ്താവിക്കുന്നതിനും അപ്രകാരം പ്രവർത്തിക്കാതിരിക്കുന്നപക്ഷം അയാളെ ജാതിയിൽനിന്നും തള്ളുന്നതിനും ഒരു ജാതിക്കു അധികാരമുണ്ടെന്നു ഞാൻ പറയുന്നു. അതു എല്ലായിടത്തും അംഗീകരിക്കപ്പെട്ടിട്ടുള്ള ഒരു നിയമതത്വമാണ്. അതു് ഒരു മതാദ്ധ്യക്ഷനാലൊ അല്ലെങ്കിൽ മററുവല്ലവരാലുമൊ ചെയ്യപ്പെടാവുന്നതാണ്. മററുപ്രകാരത്തിൽ പറയുകയാണെങ്കിൽ ഒരു ജാതിയിലെ ഒരു പ്രത്യേകഅംഗം ആ ജാതിനിയമം അനുസരിച്ചിരിക്കുന്നോഎന്നു പരിശോധിച്ചു അയാളുടെമേൽനടപടികൾ നടത്തുന്നതിനുള്ള അധികാരം ഒരു ജനസംഘത്തിനുണ്ടു. മതംമാററം ബ്രിട്ടീഷിൻഡ്യയിൽ ഒരു മനുഷ്യന്റെ ജന്മാവകാശത്തിനു പ്രതിബന്ധമല്ലെങ്കിലും തിരുവിതാംകൂറിൽ അയാൾക്കു ജന്മനായുള്ള അവകാശം ഇല്ല. തിരുവിതാംകൂറിൽ ഒരുമനുഷ്യൻ അയാളുടെ മതം മാറിയാൽ ഉടൻതന്നെ അയാളുടെ ജന്മനായുള്ള അവകാശം നഷ്ടമായിപ്പോകുന്നു. നായർറഗുലേഷനിലും ഈഴവറഗുലേഷനിലും ഈ തത്വം അംഗീകരിച്ചിരിക്കുന്നു. തിരുവിതാംകൂറിൽ ക്രിസ്തുമതത്തിലേക്കുള്ള മാററം സ്വത്തിനുള്ള അവകാശത്തെ ഇല്ലാതാക്കുന്നു. നായന്മാരുടെ ഇടയിൽ അവകാശം നശിച്ചുപോകുന്നതു സംബന്ധമായ നിയമം മാററിയിട്ടില്ല. അതുകൊണ്ടു നടപ്പിലിരിക്കുന്ന നിയമപ്രകാരം മററുസമുദായങ്ങൾക്കു സ്വീകാര്യമായ വ്യവസ്ഥനമ്പൂരി ബില്ലിന്റെ സംഗതിയിൽ ദുർവ്യാഖ്യാനം ചെയ്യേണ്ടതെന്തുകൊണ്ടാണെന്നു എനിക്കു മനസ്സിലാകുന്നില്ല.

മി. ചങ്ങനാശ്ശേരി പരമേശ്വരൻപിള്ള സ്മാർത്തവിചാരത്തിനെ സംബന്ധിച്ചു ഏതാനും വാക്കുകൾ സംസാരിച്ചു. മിസ്റ്റർ ശങ്കരൻപോററി വിവരിച്ചപ്രകാരമുള്ള സ്മാർത്തവിചാരം ഒരു സംഘം ആളുകളുടെ തീർച്ചമാത്രമാണ്. മിസ്റ്റർ പരമേശ്വരൻപിള്ള അതിന്റെ ഒരു വിവരണം "ലോഗ"ന്റെ മലബാർ മാനുവലിൽ നിന്നുംവായിച്ചു. അതു ഏകദേശം അഞ്ചു ശതാബ്ദങ്ങൾക്കു മുമ്പു പ്രചാരത്തിലിരുന്നിരിക്കാം. ഞാൻ അദ്ദേഹത്തോടു അടുത്തകാലത്തു പരസ്യംചെയ്തിട്ടുള്ള മിസ്റ്റർ നാഗമയ്യയുടെ ട്രാവൻകൂർമാനുവൽ വായിക്കാൻ പറയുന്നു. ഈ പുസ്തകം വായിച്ചാൽ ഒരു സ്ത്രീയെ അവളുടെ പാതിവ്രത്യം പരിശോധിക്കുന്നതിനു ഒരു സപ്തതിയോടെ ണിച്ചു അടച്ചിരുന്നപ്രകാരം യാതൊന്നുമില്ലെന്നു മനസ്സിലാകും. അവർ സാധാരണ ചെയ്യാറുള്ളതു അവ

ണ്ടുവന്നിട്ടുണ്ട്. അതു ഒരു വിശ്രുതനായ അഭിഭാഷകനാൽ അവതരിപ്പിക്കപ്പെട്ടതല്ലെങ്കിൽ സമർത്ഥന്മാരായ അഭിഭാഷകന്മാർ അടങ്ങിയിരിക്കുന്ന ഒരു സമതിയാലാണ് അതു കൊണ്ടുവരപ്പെട്ടിട്ടുള്ളതു. തൽസംബന്ധമായി നമ്മാൽ കഴിവുള്ളിടത്തോളം പ്രവർത്തിക്കേണ്ടതു നമ്മുടെ കടമയുമാകുന്നു. അതുകൊണ്ടു അവർ അജ്ഞാനികളാണെന്നുള്ള സംഗതി നമുക്കു വളരെ അവധാരണം ചെയ്യേണ്ടതില്ലെന്നും, ഇപ്പോൾ നടപ്പിലിരിക്കുന്ന എല്ലാ സംഗതികൾക്കുംവേണ്ടി വ്യവസ്ഥകൾ ഏർപ്പെടുത്തുവാൻ അവർ അത്ര വിവേകമുള്ളവരോ പരിഷ്കൃതരോ ആണോ അല്ലയോ എന്നുള്ളതിനെപ്പററി നമുക്കു ചിന്തിക്കേണ്ടതില്ലെന്നും നാം ഓർക്കേണ്ടതാണ്. സമുദായം അപരിഷ്കൃതമാണെങ്കിൽ അവയ്ക്കുവേണ്ടി നിയമനിർമ്മിതി ചെയ്യാൻ നിപുണന്മാരായ അഭിഭാഷക സാമാജികന്മാരടങ്ങിയ ഈ കൌൺസിൽ ഉണ്ടല്ലോ. നായന്മാർ ബഹുഭാര്യാസ്വീകരണത്തോടുകൂടിയവരായിരുന്നെന്നും റഗുലേഷനിൽ ഒരു പ്രത്യേക വ്യവസ്ഥമൂലം അതു നിരോധിക്കപ്പെട്ടെന്നും ഉള്ള വസ്തുത ഈ സന്ദർഭത്തിൽ ഞാൻ എടുത്തുകാണിച്ചുകൊള്ളുന്നു. അതുകൊണ്ടു പ്രത്യേകമായ ഒരു സമുദായത്തിന്റെ സകലസ്ഥിതികളും നിലകളും മനസ്സിൽ ധരിച്ചുകൊണ്ടാണു നാം ഇവിടെ വിവേകമുള്ള ഒരുകൂട്ടം ആളുകളായി നിയമനിർമ്മിതിക്കു ഒരുങ്ങുന്നതു. എന്നാൽ ഒരു പ്രത്യേക സമുദായത്തിൽ ഒരു പ്രത്യേകസമയത്തോ എന്നന്നേക്കുമോ സർവസാധാരണമായുള്ള എല്ലാററിനും ജസ്റ്റിവിധി കല്പിക്കാൻ നാം ഒരുങ്ങരുതു. ഞാൻ മുമ്പെ പറഞ്ഞപോലെ ബില്ലിന്റെ മൂലതത്വങ്ങളോടനുകൂലിക്കുന്നതിൽ എനിക്കു യാതൊരു വൈമുഖ്യവും ഇല്ല. എന്നാൽ അപ്രകാരം ചെയ്യുന്നതിനിടയിൽ ഒന്നുരണ്ടു വിഷയങ്ങളിലേക്കു കൌൺസിലിന്റെ ശ്രദ്ധയെ ആകർഷിക്കുവാൻ ഞാൻ ആശിക്കുന്നു. ഒന്നു ഉദകവിച്ഛേദത്തെപ്പററിയാണു. മിസ്റ്റർ നമ്പ്യാരുടെ വാദം മനസ്സിലാക്കുവാൻ എനിക്കു കഴിഞ്ഞു. ഞാനും പറയുന്നതു ഓരോ സമുദായത്തിനും അതാതിനെ സംബന്ധിക്കുന്ന നിയമങ്ങൾ ഉണ്ടായിരിക്കുമെന്നും അവയെപ്പററി എന്തെങ്കിലും ചെയ്യുന്നതിനു മററാർക്കും അധികാരമില്ലെന്നുംതന്നെയാണ്. സമുദായാംഗങ്ങൾ ആ നിയമങ്ങൾക്കു കീഴ്പ്പെട്ടു ഇരിക്കണമെന്നുള്ളതും എപ്പോഴെങ്കിലും അവർ അതിനെ വിഗണിക്കുവാൻ ഒരുങ്ങുന്നപക്ഷം അതു അപായകരമാണെന്നും ഉള്ള വസ്തുത വാസ്തവംതന്നെ. ജാതിഭ്രഷ്ട്കൊണ്ടുള്ള ഫലമെന്താണ്. ദുർമാർഗ്ഗികമായ ദോഷംനിമിത്തമോ മറേറതെങ്കിലും കാരണംമൂലമോ, എന്തുതന്നെയായാലും, ഒരുവൻ ജാതിഭ്രഷ്ടനായി പ്രസ്താവിക്കപ്പെടുന്ന ആ നിമിഷംതന്നെ സംഭവിക്കുന്നതെന്തെന്നാൽ തന്നേപ്പോലും രക്ഷിക്കുന്നതിനു ആവശ്യമുള്ള യാതൊരു വകയുംകൂടാതെ അയാൾ അടിച്ചോടിക്കപ്പെടുകയെന്നതാണ്. മറെറാവിധത്തിൽ പറയുകയാണെങ്കിൽ ഒരു ദാസനായിട്ടുകൊണ്ടു സംസ്ഥാനത്തേയോ മററു വിസ്തൃത സമാജത്തേയോ ആശ്രയിക്കുവാൻ തക്കവണ്ണം ഒരു തെണ്ടിയായി അവൻ പുറത്തു തള്ളപ്പെടുന്നു. ഞാൻ വളരെ വിസ്തൃതമായ ഒരു പരിധിയിൽ നിന്നാണ് ഈ ചോദ്യത്തെപ്പററി ആലോചിക്കുന്നതു. അതായതു സംസ്ഥാനത്തിലെ വിപുലസമുദായമാകുന്ന ദൃഷ്ടിവിഷയത്തിൽ നിന്നാകുന്നു അതു. സമുദായം ദുർമ്മാർഗ്ഗികളെ എല്ലാം തെണ്ടികളായി പുറത്തു തള്ളുകയും സംസ്ഥാനത്തിനും വിപുലസമുദായത്തിനും ഭാരമായി ജീവിതംകഴിക്കുവാൻ ഇടവരുത്തുകയും ചെയ്യുയാണെങ്കിൽ അപ്പോഴത്തെ നില എന്തായിരിക്കും. തെണ്ടിനടക്കുന്ന ആളുകളെ എല്ലാം ശിക്ഷിക്കപ്പെടണമെന്നു സംസ്ഥാനത്തു ഒരു നിയമം ഉണ്ടെന്നു വിചാരിക്കുക. ഈ ജാതിഭ്രഷ്ടന്മാരുടെ നില അപ്പോൾ എന്തായിരിക്കും. സംസ്ഥാനത്തിൽനിന്നു അവർക്കു രക്ഷനൽകുകയില്ല. ഇതിനുത്തരവാദിത്വം വഹിക്കുന്ന സമുദായം——

മി. ജി. ശങ്കരൻപോററി (സംയുക്തി): ഉദകവിച്ഛേദത്തിന്റെ ഫലമായി ഇപ്രകാരമുള്ള തെണ്ടികൾ ഉണ്ടായിട്ടുള്ളതായി മെമ്പറിനു എപ്പോഴെങ്കിലും കാണ്മാൻ ഇടയായിട്ടുണ്ടോ?

മി. എ. കെ. പിള്ള, (കരുനാഗപ്പള്ളി): ഞാനാരേയും കണ്ടിട്ടില്ല. ഞാൻ പറയുന്നതു ഇത്രമാത്രമേയുള്ളു. ഒരാൾ സാന്മാർഗ്ഗികരീത്യാ ചീത്തയാണെന്നുകണ്ടാൽ അയാളെ ആഭാസൻ എന്നു വിളിക്കുന്നു. നംപൂതിരിസമുദായത്തിൽ അങ്ങനെയുള്ള ഒരുവൻ സ്വന്തം സംരക്ഷണത്തിനു യാതൊന്നും നൽകാതെ പുറത്തുതള്ളപ്പെടുന്നു. അതുകൊണ്ടു അയാൾ സമുദായത്തെ ആശ്രയിച്ചു ജീവിക്കുന്ന ഒരു തെണ്ടിയാണ്. എന്നാൽ നാം അവർക്കുവേണ്ടി നിയമനിർമ്മിതംചെയ്യാനാണ് ഇവിടെ കൂടിയിരിക്കുന്നതു. അവരെയെല്ലാം തന്നെത്താൻ ഭേദപ്പെട്ടുകൊള്ളുമെന്നു സാധാരണ ആളുകൾ പറയാറുള്ളതുപോലെ നമുക്കു കരുതുവാൻ കഴിയുമോ. അപ്രകാരമുള്ള സംഭാവ്യ സംഗതികളെ ദൂരീകരിക്കുവാൻ നാം കടമപ്പെട്ടവരാണെന്നാണ് എനിക്കു തോന്നുന്നതു.

മരണശാസനം കൂടാതെയുള്ള പിൻതുടർച്ചാവകാശത്തെപ്പററി പ്രതിപാദിക്കുന്ന ൨൨-ാം വകുപ്പിനെ സംബന്ധിച്ചു ഭാര്യയും ഭാര്യയും തമ്മിൽ വ്യക്തിപരമായ വ്യത്യാസം കല്പിക്കുന്നതെന്നാണ് എനിക്കു പറയാനുള്ളതു. അതു വാസ്തവത്തിൽ പ്രസ്തുത സമുദായത്തിനുതന്നെയും അതോടുകൂടി വിവാഹബന്ധത്തിൽ ഏർപ്പെടുത്തുന്ന സമുദായത്തിനും അവമാനത്തെ ദ്യോതിപ്പിക്കുന്നുണ്ടു. എന്നാൽ അതു പ്രത്യേക ഉദ്ദേശത്തോടുകൂടി വരുത്തിട്ടുള്ളതല്ലെന്നു എനിക്കു ബലമായ നിശ്ചയമുണ്ടു. തൽസമയംതന്നെ നാം ഇവിടെ കൂടിയിരിക്കുന്നതു ഒരു സമുദായത്തെ അടിച്ചുടച്ചു പുനർനിർമ്മിതി ചെയ്യുന്നതിനോ പരിഷ്കരിക്കുന്നതിനോ അല്ലെന്നും ആ സമുദായത്തിന്റെ ആചാരങ്ങളെ ക്രമപ്പെടുത്തുന്നതിനുമാത്രമാണെന്നും ഞാൻ ഓർമ്മപ്പെടുത്തിക്കൊള്ളട്ടെ. ഇപ്രകാരം യാതൊരു നിയമവുമില്ലാത്തപക്ഷം ഒരു നംപൂതിരിയുടെ തറവാട്ടുസ്വത്തിൽനിന്നും എന്തെങ്കിലും എടുക്കുവാൻ ഒരു നായർ സ്ത്രീക്കു കഴിയുമോ എന്നു ഞാൻ എന്റെ നായർസോദരന്മാരോടു ചോദിച്ചുകൊള്ളുന്നു. എന്നുതന്നെയല്ല അതു ന്യായീകരിക്കത്തക്കതുമാണോ? ഒരു നംപൂതിരി തറവാട്ടിൽ ഭാഗിക്കപ്പെടാതെയുള്ള ഒരു കൂട്ടുകുടുംബമായി പുരുഷന്മാരായ എല്ലാ അംഗങ്ങളും നിവസിക്കുന്നു എന്നു വിചാരിക്കുക. ആ സ്ഥിതിക്കു നായർ ഭാര്യക്കു നംപൂതിരിയുടെ തറവാട്ടുസ്വത്തിന്റെ ഏതെങ്കിലും ഭാഗം ലഭിക്കുവാൻ അവകാശമുണ്ടോ?

മി. ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): ആ വകുപ്പു തറവാട്ടുസ്വത്തിനെയല്ല സ്വയാർജ്ജിതസമ്പത്തിനെയാണ് കുറിക്കുന്നതെന്നു മി. എ. കെ. പിള്ളയെ ഓർമ്മപ്പെടുത്തിക്കൊള്ളട്ടയോ.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): അത് എനിക്കു മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്, എന്നാൽ പ്രത്യേകസ്വത്തിനെസംബന്ധിച്ചും ഒന്നു സൂചിപ്പിക്കുന്നുണ്ട്.

മി. ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): പ്രത്യേകവസ്തുവും നിയമപ്രകാരം സ്വാർജ്ജിതസമ്പത്തിനെപോലെ തുല്യനിലയിലാകുന്നു.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): സർ, നംപൂതിരി തറവാട്ടുസ്വത്തു ഏതാണ്ടു മതസംബന്ധമായ ചില കർമ്മങ്ങളുടേയും ധർമ്മങ്ങളുടേയും അനുഷ്ഠാനത്തിനുവേണ്ടി ഉദ്ദേശിക്കപ്പെട്ടിട്ടുള്ള ഒരു മതസംബന്ധമായ

അർപ്പണമെന്നപോലെയാണ് എനിക്കു തോന്നുന്നത്. അതുകൊണ്ടു നമുക്കു കാര്യകാരണസഹിതം നംപൂതിരിയുടെ തറവാട്ടുസ്വത്തിന്റെ ഏതെങ്കിലും ഭാഗം അവകാശപ്പെടാൻ കഴിയുമോ? നായർമാരുടെ നംപൂതിരിമാരുടെയിൽനിന്നും വ്യത്യസ്തമായി കരുതണമെന്നു ഞാൻ വാദിക്കുന്നതായി കരുതിപ്പോകരുത്. മൈൻ മുമ്പു പറഞ്ഞതുപോലെ അവർ വളരെ നീചനിലയിലാണെന്നതു ... നംപൂതിരി സമുദായത്തിൽ അതൊരു കുറവായി പ്രതിഫലിക്കയുംചെയ്യുന്നു. ഇതാണ് എന്റെ വിഷയം. വിഭജനത്തിനു യാതൊരു വ്യവസ്ഥയും ഇല്ലാത്തപക്ഷം നംപൂതിരിയുടെ തറവാട്ടുസ്വത്തിന് അവകാശം പറവാൻ നമുക്കു കഴിയുമോ? വിഭജനത്തിനു വേണ്ട വ്യവസ്ഥയോടെ ബിൽ അവതരിപ്പിക്കപ്പെട്ടതുകൊണ്ടു മാത്രം ഇതൊരു സൌകര്യംതന്നെ എന്നുകരുതി തറവാട്ടുസ്വത്തിന്റെ ഒരുഭാഗത്തിനു അവകാശപ്പെടുന്നതു നമുക്കു ന്യായീകരിക്കാമോ. വിവാഹ സമ്പ്രദായത്തിൽ വിഭജനവ്യവസ്ഥകളോടുകൂടി ഇപ്രകാരം ഒരു ബിൽ അവതരിപ്പിക്കപ്പെട്ടുമെന്നുള്ളതിനെപ്പററി നമുക്കു യാതൊരു ഗ്രഹവുമില്ലായിരുന്നു. കൂടതലായി ഞാൻ മുമ്പേപറഞ്ഞതുപോലെ നാം സമുദായ പരിഷ്കരണങ്ങളോടെ അല്ല നിയമനിർമ്മിതി ചെയ്യേണ്ടത്, ഇപ്പോഴുള്ള ആചാരങ്ങളെ ക്രമീകരിക്ക മാത്രമാണ് ചെയ്യേണ്ടത്. അതുകൊണ്ടു നംപൂതിരി തറവാട്ടുസ്വത്തിന്റെ ഏതെങ്കിലുംഭാഗം അവകാശപ്പെടുന്നതു ന്യായീകരിക്കുവാൻ സാദ്ധ്യമാണെന്ന് എനിക്കു തോന്നുന്നില്ല. നംപൂതിരിമാർ ഉദ്ദേശപൂർവമായ ഒരു ...ടരീതിയാൽ ഇതു കൂട്ടിച്ചേർക്കുകയാണെങ്കിൽ അവർക്കു അതിനുള്ള ശ്രേയസ്സോ മാഹാത്മ്യമോ ആണെന്നു ഞാൻ കരുതുന്നില്ല. നായർ റഗുലേഷനിലെ വ്യവസ്ഥകൾക്കു അനുയോജ്യമാംവണ്ണം ആ വകുപ്പിനെ രൂപീകരിക്കുവാൻ അവർ തയ്യാറാണെന്നു മുമ്പേതന്നെ സമ്മതിച്ചിട്ടുള്ളതുകൊണ്ടു ഞാൻ ഹാർദ്ദമായി അവരെ ശ്ലാഘിക്കുന്നതിനും ഒരുക്കമാണ്. ഇവിടെ വാദവിഷയമായിത്തീർന്ന മററു സംഗതികൾ എല്ലാം സൂക്ഷ്മാംശസംബന്ധമായിട്ടുള്ളവയാണെന്നാകുന്നു എനിക്കു തോന്നുന്നത്. ബില്ലിന്റെ പ്രധാനസിദ്ധാന്തങ്ങൾ കുടുംബപരമായ കാര്യങ്ങളേയും ഭരണരീതിയേയും ക്രമീകരിക്കണമെന്നുള്ളതും കുടുംബവസ്തുക്കളുടെ ഭരണാധികാരം പരിഷ്കൃതമാക്കുന്നതിനു വേണ്ട വ്യവസ്ഥകൾ ചെയ്യണമെന്നുള്ളതും തറവാട്ടിലെ ഇളമുറക്കാരായ അംഗങ്ങളുടെ സ്ഥിതിയെ നന്നാക്കണമെന്നുള്ളതുമാകുന്നു. ഇതാണ് ബില്ലിന്റെ മൂലതത്വമെന്നു നമുക്കു മനസ്സിലാകുന്നപക്ഷം ബില്ലിനെപ്പററി വ്യത്യസ്താഭിപ്രായത്തിനു അധികമൊന്നും വഴിയില്ല. ബിൽ സെലക്ട് കമ്മററിയുടെ പര്യാലോചനയ്ക്കു വിഷയീഭവിക്കുമ്പോൾ നിപുണന്മാരായ അഭിഭാഷകന്മാരടങ്ങിയ ആ കമ്മിററിയിൽവച്ചു ഈ അഭിപ്രായങ്ങളെപ്പററിയെല്ലാം നിഷ്പക്ഷമായും ഭംഗിയായും ആലോചിക്കുകയും ചെയ്യാം. ഈ വാക്കുകളോടുകൂടി ബില്ലിന്റെ പൊതുതത്വങ്ങളോടനുകൂലിക്കുന്നതിൽ എനിക്കു അതിയായ സന്തോഷമുണ്ട്.

മി. കെ. കെ. തോമസ്സ് (കോട്ടയം): സർ, ഞാൻ ബില്ലിന്റെ തത്വത്തോടു അനുകൂലിക്കുന്നതിനാണ് എഴുന്നേററിരിക്കുന്നത്. അപ്രകാരംചെയ്യുന്നതോടുകൂടി, ഒരുവേള ബുദ്ധദേവനുമാത്രം രണ്ടാമതായി ഇൻഡ്യയിൽ ഏതൊരുകാലത്തും ജീവിച്ചിരുന്നിട്ടുള്ള മഹാത്മാക്കളിൽ മുഖ്യകോടിയിൽ ഗണിക്കപ്പെട്ടുവരുന്ന വിശിഷ്ടാത്മാവും പ്രാചീന മഹർഷികളുടെ വിചാരങ്ങളും ആദർശങ്ങളും വൈദികശാസനങ്ങളും കൊണ്ടു വാർത്തെടുക്കപ്പെട്ട ആചാരങ്ങളോടുകൂടിയവനും, ഇന്നത്തെ ശക്തിയ്ക്കും ഗൌരവത്തിനും പുരാതന പാവനതയ്ക്കും ഈ രാജ്യത്തു പ്രാമാണ്യം അർഹിക്കുന്നവനുമായ ശ്രീമത് ശങ്കരാചാര്യസ്വാമികളുടെ ഉൽപാദനത്തിനു ഹേതുഭൂതമായിത്തീർന്ന പ്രാചീനവും പരിശുദ്ധവുമായ സമുദായത്തിന്റെ ഇപ്പോഴത്തെ അവകാശങ്ങളോടു ഇടപെടുന്നതിൽ ഈ കൌൺസിൽ വഹിക്കേണ്ടതായ ഉത്തരവാദിത്വ ഗൌരവത്തെക്കുറിച്ചു ഗാഢമായി ചിന്തിച്ചുകൊണ്ടാണ് ഞാൻ ഇപ്രകാരം ചെയ്യുന്നതെന്നും അറിയിച്ചുകൊള്ളട്ടെ. നംപൂതിരിമാർ അവരുടെ ആചാരങ്ങൾ അഭിവൃദ്ധമാകുന്നതിനു മുമ്പേതന്നെ കേരളത്തിലേക്കു കുടിപാർപ്പു മാറിയതിനാൽ ഹൈക്കോടതിപ്രകാരം ഇപ്പോൾ സമുദായത്തെ ഭരിച്ചുപോരുന്നതായ നിബന്ധം മിതാക്ഷരസ്മൃതി ചന്ദ്രികക്കും മാധവീയത്തിനും മുമ്പുള്ളതാകുന്നു. പട്ട തമിഴിയർ പ്രാധാന്യം വഹിച്ചിരുന്നതും കുടുംബാംഗങ്ങളിൽ ഉടമസ്ഥാവകാശരീതി അഭിവൃദ്ധമായിട്ടില്ലാതിരുന്നതുമായ പുരാതന ഹിന്ദുദേശങ്ങളിൽനിന്നാകുന്നു അവർ വന്നത്. അപ്പോൾ സകല ആചാരങ്ങളും കുടുംബം എന്ന ഒരു കേന്ദ്രത്തെ തന്നെയാണ് അവലംബിച്ചിരുന്നത്. മലബാറിലെ ആചാരങ്ങളാൽ അനന്തരകാലത്തു ഏതാനും സംഗതികളെ സംബന്ധിച്ചടത്തോളം ഇതിൽ ചില ഭേദഗതികൾ വന്നിട്ടുണ്ട്. നംപൂതിരിയുടെ ജീവിതം ചില വൈദികകാര്യങ്ങൾക്കും സേവാഭിവൃദ്ധികൾക്കുമായി ക്രമീകരിക്കപ്പെട്ടിരുന്നു. മൂത്തപുത്രൻ മാത്രമേ വിവാഹംകഴിച്ചു ഗൃഹജീവിതം നടത്തുന്നതിനു അനുവദിക്കപ്പെട്ടിരുന്നുള്ളു. മററ് അംഗങ്ങളെല്ലാം വൈദികപരമായ ജീവിതം നയിക്കുന്നതിനു ഉദ്ദേശിക്കപ്പെട്ടിരുന്നു. സ്ത്രീകളും പുരുഷന്മാരും ധ്യാനചിന്തകളിലും വൈദീക സേവാവൃത്തികളിലും അവരുടെ ജീവിതത്തെ നയിക്കുന്നതിനു തിരിച്ചുവിടപ്പെട്ടിരുന്നു. അവരുടെ നിയമങ്ങളുടെ സ്ഥിതി അപ്രകാരമായതുകൊണ്ടു അവ നമ്മളിൽ ചിലർക്കു ഇന്നത്തെരീതിക്കു യുക്തിയുക്തവും നീതിപരവും ആയിതോന്നുന്നില്ല. നാം ആ ആചാരങ്ങളെ അത്രപെട്ടെന്നു ധ്വംസിക്കുവാൻ തള്ളിക്കയറരുതെന്നു ഞാൻ അപേക്ഷിക്കുന്നു. ഇപ്പോഴത്തെ നിയമങ്ങളുടെ സ്ഥിതി ചില വിഷയങ്ങളിൽ അനിശ്ചിതമാകുന്നു. നമ്മുടെ കോടതികൾ വ്യാഖ്യാതാക്കന്മാർ മാത്രമാണ്. മററെല്ലാസമുദായങ്ങളും മുമ്പോട്ടു പരിതഗമനം ചെയ്തുകൊണ്ടിരിക്കവെ പ്രസ്തുത സമുദായമാകട്ടെ തന്നെത്താൻ ദിവ്യമെന്നു ഭാവിച്ചുകൊണ്ടു ആധുനികാഭിവൃദ്ധിക്കുവേണ്ടിയുള്ള മത്സരത്തിൽ വളരെ പിന്നണിയിൽനിൽക്കുന്നു. പ്രാചീന ഋഷിവര്യന്മാരാൽ വ്യത്യസ്തമായ പരിതസ്ഥിതിക്കുതക്കവണ്ണം സ്ഥാപിതമായ അവരുടെ ആചാരങ്ങൾ ആ ജീവിതരീതിമിക്കവാറും ഉപേക്ഷിക്കപ്പെട്ടിരിക്കുന്ന ഈ കാലത്തെ ആദർശങ്ങളോടു കിടപിടിക്കുന്നതല്ല. അതിനാൽ സമുദായത്തിലുള്ള ഉൽകൃഷ്ടമനസ്കന്മാർ ഏതാനും ചില ഭേദഗതികൾക്കായി നവമായ ഉണർവോടും ചൈതന്യത്തോടുംകൂടി യത്നിക്കുവാൻ പ്രേരിതരായി. സ്വാതന്ത്ര്യമില്ലായ്മയുടെയും സമുദായവിപ്ലവത്തിന്റെയും ചിഹ്നങ്ങൾ യോഗക്ഷേമസഭയുടെയും യുവജനങ്ങളുടെ മററു പ്രവൃത്തിപദ്ധതികളുടെയും സ്ഥാപനത്തിൽനിന്നു കാണാകുന്നു. നിയമനിർമ്മിതിക്കും നിയമസംബന്ധമായ ഏതാനും മാററങ്ങൾക്കും സമുദായം ആശിക്കുന്നുണ്ടെന്നുള്ള വസ്തുത കൊച്ചിയിൽ കമ്മററിയുടെ നിരന്തരപരിശ്രമത്തിൽനിന്നാണ് വെളിവായി കാണപ്പെട്ടതു. ആ കമ്മററിയാൽ അവതരിപ്പിക്കപ്പെട്ട ഡ്രാഫ്ട് ബിൽ" എല്ലാവിഷയത്തിലും ഇന്നത്തെ 'ഡ്രാഫ്ട്ബില്ലി'നോടു പ്രായോജ്യതയോജിക്കുന്നുണ്ട്. നംപൂതിരിമാർ കേരളജനതയുടെ ഏററവും പ്രധാനപ്പെട്ടതായ ഒരു സമുദായമായതുകൊണ്ടു നിയമനിർമ്മാണസംഗതിയിൽ

അവർ സ്വീകൃതതത്വമായ സാവധാനതയെ അവലംബിക്കുകയെന്നുള്ളതു സ്വാഭാവികമാകുന്നു. സഭയേക്കുനിയമനിർമ്മിതി വിഷയങ്ങളിൽ ഇന്നത്തെ നമ്മുടെ ആധുനിക നീതിബോധത്തേയും ന്യായശാസ്ത്രതത്വത്തേയും സ്വാഭാവികമായിത്തന്നെ മാററങ്ങൾക്കു വിരോധം പ്രദർശിപ്പിക്കുന്ന ഒരുസമുദായത്തിൻെറ പൌരാണികനിയമങ്ങളിൽ വ്യാപരിപ്പിക്കുവാൻ ശ്രമിക്കരുതു എന്നസംഗതി ധരിക്കേണ്ടതാണ്. ബില്ലിൽ അടങ്ങിയിരിക്കുന്നവ്യവസ്ഥകൾ സമുദായത്തിൻെറ യഥാർത്ഥമായ ചിന്തക്കു വിഷയീഭവിച്ചിട്ടുള്ള അഭിപ്രായങ്ങളുടേതാണോ എന്നുപരിശോധിക്കുകയും സ്വഭാവേന നീതിവിരുദ്ധമാണെന്നു കാണപ്പെടുന്ന വകുപ്പുകളുടെ സംഗതിയിൽമാത്രം ഇടപെടുകയും ചെയ്യുകയെന്നുള്ളതാകുന്നു കൌൺസിലിൻെറ ധർമ്മം. ഇപ്പോഴത്തെ നിയമങ്ങളിൽ ചില ഭേദഗതികൾവരുത്തി പുതിയതായി ഒരുനിയമരൂപീകരണം ചെയ്യുവാൻ സമുദായത്തിനു പൊതുവെ ആശയുണ്ടെന്നാണ് ഈകൌൺസിൽ വിശ്വസിക്കുന്നതു. ഈ ആഗ്രഹത്തിൻെറ പ്രസ്തുതസമുദായത്തെ സഹായിക്കുവാൻ നാം ഇച്ഛിക്കുന്നുവെങ്കിൽ നാം ചെലവഴിച്ച സമയവും പ്രയത്നവും നിഷ്ഫലമായി പര്യവസാനിക്കുവാൻ തക്കവണ്ണം പ്രകടനത്തെ എതിർക്കുവാൻ സമുദായത്തെ പ്രേരിപ്പിക്കത്തക്കനിലയിൽ അതുകൊണ്ടുള്ള സംഗതികളെ മാററുവാൻ ശ്രമിക്കരുതു. അതിനാൽ സൂക്ഷ്മബുദ്ധിയോടും അനുകമ്പയോടും കൂടി നമുക്കു ബില്ലിനെപ്പററി ചിന്തിക്കാം.

സൂക്ഷ്മമായ വിപരീതാഭിപ്രായങ്ങൾക്കിടയാക്കിയിട്ടുള്ള പ്രധാനപ്പെട്ട വിഷയങ്ങൾ ൧൮-ം ൧൯-ാം വകുപ്പുകളിലുൾപ്പെട്ടവയാകുന്നു. ഗൃഹസ്ഥരായ എല്ലാ തറവാട്ടംഗങ്ങളും തറവാട്ടിൽനിന്നു രക്ഷിക്കപ്പെടണമെന്നാണ് അവയിൽപറയുന്നതു. പ്രത്യക്ഷത്തിൽ അവ നിർദോഷങ്ങളുമാകുന്നു. എന്നാൽ മന്ത്രപുരസ്സരം വിധിപ്രകാരം വിവാഹം കഴിച്ചു ഗാർഹസ്ഥ്യജീവിതം നയിക്കുന്ന ഒരുവനെന്നത്രെ ഗൃഹസ്ഥശബ്ദത്തെ ൨ (൮) വകുപ്പിൽവിവരിക്കുന്നതു. അതിനാൽ സ്വജാതിയിൽതന്നെ വിവാഹം ചെയ്തിട്ടുള്ള ഗൃഹസ്ഥൻമാത്രമെ ഇപ്രകാരമുള്ള രക്ഷാവകാശത്തിനു അധികാരിയാകുന്നുള്ളു. ഇരുപത്തിരണ്ടാംവകുപ്പിൻപ്രകാരം വിഭജിച്ചു വേർതിരിഞ്ഞിട്ടില്ലാത്ത പുത്രനാകുന്ന സ്വാർജിതസമ്പത്തിൻെറ പൂർണ്ണാധികാരി, വിജാതീയഭാര്യയിൽ പുത്രന്മാരുണ്ടെങ്കിലും അവർക്കുയാതൊന്നും കിട്ടുന്നില്ല. ഒരുനമ്പൂതിരിയുടെനിലയിൽനിന്നു നോക്കുമ്പോൾ തറവാട്ടിൽനിവസിക്കാത്ത യാതൊരുവനേയും രക്ഷിക്കുവാൻ തറവാടു ബാദ്ധ്യസ്ഥപ്പെടുന്നില്ല എന്നസംഗതി ആവശ്യമായിത്തോന്നിയേക്കാം. നായർറഗുലേഷൻ വരുന്നതുവരെ മരുമക്കത്തായപ്രകാരം മലബാർതറവാട്ടിലെ അംഗങ്ങൾക്കു അവർ തറവാട്ടിലോ അല്ലെങ്കിൽ കാരണവരുടെ അനുമതിയോടെ മററുവിടെയെങ്കിലുമൊ വസിക്കയാണെങ്കിൽ മാത്രമെ കാരണവനിൽനിന്നു ചെലവിനാവശ്യപ്പെടാൻ അവകാശമുണ്ടായിരുന്നുള്ളു. ൧൨ റി. എൽ. ആർ. ൭൧; ൧൪ റി. എൽ. ആർ. ൭൩; ൨൪ റി. എൽ. ആർ. ൨൪ ഇവകൾ ഈവിഷയത്തിലുള്ള തീർപ്പുകളാകുന്നു. പ്രസ്തുതസമുദായത്തിലേയും പതിവുള്ളതുതന്നെ. സമുദായത്തിനകത്തും പുറത്തുമുള്ള അഭിപ്രായം ഉൽകൃഷ്ടവും ബുദ്ധിപൂർവ്വവുമായ ഈമാററത്തിനു അനുകൂലമാണെങ്കിൽ അതിനെ ബഹുമാനിക്കുകയും അപ്രകാരം അവകാശമുള്ള ഏതു അംഗത്തിനും സംരക്ഷണം നൽകുകയും ചെയ്യേണ്ടതാണെന്നാണ് എനിക്കു തോന്നുന്നതു. ഈബില്ലിൻെറ നിർമ്മാതാക്കൾ കുടുംബവസ്തുക്കൾ അന്യാധീനപ്പെടാതെ കുടുംബത്തിൽ തന്നെ സ്ഥിരമായി രക്ഷിച്ചിട്ടുള്ളതായിക്കാണുന്നു. അടുത്തു പ്രധാനമായ വിഷയം ജാതിഭ്രഷ്ടിലുള്ള വിവരണത്തെപ്പററിയുള്ളതാണ്. എൻെറ മാന്യസ്നേഹിതൻ ചങ്ങനാശേരി പരമേശ്വരൻപിള്ള അവർകൾ നമ്മുടെ മുമ്പിൽ എത്രയും സൂക്ഷ്മമായി വർണ്ണിച്ചുകേൾപ്പിച്ച ഉദകവിച്ഛേദം സ്വാർത്ഥവിചാരത്താൽ ബന്ധംവിടുക എന്നതാകുന്നു ഇപ്രകാരമുള്ള വേർപെടുത്തലിൻെറ പ്രധാനകാരണങ്ങളിൽ ഒന്ന്. കാരണങ്ങൾ വേറേയും ഉണ്ടായിരിക്കാം. മതപരിവർത്തനംതന്നെ ഉദാഹരണം. ആചാരപരമായ എല്ലാ നിയമങ്ങളുടേയും ഗതി കുടുംബത്തെ സുസ്ഥിരമായി സൂക്ഷിക്കണമെന്നും സർവ്വവും തറവാട്ടിനു അധീനമാക്കിവെക്കണമെന്നും ഉള്ളതാകുന്നു. അസാന്മാർഗ്ഗികമായ ഒരു പ്രവൃത്തിക്കുവേണ്ടി ഒരാളിനെ ജാതിയിൽനിന്നും ഭ്രഷ്ടനാക്കുന്നില്ലെങ്കിൽ, അവനു ലഭ്യമായ വിജ്ഞാനദീപത്തിൻെറ പ്രകാശത്തെ തുടർന്ന് ഒരു ബൌദ്ധനായോ, ആര്യസമാജിയായോ, ക്രിസ്ത്യാനിയായോ, മഹമ്മദനായോ തീരുന്നതുനിമിത്തം അവൻെറ ജന്മാവകാശം നഷ്ടപ്പെടുന്നതെന്തിനാണെന്ന് എനിക്കു മനസ്സിലാകുന്നില്ല. നീതിന്യായസ്വാതന്ത്ര്യത്തെപ്പററിയുള്ള ഈ പ്രശ്നത്തെക്കുറിച്ചു, സഭ യോഗംചേരുമ്പോൾ നിഷ്പക്ഷപാതത്തോടും ഔദാര്യബുദ്ധിയോടുംകൂടി ചിന്തിക്കാതിരിക്കുന്നെങ്കിൽ അതു ഈ സഭയുടെ പൂർവ്വസമ്പ്രദായത്തിനു യോജിച്ചതല്ലെന്നു ഞാൻ ബലമായി അഭിപ്രായപ്പെടുന്നു.

൧൯-ാം വകുപ്പു—വ്യാഖ്യാനപ്രകാരം വിവാഹമൂലം തറവാട്ടിലെ അംഗങ്ങളാകാതിരുന്നിട്ടുള്ള സ്ത്രീകളുടെ മുപ്പു് വിവാഹദിനംതൊട്ടു കണക്കാക്കേണ്ടതാണ്. നമ്മിൽ മക്കത്തായം സിസ്റ്റത്തിൽ പരിചയിച്ചിട്ടുള്ളവർക്കു ഇതു തീരെ നിർദ്ദോഷമാണെന്നു അറിവുള്ളതാണ്. അതു എങ്ങനെആയിത്തീരും. വിവാഹത്തോടുകൂടി സ്ത്രീ സ്വന്തം ഗോത്രത്തെ ഉപേക്ഷിക്കുകയും അന്നുമുതൽ അവൾ ഭർത്താവിൻെറ കുടുംബത്തിലെ ഒരു അംഗമായിത്തീരുകയുംചെയ്യുന്നു. ഇതു് ജനനത്തിനു തുല്യമായനിലയിലുള്ള ഒന്നാകുന്നു. അതിനാൽ മുമ്പേ ഭർത്താവിൻെറ ഗേഹത്തിൽ വരുന്നവർക്കു പ്രഥമത്വം കല്പിക്കുന്നതാണ് സ്വാഭാവികമായിട്ടുള്ളതു.

വിപരീതാഭിപ്രായമുള്ള മറെറാരു വിഷയം സ്ത്രീധനത്തെക്കുറിച്ചു പറയുന്ന ൨൮-ാം വകുപ്പു ആകുന്നു. ഈ വകുപ്പും ഒരു യഥാർത്ഥ സമുദായോദ്ധാരകനായ ജഡ്ജി മി. സദാശിവയ്യർ എതിർത്തിട്ടുണ്ടെങ്കിലും ജഡ്ജി മി. ശങ്കരമേനോനും ജഡ്ജി മി. മുത്തുനായകംപിള്ളയും റി. എൽ. ആർ. XXV ൧൩൦-ൽ നിർണ്ണയിച്ചിട്ടുള്ള ഇപ്പോഴത്തെ നിയമത്തിൻെറ താല്പര്യത്തെ ആധാരമാക്കിയുള്ളതാകുന്നു. പ്രസ്തുത സമുദായത്തിനു ഇതു മാററുന്നതിൽ അത്യധികമായ ആഗ്രഹമുണ്ടെന്നു വെളിവാകാത്തപക്ഷം ആചാരത്തിൻെറ പൊരുളിനെ അവഗണിച്ചു സ്ത്രീധനത്തെസംബന്ധിച്ചുള്ള നവീനാശയങ്ങൾക്കു സദൃശമാംവണ്ണം വേണ്ട മാററങ്ങൾ ചെയ്തു നിയമനിർമ്മിതി ചെയ്യുവാൻ ഈ സഭ ഇച്ഛിക്കുന്നപക്ഷം അതു ന്യായീകരിക്കാൻപാടില്ലെന്നു മാത്രമേ ഈ വിഷയത്തെക്കുറിച്ചു പറവാനുള്ളു.

൮-ാം വകുപ്പിൻപ്രകാരം കാണപ്പാട്ടം നിർമ്മിക്കുന്നവിഷയത്തിൽ കാരണവരുടെ അധികാരങ്ങൾക്കു അനാവശ്യമായ ഒരു തടസ്സം നേരിടുന്നുണ്ട്. നടപ്പിലിരിക്കുന്ന നിയമപ്രകാരം കാണവും പാട്ടവും വളരെക്കാലത്തേക്കുള്ള അവധിവച്ചു കാരണവൻ പുതുക്കിക്കൊടുത്തുവരുന്നുണ്ട്. ഈ വകുപ്പു ആറു കൊല്ലത്തേക്കോ,

അതിൽകുറഞ്ഞ കാലത്തേക്കോ അതായതു ഒരു കൊല്ലത്തേക്കുപോലുമോ ഒരുവസ്തു പാട്ടംകൊടുക്കുന്നതിനുള്ള കാരണവന്റെ അധികാരത്തെ തടയുന്നു. ആ സ്ഥിതിക്കു കുടുംബകാര്യനിർവഹണത്തിൽ ഏതെങ്കിലും കാരണവൻ തുനിയുമോ എന്ന സംഗതി വളരെ സംശയിക്കേണ്ടിയിരിക്കുന്നു.

പിന്തുടർച്ചാവകാശത്തെപ്പററിയുള്ള ഏർപ്പാടിനെസംബന്ധിച്ചു മി. ശങ്കരൻപോററി വിസ്തരിച്ചു വിവരിക്കയുണ്ടായി. ഇതു മാററപ്പെടാമോ എന്നു ഞാൻ ഭയപ്പെടുന്നു. ഇങ്ങനെ ഏതാനും കുറവുകൾ ബില്ലിലുണ്ടെങ്കിലും ഇപ്പോഴത്തെ നിയമത്തിൽ ചില ഭേദഗതികൾ വരുത്തി ദോഷപരിഹാരംചെയ്യുവാൻ പ്രസ്തുത സമുദായം ആശിക്കുന്നതുകൊണ്ടും സാമുദായികനിയമങ്ങളിൽ കൈവെയ്ക്കുന്നതു വളരെ സൂക്ഷിച്ചും ആലോചിച്ചും വേണ്ടതാകകൊണ്ടും ഈ ബിൽ അതിന്റെ മാർഗ്ഗത്തിലേയ്ക്കുള്ള ആദ്യപടി മാത്രമാകകൊണ്ടും ഞാൻ അതിനോടു അനുകൂലിക്കുകയും അതിനെ സെലക്ട് കമ്മററിയുടെ അഭിപ്രായത്തിനു വിഷയമാക്കണമെന്നു അഭിപ്രായപ്പെടുകയും ചെയ്യുന്നു.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സക്കാർവക്കീൽ): സർ, ബില്ലിനെപ്പററി പൂർണ്ണമായ വാദം സഭയിൽ നടന്നുകഴിഞ്ഞിരിക്കുന്നതുകൊണ്ടു ഈ സംഗതിയിൽ ഗവണ്മെന്റിന്റെ നിലയെപ്പററി പ്രതിവാദിക്കേണ്ടതു എന്റെ കടമയാകുന്നു. ബില്ലിന്റെ തത്വം ഒരുവിധം അംഗീകരിക്കപ്പെട്ടിട്ടുണ്ടെങ്കിലും മിക്കവാറും എല്ലാ നിബന്ധനകളും വലുതായ വിമർശനത്തിനു പാത്രീഭവിച്ചിട്ടുള്ളതായി കാണുന്നു. മാന്യനായ ഉപാദ്ധ്യക്ഷൻ പറഞ്ഞതുപോലെ, ഇനി ഒടുവിലാണ് ഉഗ്രമായ വിമർശനങ്ങൾ കൂടുതലായി കൊണ്ടുവരാൻപോകുന്നത്. ഈ നിലയിൽ എന്തുചെയ്യുന്നതിലും ഗവണ്മെന്റിനു പൂർണ്ണസമ്മതംതന്നെ. കൌൺസിലിൽ ബിൽ പാസാക്കപ്പെടുന്നതിനോ ഒരു സെലക്ട്കമ്മററിയെ ഏല്പിക്കുന്നതിനോ ഗവണ്മെന്റിനു വിരോധമില്ല. എന്നാൽ ഇവിടത്തെ വാദത്തേയും ഇനിയുണ്ടാകാവുന്ന പൊതുജനങ്ങളുടെ വിമർശനങ്ങളേയും കേട്ടതിനുശേഷം ഒടുവിൽ ബില്ലിന്റെ ഏതാനുംനിബന്ധനകളേയോ എല്ലാററിനേയുംപററിതന്നെയോ ഏതുവിധവും തീരുമാനിക്കുന്നതിനുള്ള അധികാരം ഗവണ്മെന്റിനുണ്ടായിരിക്കുന്നതാണ്.

മി. ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): ഈ ബിൽ ഒരു ഗവണ്മെന്റു പ്രമാണമായി കൊണ്ടുവരുവാൻ നിവേദനങ്ങൾ സമർപ്പിച്ചിട്ടുണ്ടെന്നുള്ള കാര്യം വാസ്തവമാണോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സക്കാർവക്കീൽ): എനിക്കു അറിവു ഉള്ളടത്തോളം അപ്രകാരമില്ല.

ലഘുഭക്ഷണാർത്ഥം കൌൺസിൽ ഒന്നടിച്ചു [illegible] മിനിട്ടായപ്പോൾ പിരിയുകയും മൂന്നിനു വീണ്ടും കൂടുകയുംചെയ്തു.

മി. സി. കേരളവർമ്മകോയിത്തമ്പുരാൻ (ഇടവക): സർ, എന്റെ സ്നേഹിതൻ മി. ഉപ്പൻ നമ്പൂതിരി ഈ സഭയിൽ അവതരിപ്പിച്ചിട്ടുള്ള ബില്ലിനെ അനുകൂലിക്കാൻ നിവൃത്തിയില്ലാത്തതിനാൽ ഞാൻ വ്യസനിക്കുന്നു. ഞാൻ ഒരു നമ്പൂതിരിയല്ല; എങ്കിലും നമ്പൂതിരിസമുദായത്തിൽതന്നെ ഈ ബില്ലിനു ബലമായ ഒരു എതിർകക്ഷി ഉണ്ടെന്നു എനിക്കു നല്ല ബോദ്ധ്യമുള്ളതുകൊണ്ടാണ് ഞാൻ ഇതിനെ എതിർക്കുന്നതു. ഈ ബില്ലു എതിർക്കുന്നവരുടെ ഭാഗംപിടിച്ചു ഇവിടെ പറയുന്നതിനോ, അവരുടെ അഭിപ്രായത്തെ സയുക്തികമായി ഇവിടെ വാദിക്കുന്നതിനോ ആളുകളില്ല.

മി. സി. എൻ. ഉപ്പൻനമ്പൂതിരി (ജന്മികൾ): ഈ ബില്ലിന് എതിരഭിപ്രായമുണ്ടെന്നു മെമ്പർക്കു എങ്ങനെ അറിയാം?

മി. സി. കേരളവർമ്മ കോയിത്തമ്പുരാൻ (ഇടവക): പല നമ്പൂതിരിമാരുമായിട്ടു ഞാനിതിനെസംബന്ധിച്ചു സംസാരിച്ചുനോക്കിയിട്ടുണ്ട്. അതിൽനിന്നും എനിക്കറിയാം.

മി. സി. എൻ. ഉപ്പൻനമ്പൂതിരി (ജന്മികൾ): ഇങ്ങനെ ഒരു ബില്ലുതന്നെ വേണ്ടയെന്നുള്ള അഭിപ്രായമാണോ ഉള്ളത്?

മി. സി. കേരളവർമ്മകോയിത്തമ്പുരാൻ (ഇടവക): ബില്ലുതന്നെ ആവശ്യമില്ലെന്നുള്ള അഭിപ്രായക്കാരുമുണ്ട്. ബില്ലിലെ പല ഭാഗങ്ങളും അനാവശ്യവും തന്നിമിത്തം അനേകം ഛിദ്രങ്ങൾക്കു കാരണമാകുന്നതാണ് എന്നുള്ള അഭിപ്രായക്കാരുമുണ്ട്.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): അഭിപ്രായവ്യത്യാസമില്ലാത്ത ഏതെങ്കിലും ഒരു ബിൽ കണ്ടിട്ടുണ്ടോ?

മി. കേരളവർമ്മകോയിത്തമ്പുരാൻ (ഇടവക): അഭിപ്രായവ്യത്യാസം ഉണ്ടായിരിക്കാം. പക്ഷെ അതിനെപ്പററി ശരിയായിട്ടു അന്വേഷിച്ചറിഞ്ഞതിനുശേഷം വേണം ബില്ലുകൊണ്ടുവരുന്നതിനും പാസ്സാക്കുന്നതിനും. ഇതിനു മുമ്പു നായർ റഗുലേഷൻ കൊണ്ടുവന്നു. അക്കാലത്തു ഒരു കമ്മററി ഏർപ്പെടുത്തി നായന്മാരുടെ പൊതുവെ ഉള്ള അഭിപ്രായം ഇന്നതാണെന്നറിഞ്ഞതിനുശേഷമാണ് ആ ബിൽ പാസ്സാക്കിയതു.

മി. ജി. ശങ്കരൻപോററി (സംയുക്ത): നമ്പൂതിരി സമുദായക്കാരുടെ വക ഏതെങ്കിലും സഭകളിൽ മെമ്പർ ഹാജരായിട്ടുണ്ടോ?

മി. സി. കേരളവർമ്മ കോയിത്തമ്പുരാൻ (ഇടവക): ഉണ്ടായിരിക്കാം.

മി. ജി. ശങ്കരൻപോററി (സംയുക്ത): നിശ്ചയമുണ്ടോ?

മി. സി. കേരളവർമ്മ കോയിത്തമ്പുരാൻ (ഇടവക): നിശ്ചയമുണ്ട്.

മി. ജി. ശങ്കരൻപോററി (സംയുക്ത): എവിടെയാണ്?

മി. സി. കേരളവർമ്മ കോയിത്തമ്പുരാൻ (ഇടവക): അതു ഇപ്പോൾ നല്ല ഓർമ്മയില്ലാ.

മി. ജി. ശങ്കരൻപോററി (സംയുക്ത): എതിരഭിപ്രായം ഉണ്ടെന്നു പറഞ്ഞതും ഇതുപോലെയാണോ? (ചിരി).

മി. സി. കേരളവർമ്മ കോയിത്തമ്പുരാൻ (ഇടവക): അങ്ങനെയല്ല. അപ്പോൾ ഈ ബില്ലിനു യാതൊരു എതിരഭിപ്രായവുമില്ലെന്നു സ്ഥാപിക്കുന്നതിനാണോ മി. ശങ്കരൻപോററി ശ്രമിക്കുന്നതു?

ഈ ബില്ലിനെപ്പററി നമ്പൂതിരിമാരുടെ ഇടയിൽതന്നെ ധാരാളം അഭിപ്രായവ്യത്യാസമുണ്ട്. പത്രംമുഖേന ബഹളംകൂട്ടുന്നതിനോ, മീററിംഗ് വിളിച്ചുകൂട്ടി നിശ്ചയങ്ങൾ പാസ്സാക്കുന്നതിനോ, അല്ലെങ്കിൽ മെമ്മോറിയൽ എഴുതി ഗവർമ്മെൻറിനെ അറിയിക്കുന്നതിനോ, അവർ ശ്രമിക്കുന്നില്ല.

കരയുന്ന പിള്ളയ്ക്കേ പാലുകൊടുക്കുകയുള്ളു എന്നുള്ള നയം ഗവർമ്മെൻേറാ ഈ കൌൺസിലോ അംഗീകരിച്ചിട്ടുണ്ടെന്നു അവർ വിചാരിക്കുന്നില്ല. നാട്ടിലുള്ള സകലമാതിരി അഭിപ്രായങ്ങളും സൂക്ഷ്മമായി തെരക്കി അറിഞ്ഞതിനു ശേഷമേ ഒരു ബിൽ പ്രത്യേകിച്ചും പ്രധാനമായ ഒരു സാമുദായിക ബിൽ—പാസാക്കുകയുള്ളു എന്നാണ് അവരുടെ ഉത്തമവിശ്വാസം. അതുകൊണ്ടു എതിരഭിപ്രായം വാദിക്കുന്നതിനു ഇവിടെ തക്കതായ ആരും ഇല്ലാത്തതുകൊണ്ടു ഈ ബില്ലിൻെറ സംഗതിയിൽ നമ്മുടെ ചുമതല ദ്വിഗുണീഭവിക്കുന്നു.

മി. കേശവൻ നമ്പൂതിരി (സംയുക്ത): ഏതെങ്കിലും ഒരു ബിൽ എതിരഭിപ്രായംകൂടാതെ പാസ്സായതായി മെംബർക്കു അറിയാമോ?

മി. സി. കേരളവർമ്മ കോയിത്തമ്പുരാൻ (ഇടവക): ഈ ചോദ്യംതന്നെ മി. എ. കെ. പിള്ള ചോദിക്കുകയും അതിനു സമാധാനം പറയുകയും ചെയ്തുകഴിഞ്ഞു. ഈ സ്ഥിതിക്കു ശരിയായ ഒരു കമ്മിററി ഏർപ്പെടുത്തി അവരുടെ അഭിപ്രായത്തെ അറിഞ്ഞതിനു ശേഷം ഈ ബിൽ കൊണ്ടുവന്നിരുന്നുവെങ്കിൽ ഏറെ നന്നായിരിക്കുമായിരുന്നു എന്നാണ് എൻെറ അഭിപ്രായം.

മി. കെ. എൻ. കേശവൻനമ്പൂതിരി (സംയുക്ത): സമുദായത്തിൻെറ പ്രാതിനിധ്യം വഹിക്കുന്ന ഈ ബില്ലിൻെറ അവതാരകൻ ആ സമുദായത്തിലെ അംഗങ്ങളുടെ ഭൂരിപക്ഷാഭിപ്രായം രൂപീകരിച്ചിട്ടുണ്ടെന്നു മെംബർക്കു അറിയാമോ?

മി. സി. കേരളവർമ്മ കോയിത്തമ്പുരാൻ (ഇടവക): രൂപീകരിച്ചിരിക്കാം. പക്ഷേ സ്വന്തം ബില്ലിനെക്കുറിച്ചുള്ള സ്നേഹാധിക്യംകൊണ്ടു സൂക്ഷ്മസ്ഥിതി വെളിയിൽ കൊണ്ടുവരാതിരിക്കണമെന്നുദ്ദേശിക്കുന്നു എന്നു തോന്നുന്നു.

മി. സി. എൻ. ...ൻനമ്പൂതിരി (ജന്മികരം): ഈ ബില്ലിനെപ്പററി അഭിപ്രായവ്യത്യാസമുണ്ടെന്നു മെംബർ എങ്ങനെ മനസ്സിലാക്കി.

മി. സി. കേരളവർമ്മ കോയിത്തമ്പുരാൻ (ഇടവക): ഈ നാട്ടിലുള്ള പല നമ്പൂതിരിമാരുമായി അഭിമുഖസംഭാഷണങ്ങൾ നടത്തി അവരുടെ വർത്തമാനത്തിൽനിന്നും മനസ്സിലാക്കി. സംയുക്തമെംബറന്മാരും ഒരുപോലെ ബില്ലിനു അനുകൂലമായല്ലോ കണ്ടുതന്നെ.

മി. കെ. എൻ. കേശവൻനമ്പൂതിരി (സംയുക്ത): സംയുക്തമെംബർമാരിൽ ഒരാൾ അയാളുടെ അഭിപ്രായം പ്രകടിപ്പിക്കാതെ ഇരിക്കുന്ന സ്ഥിതിക്കു ആ മെംബറും ആ അഭിപ്രായക്കാരാണെന്നു എങ്ങനെ പറയാം.?

മി. സി. കേരളവർമ്മ കോയിത്തമ്പുരാൻ (ഇടവക): ആ മെമ്പറിനെ എനിക്കു നല്ല പരിചയമുണ്ട് ആ മെംബർ ഇന്ന അഭിപ്രായക്കാരനാണെന്നും എനിക്കറിയാം. അതുകൊണ്ടു ഇനി എങ്കിലും നമ്പൂരിസമുദായത്തിലുള്ള എല്ലാപേരുടേയും അഭിപ്രായം രൂപീകരിക്കണമെന്നാണു ഞാൻ പറയുന്നതു.

ഇനി ബില്ലിലെ വകുപ്പുകളെക്കുറിച്ചു ഒന്നു രണ്ടു വാക്കു പറയട്ടെ. പല ഭാഗങ്ങളിലും എനിക്കു വലിയ അഭിപ്രായവ്യത്യാസമുണ്ട് കുടുംബ ഭരണത്തെ വ്യവസ്ഥപ്പെടുത്തുന്ന വകുപ്പു അതുപോലെ പാസ്സാക്കുന്നപക്ഷം നമ്പൂരി കുടുംബങ്ങൾ ഇപ്പോൾ ഉള്ളതിൽ അധികം ബഹളങ്ങൾക്കും കുഴപ്പങ്ങൾക്കും ഇടയാകയില്ലയോ എന്നു സംശയമുണ്ട്. സാധാരണയായിട്ടു വളരെ പരിഷ്കാരമുള്ള നിയമസഭകളിൽപോലും വർഗ്ഗീയമത്സരം ഇടക്കിടയ്ക്കുള്ള ചില കാരണങ്ങളാൽ ഭൂരിപക്ഷത്തിനു വിലയില്ലാതെ വരുന്നു, ആ സ്ഥിതിക്കു വിദ്യാഭ്യാസമില്ലാത്തവരും പലതരത്തിലുള്ള സ്നേഹാനുബന്ധങ്ങളോടുകൂടിയ ജനങ്ങൾ അടങ്ങിയതുമായ ഒരു കുടുംബത്തിൽ ഭൂരിപക്ഷംകൊണ്ടു ഒരു കാര്യവും നടത്താമെന്നു അഭിപ്രായപ്പെടുന്നതു പല തരത്തിലുള്ള അസുഖങ്ങൾക്കു കാരണവും കാര്യനടപ്പിനു ഹാനി സംഭവിക്കുന്നതുമാണ്.

മി. ജി. ശങ്കരൻപോററി (സംയുക്ത): നമ്പൂതിരിമാരുടെ ഇടയിൽ വിദ്യാഭ്യാസമില്ലെന്നു പറഞ്ഞുവല്ലോ. ഏതുമാതിരിയുള്ള വിദ്യാഭ്യാസമാണില്ലാത്തതു.

മി. സി. കേരളവർമ്മകോയിത്തമ്പുരാൻ (ഇടവക): പലമാതിരിയിലുള്ള വിദ്യാഭ്യാസവും ഇല്ല.

മി. ജി. ശങ്കരൻപോററി (സംയുക്ത): ഒരു വിദ്യാഭ്യാസവും ഇല്ലാത്തവരാണോ?

മി. സി. കേരളവർമ്മകോയിത്തമ്പുരാൻ (ഇടവക): എന്നല്ല ഞാൻ പറഞ്ഞതു. വിദ്യാഭ്യാസം ഉള്ളവരും ഉണ്ട്. എന്നാൽ അന്തർജനങ്ങളുംകൂടി അനന്തിരാവകാശത്തിൽ ചേർന്നിരിക്കുന്നതുകൊണ്ടു വിദ്യാഭ്യാസമുള്ളവർ വളരെ കുറയുമെന്നുവേണം പറവാൻ.

മി. ജി. ശങ്കരൻപോററി (സംയുക്ത): എഴുതാനും വായിക്കാനും അറിയാവുന്ന നമ്പൂതിരിമാർ തിരുവിതാംകൂറിൽ ധാരാളം ഉണ്ടെന്നറിയാമോ?

മി. സി. കേരളവർമ്മകോയിത്തമ്പുരാൻ (ഇടവക): ധാരാളമുണ്ട്. പക്ഷേ ഞാൻ പറയുന്ന സംഗതികൾക്കു ആ വിദ്യാഭ്യാസംപോരാ.

ആകപ്പാടെ തന്നെ ബിൽ പല വിധത്തിലും മിശ്രമായരീതിയിലാണു രൂപീകരിച്ചിട്ടുള്ളതു്. അതിനെക്കുറിച്ചു പല മാന്യന്മാരും ഇവിടെ പ്രസ്താവിച്ചുകഴിഞ്ഞിരിക്കുന്നതുകൊണ്ടു ഞാൻ ഇപ്പോൾ ഒന്നും പറയുന്നില്ല. എന്നാൽ ഭൂരിപക്ഷംകൊണ്ടു കാര്യംനടത്താമെന്നുദ്ദേശിച്ചിരിക്കുന്നതിനെ പ്രത്യേകമെടുത്തു വിമർശിക്കണമെന്നു ഞാൻ വിചാരിക്കുന്നു. ഭൂരിപക്ഷംകൊണ്ടു കാര്യം നടത്തണം എന്നുള്ള പ്രിൻസിപ്പിൽ കുടുംബത്തിനകത്തു കടത്തുന്നതു ശരിയല്ല. നമ്പൂരി കുടുംബത്തിൽ എന്നല്ല ഒരു കുടുംബത്തിലും അതു ആശാസ്യമായിട്ടുള്ളതല്ല. അഛൻ അല്ലെങ്കിൽ കാരണവൻ ചെയ്യുന്ന പ്രവൃത്തികൾ മക്കൾ അല്ലെങ്കിൽ അനന്തിരവർ ഭൂരിപക്ഷംകൊണ്ടു മാത്രം അസാധുവാക്കാമെന്നുവരുന്നപക്ഷം കുടുംബത്തിൽ യോജിപ്പു സുഖം ഇത്യാദികൾക്കു ഹാനികരമായിട്ടല്ലാതെ ഒന്നും ആവശ്യമില്ല. ഈ വിധത്തിൽ ഒരു നിയമം ഉണ്ടു എന്നുള്ളതു വഴക്കുകൾക്കു ഐകമത്യമില്ലായ്മ അനുസരണമില്ലായ്മ മുതലായവകളെല്ലാം മക്കളുടേയോ അനന്തരവരുടേയോ ഇടയിൽ വർദ്ധിക്കുന്നതിനു കാരണമായിട്ടു തീരും. ഭൂരിപക്ഷം ഏർപ്പെടുത്തുന്നതിനെക്കാൾ ഏതു കുടുംബ അനന്തരവന്മാർ ആവശ്യപ്പെട്ടാൽ

ആളോഹരി ഭാഗം ഉടനെ കൊടുക്കുകയാണ നല്ലതു്. ഇത്രയുമാണ ചുരുക്കത്തിൽ ഭൂരിപക്ഷം കൂട്ടങ്ങളിൽ ഭരണം ചെലുത്തുന്നതിനെപ്പററിയുള്ള എൻെറ പൊതുവെയുള്ള അഭിപ്രായം. ഇതിൽ വിദ്യാഭ്യാസവും ചുമതല ബോധവും വികാസബുദ്ധിയും മററുമുള്ള ആളുകളെക്കൊണ്ട നിറഞ്ഞിരിക്കുന്ന ഇൻഡ്യൻ നിയമസഭകളിൽപോലും വർഗ്ഗീയമത്സരങ്ങൾ ഉടക്കിയുള്ള ചില സംഗതികൾകൊണ്ട ഭൂരിപക്ഷത്തിൻെറ തത്വം വിലയില്ലാതെ കണ്ട ആയിത്തീരുന്നതു നാം എന്നും കണ്ടുകൊണ്ടിരിക്കുന്ന ഒരു സംഗതിയാണ്. ആ സ്ഥിതിക്കു വിദ്യാഭ്യാസത്തിലും മററും പല ആധുനികസമ്പ്രദായങ്ങളിലും വളരെ പിന്നോട്ട നിൽക്കുന്ന ഈ നമ്പൂതിരി കുടുംബത്തിൽ പ്രത്യേകിച്ചു അന്തർജ്ജനങ്ങൾക്കും കുടുംബഭരണത്തിൽ പങ്കുകൊള്ളുന്നതിനു അവസരം നൽകണമെന്നുള്ള ഉദ്ദേശത്തോടുകൂടി രൂപീകരിച്ചിട്ടുള്ള ഒരു നിയമത്തെക്കുറിച്ചു ചിന്തിക്കുന്ന ഈ അവസരത്തിൽ ഭൂരിപക്ഷതത്വം അസാധാരണമായിട്ടുള്ള വിധത്തിൽ മുമ്പോട്ടേക്കു കൊണ്ടുപോയി ഒരു ഭാഗത്തു സ്ഥലം പിടിപ്പിക്കുന്നതു സാഹസമാണ്. വിശേഷിച്ചും ഈ ബില്ലിൽ മി. ഇപ്പൻനമ്പൂതിരി ഭൂരിപക്ഷതത്വത്തെ അപ്രകാരം ചെയ്തിട്ടുമുണ്ട്. അതു സ്വല്പം നേരംപോക്കായിട്ടുകൂടി തീർന്നിട്ടുണ്ട്. ബില്ലിൽ ഒരു ഭാഗത്തു തറവാട്ടിലുള്ള കാരണവൻ കെടുകാര്യസ്ഥത നടത്തുന്നപക്ഷം ആ കുടുംബത്തിലുള്ള ഏതെങ്കിലും ഒരംഗത്തിനു കോർട്ടുമുഖാന്തിരം തെററതെളിയിക്കുന്നപക്ഷം കാരണവനെ നീക്കാമെന്നു നിർദ്ദേശിച്ചിട്ടുണ്ട്. ഇതിരിക്കുന്നസ്ഥിതിക്കു അടുത്ത വകുപ്പിൽ കുടുംബത്തിലുള്ള മുക്കാൽഭാഗം ആളുകളുംചേർന്നു കോർട്ടിൽ ഒരു ഹർജി കൊടുക്കുന്നപക്ഷം കാരണവനെ നീക്കാമെന്നു ചേർത്തിരിക്കുന്നതിൻെറ അർത്ഥമെന്തു? സ്പഷ്ടമായിട്ടു കാരണവൻ തെററുചെയ്താലും ഇല്ലെങ്കിലും കുടുംബത്തിലുള്ള മുക്കാൽ ഭാഗം അംഗങ്ങൾ ചേർന്നാൽ കാരണവൻ തെററുകാരനായി എന്നു സകല ആളുകളും വിചാരിച്ചുകൊള്ളണം. ഇതിലധികം തെളിവൊന്നുംവേണ്ട എന്നാണ മി. നമ്പൂതിരിയുടെ അഭിപ്രായം. ഇതു എത്രനേരംപോക്കായിരിക്കുന്നു? ഇങ്ങനെ ഒരു കാര്യം ആരെങ്കിലും കേട്ടിട്ടുണ്ടോ? നമുക്കു ഈ രാജ്യത്തു മററു ഏതെങ്കിലും സംഗതികളിൽ ഈ സമ്പ്രദായം ഏർപ്പെടുത്താമോ ഈ സഭയിൽതന്നെ ഈ മാതിരി ഒരു ഭൂരിപക്ഷം ഏർപ്പെടുത്തുന്നതിനു നമുക്കു മനസ്സുണ്ടോ? മി. നമ്പൂതിരി മുക്കാൽ ഭാഗം ആളുകൾ ചേർന്നാൽ ശേഷമുള്ള കാൽഭാഗം ജനങ്ങളെ എന്തു ചെയ്യാമെന്നുള്ള നിലയിലാണ ആക്കിയിരിക്കുന്നതു. മി. നമ്പൂതിരി മുക്കാൽഭാഗം ജനങ്ങൾ ചേർന്നിട്ടുള്ള ഭൂരിപക്ഷത്തിനു കൊടുത്തിട്ടുള്ള വിലയും പാവനത്വവും അത്ഭുതകരംതന്നെ. എവിടെനിന്നു മി. നമ്പൂതിരിക്കു ഈ ഒരു ആശയം കിട്ടി? എനിക്കു തോന്നുന്നതു അമേരിക്കൻകാൺസ്റ്റിട്യൂഷനിൽ നിന്നായിരിക്കാം. അവിടെ പ്രസിഡണ്ടിൻെറ അധികാരം കടന്നുപോകാതിരിക്കാൻവേണ്ടി മൂന്നിൽ രണ്ടു ഭാഗം കാൺഗ്രസ്സിനു ഒരു വീടോ (റദ്ദുചെയ്യാനുള്ള) അധികാരം കൊടുത്തിട്ടുള്ളതായി എനിക്കു അറിയാം. പ്രസിഡണ്ടിൻെറ ഏതുപ്രവൃത്തിയും കാൺഗ്രസ്സിലുള്ള മൂന്നിൽ രണ്ടു ഭാഗം ആളുകൾചേർന്നു തടഞ്ഞാൽ നില്ക്കുന്നതാണ്. തെററായാലും ശരിയായാലും പ്രസിഡണ്ട് വീറ്റോ ചെയ്യപ്പെട്ട കാര്യത്തെ തള്ളികളയുകതന്നെവേണം. എന്നാൽ അമേരിക്കാക്കാർക്കും മി. ഇപ്പൻ നമ്പൂതിരിക്കുള്ളിടത്തോളമുള്ള നിയമസംഗതികളിലുള്ള പോറ് കിട്ടിയിട്ടില്ല എന്നു തോന്നുന്നു. ഇദ്ദേഹം മുക്കാൽ ഭാഗം ഭൂരിപക്ഷംകൊണ്ടു ഗുരുത്വവും പ്രായവും ലോകപരിചയവും ഒക്കെയുള്ള ഒരു അച്ഛനേയോ കാരണവനേയോ നിരപരാധിയായിരുന്നാലും അല്ലെങ്കിലും കുടുംബഭരണത്തിൽനിന്നും—അഥവാ കുടുംബത്തിൽനിന്നുതന്നെയോഎന്നു അറിയാൻവയ്യാ—ബഹിഷ്കരിക്കുന്നതിനു സന്നദ്ധനായിട്ടു നില്ക്കുന്നു. അമേരിക്കക്കാർ പ്രസിഡണ്ടിൻെറ പ്രത്യേകമായ ഒരു വ്യവസ്ഥ കാരണം കൂടാതെകണ്ടു തള്ളിക്കളയുന്നതല്ലാതെ പ്രസിഡണ്ടിനെ നീക്കുന്നതിനു മൂന്നിൽരണ്ടുള്ള ഭൂരിപക്ഷത്തിനു അധികാരം കൊടുക്കുന്നില്ല: ഒരു സമയം മിസ്റ്റർ നമ്പൂതിരിയുടെ നിയമം ഇവിടെ പാസ്സാകുമ്പോൾ അതു കേൾക്കുമോഎന്നു കണ്ടറിയേണ്ടിയിരിക്കുന്നു. സ്നേഹം, ഗുരുത്വം, വണക്കം, സ്വാർത്ഥത്യാഗം ഇത്യാദി ഗുണങ്ങളെ ആസ്പദമാക്കിയാണ് കൂട്ടുകുടുംബം ഏർപ്പെടുത്തിയിരിക്കുന്നതു്. ഇതുകളാണ് അതിൻെറ ജീവൻ. അവ എപ്പോൾ നശിക്കുന്നുവോ അപ്പോൾ കൂട്ടുകുടുംബഏർപ്പാടും നശിക്കണം. ജീവൻ പോയാൽപിന്നെ ശരീരത്തിനെ കൃത്രിമവിദ്യകളെക്കൊണ്ടു സൂക്ഷിക്കാൻ കഴിയുമോ? അഥവാ അങ്ങിനെ സാധിക്കുമെങ്കിൽതന്നെ എത്രകാലത്തേയ്ക്കു? അതുകൊണ്ടു് എന്തുഫലം? ഭൂരിപക്ഷംകൊണ്ടു സൂക്ഷിക്കപ്പെടുന്ന ഒരു കൂട്ടുകുടുംബം കേവലം ഒരു മൃതശരീരപ്രായംതന്നെയാണ്. അതിനെക്കാൾനല്ലതു് ഉടനെ ആളോഹരി അററഭാഗം അനുവദിക്കുന്നതാണ്. ആളോഹരി അററഭാഗത്തിനു ഞാൻ ഒട്ടും അനുകൂലിയല്ലയെങ്കിലും ഭൂരിപക്ഷം ഏർപ്പാടിനെക്കാൾ അതു ഭേദമാണെന്നേ പറയുന്നുള്ളു. നാൾക്കുനാൾ കുറഞ്ഞുകൊണ്ടുവരുന്ന ഗുരുത്വം, വണക്കം ഇതുകളെ യുവജനങ്ങളുടെ ഇടയിൽ പൂർവ്വന്മാർ ചെയ്തുവന്നിരുന്നപോലെ വർദ്ധിപ്പിക്കുന്നതിന് ഉതകുന്നതായ ഒരു വിദ്യാഭ്യാസരീതിയെ നമ്പൂതിരിമാർ കൈക്കൊണ്ടു നിവൃത്തിയുള്ളിടത്തോളം കൂട്ടുകുടുംബഏർപ്പാട് സംരക്ഷിക്കുന്നതിനാണ് ശ്രമിക്കേണ്ടതു്. എന്നാണ് എൻെറ താഴ്മയായ അഭിപ്രായം. ഭൂരിപക്ഷതത്വം പലവിധത്തിലുള്ള കലഹങ്ങൾക്കും, മത്സരങ്ങൾക്കും, വ്യവഹാരങ്ങൾക്കും, അസുഖങ്ങൾക്കും ഇടയാക്കുന്നതല്ലാതെ കുടുംബത്തെ രക്ഷിക്കുന്നതിന് ഉതകുന്നതല്ല. സ്വത്തുമാത്രമല്ല, ആളോഹരിഭാഗംകൊണ്ടും, ഭൂരിപക്ഷമതംകൊണ്ടും മററുവല്ല നൂതനപരിഷ്കാരങ്ങളെക്കൊണ്ടും നമ്പൂതിരിസമുദായത്തിൽ നശിക്കുന്നതു്. ഇതിനെക്കാൾ എത്രയോ വിലപിടിച്ച പല നടപടികളും ആചാരങ്ങളും പുത്തൻ മാററംകൊണ്ടു നശിച്ചുപോയേക്കും. പോയ്പ്പോയാൽപിന്നെ അവ ഒരിക്കലും തിരികെ കിട്ടുന്നതുമല്ല. നവീനപരിഷ്കാരഭ്രമംകൊണ്ടു ദീർഘമായ ആലോചന കൂടാതെ ബദ്ധപ്പെട്ടു ഒരു ബിൽ പാസ്സാക്കിക്കൊണ്ടുപോയാൽ ഇന്നാട്ടിലെന്നല്ല, ആചാരശുദ്ധികൊണ്ടു ലോകമൊട്ടുക്കു ഏററവും പ്രധാനമായ ഒരു സമുദായം നശിച്ചുപോകുന്നതിനിടയായേക്കും. എനിക്കു് ഈ സംഗതികളെക്കുറിച്ചു സംശയങ്ങളും, ഭയങ്ങളും, വ്യസനവുമുണ്ട്. പല ഇതരസമുദായങ്ങളും ആധുനികപരിഷ്കാരം മോഹിച്ചു സമ്പാദിച്ച ബില്ലുകൾകൊണ്ടു അനുഭവിക്കുന്ന കഷ്ടനഷ്ടങ്ങൾ നാം ദിനംപ്രതി കണ്ടുകൊണ്ടിരിക്കുന്നു. ആ സ്ഥിതിക്കു നല്ലതുപോലെ ആലോചിച്ചശേഷമെ—ആലോചന അധികമായതുകൊണ്ടു ദോഷമൊന്നും വരാനില്ല—ഇക്കാലത്തു ഒരു ബില്ലുംകൊണ്ടു പുറപ്പെടാവു.

പിന്നിട്ട ഈ ബില്ലിൽതന്നെ അസംബന്ധമായിട്ടു പല ഭാഗങ്ങളും കാണുന്നുണ്ട്. പാട്ടംകൊടുക്കുന്ന സംഗതിക്കുമററും ആറുകൊല്ലത്തേയ്ക്കോ അതിൽ കുറഞ്ഞകാലത്തേയ്ക്കോ കൊടുക്കുന്നതു് കുടുംബത്തിലെ ഭൂരി

പക്ഷം അംഗങ്ങൾ അറിഞ്ഞിട്ടുവേണം എന്നുള്ളതു് കാര്യനടത്തിപ്പിനു് ഹാനികരമാണു്. ഭൂരിപക്ഷംചേൎന്നു പാട്ടംപിരിച്ചു് നംപൂരികുടുംബം കൈവശപ്പെടുത്തിക്കുന്ന കാൎയ്യം അത്ര എളുപ്പമല്ലേ.

മി. സി. എൻ. ഇട്ടുപ്പൻനംപൂതിരി (ജന്മികൾ) ഈ ബില്ല് വേണ്ടാഎന്നുള്ള അഭിപ്രായമാണോ മെംബൎക്കുള്ളതു്?

മി. സി. കേരളവൎമ്മ കോയിത്തമ്പുരാൻ (ഇടവക) : നംപൂതിരിമാൎക്കു് ഒരുവിധത്തിലുമുള്ള ബില്ല് വേണ്ടെന്നു ഞാൻ പറയുന്നില്ല. അധികമായ ന്യൂനതകളുള്ളതുകൊണ്ടു ഇപ്പോൾ കൊണ്ടുവന്നിട്ടുള്ള ബില്ല് വേണ്ടഎന്നാണു് എന്റെ അഭിപ്രായം.

മി. സി. എൻ. ഇട്ടുപ്പൻനംപൂതിരി (ജന്മികൾ): ബില്ല് വേണ്ടാഎന്നുള്ള അഭിപ്രായമാണെങ്കിൽ വകുപ്പിനെപ്പററി നിരൂപണം ചെയ്യണോ?

മി. സി. കേരളവൎമ്മ കോയിത്തമ്പുരാൻ (ഇടവക): നിരൂപണംചെയ്തിട്ടു വേണ്ടാഎന്നുപറയുന്നതല്ലേ കുറെക്കൂടി നല്ലതു്? ഇവിടെ എല്ലാവരും അഭിപ്രായം പറഞ്ഞു. എനിക്കും പറയാൻ വിരോധമില്ലെന്നാണു ഞാൻ വിചാരിക്കുന്നതു്.

അന്യസമുദായത്തിൽനിന്നും വിവാഹംകഴിക്കുന്ന നംപൂതിരിയുവാക്കന്മാൎക്കും സജാതിയവിവാഹംചെയ്യുന്ന നംപൂതിരിയുവാക്കന്മാൎക്കും പ്രത്യേകമായി പലവിധത്തിലും വ്യത്യാസം കാണിച്ചിരിക്കുന്നതു് ഒരിക്കലും ശരിയല്ല. ഇതു നംപൂതിരിമാരോടു ബന്ധമുള്ള പല അന്യസമുദായങ്ങൾക്കു് അഭിമാനഹാനിയും കൂടിയുണ്ടാക്കുന്നതാണു്. ഞാൻ അങ്ങിനെയുള്ള ഒരു സമുദായത്തിൽപ്പെട്ടയാളാണു്. അതുകൊണ്ടു ആ ദോഷത്തിനെ ഞാൻ നല്ലവണ്ണം അറിയുന്നുണ്ടു്. നിവൃത്തിയുള്ളിടത്തോളം ആവിധം വ്യത്യാസങ്ങൾ വരുത്താതെതന്നെ കഴിക്കണം. മററു സമുദായങ്ങളോടുള്ള ബന്ധം, ചുരുക്കിപ്പറയുന്നതായാൽ തീരെ ഇല്ലാതാക്കുകയോ ചുരുക്കുകയോ ചെയ്യുന്നതും നംപൂതിരിസമുദായത്തിനു ഗുണമല്ല. പിന്നെ ഒരംഗം സജാതിയിൽ വേളികഴിച്ചു ഇല്ലത്തു താമസിക്കുന്നവനും അങ്ങിനെ ചെയ്യാതെ പുറമെ താമസിക്കുന്നവനും തറവാട്ടിൽനിന്നു് കിട്ടുന്ന ആദായത്തിൽ ഭേദഗതി വരുത്തുന്നതു്, ഒരുപ്രകാരത്തിൽ നംപൂതിരിസമുദായത്തിനു ഗുണമാണെങ്കിലും, പ്രധാനമായി മറെറാരുവിധത്തിൽ ദോഷമായിട്ടും തീരുന്നു. ഈ തരംകൊണ്ടാണു് അവരുടെ ഇടയിലെ പരിശ്രമശീലം ഇപ്പോൾ തന്നെ വളരെ കുറവാണു്. എങ്കിലും ഉള്ളതിനെക്കൂടെ നശിപ്പിച്ചുകളയുന്നു. അതുകൊണ്ടു ആ ഭാഗം ഒട്ടും ആശാസ്യമായിട്ടു എനിക്കു തോന്നുന്നില്ല.

പുറമെപോയി ഏതെങ്കിലും ഉദ്യോഗംചെയ്തു പണം സമ്പാദിക്കാമെന്നു വിചാരിച്ചുപോകുന്നവനു തന്റെ കുടുംബത്തിൽനിന്നും ന്യായമായി കിട്ടേണ്ട അവകാശം കയ്യിൽകിട്ടിയാൽ തന്റെ പ്രയത്നത്തിനു അതു് ഒരു വലിയ പ്രാരംഭസഹായമായിട്ടിരിക്കും. ഒരംഗം ആരെങ്കിലും അനുഭവിക്കുന്നഎങ്കിൽ അതു് സകലൎക്കും സമമായിരിക്കണമെന്നല്ലാതെ തറവാട്ടംഗം ഉടൻ വേണ്ടതാണെന്നല്ല ഞാൻ പറയുന്നതു്.

മി. സി. എൻ. ഇട്ടുപ്പൻനംപൂതിരി (ജന്മികൾ); അന്യദിക്കിൽപോയി പ്രയത്നംചെയ്തു് കാലക്ഷേപം കഴിക്കുന്ന ആളുകൾക്കു ആ പ്രയത്നഫലംകൊണ്ടു തങ്ങളുടെ കാലക്ഷേപം കഴിക്കാമെന്നും അവൎക്കു പ്രയത്നിക്കാൻ ശേഷിയില്ലാതെ കുടുംബത്തെ ആശ്രയിക്കുന്ന കാലത്തു് അയാൾക്കു് കുടുംബത്തിൽനിന്നും കിട്ടേണ്ട ആദായം സ്വരൂപിച്ചു വച്ചിരിക്കുന്നതു ഉപയോഗപ്പെടുത്താമെന്നു അറിയാമോ?

മി. സി. കേരളവൎമ്മ കോയിത്തമ്പുരാൻ (ഇടവക): ഒന്നാമതു അങ്ങനെ കിട്ടുമെന്നു എന്തു നിശ്ചയം?

അതുകൂടാതെ ഒരു തൊഴിലിനു പ്രവേശിക്കുമ്പോൾ പ്രാരംഭമായിട്ടു കിട്ടുന്ന സഹായവും തമ്മിൽ വളരെ അന്തരമുണ്ടു്. അനന്തരവന്മാൎക്കു കുടുംബത്തിൽനിന്നും കിട്ടുന്ന സഹായം ന്യായമായിട്ടുള്ളതു് തൽക്കാലം അനുഭവിക്കുവാനുള്ളതും പ്രാരംഭത്തിൽതന്നെ കിട്ടണം എന്നെ ഞാൻ പറയുന്നുള്ളു.

ഇങ്ങനെയുള്ള എന്റെ ചില അഭിപ്രായങ്ങളെ പറഞ്ഞുകൊണ്ടു ഞാൻ ബില്ലിനെ പ്രതികൂലിക്കുന്നു. ഇതിൽ എന്റെ സ്വന്തം അഭിപ്രായങ്ങളും ഈ ബില്ലിനെ എതിൎക്കുന്ന, നംപൂതിരിസമുദായത്തിലുള്ള ബലമായ ഒരുകക്ഷിയുടെ അഭിപ്രായങ്ങളും ഉണ്ടു. അല്പനായ ഞാൻ ഇവിടെ പ്രസ്താവിച്ചതു് കൂടാതെ പലതും വിലയേറിയ അഭിപ്രായങ്ങൾ ആ കക്ഷിക്കു ഈ ബില്ലിനെ എതിൎത്തുപറയാനുണ്ടു അതിനെഎല്ലാം ഈ കൌൺസിലിൽ ഇപ്പോൾ ബലമായി വാദിക്കുന്നതിനു പ്രതിനിധികൾ ഇല്ലാത്തതുകൊണ്ടു കഴിയുന്നതും ഇനിഎങ്കിലും ആ അഭിപ്രായങ്ങളെ അറിയുന്നതിനുവേണ്ട മാൎഗ്ഗങ്ങൾ ചെയ്യാതെ ഈ ബില്ലിനെ സെലക്ട്കമ്മററിക്കയക്കുകയോ വേറെ ഏതെങ്കിലുംചെയ്യുകയോ ചെയ്തുകൂടാത്തതാകുന്നു എന്നാണു എന്റെ ബലമായ അഭിപ്രായം. ഈ അഭിപ്രായത്തോടെ വളരെ വ്യസനത്തോടുകൂടി ഞാൻ ഈബില്ലിനെ മൂലതത്വങ്ങളേയും വകുപ്പുകളേയും ആപാദചൂഡം എതിൎക്കുന്നു.

മി. കെ. എൻ. (കേശവൻനംപൂതിരി) (സംയുക്ത) : സർ, ഒരൊററയാളൊഴികെ ശേഷം ബില്ലിനെകുറിച്ചു അഭിപ്രായംപറഞ്ഞിട്ടുള്ള എല്ലാ അംഗങ്ങളും വ്യത്യസ്തമെന്യേ അതിലെ തത്വങ്ങളെ അംഗീകരിച്ചിട്ടുള്ളതുകൊണ്ടും, അതു സെലക്ട്കമ്മിററിയുടെ അഭിപ്രായത്തിനയക്കാൻ ധാരാളംവകയുള്ളതുകൊണ്ടും അതിനെസംബന്ധിച്ചു ഈ അവസരത്തിൽ എന്തെങ്കിലും കൂടുതലായി സംസാരിക്കേണ്ട ആവശ്യമുണ്ടെന്നു എനിക്കു തോന്നുന്നില്ല. ഞാൻ പൂൎണ്ണമായി ബില്ലിനെ അനുകൂലിക്കുന്നു.

മി. എം. ശിവതാണുപിള്ള (തോവാള) : ഇക്കാൎയ്യത്തിൽ ഉദ്യോഗസ്ഥസാമാജികന്മാൎക്കും അഭിപ്രായസ്വാതന്ത്ര്യമുണ്ടെന്നാണു ഞാൻ വിചാരിക്കുന്നതു.

അദ്ധ്യക്ഷൻ ദയവുചെയ്തു ഗവൎമ്മെൻറുനയം എന്താണെന്നു, ബില്ല് മുമ്പോട്ടുപോകുമ്പോൾ മനസ്സിലാക്കുക. കൌൺസിലിന്റെ സാമാന്യാഭിപ്രായം എന്താണെന്നുമാത്രമെ ഇപ്പോൾ അറിയേണ്ടതായുള്ളു.

മി. സി. എൻ. ഇട്ടുപ്പൻനംപൂതിരി (ജന്മികൾ) സർ, ഞാൻ ഈ കൌൺസിൽമുമ്പാകെ അവതരിപ്പിച്ചതായ ഈ ബില്ലിലെ മൂലതത്വത്തെപ്പററി മിക്ക മെമ്പൎമ്മാരും അനുകൂലിക്കയാണുചെയ്തതു. എന്നാൽ ഓരോവകുപ്പിനെപ്പററി ഓരോരുത്തൎക്കുമുള്ള അഭിപ്രായവ്യത്യാസങ്ങളേയും ഓരോരുത്തർ പ്രകടിപ്പിച്ചുകഴിഞ്ഞു. എന്നാൽ ഈ ബില്ല് ഈ രൂപത്തിൽതന്നെ പാസ്സാക്കികിട്ടണമെന്നുള്ള അഭിപ്രായം എനിക്കില്ല. ബില്ലിന്റെ രൂപീകരണത്തിൽ പരിചയക്കുറവുണ്ടെങ്കിലും ഞങ്ങളുടെ സമുദായം അനുഭവിക്കുന്ന കഷ്ടപ്പാടു

ത്തെയും ബുദ്ധിമുട്ടിനെയും നോക്കിമാത്രമാണു ഈ ബില്ലിനു ഇങ്ങനെയൊരു രൂപം ഉണ്ടാക്കാൻ ശ്രമിച്ചിട്ടുള്ളതു. ഈ ബില്ലിലെ ഓരോ വകുപ്പിനെപ്പറ്റിയും മാന്യന്മാർ പുറപ്പെടുവിച്ച അഭിപ്രായങ്ങൾക്കു ഒക്കെയും സമാധാനം പറയാൻ ഞാൻ ഇപ്പോൾ മുതിരുന്നില്ല. എങ്കിലും ചില ഭാഗങ്ങളെ സംബന്ധിച്ചു ഇവിടെ ധരിപ്പിച്ചുകൊള്ളാമെന്നു വിചാരിക്കുന്നു.

ഉദകവിച്ഛേദം എന്ന ക്രിയയെപ്പറ്റി ഇവിടെ ചില അഭിപ്രായവ്യത്യാസങ്ങൾ പുറപ്പെടുവിക്കയുണ്ടായി. ഏതു ഭാഗത്തെ പറ്റിയാണു അഭിപ്രായവ്യത്യാസം പുറപ്പെടുവിച്ചതു് എന്നു കൂടി എനിക്കു ശരിയായി മനസ്സിലാക്കാൻ സാധിച്ചില്ലെങ്കിലും ഉദകവിച്ഛേദത്തെപ്പറ്റി ഇവിടെ പറയാമെന്നു വിചാരിക്കുന്നു. സാധാരണ ഉദകവിച്ഛേദമെന്ന ക്രിയ മതാചാരമായി നടന്നുവരുന്ന ഒന്നാണ്. എന്നാൽ ഈ നിയമത്തിൽ അതിൽ ഒന്നോരണ്ടോ കാര്യങ്ങൾ ഉൾപ്പെടുത്തേണ്ട ആവശ്യമുണ്ടെന്നു ഞാൻ വിചാരിക്കുന്നു. സമുദായത്തിൽ വല്ല കുഴപ്പങ്ങളും ബുദ്ധിമുട്ടുകളും വരുന്നതായിരുന്നാൽ ആ വക കുഴപ്പങ്ങളെ തീർക്കുന്നതിനാണു ഇന്നു നിയമംതന്നെ ആവശ്യപ്പെടുന്നതു. ഈ ഉദകവിച്ഛേദമെന്നുള്ളതു മതസംബന്ധമായ ഒരു ക്രിയയും രാജസ്ഥാനത്തിന്റെ അനുമതിയോടുകൂടി നടത്തപ്പെടുന്നതുമായ ഒന്നാണു. അതുകൊണ്ടു അതിനെ ഈ കൌൺസിലിൽനിന്നും ഭേദഗതിചെയ്താൽ അതു സമുദായം ഒരിക്കലും സ്വീകരിക്കയില്ല. അതിനു ദൃഷ്ടാന്തമായിട്ടു ഇന്നു അനുഭവത്തിൽ ഇരിക്കുന്ന ഒന്നുരണ്ടു സംഗതികളുണ്ടു്. ഇങ്ങനെ ഒരു ചില കുടുംബങ്ങൾ ഉദകവിച്ഛേദംചെയ്കയും നാലഞ്ചു് അന്തർജ്ജനങ്ങളും, രണ്ടുമൂന്നു കിടാങ്ങളും ഇല്ലംവിട്ടു പുറത്തുപോകയും, കുടുംബത്തിലെ ഒരാൾ മാത്രം ഗൃഹത്തിൽ താമസിക്കയും, ബാക്കിയുള്ളവർ ചെറുപുരയിൽ താമസിക്കയും ചെയ്യുന്നു. ഉദകവിച്ഛേദം വേണ്ട എന്നു വെയ്ക്കുകയാണെങ്കിൽ ഈ കഷ്ടപ്പാടുകളൊക്കെ കൌൺസിലിനു വേണമെന്നുണ്ടെങ്കിൽ ഉണ്ടാക്കിത്തീർത്തുകൊള്ളാം. ഉദകവിച്ഛേദംചെയ്തു പുറത്തയയ്ക്കുന്ന ആളിനു യാതൊരു സംഖ്യയും കൊടുത്തയക്കുന്നില്ല എന്നു അനേകം മെമ്പറന്മാർ അഭിപ്രായപ്പെട്ടു. പരമാർത്ഥത്തിൽ ഉദകപൂർവം കഴിഞ്ഞ ഇങ്ങനെ സ്വീകരിക്കുന്ന അവസരത്തിലും വലുതായ ഒരു പണക്കിഴിയോടുകൂടി വെള്ളംകഴിച്ചു മന്ത്രോച്ചാരണത്തോടുകൂടിയാണു ചെയ്യുന്നതു്. അതുപോലെതന്നെ അയയ്ക്കുന്ന അവസരത്തിലും ഒരു വലിയ പണക്കിഴിയോടുകൂടി മന്ത്രോച്ചാരണം ചെയ്താണു് അയയ്ക്കുന്നതു്. ഈയിടെതന്നെ ഒരു കുടുംബത്തിൽനിന്നു ഉദകവിച്ഛേദം ചെയ്തയച്ചയാളിനു ൧൦,൦൦൦ രൂപ യാണു കൊടുത്തയച്ചതു്. അതുകൊണ്ടു വസ്തുത ഈ കൌൺസിലിൽ ധരിച്ചിരിക്കുന്ന മാതിരിയല്ലെന്നു തെളിയുന്നു. ഉദകവിച്ഛേദംചെയ്യുമ്പോൾ പണംകൂടി കൊടുക്കണമെന്നു ഈ നിയമത്തിൽ ചേർക്കണമെന്നു പറയുന്നപക്ഷം എനിക്കു അതു പൂർണ്ണസമ്മതമാണു. കൂട്ടുകുടുംബമായി കഴിയാത്തതിനിന്നു ഉദകവിച്ഛേദംചെയ്യുന്നവർക്കു വസ്തു വിട്ടുകൊടുക്കണമെന്നുള്ളതു വലിയ കുഴപ്പത്തിനു കാരണമാകുന്നതുകൊണ്ടു പണംകൊടുക്കാമെന്നു നിവൃത്തിയുള്ളു.

പിന്നീടു വയസ്സുമൂപ്പുള്ള സ്ത്രീകളുടെ മൂപ്പവകാശത്തെ പറ്റിയാണ് എനിക്കു പറയാനുള്ളതു. ഇതു സർവത്ര കുഴപ്പമുള്ള ഒരു സംഗതിയാണ്. ഒരു കുടുംബത്തിൽ ഒരാൾ ൬൨ വയസ്സുപ്രായംചെന്ന ഒരു സ്ത്രീയെ വിവാഹംകഴിച്ചുകൊണ്ടു വരുന്നു. പിന്നീടു വേറൊരാൾ ൨൦ വയസ്സുപ്രായമുള്ള ഒരു സ്ത്രീയെ വിവാഹം ചെയ്തുകൊണ്ടുവരുന്നു. ആദ്യം വിവാഹംചെയ്തുകൊണ്ടുവരുന്ന സ്ത്രീ കുറെക്കാലം മൂപ്പുവഹിക്കുന്നു. ഇപ്രകാരം ഒരു സംഗതിയുള്ളതുകൊണ്ടാണ് സ്ത്രീകളെ മൂപ്പുനിശ്ചയിക്കേണ്ടതു് വിവാഹതീയതിമുതൽ വേണമെന്നു പറഞ്ഞതു.

മി. ജി. രാമൻമേനോൻ (മാവേലിക്കര, കാർത്തികപ്പള്ളി). പുരുഷന്മാർ ഇരിക്കുമ്പോഴും സ്ത്രീകൾക്കു മൂപ്പുകിട്ടുമോ?

മി. സി. എൻ. ഇപ്പൻനമ്പൂതിരി: (ജന്മികൾ) : സ്വാമിയാർ മഠങ്ങളിലെയും സ്ഥിതി ഇതാണ്. ആദ്യമായി സന്യാസിക്കുന്ന ആളുകൾക്കാണ് മഠത്തിലെ മൂപ്പവകാശം സിദ്ധിക്കുന്നതു്. അതുപോലെയാണ് സ്ത്രീകളുടെ മൂപ്പവകാശകാര്യത്തിലും ഞങ്ങളുടെ ഏർപ്പാടുവച്ചിട്ടുള്ളതു്.

ഇനി ൬൨-ാമത്തെ വകുപ്പിൽ പറഞ്ഞിട്ടുള്ള ഭാഗത്തെപ്പറ്റിയാണു എനിക്കു പറയാനുള്ളതു്. വിവാഹംകഴിക്കാതിരിക്കുന്നയാളിനു യാതൊന്നും കൊടുക്കയില്ലെന്നുള്ളതു അർത്ഥമില്ലെന്നു ചിലർ അഭിപ്രായപ്പെട്ടു. വിവാഹംകഴിക്കാതെയിരിക്കുന്നയാളുകൾ കുടുംബത്തിൽതാമസിക്കുന്ന അവസരത്തിൽ അവർക്കു ഭക്ഷണം, തേച്ചുകുളി, വസ്ത്രധാരണം, വിദ്യാഭ്യാസം എന്നിതുകളൊക്കെ നൽകാൻ പ്രത്യേകം വ്യവസ്ഥയുണ്ടു. ഇപ്രകാരം വച്ചിരിക്കുന്നതുതന്നെ സജാതീയവിവാഹത്തെ പ്രോത്സാഹിപ്പിക്കാൻ മാത്രമാണ്. ആകപ്പാടെ ഈ ബില്ലിനെസംബന്ധിച്ചുള്ള അഭിപ്രായവ്യത്യാസം ഒക്കെയും അറിഞ്ഞു ഒരു സെലക്ട് കമ്മിററി രൂപീകരിച്ചു ശേഷംകാര്യങ്ങൾ അതിൽ പറഞ്ഞുകൊള്ളാവുന്നതാണ്. അതിലേക്കു കൌൺസിലിന്റെ അനുവാദംകിട്ടണമെന്നു ഞാൻ അപേക്ഷിക്കുന്നു.

മി. ജി. രാമൻമേനോൻ (മാവേലിക്കര കാർത്തികപ്പള്ളി): പോററിമാരും ഈ ബില്ലിന്റെ വ്യാപ്തിയിൽ ഉൾപ്പെടുമോ?

മി. സി. എൻ. ഇപ്പൻനമ്പൂതിരി (ജന്മികൾ): ഉൾപ്പെടും.

അദ്ധ്യക്ഷൻ. കൌൺസിൽ ഈ ബില്ലിന്റെ തത്വത്തോടു അനുകൂലിക്കുകയും അതിനെ ഇവിടെ വായിക്കാൻ അനുവദിക്കുകയും ചെയ്യുന്നുണ്ടോ എന്നു ദയവുണ്ടായി അറിയിക്കുമോ?

ഒരു വലിയ ഭൂരിഭാഗം അനുകൂലിച്ചതനുസരിച്ചു സെക്രട്ടറി ബില്ലിന്റെ തലക്കെട്ടുവായിച്ചു.

മി. സി. എൻ. ഇപ്പൻനമ്പൂതിരി (ജന്മികൾ): ഈ ബിൽ സെലക്ട്കമ്മിററിയിലേക്കയക്കുന്നതിനും സെലക്ട്കമ്മിററിയിൽ മെമ്പറന്മാരെ തെരഞ്ഞെടുക്കുന്നതിനും ഞാൻ അപേക്ഷിക്കുന്നു.

മി. കെ. എൻ. കേശവൻനമ്പൂതിരി (സംയുക്ത): ഞാൻ അതിനെ പിൻതാങ്ങുന്നു.

മി. സി. എൻ. ഇപ്പൻനമ്പൂതിരി (ജന്മികൾ): സെലക്ട്കമ്മിററിയിൽ അംഗങ്ങളായി തെരഞ്ഞെടുക്കേണ്ട മെമ്പറന്മാരുടെ പേരു ഞാൻ ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു.

൧.	മിസ്റ്റർ വി. സുബ്ബയ്യർ		൮.	മിസ്റ്റർ	ജി. ശങ്കരൻപോററി
൨.	,,	വി. എസ്. സുബ്രഹ്മണ്യയ്യർ	൯.	,,	കെ. എൻ. കേശവൻനമ്പൂതിരി
൩.	,,	സി. കേരളവമ്മകോയിൽത്തമ്പുരാൻ	൧൦.	,,	സി. പി. തരകൻ
			൧൧.	,,	കെ. കെ. തോമസ്
൪.	,,	പി. കെ. നാരായണപിള്ള	൧൨.	,,	എ. കെ. പിള്ള
൫.	,,	ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള	൧൩.	,,	എൻ. കുമാരൻ
			൧൪.	,,	എം. ശിവതാണുപിള്ള
൬.	,,	കയ്യാലംപരമേശ്വരൻപിള്ള	൧൫.	,,	സി. എൻ. ഇട്ടൂപ്പൻനമ്പൂതിരി
൭.	,,	കല്ലൂർ നാരായണപിള്ള			

അദ്ധ്യക്ഷൻ. കൌൺസിൽ അവരുടെ സമ്മതത്തേയും ബിൽ അവതാരകൻ തിരഞ്ഞെടുത്ത സെലക്ട്കമ്മറ്റിയേയും കുറിച്ചുള്ള അഭിപ്രായം അറിയിക്കാം.

പാസാക്കപ്പെട്ടു.

അദ്ധ്യക്ഷൻ. മി. വി. സുബ്ബയ്യരെ സെലക്ട് കമ്മിററി പ്രസിഡൻറായി ഞാൻ നിയമിക്കുന്നു.

മി. ഇട്ടൂപ്പൻനമ്പൂതിരി (ജന്മികൾ): മൂന്നുമാസത്തിനകംതന്നെ സെലക്ട്കമ്മററി റിപ്പോർട്ടയക്കണമെന്നാഗ്രഹിക്കുന്നു.

അദ്ധ്യക്ഷൻ. ഇത്രപ്രധാനപ്പെട്ട ഒരു കാര്യത്തിനു മൂന്നുമാസം വളരെ കുറഞ്ഞുപോയില്ലയോ എന്നു ഞാൻ ഭയപ്പെടുന്നു.

മി. വി. സുബ്ബയ്യർ (നിയമിത ഉപാദ്ധ്യക്ഷൻ): മൂന്നുമാസം മതിയാകയില്ല. ഞങ്ങൾക്കു മൂന്നുനാലു സഭകൾ കൂട്ടുകയും ഒരുവേള സാക്ഷ്യങ്ങൾ രേഖപ്പെടുത്തുകയും ചെയ്യേണ്ടതായി വന്നേക്കാം.

അദ്ധ്യക്ഷൻ. നമുക്ക് അതു ആറുമാസമെന്നാക്കാം. ആറുമാസം അങ്ങേ അററത്തെ അവധിയാണ് കഴിയുമെങ്കിൽ അവർ അതു നിശ്ചയമായും വേഗം ചെയ്യുതീർക്കും.

സ്റ്റാൻറിംഗ്ഓർഡർ, ഭേദഗതി.

അദ്ധ്യക്ഷൻ. അടുത്തവിഷയം സ്റ്റാൻറിംഗ്ഓർഡർ ഭേദഗതി ചെയ്യണമെന്നുള്ളതാകുന്നു. മിസ്റ്റർ എസ്. പിറവിപെരുമാൾപിള്ള തിരുവിതാംകൂർ നിയമസഭയുടെ ൧൱–ംനമ്പർ സ്റ്റാൻറിംഗ്ഓർഡർ ഭേദഗതിചെയ്യണമെന്നു കാണിച്ചു താഴെപ്പറയുന്ന നോട്ടീസ് തന്നിരിക്കുന്നു.

"ഏതെങ്കിലും ധനാഭ്യർത്ഥനയ്ക്കുള്ള നോട്ടീസ് അഭ്യർത്ഥനയെപ്പററി പര്യാലോചിക്കുന്ന ദിവസത്തിനു ഏഴു പൂർണ്ണദിവസങ്ങൾക്കു മുമ്പു തൽകേണ്ടതാകുന്നു എന്നവാക്കുകൾ ൧൱–ാംനമ്പർ സ്റ്റാൻറിംഗ്ആർഡറിൽ ചേർക്കണം"

ഈ പ്രമേയം കൊണ്ടുവരാൻ മെംബറിനു സഭയുടെ അനുമതിയുണ്ടോ?

മി. എസ്. പിറവിപെരുമാൾപിള്ള (വാണിജ്യം വ്യവസായം തെക്ക്): ആരും അതിനു വിരോധം പുറപ്പെടുവിച്ചിട്ടില്ല.

അദ്ധ്യക്ഷൻ. ഞാൻ ചോദ്യംചെയ്തതിനുശേഷമേ ഏതെങ്കിലും തടസ്സം ഉണ്ടാവാൻ നിവൃത്തിയുള്ളു.

മി. കയ്യാലംപരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): ഞാൻ എതിർക്കുന്നു.

അദ്ധ്യക്ഷൻ. പ്രമേയത്തോടു അനുകൂലിക്കുന്നമെമ്പറന്മാർ ദയവുണ്ടായി അവരുടെ സ്ഥാനത്തു എഴുന്നേററുനിന്നാൽകൊള്ളാം.

൧൩ പേർ എഴുന്നേററു.

അദ്ധ്യക്ഷൻ. മിസ്റ്റർ പിറവിപെരുമാൾപിള്ള ഞാൻ വ്യസനിക്കുന്നു. ഇതുപോരു മെമ്പറന്മാർ നിങ്ങളുടെ പ്രമേയത്തോടു അനുകൂലിച്ചു എഴുന്നേൽക്കാത്തതുകൊണ്ടു നിങ്ങൾക്കു കൌൺസിലിൻെറ അനുമതിയില്ല.

ഭൂരിപക്ഷം കിട്ടായ്കയാൽ സ്റ്റാൻറിംഗ് ഓഡർ ഭേദഗതി തള്ളപ്പെട്ടു.

പൊതുജനക്ഷേമകാര്യപരമായ പ്രമേയങ്ങൾ.

സർക്കാർസർവീസിൽ ആൾ നിയമിക്കുക (തുടർച്ച).

അദ്ധ്യക്ഷൻ. നമുക്കിനി റസല്യൂഷൻസ് തുടരാം.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ തൊടുപുഴ): ഈ റസല്യൂഷൻ മൂവ്ചെയ്തു ചീഫ്സെക്രട്ടറിയവർകളുടെ മറുപടിയുംകേട്ടുകഴിഞ്ഞു ഇനി ഒന്നുകൂടി ആ സംഗതി എടുത്തുപറവാൻ പ്രസിഡൻറു അനുവദിക്കുന്നപക്ഷം പറയാം.

മി. കയ്യാലം പരമേശ്വരൻപിള്ള (ഹെഡ്സർക്കാർവക്കീൽ): സർ, കൌൺസിലിൻെറ കഴിഞ്ഞയോഗത്തിൽ ഈ പ്രമേയം അവതരിപ്പിച്ചു. അവതാരകൻ പ്രസംഗിക്കുകയും ചീഫ്സെക്രട്ടറി മറുപടിപറയുകയും ചെയ്കയുണ്ടായി.

അദ്ധ്യക്ഷൻ. പ്രമേയത്തെക്കുറിച്ചുള്ള ബാക്കി വാദത്തിലേക്കു ഇപ്പോൾ സഭ തുടരാം.

മി. ജി. രാമൻമേനോൻ (മാവേലിക്കര കാർത്തികപ്പള്ളി): സർ, സർക്കാർജീവനത്തിലേക്കു ആൾ എടുക്കുന്നതിനെപ്പററി എൻെറ സ്നേഹിതൻ മിസ്റ്റർ കുഞ്ഞിത്തൊമ്മൻ കൊണ്ടുവന്നിട്ടുള്ള പ്രമേയം ഏററവും പ്രധാനപ്പെട്ട ഒന്നാകുന്നു. തിരുവിതാംകൂർ ജനതതിയുടെക്ഷേമം സാമുദായികമായ ഈ പ്രശ്നത്തിൻെറ ശരിയായ തീരുമാനത്തെ ആശ്രയിച്ചിരിക്കുന്നു. ഞാൻ ഇപ്രകാരം പറയുന്നതു രാഷ്ട്രീയജീവിതത്തിൽ ഉദ്യോഗികനിയമനത്തിനുള്ള സ്ഥാനത്തെ അത്യുച്ചമായവിധം മനസ്സിലാക്കിയിട്ടല്ല. രാജ്യത്തിൻെറ തൽക്കാലികസ്ഥിതികൾ അതിനെ ഏററവും ഗൌരവമുള്ളതാക്കി തീർത്തിരിക്കുന്നു. വാസ്തവത്തിൽ അതു രാഷ്ട്രീയജീവിതത്തിൽ അത്രവളരെ ശ്രേഷ്ഠമേറിയ ഒന്നല്ലായിരിക്കാം. കഴിഞ്ഞ ൨൭, ൩൦ കൊല്ലങ്ങൾക്കിടയിൽ യാതൊരുദ്യോഗസ്ഥനും തിരുവിതാംകൂർ ജനതതിയുടെ ഗുണത്തിനുവേണ്ടി എനിക്കു പരിചയമുള്ള ഒരു അനുദ്യോഗസ്ഥമനുഷ്യൻ ചെയ്തിട്ടുള്ളതിൽ കൂടുതൽ യത്നിച്ചിട്ടില്ലെന്നാണ് എനിക്കറിവുള്ളിടത്തോളം ഞാൻ വിചാരിക്കുന്നത്. ഞാൻ ഉദ്ദേശിക്കുന്ന ഈ മനുഷ്യൻ പ്രസിദ്ധനായ തിരുവിതാംകൂർ തോട്ടക്കാരനും വ്യവസായ വിദഗ്ദ്ധനുമായ മിസ്റ്റർ

പി. ജെ. ജോൺ ആകുന്നു. കൃഷിവ്യവസായങ്ങൾ വിജയപ്രദമാംവണ്ണം ആരംഭിച്ചുനടത്തി അന്യർക്ക അനു കരണീയമായ ഒരു മാതൃക ആദർശമാക്കിയിട്ടും, ആ ആദർശത്തെ ലക്ഷ്യമാക്കി പ്രവർത്തിച്ച രാജ്യത്തിന്റെ സാമ്പത്തികനിലയെ അഭിവൃദ്ധമാക്കുവാൻ മററുള്ളവരെ പ്രേരിപ്പിച്ചും, കഴിഞ്ഞ പ്പൂഞ്ഞ കൊല്ലങ്ങൾക്കിടയിൽ തിരുവിതാംകൂർകാരുടെ ഗുണത്തിനുവേണ്ടി എന്റെ അറിവിൽപെട്ടിട്ടുള്ള ഏതൊരുദ്യോഗസ്ഥനെക്കാളും കൂടുതൽ അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. ഇപ്രകാരം വ്യവസായങ്ങൾ രൂപീകരിച്ചു വൈജ്ഞാനികരീതിയിൽ നടത്തിക്കൊണ്ടുപോകുന്ന ജോലിക്ക ഉദ്യോഗപദ്ധതികൾക്കു കൂടുതൽ ശ്രേഷ്ഠതയും കല്പിക്കണമെന്നാണ് ഞാൻ വിചാരിക്കുന്നത്. എന്നാൽ ഇതിനെല്ലാം വിപരീതമായി രാജ്യത്തിന്റെ സ്ഥിതികൾ, സർക്കാർ സർവ്വീസിൽ കയറുക എന്ന സംഗതിയെപ്പറ്റിയുള്ള പ്രശ്നത്തെ ഏററവും ഗൗരവമേറിയ ഒന്നാക്കിത്തീർത്തിരിക്കുന്നു. മാത്രമല്ല, തൊഴിലില്ലായ്മ, സാമ്പത്തികമായ അധഃപതനം, കുഴപ്പംപിടിച്ച പ്രശ്നങ്ങളെ സമയനഷ്ടം തീരെക്കൂടാതെ നേരിടുക, അനാവശ്യവും ഉപദ്രവകരവുമായ കാര്യങ്ങളിൽ പണവും ശക്തിയും ഉപയോഗിക്കാതിരിക്കുക ഇത്യാദി ഇപ്പോൾ രാജ്യത്തു വ്യാപിച്ചിരിക്കുന്ന സകല ദോഷങ്ങൾക്കും ആദികാരണം, ഏകായ പ്രമാണം, സ്വേച്ഛാപ്രഭുത്വപരമായുള്ള ഇപ്പോഴത്തെ ഭരണരീതിയാകുന്നു. അതല്ല അല്പമെങ്കിലും ഗണ്യമായ ഭേദഗതി ഉണ്ടാകണമെങ്കിൽ, പൊതുജനപ്രതിനിധികളോടു ഉത്തരവാദിത്വംവഹിക്കുന്ന ഒരു ഭരണപദ്ധതി രൂപീകരിച്ചാൽമാത്രമേ സാദ്ധ്യമാകയുള്ളൂ. ആവശ്യവും സുഖകരവുമായ ഈ പരിഷ്കാരത്തിനു ബാധകമായിരിക്കുന്നതു് വിവിധസമുദായങ്ങളിലുൾപ്പെട്ടവരും പ്രധാനികളുമായ ചിലരുടെ ഇടയിൽ വ്യാപിച്ചിട്ടുള്ളതോ, വ്യാപിക്കാനാരംഭിച്ചിട്ടുള്ളതോ ആയ അനൈക്യവും അവിശ്വാസവുമാകുന്നു. സമുദായങ്ങളിലെ ഭൂരിപക്ഷം അംഗങ്ങളെ ഇതു ബാധിച്ചിട്ടുണ്ടെന്നു ഞാൻ പറയുന്നില്ല. പ്രധാനികളിൽ ചിലരുടെഇടയിൽമാത്രമേ ഇതു കാണുന്നുള്ളൂ. അതുകൊണ്ടു സമുദായസ്നേഹിയും, ശുദ്ധഹൃദയനുമായ ഒരു പ്രായോഗികമനുഷ്യൻ എന്നനിലയിൽ, സാമുദായികമായ അവിശ്വാസത്തെയും വൈരത്തെയും കുറയ്ക്കുന്നതിനുള്ള എല്ലാ ശ്രമത്തോടും അനുകൂലിക്കേണ്ടതു എന്റെ കടമയാകുന്നു. ഉന്നതനിലയിലുള്ള ചിലരുടെഇടയിൽ കാണുന്ന ഛിദ്രത്തിനുഹേതു ഗവണ്മെന്റുസർവ്വീസു നിയമനമാകുന്നു. ഇതിലേക്ക ഖണ്ഡിതമായ നിയമങ്ങളും തത്വങ്ങളും ഉണ്ടായിരിക്കേണ്ടതാവശ്യമാണെങ്കിലും അതിനേക്കാൾ അത്യാവശ്യമായിട്ടുവേണ്ടതു അവയെ ഗവണ്മെന്റു കൃത്യമായി അനുഷ്ഠിക്കണമെന്നുള്ളതാകുന്നു. ചട്ടങ്ങൾ ഉണ്ടാകുന്നതുകൊണ്ടുമാത്രം പോരാ, സാമുദായികൈക്യത്തെ പുലർത്തുവാൻതക്കവണ്ണം ഗവണ്മെന്റ് ആ ചട്ടങ്ങളനുസരിച്ചു പ്രവർത്തിക്കണം. തിരുവിതാംകൂറിലെ പൊതുകാര്യങ്ങളെപ്പററി എന്റെ അനുഭവത്തിൽ എനിക്കറിവാൻ സാധിച്ചിട്ടുള്ള സംഗതികളെ ആസ്പദമാക്കി, സ്നേഹിതൻ മിസ്റ്റർ ജാജ് വിവരിച്ചപ്രകാരം ഈ വിഷയത്തിൽ ഗവണ്മെന്റിന്റെ നടപടികളേയും തത്വങ്ങളേയും നമുക്കിപ്പോൾ പരിശോധിക്കാം. തത്വങ്ങൾ താഴെക്കാണുംപ്രകാരമാണ് പ്രസ്താവിക്കപ്പെട്ടിട്ടുള്ളതു്.

(ക) "ഒരു പ്രത്യേകസമുദായത്തിൽ ഉൾപ്പെടുന്നു എന്ന കാരണംകൊണ്ടു ആരുംതന്നെ സർക്കാർ ജീവനത്തിനു അവകാശികളല്ലാതാകുന്നതല്ല".

ഈ സിദ്ധാന്തത്തിൽ വ്യത്യസ്താഭിപ്രായത്തിനിടയില്ല.

(ഖ) "എല്ലാ സമുദായങ്ങൾക്കും സർവ്വീസുപ്രവേശനത്തിനു തുല്യസൌകര്യം നൽകപ്പെടുന്നതാണ്".

അതു ഏററവും ശ്രേഷ്ഠമായ ഒരു തത്വമാകുന്നു.

(ഗ) "മററെല്ലാകാര്യങ്ങളും തുല്യമാണെങ്കിൽ പ്രാതിനിധ്യം ഇല്ലാത്തതും, പ്രാതിനിധ്യം കുറഞ്ഞതുമായ സമുദായങ്ങൾക്ക മുന്നവകാശം അനുവദിക്കുന്നതാണ്."

ഇതും ഉത്തമമായിട്ടാണ് എനിക്ക തോന്നിയതു്.

(ഘ) ശരിയായി രൂപീകരിച്ചു ഘടിപ്പിച്ചിട്ടുള്ള ഏതാനും വർഗ്ഗങ്ങൾക്കുമാത്രമല്ലാതെ ഓരോ പ്രത്യേകസമുദായത്തിനും പ്രാതിനിധ്യം ഉണ്ടാക്കിക്കൊടുക്കുക എന്ന കാര്യം സാദ്ധ്യമല്ല."

അതും പ്രായോഗികമായ ഒരു പ്രസ്താവനയാകുന്നു.

(ങ) "ഈ വർഗ്ഗങ്ങളുടെ കാര്യത്തിലും സർവ്വീസിലുള്ള പ്രാതിനിധ്യം, അവയുടെ സംഖ്യാബലത്തെക്കാൾ ഓരോ സമുദായത്തിലുമുള്ള പരീക്ഷായോഗ്യരും, ഉദ്യോഗസ്വീകരണത്തിൽ താല്പര്യത്തോടുകൂടിയവരുമായ ആളുകളുടെ എണ്ണത്തെ അടിസ്ഥാനമാക്കിചെയ്യുന്നതാണ്".

എനിക്ക ഈ തത്വത്തിൽ വ്യത്യസ്താഭിപ്രായമാണുള്ളതു്. നായന്മാരുടേയോ ക്രിസ്ത്യാനികളുടേയോ ഇടയിൽ, വളരെക്കാലത്തെ വിദ്യാഭ്യാസ സൌകര്യംകൊണ്ടു ഈഴവരിലും പുലയരിലുമുള്ളതിനെക്കാൾ പരീക്ഷായോഗ്യതയുള്ളവരുടെ എണ്ണം വളരെ കൂടുതലാണെന്നു വിചാരിക്കുക, ആ സ്ഥിതിക്ക പ്രാതിനിധ്യമില്ലാത്ത വർഗ്ഗത്തിൽനിന്നും ഒരാളെ നിയമിക്കുന്നതിൽ ഞാൻ വിരോധമായി നിൽക്കയില്ല, പരീക്ഷായോഗ്യതയുള്ള ഒരാളെങ്കിലുമുള്ളടത്തോളം കാലം, പ്രാതിനിധ്യമില്ലാത്ത വർഗ്ഗത്തിൽനിന്നു തന്നെ ആളിനെ തിരഞ്ഞെടുക്കണം. എന്തെന്നാൽ സർക്കാർ സർവീസിൽ ആളുകളെ നിയമിക്കുന്നതിന്റെ ഉദ്ദേശം പ്രത്യേകം ചില വ്യക്തികളേയോ, വർഗ്ഗങ്ങളേയോ പ്രോത്സാഹിപ്പിക്കുന്നതിനല്ല, രാജ്യത്തിന്റെ ക്ഷേമത്തെ വർദ്ധിപ്പിക്കുന്നതിനും കാര്യങ്ങൾ ന്യായമായും ശരിയായും നടക്കുന്നുണ്ടെന്നു തോന്നുന്നതിനുമാകുന്നു എന്നുള്ള സംഗതി നാം ഓർക്കേണ്ടതാണ്. ഒരു ക്ലാർക്കിന്റെയോ പ്യൂണിന്റെയോ ജോലിക്ക പ്രത്യേകമായ ബുദ്ധിസാമർത്ഥ്യമൊന്നും ആവശ്യമല്ല. സാമാന്യമായ അറിവുമാത്രം മതിയാകും. അതുകൊണ്ടു ഐക്യമുണ്ടാവാൻവേണ്ടി, പ്രാതിനിധ്യംകുറഞ്ഞ വർഗ്ഗങ്ങളിൽനിന്നു അപേക്ഷകന്മാരുടെ സംഖ്യ കുറവാണെങ്കിലും ഉള്ള അപേക്ഷകന്മാർക്ക മുമ്പേതന്നെ പ്രാതിനിധ്യത്തിൽ മുമ്പിട്ടുനിൽക്കുന്ന വർഗ്ഗക്കാരെ അപേക്ഷിച്ചു പ്രത്യേകത കല്പിക്കേണ്ടതാണെന്നുള്ള വസ്തുത നാം നോക്കേണ്ടതാണ്.

(ച) "വർഗ്ഗീയചിന്തകൾ താൽക്കാലികമായും സ്ഥിരമായുമുള്ള പ്രാരംഭനിയമനങ്ങളിൽമാത്രമേ ഉണ്ടാവുകയുള്ളൂ. പ്രമോഷന്റെകാര്യത്തിൽ അതു സാദ്ധ്യമല്ല."

ഇതും വ്യത്യസ്താഭിപ്രായത്തിനിടയില്ലാത്ത ഒരു സിദ്ധാന്തമാകുന്നു. പക്ഷേ ഗവണ്മെന്റ് ഈ തത്വത്തെ ശരിയായി അനുവർത്തിക്കുന്നില്ലെന്നുള്ളതിൽമാത്രമേ എനിക്ക സങ്കടമുള്ളൂ. വളരെക്കാലമായി പ്രമോഷനുവേണ്ടി കാത്തിരിക്കുന്നവരും തുല്യമായ പരീക്ഷായോഗ്യതകളും കൂടുതൽ സർവീസും പരിചയവുമുള്ളവരും ജോലികളിൽ തിരിച്ചറിയപ്പെടാതെ, ജൂഡിഷ്യൽ ഡിപ്പാർട്ടുമെന്റിൽനിന്നും തിരുവിതാംകൂർ ഗവണ്മെന്റിലെ ഉന്നതമായ ഉദ്യോഗത്തിലും ആളെ ഉയർത്തിയിട്ടുണ്ട്.

മിസ്റ്റർ മാത്തനെ ദിവാൻപേഷ്കാരായി നിയമിച്ചതു ഈ തത്വത്തിനു വിരോധമാകുന്നു. അതൊരു പ്രാരംഭ നിയമനമല്ലായിരുന്നല്ലോ. എന്നിട്ടും, ഗവമ്മെന്റു ഇവിടെ പ്രതിപാദിച്ച സിദ്ധാന്തത്തെ കൂട്ടാക്കാതെ ആ മനുഷ്യനെത്തന്നെ തിരഞ്ഞെടുത്തു. ഡിസ്ത്രിക്ട് മുൻസിഫ് സ്ഥാനത്തിൽനിന്നും ഡിവിഷൻ അസിസ്റ്റന്റായി മി. സി. ഒ. മാധവനെ നിയമിച്ചിട്ടുള്ളതു ഗവമ്മെന്റുതന്നെ ഈ പ്രമാണങ്ങളെ മാററിയും മറിച്ചും ചെയ്തിട്ടുള്ള നേരംപോക്കുകൾക്കു മറെറാരുദാഹരണമാകുന്നു. അതുകൊണ്ടു ഗവമ്മെന്റുതന്നെ സ്വയം നിർണ്ണയിച്ചിട്ടുള്ള പ്രമാണങ്ങളെ ഇപ്രകാരം മാററുകയും മറിക്കുകയും ചെയ്യുമ്പോൾ ഡിപ്പാർട്ടുമെന്റു മേലദ്ധ്യക്ഷന്മാരും മററു കീഴുദ്യോഗസ്ഥന്മാരും വർഗ്ഗീയപ്രാതിനിധ്യത്തെ ശരിയായി അനുഷ്ഠിക്കാതെ തന്നിഷ്ടംപോലെ പ്രവർത്തിക്കുന്നതിൽ ഒട്ടും അത്ഭുതപ്പെടാനില്ലെന്നാണ് എനിക്കു തോന്നുന്നതു്. അവരുടെ രീതിക്കു യോജിക്കത്തക്കവണ്ണം പലപ്പോഴും പലപ്രകാരത്തിൽ അവർ അതിനെ ഉപയോഗിക്കുന്നു. ചിലർ ഏറക്കുറെ പേരം ചൊല്ലുന്നപോലെ സർക്കാർജീവനനിയമനങ്ങളുടെ തത്വങ്ങളെ പാഠംചെയ്തു കേൾപ്പിക്കുന്നും വേണമെങ്കിൽ ഒരുങ്ങും. സ്ഥിരമായ ഒരു മതൊതു അവർ അനുഷ്ഠിക്കുന്നില്ല. ഇക്കാര്യത്തിൽ ഖണ്ഡിതമായ നിയമങ്ങൾ സ്വീകരിക്കുന്നതു അവർക്കു വെറുപ്പാണ്. ഇതിന്റെ എല്ലാം ഫലമായി ഏതെങ്കിലും പ്രകാരത്തിൽ അവരുടെ പ്രീതി സമ്പാദിച്ചിട്ടുള്ളവർക്കോ അല്ലെങ്കിൽ സ്വാധീനശക്തിയുള്ള സ്നേഹിതന്മാരാൽ ശിപാർശ ചെയ്യപ്പെട്ടിട്ടുള്ളവർക്കോ ഉദ്യോഗം ലഭിക്കത്തക്കവണ്ണം അവർ ഈ തത്വങ്ങളെ ഉപയോഗിക്കുന്നു. ഇതു ഗവമ്മെന്റിനും ജനങ്ങൾക്കും ഏററവും ദോഷകരവും ന്യായവിരുദ്ധവുമാകുന്നു. അതുകൊണ്ടു പ്രമേയത്തിൽ ശുപാർശ ചെയ്യുന്നപോലെ ഈ വിഷയത്തിൽ നിശ്ചിതനിയമങ്ങൾ ഉണ്ടായിരിക്കണം. അതിലും ഏററവും പ്രധാനമായിട്ടുള്ളതു, ഞാൻ മുമ്പു പറഞ്ഞപോലെ നിർമ്മിക്കപ്പെടുന്ന നിയമങ്ങളെ ശരിയായി അനുഷ്ഠിക്കുകയും ഉദ്യോഗാർത്ഥികളായ എല്ലാ അപേക്ഷകന്മാരിലും അവയെ ഒന്നുപോലെ ഉപയോഗിക്കുകയും ചെയ്യണമെന്നുള്ളതാകുന്നു. ഈ രീതിയോടു എനിക്കു എല്ലാവിധത്തിലും സമ്മതമാണുള്ളതു്. ഗവമ്മെന്റു ഈ വിഷയത്തിൽ സ്വീകരിച്ചിരിക്കുന്ന തത്വങ്ങളെ ഗവമ്മെന്റുതന്നെയും ചില പ്രധാന ഉദ്യോഗസ്ഥന്മാരും അവഗണിച്ചു പ്രവർത്തിക്കുന്ന സമ്പ്രദായത്തോടു ഞാൻ ബലമായി എതിർക്കുന്നു. വർഗ്ഗീയപ്രാതിനിധ്യത്തിൽ ഗവമ്മെന്റിന്റെ തകിടംമറിച്ചിലിനോടു എന്റെ പ്രതിഷേധത്തെ പ്രദർശിപ്പിക്കുവാൻ ഒരുടയാളമെന്നപോലെ ഞാൻ പ്രമേയത്തിന്റെ പൊരുളിനോടനുകൂലിക്കുന്നു.

അദ്ധ്യക്ഷൻ: മി. രാമൻമേനോൻ, നിങ്ങളുടെ സമയം തീർന്നിരിക്കുന്നു.

മി. പാൾഡാനിയൽ (നിയമിതമെംബർ): ഈ പ്രമേയംകൊണ്ടുദ്ദേശിക്കുന്നതു, പ്രമേയത്തിൽ പ്രസ്താവിച്ചിട്ടുള്ള രണ്ടു ഡിപ്പാർട്ടുമെന്റു ഒഴികെയുള്ള മറെറല്ലാ ഗവമ്മെന്റു തുറകളിലും സംസ്ഥാനത്തിലുള്ള എല്ലാ സമുദായങ്ങൾക്കും ലഭിക്കുന്ന ഉദ്യോഗങ്ങളുടെ സംഖ്യ തുല്യമായിരിക്കണമെന്നാകുന്നു. ഈ നിശ്ചയം നടന്നുവരുന്നതായാൽ സർക്കാർജീവനപ്രാതിനിധ്യത്തെ സംബന്ധിച്ചിടത്തോളമുള്ള കാര്യങ്ങൾ ഏറെ വെടിപ്പായിരിക്കുന്നതും ഇന്നത്തെ സാമുദായിക കലഹങ്ങൾക്കു ഗണ്യമായ കുറവുണ്ടാകുന്നതുമാണെന്നുള്ളതിൽ സംശയമില്ല. എന്നാൽ പ്രമേയം അതിന്റെ പൂർണ്ണരൂപത്തിൽ സ്വീകരിക്കുന്നപക്ഷം ഗുരുതരമായ പ്രയാസങ്ങൾ ഉണ്ടാകുകയും അവ ദിനംപ്രതി വർദ്ധിക്കുകയും ചെയ്യുമെന്നുള്ളതും സമ്മതിക്കേണ്ടതാണ്. ഗവമ്മെന്റു സർക്കാർജീവനത്തിൽ വർഗ്ഗീയപ്രാതിനിധ്യതത്വം സ്വീകരിക്കുമ്പോൾ സമുദായങ്ങൾ ശാഖോപശാഖകളായി കഷ്ണപ്പെട്ടുതാൻ പാടില്ലാത്തവിധം വിഭജിക്കുവാൻ പ്രേരിതരാകും. ഇതു സ്വല്പകാലമെങ്കിലും തുടരുന്നപക്ഷം പ്രയാസങ്ങൾ അസംഖ്യമായിതീരുമെന്നുള്ളതും സഹജമാണ്. പലപ്രയാസങ്ങളെപ്പററിയും പറയാനുണ്ടെങ്കിലും ഞാൻ അവയിൽ രണ്ടെണ്ണംമാത്രം ഇവിടെ എടുത്തുപറയാം. ഒന്നാമതു, എത്രതന്നെ ചെറുതും നിസ്സാരവുമായ സമുദായത്തെപ്പോലും വിട്ടുകളയാതെയും, ഒന്നിനുമുകളിൽ ഒന്നായിവരാതെയും രാജ്യത്തിലുള്ള ഉച്ചനീചങ്ങളായ എല്ലാ സമുദായങ്ങളുടേയും ശരിയായ ഒരു പട്ടിക തയ്യാറാക്കുക അത്രസുസാദ്ധ്യമായ ഒരു കാര്യമല്ല. ഈ പ്രത്യേകസംഗതി ജാതിവിഭാഗത്തെ അടിസ്ഥാനമാക്കിയല്ല ചെയ്യേണ്ടതു്. അങ്ങനെയാണെങ്കിലും കാര്യം സുഗമമായിരിക്കാം. എന്നാൽ അതു മതവിഭാഗത്തെ അടിസ്ഥാനമാക്കിയാണെങ്കിൽ സമുദായവിഭാഗത്തേയോ മറെറതെങ്കിലും ആധാരത്തേയോ തോതുപിടിച്ചു ഭാഗങ്ങൾ കല്പിക്കുന്നതിനെക്കാൾ കാര്യംവളരെ ലഘുതരമായി തീരുമെന്നാണ് എനിക്കു തോന്നുന്നതു്. മതത്തെ അടിസ്ഥാനമാക്കിയുള്ള ഒരു കരടു ഇനംതിരിപ്പു ഇപ്പോൾതന്നെ ഗവമ്മെന്റിന്റെ കൈവശമുണ്ട്. പ്രഥമവീക്ഷണത്തിൽ തന്നെ ഒരാൾക്കു കാണാൻകഴിയുന്ന തടസ്സങ്ങൾ അതിൽ ഇല്ലായിരുന്നുവെങ്കിൽ അതുതന്നെ തൃപ്തികരമായിരുന്നേനേ. പക്ഷേ അതിൽ എതിർവിഭാഗം ന്യൂനവിഭാഗം അഥവാ അപൂർണ്ണമാംവണ്ണമുള്ള ഇനംതിരിപ്പു മുതലായവ ഉണ്ടായിട്ടുണ്ടെന്നു ഞാൻ സംശയിക്കുന്നു. ഈ അടുത്തകാലത്തു ഗവമ്മെന്റിൽനിന്നു ക്രിസ്ത്യാനികളുടെ ഒരു ഇനം തിരിപ്പുനടത്തുകയുണ്ടായി. അതു അധികംപേക്ഷം തൃപ്തികരമല്ലെന്നു പറയേണ്ടിവന്നതിൽ ഞാൻ വ്യസനിക്കുന്നു. എതിർവിഭാഗങ്ങൾക്കെന്നമാത്രമല്ല, വിഭാഗത്തിന്റെ അപൂർണ്ണതക്കും അതു പ്രത്യക്ഷമായ ഉദാഹരണമാകുന്നു. വിഷമം ഇല്ലാതാക്കാൻവേണ്ടി പലഭാഗത്തും മററുള്ളവർ എന്നവാക്കു ഉപയോഗപ്പെടുത്തുന്നു. കടലാസിൽ ഇപ്രകാരം എഴുതുകവളരെ സൌകര്യമാണ്. എന്നാൽ എല്ലാ സമുദായങ്ങളുടെയും കണക്കെടുക്കുവാൻ ഒരാൾ ശ്രമിക്കുമ്പോഴാണ് അതിലുള്ള അത്യധികമായ അസൌകര്യംമനസ്സിലാകുന്നതു്. നിശ്ചയമായും ഇതു് ഏററവും പ്രയാസമേറിയ ഒന്നായിട്ടാണ് എനിക്കുതോന്നുന്നതു്. മറെറാരുവിഷയം സംസ്ഥാനത്തിലുള്ള എല്ലാ സമുദായങ്ങളുടേയും സംഖ്യാബലം തുല്യമല്ലെന്നുള്ളതാകുന്നു. അതു അങ്ങനെ ആയിരുന്നെങ്കിൽ റസല്യൂഷനിൽ ആവശ്യപ്പെടുന്നകാര്യം എളുപ്പം അനുവദിക്കപ്പെടാമായിരുന്നു. ഉദ്യോഗങ്ങളുടെ സംഖ്യയെ സമുദായങ്ങളുടെ എണ്ണംകൊണ്ടു ഹരിക്കേണ്ടജോലി മാത്രമേ ഒരാൾക്കുണ്ടായിരുന്നുള്ളു. തൻമൂലം ഓരോ സമുദായത്തിനുമുള്ള ഉദ്യോഗസംഖ്യ ക്ലിപ്തമാവുകയും ചെയ്യുമായിരുന്നു. പക്ഷെ കാര്യം അത്രലഘുവായിട്ടുള്ളതല്ല. വലിയ സമുദായങ്ങളും ചെറിയസമുദായങ്ങളും ഒത്തൊരുമിച്ചാണ് വസിക്കുന്നതു്. ഒട്ടുവിലത്തേതു അവയുടെ സംഖ്യാബലത്തെസംബന്ധിച്ചിടത്തോളം ഭേദം ഭേദമാകുന്നു. എങ്ങനെയായാലും, റസല്യൂഷനിൽ പറയുന്ന സിദ്ധാന്തം അതേനിലയിൽ പൂർണ്ണരൂപത്തിൽ സ്വീകരിച്ചു നടത്തുന്നപക്ഷം, ഗവമ്മെന്റു അംഗീകരിച്ചിട്ടുള്ള വിഭജനമനുസരിച്ചു ഓരോ സമുദായത്തിനും നിശ്ചിതസ്ഥാനങ്ങൾ ഉണ്ടായിരിക്കുന്നതും, സർക്കാർ സർവീസിൽ എല്ലാ സമുദായങ്ങൾക്കും പ്രാതിനിധ്യം സിദ്ധിക്കുന്നതുമാകുന്നു. പക്ഷേ ഇതത്ര എളുപ്പമായ ഒന്നല്ല. ഗവമ്മെന്റ് സർവീസ് കുടുംബസ്വത്തു എന്നപോലെ ജനങ്ങൾ വിചാരിക്കുകയും, എല്ലാമെമ്പർക്കും ഇല്ലുഭാഗത്തി

ന് ഈ പ്രകാരമുണ്ടായിരിക്കയും ചെയ്യുന്നിടത്തോളംകാലം ഈ വിഷമങ്ങളും ഉണ്ടായിരിക്കുന്നതാണ്. എന്നാൽ ഈ പ്രയാസങ്ങളെല്ലാമുള്ളതുകൊണ്ടു ഇതു ഉപേക്ഷിക്കപ്പെടണമെന്നു നമുക്കു പറയാമോ? ഗവൺമെന്റുതന്നെ ഒരു പ്രമാണം സ്വീകരിച്ചു ഇതേവരെ ഇക്കാര്യം നടത്തിക്കൊണ്ടുപോരുന്നുണ്ടു. അതുകൊണ്ടു ഇപ്പോൾ ഗവൺമെന്റു അംഗീകരിച്ചു അനുഷ്ഠിച്ചുപോരുന്ന വിഭാഗത്തിൽ ചില പരിഷ്കാരങ്ങൾ നടത്തണമെന്നാണ് ഞാൻ അഭിപ്രായപ്പെടുന്നതു്. ഈ വിഭാഗത്തെ സംബന്ധിച്ചുള്ള ഏതാനും കുഴപ്പങ്ങളെ ഞാൻ ആദ്യമായിതന്നെ ചൂണ്ടിക്കാണിക്കയുണ്ടായല്ലോ. അവയെയെല്ലാം പരിഹരിക്കണം. എല്ലാസമുദായങ്ങൾക്കും ഈ വിഭജനത്തിൽ സ്ഥാനമുണ്ടെന്നു അതിന്റെ സ്ഥാനം ഗവൺമെന്റിനാൽ അംഗീകരിക്കപ്പെട്ടിട്ടുണ്ടെന്നു അറിയിക്കാൻവേണ്ടി മററുള്ളവർ എന്നവാക്കിനുപകരം അതാതു സമുദായങ്ങളെതന്നെ എടുത്തു കാണിക്കണം. പിന്നീടു ഞാൻ ചൂണ്ടിക്കാണിച്ചപോലെ ഈ സമുദായങ്ങൾ സംഖ്യയിൽ വളരെ ഭിന്നമായിരിക്കുന്നു എന്നുള്ളതാണ്. ഓരോ സമുദായത്തിലും സർക്കാർ ജീവനത്തിൽ എത്രപേരു നിരക്കിനു അവകാശപ്പെടുന്നു എന്നു ഗവൺമെന്റു റിക്കാർഡുകളിൽ പെട്ടിട്ടും ചില സൂചനകൾ ഉണ്ടായിരിക്കണം. അങ്ങനെയാണെങ്കിൽ ഈ സംസ്ഥാനത്തിൽ സർവ്വത്ര കാണുന്ന ദ്വേഷത്തിനു മിക്കവാറും ശമനമുണ്ടാകുമെന്നാണ് എനിക്കു തോന്നുന്നതു്. ഇതു എല്ലാക്കാലത്തും നടന്നുവരുന്ന ഒരു കാര്യം മാത്രമാണെന്നു തോന്നത്തക്കനിലയിൽ ഇതു ആയിത്തീർന്നിട്ടുണ്ടെന്നു നമുക്കറിയാം. ഈ നിയമനിർമ്മാണസഭയിൽതന്നെ, രാജ്യകാര്യപരമായ മിക്കചോദ്യങ്ങളും ഈ പ്രത്യേകസംഗതിയെ സംബന്ധിച്ചുള്ളതാണെന്നു നാം കാണുന്നുണ്ടു്. പ്രമേയങ്ങളും പലപ്പോഴും പത്രങ്ങളിൽ ഈ പ്രയാസത്തെ തന്നെ ദ്യോതിപ്പിക്കുന്നു. ഈ സംഗതി ജനങ്ങൾക്കും, ഒരുപോലെ ഗവൺമെന്റിനുതന്നെയും ബോധമുള്ളതാണ്. റെസല്യൂഷനോടു പൂർണ്ണമായി അനുകൂലിക്കാൻ നിവൃത്തിയില്ലെങ്കിലും, അതിൽ അന്തർലീനമായ തത്വത്തെ ഞാൻ ആദരിക്കുന്നു. അതു് ഗവൺമെന്റു് പണ്ടേതന്നെ അംഗീകരിച്ചിട്ടുള്ളതും കഴിഞ്ഞ അനേകം കൊല്ലങ്ങളായി പ്രവൃത്തിപഥത്തിൽ കൊണ്ടുവരുവാൻ ശ്രമിക്കുന്നതുമായ ഒരു തത്വമാകുന്നു. എന്നാൽ അതനുസരിച്ചു എല്ലാ ആളുകളേയും ഒന്നുപോലെ തൃപ്തിപ്പെടുത്തുവാൻ ഗവൺമെന്റിനു സാധിച്ചിട്ടില്ല.

മി. ഏ. ജെ. ജാൺ (തിരുവല്ല): ഏതുഭാഗമാണ് അംഗീകരണാർഹമല്ലാത്തതെന്നു പറയാമോ?

മി. പാറാഡാനിയൽ (നിയമിത): അവസാനഭാഗം സ്വീകാരയോഗ്യമല്ലെന്നാണ് എനിക്കു തോന്നുന്നതു്. ഞാൻ പ്രമേയത്തോടു പൂർണ്ണമായി യോജിക്കുന്നില്ലെങ്കിലും, അതിന്റെ അന്തസ്തത്വം സ്വീകരിക്കപ്പെടണമെന്നു എനിക്കു പൂർണ്ണമായി തോന്നുന്നുണ്ടു്. ഇപ്പോൾ നടപ്പിലിരിക്കുന്ന വിഭജനത്തെ പരിഷ്കരിക്കയും, അതിലുള്ള ദോഷങ്ങളെ പരിഹരിക്കുകയും ചെയ്യണം. കൂടാതെ, സംസ്ഥാനത്തുള്ള വിവിധഡിപ്പാർട്ടുമെണ്ടുകളിലും ഓരോ സമുദായത്തിനും ലഭിക്കപ്പെടാവുന്ന ഉദ്യോഗനിരക്കിനെ കാണിക്കുന്നതായ ചില വ്യവസ്ഥിത സൂചനകളും ഉണ്ടായിരിക്കേണ്ടതാണ്.

അദ്ധ്യക്ഷൻ: മിസ്റ്റർ ലാമ്പാർഡ്, നിങ്ങൾ നിങ്ങളുടെകീഴിൽ പലരേയും നിയമിക്കുന്നആളാകകൊണ്ടു പ്രസ്തുതവിഷയത്തിൽ നിങ്ങളുടെ അഭിപ്രായം എന്താണെന്നറിഞ്ഞാൽകൊള്ളാം.

മി. എൽ. ഏ. ലാമ്പാർഡ് (തോട്ടക്കാരുടെപ്രതിനിധി): സർ, ഞാൻ റെസല്യൂഷൻ ഇപ്പോൾമാത്രമേ വായിച്ചുള്ളു. അതുകൊണ്ടു ഇതേവരെ അതിനെപ്പററി ശരിയായ ആലോചന നടത്തിയിട്ടില്ല. എന്നാൽ എല്ലാ ജോലികളെസംബന്ധിച്ചും അനുസരിച്ചുവരുന്നനയം ഏററവും സാമർത്ഥ്യമുള്ള ആളുകളെ ജോലിക്കു തെരഞ്ഞെടുക്കുകയെന്നുള്ളതാണ്. ഇംഗ്ലണ്ടിലുള്ള ചിലപ്രധാനപ്പെട്ട ജോലികൾക്കു ലോകത്തുള്ള എല്ലാ രാജ്യക്കാർക്കും പ്രാതിനിധ്യം അനുവദിച്ചിട്ടുണ്ട്. പല രാജ്യങ്ങളിലും ഉദ്യോഗങ്ങൾക്കു ആളിനെ തെരഞ്ഞെടുക്കുന്നതിൽ ആയാൾ ആ രാജ്യക്കാരൻതന്നെ ആയിരിക്കണമെന്നു നിർബന്ധമില്ല. ഉദാഹരണമായി സിലോണിലും ജാവായിലുമുള്ള ആഫീസുകളിൽ മിക്കവാറും ക്ലാർക്കന്മാർ ചൈനാക്കാരാണ്. എന്തെന്നാൽ ആ പ്രത്യേകജോലിക്കു അവരാകുന്നു ഏററവും സമർത്ഥന്മാർ. വർഗ്ഗീയ പ്രാതിനിധ്യവിഷയം ഇവിടെ അനുഷ്ഠിച്ചുവരുന്നപോലെ യൂറോപ്യന്മാർ മാനിക്കുന്നുണ്ടെന്നു ഞാൻ നിശ്ചയമായും വിചാരിക്കുന്നില്ല.

മി. ഏ. ജെ. ജോൺ (വയ്ക്കം): ബ്രിട്ടീഷ് ഇൻഡ്യയിൽ ഏതെങ്കിലും പോസ്റ്റ് ഇംഗ്ലീഷ്കാർക്കായി ഒഴിച്ചിടപ്പെട്ടിട്ടുണ്ടോ?

മി. എൽ. ഏ. ലാമ്പാർഡ് (തോട്ടക്കാരുടെ പ്രതിനിധി): എനിക്കറിഞ്ഞുകൂട. ഞാനൊരു സർക്കാർജീവനക്കാരനല്ല. എന്നാൽ കൊല്ലത്തു ഞങ്ങൾ ആളുകളെ തിരഞ്ഞെടുക്കുന്ന വിഷയത്തിൽ മഹമ്മദനെന്നോ ഹിന്ദുവെന്നോ ക്രിസ്ത്യനെന്നോ ഉള്ള ഭേദബുദ്ധി കരുതാറില്ലെന്നു എനിക്കറിയാം. ആയാൾ ആ ജോലിക്കു ഏററവും നൈപുണ്യമുള്ളവനാണോ എന്നാകുന്നു പ്രധാനമായി നോക്കുന്നതു.

മി. എസ്. പെരുവിപ്പെരുമാൾപിള്ള (വാണിജ്യം വ്യവസായം മുതലായ): മറെറല്ലാ കാര്യങ്ങളും തുല്യമായിരിക്കെ മി. ലാമ്പാർഡ് ഒരു ജോലിക്കു ഒരു യൂറോപ്യനേയോ ഇന്ത്യാക്കാരനേയോ ആരെ നിയമിക്കുമെന്നറിഞ്ഞാൽ കൊള്ളാം.

മി. എൽ. ഏ. ലാമ്പാർഡ് (തോട്ടക്കാരുടെ പ്രതിനിധി): ഒരു ഇന്ത്യക്കാരനെപ്പോലെ ഒരു യൂറോപ്യൻ ഉപയോഗം അല്ലാത്തുള്ള ജോലികൾ ധാരാളമുണ്ട്.

മി. പെരുവിപ്പെരുമാൾപിള്ള (വാണിജ്യവും വ്യവസായവുംമുതലായ): സർവ്വവും തുല്യമാണെങ്കിൽ ഒരു യൂറോപ്യനെവിട്ടു ഒരു ഭാരതീയനെ മിസ്റ്റർ ലാമ്പർഡ് തെരഞ്ഞെടുക്കുമോ?

മി. എൽ. ഏ. ലാമ്പർഡ് (തോട്ടക്കാരുടെ പ്രതിനിധി): എവിടെയും എല്ലാം തുല്യമായികഴിഞ്ഞുകിട്ടുവാൻ വളരെ പ്രയാസമാണ്. ഈ വിഷയത്തിലുള്ള എന്റെ അഭിപ്രായങ്ങൾ ഇത്രമാത്രമേയുള്ളു.

മി. എസ്. കുമാരൻ (നിയമിത): സർ ഞാൻ പ്രമേയത്തെ അനുകൂലിക്കുന്നു. ഈ വിഷയത്തെപ്പററി കൌൺസിലിൽമുമ്പുവളരെയെല്ലാം വാദപ്രതിവാദങ്ങൾ നടത്തിയിട്ടുണ്ട്. ഇതിനെ സംബന്ധിച്ചുള്ള കാര്യങ്ങൾ മുഴുവൻ മുമ്പൊരു സമ്മേളനത്തിൽ വാദിച്ചു നീക്കംചെയ്തിട്ടുണ്ടെന്നും ഗവൺമെന്റുവശത്തുനിന്നും കൂടുതലായി പറവാൻ അധികമൊന്നുമില്ലെന്നും ചീഫ്സെക്രട്ടറി പറയുകയുണ്ടായല്ലോ. ഞാനും അക്കൂട്ടത്തിൽ ഒരുവനാണ്. അപ്പോഴത്തെ ചീഫ്സെക്രട്ടറി പ്രസ്താവിക്കയുണ്ടായ തത്വങ്ങൾ വഴിയാംവണ്ണം അനുവർത്തിച്ചുവന്നുവെങ്കിൽ മി. കുഞ്ഞിരാമൻ അതേ പ്രമേയംതന്നെ വീണ്ടും അവതരിപ്പിക്കുന്നതിനു ഇടവരികയില്ലായിരുന്നു എ

ന്നാണ് ഞാൻ വിശ്വസിക്കുന്നത്. കൗൺസിലിന്റെ കഴിഞ്ഞ യോഗത്തിൽ ഗവണ്മെന്റ മെമ്പർ പ്രസ്താവിച്ചുണ്ടായ ആറു റൂളുകളിൽ അത്രയും എതിരേ പ്രായത്തിനവകാശമില്ലാത്തതാകുന്നു. ഒന്നു മി. രാമൻമേനോൻ പ്രത്യേകമായി എടുക്കയുണ്ടായല്ലോ. ഞാനും അദ്ദേഹത്തോടു പൂർണ്ണമായി യോജിക്കുന്നു.

മി. കെ. കെ. തോമസ് (കോട്ടയം): മി. രാമൻമേനോൻ പറഞ്ഞതായ ഉദാഹരണങ്ങളോടു മി. കുമാരൻ യോജിക്കുന്നുണ്ടോ എന്നറിഞ്ഞാൽ കൊള്ളാം.

മി. എൻ. കുമാരൻ (നിയമിതസാമാജികൻ): ഈ ചോദ്യത്തെപ്പറ്റി പിന്നീടാലോചിക്കാം. ഒന്നാമത്തെ നിയമം ഇപ്രകാരമാണ്.

ഈ സമുദായങ്ങളുടെ വിഷയത്തിലും സർക്കാർ ജീവനത്തിലുള്ള പ്രാതിനിധ്യം അവയുടെ സംഖ്യാബലത്തെക്കാൾ പരീക്ഷായോഗ്യതയും ഉദ്യോഗസ്വീകരണത്തിനു തുല്യയോഗ്യതയുള്ളവരായി കണക്കാക്കപ്പെടുന്ന ആളുകളുടെ എണ്ണത്തെ ആസ്പദമാക്കി ഗണിക്കപ്പെടുന്നതാണ്."

ഈ റൂൾ മുമ്പുതന്നെ പബ്ലിക്ക് സർവീസിൽ കൂടുതൽ പ്രാതിനിധ്യം സിദ്ധിച്ചിട്ടുള്ള സമുദായങ്ങളുടെ ഗുണസിദ്ധിക്കായി ഉദ്ദേശിച്ചു രചിക്കപ്പെട്ടിട്ടുള്ളതാണെന്നാണ് ഞാൻ വിശ്വസിക്കുന്നത്. ഒരുവേള അതു ആ സമുദായങ്ങളിൽ സർക്കാർ ജീവനത്തിനു യോഗ്യതയുള്ള ആളുകളുടെ എണ്ണം കൂടുതലുള്ളതുകൊണ്ടായിരിക്കാം. ഈ റൂളുകൾ പ്രസ്താവിക്കയുണ്ടായപ്പോഴും അവയുടെ അംഗീകരണത്തിനു വിപരീതമായി ഞാൻ വാദിക്കയുണ്ടായി. ഈ റൂളുകൾ നാം സ്വീകരിച്ചിട്ടുള്ളതായി ചീഫ്‌സെക്രട്ടറിക്കു വിചാരിക്കുവാൻ ന്യായമുണ്ടെന്നും ഞാൻ വിശ്വസിക്കുന്നില്ല. ഈ വിഷയത്തെക്കുറിച്ചുള്ള അവസാനതീർച്ചയാണ് ഇതെന്നു ചീഫ്‌സെക്രട്ടറി വിചാരിക്കുവാനും കാരണം കാണുന്നില്ല. ഈ റൂളിന്റെ കാര്യത്തിലുള്ള തടസ്സങ്ങൾ പ്രത്യക്ഷത്തിൽ വ്യക്തമായിട്ടുള്ളവയാണ്. എന്തെന്നാൽ ഇതു സ്വീകരിക്കുന്നപക്ഷം അതിന്റെ ഉപയോഗം കുഴപ്പത്തിലായിത്തീരും. കഴിഞ്ഞ പ്രാവശ്യം ഈ റൂളിന്റെ ഉപയോഗത്തിലുള്ള സിദ്ധാന്തപരമായ നിലയെ കുറിച്ചു മി. ജോസഫ് ചീഫ്‌സെക്രട്ടറിയോടു ഒരു ചോദ്യം ചോദിച്ചിട്ടു അദ്ദേഹത്തിനു ഖണ്ഡിതമായ ഒരു മറുപടി പറവാൻ കഴിഞ്ഞില്ല. അതു ഒരു ബ്രാഹ്മണനും ഒരു ഈഴവനും ഉദ്യോഗാപേക്ഷകന്മാർ ഒരൊഴിവിനായി അപേക്ഷിച്ചിട്ടുള്ള ഒരു സന്ദർഭത്തെ സംബന്ധിച്ചായിരുന്നു. ആരെ നിയമിക്കുമെന്നു മി. ജോസഫ് മി. ജാർജിനോടു ചോദിച്ചു. മി. ജോർജ് ഈഴവനെ എന്നു മറുപടിപറഞ്ഞു. വീണ്ടും മി. ജോസഫ് ചോദിച്ചു. അടുത്തുതന്നെ വേറൊരൊഴിവും ഉണ്ടെന്നു വിചാരിക്കുക. അതിനും ഈഴവനും ഒരു ബ്രാഹ്മണനും അപേക്ഷകന്മാരായി വരുന്നു എന്നിരിക്കട്ടെ. രണ്ടുപേരിൽ ആരെ നിയമിക്കും. മി. ജാർജിനു ശരിയായി മറുപടി പറവാൻകഴിഞ്ഞില്ല. എന്തെന്നാൽ എല്ലാ ഒഴിവുകളും ഒരേ സമുദായത്തിനുതന്നെ തുടർച്ചയായി നല്കപ്പെടുന്നതായാൽ അതു ലക്ഷ്യത്തിനു കാരണമാവുകയില്ലയോ എന്നു അദ്ദേഹം വിചാരിച്ചു എന്നാണ് ഞാൻ ഊഹിക്കുന്നത്. അനുവർത്തിക്കപ്പെടുന്ന നയം എല്ലാ സന്ദർഭങ്ങളിലും ഉപയോഗപ്പെടുത്തേണ്ടതാണ്. നേരെമറിച്ചു ഈ രണ്ടു സമുദായങ്ങളും തമ്മിൽ സംഖ്യാപരമായ പ്രാധാന്യത്തിൽ വലിയ വ്യത്യാസമുണ്ടെന്ന സംഗതി ചീഫ്‌സെക്രട്ടറിയുടെ ചിന്തയ്ക്കു വിഷയീഭവിച്ചിരുന്നെങ്കിൽ ഈ പ്രശ്നം ഈഴവന്നനുകൂലമായി അദ്ദേഹം നിഷ്പ്രയാസം തീർച്ചപ്പെടുത്തുമായിരുന്നു. ബ്രാഹ്മണസമുദായത്തിനു പത്തു ഉദ്യോഗങ്ങൾ ലഭിക്കുന്നതുകൊണ്ടു സംസ്ഥാനത്തിനു യാതൊരു വിരോധവുമല്ല. ഈഴവനു രണ്ടുദ്യോഗങ്ങൾ കിട്ടുന്നതുകൊണ്ടും അങ്ങിനെതന്നെ. ഈ ഉപന്യാസം ഇനിയും നീട്ടണമെന്നു ഞാൻ ആഗ്രഹിക്കുന്നില്ല. ഏതുവിധമായാലും ഒന്നാമത്തെ നിയമം ഒരു പൂർണ്ണമായ മറുപടി നല്കുന്നതിനു ബാധകമായിരുന്നാലും, അഞ്ചാമത്തെ നിയമം മറുപ്രകാരത്തിലും അസ്വീകാര്യമാകുന്നു. മിസ്റ്റർ കുഞ്ഞിത്തൊമ്മൻ ഈ പ്രമേയം അവതരിപ്പിച്ചതിന്റെ കാരണം അദ്ദേഹത്തിന്റെ പ്രസംഗത്തിൽനിന്നുതന്നെ ഇപ്പോൾ സുസ്പഷ്ടമാണല്ലൊ. ഗവണ്മെന്റിൽനിന്നു ഏതാനും ചില നിയമങ്ങൾ ഉണ്ടാക്കിവച്ചതുകൊണ്ടു യാതൊരു ഫലവും ഇല്ല. അവ സ്വയമേവതന്നെ തൃപ്തികരവും അല്ല. ഒരുവേള തത്വത്തിൽ തൃപ്തികരമാണെന്നിരുന്നാലും, പ്രായോഗികനിലയിൽ പൊതുവെ തൃപ്തികരമല്ല. ദിവാനും ചീഫ്‌സെക്രട്ടറിയും അവരുടെ ഉദ്യോഗസ്ഥന്മാരുടെ സഹായത്തിനുവേണ്ടി നിയമങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. ഏറ്റവും പ്രധാനമായ വിഷയം കീഴുദ്യോഗസ്ഥന്മാർ ആ നിയമങ്ങൾ വാസ്തവത്തിൽ അനുവർത്തിക്കുന്നുണ്ടോ എന്ന കാര്യം ഗവണ്മെന്റ നോക്കേണ്ടതായിട്ടുള്ളതാണ്. ഈ ചോദ്യം വളരെക്കാലങ്ങൾക്കു മുമ്പുണ്ടായിട്ടുള്ളതും, ഗവണ്മെന്റാൽ നല്കപ്പെട്ടിട്ടുള്ള പല മറുപടികളിലും, കീഴുദ്യോഗസ്ഥന്മാർക്കായി അയക്കപ്പെട്ടിട്ടുള്ള പ്രത്യേക പത്രങ്ങളിലും ഈ തത്വം അംഗീകരിച്ചിട്ടുള്ളതുമാണ്. എന്നാൽ ഈ കൗൺസിലിൽ നടത്തിയിട്ടുള്ള പല ചോദ്യങ്ങൾക്കും നല്കപ്പെട്ടിട്ടുള്ള മറുപടികൾ ഈ റൂളുകളിൽ അന്തർഭവിച്ചിരിക്കുന്ന തത്വങ്ങളെ ശരിയായി അനുവർത്തിക്കുന്ന ഒരു ഉദ്യോഗസ്ഥനെങ്കിലും സംസ്ഥാനത്തുള്ളതായി ഇല്ലെന്നകാര്യം പ്രത്യക്ഷമാക്കുന്നുണ്ട്. അതു അങ്ങിനെയല്ലെങ്കിൽ മിസ്റ്റർ കുഞ്ഞിത്തൊമ്മനെ എന്നല്ല ഈ കൗൺസിലിലുള്ള എല്ലാ അനുദ്യോഗസ്ഥസാമാജികന്മാർക്കും രണ്ടാമതോ, മൂന്നാമതോ, എന്നല്ല ഒരുവേള നൂറാമതോ തന്നെയും ഈ ചോദ്യം മുമ്പോട്ടുകൊണ്ടുവരുന്നതിനു ശരിയായ കാരണമുണ്ട്. പല ചോദ്യങ്ങൾക്കും നല്കപ്പെട്ടിട്ടുള്ള മറുപടികൾ, ഈ നിയമത്തെ കൂട്ടാക്കാതെതന്നെയും നാം ആഗ്രഹിക്കാത്ത അസമത്വങ്ങൾ നിലനിന്നുപോരുന്നുണ്ടെന്നു വ്യക്തമാക്കുന്നുണ്ട്. പല ഡിപ്പാർട്ടുമെന്റുകളിൽനിന്നുള്ള കണക്കുകൾ പരിശോധിച്ചു, അടുത്തകാലത്തു, അതായതു രണ്ടുകൊല്ലങ്ങൾക്കു മുമ്പു ഒരു ഗവണ്മെന്റ ഉത്തരവു പുറപ്പെടുവിക്കയുണ്ടായല്ലോ. ഉദ്യോഗസംബന്ധമായ ന്യൂനതകൾ എല്ലാംതീർത്തു ഈ അടുത്തകാലത്തു പുറപ്പെടുവിക്കപ്പെട്ട സ്റ്റാറ്റിസ്റ്റിക്സ് അനുസരിച്ചു, ഗവണ്മെന്റിനാൽ പ്രസിദ്ധമായിട്ടുള്ള നിയമങ്ങൾക്കു വിപരീതമായി പ്രവർത്തിക്കുവാൻ യാതൊരുദ്യോഗസ്ഥനും തുനിയുന്നില്ല എന്നു ഗവണ്മെന്റിനു എളുപ്പത്തിൽ മനസ്സിലാക്കാൻകഴിയും. സ്റ്റാറ്റിസ്റ്റിക്സ് നാം ബലമായി വാദിച്ചു കൗൺസിലിന്റെ സമയത്തെ നഷ്ടപ്പെടുത്തുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. എന്റെ സ്നേഹിതൻ മി. കുഞ്ഞിത്തൊമ്മൻ ഈ കണക്കുകളുമായി നല്ലപോലെ പരിചയിച്ചിട്ടുണ്ട്. അദ്ദേഹം തന്റെ മറുപടിയിൽ അതിനെപ്പറ്റി പ്രസ്താവിച്ചേക്കാം. മി. ജോർജ് അദ്ദേഹത്തിന്റെ മറുപടിയിൽ സ്റ്റാറ്റിസ്റ്റിക്സിനെ അടിസ്ഥാനമാക്കി വാദിക്കുവാൻ അശക്തനല്ലാതെപോയതുകൊണ്ടു പ്രത്യേകമായി ചില രണ്ടു ഉദാഹരണങ്ങൾ ഞാൻ എടുത്തുകാണിക്കാം. മി. ജോർജ് അതു കാര്യക്ഷമതാപരമായതാണെന്നു പ്രസ്താവിക്കയുണ്ടായല്ലോ. ഈ കാര്യക്ഷമതയും മുന്നവസ

ങ്ങളിൽ ചർച്ചചെയ്തിട്ടുള്ളതാകുന്നു. ഇതു ആദ്യനിയമനങ്ങളിൽ നോക്കേണ്ടതില്ലെന്നു ഞാൻ വിശ്വസിക്കുന്നു. ഇപ്പോൾ നാം ഇവിടെ ആദ്യ നിയമനങ്ങളെപ്പററിമാത്രമേ ചർച്ചചെയ്യുന്നുള്ളു. പ്രമോഷനെ സംബന്ധിച്ചിടത്തോളം ലെജിസ്ലേറ്റിവ് കൌൺസിലിനു കുറഞ്ഞപക്ഷം അനദ്ദ്യോഗസ്ഥമായിത്തിനു ഇടപെടുവാൻ യാതൊരുകാര്യവുമില്ല. പ്രമോഷൻ സംബന്ധിച്ചു ഗവൺമെൻറിനു ഏതാനും ചില സിദ്ധാന്തങ്ങളുണ്ടു. ഗവൺമെൻറിനു അവയനുസരിച്ചു പ്രവർത്തിക്കയുംചെയ്യാം. നാം ഇവിടെ ഗവൺമെൻറ പരീക്ഷായോഗ്യതകളോടുകൂടി പ്രസിദ്ധീകരിച്ചിട്ടുള്ള ഏതാനും നിയമങ്ങളാൽ ബദ്ധമായിട്ടുള്ള കാര്യക്ഷമത മാത്രമാവശ്യമുള്ള പ്രാരംഭനിയമനങ്ങളെപ്പററിയാണാലോചിക്കുന്നതു.

മി. കെ. ജാർജ് (ഗവൺമെൻറ ചീഫ്സെക്രട്ടറി): ഒരാൾ ഒരു ബി. എ. ആയതുകൊണ്ടു മി. കുമാരൻ അയാളെ നേരെ പൊലീസ് ഇൻസ്പെക്ടരായോ എക്സൈസ് ഇൻസ്പെക്ടരായോ നിയമിക്കുമോ എന്നു ഞാൻ മി. കുമാരനോടു ചോദിക്കട്ടെയോ?

മി. എൻ. കുമാരൻ (നിയമിതസാമാജികൻ): വിദ്യാഭ്യാസയോഗ്യതകൾ യാതൊന്നുമില്ലാത്ത ആളുകളും ഒരുകാലത്തു നിയമിക്കപ്പെട്ടിരുന്നു.

മി. കെ. ജാർജ് (ഗവൺമെൻറ ചീഫ്സെക്രട്ടറി): വിദ്യാഭ്യാസയോഗ്യതയെപ്പററിയല്ല ഞാൻ ചോദിക്കുന്നതു. ഉദ്യോഗ നിയമനങ്ങൾക്ക വിദ്യാഭ്യാസ യോഗ്യതമാത്രം മതിയോ എന്നാണ് എൻറ ചോദ്യം.

മി. എൻ. കുമാരൻ (നിയമിതസാമാജികൻ): ആരംഭത്തിൽ ഒരു പരിശോധനയായിമാത്രമേ നമുക്ക വിദ്യാഭ്യാസയോഗ്യതയെ കരുതാൻ പാടുള്ളു. മററു യോഗ്യതകളെല്ലാം പരിശീലനംകൊണ്ടു സിദ്ധിച്ചുകൊള്ളും. ഈ അടുത്തകാലത്തു പൊലീസ് ഡിപ്പാർട്ടുമെൻറിലേക്ക ആൾ നിയമിച്ചു അവരെ പരിശീലിപ്പിച്ചു വരുന്നതുതന്നെ നമുക്ക ഉദാഹരണമാകുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അക്കാര്യത്തിൽ പരീക്ഷായോഗ്യതകൾമാത്രമേ ചിന്തിക്കപ്പെട്ടിട്ടുള്ളോ?

മി. എൻ. കുമാരൻ (നിയമിതസാമാജികൻ): പൊലീസ് വകുപ്പിനെസംബന്ധിച്ചിടത്തോളം ശരീരസ്ഥിതിയും ആലോചിക്കുന്നുണ്ടു.

അദ്ധ്യക്ഷൻ: ആ നിയമത്തെപ്പററി ആലോചിക്കാൻ അധികാരപ്പെട്ട കമ്മിററിയിൽ ഞാനും ഒരംഗമായിരുന്നു. അതിനെപ്പററി ഞങ്ങൾ പ്രധാനമായി ചിന്തിച്ച കാര്യങ്ങൾ പരീക്ഷായോഗ്യത മാത്രമല്ലെന്നുള്ള വസ്തുത പൂർണ്ണമായി ഞാൻ നിങ്ങളെ അറിയിക്കുന്നു. അതു നിസ്സാരമായ ഒരു കാരണം മാത്രം ആയിരിക്ക ശരീരസ്ഥിതി, സംസാരരീതി അഭിപ്രായഗതി മുതലായ മററു സംഗതികളാണ് ഞങ്ങൾ പ്രധാനമായി ഗണിച്ചതു.

മി. എൻ. കുമാരൻ (നിയമിതസാമാജികൻ): പൊലീസ് ഡിപ്പാർട്ടുമെൻറിലൊ മറേറതെങ്കിലും ഡിപ്പാർട്ടുമെൻറുകളിലൊ ഇപ്രകാരം ഒരു പരീക്ഷ നടത്തിയതിനു ഇതു ആദ്യോദാഹരണമാകുന്നു. മറേറതെങ്കിലും അവസരത്തിൽ ഉദ്യോഗാർത്ഥികൾ അധികാരസ്ഥൻെറ മുമ്പിൽ ഹാജരാകാൻ ആവശ്യപ്പെടുകയോ, വാങ്മൂലപരീക്ഷ നടത്തി അവരുടെ മുറപടിക്രമമനുസരിച്ചു തെരഞ്ഞെടുക്കുകയോ ചെയ്തിട്ടുണ്ടെന്നു ഞാൻ വിശ്വസിക്കുന്നില്ല. എൻെറ വിശ്വാസം അതു ഒരൊററ ഉദാഹരണമെന്നാണ്. പൊലീസ് എക്സൈസ് എന്നീ വകുപ്പുകളിലേക്ക ആൾ നിയമിക്കുന്ന കാര്യത്തിൽ മേലും ഈ രീതിതന്നെ തുടരാം. അതിൽ എനിക്ക യാതൊരു വിരോധവും ഇല്ല. ഈ ഡിപ്പാർട്ടുമെൻറിലെ ആവശ്യങ്ങൾക്ക അനുയോജ്യമായ ഉദ്യോഗാർത്ഥികളെ ജനിപ്പിക്കുവാൻ എൻെറ സമുദായത്തിനും കഴിയുമെന്നു എനിക്ക നിശ്ചയമുണ്ടു.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽഹെഡ്സർക്കാർവക്കീൽ): ആദ്യനിയമനങ്ങൾ എന്ന വാക്കുകൊണ്ടു മിസ്റ്റർ കുമാരൻ എന്താണ് അർത്ഥമാക്കുന്നതു്.

മി. എൻ. കുമാരൻ (നിയമിതസമാജികൻ): പ്രാരംഭനിയമനം എന്നാൽ ആദ്യത്തെനിയമനം എന്നർത്ഥം.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): ഒരു ഹൈക്കോർട്ടുജഡ്ജിയുടെ നിയമനം ഏതവസരത്തിലെങ്കിലും മി. കുമാരൻ ഒരു പ്രാരംഭനിയമനമായി കരുതുമോ?

മി. എൻ. കുമാരൻ (നിയമിതസാമാജികൻ): ജുഡിഷ്യൽ സർവീസിലേക്കുള്ള നിയമനം പ്രത്യേകമായികരുതണം. നാം ഇപ്പോൾ നീതിന്യായവകുപ്പിലേക്ക ആൾ നിയമിക്കുന്നതിനെപ്പററിയല്ല സംസാരിക്കുന്നതു്.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): പോലീസും ഒരു പ്രത്യേകസന്ദർഭമായിട്ടാണോ മെമ്പർ കരുതുന്നതു്.

മി. എൻ. കുമാരൻ (നിയമിതസാമാജികൻ): പോലീസ്, എക്സൈസ് ഈ വിഭാഗങ്ങളും, ഉദ്യോഗാർത്ഥികളിൽ ഏതാനും ചില കായികയോഗ്യതകൾ ആവശ്യപ്പെടുന്ന ഡിപ്പാർട്ടുമെൻറുകളായി ഗണിക്കപ്പെടാം. ഈ ഡിപ്പാർട്ടുമെൻറുകളെ സംബന്ധിച്ചു ശരീരയോഗ്യതകൾ പൂർണത്വം പ്രാപിച്ചിട്ടില്ലാത്ത ഉദ്യോഗാർത്ഥികൾ തെരഞ്ഞെടുക്കാൻ പാടില്ല.

മി. വി. സുബ്ബയ്യർ (നിയമിത ഉപാദ്ധ്യക്ഷൻ) എല്ലാ നിയമനങ്ങളും വർഗ്ഗീയപ്രാതിനിധ്യം കുറഞ്ഞ സമുദായങ്ങൾക്കമാത്രം.

അവർ മററുള്ളവരോടൊപ്പം വരുന്നവരെ നൾകപ്പെടണമെന്നാണോ മി. കുമാരൻെറ സിദ്ധാന്തം?

മി. എൻ. കുമാരൻ (നിയമിത സമാജിൻ): ആ ചോദ്യത്തിനു വളരെക്കാലം കഴിഞ്ഞു, ഇന്നത്തെ അസമത്വം നീങ്ങുമ്പോൾ, ഞാൻ ഉത്തരം പറയാം അതുകൊണ്ടു ഞാൻ അതു് പിന്നത്തേക്ക നീക്കിവക്കുന്നു. എല്ലാം ഇന്നത്തെ അസമത്വങ്ങൾ നീക്കാനാണ് നാം ശ്രമിക്കുന്നതു്.

മി. വി. സുബ്ബയ്യർ (നിയമിത ഉപാദ്ധ്യക്ഷൻ): ഞാൻ കഴിഞ്ഞതിനെപ്പററിയല്ല ചോദിക്കുന്നതു്. എല്ലാ ഉദ്യോഗങ്ങളും പ്രാതിനിധ്യം കുറഞ്ഞസമുദായങ്ങൾക്കമാത്രം നൾകപ്പെടണമെന്നാണോ മിസ്റ്റർ കുമാരൻെറ അഭിപ്രായം എന്നത്രേ എൻെറ ചോദ്യം.

മി. എൻ. കുമാരൻ (നിയമിതസാമാജികൻ): ഞാൻ ഒരിക്കലും അപ്രകാരം പറഞ്ഞില്ല.

മി. വി. സുബ്ബയ്യർ (നിയമിത ഉപാദ്ധ്യക്ഷൻ): ഏ. ബി. സി. എന്നു മൂന്നുപേർ പന്തയംവച്ചു ഓടുന്നു. ഏ. മുമ്പേ ഓടുന്നു. പിറകേ വരുന്ന ബി-യും സി-യും കൂടെ എത്തുന്നതുവരെ ഏ. ഓടാതെ ഇരിക്കണമെന്നാണോ മി. കുമാരൻ പറയുന്നതു?

മി. എൻ. കുമാരൻ (നിയമിതസാമാജികൻ): അതു ആ സ്ഥാനത്തിലുള്ള ഒരു ദൃഷ്ടാന്തമാകുന്നു. ആ ചോദ്യത്തിനു ഉത്തരംപറവാൻ ഞാൻ തുനിയുന്നില്ല.

മി. ഏ. ജെ. ജോൺ (വൈക്കം): ഇക്കാര്യത്തിൽ മി. കുമാരൻ വിവരിക്കുന്ന യോഗ്യതകൾ എന്തെല്ലാമാണ്?

മി. എൻ. കുമാരൻ (നിയമിതസാമാജികൻ): ഗവർണ്മെന്റു ചില വിദ്യാഭ്യാസ യോഗ്യതകൾ വച്ചിട്ടുണ്ട്.

മി. ഏ. ജെ. ജോൺ (വൈക്കം): പ്രത്യേകയോഗ്യതകൾ ആവശ്യമാണെങ്കിൽ അതുംകൂടി നോക്കേണ്ടതാണെന്നു മി. കുമാരൻ കരുതുന്നില്ലയോ?

മി. എൻ. കുമാരൻ (നിയമിതസാമാജികൻ): അപ്രകാരം ചെയ്യുന്നതിനു പൂർണ്ണമായ ന്യായമുണ്ട്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): വിദ്യാഭ്യാസയോഗ്യത പ്രാഥമികയോഗ്യതയായോ പരിപൂർണ്ണയോഗ്യതയായോ എങ്ങനെയാണ് മി. കുമാരൻ കരുതുന്നതു്.

മി. എൻ. കുമാരൻ (നിയമിതസാമാജികൻ): പരസ്യത്തിൽ പ്രസ്താവിച്ചിട്ടുള്ളതു്, അതു പ്രാഥമികയോഗ്യതയാണെന്നും അതുകൂടാതെയാതൊരു നിയമനങ്ങളും നടത്താൻ പാടില്ലെന്നുമാണ്. പ്രാരംഭ യോഗ്യത എന്നതിനു ഗവർണ്മെന്റ് അർത്ഥമാക്കുന്നതും ഇതുതന്നെ.

അതുകൊണ്ടു ഞാൻ ഈ സഭയിൽ ബോധിപ്പിക്കുന്നതു ഉദ്യോഗനിയമനനിർവ്വഹണശക്തിയുള്ള അധികാരസ്ഥന്മാരാൽ ഈ നിയമനങ്ങൾ അനുവർത്തിക്കപ്പെടുന്നില്ലെങ്കിൽ ഗവർണ്മെന്റ് ഈ ചട്ടങ്ങൾ എഴുതിവയ്ക്കുന്നതുകൊണ്ടു യാതൊരു ഉപയോഗവും ഇല്ലെന്നാകുന്നു. ഗവർണ്മെന്റു ഈ നിയമനങ്ങൾ ഉണ്ടാക്കിവയ്ക്കുകയും ഡിപ്പാർട്ടുമെന്റു മേലദ്ധ്യക്ഷന്മാരെ അതനുസരിച്ചു പ്രവർത്തിക്കുവാൻ പ്രേരിപ്പിക്കാതിരിക്കയും ചെയ്യുന്നതു നിയമങ്ങൾ ഇല്ലാതിരിക്കുന്നതുപോലെതന്നെ ദോഷകരമായിട്ടുള്ളതാണ്.

അദ്ധ്യക്ഷൻ. നിങ്ങളുടെ സമയം കഴിഞ്ഞിരിക്കുന്നു.

മി. പി. ഹബീബ് മഹമ്മദ് (നിയമിതസാമാജികൻ): സർ മി. കുഞ്ഞിരാമൻ അവതരിപ്പിച്ചിട്ടുള്ള ഉപക്ഷേപത്തോടു ഞാൻ അനുകൂലിക്കുന്നില്ലെങ്കിലും, ഞാൻ പ്രാതിനിധ്യംവഹിക്കുവാൻ അവകാശപ്പെടുന്ന സമുദായത്തോടു എന്റെ കർത്തവ്യം പാലിക്കുന്നതിൽ പരാങ്മുഖനായി ഭവിക്കരുതെന്നാണ് എനിക്കു തോന്നുന്നതു്. വർഗ്ഗീയപ്രാതിനിധ്യത്തെ കുറിച്ചുള്ള പ്രശ്നം കുഴപ്പമേറിയ ഒന്നാണെന്നും, എല്ലാ സമുദായങ്ങൾക്കും തുല്യാവകാശം നൽകുന്ന സംഗതിയിൽ ഗവർണ്മെന്റു വളരെ സൂക്ഷിച്ചില്ലെങ്കിൽ തൃപ്തികരമായ ഫലം ഉണ്ടാവാൻ കഴികയില്ലെന്നും ഉള്ള വസ്തുത ഈ സഭയിലുള്ള മററല്ലാവരേപ്പോലെ എനിക്കും പൂർണ്ണബോദ്ധ്യമുണ്ട്. പക്ഷേ എല്ലാ ഉദ്യോഗങ്ങളിലും വർഗ്ഗീയപ്രാതിനിധ്യം വേണമെന്ന് വാദിക്കുവാൻ ഞാൻ തയ്യാറില്ല. ഇപ്പോൾ ചില സമുദായങ്ങൾക്കുള്ള പ്രത്യേകമായ അസൌകര്യങ്ങൾ നിമിത്തം ഇതാവശ്യമായിത്തീർന്നതാണ്. അതിനു കാരണമായിതീർന്ന സംഗതികൾ ഇല്ലാതാകുമ്പോൾ വർഗ്ഗീയപ്രാതിനിധ്യവും നിശ്ചയമായും അപ്രത്യക്ഷമാകയെ പ്രാപിക്കാതെ തരമില്ല. എന്നാൽ കാര്യക്ഷമതയെ ബലികഴിച്ചുള്ള വർഗ്ഗീയ പ്രാതിനിധ്യത്തിനുവേണ്ടിനിൽക്കുവാനും, ഞാൻ തയ്യാറില്ല. പക്ഷേ കാര്യക്ഷമത എന്ന വാക്കു പബ്ലിക്കു സർവീസിൽ ചിലപ്പോൾ സർവ്വതോന്മുഖമായും കുറിക്കുകയും, മററുചിലപ്പോൾ യാതൊന്നിനെയും കുറിക്കാതിരിക്കയും ചെയ്യുമെന്നുള്ളതാണ് ഇക്കാര്യത്തിൽ നേരിടുന്ന പ്രധാന ദോഷം. ഒരു അപേക്ഷകൻ മററുള്ളവരെ അപേക്ഷിച്ചു പരീക്ഷായോഗ്യതകൾ കുറഞ്ഞവനായിരിക്കുമ്പോൾ, ഡിപ്പാർട്ടുമെന്റു മേലദ്ധ്യക്ഷന്മാരാണ് കാര്യക്ഷമത ഉള്ളവനാരാണോ എന്നു നിശ്ചയിക്കപ്പെടുന്നതു്. മിക്കവാറും സന്ദർഭങ്ങളിൽ കാര്യക്ഷമതയെ വാദിച്ചു അതിനുള്ളിൽ അവർ അഭയംപ്രാപിക്കുന്നെങ്കിലും മററുകാരണങ്ങളാലാണ് അവർ കാര്യം തീർപ്പെടുത്തുന്നതു. അതുകൊണ്ടു കാര്യക്ഷമത എന്ന വാക്കു വ്യാമോഹിതമായതാണ്. മിക്കവാറും സന്ദർഭങ്ങളിൽ ഉദ്യോഗസ്ഥന്മാർക്കു, അവർക്കിഷ്ടമുള്ള ആളുകൾക്കു ഗുണംവരത്തക്കവിധം വേണ്ട സ്വാധീനശക്തി ഉപയോഗിക്കുവാൻ അനുവദിച്ചിട്ടുള്ളതുകൊണ്ടു കാര്യക്ഷമത എന്താണെന്നു പറവാൻ വളരെപ്രയാസമാകുന്നു. ഗവർണ്മെന്റിന്റെ കീഴുദ്യോഗസ്ഥന്മാർ നടത്തിയിട്ടുള്ള നിയമനങ്ങളുടെ ഒരു വാർഷിക റിപ്പോർട്ടു വരുത്തി അതു പരിശോധിക്കാതിരിക്കുന്ന കാലമത്രയും ആ ന്യൂനത ഗവർണ്മെന്റിലാകുന്നു സ്ഥിതിചെയ്യുന്നതു. ഈ കൌൺസിലിൽ ചില പ്രത്യേക അപേക്ഷകന്മാരുടെ അപേക്ഷകളെ അവഗണിച്ചു ഏതാനും ഉദ്യോഗസ്ഥന്മാർ അവരുടെ സിൽബന്ധികളും പ്രവർത്തിച്ചിട്ടുള്ളതിനെ ആസ്പദമാക്കി ചോദ്യങ്ങൾ ചോദിച്ചപ്പോൾ ഏതാനും ഉദ്യോഗസ്ഥന്മാരുടെ നീതിയെപ്പററി ഞാൻ കേൾക്കുന്നതിനിടയായി. ഈ അവസ്ഥയ്ക്കു അങ്ങനെയുള്ള ഉദ്യോഗസ്ഥന്മാർ ഈ ആളുകളെ, അവരുടെ സമാപ്രതിനിധികളുടെ ദുഷ്പ്രവൃത്തികളെന്നു കരുതപ്പെടുന്ന സംഗതികൾക്കായി, തങ്ങളുടെ കോപത്തിനു ബലികഴിക്കുകയില്ലയോ എന്നും നാം സംശയിക്കേണ്ടിയിരിക്കുന്നു. ഉദ്യോഗസ്ഥന്മാരിൽ കാണുന്ന ഈ മാതിരി പ്രേരണകൾ ഗവർണ്മെന്റു ജാഗ്രതയായി ദൃഷ്ടിപതിച്ചു സൂക്ഷിക്കാതിരുന്നാൽ, ഗണ്യമായി തടയുവാൻ കഴിയുന്നതല്ല.

ഗവർണ്മെന്റ് സിദ്ധാന്തപരമായി വർഗ്ഗീയ പ്രാതിനിധ്യതത്വത്തെ അംഗീകരിക്കുന്നുവെന്നും, ശേഷം ജോലി പ്രായോഗികമായി അനുഷ്ഠിക്കുവാൻ ഡിപ്പാർട്ടുമെന്റു അദ്ധ്യക്ഷന്മാർക്കു വിട്ടുകൊടുക്കുന്നുവെന്നും, ഞാൻ പറയുമ്പോൾ, ഈ സംസ്ഥാനത്തെ വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ള മുസൽമാന്മാരുടെ വിചാരങ്ങളേയും അഭിപ്രായങ്ങളേയും വെളിപ്പെടുത്തുന്നുവെന്നു മാത്രമേയുള്ളു. ഉദ്യോഗസ്ഥന്മാരുടെ സവിധത്തിലണയുന്ന വിദ്യാഭ്യാസ യോഗ്യതയുള്ള മിക്ക മുഹമ്മദന്മാരുടേയും അനുഭവം, അവരാണ് ഇക്കൂട്ടരുടെ ഏററവും വലിയ ദോഷികൾ എന്നാകുന്നു. ചില ഉദ്യോഗസ്ഥന്മാർ മുസൽമാന്മാരുടെ അവകാശങ്ങളെ അടച്ചുകളവാൻ ശ്രമിക്കുന്നതിനിമിത്തം മുമ്പു ഏതൊരുകാലത്തേക്കാളും, ഇപ്പോൾ വാസ്തവത്തിൽ ഈ ചിത്തവികാരം ഞങ്ങളുടെ ഇടയിൽ വർദ്ധി

ഷേടയും, കഠിനത്വം പ്രാപിക്കുകയും ആണു ചെയ്യുന്നതു്. ഇമ്മാതിരി കാര്യങ്ങൾ ഇനിയും തുടരാൻ അനുവദിക്കുന്നപക്ഷം അതു രാജ്യനന്മയ്ക്കു ഹാനികരമാണെന്നു ഞാൻ ഗവൺമെന്റിനോടു പ്രത്യേകം പറയുന്നു.

ഏതാനും ചില ഉദാഹരണങ്ങൾ ഞാൻ ഇവിടെ എടുത്തുകാണിക്കാം. ആറേഴു മാസങ്ങൾക്കിപ്പുറം ഒരു ഒററ മെഡിക്കൽ ഗ്രാഡ്വേററ് മാത്രമേ മുഹമ്മദീയരിൽനിന്നു് ഉദ്യോഗത്തിനർത്ഥിച്ചിട്ടുള്ളു. പക്ഷെ, ഗവൺമെന്റിന്റെ ഉദാസീനത, അഥവാ കുറേക്കൂടി ശക്തിമത്തായ ഒരു വാക്കുപയോഗിക്കുന്നപക്ഷം, സമ്മതമില്ലായ്മ ആ മനുഷ്യനെ ഉദ്യോഗം നൽകാതെ തിരുവിതാംകൂറിൽനിന്നു് അടിച്ചോടിക്കയാണുണ്ടായതു. കൗൺസിലിന്റെ കഴിഞ്ഞ യോഗത്തിൽ, [illegible] സെക്രട്ടേറിയേററിലും, അക്കൗണ്ട് ആഫീസിലും ഉദ്യോഗത്തിനായി എത്ര മുഹമ്മദീയൻ ഗ്രാഡ്വേററ്സ് അപേക്ഷിച്ചിട്ടുണ്ടെന്നുള്ള എന്റെ ചോദ്യത്തിനു ചീഫ്സെക്രട്ടറി പറഞ്ഞിട്ടുള്ള മറുപടി മറെറാരുദാഹരണമാകുന്നു. രണ്ടുകൊല്ലത്തിനുള്ളിൽ അപേക്ഷിച്ചിട്ടുള്ള ഉണ്ടായ നാലു ഗ്രാഡ്വേററുകളിൽ ഒരു ഒററ മഹമ്മദീയനുപോലും യാതൊരു സർക്കാർ സ്ഥാനവും ലഭിക്കുകയുണ്ടായില്ല. എന്നാൽ, അക്കാലത്തിനുള്ളിൽ സെക്രട്ടേറിയേററിൽ അഞ്ചും, അക്കൗണ്ട് ആഫീസിൽ പതിനൊന്നും നിയമനങ്ങൾ നടത്തിട്ടുണ്ടു. എന്റെ ഉപചോദ്യങ്ങൾക്കു ചീഫ്സെക്രട്ടറിയുടെ മറുപടി സ്വഭാവേനതന്നെ തൃപ്തിയില്ലാത്തവയാണ്. വീണ്ടും ചോദ്യങ്ങൾകൊണ്ടു നിർബ്ബന്ധിക്കപ്പെട്ടപ്പോൾ, ഭാവിയിൽ മഹമ്മദീയരായ അപേക്ഷകന്മാരുടെ കാര്യം സ്വാനുകമ്പം ചിന്തിക്കുന്നതാണെന്നു അദ്ദേഹം എന്നോടു ഉറപ്പുപറകയുണ്ടായി. ഇമ്മാതിരി അനുകമ്പയാണ് നമ്മുടെ വിശ്വാസത്തെ വേഗം ഇല്ലാതാക്കുന്നതു. കുററങ്ങളും തെററുകളും വ്യക്തമാണെന്നിരുന്നാൽപോലും ന്യായത്തിൽനിന്നും പിഴച്ചു ഗൗരവം ഭാവിക്കുകയൊ അല്ലെങ്കിൽ അതും ഇതും സമാധാനം പറഞ്ഞു കഴിച്ചുകൂട്ടുകയൊ ചെയ്യുന്ന പതിവു എവിടേയും ഗവൺമെന്റിനു ഒരു പതിവായി തീർന്നുപോയിട്ടുണ്ടു. അങ്ങനെയുള്ള ദൃഷ്ടാന്തങ്ങൾ ഗവൺമെന്റിന്റെ ദൃഷ്ടിയിൽപ്പെടുമ്പോൾ, മഹമ്മദീയരോടു ഗവൺമെന്റിനു സഹാനുതാപമുണ്ടാകുന്നില്ലെന്നു ഞാൻ പറയുന്നില്ല. എന്നാൽ മിക്ക സന്ദർഭങ്ങളിലും അവരുടെ അനുകമ്പ അപ്പോൾ അവിടെത്തന്നെ അവസാനിച്ചുപോകുന്നു. ഒന്നല്ലെങ്കിൽ മറെറാരു നാട്യത്തിൽ പരീക്ഷായോഗ്യതയുള്ള മുസൽമാന്മാരുടെ അവകാശങ്ങളെ അപഗണിച്ചു പ്രവർത്തിക്കപ്പെട്ടിട്ടുള്ളതിനു ഇമ്മാതിരി അനവധി ഉദാഹരണങ്ങൾ എടുത്തുപറവാൻ കഴിയുന്നതാണ്.

ഞങ്ങൾ മഹമ്മദീയരായതുകൊണ്ടാണോ ചില ഉദ്യോഗസ്ഥന്മാർ ഞങ്ങളോടു ഇപ്രകാരം അനുവർത്തിക്കുന്നതു് എന്നു എനിക്കറിയാൻ പാടില്ല. ഉന്നതവിദ്യാഭ്യാസവും ഉൽകൃഷ്ടഗുണങ്ങളുമുള്ള മുസൽമാൻ അല്ലാത്ത ഒരുയർന്ന ഉദ്യോഗസ്ഥൻ ഒരു മഹമ്മദീയനോടു, 'താൻ ഒരു മഹമ്മദീയനാണെങ്കിലും വളരെ വിവേകവും സൽഗുണവാനുമാണ്' എന്നു പറയുകയുണ്ടായി. മഹമ്മദീയർ, വിവേകവും സൽഗുണവും വളരെ അപൂർവമായിമാത്രം കാണപ്പെടുന്ന ഒരുകൂട്ടം വർഗ്ഗക്കാരാകണമെന്നാണു ഈ മാന്യന്റെ അഭിപ്രായമെന്നു തോന്നുന്നു. ഒരു പക്ഷെ ചില ഗവൺമെന്റു ഉദ്യോഗസ്ഥന്മാർ മഹമ്മദീയരെപ്പററി ഈ മാതിരി അഭിപ്രായം വച്ചുകൊണ്ടിരിക്കയും അവരെ നിന്ദ്യരായും വിശ്വാസഹീനരായും കരുതുകയും ചെയ്യുന്നുണ്ടായേക്കാം. അവർ സത്യസന്ധരും ബുദ്ധിയോടുകൂടിയവരുമായ ഒരുകൂട്ടം ജനങ്ങളാണെന്നും മററുള്ളവരിലുള്ള അമ്മാതിരി ഗുണങ്ങളെ അഭിനന്ദിക്കുവാൻ അവർക്കു കഴിയുമെന്നും, ഇതര സഹോദരസമുദായങ്ങളോടു വളരെ ബഹുമാനത്തോടുകൂടി ഞാൻ ഗവൺമെന്റിനെ അറിയിച്ചുകൊള്ളുന്നു. നാം പല കാരണങ്ങൾകൊണ്ടും ആധുനിക വിദ്യാഭ്യാസത്തിനു കല്പിച്ചിട്ടുള്ള ഗുണവിശേഷങ്ങളെ ആനന്ദിക്കുവാൻ അസമർത്ഥരാകുന്നു. ആയതിനാൽ സമുദായത്തിന്റെ പ്രാപ്തിയേയും, ബുദ്ധിശക്തിയേയും, മേന്മയേയും നിർണ്ണയിക്കുവാനുള്ള ഒരു പരിശോധനയായി അതിനെ ഗണിക്കാൻ പാടില്ലാ.

ഗവൺമെന്റു സർവീസിന്റെ ഒരു ചെറിയഭാഗം ലഭിക്കുന്നതിനു ഞങ്ങൾ നിർബ്ബന്ധിക്കുന്നതു ഉദ്യോഗങ്ങളിൽ പ്രാധാന്യം സിദ്ധിക്കുന്നതിനൊ അന്യരിൽ അനാശാസ്യമായ പ്രാബല്യം കാട്ടുന്നതിനൊ ആശിച്ചിട്ടല്ല. സത്യസന്ധനും നീതിമാനുമായ ഒരു ഗവൺമെന്റു ഉദ്യോഗസ്ഥനു അയാളുടെ ആദായത്തിൽനിന്നു വളരെ കുറച്ചുമാത്രമേ മിച്ചംപിടിക്കുവാൻ കഴികയുള്ളു എന്ന വസ്തുത നമുക്കെല്ലാവർക്കും അറിയാം. മിക്കവാറുമുള്ള ഗവൺമെന്റുദ്യോഗസ്ഥന്മാരുടെ അസൂയാപരമല്ലാത്ത ഈ സ്ഥാനത്തിനു ആശിക്കാതെ മഹമ്മദീയർ മിക്കപ്പോഴും വാണിജ്യമൊ, വ്യവസായമൊ, അല്ലെങ്കിൽ മറെറന്തെങ്കിലും ആദായകരമായ ജീവിതയോഗ്യമാർഗ്ഗമൊ സ്വീകരിക്കുന്നതിനു പ്രേരിതരാകുന്നു. സ്വാഭാവികമായും പാരമ്പര്യമായും മഹമ്മദീയർക്കു സർക്കാർജീവനത്തേക്കാൾ വാണിജ്യാദികളിലാണു കൂടുതൽ ആഗ്രഹം. ഗവൺമെന്റു സർവീസിൽ പ്രവേശിക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നതു മററു കാരണങ്ങളെ ആസ്പദമാക്കിയാകുന്നു. പ്രധാനമായി നാം ഭരണാധികാരികളുടെകൂട്ടത്തിൽ മററുള്ളവരോടൊപ്പം പങ്കുകൊള്ളുന്നതിനു ഞങ്ങൾക്കു തുല്യസൌകര്യങ്ങൾ ഉണ്ടായിരിക്കണം. കൂടാതെ ഒന്നോരണ്ടോ സമുദായങ്ങൾ മാത്രം ശക്തിയായും പ്രാബല്യത്തോടും വർത്തിക്കുന്നതു പല ദോഷങ്ങൾക്കും കാരണമാകുന്നതാണ്. അങ്ങനെയുള്ള അവസരങ്ങളിൽ ശക്തിയും പ്രാബല്യവും വർദ്ധിപ്പിക്കുന്നതിനും പ്രത്യേകമായ വർഗ്ഗത്തിന്റെയൊ വർഗ്ഗങ്ങളുടെയൊ സ്വാർത്ഥപരമായ കാര്യത്തിനുവേണ്ടി അവയെ ഉപയോഗപ്പെടുത്തുന്നതിനും എവിടെയും ഇടയാകുന്നു. അതുകൊണ്ടു ഈ അനാശാസ്യമായ അന്യായഗ്രഹങ്ങൾ, ശക്തിയും സ്വാധീനതയും ഉള്ള ആളുകളിൽനിന്നു തടയുന്നതിനു പബ്ളിക്സർവീസിൽ, മററു പൊതുസ്ഥാപനങ്ങളോടൊപ്പം എല്ലാ സമുദായങ്ങൾക്കും പ്രാതിനിധ്യം ഉണ്ടായിരിക്കേണ്ടതു അത്യാവശ്യമാകുന്നു. പൂർവപാരമ്പര്യത്തേയും പ്രാചീനചരിത്രത്തേയും അടിസ്ഥാനമാക്കി നോക്കുന്നതായാലും, മഹമ്മദീയർ ഭരണകലയിൽ പങ്കുകൊള്ളുവാൻ പ്രാപ്തരാണെന്നു വ്യക്തമാകുന്നു. അങ്ങനെയിരിക്കെ അവരുടെ സ്വന്തം രാജ്യസേവനകൃത്യത്തിൽ മററുള്ളവരോടൊപ്പം തുല്യാവസരങ്ങൾ നൽകപ്പെടാൻ എന്തുകൊണ്ടു ഉപേക്ഷകാണിക്കുന്നു എന്നതിനു യാതൊരു കാരണവും എനിക്കു കാണാൻകഴിയുന്നില്ല. ഞങ്ങളുടെ ഇടയിൽ താരതമ്യേന സാധുക്കളും പരീക്ഷായോഗ്യതകളുള്ളവരുമായ ആളുകൾ അപൂർവമല്ല. അതുകൊണ്ടു അവർക്കു ആവശ്യമുള്ള യോഗ്യതകളും സ്വഭാവഗുണവും ഉണ്ടെന്നുള്ളപ്പോൾ, അവരേയും [illegible] ഉദ്യോഗങ്ങളിൽ നിയമിക്കേണ്ടതു ഗവൺമെന്റിന്റെ കർത്തവ്യകർമ്മമാകുന്നു.

പരീക്ഷായോഗ്യതയുള്ള ആളുകളുള്ളപ്പോൾ, എല്ലാ സമുദായങ്ങൾക്കും തുല്യസൌകര്യങ്ങൾ നൽകപ്പെടണമെന്ന തത്വത്തെ ആസ്പദമാക്കി വർഗ്ഗീയപ്രാതിനിധ്യത്തിനുവേണ്ടി വാദിക്കുമ്പോൾ, അനേകം ഉപവിഭാഗങ്ങ

ളായി ഭാഗിക്കപ്പെട്ടവാൻ ചില സമുദായങ്ങൾ പ്രേരിതരാകുമെന്നുള്ളതും ഓരോന്നും അതിന്റെ ഓഹരിക്കുള്ള പ്രാതിനിധ്യത്തിനുവേണ്ടി ബഹളംകൂട്ടുമെന്നുള്ളതും ഞാൻ വിചാരിക്കാതിരിക്കുന്നില്ല. മഹമ്മദീയർക്കും പകിട്ടപങ്കിട്ടുള്ള പ്രാതിനിധ്യംവേണമെന്നു വാദിക്കുവാൻ ഞാൻ ഒരുകാലവും ഒരുങ്ങുന്നില്ലെങ്കിലും മഹമ്മദീയരിലും അങ്ങനെയുള്ള ഉപവിഭാഗങ്ങൾ ഉണ്ടെന്നുള്ള വസ്തുത ഞാൻ ഗവൺമെന്റിനെ അറിയിച്ചുകൊള്ളട്ടെ. മററുസമുദായങ്ങൾ അവരുടെ ഇടയിലുള്ള അനവധി ഉപവിഭാഗങ്ങളെ ആസ്പദമാക്കി സക്കാർജീവനത്തിനു ബഹളംകൂട്ടുമ്പോൾ, ഞങ്ങളുടെ ഇടയിൽ പലതരം വാന്തരവിഭാഗങ്ങളുമുണ്ടെങ്കിലും ഞങ്ങൾ മഹമ്മദർ എന്ന ഏകനിലയിൽതന്നെനിൽക്കുന്നു എന്നും, റൌതർമഹമ്മദൻസ് എന്നോ പട്ടാൺമഹമ്മദൻസ് എന്നോ ജോനകമഹമ്മദൻസ് എന്നോമററോ ഉള്ള വിഭാഗം ഞങ്ങളെപ്പററി ഗണിക്കേണ്ടതില്ലെന്നുമുള്ള സംഗതി ഗവൺമെന്റു വിസ്മരിക്കാൻപാടില്ല.

അവസാനമായി ഞാൻ ഗവൺമെന്റിനോടപേക്ഷിക്കുന്നതു പ്രത്യേകമായ സഹായസഹകരണങ്ങളൊന്നും ഞങ്ങൾക്കു നൽകിയില്ലെങ്കിലും, ന്യായമായ കാര്യങ്ങളിൽ ഞങ്ങളേയും ഉപേക്ഷിക്കരുതെന്നുമാത്രമാണ്. ചില ഡിപ്പാർട്ടുമെന്റു മേലധികാരികളുടെ അടുത്തു ചെല്ലുന്ന ഭാഗ്യശാലികളായ മഹമ്മദീയർക്കു നീതിയും ന്യായവും ലഭിക്കുവാൻ യാതൊരു മാർഗ്ഗവുമില്ല. ഒന്നല്ലെങ്കിൽ മറെറാരൊഴിവുകഴിവുപറഞ്ഞ് അവരെ തിരിച്ചയക്കുകയാണു പതിവ്. ഇമ്മാതിരി കാര്യങ്ങളാണു സമുദായത്തിനു ഏററവും മനഃക്ലേശം ആയിതോന്നുന്നതു്. സാർ, ഈപ്രശ്നവിഷയത്തിൽ അങ്ങയുടെ ദൃഷ്ടിപതിയുന്നെങ്കിൽ ഞങ്ങൾഎന്നെന്നേക്കും അങ്ങയോടുകൃതജ്ഞതയുള്ളവരായിരിക്കുന്നതാണ്. ഈ വാക്കുകളോടെ ഞാൻ പ്രമേയത്തെ അനുകൂലിക്കുന്നു.

മിസ്റ്റർ വി. സുബ്ബയ്യർ (നിയമിത ഉപാദ്ധ്യക്ഷൻ) ഞാൻ ഈ ഉപക്ഷേപത്തെ എതിർക്കുന്നു. ഞാൻ അതു ശരിയായി മനസ്സിലാക്കുന്നുവെങ്കിൽ പ്രാതിനിധ്യംകുറഞ്ഞ സമുദായാംഗങ്ങൾക്കാവശ്യമുള്ള വിദ്യാഭ്യാസയോഗ്യതകൾ ഉള്ളപക്ഷം, ഭാവിയിൽ എല്ലാ ഉദ്യോഗഒഴിവുകളും അവർക്കുതന്നെ നൽകപ്പെടണമെന്നത്രേ ഈ പ്രമേയത്തിന്റെ അത്ഥം. കഴിഞ്ഞദിവസം മിസ്റ്റർ ജാജ്, ഗവൺമെന്റ് വർഗ്ഗീയപ്രാതിനിധ്യതത്വത്തെ അംഗീകരിക്കുന്നുണ്ടെങ്കിലും, ഉദ്യോഗനിയമനങ്ങൾ ഓരോ സമുദായത്തിലും പരീക്ഷായോഗ്യതയുള്ള ആളുകളുടെ സംഖ്യയെ ആസ്പദമാക്കിനടത്തപ്പെടുന്നതാകുന്നു എന്നു പറകയുണ്ടായി.

മിസ്റ്റർ കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം) ഗവൺമെന്റു അപ്രകാരമുള്ള ഒരു പട്ടിക തയ്യാറാക്കിയിട്ടുണ്ടോ?

മി. വി. സുബ്ബയ്യർ (നിയമിത ഉപാദ്ധ്യക്ഷൻ) അത്യാവശ്യമില്ലാ.

മി. കെ. ഐ. ജോസഫ് (മീനച്ചൽ-ദേവികുളം) പിന്നെ എങ്ങനെയാണ് അറിയുന്നതു?

മി. വി. സുബ്ബയ്യർ (നിയമിത ഉപാദ്ധ്യക്ഷൻ) യാതൊരു പട്ടികയുംകൂടാതെ വെറും സർവകലാശാലാ കലണ്ടർനോക്കി അറിയാൻകഴിയും. അതുംചെയ്യണമെന്നില്ലാ. ഒരുസമുദായത്തിലുള്ള ഗ്രാഡ്വേററ്സിന്റെ എണ്ണത്തെപ്പററിയും, ഓരോ സമുദായത്തോടുമുള്ള താരതമ്യത്തിൽ ആ സംഖ്യ കൂടുതലോ കുറവോ എന്നുള്ളതിനെപ്പററിയും, ആക്കും ഒരു ഏകദേശജ്ഞാനം ഉണ്ടായിരിക്കുന്നതാണ്.

മി. ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം) ആ തത്വം അനുകരിക്കയാണെങ്കിൽ വളരെ കാലത്തേക്കു പ്രാതിനിധ്യം ഇല്ലാത്ത സമുദായങ്ങൾക്കു മുമ്പോട്ടുവരുന്നതിനു സൌകര്യമുണ്ടോ?

മി. വി. സുബ്ബയ്യർ (നിയമിത ഉപാദ്ധ്യക്ഷൻ) ഞാൻ ആ വിഷയത്തിലേക്കാണ് വരുന്നതു്. എനിക്കു പത്തുമിനിട്ടുമാത്രമെ ഉള്ളുവെന്നുതോന്നുന്നു. അതുകൊണ്ടു എനിക്കു പറവാനുള്ളതു പറഞ്ഞുതീർക്കട്ടെ. പിന്നീടു അദ്ധ്യക്ഷൻ സമയമനുവദിക്കുന്നപക്ഷം ഏതുചോദ്യത്തിനും ഞാൻ സമാധാനം പറയാം.

സർ, ഈ പ്രമേയത്തിൽ വിവരിക്കുന്ന തത്വം അപ്രായോഗികവും, ദോഷകരവുമാകുന്നു. അതുകൊണ്ടാണു എല്ലാ ഉദ്യോഗങ്ങളും പ്രാതിനിധ്യമില്ലാത്ത വർഗ്ഗങ്ങൾക്കുതന്നെ നൽകപ്പെടണമെന്നാണോ മി. കുമാരന്റെ അഭിപ്രായമെന്നു ഞാൻ അദ്ദേഹത്തോടു ചോദിച്ചതു. മൂന്നുപേർ കൂടി പന്തയംവച്ചു ഓടുമ്പോൾ, ഒരാൾ മുമ്പു ആയാൽ മററുള്ളവർ വരുന്നതുവരെ അയാൾ വെറുതെ ഒരുസ്ഥലത്തിരിക്കയാണോ വേണ്ടതു് എന്നു അതിനെസംബന്ധിച്ചു ഒരുദൃഷ്ടാന്തവും ഞാൻ എടുത്തുകാണിച്ചല്ലൊ.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി) : ഒരാളെ അപ്രകാരം മുമ്പു ഓടുവാൻ അനുവദിക്കുന്നതു ന്യായമാണോ?

മി. വി. സുബ്ബയ്യർ (നിയമിത ഉപാദ്ധ്യക്ഷൻ) : അതു അയാളുടെ കുററമല്ലാ; പ്രാതിനിധ്യമില്ലാത്ത സമുദായങ്ങൾ ഒരിക്കലും പ്രവൃത്തിരംഗത്തിൽ ആയിരുന്നില്ല. അതിനു മററുള്ളവർ എന്തുവേണം.

മി. ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം) : അപ്പോൾ എല്ലാസമുദായങ്ങൾക്കും പ്രവേശനം അനുവദിച്ചിരുന്നൊ?

മി. വി. സുബ്ബയ്യർ (നിയമിത ഉപാദ്ധ്യക്ഷൻ) പ്രാതിനിധ്യം കുറഞ്ഞ സമുദായത്തിൽനിന്നും മുമ്പുതന്നെ പാസായിട്ടുള്ള ഗ്രാഡ്വേററ് ഉണ്ട്. കാളേജുകളിൽ അവക്ക് ഒരിക്കലും പ്രവേശനം അനുവദിക്കാതിരുന്നിട്ടില്ലാ.

മി. ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം) : അടുത്തകാലംവരെ സംസ്ഥാനത്തുള്ള മിക്കപാഠശാലകളിലും, പിന്നോക്കംനിൽക്കുന്ന സമുദായങ്ങൾക്കു പ്രവേശനം അനുവദിച്ചിരുന്നില്ലാ എന്നുള്ള കാര്യം വാസ്തവമല്ലെ?

മി. വി. സുബ്ബയ്യർ (നിയമിത ഉപാദ്ധ്യക്ഷൻ) : വേണ്ടപോലും വിദ്യാലയങ്ങൾ ഉണ്ടായിരുന്നു എന്നാണ് ഞാൻവിശ്വസിക്കുന്നതു.

മി. മാമ്മൻമാപ്പിള (വാണിജ്യം, വ്യവസായം-വടക്ക) : പ്രാഥമിക വിദ്യാലയങ്ങളും മിഡിൽസ്കൂളുകളുമൊ?

മി. വി. സുബ്ബയ്യർ (നിയമിത ഉപാദ്ധ്യക്ഷൻ) : അവയെ സംബന്ധിച്ചും ഞാൻ അപ്രകാരംതന്നെ പറയും.

മി. കെ. കെ. തോമസ് (കോട്ടയം) : ചില സമുദായങ്ങൾക്കു മററുസമുദായങ്ങളെക്കാൾ വിദ്യാഭ്യാസ സൌകര്യം ഉണ്ടായിരുന്നില്ല.

മി. വി. സുബ്ബയ്യർ (നിയമിത) (ഉപാദ്ധ്യക്ഷൻ): പണ്ടത്തെകാലത്തു് അങ്ങനെ ആയിരുന്നിരിക്കാം. എന്നാൽ നാം ഇവിടെ ഉദ്യോഗനിയമനങ്ങളെ കുറിച്ചാണ് ആലോചിക്കുന്നതു. ഒരുസമുദായത്തിനു വിപരീതമായി തീർന്ന മറെറാരുസമുദായത്തെ കുറിച്ചല്ല.

മി. കെ. ഐ. ജോസഫ് (മീനച്ചൽ, ദേവികുളം): അതങ്ങനെ അല്ലെ—

മി. വി. സുബ്ബയ്യർ (നിയമിത) (ഉപാദ്ധ്യക്ഷൻ): ഇനി യാതൊരുചോദ്യങ്ങൾക്കും ഉത്തരംപറവാൻ ഞാൻ തയാറില്ല.

മി. കെ. ഐ. ജോസഫ് (മീനച്ചൽ, ദേവികുളം): അവസാനം പറഞ്ഞുതീർന്നിട്ടുസമയം മി. സുബ്ബയ്യർ ഈ ചോദ്യങ്ങൾക്ക ഉത്തരംപറയാനുപയോഗിക്കുമോ?

മി. വി. സുബ്ബയ്യർ (നിയമിത) (ഉപാദ്ധ്യക്ഷൻ): അദ്ധ്യക്ഷൻ സമയം അനുവദിക്കുന്നപക്ഷം ആ പ്രകാരംചെയ്യാം.

അദ്ധ്യക്ഷൻ, മി. സുബ്ബയ്യർ അദ്ദേഹത്തിന്റെ പ്രസംഗം ഉപസംഹരിക്കുന്നതിനുമുമ്പ് ഒരുപക്ഷെ നിങ്ങളുടെ ചോദ്യത്തിനു ഉത്തരം പറഞ്ഞേക്കാം.

മി. വി. സുബ്ബയ്യർ (നിയമിത) (ഉപാദ്ധ്യക്ഷൻ): ഈ തത്വം ഇപ്രകാരം അപ്രായോഗികവും, അനീതികരവും ആണെന്നാകുന്നു ഞാൻ പറയുന്നതു. നാം കാളേജുകളിൽ എല്ലാവർഗ്ഗത്തിലും ഉള്ള കുട്ടികൾക്കു പ്രവേശം അനുവദിക്കുന്നു. ജീവിതസമരത്തിലുള്ള പ്രത്യക്ഷമത്സരത്തിൽ 'മററുള്ളവരോടൊപ്പം അവർക്കും പങ്കുകൊള്ളാൻ കഴിയുമെന്നുള്ള ആശകളോടുകൂടിയാണ് അവർ അവിടെ പോകുന്നതു. പ്രാതിനിധ്യം കുറഞ്ഞ സമുദായങ്ങൾക്ക മാത്രമേ അതിനിപ്പോൾ തരമുള്ളു എന്നു പറഞ്ഞാൽ എന്റെ സ്നേഹിതൻ മി. മാമ്മൻമാപ്പിളയുടെയോ, മററു ചില സ്നേഹിതന്മാരുടെയോ അഭിപ്രായം നടപ്പാവുന്നതായാൽ മുന്നണിയിൽ നിൽക്കുന്ന സമുദായക്കാർക്ക്, 'പിറകെ നിൽക്കുന്ന സമുദായങ്ങളിൽ വേണ്ടിടത്തോളം ഗ്രാഡ്വെവേററ്സ് ഉണ്ടാകുന്നതുവരെ കാളേജ്കളിൽ പ്രവേശനം നൽകരുതെന്നു ഞാൻ ഗവർമ്മെൻറിനോടു വിനയമായി അപേക്ഷിക്കും. അതു് അപ്രകാരമാകാമെങ്കിൽ ഞാൻ പ്രമേയത്തോടു പൂർണ്ണമായി യോജിക്കാം. കാളേജ്കളിൽ സർവസമുദായങ്ങൾക്കും പ്രവേശനം അനുവദിക്കുന്നിടത്തോളം കാലം ജീവിതസമരത്തിൽ മുമ്പിട്ടിറങ്ങി മത്സരിക്കുവാൻ, എല്ലാ സമുദായത്തിലും ഉൾപ്പെട്ട യോഗ്യതയുള്ള അപേക്ഷകന്മാർക്ക് എന്തുകൊണ്ടു തുല്യാവസരങ്ങളും ലഭിക്കുന്നില്ലഎന്നു എനിക്കു മനസ്സിലാകുന്നില്ല. അതുകൊണ്ടു അതു് അസംഗതമാകുന്നു എന്നാണ് ഞാൻപറയുന്നതു്.

മി. ജി. രാമൻ മേനോൻ (മാവേലിക്കര കാർത്തികപ്പള്ളി): ജീവിതമത്സരവും ഉദ്യോഗത്തിനായി മുൻപോട്ടുള്ള ഗതിയും തുല്യമാണോഎന്നു ഞാൻചോദിക്കട്ടെ.

മി. വി. സുബ്ബയ്യർ (നിയമിത) (ഉപാദ്ധ്യക്ഷൻ): ഒട്ടുമുക്കാൽ, അതിനുമാത്രം വേണ്ടിയാണ് ഈ പ്രമേയം എന്നാണ് എനിക്കു തോന്നുന്നതു. അതുകൊണ്ടു എല്ലാസമുദായങ്ങളും സമനിരപ്പിൽ എത്തുന്നതുവരെ മുന്നണിയിലുള്ള സമുദായങ്ങളുടെ ഗതി തടയപ്പെടണം എന്നു പറയുന്നതു ഉത്തമമല്ല എന്നു ഞാൻ അഭിപ്രായപ്പെടുന്നു. പ്രായോഗികമായ ഒരു ദൃഷ്ടാന്തം ഞാൻ ഇവിടെ എടുത്തുകാണിക്കാം. ഒരു മിതാക്ഷരകുടുംബത്തിന്റെയോ, നായർ തറവാട്ടിന്റെയോ നില തന്നെ നോക്കാം. സർവസമ്പത്തും അനുഭവിച്ചും, പെൺകുട്ടികളെ വിവാഹംകഴിച്ചുകൊടുത്തും, സ്ത്രീകൾക്ക ഭൂഷണങ്ങൾ നിർമ്മിച്ചും തറവാട്ടുധനം സ്വന്തക്ഷേമമായി ഉപയോഗപ്പെടുത്തുന്ന പ്രായപൂർത്തിവന്ന ആളുകളും, അതേതറവാട്ടിൽതന്നെ പ്രായപൂർത്തിവരാത്തതോ, ഒരുവേള ജനിച്ചിട്ടില്ലാത്തതോ ആയ അംഗങ്ങളും ഉണ്ടായിരിക്കാം. അവർക്ക പ്രായപൂർത്തിവരുമ്പോൾ 'ഇതേകാലംവരെ ഞങ്ങൾ ഈ സമ്പത്തുകൾ യാതൊന്നും അനുഭവിക്കയല്ലായിരുന്നു. അതുകൊണ്ടു ഇതുവരെ അനുഭവം എടുത്തിരുന്നവരെല്ലാം വിട്ടുമാറിയിട്ടു ഞങ്ങൾക്ക അതു മുഴുവൻ അനുഭവിച്ചാനന്ദിക്കുവാൻ അനുവദിക്കുക" എന്നുപറവാൻ അവർക്ക അവകാശമുണ്ടോ? പ്രാതിനിധ്യം ഇല്ലാത്ത സമുദായാംഗങ്ങളെ ഗവർമ്മെന്റോ, രക്ഷാധികാരികളോ, വിദ്യാഭ്യാസംചെയ്യിക്കാതിരുന്നതിനുകാരണം എന്തുതന്നെ ആയാലും, ഇന്നു കാളേജ്കളിൽ വിദ്യാഭ്യാസംചെയ്യുന്ന വിദ്യാർത്ഥികളെ പകരം ശിക്ഷിക്കാനാണോ നാം ഇവിടെ ഒരുങ്ങുന്നതു്? അതു തീരെ അസംഗതമായ നയമാണെന്നാകുന്നു ഞാൻ പറയുന്നതു്. എല്ലാപേർക്കും പ്രത്യക്ഷമത്സരത്തിനു സൌകര്യമുണ്ടായിരിക്കണം. ഒരുവൻ സമർത്ഥനാണെന്നു ബോദ്ധ്യപ്പെടുന്നപക്ഷം അവനു സൌകര്യവും കൊടുക്കണം. സർവ്വപ്രകാരേണയും, വർഗ്ഗീയ പ്രാതിനിധ്യതത്വം അംഗീകരിക്കാവുന്നതാണ്. എന്നാൽ, ഒരു ഈഴവ ഗ്രാഡ്വേററ്സ് ഉണ്ടെങ്കിൽ അവരെ ഒരു പേരെയും മറെറാരു സമുദായത്തിൽനിന്നും ഗ്രാഡ്വേററ്സിനെ നിയമിക്കുന്നതിനുമുമ്പ്, നിയമിക്കപ്പെടണമെന്നു പറയുന്നതു് പ്രത്യക്ഷത്തിൽതന്നെ അസംഗതവും ദോഷകരവും നീതിന്യായവിരുദ്ധവുമാകുന്നു.

മി. കെ. ഐ. ജോസഫ് (മീനച്ചൽ, ദേവികുളം): ഭാവി നിയമനങ്ങളെസംബന്ധിച്ചിടത്തോളം സമുദായങ്ങളുടെഇടയിൽ ഒരു നിരക്ക കല്പിക്കുന്നതിൽ മെമ്പർക്ക എന്തെങ്കിലും വിരോധം ഉണ്ടോ?

മി. വി. സുബ്ബയ്യർ (നിയമിത) (ഉപാദ്ധ്യക്ഷൻ): അതുതന്നെയാണു മിസ്റ്റർ ജോർജ്ജ് പറയുകയുണ്ടായതു. അതു പരീക്ഷായോഗ്യതയുള്ള ആളുകളുടെ സംഖ്യയെ ആശ്രയിച്ചിരിക്കും.

മി. കെ. ഐ. ജോസഫ് (മീനച്ചൽ, ദേവികുളം): ജനസംഖ്യ അനുസരിച്ചു പല സമുദായങ്ങളുടേയും ഇടയിൽ പ്രത്യേകനിരക്കുകൾ നിശ്ചയിക്കണമെന്നല്ല, നിയമനങ്ങൾ ക്രമപ്രകാരം നിശ്ചിതപ്പെടുത്താമോഎന്നത്രേ എന്റെ ചോദ്യം.

മി. വി. സുബ്ബയ്യർ (നിയമിത) (ഉപാദ്ധ്യക്ഷൻ): നാം ഇരുവരും നിയമനാധികാരമുള്ള ഗവർമ്മെൻറിന്റെ അനുവാദംതേടുകയാണോ അതിനെപ്പററി ആലോചിക്കുന്നതെന്നു എനിക്കു അറിഞ്ഞുകൂടാ. എല്ലാപേർക്കും സമ്മതമാണെന്നാണെങ്കിൽ അപ്രകാരം നിരക്ക കല്പിക്കുന്നതിൽ എനിക്ക അണുമാത്രംപോലും തടസ്സംഇല്ല.

മി. കെ. സി. മാമ്മൻമാപ്പിള (വാണിജ്യം, വ്യവസായം, വടക്ക്): ഈ വർഗ്ഗീയ പ്രാതിനിധ്യപ്രശ്നം വളരെനാളായി ഈ രാജ്യത്തു വിദ്വേഷകാരണമായിരിക്കുന്നതെന്നു സമ്മതിക്കാതിരിക്കാൻ നിവൃത്തിയില്ല. എത്രത്തോളം വേഗം ഇതു ഇല്ലാതാക്കാമോ, അത്രത്തോളം അതു രാജ്യത്തിന്റെ ക്ഷേമത്തിനും, ഐശ്വര്യാഭിവൃദ്ധി

ക്കും നല്ലതാകുന്നു. ഈ വിഷയം കൌൺസിലിന്റെ കഴിഞ്ഞ യോഗങ്ങളിൽ വാദപ്രതിവാദം ചെയ്യപ്പെട്ടിട്ടുള്ളതാണ്. അതിനെപ്പററി ആരെങ്കിലും നവമായി എന്തെങ്കിലും പറവാനുണ്ടെന്നു എനിക്കു തോന്നുന്നില്ല. മി. സുബ്ബയ്യരും, മി. ലാംബോർഡും, പ്രസ്താവിക്കപ്പെട്ട ഒന്നുരണ്ടു കാര്യങ്ങളാണ് എന്നെ പ്രസംഗിക്കുവാൻ പ്രേരിപ്പിച്ചത്. മി. സുബ്ബയ്യർ പെൺകുട്ടി പണയംവെച്ചു കെട്ടുന്ന സംഗതി ദൃഷ്ടാന്തമായെടുത്തല്ലോ. ഒരു സിദ്ധാന്തത്തെ പ്രമാണീകരിക്കുവാൻ ഒരു ദൃഷ്ടാന്തം പിടിച്ചു വലിച്ചുകൊണ്ടുവരുവാൻ പാടില്ല എന്നുള്ളത് അനുഭവസിദ്ധമാണ്. സാദൃശ്യമുള്ളവയായ ഏതാനും കാര്യങ്ങൾ ഉണ്ടായിരിക്കാം. ചില സംഗതികൾ സാദൃശ്യമില്ലാത്തവയും ആയിരിപ്പാകും. ഞാൻ മറ്റൊരു ദൃഷ്ടാന്തം ഇവിടെ നൽകാം. എന്നാൽ, അത് എല്ലാ നിലയിലും യോജിക്കുന്നതാണെന്നു ഞാൻ അവകാശപ്പെടുന്നില്ല. ഒരു കുടുംബത്തിൽ മൂന്നു അംഗങ്ങൾ ഉണ്ടെന്നു വിചാരിക്കുക. മൂത്തസഹോദരനു പല കുട്ടികളുമുണ്ട്. പെൺമക്കളിൽ ഏതാനുംപേർ വിവാഹിതകളുമാണ്. സ്ത്രീധനമായി വലിയതുകകൾ നൽകപ്പെട്ടിട്ടുണ്ടാകാം. ഏതാനും പുത്രന്മാർ ഉന്നതവിദ്യാഭ്യാസത്തിനുവേണ്ടി ഇംഗ്ലണ്ടിലേക്കും അയച്ചിട്ടുണ്ടെന്നു വിചാരിക്കുക. രണ്ടാമത്തെ സഹോദരനു ഒരു ഭാര്യയും ഏതാനും കുഞ്ഞുങ്ങളും മാത്രമേയുള്ളു. തൃതീയസോദരനു കുഞ്ഞുങ്ങളേ ഇല്ല. എന്നാൽ ഭാഗിക്കപ്പെടുമ്പോൾ മൂത്തസഹോദരനു താൻ ഇതുവരെ പത്തിലൊമ്പതുഭാഗം ആദായവും എടുത്തു അനുഭവിക്കുകയായിരുന്നുവെന്നും, മുന്നാദായത്തിൽനിന്നുതന്നെ അതുപോലുള്ള ത്യാജ്യകോടിയിൽ നില്ക്കുന്നതെന്നും പറവാൻ യാതൊരധികാരവും ഇല്ല.

മി. വി. സുബ്ബയ്യർ (നിയമിത) (ഉപാദ്ധ്യക്ഷൻ): ഞാൻ അപ്രകാരം പറഞ്ഞില്ലല്ലോ. മൂത്തസഹോദരൻ മുഴുവൻസ്വത്തിന്റെ പത്തിലൊമ്പതുഭാഗം ആദായത്തിനവകാശം പറയുകയാണെങ്കിൽ, അയാളുടെ ആ അവകാശത്തിനു ബലം നൽകുവാൻ പാടില്ലെന്നുമാത്രമേ ഞാൻ പറയുന്നുള്ളു.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): അപ്പോൾ, സർക്കാർജീവനം പ്രൈവറ്റ്സ്വത്തുപോലെ പങ്കുവച്ചു എടുക്കാവുന്നതാണോ?

മി. കെ. സി. മാമ്മൻമാപ്പിള (വാണിജ്യം, വ്യവസായം, വടക്ക്): ഒരു ദൃഷ്ടാന്തം അധികനേരം അടിച്ചുനീട്ടാൻ പാടില്ലെന്നു ഞാൻ മുമ്പേതന്നെ പറഞ്ഞുകഴിഞ്ഞു. ഇതുകൂടെ വേറൊരുദാഹരണം എടുക്കാം. ഒരു കുടുംബത്തിൽ പല അംഗങ്ങളുമുണ്ടെന്നു വിചാരിക്കുക. ഒരുവൻ സാമാന്യം ബുദ്ധിശക്തിയുള്ളവനാണ്. മറ്റൊരാൾ, പ്രത്യേകമായ സാമർത്ഥ്യവും ബുദ്ധിശക്തിയും നിറഞ്ഞവനാണ്. ഭാഗിക്കപ്പെടുമ്പോൾ, അതിതീക്ഷ്ണബുദ്ധിമാനായ മൂത്തമകനു വസ്തുവിൽ അധികഭാഗവും നൽകപ്പെടുന്നപക്ഷം, കുടുംബയശസ്സ് സ്ഥായിയായി നിലനില്ക്കുന്നതാണെന്നു പിതാവു പറയുന്നുവെന്നിരിക്കട്ടെ. മററ് അംഗങ്ങൾ അതു ന്യായമാണെന്നു കരുതുമെന്നു എനിക്കു തോന്നുന്നില്ല. ഉദാഹരണങ്ങൾ എത്രവേണമെങ്കിലും ഇപ്രകാരമെടുത്തുകാണിക്കാൻ കഴിയും. മിസ്റ്റർ സുബ്ബയ്യർ പെൺചേരുന്ന പണയംവച്ചു കെട്ടുന്നതും, ചിലർ മററുള്ളവരെ എല്ലാവരും ഒന്നിച്ചെത്തുന്നതുവരെ നില്ക്കാനുപേക്ഷിക്കുന്നതും ഉദാഹരണമായി എടുത്തു ഇവിടെ പ്രസ്താവിക്കയുണ്ടായതിനെ ഞാൻ അത്ര കാര്യമായി ഗണിക്കുന്നില്ലെന്നു അറിയിച്ചുകൊള്ളുന്നു. അതുപോലെതന്നെ മിസ്റ്റർ ലാംബാർഡ് വിവിധവ്യവസായങ്ങളെസംബന്ധിച്ചിടത്തോളം ആളുകളെ തിരഞ്ഞെടുക്കുന്നതിനുള്ള പരിശോധനകാര്യക്ഷമത ഒന്നുമാത്രമാണെന്നു പറയുകയുണ്ടായി. എന്നാൽ, മിസ്റ്റർ ലാംബാർഡ് പ്രസ്താവിച്ചനയം തിരുവിതാംകൂർ ഗവർമെന്റു സർവീസ്കാര്യങ്ങളിൽ ഉപയോഗപ്പെടുത്തണമെന്നു അദ്ദേഹം സൂചിപ്പിക്കുന്നുണ്ടെങ്കിൽ അതു അദ്ദേഹത്തിന്റെ നിലക്കു അത്രയോജ്യമാണെന്നു തോന്നുന്നില്ല. അദ്ധ്യക്ഷൻ, വ്യാവസായികജോലികളെ സംബന്ധിച്ചിടത്തോളം ആളുകളെ നിയമിക്കുന്നതിനെപ്പററിയുള്ള സമ്പ്രദായത്തെ അറിയിക്കാൻ ആവശ്യപ്പെട്ടതുകൊണ്ടു മാത്രമേ ഇതിനെപ്പററി അദ്ദേഹം ഇപ്രകാരംപറഞ്ഞുവെന്നേയുള്ളു. അദ്ദേഹം വ്യവസായകാര്യങ്ങളെപ്പററിയാണ് പ്രസ്താവിച്ചതെന്നും ആ മാതിരി സംഗതികളിൽ അവയുടെ ഉടമസ്ഥന്മാർ സിൽബന്ധികളെ തിരഞ്ഞെടുക്കുമ്പോൾ, അവരുടെ വസ്തുവകകൾ സുരക്ഷിതമായിരിക്കാൻവേണ്ടി കാര്യക്ഷമതയെമാത്രമേ കാര്യമായി ഗണിക്കേണ്ടുള്ളുവെന്നും ഇവിടെ സ്മരിക്കാവുന്നതല്ല. എന്നാൽ ഇംഗ്ലണ്ടിൽ സിവിൽസർവീസിലുള്ള ഉദ്യോഗങ്ങൾ മുഴുവൻ വെയിൽസ് രാജ്യക്കാർക്കോ, സ്കാട്ട്ലണ്ട്കാർക്കോ മാത്രം നൽകപ്പെടുന്നപക്ഷം, വലിയ കുഴപ്പങ്ങളും ബഹളങ്ങളും ഉണ്ടാവുകയില്ലയോ എന്നു എനിക്കു അറിഞ്ഞാൽകൊള്ളാം.

സർ, പ്രസ്തുതപ്രശ്നത്തെപ്പററി ഈ രണ്ടുകാര്യങ്ങൾ ഇവിടെ പ്രസ്താവിച്ചതിനുശേഷം, തിരുവിതാംകൂറിലെ ഉദ്യോഗനിയമനകാര്യത്തിൽ ഏററവും ശോചനീയമായ ഒരു നിലയെപ്പററി ഞാനു ഒന്നുപറഞ്ഞുകൊള്ളട്ടെ. തിരുവിതാംകൂറിൽ ചില ഉദ്യോഗങ്ങൾ ഏതാനും സമുദായങ്ങൾക്കു ആശിക്കുവാനുപോലും പാടില്ല. എന്നാൽ ആ മാതിരി സംഗതികൾ പ്രമാണങ്ങളിലില്ലെങ്കിലും പൂർണ്ണമായും, ഏറെക്കുറെ പ്രയോഗത്തിലും ഇല്ലാതാക്കിവരുന്നതായുള്ള കാര്യം ഞാൻ എത്രയും കൃതജ്ഞതാപൂർവം അംഗീകരിക്കുന്നു. മഹാരാജാവിരുമനസ്സിലെ പ്രജകളിൽ എല്ലാവർഗ്ഗക്കാർക്കും സംസ്ഥാനത്തിലുള്ള എല്ലാഉദ്യോഗങ്ങളും ആശിക്കുവാൻ ഇപ്പോൾ അവകാശമുണ്ടു. തന്മൂലം ഈ ശോച്യാവസ്ഥ മിക്കവാറും നീങ്ങിയിട്ടുണ്ടെന്നു ഞാൻ വിചാരിക്കുന്നു. എന്നാൽ മേലിൽ ഇപ്രകാരം പ്രവർത്തിച്ചുവന്നിരുന്നു എന്നകാര്യവും ഞാൻ സമ്മതിക്കുന്നുണ്ട്. അടുത്തു ഏററവും പ്രധാനമായ പരിഷ്കാരം അധഃകൃതസമുദായങ്ങളെന്നു വിളിക്കപ്പെടുന്നജനങ്ങളുടെ ശോച്യനിലയെ മാററുകയെന്നുള്ളതാകുന്നു. അധഃകൃതവർഗ്ഗക്കാരുടെ അനാശാസ്യമായ സ്ഥിതി പരിഹരിക്കപ്പെടുന്നതുവരെ പ്രാതിനിധ്യംകൂടിയ വർഗ്ഗക്കാരെന്നു പറയപ്പെടുന്ന ഉന്നതസമുദായങ്ങൾക്കു സംസ്ഥാനത്തുള്ള പബ്ലിക്കുസർവീസിൽ യാതൊരുസ്ഥാനവും നൽകാൻപാടില്ലെന്നു ഞാൻ അഭിപ്രായപ്പെടുന്നില്ല. എന്റെ വിഷയവും അതല്ല. ഞാൻ ആഗ്രഹിക്കുന്നതു അധഃകൃതവർഗ്ഗക്കാർക്കു അനുകൂലമായി ഗവർമെന്റു നിർദ്ദോഷമായ ഒരു പക്ഷപാതനയം സ്വീകരിക്കണമെന്നാകുന്നു. ഇപ്പോഴത്തെ അസമത്വത്തെ മാററുവാൻ ഭരണാധികാരിയും ഡിപ്പാർട്ടുമെന്റു മേലുദ്യോഗസ്ഥന്മാരും വേണ്ടപോലെ പരിശ്രമിക്കേണ്ടതാണ്. ഗവർമെന്റു സർവീസിലുള്ള ഉദ്യോഗങ്ങൾ ആശിക്കപ്പെടുന്നതു ആദായത്തെമാത്രം ഉദ്ദേശിച്ചല്ല, സമുദായത്തിന്റെ പൊതുവെയുള്ള അഭിമാനത്തേയും ഗൌരവത്തേയും അഭിവൃദ്ധമാക്കുന്നതിനുള്ള പ്രേരണകൊണ്ടാകുന്നു. അധഃകൃതസമുദായങ്ങളെ സംബന്ധിച്ചിടത്തോളം ഏററവും അത്യാവശ്യമായിട്ടുള്ളത്, പുലയനൊ പറയനൊ അവന്റെ ശിരസ്സുയർത്തിപ്പിടിച്ചുനടക്കാൻതക്കവണ്ണം അവരുടെ ആത്മാഭിമാനത്തെ ഉയർത്തേണ്ടതാണ്, എന്നവസ്തുത സർവവിദിതമാണല്ലോ.

മി. കുമാരൻ പ്രാരംഭനിയമനങ്ങളെ സംബന്ധിച്ചിടത്തോളം പ്രാതിനിധ്യം ഉള്ള സമുദായങ്ങൾക്ക തിയമനം അനുവദിക്കാൻ പാടില്ലെന്ന അഭിപ്രായപ്പെട്ടു. ചിലക്ക അദ്ദേഹത്തെ കുററപ്പെടുത്തുവാൻ കാരണമായിതീർന്നിട്ടുണ്ട്. എന്നാൽ, അദ്ദേഹം അർത്ഥമാക്കിയത്; പ്യൂൺ, അററൻഡർ, പബ്ലിക്ക് സംവാച്ച്യാർ മുതലായ ഉദ്യോഗനിയമനങ്ങളുടെ കാര്യത്തെപററിയാണ്. ഈ വക ജോലികൾക്ക നായർ സമുദായത്തിലോ ക്രിസ്ത്യൻസമുദായത്തിലോ ബ്രാഹ്മണസമുദായത്തിലോ ഉള്ള അംഗങ്ങളോടൊപ്പം ത്രാണിയുള്ള ആളുകൾ അധഃകൃതസമുദായങ്ങളിലും ഉണ്ടായിരിക്കുമെന്നകാര്യം നിശ്ചയമാണ്. പ്രാരംഭനിയമനം എന്ന വാക്കുകൊണ്ട് അദ്ദേഹം ഇത്രമാത്രമെ അർത്ഥമാക്കിയിട്ടുള്ള എന്നാണ് എനിക്ക തോന്നുന്നത്. ഇമ്മാതിരി ഉദ്യോഗങ്ങൾ സംബന്ധിച്ചിടത്തോളം ആവശ്യമുള്ള കാര്യക്ഷമതയോടുകൂടിയ ആളുകൾ വേണ്ടുവോളം അധഃകൃതസമുദായങ്ങളിൽനിന്ന ലഭിക്കപ്പെടുന്നതിന യാതൊരുപ്രയാസവുമില്ലെന്ന എനിക്ക നല്ല നിശ്ചയമുണ്ട്. കൂട്ടലെയിൽ മുൻസിഫ്, മജിസ്ട്രേട്ട്, ഇൻസ്പെക്ടർ ആദിയായ സ്ഥാനങ്ങളിൽ തീരെ യോഗ്യതയില്ലാത്ത ആളുകൾ ബ്രാഹ്മണർ, നായന്മാർ, ക്രിസ്ത്യാനികൾ മുതലായ അംഗങ്ങളിലും ചുരുക്കം അസാധാരണമല്ല. അങ്ങനെയുള്ള അവസരങ്ങളിലെല്ലാം ഉൽകൃഷ്ടസമുദായങ്ങളിൽനിന്ന് പ്രാരംഭനിയമനങ്ങൾ നടത്തുന്നതുകൊണ്ടും ആ സ്ഥാനങ്ങൾക്ക തീരെ അയോഗ്യന്മാരായിട്ടുള്ള ആളുകളും ചില സന്ദർഭങ്ങളിൽ ഉണ്ടാകുവുന്നതാണ്. ഈ വസ്തുത മി. സുബ്ബയ്യരെന്നല്ല, നാം എല്ലാവരും സമ്മതിക്കുന്നതാണെന്ന എനിക്ക നല്ല നിശ്ചയമുണ്ട്. നമുക്ക ഇന്നയിന്ന ആളുകൾ ഇന്നയിന്ന സ്ഥാനങ്ങൾക്ക കൊള്ളരുതാത്തവരാണെന്ന എളുപ്പത്തിൽ വിരൽമടക്കി കണക്കാക്കാവുന്നതാണ്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്). ഇപ്രകാരം അസമർത്ഥരായ ആളുകൾ എല്ലാ സമുദായങ്ങളിലും ഉണ്ടോ?

മി. കെ. സി. മാമ്മൻമാപ്പിള (വാണിജ്യം, വ്യവസായം വടക്ക): ഉണ്ട്. എല്ലാസമുദായങ്ങളിലും ഉണ്ട്. വിദ്യാഭ്യാസവിഷയത്തിൽ മുന്നണിയിൽ നിൽക്കുന്നതായി വിചാരിക്കപ്പെട്ടിട്ടുള്ള നായന്മാർ, ക്രിസ്ത്യാനികൾ, ബ്രാഹ്മണർ എന്നീ സമുദായങ്ങളിൽപോലുമുണ്ടാകാം. ഞാൻ ഈ മൂന്ന സമുദായങ്ങളും പ്രത്യേകം എടുത്തുപറഞ്ഞത് വിശേഷിച്ചും എല്ലാവിധതെററിദ്ധാരണകളേയും ദൂരീകരിക്കുന്നതിനാണ്. ചില സന്ദർഭങ്ങളിൽ തിരഞ്ഞെടുക്കപ്പെട്ട ആൾ തീരെ അസമർത്ഥനാണെന്നുവരാം. അതിന നാം ഉത്തരവാദിയല്ല. ഒരുവൻ പ്രാതിനിധ്യംകുറഞ്ഞ സമുദായത്തിലുൾപ്പെട്ടതുകൊണ്ടുമാത്രം അസമർത്ഥനെന്ന സർവസമ്മതനായിരിക്കെ നിയമിക്കപ്പെടണമെന്ന ഞാൻ പറയുന്നില്ല. അപ്രകാരം ആരും പറഞ്ഞിട്ടുമില്ല. പ്രാതിനിധ്യം കുറഞ്ഞ സമുദായങ്ങളോട് ഗവണ്മെന്റിനുള്ള അനുകമ്പയെ വ്യക്തമാക്കാൻവേണ്ടി ആവശ്യമുള്ള വിദ്യാഭ്യാസയോഗ്യതകളോടുകൂടിയ ആളുകൾ അപേക്ഷകന്മാരായിവരുമ്പോൾ മററു കാര്യങ്ങളെല്ലാം തുല്യമാണെങ്കിൽ, ഗവണ്മെന്റിന്റെ പ്രേരണ അധഃകൃതവർഗ്ഗക്കാരോടായിരിക്കണമെന്നുള്ള തത്വമാണ് ഇതിലടങ്ങിയിരിക്കുന്നത്. പ്രാതിനിധ്യം തികഞ്ഞും വർദ്ധിച്ചതുമായ സമുദായങ്ങളിലുൾപ്പെട്ട ആളുകൾ ഗവണ്മെന്റിന്റെ ഈ പ്രവൃത്തിയോടനുകൂലിക്കുകയും നിർഭാഗ്യവാന്മാരായ അവരുടെ സഹജീവികൾക്കും സർക്കാർ ജീവനത്തിലുള്ള അവരുടെ ഭാഗം സ്വല്പസ്വല്പം ലഭിക്കത്തക്കവണ്ണം സ്വല്പത്യാഗത്തോടെ വിട്ടൊഴിഞ്ഞുകൊടുക്കുകയും ചെയ്യുന്നപക്ഷം അതു മഹാമനസ്കതയുടെ പരിപക്വതയായിരിക്കും.

സർ, മിസ്റ്റർ പാറംമ്പാടിയിൽ, 'പ്രമേയത്തിലുള്ള മററുള്ളവരും' എന്നവാക്കിൽ പലസമുദായങ്ങളേയും മിശ്രമാക്കിയിരിക്കുന്നതിനെപ്പററി പറയുകയുണ്ടായല്ലോ. ഗവണ്മെന്റ വർഗ്ഗവ്യത്യാസങ്ങൾ അംഗീകരിച്ചു ഈ തത്വം സ്വീകരിക്കുന്നപക്ഷം ഉദ്യോഗനിയമനവിഷയത്തിൽ, പ്രത്യേകമായി വേർതിരിച്ചു കരുതപ്പെടാവുന്ന സമുദായങ്ങളെ അപ്രകാരംതന്നെ ഗണിച്ചുവേണം ഇക്കാര്യത്തിൽ ഖണ്ഡിതമായ ഒരുതീരുമാനം നിശ്ചയിക്കുവാൻ. ഒരുകൂട്ടം ജനങ്ങൾ ശരിയായ പ്രാതിനിധ്യമുള്ളവരും, മററുള്ളവർ പ്രാതിനിധ്യമേ, ഇല്ലാത്തവരും ആയിരിക്കാം. ഈ പ്രാതിനിധ്യമുള്ളതും ഇല്ലാത്തതും ആയ സമുദായവിഭാഗങ്ങളെ മററുസമുദായങ്ങൾ എന്ന പറഞ്ഞു മിശ്രമാക്കുന്നതു നിശ്ചയമായും വളരെ അനീതിയാകുന്നു. അതുകൊണ്ട് കഴിവുള്ളിടത്തോളം ഈ ദോഷകാരണമായ വ്യത്യാസങ്ങളെ മാറേറണ്ടതു ഏററവും അഭിലഷണീയമാകുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): പലസമുദായങ്ങളേയും ക്രമപ്പെടുത്തിയിരിക്കുന്ന പലമതിരിലുള്ള തിരിപ്പുകൾ തൃപ്തികരമാണോ എന്ന് മെംബർ അറിയിക്കുമോ?

മി. കെ. സി. മാമ്മൻമാപ്പിള (വാണിജ്യം, വ്യവസായംവടക്ക): ആ പട്ടികഞാൻ പഠിച്ചിട്ടേഇല്ല.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഒരുപ്രത്യേകസമുദായം ഒരു ഡിപ്പാർട്ടുമെന്റിൽ വഴിയാംവണ്ണം പ്രതിനിധീകരിക്കുകയും മററുഡിപ്പാർട്ടുമെന്റുകളിൽ നല്ലപോലെ പ്രതിനിധീകരിക്കാതിരിക്കുകയും ചെയ്യുന്നു എന്നുവിചാരിക്കുക. ശരിയായപ്രാതിനിധ്യം സിദ്ധിച്ചിട്ടില്ലാത്ത ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ചിടത്തോളം ആ സമുദായത്തിനുവേണ്ടി ആനുകൂല്യംവാദിക്കുവാൻ മെംബർ തയ്യാറാണോ? പ്രത്യക്ഷോദാഹരണത്തിനായി മെഡിക്കൽ ഡിപ്പാർട്ടുമെന്റിൽ ബ്രാഹ്മണസമുദായത്തിന പ്രാതിനിധ്യമില്ലെന്നുള്ളതുതന്നെ മതിയാകുന്നതാണ്. മററുപല ഡിപ്പാർട്ടുമെന്റുകളിലും അവർക്ക ശരിയായ പ്രാതിനിധ്യം ഉണ്ടുതാനും. ഈ സന്ദർഭത്തിൽ മെംബറിന്റെ അഭിപ്രായം എന്താണ്?

മി. കെ. സി. മാമ്മൻമാപ്പിള (വാണിജ്യം, വ്യവസായം വടക്ക): മിസ്റ്റർ ശിവരാമപ്പണിക്കർ ഞാൻ പറഞ്ഞുതീരുന്നതുവരെ കാത്തിരിക്കുകമാത്രം ചെയ്യുകയാണെങ്കിൽ,

അദ്ധ്യക്ഷൻ: മിസ്റ്റർ മാമ്മൻമാപ്പിളക്ക, നിങ്ങൾക്കുകൂടുതൽ സമയമില്ല.

മി. കെ. സി. മാമ്മൻമാപ്പിള (വാണിജ്യം, വ്യവസായം വടക്ക): സർ, ഞാൻപറയാൻ ആരംഭിക്കുന്നത്, വർഗ്ഗീയവൈരം നിശ്ശേഷം ഇല്ലാതാക്കുവാൻ ഒരുകാലത്തും സാദ്ധ്യമല്ലെന്നുള്ളതാണ്. പ്രത്യക്ഷമായ ദോഷവ്യവസ്ഥകളെ മാററുന്നതിന മാത്രമേ, ഗവണ്മെന്റിന ശ്രമിക്കുവാൻ കഴികയുള്ളൂ.

മി. കെ. കെ. തോമസ് (കോട്ടയം): ഗവണ്മെന്റിൽനിന്ന നിർണ്ണയപ്പെടുത്തിയിട്ടുള്ള നിരക്കുകൾ തൃപ്തികരമാണോ?

മി. കെ. സി. മാമ്മൻമാപ്പിള (വാണിജ്യം, വ്യവസായംവടക്ക): എന്നെസംബന്ധിച്ചിടത്തോളം വർഗ്ഗീയ പ്രാതിനിധ്യത്തിൽ, ഞാൻ അനുകൂലിഅല്ലാത്തതുകൊണ്ട് പട്ടികകൾ ഒന്നും ഞാൻ പഠിക്കുകയുണ്ടായിട്ടില്ല.

മി. വി. സുബ്ബയ്യർ (തിരുമല): (ഉപാദ്ധ്യക്ഷൻ): സർ, എനിക്കു ഒരുവാക്കുപറയാനുണ്ട്. പ്രമേയത്തിൽ ആവശ്യപ്പെടുന്നതു, ഗവൺമെന്റുകൂറെക്കാലത്തേക്ക് ഏതാനും പ്രത്യേകസമുദായങ്ങളുടെ നിയമനം തടയപ്പെടണമെന്നാണെന്നും അതു ഏററവും അനീതിയും ദോഷകരവും ആണെന്നും മാത്രമേ ഞാൻ പറയുകയുണ്ടായുള്ളു. മിസ്റ്റർ മാമ്മൻമാപ്പിള ആ വിഷയത്തെ സംബന്ധിച്ചിടത്തോളം എന്നോടുയോജിക്കുന്നു എന്നു കാണുന്നതിൽ ഞാൻ അത്യന്തം സന്തോഷിക്കുന്നു.

മി. ഏ. കെ. പിള്ള (കരുനാഗപ്പള്ളി): സർ, ഞങ്ങൾക്കു അനുവദിച്ചിട്ടുള്ള സമയം ഏതുവരെയാണെന്നു അറിയുന്നതിൽ വിരോധമുണ്ടോ?

അദ്ധ്യക്ഷൻ: ഇപ്പോൾ അഞ്ചുമണിക്കാൻ ഏഴുമിനിട്ടുണ്ട്. അഞ്ചേമുക്കാലിന്നഞ്ചുമിനിട്ടു കഴിയുമ്പോൾ നമുക്കുപിരിയാം.

മി. ഏ. കെ. പിള്ള (കരുനാഗപ്പള്ളി): സർ, പബ്ലിക്കുസർവീസിൽ വർഗ്ഗീയപ്രാതിനിധ്യത്വം അംഗീകരിക്കണമെന്നുള്ള എന്റെ സ്നേഹിതന്മാരുടെ പ്രസ്താവനയോടു എനിക്കുയോജിക്കാൻ കഴിയാത്തതിൽ മനസ്താപിക്കുന്നു. മിസ്റ്റർ മാമ്മൻമാപ്പിള കുഞ്ഞിമാണിക്യംപോലെ പബ്ലിക്കുസർവീസ് തമ്മിൽ പകരുവാൻ സംസ്ഥാനത്തുള്ള അംഗങ്ങൾക്കു പങ്കിട്ടു എടുക്കാൻ കഴിയത്തക്ക ഒരു പ്രൈവറ്റ് പണ്ടം എന്നപോലെ കരുതുന്നു. അതുവല്ലാത്ത ഒരുതെററിദ്ധാരണയാണ് നാം ആദായദൃഷ്ടിയോടുകൂടിയാണ് ഈ വിഷയത്തെപ്പററിപ്പര്യാലോചിക്കുന്നതു. പൊതുജനസേവനംവേണ്ട ശ്രദ്ധിക്കുന്നില്ല.

മി. കെ. സി. മാമ്മൻമാപ്പിള (വാണിജ്യം വ്യവസായംവടക്കു): സർ, ഒരുവാക്കുപറഞ്ഞുകൊള്ളട്ടെ. മിസ്റ്റർ ലാമ്പാർഡു പറഞ്ഞപോലെ പ്രൈവററ് വസ്തുവിലുള്ള അവകാശത്തെപ്പററിമാത്രമേ ഞാൻ പറഞ്ഞുള്ളു. കൂടാതെ ഉദ്യോഗം അധികപ്പേരും അടിച്ചുതിട്ടാൻ പാടില്ലെന്നും ഞാൻ വീണ്ടും വീണ്ടും പറകയുണ്ടായി.

മി. ഏ. കെ. പിള്ള (കരുനാഗപ്പള്ളി): മിസ്റ്റർ മാമ്മൻമാപ്പിള ഇക്കാര്യത്തിൽ എന്നോടുയോജിക്കുന്നതിൽ ഞാൻ സന്തോഷിക്കുന്നു.

മി. കെ. സി. മാമ്മൻമാപ്പിള (വാണിജ്യം വ്യവസായംവടക്കു): ഞാൻ അദ്ദേഹത്തിന്റെ സിദ്ധാന്തങ്ങളോടും, അനുമാനങ്ങളോടും യോജിക്കുന്നില്ല.

മി. ഏ. കെ. പിള്ള (കരുനാഗപ്പള്ളി): പബ്ലിക്കുസർവീസ് ജനങ്ങളുടെ ഇടയിൽ വിതരണം ചെയ്യപ്പെടാവുന്ന പ്രൈവററ് സ്വത്താണെന്ന് കരുതപ്പെടുന്നതിലാണ് മുഴുവൻ തെററിദ്ധാരണയും ലീനമായിരിക്കുന്നതു്. പബ്ലിക്കുസർവീസിൽ നിർഭാഗ്യവശാൽ രാജ്യസേവനകൃത്യത്തിൽനിന്നും നിഷ്കർഷം പിൻവാങ്ങിയിരിക്കുന്നു. അതുവൈരഹേതുവായി തീർന്നിട്ടുണ്ട്. അതുവല്ലതുമറിഞ്ഞല്ലോ അപ്പക്കഷണമോ ഭക്ഷിക്കാൻവേണ്ടി ആളുകൾക്കു ചെന്നു തമ്മിലടിക്കുടാൻ തക്കഒരു തസ്ത്രാന്റെപാചകമുറി എന്നപോലെ കരുതപ്പെടുന്നു. സർ, ജനങ്ങൾക്കു ഈ മാതിരിയുള്ള മനോഭാവത്തിനു ഇടകൊടുത്തതിൽ ഞാനു ഗവൺമെന്റിനെ കുററപ്പെടുത്തുന്നു. ഗവൺമെന്റു ഇക്കാര്യത്തിൽ ശുഷ്കർണം നടത്തുകയാണുചെയ്യുന്നതു. മറെറല്ലാംതുല്യമാണെങ്കിൽ പ്രാതിനിധ്യം കുറഞ്ഞസമുദായത്തിലുൾപ്പെട്ട അംഗങ്ങൾക്കു പ്രത്യേകത അനുവദിക്കുന്നതാണെന്ന് മുൻദിവസം മിസ്റ്റർ ജോൺ പ്രസ്താവിച്ചതു വാസ്തവത്തിൽ അദ്ദേഹം തെററിപ്പറയുകയായിരുന്നു. അദ്ദേഹം ഇപ്രകാരമാണുപറഞ്ഞതു്.

"മറെറല്ലാം തുല്യമായിരിക്കെ, പ്രാതിനിധ്യം ഇല്ലാത്തതും പ്രാതിനിധ്യംകുറഞ്ഞതുമായ സമുദായങ്ങൾക്കു പ്രത്യേകത അനുവദിക്കുന്നതാണെന്നു ഗവൺമെന്റു പറയുമ്പോൾ പബ്ലിക്കുസർവീസ് നിയമനവിഷയങ്ങളിൽ ഏതെങ്കിലും ഖണ്ഡിതമായകണക്കു സ്വീകരിക്കുന്നതാണെന്ന് അവർ അർത്ഥമാക്കുന്നില്ല. കഴിവുള്ളിടത്തോളം ഈ അസമത്വങ്ങൾ പരിഹരിക്കുവാൻ ശ്രമിക്കുന്നതാണെന്നും ആയതിലേയ്ക്കുവേണ്ടി പബ്ലിക്കുസർവീസിൽ ശരിയായപ്രാതിനിധ്യമില്ലാത്ത സമുദായങ്ങൾക്ക് കൂടുതൽപ്രാതിനിധ്യം നൽകുന്നതാണെന്നും മാത്രമേ അവർ അതുകൊണ്ട് അർത്ഥമാക്കുന്നുള്ളു."

മറെറാരവസരത്തിൽ പ്രത്യേകതനൽകുന്നതു് അശക്യമാണെന്നു അദ്ദേഹം പ്രസ്താവിക്കയുണ്ടായി.

മി. ഏ. ജെ. ജോൺ (വൈക്കം): പ്രാതിനിധ്യമില്ലാത്ത സമുദായങ്ങളിലെ അംഗങ്ങൾ ജോലിക്കാര്യത്തിൽ ഏററവും സമർത്ഥന്മാരാണെന്നുകണ്ടാൽ അവർക്ക് പ്രത്യേകത നൽകുന്നതിൽ മെമ്പർക്ക് തടസ്സമുണ്ടോ?

മി. ഏ. കെ. പിള്ള (കരുനാഗപ്പള്ളി): ഞാൻ പബ്ലിക്കുസർവീസിനെപ്പററി പറയുമ്പോൾ, അവിടെ സാമുദായികപ്രശ്നമേ ഉണ്ടാകുന്നില്ല. കാര്യക്ഷമതയെമാത്രമേ ഞാൻ ഗണിക്കുന്നുള്ളു. സംസ്ഥാനത്തുനിന്നും നൽകപ്പെടുന്ന ശമ്പളത്തിനു രാജ്യത്തിനു ഉൽകൃഷ്ടമായസേവ ലഭിക്കണം. ഉദ്യോഗനിയമനത്തിനുള്ള അധികാരം എനിക്കു നൽകപ്പെട്ടിരുന്നുവെങ്കിൽ, ഞാൻ സമുദായവിഷയത്തിലേക്കു നോക്കുകയേ ഇല്ലായിരുന്നു. എന്നുമാത്രമല്ല, അപേക്ഷയിൽ ഉദ്യോഗാർത്ഥിയുടെ സാമുദായികമായ പേരു പ്രസ്താവിക്ക എന്നതു കുററകരമായി ഞാൻ കരുതിയേനേ.

മി. ഏ. ജെ. ജോൺ (വൈക്കം): എല്ലാ ഉദ്യോഗങ്ങൾക്കും ബ്രാഹ്മണർ ഏററവും കാര്യക്ഷമതയുള്ളവരായി കാണപ്പെടുന്നുവെന്നു വിചാരിക്കുക. എല്ലാ ഉദ്യോഗങ്ങൾക്കും ബ്രാഹ്മണർമാത്രം നിയമിക്കപ്പെടുന്നുവെങ്കിൽ മി. ഏ. കെ. പിള്ളയ്ക്കു വിരോധമില്ലേ?

മി. ഏ. കെ. പിള്ള (കരുനാഗപ്പള്ളി): നിശ്ചയമായുമില്ല. നാം നൽകുന്ന ശമ്പളത്തിനു രാജ്യത്തിനു ഏററവുംകൂടുതൽ സേവ ലഭിക്കണമെന്നുമാത്രമേ ഞാൻ വിചാരിക്കുന്നുള്ളുവെന്നു മുമ്പേതന്നെ പറയുകയുണ്ടായി. കുറഞ്ഞശമ്പളത്തിൽ കൂടുതൽ ജോലിചെയ്യാൻ ബ്രാഹ്മണർ തയ്യാറാണെങ്കിൽ നിശ്ചയമായും അവരുടെ അപേക്ഷയെ സ്വീകരിച്ചു അവരെ നിയമിക്കുവാൻ ഞാൻ തയാറാണ്.

മി. ഏ. ജെ. ജോൺ (വൈക്കം) ഇതു അദ്ദേഹത്തിന്റെ സ്വന്തഅഭിപ്രായമോ, അതോ തിരുവിതാംകൂർ പൊതുജനങ്ങളുടെ അഭിപ്രായമോ?

മി. ഏ. കെ. പിള്ള (കരുനാഗപ്പള്ളി): ഞാൻ എന്റെകാര്യത്തെപ്പററിയാണു പറയുന്നതു. മററുള്ളവരെപ്പററിയല്ല. പബ്ലിക്കുസർവീസ് ആദായകരമാണെന്നുള്ള ദൃഷ്ടിയോടെ ഒരിക്കലും നോക്കാൻ പാടില്ലെന്നാണ് ഞാൻപറയുന്നതു. നാം നൽകുന്ന ശമ്പളത്തിനു രാജ്യത്തിനു ശരിയായ സേവ ലഭിക്കണം, എന്നതിനുള്ള ഉപകരണമായിമാത്രമേ അതിനെ വിചാരിക്കാൻപാടുള്ളു.

മി. സി. പി. തോമസ് (നിയമിതസാമാജികൻ): തിരുവിതാംകൂറുകാരും വിദേശികളുംതമ്മിൽ മെമ്പർ എന്തെങ്കിലും വ്യത്യാസം വിചാരിക്കുന്നുണ്ടോ?

മി. ഏ. കെ. പിള്ള (കരുനാഗപ്പള്ളി): ഞാൻ യാതൊരുപ്രകാരത്തിലുള്ള ഭേദവും കല്പിക്കുന്നില്ല; ഞാൻ നൽകുന്ന ശമ്പളത്തിനു ശരിയായ സേവ എനിക്കു ലഭിക്കണം. അതിനുവേണ്ടി ലോകംമുഴുവനും വിളംബരം പ്രസിദ്ധപ്പെടുത്തുവാനും ഞാൻ ഒരുക്കമാണ്. സ്വരാജ്യസ്നേഹമുള്ള ഒരു ഗവൺമെന്റു അപ്രകാരം കുറഞ്ഞശമ്പളത്തിനു കൂടുതൽജോലിചെയ്യിട്ടാൽ മാത്രമേ നടത്തിക്കയുള്ളു. ഉദ്യോഗങ്ങൾ ഈ സമുദായത്തിനോ ആ സമുദായത്തിനോ, ഇന്നാൾക്കോ അന്യന്മാർക്കോ പങ്കിട്ടുകൊടുക്കയില്ലാ. ഈ നയം ഉപേക്ഷിച്ചു നടപ്പിൽവരുത്തുന്ന സ്വാർത്ഥചിന്തകന്മാരുടെ വശംവദനായ ഏതോ സ്വരാജ്യസ്നേഹമില്ലാത്ത ഒരുവനാണെന്നു എനിക്കു നിശ്ചയമുണ്ട്.

മി. കെ. സി. മാമ്മൻമാപ്പിള്ള (വാണിജ്യവും വ്യവസായവും വടക്ക): യൂറോപ്പിലെങ്കിലും മറെറവിടെങ്കിലുംരാജ്യത്തു ഇതു ശരിയായി നിർവഹിക്കുന്നുണ്ടോ എന്നു മി. ഏ. കെ. പിള്ളയ്ക്കു പറയാമോ?

മി. ഏ. കെ. പിള്ള (കരുനാഗപ്പള്ളി): സർ, ഞാൻ ഒരു പ്രായോഗികരാജ്യനീതിജ്ഞന്റെ നിലയിലാണ് സംസാരിക്കുന്നതു. ഞാൻ പറയുന്നതെന്തെന്നാൽ, കൂടുതൽ ജോലിചെയ്യണം, അതിനു ശമ്പളവും നൽകണം എന്നാണ്.

മി. എൻ. കുമാരൻ (നിയമിതസാമാജികൻ): ഉദ്യോഗനിയമനത്തിനുള്ള അധികാരം മി. ഏ. കെ. പിള്ളയ്ക്കു നൽകുന്നെന്നു വിചാരിക്കുക. അദ്ദേഹത്തിന്റെ പ്രമാണമനുസരിച്ചു അദ്ദേഹം എല്ലാ ഉദ്യോഗങ്ങളും സ്വന്തം സമുദായങ്ങൾക്കോ കുടുംബാംഗങ്ങൾക്കോ നൽകുന്നുവെന്നിരിക്കട്ടെ. അങ്ങിനെയാണെങ്കിൽ എന്തു സംഭവിക്കും

മി. ഏ. കെ. പിള്ള (കരുനാഗപ്പള്ളി): കഴിഞ്ഞുപോയ പരസ്പരവിശ്വാസത്തിന്റെ കുറവുകൊണ്ടും അന്യോന്യമുള്ള സംശയം ഹേതുവായിട്ടും ആകുന്നു മി. കുമാരനു ഉദ്യോഗനിയമനാധികാരം നൽകുന്നതായാൽ അദ്ദേഹം സ്വസമുദായനന്മയ്ക്കുവേണ്ടിമാത്രമേ അതു ഉപയോഗിക്കയുള്ളുവെന്നു ഞാൻ വിചാരിക്കുന്നതു. ആ അധികാരം എനിക്കു നൽകുന്നപക്ഷം ഞാൻ അതു എന്റെ സമുദായത്തിന്റെ നന്മയ്ക്കുമാത്രമേ ഉപയോഗിക്കയുള്ളായിരിക്കാം എന്നു അദ്ദേഹം പറയുന്നു. സർ, ആ വാദത്തെ സ്വീകരിക്കുവാൻ ഞാൻ തയാറില്ല. ഞാൻ ദേശഭക്തനായ ഒരുവനാണ്. രാജ്യത്തിന്റെ ശ്രേയസ്സിനെമാത്രമേ ഞാൻ ആഗ്രഹിക്കുന്നുള്ളു. ഞാൻ പറഞ്ഞപോലെ നാം കൊടുക്കുന്ന ശമ്പളത്തിനു സംസ്ഥാനത്തിനു ഏററവും കൂടുതൽ സേവ ലഭിക്കണം എന്നതാണ് എന്റെ ആഗ്രഹം. ഏതു സമുദായത്തിൽനിന്നാണ് ഉദ്യോഗസ്ഥന്മാരെ തെരഞ്ഞെടുക്കേണ്ടതു എന്നതിനെപ്പററി ഞാനത്ര കാര്യമായിക്കരുതുന്നില്ല. സാമുദായികദൃഷ്ടിയോടെ നാം ഇക്കാര്യത്തെ വീക്ഷിക്കുന്നു എന്നതാണ് എനിക്കു സങ്കടമായിത്തോന്നുന്നതു. അതുകൊണ്ടാണ്, ഈ സമുദായപ്രാതിനിധ്യസിദ്ധാന്തം തത്വത്തിലെങ്കിലും സ്വീകരിക്കുന്നപക്ഷം, ഞങ്ങൾ സാമുദായികനിലയിൽ നിന്നുകൊണ്ടു പ്രസ്തുതവിഷയത്തെ നോക്കുവാൻ ശ്രമിക്കാതിരിക്കയില്ലെന്നു ഞാൻ പറയുന്നതു.

മി. എം. ശിവതാണുപിള്ള (തോവാള): ഉദ്യോഗവിഷയങ്ങളിൽ യാതൊരുഭേദവുംകൂടാതെ എന്തെങ്കിലും പ്രത്യേകതകല്പിക്കുവാൻ മെമ്പർ ആശിക്കുന്നുവോ?

മി. ഏ. കെ. പിള്ള (കരുനാഗപ്പള്ളി): സർ, ചോദ്യങ്ങൾചോദിച്ചു സമയംകളഞ്ഞതിനു ഞാനുത്തരവാദിയാണോ? അങ്ങനെയാണെങ്കിൽ ഞാൻ വളരെ വ്യസനിക്കുന്നു.

അദ്ധ്യക്ഷൻ: ഞാൻ എന്റെ വാച്ചിന്റെ സൂചികൾ രണ്ടുമിനിട്ടു പിറകോട്ടു തിരിച്ചുവയ്ക്കുന്നു.

മി. ഏ. കെ. പിള്ള (കരുനാഗപ്പള്ളി): ഞാൻ പറയുന്നതെന്തെന്നാൽ ഗവൺമെന്റു ഈ പ്രമാണം അംഗീകരിക്കുടായെന്നാണ്. സമുദായപ്രാതിനിധ്യത്തെപ്പോലുള്ള ചോദ്യങ്ങളുത്ഭവിക്കുമ്പോൾ, ഈ സിവിൽ സർവീസിൽ ഇടമില്ലെന്നു ഗവൺമെന്റു സധൈര്യം, ഉച്ചസ്വരത്തിൽ ഉദ്ഘോഷിക്കണം. (കേൾപ്പിൻ, കേൾപ്പിൻ) വൈരം, മത്സരം എന്നിങ്ങനെയുള്ള വാദങ്ങൾതന്നെ അസംബന്ധമാണ്. സർവീസിൽപ്പെട്ട, മുന്തിരിങ്ങ, അപ്പക്കഷണം മുതലായവ തീരെ അസംബന്ധങ്ങളും അയോഗ്യങ്ങളുമാകുന്നു. അതു ആദ്ധ്യാപനമുള്ള ഒരു ജോലിയും, കഠിനവും മനസ്സാക്ഷിയോടുകൂടിയുള്ള പ്രവൃത്തിക്കു ഒരവസരവുമായിരിക്കണം. രാജ്യത്തിനുവേണ്ടി ചെയ്യപ്പെടുന്ന ജോലിക്കു അവനു പ്രതിഫലം നൽകണം, എന്നാൽ ആ പ്രതിഫലം അതിന്റെ മാർഗ്ഗത്തിൽ അപ്രസ്തുതമായ ഒന്നുമാത്രമേയുള്ളു. നമുക്കു രാജ്യസേവചെയ്യേണ്ടതായിട്ടുണ്ട്. അതൊരു നല്ല അവസരമാണ്. അതുകൾ ജോലിക്കു അപേക്ഷിക്കുമ്പോൾ ആ അനുഗ്രഹത്തെയോ ഈ അനുഗ്രഹത്തെയോ ഉദ്ദേശിച്ചുട്ടുതല്ല, സമർത്ഥരായ ആളുകളെ തെരഞ്ഞെടുക്കാനാണ് ഗവൺമെന്റു ജാഗ്രതപ്പെടേണ്ടതു. എത്രമാത്രം ശ്രദ്ധപ്പെടുന്നുവോ അത്രത്തോളം വിശപ്പും വർദ്ധിക്കുന്നു.

മി. ഏ. ജെ. ജാൺ (വൈക്കം): ഈ വിഷയത്തെസംബന്ധിച്ചുള്ള തിരുവിതാംകൂറിലെ പൊതുജനാഭിപ്രായത്തെപ്പററി മെമ്പർക്കു എന്തെങ്കിലും ജ്ഞാനമുണ്ടോ?

മി. ഏ. കെ. പിള്ള (കരുനാഗപ്പള്ളി): ഈ വിഷയത്തെക്കുറിച്ചുള്ള തീർപ്പിനു ഞാൻ പൊതുജനാഭിപ്രായത്തെപ്പററി കരുതുന്നില്ല. എനിക്കു അധികാരം തരുന്നപക്ഷം—സ്ഥാനാധികാരി ഞാനായിരുന്നുവെങ്കിൽ—മിണ്ടിപ്പോകരുതു എന്നു ഞാൻ പറഞ്ഞേക്കുന—ഞാനെന്റെ ധർമ്മം പ്രവർത്തിച്ചേക്കും. എന്റെ ധർമ്മം എന്താണെന്നു എനിക്കറിയാം. അതുകൊണ്ടാണ് ഞാൻ ഗവൺമെന്റിനോടു ധൈര്യം അവലംബിക്കയാൻ ആവശ്യപ്പെടുന്നതു. ഗവൺമെന്റു സ്വസ്ഥാനത്തെ സനിർദ്ധാവസ്ഥയിൽ വയ്ക്കുകയാണെങ്കിൽ—ഗവൺമെന്റു നിഷ്പക്ഷരവാദിത്വമായി വർത്തിക്കയാണെങ്കിൽ—ആ മൂലയിൽനിന്നും ഈ മൂലയിൽനിന്നും നിലവിളികളും ഉന്നയിക്കൊണ്ടിരിക്കും; പുതിയ വർഗ്ഗങ്ങൾ, പുതിയ സമുദായങ്ങൾ, പുതിയ ഉപവിഭാഗങ്ങൾ എന്നിവയും നിമിഷംപ്രതി വർദ്ധിച്ചുകൊണ്ടിരിക്കും. ഇക്കൂട്ടക്കാരുടെ എല്ലാം ആഗ്രഹസംപൂർത്തി വരുത്താൻ നമുക്കു കഴിയുകയില്ല. ദേശീയവിയോഗമല്ല, ദേശീയഐക്യത്തെയാണ് പുലർത്തുവാൻ നാം യത്നിക്കേണ്ടതു. നമുക്കിപ്പോൾതന്നെ ആവശ്യത്തിലധികം വർഗ്ഗങ്ങളുണ്ട്. ഇനിയും കൂടുതൽ വർഗ്ഗങ്ങളുളിച്ചുയരാൻ സമ്മതിക്കാൻ പാടില്ല. ഞാൻ പറയുന്നതു അതിന്റെ മതിലു ഒരു പൂർണ്ണ വിരാമം ഇടുകയുണമെന്നാണ്. സംസ്ഥാനത്തിലുള്ള നിലവിളിക്കാരായ കൂട്ടരെയെല്ലാം ഉപേക്ഷിപ്പെടുവാനു ഉദ്ദേശിക്കപ്പെടുന്ന യാതൊരു തത്വവും ഗവ

ങ്ങൾക്കു അംഗീകരിക്കാൻപാടില്ല. ആ ജോലിയും ഈ ജോലിയും കിട്ടാൻ അവർ അത്യാതുരരായിരിക്കും. എന്നാൽ യഥാർത്ഥ ജനതതിയാണ് രാഷ്ട്രത്തിന്റെ യഥാർത്ഥജീവൻ.

മി. എൻ. കുമാരൻ (നിയമിതസാമാജികൻ): ആ യഥാർത്ഥജനതതി ആരാകുന്നു എന്നറിയിക്കാമോ?

മി. ഏ. കെ. പിള്ള (കരുനാഗപ്പള്ളി): നിങ്ങൾതന്നെ നിങ്ങളുടെ മനസ്സാക്ഷിയോടു ആ ചോദ്യം ചോദിക്കു—ഉത്തരം ലഭിക്കും.

അതുകൊണ്ടു ഞാൻ ഗവൺമെന്റിനോടു ധൈര്യം അവലംബിക്കുവാൻ ആവശ്യപ്പെടുന്നു.

മി. എക്സ്. ജി. ചോപ്പസ്സ് (നിയമിതസാമാജികൻ): കൌൺസിലിന്റെ കഴിഞ്ഞ ഒരു യോഗത്തിൽ പബ്ലിക്ക് സർവന്റ്സ് പൊതുജനങ്ങളുടെ ദാസന്മാരല്ല, പൊതുജനങ്ങളുടെ യജമാനന്മാരാണ് എന്നു മെമ്പർ പറഞ്ഞതായി ഓർക്കുന്നുവോ?

മി. ഏ. കെ. പിള്ള (കരുനാഗപ്പള്ളി): എനിക്കു മെമ്പർ പറഞ്ഞതു ശരിയായി മനസ്സിലായില്ല.

മി. എക്സ്. ജി. ചോപ്പസ്സ് (നിയമിതസാമാജികൻ): കൌൺസിലിൽവച്ചു നടത്തിയ ഒരു പ്രസംഗത്തിൽ (ബഡ്ജറ്റു ചർച്ചയിൽ ആണെന്നു തോന്നുന്നു) പബ്ലിക്ക്സെർവന്റ്സ് പൊതുജനദാസന്മാരല്ലാ പൊതുജനങ്ങളുടെ യജമാനന്മാരാണ് എന്നു മെമ്പർ അഭിപ്രായപ്പെട്ടതായി ഓർക്കുന്നുവോ?

മി. ഏ. കെ. പിള്ള (കരുനാഗപ്പള്ളി): ഉവ്വ്. വേണ്ടതിനു നേരെ വിപരീതമായുള്ള ഇന്നത്തെ കാര്യനിലയെപ്പറ്റി ഞാൻ ആക്ഷേപിക്കയായിരുന്നു. ആ കാര്യങ്ങളെല്ലാം തകിടംമറിഞ്ഞു കണ്ടതുകൊണ്ടാണ്.

മി. എസ്. പിറവിപ്പെരുമാൾപിള്ള (വാണിജ്യവും വ്യവസായവും, തെക്കു): മിസ്റ്റർ ഏ. കെ. പിള്ള കാര്യങ്ങളെല്ലാം തകിടംമറിഞ്ഞുകിടക്കുന്നതായാണ് കാണുന്നതു എന്നാണോ ഞാൻ മനസ്സിലാക്കേണ്ടതു?

മി. ഏ. കെ. പിള്ള (കരുനാഗപ്പള്ളി): ഞാൻ പറയുന്നതെന്തെന്നാൽ ഉദ്യോഗനിയമനവിഷയത്തിൽ സാമുദായികപ്രശ്നം ഉണ്ടാകാൻപാടില്ലെന്നാണ്.

മി. എക്സ്. ജി. ചോപ്പസ്സ് (നിയമിതസാമാജികൻ): രാജ്യത്തിൽ ഉദ്യോഗസ്ഥന്മാർ യജമാനന്മാർ വേണമെന്ന് മെമ്പർ ആഗ്രഹിക്കുന്നുവോ? അദ്ദേഹത്തിന്റെ അഭിപ്രായപ്രകാരം പബ്ലിക്ക്സെർവന്റ്സ് എല്ലാം പൊതുജനങ്ങളുടെ യജമാനന്മാരാണല്ലോ?

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): സർ, എന്റെ കാര്യപദ്ധതിയിൽ സാമുദായികപ്രശ്നം ഉണ്ടാകുന്നതേ ഇല്ലെന്നു ഞാൻ വീണ്ടും വീണ്ടും ആവർത്തിച്ചുപറയുന്നു.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഏതെല്ലാം സമുദായം പബ്ലിക്കുസർവീസിനു യോഗ്യമാണെന്നു മെമ്പർ പ്രത്യേകമായി വിചാരിക്കുന്നുവോ?

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഇല്ല, ഞാൻ അപ്രകാരം ചെയ്യുന്നില്ല.

മി. കെ. ഐ. ജോസഫ് (മീനച്ചൽ, ദേവികുളം): തിരുവിതാംകൂറിലെ ഇന്നത്തെ സ്ഥിതിഗതികൾ മെമ്പറുടെ അഭിപ്രായങ്ങൾ പ്രയോഗികമാക്കിച്ചെയ്യുന്നതിനു യോജിക്കുന്നതാണെന്നു മെമ്പർ വിചാരിക്കുന്നുണ്ടോ?

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഉവ്വ്.

മി. കെ. ഐ. ജോസഫ് (മീനച്ചൽ, ദേവികുളം): ഇന്നത്തെ ഉദ്യോഗസ്ഥന്മാർ യാതൊരു വർഗ്ഗീയതത്വചിന്തകളും കൂടാതെയാണ് പ്രവർത്തിക്കുന്നതു എന്നു മെമ്പർ വിശ്വസിക്കുന്നുവോ?

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): നിശ്ചയമായിട്ടും വിശ്വസിക്കുന്നു. അതു ജനങ്ങൾക്കു പൊതുസ്ഥാപനങ്ങളിൽ സർവസാമാന്യമായ പ്രാതിനിധ്യം ലഭിക്കുന്നതിനാണ്. അവർ അപ്രകാരം ചെയ്യുന്നില്ലെങ്കിൽ അവർ ശിക്ഷിക്കപ്പെടട്ടെ.

മി. കെ. ഐ. ജോസഫ് (മീനച്ചൽ, ദേവികുളം): ഇപ്പോൾ അതു സാധ്യമാണോ എന്നു മെമ്പർക്കു പറയാമോ?

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): അതു സാധ്യമല്ലെങ്കിൽപോലും ഈ ഗവൺമെന്റസ്വത്തിനുവേണ്ടി ബഹളംകൂട്ടാതെ അതു സാധിതപ്രായമാക്കിത്തീർക്കേണ്ടതു നമ്മുടെ കടമയാകുന്നു.

മി. കെ. ഐ. ജോസഫ് (മീനച്ചൽ, ദേവികുളം): തിരുവിതാംകൂറിലെ ഇപ്പോഴത്തെ സ്ഥിതി അമ്മാതിരി ഒരു സംഗതിക്കു അനുകൂലമാണോ എന്നു മെമ്പർക്കു അറിയാമോ?

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഉവ്വ്. ഏതു കാലവും അതനുകൂലമാണ്. ഒരിക്കലും അതു മാറിപ്പോകുന്നതല്ല. വൈകിപ്പോയെങ്കിൽ ഒട്ടും സമയംകളയാതെ ഇപ്പോൾതന്നെ അതു പൂർത്തിയാക്കുവാൻ നമുക്കു മുമ്പിട്ടിറങ്ങാം.

മി. എ. ജെ. ജോൺ (വൈക്കം). തിരുവിതാംകൂറിൽ ഈ തത്വം സ്വീകരിച്ചിട്ടുള്ള ഏതെങ്കിലും ഡിപ്പാർട്ടുമെന്റുണ്ടോ?

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): യാതൊരു ഡിപ്പാർട്ടുമെന്റും അതു സ്വീകരിച്ചിട്ടില്ലെങ്കിൽ ഒരു തെററായ പ്രമാണം സ്വീകരിച്ചിരിക്കുന്നു.

മി. എ. ജെ. ജോൺ (വൈക്കം): അതു സ്വീകരിച്ചിട്ടുള്ള ഏതെങ്കിലും ഡിപ്പാർട്ടുമെന്റ മിസ്റ്റർ എ. കെ. പിള്ളക്കറിയാമോ?

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഡിപ്പാർട്ടുമെന്റുകൾ സ്വീകരിക്കുകയോ സ്വീകരിക്കാതിരിക്കയോ ചെയ്യട്ടെ. എന്നാൽ നാം ഇവിടെ അതിന്റെ ആശാസ്യതയെപ്പററിയാണ് ചിന്തിക്കുന്നതു.

മി. എ. ജെ. ജോൺ (വൈക്കം): ഏതെങ്കിലും പ്രത്യേകഡിപ്പാർട്ടുമെന്റിന്റെ പേരു പറയാൻ മിസ്റ്റർ എ. കെ. പിള്ളയ്ക്കു പറയാമോ?

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഡിപ്പാർട്ടുമെന്റുകൾ എന്താണ് ചെയ്യുന്നതു എന്നതിനെപ്പററിയല്ലാ ഞാൻ ഇവിടെ വാദിക്കുന്നതു. ഇപ്രകാരമാണ് ഗവൺമെന്റു കാര്യങ്ങൾ നടത്തേണ്ടതെന്നും നാമെല്ലാവരും ഏകാഭിപ്രായപൂർവ്വം പ്രവർത്തിക്കേണ്ടതെന്നുമാണു ഞാൻ പറയുന്നതു.

മി. തരിയതു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ, തൊടുപുഴ): ഇപ്പോഠം പബ്ലിക്കസർവീസിൽ ഉദ്യോഗനിയമനംനടത്തുന്നതു യോഗ്യതയെമാത്രം നോക്കിയാണോ, അതല്ല നിയമനാധികാരമുള്ള ഉദ്യോഗസ്ഥന്മാരുടെ സ്വജാതിക്കാരാണെന്നും ചാർച്ചക്കാരാണെന്നുമുള്ള സൌജന്യംകൊണ്ടാണോ?

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): അതു ഞാൻ പറഞ്ഞുകഴിഞ്ഞു. ഉദ്യോഗസ്ഥന്മാരുടെ നിയമനം എന്നുമാത്രമല്ല, രാജ്യഭരണസംബന്ധമായ പല സംഗതികളിലും ഗവൺമെൻറുദ്യോഗസ്ഥന്മാർ ചെയ്തുവരുന്ന അഴിമതികളെ നേരെയാക്കുന്നതിനുള്ള മാർഗ്ഗങ്ങളെ നോക്കുകയല്ല വേണ്ടതു, അവയെ കഴിയുന്നതു വേരോടെ പറിച്ചുകളയുകയാണു വേണ്ടതു്. അതിലേക്ക മിസ്റ്റർ കുഞ്ഞിത്തൊമ്മൻെറ പ്രമേയം അനുകൂലിക്കുന്നില്ല.

മി. തരിയതു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ, തൊടുപുഴ): അതിനു ഇപ്പോഴത്തെ സമ്പ്രദായം തുടർന്നുകൊണ്ടുപോവുകയാണോ നല്ലതു്?

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): അല്ല, ഇപ്പോഴത്തെ സമ്പ്രദായം നിറുത്തണമെന്നാണു എൻെറ അഭിപ്രായം. ഒരുകാലത്തു ബ്രാഹ്മണരോ നായന്മാരോ വർഗ്ഗീയ പക്ഷപാതം കാണിച്ചിരുന്നിരിക്കാം. മി. കുഞ്ഞിത്തൊമ്മനെ ഞാൻ ദ്രോഹിച്ചിട്ടുണ്ടെങ്കിൽ അതിനുപകരം എന്നെയും ദ്രോഹിച്ചതിനുശേഷം യോജിക്കണമെന്നില്ലല്ലോ?

മി. തരിയതു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ, തൊടുപുഴ): ധാരാളം പ്രാതിനിധ്യമുള്ളവർ പക്ഷപാതം കാണിച്ചതിനെ പരിഹരിക്കുവാൻ പ്രാതിനിധ്യമില്ലാത്തവർക്ക ഉദ്യോഗംനൽകുകയല്ലേ നല്ലതു്?

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): അല്ല. ഇനിമേലാൽ അങ്ങനെയുള്ള പക്ഷപാതം കാണിക്കാതിരിക്കുന്നതിനുള്ള വഴിവേണം നോക്കാൻ.

മി. തരിയതു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ, തൊടുപുഴ): പ്രാതിനിധ്യം ഇല്ലാത്തവർക്കുകൂടി കുറെ പ്രാതിനിധ്യം കൊടുക്കയല്ലേ ഉത്തമം?

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): അല്ല.

മി. തരിയതു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ, തൊടുപുഴ): എല്ലാ വർഗ്ഗക്കാർക്കും പ്രാതിനിധ്യംകൊടുക്കാതെ ഈ അഴിമതിയെ നിറുത്തുന്നതിനു വല്ല വഴിയും നിർദ്ദേശിച്ചിട്ടുണ്ടോ?

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഉണ്ട്. പ്രായപൂർത്തിവന്നിട്ടുള്ള എല്ലാ ആളുകൾക്കും വോട്ടവകാശം വേണമെന്നു ഒരു പ്രമേയം അയച്ചിട്ടുണ്ട്.

അദ്ധ്യക്ഷൻ: ഇപ്പോഠം നമുക്ക പിരിയാം. നാളെ പതിനൊന്നര മണിക്ക വീണ്ടും കൂടാം.

അഞ്ചടിച്ചു പതിനഞ്ചു മിനിട്ടായപ്പോഠം കൌൺസിൽ പിരിഞ്ഞു.

റ്റി. പി. രാമസുബ്ബയ്യർ,
നിയമസഭാസെക്രിട്ടറി.

(true translation.)

T. Ramálingam Pillai,
Head Translator to Government.

തിരുവിതാംകൂർ നിയമസഭ.

രണ്ടാമത്തെ സഭ.

൧൧൧൫-ലെ ആദ്യ സമ്മേളനം.

(അഫിഷ്യൽ റിപ്പോർട്ട്).

൧൯൪൦ ഏപ്രിൽ ൨൦-ാംനു/൧൧൧൫ മേടം ൮-ാംനു ശനിയാഴ്ച.

ദിവാൻ എം. ഇ. വാട്സ് എസ്ക്വയർ ബി. എ., ബാരിസ്റ്റർ അററ്ലായുടെ അദ്ധ്യക്ഷതയിൽ സഭ ൧൧ മണിക്കുകൂടി. താഴെപ്പറയുന്ന അംഗങ്ങൾ ഒഴിച്ചു മററെല്ലാവരും ഹാജരുണ്ടായിരുന്നു. മി. എൻ. വി. ജോസഫ്; മി. ടി. ജെ. മാത്യു; മി. ഡബ്ലിയു. എച്ച്. പിററ്.

ചോദ്യോത്തരങ്ങൾ.

പ്രജാസഭാനിവേദനങ്ങൾ.

൨൩൧. മി. പി. ഹബീബ്മഹമ്മദ് (നിയമിക്കപ്പെട്ട സഭാംഗം) ശ്രീമൂലംപ്രജാസഭയുടെ ൨൨-ാമത്തെ സമ്മേളനത്തിൽ മി. എം. കെ. അബ്ദുർറഹിമാൻകുട്ടി ചെയ്ത നിവേദനങ്ങളെ സംബന്ധിച്ചു എന്തു നടപടികൾ നടത്തിട്ടുണ്ടെന്നു ഗവർമെൻറു സദയം പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമെൻറ്സെക്രട്ടറി): മി. അബ്ദുർറഹിമാൻകുട്ടി പ്രജാസഭയുടെ ൨൨-ാമത്തെ സമ്മേളനത്തിൽ പ്രസ്താവിച്ച പലസംഗതികളും സഭയിൽവെച്ചുതന്നെ തീരുമാനിച്ചിട്ടുള്ളതാകുന്നു. ശേഷംസംഗതികളെ സംബന്ധിച്ചുള്ള *ഒരു പട്ടിക മേശമേൽ വെച്ചിട്ടുണ്ട്.

കോതമംഗലംആററിൽ പാലംപണിയിക്കുക.

൨൩൨. മി. ചെറിയതു കുഞ്ഞിത്തൊമ്മൻ (തൊടുപുഴയും മൂവാററുപുഴയും):

(എ) ബഡ്ജററിൽ അനുവദിച്ചിട്ടുള്ള കോതമംഗലം വാഴക്കുളംറോഡിൽ കോതമംഗലംആററിൽപാലം പണിയിക്കുന്നതിനും തൃക്കാരിയൂർ തട്ടേക്കാട്ട പാറപ്പുറത്തു നെട്ടയംകോട്ട ഈ റോട്ടുകൾ വെട്ടിക്കുന്നതിനും അടങ്കലുകൾ തയാറാക്കി അയയ്ക്കാൻ ചീഫ്എൻജിനീയരോടു ആവശ്യപ്പെട്ടിട്ടുണ്ടോ എന്നും,

(ബി) ഉണ്ടെങ്കിൽ എപ്പോഴാണ് ആവശ്യപ്പെട്ടിട്ടുള്ളതു എന്നും,

(സി) എസ്റ്റിമേററുകൾ ഗവർമെൻറിനു കിട്ടിയിട്ടുണ്ടോഎന്നും,

(ഡി) ഇല്ലെങ്കിൽ അവ ഉടൻ സമർപ്പിക്കാൻ ഉത്തരവാകുമോഎന്നും,

ഗവർമെൻറു സദയം പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമെൻറ്സെക്രട്ടറി).

(എ) ഉണ്ട്.

(ബി) ൧൧൧൫-ൽ ആദ്യം.

(സി) ഇല്ല.

(ഡി) അടങ്കലുകൾ തയാറാക്കിവരുന്നു എന്നു റിപ്പോർട്ടുചെയ്തിട്ടുണ്ട്.

കൊപ്രായുടേയും കയറിൻേറയും വില.

൨൩൩. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്):

(എ) കഴിഞ്ഞ ഒരുകൊല്ലത്തിനിടയ്ക്കു കൊപ്രായുടേയും കയറിൻേറയുംവിലയ്ക്കു വന്നിട്ടുള്ളഇടിവു ഗവർമെൻറിനു അറിയാമോ എന്നും,

(ബി) ഒന്നാംഭാഗത്തിനു ഉത്തരം അറിയാംഎന്നാണെങ്കിൽ ഈ വിലക്കുറവിനുള്ള കാരണംഎന്താണെന്നു അന്വേഷിച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ അവ എന്താണെന്നും,

(സി) അവയുടെ നിവാരണത്തിനായി എന്തെങ്കിലും പ്രവർത്തിക്കയോ പ്രവർത്തിക്കുന്നതിനായി വിചാരിക്കയോ ചെയ്തിട്ടുണ്ടോഎന്നും,

ഗവർമെൻറു ദയവായി പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമെൻറ് സെക്രട്ടറി):

(എ) അറിയാം.

(ബി) ഗവർമെൻറു യാതൊരന്വേഷണങ്ങളും നടത്തിയിട്ടില്ല. ഈ സ്ഥലത്തു അന്വേഷണങ്ങൾനടത്തുന്നതുകൊണ്ടു യാതൊരുപ്രയോജനവുമുണ്ടാകയില്ല അന്യരാജ്യങ്ങളിലെ ആവശ്യത്തിൻേറയും ചിലവിൻേറയും കൂടുതൽകുറവനുസരിച്ചാണു കൊപ്രായുടേയും കയറിൻേറയും വിലനിരിക്കുന്നതു. ഈ വിലക്കുറവിൻെറ കാരണങ്ങൾ വേണ്ടവിധം അന്വേഷിച്ചു ശരിയായി കണ്ടുപിടിക്കുന്നതിനു തിരുവിതാംകൂറിലെ ഏജൻറന്മാർ അന്യരാജ്യങ്ങളിൽഇല്ല.

(സി) 'ബി'ഭാഗം ഉത്തരത്തിൽ വിവരിച്ചിട്ടുള്ള സംഗതികൾമൂലം ഗവർമെൻറു തൽക്കാലം യാതൊരുനടപടിയുംനടത്താൻ ആലോചിക്കുന്നില്ല.

ഏററുമതിച്ചുങ്കം പിരിക്കുന്നതിനുള്ള താരിപ്പുവില കൊപ്രയുടെ വിലക്കുറവനുസരിച്ചു ഹൺട്രഡ്വെയററ് ഒന്നുക്കു ൨൨ക. ൮ണ. യിൽനിന്നും ൧൭ക. യാക്കി ഗവർമെൻറു കുറവുചെയ്തിട്ടുണ്ട്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ബി. സി. ഭാഗങ്ങൾക്കുള്ള ഉത്തരത്തെ സംബന്ധിച്ചിടത്തോളം കൊപ്രയുടേയും കയറിൻേറയും വിലക്കുറവു് തിരുവിതാംകൂർ നിവാസികളുടെ ജീവനെ സ്പർശിക്കുന്ന ഒന്നാകുന്നു എന്നു മെംബർ ധരിച്ചിട്ടുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമെൻറ്സെക്രട്ടറി): ഞാനതു ധരിച്ചിട്ടില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): നാളികേരത്തിൻേറയും കയറിൻേറയും വിലക്കുറവു

*അനുബന്ധം I നോക്കുക.

ട്ടാരോതാലൂക്കിലേയും കൈത്തൊഴിലുകളെ ബാധിച്ചിട്ടുണ്ടെന്നുള്ള വിവരം ഗവർമെന്റിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ എന്നു മെംബർ പറയുമോ?

മി. ററി. പി. രാമസുബ്ബയ്യർ (ഗവർമെന്റുസെക്രട്ടറി):

ഉണ്ട്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): നാളികേരത്തിന്റെ വിലക്കുറവ് കയറിലും കൊപ്രായിലും വ്യവസായം നടത്തുന്ന താലൂക്കുകളെ ബാധിക്കുമോ എന്നറിഞ്ഞാൽകൊള്ളാം.

മി. ററി. പി. രാമസുബ്ബയ്യർ (ഗവർമെന്റുസെക്രട്ടറി): അങ്ങിനെ ബാധിച്ചേക്കാം.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈക്കാര്യത്തിൽ ചില അന്വേഷണങ്ങൾ നടത്തേണ്ടതു ഏറ്റവും അത്യാവശ്യമാണെന്നു ഗവർമെന്റു വിചാരിക്കുന്നുണ്ടോ എന്ന് സദയം പറയുമോ?

മി. ററി. പി. രാമസുബ്ബയ്യർ (ഗവർമെന്റുസെക്രട്ടറി): എന്തിനെപ്പററി?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): കയറിന്റെയും കൊപ്രായുടേയും വിലയിലുള്ള ഇടിവിനെക്കുറിച്ചു.

മി. ററി. പി. രാമസുബ്ബയ്യർ (ഗവർമെന്റുസെക്രട്ടറി): അതു അസാദ്ധ്യമാണെന്നു അപ്പോൾതന്നെ ഉത്തരം പറഞ്ഞുവല്ലോ.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇതുകൊണ്ടു മനസ്സിലാകുന്നതു അന്വേഷണം നടത്താൻ ഗവർമെന്റു വിചാരിക്കുന്നില്ലെന്നാണ്.

മി. ററി. പി. രാമസുബ്ബയ്യർ (ഗവർമെന്റുസെക്രട്ടറി): ബി. ഭാഗത്തിന്റെ ഉത്തരത്തിൽ പറയുന്നകാരണങ്ങളാൽ.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഒരു അന്വേഷണം നടത്തേണ്ടതിലേക്കു ഈ ചോദ്യത്തിന്റെ ഗൌരവം ഗവർമെന്റിന്റെ ദൃഷ്ടിയിൽപ്പെട്ടിട്ടുണ്ടോ എന്നു അറിയേണ്ടതുകൊണ്ടാണു ഞാൻ ചോദിക്കുന്നതു.

മി. ററി. പി. രാമസുബ്ബയ്യർ (ഗവർമെന്റുസെക്രട്ടറി): സംഗതികൾ ഏതുതരത്തിൽ ഇരുന്നാലും ബി. ഭാഗം ഉത്തരത്തിൽ പറഞ്ഞ കാരണങ്ങളാൽ ഒരന്വേഷണം നടത്തുന്നതു നിഷ്പ്രയോജനമാണ്. കൊപ്രായുടേയും കയറിന്റെയും വില മററുരാജ്യത്തുള്ള കമ്പോളങ്ങളുടെ സ്ഥിതിഗതികളെ ആശ്രയിച്ചാണിരിക്കുന്നതു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ വിലക്കുറവുനിമിത്തം ജനങ്ങൾ ബുദ്ധിമുട്ടുന്നതിനാലും അന്യകമ്പോളങ്ങളുടെ സ്ഥിതിഗതികളെ മേലാപ്പെടുത്തത്തക്ക മററു പുതിയവിക്രയം ഇല്ലയോ എന്നറിയുന്നതിലേക്കു ഒരന്വേഷണം നടത്തുന്നതു ആശാസ്യമായിട്ടുള്ളതല്ലയോ?

മി. ററി. പി. രാമസുബ്ബയ്യർ (ഗവർമെന്റുസെക്രട്ടറി): മെംബർ മററെന്തെങ്കിലും ഒരു പദ്ധതി ചൂണ്ടിക്കാണിച്ചുതന്നാൽ അതിനെപ്പററി പര്യാലോചിക്കുന്നതാണ്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): കമ്പോളനിരക്കിൽ കൂടുതലാണ് താരിപ്പുവില എന്നുള്ളവിവരം മെംബറിനു അറിയാമോ?

മി. ററി. പി. രാമസുബ്ബയ്യർ (ഗവർമെന്റുസെക്രട്ടറി): ആയിരിക്കാം.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സി. ഭാഗത്തിനുള്ള ഉത്തരംസംബന്ധിച്ചിടത്തോളം കൊപ്രായുടെ താരിപ്പുവിലയിൽ ഈയിടെ വരുത്തിയകുറവിന്റെ ഫലം നാട്ടിൽ ഉടമസ്ഥന്മാർക്കു വിപരീതമാണോ എന്നു ദയവായി പറയുമോ?

മി. ററി. പി. രാമസുബ്ബയ്യർ (ഗവർമെന്റുസെക്രട്ടറി): ആയിരിക്കാം. വളരെ കുറച്ചുമാത്രം.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ താരിപ്പുനിരക്കു കൊപ്രായുടെ വിലയേയും ബാധിച്ചിട്ടില്ലെന്നു ഗവർമെന്റു വിചാരിക്കുന്നുണ്ടോ എന്നു സദയംപറയുമോ?

മി. ഒ. പി. രാമസുബ്ബയ്യർ (ഗവർമെന്റു സെക്രട്ടറി): ഞാൻ മുമ്പുതന്നെ പറഞ്ഞപോലെ, കൊപ്രായുടെ വില അന്യനാട്ടു കമ്പോളങ്ങളുടെ സ്ഥിതിക്കനുസരണമായി മാറിക്കൊണ്ടിരിക്കുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): യാതൊരന്വേഷണങ്ങളും നടത്തീട്ടില്ലെന്ന മറുപടിയിൽ പറഞ്ഞിട്ടുണ്ട്. എന്നാൽഎനിക്കറിയേണ്ടതു് ഒരന്വേഷണം നടത്താൻ സാധിക്കയില്ലയോ എന്നാണ്.

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമെന്റു സെക്രട്ടറി): ബി ഭാഗത്തെ മറുപടിയിൽ പറഞ്ഞ കാരണങ്ങളാൽ യാതൊരന്വേഷണങ്ങളും ആവശ്യമില്ലെന്നു മുമ്പുതന്നെ പറഞ്ഞുകഴിഞ്ഞുവല്ലോ.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): കഴിഞ്ഞ ഒന്നരകൊല്ലമായിട്ടു കൊപ്രായുടേയും കയറിന്റെയും വിലയിൽ വന്നിട്ടുള്ള ഇടിവു സ്ഥിരമായിതന്നെ നിൽക്കുന്നതുകൊണ്ടു അതിനു എന്തെങ്കിലും ചില പരിഹാരം ഉണ്ടാക്കേണ്ടതു അത്യന്താപേക്ഷിതമാണ് എന്നുള്ള അഭിപ്രായത്തെക്കുറിച്ചു ഗവർമെന്റു പര്യാലോചിക്കുമോ എന്നറിഞ്ഞാൽകൊള്ളാം.

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമെന്റു സെക്രട്ടറി): മെംബറുടെ അന്തർഗ്ഗതം എന്താണെന്നു സൂക്ഷ്മമായി പറയുന്നതായാൽ അതിനെക്കുറിച്ചു വിചിന്തനംചെയ്യുന്നതാണ്.

നാളികേരത്തിന്റെയും അതുസംബന്ധിച്ച മററു സാമാനങ്ങളുടേയും വിലക്കുറവ്.

[illegible]. മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): (എ) കഴിഞ്ഞ അനേകമാസക്കാലമായി തെങ്ങിൽനിന്നുണ്ടാകുന്ന സാധനങ്ങൾക്കു നിരന്തരമായിവന്നിട്ടുള്ള വിലക്കുറവിന്റെ കാരണങ്ങൾ എന്താണെന്നു ഗവർമെന്റു ദയവായി പറയുമോ?

(ബി) ഈ വിലക്കുറവുനിമിത്തം രാജ്യമൊട്ടുക്കു ബുദ്ധിമുട്ടും സങ്കടവും വ്യാപിച്ചിട്ടുണ്ടെന്നു ഗവർമെന്റിനു അറിയാമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമെന്റു സെക്രട്ടറി): (എ) മെംബർ മി. കെ. പി. നീലകണ്ഠപ്പിള്ളയുടെ ൨൩-ാംനമ്പർ ചോദ്യത്തിന്റെ ബി. ഭാഗത്തിനുള്ളമറുപടി നോക്കുക.

(൨) വിലയിലുള്ള ഈ കുറവു തെങ്ങുകൃഷിക്കാർക്കും കച്ചവടക്കാർക്കും കുറെ ബുദ്ധിമുട്ടുകൾക്കു ഇടയാക്കീട്ടുണ്ട്.

ചങ്ങനാശേരി നഗരസഭയിലെ ശുചീകരണം.

൨൬൭. മി. ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): (൧) ചങ്ങനാശേരി ചന്തയിലെ ശുചീകരണത്തെപ്പറ്റി ചങ്ങനാശേരി നഗരസഭയുടേയും സാനിട്ടറി കമ്മീഷണരുടേയും റിപ്പോർട്ടുകൾ കിട്ടിയിട്ടുണ്ടോ എന്നു ഗവർമെണ്ടു സദയം പറയുമോ?

(൨) ഒന്നാംഭാഗത്തിനുള്ള ഉത്തരം കിട്ടിയിട്ടുണ്ട് എന്നാണെങ്കിൽ ഗവർമെണ്ടു ദയവായി ആ റിപ്പോർട്ടുകൾ മേശമേൽ വെയ്ക്കുമോ?

മി. റ്റി. പി. രാമസുബ്ബയ്യർ (ഗവർമെണ്ടു സെക്രട്ടറി): (൧) ഉണ്ട്.

(൨) റിപ്പോർട്ടിന്റെ പകർപ്പുകൾ മേശമേൽ വെച്ചിരിക്കുന്നു.

ചങ്ങനാശേരി ചന്തയിൽ മലംമാറുന്ന ഏർപ്പാട് നടപ്പാക്കുക.

൨൬൮. മി. ചങ്ങനാശേരി കെ. പരമേശ്വരൻപിള്ള (കൊല്ലം): (൧) ചങ്ങനാശേരി ചന്തയിൽ നിർബന്ധിതമായി മലംമാറുന്ന ഏർപ്പാടു നടപ്പാക്കുന്നതിനെക്കുറിച്ചു മുൻസിപ്പൽ കൌൺസിൽ ഒരു സബ് കമ്മിറ്റി നിയമിച്ചപ്പോൾ ആ കമ്മിറ്റി എന്തെങ്കിലും റിപ്പോർട്ടു സമർപ്പിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ ആ റിപ്പോർട്ടിനെ പുരസ്കരിച്ചു മുൻസിപ്പാലിറ്റി എന്തുനടപടി നടത്തിയിട്ടുണ്ടെന്നു ഗവർമെണ്ടു ദയവായി പറയുമോ?

(൨) സബ് കമ്മിറ്റിയുടെ റിപ്പോർട്ടു സദയം മേശമേൽ വെയ്ക്കുമോ?

(൩) സബ് കമ്മിറ്റി ഒരു റിപ്പോർട്ടും അയച്ചിട്ടില്ലെങ്കിൽ അതു എന്തുകൊണ്ടാണെന്നു ഗവർമെണ്ടു ദയവായി പറയുമോ?

മി. റ്റി. പി. രാമസുബ്ബയ്യർ (ഗവർമെണ്ടു സെക്രട്ടറി): (൧) ൧൧-൨-൧൧൨൦-ൽ ഏർപ്പെടുത്തിയ സബ് കമ്മിറ്റി ഉടൻതന്നെ ചന്തസ്ഥലം നഗരത്തിനകത്തുള്ള സ്ഥലങ്ങളിൽ മലംമാറുന്ന ഏർപ്പാടു നടപ്പാക്കുന്നതിനു ശുപാർശചെയ്തിട്ടുണ്ട്.

മുൻസിപ്പൽ റഗുലേഷൻ നൂറ-ാംവകുപ്പനുസരിച്ചു അതിന്റെ ഏർപ്പെടുത്തലിനു വേണ്ടനടപടികൾ കൌൺസിൽ നടത്തിവരുന്നുണ്ട്.

(൨) ചങ്ങനാശേരി മുൻസിപ്പൽ കൌൺസിൽ പ്രസിഡന്റു അയച്ചുതന്ന, സബ് കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ ഒരു പകർപ്പു മേശമേൽവെച്ചിരിക്കുന്നു.

(൩) ഒന്നാംഭാഗത്തിന്റെ ഉത്തരംകൊണ്ടു ഈ ചോദ്യത്തിനു ആവശ്യമില്ല.

ഉയർന്ന പരീക്ഷായോഗ്യതകളോടുകൂടിയ സ്ത്രീകളുടെ അപേക്ഷകളും അവരുടെ നിയമനവും.

൨൬൯. മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ൧൧൨൦ കുംഭംവരെയുള്ള പന്ത്രണ്ടുമാസക്കാലത്തിനിടയ്ക്കു മലയാളം മുഖ്യപരീക്ഷ ജയിച്ച സ്ത്രീകളുടെ അടുക്കൽനിന്നും എത്ര അപേക്ഷകൾ കിട്ടിയിട്ടുണ്ടെന്നും അതിൽ എത്രപേരെ നിയമിച്ചിട്ടുണ്ടെന്നും, കൂടാതെ താഴ്ന്നപരീക്ഷകൾ ജയിച്ചിട്ടുള്ള എത്രസ്ത്രീകളെ ഈ കാലത്തിനിടയ്ക്കു നിയമിച്ചിട്ടുണ്ടെന്നും ഗവർമെണ്ടു സദയംപറയുമോ?

മി. കെ. ജോർജ് (ഗവർമെണ്ടു ചീഫ്സെക്രട്ടറി): വിദ്യാഭ്യാസവകുപ്പിൽ കിട്ടീട്ടുള്ള അപേക്ഷകളെ ഉദ്ദേശിച്ചാണ് മെമ്പർ ചോദിക്കുന്നതെങ്കിൽ ൧൭ അപേക്ഷകൾ വന്നിട്ടുണ്ട്. ആ അപേക്ഷകരിൽ ആരേയും നിയമിച്ചിട്ടില്ല. എന്നാൽ മുൻപറഞ്ഞ കാലത്തിനിടയ്ക്കു മലയാളം മുഖ്യപരീക്ഷ ജയിച്ച ൧൭ സ്ത്രീകളെ നിയമിച്ചിട്ടുണ്ട്. അവർ മുന്നാണ്ടിലെ അപേക്ഷകരാണ്. ഈ ക്ലിപ്തകാലത്തിനിടയ്ക്കു നിയമിക്കപ്പെട്ടിട്ടുള്ള മലയാളം സ്കൂൾഫൈനൽ പരീക്ഷ ജയിച്ച സ്ത്രീകളുടെ എണ്ണം ൨൭ ആണ്.

ദുർഗ്ഗുണപരിഹാരപാഠശാലയിൽ തയ്യലും കൃഷിയും പഠിപ്പിക്കൽ.

൨൭൦. മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ദുർഗ്ഗുണപരിഹാരപാഠശാല സൂപ്രണ്ടിന്റെ അടുക്കൽനിന്നും അവിടെതാമസിക്കുന്നവരെ തയ്യലും കൃഷിയും പഠിപ്പിക്കുന്നതു നിർത്തണം എന്നു നിർദ്ദേശങ്ങൾ ഗവർമെണ്ടിലേക്കു വന്നിട്ടുണ്ടോ എന്നു ദയവായി പറയുമോ?

(൨) ഇവ ഏർപ്പെടുത്തുന്നതിനുള്ള കാരണങ്ങൾ എന്തായിരുന്നു? ഇപ്പോൾ നിർത്തണമെന്നു പറയാൻ കാരണമെന്തു?

മി. കെ. ജോർജ് (ഗവർമെണ്ടു ചീഫ്സെക്രട്ടറി): (൧) ഇല്ല. തയ്യലും കൃഷിയും പഠിപ്പിക്കൽ ഏർപ്പെടുത്തിയതു അതുമാതിരിയുള്ള പഠിത്തം, കുട്ടികളെ ദുർഗ്ഗുണപരിഹാരപാഠശാലവിട്ടതിനുശേഷം, അവരുടെ ഭാവിജീവിതത്തിലേക്കു തയാറാക്കിവിടുന്നതിനു ഉപയോഗപ്രദമായിരിക്കുമെന്നുകണ്ടിട്ടാണ്.

(൨) ഒന്നാംഭാഗത്തിന്റെ മറുപടി നോക്കുമ്പോൾ ഈ ചോദ്യം ഉത്ഭവിക്കുന്നില്ല.

പെൺകുട്ടികൾക്കുള്ള പ്രൈമറി സ്കൂളുകളിൽ പാട്ടുപഠിപ്പിക്കൽ.

൨൭൧. മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): (൧) പ്രൈമറിസ്കൂളുകളിൽ സംഗീതം പഠിപ്പിക്കുന്നതിനു ഭാഗവതരന്മാരെ നിയമിക്കേണ്ട ആവശ്യകതയെ പള്ളിക്കൂടം ഇൻസ്പെക്ട്രസ് ഗവർമെണ്ടിനെ ധരിപ്പിച്ചിട്ടുണ്ടോ?

(൨) ഉണ്ടെങ്കിൽ ആ അഭിപ്രായത്തെപ്പറ്റി ഗവർമെണ്ടു ആലോചിച്ചിട്ടുണ്ടോ എന്നു സദയംപറയുമോ?

(൩) അങ്ങനെ ആലോചിച്ചിട്ടുണ്ടെങ്കിൽ പ്രൈമറിസ്കൂളുകളിൽ കാലതാമസംകൂടാതെ വീണ്ടും സംഗീതം അഭ്യസിപ്പിക്കുന്നതിനു വേണ്ട നടപടികൾ നടത്തുമോ?

മി. കെ. ജോർജ് (ഗവർമെണ്ടു ചീഫ്സെക്രട്ടറി): (൧) എല്ലാ പ്രൈമറി ഗേൾസ്കൂളുകളിലും ഭാഗവതർമാരെ നിയമിക്കുന്നതിനു വിദ്യാഭ്യാസ ഡയറക്ടരുടെ അടുക്കൽ പെൺപള്ളിക്കൂടം ഇൻസ്പെക്ട്രസ് നിർദ്ദേശങ്ങൾ പ്രകടിപ്പിച്ചിട്ടുണ്ട്. ആ നിർദ്ദേശങ്ങൾ ഇതുവരെ ഗവർമെണ്ടിൽ കിട്ടിയിട്ടില്ല.

(൨-ം ൩-ം) ൧-ാംഭാഗത്തിന്റെ ഉത്തരംകൊണ്ടു ഈ ചോദ്യങ്ങൾ സംഗതമല്ല.

അനുബന്ധം II എ-യും II ബി-യും നോക്കുക

വർത്തമാനപ്പത്രങ്ങൾക്കെതിരായി എടുത്ത നടപടികൾ.

൬൭൦. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): (എ) വർത്തമാനപ്പത്രറഗുലേഷൻ നടപ്പാക്കിയതിനുശേഷം ഗവണ്മെന്റിൽനിന്നും താക്കീതുചെയ്കയോ, വിപരീതമായി നടപടികൾ നടത്തുകയോ നടത്തുന്നതിനു അഭിപ്രായപ്പെടുകയോ ചെയ്തിട്ടുള്ള ഓരോ വർത്തമാനപ്പത്രങ്ങളുടേയും പേരും

(ബി) ഏതു ലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തിയതിനാണ് താക്കീതുചെയ്കയോ നടപടികൾ നടത്തുകയോ വേണ്ടിവന്നതു് ആ ലേഖനങ്ങളുടെ പേരും ചുരുക്കവും;

(സി) ഓരോ ലേഖനവും പ്രസിദ്ധംചെയ്ത തീയതിയും, താക്കീതുചെയ്തതായാലും വേറെ ഏതെങ്കിലും നടപടികൾ നടത്തുകയായാലും അപ്രകാരം നടപടികൾ നടത്തിയ തീയതിയും;

അടങ്ങിയ ഒരു പട്ടിക ഗവണ്മെന്റിൽനിന്നും ദയവായി തരുമോ?

മി. കെ. ജാർജ് (ഗവണ്മെന്റ ചീഫ്സെക്രട്ടറി): (എ)യും (ബി)യും (സി)യും എന്നുള്ള നമ്പർ ൪൦൨-ാംനമ്പർ ചോദ്യത്തിന്റെ മറുപടിയിൽ പറഞ്ഞ ൨-൮-൬൫-ൽ നടന്ന സഭാസമ്മേളനത്തിൽ മെമ്പറിന്റെ ൪൦൨-ാംനമ്പർ ചോദ്യത്തിന്റെ മറുപടിയിൽ പറഞ്ഞതുപോലെ "നവശക്തി"യൊഴിച്ചു വേറൊരു പത്രത്തേയും താക്കീതുചെയ്കയോ അവയ്ക്കു വിപരീതമായി നടപടികൾ നടത്തുകയോ ചെയ്തിട്ടില്ല.

ആ പത്രപ്രസിദ്ധകനു താക്കീതു ഉത്തരവു അയച്ചതു എന്നുള്ള ക്രമമായി ൨-൮-൬൫ ആണ്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): 'നവശക്തി'യെ താക്കീതുചെയ്യുന്നതിനു കാരണമായ ലേഖനത്തിന്റെ ചുരുക്കം സദയം പറയുമോ?

മി. കെ. ജാർജ് (ഗവണ്മെന്റ ചീഫ്സെക്രട്ടറി): നമ്പർ അവിടെ ഉദ്ധരിച്ചിട്ടുള്ളതും മറുപടിപറഞ്ഞു കഴിഞ്ഞതുമായ ഒരു ചോദ്യത്തിന്റെ ഉത്തരത്തിലേക്കു ഞാൻ മെമ്പറിന്റെ ശ്രദ്ധയെ മുമ്പുതന്നെ ക്ഷണിച്ചുകഴിഞ്ഞല്ലോ,

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): എന്നാൽ ആ ഉത്തരം തീരെ അതൃപ്തികരവും എന്റെ ചോദ്യത്തിൽ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ എല്ലാം അടങ്ങിയിട്ടില്ലാത്തതുമാകുന്നു.

മി. കെ. ജാർജ് (ഗവണ്മെന്റ ചീഫ്സെക്രട്ടറി): ആ മറുപടി മി. നീലകണ്ഠപ്പിള്ളയുടെ ൪൦൨-ാം നമ്പർ ചോദ്യത്തിനു പറഞ്ഞതാണ്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): (എ) വർത്തമാനപ്പത്രറഗുലേഷൻ നടപ്പാക്കിയതിനുശേഷം ഗവണ്മെന്റിൽനിന്നും താക്കീതുചെയ്കയോ വിപരീതമായി നടപടി നടത്തുകയോ ചെയ്തിട്ടുള്ള ഓരോ വർത്തമാനപ്പത്രങ്ങളുടേയും പേരും;

(ബി) ഏതു ലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തിയതിനാണ് താക്കീതുചെയ്കയോ നടപടികൾ നടത്തുകയോ വേണ്ടിവന്നതു്, ആ ലേഖനങ്ങളുടെ പേരും ചുരുക്കവും;

അടങ്ങിയ ഒരു പട്ടിക ഗവണ്മെന്റിൽനിന്നും ദയവായി തരുമോ;

എന്നാണ് എന്റെ ചോദ്യം. അതിനു എനിക്കു യാതൊരു മറുപടിയും കിട്ടിയില്ല.

മി. കെ. ജാർജ് (ഗവണ്മെന്റ ചീഫ്സെക്രട്ടറി): ൪൦൨-ാംനമ്പർ ചോദ്യത്തിന്റെ മറുപടിയിൽ അതിനുള്ള ഉത്തരവും അടങ്ങിയിട്ടുണ്ട്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): നവശക്തിയെ താക്കീതുചെയ്യുന്നതിനു കാരണഭൂതമായ ലേഖനത്തിന്റെ ചുരുക്കം എന്താണെന്നു പറയുമോ?

മി. കെ. ജാർജ് (ഗവണ്മെന്റ ചീഫ്സെക്രട്ടറി): ഉത്തരം മുമ്പിലത്തെ മറുപടിയിൽ അടങ്ങിയിട്ടുണ്ട്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതിലില്ല.

മി. കെ. ജാർജ് (ഗവണ്മെന്റ ചീഫ്സെക്രട്ടറി): മെമ്പറിനു ആ മറുപടി വായിച്ചുനോക്കാം.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): മെമ്പർ ആ മറുപടി സദയം വായിക്കുമോ?

മി. കെ. ജാർജ് (ഗവണ്മെന്റ ചീഫ്സെക്രട്ടറി): 'നവശക്തി'യിൽ പ്രസിദ്ധംചെയ്തതും ഒരു ലേഖനത്തെക്കുറിച്ചു എന്തെങ്കിലും നടപടികൾ നടത്തീട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ ഏതു ലേഖനത്തെക്കുറിച്ചു എന്തു നടപടിയാണ് നടത്തിയതെന്നും അപ്രകാരമുള്ള നടപടികൾ നടത്തുന്നതിനുള്ള കാരണങ്ങൾ എന്താണെന്നും ഗവണ്മെന്റ ദയവായി പറയുമോ എന്നായിരുന്നു അന്നത്തെ ചോദ്യം.

൧൧൦൭-ലെ റഗുലേഷനിലെ ൪-ാം വകുപ്പിന്റെ ഒന്നാം ഉപവകുപ്പിലെ നിബന്ധനകൾക്കു വിപരീതമാണ് ൧൧൦൮ മിഥുനം ൭-ാം-യിലെ നവശക്തിയിൽ 'വാട്സ് വരുന്നോ' എന്ന തലക്കെട്ടിൽ പ്രസിദ്ധംചെയ്ത പ്രധാനലേഖനം എന്നു ഗവണ്മെന്റിനു ബോദ്ധ്യംവന്നതുകൊണ്ടു അതിന്റെ പ്രസിദ്ധകനു താക്കീതു ഉത്തരവു അയച്ചു;

എന്നായിരുന്നു മറുപടി.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): താക്കീതുചെയ്യുന്നതിനു കാരണഭൂതമായ ലേഖനത്തിന്റെ സാരം ഈ ഉത്തരത്തിൽ അടങ്ങിയിട്ടില്ല.

മി. കെ. ജാർജ് (ഗവർമെന്റ ചീഫ്സെക്രട്ടറി): ആ ലേഖനത്തിന്റെ ചുരുക്കം "വാട്സ് വരുന്നോ" എന്നാണ്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): വർത്തമാനപത്രറഗുലേഷൻ നിബന്ധനകൾക്കെതിരായി ആ ലേഖനംകൊണ്ടു ചെയ്തിട്ടുള്ള കുറ്റം എന്താണെന്നു പറയുമോ?

മി. കെ. ജാർജ് (ഗവർമെന്റ ചീഫ്സെക്രട്ടറി): അതിവിടെ ചോദിച്ചിട്ടില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതൊരുപചോദ്യമായി ഞാൻ ചോദിക്കുന്നു.

അനുബന്ധം III നോക്കുക

മി. കെ. ജാജ് (ഗവർമെൻറ ചീഫ്സെക്രട്ടറി): കൊള്ളാം, അതിനു മറുപടി പറഞ്ഞിട്ടുണ്ട്. ൧൯൩൮-ലെ ഉദ്യോഗസ്ഥ റെഗുലേഷൻ ൧൩-ാംവകുപ്പിൽ ൩-ാം ഉപവകുപ്പിലെ നിബന്ധനകൾക്കു വിപരീതമാണ് ആ ലേഖനം എന്ന് ഗവർമെൻറിന് ബോദ്ധ്യംവന്നിട്ടുള്ളതായി ആ മറുപടിയിൽ പറയുന്നുണ്ട്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ആ മറുപടിയിൽനിന്ന് ഞങ്ങൾക്കു മനസ്സിലാക്കാൻ സാധിക്കാത്തതുകൊണ്ട് ആ കുററത്തിൻെറ സ്വഭാവം എന്താണെന്ന് സദയം പറയുമോ?

മി. കെ. ജാജ് (ഗവർമെൻറ ചീഫ്സെക്രട്ടറി): റഗുലേഷൻ എനിക്കെന്നപോലെ മെമ്പറിനും ലഭ്യമാണ്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഒരു ഉദ്യോഗസ്ഥനെ ഔദ്യോഗികനിലയിൽ വിളപ്പെടുത്തുന്നതു വത്തമാനപത്രറഗുലേഷൻ അനുസരിച്ചു ഒരു കുററം ആണോ എന്നറിഞ്ഞാൽകൊള്ളാം.

മി. കെ. ജാജ് (ഗവർമെൻറ ചീഫ്സെക്രട്ടറി): അതു നിയമശാസ്ത്രജ്ഞന്മാരുടെ അഭിപ്രായം അറിയേണ്ട ഒരു സംഗതിയാണ്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഗവർമെൻറിനു അതിനെക്കുറിച്ചു വിചാരിക്കുന്നതിനു ഒരു സന്ദർഭം ഉണ്ടായിരുന്നോ?

മി. കെ. ജാജ് (ഗവർമെൻറ ചീഫ്സെക്രട്ടറി): എനിക്കു ചോദ്യം മനസിലാകുന്നില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഒരു ഉദ്യോഗസ്ഥനെ ഔദ്യോഗികനിലയിൽ വിളപ്പെടുത്തുന്നതു വത്തമാനപത്രറഗുലേഷൻ അനുസരിച്ചു ഒരു കുററം ആണോ എന്ന ചോദ്യത്തെക്കുറിച്ചു ആലോചിക്കുന്നതിന് ഗവർമെൻറിനു ഇതുവരെ എപ്പോഴെങ്കിലും സന്ദർഭം ഉണ്ടായിട്ടുണ്ടോ എന്ന് പറയുമോ?

മി. കെ. ജാജ് (ഗവർമെൻറ ചീഫ്സെക്രട്ടറി): അതു ഒരു സാമാന്യ ചോദ്യമായതുകൊണ്ടു ഇവിടെ സംഗതമല്ല. എന്നാൽ ഈ പ്രത്യേകസംഗതിയിൽ വത്തമാനപത്രറഗുലേഷൻ ൧൩-ാം വകുപ്പിലെ ഒന്നാം ഉപവകുപ്പിലെ നിബന്ധനകൾക്കു വിപരീതമായിട്ടുണ്ട് കുററം ചെയ്തിട്ടുള്ളതു്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്) വത്തമാനപത്രറഗുലേഷൻ പ്രത്യേകവൈരാഗ്യത്തെ ഇളക്കിവിടുത്തുന്നതിനാണോ ഉദ്ദേശിച്ചിട്ടുള്ളതു് എന്നറിഞ്ഞാൽകൊള്ളാം.

മി. കെ. ജാജ് (ഗവർമെൻറ ചീഫ്സെക്രട്ടറി): ഞാൻ ആ ചോദ്യത്തിനു ഉത്തരം പറയണമെന്നു വിചാരിക്കുന്നില്ല.

വത്തമാനപ്പത്രറിപ്പോർട്ടറന്മാരായ ഗവർമെൻറ ജീവനക്കാർ.

൨൭൪. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): (എ) ഗവർമെൻറസർവീസിൽ ഇരിക്കുന്നവരിൽ വത്തമാനപ്പത്രറിപ്പോർട്ടറന്മാരും ലേഖകന്മാരും ഉണ്ടോ എന്നും,

(ബി) ഒരു ക്ലിപ്തകാലത്തെ രാജ്യഭരണത്തെക്കുറിച്ചു പൊതുവായോ അല്ലെങ്കിൽ ഒരു പ്രത്യേക ഭരണനയത്തെപ്പററി പുകഴ്ത്തിയോ ഖണ്ഡനരൂപേണയോ പരാമർശിച്ചോ വത്തമാനപ്പത്രങ്ങൾക്കു ഗവർമെൻറജീവനക്കാർ ലേഖനങ്ങൾ എഴുതുന്നതു അനുവദനീയമാണോ എന്നും, ഗവർമെൻറ സദയം പറയുമോ?

മി. കെ. ജാജ് (ഗവർമെൻറ ചീഫ്സെക്രട്ടറി): (എ) അടുത്തകാലംവരെ മദ്രാസ് മെയിലിൻെറ ലേഖകനായിരുന്ന ഒരു ഗവർമെൻറ ക്ലാർക്ക് ഉണ്ടായിരുന്നു. ഇപ്പോൾ ആ പത്രത്തോടുള്ള സകല ബന്ധങ്ങളും നിറുത്തുന്നതിനായി അയാളോടു ആജ്ഞാപിച്ചിട്ടുണ്ട്.

(ബി) വത്തമാനപ്പത്രലേഖകന്മാരായും മററുമുള്ള സക്കാർജീവനക്കാരുടെ സ്ഥിതിയെപ്പററി ൧൧൦൬ ഫെബ്രുവരി ൨൧-നു-ലെയും ൧൧൧൫ ഏപ്രിൽ ൧൪-നു-യിലെയും ഗവർമെൻറ ഗസററിൻെറ ൧൩൦-ം ൨൩൯-ം ഭാഗങ്ങളിൽ പ്രസിദ്ധം ചെയ്തിട്ടുള്ള ൧൧൦൬ ജാനുവരി ൨൧-നു-ലെ ഗവർമെൻറ റെസല്യൂഷനിലേക്കും ൧൧൧൫ ഏപ്രിൽ ൭-നു-ലെ നോട്ടിഫിക്കേഷനിലേക്കും മെമ്പറിൻെറ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു.

മിസ്റ്റർ കെ. പി. നീലകണ്ഠപ്പിള്ള വൈസ്രോയി അവർകൾക്കയച്ച മെമ്മോറിയലിൻെറ ഇൻഷ്വർ.

൨൭൫. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): മിസ്റ്റർ മാത്തൻെറ ചെങ്ങന്നൂരിലെ നടപടികളെപ്പററി വൈസ്രോയി അവർകൾക്കയച്ച കമ്പിക്കു തിരുവനന്തപുരം, നിയമനിർമ്മാണസഭാ മെമ്പർ കെ. പി. നീലകണ്ഠപ്പിള്ളയ്ക്കുവന്ന ഇൻഷ്വർ ഹജൂർ സെക്രട്ടേറിയററിൽ കിട്ടിയതു വാസ്തവമാണോ, കിട്ടിയെങ്കിൽ അതിനെന്തു സംഭവിച്ചു എന്ന് ഗവർമെൻറ ദയവായി പറയുമോ?

മി. കെ. ജാജ് (ഗവർമെൻറ ചീഫ്സെക്രട്ടറി): ഗവർമെൻറിനു അപ്രകാരം ഒരു ഇൻഷ്വർ മിസ്റ്റർ കെ. പി. നീലകണ്ഠപ്പിള്ള, മെമ്പർ നിയമസഭ, തിരുവനന്തപുരം എന്ന മേൽവിലാസത്തിൽ ഹജൂർസെക്രട്ടേറിയററിൽ കിട്ടിയിട്ടില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): നേരത്തെതന്നെ ഒരു തെററുള്ളതിനെ കാണിച്ചേക്കാം. മിസ്റ്റർ നീലകണ്ഠപ്പിള്ളയുടെ മേൽവിലാസത്തിൽ വന്ന ഒരു ഇൻഷ്വർ വാങ്ങിച്ചിട്ടുണ്ടോ എന്നല്ലാതെ മിസ്റ്റർ കെ. പി. നീലകണ്ഠപ്പിള്ളയുടെ മേൽവിലാസത്തിൽവന്ന ഒരു ഇൻഷ്വർ സെക്രട്ടേറിയററിൽ കിട്ടിയിട്ടുണ്ടോ എന്ന എൻെറ ചോദ്യത്തിൽ പറഞ്ഞിട്ടില്ല.

മി. കെ. ജാജ് (ഗവർമെൻറ ചീഫ്സെക്രട്ടറി): എപ്രകാരമായാലും ഞാൻ ഇങ്ങനെയാണ് ചോദ്യത്തിൽ കാണുന്നതു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): മെമ്പർ അസലിൽനോക്കി "കെ. പി." എന്നുള്ള ഇരട്ടപ്പേര് അവിടെയുണ്ടോ എന്നു പറയുമോ?

മി. കെ. ജാജ് (ഗവർമെൻറ ചീഫ്സെക്രട്ടറി): അസൽ ഇപ്പോൾ എൻെറ കൈവശം ഇല്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇരട്ടപ്പേര് വിട്ടിട്ടു മി. നീലകണ്ഠപ്പിള്ളയുടെ മേൽവിലാസത്തിൽ വന്ന ഒരു ഇൻഷ്വർ ഗവർമെൻറിലേക്കു കിട്ടിയിട്ടുണ്ടോ എന്നു പറയുമോ?

മി. കെ. ജാജ് (ഗവർമെൻറ ചീഫ്സെക്രട്ടറി): ഇരട്ടപ്പേര് ഇല്ലാതാക്കിയിട്ടു ചോദ്യം ചോദിക്കാമോ എന്നു മെമ്പർ അദ്ധ്യക്ഷൻെറ അടുക്കൽ ചോദിക്കണം.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഞാൻ അയച്ചതന്നെ ചോദ്യം അല്ലഇത്. ഗവർമെൻറ ഉദ്യോഗസ്ഥന്മാർ എൻെറ ചോദ്യത്തിൻെറ കൂടെ എന്തെങ്കിലുംകൂട്ടിച്ചേക്കുന്നതിനുള്ള സ്വാതന്ത്ര്യം ഇല്ല.

മി. കെ. ജാജ് (ഗവർമെൻറ ചീഫ്സെക്രട്ടറി): ഇരട്ടപ്പേര ത്യജിച്ചിട്ട ചോദ്യംചോദിക്കാമോഎന്ന് മെമ്പറിന അറിയണമെങ്കിൽ മെമ്പർപറയുന്നതിനെ ഞാൻ ഒന്നുനോക്കി പരിശോധിക്കണം, എന്നമാത്രമല്ല ഇത ഞാൻ മറുപടിപറയേണ്ടകായസംഗതിയല്ല അദ്ധ്യക്ഷൻപറയേണ്ടതാണ്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്), ഈ തെററ എങ്ങിനെകടന്നുകൂടി എന്ന മെമ്പറിനപറയാൻസാധിക്കുമോ?

മി. കെ. ജാജ് (ഗവർമെൻറ ചീഫ്സെക്രട്ടറി): എനിക്കപറയാൻ സാധിക്കയില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇത ഇപ്രകാരമുള്ള ഒരു മറുപടി ചമയ്ക്കുന്നതിനുവേണ്ടി മനഃപൂർവ്വമായി സൃഷ്ടിച്ചിട്ടുള്ളതാണോ?

മി. കെ. ജാജ് (ഗവർമെൻറ ചീഫ്സെക്രട്ടറി): ഞാൻ അങ്ങിനെവിചാരിക്കുന്നില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർ, ഇരട്ടപ്പേര ത്യജിക്കാതെതന്നെ ഈ വിവരങ്ങൾ ഗവർമെൻറിൻെറ അറിവിൽ പെട്ടിട്ടുള്ളതാണെന്ന പറഞ്ഞുകൊള്ളട്ടെയോ?

അദ്ധ്യക്ഷൻ. ഞാൻ ഇന്നലെ വൈകിട്ട ഇതിനെക്കുറിച്ച അന്വേഷിച്ച എന്ന നിങ്ങളോടുപറഞ്ഞുകൊള്ളട്ടെ. ഏതോ ഒരു മിസ്റ്റർ നീലകണ്ഠപ്പിള്ളയെന്നമാത്രം മേൽവിലാസത്തിൽവന്ന ഒരു കവറിനെ സെക്രട്ടേറിയററിൽ ആ പേരോടുകൂടിയ ഒരാൾക്ക മറ്റൊരായ ഒരു തപാൽശിപായി കൊണ്ടുചെന്നുകൊടുക്കയും അയാൾ അതിനെ പിശകായി പൊട്ടിക്കയുംചെയ്തു. അത് അയാൾക്കായി ഉദ്ദേശിച്ചിട്ടുള്ളതല്ലെന്ന മനസ്സിലായപ്പോൾ ശരിയായ മേൽവിലാസക്കാരന കൊടുക്കുന്നതിനുവേണ്ടി ഉടൻതന്നെ തപാലാപ്പീസിലേക്ക തിരിച്ചയച്ചു അതിനകത്തു എന്തായിരുന്നുഎന്ന എനിക്കറിയാൻ പാടില്ല. ഒരു ഇൻഷ്വറൻസ് അതുമാതിരി മറെറന്തൊ ആയിരുന്നു, എന്നോട് എന്തോപറഞ്ഞു പക്ഷെ അത ഞാനിപ്പോൾ ഓർമ്മിക്കുന്നില്ല. ഏതായാലും അത ഗവർമ്മെൻറിലേക്ക അയച്ചിട്ടുള്ള ഒരു എഴുത്തല്ലായിരുന്നു, പ്രത്യേകമായി ഗവർമ്മെൻറിലേക്കുള്ള സകല എഴുത്തുകളും ശരിയായ ഔദ്യോഗികനാമധേയത്തിലാണ് അയക്കുന്നത്, അത് ഗവർമ്മെൻറ ചീഫ്സെക്രട്ടറിക്ക ആയിരിക്കും. ഒരു നീലകണ്ഠപ്പിള്ളയ്ക്കും ആ പേരുകൊണ്ടുമാത്രം ഗവർമ്മെൻറിൻെറ ഒരു അവിഭക്തഘടകം ആകുന്നതിന് സാധിക്കയില്ല. അതിനാൽ ഗവർമ്മെൻറിലേക്ക യാതൊന്നും കിട്ടിയിട്ടുമില്ല. സെക്രട്ടേറിയററിൽ യാതൊന്നും സ്വീകരിച്ചിട്ടുമില്ല, ഔദ്യോഗികറിക്കാർട്ടുകളിൽ ഒന്നിനും ഒരു സ്ഥാനം ലഭിച്ചിട്ടുമില്ല. തപാൽശിപായി വരുത്തിയതെററ ശരിപ്പെടുത്തി ഉദ്ദിഷ്ടനായ നീലകണ്ഠപ്പിള്ളയ്ക്ക കൊടുക്കുന്നതിനായി തപാലാപ്പീസിൽ ഏല്പിക്കയല്ലാതെ ആ സംഗതിയിൽയാതൊന്നും ചെയ്യുന്നതിന് സാദ്ധ്യമല്ലായിരുന്നു. തിരുവനന്തപുരത്തു ഒന്നിലധികം നീലകണ്ഠപ്പിള്ള ഉണ്ടെന്നാണ് എനിക്ക തോന്നുന്നത്. അതിനാൽ അനേകം നീലകണ്ഠപ്പിള്ളമാരുള്ളതിൽ മേൽവിലാസക്കാരനായആ പ്രത്യേകനീലകണ്ഠപ്പിള്ളയെ ആരാഞ്ഞ്, ഒരുപക്ഷേ നിഷ്പ്രയോജനമായി സാധുവായ തപാൽശിപായി ഇപ്പോഴും റോഡുകളിൽ നടന്നുതിരിയുന്നുണ്ടായിരിക്കും,

വർത്തമാനപത്രറഗുലേഷൻെറ പ്രവർത്തനം.

൨൭൮. മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): (എ) അടുത്തുണ്ടായ വർത്തമാനപ്പത്രറഗുലേഷൻെറ ആവിർഭാവത്തിനുശേഷം തിരുവിതാംകൂറിൽ ഏതു പത്രങ്ങളാണ് പ്രസിദ്ധീകരണം നിറുത്തിയതു.

(ബി) ഗവർമ്മെൻറിന് വർത്തമാനപ്പത്രറഗുലേഷനനുസരിച്ചു ഏതെങ്കിലും പത്രത്തിനുവിപരീതമായി നടപടികൾ നടത്തേണ്ടതായ സന്ദർഭം ഉണ്ടായിട്ടുണ്ടോ? ഉണ്ടെങ്കിൽ ഏതു പത്രത്തിനു വിപരീതമായിട്ടാണ്.

മി. കെ. ജാർജ് (ഗവർമ്മെൻറചീഫ്സെക്രട്ടറി): (എ) ൧.

(ബി) ഇല്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ചോദ്യത്തിൻെറ രണ്ടാംഭാഗത്തെസംബന്ധിച്ചിടത്തോളം വർത്തമാനപ്പത്രറഗുലേഷൻെറ ആവിർഭാവാനന്തരം ആ റഗുലേഷൻ അനുസരിച്ചല്ലാതെ ഏതെങ്കിലും പത്രത്തിനു വിപരീതമായി ഗവർമ്മെൻറ നടപടികൾ നടത്തീട്ടുണ്ടോ?

മി. കെ. ജാർജ് (ഗവർമ്മെൻറചീഫ്സെക്രട്ടറി): ഉണ്ടു. ഒരു സന്ദർഭത്തിൽ.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ആ നടത്തിയ നടപടികളുടെ പ്രകൃതം എന്തായിരുന്നു.

മി. കെ. ജാർജ് (ഗവർമ്മെൻറചീഫ്സെക്രട്ടറി): വർത്തമാനപ്പത്രറഗുലേഷനനുസരിച്ചുള്ള നടപടികൾ നടത്തുമെന്ന് ആ പത്രത്തെ ധരിപ്പിക്കയായിരുന്നു,

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അത് ആ വർത്തമാനപ്പത്രത്തിനു ഒരു താക്കീതായിരുന്നോ?

മി. കെ. ജാർജ് (ഗവർമ്മെൻറചീഫ്സെക്രട്ടറി): നടപടികൾനടത്തുംഎന്ന ആ പത്രത്തെ സൂചിപ്പിക്കയായിരുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): എന്തുകൊണ്ടാണ് വർത്തമാനപ്പത്രറഗുലേഷനനുസരിച്ചുതന്നെ നടപടികൾ നടത്താതിരുന്നത്?

മി. കെ. ജാർജ് (ഗവർമ്മെൻറചീഫ്സെക്രട്ടറി): ആ റഗുലേഷൻ നിർബന്ധിതമല്ലെന്നാണ് ഞാൻ ഗ്രഹിക്കുന്നത്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അപ്പോൾ വർത്തമാനപ്പത്രറഗുലേഷനനുസരിച്ചുള്ള ഒരു കുററം ചെയ്താൽ അതിന് നടപടിനടത്തുകയോ നടത്താതിരിക്കയോ ഗവർമ്മെൻറിൻെറ യുക്തംപോലെചെയ്യും?,

മി. കെ. ജാർജ് (ഗവർമ്മെൻറചീഫ്സെക്രട്ടറി): അങ്ങനെയാണ് എനിക്കുതോന്നുന്നത്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): എന്തുതത്വം അടിസ്ഥാനപ്പെടുത്തിയാണ് ഗവർമ്മെൻറ ഈ വിവേചനശക്തി പ്രയോഗിക്കുന്നത്.

മി. കെ. ജാർജ് (ഗവർമ്മെൻറചീഫ്സെക്രട്ടറി): വിവേചനശക്തി ഉപയോഗിച്ചില്ലല്ലോ.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): പിന്നെ എന്തുകൊണ്ടാണ് ഗവണ്മെന്റ ആ പത്രത്തിന്റെ വിപരീതമായി നടപടികൾ നടത്താതിരുന്നത്.

മി. കെ. ജാർജ് (ഗവണ്മെന്റ ചീഫ് സെക്രട്ടറി): ഇപ്രകാരം ഒരു കേസ് ഒരു സന്ദർഭത്തിൽ മാത്രമേ ഉണ്ടായിട്ടുള്ളു എന്നാണ് ഞാൻ പറഞ്ഞതു്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): വർത്തമാനപ്പത്രംഉള്ളമേഷനാക്കപ്പെട്ട നടപടികൾ നടത്താതിരിക്കുന്ന ഒരു കേസിൽ അന്തർഭൂതമായിരിക്കുന്ന വിവേചനാശക്തിയുടെ അടിസ്ഥാനം എന്തെന്നു പറയുമോ?

മി. കെ. ജാർജ് (ഗവണ്മെന്റ ചീഫ്സെക്രട്ടറി): പ്രസ്തുതവർത്തമാനപ്പത്രം പൂർണ്ണമായ ക്ഷമായാചനം പ്രസിദ്ധീകരിച്ചിരിക്കുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അപ്പോൾ ഒരു കുററംചെയ്തപത്രം ക്ഷമായാചനം പ്രസിദ്ധീകരിച്ചാൽ അതിനു വിപരീതമായി നടപടി നടത്തുകയില്ലെന്നാണോ ചട്ടം

മി. കെ. ജാർജ് (ഗവണ്മെന്റ ചീഫ്സെക്രട്ടറി): ഒരു ക്ഷമായാചനം മതിയോ പോരയോ എന്നുള്ളതു് ഗവണ്മെന്റ തീർച്ചപ്പെടുത്തേണ്ടുന്ന ഒരു സംഗതിയാണ്.

പമ്പയാർതടം.

൧൭൮. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): പമ്പാനദീതടവും അതിന്റെ പരിസരപ്രദേശങ്ങളും ഒരു ബ്രിട്ടീഷ്സർവേസംഘം എൻ൧൩-നം എൻ൧൬-നം ഇടയ്ക്കു് അന്വേഷിച്ചു സർവേചെയ്തു എന്നും,

(ബി) മേൽപ്പറഞ്ഞ മിട്ടാൽപ്രദേശത്തിന്റെ നാളതുവരെയുള്ള വിവരങ്ങളോടുകൂടി ക്രമാനുസൃതം ചമയ്ക്കപ്പെട്ട ഭൂസ്ഥിതിപടം ഈ അനേകകാലമായി ലഭ്യമായിരുന്നില്ലയോഎന്നും ഗവണ്മെന്റ സദയം പറയുമോ?

മി. ററി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റസെക്രട്ടറി): (എ) എൻ൧൩ മുതൽ എൻ൧൭ വരെയുള്ള ആണ്ടുകളിൽ പമ്പാനദിയുടെ മിട്ടാൽപ്രദേശവും അതിനടുത്തുള്ള സ്ഥലങ്ങളും ദേശവർണ്ണനശാസ്ത്രരീത്യാ ഇൻഡ്യാ സർവേസംഘത്താൽ സർവെ ചെയ്യപ്പെട്ടു.

(ബി) ഇൻഡ്യാസർവെഡിപ്പാർട്ടുമെൻറിൽനിന്നും ഒരു മൈലിനു ഒരു ഇഞ്ചു അളവിൽ ദേശവർണ്ണന സംബന്ധിച്ച ദേശപടങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ടായിരുന്നു. നദികൾ, തടാകങ്ങൾ, റോഡുകൾ, പട്ടണസ്ഥലങ്ങൾ, കൊടുമുടികളുടെ ഉയരം, രാജ്യത്തിന്റെ ഏകദേശമായ അതിർത്തിരേഖകൾ മുതലായ പ്രധാനപ്പെട്ട ദേശവർണ്ണനാവിവരണങ്ങൾമാത്രമേ കാണിക്കുന്നുള്ളു.

പുതിയനഗരസഭയുടെ രൂപീകരണത്തിനുശേഷം നാഗർകോവിലിലെ പൊതുമരാമത്തു.

൧൭൯. മി. എം. ശിവതാണുപിള്ള (തോവാള): (എ) പുതിയനഗരസഭയുടെ ആരംഭംമുതൽ ൧൧൨൦ മീനം ൨൮-ാം വരെ നാഗർകോവിലിൽ പൊതുമരാമത്തുവകയ്ക്കു ആകെ എന്തുസംഖ്യ ചിലവാക്കിയിട്ടുണ്ടെന്നും,

(ബി) ഈ വേലകൾഎല്ലാം ഒരു ശാസ്ത്രീയവിദഗ്ദ്ധൻ പരിശോധിച്ചോഎന്നും,

(സി) നിയമസഭയുടെ കഴിഞ്ഞസമ്മേളനയോഗത്തിൽവച്ച് ൧൧൨൦-ന്റെ ആദ്യംതന്നെ ഒരു സൂപ്രവൈസറെ നിയമിക്കാമെന്നു ഗവണ്മെന്റ പറഞ്ഞതനുസരിച്ചു എന്താണ് ഇതുവരെ നിയമിക്കാതിരുന്നത് എന്നും,

(ഡി) കൌൺസിൽ ഏതെങ്കിലും പൊതു രാമത്തു ഷെഡ്യൂൾസ്വീകരിച്ചുഎങ്കിലും അതു മിസ്റ്റർ റോളിൽ ചേർത്തിട്ടുണ്ടോഎന്നും ഉണ്ടെങ്കിൽ ആ വേലകളുടെ എണ്ണവും ഓരോവേലയുടേയും ചിലവും എത്ര എന്നും, ഗവണ്മെൻറിൽനിന്നും ദയവായി പറയുമോ?

മി. ററി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റസെക്രട്ടറി): (എ) ൧൧൨൦ മീനം ൨൮-ാം-വരെ ...രൂപ ക.

(ബി) ഉണ്ട്.

(സി) സൂപ്രവൈസർ ഉദ്യോഗം നിറുത്തൽചെയ്തിട്ടുണ്ട്.

അതിനുപകരം ൩൦ ക. ശമ്പളത്തിൽ ഒരു പൊതുമരാമത്തു ഇൻസ്പെക്ടരെ അനുവദിച്ചിട്ടുണ്ട്. ഉടൻതന്നെ അതിലേക്ക ആളിനെ നിയമിക്കുന്നതാണെന്നു പ്രസിഡണ്ടു റിപ്പോർട്ടു ചെയ്തിട്ടുണ്ട്.

(ഡി) ഇല്ല.

മി. എം. ശിവതാണുപിള്ള (തോവാള): ബി. ഭാഗത്തിന്റെ മറുപടിയെ സംബന്ധിച്ചേടത്തോളം ശാസ്ത്രീയജ്ഞാനമുള്ള വിദഗ്ദ്ധൻ ആരാണെന്നു പറയുമോ?

മി. ററി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ സെക്രട്ടറി): സാനിട്ടറി എൻജിനീയറിങ്ങ് അഭ്യസിച്ചിട്ടുള്ള ഒരു സാനിട്ടറി ഇൻസ്പെക്ടരാണ്.

മി. എം. ശിവതാണുപിള്ള (തോവാള): മുൻസിപ്പാലിററിയിൽ ഔദ്യോഗികമായ പ്രവൃത്തിപരിചയമുള്ള ഒരു സൂപ്രവൈസരെ നിയമിച്ചിരുന്നപ്പോഴും ഈ സാനിട്ടറിഇൻസ്പെക്ടർ അവിടെ നിയമിക്കപ്പെട്ടിരുന്ന ആളല്ലേ?

മി. ററി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ സെക്രട്ടറി): അയാൾ അവിടെ ഉണ്ടായിരുന്നിരിക്കാം.

മി. എം. ശിവതാണുപിള്ള (തോവാള): എന്താണു സൂപ്രവൈസർ ഉദ്യോഗം നിറുത്തൽചെയ്യുന്നതെന്നു പറയുമോ?

മി. ററി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ സെക്രട്ടറി): കൌൺസിൽ അതു വളരെ പണച്ചിലവുള്ളതാണെന്നു കണ്ടിട്ടാണ്.

മി. എം. ശിവതാണുപിള്ള (തോവാള): ഒരു പൊതുമരാമത്തു ഇൻസ്പെക്ടരുടെ നിയമനം ഇതുവരെ മാററിവച്ചിരുന്നതു എന്തുകൊണ്ടാണെന്നു പറയുമോ?

മി. ററി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ സെക്രട്ടറി): അതു മാററിവച്ചിട്ടില്ല. നഗരസഭ ചെയ്യുന്ന ആ നിയമനം നടത്തുന്നതാണ്.

മി. എം. ശിവതാണപിള്ള (തോവാള): ബഡ്ജററയോഗത്തിൽ പൊതുമരാമത്തു ഇൻസ്പെക്ടരെ താമസിയാതെ നിയമിക്കുന്നതാണെന്ന് ഗവണ്മെൻറ എൻെറ ചോദ്യത്തിനു മറുപടിപറഞ്ഞിട്ടുള്ളതായി മെംബറിനു അറിയാമോ?

മി. ററി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ സെക്രട്ടറി): എൻെറ ഓർമ്മ ശരിയാണെങ്കിൽ ൧൧൦൨-ൻെറ ആദ്യംതന്നെ നിയമിക്കുന്നതാണ എന്നായിരുന്നു മറുപടി.

മി. എം. ശിവതാണപിള്ള (തോവാള): ഇതുവരെ ൧൧൦൨-ൻെറ ആദ്യം ആയില്ലെന്നുണ്ടോ?

മി. ററി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ സെക്രട്ടറി): ആ സംഗതിയെക്കുറിച്ചു മുനിസിപ്പൽകൌൺസിലും ഗവണ്മെൻറും തമ്മിൽ എഴുത്തുകുത്തിലായിരുന്നതുകൊണ്ടു ഇപ്പോഴാണ നിയമനത്തിനുള്ള സമയമായതു്.

മി. എം. ശിവതാണപിള്ള (തോവാള): സൂപ്രവൈസർ ഉദ്യോഗം നിറുത്തൽചെയ്തതിനുശേഷം പൊതുമരാമത്തുവക ചിലവിനെക്കുറിച്ചു ഗവണ്മെൻറിനു എന്തെങ്കിലും ഒരു ഊഹം ഉണ്ടോ?

മി. ററി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ സെക്രട്ടറി): അതു ആ മറുപടിയിൽ പറഞ്ഞിട്ടുണ്ടു്.

മി. എം. ശിവതാണപിള്ള (തോവാള): ഉദ്യോഗം നിറുത്തിയതിനുശേഷമുള്ളതോ?

മി. ററി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ സെക്രട്ടറി): അതെന്തിക്കറിയാൻപാടില്ല. ൧൧൦൨ മീനം ൨൩-൩-വരെയുള്ള ചിലവു അവിടെ കൊടുത്തിട്ടുണ്ടു്.

മി. എം. ശിവതാണപിള്ള (തോവാള): ബഡ്ജററ യോഗത്തിൽ ഗവണ്മെൻറിൻെറ മറുപടിയുടെ പ്രകൃതം നോക്കിയതിൽ ൧൧൦൨-നു വളരെമുമ്പുതന്നെ സൂപ്രവൈസർഉദ്യോഗം നിറുത്തൽചെയ്തിട്ടില്ലായിരുന്നോ?

മി. ററി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ സെക്രട്ടറി): ആറം അവിടെ ഉണ്ടായിരുന്നു, എന്നാൽ പിന്നീടാണ ആ ഉദ്യോഗം വളരെ പണച്ചിലവുള്ളതാണെന്നു നഗരസഭ മനസ്സിലാക്കിയതു്. അപ്പോൾ ആ ഉദ്യോഗം നിറുത്തൽചെയ്തു അതിനുപകരം കുറഞ്ഞശമ്പളത്തിൽ ഒരു പൊതുമരാമത്തു ഇൻസ്പെക്ടരെ നിയമിക്കുന്നതിനായി ശുപാർശചെയ്തയും അതിനെ ഗവണ്മെൻറ അനുവദിക്കയും ചെയ്തു. കൌൺസിലിനു ഒരു പി. ഡബ്ലിയു. ഡി. സൂപ്രവൈസർ ഇല്ലാതെ കഴിഞ്ഞുകൂടാമായിരുന്നോഎന്നുള്ളതു വേറൊരു സംഗതിയാണ്.

മി. എം. ശിവതാണപിള്ള (തോവാള): പ്രമതയുള്ള ഒരു സൂപ്രവൈസർ ഇല്ലാതെ പൊതുമരാമത്തു ജോലികൾ നടത്തുന്നതു അയുക്തമാണെന്നു ഗവണ്മെൻറിനു അറിയാൻ പാടില്ലയോ?

മി. ററി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ സെക്രട്ടറി): പൊതുമരാമത്തു ഇൻസ്പെക്ടരുടെ സ്ഥാനത്തേയ്ക്കു ജോലിപരിചയമുള്ള ഒരാളിനെ നിയമിക്കണമെന്നാണ കൌൺസിൽ അഭിപ്രായപ്പെടുന്നതു്.

മി. എം. ശിവതാണപിള്ള (തോവാള): ആ സംഗതി വേഗം നടത്തുന്നതിനു ഗവണ്മെൻറ ദയവായി പ്രസിഡൻറിനോടാജ്ഞാപിക്കുമോ?

മി. ററി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ സെക്രട്ടറി): ആജ്ഞാപിക്കാം.

സബ്ബ് രജിസ്ട്രാരുടെ ആഫീസിലെ എഴുത്തുകുത്തുകൾ.

൨൯൬. മി. സി. എൻ. കുപ്പൻനമ്പൂതിരി (ജന്മി): പ്രമാണങ്ങൾ ഒഴിച്ചു സബ്ബ് രജിസ്ട്രാർ ആഫീസിലെ മററുള്ള എഴുത്തുകുത്തുകൾഎല്ലാം ഇംഗ്ലീഷിൽ ആയിരിക്കണമെന്നു ഉത്തരവു കൊടുത്തിട്ടുള്ളതായി അറിവുണ്ടോഎന്നു ഗവണ്മെൻറ സദയം പറയുമോ?

മി. കെ. ജാജ് (ഗവണ്മെൻറ ചീഫ് സെക്രട്ടറി): അറിവില്ല.

മി. സി. എൻ. കുപ്പൻനമ്പൂതിരി (ജന്മി): ഡിസ്ത്രിക്ട് രജിസ്ട്രാർമാക്കും ഇങ്ങനെ ഉത്തരവയച്ചിട്ടുണ്ടോ?

മി. കെ. ജാജ് (ഗവണ്മെൻറ ചീഫ് സെക്രട്ടറി): ഡിസ്ത്രിക്ട് രജിസ്ട്രാർമാക്കു അയച്ചതായി അറിവില്ല. ആദ്യം അതു ചോദിച്ചിട്ടില്ലാത്തതുകൊണ്ടു അതിൻെറ ഉത്തരം വരുത്തിയിട്ടില്ല.

മി. സി. എൻ. കുപ്പൻനമ്പൂതിരി (ജന്മി): രജിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറിൽനിന്നും ഡയറക്ടർ ഇങ്ങനെ എന്തെങ്കിലും ഉത്തരവു ഡിസ്ത്രിക്ട് രജിസ്ട്രാർക്ക് അയച്ചിട്ടുണ്ടോ?

മി. കെ. ജാജ് (ഗവണ്മെൻറ ചീഫ് സെക്രട്ടറി): ഇല്ലെന്നാണ രജിസ്ട്രേഷൻ ഡയറക്ടരുടെ എഴുത്തിൽനിന്നും മനസ്സിലാകുന്നതു്.

മിസ്റ്റർ ഒ. എം. ചെറിയാൻ നടത്തിയ നിയമനങ്ങൾ.

൨൯൯. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്):

(എ) ഗവണ്മെൻറ ൧൧൦൧ മീനത്തിനുശേഷമുള്ള മിസ്റ്റർ ഒ. എം. ചെറിയാൻെറ നിയമനങ്ങളെപ്പററി സൂക്ഷ്മമായി പരിശോധിച്ചിട്ടുണ്ടോ എന്നും,

(ബി) മിസ്റ്റർ ഒ. എം. ചെറിയാൻെറ നിയമനങ്ങളെപ്പററി എന്തെങ്കിലും പരാതികൾ ഗവണ്മെൻറിനു കിട്ടിയിട്ടുണ്ടോ എന്നും,

(സി) ബി ഭാഗത്തിനുള്ള മറുപടി ഉണ്ടെന്നാണെങ്കിൽ ആ സംഗതിയെക്കുറിച്ചു എന്തെങ്കിലും അന്വേഷണം നടത്തീട്ടുണ്ടോ എന്നും,

ഗവണ്മെൻറ ദയവായി പറയുമോ?

മി. കെ. ജാർജ് (ഗവണ്മെൻറ ചീഫ് സെക്രട്ടറി):

(എ) ഇല്ല.

(ബി) ഉണ്ടു്.

(സി) ആ സംഗതി അന്വേഷണത്തിൽ ഇരിക്കുന്നു.

അക്കൗണ്ടാപ്പീസിലെ നിയമനങ്ങൾ.

ച. ൭൮. മി. പി. ഹബീബ് മഹമ്മദ (നിയമിക്കപ്പെട്ട മെമ്പർ):

(എ) പകരം ജോലിനോക്കിയിട്ടുള്ളവരും വീണ്ടും നിയമനത്തിനായി ആശിച്ചിട്ടുള്ളവരുമായ ആളുകളുടെ അവകാശങ്ങളെ വിഗണിച്ചു അക്കൌണ്ടാഫീസിൽ ഈയിടെ പകരമായോ സ്ഥിരമായോ ക്ലാക്കന്മാരെ നിയമിച്ചിട്ടുണ്ടോ എന്നും,

(ബി) എ ചോദ്യത്തിനുള്ള മറുപടി ഉണ്ടെന്നാണെങ്കിൽ പകരംനോക്കീട്ടുള്ളവരുടെ അവകാശങ്ങളെ അപ്രകാരം വിഗണിക്കുന്നതിനുള്ള കാരണം എന്താണെന്നും,

(സി) അപ്രകാരം നിയമിക്കപ്പെട്ട ആളുകളുടെ പേരുകളും,

(ഡി) അവർ ഇപ്പോൾ നോക്കുന്ന ജോലിയുടെ പ്രകൃതവും എന്താണെന്നും,

ഗവർമ്മെന്റിൽനിന്നും സദയം പറയുമോ?

മി. കെ. എൻ. രാമസുബ്ബയ്യർ (ഗവർമ്മെന്റ ഫിനാൻഷ്യൽ സെക്രട്ടറി): (എ) യും (ബി) യും സ്ഥിരമായ നിലയിൽ ആരേയും നിയമിച്ചിട്ടില്ല. പകരത്തിനു അപ്രകാരം ചില നിയമനങ്ങൾ ഉണ്ടായിട്ടുണ്ട്. ആദ്യം പകരം നോക്കീട്ടുള്ള മുറയ്ക്കാണു ഒഴിവുകളിൽ സാധാരണയായി പകരത്തിനു ആളുകളെ നിയമിക്കാറുള്ളത്. ഒരാളുടെ മുറവരുമ്പോൾ അയാൾ ഇല്ലെങ്കിൽ ആ അവസരം അയാൾക്കു നഷ്ടപ്പെട്ടുപോകുന്നു. ചില അവസരങ്ങളിൽ ഒരു പ്രത്യേകജോലിക്കായി ഒരാളെ നിയമിച്ചാൽ ആ ജോലിയുടെ നടത്തിപ്പിനുവേണ്ടി ആ ആളെത്തന്നെ അവിടെ വെച്ചേക്കാറുണ്ട്.

(സി)-യും (ഡി)-യും മുമ്പു പകരംനോക്കീട്ടുള്ളവരെ വിഗണിച്ചു ഈയിടെ രണ്ടാളുകൾ ഇപ്പോഴും പകരം ലിസ്റ്റിൽ ജോലി തുടർന്നുകൊണ്ടിരിക്കുന്നു. അവർ എൻ. താണുപിള്ള ബി. എ. യും ആർ. രാമകൃഷ്ണയ്യർ ബി. എ. യുമാണ്. ഇതിൽ ആദ്യത്തെആൾ സെവിംഗ്സ് ബാങ്ക് ആഡിറററും, മറേറയാൾ അക്കൌണ്ടാഫീസരുടെ സ്റ്റിനോഗ്രാഫരുമാണ്.

മി. പി. ഹബീബ് മഹമ്മദ (നിയമിക്കപ്പെട്ട സഭാംഗം): എ. യും ബി. യും ചോദ്യങ്ങളുടെ മറുപടിയിൽ പകരം നോക്കീട്ടുള്ളവരെ കിട്ടാത്തപ്പോൾ പുതിയ അപേക്ഷകന്മാരെ നിയമിക്കുമെന്നു പറഞ്ഞിട്ടുണ്ട്. മുമ്പു പകരം നോക്കീട്ടുള്ള ഒരാളെ കിട്ടുകയില്ലെന്നറിയുന്നതു എങ്ങിനെയാണെന്നു ഫിനാൻഷ്യൽ സെക്രട്ടറി അവർകൾ സദയം പറയുമോ?

മി. കെ. എൻ. രാമസുബ്ബയ്യർ (ഗവർമ്മെന്റ ഫിനാൻഷ്യൽ സെക്രട്ടറി): ഒരാൾക്കു ഒരു കാർഡ് അയച്ചാൽ അയാൾ മറുപടിഅയച്ചില്ലെങ്കിൽ അയാളെ കിട്ടുകയില്ലെന്നൂഹിക്കുന്നു.

മി. പി. ഹബീബ് മഹമ്മദ (നിയമിക്കപ്പെട്ട സഭാംഗം): ഗവർമ്മെന്റിൽനിന്നും എല്ലാ അപേക്ഷകന്മാരുടേയും മേൽവിലാസം സൂക്ഷിച്ചിട്ടുണ്ടോ?

മി. കെ. എൻ. രാമസുബ്ബയ്യർ (ഗവർമ്മെന്റ ഫിനാൻഷ്യൽ സെക്രട്ടറി): ഗവർമ്മെന്റിനു അതുസംബന്ധിച്ചു യാതൊന്നും ചെയ്യാനില്ല. അപേക്ഷകന്മാർ എപ്പോഴും അവരുടെ മേൽവിലാസവും എഴുതിക്കൊടുക്കുന്നു. എന്നാൽ അറിവുതരാതെ അവരുടെ താമസസ്ഥലം മാററിയാൽ പിന്നീടു അവർക്കു അറിവുകൊടുക്കുക അസാദ്ധ്യമല്ലേ.

മി. പി. ഹബീബ്മഹമ്മദ് (നിയമിക്കപ്പെട്ട മെമ്പർ) : ആ ആഫീസിൽ ഇവരുടെ എല്ലാവരുടേയും ഒരു ലിസ്റ്റ് സൂക്ഷിച്ചിട്ടുണ്ടോ എന്നു സദയം പറയുമോ?

മി. കെ. എൻ. രാമസുബ്ബയ്യർ (ഗവർമ്മെന്റ ഫിനാൻഷ്യൽസെക്രട്ടറി) : ഒരിക്കൽ പകരം നോക്കീട്ടുള്ളവരുടെ ലിസ്റ്റ് ആഫീസിൽ സൂക്ഷിച്ചിട്ടുണ്ട്.

മി. പി. ഹബീബ്മഹമ്മദ് (നിയമിക്കപ്പെട്ട മെമ്പർ) : ഒരപേക്ഷകന്റെ ഒരവസരം നഷ്ടപ്പെട്ടുപോയാൽ പിന്നീട് ആ ആളിനെ വീണ്ടും ഒരുപുതിയ അപേക്ഷകനായി ഗണിക്കുമെന്നാണോ മെമ്പർ പറയുന്നതു്.

മി. കെ. എൻ. രാമസുബ്ബയ്യർ (ഗവർമ്മെന്റ ഫിനാൻഷ്യൽ സെക്രട്ടറി) : അതെ

മി. പി. ഹബീബ് മഹമ്മദ് (നിയമിക്കപ്പെട്ട സഭാംഗം) : സിയും ഡിയും ചോദ്യത്തിന്റെ ഉത്തരം സംബന്ധിച്ചിടത്തോളം ഈ ഒഴിവുകളിൽ ആളുകളെ നിയമിച്ചപ്പോൾ മുമ്പ് പകരംനോക്കിയവർ വന്നിരുന്നില്ലയോ അല്ലാ ഇപ്പോഴുള്ളവരുടെ ആ ജോലിയിലുള്ള പ്രത്യേകജ്ഞാനംകൊണ്ടു അവരെ നിയമിച്ചു എന്നോ ഞാൻ മനസിലാക്കേണ്ടതു്?

മി. കെ. എൻ. രാമസുബ്ബയ്യർ (ഗവർമ്മെന്റ ഫിനാൻഷ്യൽസെക്രട്ടറി) : മറുപടിയിൽ പേരുപറഞ്ഞിട്ടുള്ള ആ രണ്ടു പ്രത്യേക ആളുകളെ സംബന്ധിച്ചിടത്തോളം അവരെക്കുറിച്ചുള്ളസംഗതികൾ അവിടത്തന്നെ പറഞ്ഞിട്ടുണ്ട്. അയാൾക്കു കൊടുത്തിട്ടുള്ള ജോലി ഒരു ഷാർട്ടുഹാൻസ്‌ടൈപ്പിസ്റ്റിന്റെതാണ്. അയാൾ ക്ലാക്കന്മാരുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ആളല്ല. ഞങ്ങൾക്കു ഷോർട്ടുഹാൻഡ്ടൈപ്പിസ്റ്റിന്റെ ജോലിക്കു ഒരാളെ ആവശ്യമുണ്ടായിരുന്നു. അപ്പോഴുണ്ടായിരുന്ന അപേക്ഷകരിൽ ഏററവും സമത്ഥനായുള്ള ആളിനെ അതിനു തിരഞ്ഞെടുക്കുകയും ചെയ്തു.

മി. പി. ഹബീബ്മഹമ്മദ് (നിയമിക്കപ്പെട്ടമെംബർ) : അന്നുള്ള അപേക്ഷക്കാരിൽ ആ ആളായിരുന്നോ ഏററവും സമത്ഥൻ.

മി. കെ. എൻ. രാമസുബ്ബയ്യർ (ഗവർമ്മെന്റ് ഫിനാൻഷ്യൽസെക്രട്ടറി): അതെ, അപ്പോഴുണ്ടായിരുന്നവരിൽ ഞാൻ മെംബറിന്റെ ചോദ്യത്തിനു പൂർത്തിയായ മറുപടി പറഞ്ഞുകഴിഞ്ഞിട്ടുണ്ട്.

മി. ഹബീബ്മഹമ്മദ് (നിയമിക്കപ്പെട്ടമെംബർ) : ഈ രണ്ടാളുകളേയും നിയമിച്ചതുനിമിത്തം എത്ര പേരുടെ അവകാശങ്ങളെ വിഗണിച്ചിട്ടുണ്ട്.

മി. കെ. എൻ. രാമസുബ്ബയ്യർ (ഗവർമ്മെന്റഫിനാൻഷ്യൽസെക്രട്ടറി) :ഒരു ഷോർട്ടുഹാൻഡ്ടൈപ്പിസ്റ്റിനെ നിയമിച്ചതുകൊണ്ടു ആരുടേയും അവകാശങ്ങളെ വിഗണിച്ചെന്നു വിചാരിക്കാൻ പാടില്ലാ എന്നു ഞാൻ പറഞ്ഞുകഴിഞ്ഞുവല്ലോ.

മി. പി. ഹബീബ് മഹമ്മദ് (നിയമിക്കപ്പെട്ട മെമ്പർ) : മറ്റെ നിയമനത്തെക്കുറിച്ചോ?

മി. കെ. എൻ. രാമസുബ്ബയ്യർ (ഗവൺമെന്റ് ഫിനാൻഷ്യൽ സെക്രട്ടറി) : ഞാൻ പറയുവാനായി ഭാവിച്ച മറ്റേ ആളിനെ സംബന്ധിച്ചിടത്തോളം അയാൾ [illegible]-ാമാണ്ടുതന്നെ അക്കൗണ്ടോഫീസിൽ ഒരുജോലിക്ക അപേക്ഷകനായിരുന്നു. എന്നാൽ അക്കൗണ്ടോഫീസിൽ ഉദ്യോഗം ലഭിക്കുന്നതിനുമുമ്പ് സെക്രട്ടേറിയേറ്റിൽ ഒരു പകരം ഒഴിവിൽ അയാളെ നിയമിച്ചു. ആ ഒഴിവിന്റെ കാലം തീർന്നപ്പോൾ അയാൾ ഇവിടെ വീണ്ടും അപേക്ഷിക്കുകയും മുൻ പറഞ്ഞ സംഗതികളെല്ലാം വിചാരിച്ചു, അയാൾ അക്കൗണ്ടോഫീസിൽ എപ്പോഴാണ് ആദ്യമായി വരേണ്ടിയിരുന്നത് എന്നുനോക്കാതെ അയാളെ ഇവിടെ ഉദ്യോഗത്തിനായി തിരഞ്ഞെടുക്കുകയും ചെയ്തു.

മി. പി. ഹബീബ് മുഹമ്മദ് (നിയമിക്കപ്പെട്ട മെമ്പർ) : അയാളുടെ ആദ്യത്തെ അപേക്ഷയെപ്പറ്റി ഗൗനിച്ചു എന്നാണോ ഞാൻ മനസിലാക്കേണ്ടത്?

മി. കെ. എൻ. രാമസുബ്ബയ്യർ (ഗവൺമെന്റ് ഫിനാൻഷ്യൽ സെക്രട്ടറി) : അയാളുടെ ആദ്യത്തെ അപേക്ഷയും സെക്രട്ടേറിയേറ്റിൽ ഒരു പകരംജോലി ഉണ്ടായിരുന്നു എന്ന വസ്തുതയും രണ്ടും ഗണിച്ചിട്ടുണ്ട്.

മി. പി. ഹബീബ് മഹമ്മദ് (നിയമിക്കപ്പെട്ട സഭാംഗം) : ആക്ടിംഗ് ക്ലാർക്കന്മാരുടെ ലിസ്റ്റിൽ അയാളും ഉണ്ടായിരുന്നോ?

മി. കെ. എൻ. രാമസുബ്ബയ്യർ (ഗവൺമെന്റ് ഫിനാൻഷ്യൽ സെക്രട്ടറി) : അയാൾ എങ്ങിനെയുണ്ടായിരിക്കും? അക്കൗണ്ടോഫീസിൽ നിയമിക്കുന്നതുവരെ ഒരുത്തരും പകരംജോലിക്കാരുടെ ലിസ്റ്റിൽ കാണുകയില്ലെന്ന് ഞാൻ മുമ്പുതന്നെ പറഞ്ഞുകഴിഞ്ഞുവല്ലോ.

മി. പി. ഹബീബ് മഹമ്മദ് (നിയമിക്കപ്പെട്ട സഭാംഗം) : ഈ രണ്ടു നിയമനങ്ങളുടേയും കാലാവധി എത്രയാണ്.

മി. കെ. എൻ. രാമസുബ്ബയ്യർ (ഗവൺമെന്റ് ഫിനാൻഷ്യൽ സെക്രട്ടറി) : അതിനിപ്പോൾ മറുപടി പറയാൻ സാധിക്കയില്ല.

മി. പി. ഹബീബ് മഹമ്മദ് (നിയമിക്കപ്പെട്ട സഭാംഗം) : ഇപ്പോഴത്തെ സ്ഥിതി അനുസരിച്ചു?

മി. കെ. എൻ. രാമസുബ്ബയ്യർ (ഗവൺമെന്റ് ഫിനാൻഷ്യൽ സെക്രട്ടറി) : പകരം നോക്കുന്നവരുടെ കാലാവധി എങ്ങിനെയാണ്, സർ, എനിക്കു പറയാൻ സാധിക്കുന്നത്?

അദ്ധ്യക്ഷൻ. പക്ഷേ, രണ്ടുപേരുടേയും കൂടെ ഒന്നിച്ചുകൂട്ടി ഒരുമിച്ചുള്ള കാലാവധിയായിരിക്കും മെമ്പർ ആവശ്യപ്പെടുന്നത്.

മി. പി. ഹബീബ് മഹമ്മദ് (നിയമിക്കപ്പെട്ട മെമ്പർ) : ഏയും ബീയും ഭാഗങ്ങൾക്കുള്ള മറുപടിയിൽ ഒരുത്തരെയും സ്ഥിരമായി നിയമിച്ചിട്ടില്ല എന്നു പറഞ്ഞിട്ടുണ്ട്. അതുകൊണ്ടു ഈ രണ്ടു നിയമനങ്ങളും എപ്പോഴെങ്കിലും അവസാനിക്കണം എന്നാണ് ഞാൻ പറയുന്നത്.

മി. കെ. എൻ. രാമസുബ്ബയ്യർ (ഗവൺമെന്റ് ഫിനാൻഷ്യൽ സെക്രട്ടറി) : കുറെക്കാലത്തെ പകരം സർവീസുള്ള ഒട്ടധികം പകരംജോലിക്കാർ ഉണ്ടായിരിക്കാം; എന്നാൽ അവരുടെ ഉദ്യോഗകാലാവധിയെക്കുറിച്ചു ഒന്നും പറയാൻ സാധിക്കയില്ല എന്നു ഞാൻ മെമ്പറിനോടു പറയാം.

നാവിഗേഷൻ സ്പെഷ്യൽ ആഫീസരുടെ റിപ്പോർട്ട്.

൨൭൯. മി. എ. ജെ. ജാൺ (വൈക്കം) : നാവിഗേഷൻ സ്പെഷ്യൽ ആഫീസരുടെ റിപ്പോർട്ടിന്റെ ഒരു പകർപ്പു ഗവൺമെന്റിൽനിന്നും ദയവായി മേശമേൽ വയ്ക്കുമോ?

മി. റ്റി. പി. രാമസുബ്ബയ്യർ (ഗവൺമെന്റ് സെക്രട്ടറി) : റിപ്പോർട്ടു പ്രസിദ്ധമാകായ്കകൊണ്ട് അതിപ്പോൾ കിട്ടുകയില്ല

മി. എ. ജെ. ജാൺ (വൈക്കം) : സ്പെഷ്യൽ ആഫീസർ എപ്പോഴാണ് ഈ റിപ്പോർട്ടു ഗവൺമെന്റിൽ സമർപ്പിച്ചതെന്നു സദയം പറയുമോ?

മി. റ്റി. പി. രാമസുബ്ബയ്യർ (ഗവൺമെന്റ് സെക്രട്ടറി) : എനിക്ക അതിനെക്കുറിച്ചു അറിവുകിട്ടിയിട്ടില്ല.

മി. എ. ജെ. ജാൺ (വൈക്കം) : എന്റെ ൧൮-ാംനമ്പർ ചോദ്യത്തിന്റെ മറുപടിയിൽ റിപ്പോർട്ടു ഇപ്പോൾ കിട്ടിയതേയുള്ളു, അതച്ചടിച്ചുവരുന്നു എന്ന് ഗവൺമെന്റ് പറഞ്ഞിട്ടുണ്ടല്ലോ. റിപ്പോർട്ടു ആ തീയതിമുതൽ ഇന്നുവരെ പ്രസ്സിലാണെന്നാണോ ഞാൻ മനസിലാക്കേണ്ടത്?

മി. റ്റി. പി. രാമസുബ്ബയ്യർ (ഗവൺമെന്റ് സെക്രട്ടറി) : പ്രൂഫ്കൾ പരിശോധിക്കുന്നതിനായി ചീഫ്എൻജിനീയർ അവർകളുടെ അടുക്കലേക്ക അയച്ചിരിക്കയായിരുന്നു, അദ്ദേഹം അതിനെ അവസാനമായി പാസ്സാക്കുകയുംചെയ്തു, അതുകൊണ്ടു അതിപ്പോൾ അച്ചടിച്ചുവരികയാണ്.

മി. എ. ജെ. ജാൺ (വൈക്കം) : അതെപ്പോൾ അച്ചടിച്ചുതീരുമെന്നു ഗവൺമെന്റ് വിചാരിക്കുന്നു എന്നു പറയുമോ?

മി. റ്റി. പി. രാമസുബ്ബയ്യർ (ഗവൺമെന്റ് സെക്രട്ടറി) . വളരെവേഗത്തിൽ.

സർവീസ് ചരിത്രം.

൨൮൦. മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട) :

(എ) ഓരോ ജോലിയിലും സ്ഥിരമായി നിയമിക്കപ്പെടാത്ത ഉദ്യോഗസ്ഥന്മാരുടെ വയസു ഗവൺമെന്റിൽനിന്നും പ്രസിദ്ധംചെയ്യുന്ന സർവീസ് ചരിത്രത്തിൽനിന്നും എന്തുകൊണ്ടു വിട്ടിരിക്കുന്നു എന്ന് ഗവൺമെന്റിൽനിന്നും ദയവായി പറയുമോ?

(ബി) ഈ കുറവുകളെ ശരിപ്പെടുത്തുന്നതിനായി ഗവൺമെന്റിൽനിന്നു വേണ്ടഏർപ്പാടുകൾ സദയം ചെയ്യുമോ?

മി. കെ. എൻ. രാമസുബ്ബയ്യർ (ഗവൺമെന്റ് സെക്രട്ടറി)

(എ) പകരം നോക്കുന്ന ഗസറ്റഡ് ആഫീസരുടെ വയസിനെക്കുറിച്ചുള്ള അറിവ് അവരെ സ്ഥിരപ്പെടുത്തുന്നതുവരെ സാധാരണയായി അക്കൗണ്ടാഫീസിൽ കിട്ടാറില്ല.

(ബി) എ ഭാഗത്തിന്റെ ഉത്തരംകൊണ്ടു ഈ ചോദ്യം സംഗതമല്ല.

ഗവമെന്റു കാഷ്യൂബംഗ്ലാവും പബ്ളിക്ക്തോട്ടങ്ങളും.

൨൬൪. മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ)

(എ) കഴിഞ്ഞ രണ്ടുകൊല്ലങ്ങൾക്കിടയിൽ (൧൯൪൮-൫൦ ൧൯൪൯-൫൦) കാഷ്യൂബംഗ്ലാവിലേയ്ക്കും പബ്ളിക്കുതോട്ടങ്ങളുടേയും ഡയറക്ടർ ഉദ്യോഗത്തിനായി എത്ര അപേക്ഷകൾ കിട്ടീട്ടുണ്ട്. അവയെല്ലാം തീരുമാനിച്ചോ തീരുമാനിച്ചെങ്കിൽ എങ്ങിനെയെന്ന ഗവമെന്റു സദയം പറയുമോ?

(ബി) ഓണററിഡയറക്ടർആയി കൂടെജോലിനോക്കുന്ന ഇപ്പോഴത്തെ ഹോർട്ടിക്കൾച്ചറിസ്റ്റിന്റെകൂടെ ഈ സ്ഥാപനത്തിലേക്ക ഒരുഹോർട്ടിക്കൾച്ചർ ഡയറക്ടറെക്കൂടെ നിയമിക്കുന്നതിനായി ഗവമെന്റു ഉദ്ദേശിക്കുന്നുണ്ടോ?

(സി) മദ്രാസ്, കൽക്കട്ട, ബാംബെ, മൈസൂർ എന്നിസ്ഥലങ്ങളിൽ ഡയറക്ടർ മുതലായില്ലാതെ ഒരു ഹോർട്ടിക്കൾച്ചറിസ്റ്റിന്റെ അധീനതയിൽമാത്രം ഈ മാതിരിസ്ഥാപനങ്ങളെ വെച്ചിരിക്കുന്നപതിവുഗവമെന്റിനറിയാമോ

മി. കെ. ജോർജ്ജ് (ഗവമെന്റുചീഫ്സെക്രട്ടറി)

(എ) ൧൯൫൦-ൽ ഒരുഅപേക്ഷകിട്ടി. ആഅപേക്ഷകനോട് അപ്പോൾഒഴിവില്ലഎന്നു പറയുകയും ചെയ്തു.

(ബി) ഇല്ല.

(സി) ഇല്ല.

മി. നടേശയ്യരുടെ ഒഴിവിൽ ആളിനെനിയമിക്കൽ.

൨൬൫. മി. കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്)

(എ) മി. കെ. വി നടേശയ്യൻ പെൻഷൻപറ്റിപിരിഞ്ഞപ്പോൾ ഒഴിവുവന്നതായ ചീഫ്എൻജിനിയർ ഉദ്യോഗത്തിലേക്ക സ്ഥിരമായി ആളെനിയമിക്കാത്തതു എന്തുകൊണ്ടാണെന്നും;

(ബി) പൊതുമരാമത്തു ഡിപ്പാർട്ടുമെന്റു ഒരു അസിസ്റ്റന്റു എൻജിനീയരുടെ മേൽനോട്ടത്തിലാണ് വച്ചിരിക്കുന്നതു എന്ന വസ്തുത വാസ്തവമാണോ, ആണെങ്കിൽ പൊതുമരാമത്തു ഡിപ്പാർട്ടുമെന്റിൽ അദ്ദേഹത്തിന്റെ റാങ്കും ശമ്പളവും എന്താണെന്നും;

(സി) ആ ഡിപ്പാർട്ടുമെന്റിൽ മാസം ൧൨൦൦ രൂപ വീതം ശമ്പളം വാങ്ങുന്ന രണ്ടു എക്സിക്യൂട്ടീവു എൻജിനീയറന്മാർ ഉണ്ടെന്നു ഗവമെന്റിനറിയാമോഎന്നും;

(ഡി) ചീഫ്എൻജിനീയരുടെ സ്ഥാനത്തു ആളില്ലാതെ വരുമ്പോൾ ആ ജോലി നോക്കുന്നതിനായി ഏറ്റവുംകൂടുതൽ സർവീസുള്ള എൻജിനീയരെ നിയമിക്കയല്ലയോ പതിവു എന്നും;

(ഇ) ഡി ഭാഗത്തിനുള്ള ഉത്തരം അതേ എന്നാണെങ്കിൽ ആ പതിവിൽ അല്ലെങ്കിൽ ആ തത്വത്തിൽ നിന്നും ഈ ഘട്ടത്തിൽ വ്യതിചലിക്കുന്നതിനുള്ള കാരണം എന്താണെന്നും ഗവമെന്റിൽ നിന്നും സദയം പറയുമോ?

മി. കെ. ജോർജ്ജ് (ഗവമെന്റുചീഫ്സെക്രട്ടറി): (എ) വേണ്ട ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്.

(ബി) തിരുവിതാംകൂർ സർവീസറഗുലേഷന്റെ ൧൦, ൧൫, ൧൭ ഈ വകുപ്പുകൾക്കൊപ്പെട്ട ചീഫ് എൻജിനീയരുടെ ജോലിനോക്കുന്നതിനായി അസിസ്റ്റന്റു എൻജിനീയറായ മി. സി. ബാലകൃഷ്ണറാവുവിനെ നിയമിച്ചു. ചോദ്യത്തിന്റെ രണ്ടാംഭാഗം സംബന്ധിച്ചിടത്തോളം ആവശ്യപ്പെട്ട വിവരങ്ങൾ അടങ്ങിയ പുതിയ സിവിൽലിസ്റ്റിലേക്ക മെംബറുടെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു.

(സി) അറിയാം.

(ഡി) ഒരു സ്ഥിരമായ പതിവോ നിബന്ധനയോ ഈകാര്യത്തിൽ ഇല്ല.

(ഇ) ഡി ഭാഗത്തിന്റെ ഉത്തരംകൊണ്ടു ഈ ചോദ്യംസംഗതമല്ല.

മി. കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): ബി ഭാഗത്തിന്റെ ഉത്തരം സംബന്ധിച്ചിടത്തോളം ചീഫ്എൻജിനീയരുടെ സ്ഥാനത്തു ആളില്ലാതെവരുമ്പോൾ ഒരു അസിസ്റ്റന്റു എൻജിനീയരെ നിയമിക്കുന്ന കീഴ്നടപ്പുണ്ടോ എന്നു പറയുമോ?

മി. കെ. ജോർജ്ജ് (ഗവമെന്റുചീഫ്സെക്രട്ടറി): ചീഫ്എൻജിനീയർ ഇല്ലാതിരുന്നപ്പോൾ സീനിയർഅല്ലാത്ത ഒരു എക്സിക്യൂട്ടീവ്എൻജിനീയറെ പകരം നിയമിച്ചതായി ഒരു ഉദാഹരണം ഉണ്ട്, കുറച്ചു കൊല്ലങ്ങൾക്ക മുമ്പായിരുന്നു. മറ്റൊരവസരത്തിൽ ഒരസിസ്റ്റന്റു എൻജിനീയരെ ആ ജോലിനോക്കുന്നതിനായി നിയമിച്ച ഒരു കീഴ്നടപ്പുമുണ്ട്.

മി. കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്) അതുഇൗയിടെ ഉണ്ടായതാണു, അല്ലേ?

മി. കെ. ജോർജ്ജ് (ഗവമെന്റു ചീഫ്സെക്രട്ടറി): അതേ.

മി. കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): അതുകൂടാതെ വേറെ ഉദാഹരണം ഉണ്ടായിട്ടുണ്ടോ എന്നാണു എനിക്കറിയേണ്ടത്.

മി. കെ. ജോർജ്ജ് (ഗവമെന്റുചീഫ്സെക്രട്ടറി): ഇല്ല.

മി. കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): മി ബാലകൃഷ്ണറാവു ചീഫ്എൻജിനീയരുടെ ജോലിനോക്കിയതു എത്രമാസത്തേക്കോ ദിവസത്തേയ്ക്കോ ആണെന്നു അറിഞ്ഞാൽകൊള്ളാം.

മി. കെ. ജോർജ്ജ് (ഗവമെന്റു ചീഫ്സെക്രട്ടറി): ഏകദേശം ഒരു മാസത്തേയ്ക്കു.

ചീഫ്എൻജിനീയരുടെ ജോലിനോക്കുന്നതിനായി മി. ബാലകൃഷ്ണറാവുവിന്റെ നിയമനം.

൨൬൬. മി. കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): (എ) പൊതുമരാമത്തു ഡിപ്പാർട്ടുമെന്റു ചാർജിൽ ഇരിക്കുന്ന ഉദ്യോഗസ്ഥന്റെ സ്ഥാനം എന്താണെന്നും;

(ബി) ഒഴിവുവന്നപ്പോൾ ഈ ഉദ്യോഗസ്ഥനെ ഡിപ്പാർട്ടുമെന്റിനു വെളിയിൽ വേറെ പ്രത്യേക ജോലിക്ക നിയമിച്ചിരിക്കയല്ലായിരുന്നോഎന്നും;

(സി) ചീഫ്എൻജിനീയരുടെ സ്ഥാനം ഒഴിവുവന്നപ്പോൾ ചീഫ്എൻജിനീയരുടെ പേഴ്സനൽ അസിസ്റ്റൻറായി ജോലിനോക്കിയിരുന്ന ഇതേഗ്രേഡിലും റാങ്കിലും ഉള്ള ഒരു അസിസ്റ്റൻറ എൻജിനിയർ ചീഫ് എൻജിനീയർ ആഫീസിൽ ഇല്ലായിരുന്നോ എന്നും;

(ഡി) മി. ഹരിഹരയ്യരെ അയച്ചിട്ട മി. ബാലകൃഷ്ണറാവുവിനെ വരുത്തുന്നതിന വല്ല പ്രത്യേകകാരണവും ഉണ്ടോഎന്നും;

(ഇ) അസിസ്റ്റൻറ എൻജിനീയർ മി. ഹരിഹരയ്യരെ എപ്പോഴെങ്കിലും ചീഫ്എൻജിനീയരുടെ ജോലിയിൽ നിയമിച്ചിട്ടുണ്ടോഎന്നും;

ഗവൺമെൻറിൽനിന്നും ദയവായി പറയുമോ?

മി. കെ. ജാർജ് (ഗവർമെൺറ ചീഫ്സെക്രട്ടറി): (എ) തിരുവിതാംകൂർ സർവ്വീസ്റഗുലേഷൻ ൭ ൭ന്, ൮൭ ഈ വകുപ്പുകൾക്കൾപ്പെട്ട ഏർപ്പാടിൽ ഒരു അസിസ്റ്റൻറ എൻജിനീയർ ചീഫ്എൻജിനീയരുടെ ദിവസജോലികൾ നോക്കുകയായിരുന്നു.

(ബി) അതെ.

(സി) എല്ലാ അസിസ്റ്റൻറ എൻജിനീയറന്മാരും ഒരേ ഗ്രേഡിലുള്ളവരാണ്. ആ സമയത്തു ആപ്പീസിൽ ഒരു അസിസ്റ്റൻറ എൻജിനീയർ ഉണ്ടായിരുന്നു.

(ഡി) ഉണ്ടായി.

പബ്ലിക്ക്ജോലികളുടെ അത്യാവശ്യകത.

(ഇ) ഉണ്ട്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ചീഫ്എൻജിനീയരുടെ ജോലികൾ നോക്കുന്നതിനായി മി. ബാലകൃഷ്ണറാവുവിനെ പുറമേ ഒരു ഡിപ്പാർട്ടുമെൻറിൽനിന്നും വിളിച്ച ആസമയത്തു പബ്ലിക്ക സർവീസിൽ ഉണ്ടായിരുന്ന അത്യാവശ്യമായ പ്രത്യേകജോലികൾ എന്തെല്ലാമായിരുന്നു.

മി. കെ. ജാർജ് (ഗവൺമെൻറ ചീഫ്സെക്രട്ടറി): അദ്ദേഹത്തിൻെറ ഈ ഡിപ്പാർട്ടുമെൻറിൽ ഉള്ള അധികകാലത്തെ പരിചയം.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഒരിക്കൽ ചീഫ്എൻജിനീയരുടെ ജോലി പകരം നോക്കിയ മി. ഹരിഹരയ്യർക്ക ആവശ്യമുള്ള പരിചയം ഇല്ലെന്നാണോ ഞാൻ മനസ്സിലാക്കേണ്ടത്?

മി. കെ. ജാർജ് (ഗവൺമെൻറ ചീഫ്സെക്രട്ടറി): അദ്ദേഹം കുറച്ചുകാലംമാത്രമേ ചീഫ്എൻജിനീയരുടെ ആപ്പീസിൽ ഇരുന്നൊള്ളു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): എത്രകാലം മി. ഹരിഹരയ്യർ ചീഫ്എൻജിനീയരുടെ പേഴ്സനൽ അസിസ്റ്റൻറായി ജോലിനോക്കിഎന്ന സദയം പറയുമോ?

മി. കെ. ജാർജ് (ഗവൺമെൻറ ചീഫ്സെക്രട്ടറി): കുറച്ചുകാലത്തേക്കുമാത്രമേ ഉണ്ടായിരുന്നൊള്ളു എന്നാണ എനിക്കുതോന്നുന്നത്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): മി. ഹരിഹരയ്യർ ചീഫ്എൻജിനീയരുടെ ജോലി ഒരു പ്രാവശ്യം നോക്കിട്ടുണ്ടെന്നിരിക്കെ ഈ അവസരത്തിൽ മി. ബാലകൃഷ്ണറാവുവിനെ തിരിഞ്ഞെടുക്കുന്നതിന വല്ല പ്രത്യേകകാരണവുമുണ്ടോ എന്ന് സദയം പറയുമോ?

മി. കെ. ജാർജ് (ഗവൺമെൻറ ചീഫ്സെക്രട്ടറി): ചീഫ്എൻജിനീയരുടെ സ്ഥിരം പേഴ്സനൽ അസിസ്റ്റൻറ മി. ബാലകൃഷ്ണറാവു ആയിരുന്നു; അതുകൊണ്ടു അദ്ദേഹത്തെ നിയമിച്ചാൽ നന്നായിരിക്കുമെന്ന ഗവൺമെൻറ വിചാരിച്ചു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ ഒഴിവുവന്നപ്പോൾ തിരുവനന്തപുരത്തു ഏതെങ്കിലും എക്സിക്യൂട്ടീവ് എൻജിനിയർ ഉണ്ടായിരുന്നോഎന്ന സദയം പറയുമോ?

മി. കെ. ജാർജ് (ഗവൺമെൻറ ചീഫ്സെക്രട്ടറി): തിരുവനന്തപുരം പട്ടണത്തിൽ രണ്ടു എക്സിക്യൂട്ടീവ്എൻജിനീയറന്മാർ ഉണ്ട്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): എന്തുകാരണംകൊണ്ടാണ് അവരിൽ ഒരാളോട്ട ചീഫ്എൻജിനീയരുടെ ജോലിനോക്കുന്നതിനായി പറയാതിരുന്നതെന്ന സദയം പറയുമോ?

മി. കെ. ജാർജ് (ഗവൺമെൻറചീഫ്സെക്രട്ടറി): ചീഫ്എൻജിനിയർ ആഫീസിലെ ആപ്പീസുജോലിയിൽ അവർക്ക പരിചയമില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ചീഫ്എൻജിനീയർക്ക പകരം ജോലി നോക്കുന്നതിന ഒരു എക്സിക്യൂട്ടീവ് എൻജിനീയരെക്കാൾ മെച്ചമായിട്ട ഒരു അസിസ്റ്റൻറ എൻജിനിയരെ നിയമിച്ചു എന്നാണോ ഞാൻ മനസ്സിലാക്കേണ്ടത്?

മി. കെ. ജാർജ് (ഗവൺമെൻറ ചീഫ്സെക്രട്ടറി): ചീഫ്എൻജിനീയർക്ക പകരം ജോലി നോക്കുന്നതിനായി ആരേയും നിയമിച്ചില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): കൊള്ളാം; ഒരു ചീഫ്എൻജിനീയരുടെ ജോലികൾ നോക്കുന്നതിനായി.

മി. കെ. ജാർജ് (ഗവൺമെൻറചീഫ്സെക്രട്ടറി): കുറച്ചുകാലത്തേക്കുമാത്രമേയുള്ള എന്നുള്ളതുകൊണ്ടും ആപ്പീസിലെ ജോലിക്ക വളരെക്കാലത്തെ പരിചയംഉള്ളതുകൊണ്ടും ചീഫ്എൻജിനിയർ ആപ്പീസിലെ ജോലികൾ നോക്കുന്നതിനായി ഈ അസിസ്റ്റൻറ എൻജിനിയരെ നിയമിച്ചു.

മി കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇക്കാലത്തുചെയ്ത ജോലിയ്ക്കു മി. ബാലകൃഷ്ണറാവുവിന പ്രത്യേകം കൂടുതൽ ശമ്പളം കൊടുത്തോ?

മി. കെ. ജാർജ് (ഗവൺമെൻറചീഫ്സെക്രട്ടറി): ആ ചോദ്യം ഇപ്പോഴും ഗവൺമെൻറിൻെറ ആലോചനയിൽ ഇരിക്കുന്നേയുള്ളു. ഒന്നും കൊടുത്തിട്ടില്ല.

മി. ബാലകൃഷ്ണറാവുവിൻെറ സ്ഥിതി.

൨൮൪. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): (എ) മി. ബാലകൃഷ്ണറാവു അദ്ദേഹത്തെക്കാൾ റാങ്കിലും ശമ്പളത്തിലും മേന്മയുള്ള ഓരോ എക്സിക്യൂട്ടീവ് എൻജിനീയറന്മാൎക്കം ഉപദേശം കൊടുക്കുകയും അവരുടെ ജോലികൾ പരിശോധിക്കുകയും ചെയ്യണമോ എന്നും;

(ബി) മി. ബാലകൃഷ്ണറാവു ഇപ്പോഴത്തെ ഏൎപ്പാടിൽ എക്സിക്യൂട്ടീവ് എൻജിനീയറന്മാരുടെ സഞ്ചാര പ്പട്ടികയിൽ മേലൊപ്പു വയ്ക്കണമോ എന്നും;

(സി) ഒരു അസിസ്റ്റൻറ് എൻജിനീയൎക്ക ഏററവും ചുരുങ്ങിയ തുകയുള്ള ഒരു വേലയുടെ അടങ്കലോ അല്ലെങ്കിൽ ഒരു കൺട്രാക്ടോ അനുവദിക്കുന്നതിനു അധികാരമില്ലെന്നുള്ളതു ഗവമ്മെൻറിനു അറിയാമോ എന്നും;

(ഡി) എക്സിക്യൂട്ടീവ് എൻജിനീയൎക്ക് ൫൦൦ ക. വരെയുള്ള ഒരു വേലയുടെ എസ്റ്റിമേററ് അനുവദിക്കുന്നതിനും ൫൦൦൦ ക. വരെയുള്ള കൺട്രാക്ടുകൾ സ്വീകരിക്കുന്നതിനും അധികാരമുണ്ടെന്നുള്ളതു ഗവമ്മെൻറിനു അറിയാമോ എന്നും;

ഗവമ്മെൻറ ദയവായി പറയുമോ?

മി. കെ. ജാൎജ് (ഗവമ്മെൻറ ചീഫ്സെക്രട്ടറി): (എ)യും (ബി)യും വേണ്ട.

(സി) അറിയാം.

(ഡി) അറിയാം.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): മി. ബാലകൃഷ്ണറാവുവിനു ഈ കാലത്തിനിടയിൽ ഏതെങ്കിലും എക്സിക്യൂട്ടീവ് എൻജിനീയരുടെ ററി. എ. ബിൽ മേലൊപ്പുവെയ്ക്കുന്നതിനുള്ള സന്ദൎഭം ഉണ്ടായിട്ടുണ്ടോ?

മി. കെ. ജാൎജ് (ഗവമ്മെൻറ ചീഫ്സെക്രട്ടറി): ഇല്ല. ബില്ലുകൾ എല്ലാം ഗവമ്മെൻറിലേയ്ക്കയക്കുന്നതിനു അദ്ദേഹത്തോടാജ്ഞാപിക്കയായിരുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ കാലങ്ങളിൽ ആരാണു ററി. എ. ബില്ലുകൾ മേലൊപ്പുവെച്ചതെന്നു സദയം പറയുമൊ?

മി. കെ. ജോൎജ് (ഗവമ്മെൻറ ചീഫ്സെക്രട്ടറി): ഗവമ്മെൻറ ചീഫ്സെക്രട്ടറിയാണു ബില്ലുകൾ എല്ലാം മേലൊപ്പുവെച്ചതു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ററി. എ. ബിൽ മേലൊപ്പുവെയ്ക്കുന്നതിനു ചീഫ്സെക്രട്ടറിയെ അധികാരപ്പെടുത്തുന്ന ഏതെങ്കിലും ചട്ടം ഉണ്ടോ?

മി. കെ. ജോൎജ് (ഗവമ്മെൻറ ചീഫ്സെക്രട്ടറി): ഉണ്ട്; ബിൽ മേലൊപ്പുവയ്ക്കുന്നതിനു ഗവമ്മെൻറ ചീഫ്സെക്രട്ടറിയെ അധികാരപ്പെടുത്തുന്ന ഒരു റൂൾ അക്കൌണ്ടുകോഡിൽ ഉണ്ട്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ കാലത്തു മിസ്റ്റർ ബാലകൃഷ്ണറാവു ചെയ്ത ജോലിയുടെ പ്രകൃതം എന്തായിരുന്നു?

മി. കെ. ജാൎജ് (ഗവമ്മെൻറ ചീഫ്സെക്രട്ടറി): ആഫീസിലെ പതിവു ജോലികൾ.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അദ്ദേഹം ഏതെങ്കിലും നിയമനങ്ങൾ നടത്തിട്ടുണ്ടോ?

മി. കെ. ജാൎജ് (ഗവമ്മെൻറ ചീഫ്സെക്രട്ടറി): അദ്ദേഹം ഒരു നിയമനവും നടത്തീട്ടുള്ളതായി എനിക്ക തോന്നുന്നില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അദ്ദേഹം ഏതെങ്കിലും അടങ്കൽ അനുവദിച്ചിട്ടുണ്ടോ?

മി. കെ. ജാൎജ് (ഗവമ്മെൻറ ചീഫ്സെക്രട്ടറി): ഇല്ല. അദ്ദേഹത്തിനു അടങ്കലുകൾ അനുവദിക്കാനുള്ള അധികാരമില്ല. ഈ ഉത്തരത്തിൽനിന്നും തെളിവാകുന്നുണ്ടല്ലൊ.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അപ്പോൾ ഒരു ആകൎഷണീയ പുരുഷനായിട്ടാണോ അദ്ദേഹത്തെ അവിടെ നിയമിച്ചിരുന്നതു?

ഒരു വിദേശീയ ചീഫ് എൻജിനീയരെ നിയമിക്കുന്നതിനുള്ള ആലോചന.

൨൮൫. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): (എ) ഗവമ്മെൻറ പുറമേനിന്നും ഒരു എൻജിനീയരെ കൊണ്ടുവന്നു ഇവിടെ ചീഫ്എൻജിനീയരായി നിയമിക്കാൻ പോകുന്നു എന്ന വസ്തുത വാസ്തവമാണോ എന്നും;

(ബി) ഈ ഡിപ്പാൎട്ടുമെൻറിൽ വളരെക്കാലത്തെ പരിചയവും സാമൎത്ഥ്യവുമുള്ള യൂറോപ്യരും നാട്ടുകാരുമായ എൻജിനീയറന്മാർ ഇവിടത്തെ സൎവീസിൽ ഉള്ളതു അറിയാമൊ എന്നും;

(സി) ബി ഭാഗത്തിനു ഉത്തരം അറിയാമെന്നാണെങ്കിൽ അവരുടെ സീനിയോറിററി അനുസരിച്ചു അവൎക്ക കയററം കൊടുക്കാത്തതു എന്തുകൊണ്ടാണെന്നും;

(ഡി) ബ്രിട്ടീഷ് ഇൻഡ്യയിൽ ഒരു എക്സിക്യൂട്ടീവ് എൻജിനീയരുടെ ശമ്പളം തിരുവിതാംകൂർ ചീഫ് എൻജിനീയരുടെ ശമ്പളത്തെക്കാൾ കൂടുതലാണെന്നു അറിയാമോ എന്നും;

(ഇ) രാജ്യത്തിൻെറ സ്ഥിതിക്കനുരൂപമല്ലാത്ത ഉയൎന്ന ശമ്പളവും പ്രതിഫലവും ബ്രിട്ടീഷ് ഇൻഡ്യയിൽനിന്നും മററും കടംവാങ്ങുന്ന ഉദ്യോഗസ്ഥന്മാൎക്ക നൽകുന്നതു ജനങ്ങളുടെ ഇടയിൽ പൊതുവെ നിലനിന്നുപോരുന്ന ഒരു പരാതിയാണെന്നു ഗവമ്മെൻറിനു അറിയാമോ എന്നും;

ഗവമ്മെൻറ ദയവായി പറയുമോ;

മി. കെ. ജാൎജ് (ഗവമ്മെൻറ ചീഫ്സെക്രട്ടറി): (എ) അതെ.

(ബി)-യും (സി)-യും ഈ ഡിപ്പാൎട്ടുമെൻറിൽ വളരെ പരിചയമുള്ള യൂറോപ്യരും നാട്ടുകാരുമായ എൻജിനീയറന്മാർ ഉണ്ട്. ഈ ഉദ്യോഗസ്ഥന്മാരുടെ യോഗ്യതയേയോ യോഗ്യതയില്ലായ്മയേയൊ കുറിച്ചു ഗവമ്മെൻറിനുള്ള അഭിപ്രായം ഗവമ്മെൻറ പുറത്തു പറയണമെന്നു വിചാരിക്കുന്നില്ല.

(ഡി) എല്ലാടത്തും അപ്രകാരമല്ല.

(ഇ) അറിയാൻ പാടില്ല.

ഡിവിഷൻ അസിസ്റ്റൻറന്മാർക്കുള്ള സഞ്ചിട്ട പടി.

൨൮൭. മി. കല്ലൂർ നാരായണപിള്ള (പത്തനംതിട്ട): (എ) ഓരോ റവന്യു ഡിവിഷനിലേക്കും ഉദ്യോഗസ്ഥന്മാർക്കനുവദിച്ചിട്ടുള്ള സഞ്ചിട്ടപടിയുടെ തുക എന്തെന്നും;

(ബി) ഓരോ ഡിവിഷനിലേയും ഡിവിഷൻ അസിസ്റ്റൻറന്മാർക്ക സഞ്ചിട്ടപടിയായി എത്രതുക അനുവദിക്കണം എന്ന ഡിവിഷൻ പേഷ്ക്കാരന്മാർക്ക ഗവൺമെൻറിൽനിന്നും ആജ്ഞ കൊടുത്തിട്ടുണ്ടൊ എന്നും;

(സി) ഓരോ ഡിവിഷനിലേയും ഡിവിഷൻ അസിസ്റ്റൻറന്മാർക്ക ഇപ്രകാരം പണം അനുവദിക്കുന്നതു തുല്യമായിട്ടല്ലെന്ന ഗവൺമെൻറിന അറിയാമോ എന്നും;

(ഡി) ഡിവിഷൻ പേഷ്ക്കാരന്മാരുടെ അനുമതിയെ ആശ്രയിച്ചല്ലാതെ ഡിവിഷൻ അസിസ്റ്റൻറന്മാർക്ക സഞ്ചിട്ടപടി നൽകുന്നതിന വേണ്ട മാർഗ്ഗം ഉണ്ടാക്കുമോ എന്നും;

ഗവൺമെൻറിൽനിന്നും സദയം പറയുമൊ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറ സെക്രട്ടറി): (എ) ൧൧൨൫-ാമാണ്ടത്തേക്ക നാലു റവന്യൂഡിവിഷനിലേക്കും ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക സഞ്ചിട്ടപടി അനുവദിച്ചിരിക്കുന്നതു താഴെ പറയും പ്രകാരമാകുന്നു:—

ഡിവിഷൻ			തുക രൂപ
തിരുവനന്തപുരം	...	...	൨൫൦൦
കൊല്ലം	...	...	൨൫൦൦
കോട്ടയം	...	...	൨൫൦൦
ദേവികുളം	...	...	൧൫൦൦

(ബി) ഇല്ല.

(സി) അറിയാം. ഓരോ ഡിവിഷൻ അസിസ്റ്റൻറിന്റെ അധികാരാതൃത്തിയുടെ വിസ്തീർണ്ണതയും അവർ ചെയ്യാനുള്ള റവന്യൂജോലിയുടെ ഏറ്റക്കുറവും അനുസരിച്ചാണ പണം അനുവദിക്കുന്നത്.

(ഡി) അത്യാവശ്യമാണെന്ന ഗവൺമെൻറിന തോന്നുന്നില്ല.

ആദായനികുതി റഗുലേഷന്റെ നടത്തിപ്പ്.

൨൮൯. മി. എൽ. എ. ലാംഫോർഡ് (പ്ലാൻറർ): ൧൧൨൨-ലെ ൭-ാംറഗുലേഷൻ അനുസരിച്ചു ഭേദപ്പെടുത്തിയ ൧൦൯൬-ലെ ആദായനികുതി ൫-ാംറഗുലേഷനും അതു സംബന്ധിച്ച ചട്ടങ്ങളും ബ്രിട്ടീഷ് ഇൻഡ്യയിൽ ഇപ്പോൾ നടപ്പിൽ ഇരിക്കുന്ന ആദായനികുതി നിയമംപോലെ നടത്തിപ്പിൽ വരുത്തുന്നതിന ആവശ്യമുള്ളവയായ നോട്ടുകളും ഉപദേശങ്ങളും കൊടുക്കാത്തതു എന്തുകൊണ്ടാണെന്ന ഗവൺമെൻറിൽനിന്നും സദയം പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറ സെക്രട്ടറി): ഭേദപ്പെടുത്തിയ ആദായനികുതി റഗുലേഷനുമായി ബന്ധപ്പെട്ട കരട പരിഷ്കരിച്ച ചട്ടങ്ങൾ പ്രസിദ്ധംചെയ്യുന്നതിന ആവശ്യമുള്ള നടപടികൾ എടുത്തുകഴിഞ്ഞിരിക്കുന്നു. നക്കൽചട്ടങ്ങൾ ആലോചനയിൽ ഇരിക്കുന്നു. റഗുലേഷൻ നടപ്പിൽകൊണ്ടുവരുന്നതു കഴിയുന്നത്രയും ഇൻഡ്യൻ ആദായനികുതി ആക്ടിന്റെ രീതി അനുസരിച്ചാണ്. ആദായനികുതി കമ്മിഷണർ അതാതു സമയങ്ങളിൽ ആവശ്യമുള്ള ഉപദേശങ്ങൾ കൊടുത്തുവരികയാണ്.

ശിപായിമാരുടേയും താഴ്ന്ന ജീവനക്കാരുടേയും ശമ്പളം വർദ്ധിപ്പിക്കൽ.

൨൯൦. മി. എസ്സ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും കൈത്തൊഴിലും, തെക്ക): (എ) ഇപ്പോൾ ജീവിതച്ചിലവു മൂന്നുകൊല്ലങ്ങൾക്കു മുമ്പുണ്ടായിരുന്നതിനെക്കാൾ വളരെ അധികം വർദ്ധിച്ചിട്ടുണ്ടോഎന്നും;

(ബി) മറുപടി ഉവ്വെന്നാണെങ്കിൽ സർക്കാർ സർവീസ്സിലുള്ള ശിപായിമാരുടേയും താഴ്ന്ന ശമ്പളക്കാരുടേയും ശമ്പളം അവരുടെ ഉപജീവനത്തിനും മാത്രം എങ്കിലും കൂട്ടിക്കൊടുക്കുന്നതിനെപ്പററി ആലോചിക്കുമോ എന്നും;

ഗവൺമെൻറ സദയം പറയുമോ?

മി. കെ. ജാജ് (ഗവൺമെൻറ ചീഫ്സെക്രട്ടറി): (എ) ഗവൺമെൻറിന ഒരറിവുമില്ല.

(ബി) ഏ ഭാഗത്തിന്റെ ഉത്തരംകൊണ്ടു ഈ ചോദ്യം സംഗതമല്ല.

മി. എസ്സ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും കൈത്തൊഴിലും, തെക്ക്): ഈ ഭാഗത്തെ സംബന്ധിച്ചിടത്തോളം ശിപായിമാരുടെ അടുക്കൽനിന്നും അവരുടെ ശമ്പളം മതിയാകുന്നില്ലെന്ന ഒരു അപേക്ഷയോ അഭിപ്രായപ്രകടനമൊ മെംബറിന കിട്ടിയിട്ടുണ്ടോ എന്ന സദയം പറയുമോ?

മി. കെ. ജാജ് (ഗവൺമെൻറ ചീഫ്സെക്രട്ടറി): ഞാൻ ഒരപേക്ഷയും കണ്ടിട്ടുള്ളതായി ഓർമ്മിക്കുന്നില്ല.

മി. എസ്സ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും കൈത്തൊഴിലും, തെക്ക): ഈ രാജ്യത്തെ പ്രധാനഭക്ഷണസാധനങ്ങൾ നെല്ലും അരിയും അല്ലയൊ?

മി. കെ. ജാജ് (ഗവൺമെൻറ ചീഫ്സെക്രട്ടറി): മെംബറിനോടു ആ ചോദ്യത്തിനുത്തരം ഞാൻ പറയേണ്ട ആവശ്യമില്ല.

മി. എസ്സ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും കൈത്തൊഴിലും, തെക്ക): നെല്ലിന്റെയും അരിയുടേയും വില ഇപ്പോൾ വർദ്ധിച്ചിട്ടുണ്ടെന്നുള്ളതു ഗവൺമെൻറ അറിയാമോ?

മി. കെ. ജാജ് (ഗവൺമെൻറ ചീഫ്സെക്രട്ടറി): എന്നുമുതൽ?

മി. എസ്സ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും കൈത്തൊഴിലും, തെക്ക്): ചോദ്യത്തിൽ പറഞ്ഞതുപോലെ ഏകദേശം മൂന്നു കൊല്ലങ്ങൾക്കു മുമ്പുമുതൽ.

മി. കെ. ജാജ് (ഗവൺമെൻറ ചീഫ്സെക്രട്ടറി); എനിക്കു യാതൊരറിവുമില്ല.

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവുംകൈത്തൊഴിലും, തെക്ക): ആഴ്ചതോറും ഗസററിൽ പ്രസിദ്ധംചെയ്യാറുള്ള സീസൺറിപ്പോർട്ട മെംബർ വായിക്കാറുണ്ടോ?

മി. കെ. ജാർജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി): ഉണ്ട്.

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും കൈത്തൊഴിലും, തെക്ക്): നെല്ലിന്റെയും അരിയുടെയും വില വർദ്ധിച്ചിട്ടുണ്ടെന്ന് അതിൽനിന്നും കാണുന്നില്ലയോ?

മി. കെ. ജാർജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി): അതിൽനിന്നും വില അസ്ഥിരമായിനിൽക്കുന്നു എന്നറിയാം. വില വർദ്ധിച്ചിട്ടുണ്ട് എന്നു പറയാൻപാടില്ല.

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും കൈത്തൊഴിലും, തെക്ക്): ഉത്തരം തയാറാക്കിയപ്പോൾ ഈ റിപ്പോർട്ടുകൾകൂടി നോക്കിയിട്ടുണ്ടോ?

മി. കെ. ജാർജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി): അവ ആഴ്ചതോറുമുള്ള റിപ്പോർട്ടുകളാണ്. ആ റിപ്പോർട്ടുകൾ പരിശോധിക്കേണ്ട ആവശ്യം ഉണ്ടോ എന്നു എനിക്കുതോന്നുന്നില്ല.

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും കൈത്തൊഴിലും, തെക്ക്): ഏ. ഭാഗത്തിന്റെ മറുപടിയിൽ വിലകൾ വർദ്ധിച്ചതായി ഗവണ്മെന്റിനു യാതൊരറിവുമില്ല എന്നു പറഞ്ഞിട്ടുണ്ട്. ഈ റിപ്പോർട്ടുകളിൽനിന്നും ആ വിവരം അറിയാം എന്നാണ് ഞാൻ പറയുന്നതു.

മി. കെ. ജാർജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി), വില കുറഞ്ഞും കൂടിയും ഇരുന്നു എന്നു സിസൺറിപ്പോർട്ടുകളിൽനിന്നും സ്പഷ്ടമാണ്. അതിൽനിന്നും വില വർദ്ധിച്ചിട്ടുണ്ടെന്നു പറയാൻ നിവൃത്തിയില്ല. വിലക്കൂടുതലിനെക്കുറിച്ചു ഗവണ്മെന്റിനു യാതൊരറിവുമില്ലെന്നാണ് മറുപടിയിൽപറയുന്നതു.

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും കൈത്തൊഴിലും, തെക്ക്): വില വർദ്ധിച്ചിട്ടില്ലെന്നാണോ ഞാൻ മനസ്സിലാക്കേണ്ടതു?

മി. കെ. ജാർജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി): ഞാൻ പറഞ്ഞതുപോലെ വില അസ്ഥിരമായിരുന്നു. ചിലപ്പോൾകൂടിയും ചിലപ്പോൾ കുറഞ്ഞും ഇരുന്നു.

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും കൈത്തൊഴിലും, തെക്ക്): സർക്കാർ ഉദ്യോഗസ്ഥന്മാരുടെ ഈയിടെയുണ്ടായ പുനഃസംഘടനയ്ക്കും ശമ്പളം വർദ്ധിപ്പിക്കലിനും കാരണം എന്താണെന്നു മെമ്പർ പറയുമോ?

മി. കെ. ജാർജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി): ഈയിടെ യാതൊരു പുനഃസംഘടനയുമില്ലായിരുന്നു. പുനഃസംഘടന അഞ്ചു കൊല്ലത്തിനു മുമ്പാണുണ്ടായതു.

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും കൈത്തൊഴിലും, തെക്ക്): കഴിഞ്ഞ അഞ്ചുകൊല്ലങ്ങൾക്കിടയിൽ യാതൊരു പുനഃസംഘടനയുമില്ലെന്നാണോ ഞാൻ മനസ്സിലാക്കേണ്ടതു്.

മി. കെ. ജാർജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി): ൧൧൨൦-നുശേഷം രാജ്യത്തുള്ള എല്ലാ ഡിപ്പാർട്ടുമെന്റുകളിലും പൊതുവെ ഒരു പുനഃസംഘടനയുമില്ലായിരുന്നു.

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും കൈത്തൊഴിലും, തെക്ക്): കഴിഞ്ഞ കുറെക്കാലങ്ങൾക്കിടയിൽ ഉദ്യോഗസ്ഥന്മാരുടെ ശമ്പളം വർദ്ധിപ്പിച്ചിട്ടില്ലെന്നാണോ ഞാൻ മനസ്സിലാക്കേണ്ടതു്?

മി. കെ. ജാർജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി): ഇല്ല, ഒരുപൊതു പ്രമാണമായിട്ടില്ല.

ക്രിസ്തീയദേവാലയങ്ങൾ പണിയിക്കുന്നതിനുള്ള അപേക്ഷ.

൨൮൯. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): (എ) ൧൧൧൯-ലും, ൧൧൨൦-ലും, ൧൧൨൧-ലും, ൧൧൨൨ മീനമാസം ൨൦-ാം വരെയും ക്രിസ്തീയ ദേവാലയങ്ങൾ പണിയിക്കുന്നതിനു എത്ര അപേക്ഷകൾ കിട്ടിയിട്ടുണ്ടെന്നും, അതിൽ എത്ര ഗവണ്മെന്റിൽനിന്നും അനുവദിച്ചിട്ടുണ്ടെന്നും;

(ബി) ഏതെല്ലാം താലൂക്കുകളിലേക്കാണ് അപ്രകാരമുള്ള അപേക്ഷകൾ അനുവദിച്ചിട്ടുള്ളതെന്നും;

(സി) ജനങ്ങളിൽനിന്നോ ദേവസ്വം ഡിപ്പാർട്ടുമെന്റിൽനിന്നൊ എത്ര അപേക്ഷകൾക്കാണ് തടസ്സം ഉള്ളതെന്നും, കാണിക്കുന്ന ഒരു പട്ടിക ഗവണ്മെന്റിൽനിന്നും ദയവായി മേശമേൽവെയ്ക്കുമോ?

മി. കെ. ജാർജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി): ആവശ്യമുള്ള വിവരങ്ങൾ അടങ്ങിയ എ-യും, ബി-യും, സി-യും* പട്ടികകൾ മേശമേൽ വച്ചിരിയ്ക്കുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇതിൽ എത്ര അപേക്ഷകൾക്കാണു ദേവസ്വം ഡിപ്പാർട്ടുമെന്റിൽനിന്നും തടസം പുറപ്പെടുവിച്ചിട്ടുള്ളതു്?

മി. കെ. ജാർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ദേവസ്വം ഡിപ്പാർട്ടുമെന്റിൽനിന്നുള്ള തടസ്സത്തിന്റെ ഒരു പ്രത്യേക ലിസ്റ്റ് ഞങ്ങളുടെ പക്കൽ ഇല്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ദേവസ്വം ഡിപ്പാർട്ടുമെന്റിൽനിന്നും എന്തെങ്കിലും തടസ്സം ഉണ്ടായിട്ടുണ്ടോ?

മി. കെ. ജാർജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി): തടസ്സം ഉണ്ടായിട്ടുണ്ട്. അതിനെ ഞങ്ങൾ വിലവയ്ക്കുകയും ചെയ്തിട്ടുണ്ട്.

പബ്ലിക് സർവീസിൽ വർഗ്ഗീയ പ്രാതിനിധ്യം.

൨൯൦. മി. എം. എൻ. പിള്ള (തിരുവനന്തപുരം): (എ) വർഗ്ഗീയ പ്രാതിനിധ്യപ്രമാണം ഗവണ്മെന്റിൽനിന്നും സ്വീകരിച്ചിട്ടുണ്ടോ എന്നും, ഉണ്ടെങ്കിൽ സൂക്ഷ്മമായി ഏതു പ്രമാണത്തെ ആണ് സ്വീകരിച്ചിട്ടുള്ളതെന്നും;

(ബി) (൧) ഹിന്ദുക്കൾ, ക്രിസ്ത്യാനികൾ, മഹമ്മദീയർ എന്നീവർഗ്ഗങ്ങളെ സർക്കാർ സർവീസിൽ പ്രതിനിധീകരിയ്ക്കുന്നതിനു എന്തെങ്കിലും ഒരു അംശക്കണക്ക ഗവണ്മെന്റിൽനിന്നും നിശ്ചയിച്ചിട്ടുണ്ടോ എന്നും;

(൨) ഈ പ്രധാനപ്പെട്ട വർഗ്ഗങ്ങൾക്ക നിശ്ചയിച്ചിട്ടുള്ള സംഖ്യയെ നിഷ്പക്ഷമായി വീതിയ്ക്കുന്നതിന ഓരോ വർഗ്ഗത്തിനും ഒരു പ്രത്യേക അംശക്കണക്ക ഗവണ്മെന്റിൽനിന്നും ക്ലിപ്തപ്പെടുത്തിട്ടുണ്ടോ എന്നും;

(൩) ഇല്ലെങ്കിൽ, ഒരു വർഗ്ഗത്തിന്റെയോ അല്ലെങ്കിൽ മറ്റൊന്നിന്റെയോ പ്രാതിനിധ്യം അവരുടെ ഡിപ്പാർട്ടുമെന്റിൽ കുറവാണെന്നുള്ളതിലേയ്ക്കു ഓരോ ഡിപ്പാർട്ടുമെന്റു മേധാവികളുടേയും ശ്രദ്ധയെ ഗവണ്മെന്റിൽനിന്നും ആകർഷിക്കുന്നതു എങ്ങനെയാണെന്നും;

---

* അനുബന്ധങ്ങൾ IV എ-യും, IV ബി-യും നോക്കുക.

(സി) ഗവൺമെന്റ നിയമനങ്ങളെ വീതിക്കുന്നതിൽ വിദ്യാഭ്യാസവും യോഗ്യതയുമുള്ള ആളുകളുടെ സംഖ്യ ഒരു പ്രമാണമാക്കി എടുത്തിട്ടുണ്ടോ എന്നും;

ഗവൺമെന്റിൽനിന്നും മറുവായിപറയുമോ?

മി. കെ. ജാജ് (ഗവൺമെന്റ ചീഫ്സെക്രട്ടറി): (എ) ഗവൺമെന്റിൽനിന്നും സ്വീകരിച്ചിട്ടുള്ള വർഗ്ഗീയ പ്രാതിനിധ്യത്തിന്റെ പ്രമാണം നിയമസഭാ നടപടികൾ ആറാംവാല്യം ൧൦൪൦–ം, ൧൦൯൧–ം വശങ്ങളിൽ പ്രസ്താവിച്ചിട്ടുണ്ട്.

(ബി) (൧–ം, ൨–ം) ഇല്ല.

(സി) ഒരു വർഗ്ഗത്തിന്റെ പ്രാതിനിധ്യം അമിതമായി അധികരിച്ചിട്ടുണ്ടെന്നോ അല്ലെങ്കിൽ വളരെ കുറച്ചുമാത്രമേ ഉള്ളൂ എന്നോ ഓരോ ഡിപ്പാർട്ടുമെന്റിലേയും എസ്റ്റാബ്ലിഷ്മെന്റ ലിസ്റ്റ് പരിശോധിച്ചാൽ കാണാം. അപ്രകാരമുള്ള സന്ദർഭങ്ങളിൽ മാത്രമേ നടപടികൾ നടത്തിയിട്ടുള്ളൂ.

(സി) ഇല്ല.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): മൂന്നാംഭാഗത്തെ സംബന്ധിച്ചിടത്തോളം ഏതെങ്കിലും ഒരു ഡിപ്പാർട്ടുമെന്റ മേലധികാരിയുടെ ശ്രദ്ധയെ ഗവൺമെന്റ ആ വിഷയത്തിലേയ്ക്കു ക്ഷണിച്ചിട്ടുണ്ടോ?

മി. കെ. ജാജ് (ഗവൺമെന്റ ചീഫ്സെക്രട്ടറി): ഉണ്ട്. ചില സന്ദർഭങ്ങളിൽമാത്രം.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): അവർ എസ്റ്റാബ്ലിഷ്മെന്റ ലിസ്റ്റുകൾ പരിശോധിച്ചിട്ടുണ്ടോ?

മി. കെ. ജാജ് (ഗവൺമെന്റ ചീഫ്സെക്രട്ടറി): ചില സന്ദർഭങ്ങളിൽ ഉണ്ട്.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): എസ്റ്റാബ്ലിഷ്മെന്റ ലിസ്റ്റ് പരിശോധിച്ചതു ഏതെല്ലാം ഡിപ്പാർട്ടുമെന്റുകളെ സംബന്ധിച്ചാണ്?

മി. കെ. ജാജ് (ഗവൺമെന്റ ചീഫ്സെക്രട്ടറി): രജിസ്ട്രേഷൻ ഡയറക്ടർ, സർവ്വേ ഡിപ്പാർട്ടുമെന്റ, ഹൈക്കോർട്ട് രജിസ്ട്രാർ, ചീഫ് എൻജിനീയർ, വിദ്യാഭ്യാസഡയറക്ടർ, പരസ്പരസഹായസംഘം രജിസ്ട്രാർ, എക്സൈസ് കമ്മിഷണർ—ഇവരെസംബന്ധിച്ച പരിശോധനകൾ നടത്തിയിട്ടുള്ളതായി കാണുന്നുണ്ട്.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): മെഡിക്കൽ ഡിപ്പാർട്ടുമെന്റിൽ പരിശോധന നടത്തിട്ടുണ്ടോ?

മി. കെ. ജാജ് (ഗവൺമെന്റ ചീഫ്സെക്രട്ടറി): അതു ഞാനിവിടെ കാണുന്നില്ല.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): മെഡിക്കൽ ഡിപ്പാർട്ടുമെന്റിന്റെ കാര്യത്തിൽ പരിശോധന നടത്തേണ്ടുന്ന ആവശ്യമില്ലെന്നു ഗവൺമെന്റ വിചാരിക്കുന്നുണ്ടോ?

മി. കെ. ജാജ് (ഗവൺമെന്റ ചീഫ്സെക്രട്ടറി): പുതിയ നിയമനങ്ങളുടെ പരിശോധന മാത്രമേ ഈ ലിസ്റ്റിൽ കാണുന്നുള്ളൂ.

അനുബന്ധം—I.

൨൩൧–ാം നമ്പർ ചോദ്യത്തിന്റെ മറുപടി നോക്കുക.

ശ്രീമൂലം പ്രജാസഭയുടെ ഇരുപത്തിരണ്ടാം സമ്മേളനത്തിൽ മി. അബ്ദുർറഹിമാൻകുട്ടിയുടെ നിവേദനങ്ങളെപ്പറ്റി നടത്തിട്ടുള്ള നടപടികളുടെ പട്ടിക.

൧൧൨. കൊല്ലം പട്ടണത്തിലെ ആവശ്യങ്ങൾ.

(൧) ശ്രീരാമവിലാസം ഓട്ടാഫീസിനു സമീപം ഒരു മരപ്പാലം പണിയിക്കുക.	മുൻസിപ്പാലിറ്റിയിൽ നിന്നും പകുതിപ്പണം എടുത്തു പാലം പണിയിക്കുന്നതിനു മുൻസിപ്പാലിറ്റി ഗവൺമെന്റിലേയ്ക്കു അപേക്ഷിച്ചിട്ടുണ്ട്. ആ സംഗതി ആലോചനയിൽ ഇരിക്കുന്നു.
(൨) നഗരസഭാസമിതിക്കകത്തുള്ള പബ്ലിക്ക കുളങ്ങളെ കൊല്ലം മുൻസിപ്പാലിറ്റിയുടെ കീഴിലേയ്ക്കു മാററുക.	ഗവൺമെന്റിൽനിന്നും നൽകിയ നിബന്ധനകൾക്കുൾപ്പെട്ട് മുൻസിപ്പാലിറ്റിയിൽനിന്നും പബ്ലിക്ക കുളങ്ങളെ സംരക്ഷിക്കാൻ സാധിക്കയില്ലെന്നാണ് മുൻസിപ്പാലിറ്റിയുമായുണ്ടായ എഴുത്തുകുത്തിന്റെ ഫലം.

൧൨൫. മഹമ്മദീയ വർഗ്ഗത്തിന്റെ ആവശ്യങ്ങൾ.

(൧) നിയമശാസനത്താൽ മരുമക്കത്തായത്തെ മുസൽമാൻമാരുടെ ഇടയിൽനിന്നും നിഷ്കാസനം ചെയ്യുക.	ഗവൺമെന്റിന്റെ ആലോചനയിൽ ഇരിക്കുന്നു.
(൨) രാജ്യത്തുള്ള നീതിന്യായക്കോടതികളിൽനിന്നും കോറാനെ മാററുക.	൧൫൩–ാം നമ്പർ ചോദ്യത്തിന്റെ ബി–ഭാഗത്തിനുള്ള മറുപടി നോക്കുക.
(൩) യൂനാനി ചികിത്സാസമ്പ്രദായത്തെ പ്രോത്സാഹിപ്പിക്കയും കൊല്ലത്തും തിരുവനന്തപുരത്തുമുള്ള യൂനാനി വൈദ്യശാലകൾക്കു സഹായധനം അനുവദിക്കയും,	തിരുവനന്തപുരത്തുള്ള യൂനാനി വൈദ്യശാലയ്ക്കു മാസം ൧൫ രൂ. വീതം സഹായധനം അനുവദിച്ചിട്ടുണ്ട്.

അനുബന്ധം II. എ.

൨൩൭–ാം നമ്പർ ചോദ്യത്തിനുള്ള മറുപടി നോക്കുക.

നമ്പർ ൩൩൯.

മുൻസിപ്പൽ ആഫീസ്,
ചങ്ങനാശേരി ജൂലായി ൭–൧൯൩൪.

ചങ്ങനാശേരി മുൻസിപ്പൽ കൌൺസിലിൽനിന്നും
ഗവൺമെന്റ ചീഫ്സെക്രട്ടറി അവർകൾക്കു
തിരുവനന്തപുരം,

സർ,

നികുതിദായകനായ ചങ്ങനാശേരിയിൽ വാഴപ്പള്ളിയിൽ മി. പരമേശ്വരൻപിള്ള മററു സംഗതികളുടെ

ളുടത്തിൽ റിപ്പോർട്ടുചെയ്തതിൻവണ്ണം ചങ്ങനാശേരി ചന്തസ്ഥലത്തെ അനാരോഗ്യസ്ഥിതിയെക്കുറിച്ചു ൨൭-൯-൧൦൯൯-ാം നു-ലെ ൧൩-ലെ ൧൨൫൯-ാം നമ്പർ കത്തനുസരിച്ചു ചന്തയിലെ ആരോഗ്യസ്ഥിതി നന്നാക്കുന്നതിനു കഴിവുള്ള മാർഗ്ഗങ്ങൾ കൌൺസിൽ എടുത്തിട്ടും എടുക്കുന്നുമുണ്ടെന്നു താഴെപ്പറയുന്ന സംഗതികളാൽ കാണാവുന്നതാണെന്നു അറിയിച്ചുകൊള്ളുന്നു.

(൨) തിരുവിതാംകൂർ രാജ്യത്തെ ആരോഗ്യസംബന്ധമായ സംഗതികളുടെ മേലധികാരിയായ സാനിട്ടറി കമ്മീഷണർ ഈ പട്ടണം, പ്രത്യേകിച്ചു ചന്തസ്ഥലം, ൧൦൯൯-ാമാണ്ടു അവസാനത്തിൽ പരിശോധിക്കയും അതെപ്പറ്റി റിപ്പോർട്ടു ചെയ്കയും ചെയ്തിട്ടുണ്ട്. വെള്ളം ഒഴുകുന്ന ചാലുകളെ ഉണ്ടാക്കിയും ഇപ്പോൾ ഉള്ള വയെ നന്നാക്കിയും ചന്തയിലുള്ള റോഡുകളെ പരിഷ്കരിക്ക എന്നുള്ളതാകുന്നു അദ്ദേഹത്തിന്റെ റിപ്പോർട്ടിൽ അത്യാവശ്യമായി കാണിച്ചിട്ടുള്ളത്. ചന്തയും വാട്ടർ പാസ്സേജു റോഡുകളും ചന്തയുടെ പരിസരപ്രദേശങ്ങളും പി. ഡബ്ളിയു ഡി.യുടെ സംരക്ഷണത്തിലാണു മുൻസിപ്പാലിറ്റിയുടെ കീഴിലല്ല. മുൻപറഞ്ഞ റോഡുകളുടെ ശരിയായ സംരക്ഷണത്തിനുവേണ്ടി അതിലേക്ക് ചുമതലയുള്ള അധികാരികളുടെ പക്കൽ കൌൺസിലിൽനിന്നും പല പ്രാവശ്യവും എഴുതിട്ടുണ്ട്. (സബ്ഡിവിഷനാഫീസർ ആലപ്പുഴ, സെക്ഷൻ ആഫീസർ തിരുവല്ലാ കനാൽആഫീസർ ആലപ്പുഴ, എന്നിവർക്ക ൨൩-൨-൦൫-൬-ലെ ൧൨൭-ം ൩-൨-൨-൨൨൦-ലെ ൨൦൯-ം ൧൭-൩-൧൦൯-ലെ ൪൨-൩-൨൧൦൯-ലെ ൫൭൧-ാം നമ്പർ ആഫീസ് പകർപ്പുകൾ നോക്കുക) ഈ സംഗതി ഗവൺമെന്റിന്റെ ശ്രദ്ധക്കും വിഷയീഭവിപ്പിച്ചിട്ടുണ്ട്. (൨൧൦൯ ജൂൺ ൨൧-നു-ലെ ൧൫൩-ാം നമ്പർ ആയുള്ള ഈ ആഫീസ് ലറ്റർ നോക്കുക.

(൩) മി. പരമേശ്വരൻപിള്ള പോയ, അല്ല, പരിശോധിച്ച ചന്ത സ്ഥലത്തുള്ള ചില ഷാപ്പുകളുടെയും വീടുകളുടെയും പുറമുറ്റങ്ങളുടെ അനാരോഗ്യസ്ഥിതിയെക്കുറിച്ചു കൌൺസിലിനു പൂർണ്ണമായ അറിവുണ്ടു. എന്നുതന്നെയുമല്ല ആ പുറമുറ്റങ്ങൾ നന്നാക്കുന്നതിനുവേണ്ടി ൨൦൯൯-ലും ൨൧൦൯-ലുമായി ൨൦൦൦ ക.യിൽ കുറയാതെ ചിലവാക്കിട്ടുമുണ്ട്. മി. പരമേശ്വരൻപിള്ള പരിശോധിച്ചതായി പറയുന്ന ഷാപ്പുകളുടെയും വീടുകളുടെയും പുറമുറ്റങ്ങളെ താഴെ കൈയേൽപ്പിട്ടിരിക്കുന്ന ആൾ ൨൨൦൦-ൽ പരിശോധിച്ച്, പടിഞ്ഞാറേ ചന്തയിലുള്ള വീട്ടുമുറ്റം ഉടമസ്ഥർക്ക ആ സ്ഥലങ്ങൾ ശുചിയാക്കിവെക്കുന്നതിനു നോട്ടീസു കൊടുത്തിട്ടുണ്ട്. ശരിയായിട്ടും സാധാരണമായിട്ടുമുള്ള വെള്ളച്ചാലുകൾ ഇല്ലാതെ വലിയ പരിഷ്കാരങ്ങൾ ചെയ്വാൻ സാധിക്കയില്ലെന്നു കൌൺസിൽ അംഗങ്ങളുടെ അഭിപ്രായ പ്രകടനങ്ങളിൽനിന്നും മനസ്സിലാക്കീട്ടു അതെപ്പറ്റി റിപ്പോർട്ടുചെയ്യുന്നതിനായി ഒരു സബ് കമ്മറ്റിയെ ഏർപ്പെടുത്തീട്ടുണ്ട്.

(൪) പുറമേയും പ്രത്യേകിച്ചു വാട്ടർ റോഡിലുള്ള ചന്തസ്ഥലത്തു വെള്ളച്ചാലുകൾ ഉണ്ടാക്കി അവയെ ശരിയായി സംരക്ഷിക്കുന്നതുവരെ തിങ്ങി നിൽക്കുന്ന വീടുകളുടെ പുറമുറ്റങ്ങളിൽനിന്നുള്ള ഒഴുക്കുകളെ ശരിയായി നിയന്ത്രിക്കാൻ സാധിക്കയില്ല. അതുകൊണ്ടാണു ഈ പുറമുറ്റങ്ങളുടെ ഇപ്പോഴത്തെ അനാരോഗ്യാവസ്ഥ ഉണ്ടായിട്ടുള്ളത്. പട്ടണത്തിലുള്ള പ്രത്യേകിച്ചു ചന്തസ്ഥലത്തുള്ള ഒഴുക്കുചാലുകളെ ക്രമപ്പെടുത്തുന്നതിനു ഒരു ശരിയായ പ്ലാൻ തയാറാക്കുന്നതിനുവേണ്ടി, ഒരു പി. ഡബ്ളിയു. ഡി ഉദ്യോഗസ്ഥനെ പ്രത്യേകമായി നിയമിക്കുന്നതിലേക്ക കൌൺസിൽ ഗവൺമെന്റിനെ ഒരിക്കൽ പ്രേരിപ്പിച്ചിട്ടുമുണ്ട്. എന്നാൽ കൌൺസിലിനു ആ ഉദ്യോഗസ്ഥന്റെ ശമ്പളവും അലവൻസും മറ്റും കൊടുക്കാൻ മാർഗ്ഗമില്ലായിരുന്നതുകൊണ്ടു ആ സംഗതിയെ വിട്ടുകളകയും ചെയ്തു. ൨൧൦൯ ജൂലായി ൨൭-നു-ലെ നമ്പർ ഡി. ഡിസ്. ൫൯൫/൧൦൯ റവ. എൽ. ജി. ആഫീസ് ലറ്റർകൊണ്ടു അവസാനിക്കുന്ന എഴുത്തുകുത്തുകൾ നോക്കുക) പ്രധാനപ്പെട്ട റോഡുകൾ പി. ഡബ്ളിയു ഡി. യുടെ സംരക്ഷണയിലായതുകൊണ്ടു അവർ എല്ലാം അടങ്ങിയ ഒരു പ്ലാൻ തയാറാക്കുകയും ആ വേല അവരുടെ ചിലവിൽ ചെയ്യിക്കയും വേണ്ടതാണ്. ഇതുകൂടാതെ ചങ്ങനാശേരി ചന്ത പരിഷ്കരിക്കുവാൻ സാധിക്കയില്ല. ഈ സംഗതിക്കാവശ്യമുള്ള പ്രധാന ചിലവുകൾ ചെയ്യുന്നതിനും മുൻസിപ്പാലിറ്റിക്ക മാർഗ്ഗമില്ല. ചന്തസ്ഥലം സാധിക്കുന്നത്രയും ശുചിയായിട്ടാണ് വെച്ചിരിക്കുന്നതു. ഇതും സാനിട്ടറി കമ്മീഷണരുടെ റിപ്പോർട്ടിൽ കാണിച്ചിട്ടുണ്ട്.

(൫) മലം മാറ്റുന്ന ഏർപ്പാടു ഏറ്റവും അത്യാവശ്യമായിട്ടുള്ള ചന്തസ്ഥലങ്ങളിൽ ഏർപ്പെടുത്തുന്നതിനു പ്രായോഗികമായിട്ടുള്ള ബുദ്ധിമുട്ടു തിക്കവീടുകളുടെയും പുറമുറ്റങ്ങളിൽ പ്രവേശിക്കുന്നതിനു മാർഗ്ഗമില്ലെന്നുള്ളതാണ്. ഈ സംഗതിയെക്കുറിച്ചു പല പ്രാവശ്യവും ഗവൺമെന്റിലേക്ക റിപ്പോർട്ടു ചെയ്തിട്ടുണ്ട്. മുൻസിപ്പാലിറ്റി സ്ഥാപിക്കുന്നതിനു വളരെക്കാലം മുൻപുതന്നെ ചന്തയുണ്ടായിരുന്നു എന്നുള്ള സംഗതിയാണു ഈ സന്ദർഭത്തിൽ പ്രത്യേകമായി നോട്ടം ചെയ്യാനുള്ളത്. കെട്ടിടങ്ങളും മറ്റും പണിയിക്കുന്നതിനു യാതൊരു നിയന്ത്രണവുമില്ലാതിരുന്നതുകൊണ്ടു ആ സ്ഥലത്തിനനുരൂപമായ ശുചീകരണമാർഗ്ഗങ്ങൾക്കുൾപ്പെടുത്താതെ കെട്ടിടങ്ങളും മറ്റും പണിചെയ്യപ്പെട്ടിട്ടുള്ളത്. അതു കുറച്ചു കൊല്ലങ്ങൾകൊണ്ടു ഭേദഗതിചെയ്യാൻ പ്രയാസമാണ്. ഇവിടെ ഒരു മുൻസിപ്പാലിറ്റി സ്ഥാപിച്ചതിനുശേഷം ൨൦൯൯-മുതൽ ചെയ്തിട്ടുള്ള പരിഷ്കാരങ്ങളെ നിഷ്പക്ഷപാതികൾക്ക മനസ്സിലാക്കാൻ സാധിക്കും. ആവശ്യമുള്ളപണം ഉണ്ടെങ്കിൽ ഈ സംഗതികൾ പലതും ചെയ്യാൻ സാധിക്കും സ്ഥലങ്ങൾ വാങ്ങിക്കും ഇടവഴികൾ ഉണ്ടാക്കുക സ്കാവൻജേർസിനു റോട്ടുകൾ ഉണ്ടാക്കുക ഇങ്ങനെ പലതും ചെയ്യാം. ചന്തയിൽതന്നെയുള്ള സ്ഥലങ്ങളെ വാങ്ങിക്കുന്നതായാൽ ചിലവു വളരെ അധികമാകും. സ്കാവൻജിഗ് ഏർപ്പാടു കാലതാമസംകൂടാതെ നടപ്പിൽവരുത്തുന്നതിനുവേണ്ട നടപടികളെക്കുറിച്ചു റിപ്പോർട്ടുചെയ്യുന്നതിനു കൌൺസിൽ ഒരു സബ് കമ്മറ്റിയെ നിയമിച്ചിട്ടുണ്ട്.

(൬) ചന്തസ്ഥലത്തുള്ള ഒഴുക്കുചാലുകളെ ക്രമപ്പെടുത്തുന്നതിനുഎല്ലാം അടങ്ങിയ ഒരു പ്ലാൻ തയ്യാറാക്കുന്നതിനായി ഒരു പി. ഡബ്ളിയു. ഡി. ഉദ്യോഗസ്ഥനെ നിയമിക്കുന്നതിനുവേണ്ട ഏർപ്പാടുകൾ ചെയ്യുന്നതിനും ആവശ്യമുള്ളടത്തെല്ലാം പ്രത്യേകിച്ചു മി. പരമേശ്വരൻപിള്ള റിപ്പോർട്ടുചെയ്ത ചന്തയുടെ പുറകിൽ കിടക്കുന്ന വാട്ടർറോഡിൽ ശരിയായ ഒഴുക്കുചാലുകളെ ഉണ്ടാക്കി ചന്തസ്ഥലത്തു അവരുടെ സംരക്ഷണയിൽ ഇരിക്കുന്ന റോഡുകളെ നന്നാക്കുകയും (൭) ഈ പട്ടണത്തെ ശരിയായ ആരോഗ്യസ്ഥിതിയിൽ കൊണ്ടുവരുന്നതിനു

ഒഴിച്ചുകൂടാൻ പാടില്ലാത്ത ചിലവുകൾക്കുവേണ്ടി കൌൺസിലിൽനിന്നും പലപ്പോഴും ആവശ്യപ്പെട്ടിട്ടുള്ളതുപോലെ റോഡിലെ ഗതാഗതത്തിൽനിന്നും ചുങ്കംപിരിക്കുന്നതിനു അനുവദിക്കുകയും (൩) നികുതിദായകന്മാരിൽനിന്നും ഉള്ള എഴുത്തുകളെ അതാതിന്റെ ആവശ്യംഅനുസരിച്ചു ഗൌനിക്കുകയും ചെയ്യുന്നതിനു ഞാൻ ഗവൺമെന്റിനോടപേക്ഷിച്ചുകൊള്ളുന്നു.

പ്രസിഡന്റ (ഒപ്പ്).

അനുബന്ധം II ബി.

൨൩൭-ാം നമ്പർ ചോദ്യത്തിന്റെ മറുപടി നോക്കുക.

നമ്പർ ൧൧൭.

സാനിട്ടറികമ്മീഷണർആഫീസ്,
തിരുവനന്തപുരം,
൨൨/൨൨—അക്ടോബർ ൧൯൨൭.

തിരുവിതാംകൂർ സാനിട്ടറികമ്മീഷണർ ആഫീസിൽനിന്നും
ഗവൺമെന്റ ചീഫ്സെക്രട്ടറി അവർകൾക്കു.

റെഫറൻസ്—ആർ. ഒ. സി. നമ്പർ ൧൩൨൯/൨൭ എൽ. ജി. ൧൯൨൭ ഒക്ടോബർ ൪-ാം.

വിഷയം—ചങ്ങനാശേരി മുൻസിപ്പൽചന്തയിലെ അനാരോഗ്യസ്ഥിതി.

സർ,

ചങ്ങനാശേരി ചന്തയുടെ അനാരോഗ്യസ്ഥിതിയെക്കുറിച്ചു മി. കെ. പരമേശ്വരൻപിള്ളയുടെയും, മുൻസിപ്പൽ പ്രസിഡന്റിന്റെയും എഴുത്തുകളുടെ പകർപ്പോടുകൂടി അയച്ച അറിയിപ്പനുസരിച്ചു ഗവൺമെന്റിന്റെ അറിവിലേക്കായി ചങ്ങനാശേരി മുൻസിപ്പൽകൌൺസിൽ പ്രസിഡന്റിനയച്ച ൧൧൦൧-ലെ എന്റെ പരിശോധനാനോട്ടുകളുടെ ചില ഭാഗങ്ങളെ അയച്ചുകൊള്ളുന്നു. വാസ്തവത്തിൽ മി. ചങ്ങനാശേരി പരമേശ്വരൻപിള്ളയുടെ പരാതിക്കു കാരണമായ അനാരോഗ്യസ്ഥിതിയെ പ്രദാനംചെയ്യുന്നതു ചന്തസ്ഥലമല്ല, എന്നാൽ ചന്തയുടെ വടക്കും കിഴക്കും വശങ്ങളിൽ സ്ഥിതിചെയ്യുന്ന കുടിലുകളും ഇരിക്കുന്ന സ്ഥലമാണ്. എന്റെ ഉപദേശങ്ങൾ അനുസരിച്ചു എന്തെല്ലാം നടപടികളാണ് മുൻസിപ്പാലിറ്റിയിൽനിന്നും നടത്തിട്ടുള്ളതെന്നു എനിക്കറിയാൻ പാടില്ല. ചങ്ങനാശേരി റോമൻകത്തോലിക്കാ പള്ളിവകയായ ആ ചേറു സ്ഥലങ്ങളെ വാങ്ങുകയാണ് ഈ സ്ഥലത്തെ ശുചിയാക്കിവെയ്ക്കുന്നതിനുള്ള ഏകമാർഗ്ഗം. മുൻസിപ്പൽകൌൺസിലിന്റെ അനുമതി അനുസരിച്ചുള്ള പ്ലാനിൽ ശുചിയായിട്ടുള്ള വീടുകളുംമറ്റും മാത്രമേ അവിടെ പണിയാവൂ എന്നുള്ള നിബന്ധനയോടുകൂടി പിന്നീടു ആ സ്ഥലത്തെ ചെറിയ ഭാഗങ്ങളായി പകുക്കായി വിൽക്കാം.

ആവശ്യപ്പെട്ടതുപോലെ ഇതോടുകൂടി ഉള്ളടക്കങ്ങളും തിരിച്ചയക്കുന്നു എന്നു,

ജേക്കബ് ചാണ്ടി (ഒപ്പ്).
സാനിട്ടറി കമ്മീഷണർ.

ചങ്ങനാശേരി മുൻസിപ്പൽടൌണിന്റെ ൧൧൦൧ കർക്കടകം ൨൨-ാം-ലെ തിരുവിതാംകൂർ ആക്ടിംഗ് സാനിട്ടറി കമ്മീഷണരുടെ പരിശോധനാനോട്ടിന്റെ ഭാഗം.

ചന്തകൾ—സംസ്ഥാനത്ത തിരുവിതാംകൂറിലേക്കു ഏററവും വലുതാണെന്നാണറിയപ്പെട്ടിരിക്കുന്നത്. രണ്ടുവരി ചെറിയ കാററുകടക്കാത്ത കടകളുടെ ഇടയ്ക്കു പബ്ലിക് റോഡിൽവെച്ചും റോഡിന്റെ മറെറവശത്തുവെച്ചുമാണ് ചന്ത നടത്തുന്നതു. ഇതു ചന്തയ്ക്കു ശരിയായിട്ടുള്ള ഒരു സ്ഥലമല്ല. പക്ഷേ അവിടെതന്നെ തുടരുന്നതിനു അനുവദിക്കാം. മുൻസിപ്പാലിറ്റിക്കു ആവശ്യമുള്ള പണമുണ്ടെങ്കിൽ നവീനമാതൃകയിൽ സസ്യങ്ങൾക്കും, മത്സ്യത്തിനും മാംസം മുതലായതിനും പ്രത്യേകസ്ഥലങ്ങളോടും ശരിയായ അടപ്പോടുംകൂടി ഒരു ഒന്നാംതരം ചന്ത പണികഴിപ്പിക്കാം. ഈർപ്പമുള്ളതും വെള്ളം കെട്ടിനിൽക്കുന്നതുമായ ഒരു താണ സ്ഥലത്താണ് മത്സ്യചന്ത. അതു വിസ്താരമുള്ളതും അശുദ്ധമുള്ളതും ആണ്. മത്സ്യവെള്ളം പിടിച്ചിട്ടുള്ള നിലങ്ങളോടുകൂടി, തൽക്കാലത്തേയ്ക്കു ഉപയുക്തങ്ങളായ ഷെഡ്ഡുകളല്ലാതെ സ്ഥിരമായ വ്യാണിജ്യസ്ഥലങ്ങൾ ഇല്ല. ആസ്ഥലം വാണിജ്യത്തിനു നല്ലസ്ഥാനമാണ്. ആ സ്ഥലം ഭൂമിയിലേക്കു പിടിച്ചിട്ടുള്ള മത്സ്യവെള്ളത്തിന്റെയും ഉണങ്ങിയമത്സ്യത്തിന്റെയും നാററം കൊണ്ടു നിറഞ്ഞതാണ്. സ്ഥാനം നല്ലതാണ്, എന്നാൽ എല്ലാസ്ഥലവും കഴുകി ശുചിയാക്കിവയ്ക്കത്തക്കവണ്ണം ഭൂമി ഉയർത്തി കച്ചവടസ്ഥലം പണിയിച്ചു നിലത്തു തറകെട്ടി, എല്ലാവശത്തും വെള്ളച്ചാലുകളും ഉണ്ടാക്കണം. ഈ സ്ഥലത്തേയ്ക്കു മലമൂത്ര വിസർജ്ജനത്തിനു ചില പ്രത്യേകസ്ഥലം അത്യാവശ്യമാണ്. ചന്തയുടെ വടക്കും കിഴക്കും വശങ്ങളിൽ ഉള്ളതും യഥാർത്ഥത്തിൽ 'ചേററ' സ്ഥലങ്ങൾ എന്നു വിളിക്കപ്പെടാവുന്നതുമായ, അനേകം, താണ്, കാററുകയറാത്ത, അനാരോഗ്യ താമസസ്ഥലങ്ങൾ ഉള്ളതിനെ നിശ്ശേഷം നശിപ്പിച്ചു, പുതിയ മാതൃകയിൽ ആവശ്യത്തിനുതകുന്ന ചെറിയ വൃത്തിയുള്ള വീടുകൾ വരിയായി പണിയിച്ചു ഈ സാധുക്കൾക്കു വാടകയ്ക്കു കൊടുക്കണം. ഇതു അസാദ്ധ്യമാണെങ്കിൽ ആസ്ഥലത്തെ കഴിയുന്നത്രയും തുറസായിവെയ്ക്കുന്നതാണ് ഏററവും നല്ലത്. ഇപ്പോഴത്തെസ്ഥിതിയ്ക്കു ആ സ്ഥലത്തെ ശുചിയായും ആരോഗ്യസ്ഥിതിയിലുംവെയ്ക്കാൻ നിവൃത്തിയില്ല. അതുപോലെതന്നെ എന്തെങ്കിലും വല്ല സാംക്രമികരോഗങ്ങളും ആരംഭിച്ചാൽ അവയെ നിരത്തുന്നതിനും വലിയ പ്രയാസമാണ്. ൧൧൦൧-ന്റെ ആരംഭംമുതൽ ഭക്ഷണസാധനങ്ങളും പാനീയങ്ങളും വിൽക്കുന്നതിനെയും തുറന്നുവെയ്ക്കുന്നതിനേയും സംബന്ധിച്ചു ഉപചട്ടങ്ങൾ നടപ്പിൽ കൊണ്ടുവന്നു എങ്കിലും അവ അനുസരിക്കുന്നതിലും അധികം ലംഘിക്കുന്നതിനാണ് സൂക്ഷിച്ചിരിക്കുന്നതെന്നു എനിക്കു തോന്നുന്നു. ഭക്ഷണസാധനങ്ങൾ കുന്നാരിക്കൂടുകളുടെ മുകളിലും, ചിലടത്തു കണ്ണാടികൾ പൊട്ടി ഭക്ഷണദ്രവ്യങ്ങൾ മുഴുവൻ ഈച്ചപൊതിഞ്ഞും, മററു സ്ഥലത്തു കതകുകൾ തുറന്നിട്ടും, കതകുകൾ ഇല്ലാതെയും ഞാൻ കണ്ടു. മധുരപലഹാരങ്ങളും മററു ഭക്ഷണസാധനങ്ങളും വിൽക്കുന്ന കച്ചവടക്കാർ അവ മൂന്നു വശത്തും മുകളിലും കണ്ണാടിയും വയർഗാസ്കൊണ്ടുള്ള അടപ്പുകളും ഉള്ള കൂടുകളിൽ സൂക്ഷിക്കണം; വിൽക്കുന്നതിനുമാത്രമല്ലാതെ അവ പുറത്തെടുക്കാൻ മുൻസിപ്പാലിററിക്കാർ അനുവദിക്കരുത്. എയിറേറഡ് വാട്ടർ ഉണ്ടാക്കുന്നവർ ഉപയോഗിക്കുന്ന വെള്ളത്തിന്റെ ഗുണത്തെപ്പററി ശരിയായ നിയന്ത്രണം ഉണ്ടായിരിക്കണം.

അനുബന്ധം ൩.

൨൩൬-ാംനമ്പർ ചോദ്യത്തിന്റെ ഉത്തരം നോക്കുക.

ചങ്ങനാശ്ശേരി മുൻസിപ്പൽകൗൺസിൽ സബ് കമ്മററി മെംബരന്മാരിൽനിന്നും.

ചങ്ങനാശ്ശേരി മുൻസിപ്പൽകൌൺസിൽ പ്രസിഡണ്ടവർകൾക്കു.

സർ, ഈ ടൌണിൽ പ്രൈവററ സ്കാവഞ്ചിംഗ് ഏർപ്പാടു നടപ്പിൽവരുത്തുന്നതിനു ൧൯൨൩ ജനുവരി ൧൯-നു- ൩൦ ൪-ാംനമ്പരായി അയച്ചു എഴുത്തിനു താഴെ പറയുന്ന അഭിപ്രായങ്ങൾ ഞങ്ങൾ സമർപ്പിച്ചുകൊള്ളുന്നു.

൧. ചന്ത അതിർത്തികൾക്കുള്ളിൽ പ്രൈവററ സ്കാവഞ്ചിംഗ് ഏർപ്പാടു ൧൧൦൨ ഇടവം ൧-നു മുതൽ നടപ്പിൽവരുത്തേണ്ടതാണ്. സ്കാവഞ്ചിംഗ് നടപ്പിൽവരുത്തേണ്ട അതിർത്തികൾ നിർണ്ണയിച്ചു ൧൧൦൦ മകരം ൧൩-നു-ലെ ൯൭-ാംനമ്പർ റസല്യൂഷൻ ൩-ം ൪-ം വകുപ്പുകളിൽ നിർണ്ണയിച്ചിട്ടുണ്ട്.

൨. മുൻസിപ്പൽറഗുലേഷൻ ൧൨൬-ാംവകുപ്പിൽ (൧) (i) ഉപവകുപ്പനുസരിച്ചു കരം ചുമത്തുന്നതിനും മററുമായി നിശ്ചയം പാസ്സാക്കുന്നതിനു ഒരു സ്പെഷ്യൽ കമ്മററിയെ ഉടൻ വിളിച്ചുകൂട്ടേണ്ടതാകുന്നു.

൩. താഴെ പറയുന്ന സ്ഥലങ്ങളിൽ സ്ഥിരമായിട്ടുള്ള പബ്ലിക് കക്കൂസുകൾ പണിയിക്കേണ്ടതാണ്. ഈ തിരഞ്ഞെടുത്ത സ്ഥലങ്ങൾ പൊന്നുംവിലയ്ക്കെടുത്തു പൊന്നുംവിലറഗുലേഷനിലെ അടിയന്തിരവകുപ്പു അനുസരിച്ചു ഉടൻ പണിയിക്കേണ്ടതാകുന്നു.

പബ്ലിക്ക്കക്കൂസുകൾ പണിയിക്കേണ്ട സ്ഥലങ്ങൾ.

(എ) കച്ചേരി വാർഡിൽ വാഴപ്പള്ളി കിഴക്കുംഭാഗം പകുതിയിൽ വട്ടപ്പള്ളിൽ പുല്ലുകാട്ട് ഔസേപ്പു ഇട്ടിയവിരാവക പുരയിടത്തിനും വടക്കു ആലുംമൂട്ടിൽ മാത്യു മജിസ്ട്രേട്ടിന്റെ പുരയിടത്തിനും തോടിനും കിഴക്കു ലക്ഷ്മീപുരം കൊട്ടാരംവക ഗണപതിപ്പറമ്പു പുരയിടത്തിന്റെ തെക്കുപടിഞ്ഞാറെമൂലയിൽ തെക്ക് വടക്കു നാലു ദണ്ഡു നീളത്തിലും കിഴക്കു പടിഞ്ഞാറു മൂന്നു ദണ്ഡു വീതിയിലുമുള്ള സ്ഥലം.

ഈ സ്ഥലത്തു വണ്ടി പോകത്തക്ക വിധത്തിൽ ഇപ്പോൾ കിടക്കുന്ന തോടു വീതികൂട്ടി നന്നാക്കേണ്ടതാകുന്നു.

(ബി) മാർക്കററ വാർഡിൽ മുസാവരി ബംഗ്ലാവിനു കിഴക്കുവശം വടക്കോട്ടുകിടക്കുന്ന തോടിൽക്കൂടി വടക്കോട്ടുചെന്നു തോടിനു കിഴക്കുവശം ചിറയിൽ മാത്തു ജോസഫിന്റെ ചിറപ്പുരയിടത്തിന്റെ തെക്കുമായി കിടക്കുന്ന താഴ്ചയിൽ പാൽക്കനിസാവാററാവുത്തരുടേയും മൈതീൻബാവാറാവുത്തരുടേയും വക തോപ്പിൽ താഴ്ചയിൽപുരയിടത്തിന്റെ തെക്കു പടിഞ്ഞാറെമൂലയിൽ തെക്കുവടക്കു അഞ്ചു ദണ്ഡു നീളത്തിലും കിഴക്കുപടിഞ്ഞാറു മൂന്നുദണ്ഡു വീതിയിലുമുള്ള സ്ഥലം.

ഈ സ്ഥലത്തേയ്ക്കു പോകുന്നതിനു തോടു വീതിവരുത്തി വണ്ടിപോകത്തക്കവണ്ണം വഴി നന്നാക്കണം.

(സി) മാർക്കററവാർഡിൽ മുസാവരിക്കു പടിഞ്ഞാറുവശം വാഴൂർറോഡിനും വടക്ക് നിലത്തിനും കിഴക്കു കണ്ടംകരിവക പുരയിടത്തിനും തെക്ക് തോടിനും തെക്കു ചങ്ങങ്കരി വല്യവീട്ടിൽ (കൊട്ടപ്പുന) ചാക്കോവക പുരയിടത്തിന്റെ വടക്കുപടിഞ്ഞാറെമൂലയിലും അതിനതൊട്ടു പടിഞ്ഞാറുവശം കിഴക്കു കണ്ടംകരി വർഗ്ഗീസ് പോത്തൻ വക താഴ്ച പുരയിടത്തിന്റെ കിഴക്കു ഭാഗത്തിൽനിന്നും രണ്ടു പുരയിടങ്ങളിലും ഉൾപ്പെടുത്തിയും വല്യവീട്ടിൽ പുരയിടത്തിന്റെ പടിഞ്ഞാറുവശം വടക്കെഅററത്തു നിൽക്കുന്ന തെങ്ങിന്റെ ചുവട്ടിൽനിന്നും പടിഞ്ഞാറു അരക്കോൽവിട്ടു തെക്കു വടക്ക് രണ്ടു ദണ്ഡു നീളത്തിലും കിഴക്ക് പടിഞ്ഞാറു ഒന്നര ദണ്ഡുവീതിയിലും ഉള്ള സ്ഥലം.

ഈ സ്ഥലത്തേക്കു ആളുകൾക്കു പോകുന്നതിനു ഒരു ചെറിയ ഇടയല്ലാതെ വഴിയില്ലാത്തതിനാൽ ചങ്ങങ്കരി വല്യവീട്ടിൽ പുരയിടത്തിന്റെ വടക്കെഅററം പുരയിടത്തിന്റെ മുഴുവൻവീതിയിലും (കിഴക്കു പടിഞ്ഞാറു) പുറമ്പോക്കു നീക്കി ഒരുകോൽ വീതിയിൽ ഉള്ള സ്ഥലം വഴിയ്ക്കായി പൊന്നുംവിലയ്ക്കെടുത്തു എടുക്കയും വണ്ടി പോകത്തക്കവിധത്തിൽ വഴിനന്നാക്കുകയും വേണം. ടി പുരയിടത്തിന്റെ കിഴക്കുവശമുള്ള വഴിയും വണ്ടിപോകത്തക്കവിധത്തിൽ നന്നാക്കണം.

(ഡി) മാർക്കററവാർഡിൽ വാഴപ്പള്ളി കിഴക്കുംഭാഗംപകുതിയിൽ മത്സ്യചന്തയിലേക്കു പണ്ടകശാല കടവിലേക്കുള്ള റോഡിൽനിന്നും പടിഞ്ഞാട്ടു വെട്ടിട്ടുള്ള വഴിക്കു വടക്കുവശം കാവാലം പുതുപ്പറമ്പിൽ വർഗ്ഗീസ് ദേവസ്യയുടെവക പുരയിടത്തിൽ നിന്നും ടി പുരയിടത്തിന്റെ തെക്കുപടിഞ്ഞാറെ മൂലയിൽ കിഴക്കുപടിഞ്ഞാറു മൂന്നു ദണ്ഡു നീളവും തെക്കുവടക്കു രണ്ടു ദണ്ഡു വീതിയിലുമുള്ള സ്ഥലം.

(ഇ) മാർക്കററവാർഡിൽ വാഴപ്പള്ളി കിഴക്കുംഭാഗംപകുതിയിൽ പണ്ടകശാലറോഡിനു പടിഞ്ഞാറും പണ്ടകശാലതോട്ടിനു വടക്കുമുള്ള മരിച്ചുപോയ മി. സി. ജെ. കുര്യന്റെവക പുരയിടത്തിൽ തെക്കേട്ടത്തു തൊട്ടിറമ്പുചേർന്നു തോട്ടുപുറമ്പോക്കുകൾ ഉൾപ്പെടെ രണ്ടു കോൽ വീതിയും ൩൦ കോൽ നീളത്തിലുമുള്ള സ്ഥലം വഴിക്കായി എടുത്തു അതിനു പടിഞ്ഞാറുവശത്തു പടിഞ്ഞാറെ മൂലയ്ക്കോട്ടുചേർന്നു നാലു ദണ്ഡു നീളത്തിലും രണ്ടു ദണ്ഡു വീതിയിലുമുള്ള സ്ഥലവും.

(എഫ്) മാർക്കററ വാർഡിൽ വാഴപ്പള്ളി കിഴക്കുംഭാഗംപകുതിയിൽ പണ്ടകശാലറോഡിൽനിന്നും കിഴക്കോട്ടു തോട്ടുവഴി ഇട്ടിച്ചെറിയാ ദേവസ്യായുടെ വീട്ടിനു വടക്കുവശത്തുകൂടി കിഴക്കോട്ടുവരുന്ന വില്ലേജ്റോഡിനു കിഴക്കുവശം പൂവാററിൽ അവുസേപ്പുവക പുരയിടത്തിന്റെ തെക്കുപടിഞ്ഞാറെ മൂലയിൽ രണ്ടു കോൽ വീതിയിൽ അഞ്ചു കോൽ നീളത്തിലും വഴിക്കായി സ്ഥലംഎടുത്തു അവിടെനിന്നും കിഴക്കോട്ടു ടി പുരയിടത്തിൽനിന്നും രണ്ടുകോൽ വീതിയിലും ആറു കോൽ നീളത്തിലുമുള്ള സ്ഥലവും അതിനു തെക്കുവശം കണ്ടങ്കരിൽ വർഗ്ഗീസ് പോത്തന്റെവക കരികമ്പറമ്പുപുരയിടത്തിൽനിന്നും തെക്കുവടക്കു നാലുകോലും കിഴക്കുപടിഞ്ഞാറു ആറു കോൽ നീളത്തിലുമുള്ള സ്ഥലവും ഈ സ്ഥലത്തേക്കു പോകുന്നതും പണ്ടകശാലറോഡിൽനിന്നും കിഴക്കോട്ടു തോട്ടുവടക്കുവശത്തുകൂടി കിടക്കുന്നതുമായ വില്ലേജ്റോഡു നന്നാക്കേണ്ടതാകുന്നു. ഈ ഇട്ടിച്ചെറിയ ദേവസ്യായുടെ വടക്കുവശത്തുകൂടി കിടക്കുന്നതുമായ വില്ലേജ്റോഡു നന്നാക്കേണ്ടതാകുന്നു. സ്ഥലം വഴിയിൽനിന്നും ഏതാനും സ്ഥലം അടുത്ത കുടിപാർപ്പുകാർ അപഹരിച്ചതായിഞങ്ങൾക്കു തോന്നുന്നു. താലൂക്കുകച്ചേരിമുഖാന്തിരം പുറമ്പോക്കുആക്രമണം തിട്ടപ്പെടുത്തിച്ചു ഒഴിപ്പിച്ചു ഈ വഴികൂടി നന്നാക്കണം.

ഈ വഴിയുടെ മദ്ധ്യത്തിൽ വളരെ പ്രായംകൂടിയതും വേരു പൊങ്ങിപ്പോന്നതുമായ ഒരു തെങ്ങു നിൽക്കുന്നതിനെ ഉടൻ വെട്ടിക്കളയുന്നതിനു ഏർപ്പാടു ചെയ്യേണ്ടതാകുന്നു.

(ജി) കച്ചേരിവാർഡിൽ ചങ്ങനാശേരി പകുതിയിൽ ചിത്രക്കുളത്തിനു വടക്കുവശമുള്ള റാവുത്തരുടെ പുരയിടത്തിന്റെ തെക്കുപടിഞ്ഞാറെമൂലയോടുചേർന്നു കിഴക്കുപടിഞ്ഞാറു മൂന്നു ദണ്ഡും തെക്കുവടക്കു രണ്ടു ദണ്ഡും സ്ഥലം.

കച്ചേരിവാർഡിൽ കാവിൽ മഠംവക പുരയിടത്തിന്റെ വടക്കുകിഴക്കേ മൂലയിൽ പുറമ്പോക്കുസ്ഥലത്തു മൂത്രമൊഴിക്കുന്നതിനു ഒരു താൽക്കാലിക ക്ലോസ് വെയ്ക്കേണ്ടതാകുന്നു.

മേൽവിവരിച്ച സ്ഥലങ്ങളുടെ സർവെ നമ്പരും പ്ലാൻസ്കെച്ചു മുതലായതും ആഫീസുമുഖാന്തിരം ഉടൻ തയ്യാറാക്കിച്ചു റഗുലേഷൻപ്രകാരമുള്ള നടപടി നടത്തുന്നതിനു ഗവർമ്മെന്റിലേക്കയക്കേണ്ടതാകുന്നു. പബ്ലിക്ക ക്ലോസുകൾ കെട്ടുന്നതിനുള്ള സ്ഥലം കൈവശപ്പെടുത്തുന്നതിനു വല്ല താമസം വന്നാൽതന്നെയും നിർബന്ധമായ സ്കാവഞ്ചിംഗ് ഏർപ്പാടു നടപ്പിൽവരുത്തുന്നതിനു താമസിപ്പിക്കേണ്ട ആവശ്യമില്ലെന്നാണ് ഞങ്ങളുടെ അഭിപ്രായം. സ്കാവഞ്ചിംഗ് ഏർപ്പാടു നടപ്പിൽവരുത്തുന്നതിനുള്ള പ്രാരംഭനടപടികൾ യാതൊരു താമസവും കൂടാതെ ഉടൻതന്നെ എടുത്തു ൧൧൦൯ ഇടവം ൧-നു മുതൽ നടപ്പിൽവരുത്തേണ്ടതാണ്.

താൽക്കാലിക ക്ലോസുകൾ താഴെപ്പറയുന്ന സ്ഥലങ്ങളിൽ വയ്ക്കേണ്ടതാണ്.

(എ) മാർക്കറ്റുവാർഡിൽ വാഴപ്പള്ളി കിഴക്കുംഭാഗം പകുതിയിൽ ചന്തക്കടവിൽ ബോട്ടുജെട്ടിക്കു പടിഞ്ഞാറുവശം പറക്കാവിൽ ഗീവർഗ്ഗീസു ഗബ്രിയേൽ താമസിക്കുന്ന വീടിനു തെക്കുവശം പുറമ്പോക്കുസ്ഥലത്തു ഒന്ന്.

(ബി) ടി സ്ഥലത്തിനു വടക്കുപടിഞ്ഞാറെ മൂലയിൽ പുറമ്പോക്കു സ്ഥലത്തു ഒന്ന്.

(സി) ടി സ്ഥലത്തിനു കിഴക്കുവശം വെട്ടുമ്പറമ്പിൽ അവുസേപ്പു താമസിക്കുന്ന വീട്ടിനു പടിഞ്ഞാറുവശം പുറമ്പോക്കു സ്ഥലത്തു ഒന്ന്.

മൂത്രമൊഴിക്കുന്നതിനായി ഉപയോഗപ്പെടുത്താനായി മുസാവരി ബംഗ്ലാവിനു കിഴക്കുവടക്കേ മൂലയിലും മത്സ്യച്ചന്തയിൽ കുളത്തിനു വടക്കുവശം ഇങ്ങനെ രണ്ടു താൽക്കാലികക്ലോസുകൾ വെയ്ക്കേണ്ടതാകുന്നു.

മലംമാറുന്ന ഏർപ്പാടു നടപ്പിൽവരുത്തുന്നതോടുകൂടി ആളുകൾ തിങ്ങിപ്പാർത്തുവരുന്നതായ മാർക്കറ്റുവാർഡിലെ ഓടകളും പുരയിടങ്ങളും ശരിപ്പെടുത്തേണ്ടതാകുന്നു. ഓടകൾ ശരിയാക്കാതെ ഈ സ്ഥലം ശുചിയാക്കിയിടുന്നതിനു വളരെ പ്രയാസമാണ്. അതിനാൽ ഈ കാര്യത്തിലേയ്ക്കു കൌൺസിലിന്റെ ശ്രദ്ധ പ്രത്യേകം പതിയേണ്ടതും അതു ചെയ്യേണ്ടതു താഴെപ്പറയുന്നവിധത്തിൽ ഞങ്ങൾ അഭിപ്രായപ്പെട്ടുകൊള്ളുകയും ചെയ്യുന്നു.

(ഡി) വാളൂർ റോഡു പല സ്ഥലങ്ങളിലും അടുത്തുള്ള ഭൂമിയെക്കാൾ പൊങ്ങിക്കിടക്കുന്നു. ശക്തിയായ മഴയുണ്ടാകുമ്പോൾ റോഡിൽ വീഴുന്ന വെള്ളവും മറ്റു സ്ഥലങ്ങളിൽനിന്നും ഒഴുകിവരുന്ന വെള്ളവും താഴ്ന്നസ്ഥലത്തുകൂടി ശരിയായി ഒഴുകി റോഡിന്റെ ഇരുവശങ്ങളിലുമുള്ള മണ്ണൊലിച്ചു വളരെ അപകടമായികിടക്കുന്നു. എന്നാൽ ഇങ്ങനെയുള്ള സ്ഥലങ്ങൾ വളരെ പ്രത്യക്ഷമായിക്കാണുന്നതു വട്ടപ്പള്ളിയിൽനിന്നും ചന്തക്കടവുവരെയുള്ള സ്ഥലത്താണ്. ഈ സ്ഥലങ്ങളിലാണ് വണ്ടികളും ആളുകളും ചന്തദിവസങ്ങളിൽ അധികമായി കൂടുന്നതും ആളുകൾ അധികമായി താമസിക്കുന്നതും ഇതിനടുത്ത സ്ഥലത്തുമാണ്. ഈവിധത്തിൽ അപകടത്തിൽകിടക്കുന്ന സ്ഥലത്തു റോഡു നന്നാക്കാനെന്നമട്ടിൽ കുറെ കരിങ്കൽചില്ലികളും ഇറക്കിയിട്ടിട്ടു നാളുകളും കുറെകഴിഞ്ഞിരിക്കുന്നു. ഈ വാളൂർറോഡു ഡി. പി. ഡബ്ലിയുക്കാരുടെ കൈവശത്തിലും സൂക്ഷിപ്പിലും ഇരിക്കയാണ്. അതിനാൽ ഈ വാളൂർറോഡിന്റെ ഇരുവശത്തിലും വട്ടപ്പള്ളിമുതൽ ചന്തക്കടവുവരെയെങ്കിലും ഓടകൾ കെട്ടിക്കുന്നതിനും റോഡിൽ ഇറക്കിയിരിക്കുന്ന കരിങ്കൽചില്ലുകൾ മാറ്റിക്കുകയോ അല്ലാത്തപക്ഷം റോഡു നന്നാക്കുകയോ ചെയ്യുന്നതിനു ഡി. പി. ഡബ്ലിയു. അധികാരികളോടപേക്ഷ എഴുതിഅയക്കേണ്ടതാകുന്നു.

(ഇ) അടുത്തകാലത്തു ഗവണ്മെന്റിൽനിന്നും മുൻസിപ്പാലിറ്റിക്കു വിട്ടുതന്നിട്ടുള്ള ചന്തറോഡിന്റെ ഇരുവശങ്ങളിലും ഗവണ്മെന്റിൽനിന്നും കെട്ടിച്ചിട്ടുള്ള ഓടകൾ അധികഭാഗങ്ങളിലും ഇടിഞ്ഞും പൊളിഞ്ഞും കിടക്കുന്നു. ഇതു ഉടൻതന്നെ നന്നാക്കേണ്ടതാണ്. വട്ടപ്പള്ളിമുതൽ ചന്തക്കടവുവരെയുള്ള ഈ ഓടകൾ ഒരുമിച്ചു നന്നാക്കുന്നതിനു മുൻസിപ്പാലിറ്റിക്കു തൽക്കാലം പണം ഇല്ലാത്തതിനാൽ ഈ ഓടകളുടെ ഏതാനും ഭാഗമെങ്കിലും ഈയാണ്ടിലും ബാക്കിയുള്ളതു അടുത്തകൊല്ലങ്ങളിലായും നന്നാക്കിയാൽ കൊള്ളാമെന്നു ഞങ്ങൾക്കു തോന്നുന്നു. ഗവണ്മെന്റിൽനിന്നും മുൻസിപ്പാലിറ്റിക്കു അടുത്തകാലത്തു വിട്ടുതന്നിട്ടുള്ള റോഡുകൾ നന്നാക്കുന്നതിനു ൧൧൦൯-ാമാണ്ടത്തേക്കു അനുവദിച്ചിട്ടുള്ള സംഖ്യ മുഴുവനും മുൻസിപ്പാലിറ്റിഫണ്ടിൽനിന്നും കുറെപ്പണവും ഇതിലേയ്ക്കു മാറ്റിവച്ചു ഈ ഓടകളുടെ പണി ഉടൻതന്നെ നടപ്പിൽവരുത്തേണ്ടതാണെന്നും ഞങ്ങൾ അഭിപ്രായപ്പെടുന്നു.

(എഫ്) ഈ ഓടകളുടെ അടുത്തുള്ള വീട്ടുകാരുടെ പുറകുവശത്തു വീഴുന്ന വെള്ളം ഈ ഓടയിൽ വന്നുവീഴത്തക്കവിധത്തിൽ വീടുകളുടെ പുറകുവശത്തുനിന്നും ഓടകൾകെട്ടി ഈ ഓടകളോടു ചേർക്കത്തക്കവണ്ണം അതാതു വീട്ടുടമസ്ഥന്മാരെ ഉണർത്തിച്ചു ചെയ്യിക്കണമെന്നു ഞങ്ങൾ അഭിപ്രായപ്പെട്ടുകൊള്ളുന്നു.

(ജി) ചന്തയിൽ തെക്കേപന്തിയിൽ കങ്ങഴക്കോശി ചക്കാലക്കൽ ഔസേപ്പു മത്തായിയുടെ പുരയിടത്തിന്റെ പടിഞ്ഞാറെ മതിലിന്റെ വടക്കും തെക്കും ഭാഗങ്ങളിൽനിന്നും ഓരോ ഓട പടിഞ്ഞാറോട്ടുകെട്ടി ചങ്ങനാശേരി പള്ളിവക പുതിയ മാളിക കെട്ടിടത്തിന്റെ പടിഞ്ഞാറുവശമുള്ള ഓടയോടു ചേർക്കണമെന്നും ഞങ്ങൾ അഭിപ്രായപ്പെട്ടുകൊള്ളുന്നു.

ചങ്ങനാശേരി,
൧൧൦൯ തുലാം ൨൧-നു.

മുക്കാട്ടു തൊമ്മാ കുര്യൻ.
തോട്ടശ്ശേരിൽ ചാക്കോ മാത്യു.
എൻ. ജെ. ജോസഫ്.
പി. കെ. പത്മനാഭപിള്ള.
പി. ജെ. കുര്യൻ.

അനുബന്ധം IV. എ.

൨൮൯-ാംനമ്പർ ചോദ്യത്തിന്റെ ഉത്തരംനോക്കുക.

പള്ളികൾ പണിയിക്കുന്നതിനുള്ള അപേക്ഷകളുടെ സ്റ്റേറ്റുമെന്റ.

ആണ്ട്	കിട്ടിയ അപേക്ഷകളുടെ സംഖ്യ	അനുവദിച്ച സംഖ്യ	തടസ്സങ്ങൾ ഉണ്ടായിരുന്ന അപേക്ഷകളുടെ സംഖ്യ
൧൦൯൯	൪൬	൨൪	൧൪
൧൧൦൦	൬൭	൩൮	൧൫
൧൧൦൧	൭൪	൫൪	൧൦
൧൧൦൨ (൨൬-൬-൧൧൦൨ വരെ)	൫൨	൩൧	൭

അനുബന്ധം IV. ബി

൨൮൯-ാംനമ്പർ ചോദ്യത്തിന്റെ ഉത്തരംനോക്കുക.

പള്ളികൾ പണിയിക്കുന്നതിനായി അനുവദിച്ച അപേക്ഷകളിൽ പറഞ്ഞിട്ടുള്ള താലൂക്കുകൾ.

	൧൦൯൯	൧൧൦൦	൧൧൦൧	൧൧൦൨	ആകെ
അഗസ്തീശ്വരം	൧	...	...	൧	൨
കൽക്കുളം	൧	....	...	...	൧
വിളവങ്കോട്	൧	൧	൨	...	൪
നെയ്യാറ്റിൻകര	൩	൨	൧	൧	൭
തിരുവനന്തപുരം	...	...	...	൧	൧
നെടുമങ്ങാട്	൨	൪	൧	...	൭
ചിറയിൻകീഴ്	...	൧	...	...	൧
കൊല്ലം	...	...	൨	...	൨
കരുനാഗപ്പള്ളി	...	...	൧	...	൧
കാർത്തികപ്പള്ളി	൧	...	...	...	൧
കുന്നത്തൂർ	...	൪	൩	൩	൰
കൊട്ടാരക്കര	൧	൩	൨	...	൬
അമ്പലപ്പുഴ	൨	൧	൧	൨	൬
മാവേലിക്കര	...	൧	൧	൧	൩
തിരുവല്ലാ	൧	൨	൪	൫	൧൨
പത്തനംതിട്ട	൨	൪	൭	൪	൧൭
പത്തനാപുരം	൨	...	൪	൧	൭
ചങ്ങനാശ്ശേരി	൨	൩	൫	൧	൧൧
കോട്ടയം	൧	൧	൩	൩	൮
ചേർത്തല	...	൧	...	...	൧
വൈക്കം	...		൧	൨	൩
മീനച്ചിൽ	...		൩	൨	൯
മൂവാറ്റുപുഴ	൧	൪	൮	...	൧൩
തൊടുപുഴ	...	...	൧	൧	൨
കുന്നത്തുനാട്	൧	൨	...	൩	൬
പറവൂർ	൧	...	൨	...	൩
പീരുമേട്	൧	...	൨	...	൩
ആകെ	൨൪	൩൮	൫൪	൩൧	൧൪൭

പൊതുജനശുശ്രൂഷയ്ക്കു വിഷയീഭവിച്ചസംഗതികളെക്കുറിച്ചുള്ള നിശ്ചയങ്ങൾ.

പബ്ലിക്ക സർവീസിലേക്ക ആളുകളെ എടുക്കുക (തുടർച്ച).

അദ്ധ്യക്ഷൻ: മി. തയ്യുക്കുഞ്ഞിത്തൊമ്മന്റെ രണ്ടാംനമ്പർ നിശ്ചയത്തെപ്പററിയുള്ള വാദപ്രതിവാദങ്ങൾ ഇനി തുടരുന്നതാണ്.

മി. ജി. നാരായണപിള്ള (തിരുവല്ലാ): നിശ്ചയത്തിന്റെ ഇപ്പോഴത്തെ സ്ഥിതിയിൽ എനിക്കതിനെ പിന്താങ്ങുന്നതിനു നിവൃത്തിയില്ല. അതു രാജ്യത്തുള്ള എല്ലാവർഗ്ഗങ്ങളോടും ഒരുപോലെ പെരുമാറുന്നതിനുദ്ദേശിച്ചായിരുന്നുഎങ്കിൽ ഞാൻ അതിനെ പിന്താങ്ങുന്നതിനു മടിക്കയില്ലായിരുന്നു. ഒരുപടികൂടികടന്നു പ്രാതിനിധ്യമില്ലാത്തതോ അല്ലെങ്കിൽ പ്രാതിനിധ്യം കുറവുള്ളതോ ആയ വർഗ്ഗങ്ങളോടു കുറെക്കൂടി ഔദാര്യമായി പെരുമാറുന്നതിനോ ആയിരുന്നെങ്കിൽ ഞാൻ അതിനെക്കുറിച്ചു ശഠിക്കയില്ലായിരുന്നു. എന്നാൽ ഈ നിശ്ചയം മുമ്പിട്ടുനിൽക്കുന്നവർഗ്ഗങ്ങളെ നിശ്ശേഷം ഒഴിക്കുന്നതിനായി അഭിപ്രായപ്പെടുന്നതുകൊണ്ട് എന്റെ ആന്തരങ്ങളും അതിനനുകൂലിക്കുന്നതിനു നിവൃത്തിയില്ല. ഇപ്പോഴത്തെ അവസ്ഥ സന്ദർഭങ്ങളുടെ സംയോഗഫലമായതുകൊണ്ട് അതിന്റെ ചരിത്രകാരണങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിൽനിന്നും യാതൊരുഫലവും ഉണ്ടാകാനില്ല. ഒരുപ്രത്യേകവർഗ്ഗവും — ഒരുവർഗ്ഗത്തിന്റെയും ഈ തലമുറക്കാർ ഇപ്പോഴത്തെ സ്ഥിതിക്കു ഉത്തരവാദികളല്ല. ആട്ടിൻകുട്ടിയും ചെന്നായുംഎന്ന പഴങ്കഥയിലെ ചെന്നായെപ്പോലെ മുമ്പിട്ടുനിൽക്കുന്ന വർഗ്ഗത്തിലെ യുവാക്കന്മാരോടു നിങ്ങളും നിങ്ങളുടെ പിൻഗാമികളും കുറേക്കാലത്തേക്ക സർക്കാർജീവനം വേണമെന്നുള്ള ആശയെ വിട്ടുകളയണമെന്നു പറയുന്നതു ഒരിക്കലും ന്യായവും വിഹിതവുമായിട്ടുള്ളതല്ല. വല്ലവരുടെയും കുറ്റത്തിനുവേണ്ടി നിരപരാധികളായ ഈ യുവാക്കന്മാരെ ശിക്ഷിക്കുന്നതിനെക്കാൾ യോഗ്യമെന്നു തോന്നുന്നതു കുറേക്കാലത്തേക്ക ഈ വർഗ്ഗക്കാർക്കു പള്ളിക്കൂടങ്ങളിലും കാളേജ്കളിലും പ്രവേശനം കൊടുക്കാതെയിരിക്കയാണ് ഉത്തമമായിട്ടുള്ളത്. ഈ നിശ്ചയംമൂലം അഭിപ്രായപ്പെട്ട പരാതി ദ്രോഹകരവും പരോപകാരജനകവുമാണെന്ന് പുറമേനോക്കുമ്പോൾ തോന്നുമെങ്കിലും സൂക്ഷ്മാവേക്ഷണത്തിൽ കൂടുതൽ സൂചിപ്പിക്കുന്നത് എന്നാണ് എന്റെ ഭയം. പ്രാതിനിധ്യമില്ലാത്തവർഗ്ഗക്കാർക്കു ഇതുകൊണ്ടു യാതൊരുപ്രയോജനവുമില്ലെന്ന് എനിക്കുനിശ്ചയമുണ്ടു. എന്തുകൊണ്ടെന്നാൽ അപ്രകാരമുള്ള വർഗ്ഗക്കാരും മററുള്ളവരോടു ജയപ്രദമായതോടുകൂടി മല്ലിടുന്നതിനു പ്രാപ്തരല്ല. ആ വർഗ്ഗക്കാരുടെ എല്ലാശ്രേണിയിൽ നിൽക്കുന്നതെ ഭാവിക്കുന്ന രണ്ടാംതരം വർഗ്ഗക്കാരായിരിക്കും യഥാർത്ഥത്തിൽ ഇതിന്റെഗുണം അനുഭവിക്കുന്നത്. സർക്കാർസർവീസിലുള്ള ഭാവിനിയമനങ്ങളെല്ലാം അവർക്കുതന്നെ കുത്തകയായി കിട്ടുമെന്നുള്ളതായിരിക്കും അതിന്റെഫലം.

ഈ പദ്ധതിയുടെ പ്രായോഗികമായ നടത്തിപ്പു ഗവർമെന്റിനെ വിഷമസ്ഥിതികളിലേക്കു ചാടിക്കുമെന്നാണ് എനിക്കുതോന്നുന്നതു. ഉദാഹരണമായി, ഒരുഉയർന്ന ജൂഡിഷ്യൽ നിയമനത്തിനു ഒഴിവുണ്ടെന്നുവിചാരിക്കുക. രണ്ടപേക്ഷകന്മാരായുണ്ടു. ഒന്നുപ്രാതിനിധ്യമില്ലാത്ത ഒരുവർഗ്ഗത്തിലുള്ള ഒരുപുതിയ ബി. എൽ. കാരനും മറ്റേതു പ്രാതിനിധ്യമുള്ള ഒരുവർഗ്ഗത്തിലെ പഴക്കവും പരിചയവുമുള്ള ബി. എൽ. ജയിച്ച ഒരുവക്കീലുമാണ്. ഈ പദ്ധതിയനുസരിച്ചു ആ വർഗ്ഗത്തിനുവേണ്ടി പുതിയ ബി. എൽ. കാരനെ തിരഞ്ഞെടുക്കേണ്ടിവരും, നമുക്കുകിട്ടുന്ന ന്യായവിധികൾ മനോഹരമായിരിക്കയുംചെയ്യും.

ഇതുകൂടാതെ ഒരുപ്രത്യേകവർഗ്ഗത്തിലുള്ള ജനനംകൊണ്ടു മാത്രം ഒരുയർന്നഉദ്യോഗം കിട്ടിയാൽ അയാൾ ആ സ്ഥാനത്തിനു ആ വർഗ്ഗത്തോടു കടപ്പെട്ടവനായി വിചാരിക്കും. ഈ വിചാരം അയാളെ കൂടുതൽകൂടുതലായി വർഗ്ഗപ്രതിപത്തിയുള്ളവനാക്കിത്തീർക്കും എന്നാണെനിക്കുതോന്നുന്നതു. ഈ ലക്ഷ്യം കൂടുതലായി പ്രയോഗത്തിൽ വരുന്നതിനു അനുവദിച്ചാൽ ആപൽക്കരങ്ങളായ ഫലങ്ങൾ ഉണ്ടാകും. ഇതിൽനിന്നും ഉൽഭൂതമാകുന്ന അവസ്ഥ പറയുന്നതിനെക്കാൾ ഊഹിക്കുന്നതാണ് നല്ലതു. ഇതിനുപകരം ഒരു ഉദ്യോഗസ്ഥന്റെസ്ഥാനം അയാളുടെ ശേഷിയും യഥാർത്ഥയോഗ്യതയും കൊണ്ടു ലഭിച്ചതാണെന്നു മനഃപൂർവ്വമായി വിശ്വസിക്കയാണെങ്കിൽ ആ ജ്ഞാനം ശേഷി എവിടെക്കണ്ടാലും അതിനെ വിലമതിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും അയാളിൽ ഒരു പ്രേരണാശക്തി ആയിത്തീരും. തൽഫലമായ ജോലിപ്രാപ്തിയും നല്ലഭരണവുമായിരിക്കും ഇതിന്റെഫലം. ഇപ്രകാരമുള്ളഫലത്തെ പ്രദാനം ചെയ്യുന്ന ഒരു പദ്ധതിയെ ഞാൻ അനുകൂലിക്കാം. എന്നാൽ ഇപ്പോൾ വാദത്തിൽ ഇരിക്കുന്നതും വിപരീതഫലപ്രദവുമായ ഒന്നിനെ അനുകൂലിക്കാൻ പ്രയാസമാണ്. നിശ്ചയമായിട്ടും എന്തുംചെയ്യാൻ മടിയില്ലാത്ത ഉദ്യോഗസ്ഥന്മാർ 'പ്രാപ്തി' എന്നുള്ളവാക്കിന്റെ മറവിൽനിന്ന് അവരുടെ ഇഷ്ടംപോലെ ചെയ്യാൻ സാധിക്കും. ഇപ്രകാരം വരാതിരിക്കാൻ സൂക്ഷിക്കേണ്ടതു അത്യാവശ്യമാണ്. ഇപ്പോൾ ആളുകളെ നിയമിക്കുന്നമാർഗ്ഗം തൃപ്തികരമല്ല, അതിനെ പരിഷ്കരിക്കേണ്ടതാണ് എന്ന രാജ്യത്തിൽ പൊതുവെ ഒരു അഭിപ്രായമുള്ളതും വാസ്തവമാണ്. തൃപ്തികരമായ ഒരുമാർഗ്ഗത്തിൽ എത്തേണ്ടതു എങ്ങിനെയാണെന്നാണ് ചോദ്യം. ഗവർമെന്റിൽനിന്നും എല്ലാവർഗ്ഗക്കാരെയും പ്രതിനിധീകരിക്കുന്ന ഒരുകമ്മററി രൂപീകരിച്ചു എല്ലാവർക്കും പക്ഷമായിട്ടുള്ളതും എന്നാൽ കാര്യക്ഷമതയ്ക്കു ഹാനികരമല്ലാത്തതുമായ ഒരുപദ്ധതിസൃഷ്ടിക്കുന്നതിനു ആ കമ്മററിയെ ചുമതലപ്പെടുത്തണം എന്നാണ് എന്റെ അഭിപ്രായം. ഇത്രയും പറഞ്ഞു ഞാൻ ഈ നിശ്ചയത്തെ പ്രതിക്ഷേധിക്കുന്നു.

മി. എച്ച്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും കൈത്തൊഴിലും തെക്ക). ഞാൻവർഗ്ഗീയ പ്രാതിനിധ്യത്തിനു തീരെ പ്രതികൂലിയാണെന്ന് ആദ്യംതന്നെ പറയാം. ഗവർമെന്റുജോലിക്ക ആളുകളെ നിയമിക്കുന്നതിൽ കാര്യക്ഷമതയെക്കുറിച്ചു മാത്രമേ ചിന്തിക്കേണ്ടതായുള്ളു. എന്നാൽ ഉദ്യോഗനിയമനത്തിൽ ഗവർമെന്റുവർഗ്ഗീയപ്രാതിനിധ്യപ്രമാണം സ്വീകരിച്ചിരിക്കുന്നതുകൊണ്ടു ഈ പരമതത്തിൽ ഞാൻ ഗവർമെന്റിനോടു വഴക്ക പറയണമെന്ന വിചാരിക്കുന്നില്ല. വർഗ്ഗീയപ്രാതിനിധ്യപ്രമാണം അംഗീകരിച്ചതിനുശേഷം ആ കൂട്ടത്തിൽ ഒരു പ്രത്യേകസ്ഥാനം നൽകിട്ടുള്ളവെള്ളാളവർഗ്ഗത്തെ പ്രോത്സാഹിപ്പിച്ചിട്ടില്ലഎന്നുള്ളതു ഇവിടെ പ്രതിപാദിക്കേണ്ടതു ആവശ്യമാണെന്ന് ഞാൻവിചാരിക്കുന്നു. അതിനെ ഖണ്ഡിതമായി അധഃപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളതു എന്നുതന്നെപറയാം. ഇവ ശക്തിമത്തായ അഭിപ്രായപ്രകടനങ്ങൾ ആയിരിക്കാം, എന്നാൽസത്യമതാണ്. കുറേക്കാലംമുമ്പു രാജ്യത്തുള്ള ഓരോഡിപ്പാർട്ടുമെന്റിലേക്കും പ്രാപ്തന്മാരായനല്ല ആളുകളെ നൽകുന്നതിനുള്ള യോഗ്യത ഉണ്ടായിരുന്നു എന്നുള്ളതു നിരസിക്കത്തക്കതല്ല. ഈ വസ്തുതകളിൽ പക്ഷമുള്ള ഒരാൾക്ക പ്രൊഫസ്സർ സുന്ദരംപിള്ള, മുത്തുകുമാരസ്വാമിപിള്ള, സദാശിവൻപിള്ള, ചെല്ലപ്പാപിള്ള, പൊന്നമ്പലംപിള്ള, എന്നീനാമധേയങ്ങൾ സ്മരണീയങ്ങളാണ്. ഫിനാൻഷ്യൽ സെക്രട്ടേറിയററിന്റെ രൂപീകരണത്തിനുമുമ്പു ദേവസ്വങ്ങൾ ഉൾപ്പെടെ രാജ്യത്തുള്ള ഫിനാൻഷ്യൽഡിപ്പാർട്ടുമെന്റിലെ പ്രധാനസംഗതികൾ എല്ലാം ഞങ്ങളുടെവർഗ്ഗത്തിൽപ്പെട്ടയോഗ്യന്മാരുടെ ഭരണത്തിൻകീഴിലായിരുന്നു. അതിനുമുമ്പുണ്ടായ സംഗതികളെപ്പററിയും രാജ്യഭരണസം-

ബന്ധമായ മത്സരങ്ങളെയുംപററി പറയേണ്ട ആവശ്യമില്ല. ഇപ്പോഴാണെങ്കിൽ, മി. കുററാലലിംഗംപിള്ള വൈദ്യലിംഗംപിള്ള, ഗോമതിനായകംപിള്ള എന്നിവരുടെ സ്ഥിതി ഗവണ്മെൻറ ഞങ്ങളുടെ വർഗ്ഗത്തോടു യഥാക്രമം തുടർന്നുകൊണ്ടിരുന്ന അകരുണമായ നയത്തിന്റെ ദൃഷ്ടാന്തമാണ്. അപേക്ഷകന്മാരെക്കുറിച്ചാണെങ്കിൽ പ്രൊബേഷണറി ഇൻസ്പെക്ടർജോലിക്കും, ട്രാഫിക് ഇൻസ്പെക്ടർജോലിക്കും ഉള്ള വെള്ളാള അപേക്ഷകന്മാരിൽ അവരുടെ കൂടുതൽയോഗ്യതയ്ക്കും ഡിപ്പാർട്ടുമെൻറാചാരത്തിനും അനുയുക്തമായ ശ്രദ്ധ പതിപ്പിച്ചിട്ടില്ല.

അഗാധമായ നിയമപരിജ്ഞാനവും, ദൃഢമായ സ്വാതന്ത്ര്യസ്വഭാവവും, സർവസമ്മതമായ നിഷ്പക്ഷപാതിത്വവുമുള്ള ആളുകളാണ് നമ്മുടെ ജുഡിഷ്യൽ ഡിപ്പാർട്ടുമെൻറിൽ ഉണ്ടായിരിക്കേണ്ടതു എന്നാണ് എന്റെ അഭിപ്രായം. ഈ ഡിപ്പാർട്ടുമെൻറിലെങ്കിലും, ഈശരക്കനെ വിചാരിച്ചു കാര്യപ്രാപ്തിയാണ് മാനദണ്ഡമാക്കിവെക്കേണ്ടതു്. കഴിഞ്ഞകാര്യങ്ങൾപോകട്ടെ. ഇന്നേതിയതിമുതൽ, ഈ ഡിപ്പാർട്ടുമെൻറിൽഎങ്കിലും അക്ലിഷ്ടമായ കാര്യപ്രാപ്തിഎന്ന പാവനപ്രമാണത്തെ അനുഷ്ഠിക്കണംഎന്നു ഞാൻ പ്രാർത്ഥിക്കുന്നു.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ജുഡിഷ്യൽ ഡിപ്പാർട്ടുമെൻറിൽക്കൂടി വർഗ്ഗീയപ്രാതിനിധ്യത്തിനുള്ള മുറവിളിയുണ്ടെന്നാണോ മെമ്പർ വിചാരിക്കുന്നതു്.

മി. എസ്സ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും കൈത്തൊഴിലും, തെക്ക): അവിടേയും വർഗ്ഗീയപ്രാതിനിധ്യത്തിനു മുറവിളിയുണ്ട്. അതാണ് അതിനെ മാററംചെയ്യണമെന്നു ഞാൻ പറഞ്ഞതു. ഇപ്പോഴും തന്നെ കാര്യപ്രാപ്തിഎന്ന പ്രമാണത്തെ അനുഷ്ഠിക്കുന്നതെങ്കിലും വെള്ളാളവർഗ്ഗത്തിൽനിന്നും നിയമിക്കുന്നതിനു ആവശ്യമുള്ള സ്ഥലവും അപേക്ഷകന്മാരും ജുഡിഷ്യൽ ഡിപ്പാർട്ടുമെൻറിൽഉണ്ട്. ഗവണ്മെൻറിൽനിന്നും വർഗ്ഗീയപ്രാതിനിധ്യം പ്രമാണമാക്കിയിരിക്കുന്നസ്ഥിതിക്കു വെള്ളാളർക്കു ഈ ഡിപ്പാർട്ടുമെൻറിലും മതിയായ പ്രോത്സാഹനം കൊടുക്കുന്നില്ലെന്നു ഞാൻ പറയണമോ? ഞാൻ മുമ്പു പ്രസ്താവിച്ചതാണെങ്കിലും അവയുടെ വിസ്തീർണ്ണപ്രസ്താവനകൾ കൊണ്ടും പുനരുക്തികൾകൊണ്ടും കൂടുതൽ മനസ്സിലാക്കാൻ കഴിയും. നിങ്ങളുടെ വിവേചനശക്തിയോടുള്ള ആദരവുകൊണ്ടു വെള്ളാളവർഗ്ഗത്തിനെ ശരിയായി പ്രോത്സാഹിപ്പിക്കുന്നില്ല എന്നുമാത്രംപറഞ്ഞു ഞാൻ നിറുത്താം. പബ്ലിക്കസർവിസിലുള്ള നിയമനങ്ങളിൽ ഗവണ്മെൻറ, അധൈര്യപ്പെടുത്തുന്നുഎന്നു പറയേണ്ട, തീരെ പ്രോത്സാഹിപ്പിക്കുന്നില്ല, എന്നുതന്നെ പറയാം.

മി. ററി. കുമാരപിള്ള (കൽക്കുളം വിളവംകോട്): മിസ്റ്റർ കുഞ്ഞിത്തൊമ്മന്റെ പ്രമേയത്തെ അനുകൂലിക്കാൻ നിർവാഹമില്ലാതിരിക്കുന്നു. മിസ്റ്റർ കുഞ്ഞിത്തൊമ്മൻ ഈ പ്രമേയം അവതരിപ്പിച്ചപ്പോൾ പ്രയത്നമായി വാദിച്ചിട്ടുള്ളതു ഈ രാജ്യത്തു ഉദ്യോഗനിയമനസംബന്ധമായി ഉണ്ടായിക്കൊണ്ടിരിക്കുന്ന അസ്വാസ്ഥ്യങ്ങൾ രാജ്യത്തിന്റെ ശ്രേയസ്സിനു ഹാനികരമായരീതിയിൽ പരിണമിച്ചിട്ടുണ്ടെന്നും അതിൽനിന്നും രാജ്യത്തിനു ഒരു മോചനം ലഭിക്കേണ്ടതു ഏററവും അത്യാവശ്യമാണെന്നും ഉദ്യോഗനിയമനവിഷയത്തിൽ ഖണ്ഡിതമായ ഒരു വ്യവസ്ഥ ഗവണ്മെൻറ സ്വീകരിച്ചുകഴിഞ്ഞാൽ ഈ കുഴപ്പത്തിനെല്ലാം നിവൃത്തിയുണ്ടാകുമെന്നുമാണ്. ഇതിൽ ഈ രാജ്യത്തു ഉദ്യോഗനിയമനസംബന്ധമായി അസ്വാസ്ഥ്യങ്ങൾ ഉണ്ടെന്നും അതിൽനിന്നും രാജ്യത്തിനു മോചനം ലഭിക്കേണ്ടതു അത്യാവശ്യമാണെന്നും ഉദ്യോഗദാനവിഷയത്തിൽ ഖണ്ഡിതമായ ഒരു വ്യവസ്ഥ ഗവണ്മെൻറ സ്വീകരിക്കേണ്ടതാണെന്നും ഞാൻ സമ്മതിക്കുന്നു. എന്നാൽ ഉദ്യോഗദാനവിഷയത്തിലുള്ള അസ്വാസ്ഥ്യത്തെയും അതിനാൽ രാജ്യത്തിനുവരുന്ന ദോഷത്തെയും പരിഹരിക്കുന്നതിനു മിസ്റ്റർ കുഞ്ഞിത്തൊമ്മൻ ചൂണ്ടിക്കാണിച്ചിട്ടുള്ള വഴികളോടു ഞാൻ യോജിക്കുന്നില്ലാ. അദ്ദേഹം പറയുന്നതു ഒഴിവുവരുന്ന ഉദ്യോഗങ്ങൾക്കു ആ ഉദ്യോഗം വഹിക്കുന്നതിനുവേണ്ട പരീക്ഷായോഗ്യതയുള്ള ഒന്നിലധികം വർഗ്ഗത്തിൽപെട്ട അപേക്ഷകന്മാർ ഉള്ളപ്പോൾ പ്രാതിനിധ്യംകുറഞ്ഞ വർഗ്ഗത്തിൽപെട്ട അപേക്ഷകനെ നിയമിക്കണമെന്നാണ്. ഉദ്യോഗനിയമനസംബന്ധമായുള്ളതും ഭാരാധിപസവും വർദ്ധിച്ചുകൊണ്ടിരിക്കുന്നതുമായ അസ്വാസ്ഥ്യത്തിനു മിസ്റ്റർ കുഞ്ഞിത്തൊമ്മന്റെ നിർദ്ദേശപ്രകാരം ഒരിക്കലും കുറവുവരുന്നതല്ലാ. നേരെമറിച്ചു അതിന്റെ ഫലം പബ്ലിക്ക സർവീസിൽ ഉണ്ടായിരിക്കേണ്ട കാര്യക്ഷമതയ്ക്കു വലുതായ കുറവുവരുമെന്നുള്ളതാണ്.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ഇപ്പോൾ കാര്യക്ഷമതഅനുസരിച്ചാണോ നിയമനങ്ങൾ നടക്കുന്നതു്.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): എനിക്കു പത്തുമിനിട്ടു് സമയംവേണം. എന്റെ പ്രസംഗം തീർന്നതിൽപിന്നീടു പ്രസിഡൻറ അനുവദിക്കുന്നപക്ഷം നിങ്ങളുടെ ചോദ്യത്തിനു ഉത്തരംപറയാം. കാര്യശേഷിക്കു അനുരൂപമായി ഉദ്യോഗങ്ങളും ഉദ്യോഗകയററങ്ങളും കിട്ടുകയാണെങ്കിൽ ആയതു നഷ്ടമായിത്തീരും. വർഗ്ഗീയമത്സരം അപരിമിതമായി വർദ്ധിച്ചുവരും. ഈ ദുരിതങ്ങൾ വരുത്തിക്കൂട്ടിയതിനു പലേകാരണങ്ങളും ഉണ്ട്. ഒന്നാമത്തെകാരണം, ഉദ്യോഗദാനവിഷയത്തിൽ ഗവണ്മെൻറ ഒരു സ്ഥിരമായനയം സ്വീകരിക്കാത്തതുതന്നെയാണ്.

രണ്ടാമത്തെകാരണം ഓരോ ഉദ്യോഗസ്ഥന്മാരും പബ്ലിക്ക്സർവീസിനു വേണ്ടതായ കാര്യക്ഷമതയെപററി വേണ്ടപോലെ ആലോചിക്കാതെ സജാതീയരെതന്നെ നിയമിച്ചുകൊണ്ടിരിക്കുന്നതു കുററകരമല്ലെന്നും അതിനെപ്പററി വേണ്ടപോലെ (മി. എ. ജെ. ജോൺ ഹീയർ, ഹീയർ) ജനങ്ങളെ പിരിവെ അന്വേഷിക്കാതിരിക്കുന്നു എന്നുള്ളതുമാണ്. എന്നാലും അതിന്മേൽ ഇടപെട്ടു നിരുത്സാഹപ്പെടുത്തുന്നതിനും ഉപകരിച്ചുപോരുന്നതുണ്ടെന്നിരുന്നാലും അതിന്മേൽ ച്ചുനിവൃത്തിവരുത്താൻ ഗവണ്മെൻറിനു ഈ നയം വേണ്ടപോലെ ഉപകരിച്ചുപോരുന്നുണ്ടെന്നിരുന്നാലും അതിന്മേൽ രാജ്യത്തിനു വന്നുചേരുന്ന ദുരിതങ്ങളെ ആലോചിക്കാതിരിക്കുന്നതു കഷ്ടമാകുന്നു എന്നു പറയാതെ തരമില്ല. ഉദ്യോഗദാനവിഷയത്തിൽ ഗവണ്മെൻറ ഒരു സ്ഥിരമായനയം സ്വീകരിച്ചുപോരുന്നില്ലെന്നു തെളിയിക്കാൻ പ്രയാസമില്ലാത്തതാണ്.

ഉദ്യോഗദാനവിഷയത്തെപ്പററി ൧൧൦൮ ജനുവരി ൧൯-ാം ഗവണ്മെൻറിനു ഒരു മെമ്മോറിയൽ സമർപ്പിച്ചതിനു അന്നത്തെ ചീഫ് സെക്രട്ടറിയായിരുന്ന മിസ്റ്റർ എഫ്. വാട്സ് ഗവണ്മെൻറിനുവേണ്ടി കൊടുത്തിട്ടുള്ള മറുപടിയിൽ ഒരുഭാഗം ഇങ്ങിനെയാണ്.

"പബ്ലിക്ക് സർവീസിന്റെ ആവശ്യകതയും, രാജ്യത്തിന്റെ സ്ഥിതിയും എല്ലാററിലുംവെച്ചു മററുള്ളവർഗ്ഗങ്ങളോടു താരതമ്യപ്പെടുത്തിട്ടുള്ള പ്രത്യേകയോഗ്യതയും അനുസരിച്ചു മെമ്മോറിയലിൽ പറഞ്ഞിരിക്കുന്ന വർഗ്ഗങ്ങളെ തിരഞ്ഞെടുക്കുന്നതിൽ മഹാരാജാവു തിരുമനസ്സിലേക്കു പ്രത്യേക സന്തോഷമുണ്ടായിരിക്കും. അവരുടെകൂട്ടത്തിൽ ആളുകൾ ജോലിയിൽ പ്രവേശിക്കയോ കയററംകിട്ടുകയോ കിട്ടാതിരിക്കയോ ചെയ്യുന്നതു ഗവണ്മെൻറിനെക്കാൾ അധികവും രാജ്യത്തിൽ അവരുടെ വർഗ്ഗക്കാരുടെ സ്ഥിതിയേയും അവരേയും ആശ്രയിച്ചാണിരിക്കുന്നതു്".

ആ കാലത്തു ഉദ്യോഗദാനവിഷയത്തിൽ ഗവണ്മെൻറു സ്വീകരിച്ചുപോന്നിരുന്നതായ നയം ഇങ്ങനെയായിരുന്നു. അതിൽപിന്നീടു ശ്രീമൂലംപ്രജാസഭയിൽ ജനപ്രതിനിധികളുടെ വാദഫലമായി വർഗ്ഗീയപ്രാതിനിധ്യം ഗവണ്മെൻറു സ്വീകരിക്കാനിടയായി. അടുത്തകാലംമുതൽ നിയമസഭയിൽ ജനപ്രതിനിധികളുടെ വാദഫലമായി ഉയർന്നതരം ഉദ്യോഗങ്ങൾക്കും ഉദ്യോഗകയററങ്ങൾക്കും വർഗ്ഗീയപ്രാതിനിധ്യനയം ഗവണ്മെൻറു സ്വീകരിച്ചു. ഇതുകളുടെഫലം പബ്ലിക്കസർവീസിൽ കാര്യക്ഷമതയ്ക്കു വലുതായ കുറവിനെ ഉണ്ടാക്കിത്തീർക്കാനിടയായി. ഇതിൻവഴിയായി വർഗ്ഗീയപ്രാതിനിധ്യത്തെ ഗവണ്മെൻറു സ്വീകരിച്ചതിനുപുറമെ ഒരു വർഗ്ഗത്തിൽപെട്ട കൂടുതൽ ആളുകളുള്ള താലൂക്കുകളിൽ ആ വർഗ്ഗക്കാരെതന്നെ ചില ഉദ്യോഗങ്ങൾക്കായി നിയമിക്കുന്നനയവും കൂടി സ്വീകരിച്ചു.

മി. തയ്യിൽ കുഞ്ഞിരാമൻ (മൂവാററുപുഴയും തൊടുപുഴയും): അതു ഏതു താലൂക്കിനെസംബന്ധിച്ചാണ്?

മി. സി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): തിരുവല്ലാ ചെങ്ങന്നൂർ ഈ താലൂക്കുകളിൽ കോആപ്പറേററിവു ഇൻസ്പെക്ടർമാരുടെ നിയമനങ്ങളും അതിലേക്കുള്ള ഗവണ്മെൻറുത്തരവും സാക്ഷ്യംനിൽക്കുന്നതാണ്. ഇങ്ങനെ ഒരുനയം സ്വീകരിക്കുന്നതിനും ഇങ്ങനെ ഒരു ഗവണ്മെൻറുത്തരവുകൊടുക്കുന്നതിനും നിശ്ചയിച്ചതായ മനഃസ്ഥിതി ആരുടേതായിരുന്നാലും അതു രാജ്യത്തിനൊരിക്കലും ഗുണകരമായിട്ടുള്ളതല്ലാ. ഈസംഗതിയിൽ ജനങ്ങളുടെ അഭിപ്രായഗതികളും മനഃസ്ഥിതികളും എത്രത്തോളം മാറിട്ടുണ്ടെന്നും ആയതു രാജ്യരക്ഷയ്ക്കു എത്രത്തോളം ഹാനികരമായിത്തീർന്നിട്ടുണ്ടെന്നുള്ളതും ഇവിടെ പറഞ്ഞറിയിക്കാൻ തരമില്ലാതിരിക്കുന്നു. ഗവണ്മെൻറു സ്വീകരിച്ചുകഴിഞ്ഞിരിക്കുന്ന വർഗ്ഗീയപ്രാതിനിധ്യനയത്തെ തൃപ്തികരമായിനടത്താൻ സാധിക്കുമോ എന്നാണു ഇനി നോക്കേണ്ടതു്. പ്രത്യേകസമുദായങ്ങളായും പ്രത്യേക പ്രാതിനിധ്യത്തിനു അവകാശികളായും ഗണിച്ചുപോരുന്നതു്—

(൧) മുസൽമാൻ.
(൨) ക്രിസ്ത്യൻ.
(൩) ഹിന്ദു.
(൪) മററുള്ളവർ.

ഈ ഭാഗക്രമത്തിനു മഹമ്മദീയർക്കു ഉദ്യോഗസംബന്ധത്തിനു അതിയായ സങ്കടമുണ്ടായിരുന്നാലും അവർക്കു അതു സാധിച്ചുകിട്ടുന്നില്ല. അതിലേക്കു പറഞ്ഞുവരുന്ന സമാധാനം പബ്ലിക്കസർവീസിനു അവശ്യം വേണ്ടതായ വിദ്യാഭ്യാസമുള്ളവർ കുറവെന്നാണ്. എന്നാൽ അവരിൽ വിദ്യാഭ്യാസയോഗ്യതയുള്ളവർക്കു ഉദ്യോഗങ്ങൾ കൊടുത്തുവരുന്നുണ്ടോ എന്നു നോക്കുന്നതായാൽ അവിടെ അവർക്കു ഇച്ഛാഭംഗത്തിനാണു ഇടയുള്ളതു്. അതിലേക്കു എനിക്കു തോന്നുന്നകാരണം ഇവിടത്തെ പബ്ലിക്ക സർവീസിൽ ഉയർന്ന ഉദ്യോഗങ്ങളിൽ അവരുടെ ആളുകൾ ഇല്ലാത്തതുകൊണ്ടാണെന്നാണ്.

അടുത്തതായിവരുന്ന സമുദായം ക്രിസ്ത്യൻസാണ്. അതിൽ പല പിരിവുകളുമുണ്ടു്. അതായതു്:—

(൧) പ്രൊട്ടസ്റ്റാൻറ്.
(൨) റോമൻകത്തോലിക്ക്.
(൩) സിറിയൻസ്.

സിറിയൻസിൽ പല ഉൾപ്പിരിവുകളും ഉള്ളതാണ്. അതായതു്:—

(എ) യാക്കോബൈററ്.
(ബി) റിഫോംമഡ്.
(സി) റോമോസിറിയൻസ് ഇവയാണ്.

ക്രിസ്ത്യാനികളിൽ ഉൾപ്പെട്ട പിരിവുകളേയും ഉൾപ്പിരിവുകളേയും ഓരോ സമുദായങ്ങളായിഗണിച്ചു അവരുടെ ഭാഗക്രമത്തിനു ഉദ്യോഗങ്ങൾ വേണമെന്നു ചോദിക്കയും അങ്ങിനെ കൊടുത്തുവരികയും ചെയ്യുന്നു.

അതിനടുത്തുവരുന്നതായ സമുദായം ഹിന്ദുക്കളാണ്. അവരിൽ അനേകം പിരിവുകളും ഉൾപ്പിരിവുകളും ഉള്ളതിൽ ഗവണ്മെൻറു ഉദ്യോഗദാനവിഷയത്തിൽ സ്വീകരിച്ചിട്ടുള്ളതു്.

(൧) ബ്രാഹ്മണൻ (മലയാള).
(൨) ബ്രാഹ്മണൻ (മററുള്ളവർ).
(൩) നാടാർ.
(൪) ഈഴവൻ.
(൫) കമ്മാളൻ.
(൬) ക്ഷത്രിയൻ (മലയാളം).
(൭) നായർ.
(൮) പുലയൻ.
(൯) മററു ഹീനജാതിക്കാർ.
(൧൦) വെള്ളാളൻ.
(൧൧) മററു ഹിന്ദുക്കൾ.

ഹിന്ദുക്കളിൽ ഉൾപ്പെട്ട മററനേകം സമുദായങ്ങളെ ഗവണ്മെൻറു ഈ പട്ടികയിൽ ഉൾപ്പെടുത്താതെ വിട്ടിരിക്കയാണു ചെയ്യുന്നതു്. അതിലേക്കു ഗവണ്മെൻറു പറയുന്ന സമാധാനം ഉദ്യോഗദാനവിഷയത്തിൽ പങ്കുവേണമെന്നു ഗവണ്മെൻറിനോടു അവർ അപേക്ഷിച്ചിട്ടില്ലെന്നാണ്.

എല്ലാററിനും ഒടുവിൽവരുന്ന സമുദായം "മററുള്ളവർ" എന്ന വാക്കിൽ ഉൾപ്പെട്ടവരാണ്. ഇതിൽ ആരെല്ലാം ഉൾപ്പെട്ടുവെന്നും ആരെയെല്ലാം ഉൾപ്പെടുത്തിട്ടുണ്ടെന്നും അറിയാൻ തരമില്ല. ഗവണ്മെൻറിന്റെ ഈ ഭാഗവ്യവസ്ഥയിൽ ഇവർക്കു ഉദ്യോഗങ്ങൾ എങ്ങിനെ കിട്ടുമെന്നും എങ്ങിനെ കൊടുക്കാൻ സാധിക്കുമെന്നുമാണു ഇനി നോക്കേണ്ടതു്. ഇവിടത്തെ പബ്ലിക്ക സർവീസിൽ ൧൯ ഉദ്യോഗങ്ങൾ ഒഴിവുവരുമ്പോൾ ഗവണ്മെൻറിന്റെ തരംതിരിപ്പിൻപ്രകാരം.

(൧)	മുസൽമാൻ	൧
(൨)	ക്രിസ്ത്യൻ	൬
(൩)	ഹിന്ദുക്കൾ	൧൧
(൪)	മററുള്ളവർ	൧

ഇങ്ങനെ വീതിച്ചുകൊടുക്കേണ്ടതായി വരുന്നതാണ്.

ഈ കണക്കിൻപ്രകാരം ഉദ്യോഗങ്ങൾ വീതിച്ചുകൊടുക്കുന്നതിലും ശരിയായ ന്യായംകിട്ടുന്നില്ലെന്നാണു ഞങ്ങളുടെ വിശ്വാസം.

മഹമ്മദീയരുടെ ഉദ്യോഗമാഹാരിവരുമ്പോൾ ആ സമുദായത്തിൽ അനന്തരപന്മാരായ ആളുകൾ ഇല്ലെന്നുള്ള സമാധാനത്തോടുകൂടി അവരെ നീക്കിനിറുത്താവുന്നതാണ്.

ക്രിസ്ത്യൻസിനു കൊടുക്കാനുള്ള ഏറെ ഉദ്യോഗങ്ങളും അവർക്ക് കൊടുക്കാതെ തരമില്ല.

ഹിന്ദുസമുദായത്തിൽപെട്ടതും ഗവർമ്മെന്റു സ്വീകരിച്ചിട്ടുള്ളതുമായ ഭേദക്രമത്തിനു ൧൧ ഉദ്യോഗങ്ങൾ കൊടുക്കേണ്ടതായിരുന്നു. അതിൽ മലയാളബ്രാഹ്മണരിൽ തക്കതായ ആളുകൾ ഇല്ലെന്ന സമാധാനംപറഞ്ഞു അവരെ ഉപേക്ഷിക്കാം.

മററു ബ്രാഹ്മണർ പബ്ലിക്കസർവീസിൽ കൂടുതലാണെന്നു പറഞ്ഞു അവരെ ഉപേക്ഷിക്കാം.

നാടാന്മാരിൽ ഉദ്യോഗങ്ങൾക്ക യോഗ്യതയുള്ളവർ ഉണ്ടായിരുന്നാലും അവരുടെ ശക്തിക്ഷയംകൊണ്ടു അവർക്ക് ഉദ്യോഗങ്ങൾ കൊടുക്കാതെ കഴിക്കാം.

കമ്മാളന്മാരിലും ക്ഷത്രിയരിലും വിദ്യാഭ്യാസമുള്ളവർ കുറവാണെന്ന കാരണംപറഞ്ഞു അവരേയും അതിൽനിന്നും ഉപേക്ഷിക്കാം.

ഈഴവസമുദായത്തിൽ വിദ്യാഭ്യാസമുള്ളവർ ധാരാളമുള്ളതുകൊണ്ടു ഉദ്യോഗത്തിനുള്ള അവരുടെ ഓഹരി കൊടുക്കാതെ തരമില്ലാത്തതാണ്.

നായന്മാർ പബ്ലിക്കസർവീസിൽ കൂടുതലാണെന്നുള്ള സങ്കല്പത്തോടുകൂടി അവരേയും അതിൽനിന്നും ഒഴിവാക്കി നിറുത്താവുന്നതാണ്.

പുലയർ മുതലായ പതിതസമുദായങ്ങളുടെ കഥ ആലോചിക്കാതെതന്നെ അവരേയും ഉപേക്ഷിക്കാവുന്നതാണ്.

ഈ നിയമസഭയിലും പ്രജാസഭയിലും പതിതസമുദായങ്ങൾക്കുവേണ്ടി വാദിക്കുന്നവർ ധാരാളമുണ്ട്. എന്നിരുന്നാലും, അവർക്ക് പതിച്ചുകൊടുക്കുന്ന ഭൂമിയെ ഉടൻതന്നെ വിലകൊടുത്തു വാങ്ങിക്കുന്നതിനും അവർക്കുള്ള ഉദ്യോഗത്തെ മററുള്ളവരെക്കൊണ്ടു സ്വീകരിപ്പിക്കുന്നതിനും ശ്രമിക്കുന്നതായിട്ടാണു കണ്ടുവരുന്നതു. (മിസ്റ്റർ ഷി. ജെ. ജോൺ ലജ്ജാവഹം).

വെള്ളക്കാരസമുദായം രാജ്യരക്ഷണത്തിൽ കണക്കറ്റു രാജ്യത്തിനുവേണ്ടി പല രക്ഷകളും ചെയ്തിട്ടുള്ളതുകൊണ്ടു കൂറേക്കാലത്തേക്കു അവരോടും ഓരോ സമാധാനങ്ങൾ പറഞ്ഞു കഴിക്കാവുന്നതാണ്.

"മററുള്ള ഹിന്ദുക്കൾ" എന്നുള്ളവാക്കും അതിന്റെ വ്യാഖ്യാനവുംകൊണ്ടു കുറേക്കാലം അവർക്കും ഉദ്യോഗങ്ങൾ കൊടുക്കാതെ അവരേയും മാററിനിറുത്താവുന്നതാണ്. ഇങ്ങനെ വരുമ്പോൾ ഹിന്ദുക്കൾക്ക ആളോഹരിക്രമത്തിനു സിദ്ധിച്ചിട്ടുള്ള ൧൧ ഉദ്യോഗങ്ങളിൽ ഒന്നോ രണ്ടോ ഉദ്യോഗങ്ങൾകൊടുത്തു ബാക്കിയുള്ളതെല്ലാം ചെയ്യാവുന്നതാണ്. മിസ്റ്റർ കുഞ്ഞിത്തൊമ്മൻ നിയമസഭയിൽ അവതരിപ്പിച്ചിട്ടുള്ള പ്രമേയം പാസാകയും ആയതു ഗവർമ്മെന്റു സ്വീകരിച്ചുനടത്താൻ നിശ്ചയിക്കയും ചെയ്യുന്നതായാൽ മുമ്പേ വിവരിച്ചമാതിരി മാററപ്പെടുത്തി വെച്ചിട്ടുള്ള ഉദ്യോഗങ്ങൾ കൊടുക്കേണ്ട ആളുകളെ ഏററവും സുലഭമായി കിട്ടുന്നതാണ്.

ഓരോ സമുദായങ്ങൾക്കും ഉദ്യോഗങ്ങൾ വീതിച്ചുകൊടുക്കുന്നതിൽ ജനസംഖ്യ കണക്കനുസരിച്ചോ, അതിൽ വിദ്യാഭ്യാസമുള്ളവരുടെ സംഖ്യ അനുസരിച്ചോ എങ്ങിനെയാണു വേണ്ടതെന്നറിയുന്നില്ല.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): എങ്ങിനെയാണ് വേണ്ടതെന്നാണ് മിസ്റ്റർ കുമാരപിള്ളയുടെ അഭിപ്രായം.

മി. ടി. കുമാരപിള്ള (കൽക്കുളവും വിളവങ്കോടും): ഈ വിഷമങ്ങളെല്ലാം സാധിച്ചാലും ഉദ്യോഗനിയമനസംബന്ധമായി ഉണ്ടായിക്കൊണ്ടിരിക്കുന്ന അസ്വാസ്ഥ്യങ്ങൾക്ക കുറവുണ്ടാകുമെന്നു ഞാൻ വിചാരിക്കുന്നില്ല. അതിനുള്ള കാരണങ്ങൾ പലതുമുണ്ടു. പൊതുജനങ്ങൾ ആഗ്രഹിക്കുന്നതും ഗവർമ്മെന്റിനോടു അപേക്ഷിച്ചുകൊണ്ടിരിക്കുന്നതും അവർക്ക കാര്യക്ഷമതയോടും കളങ്കരഹിതമായും ഉള്ള പബ്ലിക്ക സർവീസു വേണമെന്നാണ്. അതിലേക്ക ഗവർമ്മെണ്ടു സ്വീകരിച്ചിട്ടുള്ള ഉദ്യോഗനിയമനനയം പ്രതിബന്ധമായിട്ടാണ് നിൽക്കുന്നത്. വർഗ്ഗീയപ്രാതിനിധ്യത്തെ ആശ്രയിച്ച് ഗവർമ്മെന്റു നടത്തീട്ടുള്ള നിയമനങ്ങളുടെ ഫലമായി പബ്ലിക്കസർവീസ് എത്രത്തോളം ദുഷിച്ചിട്ടുണ്ടെന്നും കാര്യക്ഷമതയ്ക്കു എത്രത്തോളം കുറവുവന്നിട്ടുണ്ടെന്നും ഓരോ ഡിപ്പാർട്ടുമെണ്ടു മേലധികാരികളോടു രഹസ്യമായി ചോദിക്കുന്നതായാൽ ഗവർമ്മെന്റിനു ബോദ്ധ്യംവരുന്നതാണ്.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): രണ്ടുമൂന്നു ഉദാഹരണമെങ്കിലും പറയാമോ?

മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവങ്കോടും): എന്റെ പ്രസംഗംതീർന്നിട്ടു എത്രഉദാഹരണം വേണമെങ്കിലും പറയാം. വർഗ്ഗീയപ്രാതിനിധ്യത്തെ ചാരമാക്കിയുണ്ടാകുന്ന നിയമനങ്ങളിൽ പലതിലും കാര്യശേഷിയുടെ കുറവിനാൽ ജനങ്ങൾ അപരിമിതമായ സങ്കടങ്ങൾ അനുഭവിച്ചുപോരുന്ന വിവരം ഒരിക്കലും മറച്ചുവെയ്ക്കാവുന്നതല്ല.

മി. കുഞ്ഞിത്തൊമ്മന്റെ പ്രമേയവും അതിലേയ്ക്കുള്ള അദ്ദേഹത്തിന്റെ വാദങ്ങളും കേൾക്കുമ്പോൾ അതിൽ ന്യായമുണ്ടെന്നോ നിർദ്ദോഷമാണെന്നോ തോന്നിപ്പോകുന്നതാണ്.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): അങ്ങിനെ മിസ്റ്റർ കുമാരപിള്ളക്കും തോന്നിട്ടുണ്ടോ?

മി. ടി. കുമാരപിള്ള (കൽക്കുളവും-വിളവങ്കോടും): അതിന്റെ ഫലങ്ങൾ പബ്ലിക്ക സർവീസിനെ എങ്ങിനെയെല്ലാം ദുഷിപ്പിക്കുമെന്നുള്ളതും കാര്യക്ഷമതയ്ക്കു എത്രത്തോളം കുറവിനെയുണ്ടാക്കിത്തീർക്കുമെന്നുള്ളതും പ്രത്യേകം ശ്രദ്ധിക്കേണ്ടതും ചെയ്യാലോചിക്കേണ്ടതുമാണ്. ഈ പ്രമേയത്തിൽ ആദ്യമായുള്ള ഉദ്യോഗനിയമനങ്ങളെപ്പററി മാത്രമേ പ്രതിപാദിക്കുന്നൊള്ളു എന്നുള്ള സംഗതി ഞാൻ വിസ്മരിക്കുന്നില്ല. ഇങ്ങനെയുള്ള നിയമനങ്ങൾ കഴിഞ്ഞാൽ കാര്യശേഷിയെ പുരസ്കരിച്ചു ഉദ്യോഗകയററങ്ങളിൽ നിന്നും അതിൽ ചിലരെ മാററിനിറുത്തുന്നതായാൽ അതിന്മേൽ ഗവർമ്മെന്റിനു ഉണ്ടാകുന്നവിഷമതകൾ ഗവർമ്മെന്റിനുതന്നെ അനുഭവസിദ്ധമായിട്ടുള്ളതാണ്.

H

വർഗ്ഗീയപ്രാതിനിധ്യനയം ഗവണ്മെന്റ് സ്വീകരിച്ചതോടുകൂടി രാജ്യത്തിന്റേയും ജനങ്ങളുടേയും നന്മയെ പുരസ്കരിച്ചു നിർമ്മിച്ചിട്ടുള്ള പൊതുസ്ഥാപനങ്ങളെല്ലാം ഉദ്യോഗങ്ങൾ ചോദിച്ചുവാങ്ങാനുള്ള വഴികളായി ഉപയോഗിച്ചുവരുന്നതുകൊണ്ടു അവയുടെ മഹത്തായ ഉദ്ദേശങ്ങൾ നഷ്ടപ്പെട്ടുപോയിരിക്കയാണു ചെയ്യുന്നത്. ഈ കാരണങ്ങളാൽ മി. കുഞ്ഞിത്തൊമ്മന്റെ പ്രമേയത്തെ ഞാൻ ശക്തിയോടുകൂടി എതിർക്കുന്നു.

സർ, ഞാൻ മി. കുഞ്ഞിത്തൊമ്മന്റെ ചോദ്യങ്ങൾക്കു മറുപടി പറയട്ടെയോ?

അദ്ധ്യക്ഷൻ. എന്നാൽ നിങ്ങൾ ഇരുന്നുകഴിഞ്ഞല്ലൊ.

മി. റ്റി. പി. [illegible] (കുന്നത്തുനാട്): മി. കുമാരപിള്ള ഒരു ക്രിസ്ത്യാനിയായിരിക്കുന്നു അദ്ദേഹം തിരുവിതാംകൂർ ദിവാൻപദം അലങ്കരിക്കുന്നതിനും യോഗ്യനായില്ലല്ലോ എന്നു വിചാരിച്ചു ഞാൻ വളരെ ദുഃഖിക്കുന്നു. തിരുവിതാംകൂറിലുള്ള മററു സമുദായങ്ങളെ അകററിനിറുത്തി ക്രിസ്ത്യാനികൾക്കു ഉദ്യോഗം നൽകണമെന്നുള്ള വർഗ്ഗക്കാർക്കു സമാധാനം പറയാനുള്ള ഏററവും ഉത്തമമായ മാർഗ്ഗം അദ്ദേഹം ഇവിടെ പ്രസ്താവിച്ചു. അദ്ദേഹത്തെപ്പോലെ ശക്തിയും ത്രാണിയുമുള്ള ഒരു ക്രിസ്ത്യാനി ഉദ്യോഗസ്ഥൻ തിരുവിതാംകൂറിൽ ഉണ്ടായിരുന്നെങ്കിൽ ക്രിസ്ത്യാനിസമുദായത്തിന്റെ സങ്കടം പരിഹരിക്കപ്പെട്ടുപോകുമായിരുന്നു. അതിനിടയായില്ലല്ലോ എന്നോർത്തു ദുഃഖിക്കാതിരിക്കാൻ നിവൃത്തിയില്ല. ഗവണ്മെന്റു ഇതുവരെ ചെയ്തിട്ടുള്ള നിയമനങ്ങൾ കാര്യക്ഷമതയെമാത്രം നോക്കിയായിരുന്നാൽ ഏതെങ്കിലും ഒരു സമുദായത്തിനു അതുനിമിത്തം സങ്കടം അനുഭവിക്കാൻ ഇടയായി എങ്കിൽ അതിനെപ്പററി ഇപ്പോൾ ദുഃഖിച്ചിട്ടാവശ്യമില്ല. കാര്യക്ഷമതയല്ല എന്നിരുന്നാൽതന്നെയും എല്ലാ സമുദായങ്ങളോടും സമഭാവനയോടുകൂടി പെരുമാറാതെ ത്രാണിയും ശക്തിയും ഉള്ള ആളുകളായിരുന്നു. നിയമിക്കപ്പെട്ടിരുന്നതെന്നിരുന്നാലും ഒരോരുത്തർക്കും സങ്കടത്തിനവകാശമില്ല. ഇന്നു നാം തിരുവിതാംകൂറിലെ സംഗതികളെ ഏവവിധമാണ് ആലോചിക്കുന്നത്. തിരുവിതാംകൂറിലുള്ള ആളുകളേയും തിരുവിതാംകൂറിലുള്ള ഉദ്യോഗസ്ഥന്മാരേയും ആണോ നമ്മുടെ ദൃഷ്ടിയിൽവെച്ചാലോചിക്കേണ്ടത്. മി. ഏ. കെ. പിള്ള ഇവിടെ പ്രസ്താവിച്ച ആദർശങ്ങൾ വളരെ ഉത്തമങ്ങളാണ്. ഇങ്ങിനെയുള്ള ആദർശലോകത്തോടും ഇങ്ങിനെയുള്ള ഉദ്യോഗലോകത്തോടും പെരുമാറുന്ന നാം ആ പരിതസ്ഥിതിക്കനുകൂലമായ നയം അനുകരിച്ചുപ്രവർത്തിക്കേണ്ടത് അത്യാവശ്യമാണ്. സമുദായപ്രാതിനിധ്യം എല്ലാ അവസരത്തിലും അതിന്റെ കണക്കനുസരിച്ചു മാത്രം സ്വീകരിക്കണമെന്നുള്ള അഭിപ്രായത്തോടു എനിക്കു വലിയ യോജിപ്പില്ല. മി. കുഞ്ഞിത്തൊമ്മന്റെ പ്രമേയം അതേരൂപത്തിൽ സ്വീകരിച്ചതായാൽ ഡിപ്പാർട്ടുമെന്റിൽ പ്രാതിനിധ്യം കുറഞ്ഞവർക്കുമാത്രമേ ഉദ്യോഗംകൊടുക്കാവൂ എന്നുള്ള അഭിപ്രായത്തോടു് എനിക്കാനുകൂല്യമില്ല. മി. കുഞ്ഞിത്തൊമ്മന് ചീഫ്സെക്രട്ടറി മറുപടിയായി ഉദ്യോഗനിയമനവിഷയത്തിൽ ഗവണ്മെന്റു പ്രവർത്തിക്കാൻ നിശ്ചയിച്ചിരിക്കുന്ന നയത്തെ സംബന്ധിച്ചു പ്രസ്താവിച്ചു. ആ നയം ഏററവും ആദരണീയമാണെന്നാണ് എന്റെ അഭിപ്രായം. എന്നാൽ ആ ആദർശത്തെ ഗവണ്മെണ്ടു വേണ്ടപോലെ സ്വീകരിച്ചു പ്രവർത്തിക്കുന്നപക്ഷം നിശ്ചയമായിട്ടും യാതൊരു സമുദായത്തിനും സങ്കടമുണ്ടായിരിക്കുന്നതല്ല. ഗവണ്മെണ്ടു ഈ ആദർശത്തെ എല്ലായ്പോഴും മനസ്സിൽവെച്ചുകൊണ്ടിരുന്നില്ലെങ്കിലും ഗവണ്മെണ്ടിന്റെ കക്ഷിബന്ധികൾ ചെയ്യുന്ന പ്രവൃത്തികൾ ശരിയാണോ എന്നന്വേഷിച്ചുകൊണ്ടിരുന്നാലുംമതി. ഈ നിലക്കു പ്രവർത്തിക്കുന്നപക്ഷം അചിരേണ ഈ രാജ്യത്തു ദോഷങ്ങൾ പരിഹരിക്കപ്പെടാനും എല്ലാസമുദായങ്ങളുടേയും അവകാശം സ്ഥാപിച്ചു കിട്ടാനും സാധിക്കുമെന്നുള്ള വിശ്വാസത്തോടും അതിനു ഇപ്പോഴത്തെ ഗവണ്മെന്റു ഉത്സാഹിക്കുമെന്നുള്ള ബോധത്തോടുംകൂടി എന്റെ അഭിപ്രായത്തെ ഇവിടെ സമർപ്പിച്ചുകൊള്ളുന്നു.

മി. എം. ശിവതാണുപിള്ള (തോവാള): സർ വിവാദനിശ്ചയത്തിൽ ഉൾക്കൊണ്ടിരിക്കുന്ന തത്വത്തെ എന്റെ ബുദ്ധിശക്തിമത്തായി എതിർക്കുന്നു എന്നു ഞാൻ ആദ്യംതന്നെപറയാം; എന്നാൽ എന്റെ ഹൃദയം അതിനോടനുകൂലിക്കുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ബുദ്ധിയെയാണോ ഹൃദയത്തേയാണോ മെംബർ അനുസരിക്കുന്നത് എന്നു പറയുമോ? (ചിരി)

മി. എം. ശിവതാണുപിള്ള (തോവാള): അതിൽ ഓരോന്നും ഇല്ലാതെ എന്റെ സ്റ്റേഷനു് കഴിച്ചുകൂട്ടാൻ സാധിക്കയില്ല. ഒരു പ്രത്യേകസംഗതി മനസ്സിലാക്കുന്നതിനു ബുദ്ധിയും ഹൃദയവും അത്യാവശ്യമാണ്.

മി. ഏ. കെ. പിള്ള (കരുനാഗപ്പള്ളി): എന്താണ് അദ്ദേഹം അദ്ദേഹത്തിന്റെ സ്ഥിതിതന്നെ ശരിപ്പെടുത്താൻ ശ്രമിക്കാത്തത്?

മി. എം. ശിവതാണുപിള്ള (തോവാള): അതാണു ഞാൻ ചെയ്യാൻ ശ്രമിക്കുന്നത്. ഒരു തരത്തിൽ മററുള്ളവരെ ആ വഴിയിലേക്കു കൊണ്ടുവരാൻ സഹായിക്കയുമാണ്. സർ, പ്രത്യേകിച്ചു ഈ രാജ്യത്തെ ഗവണ്മെന്റുസർവീസിൽ ഈ പ്രമാണം നിലനിറുത്തുന്നതിന് അനുവദിക്കുന്നതു് യഥാർത്ഥത്തിൽ സങ്കടകരമായിട്ടുള്ളതാകുന്നു. മിസ്റ്റർ ഏ. കെ. പിള്ള ഇന്നലെ പറഞ്ഞതുപോലെ.ഈ അവസ്ഥയ്ക്കു് ചുമതലക്കാർ ഗവണ്മെന്റാണ്. യാതൊരു വ്യത്യാസവും കൂടാതെ ഒരു വകതിരിവുണ്ടാക്കുന്ന പ്രമാണത്തോടു നിങ്ങൾ അനുകൂലിക്കുന്നോ എന്നു ചോദ്യംകൊണ്ടു ഞാൻ അദ്ദേഹത്തെ തടസ്സപ്പെടുത്തിയപ്പോൾ അദ്ദേഹം ഒരു മറുപടിയും പറഞ്ഞില്ല. ഒന്നുകൂടി വിശദമാക്കാം. ഒരുപോലെ പരീക്ഷായോഗ്യതയും യാതൊരു വ്യത്യാസവുമില്ലാത്ത ബുദ്ധിശക്തിയും സാമർത്ഥ്യവുമുള്ള രണ്ടപേക്ഷകന്മാരുണ്ടെന്നു വിചാരിക്കുക. അതിൽ ഒരാളെ തിരഞ്ഞെടുക്കുകയാണെങ്കിൽ ആ തിരഞ്ഞെടുപ്പിനു ചുമതലക്കാരനായ ഉദ്യോഗസ്ഥൻ അദ്ദേഹത്തിന്റെ താല്പര്യത്തിനും ഇഷ്ടാനിഷ്ടങ്ങൾക്കും വശംവദനാകുന്നു എന്നു ഞാൻ മനസ്സിലാക്കുന്നു. പക്ഷേ ഈ കാര്യങ്ങൾ ആ തിരഞ്ഞെടുപ്പിലേക്കു വലിയസഹായികളായിരുന്നു എന്നുംവരാം.

എന്നാൽ പുറമെയുള്ളവർ തീരെ വ്യത്യസ്തമായ ഒരു വശത്തുകൂടെയാണ് ഇതിനെ വീക്ഷണം ചെയ്യുന്നതു്; അതായതു് അവിശ്വാസത്തോടുകൂടിയാണ്. അതിനെ ജനങ്ങൾ ഒഴിവില്ലാതെ അവിശ്വാസത്തോടുകൂടി അവേക്ഷണംചെയ്യുന്നു എന്നു മിസ്റ്റർ ഏ. കെ. പിള്ള പറഞ്ഞു അതിന്റെ ധാതുവിഭാഗം ചെയ്യാതെ അവിടെ നിറുത്തി തൃപ്തനാകയുംചെയ്തു. അതിനെ വിഗ്രഹം ചെയ്യുകയാണെങ്കിൽ ഈ അവിശ്വാസം രണ്ടവസ്ഥകളിൽനിന്നും ഉണ്ടാകുന്നു. സാരഗർഭമായി പറയുകയാണെങ്കിൽ, സർ, ചിലപ്പോൾ ഗവണ്മെന്റു മിക്കവാറും നിയമനങ്ങൾ ഏററവും പ്രയോജനകരങ്ങളായ പ്രമാണങ്ങളെ അടിസ്ഥാനപ്പെടുത്തിയിട്ടു

ത്തുന്നു, എന്നാൽ അധികാരസമയത്തു സ്വജനപക്ഷപാതങ്ങളേയും വർഗ്ഗീയപക്ഷപാതങ്ങളേയും അടിസ്ഥാനമാക്കിയാണ് അത് ഉദ്ദേശമില്ലാത്തതും ഗുണപ്രദവും ആയ കാര്യക്ഷമത എന്ന പ്രമാണത്തെ മാത്രം അടിസ്ഥാനപ്പെടുത്തിയവയല്ലതാണ്. ഈ മൂന്നു സംഗതികളും ഒരിക്കലും ഒരുമിച്ചു കാണുകയില്ല. കാര്യക്ഷമതഎന്ന പ്രമാണത്തോട് ഒരിക്കലും ഗവണ്മെന്റ് ഭാജിച്ചുനിൽക്കുന്നില്ല. ഇതിലാണ് ജനങ്ങൾക്ക സങ്കടമുള്ളത്. ഇപ്പോഴത്തെ അവസ്ഥയുടെ പ്രത്യേകിച്ചു രാജ്യമൊട്ടുക്കുള്ള വർഗ്ഗീയപ്രാതിനിധ്യം എന്ന ക്ഷോഭത്തിന്റെ ഉൽപ്പാദനത്തിന് ഉത്തരവാദി ഗവണ്മെന്റാണ്. നിയമനിർമ്മാണസഭയിലും പ്രജാസഭയിലും ഉള്ള പ്രാതിനിധ്യം എന്നിങ്ങനെ മറ്റൊരുതരം പ്രാതിനിധ്യം ഉള്ളതിനെ മിസ്റ്റർ പുന്നൂസ് തോമസ് വിട്ടുകളഞ്ഞത് എന്താണെന്നു ഞാൻ അത്ഭുതപ്പെടുന്നു. അതുകൊണ്ട് കാര്യക്ഷമതഎന്ന പ്രമാണത്താൽ ഗവണ്മെന്റു പ്രേരിപ്പിക്കപ്പെടുമെങ്കിൽ രാജ്യമൊട്ടുക്കു പരന്നിരിക്കുന്ന പരിഭ്രമവും അവിശ്വാസവും ഒരളവുവരെ ഇല്ലായ്മ ചെയ്യുമായിരുന്നു എന്നാണ് ഞാൻ വിചാരിക്കുന്നത്. നാം ഈ സ്ഥിതിയിൽ ഇരിക്കുന്നിടത്തോളംകാലം ഇതിൽനിന്നും ഒഴിഞ്ഞുപോകുന്നതിന് എന്തെങ്കിലും പരിഹാരം കണ്ടുപിടിക്കണം. ഇവിടെയാണ് എന്റെ ഏതാനും വരുന്നത്. സർ, മിസ്റ്റർ പി. വിശ്വംഭരൻപിള്ള പറഞ്ഞതുപോലെ ചില വർഗ്ഗക്കാർ ഇപ്പോഴത്തെ സ്ഥിതിയെക്കുറിച്ച് തീരെ അതൃപ്തരാണ്. നിങ്ങൾ പറഞ്ഞതുപോലെ പരീക്ഷായോഗ്യതകൂടാതെ അവസാനമായി അപേക്ഷകന്മാരെ തിരഞ്ഞെടുക്കുന്നതിന് ഗവണ്മെന്റിനെ പ്രേരിപ്പിക്കുന്നതിനായി അപേക്ഷകന്മാർ ചോദ്യത്തിനു ഉത്തരം പറയുന്നരീതി, മാർക്ക് മുതലായ മറ്റു കാരണങ്ങൾ കൂടിയുണ്ട്. ഈ പ്രമാണത്തെയും അതിൽ നിഗൂഢമായിരിക്കുന്ന തത്വത്തെയും നിശ്ചയമായും ഞാൻ സമ്മതിക്കുന്നു. ഇവിടെയാണ് ഉദ്യോഗസ്ഥന്മാർക്ക തെറ്റിപ്പോയതായി നാം കാണുന്നത്. അവർ എല്ലാ പക്ഷപാതങ്ങളിൽനിന്നും ഇഷ്ടാനിഷ്ടങ്ങളിൽനിന്നും വിമുക്തരാണെങ്കിൽ ജനങ്ങളുടെ സങ്കടങ്ങളെ പരിഹരിക്കാം. എന്നാൽ അവർ അങ്ങിനെയല്ല, ഇതിനെ ഒഴിക്കുന്നതിനായിട്ടു ജനങ്ങളുടെ ന്യായമായ ആവശ്യങ്ങളെ തൃപ്തിപ്പെടുത്തുന്നതിനായിട്ടു ഗവണ്മെന്റു ഈ ചോദ്യത്തെക്കുറിച്ചു ഗാഢമായി ചിന്തിച്ചിട്ട് എല്ലാ പക്ഷക്കാർക്കും ഒരു ശരിയായ പരിഹാരം കണ്ടുപിടിക്കേണ്ടതായിരിക്കുമല്ലോ. എനിക്ക് ഇതിനുള്ള പ്രതിവിധി ഏറെക്കുറെ എളുപ്പമായിട്ടാണ് തോന്നുന്നത്. പബ്ലിക്കുസർവീസിനെ രണ്ടു വിസ്താരമേറിയ ഭാഗങ്ങളായിവിഭജിക്കാം. ഒന്ന് ഉയർന്നതരം ഉദ്യോഗം മറ്റേത് താഴ്ന്നതരം ജീവനം. ഉയർന്നതരം ഉദ്യോഗങ്ങളെ സംബന്ധിച്ചിടത്തോളം ഉദാഹരണമായി ജുഡിഷ്യൽഡിപ്പാർട്ടുമെന്റിലും ഡിപ്പാർട്ടുമെന്റുമേലധികാരികളുടെ സ്ഥാനങ്ങളിലും കാര്യക്ഷമതഎന്ന പ്രമാണത്തെ മാത്രം അടിസ്ഥാനപ്പെടുത്തിയാണ് ആളുകളെ തിരഞ്ഞെടുത്തു നിയമിക്കേണ്ടത്. കീഴ്ജീവനക്കാരെ സംബന്ധിച്ചിടത്തോളം എല്ലാഡിപ്പാർട്ടുമെന്റുമേലധികാരികളും രാജ്യഭരണതന്ത്രജ്ഞന്മാരോടൊന്നിച്ച് ഒരു സ്റ്റാഫ് സിലക്ഷൻബോർഡായി രൂപീകരിച്ച് ഓരോ പ്രത്യേകനിയമനങ്ങളേയും ശരിയായി പരിശോധിക്കണം. ഓരോഡിപ്പാർട്ടുമെന്റു മേലധികാരികളുടേയും നേരെ കീഴിലുള്ളവരെയാണ് കീഴ്ജീവനക്കാർ എന്നു പറഞ്ഞതിൽ ഞാൻ അർത്ഥമാക്കിയത്. ഇവിടെയും കാര്യപ്രാപ്തിക്കു ഒരു പ്രധാനസ്ഥാനം നൽകാൻ സാധിക്കുമോ എന്നു നോക്കേണ്ടതാണ്. സർ, അതുകൊണ്ടു ഈ ഘട്ടത്തിൽനിന്നൊഴിയുന്നതിന് ഇതൊരു താൽക്കാലപ്രതിവിധിയായിരിക്കും. മിസ്റ്റർ എ. കെ. പിള്ളയുടെ നയത്തെ സ്വീകരിക്കയാണെങ്കിൽ നമുക്കു ഒരു മാർഗ്ഗവും ഇല്ലായിരിക്കും എന്നാണ് ഞാൻ വിചാരിക്കുന്നത്. നാം അത്ഭുതരാജ്യത്തിൽ ഇരുന്നു സ്വപ്നം കാണുകയായിരിക്കും. നമുക്കു യഥാർത്ഥ്യങ്ങളോടെതിരിട്ട് ഈ വിഷമത്തിനു ഒരു പരിഹാരം ഉണ്ടാക്കേണ്ടതായിട്ടുണ്ട്. ഈ വിഷമം നമ്മുടെ രാജ്യത്തിനു അത്ര പുതനായിട്ടുള്ളതല്ല, കഴിഞ്ഞ പല ദശകങ്ങളായി ഈ പ്രശ്നം അതിന്റെ വളരെ വിഷമമായ ഒരു രൂപത്തിൽ രാജ്യത്തിൽ എങ്ങും പ്രബലപ്പെട്ടുവരികയായിരുന്നു. അതുകൊണ്ട്, ഉദ്യോഗനിയമനങ്ങളിൽ കാര്യപ്രാപ്തി എന്നുള്ള പ്രമാണത്തെ തീരെ തിരസ്കരിക്കാതെ ഗവണ്മെന്റുതന്നെ ശ്രമിച്ചു ഇതിന് ഏതെങ്കിലും പരിഹാരം കണ്ടുപിടിക്കുന്നതു ഉത്തമമായിട്ടിരിക്കും. ഇത്രയുംപറഞ്ഞു ഞാൻ മുമ്പു പറഞ്ഞതുപോലെ ഈ നിശ്ചയത്തിന്റെ അന്തർലീനതത്വത്തെ ഞാൻ പിന്താങ്ങുന്നു.

മി. കെ. കെ. തോമസ് (കോട്ടയം): സർ, ഈ നിശ്ചയത്തെക്കുറിച്ചുള്ള വാദത്തിൽ ഞാനും ചില അഭിപ്രായങ്ങൾ പറയാനാഗ്രഹിക്കുന്നു. ചീഫ്സെക്രട്ടറി രൂപീകരിച്ചിട്ടുള്ള പ്രമാണങ്ങളോട് എനിക്കു ഹാർദ്ദമായ ആനുകൂല്യം ഉണ്ട്. ഈ സഭയുടെ സ്വീകരണത്തിനായി ഗവണ്മെന്റു പലപ്രാവശ്യവും ചില പ്രമാണങ്ങളെ കൊണ്ടുവന്നിട്ടുണ്ട്. ഈ വിശാലമായ പ്രമേയങ്ങളോടു നാം ഓരോരുത്തരും യോജിച്ചവരാകുന്നു. എന്നാൽ ഈ പ്രമാണങ്ങളെ നടപ്പിൽ വരുത്തുന്നതിനെക്കുറിച്ചാണ് സഭയിൽ അഭിപ്രായവ്യത്യാസങ്ങളുള്ളത്. ദേവസ്വങ്ങൾ റവന്യൂഡിപ്പാർട്ടുമെന്റിൽനിന്നും വേർതിരിക്കപ്പെട്ടു എങ്കിലും, കഴിഞ്ഞ അഞ്ചുവർഷക്കാലങ്ങളായി റവന്യൂഡിപ്പാർട്ടുമെന്റിൽ പ്രാതിനിധ്യം ഇല്ലാത്ത അവർണ്ണഹിന്ദുക്കൾക്ക തൃപ്തികരമായ പ്രാതിനിധ്യം കിട്ടുന്നില്ലെന്ന് എപ്പോഴും മുറവിളിയുണ്ടായിക്കൊണ്ടിരിക്കുന്നു. ബഡ്ജറ്റുവാദത്തിൽ ഈ ചോദ്യത്തെക്കുറിച്ചു നല്ലതുപോലെ വാദിക്കയും റവന്യൂഡിപ്പാർട്ടുമെന്റിലുള്ള താഴ്ന്ന ജീവനക്കാരെ നേരിട്ടു നിയമിക്കുന്നതിനെപ്പറ്റി ഗാഢമായി ആലോചിക്കാമെന്നുള്ള മിക്കവാറും ഐകകണ്ഠ്യമായ തീരുമാനത്തിൽ എത്തുകയും ചെയ്തു. സർ, റവന്യൂഡിപ്പാർട്ടുമെന്റിനെ ബാധിക്കുന്നത് ശമ്പളത്തെ ഉദ്ദേശിച്ചുമാത്രമല്ല, ഗ്രാമങ്ങളിൽ ഉള്ള ആളുകൾക്ക പാർവ്വത്യകാർ ഒരു വലിയ ഉദ്യോഗസ്ഥനാണ്, അയാളെ അധികാരിയായിട്ടാണ് ഗണിക്കുന്നത്. പ്രത്യേകിച്ചു സമ്മതിദായകപ്പട്ടിക തയാറാക്കുന്നതിലും പുറമ്പോക്കുവാദങ്ങളും പുതുവൽകേസുകളും തീരുമാനിക്കുന്നതിലും അയാൾക്ക വലുതായ ഒരു പങ്കുണ്ട്. ഇക്കാര്യങ്ങളിൽ പാർവ്വത്യകാർക്ക വലുതായ ഒരു സ്വാധീനശക്തിയുണ്ട്. അതുകൊണ്ടു റവന്യൂഡിപ്പാർട്ടുമെന്റിലുള്ള ക്ഷോഭത്തിന്റെ മൂലകാരണം പാർവ്വത്യകാരന്മാരുടെ നിയമനമാണ്. സംഗതികൾ ഇങ്ങനെയിരിക്കുന്നതുകൊണ്ടു റവന്യൂഡിപ്പാർട്ടുമെന്റിൽ അവർണ്ണഹിന്ദുക്കൾക്ക പ്രവേശനം ലഭിക്കുന്നതിനു എങ്ങിനെ സാധിക്കുമെന്നു നോക്കുന്നതിനായി ബഡ്ജറ്റുവാദത്തിൽ ഞങ്ങൾ കഴിയുന്നത്ര ശ്രമിച്ചു. വർഗ്ഗീയപ്രാതിനിധ്യത്തെ അതിന്റെ എല്ലാരൂപത്തിലും സ്വീകരിക്കണമെന്നു ഞങ്ങൾ പറഞ്ഞില്ല. പാർവ്വത്യകാരന്മാരെ നേരേ നിയമിക്കുന്നതിനായി അഭിപ്രായപ്പെട്ടു. അപ്രകാരം നിയമിച്ചുകഴിഞ്ഞിട്ടുള്ള അക്കൗണ്ടന്മാർക്ക സങ്കടത്തെ ഉണ്ടാക്കുമെന്നു ഗവണ്മെന്റു പറഞ്ഞു എങ്കിലും ഈ പ്രമാണത്തെ ഏറെക്കുറെ സ്വീകരിച്ചു. ഈ സംഗതി ഉടൻതന്നെ ആലോചനയിൽ എടുക്കാമെന്നു മിസ്റ്റർ റോബിൻസൺ പറഞ്ഞു. അതിനുശേഷം അഞ്ചോ ആറോ മാസമായി എങ്കിലും ഏതെങ്കിലും പാർവ്വത്യകാരെ പ്രതിനിധീകരിക്കാത്ത വർഗ്ഗത്തിൽനിന്നും നേരെ നിയമിച്ചിട്ടുള്ളതായി ഞാൻ അറിയു

ന്നില്ല. സംഖ്യകളെനോക്കിയതിൽ അനുഷ്ഠാനത്തിൽ അധികംഭംഗിക്കുന്നതിലാണ് ഈ പ്രമാണത്തെ അനുസരിക്കുന്നതു് എന്നു് ഞാൻ ഭയപ്പെടുന്നു. ഗവൺമെൻറിൽനിന്നും ലഭിച്ചിട്ടുള്ള ആജ്ഞ യോജിക്കുംവണ്ണം ഗവൺമെൻറ ഡിപ്പാർട്ടുമെൻറ മേലധികാരികളോടും പ്രത്യേകിച്ചു ദിവാൻപേഷ്കാരന്മാരോടും നിയമനങ്ങളുടെ ഒരു സ്റ്റേറ്റുമെൻറ ആവശ്യപ്പെടുകയും നിയമനങ്ങളെസംബന്ധിച്ചു ഗവൺമെൻറിൽനിന്നും രൂപീകരിച്ചിട്ടുള്ള പ്രമാണങ്ങളെ അവർ അനുസരിച്ചിട്ടുണ്ടോഎന്നു പരിശോധിക്കുകയും ചെയ്യണമെന്നു ഞാൻ ഒന്നുകൂടി നിർബന്ധിക്കുന്നു. ഉദാസീനനായിട്ടോ ഒരു വർഗ്ഗത്തോടു പ്രതിപത്തിയുള്ളവനായിട്ടോ ആരേഎങ്കിലുംകണ്ടാൽ അവനോടു അതിനു സമാധാനംചോദിക്കയും ആ ഉദ്യോഗസ്ഥനോടു കഠിനമായി പെരുമാറുകയും ചെയ്യണം.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ക്രിസ്ത്യൻ ദിവാൻപേഷ്കാരുടെപേരിൽ ഏതെങ്കിലും പരാതി വന്നിട്ടുണ്ടോ?

മി. കെ. കെ. തോമസ് (കോട്ടയം): എനിക്കറിയാൻ പാടില്ല.

ഞാൻ ഉൾപ്പെട്ടിരിക്കുന്ന പ്രത്യേകവർഗ്ഗത്തെസംബന്ധിച്ചിടത്തോളം ഇവിടത്തെ വിളംബരമനുസരിച്ചു സുറിയാനി ക്രിസ്ത്യാനികളെ നാലായി വിഭജിച്ചിട്ടുണ്ടെന്നു ഈ സഭയുടെ ശ്രദ്ധയെ ഗോചരീഭവിപ്പിച്ചിട്ടുണ്ട്. സർവീസിൻെറ ഒരു ഭാഗത്തിലും ഞാൻ ഉൾപ്പെട്ടിരിക്കുന്ന യാക്കോബായവർഗ്ഗത്തെ മതിയാംവണ്ണം പ്രതിനിധീകരിച്ചിട്ടില്ലെന്നു ഞാൻ പറയാം. നിയമനക്കാര്യത്തിൽ ആ വർഗ്ഗത്തിനു എന്തെങ്കിലും സഹായംനല്കുവാൻ സാധിക്കുമോഎന്നു നോക്കുന്നതിനായി ഞാൻ ആ ഭാഗത്തെ ഒന്നുകൂടി ഗവൺമെൻറിൻെറ ശ്രദ്ധയെ പതിപ്പിക്കുന്നു.

മി. സി. പി. തോമസ് (നിയമിക്കപ്പെട്ട സഭാംഗം): (വളരെ താഴ്ന്നസ്വരത്തിൽ സംസാരിക്കുന്നു).

അദ്ധ്യക്ഷൻ: ഒററവാക്കുപോലും ഇവിടെ കേൾക്കാൻ പാടില്ലായിരുന്നു. തൽഫലമായി അവയ്ക്കു ഒഫീഷ്യൽ റിക്കാർട്ടിൽ സ്ഥാനംലഭിച്ചിട്ടില്ല.

മി. കെ. കെ. തോമസ് (കോട്ടയം): എക്സൈസും പൊലീസും ഡിപ്പാർട്ടുമെൻറുകളിലുള്ള താഴ്ന്നജോലികളിൽ യാക്കോബായ ക്രിസ്ത്യാനികൾക്കു നൽകിട്ടുള്ള നിയമനങ്ങളെക്കുറിച്ചു എനിക്കറിയാമോ എന്നു എൻെറ സ്നേഹിതൻ എന്നോടു ചോദിക്കയായിരുന്നല്ലോ. ബഡ്ജററുവാദത്തിൽ എൻെറ മുറവിളിയുടെ ഫലമായി പത്തോ പന്ത്രണ്ടോ എക്സൈസ് പ്യൂൺസിനേയും അഞ്ചോ ആറോ പൊലീസുകാരേയും നിയമിച്ചിട്ടുണ്ട്. സുറിയാനിക്രിസ്ത്യാനികളുടെ ഒരു പ്രധാനവിഭാഗമായ ഈ വർഗ്ഗത്തിനു നിയമനക്കാര്യത്തിൽ ന്യായമായ അവകാശംഉണ്ടോ എന്നു ആലോചിക്കുന്നതിനു ഞാൻ അധികാരികളോടു അഭ്യർത്ഥിക്കുന്നു. ഈ അഭിപ്രായപ്രകടനങ്ങളോടുകൂടി ഞാൻ എൻെറസ്ഥാനം സ്വീകരിക്കുന്നു.

മി. എ. ജെ. ജാൺ (വൈക്കം): മിസ്റ്റർ കുഞ്ഞിത്തൊമ്മൻ കൊണ്ടുവന്നിട്ടുള്ള പ്രമേയത്തെ പിൻതാങ്ങുന്നതിനു എനിക്കു അതിയായ സന്തോഷമുണ്ട്. ഈ വിഷയത്തെപ്പററി പലപ്രാവശ്യവും ഈ സഭയിൽ വാദിക്കയും ഈ പ്രമേയത്തിൽ അടങ്ങിയിരിക്കുന്ന പ്രമാണത്തെ ഗവൺമെൻറ സ്വീകരിക്കയും ചെയ്തിട്ടുണ്ട്. ഗവൺമെൻറിൽനിന്നും അയച്ചിട്ടുള്ള പല സർക്കുലർകളിലും ഉത്തരവുകളിലുംനിന്നു വർഗ്ഗീയപ്രാതിനിധ്യപ്രമാണത്തെ ഗവൺമെൻറ സ്വീകരിച്ചിട്ടുണ്ടെന്നുകാണാം. ഈ സ്ഥിതിക്കു യാതൊരഭിവൃദ്ധിയും വന്നിട്ടില്ലെന്നു പല ചോദ്യങ്ങൾക്കും ഗവൺമെൻറിൽ നിന്നും തന്നിട്ടുള്ള സ്റ്റാററിസ്റ്റിക്സ് നോക്കിയാൽ മനസ്സിലാവുന്നതാണ്. ൧൦൯൬-ലും ൧൦൯൭-ലും ഈ ഡിപ്പാർട്ടുമെൻറിൽ നടത്തിയിട്ടുള്ള ആക്ടിംഗ് നിയമനങ്ങളുടെ ആകെ എണ്ണം ൨൬൯ ആണ്. അതിൽ ക്രിസ്ത്യാനികളുടെഎണ്ണം ൨൩ മാത്രമേയുള്ളൂ. അവരിൽ കാത്തോലിക്കാരുടെ സംഖ്യ അരഡസൻപോലുമില്ല. ഈഴവരുടെഎണ്ണം ൧൧ഉം മഹമ്മദീയരുടെ ൨ മാത്രവുമായിരുന്നു. ഓരോവർഗ്ഗത്തിനും അവരവർക്കുള്ള പ്രാതിനിധ്യം നൽകുന്നതിനു ഞാൻ അത്യാശയോടുകൂടിയിരിക്കുന്നുഎന്നു മിസ്റ്റർ റോബിൻസൺ പറയാറുണ്ടായിരുന്നെങ്കിലും ഈ വർഗ്ഗങ്ങളിൽനിന്നും പലേ അപേക്ഷകന്മാരും ഉണ്ടായിരുന്നുഎന്നു സഭാനടപടികളിൽനിന്നും കാണാവുന്നതാണ്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): പൊലീസും ലാൻഡ്‌റവന്യൂവും ഡിപ്പാർട്ടുമെൻറുകളുടെനേർക്കു ഈഴവർക്കു എന്തെങ്കിലും പരാതിയുണ്ടോ എന്നു പറയുമോ?

മി. എ. ജെ. ജാൺ (വൈക്കം): അവർക്കു ഒരു സങ്കടംഉണ്ടെന്നാണ് ഞാൻ വിചാരിക്കുന്നതു്. അതാണ് സഭയിൽ ചോദിച്ചിട്ടുള്ള ചോദ്യങ്ങളിൽനിന്നും ഞാൻ കാണുന്നതു്.

ഈക്കാര്യത്തിൽ ഗവൺമെൻറുത്തരവുകൾക്കു തൃപ്തികരമായ ശ്രദ്ധ നൽകാത്ത വേറൊരു ഡിപ്പാർട്ടുമെൻറ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെൻറാണ്. ഈ ഡിപ്പാർട്ടുമെൻറിൻെറ ഇംഗ്ലീഷ് ശാഖയിൽ ആകെയുള്ള ഉദ്യോഗസ്ഥന്മാരുടെ എണ്ണം ൬൩൨ ആണ്. അതിൽ കത്തോലിക്കരുടെ സംഖ്യ ൨൪ മാത്രമേഉള്ളൂ. എന്നാൽ നമ്പൂതിരി ബ്രാഹ്മണർ ഉണ്ട്. ഈ സ്പഷ്ടമായ അസമത്വം ഉണ്ടായിരുന്നിട്ടും വളരെ ക്ഷേമമായി പ്രതിനിധീകരിച്ചിട്ടുള്ള കത്തോലിക്കർ, ഈഴവർ, മഹമ്മദീയർ മുതലായ മററു വർഗ്ഗങ്ങളിൽനിന്നും കൂററ ആളുകളെ നിയമിക്കേണ്ടതാണെന്നു ഡയറക്ടരും ഇംഗ്ലീഷ് പള്ളിക്കൂടം ഇൻസ്പെക്ടരും വിചാരിക്കുന്നില്ല.

സെക്രട്ടറിയേററിൽ ആകെയുള്ള സ്ഥിരം ഉദ്യോഗസ്ഥന്മാരുടെ സംഖ്യ ൧൪൨ ആകുന്നു. അതിൽ സീനിയർസും ജൂനിയർസും ഉൾപ്പെടെ കത്തോലിക്കരുടെ സംഖ്യ ൪൦ നൻ പകരം ഉദ്യോഗസ്ഥന്മാരുള്ളതിൽ കത്തോലിക്കർ രണ്ടും ആകുന്നു. ൧൦൯൬-ൽ ൨൭ പകരംജീവനക്കാരെ നിയമിച്ചതിൽ ഒരു കത്തോലിക്ക് മാത്രമേയുള്ളൂ. ൧൦൯൭ ൽ ൧൭ പകരം ഉദ്യോഗസ്ഥന്മാരെ നിയമിച്ചതിൽ ൨ കത്തോലിക്കർ മാത്രമേയുള്ളൂ. ൧൧൦൦-ൽ ൭പേരെ പകരം നിയമിച്ചതിൽ ഒരു കാത്തോലിക്കും ഇല്ല. ൧൦൯൬-ൽ ൭പേരെ സ്ഥിരമായി നിയമിച്ചതിൽ കത്തോലിക്കരുടെ സംഖ്യ പൂജ്യമാണ്. ൧൦൯൭-ൽ മൂന്നുപേരെ നിയമിച്ചതിൽ ഒരു കാത്തോലിക്കും ഇല്ല. ൧൧൦൦-ൽ ൧൪പേരെ സ്ഥിരമായി നിയമിച്ചതിൽ ഒരു കത്തോലിക്ക് മാത്രമേയുള്ളൂ. ഈ സംഖ്യകളിൽനിന്നും സെക്രട്ടറിയേററിൽതന്നെ പ്രയോഗത്തിൽ ഈ പ്രമാണത്തെ അനുസരിച്ചിട്ടില്ല എന്നുകാണാം. ൫൦ രൂപയും അതിനുമേലും ശമ്പളത്തിൽ ൧൧൦൦ മുതൽ ൧൧൦൪ വരെ ൧൩പേരെ മെഡിക്കൽ ഡിപ്പാർട്ടുമെൻറിൽ നിയമിച്ചിട്ടുണ്ട്. എന്നാൽ കത്തോലിക്കർക്കു ആർക്കും അതിൽ ഒരാളാകുന്നതിനുള്ള ഭാഗ്യം ഉണ്ടായില്ലെന്നു വ്യസനസമേതം പറയേണ്ടിയിരിക്കുന്നു.

ആൻഡ് ആഗസ്റ്റ് മാസത്തിലെ സ്റ്റാറ്റിസ്റ്റിക്സ് അനുസരിച്ചു പരസ്പരസഹായ ഡിപ്പാർട്ടുമെന്റിൽ ൨ ഇൻസ്പെക്ടറന്മാർ ഉണ്ടായിരുന്നു എങ്കിലും ഒരു ക്ലാർക്കുപോലുമില്ല. പരസ്പരസഹായസംഘങ്ങൾ തുടങ്ങുന്നതിനു അസാമാന്യവർഗ്ഗത്തിലുള്ള ഇൻസ്പെക്ടറന്മാർ ഉണ്ടായിരിക്കുന്നതു കൂടുതൽ പ്രയോജനകരമായിരിക്കുമെന്നു ഗവർമ്മെന്റു സമ്മതിച്ചിട്ടുണ്ടു.

മററു ഡിപ്പാർട്ടുമെന്റുകളിലെ സ്ഥിതിയും വ്യത്യസ്ഥമല്ല.

അനേകം ഗവർമ്മെന്റു സർക്കുലർകളും ഉത്തരവുകളും ഉണ്ടായിരുന്നിട്ടും ഇതിനിയും യാതൊരഭിവൃദ്ധിയും വന്നിട്ടില്ലെന്നു ഇപ്രകാരം കാണാം. അതു എന്തുകൊണ്ടാണ്? എന്റെ അഭിപ്രായത്തിനു് അതിനുള്ള കാരണങ്ങൾ മൂന്നു തലക്കെട്ടുകളുടെ കീഴിൽ കൊണ്ടുവരാം. (൧) ഗവർമ്മെന്റു ആളുകളെ നിയമിക്കുന്നതിൽ ഒരു നിശ്ചിതനയവും സ്വീകരിച്ചിട്ടില്ല. ഉദ്യോഗസ്ഥന്മാരെ നയിക്കുന്നതിനു ഒരു ഖണ്ഡിതമായ ചട്ടവും ഗവർമ്മെന്റു രൂപീകരിച്ചിട്ടില്ല. (൨) ഉദ്യോഗസ്ഥന്മാർ ഈ പ്രമാണത്തെ അനുസരിച്ചില്ലെങ്കിൽപോലും അവരുടെ ശ്രദ്ധയെ ഈ ഉത്തരവിലേക്കു് ആകർഷിക്കയല്ലാതെ ഗവർമ്മെന്റു അവരുടെമേൽ യാതൊരു നടപടികളും എടുക്കയില്ല. (൩) ഉദ്യോഗസ്ഥന്മാർ നടത്തുന്ന നിയമനങ്ങളുടേയും അവർ ഈ പ്രമാണത്തെ അനുസരിച്ചില്ലെങ്കിൽ അതിനുള്ള സമാധാനമുണ്ടെങ്കിൽ അതും കൂട്ടിച്ചേർത്ത ജാതിതിരിച്ചു കാണിക്കുന്ന ഒരു ത്രൈമാസിക സ്റ്റേറ്റുമെന്റു പ്രസിദ്ധംചെയ്യുന്നതിനു ഗവർമ്മെന്റിനു വിസമ്മതമുണ്ടു.

അതുകൊണ്ടു ഞാൻ ഗവർമ്മെന്റിന്റെ ദൃഷ്ടിയിൽ കൊണ്ടുവരുന്നതു ഗവർമ്മെന്റു ചില ഖണ്ഡിതമായ പ്രമാണങ്ങൾ രൂപീകരിക്കണമെന്നും അതിനെ അനുസരിക്കുന്നതിൽ ഉദ്യോഗസ്ഥന്മാരെ നിർബന്ധിക്കണമെന്നുമാണ്.

ആളുകളെ നിയമിക്കുന്നതിൽ കാര്യശേഷിമാത്രം അടിസ്ഥാനമായിരിക്കണമെന്നു ചില ആളുകൾ പറയുന്നു. ഗവർമ്മെന്റു കാര്യപ്രാപ്തി നോക്കരുതു എന്നു ഒരുത്തരും പറയുന്നില്ല. എന്നാൽ തിരുവിതാംകൂറിൽ ഓരോ ഡിപ്പാർട്ടുമെന്റിലും കാര്യശേഷിക്കു പ്രത്യേക അർത്ഥങ്ങൾ ഉണ്ടു. സാധാരണയായി ഡിപ്പാർട്ടുമെന്റു മേലധികാരി അദ്ദേഹത്തിന്റെ പ്രത്യേകവർഗ്ഗത്തിൽപെട്ട ആളുകളിലെ കാര്യശേഷി കാണുന്നൊള്ളു. കാര്യപ്രാപ്തി ഒരു പ്രത്യേകവർഗ്ഗത്തിന്റെ ജന്മാവകാശമല്ലെന്നു എല്ലാവർക്കും അറിയാം. ഒരു ഡിപ്പാർട്ടുമെന്റു മേലധികാരിക്കു ഒരു പ്രത്യേകവർഗ്ഗത്തിലുള്ള അംഗങ്ങൾ കാര്യശേഷിയുള്ളവരായി തോന്നിയാൽ വേറൊരു ഡിപ്പാർട്ടുമെന്റു മേലധികാരിയുടെ ദൃഷ്ടിക്കു അപ്രകാരം തോന്നുന്നില്ല എന്നുള്ള വസ്തുതകൊണ്ടു ഇതു ശരിയായി സ്ഥാപിക്കാം. ആദ്യനിയമനങ്ങളിൽ അല്ലാതെ കയററങ്ങൾകൊടുക്കുന്നതിൽ വർഗ്ഗീയപ്രാതിനിധ്യം അനുവദിക്കാൻ സാധിക്കയില്ലെന്നു ഗവർമ്മെന്റു പറയുന്നു. ഒരു ഉദ്യോഗസ്ഥന്റെ അടുക്കൽ നിയമനത്തിനായി ആവശ്യപ്പെട്ട യോഗ്യതയുള്ള ആളുകൾ വരുമ്പോൾ അവരുടെ കാര്യശേഷിയെ എങ്ങിനെ പരിശോധിക്കാം എന്നെനിക്കു് മനസ്സിലാകുന്നില്ല. ഇതു ശരിയായി പ്രാതിനിധ്യം കിട്ടാത്ത വർഗ്ഗത്തിൽപെട്ട ആളുകളുടെ ന്യായമായ അവകാശങ്ങളെ നിരസിക്കുന്നതിനു താല്പര്യമുള്ള ആളുകൾ അഭിപ്രായപ്പെട്ട സൂത്രമാണ്. ഗവർമ്മെന്റു നിയമനകാര്യത്തിൽ ഏതെങ്കിലും ഒരു ഖണ്ഡിതനയം സ്വീകരിച്ചു ഈ വിഷമത്തിനു പരിഹാരമുണ്ടാക്കുന്നതിനെപ്പററി ഗൌരവമായി ആലോചിക്കണമെന്നാണ് എന്റെ താഴ്മയായ അപേക്ഷ. ഈ വാക്കുകളെക്കൊണ്ടു ഞാൻ ഈ നിശ്ചയത്തെ പിൻതാങ്ങുന്നു.

മി. സി. പി. തോമസ്സ് (നിയമിക്കപ്പെട്ട സഭാംഗം): സർ, വർഗ്ഗീയപ്രാതിനിധ്യത്തെപ്പററി മിസ്റ്റർ റ്റി. കുഞ്ഞിക്കൃഷ്ണന്റെ ചോദ്യത്തോടുകൂടെയുള്ള നിവേദനങ്ങൾക്കു ചീഫ്സെക്രട്ടറി കൊടുത്ത മറുപടിയിൽ വിവരിച്ചിരിക്കുന്നതുപോലുള്ള ഗവർമ്മെന്റിന്റെ അവസ്ഥ ആകപ്പാടെ സ്വീകാര്യമായിട്ടുള്ളതാണ്. പൊതു പ്രമാണത്തെ യഥാർത്ഥത്തിൽ പ്രയോഗത്തിൽ കൊണ്ടുവന്നിട്ടില്ലെന്നു അതിൽ സങ്കടമുള്ള ചില വർഗ്ഗക്കാരും കണ്ടതുകൊണ്ടു മാത്രമാണ് ഈ നിശ്ചയത്തിന്റെ ആവശ്യമുണ്ടായതു. ചില പ്രാസംഗികന്മാരാൽ അഭിപ്രായപ്പെട്ടതുപോലെയും നിയമസഭാചോദ്യങ്ങൾക്കു മറുപടിയായി ഗവർമ്മെന്റിൽനിന്നും നൽകിയിട്ടുള്ള സ്റ്റാറ്റിസ്റ്റിക്സ് കൊണ്ടു അനുഭവിക്കപ്പെട്ടതുപോലെയും ഓരോ പ്രാതിനിധ്യം കിട്ടാത്ത വർഗ്ഗത്തിനും നിയമനങ്ങൾ വീതിക്കുന്നതിൽ ന്യായമായി പെരുമാറീട്ടില്ല. അപ്രകാരം ന്യായമായി പ്രവർത്തിക്കാത്ത ഉദ്യോഗസ്ഥന്മാരുടെ നേർക്കു ഗവർമ്മെന്റു തോന്നീട്ടുള്ള നിരസനത്തെ ശുഷ്കാന്തിയോടുകൂടി പ്രദർശിപ്പിച്ചിട്ടില്ലാ എന്നു വ്യസനസമേതം പറയേണ്ടിയിരിക്കുന്നു. ഗവർമ്മെന്റിൽനിന്നും നിശ്ചയിച്ചിട്ടുള്ള പ്രമാണങ്ങളെക്കുറിച്ചു നിഷ്കർഷയും അവയെ നടപ്പിൽ കൊണ്ടുവരുന്നതിനു താല്പര്യവും ഉണ്ടായിരുന്നെങ്കിൽ ഈ സമയം കൂടുതൽ പരിഷ്കാരം വരുത്താമായിരുന്നു എന്നു എനിക്കു നിശ്ചയമുണ്ടു. ആ പ്രമാണത്തെ ഗവർമ്മെന്റിൽനിന്നും പരസ്യമായി സ്വീകരിച്ചിട്ടും അതിനെപ്പററി ഈ നിയമസഭയിൽ ചോദ്യങ്ങൾ ചോദിച്ചുതുടങ്ങിയിട്ടും, ഈ കാര്യത്തിൽ ഓരോ ഡിപ്പാർട്ടുമെന്റു മേലധികാരികളുടേയും അവസ്ഥ എത്രമാത്രം മോശമാണെന്നു കാണിക്കുന്ന സ്റ്റേറ്റുമെന്റുകൾ നൽകീട്ടും ഇപ്പോൾ മൂന്നോ നാലോ കൊല്ലത്തിൽ കൂടുതലായി. അല്പകാലംകൊണ്ടു ഈ മാതിരികാര്യങ്ങളിൽ ശരിയായ പരിഷ്കാരം വരുത്താൻ സാധിക്കയില്ലെന്നു പറയാമെങ്കിലും സംഗതികൾ നേരെയാക്കുന്നതിനായി നമുക്കു ധാരാളം സമയമുണ്ടായിരുന്നു എന്നും ഈ സമയംകൊണ്ടു കൂടുതൽ അഭിവൃദ്ധി കാണേണ്ടതായിരുന്നു എന്നുമാണ് ഞാൻ പറയുന്നതു. പാർവ്വത്യക്കാരന്മാരുടെ നിയമനത്തെപ്പററി മി. കെ. കെ. തോമസ്സ് പറഞ്ഞതിനെ ഞാൻ വീണ്ടും പറയാം. ബഡ്ജററു വാദക്കാലത്തു പാർവ്വത്യക്കാരന്മാരുടെ ജോലിക്കു നേരിട്ടുതന്നെ ആളുകളെ നിയമിക്കുന്നതിനു വേണ്ടമാർഗ്ഗം കണ്ടുപിടിക്കാമെന്നു ഗവർമ്മെന്റു വാഗ്ദാനം ചെയ്തിട്ടുണ്ടു. എന്നാൽ ആ കാര്യത്തിൽ നമുക്കറിയാവുന്നിടത്തോളം യാതൊന്നും ചെയ്തിട്ടില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഗവർമ്മെന്റു വാഗ്ദാനം ചെയ്തിട്ടുണ്ടോ?

മി. സി. പി. തോമസ്സ് (നിയമിക്കപ്പെട്ട സഭാംഗം): ഉണ്ടു് ഒരു ഖണ്ഡിതമായ വാഗ്ദാനം ചെയ്തിട്ടുണ്ടു്. അടുത്ത ബഡ്ജററ് വാദത്തിനുമുമ്പു ഗവർമ്മെന്റു ഈ സംഗതിയിൽ എന്തു പ്രവർത്തിച്ചിട്ടുണ്ടെന്നു നമുക്കറിയാറാകും എന്നാണ് ഞാൻ ആശിക്കുന്നതു. പ്രാതിനിധ്യമില്ലാത്ത വർഗ്ഗത്തിൽപെട്ട പാർവ്വത്യക്കാരന്മാരുടെ സംഖ്യ വളരെ കുറവാണെന്നുള്ള വസ്തുത അവർക്കു ഒരു യഥാർത്ഥസങ്കടകാരണമാണു. ഈ കാരണംകൊണ്ടു ഈ വർഗ്ഗക്കാർക്കു സമ്മതിദായകന്മാരുടെ പട്ടിക തയാറാക്കുന്നതിൽ വലിയനഷ്ടം സഹിക്കാനുണ്ടു്. ഈ സങ്കടത്തെ പരി

ഹരിക്കുന്നതിനായി ഇനിയും ഗവർണ്മെന്റ താമസമുണ്ടാകയില്ലെന്നു ആശിക്കുന്നു. പബ്ലിക്ക്സർവീസിന്റെ കാര്യത്തിൽ മാനദണ്ഡമായിരിക്കേണ്ടതു കാര്യശേഷിയാണെന്നു പറഞ്ഞിട്ടുണ്ടല്ലോ? വർഗ്ഗീയപ്രാതിനിധ്യപ്രശ്നം ഗവർണ്മെന്റിന്റെ ഗൌരവമായ ആലോചനയ്ക്കു പാത്രമാകാതിരുന്നിടത്തോളംകാലം ഉദ്യോഗസ്ഥന്മാർ കാര്യശേഷിയും വൈശിഷ്ട്യമുള്ളവരായിരുന്നു എന്നു തിരുവിതാംകൂർ പബ്ലിക്ക്സർവീസിന്റെ ചരിത്രം പരിശോധിച്ചുനോക്കിയാൽ അറിയാവുന്നതാണ് സർ, വർഗ്ഗീയപ്രാതിനിധ്യപ്രമാണത്തെ ഗവർണ്മെന്റ സ്വീകരിച്ചതുകൊണ്ടു കാര്യശേഷിയെ വിട്ടുകളയണമെന്നു അർത്ഥമാകുന്നില്ല എന്നു എല്ലാവിധത്തിലും സമ്മതിക്കേണ്ട ഒരു സംഗതിയാണ്. പബ്ലിക്ക്സർവീസിലേക്കു ആളുകളെ തിരഞ്ഞെടുക്കുന്നതിൽ കാര്യശേഷിയും വർഗ്ഗീയപ്രാതിനിധ്യവും ഒരുമിച്ചു വലിയ തടസ്ഥംകൂടാതെ പ്രയോഗത്തിൽ കൊണ്ടുവരാമെന്നു എനിക്കു നിശ്ചയമുണ്ട്. ഒരു ഡിപ്പാർട്ടുമെന്റ മേലധികാരി ഒരു പ്രത്യേകവർഗ്ഗത്തിൽപെട്ട ആളായിരുന്നാൽ ആ വർഗ്ഗത്തിലെ അംഗങ്ങൾ കാര്യശേഷിയുള്ളവരായും മറുവർഗ്ഗത്തിലുള്ളവർ കാര്യശേഷിയില്ലാത്തവരായും തോന്നുക എന്നുള്ളതു സുപ്രസിദ്ധമായ സംഗതിയാണു.

മി. എം. ശിവതാണുപിള്ള (കോവളം): അപ്രകാരമുള്ള പൂർവ്വാപരവൈപരീത്യം ഏതു ഡിപ്പാർട്ടുമെന്റിലാണുള്ളതു?

മി. സി. പി. താമസ്സ് (നിയമിക്കപ്പെട്ട സഭാംഗം): ഞാൻ പറഞ്ഞതു പൊതുവേ പറകയാണ്. ഇപ്രകാരമുള്ള സംഗതികൾ വീണ്ടും വീണ്ടും കാണുമ്പോൾ കാര്യശേഷിയെക്കുറിച്ചുള്ള വിചാരമോ അല്ലെങ്കിൽ മറവല്ല പക്ഷപാതിത്വമോ ഏതാണ് ഡിപ്പാർട്ടുമെന്റ മേലധികാരികളെ നയിക്കുന്നതു എന്നു ഞങ്ങൾ ചോദിക്കുന്നതിൽ ഞങ്ങളെ കുറ്റപ്പെടുത്താവതല്ല. ഗവർണ്മെന്റിൽനിന്നു നിശ്ചയിച്ചിട്ടുള്ള പൊതുപ്രമാണങ്ങളെ ഡിപ്പാർട്ടുമെന്റ മേലധികാരികളെക്കൊണ്ടു അനുസരിപ്പിക്കയും അവർ എപ്പോഴെങ്കിലും ആ പ്രമാണം വിട്ടുപോകുന്നതായാൽ ഗവർണ്മെന്റിനു ആ മേലധികാരികളുടെമേൽ തോന്നുന്ന നീരസത്തെ ഏതെങ്കിലും പ്രത്യക്ഷരൂപത്തിൽ കാണിക്കയും വേണം.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): ഈയിടെയായി ഡിപ്പാർട്ടുമെന്റ മേലധികാരികളുടെ സ്വഭാവത്തിൽ എന്തെങ്കിലും മാറ്റം വന്നിട്ടുണ്ടോ?

മി. സി. പി. താമസ്സ് (നിയമിക്കപ്പെട്ട സഭാംഗം): എനിക്കറിയാവുന്നിടത്തോളം സർവീസിന്റെ സ്വഭാവത്തിൽ ഒരു പരിഷ്കാരം വന്നിട്ടുണ്ടു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): ഞാൻ ഡിപ്പാർട്ടുമെന്റ മേലധികാരികളെക്കുറിച്ചാണ് ചോദിക്കുന്നതു.

മി. സി. പി. താമസ്സ് (നിയമിക്കപ്പെട്ടസഭാംഗം): ആകപ്പാടെ അവിടെയും ഒരു പരിഷ്കാരം വന്നിട്ടുണ്ടെന്നു വേണം പറയാൻ.

ഞാൻ സഭമുമ്പാകെ കൊണ്ടുവന്നിരിക്കുന്ന പ്രമേയത്തെ മുഴുവനായി പിൻവാങ്ങുന്നില്ലെങ്കിലും ആ നിശ്ചയത്തിന്റെ പൊതുവേയുള്ള പ്രമാണത്തോടനുകൂലിക്കുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): സർ, ഈ വാദത്തിൽ പങ്കുകൊള്ളുന്നതിനു ഇന്നലെ കഴിഞ്ഞുപോയ ഭാഗങ്ങളെ കേട്ടിരുന്നെങ്കിൽ ഉണ്ടാകുമായിരുന്നഗുണം എനിക്കില്ലല്ലോഎന്നു വിചാരിച്ചു മനസ്സാപമുണ്ടു. വർഗ്ഗീയപ്രാതിനിധ്യം എന്നപ്രശ്നത്തെക്കുറിച്ചു എനിക്കറിയാവുന്നിടത്തോളം രണ്ടു അഭിപ്രായങ്ങൾ കൊണ്ടുവരാം. ഒന്നാമതായി, ഒരു പ്രത്യേകവർഗ്ഗത്തിൽ ഒരു പ്രത്യേകഅംഗത്തിന്റെ ജനനം അയാളെ സർക്കാർസർവീസിൽ നിയമിക്കുന്നതിൽ ഒരു തടസ്സമായിരിക്കരുതു. രണ്ടാമത്, ഇതിന്റെനേരേഎതിരായിട്ടുള്ളതും ശരിയായിരിക്കാം. ഒരംഗത്തിന്റെ ഒരു പ്രത്യേകവർഗ്ഗത്തിലുള്ള ജനനം അയാൾക്കു ഗവർണ്മെന്റസർവീസിൽ ഒരു ഉദ്യോഗംലഭിക്കുന്നതിനു ഒരു യോഗ്യതയായിട്ടും ഇരിക്കരുതു. ഈ രണ്ടു അഭിപ്രായപ്രകടനങ്ങളും ശരിയായി കൊണ്ടുവരാം; എന്നാൽ ഇതിനപ്പുറം നിയമിക്കുന്നതിനുള്ള അധികാരികളെ നയിക്കുന്നതിനായി പ്രമാണങ്ങൾ രൂപീകരിക്കുന്നതിനു ശ്രമിക്കുകഎന്നുള്ളതു പ്രയോഗത്തിൽകൊണ്ടുവരാൻ പ്രയാസമായിട്ടുള്ള പാവനമായ ആദർശംമാത്രമാണ്. എന്നാൽ ഈ രണ്ടുപ്രമാണങ്ങളേയും ശരിയായി അനുസരിക്കുന്നുണ്ടോ എന്നായിരിക്കാം ചോദ്യം. എന്നാൽ ഇതിനെ ശരിയായി അനുസരിച്ചില്ലെങ്കിൽ സർക്കാർജോലിയിൽ ആളുകളെനിയമിക്കുന്നതിൽനിന്നും ധാരാളം അനർത്ഥങ്ങൾ ഉത്ഭവിക്കാം. ഒരാൾ അയാളുടെ സർക്കാർസർവീസിലുള്ള നിയമനം പ്രത്യക്ഷമായോ പരോക്ഷമായോ ഒരു പ്രത്യേകവർഗ്ഗത്തിൽപ്പെട്ടതാകണമെന്നുള്ള വസ്തുതകൊണ്ടാണെന്നു വിചാരിക്കുന്നുഎങ്കിൽ അയാൾക്കു ആ പ്രത്യേകസംഗതിയെക്കുറിച്ചു ജ്ഞാനമുണ്ടെങ്കിൽ, മനുഷ്യപ്രകൃതിഅനുസരിച്ചു അയാളുടെ ഉന്നമനത്തിനു കാരണമായവർഗ്ഗത്തോടു ഏതെങ്കിലും തരത്തിൽ കടപ്പെട്ടിരിക്കുന്നതായി നിശ്ചയമായും വിചാരിക്കും. ഒരാൾ ഒരു പ്രത്യേകവർഗ്ഗത്തിൽ ജനിച്ചുഎന്നുള്ള സംഭവംമാത്രം കൊണ്ടു അയാളെ സർക്കാർസർവീസിൽനിന്നും ഒഴിച്ചുനിറുത്തുന്നതും ഇതുപോലെ സങ്കടകരമായിട്ടുള്ളതാണ്. ആളുകൾ ചില പ്രത്യേകവർഗ്ഗങ്ങളിൽ ജനിച്ചുഎന്നുള്ള വസ്തുതയെ ആശ്രയിച്ചു സ്റ്റേറ്റസർവീസിലെ നിയമനങ്ങളിൽ പിഴവ്യത്യാസങ്ങൾ ഉണ്ടാകാറുണ്ട്. നാം ദോഷകരമായ ഒരു ചട്ടത്തെ അനുകൂലിക്കയാണെന്നു ഞാൻ സമ്മതിക്കാം. ഇപ്രകാരമുള്ള ജീവനക്കാരുടെ വേലകളെ സൂക്ഷ്മമായി പരിശോധിക്കയാണെങ്കിൽ വളരെ പ്രതികൂലമായ ഒരു അവസ്ഥ വെളിപ്പെടും എന്നാൽ ഗവർണ്മെന്റുതന്നെ അപ്രകാരം അനുകൂലിക്കുന്നതിനു സഹായം നൽകുന്നു. മുമ്പൊരുപ്രാസംഗികൻ സൂചിപ്പിച്ചതുപോലെ ആ ഉദാഹരണങ്ങൾ മത്സരത്തെ ജനിപ്പിക്കുന്നതാണ്. തിരുവല്ലായിൽ പരസ്പരസഹായസംഘം ഇൻസ്പെക്ടരെ നിയമിക്കുന്നകാര്യത്തെ സംബന്ധിച്ചു ഒരു ക്രിസ്ത്യൻ ഉദ്യോഗസ്ഥനെ നിയമിക്കേണ്ടതാണെന്ന ചീഫ്സെക്രട്ടറിയുടെ ഒരു പ്രസ്താവന ഒരിക്കലുംമറക്കാൻ നിവൃത്തിയില്ലാത്തതാണ്.

മി. കെ. ജാർജ്ജ് (ഗവർണ്മെന്റ ചീഫ്സെക്രട്ടറി): എന്നാണ് അങ്ങനെ പ്രസ്താവിച്ചതെന്നു മെമ്പർ പറയുമോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഒരു നിയമസഭാചോദ്യത്തിനു മറുപടിയായിട്ടാണ്.

മി. കെ. ജാർജ്ജ്, (ഗവർണ്മെന്റ ചീഫ്സെക്രട്ടറി): മെമ്പർ പറഞ്ഞതു തെറ്റാണ് അപ്രകാരം ഒരു പ്രസ്താവന ഉണ്ടായിട്ടില്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഒരു ക്രിസ്ത്യൻ ഉദ്യോഗസ്ഥനെ നിയമിക്കണമെന്നോ നിയമിച്ചിട്ടുണ്ടെന്നോ ആയിരുന്നു ചോദ്യം.

മി. കെ. ജോർജ്ജ് (ഗവർമെന്റു ചീഫ്സെക്രട്ടറി): അപ്രകാരം ഒരു പ്രസ്താവന ഉണ്ടായിട്ടില്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): എന്താണ് ചീഫ്സെക്രട്ടറി പറഞ്ഞതെന്ന് ഞാൻ സൂക്ഷ്മമായി ഓർമ്മിക്കുന്നില്ല. ഏതായാലും ആ മറുപടിയുടെ സാരം അതായിരുന്നു.

മി. കെ. ജോർജ്ജ് (ഗവർമെന്റു ചീഫ്സെക്രട്ടറി): ഒരു സ്ഥലത്തെയും പ്രത്യേകം പറഞ്ഞിട്ടില്ല. അതും വാസ്തവമല്ല.

മി. തയ്യിൽ കുന്നത്തിൽ തൊമ്മൻ (മൂവാററുപുഴ-തൊടുപുഴയും): ആകെ എത്ര ക്രിസ്ത്യൻ കോഓപ്പറേററീവ് ഇൻസ്പെക്ടറന്മാർ ഉണ്ടെന്നു പറയാമോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതു് ഈ സംഗതിയോടു സംബന്ധിക്കുന്നതല്ല.

ഞാൻ തിരുവല്ലായെന്നു പറഞ്ഞു. പക്ഷേ, അതു തെററായിരിക്കാം. ഏതായാലും ചീഫ്സെക്രട്ടറിയുടെ പ്രവൃത്തി ആരുടെ ഗുണത്തിനുവേണ്ടിയിട്ടാണോ ഈ ഇൻസ്പെക്ടറന്മാരെ നിയമിച്ചതു് ആ ആളുകൾ ക്രിസ്ത്യൻ ഉദ്യോഗസ്ഥന്മാരുടെ ഉപദേശത്തെമാത്രം അനുസരിക്കുന്നതിനു തയാറായിട്ടുള്ളവരായിരിക്കാം എന്ന വടപടി പ്രമാണത്തെ സഹായിക്കുന്നതായിരുന്നു. ഞാൻ ശരിയായി ഓർക്കുന്നു എങ്കിൽ അതായിരുന്നു അദ്ദേഹം പറഞ്ഞതു്. ആ പ്രമാണത്തെ ഒരു വിസ്തൃതരൂപത്തിൽ പ്രയോഗത്തിൽ കൊണ്ടുവരികയാണെങ്കിൽ വളരെ നായന്മാരുള്ള സ്ഥലത്തു നായർ ഉദ്യോഗസ്ഥന്മാരെയും, മഹമ്മദന്മാർ ധാരാളമുള്ള സ്ഥലത്തു് മഹമ്മദർ ഉദ്യോഗസ്ഥന്മാരെയും നിയമിക്കുന്നതിനു ഗവർമെന്റിനു സമ്മതമുണ്ടായിരിക്കുമോ? രാജ്യത്തെ അപ്രകാരം പലവർഗ്ഗങ്ങളായി വിഭജിക്കയാണെങ്കിൽ അതുപോലെയുള്ള ഒരു ചട്ടത്തിന്റെ പ്രയോഗത്തെ എനിക്കു മനസ്സിലാക്കാം. അതു് ആ അവസരത്തിൽ ചീഫ്സെക്രട്ടറി ചെയ്ത ഏററവും ദോഷകരമായ പ്രസ്താവനകളിൽ ഒന്നായിരുന്നു.

മി. കെ. സി. മാമ്മൻമാപ്പിള (കല്ലൂപ്പാറയും കൈത്തൊഴിലും, വടക്ക്): ജനങ്ങളുടെ സഹകരണം ആവശ്യമുള്ള നിയമനങ്ങളെ സംബന്ധിച്ചാണോ ആ പ്രസ്താവന ഉണ്ടായതു് ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): എനിക്കു അദ്ദേഹം പറയുന്നതു് മനസ്സിലാകുന്നില്ല.

മി. കെ. സി. മാമ്മൻമാപ്പിള (കല്ലൂപ്പാറയും കൈത്തൊഴിലും, വടക്ക്): പരസ്പരസഹായത്തിലും മററു സംഗതികളിലും ജനങ്ങളെ അതിന്റെ ആവശ്യകതയെപ്പററി സമ്മതിപ്പിക്കണം. ഇൻസ്പെക്ടറന്മാർ അവരെ സമ്മതിപ്പിക്കുന്നതിനു് ത്രാണിയുള്ളവരായിരിക്കണം. ജനങ്ങളെ ഗവർമെന്റിനോടുകൂടി കൊണ്ടുപോകണം.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): എല്ലാ സംഗതികളിലും ജനങ്ങളെ ഗവർമെന്റിനോടുകൂടി കൊണ്ടുപോകണം എന്നാണ് ഞാൻ വിചാരിക്കുന്നതു്. കോഓപ്പറേററീവ് ഡിപ്പാർട്ടുമെന്റുമാത്രം ജനങ്ങൾക്കായി ഉദ്ദേശിച്ചിട്ടുള്ളതാണെന്നു ഊഹിക്കുന്നതു് എന്തുകൊണ്ടാണെന്നു എനിക്കു മനസ്സിലാകുന്നില്ല. ജൂഡീഷ്യറിയും ജനങ്ങൾക്കായിട്ടുള്ളതാണ്.

മി. എം. ശിവതാണുപിള്ള (തോവാള): മറെറതെങ്കിലും ഡിപ്പാർട്ടുമെന്റിൽ പ്രചരണവേല ആവശ്യമുണ്ടോ ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): പല ഡിപ്പാർട്ടുമെന്റിലും.

മി. എം. ശിവതാണുപിള്ള (തോവാള): ഒരു ഡിപ്പാർട്ടുമെന്റു പറയുമോ ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): പൊതുജനാരോഗ്യത്തെ സംബന്ധിച്ച ഡിപ്പാർട്ടുമെന്റു.

മി. കെ. കെ. തോമസ്സ് (കോട്ടയം): ദേവസ്വത്തിലുള്ള ഉദ്യോഗങ്ങളിൽ ഹിന്ദുക്കളെമാത്രമേ നിയമിക്കാവു എന്നൊരു ചട്ടമുണ്ടായിരുന്നതായി മെമ്പറിനറിയാമോ ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): എനിക്കറിയാൻ പാടില്ല.

മി. കെ. കെ. തോമസ്സ് (കോട്ടയം): അങ്ങനെ ഒരു ചട്ടം ഉണ്ടായിരുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): എനിക്കുതന്ന അറിവിനുവേണ്ടി അതു് ശരിയാണെങ്കിൽ എന്റെ സ്നേഹിതനോടു നന്ദിപറഞ്ഞുകൊള്ളുന്നു.

വർഗ്ഗീയപ്രാതിനിധ്യം എന്ന പ്രമാണം ഗവർമെന്റാകുന്ന യന്ത്രത്തെ പ്രവർത്തിപ്പിക്കുന്നതിൽ പല കുഴപ്പങ്ങളും ഉണ്ടാക്കുന്ന വളരെ ആപൽക്കരമായ ഒരു പ്രമാണമാണ്.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): വർഗ്ഗങ്ങളെ അടിസ്ഥാനപ്പെടുത്തി പരസ്പരസഹായസംഘങ്ങൾ രജിസ്റ്റർചെയ്യാൻ പാടില്ലെന്ന് ഒരു ഉത്തരവുള്ളതായി മിസ്റ്റർ നാരായണപിള്ളയ്ക്കു അറിയാമോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അങ്ങനെയാണ് ഞാൻ കേട്ടിട്ടുള്ളതു്. എന്നാൽ അതു് അപ്രകാരമല്ലെന്നു എന്റെ സ്നേഹിതൻ പറയുന്നു.

മാപ്പില്ലാത്ത വാക്കുകളെക്കൊണ്ടു പ്രസ്താവിക്കുന്നതിന് ഗവർമെന്റിനു യാതൊരു പ്രയാസവും ഇല്ലാതിരുന്ന ആ വിവരണങ്ങൾക്കൊപ്പിട്ട ഒരു പ്രമാണം വളരെ ആപൽക്കരമായിട്ടുള്ളതാണെന്നാണ് ഞാൻ പറയുന്നതു്. വ്യത്യസ്തമായ വർഗ്ഗങ്ങൾ തമ്മിൽ ഗവർമെന്റു ഉണ്ടാക്കേണ്ടതു് ഉപകാരശീലവും, സ്നേഹവും, സന്തോഷവുമാണ്. ഒരിക്കൽ ഒരു പ്രത്യേകവർഗ്ഗത്തിനു അവരുടെ ഇഷ്ടംപോലെ പ്രവർത്തിക്കാമെന്നും അതിനു ഗവർമെന്റു കീഴടങ്ങാൻ തയാറാണെന്നും മനസ്സിലാക്കിക്കൊടുത്താൽ രാജ്യത്തിന്റെ ഭരണത്തിന് ചുമതലക്കാരായ ആളുകളുടെ അപജയത്തിന് ഇടയാകുന്നതുകൂടാതെ മററു വർഗ്ഗങ്ങളും അതേമാതിരിതന്നെ പ്രവർത്തിക്കാൻ ഇടയാകുമെന്നാണ് ഞാൻ പറയുന്നതു്.

മി. എൻ. കുമാരൻ (നിയമിക്കപ്പെട്ട സഭാംഗം): വക്കീലന്മാരിൽനിന്നും മുൻസീഫന്മാരെ നിയമിക്കുന്നതിൽ വർഗ്ഗീയപ്രാതിനിധ്യപ്രമാണത്തെ ഹൈക്കോർട്ട് സ്വീകരിച്ചിരുന്നു എന്നുള്ളതു് മെമ്പറിനു അറിയാമോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): എനിക്കറിയാവുന്നിടത്തോളം അങ്ങനെ ഒരു ചട്ടമില്ല. എന്നാൽ അവർ എല്ലാവർക്കും ക്രമത്തിന് അവസരം കൊടുക്കുന്നു.

മി. എൻ. കുമാരൻ (നിയമിക്കപ്പെട്ട സഭാംഗം): ഇതു് വർഗ്ഗീയപ്രാതിനിധ്യം അല്ലയോ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ആ നിയമനങ്ങളുടെ അടിസ്ഥാനം എന്ത്?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): കാര്യക്ഷമത എന്ന പ്രമാണത്തെ ബലികഴിക്കാതെ ഓരോ വർഗ്ഗത്തിൽപ്പെട്ടവർക്കും അവസരം കൊടുക്കയെന്നുള്ളതാകുന്നു അതിന്റെ അടിസ്ഥാനം.

മി. എൻ. കമാൽ (നിയമിക്കപ്പെട്ട സഭാംഗം): ഇപ്രകാരം ഒരു ചട്ടം രൂപീകരിക്കപ്പെട്ടിട്ടുണ്ടോ എന്നു മെമ്പർ പറയുമോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അപ്രകാരം ഒരു ചട്ടം ഇല്ല. അത് എഴുതിയിട്ടില്ലാത്ത ഒരു ചട്ടമാണ്.

മി. കെ. കെ. തോമസ്സ് (കോട്ടയം): റവന്യൂഡിപ്പാർട്ടുമെന്റിൽ അപ്രകാരം ഒരു ചട്ടം ഉണ്ടായിരുന്നോ എന്നു മെമ്പർ ദയവായി പറയുമോ?

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): എപ്പോൾ?

മി. കെ. കെ. തോമസ്സ് (കോട്ടയം): കുറച്ചുമുമ്പുവരെ.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഞാനറിഞ്ഞിടത്തോളം കുറച്ചുമുമ്പുവരെ അപ്രകാരം ഒരു ചട്ടമില്ലായിരുന്നു.

അതുകൊണ്ട് വർഗ്ഗീയബന്ധം എന്ന യാദൃഛികസംഭവത്തെമാത്രം അടിസ്ഥാനപ്പെടുത്തി അപ്രകാരമുള്ള ചട്ടങ്ങളെ അനുകൂലിക്കുന്നതു നീതികാര്യമായിട്ടുള്ള പ്രമാണമല്ല. എന്നാൽ ഞാൻ ഈ പ്രമേയത്തിന്റെ മറെറ ഒരു വശത്തെയും ഇതേശക്തിയോടെ എതിർക്കുന്നു. എന്തുകൊണ്ടെന്നാൽ, ആരും ഒരു പ്രത്യേകവർഗ്ഗത്തിൽ ജനിച്ചതുകൊണ്ടു അയാൾക്കു ഗവൺമെന്റുസർവീസിൽ പ്രവേശനം ലഭിക്കാതിരിക്കുന്നതും ഇതുപോലെ അതൃപ്തികരമാണ്. ഞാൻ ഈ രണ്ടു പ്രമാണങ്ങളെയാണ് സഭമുമ്പാകെ കൊണ്ടുവരുന്നതു. ഈ രണ്ടു പ്രമാണങ്ങളുടെ തൃപ്തികരമായ ഒരു സംഘടനമായിരിക്കണം ഗവൺമെന്റിന്റെ മാർഗ്ഗദർശിയായിരിക്കേണ്ടതു്. ഇപ്പോഴത്തെ സ്ഥിതി നോക്കിയാൽ ഞാൻ പറഞ്ഞതുപോലെ ഗവൺമെന്റിന്റെ പ്രവൃത്തിയും ചീഫ്സെക്രട്ടറിയുടെ പ്രത്യേകപ്രസ്താവനയും ചില പ്രത്യേക വർഗ്ഗക്കാർക്കുവേണ്ടി അവരോടു ന്യായം ചെയ്തിട്ടുണ്ടെന്നു വിചാരിക്കുന്നലോകത്തിനു ഉപകരമായി ഗവൺമെന്റു ചിലതെല്ലാം ചെയ്യും എന്നൊരു ധാരണക്കു ഇടം ഉണ്ടായിട്ടുണ്ട്. ഏതിനെ അടിസ്ഥാനപ്പെടുത്തിയാണു ഈ പ്രത്യേക ചട്ടം രൂപീകരിച്ചിരിക്കുന്നതു് എന്നെനിക്കറിയാൻ പാടില്ല. അതു പല അത്ഭുതമായ അവസ്ഥകൾക്കും കാരണമാക്കീട്ടുണ്ട്. ഒരു കാര്യാന്വേഷണസഭയെ നിയമിച്ചു ചില പ്രത്യേക വർഗ്ഗങ്ങളിൽ ഉൾപ്പെട്ടതുകൊണ്ടു ചില ഉദ്യോഗങ്ങളും കയററങ്ങളും കിട്ടിയതായി വിചാരിക്കുന്ന ചില ഉദ്യോഗസ്ഥന്മാരുടെ പ്രവൃത്തികളെ പരിശോധിക്കയാണെങ്കിൽ പല അത്ഭുതസംഗതികളെ പ്രത്യക്ഷപ്പെടുത്താം. വർഗ്ഗീയ ബന്ധംകൊണ്ടു മാത്രം ഇപ്പോഴത്തെ രൂപം ലഭിച്ചിട്ടുള്ളതായി വ്യാഖ്യാനിക്കപ്പെടാവുന്ന ചില ജൂഡിഷ്യൽ ഉദ്യോഗസ്ഥന്മാരുടെ തീർപ്പുകളെ ഞാൻ സന്ദർഭംപോലെ വായിക്കാറുണ്ട്. ഈ അഭിപ്രായം പുറപ്പെടുവിക്കുന്നതിനു എനിക്കു അതിയായ മനസ്താപമുണ്ട്. എന്നാൽ എനിക്കു അപ്രകാരം പ്രത്യക്ഷീഭവിച്ചിട്ടുണ്ട്. അങ്ങിനെയുള്ള തീരുമാനങ്ങളെ ഹൈക്കോടതി ഭേദപ്പെടുത്തിയിട്ടുണ്ട്. ആവശ്യമുള്ള കുറഞ്ഞ വിദ്യാഭ്യാസയോഗ്യതയുള്ള ചില ആളുകൾക്കു വിശേഷത കല്പിക്കണമെന്നുള്ള മിസ്റ്റർ കുഞ്ഞിത്തൊമ്മന്റെ പ്രമേയം എനിക്കു യോജിക്കാൻ നിവൃത്തിയില്ലാത്ത ഒരു പ്രമേയമാണെന്നാണു ഞാൻ പറയുന്നതു്. ഇത്രമാത്രമേ എനിക്കു പറയാനൊള്ളു.

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): സർ, ഈ സഭയുടെ അഭിപ്രായത്തിൽ പൊതുജനങ്ങളെ പ്രധാനമായി ബാധിക്കുന്ന മററു സംഗതികൾ താരതമ്യപ്പെടുത്തിനോക്കുമ്പോൾ നിസ്സാരമാണെന്നു തോന്നത്തക്കവണ്ണം പബ്ലിക്കു സർവീസിലെ പ്രാതിനിധ്യം സംബന്ധിച്ച ചോദ്യങ്ങൾ വാദപ്രതിവാദത്തിനായി വീണ്ടും വീണ്ടും ഈ സഭമുമ്പാകെ കൊണ്ടുവന്നിട്ടുണ്ട്. മേലധികാരികൾക്കു അപ്പോഴപ്പോഴുള്ള അഭീഷ്ടത്തിനോ നിർവാഹത്തിനോ യോജിക്കത്തക്കവണ്ണം കൃത്രിമമായി നിർമ്മിച്ചിട്ടുള്ള ചില വിഭാഗങ്ങളെ സംബന്ധിച്ചു പബ്ലിക്കുസർവീസിലുള്ള ശിപായിമാരുടേയും അക്കൌണ്ടന്റന്മാരുടേയും ക്ലാർക്കന്മാരുടേയും സംഖ്യയെ താരതമ്യപ്പെടുത്തിനോക്കുകമാത്രമാണു ഈ രാജ്യത്തെ രാജ്യകാര്യം എന്നുള്ള ധാരണയോടുകൂടി ഈ സഭയുടെ നടപടികളെ അനുഗമിച്ചുകൊണ്ടിരിക്കുന്ന ഒരു അന്യൻ പോകും. ബഡ്ജററുസെഷൻകാലത്തു പൊതുജനശ്രേയസ്സിനെ ബാധിക്കുന്ന പണസംബന്ധമായ അടങ്കലുകളിൽ മറഞ്ഞുകിടക്കുന്ന രാജ്യഭരണനയത്തെക്കുറിച്ചു വാദിക്കാനല്ല. എന്നാൽ മെമ്പർ ഉൾപ്പെട്ടിരിക്കുന്ന വർഗ്ഗത്തെ പ്രത്യേകം ചൂണ്ടിക്കാണിച്ചു ഇതോ അതല്ലെങ്കിൽ മററതെങ്കിലുമൊ ഒരു വർഗ്ഗത്തിൽപ്പെട്ട ആളുകളെ പാർവത്യകാരന്മാരായിട്ടോ മജിസ്ട്രേട്ടന്മാരായിട്ടോ നേരെ നിയമിക്കണമെന്നു നിർബന്ധിക്കുന്നതിനായിട്ടു ഒരു മെമ്പരുടെ പിന്നാലെ വേറൊരു മെമ്പർ എന്നിങ്ങനെ യഥാസ്ഥാനങ്ങളിൽനിന്നു എഴുന്നേൽക്കുന്നതു കാണുന്നതു് ഒരു മനഃചാഞ്ചല്യത്തെ ഉണ്ടാക്കുന്ന കാഴ്ചയാണ്. ഈ മെമ്പറന്മാർ രാജ്യത്തിന്റെ പൊതുവായുള്ള താല്പര്യങ്ങളെ പ്രതിബിംബിപ്പിക്കുന്നില്ല. എന്നാൽ പ്രത്യേകവർഗ്ഗങ്ങളേയൊ അവയുടെ ഉപവിഭാഗങ്ങളേയൊ ആകുന്നു. അവർ അവിശ്വാസമായ വർഗ്ഗീയ പക്ഷപാതത്തോടെ വിചാരിക്കയും പറയും ചെയ്യുന്നു. ശ്രേയസ്കരവും സമത്വവുമായ രാജ്യഭരണത്തിനു ആസ്പദമായിട്ടുള്ളതും ആവശ്യമായ വിപുലതത്വങ്ങളെ അവർ തള്ളിക്കളയുന്നു;

മി. സി. പി. തോമസ്സ് (നിയമിക്കപ്പെട്ട സഭാംഗം): വർഗ്ഗത്തോടു ന്യായമായി പെരുമാറിയാൽ അതു പൊതുജനക്ഷേമത്തെ പരോക്ഷമായി പ്രോത്സാഹിപ്പിക്കും എന്നും നേരെമറിച്ചു വർഗ്ഗീയമായ അനീതി പൊതുജനശ്രേയസ്സിനെ പ്രതികൂലമായി ബാധിക്കും എന്നും നിങ്ങൾ വിചാരിക്കുന്നുണ്ടോ?

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ജനപ്രതിനിധികളും യോഗ്യന്മാരും ആയ അംഗങ്ങൾ ഉൾപ്പെട്ടിട്ടുള്ള ഒരു പ്രതിനിധിസ്ഥാപനത്തോടുകൂടിയ ഗവൺമെന്റു ഒരിക്കലും വർഗ്ഗസാന്നിധ്യത്തെ വകവെക്കരുതു എന്നാണു എന്റെ വാദം; പൊതുജനശ്രേയസ്സിനുള്ള ഒരു സംഗതി മാത്രമേ അവരുടെ ദൃഷ്ടിപഥത്തിൽപ്പെടാവൂ. ജനങ്ങളുടെ പൊതുഗുണത്തിനായിട്ടാണു പബ്ലിക്കുസർവീസ്സ് പ്രധാനമായി ഉദ്ദേശിച്ചിട്ടുള്ളതു്.

ഈ സംഗതിക്കു കഴിഞ്ഞ കുറെക്കാലങ്ങൾക്കിടയിൽ തീക്ഷ്ണത അധികമായി വർദ്ധിച്ചിട്ടുണ്ട്. സന്ദർഭാനുസരണം പ്രവർത്തിക്കയും രാജ്യസംബന്ധമായ ശക്തികളെ ഛിന്നിപ്പിക്കയും ജനസാമാന്യരാജ്യഭരണത്തിന്റെ സ്വാതന്ത്ര്യങ്ങളെ നശിപ്പിക്കയും ചെയ്യേക്കാവുന്ന ഫലങ്ങളോടുകൂടിയ കഠിനമായ എതിർപ്പിനെ രേഖപ്പെടുത്തുകയുമാണു പ്രത്യേക ജാതികളുടേയോ വർഗ്ഗങ്ങളുടേയോ അല്ലാതെ ജനസാമാന്യത്തെ പ്രതിനിധീകരിക്കുന്നതായി ഉദ്ദേശിച്ചിരിക്കുന്ന ഈ സഭയുടെ ധർമ്മം.

സംഗതികളെ ഈ അവസ്ഥയിൽ കൊണ്ടുവന്നതിനു ഗവർമ്മെന്റിനെയാണു കുററപ്പെടുത്തേണ്ടതെന്നു ഞാൻ സമ്മതിക്കാം. അവർ ഈ ക്ഷോഭത്തെ പ്രത്യക്ഷമായും അപ്രത്യക്ഷമായും അവരുടെ പ്രവൃത്തികൊണ്ടും പ്രസ്താവനകൾകൊണ്ടും ധൈര്യപ്പെടുത്തുകയായിരുന്നു. ഒരിക്കൽ ഒരു അനീതിയായ അവകാശം പുറപ്പെടുവിച്ചാൽ പ്രക്ഷോഭകന്മാർ എത്രതന്നെ ശക്തിയുള്ളവരും ബഹളം കൂട്ടുന്നവരും ആയിരുന്നാലും അവർക്കു ആമാതിരി അവകാശസ്ഥാപനങ്ങളോടു എതിർക്കുന്നതിനുള്ള ധൈര്യം ഉണ്ടായിരിക്കണം. നാം സ്ഥിതിഗതികളെ ശരിയായി നിർണ്ണയിച്ചു ശരിയായ സമയത്തു അവർക്കു പററിയ പ്രതിവിധികൾ പ്രയോഗിച്ചില്ലെങ്കിൽ നമ്മുടെ പ്രജാപ്രതിനിധികൾ തുടങ്ങിയ സ്ഥാപനങ്ങൾ ഭയങ്കരമായ അപജയത്തിൽ കലാശിക്കയും അവ രാജ്യത്തിനും രാജ്യക്ഷേമത്തിനും ഒരു ശാപമായി പരിണമിക്കയും ചെയ്യുമെന്നു ഞാൻ ഈ സഭയോടു തീർച്ചയായും പറയാം. സർ, ഈയിടെയായി വർഗ്ഗീയ നിഷ്ഠയില്ലാത്ത ചോദ്യങ്ങൾക്കു പ്രത്യക്ഷമായി വർഗ്ഗത്തെ അടിസ്ഥാനപ്പെടുത്തി മറുപടി കല്പിക്കുന്നതു ഏററവും പരിതാപകരമായിട്ടുള്ളതാണ്. ക്രമക്കേടിനു ഇതിൽ ഉയർന്ന ഒരു നിലയെ പ്രാപിക്കാൻ കഴിയുമൊ? ജനങ്ങൾ തമ്മിൽ സ്ഥാപിച്ചിരിക്കുന്ന വിശ്വാസത്തെ ഇപ്രകാരമാണൊ നിറവേററേണ്ടതു? വിശ്വാസമില്ലാത്തതും സ്വാർത്ഥപരവും നാശകരവുമായ ഒരു പ്രമാണത്തെ തൃപ്തിപ്പെടുത്തുന്നതിനുവേണ്ടി നമ്മുടെ രാജ്യത്തിന്റെ ശ്രേയസ്സിനെ നാം ചതിക്കയല്ലയൊ ചെയ്യുന്നതു?

ഈ നിശ്ചയത്തെ അതിന്റെ ഉദ്ദേശത്തിന്റെ നിലയിൽ നമുക്കൊന്നു പരിശോധിക്കാം. ആവശ്യമുള്ള കുറഞ്ഞ വിദ്യാഭ്യാസയോഗ്യതയുണ്ടെങ്കിൽ ഏററവും കുറച്ചു പ്രാതിനിധ്യം ലഭിച്ചിട്ടുള്ള വർഗ്ഗത്തിൽപെട്ട ആളുകളെ വേണം തിരഞ്ഞെടുക്കാൻ. ആദ്യമായിത്തന്നെ ഇവിടെ പറഞ്ഞിരിക്കുന്ന പ്രമാണത്തെ സമ്മതിച്ചാൽ ആർക്കാണ് മററുള്ളവരെക്കാൾ കൂടുതലൊ കുറവൊ പ്രാതിനിധ്യം ഉള്ളതെന്നു നാം എങ്ങനെയാണ് നിശ്ചയിക്കുന്നതു? പല ഡിപ്പാർട്ടുമെന്റുകളിലും ഒരു വർഗ്ഗത്തെക്കാൾ മറെറാരു വർഗ്ഗം വളരെക്കൂടുതൽ ഉണ്ടെന്നു നിങ്ങൾക്കു എളുപ്പത്തിൽ മനസ്സിലാക്കാം. പ്രാതിനിധ്യം പബ്ലിക്ക് സർവീസിലുള്ള ഓരോ ഡിപ്പാർട്ടുമെന്റിലും വേണമെന്നോ അതോ പബ്ലിക് സർവീസിൽ ആകപ്പാടെ വേണമെന്നോ? ഡിപ്പാർട്ടുമെന്റുതോറുമുള്ള പ്രാതിനിധ്യസംഗതിയാണെങ്കിൽ ഉയർന്ന ഗ്രേഡുകളിലെല്ലാം ഒരു പ്രത്യേകവർഗ്ഗത്തിനു ന്യായമായുള്ളതിൽ കൂടുതൽ പ്രാതിനിധ്യം ഉണ്ടെന്നു വിചാരിക്കുക. അപ്പോൾ താഴ്ന്ന ഗ്രേഡുകളിലെല്ലാം ഒരുപോലെ പ്രതിനിധീകരിക്കണമെന്നാണൊ പ്രമേയകർത്താവിന്റെ അഭിപ്രായം. ഒരു പ്രത്യേകഡിപ്പാർട്ടുമെന്റിലുള്ള എല്ലാ ഗ്രേഡുകളേയും ഉദ്യോഗങ്ങളേയും സംബന്ധിച്ചാണ് ഗവർമ്മെന്റിൽനിന്നും വീതം നിശ്ചയിക്കേണ്ടതു? എല്ലാം ഉപഭാഗങ്ങളെ സംബന്ധിച്ചാണ് ഈ വീതം നിശ്ചയിക്കേണ്ടതു. ഇവ യുക്ത്യനുസാരമായി നോക്കുന്നതായാൽ ക്ഷോഭവും ഹാസ്യകരവുമായ ഫലങ്ങളിലേക്കു നയിക്കും. ഈ പ്രമാണംതന്നെ പബ്ലിക്കിന്റെ ശ്രേയസ്സിനും ഗുണത്തിനും വിപരീതമായിട്ടുള്ളതാണെന്നു മാത്രമല്ല ഏററവും അധമവും അനീതിയുമാണ്. അവർ ഉൾപ്പെട്ടിരിക്കുന്ന ജാതിയും വർഗ്ഗവും ഗണിക്കാതെ കിട്ടുന്നതിൽ ഏററവും നല്ല ആളുകളെ എന്തുകൊണ്ടാണ് തിരഞ്ഞെടുക്കാത്തതു. ഈ ചോദ്യത്തെപ്പററി തുടർന്നു കൂടുതലായി ആലോചിക്കുമ്പോൾ വർഗ്ഗീയപ്രാതിനിധ്യത്തെപ്പററി അനുകൂലിച്ചു പറയുന്ന ആളുകൾ ഒരു പ്രത്യേകവിഭാഗത്തിൽപ്പെട്ട സർക്കാർജീവനക്കാർ അവരുടെ ജാതിയിലൊ വർഗ്ഗത്തിലൊ ഉള്ള അംഗങ്ങളോടു പക്ഷപാതികളായിരിക്കുമെന്നു വിചാരിക്കുന്നുണ്ടെന്നു നിങ്ങൾക്കു അനുമാനിക്കാം. ഒരു ജാതിയിലുള്ള ഒരു മജിസ്ട്രേട്ടിനെ നിയമിച്ചാൽ അദ്ദേഹത്തെ അദ്ദേഹത്തിന്റെ ജാതിക്കാർ അനുമോദിക്കയും ആ നിയമനം അദ്ദേഹത്തിന്റെ വർഗ്ഗത്തോടു കാണിച്ച ഒരു ആനുകൂല്യമായി അദ്ദേഹം ഗണിക്കയുംചെയ്യുന്നു. യഥാർത്ഥത്തിൽ അതു അപ്രകാരമാണൊ? അദ്ദേഹം നിഷ്പക്ഷമായി പെരുമാറണമെന്നല്ലെ ഉദ്ദേശിച്ചിരിക്കുന്നതു? അങ്ങനെയാണെങ്കിൽ ഒരു വിഭാഗത്തിനുമാത്രമുള്ള പ്രത്യേകസന്തുഷ്ടി എവിടെ? പ്രത്യേകപെരുമാററത്തിന്റെ സൂചനയിൽതന്നെ അഴിമതിയും വഞ്ചനയും അടങ്ങിയിട്ടുണ്ടു. പൊതുക്കാര്യങ്ങളിൽ ഇപ്രകാരമുള്ള ഉദ്ദേശങ്ങളെ ധൈര്യപ്പെടുത്തുകയൊ അനുവദിക്കയൊ ചെയ്യുന്നതു ഒരു യോഗ്യതയുള്ള ഗവർമ്മെന്റിനു ആപൽക്കരമായിട്ടുള്ളതാകുന്നു. മി. ജോർജ് ശരിയായിട്ടുപറഞ്ഞതുപോലെ ഉദ്യോഗം ഒരു വർഗ്ഗത്തിനായിട്ടുള്ളതല്ല പൊതുജനങ്ങൾക്കായിട്ടുള്ളതാണെന്നും ഗവർമ്മെന്റ ഏതെങ്കിലും ഒരാളെ ഒരു പ്രത്യേകവർഗ്ഗത്തിൽ ഉൾപ്പെട്ടതാണെന്നുള്ള കാരണത്താൽ ഉദ്യോഗത്തിൽനിന്നും ഒഴിച്ചുനിറുത്താത്തെടത്തോളം കാലം ഉദ്യോഗങ്ങൾക്കായി ചിലവാക്കുന്ന പണത്തിനു ഈ സഭ കഴിയുന്നത്രയും കൂടുതൽ കാര്യശേഷിയുള്ളവരെ ലഭിക്കുന്നതിനു നിഷ്കർഷിക്കയും അതുകൊണ്ടു തൃപ്തിപ്പെടുകയും ചെയ്യേണ്ടതും ആകുന്നു.

പ്രത്യേകനിയമനങ്ങൾ പ്രത്യേകവർഗ്ഗങ്ങളിലെ അംഗങ്ങൾക്കു സന്തോഷകരമായിരിക്കുമെന്നു ഇവിടെ കഠിനമായി വാദിച്ചിട്ടുണ്ടു. അതു ജനവിഭാഗത്തിനല്ല ജനങ്ങൾക്കു പൊതുവേ സന്തോഷകരമായിരിക്കണം. ഒരു പ്രത്യേകഉദ്യോഗത്തിലേക്കു ഒരു നായരെ നിയമിച്ചതുകൊണ്ടു നായർവർഗ്ഗത്തിൽപെട്ട ഒരു സാധാരണനികുതിദായകനു യാതൊരുപ്രയോജനവും ഉണ്ടാകുന്നില്ല. ആ നിയമനം നിയമിക്കപ്പെട്ട ആൾ ഉൾപ്പെട്ട വർഗ്ഗത്തോടു സംബന്ധിച്ചതായിട്ടല്ല ഉദ്യോഗമുറപ്പെടുന്നതുമായി സംബന്ധിച്ചതായിട്ടാണ് ഗണിക്കേണ്ടതു. പണസംബന്ധമായിട്ടും അതു പ്രത്യേകിച്ചും ആ അംഗത്തിനാണ് അല്ലാതെ ആ വർഗ്ഗത്തിനല്ല അതു ഉപകരിക്കുന്നതു. അതുപോലെതന്നെ അയാളുടെ പ്രാപ്തിയോടും സത്യസന്ധതയോടും ഉള്ള ജോലികൊണ്ടു രാജ്യത്തിനാണ് അല്ലാതെ ഒരു പ്രത്യേകവർഗ്ഗത്തിനല്ല ഗുണമുണ്ടാകുന്നതു. അപ്പോൾ ഈ പ്രമേയകർത്താവു പുറപ്പെടുവിച്ചിട്ടുള്ള വാദത്തിൽ ന്യായമെവിടെ? ഈ രാജ്യത്തെ ഉദ്യോഗങ്ങൾ പ്രത്യേകവർഗ്ഗത്തിൽപെട്ട മുട്ടാളന്മാർക്കും കാര്യശേഷിയില്ലാത്തവർക്കും ആയി നീക്കിവച്ചിട്ടുള്ളതല്ല, എന്നാൽ ഏതു വർഗ്ഗത്തിൽപെട്ടവരായിരുന്നാലും എല്ലാവരിലും ബുദ്ധിമാന്മാർക്കോ കാര്യപ്രാപ്തിയുള്ളവർക്കും ആണെന്നു ഭയമില്ലാതെയും ഉറക്കെ പ്രസ്താവിക്കുന്ന ശൂരതയും ധൈര്യവുമുള്ള ഒരു ഗവർമ്മെന്റാണ് നമുക്കാവശ്യമുള്ളതു. ഈ കാര്യത്തിൽ അധൈര്യമായും ക്ഷമായാചനരീതിയിലും പറയേണ്ട ആവശ്യവും ഇല്ല. നമ്മുടെ രാജ്യത്തെ ഐകമത്യത്തിന്റെ ജീവരക്തത്തെ ദിനംപ്രതി ഊററിയെടുക്കുന്ന ഈ ദോഷകരമായ പ്രക്ഷോഭണത്തിനു ശമനം ഉണ്ടാക്കുകയും ചെയ്യും.

മി. എ. ജെ. ജാൺ (തൊടുപുഴ): തിരുവിതാംകൂറിലെ ജനങ്ങളിൽ ഒരു വലിയ ഭൂരിപക്ഷം വർഗ്ഗീയപ്രാതിനിധ്യത്തിനു അനുകൂലികളാണെന്നു മെമ്പറിനു അറിയാമൊ?

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഈസഭയിലെ ചില പ്രതിനിധികൾ അതിനെ അനുകൂലിക്കുമെന്നു ഞാൻ അറിഞ്ഞിട്ടുണ്ട്.

മി. എ. ജെ. ജാൺ (വൈക്കം): ചില ഉദ്യോഗസ്ഥന്മാർ ഇതുശരിയായി ചെയ്യുന്നില്ലെന്നു ഈ സഭയിലേക്ക തന്നെ കാസ്റ്റ് വാർസ്റ്റേറ്റ്മെൻറിൽനിന്നും ഗവർമെൻറിനെ മനസ്സിലാക്കുന്നതിനു അംഗങ്ങൾ ശ്രമിക്കണമെന്നു മെംബറിനു അറിയാമോ?

മി. കെ. ശിവരാമപ്പണിക്കർ (ചേർത്തല): ഈസഭയിൽ ചിലഅംഗങ്ങൾമാത്രമേ വർഗ്ഗീയപ്രാതിനിധ്യത്തെ അനുകൂലിച്ചുപറയുന്നതായി ഞാൻ കണ്ടിട്ടുള്ളു.

അദ്ധ്യക്ഷൻ: മി. ജാൺ 'കാസ്റ്റ് വാർസ്റ്റേറ്റ്മെൻറ്' എന്നുവെച്ചാൽ എന്താണെന്നു നിങ്ങൾ ദയവായി പറയുമോ? അതു ജാതികൾതമ്മിലുള്ള യുദ്ധമാണോ? കാസ്റ്റ്വാർ സ്റ്റേറ്റ്മെൻറിൻെറ അർത്ഥം എനിക്കറിയാൻ പാടില്ല.

മി. എ. ജെ. ജാൺ (വൈക്കം): അതിൻെറഅർത്ഥം നിയമനങ്ങളുടെ ജാതിതിരിച്ചുള്ള ഒരു പട്ടിക എന്നാകുന്നു.

അദ്ധ്യക്ഷൻ: ഗവർമെൻറിൽനിന്നും കാസ്റ്റ്വാർപട്ടിക നൽകുന്നുണ്ടോ?

മി. ററി. പി. രാമസുബ്ബയ്യർ (ഗവർമെൻറുസിക്രട്ടറി): നിയമനങ്ങളുടെ ജാതിതിരിച്ചുള്ള പട്ടികമാത്രമേ ഗവർമെൻറിൽനിന്നും കൊടുക്കാറുള്ളു.

അദ്ധ്യക്ഷൻ: മി. ജാൺ കാസ്റ്റ്വാർപട്ടിക എന്നതിനു എന്തർത്ഥമാണു നിങ്ങൾ ഉദ്ദേശിക്കുന്നതു എന്നു മാത്രം എനിക്കു നിങ്ങളിൽനിന്നും അറിഞ്ഞാൽമതി.

മി. എ. ജെ. ജാൺ (വൈക്കം): മെംബറന്മാർ കാസ്റ്റ്വാർ പട്ടിക ഗവർമെൻറിനോടു ആവശ്യപ്പെട്ടപ്പോൾ ഗവർമെൻറിൽനിന്നും സാധാരണയായി നിയമനങ്ങളുടെ ജാതിതിരിച്ചുള്ള ഒരു പട്ടിക തരാറുണ്ടു.

അദ്ധ്യക്ഷൻ: ഏതായാലും എനിക്കിതു മനസ്സിലാകുന്നില്ല. അതുനിങ്ങൾക്കും സെക്രിട്ടേറിയററുകൾക്കും വിശദമായി മനസ്സിലാകുന്ന ഏതോ ഒരു ഭാഷയാകുന്നു.

മി. കെ. എം. ജോസഫ് (മീനച്ചിലും ദേവികുളവും): പലവർഗ്ഗക്കാർ നിവസിക്കുന്ന ഒരുരാജ്യത്തിൽ പബ്ലിക്കുസർവീസിലെ ആളുകളെനിയമിക്കുന്ന പ്രമേയത്തിനു ഒരുതീരുമാനം ഉണ്ടാകുന്നതു യഥാർത്ഥത്തിൽ വലിയ പ്രയാസമാണ്. പബ്ലിക്കുസർവീസിലെ നിയമനകാര്യങ്ങളിൽ കാര്യക്ഷമതപ്രധാനമായി നോക്കേണ്ടസംഗതിയാണെന്ന് ഏവർക്കുംമനസ്സിലാക്കാൻ കഴിയും. എന്നാൽഅവ പ്രയോഗത്തിൽ വരുമ്പോൾ വർഗ്ഗീയപ്രാതിനിധ്യം തള്ളിവിട്ടുകളയാമോഎന്നുള്ള ചോദ്യംഉണ്ടാകുന്നു. ജനങ്ങളുടെ നിവേദനങ്ങൾ അനുസരിച്ചു ഗവർമെൻറു കാര്യക്ഷമതയെ ബലികഴിക്കാതെ ക്രമേണ വർഗ്ഗീയപ്രാതിനിധ്യനയത്തെ സ്വീകരിച്ചു വരികയായിരുന്നു. വർഗ്ഗീയപ്രാതിനിധ്യസംഗതിയിൽ ഗവർമെൻറിൻെറ ഈ നില രാജ്യത്തിൻെറ ഇപ്പോഴത്തെ സ്ഥിതിഅനുസരിച്ചു വാസ്തവത്തിൽ സ്വീകാര്യമാണ്. പബ്ലിക്കുസർവീസിലേക്കു ആളുകളെനിയമിക്കുന്നതിൽ കാര്യക്ഷമത ഗവർമെൻറിൻെറ ഏകവിചാരമായിരിക്കണമെന്ന് ചിലമെംബർമാർ പറഞ്ഞുവല്ലോ. എന്നാൽരാജ്യത്തിൻെറ ഇപ്പോഴത്തെനിലയ്ക്കു,അതു് എത്രമാത്രം പ്രായോഗികമാണെന്ന് എനിക്കുമനസ്സിലാകുന്നില്ല. നാനാപ്രകാരമുള്ള ഹിതങ്ങളോടുകൂടിയ പലവർഗ്ഗങ്ങളും ജാതികളും ഇല്ലാത്തതായ പാശ്ചാത്യരാജ്യങ്ങളിൽ ഈ പ്രമാണത്തിൻെറമാത്രം അംഗീകരണംനല്ലതായിരിക്കാം. ഉദാഹരണമായിനമ്മുടെ റവന്യൂഡിപ്പാർട്ടുമെൻറെടുക്കാം. ജനങ്ങളുടെ ചിലവിഭാഗങ്ങൾക്ക് കുറച്ചുകാലംമുമ്പുവരെ റവന്യൂഡിപ്പാർട്ടുമെൻറിൽ തീരെപ്രവേശനം ഇല്ലായിരുന്നു. ഏകയോഗ്യതകാര്യപ്രാപ്തിയാണെന്ന് ഇപ്പോൾപറയുന്ന ആളുകൾ അന്ന് കാര്യക്ഷമത അവർക്കുപക്ഷമുള്ളവർഗ്ഗങ്ങളിൽമാത്രമേ കണ്ടിരുന്നൊള്ളു. ഇപ്പോൾപൊതുജനങ്ങളുടേയും പബ്ലിക്കുസർവീസിൻെറയും ക്ഷേമത്തെക്കുറിച്ചു പ്രസംഗിക്കുന്നവരെല്ലാം അന്നുനിശബ്ദമായിരുന്നു. അവർറവന്യൂഡിപ്പാർട്ടുമെൻറിൽ എല്ലാവർക്കും പ്രവേശനം കൊടുക്കുന്നതിനെക്കുറിച്ചു ഒരുവാക്കുപോലും പറഞ്ഞില്ല. അതേപ്പററിയുള്ള സങ്കടത്തേയും അനീതിയേയുംകുറിച്ചു വിചാരിച്ചവർ മാത്രമേ അതിനു വാദിച്ചിട്ടുള്ളു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ചില വർഗ്ഗക്കാർ പ്രക്ഷോഭണം നടത്തിയപ്പോൾ ആവർഗ്ഗീയപ്രക്ഷോഭണത്തിനു എതിരായി ഏതെങ്കിലും വർഗ്ഗക്കാർ നിന്നിട്ടുണ്ടോ?

മി. കെ. എം. ജോസഫ് (മീനച്ചിലും ദേവികുളവും): അവർഅതിനു വിപരീതമായിനിന്നു എന്നുഞാൻ പറഞ്ഞില്ല. യഥാർത്ഥത്തിൽ സങ്കടമുള്ളവർഗ്ഗക്കാർ മാത്രമേ പ്രക്ഷോഭണംനടത്തിയൊള്ളു എന്നു ഞാൻപറകയായിരുന്നു. മററുള്ളവർ ഉദാസീനരായിരിക്കാൻ ധാരാളംവകയുണ്ട്.

അതുകൊണ്ടുഞാൻ പറയുന്നതു രാജ്യത്തിൻെറ ഇപ്പോഴത്തെസ്ഥിതി ആലോചിച്ചു നോക്കിയാൽ നമുക്കുവർഗ്ഗീയപ്രാതിനിധ്യപ്രമാണം പിരെവിട്ടുകളയുവാൻ സാധിക്കയില്ല. ഗവർമെൻറു ഈ പ്രമാണത്തെ ഏറെക്കുറെ സ്വീകരിച്ചിട്ടുണ്ട്. ഈ നിശ്ചയം കൊണ്ടുവന്ന ആളിനോടുള്ള ചീഫ്സെക്രിട്ടറിയുടെ മറുപടി ഗവർമെൻറും ഈ പ്രമാണത്തെ എത്രമാത്രംസ്വീകരിച്ചിട്ടുണ്ട് എന്നു തെളിയിക്കുന്നുണ്ട്. എന്നാൽ ഗവർമെൻറു ഈകാര്യത്തിൽ വേണ്ടിടത്തോളം പ്രവർത്തിച്ചിട്ടില്ലെന്നാണ് ഞാൻപറയുന്നതു. ഗവർമെൻറു നിർണ്ണയിച്ചിട്ടുള്ള രണ്ടുപ്രമാണങ്ങൾ എല്ലാവർക്കും സ്വീകാര്യമാണ്

അവ ഇപ്രകാരമാകുന്നു.

(എ) "ഒരുത്തനും ഒരുപ്രത്യേകവർഗ്ഗത്തിൽ ഉൾപ്പെട്ടആളാണെന്നുള്ള കാരണത്താൽ പബ്ലിക്കുസർവീസിൽപ്രവേശനത്തിനു അയോഗ്യനായിത്തീരുകയില്ല.

(ബി) എല്ലാവർഗ്ഗക്കാർക്കും സർവീസിൽ പ്രവേശിക്കുന്നതിനു ഇല്ല്യമായി അവസരം കൊടുക്കുന്നതാണ്"

ഈ രണ്ടുപ്രമാണങ്ങളും യഥാർത്ഥത്തിൽ ശ്ലാഘ്യങ്ങൾതന്നെ എന്നാൽ മൂന്നാമത്തേതും അഞ്ചാമത്തേതും നോക്കിയാൽ ധാരാളം അഭിപ്രായവ്യത്യാസമുണ്ടെന്നു ഞാൻപറയാം. മൂന്നാമത്തെപ്രമാണം,

(സി) "മററുസംഗതിയിൽ തുല്യമായി ഇരുന്നാൽ പ്രാതിനിധ്യം ഇല്ലാത്തവരെ അല്ലെങ്കിൽ പ്രാതിനിധ്യക്കുറവുള്ളവരെ ആയവർഗ്ഗക്കാരെ തിരഞ്ഞെടുക്കുന്നതാണ്"

എന്നാകുന്നു.

"മററുസംഗതികളിൽ തുല്യമായിരുന്നാൽ" എന്നുള്ളതിൽനിന്നും ഗവർമ്മെൻറ് എന്താണ് ഉദ്ദേശിക്കുന്നതു എന്നു എനിക്കു മനസ്സിലാകുന്നില്ല "മററുസംഗതികൾ" എന്താണെന്നു ഗവർമ്മെൻറ് ഖണ്ഡിച്ചു പ്രസ്താവിച്ചിട്ടുണ്ടായിരുന്നെങ്കിൽ ഒരാൾക്കു അതു മനസ്സിലാക്കാമായിരുന്നു. ഈ പ്രമാണങ്ങൾക്കു വിപരീതമായി ചില വർഗ്ഗക്കാരോടു വലിയ അനീതികൾ പ്രവർത്തിച്ചിട്ടുണ്ടെന്നുള്ളതിനു മി. ജോൺ ധാരാളം ഉദാഹരണങ്ങൾ കാണിച്ചിട്ടുണ്ട്. "മററുസംഗതികൾ" തുല്യമായിരുന്നാൽ എന്നുള്ള പദങ്ങളിൽ ഗവർമ്മെൻറ് രക്ഷപ്രാപിച്ചിരിക്കാം. ഇവ ഒരുപക്ഷെ ജാതിയോ, വർണ്ണമോ, വയസ്സോ അല്ലെങ്കിൽ ആവശ്യമുള്ള സ്ഥലത്തെല്ലാം "തലതൊട്ടപ്പന്മാരുടെ സാന്നിദ്ധ്യംതന്നെയോ ആയിരിക്കാം "മററുസംഗതികൾ" എന്നതിൽ ഗവർമ്മെൻറ് എന്താണ് ഉദ്ദേശിച്ചിരിക്കുന്നതു എന്നു ഒരാൾക്കു ഖണ്ഡിതമായി മനസ്സിലാക്കാൻ സാധിക്കയില്ല. ചട്ടത്തെക്കുറിച്ചു ഒരു ക്ലിപ്തവുമില്ല. ഞാൻ ഒരു ഉദാഹരണംകൊണ്ടു ഇതിനെ വ്യക്തമാക്കാം. ട്രെയിനിങ്ങ് സാധാരണ ഒരു യോഗ്യതയായി വിചാരിച്ചിട്ടില്ലാത്ത കാളേജിലെ ഒരു ട്യൂട്ടരുടെ ഒഴിവിലേക്കു ഒരപേക്ഷകൻ ഒരു ബി. എ. എൽ. ടി. യും മറെറയാൾ ഒരു എം. എയും ആയിരിക്കാം. വർഗ്ഗീയാവകാശങ്ങളെ വിഗണിച്ചു ഗവർമ്മെൻറിനു അതിൻെറ ഇഷ്ടംപോലെ എൽ. ടി. യേയോ അല്ലെങ്കിൽ എം. എ അപേക്ഷകനേയോ തിരഞ്ഞെടുത്തിട്ട് "മററുസംഗതികൾ ഒരുപോലെ ഇല്ലാത്തതുകൊണ്ടു" എന്നുള്ള ചട്ടംകൊണ്ടു സാധൂകരിക്കയും ചെയ്യാം. ഇപ്പോഴത്തെ ചട്ടം അനുസരിച്ചു ഗവർമ്മെൻറിനു ആഗ്രഹിക്കുമ്പോഴെല്ലാം ഈ ചട്ടത്തെ വിഗണിക്കാം എന്നു തെളിയിക്കുന്നു. ഈ ചട്ടങ്ങൾ നിർമ്മിച്ചവരുടെ യഥാർത്ഥ ഉദ്ദേശ്യങ്ങളെ ഗണിക്കാതെ ഗവർമ്മെൻറ് ഈ അക്ലിപ്തമായ വകുപ്പിൽ രക്ഷപ്രാപിക്കാനായി ഉദ്യമിക്കുന്നു. അതുകൊണ്ടു നിയമനങ്ങൾക്കു ആവശ്യമുള്ള "മററുസംഗതികൾ" എന്നതിൽ ഉദ്ദേശിച്ചിരിക്കുന്നതു എന്താണെന്നു ഖണ്ഡിതമായി പറയേണ്ടതു ഗവർമ്മെൻറിൻെറ ധർമ്മമാകുന്നു. അവർ ഉദ്ദേശിക്കുന്നതു കൂടുതൽ വിദ്യാഭ്യാസയോഗ്യതയാണെങ്കിൽ അതിനെ അപ്രകാരം വിശദമായി പ്രസ്താവിക്കണം.

ഗവർമ്മെൻറിൽനിന്നും നിശ്ചയിച്ചിട്ടുള്ള ൭-ാമത്തെ ചട്ടം താഴെ പറയുംപ്രകാരമാകുന്നു.

"ഈ സംഘങ്ങളുടെ കാര്യത്തിൽപോലും ഓരോ സംഘത്തിലുമുള്ള ജനസംഖ്യയെക്കാൾ ഉദ്യോഗം സ്വീകരിക്കുന്നതിനു മനസ്സുള്ളവരുടേയും യോഗ്യതയുള്ളവരുടേയും സംഖ്യയെ ആശ്രയിച്ചായിരിക്കും സർവീസിലെ പ്രാതിനിധ്യം"

ഒരിക്കൽ വർഗ്ഗീയപ്രാതിനിധ്യപ്രമാണം സ്വീകരിച്ചുകഴിഞ്ഞാൽ ഇതു ഒരു ആശാസ്യമായ പ്രമാണമല്ലെന്നാണ് എൻെറ വിശ്വാസം. ഈ ചട്ടത്തിനൊപ്പിച്ചു പ്രവർത്തിക്കുമ്പോൾ ന്യായമായി പ്രവർത്തിക്കാൻ അസാദ്ധ്യമാകുന്നെന്നു മി. കുഞ്ഞിത്തൊമ്മൻെറ ചില ചോദ്യങ്ങൾക്കു മറുപടി പറഞ്ഞപ്പോൾ ചീഫ്സെക്രട്ടറിതന്നെ പറഞ്ഞിട്ടുണ്ടു. ഇതിനെ പുലയരുടെ സംഗതികൊണ്ടു ഉദാഹരിക്കാം. രാജ്യത്തിൽ നൂറു യോഗ്യതയുള്ള ബ്രാഹ്മണനും ഒരു പുലയൻമാത്രവുമേയുള്ളു എന്നു വിചാരിക്കുക. വിദ്യാഭ്യാസയോഗ്യതയുള്ളവരുടെ സംഖ്യ അനുസരിച്ചു നിയമനങ്ങൾ നടത്തുകയാണെങ്കിൽ ബ്രാഹ്മണനു കൊടുക്കുന്ന ഓരോ നൂറു ഉദ്യോഗങ്ങൾക്കും ഒരു പുലയനെ മാത്രമേ നിയമിക്കാൻ സാധിക്കയുള്ളു. വർഗ്ഗീയപ്രാതിനിധ്യപ്രമാണത്തിനുള്ളിൽ കിടക്കുന്ന ചിന്തകളെ ഇതു തീരെ തൃപ്തിപ്പെടുത്തുകയില്ല. അതുകൊണ്ടു ഈ പ്രമേയത്തെപ്പററി ചിന്തിക്കേണ്ടതു വിഭാഗവർഗ്ഗത്തിലുള്ള യോഗ്യതയുള്ള ആളുകളുടെ സംഖ്യയെ ആശ്രയിച്ചല്ല. എന്നാൽ ആ വർഗ്ഗത്തിലുള്ള ആകെ ജനസംഖ്യയെ ആശ്രയിച്ചാണ്; അല്ലെങ്കിൽ സങ്കടമുള്ള വർഗ്ഗത്തിനു യാതൊരു ഗുണവും പ്രവർത്തിച്ചതായിവരികയില്ല. അതുകൊണ്ടു ഈ കാര്യത്തിൽ ഇപ്പോഴുള്ള നിയമം ഭേദപ്പെടുത്തേണ്ടതായിട്ടുണ്ട്. നിയമനങ്ങളിൽ ഗവർമ്മെണ്ടു വർഗ്ഗീയപ്രാതിനിധ്യതത്വം സ്വീകരിച്ചിട്ടുണ്ടെങ്കിൽ ഇതിൽ സംബന്ധിച്ച വർഗ്ഗങ്ങളിലുള്ള ആകെ ജനസംഖ്യയെയാണ് അല്ലാതെ യോഗ്യതയുള്ള അംഗങ്ങളുടെ സംഖ്യയെമാത്രമല്ല അവർ കണക്കാക്കേണ്ടതു.

ഗവർമ്മെൻറു ശ്രദ്ധാവിഷയമാക്കുന്നതിനു ഞാൻ അപേക്ഷിക്കുന്ന രണ്ടു പ്രധാനസംഗതികൾ ഇവയാണ്. "ആദ്യനിയമനങ്ങൾ" എന്ന വാക്കിനെക്കുറിച്ചു ചിലക്കു ചില വിഷമമുള്ളതായി തോന്നുന്നു. മി. രാമൻ മേനവൻ, മി. സി. ഒ. മാധവൻെറയും മി. മാത്തൻെറയും നിയമനങ്ങളെക്കുറിച്ചു പ്രസ്താവിച്ചപ്പോൾ ഈ നിയമനങ്ങൾ, വർഗ്ഗീയചിന്തകൾ ആദ്യനിയമനങ്ങളെമാത്രമേ ബാധിക്കയുള്ളു എന്ന ചട്ടത്തിനു വിപരീതമാണ് എന്നു പറകയായിരുന്നു. ന്യായമായ കയററമായിട്ടല്ലാതെ ഒരു ഡിപ്പാർട്ടുമെൻറിൽനിന്നും മറെറാരു ഡിപ്പാർട്ടുമെൻറിലേക്കുള്ള മാററം ആ മാററപ്പെട്ട ഡിപ്പാർട്ടുമെൻറിൽ ഒരു മാതിരി ആദ്യനിയമനമായി വിചാരിക്കാം എന്നാണ് ഞാൻ മനസ്സിലാക്കീട്ടുള്ളതു. ആദ്യനിയമനങ്ങൾ എന്നതിനു തീരെ താഴ്ന്ന റാങ്കിൽമാത്രമുള്ള നിയമനങ്ങൾ എന്നർത്ഥമാകുന്നില്ല. വന്നേക്കാവുന്ന തെററിദ്ധാരണകൾ നീക്കുന്നതിനായി ഗവർമ്മെൻറ് ആദ്യനിയമനങ്ങൾ എന്നതിനെ വ്യാഖ്യാനിക്കേണ്ടതായിട്ടുണ്ട്. സർക്കാർവക്കീലന്മാർ, കാളേജ് പ്രൊഫസറന്മാർ മുതലായവരിൽനിന്നും ഡിസ്ട്രിക്ടും ഹൈക്കോർട്ടും ജഡ്ജിമാരെ നിയമിക്കുമ്പോൾ ഈ വിഷമം വരാവുന്നതാണ്.

പ്രമേയത്തെക്കുറിച്ചുതന്നെ പറയുന്നതായാൽ പ്രമേയത്തിൻെറ വാചകരീതി നന്നായിട്ടില്ല എന്നു പറയുന്ന ചില അംഗങ്ങളോടു ഞാൻ ഹാർദ്ദമായി യോജിക്കുന്നു. ശരിയായി പ്രതിനിധീകരിക്കാത്ത വർഗ്ഗങ്ങളുടെ അവകാശങ്ങളെ ചിന്താവിഷയമാക്കുന്നതിനു അദ്ദേഹം ആവശ്യപ്പെടുന്നു എന്നാണ് മി. കുഞ്ഞിത്തൊമ്മനിൽനിന്നും അദ്ദേഹത്തിൻെറ പ്രസംഗത്തിൽനിന്നും ഞാൻ മനസ്സിലാക്കുന്നതു. എല്ലാ വർഗ്ഗങ്ങളും ഒരേനിലയിൽ എത്തുന്നതുവരെ മുമ്പിട്ടുനിൽക്കുന്ന വർഗ്ഗങ്ങളിൽനിന്നുമുള്ള നിയമനങ്ങൾ നിറുത്തണമെന്നാണ് ഇപ്പോഴുള്ള അതിൻെറ വാചകത്തിൽനിന്നും അർത്ഥമാകുന്നതു. പ്രമേയത്തിൻെറ വാചകം നോക്കുന്നതായാൽ ആരും അതിനെ അനുകൂലിക്കുന്നതിനു വിഷമംകാണേക്കാം. എന്നാൽ അതിൻെറ ഉദ്ദേശ്യം പ്രാതിനിധ്യം കുറഞ്ഞ വർഗ്ഗങ്ങളുടെ അവകാശങ്ങളെപ്പററി ചിന്തിക്കുന്നതിനായതുകൊണ്ടു ഈ പ്രമേയത്തിൻെറ എല്ലാ ചെറിയ ഖണ്ഡങ്ങളോടും അനുകൂലിക്കാതെ ഞാൻ ഇതിൻെറ സാധാരണമായ ഭാവാർത്ഥത്തോടു യോജിക്കുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർ, ഈ സഭയിലുള്ള പല മെമ്പറന്മാരും വർഗ്ഗീയപ്രാതിനിധ്യത്തെക്കുറിച്ചുള്ള മിക്കവാറും എല്ലാ വാദമുഖങ്ങളും പ്രതിപാദിച്ചുകഴിഞ്ഞു. അതുകൊണ്ടു ഈ പ്രത്യേകസംഗതിയിൽ മുമ്പു പ്രസ്താവിച്ചുകഴിഞ്ഞതിനെക്കാൾ കൂടുതലായി ഒരു സംഗതിയും എൻെറ അഭിപ്രായമായി ഞാൻ പറയുന്നില്ല. എന്നാൽ വർഗ്ഗീയപ്രാതിനിധ്യസംഗതിയെക്കുറിച്ചു ഗവർമ്മെൻറിൽനിന്നും സ്വീകരിച്ചിട്ടുള്ള

പ്രമാണത്തേയും രാജ്യത്തുള്ള പല വർഗ്ഗങ്ങളേയും ക്രമപ്പെടുത്തി ഗവണ്മെന്റിൽനിന്നും തന്നിട്ടുള്ള പട്ടികയേയും സംബന്ധിച്ചു ചീഫ് സെക്രട്ടറി നിർദ്ദേശിച്ചിട്ടുള്ള ചട്ടങ്ങൾകൊണ്ടു അവർ ഏതെറക്കറെ തൃപ്തരായിട്ടുണ്ടെന്ന് ചില അംഗങ്ങളുടെ പ്രസംഗങ്ങളിൽനിന്നു എനിക്കു മനസ്സിലായി. ഈ സഭയിലുള്ള ഒരംഗത്തിന്റെ എങ്കിലും എതിർവാദമില്ലാതെ ആ പട്ടികയും ചട്ടങ്ങളും നടപ്പാക്കാൻ അനുവദിക്കയില്ലെന്നു സഭയോടു പറയാനായി മാത്രമാണ് ഞാൻ ഇവിടെ നില്ക്കുന്നതു.

വർഗ്ഗീയപ്രാതിനിധ്യത്തെ സംബന്ധിച്ചു എനിക്കുള്ള അഭിപ്രായം ഞാൻ മുമ്പൊരവസരത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. ആകപ്പാടെ ഞാൻ അതിനു വിപരീതമാണ്. എന്നാൽ പലേ തലക്കെട്ടിൽ ഓരോ വർഗ്ഗങ്ങളേയും ക്രമപ്പെടുത്തിയിരിക്കുന്നവിധം തീരെ തൃപ്തികരമല്ല. വർഗ്ഗീയപ്രാതിനിധ്യപ്രമാണത്തെ അവർ സ്വീകരിച്ചിരിക്കുന്നു എന്ന് ഗവണ്മെന്റിൽനിന്നുതന്നെ പ്രസ്താവിച്ചാലും ഓരോ വർഗ്ഗങ്ങളേയും ക്രമപ്പെടുത്തിട്ടുള്ള പട്ടിക വളരെ തൃപ്തികരമാണെന്നു അർത്ഥമാകുന്നില്ല. ഗവണ്മെന്റു വർഗ്ഗീയപ്രാതിനിധ്യപ്രമാണം സ്വീകരിക്കയാണെങ്കിൽ അവർ അങ്ങനെ വിശദമായി പ്രസ്താവിക്കണം. പ്രധാനപ്പെട്ട വർഗ്ഗങ്ങൾ അനുസരിച്ചു ജനങ്ങളെ ഇപ്രകാരം വിഭജിച്ചിരിക്കുന്നു. സെൻസസ് റിപ്പോർട്ടനുസരിച്ചു ഏകദേശം ൨൫ ലക്ഷം ഹിന്ദുക്കളുണ്ട്, മഹമ്മദീയർ വളരെ ചെറിയ ഒരു സംഖ്യമാത്രമേയുള്ളു. ഇതുകൂടാതെ പന്ത്രണ്ടോ പതിമൂന്നോ ലക്ഷം ക്രിസ്ത്യാനികളുമുണ്ട്. വർഗ്ഗീയപ്രാതിനിധ്യം ഗവണ്മെന്റിൽനിന്നു സ്വീകരിക്കുന്നുഎങ്കിൽ എല്ലാ ഉദ്യോഗങ്ങളും ആ സംഖ്യയനുസരിച്ചു വീതിക്കണം. "കൊല്ലം ൨൫ ഹിന്ദുക്കൾക്കും ൧൨ ക്രിസ്ത്യാനികൾക്കും രണ്ട് ഉദ്യോഗങ്ങൾ മററുള്ള ന്യൂനവർഗ്ഗക്കാർക്കുമായി വീതിക്കണം" എന്ന് അവർ പറയണം. അതുകൊണ്ടു ഈ വർഗ്ഗീയപ്രാതിനിധ്യനിശ്ചയത്തെക്കുറിച്ചു ഈ സഭയിലെ ചില അംഗങ്ങൾ പ്രസംഗിച്ചതു പ്രദർശിപ്പിച്ചു എങ്കിലും ഒന്നുകൂടി പരമാർത്ഥമായി ഞാൻ പറയുന്നതു അതൊരു കപടവ്യാജമാണെന്നാണ്. വർഗ്ഗീയ പ്രാതിനിധ്യത്തെ അടിസ്ഥാനമാക്കി ഈ സഭയിലെ ചില അംഗങ്ങൾ പ്രതിനിധീകരിക്കാത്ത അല്പപക്ഷവർഗ്ഗങ്ങളുടെ നാമധേയത്തിൽ വലിയ പ്രമേയങ്ങൾ കൊണ്ടുവരുന്നുണ്ട്. സർ, ഹിന്ദുക്കളുടെ ജനസംഖ്യ എടുക്കുകയാണെങ്കിൽ ഇരുപത്തിഅഞ്ചുലക്ഷത്തിൽ ഏകദേശം ഏഴുലക്ഷം നായന്മാരും ആറുലക്ഷത്തിൽ കൂടുതൽ ഈഴവരുമുണ്ട്. ആരാണ് മററുവർഗ്ഗങ്ങളെ ഇവിടെ പ്രതിനിധീകരിക്കുന്നതു്. ഏഴ് ഉദ്യോഗങ്ങൾ കൊടുക്കുകയാണെങ്കിൽ നായന്മാർ തൃപ്തരാകും. ആറു ഉദ്യോഗങ്ങൾ കൊടുത്താൽ ഈഴവർ തൃപ്തരാകും. എന്നാൽ മററുവർഗ്ഗങ്ങളെ ഉദാഹരണമായി ഹിന്ദുക്കൾ എന്ന വലിയ വിഭാഗത്തിൽപ്പെട്ട അല്പപക്ഷവർഗ്ഗക്കാരായ ചക്കാല, പണ്ടാരി, വാണിയൻ മുതലായവരെ ആരാണ് പ്രതിനിധീകരിക്കുന്നതു? ആരും അവരെ പ്രതിനിധീകരിക്കുന്നില്ല.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും) : അവർ ഓരോരുത്തരും ഇപ്രകാരം പ്രാതിനിധ്യം വേണമെന്നു ഗവണ്മെന്റിനോടു അപേക്ഷിച്ചിട്ടുണ്ടോ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്) : ഞാനാണ് അവരെ ഇപ്പോൾ പ്രതിനിധീകരിക്കുന്നതു്.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും) എല്ലാവരുടെയും പ്രാതിനിധ്യം മി. നീലകണ്ഠപ്പിള്ളയ്ക്കുണ്ടോ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്) : ഉണ്ട്. ഞാൻ എന്റെ നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്നു. എന്റെ നിയോജകമണ്ഡലത്തിൽ ചക്കാലന്മാർ, പണ്ടാരികൾ, നായന്മാർ, വാണിയന്മാർ മുതലായവർ ഉൾപ്പെട്ടിട്ടുണ്ട്.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും) : ഓരോ വർഗ്ഗക്കാർക്കും പ്രത്യേകം പ്രാതിനിധ്യം വേണമെന്നു അവർ മി. നീലകണ്ഠപ്പിള്ളയോടു അഭിപ്രായപ്പെട്ടിട്ടുണ്ടോ?

മി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്) : ഞാൻ എന്റെ വ്യക്തിപരമായ അഭിപ്രായത്തെ അല്ല പറയുന്നതു് ഞാൻ എന്റെ നിയോജകമണ്ഡലത്തിന്റെ അഭിപ്രായത്തെആണ് പ്രകടിപ്പിക്കുന്നതു്. ഏതൊരുതരത്തിലും ഉള്ള വർഗ്ഗീയപ്രാതിനിധ്യത്തിനു വിപരീതമായിട്ടാണ് എന്റെ സ്വന്തം അഭിപ്രായം. എന്നാൽ വർഗ്ഗീയപ്രാതിനിധ്യപ്രമാണത്തെ അവർ സ്വീകരിച്ചിരിക്കുന്നു എന്നൊരു വാഗ്ദാനത്തോടു ഗവണ്മെന്റു പുറപ്പെട്ടുഎന്നാണ് ഞാൻ ഈ സഭയിലെ ചില അംഗങ്ങളുടെ പ്രസംഗങ്ങളിൽ നിന്നും മനസ്സിലാക്കിയതു. ഹിന്ദുവർഗ്ഗത്തെ പല വലിയ വിഭാഗങ്ങളായി തിരിച്ചു അവയിലുള്ള ഓരോ ചെറിയവിഭാഗങ്ങളേയും സംബന്ധിച്ചു ഈ പ്രമാണം സ്വീകരിക്കാത്തതു എന്തുകൊണ്ടാണ് എന്നാണ് ഞാൻ ചോദിക്കുന്നതു്? അതാണ് എന്റെ ചോദ്യം. അതുകൊണ്ടു ചില വലിയവർഗ്ഗക്കാർ, അല്ലെങ്കിൽ ഈ സഭയിൽ അരഡസൺ പ്രതിനിധികൾ ഉള്ളവർഗ്ഗക്കാർ വർഗ്ഗീയ പ്രാതിനിധ്യ പ്രമാണത്തെക്കുറിച്ചു ചില ബഹളങ്ങൾ ഉണ്ടാക്കും. അപ്പോൾ അവരെ തൃപ്തരാക്കത്തക്കവണ്ണം അവർക്കു ചില ഉദ്യോഗങ്ങൾ നൽകുന്നതിനു ഗവണ്മെന്റു സന്നദ്ധരായിരിക്കും. അതിൽനിന്നും ഇവിടെ പ്രതിനിധീകരിക്കാത്ത ചെറിയവർഗ്ഗക്കാർ അതുകൊണ്ടു തൃപ്തരായി എന്നുള്ളധാരണയോടുകൂടി ഗവണ്മെന്റിരിക്കരുതു്.

മി. എൻ. കുമാരൻ (നിയമിക്കപ്പെട്ടസഭാംഗം) : മുപ്പത്തഞ്ചുവർഷങ്ങൾക്കുമുമ്പു തിരുവിതാംകൂർ ചരിത്രത്തിൽ വർഗ്ഗീയപ്രാതിനിധ്യം ആദ്യമായിക്കൊണ്ടുവന്നതു നായന്മാർ ആണെന്നു നിങ്ങൾക്കറിയാമോ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്) : മുപ്പത്തഞ്ചുവർഷങ്ങൾക്കുമുമ്പു ഞാൻ ജനിച്ചിട്ടില്ലായിരുന്നു എന്നു എനിക്കു ബലമായ സംശയമുണ്ട് (ചിരി)

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും) : മെഡിക്കൽ ഡിപ്പാർട്ടുമെന്റിൽ നായന്മാർ കുറവാണെന്നും അവർക്കു കൂടുതൽ പ്രാതിനിധ്യം വേണമെന്നും മി. നീലകണ്ഠപ്പിള്ള വാദിക്കയുണ്ടായോ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്) : ഞാൻ വാദിച്ചിട്ടില്ല. ആ ഭാഗം ഉദ്ധരിക്കുന്നതിനായി ഞാൻ മി. കുഞ്ഞിത്തൊമ്മനെ വെല്ലുവിളിക്കുന്നു. മെമ്പർ ചോദ്യം ചോദിക്കുന്നതിനു മുമ്പു ഇവിടെ നടക്കുന്ന സംഗതികളെക്കുറിച്ചു വായിക്കണം.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും) : ഏതെങ്കിലും സ്റ്റാഫ് യോഗത്തിൽ പറയുകയുണ്ടായോ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്) : ഈ സഭയിലെ ഒരംഗമെന്ന നിലയിൽ എന്റെ പക്ഷിത്തിൽ ഉണ്ടായിട്ടില്ല. പ്രതിനിധികരിക്കേണ്ട വർഗ്ഗം ഏതാണെന്ന മി. കുഞ്ഞിത്തൊമ്മൻ വണ്ണംചോദിച്ചു. വർഗ്ഗീയപ്രാതിനിധ്യത്തെക്കുറിച്ചു വലിയസംസാരമോ പബ്ലിക്കസർവീസിൽ വർഗ്ഗീയപ്രാതിനിധ്യപ്രമാണത്തെക്കുറിച്ചു ഏതെങ്കിലും പ്രക്ഷോഭമോ ഈ സഭയ്ക്കു വെളിയിൽ ഉണ്ടായിട്ടില്ലെന്ന ഞാൻ മെമ്പറിനോടു പറയാം.

മി. തയ്യിൽകുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും) : മി. നീലകണ്ഠപ്പിള്ള മെഡിക്കൽ ഡിപ്പാർട്ടുമെന്റിലുള്ള ഉദ്യോഗസ്ഥന്മാരുടെ വർഗ്ഗംതിരിച്ചുള്ള പട്ടിക ആവശ്യപ്പെട്ടിട്ടുണ്ടോ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്) : ഉണ്ടായിരുന്നു; ഞാൻ ആവശ്യപ്പെട്ടിട്ടുണ്ടായിരിക്കാം ഉവ്വ്. വർഗ്ഗീയപ്രാതിനിധ്യത്തിനുവേണ്ടി ഒരുവലിയ മുറവിളി ഉണ്ടാകുന്നതിനു ഞാൻ ആ അവസരത്തിൽ ഡപ്യൂട്ടി പ്രസിഡണ്ടിനോടു പറകയുംചെയ്തു. എന്നാൽ ഞാൻ അതിന അനുകൂലമല്ല. പബ്ലിക്കസർവീസിലുള്ള ഓരോശാഖകളിലും ഒരുവർഗ്ഗത്തിന്റെ പ്രാതിനിധ്യംകൊണ്ടു അതിന് തൃപ്തിപ്പെടാൻ അവകാശമുണ്ടോ എന്ന് എനിക്കറിഞ്ഞുകൂടാ

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും—തൊടുപുഴയും) : മെഡിക്കൽ ഡിപ്പാർട്ടുമെന്റിൽ നായന്മാരുടെസംഖ്യ കുറവാണെന്ന കാണിക്കാനാണോ അങ്ങിനെ ഒരുപട്ടിക ആവശ്യപ്പെട്ടതു്?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്) : അല്ല, നിശ്ചയമായും അല്ല. ഡിപ്പാർട്ടുമെന്റിന്റെ ഓരോശാഖകളിലും ഒരുവർഗ്ഗത്തിന്റെ പ്രാതിനിധ്യംകൊണ്ടു വളരെ തൃപ്തിപ്പെട്ടിരിക്കുന്നതായ യാതൊരു വർഗ്ഗവും തിരുവിതാംകൂറിൽ ഇല്ലെന്ന മി. കുഞ്ഞിത്തൊമ്മനെപ്പോലുള്ള ചില അംഗങ്ങളെ മനസ്സിലാക്കുന്നതിന മാത്രമാണ്. സർവീസിന്റെ ഒരുശാഖയിൽ നായന്മാരെ ശരിയായി പ്രതിനിധീകരിച്ചിട്ടില്ലെന്ന അവർക്ക പരാതിപറയാം. ഇതുപോലെ സർവീസിന്റെ ചില പ്രത്യേകശാഖകളെ സംബന്ധിച്ചു ഓരോ വർഗ്ഗവും പറകയും അതുകൊണ്ടു ഈ പ്രമേയത്തിൽ അന്തർഭിന്നമായി യാതൊരു യഥാർത്ഥസങ്കടവുമില്ലെന്നാണ ഞാൻ പറയുന്നതു്. അങ്ങിനെയുണ്ടെങ്കിൽ ഈ സഭയിൽ ഇല്ലാത്ത മററുവർഗ്ഗങ്ങളെ പ്രതിനിധീകരിക്കുന്നതു് ആരാണ്? അതുകൊണ്ടു ഈ സഭയിൽ സംസാരിക്കുന്നതിന അവകാശമില്ലാത്ത ചിലവർഗ്ഗങ്ങളുടെ നാമധേയത്തിൽ ഇപ്രകാരമുള്ള അനുഭവങ്ങളെ പറഞ്ഞു ഈ പ്രാതിനിധ്യത്തിൽനിന്നും മററുള്ള വർഗ്ഗക്കാർ ചാടിയുണ്ടാക്കാൻ പോവുകയാകുന്നു എന്നാണ് ഞാൻപറയുന്നതു്. ഗവണ്മെന്റിന്റെനില അപ്രകാരമായിരിക്കരുതു്. ഉദാഹരണമായി സുറിയാനി ക്രിസ്ത്യാനികളെ പല കൂട്ടങ്ങളായി വിഭജിച്ചിട്ടുണ്ട്. ഇതിൽ ചില ചെറിയവർഗ്ഗക്കാർ ഈയിടെയായിട്ടാണ് ഉൽഭവിച്ചിട്ടുള്ളതു്. ക്രിസ്ത്യാനികളെ ഇപ്രകാരം നിസ്സാരമായ ഉപവിഭാഗങ്ങളായിവിഭജിക്കാമെങ്കിൽ എന്തുകൊണ്ടാണ് നായർവർഗ്ഗത്തേയും ഉപവിഭാഗങ്ങളായിതിരിക്കാത്തതു. പ്രത്യേക വിഭാഗങ്ങളായി തിരിഞ്ഞിട്ടുള്ള നായർ സർവീസ് സൊസൈററിയും കേരളമിഷൻ ഇതുപോലെയുള്ള മററു സ്ഥാപനങ്ങളും ഉണ്ട്. അവരെ പ്രത്യേകമായി തിരിച്ച് പബ്ലിക്കസർവീസിൽ അവരേയും പ്രത്യേകമായി പ്രതിനിധീകരിക്കണം. ഇതുകൂടാതെ ആര്യസമാജവും ഉണ്ട്.

മി. കെ. ഐ. ജോസഫ് (മീനച്ചിലും-ദേവികുളവും): ഇപ്രകാരം ഒരു പ്രാതിനിധ്യത്തിന അവർ ആവശ്യപ്പെടുന്നുണ്ടോ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഞാൻ ആവശ്യപ്പെടുന്നു.

മി. കെ. ഐ. ജോസഫ് (മീനച്ചിലും-ദേവികുളവും): അവർ ആവശ്യപ്പെടുന്നുണ്ടോ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): എന്തിനാണ് അവർ ആവശ്യപ്പെടുന്നതു്? ഇതു നീതിയെസംബന്ധിച്ച ഒരു ചോദ്യമാണ്. നിങ്ങൾ ന്യായത്തിനുവേണ്ടി യുദ്ധംചെയ്യുകയാണെങ്കിൽ അതു എല്ലാം വർഗ്ഗക്കാർക്കുംവേണ്ടി ആയിരിക്കണം. നിങ്ങൾ നിങ്ങളുടെ വർഗ്ഗത്തിനുവേണ്ടി പോരാടുകയാണെങ്കിൽ ആ ചോദ്യം ന്യായമായിട്ടുള്ളതല്ല.

മി. കെ. ഐ. ജോസഫ് (മീനച്ചിലും-ദേവികുളവും): പ്രജകളിൽ ചിലർ നായന്മാരായി ഗണിക്കപ്പെടാൻ സമ്മതമാണെങ്കിൽ മി. നീലകണ്ഠപ്പിള്ള എന്തിനാണ് അതേപ്പററി പരാതിപറയുന്നതു്?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): യഥാർത്ഥനായന്മാർ അപ്രകാരം ഒരു സംഗതിക്കു സമ്മതിക്കുകയില്ല. അതാണ് ഞാൻ പറയുന്നതു്.

മി. കെ. ഐ. ജോസഫ് (മീനച്ചിലും-ദേവികുളവും): ആ ഉപവിഭാഗങ്ങൾ ഗവണ്മെന്റിലേക്ക് എന്തെങ്കിലും നിവേദനങ്ങൾ സമർപ്പിച്ചിട്ടുണ്ടോ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഞാനാണ് അവരെ പ്രതിനിധീകരിക്കുന്നതു്.

മി. കെ. ഐ. ജോസഫ് (മീനച്ചിലും-ദേവികുളവും): ഇതുവരെയായിട്ടും നിങ്ങൾ ഇതേപ്പററി പ്രസ്താവിച്ചിട്ടുണ്ടോ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇതിനുമുമ്പായി വർഗ്ഗീയപ്രാതിനിധ്യപ്രമേയത്തെക്കുറിച്ച് സംസാരിക്കാൻപോലും അവസരം ഇല്ലായിരുന്നു. അല്പപക്ഷവർഗ്ഗക്കാരെ പ്രതിനിധീകരിക്കുന്നതിന എനിക്കുകിട്ടിയ അവസരത്തെ ഞാൻ ഇപ്പോൾ വിനിയോഗിക്കുകയാണ്. ഗവണ്മെന്റിൽനിന്നും വർഗ്ഗീയപ്രാതിനിധ്യം സ്വീകരിച്ചാൽപോലും എല്ലാവർഗ്ഗക്കാരുടേയും ഒരു പൂർത്തിയായ പട്ടിക തയാറാക്കുകയും അവരെ ഓരോ തലങ്ങളിൽ ചെറിയ ഉപഭാഗങ്ങളായി തിരിക്കുകയും അസാദ്ധ്യമാകുന്നെന്നാണ് ഞാൻ പറയുന്നതു്. അതു അസാദ്ധ്യമാണെങ്കിൽ ഗവണ്മെന്റിൽനിന്നും ആ പട്ടികയെ തള്ളിക്കളയണം; അവർ ആ പ്രമാണത്തെ സ്വീകരിക്കുകയാണെങ്കിൽ ഹിന്ദു, ക്രിസ്ത്യാനിമുതലായ തിരുവിതാംകൂറിലുള്ള ജനങ്ങളുടെ പ്രധാന വിഭാഗങ്ങളെമാത്രം അതിൽനിന്നും സ്വീകരിക്കണം. ആ പ്രധാനവർഗ്ഗങ്ങളെ പ്രത്യേകം ചെറിയ ഗ്രൂപ്പുകളായി തിരിക്കയാണെങ്കിൽ അതു ഈ സഭയിൽ പ്രതിനിധീകരിക്കാത്ത മററു ചില വർഗ്ഗക്കാരോടു അനീതി പ്രവർത്തിക്കയായിരിക്കുമെന്നാണ് ഞാൻ വിചാരിക്കുന്നതു്.

മി. സി. പി. തരകൻ (കുന്നത്തുനാട്ട്): ഉദ്യോഗനിയമനവിഷയത്തിൽ ഒരു പരീക്ഷ ഏർപ്പെടുത്തി അതിൽ ഒന്നാമതായി ജയിക്കുന്നവർക്ക ഉദ്യോഗം കൊടുക്കുന്നതായാൽ നന്നായിരിക്കയില്ലേ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ ഹാസ്യകരമായ പരീക്ഷകൾകൊണ്ടു നമ്മുടെ ആളുകൾ കൂടുതൽ കൂടുതലായി ക്ഷീണിച്ചുവരികയാണെന്നാണ് എനിക്കു തോന്നുന്നതു്. അതിനാൽ ഇനിയും അവരെ കൂടുതൽ പരീക്ഷകൾക്കു അടിമപ്പെടുത്തണമെന്ന് എനിക്കാഗ്രഹമില്ല.

മി. സി. പി. തരകൻ (കുന്നത്തുനാടു): ഉദ്യോഗത്തിനുള്ള അപേക്ഷകന്മാരിൽ കൂടുതൽ പരീക്ഷായോഗ്യതയുള്ള ആളിനെ നിയമിച്ചാൽ മെംബർക്കു തൃപ്തിയാകുമോ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇല്ല.

മി. സി. പി. തരകൻ (കുന്നത്തുനാടു): ഏതു പ്രകാരത്തിൽ ഉദ്യോഗനിയമനം നടത്തിയാലാണ് മെംബർക്കു തൃപ്തിയാവുക?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): എനിക്കു തൃപ്തികരമായി ഉത്തരംപറയാൻ സാധിക്കാത്ത ഏററവും അക്ലിഷ്ടമായ ഒരു ചോദ്യമാണിതു്. ഉദാഹരണമായി എക്സൈസ് ഡിപ്പാർട്ടുമെൻറിൽ ഒരു ക്ലാർക്കുജോലിക്കു ഒരു മെട്രിക്കുലേഷൻ ജയിച്ച ആളിനെക്കൊണ്ടു മേലധികാരി തൃപ്തിപ്പെടും. ഒരു ബി. എ. ക്കാരൻ അപേക്ഷിച്ചുഎന്നു വരാം. അതാണോ അവിടെ ഉപയോഗിക്കേണ്ട മാനദണ്ഡം. അദ്ദേഹത്തിന് ഒരു മെട്രിക്കുകാരനെ മാത്രമേ ആവശ്യമൊള്ളു. മെട്രിക്കുലേററു അപേക്ഷകന്മാരിൽനിന്നും തിരഞ്ഞെടുക്കുന്നതിനായി അദ്ദേഹത്തെ അനുവദിക്കണം.

മി. സി. പി. തരകൻ (കുന്നത്തുനാടു): യാതൊരു വ്യവസ്ഥയും ഉദ്യോഗനിയമനത്തെക്കുറിച്ചു ആവശ്യമില്ലെന്നാണോ മെംബറുടെ അഭിപ്രായം?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതെ. രാജ്യത്തെ പബ്ലിക്കുസർവീസിൽ സ്വീകരിക്കുന്നതിനായി എന്തെങ്കിലും വിശാലമായ പ്രമാണങ്ങൾ ഉണ്ടായിരിക്കണം. ഈകാര്യത്തിനു മറ്റ്ഗേമ്ശ്യമായിരിക്കേണ്ടതു് കാര്യപ്രാപ്തിയാകണമെന്നാണ് ഈ സഭയിലെ ചില മെംബറന്മാരുടെ അഭിപ്രായം.

മി. സി. പി. തരകൻ (കുന്നത്തുനാടു): കാര്യക്ഷമത എങ്ങിനെയാണ് നിശ്ചയിക്കേണ്ടതു്?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഞാൻ കൂടുതലായി ഇതിനെക്കുറിച്ചു പറയണമെന്ന് മെംബറിനു ആവശ്യമുണ്ടെങ്കിൽ, നിയമനങ്ങളുടേയും കയററങ്ങൾ നൽകുന്നതിൻേറയും കാര്യത്തിൽ സ്വഭാവത്തെക്കൂടി വിചിന്തനംചെയ്യണമെന്നു പറയാം.

മി. സി. പി. തരകൻ (കുന്നത്തുനാടു): അറിയുന്നതെങ്ങനെയാണ്?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഏററവും കുറഞ്ഞയോഗ്യത ക്ലിപ്തപ്പെടുത്തിട്ടുണ്ടു്. അതുകൊണ്ടു മതിയാകുന്നതാണ്.

മി. സി. പി. തരകൻ (കുന്നത്തുനാടു): മിനിമം ക്വാളിഫിക്കേഷൻഉള്ളവരിൽ പലരും അപേക്ഷിച്ചാൽ അതിൽ ആർക്കാണു കൊടുക്കേണ്ടതു്?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): മെംബർ ആദ്യനിയമനങ്ങളെക്കുറിച്ചാണു പറയുന്നതു്. ഈകാര്യത്തിൽ ഗവമെൻറു വർഗ്ഗീയപ്രാതിനിധ്യംകൂടാതെ മററുപല സംഗതികളേയും കൂടി ഗൌനിക്കുന്നുണ്ടു്. ഞാൻ മെംബറിനോടു ഒരു ഉദാഹരണം പറയാം. ഒന്നോ രണ്ടോ മാസംമുൻപു എട്ടോ ഒൻപതോ പുതിയ പോലീസ് ഇൻസ്പെക്ടറന്മാരെ എടുത്തു. ഇതിൽ വർഗ്ഗീയപ്രാതിനിധ്യപ്രമാണമല്ലാ ഉപയുക്തമാക്കിയതു്. നേരമറിച്ചു എല്ലാ വർഗ്ഗങ്ങളേയും പ്രതിനിധീകരിക്കയുംചെയ്തു; ഒരുത്തർക്കും ഒരു സങ്കടവും ഇല്ലായിരുന്നു. പരീക്ഷായോഗ്യതകളേയും മററു പല സംഗതികളേയും കുറിച്ചു ചിന്തിച്ചു. അതുകൊണ്ടു നമുക്കു ഗവമെൻറിനെ വിശ്വസിക്കാം. ഒരു പ്രത്യേകആളെ ഒരു പ്രത്യേകഉദ്യോഗത്തിൽ നിയമിക്കുന്നതിനു അവശ്യം ഗൌനിക്കേണ്ട പല സംഗതികളേയുംകുറിച്ചു ഗവമെൻറുതന്നെ നോക്കിക്കൊള്ളും.

മി. സി. പി. തരകൻ (നിയമിക്കപ്പെട്ട സഭാംഗം): അതു നടത്തിയതു ദിവാൻതന്നെയാണെന്ന് മെംബർ ഓർക്കുന്നുണ്ടോ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതു നടത്തിയതു് ആരാണെന്നു എനിക്കു അറിയാൻ പാടില്ല. ആരെങ്കിലും തന്നെ നടത്തട്ടെ. ഇതിനെക്കാൾ കൂടുതലായി ഞാൻ പറഞ്ഞറിയിക്കണമെന്നു മെംബർ ആവശ്യപ്പെടുന്നുഎങ്കിൽ ഉദ്യോഗക്കയററംനൽകുന്നകാര്യത്തിൽ സ്വഭാവത്തെക്കൂടി ചിന്തിക്കണമെന്നാണ് ഞാൻ വിചാരിക്കുന്നതു്. ചില ഉദ്യോഗസ്ഥന്മാർ സത്യം ഇല്ലാത്തവരാണെന്ന് രാജ്യത്തെങ്ങും ഒരു മുറവിളിയുണ്ടു്. ഒരു ഉദ്യോഗത്തിനു ഇത്രപ്രാവീണ്യം എന്നു ഒരു വില ഉദ്യോഗസ്ഥന്മാർ നിശ്ചയിക്കപ്പെട്ടിട്ടുള്ളതായി പൊതുജനങ്ങൾക്കു മനസ്സിലായിട്ടുണ്ടു. അതുകൊണ്ടു് ഉദ്യോഗക്കയററം നൽകുന്നകാര്യത്തിലും ഈ വർഗ്ഗീയ പ്രാതിനിധ്യപ്രമാണത്തെക്കുറിച്ചു ചിന്തിക്കാൻ പാടില്ല. ഉദ്യോഗസ്ഥൻെറ സ്വഭാവത്തെപററി നോക്കണം, അല്ലാതെ അയാൾ ഈ വർഗ്ഗത്തിലോ മററതിലോ ഉൾപ്പെട്ടതാണോ എന്നല്ലനോക്കേണ്ടതു്. അല്ലാത്തപക്ഷം പബ്ലിക്കസർവീസിനാണ് ക്ലേശം നേരിടുന്നതു്. ഇത്രയുംപറഞ്ഞു ഞാൻ ഈ പ്രമേയത്തെ എതിർക്കുന്നു.

മി. സി. പി. തോമസ് (നിയമിക്കപ്പെട്ടസഭാംഗം): ഗവമെൻറു ഒരു മണ്ടത്തരം പ്രവർത്തിച്ചുഎന്നു മെംബർ വിചാരിക്കുന്നുണ്ടോ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഉവ്വ്. ഞാൻ അപ്രകാരംപറഞ്ഞല്ലോ?

മി. ജി. രാമൻമേനോൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): മെംബർ വിചാരിക്കുന്നുണ്ടോ?

അദ്ധ്യക്ഷൻ. അദ്ദേഹം സ്വസ്ഥാനത്തെ പ്രാപിച്ചുകഴിഞ്ഞിരിക്കുന്നു.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): എൻെറ പ്രമേയത്തെ ചിലരെല്ലാം എതിർക്കുകയും ചിലർ അനുകൂലിക്കയുംചെയ്തുകഴിഞ്ഞു. ഈ പ്രമേയം ഇവിടെ അവതരിപ്പിച്ചതിൻെറ ആവശ്യകതയെപ്പററി ഇതിനെ എതിർത്തവരോടു കുറച്ചു സമാധാനം പറയേണ്ടതാണല്ലോ.

ഒന്നാമതായി ചീഫ്സെക്രട്ടറി അവർകൾ ഈ പ്രമേയത്തിലടങ്ങിയിരിക്കുന്ന തത്വത്തെ ഗവമെൻറു സമ്മതിക്കുന്നുഎന്നു പറകയുണ്ടായി. അതൊരുവിധം സമാധാനകരംതന്നെയാണ്. എന്നാൽ ഈ തത്വം ഇതിനു മുമ്പും ഗവമെൻറു സമ്മതിച്ചിട്ടുള്ളതാണ്. അതിൻെറശേഷം പ്രാതിനിധ്യം കുറഞ്ഞവർഗ്ഗക്കാരെ ഉദ്യോഗങ്ങളിൽ നിയമിക്കണമെന്നു കാണിച്ചും മുമ്പു ആ വിധമുള്ള ഒരാജ്ഞയെ ഡിപ്പാർട്ടുമെൻറുമേലദ്ധ്യക്ഷന്മാർ ആരും

ക്കാത്ത പ്രാതിനിധ്യമുള്ളവരെത്തന്നെ നിയമിച്ചതിനു അവരോടു സമാധാനം ചോദിക്കുന്നശുപത്രിലും ഒരു പ്രൊസീഡിംഗ്സ് ഗവൎമ്മെന്റു പ്രസിദ്ധപ്പെടുത്തി. എന്നാൽ ആ ആൎഡർ അനുസരിച്ചു ഉദ്യോഗസ്ഥന്മാർ പ്രവൎത്തിച്ചുകാണാത്തതുകൊണ്ടാണു് ഈ പ്രമേയം വീണ്ടും ഇവിടെ കൊണ്ടുവന്നതു്.

ഇപ്പോഴും നിയമനാധികാരമുള്ള ഉദ്യോഗസ്ഥന്മാർ അവരുടെ ചാൎച്ചക്കാരേയും ബന്ധുജനങ്ങളേയും പബ്ലിക്കുസർവീസിൽ നിയമിക്കുന്ന പതിവാണു് തുടൎന്നുകൊണ്ടുവരുന്നതു. കൌൺസിലിൽ ചോദ്യങ്ങൾക്കു കിട്ടിട്ടുള്ള മറുപടികളിൽനിന്നു ഇതു വ്യക്തമാകുന്നുണ്ടു്. ... ഏപ്രിൽ ...-നു-യാണു് ഇതിനെസംബന്ധിച്ച ഒരു ഗവൎമ്മെന്റു പ്രൊസീഡിംഗ്സ് ഉണ്ടായതു്. അതിൽ ഓരോ ഡിപ്പാൎട്ടുമെന്റിലും നടന്ന നിയമനത്തെ എടുത്തു പ്രസ്താവിച്ചുകൊണ്ടു ഓരോ ഡിപ്പാൎട്ടുമെന്റു മേലധ്യക്ഷന്മാരോടും സമാധാനം ചോദിച്ചിട്ടുണ്ടു. ഒന്നാമതായിട്ടു ലാൻറവെന്യൂകമ്മിഷണരോടാണു് ചോദിച്ചിരിക്കുന്നതു. അതു് ഇപ്രകാരമാണ്.

"ഈ വകുപ്പിൽ പ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്ത സമുദായങ്ങളിൽനിന്നും അപേക്ഷകന്മാരുണ്ടായിരുന്നിട്ടും ആ സമുദായങ്ങളിൽനിന്നും നിയമനങ്ങൾ കുറയുവാൻ എന്തുകൊണ്ടാണെന്നു കമ്മീഷണർ സമാധാനം പറയണം. പേഷ്കാരന്മാരുടെ നിയമനത്തിലും ഇതുപോലെതന്നെ പ്രവൎത്തിച്ചിരിക്കുന്നു. ഇതിനു അവരുടെ സമാധാനം വാങ്ങി സ്വന്ത അഭിപ്രായത്തോടുകൂടി ഗവൎമ്മെന്റിലേക്കയക്കണം'

ജുഡിഷ്യൽഡിപ്പാൎട്ടുമെന്റുസംബന്ധിച്ചും സമാധാനം ചോദിച്ചിട്ടുണ്ടു.

"ഈ ഡിപ്പാൎട്ടുമെന്റിൽ ധാരാളം പ്രവേശനം ലഭിച്ചിട്ടുള്ള സമുദായക്കാരിൽനിന്നും പിന്നെയും കൂടുതൽ പേരെ നിയമിക്കയും താഴ്ന്നക്ലാസ്സുകളിൽപോലുംതീരെ പ്രവേശനം ലഭിക്കാത്ത സമുദായക്കാരിൽനിന്നും കൂടുതൽ ആളുകളെ നിയമിക്കാതിരിക്കയും ചെയ്തിട്ടുള്ളതിനു സമാധാനം പറയണം"

ഇങ്ങനെ വിദ്യാഭ്യാസം, പൊതുജനാരോഗ്യസംരക്ഷണം, പബ്ലിക്കുവൎക്ക്സ്, എക്സൈസ്, എന്നിവകുപ്പുകാരോടെല്ലാം സമാധാനം ചോദിച്ചിരിക്കുന്നു. സമാധാനം എന്നും ഇതേവരെ പറഞ്ഞതായി അറിവില്ല. നിയമനങ്ങളെല്ലാം പഴയപടിതന്നെ. ജുഡിഷ്യൽഡിപ്പാൎട്ടുമെന്റിനെസംബന്ധിച്ചു ഞാൻ ചോദിച്ച ഒരു ചോദ്യത്തിനു എനിക്കു കിട്ടിട്ടുള്ള ഉത്തരം ഇവിടെ പറഞ്ഞുകൊള്ളട്ടെ. ൨൩-ാംനമ്പർ ചോദ്യത്തിനാണു് അതു. ൧൧൦൪ മുതൽ ൧൧൦൭ വരെ ഹൈക്കോടതിയിൽനിന്നും നിയമിച്ചിട്ടുള്ള ക്ലാൎക്കുകളുടെ കണക്കാണ് ചോദിച്ചിരുന്നതു്. ബ്രാഹ്മണർ ൧൦൩, ഈഴവർ ൧, നായന്മാർ ൧൪൭, വെള്ളാളർ ൧൩, മറുഹിന്ദുക്കൾ ൭, മഹമ്മദീയർ ൧, പ്രൊട്ടസ്റ്റൻ്റ്, റോമൻകത്തോലിക്കർ ൯, യാക്കോബായ ൧൨, റിഫാം ൩, ആകെ ൨൭൯. ഇനി എക്സൈസ് ഡിപ്പാൎട്ടുമെന്റിലെ നിയമനങ്ങളെ നോക്കാം. എക്സൈസ്കമ്മീഷണർ ഏതാനുംമാസത്തെ അവധി എടുത്തിരുന്നപ്പോൾ മിസ്റ്റർ ഗോവിന്ദപ്പിള്ള ആ സ്ഥാനം വഹിച്ചിരുന്നു. അദ്ദേഹത്തിന്റെ നിയമനത്തെപ്പറ്റി കൌൺസിലിൽ ചോദിച്ചചോദ്യങ്ങൾക്കു കിട്ടിട്ടുള്ളമറുപടിയാണ് താഴെപറയുന്നതു്. ആകെ ൭൪ നിയമനങ്ങളിൽ ൫൭ നായന്മാരും ൪ ബ്രാഹ്മണരും, ൪ മറുഹിന്ദുക്കളും ൪ ഈഴവരും ൩ വെള്ളാളരും ഒരു കത്തോലിക്കനും ൨ മറു ക്രിസ്ത്യാനികളും ൩ മഹമ്മദീയരും ഉദ്യോഗങ്ങളിൽ നിയമിക്കപ്പെട്ടിട്ടുണ്ടു്. മിസ്റ്റർ ഗോവിന്ദപ്പിള്ള ആക്ടിംഗ് കമ്മീഷണരായിരുന്ന മാസക്കാലങ്ങൾക്കുള്ളിലെ നിയമനങ്ങളാണ് ഇതു്. ഈ മാതിരി പല പട്ടികകളും പല ഡിപ്പാൎട്ടുമെന്റുകളെ സംബന്ധിച്ചും എടുത്തുപറയുവാൻകഴിയും. എന്നാൽ സമയമില്ല. ഈ മാതിരി ആക്ഷേപയോഗ്യമായ തരത്തിലാണ് ഓരോഡിപ്പാൎട്ടുമെന്റിലേയും നിയമനങ്ങൾ. ഓരോഡിപ്പാൎട്ടുമെന്റിലും തങ്ങളുടെ ആളുകൾ ഇല്ലാത്തതുകൊണ്ടു ജനസാമാന്യം വളരെ ദുരിതങ്ങൾ അനുഭവിക്കുന്നുണ്ടു്. എല്ലാവൎഗ്ഗങ്ങളിലും കാൎയ്യക്ഷമതയുള്ളവരുണ്ടു് കാൎയ്യക്ഷമത ചിലവൎഗ്ഗക്കാൎക്കു മാത്രമായിട്ടുള്ളതല്ലല്ലോ. അതുകൊണ്ടാണ് എല്ലാവൎഗ്ഗക്കാൎക്കും പ്രാതിനിധ്യം നൽകണമെന്നു ഞാൻ ആവശ്യപ്പെടുന്നതു്.

പി. എം. കെ. പിള്ള (കരുനാഗപ്പള്ളി): പുരുഷന്മാരോളം സ്ത്രീകളുമില്ലേ? അവൎക്കും പ്രാതിനിധ്യംകൊടുക്കണ്ടേ?

മി. തയ്യിൽകുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): ഒടുവിൽ ചോദിച്ചാൽ ഉത്തരം പറയാം.

ഇന്നത്തെ ഉദ്യോഗനിയമനങ്ങളിൽ ഭയങ്കരമായ അന്യായം, അനീതി, അക്രമം, അഴിമതി, അധൎമ്മം, ഇവയാണ് തെളിഞ്ഞുകാണുന്നതു്. ഗവൎമ്മെന്റു നിഷ്കൎഷയായിട്ടു ഇതിനെപ്പറ്റിച്ചോദിച്ചിട്ടും അദ്ധ്യക്ഷന്മാരുടെ സമാധാനം കിട്ടിയിട്ടില്ല ഗവൎമ്മെന്റു ഈ വിഷയത്തിൽ വേണ്ടിടത്തോളം ശ്രദ്ധിക്കയും പക്ഷപാതപരമായ നിയമനങ്ങൾ നടത്തുന്നവരെ ശിക്ഷിക്കയും ചെയ്തിരുന്നാൽ ഇതുമാതിരി ഒരു പ്രമേയം ഇവിടെ അവതരിപ്പിക്കേണ്ടിവരികയില്ലായിരുന്നു.

ഇവിടത്തെ ഉദ്യോഗസ്ഥന്മാൎക്കു ശമ്പളവും പടിയുമായി ഒരു കോടിയോളം രൂപാ ചിലവാകുന്നുണ്ടു്. അതു മുഴുവനും ചില സമുദായങ്ങളിൽതന്നെയാണ് അധികവും ചെന്നുചേരുന്നതു. പണത്തെസംബന്ധിച്ചു മാത്രമാണെങ്കിൽ പരാതി വിട്ടുകളയാമായിരുന്നു. എന്നാൽ അധികാരത്തെ സംബന്ധിച്ചും അവ പക്ഷപാതപരമായി ഉപയോഗിക്കുന്നതിനെ സംബന്ധിച്ചും മൌനമായിരുന്നാൽ രാജ്യത്തിന്റെ ഭാവി എന്തായിരിക്കും. ഉദ്യോഗസ്ഥന്മാർ ഗവൎമ്മെന്റിന്റെ കരങ്ങളാണ്. ആ കരങ്ങൾ രാജ്യനിവാസികളെ ഗുണകരമായോ ദോഷകരമായോ സ്പൎശിച്ചുകൊണ്ടിരിക്കുന്നു. ഇതിൽനിന്നും ഒഴിവാൻ ആൎക്കും നിവൃത്തിയില്ല. പ്രാതിനിധ്യമുള്ള വൎഗ്ഗങ്ങൾക്കു ഹിതകരവും മറ്റുള്ളവൎക്കു ദുഃഖകരവുമായവിധത്തിലാണ് പ്രസ്തുതകരങ്ങൾ സ്പൎശിക്കുന്നതെങ്കിൽ അതുകൊണ്ടു മൌനമായിരിക്കാമോ? ഉദ്യോഗനിയമനവിഷയത്തിൽ വൎഗ്ഗീയപക്ഷപാതംകാണിക്കുന്നവർ മറ്റു ഉദ്യോഗകൃത്യങ്ങളിലും പക്ഷപാതംകാണിക്കുന്നവരെന്നു അനുമാനിക്കേണ്ടതല്ലേ? അനുഭവവും അങ്ങിനെതന്നെ. അനുഭവമാണല്ലോപ്രധാനം. ഇപ്പോൾ പ്രാതിനിധ്യം കുറഞ്ഞവൎഗ്ഗക്കാർ പ്രാതിനിധ്യം കൂടുതൽ ഉള്ളവരുടെ അടിമകൾ എന്ന നിലയിലാണ് കഴിഞ്ഞുകൂടുന്നതു. ഏതെങ്കിലും ഒരു വൎഗ്ഗക്കാൎക്കു മാത്രമേ രാജ്യത്തിൽ പ്രാമാണ്യം പാടൊള്ളു, എന്നു പറയുകയാണെങ്കിൽ ഞാൻ അതിനെ നിഷേധിക്കും. ഈ രാജ്യം നായന്മാരുടേയും ക്രിസ്ത്യാനികളുടേയും മഹമ്മദീയരുടേയും എന്നുവേണ്ട, ഈ രാജ്യത്തു അധിവസിക്കുന്ന സകലരുടേയും ആണ്. അങ്ങിനെയുള്ള ഈ രാജ്യത്തു്, സകലരും ഏതാനും ചിലരുടെ അധീനത്തിലാണെന്നുള്ള ഭാവമാണ് ഉദ്യോഗനിയമനങ്ങൾ വഴിയായി തെളിഞ്ഞുകാണുന്നതു്. ഈ ഒരു മനോഭാവം രാജ്യത്തിനു പൊതുവെ ആപൽക്കരമാ

ണ്. ഒരുത്തന്റെ ന്യായം അവന്റെ വർഗ്ഗത്തിനു പബ്ലിക് സർവീസിൽ ആളുകളില്ലാത്തതുകൊണ്ടു അന്യായമായും, മറെറാരുത്തന്റെ അന്യായം പബ്ലിക് സർവീസിൽ സ്വവർഗ്ഗക്കാർ ധാരാളമുള്ളതുകൊണ്ടു ന്യായമായും പരിണമിക്കുന്ന എങ്കിൽ ഈ രാജ്യത്തിന്റെ ഭാവി എന്തായിരിക്കും? ഈ ഗതിയെ ഉടനെ നിറുത്തണം. രാജ്യക്ഷേമകാംക്ഷികളായ എല്ലാവരും ഇതിൽ ശ്രദ്ധപതിപ്പിക്കണം. എനിക്കു ഉദ്യോഗം കിട്ടുകയില്ല. എന്റെ സന്താനങ്ങൾക്കും ബന്ധുക്കൾക്കും ഉദ്യോഗംവേണ്ട. ഞാൻ സ്വാർത്ഥപ്രതിപത്തികൊണ്ടു പറയുന്നതല്ല. രാജ്യത്തു നീതിയും ന്യായവും നടക്കണമെന്നു മാത്രമേ എനിക്കു താല്പര്യമുള്ളു.

ഈ പ്രമേയത്തെ പ്രതികൂലിച്ചവരിൽ ഭൂരിപക്ഷം പബ്ലിക്സർവീസിലെ ഭൂരിപക്ഷ ഉദ്യോഗങ്ങളും ആധീനമാക്കിയ വർഗ്ഗക്കാരാണ് എന്ന സംഗതി ഗവൺമെന്റു മനസ്സിലാക്കണം. ദേശാഭിമാനിയായ എന്റെ മാന്യ സ്നേഹിതൻ മി. ജി. രാമചന്ദ്രൻ വിശാലമനസ്കതയോടു ഈ പ്രമേയത്തെ ആദരിച്ചു പ്രസംഗിക്കയുണ്ടായി. ജപ്പാൻ രാജ്യത്തിന്റെ ഉന്നമന ഘട്ടത്തിൽ അവിടത്തെ ഗവൺമെന്റിൽ പ്രത്യേകാവകാശങ്ങൾ അനുഭവിച്ചുകൊണ്ടിരുന്ന "സമുരയ്" വർഗ്ഗക്കാർ അവരുടെ പ്രത്യേകാവകാശങ്ങളെ മഹാമനസ്കതയോടെ പൊതുജനങ്ങൾക്കായി വെച്ചൊഴിഞ്ഞു. അതിനുശേഷമാണു ആ രാജ്യം ഉൽകൃഷ്ടതയെപ്രാപിച്ചതു്. രാജ്യമാകുന്ന ഭവനത്തിൽ വിവിധവർഗ്ഗത്തിൽപ്പെട്ട എല്ലാ ആളുകളും ഉച്യാവകാശമുള്ള സഹോദരന്മാരാണെന്നും പബ്ലിക്ക സർവീസിൽ എല്ലാവർക്കും അവകാശം ഒരുപോലെ ആണെന്നും ഉള്ള തത്വത്തെ എന്റെ പ്രമേയത്തെ പ്രതികൂലിച്ചവർ ഓർക്കേണ്ടതാണ്. ഇവിടെ വിവിധവർഗ്ഗങ്ങളുടെ പ്രതിനിധികൾ വേണ്ടിടത്തോളമില്ല. റെപ്രസെന്റേറ്റീവ് ഗവൺമെന്റിൽ വേണ്ടപോലെ എല്ലാവർഗ്ഗക്കാർക്കും പ്രാതിനിധ്യം ഉണ്ടായിരുന്നു എന്നുവരികിൽ വിവിധവർഗ്ഗത്തിൽപ്പെട്ട ആളുകൾ ഈ സഭയിൽ ഇതിലധികം ഉണ്ടായിരിക്കുമായിരുന്നു. എന്റെ പ്രമേയത്തെ ബലമായി പിന്താങ്ങിയ മി. അബീബ് മഹമ്മദ് മുസൽമാന്മാരുടെ പ്രാതിനിധ്യം വഹിക്കുന്ന ആളാണ് ... അവർണ്ണഹിന്ദുക്കളുടെ പ്രാതിനിധ്യം വഹിക്കുന്ന മെസേർസ് കുമാരൻ പത്മനാഭൻ ഇവരും, ക്രിസ്ത്യൻമെമ്പർമാരും എന്റെ പ്രമേയത്തെ അനുകൂലിച്ചു സംസാരിച്ചുകഴിഞ്ഞു. ഇതിൽനിന്നെല്ലാം രാജ്യത്തെ ഭൂരിപക്ഷം ജനങ്ങളുടെ അഭിപ്രായമെന്താണെന്ന് ഇവിടെ വ്യക്തമായിട്ടുണ്ട്. കൂടുതൽ പ്രാതിനിധ്യം കൂടുതലുള്ള വർഗ്ഗക്കാർ പല ന്യായങ്ങളും പറഞ്ഞു പ്രമേയത്തെ എതിർത്തു എങ്കിലും ഭൂരിപക്ഷത്തെ മാനിക്കേണ്ട ഗവൺമെന്റിനു ഈ രാജ്യത്തെ ഭൂരിപക്ഷമായ ... ലക്ഷത്തോളം വരുന്ന ജനങ്ങളുടെ അഭിപ്രായത്തെ ആദരിച്ചു പ്രവർത്തിച്ചുകഴിയു എന്നു വന്നിട്ടുണ്ട്.

പബ്ലിക്ക സർവീസിൽ പ്രാതിനിധ്യം നൽകുന്നതു ജനസംഖ്യമാത്രമല്ല, പരീക്ഷാവിജയികളുടെ സംഖ്യയുംകൂടി നോക്കിവേണമെന്നു ചീഫ്സെക്രട്ടറി അവർകൾ പറഞ്ഞു. അതു പ്രാതിനിധ്യം കുറഞ്ഞവർഗ്ഗക്കാർക്കു എത്രയും ദോഷകരമായിട്ടുള്ളതാണ്. അങ്ങിനെയാണെങ്കിൽ, അടുത്ത ൫൦ കൊല്ലത്തിനുള്ളിൽ ഒരു ഈഴവസമുദായക്കാരനു ഒരു ഉദ്യോഗം കിട്ടാനിടയില്ല. ബ്രാഹ്മണൻ, നായന്മാർ, ക്രിസ്ത്യാനികൾ ഇവരുടെ ഇടയിൽ കൂടുതൽ പരീക്ഷാവിജയികൾ ഉണ്ടായിരിക്കും. ആ കാലമത്രയും ഉദ്യോഗം അവർക്കുമാത്രമേ കൊടുക്കാൻ സാധിക്കയുള്ളു. അതുകൊണ്ടു പരീക്ഷാവിജയികളുടെ സംഖ്യ അനുസരിച്ചു ഉദ്യോഗവിതരണം ചെയ്യണമെന്നുവെയ്ക്കുന്നതു ഒരിക്കലും ന്യായമല്ല. ഒരു ഉദ്യോഗത്തിനു ആവശ്യമുള്ള പരീക്ഷായോഗ്യതയോടുകൂടിയ പ്രാതിനിധ്യം ധാരാളമുള്ള വർഗ്ഗത്തിൽപെട്ട ഒരാളും പ്രാതിനിധ്യം കുറഞ്ഞവർഗ്ഗത്തിൽപെട്ട ഒരാളും അപേക്ഷകന്മാരായി വരുമ്പോൾ പ്രാതിനിധ്യം കുറഞ്ഞവർഗ്ഗത്തിൽപെട്ട ആൾക്കുതന്നെ നൽകണം. അതു ഒരിക്കലും ഒരു അന്യായമല്ല. ഈ രാജ്യത്തെ ഉദ്യോഗങ്ങളിൽ പ്രവേശിച്ചിട്ടുള്ളവരും പലപ്രകാരത്തിലും സ്വാധീനശക്തി സിദ്ധിച്ചിട്ടുള്ളവരുമായവർ, തങ്ങളുടെ വർഗ്ഗക്കാർക്കായിതന്നെ വച്ചുകൊണ്ടിരിക്കയും മററുള്ളവരെ പുറം തള്ളുകയും ഉദ്യോഗങ്ങൾ ഇല്ലാത്തവർഗ്ഗക്കാർ മററുവർഗ്ഗക്കാരുടെ അടിമകളെപ്പോലെ കഴിഞ്ഞുകൂടേണ്ടിവരികയും ചെയ്യുന്നതുകാണുമ്പോൾ മററുള്ളവർ തത്വജ്ഞാനികളാണെങ്കിലും ഈ മാതിരി സംഭവങ്ങൾ ഇളക്കിപ്പോകും. തങ്ങൾ ഉൾപ്പെട്ടിരിക്കുന്ന വർഗ്ഗത്തിൽനിന്നും ഉദ്യോഗസ്ഥന്മാരില്ലാത്തതുകൊണ്ടു തങ്ങൾ മററുള്ളവരുടെ ദാസ്യത്തിനു ഇടയായിതീരുകയാണെങ്കിൽ അവർ നിശ്ചയമായിട്ടും ഇളകും. നീതിക്കായി ന്യായമായ ഏതുവർഗ്ഗത്തിലൂടേയും പ്രക്ഷോഭം വരെ പരിശ്രമിച്ചുകളയാമെന്നു തീരുമാനംചെയ്തു പുറപ്പെട്ടും. എന്നാൽ അവരുടെ യോഗ്യം വളരെ ദുർഘടങ്ങളുള്ളതും കല്ലുമുള്ളും നിറഞ്ഞതുമാണെന്നുള്ളതു നിസ്സംശയമാണ്. മേലാൽ പ്രാതിനിധ്യംകുറഞ്ഞ ആളുകളുടെ അപേക്ഷകളെ വിഗണിക്കുന്ന ഉദ്യോഗസ്ഥന്മാരെ കഠിനമായി ശിക്ഷിക്കയും വേണ്ടിവന്നാൽ അവരെ പബ്ലിക്ക സർവീസിൽനിന്നും പിരിച്ചുവിടുകയും ചെയ്താൽ മാത്രമേ രാജ്യസ്ഥിതി നന്നാവൂ. നീതിയെ സ്നേഹിക്കയും അനീതിയെ വെറുക്കുകയും ചെയ്യുന്ന എല്ലാവരും അതിന്നായി ഗവൺമെന്റിനെ പ്രേരിപ്പിക്കയാണുവേണ്ടതു.

അധഃകൃതവർഗ്ഗക്കാരുടെ ഉദ്ധാരണത്തിനുവേണ്ടി പത്രങ്ങൾവഴിയായും പ്രസംഗങ്ങൾവഴിയായും പ്രവർത്തിക്കുന്ന കേൾവിയുള്ള മി. എ. കെ. പിള്ള അദ്ദേഹത്തിന്റെ പ്രവൃത്തി പദ്ധതിയിൽനിന്നും ഈ വിഷയത്തിൽ വ്യതിചലിച്ചു പ്രവർത്തിച്ചുകാണുന്നതു പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഇല്ല. എന്റെ ചോദ്യത്തിനു ഉത്തരം പറയണം.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): സ്ത്രീ പുരുഷന്മാരുടെ അവകാശത്തിനും ഇതിനും സംബന്ധമില്ലല്ലോ. അതിലേക്കുവേണ്ടി വെറുതെ സമയംകളയേണ്ട ആവശ്യമില്ല. (ചിരി)

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഇംഗ്ലണ്ടു മുതലായരാജ്യങ്ങളിൽ സ്ത്രീകൾ പുരുഷന്മാരെപ്പോലെതന്നെ വേല ചെയ്യുന്നണ്ടെന്നറിയാമോ?

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (തൊടുപുഴയും മൂവാററുപുഴയും): പലതും ചെയ്യുന്നുണ്ട്. അതെല്ലാം ഇവിടെ പറയേണ്ട ആവശ്യമില്ലല്ലോ.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): സ്ത്രീകൾക്കു ശരിയായ പ്രാതിനിധ്യം കിട്ടുന്നതുവരെ പുരുഷന്മാർ അടങ്ങിയിരിക്കണമതോ?

മി. തയ്യിൽകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): സ്ത്രീകളും പുരുഷന്മാരും തമ്മിൽ ഇവിടെ ആ വക വാദം നടക്കുന്നില്ല. ഈ മാതിരി ചോദ്യങ്ങൾകൊണ്ടാണു മി. എ. കെ. പിള്ള പ്രായോഗികത്തിലുള്ള ആദർശലോകത്തിലാണെന്നു എന്റെ ചില സ്നേഹിതന്മാർ ഇവിടെ പറയുന്നതു. എന്നാൽ ഈ സംഗതി

യിൽ അദ്ദേഹം പ്രായോഗിക ലോകത്തുനിന്നു ഇറങ്ങുന്നു എന്നാണു എന്റെ അഭിപ്രായം. അതുകൊണ്ടാണു അദ്ദേഹം ഈ പ്രമേയത്തെ എതിർത്തതെന്നു ഞാൻ വിചാരിക്കുന്നു. എന്തെന്നാൽ ഈ പ്രമേയത്തിലെ തത്വം പ്രയോഗത്തിൽ വരുമ്പോൾ താൻ ഉൾപ്പെട്ട സമുദായക്കാർക്കു അധീനമായിട്ടുള്ള കൂടുതൽ പങ്കു ക്രമേണ നഷ്ടപ്പെട്ടേക്കുമെന്നു അദ്ദേഹത്തിനു നല്ലവണ്ണം അറിയാം.

കൃഷിക്കാരായ എല്ലാ ജനങ്ങളേയും സാരമായി ബാധിക്കുന്നതും ജനപ്രതിനിധികളുടെ തിരഞ്ഞെടുപ്പധികാരം വഹിക്കുന്നതുമായ റവന്യൂ ഡിപ്പാർട്ടുമെന്റിൽ എല്ലാ വർഗ്ഗങ്ങൾക്കും പ്രാതിനിധ്യം നൽകാത്തതു എത്രയും ആക്ഷേപയോഗ്യമായിട്ടുള്ളതാകുന്നു. ആറു ലക്ഷത്തിലധികമുള്ള കത്തോലിക്കരിൽനിന്നും ഒരു പാർവത്യകാരോ തഹശീൽദാരോ ഇല്ല.

റവന്യൂ ദേവസ്വം വിഭജനം കഴിഞ്ഞിട്ടു അഞ്ചു വർഷങ്ങളായി എങ്കിലും റവന്യൂ ഡിപ്പാർട്ടുമെന്റു സവർണ്ണമയം തന്നെ. ഈഴവർ മുസ്ലീങ്ങൾ മുതലായ വർഗ്ഗക്കാർക്കും അതിൽ തീരെ പ്രാതിനിധ്യം നൽകുന്നില്ല. വിദേശികൾ ഇവിടെ ഉദ്യോഗസ്ഥന്മാരായിരിക്കുന്നതു ദോഷമാകുന്നു എന്നു പലരും പറയാറുണ്ടു. എന്നാൽ സ്വദേശി ഉദ്യോഗസ്ഥന്മാരുടെ വർഗ്ഗീയ പക്ഷപാതവും ഏതുവിധത്തിലും അവരെ സഹായിക്കാനുള്ള സ്വജനങ്ങളുടെ സന്നദ്ധതയും കാണുമ്പോൾ വിദേശിയായാലുംമതി ജനങ്ങൾക്കു നീതിയും ന്യായവും ലഭിക്കയാണുവേണ്ടതെന്നു ജനങ്ങൾ മുറവിളികൂട്ടിപ്പോകുന്നു. എന്നാൽ വിദേശികളായ ഉദ്യോഗസ്ഥന്മാരും ചിലപ്പോൾ തങ്ങളുടെ ആഫീസ് മാനേജരന്മാരുടെയോ ക്ലാർക്കുകളുടേയോ ഉപദേശത്തിനു വശംവദരായി പ്രവൃത്തി ചെയ്തുപോകാറുണ്ടു. എന്നാൽ ഈ വിഷയത്തിൽ മി. പിററു ഒരു വ്യത്യസ്തംതന്നെയാണു. മി. പിററു നിർദ്ദാക്ഷിണ്യനായ ഒരു ഉദ്യോഗസ്ഥനാണു. അങ്ങിനെ ഉള്ള ഉദ്യോഗസ്ഥന്മാരായാൽ ജനങ്ങൾ നീതിലഭിക്കും, കീഴിലുള്ളവർക്കു വർഗ്ഗീയപക്ഷപാതം കാണിക്കുവാൻ വളരെ വിഷമവുമുണ്ടാകും.

മി. കെ. കെ. തോമസ്സ് (കോട്ടയം): അദ്ദേഹത്തിന്റെ ഡിപ്പാർട്ടുമെന്റിൽ കത്തോലിക്കർക്കു ധാരാളം പ്രാതിനിധ്യം കിട്ടീട്ടുണ്ടോ

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): ഉദ്യോഗനിയമനങ്ങൾ സംബന്ധിച്ചല്ല ഉദ്യോഗസ്ഥന്മാരുടെ വർഗ്ഗീയപക്ഷപാതപരമായ മററു കൃത്യങ്ങളെ സംബന്ധിച്ചാണു ഞാൻ ഇപ്പോൾ പറഞ്ഞതു. കാൺസ്റ്റബിൾമാരുടെ ഉദ്യോഗങ്ങൾക്കു ഒരു തരത്തിൽ പ്രാതിനിധ്യം ഉണ്ടെങ്കിലും പലതും അതിനുപോകാറില്ല. ഉയർന്ന നിയമനങ്ങളെ സംബന്ധിച്ചു ഈ വകുപ്പിലും കാര്യങ്ങൾ ശരിപ്പെടുവാനുണ്ടു. എന്റെ പ്രമേയം ഈ വകുപ്പിനേയും ബാധിക്കും.

രാജ്യത്തു നീതിയും ന്യായവും നടക്കണമെന്നു മാത്രമേ ഞാൻ ഈ പ്രമേയംകൊണ്ടു ഉദ്ദേശിച്ചിട്ടുള്ളു. ഉദ്യോഗം ശരിയായി ലഭിക്കാത്ത സമുദായക്കാർക്കു പല ദോഷങ്ങളും സംഭവിക്കുന്നുണ്ടു. മററുള്ളവർ അവരുടെ നേരെ അധികാരം ചെലുത്താൻ ഇടവരുന്നു. ഈ ദോഷത്തിനു കുറച്ചെങ്കിലും പരിഹാരമുണ്ടാകാനാണു ഓരോ ഡിപ്പാർട്ടുമെന്റിലും എല്ലാ വർഗ്ഗങ്ങളിൽ നിന്നും ആളുകൾ വേണമെന്നു പറയുന്നതു. മി. പിററിന്റെ ഡിപ്പാർട്ടുമെന്റിൽനിന്നു വർഗ്ഗീയമത്സരങ്ങൾ ഉണ്ടാകാതെ അദ്ദേഹം നോക്കുന്നുണ്ടു. ഈ വിഷയത്തിൽ മററു പലരേക്കാൾ അദ്ദേഹം ഭേദമാണു. കീഴിലുള്ളവർക്കു അദ്ദേഹത്തെ ഭയവുമുണ്ടു. രാജ്യത്തു നീതിയേയും ന്യായത്തേയും അവഗണിച്ചുണ്ടാകുന്ന ശ്രേയസ്സ് ഒരു വർഗ്ഗത്തിനും ആശാസ്യമായിട്ടുള്ളതല്ല. പബ്ലിക്കു സർവീസിൽ പ്രാതിനിധ്യം കുറഞ്ഞ വർഗ്ഗങ്ങളുടെ അവകാശങ്ങളെ പ്രഥമമായി ഗണിച്ചു നിയമനം നടത്തണമെന്നുള്ള എന്റെ പ്രമേയത്തിലെ തത്വത്തെ ഗവണ്മെന്റു സമ്മതിക്കുന്നതായി ചീഫ്സെക്രട്ടറി അവർകളുടെ ആദ്യത്തെ മറുപടിയിൽ പ്രസ്താവിച്ചിട്ടുള്ളതുകൊണ്ടു ഞാൻ പ്രമേയത്തെ പിൻവലിച്ചുകൊള്ളുന്നു.

മി. വി. സുബ്ബയ്യർ (നിയമിക്കപ്പെട്ട സഭാംഗം): ഡപ്യൂട്ടി പ്രസിഡന്റു: ഉദ്യോഗസ്ഥമെംബറിനു ഒരവസരം നൽകാതെ പ്രത്യേകിച്ചു അദ്ദേഹം അത്ര ഗംഭീരമായ ഒരു പ്രസംഗം ചെയ്തതിനുശേഷം ഈ പ്രമേയത്തെ പിൻവലിക്കാൻ അനുവദിക്കുന്നതു ന്യായമല്ല.

അദ്ധ്യക്ഷൻ. മി. കുഞ്ഞിത്തൊമ്മൻ ചീഫ്സെക്രട്ടറി അവർകൾ ഇതിനു മറുപടി പറയുന്നതിനുമുമ്പായി ഈ പ്രമേയം പിൻവലിക്കാൻ നിങ്ങളെ അനുവദിക്കുന്നതിനു എനിക്കു നിവൃത്തിയില്ല.

മി. കെ. ജാർജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): സർ, ഈ സഭയെ എപ്പോഴും ഉപദ്രവിക്കുന്നതും അനേകവാദപ്രതിവാദങ്ങൾ നടന്നിട്ടുള്ളതുമായ ഈ പ്രമേയത്തെക്കുറിച്ചു ദീർഘവും സരസവുമായ വാദം ഇവിടെ ഉണ്ടായിരുന്നല്ലോ. ഏകദേശം ഒരു കൊല്ലം മുമ്പു ഈ സഭയിൽവെച്ചു വാദംനടന്ന മി കുഞ്ഞിത്തൊമ്മന്റെ പ്രമേയത്തിനു എന്റെ ആദ്യ മറുപടി പ്രസംഗത്തിൽ ഗവണ്മെന്റു അംഗീകരിച്ചിട്ടുള്ള വിശാലമായ തത്വങ്ങളെ ഞാൻ പറഞ്ഞിട്ടുണ്ടു. ആ തത്വങ്ങളുടെ പരിമാണം എന്താണെന്നും ഞാൻ അപ്പോൾ വിസ്തരിച്ചു പറഞ്ഞിട്ടുണ്ട്. എന്റെ പ്രസംഗത്തിൽനിന്നും എനിക്കു ഉദ്ധരിക്കാമെങ്കിൽ ഞാൻ കഴിഞ്ഞപ്രാവശ്യം താഴെപറയുംപ്രകാരമാണ് പറഞ്ഞതു.—

“പബ്ലിക്കു സർവീസിൽ തൃപ്തികരമാംവണ്ണം പ്രതിനിധീകരിക്കാത്ത വർഗ്ഗങ്ങളിലുള്ള അംഗങ്ങൾക്കു തുല്യപ്രാതിനിധ്യം ലഭിക്കുന്നതുവരെ ധാരാളം പ്രതിനിധികളുള്ള വർഗ്ഗങ്ങളിലെ അംഗങ്ങളെ നിയമിക്കാൻപാടില്ലെന്നാണു ഈ പ്രമേയംകൊണ്ടു മി. കുഞ്ഞിത്തൊമ്മൻ ഉദ്ദേശിക്കുന്നതെങ്കിൽ ആ സ്ഥിതി ഗവണ്മെന്റിനു സ്വീകരിക്കാൻ സാധിക്കയില്ലെന്നു എനിക്കു ഭയമുണ്ടു.”

“മററു സംഗതികൾ തുല്യമാണെങ്കിൽ പ്രാതിനിധ്യം ഇല്ലാത്തവരും പ്രാതിനിധ്യക്കുറവു ഉള്ളവരും ആയ വർഗക്കാരെയാണു തിരഞ്ഞെടുക്കുന്നതു എന്നു ഗവണ്മെന്റു പ്രസ്താവിച്ചപ്പോൾ പബ്ലിക്കു സർവീസിലെ നിയമനക്കാര്യങ്ങളിൽ ഒരു സൂക്ഷ്മമായ കണക്കു അവർ ഉദ്ദേശിച്ചിട്ടില്ല. അവർ ഉദ്ദേശിച്ചതു കഴിയുന്നത്രയും ഈ അസമത്വങ്ങളെ ശരിപ്പെടുത്താമെന്നും അതിലേക്കായി ശരിയായി പ്രാതിനിധ്യം സിദ്ധിച്ചിട്ടില്ലാത്ത വർഗക്കാർക്കു കൂടുതൽ പ്രാതിനിധ്യം നൽകാമെന്നുമാണ് അല്ലാതെ പബ്ലിക്കു സർവീസിൽ കൂടുതൽ പ്രാതിനിധ്യമുള്ള വർഗക്കാരെ ഒഴിച്ചു നിറുത്താമെന്നല്ല.

ഇപ്പോൾ, ഈ വിഷയത്തെക്കുറിച്ചു ധാരാളം അഭിപ്രായവ്യത്യാസമുണ്ടെന്നു ഈ സഭയിൽനടന്ന വാദപ്രതിവാദംകൊണ്ടു സൂക്ഷ്മമായി കാണാവുന്നതാണ്. ഈ പ്രമേയം ഉൾക്കൊള്ളിച്ചിരിക്കുന്നതാണെന്നും പ്രയാസംകുറഞ്ഞതല്ലെന്നും അതു യഥാർത്ഥത്തിൽ വിശദമാക്കുന്നുണ്ട്. പബ്ലിക്കസർവീസിലെ പ്രാതിനിധ്യകാര്യത്തിൽ ഒരു ക്ലിപ്തമായ ചട്ടമുണ്ടാക്കുന്നതിൽ ഗവണ്മെന്റിന്റെ സ്ഥിതി എത്രമാത്രം വിഷമമുള്ളതാണെന്നു അതു കാണിക്കുന്നുണ്ട്. സർ, ഈ ചോദ്യം ഉണ്ടാകുന്നതു പ്രധാനമായി ഉദ്യോഗങ്ങൾക്കു ശമ്പളം കിട്ടുമെന്നുള്ളതുകൊണ്ടല്ല, എന്നാൽ രാജ്യസേവനത്തിൽ രാജ്യത്തുള്ള എല്ലാവർഗ്ഗക്കാരിലും അന്തർലീനമായിരിക്കുന്ന ആഗ്രഹംകൊണ്ടാകുന്നു. ഞാൻ സമ്മതിക്കുന്നു. ഞാൻ അതിനേക്കാൾ താഴ്ന്നപടിയിലുള്ള ഒരു കാരണത്തെ പറയുന്നില്ല. അതു സ്തുത്യർഹമായ ഒരു ആഗ്രഹംതന്നെ. ഒരാൾ ഒരു പ്രത്യേകവർഗ്ഗത്തിൽ ഉൾപ്പെട്ടുപോയതുകൊണ്ടു അയാളെ രാജ്യസേവനത്തിൽ പ്രവേശിക്കുന്നതിൽനിന്നും തടയുകയില്ല. എന്നാൽ ഗവണ്മെന്റിനെസംബന്ധിച്ചിടത്തോളം രാജ്യത്തുള്ള എല്ലാ വർഗ്ഗക്കാർക്കും ഒരുപോലെ അവസരങ്ങൾ നൽകുന്നതാണെന്ന് അവർ പറഞ്ഞിട്ടുണ്ട്. ആ വിശാലമായതത്വം ഗവണ്മെന്റ അംഗീകരിച്ചിരിക്കെ അദ്ദേഹം സൂക്ഷ്മത്തിൽ ആവശ്യപ്പെടുന്നതു എന്താണെന്ന് ഞാൻ കഴിഞ്ഞ അവസരത്തിൽ മിസ്റ്റർ കുഞ്ഞിത്തൊമ്മനോടു ചോദിച്ചു. പബ്ലിക്കസർവീസിൽ സമപ്രാതിനിധ്യമാണ് ഗവണ്മെന്റ മാർഗ്ഗദർശിയാക്കി പിൻതുടരേണ്ട തത്വമെന്നും, ധാരാളം പ്രാതിനിധ്യമുള്ളതായി പറഞ്ഞുവരുന്ന വർഗ്ഗങ്ങളിൽനിന്നും മററു പലവർഗ്ഗങ്ങളും ആ വർഗ്ഗങ്ങളോടു സമമായനിലയിൽ എത്തുന്നതുവരെ ആളുകളെ നിയമിക്കരുതെന്നുമാണ് അദ്ദേഹത്തിന്റെ പ്രമേയംകൊണ്ടു അദ്ദേഹം ഉദ്ദേശിക്കുന്നതെന്നും തോന്നുന്നു. സർ, ഞാൻ കഴിഞ്ഞഅവസരത്തിൽ പറഞ്ഞതുപോലെ അത് അനുകരിക്കുന്നതിനു വളരെ തടസ്സമുള്ള ഒരു പ്രമാണമാണ്. പലതരത്തിലും അതു ന്യായരഹിതമാണ്. അതു ഞാൻ വീണ്ടും പറയേണ്ട ആവശ്യമില്ല. പബ്ലിക്കസർവീസിൽ ആളുകളെ നിയമിക്കുന്നകാര്യത്തിൽ ആ പ്രമാണത്തെ അനുകരിക്കാമെന്നു വിചാരിക്കുന്ന പക്ഷം എന്താണ് സംഭവിക്കുക? ധാരാളം പ്രതിനിധികളുള്ളതായി പറഞ്ഞുവരുന്ന ആ വർഗ്ഗങ്ങൾക്ക് അടുത്ത ഇരുപതോ അതിൽ കൂടുതലോ കൊല്ലക്കാലത്തേക്കു പബ്ലിക്കസർവീസിൽ പ്രവേശിക്കേണ്ടതിനുള്ള സകല അവസരങ്ങളും നിശ്ശേഷം ഉപേക്ഷിക്കേണ്ടതായിവരുന്നു. അപ്രകാരമുള്ള ഒരു സംഗതിയെക്കുറിച്ചു ഗവണ്മെന്റിനു ആലോചിക്കാമോ? ആ വർഗ്ഗങ്ങളിലെ യുവാക്കന്മാർക്കു അതു ഗുണകരമായിട്ടുള്ളതാണോ? അതു രാജ്യത്തെ പബ്ലിക്കസർവീസിനു നന്നായിട്ടുള്ളതാണോ? ചിലരുടെ വർഗ്ഗങ്ങളിൽനിന്നും കൂടുതൽ കൂടുതൽ ആളുകളെ സ്റ്റേററുസർവീസിൽ നിയമിക്കണമെന്നു ആവശ്യപ്പെടുന്ന ആ വർഗ്ഗക്കാർക്കുതന്നെ അതു നല്ലതായിട്ടുള്ളതാണോ എന്നുകൂടി ഞാൻ ചോദിക്കാം? അതു ഒരുത്തർക്കും നന്മയായിട്ടുള്ളതല്ല, എന്നു ഞാൻ പറയുന്നു. അത് ന്യായമായിട്ടുള്ള ഒരപേക്ഷയല്ല. അതാണ് മിസ്റ്റർ കുഞ്ഞിത്തൊമ്മന്റെ പ്രമേയത്തിന്റെ ഉദ്ദേശ്യം, അതു നിശ്ചയമായും സ്വീകരിക്കുക ആകപ്പാടെ ഗവണ്മെന്റിനു അസാദ്ധ്യമായിട്ടുള്ളതാണ്. ഞാൻ മുമ്പു പറഞ്ഞതുപോലെ ഓരോ ഡിപ്പാർട്ടുമെന്റിലുമുള്ള അസമത്വങ്ങളെ കഴിയുന്നതു ശരിപ്പെടുത്തുമെന്നാണ് ഗവണ്മെന്റ പറഞ്ഞിട്ടുള്ളത്; എന്നാൽ നിയമനകാര്യത്തിൽ ഏതെങ്കിലും ഒരു ക്ലിപ്തങ്ങൾ വെയ്ക്കാമെന്നുള്ള അവസ്ഥയെ അവർ സ്വീകരിക്കുന്നില്ല.

മി. കുഞ്ഞിത്തൊമ്മനും വേറെ ഒന്നോ രണ്ടോപേരും ജനസംഖ്യയോ അല്ലെങ്കിൽ അതുപോലെ ഉള്ള ഏതെങ്കിലുമൊ അടിസ്ഥാനപ്പെടുത്തിയാണ് നിയമനം നടത്തേണ്ടതു എന്നുപറഞ്ഞു. ശരിയായിരിക്കാം, അതും തീർച്ചപ്പെടുത്തുന്നതിനു വളരെ വളരെ വിഷമമുള്ള ഒരു സംഗതിയാണ്. അതു ഓരോഡിപ്പാർട്ടുമെന്റിലും പ്രത്യേകം പ്രത്യേകം തുടരേണ്ട അടിസ്ഥാനമാണോ, അതോ രാജ്യത്തെ ഒന്നായിഎടുത്തിട്ടു തുടരേണ്ടതോ? ഞാൻ ഒരു ഉദാഹരണംപറയാം. ആറുലക്ഷം റോമൻകത്തോലിക്ക് ക്രിസ്ത്യാനികളുണ്ട്. എന്നാൽ നമ്പൂതിരിബ്രാഹ്മണർ നൂറു ൦ ൦ മാത്രമെ ഉള്ളൂ. ഇപ്പോൾ റോമൻകത്തോലിക്കരെയും നമ്പൂതിരിമാരെയും നൂററിനു ഒന്നുവീതം നിയമിക്കണമെന്നാണോ മി. കുഞ്ഞിത്തൊമ്മൻ അഭിപ്രായപ്പെടുന്നത്; അതായതു ആറു റോമൻകത്തോലിക്കരെ സ്റ്റേററുസർവീസിൽ നിയമിച്ചതിനുശേഷമേ ഒരു മലയാളിബ്രാഹ്മണനെ നിയമിക്കാവൂ എന്നും ഈ ക്രമത്തെ എന്നും അനുസരിക്കണമെന്നാണോ? നാം ഈ കണക്കിനു പ്രവർത്തിക്കുകയാണെങ്കിൽ എല്ലാംകൂടി ഒരു വലിയ വിഷമത്തിൽ കലാശിക്കുമെന്നു ഞാൻ പറയും. അതുകൊണ്ടു ജനസംഖ്യക്കണക്കുപോലും ശരിയായിട്ടുള്ള ഒരു അടിസ്ഥാനമല്ല. ഈ പ്രമേയത്തെക്കുറിച്ചു പല സംഗതികളും ചിന്തിക്കേണ്ടതായിട്ടുണ്ട്. ഒരു വർഗ്ഗത്തിന്റെ വിദ്യാഭിവൃദ്ധിസ്ഥിതി എടുക്കണം. ഒരു വർഗ്ഗത്തിന്റെ സാമുദായികമായും, രാഷ്ട്രീയമായും, ധനസംബന്ധമായുംഉള്ള സ്ഥിതിയും എടുക്കണം. ഇവയെ എല്ലാററിനേയുംകുറിച്ചു ചിന്തിക്കേണ്ടതാണ്. ഞാൻ ആരംഭത്തിൽ പറഞ്ഞതുപോലെ, ഈകാര്യത്തിൽ ഒരു ക്ലിപ്തമായ ചട്ടമുണ്ടാക്കുന്നതു അസാദ്ധ്യമാണ്. അങ്ങിനെ ഏതെങ്കിലും ചെയ്യുന്നതിനു ഉദ്യമിക്കുകയാണെങ്കിൽ ഗവണ്മെന്റ തന്നത്താൻ ദോഷത്വം കാണിക്കുകയായിരിക്കും.

കാര്യക്ഷമത മിക്കപ്പോഴും ഒരു കുറിവാക്കാണെന്നും, ക്ലാർക്കന്മാരുടേതിലെന്നപോലെ ചില ഉദ്യോഗങ്ങളിൽ അത് അത്യന്താപേക്ഷിതമല്ലെന്നും മി. കുമാരനും വേറെ ഒന്നോരണ്ടോപേരും പറഞ്ഞുഎന്നു എനിക്കു തോന്നുന്നു.

മി. എൻ. കുമാരൻ (നിയമിക്കപ്പെട്ട സഭാംഗം): ഞാൻ അങ്ങിനെ പറഞ്ഞിട്ടില്ല. കാര്യക്ഷമതയെ സംബന്ധിച്ചിടത്തോളം ആവശ്യമുള്ള ഏററവുംചുരുങ്ങിയ യോഗ്യതകളെക്കുറിച്ചു ചില ചട്ടങ്ങൾ രൂപീകരിക്കണമെന്നാണ് ഞാൻ പറഞ്ഞതു. ആ യോഗ്യതകൾകൊണ്ടു വലിയ പ്രയോജനമുണ്ടാകയില്ലെന്നു ഗവണ്മെന്റിനു തൃപ്തികരമാംവണ്ണം അറിയാമെങ്കിൽ അപ്പോൾ ആവശ്യമുള്ള യോഗ്യതകളെ വർദ്ധിപ്പിക്കാം. അതുകൊണ്ടു സംഗതി തീരുകയുംചെയ്യും.

മി. കെ. ജേ. (ഗവണ്മെന്റ ചീഫ്സെക്രട്ടറി): അസാമാന്യധിഷണാശക്തി ആവശ്യമില്ലെന്നൊ മറ്റൊ ആണ് അദ്ദേഹംപറഞ്ഞതു. അസാധാരണ ബുദ്ധിശക്തി ആവശ്യമില്ലെന്നു ഞാനും സമ്മതിക്കുന്നു. എന്നാൽ ആവശ്യമുള്ളതിൽ ഏററവുംകുറഞ്ഞ യോഗ്യതയെസംബന്ധിച്ചുതന്നെയും യഥാർത്ഥത്തിൽ ഒരു തെററിദ്ധാരണയുണ്ടെന്നാണ് എനിക്കു തോന്നുന്നതു. ആവശ്യമുള്ളതിൽ ഏററവുംകുറഞ്ഞ യോഗ്യത എന്നുപറയുന്നതു് നിശ്ചയമായിട്ടും ആ ഉദ്യോഗത്തിന് ആവശ്യമുള്ളതിൽ ഏററവും കുറഞ്ഞയോഗ്യത തന്നെയാണ്, എ

ന്നാൽ ആ ഉദ്യോഗത്തിനു കുറേക്കൂടി യോഗ്യതയുള്ള ഒരാളിനെ ലഭിക്കുമെന്നുള്ളപക്ഷം അതുതന്നെ മതി. ഇതിനൊരുദാഹരണം എടുക്കാം. വിദ്യാഭ്യാസവകുപ്പിൽ ഉദ്യോഗത്തിനായിട്ടു ഒന്നാംക്ലാസിൽ ബി. എ. ജയിച്ച ഒരു ബ്രാഹ്മണനും മൂന്നാംക്ലാസിൽ ബി. എ. ജയിച്ച ഒരീഴവനും അപേക്ഷിക്കുന്നു എന്നു വിചാരിക്കുക. വാദ്ധ്യാരുദ്യോഗത്തിനു നിശ്ചയിച്ചിട്ടുള്ള വിദ്യാഭ്യാസയോഗ്യത ബി. എ. പരീക്ഷ ആണ്.

മി. എൻ. കുമാരൻ (നിയമിക്കപ്പെട്ട സഭാംഗം): അപേക്ഷകന്മാരിൽ ഏററവും യോഗ്യതയുള്ള ആൾ വേണ്ടുംവണ്ണം പ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്ത വർഗ്ഗത്തിൽപ്പെട്ട ആളാണെങ്കിലും, അയാളെ തള്ളിക്കളയുകയാണെങ്കിൽ മെമ്പർ എന്തു പറയും.

മി. കെ. ജാജജ് (ഗവണ്മെൻറ ചീഫ്സെക്രട്ടറി): നിശ്ചയമായും അതു തെററായിരിക്കും.

മി. എൻ. കുമാരൻ (നിയമിക്കപ്പെട്ട സഭാംഗം): അതുപോലെ വളരെ സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്.

മി. കെ. ജാജജ് (ഗവണ്മെൻറ ചീഫ്സെക്രട്ടറി): വിദ്യാഭ്യാസവകുപ്പിൽ—ഞമ്മുടെ കുട്ടികൾ അഭ്യസനം സ്വീകരിക്കുന്നതിനായി പോകുന്ന പള്ളിക്കൂടങ്ങളിൽ കാര്യക്ഷമത നിലനിറുത്തുന്നതിനായി ഏററവും നല്ല വാദ്ധ്യാന്മാരെ നിയമിക്കേണ്ടതു നമുക്ക് എല്ലാവർക്കും ആവശ്യമാണെന്നു ഞാൻ ഊഹിക്കുന്നു. കാര്യക്ഷമത ഇല്ലാത്തവരേയും വാദ്ധ്യാന്മാരായിരിക്കാൻ കൊള്ളരുതാത്തവരേയും ശരിയായ യോഗ്യതയില്ലാത്തവരേയും വാദ്ധ്യാന്മാരായി നിയമിച്ചാൽ ഈ സഭതന്നെ എന്തുപറയും? ഒരു വാദ്ധ്യാരുടെ കുറഞ്ഞ യോഗ്യത ബി. എ. പരീക്ഷയാണ്. പ്രാതിനിധ്യം ഇല്ലാത്ത ഒരു വർഗ്ഗത്തിൽപ്പെട്ട ഒരു മൂന്നാംക്ലാസ്സ് ബി. എ. കാരനുപകരം ഒരു ഒന്നാംക്ലാസ് ബി. എ. കാരനായ ബ്രാഹ്മണനെ തിരഞ്ഞെടുത്താൽ ആ നിയമനത്തെപ്പററി ഈ സഭതന്നെ അഭിനന്ദിക്കയില്ലയോ? ഇതുപോലെ കാര്യക്ഷമത വളരെ പ്രധാനമായിട്ടുള്ള ഉദ്യോഗങ്ങൾ ഉണ്ട്. അതായതു പബ്ലിക്ക്സർവീസ് പരസ്യത്തിൽ നിശ്ചയിച്ചിട്ടുള്ള കുറഞ്ഞയോഗ്യതയല്ലാ രാജ്യത്തെ സർവീസിനു എല്ലായ്പ്പോഴും ഏററവും നല്ലതായിട്ടുള്ളതു് എന്നാണ് ഞാൻ അതുകൊണ്ടു ഉദ്ദേശിക്കുന്നതു്.

മി. ഏ. ജെ. ജാൺ (തൈക്കാട്ടു): മി. പി. ജെ. തോമസ് ഒരു ഒന്നാംക്ലാസ് ഗ്രാഡ്യുവേററ് അല്ലയോ?

മി. കെ. ജാജജ് (ഗവണ്മെൻറ ചീഫ്സെക്രട്ടറി): സർ, ഒരു പ്രത്യേകആളിനെക്കുറിച്ചുള്ള ചോദ്യങ്ങൾക്ക് ഒന്നിനും എനിക്ക് മറുപടിപറയാൻ സാധിക്കയില്ലാ എന്ന പറയേണ്ടിവന്നതിൽ എനിക്ക് മനസ്സാപമുണ്ട്.

മി. കെ. ഐ. ജോസഫ് (മീനച്ചലും ദേവികുളവും): ഒന്നാംക്ലാസ്സും രണ്ടാംക്ലാസ്സും മൂന്നാംക്ലാസ്സും ഗ്രാഡ്യുവേററ്സ് തമ്മിലുള്ള വ്യത്യാസം ഗവണ്മെൻറ ആദരിക്കുന്നുണ്ടോ?

മി. കെ. ജാജജ് (ഗവണ്മെൻറ ചീഫ്സെക്രട്ടറി): അതാണ് ഗവണ്മെൻറിൻെറ താല്പര്യം.

മി. കെ. ഐ. ജോസഫ് (മീനച്ചലും ദേവികുളവും): എന്നാൽ യഥാർത്ഥത്തിൽ അവർ അതിനെ അനുസരിക്കുന്നുണ്ടോ?

മി. കെ. ജാജജ് (ഗവണ്മെൻറ ചീഫ്സെക്രട്ടറി): അതിനുത്തരം പറയുന്നതിലേക്കു കഴിഞ്ഞകൊല്ലങ്ങളിൽ നടത്തിയിട്ടുള്ള നിയമനങ്ങളെല്ലാം ഞാൻതന്നെ പരിശോധിക്കണം.

മി. കെ. ഐ. ജോസഫ് (മീനച്ചലും ദേവികുളവും): മേലാൽ യാതൊരു വ്യത്യസ്തതയും കൂടാതെ ഗവണ്മെൻറ തുടരുന്നതിനായി ഉദ്ദേശിക്കുന്നതായ നയം അതാണോ?

മി. കെ. ജാജജ് (ഗവണ്മെൻറ ചീഫ്സെക്രട്ടറി): ഞാൻ പറഞ്ഞതുപോലെ കാര്യക്ഷമതയായിരിക്കും മാർഗ്ഗദർശിയായ പ്രമാണം.

മി. കെ. ഐ. ജോസഫ് (മീനച്ചലും ദേവികുളവും): ഒന്നാംക്ലാസും രണ്ടാംക്ലാസും മുതലായവയും തമ്മിൽ വ്യത്യസ്തപ്പെടുത്തി നോക്കുന്ന തത്വത്തെ എന്നാണ് ഞാൻ പറയുന്നതു്.

മി. കെ. ജാജജ് (ഗവണ്മെൻറ ചീഫ്സെക്രട്ടറി): കാര്യക്ഷമതയാണ് വളരെ പ്രധാനമായിട്ടു നോക്കുന്നതു് എന്നു കാണിക്കുന്നതിനു ഞാൻ അതു ഒരു ഉദാഹരണമായിട്ടു മാത്രം പറഞ്ഞതാണ്.

മി. കെ. ഐ. ജോസഫ് (മീനച്ചലും ദേവികുളവും): മേലാൽ ഒന്നാംക്ലാസ് രണ്ടാംക്ലാസ് എന്നിങ്ങനെ വ്യത്യസ്തപ്പെടുത്തി നോക്കുന്നതായ നയത്തെ തുടരുന്നതിനാണോ ഗവണ്മെൻറിൻെറ ഉദ്ദേശം എന്നു ചീഫ്സെക്രട്ടറി അവർകൾ പറയുമോ?

മി. കെ. ജാജജ് (ഗവണ്മെൻറ ചീഫ്സെക്രട്ടറി): ഞാൻ ഗവണ്മെൻറിൻെറ നയത്തെക്കുറിച്ചു യാതൊന്നും പറഞ്ഞില്ല. രാജ്യത്തിലെ ഉദ്യോഗങ്ങൾക്കു കാര്യക്ഷമതയാണ് പ്രധാനമായിട്ടുള്ള സംഗതി എന്നാണു ഞാൻ പറഞ്ഞതു്.

ഒന്നാംക്ലാസുകാർക്കു അനുകൂലമായി അവരെ വേർതിരിക്കുന്നതിനു ഗവൺമെൻറ് സ്വീകരിക്കുന്ന നയത്തെക്കുറിച്ചുള്ള എൻെറ ചോദ്യത്തെസംബന്ധിച്ചു ഞാൻ ചീഫ്സെക്രട്ടറിയുടെ അടുക്കൽനിന്നും എന്താണ് മനസ്സിലാക്കേണ്ടതു്?

അദ്ധ്യക്ഷൻ. നിങ്ങൾ വിവരം വിവരമായി ചോദിക്കയാണ്. ഒരു വിശാലമായ പ്രമാണത്തെക്കുറിച്ചുള്ള പ്രമേയത്തിന്മേലാണ് ചീഫ്സെക്രട്ടറി അവർകൾ ഉത്തരംപറയുന്നതു്, അതുകൊണ്ടു നിങ്ങളുടെ ചോദ്യം സംഗതമല്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ചീഫ്സെക്രട്ടറി അവർകൾക്കു മറുപടി പറയാനായി അനുവദിച്ചിട്ടുള്ള സമയം എത്രയാണ്?

മി. കെ. ജാജജ് (ഗവണ്മെൻറ ചീഫ്സെക്രട്ടറി): എനിക്കു കുറച്ചുമിനിട്ടു കൂടി മതി.

ഈ സംഗതിയിൽ ഗവണ്മെൻറിൻെറ സ്ഥിതി എന്താണെന്നു ഞാൻ ഒന്നുകൂടി പറയണമെന്നില്ലല്ലോ? ഈ സംഗതിയിൽ ഗവണ്മെൻറിൻെറ അവസ്ഥ കഴിഞ്ഞപ്രാവശ്യം എൻെറ പ്രസംഗത്തിൽ പറഞ്ഞതുപോലെ ഈ സംഗതിയിൽ പ്രാതിനിധ്യം ഇല്ലാത്തതോ ശരിയായി പ്രതിനിധീകരിക്കാത്തതോ ആയ വർഗ്ഗങ്ങൾക്കനുകമ്പയോടുകൂടിയതാണ്. പ്രാതിനിധ്യം ഇല്ലാത്തതോ ശരിയായി പ്രതിനിധീകരിക്കാത്തതോ ആയ വർഗ്ഗക്കാർക്കു കഴിയുന്നതു കൂടുതൽ പ്രാതിനിധ്യം നൽകുന്നതിനു അവർ ശ്രമിക്കും. പബ്ലിക്കസർവീസിൽ എല്ലാവർഗ്ഗക്കാർക്കും സമമായോ വീതം അനുസരിച്ചോ പ്രാതിനിധ്യം നൽകുക എന്നസ്ഥിതിയെ ഗവൺമെൻറിനു സ്വീകരിക്കാൻ സാധിക്കയില്ല. അപ്രകാരം ഒരു അവസ്ഥയെ അവലംബിക്കുന്നതു അസാദ്ധ്യമാണ്.

ഒരു സംഗതികൂടി പറയാനുണ്ട്. ഗവൺമെന്റിൽനിന്നും പ്രസ്താവിച്ച പ്രമാണത്തെപ്പറ്റി പ്രമേയകർത്താവു ഒരുപ്രകാരത്തിൽ തൃപ്തിപ്പെട്ടിരിക്കയാണെന്നു എനിക്കു അദ്ദേഹത്തിന്റെ പ്രസംഗത്തിൽനിന്നും മനസ്സിലായി. ഇതിനെ അനുസരിക്കുന്നില്ല എന്നായിരുന്നു അദ്ദേഹത്തിന്റെ പ്രധാനമായ പരാതി. അതിനെസംബന്ധിച്ചു, ഞാൻ മുമ്പൊരവസരത്തിൽ പറഞ്ഞതുപോലെ ഡിപ്പാർട്ടുമെന്റു മേലധ്യക്ഷന്മാർ നടത്തുന്ന നിയമനങ്ങളെപ്പറ്റി മാറ്റു ഗവൺമെന്റു സൂക്ഷിച്ചുകൊണ്ടിരിക്കയാണ്. ഓരോ ഡിപ്പാർട്ടുമെന്റു മേലധ്യക്ഷന്മാരിൽനിന്നും അവർ നടത്തുന്ന നിയമനങ്ങൾക്കു റിട്ടേൺസും വരുന്നുണ്ട്. അവയെ ശരിയായി പരിശോധിക്കയും ഏതെങ്കിലും അന്യായമായ പക്ഷപാതം കാണിച്ചാൽ ആ ഡിപ്പാർട്ടുമെന്റു മേലധികാരിയോടു സമാധാനം ചോദിക്കയും ചെയ്തിട്ടുണ്ട്.

മി. കെ. കെ. തോമസ് (കോട്ടയം): പ്രവൃത്തികാരന്മാരെ നിയമിക്കുന്നകാര്യത്തിൽ ലാൻഡ്യുറവന്യൂ കമ്മീഷണരു ചെയ്തിട്ടുള്ള വാഗ്ദാനം അതുപോലെ നിറവേറിട്ടുണ്ടോ എന്നു മെമ്പർ പറയുമോ?

മി. ജി. പരമേശ്വരൻപിള്ള (നെയ്യാറ്റിൻകര): സർ, ആ ചോദ്യം സംഗതമാണോ?

മി. കെ. ജോർജ്ജ് (ഗവൺമെന്റു ചീഫ് സെക്രട്ടറി): അതു ലാൻഡ്യുറവന്യൂകമ്മീഷണർ അവർകൾ മറുപടിപറയേണ്ടതായ ഒരു ചോദ്യമാണ്.

ഇക്കാരണങ്ങളാൽ ഞാൻ ഈ പ്രമേയത്തെ എതിർക്കുന്നു.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): ഞാൻപ്രമേയത്തെ പിൻവലിക്കുന്നു.

അദ്ധ്യക്ഷൻ. പ്രമേയത്തെ പിൻവലിക്കുന്നതിനു സഭ അനുവദിക്കുന്നുണ്ടോ?

മി. ഏ. കെ. പിള്ള (കരുനാഗപ്പള്ളി): പ്രമേയം പിൻവലിക്കുന്നതിനു അനുവാദം കൊടുക്കുന്നതിനെ ഞാൻ തടയുന്നു. സർ, ഞാൻ കാരണത്തെ വിശദമായി പറയട്ടയോ?

അദ്ധ്യക്ഷൻ. വേണ്ട. മിസ്റ്റർ കുഞ്ഞിത്തൊമ്മൻ നിങ്ങളുടെ പ്രമേയം പിൻവലിക്കുന്നതിനു തടസ്സമുള്ളതായി കാണുന്നു. ഞാൻ അതിനോടു നല്ലപോലെ യോജിക്കയുംചെയ്യുന്നു; എന്തുകൊണ്ടെന്നാൽ നിങ്ങൾ ധാരാളം സമയം ചിലവാക്കുകയും ധാരാളം വികാരങ്ങളെ ഇളക്കുകയും ചെയ്തിട്ടുണ്ട്; ഒരു പക്ഷേ നിങ്ങളുടെ പ്രമേയംകൊണ്ട്, പലസ്ഥലങ്ങളിലും പലവർഗ്ഗങ്ങളിലും ഉദ്യോഗം ലഭിച്ചിട്ടില്ലാത്ത ആളുകൾക്കു, ആശയെ ജനിപ്പിച്ചു എന്നുവരാം. ഈ സഭയുടെ നന്മയ്ക്കും, രാജ്യത്തിനും അതിൽ ഉൾപ്പെട്ടിരിക്കുന്ന വർഗ്ഗക്കാർക്കും പൊതുവേയുള്ള ഗുണത്തിനുവേണ്ടി സൂക്ഷിക്കേണ്ടതായ ലോകാചാരത്തിനുമായി നിങ്ങളുടെ പ്രമേയത്തിനു എന്തെങ്കിലും ഖണ്ഡിതമായ ഒരു തീരുമാനം ഉണ്ടാകേണ്ടത് അത്യാവശ്യമാകുന്നുവെന്നാണ് എനിക്കു തോന്നുന്നതു (മി. ജി. പരമേശ്വരൻപിള്ള, കേൾക്കുവിൻ, കേൾക്കുവിൻ).

മെമ്പർക്കു സഭയിൽനിന്നും പ്രമേയം പിൻവലിക്കാൻ അനുവാദം ഉണ്ടോ എന്നുള്ള ചോദ്യം വോട്ടിനിടുകയും തള്ളിപ്പോകയുംചെയ്തു.

പിന്നീടു പ്രമേയം വോട്ടിനിടുകയും തള്ളിപ്പോകയും ചെയ്തു. ൯ പേർ പ്രമേയത്തിനു അനുകൂലിച്ചും ൩൦ പേർ വിപരീതമായും വോട്ടുചെയ്തു.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): ഞാൻ ഒരു പോളിനു ആവശ്യപ്പെടുന്നു.

താഴെക്കാണുന്നതുപോലെ ഒരു പോൾ എടുത്തു.

അനുകൂലിച്ചവർ ൯.

൧. മി. പി. ഹബീബ് മഹമ്മദ്
൨. ,, എ. ജെ. ജോൺ
൩. ,, കെ. ഐ. ജോസഫ്
൪. ,, എൻ. കുമാരൻ
൫. ,, തയ്യിൽ കുഞ്ഞിത്തൊമ്മൻ
൬. മി. എസ്സ്. ജി. ലോപ്പസ്സ്
൭. ,, ആർ. പത്മനാഭൻ
൮. ,, ജി. രാമൻ മേനോൻ
൯. ,, എം. ശിവതാണുപിള്ള

പ്രതികൂലിച്ചവർ ൩൦.

൧. മി. ഐ. സി. ചാക്കോ
൨. ,, ആർ. ധനുക്കോടിപിള്ള
൩. ,, കെ. ജോർജ്ജ്
൪. ,, സി. കേരളവർമ്മകോയിതമ്പുരാൻ
൫. ,, സി. പി. കൊച്ചുകുഞ്ഞുപിള്ള
൬. ,, ഏ. കെ. പിള്ള
൭. ,, ററി. കുമാരപിള്ള
൮. ,, ആർ. കൃഷ്ണപിള്ള
൯. ഡാക്ടർ എൻ. കുഞ്ഞൻപിള്ള
൧൦. മി. എൽ. ഏ. ലാംപാർഡ്
൧൧. ,, കെ. മാധവൻപിള്ള
൧൨. ,, ജി. നാരായണപിള്ള
൧൩. ,, കല്ലൂർ നാരായണപിള്ള
൧൪. ,, പി. കെ. നാരായണപിള്ള
൧൫. ,, കെ. പി. നീലകണ്ഠപ്പിള്ള
൧൬. ,, എം. എൻ. പിള്ള
൧൭. മി. ജി. പരമേശ്വരൻപിള്ള
൧൮. ,, കയ്യാലം പരമേശ്വരൻപിള്ള
൧൯. മിസ്സസ്സ് എം. പുന്നൻ ലൂക്കോസ്
൨൦. മി. കെ. എൻ. രാമസുബ്ബയ്യർ
൨൧. ,, ടി. പി. രാമസുബ്ബയ്യർ
൨൨. ,, ഏ. എസ്സ്. രാമസ്വാമിഅയ്യർ
൨൩. ,, റാവു ബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ
൨൪. മി. കെ. ശിവരാമപ്പണിക്കർ
൨൫. ,, എസ്സ്. സുബ്രഹ്മണ്യകരയാളർ
൨൬. ,, എം. സുബ്രഹ്മണ്യപിള്ള
൨൭. ,, സി. എൻ. ഉപ്പൻ നമ്പൂതിരി
൨൮. ,, ജെ. സ്റ്റീഫൻസൺ
൨൯. ,, വി. എസ്സ്. സുബ്രഹ്മണ്യഅയ്യർ
൩൦. എ. ജെ. വാൻറോസ്സ്

നിഷ്പക്ഷം ൭.

൧. മി. കെ. സി. മാമ്മൻമാപ്പിള
൨. ,, ചങ്ങനാശേരി പരമേശ്വരൻപിള്ള
൩. ,, പാൾ ഡാനിയേൽ
൪. ,, എസ്സ്. പിറവിപ്പെരുമാൾപിള്ള
൫. മി. സി. പി. തരകൻ
൬. ,, സി. പി. തോമസ്സ്
൭. ,, കെ. കെ. തോമസ്സ്

പ്രമേയം തള്ളപ്പെട്ടതായി പ്രസ്താവിച്ചു

൨-൩൦-ന ലഘുഭക്ഷണത്തിനായി സഭ പിരിഞ്ഞു.

ഡെപ്യൂട്ടിപ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ സഭ ൩-൩൦-ന വീണ്ടുംകൂടി.

അഞ്ചൽകാർഡിന്റേയും കവറിന്റേയും വില കുറയ്ക്കുന്നതിനെപ്പററി.

മി. എം. ശിവതാണുപിള്ള (തോവാള): സർ, താഴെപ്പറയുന്ന പ്രമേയം ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു:—

അഞ്ചൽ കാർഡിന്റേയും കവറിന്റേയും വില കുറച്ച് യഥാക്രമം നാലും എട്ടും കാശുവീതം ആക്കണമെന്നു ഈ സഭ ഗവണ്മെന്റിനോടു ശുപാർശചെയ്യുന്നു.

സർ, അഞ്ചൽ ഡിപ്പാർട്ടുമെന്റ ൧൦൮൬-ാമാണ്ടിൽ ഒരു വാണിജ്യ വകുപ്പാക്കുകയും ൧൦൯൩-ാമാണ്ടാരംഭം മുതൽ അതു ഒരു വാണിജ്യവകുപ്പായി നടത്തിപ്പോരേണ്ടി വരികയും ചെയ്തു. എന്റെ ഓർമ്മ ശരിയാണെങ്കിൽ, അന്നത്തെ സഭമുമ്പാകെ ഈ അഭിപ്രായം പ്രകടിപ്പിച്ചപ്പോൾ, അതായതു, ൧൦൯൭-ലെ രണ്ടാം റഗുലേഷൻ നടപ്പിൽ വരുന്നതിനു മുമ്പു, ആ സഭയിലെ അനദ്യോഗസ്ഥാംഗങ്ങൾ അതിനെ ശക്തിയോടെ എതിർത്തു. അവരുടെ പ്രതിഷേധത്തിനു പ്രധാനകാരണം, ഈ ഡിപ്പാർട്ടുമെന്റ രാജ്യത്തുള്ള എല്ലാ ജനങ്ങളേയും യാതൊരു വ്യത്യാസവുംകൂടാതെ ഒരുപോലെ ബാധിക്കുന്നതുകൊണ്ടു ഇതിനെ ഒഴിച്ചുകൂടാൻ പാടില്ലാത്ത മറെറാരു ഡിപ്പാർട്ടുമെന്റുപോലെ ഗവണ്മെന്റിൽനിന്നും നടത്തണമെന്നും അതിനാൽ ഒരു വാണിജ്യവകുപ്പുപോലെ കരുതരുതെന്നുമായിരുന്നു. രണ്ടാമതായി എന്റെ ഓർമ്മ ശരിയാണെങ്കിൽ ഭാഗ്യംകൊണ്ടു വീണ്ടും നെയ്യാററിൻകര മെംബരായി വന്നിരിക്കുന്ന എന്റെ സ്നേഹിതൻ മി. ജി. പരമേശ്വരൻപിള്ള പുറപ്പെടുവിച്ച ന്യായവാദങ്ങൾകൊണ്ടു ആ ഡിപ്പാർട്ടുമെന്റ നഷ്ടത്തിലല്ല നടന്നിരുന്നതെന്നും നേരെമറിച്ചു സ്വയസംരക്ഷണാർത്ഥം ഫലപ്രദങ്ങളായ യത്നങ്ങൾ ചെയ്തതായിരുന്നുഎന്നു വിശദമാക്കിട്ടുണ്ടു. എന്റെ നിർഭാഗ്യംകൊണ്ടു ഇപ്പോൾഎതിർവശത്തു വന്നിരിക്കുന്ന ഒരു വിശ്രുതനായ അംഗത്തെ—ഞാൻ പറയുന്നതു മി. കയ്യാലം പരമേശ്വരൻപിള്ളയെക്കുറിച്ചാണ്—ചൂണ്ടിപ്പറയുന്നതിനു അനുവദിക്കയാണെങ്കിൽ അഞ്ചൽകാർഡുകളുടേയും കവറുകളുടേയും വില വർദ്ധിപ്പിക്കുന്നതിനെ അദ്ദേഹം ശക്തിമത്തായിഎതിർത്തിരുന്നുഎന്ന് ഞാൻ പറയാം. എന്നാൽ ഈ സഭ അനദ്യോഗസ്ഥവിഭാഗത്തിൽനിന്നുമുള്ള എതിർപ്പിനെ ഗണിച്ചില്ല. സർ, നമ്മളും ഇതരരാജ്യങ്ങളോടൊപ്പം വർത്തിക്കണം എന്നു പറയുകയാണെങ്കിൽ അതു അസാംഗത്യമല്ലായിരിക്കും, ഇംഗ്ലണ്ടിൽ പെനിപോസ്റ്റ് ഏർപ്പാടു പരിക്ഷിച്ചുനോക്കുകയും അതുപോരെന്നുകണ്ടിട്ടു തള്ളിക്കളകയുംചെയ്തുഎന്നുള്ളതു സർവവിദിതമാണല്ലോ. ഈ പ്രമേയസംബന്ധമല്ലാത്ത മററുകാരണങ്ങളാൽ വിജയപ്രദമായില്ലെങ്കിലും ബ്രിട്ടീഷ് ഇൻഡ്യയിൽ പോസ്റ്റ്നിരക്കുകൾ കുറയ്ക്കുന്നതിനു നിയമസഭയുടെ കഴിഞ്ഞയോഗത്തിൽ നിഷ്കർഷയോടും ഗൌരവത്തോടും പരിശ്രമിച്ചു. സർ, ഈ സംഗതികളെപ്പററി ചിന്തിക്കുകയാണെങ്കിൽ അഞ്ചൽകാർഡുകളുടേയും കവറുകളുടേയും വില യഥാക്രമം പഴയ നിരക്കായ നാലുകാശും എട്ടുകാശും ആക്കണമെന്നു പ്രഥമദൃഷ്ടിയിൽതന്നെ വിശദമാകുന്നുണ്ടു. പക്ഷേ, അതു രാജ്യത്തിന്റെ ആദായത്തെ ബാധിക്കുന്നതാണെന്നു ഖജനാ ഉദ്യോഗസ്ഥന്മാർ വാദിച്ചേക്കാം. നികുതി കുറയ്ക്കുന്നതിനുള്ള ഏതു പ്രമാണവും രാജ്യത്തിന്റെ ആദായത്തെ ബാധിക്കുമെന്നുള്ളതു നിശ്ചയമാണ്. ഈ ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ചിടത്തോളം അതു ജനങ്ങളുടെ എല്ലാ വിഭാഗങ്ങളേയും ബാധിക്കുന്നതുകൊണ്ടു ഒരു വാണിജ്യഡിപ്പാർട്ടുമെന്റുപോലെ നടത്തണമെന്നുള്ളതാണ് ഗവണ്മെന്റിന്റെ നില. ഈ പ്രമേയത്തിന്റെ ധനസ്ഥിതിയെക്കുറിച്ചു പരിശോധിച്ചുനോക്കുന്നതായാൽ ൧൦൯൩-ൽ രാജ്യഭരണ റിപ്പോർട്ട് അനുസരിച്ചു കുറവുണ്ടായിരുന്നു. ൧൦൯൭-ലെയും സ്ഥിതി ഇതുതന്നെ ആയിരുന്നു. ൧൦൯൮-ലും ൧൦൯൯-ലും ഇതേ നിലതന്നെ തുടർന്നുകൊണ്ടിരുന്നു; എന്നാൽ ൧൧൦൦-ൽ മുതലെടുപ്പു കുറെക്കൂടി വർദ്ധിച്ചു ൧൭൦൦൦ രൂപാ കൂടുതലും ഉണ്ടായിരുന്നു. ൧൧൦൧-ാമാണ്ടു അതു ൧൨൦൦൦ രൂപാ ആയി. സർ, എന്നാൽ ഈ മുതലെടുപ്പു വർദ്ധനയുടെ കാരണം രാജ്യഭരണറിപ്പോർട്ടിൽ വിവരിച്ചു കാണുന്നില്ല. ഇതിനെ വിശദമാക്കുന്നതിനു ഗവണ്മെന്റിൽനിന്നും യത്നിച്ചിട്ടുമില്ല, സർ, ആ സ്ഥിതിയെ വിവരിച്ചു പറയുന്നതിനു എന്നെ അനുവദിക്കുകയാണെങ്കിൽ അതിന്റെ പ്രധാന കാരണം ജനങ്ങളുടെ ഇടയിൽ ഈ കാർഡിനും സ്റ്റാമ്പിനും ഉള്ള കൂടുതൽ പ്രചാരവും ഉപയോഗവും കൊണ്ടാണ്. ഈ കുറവു അഞ്ചൽ ഡിപ്പാർട്ടുമെണ്ടിലേക്കു കൊടുത്തിട്ടുള്ള സ്റ്റാമ്പിന്റേയും സ്റ്റേഷനറിയുടേയും വില ആ ഡിപ്പാർട്ടുമെണ്ടിലെ കണക്കിൽ കൂട്ടിയതുകൊണ്ടു ഉണ്ടായതാണെന്നാണ് ഗവണ്മെന്റ് പറയുന്നതു്. രാജ്യത്തുള്ള എല്ലാഡിപ്പാർട്ടുമെണ്ടിലേക്കും സ്റ്റേഷനറിഡിപ്പാർട്ടുമെണ്ടു സാമാനങ്ങൾ കൊടുക്കണം. ഗവർമെന്റിൽനിന്നും അഞ്ചൽഡിപ്പാർട്ടുമെന്റിലേക്കു കൊടുക്കുന്ന സാമാനങ്ങൾക്കു വില വസൂൽചെയ്യുകയാണെങ്കിൽ സ്റ്റേഷനറി ഡിപ്പാർട്ടുമെണ്ടു ഒരു സ്വയം സംരക്ഷിക്കുന്ന ഡിപ്പാർട്ടുമെന്റാക്കണമെന്നാണ് എന്റെ അഭിപ്രായം. സ്റ്റേഷനറി ഡിപ്പാർട്ടുമെണ്ടിന്റെ സ്വയം സംരക്ഷണത്തെക്കുറിച്ചു സഭയുടെ ഈ വിഭാഗത്തിന് നിരന്തരമായ ഭിന്നാഭിപ്രായമുണ്ടെന്നുള്ള വാസ്തവം സഭ ചെയർമാനുതന്നെ അറിയാവുന്നതാണ്. ഈ ഡിപ്പാർട്ടുമെന്റിലേക്കു കൊടുക്കുന്ന സ്റ്റേഷനറി സാമാനങ്ങളുടെയുംസ്റ്റാമ്പിന്റേയും കാർഡിന്റേയും വിലകണക്കാക്കുന്നതുകൊണ്ടു ഈ ഡിപ്പാർട്ടുമെന്റ സ്വയം സംരക്ഷിക്കുന്നതല്ലെന്നു ഗവണ്മെന്റ ആളുകളെ എങ്ങിനെയോ മനസ്സിലാക്കുന്നുണ്ടു. സർ, സ്വയംസംരക്ഷിച്ചുപോരുന്ന ഒരു ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ചു ഗവണ്മെന്റിന്റെ നയം ഇപ്രകാരമാണെങ്കിൽ ഈ പ്രമാണത്തിന്റെ ന്യായമായ അനന്തരം ഓരോ ഡിപ്പാർട്ടുമെന്റിനെയും സ്വയംസംരക്ഷിക്കുന്നതാക്കണമെന്നാണ്. ഇതു ഒരിക്കലും ആശാസ്യമായിട്ടുള്ളതല്ല. സർ, ൧൧൦൦-ൽ അഞ്ചൽസർവീസിൽ ൧൨൦൦൦ രൂപയിൽ കൂടുതൽ ലാഭമുണ്ടായിട്ടുണ്ട്. ആളുകൾ അവർ അയക്കുന്ന എഴുത്തുകൾ മേവിലാസക്കാർക്കു കിട്ടുമെന്നു നിശ്ചയമില്ലാത്തതുകൊണ്ടു എപ്പോഴും എഴുത്തുകൾ രജിസ്റ്റർചെയ്യു മുതലെടുപ്പു വർദ്ധിച്ചു ... എഴുതാറില്ലെന്നും, അതുകൊണ്ടു ചിലർ ആവശ്യമില്ലാതെ എഴുത്തുകൾ രജിസ്റ്റർചെയ്യു മുതലെടുപ്പു വർദ്ധിപ്പിക്കുന്നുണ്ടെന്നും ഒരു നിയമസഭാ ചോദ്യംകൊണ്ടു ഏറക്കുറെ വെളിപ്പെടുത്തിയിട്ടുണ്ട്. ഇതുകൂടാതെ ഗവണ്മെന്റിൽ നിന്നും ഉപയോഗിച്ചിട്ടുള്ള സ്റ്റാമ്പുകളുടെ കണക്കിനെസംബന്ധിച്ച അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടു നോക്കുകയാണെങ്കിൽ ഒരു വലിയ തുക കാണാം. ഗവണ്മെന്റിൽനിന്നും ഉപയോഗിച്ചിട്ടുള്ളതും ആളുകൾ ഉപയോഗിച്ചിട്ടുള്ളതുമായ സ്റ്റാമ്പുകളുടെ സംഖ്യയെ താരതമ്യപ്പെടുത്തി നോക്കുകയാണെങ്കിൽ ആളുകൾ ഉപയോ

ഗിച്ചിട്ടുള്ളതായി ഒരു വലിയ ശതമാനം കാണാം. ഇതു ഈ ഡിപ്പാർട്ടുമെന്റിൽനിന്നു വില്ക്കുന്ന സ്റ്റാമ്പുകളുടേയും കവറുകളുടേയും വിലയേറിയതുകൊണ്ടുകൂടാതെ ഈ ഡിപ്പാർട്ടുമെന്റിന്റെ കാര്യക്ഷമതയില്ലായ്മകൊണ്ടും വന്ന സർവ്വസ്വതന്ത്രമായ ചാർജ്ജുകൾ കൂടി ഉണ്ടെന്നു കാണാം.

സർ, ഇപ്പോൾ നിരക്കു വർദ്ധിപ്പിച്ചതിനുശേഷം നാം എന്താണു കാണുന്നതു? സ്റ്റാമ്പുകളുടേയും കവറുകളുടേയും ഈ വർദ്ധിപ്പിച്ച നിരക്കു അതിൽനിന്നും ഉദ്ദേശിച്ച പ്രയോജനം സാധിക്കുന്നില്ലെന്നു മാത്രമല്ലാ, ചിലപ്പോഴെങ്കിലും ആളുകൾക്കു ഒരു കാർഡു വാങ്ങിക്കുന്നതിനു മൂന്നുകാശുകൂട്ടമായി ചിലവാക്കേണ്ടിയും വരുന്നു എന്നു നമുക്കു കാണാം. ഏതായാലും ഈ ഡിപ്പാർട്ടുമെന്റു ഒരു വാണിജ്യനിലയിൽ നടത്തുന്നതിനുമുമ്പു സംഗതികളുടെ നില ഇപ്രകാരമായിരുന്നു. സർ, ഈ നിരക്കിനെ പുതുക്കി പഴയനിലയിൽ വരുത്തുന്നതു എന്തെങ്കിലും ന്യായമുണ്ടോ എന്നു നമുക്കു നോക്കാം. സ്വയംചലനയന്ത്രങ്ങളുടെ ഏർപ്പെടുത്തലിനുശേഷം ഗതാഗതസൌകര്യം വർദ്ധിച്ചിട്ടുണ്ടെന്നുള്ളതു നമുക്കു എല്ലാവർക്കും അറിയാവുന്നതാണ്. മുമ്പു ആറോ ഏഴോ മൈലിനു ഇടയ്ക്കുള്ള സ്ഥലങ്ങളിലേക്കു ഈ ഡിപ്പാർട്ടുമെന്റിൽനിന്നും ഓട്ടക്കാരെ നിയമിക്കുന്നുണ്ടായിരുന്നു. ഇപ്പോൾ ഗവണ്മെന്റിൽനിന്നും എല്ലാ ജോലികളും മോട്ടോർകാർ മുഖാന്തിരമാണ് നടത്തുന്നതെന്നു നമുക്കറിയാം. ഭൂരിഭാഗം ജോലി സ്വയചലനയന്ത്രങ്ങളെക്കൊണ്ടാണ് നടത്തുന്നതെന്നു അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടിൽ തന്നെ കാണുന്നുണ്ട്. ഇതുനിമിത്തം ഈ ഡിപ്പാർട്ടുമെന്റു നിയമമായിട്ടും മുമ്പിലത്തേതിനേക്കാൾ കുറഞ്ഞ ചിലവിലാണ് നടത്തുന്നതു. ഇതാണ് ഇപ്പോഴത്തെ സ്ഥിതി എന്നു എനിക്കു തോന്നുന്നു. രണ്ടാമതായി എന്റെ അഭിപ്രായത്തെ പിൻതാങ്ങുന്നതിന് ധാരാളം സ്നേഹിതന്മാർ ഉണ്ടായിരിക്കും—അതായതു, അഞ്ചൽ കാർഡിന്റേയും കവറിന്റേയും നിരക്കു കുറഞ്ഞിരുന്നാൽ ജനങ്ങളുടെ ഇടയിൽ കൂടുതൽ ആവശ്യം ഉണ്ടായിരിക്കുമെന്നുള്ളതാണ്. നിരക്കുകുറച്ചു നാലും എട്ടും കാശുവീതം ആക്കിയാൽ ആളുകൾ വിലകുറവായി ഗണിക്കുമെന്നുമാത്രമല്ലാ അവർക്കു ഇപ്പോഴത്തെപ്പോലെ ധാരാളം ഒറ്റക്കാശു നാണയംകൊണ്ടു നടക്കേണ്ട ഉപദ്രവവും ഉണ്ടായിരിക്കയില്ല. ഒരു ചക്രവുംകൊണ്ടു ഒരു മനുഷ്യൻ ഒരു കാർഡുവാങ്ങിക്കുന്നതിനായി അഞ്ചലാഫീസിൽ പോകുന്നു എന്നുവിചാരിക്കുക. അയാൾക്കു ഒരു കാർഡേ ആവശ്യമുള്ളു. അയാൾ അവിടെ ചെന്നിട്ട് ഒരു ചക്രംകൊടുക്കുന്നു. അയാൾക്കു ഒരു കാർഡും ബാക്കി എട്ടുകാശുമേ കിട്ടുന്നുള്ളു. ആ കച്ചവടക്കാരന്റെ കൈയിൽ ഒറ്റക്കാശുണ്ടെങ്കിൽ മാത്രമേ ബാക്കി കാശുകിട്ടുകയുള്ളു. അല്ലെങ്കിൽ അയാൾക്കു അപ്പോൾ പോകുകയും പിന്നീടൊരവസരത്തിൽ ഒറ്റക്കാശു ഉണ്ടാകുമ്പോൾ മാത്രം അയാളോടു ബാക്കികാശു വാങ്ങിക്കുകയുമേ നിവൃത്തിയുള്ളു.

ധനവാന്മാർക്കു ഈ ഒറ്റക്കാശു നാണയം ഒരു ഉപദ്രവമാണെന്നുള്ളതിനു സംശയമില്ല; എന്നാൽ നിർദ്ധനന്മാരെ സംബന്ധിച്ചിടത്തോളം ഇതു ഒരു വലിയ നഷ്ടവുമാണ്. അനേകം പിച്ചക്കാർ ഈ കാശിനുവേണ്ടി തെരുവുകളിൽ അലഞ്ഞുനടക്കുന്നതു നമുക്കു പലപ്പോഴും കാണ്മാൻ ഇടവന്നിട്ടുണ്ടെന്നു എനിക്കു നിശ്ചയമുണ്ട്. അതുകൊണ്ടു നിർദ്ധനന്മാരെ സംബന്ധിച്ചിടത്തോളം കാർഡിന്റേയും കവറിന്റേയും വിലയിൽനിന്നു ഒരു കാശു കുറയ്ക്കുന്നതു ഒരു വലിയസംഗതി ആയിരിക്കും. അഞ്ചൽകാർഡിന്റേയും കവറിന്റേയും വില അഞ്ചും പത്തും കാശിൽനിന്നു നാലും എട്ടുംകാശു ആയി കുറക്കുന്നതു ധനവാന്മാരുടേയും നിർദ്ധനന്മാരുടേയും പക്ഷത്തിൽ ഒരു സൌകര്യവും അനുഗ്രഹവും ആയിരിക്കും. സർ, ഇപ്പോൾ നമ്മുടെ രാജ്യം വിദ്യാഭ്യാസത്തിനു ഒരു പ്രശസ്തി സമ്പാദിച്ചിട്ടുണ്ടു. അതുകൊണ്ടു ഇത്രയും വിദ്യാഭ്യാസം സമ്പാദിച്ചിട്ടില്ലാത്ത ബ്രിട്ടീഷ് ഇന്ത്യയിലെ ആളുകളെക്കാൾ ഇവിടെയുള്ളവർ കൂടുതൽ എഴുത്തു എഴുതുമെന്നു പ്രകൃത്യാ ആരും ഉദ്ദേശിക്കും. അതുകൊണ്ടു നിരക്കു കുറയ്ക്കുന്നതായാൽ പ്രകൃത്യാ ഇവിടെ കൂടുതൽ ആവശ്യം ഉണ്ടായിരിക്കും. പക്ഷേ, എതിർപക്ഷത്തിൽ നിന്നും വാദിക്കുകയാണെങ്കിൽ ഇവിടെയും ബ്രിട്ടീഷ് ഇന്ത്യയിലും ഉള്ള നിരക്കുകൾ തമ്മിൽ യാതൊരു താരതമ്യവുമില്ലെന്നു പറയാം. ബ്രിട്ടീഷ് ഇന്ത്യയിൽ ഒരു കാർഡിനും കവറിനും യഥാക്രമം പതിനഞ്ചുകാശും ഒരു ചക്രം പന്ത്രണ്ടു കാശും വിലയുണ്ടെന്നിരിക്കെ ഇവിടെ അഞ്ചുകാശും പത്തുകാശുംമാത്രമേ വിലയുള്ളു എന്നു പറയാം. എന്നാൽ ബ്രിട്ടീഷ് ഇന്ത്യയിലെയും തിരുവിതാംകൂറിലെയും സ്ഥിതികൾ ഒരുപോലെയല്ല. അവിടെ ഒരു പോസ്റ്റുകാർഡ് കന്യാകുമാരിവിട്ടാൽ രാജ്യത്തിൽ ഏറ്റവും ദൂരമേറിയ പെഷവാർ പോലുള്ള സ്ഥലങ്ങളിലേക്കു നേരേപോകുന്നു. ഇതുകൂടാതെ പോസ്റ്റൽഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാരുടെ ശമ്പളവും അഞ്ചൽഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാരുടെ ശമ്പളവും തമ്മിൽ യാതൊരു താരതമ്യവും ഇല്ല. ഇവിടെ അഞ്ചൽമാസ്റ്റർക്കു പന്ത്രണ്ടുരൂപാമുതൽ മുപ്പതോ അമ്പതോ രൂപാവരെമാത്രമേ ശമ്പളമുള്ളു; എന്നാൽ പോസ്റ്റൽഡിപ്പാർട്ടുമെന്റിലെ ഒരു സൂപ്രണ്ടിനോ ഇൻസ്പെക്ടർക്കോ ഇവിടത്തെ ഡിസ്ട്രിക്ട് മജിസ്ട്രേട്ടിന്റെയൊപ്പം ശമ്പളം ഉണ്ട്. ഇതുകൂടാതെ, ബ്രിട്ടീഷ് ഇന്ത്യയിൽ കൂടി കാർഡിന്റേയും കവറിന്റേയും വില കാലണയും അരയണയും ആക്കി കുറക്കുന്നതിനു ലജിസ്ലേറ്റീവ് അസംബ്ലിയിൽ ഒരു പ്രക്ഷോഭണം ഉണ്ടായിരുന്നു. അതിൽ ഒരു നീതീകരണവും ഇല്ലെന്നു ഞാൻ വിശദമായി കാണിക്കുന്നുണ്ട്. ഇതുകൂടാതെ, ഞാൻ മുമ്പുപറഞ്ഞതുപോലെ, നമ്മുടെ രാജ്യത്തിലെ അനുദ്യോഗസ്ഥജനങ്ങളിൽ ഉത്തരവാദിത്വമുള്ള ഒരു വലിയവിഭാഗത്തിൽനിന്നും നാലും എട്ടും കാശിൽനിന്നു യഥാക്രമം അഞ്ചും പത്തും കാശാക്കി വർദ്ധിപ്പിക്കുന്നതിനു ആരംഭത്തിൽതന്നെ ശക്തിമത്തായ പ്രതിഷേധവുമുണ്ടായിരുന്നു. ഈ നിരക്കിനെ നാലും എട്ടും കാശാക്കി കുറയ്ക്കുന്നതു നിമിത്തം മുതലെടുപ്പിൽ ഒരു കുറവുവരികയാണെങ്കിൽ അതു കേവലം ആയിരം രൂപയിൽ കൂടുകയില്ലെന്നു എനിക്കു നിശ്ചയമുണ്ട്. പക്ഷേ കൂടുതൽവരുന്നതിനെ വിഗണിച്ചേക്കാം. ഞാൻ മുമ്പുപറഞ്ഞതുപോലെ ഗവണ്മെന്റിൽനിന്നും അഞ്ചൽഡിപ്പാർട്ടുമെന്റിനെ വാണിജ്യസ്ഥാപനമാക്കിനടത്തരുത്. ഏതായാലും ഗവണ്മെന്റിനു ഈ കൂടുതൽ ആദായം കഴിഞ്ഞ രണ്ടുകൊല്ലങ്ങളിലായിട്ടുമാത്രമേ കിട്ടുന്നുണ്ടായിരുന്നുള്ളു; ഈ സ്ഥിതിതന്നെ തുടർന്നുകാണുമെന്നു യാതൊരു ഉറപ്പുമില്ലതാനും.

എതിർപക്ഷത്തിൽനിന്നും വാദിക്കുകയാണെങ്കിൽ, രാജ്യത്തിലെ മുതലെടുപ്പിനെ ബാധിക്കുന്നതുകൊണ്ട് ഈ പ്രമേയത്തെ സ്വീകരിക്കാൻ പാടില്ലെന്നു പറയാം. എന്നാൽ, ഏതായാലും ഈ കൂടുതൽ മുതലെടുപ്പിനെ പൊതുജനങ്ങളുടെ നന്മയ്ക്കായി ഉപയോഗിക്കണം. എല്ലാ വർഗ്ഗക്കാർക്കും യാതൊരു വ്യത്യാസവുംകൂടാതെ ഉപയുക്തമായിട്ടുള്ള ഒരു ഗവണ്മെന്റു ഡിപ്പാർട്ടുമെന്റു ഉണ്ടെങ്കിൽ അതു അഞ്ചൽഡിപ്പാർട്ടുമെന്റാണ്. അതു

കൊണ്ടു അഞ്ചൽഡിപ്പാർട്ടുമെൻറിൻെറ ഉപയോഗം എല്ലാ വർഗ്ഗക്കാർക്കും സൌകര്യമുള്ളനിലയിൽ ആക്കണം. അതുപോലെതന്നെ ഈ ഡിപ്പാർട്ടുമെൻറ ഗവൺമെൻറിൽനിന്നും യാതൊരുതരത്തിലുമുള്ള ആദായം ഇച്ഛിക്കാൻപാടില്ലാത്ത ഒരു ഡിപ്പാർട്ടുമെൻറാകുന്നു.

എതിർപക്ഷത്തിൽനിന്നും പറയുകയാണെങ്കിൽ, ഇപ്പോൾ നിസ്സാരമായ ശമ്പളംവാങ്ങിക്കുന്ന അഞ്ചൽഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാർക്കും കാർഡിൻേറയും കവറിൻേറയും വില കുറയ്ക്കുകയാണെങ്കിൽ കൂടുതൽ ശമ്പളം കൊടുക്കുന്നതിനു സാധ്യമാകയില്ലഎന്നു പറയാം. സർ, ആദ്യമായിത്തന്നെ. അതു ആലോചനയിൽ മാത്രമാണ്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): കാർഡിൻേറയും കവറിൻേറയും വില കുറയ്ക്കുന്നതുകൊണ്ടു ആ ഡിപ്പാർട്ടുമെൻറിലെ മുതലെടുപ്പു കുറയുമെന്നു മെമ്പർ വിചാരിക്കുന്നുണ്ടോ?

മി. എം. ശിവതാണുപിള്ള (തോവാള): നിശ്ചയമായിട്ടും ഇല്ല. ഞാൻ മുമ്പുതന്നെ പറഞ്ഞതുപോലെ, വിലകുറയ്ക്കുകയാണെങ്കിൽ കൂടുതൽ ആവശ്യമുണ്ടാകും; ആദായത്തിൽ എന്തെങ്കിലും കുറവുവരികയാണെങ്കിൽ ഗവൺമെൻറിൽനിന്നും ഇപ്പോൾ ഈ ഡിപ്പാർട്ടുമെൻറിൽ കൂടുതൽവരുന്നതായി കാണിച്ചിട്ടുള്ള ൧൨൦൦൦ രൂപായിൽ കൂടുതൽ വരികയില്ല.

സർ, അഞ്ചൽഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാരുടെ ശമ്പളം കൂട്ടുന്നതിനെക്കുറിച്ചു ഗവൺമെൻറു ഗൌരവമായി ആലോചിക്കുന്ന അവസരത്തിൽ അതിൻെറ അനുവാദത്തിനായി ഗവൺമെൻറിനു ഈ സഭമുമ്പാകെ വരേണ്ടതായിവരും. അപ്പോൾ അഞ്ചൽഡിപ്പാർട്ടുമെൻറിലെ നിസ്സാരശമ്പളക്കാരുടെ ശമ്പളംകൂട്ടുന്നതിൽനിന്നും ഉണ്ടാകാവുന്ന കൂടുതൽ ചിലവിനു എന്തെങ്കിലും ഒരുമാർഗ്ഗം കണ്ടുപിടിക്കേണ്ടതു നിശ്ചയമായിട്ടും സഭയുടെ ഈ കക്ഷിയിലുള്ള അംഗങ്ങളുടെ കടമയായിരിക്കും.

സർ, ഇത്രയുംപറഞ്ഞു ഞാൻ ഈ സഭയുടെ സ്വീകരണത്തിനായി ഈ പ്രമേയത്തെ സമർപ്പിച്ചുകൊള്ളുന്നു.

മി. എം. എൻ. പിള്ള (തിരുവനന്തപുരം): ഞാൻ മി. ശിവതാണുപിള്ളയുടെ പ്രമേയത്തെ സെക്കൻഡ് ചെയ്യുന്നു.

മി. ജി. രാമൻമേനോൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ഞാൻ മി. ശിവതാണുപിള്ള അവതരിപ്പിച്ചിട്ടുള്ള പ്രമേയത്തെ പിൻതാങ്ങുന്നു.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഞാൻ നിയന്ത്രണാജ്ഞക്കു അപേക്ഷിച്ചുകൊള്ളുന്നു. മി. രാമൻമേനവൻ അദ്ദേഹത്തിൻെറ സ്ഥാനത്തിലല്ല. (ചിരി)

മി. ജി. രാമൻമേനോൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ൧൧൦൧-ാമാണ്ടത്തെ ഗവൺമെൻറിൻെറ പണസംബന്ധമായ ഏർപ്പാടിൽ ഗവൺമെൻറിൻെറ ചിലവെല്ലാംകഴിച്ചിട്ടു ഏകദേശം ഇരുപത്തിമൂന്നു ലക്ഷം രൂപാ ബാക്കിയുണ്ട്. ഇങ്ങനെയിരിക്കുന്നസ്ഥിതിക്കു ആ ബാക്കി അല്ലെങ്കിൽ ഒരു അംശമെങ്കിലും, അതിൻെറ ഒരു വലിയ ഭാഗം, ജനങ്ങളുടെ നികുതിയെക്കുറയ്ക്കുന്നതിനായി ഉപയോഗിക്കണം. ഗവൺമെൻറിൻെറ ന്യായമായ ചിലവുകൾക്കു ആവശ്യമുള്ളതിൽ കൂടുതലായി യാതൊന്നും പ്രജകളുടെ അടുക്കൽനിന്നും എടുക്കാൻപാടില്ലെന്നുള്ളതു രാജ്യനയവിദ്യയുടെ ഒരു സർവ്വസമ്മതമായ തത്വമാണ്. ഗവൺമെൻറിനു പണത്തിനു ബുദ്ധിമുട്ടുള്ളപ്പോഴെങ്കിലും ജനങ്ങളുടെ ധനസ്ഥിതി നന്നായിരിക്കുമ്പോഴും അവർ ഗവൺമെൻറിലേക്കു ഒട്ടും പണം കൊടുക്കുകയില്ല. അതുകൊണ്ടു ഗവൺമെൻറിനു എത്രയും പണം ആളുകളുടെഅടുക്കൽനിന്നു ന്യായമായ നികുതിയായി വാങ്ങിക്കാമോ അത്രയും പണംവാങ്ങിച്ചു സൂക്ഷിക്കേണ്ടതാണെന്നു ചിലപ്പോൾ പറഞ്ഞേക്കാം. സർ, എന്നാൽ ന്യായമായിട്ടുള്ള നിലഅതല്ല. അതു അബദ്ധമാണ്, എന്തുകൊണ്ടെന്നാൽ ഗവൺമെൻറിനു ആവശ്യമുള്ള പണമെല്ലാം ജനങ്ങളുടെ അടുക്കൽനിന്നുതന്നെ ഉണ്ടാകണം. ഗവൺമെൻറിനു വേറെയാതൊരുമാർഗ്ഗവുമില്ല. ഏതെങ്കിലും ഒരുസമയത്തു ഗവൺമെൻറിനു കൂടുതൽ ബുദ്ധിമുട്ടുള്ളപ്പോൾ അവർ ജനങ്ങളുടെമേൽ കൂടുതലായി കരംചുമത്തുന്നു, അതു ജനങ്ങൾ കൊടുക്കുകയുംവേണം. അതുകൊണ്ടു ജനങ്ങളുടെ ക്ഷേമവും ധനവും, ഗവൺമെൻറിൻെറ ക്ഷേമവും ധനവും പ്രത്യേകമെന്നും ഇരുകൂട്ടരുടേയുംതന്നെ പ്രത്യേകമെന്നും കരുതുന്നനില തീരെ സ്വീകാര്യമായിട്ടുള്ളതല്ല. ഗവൺമെൻറു അവരുടെ ചിലവിനു ആവശ്യമുള്ള പണംമാത്രമേ എടുക്കാവു. എപ്പോഴെങ്കിലും ഗവൺമെൻറിൻെറ ചിലവുകൾ നടത്തുന്നതിനു ബുദ്ധിമുട്ടുണ്ടെന്നുകണ്ടാൽ അവർക്കു ഇഷ്ടംപോലെ കൂടുതൽകരം ചുമത്താം; യഥാർത്ഥത്തിൽ അവർ സാധാരണയായി അപ്രകാരം ചെയ്യുന്നുമുണ്ട്. അപ്രകാരമുള്ള സമയങ്ങളിൽ അവർ തന്നെത്താൻ കച്ചവടമോ വാണിജ്യമോ നടത്തി പണമുണ്ടാക്കുന്നതില്ല. അവർ ജനങ്ങളുടെമേൽ കൂടുതൽഭാരം ചുമത്തിട്ടുമാത്രമാണ് പണമുണ്ടാക്കുന്നതു. അതുകൊണ്ടു ഏതെങ്കിലും ഒരു പ്രത്യേക ആണ്ടിലോ അല്ലെങ്കിൽ ഒരു പ്രത്യേകകാലത്തിലോ ഗവൺമെൻറിൻെറ ധനസ്ഥിതി നന്നായിരിക്കയും. അവർക്കു ധാരാളം മിച്ചം ഉണ്ടായിരിക്കുകയും ചെയ്താൽ ആ പണം ജനങ്ങളുടെ കൂടുതലായ നികുതി നിമിത്തമുള്ള ഭാരത്തെ കുറയ്ക്കുന്നതിനായി വിനിയോഗിക്കണം.

അതിനാൽ ഞാൻ ഇപ്പോൾ പ്രസ്താവിച്ച വളരെ സ്വീകാരയോഗ്യമായ തത്വം ഗവൺമെൻറിൽനിന്നും ഫലപ്രദമാക്കുന്നതിനുള്ള ന്യായമായ വഴികളിൽ ഒന്ന് ഈ പ്രത്യേക പ്രമേയമാകുന്നു. എൻെറ ഓർമ്മ ശരിയാണെങ്കിൽ, കുറെക്കൊല്ലങ്ങൾക്കുമുമ്പു അഞ്ചൽഡിപ്പാർട്ടുമെൻറു നഷ്ടത്തിൽ നടന്നുകൊണ്ടിരിക്കയായിരുന്നു, കഴിഞ്ഞ രണ്ടോ മൂന്നോ കൊല്ലങ്ങൾമാത്രമേ യാതൊരു നഷ്ടവുമില്ലാതെയിരുന്നിട്ടുള്ളു. നേരെമറിച്ചു ലാഭം ഉണ്ടായിരുന്നു. ഗവൺമെൻറു ഇവ കൂട്ടിയനിരക്കു വച്ചുകൊണ്ടിരിക്കേണ്ട ആവശ്യമില്ലെന്നുള്ളതിനു അതും വേറൊരു കാരണമാണ്. ആലോചനയിൽ ഇരിക്കുന്ന ഈ കുറവു വരുത്തുന്നതിൻെറ ഫലമായിട്ടു അഞ്ചൽഡിപ്പാർട്ടുമെൻറിനു നഷ്ടമുണ്ടായാൽതന്നെയും ഗവൺമെൻറിൽനിന്നും ഈ പ്രമേയം സ്വീകരിക്കുന്നതിനു യാതൊരു തർക്കേടുമില്ല. എന്തുകൊണ്ടെന്നാൽ ഞാൻ ആരംഭത്തിൽ പറഞ്ഞതുപോലെ ഗവൺമെൻറിൻെറ പക്കൽ ധാരാളം പണമുണ്ടു; ഏതെങ്കിലുംതരത്തിൽ നികുതി കുറയ്ക്കുകയാണെങ്കിൽ, അതു കഴിയുന്നത്രയും കൂടുതൽ ആളുകൾക്കു പ്രയോജനമുള്ള തരത്തിലായിരിക്കണം. ഈ കാര്യത്തിൽ ആയതു നല്ലതുപോലെ സാധിക്കയും ചെയ്യാം. ആളുകൾ ത

മായുള്ള കത്തിടപാടുകൾക്ക ഉപയോഗിക്കുന്ന ഈ കവറിലും കാർഡിലുമുള്ള നികുതി വിദ്യാഭ്യാസത്തിനുള്ള ഒരു നികുതിയാണെന്നു പറയാം. ഇപ്രകാരമാണ് പ്രാമാണ്യമുള്ളവർ ഈ കാര്യത്തെപ്പററി അഭിപ്രായം പറഞ്ഞിരിക്കുന്നത്.

മി. കെ. എൻ. രാമസുബ്ബയ്യർ (ഗവൺമെൻറ ധനകാര്യദർശി): ഫ്രീസർവീസ് ആയാൽ മെംബറിനു ഇഷ്ടമാകുമോ?

മി. ജി. രാമൻമേനോൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): അല്ല. ഞാൻ ആ സംഗതിയെക്കുറിച്ചു ഇപ്പോൾ നിർബന്ധിക്കുന്നില്ല. അതു കഴിയുന്നത്രയും കുറച്ചു, അതായതു ഗവൺമെൻറിനു കഴിയുന്നത്രയും കുറച്ചുമാത്രമായിരിക്കണമെന്നാണ് ഞാൻ പറയുന്നത്. ഇപ്പോഴത്തെ സ്ഥിതിക്ക ഇവിടെ അഭിപ്രായപ്പെട്ട കുറവുകൾ വളരെ മിതമായിട്ടുള്ളതാണ്. അതുകൊണ്ടു ഗവൺമെൻറിനു ഇരുപത്തിമൂന്നരലക്ഷം രൂപാ മിച്ചമുള്ളതിൽനിന്നും കുറെ ആയിരം രൂപാ കുറയുമെന്നുമാത്രമേയുള്ളു. അതു ഗവൺമെൻറിനു ഒരു നിസ്സാരസംഗതിയാണ്. എന്നാൽ ജനങ്ങൾ അതു വളരെ സന്തോഷത്തോടെ സ്വീകരിക്കും. ഈ കാരണങ്ങളാൽ ഞാൻ ഈ പ്രമേയത്തെ ഹാർദ്ദമായി പിൻതാങ്ങുന്നു.

മി. കെ. എൻ. രാമസുബ്ബയ്യർ (ഗവൺമെൻറ ധനകാര്യദർശി): സർ, മി. ശിവരാമപിള്ള അവതരിപ്പിച്ച പ്രമേയത്തെ ഞാൻ എതിർക്കുന്നു. അഞ്ചൽഡിപ്പാർട്ടുമെൻറ ഒരു വാണിജ്യ ഡിപ്പാർട്ടുമെൻറായി കരുതിവരിക്കരുതെന്നും, അതു എല്ലാജനങ്ങൾക്കും ഉപകരിക്കുന്ന ഒരു ഡിപ്പാർട്ടുമെൻറാണെന്നും, കഴിയുന്നത്രയും ആ ഡിപ്പാർട്ടുമെൻറിലേക്ക ആവശ്യമുള്ളപണം ഗവൺമെൻറിൽനിന്നും ഉണ്ടാക്കണമെന്നും മുമ്പിലത്തെ പ്രാസംഗികൻ പ്രസ്താവിച്ചതുപോലെ വിദ്യാഭ്യാസത്തിനു യാതൊരു നികുതിയും ഉണ്ടായിരിക്കരുതെന്നുള്ള കാരണങ്ങൾകൊണ്ടാണ് ഈ പ്രമേയത്തെ സഭമുമ്പാകെ അവതരിപ്പിച്ചത്. സർ, ആലോചനയ്ക്കുശേഷവും എന്റെ വിശ്വാസത്തിൽ അന്നത്തെ രാജ്യനിയമനിർമ്മാണസഭയുടെ സമ്മതത്തോടുംകൂടിയാണ് അഞ്ചൽ ഡിപ്പാർട്ടുമെണ്ടിനെ ഒരു വാണിജ്യഡിപ്പാർട്ടുമെൻറായി കരുതുന്നതിനു ഗവൺമെൻറ തീർച്ചപ്പെടുത്തിയത്. ഗവൺമെൻറിലെ ഒരു ഡിപ്പാർട്ടുമെൻറ പൊതുജനങ്ങൾക്ക ഉപകാരപ്രദമായി എന്തെങ്കിലും പ്രവൃത്തിക്കുകയാണെങ്കിൽ ആ പ്രവൃത്തിയുടെ ഫലം അനുഭവിക്കുന്നതായ ആളുകൾ ആ പ്രവൃത്തിക്ക പ്രതിഫലം കൊടുക്കണമെന്നുള്ളതു യഥാർത്ഥത്തിൽ എല്ലാസ്ഥലത്തേയും ഒരു പ്രമാണമാണ്. അഞ്ചൽഡിപ്പാർട്ടുമെണ്ടിൽ നിന്നും അധികംമിച്ചം ഉണ്ടാകുന്നതിനു നോക്കേണ്ട ആവശ്യമില്ലെന്നുള്ളതിനോടുകൂടി ഞാൻ പൂർണ്ണമായി യോജിക്കുന്നു. എന്നാൽ ഇന്നത്തെ സ്ഥിതി അങ്ങിനെയാണോ? കഴിഞ്ഞ പലകൊല്ലങ്ങളിലെ കണക്ക സൂക്ഷ്മമായി പഠിച്ചിട്ടുള്ള പ്രമേയ കർത്താവായ എന്റെ സ്നേഹിതൻ കഴിഞ്ഞ ആണ്ടത്തെ മിച്ചം ൧൨൦൦൦ രൂപാ മാത്രമേയൊള്ളു എന്നു കാണിച്ചിട്ടുണ്ട്. അതുതന്നെ മുന്താണ്ടുകളിലെ മിച്ചത്തിൽനിന്നും വളരെ കുറവാണ്.

ഇതേപ്പററി തുടർന്നുപറയുന്നതിനു മുമ്പായി ചിലസംഗതികളെപ്പററി ഞാൻ ഈ സഭമുമ്പാകെ പ്രസ്താവിക്കാം. ആദ്യമായിത്തന്നെ ഈ അഞ്ചൽഡിപ്പാർട്ടുമെണ്ടിലെ നിരക്ക ലോകത്തിലുള്ളതിൽ ഏററവും കുറവാണെന്നാണ് എനിക്ക തോന്നുന്നത്. ചിലസംഗതികളിൽ അഞ്ചൽറഗുലേഷൻ അനുസരിച്ചു ഏററവും കൂടുതലായി നിശ്ചയിച്ചിട്ടുള്ള നിരക്കുകളിൽ ഇവിടത്തെനിരക്കും കൊച്ചിയിലെ നിരക്കും ഞാൻ വായിക്കാം. ഒരു കാർഡിനു ൩ കാശുവരെ വെയ്ക്കുന്നതിനു ചട്ടം ഗവൺമെൻറിനെ അധികാരപ്പെടുത്തീട്ടുണ്ട്, എന്നാൽ ഇവിടെ ഇപ്പോൾ ൪ കാശാണ് നിരക്ക. യഥാർത്ഥത്തിൽ ൩കാശു നിരക്കവെയ്ക്കുന്നതിനു സഭ അനുവദിച്ചപ്പോൾ പോലും അനുവദിച്ചിട്ടുള്ളതിൽ കൂടുതൽനിരക്ക വെയ്ക്കണമെന്നല്ല ഞങ്ങളുടെ ഉദ്ദേശം എന്നാണു ഗവൺമെൻറ പറഞ്ഞത്. ഈ അവസരത്തിലും ഞങ്ങൾ അപ്രകാരം ചെയ്തിട്ടില്ല. ഞങ്ങളുടെ ഉദ്ദേശം അഞ്ചൽഡിപ്പാർട്ടുമെണ്ടിൽനിന്നും ഒരു വലിയ ആദായം ഉണ്ടാക്കുന്നതിനല്ല.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): ഏതാണ് നിശ്ചയിച്ചിട്ടുള്ളതിൽ ഏററവും കുറഞ്ഞനിരക്ക?

മി. കെ. എൻ. രാമസുബ്ബയ്യർ (ഗവൺമെൻറ ധനകാര്യദർശി): ഏററവും കുറഞ്ഞതുകയല്ല ഏററവും കൂടിയതുകയാണ് നിശ്ചയിച്ചിട്ടുള്ളത്. ബ്രിട്ടീഷ് ഇൻഡ്യയിലെ ഇതിനുതുല്യമായി കാർഡിന്റെനിരക്ക ൨ ൹ ൨ കാശാണ്. അഞ്ചൽഡിപ്പാർട്ടുമെണ്ടു ഉദ്യോഗസ്ഥന്മാരുടെ ശമ്പളം വളരെ കുറവായതുകൊണ്ടു ഇവിടത്തെ കുറഞ്ഞനിരക്ക ന്യായമാണെന്നും ബ്രിട്ടീഷ് പോസ്റ്റൽഡിപ്പാർട്ടുമെൻറിലെ ശമ്പളനിരക്ക കൂടുതലായതുകൊണ്ടു അവിടത്തെ കാർഡിന്റെയും കവറിന്റെയും കൂടിയനിരക്കും ന്യായമാണെന്നും പ്രസ്താവിച്ചിട്ടുണ്ട്. എന്നാൽ നമ്മുടെനിരക്ക കൊച്ചിയിലെ നിരക്കിനേക്കാൾ കുറവായിരിക്കണമെന്നു മെംബർ പറകയില്ലെന്നു ഞാൻ വിശ്വസിക്കുന്നു. നമ്മുടെ കാർഡു ൪ കാശിനു വിൽക്കുമ്പോൾ കൊച്ചിയിലെനിരക്ക ൬ കാശാണ്, കവറിന്റെ നിരക്ക യഥാക്രമം കൂടുതലാണ്.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): കൊച്ചിയിൽ മിച്ചമുണ്ടോ?

മി. കെ. എൻ. രാമസുബ്ബയ്യർ (ഗവൺമെൻറ ധനകാര്യദർശി): അതിന്റെ കണക്കുകൾ എന്റെ കൈവശം ഇല്ല. അവിടെയും അതു ഏകദേശം ഒരു വാണിജ്യഡിപ്പാർട്ടുമെൻറപോലെയാണ് കരുതിയിരിക്കുന്നത് എന്നാണ് എനിക്ക തോന്നുന്നത്. അവക്ക കുറച്ചു മിച്ചവും ഉണ്ടായിരിക്കണം.

മി. എൻ. കുമാരൻ (നിയമിക്കപ്പെട്ട സഭാംഗം): ബ്രിട്ടീഷ് ഇൻഡ്യയെപ്പററി എന്താണ്? അവക്ക മിച്ചംഉണ്ടോ? ഉണ്ടെങ്കിൽ സംഖ്യ എന്താണ്?

മി. കെ. എൻ. രാമസുബ്ബയ്യർ (ഗവൺമെൻറ ധനകാര്യദർശി): ഈയിടെയുള്ള കണക്കുകൾ എന്റെ കൈവശംഇല്ല. ഒരു പഴയറിപ്പോർട്ടിൽനിന്നും ഈ വിവരങ്ങൾ വായിക്കുന്നതു സഭയ്ക്കു രസകരമായിരിക്കുമെന്നു തോന്നുന്നില്ല. എന്നാൽ അവക്ക മിച്ചമുണ്ടെന്നുമാത്രം ഞാൻ പറയാം.

മി. എൻ. കുമാരൻ (നിയമിക്കപ്പെട്ട സഭാംഗം): ബ്രിട്ടീഷ് ഇൻഡ്യയിൽ ആളുകൾക്കു ഇവിടെയുള്ളതിൽ വളരെ കൂടുതൽ നികുതിയുണ്ടെന്നുള്ളതു മെംബർക്ക അറിയാമോ?

മി. കെ. എൻ. രാമസുബ്ബയ്യർ (ഗവമ്മെണ്ട ധനകാര്യമെമ്പർ): അഞ്ചൽനിരക്കിനെക്കുറിച്ചു നിഷ്കൃതിയായി നമുക്കു പറയാൻ പാടില്ല. ഞാൻ മുമ്പേതന്നെ പറഞ്ഞതുപോലെ നമുക്കു ചെയ്യുന്ന ഉപകാരത്തിനു നാം പ്രതിഫലംകൊടുക്കുകയാണ്. നാം ഇതിനെ ഒരു നികുതിയായിഗണിച്ചു വീണ്ടും വീണ്ടും കുറയ്ക്കുന്നതിനായി ആവശ്യപ്പെട്ടാൽ, നമ്മുടെ എഴുത്തുകൾ സ്റ്റാമ്പു ഒട്ടിക്കാതെ പോസ്റ്റിൽകൂടി അയയ്ക്കാൻ സാധിക്കുന്ന ആഹ്ലാദകരമായ ഒരവസ്ഥയെ നമുക്കു പ്രാപിക്കാം.

ഒരു കാർഡിനു അഞ്ചുകാശും ഒരു കവറിനു പത്തുകാശും നിരക്കുവെയ്ക്കുന്നതുകൊണ്ടു ചില അസൌകര്യങ്ങൾ ഉണ്ടായേക്കാം. എന്നാൽ ഭാഗ്യംകൊണ്ടു ഏറ്റവും ചെറിയനാണയമായ ഒറ്റക്കാശു നാണയമുള്ളതുകൊണ്ടു ചില സൌകര്യങ്ങളും ഉണ്ട്. ഒറ്റക്കാശുനാണയംകൊണ്ടു നടക്കുന്നതിനുള്ള പ്രയാസത്തെ വേറൊരുതരത്തിൽ ഇല്ലായ്മചെയ്യാം. ഉദാഹരണമായി അഞ്ചൽആഫീസിൽ ഒരു ചക്രംകൊണ്ടുചെന്നാൽ നിങ്ങൾക്കു നാലുകാർഡോ രണ്ടു കവറോ വാങ്ങിക്കാം. എന്നാൽ ആ അസൌകര്യം അവിടെയും ഉണ്ടെന്നു ഞാൻ സമ്മതിക്കാം. അതേസമയംതന്നെ കാർഡിന്റെ വിലയിൽ വരുത്തുന്ന കുറവിനു ഏകദേശം തുല്യമായ ഒരു കൂടുതൽ വരുത്തുന്നതായാലും ഈ അസൌകര്യത്തെ ദൂരീകരിക്കാം എന്നുകൂടി ഞാൻ പറയാം. എന്നാൽ പ്രമേയകർത്താവു കുറയ്ക്കുന്നതിനെപ്പറ്റിമാത്രമേ നിർബന്ധിക്കുന്നുള്ളൂ. അഞ്ചൽസർവീസ് ഒരു സ്വയംസംരക്ഷിക്കുന്ന സർവീസാക്കുന്നതിനു ഈ സഭയ്ക്കു സമ്മതമുണ്ടോ എന്നാണ് ഇപ്പോഴത്തെ പ്രശ്നം.

മി. കെ. കെ. തോമസ് (കോട്ടയം): ഈ കുറയ്ക്കൽ ആദായത്തെ എങ്ങിനെ ബാധിക്കുമെന്നു പറയുമോ?

മി. കെ. എൻ. രാമസുബ്ബയ്യർ (ഗവമ്മെണ്ട ധനകാര്യമെമ്പർ): പ്രമേയകർത്താവിന്റെ പ്രമേയത്തെ സ്വീകരിക്കയാണെങ്കിൽ അഞ്ചൽ കാർഡിലും സ്റ്റാമ്പിലും ആകപ്പാടെ ഇരുപതു ശതമാനം കുറവുണ്ടാകും. അതിന്റെ അർത്ഥം ൫൦൦൦൦ രൂപമിച്ചമുള്ളതിനുപകരം ൨൩൦൦൦ രൂപാ കുറവുണ്ടാകുമെന്നാണ്.

മി. കെ. കെ. തോമസ് (കോട്ടയം): കാർഡിന്റെയും സ്റ്റാമ്പിന്റെയും വില കുറയ്ക്കുകയാണെങ്കിൽ ആദായംകൂടുക എന്നുള്ളതു സംഭാവ്യമല്ലയോ?

മി. കെ. എൻ. രാമസുബ്ബയ്യർ (ഗവമ്മെണ്ട ധനകാര്യമെമ്പർ): വില്പനയിൽ വലിയ വ്യത്യാസമുണ്ടാകാത്തതുപോലെ ഇപ്പോഴത്തെവില അത്ര കുറവാണ്.

മി. കെ. കെ. തോമസ് (കോട്ടയം) അതുണ്ടാകുംഎന്നാണ് എനിക്കു തോന്നുന്നത്.

മി. കെ. എൻ. രാമസുബ്ബയ്യർ (ഗവമ്മെണ്ട ധനകാര്യമെമ്പർ): ഉണ്ടാകയില്ലെന്നാണ് എനിക്കു തോന്നുന്നത്. നിരക്കിന്റെ പട്ടിക ഇപ്രകാരമാണ്. ഒരു തോലാത്തൂക്കത്തിനു ൫൦ കാശു; അഞ്ചുതോലാവരെ ഒരു ചക്രം; കൂടുതലായിട്ടുള്ള ഓരോ അഞ്ചുതോലായ്ക്കും അതിന്റെ അംശത്തിനും ഒരു ചക്രംവീതം. സർ, ഇപ്പോൾ ഈ കാശും പത്തുകാശും നിരക്ക ൮ കാശുവരെയായി കുറയ്ക്കുകയാണെങ്കിൽ കൂടുതൽ തോലാത്തൂക്കത്തിനുള്ള ഇപ്പോഴത്തെ നിരക്കു അനീതിയായിരിക്കും. ഈ നിരക്കിനും ക്രമാനുസൃതമായ ഒരു കുറവുണ്ടായിരിക്കണം. അല്ലെങ്കിൽ അതു തൃപ്തികരമല്ല. വാസ്തവത്തിൽ ഈ പത്തുകാശിനെ നിങ്ങൾ എട്ടുകാശായി കുറയ്ക്കുകയാണെങ്കിൽ ന്യായപ്രകാരം എല്ലായിടത്തും ഇരുപതു ശതമാനം കുറയ്ക്കണം. അപ്പോൾ ഒരു പ്രത്യേകജോലിചെയ്യുന്നതിനായി ഉദ്ദേശിച്ചിട്ടുള്ള ഈ ഡിപ്പാർട്ടുമെന്റിലെ നഷ്ടത്തെ പരിഹരിക്കുന്നതിനായി നിങ്ങൾ എന്തുചെയ്യും?

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഒരു കാർഡിന്റെ സാക്ഷാലുള്ള വില എന്താണ്?

മി. കെ. എൻ. രാമസുബ്ബയ്യർ (ഗവമ്മെണ്ട ധനകാര്യമെമ്പർ): അതു വ്യത്യാസപ്പെട്ടിരിക്കും; അതു നാലുകാശിനു താഴെയുള്ള ഒരു ചെറിയതുക ആയിരിക്കും.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതു ആരുടെ അധികാരകുത്തകത്തിലാണു.

മി. കെ. എൻ. രാമസുബ്ബയ്യർ (ഗവമ്മെണ്ട ധനകാര്യമെമ്പർ): അതിനെപ്പറ്റികഴിഞ്ഞ കൌൺസിലിൽ ഒരു ചോദ്യംചോദിക്കയും മറുപടിപറകയും ചെയ്തിട്ടുണ്ടെന്നു കാണുന്നു.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): കാർഡിന്റെ സാക്ഷാലുള്ളവില അച്ചടിക്കുന്ന കാർഡിന്റെ എണ്ണം മുതലായതിനെക്കുറിച്ചു ആഫീസിൽ നിങ്ങൾക്കു കണക്കില്ലയോ?

മി. കെ. എൻ. രാമസുബ്ബയ്യർ (ഗവമ്മെണ്ട ധനകാര്യമെമ്പർ): ഞങ്ങൾക്കു ആ കണക്കുചെയ്തു ശരിപ്പെടുത്തേണ്ടതായിട്ടുണ്ട്.

ഈ ഡിപ്പാർട്ടുമെന്റിനെ വാണിജ്യനിലയിൽതന്നെ നടത്തേണ്ടതായ ഒരു ഡിപ്പാർട്ടുമെന്റായിട്ടു വിചാരിക്കുകയാണോ എന്നാണ് മുഖ്യത്തെചോദ്യം. വാണിജ്യംഎന്നു പറഞ്ഞതുകൊണ്ടു നമുക്കു അതിൽനിന്നും ഒരു വലിയ ലാഭമുണ്ടാക്കണമെന്നു സഭ വിചാരിക്കരുത്. നമുക്കു ൫൦൦൦ രൂപാമാത്രമേ മിച്ചമുള്ളൂ. അതു തന്നെ മുന്നാണ്ടുകളെക്കാൾ കുറവാണ്.

അഞ്ചൽമാസ്റ്റർമാരുടെ ശമ്പളത്തെസംബന്ധിച്ചിടത്തോളം അതു എന്നും ഇപ്പോഴത്തെനിലയിൽ നിൽക്കുമെന്നു എനിക്കു തോന്നുന്നില്ല. ഞാൻ ഈ സമയത്തു പ്രസ്താവിക്കുകയാണ്—ഗവമ്മെണ്ട എന്താണ് ചെയ്യാൻ ആലോചിക്കുന്നതു എന്നു ഞാൻ പറയുന്നില്ല—അഞ്ചൽസൂപ്രണ്ടു അദ്ദേഹത്തിന്റെ ആളുകൾക്കു കുറച്ചു ശമ്പളം കൂടുതലിനു നിർബന്ധിക്കുകയായിരുന്നു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ആ കാര്യത്തെക്കുറിച്ചു ശമ്പളക്കമ്മററി ആലോചിച്ചില്ലയോ?

മി. കെ. എൻ. രാമസുബ്ബയ്യർ (ഗവമ്മെണ്ട ധനകാര്യമെമ്പർ): അവർ ആലോചിച്ചിട്ടുണ്ടായിരിക്കാം.

ഈ നിരക്കുകളെകുറയ്ക്കുകയാണെങ്കിൽ ഈ വകപ്പിലേക്കു പണംകൂടി അനുവദിക്കുന്നതിനു സഭയോടപേക്ഷ

പ്പെട്ടതെന്ന മാത്രം ഞാൻ പറകയായിരുന്നു. ഈ ൫൨൦൦൦ രൂപാ മനപ്പൂർവമായി വെട്ടിക്കുറക്കുകളെപോലെ ഒഴിവാക്കിയ സംഖ്യ അല്ല. കൂടുതൽ നികുതിചുമത്തുന്നതുകൊണ്ടു ഗവൺമെൻറിനു ധാരാളമായി ചിലവിലേക്ക ആദായം കിട്ടുന്നുഎന്ന പറഞ്ഞുകഴിഞ്ഞിരിക്കുന്നു. അഞ്ചൽഡിപ്പാർട്ടുമെൻറിലെ ചിലവുകൾ അനുവദിക്കത്തക്കവയാണ്. ദേവസ്വത്തിലേയും പട്ടാളത്തിലേയും പോലല്ല, അഞ്ചൽസർവീസിൽ ഏതെങ്കിലും ശാഖയിലെ ചിലവ് വല്ലതെറ്റുതന്ധാണെന്ന് സഭയ്ക്കു മനസിലായാൽ അവരുടെ അഭിപ്രായത്തെ തക്കതായ ഭേദഗതികളെക്കൊണ്ട് രേഖപ്പെടുത്തുന്നതിന അവർക്കുപൂർണ്ണസ്വാതന്ത്ര്യമുണ്ട്. അഞ്ചൽനിരക്കുകളിലുള്ള അസമത്വങ്ങളെ ശരിപ്പെടുത്തിക്കിട്ടുന്നതിൽ ഗവർമെൻറിനു തന്നെ വലിയസന്തോഷമുണ്ടായിരിക്കും. എന്നാൽ ഡിപ്പാർട്ടുമെൻറു ബഡ്ജറ്റിൽ ഒരുകുറവിനു ഇടയാകുമെന്നുള്ള കാരണത്താൽ ഗവർമെൻറിനു ഈ പ്രമേയത്തെ ഇപ്പോൾ അവതരിപ്പിക്കുന്ന നിലയിൽ സ്വീകരിക്കാൻ സാധിക്കയില്ല.

മി. കെ. കെ. തോമസ് (കോട്ടയം); മുൻകാലങ്ങളിൽ അഞ്ചൽ എഴുത്തുകളെ വഹിക്കുന്നതിനു രണ്ടോ മൂന്നോ രൂപാ ശമ്പളം വാങ്ങുന്ന കുട്ടിശിപ്പായി ഏർപ്പാട ഉണ്ടായിരുന്നു. നമുക്ക ആ പഴയഏർപ്പാടിനെ വീണ്ടും സ്വീകരിക്കരുതോ?

മി. കെ. എൻ. രാമസുബ്ബയ്യർ (ഗവർമെൻറു ധനകാര്യദർശി): അതുപ്രത്യേകവിവരം സംബന്ധിച്ചുള്ളകാര്യമാണ്. അതിനിപ്പോൾ മറുപടിപറയാൻ നിവൃത്തിയില്ല.

മി. കെ. കെ. തോമസ്സ് (കോട്ടയം): ഈപ്രമേയത്തെ സ്വീകരിക്കയാണെങ്കിൽ സംഭവ്യമായ കുറവുഎന്തായിരിക്കും.

ഉപാദ്ധ്യക്ഷൻ: ൫൨൦൦൦ രൂപാ മിച്ചത്തിനുപകരം ൩൨൦൦൦ രൂപ കുറവായിരിക്കുമെന്ന അദ്ദേഹം പറഞ്ഞുകഴിഞ്ഞിരിക്കുന്നു. ആർക്കെങ്കിലും എന്തെങ്കിലും അഭിപ്രായം പറയാനുണ്ടോ?

മി. ഏ. കെ പിള്ള (കരുനാഗപ്പള്ളി): സർ. എനിക്കു ഒരുവാക്കു പറയാനുണ്ട്. അഞ്ചൽഡിപ്പാർട്ടുമെൻറു ഒരുവാണിജ്യഡിപ്പാർട്ടുമെൻറാണെന്ന് മറുഭാഗത്തു പ്രസംഗിച്ച മെംബർ പ്രസ്താവിച്ചു. ഇതിനെ ഒരുആദായമുണ്ടാകുന്ന മാർഗ്ഗമായി ധരിക്കണമെന്ന് ഞങ്ങൾക്കാവശ്യമില്ല. ഇതിൽനിന്നും ഒരുആദായം ഉണ്ടാകുന്നതിനായി നമുക്കു ശ്രമിക്കാതിരിക്കാം.

മി. കെ. എൻ. രാമസുബ്ബയ്യർ (ഗവർമെൻറു ധനകാര്യദർശി): ഗവർമെൻറു ഇതിൽനിന്നും ഒരുആദായം ഉണ്ടാക്കാനായി ശ്രമിക്കുന്നില്ലന്ന ഞാൻമുമ്പുതന്നെ പറഞ്ഞുകഴിഞ്ഞുവല്ലോ. ഗവർമെൻറ് അങ്ങിനെ ചെയ്യുവെങ്കിൽ ആ നിലയിൽ നടത്താൻ പാടില്ലെന്ന് അപ്പോൾ ഈ സഭയ്ക്കു പറയാമെല്ലൊ.

മി. ഏ. കെ. പിള്ള (കരുനാഗപ്പള്ളി): പ്രമേയത്തിൻെറ ഈഭാഗം ചൂണ്ടിക്കാണിക്കേണ്ട ആവശ്യം മാത്രമേ എനിക്കൊള്ളു.

മി. കെ. എൻ. രാമസുബ്ബയ്യർ (ഗവർമെൻറു ധനകാര്യദർശി): അഞ്ചൽഡിപ്പാർട്ടുമെൻറു ഒരുനഷ്ടംവരുന്ന ഏർപ്പാടാണെങ്കിൽ ഞങ്ങൾക്കു ഈ സഭയോട്ട കൂറെക്കൂടിപണം ആവശ്യപ്പെടേണ്ടതായി വരുമെന്നമാത്രമേ ഞാൻ പറയാൻവിചാരിച്ചൊള്ളു.

മി. ഏ. കെ. പിള്ള (കരുനാഗപ്പള്ളി). ഒരു ചോദ്യത്തിനമറുപടിയായ, ഒരുകാർഡു അച്ചടിക്കുന്നതിനുസൂക്ഷ്മമായി എന്തുചിലവാകുമെന്ന മിസ്റ്റർ രാമസുബ്ബയ്യർക്ക പറയാൻസാധിച്ചില്ല.

ഉപാദ്ധ്യക്ഷൻ: ആവശ്യപ്പെട്ടതിനെ അദ്ദേഹം പറഞ്ഞു. ഒരുകാർഡുഅച്ചടിക്കുന്നതിനുള്ള സൂക്ഷ്മമായ ചിലവ് നാലുകാശിനേക്കാൾ കുറച്ചുകുറവായിരിക്കുമെന്ന അദ്ദേഹംപറഞ്ഞു.

മി. കെ. എൻ. രാമസുബ്ബയ്യർ (ഗവർമെൻറു ധനകാര്യദർശി): ഈ പ്രശ്നത്തെ പ്രധാനമായി ബാധിക്കുന്ന ഏതു ചിലവിവരങ്ങൾ ഞാൻ പറഞ്ഞില്ലെന്നു പ്രസ്താവിച്ചതുകൊണ്ടു അതിന് എൻെറസ്വന്ത സമാധാനമായി രണ്ടുവാക്കുപറയാനാഗ്രഹിക്കുന്നു. ഒരുകാർഡിൻെറവില നാലുകാശിൽ കുറച്ചുകുറവാണെന്നും അതുഅച്ചുകൂട്ട വിലസ്സാണ് വിൽക്കുന്നതെന്നും ഞാൻപറഞ്ഞു. ഇതിൻെറ ചിലവു കൂടുതലാണെങ്കിൽ അതിൻെറവിവരങ്ങൾ ചോദിക്കുന്നതിനു ഈ സഭയ്ക്കു പൂർണ്ണസ്വാതന്ത്ര്യമുണ്ട്. അഞ്ചൽമാസ്റ്ററന്മാരും ശിപായിമാരും വാസ്തവത്തിൽ ആ പണത്തിനു തക്കതായജോലി ശരിയായി ചെയ്യുന്നുഎന്ന് തൃപ്തിപ്പെടുകയും ചെയ്യാം. ആ പണത്തിനു തക്കശരിയായ ജോലിചെയ്യുന്നുണ്ടോ എന്നചോദ്യം സഭമുമ്പാകെയുള്ള പ്രധാന ചോദ്യവുമായി പിണകപ്പോകരുത്. അഞ്ചൽബഡ്ജറു ഒരുമിച്ചുവരുന്ന ബഡ്ജറായിരിക്കണമോ അല്ലെങ്കിൽ ആദായവുമായി ബന്ധമില്ലാത്ത ഒരുചിലവു ബഡ്ജറായിരിക്കണമോ എന്നുള്ള പ്രശ്നവുമായിസഭയ്ക്കു ഇടപെടേണ്ടതില്ല.

മി. ഏ. കെ. പിള്ള (കരുനാഗപ്പള്ളി): ആ നിലയെ വാദത്തിൻെറ അടിസ്ഥാനമാക്കുന്നതായാൽ കാർഡിൻെറ വിലകുറയ്ക്കുന്നതുകൊണ്ടു ഒരുപക്ഷേനിങ്ങൾ ആകെയുള്ള വരുമാനത്തെ കൂട്ടിഎന്നുവരാം, അതായതു നിങ്ങൾ ആകെയുള്ള വരുമാനത്തെ വർദ്ധിപ്പിക്കയായിരിക്കും എന്നാണ ഞാൻ അർത്ഥമാക്കുന്നത്. അതേപ്പററി പ്രയോജനത്തോടുകൂടി പരിശ്രമിക്കാമെന്നാണ് എനിക്കുതോന്നുന്നതു. നിങ്ങൾനാലുകാശായും ഏട്ടുകാശായും വിലകുറയ്ക്കുകയാണെങ്കിൽ കൂടുതൽ ആളുകളെ അതുവാങ്ങിക്കുന്നതിനായി പ്രേരിപ്പിക്കും.

ഉപാദ്ധ്യക്ഷൻ: ആ കുറക്കൽ തീരെനിസ്സാരമായതുകൊണ്ടു അറിയത്തക്കതായ ഒരുകൂടുതൽ കാണുമെന്ന് തോന്നുന്നില്ലെന്നാണ് അദ്ദേഹംപറയുന്നതു്.

മി. ഏ. കെ. പിള്ള (കരുനാഗപ്പള്ളി): ഈ പ്രസ്താവനത്തിനു ഹൌസ്ഓഫ് കോമൺസിൽ ഒരുബഹുമാനപ്പെട്ട മെംബർ പെനിസ്റ്റാമ്പിനും പെനികവറിനും വേണ്ടിവാദിക്കുമ്പോൾ പുറപ്പെടുവിച്ച അഭിപ്രായമാണ ഞാൻസ്മരിക്കുന്നു. ഇംഗ്ലീഷ്കാർ വാണിജ്യത്തിൽ വളരെസാമർത്ഥ്യമുള്ളവരാണെന്നാണ് എനിക്കുതോന്നുന്നതു. കൂടുതൽ ആദായം ഉണ്ടാക്കുക എന്നപ്രമാണത്തോടനുസരിച്ചായിരുന്ന അവരുടെ അഭിപ്രായം, എതിർപക്ഷത്തിൽ പ്രസംഗിച്ചമെംബർ ഈ അഭിപ്രായത്തെപ്പററി വിചിന്തനം ചെയ്യുമെന്നുഞാൻവിചാരിക്കുന്നു. അദ്ദേഹം അങ്ങേയ്ക്കുള്ള ധാരാളം ഉപദ്രവത്തെയും ഇല്ലായ്മചെയ്യുന്ന എന്തുകൊണ്ടെന്നാൽ ഇപ്പോഴത്തെസ്ഥിതിക്കു അവർ ഒരുവോ രണ്ടുകാശോ കൊണ്ടുനടക്കണം. ഒററക്കാശുന്നാണയം ഇപ്പോൾ നടപ്പിൽ ഉണ്ടല്ലോ എന്നു മെംബർ പറഞ്ഞേക്കാം എന്നാൽ എപ്പോഴും ഒററക്കാശുനാണയം കൊണ്ടുനടക്കുന്നതിനു ജനങ്ങൾക്കു വഷിയത്

സൌകര്യമാണ്. അതുകൊണ്ട് അഞ്ചു കാശു കൊടുക്കുന്നതിനു പകരം അവർ എട്ടു കാശു കൊടുക്കും. അങ്ങിനെ അവർക്കു മൂന്നു കാശു നഷ്ടപ്പെടും.

മി. സി. പി. തരകൻ (കുന്നത്തുനാട്): ഈ പ്രമേയം വോട്ടിനിടണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

ഉപാദ്ധ്യക്ഷൻ: വേറെ പ്രാസംഗികന്മാർ ഇല്ലാത്തതുകൊണ്ട് ആ പ്രസ്താവനയ്ക്കു ആവശ്യമില്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഞാൻ പ്രസംഗിക്കാൻ തയ്യാറാണ്.

ഉപാദ്ധ്യക്ഷൻ: എന്നാലാകട്ടെ. നാലു മിനിട്ടുണ്ട്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഇക്കാര്യം തീർച്ചപ്പെടുത്തുന്നതിനു ഇതോടുബന്ധമുള്ള വേറെ ചില സംഗതികൾകൂടി ആലോചിക്കേണ്ടതായിട്ടുണ്ട്. വിജ്ഞനായ ധനകാര്യമെമ്പർ അഞ്ചൽ ഡിപ്പാർട്ടുമെൻറു ഒരു വാണിജ്യഡിപ്പാർട്ടുമെൻറാണെന്നു സമർത്ഥമാകെ പ്രസ്താവിച്ചു; അതേസമയംതന്നെ വാണിജ്യത്തിൻെറ സാധാരണമായ മുഖ്യ ലക്ഷണം അതായതു ലാഭം ഉണ്ടാക്കുന്നതിനുള്ള ഉദ്ദേശം അതിനില്ലെന്നും അദ്ദേഹം പറഞ്ഞു. അതിനാൽ അതു ലാഭത്തെ സംബന്ധിച്ചിടത്തോളം സ്വയം ത്യജിക്കുന്ന പ്രമാണത്തെ സ്വീകരിച്ചിരിക്കുന്ന ഒരു പ്രത്യേക രീതിയിലുള്ള വാണിജ്യവകുപ്പാണ്. ഒരു കാർഡിൻെറയും സ്റ്റാമ്പിൻെറയും കവറിൻെറയും സാക്ഷാലുള്ള വിലയെപ്പററി അദ്ദേഹത്തോടു ചോദിച്ചു. കാർഡിനെ സംബന്ധിച്ചു അദ്ദേഹം എന്തോ പറഞ്ഞു. ആ വിവരംതന്നെ സഭയിൽ മുമ്പു നടന്ന ഒരു വാദപ്രതിവാദത്തിൽനിന്നാണു അദ്ദേഹത്തിനു ലഭിച്ചത്. ധനകാര്യമെമ്പർ എന്ന നിലയിൽ കണക്കുകൾ അദ്ദേഹത്തിൻെറ കൈവശം ഉണ്ടായിരുന്നെങ്കിൽ എൻെറ സ്നേഹിതൻ മിസ്റ്റർ കൊച്ചുകുഞ്ഞുപിള്ളയുടെ ചോദ്യത്തിനു കൂടുതൽ വിവരങ്ങൾ പറയാൻ സാധിക്കുമായിരുന്നു. എന്തായാലും സഭയിൽ പ്രസ്താവിച്ച വിവരംകൊണ്ടു ഒരു കാർഡിൻെറ വിലയെ അഞ്ചു കാശിൽനിന്നും നാലായി കുറച്ചാൽ യഥാർത്ഥത്തിൽ ഗവണ്മെൻറിനു നഷ്ടം ഉണ്ടാകയില്ലെന്നു ഒരാൾക്കു തീർച്ചപ്പെടുത്താം. എന്തുകൊണ്ടെന്നാൽ, ഒരു കാർഡിൻെറ വില നാലു കാശിൽ കുറവാണ്.

ഉപാദ്ധ്യക്ഷൻ: അതുകൊണ്ടുവരുന്ന ചിലവു ഇതിൽ ഉൾപ്പെടുത്തീട്ടില്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഞാൻ അതുകൊണ്ടുവരുന്ന ചിലവിനെപ്പററി പറയാം. സംഗതികൾ അപ്രകാരമാണെങ്കിൽ ഒരു സ്റ്റാമ്പിൻെറ വില അതിലും വളരെ കുറവായിരിക്കും. ഗവണ്മെൻറിൽ ഒരു സ്റ്റാമ്പിൻെറ വിലയ്ക്കു ഒരു കവർ എങ്ങിനെ വിൽക്കാൻ സാധിക്കുമെന്നുള്ള സംഗതി എനിക്കു ദുർഗ്രഹ്യമാണ്, അതിൽ എന്തെങ്കിലും വ്യത്യാസമുണ്ടാക്കേണ്ടതാണ് അവർ അതു ചെയ്തിട്ടില്ല. അഞ്ചൽ ഡിപ്പാർട്ടുമെൻറു ഒരു വാണിജ്യവകുപ്പാണെന്നു പറയുന്നുണ്ടെങ്കിലും ഈ മാതിരി വാണിജ്യത്തോടു ചേർന്നതായി മററൊരു പ്രത്യേകത ഉണ്ട്. രാജ്യത്തുള്ള പ്രജകളിലാരും അഞ്ചൽവകുപ്പുപോലെ യാതൊരു പരിശ്രമങ്ങളും നടത്താൻ അഞ്ചൽ ചട്ടങ്ങൾ അനുവദിക്കുന്നില്ല.

ഉപാദ്ധ്യക്ഷൻ: അതൊരു പ്രത്യേക വ്യാപാരാധികാരമാണ്.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): അതൊരു പ്രത്യേകവ്യാപാരാധികാരമാണ്. അതുകൊണ്ടു രാജ്യത്തുള്ള ജനങ്ങൾ ഈ നിരക്കിൽ കുറച്ചു അഞ്ചൽ സർവീസു നടത്താമെന്നു വിചാരിക്കുകയാണെങ്കിൽ അങ്ങനെ കാര്യവിചാരങ്ങൾക്കൂടി ഉൾപ്പെട്ട നിയമനിർമ്മാണസംബന്ധമായ ചട്ടങ്ങൾ അവരെ അനുവദിക്കുന്നില്ല. ഈ പ്രശ്നത്തിനു നിവൃത്തിയുണ്ടാക്കുന്നതിനു ഈ സംഗതികൾ കൂടി വിചിന്തനം ചെയ്യേണ്ടതായുണ്ട്. ഇപ്പോൾ രാജ്യത്തിൻെറ എല്ലാഭാഗങ്ങളുമായി ഗതാഗതസൌകര്യം വർദ്ധിച്ചിരിക്കുന്നതുകൊണ്ടു ഒരു പക്ഷേ ഒരു കരിയറവനു യഥാക്രമം നാലുകാശും എട്ടുകാശുംവെച്ചു ഒരുമാതിരി അഞ്ചൽ ഏർപ്പാടു നടത്താൻ സാധിച്ചേക്കാം. അതു സാധിക്കുകയാണെങ്കിൽ ഗവണ്മെൻറിനു അവരുടെ പ്രത്യേകരീതിയിൽ സംഗതികൾ നടത്തുന്നതുകൊണ്ടുള്ള ബുദ്ധിമുട്ടും നഷ്ടവും ഉണ്ടാകേണ്ടതായിട്ടില്ല. ഒരു കരിയറവനെ ഇപ്രകാരം നിരോധിച്ചിട്ടുണ്ടെന്നുള്ളതുകൂടി ഗവണ്മെൻറു ആലോചിക്കേണ്ടതാണ്. ഒരു കരിയറവനു അഞ്ചൽ നടത്തിപ്പു അസാദ്ധ്യമാണെന്നുള്ള മനഃപൂർവവിചാരത്തിൽ അടിസ്ഥാനപ്പെടുത്തിട്ടുള്ളതാണോ മിസ്റ്റർ ശിവരാമപിള്ളയുടെ പ്രമേയം എന്നെനിക്കു തോന്നുന്നു.

ഈ പ്രമേയത്തിൻെറ ഒരു ഭാവം ഇതാണ്. ഒരു കരിയറവനു ഒരു ലാഭം ഉണ്ടാക്കുന്നതിനോ ഗവണ്മെൻറിനെ വലിയ കഷ്ടപ്പാടിൽനിന്നും രക്ഷിക്കുന്നതിനോ സ്വാതന്ത്ര്യം ഇല്ല. എന്നാൽ നിങ്ങളെക്കൊണ്ടു ഒരു ലാഭമുണ്ടാക്കാൻ സാധിക്കയില്ല. നിങ്ങൾ മററുള്ളവരെ അതു നടത്താൻ അനുവദിക്കയില്ല എന്നുള്ളതു ഒരു വലിയ നിർഭാഗ്യാവസ്ഥയാണ്.

ഈ സന്ദർഭത്തിൽ ആലോചിക്കേണ്ടതായ വേറൊരു സംഗതിയുണ്ട്. നിശ്ചിത മാർഗ്ഗങ്ങളിൽനിന്നും രാജ്യത്തെ ആദായം ലഭിച്ചുകൊണ്ടിരുന്നപ്പോൾ, നാം എട്ടു കാശു നിരക്കു നിശ്ചയിച്ചതു. നിരക്കു അഞ്ചും [illegible] ഇതിനുശേഷം മററു നികുതിചട്ടങ്ങൾ നടപ്പിൽ വന്നിട്ടുണ്ട്. ഉദാഹരണ പുത്തും കാശുമാതം [illegible] കരിയാനവന്മാരിൽ കരംചുമത്തുന്ന ചില മുനിസിപ്പാലിററികൾ ഉണ്ട്. മായി ആദായനികുതിചട്ടം ഉണ്ട്. [illegible] ചുങ്കങ്ങൾ ഉണ്ട്; തരിശു സ്ഥലങ്ങൾ പതിച്ചുകൊടുത്തു നികുതിചുമത്തീട്ടുണ്ട്; വേമ്പനാട്ടുകായലിൻെറ ഭാഗങ്ങൾ പതിച്ചുകൊടുത്തിട്ടുണ്ട്. ഇപ്രകാരമെല്ലാം ജനങ്ങളിൽനിന്നും രാജ്യത്തെ ആദായം വർദ്ധിപ്പിച്ചിട്ടുണ്ട്. ഇങ്ങനെയെല്ലാം ഉണ്ടായിട്ടും ഇപ്പോഴും പഴയ നിരക്കിൽതന്നെ മുദ്രകൾ പിടിച്ചിരിക്കുന്നു.

(ശ്രീമാൻ [illegible] അദ്ധ്യക്ഷനായി).

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): ഈ ആദായമാർഗ്ഗങ്ങൾ ഇല്ലാതെയിരുന്നകാലത്തു നിശ്ചയിച്ചതായ നിരക്കുകൾ ഇപ്പോഴും കുറയ്ക്കാതെ [illegible] വെച്ചുകൊണ്ടിരിക്കുന്നു എന്നാണു ഞാൻ പറയുന്നത്. അതു കൊണ്ടു ഈ അഭിപ്രായത്തെ സാധൂകരിക്കുന്നതിനായി ഈ കാര്യത്തെക്കുറിച്ചുകൂടി ആലോചിക്കേണ്ടതായിട്ടുണ്ട്. പ്രത്യേകിച്ചു [illegible] ഡിപ്പാർട്ടുമെൻറിൽ മിച്ചമുണ്ടാകുന്നുണ്ടെന്നു വിശ്വാസമായിരിക്കെ ആ സ[illegible] കാർഡുകളുടെയും കവറുകളുടെയും വിലകളെ കുറയ്ക്കാൻ ഗവണ്മെൻറു എന്തുകൊണ്ടാണ് [illegible] ഗവണ്മെൻറിനു [illegible]

അതുകൂട്ടുകയും ചെയ്യാം. എന്നാൽ അതു പരീക്ഷാർഹമായ ഒരു പ്രയോഗമല്ലോ? വിജ്ഞനായ ധനകാര്യദർശി അവർകൾ ഈ വിഷയത്തെക്കുറിച്ചു ചിന്തിക്കണമെന്നാണ് ഞാൻ അപേക്ഷിക്കുന്നത്. സഭയിൽ ഈ ഭാഗത്തുള്ള ചില സ്നേഹിതന്മാർ പറഞ്ഞതുപോലെ എനിക്കു കണക്കുകൾ കൊണ്ടു കൈകാര്യം ചെയ്യുന്നതിനു വലിയ സാമർത്ഥ്യം ഇല്ല. ഞാൻ ആമാതിരി വിഷയങ്ങളോടു അടുക്കുന്നതുതന്നെ ഏതാണ്ടൊരു വിറയലോടുകൂടിയാണ്. അതുകൊണ്ടു ഈവിധത്തിലെന്നോ ആവിധത്തിലെന്നോ തീർച്ചപ്പെടുത്താതെ ഈ അപേക്ഷണങ്ങളുടെ സ്ഥിതി അനുസരിച്ച് ഈ വിഷയം വിചിന്തനം ചെയ്യണമെന്നു ഞാൻ അപേക്ഷിക്കുന്നു. ഈ അപേക്ഷണങ്ങളോടുകൂടി ഞാൻ എന്റെ സ്ഥാനത്തെ സ്വീകരിക്കുന്നു.

മി. എം. ശിവതാണുപിള്ള (തോവാള): സർ, എനിക്കു മറുപടിയായി അധികമൊന്നും പറയാനില്ല. മി. രാമസുബ്ബയ്യർ പറഞ്ഞതുപോലെ, ഗവണ്മെന്റിനു ഈ ഡിപ്പാർട്ടുമെന്റിൽനിന്നും ഇപ്പോൾ കിട്ടിക്കൊണ്ടിരിക്കുന്നതിൽ ൮൬,൦൦൦ രൂപാ കുറച്ചേ കിട്ടുകയുള്ളു എന്നുള്ളതാണ് ഈ പ്രമേയം സ്വീകരിക്കുന്നതിന്റെ പണസംബന്ധമായ ഫലം. മേൽപ്രകാരത്തിൽ പറകയാണെങ്കിൽ ഗവണ്മെന്റിൽനിന്നും ഈ പ്രമേയം സ്വീകരിക്കുന്നതിന്റെ ഫലമായി ഈ ഡിപ്പാർട്ടുമെന്റു സ്വയം സംരക്ഷിക്കുന്നതിനു ആവശ്യമുള്ള തുകയിൽനിന്നും ൪൭,൦൦൦ രൂപാ കുറച്ചേ കിട്ടുകയുള്ളു. അതായതു ൪൭,൦൦൦ രൂപാ നഷ്ടമുണ്ടായിരിക്കും. ഇതു എന്തായാലും ഗവണ്മെന്റിനു വളരെ ഇഷ്ടമായിട്ടുള്ള തുകയാണ്.

മി. കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെന്റു ധനകാര്യദർശി): സർ, മെമ്പർ പറഞ്ഞതു അത്ര ശരിയല്ല. ൪൭,൧൦൦ രൂപാ മിച്ചമുള്ളതു ൮൬,൦൦൦ രൂപാ നഷ്ടമായിട്ടു തീരുമെന്നാണ് ഞാൻ പറഞ്ഞതു. അതായതു ൩൯,൦൦൦ രൂപാ നഷ്ടമുണ്ടായിരിക്കും.

എം. ശിവതാണുപിള്ള (തോവാള): ഞാൻ പറഞ്ഞ കണക്കുപ്രകാരം സൂക്ഷ്മമല്ലെങ്കിലും, പബ്ലിക് സർവീസിനുപയോഗിക്കുന്ന സ്റ്റാമ്പുകളൊഴിച്ചു പൊതുജനങ്ങൾക്കു വിൽക്കുന്ന കാർഡിന്റെയും സ്റ്റാമ്പിന്റെയും വില എത്രയെന്ന കണക്കനുസരിച്ചു കണക്കുകൂട്ടി നോക്കുന്നതായാൽ ൪൭൦൦൦-ത്തിൽ ശിഷ്ടം രൂപാ നഷ്ടമുണ്ടെന്നു ഞാൻ പറയാം. എന്നാൽ ആകപ്പാടെ ഈ നഷ്ടത്തിനു കാരണമാകുന്നതു എങ്ങിനെയാണ്? കാർഡിൽനിന്നും ഒരു കാശും കവറിൽനിന്നും രണ്ടു കാശും കുറയ്ക്കുന്നതുകൊണ്ടു മാത്രമാണ്. ഈ വ്യത്യാസം പൊതുജനങ്ങളെ എങ്ങിനെ ബാധിക്കുന്നു എന്നു നോക്കുകയാണെങ്കിൽ പൊതുജനങ്ങൾക്കുള്ള ഇതിന്റെ പ്രയോജനം അനുസരിച്ചു യാതൊരു വ്യത്യാസവും കൂടാതെ എല്ലാവർക്കും ഒരുപോലെ ഉപകാരപ്രദമായിട്ടുള്ളതാണെന്നു കാണാം. ഇപ്പോഴത്തെ സ്ഥിതി നോക്കുന്നതായാൽ മി. പി. കെ. നാരായണപിള്ള ചൂണ്ടിക്കാണിച്ചതുപോലെ ഇപ്പോൾ ആദായത്തിൽ ൮൬ ലക്ഷം രൂപാ മിച്ചം ഉണ്ടു. നിർദ്ധനന്മാരെക്കൂടി ഉൾപ്പെടുത്തി എല്ലാജനങ്ങളേയും ഒരുപോലെ ബാധിക്കുന്നതായ ഈ സംഗതിക്കു ഇത്രയും തുക ചിലവാക്കാൻ ആവശ്യപ്പെടുന്നതു വളരെ കൂടുതലാണോ? അതു ധനവാന്മാരെ അധികം ബാധിക്കയില്ലായിരിക്കാം. അവരെ സംബന്ധിച്ചിടത്തോളംതന്നെ അഞ്ചൽകാർഡും സ്റ്റാമ്പും ഇപ്പോഴത്തെ നിരക്കനുസരിച്ചു പോയിവാങ്ങിക്കുന്നതു ഒരു ഉപദ്രവമാണെന്നു ഞാൻ പറഞ്ഞുകേട്ടിട്ടുണ്ടു; അവർക്കു ബാക്കികാശു കിട്ടുന്നില്ല. ഞാൻ മുമ്പേ പറഞ്ഞതുപോലെ കാശു ഏറ്റവും ചെറിയ നാണയമായതുകൊണ്ടു അതു ഉപയോഗത്തിൽ ഇല്ലാതെവന്നിട്ടുണ്ടു. ഈ കാശു അവർക്കു വളരെ പ്രയോജനകരമാണെന്നു വിചാരിക്കുന്ന നിർദ്ധനന്മാർ, പ്രത്യേകിച്ചു അതിനായി തെണ്ടിനടക്കുന്നവർ ഒഴിച്ചു ഈ കാശുനാണയത്തിൽ ആരും വലിയശ്രദ്ധ പതിപ്പിക്കാറില്ല. ഞാൻതന്നെ നേരത്തെ വിചാരിച്ചതുപോലെ അഞ്ചൽവകുപ്പിലെ ജോലിക്കാർക്കു വളരെനിസ്സാരമായ ശമ്പളമേ കൊടുക്കുന്നുള്ളു എന്നു ധനകാര്യദർശി പറഞ്ഞു. ഞാൻ ആമാതം സമ്മതിക്കുന്നു. ആ സംഗതി ഈ സഭമുമ്പാകെ വിവരമായി ചിന്തിക്കുന്നതിനു കൊണ്ടുവരുമ്പോഴെല്ലാം സമയം ധാരാളം ആയേക്കാം. അഞ്ചും പത്തും കാശു നാലും എട്ടും ആയി കുറയ്ക്കുന്നതിനു അതു ഒരു തടസ്സമായിരുന്നാൽപോലും അഞ്ചൽഡിപ്പാർട്ടുമെന്റിലെ ജോലിക്കാർക്കു കൂട്ടിക്കൊടുക്കാൻ ഉദ്ദേശിച്ചിരിക്കുന്ന ശമ്പളത്തിനു പരിഹാരമായി ഞാൻ ഒരു ഉപായം പറയാം. കമ്പിഅടിക്കുന്നതിനു ൪൭ അണയും കൊടുത്തു പത്തുരൂപായ്ക്കു൨ അണ മണിഓർഡർ കമ്മീഷനും എടുത്തു പൂർവ്വമെയുള്ള കമ്പിത്തപാൽ വകുപ്പുകാരോടു ഏർപ്പാടുകൾ ചെയ്തുകൊണ്ടു നമുക്കും അഞ്ചലിലും കമ്പിത്തപാൽ ഏർപ്പാടു നടപ്പിൽവരുത്താം. അഞ്ചൽഡിപ്പാർട്ടുമെന്റിലെ ജോലിക്കാർക്കു കൂട്ടിക്കൊടുക്കാൻ നിശ്ചയിച്ചിരിക്കുന്ന ശമ്പളത്തിനു പരിഹാരമുണ്ടാക്കുന്നതിൽ ഇതു വളരെസഹായിക്കും. ആകപ്പാടെ പണസംബന്ധമായഫലം എന്താണ്? ൪൭൦൦൦ രൂപാ നഷ്ടംവരും. കഴിഞ്ഞ ചുങ്കരസീതുകൾ ൩൬൦൦൦ രൂപായിൽനിന്നും ൫൦൦൦൦ രൂപായായി വർദ്ധിച്ചിട്ടുണ്ടെന്നു പറയുകയാണെങ്കിൽ അതു വളരെ അസംഗതമായിരിക്കയില്ല. അഞ്ചൽഡിപ്പാർട്ടുമെന്റിലെ ഈ നഷ്ടം ടോൾഗേറ്റിലെ രസീതുകൾകൊണ്ടു നല്ലതുപോലെ പരിഹരിക്കാം. നാം സംഗതികളുടെ ഒരുവശംമാത്രം നോക്കരുതു. മുൻസിപ്പൽനികുതിയും ടോൾഗേറ്റ് രസീതുകളുംപോലെ നേരെയും സൂത്രത്തിലും ആദായമാർഗ്ഗങ്ങളെ വർദ്ധിപ്പിക്കുന്ന പല നവീനസമ്പ്രദായങ്ങളോടൊപ്പം കാർഡിന്റെയും കവറിന്റെയും നിരക്കു കുറയ്ക്കുന്നതിനെ എടുക്കരുതെന്നു ആളുകൾ വിചാരിക്കുന്നുണ്ടു. ഈ പ്രമേയം അനുസരിച്ചു പ്രവർത്തിക്കുകയാണെങ്കിൽ രാജ്യത്തെ ആദായത്തെ ബാധിക്കും എന്നു ഗവണ്മെന്റിനു ന്യായമെന്നുള്ള വ്യാജേന നിശ്ചയമായും ധൈര്യമായി പറയാൻ സാധിക്കയില്ല. ഈയാണ്ടത്തെ മിച്ചം നോക്കുന്നതായാലും കാശാണ് രാജ്യത്തെ ഏറ്റവും ചെറിയ നാണയമെന്നുള്ളതുകൊണ്ടും, ഈ ഡിപ്പാർട്ടുമെന്റു യാതൊരു വ്യത്യാസവും കൂടാതെ രാജ്യത്തുള്ള ജനങ്ങൾക്കു എല്ലാവർക്കും ഒരുപോലെ ഉപകാരപ്രദമാണെന്നുള്ളതുകൊണ്ടും ഇപ്പോഴത്തെ നിരക്കിനെ കുറച്ചു മുമ്പിലത്തെനിരക്കായ നാലും എട്ടും കാശെങ്കിലും ആക്കുന്നതിനു ഞാൻ ഗവണ്മെന്റിനോടു അപേക്ഷിക്കുന്നു. ഇത്രയും പറഞ്ഞു ഈ പ്രമേയത്തെ നടപ്പാക്കുന്നതിനു ഞാൻ നിർബന്ധിക്കുന്നു.

മി. കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെന്റു ധനകാര്യദർശി): സർ, ഞാൻ പറഞ്ഞുകഴിഞ്ഞതിനു ഇനിയും പറയുന്നില്ല. എന്നാൽ ചില മെമ്പറന്മാരുടെ അപേക്ഷണങ്ങളെക്കുറിച്ചു രണ്ടുവാക്കു പറഞ്ഞു ഞാൻ തൃപ്തിപ്പെടാം. ഈ പ്രമേയകർത്താവിനാൽ അവതരിപ്പിക്കപ്പെട്ട പ്രമേയത്തെ സ്വീകരിക്കുന്നതിനു വിപരീതമായിട്ടുള്ള വാദങ്ങളെ ഞാൻ വളരെ ചുരുക്കത്തിൽ പറയാം. നമുക്കു ഇപ്പോൾ

വളരെ അധികം മിച്ചം ഉണ്ടെന്നും അഞ്ചൽസർവീസ് സ്വയം സംരക്ഷിക്കുന്നതായാലും അല്ലെങ്കിലും അഞ്ചൽനിരക്ക കുറച്ചിട്ട ആ മിച്ചത്തെ വീതിക്കാമെന്നും പ്രാസംഗികന്മാരിൽ ഒരാൾ പറഞ്ഞു. ഞാൻ മുമ്പെ പറഞ്ഞതുപോലെ മനഃപൂർവ്വമായി സ്വീകരിച്ചിട്ടുള്ളതും ഇപ്പോൾ നടപ്പിലിരിക്കുന്നതുമായ നയത്തെ—അതായത അഞ്ചൽ സർവീസ് സ്വയം സംരക്ഷിക്കുന്നതായിരിക്കണം എന്നുള്ള നയത്തെ—ഗവൺമെൻറ വീണ്ടും സ്വീകരിക്കണമെന്ന ഈ സഭ വിചാരിക്കുന്നുണ്ടോ എന്നുള്ളതാണ്. അഞ്ചൽസർവീസിനെക്കുറിച്ചുള്ള അന്ത്യസംഗതി, ഞാൻ വാണിജ്യസർവീസ് എന്നുള്ള വാക്കുകൾ ഉപയോഗിച്ചപ്പോൾ എന്നെ ഉപഹസിച്ചുചോദിച്ചു. "നിങ്ങൾ അതിനെ ഒരു വാണിജ്യവകുപ്പ എന്ന് എങ്ങനെ വിളിക്കും? നിങ്ങൾക്ക ഒരു പ്രത്യേകവ്യാപാരാധികാരം ഉണ്ടല്ലോ. ഏററവും കൂടിയതായ അമിതനിരക്ക നടപ്പാക്കുവാനിനുമ്പ കൂടുതൽവരുന്ന ആദായത്തെ നിങ്ങൾ എടുക്കാതെ തന്നെ സ്വയം ഉപേക്ഷിക്കുന്ന ഒരു നിയമം നിങ്ങൾ ഉണ്ടാക്കിട്ടുണ്ടോ"? സർ, ഒന്നുകൂടി സൂക്ഷ്മമായി പറയുകയാണെങ്കിൽ ഞാൻ അതിനെ ഒരുമാതിരി വാണിജ്യവകുപ്പ എന്ന പറയേണ്ടതായിരുന്നു. ആളുകളുടെമേൽ കഴിയുന്നത്രയും നികുതി ചുമത്തികഴിയുന്നത്രയും പണം ഉണ്ടാക്കാം എന്നല്ലായിരുന്ന ഗവൺമെൻറിൻെറ ഉദ്ദേശം എന്ന് ഞാൻ പറയാം. അതേ അവസാനത്തിൽ ഈ ഡിപ്പാർട്ടുമെൻറിൽ ഒരു നഷ്ടം കാണുകയും ഈ സർവീസു നടത്തുന്നതിന ആവശ്യമുള്ള പണത്തിനുവേണ്ടി സഭയോട്ട ആവശ്യപ്പെടുകയും ചെയ്യുന്നതിന നിർബന്ധിതരാകാൻ ഞങ്ങൾ ആഗ്രഹിക്കുന്നില്ലെന്നാണ് ഒരു വാണിജ്യവകുപ്പ അല്ലെങ്കിൽ ഒരു മാതിരി വാണിജ്യവകുപ്പ എന്ന പറഞ്ഞതുകൊണ്ട ഞാൻ അർത്ഥമാക്കിയത.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഏതെങ്കിലും ഒന്നിൻെറ അതായത, ഒന്നുകിൽ കാർഡിൻെറ അല്ലെങ്കിൽ കവറിൻെറ വില കുറച്ചു ഒരു രാജിയിൽ വരാൻ ഗവൺമെൻറ തയ്യാറാണോ എന്ന പറയുമോ?

മി. കെ. എൻ. രാമസുബ്ബയ്യർ (ഗവൺമെൻറ ധനകാര്യദർശി): ഏതെങ്കിലും ഒരുതരത്തിൽ ആദായത്തെ വല്ലാതെ ബാധിക്കുകയില്ലെങ്കിൽ ഈ സഭയിൽ പ്രസ്താവിച്ച അസൌകര്യത്തെ—പ്രത്യേകിച്ച കാർഡിൻെറ പെരുമാററംകൊണ്ടുണ്ടാകുന്ന അസൌകര്യത്തെ നീക്കുന്നതിനായിട്ടുള്ള ഏതു നിശ്ചയത്തെയുംകുറിച്ചു ആലോചിക്കുന്നതിന നിശ്ചയമായിട്ടും ഗവൺമെൻറ വളരെ സന്തോഷമുള്ളവരായിരിക്കും. മററുള്ള വാദങ്ങളെക്കുറിച്ചു ഞാൻ മറുപടിപറയാം. സർ, പ്രത്യേകവ്യാപാരാധികാരത്തെസംബന്ധിച്ചിടത്തോളം ആരെങ്കിലും അഞ്ചൽ സർവീസ്നടത്താൻ കഴിയുംഎന്നുള്ളതിനെക്കുറിച്ചു ആ വാദത്തിൽ എന്തെങ്കിലുമുണ്ടോഎന്ന ഗൌരവമായി ആലോചിക്കാൻ ഞാൻ ഈ സഭയോട്ട ഹാർദ്ദമായി ആവശ്യപ്പെടുന്നു. ഈ ഡിപ്പാർട്ടുമെൻറിലുള്ള വിശ്വാസം പൊതുജനങ്ങൾക്ക ഉണ്ടായിരിക്കുമോ? അതുകൂടാതെ പബ്ലിക്കസർവീസ എന്നുവെച്ചാൽ എന്താണ്? പബ്ലിക്ക സർവീസ് എന്നുവെച്ചാൽ പൊതുജനങ്ങളിൽ എല്ലാ അംഗങ്ങളും ഭാഗഭാക്കുകളാകുന്ന സർവീസാണ്. ഗവൺമെൻറ ഒരു ഭാഗത്തും ജനങ്ങളുടെ നന്മ മറെറാരുഭാഗത്തും എന്നുള്ളതു ഊഹ്യമായ ഒരു വ്യത്യാസമാണ്. ഈ ഡിപ്പാർട്ടുമെൻറിൽ ഗവൺമെൻറിന ഒരു പ്രത്യേകവ്യാപാരാധികാരമുണ്ടെന്നും അവർക്ക ഈ നിരക്ക കുറയ്ക്കാൻ സാധിക്കയില്ലെന്നും പ്രസ്താവിക്കുന്നതിനുമുമ്പായി ന്യായമായി മററുള്ളവരെ അവരോട്ട മത്സരിക്കാൻ അനുവദിക്കയില്ലെന്നുള്ളതുമായ വിമർശനത്തിന ഇതാണ് ഉത്തരവാദി. സർ, അപ്പോൾ "നിരക്ക കുറയ്ക്കുകയാണെങ്കിൽ നമുക്ക ആദായത്തെ വർദ്ധിപ്പിക്കുന്നതിനായി പ്രേരിപ്പിക്കാൻ സാധിക്കയില്ലയോ?" എന്ന് മിസ്റ്റർ എ. കെ. പിള്ള ചോദിച്ചു. സർ, ഈ കാര്യങ്ങൾക്കെല്ലാം ഒരു അതിരുണ്ട്. നാലും അഞ്ചും കാശാണ് ലോകത്തിലേക്കും കുറഞ്ഞ നിരക്കെന്ന എല്ലാവരും സമ്മതിച്ചിട്ടുണ്ടെന്ന എനിക്ക തോന്നുന്നു. ഇതു വളരെ ഉപദ്രവം തോന്നത്തക്കതും ജനങ്ങളെ വളരെ ഞെരുക്കുന്നതുമായ കൂടിയ നിരക്കായിട്ട ഇതു വിചാരിക്കാൻ പാടില്ലെന്നാണ എനിക്ക തോന്നുന്നതു. ബ്രിട്ടീഷ് ഇൻഡ്യയിലെ നിരക്ക ഇതിൻെറ ഇരട്ടിയിൽ കൂടുതലുണ്ടെന്നും കൊച്ചിയിലെ നിരക്കപോലും ഇതിൽ ഒരു ശതമാനം കൂടുതലുണ്ടെന്നും ഞാൻ കാണിച്ചു. ബ്രിട്ടീഷ് ഇൻഡ്യയിലെ നിരക്ക എന്തായിരുന്നാലും നാം കൊച്ചിയിലെ നിരക്കെങ്കിലും അനുകരിക്കണം. കൊച്ചിയിലെ നിരക്ക വളരെ കൂടുതലാണെന്ന നിങ്ങൾക്ക പരാതിപറയാൻസാധിക്കയില്ല.

മി. എ. കെ. പിള്ള (കരുനാഗപ്പള്ളി): നാലും അഞ്ചും കാശു തമ്മിലുള്ള വ്യത്യാസം വളരെ ഗൌരവമായതുകൊണ്ട ഗവൺമെൻറിന ഈ പ്രമേയം സ്വീകരിക്കാമെന്നാണ എനിക്ക തോന്നുന്നതു.

മി. കെ. എൻ. രാമസുബ്ബയ്യർ (ഗവൺമെൻറ ധനകാര്യദർശി): കാർഡ് വാങ്ങിക്കുന്ന ആളിന അതു നിസ്സാരമാണ്. എന്നാൽ ആകെയുള്ള തുക വിചാരിക്കുമ്പോൾ അതു സാരമില്ലാത്തതല്ല. ഞാൻ മുമ്പേ പറഞ്ഞതുപോലെ ഇതിൽനിന്നും ഒരു വലിയ ആദായമുണ്ടാക്കണമെന്നല്ല ഗവൺമെൻറിൻെറ ഉദ്ദേശം.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): രജിസ്റ്റർചെയ്യുന്നതിനുള്ള ഫീസ് നഷ്ടയിനം നികത്തുന്നതിന് ക്രമമായി വർദ്ധിപ്പിച്ചാൽ ഇതിന പ്രതിവിധിയാകയില്ലയോ?

മി. കെ. എൻ. രാമസുബ്ബയ്യർ (ഗവൺമെൻറ ധനകാര്യദർശി): അതു നിരക്ക രണ്ടാമതും ക്രമപ്പെടുത്തുന്നതിനുള്ള ഒരു മാർഗ്ഗമായിരിക്കാം. എന്നാൽ ആ ക്രമപ്പെടുത്തലിൻെറ എല്ലാ ഭാഗങ്ങളെയുംകുറിച്ചു നാം ചിന്തിച്ചിട്ടുണ്ടെന്ന എനിക്ക തോന്നുന്നില്ല. അഞ്ചു കാശു നാലു കാശാക്കുന്നതിനും പത്തു കാശു എട്ടു കാശാക്കുന്നതിനും മാത്രമാണ പ്രമേയമെങ്കിൽ ആ ക്രമത്തിനുള്ള ഒരു നഷ്ടവും ഞങ്ങൾക്ക ഉണ്ടാകും. എന്നാൽ ആ നഷ്ടമുണ്ടാകണമെന്ന ഞങ്ങൾക്ക ആഗ്രഹമില്ല. സർ, നമുക്ക പൊതുവെ കൂടുതലുള്ള മിച്ചത്തെക്കുറിച്ചുകൂടി ഒരു സംഗതി പറയാനുണ്ട്. നമുക്ക നിശ്ചയമായും ഒരു മിച്ചം ഒരു വലിയ മിച്ചമുണ്ടായിരുന്നു. എന്നാൽ ഒരു വാണിജ്യവകുപ്പിൽ ഉണ്ടാകുന്ന നഷ്ടത്തെ തീരെ അവഗണിക്കത്തക്കതുപോലെ ഒരു വലിയമിച്ചം ആണ്ടുതോറും ഉണ്ടായിക്കൊണ്ടിരിക്കുമെന്ന ഈ സഭ വിചാരിക്കയില്ലെന്ന ഞാൻ വിചാരിക്കുന്നു. ഈ സഭ അങ്ങിനെയുള്ള ഒരു അഭിപ്രായത്താൽ നയിക്കപ്പെടരുത്.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): കാർഡിനെയും പരിചിപ്പിച്ചുനാക്കിയാൽ എന്താണ്?

മി. കെ. എൻ. രാമസുബ്ബയ്യർ (ഗവൺമെൻറ ധനകാര്യദർശി): പരിക്ഷിച്ചുനോക്കുന്നതുകൊണ്ടുള്ള ഫലം എന്താണ്? നമുക്ക നിശ്ചയമായും ഒരു നഷ്ടമുണ്ടാകും. മററുവിധത്തിലുള്ള നികുതിയേയും നമുക്ക ഇതുപോലെ കുറയ്ക്കാം.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): കഴിഞ്ഞ രണ്ടു കൊല്ലവും മിച്ചമുണ്ടായി രുന്നസ്ഥിതിക്കു നിരക്കു കുറച്ചാൽ എന്താണ്.

മി. കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെന്റു ധനകാര്യദർശി): അഞ്ചു കൊല്ലത്തേയ്ക്കു ഞങ്ങൾക്കു നഷ്ടമുണ്ടായിരുന്നു. കഴിഞ്ഞ അഞ്ചു കൊല്ലത്തെ കണക്കു നോക്കുന്നതായാൽ മിച്ചത്തിനു പകരം ആണ്ടുതോറും ൨൨൦൦൦ രൂപാ കുറവുണ്ടെന്നു എനിക്കറിയാം. യഥാർത്ഥത്തിൽ മുതലിന്റെ പലിശകഴിച്ചു ശരാശരി ആണ്ടുതോറും ൨൨൦൦൦ രൂപാവീതം കഴിഞ്ഞ അഞ്ചു കൊല്ലത്തേക്കു ഞങ്ങൾ അഞ്ചൽഡിപ്പാർട്ടുമെന്റിനു ചെല്ലുകകൊടുത്തിട്ടുണ്ട്. സർ, അപ്പോൾ കാർഡും കവറും സ്റ്റാമ്പും ഉണ്ടാക്കുന്നതിന്റെ സൂക്ഷ്മമായുള്ള ചിലവു ശരിയായി പറവാൻ സാധിച്ചില്ലെന്നു ധനകാര്യദർശിയുടെ മേൽ മെമ്പറാംകൂടി കുറ്റാരോപിച്ചിട്ടുണ്ട്. ആ പ്രത്യേകചോദ്യത്തിനു മറുപടി പറയുന്നതിനു മതിയായ സംഗതികൾ പഠിച്ചുംകൊണ്ടല്ല ഞാൻ വന്നിരുന്നതെന്നു സമ്മതിക്കുന്നു. കാർഡു ഉണ്ടാക്കുന്നതിനും സർവീസു നടത്തുന്നതിനും മറ്റുമുള്ള ചിലവുകളുടെ കണക്കുകളും ഈ സർവീസു നടത്തുന്നതിന്റെ ശരിയായ നിരക്കായി ഈ സഭ ഗണിക്കണമെന്നാണ് ഞാൻ വിചാരിച്ചത്. ഞാൻ സഭയിൽ പ്രസ്താവിച്ചതുപോലെ ഈ സർവീസു നടത്തുന്നതിനു ആവശ്യമുള്ളതിൽക്കൂടുതൽ ചിലവാകുന്നുണ്ടെന്നു നിങ്ങൾ വിചാരിക്കുന്നു എങ്കിൽ അതിന്റെ ശരിയായ അവസരത്തിൽ നിങ്ങളുടെ അഭിപ്രായം പ്രകടിപ്പിക്കുന്നതിനു നിങ്ങൾക്കു സ്വാതന്ത്ര്യം ഉണ്ട്. എന്നാൽ ഇതിന്റെ ചിലവു ആവശ്യത്തിൽ വളരെക്കൂടുതൽ അല്ലെന്നു വിചാരിക്കുന്നപക്ഷം പിന്നീടു നമുക്കു ആലോചനയുള്ളത് ലാഭമാണൊ നഷ്ടമാണൊ ഉണ്ടാകാൻപോകുന്നതെന്നാണ്. സമ്മേളനോപാധികൾ വാസ്തവസംഗതികളെ മറച്ചുവയ്ക്കുണ്ട ആവശ്യം എനിക്കില്ല. ഞാൻ പറഞ്ഞുകഴിഞ്ഞതുപോലെ ആകെയുള്ളതിലധികമായി ബാധിക്കയില്ലെങ്കിൽ രണ്ടാമതു ക്രമപ്പെടുത്തുന്നതിനു അഞ്ചൽകാർഡ് വാങ്ങുമ്പോൾ ഉള്ള ഉപദ്രവകരമായ ചെറക്കാശുനാണയത്തെ ഇല്ലാതാക്കുന്നതിനുള്ള ഒരു ക്രമപ്പെടുത്തലിനെ സ്വീകരിക്കുന്നതിനും ഗവണ്മെന്റിനു സാധിക്കും.

മി. എം. ശിവതാണുപിള്ള (തോവാള): കവറിന്റെയും സ്റ്റാമ്പിന്റെയും വില കുറയ്ക്കുന്നതിനു പകരം കാർഡിന്റെ വിലമാത്രം അഞ്ചിൽനിന്നും നാലു കാശാക്കിയാൽ എത്ര നഷ്ടമുണ്ടാകുമെന്നു ദയവായി പറയുമോ

മി. കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെന്റു ധനകാര്യദർശി): അതു വളരെ അധികം വരികയില്ലായിരിക്കാം. അതു കുറെ ആയിരം രൂപാമാത്രമേ ആയിരിക്കയുള്ളു. അതു ൫൦൦൦ രൂപായ്ക്കും ൬൦൦൦ രൂപായ്ക്കും ഇടക്കു ഏതെങ്കിലും ഒരു സംഖ്യ ആകാം.

മി. എം. ശിവതാണുപിള്ള (തോവാള): കവറിന്റെയും സ്റ്റാമ്പിന്റെയും നിരക്കു ഇതേനിലയിൽവെച്ചുകൊണ്ടു കാർഡിന്റെവില കുറയ്ക്കാൻ ഗവണ്മെന്റിനു ദയവുണ്ടാകുമോ?

മി. കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെന്റു ധനകാര്യദർശി): സർ, അപ്പോഴും ചെറക്കാശുനാണയത്തിന്റെ അസൌകര്യം ഉണ്ടായിരിക്കും. പ്രത്യേകിച്ചു അതു ഒരു നിസ്സാരമായ തുക ആയും ആളുകൾക്കു ഒരു വലിയ ഭാരവുമല്ലാത്ത സ്ഥിതിക്കു ഒരുകാശിന്റെ അംശം ഇല്ലാതാക്കുകയും മററതിൽ മാററാതിരിക്കുകയും ചെയ്യുന്നതു നല്ലതാണൊ?

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): കാശു നാണയം കൊണ്ടുണ്ടാകുന്ന അസൌകര്യം വളരെ കൂടുതലാണെന്നും മിക്ക അവസരങ്ങളിൽ അഞ്ചലാഫീസിൽനിന്നും കാശു ബാക്കിവന്നാൽ കൊടുക്കാറില്ലെന്നും ഞാൻ ധനകാര്യദർശിയെ അറിയിക്കട്ടെയൊ?

മി. കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെന്റു ധനകാര്യദർശി): ഞാൻ മെമ്പരോടു യോജിക്കുന്നില്ല. ഈ ചോദ്യത്തിനു പകരം ഞാൻ അദ്ദേഹത്തിനോടു നന്ദിപറഞ്ഞുകൊള്ളുന്നു. എന്തുകൊണ്ടെന്നാൽ ഉണ്ടാകാവുന്ന ഉപദ്രവത്തെ തടയുന്നതിനായി നടത്തീട്ടുള്ള നടപടികളെക്കുറിച്ചു പ്രസ്താവിക്കുന്നതിനു അതു എനിക്കു അവസരം നൽകുന്നു. ഓരോ ആഫീസിലും നിശ്ചയിച്ചിട്ടുള്ളതത്രയും ചെറിയനാണയങ്ങൾ വെച്ചേക്കണമെന്നു എല്ലാ അഞ്ചലാഫീസുകളിലേക്കും അഞ്ചൽസൂപ്രണ്ടു നിർബന്ധമായ സർക്കുലർകൾ അയച്ചിട്ടുണ്ട്. ഞങ്ങൾക്കു ഇതിൽ എന്തെല്ലാം കഴിയുമെന്നുവെച്ചാൽ അതെല്ലാംചെയ്യുന്നുണ്ടെന്നു ഞാൻ സഭയോടു ഉറപ്പായിപ്പറയാം. ഈ നിശ്ചയം എതിരെ ഉടനെ ഞാൻ അതിനെസംബന്ധിച്ചു തൃപ്തനാകുകയും ഞാൻ തന്നെ അന്വേഷണങ്ങൾ നടത്തുകയുംചെയ്യും. അതുകൊണ്ടു അഞ്ചൽസൂപ്രണ്ടു സഞ്ചരിച്ചുപോകുന്ന സ്ഥലങ്ങളിലെല്ലാം ഈ സർക്കുലർ അനുസരിക്കുന്നുണ്ടൊ എന്നും ആവശ്യമുള്ളിടത്തോളം ചെറക്കാശുനാണയങ്ങൾ ആഫീസിൽ ശേഖരിച്ചു വെക്കുകയുംചെയ്യുന്നുണ്ടൊ എന്നും അദ്ദേഹം പ്രത്യേകം നോക്കുന്നുണ്ട് എന്ന് ഞാൻ നിശ്ചയമായി പറയാം.

മി. സി. പി. കൊച്ചുകുഞ്ഞുപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഞങ്ങൾ സർക്കുലറിന്റെ ആവശ്യകതയെക്കുറിച്ചല്ല എന്നാൽ പ്രായോഗികത്തിൽ നടക്കുന്നതിനെക്കുറിച്ചാണ് പറയുന്നതു് എന്ന് മെമ്പറിനെ അറിയിക്കട്ടെയോ?

മി. കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെന്റു ധനകാര്യദർശി): ഞാൻ ആ ചോദ്യത്തിനു മറുപടി പറഞ്ഞുകഴിഞ്ഞിട്ടുണ്ട്. നിങ്ങൾക്കു ഈ ഡിപ്പാർട്ടുമെന്റിൽ വിശ്വാസമുണ്ടായിരിക്കണം. ഏതെങ്കിലും അഞ്ചൽമാസ്റ്റർ ചെറിയനാണയം കൊടുക്കുന്നില്ലെന്നു ഏതു മെമ്പറെങ്കിലും ഈ സഭയെ മനസ്സിലാക്കുകയാണെങ്കിൽ ആ അഞ്ചൽമാസ്റ്റർ അപ്രകാരം പ്രവർത്തിക്കുന്നതിനായി ഞങ്ങൾ പ്രത്യേകം ശ്രദ്ധിക്കാം.

മി. എം. ശിവതാണുപിള്ള (തോവാള): ഈ ഉപദ്രവകരണത്തെ ദൂരീകരിക്കുന്നതിനു സാദ്ധ്യമല്ലയോ?

മി. കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെന്റു ധനകാര്യദർശി): യഥാർത്ഥത്തിൽ ഒരു കാർഡിനുള്ള ഇപ്പോഴത്തെ അഞ്ചുകാശു നിരക്കു നിശ്ചയമായും വലിയ ഭാരമെന്നു പറയാൻ പാടില്ലെങ്കിലും പട്ടികയിൽ ഉള്ള ഏററവും കൂടിയനിരക്കു കവറിനു വെയ്ക്കുന്നതിനും കാർഡിന്റെകാര്യത്തിൽ കുറയ്ക്കുന്നതിനും ഗവണ്മെന്റിനെ സമ്മതിക്കുന്നതായിരുന്നു ഈ പ്രമേയമെങ്കിൽ മെമ്പറിന്റെ ആഗ്രഹങ്ങളോടു അനുകൂലിക്കുന്നതിനു ഗവണ്മെന്റിനു സാധിക്കും. സാധുക്കൾക്കു കാർഡിന്റെവില കഴിയുന്നത്രയും കുറഞ്ഞിരിക്കണമെന്നുള്ളതുകൊണ്ടു കാർഡി

ന്റെ വില ഒരുതരത്തിലും കൂട്ടാൻ പാടില്ലെന്നു ഈ സഭയിൽ മുമ്പു പറഞ്ഞിട്ടുണ്ട്. കവറിന്റെയും സ്റ്റാമ്പി ന്റെയും വിലയിൽ രണ്ടുകാശുവരെ കൂട്ടുന്നതായാൽ ഗവർമ്മെന്റിനു കാർഡിന്റെ വില അമ്പേൽനിന്നും നാലുകാ ശായി കുറയ്ക്കാൻ സാധിക്കും.

മി. വി. സുബ്ബയ്യർ (നിയമിക്കപ്പെട്ട സഭാംഗം) (ഉപാദ്ധ്യക്ഷൻ): കാർഡിനു നാലുകാശും കവറിനും സ്റ്റാമ്പിനും പന്ത്രണ്ടുകാശും ആക്കുന്നതിനു ധനകാര്യദർശി അഭിപ്രായപ്പെടുന്നു എന്നാണോ ഞാൻ മനസിലാക്കേണ്ടതു്?

മി. കെ. എൻ. രാമസുബ്ബയ്യർ (ഗവർമ്മെന്റു ധനകാര്യദർശി): അതെ സർ.

മി. എം. ശിവതാണുപിള്ള (തോവാള): സ്റ്റാമ്പിനും കവറിനും പന്ത്രണ്ടുകാശായിരിക്കുമ്പോഴും തന്നെ കാർഡിനു നാലുകാശു ആക്കുന്നതിനു ഗവർമ്മെന്റു തയ്യാറാണോ എന്നു ദയവായി പറയുമോ?

മി. കെ. എൻ. രാമസുബ്ബയ്യർ (ഗവർമ്മെന്റു ധനകാര്യദർശി): സർ, മിക്കവും വളരെ കുറവായുള്ള കാര്യേ സഭയിൽനിന്നും അതിനായി നിർബന്ധിക്കുന്നതു യുക്തിയുക്തമായിരിക്കുമെന്നു എനിക്കു തോന്നുന്നില്ല. അതു കൂലി വേലക്കാരെ സംബന്ധിച്ചിടത്തോളം ഒരു നിശ്ചയമുള്ളതല്ല അങ്ങിനെ വരുമെന്നു വിചാരിക്കുന്നതു രക്ഷാകരവുമല്ല. നാം അങ്ങിനെ സമ്മതിക്കയാണെങ്കിൽതന്നെ അഞ്ചലാഫീസിലേക്കു പോകുമ്പോഴും കാർഡും കവറും വാങ്ങിട്ടു അഞ്ചലാഫീസിൽനിന്നും തിരികെ പോകുമ്പോഴും കുറക്കാശുണ്ടാണയം കൊണ്ടുനടക്കേണ്ടതിന്റെ അസൌകര്യവും ഉപദ്രവും ഇതു പരിഹരിക്കുന്നില്ല.

മി. എം. ശിവതാണുപിള്ള (തോവാള): സർ, എന്റെ പ്രമേയത്തെ രണ്ടുഭാഗമായി തിരിച്ചു കാർഡിന്റെ നിരക്കിനെ സംബന്ധിച്ചുമാത്രം പ്രമേയം അവതരിപ്പിക്കുന്നതിനും കവറിന്റെയും സ്റ്റാമ്പിന്റെയും നിരക്കിനെസംബന്ധിച്ചുള്ളതു പിൻവലിക്കുന്നതിനും സമ്മതിക്കുമോ എന്നു ദയവായി പറയുമോ?

അദ്ധ്യക്ഷൻ: അങ്ങിനെയാണെങ്കിൽ അതിന്റെ ഫലം എന്തായിരിക്കുമെന്നു ഞാൻ പറയാം. സഭ സമ്മതിക്കുകയാണെങ്കിൽ കാർഡിന്റെനിരക്കു നാലുകാശായി സ്വീകരിക്കുകയും എന്നാൽ അതെ പരസ്യത്തിൽ തന്നെ കവറിന്റെ നിരക്കു പന്ത്രണ്ടു കാശാക്കി വർദ്ധിപ്പിക്കുകയുംചെയ്യും.

മി. എം. ശിവതാണുപിള്ള (തോവാള): എന്നാൽ എന്റെ പ്രമേയം ഞാൻ നിർബന്ധമായി അവതരിപ്പിക്കുന്നു.

മി. വി. സുബ്ബയ്യർ (നിയമിക്കപ്പെട്ട സഭാംഗം) (ഉപാദ്ധ്യക്ഷൻ): ഒരു കാർഡിന്റെ നിരക്കു ഇപ്പോഴും നാലുകാശായി ഗവർമ്മെന്റിൽനിന്നും സ്വീകരിക്കാം. പിന്നീടു നിശ്ചയമായിട്ടും കവറിന്റെയുംസ്റ്റാമ്പിന്റെയും സംഗതിയിൽ അവർ എന്തെങ്കിലും ഇഷ്ടംപോലെചെയ്യും. അവർ അതിനെ പന്ത്രണ്ടു കാശാക്കി വർദ്ധിപ്പിച്ചു എന്നുംവരാം. എന്നാൽ അതിൽ ഒരു ഗൌരവസംഗതി ഉണ്ടു. കവറു മിക്കവാറും ഉപയോഗിക്കുന്നതു ധനവാന്മാരും ജോലിക്കാരുമാണ്. കവറിന്റെ നിരക്കു പന്ത്രണ്ടു കാശാക്കി വർദ്ധിപ്പിച്ചാൽ അവരെ അതു വലുതായി ബാധിക്കുമെന്നും എനിക്കു തോന്നുന്നില്ല.

മി. പി. കെ. നാരായണപിള്ള (അമ്പലപ്പുഴ): കവറിന്റെയും സ്റ്റാമ്പിന്റെയും കാര്യത്തിൽ തൽക്കാലത്തേക്കു ഇപ്പോഴത്തെ നിരക്കുതന്നെ വെച്ചുകൊണ്ടിരിക്കയും നാലുകാശിന്റെകാര്യം ഗവർമ്മെന്റിനു സ്വീകരിക്കയുംചെയ്യാം.

മി. കെ. എൻ. രാമസുബ്ബയ്യർ (ഗവർമ്മെന്റു ധനകാര്യദർശി): കാർഡിന്റെ സംഗതിയിലും സ്റ്റാമ്പിന്റെ സംഗതിയിലും ഉള്ള മാറ്റങ്ങൾ ഒരേസമയത്തുതന്നെ ചെയ്യേണ്ടതാണ് നല്ലതെന്നു എനിക്കു തോന്നുന്നു.

അദ്ധ്യക്ഷൻ: മി. ശിവതാണുപിള്ളയ്ക്കു പകുതിയായിട്ടുള്ള കാര്യങ്ങളൊന്നും വേണ്ട. ഞാൻ ഈ മുഴുവൻ പ്രമേയത്തെ വോട്ടിനിടാം.

സഭയിൽ പ്രമേയത്തെ വോട്ടിനിടുകയും അംഗീകരിക്കയും ചെയ്തു.

മി. കെ. എൻ. രാമസുബ്ബയ്യർ (ഗവർമ്മെന്റു ധനകാര്യദർശി): ഞാൻ ഒരു പോളിനായി ആവശ്യപ്പെടുന്നു.

താഴെക്കാണുന്ന ഫലത്തോടുകൂടി ഒരു പോൾ എടുത്തു.

അനുകൂലിച്ചവർ ൨൪.

൧.	മിസ്റ്റർ	ഏ. ജെ. ജാൺ
൨.	,,	കെ. ഐ. ജോസഫ്
൩.	,,	സി. കേരളവർമ്മ കോയിത്തമ്പുരാൻ
൪.	,,	സി. പി. കൊച്ചുകുഞ്ഞുപിള്ള
൫.	,,	ഏ. കെ. പിള്ള
൬.	,,	എൻ. കുമാരൻ
൭.	,,	ജി. കുമാരപിള്ള
൮.	,,	തയ്യത്തു കുഞ്ഞികൃഷ്ണമേനോൻ
൯.	,,	എസ്സ്. ജി. ലോപ്പസ്സ്
൧൦.	,,	കെ. മാധവൻപിള്ള
൧൧.	,,	ജി. നാരായണപിള്ള
൧൨.	,,	കല്ലൂർ നാരായണപിള്ള
൧൩.	മിസ്റ്റർ	പി. കെ. നാരായണപിള്ള
൧൪.	,,	കെ. പി. നീലകണ്ഠപ്പിള്ള
൧൫.	,,	എം. എൻ. പിള്ള
൧൬.	,,	ആർ. പത്മനാഭൻ
൧൭.	,,	ചങ്ങനാശേരി കെ. പരമേശ്വരൻ പിള്ള
൧൮.	,,	പാറ്റ്റിക് ഡാനിയൽ
൧൯.	,,	ജി. രാമൻമേനോൻ
൨൦.	,,	എം. ശിവതാണുപിള്ള
൨൧.	,,	സി. പി. തരകൻ
൨൨.	,,	സി. പി. തോമസ്
൨൩.	,,	കെ. ജെ. തോമസ്
൨൪.	,,	സി. എൻ. ഉണ്ണിനമ്പൂരി

പ്രതികൂലിച്ചവർ ൧൮.

൧. മിസ്റ്റർ ഐ. സി. ചാക്കോ
൨. ,, ആർ. ധനകോടിപ്പിള്ള
൩. ,, കെ. ജാർജ്
൪. ,, ആർ. കൃഷ്ണപിള്ള
൫. ഡാക്റ്റർ എൻ. കുഞ്ഞൻപിള്ള
൬. മിസ്റ്റർ എൻ. എ. ചാമ്പാർഡു
൭. ,, കല്ലാലം പരമേശ്വരൻപിള്ള
൮. മിസ്സസ് എം. പുന്നൻലൂക്കോസ്
൯. മിസ്റ്റർ കെ. എൻ. രാമസുബ്ബയ്യർ
൧൦. മിസ്റ്റർ റ്റി. പി. രാമസുബ്ബയ്യർ
൧൧. ,, ഓ. എസ്. രാമസ്വാമിഅയ്യർ
൧൨. റാവുബഹദൂർ കെ. വി. രംഗസ്വാമിഅയ്യങ്കാർ
൧൩. മിസ്റ്റർ വി. സുബ്ബയ്യർ
൧൪. ,, എസ്. സുബ്രഹ്മണ്യകരയാളർ
൧൫. ,, ജെ. സ്റ്റീഫൻസൺ
൧൬. ,, വി. എസ്സ്. സുബ്രഹ്മണ്യയ്യർ
൧൭. ,, ഏ. ജെ. വാൻറോസ്

ഇതിൻപ്രകാരം പ്രമേയം പാസ്സായതായി പ്രസ്താവിച്ചു.

അദ്ധ്യക്ഷൻ: സഭയുടെ ഈ യോഗത്തെ ഞാൻ ഇപ്പോൾ നിറുത്തിവെച്ചിരിക്കുന്നു.

വൈകിട്ട് ൪-൫൫-ന സഭപിരിഞ്ഞു.

റ്റി. പി. രാമസുബ്ബയ്യർ,
നിയമസഭാസെക്രട്ടറി.

(A true translation)

T. RAMALINGAM PILLAI,
Head Translator to Government.

TPL
STOCK VERIFIED
1995

1	വൃശ്ചികം 7, 1102-ചോദ്യോത്തരങ്ങൾ
1	വൃശ്ചികം 7, 1102-പുതിയ മെമ്പർമാർ
11	വൃശ്ചികം 7, 1102-വിദ്യാഭ്യാസ ഡയറക്ടറുടെ ആഫീസിലുള്ള ക്ലെറിക്കൽ സ്റ്റാഫിന്റെ ജാതി തിരിച്ചുള്ള പട്ടിക
11	അനുബന്ധം
71	വൃശ്ചികം 8, 1102-ഒഫീഷ്യൽ റിപ്പോർട്ട്
83	അനുബന്ധം
83	വൃശ്ചികം 8, 1102-അക്കൗണ്ടാഫീസിലെ സിൽബന്തികൾ
133	വൃശ്ചികം 9, 1102- ചോദ്യങ്ങളും ഉത്തരങ്ങളും
151	അനുബന്ധം
151	വൃശ്ചികം 9, 1102-കോതയാർ പ്രൊജക്റ്റിൽ ഉൾപ്പെട്ട പിലാ കുളങ്ങളുടെ കരം സംബന്ധിച്ചുള്ള പട്ടിക
152	വൃശ്ചികം 9, 1102-ഹൈക്കോർട്ട് ഡെപ്യൂട്ടി രജിസ്ട്രാർ ഉദ്യോഗത്തിനുള്ള അപേക്ഷകന്മാരുടെ ലിസ്റ്റ്
152	വൃശ്ചികം 9, 1102-സഹായധനം വാങ്ങുന്ന വ്യവസായ പാഠശാലകളുടെ ലിസ്റ്റ്
154	വൃശ്ചികം 9, 1102-മോട്ടോർ ബസ് പരിശോധകന്മാരുടെ ലിസ്റ്റ്
154	വൃശ്ചികം 9, 1102-ഡയറക്ടർ നിയമിച്ച സബ് രജിസ്ട്രാർമാരുടെ എണ്ണം കാണിക്കുന്ന സ്റ്റേറ്റുമെന്റ്
154	വൃശ്ചികം 9, 1102-വാദപ്രതിവാദം മാറ്റിവയ്ക്കുന്നതിനുള്ള ഉപക്ഷേപം
157	വൃശ്ചികം 9, 1102-തിരുവിതാംകോട്ടു നമ്പൂതിരി ബിൽ
158	വൃശ്ചികം 9, 1102-നായർ റെഗുലേഷനെ ഭേദപ്പെടുത്തുന്നതിനുള്ള ബിൽ
190	വൃശ്ചികം 9, 1102-പോലീസ് ഉദ്യോഗസ്ഥന്മാരെ പ്രോസിക്യൂട്ട് ചെയ്യുന്നതിന് അനുവാദം കിട്ടുന്നതിലേക്കായുള്ള അപേക്ഷകൾ
191	വൃശ്ചികം 9, 1102-ഉദ്യോഗസ്ഥന്മാരുടെ സ്ഥലമാറ്റം
193	വൃശ്ചികം 9, 1102-നാഗർകോവിലിലെ ഡിസ്റ്റിലറി കോൺട്രാക്ട്
202	വൃശ്ചികം 9, 1102-ദിവാൻ എം ഈ വാട്സിന്റെ ഇംഗ്ലണ്ടിലേക്കുള്ള സഞ്ചാരം
202	വൃശ്ചികം 9, 1102-കയറ്റുമതി ചെയ്യുന്ന കൊപ്രായ്ക്കുള്ള ചുങ്കം
203	വൃശ്ചികം 9, 1102-നായന്മാർക്ക് കച്ചവടം, വ്യവസായം എന്നിവയിലുള്ള പ്രോത്സാഹനം
205	വൃശ്ചികം 9, 1102-ഭക്തി വിലാസത്തിലെ മരാമത്തു വേലകൾ
216	വൃശ്ചികം 9, 1102-തിരുവിതാംകൂർകാർക്ക് സിദ്ധിച്ചിട്ടുള്ള അവകാശ പത്രം
218	വൃശ്ചികം 9, 1102-ലാന്റ് റവന്യൂ ഡിപ്പാർട്ടുമെന്റിലെ സർവ്വേ പരിശീലനവും നിയമനങ്ങളും
222	വൃശ്ചികം 9, 1102-ജാതി തിരിച്ചുള്ള സ്റ്റേറ്റുമെന്റ്
264	വൃശ്ചികം 9, 1102-സർക്കാർ തുറകളിലുള്ള ഉദ്യാഗനിയമനം
279	വൃശ്ചികം 9, 1102-ഹൈക്കോടതി ജഡ്ജിമാർ
281	വൃശ്ചികം 9, 1102-ചായ വ്യവസായത്തിന്റെ പ്രോത്സാഹനം
282	വൃശ്ചികം 9, 1102-ബ്രൂക്ക് ബോണ്ട് തേയില കമ്പനിയുമായുള്ള ഇടപാട്
301	വൃശ്ചികം 9, 1102-മെഡിക്കൽ ഡിപ്പാർട്ടുമെന്റ്
302	വൃശ്ചികം 9, 1102-നിയമനിർമ്മാണം
319	വൃശ്ചികം 9, 1102-ഫൈനാൻസ് കമ്പനിയുടെ യോഗനടപടികൾ
322	വൃശ്ചികം 9, 1102-തിരുവിതാംകോട്ടു ചലച്ചിത്ര പ്രദർശന ബിൽ
326	വൃശ്ചികം 9, 1102-ലോഹങ്ങൾക്കും ധാതുക്കൾക്കുമായുള്ള തിരയൽ
327	വൃശ്ചികം 9, 1102-ഇൻസ്പെക്ടർമാർ
328	വൃശ്ചികം 9, 1102-ഖനനവേലകളും ഖനികളുടെ ഭരണവും
330	വൃശ്ചികം 9, 1102-ചട്ടങ്ങളും ഉപചട്ടങ്ങളും
337	മേടം 14, 1102-തിരുവിതാംകോട്ടു നിയമസഭ രണ്ടാമത്തെ കൗൺസിൽ
337	മേടം 14, 1102-പ്രശ്നങ്ങളും മറുപടികളും
345	മേടം 14, 1102-തിരുവല്ലായിലെ പൊതുചന്തകൾ
357	മേടം 14, 1102-നാഗർകോവിൽ മുൻസിപ്പാലിറ്റിക്ക് സാമാനങ്ങൾ ഏൽപ്പിച്ചതിനെ കാണിക്കുന്ന സ്റ്റേറ്റുമെന്റ്
357	അനുബന്ധം
359	മേടം 14, 1102-തിരുവിതാംകോട്ടു ഖനികളുടേയും ധാതുക്കളുടേയും ലിസ്റ്റ്
371	മേടം 14, 1102-വകുപ്പുകൾ
401	മേടം 15, 1102-ഔദ്യോഗിക റിപ്പോർട്ട്
401	മേടം 15, 1102-ചോദ്യങ്ങളും ഉത്തരങ്ങളും
407	മേടം 15, 1102-തോക്കുകൾക്കുള്ള ലൈസൻസ്
408	മേടം 15, 1102-ഉപ്പ് കുത്തക
410	മേടം 15, 1102-തിരുവനന്തപുരം മുൻസിപ്പൽ പ്രസിഡന്റിന്റെ നിയമത്തെ സംബന്ധിച്ചുള്ള പ്രമേയം
412	മേടം 15, 1102-ചങ്ങനാശ്ശേരി ചന്തയിലെ കരം പിരിവ്
412	മേടം 15, 1102-ആയുർവ്വേദ വൈദ്യശാലകൾ

413 അനുബന്ധം

414 മേടം 15, 1102-അദ്ധ്യാപകന്മാരുടെ സ്ഥലമാറ്റത്തെ കുറിക്കുന്ന പട്ടിക

416 മേടം 15, 1102-സർവ്വേ ഡിപ്പാർട്ടുമെന്റിലുണ്ടായിരുന്ന ഉദ്യോഗസ്ഥന്മാരുടെ ജാതി തിരിച്ചുള്ള പട്ടിക

418 മേടം 15, 1102-ഹൈക്കോടതിയിൽ നിന്നും ജുഡീഷ്യൽ വകുപ്പിൽ സ്ഥിരവും പകരവുമായി നിയമിച്ചിട്ടുള്ള ഉദ്യോഗസ്ഥന്മാരുടെ ജാതി തിരിച്ചുള്ള പട്ടിക

420 മേടം 15, 1102-ഓരോ താലൂക്കിൽ നിന്നും ആയുധങ്ങൾക്കുള്ള ലൈസൻസിന് ഡിവിഷൻ കച്ചേരികളിൽ നൽകിയിട്ടുള്ള അപേക്ഷകളുടെ എണ്ണവും ലൈസൻസുകളുടെ എണ്ണവും കുറിക്കുന്ന പട്ടിക

421 മേടം 15, 1102-സാമുദായിക സംഘങ്ങളുടെ പട്ടിക

422 മേടം 15, 1102-ഹജൂർ ഡിസ്പെൻസറിയിലേക്കു

കൊടുത്തിട്ടുള്ള പേറ്റന്റ് മരുന്നുകളുടെ പരിമാണവും, വിലയും കുറിക്കുന്ന പട്ടിക

429 ടം 15, 1102-ഒരേ സ്ഥലത്ത് മൂന്ന് വർഷത്തിൽ കൂടുതൽ ജോലി നോക്കിട്ടുള്ള മെഡിക്കൽ ഓഫീസർമാരുടെ പേരും കാലവും കുറിക്കുന്ന പട്ടിക

431 മേടം 15, 1102-ചില താലൂക്കുകളിലെ വിസ്തീർണ്ണം,

ജനസംഖ്യ, ഗ്രാന്റ് വൈദ്യശാലകളുടെ എണ്ണം എന്നിവ കുറിക്കുന്ന പട്ടിക

431 മേടം 15, 1102-തിരുവിതാംകൂർ നമ്പൂതിരി ബിൽ

472 മേടം 15, 1102-മൈനർമാരുടെ രക്ഷകർത്തൃത്വം

473 മേടം 15, 1102-കൂടുതൽ വകുപ്പുകൾ

473 മേടം 15, 1102-സാമാന്യ തത്വങ്ങൾ

475 മേടം 16 1102-പെൺപള്ളിക്കൂടങ്ങളിലെ ഭരണാധികാരം

475 മേടം 16 1102-ചോദ്യങ്ങളും ഉത്തരങ്ങളും

482 മേടം 16 1102-ആദായനികുതി നിർണ്ണയിക്കൽ

483 മേടം 16 1102-കുന്നശേരെത്തെ ഡിസ്പെൻസറി

485 മേടം 16 1102-പരസ്പര സഹായസംഘ ഡിപ്പാർട്ടുമെന്റും തമിഴരും

491 അനുബന്ധം

531 മേടം 17 1102-ചോദ്യോത്തരങ്ങൾ

531 മേടം 17 1102-കൊപ്രായുടേയും കയറിന്റേയും വില

533 മേടം 17 1102-ചങ്ങനാശ്ശേരി നഗരസഭയിലെ ശുചീകരണം

535 മേടം 17 1102-വർത്തമാനപത്ര റിപ്പോർട്ടർമാരായ ഗവൺമെൻറ് ജീവനക്കാർ

536 മേടം 17 1102-വർത്തമാനപത്ര റഗുലേഷന്റെ പ്രവർത്തനം

538 മേടം 17 1102-ഒ എം ചെറിയാൻ നടത്തിയ നിയമനങ്ങൾ

542 മേടം 17 1102-പബ്ലിക്ക് ജോലികളുടെ അത്യാവശ്യകത

544 മേടം 17 1102-ആദായനികുതി റഗുലേഷന്റെ നടത്തിപ്പ്

545 മേടം 17 1102-ക്രിസ്തീയ ദേവാലയങ്ങൾ പണിയിക്കുന്നതിനുള്ള അപേക്ഷ

545 മേടം 17 1102-പബ്ലിക്ക് സർവ്വീസിൽ വർഗ്ഗീയ പ്രതിനിധ്യം

546 അനുബന്ധം

549 മേടം 17 1102-പബ്ലിക്ക് കക്കൂസുകൾ പണിയിക്കേണ്ട സ്ഥലങ്ങൾ

551 മേടം 17 1102-പള്ളികൾ പണിയിക്കുന്നതിനുള്ള അപേക്ഷകളുടെ സ്റ്റേറ്റുമെന്റ്

551 മേടം 17 1102-പള്ളികൾ പണിയിക്കുന്നതിനായി അനുവദിച്ച അപേക്ഷകളിൽ പറഞ്ഞിട്ടുള്ള താലൂക്കുകൾ